# യോഹന്നാന്റെ സുവിശേഷം, 1, 2 & 3 യോഹന്നാൻ

## ഉള്ളടക്കം


ഗ്രന്ഥകാരനിൽ നിന്ന് ഒരു വാക്ക്: ഈ കമന്ററി എങ്ങനെ നിങ്ങളെ സഹായിക്കും? ..... i

ഉത്തമ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗദർശി: തെളിയിക്കപ്പെടാവുന്ന സത്യത്തിനുവേണ്ടിയുള്ള ഒരു വ്യക്തിപരമായ അന്വേഷണം ..... iii

വ്യാഖ്യാനം

- യോഹന്നാന് ഒരു ആമുഖം ..... 1
- യോഹന്നാൻ 1 ..... 8
- യോഹന്നാൻ 2 ..... 42
- യോഹന്നാൻ 3 ..... 56
- യോഹന്നാൻ 4 ..... 79
- യോഹന്നാൻ 5 ..... 97
- യോഹന്നാൻ 6 ..... 111
- യോഹന്നാൻ 7 ..... 137
- യോഹന്നാൻ 8 ..... 151
- യോഹന്നാൻ 9 ..... 167
- യോഹന്നാൻ 10 ..... 176
- യോഹന്നാൻ 11 ..... 186
- യോഹന്നാൻ 12 ..... 200
- യോഹന്നാൻ 13 ..... 216
- യോഹന്നാൻ 14 ..... 228
- യോഹന്നാൻ 15 ..... 248
- യോഹന്നാൻ 16 ..... 258
- യോഹന്നാൻ 17 ..... 269
- യോഹന്നാൻ 18 ..... 281
- യോഹന്നാൻ 19 ..... 296
- യോഹന്നാൻ 20 ..... 309
- യോഹന്നാൻ 21 ..... 320
- 1 യോഹന്നാന് ഒരു ആമുഖം ..... 327
- 1 യോഹന്നാൻ 1 ..... 332
- 1 യോഹന്നാൻ 2 ..... 343
- 1 യോഹന്നാൻ 3 ..... 360
- 1 യോഹന്നാൻ 4 ..... 382
- 1 യോഹന്നാൻ 5 ..... 392
- 2 യോഹന്നാൻ ..... 407
- 3 യോഹന്നാൻ ..... 415

അനുബന്ധം ഒന്ന്: ഗ്രീക്ക് വ്യാകരണ പദങ്ങളുടെ ഹ്രസ്വ നിർവചനം ..... 423

അനുബന്ധം രണ്ട്: പാഠ നിരൂപണം (Textual Criticism) ..... 432

അനുബന്ധം മൂന്ന്: പദസൂചിക ..... 436

അനുബന്ധം നാല്: വിശ്വാസ പ്രമാണ പ്രഖ്യാപനം ..... 445

# പ്രത്യേക പഠനവിഷയങ്ങളുടെ ഉള്ളടക്കം


*ആർക്കെ* (*αρχη*), യോഹ. 1:1 ... 11

യഹോവയുടെ ദൂതൻ, യോഹ. 1:5 ... 13

വിശ്വാസം, വിശ്വസിക്കുക, അഥവാ ആശ്രയം, യോഹ. 1:7 ... 14

യേശുവിനു സാക്ഷ്യം പറയുന്നവർ, യോഹ. 1:8 ... 16

അറിയുക, യോഹ. 1:10 ... 17

ജഡം (*സാർക്സ് - σαρξ*), യോഹ. 1:14 ... 19

തേജസ്സ് (ഡോക്സാ-*δοξα*), യോഹ. 1:14 ... 20

ആർദ്രസ്നേഹം (*ഹേസെദ്*), യോഹ. 1:14 ... 21

പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം, വിശ്വസ്തത (אמן), യോഹ. 1:14 ... 21

മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട്, യോഹ. 1:17 ... 25

പരീശന്മാർ, യോഹ. 1:24 ... 30

അപ്പൊസ്തലന്മാരുടെ പേരുകളുടെ പട്ടിക, യോഹ. 1:45 ... 37

നസറായനായ യേശു, യോഹ. 1:45 ... 37

ആമേൻ, യോഹ. 1:51 ... 39

സ്വർഗ്ഗം, യോഹ. 1:51 ... 40

മദ്യത്തോടും മദ്യപാനത്തോടുമുള്ള വേദപുസ്തക മനോഭാവം, യോഹ. 2:3 ... 44

പുരാതന സമീപ പൂർവ്വദേശങ്ങളിലെ തൂക്കങ്ങളും അളവുകളും, യോഹ. 2:7 ... 47

പെസഹ, യോഹ. 2:13 ... 50

യോഹന്നാനിൽ “വിശ്വസിക്കുക” എന്ന പദത്തിന്റെ ഉപയോഗം, യോഹ. 2:23; 8:24; 11:17 ... 54

സൻഹെദ്രീൻ സംഘം, യോഹ. 3:1 ... 57

ദൈവരാജ്യം, യോഹ. 3:3 ... 61

ശ്വാസം, കാറ്റ്, ആത്മാവ്, യോഹ. 3:8 ... 63

ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു, യോഹ. 3:16 ... 66

മുൻനിയമനവും (കാൽവിനിസം) മാനുഷിക സ്വതന്ത്രേച്ഛയും (അർമ്മിനീയനിസം), യോഹ. 3:16 ... 67

മുദ്ര, യോഹ. 3:33 ... 76

വംശീയത, യോഹ. 4:4 ... 81

പഴയനിയമ പ്രവചനം, യോഹ. 4:19 ... 86

പുതിയ നിയമ പ്രവചനം, യോഹ. 4:19 ... 89

പിതാവ്, യോഹ. 4:23 ... 91

മശിഹാ, യോഹ. 4:25 ... 92

ദൈവത്തിന്റെ ഇഷ്ടം (*തെലിമാ-θελημα*), യോഹ. 4:34 ... 93

സൗഖ്യം, യോഹ. 5:14 ... 101

ക്ഷമിക്കപ്പെടാത്ത പാപം, യോഹ. 5:21 ... 103

അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*), യോഹ. 5:24 ... 104

നാഴിക, യോഹ. 5:25 ... 105

ആദിമ സഭയുടെ *കെറിഗ്മാ*, യോഹ. 5:39 ... 109

യേശുവിന്റെ കാലത്ത് പലസ്തീനിൽ നിലവിലിരുന്ന നാണയങ്ങൾ, യോഹ. 6:7 ... 114

പന്ത്രണ്ട് എന്ന സംഖ്യ, യോഹ. 6:13 ... 115

ദൈവിക നാമങ്ങൾ, യോഹ. 6:20 ... 117

ക്രിസ്ത്യാനിയുടെ രക്ഷാഭദ്രത, യോഹ. 6:37 ... 123

സത്യം, യോഹ. 6:55 ... 127

എന്നേക്കും (*ഒലാം*), യോഹ. 6:58 ... 129

സ്വർഗ്ഗാരോഹണം, യോഹ. 6:63 ... 131

പുതിയനിയമത്തിൽ ആത്മാവ് (*πνευμα*), യോഹ. 6:63 ........ 132
പിന്മാറ്റം (*അഫിസ്റ്റമി - αφιστημι*), യോഹ. 6:64 ........ 133
നിർഭയത്വം (*പറീസിയ-παρρησια*), യോഹ. 7:4 ........ 139
ഭൂതം (അശുദ്ധാത്മാവ്), യോഹ. 7:20 ........ 143
സ്ഥിരോത്സാഹത്തിന്റെ ആവശ്യകത, യോഹ. 8:31 ........ 159
ജ്ഞാനവാദം (Gnosticism), യോഹ. 8:40 ........ 162
രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാകാലങ്ങൾ, യോഹ. 9:7 ........ 170
ഏറ്റുപറച്ചിൽ, യോഹ. 9:22-23 ........ 172
നാശം (*απολλυμι*), യോഹ. 10:10 ........ 178
അഭിഷേകം ബൈബിളിൽ, യോഹ. 11:2 ........ 188
വിലാപ ആചാരങ്ങൾ, യോഹ. 11:20 ........ 191
ബൈബിളിലെ സ്ത്രീകൾ, യോഹ. 11:28 ........ 192
ശവസംസ്കാര രീതികൾ, യോഹ. 11:44 ........ 196
ആളത്വമുള്ള ദുഷ്ടത, യോഹ. 11:31 ........ 208
സ്വർഗ്ഗത്തിലെ യുദ്ധം, യോഹ. 12:31 ........ 210
ഹൃദയം, യോഹ. 12:40 ........ 213
യോഹന്നാന്റെ എഴുത്തുകളിൽ “കല്പന” എന്നതിന്റെ ഉപയോഗം, യോഹ. 12:50 ........ 215
ഒന്നാം നൂറ്റാണ്ടിലെ യെഹൂദമതത്തിലെ പെസഹാ ആചാരക്രമം, യോഹ. 13:2 ........ 219
ഇസ്കര്യോത്താവ്, യോഹ. 13:26 ........ 223
മരിച്ചവർ എവിടെ?, യോഹ. 14:3 ........ 231
ഫലകരമായ പ്രാർത്ഥന, യോഹ. 14:13-14 ........ 236
കർത്താവിന്റെ നാമം, യോഹ. 14:14 ........ 237
യേശുവും ആത്മാവും, യോഹ. 14:16 ........ 238
*കോസ്മോസ്* (ലോകം), യോഹ. 14:17 ........ 239
ആ നാൾ, യോഹ. 14:20 ........ 241
ത്രിത്വം, യോഹ. 14:26 ........ 242
ആത്മാവിന്റെ ആളത്വം, യോഹ. 14:26 ........ 244
സമാധാനം, യോഹ. 14:27 ........ 245
തീയ്, യോഹ. 15:6 ........ 251
പ്രകാശനം, യോഹ. 16:13 ........ 262
തിരഞ്ഞെടുപ്പ്, യോഹ. 17:2 ........ 271
“സത്യമായ” (എന്ന പദം) യോഹന്നാന്റെ എഴുത്തുകളിൽ, യോഹ. 17:3 ........ 272
വിശുദ്ധം, യോഹ. 17:11 ........ 275
തിരഞ്ഞെടുപ്പും/മുൻനിയമനവും ദൈവശാസ്ത്രപരമായ
സന്തുലനത്തിന്റെ ആവശ്യകതയും, യോഹ. 18:2 ........ 284
നസറായനായ യേശു, യോഹ. 18:5 ........ 285
പ്രിറ്റോറിയൻ ഗാർഡ് (അകമ്പടി പട്ടാളം), യോഹ. 18:28 ........ 290
പൊന്തിയോസ് പീലാത്തോസ്, യോഹ. 18:29 ........ 291
യേശുവിനെ അനുഗമിച്ച സ്ത്രീകൾ, യോഹ. 19:25 ........ 303
ശവസംസ്കാരത്തിനുള്ള സുഗന്ധവർഗ്ഗം, യോഹ. 19:39 ........ 307
യേശുവിന്റെ പുനരുത്ഥാനാനന്തര പ്രത്യക്ഷതകൾ, യോഹ. 20:16 ........ 313
മുദ്ര (*τυπος*), യോഹ. 20:25 ........ 316
യോഹ. 1 ന്റെയും 1 യോഹ. 1 ന്റെയും താരതമ്യം, 1 യോഹ. 1:1 ........ 334
*കൊയ്നോനിയ* (*κοινωνια*), 1 യോഹ. 1:3 ........ 336
ക്രിസ്ത്യാനിത്വം സമൂഹപരം, 1 യോഹ. 1:3 ........ 336

"വസിക്കുക" യോഹന്നാന്റെ രചനകളിൽ, 1 യോഹ. 2:10 ........ 348
അറിയുക, 1 യോഹ. 2:13 ........ 349
മാനുഷിക ഭരണകൂടം, 1 യോഹ. 2:15 ........ 352
ഇപ്പോഴുള്ള യുഗവും വരുവാനുള്ള യുഗവും, 1 യോഹ. 2:17 ........ 354
പരിശുദ്ധൻ, 1 യോഹ. 2:20 ........ 356
ക്രിസ്തുവിന്റെ രണ്ടാംവരവിനുള്ള പുതിയനിയമ പദങ്ങൾ, 1 യോഹ. 2:28 ........ 362
നീതി, 1 യോഹ. 2:29 ........ 364
ഒരുവന്റെ രക്ഷയെ സംബന്ധിച്ചുള്ള പുതിയനിയമ തെളിവ്, 1 യോഹ. 3:1 ........ 367
വിശുദ്ധീകരണം, 1 യോഹ. 3:5 ........ 371
ദൈവപുത്രൻ, 1 യോഹ. 3:8 ........ 373
പ്രാർത്ഥന, അപരിമിതം എങ്കിലും പരിമിതം, 1 യോഹ. 3:22 ........ 378
വിശ്വാസികൾ അന്യോന്യം വിധിക്കണമോ?, 1 യോഹ. 4:1 ........ 384
പരിശോധനയ്ക്കുള്ള ഗ്രീക്കു പദങ്ങളും മറ്റ് അർത്ഥസൂചനകളും, 1 യോഹ. 4:1 ........ 384
ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ, 1 യോഹ. 4:15 ........ 390
ഉറപ്പ്, 1 യോഹ. 5:13 ........ 397
മദ്ധ്യസ്ഥ പ്രാർത്ഥന, 1 യോഹ. 5:14 ........ 399
എന്താണ് മരണത്തിനുള്ള പാപം?, 1 യോഹ. 5:16 ........ 402
മൂപ്പൻ, 2 യോഹ. വാ. 1 ........ 410
സഭ (*ἐκκλεσια*), 3 യോഹ. വാ. 6 ........ 419

# ഗ്രന്ഥകാരനിൽ നിന്ന് ഒരു വാക്ക്
# ഈ കമന്ററി എങ്ങനെ നിങ്ങളെ സഹായിക്കും?

ദൈവത്തിൽ നിന്നുള്ള സന്ദേശം നമ്മുടെ കാലത്ത് ഗ്രഹിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുവാൻ കഴിയും വിധം പുരാതന ദൈവനിശ്വാസീയ എഴുത്തുകാരനെ മനസ്സിലാക്കുവാൻ ശ്രമിക്കുന്ന യുക്തിപരവും ആത്മീയവുമായ പ്രക്രിയയാണ് വേദപുസ്തക വ്യാഖ്യാനം.

ആത്മീയ പ്രക്രിയ നിർണ്ണായകമാണെങ്കിലും നിർവചിക്കാൻ ബുദ്ധിമുട്ടുള്ളതാണ്. അതിൽ ദൈവത്തോടുള്ള കീഴ്പ്പെടുത്തിക്കൊടുക്കലും തുറന്ന മനഃസ്ഥിതിയും ഉൾപ്പെടുന്നു. (1) അവനു വേണ്ടിയും (2) അവനെ അറിയുവാനും (3) അവനെ സേവിക്കുവാനും ഉള്ള ഒരു ദാഹമുണ്ടായിരിക്കണം. ഈ പ്രക്രിയയിൽ പ്രാർത്ഥന, ഏറ്റുപറച്ചിൽ, ജീവിതശൈലിയുടെ മാറ്റത്തിനുള്ള ഒരുക്കം എന്നിവ അടങ്ങിയിരിക്കുന്നു. വ്യാഖ്യാന പ്രക്രിയയിൽ ആത്മാവ് നിർണ്ണായകമാണെങ്കിലും എന്തുകൊണ്ട് ആത്മാർത്ഥയും ഭക്തിയുമുള്ള വിശ്വാസികൾ ബൈബിളിനെ വ്യത്യസ്ത നിലയിൽ മനസ്സിലാക്കുന്നു എന്നത് ഒരു മർമ്മമാണ്.

യുക്തിപരമായ പ്രക്രിയ വിശദീകരിക്കുവാൻ എളുപ്പമാണ്. നാം വേദഭാഗത്തോട് സ്ഥിരത കാണിക്കുന്നവരും മര്യാദ പുലർത്തുന്നവരും നമ്മുടെ വ്യക്തിപരമോ സഭാപരമോ ആയ മുൻവിധികളാൽ സ്വാധീനിക്കപ്പെടാത്തവരും ആയിരിക്കേണം. നാമെല്ലാവരും ചരിത്രപരമായി രൂപപ്പെടുത്തപ്പെട്ടവരാണ്. നാം ആരും നേരെയുള്ള മധ്യവർത്തികളായ വ്യാഖ്യാതാക്കളല്ല. ഈ കമന്ററിയിൽ, നമ്മുടെ മുൻധാരണകളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും വിധം രൂപകല്പന ചെയ്യപ്പെട്ട മൂന്ന് വ്യാഖ്യാന തത്വങ്ങൾ അടങ്ങിയ ശ്രദ്ധാപൂർവ്വമുള്ള യുക്തിപരമായ പ്രക്രിയ വാഗ്ദാനം ചെയ്യുന്നു.

**ഒന്നാം തത്വം**

ഒന്നാം തത്വം, പുസ്തകം രചിക്കപ്പെട്ട ചരിത്ര പശ്ചാത്തലവും അതിന്റെ രചനയ്ക്ക് ഹേതുവായ പ്രത്യേക ചരിത്ര സംഭവവും ശ്രദ്ധിക്കുക എന്നതാണ്. യഥാർത്ഥ എഴുത്തുകാരന് ഒരു ഉദ്ദേശ്യവും, വിനിമയം ചെയ്യുവാൻ ഒരു സന്ദേശവും ഉണ്ടായിരുന്നു. യഥാർത്ഥ, പുരാതന, ദൈവശ്വാസീയ എഴുത്തുകാരന് ഒരിക്കലും ലഭിക്കാത്ത ഒരു അർത്ഥം നമുക്ക് ആ ഭാഗത്തു നിന്ന് ലഭിക്കാൻ സാധ്യമല്ല. അവന്റെ ഉദ്ദേശ്യം ആണ് - നമ്മുടെ ചരിത്രപരവും വൈകാരികവും, സാംസ്കാരികവും, വ്യക്തിപരവും സഭാവിഭാഗപരവുമായ ആവശ്യം അല്ല - താക്കോൽ. പ്രായോഗികത വ്യാഖ്യാനത്തിന്റെ അഭിവാജ്യഘടകമാണ്. എന്നിരുന്നാലും പ്രായോഗികതയ്ക്ക് ശരിയായ വ്യാഖ്യാനം ഉണ്ടാകേണം. ഓരോ വേദപുസ്തക ഭാഗത്തിനും ഒരൊറ്റ അർത്ഥമേ ഉണ്ടായിരിക്കയുള്ളൂ എന്ന കാര്യം മനസ്സിലാക്കിയിരിക്കണം. ഈ അർത്ഥമാണ് യഥാർത്ഥ എഴുത്തുകാരൻ, പരിശുദ്ധാത്മാവിന്റെ കർത്തൃത്വത്തിൻ കീഴിൽ തന്റെ കാലത്ത് വിനിമയം ചെയ്യാൻ ആഗ്രഹിച്ചത്. ഈ ഒറ്റ അർത്ഥത്തിന് വ്യത്യസ്ത സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും സാധ്യമായ നിരവധി പ്രായോഗികതകൾ കണ്ടേക്കാം. ഈ പ്രായോഗികതകൾ യഥാർത്ഥ എഴുത്തുകാരന്റെ കേന്ദ്ര സത്യവുമായി ബന്ധമുള്ളതായിരിക്കേണം. ഇക്കാരണത്താൽ ഈ പഠന, മാർഗ്ഗ നിർദ്ദേശക വ്യാഖ്യാനം രൂപപ്പെടുത്തിയിരിക്കുന്നത് വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിനും മുഖവുര നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ്.

**രണ്ടാം തത്വം**

രണ്ടാമത്തെ തത്വം സാഹിത്യ യൂണിറ്റുകൾ തിരിച്ചറിയുക എന്നതാണ്. ഓരോ വേദപുസ്തക ഗ്രന്ഥവും ഒരു ഐക്യതയുള്ള രേഖയാണ്. മറ്റുള്ളവയെ ഒഴിവാക്കി സത്യത്തിന്റെ ഒരു വശം മാത്രം വേർതിരിക്കുവാൻ വ്യാഖ്യാതാക്കൾക്ക് ഒരു അവകാശവുമില്ല. അതിനാൽ, നാം ഓരോ സാഹിത്യ യൂണിറ്റും വ്യാഖ്യാനിക്കുന്നതിനും മുമ്പ് പുസ്തകത്തിന്റെ ആകമാന ഉദ്ദേശ്യം മനസ്സിലാക്കുവാൻ ശ്രമിക്കണം. ഒറ്റയൊറ്റ ഭാഗങ്ങൾക്ക് - അധ്യായങ്ങൾ, ഖണ്ഡികകൾ അല്ലെങ്കിൽ വാക്യങ്ങൾ - മുഴുയൂണിറ്റിനും ഇല്ലാത്ത അർത്ഥം ഉണ്ടായിരിക്കാൻ സാധ്യമല്ല. വ്യാഖ്യാനം മുഴുവൻ ഭാഗത്തിന്റെയും അനുമാനപരമായ വ്യാഖ്യാനത്തിൽ നിന്ന് ചെറിയ ഭാഗങ്ങളുടെ വ്യവസ്ഥാപിതമായ വ്യാഖ്യാനത്തിലേക്കു നീങ്ങുന്നതായിരിക്കേണം. അതിനാൽ ഓരോ സാഹിത്യ യൂണിറ്റിന്റെയും ഘടന ഖണ്ഡിക തിരിച്ച് വിശകലനം ചെയ്യുന്നതിന് പഠിതാവിനെ സഹായിക്കുവാൻ രൂപകല്പന ചെയ്തതാണ് ഈ പഠന, മാർഗ്ഗ നിർദ്ദേശക വ്യാഖ്യാനം. ഖണ്ഡിക, അധ്യായം, വിഭജനങ്ങൾ എന്നിവ ദൈവനിശ്വാസീയമല്ല, മറിച്ച് ചിന്താ ഘടകങ്ങൾ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നവയാണ്.

ഖണ്ഡികാതലത്തിൽ വ്യാഖ്യാനിക്കുന്നതാണ് - വാചകമോ, വാക്യവിഭാഗമോ, പ്രയോഗമോ അല്ലെങ്കിൽ പദമോ അല്ല - വേദപുസ്തക എഴുത്തുകാരൻ ഉദ്ദേശിച്ച അർത്ഥം പിന്തുടരുന്നതിനുള്ള താക്കോൽ. ഖണ്ഡികകൾ ഒരു ഏകീകൃത വിഷയത്തിൽ അടിസ്ഥാനപ്പെട്ടതായിരിക്കും. അതിനെ ചിന്താവിഷയമെന്നോ വിഷയാധിഷ്ഠിത വാചകമെന്നോ വിളിക്കാം. ഖണ്ഡികയിലെ ഓരോ വാക്കും പ്രയോഗവും വാക്യഭാഗവും വാചകവും ഏതെങ്കിലു

മൊരു നിലയിൽ ഈ ഏകീകൃത വിഷയത്തോടു ബന്ധപ്പെട്ടിരിക്കും. അവ അതിനെ പരിമിതപ്പെടുത്തുകയോ, വിശദീകരിക്കുകയോ, വിശാലമാക്കുകയോ, ചോദ്യം ചെയ്യുകയോ ചെയ്യുന്നു. ശരിയായ വ്യാഖ്യാനത്തിനുള്ള ഒരു യഥാർത്ഥ താക്കോൽ, ബൈബിൾ ഗ്രന്ഥത്തിന്റെ ഭാഗമായിട്ടുള്ള ഓരോ സാഹിത്യ യൂണിറ്റിലൂടെയും ഉള്ള യഥാർത്ഥ എഴുത്തുകാരന്റെ ചിന്തയെ ഖണ്ഡിക-പ്രതി-ഖണ്ഡികയായി പിന്തുടരുക എന്നതാണ്. ആധുനിക ഇംഗ്ലീഷ് പരിഭാഷകളെ താരതമ്യം ചെയ്തുകൊണ്ട് അതു ചെയ്യുവാൻ പഠിതാവിനെ സഹായിക്കുന്നതിനു രൂപകല്പന ചെയ്തതാണ് ഈ പഠന, മാർഗ്ഗനിർദ്ദേശക വ്യാഖ്യാനം. ഈ പരിഭാഷകൾ തിരഞ്ഞെടുക്കാൻ കാരണം അവ വ്യത്യസ്ത പരിഭാഷാ സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്നതാണ്.

1. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ ഗ്രീക്ക് പതിപ്പ് പരിഷ്കരിച്ച നാലാം പതിപ്പാണ് (UBS[4]). ആധുനിക വേദപുസ്തക പണ്ഡിതന്മാരാണ് ഖണ്ഡിക തിരിച്ചിട്ടുള്ളത്.
2. ന്യൂ കിംഗ് ജയിംസ് വേർഷൻ (NKJV), ടെക്സ്റ്റസ് റിസപ്റ്റസ് എന്ന ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യം അടിസ്ഥാനമാക്കിയുള്ള പദാനുപദ ആക്ഷരിക വിവർത്തനമാണ്. അതിന്റെ ഖണ്ഡികാ വിഭജനം മറ്റു പരിഭാഷകളേക്കാൾ ദൈർഘ്യമുള്ളതാണ്. ആ ദൈർഘ്യമുള്ള ഘടകം ഏകീകൃത വിഷയങ്ങൾ മനസ്സിലാക്കുവാൻ പഠിതാവിനെ സഹായിക്കും.
3. ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (NRSV) പരിഷ്കരിച്ച പദാനുപദ പരിഭാഷയാണ്. താഴെയുള്ള രണ്ട് ആധുനിക പരിഭാഷകൾക്കിടയിലുള്ള ഒരു തലത്തിൽ നിൽക്കുന്നതാണിത്. അതിന്റെ ഖണ്ഡികാ വിഭജനം, വിഷയങ്ങൾ തിരിച്ചറിയാൻ വളരെ സഹായകരമാണ്.
4. ടുഡെയ്സ് ഇംഗ്ലീഷ് വേർഷൻ (TEV) യുണൈറ്റഡ് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച ഒരു ഡൈനമിക് ഇക്വലന്റ് പരിഭാഷയാണ്. ആധുനിക വായനക്കാരന് അല്ലെങ്കിൽ പ്രസംഗകന് ഗ്രീക്ക് പതിപ്പിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കുന്ന രീതിയിൽ ബൈബിൾ പരിഭാഷപ്പെടുത്തുവാൻ ശ്രമിക്കുകയാണത്. പലപ്പോഴും, പ്രത്യേകിച്ചും സുവിശേഷങ്ങളിൽ, അത് ഖണ്ഡിക വിഭജിക്കുന്നത് NIV യിൽ എന്ന പോലെ വിഷയത്തെക്കാളുപരി സംഭാഷകന്റെ അടിസ്ഥാനത്തിലാണ്. വ്യാഖ്യാതാവിന്റെ ഉദ്ദേശ്യത്തിന് ഇതു സഹായകരമല്ല. USB[4] ഉം TEV യും ഒരേ ഉദ്ദേശ്യത്തോടെയാണ് പ്രസിദ്ധീകരിക്കപ്പെട്ടത് എന്നത് താല്പര്യജനകമാണ്. എങ്കിലും അവയുടെ ഖണ്ഡികാ വിഭജനം വ്യത്യാസമുള്ളതാണ്.
5. ന്യൂ ജെറുസലേം ബൈബിൾ (NJB) ഫ്രഞ്ച് കത്തോലിക്കാ പരിഭാഷ അടിസ്ഥാനമാക്കിയുള്ള ഡൈനമിക് ഇക്വലന്റ് പരിഭാഷയാണ്. യൂറോപ്യൻ കാഴ്ചപ്പാടിൽ നിന്നുള്ള ഖണ്ഡികാ വിഭജനത്തിന് വളരെ സഹായകരമാണിത്.
6. പഠനത്തിനുപയോഗിച്ചിരിക്കുന്നത് 1995 ലെ അപ്ഡേറ്റഡ് ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളാണ്. (NASB). അത് പദാനുപദ തർജ്ജമയാണ്. ഈ ഖണ്ഡികാ വിഭജനത്തിനനുസരിച്ചാണ് വാക്യ-പ്രതി-വാക്യ വ്യാഖ്യാനം.
7. മലയാളം പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച പഴയ പതിപ്പാണ് (OV).

**മൂന്നാം തത്വം**

മൂന്നാം തത്വം, വേദപുസ്തക വാക്കുകൾക്ക് അഥവാ പ്രയോഗങ്ങൾക്ക് ഉണ്ടായിരിക്കാൻ സാധ്യതയുള്ള അർത്ഥ വ്യാപ്തി (സെമാന്റിക് ഫീൽഡ്) ഗ്രഹിക്കുന്നതിനായി വിവിധ പരിഭാഷകൾ വായിക്കുക എന്നതാണ്. പലപ്പോഴും ഒരു ഗ്രീക്ക് പ്രയോഗമോ പദമോ നിരവധി നിലകളിൽ മനസ്സിലാക്കുവാൻ കഴിയും. ഈ വ്യത്യസ്ത പരിഭാഷകൾ ഈ വിധം അർത്ഥതലങ്ങൾ വെളിപ്പെടുത്തുകയും ഗ്രീക്ക് കയ്യെഴുത്തു പ്രതിയിലെ വ്യത്യാസങ്ങൾ തിരിച്ചറിയാനും വിശദീകരിക്കുവാനും സഹായിക്കുകയും ചെയ്യും. ഇത് ഉപദേശത്തെ ബാധിക്കുകയില്ല. മറിച്ച് യഥാർത്ഥ പുരാതന എഴുത്തുകാരൻ രേഖപ്പെടുത്തിയ യഥാർത്ഥ പാഠത്തിലേക്ക് മടങ്ങിച്ചെല്ലുന്നതിനു ശ്രമിക്കുവാൻ നമ്മെ സഹായിക്കും.

തന്റെ വ്യാഖ്യാനങ്ങളെ പരിശോധിക്കുന്നതിന് ഒരു എളുപ്പവഴി ഈ വ്യാഖ്യാനം പഠിതാവിനു നൽകുന്നു. അത് കൃത്യമായിരിക്കാൻ ഉദ്ദേശിച്ചുള്ളതല്ല. മറിച്ച് വിശദവിവരം നൽകുന്നതിനും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. പലപ്പോഴും മറ്റു സാധ്യമായ വ്യാഖ്യാനങ്ങൾ നമ്മെ സങ്കുചിത ചിന്താഗതിക്കാരും കടുംപിടുത്തക്കാരും സഭാവിഭാഗ ചിന്താഗതിക്കാരും ആകാതിരിപ്പാൻ സഹായിക്കും. പുരാതന പാഠത്തിന് എത്രയധികം ദുർഗ്രഹമായിരിക്കാൻ കഴിയും എന്നു തിരിച്ചറിയുന്നതിനുള്ള വിശാലമായ വ്യാഖ്യാന സാധ്യതകൾ വ്യാഖ്യാതാക്കൾക്കുണ്ടായിരിക്കണം. ബൈബിളിനെ തങ്ങളുടെ ഏക സത്യസ്രോതസ്സായി അവകാശപ്പെടുന്ന ക്രിസ്ത്യാനികൾക്കിടയിൽപോലും പരസ്പര ധാരണ ഇല്ല എന്നത് ഞെട്ടിപ്പിക്കുന്നതാണ്.

പുരാതന പാഠങ്ങളുമായി മല്ലിടുവാൻ എന്നെ പ്രേരിപ്പിക്കുക വഴി എന്റെ ചരിത്രപരമായ രൂപപ്പെടുത്തലിനെ അതിജീവിക്കുന്നതിന് ഈ തത്വങ്ങൾ ഏറെ സഹായിച്ചിട്ടുണ്ട്. അതു നിങ്ങൾക്കും അനുഗ്രഹമായിത്തീരും എന്നാണ് എന്റെ പ്രതീക്ഷ.

ബോബ് ഉട്ട്ലി
ഈസ്റ്റ് ടെക്സാസ് ബാപ്റ്റിസ്റ്റ് യൂണിവേഴ്സിറ്റി
ജൂൺ, 27, 1996

# ഉത്തമ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗദർശി: തെളിയിക്കപ്പെടാവുന്ന സത്യത്തിനുവേണ്ടിയുള്ള ഒരു വ്യക്തിപരമായ അന്വേഷണം

നമുക്കു സത്യം അറിയാൻ കഴിയുമോ? അതിനെ എവിടെ കണ്ടെത്താം? യുക്തിപരമായി അതിനെ വിലയിരുത്താമോ? ഒരു അത്യന്തിക ആധികാരം എന്നൊന്നുണ്ടോ? നമ്മുടെ ജീവിതങ്ങൾക്ക്, നമ്മുടെ ലോകത്തിന് വഴികാട്ടാൻ കഴിയുന്ന ആത്യന്തിക സത്യങ്ങളുണ്ടോ? ജീവിതത്തിന് അർത്ഥമുണ്ടോ? നാം എങ്ങോട്ടാണു സഞ്ചരിക്കുന്നത്? ഈ ചോദ്യങ്ങൾ - ബുദ്ധിയുള്ള സകല മനുഷ്യരും മനനം ചെയ്യുന്ന ചോദ്യങ്ങൾ - കാലാരംഭം മുതൽ മനുഷ്യബുദ്ധിയെ വേട്ടയാടിക്കൊണ്ടിരിക്കുന്നു (സഭാ. 1:13-18; 3:9-11). എന്റെ ജീവിതത്തിന്റെ ഒരു സമഗ്ര കേന്ദ്രത്തിനുവേണ്ടിയുള്ള എന്റെ വ്യക്തിപരമായ അന്വേഷണം ഞാൻ ഓർക്കുന്നു. എന്റെ കുടുംബങ്ങളിൽ പ്രധാനപ്പെട്ട ചിലരുടെ സാക്ഷ്യത്തിലൂടെ ചെറുപ്രായത്തിൽ തന്നെ ഞാൻ ഒരു ക്രിസ്തുവിശ്വാസിയായി തീർന്നു. ഞാൻ വളർന്നുവന്നപ്പോൾ എന്നെക്കുറിച്ചും എന്റെ ലോകത്തെക്കുറിച്ചുമുള്ള ചോദ്യങ്ങളും വളർന്നു. ഞാൻ വായിച്ചറിയുകയും അഭിമുഖീകരിക്കുകയും ചെയ്ത അനുഭവങ്ങൾക്ക് അർത്ഥം നൽകുവാൻ ലളിതമായ സാംസ്കാരികവും മതപരവുമായ പറഞ്ഞു പഴകിയ ഉത്തരങ്ങൾക്കു കഴിഞ്ഞില്ല. അത് ആശയക്കുഴപ്പത്തിന്റെയും അന്വേഷണത്തിന്റെയും ആഗ്രഹങ്ങളുടെയും പലപ്പോഴും ഞാൻ ജീവിക്കുന്ന വികാരശൂന്യവും കഠിനവുമായ ലോകത്തിൽ നിസ്സഹായതയുടെയും കാലഘട്ടമായിരുന്നു.

ഈ ആത്യന്തിക ചോദ്യങ്ങൾക്ക് ഉത്തരമുണ്ടെന്ന് പലരും അവകാശപ്പെട്ടിട്ടുണ്ടെങ്കിലും അന്വേഷണങ്ങൾക്കും വിലയിരുത്തലുകൾക്കുമൊടുവിൽ, അവരുടെ ഉത്തരങ്ങൾ (1) വ്യക്തിപരമായ തത്വ ശാസ്ത്രങ്ങളുടെയും (2) പുരാതന കെട്ടുകഥകളുടെയും (3) വ്യക്തിപരമായ അനുഭവങ്ങളുടെയും (4) മനഃശാസ്ത്രപരമായ ആസൂത്രണങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയാണെന്നു ഞാൻ കണ്ടെത്തി. എനിക്ക് ഒരളവിലുള്ള വിലയിരുത്തൽ, ചില തെളിവുകൾ, എന്റെ ലോക വീക്ഷണവും ആർജ്ജവ കേന്ദ്രവും ജീവിക്കാനുള്ള കാരണവും അടിസ്ഥാനമിടുന്നതിന് ചില കാര്യകാരണങ്ങൾ വേണ്ടിയിരുന്നു.

ഈ കാര്യങ്ങൾ ഞാൻ എന്റെ ബൈബിൾ പഠനത്തിൽ കണ്ടെത്തി. അതിന്റെ വിശ്വാസീയതയ്ക്ക് തെളിവുകൾ ഞാൻ അന്വേഷിക്കാനാരംഭിച്ചു. അതു ഞാൻ കണ്ടെത്തിയത്: (1) ബൈബിളിന്റെ ചരിത്രപരമായ വിശ്വാസീയത പുരാവസ്തു ഗവേഷണങ്ങളാൽ തെളിയിക്കപ്പെട്ടത്, (2) പഴയ നിയമ പ്രവചനങ്ങളുടെ കൃത്യത, (3) 1600 ൽപ്പരം വർഷങ്ങൾകൊണ്ട് എഴുതപ്പെട്ട വേദപുസ്തക സന്ദേശങ്ങളുടെ ഐക്യത; (4) ബൈബിളുമായി ബന്ധപ്പെട്ടതിലൂടെ ജീവിതത്തിന് സമൂല പരിവർത്തനം സംഭവിച്ചവരുടെ സാക്ഷ്യങ്ങൾ എന്നിവയിലൂടെയാണ്. ക്രിസ്ത്യാനിത്വം വിശ്വാസത്തിനും അനുഷ്ഠാനത്തിനുമുള്ള ഒരു ഏകീകൃത സംവിധാനമെന്ന നിലയിൽ മനുഷ്യജീവിതത്തിലെ സങ്കീർണ്ണമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിവുണ്ട്. ഇത് ഒരു യുക്തിസഹമായ ചട്ടക്കൂട് നൽകുന്നുവെന്നു മാത്രമല്ല, വേദപുസ്തക വിശ്വാസത്തിന്റെ അനുഭവവേദ്യമായ വശം എനിക്ക് വൈകാരിക സന്തോഷവും സ്ഥിരതയും നൽകുകയും ചെയ്യുന്നു.

എന്റെ ജീവിതത്തിന്റെ സമഗ്രമായ കേന്ദ്രം ഞാൻ കണ്ടെത്തിയെന്നു ഞാൻ ചിന്തിച്ചു. അതായത് തിരുവെഴുത്തുകളിലൂടെ ഗ്രഹിക്കാവുന്ന ക്രിസ്തു. അതൊരു ബുദ്ധിപരമായ അനുഭവവും ഒരു വൈകാരിക വിടുതലുമായിരുന്നു. എന്നിരുന്നാലും ഈ പുസ്തകത്തിന്റെ എത്രയധികം വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ നിലവിലുണ്ടെന്നുള്ള - മിക്കപ്പോഴും ഒരേ സഭയ്ക്കും ഒരേ ആശയമുള്ള പ്രസ്ഥാനങ്ങൾക്കും ഉള്ളിൽ തന്നെ - അറിവ് എനിക്കുണ്ടായപ്പോൾ എനിക്കുണ്ടായ ഞെട്ടൽ ഞാൻ ഇപ്പോഴുമോർക്കുന്നു. ബൈബിളിന്റെ ദൈവനിശ്വാസീയതയും വിശ്വാസീയതും ഉറപ്പിക്കുന്നത് അവസാനമല്ല, ആരംഭം മാത്രമാണ്. ബൈബിളിന്റെ ആധികരികതയും വിശ്വാസീയതയും അവകാശപ്പെടുന്നവർ തന്നെ തിരുവെഴുത്തിലെ പ്രയാസകരമായ ഭാഗ്യങ്ങൾക്ക് നൽകുന്ന വിഭിന്നവും പരസ്പര വിരുദ്ധവുമായ വ്യാഖ്യാനങ്ങളെ ഞാനെങ്ങനെ വിലയിരുത്തുകയും തിരസ്കരിക്കുകയും ചെയ്യും?

ഈ ദൗത്യം എന്റെ ജീവിതലക്ഷ്യവും വിശ്വാസ തീർത്ഥാടനവുമായിത്തീർന്നു. ക്രിസ്തുവിലുള്ള എന്റെ വിശ്വാസം (1) വലിയ സമാധാനവും സന്തോഷവും എനിക്കു നൽകി. എന്റെ സംസ്കാരത്തിന്റെ (അത്യന്താധുനികം) അപേക്ഷികത (2) പരസ്പരം പോരടിക്കുന്ന മതസംവിധാനത്തിന്റെ (ലോകമതങ്ങൾ) കടുംപിടു ത്തം; (3) സഭാപരമായ ചേർച്ചയില്ലായ്മ എന്നിവയുടെ മധ്യത്തിൽ ചില ആത്യന്തിക സത്യങ്ങൾക്കായി എന്റെ മനസ്സ് വാഞ്ഛിച്ചു. പുരാതന സാഹിത്യത്തിന്റെ വ്യാഖ്യാനത്തിനുതകുന്ന വിലയുള്ള സമീപനങ്ങൾക്കായുള്ള എന്റെ അന്വേഷണത്തിൽ, ഞാൻ എന്റെ സ്വന്തം ചരിത്രപരവും, സാംസ്കാരികവും സഭാവിഭാഗീയതാപരവും അനുഭവപരവുമായ മുൻവിധികൾ കണ്ട് അത്ഭുതപ്പെട്ടുപോയി. ഞാൻ പലപ്പോഴും എന്റെ സ്വന്തം വീക്ഷണങ്ങളെ ശക്തിപ്പെടുത്താനാണ് ബൈബിൾ വായിച്ചിരുന്നത്. എന്റെ സ്വന്തം അരക്ഷിതാവസ്ഥയെയും അപര്യാപ്തതകളെയും ഉറപ്പിച്ചുകൊണ്ട് മറ്റുള്ളവരെ ആക്രമിക്കുന്നതിനുള്ള പ്രമാണമായി ഞാനതിനെ ഉപയോഗിച്ചു. ഈ തിരിച്ചറിവ് എനിക്കെത്ര വേദനാജനകമായിരുന്നെന്നോ?

സമ്പൂർണ്ണമായി എനിക്ക് വസ്തുനിഷ്ഠമാകാൻ കഴിഞ്ഞില്ലെങ്കിലും എനിക്ക് ബൈബിളിന്റെ ഒരു നല്ല വായനക്കാരനാകാൻ കഴിയുമായിരുന്നു. എന്റെ മുൻവിധികളെ തിരിച്ചറിയുകയും അവയുടെ സാന്നിധ്യം അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ അവയെ പരിമിതപ്പെടുത്താൻ എനിക്കു കഴിയും. ഇനിയും ഞാൻ അവയിൽ നിന്നും സ്വതന്ത്രനായിട്ടില്ല. എങ്കിലും എന്റെ ബലഹീനതയെ ഞാൻ നേരിട്ടു കഴിഞ്ഞു. വ്യാഖ്യാതാവ് പലപ്പോഴും നല്ല വേദപുസ്തക വായനയുടെ ഏറ്റവും വലിയ ശത്രുവായിരിക്കും!

എന്റെ ബൈബിൾ പഠനത്തിലേക്ക് ഞാൻ കൊണ്ടുവന്ന ചില മുൻധാരണകൾ ഞാനിവിടെ എഴുതുന്നു. നിങ്ങൾക്കും എന്നോടൊപ്പം അവ പരിശോധിക്കാൻ അതു സഹായകമാകും.

## I. മുൻധാരണകൾ

A. ബൈബിൾ മാത്രമാണ് ഏക സത്യദൈവത്തിന്റെ ദൈവശ്വാസീയ സ്വയ-വെളിപ്പാട് എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഒരു പ്രത്യേക പശ്ചാത്തലത്തിൽ ഒരു മാനുഷിക എഴുത്തുകാരനിലൂടെ രചന നിർവഹിച്ച യഥാർത്ഥ ദൈവിക എഴുത്തുകാരന്റെ (പരിശുദ്ധാത്മാവ്) ഉദ്ദേശ്യത്തിന്റെ വെളിച്ചത്തിൽ അതു വ്യാഖ്യാനിക്കപ്പെടണം.

B. ബൈബിൾ സാധാരണ ജനത്തിനുവേണ്ടി - സകല മനുഷ്യർക്കും വേണ്ടി - എഴുതിയതാണെന്നു ഞാൻ വിശ്വസിക്കുന്നു! നമ്മോടു വ്യക്തമായി സംസാരിക്കുന്നതിനായി ദൈവം തന്നെത്തന്നെ ഒരു ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ ഒതുക്കി നിർത്തി. ദൈവം സത്യത്തെ മറച്ചു വയ്ക്കുന്നില്ല. നാം ഗ്രഹിക്കണമെന്നവനാഗ്രഹിക്കുന്നു. അതിനാൽ അത് നമ്മുടെ കാലഘട്ടത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കപ്പെടേണം. ബൈബിൾ ആദ്യം വായിക്കുകയോ കേൾക്കുകയോ ചെയ്തവർക്ക് അത് ഏതർത്ഥത്തിൽ മനസ്സിലായോ അതേ അർത്ഥത്തിൽ വേണം നാമും മനസ്സിലാക്കാൻ. അത് സാധാരണ മനുഷ്യമനസ്സുകൾക്ക് മനസ്സിലാകുന്നതും സാധാരണ മാനുഷിക ആശയവിനിമയ രീതികളും സാങ്കേതങ്ങളും ഉപയോഗിക്കുന്നതുമാണ്.

C. ബൈബിളിന് ഒരു ഏകീകൃത സന്ദേശവും ഉദ്ദേശ്യവും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതിൽ പ്രയാസമേറിയതും വൈരുദ്ധ്യമുള്ളതുമായ ഭാഗങ്ങളുണ്ടെങ്കിലും അത് പരസ്പര വിരുദ്ധമല്ല. അതുകൊണ്ട് ബൈബിളിന്റെ ഏറ്റവും മികച്ച വ്യാഖ്യാതാവ് ബൈബിൾ തന്നെയാണ്.

D. ഓരോ വേദഭാഗത്തിനും (പ്രവചനം ഒഴികെ) യഥാർത്ഥ ദൈവനിശ്വാസീയ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ, ഒരു അർത്ഥം, ഒരൊറ്റ അർത്ഥം, മാത്രമേ ഉള്ളൂ എന്നു ഞാൻ വിശ്വസിക്കുന്നു. യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെക്കുറിച്ചു കൃത്യമായി നാം മനസ്സിലാക്കി എന്നു നമുക്കൊരിക്കലും ഉറപ്പിക്കാൻ കഴിയുകയില്ലെങ്കിലും പല തെളിവുകളും ഇതിലേക്കു വിരൽ ചൂണ്ടുന്നതായുണ്ട്.

1. സന്ദേശത്തെ വെളിപ്പെടുത്താൻ തിരഞ്ഞെടുത്ത സാഹിത്യരൂപം
2. എഴുത്തിനു പ്രേരണ നൽകിയ ചരിത്ര പശ്ചാത്തലം/അഥവാ പ്രത്യേക സന്ദർഭം
3. മുഴുവൻ ഗ്രന്ഥത്തിന്റെയും ഒപ്പം ഓരോ സാഹിത്യ ഘടകത്തിന്റെയും സാഹിത്യ സന്ദർഭം
4. മുഴു സന്ദേശത്തോടും ബന്ധപ്പെട്ടിരിക്കുന്ന സാഹിത്യ ഘടകത്തിന്റെ പാഠ രൂപകല്പന (രൂപരേഖ)
5. സന്ദേശം വിനിമയം ചെയ്യുന്നതിനുപയോഗിച്ച പ്രത്യേക വ്യാകരണ സവിശേഷതകൾ
6. സന്ദേശം വിനിമയം ചെയ്യുന്നതിനു തിരഞ്ഞെടുത്ത പദങ്ങൾ
7. സമാന്തര വേദഭാഗങ്ങൾ

ഈ ഓരോ മേഖലകളെയും കുറിച്ചുള്ള നമ്മുടെ പഠനം, ഒരു വേദഭാഗത്തിന്റെ പഠനത്തിൽ നമ്മുടെ ലക്ഷ്യമായിത്തീരുന്നു. നല്ല വേദപുസ്തക വായനയ്ക്കുള്ള എന്റെ രീതി ഞാൻ വിവരിക്കുന്നതിന് മുമ്പ്, ഇന്ന് ഉപയോഗിച്ചുകാണുന്നതും വ്യാഖ്യാനത്തിൽ ധാരാളം വൈരുധ്യം ഉളവാകാൻ കാരണമാകുന്നതും അതുകൊണ്ടു തന്നെ ഒഴിവാക്കേണ്ടതുമായ അനുയോജ്യമല്ലാത്ത രീതികൾ പറഞ്ഞു വയ്ക്കാൻ ഞാനാഗ്രഹിക്കുന്നു.

## II. അനുയോജ്യമല്ലാത്ത രീതികൾ

A. ബൈബിൾ ഗ്രന്ഥങ്ങളുടെ സാഹിത്യ സന്ദർഭം അവഗണിച്ച്, എഴുത്തുകാരന്റെ ഉദ്ദേശ്യത്തോടോ വിശാലമായ സന്ദർഭത്തോടോ ബന്ധമില്ലാതെ ഓരോ വാചകവും വാക്യഭാഗവും ഓരോ വാക്കും സത്യപ്രസ്താവന എന്ന നിലയിൽ വ്യാഖ്യാനിക്കുന്നത്. ഇതിനെ പലപ്പോഴും "വാക്യത്തെളിവ് കണ്ടെത്തൽ" എന്നു വിളിക്കാറുണ്ട്.

B. പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലം അവഗണിച്ച് പാഠത്തിന്റെ യാതൊരു പിന്തുണയും ഇല്ലാത്തതോ അല്പംമാത്രം ഉള്ളതോ ആയ അനുമാന ചരിത്ര പശ്ചാത്തലം പകരം ഉപയോഗിക്കുന്നത്.

C. പുസ്തകത്തിന്റെ ചരിത്ര പശ്ചാത്തലം അവഗണിച്ച് ആധുനിക വ്യക്തിഗത ക്രിസ്ത്യാനിക്കെഴുതിയതെന്ന മട്ടിൽ പ്രഭാതത്തിലെ വർത്തമാന പത്രം പോലെ വായിക്കുന്നത്.

D. പുസ്തകത്തിന്റെ ചരിത്രപരമായ പശ്ചാത്തലം അവഗണിച്ച്, ആദ്യത്തെ കേഴ്വിക്കാരോ യഥാർത്ഥ എഴുത്തുകാരനോ അർത്ഥമാക്കാത്ത തത്വശാസ്ത്രപരവും/ദൈവശാസ്ത്രപരവുമായ അർത്ഥം ലഭിക്കുമാറ് ആലങ്കാരിക വ്യാഖ്യാനം നടത്തുന്നത്.

E. യഥാർത്ഥ സന്ദേശത്തെ അവഗണിച്ച് യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം, പുസ്തകത്തിന്റെ സന്ദേശം, എന്നിവയുമായി ഒരു ബന്ധമില്ലാതെ ഒരുവന്റെ സ്വന്തം ദൈവശാസ്ത്രം, ഇഷ്ട ഉപദേശം, അല്ലെങ്കിൽ

സമകാലിക വിഷയങ്ങൾ എന്നിവ പകരം വയ്ക്കുന്നത്. ഈ പ്രതിഭാസത്തെ തുടർന്ന് പലപ്പോഴും കണ്ടു വരുന്നത് ഒരു പ്രസംഗകന്റെ അധികാരം സ്ഥാപിക്കുന്നതിനായി ഒരു വേദഭാഗം വായിക്കുക എന്നതാണ്. ഇതിനെ "വായനക്കാരന്റെ പ്രതികരണം" (വേദഭാഗം - എന്നെ സംബന്ധിച്ച് - എന്ത് അർത്ഥമാക്കുന്നു" വ്യാഖ്യാനം) എന്നു വിളിക്കാറുണ്ട്.

സകല എഴുതപ്പെട്ട മാനുഷിക ആശയ വിനിമയത്തിലും പരസ്പരം ബന്ധിതമായ കുറഞ്ഞത് മൂന്ന് ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്.




പഴയകാലത്ത്, വ്യത്യസ്ത വായനാ സങ്കേതങ്ങൾ മൂന്ന് ഘടകങ്ങളിൽ ഒന്നിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. എന്നാൽ ബൈബിളിന്റെ നിസ്തുലമായ ദൈവനിശ്വാസീയത ഉറപ്പിക്കാൻ, കൂടുതൽ പരിഷ്കരിച്ച ഒരു ചിത്രം കൂടുതൽ സഹയകരമാകും.




സത്യത്തിൽ ഈ മൂന്നു ഘടകങ്ങളും വ്യാഖ്യാനപ്രക്രിയയിൽ ഉൾപ്പെടുത്തപ്പെടേണം. വിലയിരുത്തലിന്റെ ഉദ്ദേശ്യത്തിനായി എന്റെ വ്യാഖ്യാനം ആദ്യത്തെ രണ്ടു ഘടകങ്ങളിലാണ് ശ്രദ്ധയൂന്നുന്നത്: യഥാർത്ഥ എഴുത്തു കാരനും എഴുതപ്പെട്ട വേദഭാഗവും. ഞാൻ നിരീക്ഷിച്ച ദുരുപയോഗത്തിനെതിരായിട്ടാണ് ഞാൻ പ്രതികരിക്കുന്നത്, (1) വേദഭാഗത്തെ ആലങ്കാരികമാക്കുക അഥവാ ആത്മീയവത്കരിക്കുക, (2) "വായനക്കാരന്റെ പ്രതികരണ" വ്യാഖ്യാനം (അതെനിക്ക്-എന്ത്-അർത്ഥമാക്കുന്നു). ഓരോ ഘട്ടത്തിലും ദുരുപയോഗം സംഭവിക്കുന്നുണ്ട്. നാം എല്ലായ്പ്പോഴും നമ്മുടെ പ്രേരണകൾ, മുൻധാരണകൾ, സങ്കേതങ്ങൾ, പ്രായോഗികതകൾ എന്നിവ പരിശോധി ക്കേണം. വ്യാഖ്യാനത്തിന് ഒരതിരും, ഒരു പരിമിതിയും ഒരു മാനദണ്ഡവുമില്ലെങ്കിൽ നാമെങ്ങനെ അവയെ പരിശോ ധിക്കും? ഇവിടെയാണ് എഴുത്തുകാരന്റെ ഉദ്ദേശ്യവും വേദഭാഗത്തിന്റെ ഘടനയും, സാധ്യമായ മൂല്യവത്തായ വ്യാഖ്യാനത്തിന്റെ വ്യാപ്തിയെ പരിമിതപ്പെടുത്തുന്നതിനായി ചില മാനദണ്ഡങ്ങൾ എനിക്കു നൽകുന്നത്.

ഈ അനുയോജ്യമല്ലാത്ത വായനാ സങ്കേതങ്ങളുടെ വെളിച്ചത്തിൽ ശരിയായ വേദപുസ്തക വായനയ്ക്കും, വിലയിരുത്തലും സ്ഥിരതയും ഒരളവുവരെ പ്രദാനം ചെയ്യുന്ന വ്യാഖ്യാനത്തിനും സഹായകരമായ ചില സമീപനങ്ങൾ എന്തെല്ലാമാണ്?

## III. നല്ല വേദപുസ്തക വായനയ്ക്ക് സാധ്യമായ സമീപനം

ഈ ഘട്ടത്തിൽ ഞാൻ ചർച്ച ചെയ്യുന്നത് പ്രത്യേക സാഹിത്യരൂപങ്ങൾ വ്യാഖ്യാനിക്കുന്നതിനുള്ള പ്രത്യേക സങ്കേതങ്ങളെക്കുറിച്ചല്ല, മറിച്ച് വേദപുസ്തകത്തിലെ എല്ലാത്തരത്തിലുമുള്ള സാഹിത്യരൂപങ്ങൾക്കു ബാധകമായ പൊതു വ്യാഖാന തത്വങ്ങളെക്കുറിച്ചാണ്. സാഹിത്യ രീതിക്കുള്ള പ്രത്യേക വ്യാഖ്യാന സമീപനം സംബന്ധിച്ചുള്ള ഒരു നല്ല ഗ്രന്ഥമാണ് ഗോർഡൻ ഫീയും ഡഗ്ലസ് സ്റ്റുവാർട്ടും എഴുതി സോണ്ടർവൻ പ്രസിദ്ധീകരിച്ച *How to Read the Bible for All Its Worth.*

എന്റെ രീതി ശാസ്ത്രം പ്രാരംഭമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നാലു വ്യക്തിഗത വായനാചക്രത്തിലൂടെ ബൈബിളിനെ പ്രകാശിപ്പിക്കുവാൻ പരിശുദ്ധാത്മാവിനെ അനുവദിക്കുന്നതിലാണ്. ഇത് ആത്മാവിനെയും വേദഭാഗത്തെയും വായനക്കാരനെയും രണ്ടാം തരക്കാരായിട്ടല്ല, ഒന്നാം തരക്കാരായി നിലനിർത്തുന്നു. ഇത് വായ നക്കാരനെ അനാവശ്യമായി വ്യാഖ്യാതാക്കളാൽ സ്വാധീനിക്കപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നു. "ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ മേൽ ഏറെ വെളിച്ചം വിതറുന്നു" എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഇത് പഠന സഹായികളെ വിലകുറച്ചു കാണിക്കുന്ന ഒരഭിപ്രായമല്ല, മറിച്ച് അവയുടെ ഉപയോഗത്തിനുള്ള യോഗ്യമായ സമയത്തിനുവേണ്ടി യുള്ള അപേക്ഷയാണ്.

നമ്മുടെ വ്യാഖ്യാനങ്ങളെ വേദഭാഗത്തു നിന്നു തന്നെ പിന്തുണയ്ക്കുവാൻ നമുക്കു കഴിഞ്ഞിരിക്കണം. മൂന്നു മേഖലകൾ കുറഞ്ഞ പക്ഷം പരിമിതമായ വിലയിരുത്തലെങ്കിലും പ്രദാനം ചെയ്യുന്നു.

1. യഥാർത്ഥ എഴുത്തുകാരന്റെ
   a. ചരിത്ര പശ്ചാത്തലം
   b. സാഹിത്യപരമായ സന്ദർഭം
   c. സാഹിത്യ രൂപം
2. യഥാർത്ഥ എഴുത്തുകാരന്റെ തിരഞ്ഞെടുപ്പ്
   a. വ്യാകരണ ഘടനകൾ
   b. സമകാലിക കൃതികളിലെ ഉപയോഗം
   c. സാഹിത്യ രൂപം
3. പ്രായോഗികത സംബന്ധിച്ച നമ്മുടെ അറിവ്
   a. പ്രസക്ത സമാന്തര വേദഭാഗങ്ങൾ
   b. ഉപദേശങ്ങൾ തമ്മിലുള്ള ബന്ധം (വൈരുദ്ധ്യം)

നമ്മുടെ വ്യാഖ്യാനത്തിനു പിന്നിലുള്ള കാരണങ്ങളും യുക്തിയും പറയുവാൻ നമുക്കു കഴിയേണം. വിശ്വാസ ത്തിനും ആചരണത്തിനുമുള്ള നമ്മുടെ ഏക ഉറവിടമാണ് ബൈബിൾ. ദുഃഖകരമെന്നു പറയട്ടെ, ക്രിസ്ത്യാനികൾ പലപ്പോഴും അതെന്താണു പഠിപ്പിക്കുന്നതെന്നും ഊന്നിപ്പറയുന്നതെന്നും ഉള്ളതിനെ സംബന്ധിച്ച് ഏകാഭിപ്രായ ക്കാരല്ല. വേദപുസ്തകത്തിന്റെ ദൈവശ്വാസീയത അവകാശപ്പെടുകയും ചെയ്യുന്നതെന്ന കാര്യത്തിൽ ഐക്യത യിൽ എത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നത് സ്വയം-പരാജയപ്പെടുത്തുന്നതിനു തുല്യമാണ്.

തുടർന്ന് വരുന്ന വ്യാഖ്യാന ഉൾക്കാഴ്ചകൾ നൽകുന്ന നാലു വായനാ ആവൃത്തി രൂപപ്പെടുത്തിയിരിക്കുന്നു.

### A. ഒന്നാം വായനാ ആവൃത്തി

1. ഒറ്റയിരുപ്പിൽ പുസ്തകം വായിക്കുക. തികച്ചും വ്യത്യസ്തമായ പരിഭാഷാ സിദ്ധാന്തമുപയോഗിക്കുന്ന വ്യത്യസ്തമായ പരിഭാഷയിൽ വീണ്ടും വായിക്കുക.
   a. പദാനുപദം (NKJV, NASB, NRSV)
   b. ഡൈനമിക് ഇക്വലന്റ് (TEV, JB)
   c. സംഗ്രഹം (ലിവിംഗ് ബൈബിൾ, ആംപ്ലിഫൈഡ് ബൈബിൾ)
2. മുഴുഗ്രന്ഥത്തിന്റെയും കേന്ദ്ര ഉദ്ദേശ്യം തേടുക. വിഷയം തിരിച്ചറിയുക.
3. കേന്ദ്ര ഉദ്ദേശ്യം അല്ലെങ്കിൽ വിഷയം വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സാഹിത്യഘടകം, ഒരു അധ്യായം, ഒരു ഖണ്ഡിക, അല്ലെങ്കിൽ ഒരു വാക്യം വേർതിരിച്ചെടുക്കുക.
4. മുന്നിട്ടു നിൽക്കുന്ന സാഹിത്യരൂപം തിരിച്ചറിയുക
   a. പഴയ നിയമം
      (1) എബ്രായ വിവരണം
      (2) എബ്രായ കാവ്യം (ജ്ഞാന സാഹിത്യം, സങ്കീർത്തനം)
      (3) എബ്രായ പ്രവചനം (ഗദ്യം, കാവ്യം)
      (4) നിയമ സംഹിത
   b. പുതിയ നിയമം
      (1) വിവരണങ്ങൾ (സുവിശേഷങ്ങൾ, അപ്പൊസ്തല പ്രവൃത്തികൾ)
      (2) ഉപമകൾ (സുവിശേഷങ്ങൾ)
      (3) എഴുത്തുകൾ/ലേഖനങ്ങൾ
      (4) വെളിപ്പാടു സാഹിത്യം

### B. രണ്ടാം വായനാ ആവൃത്തി

1. മുഴുഗ്രന്ഥവും വീണ്ടും വായിക്കുക, പ്രധാന വിഷയങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.
2. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും അവയുടെ ഉള്ളടക്കം ലളിതമായ പ്രസ്താവന കളിൽ രേഖപ്പെടുത്തുകയും ചെയ്യുക.
3. നിങ്ങളുടെ ഉദ്ദേശ്യ പ്രസ്താവനയും വിശാല രൂപരേഖയും പഠന സഹായിയുമായി ഒത്തുനോക്കുക.

### C. മൂന്നാം വായനാ ആവൃത്തി

1. മുഴുഗ്രന്ഥവും വീണ്ടും വായിക്കുക, പുസ്തകത്തിൽ നിന്നു തന്നെ രചനയിലേക്കു നയിച്ച ചരിത്ര പശ്ചാത്തലവും പ്രത്യേക സന്ദർഭവും കണ്ടെത്തുക.
2. വേദപുസ്തക ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ള ചരിത്ര ഘടകങ്ങൾ രേഖപ്പെടുത്തുക.
   a. എഴുത്തുകാരൻ
   b. എഴുതിയ കാലം
   c. സ്വീകർത്താക്കൾ
   d. എഴുതാനുള്ള പ്രത്യേക കാരണം
   e. രചനോദ്ദേശ്യവുമായി ബന്ധപ്പെട്ട സാംസ്കാരിക പശ്ചാത്തലത്തിന്റെ വശങ്ങൾ
   f. ചരിത്ര ആളുകളുടെയും സംഭവങ്ങളുടെയും പരാമർശം
3. നിങ്ങൾ വ്യാഖ്യാനിക്കുന്ന വേദപുസ്തകഗ്രന്ഥത്തിന്റെ ആ ഭാഗത്തിന്റെ ഖണ്ഡികാ നിലവാരത്തി

ലുള്ള രൂപരേഖ  തയ്യാറാക്കുക. എല്ലായ്പ്പോഴും സാഹിത്യ ഘടകം തിരിച്ചറിഞ്ഞുവേണം രൂപരേഖ തയ്യാറാക്കാൻ. ഇതൊരു പക്ഷേ അനേക അധ്യായങ്ങളോ ഖണ്ഡികകളോ കാണും. ഇത് യഥാർത്ഥ എഴുത്തുകാരന്റെ യുക്തിയും പാഠരൂപകല്പനയും പിന്തുടരുവാൻ നിങ്ങളെ സഹായിക്കും.

4. പഠന സഹായികൾ ഉപയോഗിച്ച് നിങ്ങൾ രേഖപ്പെടുത്തിയ ചരിത്ര പശ്ചാത്തലം പരിശോധിക്കുക

### D. നാലാം വായനാ ആവൃത്തി

1. വീണ്ടും നിരവധി പരിഭാഷകളിൽ പ്രത്യേക സാഹിത്യ ഘടകം വായിക്കുക.
   a. പദാനുപദം (NKJV, NASB, NRSV)
   b. ഡൈനമിക് ഇക്വലന്റ് (TEV, JB)
   c. സംഗ്രഹം (ലിവിംഗ് ബൈബിൾ, ആംപ്ലിഫൈഡ് ബൈബിൾ)
2. സാഹിത്യ അഥവാ വ്യാകരണ ഘടനകൾ ശ്രദ്ധിക്കുക.
   a. ആവർത്തിക്കുന്ന പ്രയോഗങ്ങൾ, എഫെ. 1:6, 12, 13)
   b. ആവർത്തിക്കുന്ന വ്യാകരണ ഘടകങ്ങൾ, റോമ. 8:31
   c. വിരുദ്ധ ആശയങ്ങൾ
3. താഴെക്കാണുന്ന കാര്യങ്ങൾ രേഖപ്പെടുത്തുക
   a. പ്രാധാന്യമുള്ള പദങ്ങൾ
   b. അസാധാരണ പദങ്ങൾ
   c. സുപ്രധാന വ്യാകരണ ഘടനകൾ
   d. പ്രത്യേകമായി പ്രയാസമുള്ള വാക്കുകൾ, വാക്യഭാഗങ്ങൾ, വാചകങ്ങൾ
4. പ്രസക്തമായ സമാന്തര ഭാഗങ്ങൾ അന്വേഷിക്കുക
   a. താഴെപ്പറയുന്നവ ഉപയോഗിച്ച് തങ്ങളുടെ വിഷയത്തെ സംബന്ധിച്ച് വ്യക്തമായി പഠിപ്പിക്കുന്ന ഭാഗങ്ങൾ നോക്കുക.
      (1) "വ്യവസ്ഥാപിത ദൈവശാസ്ത്ര" ഗ്രന്ഥങ്ങൾ
      (2) റഫറൻസ് ബൈബിളുകൾ
      (3) കൺകോഡൻസുകൾ
   b. നിങ്ങളുടെ വിഷയത്തിനുള്ളിൽ സാധ്യതയുള്ള വിരുദ്ധ ജോഡികൾ കണ്ടെത്തുക. അനേക വേദപുസ്തക സത്യങ്ങളും വിരുദ്ധജോഡികളായിട്ടാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്: ഇത്തരം വേദപുസ്ത സംഘർഷങ്ങളെ വാക്യത്തെളിവായി എടുക്കുന്നതിൽ നിന്നാണ് അനേക സഭാ വിഭാഗ ഭിന്നതകളും ഉണ്ടായിട്ടുള്ളത്. വേദപുസ്തകം മുഴുവനും ദൈവനിശ്വാസീയമാണ്. നമ്മുടെ വ്യാഖ്യാനത്തിന് തിരുവെഴുത്തടിസ്ഥാനത്തിലുള്ള സന്തുലനം നൽകുന്നതിന് നാം അതിന്റെ പൂർണ്ണമായ സന്ദേശം കണ്ടെത്തേണ്ടതാണ്.
   c. അതേ പുസ്തകത്തിൽ അതേ എഴുത്തുകാരനിൽ അല്ലെങ്കിൽ അതേ സാഹിത്യരൂപത്തിൽ ഉള്ള സമാന്തരങ്ങൾ കണ്ടെത്തുക; വേദപുസ്തകത്തിന്റെ എഴുത്തുകാരൻ ഒരൊറ്റ വ്യക്തി– പരിശുദ്ധാത്മാവ്– ആകയാൽ ബൈബിൾ തന്നെയാണ് അതിന്റെ ഏറ്റവും നല്ല വ്യാഖ്യാതാവ്.
5. ചരിത്ര പശ്ചാത്തലവും സന്ദർഭവും സംബന്ധിച്ച നിങ്ങളുടെ നിരീക്ഷണങ്ങൾ പരിശോധിക്കുവാൻ പഠന സഹായികൾ ഉപയോഗിക്കുക
   a. പഠന ബൈബിളുകൾ
   b. ബൈബിൾ എൻസൈക്ലോപീഡിയകൾ, ഹാൻഡ് ബുക്കുകൾ, ഡിക്ഷ്ണറികൾ
   c. വേദപുസ്തക പ്രവേശികകൾ
   d. ബൈബിൾ കമന്ററികൾ (ഈ ഘട്ടത്തിൽ നിങ്ങളുടെ വ്യക്തിപരമായ പഠനത്തെ സഹായിക്കുവാനും തിരുത്തുവാനും മുമ്പും ഇപ്പോഴുമുള്ള വിശ്വാസ സമൂഹത്തെ അനുവദിക്കുക)

## IV. വേദപുസ്തക വ്യാഖ്യാനത്തിന്റെ പ്രായോഗികത

ഈ ഘട്ടത്തിൽ നാം പ്രായോഗികതയിലേക്കു കടക്കുകയാണ്. വേദഭാഗത്തെ അതിന്റെ യഥാർത്ഥ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ നിങ്ങൾ സമയം എടുത്തു. ഇനി നിങ്ങളതു നിങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ സംസ്കാരത്തിൽ പ്രായോഗികമാക്കണം. "യഥാർത്ഥ വേദപുസ്തക എഴുത്തുകാരൻ തന്റെ കാലഘട്ടത്തോടു സംസാരിച്ച കാര്യം മനസ്സിലാക്കി ആ സത്യം നമ്മുടെ കാലഘട്ടത്തോടു സംസാരിക്കുന്നതാണ്" വേദപുസ്തക അധികാരം എന്നാണ് എന്റെ നിർവചനം.

സമയത്തിലും യുക്തിയിലും യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ വ്യാഖ്യാനത്തെ തുടർന്ന് പ്രായോഗികത ഉണ്ടായിരിക്കണം. ഒരു വേദഭാഗം അതിന്റെ കാലഘട്ടത്തോട് എന്താണു സംസാരിച്ചതെന്നു മനസ്സിലാക്കാതെ അതിനെ നമ്മുടെ കാലഘട്ടത്തിൽ പ്രായോഗികമാക്കുവാൻ നമുക്കു കഴിയുകയില്ല. ഒരു വേദഭാഗത്തിന് അതിനൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു അർത്ഥം ഇപ്പോഴുണ്ടാകുക സാധ്യമല്ല.

ഖണ്ഡികാ തലത്തിലേക്കുള്ള (വായനാ ആവൃത്തി 3) നിങ്ങളുടെ വിശദമായ രൂപരേഖയാണ് നിങ്ങളുടെ മാർഗ്ഗദർശി. പ്രായോഗികത പദ തലത്തിലല്ല, ഖണ്ഡികാ തലത്തിലാണ് രൂപപ്പെടുത്തേണ്ടത്. സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ വാക്കുകൾക്ക് അർത്ഥമുള്ളൂ. വാക്യ ഭാഗങ്ങൾക്കും സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ അർത്ഥമുള്ളൂ; വാചകങ്ങൾക്കും സന്ദർഭാടിസ്ഥാനത്തിൽ മാത്രമേ അർത്ഥമുള്ളൂ. വ്യാഖ്യാന പ്രക്രിയയിൽ ഇടപെടുന്ന ഏക

ദൈവനിശ്വാസീയ വ്യക്തി യഥാർത്ഥ എഴുത്തുകാരൻ മാത്രമാണ്. അവൻ നയിക്കുന്നിടത്തേക്ക് പരിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ മാത്രം നാം പിന്തുടരേണം. എന്നാൽ പ്രകാശനം ദൈവനിശ്വാസീയത അല്ല. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പറയണമെങ്കിൽ നാം യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിൽ നിൽക്കേണം. പ്രായോഗികത, വ്യക്തമായും മുഴുവൻ വേദഭാഗത്തിന്റെയും, പ്രത്യേക സാഹിത്യ ഘടകത്തിന്റെയും ഖണ്ഡികാതലത്തിലുള്ള ആശയ വികാസത്തിന്റെയും ബന്ധത്തിലായിരിക്കണം.

നമ്മുടെ കാലഘട്ടത്തിലെ വിഷയങ്ങൾ ബൈബിളിനെ വ്യാഖ്യാനിക്കുവാൻ അനുവദിക്കരുത്. ബൈബിൾ സംസാരിക്കട്ടെ. ഇതിന് നാം വേദഭാഗത്തിൽ നിന്നും തത്വങ്ങൾ കണ്ടെത്തണം. വേദഭാഗം തത്വത്തെ പിന്തുണയ്ക്കുന്നുവെങ്കിൽ അത് വിലയുള്ളതാണ്. നിർഭാഗ്യവശാൽ മിക്കപ്പോഴും നമ്മുടെ തത്വങ്ങൾ "നമ്മുടെ" തത്വങ്ങൾ – വേദഭാഗത്തിന്റെ തത്വങ്ങൾ അല്ല – ആയി മാറാറുണ്ട്.

ബൈബിൾ പ്രായോഗികമാക്കുമ്പോൾ, ഒരൊറ്റ അർത്ഥം മാത്രമേ വേദഭാഗത്തെ സംബന്ധിച്ച് സാധുതയുള്ളൂ (പ്രവചനത്തിലൊഴികെ) എന്ന കാര്യം നാം ഓർത്തിരിക്കേണം. ആ അർത്ഥം, യഥാർത്ഥ എഴുത്തുകാരൻ തന്റെ കാലത്തെ ഒരു പ്രതിസന്ധിയോട് അഥവാ ആവശ്യത്തോട് പ്രതികരിക്കുമ്പോൾ ഉളവാകുന്ന ഉദ്ദേശ്യത്തോടു ബന്ധപ്പെട്ടതായിരിക്കും. ഈ ഒരൊറ്റ അർത്ഥത്തിൽ നിന്ന് അനേക പ്രായോഗികതകൾ ഉരുത്തിരിയാൻ സാധ്യതയുണ്ട്. പ്രായോഗികത സ്വീകർത്താവിന്റെ ആവശ്യത്തിനടിസ്ഥാനപ്പെട്ടതായിരിക്കുമെങ്കിലും അത് യഥാർത്ഥ എഴുത്തുകാരന്റെ അർത്ഥവുമായി ബന്ധപ്പെട്ടതായിരിക്കേണം.

### V. വ്യാഖ്യാനത്തിന്റെ ആത്മിക വരം

ഇതുവരെയും ഞാൻ ചർച്ച ചെയ്തത് വ്യാഖ്യാനത്തിലും പ്രായോഗിതകയിലും ഉൾക്കൊണ്ടിരിക്കുന്ന യുക്തിപരവും പാഠപരവുമായ പ്രക്രിയയെക്കുറിച്ചായിരുന്നു. ഇനി വ്യാഖ്യാനത്തിന്റെ ആത്മിക വശത്തെക്കുറിച്ച് ഹൃസ്വമായി ചിന്തിക്കാം. എന്നെ സംബന്ധിച്ച് താഴെപ്പറുയന്ന കാര്യങ്ങൾ സഹായകമാണ്.

A. ആത്മാവിന്റെ സഹായത്തിനായി പ്രാർത്ഥിക്കുക (ഒ.നോ. 1 കൊരി. 1:26–2:16)
B. വ്യക്തിപരമായ പാപമോചനത്തിനും അറിവുള്ള പാപത്തിൽ നിന്നുള്ള വിടുതലിനായും പ്രാർത്ഥിക്കുക (ഒ.നോ. 1 യോഹ. 1:9)
C. ദൈവത്തെ അറിയുന്നതിനുള്ള വർദ്ധിച്ച ആഗ്രഹത്തിനായി പ്രാർത്ഥിക്കുക (ഒ.നോ. സങ്കീ. 19:1–14; 42:1 മുതൽ; 119:1 മുതൽ)
D. ഏതു പുതിയ ഉൾക്കാഴ്ചയും ഉടൻ നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുക
E. താഴ്മയും പഠിപ്പിക്കപ്പെടാനുള്ള മനസ്സും ഉള്ളവരായിരിക്കുക

യുക്തിപരമായ പ്രക്രിയയും പരിശുദ്ധാത്മാവിന്റെ ആത്മിക നേതൃത്വവും തമ്മിലുള്ള സന്തുലനം സൂക്ഷിക്കുക വളരെ പ്രയാസമാണ്. ഇതു രണ്ടും സന്തുലനപ്പെടുത്തുവാൻ താഴെക്കൊടുത്തിരിക്കുന്ന ഉദ്ധരണികൾ എന്നെ സഹായിച്ചിട്ടുണ്ട്.

A. ജയിംസ് ഡബ്ല്യൂ. സൈറിന്റെ *സ്ക്രിപ്ചർ ടിസ്റ്റിംഗ്*, പേ. 17–18

"പ്രകാശനം ദൈവജനത്തിന്റെ മനസ്സിലാണു വരുന്നത് – ആത്മികോന്നതിയിൽ നിലനിൽക്കുന്നവർക്കല്ല. വേദപുസ്തക ക്രിസ്ത്യാനിത്വത്തിൽ 'ഗുരു' കുലത്തിൽ പെട്ടവരില്ല, പ്രത്യേക പ്രകാശനം ഉള്ളവരില്ല. സകല വ്യാഖ്യാനവും കടന്നുവരേണ്ടതരത്തിൽ പെട്ട പ്രത്യേക ജനവിഭാഗവുമില്ല. അതുകൊണ്ട് പരിശുദ്ധാത്മാവ് ജ്ഞാനം, അറിവ്, ആത്മിക വിവേചനം എന്നിവയ്ക്കുള്ള പ്രത്യേക വരങ്ങൾ നൽകുമ്പോൾ അവൻ ഈ വരപ്രാപ്തരായ വിശ്വാസികളെ തന്റെ വചനം വ്യാഖ്യാനിക്കുന്നതിനുള്ള ഏക ആധികാരിക വ്യാഖ്യാതാക്കളായി നിയമിക്കുകയല്ല ചെയ്യുന്നത്. അതിനാൽ ദൈവവചനം പഠിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ വിധിക്കുവാനും വിവേചിക്കുവാനുമുള്ള ഉത്തരവാദിത്വം അവന്റെ ജനത്തിൽ ഓരോരുത്തർക്കും, ദൈവം പ്രത്യേക വരങ്ങൾ നൽകപ്പെട്ടിട്ടുള്ളവർക്കുപോലും, ഉള്ളതാണ്. ചുരുക്കത്തിൽ ഈ പുസ്തകത്തിൽ ഉടനീളം ഞാൻ നടത്തിയിട്ടുള്ള നിഗമനം, ബൈബിൾ സകല മനുഷ്യർക്കുമുള്ള ദൈവത്തിന്റെ സത്യവെളിപ്പാടും, അതു സംസാരിക്കുന്ന സകല വിഷയങ്ങളെ സംബന്ധിച്ചുള്ള നമ്മുടെ ആത്യന്തിക അധികാരവും, അതൊരു സമ്പൂർണ്ണ കർമ്മമല്ല, മറിച്ച് എല്ലാ സംസ്കാരങ്ങളിലുമുള്ള സാധാരണ ജനത്തിന് നന്നായി മനസ്സിലാക്കാൻ കഴിയുന്നതുമാണ് എന്ന വസ്തുതാണ്."

B. ബർണാഡ് റാമിന്റെ *പ്രൊട്ടസ്റ്റന്റ് ബിബ്ലിക്കൽ ഇന്റർപ്രട്ടേഷൻ,* പേ. 75 ൽ കിർക്കെഗാഡിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്:

കിർക്കെഗാഡ് പറഞ്ഞിരിക്കുന്നത് ബൈബിളിന്റെ വ്യാകരണപരവും പദപഠനപരവും ചരിത്രപരവുമായ പഠനം ആവശ്യമായിരിക്കുമ്പോൾ തന്നെ, യഥാർത്ഥ വേദപുസ്തക വായനയോടുള്ള ബന്ധത്തിൽ അതു പ്രാഥമിക കാര്യം മാത്രമാണ്. "ദൈവവചനം എന്ന നിലയിൽ ബൈബിൾ വായിക്കുന്നതിന് ഒരുവന് അത്, ഹൃദയത്തിൽ നിന്ന്, തള്ളവിരലിൽ എഴുന്നേറ്റു നിന്ന്, ആകാംക്ഷാഭരിതനായി, ദൈവത്തോടു സംസാരിച്ചുകൊണ്ട് വായിക്കേണം. ചിന്താശൂന്യമായോ, അലക്ഷ്യമായോ, ബുദ്ധിപരമായോ തൊഴിലിനോടു ബന്ധപ്പെട്ടോ ബൈബിൾ വായിക്കുന്നത്, ദൈവചനമെന്ന നിലയിലുള്ള ബൈബിൾ വായനയല്ല. ഒരു പ്രണയ ലേഖനം വായിക്കുന്നതുപോലെ അതു വായിക്കുമ്പോഴാണ് ദൈവവചനം എന്ന നിലയിൽ അവനതു വായിക്കുന്നത്."

C. സി.എച്ച്. റോവ്ലി *ദ റലവൻസ് ഓഫ് ദ ബൈബിൾ, പേ. 19*

"ബൈബിളിനെക്കുറിച്ചുള്ള ബുദ്ധിപരമായ അറിവിന് അത് എത്ര പൂർണ്ണമായിരുന്നാലും, അതിന്റെ മുഴു സമ്പത്തും കൈവശപ്പെടുത്താൻ കഴിയുകയില്ല. അത്തരം അറിവിനെ അതു നിരാകരിക്കുന്നില്ല, കാരണം അറിവ് പൂർണ്ണമാകുവാൻ അതാവശ്യമാണ്. എന്നിരുന്നാലും അതു പൂർത്തീകരണത്തിലെത്തുവാൻ ഈ പുസ്തകത്തിലെ ആത്മീയ നിക്ഷേപത്തെക്കുറിച്ചുള്ള ഒരു ആത്മിക ജ്ഞാനത്തിലേക്കതു നയിക്കേണം. ആത്മിക ജ്ഞാനത്തിന് കേവലം ബുദ്ധിപരമായ ജാഗ്രതയെക്കാൾ കൂടുതലായ ഒന്ന് ആവശ്യമായിരിക്കുന്നു. ആത്മിക കാര്യങ്ങൾ ആത്മികമായി വിവേചിക്കേണ്ടതാണ്; അതിനാൽ വേദ പുസ്തക പഠിതാവിന് ആത്മീയമായി സ്വീകരിക്കുന്നതിനുള്ള ഒരു മനോഭാവവും ദൈവത്തിന് തന്നെത്താൻ കീഴ്പ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി അവനെ കണ്ടെത്തുവാനുള്ള ഒരു ആകാംക്ഷയും ഉണ്ടായിരിക്കേണം. എങ്കിൽ മാത്രമേ അവന് തന്റെ ശാസ്ത്രീയ പഠനത്തിനപ്പുറമായി സകല ഗ്രന്ഥങ്ങളിലും വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്റെ സമ്പന്നമായ അവകാശം പ്രാപിക്കാൻ കഴിയൂ."

## VI. ഈ വ്യാഖ്യാനത്തിന്റെ രീതി

*പഠന മാർഗ്ഗനിർദ്ദേശക വ്യാഖ്യാനം* താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ നിങ്ങളുടെ വ്യാഖ്യാന പ്രക്രിയയെ സഹായിക്കുവാൻ രൂപകല്പന ചെയ്തിട്ടുള്ളതാണ്.

A. ഓരോ പുസ്തകത്തിന്റെയും മുഖവുരയായി ഹൃസ്വമായ ചരിത്ര രൂപരേഖ. "വായനാ ആവൃത്തി 3" നിങ്ങൾ പൂർത്തിയാക്കിയ ശേഷം ഈ വിവരം പരിശോധിക്കുക

B. ഓരോ അദ്ധ്യായത്തിന്റെയും ആരംഭത്തിൽ പശ്ചാത്തല ഉൾക്കാഴ്ചകൾ കാണാവുന്നതാണ്. സാഹിത്യ ഘടകങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നതെങ്ങനെയെന്നു കാണാൻ ഇതു നിങ്ങളെ സഹായിക്കും.

C. ഓരോ അദ്ധ്യായത്തിന്റെ അല്ലെങ്കിൽ പ്രധാന സാഹിത്യഘടകത്തിന്റെ ആരംഭത്തിൽ ഖണ്ഡികാ വിഭജനവും അവയുടെ തലക്കെട്ടും നിരവധി ആധുനിക പരിഭാഷകളിൽ നിന്നുള്ളതു ചേർത്തിരിക്കുന്നു.

1. The United Bible Society Greek text, fourth edition revised(UBS4)
2. The New American Standard Bible, 1995 Update (NASB)
3. The New King James Version (NKJV)
4. The New Revised Standard Version (NRSV)
5. Today's English Version (TEV)
6. The Jerusalem Bible (JB)

ഖണ്ഡികാ വിഭജനം ദൈവനിശ്വാസീയമല്ല. അവ സന്ദർഭാടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതാണ്. വ്യത്യസ്ത പരിഭാഷാ സിദ്ധാന്തങ്ങളും ദൈവശാസ്ത്ര വീക്ഷണങ്ങളും അടിസ്ഥാനമാക്കിയിട്ടുള്ള നിരവധി ആധുനിക പരിഭാഷകൾ താരതമ്യപ്പെടുത്തുക വഴി, യഥാർത്ഥ എഴുത്തുകാരന്റെ ആശയത്തിന്റെ ഘടന വിശകലനം ചെയ്യാൻ നമുക്കു കഴിയും. ഓരോ ഖണ്ഡികയിലും ഒരു പ്രധാന സത്യം ഉൾക്കൊണ്ടിരിക്കും. ഇതിനെ "വിഷയ വാചകം" എന്നോ "പാഠത്തിന്റെ കേന്ദ്ര ആശയം" എന്നോ വിളിക്കാം. ഈ ഏകീകൃത ചിന്തയാണ് ശരിയായ നിലയിലുള്ള ചരിത്രപരവും വ്യാകരണപരവുമായ വ്യാഖ്യാനത്തിന്റെ താക്കോൽ. ഒരു ഖണ്ഡികയിൽ കുറഞ്ഞ ഒരു ഭാഗത്തു നിന്നു ഒരുവൻ വ്യാഖ്യാനിക്കുകയോ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ അരുത്. ഒപ്പം തന്നെ ഓരോ ഖണ്ഡികയും അതിനു ചുറ്റുമുള്ള ഖണ്ഡികകളോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യവും മറക്കരുത്. അക്കാരണത്താലാണ് മറ്റു ഗ്രന്ഥത്തിന്റെയും ഖണ്ഡികാ തലത്തിലുള്ള രൂപരേഖ സുപ്രധാനമായിരിക്കുന്നത്. യഥാർത്ഥ ദൈവനിശ്വാസീയ എഴുത്തുകാരൻ അവതരിപ്പിക്കുന്ന വിഷയത്തിന്റെ യുക്തിപരമായ ഒഴുക്കിനെ പിന്തുടരുവാൻ നമുക്കു കഴിഞ്ഞിരിക്കണം.

D. ബോബിന്റെ കുറിപ്പുകൾ വ്യാഖ്യാനത്തിന്റെ പദാനുപദ സമീപനത്തെയാണ് പിന്തുടരുന്നത്. ഇത് യഥാർത്ഥ എഴുത്തുകാരന്റെ ചിന്തയെ പിന്തുടരുവാൻ നമ്മെ നിർബന്ധിക്കുന്നു.
ഈ കുറിപ്പുകൾ വിവിധ മേഖലകളിൽ നിന്നുള്ള വിവരങ്ങൾ പ്രദാനം ചെയ്യുന്നു.

1. സാഹിത്യ സന്ദർഭം
2. ചരിത്രപരവും സാസ്കാരികവുമായ ഉൾക്കാഴ്ചകൾ
3. വ്യാകരണ വിവരങ്ങൾ
4. പദ പഠനങ്ങൾ
5. പ്രസക്ത സമാന്തര വേദഭാഗങ്ങൾ

E. വ്യാഖ്യാനത്തിലെ പ്രത്യേക ഘട്ടങ്ങളിൽ, നിരവധി ആധുനിക പരിഭാഷകളിൽ നിന്നുള്ള ഭാഗങ്ങളും കൊടുക്കുന്നുണ്ട്.

1. "ടെക്സ്റ്റസ് റിസപ്റ്റസ്" ലെ കയ്യെഴുത്തു പ്രതികൾ പിന്തുടരുന്ന ന്യൂ കിംഗ് ജയിംസ് വേർഷൻ (NKJV)
2. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷന്റെ പരിഷ്കരിച്ച പതിപ്പായ പദാനുപദ പരിഭാഷ, ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (NRSV)
3. അമേരിക്കൻ ബൈബിൾ സൊസൈറ്റിയുടെ ഡൈനമിക് ഇക്വലന്റ് പരിഭാഷയായ ടുഡെയ്സ് ഇംഗ്ലീഷ് വേർഷൻ (TEV)
4. ഫ്രെഞ്ച് കത്തോലിക്ക ഡൈനമിക് ഇക്വലന്റ് പരിഭാഷയെ അടിസ്ഥാനമാക്കിയുള്ള ജറുസലേം ബൈബിൾ (JB)

F. ഗ്രീക്ക് വായിക്കാൻ കഴിയാത്തവർക്ക് ഇംഗ്ലീഷ് പരിഭാഷകൾ താരതമ്യപ്പെടുത്തുന്നത്, പാഠഭാഗത്തിലെ പ്രശ്നങ്ങൾ തിരിച്ചറിയാൻ സഹായിക്കും

1. കയ്യെഴുത്തു പ്രതിയിലെ വ്യത്യാസങ്ങൾ
2. പദങ്ങളുടെ പകരം അർത്ഥങ്ങൾ
3. വ്യാകരണപരമായി പ്രയാസമുള്ള പാഠഭാഗവും ഘടനയും
4. ദുർഗ്രഹമായ പാഠഭാഗങ്ങൾ

ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇംഗ്ലീഷ് പരിഭാഷകൾക്കു കഴിയില്ലെങ്കിലും, അവയെ ആഴവും കൂടുതൽ ഗഹവുമായ പഠന മേഖലകളായി ചൂണ്ടിക്കാണിക്കുവാൻ അവയ്ക്കു കഴിയും.

G. ഓരോ അധ്യായത്തിന്റെയും അവസാനം, ആ അധ്യായത്തിലെ പ്രധാന വ്യാഖ്യാന വിഷയങ്ങളെ ലക്ഷ്യമാക്കാനുദ്ദേശിച്ചുള്ള പ്രസക്തമായ ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ നൽകിയിട്ടുണ്ട്.

# യോഹന്നാന്റെ സുവിശേഷത്തിന് ഒരു ആമുഖം

## പ്രാരംഭ പ്രസ്താവനകൾ

A. മത്തായിയും ലൂക്കൊസും ആരംഭിക്കുന്നത് യേശുവിന്റെ ജനനത്തോടെയും മർക്കൊസ് ആരംഭിക്കുന്നത് അവന്റെ സ്നാനത്തോടെയുമാണ്. എന്നാൽ യോഹന്നാൻ സൃഷ്ടിപ്പിനു മുമ്പേ ആരംഭിക്കുന്നു.

B. ഒന്നാം അദ്ധ്യായത്തിൽ ഒന്നാം വാക്യം മുതൽ യോഹന്നാൻ യേശുവിന്റെ പൂർണ്ണ ദൈവത്വത്തെ അവതരിപ്പിക്കുകയും സുവിശേഷത്തിലുടനീളം ഈ ഊന്നൽ തുടരുകയും ചെയ്യുന്നു. സമാന്തര സുവിശേഷങ്ങൾ അവരുടെ അവതരണത്തിന്റെ അവസാനം വരെ ഈ സത്യത്തെ (മശിഹൈക രഹസ്യം) മറച്ചുവെയ്ക്കുന്നു.

C. സമാന്തര സുവിശേഷങ്ങളുടെ അടിസ്ഥാനപരമായ ഉറപ്പിക്കലുകളുടെ വെളിച്ചത്തിലാണ് യോഹന്നാൻ തന്റെ സുവിശേഷം രൂപകല്പന ചെയ്യുന്നത് എന്നു വ്യക്തമാണ്. ആദിമ സഭയുടെ (ഒന്നാം നൂറ്റാണ്ടിന്റെ അവസാനം) ആവശ്യകതയുടെ വെളിച്ചത്തിൽ യേശുവിന്റെ ജീവിതത്തെയും പഠിപ്പിക്കലിനെയും വ്യാഖ്യാനിക്കുവാനും അതിനെ പിന്തുണയ്ക്കുന്ന കൂടുതൽ വിവരങ്ങൾ നല്കുവാനുമാണ് താൻ ശ്രമിക്കുന്നത്.

D. യോഹന്നാൻ യേശു മശിഹായെക്കുറിച്ചുള്ള തന്റെ അവതരണം രൂപകല്പന ചെയ്യുന്നത്:
1. ഏഴ് അത്ഭുതങ്ങൾ/അടയാളങ്ങൾ അവയുടെ വാഖ്യാനം
2. ഇരുപത്തിയേഴ് അഭിമുഖ സംഭാഷണങ്ങൾ/അല്ലെങ്കിൽ വ്യക്തികളുമായുള്ള സംവാദങ്ങൾ
3. പ്രത്യേക ആരാധനകളുടെയും ഉത്സവത്തിന്റെയും ദിനങ്ങൾ
   a. ശബ്ബത്ത്
   b. പെസഹ (ഒ.നോ. അധ്യായങ്ങൾ 5–6)
   c. കൂടാരങ്ങൾ (ഒ.നോ. അധ്യായങ്ങൾ 7–10)
   d. പ്രതിഷ്ഠോത്സവം (ഒ.നോ. 10:22–39)
4. "ഞാൻ ആകുന്നു" പ്രസ്താവനകൾ
   a. ദൈവികനാമത്തോട് ബന്ധപ്പെട്ടവ (യഹോവ)
      1) ഞാൻ തന്നേ (4:26; 8:24,28; 13:19; 18:5–6)
      2) അബ്രഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ട് (8:54–59)
   b. ആഖ്യാന നാമധേയത്തോടൊപ്പം
      1) ഞാൻ ജീവന്റെ അപ്പം ആകുന്നു (6:35,41,48,51)
      2) ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12)
      3) ഞാൻ ആടുകളുടെ വാതിൽ ആകുന്നു (10:7,9)
      4) ഞാൻ നല്ല ഇടയൻ ആകുന്നു (10:11,14)
      5) ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു (11:25)
      6) ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (14:6)
      7) ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (15:1,5)

E. യോഹന്നാനും മറ്റു സുവിശേഷങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ
1. യോഹന്നാന്റെ പ്രാഥമിക ലക്ഷ്യം ദൈവശാസ്ത്രപരമായിരുന്നുവെന്നത് വാസ്തവമാണെങ്കിലും, തന്റെ ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും ഉപയോഗം ഏറ്റവും കൃത്യവും വിശദവുമാണ്. സമാന്തര സുവിശേഷങ്ങളും യോഹന്നാനും തമ്മിലുള്ള വൈപരീത്യത്തിന് കൃത്യമായ കാരണം നിശ്ചയമില്ല.
   a. യെഹൂദ്യയിലെ ആദ്യകാല ശുശ്രൂഷ (ദൈവാലയത്തിലെ ആദ്യകാല ശുദ്ധീകരണം)
   b. യേശുവിന്റെ അവസാന ആഴ്ചയുടെ കാലാനുക്രമ വിവരണവും തീയതിയും
   c. ഒരു ലക്ഷ്യബോധത്തോടെയുള്ള ദൈവശാസ്ത്രപരമായ പുനർരൂപകല്പന
2. യോഹന്നാനും സമാന്തര സുവിശേഷങ്ങളും തമ്മിലുള്ള വ്യക്തമായ വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു നിമിഷമെടുക്കുന്നത് ഉപകാരപ്രദമായിരിക്കും. വ്യത്യസ്തകളെ സംബന്ധിച്ച് ജോർജ് എൽഡൺ ലാഡിന്റെ *എ തിയോളജി ഓഫ് ദ ന്യൂടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിൽനിന്നും ഞാൻ ഉദ്ധരിക്കട്ടെ:
   a. "നാലാമത്തെ സുവിശേഷം സമാന്തര സുവിശേഷങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കുന്നതിനാൽ ഇത് കൃത്യമായി യേശുവിന്റെ പഠിപ്പിക്കലുകളെ രേഖപ്പെടുത്തുന്നുവോ അതോ ക്രിസ്തീയ വിശ്വാസം ആചാരത്തെ വളരെയധികം പരിഷ്കരിച്ചതു നിമിത്തം ചരിത്രം ദൈവശാസ്ത്ര വ്യാഖ്യാനത്താൽ വിഴുങ്ങപ്പെട്ടുപോയോ എന്നുള്ള ചോദ്യം വിശ്വസ്തമായി തന്നെ നേരിടേണ്ടതാണ്" (പേജ് 215).
   b. "ഏറ്റവും അനുയോജ്യമായ പ്രതിവിധി യേശുവിന്റെ പഠിപ്പിക്കലുകളെ യോഹന്നാന്റെ ഭാഷാ ശൈലിയിൽ പ്രകടിപ്പിച്ചിരിക്കുന്നുവെന്നുള്ളതാണ്. ഇതു ശരിയായ പ്രതിവിധി ആയിരിക്കുകയും, നാലാമത്തെ സുവിശേഷം യോഹന്നാന്റെ ശൈലിയിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്നുവെന്ന തീരുമാനത്തിൽ നാം എത്തുന്നുവെങ്കിൽ തുടർന്നു വരുന്ന പ്രധാനപ്പെട്ട ചോദ്യം ഇതാണ്: നാലാമത്തെ

സുവിശേഷത്തിന്റെ ദൈവശാസ്ത്രം ഏതളവുവരെയാണ് യേശുവിന്റേതെന്നതിലുപരി യോഹന്നാന്റേതായിരിക്കുന്നത്? നമുക്ക് ലഭ്യമായിരിക്കുന്നത് യേശുവിന്റെ കൃത്യമായ പഠിപ്പിക്കലുകളുടെ കൃത്യമായ ചിത്രകരണം എന്നതിലുപരി യോഹന്നാന്റെ വ്യാഖ്യാനമാണ് എന്നു ചിന്തിക്കത്തക്കവിധം യേശുവിന്റെ ഉപദേശങ്ങളെ യോഹന്നാൻ എത്രമാത്രം സ്വാംശീകരിച്ചിരിക്കുന്നു?" (പേജ് 215).

c. ഡബ്ല്യൂ. ഡി. ഡേവീസും ഡി. ഡ്യൂബേയും എഡിറ്റർമാരായി പ്രസിദ്ധീകരിച്ച *ദ ബാക്ഗ്രൗണ്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് ഇറ്റ്സ് എസ്കറ്റോളജി* എന്ന ഗ്രന്ഥത്തിൽ ഡബ്ല്യൂ. എഫ്. ആൽബ്രൈറ്റിന്റെ "പലസ്തീനിലെ സമീപകാല കണ്ടെത്തലുകളും യോഹന്നാന്റെ സുവിശേഷവും" എന്ന ലേഖനത്തിൽനിന്നും ലാഡ് ഉദ്ധരിക്കുന്നതിപ്രകാരമാണ്:

"യോഹന്നാന്റെ സുവിശേഷവും സമാന്തര സുവിശേഷങ്ങളും തമ്മിൽ ഉപദേശത്തിൽ (പഠിപ്പിക്കലിൽ) മൗലികമായ ഒരു വ്യത്യാസവും ഇല്ല; വൈരുദ്ധ്യങ്ങൾ സ്ഥിതിചെയ്യുന്നത് ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ ചില ഘടകങ്ങളോടൊപ്പം പാരമ്പര്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിലാണ്, പ്രത്യേകിച്ച് എസ്സേന്യരുടെ പഠിപ്പിക്കലുകളോട് വളരെ അടുത്ത സാമ്യമുള്ള പഠിപ്പിക്കലുകളിലാണ്.

യേശുവിന്റെ പഠിപ്പിക്കലുകൾ വളച്ചൊടിക്കപ്പെട്ടുവെന്നോ തെറ്റായി ചിത്രീകരിക്കപ്പെട്ടുവെന്നോ അല്ലെങ്കിൽ ഒരു പ്രധാനപ്പെട്ട പുതിയ ഘടകം അവയോട് ചേർക്കപ്പെട്ടുവെന്നോ കാണിക്കുന്ന യാതൊന്നുമില്ല. സുവിശേഷത്തിൽ ഉൾപ്പെടുത്തുന്ന വസ്തുതകളുടെ തിരഞ്ഞെടുപ്പിനെ ആദിമ സഭയുടെ ആവശ്യകതകൾ സ്വാധീനിച്ചുവെന്ന് നാം സമ്മതിക്കുമ്പോൾ തന്നേ, ദൈവശാസ്ത്രപരമായ പ്രാധാന്യത്തിന്റെ കണ്ടെത്തലിനോ, നിർമ്മാണത്തിനോ ആദിമ സഭയുടെ ആവശ്യകതകൾ കാരണമായെന്ന് ചിന്തിക്കുവാൻ യാതൊരു കാരണവുമില്ല.

പുതിയനിയമത്തിന്റെ വിമർശന പണ്ഡിതന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും വിചിത്രമായ അനുമാനങ്ങളിലൊന്ന്, യോഹന്നാനും സമാന്തര സുവിശേഷങ്ങളും തമ്മിലുള്ള വ്യക്തമായ ഏതു വൈരുദ്ധ്യവും ആദിമകാല ക്രിസ്തീയ ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ വ്യത്യാസം നിമിത്തം ഉണ്ടായതാണെന്നതാണ്. കാരണം യേശുവിന്റെ മനസ്സ് വളരെ പരിമിതമായിരുന്നു. ഓരോ വലിയ ചിന്തകനെയും വ്യക്തിത്വത്തെയും കേഴ്‌വിക്കാരും സ്നേഹിതരും വ്യത്യസ്ത രീതിയിലായിരിക്കും വ്യാഖ്യാനിക്കുന്നത്. അവർ തങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിൽനിന്നും ഏറ്റവും അനുയോജ്യവും ഉപകാരപ്രദവുമായവ തിരഞ്ഞെടുക്കും" (പേജ് 170–171).

d. ജോർജ്ജ് ഇ. ലാഡ് വീണ്ടും പറയുന്നു,

"അവ തമ്മിലുള്ള വ്യത്യാസം യോഹന്നാൻ ദൈവശാസ്ത്രപരമാണെന്നും മറ്റുള്ളവ അല്ലെന്നുമുള്ളതല്ല, പിന്നെയോ അവയെല്ലാം വ്യത്യസ്ത നിലകളിൽ ദൈവശാസ്ത്രപരമാണെന്നുള്ളതാണ്. വ്യാഖ്യാനിക്കപ്പെട്ട ചരിത്രം വെറും കാലാനുക്രമമായ സംഭവങ്ങളെക്കാൾ അധികം വാസ്തവികമായി ഒരു സാഹചര്യത്തിന്റെ വസ്തുതകളെ പ്രതിനിധീകരിച്ചേക്കാം. യോഹന്നാൻ ദൈവശാസ്ത്രപരമായ ഒരു വ്യാഖ്യാനമാണെങ്കിൽ അത് ചരിത്രത്തിൽ സംഭവിച്ചതായി യോഹന്നാനു ബോദ്ധ്യമുള്ള സംഭവങ്ങളുടെ ഒരു വ്യഖ്യാനമാണ്. സമാന്തര സുവിശേഷങ്ങളുടെ ലക്ഷ്യം യേശുവിന്റെ വാക്കുകളുടെ കൃത്യമായ രേഖപ്പെടുത്തലോ തന്റെ ജീവിത സംഭവങ്ങളുടെ ഒരു ചരിത്രമോ അല്ല എന്നു വ്യക്തമാണ്. അവ യേശുവിന്റെ ഛായാചിത്രങ്ങളും തന്റെ പഠിപ്പിക്കലുകളുടെ സംഗ്രഹങ്ങളുമാണ്. മത്തായിയും ലൂക്കൊസും മർക്കൊസിലെ വസ്തുതകളെ സ്വതന്ത്രമായി പുനർക്രമീകരിക്കുകയും വളരെ സ്വാതന്ത്ര്യത്തോടെ യേശുവിന്റെ പഠിപ്പിക്കലുകളെ രേഖപ്പെടുത്തുകയും ചെയ്യുന്നു. യോഹന്നാൻ മത്തായിയെക്കാളും ലൂക്കൊസിനെക്കാളും കൂടുതൽ സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് യേശുവിന്റെ പരമവും അധികം യഥാർത്ഥവുമായ ഛായാചിത്രം ലഭ്യമാക്കുന്നതിനുള്ള തന്റെ ആഗ്രഹം നിമിത്തമായിരുന്നു" (പേജ് 221–222).

# എഴുത്തുകാരൻ

A. ഈ സുവിശേഷ രചയിതാവിനെക്കുറിച്ചു സുവിശേഷം മൗനം പാലിക്കുന്നുവെങ്കിലും യോഹന്നാന്റെ ഗ്രന്ഥകർത്തൃത്വത്തെപ്പറ്റി സൂചന നൽകുന്നുണ്ട്.
   1. ദൃക്സാക്ഷിയായ ഒരു എഴുത്തുകാരൻ (ഒ. നോ. 19:35)
   2. "സ്നേഹിക്കുന്ന ശിഷ്യൻ" എന്ന പ്രയോഗം (പോളിക്രേറ്റസും ഐറേനിയസും ഇത് അപ്പൊസ്തലനായ യോഹന്നാനാണെന്ന് വ്യക്തമാക്കുന്നു)
   3. സെബദിയുടെ പുത്രനായ യോഹന്നാനെ ഒരിടത്തും പേരിനാൽ സൂചിപ്പിച്ചിട്ടില്ല

B. ചരിത്ര പശ്ചാത്തലം സുവിശേഷത്തിൽ നിന്നു തന്നെ വ്യക്തമാണ്, അതുകൊണ്ട് ഗ്രന്ഥകർത്തൃത്വം വ്യാഖ്യാനത്തിൽ നിർണ്ണായകമായ ഒരു ഘടകമല്ല. ദൈവനിവേശിതനായ ഒരു എഴുത്തുകാരന്റെ സ്ഥിരീകരണം നിർണ്ണായകമാണ്!

യോഹന്നാന്റെ സുവിശേഷത്തിന്റെ ഗ്രന്ഥകർത്തൃത്വവും കാലവും ദൈവനിശ്വാസീയതയെയല്ല പിന്നെയോ വ്യാഖ്യാനത്തെയാണ് ബാധിക്കുന്നത്. വ്യാഖ്യാതാക്കൾ അന്വേഷിക്കുന്നത് ഒരു ചരിത്ര പശ്ചാത്തലവും ഗ്രന്ഥമെഴുതുവാൻ കാരണമായ ഒരു സന്ദർഭവുമാണ്. യോഹന്നാന്റെ ദ്വന്ദ്വഭാവത്തെ ഒരുവൻ,

1. രണ്ട് യെഹൂദ കാലഘട്ടങ്ങൾ
2. ഖുമ്രാനിലെ നീതിയുടെ ഗുരു
3. സൊരാഷ്ട്രിയൻ മതം
4. ഗ്നോസ്റ്റിക് ചിന്ത
5. യേശുവിന്റെ അതുല്യമായ വീക്ഷണം

എന്നിവയുമായി താരതമ്യം ചെയ്യേണ്ടതുണ്ടോ?

C. ആദിമ പാരമ്പര്യ വീക്ഷണപ്രകാരം, സെബദിപുത്രനായ അപ്പൊസ്തലനായ യോഹന്നാൻ മാനുഷികമായ ദൃക്സാക്ഷി സ്രോതസ്സാണ്. ഇത് സ്ഥിരീകരിക്കപ്പെടേണ്ടതുണ്ട്, കാരണം ഒന്നാം നൂറ്റാണ്ടിലെ ബാഹ്യ സ്രോതസ്സുകൾ സുവിശേഷത്തിന്റെ നിർമ്മാണത്തിൽ താഴെപ്പറയുന്നവരെയും ബന്ധപ്പെടുത്തുന്നതായി കാണാം:

1. കൂട്ടുവിശ്വാസികളും എഫെസോസിലെ വാർദ്ധക്യത്തിലേക്കു നീങ്ങിക്കൊണ്ടിരുന്ന അപ്പൊസ്തലനെ എഴുതുവാൻ പ്രോത്സാഹിപ്പിച്ചു (യൂസീബിയസ് അലക്സാണ്ട്രിയായിലെ ക്ലെമന്റിനെ ഉദ്ധരിക്കുന്നു).
2. ഒരു സഹ അപ്പൊസ്തലനായ അന്ത്രെയാസ് (റോമിൽ നിന്നുമുള്ള മുറാറ്റോറിയൻ ശകലം, എ.ഡി. 180 –200)

D. സുവിശേഷത്തിന്റെ ശൈലിയെയും പ്രതിപാദ്യത്തെയും അടിസ്ഥാനപ്പെടുത്തി ചില ആധുനിക പണ്ഡിതന്മാർ മറ്റൊരു എഴുത്തുകാരനെ അവതരിപ്പിക്കുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആദിമ കാലഘട്ടത്തെയാണ് (എ. ഡി. 115 നു മുമ്പ്) അധികം പേരും അനുമാനിക്കുന്നത്.

1. യോഹന്നാന്റെ പഠിപ്പിക്കൽ ഓർത്തിരുന്ന തന്റെ ശിഷ്യന്മാരാൽ എഴുതപ്പെട്ടു (യോഹന്നാന്റെ സ്വാധീന വലയം) (ജെ. വെയ്സ്, ബി. ലൈറ്റ്ഫുട്ട്, സി.എച്ച്. ഡോഡ്, ഓ. കുൾമാൻ, ആർ. എ. കൾപെപ്പർ, സി. കെ. ബാരെറ്റ്)
2. അപ്പൊസ്തലനായ യോഹന്നാന്റെ ദൈവശാസ്ത്രത്താലും പദപ്രയോഗത്താലും സ്വാധീനിക്കപ്പെട്ട ഏഷ്യയിലെ ആദിമ നേതാക്കന്മാരുടെ ശ്രേണിയിലെ ഒരുവനായ "മൂപ്പനായ യോഹന്നാൻ" എഴുതി. പാപ്പിയാസിന്റെ (എ. ഡി. 70–146) അജ്ഞാതമായ ഒരു ലിഖിതത്തിൽ നിന്നും യുസീബിയസ് (എ. ഡി. 280 –339) ഉപയോഗിച്ചിട്ടുള്ള ഒരു ഉദ്ധരണിയിൽനിന്നുമാണ് ഈ പേരു ലഭിച്ചത്.

E. സുവിശേഷത്തിലെ വസ്തുതകളുടെ പ്രാഥമിക ഉറവിടം യോഹന്നാൻ തന്നെയാണെന്നതിനുള്ള തെളിവ്

1. ആന്തരിക തെളിവുകൾ
   a. എഴുത്തുകാരൻ യെഹൂദ്യ പഠിപ്പിക്കലുകളെയും ആചരങ്ങളെയും അറിയുകയും അവരുടെ പഴയ നിയമ ലോകവീക്ഷണത്തെ പങ്കുവയ്ക്കുകയും ചെയ്തിരുന്നു
   b. ലേഖകൻ എ.ഡി. 70 നു മുമ്പുള്ള പാലസ്തീനെയും യെരൂശലേമിനെയും യഥാർത്ഥ അവസ്ഥയിൽ അറിഞ്ഞിരുന്നു
   c. എഴുത്തുകാരൻ ദൃക്സാക്ഷിയാണെന്ന് അവകാശപ്പെടുന്നു
      1) 1:14
      2) 19:35
      3) 21:24
   d. എഴുത്തുകാരൻ അപ്പൊസ്തലിക ഗണത്തിലെ ഒരംഗമായിരുന്നു, കാരണം തനിക്കു താഴെ കാണുന്ന കാര്യങ്ങൾ പരിചിതമായിരുന്നു:
      1) സ്ഥലത്തിന്റെയും സമയത്തിന്റെയും വിശദാംശങ്ങൾ (രാത്രിയിലെ ന്യായവിസ്താരം)
      2) എണ്ണത്തിന്റെ വിശദാംശങ്ങൾ (2:6 ലെ കല്പാത്രങ്ങളും 21:11 ലെ മത്സ്യങ്ങളും)
      3) വ്യക്തികളുടെ വിശദാംശങ്ങൾ
      4) സംഭവങ്ങളുടെ വിശദാംശങ്ങളും അവയോടുള്ള പ്രതികരണവും എഴുത്തുകാരന് അറിയാമായിരുന്നു
      5) എഴുത്തുകാരൻ "സ്നേഹിക്കുന്ന ശിഷ്യൻ" എന്ന നാമം സ്വയം ഉപയോഗിക്കുന്നു
         a) 13:23,25
         b) 19:26–27, 34–35
         c) 20:2–5, 8
         d) 21:7, 20–24
      6) പത്രൊസിനോടൊപ്പം ഉൾവലയത്തിലെ ഒരംഗമായിരുന്നു എഴുത്തുകാരനും എന്നു വ്യക്തം
         a) 13:24
         b) 20:2
         c) 21:7
      7) സെബദിയുടെ പുത്രനായ യോഹന്നാൻ അപ്പൊസ്തലിക ഉൾവലയത്തിലെ ഒരംഗമായിരുന്നിട്ടും

അവന്റെ പേര് സുവിശേഷത്തിലൊരിടത്തും കാണുന്നില്ല എന്നത് വളരെ അസാധാരണമായി തോന്നുന്നു

2. ബാഹ്യ തെളിവുകൾ
   a. ഈ സുവിശേഷത്തെക്കുറിച്ചുള്ള അറിവ്:
      1) പോളിക്കാർപ്പിനൊപ്പം സഹകരിച്ചിരുന്ന ഐറേനിയസിന് (എ.ഡി. 120–202) അറിയാമായിരുന്നു. ഐറേനിയസിന് അപ്പൊസ്തലനായ യോഹന്നാനെക്കുറിച്ച് അറിവുണ്ടായിരുന്നു (ഒ. നോ. യൂസിബിയസിന്റെ *ഹിസ്റ്റോറിക്കൽ എക്ലീസിയാസ്റ്റിക്കസ്,* 5:20:6–7). "തന്റെ മാറിലേക്ക് ചാഞ്ഞു കിടന്നിരുന്നതായ കർത്താവിന്റെ ശിഷ്യനും ഏഷ്യയിലെ എഫെസൊസിൽ വെച്ച് സുവിശേഷം പകർന്നു കൊടുത്തവനുമായ യോഹന്നാൻ" (ഹായെർ 3:1:1, യൂസിബിയസിൽ ഉദ്ധരിച്ചിരിക്കുന്നു *ഹിസ്റ്റോറിക്കൽ എക്ലീസിയാസ്റ്റിക്കസ്,* 5:8:4)
      2) അലക്സാണ്ട്രിയായിലെ ക്ലെമന്റ് (എ. ഡി. 153–217). "തന്റെ സുഹൃത്തുക്കളാൽ ഉത്സാഹിക്കപ്പെട്ടവനും ആത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടവനുമായ യോഹന്നാൻ ഒരു ആത്മീയ സുവിശേഷം രചിച്ചു" (യൂസീബിയസ്, *ഹിസ്റ്റോറിക്കൽ എക്ലീസിയാസ്റ്റിക്കസ്,* 6:14:17)
      3) ജസ്റ്റിൻ മാർട്ടിയർ (എ. ഡി. 110–165). തന്റെ *ഡയലോഗ് വിത്ത് ട്രൈഫോ, 81:4*
      4) തെർത്തുല്യൻ (എ. ഡി. 145–220)
   b. ആദിമകാല ദൃക്സാക്ഷികൾ യോഹന്നാന്റെ ഗ്രന്ഥകർത്തൃത്വത്തെ അംഗീകരിച്ചിരുന്നു
      1) സ്മുർന്നയിലെ ബിഷപ്പായിരുന്ന (എ. ഡി. 155) പോളികാർപ്പ് (എ. ഡി. 70–156) സാക്ഷ്യപ്പെടുത്തിയതായി ഐറേനിയസ് രേഖപ്പെടുത്തിയിരിക്കുന്നു
      2) ഫ്രുഗ്യയിലെ ഹിയെരാപോലീസിലെ ബിഷപ്പും അപ്പൊസ്തലനായ യോഹന്നാന്റെ ശിഷ്യനെന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നവനുമായ പാപ്പിയാസ് (എ. ഡി. 70–146). യൂസീബിയസും റോമിൽ നിന്നുള്ള മാർക്കോനൈറ്റിനെതിരായ ആമുഖത്തിലും രേഖപ്പെടുത്തിയിരിക്കുന്നു

F. പാരമ്പര്യ ഗ്രന്ഥകർത്തൃത്വത്തെ സംശയിക്കുവാനുപയോഗിച്ച കാരണങ്ങൾ
   1. ഗ്നോസ്റ്റിക് പ്രമേയങ്ങളോടുള്ള സുവിശേഷത്തിന്റെ ബന്ധം.
   2. ഇരുപത്തൊന്നാം അധ്യായത്തിന്റെ അനുബന്ധ സ്വഭാവം
   3. സമവീക്ഷണ സുവിശേഷങ്ങളുമായുള്ള കാലാനുക്രമമായ പൊരുത്തമില്ലായ്മകൾ
   4. യോഹന്നാൻ തന്നെക്കുറിച്ചു തന്നേ "സ്നേഹിക്കുന്ന ശിഷ്യൻ" എന്ന് പരാമർശിക്കുമായിരുന്നില്ല.
   5. യോഹന്നാന്റെ യേശു സമവീക്ഷണ സുവിശേഷങ്ങളുടേതിനേക്കാൾ വ്യത്യസ്തമായ പദപ്രയോഗങ്ങളും ശൈലികളും ഉപയോഗിക്കുന്നു

G. ഇത് അപ്പൊസ്തലായ യോഹന്നാനാണെന്ന് നാം സമ്മതിച്ചാൽ ആ മനുഷ്യനെക്കുറിച്ച് നാം എന്തനുമാനിക്കും?
   1. അദ്ദേഹം അത് എഫെസൊസിൽ നിന്നുമെഴുതി (ഐറേനിയസ് പറയുന്നു, "ഈ സുവിശേഷം നൽകപ്പെട്ടത് എഫെസൊസിൽ നിന്നാണ്")
   2. വാർദ്ധക്യത്തിലാണ് അദ്ദേഹം ഇതെഴുതിയത് (ട്രാജന്റെ ഭരണകാലംവരെ (എ.ഡി. 98–117) അദ്ദേഹം ജീവിച്ചിരുന്നു എന്നാണ് ഐറേനിയസ് പറയുന്നത്

# എഴുതിയ കാലം

A. അപ്പൊസ്തലനായ യോഹന്നാനാണെന്ന് നാം അനുമാനിച്ചാൽ:
   1. എ.ഡി. 70 നു മുമ്പ് അതായത് റോമൻ ജനറലും പിന്നീട് ചക്രവർത്തിയുമായ തീത്തൊസിനാൽ യെരുശലേം നശിപ്പിക്കപ്പെടുംമുമ്പ്
      a. യോഹന്നാൻ 5:2 ൽ, "യെരൂശലേമിൽ ആട്ടുവാതില്ക്കൽ ബേഥെസ്ദാ എന്നു എബ്രായപേരുള്ള ഒരു കുളം ഉണ്ടു; അതിനു അഞ്ചു മണ്ഡപം ഉണ്ടു ..."
      b. അപ്പൊസ്തലിക ഗണത്തെ സൂചിപ്പിക്കുന്നതിനായി "ശിഷ്യന്മാർ" എന്ന പദത്തിന്റെ ആവർത്തിച്ചുള്ള ഉപയോഗം
      c. പിൽക്കാലത്ത് രംഗപ്രവേശം ചെയ്തതെന്നു കരുതപ്പെട്ട ഗ്നോസ്റ്റിക്ക് ഘടകങ്ങൾ ഇപ്പോൾ ചാവുകടൽ ചുരുളുകളിൽ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതു സൂചിപ്പിക്കുന്നത് അവ ഒന്നാം നൂറ്റാണ്ടിലെ ദൈവശാസ്ത്രപരമായ സംവാദങ്ങളുടെ ഭാഗമായിരുന്നുവെന്നാണ്
      d. എ. ഡി. 70 ലെ ദൈവാലയത്തിന്റെയും യെരുശലേം നഗരത്തിന്റെയും നശീകരണത്തെപ്പറ്റിയുള്ള സൂചനയുടെ അഭാവം
      e. സുപ്രസിദ്ധ അമേരിക്കൻ പുരാവസ്തു ശാസ്ത്രജ്ഞനായ ഡബ്ലിയു. എഫ്. ആൽബ്രൈറ്റ് ഈ സുവിശേഷം 70–കളുടെ അവസാനത്തിലോ, 80–കളുടെ ആരംഭത്തിലോ എഴുതി എന്നു പ്രസ്താവിക്കുന്നു
   2. ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാലം
      a. യോഹന്നാന്റെ വികസിത ദൈവശാസ്ത്രം

b. യെരുശലേമിന്റെ പതനം സൂചിപ്പിച്ചിട്ടില്ല കാരണം, അതു സംഭവിച്ചത് ഏതാണ്ട് ഇരുപതു വർഷ ങ്ങൾക്കു മുമ്പാണ്
c. യോഹന്നാന്റെ ഗ്നോസ്റ്റിക് ഇനത്തിലുള്ള ശൈലികളുടെയും ഊന്നലുകളുടെയും ഉപയോഗം
d. സഭയുടെ ആദിമ പാരമ്പര്യങ്ങൾ
   1) ഐറേനിയസ്
   2) യൂസീബിയസ്

B. "മൂപ്പനായ യോഹന്നാൻ" എന്നു നാം അനുമാനിച്ചാൽ, അത് രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ മധ്യഭാഗത്തിലോ ആയിരിക്കും. ഈ സിദ്ധാന്തം രംഗപ്രവേശം ചെയ്തത് ഡയോനിഷ്യസ് സാഹിത്യപരമായ കാരണങ്ങൾ നിമിത്തം അപ്പൊസ്തലനായ യോഹന്നാന്റെ ഗ്രന്ഥകർത്തൃത്വത്തെ തിരസ്കരിച്ചതോടെയാണ്. ദൈവശാസ്ത്രപരമായ കരണങ്ങളാൽ അപ്പൊസ്തലനായ യോഹന്നാന്റെ വെളിപ്പാടു പുസ്തകത്തിന്റെ ഗ്രന്ഥകർത്തൃത്വം നിഷേധിച്ച യൂസിബിയസിനു തോന്നിയത് താൻ മറ്റൊരു "യോഹന്നാനെ" പാപ്പിയസിന്റെ ഉദ്ധരണിയിൽ ശരിയായ സമയത്ത്, ശരിയായ സ്ഥലത്ത്, കണ്ടത്തിയെന്നാണ് (*ഹിസ്റ്റോറിക്കൽ എക്ലീസിയാസ്റ്റിക്കസ്,* 3:39:5, 6). അവിടെ രണ്ട് "യോഹന്നാന്മാരെ" കുറിച്ചു പരാമർശിക്കുന്നു, (1) അപ്പൊസ്തലൻ, (2) മൂപ്പൻ (പ്രസ്ബിറ്റർ).

# സ്വീകർത്താക്കൾ

A. ഇത് യഥാർത്ഥത്തിൽ എഴുതപ്പെട്ടത് ഏഷ്യാമൈനറിലെ റോമൻ പ്രവിശ്യയിലുള്ള സഭകൾക്ക് പ്രത്യേകിച്ച് എഫെസൊസ് സഭയ്ക്കാണ്.
B. നസറായനായ യേശുവിന്റെ ജീവിതത്തെയും ആളത്വത്തെയും കുറിച്ചുള്ള ഈ വിവരണത്തിന്റെ ഉന്നതമായ സരളതയും ആഴവും നിമിത്തം ഇത് ഗ്രീക്കു ഭാഷ സംസാരിച്ചിരുന്നവരായ ജാതികളിൽനിന്നുള്ള വിശ്വാസികളുടെയും ഗ്നോസ്റ്റിക് വിഭാഗങ്ങളുടെയും പ്രിയങ്കരമായ സുവിശേഷമായി തീർന്നു.

# ഉദ്ദേശ്യങ്ങൾ

A. ഈ സുവിശേഷ ഗ്രന്ഥം തന്നെ അതിന്റെ സുവിശേഷാനുസാരമായ ലക്ഷ്യങ്ങൾ ഉറപ്പിക്കുന്നുണ്ട്, 20:30–31
   1. യെഹൂദരായ വായനക്കാർക്കുവേണ്ടി
   2. ജാതീയരായ വായനക്കാർക്കുവേണ്ടി
   3. ആദ്യകാല ഗ്നോസ്റ്റിക് വായനക്കാർക്കുവേണ്ടി

B. ഇതിന് വിശ്വാസ സമർത്ഥകമായ (അപ്പോളജെറ്റിക്) ഒരു ഊന്നൽ ഉള്ളതായി കാണാം
   1. യോഹന്നാൻ സ്നാപകന്റെ തീവ്രവാദികളായ അനുയായികൾക്കെതിരെ
   2. ആദ്യകാലത്തുണ്ടായിരുന്ന വ്യാജ ഗ്നോസ്റ്റിക് (ജ്ഞാനവാദ) ഗുരുക്കന്മാരോട് (പ്രത്യേകിച്ച് ആമുഖം); ഈ തെറ്റായ ഗ്നോസ്റ്റിക് പഠിപ്പിക്കലുകളും പുതിയനിയമ ഗ്രന്ഥങ്ങളുടെ രൂപീകരണത്തിന് പശ്ചാത്തലം ഒരുക്കിയിട്ടുണ്ട്
      a. എഫെസ്യർ
      b കൊലൊസ്യർ
      c. ഇടയലേഖനങ്ങൾ (1 തിമൊഥെയൊസ്, തീത്തൊസ്, 2 തിമൊഥെയൊസ്)
      d. 1 യോഹന്നാൻ (1 യോഹന്നാൻ ഒരുപക്ഷെ യോഹന്നാന്റെ സുവിശേഷത്തിന്റെ ഒരു അവതരണ കുറിപ്പായി പ്രവർത്തിച്ചിരിക്കണം)

C. രക്ഷയെപ്പറ്റി വിവരിക്കുന്നതിനായുള്ള **"വർത്തമാനകാല"** പ്രയോഗത്തിന്റെ തുടർച്ചയായ ഉപയോഗം നിമിത്തം 20:31 ലെ പ്രസ്താവനകളുടെ ലക്ഷ്യം സ്ഥിരോത്സാഹത്തിന്റെയും സുവിശേഷീകരണത്തിന്റെയും ഉപദേശം സ്ഥാപിക്കുകയാണെന്നു ചിന്തിക്കാൻ ന്യായമുണ്ട്. ഈ അർത്ഥത്തിൽ യോഹന്നാൻ യാക്കോബിനെപ്പോലെ തന്നെ ഏഷ്യാമൈനറിലെ ചില വിഭാഗക്കാർ പൗലൊസിന്റെ ദൈവശാസ്ത്രത്തിനു നല്കുന്ന അധികമായുള്ള ഊന്നലിനെ സന്തുലനം ചെയ്യുകയായിരിക്കാം (ഒ. നോ. 2 പത്രൊ. 3:15–16). ആദിമ സഭാപാരമ്പര്യം പൗലൊസിനെയല്ല യോഹന്നാനെയാണ് എഫെസൊസുമായി ബന്ധപ്പെടുത്തുന്നത് എന്ന കാര്യം അത്ഭുതാവഹമാണ് (ഒ. നോ. എഫ്. എഫ്. ബ്രൂസ്, *പീറ്റർ, സ്റ്റീഫൻ, ജെയിംസ് ആൻഡ് ജോൺ: സ്റ്റഡീസ് ഇൻ നോൺ-പൊളെയ്ൻ ക്രിസ്റ്റ്യാനിറ്റി,* പേജ് 120–121).

D. ഉപസംഹാരം (അധ്യായം 21) ആദിമ സഭയിലെ പ്രത്യേക ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതായി കാണപ്പെടുന്നു.
   1. സമാന്തര സുവിശേഷങ്ങളിലെ വിവരണങ്ങൾക്ക് യോഹന്നാൻ അനുബന്ധം നൽകുകയാണ്. എന്നിരുന്നാലും താൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് യെഹൂദ്യയിലെ ശുശ്രുഷയ്ക്ക്, പ്രത്യേകിച്ച് യെരുശലേമിലെ ശുശ്രൂഷയ്ക്കാണ്
   2. അനുബന്ധത്തിൽ, അഥവാ 21-ാം അധ്യായത്തിൽ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം നല്കിയിരിക്കുന്നു:
      a. പത്രൊസിന്റെ യഥാസ്ഥാപനം

b. യോഹന്നാന്റെ ദീർഘായുസ്സ്
c. യേശുവിന്റെ താമസിച്ചുള്ള മടങ്ങിവരവ്

E. മൂന്നാം അധ്യായത്തിലും (സ്നാനം) ആറാം അധ്യായത്തിലും (തിരുവത്താഴം അഥവാ കർത്തൃമേശ) കൂദാശകളെക്കുറിച്ച് വിശദീകരിക്കുന്നതിന് അവസരമുണ്ടായിരുന്നിട്ടും മനപ്പൂർവ്വം അവഗണിക്കുകയും രേഖപ്പെടുത്താതിരിക്കുകയും ചെയ്തുകൊണ്ടോ അല്ലെങ്കിൽ ചർച്ചയ്ക്ക് ഇടംകൊടുക്കാതിരുന്നുകൊണ്ടോ അവയുടെ പ്രാധാന്യത്തെ യോഹന്നാൻ കുറച്ചു കാണിച്ചു എന്നു ചിലർ ചിന്തിക്കുന്നു

# യോഹന്നാന്റെ രൂപരേഖയുടെ സവിശേഷതകൾ

A. ഒരു തത്വശാസ്ത്രപരമായ/ദൈവശാസ്ത്രപരമായ ആമുഖവും (1:1–18) ഒരു പ്രായോഗികമായ ഉപസംഹാരവും (അധ്യായം 21)

B. യേശുവിന്റെ പരസ്യ ശുശ്രൂഷയിലെ ഏഴ് അത്ഭുതകരമായ അടയാളങ്ങളും (അധ്യായങ്ങൾ 2–12) അവയുടെ വ്യാഖ്യാനവും
1. കാനാവിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റുന്നത് (2:1–11)
2. കഫർന്നഹൂമിലെ രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നത് (4:46–54)
3. യെരൂശലേമിലെ ബേഥെസ്ദ കുളക്കരയിൽ കിടന്ന മുടന്തനെ സൗഖ്യമാക്കുന്നത് (5:1–18)
4. ഗലീലയിൽ അയ്യായിരത്തെ പോഷിപ്പിക്കുന്നത് (6:1–15)
5. ഗലീലാ കടലിൻമീതെ നടന്നത് (6:16–21)
6. യെരൂശലേമിൽ ജന്മനാ കുരുടനായിരുന്ന മനുഷ്യനെ സൗഖ്യമാക്കിയത് (9:1)
7. ബേഥാന്യയിൽ ലാസറിനെ ഉയിർപ്പിച്ചത് (11:1–57)

C. വ്യക്തികളുമായുള്ള അഭിമുഖങ്ങളും സംഭാഷണങ്ങളും
1. യോഹന്നാൻ സ്നാപകൻ (1:19–34; 3:22–36)
2. ശിഷ്യന്മാർ
   a. അന്ത്രെയാസും പത്രൊസും (1:35–42)
   b. ഫിലിപ്പൊസും നഥനയേലും (1:43–51)
3. നിക്കോദേമൊസ് (3:1–21)
4. ശമര്യാസ്ത്രീ (4:1–45)
5. യെരൂശലേമിലെ യെഹൂദന്മാർ (5:10–47)
6. ഗലീലയിലെ ജനക്കൂട്ടം (6:22–66)
7. പത്രൊസും ശിഷ്യന്മാരും (6:67–71)
8. യേശുവിന്റെ സഹോദരന്മാർ (7:1–13)
9. യെരൂശലേമിലെ യെഹൂദന്മാർ (7:14–8:59; 10:1–42)
10. മാളികമുറിയിലെ ശിഷ്യന്മാർ (13:1–17:26)
11. യെഹൂദന്മാരാലുള്ള ബന്ധനവും വിസ്താരവും (18:1–27)
12. റോമൻ വിസ്താരം (18: 28–19:16)
13. പുനരുത്ഥാനത്തിനു ശേഷമുള്ള സംഭാഷണങ്ങൾ, 20:11–29
   a. മറിയയുമായി
   b. പത്ത് അപ്പൊസ്തലന്മാരുമായി
   c. തോമസുമായി
14. പത്രൊസുമായുള്ള ഉപസംഹാര സംഭാഷണം, 21:1–25
15. (7:53–8:11 ലെ വ്യഭിചാരിണിയായ സ്ത്രീയുടെ കഥ യഥാർത്ഥത്തിൽ യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഗമല്ലായിരുന്നു)

D. പ്രത്യേക ആരാധന/ഉത്സവ ദിനങ്ങൾ
1. ശബ്ബത്തുകൾ (5:9; 7:22; 9:14; 19:31)
2. പെസഹ (2:13; 6:4; 11:55; 18:28)
3. കൂടാര പെരുന്നാൾ (അധ്യായങ്ങൾ 8–9)
4. ഹനുക്കാ (പ്രതിഷ്ഠോത്സവം, ദീപങ്ങളുടെ ഉത്സവം, ഒ.നോ. 10:22)

E. "ഞാൻ ആകുന്നു" പ്രസ്താവനകളുടെ ഉപയോഗം
1. "ഞാൻ തന്നേ" (4:26; 6:20; 8:24,28,54–59; 13:19; 18:5–6, 8)
2. "ഞാൻ ജീവന്റെ അപ്പം ആകുന്നു" (6:35,41,48,51)
3. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (8:12; 9:5)
4. "ആടുകളുടെ വാതിൽ ഞാൻ ആകുന്നു" (10:7,9)
5. "ഞാൻ നല്ല ഇടയൻ ആകുന്നു" (10:11,14)
6. "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു" (11:25)

7. “ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു” (14:6)
8. “ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു” (15:1,5)

## പ്രാഥമിക വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി ഒറ്റയിരുപ്പിൽ വായിക്കുക. മുഴുവൻ ഗ്രന്ഥത്തിന്റെയും കേന്ദ്രചിന്താവിഷയം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

1. മുഴു ഗ്രന്ഥത്തിന്റെയും വിഷയം
2. സാഹിത്യ രൂപം

## രണ്ടാം വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി രണ്ടാം തവണയും ഒറ്റയിരുപ്പിൽ വായിക്കുക. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും വിഷയം ഒറ്റ വാചകത്തിൽ വിവരിക്കുകയും ചെയ്യുക.

1. ഒന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
2. രണ്ടാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
3. മൂന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
4. നാലാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
5. ആദിയായവ

# യോഹന്നാൻ 1

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം*

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| വചനം ജഡമായി | നിത്യവചനം | ആമുഖം | ജീവന്റെ വചനം | ആമുഖം |
| 1:1–5 | 1:1–5 | 1:1–5 | 1:1–5 | 1:1–18 |
| | യോഹന്നാന്റെ സാക്ഷ്യം:സത്യ വെളിച്ചം | | | |
| 1:6–13 | 1:6–13 | 1:6–9 | 1:6–9 | |
| | | 1:10–13 | 1:10–13 | |
| | വചനം ജഡമായി | | | |
| 1:14–18 | 1:14–18 | 1:14–18 | 1:14 | |
| | | | 1:15 | |
| | | | 1:16–18 | |
| യോഹന്നാൻ സ്നാപകന്റെ | മരുഭൂമിയിലെ ശബ്ദം | യോഹന്നാന്റെ സാക്ഷ്യം | യോഹന്നാൻ സ്നാപകന്റെ | യോഹന്നാന്റെ സാക്ഷ്യം |
| 1:19–28 | 1:19–28 | 1:19–23 | 1:19 | 1:19–28 |
| | | | 1:20 | |
| | | | 1:21 a | |
| | | | 1:21 b | |
| | | | 1:21 c | |
| | | | 1:22 a | |
| | | | 1:22 b | |
| | | | 1:23 | |
| | | 1:24–28 | 1:24–25 | |
| | | | 1:26–27 | |
| | | | 1:28 | |
| ദൈവത്തിന്റെ കുഞ്ഞാട് | ദൈവത്തിന്റെ കുഞ്ഞാട് | | ദൈവത്തിന്റെ കുഞ്ഞാട് | |
| 1:29–34 | 1:29–34 | 1:29–34 | 1:29–31 | 1:29–34 |
| | | | 1:32–34 | |
| ആദ്യശിഷ്യന്മാർ | ആദ്യശിഷ്യന്മാർ | യേശുവിന്റെ ആദ്യ ശിഷ്യന്മാരുടെ സാക്ഷ്യം | യേശുവിന്റെ ആദ്യശിഷ്യന്മാർ | ആദ്യ ശിഷ്യന്മാർ |
| 1:35 –42 | 1:35–42 | 1:35–42 | 1:35–36 | 1:35–39 |
| | | | 1:37–38a | |
| | | | 1:38b | |
| | | | 1:39 | |
| | | | 1:40–42a | |
| | | | 1:42b | |
| ഫിലിപ്പൊസിന്റെയും നഥനയേലിന്റെയും വിളി | ഫിലിപ്പൊസും നഥനയേലും | | യേശു ഫിലിപ്പോസിനെയും നഥനയേലിനേയും വിളിക്കുന്നു | |
| 1:43–51 | 1:43–51 | 1:43–51 | 1:43–45 | 1:43–51 |
| | | | 1:46a | |
| | | | 1:46 b | |
| | | | 1:47 | |
| | | | 1:48a | |
| | | | 1:48b | |
| | | | 1:49 | |
| | | | 1:50–51 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# വാ. 1–18 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. കവിത/കീർത്തനം/വിശ്വാസ പ്രമാണത്തിന്റെ ദൈവശാസ്ത്ര രൂപരേഖ
   1. നിത്യം, ദൈവികം, സ്രഷ്ടാവ്, വീണ്ടെടുപ്പുകാരനായ ക്രിസ്തു, വാ. 1–5 (യേശു വചനമായി)
   2. ക്രിസ്തുവിനെപ്പറ്റിയുള്ള പ്രാവചനിക സാക്ഷ്യം, വാ. 6–9, 15 (യേശു വെളിച്ചമായി)
   3. ജഡമെടുത്ത ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തുന്നു, വാ. 10–18 (യേശു പുത്രനായി)

B. വാ. 1–18 ന്റെ ദൈവശാസ്ത്ര ഘടനയും ആവർത്തിക്കുന്ന വിഷയങ്ങളും
   1. യേശു പിതാവായ ദൈവത്തോടൊപ്പം പൂർവ്വാസ്തിക്യം ഉള്ളവനായിരുന്നു (1a)
   2. യേശു പിതാവായ ദൈവവുമായി അടുത്ത കൂട്ടായ്മയിലായിരുന്നു (1a, 2, 18c)
   3. യേശു പിതാവായ ദൈവത്തിന്റെ അതേ സാരാംശം പങ്കിടുന്നു (1c, 18b)
   4. പിതാവായ ദൈവത്തിന്റെ വീണ്ടെടുപ്പിന്റെയും ദത്തെടുക്കലിന്റെയും ഉപാധി (12–13)
   5. ജഡധാരണം, ദൈവത്വം ഒരു മനുഷ്യനായി (9, 14)
   6. വെളിപ്പാട്, ദൈവത്വത്തെ പൂർണ്ണമായി വെളിപ്പെടുത്തുകയും ഗ്രഹിപ്പിക്കുകയും ചെയ്തു (18d)

C. ലോഗോസിന്റെ (വചനം) എബ്രായ, ഗ്രീക്ക് പശ്ചാത്തലം
   1. എബ്രായ പശ്ചാത്തലം
      a. ഉച്ചരിക്കപ്പെട്ട വചനത്തിന്റെ ശക്തി (യെശ. 55:11; സങ്കീ. 33:6; 107:20; 147:15,18) സൃഷ്ടിപ്പിലും (ഉല്പ. 1:3,6,9,11,14,20,24,26,29) ഗോത്രപിതാക്കന്മാരുടെ അനുഗ്രഹത്തിലും (ഉല്പ. 27:1 മുതൽ; 49:1) എന്ന നിലയിൽ
      b. സദൃശവാക്യങ്ങൾ 8:12–33 "ജ്ഞാന"ത്തെ ദൈവത്തിന്റെ ആദ്യ സൃഷ്ടിയായും സകല സൃഷ്ടിയുടെയും മാധ്യമമായും പ്രസ്താവിച്ച് അതിന് ആളത്വം കല്പിക്കുന്നു (ഒ. നോ. സങ്കീ. 33:6; അകാനോനിക ഗ്രന്ഥമായ ശലോമോന്റെ ജ്ഞാനം 9:9)
      c. തർഗും (അരാമ്യ പരിഭാഷകളും വ്യാഖ്യാനവും) ലോഗോസ് എന്നതിനു പകരം "ദൈവവചനം"എന്ന പദം ഉപയോഗിക്കുന്നു. മനുഷ്യരൂപാരോപണ പ്രയോഗങ്ങളോടുള്ള അവരുടെ താല്പര്യമില്ലായ്മ നിമിത്തമാണിത്

---

* ദൈവനിശ്വാസീയമല്ലെങ്കിലും ഖണ്ഡികവിഭജനങ്ങൾ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനും അനുവർത്തിക്കുന്നതിനുമുള്ള താക്കോലാണ്. ഓരോ ആധുനിക പരിഭാഷയും ഖണ്ഡിക തിരിച്ച് വിഷയ സംഗ്രഹം നടത്തിയിരിക്കുന്നു. ഓരോ ഖണ്ഡികയ്ക്കും ഒരു കേന്ദ്ര വിഷയം, സത്യം അഥവാ ചിന്തയുണ്ട്. ഓരോ പരിഭാഷയും ആ വിഷയത്തെ തനതായ രീതിയിൽ എടുത്തു കാണിക്കുന്നു. നിങ്ങൾ ആ വചനം വായിക്കുമ്പോൾ ഏതു പരിഭാഷയാണ് നിങ്ങളുടെ വിഷയഗ്രാഹ്യത്തിനും വാക്യവിഭജനത്തിനും യുക്തമായതെന്ന് നിങ്ങളോടു തന്നെ ചോദിക്കുക.

ഓരോ അദ്ധ്യായത്തിലും ആദ്യമായി നാം വേദപുസ്തകം വായിക്കുകയും വിഷയങ്ങൾ (ഖണ്ഡികകൾ) തിരിച്ചറിയുവാൻ ശ്രമിക്കുകയും വേണം. അതിനുശേഷം നമ്മുടെ അറിവിനെ നവീന വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുക. യഥാർത്ഥ ലേഖകന്റെ യുക്തിയും പ്രകടനവും മനസ്സിലാക്കിക്കൊണ്ട് തന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുമ്പോൾ മാത്രമാണ് നമുക്ക് വേദപുസ്തകം മനസ്സിലാക്കുവാൻ കഴിയുന്നത്. മൂലകൃതിയുടെ എഴുത്തുകാരൻ മാത്രമാണ് ദൈവനിശ്വാസീയ എഴുത്തുകാരൻ. വായനക്കാർക്ക് സന്ദേശം മാറ്റുവാനോ നവീകരിക്കുവാനോ അവകാശമില്ല. ദൈവനിശ്വാസീയമായ സത്യം തങ്ങളുടെ കാലഘട്ടത്തിലും ജീവിതത്തിലും പ്രാവർത്തികമാക്കേണ്ടത് വേദപുസ്തകം വായിക്കുന്നവരുടെ ഉത്തരവാദിത്വമാണ്.

**എല്ലാ സാങ്കേതിക പദപ്രയോഗങ്ങളും ചുരുക്കരൂപങ്ങളും, ഒന്നും രണ്ടും മൂന്നും അനുബന്ധങ്ങളിൽ പൂർണ്ണമായി വിശദീകരിച്ചിട്ടുണ്ട്.**

2. ഗ്രീക്ക് പശ്ചാത്തലം
   a. ഹെരാക്ലിറ്റസ് - ലോകം അസ്ഥിരാവസ്ഥയിലായിരുന്നു. ആളത്വരഹിത ദൈവത്വവും മാറ്റമില്ലാത്ത *ലോഗോസും* അതിനെ ഒരുമിച്ചു നിർത്തുകയും രൂപാന്തര പ്രക്രിയയ്ക്ക് വഴികാട്ടുകയും ചെയ്തു
   b. പ്ലേറ്റോ - ആളത്വരഹിതവും മാറ്റമില്ലാത്തതുമായ *ലോഗോസ്* ഗ്രഹങ്ങളെ ചലന ദിശയിൽ നിർത്തുകയും കാലങ്ങളെ നിശ്ചയിക്കുകയും ചെയ്തു
   c. സ്റ്റോയിക്കുകൾ - *ലോഗോസ്* ആണ് "ലോകകാരണം" അഥവാ നിയന്ത്രിതാവ്, എന്നാൽ അത് അർദ്ധ-ആളത്തമായിരുന്നു
   d. ഫിലോ - അദ്ദേഹം *ലോഗോസ്* എന്ന ആശയത്തെ "മനുഷ്യാത്മാവിനെ ദൈവമുമ്പാകെ നിർത്തുന്ന മഹാപുരോഹിതൻ" അഥവാ "ദൈവത്തിനും മനുഷ്യനും തമ്മിലുള്ള പാലം" അല്ലെങ്കിൽ "ലോകത്തിന്റെ കപ്പിത്താൻ സകലത്തെയും നിയന്ത്രിക്കാനുപയോഗിക്കുന്ന ചുക്കാൻ" (*കോസ്മോക്രാറ്റോർ*) എന്നിങ്ങനെ മനുഷ്യരൂപാരോപണം ചെയ്തു.

D. എ. ഡി. രണ്ടാം നൂറ്റാണ്ടിലെ വികസിത ഗ്നോസ്റ്റിക്കുകളുടെ ദൈവശാസ്ത്ര/തത്വശാസ്ത്ര സംവിധാനങ്ങളുടെ ഘടകങ്ങൾ
1. വസ്തുവും ആത്മാവും തമ്മിൽ ജീവതത്ത്വപരമായ (നിത്യമായ) പരസ്പരവിരുദ്ധമായ ദ്വന്ദ്വഭാവമുണ്ട്
2. വസ്തു തിന്മയും വഴങ്ങാത്തതുമാണ്. ആത്മാവ് നല്ലതാണ്
3. ഉന്നതനും നല്ലവനുമായ ഒരു ദൈവത്തിന്റെയും വസ്തുവിനെ രൂപപ്പെടുത്തുവാൻ കഴിയുന്ന ഒരു താഴ്ന്ന ദൈവത്തിന്റെയും മധ്യത്തിൽ ദൂതന്മാരുടെ തലങ്ങളുടെ ഒരു ശ്രേണിയെ (*എയിയോൺ*) ഗ്നോസ്റ്റിക് വിശ്വാസം അണിനിരത്തുന്നു. ഈ താഴ്ന്ന ദൈവം പഴയനിയമത്തിലെ യഹോവയാണെന്ന് (മാർസിയനെപ്പോലെ) ചിലർ പ്രഖ്യാപിക്കുകപോലും ചെയ്തിട്ടുണ്ട്.
4. രക്ഷ വന്നത്
   a. ദൈവത്തോട് താദാത്മ്യപ്പെടുന്നതിനുള്ള അവരുടെ പാതയിൽ തടസ്സമായി നില്ക്കുന്ന ഈ ദൂതന്മാരുടെ മണ്ഡലങ്ങളെ മറികടക്കുവാൻ ഒരു വ്യക്തിയെ അനുവദിക്കുന്ന രഹസ്യജ്ഞാനമോ പ്രവേശനമനുവദിക്കുന്നതിനുള്ള രഹസ്യവാക്കുകളുടെ ഉച്ചാരണമോ മുഖാന്തരം
   b. രഹസ്യജ്ഞാനം ലഭിക്കുന്നതുവരെ ബോധവാന്മാരല്ലാത്തതും എന്നാൽ എല്ലാ മനുഷ്യരിലുമുള്ളതുമായ ഒരു ദൈവിക സ്ഫുലിംഗം
   c. ഈ രഹസ്യജ്ഞാനം മനുഷ്യർക്ക് നൽകുന്ന വെളിപ്പാടിന്റെ ഒരു പ്രത്യേക ആളത്വ പ്രതിനിധി (ക്രിസ്തുവിന്റെ ആത്മാവ്)
5. ഈ ചിന്താധാര യേശുവിന്റെ ദൈവത്വത്തെ അംഗീകരിച്ചു എങ്കിലും അവന്റെ യഥാർത്ഥവും നിത്യവുമായ ജഡധാരണത്തെയും വീണ്ടെടുപ്പിൻ പദ്ധതിയുടെ കേന്ദ്ര സ്ഥാനത്തെയും നിഷേധിച്ചു

E. ചരിത്ര പശ്ചാത്തലം
1. *ലോഗോസ്* എന്ന പദത്തിന്റെ ഉപയോഗത്തിലൂടെ ഗ്രീക്ക്, എബ്രായ മനസ്സുകളുമായി ബന്ധപ്പെടുന്നതിനുള്ള ശ്രമമാണ് 1-18 വാക്യങ്ങൾ
2. ഗ്നോസ്റ്റിസിസം എന്ന ദുരുപദേശമാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ നന്നായി രൂപകല്പന ചെയ്തിരിക്കുന്ന ഈ ആമുഖത്തിന്റെ പശ്ചാത്തലം. 1 യോഹന്നാൻ ഒരുപക്ഷേ ഈ സുവിശേഷത്തെ പരിചയപ്പെടുത്തുന്ന കുറിപ്പായിരിക്കാം. "ഗ്നോസ്റ്റിസിസം" എന്നു വിളിക്കപ്പെടുന്ന ദൈവശാസ്ത്ര ചിന്ത രണ്ടാം നൂറ്റാണ്ടുവരെയുള്ള എഴുത്തുകളിൽ മാത്രമേ കാണപ്പെട്ടിരുന്നുള്ളു. എന്നാൽ ആരംഭ ഘട്ടത്തിലുണ്ടായിരുന്ന ഗ്നോസ്റ്റിസിസത്തിന്റെ ചിന്താശകലങ്ങൾ ചാവുകടൽ ചുരുളുകളിലും ഫിലോയുടെ രചനകളിലും കാണപ്പെടുന്നു.
3. സമാന്തര സുവിശേഷങ്ങൾ (പ്രത്യേകിച്ച് മർക്കൊസ്) യേശുവിന്റെ ദൈവത്വത്തെ (മശിഹാ സംബന്ധ രഹസ്യം) കാൽവറി കഴിയുന്നതുവരെ മൂടിവെയ്ക്കുന്നു. എന്നാൽ വളരെക്കാലത്തിനുശേഷം രചിക്കപ്പെട്ട യോഹന്നാൻ വളരെ ഗൗരവമായ വിഷയങ്ങളായ യേശുവിന്റെ പൂർണ്ണ ദൈവത്വം, പൂർണ്ണ മനുഷ്യത്വം എന്നിവയെ (മനുഷ്യപുത്രൻ, ഒ.നോ. യെഹെ. 2:1; ദാനീ. 7:13) ഒന്നാം അധ്യായത്തിൽ തന്നെ വികസിപ്പിക്കുന്നു

F. പ്രത്യേക ചിന്താവിഷയം കാണുക: യോഹന്നാൻ 1-നെ 1 യോഹന്നാൻ 1:1-മായി താരതമ്യപ്പെടുത്തുന്നു.

# പദ, ശൈലി പഠനം

**യോഹന്നാൻ 1:1-5**

**1ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. 2അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. 3സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല. 4അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. 5വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.**

**1:1 "ആദിയിൽ"** ഇത് ഉല്പത്തി 1:1 നെ പ്രതിഫലിപ്പിക്കുകയും ജഢധാരണത്തിന്റെ സൂചനയായി 1 യോഹന്നാൻ 1:1-ൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. 1 യോഹന്നാൻ ഈ സുവിശേഷത്തെ പരിചയപ്പെടുത്തുന്ന കുറിപ്പായിരിക്കാം. രണ്ടും ഗ്നോസ്റ്റിസിസത്തെ കൈകാര്യം ചെയ്യുന്നു. വാ. 1-5 സൃഷ്ടിക്കുമുമ്പേയുള്ള യേശുക്രിസ്തുവിന്റെ ദൈവിക ആസ്തിക്യത്തിന്റെ സ്ഥിരീകരണമാണ് (ഒ. നോ. 1:15; 8:56-59; 16:28; 17:5; 2 കൊരി. 8-9; ഫിലി. 2:6-7; കൊലൊ. 1:17; എബ്രാ. 1:3; 10:5-8).

പുതിയ നിയമം വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്

1. വീഴ്ചയാൽ കളങ്കപ്പെടാത്ത ഒരു പുതിയ സൃഷ്ടി (അതായത് ഉല്പത്തി 3:15 മനുഷ്യവർഗ്ഗത്തിനായി നിവർത്തിക്കപ്പെട്ടു)
2. ഒരു പുതിയ കീഴടക്കൽ (വാഗ്ദത്ത ഭൂമി)
3. ഒരു പുതിയ പുറപ്പാട് (നിവർത്തിയാക്കപ്പെട്ട പ്രവചനം)
4. ഒരു പുതിയ മോശെ (നിയമ ദായകൻ)
5. ഒരു പുതിയ യോശുവ (ഒ. നോ. എബ്രാ. 4:8)
6. ഒരു പുതിയ ജല അത്ഭുതം (ഒ. നോ. എബ്രാ. 3-4)
7. പുതിയ മന്ന (ഒ. നോ. യോഹന്നാൻ 6)

ഇനിയുമധികം എബ്രായ ലേഖനത്തിൽ കാണാം.

## പ്രത്യേക പഠനവിഷയം: *ആർക്കെ (αρχη)*

"ആധിപത്യം" എന്നത് "തുടക്കം" അല്ലെങ്കിൽ ഒന്നിന്റെ "ഉത്ഭവം" എന്നർത്ഥം വരുന്ന *ആർക്കെ* എന്ന ഗ്രീക്ക് പദമാണ്

1. സൃഷ്ടിയുടെ ക്രമത്തിന്റെ ആരംഭം (ഒ. നോ. യോഹ. 1:1; 1 യോഹ. 1:1; എബ്രാ. 1:10)
2. സുവിശേഷത്തിന്റെ ആരംഭം (ഒ. നോ. മർക്കൊ. 1:1; ഫിലി. 4:15; 2 തെസ്സ. 2:13; എബ്രാ. 2:3)
3. ഒന്നാമത്തെ ദൃക്സാക്ഷികൾ (ഒ. നോ. ലൂക്കൊസ് 1:2)
4. അടയാളങ്ങളുടെ ആരംഭം (അത്ഭുതങ്ങൾ, ഒ. നോ. യോഹ. 2:11)
5. ആരംഭ തത്വങ്ങൾ (ഒ. നോ. എബ്രാ. 5:12)
6. സുവിശേഷ സത്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ആരംഭ ഉറപ്പ് (ഒ. നോ. എബ്രാ. 3:14)
7. ആരംഭം (ഒ. നോ. കൊലൊ. 1:18; വെളി. 3:14)

ഇത് താഴെപ്പറയുന്നവരുടെ "ഭരണത്തെയോ" "അധികാരത്തെയോ" സൂചിപ്പിക്കുന്നതിന് ഉപയോഗിക്കപ്പെട്ടു

1. മാനുഷിക ഭരണാധികാരികൾ
   a. ലൂക്കൊസ് 12:11
   b. ലൂക്കൊസ് 20:20
   c. റോമർ 13:3; തീത്തൊസ് 3:1
2. ദൂത വൃന്ദങ്ങൾ
   a. റോമർ 8:38
   b. 1 കൊരി. 15:24
   c. എഫെ. 1:21; 3:10; 6:12
   d. കൊലൊ. 1:16; 2:10,15
   e. യൂദാ വാ. 6

ഈ ദുരുപദേശക്കാർ ഭൗതികവും സ്വർഗ്ഗീയവുമായ എല്ലാ അധികാരങ്ങളെയും നിന്ദിക്കുന്നു. അവർ പ്രമാണ വിരുദ്ധരായ ദുർമാർഗ്ഗികളാണ്. അവർ തങ്ങൾക്കും തങ്ങളുടെ ആഗ്രഹങ്ങൾക്കും ദൈവം, ദൂതന്മാർ, ഭരണാധികാരികൾ, സഭാ നേതാക്കൾ എന്നിവരെക്കാൾ പ്രഥമ സ്ഥാനം നൽകുന്നു.

▣ **"ഉണ്ടായിരുന്നു"** (മൂന്നു പ്രാവശ്യം) ഇതു ഭൂതകാലത്തിലുള്ള തുടർമാന അസ്തിത്വത്തിൽ കേന്ദ്രീകരിക്കുന്ന അപൂർണ്ണ ഭൂതകാലമാണ് (ഒ. നോ. വാ. 1, 2, 4, 10). ലോഗോസിന്റെ പൂർവ്വാസ്തിക്യത്തെ കാണിക്കുന്നതിനു വേണ്ടിയാണ് ഈ കാലം ഉപയോഗിച്ചിരിക്കുന്നത് (ഒ. നോ. 8:57-58; 17:5,24; 2 കൊരി. 8:9; കൊലൊ. 1:17; എബ്രാ. 10:57). ഇത് 3,6,14 വാക്യങ്ങളിലെ സാമാന്യ ഭൂതകാലത്തിന് വിരുദ്ധമാണ്.

▣ **"വചനം"** ഗ്രീക്ക് പദമായ *ലോഗോസ്* വെറും ഒരു വാക്കിനെയല്ല, ഒരു സന്ദേശത്തെയാണ് സൂചിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ ഗ്രീക്കുകാർ "ലോകകാരണത്തെ" സൂചിപ്പിക്കുവാനും, എബ്രായർ "ജ്ഞാന"ത്തെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിച്ചു. ദൈവവചനം ഒരു വ്യക്തിയും സന്ദേശവുമാണെന്ന് പ്രഖ്യാപിക്കുന്നതിനു വേണ്ടിയാണ് യോഹന്നാൻ ഈ പദം തെരഞ്ഞെടുത്തത്. പശ്ചാത്തല ഉൾക്കാഴ്ചകൾ *സി* കാണുക.

▣ **"ദൈവത്തോടുകൂടെ"** "കൂടെ" എന്നതിനെ "മുഖാമുഖം" എന്ന് പരാവർത്തനം ചെയ്യാനാവും. ഇത് അടുത്ത കൂട്ടായ്മയെ പ്രദർശിപ്പിക്കുന്നു. ഇത് ഒരു ദൈവിക അന്തസത്തയും മൂന്ന് ആളത്വങ്ങളുടെ നിത്യമായ വെളിപ്പെടുത്തലിലേക്ക് വിരൽചൂണ്ടുന്നതുമാണ് (പ്രത്യേക പഠനവിഷയം: 14:26 ലെ ത്രിത്വം കാണുക). യേശു പിതാവിൽ

നിന്നും വേറിട്ടിരിക്കുന്നവനും എന്നാൽ അവനുമായി ഒന്നായിരിക്കുന്നവനുമാണ് എന്ന വൈരുദ്ധ്യാത്മക ചിന്ത പുതിയനിയമം പ്രഖ്യാപിക്കുന്നു.

▣ **"വചനം ദൈവമായിരുന്നു"** വാ. 1a ലെപ്പോലെ ഈ ക്രിയ അപൂർണ്ണ ഭൂതകാലമാണ്. *തെയോസ്* എന്ന നാമത്തിനൊപ്പം ഇവിടെ വിവേചകഭേദകം ഇല്ല (കർത്താവിനെ ചൂണ്ടിക്കാണിക്കുന്നത്, എഫ്. എഫ്. ബ്രൂസ്, *ആൻസേഴ്സ് ടു ക്വസ്റ്റ്യൻസ്,* പേജ് 66). പിന്നെയോ ഊന്നൽ കൊടുക്കുന്നതിനായി ഗ്രീക്കിലെ *തെയോസ്* എന്ന പദം തന്നെ ചേർക്കുന്നു. ഈ വാക്യവും 18-ാം വാക്യവും പൂർവ്വാസ്തിക്യമുള്ള ലോഗോസിന്റെ പൂർണ്ണ ദൈവത്വത്തെ സംബന്ധിക്കുന്ന ശക്തമായ പ്രസ്താവനകളാണ് (ഒ. നോ. 5:18; 8:58; 10:30; 14:9; 17:11; 20:28; റോമ. 9:5; എബ്രാ. 1:8; 2 പത്രൊ. 1:1). യേശു പൂർണ്ണ മനുഷ്യനും, പൂർണ്ണ ദൈവവുമാണ് (ഒ. നോ. 1 യോഹ. 4:1-3). അവൻ പിതാവായ ദൈവമല്ല, എന്നാൽ അതേ ദൈവിക സാരാംശമാണ്.

പുതിയ നിയമം നസറായനായ യേശുവിന്റെ പൂർണ്ണ ദൈവത്വത്തെ പ്രഖ്യാപിക്കുന്നു. അപ്പോൾ തന്നേ പിതാവിന്റെ വ്യതിരിക്ത ആളത്വത്തെ നിലനിർത്തുകയും ചെയ്യുന്നു. യോഹന്നാൻ 1:1; 5:18; 10:30, 34-38; 14:9-10; 20:28 വാക്യങ്ങളിൽ ഏക ദൈവിക സാരാംശത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു. അതേസമയം യോഹന്നാൻ 1:2, 14,18; 5:19-23; 8:28; 10:25,29; 14:11,12,13,16 വാക്യങ്ങളിൽ അവരുടെ വ്യതിരിക്തതയ്ക്ക് ഊന്നൽ കൊടുക്കുകയും ചെയ്തിരിക്കുന്നു.

**1:2** ഇത് വാ. 1 ന് സമാന്തരമായിരിക്കുകയും ബി. സി. 6-5 കാലത്ത് ജനിച്ച യേശു എപ്പോഴും പിതാവിനോടുകൂടെ ആയിരുന്നുവെന്നും ആയതിനാൽ ദൈവമാണെന്നുമുള്ള ഞെട്ടിപ്പിക്കുന്ന സത്യത്തെ ഏകദൈവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഊന്നിപ്പറയുകയും ചെയ്യുന്നു.

**1:3 "സകലവും അവൻ മുഖാന്തരം ഉളവായി"** ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സൃഷ്ടിപ്പിൽ പിതാവിന്റെ പ്രതിനിധി ലോഗോസായിരുന്നു (ഒ. നോ. വാ. 10; 1 കൊരി. 8:6; കൊലൊ. 1:16; എബ്രാ. 1:2). സങ്കീ. 33:6 ലും സദൃശ്യ. 8:12-23 ലും ജ്ഞാനം വഹിക്കുന്ന പങ്കിനോടു സമമാണ് ഇത്. (എബ്രായഭാഷയിൽ ജ്ഞാനം സ്ത്രീലിംഗ രൂപമാണ്).

▣ **"ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല"** ഉന്നതനും നല്ലവനുമായ ദൈവത്തിന്റെയും പൂർവ്വാസ്തിക്യ വസ്തുവിനു രൂപം നൽകിയ ഒരു താഴ്ന്ന ആത്മിയ ജീവിയുടെയും മധ്യത്തിലുള്ള ദൂതന്മാരായ എയയോണുകളെപ്പറ്റിയുള്ള ഗ്നോസ്റ്റിക് ദുരുപദേശത്തെ ഖണ്ഡിക്കുകയാണിവിടെ (പശ്ചാത്തല ഉൾക്കാഴ്ച *സി* കാണുക)

**1:4 "അവനിൽ ജീവൻ ഉണ്ടായിരുന്നു"** "ജീവൻ" വചനമാകുന്ന പുത്രനിൽ നിന്നു വരുന്നു എന്നതിന് ഈ പദപ്രയോഗം ഊന്നൽ കൊടുക്കുന്നു. പുനരുത്ഥാന ജീവൻ, നിത്യജീവൻ, ദൈവത്തിന്റെ ജീവൻ എന്നിവയെ പരാമർശിക്കുന്നതിനായി യോഹന്നാൻ *സോയി* (*ζοη*) എന്ന പദം ഉപയോഗിക്കുന്നു (ഒ. നോ. 1:4; 3:15,36; 4:14,36; 5:24,26,20,39,40; 6:27,33,35,40,47,48,51,53,54,63,65 ആദിയായവ). "ജീവനെ" സൂചിപ്പിക്കുന്നതിനുള്ള മറ്റൊരു ഗ്രീക്കു പദം *ബയോസ്* (*βιος*) ആണ്. അതിനർത്ഥം ഭൗമികവും ജീവശാസ്ത്രപരവുമായ ജീവൻ എന്നാണ് (ഒ. നോ. 1 യോഹ. 2:16).

▣ **"ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു"** ദൈവിക സത്യത്തിനും ജ്ഞാനത്തിനും യോഹന്നാൻ ഉപയോഗിക്കുന്ന ഒരു സാധാരണ ദൃഷ്ടാന്തമാണ് വെളിച്ചം (ഒ. നോ. യോഹ. 3:19; 8:12; 9:5; 12:46). ജീവൻ എല്ലാ മനുഷ്യർക്കും വേണ്ടിയായിരുന്നു എന്നതു ശ്രദ്ധിക്കുക (സങ്കീ. 36:5-9, സാധ്യമായ സൂചന). ചാവുകടൽ ചുരുളുകളിലെ സാധാരണ ചിന്തയായിരുന്നു വെളിച്ചവും ഇരുളും. മിക്കപ്പോഴും യോഹന്നാൻ തന്റെ ചിന്തകളെ ദ്വന്ദ്വ (വിരുദ്ധമായ) പദപ്രയോഗങ്ങളിലും ഇനങ്ങളിലും പ്രദർശിപ്പിക്കുന്നു.

**1:5 "വെളിച്ചം ... പ്രകാശിക്കുന്നു"** ഇത് വർത്തമാനകാലമാണ്, അതിനർത്ഥം തുടരുന്ന പ്രവൃത്തിയെന്നാണ്. യേശു എപ്പോഴും നിലനിന്നിരുന്നു, എന്നാൽ ഇപ്പോൾ അവൻ വ്യക്തമായി ലോകത്തിനു വെളിപ്പെട്ടിരിക്കുന്നു (ഒ. നോ. 8:12; 9:5; 12:46). പഴയനിയമത്തിൽ ദൈവത്തിന്റെ ശാരീരികമോ, മാനുഷികമോ ആയ വെളിപ്പെടുത്തലുകളെ യഹോവയുടെ ദൂതനുമായി ബന്ധപ്പെടുത്തിയിരുന്നു (ഒ. നോ. ഉല്പ. 16:7-13; 22:11-15; 31:11,13; 48:15-16; പുറ. 3:2,4; 13:21; 14:19; ന്യായാ. 2:1; 6:22-23; 13:3-22; സെഖ. 3:1-2). ജഡധാരണത്തിനു മുമ്പുള്ള ലോഗോസ് ആണിതെന്ന് ചിലർ സമർത്ഥിക്കുന്നു.

## പ്രത്യേക പഠനവിഷയം: യഹോവയുടെ ദൂതൻ

പഴയ നിയമത്തിൽ ദൈവം മനുഷ്യരൂപത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തിയിരുന്നു എന്നു വ്യക്തമാണ് (ത്രിത്വത്തിൽ ഏതു വ്യക്തിയാണ് ഈ ദൗത്യം നിർവഹിക്കുന്നതെന്നതാണ് ത്രിത്വവാദികളുടെ ചോദ്യം. പിതാവായ ദൈവവും (യഹോവ) അവന്റെ ആത്മാവും സ്ഥിരമായി അശരീരികളാകയാൽ ഈ മനുഷ്യരൂപത്തിലുള്ള വെളിപ്പെടുത്തലുകൾ ജഡാവതാരത്തിനു മുമ്പുള്ള മശിഹയാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

ദൂതനിൽ നിന്നും ദൈവപ്രത്യക്ഷതയെ വേർതിരിച്ചറിയുവാനുള്ള ശ്രമത്തിൽ ഒരുവൻ നേരിടുന്ന ബുദ്ധിമുട്ടുകളെ പ്രദർശിപ്പിക്കുവാൻ താഴെ കൊടുത്തിരിക്കുന്ന പട്ടിക സഹായകമാണ്.

1. യഹോവയുടെ ദൂതൻ ദൈവദൂതനെന്ന നിലയിൽ
   a. ഉല്പ. 24:7,40
   b. പുറ. 23:20-23; 32:34
   c. സംഖ്യാ. 22:22
   d. ന്യായാ. 5:23
   e. 2 ശമൂ. 24:16
   f. 2 ദിന. 21:15-30
   g. സെഖ. 1:12-13
2. യഹോവയുടെ ദൂതൻ ഒരു ദൈവപ്രത്യക്ഷതയായി
   a. ഉല്പ. 16:7-13; 18:1-19:1; 22:11-15; 31:11,13; 48:15-16
   b. പുറ. 3:2,4; 14:19 (13:21)
   c. ന്യായാ. 2:15; 6:22-24; 13:3-23
   d. ഹോശേ. 12:3-4
   e. സെഖ. 3:1-5

▣

**NASB "ഇരുട്ടിന് അതിനെ ഗ്രഹിപ്പാൻ കഴിഞ്ഞില്ല"**
**NRSV "ഇരുട്ടിന് അതിനെ അതിജീവിക്കാൻ കഴിഞ്ഞില്ല"**
**TEV "ഇരുട്ട് അതിനെ ഒരിക്കലും കെടുത്തിയില്ല"**
**NJB "ഇരുട്ടിന് അതിനെ കീഴടക്കാൻ കഴിഞ്ഞില്ല"**

ഈ പദത്തിന്റെ (*കാറ്റാലംബാനോ-καταλαμβανω*) മൂലം "പ്രതിഗ്രഹിക്കുക" എന്നാണ്. അതുകൊണ്ട് ഇതിനർത്ഥം ഒന്നുകിൽ (1) കീഴടക്കുവാനായി പ്രതിഗ്രഹിക്കുക (ഒ.നോ. മത്താ. 16:18) അല്ലെങ്കിൽ, (2) ഗ്രഹിക്കുവാനോ മനസ്സിലാക്കുവാനോ വേണ്ടി പ്രതിഗ്രഹിക്കുക എന്നാകാം. രണ്ടും നിർദ്ദേശിക്കുന്നതിനുവേണ്ടിയാകാം യോഹന്നാൻ ഈ അനിശ്ചിതാർത്ഥം ഉപയോഗിച്ചിരിക്കുന്നത്. ദ്വന്ദ്വ പ്രയോഗങ്ങൾ യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് (ഉദാ. "വീണ്ടും ജനിക്കുക" അഥവാ "മുകളിൽനിന്നു ജനിക്കുക" 3:3; "കാറ്റ്" അഥവാ "ആത്മാവ്" 3:8).

ഈ ക്രിയ (*കാറ്റാലംബാനോ-καταλαμβανω*) യോഹന്നാന്റെ എഴുത്തുകളിൽ രണ്ടു തവണ മാത്രമേ വരുന്നുള്ളു (8:3,4 ലേത് മൂലകൃതിയിലില്ല). 1:5 ൽ ഇരുട്ടിന് മനസ്സിലാക്കാൻ/അതിജീവിക്കാൻ കഴിയുകയില്ല, 12:35 ൽ വെളിച്ചത്തെ (യേശു/സുവിശേഷം) തിരസ്കരിക്കുന്ന ഇരുട്ട് പരാജയപ്പെടും. തിരസ്കരണത്തിന്റെ ഫലം ചിന്താക്കുഴപ്പമാണ്, സ്വീകരണത്തിന്റെ ഫലം ആരാധനയാണ്.

മാൻഫ്രെഡ് റ്റി. ബാരൂക്കിന്റെ *അബ്യൂസിംഗ് സ്ക്രിപ്ചർ* പേജ് 35, മനുഷ്യാവസ്ഥയെ ചിത്രീകരിക്കുന്നു.

1. നഷ്ടപ്പെട്ട അവസ്ഥ, ലൂക്കൊസ് 15
2. അന്ധകാരം, യോഹന്നാൻ 1:5
3. ശത്രുത്വം, റോമർ 5:10
4. വേർപാട്, ഐഫെസ്യർ 2:15-17
5. അഭക്തി, റോമർ 1:18
6. ദൈവ ജീവനിൽ നിന്നുള്ള അകൽച്ച, എഫെസ്യർ 4:17-18
7. മാനവപാപത്തിന്റെ ഏറ്റവും നല്ല സംഗ്രഹം റോമർ 1:18-3:23

**യോഹന്നാൻ 1:6–8**

[6]ദൈവം അയച്ചിട്ടു ഒരു മനുഷ്യൻ വന്നു; അവന്നു യോഹന്നാൻ എന്നു പേർ. [7]താൻ സാക്ഷ്യത്തിന്നായി എല്ലാവരും വിശ്വസിക്കേണ്ടതിന്നു വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നേ വന്നു. [8]അവൻ വെളിച്ചമായിരുന്നില്ല; എന്നാൽ വെളിച്ചത്തിന്നു സാക്ഷ്യം പറയേണ്ടുന്നവനത്രേ.

**1:6–8** ഈ വാക്യങ്ങളും 15–ാം വാക്യവും (ഇടയ്ക്കുചേർത്ത പൂർവ്വ ദൃശ്യം) യേശുവിനെക്കുറിച്ചുള്ള യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തെ രേഖപ്പെടുത്തുന്നു. അവൻ അവസാനത്തെ പഴയനിയമ പ്രവാചകനായിരുന്നു. ഈ വാക്യങ്ങൾ കാവ്യരൂപത്തിലാക്കുക പ്രയാസകരമാണ്. ആമുഖം കവിതയാണോ ഗദ്യമാണോ എന്നതിനെച്ചൊല്ലി പണ്ഡിതന്മാരുടെ ഇടയിൽ വളരെയധികം തർക്കമുണ്ട്.

യോഹന്നാൻ സ്നാപകൻ (തന്റെ സന്ദേശത്തിന്റെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിൽ) അവസാനത്തെ പഴയനിയമ പ്രവാചകൻ ആയിരുന്നു. മലാഖി 3:1-ലും 4:5-ലും പ്രവചിക്കപ്പെട്ട മുന്നോടി താനായിരുന്നു (ഒ.നോ. യോഹ. 1:20–25). യോഹന്നാൻ സ്നാപകനെ ചുറ്റിപ്പറ്റി ആദ്യകാലത്തു രൂപപ്പെട്ട തെറ്റിദ്ധാരണ നിമിത്തം അപ്പൊസ്തലനായ യോഹന്നാൻ തന്നെ എഴുതിച്ചേർത്തതാണ് വാ. 6–8 (ഒ. നോ. ലൂക്കൊ. 3:15; പ്രവൃ. 18:25; 19:3). മറ്റു സുവിശേഷ രചയിതാക്കൾക്കു വളരെക്കാലത്തിനുശേഷം എഴുതിയ യോഹന്നാൻ ഈ പ്രശ്നത്തിന്റെ വളർച്ച കണ്ടവനാണ്.

യോഹന്നാനെ പൂർത്തികരിക്കപ്പെട്ട കാലത്തിലും (കാലസമ്പൂർണ്ണതയിൽ വെളിപ്പെട്ട) സമ്പൂർണ്ണക്രിയയിലും (നീണ്ടുനില്ക്കുന്ന ഫലത്തോടുകൂടി ഒരു ചരിത്ര സംഭവം) വിവരിക്കുമ്പോൾ ക്രിസ്തുവിനെ അപൂർണ്ണമായ കാലത്തിലും (പൂർവ്വാസ്തിക്യം) ക്രിയയിലും വിവരിച്ചിരിക്കുന്നു എന്നതു ശ്രദ്ധിക്കുന്നതു രസകരമാണ് (ഒ.നോ. വാ. 6). യേശു എപ്പോഴും നിലനിന്നിരുന്നു.

**1:7 "താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന്"** അത് ലക്ഷ്യത്തോടുകൂടിയ ഒരു നിബന്ധനയാണ്. മറ്റു സുവിശേഷങ്ങളെപ്പോലെ (ഒരു അതുല്യ ക്രിസ്തീയ സാഹിത്യരൂപം) യോഹന്നാന്റെ സുവിശേഷവും സുവിശേഷ ലഘുലേഖയാണ്. ലോകത്തിന്റെ വെളിച്ചമായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കുമുള്ള അത്ഭുതകരമായ രക്ഷയുടെ വാഗ്ദാനമാണിത് (ഒ.നോ. വാ. 12; യോഹ. 3:16; 4:42; 20:31; 1 തിമൊ. 2:4; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:1; 4:14).

**1:7,12 "വിശ്വസിക്കുന്ന"** ഈ ക്രിയ യോഹന്നാന്റെ സുവിശേഷത്തിൽ 78 പ്രാവശ്യവും യോഹന്നാന്റെ ലേഖനങ്ങളിൽ 24 പ്രാവശ്യവും ഉപയോഗിച്ചിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷം ഒരിക്കലും ക്രിയയല്ലാതെ നാമരൂപം ഉപയോഗിക്കുന്നില്ല എന്നുള്ളത് രസാവഹമാണ്. വിശ്വാസമെന്നത് പ്രാഥമികമായി ബൗദ്ധികമോ വൈകാരികമോ ആയ പ്രതികരണമല്ല, പിന്നെയോ, അടിസ്ഥാനപരമായി മനഃപൂർവ്വമായ ഒരു പ്രതികരണമാണ്. ഈ ഗ്രീക്ക് പദത്തെ മൂന്ന് ഇംഗ്ലീഷ് പദങ്ങളായി തർജ്ജമ ചെയ്തിരിക്കുന്നു: വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസമർപ്പിക്കുക. ഇത് "അവനെ കൈക്കൊള്ളുക" (ഒ.നോ. വാ. 11, 12) എന്നതിനു സമാന്തരമാണ്. രക്ഷയെന്നത് ദൈവത്തിന്റെ കൃപയാലും ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയാലും സൗജന്യമാണ്, എങ്കിലും അത് കൈക്കൊള്ളേണം. അവകാശങ്ങളോടും ഉത്തരവാദിത്തങ്ങളോടും കൂടിയ ഒരു ഉടമ്പടി ബന്ധമാണ് രക്ഷ.

## പ്രത്യേക പാനവിഷയം: വിശ്വാസം, വിശ്വസിക്കുക, അഥവാ ആശ്രയം

**(*പിസ്റ്റിസ്* (πιστις, നാമം) *പിസ്റ്റെയുവോ* (πιστευο, ക്രിയ) *പിസ്റ്റോസ്* (πιστος, നാമവിശേഷണം)**

A. ഇത് വേദപുസ്തകത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പദമാണ് (ഒ.നോ. എബ്രാ. 11:16). ഇത് യേശുവിന്റെ ആദ്യകാല പ്രസംഗ വിഷയമായിരുന്നു (ഒ.നോ. മർക്കൊ. 1:15). ഉടമ്പടിയുടെ കുറഞ്ഞത് രണ്ട് പുതിയ വ്യവസ്ഥകളുണ്ട്: മാനസാന്തരവും വിശ്വാസവും (ഒ.നോ. 1:15; പ്രവൃ. 3:16,19; 20:21).

B. പദോത്പത്തി

1. "വിശ്വാസം" എന്ന പദത്തിന് പഴയനിയമത്തിൽ കൂറ്, വിശ്വസ്തത, അഥവാ വിശ്വാസ്യത എന്നൊക്കെയാണർത്ഥം. അത് നമ്മുടെയല്ല ദൈവത്തിന്റെ സ്വഭാവത്തിന്റെ വിശദീകരമാണ്.
2. "ഉറപ്പായിരിക്കുക അഥവാ സ്ഥിരമായിരിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായപദത്തിൽനിന്നാണിതുണ്ടായത് (*എമുൻ, എമുനാഹ്*). രക്ഷിക്കുന്ന വിശ്വാസം മനസ്സിന്റെ സമ്മതം (സത്യങ്ങൾ), ധാർമ്മിക ജീവിതം (ഒരു ജീവിതശൈലി), അതോടൊപ്പം തന്നെ പ്രാഥമികമായി ഒരു ബന്ധവും (ഒരു വ്യക്തിയെ കൈക്കൊള്ളുന്നത്) ആ വ്യക്തികളോടുള്ള മനപ്പൂർവ്വമായ സമർപ്പണവുമാണ് (ഒരു തീരുമാനം).

C. പഴയനിയമ ഉപയോഗം

അബ്രഹാമിന്റെ വിശ്വാസം ഒരു ഭാവികാല മശിഹായിലായിരുന്നില്ല, പിന്നെയോ തനിക്ക് ഒരു സന്ത

തിയും പിൻഗാമികളും ഉണ്ടാകുമെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തത്തിലായിരുന്നുവെന്നുള്ളത് ഊന്നി പ്പറയേണ്ടതാണ് (ഒ. നോ. ഉല്പത്തി 12:2; 15:2-5; 17:4-8; 18:14). ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അബ്രഹാം ഈ വാഗ്ദത്തത്തോട് പ്രതികരിച്ചു. നിവർത്തിക്കുവാൻ പതിമൂന്ന് വർഷങ്ങളെടുത്ത ഈ വാഗ്ദത്തത്തെക്കുറിച്ച് തനിക്ക് അപ്പോഴും സംശയങ്ങളും പ്രശ്നങ്ങളും ഉണ്ടായിരുന്നു. എന്നി രുന്നാലും തന്റെ അപൂർണ്ണമായ വിശ്വാസം ദൈവത്താൽ അംഗീകരിക്കപ്പെട്ടു. കടുകുമണിയോളമേ ഉള്ളുവെങ്കിലും തന്നോടും തന്റെ വാഗ്ദത്തങ്ങളോടും വിശ്വാസത്താൽ പ്രതികരിക്കുന്ന ദുർബല രായ മനുഷ്യരോടൊത്ത് പ്രവർത്തിക്കുവാൻ ദൈവം സന്നദ്ധനാണ്. (ഒ. നോ. മത്താ. 17:20).

D. പുതിയനിയമ ഉപയോഗം

"വിശ്വസിച്ചു" എന്ന പദമുണ്ടായത് "വിശ്വസിക്കുക" "വിശ്വാസം" അഥവാ "ആശ്രയം" എന്നിങ്ങനെ തർജ്ജമ ചെയ്യാവുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് (*പിസ്റ്റയുവോ*). ഉദാഹരണത്തിന് യോഹന്നാന്റെ സുവിശേഷത്തിൽ നാമം ഉപയോഗിക്കപ്പെടുന്നില്ല, ക്രിയ കൂടെക്കൂടെ ഉപയോഗിക്കപ്പെടുന്നുണ്ട്. യോഹന്നാൻ 2:23-25ൽ മശിഹായെന്ന നിലയിൽ നസറായനായ യേശുവിനോടുള്ള ജനത്തിന്റെ സമർപ്പണത്തിന്റെ ആത്മാർത്ഥതയെപ്പറ്റി അനിശ്ചിതത്വം കാണുന്നുണ്ട്. "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപരിപ്ലവമായ ഇതര ഉപയോഗം യോഹ. 8:31-59; പ്രവൃ. 8:13, 18-24 എന്നീ ഭാഗങ്ങളിലാ ണ്. ശരിയായ വേദപുസ്തക വിശ്വാസം പ്രാരംഭ പ്രതികരണത്തിലും അപ്പുറമാണ്. അതിനെ തുടർന്ന് ശിഷ്യത്വം എന്ന പ്രക്രിയ ഉണ്ടാകണം (ഒ. നോ. മത്താ. 13:20-22, 31-32).

E. 'ഗതി'യോടൊപ്പം ഇതിന്റെ ഉപയോഗം

1. *എയിസ്* അർത്ഥം "അതിലേക്ക്." ഈ അതുല്യമായ ഘടന, വിശ്വാസികൾ യേശുവിൽ വിശ്വാ സം/ആശ്രയം അർപ്പിക്കുന്നതിനെ ഊന്നിപ്പറയുന്നു.
   a. അവന്റെ നാമത്തിൽ (യോഹ. 1:12; 2:23; 3:18; 1 യോഹ. 5:13)
   b. അവനിൽ (യോഹ. 2:11; 3:15,18; 4:39; 6:40; 7:5,31,39,48; 8:30; 9:36; 10:42; 11:45,48; 17:37,42; മത്താ. 18:6; പ്രവൃ. 10:43; ഫിലി. 1:29; 1 പത്രൊ. 1:8)
   c. എന്നിൽ (യോഹ. 6:35; 7:38; 11:25,26; 12:44,46; 14:1,12; 16:9; 17:20)
   d. പുത്രനിൽ (യോഹ. 3:36; 9:35; 1 യോഹ. 5:10)
   e. യേശുവിൽ (യോഹ. 12:11; പ്രവൃ. 19:4; ഗലാ. 2:16)
   f. വെളിച്ചത്തിൽ (യോഹ. 12:36)
   g. ദൈവത്തിൽ (യോഹ. 14:1)
2. *എൻ* അർത്ഥം "ൽ" യോഹ. 3:15; മർക്കൊ. 1:5; പ്രവൃ. 5:14 ലെപ്പോലെ
3. *എപി* അർത്ഥം "ഇൽ" മത്താ. 27:42; പ്രവൃ. 9:42; 11:17; 16:31; 22:19; റോമ. 4:5,24; 9:33; 10:11; 1 തിമൊ. 1:16; 1 പത്രൊ. 2:6 എന്നീ വാക്യങ്ങളിലേതുപോലെ - 'ഉള്ളിൽ' അഥവാ 'മുകളിൽ' എന്നർത്ഥം.
4. ഗലാ. 3:6; പ്രവൃ. 18:8; 27:25; 1 യോഹ. 3:23; 5:10 തുടങ്ങിയ വാക്യങ്ങളിലേതുപോലെ ഗതിയെ കൂടാതെയുള്ള കർമ്മ പദത്തിന്റെ വിഭക്തി.
5. *ഹോട്ടി,* അർത്ഥം "അതു വിശ്വസിക്കുക." എന്തു വിശ്വസിക്കണം എന്നു സൂചിപ്പിക്കുന്നു
   a. യേശു ദൈവത്തിന്റെ പരിശുദ്ധനാണ് (യോഹന്നാൻ 6:69)
   b. യേശു ഞാനാകുന്നവൻ (യോഹന്നാൻ 8:24)
   c. യേശു പിതാവിലും പിതാവ് യേശുവിലും ആകുന്നു (യോഹന്നാൻ 10:38)
   d. യേശുവാണ് മശിഹാ (യോഹന്നാൻ 11:27; 20:31)
   e. യേശു ദൈവത്തിന്റെ പുത്രനാണ് (യോഹന്നാൻ 11:27; 20:31)
   f. യേശു പിതാവിനാൽ അയക്കപ്പെട്ടവനായിരുന്നു (യോഹന്നാൻ 11:42; 17:8,21)
   g. യേശു പിതാവുമായി ഒന്നായിരിക്കുന്നു (യോഹന്നാൻ 14:10-11)
   h. യേശു പിതാവിൽ നിന്നും വന്നു (യോഹന്നാൻ 16:27,30)
   i. "ഞാൻ ആകുന്നു" എന്ന പിതാവിന്റെ ഉടമ്പടിയുടെ നാമത്തോട് യേശു തന്നെത്തന്നെ താദാ ത്മ്യപ്പെടുത്തുന്നു (യോഹന്നാൻ 8:24; 13:19)
   j. നാം അവനോടുകൂടെ ജീവിക്കും (റോമർ 6:8)
   k. യേശു മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു (1 തെസ്സലൊനീക്യർ 4:14)

**1:8** യേശുവിനെ കേൾക്കുകയോ സ്വീകരിക്കയോ ചെയ്യാത്ത യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരുടെ മധ്യേ വളർന്നു വന്ന പ്രശ്നത്തെ മറ്റു സുവിശേഷകന്മാർക്ക് വളരെക്കാലങ്ങൾക്കു ശേഷം എഴുതാനാരംഭിച്ച അപ്പൊസ്ത ലനായ യോഹന്നാൻ തിരിച്ചറിഞ്ഞിരിക്കുവാൻ സാധ്യതയുണ്ട് (ഒ. നോ. പ്രവൃ. 18:25-19:7).

## പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ

നാമവും (*മാർട്ടൂറിയ, μαρτυρια*) അതിന്റെ ക്രിയാരൂപവും (മാർട്ടൂറിയോ, *μαρτυρεω*) "സാക്ഷിയാവുക" യോഹന്നാനിലെ താക്കോൽ പദങ്ങളാണ്. യേശുവിന് നിരവധി സാക്ഷികളുണ്ട്.

1. യോഹന്നാൻ സ്നാപകൻ (ഒ. നോ. യോഹന്നാൻ 11:7, 8, 15; 3:26, 28; 5:33)
2. യേശു താൻ തന്നേ (ഒ. നോ. യോഹന്നാൻ 3:11; 5:31; 8:13–14)
3. ശമര്യാ സ്ത്രീ (ഒ. നോ. യോഹന്നാൻ 4:39)
4. പിതാവായ ദൈവം (ഒ. നോ. യോഹന്നാൻ 5:32, 34, 37; 8:18; 1 യോഹന്നാൻ 5:9)
5. തിരുവെഴുത്ത് (ഒ. നോ. യോഹന്നാൻ 5:39)
6. ലാസറിന്റെ ഉയർപ്പിന്റെ സാക്ഷികളായ പുരുഷാരം (ഒ. നോ. യോഹന്നാൻ 12:17)
7. ആത്മാവ് (ഒ. നോ. യോഹന്നാൻ 15:26–27; 1 യോഹന്നാൻ 5:10, 11)
8. ശിഷ്യന്മാർ (ഒ. നോ. യോഹന്നാൻ 15:27; 19:35; 1 യോഹന്നാൻ 1:2; 4:14)
9. എഴുത്തുകാരൻ തന്നേ (ഒ. നോ. യോഹന്നാൻ 21:24)

**യോഹന്നാൻ 1:9–13**

**[9]ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു.**
**[10]അവൻ ലോകത്തിൽ ഉണ്ടായിരുന്നു, ലോകം അവൻ മുഖാന്തരം ഉളവായി, ലോകമോ അവനെ അറി**
**ഞ്ഞില്ല. [11]അവൻ സ്വന്തമായതിലേക്കു വന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല, [12]എന്നാൽ**
**അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന *ഏവർക്കും* ദൈവമക്കൾ ആകുവാൻ അവൻ**
**അവകാശം കൊടുത്തു. [13]അവർ രക്തത്തിൽനിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ട**
**ത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു.**

**1:9 "സത്യവെളിച്ചം"** അസത്യത്തിനു വിരുദ്ധം എന്ന നിലയില്ല, യഥാർത്ഥമായ അഥവാ വാസ്തവമായ എന്ന അർത്ഥത്തിലാണ് ഇവിടെ "സത്യം." ഇത് ഒന്നാം നൂറ്റാണ്ടിലെ എല്ലാ തെറ്റായ ക്രിസ്തുശാസ്ത്രങ്ങളോടുമുള്ള ബന്ധത്തിലായിരിക്കാം. യോഹന്നാന്റെ എഴുത്തുകളിൽ സാധാരണമായി കാണുന്ന ഒരു നാമവിശേഷണമാണിത് (ഒ. നോ. 3:35; 4:23, 37; 6:32; 7:28; 15:1; 17:3; 19:35, 1 യോഹ. 2:8; 5:20 കൂടാതെ വെളിപ്പാടിൽ 10 പ്രാവശ്യവും). 6:55 ലെ സത്യം 14:17 ലെ ലോകം എന്നീ പ്രത്യേക പഠനവിഷയങ്ങൾ കാണുക. യേശു ലോകത്തിന്റെ വെളിച്ചമാകുന്നു (ഒ. നോ. 3:19; 8:12; 9:5; 12:46; 1 യോഹ. 1:5, 7; 2:8, 9, 10). വിശ്വാസികൾ അവന്റെ വെളിച്ചം പ്രതിഫലിപ്പിക്കേണ്ടവരാണ് (ഒ. നോ. ഫിലി. 2:15). (1) മനുഷ്യരുടെയും (2) ദൂതന്മാരുടെയും മറുതലിപ്പ് നിമിത്തം സൃഷ്ടിയുടെ ക്രമത്തിൽ നേരിട്ട യഥാർത്ഥ അന്ധകാരവുമായി ഇത് കടക വിരുദ്ധമായിരിക്കുന്നു.

▣ **"ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു"** യേശു ആത്മമണ്ഡലമായ സ്വർഗ്ഗം വിട്ട് സമയത്തിന്റെയും സ്ഥലത്തിന്റെയും ഭൗതിക മണ്ഡലത്തിലേക്ക് പ്രവേശിച്ചതിനെ പരാമർശിക്കുവാൻ യോഹന്നാൻ പലപ്പോഴും ഈ പദപ്രയോഗം ഉപയോഗിക്കുന്നു (ഒ. നോ. 6:14; 9:39; 11:27; 12:46; 16:28). ഈ വാക്യം യേശുവിന്റെ ജഡധാരണത്തെ സൂചിപ്പിക്കുന്നുവെന്ന് അനുമാനിക്കാം. ഇത് യോഹന്നാന്റെ സാഹിത്യത്തിലെ സാധാരണ ദ്വന്ദ്വങ്ങളിലൊന്നാണ് (അതായത് മുകളിൽ X താഴെ).

| | |
|---|---|
| **NASB** | **"ഓരോ മനുഷ്യനെയും പ്രകാശിപ്പിക്കുന്ന"** |
| **NKJV** | **"ഓരോ മനുഷ്യനും വെളിച്ചം നൽകുന്ന"** |
| **NRSV** | **"എല്ലാവരെയും പ്രകാശിപ്പിക്കുന്ന"** |
| **TEV** | **"എല്ലാ ആളുകളുടെമേലും പ്രകാശിക്കുന്ന"** |
| **NJB** | **"എല്ലാവർക്കും വെളിച്ചം നൽകുന്ന"** |

ഈ പ്രയോഗം രണ്ടുവിധത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഒന്നാമതായി, ഒരു ഗ്രീക്ക് പശ്ചാത്തലത്തെ സങ്കല്പിച്ചുകൊണ്ട്, എല്ലാ മനുഷ്യരിലുമുള്ള വെളിപ്പാടിന്റെ ഒരു ആന്തരിക വെളിച്ചത്തെ, ഒരു ദൈവിക കിരണത്തെപ്പറ്റി പരാമർശിക്കുന്നു. ഈ വിധത്തിലാണ് ക്വയ്ക്കേഴ്സ് ഈ വാക്യത്തെ വ്യഖ്യാനിക്കുന്നത്. എന്നാൽ ഇപ്രകാമൊരു ആശയം യോഹന്നാനിൽ ഒരിക്കലും പ്രത്യക്ഷപ്പെടുന്നില്ല. യോഹന്നാനെ സംബന്ധിച്ച് "വെളിച്ചം" മനുഷ്യവർഗ്ഗത്തിന്റെ പാപത്തെ വെളിപ്പെടുത്തുന്നു (ഒ. നോ. 3:19–21).

രണ്ടാമത്, ഇത് പ്രകൃതിയിലുള്ള വെളിപ്പാടിനെയോ (അതായത് പ്രകൃതിയിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതിനെ [ഒ. നോ. സങ്കീ. 19:1–5; റോമ. 1:19–20], അല്ലെങ്കിൽ ആന്തരിക ധാർമ്മിക ബോധത്തെയോ [ഒ. നോ. റോമ. 2:14–15]) അല്ല സൂചിപ്പിക്കുന്നത്, പിന്നെയോ ഏകസത്യ വെളിച്ചമായ ക്രിസ്തുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന പ്രകാശനത്തെയും രക്ഷയെയുമാണ്.

**1:10 "ലോകം"** മൂന്ന് വ്യത്യസ്തനിലകളിൽ യോഹന്നാൻ *കോസ്മോസ്* (**κοσμος**) എന്ന പദം ഉപയോഗിക്കുന്നു.

1. ഭൗതിക പ്രപഞ്ചം (1:10, 11; 11:9; 16:21; 17:5, 24; 21:25)

2. സകല മനുഷ്യവർഗ്ഗവും (1:10, 29; 3:16, 17; 4:42; 6:33; 12:19, 42; 18:29)
3. ദൈവത്തിൽ നിന്നും വേറിട്ട് സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന വീണുപോയ മനുഷ്യസമൂഹം (7:7; 15:18-19; 1 യോഹ. 2:15; 3:1, 13)

ഈ പശ്ചാത്തലത്തിൽ #2 ആണ് അംഗീകരിക്കാവുന്നതാണ്. 14:7 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ലോകമോ അവനെ അറിഞ്ഞില്ല"** വീണുപോയ ജാതീയ സമൂഹങ്ങളോ തെരഞ്ഞെടുക്കപ്പെട്ട യെഹൂദസമൂഹമോ യേശുവിനെ വാഗ്ദത്ത മശിഹായെന്ന് തിരിച്ചറിഞ്ഞില്ല. വസ്തുതകളെ സംബന്ധിച്ച ബൗദ്ധികമായ അറിവെന്നതിലുപരി ആത്മാർത്ഥമായ ബന്ധത്തെയാണ് "അറിയുക" എന്ന എബ്രായ പദപ്രയോഗം സൂചിപ്പിക്കുന്നത് (ഒ. നോ. ഉല്പ. 4:1; യിരെ. 1:5).

## പ്രത്യേക പഠനവിഷയം: അറിയുക

**(ആവർത്തനപുസ്തകം മാതൃകയാക്കിക്കൊണ്ട്)**

"അറിയുക" എന്നതിനുള്ള എബ്രായ പദം (ബി.ഡി.ബി 393) *ഖാൽ* ന് അനവധി അർത്ഥങ്ങളുണ്ട്.

1. നന്മതിന്മകളെ അറിയുക - ഉല്പ. 3:22; ആവ. 1:39; യെശ. 7:14-15; യോനാ 4:11
2. അറിവിലൂടെ അറിയുക - ആവ. 9:2, 3, 6; 18:2
3. അനുഭവത്തിലൂടെ അറിയുക - ആവ. 3:19; 4:35; 8:2, 3, 5; 11:2; 20:20; 31:13; യോശു. 23:14
4. പരിഗണിക്കുക - ആവ. 4:39; 11:2; 29:16
5. വ്യക്തിപരമായി അറിയുക
   a. ഒരു വ്യക്തി - ഉല്പ. 29:5; പുറ. 1:8; ആവ. 22:2; 33:9
   b. ഒരു ദേവൻ - ആവ. 11:28; 13:2, 6, 13; 28:64; 29:26; 32:17
   c. യഹോവ - ആവ. 4:35, 39; 7:9; 29:6; യെശ. 1:3; 56:10-11
   d. ലൈംഗികമായി - ഉല്പ. 4:1, 17, 25; 24:16; 38:26
6. ഒരു തൊഴിൽ വൈദഗ്ധ്യം അല്ലെങ്കിൽ ജ്ഞാനം - യെശ. 29:11, 12; ആമോ. 5:16
7. ജ്ഞാനികളായിരിക്കുക - ആവ. 29:4; സദൃ. 1:2; 4:1; യെശ. 29:24
8. ദൈവിക ജ്ഞാനം
   a. മോശെയുടെ - ആവ. 34:10
   b. യിസ്രായേലിന്റെ - ആവ. 31:21, 27, 29

**1:11 "അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല"** "സ്വന്തം" എന്നത് 11-ാം വാക്യത്തിൽ രണ്ടു തവണ ഉപയോഗിച്ചിരിക്കുന്നു. ഒന്നാമത്തേത് നപുംസക ബഹുവചനമാണ്. അത് (1) മുഴുവൻ സൃഷ്ടിയെയോ അല്ലെങ്കിൽ (2) ഭൂമിശാസ്ത്രപരമായി യെഹൂദയയോ യെരൂശലേമിനെയോ സൂചിപ്പിക്കുന്നു. രണ്ടാമത്തേത് പുല്ലിംഗ ബഹുവചനവും യെഹൂദാജനത്തെ സൂചിപ്പിക്കുന്നതുമാകുന്നു.

**1:12 "എന്നാൽ അവനെ കൈകൊണ്ടു ... ഏവർക്കും"** ഇത് രക്ഷയിലുള്ള മനുഷ്യ വർഗ്ഗത്തിന്റെ പങ്കിനെ കാണിക്കുന്നു (ഒ. നോ. വാ. 16). ക്രിസ്തുവിലൂടെയുള്ള കൃപയുടെ വാഗ്ദാനത്തോട് മനുഷ്യൻ പ്രതികരിക്കേണ്ടതാണ് (ഒ. നോ. 3:16; റോമ. 3:24; 4:4-5; 6:23; 10:9-13; എഫെ. 2:8-9). ദൈവം തീർച്ചയായും പരമാധികാരിയാണ് എന്നിരുന്നാലും തന്റെ പരമാധികാരത്തിൽ വീണുപോയ മനുഷ്യവർഗ്ഗവുമായി അവൻ നിബന്ധനയോടുകൂടിയ ഒരു ഉടമ്പടിയുടെ ബന്ധത്തിന് മുൻകയ്യെടുത്തു. വീണുപോയ മനുഷ്യവർഗ്ഗം മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും അനുസരിക്കുകയും വിശ്വാസത്തിൽ നിലനിൽക്കുകയും വേണം.

"കൈക്കൊള്ളുക" എന്ന ഈ ആശയം ദൈവശാസ്ത്രപരമായി "ഏറ്റുപറച്ചിലി"ന് സമാന്തരമാണ്. യേശുക്രിസ്തുവാണെന്ന വിശ്വാസത്തിന്റെ പരസ്യമായ പ്രഖ്യാപനമാണ് ഇത് (ഒ. നോ. മത്താ. 10:32; ലൂക്കൊ. 12:8; യോഹ. 9:22; 12:42; 1 തിമൊ. 6:12; 1 യോഹ. 2:23; 4:15). അംഗീകരിച്ച് സ്വീകരിക്കേണ്ട ഒരു ദാനമാണ് രക്ഷ.

യേശുവിനെ "കൈക്കൊള്ളുന്നവർ" (1:12) അവനെ അയച്ച പിതാവിനെ കൈക്കൊള്ളുന്നു (ഒ. നോ. 5:43; 13:20). രക്ഷ എന്നത് ത്രിയേക ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ്!

▣ **"അവന്റെ നാമത്തിൽ"** പഴയനിയമത്തിൽ ഒരു വ്യക്തിയുടെ നാമം വളരെ പ്രധാനപ്പെട്ടതായിരുന്നു. ഇത് അവരുടെ സ്വഭാവത്തെപ്പറ്റിയോ സ്വഭാവത്തിന്റെ വിവരണത്തെപ്പറ്റിയോ ഉള്ള ഒരു പ്രതീക്ഷാനിർഭരമോ/പ്രവർത്തനക്ഷമമോ ആയ ഒരു പ്രവചനമായിരുന്നു. നാമത്തിൽ വിശ്വാസിക്കുക എന്നത് ആ വ്യക്തിയെ വിശ്വസിക്കുക എന്നതും സ്വീകരിക്കുക എന്നതുമാണ് (ഒ. നോ. 2:23; 3:18; 20:31; 1 യോഹ. 5:13). 15:16 ലെ കർത്താവിന്റെ നാമം എന്ന പ്രത്യേക പഠനവിഷയം കാണുക.

▣ **"വിശ്വസിക്കുന്ന ഏവർക്കും"** ഇത് ഒരു വർത്തമാന കർത്തരി ക്രിയാബന്ധമാണ്, അർത്ഥം "വിശ്വസിച്ചുകൊണ്ടേയിരിക്കുന്നവർ" എന്നാണ്. ഈ പദത്തിന്റെ വ്യുല്പത്തിയുടെ പശ്ചാത്തലം ആനുകാലിക അർത്ഥം സ്ഥാപിക്കുവാൻ സഹായകമാണ്. എബ്രായ ഭാഷയിൽ ഇതു പരാമർശിക്കുന്നത് സ്ഥിരമായി നിലകൊള്ളുന്ന ഒരു വ്യക്തിയെയാണ്. ആശ്രയിക്കാവുന്നവനും കൂറുള്ളവനും വിശ്വസ്തനുമായ ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന

തിനാണ് ഇതുപയോഗിക്കുന്നത്. ഇതിന് തുല്യമായ ഗ്രീക്ക് പദം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത് "വിശ്വാസം," "വിശ്വസിക്കുക," "ആശ്രയിക്കുക" എന്നിങ്ങനെയാണ്. വേദപുസ്തകാടിസ്ഥാനത്തിലുള്ള വിശ്വാസം അഥവാ ആശ്രയം പ്രാഥമികമായി നാം ചെയ്യുന്ന ഒന്നല്ല, പിന്നെയോ നാം വിശ്വാസമർപ്പിക്കുന്ന ഒരുവനാണ്. അതു നമ്മുടെ വിശ്വാസീയതയല്ല നാം ശ്രദ്ധകേന്ദ്രീകരിക്കുന്ന ദൈവത്തിന്റെ വിശ്വാസയോഗ്യതയാണ്. വീണുപോയ മനുഷ്യവർഗ്ഗം ദൈവത്തിന്റെ വിശ്വാസയോഗ്യതയിൽ വിശ്വാസം അർപ്പിക്കുകയും അവന്റെ വിശ്വസ്തതയിൽ വിശ്വസിക്കുകയും അവനു പ്രിയനായവനിൽ വിശ്വസിക്കുകയും ചെയ്യുന്നു. ശ്രദ്ധാകേന്ദ്രം മനുഷ്യന്റെ വിശ്വാസത്തിന്റെ സമൃദ്ധിയും തീവ്രതയും അല്ല പിന്നെയോ ആ വിശ്വാസത്തിന്റെ ശ്രദ്ധാകേന്ദ്രമാണ്. 1:7 ലും 2:23 ലും ഉള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"ദൈവമക്കളാകുവാൻ"** പുതിയനിയമ എഴുത്തുകാർ ക്രിസ്ത്യാനിത്വത്തെ വിവരിക്കുന്നതിനായി കുടുംബസംബന്ധിയായ ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുന്നു: (1) പിതാവ്; (2) പുത്രൻ; (3) മക്കൾ; (4) വീണ്ടും ജനിക്കുക; (5) ദത്തെടുക്കുക എന്നിവ. ക്രിസ്ത്യാനിത്വം കുടുംബത്തിന്റെ ഉല്പന്നമല്ല (സ്വർഗ്ഗത്തിലേക്കുള്ള പ്രവേശന ടിക്കറ്റ്, അഗ്നി സുരക്ഷാ പോളിസി), പിന്നെയോ ഒരു കുടുംബത്തിനു സമാനമാണ്. ക്രിസ്തുവിലുള്ള വിശ്വാസികൾ അന്ത്യകാലത്തെ പുതിയ "ദൈവജനം" ആയിത്തീർന്നിരിക്കുന്നു. "അതുല്യനായ" (ഒ.നോ. വാ. 14; 3:16) പുത്രൻ (ഒ. നോ. എഫെ. 5:1; 1 യോഹ. 2:29; 3:3) ചെയ്തതുപോലെ മക്കളെന്ന നിലയിൽ നാമും പിതാവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കണം. പാപികളെ ഞെട്ടിപ്പിക്കുന്ന എന്തൊരു പേരാണിത് (ഒ. നോ. 11:52; റോമ. 8:14, 16, 21; 9:8; ഫിലി. 2:15; 1 യോഹ. 3:1, 2, 10; 5:2; ഹോശേ. 1:10 ന്റെ റോമ. 9:26 ലും 2 കൊരി. 6:18 ലുമുള്ള ഉദ്ധരണി).

മക്കൾ എന്നതിനുള്ള രണ്ട് ഗ്രീക്കു പദങ്ങളിൽ ഒന്ന് എപ്പോഴും യേശുവിനായും (*ഹുയിയോസ്-΄υιοσ*), മറ്റേത് വിശ്വാസികൾക്കായും (*റ്റെക്നോൺ, റ്റെക്നാ-τεκνον, τεκνα*) ഉപയോഗിക്കുന്നുവെന്നത് താല്പര്യജനകമാണ്. ക്രിസ്ത്യാനികൾ ദൈവമക്കളാണ് എന്നാൽ അവർ ദൈവപുത്രനായ യേശുവിനെപ്പോലെയുള്ള ദൈവപുത്രരല്ല. അവന്റെ ബന്ധം അതില്യമാണ് എങ്കിലും സാമ്യമുള്ളതാണ്.

"സഭ" എന്ന പദം (*എക്ലീസിയ-εκκλησια*) മർക്കൊസിലും ലൂക്കൊസിലും യോഹന്നാനിലും കാണപ്പെടുന്നില്ല. ചലനാത്മകശക്തിയുള്ള പുതിയതും വ്യക്തിപരവും ഒരുമിച്ചുള്ളതുമായ ആത്മാവിന്റെ കൂട്ടായ്മക്കുവേണ്ടി അവർ ഉപയോഗിക്കുന്നത് കുടുംബസംബന്ധിയായ ദൃഷ്ടാന്തങ്ങളാണ്.

▣ **"അവൻ അധികാരം കൊടുത്തു"** ഈ ഗ്രീക്കു പദത്തിന് (എക്സൂസിയ, *εξουσια*) (1) നിയമപരമായ അധികാരം അഥവാ (2) അവകാശം അല്ലെങ്കിൽ പദവി എന്നീ അർത്ഥങ്ങൾ ആകാം (ഒ. നോ. 5:27; 17:2; 19:10,11). യേശുവിന്റെ പുത്രത്വത്തിലൂടെയും ദൈവിക ദൗത്യത്തിലൂടെയും വീണുപോയ മനുഷ്യവർഗ്ഗത്തിന് ഇപ്പോൾ ദൈവത്തെ അറിയുവാനും അവനെ ദൈവവും പിതാവുമായി അംഗീകരിക്കുവാനും കഴിയും.

**1:13**

**NASB, NKJV,**
**NRSV** **"അവർ രക്തത്താലല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല ജനിച്ചത്"**
**TEV** **"അവർ ദൈവത്തിന്റെ മക്കളായത് നൈസർഗികമായ ഉപാധികളാലല്ല, അതായത്, മാനുഷിക പിതാവിൽ നിന്നു ജനിച്ച് അവന്റെ മക്കളായിത്തീർന്നതല്ല"**
**NJB** **"അവർ മനുഷ്യനിൽ നിന്നോ ജഡത്തിന്റെ സ്വാഭാവിക പ്രേരണയാലോ, പുരുഷന്റെ ഇഷ്ടത്താലോ അല്ല"**

ചില ആദിമ സഭാപിതാക്കൾ (ഐറേനിയസ്, ഒറിഗൺ, തെർത്തുല്യൻ, ആംബ്രോസ്, ജെറോം, അഗസ്റ്റിൻ തുടങ്ങിയവർ) ഈ ഭാഷാശൈലിയിൽ യേശുവിനെപ്പറ്റിയുള്ള ഒരു സൂചന കാണുന്നു. എന്നാൽ ഗ്രീക്കു പാഠങ്ങളുടെ വിപുലമായ തെളിവുകൾ ഇതു ബഹുവചനരൂപമാണെന്ന് ഉറപ്പായി പ്രസ്താവിക്കുന്നു (പുതിയനിയമത്തിൽ ഇവിടെ മാത്രമേ ഈ പദത്തിന്റെ ബഹുവചനരൂപം കാണപ്പെടുന്നുള്ളു; UBS[4] ഇതിന് A റേറ്റ് നൽകുന്നു. ഇതിനർത്ഥം ഈ വചനം യേശുവിലുള്ള വിശ്വാസികളെ സൂചിപ്പിക്കുന്നവെന്നാണ് (ഒ. നോ. 3:15; 1 പത്രൊ. 1:3, 23), അതുകൊണ്ട്, ഇത് വർഗ്ഗപരമായ ശ്രേഷ്ഠതയെയോ മനുഷ്യന്റെ ലൈംഗിക പിൻഗാമിയെയോ (ആക്ഷ. "രക്തത്താൽ") അല്ല സൂചിപ്പിക്കുന്നത്, പിന്നെയോ തന്റെ പുത്രനിൽ വിശ്വസിക്കുന്നവരെ ദൈവം തിരഞ്ഞെടുത്ത് അടുപ്പിക്കുന്നതിനെയാണ് (ഒ. നോ. 6:44, 65). ദൈവത്തിന്റെ പരമാധികാരത്തിന്റെയും മാനുഷിക പ്രതികരണത്തിന്റെ ആവശ്യകയുടെയും സന്തുലനമാണ് വാ. 12, 13 വെളിപ്പെടുത്തുന്നത്.

ഊന്നൽ കൊടുക്കുന്നതിനായി ഗ്രീക്കിൽ വാചകത്തിന്റെ അവസാനഭാഗത്താണ് ക്രിയ (സാമാന്യ കർമ്മണി സൂചകം) ചേർത്തിരിക്കുന്നത്. വീണ്ടുംജനനത്തിൽ (അതായത് അവസാന വാചകത്തിന്റെ ഭാഗമായ "ദൈവത്തിൽനിന്നത്രേ" എന്നത്. ഒ. നോ. 6:44,65) ദൈവത്തിന്റെ പരമാധികാരത്തിന്റെയും മുൻകയ്യെടുക്കലിന്റെയും പങ്കിനെ ഇത് എടുത്തുകാണിക്കുന്നു.

**യോഹന്നാൻ 1:14–14**

[14]വചനം ജഡമായിത്തീർന്നു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. [15]യോഹന്നാൻ അവനെക്കുറിച്ചു സാക്ഷീകരിച്ചു: എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പായി തീർന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ എന്നു വിളിച്ചുപറഞ്ഞു. [16]അവന്റെ നിറവിൽനിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു. [17]ന്യായപ്രമാണം മോശെമുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. [18]ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, എന്നാൽ പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.

**1:14 "വചനം ജഡമായി തീർന്നു"** ക്രിസ്ത്യാനിത്വത്തെ ഗ്രീക്ക് ജാതീയ ചിന്തയുമായി ലയിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഗ്നോസ്റ്റിക്കുകളുടെ ദുരുപദേശത്തെ യോഹന്നാൻ ആക്രമിക്കുകയാണ്. ഇമ്മാനുവേൽ എന്ന വാഗ്ദത്തിന്റെ നിവൃത്തിയായ (ഒ.നോ. യെശ. 7:14) യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിരുന്നു (ഒ.നോ. 1 യോഹ. 4:1–3). വീണുപോയ മനുഷ്യരുടെ ഇടയിൽ ഒരു മനുഷ്യനെപ്പോലെ ദൈവം വസിച്ചു(ആക്ഷ. "കൂടാരമടിച്ചു"). "ജഡം" എന്ന പദം പൗലൊസിന്റെ എഴുത്തുകളിലേതുപോലെ പാപസ്വഭാവത്തെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ല.

## പ്രത്യേക പഠനവിഷയം: ജഡം (*സാർക്സ് - σαρξ*)

ഇത് മാനുഷിക ജ്ഞാനത്തെയോ ലോകനിലവാരത്തെയോ സൂചിപ്പിക്കുന്നു (ഒ.നോ. 1 കൊരി. 1:20; 2:6, 8; 3:18). പൗലൊസിന്റെ എഴുത്തുകളിൽ "ജഡം" (*സാർക്സ് - σαρξ*) എന്ന പദം നിരവധി അർത്ഥത്തിൽ ഉപയോഗിക്കുന്നു

1. മനുഷ്യ ശരീരം (ഒ. നോ. റോമ. 2:28; 1 കൊരി. 5:5; 7:28)
2. മനുഷ്യ പിൻഗാമി (അതായത് അപ്പൻ-മകൻ, ഒ. നോ. റോമ. 1:3; 4:1; 1 കൊരി. 10:18)
3. മനുഷ്യവർഗ്ഗം മുഴുവനായി (ഒ. നോ. 1 കൊരി. 1:26, 29)
4. ഉല്പത്തി 3 ലെ മനുഷ്യവർഗ്ഗത്തിന്റെ വീഴ്ച നിമിത്തമുള്ള മാനുഷിക ബലഹീനത (ഒ. നോ. റോമ . 6:19; 7:18)

▣ **"നമ്മുടെ ഇടയിൽ പാർത്തു"** അക്ഷരീകമായി ഇത് "പാർപ്പിടം ഇട്ടു" എന്നാണ്. ഇതിന് മരുഭൂമിയിലെ പ്രയാണത്തിന്റെയും സമാഗമകൂടാരത്തിന്റെയും കാലഘട്ടത്തിൽനിന്നുമുള്ള ഒരു യെഹൂദ പശ്ചാത്തലമുണ്ട് (ഒ. നോ. വെളി. 7:15; 21:3). ഈ മരുഭൂമിയുടെ അനുഭവത്തെ പിൽക്കാലത്ത് യെഹൂദന്മാർ യഹോവയുടെയും യിസ്രായേലിന്റെയും "മധുവിധു കാലഘട്ടം" എന്നു വിളിച്ചു. ഈ കാലഘട്ടത്തിലെപ്പോലെ ദൈവം യിസ്രായേലിനോട് ഇത്രയും അടുത്തിരുന്ന മറ്റൊരു സമയം ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിൽ യിസ്രായേലിനു വഴികാട്ടിയ പ്രത്യേക ദൈവിക മേഘത്തെ സൂചിപ്പിച്ചിരുന്ന യെഹൂദ പദം "*ഷെഖൈന*" എന്നതായിരുന്നു. അതിനർത്ഥം "കൂടെ വസിക്കുക" എന്നാണ്.

▣ **"ഞങ്ങൾ അവന്റെ തേജസ്സ് ... കണ്ടു"** പഴയ നിയമത്തിലെ *കാബോദ്* (തേജസ്സ്) ഇപ്പോൾ മൂർത്തിമത്ഭാവം പൂണ്ടു, അഥവാ ജഡമെടുത്തു. ഇത് സൂചിപ്പിക്കുന്നത് (1) യേശുവിന്റെ ജീവിതത്തിൽ സംഭവിച്ച മറുരൂപപ്പെടലോ, സ്വർഗ്ഗാരോഹണമോ പോലുള്ള ഒന്നാണ് (അതായത് അപ്പൊസ്തലിക സാക്ഷ്യം, ഒ. നോ. 2 പത്രൊ. 1:16–17) അല്ലെങ്കിൽ (2) അദൃശ്യനായ യഹോവ ഇപ്പോൾ ദൃശ്യനും മുഴുവനായി അറിയപ്പെടുന്നവനുമായി തീർന്നിരിക്കുന്നു. 1 യോഹ. 1:1–4 ലേതുപോലെ തന്നേയുള്ള ഊന്നലാണിണ്. ഇതും ആത്മാവും ഭൗതികവും തമ്മിലുള്ള വൈരുദ്ധ്യത്തെക്കുറിച്ചുള്ള ഗ്നോസ്റ്റിക് ദുരുപദേശ പഠിപ്പിക്കലിനെതിരെ യേശുവിന്റെ മനുഷ്യത്വത്തെ ഊന്നിപ്പറയുന്നതാണ്.

പഴയനിയമത്തിൽ "തേജസ്സ്" എന്നതിന് സർവ്വസാധാരണമായി ഉപയോഗിക്കുന്ന എബ്രായപദം (*കാബോദ്* BDB 458) യഥാർത്ഥത്തിൽ ഒരു വ്യാപാരസംബന്ധമായി ഉപയോഗിക്കുന്ന പദമായിരുന്നു (ഇത് തുലാസിനെയാണു സൂചിപ്പിച്ചിരുന്നത്). അക്ഷരീകമായി "കനമുള്ള" എന്നർത്ഥം. കനമുള്ളത് വിലയുള്ളതും മൂല്യവത്തുമായിരിക്കും. മിക്കപ്പോഴും ദൈവത്തിന്റെ മഹത്വത്തെ പ്രകടിപ്പിക്കുന്നതിനായി ഈ പദത്തോടൊപ്പം പ്രകാശത്തെയും ചേർത്തു പറഞ്ഞിരുന്നു (അതായത്, ആദ്യമായി സീനായി പർവ്വതത്തിൽവെച്ച് അന്ത്യകാലസംബന്ധിയായ വെളിച്ചമായി 'ഷെഖൈന' എന്ന മേഘത്തെ സൂചിപ്പിക്കുവാൻ, ഒ. നോ. പുറ. 13:21–22; 24:17; യെശ. 4:5; 60:1–2). അവൻ മാത്രമാണ് യോഗ്യനും ബഹുമാന്യനും. വീണുപോയ മനുഷ്യവർഗ്ഗത്തിന് ദർശിക്കുവാൻ കഴിയാത്തവണ്ണം അവൻ തേജസ്സേറിയവനാണ് (ഒ. നോ. പുറ. 33:17–23; യെശ. 6:5). ക്രിസ്തു മുഖാന്തരം മാത്രമേ ദൈവത്തെ ശരിയായി അറിയുവാൻ കഴികയുള്ളു (ഒ. നോ. യിരെ. 1:14; മത്താ. 17:2; എബ്രാ. 1:3; യാക്കോ. 2:1).

"തേജസ്സ്" എന്ന പദം ഏതാണ്ട് അവ്യക്തമാണ്.

1. ഇത് "ദൈവത്തിന്റെ നീതിക്ക്" സമാന്തരമാകാം
2. ഇത് ദൈവത്തിന്റെ "പരിശുദ്ധി" യെയും "പൂർണ്ണത"യേയും സൂചിപ്പിക്കുന്നതാകാം

3. ഇത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതും പിന്നീട് പാപത്തിലൂടെ മലിനമാക്കപ്പെട്ടതുമായ ദൈവത്തിന്റെ സ്വരൂപത്തെ സൂചിപ്പിക്കുന്നതാകാം (ഒ. നോ. ഉല്പ. 1:26-27; 5:1; 9:6)

തന്റെ ജനത്തോടുകൂടെയുള്ള യഹോവയുടെ സാന്നിദ്ധ്യത്തെ (മേഘം) സൂചിപ്പിക്കുന്നതിന് ഇത് ആദ്യമായി ഉപയോഗിച്ചു (ഒ. നോ. പുറ. 16:7, 10; ലേവ്യ. 9:23; സംഖ്യ. 14:10).

## പ്രത്യേക പഠനവിഷയം: തേജസ്സ് (ഡോക്സാ-*δοξα*)

"തേജസ്സ്" എന്ന വേദപുസ്തക ആശയം നിർവ്വചിക്കുക എളുപ്പമല്ല. വിശ്വാസികളുടെ മഹത്വം/തേജസ്സ് എന്നത് സുവിശേഷവും ദൈവത്തിലുള്ള മഹത്വവും മനസ്സിലാക്കുക എന്നതാണ് (ഒ. നോ. 1:29-31; യിരെ. 9:23-24).

പഴയ നിയമത്തിൽ "തേജസ്സ്" (*കാബോദ്* BDB 217) എന്നതിനുള്ള സർവ്വസാധരണമായ എബ്രായപദം ഒരു തുലാസിനോടു ബന്ധപ്പെടുന്ന വാണിജ്യസംബന്ധമായ പദമായിരുന്നു ("കനമുള്ളത്"). കനമുള്ളത് വിലയുള്ളതും മൂല്യവത്തുമായിരിക്കും. മിക്കപ്പോഴും ദൈവത്തിന്റെ മഹത്വത്തെ പ്രകടിപ്പിക്കുന്നതിനായി ഈ പദത്തോടൊപ്പം പ്രകാശത്തെയും ചേർത്തു പറഞ്ഞിരുന്നു (ഒ. നോ. പുറ. 13:21-22; 24:17; യെശ. 4:5; 60:1-2). അവൻ മാത്രമാണ് യോഗ്യനും ബഹുമാന്യനും. വീണുപോയ മനുഷ്യവർഗ്ഗത്തിന് ദർശിക്കുവാൻ കഴിയാത്ത വണ്ണം അവൻ തേജസ്സേറിയവനാണ് (ഒ. നോ. പുറ. 33:17-23; യെശ. 6:5). ക്രിസ്തു മുഖാന്തരം മാത്രമേ യഹോവയെ ശരിയായി അറിയുവാൻ കഴികയുള്ളു (ഒ. നോ. യിരെ. 1:14; മത്താ. 17:2; എബ്രാ. 1:3; യാക്കോ. 2:1).

"തേജസ്സ്" എന്ന പദം ഏതാണ്ട് അവ്യക്തമാണ്.

1. ഇത് "ദൈവത്തിന്റെ നീതിക്ക്" സമാന്തരമാകാം
2. ഇത് ദൈവത്തിന്റെ "പരിശുദ്ധി" യെയും "പൂർണ്ണത"യെയും സൂചിപ്പിക്കുന്നതാകം
3. ഇത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതും പിന്നീട് പാപത്തിലൂടെ മലിനമാക്കപ്പെട്ടതുമായ ദൈവത്തിന്റെ സ്വരൂപത്തെ സൂചിപ്പിക്കുന്നതാകാം (ഒ. നോ. ഉല്പ. 1:26-27; 5:1; 9:6). തന്റെ ജനത്തോടുകൂടെയുള്ള യഹോവയുടെ സാന്നിദ്ധ്യത്തെ (മേഘം) സൂചിപ്പിക്കുന്നതിന് ഇത് ആദ്യമായി ഉപയോഗിച്ചു (ഒ. നോ. പുറ. 16:7, 10; ലേവ്യ. 9:23; സംഖ്യ. 14:10).

**NASB, NKJV** **"പിതാവിൽ നിന്നും ഏകജാതനായവന്റെ തേജസ്സായി"**
**NRSV** **"ഒരു പിതാവിന്റെ ഏകമകന്റെ തേജസ്സായി"**
**TEV** **"പിതാവിന്റെ ഒരേയൊരു മകനെന്ന നിലയിൽ അവൻ പ്രാപിച്ച തേജസ്സ്"**
**NJB** **"പിതാവിന്റെ ഒരേയൊരു മകനെന്ന നിലയിൽ അവനു ലഭിച്ച തേജസ്സ്"**

"ഏക" (*മോണോഗെനെസ്-μονογενης*) എന്ന ഈ പദത്തിനർത്ഥം "അതുല്യമായ," "ഒരു ഇനത്തിലുള്ള ഒന്ന്" എന്നാണ് (ഒ. നോ. 3:16,18; 1 യോഹ 4:9; എഫ്. എഫ്. ബ്രൂസിന്റെ *ആൻസേഴ്സ് ടു ക്വസ്റ്റ്യൻസ്*, പേജ് 24 -25 കാണുക). ലത്തീൻ വൾഗേറ്റ് ഇതിനെ "ഏകജാതൻ" (only begotten) എന്നു പരിഭാഷപ്പെടുത്തുകയും നിർഭാഗ്യവശാൽ പഴയ ഇംഗ്ലീഷ് പരിഭാഷകൾ അതിനെ അതേപടി പകർത്തുകയും ചെയ്തു (ഒ. നോ. ലൂക്കൊ. 7:12; 8:42; 9:38; എബ്രാ. 11:17). ഏകത്വത്തിനും അതുല്യതയ്ക്കുമാണ് ഇവിടെ ഊന്നൽ നൽകുന്നത്, ലൈംഗിക തലമുറയ്ക്കല്ല.

▣ **"പിതാവ്"** പഴയനിയമം ദൈവത്തെ പിതാവ് എന്ന നിലയിലുള്ള കുടുംബപരമായ ഉറ്റബന്ധത്തിന്റെ സാദൃശ്യത്തിൽ പരിചയപ്പെടുത്തുന്നു.

1. യിസ്രായേൽ ജനതയെ യഹോവയുടെ "മകൻ" എന്ന് പലപ്പോഴും ചിത്രീകരിച്ചിരിക്കുന്നു (ഒ. നോ. ഹോശേ. 11:1; മലാ. 3:17)
2. ആവർത്തനത്തിന്റെ ആദ്യഭാഗത്ത് പോലും ദൈവത്തെ പിതാവെന്ന നിലയിൽ പറഞ്ഞിരിക്കുന്നു (1:31)
3. ആവർത്തനം 32-ൽ യിസ്രായേലിനെ "അവന്റെ മക്കൾ" എന്നും ദൈവത്തെ "നിങ്ങളുടെ പിതാവ്" എന്നും വിളിച്ചിരിക്കുന്നു
4. ഈ സാദൃശ്യം സങ്കീ. 103:13 ൽ പ്രസ്താവിക്കുകയും സങ്കീ. 68:5 ൽ (അനാഥർക്കു പിതാവ്) വിപുലമാക്കുകയും ചെയ്തിരിക്കുന്നു
5. ഇത് പ്രവാചക ഗ്രന്ഥങ്ങളിൽ സാധാരണമായി കാണാം (ഒ. നോ. യെശ. 1:2; 63:8; യിസ്രായേൽ മകനായും ദൈവം പിതാവായും, 63:16; 64:8; യിരെ. 3:4, 19; 31:9).

യേശു ഈ ദൃഷ്ടാന്തം എടുത്ത് താഴെപ്പറയുന്ന വാക്യങ്ങളിൽ ആഴമായ കുടുംബ കൂട്ടായ്മയിലേക്ക് ഇതിന്റെ ആഴം വർദ്ധിപ്പിച്ചു: യോഹ. 1:14, 18; 2:16; 3:35; 4:21, 23; 5:17,18,19,20,21,22,23,26,36,37,43,45; 6:27,32,37, 44,45,46,57; 8:16,19,27,28,38,42,49,54; 10:15,17,18,25,29,30,32,36,37,38; 11:41; 12:26,27,28,49,50; 13:1; 14:2,6,7,8,9,10,11,12,13,16,20,21, 23,24,26,28,31; 15:1,8,9,10,15,16,23,24,26; 16:3,10,15,17,23,25,26,27,28,32; 17:1,5,11,21,24,25; 18:11; 20:17,21)!

▣ **"കൃപയും സത്യവും നിറഞ്ഞവനായി"** ഈ സംയുക്ത പ്രയോഗം, പുറ. 34:6; നെഹെ. 9:17; സങ്കീ. 103:8 എന്നിവിടങ്ങളിൽ ഉപയോഗിക്കപ്പെടുകയും, വിപുലമാക്കപ്പെടുകയും ചെയ്തിരിക്കുന്ന പഴയനിയമ പദങ്ങളായ

*ഹേസെദ്* (ഉടമ്പടി സ്നേഹവും കൂറും), *എമെത്ത്* (വിശ്വാസ്യത) എന്നിവയെ പിന്തുടർന്നാണ് ഉപയോഗിച്ചിട്ടുള്ളത്. ഇവ രണ്ടും സദൃ. 16:6 ൽ ഒരുമിച്ചു വരുന്നു. ഇത് പഴയനിയമ ഉടമ്പടികളുടെ ബന്ധത്തിൽ യേശുവിന്റെ സ്വഭാവത്തെ വിശദികരിക്കുന്നു (ഒ. നോ. വാ. 1:17). 6:55 ലും 17:3 ലും സത്യത്തെ സംബന്ധിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ആർദ്രസ്നേഹം (*ഹേസെദ്*)

ഈ പദത്തിന് വിശാലമായ അർത്ഥ മണ്ഡലം ഉണ്ട്. ബി.ഡി.ബി ഇതിനെ ഇപ്രകാരം വിശദീകരിക്കുന്നു (338 –339)

A. മനുഷ്യരോടുള്ള ബന്ധത്തിൽ
1. സഹമനുഷ്യരോടുള്ള ദയ (ഉദാ. 1 ശമൂ. 20:14; 2 ദിന. 24:22)
2. ദരിദ്രരോടും അഗതികളോടുമുള്ള ദയ (ഉദാ. മീഖാ 6:8)
3. വാത്സല്യം (ഒ. നോ. യിരെ. 2:2; ഹോശേ. 6:4)
4. ഭാവപ്രകടനം (ഒ. നോ. യെശ. 40:6)

B. ദൈവത്തോടുള്ള ബന്ധത്തിൽ
1. ഉടമ്പടി കൂറും സ്നേഹവും
   a. “ശത്രുക്കളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നുമുള്ള മോചനത്തിൽ” (ഉദാ. യിരെ. 31:3; എസ്രാ 27:28; 9:9)
   b. “മരണത്തിൽ നിന്നുള്ള ജീവന്റെ സംരക്ഷണത്തിൽ” (ഉദാ. ഇയ്യോ. 10:12; സങ്കീ. 86:13)
   c. “ആത്മീയ ജീവൻ ജ്വലിപ്പിക്കുന്നതിൽ” (ഉദാ. സങ്കീ. 119:41,76,88,124,149,150)
   d. “പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പിൽ” (ഒ. നോ. സങ്കീ. 25:7; 51:3)
   e. “ഉടമ്പടികൾ പാലിക്കുന്നതിൽ” (ഉദാ. 2 ദിന. 6:14; നെഹെ. 1:5; 9:32)
2. ഒരു ദൈവിക ഗുണവിശേഷത്തെ വിവരിക്കുന്നു (ഉദാ. പുറ. 34:6; മീഖാ 7:20)
3. ദൈവത്തിന്റെ ദയ
   a. “സമൃദ്ധി” (ഉദാ. നെഹ. 9:17; സങ്കീ 103:8)
   b. “വിശാലമായ വ്യാപ്തി” (ഉദാ. പുറ 20:6, ആവ. 5:10; 7:9)
   c. “നിത്യമായത്” (ഉദാ. 1 ദിന:16:34,41; 2 ദിന. 5:13; 7:3,6; 20:21; എസ്രാ 3:11)
4. ദയാപ്രവൃർത്തികൾ (ഉദാ. 2 ദിന. 6:42; സങ്കീ. 89:2; സങ്കീ. 89:2; യെശ. 55:3; 63:7; വിലാ. 3:22)

## പ്രത്യേക പഠനവിഷയം:

### പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം, വിശ്വസ്തത (אמן)

I. പ്രാരംഭ പ്രസ്താവന

പുതിയ നിമയത്തിലെ വളരെ നിർണ്ണായകമായ ഈ ദൈവശാസ്ത്ര ആശയം പഴയനിയമത്തിൽ വ്യക്തമായി നിർവചിക്കപ്പെട്ടിട്ടില്ല എങ്കിലും തെരഞ്ഞെടുക്കപ്പെട്ട ചില പ്രത്യേക വേദഭാഗങ്ങളിലും വ്യക്തികളിലും പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.

പഴയനിയമ ഇടകലരൽ

1. വ്യക്തിയും സമൂഹവും
2. വ്യക്തിപരമായ കണ്ടുമുട്ടലും ഉടമ്പടിയുടെ അനുസരണവും

വിശ്വാസം എന്നത് വ്യക്തിപരമായ കണ്ടുമുട്ടലും ദൈനംദിന ജീവിതശൈലിയുമാണ്. ഒരു ശബ്ദകോശമുപയോഗിച്ചുള്ള പഠനത്തെക്കാൾ (അതായത് പദപഠനത്തെക്കാൾ) ഒരു വ്യക്തിയിൽ അത് വിവരിക്കുന്നതാണ് ഏറെയെളുപ്പം.

1. അബ്രഹാമും അവന്റെ സന്തതിയും
2. ദാവീദും യിസ്രായേലും

എന്നിവയിലൂടെ ഈ വ്യക്തിപരമായ വിഷയം വളരെ നന്നായി വിശദീകരിക്കാനാവും.

ഈ വ്യക്തികൾ ദൈവത്തെ കണ്ടുമുട്ടുകയും അവരുടെ ജീവിതം സ്ഥിരമായി വ്യത്യാസപ്പെടുകയും ചെയ്തു (പൂർണ്ണതയുള്ള ജീവിതമല്ല, പിന്നെയോ വിശ്വാസത്തിൽ തുടരുന്ന അവസ്ഥ). പരിശോധന അവരുടെ വിശ്വാസത്തിന്റെ ബലവും ബലഹീനതയും വെളിപ്പെടുത്തി, എങ്കിലും വിശ്വാസമർപ്പിക്കുന്ന ഉറ്റബന്ധം കാലങ്ങളെ അതിജീവിച്ചു നീണ്ടു നിന്നു. അത് പരിശോധിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്തു, എങ്കിലും അത് അവരുടെ ഭക്തിയിലൂടെയും ജീവിതശൈലിയിലൂടെയും തെളിയിക്കപ്പെട്ടുകൊണ്ട് തുടർന്നു വന്നു.

II. ഉപയോഗിച്ചിരിക്കുന്ന മൂല പദം

A. אמן (BDB 52)

1. ക്രിയ

a. *ഖാൽ* മൂലപദം – പിൻതാങ്ങുക, പോഷിപ്പിക്കുക (അതാ. 2 രാജാ. 10:1, 5; എസ്ഥേർ 2:7, ദൈവശാസ്ത്രപരമല്ലാത്ത ഉപയോഗം)

b. *നിഫാൽ* മൂലപദം – തീർച്ചപ്പെടുത്തുക അഥവാ ഉറപ്പിക്കുക, സ്ഥാപിക്കുക, നിശ്ചയിക്കുക, വിശ്വസ്തരായിരിക്കുക അഥവാ വിശ്വാസയോഗ്യതയുള്ളതായിരിക്കുക

(1) മനുഷ്യരുടെ, യെശ. 8:2; 53:1; യിരെ. 40:14

(2) വസ്തുക്കളുടെ, യെശ. 22:23

(3) ദൈവത്തിന്റെ, ആവ. 7:9,12; യെശ. 49:7; യിരെ. 42:5

c. *ഹിഫിൽ* മൂലപദം – ഉറച്ചുനിൽക്കുക, വിശ്വസിക്കുക, ആശ്രയിക്കുക

(1) അബ്രഹാം ദൈവത്തെ വിശ്വസിച്ചു, ഉല്പ. 15:6

(2) മിസ്രയീമിലുള്ള യിസ്രായേല്യർ വിശ്വസിച്ചു, പുറ. 4:31; 14:31 (ആവർത്തനത്തിൽ നിരാകരിച്ചിരിക്കുന്നു, 1:32)

(3) യഹോവ മോശെയിലൂടെ സംസാരിച്ചുവെന്നു യിസ്രായേല്യർ വിശ്വസിച്ചു, പുറ. 19:9; സങ്കീ. 106:12, 24

(4) ആഹാസ് ദൈവത്തിൽ ആശ്രയിച്ചില്ല, യെശ. 7:9

(5) അത്/അവനിൽ വിശ്വസിക്കുന്ന ഏവനും, യെശ. 28:16

(6) ദൈവത്തെക്കുറിച്ചുള്ള സത്യം വിശ്വസിക്കുക, യെശ. 43:10–12

2. നാമം (പുല്ലിംഗം) – വിശ്വസ്തത (അതാ. ആവ. 32:20; യെശ. 25:1; 26:2)

3. ക്രിയാവിശേഷണം – സത്യമായും, വാസ്തവമായും, ഞാൻ അംഗീകരിക്കുന്നു, അത് അങ്ങനെ ആയിരിക്കട്ടെ (ഒ. നോ. ആവ. 27:15–26; 1 രാജാ. 1:36; 1 ദിന. 16:36; യെശ. 65:16; യിരെ. 11:5; 28:6). ഇത് പഴയ നിയമത്തിലെയും പുതിയനിയമത്തിലെയും പ്രാർത്ഥനയിലെ “ആമേൻ” ആണ്.

B. אמנה (BDB 54) സ്ത്രീലിംഗ നാമം, ഉറപ്പ്, വിശ്വസ്തത, സത്യം

1. മനുഷ്യരുടെ, യെശ. 10:20; 42:3; 48:1

2. ദൈവത്തിന്റെ, പുറ. 34:6; സങ്കീ. 117:2; യെശ. 38:18,19; 61:8

3. സത്യത്തിന്റെ, ആവ. 32:4; 1 രാജാ. 22:16; സങ്കീ. 33:4; 98:3; 100:5; 119:30; യിരെ. 9:4; സെഖ. 8:16

C. אמונה (BDB 53). ഉറപ്പ്, സ്ഥിരത, വിശ്വസ്തത

1. കൈകളുടെ, പുറ. 17:12

2. കാലങ്ങളുടെ, യെശ. 33:6

3. മനുഷ്യരുടെ, യിരെ. 5:3; 7:28; 9:2

4. ദൈവത്തിന്റെ, സങ്കീ. 40:11; 88:12; 89:2,3,6,9; 119:138

III. ഈ പഴയനിയമ ആശയത്തെ പൗലൊസ് ഉപയോഗിച്ച വിധം

A. ദമസ്കോസിന്റെ പടിവാതിൽക്കലെ തന്റെ യേശുവുമായുള്ള കൂടിക്കാഴ്ചയിൽ പഴയനിയമത്തെപ്പറ്റിയും യഹോവയെപ്പറ്റിയും തനിക്കു ലഭിച്ച പുതിയ അറിവിനെ പൗലൊസ് അടിസ്ഥാനപ്പെടുത്തുന്നു (ഒ. നോ. പ്രവൃ. 9:22; 26).

B. אמנה മൂലപദമുപയോഗിക്കുന്ന രണ്ട് പ.നി. താക്കോൽ വചനങ്ങളിലാണ് താൻ തന്റെ പുതിയ അറിവിന് പഴയനിയമ പിന്തുണ കണ്ടെത്തിയത്.

1. ഉല്പ. 15:6 – അനുസരണയുള്ള ഒരു വിശ്വാസജീവിതത്തിന് അബ്രാഹാമിനെ പ്രേരിപ്പിച്ചതും (ഉല്പ. 12–22) ദൈവം മുൻകയ്യെടുത്തു നടത്തിയതുമായ (ഉല്പ. 12) അബ്രഹാമിന്റെ വ്യക്തിപരമായ കൂടിക്കാഴ്ച. റോമർ 4 ലും ഗലാത്യർ 3 ലും പൗലൊസ് ഇതിനെക്കുറിച്ചു സൂചിപ്പിക്കുന്നു.

2. യെശ. 28:16 – അതിൽ വിശ്വസിക്കുന്നവർ (അതായത്, ദൈവത്തിന്റെ പരിശോധിക്കപ്പെട്ടതും ഉറപ്പായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമായ മൂലക്കല്ല്) ഒരുനാളും

a. റോമ. 9:33, “ലജ്ജിച്ചുപോകയില്ല” അഥവാ “നിരാശപ്പെടുകയില്ല”

b. റോമ. 10:11, മേൽപറഞ്ഞതുതന്നെ

3. ഹബ. 2:4 - വിശ്വസ്തനായ ദൈവത്തെ അറിയുന്നവർ വിശ്വസ്തമായ ജീവിതം നയിക്കേണം (ഒ. നോ. യിരെ. 7:28). റോമ. 1:17 ലും ഗലാ. 3:11 ലും പൗലൊസ് ഈ വേദഭാഗം ഉപയോഗിക്കുന്നു (എബ്രാ. 10:38 കൂടി കാണുക).

VI. പഴയനിയമ ആശയത്തെ പത്രൊസ് ഉപയോഗിച്ച വിധം

A. പത്രൊസ് സംയോജിപ്പിക്കുന്നു

1. യെശ. 8:14 - 1 പത്രൊ. 2:8 (തടങ്ങൽപാറ)
2. യെശ. 28:16 - 1 പത്രൊ. 2:6 (മൂലക്കല്ല്)
3. സങ്കീ. 111:22 - 1 പത്രൊ. 2:7 (തള്ളിക്കളഞ്ഞ കല്ല്)

B. യിസ്രായേലിനെപ്പറ്റി വിവരിക്കുന്നതിനുപയോഗിച്ച "തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും" എന്ന അതുല്യമായ ഭാഷ താഴെപ്പറയുന്ന വചനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്

1. ആവ. 10:15; യെശ. 43:21
2. യെശ. 61:6; 66:21
3. പുറ. 19:6; ആവ. 7:6

ക്രിസ്തുവിലുള്ള സഭയുടെ വിശ്വാസത്തെ സൂചിപ്പിക്കുവാൻ ഇപ്പോൾ ഇത് ഉപയോഗിക്കുന്നു

V. ഈ ആശയത്തെ യോഹന്നാൻ ഉപയോഗിച്ച വിധം

A. അതിന്റെ പുതിയനിയമ ഉപയോഗം

"വിശ്വസിക്കുക" എന്ന പദം (പിസ്റ്റെയോ-*πιστευω*) എന്ന ഗ്രീക്കുപദത്തിൽ നിന്നുമുള്ളതാണ്, ഇത് "വിശ്വസിക്കുക" "വിശ്വാസം" "ആശ്രയം" എന്നിങ്ങനെയും പരിഭാഷപ്പെടത്താം. ഉദാഹരണത്തിന്, ഇതിന്റെ നാമരൂപം യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നില്ല. എന്നാൽ ക്രിയ മിക്കപ്പോഴും ഉപയോഗിക്കപ്പെട്ടിരിക്കുന്നു. യോഹ. 2:23-25 ൽ പുരുഷാരത്തിന് മശിഹായെന്ന നിലയിൽ നസറായനായ യേശുവിനോടുള്ള സമർപ്പണത്തിന്റെ വിശ്വാസീയതയിൽ ഉറപ്പില്ലായ്മയുണ്ട്. "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപരിപ്ലവമായ ഉപയോഗത്തിനുള്ള മറ്റ് ഉദാഹരണങ്ങൾ യോഹ. 9:31-39 ലും പ്രവൃ. 8:13, 18-24 ലും കാണാം. യഥാർത്ഥ വേദപുസ്തക വിശ്വാസമെന്നത് പ്രാഥമിക പ്രതികരണത്തിലുമുപരിയായ ഒന്നാണ്. അതിനെത്തുടർന്ന് ഉറപ്പായും ഒരു ശിഷ്യത്വത്തിന്റെ പ്രക്രിയ ഉണ്ടാകേണം (ഒ. നോ. മത്താ. 13:20-22, 31-32).

B. ഗതികളോടൊപ്പം ഇതിന്റെ ഉപയോഗം

1. *എയിസ്* (*εις*) അർത്ഥം "അതിലേക്ക്" ഈ അതുല്യമായ ഘടന വിശ്വാസികൾ യേശുവിൽ അവരുടെ വിശ്വാസം/ആശ്രയം അർപ്പിക്കുന്നതിനെ ഊന്നിപ്പറയുന്നു
   a. അവന്റെ നാമത്തിൽ (യോഹ. 1:12; 2:23; 3:18; 1 യോഹ. 5:13)
   b. അവനിൽ (യോഹ. 2:11; 3:15,18; 4:39; 6:40; 7:5,31,39,48; 8:30; 9:36; 10:42; 11:45,48; 17:37,42; മത്താ. 18:6; പ്രവൃ. 10:43; ഫിലി. 1:29; 1 പത്രൊ. 1:8)
   c. എന്നിൽ (യോഹ. 6:35; 7:38; 11:25,26; 12:44,46; 14:1,12; 16:9; 17:20)
   d. പുത്രനിൽ (യോഹ. 3:36; 9:35; 1 യോഹ. 5:10)
   e. യേശുവിൽ (യോഹ. 12:11; അപ്പൊ. 19:4; ഗലാ. 2:16)
   f. വെളിച്ചത്തിൽ (യോഹ. 12:36)
   g. ദൈവത്തിൽ (യോഹ. 14:1)
2. *എൻ* - *εν* അർത്ഥം, യോഹ. 3:15; മർക്കൊ. 1:15; പ്രവൃ. 5:14 എന്നീ വാക്യങ്ങളിലേതുപോലെ "ഇൽ"
3. *എപി* - *επι* അർത്ഥം, മത്താ. 27:42; പ്രവൃ. 9:42; 11:17; 16:31; 22:19; റോമ. 4:5,24; 9:33; 10:11; 1 തിമൊ. 1:16; 1 പത്രൊ. 2:6 എന്നീ വാക്യങ്ങളിലേതുപോലെ "ഇൽ" അല്ലെങ്കിൽ "മേൽ"
4. ഗലാ. 3:6; പ്രവൃ. 18:8; 27:25; 1 യോഹ. 3:23; 5:10 എന്നിവിടങ്ങളിലേതുപോലെ ഗതികൂടാതെയുള്ള, പ്രതിഗ്രാഹിക വിഭക്തി.
5. *ഹോട്ടി* - *ὅτι* അർത്ഥം, "അതു വിശ്വസിക്കുക," എന്തു വിശ്വസിക്കണമെന്ന സൂചന നൽകുന്നു
   a. യേശു ദൈവത്തിന്റെ പരിശുദ്ധനാണ് (യോഹ. 6:69)
   b. യേശു ഞാനാകുന്നവൻ ആണ് (യോഹ. 8:24).
   c. യേശു പിതാവിലും പിതാവ് യേശുവിലും (യോഹ. 10:38)

d. യേശു ക്രിസ്തുവാണ് (യോഹ. 11:27; 20:31)

e. യേശു ദൈവപുത്രനാണ് (യോഹ. 11:27; 20:31).

f. യേശു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് (യോഹ. 11:42; 17:8,21).

g. യേശുവും പിതാവും ഒന്നാണ് (യോഹ. 14:10-11).

h. യേശു പിതാവിൽ നിന്നു വന്നു (യോഹ. 16:27,30)

i. പിതാവിന്റെ ഉടമ്പടിയുടെ നാമമായ "ഞാനാകുന്നവൻ" എന്നതിനോട് യേശു തന്നെത്താൻ താദാത്മ്യപ്പെടുത്തുന്നു (യോഹ. 8:24; 13:9)

j. നാം അവനോടുകൂടെ ജീവിക്കും (റോമ. 6:8)

k. യേശു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു (1 തെസ്സ. 4:14)

IV. ഉപസംഹാരം

ഒരു ദൈവിക വചനത്തോടോ/ വാഗ്ദത്തോടോ ഉള്ള മാനുഷിക പ്രതികരണമാണ് വേദപുസ്തക വിശ്വാസം. ദൈവം എപ്പോഴും മുൻകൈയെടുക്കുന്നു (അതാ. യോഹ. 6:44, 65), എന്നാൽ ഈ ദൈവിക ആശയ വിനിമയത്തിന്റെ ഭാഗം മാനുഷിക പ്രതികരണത്തിന്റെ അനിവാര്യതയാണ്.

A. ആശ്രയം

B. ഉടമ്പടിയുടെ അനുസരണം

വേദപുസ്തക വിശ്വാസം

1. ഒരു വ്യക്തിപരമായ ബന്ധമാണ് (പ്രാഥമിക വിശ്വാസം)
2. ദൈവിക സത്യങ്ങളുടെ ഒരു ഉറപ്പാക്കൽ (ദൈവിക വെളിപ്പാടിലുള്ള വിശ്വാസം)
3. അതിനോടുള്ള ഒരു അനുയോജ്യമായ അനുസരണ പ്രതികരണം (ദൈനംദിന വിശ്വാസം)

വേദപുസ്തക വിശ്വാസം സ്വർഗ്ഗത്തിലേക്കുള്ള ഒരു പ്രവേശന ടിക്കറ്റോ ഇൻഷുറൻസ് പോളിസിയോ അല്ല. അതൊരു വ്യക്തിപരമായ ബന്ധമാണ്. ഇതാണ് സൃഷ്ടിയുടെയും മനുഷ്യവർഗ്ഗം ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിന്റെയും ഉദ്ദേശ്യം (ഒ. നോ. ഉല്പ. 1:26-27). "അടുത്ത സ്നേഹബന്ധം" ആണ് വിഷയം. ദൈവം ആഗ്രഹിക്കുന്നത് ഒരു പ്രത്യേക ദൈവശാസ്ത്രത്തിനുള്ള വിശ്വാസമല്ല, പിന്നെയോ കൂട്ടായ്മയാണ്! വിശുദ്ധനായ ദൈവത്തോടുള്ള കൂട്ടായ്മയ്ക്ക് മക്കൾ കുടുംബ "സ്വഭാവം" കാണിക്കേണ്ടത് അനിവാര്യമാണ് (അതാ. വിശുദ്ധി, ഒ. നോ. ലേവ്യ. 19:2; മത്താ. 5:48; 1 പത്രൊ. 1:15-16). വീഴ്ച (ഒ. നോ. ഉല്പ. 3) അനുകൂലമായി പ്രതികരിക്കുന്നതിനുള്ള നമ്മുടെ കഴിവിനെ ബാധിച്ചു. അതുകൊണ്ട് ദൈവം, നമുക്ക് ഒരു "പുതിയ ഹൃദയവും പുതിയ ആത്മാവും" നൽകിക്കൊണ്ട് (ഒ. നോ. യെഹെ. 36:27-38) നമുക്കുവേണ്ടി പ്രവർത്തിച്ചു. ഇവ വിശ്വാസത്തിലൂടെയും അനുതാപത്തി ലൂടെയും അവനോട് കൂട്ടായ്മ ആചരിക്കുവാനും അവനെ അനുസരിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു!

ഇവ മൂന്നും നിർണ്ണായകമാണ്. ഇവ മൂന്നും പാലിക്കപ്പെടേണ്ടതാണ്. ലക്ഷ്യം ദൈവത്തെ അറിയുക എന്നതും (ഗ്രീക്ക്, എബ്രായ അർത്ഥങ്ങളിൽ) നമ്മുടെ ജീവിതത്തിൽ അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുകയെന്നതുമാണ്. വിശ്വാസത്തിന്റെ ലക്ഷ്യം എന്നെങ്കിലും സ്വർഗ്ഗം പ്രാപിക്കുക എന്നതല്ല, പിന്നെയോ ഓരോ ദിവസവും ക്രിസ്തുതുല്യമായി ജീവിക്കുക എന്നതാണ്.

മനുഷ്യന്റെ വിശ്വസ്തത ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനമല്ല (പഴയനിയമം) മറിച്ച് ഫലമാണ് (പുതിയനിയമം): അവന്റെ വിശ്വസ്തതയിലുള്ള മനുഷ്യന്റെ വിശ്വാസം; അവന്റെ വിശ്വാസ യോഗ്യതയിലുള്ള മനുഷ്യന്റെ ആശ്രയം. ദൈവം തുടങ്ങിവെച്ചതും ക്രിസ്തുവിൽ വെളിപ്പെട്ടതുമായ കൃപയോടും കരുണയോടും മനുഷ്യർ പ്രാരംഭമായും തുടർച്ചയായും പ്രതികരിക്കണമെന്നുള്ളതാണ് പുതിയനിയമ രക്ഷാ വീക്ഷണത്തിന്റെ കാതൽ. അവൻ സ്നേഹിച്ചു, അവൻ അയച്ചു, അവൻ ലഭ്യമാക്കി യിരിക്കുന്നു; നാം വിശ്വാസത്തിലും വിശ്വസ്തതയിലും പ്രതികരിക്കേണം (ഒ. നോ. എഫെ. 2:8,9,10)!

തന്നെ അവിശ്വസ്ത ലോകത്തിന് വെളിപ്പെടുത്തിക്കൊടുപ്പാനും അവരെ തന്നിലുള്ള വ്യക്തിപരമായ വിശ്വാസത്തിലേക്കു കൊണ്ടുവരുവാനുമാണ് വിശ്വസ്തനായ ദൈവം വിശ്വസ്തരായ ഒരു ജനത്തെക്കുറിച്ച് ആഗ്രഹിക്കുന്നത്.

**1:15 "അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു"** യേശുവിന്റെ പൂർവ്വാസ്തികൃത്തെപ്പറ്റിയുള്ള യോഹന്നാൻ സ്നാപകന്റെ ശക്തമായ ഉറപ്പിന്റെ ഉപദേശമാണിത് (ഒ. നോ. 1:1; 8:56-59; 16:28; 17:5; 2 കൊരി. 8:9; ഫിലി. 2:6-7; കൊലൊ. 1:17; എബ്രാ. 1:3; 10:5-8). പൂർവ്വാസ്തിക്യ ഉപദേശവും മുൻകൂട്ടി പറയുന്ന പ്രവചനവും ഉറപ്പാക്കുന്നത്, ചരിത്രത്തിനു മുകളിലും അപ്പുറവുമായവനെങ്കിലും ചരിത്രത്തിനുള്ളിൽ പ്രവർത്തിക്കുന്നവനായ ഒരു ദൈവം ഉണ്ടെന്നാണ്. ഇത് വേദപുസ്തക/ക്രിസ്തീയ ലോക വീക്ഷണത്തിന്റെ അവിഭാജ്യഘടകമാണ്.

▣ ഈ വചനഭാഗം കുഴപ്പം പിടിച്ചതാണെന്നു മാത്രമല്ല, ഈ വേദഭാഗത്തെ വ്യക്തമാക്കുന്നതിനും സരളമാക്കുന്നതിനുമായി നിരവധി പകർപ്പെഴുത്തു ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ബ്രൂസ് എം. മെറ്റ്സ്ഗറിന്റെ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റ്മെന്റ്* പേജ് 197-198 കാണുക.

ഗ്രീക്ക് ക്രിയകളുടെ കാലങ്ങൾ വ്യവസ്ഥാവിധേയമാക്കാൻ കഴികയില്ല എന്നതിന് ഒരു നല്ല ഉദാഹരണം കൂടി ആണിത്. ഇത് വർത്തമാനകാലത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഭൂതകാല പ്രവൃത്തിയാണ്. അനുബന്ധം ഒന്ന് കാണുക.

**1:16-18** യോഹന്നാന്റെ സുവിശേഷത്തിന്റെ സവിശേഷതകളിലൊന്ന്, എങ്ങനെ ലേഖകൻ തന്റെ സ്വന്തം അഭിപ്രായങ്ങളോടെ ചരിത്രസംഭവം, സംഭാഷണം, അഥവാ പഠിപ്പിക്കൽ എന്നിവയിലേക്ക് ഭേദിച്ചുകടക്കുന്നുവെന്നതാണ്. മിക്കപ്പോഴും യേശുവിന്റെയും മറ്റു വ്യക്തികളുടെയും യോഹന്നാന്റെയും വാക്കുകൾ വേർതിരിച്ചെടുക്കുക അസാധ്യമാണ്. പണ്ഡിതന്മാരിലധികവും വിശ്വസിക്കുന്നത് വാ. 16-19 ലേഖകനായ യോഹന്നാന്റെ അഭിപ്രായമാണെന്നാണ് (ഒ. നോ. 3:14-21).

**1:16 "നിറവ്"** ഇത് ഗ്രീക്ക് പദമായ *പ്ലീറോമ* (*πληρωμα*) ആണ്. ഉന്നതനായ ദൈവത്തിന്റെയും താഴ്ന്ന ആത്മീയ ജീവികളുടെയും മധ്യത്തിലുള്ള ദൂതന്മാരായ അയിയോണുകളെ വിവരിക്കുന്നതിനായി ഗ്നോസ്റ്റിക്ക് ദുരുപദേഷ്ടാക്കൾ ഈ പദം ഉപയോഗിച്ചു. യേശുവാണ് ദൈവത്തിനും മനുഷ്യർക്കും മധ്യേയുള്ള ഏക മധ്യസ്ഥൻ (അതായത്, സത്യമായതും ഏക നിറവും) (ഒ. നോ. കൊലൊ. 1:19; 2:9; എഫെ. 1:23; 4:13). യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ആദ്യകാല ഗ്നോസ്റ്റിക് കാഴ്പ്പാടിനെ വീണ്ടും അപ്പൊസ്തലനായ യോഹന്നാൻ ആക്രമിക്കുന്നതായി കാണുന്നു.

▣

| | |
|---|---|
| **NASB, NRSV** | **"കൃപമേൽ കൃപ"** |
| **NKJV** | **"കൃപയ്ക്കുവേണ്ടി കൃപ"** |
| **TEV** | **"നമുക്ക് ഒന്നിനു പുറകെ മറ്റൊന്നായി അനുഗ്രഹം നൽകുന്നു"** |
| **NJB** | **"ഒന്നിനു പകരം മറ്റൊരു ദാനം"** |

വ്യാഖ്യാനപരമായ ചോദ്യം കൃപ എന്നതിനെ എങ്ങനെ മനസ്സിലാക്കണമെന്നുള്ളതാണ്. അത്

1. രക്ഷയ്ക്കായി ക്രിസ്തുവിലുള്ള ദൈവത്തിന്റെ കരുണയാണോ?
2. ക്രിസ്തീയ ജീവിതത്തിനായുള്ള ദൈവത്തിന്റെ കരുണയാണോ?
3. ക്രിസ്തുവിലൂടെയുള്ള പുതിയ ഉടമ്പടിയിലെ ദൈവത്തിന്റെ കരുണയാണോ?

താക്കോൽ ചിന്ത "കൃപ" ആണ്; യേശുവിന്റെ ജഡധാരണത്തിൽ ദൈവത്തിന്റെ കൃപ അത്ഭുതകരമായി നൽകപ്പെട്ടിരിക്കുന്നു. വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ "ഉവ്വ്" ആണ് യേശു (ഒ. നോ. 2 കൊരി. 1:20).

**1:17 "ന്യായപ്രമാണം"** മോശെയുടെ ന്യായപ്രമാണം മോശമല്ലായിരുന്നു, എന്നാൽ അത് പൂർണ്ണമായ ഒരു രക്ഷ ലഭ്യമാക്കുന്നതിനായി ഒരുക്കുന്നതും അപൂർണ്ണവുമായിരുന്നു (ഒ. നോ. 5:39-47; ഗലാ. 3:23-29; റോമർ 4). എബ്രായലേഖനവും മോശെയുടെയും യേശുവിന്റെയും പ്രവൃത്തി/വെളിപ്പാട്/ഉടമ്പടികൾ എന്നിവയെ താരതമ്യം ചെയ്യുകയും വൈരുദ്ധ്യം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

## പ്രത്യേക പഠനവിഷയം: മോശെയുടെ ന്യായപ്രമാണം സംബന്ധിച്ച് പൗലൊസിന്റെ കാഴ്ചപ്പാട്

ഇത് നല്ലതും ദൈവത്തിൽ നിന്നുള്ളതുമാണ് (ഒ. നോ. റോമ. 7:12,16)

A. ഇത് നീതിയിലേക്കും ദൈവിക അംഗീകാരത്തിലേക്കുമുള്ള വഴിയല്ല (ഇത് ഒരു ശാപം പോലും ആയിത്തീരാം, ഒ. നോ. ഗലാ. 3).
B. ഇത് ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാകയാൽ ഇത് ഇപ്പോഴും വിശ്വാസികളെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതമാണ് (വിശ്വാസികൾക്ക് പാപബോധം വരുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിക്കപ്പോഴും പൗലൊസ് പ.നി. ഉദ്ധരിക്കാറുണ്ട്).
C. പഴയനിയമത്താൽ വിശ്വാസികൾക്ക് അറിവ് ലഭിക്കുന്നു (ഒ. നോ. റോമ. 4:23-24; 15:4; 1 കൊരി. 10:6-11) എങ്കിലും പഴയനിയമത്താൽ രക്ഷ പ്രാപിക്കുന്നില്ല (ഒ. നോ. പ്രവൃത്തികൾ 15; റോമർ 4; ഗലാത്യർ 3; എബ്രായർ)
D. പുതിയ ഉടമ്പടയിൽ ഇത് പ്രവർത്തിക്കുന്നു:
   1. പാപമയത്വത്തെ കാണിക്കുന്നതിന് (ഒ. നോ. ഗലാ. 3:15-29)
   2. വീണ്ടെടുക്കപ്പെട്ട മനുഷ്യനു സമൂഹത്തിൽ വഴികാട്ടുവാൻ
   3. ധാർമ്മിക തീരുമാനങ്ങളെപ്പറ്റി വിശ്വാസിയെ അറിയിക്കുവാൻ

ശാപത്തിൽ നിന്നും മരണത്തിൽ നിന്നും അനുഗ്രഹത്തിലേക്കും സ്ഥിരതയിലേക്കും കടക്കുന്നതു സംബന്ധിച്ച് ഈ ദൈവശാസ്ത്രപരമായ പ്രകാശചിത്രമാണ് മോശെയുടെ ന്യായപ്രമാണത്തെപ്പറ്റിയുള്ള പൗലൊസിന്റെ വീക്ഷണം മനസ്സിലാക്കുന്നതിനുള്ള ശ്രമത്തിൽ പ്രശ്നത്തിനു കാരണമാകുന്നത്. *ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ* എന്ന ഗ്രന്ഥത്തിൽ ജെയിംസ് സ്റ്റുവാർട്ട് പൗലൊസിന്റെ പരസ്പര വിരുദ്ധമായ ചിന്തയും എഴുത്തും ചൂണ്ടിക്കാണിക്കുന്നു:

"ഒരു ചിന്താസരണിയും ഉപദേശവും കെട്ടിപ്പടുക്കാൻ തന്നെത്താൻ ഒരുക്കുന്ന ഒരു വ്യക്തിയെപ്പറ്റി നിങ്ങൾ സാധാരണമായ പ്രതീക്ഷിക്കുന്നത് താൻ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളുടെ അർത്ഥങ്ങൾ കഴിയുന്നിടത്തോളം സ്ഥിരപ്പെടുത്തുക എന്നതാണ്. തന്റെ പ്രധാന ആശയങ്ങളുടെ വാചകശൈലിയുടെ കൃത്യതയിൽ താൻ ലക്ഷ്യം വയ്ക്കണമെന്ന് നിങ്ങൾ പ്രതീക്ഷിക്കും. എഴുത്തുകാരൻ ഒരു പ്രത്യേക അർത്ഥത്തിൽ ഒരിക്കൽ ഉപയോഗിച്ച ഒരു വാക്ക് ആ ഗ്രന്ഥത്തിലുടനീളം ആ അർത്ഥം തന്നെ വഹിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടും. എന്നാൽ പൗലൊസിൽ നിന്നും ഇത് പ്രതീക്ഷിക്കുന്നവർ നിരാശപ്പെടും. തന്റെ വാചകശൈലി മിക്കവാറും അയഞ്ഞതും ദൃഢതയില്ലാത്തതുമാണ് ... "കല്പന വിശുദ്ധമാണ്" താൻ എഴുതുന്നു, "ഉള്ളംകൊണ്ടു ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു" (ഒ. നോ. റോമ. 7:12, 22). എന്നാൽ ഇത് വ്യക്തമായും "ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വിലെക്കു വാങ്ങി" എന്ന് മറ്റൊരിടത്ത് തന്നെക്കൊണ്ടു പറയിപ്പിക്കുന്ന *നോമോസ് ന്റെ* മറ്റൊരു വശമാണ് (ഒ. നോ. ഗലാ. 3:13)" (പേജ് 26).

▣ **"കൃപ"** ഇത് സൂചിപ്പിക്കുന്നത് വീണുപോയ മനുഷ്യവർഗ്ഗത്തോടുള്ള അർഹിക്കാത്തതും യോഗ്യതയില്ലാത്തതുമായ ദൈവത്തിന്റെ സ്നേഹത്തെയാണ് (ഒ. നോ. എഫെ. 2:8). പൗലൊസിന്റെ എഴുത്തുകളിൽ വളരെ പ്രധാനപ്പെട്ട ഈ പദം (*ഖാറിസ്-χαρις*) യോഹന്നാന്റെ സുവിശേഷത്തിൽ ഈ ഖണ്ഡികയിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു (ഒ. നോ. 1:14,16,17). ദൈവനിശ്വാസീയതയുടെ കീഴിൽ പുതിയനിയമ എഴുത്തുകാർക്ക് അവരുടെ സ്വന്തം വാക്കുകളും സാദൃശ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. യിരെ. 31:31-34; യെഹെ. 36:22-38 ഭാഗങ്ങളിലെ "പുതിയ ഉടമ്പടി" യേശു സാക്ഷാത്കരിച്ചു.

▣ **"സത്യം"** ഇത് ഉപയോഗിച്ചിരിക്കുന്നത് (1) വിശ്വസ്തത അഥവാ (2) വ്യാജത്തിനെതിരായ സത്യം (ഒ. നോ. 1:14; 8:32; 14:6) എന്നീ അർത്ഥത്തിലാണ്. കൃപയും സത്യവും യേശു മുഖാന്തരം വന്നു എന്നതു ശ്രദ്ധിക്കുക (ഒ. നോ. വാ. 14). 17:3 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"യേശു"** ആമുഖത്തിലെ മറിയയുടെ മകന്റെ മാനുഷികനാമത്തിന്റെ ആദ്യ ഉപയോഗമാണിത്. പൂർവ്വാസ്തിക്യമുള്ള പുത്രൻ ഇപ്പോൾ ജഡമെടുത്ത പുത്രൻ ആയിത്തീർന്നിരിക്കുന്നു!

**1:18 "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല"** ചിലർ പറയുന്നത് ഇത് പുറ. 33:20-23 ന് വിപരീതമായിരിക്കുന്നുവെന്നാണ്. എന്നിരുന്നാലും പുറപ്പാട് വേദഭാഗത്തിലെ എബ്രായപദം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ ഭൗതിക ദൃശ്യത്തെയല്ല പിന്നെയോ പ്രഭാവലയത്തെയാണ്. ഈ വാക്യത്തിന്റെ ഊന്നൽ യേശു ദൈവത്തെ പൂർണ്ണ മായി വെളിപ്പെടുത്തുന്നുവെന്നതാണ് (ഒ. നോ. 14:8 മുതൽ). പാപിയായ ഒരു മനുഷ്യനും ദൈവത്തെ കണ്ടിട്ടില്ല (ഒ. നോ. 6:46; 1 തിമൊ. 6:16; 1 യോഹ. 4:12,20).

നസറായനായ യേശുവിലുള്ള ദൈവത്തിന്റെ അതുല്യമായ വെളിപ്പെടുത്തലിനെയാണ് ഈ വാക്യം ഊന്നിപ്പറയുന്നത്. അവൻ ദൈവത്തിന്റെ ഏകവും പൂർണ്ണവുമായ സ്വയം-വെളിപ്പെടുത്തലാണ്. യേശുവിനെ അറിയുകയെന്നത് ദൈവത്തെ അറിയലാണ്. പിതാവിന്റെ പരമമായ വെളിപ്പെടുത്തലാണ് യേശു. അവനെ കൂടാതെ ദൈവത്തെ പൂർണ്ണമായി അറിയാനാവില്ല (ഒ. നോ. കൊലൊ. 1:15-19; എബ്രാ. 1:2-3). യേശു പിതാവിനെ "കാണുക"യും വിശ്വാസികൾ അവനിലൂടെ (അവന്റെ ജീവിതം, വചനങ്ങൾ, പ്രവൃത്തികൾ എന്നിവയിലൂടെ) പിതാവിനെ "കാണുകയും" ചെയ്യുന്നു. അദൃശ്യനായ ദൈവത്തിന്റെ മുഴുവനായും പൂർണ്ണമായുമുള്ള വെളിപ്പെടുത്തലാണ് അവൻ (ഒ. നോ. കൊലൊ. 1:15; എബ്രാ. 1:3).

▣

| | |
|---|---|
| **NASB** | **"ഏകജാതനായ ദൈവം"** |
| **NKJV** | **"ഏകജാതനായ പുത്രൻ"** |
| **NRSV** | **"ഇത് ദൈവത്തിന്റെ ഒരേയൊരു പുത്രൻ"** |
| **TEV** | **"ഏക പുത്രൻ"** |
| **NJB** | **"ഇത് ഏക പുത്രൻ"** |

1:14 ലെ *മോണോഗെനീസ്* (*μονογενης*) എന്നതിന്റെ കുറിപ്പ് കാണുക. യേശു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. 1:1 ലെ പൂർണ്ണ കുറിപ്പ് കാണുക.

ഇവിടെ ഗ്രീക്ക് കൈയ്യെഴുത്തു പ്രതികളിൽ വൈരുധ്യമുണ്ട്. ആദിമ ഗ്രീക്ക് കയ്യെഴുത്തുപ്രതികളായ $P^{66}$, $P^{75}$, B, C എന്നിവയിൽ *തെയോസ് (θεος - ദൈവം)* എന്നു ചേർത്തിരിക്കുമ്പോൾ A, $C^3$ എന്നിവകളിൽ ദൈവം എന്നതിനു പകരം "പുത്രൻ" എന്നാണു ചേർത്തിരിക്കുന്നത്. $UBS^4$ "ദൈവം" എന്നതിനു നൽകുന്ന റേറ്റ് 'ബി' ആണ് (മിക്കവാറും ഉറപ്പായത്). യോഹ. 3:16,18; 1 യോഹ. 4:9 എന്നീ വാക്യങ്ങളിലെ "ഏകജാതനായ

പുത്രൻ" എന്നതിന്റെ ഓർമ്മയിൽ പകർപ്പെഴുത്തുകാർ "പുത്രൻ" എന്ന പദം ചേർത്തിരിക്കാനാണ് സാധ്യത. (ഒ. നോ. ബ്രൂസ് എം. മെറ്റ്സ്ഗറിന്റെ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* പേജ് 198). ഇത് യേശുവിന്റെ സമ്പൂർണ്ണവും മുഴുവനായുമുള്ള ദൈവത്വത്തിന്റെ ഉറപ്പിക്കലാണ്! ഈ വാക്യത്തിൽ യേശുവിന് മൂന്ന് പേരുകൾ ഉണ്ടായിരിക്കുവാനുള്ള സാധ്യത കാണുന്നുണ്ട്: (1) ഏകജാതൻ, 2) ദൈവം, 3) പിതാവിന്റെ മടിയിലിരുന്നവൻ.

യാഥാസ്ഥിതിക പകർപ്പെഴുത്തുകാർ ഈ ഭാഗത്ത് മാറ്റം വരുത്തിയിരിക്കാനുള്ള സാധ്യത സംബന്ധിച്ച് താല്പ ര്യജനകമായ ഒരു ചർച്ച ബാർട്ട് ഡി. എഹർമാൻസിന്റെ *ദ ഓർത്തഡോക്സ് കറപ്ഷൻ ഓഫ് ദ സ്ക്രിപ്ച്ചർ* പേജ് 78-82 ൽ കാണാം.

▣ **"പിതാവിന്റെ മടിയിൽ ഇരിക്കുന്ന"** വാ. 1, 2 ലെ "ദൈവത്തോടുകൂടെ" എന്ന ശൈലിയോട് അർത്ഥത്തിൽ സമാനതയുള്ളതാണിത്. ഇത് ഏറ്റവും അടുത്ത കൂട്ടായ്മയെപ്പറ്റി സംസാരിക്കുന്നു. ഇത് (1) അവന്റെ പൂർവാ സ്തിക്യ കൂട്ടായ്മയെയോ (2) അവന്റെ പുനഃസ്ഥാപിക്കപ്പെട്ട കൂട്ടായ്മയെയോ (അതായത് സ്വർഗ്ഗാരോഹണം) സൂചിപ്പിക്കുന്നു.

**NASB** **"അവൻ *അവനെ* വിശദീകരിച്ചിരിക്കുന്നു"**
**NKJV** **"അവൻ *അവനെ* പ്രഖ്യാപിച്ചിരിക്കുന്നു"**
**NRSV, NJB** **"അവനെ വെളിപ്പെടുത്തിയിരിക്കുന്നവൻ"**
**TEV** **"അവൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു"**

1:18 ൽ ഉപയോഗിച്ചിരിക്കുന്ന, മുഴുവനായുള്ളതും പൂർത്തീകരിക്കപ്പെട്ടതുമായ വെളിപ്പാട് എന്നർത്ഥം വരുന്ന ഗ്രീക്കു പദത്തിൽ നിന്നാണ് "എക്സിജീസിസ്" (ആക്ഷ. "പുറത്തേക്കു നയിക്കുക;" ഭാഷ്യം/വ്യാഖ്യാനം -മല യാളം) എന്ന പദം നമുക്ക് ലഭിച്ചിരിക്കുന്നത്. യേശുവിന്റെ പ്രധാന ദൗത്യങ്ങളിലൊന്ന് പിതാവിനെ വെളിപ്പെടു ത്തുക എന്നതായിരുന്നു (ഒ. നോ യോഹ. 14:7-10; എബ്രാ. 1:2-3). യേശുവിനെ കാണുന്നതും അറിയുന്നതും പിതാവിനെ കാണുന്നതും അറിയുന്നതുമായിരുന്നു (പാപികളെ സ്നേഹിക്കുന്നത്, ബലഹീനരെ സഹായിക്കുന്നത്, ഭ്രഷ്ടരെ സ്വീകരിക്കുന്നത്, സ്ത്രീകളെയും കുട്ടികളെയും കൈക്കൊള്ളുന്നത്).

ഗ്രീക്കിൽ ഈ പദം ഉപയോഗിച്ചിരുന്നത് ഒരു സന്ദേശത്തെയോ, സ്വപ്നത്തെയോ, വചനത്തെയോ വ്യാഖ്യാ നിക്കുന്നവരെപ്പറ്റി പറയുന്നതിനായിരുന്നു. യെഹൂദന്മാർക്കും ജാതികൾക്കും പ്രത്യേക അർത്ഥമുള്ള ഒരു വാക്ക് ഇവിടെ യോഹന്നാൻ വീണ്ടും ഉപയോഗിക്കുന്നു (വാ. 1 ലെ *ലോഗോസ്* പോലെ). ആമുഖ പ്രസ്താവനകൊണ്ട് യെഹൂദനെയും യവനനെയും തമ്മിൽ ബന്ധപ്പെടുത്തുവാനാണ് യോഹന്നാൻ ശ്രമിക്കുന്നത്. ഈ വാക്കിനർത്ഥം:

1. യെഹൂദന്മാരെ സംബന്ധിച്ച് ന്യായപ്രമാണം വിശദീകരിക്കുന്നവൻ/വ്യാഖ്യാനിക്കുന്നവൻ
2. യവനന്മാരെ സംബന്ധിച്ച് ദൈവങ്ങളെ വിശദീകരിക്കുന്നവൻ/വ്യാഖ്യാനിക്കുന്നവൻ

യേശുവിൽ, യേശുവിൽ മാത്രം മനുഷ്യൻ പിതാവിനെ പൂർണ്ണമായി കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെ ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിക്കാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. *ലോഗോസ്* എന്ന പദത്തെയും അതിന്റെ മതപരവും മതേതരവും വേദപുസ്തകപരവുമായ ഉപയോഗങ്ങളെ യും നിർവ്വചിക്കുക.
2. യേശുവിന്റെ പൂർവ്വാസ്തിക്യപ്പറ്റിയുള്ള ഉപദേശം വളരെ പ്രധാനപ്പെട്ടതായിരിക്കുന്നതെന്തുകൊണ്ട്?
3. രക്ഷയിൽ മനുഷ്യവർഗ്ഗത്തിന്റെ പങ്കെന്താണ്? എങ്ങനെയാണ് ഒരുവൻ യേശുവിനെ സ്വീകരിക്കുന്നത്?
4. വചനം ജഡമായിത്തീരേണ്ടത് അനിവാര്യമായിരുന്നതെന്തുകൊണ്ട്?
5. ഈ വേദഭാഗത്തിന്റെ രൂപരേഖ തയ്യാറാക്കുന്നത് ബുദ്ധിമുട്ടേറിയതായിരിക്കുന്നതെന്തുകൊണ്ട്?
6. യേശുവിനെപ്പറ്റി വിവരിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വിവിധ ദൈവശാസ്ത്ര സത്യങ്ങളുടെ പട്ടിക തയ്യാറാ ക്കുക (കുറഞ്ഞത് 8 എണ്ണം)
7. എന്തുകൊണ്ടാണ് വാ. 18 വളരെ പ്രധാനപ്പെട്ടതായിരിക്കുന്നത്?

# വാ. 19–51 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. സ്നാപക യോഹന്നാനെ സംബന്ധിച്ചുള്ള ഈ വേദഭാഗം ആദിമസഭയിലെ രണ്ട് തെറ്റിദ്ധാരണകളെ കൈകാര്യം ചെയ്യുന്നു.
   1. യോഹന്നാൻ സ്നാപകനെ ചുറ്റിപ്പറ്റി ഉയർന്നു വന്നതും വാ. 6–9,20,21, 23; 3:22–36 ൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തത്.
   2. ക്രിസ്തുവിന്റെ ആളത്വത്തെ സംബന്ധിച്ചുള്ളതും വാ. 32–34 ൽ കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നതും. ഗ്നോസ്റ്റിസിസത്തിന്റെ ഇതേ ദുരുപദേശത്തെ 1 യോഹ. 1 ൽ ആക്രമിച്ചിട്ടുണ്ട്. 1 യോഹന്നാൻ ഒരു പക്ഷെ യോഹന്നാന്റെ സുവിശേഷത്തെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കുറിപ്പായിരിക്കാം.

B. യോഹന്നാൻ സ്നാപകനാലുള്ള യേശുവിന്റെ സ്നാനം സംബന്ധിച്ച് യോഹന്നാന്റെ സുവിശേഷം നിശബ്ദത പാലിക്കുന്നു. യേശുവിന്റെ ജീവിതത്തെപ്പറ്റിയുള്ള യോഹന്നാന്റെ വിവരണത്തിൽ സഭയുടെ കൂദാശകളായ സ്നാനം, കർത്തൃമേശ എന്നിവ ശ്രദ്ധേയമാം വിധം ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഈ ഒഴിവാക്കലിന് സാധ്യതയുള്ള കുറഞ്ഞതു രണ്ട് കാരണങ്ങൾ ഉണ്ട്:
   1. ആദിമ സഭയിൽ വിശുദ്ധകൂദാശയുടെ ഉയർച്ച, ക്രിസ്ത്യാനിത്വത്തിന്റെ ഈ ഘടകത്തിന് ഊന്നൽ നൽകാ തിരിക്കാൻ യോഹന്നാനെ പ്രേരിപ്പിച്ചു. തന്റെ സുവിശേഷം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആചാരത്തിലല്ല ബന്ധത്തിലാണ്. സ്നാനം, കർത്തൃമേശ എന്നീ രണ്ട് കൂദാശകളെപ്പറ്റി താൻ ചർച്ച ചെയ്യുകയോ അവ യെ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. വളരെ പ്രതീക്ഷിച്ച ഒന്നിന്റെ അസാന്നിധ്യം വളരെയധികം ശ്രദ്ധിക്കും.
   2. മറ്റു സുവിശേഷ രചയിതാക്കൾക്ക് വളരെക്കാലത്തിനു ശേഷമായി എഴുതുന്ന യോഹന്നാൻ, അവർക്ക് ഒരു അനുബന്ധമായാണ് ക്രിസ്തുവിന്റെ ജീവിതത്തെപ്പറ്റിയുള്ള തന്റെ വിവരണം ഉപയോഗിക്കുന്നത്. സമവീക്ഷണ സുവിശേഷങ്ങളെല്ലാം ഈ കൂദാശകളെ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ യോഹന്നാൻ ഇതിനെ ചുറ്റിപ്പറ്റിയുള്ള സംഭവങ്ങളെക്കുറിച്ചുള്ള അധിക വിവരങ്ങൾ മാത്രമേ നൽകുന്നുള്ളൂ. ഒരുദാഹരണം, മാളികമുറിയിൽ നടന്ന സംഭവങ്ങളും സംഭാഷണങ്ങളും വിശദീകരിക്കുന്നുവെങ്കിലും യഥാർത്ഥ അത്താഴത്തെക്കുറിച്ച് പറയുന്നതേയില്ല (അധ്യായങ്ങൾ 13–17).

C. ഈ വിവരണത്തിൽ ഊന്നൽ കൊടുക്കുന്നത് യേശുവിന്റെ ആളത്വത്തെപ്പറ്റിയുള്ള യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തിനാണ്. യോഹന്നാൻ താഴെക്കാണുന്ന ക്രിസ്തുശാസ്ത്രപരമായ പ്രസ്താവനകൾ നടത്തുന്നു.
   1. യേശു ദൈവത്തിന്റെ കുഞ്ഞാടാണ് (വാ. 29). യേശുവിനുള്ള ഈ പേര് ഇവിടെയും വെളിപ്പാടുപുസ്തകത്തിലും മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ
   2. യേശു പൂർവ്വാസ്തിക്യമുള്ളവനായിരുന്നു (വാ. 30)
   3. യേശു പരിശുദ്ധാത്മാവിനെ വാങ്ങി നൽകുന്നവനാണ് (വാ. 33)
   4. യേശു ദൈവപുത്രനാണ് (വാ. 34)

D. യേശുവിന്റെ ആളത്വത്തെയും പ്രവൃത്തിയെയും പറ്റിയുള്ള സത്യങ്ങൾ വികസിതമായത് താഴെപ്പറയുന്നവരുടെ വ്യക്തിപരമായ സാക്ഷ്യത്തിലൂടെയാണ്:
   1. യോഹന്നാൻ സ്നാപകൻ
   2. അന്ത്രെയാസും ശിമോനും
   3. ഫിലിപ്പൊസും നഥനയേലും

   സുവിശേഷത്തിലുടനീളം കാണുന്ന ഒരു സാധാരണ സാഹിത്യസമ്പ്രദായമായിത്തീർന്നു. യേശുവിനെപ്പറ്റിയുള്ളതോ, യേശുവിനോടുകൂടെയുള്ളതോ ആയ ഇരുപത്തിയേഴ് സംഭാഷണങ്ങളോ സാക്ഷ്യങ്ങളോ കാണാം.

# പദ, ശൈലി പഠനം

**യോഹന്നാൻ 1:19–23**

**[19]നീ ആർ എന്നു യോഹന്നാനോടു ചോദിക്കേണ്ടതിന്നു യെഹൂദന്മാർ യെരൂശലേമിൽനിന്നു പുരോഹിതന്മാരെയും ലേവ്യരെയും അവന്റെ അടുക്കൽ അയച്ചപ്പോൾ അവന്റെ സാക്ഷ്യം എന്തെന്നാൽ: [20]"ഞാൻ ക്രിസ്തു അല്ല" എന്നു ഏറ്റു പറഞ്ഞു [21]പിന്നെ എന്ത്? നീ ഏലിയാവോ? എന്നു അവനോടു ചോദിച്ചതിന്നു: അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു. [22]അവർ അവനോടു: നീ ആരാകുന്നു? ഞങ്ങളെ അയച്ചവരോടു ഉത്തരം പറയേണ്ടതിന്നു നീ നിന്നെക്കുറിച്ചു തന്നേ എന്തുപറയുന്നു? എന്നു ചോദിച്ചു. [23]അതിന്നു അവൻ: "യെശയ്യാപ്രവാചകൻ പറഞ്ഞതുപോലെ കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു എന്നു പറഞ്ഞു.**

**1:19 "യെഹൂദന്മാർ"** യോഹന്നാനിൽ ഇത് സൂചിപ്പിക്കുന്നത് (1) യേശുവിനോട് ശത്രുതയുള്ള യെഹൂദ്യയിലെ ജനങ്ങളെയോ (2) യെഹൂദ മതനേതാക്കളെയോ മാത്രമാണ് (ഒ. നോ. 2:18; 5:10; 7:13; 9:22; 12:42; 18:12; 19:38; 20:19). ഒരു യെഹൂദൻ മറ്റു യെഹൂദന്മാരെപ്പറ്റി ഇപ്രകാരം ആക്ഷേപകരമായി സംസാരിക്കുമായിരുന്നില്ല എന്നാണ് ചില പണ്ഡിതന്മാർ പറയുന്നത്. എന്നിരുന്നാലും എ.ഡി. 90 ലെ ജാമ്നിയ കൗൺസിലിനുശേഷം ക്രിസ്ത്യാനിത്വത്തിനെതിരായുള്ള യെഹൂദന്മാരുടെ എതിർപ്പ് രൂക്ഷമായിത്തീർന്നു.

യെഹൂദാഗോത്രത്തിൽ നിന്നുള്ള ഒരുവൻ എന്ന അർത്ഥത്തിലാണ് "യെഹൂദൻ" എന്ന വാക്ക് അടിസ്ഥാനപരമായി ഉണ്ടായത്. ബി. സി. 922 ൽ പന്ത്രണ്ട് ഗോത്രങ്ങൾ പിരിഞ്ഞതിനുശേഷം തെക്കു ഭാഗത്തുള്ള മൂന്നു ഗോത്രങ്ങൾക്ക് യെഹൂദാ എന്ന പേരു ലഭിച്ചു. യിസ്രായേൽ, യെഹൂദാ എന്നീ രണ്ടു രാജ്യങ്ങളും പ്രവാസത്തിലേക്കു പോയെങ്കിലും വളരെ കുറച്ചുപേർ, കൂടുതലും യെഹൂദയിൽനിന്നുള്ളവർ, ബി. സി. 538 ലെ കോരെശിന്റെ വിളംബരത്തെത്തുടർന്ന് മടങ്ങിവന്നു. തുടർന്ന് പാലസ്തിനിലും മെഡിറ്ററേനിയൻ പ്രദേശങ്ങളിലും ചിതറിപ്പാർത്തിരുന്ന യാക്കോബിന്റെ സന്തതികളെ യെഹൂദൻ എന്നു വിളിക്കാനാരംഭിച്ചു.

യോഹന്നാനിൽ ഈ പദം മിക്കവാറും നിഷേധാത്മകമാണ്, എങ്കിലും അതിന്റെ സാധാരണ ഉപയോഗം 2:6 ലും 4:22 ലും കാണാം.

▣ **"പുരോഹിതന്മാരും ലേവ്യരും"** യോഹന്നാൻ സ്നാപകൻ പൗരോഹിത്യ കുടുംബാംഗമായിരുന്നു എന്നു വ്യക്തമാണ് (ഒ. നോ. ലൂക്കൊ. 1:5 മുതൽ). ഇത് യോഹന്നാന്റെ സുവിശേഷത്തിലെ "ലേവ്യർ" എന്ന ഏക പദപ്രയോഗമാണ്. അവർ ദൈവാലയത്തിലെ പടയാളികൾ ആയിരിക്കാൻ ഇടയുണ്ട്. ഇവർ യെരുശലേമിലെ മതാധികാരികളാൽ അയയ്ക്കപ്പെട്ട "സത്യാന്വേഷികളുടെ" ഔദ്യോഗികസംഘമായിരുന്നു (ഒ. നോ. വാ. 24). പുരോഹിതന്മാരും ലേവ്യന്മാരും പൊതുവെ സദൂക്യരും ശാസ്ത്രിമാർ പരീശന്മാരുമായിരുന്നു (ഒ. നോ. വാ. 24). യോഹന്നാൻ സ്നാപകനെ ചോദ്യം ചെയ്യുന്നതിൽ ഈ രണ്ട് കക്ഷികളും ഉൾപ്പെട്ടിരുന്നു. യേശുവിനെയും അവന്റെ അനുയായികളെയും എതിർക്കുന്നതിനായി രാഷ്ട്രീയവും മതപരവുമായ എതിരാളികൾ സംഘം ചേർന്നു.

▣ **"നീ ആർ"** 8:25 ൽ യേശുവിനോടും ഇതേ ചോദ്യം ചോദിക്കുന്നു. യോഹന്നാന്റെയും യേശുവിന്റെയും പഠിപ്പിക്കലിന്റെയും പ്രവൃത്തികളുടെയും രീതി ഔദ്യോഗിക നേതാക്കളെ അസ്വസ്ഥരാക്കി. കാരണം അവർ ഇരുവരിലും പഴയനിയമത്തിലെ ചില അന്ത്യകാല ശാസ്ത്രസംബന്ധിയായ ആശയങ്ങളും ശൈലികളും ഉൾക്കൊണ്ടിരുന്നതായി അവർ തിരിച്ചറിഞ്ഞു. അതിനാൽ, ഈ ചോദ്യം യെഹൂദന്മാരുടെ അന്ത്യകാല പുതുയുഗ വ്യക്തിയെക്കുറിച്ചുള്ള പ്രതീക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**1:20 "അവൻ മറുക്കാതെ ഏറ്റു പറഞ്ഞു"** ഈ പ്രസ്താവന താൻ വാഗ്ദത്ത മശിഹാ (ക്രിസ്തു) അല്ല എന്നതിനെക്കുറിച്ചുള്ള മൂന്നുവിധ മറുത്തുപറയലാണ്. 9:22 ലെ പ്രത്യേക പഠനവിഷയം: "ഏറ്റുപറച്ചിൽ" കാണുക.

▣ **"ക്രിസ്തു"** "ക്രിസ്തു" എന്നത് "അഭിഷിക്തൻ" എന്നർത്ഥമുള്ള "*മസിയാഹ്*" എന്ന എബ്രായപദത്തിന്റെ ഗ്രീക്ക് പരിഭാഷയാണ്. പഴയനിയമത്തിൽ അഭിഷേകം ചെയ്യൽ എന്ന ആശയം, ഒരു പ്രത്യേക ദൗത്യത്തിനായുള്ള ദൈവത്തിന്റെ വിളിയെയും സജ്ജമാക്കലിനെയും ഊന്നിപ്പറയുന്നതിനുള്ള ഒരു രീതിയാണ്. രാജാക്കന്മാരും പുരോഹിത ന്മാരും പ്രവാചകന്മാരും അഭിഷേകം ചെയ്യപ്പെട്ടിരുന്നു. ഇത് നീതിയുടെ പുതിയ യുഗം നടപ്പിലാക്കേണ്ടവനായ പ്രത്യേക വ്യക്തിയുമായി ഇതിനെ താദാത്മ്യം ചെയ്തിരുന്നു. യോഹന്നാൻ സ്നാപകനാണ് വാഗ്ദത്ത മശിഹാ എന്ന് പലരും ചിന്തിച്ചു (ഒ. നോ. ലൂക്കൊ. 3:15), കാരണം ഏകദേശം നാനൂറ് വർഷങ്ങൾക്കുശേഷം ആദ്യമായി യഹോവയുടെ ആത്മനിവേശിത വക്താവായി വന്നവനായിരുന്നു അവൻ.
ഈ ഘട്ടത്തിൽ "മശിഹാ"യെ സംബന്ധിച്ച് ദാനീ. 9:26 ൽ നിന്നുമുള്ള എന്റെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുവാൻ ഞാൻ താത്പര്യപ്പെടുന്നു.

**ദാനിയേൽ 9:26**
**NASB "മശിഹ"**
**NKJV "മശിഹ"**
**NRSV "അഭിഷിക്തൻ"**
**TEV "ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട നായകൻ"**
**NJB "ഒരു അഭിഷിക്തൻ"**

ഈ വാക്യം വ്യാഖ്യാനിക്കുന്നതിനുള്ള പ്രയാസത്തിനു കാരണം മശിഹാ അഥവാ അഭിഷിക്തനോടു ബന്ധപ്പെട്ട് നിലനിന്നിരുന്ന വ്യത്യസ്ത അർത്ഥങ്ങളാണ് (BDB 603):

1. യെഹൂദരാജാക്കന്മാർക്ക് ഉപയോഗിച്ചു (ഉദാ. 1 ശമൂ. 2:10; 12:3)
2. യെഹൂദ പുരോഹിതന്മാർക്ക് ഉപയോഗിച്ചു (ഉദാ. ലേവ്യ. 4:3, 5)
3. കോരെശിന് ഉപയോഗിച്ചു (ഉദാ. യെശ. 45:1)
4. #1, #2 എന്നിവ സങ്കീ. 110 ലും സെഖ. 4 ലും ഒരുമിച്ചു വന്നിരിക്കുന്നു
5. നീതിയുടെ പുതിയയുഗം സ്ഥാപിക്കുവാനുള്ള ദൈവത്തിന്റെ പ്രത്യേക ദാവീദ്യ രാജാവിനെ സൂചിപ്പിക്കുവാൻ
   a. യെഹൂദാ വംശം (ഓ. നോ. ഉല്പ. 49:10)
   b. യിശ്ശായി ഗൃഹം (ഓ. നോ. 2 ശമൂ. 7)
   c. സാർവ്വലൗകിക ഭരണം (ഓ. നോ. സങ്കീ. 2; യെശ. 9:6; 11:1–5; മീഖാ 5:1–4 മുതൽ)

താഴെക്കൊടുത്തിരിക്കുന്ന കാരണങ്ങളാൽ “അഭിഷിക്തൻ” നസറയനായ യേശുവാണെന്നു ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു.

1. ആധ്യായം 2–ൽ, നാലാം സാമ്രാജ്യകാലത്ത് സ്ഥാപിതമാകുന്ന നിത്യരാജ്യത്തെ പരിചയപ്പെടുത്തുന്നു
2. 7:13 ൽ നിത്യരാജത്വം നല്കപ്പെടുന്ന “ഒരു മനുഷ്യപുത്രനെ” അവതരിപ്പിക്കുന്നു
3. വീണുപോയ ലോക ചരിത്രത്തിന്റെ അന്ത്യത്തിലേക്കു വിരൽചൂണ്ടുന്ന 9:24 ലെ വീണ്ടെടുപ്പിൻ സൂചന
4. പുതിയനിയമത്തിൽ യേശു ദാനീയേലിന്റെ പുസ്തകം ഉപയോഗിക്കുന്നത് (ഓ. നോ. മത്താ. 24:15; മർക്കൊ. 13:14).

1:21 **“പിന്നെ എന്ത്? നീ ഏലിയാവോ?”** ഏലിയാവ് മരിച്ചില്ല, പിന്നെയോ ഒരു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതുകൊണ്ട് (ഒ. നോ. 2 രാജാ. 2:1) താൻ മശിഹായ്ക്കു മുമ്പായി വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു (മലാ. 3:1; 4:5). യോഹന്നാൻ സ്നാപകന് ഏലീയാവിനോട് കാഴ്ചയ്ക്കും പ്രവൃത്തിയിലും വളരെ സാമ്യമുണ്ടായിരുന്നു (ഒ. നോ. സെഖ. 13:4).

▣ **“അല്ല എന്നു പറഞ്ഞു”** ഏലീയാവിന്റെ അന്ത്യകാല ശുശ്രൂഷയിൽ തനിക്കു പങ്കുണ്ടെന്ന് യോഹന്നാൻ സ്നാപകൻ കരുതിയില്ല, എന്നാൽ അവൻ മലാഖി പ്രവചനത്തിന്റെ നിവൃത്തി എന്നവിധം പ്രവർത്തിക്കുന്നതായി യേശു കണ്ടു (ഓ. നോ. മത്താ. 11:14; 17:12).

▣ **“നീ ആ പ്രവാചകനോ?”** തനിക്കുശേഷം തന്നെപ്പോലെ ഒരുവൻ (അവനെ “പ്രവാചകൻ” എന്നു മോശെ വിളിച്ചു) വരുമെന്ന് മോശെ പ്രവചിച്ചു (ഓ. നോ. ആവ. 18:15,18; യോഹ. 1:25; 6:14; 7:40; പ്രവൃ. 3:22–23; 7:37). പുതിയനിയമത്തിൽ രണ്ട് വ്യത്യസ്ത വിധങ്ങളിൽ ഈ പദം ഉപയോഗിച്ചിരുന്നു: (1) മശിഹായിൽ നിന്നും വ്യത്യസ്തനായ ഒരു അന്ത്യകാല വ്യക്തി (ഓ. നോ. 7:40–41), അഥവാ (2) മശിഹാ എന്ന് അനുമാനിക്കാവുന്ന ഒരു വ്യക്തിത്വം (ഓ. നോ. അപ്പൊ. പ്രവൃ. 3:22).

1:23 **“മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു”** ഇത് യെശ. 40:3 ന്റെ സെപ്റ്റ്വജിന്റ് തർജ്ജമയിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ്. മലാഖി 3:1 ലെ സമാന്തര വേദഭാഗത്തെക്കുറിച്ചുള്ള സൂചനയും ഇതിലുണ്ട്.

▣ **“കർത്താവിന്റെ വഴി നേരെ ആക്കുവിൻ”** ദാസഗീതം (ഒ. നോ. 42:1–9; 49:1–7; 50:4–11; 52:13–53:12) കാണപ്പെടുന്നതായ യെശയ്യാവിലെ സാഹിത്യ സമൂഹത്തിൽ നിന്നുമുള്ള (അധ്യാ. 40–54) ഒരു ഉദ്ധരണിയാണിത് (യെശ. 40:3). അവ ആരംഭത്തിൽ യിസ്രായേലിനെപ്പറ്റി പരമാർശിക്കുന്നവയായിരുന്നുവെങ്കിലും 52:13–53:12 ൽ ശൈലി വ്യക്തിഗതമാക്കപ്പെട്ടു. രാജകീയ സന്ദർശനത്തിനു വേണ്ടി പാത ഒരുക്കുന്നതിനാണ് വഴി നേരെ ആക്കുക എന്ന ആശയം ഉപയോഗിക്കപ്പെട്ടത്. “നേരെ ആക്കുക” എന്ന പദത്തിന് “നീതി” എന്ന പദത്തിന്റെ വ്യുത്പത്തിയുമായി ബന്ധമുണ്ട്. 1 യോഹ. 2:29 ലെ പ്രത്യേക പഠനവിഷയം കാണുക.

യോഹന്നാൻ സ്നാപകനെ തങ്ങളുടെ ആത്മീയ നേതാവായി അംഗീകരിച്ചുകൊണ്ട് ഒന്നാം നൂറ്റാണ്ടിൽ അനേക ദുരുപദേശ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടതിന്റെ വെളിച്ചത്തിൽ യോഹന്നാൻ സ്നാപകന്റെ വില കുറയ്ക്കുക എന്ന അപ്പൊസ്തലനായ യോഹന്നാന്റെ ദൈവശാസ്ത്രപരമായ ലക്ഷ്യം ഈ വേദഭാഗം നിറവേറ്റിയിരിക്കണം.

### യോഹന്നാൻ 1:24–28

**[24]അയക്കപ്പെട്ടവർ പരീശന്മാരുടെ കൂട്ടത്തിലുള്ളവർ ആയിരുന്നു. [25]എന്നാൽ നീ ക്രിസ്തുവല്ല, ഏലീയാവല്ല, ആ പ്രവാചകനും അല്ല എന്നു വരികിൽ നീ സ്നാനം കഴിപ്പിക്കുന്നതു എന്തു എന്നു അവർ ചോദിച്ചു. [26]അതിന്നു യോഹന്നാൻ: ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു; *എന്നാൽ* നിങ്ങൾ അറിയാത്ത ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു; [27]എന്റെ പിന്നാലെ വരുന്നവൻ തന്നേ; അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യൻ അല്ല എന്നു ഉത്തരം പറഞ്ഞു; [28]ഇതു യോർദ്ദാന്നക്കരെ യോഹന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന ബേഥാന്യയിൽ സംഭവിച്ചു.**

1:24 **“അയയ്ക്കപ്പെട്ടവർ പരീശന്മാരുടെ കൂട്ടത്തിൽ ഉള്ളവർ ആയിരുന്നു”** ഇത് ദുർഗ്രഹമായ ഒരു വേദഭാഗമാണ്. ഇതിനർത്ഥം (1) പരീശന്മാർ യോഹന്നാനെ ചോദ്യം ചെയ്തവരെ അയച്ചെന്നോ (ഓ. നോ. വാ. 19.), അല്ലെങ്കിൽ (2) ചോദ്യകർത്താക്കൾ പരീശന്മാരാണ് എന്നോ ആണ്. മിക്ക പുരോഹിതന്മാരും സദൂക്യരാണ് എന്ന വസ്തുതയുടെ വെളിച്ചത്തിൽ രണ്ടാമത്തേത് അസാധാരണമായ കാര്യമാണ് (ഓ. നോ. വാ. 9). ഇതൊരുപക്ഷേ 19–ാം വാക്യത്തിൽ നിന്നു വ്യത്യസ്തരായ മറ്റൊരു വിഭാഗത്തിനെ സൂചിപ്പിക്കുന്നതാകാം.

## പ്രത്യേക പഠനവിഷയം: പരീശന്മാർ

I. ഈ പദത്തിന്റെ ഉല്പത്തി താഴെക്കൊടുത്തിരിക്കുന്നവയിൽ ഒന്നാകാം:
   A. “വേർപെട്ടവരായിരിക്കുക.” മക്കാബിയൻ കാലഘട്ടത്തിലാണ് ഈ വിഭാഗം രൂപം കൊണ്ടത്. (ഇതാണ് ഏറ്റവും പരക്കെ അംഗീകരിക്കപ്പെട്ട വീക്ഷണം).

B. “വിഭജിക്കുക.” ഇതേ എബ്രായ മൂലപദത്തിന്റെ മറ്റൊരു അർത്ഥമാണിത്. ഇതിനർത്ഥം വ്യാഖ്യാതാവ് എന്നാണെന്ന് ചിലർ പറയുന്നു (ഓ. നോ. 2 തിമൊ. 2:15).

C. “പേർഷ്യൻ.” അതേ അരാമ്യ മൂലപദത്തിന്റെ മറ്റൊരർത്ഥമാണിത്. പരീശന്മാരുടെ ചില ഉപദേശങ്ങൾക്ക് പേർഷ്യൻ സൗരാഷ്ട്രിയ ദ്വന്ദവാദവുമായി വളരെ സാമ്യമുണ്ട്.

II. ഇവർ രൂപംകൊണ്ടത് മക്കാബിയൻ കാലഘട്ടത്തിൽ *ഹാസിഡിം* (ഭക്തിയുള്ളവർ) എന്ന പദത്തിൽ നിന്നുമാണ്. അന്തിയോക്കസ് IV എപ്പിഫാനസിനോടുള്ള ഗ്രീക്ക് പ്രതിസംസ്കാരത്തിനെതിരായ എതിർപ്പിൽ നിന്നും എസ്സേന്യരെപ്പോലുള്ള അനവധി വിഭാഗങ്ങൾ രൂപംകൊണ്ടു. ജൊസീഫസിന്റെ *ആന്റികിറ്റീസ് ഓഫ് ജ്യൂസിൽ* (8.5.1-3) ആദ്യമായി പരാമർശിച്ചിരിക്കുന്നത് പരീശന്മാരെയാണ്.

III. അവരുടെ പ്രധാന ഉപദേശങ്ങൾ

A. വരാനിരിക്കുന്ന മശിഹായിലുള്ള വിശ്വാസം. 1 ഹാനോക്ക്പോലെയുള്ള അകാനോനിക യെഹൂദ്യ വെളിപ്പാട് സാഹിത്യത്തിന്റെ സ്വാധീനമാണ് ഈ വിശ്വാസത്തിനാധാരം.

B. ദൈനംദിന ജീവിതത്തിൽ സജീവമായി പ്രവർത്തിക്കുന്ന ദൈവം. ഇത് സദൂക്യചിന്തയിൽനിന്നും നേരെ വിപരീതമായിരുന്നു. പരീശന്മാരുടെ മിക്ക ഉപദേശങ്ങളും സദൂക്യരുടെ ഉപദേശങ്ങളുടെ ദൈവശാസ്ത്രപരമായ എതിർ ചിന്തകളായിരുന്നു.

C. ഭൂമിയിലെ ജീവിതത്തിന്റെ അടിസ്ഥാനത്തിലുള്ള മരണാനന്തര ശാരീരിക ജീവിതം. അതിൽ പ്രതിഫലവും ശിക്ഷയും ഉൾക്കൊണ്ടിരിക്കുന്നു (ഒ. നോ. ദാനീ. 12:2).

D. പഴയനിയമത്തിന്റെയും വാമൊഴി പാരമ്പര്യത്തിന്റെയും (*തൽമൂദ്*) ആധികാരികത. റബ്ബിമാരാൽ (യാഥാസ്ഥിതികനായ ഷമ്മായിയും ഉത്പതിഷ്ണുവായ ഹില്ലേലും) വ്യാഖ്യാനിക്കപ്പെട്ടും പ്രാവർത്തികമാക്കപ്പെട്ടും കൊണ്ടിരുന്ന ദൈവത്തിന്റെ പഴയനിയമ ന്യായപ്രമാണം അനുസരിക്കുന്നതിൽ അവർ ബോധവാന്മാരായിരുന്നു. റബ്ബിമാരുടെ വ്യാഖ്യാനം അടിസ്ഥാനപ്പെട്ടിരുന്നത്, യാഥാസ്ഥിതികവും ഉത്പതിഷ്ണുപരവുമായ രണ്ടു തത്വസംഹിതകൾ തമ്മിലുള്ള സംവാദത്തിലായിരുന്നു. തിരുവെഴുത്തുകളുടെ അർത്ഥം സംബന്ധിച്ചുള്ള വായ്മൊഴി ചർച്ചകൾ രണ്ടു രൂപത്തിൽ രേഖപ്പെടുത്തി: ബാബിലോണിയൻ തൽമൂദും അപൂർണ്ണമായ പാലസ്തീനിയൻ തൽമൂദും. സീനായ് പർവതത്തിൽവെച്ച് മോശെക്ക് ഈ വായ്മൊഴി വ്യാഖ്യാനങ്ങൾ ലഭിച്ചു എന്നവർ വിശ്വസിക്കുന്നു. ഈ സംവാദങ്ങളഉടെ ചരിത്രപരമായ തുടക്കം എസ്രായിലും “മഹാസിനഗോഗിലെ” (പില്ക്കാലത്ത് സൻഹെദ്രീൻ എന്നു വിളിക്കപ്പെട്ടു) അംഗങ്ങളിലും ആരംഭിച്ചു.

E. വളരെ വികാസം പ്രാപിച്ച ദൂതശാസ്ത്രം. ഇത് നല്ലവരും ദുഷ്ടന്മാരുമായ ആത്മീയജീവികളെ കുറിച്ചുള്ളതാണ്. ഇത് പേർഷ്യൻ ദ്വന്ദ്വവാദത്തിൽ നിന്നും വേദപുസ്തകേതര യെഹൂദ സാഹിത്യത്തിൽ നിന്നുമാണ് വികാസം പ്രാപിച്ചത്.

**1:25 “നീ സ്നാനം കഴിപ്പിക്കുന്നത് എന്ത്”** ആദിമ യെഹൂദാ മതത്തിൽ, യെഹൂദമതത്തിലേക്കു പരിവർത്തനം ചെയ്യുവാൻ ആഗ്രഹിക്കുന്ന ജാതികളെ സ്നാനപ്പെടുത്തുക സാധാരണമായിരുന്നു. എന്നാൽ യെഹൂദന്മാർ സ്നാനമേല്ക്കുക എന്നത് തികച്ചും അസാധാരണമായിരുന്നു (കുമ്രാനിലെ യെഹൂദ വിഭാഗം സ്വയം സ്നാനം അനുവർത്തിക്കുകയും ദൈവാലയ ആരാധനക്കാർ ദൈവാലയത്തിൽ പ്രവേശിക്കുംമുമ്പ് ദേഹം കഴുകുകയും ചെയ്തിരുന്നു). യെശ. 52:15; യെഹെ. 36:25; സെഖ. 13:1 ൽ നിന്നുമുള്ള മശിഹൈക സൂചനകളാകാം ഈ വാക്യത്തിന്റെ അടിസ്ഥആനം.

▣ **“ക്രിസ്തുവല്ല, ഏലീയാവല്ല, പ്രവാചകനുമല്ല”** ചാവുകടൽ ചുരുളുകളുടെ വെളിച്ചത്തിൽ ഈ മൂന്നു വ്യക്തികൾ, മൂന്ന് മശിഹൈക വ്യക്തിത്വങ്ങൾ ഉണ്ടായിരിക്കുമെന്നുള്ള എസ്സേന്യ വീക്ഷണത്തെ പ്രതിനിധീകരിക്കുന്നുവെന്നത് രസകരമാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിനു മുമ്പ് ഏലീയാവ് ശാരീരികമായി വരുമെന്ന് ചില ആദിമ സഭാനേതാക്കൾ വിശ്വസിച്ചിരുന്നുവെന്നതും രസകരമാണ് (ഓ. നോ. ക്രിസോസ്റ്റം, ജെറോം, ഗ്രിഗറി, അഗസ്റ്റിൻ).

▣ **“എന്നുവരികിൽ”** ലേഖകന്റെ വീക്ഷണത്തിൽ ശരിയായതോ അല്ലെങ്കിൽ രചനയ്ക്കു സഹായകരമായ രീതിയിലോ ചേർത്തതാണിത്.

**1:26 “ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നു”** “ഇൽ” (in) എന്ന ഗതിക്ക് “കൊണ്ട്” (with) എന്നും അർത്ഥം വരാം. ഏതു തെരെഞ്ഞെടുത്താലും ആത്മാവിനെ സംബന്ധിച്ച് 33-ാം വാക്യത്തിലുള്ള പ്രസ്താവനയ്ക്ക് യോജിച്ചതായിരിക്കേണം എന്നു മാത്രം.

▣ **“*എന്നാൽ* ... ഒരുത്തൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു”** “നിൽക്കുന്നു” എന്ന ക്രിയയുടെ കാലത്തോട് ബന്ധപ്പെട്ട നിരവധി പാഠഭേദങ്ങളുണ്ട്. $UBS^4$ പൂർണ്ണഭൂതകാലത്തിന് B റേറ്റ് നൽകുന്നു (മിക്കവാറും ഉറപ്പായത്).

പൂർണ്ണഭൂതകാലം യോഹന്നാന്റെ ഒരു പ്രത്യേകതയാണെന്നും അതിനാൽ ഇതു സൂചിപ്പിക്കുന്നത് “നിങ്ങളുടെ ഇടയിൽ ചുവടുറപ്പിച്ച ഒരുവൻ ഉണ്ട്” എന്നാണ് ഈ ശൈലിയുടെ അർത്ഥമെന്നും ബ്രൂസ് എം. മെറ്റ്സ്ഗർ പറയുന്നു (പേജ് 119).

**1:27 "അവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യൻ അല്ല"** യജമാനൻ വീട്ടിൽ പ്രവേശിക്കുംമുമ്പ് അദ്ദേഹത്തിന്റെ ചെരിപ്പിന്റെ വാർ അഴിക്കുന്ന ഒരു അടിമയുടെ ജോലിയെയാണ് ഇതു സൂചിപ്പിക്കുന്നത് (ഒരു അടിമയ്ക്കു ചെയ്യുവാൻ കഴിഞ്ഞിരുന്ന ഏറ്റവും താഴ്ന്നതും ഹീനവുമായ ജോലിയായിരുന്നു ഇത്). റബ്ബി മതം പഠിപ്പിച്ചിരുന്നത് റബ്ബിയുടെ ശിഷ്യൻ അവന്റെ ചെരിപ്പു വാർ അഴിക്കുന്നതൊഴികെ ഒരു അടിമ ചെയ്യുന്ന എല്ലാ ജോലിയും ചെയ്യുവാൻ സന്നദ്ധനായിരിക്കണം എന്നായിരുന്നു. ചെരിപ്പ് അഴിക്കുന്നതിനെപ്പറ്റിയും അവ സൂക്ഷിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനെപ്പറ്റിയും ഇവിടെ സൂചനയുണ്ട്. ഇത് തീവ്രമായ എളിമയുടെ ഒരു ദൃഷ്ടാന്തമാണ്.

**1:28 "ബേഥാന്യ"** കിംഗ് ജയിംസ് വേർഷനിൽ ഇവിടെ "ബെഥബാറ" (കയ്യെഴുത്തുപ്രതികളായ $\aleph^2$, $C^2$) എന്നാണു കൊടുത്തിരിക്കുന്നത്. ഇതിന്റെ കാരണം ഈ സ്ഥാനത്തെ സംബന്ധിച്ചുള്ള ഓറിഗന്റെ തെറ്റായ നിഗമനത്തെ (സ്ഥലനാമത്തിന്റെ ആലങ്കാരിക വ്യാഖ്യാനം) കെ.ജി.വി. പരിഭാഷക്കാർ ആശ്രയിച്ചുപോയതാണ്. ശരിയായി വായിക്കേണ്ടത് ബേഥാന്യ എന്നാണ് (ബോഡ്മെൻ പാപ്പിറസ്, $P^{66}$) - യെരുശലേമിനു തെക്കുകിഴക്കുള്ള സ്ഥലമല്ല (ഒ. നോ. 11:18), പിന്നെയോ യെരീഹോവിന് അക്കരെ, യോർദ്ദൻ നദിക്ക് അക്കരെയുള്ള (കിഴക്കെ തീരം) സ്ഥലം.

## യോഹന്നാൻ 1:29–34

**29പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു; ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു: 30എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതു കൊണ്ടു എനിക്കു മുമ്പനായി തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ. 31ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ യിസ്രായേലിന്നു വെളിപ്പെടേണ്ടതിന്നു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. 32യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: ആത്മാവു ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നതു ഞാൻ കണ്ടു; അതു അവന്റെമേൽ വസിച്ചു. 33ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു: ആരുടെമേൽ ആത്മാവു ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു. 34അങ്ങനെ ഞാൻ കാണുകയും; ഇവൻ ദൈവപുത്രൻ തന്നേ എന്നു സാക്ഷ്യം പറകയും ചെയ്തിരിക്കുന്നു.**

**1:29 "ഇതാ ദൈവത്തിന്റെ കുഞ്ഞാട്"** പെസഹാ പെരുന്നാൾ വിദൂരമല്ലായിരുന്നു (ഒ. നോ. 2:13). അതുകൊണ്ട് ഇത് മിസ്രയീമിൽ നിന്നുമുള്ള വിടുതലിനെ (അതായത് രക്ഷ, ഒ. നോ. പുറ. 12) സൂചിപ്പിക്കുന്ന പെസഹ കുഞ്ഞാടിനെപ്പറ്റിയുള്ള പരാമർശമായിരിക്കാനാണു സാധ്യത. പെസഹകുഞ്ഞാട് കൊല്ലപ്പെട്ട അതേ പെസഹ ദിനത്തിൽ (അതായത് ഒരുക്കത്തിന്റെ ദിനം) തന്നെ യോഹന്നാൻ യേശുവിന്റെ മരണത്തെ സ്ഥാപിക്കുന്നു. എന്നിരുന്നാലും ഇതു സംബന്ധിച്ച് മറ്റ് വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്:

1. ഇത് യെശ. 53:7 ലെ കഷ്ടം അനുഭവിക്കുന്ന ദാസനെ സൂചിപ്പിക്കുന്നതിനായിരിക്കാം
2. ഇത് ഉല്പ. 22:8 ലെ കാട്ടിൽ കുരുങ്ങിക്കിടന്ന മൃഗത്തെ സൂചിപ്പിക്കുന്നതായിരിക്കാം
3. ഇത് "നിരന്തരം" എന്നു വിളിക്കുന്ന ദൈവാലയത്തിലെ ദിവസേനയുള്ള യാഗത്തെ സൂചിപ്പിക്കുന്നതായിരിക്കാം (ഒ. നോ. പുറ. 29:38–46).

കൃത്യമായി എന്തിനോടു ബന്ധപ്പെട്ടിരുന്നാലും കുഞ്ഞാട് അയയ്ക്കപ്പെട്ടത് ഒരു യാഗപരമായ ലക്ഷ്യത്തിനു വേണ്ടിയായിരുന്നു (ഒ. നോ. മർക്കൊ. 10:45).

യേശുവിന്റെ ബലിമരണത്തെ സൂചിപ്പിക്കുന്നതിനായുള്ള ഈ ശക്തമായ ദൃഷ്ടാന്തം പൗലൊസ് ഒരിക്കലും ഉപയോഗിച്ചിട്ടില്ല. എന്നുമാത്രമല്ല, യോഹന്നാനും വിരളമായി മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് (ഒ. നോ. 1:29,36; പ്രവൃ. 8:32; 1 പത്രൊ. 1:19 കൂടെ കാണുക). ഗ്രീക്ക് പദം ഒരു "ചെറിയ ആട്ടിൻകുട്ടി"യെ സൂചിപ്പിക്കുന്നതിനുള്ളതാണ് (യാഗമൃഗത്തിന്റെ സാധാരണ പ്രായം ഒരു വയസ്സാണ്). യോഹന്നാൻ 21:15 ലും വെളിപ്പാട് പുസ്തകത്തിൽ 28 സ്ഥലങ്ങളിലും വ്യത്യസ്തമായ ഒരു പദമാണ് ഉപയോഗിക്കുന്നത്.

യോഹന്നാന്റെ സാദൃശ്യത്തിന് മറ്റൊരു സാധ്യതകൂടെയുണ്ട്: ഇടക്കാല സാഹിത്യത്തിലും വെളിപ്പാട് സാഹിത്യത്തിലും "കുഞ്ഞാട്" വിജയാളിയായ പോരാളിയാണ്. യാഗവിഷയം ഉള്ളപ്പോൾ തന്നെ, കുഞ്ഞാട് അന്ത്യകാല ന്യായാധിപതിയാണ് എന്ന ചിന്ത മുന്നിട്ടു നിൽക്കുന്നു (ഒ. നോ. വെളി. 5:5–6,12–13).

▣ **"ലോകത്തിന്റെ പാപം ചുമക്കുന്ന"** "ചുമക്കുക" എന്നപദത്തിന് "ഏറ്റെടുത്ത് ദൂരേക്കു ചുമന്നുകൊണ്ടു പോകുക" എന്ന അർത്ഥമാണുള്ളത്. ഈ ക്രിയ ലേവ്യ. 16 ലെ അസസ്സേലിനുള്ള ആട്ടുകൊറ്റൻ (ബലിയാട്) എന്ന ആശയത്തോട് വളരെ സമാനതയുള്ളതാണ്. ലോകത്തിന്റെ പാപം പരാമർശിച്ചിരിക്കുന്നത് കുഞ്ഞാടിന്റെ ദൗത്യത്തിന്റെ സാർവ്വത്രിക സ്വഭാവത്തെ പരാമർശിക്കുന്നു (ഒ. നോ. വാ. 9, 3:16; 4:42; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:1; 4:14). പാപം ബഹുവചനമല്ല, ഏകവചനമാണെന്നതു ശ്രദ്ധിക്കുക. യേശു ലോകത്തിന്റെ "പാപ" പ്രശ്നത്തെ കൈകാര്യം ചെയ്തിരിക്കുന്നു.

**1:30 "അവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നതു കൊണ്ട്"** ഇത് 15-ാം വാക്യത്തിലെ ഊന്നലിന്റെ ആവർത്തനമാണ്. ഇത് മശിഹായുടെ പൂർവ്വാസ്തിക്യത്തിന്റെയും ദൈവത്വത്തിന്റെയും മറ്റൊരു ഊന്നിപ്പറയലാണ് (ഒ. നോ. യോഹ.

1:1,15; 8:58; 16:28; 17:5,24; 2 കൊരി. 8:9; ഫിലി. 2:6-7; കൊലൊ. 1:17; എബ്രാ. 1:3).

**1:31 "എങ്കിലും അവൻ യിസ്രായേലിന്നു വെളിപ്പെടേണ്ടതിന്നു"** ഇത് യോഹന്നാന്റെ ഒരു സാധാരണ ശൈലിയാണ് (ഒ. നോ. 2:11; 3:21; 7:4; 9:3; 17:6; 21:14; 1 യോഹ. 1:2; 2:19,28; 3:2,5,8; 4:9). എന്നാൽ ഇത് സമാന്തര സുവിശേഷങ്ങളിൽ വളരെ വിരളമാണ്; മർക്കൊ. 4:22 ൽ മാത്രമേ കാണുന്നുള്ളു. ഇത് എബ്രായശൈലിയായ "അറിയുക" എന്നത് ഉപയോഗിച്ചുള്ള ഒരു പദവിന്യാസമാണ്. ഇത് ഒരുവനെക്കുറിച്ചുള്ള കേവലം അറിവിനെക്കാൾ ഉപരി വ്യക്തിപരമായ കൂട്ടായ്മയെപ്പറ്റി സംസാരിക്കുന്ന "അറിയുക" എന്ന എബ്രായ പദം ഉപയോഗിച്ചുള്ള കളിയാണ്. യോഹന്നാന്റെ സ്നാനത്തിനു രണ്ടു ലക്ഷ്യമാണുള്ളത്: (1) ജനത്തെ ഒരുക്കുക, (2) മശിഹായെ വെളിപ്പെടുത്തുക.

"വെളിപ്പെടുത്തുക" എന്ന ക്രിയ (*ഫനെറൂ-φανεροο*) യോഹന്നാന്റെ എഴുത്തുകളിൽ "മറ നീക്കുക" (*അപ്പോകാലുപ്റ്റോ-αποκαλυπτω*) എന്നതിന് പകരം ഉപയോഗിക്കുന്നതായി കാണാം. യേശു ദൈവത്തിന്റെ വ്യക്തിത്വവും സന്ദേശവും വ്യക്തമായി വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു.

**1:32-33** ആത്മാവ് വരുന്നതും യേശുവിന്റെമേൽ ആവസിക്കുന്നതും യോഹന്നാൻ കണ്ടുവെന്ന വസ്തുതയുടെ മൂന്നുവിധ ഊന്നലാണിത്.

**1:32 "ആത്മാവു ഒരു പ്രാവുപോലെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്നത്"** ഇത് മശിഹായെ തിരിച്ചറിയുന്നതിനുള്ള യെശയ്യാവിന്റെ (അദ്ധ്യായം 40-66) മാർഗ്ഗമായിരുന്നു (ഒ. നോ. യെശ. 42:1; 59:21; 61:1). ഈ സമയത്തിന് മുമ്പ് യേശുവിന് ആത്മാവ് ഇല്ലായിരുന്നുവെന്ന് ഇത് അർത്ഥമാക്കുന്നില്ല. ദൈവത്തിന്റെ പ്രത്യേകമായ തെരഞ്ഞെടുപ്പിന്റെയും സജ്ജമാക്കലിന്റെയും ഒരു പ്രതീകമായിരുന്നു ഇത്. ഇത് പ്രാഥമികമായും യേശുവിനുവേണ്ടി ആയിരുന്നില്ല, പിന്നെയോ യോഹന്നാൻ സ്നാപകനു വേണ്ടിയായിരുന്നു.

യെഹൂദന്മാർക്ക് രണ്ട് യുഗങ്ങളെ സംബന്ധിക്കുന്ന ഒരു ലോകവീക്ഷണമാണുണ്ടായിരുന്നത് (1 യോഹ. 2:17 ലെ പ്രത്യേക പഠനവിഷയം കാണുക): ഇപ്പോഴത്തെ തിന്മയുടെ യുഗവും വരുവാനുള്ള ഒരു നീതിയുടെ യുഗവും. പുതിയ യുഗത്തെ ആത്മയുഗം എന്ന് വിളിച്ചിരുന്നു. ഈ ദർശനം യോഹന്നാൻ സ്നാപകനോട് (1) ഇത് മശിഹായാണെന്നും (2) പുതിയയുഗം പിറന്നിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ടായിരിക്കണം.

▣ **"പ്രാവ്"** ഇത് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്

1. യിസ്രായേലിനെ സൂചിപ്പിക്കുന്നതിന് റബ്ബിമാർ ഉപയോഗിക്കുന്ന ഒരു പ്രതീകം (അതാ. ഹോശേ. 7:1)
2. ഉല്പ. 1:2 ലെ ആത്മാവിനെ സൃഷ്ടിക്കു മീതെ "അടയിരിക്കുന്ന" ഒരു പെൺപക്ഷിയായി തർഗൂമിൽ ചിത്രീകരിക്കുന്നത്
3. ഫിലോയിൽ ജ്ഞാനത്തിന്റെ പ്രതീകമായി
4. ആത്മാവ് ഇറങ്ങിവരുന്ന വിധത്തെപ്പറ്റിയുള്ള ഒരു ദൃഷ്ടാന്തമായി (ആ ആത്മാവ് ഒരു പക്ഷി അല്ല)

▣ **"വസിക്കുന്നതും"** 1 യോഹ. 2:10 ലെ യോഹന്നാന്റെ എഴുത്തുകളിലെ "വസിക്കുക" എന്ന പ്രത്യേക പഠനവിഷയം കാണുക.

**1:33 "ഞാനോ അവനെ അറിഞ്ഞില്ല"** ഇത് സൂചിപ്പിക്കുന്നത് യോഹന്നാൻ സ്നാപകൻ യേശുവിനെ അറിഞ്ഞതേയില്ല, എന്നല്ല, പിന്നെയോ അവൻ മശിഹായെന്ന് തിരിച്ചറിഞ്ഞില്ല എന്നാണ്. ബന്ധുക്കളെന്ന നിലയിൽ ഉറപ്പായും അവർ കുടുംബ, മത കൂടിവരവുകളിൽ ഒരുമിച്ചുകൂടിയിട്ടുണ്ടായിരിക്കണം.

▣ **"വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോടു ... പറഞ്ഞു"** മറ്റ് പഴയനിയമ പ്രവാചകന്മാരോട് സംസാരിച്ച പ്രകാരം ദൈവം യോഹന്നാനോട് സംസാരിച്ചു. തന്റെ സ്നാനത്തിങ്കൽ സംഭവിക്കേണ്ടിയിരുന്ന പ്രത്യേക പ്രവൃത്തികളാൽ യോഹന്നാൻ മശിഹായെ തിരിച്ചറിയേണ്ടിയിരുന്നു.

യോഹന്നാന്റെ സ്നാനം ഒരു മതപരമായ അധികാരത്തെ സൂചിപ്പിക്കുന്നു. യെരുശലേമിൽ നിന്നുമുള്ള ഔദ്യോഗിക സംഘം (ഒ. നോ. വാ. 19-28) ഈ അധികാരത്തിന്റെ ഉറവിടം അറിയുവാൻ ആഗ്രഹിച്ചു. യോഹന്നാൻ സ്നാപകൻ ആ അധികാരം യേശുവിൽ കല്പിച്ചു. യേശുവിന്റെ ആത്മസ്നാനം യോഹന്നാന്റെ ജലസ്നാനത്തെക്കാൾ ഉന്നതമായിരുന്നു. ജലത്തിലുള്ള യേശുവിന്റെ തന്നെ സ്നാനം ആത്മസ്നാനത്തിന്റെ, പുതുയുഗ പിറവിയുടെ അടയാളമായിത്തീരാനുള്ളതായിരുന്നു!

▣ **"അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു"** 1 കൊരി. 12:13 ന്റെ അടിസ്ഥാനത്തിൽ ഈ ആശയം ഒരു വ്യക്തിയെ ദൈവകുടുംബത്തിലേക്കു കൈക്കൊള്ളുന്നതിനോടു ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ആത്മാവ് പാപബോധം വരുത്തുന്നു, ക്രിസ്തുവിനോടു അടുപ്പിക്കുന്നു, ക്രിസ്തുവിലേക്ക് സ്നാനം കഴിപ്പിക്കുന്നു, പുതിയ വിശ്വാസിയിൽ ക്രിസ്തുവിനെ ഉരുവാക്കുന്നു (ഒ. നോ. യോഹ. 16:8-13). 1 യോഹ. 2:20 ലെ പ്രത്യേക പഠനവിഷയം: പരിശുദ്ധൻ കാണുക.

**1:34 "ഞാൻ തന്നേ കാണുകയും ... സാക്ഷ്യം പറകയും ചെയ്തിരിക്കുന്നു"** ഭൂതകാല പ്രവൃത്തി പൂർത്തിയാകയും എന്നാൽ തുടരുകയും ചെയ്യുന്നു എന്ന വ്യാകരണ നിയമപ്രകാരമുള്ള ക്രിയയാണിത്. ഇത് 1 യോഹ. 1:1-4 നു സമാനമാണ്.

▣ **"ഇവൻ ദൈവപുത്രൻ തന്നേ"** സാധാരണ "ദാസൻ" എന്ന് തർജ്ജമ ചെയ്യപ്പെടുന്നതും *എബെദ്* (BDB 712) എന്ന എബ്രായപദത്തെ സെപ്റ്റുജിന്റിൽ പ്രതിഫലിപ്പിക്കുന്നതുമായ ഗ്രീക്കുപദം *പായിസ് (παις)* "പുത്രൻ"

എന്നതിന്റെ പശ്ചാത്തലമായിരിക്കാൻ കഴിയുമോ എന്ന് ഒരുവൻ അത്ഭുതപ്പെടാനിടയുണ്ട്. അങ്ങനെയാണെങ്കിൽ, ദാനീ. 7:13 നു പകരം യെശ. 53 (1:29 ലെ "ദൈവത്തിന്റെ കുഞ്ഞാട്" പോലെ) ആയിരിക്കാം ഇതിന്റെ പഴയനിയമ സൂചന. യേശു പുത്രനും ദാസനുമാണ്! അവൻ വിശ്വസികളെ "ഒരു ദാസൻ" ആയിട്ടല്ല പിന്നെയോ "ഒരു പൈതൽ" ആയിട്ടാണ് രൂപാന്തരപ്പെടുത്തുന്നത്!

1:49 ൽ ഇതേ നാമം നഥനയേൽ ഉപയോഗിക്കുന്നു. മത്താ. 4:3 ൽ സാത്താനും ഇത് ഉപയോഗിക്കുന്നു. കയ്യെഴുത്തു പ്രതികളായ $P^5$ ലും $\aleph^*$ ലും രസകരമായ ഒരു വ്യത്യാസം കാണുന്നുണ്ട്: "ദൈവത്തിന്റെ പുത്രൻ" എന്നതിനു പകരം "ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവൻ" എന്നാണവിടെ കാണുന്നത്. ($UBS^4$ ദൈവത്തിന്റെ പുത്രൻ എന്നതിനു നൽകുന്നത് ഒരു B റേറ്റാണ്. യോഹന്നാനിൽ "ദൈവപുത്രൻ" എന്ന പ്രയോഗം സാധാരണമാണ്. എന്നാൽ ഒരുവൻ പാഠനിരൂപണത്തിന്റെ ബൗദ്ധിക പ്രമാണങ്ങൾ ഉപയോഗിച്ചാൽ ഏറ്റവും വികൃതവും അസാധാരണവുമായ പദോപയോഗത്തെ മിക്കവാറും മൂലകൃതിയുടേതായി കണ്ടെത്തിയേക്കാം. മാത്രമല്ല, കയ്യെഴുത്തു പ്രതിയുടെ എണ്ണം പരിമിതമാണെങ്കിൽ മറ്റൊരു പരിഭാഷയെ സ്വീകരിക്കുവാനും സാധ്യതയുണ്ട്. ഗോർഡൻ ഫീ, *എക്പോസിറ്റേഴ്സ് ബൈബിൾ കമന്ററി*യുടെ ആമുഖ വാല്യത്തിലെ "ദ ടെക്സ്ചൽ ക്രിട്ടിസിസം ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്" എന്ന തന്റെ ലേഖനത്തിൽ പരിഭാഷാ വ്യത്യാസത്തിന്റെ സാധ്യതയെപ്പറ്റി ചർച്ച ചെയ്യുന്നുണ്ട് (പേജ് 419-433):

> "യോഹന്നാൻ 1:34 ൽ "ഇവൻ ദൈവപുത്രൻ" (K.JV, RSV) എന്നാണോ അതോ "ഇവൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ" (NEB, JB) എന്നാണോ യോഹന്നാൻ സ്നാപകൻ പറഞ്ഞത്? ഏറ്റവും പഴക്കമുള്ള കയ്യെഴുത്തു പ്രതികളിൽ പോലും തെളിവുകൾ വ്യത്യസ്തമാണ്. മുഖ്യ അലക്സാണ്ട്രിയൻ കയ്യെഴുത്തുപ്രതികളിലും ($P^{66}$, $P^{75}$, B, C, L $cop^{bo}$) അതേപോലെതന്നെ നിരവധി ശകലങ്ങളിലും (aur, c, flg) പില്ക്കാല സിറിയക് പതിപ്പുകളിലും "പുത്രൻ" എന്നു കാണുമ്പോൾ, അലക്സാണ്ട്രിയൻ $P^5$, ℵ, $cop^{sa}$, അതുപോലെ തന്നെ ഇതര ഭാഷാ പ്രതികളായ a,b,e,$ff^2$ എന്നിവയിലും പുരാതന സിറിയക് പതിപ്പുകളിലും "തിരഞ്ഞെടുക്കപ്പെട്ടവൻ" എന്നാണു കാണുന്നത്.
>
> "എന്നാൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് ആന്തരിക തെളിവുകളിന്മേലാണ്. പകർപ്പെഴുത്തിൽ വ്യത്യാസം വരാനുള്ള സാധ്യത നിമിത്തം ഒരു കാര്യം വ്യക്തമാണ്: വ്യത്യാസം മനപ്പൂർവ്വമായുള്ളതാണ്, യാദൃച്ഛികമല്ല (ഒ. നോ. ബാർട്ട് ഡി. എഹ്രമാന്റെ *ദി ഓർത്തഡോക്സ് കറപ്ഷൻ ഓഫ് സ്ക്രിപ്ചർ*, പേജ് 69-70). ദത്തെടുക്കൽ സംബന്ധിച്ച ക്രിസ്തുശാസ്ത്രത്തെ പിന്താങ്ങുന്നതിനായി രണ്ടാം നൂറ്റാണ്ടിലെ ഒരു പകർപ്പെഴുത്തു കാരൻ പാഠത്തെ വ്യത്യാസപ്പെടുത്തിയതാണോ അതോ ദത്തെടുക്കൽ സമ്പ്രദായത്തെ പിന്താങ്ങുന്നതിൽ "തിരഞ്ഞെടുക്കപ്പെട്ടവൻ" എന്ന പേരിന്റെ സാധ്യത ഒരു യാഥാസ്ഥിതിക എഴുത്തുകാരൻ ഗ്രഹിക്കുകയും അതനുസരിച്ച് പാഠത്തെ വ്യത്യാസപ്പെടുത്തുകയും ചെയ്തതാണോ? സാധ്യതകളുടെ വെളിച്ചത്തിൽ, രണ്ടാമത്തേതാണ് കൂടുതൽ യുക്തിഭദ്രം, കാരണം ദത്തെടുക്കൽ വീക്ഷണത്തെ പിന്തുണയ്ക്കുന്നതിനായി മറ്റെങ്ങും "പുത്രൻ" എന്നതു മാറ്റിയിട്ടില്ല.
>
> "എന്നാലും അന്തിമതീരുമാനത്തിനു മുമ്പ് വ്യാഖ്യാനവും കണക്കിലെടുക്കേണം. യോഹന്നാൻ സ്നാപകൻ പറഞ്ഞത് ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ പ്രസ്താവന അല്ല, പിന്നെയോ മശിഹാ സംബന്ധമാണെന്ന് ഏതാണ്ട് ഉറപ്പായിരിക്കേ, ഇത് സങ്കീ. 2:7 ലേതുപോലെയുള്ള മശിഹാത്വത്തെയാണോ അതോ യെശ. 42:1 ലേതുപോലെയുള്ള മശിഹാത്വത്തെയാണോ പ്രതിഫലിപ്പിക്കുന്നത് എന്ന ചോദ്യം ഉയരുന്നു. യോഹ. 1:29 ലെ കഷ്ടപ്പെടുന്ന ദാസന്റെ അല്ലെങ്കിൽ പെസഹ കുഞ്ഞാടിന്റെ വെളിച്ചത്തിൽ "തെരഞ്ഞെടുക്കപ്പെട്ടവൻ" എന്നത് സുവിശേഷത്തിന്റെ പശ്ചാത്തലത്തിന് കൂടുതൽ യുക്തമായിരിക്കുമെന്ന വാദത്തിനു പ്രസക്തിയുണ്ട്" (പേജ് 431-432).

## യോഹന്നാൻ 1:35-42

**[35]പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നില്ക്കുമ്പോൾ [36]കടന്നുപോകുന്ന യേശുവിനെ നോക്കീട്ടു: ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു. [37]അവൻ പറഞ്ഞതു ആ രണ്ടു ശിഷ്യന്മാർ കേട്ടു യേശുവിനെ അനുഗമിച്ചു. [38]യേശു തിരിഞ്ഞു അവർ പിന്നാലെ വരുന്നതു കണ്ടു അവരോടു: നിങ്ങൾ എന്തു അന്വേഷിക്കുന്നു എന്നു ചോദിച്ചു; അവർ: റബ്ബീ എന്നു വെച്ചാൽ ഗുരോ, നീ എവിടെ പാർക്കുന്നു എന്നു ചോദിച്ചു. [39]അവൻ അവരോടു: വന്നു കാണ്മിൻ എന്നു പറഞ്ഞു. അങ്ങനെ അവൻ വസിക്കുന്ന ഇടം അവർ കണ്ടു അന്നു അവനോടുകൂടെ പാർത്തു; അപ്പോൾ ഏകദേശം പത്താംമണി നേരം ആയിരുന്നു. [40]യോഹന്നാൻ പറഞ്ഞതു കേട്ടു അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ് ആയിരുന്നു. [41]അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ടു അവനോടു: ഞങ്ങൾ മശിഹയെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു. [42]അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവനെ നോക്കി: നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു.**

**1:35 "തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി"** മർക്കൊ. 1:16-20 ഈ രണ്ട് ശിഷ്യന്മാരുടെ വിളിയുടെ വ്യത്യസ്തമായ വിവരണമാണ്. യേശുവും ഗലീലക്കാരായ തന്റെ ശിഷ്യന്മാരും തമ്മിൽ മുമ്പ് എത്രത്തോളം ബന്ധം ഉണ്ടായിട്ടുണ്ടെന്നത് വ്യക്തമല്ല. യേശുവിന്റെ കാലത്ത് ഒരു മുഴുവൻ സമയ ശിഷ്യനാകുന്ന പ്രക്രിയയിൽ ശിക്ഷണത്തിന്റെ

വിവിധ ഘട്ടങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഈ നടപടി ക്രമങ്ങൾ റബ്ബിമാരുടെ എഴുത്തുകളിൽ പറഞ്ഞിട്ടുണ്ട്, എങ്കിലും സുവിശേഷ രേഖകളിൽ വ്യക്തമായി അനുവർത്തിച്ചിട്ടില്ല. ഇവിടെ പറഞ്ഞിരിക്കുന്ന രണ്ടു ശിഷ്യന്മാർ അന്ത്രെയാസും (ഒ. നോ. വാ. 40), അപ്പൊസ്തലനായ യോഹന്നാനുമാണ് (സുവിശേഷത്തിൽ തന്റെ പേര് ഒരിക്കലും പരാമർശിച്ചിട്ടില്ല).

ശിഷ്യൻ എന്ന പദത്തിന് (1) പഠിതാവ് അഥവാ (2) അനുയായി എന്നീ അർത്ഥങ്ങളുണ്ട്. വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ എന്ന നിലയിൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കുള്ള ആദിമ നാമമായിരുന്നു ഇത്. പുതിയ നിയമം ആവശ്യപ്പെടുന്നത് കേവലം തീരുമാനങ്ങളല്ല പിന്നെയോ ശിഷ്യന്മാരെയാണ് (ഓ. നോ. മത്താ. 13; 28:18–20). ക്രിസ്ത്യാനിത്വമെന്നത് ഒരു പ്രാഥമിക തീരുമാനവും (മാനസാന്തരവും വിശ്വാസവും) അതിനെ തുടർന്നുള്ള അനുസരണവും സ്ഥിരതയുമാണ്. ക്രിസ്ത്യാനിത്വം എന്നത് കേവലം ഒരു അഗ്നിസുരക്ഷാ പോളിസിയോ സ്വർഗ്ഗത്തിലേക്കുള്ള ഒരു പ്രവേശന ടിക്കറ്റോ അല്ല, പിന്നെയോ യേശുവുമായുള്ള ഒരു ദൈനംദിന ദാസ/സ്നേഹിത ബന്ധമാണ്.

1:37 **"അവൻ പറഞ്ഞതു ആ രണ്ടു ശിഷ്യന്മാർ കേട്ടു"** യോഹന്നാൻ സ്നാപകൻ തനിക്കപ്പുറത്തേക്ക് യേശുവിലേക്ക് വിരൽ ചൂണ്ടി (ഒ. നോ. 3:30).

1:38 **"റബ്ബീ എന്നു വെച്ചാൽ ഗുരോ"** മോശെയുടെ ന്യായപ്രമാണത്തിന്റെയും വാമൊഴി പാരമ്പര്യത്തിന്റെയും (തൽമൂദ്) സൂചനകളും പ്രയോഗങ്ങളും വ്യാഖ്യാനിക്കുവാൻ കഴിവുള്ളവരെ തിരിച്ചറിയുന്നതിനുള്ള ഒന്നാം നൂറ്റാണ്ടിലെ യെഹൂദമതത്തിലെ ഒരു സാധാരണ സ്ഥാനപ്പേരായിരുന്നു ഇത്. ആക്ഷരികമായി ഇത് "എന്റെ യജമാനൻ" എന്നാണ്. "ഗുരു" എന്നതിനു തുല്യമായി അപ്പൊസ്തലനായ യോഹന്നാൻ ഇത് ഉപയോഗിച്ചിരിക്കുന്നു (ഒ. നോ. 11:8,28; 13:13–14; 20:10). തന്റെ പദങ്ങൾ യോഹന്നാൻ വിശദീകരിക്കുന്നുവെന്ന വസ്തുത (ഒ. നോ. വാ. 38:41,42) പ്രദർശിപ്പിക്കുന്നത് താൻ ജാതികൾക്കുവേണ്ടി എഴുതുന്നു എന്നാണ്.

▣ **"നീ എവിടെ പാർക്കുന്നു"** ഗുരുവും ശിഷ്യനുമായി ഒരു അതുല്യ ബന്ധം സ്ഥാപിക്കുന്നതിനുള്ള പരമ്പരാഗതമായ നടപടിക്രമങ്ങളുടെ അനുവർത്തിക്കലാണ് ഇവിടെ കാണുന്നതെന്നു കരുതാം. വഴിമധ്യേ കുറെ ചോദ്യങ്ങൾ ചോദിക്കുന്നതിലുപരി യേശുവിനോടൊപ്പം അധികം സമയം ചെലവഴിക്കാൻ ഈ രണ്ടുപേർ ആഗ്രഹിക്കുന്നുവെന്നാണ് ഈ ചോദ്യം സൂചിപ്പിക്കുന്നത് (ഒ. നോ. വാ. 39).

*മെനോ* (*μενω*-വസിക്കുക) എന്ന പദം 38, 39 വാക്യങ്ങളിൽ മൂന്നു തവണ കാണപ്പെടുന്നു. ഇതു പരാമർശിക്കുന്നത് ഭൗതിക സ്ഥലത്തെയോ ആത്മിക സ്ഥനത്തെയോ ആകാം. ഈ മൂന്ന് ഉപയോഗങ്ങളും രണ്ട് അർത്ഥങ്ങളെയും ഒരുമിച്ചു കൊണ്ടുവരുന്ന മറ്റൊരു പദപ്രയോഗരീതിയെ സൂചിപ്പിക്കുന്നതായി കാണപ്പെടുന്നു. ഇത് യോഹന്നാനിൽ സാധാരണമാണ് (അതായത് 1:1,5; 3:3; 4:10–11; 12:32). മനപ്പൂർവ്വമായ ഈ ദുർഗ്രഹത യോഹന്നാന്റെ എഴുത്തുകളുടെ പ്രത്യേകതയാണ്!

1:39 **"അപ്പോൾ ഏകദേശം പത്താം മണി നേരം ആയിരുന്നു"** യോഹന്നാൻ ഉപയോഗിക്കുന്നത് (1) 12 am ന് ആരംഭിക്കുന്നത് അല്ലെങ്കിൽ (2) പ്രഭാതത്തിൽ ആരംഭിക്കുന്ന റോമൻ സമയം ആണോ, അതോ 6 pm ന് ആരംഭിക്കുന്ന യെഹൂദ സമയമാണോ എന്ന് വ്യക്തമല്ല. യോഹ. 19:14 നെ മർക്കൊ. 15:25 മായി താരതമ്യപ്പെടുത്തിയാൽ അത് റോമൻ സമയത്തെ സൂചിപ്പിക്കുന്നതായി കാണാം. എന്നാൽ യോഹ. 11:9 നോക്കിയാൽ അത് യെഹൂദ സമയത്തെ സൂചിപ്പിക്കുന്നതായി തോന്നും. യോഹന്നാൻ രണ്ടും ഉപയോഗിച്ചിരിക്കാൻ സാധ്യതയുണ്ട്. ഇവിടെ ഇത് റോമൻ സമയം #2, അഥവാ ഏകദേശം 4 pm ആയിരിക്കാൻ സാധ്യതയുണ്ട്.

1:40 **"യോഹന്നാൻ പറഞ്ഞതു കേട്ടു അവനെ അനുഗമിച്ച രണ്ടുപേരിൽ ഒരുത്തൻ"** എഴുത്തുകാരൻ (അപ്പൊസ്തലനായ യോഹന്നാൻ) സുവിശേഷത്തിലൊരിടത്തും തന്റെ പേര് പറയുന്നില്ല (അതാ. 21:2) യോഹന്നാൻ സ്നാപകന്റെ ഈ പ്രഖ്യാപനം കേട്ട് രണ്ട് ശിഷ്യന്മാരിൽ ഒരുത്തൻ തീർച്ചയായും സെബദിയുടെ പുത്രനായ യോഹന്നാൻ ആയിരിക്കാൻ സാധ്യതയുണ്ട് (അതാ., മത്താ. 4:21; മർക്കൊ. 1:19).

1:41

| | |
|---|---|
| **NASB** | **"അവൻ തന്റെ സഹോദരനെ ആദ്യം കണ്ടെത്തി"** |
| **NKJV, NRSV** | **"അവൻ ആദ്യം തന്റെ സഹോദരനെ കണ്ടെത്തി"** |
| **TEV** | **"ഉടനെ അവൻ കണ്ടെത്തി"** |
| **NJB** | **"അന്ത്രെയാസ് ചെയ്ത ആദ്യത്തെ കാര്യം"** |

പരിഭാഷകളെ ബാധിക്കുന്ന ഒരു കയ്യെഴുത്തു വ്യത്യാസമുണ്ട്. തിരഞ്ഞെടുക്കാവുന്നവ:

1. അന്ത്രെയാസ് ചെയ്ത ആദ്യത്തെ കാര്യം
2. അവൻ കണ്ടെത്തിയ ഒന്നാമത്തെ വ്യക്തി
3. ആദ്യം പോയി പറഞ്ഞത് അന്ത്രെയാസായിരുന്നു

▣ **"മശിഹയെ എന്നുവെച്ചാൽ ക്രിസ്തുവെ"** 1:20 ന്റെ കുറിപ്പ് കാണുക.

1:42 **"യേശു അവനെ നോക്കി"** "ശ്രദ്ധാപൂർവ്വമുള്ള നോട്ട"ത്തെയാണിതു സൂചിപ്പിക്കുന്നത്.

▣ **"യോഹന്നാന്റെ പുത്രനായ ശിമോൻ"** പത്രൊസിന്റെ പിതാവിനെ സംബന്ധിച്ച് പുതിയ നിയമത്തിൽ അല്പം ആശയക്കുഴപ്പം ഉണ്ട് (മത്താ. 16:17 ൽ പത്രൊസിനെ "യോനായുടെ പുത്രൻ" *(Ιωνας-ഐയോനാസ്)* എന്നു

വിളിച്ചിരിക്കുന്നു. എന്നാൽ ഇവിടെ അവനെ "യോഹന്നാന്റെ പുത്രൻ" എന്നു വിളിച്ചിരിക്കുന്നു (*Ἰωαννης-ഐയോ അനീസ്*). യോഹന്നാൻ എന്ന പേർ കയ്യെഴുത്തുപ്രതികളായ P[66], P[75], ℵ, L ലും കാണാം. B യിൽ അതേ പേരു കാണുന്നുണ്ടെങ്കിലും എന്നാൽ ഒരു "ν" മാത്രമേയുള്ളു (*Ἰωανης*). യോനാ എന്ന പേര് A, B[3], K എന്നിവയിലും മിക്ക പില്ക്കാല ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലുമുണ്ട്. ഈ ചോദ്യത്തിന് വ്യക്തമായ മറുപടി ഇല്ലെന്ന് തോന്നുന്നു. അരാമ്യ ഭാഷയിൽനിന്നും ലിപ്യന്തരണം നടത്തിയ പേരുകൾക്ക് വ്യത്യസ്ത ഉച്ചാരണം ഉപയോഗിക്കുന്നത് സാധാരണമായിരുന്നു.

മൈക്കിൾ മാഗിൽ, *ദി ന്യൂടെസ്റ്റമെന്റ് ട്രാൻസ്ലൈൻ* എന്ന ഗ്രന്ഥത്തിൽ പേജ് 303-ൽ പറയുന്നു, "യോനാ"യും "യോഹന്നാനും" ശിമോനും ശിമെയോനും പോലെ ഒരേ എബ്രായനാമത്തിന്റെ വ്യത്യസ്ത ഉച്ചാരണങ്ങളാകാം."

▣ **"നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു"** കേഫാ എന്നത് പാറ (*κεπα*-കേപാ) എന്നതിനുള്ള ആരാമ്യ പദമാണ്. ഗ്രീക്കിൽ അത് *കേഫാസ്* (*κεφας*) ആണ്. ഈ പേര് സ്ഥിരത, ശക്തി, ഈട് എന്നിവയെ ഓർമ്മിപ്പിക്കുന്നു.

ജാതിയരായ വായനക്കാർക്ക് യേശുവിന്റെ ജീവിതവും ഉപദേശങ്ങളും വിശദീകരിച്ചുകൊടുക്കുവാൻ സഹായകരമായി എഴുത്തുകാരൻ ഉപയോഗിക്കുന്ന നിരവധി പ്രസ്താവനകളിൽ ഒന്നാണിത്. വേദപുസ്തക വ്യാഖ്യാനത്തിനായി പില്ക്കാലത്ത് ഉപയോഗിക്കപ്പെട്ടിട്ടുള്ള രണ്ട് സാങ്കേതിക പദങ്ങൾ ഈ അധ്യായത്തിൽ കാണപ്പെടുന്നുവെന്നുള്ളത് രസകരമാണ്.

1. എക്സിജീസിസ്, പുറത്തേക്കു നയിക്കുക, 1:18-ൽ ഉപയോഗിച്ചിരിക്കുന്നു
2. ഹെർമെന്യൂട്ടിക്സ് (വ്യാഖ്യാനശാസ്ത്രം), വിശദീകരിക്കുക, വ്യാഖ്യാനിക്കുക, പരിഭാഷപ്പെടുത്തുക, 1:42-ൽ ഉപയോഗിച്ചിരിക്കുന്നു.

**യോഹന്നാൻ 1:43-51**

**[43]പിറ്റെന്നാൾ യേശു ഗലീലെക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫിലിപ്പൊസിനെ കണ്ടു; എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു. [44]ഫിലിപ്പൊസോ, അന്ത്രെയാസിന്റെയും പത്രൊസിന്റെയും പട്ടണമായ ബേത്ത്സയിദയിൽനിന്നുള്ളവൻ ആയിരുന്നു. [45]ഫിലിപ്പൊസ് നഥനയേലിനെ കണ്ടു അവനോടു: ന്യായപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു; അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറെത്തുകാരൻ തന്നേ എന്നു പറഞ്ഞു. [46]നഥനയേൽ അവനോടു: നസറെത്തിൽനിന്നു വല്ല നന്മയും വരുമോ എന്നു പറഞ്ഞു. ഫിലിപ്പൊസ് അവനോടു വന്നു കാൺക എന്നു പറഞ്ഞു. [47]നഥനയേൽ തന്റെ അടുക്കൽ വരുന്നതു യേശു കണ്ടു; ഇതാ, സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല എന്നു അവനെക്കുറിച്ചു പറഞ്ഞു. [48]നഥനയേൽ അവനോടു: എന്നെ എവിടെവെച്ചു അറിയും എന്നു ചോദിച്ചതിന്നു: ഫിലിപ്പൊസ് നിന്നെ വിളിക്കുംമുമ്പേ, നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നു യേശു ഉത്തരം പറഞ്ഞു. [49]നഥനയേൽ അവനോടു: റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവു എന്നു ഉത്തരം പറഞ്ഞു. [50]യേശു അവനോടു: ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോടു പറകകൊണ്ടു നീ വിശ്വസിക്കുന്നുവോ? നീ ഇതിനെക്കാൾ വലിയതു കാണും എന്നു ഉത്തരം പറഞ്ഞു. [51]ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നും അവനോടു പറഞ്ഞു."**

**1:43 "പിറ്റെന്നാൾ"** യോഹന്നാൻ സുവിശേഷത്തിലുടനീളം കാലാനുക്രമ സൂചകങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു (ഒ. നോ. 1:29,35,43; 2:1 ആദി.). പൊതു പശ്ചാത്തലം (1) വാ. 19 ൽ ആരംഭിക്കുന്നു, അത് ഒന്നാം ദിവസമായിരിക്കാം; (2) 29,35,43 വാക്യങ്ങളിൽ "പിറ്റെന്നാൾ" എന്നു കാണാം; (3) 2:1 ൽ "മൂന്നാം നാൾ" എന്നു കാണാം.

▣ **"പുറപ്പെടുവാൻ ഭാവിച്ചപ്പോൾ"** സമാന്തര സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത, യേശുവിന്റെ യെഹൂദ്യയിലുള്ള ഒരു ആദ്യകാല ശുശ്രൂഷയെപ്പറ്റി യോഹന്നാൻ രേഖപ്പെടുത്തുന്നു. യേശുവിന്റെ യെഹൂദ്യയിലുള്ള, പ്രത്യേകിച്ച് യെരുശലേമിലുള്ള, ശുശ്രൂഷയിലാണ് യോഹന്നാന്റെ സുവിശേഷം ശ്രദ്ധകേന്ദ്രീകരിക്കുന്നത്. എന്നിരുന്നാലും ഇവിടെ താൻ ഗലീലയിലേക്ക് പോകുവാനാഗ്രഹിക്കുന്നു, അതൊരുപക്ഷേ കാനാവിലെ കല്യാണത്തിനായിരിക്കാം (യോഹ. 2).

▣ **"എന്നെ അനുഗമിക്ക"** ഇത് ഒരു ആജ്ഞയാണ്. ഒരു സ്ഥിരശിഷ്യനാകുവാനുള്ള യെഹൂദ ഗുരുക്കന്മാരുടെ ഒരു വിളിയാണിത്. ഈ ശിഷ്യത്വ ബന്ധത്തിനുള്ള മാർഗ്ഗനിർദേശക രേഖകൾ യെഹൂദന്മാർ ക്രമീകരിച്ചിരുന്നു.

**1:44 "ഫിലിപ്പൊസോ, ... ബേത്ത്സയിദയിൽനിന്നുള്ളവൻ ആയിരുന്നു"** ഈ പട്ടണത്തിന്റെ പേരിനർത്ഥം "മീൻപിടുത്തത്തിന്റെ ഭവനം" എന്നാണ്. ഇത് അന്ത്രെയാസിന്റെയും പത്രൊസിന്റെയും പട്ടണവുമായിരുന്നു.

**1:45 "നഥനയേൽ"** "ദൈവം നൽകിയിരിക്കുന്നു" എന്നർത്ഥമുള്ള ഒരു എബ്രായ നാമമാണിത്. സമാന്തര സുവിശേഷ ങ്ങളിൽ ഈ പേരിനാൽ താൻ പരാമർശിക്കപ്പെടുന്നില്ല. ആധുനിക പണ്ഡിതന്മാർ കരുതുന്നത് ഇവനാണ് "ബർത്തലോമായി" എന്ന് വിളിക്കപ്പെടുന്നവനെന്നാണ്. എന്നാൽ ഇത് ഒരു ഊഹം മാത്രമാണ്.

# പ്രത്യേക പഠനവിഷയം: അപ്പൊസ്തലന്മാരുടെ പേരുകളുടെ പട്ടിക

| | മത്തായി 10:2–4 | മർക്കൊസ് 3:16–19 | ലൂക്കൊസ് 6:14–16 | പ്രവൃത്തി 1:12–18 |
|---|---|---|---|---|
| ഒന്നാം ഗ്രൂപ്പ് | ശിമോൻ (പത്രൊസ്)<br>അന്ത്രെയാസ്<br>(പത്രൊസിന്റെ സഹോദരൻ)<br>യാക്കോബ്<br>(സെബദിയുടെ മകൻ)<br>യോഹന്നാൻ<br>(യാക്കോബിന്റെ സഹോദരൻ) | ശിമോൻ (പത്രൊസ്)<br>യാക്കോബ്<br>(സെബദിയുടെ മകൻ)<br>യോഹന്നാൻ<br>(യാക്കോബിന്റെ സഹോദരൻ)<br>അന്ത്രെയാസ് | ശിമോൻ (പത്രൊസ്)<br>അന്ത്രെയാസ്<br>(പത്രൊസിന്റെ സഹോദരൻ)<br>യാക്കോബ്<br>യോഹന്നാൻ | ശിമോൻ<br>യോഹന്നാൻ<br>യാക്കോബ്<br>അന്ത്രെയാസ് |
| രണ്ടാം ഗ്രൂപ്പ് | ഫിലിപ്പൊസ്<br>ബർത്തലൊമായി<br>തോമാസ്<br>മത്തായി (ചുങ്കക്കാരൻ) | ഫിലിപ്പൊസ്<br>ബർത്തലൊമായി<br>മത്തായി<br>തോമാസ് | ഫിലിപ്പൊസ്<br>ബർത്തലൊമായി<br>മത്തായി<br>തോമാസ് | ഫിലിപ്പൊസ്<br>തോമാസ്<br>ബർത്തലൊമായി<br>മത്തായി |
| മൂന്നാം ഗ്രൂപ്പ് | യാക്കോബ്<br>(അല്ഫായിയുടെ മകൻ)<br>തദ്ദായി<br>ശിമോൻ (കനാന്യൻ)<br>യൂദാ (ഈസ്കര്യോത്താ) | യാക്കോബ്<br>(അല്ഫായിയുടെ മകൻ)<br>തദ്ദായി<br>ശിമോൻ (കനാന്യൻ)<br>യൂദാ (ഈസ്കര്യോത്താ) | യാക്കോബ്<br>(അല്ഫായിയുടെ മകൻ)<br>ശിമോൻ (എരിവുകാരൻ)<br>യൂദാ (യാക്കോബിന്റെ മകൻ)<br>യൂദാ (ഈസ്കര്യോത്താ) | യാക്കോബ്<br>(അല്ഫായിയുടെ മകൻ)<br>ശിമോൻ (എരിവുകാരൻ)<br>യൂദാ (യാക്കോബിന്റെ മകൻ) |

▣ **"ന്യായപ്രമാണവും പ്രവാചകന്മാരും"** എബ്രായ കാനോനിന്റെ മൂന്നു ഭാഗങ്ങളിൽ രണ്ടിനെപ്പറ്റിയുള്ള പരാമർശം: ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകൾ (എ.ഡി. 90 ലെ ജാമ്നിയയിൽ ഇത് അപ്പോഴും ചർച്ച യിലായിരുന്നു). പഴയനിയമത്തെ മുഴുവനായി പരാമർശിക്കുന്നതിനുള്ള പ്രയോഗം.

▣ **"യോസേഫിന്റെ പുത്രനായ യേശു എന്ന നസറെത്തുകാരൻ"** യെഹൂദ ഉപയോഗത്തിന്റെ വെളിച്ചത്തിൽ ഇത് മനസ്സിലാക്കണം. താൻ അന്ന് ജീവിച്ചത് നസരേത്തിലാണ്, ഭവനത്തിലെ പിതാവിന്റെ പേര് യോസേഫ് എന്നായിരുന്നു. ഇത് യേശുവിന്റെ ബെത്ത്ലേഹമിലെ ജനനത്തെയോ (ഒ. നോ. മീഖാ 5:2) കന്യകാജനനത്തെയോ (ഒ. നോ. യെശ. 7:14) നിഷേധിക്കുന്നില്ല. താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠനവിഷയം: നസറായനായ യേശു

യേശുവിനെക്കുറിച്ച് സംസാരിക്കുന്നതിന് പുതിയനിയമം ഉപയോഗിക്കുന്ന അനവധി വ്യത്യസ്തങ്ങളായ ഗ്രീക്ക് പദപ്രയോഗങ്ങൾ ഉണ്ട്.

A. പുതിയനിയമ പദങ്ങൾ

1. നസറേത്ത് - ഗലീലയിലെ പട്ടണം (ഒ. നോ. ലൂക്കൊ. 1:26; 2:4,39,51; 4:16; പ്രവൃ. 10:38). പട്ടണത്തെക്കുറിച്ച് സമകാലിക രേഖകളിൽ പരാമർശിക്കപ്പെട്ടിട്ടില്ല). എന്നാൽ പില്ക്കാല ലിഖിതങ്ങളിൽ കാണപ്പെടുന്നു.

   നസറേത്തിൽനിന്നുള്ളവൻ എന്നത് യേശുവിന് ഒരു ഭൂഷണമായിരുന്നില്ല (ഒ. നോ. യോഹ. 1:46). ഈ സ്ഥലത്തിന്റെ പേര് ഉൾപ്പെട്ടിരുന്ന യേശുവിന്റെ കുരിശിനു മുകളിലെ എഴുത്ത് യെഹൂദ്യ നിന്ദയുടെ ഒരു അടയാളമായിരുന്നു.
2. *നസറിനോസ് (Νασαρηνος)* - ഒരു ഭൂമിശാസ്ത്രപരമായ സ്ഥാനത്തെയുംകൂടെ സൂചിപ്പിക്കുന്നതിനായി തോന്നുന്നു (ഒ. നോ. ലൂക്കൊ. 4:34; 24:19).
3. *നാസോറായിയോസ് (Νασωραιος)* - ഒരു നഗരത്തെപ്പറ്റിയുള്ള പരാമർശമാകാം, എന്നാൽ "കൊമ്പ്" (*നെറ്റ്സെർ,* ഒ. നോ. യെശ. 4:2; 11:1; 53:2; യിരെ. 23:5; 33:15; സെഖ. 3:8; 6:12; പുതിയ നിയമത്തിൽ വെളി. 22:16) എന്ന മശിഹാസംബന്ധമായ എബ്രായ പദമുപയോഗിച്ചുള്ള ഒരു പ്രയോഗം ആകാം. ലൂക്കൊസ് ഇത് യേശുവിനെക്കുറിച്ച് ലൂക്കൊ. 18:37; പ്രവൃ. 2:22; 3:6; 4:10; 6:14; 22:8; 24:5; 26:9 എന്നീ വാക്യങ്ങളിൽ ഉപയോഗിക്കുന്നു.
4. #3 *നാസീർ (נזיר)*, "ഒരു നേർച്ചയാൽ വേർതിരിക്കപ്പെട്ടവൻ" എന്നതിനോടുള്ള ബന്ധത്തിൽ

B. പുതിയ നിയമത്തിന് പുറമേയുള്ള ചരിത്രപരമായ ഉപയോഗങ്ങൾ

1. ഇത് ഒരു യെഹൂദാ (ക്രിസ്ത്യാനിത്വത്തിന് മുമ്പുള്ള) ദുരുപദേശവിഭാഗത്തെ സൂചിപ്പിക്കുന്നു (അരാമ്യ ഭാഷയിലെ *നാസോറായ്യ).*
2. ക്രിസ്തു വിശ്വാസികളെ വിവരിക്കുവാൻ യെഹൂദന്മാരുടെ ഇടയിൽ ഉപയോഗിക്കപ്പെട്ടിരുന്നു (ഒ.നോ. പ്രവൃ. 24:5,14: 28:22, *നോസ്രി*).

3. ഇത് സിറിയൻ (അരാമ്യ) സഭകളിലെ വിശ്വാസികളെ സൂചിപ്പിക്കുന്നതിനുള്ള സ്ഥിരം ശൈലിയായി തീർന്നു. ഗ്രീക്ക് സഭകളിൽ വിശ്വാസികളെ സൂചിപ്പിക്കുന്നതിനായി "ക്രിസ്ത്യാനി" എന്ന പദം ഉപയോഗിക്കപ്പെട്ടു.
4. യെരുശലേമിന്റെ പതനത്തിനു ശേഷം പരീശന്മാർ ജാമ്നിയായിൽ ചേർന്ന് സഭയും യെഹൂദ സിനഗോഗും തമ്മിൽ ഒരു ഔപചാരികമായ വേർതിരിവിന് തുടക്കം കുറിച്ചു. ക്രിസ്ത്യാനികൾക്കെതിരെയുള്ള ശാപവചനങ്ങളുടെ മാതൃക *ബെറാക്കോത്ത്* 28b-29a ൽ ഉള്ള "പതിനെട്ട് ആശീർവാദങ്ങളിൽ" കണ്ടെത്തുകയുണ്ടായി. ഇതിൽ വിശ്വാസികളെ "നാസറീനുകൾ" എന്നു വിളിച്ചിരിക്കുന്നു.

   "നാസറീനുകളും ദുരുപദേശക്കാരും ഒരു നിമിഷത്തിനുള്ളിൽ അപ്രത്യക്ഷമാകട്ടെ; അവർ ജീവന്റെ പുസ്തകത്തിൽ നിന്നും മായിക്കപ്പെടുകയും വിശ്വസ്തന്മാരോടുകൂടെ എഴുതപ്പെടാതിരിക്കുകയും ചെയ്യട്ടെ."
5. ഇത് ജസ്റ്റിൻ മാർട്ടിയറിനാൽ ഉപയോഗിക്കപ്പെട്ടു. *ഡിയൽ* 126:1. താൻ യേശുവിനെക്കുറിച്ച് യെശയ്യാവിന്റെ *നെറ്റ്സെർ* ഉപയോഗിച്ചു.

C. ലേഖകന്റെ അഭിപ്രായം

ഈ പദത്തിന്റെ നിരവധി അക്ഷരവിന്യാസങ്ങൾ (സ്പെല്ലിംഗ്) എന്നെ അത്ഭുതപ്പെടുത്തുന്നു. എബ്രായഭാഷയിൽ "യോശുവ"യ്ക്ക് നിരവധി അക്ഷരവിന്യാസങ്ങളുള്ളതിനാൽ ഇത് പഴയനിയമത്തിൽ അസാധാരണമല്ല എന്ന് എനിക്കറിയാം. താഴെപ്പറയുന്ന കാരണങ്ങളാൽ ഇതിന്റെ കൃത്യമായ അർത്ഥം സംബന്ധിച്ച് എനിക്ക് ഉറപ്പു പറയാൻ കഴിയുന്നില്ല:

1. മശിഹാസംബന്ധ പദമായ കൊമ്പ് (*നെറ്റ്സെർ)* എന്നതും വ്രതസ്ഥന് ഉപയോഗിക്കുന്ന *നാസീർ* എന്ന പദവും തമ്മിലുള്ള അടുപ്പം
2. ഗലീലയെ സംബന്ധിച്ചുള്ള നിഷേധാത്മക വ്യംഗ്യാർത്ഥം
3. ഗലീലയിലെ നസറേത്ത് പട്ടണത്തെപ്പറ്റിയുള്ള സമകാലിക സാക്ഷ്യപ്പെടുത്തലിന്റെ കുറവ് അഥവാ അഭാവം
4. ഒരു അന്ത്യകാല ദൈവശാസ്ത്ര അർത്ഥത്തിൽ ഇത് ഒരു ദുരാത്മാവിന്റെ വായിൽ നിന്നും വരുന്നു എന്നത് (അതായത്, "നീ ഞങ്ങളെ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ?").

   ഈ പദ പഠനങ്ങളുടെ ഒരു പൂർണ്ണഗ്രന്ഥസൂചിക്ക് കാണുക: കോളിൻ ബ്രൗൺ (എഡി.), *ന്യൂ ഇന്റർനാഷണൽ ഡിക്ഷ്നറി ഓഫ് ന്യൂടെസ്റ്റമെന്റ് തിയോളജി,* വാല്യം 2, പേജ് 346 അല്ലെങ്കിൽ റെയ്മണ്ട് ഇ. ബ്രൗൺ, *ബെർത്ത്,* പേജ് 209-213, 223-225.

**1:46 "നഥനയേൽ അവനോടു: നസറെത്തിൽനിന്നു വല്ല നന്മയും വരുമോ എന്നു പറഞ്ഞു"** ഫിലിപ്പൊസിനും നഥനയേലിനും പഴയനിയമ പ്രവചനങ്ങൾ വ്യക്തമായി അറിയാമായിരുന്നു; മശിഹാ ജാതികളുടെ ഗലീലയിലുള്ള നസറേത്തിൽ നിന്നല്ല, പിന്നെയോ യെരൂശലേമിനു സമീപത്തുള്ള ബെത്ത്ലേഹെമിൽ (ഒ. നോ. മീഖാ 5:2) നിന്നാണു വരുന്നത്. എന്നാൽ യെശ. 9:1-7 ഇതേ കാര്യം തന്നെ സൂചിപ്പിക്കുന്നു!

**1:47**

| | |
|---|---|
| **NASB, NKJV,** | |
| **NRSV** | **"ഇവനിൽ വഞ്ചനയില്ല"** |
| **TEV** | **"ഇവനിൽ കപടമായതൊന്നുമില്ല"** |
| **NJB** | **"ഇവനിൽ ചതിവ് ഒന്നും ഇല്ല"** |

ഇതിനർത്ഥം ഗൂഢലക്ഷ്യങ്ങൾ ഒന്നുമില്ലാത്ത ഒരു നേരെയുള്ള മനുഷ്യൻ (ഒ. നോ. സങ്കീ. 32:2), തെരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേലിന്റെ ഒരു ശരിയായ പ്രതിനിധി എന്നാണ്.

**1:48 "ഫിലിപ്പൊസ് നിന്നെ വിളിക്കുംമുമ്പേ, നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു എന്നു യേശു ഉത്തരം പറഞ്ഞു"** താൻ മശിഹാ ആണെന്നുള്ളതിന് നഥനയേലിന് ഒരു അടയാളം കൊടുക്കുന്നതിന് യേശു തന്റെ അമാനുഷിക ജ്ഞാനം ഉപയോഗിച്ചു (അതാ. 2:24-25; 4:17-19,29; 6:61,64,71; 13:1,11,27,28; 16:19,30; 18:4).

യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും പ്രവർത്തിച്ചിരുന്നത് എങ്ങനെ എന്ന് മനസ്സിലാക്കുക പ്രയാസകരമാണ്. യേശു "അമാനുഷിക" ശക്തികളാണോ അതോ മാനുഷിക കഴിവുകളാണോ ഉപയോഗിച്ചിരുന്നതെന്ന് ചില വചനങ്ങളിൽ വ്യക്തമല്ല. ഇവിടെ ഉപയോഗിക്കുന്നത് "അമാനുഷിക" കഴിവ് ആണ്.

**1:49 "നഥനയേൽ അവനോടു: റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവു എന്നു ഉത്തരം പറഞ്ഞു"** രണ്ടു പേരുകൾ ശ്രദ്ധിക്കുക! രണ്ടിനും ദേശീയ മശിഹൈക സൂചനകളുണ്ട് (അതാ. സങ്കീ. 2). ഈ ആദ്യ ശിഷ്യന്മാർ യേശുവിനെ ഒന്നാം നൂറ്റാണ്ടിലെ യെഹൂദ ചിന്തകൾക്കനുസരിച്ചാണ് മനസ്സിലാക്കിയത്. ഉയിർത്തെഴുന്നേല്പു കഴിയുന്നതുവരെ കഷ്ടമനുഭവിക്കുന്ന ദാസൻ (ഒ. നോ. യെശ. 53) എന്ന നിലയിൽ അവന്റെ ആളത്വത്തെയും പ്രവൃത്തിയെയും അവർ മനസ്സിലാക്കിയിരുന്നില്ല.

1:51

**NASB** **"സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു"**
**NKJV** **"ഏറ്റവും ഉറപ്പായി ഞാൻ നിന്നോടു പറയുന്നു"**
**NRSV** **"വളരെ സത്യമായി ഞാൻ നിന്നോടു പറയുന്നു"**
**TEV** **"ഞാൻ നിന്നോടു സത്യം പറയുന്നു"**
**NJB** **"സകല സത്യത്തിലും"**

ആക്ഷരികമായി ഇത് "ആമേൻ! ആമേൻ!" എന്നാണ്. യേശു ഈ പദത്തിനു നല്കുന്ന ഇരട്ട പ്രയോഗം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണു കാണുന്നത്. അവിടെയിത് 25 പ്രാവശ്യം കാണാം. "ആമേൻ" എന്ന പദം വിശ്വാസം എന്നതിനുള്ള എബ്രായപദത്തിന്റെ (*എമെത്ത്*) ഒരു വകഭേദമാണ്. അതിനർത്ഥം "ഉറപ്പായിരിക്കുക" എന്നാണ് (1:14 ലെ പ്രത്യേക പഠനവിഷയം കാണുക). സ്ഥിരതയ്ക്കും വിശ്വാസീയതയ്ക്കും ഉള്ള ആലങ്കാരിക പ്രയോഗം എന്ന നിലയിലാണ് ഇതു പഴയനിയമത്തിൽ ഉപയോഗിക്കുന്നത്. അത് "വിശ്വാസം" എന്നോ "വിശ്വസ്തത" എന്നോ തർജ്ജമ ചെയ്യപ്പെട്ടു. എന്നിരുന്നാലും ചില സമയങ്ങളിൽ ഉറപ്പിനുവേണ്ടി അതു പയോഗിക്കപ്പെട്ടു. ഒരു വാചകത്തിൽ ആദ്യം ഉപയോഗിക്കുന്ന ഈ രീതിയിൽ, യേശുവിന്റെ സുപ്രധാനവും വിശ്വസനീയവുമായ പ്രസ്താവനകളിലേക്കോ അല്ലെങ്കിൽ യഹോവയിൽനിന്നുള്ള വെളിപ്പാടിലേക്കോ ശ്രദ്ധയാകർഷിക്കുന്നതിനുള്ള അതുല്യമായ ഒരു മാർഗ്ഗമായി അതു പരിണമിച്ചു (ഒ. നോ. 1:51; 2:3,5,11; 5:19,24,25; 6:26,32,47,53; 8:34,51,58; 10:1,7; 12:24; 13:16,20,21,38; 14:12; 16:20,23; 21:18).

ബഹുവചനത്തിലേക്കുള്ള (സർവ്വനാമവും ക്രിയയും) മാറ്റം ശ്രദ്ധിക്കുക. അവിടെ നില്ക്കുന്ന എല്ലാവരോടുമായിരിക്കാം ഇതു പറഞ്ഞത്.

## പ്രത്യേക പഠനവിഷയം: ആമേൻ

I. പഴയ നിയമം
   A. "ആമേൻ" എന്ന പദം
      1. "സത്യം" (*എമെത്ത്*, BDB 49)
      2. "സത്യമുള്ള അവസ്ഥ" (*എമുൻ, എമുനാഹ്*, BDB 53)
      3. "വിശ്വാസം" അഥവാ "വിശ്വസ്തത"
      4. "ആശ്രയം" (*ഡമൻ*, BDB 52)
      എന്നിവയ്ക്കുള്ള എബ്രായ പദത്തിൽനിന്നും വന്നതാണ്.
   B. അതിന്റെ വ്യുൽപത്തി ഒരു വ്യക്തിയുടെ സ്ഥിരതയോടെയുള്ള ശാരീരിക നിൽപ്പിനെ സൂചിപ്പിക്കുന്നു. സ്ഥിരതയില്ലാത്ത, വഴുതിപ്പോകുന്ന (ഒ. നോ. ആവ. 28:64–67; 38:16; സങ്കീ. 40:2; 73:18; യിരെ. 23:12) അല്ലെങ്കിൽ ഇടറുന്ന (ഒ. നോ. സങ്കീ . 73:2) ഒരുവൻ എന്നതാണ് അതിന്റെ വിപരീതം. ഈ ആക്ഷരിക ഉപയോഗത്തിൽനിന്നും വിശ്വസ്തനായ, കൂറുള്ള, വിശ്വസിക്കാൻ കൊള്ളാവുന്ന (ഒ. നോ. ഉല്പ. 15:16; ഹബ. 2:4) എന്ന ആലങ്കാരിക വിശേഷണം രൂപംകൊണ്ടു.
   C. പ്രത്യേക ഉപയോഗങ്ങൾ
      1. ഒരു തൂണ്, 2 രാജാ. 18:16 (1 തിമൊ. 3:15)
      2. ഉറപ്പ്, പുറ. 17:12
      3. നേരെയുള്ള, പുറ. 17:12
      4. സ്ഥിരത, യെശ. 33:6; 34:5–7
      5. സത്യമായ, 1 രാജാ. 10:6; 17:24; 22:16; സദൃ. 12:22
      6. ഉറപ്പുള്ള, 2 ദിന. 20:20; യെശ. 7:9
      7. വിശ്വസിക്കാവുന്ന (തോറാ), സങ്കീ. 119:43,142,151,168
   D. പഴയനിയമത്തിൽ മറ്റു രണ്ടു എബ്രായ പദങ്ങൾ സജീവ വിശ്വാസത്തിന് ഉപയോഗിക്കുന്നുണ്ട്
      1. *ബാത്താഖ്* (BDB 105), ആശ്രയം
      2. *യ്രാ* (BDB 431), ഭയം, ബഹുമാനം, ആരാധന (ഒ. നോ. ഉല്പ. 22:12)
   E. ആശ്രയം അഥവാ വിശ്വസനീയത എന്ന അർത്ഥത്തിൽനിന്നും, മറ്റൊരുവന്റെ സത്യമോ വിശ്വസനീയമോ ആയ ഒരു പ്രസ്താവനയെ സ്ഥിരീകരിക്കുന്നതിനുള്ള ഒരു ആരാധനാപരമായ ഒരു ഉപയോഗം രൂപംകൊണ്ടു (ഒ. നോ. ആവ. 27:25–26; നെഹെ. 8:6; സങ്കീ. 41:13; 70:19; 89:52; 106:48).
   F. ഈ പദം മനസ്സിലാക്കുന്നതിനുള്ള ദൈവശാസ്തരപരമായ താക്കോൽ, ഈ പദം മനുഷ്യന്റെ വിശ്വസ്തതയെയല്ല, യഹോവയുടെ വിശ്വസ്തതയെയാണു കുറിക്കുന്നത് എന്നതാണ് (ഒ. നോ. പുറ. 34:6; ആവ. 32:4; സങ്കീ. 108:4; 115:1; 117:2; 138:2). വീണുപോയ മനുഷ്യകുലത്തിന്റെ ഏക പ്രത്യാശ, യഹോവയുടെയും അവന്റെ വാഗ്ദത്തങ്ങളുടെയും കരുണാപൂർവ്വമുള്ള, വിശ്വസ്തമായ, ഉടമ്പടി വിശ്വസ്തതയാണ്. യഹോവയെ അറിയുന്നവർ അവനെപ്പോലെ ആകണം (ഒ. നോ. ഹബ. 2:4). ദൈവം മനുഷ്യനിൽ തന്റെ സ്വരൂപത്തെ പുനഃസ്ഥാപിക്കുന്നതിന്റെ ചരിത്രവും രേഖയുമാണ് ബൈബിൾ (ഒ. നോ. ഉല്പ. 1:26–27). രക്ഷ, ദൈവവുമായി ആത്മാർത്ഥ ബന്ധം പുലർത്തുന്നതി

നുള്ള മനുഷ്യന്റെ കഴിവിനെ യഥാസ്ഥാനപ്പെടുത്തുന്നു. അതിനായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

II. പുതിയ നിയമം

A. ഒരു പ്രസ്താവനയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള ഉപസംഹാര പ്രാർത്ഥനാക്രമ ഉറപ്പിക്കൽ എന്ന നിലയിൽ "ആമേൻ" എന്ന പദത്തിന്റെ ഉപയോഗം പുതിയനിയമത്തിൽ സാധാരണമാണ് (ഒ. നോ. 1 കൊരി. 14:16; 2 കൊരി. 1:20; വെളി. 1:7; 5:14; 7:12).

B. പ്രാർത്ഥനയുടെ ഉപസംഹാരം എന്ന നിലയിൽ ഈ പദത്തിന്റെ ഉപയോഗം പുതിയനിയമത്തിൽ സാധാരണമാണ് (ഒ. നോ. റോമ. 1:25; 9:5; 11:36; 16:27; ഗലാ. 1:5; 6:18; എഫെ. 3:21; ഫിലി. 4:20; 2 തെസ്സ. 3:18; 1 തിമൊ. 1:17; 6:16; 2 തിമൊ. 4:18).

C. സുപ്രധാന പ്രസ്താവനകളെ അവതരിപ്പിക്കുന്നതിനായി ഈ പദം ഉപയോഗിച്ചത് (യോഹന്നാനിൽ മിക്കപ്പോഴും ഇരട്ടിപ്പിൽ) യേശു മാത്രമാണ് (ഒ. നോ. ലൂക്കൊ. 4:24; 12:37; 18:17,29; 21:32; 23:43)

D. വെളി. 3:14 ൽ ഇത് യേശുവിനുള്ള ഒരു പേരായി ഉപയോഗിക്കപ്പെട്ടു (ഒരുപക്ഷേ യെശ. 65:16 ൽ യഹോവയ്ക്കുള്ള ഒരു നാമം)

E. വിശ്വസ്തത അഥവാ വിശ്വാസം, വിശ്വസനീയത അഥവാ ആശ്രയം എന്ന ആശയം, ഗ്രീക്കു പദങ്ങളായ പിസ്റ്റോസ് അഥവാ പിസ്റ്റിസ് വെളിപ്പെടുത്തിയിരിക്കുന്നു. ഇവയെ "ആശ്രയം," "വിശ്വാസം," "വിശ്വസിക്കുക" എന്നു പരിഭാഷപ്പെടുത്താം.

▣ **"നിങ്ങളോടു ... നിങ്ങൾ"** ഇതു രണ്ടും ബഹുവചനമാണ്. അവിടെ നിന്നിരുന്ന സകലരോടും, മറ്റൊരർത്ഥത്തിൽ സകല മനുഷ്യരോടുമാണ് യേശു സംസാരിക്കുന്നത്.

▣ **"സ്വർഗ്ഗം തുറന്നിരിക്കുന്നതും"** ഈ പ്രസ്താവനയ്ക്ക് ഒരു പഴയനിയമ ദൈവപ്രത്യക്ഷതയുടെ ധ്വനി ഉണ്ട്.

1. യെഹെസ്കേൽ, യെഹെ. 1:1
2. യേശു, മത്താ. 3:16; മർക്കൊ. 1:10; ലൂക്കൊ. 3:21
3. സ്തെഫാനൊസ്, പ്രവൃ. 7:56
4. കൊർന്നേല്യൊസ്, പ്രവൃ. 10:11
5. രണ്ടാം വരവ്, വെളി. 19:11

ഇവിടത്തെ പ്രത്യേക വ്യാകരണ പ്രയോഗം അവ തുറന്നുതന്നെ ഇരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. സ്വർഗ്ഗം എന്ന പദം ബഹുവചനമാണ്. അതു സൂചിപ്പിക്കുന്നത്, (1) ഉല്പത്തി 1 ലെപ്പോലെ ഭൂമിക്കു മുകളിലുള്ള അന്തരീക്ഷം (വിതാനം), അല്ലെങ്കിൽ (2) ദൈവത്തിന്റെ സാന്നിദ്ധ്യം എന്നാണ്.

# പ്രത്യേക പഠനവിഷയം: സ്വർഗ്ഗം

പഴയ നിയമത്തിൽ "സ്വർഗ്ഗം" എന്ന പദം ബഹുവചനമാണ് (അതാ. *ഷമായിം*, BDB 1029). എബ്രായപദത്തിനർത്ഥം "ഉയരം" എന്നാണ്. ദൈവം ഉയരത്തിൽ വസിക്കുന്നു. ഈ സങ്കല്പം ദൈവത്തിന്റെ വിശുദ്ധിയെയും അതീന്ദ്രിയത്വത്തെയും സൂചിപ്പിക്കുന്നു.

ഉല്പ. 1:1 ൽ ബഹുവചനമായ "ആകാശങ്ങളും ഭൂമിയും," ദൈവം സൃഷ്ടിച്ച (1) ഈ ഗ്രഹത്തിനു മുകളിലുള്ള അന്തരീക്ഷം അല്ലെങ്കിൽ, (2) സകല യാഥാർത്ഥ്യങ്ങളെയും സൂചിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗം (അതാ. ഭൗതികവും ആത്മികവും) ആയിട്ടാണ് വീക്ഷിക്കപ്പെടുന്നത്. ഈ അടിസ്ഥാന അറിവിൽനിന്നും മറ്റു വേദഭാഗങ്ങൾ സ്വർഗ്ഗത്തിന്റെ വിവിധ തലങ്ങളെ സൂചിപ്പിക്കുന്നതായി കണക്കാക്കപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്യുന്നു: "സ്വർഗ്ഗാധിസ്വർഗ്ഗം" (ഒ. നോ. സങ്കീ. 68:33), അഥവാ സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും (ഒ. നോ. ആവ. 10:14; 1 രാജാ. 8:27; നെഹെ. 9:6; സങ്കീ. 148:4). റബ്ബിമാർ കരുതുന്നത്:

1. രണ്ടു സ്വർഗ്ഗങ്ങൾ (അതാ. റബ്ബി യെഹൂദാ, ഹഗീഗാഹ് 12b)
2. മൂന്നു സ്വർഗ്ഗങ്ങൾ (ലേവിയുടെ നിയമം 2-3; യെശയ്യാവിന്റെ സ്വർഗ്ഗാരോഹണം 6-7; സങ്കീ. 114:1 ന്റെ മിദ്രാഷ് ടെഹില്ലിം)
3. അഞ്ചു സ്വർഗ്ഗങ്ങൾ (3 ബാരൂക്ക്)
4. ഏഴു സ്വർഗ്ഗങ്ങൾ (റബ്ബി സൈമൺ ബെൻ ലാഖീഷ്; 2 ഹാനോക്ക് 8; യെശ. സ്വർഗ്ഗാരോഹണം 9:7)
5. പത്തു സ്വർഗ്ഗങ്ങൾ (2 ഹാനോക്ക് 20:3b; 22:1)

   ഉണ്ടെന്നാണ്.

ഇവയെല്ലാം തന്നെ ഭൗതിക സൃഷ്ടിയിൽ നിന്നുമുള്ള ദൈവത്തിന്റെ വേർതിരിവിനെയും/അഥവാ അവന്റെ അതീന്ദ്രീയത്വത്തെയും കാണിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. യെഹൂദ റബ്ബിമാരുടെ കാഴ്ചപ്പാടിൽ സ്വർഗ്ഗത്തിന്റെ എണ്ണം ഏഴാണ്. *എവരിമാൻസ് തൽമൂദിൽ* (പേ. 30) ഓ. കോഹെൻ പറയുന്നത്, ഇത് വാനശാസ്ത്ര മണ്ഡലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. എന്നാൽ ഞാൻ ചിന്തിക്കുന്നത്, ഏഴ് സമ്പൂർണ്ണ സംഖ്യയെ സൂചിപ്പിക്കുന്നുവെന്നാണ് (അതാ. ഉല്പ. 1 ലെ ഏഴിനോടൊപ്പമുള്ള സൃഷ്ടിപ്പിൻ ദിനങ്ങൾ ദൈവത്തിന്റെ സ്വസ്ഥതയെ സൂചിപ്പിക്കുന്നു).

2 കൊരി. 12:2 ൽ അപ്പൊലസ്തലനായ പൗലൊസ്, "മൂന്നാം" സ്വർഗ്ഗത്തെ (ഗ്രീക്ക് *ഔറാനോസ്*) പരാമർശിക്കുന്നത് ദൈവത്തിന്റെ വ്യക്തിപരവും, മഹത്വപൂർണ്ണവുമായ സാന്നിധ്യത്തെ സൂചിപ്പിക്കാനാണ്. പൗലൊസ് ദൈവവുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തി!

▣ **"ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും"** ബേഥേലിൽവെച്ച് യാക്കോബിനുണ്ടായ അനുഭവത്തെക്കുറിച്ചുള്ള സൂചനയാണിത് (ഉല്പ. 28:10 മുതൽ). യാക്കോബിന്റെ എല്ലാ ആവശ്യങ്ങൾക്കായും കരുതാമെന്ന് വാഗ്ദത്തം ചെയ്തതുപോലെ, അവന്റെ എല്ലാ ആവശ്യങ്ങൾക്കായും ദൈവം കരുതുകയായിരുന്നുവെന്ന് യേശു പ്രഖ്യാപിക്കുകയാണിവിടെ.

▣ **"മനുഷ്യപുത്രൻ"** യേശു സ്വയം തെരഞ്ഞെടുത്ത പേരാണിത്. ഇതു ഒരു മനുഷ്യനെ സൂചിപ്പിക്കുന്ന എബ്രായ പ്രയോഗമാണ് (ഒ. നോ. സങ്കീ. 8:4; യെഹെ. 2:1). എന്നാൽ ദാനീ. 7:13 ലെ ഉപയോഗം നിമിത്തം ഇതിന് ദൈവികാംശം കൈവന്നു. ഇതു റബ്ബിമാർ ഉപയോഗിച്ചിരുന്നില്ല എന്നതിനാൽ ഇതിന് ദേശീയമോ സൈനികമോ ആയ സൂചനകൾ ഇല്ലായിരുന്നു. തന്റെ സ്വഭാവത്തിന്റെ രണ്ടു തലങ്ങളെയും – മാനുഷികവും ദൈവികവും, 1 യോഹ. 4:1–3 – ഇതു സംയോജിപ്പിച്ചിരുന്നതുകൊണ്ടാണ് യേശു ഈ നാമം ഉപയോഗിച്ചത്. യേശു തന്നെക്കുറിച്ച് 13 പ്രാവശ്യം ഈ നാമം ഉപയോഗിക്കുന്നത് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യെരൂശലേമിൽനിന്നു വന്ന സംഘം യോഹന്നാൻ സ്നാപകനോട് പഴയനിയമത്തിലെ മൂന്നു വ്യക്തികളിൽ ഒരുവനാണോ എന്നു ചോദിക്കുന്നത് എന്തുകൊണ്ടാണ്?
2. വാ. 19–30 ൽ യോഹന്നാൻ സ്നാപകൻ യേശുവിനെപ്പറ്റി നടത്തുന്ന ക്രിസ്തുശാസ്ത്രപരമായ പ്രസ്താവനകൾ വേർതിരിക്കുക.
3. ശിഷ്യന്മാരുടെ വിളിയെ സംബന്ധിച്ച് സമാന്തര സുവിശേഷങ്ങളും യോഹന്നാനും തമ്മിൽ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നത് എന്തുകൊണ്ട്?
4. ഈ മനുഷ്യർ യേശുവിനെക്കുറിച്ചു മനസ്സിലാക്കിയതെന്ത്? അവർ അവനെ വിളിക്കുന്ന പേരുകൾ ശ്രദ്ധിക്കുക (വാ. 38).
5. യേശു തന്നെത്തന്നെ എന്താണു വിളിക്കുന്നത്? എന്തുകൊണ്ട്?

# യോഹന്നാൻ 2
## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| കാനാവിലെ കല്യാണം | വെള്ളത്തെ വീഞ്ഞാക്കിയത് | കാനാവിലെ കല്യാണം | കാനാവിലെ കല്യാണം | കാനാവിലെ കല്യാണം |
| 2:1-11 | 2:1-12 | 2:1-11 | 2:1-3 | 2:1-10 |
| | | | 2:4 | |
| | | | 2:5 | |
| | | | 2:6-10 | |
| | | | 2:11 | |
| 2:12 | | 2:12 | 2:12 | |
| ദൈവാലയം ശുദ്ധീകരിക്കുന്നത് | യേശു ദൈവാലയം ശുദ്ധീകരിക്കുന്നു | ദൈവാലയം ശുദ്ധീകരിക്കുന്നത് | | ദൈവാലയം ശുദ്ധീകരിക്കുന്നത് |
| 2:13-22 | 2:13-22 | 2:13-22 | 2:13-17 | 2:13-22 |
| | | | 2:18 | |
| | | | 2:19 | |
| | | | 2:20 | |
| | | | 2:21-22 | |
| യേശു സകല മനുഷ്യരെയും അറിയുന്നു | ഹൃദയങ്ങളെ വിവേചിക്കുന്നവൻ | | മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള യേശുവിന്റെ ജ്ഞാനം | യേശു യെരൂശലേമിൽ |
| 2:23-25 | 2:23-25 | 2:23-25 | 2:23-25 | 2:23-25 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## 2:1-11 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യേശു തന്റെ കാലത്തെ മറ്റു മതനേതാക്കളെക്കാൾ വ്യത്യസ്തനായിരുന്നു. അവൻ സാധാരണ ജനങ്ങളോടൊപ്പം തിന്നുകയും കുടിക്കുകയും ചെയ്തു. യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽനിന്നുള്ള ഒരു സ്വകാര്യ വ്യക്തിയായിരുന്നു. യേശുവാകട്ടെ സാധാരണക്കാരോടൊപ്പം ഇടപഴകിയ ഒരു സാമൂഹ്യവ്യക്തിയായിരുന്നു.

B. അവന്റെ ഒന്നാമത്തെ അടയാളം വളരെ ഗാർഹികവും കുടുംബപരവുമായിരുന്നു. സാധാരണ ജനത്തോടുള്ള ശ്രദ്ധയും കരുതലും യേശുവിനെ വിശേഷതയുള്ളവനാക്കുമ്പോൾ തന്നെ, സ്വയനീതിക്കാരായ മതഭക്തർക്കു നേരെയുള്ള തന്റെ കോപം അവന്റെ സ്വഭാവത്തിന്റെ മറ്റൊരു വശത്തെ പ്രതിഫലിപ്പിക്കുന്നു. ആചാരങ്ങളോടോ അനുഷ്ഠാനങ്ങളോടോ അല്ല, പിന്നെയോ ജനങ്ങളോടുള്ള മുൻഗണന യേശുവിന്റെ സ്വാതന്ത്ര്യത്തെയും അതോടൊപ്പം തന്നെ സാംസ്കാരികമായ പ്രതീക്ഷകളോടുള്ള ബഹുമാനത്തെയും വെളിപ്പെടുത്തുന്നു.

C. യേശുവിന്റെ സ്വഭാവവും ശക്തിയും വെളിപ്പെടുത്തുവാൻ യോഹന്നാൻ ഉപയോഗിക്കുന്ന ഏഴ് അടയാളങ്ങളിൽ ഒന്നാമത്തേതാണിത് (അധ്യാ. 2-11).
1. വെള്ളത്തെ വീഞ്ഞാക്കുന്നത് (2:1-11)
2. ബാലനെ സൗഖ്യമാക്കുന്നത് (4:46-54)
3. മുടന്തനെ സൗഖ്യമാക്കുന്നത് (5:1-18)
4. പുരുഷാരത്തെ പോഷിപ്പിക്കുന്നത് (6:1-15)
5. വെള്ളത്തിന്മേൽ നടക്കുന്നത് (6:16-21)
6. കുരുടനു കാഴ്ച കൊടുക്കുന്നത് (9:1-41)
7. ലാസറിനെ ഉയിർപ്പിക്കുന്നത് (11:1-57)

## പദ, ശൈലി പഠനം

**യോഹന്നാൻ 2:1-11**

**[1]മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി; യേശുവിന്റെ അമ്മ അവിടെ
ഉണ്ടായിരുന്നു. [2]യേശുവിനെയും ശിഷ്യന്മാരെയും കല്യാണത്തിന്നു ക്ഷണിച്ചിരുന്നു. [3]വീഞ്ഞു പോരാതെ
വരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു. [4]യേശു അവളോടു:
സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്തു? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നു പറഞ്ഞു.
[5]അവന്റെ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ
എന്നു പറഞ്ഞു. [6]അവിടെ യെഹൂദന്മാരുടെ ശുദ്ധീകരണനിയമം അനുസരിച്ചു രണ്ടോ മൂന്നോ പറ വീതം
കൊള്ളുന്ന ആറു കല്പാത്രം ഉണ്ടായിരുന്നു. [7]യേശു അവരോടു ഈ കല്പാത്രങ്ങളിൽ വെള്ളം നിറപ്പിൻ
എന്നു പറഞ്ഞു; അവർ വക്കോളവും നിറച്ചു. [8]ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടുപോയി
കൊടുപ്പിൻ എന്നു പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. [9]അതു എവിടെനിന്നു എന്നു വെള്ളം
കോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്നുവാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി
രുചിനോക്കിയാറെ മണവാളനെ വിളിച്ചു: [10]എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരി പിടിച്ചശേഷം
ഇളപ്പമായതും കൊടുക്കുമാറുണ്ടു; നീ നല്ല വീഞ്ഞു ഇതുവരെയും സൂക്ഷിച്ചുവെച്ചുവല്ലോ എന്നു അവനോ
ടു പറഞ്ഞു. [11]യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽവെച്ചു ചെയ്തു
തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.**

**2:1 "ഒരു കല്യാണം ഉണ്ടായി"** ഗ്രാമീണ വിവാഹങ്ങൾ വലിയ സാമൂഹിക സംഭവങ്ങളായിരുന്നു. അവ മിക്കപ്പോഴും മുഴുവൻ സമുദായത്തെയും ഉൾക്കൊള്ളിക്കുമെന്നു മാത്രമല്ല, അനവധി ദിവസങ്ങൾ നീളുകയും ചെയ്യുമായിരുന്നു.

▣ **"കാനാ"** ഈ പദം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു (2:1,11; 4:46; 21:2). ഈ സ്ഥലത്തെക്കുറിച്ച് ചില കാര്യങ്ങൾ നമുക്കറിയാം.
1. നഥനയേലിന്റെ സ്വന്ത പട്ടണം
2. യേശുവിന്റെ ആദ്യത്തെ അത്ഭുതം നടന്ന സ്ഥലം
3. കഫർന്നഹൂമിനു സമീപം

കാനാ എന്ന് ഊഹിക്കപ്പെടുന്ന നാലു സ്ഥാനങ്ങൾ (AB, vol. 1, p. 827)
1. അയിൻ ഖാനാ, നസറേത്തിന് ഒരു മൈൽ വടക്ക്
2. കാഫ്റ് കന്നാ, നസറേത്തിന് മൂന്നു മൈൽ വടക്കു കിഴക്ക്

3. കിർബത്ത് ഖാനാ, നസറേത്തിന് ഏകദേശം എട്ടര മൈൽ വടക്കു കിഴക്ക് കുന്നിന്മേലുള്ള പുരാതനാശിഷ്ടം
4. ജൊസീഫസ് പരാമർച്ചിട്ടുള്ള അസോഖിസിലെ സമതലത്തിലുള്ള കാനാ (*Life*, 86, 206).
സമതലത്തിലുള്ള സ്ഥാനം കാനാ എന്ന പേരിനു യോജിക്കുന്നതായി തോന്നുന്നു. കാനാ എന്ന എബ്രായ വാക്കിനർത്ഥം "ഓട" എന്നാണ്.

▣ **"യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു"** വിവാഹത്തിനുള്ള ക്രമീകരണങ്ങളിൽ സഹായിക്കുകയായിരുന്നു മറിയ എന്നു വ്യക്തം. ഇത് (1) ശുശ്രൂഷക്കാരോട് അവൾ കല്പിക്കുന്നതിൽ നിന്നും (2) വീഞ്ഞു തീർന്നതിനെക്കുറിച്ചുള്ള അവളുടെ കരുതലിൽനിന്നും വ്യക്തമാണ്. ഇവർ മിക്കവാറും ബന്ധുക്കളോ കുടുംബ സുഹൃത്തുക്കളോ ആയിരിക്കാം.

▣ **"അവർക്കു വീഞ്ഞു ഇല്ല"** അതിഥികൾക്കു വീഞ്ഞു ലഭ്യമാക്കുക എന്നത് ഒരു നിർബന്ധിത യെഹൂദ സംസ്കാരമായിരുന്നു. ഈ വീഞ്ഞു ലഹരിയുള്ളതായിരുന്നുവെന്ന് (1) വിരുന്നുവാഴിയുടെ വാക്കുകളിൽ നിന്നും, വാ. 9-10; (2) യേശുവിന്റെ കാലത്തെ യെഹൂദ ആചാരത്തിൽനിന്നും; (3) ശുദ്ധീകരണ പ്രക്രിയയുടെ അഭാവത്തിൽനിന്നും അഥവാ രാസപദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിൽനിന്നും മനസ്സിലാക്കാവുന്നതാണ്

## പ്രത്യേക പഠനവിഷയം: മദ്യത്തോടും മദ്യപാനത്തോടുമുള്ള വേദപുസ്തക മനോഭാവം

I. വേദപുസ്തക പദങ്ങൾ
A. പഴയ നിയമം
1. *യായിൻ* - വീഞ്ഞിനുള്ള പൊതുവായ പദം (BDB 406). അതു 141 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. വ്യുല്പത്തി അവ്യക്തമാണ്. കാരണം ഇതൊരു എബ്രായ മൂലപദത്തിൽനിന്നുള്ളതല്ല. സാധാരണയായി പുളിച്ച മുന്തിരിച്ചാറ് എന്നാണിതിനർത്ഥം. ചില മാതൃകാ വേദഭാഗങ്ങൾ: ഉല്പ. 9:21; പുറ. 29:40; സംഖ്യ. 15:5, 10.
2. *റ്റിറോഷ്* - ഇതു "പുതുവീഞ്ഞ്" ആണ് (BDB 440). സമീപ പൂർവ്വ ദേശത്തെ കാലാവസ്ഥയുടെ പ്രത്യേകത നിമിത്തം ചാറു പിഴിഞ്ഞെടുത്ത് ആറു മണിക്കൂറിനുള്ളിൽ പുളിക്കാനാരംഭിച്ചിരുന്നു. ഈ പദം പുളിക്കൽ നടന്നുകൊണ്ടിരിക്കുന്ന വീഞ്ഞിനെ സൂചിപ്പിക്കുന്നു. ചില മാതൃകാ വേദഭാഗങ്ങൾ: ആവ. 12:17; 18:4; യെശ. 62:8-9; ഹോശേ. 4:11 കാണുക.
3. *ആസിസ്* - ഇതു വ്യക്തമായും മദ്യമാണ് (BDB 779, ഉദാ. "മദ്യം" യോവേ. 1:5; "ലഹരിയുള്ള വീഞ്ഞ്" യെശ. 49:26).
4. സെകാർ - ഇതു കടുപ്പമുള്ള പാനീയമാണ് (BDB 1016). എബ്രായ മൂലപദം ഉപയോഗിച്ചിരിക്കുന്നത് "മദ്യപിക്കുക," "മദ്യപൻ" എന്ന അർത്ഥത്തിലാണ്. ലഹരി കൂട്ടുന്നതിനായി ചില വസ്തുക്കൾ ചേർത്തിരുന്നു. ഇതു *യായീൻ* -നു സമാന്തരമാണ് (ഒ. നോ. സദൃ. 20:1; 31:6; യെശ. 28:7).

B. പുതിയ നിയമം
1. *ഒയിനോസ് - യായീൻ* -ന്റെ ഗ്രീക്കു സമാനപദം
2. *നിയോസ് ഒയിനോസ്* (പുതു വീഞ്ഞ്) - *റ്റിറോഷ്* -ന്റെ ഗ്രീക്കു സമാനപദം
3. *ഗ്ലൂഖോസ് വിനോസ്* (മധുരവീഞ്ഞ്, *ആസിസ്*) - പുളിച്ചു തുടങ്ങിയ വീഞ്ഞ് (ഒ. നോ. പ്രവൃ. 2:13).

II. വേദപുസ്തക ഉപയോഗം
A. പഴയ നിയമം
1. വീഞ്ഞ് ദൈവത്തിന്റെ ഒരു ദാനമാണ് (ഉല്പ. 27:28; സങ്കീ. 104:14-15; സഭാ. 9:7; ഹോശേ. 2:8-9; യോവേ. 2:19, 24; ആമോ. 9:13; സെഖ. 10:7).
2. വീഞ്ഞ് യാഗ വസ്തുക്കളുടെ ഒരു ഭാഗമാണ് (പുറ. 29:40; ലേവ്യ. 23:13; സംഖ്യ. 15:7,10; 28:14; ആവ. 14:26; ന്യായാ. 9:13).
3. വീഞ്ഞ് ഒരു ഔഷധമായി ഉപയോഗിക്കപ്പെടുന്നു (2 ശമൂ. 16:2; സദൃ. 31:6-7)
4. വീഞ്ഞ് ഒരു പ്രശ്നമായിത്തീരാം (നോഹ - ഉല്പ. 9:21; ലോത്ത് - ഉല്പ. 19:33,35; ശിംശോൻ - ന്യായാ. 16:19; നാബാൽ - 1 ശമൂ. 25:36; ഊരീയാവ് - 2 ശമൂ. 11:13; അമ്നോൻ - 2 ശമൂ. 13:28; ഏലാ - 1 രാജാ. 16:9; ബെൻഹദദ് - 1 രാജാ. 20:12; ഭരണാധികാരികൾ - ആമോ. 6:6; സ്ത്രീകൾ - ആമോ. 4)
5. വീഞ്ഞ് ദുരുപയോഗം ചെയ്യപ്പെടാം (സദൃ. 20:1; 23:29-35; 31:4-5; യെശ. 5:11,22; 19:14; 28:7-8; ഹോശേ. 4:11).
6. ചില വിഭാഗങ്ങൾക്ക് വീഞ്ഞ് വിലക്കപ്പെട്ടിരുന്നു (ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാർ, ലേവ്യ.

10:9; യെഹെ. 44:21; നാസീർ വ്രതസ്ഥർ, സംഖ്യ. 6; ഭരണാധികാരികൾ, സദൃ. 31:4–5; യെശ. 56:11–12; ഹോശേ. 7:5).

7. അന്ത്യകാലശാസ്ത്ര പശ്ചാത്തലത്തിൽ വീഞ്ഞ് ഉപയോഗിക്കപ്പെട്ടിരിക്കുന്നു (ആമോ. 9:13; യോവേ. 3:18; സെഖ. 9:17)

B. വേദപുസ്തകേതരം

1. മിതമായ അളവിൽ വീഞ്ഞ് ഉപകാരപ്രദമാണ് (സുഭാഷിതങ്ങൾ 31:27–30)
2. റബ്ബിമാർ പറയുന്നു, "വീഞ്ഞ് എല്ലാ ഔഷധങ്ങളെക്കാളും മേൽത്തരമാണ്; എവിടെ വീഞ്ഞിന്റെ അഭാവമുണ്ടോ അവിടെ ഔഷധം ആവശ്യമാണ്" (BB 58b).

C. പുതിയ നിയമം

1. യേശു വലിയ ഒരു അളവു വെള്ളത്തെ വീഞ്ഞാക്കി (യോഹ. 2:1–11)
2. യേശു വീഞ്ഞു കുടിച്ചു (മത്താ. 11:18–19; ലൂക്കൊ. 7:33–34; 22:17മുതൽ)
3. "പുതുവീഞ്ഞു" കുടിച്ചു മത്തനായിരിക്കുന്നതായി പെന്തെക്കോസ്തു നാളിൽ പത്രൊസിനെ തിരെ കുറ്റം ചുമത്തി (പ്രവൃ. 2:13)
4. വീഞ്ഞ് ഔഷധമായി ഉപയോഗിക്കാം (മർക്കൊ. 15:23; ലൂക്കൊ. 10:34; 1 തിമൊ. 5:23)
5. അധ്യക്ഷന്മാർ മദ്യപ്രിയരാകരുത്. മുഴുവനായി ഒഴിഞ്ഞിരിക്കണമെന്നല്ല ഇതിനർത്ഥം (1 തിമൊ. 3:3, 8; തീത്തൊ. 1:7; 2:3; 1 പത്രൊ. 4:3)
6. അന്ത്യകാലശാസ്ത്ര പശ്ചാത്തലത്തിൽ വീഞ്ഞ് ഉപയോഗിക്കപ്പെട്ടിരിക്കുന്നു (മത്താ. 22:1മുതൽ; വെളി. 19:9)
7. മദ്യാസക്തി അപലപിക്കപ്പെട്ടിരിക്കുന്നു (മത്താ. 24:49; ലൂക്കൊ. 12:45; 21:34; 1 കൊരി. 5:11–13; 6:10; ഗലാ. 5:21; 1 പത്രൊ. 4:3; റോമ. 13:13–14).

III. ദൈവശാസ്ത്രപരമായ ഉൾക്കാഴ്ച

A. ഭാഷാഭേദ സംഘർഷം

1. വീഞ്ഞ് ദൈവത്തിന്റെ ദാനമാണ്
2. മദ്യപാനം ഗൗരവമായ പ്രശ്നമാണ്
3. ചില സംസ്കാരങ്ങളിലുള്ള വിശ്വാസികൾ സുവിശേഷത്തിനുവേണ്ടി അവരുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തണം (മത്താ. 15:1–20; മർക്കൊ. 7:1–23; 1 കൊരി. 8–10; റോമ. 14)

B. അനുവദനീയ പരിധി ലംഘിക്കുന്നതിനുള്ള പ്രവണത

1. എല്ലാ നന്മകളുടെയും ഉറവിടം ദൈവമാണ്.
2. വീണുപോയ മനുഷ്യവർഗ്ഗം ദൈവത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിധികൾ ലംഘിച്ചുകൊണ്ട് ദൈവത്തിന്റെ എല്ലാ നല്ല ദാനങ്ങളെയും ദുരുപയോഗം ചെയ്തു.

C. ദുരുപയോഗം വസ്തുക്കളിലല്ല, നമ്മിലാണ്. ഭൗതിക സൃഷ്ടിയിൽ തിന്മയായി ഒന്നുമില്ല (ഒ. നോ. മർക്കൊ. 7:18–23; റോമ. 14:14, 20; 1 കൊരി. 10:25–26; 1 തിമൊ. 4:4; തീത്തൊ. 1:15).

IV. ഒന്നാം നൂറ്റാണ്ടിലെ യെഹൂദ സംസ്കാരവും വീഞ്ഞിന്റെ പുളിക്കലും

A. പുളിക്കൽ വളരെ വേഗം ആരംഭിക്കുന്നു. അതായത്, മുന്തിരി പിഴിഞ്ഞ് ഏകദേശം ആറു മണിക്കൂർ കഴിയുമ്പോൾ പുളിക്കാനാരംഭിക്കും.

B. യെഹൂദ പാരമ്പര്യപ്രകാരം, ഉപരിതലത്തിൽ പുളിപ്പിന്റെ അടയാളമായി നേരിയ പത പ്രത്യക്ഷപ്പെടുമ്പോൾ അതു ദശാംശം നൽകാൻ പാകമായി (*മാ അസെരോത്ത്* 1:7). ഇതാണു "പുതുവീഞ്ഞ്" അഥവാ "മധുരമുള്ള വീഞ്ഞ്."

C. പ്രാഥമികമായുള്ള ഉഗ്രമായ പുളിക്കൽ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാകും.

D. രണ്ടാം ഘട്ട പുളിക്കലിന് ഏകദേശം 40 ദിവസമെടുക്കും. ഈ ഘട്ടത്തിൽ ഇതിനെ "പാകമായ വീഞ്ഞ്" ആയി കരുതുകയും യാഗപീഠത്തിൽ അർപ്പിക്കുവാൻ ഉപയോഗിക്കുകയും ചെയ്തിരുന്നു (*എഥുയ്യോത്ത്* 6:1).

E. മട്ടിനു മുകളിൽ തെളിയുന്ന വീഞ്ഞ് നല്ലതായി കരുതപ്പെട്ടിരുന്നു. എങ്കിലും ഉപയോഗിക്കുംമുമ്പ് നന്നായി അരിച്ചെടുക്കണമായിരുന്നു.

F. ഒരു വർഷത്തെ പുളിക്കലിനു ശേഷമുള്ള വീഞ്ഞ് സാധാരണയായി ഏറ്റവും പഴക്കമുള്ളതായി കരുതിയിരുന്നു. വീഞ്ഞ് സുരക്ഷിതമായി സൂക്ഷിച്ചുവെക്കാവുന്ന ഏറ്റവും നീണ്ട കാലം മൂന്നു വർഷമായിരുന്നു. ഇതിനെ "പഴയ വീഞ്ഞ്" എന്നു വിളിച്ചിരുന്നു. ഇതു വെള്ളം ചേർത്തു നേർപ്പിച്ചു വേണം ഉപയോഗിക്കുവാൻ.

G. അണുവിമുക്ത സാഹചര്യങ്ങൾ ഉപയോഗിച്ചും രാസവസ്തുക്കൾ ചേർത്തും പുളിക്കുന്നതു തടയാൻ ആരംഭിച്ചിട്ട് ഏകദേശം 100 വർഷങ്ങളേ ആയിട്ടുള്ളൂ. പുരാതന ലോകത്തിന് സ്വാഭാവിക പ്രക്രിയയായ പുളിക്കലിനെ തടയുവാൻ കഴിയുമായിരുന്നില്ല.

V. ഉപസംഹാര പ്രസ്താവനകൾ

A. നിങ്ങളുടെ അനുഭവങ്ങളും ദൈവശാസ്ത്രവും വേദപുസ്തക വ്യാഖ്യാനരീതികളും യേശുവിന്റെയും

ആദിമ യെഹൂദ/ക്രിസ്തീയ സംസ്കാരത്തിന്റെയും വിലയിടിക്കുന്നില്ലെന്ന് ഉറപ്പാക്കുക. അവർ വീഞ്ഞ് പൂർണ്ണമായി ഒഴിവാക്കിയിരുന്നില്ല എന്നു വ്യക്തമാണ്.

B. ഞാൻ മദ്യത്തിന്റെ സാമൂഹിക ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുകയല്ല. എന്നിരുന്നാലും അനവധി പേർ ഈ വിഷയത്തിലുള്ള വേദപുസ്തക നിലപാടിനെ അതിശയോക്തി കലർത്തി പറയുകയും ഒരു സാംസ്കാരികമോ/സഭാവിഭാഗപരമോ ആയ നിലപാടിന്റെ അടിസ്ഥാനത്തിൽ ഉന്നത നീതി അവകാശപ്പെടുകയും ചെയ്യുന്നു.

C. എന്നെ സംബന്ധിച്ച് വ്യക്തിപരമായ സ്വാതന്ത്ര്യം എടുക്കാതെയും മറ്റുള്ളവരെ വിമർശിക്കാതെയും കൂട്ടുവിശ്വാസകളോടു സ്നേഹവും ബഹുമാനവും പുലർത്തുന്നതിനും ഞങ്ങളുടെ സംസ്കാരത്തിൽ സുവിശേഷം വ്യാപിപ്പിക്കുന്നതിനുമുള്ള ഉൾക്കാഴ്ചയും മാർഗ്ഗനിർദ്ദേശവും റോമ. 14; 1 കൊരി. 8–10 എന്നിവ എനിക്കു നൽകുന്നു. വിശ്വാസത്തിനും ജീവിതത്തിനുമുള്ള ഒരേയൊരു ഉറവിടം വേദപുസ്തകം മാത്രമാണെങ്കിൽ നാം തീർച്ചയായും ഈ വിഷയം പുനർവിചിന്തനം ചെയ്യേണ്ടതാണ്.

D. ദൈവത്തിന്റെ ഹിതം പൂർണ്ണമായ വർജ്ജിക്കലാണെന്ന് നാം ഊന്നിപ്പറയുമ്പോൾ, യേശുവിനെക്കുറിച്ചും സ്ഥിരമായി വീഞ്ഞുപയോഗിക്കുന്ന ആധുനിക സംസ്കാരത്തിലുള്ളവരെപ്പറ്റിയും (ഉദാ. യൂറോപ്പ്, യിസ്രായേൽ, അർജന്റീനാ എന്നിവിടങ്ങളിലുള്ളവർ) നാം എന്തുപറയും?

**2:4 "സ്ത്രീയേ"** മലയാളത്തിൽ ഇതിന്റെ ധ്വനി പരുഷമാണെങ്കിലും എബ്രായശൈലി ബഹുമാനം നിറഞ്ഞതാണ് (ഒ. നോ. 4:21; 8:10; 19:26; 20:15).

▣

**NASB** **"അതിനു നമുക്കെന്ത്?"**
**NKJV** **"നിന്റെ താല്പര്യത്തിൽ എനിക്കെന്ത്?"**
**NRSV** **"അതിന് എനിക്കും നിനക്കും എന്ത്?"**
**TEV** **"എന്തുചെയ്യേണമെന്നു നീ എന്നോടു പറയേണ്ടാ"**
**NJB** **"എന്നിൽനിന്നും നീ എന്താണാഗ്രഹിക്കുന്നത്?"**

ആക്ഷരികമായി, "എനിക്കും നിനക്കും എന്ത്?" എന്നർത്ഥമുള്ള ഒരു എബ്രായ ശൈലിയാണിത് (ഒ. നോ. 11:12; 2 ശമൂ. 16:10; 19:22; 1 രാജാ. 17:18; 2 രാജാ. 3:13; 2 ദിന. 35:21; മത്താ. 8:29; മർക്കൊ. 1:24; 5:7; ലൂക്കൊ. 4:34; 8:28; യോഹ. 2:4). ഇതു തന്റെ കുടുംബത്തോടുള്ള യേശുവിന്റെ പുതിയ ബന്ധത്തിന്റെ തുടക്കമായിരിക്കുവാൻ സാധ്യതയുണ്ട് (ഒ. നോ. മത്താ. 12:46മുതൽ; ലൂക്കൊ. 11:27–28).

▣ **"എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല"** തന്റെ നിയുക്ത ഉദ്ദേശ്യത്തെപ്പറ്റിയുള്ള യേശുവിന്റെ സ്വയാവബോധത്തെയാണിതു കാണിക്കുന്നത് (ഒ. നോ. മർക്കൊ. 10:45). "നാഴിക" എന്ന പദം യോഹന്നാൻ വിവിധ നിലകളിൽ ഉപയോഗിക്കുന്നു

1. സമയത്തിന് (ഒ. നോ. 1:39; 4:6,52,53; 11:9; 16:21; 19:14; 19:27)
2. അന്ത്യകാലത്തിന് (ഒ. നോ. 4:21,23; 5:25,28)
3. തന്റെ അന്ത്യദിനങ്ങൾക്ക് (അറസ്റ്റ്, വിസ്താരം, മരണം, ഒ. നോ. 2:4; 7:30; 8:20; 12:23,27; 13:1; 16:32; 17:1)

**2:5 "അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ"** അവൾക്കുവേണ്ടിയാണു താൻ പ്രവർത്തിക്കുന്നതെന്ന ചിന്ത അവളിൽനിന്നും അകറ്റി നിർത്തുന്നതിനായിട്ടാണ് യേശു ആ വാക്കു പറഞ്ഞതെന്ന് മറിയ മനസ്സിലാക്കിയില്ല

**2:6**

**NASB** **"യെഹൂദന്മാരുടെ ശുദ്ധീകരണ സമ്പ്രദായത്തിനുവേണ്ടി"**
**NKJV** **"ശുദ്ധീകരണ രീതിയനുസരിച്ച്"**
**NRSV** **"യെഹൂദ്യ ശുദ്ധീകരണ ആചാരത്തിനുവേണ്ടി"**
**TEV** **"യെഹൂദന്മാർക്ക് ആചാരപ്രകാരമുള്ള ശുദ്ധീകരണ നിയമങ്ങളുണ്ടായിരുന്നു"**
**NJB** **"യെഹൂദന്മാരുടെ ഇടയിലുള്ള ആചാരപരമായ അംഗശുദ്ധിവരുത്തലിനുവേണ്ടി"**

വെള്ളം നിറച്ചിരുന്ന ഈ പാത്രങ്ങൾ കാലുകൾ, കൈകൾ, പാത്രങ്ങൾ മുതലായവയുടെ ആചാരപരമായ കഴുകലിനായി ഉപയോഗിച്ചിരുന്നു. യോഹന്നാൻ ഈ വിശദീകരണം നൽകുന്നത് പശ്ചാത്തലം മനസ്സിലാക്കുന്നതിനു ജാതികളെ സഹായിക്കാനാണ്.

**2:6–7 "ആറു കൽപാത്രങ്ങൾ"** യോഹന്നാനിൽ എപ്പോഴും കാണുന്നതുപോലെ ഇതു രണ്ടുദ്ദേശ്യങ്ങളോടുകൂടിയ ഒരു അടയാളമായിരുന്നു.

1. വിവാഹിതരാകുന്ന ദമ്പതികളെ സഹായിക്കുവാൻ
2. ഇതു പരമമായും യേശു യെഹൂദമതത്തിന്റെ പൂർത്തീകരണമെന്ന നിലയിൽ വിരൽ ചൂണ്ടുന്ന ഒരു അടയാളമായിരുന്നു. ഈ അവസാന പ്രസ്താവനയുടെ പിന്നിലെ കാരണങ്ങൾ
   a. മാനുഷിക പ്രയത്നത്തിന്റെ പ്രതീകമാണ് "6"

b. അവ വക്കോളം നിറയ്ക്കുവാനുള്ള യേശുവിന്റെ അഭ്യർത്ഥനയ്ക്ക് അധികം വീഞ്ഞു ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലുപരി പ്രതീകാത്മകമായ അർത്ഥമുള്ളതായി തോന്നുന്നു.
c. ഒരു പ്രാദേശിക വിവാഹ വിരുന്നിന് ആവശ്യമായിരുന്നതിനെക്കാൾ വളരെയധികം വീഞ്ഞ്
d. പുതിയ യുഗത്തിലെ സമൃദ്ധിയുടെ ഒരു പ്രതീകമായിരുന്നു വീഞ്ഞ് (ഒ. നോ. യിരെ. 31:12; ഹോശേ. 2:22; 14:7; യോവേ. 3:18; ആമോ. 9:12-14).

▣ **"രണ്ടോ, മൂന്നോ പറ വീതം കൊള്ളുന്ന"** ഈ അളവ് എബ്രായ പദമായ *ബത്ത്* ആണ്. യേശുവിന്റെ കാലത്ത് മൂന്നു വ്യത്യസ്തമായ *ബത്തുകൾ* ഉപയോഗിച്ചിരുന്നതിനാൽ ഈ അളവ് എത്രയെന്നു വ്യക്തമല്ല. എങ്കിലും അത്ഭുതത്തിൽ വലിയ അളവു വീഞ്ഞ് ഉൾക്കൊണ്ടിരുന്നു.

## പ്രത്യേക പഠനവിഷയം: പുരാതന സമീപ പൂർവ്വദേശങ്ങളിലെ തൂക്കങ്ങളും അളവുകളും

പുരാതന കാർഷിക സമ്പദ്വ്യവസ്ഥയിൽ വാണിജ്യത്തിന് ഉപയോഗിച്ചിരുന്ന തൂക്കങ്ങളും അളവുകളും നിർണ്ണായകമായിരുന്നു. പരസ്പരമുള്ള ഇടപാടുകൾ നീതിപൂർവ്വമായിരിക്കുവാൻ വേദപുസ്തകം യെഹൂദന്മാരെ ഉത്സാഹിപ്പിക്കുന്നു (ഒ. നോ. ലേവ്യ. 19:35-36; ആവ. 25:13-16; സദൃ. 11:1; 16:11; 20:10). യഥാർത്ഥ പ്രശ്നം സത്യസന്ധത മാത്രമല്ലായിരുന്നു, പിന്നെയോ പാലസ്തീനിൽ ഉപയോഗിച്ചിരുന്ന ഏകീകരണസ്വഭാവമില്ലാത്ത അളവു, തൂക്ക സംവിധാനമായിരുന്നു. രണ്ടുതരത്തിലുള്ള തൂക്കങ്ങളുണ്ടായിരുന്നു: ഓരോ അളവിനും ഒരു "ഭാരം കുറഞ്ഞതും" ഒരു "ഭാരം കൂടിയതും" (കാണുക, *ദ ഇന്റർപ്രെട്ടേഴ്സ് ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ,* വാല്യം 4, ജേ. 831). മിസ്രയീമിലെ ദശാംശ സംവിധാനവും (10 ന്റെ അടിസ്ഥാനത്തിലുള്ളത്) മെസൊപൊത്താമ്യയിലെ ഷഡാംശ സംവിധാനവും (6 ന്റെ അടിസ്ഥാനത്തിലുള്ളത്) സംയോജിപ്പിച്ച് ഉപയോഗിച്ചുവന്നു.

"വലിപ്പ"ങ്ങളിലും "അളവു"കളിലും അനേകവും മനുഷ്യശരീരങ്ങളുടെയും മൃഗങ്ങൾ വഹിക്കുന്ന ഭാരത്തിന്റെയും കൃഷിക്കാരുടെ പാത്രങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയായിരുന്നു; ഇവയ്ക്ക് പൊതുനിലവാരമുണ്ടായിരുന്നില്ല. അതിനാൽ പട്ടികകൾ കേവലം അനുമാനങ്ങളും മാറ്റത്തിനു വിധേയവുമാണ്. തൂക്കങ്ങളും അളവുകളും കാണിക്കുന്നതിനുള്ള എളുപ്പവഴി ആപേക്ഷിക പട്ടികയാണ്.

I. ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന അളവ്
   A. ഖര അളവുകൾ
      1. ഹോമെർ (BDB 330, "ഒരു കഴുതച്ചുമട്" ആയിരിക്കാം, BDB 331), ഉദാ. ലേവ്യ. 27:16; ഹോശേ. 3:2
      2. ലെതേഖ് (അഥവാ ലെത്തേഖ്, BDB 547, ഹോശേ. 3:2 ൽ സൂചനയ്ക്കു സാധ്യത)
      3. ഏഫ (BDB 35), ഉദാ. പുറ. 16:36; ലേവ്യ. 19:36; യെഹെ. 45:10-11,13,24
      4. സെയ (BDB 684), ഉദാ. ഉല്പ. 18:6; 1 ശമൂ. 25:18; 1 രാജാ. 18:32; 2 രാജാ. 7:1,16,18
      5. ഓമർ (BDB 771 II "ഒരു കറ്റ" ആയിരിക്കാം, [വീണുപോയ ധാന്യത്തിന്റെ ഒരു നിര] BDB 771 I), ഉദാ. പുറ. 16:16,22,36; ലേവ്യ. 23:10-15
      6. യിസ്സാരോൺ (BDB 798, ഏഫയുടെ "പത്തിലൊന്ന്") , ഉദാ. പുറ. 29:40; ലേവ്യ. 14:21; സംഖ്യ. 15:4; 28:5,13
      7. ഖാവ് (അഥവാ കബ്, BDB 866), ഒ. നോ. 2 രാജാ. 6:25
   B. ദ്രാവക അളവുകൾ
      1. കോർ (BDB 499), ഉദാ. യെഹെ. 45:14 (ഖര അളവും ആയിരിക്കാം, ഒ. നോ. 2 ദിന. 2:10; 27:5)
      2. ബത്ത് (BDB 144 II), ഉദാ. 1 രാജാ. 7:26,38; 2 ദിന. 2:10; 4:5; യെശ. 5:10; യെഹെ. 45:10-11,14
      3. ഹീൻ (BDB 228), ഉദാ. പുറ. 29:40; ലേവ്യ. 19:36; യെഹെ. 45:24
      4. ലോഗ് (BDB 528), ഉദാ. ലേവ്യ. 14:10,12,15,21,24
   C. പട്ടിക (റോളണ്ട് ഡി വോക്സ്, *എൻഷ്യെന്റ് യിസ്രായേൽ,* വാല്യം 1, പേ. 201 & *എൻസൈക്ലോപീഡിയ ജുഡൈക്ക,* വാല്യം 16, പേ. 379 എന്നിവയിൽനിന്നും എടുത്തിട്ടുള്ളത്)

| | | | | | | | |
|---|---|---|---|---|---|---|---|
| ഹോമർ (ഖരം)=കോർ (ദ്രാവകം അഥവാ ഖരം) | 1 | | | | | | |
| ഏഫ (ഖരം)=ബത്ത് (ദ്രാവകം) | 10 | 1 | | | | | |
| സെയ (ഖരം) | 30 | 3 | 1 | | | | |
| ഹീൻ (ദ്രാവകം) | 60 | 6 | 2 | 1 | | | |
| ഓമർ/ഇസ്സാരോൺ (ഖരം) | 100 | 10 | - | - | 1 | | |
| ഖാവ്/കബ് (ഖരം) | 180 | 18 | 6 | 3 | - | 1 | |
| ലോഗ് (ദ്രാവകം) | 720 | 72 | 24 | 12 | - | 4 | 1 |

II. ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന തൂക്കങ്ങൾ

A. സർവ്വസാധാരണമായ മൂന്നു തൂക്കങ്ങൾ താലന്ത്, ശേക്കെൽ, ഗേരാ എന്നിവയാണ്.

1. പഴയ നിയമത്തിലെ ഏറ്റവും വലിയ തൂക്കം താലന്ത് ആണ്. പുറ. 38:25-26 ൽ നിന്നും ഒരു താലന്ത് 3,000 ശേക്കെൽ (അതായത് 'സുമാർ തൂക്കം' BDB 503) ആണെന്നു മനസ്സിലാക്കാം.
2. ശേക്കെൽ (BDB 1053, "തൂക്കം") എന്ന പദം പാഠത്തിൽ ഇല്ലെങ്കിലും മിക്കപ്പോഴും അനുമാനിക്കപ്പെടുകയാണു ചെയ്യുന്നത്. പഴയ നിയമത്തിലെ പല വിലകളിലുള്ള ശേക്കെലിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.
   a. "കച്ചവടക്കാർക്കു നടപ്പുള്ള" (ഉല്പ. 23:16)
   b. "വിശുദ്ധ മന്ദിരത്തിലെ" ശേക്കെൽ (പുറ. 30:13).
   c. "രാജതൂക്കം" (2 ശമു. 14:26); എലഫന്റൈൻ പാപ്പിറസിലെ "രാജകീയ തൂക്കം"
3. ഗേരായുടെ തൂക്കം (BDS 176 II) ശേക്കെലിന് 20 എന്ന പ്രകാരമായിരുന്നു (ഒ. നോ. പുറ. 30:13; ലേവ്യ. 27:25; സംഖ്യ. 3:47; 18:16; യെഹെ. 45:12). മെസൊപൊത്താമ്യ മുതൽ ഈജിപ്റ്റു വരെ ഈ അനുപാതത്തിന് വ്യത്യാസമുണ്ടായിരുന്നു. കനാനിൽ (ഉഗാറിറ്റ്) നടപ്പിലിരുന്ന വിലയാണ് യിസ്രായേൽ കണക്കാക്കിയിരുന്നത്.
4. മിനാ (BDB 584) 50 അഥവാ 60 ശേക്കെൽ ആയിരുന്നു. പിൽക്കാല പഴയ നിയമ ഗ്രന്ഥങ്ങളിലാണ് ഈ പദം കാണുന്നത് (അതാ. യെഹെ. 45:12; എസ്രാ 2:69; നെഹെ. 7:70-71). യെഹെസ്കേൽ അറുപതിന് ഒന്ന് എന്ന അനുപാതമാണു ഉപയോഗിച്ചത്; കനാന്യരാകട്ടെ 50:1 എന്ന അനുപാതവും.
5. ബെക്കാ (BDB 132, "അര ശേക്കെൽ", ഒ. നോ. ഉല്പ. 24:22) രണ്ടു പ്രാവശ്യം മാത്രമേ പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ളു (ഒ. നോ. ഉല്പ. 24:22; പുറ. 38:26). അര ശേക്കെലാണു വില. വാക്കിനർത്ഥം "വിഭജിക്കുക" എന്നാണ്.

B. ചാർട്ട്

1. പഞ്ചഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ

| | | | | | |
|---|---|---|---|---|---|
| താലന്ത് | 1 | | | | |
| മിനാ | 60 | 1 | | | |
| ശേക്കെൽ | 3,000 | 50 | 1 | | |
| ബെക്കാ | 6,000 | 100 | 2 | 1 | |
| ഗേരാ | 60,000 | 1,000 | 20 | 10 | |

2. യെഹെസ്കേലിന്റെ അടിസ്ഥാനത്തിൽ

| | | | | | |
|---|---|---|---|---|---|
| താലന്ത് | 1 | | | | |
| മിനാ | 60 | 1 | | | |
| ശേക്കെൽ | 3,600 | 60 | 1 | | |
| ബെക്കാ | 7,200 | 120 | 2 | 1 | |
| ഗേരാ | 72,000 | 1,200 | 20 | 10 | 1 |

**2:8**

**NASB** **"പ്രധാന നടത്തിപ്പുകാരൻ"**
**NKJV** **"വിരുന്നുവാഴി"**
**NRSV** **"പ്രധാന പരിചാരകൻ"**
**TEV** **"വിരുന്നിന്റെ ചുമതലക്കാരനായ മനുഷ്യൻ"**
**NJV** **"വിരുന്നിന്റെ അദ്ധ്യക്ഷൻ"**

ഈ വ്യക്തി (1) വിരുന്നിന്റെ മേൽനോട്ടം വഹിക്കുന്ന ഒരു ബഹുമാന്യ അതിഥിയോ (2) അതിഥികളെ ശുശ്രൂഷിക്കുന്നതിന്റെ ചുമതലയുള്ള ഒരു അടിമയോ ആയിരിക്കാം.

**2:10** സാധാരണ ഏറ്റവും നല്ല വീഞ്ഞാണ് ആദ്യം നൽകുന്നത്. വിരുന്നുകാർക്ക് ലഹരി പിടിച്ചശേഷം ലഹരി കുറഞ്ഞ വീഞ്ഞു നൽകും. എന്നാലിവിടെ മികച്ചത് ഒടുവിൽ നൽകി! ഇത് യെഹൂദമതത്തിലെ പഴയ നിയമവും (പഴയ വീഞ്ഞ്) യേശുവിലൂടെയുള്ള പുതിയ നിയമവും (പുതിയ വീഞ്ഞ്) തമ്മിലുള്ള താരതമ്യമാകാം (ഒ. നോ. എബ്രായ ലേഖനം). യേശുവിന്റെ ദൈവാലയ ശുദ്ധീകരണം (ഒ. നോ. 2:13-15) ദൈവശാസ്ത്രപരമായ ഉദ്ദേശ്യത്തോടെ യോഹന്നാൻ കാലഗണന മാറ്റി ഇവിടെ ചേർത്തതാണെന്നു വ്യക്തം) ഈ സത്യത്തിന്റെ പ്രതീകവല്കരണമാകാം.

**2:11 "അടയാളങ്ങളുടെ ആരംഭമായി"** യോഹന്നാന്റെ സുവിശേഷം 7 അടയാളങ്ങളെയും അവയുടെ വ്യാഖ്യാനങ്ങളെയും ചുറ്റിപ്പറ്റിയാണ് രചിച്ചിട്ടുള്ളത്. ഇതാണ് ആദ്യത്തേതാണ്. 1:1 ലെ പ്രത്യേക പഠന വിഷയം: *ആർക്കേ* കാണുക.

▣ **"തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു"** യേശുവിന്റെ മഹത്വത്തിന്റെ (1:14 ലെ കുറിപ്പ് കാണുക) വെളിപ്പെടുത്തൽ (1:31 ൽ ക്രിയാപദത്തെക്കുറിച്ചുള്ള കുറിപ്പു കാണുക) ആയിരുന്നു അത്ഭുതങ്ങളുടെ ലക്ഷ്യം. ഈ അത്ഭുതം മറ്റനേക അത്ഭുതങ്ങളെപ്പോലെ, തന്റെ ശിഷ്യന്മാരെ ഉദ്ദേശിച്ചുള്ളവ യായിരുന്നു. ഇത് അവരുടെ വിശ്വാസത്തിന്റെ ആരംഭമാണെന്നല്ല ഇതിനർത്ഥം, മറിച്ച് അവന്റെ ആളത്വത്തെയും പ്രവൃത്തിയെയും കുറിച്ച് അവരുടെ അറിവ് വർദ്ധിച്ചുകൊണ്ടിരുന്നു എന്നാണ്. അടയാളങ്ങൾ മശിഹായുടെ യഥാർത്ഥ ആളത്വത്തെയും പ്രവൃത്തിയെയും വെളിപ്പെടുത്തുന്നു. എന്താണു സംഭവിച്ചതെന്ന് അതിഥികൾ മനസ്സിലാക്കിയോ എന്നത് അജ്ഞാതമാണ്.

**യോഹന്നാൻ 2:12**
**[12]അനന്തരം അവനും അവന്റെ അമ്മയും സഹോദരന്മാരും ശിഷ്യന്മാരും കഫർന്നഹൂമിലേക്കു പോയി; അവിടെ ഏറെനാൾ പാർത്തില്ല.**

**2:12 "കഫർന്നഹൂം"** നസറെത്തിലെ അവിശ്വാസത്തിനുശേഷം (ഒ. നോ. ലൂക്കൊ. 4:16-30) ഇത് യേശുവിന്റെ ഗലീലയിലെ ആസ്ഥാനമായിത്തീർന്നു (ഒ. നോ. മത്താ. 4:13; മർക്കൊ. 1:21; 2:1; ലൂക്കൊ. 4:23,31; യോഹ. 2:12; 4:46-47).
▣ കാനായിലെ ഈ അത്ഭുതത്തിന്റെ വെളിച്ചത്തിൽ, തന്റെ കുടുംബത്തോടുള്ള യേശുവിന്റെ ശുശ്രൂഷയുടെ ഒരു അതുല്യമായ കാഴ്ചയാണിത്.

## 2:13-25 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യേശു എത്ര പ്രാവശ്യം ദൈവാലയത്തെ ശുദ്ധീകരിച്ചു എന്നതിനെച്ചൊല്ലി പുതിയ നിയമ പണ്ഡിതന്മാരുടെ ഇടയിൽ വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. യോഹന്നാൻ യേശുവിന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ശുദ്ധീകരണം നടന്നതായി രേഖപ്പെടുത്തുമ്പോൾ, സമവീക്ഷണ സുവിശേഷങ്ങൾ (മത്താ. 21:12; മർക്കൊ. 11:15; ലൂക്കൊ. 19:45) യേശുവിന്റെ ജീവിതത്തിന്റെ അവസാന ആഴ്ചയിൽ നടന്നതായിട്ടാണു രേഖപ്പെടുത്തുന്നത്. രണ്ടു വിവരണങ്ങളും തമ്മിലുള്ള വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ, ഒന്നല്ല രണ്ടു ദൈവാലയശുദ്ധീകരണങ്ങൾ നടന്നിട്ടുണ്ട് എന്ന് അനുമാനിക്കാം.

   എന്നിരുന്നാലും യോഹന്നാൻ യേശുവിന്റെ പ്രവൃത്തികളെ ദൈവശാസ്ത്രപരമായ ഉദ്ദേശ്യങ്ങളോടെ രേഖപ്പെടുത്തിയിരിക്കാൻ സാധ്യതയുണ്ട് (അതായത് യോഹന്നാൻ അ. 1 മുതൽ തന്നെ യേശുവിന്റെ പൂർണ്ണ ദൈവത്തെ ഉറപ്പിക്കുന്നു). ഓരോ സുവിശേഷകനു ദൈവനിശ്വാസീയതയുടെ കീഴിൽ, യേശുവിന്റെ പ്രവർത്തനങ്ങളും ഉപദേശങ്ങളും തിരഞ്ഞെടുക്കുവാനും സംയോജിപ്പിക്കുവാനും ക്രമപ്പെടുത്തുവാനും സംഗ്രഹിക്കുവാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ യേശുവിന്റെ അധരങ്ങളിൽ വാക്കുകൾ നല്കുവാനോ സംഭവങ്ങളെ ഉണ്ടാക്കിയെടുക്കുവാനോ അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല. സുവിശേഷങ്ങൾ ആധുനിക ജീവചരിത്രങ്ങളല്ല, മറിച്ച് തിരഞ്ഞെടുക്കപ്പെട്ട വായനക്കാർക്കു വേണ്ടിയുള്ള സുവിശേഷ ലഘുലേഖകളാണെന്ന കാര്യം ഓർമ്മിക്കേണ്ടതാണ്. സുവിശേഷങ്ങൾ കാലാനുക്രമമല്ല, യേശുവിന്റെ സകല വാക്കുകളും അവ രേഖപ്പെടുത്തുന്നുമില്ല (സംഗ്രഹം മാത്രമാണവ). അതുകൊണ്ട് അവ കൃത്യമല്ല എന്നർത്ഥമില്ല. പൗരസ്ത്യ സാഹിത്യം പാശ്ചാത്യ സാഹിത്യത്തിൽ നിന്നും വ്യത്യസ്ത സാംസ്കാരിക ലക്ഷ്യങ്ങളിലധിഷ്ഠിതമാണ്. ഗോർഡൻ ഫീ, ഡഗ്ലസ് സ്റ്റുവർട്ട് എന്നിവർ എഴുതിയ *ഹൗ ടു റീഡ് ദ ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്, പേ. 127-148 കാണുക).*

B. ദൈവാലയ ശുദ്ധീകരണം ആദ്യം വരുന്നത് യെഹൂദ ജാതിയോടുള്ള യേശുവിന്റെ ഇടപെടൽ സംബന്ധിച്ച യോഹന്നാന്റെ ആകമാന ദൈവശാസ്ത്ര ഉദ്ദേശ്യത്തിന് ഇണങ്ങുന്നതാണ്. ഇത് അധ്യായം 3-ലെ നിക്കോദേമൊസുമായുള്ള സംഭാഷണത്തിൽ കാണാൻ കഴിയും (യാഥാസ്തിക യെഹൂദമതം). എങ്കിലും അധ്യായം 4-ൽ യേശു, ശമര്യാക്കാരത്തി സ്ത്രീയിൽ തുടങ്ങി വിശാല സമൂഹത്തോട് ഇടപെടാനാരംഭിക്കുന്നു (യെഹൂദ വിഭാഗത്തിലെ ഒരു ദുരുപദേശ സമൂഹത്തോടുപോലും).

## പദ, ശൈലി പഠനം

**യോഹന്നാൻ 2:13-22**
**[13]യെഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യെരൂശലേമിലേക്കു പോയി. [14]ദൈവാലയത്തിൽ കാള, ആടു, പ്രാവു, എന്നിവയെ വില്ക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ടു കയറുകൊണ്ടു ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടും കൂടെ എല്ലാവരെയും ദൈവാലയത്തിൽനിന്നു പുറത്താക്കി. [15]പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു; മേശകളെ മറിച്ചിട്ടു; [16]പ്രാവുകളെ വില്ക്കുന്നവരോടു: ഇത് ഇവിടെനിന്നു കൊണ്ടുപോകുവിൻ: എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്നു പറഞ്ഞു. [17]അപ്പോൾ അവന്റെ ശിഷ്യന്മാർ: നിന്റെ**

**ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നുകളയുന്നു എന്നു എഴുതിയിരിക്കുന്നതു ഓർത്തു. [18]എന്നാൽ യെഹൂദന്മാർ അവനോടു: നിനക്ക് ഇങ്ങനെ ചെയ്യാം എന്നതിന് നീ എന്ത് അടയാളം കാണിച്ചുതരും എന്നു ചോദിച്ചു. [19]യേശു അവരോടു: ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു. [20]യെഹൂദന്മാർ അവനോടു: ഈ മന്ദിരം നാല്പത്താറു സംവത്സരം കൊണ്ടു പണിതിരിക്കുന്നു; നീ മൂന്നു ദിവസത്തിന്നകം അതിനെ പണിയുമോ എന്നു ചോദിച്ചു. [21]അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞതു. [22]അവൻ ഇതു പറഞ്ഞു എന്നു അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർ ഓർത്തു തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു.**

**2:13 "പെസഹ"** ഈ വാർഷിക പെരുന്നാളിനെപ്പറ്റി പുറ. 12 ലും ആവ. 16:1-6 ലും വിവരിച്ചിട്ടുണ്ട്. യേശുവിന്റെ ശുശ്രൂഷയുടെ തീയതി നിശ്ചയിക്കാൻ നമുക്കുള്ള ഏകമാർഗ്ഗം ഈ പെരുന്നാളാണ്. യേശു ഒരു വർഷം മാത്രമേ ശുശ്രൂഷ ചെയ്തുള്ളൂ എന്ന ധാരണയാണ് സമവീക്ഷണ സുവിശേഷങ്ങൾ നൽകുന്നത് (അതാ. ഒരു പെസഹ മാത്രമേ പരാമർശിക്കപ്പെട്ടിട്ടുള്ളൂ). എന്നാൽ യോഹന്നാൻ മൂന്നു പെസഹകളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്: (1) 2:13,23; (2) 6:4; (3) 11:55; 12:1; 13:1; 18:28,39; 19:14. 5:1 ൽ നാലാമതൊന്നിന്റെ സാധ്യതയും കാണുന്നുണ്ട്. യേശുവിന്റെ പരസ്യ ശുശ്രൂഷ എത്രനാൾ നീണ്ടു എന്നു നമുക്കറിഞ്ഞുകൂടാ, എങ്കിലും അതു കുറഞ്ഞത് മൂന്നുവർഷം ഉണ്ടായിരുന്നുവെന്ന് യോഹന്നാന്റെ സുവിശേഷം നിർദേശിക്കുന്നു; ഒരുപക്ഷെ അത് നാലോ അഞ്ചോ വർഷം നീണ്ടേക്കാം.

യോഹന്നാൻ യെഹൂദ പെരുന്നാളുകൾക്കു ചുറ്റുമായിട്ടാണ് തന്റെ സുവിശേഷം രൂപപ്പെടുത്തിയിരിക്കുന്നത് (പെസഹാ, കൂടാരപ്പെരുന്നാൾ, പ്രതിഷ്ഠോത്സവം, കാണുക Richard N. Longenecker, *Biblical Exegesis in the Apostolic Period*, 2nd ed., pp. 135-139).

## പ്രത്യേക പഠന വിഷയം: പെസഹ

I. പ്രാരംഭ പ്രസ്താവനകൾ
   A. മിസ്രയീമ്യരുടെ ന്യായവിധിക്കും യിസ്രായേലിന്റെ വിടുതലിനും വേണ്ടിയുള്ള ഈ ദൈവിക പ്രവൃത്തി യഹോവയുടെ സ്നേഹത്തിന്റെയും യിസ്രായേൽ രാഷ്ട്ര സ്ഥാപനത്തിന്റെയും തൊടുകുറിയാണ് (അതാ. പ്രത്യേകാൽ പ്രവാചകന്മാർക്കുവേണ്ടി).
   B. ഉല്പ. 15:12-21 ൽ യഹോവ അബ്രാഹാമിനോടു ചെയ്ത വാഗ്ദത്തത്തിന്റെ വ്യക്തമായ നിവൃത്തിയായിരുന്നു പുറപ്പാട്. പുറപ്പാടിനെ ഓർമ്മിപ്പിക്കുന്നതാണ് പെസഹ.
   C. ഇത് മോശെ മുഖാന്തരം യഹോവ മിസ്രയീമിൽ അയച്ച പത്തു ബാധകളിൽ അവസാനത്തെയും ഏറ്റവും വഴിതെറ്റിച്ചതും (ഭൂമിശാസ്ത്രപരമായി, അതാ. മിസ്രയീമും ഗോശെനും) ഏറ്റവും നാശം വിതച്ചതും (മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകൾ കൊല്ലപ്പെട്ടത്) ആയ ബാധയായിരുന്നു.

II. പദം (BDB 820, KB 947)
   A. നാമപദത്തിന്റെ അർത്ഥം വ്യക്തമല്ല.
      1. "ബാധയോടു ബന്ധിപ്പിക്കുമ്പോൾ" "അടിക്കുക" എന്നർത്ഥം (അതാ. പുറ. 11:1); യഹോവയുടെ ദൂതൻ മനുഷ്യരുടെയും കന്നുകാലികളുടെയും കടിഞ്ഞൂലിനെ അടിച്ചു.
   B. ക്രിയാപദത്തിന്റെ അർത്ഥം
      1. "മുടന്തുക", "ഞൊണ്ടുക" (ഒ. നോ. 2 ശമൂ. 4:4), "അടയാളപ്പെടുത്തിയ വീടുകളെ ചാടിക്കടക്കുക" എന്നയർത്ഥത്തിൽ (അതാ. പുറ. 12:13,23,27, BDB 619, പ്രചാരത്തിലുള്ള ഒരു ശബ്ദോല്പത്തി).
      2. "നൃത്തം ചെയ്യുക" (ഒ. നോ. 1 രാജാ. 18:21).
      3. അക്കോഡിയൻ - "പ്രീതിപ്പെടുത്തുക"
      4. ഈജിപ്ഷ്യൻ - "അടിക്കുക" (A 1 കാണുക).
      5. യെശ. 3:15 ലെ സമാന്തര ക്രിയ, "സംരക്ഷിച്ചു നിൽക്കുക" (ഒ. നോ. പുറ. 12:13).
      6. എബ്രായ *പസാഹ്,* ഗ്രീക്ക് *പാസ്ഖോ* "കഷ്ടപ്പെടുക" എന്നീ പദങ്ങൾ മാറ്റി മാറ്റി ഉപയോഗിക്കുന്ന ആദിമ ക്രൈസ്തവ രീതി.
   C. ചരിത്രപരമായ ആചാര സാധ്യത
      1. പുതുവർഷാരംഭത്തിലെ ഇടയയാഗം
      2. വസന്തകാല മേച്ചൽ പുറത്തേക്ക് കൂടാരം മാറ്റുന്നതിനു മുന്നോടിയായി ദോഷങ്ങൾ അകറ്റുന്നതിനായി ഇടയഗോത്രങ്ങൾ നടത്തുന്ന യാഗവും സമൂഹ സദ്യയും
      3. സഞ്ചാര ഗോത്രങ്ങൾ ദോഷം അകറ്റുന്നതിനായി നടത്തുന്ന യാഗം
   D. പദത്തിന്റെ അർത്ഥം മാത്രമല്ല അതിന്റെ ഉല്പത്തിയും കണ്ടെത്തുക ദുഷ്കരമായിരിക്കുന്നതിനുള്ള കാരണങ്ങൾ, പെസഹായുടെ വ്യത്യസ്ത നിലയിലുള്ള സവിശേഷതകൾ മറ്റു പുരാതന ആചാരങ്ങളിൽ കണ്ടുവന്നിരുന്നു എന്നതാണ്.

1. വസന്തകാല തീയതി
2. നാമത്തിന്റെ വ്യുൽപത്തി അജ്ഞാതം
3. രാത്രിയാമങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നത്
4. രക്തത്തിന്റെ ഉപയോഗം
5. ദൂതന്മാർ/പിശാചുക്കൾ എന്നിവയുടെ ബിംബ കല്പന
6. പ്രത്യേക ഭക്ഷണം
7. കാർഷിക ഘടകങ്ങൾ (പുളിപ്പില്ലാത്ത അപ്പം)
8. പുരോഹിതന്മാരില്ല, യാഗപീഠമില്ല, പ്രാദേശികം

III. സംഭവം

A. പെസഹ സംഭവം പുറ. 11-12ൽ രേഖപ്പെടുത്തിയിരിക്കുന്നു.

B. വാർഷിക വിരുന്ന് പുറ. 12 ൽ വിവരിക്കുകയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനോടനു ബന്ധിച്ചുള്ള അഷ്ടദിന പെരുന്നാളിനോടു ബന്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു.

1. ഇത് ഒരു പ്രാദേശിക സംഭവമായിരുന്നു. ഒ.നോ. പുറ. 12:21-23; ആവ. 16:5 (ഒ. നോ. സംഖ്യ. 9)
   a. പുരോഹിതനില്ല
   b. പ്രത്യേക യാഗപീഠമില്ല
   c. രക്തത്തിന്റെ സവിശേഷ ഉപയോഗം
2. കേന്ദ്ര ആരാധനാ സ്ഥലത്തെ ഒരു സംഭവമായി ഇതു മാറി
3. ഒരു പ്രാദേശിക യാഗത്തിന്റെയും (അതാ. സംഹാര ദൂതൻ കടന്നുപോയതിന്റെ സ്മരണയ്ക്കായുള്ള കുഞ്ഞാടിന്റെ രക്തം) കേന്ദ്ര ആരാധനാ സ്ഥലത്തു വച്ചുള്ള കൊയ്ത്തു പെരുന്നാളിന്റെയും ഈ സംയോജനം ആബീബ് അഥവാ നീസാൻ 14 ഉം 15-21 ഉം തമ്മിലുള്ള അടുപ്പം മൂലം ഉളവായതാണ്

C. മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളുടെ പ്രതീകാത്മക ഉടമസ്ഥാവകാശവും അവയുടെ വീണ്ടെടുപ്പും പുറ. 13 ൽ വിവരിച്ചിരിക്കുന്നു.

IV. അതിന്റെ ആചാരണം സംബന്ധിച്ച ചരിത്ര വിവരണങ്ങൾ

A. ഒന്നാം പെസഹ മിസ്രയീമിൽ ആചരിച്ചു, പുറ. 12

B. ഹോരേബ്/സീനായി പർവ്വതത്തിൽ, സംഖ്യ. 9

C. കനാനിലെ ഒന്നാമത്തെ പെസഹ (ഗിൽഗാൽ), യോശുവ 5:10-12

D. ശലോമോന്റെ ദൈവാലയ പ്രതിഷ്ഠയോടനുബന്ധിച്ച്, 1 രാജാ. 9:25; 1 ദിന. 8:12 (സാധ്യതയാണ്, പ്രത്യേകം പരാമർശിച്ചിട്ടില്ല)

E. ഹിസ്കീയാവിന്റെ ഭരണകാലത്ത്, 2 ദിന. 30

F. യോശീയാവിന്റെ നവീകരണകാലത്ത്, 2 രാജാ. 23:21-23; 2 ദിന. 35:1-18

G. ഈ വാർഷിക പെരുന്നാൾ ആചരിക്കുന്നതിൽ യിസ്രായേലിന്റെ അവഗണനയെ പരാമർശിക്കുന്ന 2 രാജാ. 23:22; 2 ദിന. 35:18 കാണുക

V. പ്രാധാന്യം

A. കർശനമായി ആചരിക്കേണ്ട മൂന്നു പെരുന്നാളുകളിൽ ഒന്നാണിത് (ഒ. നോ. പുറ. 23:14-17; 34:22-24; ആവ. 16:16):

1. പെസഹ/പുളിപ്പില്ലാത്ത അപ്പം
2. വാരോത്സരം
3. കൂടാരപ്പെരുന്നാൾ

B. അത് കേന്ദ്ര തിരുനിവാസത്തിൽ വെച്ച് ആചരിക്കുന്ന നാളുകളെക്കുറിച്ച് (മറ്റു രണ്ടു പെരുന്നാളുകൾക്കൊപ്പം) ആവർത്തനങ്ങളിൽ മോശെ സൂചിപ്പിക്കുന്നു.

C. യേശു വാർഷിക പെസഹാ ഭക്ഷണവേളയെ (അല്ലെങ്കിൽ തലേന്നാൾ) അപ്പവും വീഞ്ഞും എന്ന പ്രതീകത്തിലൂടെ പുതിയ നിയമത്തെ വെളിപ്പെടുത്തുവാൻ ഉപയോഗിച്ചു. എന്നാൽ കുഞ്ഞാടിനെ ഉപയോഗിച്ചില്ല

1. സമൂഹ ഭക്ഷണം
2. വീണ്ടെടുപ്പിൻ യാഗം
3. പിൽക്കാല തലമുറകളിലും തുടരുന്ന പ്രാധാന്യം

▣ **"യേശു യെരുശലേമിലേക്കു പോയി"** യെഹൂദന്മാർ യെരുശലേമിനെ ഭൂമിശാസ്ത്രപരമോ ഭൂപ്രദേശപരമോ എന്നതിലുപരി ദൈവശാസ്ത്രപരം എന്ന ഈ നിലയിലാണ് (എൻ. എ. എസ്. ബി. (അപ്ഡേറ്റഡ്) - *കയറിപ്പോയി*) പറയുന്നത്.

**2:14 "ദൈവാലയത്തിൽ"** മഹാനായ ഹെരോദാവിന്റെ (ബി. സി. 37-4 വരെ പലസ്തീൻ ഭരിച്ച എദോമ്യ വംശജൻ) ആലയം ഏഴു വ്യത്യസ്ത പ്രാകാരങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും പുറത്തുള്ളത് ജാതികളുടെ പ്രകാ

രമായിരുന്നു. അവിടെ യാഗങ്ങൾക്കും പ്രത്യേക നേർച്ചകൾക്കും മറ്റും ആവശ്യമായ മൃഗങ്ങളെ വിൽക്കുന്ന വ്യാപാരസ്ഥാപനങ്ങളാണുണ്ടായിരുന്നത്.

▣ **"കാള, ആട്, പ്രാവ്"** ദൂരെ നിന്നും വരുന്നവർക്ക് യാഗത്തിനു യോജിച്ച മൃഗങ്ങളെ വാങ്ങേണ്ടതുണ്ടായിരുന്നു. എന്നിരുന്നാലും മഹാപുരോഹിത കുടുംബമായിരുന്നു ഈ കടകളെ നിയന്ത്രിച്ചിരുന്നതും മൃഗങ്ങൾക്ക് അമിത വില ഈടാക്കിയിരുന്നതും. ആളുകൾ സ്വന്തമൃഗങ്ങളെ കൊണ്ടുവന്നാൽ തന്നെ അവയ്ക്ക് ഊനമുണ്ടെന്നും യാഗത്തിനു യോഗ്യമല്ലെന്നും പുരോഹിതന്മാർ പറയുമായിരുന്നു. അതിനാൽ ഈ വ്യാപാരികളിൽ നിന്നും അവർ മൃഗങ്ങളെ വാങ്ങാൻ നിർബന്ധിതരായി.

▣ **"പൊൻവാണിഭക്കാർ"** ഈ ആളുകളുടെ ആവശ്യകതയെക്കുറിച്ച് രണ്ടു വിശദീകരണങ്ങളുണ്ട്. (1) ആലയത്തിൽ സ്വീകരിക്കുന്ന ഏക നാണയം ശേക്കെൽ ആണ്. യെഹൂദ ശേക്കെൽ നാണയരൂപത്തിൽ നിലവിലില്ലാതിരുന്നാൽ, യേശുവിന്റെ കാലത്ത് സോരിൽനിന്നുള്ള ശേക്കെൽ മാത്രമേ സ്വീകരിച്ചിരുന്നുള്ളൂ. 2) ചക്രവർത്തിയുടെ രൂപം കൊത്തിയ നാണയം അനുവദിക്കപ്പെട്ടിരുന്നില്ല. അതിനാൽ റോമൻ നാണയം മാറ്റി ആലയത്തിലെ ശേക്കെൽ നൽകുകയായിരുന്നു ഇവരുടെ തൊഴിൽ. നാണയ കൈമാറ്റത്തിന് ഫീസും ചുമത്തിയിരുന്നു.

**2:15 "കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി എല്ലാവരെയും ദൈവാലയത്തിൽ നിന്നു പുറത്താക്കി"** ഈ വിവരണത്തിൽ യേശുവിന്റെ കോപം വ്യക്തമായി കാണുവാൻ കഴിയും. യഹോവയെ അറിയുന്നതിനുള്ള സ്ഥലം ഇപ്പോൾ ആരാധനയ്ക്കും വെളിപ്പാടിനും ഉള്ള സ്ഥലമല്ലാതായിരിക്കുന്നു! കോപം അതിൽ തന്നെ പാപമല്ല! എഫെ. 4:26 ലെ പൗലൊസിന്റെ പ്രസ്താവന ഈ പ്രവൃത്തിയോടു ബന്ധപ്പെട്ടതാണ്. ചില സംഗതികൾ നമുക്കു കോപം ജനിപ്പിക്കേണം.

**2:16 "ഇതു ഇവിടെനിന്നു കൊണ്ടുപോകുവിൻ"** "ഇവയെ ഇവിടെ നിന്നും പുറത്തുകളയുവിൻ" എന്നർത്ഥമുള്ള കല്പന.

▣ **"എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുന്നതിനുള്ള കല്പനയാണിത്. മറ്റു സുവിശേഷങ്ങൾ (അതാ. മത്താ. 21:13; മർക്കൊ. 11:17; ലൂക്കൊ. 19:46) ഇവിടെ യെശ. 56:7; യിരെ. 7:11; എന്നീ ഭാഗങ്ങൾ ഉദ്ധരിക്കുന്നുവെങ്കിലും യോഹന്നാനിൽ ഈ പഴയ നിയമ പ്രവചനങ്ങളെ പരാമർശിക്കുന്നില്ല. ഇത് സെഖ. 14:21 മുതലുള്ള മശിഹൈക പ്രവചനത്തിന്റെ സൂചനയാകാനാണു സാധ്യത.

▣ **"എന്നു എഴുതിയിരിക്കുന്നത്"** "അത് എഴുതപ്പെട്ടതായി നില്ക്കുന്നു" എന്നർത്ഥം. പഴയ നിയമത്തിന്റെ ദൈവനിശ്വാസീയതയെ ഉറപ്പിക്കുന്നതിനുള്ള ഒരു സവിശേഷ രീതിയാണിത് (ഒ. നോ. 6:31, 45; 10:34; 12:14; 20:30). ഇത് സെപ്റ്റുജിന്റിലെ സങ്കീ. 69:9 ൽ നിന്നുള്ള ഉദ്ധരണിയാണ്. ഈ സങ്കീർത്തനം, സങ്കീ. 22 പോലെ യേശുവിന്റെ ക്രൂശീകരണത്തിനു യോജിച്ചതാണ്. ദൈവത്തിനും സത്യാരാധനയ്ക്കും വേണ്ടിയുള്ള യേശുവിന്റെ എരിവ് അവന്റെ മരണത്തിലേക്കു നയിച്ചു, അതു ദൈവത്തിന്റെ ഹിതവുമായിരുന്നു (ഒ. നോ. യെശ. 53:4,10; ലൂക്കൊ. 22:22; പ്രവൃത്തി 2:23; 3:18; 4:28).

**2:17 "അവന്റെ ശിഷ്യന്മാർ... ഓർത്തു"** യേശുവിന്റെ ശുശ്രൂഷയുടെ വെളിച്ചവും പരിശുദ്ധാത്മാവിന്റെ സഹായവും ഉണ്ടായിട്ടുപോലും ഈ ആളുകൾ യേശുവിന്റെ പ്രവൃത്തികളിലെ ആത്മീയ സത്യം പിൽക്കാലത്തു മാത്രമേ ഗ്രഹിച്ചുള്ളൂ എന്ന് ഈ പ്രസ്താവന ധ്വനിപ്പിക്കുന്നു (ഒ. നോ. വാ. 22; 12:16; 14:26).

**2:18**

| | |
|---|---|
| **NASB** | **"ഈ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധികാരത്തിന് എന്ത് അടയാളം ഞങ്ങൾക്കു കാണിച്ചു തരാൻ നിനക്കു കഴിയും"** |
| **NKJV** | **"നീ ഈ കാര്യങ്ങൾ ചെയ്യുന്നുവല്ലോ, എന്തടയാളം നീ ഞങ്ങളെ കാണിക്കും"** |
| **NRSV** | **"ഇതു ചെയ്യാമെന്നുള്ളതിന് നീ എന്തടയാളം കാണിച്ചു തരും"** |
| **TEV** | **"ഇതു ചെയ്യാൻ നിനക്ക് അധികാരമുണ്ടെന്നു കാണിക്കാൻ നിനക്ക് എന്തത്ഭുതം ചെയ്യാൻ കഴിയും"** |
| **NJB** | **"നീ ഇതുപോലെ പ്രവൃത്തിക്കേണ്ടതാണെന്നതിന് എന്തടയാളം നിനക്കു ഞങ്ങളെ കാണിക്കാൻ കഴിയും"** |

യേശുവിനെ സംബന്ധിച്ച് യെഹൂദന്മാർക്കുണ്ടായിരുന്ന മുഖ്യ ചോദ്യമിതായിരുന്നു. അവന്റെ ശക്തി പിശാചിൽ നിന്നാണെന്ന് പരീശന്മാർ വാദിച്ചു (ഒ. നോ. 8:48–49, 52; 10:20). മശിഹാ ചില പ്രത്യേക കാര്യങ്ങൾ പ്രത്യേക രീതിയിൽ ചെയ്യുമെന്നവർ പ്രതീക്ഷിച്ചു. ഈ പ്രത്യേക പ്രവൃത്തികൾ അവൻ ചെയ്യാതിരുന്നപ്പോൾ അവർ അവനെക്കുറിച്ച് അത്ഭുതപ്പെടാനാരംഭിച്ചു (ഒ. നോ. മർക്കോ. 11:28; ലൂക്കൊ. 20:2). യോഹന്നാൻ സ്നാപകൻ പോലും അങ്ങനെ ചെയ്തു.

**2:19 "ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ പണിയും"** വാ. 14 ലും 15 ലും ദൈവാലയത്തിനുപയോഗിക്കുന്ന ഗ്രീക്കുപദം (*ἱερον-ഹീറോൺ*) ദൈവാലയ പരിസരത്തെയും വാ. 19,20,21 ൽ ഉപയോഗിക്കുന്ന പദം (*ναος-നാവോസ്*) അന്തർമന്ദിരത്തെയുമാണ് കുറിക്കുന്നത്. ഈ പ്രസ്താവന സംബന്ധിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. മത്താ. 26:60 മുതൽ; മർക്കൊ. 14:57–59; പ്രവൃ. 6:14 അനുസരിച്ച് അത് യേശുവിന്റെ ക്രൂശീകരണത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും സൂചിപ്പിക്കുന്നുവെന്നു വ്യക്തമാണ്. എങ്കിലും, ഈ സന്ദർഭ

ത്തിൽ ഇത് എ. ഡി. 70 ൽ തീത്തൊസിനാൽ ദൈവാലയം നശിപ്പിക്കപ്പെട്ടതുമായും ബന്ധപ്പെട്ടിരിക്കുന്നു (ഒ. നോ. മത്താ. 24:1-2). ഈ രണ്ടു പ്രസ്താവനകളും പുരാതന യെഹൂദമതത്തിൽ നിന്നും വേറിട്ട് തന്നിൽ കേന്ദ്രീകരിക്കപ്പെട്ട ഒരു പുതിയ ആത്മീയ ആരാധന യേശു സ്ഥാപിക്കുകയാണെന്ന സത്യത്തോട് ബന്ധപ്പെട്ടിരിക്കുന്നു (ഒ. നോ. 4:21-24). യോഹന്നാൻ വീണ്ടും ഒരു പദം ദ്വയാർത്ഥത്തിൽ ഉപയോഗിക്കുന്നു!

**2:20 "ഈ മന്ദിരം നാല്പത്താറു സംവത്സരം കൊണ്ടു പണിതിരിക്കുന്നു"** മഹാനായ ഹെരോദാവ് താൻ എദോമ്യനാകയാൽ യെഹൂദന്മാർ തന്നെ വെറുക്കാതിരിക്കുവാൻ രണ്ടാം ദൈവാലയത്തെ (സെരൂബ്ബാബേൽ നിർമ്മിച്ചത്, ഒ. നോ. ഹഗ്ഗായി) വിപുലപ്പെടുത്തി പുതുക്കിപ്പണിയുകയുണ്ടായി. ബി. സി. 19 ലോ 20 ലോ അതിന്റെ പണി ആരംഭിച്ചതായി ജൊസീഫസ് പറയുന്നു. ഇതു ശരിയാണെങ്കിൽ ഈ സംഭവം നടക്കുന്നത് എ. ഡി. 27-28 കാലത്താണ്. എ. ഡി. 64 വരെ ആലയത്തിന്റെ പണി തുടർന്നുകൊണ്ടിരുന്നതായി നമുക്കറിയാം. ആലയം യെഹൂദന്റെ വലിയ പ്രത്യാശയായി മാറിയിരുന്നു (ഒ. നോ. യിരെ. 7). അതിന്റെ സ്ഥലത്ത് പുതിയ മന്ദിരമായ യേശു കടന്നുവരും. 1:14 ൽ അവൻ കൂടാരമായും ഇപ്പോൾ ആലയമായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു! നസറേത്തിൽ നിന്നുള്ള ഒരു ആശാരിയെ സംബന്ധിച്ച് എത്ര സ്തോഭജനകമായ ഒരു സാദൃശ്യം! ദൈവവും മനുഷ്യനും ഇപ്പോൾ യേശുവിൽ ഒരുമിച്ചുകൂടി കൂട്ടായ്മ ആചരിക്കുന്നു.

**2:21 "അവനോ തന്റെ ശരീരം എന്ന മന്ദിരത്തെക്കുറിച്ചത്രേ പറഞ്ഞത്"** യേശു ഈ വാക്കുകൾ സംസാരിച്ച സമയത്ത് ശിഷ്യന്മാർ ഇക്കാര്യം ഗ്രഹിച്ചില്ല (ഒ. നോ. വാ. 17). ദശാബ്ദങ്ങൾക്കു ശേഷമാണു യോഹന്നാൻ എഴുതുന്നതെന്ന കാര്യം ഓർക്കുക.

താനെന്തിനാണു വന്നതെന്ന് യേശുവിനറിയാമായിരുന്നു. അതിന് കുറഞ്ഞത് മൂന്നു ഉദ്ദേശ്യങ്ങളുണ്ടായിരുന്നു:

1. ദൈവത്തെ വെളിപ്പെടുത്തുവാൻ
2. യഥാർത്ഥ മനുഷ്യത്വത്തിന്റെ മാതൃകയാകുവാൻ
3. അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാൻ

ഈ അവസാനത്തെ ഉദ്ദേശ്യത്തെയാണ് ഈ വാക്യം വെളിപ്പെടുത്തുന്നത് (ഒ. നോ. മർക്കൊ. 10:45; യോഹ. 12:23,27; 13:1-3; 17:1).

**2:22 "അവൻ ഇതു പറഞ്ഞു എന്ന് ... ശിഷ്യന്മാർ ഓർത്തു"** യേശുവിന്റെ വാക്കുകളും പ്രവൃത്തികളും പലപ്പോഴും അവൻ സംബോധന ചെയ്യുന്ന വ്യക്തികളെക്കാളുപരി ശിഷ്യന്മാരുടെ പ്രയോജനത്തിനുവേണ്ടിയായിരുന്നു. അവർ ആ സമയത്ത് അത് മനസ്സിലാക്കിയിരുന്നില്ല.

▣ **"തിരുവെഴുത്തും .... വിശ്വസിച്ചു"** ഏതു തിരുവെഴുത്താണെന്നു പറയുന്നില്ലെങ്കിലും സങ്കീ. 16:10 ആയിരിക്കാം യേശു സൂചിപ്പിക്കുന്ന ഉയിർപ്പിന്റെ വചനം (ഒ. നോ. പ്രവൃ. 2:25-32; 13:33-35). ഇതേ വചനം തന്നെ (അല്ലെങ്കിൽ ദൈവശാസ്ത്ര ആശയം-ഉയിർത്തെഴുന്നേല്പ്പ്) യോഹ. 20:9 ലും പരാമർശിക്കുന്നുണ്ട്.

## യോഹന്നാൻ 2:23-25

**[23]പെസഹപ്പെരുന്നാളിൽ യെരൂശലേമിൽ ഇരിക്കുമ്പോൾ അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ടു പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു. [24]യേശുവോ എല്ലാവരെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. [25]മനുഷ്യനിലുള്ളതു എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല.**

**2:23 "പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു"** "വിശ്വസിച്ചു" എന്ന പദം (*πιστεω-പിസ്റ്റേയോ*) വിശ്വസിക്കുക," "വിശ്വാസം," അഥവാ "ആശ്രയം" എന്നും തർജ്ജമ ചെയ്യാവുന്നതാണ്. നാമരൂപം യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നില്ല. പക്ഷെ ക്രിയാപദം കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ, നസറായനായ യേശു മശിഹാ എന്ന നിലയിൽ ജനത്തിന് അവനോടുള്ള സമർപ്പണത്തിന്റെ ആത്മാർത്ഥത സംശയകരമാണ്. "വിശ്വാസം" എന്ന പദത്തിന്റെ ഉപരിപ്ലവമായ ഉപയോഗത്തിന്റെ മറ്റുദാഹരണങ്ങൾ യോഹ. 8:31-59; പ്രവൃ. 8:13,18-24 എന്നിവയാണ്. യഥാർത്ഥ വേദപുസ്തക വിശ്വാസം ഒരു പ്രാഥമിക പ്രതികരണത്തിനും അപ്പുറത്തുള്ളതാണ്. അതിനെത്തുടർന്ന് ശിഷ്യത്വത്തിന്റെ പ്രക്രിയ ഉണ്ടാകേണം (ഒ. നോ. മത്തായി 13:20-22, 31-22).

ഈ ഉപരിപ്ലവ വിശ്വാസികളെ യേശുവിങ്കലേക്കാകർഷിച്ചത് അവന്റെ അത്ഭുതങ്ങളായിരുന്നുവെന്നു വ്യക്തമാണ് (ഒ. നോ. 2:11; 7:31). യേശുവിന്റെ ആളത്വവും പ്രവൃത്തിയും സ്ഥിരീകരിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. എങ്കിലും യേശുവിലുള്ള നിലനിൽക്കുന്ന വിശ്വാസത്തിന് വീര്യപ്രവൃത്തികളിലുള്ള വിശ്വാസം ഒരിക്കലും പര്യാപ്തമായിരുന്നില്ല എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. വിശ്വാസത്തിന്റെ കേന്ദ്രം യേശുവായിരിക്കേണം (ഒ. നോ. 20, 30-31). അത്ഭുതങ്ങൾ സ്വയമേവ ദൈവത്തിന്റെ അടയാളമല്ല (ഒ. നോ. മത്താ. 24:24; വെളി. 13:13; 16:14; 19:20). യേശുവിന്റെ പ്രവൃത്തികൾ ജനത്തെ അവനിലുള്ള വിശ്വാസത്തിലേക്കു നയിക്കുവാനുദ്ദേശിച്ചുള്ളതായിരുന്നില്ല (ഒ. നോ. 2:23; 6:14; 7:31; 10:42); പലപ്പോഴും ആളുകൾ അടയാളം കണ്ടിട്ടും വിശ്വസിക്കുവാൻ കൂട്ടാക്കിയില്ല (ഒ. നോ. 6:27; 11:47; 12:37).

## പ്രത്യേക പഠനവിഷയം: യോഹന്നാനിൽ വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപയോഗം (നാമം അപൂർവ്വം)

യോഹന്നാൻ പ്രാഥമികമായി "വിശ്വസിക്കുക" എന്നതിനോട് ഒരു ഗതി ചേർക്കുന്നു.

1. *എയിസ്* (*εἰς*) അർത്ഥം "അതിലേക്ക്" ഈ അതുല്യമായ ഘടന വിശ്വാസികൾ യേശുവിൽ അവരുടെ വിശ്വാസം/ആശ്രയം അർപ്പിക്കുന്നതിനെ ഊന്നിപ്പറയുന്നു
   a. അവന്റെ നാമത്തിൽ (യോഹ. 1:12; 2:23; 3:18; 1 യോഹ. 5:13)
   b. അവനിൽ (യോഹ. 2:11; 3:15,18; 4:39; 6:40; 7:5,31,39,48; 8:30; 9:36; 10:42; 11:45,48; 12:37,42)
   c. എന്നിൽ (യോഹ. 6:35; 7:38; 11:25,26; 12:44,46; 14:1,12; 16:9; 17:20)
   d. അയയ്ക്കപ്പെട്ടവനിൽ (യോഹ. 6:28–29)
   e. പുത്രനിൽ (യോഹ. 3:36; 9:35; 1 യോഹ. 5:10)
   f. യേശുവിൽ (യോഹ. 12:11)
   g. വെളിച്ചത്തിൽ (യോഹ. 12:36)
   h. ദൈവത്തിൽ (യോഹ. 12:44; 14:1)
2. *എൻ* - *ἐν* അർത്ഥം "ഇൽ", യോഹ. 3:15 ലേതുപോലെ (മർക്കൊ. 1:15)
3. ഗതികൂടാതെയുള്ള പ്രതിഗ്രാഹിക വിഭക്തി (യോഹ. 4:50; 1 യോഹ. 3:23; 5:10)
5. *ഹോട്ടി* - *ὅτι* അർത്ഥം, "അതു വിശ്വസിക്കുക" എന്തു വിശ്വസിക്കണമെന്നസൂചന നൽകുന്നു. ചില ഉദാഹരണങ്ങൾ
   a. യേശു ദൈവത്തിന്റെ പരിശുദ്ധനാണ് (യോഹ. 6:69)
   b. യേശു ഞാനാകുന്നവൻ ആണ് (യോഹ. 8:24).
   c. യേശു പിതാവിലും പിതാവ് യേശുവിലും (യോഹ. 10:38)
   d. യേശു ക്രിസ്തുവാണ് (യോഹ. 11:27; 20:31)
   e. യേശു ദൈവപുത്രനാണ് (യോഹ. 11:27; 20:31).
   f. യേശു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് (യോഹ. 11:42; 17:8,21).
   g. യേശുവും പിതാവും ഒന്നാണ് (യോഹ. 14:10–11).
   h. യേശു പിതാവിൽ നിന്നു വന്നു (യോഹ. 16:27,30)
   i. പിതാവിന്റെ ഉടമ്പടിയുടെ നാമമായ "ഞാനാകുന്നവൻ" എന്നതിനോട് യേശു തന്നെത്താൻ താദാത്മ്യപ്പെടുത്തുന്നു (യോഹ. 8:24; 13:19)

വേദപുസ്തക വിശ്വാസം ഒരു വ്യക്തിയിലും ഒരു സന്ദേശത്തിലും ഉള്ള വിശ്വാസമാണ്! അത് അനുസരണം, സ്നേഹം, സ്ഥിരത എന്നിവയാൽ തെളിയിക്കേണം.

**2:24–25** ഗ്രീക്കിൽ ഇത് ഒറ്റ വാചകമാണ്. "ഏല്പിക്കുക" എന്ന സുപ്രധാന പദം (ആക്ഷ. "വിശ്വസിക്കുക" എന്നതിന്റെ നിഷേധാത്മക അപൂർണ്ണ കർത്തരി സൂചകം), ഈ സന്ദർഭത്തിൽ യേശുവിന്റെ പ്രവൃത്തികളെയും മനോഭാവത്തെയും സൂചിപ്പിക്കാനുപയോഗിച്ചിരിക്കുന്നു. ഇത് കേവലം പ്രാഥമിക അംഗീകാരം അല്ലങ്കിൽ വൈകാരിക പ്രതികരണം എന്നതിനെക്കാൾ വളരെ വലുതാണ്. മനുഷ്യ ഹൃദയത്തിന്റെ ചാഞ്ചല്യത്തെയും ദുഷ്ടതയെയും കുറിച്ച് യേശുവിനുള്ള അറിവിനെ ഈ വാക്യം ഉറപ്പിക്കുന്നു (ദൈവിക ജ്ഞാനത്തെ പ്രതിഫലിപ്പിക്കുന്നു, ഒ. നോ. ഉല്പ. 6:11–12,13; സങ്കീ. 14:1–3). ഈ ഖണ്ഡികയെ അ. 3 ൽ നിക്കോദേമൊസിലൂടെ ചിത്രീകരിക്കുന്നുണ്ട്. "മിസ്റ്റർ വിശ്വാസി"ക്കു പോലും സ്വന്ത ശ്രമത്താലും ജ്ഞാനത്താലും നിലനിൽപ്പിനാലും അല്ലെങ്കിൽ വംശപാരമ്പര്യത്താലും ദൈവത്തിന്റെ അംഗീകാരം നേടാനാവില്ല. യേശുവിലുള്ള വിശ്വാസത്താൽ/ആശ്രയത്താൽ മാത്രമാണ് നീതി ലഭിക്കുന്നത് (ഒ. നോ. റോമ. 1:16–17; 4).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യേശു എന്തിനാണു വെള്ളം വീഞ്ഞാക്കിയത്? അതെന്തിന്റെ പ്രതീകമാണ്?
2. യേശുവിന്റെ കാലത്തെ വിവാഹരീതി വിവരിക്കുക.
3. ഹെരോദാവിന്റെ ആലയത്തിന്റെ പ്ലാൻ വരയ്ക്കാൻ നിങ്ങൾക്കു കഴിയുമോ? വിൽക്കുന്നവരുടെയും വാങ്ങുന്നവരുടെയും സ്ഥാനം എവിടെയാണെന്നു കാണിക്കാൻ നിങ്ങൾക്കു കഴിയുമോ?
4. ദൈവാലയത്തിലെ ഈ ആദ്യ ശുദ്ധീകരണത്തെക്കുറിച്ച് എന്തുകൊണ്ടാണ് സമവീക്ഷണ സുവിശേഷങ്ങൾ രേഖപ്പെടുത്താതിരുന്നത്?
5. ഹെരോദാവിന്റെ ദൈവാലയത്തിന്റെ നാശം യേശു പ്രവചിച്ചിരുന്നോ?
6. "ആശ്രയം," "വിശ്വസിക്കുക," "വിശ്വാസം" എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്ന ഗ്രീക്കുപദത്തെ നിർവചിക്കുകയും വിശദീകരിക്കുകയും ചെയ്യുക.

# യോഹന്നാൻ 3

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവും നിക്കോദേമൊസും | പുതുജനനം | യേശുവും ഔദ്യോ-ഗിക യെഹൂദമതവും | യേശുവും നിക്കോദേമൊസും | നിക്കോദേമൊസുമായുള്ള സംഭാഷണം |
| 3:1-15 | 3:1-21 | 3:1-10 | 3:1-2 | 3:1-8 |
| | | | 3:3 | |
| | | | 3:4 | |
| | | | 3:5-8 | |
| | | | 3:9 | 3:9-21 |
| | | | 3:10-13 | |
| | | 3:11-15 | | |
| | | | 3:14-17 | |
| 3:16-21 | | 3:16 | | |
| | | 3:17-21 | | |
| | | | 3:18-21 | |
| യേശുവും യോഹ-ന്നാൻ സ്നാപകനും | യോഹന്നാൻ സ്നാപകൻ യേശു-വിനെ ഉയർത്തുന്നു | യോഹന്നാന്റെ കൂടുതൽ സാക്ഷ്യം | യേശുവും യോഹന്നാനും | യോഹന്നാൻ ആദ്യമായി സാക്ഷ്യം വഹിക്കുന്നു |
| 3:22-30 | 3:22-36 | 3:22-24 | 3:22-24 | 3:22-24 |
| | | 3:25-30 | 3:25-26 | 3:25-36 |
| | | | 3:27-30 | |
| സ്വർഗ്ഗത്തിൽ നിന്നു വന്നവൻ | | | സ്വർഗ്ഗത്തിൽനിന്നു വന്നവൻ | |
| 3:31-36 | | 3:31-36 | 3:31-36 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**യോഹന്നാൻ 3:1-3**

**[1]പരീശന്മാരുടെ കൂട്ടത്തിൽ, യെഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കോദേമൊസ് എന്നു പേരുള്ളൊരു മനുഷ്യൻ ഉണ്ടായിരുന്നു. [2]അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്വാൻ ആർക്കും കഴികയില്ല എന്നു ഉത്തരം പറഞ്ഞു. [3]യേശു അവനോടു: ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല എന്നു പറഞ്ഞു.**

3:1 **"പരീശന്മാർ"** ഈ രാഷ്ട്രീയ/മത സമൂഹത്തിന്റെ ആരംഭം മക്കാബ്യ കാലഘട്ടത്തിലാണ്. അവരുടെ പേരിന്റെ അർത്ഥം "വേർപെട്ടവർ" എന്നാണ്. വായ്മൊഴി പാരമ്പര്യത്തിലൂടെ (തൽമൂദ്) നിർവചിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്ത ദൈവിക ന്യായപ്രമാണം പാലിക്കുവാൻ ആത്മാർത്ഥയുള്ളവരും സമർപ്പിതരുമായിരുന്നു അവർ. ഇന്നുള്ളവരെപ്പോലെ അവരിൽ ചിലർ യഥാർത്ഥ ഉടമ്പടിയുടെ ആളുകളായിരുന്നു (നിക്കോദേമൊസ്, അരിമത്ഥ്യയിലെ യോസേഫ്). എന്നാൽ ചിലർ സ്വയനീതിക്കാരും നിയമവാദികളും മറ്റുള്ളവരെ വിധിക്കുന്നവരും ഉടമ്പടിയുടെ ആളുകളെന്നു നടിക്കുന്നവരും ആയിരുന്നു (ഒ. നോ. യെശ. 6:9-10; 29:13). ഹൃദയമാണ് താക്കോൽ! "പുതിയ നിയമം" (യിരെ. 31:31-34) ആന്തരിക പ്രേരണയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു (അതാ. പുതിയ ഹൃദയം, പുതിയ മനസ്സ്, ഹൃദയത്തിൽ എഴുതിയ പ്രമാണം). മാനുഷിക പ്രവൃത്തികൾ എല്ലായ്പ്പോഴുമെന്ന പോലെ അപര്യാപ്തമെന്നു വെളിപ്പെട്ടു. ആവ. 10:16; 30:6 ലെ ഹൃദയ പരിച്ഛേദന, അനുസരണത്തിനും നന്ദിയുള്ള ജീവിതത്തിനും കാരണമാകുന്ന വ്യക്തിപരമായ ആശ്രയം/വിശ്വാസത്തിനുള്ള സാദൃശ്യമാണ്!

മത യാഥാസ്ഥിതികത്വം/അഥവാ ഉത്പതിഷ്ണുത്വം ഏറ്റവും മോശമായിത്തീരാം. ദൈവശാസ്ത്രം സ്നേഹത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും ഉരുത്തിരിയേണം. 1:24 ൽ പരീശന്മാരെക്കുറിച്ചുള്ള പ്രത്യേക പഠന വിഷയം കാണുക.

▣ **"നിക്കോദേമൊസ്"** പലസ്തീനിലുള്ള ഒരു യെഹൂദന് ഒരു ഗ്രീക്കു നാമം മാത്രം ഉണ്ടായിരിക്കുകയെന്നത് അതിശയിപ്പിക്കുന്നതാണ് (അതുപോലെ ഫിലിപ്പൊസും അന്ത്രെയൊസും ഒ. നോ. 1:40,43). ഈ പേരിനർത്ഥം "ജനത്തെ കീഴടക്കുന്നവൻ" എന്നാണ് (ഒ. നോ. 7:50; 19:39).

▣

| | |
|---|---|
| **NASB, NKJV** | **"യെഹൂദന്മാരുടെ ഒരു പ്രമാണി"** |
| **NRSV, NJB** | **"യെഹൂദന്മാരുടെ ഒരു നേതാവ്"** |
| **TEV** | **"ഒരു യെഹൂദ നേതാവ്"** |

ഈ സന്ദർഭത്തിൽ, യെരുശലേമിലെ യെഹൂദന്മാരുടെ എഴുപതംഗ പരമോന്നത കൗൺസിലായ സൻഹെദ്രീൻ സംഘത്തിലെ ഒരംഗത്തെയാണിതു സൂചിപ്പിക്കുന്നത് (മറ്റു സന്ദർഭങ്ങളിൽ ഇതു സൂചിപ്പിക്കുന്നത് പ്രാദേശിക സിനഗോഗിന്റെ അദ്ധ്യക്ഷനെയാണ്). സൻഹെദ്രീൻ സംഘത്തിന്റെ അധികാരത്തെ റോമക്കാർ പരിമിതപ്പെടുത്തിയിരുന്നുവെങ്കിലും യെഹൂദന്മാരെ സംബന്ധിച്ച് അതിനിപ്പോഴും ഉന്നതമായ പ്രതീകാത്മകമായ പ്രാധാന്യമുണ്ടായിരുന്നു. താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക.

യോഹന്നാൻ നിക്കോദെമോസിനെ ഒന്നാം നൂറ്റാണ്ടിലെ യാഥാസ്ഥിതിക യെഹൂദമതത്തിന്റെ പ്രതിനിധിയായി ഉപയോഗിക്കുകയായിരിക്കാം. ആത്മീയമായി വളർച്ച പ്രാപിച്ചു എന്നും കരുതിയിരിക്കുന്നവരോട് അവർ വീണ്ടും ആരംഭിക്കണമെന്നും പറയുകയാണ്. പ്രമാണങ്ങളെ അനുസരിക്കുന്നതോ (ദൈവിക പ്രമാണങ്ങൾ പോലും ഒ.നോ. കൊലൊ. 2:16-23), ജാതീയ പശ്ചാത്തലമോ (ഒ. നോ. 8:31-59) അല്ല, യേശുവിലുള്ള വിശ്വാസമാണ് സ്വർഗ്ഗരാജ്യത്തിലെ ഒരുവന്റെ പൗരത്വം നിശ്ചയിക്കുന്നത്. ആത്മാർത്ഥവും തീവ്രവുമായ മാനുഷിക മതാത്മകതയല്ല, ക്രിസ്തുവിലുള്ള ദൈവത്തിന്റെ ദാനമാണ് ദൈവിക അംഗീകാരത്തിന്റെ വാതിൽ. യേശു ദൈവത്തിൽ നിന്നുള്ള ഉപദേഷ്ടാവാണെന്ന നിക്കോദേമൊസിന്റെ ഏറ്റുപറച്ചിൽ സത്യമാണെങ്കിലും പര്യാപ്തമല്ല. യേശു മശിഹായാണെന്നുള്ള വ്യക്തിപരമായ ആശ്രയം, അവനിൽ മാത്രമുള്ള ആശ്രയം, ആത്യന്തിക്കമായ ആശ്രയം ആണ് വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ഏക പ്രതീക്ഷ (ഒ. നോ. 1:12).

## പ്രത്യേക പഠനവിഷയം: സൻഹെദ്രീൻ സംഘം

1. വിവരസ്രോതസ്സുകൾ
   A. പുതിയ നിയമം
   B. ഫ്ളേവിയസ് ജൊസീഫസിന്റെ *ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്*
   C. തൽമൂദിലെ മിഷ്നാഭാഗം (ഭാഗം "സൻഹെദ്രീൻ"). നിർഭാഗ്യവശാൽ പുതിയ നിയമവും ജൊസീഫസും റബ്ബിമാരുടെ എഴുത്തുകളോടു യോജിക്കുന്നില്ല. ഈ എഴുത്തുകൾ യെരൂശലേമിൽ രണ്ടു സൻഹെദ്രീനുകൾ പ്രവർത്തിച്ചിരുന്നതായി പറയുന്നു. ഒന്ന് പൗരോഹിത്യം (അതായത് സദൂ

കൃപക്ഷം) - മഹാപുരോഹിതനാൽ നിയന്ത്രിക്കപ്പെടുന്നതും സിവിൽ, ക്രിമിനൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും; മറ്റൊന്ന് പരീശന്മാരാലും ശാസ്ത്രിമാരാലും നിയന്ത്രിക്കപ്പെടുന്നതും മത പരവും പാരമ്പര്യവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതും. എ. ഡി. 200 നുശേഷം എഴുതപ്പെ ട്ടിട്ടുള്ള റബ്ബിമാരുടെ എഴുത്തുകൾ, എ. ഡി. 70 ൽ റോമൻ ജനറൽ തീത്തൊസിനാൽ യെരുശലേം തകർക്കപ്പെട്ടതിനുശേഷമുള്ള സാംസ്കാരിക സാഹചര്യത്തെ പ്രതിഫലിപ്പിക്കുന്നവയാണ്. യെഹൂ ദന്മാർ ജാമ്നിയ പട്ടണത്തിൽ തങ്ങളുടെ മതപരമായ ജീവിതം പുനഃസ്ഥാപിക്കുകയും പിൽക്കാ ലത്ത് (അതാ. എ. ഡി. 118) അത് ഗലീലയിലേക്കു മാറ്റുകയും ചെയ്തു.

II. പദപ്രയോഗം

ഈ ന്യായാധിപ സംഘത്തെ തിരിച്ചറിയുന്നതിനുള്ള പ്രയാസം അതറിയപ്പെടുന്ന വിവിധ പേരുകളാണ്. യെരൂശലേമിലെ യെഹൂദ സമൂഹങ്ങളിൽ ന്യായാധിപ സംഘങ്ങളെ വിവരിക്കുവാൻ അനേക വാക്കുകൾ ഉപയോഗിച്ചിരുന്നു.

A. *ഗെറൂസിയ (γερουσια)* - സെനറ്റ് അഥവാ "കൗൺസിൽ." ഇത് ഏറ്റവും പഴക്കമുള്ളതും പേർഷ്യൻ കാലഘട്ടത്തിന്റെ അന്ത്യത്തിൽ ഉപയോഗിച്ചിരുന്നതുമായ പേരാണ് (ഒ. നോ. ജൊസീഫസിന്റെ, ആന്റിക്വിറ്റീസ് 12.3.3 & 2 മക്കാബ്യർ 11:27). ഈ പദം പ്രവൃ. 5:21 ൽ "സൻഹെദ്രീൻ"നോടൊപ്പം ലൂക്കൊസ് ഉപയോഗിക്കുന്നുണ്ട്. ഗ്രീക്കു സംസാരിക്കുന്ന വായനക്കാർക്ക് പദം വിശദീകരിക്കുന്നതി നായിട്ടായിരിക്കാം ഇതിവിടെ ഉപയോഗിച്ചിരിക്കുന്നത് (ഒ. നോ. 1 മക്കാ. 12:35).

B. *സുനെദ്രിയോൺ (συνεδριον)* - "സൻഹെദ്രീൻ." ഇത് *സിൻ* (അതിനോടൊപ്പം) *ഹെദ്രാ* (ഇരി പ്പടം) എന്നീ പദങ്ങളുടെ സംയുക്തമാണ്. ഇത് ഗ്രീക്കുപദത്തെ സൂചിപ്പിക്കുന്നുവെങ്കിലും ഇത് അരാ മ്യയിലാണുപയോഗിക്കുന്നത് എന്നത് അതിശയകരമാണ്. മക്കാബിയ കാലഘട്ടത്തിന്റെ അവ സാനമായപ്പോഴേക്കും ഇത് യെരൂശലേമിലെ യെഹൂദന്മാരുടെ പരമോന്നത കോടതിക്കുള്ള പേരാ യിക്കഴിഞ്ഞിരുന്നു (ഒ. നോ. മത്താ. 26:59; മർക്കൊ. 15:1; ലൂക്കൊ. 22:66; യോഹ. 11:47; പ്രവൃ. 5:27). യെരൂശലേമിനു പുറത്തുള്ള പ്രാദേശിക ന്യായാധിപ കൗൺസിലുകൾക്കും ഈ പേര് ഉപയോഗി ക്കാൻ തുടങ്ങിയപ്പോഴാണ് പ്രശ്നം ആരംഭിച്ചത് (ഒ. നോ. മത്താ. 5:22; 10:17).

C. *പ്രസ്ബിറ്റീരിയോൻ (πρεσβιτηριον)* - "മൂപ്പന്മാരുടെ സംഘം" (ഒ. നോ. ലൂക്കൊ. 22:66). ഗോത്ര ത്തലവന്മാർക്കുള്ള പഴയനിയമ നാമമാണിത്. എന്നിരുന്നാലും യെരൂശലേമിലെ പരമാധികാര കോട തിയെയും ഇതു സൂചിപ്പിക്കുന്നു (ഒ. നോ. പ്രവൃ. 22:5).

D. *ബ്യൂലി (βουλη)* - "സംഘം" എന്ന ഈ പദം വിവിധ ന്യായാധിപസംഘത്തെ സൂചിപ്പിക്കുവാൻ ജൊസീഫസ് ഉപയോഗിച്ചിട്ടുണ്ട് (അതാ. *യുദ്ധങ്ങൾ* 2.16.2; 5.4.2 പുതിയ നിയമത്തിൽ ഈ പദം ഇ ല്ല): (1) റോമിലെ സെനറ്റ്; (2) പ്രാദേശിക റോമാ കോടതികൾ; (3) യെരൂശലേമിലെ യെഹൂദ പര മോന്നത കോടതി; (4) പ്രദേശിക യെഹൂദ കോടതികൾ. ഈ പദമുപയോഗിച്ച് (അതാ. ബ്യൂലെയൂ റ്റീസ്-*βουλευτης*) അരിമഥ്യയിലെ യോസേഫിനെ സൻഹെദ്രീൻ സംഘാംഗമായി ചിത്രീകരിച്ചിരി ക്കുന്നു. അതിനർത്ഥം "കൗൺസിലംഗം" എന്നാണ്. ഒ. നോ. മർക്കൊ. 15:45; ലൂക്കൊ. 23:50).

III. ചരിത്രപരമായ വികാസം

പ്രവാസാനന്തര കാലഘട്ടത്തിൽ എസ്രായാണ് മഹാസിനഗോഗ് രൂപീകരിച്ചതെന്ന് അനുമാനിക്കപ്പെടുന്നു (ഒ. നോ. ഉത്തമ. 6:1 ന്റെ തർഗൂം). ഇതാണ് യേശുവിന്റെ കാലത്തെ സൻഹെദ്രീൻ ആയി മാറിയത്.

A. യെരൂശലേമിൽ രണ്ടു പ്രധാന കോടതികൾ ഉണ്ടായിരുന്നതായി മിഷ്നാ (അതാ. തൽമൂദ്, ഒ. നോ. സൻഹെ. 7:1) രേഖപ്പെടുത്തുന്നു.

1. ഒന്ന് 70 (അഥവാ 71) അംഗങ്ങളുള്ളത് (സൻഹെ. 1:6. മോശെയാണ് സംഖ്യ. 11 ൽ ആദ്യ സൻഹെ ദ്രീൻ രൂപീകരിച്ചതെന്നുപോലും പറയുന്നു, ഒ. നോ. സംഖ്യ. 11:16-25).
2. 23 അംഗങ്ങളുള്ള ഒന്ന് (ഇതൊരുപക്ഷേ പ്രാദേശിക സിനഗോഗ് കോടതികളായിരിക്കാം).
3. യെരൂശലേമിൽ മൂന്ന് 23 അംഗ സർഹെദ്രീനുകൾ ഉണ്ടായിരുന്നതായി ചില യെഹൂദ പണ്ഡിത ന്മാർ വിശ്വസിക്കുന്നു. അവർ ഒന്നിച്ചു കൂടുമ്പോൾ രണ്ടു അദ്ധ്യക്ഷന്മാർ ഉൾപ്പെടെ 71 അംഗങ്ങ ളുള്ള "മഹാ സൻഹെദ്രീൻ" ആയിത്തീരും (അതാ. *നാസി & അവ് ബെറ്റ് ദീൻ).*
   a. ഒരു പൗരോഹിത്യം (സദൂക്യർ)
   b. ഒരു നിയമപരം (പരീശന്മാർ)
   c. ഒരു ഉന്നതകുലജാതർ (മൂപ്പന്മാർ)

B. പ്രവാസാനന്തര കാലഘട്ടത്തിൽ മടങ്ങിവന്ന ദാവീദ്യ സന്തതി സെരുബ്ബാബേലും അഹരോന്യ സന്ത തി യോശുവയും ആയിരുന്നു. സെരുബ്ബാബേലിന്റെ മരണശേഷം ദാവീദ്യ സന്തതിയുടെ തുടർച്ചയി ല്ലാതിരുന്നതിനാൽ ന്യായാധിപവസ്ത്രം പുരോഹിതന്മാർക്കും (ഒ. നോ. 1 മർക്കൊ. 12:6) പ്രാദേ ശിക നേതാക്കന്മാർക്കും മാത്രം അവകാശമായിത്തീർന്നു (ഒ. നോ. നെഹെ. 2:16; 5:7).

C. ഹെലനിസ്റ്റിക് കാലഘട്ടത്തിലെ നീതിന്യായ തീരുമാനങ്ങളിലുള്ള ഈ പൗരോഹിത്യ പങ്കാളിത്തം ഡിയോഡോറസ് 40:3:4-5 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

D. ഭരണത്തിലെ ഈ പൗരോഹിത്യ പങ്ക് സെലൂക്യസ് കാലഘട്ടത്തിലും തുടർന്നു. ജോസീഫസ് തന്റെ

*ആന്റിക്വിറ്റീസ്* 12.138-142 ൽ "മഹാനായ" അന്ത്യോക്കസ് മൂന്നാമനെ (ബി.സി. 223-187) ഉദ്ധരിക്കുന്നുണ്ട്.

E. ജൊസീഫസിന്റെ *ആന്റിക്വിറ്റീസ്* 13.10.5-6; 13.15.5 പ്രകാരം ഈ പൗരോഹിത്യ അധികാരം മക്കാബ്യ കാലഘട്ടത്തിലും തുടർന്നു.

F. റോമൻ കാലഘട്ടത്തിൽ സിറിയയിലെ ഗവർണർ (അതാ. ഗാബീനിയസ്, ബി. സി. 57-55) അഞ്ച് പ്രാവിശ്യ "സൻഹെദ്രീനുകൾ" സ്ഥാപിച്ചു. (ഒ. നോ. ജൊസീഫസ്, *ആന്റിക്വിറ്റീസ്* 14.5.4; *യുദ്ധങ്ങൾ* 1.8.5). പിന്നീട് റോം ഇതിനെ അസാധുവാക്കി (ബി. സി. 47 ൽ).

G. സൻഹെദ്രീൻ ഹെരോദാവുമായി രാഷ്ട്രീയ ഏറ്റുമുട്ടൽ നടത്തുകയും (*ആന്റിക്വിറ്റീസ്* 14.9.3-5) ഹെരോദാവ് ബി. സി. 37 ൽ തിരിച്ചടിക്കുകയും പരമോന്നത കോടതിയിലെ മിക്കവാറും പേർ കൊല്ലപ്പെടുകയും ചെയ്തു (ഒ. നോ. ജൊസീഫസ്, *ആന്റിക്വിറ്റീസ്* 14.9.4; 15.1.2).

H. റോമൻ ഗവർണറുടെ കീഴിൽ (എ. ഡി. 6-66) സൻഹെദ്രീൻ വീണ്ടും നിർണ്ണായക അധികാരവും സ്വാധീനവും ആർജ്ജിച്ചതായി ജൊസീഫസ് പറയുന്നു (*ആന്റിക്വിറ്റീസ്* 20.200, 251; ഒ. നോ. മർക്കൊ. 14:55). മഹാപുരോഹിത കുടുംബത്തിന്റെ അദ്ധ്യക്ഷതയിൽ സൻഹെദ്രീൻ ന്യായം വിധിക്കുന്ന മൂന്നു വിചാരണകളുടെ സംഭവം പുതിയ നിയമം രേഖപ്പെടുത്തുന്നുണ്ട്.
   1. യേശുവിന്റെ വിസ്താരം (ഒ. നോ. മർക്കൊ. 14:53-15:1; യോഹ. 18:12-23, 28-32)
   2. പത്രൊസും യോഹന്നാനും (ഒ. നോ. പ്രവൃ. 4:3-6)
   3. പൗലൊസ് (ഒ. നോ. പ്രവൃ. 22:25-30).

I. എ. ഡി. 66 ൽ യെഹൂദന്മാർ കലാപം ഉണ്ടാക്കിയതിനെത്തുടർന്ന് റോമാക്കാർ യെഹൂദ സമൂഹത്തെയും എ. ഡി. 70 ൽ യെരൂശലേമിനെയും നശിപ്പിച്ചു. സൻഹെദ്രീൻ എന്നെന്നേക്കുമായി പിരിച്ചു വിടപ്പെട്ടു; എങ്കിലും പരീശന്മാർ ജാമ്നിയയിൽ ഒത്തുചേർന്ന് യെഹൂദ മതജീവിതത്തിലേക്ക് ഒരു പരമാധികാര ന്യായധിപസംഘത്തെ (അതാ. *ബേത്ത് ദീൻ*, സിവിൽ, രാഷ്ട്രീയ സംഘമല്ല) മടക്കിക്കൊണ്ടുവരുവാൻ ശ്രമിക്കയുണ്ടായി.

IV. അംഗത്വം

A. യെരൂശലേമിലെ ഉന്നത കോടതിയെക്കുറിച്ചുള്ള ആദ്യ വേദപുസ്തക പരാമർശം 2 ദിന. 19:8-11 ലാണ്. അതിൽ ഉൾപ്പെട്ടിരുന്നത് (1) ലേവ്യർ; (2) പുരോഹിതന്മാർ; (3) കുടുംബത്തലവന്മാർ (അതാ. മൂപ്പന്മാർ, ഒ.നോ. 1 മക്കാ. 14:20; 2 മക്കാ. 4:44) എന്നിവരായിരുന്നു.

B. മക്കാബ്യ കാലഘട്ടത്തിൽ അതിൽ പ്രധാനാംഗങ്ങൾ (1) സദൂക്യ പുരോഹിതകുടുംബങ്ങൾ, (2) പ്രാദേശിക ഉന്നത കുടുംബങ്ങൾ (ഒ. നോ. 1 മക്കാ. 7:33; 11:23; 14:28). ഈ കാലഘട്ടത്തിന്റെ അവസാനം, "ശാസ്ത്രിമാരും" (മോശൈക ന്യായപ്രമാണ വിദഗ്ധർ, മിക്കവാറും പരീശന്മാർ) ഉൾപ്പെടുത്തപ്പെട്ടു. അലക്സാണ്ടർ ജാനസിന്റെ ഭാര്യ ശലോമിയാണിതിനു മുൻകൈയെടുത്തത് (ബി. സി. 76-67). അവളാണ് പരീശന്മാരെ മേധാവിത്വമുള്ള സമൂഹമാക്കിയതെന്നും പറയപ്പെടുന്നു (ഒ. നോ. ജൊസീഫസിന്റെ *യെഹൂദന്മാരുടെ യുദ്ധങ്ങൾ* 1.5.2).

C. യേശുവിന്റെ കാലത്ത് കോടതിയിൽ ഉൾപ്പെട്ടിരുന്നവർ
   1. മഹാപുരോഹിതന്മാരുടെ കുടുംബക്കാർ
   2. പ്രാദേശിക ധനിക കുടുംബങ്ങളിലെ പുരുഷന്മാർ
   3. ശാസ്ത്രിമാർ (ഒ. നോ. 11:27; ലൂക്കൊ. 19:47)

V. ഗ്രന്ഥസൂചി


A. *Dictionary of Jesus and the Gospels,* IVP, pp. 728-732
B. *The Zondervan Pictorial Encyclopedia of the Bible*, vol. 5, pp. 268-273
C. *The New Schaff-Herzog Encyclopedia of Religious Knowledge*, vol. 10, pp. 203-204
D. *The Interpreter's Dictionary of the Bible,* vol. 4, pp. 214-218
E. *Encyclopedia Judaica*, vol. 14, pp. 836-839


**3:2 "രാത്രിയിൽ"** പഠനത്തിന് ഏറ്റവും നല്ല സമയം രാത്രിയാണെന്ന് റബ്ബിമാർ പറയുന്നു, കാരണം ആ സമയത്ത് തടസ്സങ്ങളൊന്നുമുണ്ടാവില്ല. ഇവിടെ പക്ഷേ, യേശുവിനോടു കൂടെ തന്നെ ആരും കാണാതിരിക്കുന്നതിനു വേണ്ടിയായിരിക്കാം നിക്കോദേമൊസ് രാത്രിയിൽ വന്നത്.

യോഹന്നാന്റെ എഴുത്തുകളിൽ ഒരു വ്യാഖ്യാതാവിന് ദ്വയാർത്ഥങ്ങൾ കണ്ടെത്താമെന്നത് ഒരുവനെ അത്ഭുതപ്പെടുത്തിയേക്കാം. വെളിച്ചവും ഇരുട്ടും തമ്മിൽ തുടർമാനമായുള്ള വൈരുധ്യം യോഹന്നാന്റെ പ്രത്യേകതയാണ് (കാണുക, *Net Bible*, പേജ്. 1898, # 7 Sn).

▣ **"റബ്ബി"** യോഹന്നാനിൽ ഇതിനർത്ഥം "ഉപദേഷ്ടാവ്" എന്നാണ് (ഒ. നോ. 1:38; 4:31; മർക്കൊ. 9:5; 11:21). യെഹൂദ പ്രമാണിമാരെ അലട്ടിയ വിഷയങ്ങളിലൊന്ന് യേശു റബ്ബിമാരുടെ ദൈവശാസ്ത്ര പാഠശാലകളിലൊന്നിലും പഠിച്ചിട്ടില്ല എന്നതായിരുന്നു. നസറേത്തിലെ സിനഗോഗിലെ പഠനത്തിനുശേഷം അവൻ തൽമൂദ് പഠനം നടത്തിയിരുന്നില്ല.

▣ **"ദൈവത്തിന്റെ അടുക്കൽ നിന്നും വന്നിരിക്കുന്നു"** നീ പ്രയോഗം ഊന്നലിനായി വാചകത്തിന്റെ ആരംഭ ത്തിൽ കൊടുത്തിരിക്കുന്നു. ഇത് ആവ. 18:15,18 ലെ പ്രവചനത്തെക്കുറിച്ചുള്ള സൂചനയാകാം. നിക്കോദേമൊസ് യേശുവിന്റെ പ്രവൃത്തികളുടെയും വാക്കുകളുടെയും ശക്തി തിരിച്ചറിഞ്ഞു. എന്നാൽ അവൻ ആത്മീയമായി ദൈവവുമായി നിറപ്പിലാണെന്ന് അതിനർത്ഥമില്ല.

▣ **"ദൈവം അവനോടു കൂടെയില്ലെങ്കിൽ"** സജീവ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന മൂന്നാം തരം സോപാ ധിക വാചകമാണിത്.

**3:5,11 "ആമേൻ, ആമേൻ"** വിശ്വാസം എന്നതിനുള്ള പഴയനിയമ പദത്തിൽ നിന്നാണിതു വന്നത്. "ഉറപ്പായിരി ക്കുക," "തീർച്ചയായിരിക്കുക" എന്നാണ് മൂലപദത്തിന്റെ അർത്ഥം. സുപ്രധാന പ്രസ്താവനകൾക്കു മുമ്പ് യേശു ഇതുപയോഗിക്കുന്നു. സത്യപ്രസ്താവനകളെ ഉറപ്പിക്കുന്ന സാധാരണ പ്രയോഗമായി ഇത് പിന്നീടുപയോഗിക്ക പ്പെട്ടു. ഇരട്ട പ്രയോഗം യോഹന്നാന്റെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. "ആമേൻ" എന്ന പദത്തിന്റെ ആവർത്തിച്ചുള്ള ഇരട്ടപ്രയോഗം യേശുവും നിക്കോദേമൊസുമായുള്ള സംഭാഷണത്തിന്റെ ഘട്ടങ്ങളെ വെളിപ്പെ ടുത്തുന്നു. 1:51 ലെ പ്രത്യേക പഠനവിഷയം: ആമേൻ കാണുക.

▣ **"ഇല്ല എങ്കിൽ"** 3:2 ലെ നിക്കോദേമൊസിന്റെ പ്രസ്താവനയ്ക്കു തുല്യമായ സോപാധിക വാചകമാണിത്.

▣

**NASB, NKJV, TEV "വീണ്ടും ജനിക്കുക"**
**NRSV, NJB "മുകളിൽ നിന്നും ജനിക്കുക"**

*അനോത്തേൻ (ανοθεν)* എന്ന പദത്തിനർത്ഥം:

1. "രണ്ടാമത് ശാരീരികമായി ജനിക്കുക"
2. "ജനനാരംഭം" (ഒ. നോ. പ്രവൃ. 26:4
3. "മുകളിൽ നിന്നു ജനിക്കുക." ഇതാണ് ഇവിടെ അനുയോജ്യം (ഒ .നോ. 3:7,31; 19:11)

യോഹന്നാൻ രണ്ടും സത്യമായ ദ്വയാർത്ഥ പദങ്ങൾ ഉപയോഗിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. (ഒ. നോ. Baur, Arnadt, Gengrich and Danker's *A Greek English Lexicon of the New Testament*, P.77) വാ. 4 ൽ നിന്നും വ്യക്തമാകുന്നതനുസരിച്ച്, നിക്കോദേമൊസ് ഒന്നാമത്തെ അർത്ഥമാണതിനു കല്പിച്ചത്. യോഹന്നാനും പത്രൊസും (ഒ. നോ. 1 പത്രൊ. 1:23) ഈ കുടുംബസാദൃശ്യത്തെ രക്ഷയ്ക്ക് ഉപയോഗിച്ചു; പൗലൊസ് അതിന് ദത്തെടുപ്പ് എന്ന പദമുപയോഗിച്ചു. ഇവിടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ജനിപ്പിക്കുന്ന പിതാവിന്റെ പ്രവൃത്തിയി ലാണ് (ഒ. നോ. 1:13). രക്ഷ ദൈവത്തിന്റെ ദാനവും പ്രവൃത്തിയുമാണ് (ഒ. നോ. 1:12-13; റോമ. 3:21-24; 6:23; എഫെ. 2:8-9.

▣ **"കാണ്മാൻ അവനു കഴികയില്ല"** ഈ ശൈലി, വാ. 5 ലെ "കടപ്പാൻ കഴികയില്ല" എന്നതിനു സമാന്തര മാണ്.

▣ **"ദൈവരാജ്യം"** ഈ പദം യോഹന്നാനിൽ രണ്ടു പ്രാവശ്യം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ (ഒ. നോ. വാ. 5). സമാന്തര സുവിശേഷങ്ങളിലെ ഒരു താക്കോൽ പ്രയോഗമാണിത്. യേശുവിന്റെ ആദ്യത്തെയും അവസാനത്തെയും പ്രഭാഷണങ്ങൾ, അവന്റെ മിക്കവാറും ഉപമകൾ എല്ലാം ഈ വിഷയത്തെ സംബന്ധിച്ചായിരുന്നു. ഇന്ന് മനുഷ്യ ഹൃദയങ്ങളിലുള്ള ദൈവിക ഭരണത്തെയാണിതു സൂചിപ്പിക്കുന്നത്! യോഹന്നാൻ ഈ പ്രയോഗം രണ്ടു പ്രാവശ്യം മാത്രമേ ഉപയോഗിക്കുന്നുള്ളൂ (യേശുവിന്റെ ഉപമകളിൽ ഉപയോഗിച്ചിട്ടുമില്ല) എന്നത് അതിശയകരമാണ്. താഴെ യുള്ള പ്രത്യേക പഠനവിഷയം കാണുക. യോഹന്നാനെ സംബന്ധിച്ച് "നിത്യജീവൻ" ആണ് താക്കോൽപദവും സാദൃശ്യവും.

ഈ പ്രയോഗം യേശുവിന്റെ ഉപദേശങ്ങളിലെ അന്ത്യകാല സംബന്ധിയായ ഊന്നലുമായി ബന്ധപ്പെട്ടിരിക്കു ന്നു. ഈ "സംഭവിച്ചു കഴിഞ്ഞു, പക്ഷേ ആയിട്ടില്ല" എന്ന ദൈവശാസ്ത്ര വൈരുധ്യം, രണ്ടു യുഗങ്ങളെ സംബ ന്ധിച്ച യെഹൂദ വീക്ഷണത്തോടു ബന്ധപ്പെട്ടിരിക്കുന്നു: വർത്തമാനകാല തിന്മയുടെ യുഗവും മശിഹാ തുടക്കം കുറിക്കുന്നതും വരാനിരിക്കുന്നതുമായ നീതിയുഗവും. ആത്മാവിനാൽ ശക്തിപ്രാപിച്ച സൈനിക നേതാവിന്റെ (പഴയ നിയമത്തിലെ ന്യായാധിപന്മാരെപ്പോലെ) ഒരു ആഗമനം മാത്രമേ യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നുള്ളൂ. യേശുവിന്റെ രണ്ട് ആഗമനങ്ങൾ രണ്ടു യുഗങ്ങൾ തമ്മിൽ അതിക്രമിച്ചു കയറുന്നതിനു കാരണമായി. ബേത്ത്ലേ ഹേമിലെ ജഡധാരണത്തിലൂടെ ദൈവരാജ്യം മനുഷ്യചരിത്രത്തിലേക്ക് അതിക്രമിച്ചു കയറി എങ്കിലും യേശു വെളിപ്പാട് 19 ലെ സൈനിക ജേതാവായിട്ടല്ല, കഷ്ടപ്പെടുന്ന ദാസനും (ഒ. നോ. യെശ. 53) താഴ്മയുള്ള നേതാവും (ഒ. നോ. സെഖ. 9:9) ആയാണ് വന്നത്. അതിനാൽ രാജ്യം ഉദ്ഘാടനം ചെയ്യപ്പെട്ടു എങ്കിലും (ഒ. നോ. മത്താ. 3:2; 4:17; 10:7; 11:12; 12:28; മർക്കൊ. 1:15; ലൂക്കൊ. 9:9,11; 11:20; 21:31-22) പൂർത്തീകരണത്തിലെത്തിയില്ല (ഒ. നോ. മത്തായി 6:10; 16:28; 26:64).

ഈ രണ്ടു യുഗങ്ങൾ തമ്മിലുള്ള സംഘർഷത്തിലാണ് വിശ്വാസികൾ ജീവിക്കുന്നത്. അവർക്ക് പുനരുത്ഥാന ജീവനുണ്ട്, എങ്കിലും അവരിപ്പോഴും ദിവസേന മരിക്കുന്നു. അവർ പാപത്തിന്റെ ശക്തിയിൽ നിന്നും വിടുവിക്ക പ്പെട്ടു എങ്കിലും അവരിപ്പോഴും പാപം ചെയ്യുന്നു. സംഭവിച്ചു കഴിഞ്ഞു എന്നാൽ ഇനിയും ആയിട്ടില്ല എന്ന അന്ത്യ കാല സംബന്ധിയായ സംഘർഷത്തിലാണവർ ജീവിക്കുന്നത്!

യോഹന്നാനിലെ സംഭവിച്ചുകഴിഞ്ഞു-എന്നാൽ-ഇനിയും-ആയിട്ടില്ല എന്ന സംഘർഷത്തെക്കുറിച്ചുള്ള സഹാ

യകരമായ ഒരു വെളിപ്പെടുത്തൽ ഫ്രാങ്ക് സ്റ്റാഗിന്റെ *ന്യൂ ടെസ്റ്റമെന്റ് തിയോളജി* എന്ന ഗ്രന്ഥത്തിൽ കാണാം.

"യോഹന്നാന്റെ സുവിശേഷം ഒരു ഭാവികാല ആഗമനത്തെക്കുറിച്ച് തറപ്പിച്ചു പറയുകയും (14:3, 18 മുതൽ, 28; 16:16,22) "ഒടുക്കത്തെ നാളി"ലെ പുനരുത്ഥാനത്തെയും അന്ത്യനായവിധിയെയും കുറിച്ച് വ്യക്തമായി പറയുകയും (5:28 മുതൽ; 6:39 മുതൽ, 44,54; 11:24; 12:48) ചെയ്യുന്നു. എങ്കിലും ഈ നാലാം സുവിശേഷത്തിലുടനീളം നിത്യജീവൻ, ന്യായവിധി, പുനരുത്ഥാനം എന്നിവ വർത്തമാനകാല യാഥാർത്ഥ്യങ്ങളാണ് (3:18മുതൽ; 4:23; 5:25; 6:54; 11:23 മുതൽ; 12:28,31, 13:31 മുതൽ; 14:17; 17:26)" പേജ് 311).

# പ്രത്യേക പഠനവിഷയം: ദൈവരാജ്യം

പഴയനിയമത്തിൽ യഹോവ യിസ്രായേലിന്റെ രാജാവായും (ഒ. നോ. 1 ശമൂ. 8:7; സങ്കീ. 10:16; 24:7–9; 9:10; 44:4; 89:18; 95:3; യെശ. 43:15; 44:4,6) മശിഹാ മാതൃകാ രാജാവായും (ഒ. നോ. സങ്കീ. 2:6; യെശ. 9:6–7; 11:1–5) കണക്കാക്കപ്പെട്ടിരുന്നു. ബേത്ത്ലേഹെമിൽ യേശു ജനിച്ചതോടെ (ബി. സി. 6–4) ദൈവരാജ്യം മാനവ ചരിത്രത്തിലേക്ക് പുതിയ ശക്തിയോടും വീണ്ടെടുപ്പോടുംകൂടി അതിക്രമിച്ചുകയറി (പുതിയ നിയമം ഒ. നോ. യിരെ. 31:31–34; യെഹെ. 36:27–36). യോഹന്നാൻ സ്നാപകൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചു (ഒ. നോ. മത്താ. 3:2; മർക്കൊ. 1:15). ദൈവരാജ്യം തന്നിലും തന്റെ ഉപദേശങ്ങളിലും വെളിപ്പെട്ടിരിക്കുന്നുവെന്ന് യേശു വ്യക്തമായി പഠിപ്പിച്ചു (ഒ. നോ. മത്താ. 4:17,23; 9:35; 10:7; 11:11–12; 12:28; 16:19; മർക്കൊ. 12:34; ലൂക്കൊ. 10:9,11; 11:20; 12:31–32; 16:16; 17:21). എങ്കിലും രാജ്യം ഭാവയിൽ സംഭവിക്കേണ്ടതുണ്ട് (ഒ. നോ. മത്താ. 16:28; 24:14; 26:29; മർക്കൊ. 9:1; ലൂക്കൊ. 21:31; 22:16,18).

സമാന്തര സുവിശേഷങ്ങളായ മർക്കൊസിലും ലൂക്കൊസിലും "ദൈവരാജ്യം" എന്ന പ്രയോഗം നാം കാണുന്നു. യേശുവിന്റെ ഉപദേശങ്ങളുടെ ഈ സാധാരണവിഷയത്തിൽ മനുഷ്യഹൃദയങ്ങളിലുള്ള ദൈവത്തിന്റെ ഇപ്പോഴത്തെ വാഴ്ചയും – അത് ഒരുനാൾ ഭൂമിയിലെല്ലാം വ്യാപിച്ച് പൂർത്തീകരണത്തിലെത്തും – ഉൾപ്പെട്ടിരിക്കുന്നു. ഇത് മത്തായി 6:10 ലെ യേശുവിന്റെ പ്രാർത്ഥനയിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. യെഹൂദന്മാർക്കുവേണ്ടി എഴുതിയ മത്തായി ദൈവത്തിന്റെ നാമം ഉപയോഗിക്കാത്ത ഒരു പ്രയോഗം (സ്വർഗ്ഗരാജ്യം) തിരഞ്ഞെടുത്തു. എന്നാൽ ജാതികൾക്കുവേണ്ടി എഴുതിയ മർക്കൊസും ലൂക്കൊസും ദൈവിക നാമം ഉപയോഗിച്ച് സാധാരണ പേരുകൾ നൽകി. ഇതു സമവീക്ഷണ സുവിശേഷങ്ങളിലെ ഒരു താക്കോൽ പദപ്രയോഗമാണ്. യേശുവിന്റെ ആദ്യത്തെയും അവസാനത്തെയും പ്രഭാഷണങ്ങൾ, അവന്റെ മിക്കവാറും ഉപമകൾ എല്ലാം ഈ വിഷയത്തെ സംബന്ധിച്ചായിരുന്നു. ഇന്ന് മനുഷ്യഹൃദയങ്ങളിലുള്ള ദൈവിക ഭരണത്തെയാണിതു സൂചിപ്പിക്കുന്നത്! യോഹന്നാൻ ഈ പ്രയോഗം രണ്ടുപ്രാവശ്യം മാത്രമേ ഉപയോഗിക്കുന്നുള്ളൂ (യേശുവിന്റെ ഉപമകളിൽ ഉപയോഗിച്ചിട്ടുമില്ല) എന്നത് അതിശയകരമാണ്. "നിത്യജീവൻ" ആണ് യോഹന്നാന്റെ സുവിശേഷത്തിലെ താക്കോൽ സാദൃശ്യം.

ഈ പ്രയോഗത്തിലെ സംഘർഷത്തിന് കാരണം ക്രിസ്തുവിന്റെ രണ്ടു വരവുകളാണ്. പഴയനിയമം ദൈവത്തിന്റെ മശിഹായുടെ ഒരൊറ്റ വരവിനെ – സൈനികവും, ന്യായം വിധിക്കുന്ന, മഹത്വപൂർണ്ണവുമായ വരവ് – മാത്രമാണ് വെളിപ്പെടുത്തുന്നത്. എന്നാൽ പുതിയ നിയമം വെളിപ്പെടുത്തുന്നത് അവൻ ഒന്നാമത് യെശ. 53 ലെ കഷ്ടപ്പെടുന്ന ദാസനായും സെഖ. 9:9 ലെ താഴ്മയുള്ള രാജാവായും വന്നു എന്നാണ്. രണ്ട് യെഹൂദ യുഗങ്ങളായ ദുഷ്ടതയുടെ യുഗവും നീതിയുടെ യുഗവും പരസ്പരം അതിക്രമിച്ചു കയറിയിരിക്കുന്നു. യേശു ഇപ്പോൾ വിശ്വാസികളുടെ ഹൃദയങ്ങളിൽ വാഴുന്നു. എന്നാൽ ഒരു ദിനം അവൻ സർവ്വ സൃഷ്ടികളുടെമേലും വാഴും. പഴയ നിയമം പ്രവചിച്ചതുപോലെ അവൻ വരും! വിശ്വാസികൾ ഇന്ന് ദൈവരാജ്യത്തിന്റെ സംഭവിച്ചുകഴിഞ്ഞു" എന്നാൽ "ഇനിയും ആയിട്ടില്ല" എന്ന അവസ്ഥയിൽ ജീവിക്കുന്നു (ഒ. നോ. Gardon D. Fee and Douglas Stuart's *How to Read the Bible For All Its Worth* PP. 131-134).

**യോഹന്നാൻ 3:4–8**

**4നിക്കോദേമൊസ് അവനോടു: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നതു എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. 5അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല. 6ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു. 7നിങ്ങൾ പുതുതായി ജനിക്കണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുതു. 8കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതു പോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു.**

**3:5 "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ"** ഇതു മറ്റൊരു മൂന്നാം തരം സോപാധിക വാചകമാണ്. ഇവിടെയൊരു വൈരുദ്ധ്യമുണ്ട് (യോഹന്നാന്റെ എഴുത്തുകളിലെ പതിവനുസരിച്ച്)

1. ഭൗതികത്തിന് എതിരായി ആത്മികം ("ആത്മാവ്" എന്നതിന് വിവേചക ഭേദകം ഇല്ല)
2. ഭൗമികത്തിന് എതിരായി സ്വർഗ്ഗീയം

ഈ വൈരുധ്യത്തിന്റെ ധ്വനി വാ. 6 ൽ ഉണ്ട്.
“വെള്ള”ത്തിന്റെ അർത്ഥം സംബന്ധിച്ചുള്ള സിദ്ധാന്തങ്ങൾ

1. റബ്ബിമാർ പുരുഷബീജത്തെ സൂചിപ്പിക്കാനുപയോഗിക്കുന്നു
2. ശിശുജനനം എന്ന വെള്ളം
3. മാനസാന്തരത്തിന്റെ പ്രതീകമായ യോഹന്നാന്റെ സ്നാനം
4. ആത്മാവിലുള്ള ആചാരപരമായ തളിക്കൽ എന്ന പഴയനിയമ പശ്ചാത്തലം (ഒ. നോ. യെഹെ. 36:25-27).
5. ക്രിസ്തീയ സ്നാനം (നിക്കോദേമൊസ് ആ അർത്ഥത്തിൽ മനസ്സിലാക്കിയിരിക്കാൻ വഴിയില്ലെങ്കിലും ജസ്റ്റിനും ഐറേനിയസുമാണ് ആദ്യമായി സൂചിപ്പിച്ചത്)

സന്ദർഭമനുസരിച്ച് സിദ്ധാന്തം #3 - യോഹന്നാന്റെ സ്നാനവും മശിഹാ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുമെന്നുള്ള യോഹന്നാന്റെ പ്രസ്താവനയും - ആയിരിക്കാം ഏറ്റവും അനുയോജ്യമായ അർത്ഥം. ഈ സന്ദർഭമനുസരിച്ച് ജനനം സാദൃശ്യമാണ്; പദത്തെ സംബന്ധിച്ചുള്ള നിക്കോദേമൊസിന്റെ തെറ്റിദ്ധാരണ വ്യാഖ്യാനത്തിൽ മികച്ചു നിൽക്കാൻ അനുവദിച്ചുകൂടാ. അതിനാൽ സിദ്ധാന്തം #1 അനുയോജ്യമല്ല. നിക്കോദേമൊസ് യേശുവിന്റെ വാക്കുകൾ പിൽക്കാലത്തുണ്ടായ ക്രിസ്തീയ സ്നാനത്തെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കുമായിരുന്നില്ലെങ്കിലും അപ്പൊസ്തലനായ യോഹന്നാൻ യേശുവിന്റെ ചരിത്ര വാചകങ്ങളിൽ തന്റെ ദൈവശാസ്ത്രം പലപ്പോഴും കൂട്ടിച്ചേർത്തിരുന്നു (ഒ. നോ. വാ. 14-21) എന്നതിൽ നിന്നും ഇതും അങ്ങനെ വന്നതാകാമെന്നു കരുതാൻ ന്യായമുണ്ട്. സിദ്ധാന്തം #2, മുകളിൽ നിന്നും x താഴെ നിന്നും, ദൈവിക തലവും x മാനുഷിക തലവും എന്ന യോഹന്നാന്റെ ദ്വന്ദ്വത്തോടു യോജിക്കുന്നതാണ്. ഈ പദങ്ങളെ നിർവചിക്കുമ്പോൾ അവ പരസ്പരം വിരുദ്ധമാണോ (# 1 അഥവാ # 2) അതോ പൂരകങ്ങളാണോ (# 4) എന്നു തീരുമാനിക്കേണ്ടതുണ്ട്.

ഡി. എ. കാർസൺ *എക്സിജിറ്റിക്കൽ ഫാല്ലസീസ്* എന്ന ഗ്രന്ഥത്തിൽ മറ്റൊരു സാധ്യത ചൂണ്ടിക്കാണിക്കുന്നു. രണ്ടു പദങ്ങളും ഒരു ജനനത്തെ സൂചിപ്പിക്കുന്നു - അതായത് യിരെ. 31:31-34 ലെ “പുതിയ നിയമ”ത്തെ വിശദീകരിക്കുന്ന യെഹെ. 36:25-27 അനുസരിച്ചുള്ള അന്ത്യകാലശാസ്ത്ര സംബന്ധിയായ ജനനം.

എഫ്. എഫ്. ബ്രൂസ് *ആൻസേഴ്സ് ടു ക്വസ്റ്റ്യൻസ്* എന്ന ഗ്രന്ഥത്തിൽ, യേശുവിന്റെ വാക്കുകളുടെ പിമ്പിലുള്ള പഴയനിയമ സൂചനയായി യെഹെസ്കേലിനെ കാണുന്നു. അതൊരു പക്ഷേ യെഹൂദ മതാനുസാര സ്നാനമായിരിക്കാം (*പ്രോസലൈറ്റ് ബാപ്റ്റിസം*). ശ്രദ്ധേയനായൊരു റബിയായ നിക്കോദേമൊസും അതായിരിക്കാം മനസ്സിലാക്കിയത്! (പേ. 67).

▣ **“ദൈവരാജ്യം”** ഒരു പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതിയിലും (അതാ. കയ്യെഴുത്തു പ്രതി ℵ) അനേക സഭാപിതാക്കന്മാരുടെ എഴുത്തുകളിലും മത്തായി സുവിശേഷത്തിൽ സാധാരണയായി കാണുന്ന “സ്വർഗ്ഗരാജ്യം” എന്നാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. എന്നിരുന്നാലും “ദൈവരാജ്യം” എന്ന പ്രയോഗം വാ. 3 ൽ കാണാം. (വാ. 3 ലും വാ. 5 ലും മാത്രമാണ് യോഹന്നാനിൽ ഈ പ്രയോഗം വരുന്നത്). ജാതികൾക്ക് എഴുതുന്ന യോഹന്നാൻ (ഒപ്പം മർക്കൊസും ലൂക്കൊസും) യെഹൂദന്മാരുടെ ദൈവനാമത്തെ വളച്ചുകെട്ടി പറയുന്നത് ഒഴിവാക്കിയിരിക്കുന്നു.

**3:6** ഇവിടെ വീണ്ടും ലംബ ദ്വന്ദം (മുകളിൽ x താഴെ) ഉപയോഗിച്ചിരിക്കുന്നു. യോഹന്നാനിൽ ഇതു സാധാരണമാണ് (ഒ. നോ. വാ. 11).

**3:7 “നിങ്ങൾ ... നിന്നോടു”** രണ്ടാമത്തേത് നിക്കോദേമൊസിനെ സൂചിപ്പിക്കുന്ന ഏകവചനവും ആദ്യത്തേത് സകല മനുഷ്യർക്കും ബാധകമായ പൊതുതത്വം സൂചിപ്പിക്കുന്ന ബഹുവചനവുമാണ് (സമാനമായ ഏകവചന, ബഹുവചന ഉപയോഗം വാ. 11 ലും കാണാം).

തങ്ങളുടെ വംശീയ പിന്തുടർച്ചയിൽ ആശ്രയിക്കാനുള്ള യെഹൂദ പ്രവണതയുടെ വെളിച്ചത്തിൽ ഇതിനെ വ്യാഖ്യാനിക്കുവാൻ ഒരുവൻ പരീക്ഷിക്കപ്പെട്ടേക്കാം (ഒ. നോ. 4:12; 8:53). ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടു കൂടി രചന നിർവഹിക്കുന്ന യോഹന്നാൻ, ഗ്നോസ്റ്റിസിസത്തെയും ഒപ്പം തന്നെ യെഹൂദന്റെ വംശീയ അസഹിഷ്ണുതയെയും നേരിടുന്നു എന്നു വ്യക്തമാണ്.

▣ **“വേണം”** ഗ്രീക്കു ക്രിയ *ഡേയി* (ആക്ഷ. “അതാവശ്യമാണ്” (BAGD 172) (വർത്തമാനകാല കർത്തരി സൂചകം) 3-ാം അധ്യായത്തിൽ 3 പ്രാവശ്യം ഉപയോഗിക്കുന്നു (വാ. 7,14,30). അതു സൂചിപ്പിക്കുന്നത് ദൈവിക പദ്ധതി മുന്നോട്ടു പോകുന്നതിന് ചില കാര്യങ്ങൾ സംഭവിക്കേണം എന്നാണ് (ഒ. നോ. 4:24; 9:4; 12:34; 20:9).

**3:8** “കാറ്റ്” “ശ്വാസം” “ആത്മാവ്” എന്നർത്ഥമുള്ള എബ്രായ (അരാമ്യ) പദമായ *റുവാഹ്,* ഗ്രീക്കുപദം *പ്ന്യൂമാ* എന്നിവ ഉപയോഗിച്ചുള്ള ഒരു പദവിന്യാസം ഇവിടെ കാണാം. കാറ്റിനു സ്വാതന്ത്ര്യമുണ്ട്. അതുപോലെ ആത്മാവിനും ഉണ്ട് എന്ന സൂചനയാണിവിടെ. ഒരുവന് കാറ്റിനെ കാണാനാവില്ല, പക്ഷേ ഫലം അറിയാം; അതുപോലെയാണ് ആത്മാവിന്റെ കാര്യത്തിലും. മനുഷ്യന്റെ രക്ഷ അവന്റെ നിയന്ത്രണത്തിലല്ല, ആത്മാവിന്റെ നിയന്ത്രണത്തിലാണ് (ഒ. നോ. യെഹെ. 37). വാ. 5-7 ഇതേ സത്യത്തെ വെളിപ്പെടുത്തുന്നതാകാൻ സാധ്യതയുണ്ട്. രക്ഷയെന്നത് ആത്മാവിന്റെ മുൻകയ്യെടുക്കലിന്റെയും (ഒ. നോ. 6:44,65). വ്യക്തിയുടെ വിശ്വാസം/മാനസാന്തര പ്രതികരണത്തിന്റെയും സംയുക്തമാണ് (ഒ. നോ. 1:12; 3:16,18).

യോഹന്നാന്റെ സുവിശേഷം ആത്മാവിന്റെ ആളത്വത്തിലും പ്രവൃത്തിയിലും സമാനതകളില്ലാത്ത വിധം ശ്രദ്ധ കേന്ദ്രീകരിക്കുന്നു (ഒ. നോ. 14:17,25-26; 16:7-15). നീതിയുടെ പുതിയ യുഗത്തെ ദൈവാത്മാവിന്റെ യുഗമായി അവൻ കാണുന്നു.

ചില ആളുകൾ സുവിശേഷം കാണുമ്പോൾ/കേൾക്കുമ്പോൾ വിശ്വസിക്കുകയും മറ്റുള്ളവർ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട് എന്ന വിഷമപ്രശ്നത്തിന് വാ. 8 ഊന്നൽ നൽകുന്നു. ആത്മാവിനാൽ സ്പർശിക്കപ്പെടാതെ ആർക്കും വിശ്വസിക്കാൻ കഴികയില്ലെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു (ഒ. നോ. 1:13; 6:64, 65). ഈ വാക്യം ആ ദൈവശാസ്ത്രത്തെ ശക്തിപ്പെടുത്തുന്നു. എന്നിരുന്നാലും ഉടമ്പടി പ്രതികരണത്തിന്റെ വിഷയം (ദൈവിക വാഗ്ദാനത്തിന്റെ മാനുഷിക സ്വീകരണം) ആത്മാവ് എല്ലാവരെയും ഇപ്പോഴും സ്പർശിച്ചുകൊണ്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നു. ചിലർ എന്തുകൊണ്ട് വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല എന്നത് അധർമ്മത്തിന്റെ വലിയൊരു മർമ്മമാണ് (അതായത് വീഴ്ചയുടെ സ്വയ-കേന്ദ്രീകൃതത്വം). ഞാൻ പ്രായമാകുന്തോറും, എന്റെ ബൈബിൾ കൂടുതൽ പഠിക്കുന്തോറും, ദൈവജനത്തിന് ഞാൻ കൂടുതൽ ശുശ്രൂഷ ചെയ്യുന്തോറും ജീവിതത്തിലുടനീളമുള്ള "മർമ്മം" സംബന്ധിച്ച് ഞാൻ കൂടുതൽ എഴുതുന്നു. നാമെല്ലാവരും മാനുഷിക മറുതലിപ്പിന്റെ ഇരുണ്ട മൂടൽമഞ്ഞിനുള്ളിൽ (അതാ. 1 കൊരി. 13:12) ജീവിക്കുന്നു. അതിനെ വിശദീകരിക്കാനോ ഒരു വ്യവസ്ഥിത ദൈവശാസ്ത്രം വികസിപ്പിച്ച് മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കാനോ പ്രാപ്തി നേടുന്നത് ക്രിസ്തുവിലൂടെ ദൈവത്തിൽ ആശ്രയിക്കുന്നതിനോളം പ്രാധാന്യമർഹിക്കുന്നതല്ല. ഇയ്യോബ് ഒരിക്കലും "എന്തുകൊണ്ട്" എന്നു ചോദിച്ചില്ല!

## പ്രത്യേക പഠനവിഷയം: ശ്വാസം, കാറ്റ്, ആത്മാവ്

എബ്രായപദം *റുവാഹ്* (BDB 924), ഗ്രീക്കുപദം *പ്ന്യൂമാ* (ഒ. നോ. യോഹ. 3:5,8) എന്നീ രണ്ടുപദങ്ങൾക്കും "ആത്മാവ്," "ശ്വാസം," "കാറ്റ്" എന്നീ അർത്ഥങ്ങളുണ്ട് (ഒ. നോ. യോഹ. 3:5,8). ആത്മാവിനെ മിക്കപ്പോഴും സൃഷ്ടിപ്പിനോടു ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നു (ഒ. നോ. ഉല്പ. 1:2; ഇയ്യോ. 26:13; സങ്കീ. 104:29–30; 147:14–18). ദൈവവും ആത്മാവും തമ്മിലുള്ള ബന്ധത്തെ പഴയനിയമം വ്യക്തമായി നിർവചിച്ചിട്ടില്ല. ഇയ്യോ. 28:26–28; സങ്കീ. 104:24; സദൃ. 3:19; 8:22–23 എന്നീ ഭാഗങ്ങളിൽ സകലത്തെയും സൃഷ്ടിക്കുവാൻ ദൈവം ജ്ഞാനത്തെ (സ്ത്രീലിംഗനാമം) ഉപയോഗിച്ചതായി കാണുന്നു. പുതിയ നിയമത്തിൽ യേശുവിനെ ദൈവിക സൃഷ്ടിയുടെ ഏജന്റായി പറഞ്ഞിരിക്കുന്നു (ഒ. നോ. യോഹ. 1:1–3; 1 കൊരി. 8:6; കൊലൊ. 1:15–17; എബ്രാ. 1:2–3). വീണ്ടെടുപ്പിലെന്ന പോലെ സൃഷ്ടിപ്പിലും ദൈവത്തിലെ മൂന്ന് ആളത്തങ്ങളും പങ്കാളിയായിട്ടുണ്ട്. ഉല്പത്തി 1 തന്നെ ഒരു ദ്വിതീയ കാരണത്തെ എടുത്തുകാട്ടുന്നില്ല.

**യോഹന്നാൻ 3:9–15**

**9 നിക്കോദേമൊസ് അവനോടു: ഇത് എങ്ങനെ സംഭവിക്കും എന്നു ചോദിച്ചു. 10 യേശു അവനോടു ഉത്തരം പറഞ്ഞതു: നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഇതു അറിയുന്നില്ലയോ? 11 ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു പ്രസ്താവിക്കയും കണ്ടതു സാക്ഷീകരിക്കയും ചെയ്യുന്നു: ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ലതാനും. 12 ഭൂമിയിലുള്ളതു നിങ്ങളോടു പറഞ്ഞിട്ടു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും? 13 സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന [വനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ] മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല. 14 മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. 15 അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.**

**3:9–10** (1) യെഹൂദാ മതാനുസാരികൾക്കുള്ള സ്നാനത്തിന്റെയും (2) യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിന്റെയും അടിസ്ഥാനത്തിൽ യേശുവിന്റെ പ്രതീകാത്മക പദപ്രയോഗത്തിന്റെ അർത്ഥം നിക്കോദേമൊസ് ഗ്രഹിക്കേണ്ടതായിരുന്നു.

ഇതൊരു പക്ഷെ മാനുഷിക ജ്ഞാനത്തിന്റെ പോരായ്മയെക്കുറിച്ചുള്ള മനഃപ്പൂർവ്വമായ ചിത്രീകരണമാകാം; യെഹൂദന്മാരുടെ ഒരു പ്രമാണിയായ നിക്കോദേമൊസിനെപ്പോലെയുള്ള ഒരാൾപോലും ആത്മീയ കാര്യങ്ങളിൽ അജ്ഞതയുള്ളവനായിരിക്കാൻ സാധ്യതയുണ്ട്. മാനുഷികജ്ഞാനം രക്ഷയ്ക്കുള്ള മാർഗ്ഗമാണെന്നു പഠിപ്പിച്ചിരുന്ന ശൈശവദശയിലുള്ള ജ്ഞാനവാദത്തെ (ഗ്നോസ്റ്റിസിസം) എതിർക്കുന്നതിനായി എഴുതപ്പെട്ടതാണ് യോഹന്നാന്റെ സുവിശേഷം. വരേണ്യ വർഗ്ഗത്തിനു മാത്രമല്ല, സകലർക്കുമുള്ള സത്യവെളിച്ചം യേശു മാത്രമാണ് (ഒ. നോ. 1:9).

**3:11 "ഞങ്ങൾ അറിയുന്നതു പ്രസ്താവിക്കുന്നു"** ഈ ബഹുവചന സർവ്വനാമം യേശുവിനെയും യോഹന്നാൻ അപ്പൊസ്തലനെയും ഉദ്ദേശിച്ചോ (ഒ. നോ. വാ. 11), അല്ലെങ്കിൽ യേശുവിനെയും പിതാവിനെയും ഉദ്ദേശിച്ചോ ആകാം. രണ്ടാമത്തേതാണ് സന്ദർഭത്തിനനുയോജ്യം (വാ. 12). സുവിശേഷം ഊഹാപോഹങ്ങളല്ല, ദൈവിക വെളിപ്പാടാണ്!

▣ **"ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ കൈക്കൊള്ളുന്നില്ലതാനും"** യോഹന്നാൻ കൈക്കൊള്ളുക/സ്വീകരിക്കുക (*λαμβανω - ലംബാനോ*) എന്ന പദവും അതിന്റെ ഉപസർഗ സംയുക്ത പദങ്ങളും ദൈവശാസ്ത്ര അർത്ഥത്തിൽ ആവർത്തിച്ച് ഉപയോഗിക്കുന്നുണ്ട്.

1. യേശുവിനെ കൈക്കൊള്ളുക
   a. നിഷേധാത്മകമായി (1:11; 3:32; 5:47)
   b. സാധകാത്മകമായി (1:12; 3:11,13; 5:43; 13:20)

2. ആത്മാവിനെ കൈക്കൊള്ളുക
   a. നിഷേധാത്മകമായി (14:17)
   b. സാധകാത്മകമായി (7:39)
3. യേശുവിന്റെ വചനങ്ങളെ കൈക്കൊള്ളുക
   a. നിഷേധാത്മകമായി (12:48)
   b. സാധകാത്മകമായി (17:8)

1:8 ലെ യേശുവിനെക്കുറിച്ചുള്ള സാക്ഷികൾ എന്ന പ്രത്യേക പഠനവിഷയം കാണുക.

**3:12 "എങ്കിൽ..." "പറഞ്ഞാൽ"** രണ്ടാമത്തേത് എഴുത്തുകാരന്റെ വീക്ഷണത്തിൽ അല്ലെങ്കിൽ തന്റെ രചനാപരമായ ലക്ഷ്യത്തിനു വേണ്ടി, സത്യമായിരിക്കുന്ന ഒരു ഒന്നാംകിട സോപാധിക വചനമാണ്. രണ്ടാമത്തേത് പ്രയോഗത്തിൽ വരുത്തേണ്ട മൂന്നാംകിട സോപാധിക വചനവുമാണ്.

▣ **"നിങ്ങൾ"** സർവ്വനാമവും ക്രിയകളും ബഹുവചനങ്ങളാണ്. നിക്കോദേമൊസിനോടൊപ്പം അവന്റെ ശിഷ്യന്മാരോ അല്ലെങ്കിൽ മറ്റു പരീശന്മാരോ ഉണ്ടായിരുന്നിരിക്കാം. അല്ലെങ്കിൽ വാ. 7, 11 ലെ അവിശ്വസിക്കുന്ന യെഹൂദന്മാരോടുള്ള (അതായത് നിക്കോദേമൊസ് ഒരു സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിൽ) ഒരു പൊതു പ്രസ്താവനയാകാം ഇത്.

**3:13** ഈ വാക്യം പിതാവിനെക്കുറിച്ചുള്ള യേശുവിന്റെ വെളിപ്പാട്, സത്യവും സമ്പൂർണ്ണവും നേരിട്ടു പ്രാപിച്ചതും അതുല്യവുമാണെന്ന് ഉറപ്പിക്കാനുദ്ദേശിച്ചുള്ളതാണ് (ഒ. നോ. 1:1-14). യോഹന്നാനിലെ ലംബമാന ദ്വൈതത്തിന്റെ മറ്റൊരു ഉദാഹരണമാണിത്: സ്വർഗ്ഗവും ഭൂമിയും; ഭൗതികവും ആത്മീയവും; നിക്കോദേമൊസിന്റെ ഉല്പത്തിയും യേശുവിന്റെ ഉല്പത്തിയും (ഒ. നോ. 1:51; 6:33,38,41,50,51,58,62). ഈ വാക്യം ത്രിത്വത്തിലെ നിത്യനായ രണ്ടാം ആളത്വത്തിന്റെ (1) ദൈവത്വം; (2) പൂർവ്വാസ്തിക്യം; (3) ജഡധാരണം എന്നിവയെ ഉറപ്പിക്കുന്നു (ത്രിത്വം സംബന്ധിച്ച് 14:26 ന്റെ പഠനം കാണുക).

**3:14-21** നിക്കോദേമൊസുമായുള്ള യേശുവിന്റെ സംഭാഷണം അവസാനിക്കുന്നതും യേശുവിന്റെ അല്ലെങ്കിൽ യോഹന്നാൻ അപ്പൊസ്തലന്റെ വാക്കുകൾ ആരംഭിക്കുന്നതും എവിടെയാണെന്ന് കൃത്യമായി പറയുക പ്രയാസമാണ്. സമവീക്ഷണ സുവിശേഷങ്ങൾ യേശുവിന്റെ പരസ്യ ഉപദേശ ശുശ്രൂഷയെ ചിത്രീകരിക്കുമ്പോൾ യോഹന്നാൻ, ശിഷ്യന്മാരുമായുള്ള അവന്റെ സ്വകാര്യ സംഭാഷണങ്ങളെയാണു ചിത്രീകരിക്കുന്നതെന്നു കാണാൻ കഴിയും. വാ. 14-21 ന്റെ രൂപരേഖ താഴെപ്പറയുന്ന രീതിയിൽ തയ്യാറാക്കാം.

1. വാ. 14-15 യേശുവിനോടു ബന്ധപ്പെട്ടത്
2. വാ. 16-17 പിതാവിനോടു ബന്ധപ്പെട്ടത്
3. വാ. 18-21 മനുഷ്യവർഗ്ഗത്തോടു ബന്ധപ്പെട്ടത്

ഇതു സംസാരിച്ചത് യേശു ആണോ യോഹന്നാൻ ആണോ എന്നത് പ്രസ്താവനയുടെ സത്യത്തെ ബാധിക്കുന്നില്ല എന്ന കാര്യം ഓർക്കുക.

**3:14 "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ"** സംഖ്യ. 21:4-9 ൽ വിവരിച്ചിരിക്കുന്ന യിസ്രായേലിന്റെ മരുഭൂമി യാത്രയിൽ സംഭവിച്ച ഒരു ന്യായവിധി സംഭവത്തെയാണിവിടെ പരാമർശിക്കുന്നത്. ഇവിടുത്തെ കേന്ദ്ര സത്യം മനുഷ്യർക്ക് ദൈവവചനത്തെ പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും അവരതിൽ ആശ്രയിക്കുകയും അനുസരിക്കുകയും ചെയ്യണമെന്നുള്ളതാണ്. യിസ്രായേൽ ജനം വിശ്വസിക്കുമെങ്കിൽ സർപ്പത്തിന്റെ കടിയിൽ നിന്നും രക്ഷപെടുവാൻ ഒരു വഴി ദൈവം ഒരുക്കി. അവന്റെ വചനത്തോട്/ വാഗ്ദത്തങ്ങളോടുള്ള അവരുടെ അനുസരണത്തിലൂടെ ഈ വിശ്വാസം തെളിയിക്കേണമായിരുന്നു (ഒ.നോ. സംഖ്യ. 21:8).

▣ **"ഉയർത്തിയതുപോലെ"** ഈ ഗ്രീക്കുപദം (ഒ. നോ 8:28; 12:32,34). മിക്കയിടങ്ങളിലും "ഏറ്റവും ഉയർത്തി" (ഒ. നോ. പ്രവൃ. 2:33; 5:31; ഫിലി. 2:9) എന്നു തർജ്ജമ ചെയ്തിരിക്കുന്നു. ദ്വയാർത്ഥത്തിൽ യോഹന്നാൻ ഉപയോഗിക്കുന്ന മറ്റൊരു പദമാണിതും (ഒ. നോ. 1:5; 3:3,8). ദൈവവചനം വിശ്വസിച്ച് താമ്രസർപ്പത്തെ നോക്കുന്നവർക്ക് സർപ്പത്തിന്റെ കുടിയേറ്റുള്ള മരണത്തിൽ നിന്നും വിടുതൽ ദൈവം വാഗ്ദാനം ചെയ്തതുപോലെ, ദൈവവചനം (ക്രൂശിൽ ഉയർത്തപ്പെട്ട ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം) വിശ്വസിക്കുകയും യേശുവിൽ ആശ്രയിക്കുകയും ചെയ്യുന്നവർ ദുഷ്ടനായ സർപ്പത്തിന്റെ (പിശാച്, പാപം) കടിയിൽ നിന്നും വിടുവിക്കപ്പെടും (രക്ഷിക്കപ്പെടും) (ഒ.നോ. 12:31-32).

▣ **"മനുഷ്യപുത്രൻ"** ഇത് യേശു സ്വയം വിളിച്ച പേരാണ്. അതിന് ഒന്നാം നൂറ്റാണ്ടിലെ ദേശീയപരമോ, സൈനികപരമോ, മശിഹൈകമോ ആയ അർത്ഥങ്ങളുണ്ടായിരുന്നില്ല. യെഹെ. 2:1; സങ്കീ. 8:4 - അവിടെ അതിന് 'മനുഷ്യജീവി" എന്ന അർത്ഥം മാത്രമേ ഉള്ളൂ; ദാനീ. 7:13 - ഇവിടെയത് ദൈവത്തെ സൂചിപ്പിക്കുന്നു - എന്നീ വാക്യങ്ങളിൽ നിന്നുമാണ് ഈ പദം വന്നത്. പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമായ യേശുവിന്റെ ആളത്വത്തിന്റെ വൈപരീത്യ പ്രകൃതത്തെ സംയോജിപ്പിക്കുകയാണിവിടെ ഈ പേരിലൂടെ ചെയ്യുന്നത്.

▣ **"അവനിൽ"** ഇത് യേശുവിനെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങളെയും (ദൈവശാസ്ത്ര സത്യങ്ങൾ) മാത്രമല്ല അവനുമായുള്ള വ്യക്തിപരമായ ബന്ധത്തെയും സൂചിപ്പിക്കുന്നു. രക്ഷ എന്നത് (1) വിശ്വസിക്കേണ്ട ഒരു സന്ദേശവും; (2) അംഗീകരിച്ച് അനുസരിക്കേണ്ട ഒരു വ്യക്തിയും; (3) ആ വ്യക്തിയെപ്പോലെ ജീവിക്കേണ്ട ഒരു ജീവിതവുമാണ്.

ഇവിടുത്തെ വ്യാകരണരൂപം അസാധാരണമാണ്. ഇത് $\epsilon\nu$(in) എന്ന ഗതി (preposition) ചേർന്ന സർവ്വനാമമാണ്. യോഹന്നാനിൽ ഇവിടെ മാത്രമാണിതു കാണുന്നത്; സാധാരണയായി *എയ്സ്* ($\epsilon\iota\varsigma$) എന്ന ഗതിയാണ് സർവ്വനാമ ത്തോടൊപ്പം ഉപയോഗിക്കാറുള്ളത്. 'നിത്യജീവൻ പ്രാപിക്കേണ്ടതിന്' എന്നതിനോടു ബന്ധപ്പെടുത്തുന്നതിനു വേണ്ടിയാകാം ഇവിടെ ഇപ്രകാരം ഉപയോഗിച്ചിരിക്കുന്നത് (ഒ. നോ. *The new Testament in Basic English* by Harold Greenlee).

**3:15 "വിശ്വസിക്കുന്ന"** ഇതു വർത്തമാനകാല അപൂർണ്ണ ക്രിയയാണ്. വിശ്വാസമെന്നത് തുടർമാന ആശ്രയമാണ്. 1:12 ന്റെ കുറിപ്പും 1:7 ലെയും 2:23 ലെയും പ്രത്യേക പഠനവിഷയവും കാണുക.

**3:15-18 "ഏവനും" (വാ. 15) ""ഏവനും" (വാ. 16). "..ന്നവനു" (വാ. 18)** ദൈവസ്നേഹം സകല മനുഷ്യർക്കുമുള്ള ക്ഷണമാണ് (ഒ. നോ. യെശ. 55:1-3; യെഹെ. 18:23,32; യോഹ. 1:29; 3:16; 6:33, 51; 2 കൊരി. 5:19; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:2; 4:14). രക്ഷാവാഗ്ദാനം സാർവ്വലൗകികമാണെങ്കിലും അതിന്റെ സ്വീകരണം അങ്ങനെയല്ല!

**3:15,16. "നിത്യജീവൻ"** ഗ്രീക്കുപദം (*ζοη-സോയി*) ഗുണത്തെയും അളവിനെയും സൂചിപ്പിക്കുന്നു (ഒ. നോ. 5:24). മത്താ. 25:46 ൽ ഇതേ പദം നിത്യമായ വേർപാടിനെ കാണിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. യോഹന്നാനിൽ *സോയി* (33 പ്രാവശ്യം അധികവും 5,6 അധ്യായങ്ങളിൽ) സാധാരണയായി (ക്രിയാപദം ശാരീരിക ജീവനെ സൂചിപ്പിക്കുന്നു, 4:50,51,53) പുനരുത്ഥാനം, മരണാനന്തര ജീവിതം അഥവാ പുതിയയുഗത്തിലെ ജീവിതം, ദൈവിക ജീവൻ എന്നിവയെ സൂചിപ്പിക്കുന്നു.

"നിത്യജീവൻ" എന്നതിന് ഊന്നൽ നൽകുന്ന കാര്യത്തിൽ ഇതര സുവിശേഷങ്ങളെ അപേക്ഷിച്ച് യോഹന്നാൻ വേറിട്ടു നിൽക്കുന്നു. അവന്റെ സുവിശേഷത്തിന്റെ മുഖ്യവിഷയവും ലക്ഷ്യവും അതാണ് (ഒ.നോ. 3:15; 4:36; 5:39; 6:54,68; 10:28; 12:25; 17:2,3)

### യോഹന്നാൻ 3:16-21

**16തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. 17ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. 18അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധിയില്ല; വിശ്വസിക്കാത്തവന്നു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു. 19ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ. 20തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവൃത്തിക്കു ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിങ്കലേക്കു വരുന്നതുമില്ല. 21സത്യം പ്രവർത്തിക്കുന്നവന്നോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കുകയാൽ അതു വെളിപ്പെടേണ്ടതിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു.**

**3:16 "ദൈവം ... തക്കവണ്ണം ... സ്നേഹിച്ചു"** ഭൂതകാലത്തിൽ പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പിക്കുന്ന (ദൈവം യേശുവിനെ അയച്ചു) ക്രിയാരൂപമാണിത് ("നൽകി" എന്നതു പോലെ). വാ. 16-17 പ്രധാനമായും പിതാവിന്റെ സ്നേഹത്തെ പരാമർശിക്കുന്നു (ഒ. നോ. 1 യോഹ. 4:7-21, വിശേഷാൽ വാ. 19-10). "സ്നേഹിച്ചു" എന്നത് *ആഗാപ്പാവോ (αγαπαω)* എന്ന പദമാണ്. ക്ലാസ്സിക്കൽ ഗ്രീക്കിൽ ഇതു സാധാരണ ഉപയോഗിക്കാറില്ല. ആദിമസഭ അതെടുത്ത് പ്രത്യേക അർത്ഥം കൊണ്ടു നിറച്ചു. പ്രത്യേക സന്ദർഭങ്ങളിൽ അത് പിതാവിന്റെ അല്ലെങ്കിൽ പുത്രന്റെ സ്നേഹത്തെ പരാമർശിക്കുന്നു. എന്നിരുന്നാലും മാനുഷിക സ്നേഹത്തെ നിഷേധാത്മകമായി സൂചിപ്പിക്കാനും അതുപയോഗിക്കുന്നു (ഒ. നോ. 3:19; 12:43; 1 യോഹ. 2:15). പഴയ നിയമത്തിൽ ദൈവത്തിന്റെ ഉടമ്പടി സ്നേഹത്തെ സൂചിപ്പിക്കുന്ന *ഹേസെദ് (hesed)* ന്റെ ദൈവശാസ്ത്രപരമായ പര്യായമാണിത്. യോഹന്നാന്റെ കാലഘട്ടത്തിലെ കൊയ്നെ ഗ്രീക്കിൽ *അഗാപ്പാവോ* യും *ഫിലെയോ* യും അടിസ്ഥാനപരമായി പര്യായപദങ്ങളായിരുന്നു (3:35 ഒ. നോ. 5:20).

ഈ വാക്കുകൾ എല്ലാം തന്നെ ദൈവത്തെക്കുറിച്ചുള്ള മനുഷ്യരൂപാരോപണപരമായ പ്രസ്താവനകളാണെന്ന കാര്യം വ്യാഖ്യാതാക്കൾ മനസ്സിൽ വയ്ക്കേണ്ടതാണ്. നിത്യനും വിശുദ്ധനും അതുല്യനും ആത്മീയ ജീവിയുമായ ദൈവത്തെക്കുറിച്ചു വിവരിക്കുവാനുള്ള ശ്രമത്തിൽ നാം നമ്മുടെ ലോകത്തെയും വികാരങ്ങളെയും ചരിത്ര വീക്ഷണങ്ങളെയും വിവരിക്കാനുപയോഗിക്കുന്ന വാക്കുകൾ ഉപയോഗിക്കേണ്ടി വരും. സകല മാനുഷിക വാക്കുകളും ഒരർത്ഥത്തിൽ പ്രതീകാത്മകമോ ആലങ്കാരികമോ ആണ്. വെളിപ്പെട്ടവ ആത്യന്തികമല്ലെങ്കിലും വാസ്തവമായും സത്യമായവയാണ്. വീഴ്ച സംഭവിച്ചവനും ഭൗമികമായ പരിമിതിയുള്ളവനുമായ മനുഷ്യന് ആത്യന്തിക യാഥാർത്ഥ്യം ഗ്രഹിക്കാനാവില്ല.

# പ്രത്യേക പഠനവിഷയം:
# ദൈവം മനുഷ്യനെന്ന നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്നു
## (മനുഷ്യരൂപാരോപണ ഭാഷ)

I ഇത്തരത്തിലുള്ള ഭാഷ പഴയ നിയമത്തിൽ സാധാരണയായിരുന്നു (ചില ഉദാഹരണങ്ങൾ)

A. ഭൗതിക ശരീരഭാഗങ്ങൾ

1. കണ്ണുകൾ - ഉല്പ. 1:4, 31; 6:8; പുറ. 33:17; സംഖ്യ. 14:14; ആവ. 11:12; സെഖ. 4:10
2. കൈകൾ - പുറ. 15:17; സംഖ്യ. 11:23; ആവ. 2:15
3. ഭുജം - പുറ. 6:6; 15:16; സംഖ്യ. 11:23; ആവ. 4:34; 5:15
4. ചെവികൾ - സംഖ്യ. 11:18; 1 ശമൂ. 8:21; 2 രാജാ. 19:16; സങ്കീ. 5:1; 10:17; 18:6
5. മുഖം - പുറ. 32:30; 33:11; സംഖ്യ. 6:25; ആവ. 34:10; സങ്കീ. 114:7;
6. വിരൽ - പുറ. 8:19; 31:18; ആവ. 9:10; സങ്കീ. 8:3
7. ശബ്ദം - ഉല്പ. 3:8,10; പുറ. 15:26; 19:19; ആവ. 26:17; 27:10
8. കാൽ - പുറ. 24:10; യെഹെ. 43:7
9. മനുഷ്യരൂപം - പുറ. 24:9-11; സങ്കീ. 47; യെശ. 6:1; യെഹെ. 1:26
10. യഹോവയുടെ ദൂതൻ - ഉല്പ. 16:7-13; 22:11-15; 31:11,13; 48:15-16; പുറ. 3:4,13-21; 14:19; ന്യായാ. 2:1; 6:22-23; 13:3-22

B. ശാരീരിക പ്രവർത്തനങ്ങൾ

1. സൃഷ്ടിപ്പിന്റെ മുഖാന്തരമായി സംസാരിക്കുന്നു - ഉല്പ. 1:3,6,9,11,14,20,24,26
2. ഏദെനിൽ നടക്കുന്നു (അതാ. നടക്കുന്ന ഒച്ച) - ഉല്പ. 3:8; 18:33; ഹബ. 3:15
3. നോഹയുടെ പെട്ടകത്തിന്റെ വാതിൽ അടെച്ചു - ഉല്പ. 7:16
4. യാഗം മണക്കുന്നു - ഉല്പ. 8:21; ലേവ്യ. 26:31; ആമോ. 5:21
5. ഇറങ്ങി വരുന്നു - ഉല്പ. 11:5; 18:21; പുറ. 3:8; 19:11,18,20
6. മോശെയെ അടക്കുന്നു - ആവ. 34:6

C. മാനുഷിക വികാരങ്ങൾ (ചില ഉദാഹരണങ്ങൾ)

1. അനുതാപം/ദുഃഖം - ഉല്പ. 6:6,7; പുറ. 32:14; ന്യായാ. 2:18; 1 ശമൂ. 15:29,35; ആമോ. 7:3,6
2. കോപം - പുറ. 4:14; 15:7; സംഖ്യ. 11:10; 12:9; 22:22; 25:3,4; 32:10,13,14; ആവ. 6:5; 7:4; 29:20
3. തീക്ഷ്ണത - പുറ. 20:5; 34:14; ആവ. 4:24; 5:9; 6:15; 32:16,21; യോശു. 24:19
4. അറപ്പ്/വെറുപ്പ് - ലേവ്യ. 20:23; 26:30; ആവ. 32:19

D. കുടുംബ പദങ്ങൾ (ചില ഉദാഹരണങ്ങൾ)

1. പിതാവ്
   a. യിസ്രായേലിന്റെ - പുറ. 4:22; ആവ. 14:1; 39:5
   b. രാജാവിന്റെ - 2 ശമൂ. 7:11-16; സങ്കീ. 2:7
   c. പിതാവിന്റെ പ്രവൃത്തികളുടെ സാദൃശ്യങ്ങൾ - ആവ. 1:31; 8:5; 32:1; സങ്കീ. 27:10; സദൃ. 3:12; യിരെ. 3:4,22; 31:20; ഹോശേ. 11:1-4; മലാ. 3:17
2. പിതാവ്/ മാതാവ് - ഹോശേ. 11:1-4
3. മാതാവ് - സങ്കീ. 27:10 (മുലകൊടുക്കുന്ന മാതാവിന്റെ സാദൃശ്യം); യെശ. 49:15; 66:9-13
4. വിശ്വസ്ത യൗവന കാന്തൻ - ഹോശേയ 1-3

II. ഇത്തരം ഭാഷാ പ്രയോഗത്തിന്റെ കാരണങ്ങൾ

A. ദൈവത്തിന് തന്നെത്തന്നെ മനുഷ്യർക്കു വെളിപ്പെടുത്താൻ ആവശ്യമായി വന്നു. ദൈവത്തെ പുരുഷനായി ചിത്രീകരിക്കുന്നത് കേവലം മനുഷ്യരൂപാരോപണം മാത്രമാണ്; കാരണം ദൈവം ആത്മാവാകുന്നു.

B. ദൈവം മനുഷ്യജീവിതത്തിലെ ഏറ്റവും അർത്ഥവത്തായ വസ്തുതകൾ മാത്രമെടുത്ത്, വീണുപോയ മനുഷ്യവർഗ്ഗത്തിന് തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനായി അവയെ ഉപയോഗിച്ചു (പിതാവ്, മാതാവ്, രക്ഷകർത്താവ്, കാന്തൻ).

C. ആവശ്യമായിരുന്നെങ്കിലും ദൈവം തന്നെത്തന്നെ ഏതെങ്കിലും ഭൗതിക രൂപത്തിൽ പരിമിതപ്പെടുത്താനാഗ്രഹിച്ചില്ല (ഒ. നോ. പുറ. 20; ആവ. 5).

D. ആത്യന്തിക മനുഷ്യരൂപാരോപണം യേശുവിന്റെ ജഡധാരണമാണ്! ദൈവം ശാരീരികവും, സ്പർശിക്കാവുന്നതുമായ രൂപമെടുത്തു (ഒ. നോ. 1 യോഹ. 1:1-3). ദൈവത്തിന്റെ സന്ദേശം ദൈവത്തിന്റെ വചനം ആയി മാറി (ഒ. നോ. യോഹ. 1:1-18).

■ **"തക്കവണ്ണം"** ആക്ഷരികാർത്ഥം "ആ വിധത്തിൽ" (അതായത് 7:46; 11:48; 18:22). അതു വികാരത്തെയല്ല, രീതിയെ വെളിപ്പെടുത്തുന്നു. മനുഷ്യവർഗ്ഗത്തിനു വേണ്ടി മരിക്കുവാൻ (ഒ.നോ. യെശ. 53; റോമ. 3:25; 2 കൊരി. 5:21; 1 യോഹ. 2:2). തന്റെ പുത്രനെ നൽകുകയും (വാ. 16) അയയ്ക്കുകയും (വാ. 17, രണ്ടും ഭൂതകാല അപൂർണ ക്രിയകൾ) ചെയ്തതിലൂടെ ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തി (ഒ. നോ. റോമ. 5:8).

■ **"ലോകം"** ഈ ഗ്രീക്കു പദം *കോസ്മോസ്* (*κοσμος*) യോഹന്നാൻ വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട് (1:10 ന്റെ കുറിപ്പും 13:1 ലെ പ്രത്യേക പഠനവിഷയവും കാണുക).

ആത്മാവും (ദൈവം) വസ്തുവും തമ്മിലുള്ള ജ്ഞാനവാദത്തിലെ ദ്വൈതവാദത്തെ ഈ വാക്യം ഖണ്ഡിക്കുന്നു. ഗ്രീക്കുകാർ തിന്മയെ വസ്തുവിനോടു ചേർത്താണു ചിന്തിച്ചിരുന്നത്. അവരെ സംബന്ധിച്ച് വസ്തു (അതായത് മനുഷ്യശരീരം) സകല മനുഷ്യരിലുമുള്ള ദൈവിക സ്ഫുലിംഗത്തിന്റെ തടവറയാണ്. വസ്തുവിന്റെ അഥവാ ജഡത്തിന്റെ തിന്മയെക്കുറിച്ചു യോഹന്നാൻ പഠിപ്പിക്കുന്നില്ല. ദൈവം ലോകത്തെയും (ഗ്രഹം, ഒ.നോ. റോമ. 8:18–22) മനുഷ്യരെയും (ജഡം, ഒ. നോ. റോമ. 8:23) സ്നേഹിക്കുന്നു. യോഹന്നാനിൽ സാധാരണയായി കാണുന്ന മനപ്പൂർവ്വമായ ദ്വയാർത്ഥ സൂചനകളിൽ ഒന്നാകാം ഇതും (ഒ. നോ. 1:5; 3:3,8).

■ **"ഏകജാതനായ പുത്രൻ"** ഇതിനർത്ഥം "അതുല്യമായ ഒരിനത്തിലെ ഒന്ന്" എന്നാണ്. ഇതിനെ (1) ലൈംഗിക അർത്ഥത്തിലോ (2) മറ്റു മക്കളില്ല എന്ന അർത്ഥത്തിലോ "ഏകജാതൻ" എന്നു കരുതരുത്. യേശുവിനെപ്പോലെ മറ്റൊരു മക്കളും ഇല്ല. 1:14 ന്റെ കുറിപ്പു കാണുക.

■ **"വിശ്വസിക്കുന്ന ഏവനും"** ഇത് ഒരു വർത്തമാനകാല സജീവ ക്രിയയാണ്. ആരംഭമുള്ളതും തുടരുന്നതുമായ വിശ്വാസത്തെയാണിതു സൂചിപ്പിക്കുന്നത്. 1:14 ലെയും 2:23 ലെയും പ്രത്യേക പഠനവിഷയം കാണുക. ഈ സ്ഥിരീകരണം ഊന്നലിനായി വാ. 15 ൽ നിന്നും ആവർത്തിച്ചിരിക്കുന്നു. "ഏവനും" എന്നതിനു ദൈവത്തിനു സ്തോത്രം! പ്രത്യേക സമൂഹത്തെക്കുറിച്ചുള്ള (വർഗ്ഗ, ബൗദ്ധിക അല്ലെങ്കിൽ ദൈവശാസ്ത്രപരമായ) അധിക ഊന്നലിനെ സന്തുലിതമാക്കുവാൻ ഇതുപകരിക്കും. "ദൈവത്തിന്റെ പരമാധികാരവും" "മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛയും" ഒഴിവാക്കപ്പെടുന്നു എന്നർത്ഥമില്ല. അവ രണ്ടും സത്യമാണ്. ദൈവം എല്ലായ്പ്പോഴും മുൻകൈ എടുത്ത് അജണ്ട നിശ്ചയിക്കുന്നു (ഒ. നോ. 6:44,65). എന്നാൽ അവന്റെ മനുഷ്യനോടുള്ള തന്റെ ബന്ധത്തെ ഉടമ്പടി മുഖാന്തരം ചിട്ടപ്പെടുത്തിയിരിക്കുന്നു. അവർ അവന്റെ വാഗ്ദാനത്തോടും വ്യവസ്ഥകളോടും പ്രതികരിക്കുകയും തുടർന്നും പ്രതികരിച്ചുകൊണ്ടിരിക്കയും വേണം! *ഫിലെയോ (φιλεω).*

## പ്രത്യേക പഠനവിഷയം:
## മുൻനിയമനവും (കാൽവിനിസം) മാനുഷിക സ്വാതന്ത്ര്യേച്ഛയും (അർമ്മിനീയനിസം)

തിരഞ്ഞെടുപ്പു സംബന്ധിച്ച് മറ്റു പുതിയ നിയമ ഭാഗങ്ങളുടെ സന്തുലനമാണ് തീത്തൊസ് 2:11. റോമർ 8:29; 9; എഫെസ്യർ 1 എന്നിവയെക്കുറിച്ചുള്ള എന്റെ വ്യാഖ്യാനക്കുറിപ്പുകൾ ഇവിടെ നൽകുന്നത് ദൈവശാസ്ത്ര പരമായി സഹായകമാകുമെന്നും ഞാൻ ചിന്തിക്കുന്നു.

I. റോമർ 8:29 – ഇവിടെയും 11:2 ലും "മുന്നറിവ്" (*പ്രോഗിനോസ്കോ-προγινοσκω* – "മുന്നമേ അറിയുക") എന്ന പദം രണ്ടു പ്രാവശ്യം പൗലൊസ് ഉപയോഗിക്കുന്നു. 11:2 ൽ അത്, കാലം ആരംഭിക്കുന്നതിനും മുമ്പേ തന്നെ യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഉടമ്പടി സ്നേഹത്തെയാണു സൂചിപ്പിക്കുന്നത്. എബ്രായ ഭാഷയിൽ "അറിയുക" എന്ന പദം കേവലം ഒരുവനെ സംബന്ധിച്ച വസ്തുതകൾ അറിയുകയല്ല മറിച്ച്, ആത്മാർത്ഥവും വ്യക്തിപരവുമായ ബന്ധത്തെ സൂചിപ്പിക്കുന്നതാണെന്ന് ഓർക്കുക (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). ഇവിടെ, നിത്യമായ സംഭവങ്ങളുടെ ഒരു ശൃംഖല മുൻനിയമനവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ദൈവത്തിന്റെ മുന്നറിവ് തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമല്ല എന്നു പറയേണ്ടിയിരിക്കുന്നു; അങ്ങനെയായിരുന്നുവെങ്കിൽ, തിരഞ്ഞെടുപ്പ് വീണുപോയ മനുഷ്യന്റെ ഭാവി പ്രതികരണത്തെ അടിസ്ഥാനമാക്കി ഉള്ളതാകുമായിരുന്നു. ഈ പദം പ്രവൃ. 26:5; 1 പത്രൊ. 1:2,20; 2 പത്രൊ. 3:17 എന്നിവിടങ്ങളിലും കാണുന്നു.

A. "മുന്നറിഞ്ഞു" (*προγινοσκω*-പ്രോഗിനോസ്കോ, "മുന്നമേ അറിയുക")

"മുന്നറിയുക", "മുൻനിയമിക്കുക" എന്നീ പദങ്ങൾ "മുൻ" എന്ന ഗതി ചേർത്തുള്ള സമസ്ത പദങ്ങളാണ്. അതിനാലവയെ "മുമ്പെ അറിയുക", "മുമ്പെ അടയാളപ്പെടുത്തി വയ്ക്കുക" എന്നിങ്ങനെ പരിഭാഷപ്പെടുത്താവുന്നതാണ്. മുൻനിയമനം സംബന്ധിച്ച് പുതിയ നിയമത്തിലുള്ള വ്യക്തമായ ഭാഗങ്ങൾ റോമ. 8:28–30; എഫെ. 1:40; 13:14; റോമ. 9 എന്നിവയാണ്. ഈ ഭാഗങ്ങൾ ദൈവം പരമാധികാരിയാണെന്ന് ഊന്നിപ്പറയുന്നു. അവൻ സകലത്തിന്റെയും പൂർണ്ണ നിയന്ത്രിതാവാണ്. സമയത്തിനുള്ളിൽ തീർക്കേണ്ട ഒരു വർത്തമാനകാല ദൈവിക പദ്ധതിയുണ്ട്. എന്നിരുന്നാലും ഈ പദ്ധതി അടിച്ചേൽപ്പിക്കപ്പെടുന്നതോ ചിലരെ മാത്രം ഏൽപ്പിക്കുന്നതോ അല്ല. അത് ദൈവത്തിന്റെ പരമാധികാരത്തിലും മുന്നറിവിലും മാത്രമല്ല, അവന്റെ മാറ്റമില്ലാത്ത സ്വഭാവങ്ങളായ സ്നേഹം, കരുണ, അർഹതയില്ലാത്തവരുടെമേൽ പകരുന്ന കൃപ എന്നിവയിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്.

നമ്മുടെ ആധുനിക വൈയക്തിക വാദം അല്ലെങ്കിൽ നമ്മുടെ സുവിശേഷീകരണ തീക്ഷ്ണത എന്നിവ ഈ അത്ഭുതകരമായ സത്യത്തിന്റെ നിറം കെടുത്താതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതാണ്. അഗസ്റ്റിനും പെലേജിയസും അല്ലെങ്കിൽ കാൽവിനസവും അർമ്മീനിയനിസവും തമ്മിലുള്ള ചരിത്ര പരവുമായ പോരാട്ടത്തിൽ ധ്രുവീകരിക്കപ്പെടാതിരിക്കാൻ നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതാണ്.

B. "മുന്നിയമിച്ചു" (*προορίζω-പ്രൂറിഡ്സോ* "മുമ്പെ അതിർ നിശ്ചയിക്കുക")

മുൻനിയമനമെന്നത് ദൈവത്തിന്റെ സ്നേഹം, കൃപ, കരുണ എന്നിവയെ പരിമിതപ്പെടുത്തു ന്നതിനോ, അല്ലെങ്കിൽ ചിലരെ സുവിശേഷത്തിൽ നിന്നും പുറന്തള്ളുന്നതിനോ ഉദ്ദേശിച്ചുള്ള ഉപദേശമല്ല. വിശ്വാസികളുടെ ലോകവീക്ഷണത്തെ രൂപപ്പെടുത്തി അവരെ ശക്തീകരിക്കുന്നതിനുള്ള ഉപദേശമാണിത്. ദൈവം സകലർക്കും വേണ്ടി ഉള്ളവനാണ് (ഒ.നോ. 1 തിമൊ. 2:4; 2 പത്രൊ. 3:9). ദൈവം സകലത്തിന്റെയും നിയന്ത്രിതാവാണ്. അവനിൽ നിന്നും നമ്മെ വേർപിരിക്കുവാൻ ആർക്ക് അല്ലെങ്കിൽ എന്തിനു കഴിയും (ഒ.നോ. റോമ. 8:31-39)? മനുഷ്യൻ സമയ ബന്ധിതനാണ്; ദൈവമാകട്ടെ സകല ചരിത്രത്തെയും വർത്തമാനകാലമായി കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വീക്ഷണവും മാനസിക കഴിവുകളും പരിമിതിയുള്ളതാണ്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിൽ യാതൊരു വൈരുധ്യവുമില്ല. ഉടമ്പടിയിലധിഷ്ഠിതമായ ഘടനയാണത്. സത്യം വിരുദ്ധ ദ്വന്ദങ്ങളിൽ പറഞ്ഞിരിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. വേദപുസ്തക ഉപദേശങ്ങൾ വ്യത്യസ്ത വീക്ഷണങ്ങളിൽ നൽകപ്പെട്ടിരിക്കുന്നു. അവ പലപ്പോഴും വൈരുദ്ധ്യമുള്ളതായി തോന്നാം. വിരുദ്ധ ദ്വന്ദ ജോഡികളുടെ സന്തുലനമാണ് സത്യം. സത്യങ്ങളിൽ ഒന്നിനെ സ്വീകരിച്ചുകൊണ്ട് വൈരുദ്ധ്യം ഇല്ലാതാക്കാൻ നാം ശ്രമിക്കരുത്. ഏതെങ്കിലും വേദപുസ്തക സത്യത്തെ വേറിട്ടു നിർത്തുവാനും പാടില്ല.

തിരഞ്ഞടുപ്പിന്റെ ലക്ഷ്യം നാം മരിക്കുമ്പോൾ സ്വർഗ്ഗത്തിലെത്തുന്നതു മാത്രമല്ല, ഇവിടെവെച്ചു ക്രിസ്ത്യാനുരൂപരാകുക എന്നതുമാണ് എന്ന കാര്യം പരമപ്രധാനമാണ് (ഒ. നോ. റോമ. 8:29; എഫെ. 1:4; 2:10). നാം "വിശുദ്ധരും നിഷ്കളങ്കരും" ആകേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നത്, മറ്റുള്ളവർ ആ രൂപാന്തരം കണ്ട് ക്രിസ്തുവിലൂടെ ദൈവത്തിൽ വിശ്വസിക്കുന്നതിനു വേണ്ടിയാണ്. മുൻനിയമനം വ്യക്തിപരമായ ഒരു പദവിയല്ല, മറിച്ച് ഉടമ്പടി പ്രകാരമുള്ള ഉത്തരവാദിത്തമാണ്. ഇതാണ് ഈ വേദഭാഗത്തിലെ പ്രധാന സത്യം. ഇതാണ് ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യം. വിശുദ്ധിയെന്നത് ഓരോ വിശ്വാസിയെക്കുറിച്ചുമുള്ള ദൈവഹിതമാണ്. ഒരു പ്രത്യേക പദവിക്കുവേണ്ടിയല്ല, ക്രിസ്തു തുല്യരാക്കുന്നതിന് വേണ്ടിയാണ് ദൈവിക തിരഞ്ഞെടുപ്പ് (ഒ. നോ. എഫെ. 1:4). സൃഷ്ടിപ്പിൽ മനുഷ്യനു നൽകപ്പെട്ട ദൈവിക സ്വരൂപം പുനഃസ്ഥാപിക്കപ്പെടേണ്ടതുണ്ട് (ഒ. നോ. ഉല്പത്തി 1:26; 5:1,3; 9:6).

C. "തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകുക" - ദൈവത്തിന്റെ ആത്യന്തിക ലക്ഷ്യം വീഴ്ചയിൽ നഷ്ടപ്പെട്ട സ്വരൂപം പുനഃസ്ഥാപിക്കുക എന്നതാണ്. വിശ്വാസികൾ ക്രിസ്തുവിനോട് അനുരൂപരാകുവാൻ മുന്നിയമിക്കപ്പെട്ടിരിക്കുന്നു (ഒ. നോ. എഫെ. 1:4).

II. റോമർ 9

A. റോമർ 9 ദൈവത്തിന്റെ പരമാധികാരം സംബന്ധിച്ചുള്ള ഏറ്റവും ശക്തമായ പുതിയ നിയമ വേദഭാഗങ്ങളിലൊന്നാണ് (മറ്റൊന്ന് എഫെ. 1:3-14 ആണ്); അധ്യായം 10 മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയെ വ്യക്തമായും ആവർത്തിച്ചും പഠിപ്പിക്കുന്നു (ഒ. നോ. "ഏവനും" വാ. 4; "ഒരുത്തനും" വാ. 11; "എല്ലാവർക്കും" വാ. 12 (രണ്ടു പ്രാവശ്യം). ഈ ദൈവശാസത്ര വൈരുദ്ധ്യത്തെ നിരപ്പിക്കുവാൻ പൗലൊസ് ഒരിക്കലും ശ്രമിക്കുന്നില്ല. അവ രണ്ടും സത്യമാണ്. മിക്ക വേദപുസ്തക ഉപദേശങ്ങളും വിരുദ്ധ ദ്വന്ദങ്ങളായാണ് അവതരിപ്പിക്കപ്പെടുന്നത്. മിക്ക ദൈവശാസ്ത്ര സംഹിതകളും യുക്തിപരമായി അർദ്ധ-സത്യങ്ങളാണ്. അഗസ്റ്റീനീയനിസവും കാൽവിനിസവും അതിനെതിരായുള്ള സെമി-പെലേജീയനിസവും അർമ്മീനിയനിസവും എല്ലാം തന്നെ സത്യത്തിന്റെയും അബദ്ധങ്ങളുടെയും ഘടകങ്ങൾ ഉള്ളവയാണ്. ബൈബിളിനെ ഒരു പ്രത്യേക രീതിയിൽ വ്യാഖ്യാനിക്കുന്നതിനുവേണ്ടി മാത്രം എഴുതപ്പെട്ട ഗ്രന്ഥം എന്നനിലയിൽ ആക്കിത്തീർക്കുന്ന വഴക്കമില്ലാത്തതും യുക്തിയധിഷ്ഠിതവുമായ ദൈവശാസ്ത്ര സംവിധാനത്തെക്കാൾ എന്തുകൊണ്ടും നല്ലതാണ് ഉപദേശങ്ങൾ തമ്മിലുള്ള വേദപുസ്തക വൈരുദ്ധ്യം.

B. (റോമർ 9:38 ൽ കാണുന്ന) ഇതേ സത്യം തന്നെ റോമ. 8:28-30 ലും എഫെ. 1:4,11 ലും കാണാം. പുതിയ നിയമത്തിൽ ദൈവത്തിന്റെ പരമാധികാരത്തെ വെളിപ്പെടുത്തുന്ന ശക്തമായ വേദഭാഗമാണ് ഈ അദ്ധ്യായം. ദൈവം സൃഷ്ടിപ്പിന്റെയും വീണ്ടെടുപ്പിന്റെയും സമ്പൂർണ്ണ നിയന്ത്രിതാവാണെന്ന കാര്യത്തിൽ തർക്കമേതുമില്ല. ഈ മഹാസത്യത്തെ ലഘൂകരിക്കാനോ നിഷ്പ്രഭമാക്കാനോ കഴികയില്ല. എന്നിരുന്നാലും തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരാശിയോടു ബന്ധപ്പെടുന്നതിനുള്ള മാർഗ്ഗമായി ഉടമ്പടിയെ ദൈവം ഉപയോഗിക്കുന്നതുമായി ഇതിനെ സന്തുലനപ്പെടുത്തേണ്ടതാണ്. ഉല്പത്തി 15 ലെപ്പോലെയുള്ള ചില ഉടമ്പടികൾ നിരുപാധികവും സകല മാനവജാതിയുടെയും പ്രതികരണത്തോടു ബന്ധപ്പെടാത്തതുമായിരിക്കുമ്പോൾ തന്നെ, മറ്റു ഉടമ്പടികൾ മനുഷ്യന്റെ പ്രതികരണത്തിന്മേൽ വ്യവസ്ഥാപിതമാണ് (ഉദാ. ഏദെൻ, നോഹ, മോശെ, ദാവീദ്). തന്റെ സൃഷ്ടിയുടെ

വീണ്ടെടുപ്പ് സംബന്ധിച്ച് ദൈവത്തിനൊരു പദ്ധതിയുണ്ട്. ഒരു മനുഷ്യനും ഈ പദ്ധതിയെ സ്വാധീനിക്കാനാവില്ല. തന്റെ പദ്ധതികളിൽ പങ്കാളികളാകുവാൻ ദൈവം വ്യക്തികളെ അനുവദിക്കാറുണ്ട്. പങ്കാളിത്തത്തിനുള്ള ഈ അവസരം ദൈവത്തിന്റെ പരമാധികാരവും (റോമർ 9) മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും (റോമർ 10) തമ്മിലുള്ള ദൈവശാസ്ത്ര പരമായ സംഘർഷമാണ്.

ഒരു വേദപുസ്തക സത്യത്തെ അംഗീകരിക്കുകയും മറ്റൊന്നിനെ തിരസ്കരിക്കുകയും ചെയ്യുന്നത് നല്ലതല്ല. പൗരസ്ത്യ ജനങ്ങൾ സത്യത്തെ ദ്വന്ദമായി അല്ലെങ്കിൽ വിരുദ്ധ ജോഡികളായി അവതരിപ്പിക്കുന്നതിനാൽ ഉപദേശങ്ങൾ തമ്മിൽ സംഘർഷം നിലനിൽക്കുന്നു. ഉപദേശങ്ങളെ മറ്റ് ഉപദേശങ്ങളുമായുള്ള ബന്ധത്തിൽ വേണം എടുക്കാൻ. ഇത് സത്യങ്ങളുടെ സമ്മിശ്രമാണ്.

III. എഫെസ്യർ 1

A തിരഞ്ഞെടുപ്പ് എന്നത് വിസ്മയാവഹമായ ഒരു ഉപദേശമാണ്. എങ്കിലും അത് മുഖപക്ഷത്തിനുള്ള ആഹ്വാനമല്ല, മറിച്ച് മറ്റുള്ളവരുടെ വീണ്ടെടുപ്പിനുള്ള ഒരു മാധ്യമോ ഉപകരണമോ അല്ലെങ്കിൽ മാർഗ്ഗമോ ആണ്! പഴയ നിയമത്തിൽ ഈ പദം പ്രാഥമികമായി ശുശ്രൂഷയ്ക്കാണ് ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിൽ ഇതു പ്രാഥമികമായും രക്ഷയെ സംബന്ധിക്കുന്നതാണ്; രക്ഷയെ തുടർന്നാണ് ശുശ്രൂഷ. ബൈബിൾ ഒരിക്കലും ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിലുള്ള വൈരുദ്ധ്യത്തെ പരിഹരിക്കാൻ ശ്രമിക്കുന്നില്ല, മറിച്ച് രണ്ടിനെയും ഉറപ്പിക്കുകയാണ് ചെയ്യുന്നത്. വേദപുസ്തക സംഘർഷത്തിന്റെ മികച്ച ഉദാഹരണമാണ് ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള റോമർ 9 ഉം മനുഷ്യന്റെ അനിവാര്യപ്രതികരണം സംബന്ധിച്ച റോമർ 10 ഉം അധ്യായങ്ങൾ (ഒ. നോ. 10:11,13).

ഈ ദൈവശാസ്ത്ര സംഘർഷത്തിന്റെ താക്കോൽ 1:4 ൽ കാണാവുന്നതാണ്. യേശു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും എല്ലാവരും അവനിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരുമാകുന്നു (കാൾ ബാർത്ത്). വീണുപോയ മനുഷ്യന്റെ ആവശ്യങ്ങളോടുള്ള ദൈവത്തിന്റെ "ഉവ്വ്" ആണ് യേശു (കാൾ ബാർത്ത്). മുൻ നിർണ്ണയത്തിന്റെ ലക്ഷ്യം സ്വർഗ്ഗം മാത്രമല്ല വിശുദ്ധിയും കൂടെ (ക്രിസ്താനുരൂപ്യം) ആണെന്ന് വ്യക്തമാക്കിക്കൊണ്ട് ഈ വിഷയം വ്യക്തമാക്കുവാൻ എഫെ. 1:4 സഹായിക്കുന്നു. നാം പലപ്പോഴും സുവിശേഷത്തിന്റെ നേട്ടങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ഉത്തരവാദിത്വങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ വിളി (തിരഞ്ഞെടുപ്പ്) ഒരു സമയത്തേക്കും അപ്പോൾ തന്നെ നിത്യതയിലേക്കും ഉള്ളതാണ്.

ഉപദേശങ്ങൾ പരസ്പര ബന്ധമില്ലാത്ത ഒറ്റപ്പെട്ട സത്യങ്ങളല്ല, പിന്നെയോ ഇതര സത്യങ്ങളോടു ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. ഇതിനു നല്ലൊരു സാദൃശ്യം, ഒരു നക്ഷത്രരാശിയും ഒറ്റ നക്ഷത്രവും തമ്മിലുള്ള അന്തരമാണ്. ദൈവം സത്യങ്ങളെ വെളിപ്പെടുത്തുന്നത്, പാശ്ചാത്യ രീതിയിലല്ല, പൗരസ്ത്യ രീതിയിലാണ്. ഉപദേശസത്യങ്ങളുടെ വിരുദ്ധ ദ്വന്ദങ്ങളാൽ (ദൈവം അതീന്ദ്രിയനായിരിക്കുമ്പോൾ തന്നെ നമ്മിൽ വസിക്കുന്നവനാണ്; രക്ഷാ ഭദ്രതയും സ്വയം സൂക്ഷിപ്പും; യേശു പിതാവിനോടു സമനും അപ്പോൾ തന്നെ പിതാവിനു കീഴടങ്ങിയിരിക്കുന്നവനും; ക്രിസ്തീയ സ്വാതന്ത്ര്യവും ഉടമ്പടിയിലെ പങ്കാളിയെന്ന നിലയിൽ കടപ്പെട്ടിരിക്കുന്നവനും ആദിയായവ) ഉളവാകുന്ന സംഘർഷത്തെ നാം നീക്കരുത്.

ദൈവശാസ്ത്ര ആശയമായ "ഉടമ്പടി" ദൈവത്തിന്റെ പരമാധികാരത്തെ (അവൻ എല്ലായ്പ്പോഴും മുൻകൈ എടുക്കുകയും അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നു) മനുഷ്യനിൽ നിന്നും കർശനമായും ഉണ്ടാകേണ്ട പ്രാരംഭവും തുടർമാനവുമായ അനുതാപ വിശ്വാസവുമായി ബന്ധിപ്പിച്ചിരിക്കുന്നു. വൈരുദ്ധ്യത്തിന്റെ ഒരു വശം മാത്രമാണ് വചനാനുസരണം എന്നു വാദിച്ച് മറ്റേതിനെ അവഗണിക്കാതിരിക്കുവാൻ സൂക്ഷിക്കുക! നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഉപദേശത്തെ അല്ലെങ്കിൽ ദൈവശാസ്ത്ര സംവിധാനത്തെ മാത്രം ഊന്നിപ്പറയാതിരിക്കുവാൻ ശ്രദ്ധിക്കുക.

B. എഫെ. 1:4 ലെ "നമ്മെ തിരഞ്ഞെടുത്തു" എന്നത് കർത്താവിന് ഊന്നൽ നൽകിക്കൊണ്ടുള്ള സാമാന്യ പ്രയോഗമാണ്. കാലത്തിനു മുമ്പെയുള്ള പിതാവിന്റെ തിരഞ്ഞെടുപ്പിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇസ്ലാമിക ഉപദേശമായ മുൻനിർണ്ണയത്തിന്റെയോ തീവ്ര കാൽവിനിസ്റ്റ് ചിന്തയുടെയോ അർത്ഥത്തിലല്ല, മറിച്ച് ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് ദൈവിക തിരഞ്ഞെടുപ്പിനെ മനസ്സിലാക്കേണ്ടത്. വീണുപോയ മനുഷ്യനെ വീണ്ടെടുക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു (ഒ. നോ. ഉല്പ. 3:15). സകല മാനവരാശിയിൽനിന്നും അബ്രാഹാമിനെ വിളിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്തു (ഒ.നോ. ഉല്പ. 12:3; പുറ. 19:5-6). ക്രിസ്തുവിൽ വിശ്വസിക്കുന്ന സകല മനുഷ്യരെയും ദൈവം തന്നെ തിരഞ്ഞെടുത്തിരിക്കുന്നു. എല്ലായ്പ്പോഴും ദൈവമാണ് രക്ഷയ്ക്ക് മുൻകൈ എടുക്കുന്നത് (ഒ. നോ. യോഹ. 6:44,45). ഈ വേദഭാഗവും റോമർ 9 ഉം ആണ് അഗസ്റ്റിനും കാൽവിനും ഊന്നൽ നൽകിയ മുൻനിർണ്ണയ ഉപദേശത്തിന്റെ വേദപുസ്തക ആധാരം.

ദൈവം വിശ്വാസികളെ രക്ഷയ്ക്കു മാത്രമല്ല (നീതീകരണം) വിശുദ്ധീകരണത്തിനും കൂടിയാണ് തിരഞ്ഞെടുക്കുന്നത് (ഒ. നോ. കൊലൊ. 1:12). ഇതിനെ (1) ക്രിസ്തുവിലുള്ള നമ്മുടെ പദവി (ഒ.നോ. 2 കൊരി. 5:2) അഥവാ (2) തന്റെ മക്കളിൽ തന്റെ സ്വഭാവം ഉളവാക്കുവാനുള്ള ദൈവത്തിന്റെ വാഞ്ഛ (ഒ. നോ. 2:10; റോമ. 8:28-29; ഗലാ. 4:19) എന്നിവയോടു ബന്ധിപ്പിക്കുവാൻ കഴിയും. തന്റെ മക്കളെ

ക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം ഒരുനാൾ സ്വർഗവും ഇപ്പോൾ ക്രിസ്ത്യാനുരൂപ്യവുമാണ്.

"അവനിൽ" എന്നതാണ് എഫെ. 1:4 ലെ താക്കോൽ ആശയം. പിതാവിന്റെ അനുഗ്രഹങ്ങളും കൃപയും രക്ഷയും ക്രിസ്തുവിലൂടെ ഒഴുകുന്നു (ഒ. നോ. യോഹ. 14:6). ഈ വ്യാകരണ രൂപത്തിന്റെ ആവർത്തനം ശ്രദ്ധിക്കുക. വാ. 3 ൽ "ക്രിസ്തുവിൽ"; വാ. 4, "അവനിൽ"; വാ. 7, "അവനിൽ"; വാ. 9, "അവനിൽ"; വാ. 10, "ക്രിസ്തുവിൽ"; വാ. 11, "അവനിൽ"; വാ. 13, "അവനിൽ" (രണ്ടു പ്രാവശ്യം). വീണുപോയ മനുഷ്യനോടുള്ള ദൈവത്തിന്റെ "ഉവ്വ്" ആണ് യേശു (കാൾ ബാർത്ത്). യേശു തിരഞ്ഞെടുക്കപ്പെട്ടവനും എല്ലാവരും അവനിൽ തിരഞ്ഞെടുക്കപ്പെട്ടവരും ആകുന്നു. പിതാവാം ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും ക്രിസ്തുവിലൂടെ ഒഴുകുന്നു.

"ലോക സ്ഥാപനത്തിനു മുമ്പെ" എന്ന പ്രയോഗം മത്താ. 25:34; യോഹ. 17:24; 1 പത്രൊ. 1:19-20; വെളി. 13:8 ലും ഉപയോഗിച്ചിട്ടുണ്ട്. ഉല്പ. 1:1 നു മുമ്പെ തന്നെയുള്ള ത്രിയേക ദൈവത്തിന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയെ ഇതു കാണിക്കുന്നു. മനുഷ്യൻ സമയബോധത്തിൽ പരിമിതനാണ്; സകലവും നമുക്ക് ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്ന നിലയിലാണ്. പക്ഷെ ദൈവത്തിനങ്ങനെയല്ല.

മുൻ നിയമനത്തിന്റെ ലക്ഷ്യം വിശുദ്ധിയാണ്, പദവിയല്ല. ആദാമിന്റെ മക്കളിൽ തിരഞ്ഞെടുക്കപ്പെട്ട ചിലർക്കുള്ളതല്ല ദൈവത്തിന്റെ വിളി. സകലർക്കുമുള്ളതാണ്. മനുഷ്യൻ എന്തായിത്തീരേണമെന്നുള്ള - തന്നെപ്പോലെയാകുക; തന്റെ സ്വരൂപത്തിൽ ആയിത്തീരുക (ഉല്പ. 1:26-27) എന്ന ദൈവിക ഉദ്ദേശ്യത്തിലേക്കുള്ളതാണ് ആ വിളി (ഒ. നോ. 1 തെസ്സ. 5:23; 2 തെസ്സ. 2:13). മുൻനിയമനത്തെ വിശുദ്ധ ജീവിതത്തിനു പകരം ഒരു ദൈവശാസ്ത്ര സിദ്ധാന്തമാക്കി മാറ്റുന്നത് ഒരു ദുരന്തമാണ്. പലപ്പോഴും നമ്മുടെ ദൈവശാസ്ത്രം വേദപുസ്തക വചനത്തെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു.

"നിഷ്കളങ്കർ" (*αμωμος-അമോമോസ്),* അല്ലെങ്കിൽ "കളങ്കമില്ലാത്തവർ" എന്ന പദം (1) യേശു (ഒ. നോ. എബ്രാ. 9:14; 1 പത്രൊ. 1:19); (2) സെഖര്യാവും എലീശബെത്തും (ഒ. നോ. ലൂക്കൊ. 1:6) (3) പൗലൊസ് (ഒ. നോ. ഫിലി. 3:6); (4) എല്ലാ സത്യക്രിസ്ത്യാനികളും (ഒ. നോ. ഫിലി. 2:15; 1 തെസ്സ. 3:13; 5:23) എന്നിവരെക്കുറിച്ചും ഉപയോഗിച്ചിട്ടുണ്ട്. ഓരോ വിശ്വാസിയെക്കുറിച്ചുമുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത ഉദ്ദേശ്യം പിന്നീട് സ്വർഗ്ഗവും ഇപ്പോൾ ക്രിസ്ത്യാനുരൂപമാണ് (ഒ. നോ. റോമ. 8:29-30; ഗലാ. 4:19; 1 പത്രൊ. 1:2). നഷ്ടപ്പെട്ട ലോകത്തെ സുവിശേഷീകരിക്കുന്നതിനായി വിശ്വാസികൾ ദൈവിക സ്വഭാവഗുണങ്ങൾ പ്രതിഫലിപ്പിക്കേണം.

ഈ വാക്യത്തിലെ "സ്നേഹത്തിൽ" എന്ന പ്രയോഗം വ്യാകരണപരമായി വാ. 4 അല്ലെങ്കിൽ വാ. 5 നോടു ചേർന്നു പോകുന്നതാണ്. എങ്കിലും എഫെസ്യ ലേഖനത്തിലെ ഇതര സ്ഥലങ്ങളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നിടത്ത് അതെല്ലായ്പ്പോഴും ദൈവത്തോടുള്ള മനുഷ്യന്റെ സ്നേഹത്തെയാണ് പരാമർശിക്കുന്നത് (ഒ. നോ. 3:17; 4:12,15,16).

C. എഫെ. 1:6 ൽ "നമ്മെ മുൻ നിയമിക്കയും" എന്ന പ്രയോഗം സാമാന്യകാല കർത്തരി പ്രയോഗമാണ്. ഗ്രീക്കുപദം, "മുമ്പ്," "അടയാളമിടുക" എന്നീ പദങ്ങളുടെ സംയുക്തമാണ്. ദൈവത്തിന്റെ മുൻനിയമിച്ച വീണ്ടെടുപ്പിൻ പദ്ധതിയെ ഇതു പരാമർശിക്കുന്നു (ഒ. നോ. ലൂക്കൊ. 22:22; പ്രവൃ. 2:23; 4:28; 17:31; റോമ. 8:29-30). മനുഷ്യന്റെ രക്ഷയോടു ബന്ധപ്പെട്ട നിരവധി സത്യങ്ങളിൽ ഒന്നാണ് മുൻനിയമനം. അതൊരു ദൈവശാസ്ത്ര മാതൃകയുടെ അല്ലെങ്കിൽ ബന്ധപ്പെട്ട സത്യങ്ങളുടെ പരമ്പരയുടെ ഭാഗമാണ്. അതൊരിക്കലും വേറിട്ട് ഊന്നൽ നൽകാനുള്ളതല്ല. വേദപുസ്തക സത്യങ്ങൾ സംഘർഷഭരിതമായ വിരുദ്ധ ജോഡികളുടെ പരമ്പരയായിട്ടാണ് നൽകപ്പെട്ടിരിക്കുന്നത്. ദ്വന്ദ്വസത്യങ്ങളിൽ ഒന്നിനു മാത്രം ഊന്നൽ നൽകിക്കൊണ്ട് വേദപുസ്തകസംഘർഷത്തെ ഇല്ലാതാക്കാനാണ് സഭാവിഭാഗചിന്ത ശ്രമിക്കുന്നത് (മുൻ നിയമനം x മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ; വിശ്വാസിയുടെ ഭദ്രത-വിശ്വാസികളുടെ സ്ഥിരത; മൂലപാപം - സ്വമേധാ പാപം; പാപരാഹിത്യം x കുറച്ചു പാപം; ഉടൻ പ്രഖ്യാപിക്കുന്ന വിശുദ്ധീകരണം x ക്രമാനുഗത വിശുദ്ധീകരണം; വിശ്വാസം x പ്രവൃത്തി; ക്രിസ്തീയ സ്വാതന്ത്ര്യം x ക്രിസ്തീയ ഉത്തരവാദിത്വം; അതീന്ദ്രിയത്വം x അന്തർഗാമി).

ദൈവിക തിരഞ്ഞെടുപ്പ് ഒരിക്കലും മാനുഷിക പ്രകടനത്തെക്കുറിച്ചുള്ള മുന്നറിവിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് അവന്റെ കൃപാസ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് (ഒ. നോ. വാ. 9,11). എല്ലാവരും രക്ഷിക്കപ്പെടുവാൻ (ജ്ഞാനവാദികളെയോ അല്ലെങ്കിൽ ആധുനികകാല തീവ്ര കാൽവിനിസ്റ്റുകളെയോ പോലെ പ്രത്യേകമായ ചിലരെ മാത്രമല്ല) അവൻ ആഗ്രഹിക്കുന്നു (ഒ. നോ. യെഹെ. 18:21-23,32; യോഹ. 3:16-17; 1 തിമൊ. 2:4, 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9). മുൻനിയമനം സംബന്ധിച്ചുള്ള മറ്റൊരു ഭാഗമായ റോമർ 9-11 ന്റെ താക്കോൽ ദൈവത്തിന്റെ കരുണ ആയിരിക്കുന്ന തുപോലെ, ഈ വേദഭാഗത്തിന്റെ ദൈവശാസ്ത്രപരമായ താക്കോൽ ദൈവകൃപ (ദൈവിക സ്വഭാവം) ആണ് (ഒ. നോ. വാ. 6a, 7c, 9b).

വീഴ്ച സംഭവിച്ച മനുഷ്യന്റെ ഏക പ്രത്യാശ ദൈവത്തിന്റെ കൃപയും കരുണയും ആണ് (ഒ. നോ. യെശ. 53:6 കൂടാതെ റോമ. 3:9-18 ൽ ഉദ്ധരിച്ചിരിക്കുന്ന മറ്റനേക പഴയ നിയമ വാക്യങ്ങളും). ഈ ആദ്യ ദൈവശാസ്ത്ര അദ്ധ്യായങ്ങൾ വ്യാഖ്യാനിക്കുന്നതിൽ, മനുഷ്യന്റെ പ്രവൃത്തികളുമായി ഒരു തരത്തിലും ബന്ധമില്ലാത്ത കാര്യങ്ങൾക്കാണ് പൗലൊസ് ഊന്നിപ്പറയുന്നതെന്നു മനസ്സിലാക്കു

ന്നത് നിർണ്ണായകമാണ്: അവ മുൻനിയമനം (അ. 1), കൃപ (അ. 2), വീണ്ടെടുപ്പു സംബന്ധിച്ച ദൈവത്തിന്റെ നിത്യപദ്ധതി (മർമ്മം, 2:11-3:13) എന്നിവയാണ്. മനുഷ്യന്റെ സൽപ്രവൃത്തികളും പ്രശംസയും സംബന്ധിച്ചുള്ള ദുരുപദേഷ്ടാക്കളുടെ ഊന്നലിനെ ഖണ്ഡിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്.

▣ **"നശിച്ചുപോകാതെ"** ചിലർ നശിക്കും എന്ന സൂചനയാണിത്. അവരുടെ നാശം (*απολλυμι-അപ്പോല്ലുമി),* യേശുവിനോടുള്ള അവരുടെ വിശ്വാസ പ്രതികരണത്തിന്റെ അഭാവത്തോടു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു (ഒ. നോ. 11:25). അവരുടെ അവിശ്വാസത്തിന് ദൈവം ഹേതുവാകയോ, നിയന്ത്രിക്കയോ അല്ലെങ്കിൽ അതിനായി ഇച്ഛിക്കയോ ചെയ്യുന്നില്ല (ഒ. നോ. യെഹെ. 18:23,32; 1 തിമൊ. 2:4; 2 പത്രൊ. 3:9).

അനേകർ ഈ പദത്തെ അക്ഷരാർത്ഥത്തിൽ എടുത്ത് ദുഷ്ടന്മാരുടെ നിർമ്മൂലനാശത്തെയാണ് സൂചിപ്പിക്കുന്നതെന്ന് വ്യാഖ്യാനിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അത് ദാനീ. 12:2; മത്താ. 25:46 ന് വിപരീതമാണ്. ആത്മാർത്ഥതയുള്ള വിശ്വാസികൾ പൗരസ്ത്യ അലങ്കാര പ്രസ്താവനകളെ പാശ്ചാത്യ വ്യാഖ്യാനരീതിക്കനുസരിച്ച് (ആക്ഷരികവും യുക്തിപരവും) വ്യാഖ്യാനിക്കുന്നതിന്റെ മികച്ച ഉദാഹരണമാണിത്. ഈ പദത്തിന്റെ വിശദീകരണത്തിന് റോബർട്ട് ജി. ഗേർഡിൽസ്റ്റോണിന്റെ *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്*, പേ. 275-277 കാണുക. 10:10 ലെ പ്രത്യേക പഠനവിഷയം: നാശം *(απολλυμι-അപ്പോലുമി)* കാണുക.

വീണ്ടും, ദ്വന്ദ ഇനങ്ങളെ സംബന്ധിച്ച് യോഹന്നാൻ ചിന്തിക്കുകയും എഴുതുകയും ചെയ്യുന്നതെങ്ങനെയെന്നതു ശ്രദ്ധിക്കുക (അതാ. നാശം x നിത്യജീവൻ). യേശുവിന്റെ ഉപദേശങ്ങളുടെ പദങ്ങളും ദൈവശാസ്ത്ര സംഘടനയും സമവീക്ഷണ സുവിശേഷങ്ങളിലും യോഹന്നാന്റെ സുവിശേഷത്തിലും തികച്ചും വ്യത്യസ്തമായ നിലയിലാണു കാണുന്നത്. തങ്ങളുടെ പ്രത്യേക വായനക്കാർക്കു വേണ്ടിയുള്ള യേശുവിനെക്കുറിച്ചുള്ള സുവിശേഷ അവതരണത്തിൽ എഴുത്തുകാർക്ക് എത്രമാത്രം സ്വാതന്ത്ര്യം ഉണ്ടായിരുന്നു (ദൈവിക നിയന്ത്രണത്തിന്റെ അതായത്, ദൈവനിശ്വാസീയതയുടെ കീഴിൽ) എന്ന് ഒരുവൻ അത്ഭുതപ്പെട്ടേക്കാം (Gorden Fee and Douglas Stuart, *How To Read the Bible For All Its Worth,* PP. 127 -148 കാണുക).

**3:17 "ലോകത്തെ വിധിപ്പാനല്ല"** യേശു ന്യായാധിപനായല്ല, രക്ഷകനായാണ് ലോകത്തിൽ വന്നത് എന്നു വ്യക്തമാക്കുന്ന നിരവധി ഭാഗങ്ങൾ യോഹന്നാനിലുണ്ട് (ഒ. നോ. 3:17-21; 8:15; 12:47). അതേസമയം യേശു ന്യായം വിധിക്കും എന്നു സൂചിപ്പിക്കുന്ന ഭാഗങ്ങളും ഉണ്ട് (ഒ. നോ. 5:22-23; 27:9,39. പുതിയ നിയമത്തിലെ ഇതര ഭാഗങ്ങൾ: പ്രവൃ. 10:42; 17:31; 2 തിമൊ. 4:1; 1 പത്രൊ. 4:5).

ഇതു സംബന്ധിച്ച് ദൈവശാസ്ത്രപരമായ അനവധി അഭിപ്രായങ്ങൾ കാണാം.

1. സൃഷ്ടിപ്പും വീണ്ടെടുപ്പും യേശുവിനു നൽകിയതുപോലെ ബഹുമാന സൂചകമായി ന്യായവിധിയും അവനു നൽകി (ഒ. നോ. 5:22).
2. ഒന്നാം പ്രാവശ്യം യേശു വന്നതു ന്യായം വിധിക്കാനല്ല, രക്ഷിക്കാനാണ് (ഒ. നോ. 3:17), എന്നാൽ ജനങ്ങൾ അവനെ തള്ളിക്കളഞ്ഞതിലൂടെ തങ്ങളെത്തന്നെ ന്യായംവിധിച്ചു.
3. യേശു രാജാധിരാജാവും ന്യായാധിപനും ആയി മടങ്ങിവരും (ഒ. നോ. 9:39)

**3:18** ക്രിസ്തുവിലൂടെ സൗജന്യമായ രക്ഷയും അതിനു എതിരായ സ്വയം വരുത്തിയ ന്യായവിധിയും എന്ന വിഷയത്തെ ഈ വാക്യം ആവർത്തിക്കുന്നു. ദൈവം ജനത്തെ നരകത്തിലയയ്ക്കുന്നില്ല, അവർ സ്വയം പോവുകയാണ്. വിശ്വാസത്തിന് തുടർഫലങ്ങളുള്ളതുപോലെ ("വിശ്വസിക്കുന്ന" വർത്തമാനകാല തുടർക്രിയ) അവിശ്വാസത്തിനുമുണ്ട് ("വിശ്വസിക്കായ്കയാൽ" "ന്യായവിധി കഴിഞ്ഞു"). 2:23ലും 9:7 ലും 9:7 ലുമുള്ള പ്രത്യേക പഠനവിഷയം കാണുക.

**3:19-21 "അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ"** സുവിശേഷം കേട്ട അനേകരും അതിനെ നിരസിച്ചത് ബൗദ്ധികമോ സാംസ്കാരികമോ ആയ കാരണങ്ങളാലല്ല, മറിച്ച് പ്രാഥമികമായി സാന്മാർഗ്ഗിക കാരണങ്ങളാലാണ് (ഒ. നോ. ഇയ്യോ. 24:13). വെളിച്ചം ക്രിസ്തുവിനെയും (ഒ. നോ. 1:9; 8:12; 9:5; 12:46), ദൈവസ്നേഹം മനുഷ്യന്റെ ആവശ്യം, ക്രിസ്തുവിന്റെ ദാനം, നമ്മുടെ പ്രതികരണം എന്നിവയെക്കുറിച്ചുള്ള അവന്റെ സന്ദേശത്തെയും സൂചിപ്പിക്കുന്നു. 1:1-18 ൽ നിന്നും തുടർച്ചയായി ലഭിക്കുന്ന പ്രചോദനം ഇതാണ്.

**3:19 "ന്യായവിധി എന്നതോ"** രക്ഷപോലെ തന്നെ ന്യായവിധിയും വർത്തമാനകാല യാഥാർത്ഥ്യവും (ഒ. നോ. 3:19; 9:39) ഭാവി പൂർത്തീകരണവുമാണ് (ഒ. നോ. 5:27-29; 12:31,48). വിശ്വാസികൾ ലഭിച്ചു കഴിഞ്ഞതിലും (യാഥാർത്ഥ്യമായ ഭാവികാലശാസ്ത്രം) ലഭിക്കാനുള്ളതിലും (പൂർത്തിയാകേണ്ട ഭാവികാലശാസ്ത്രം) ജീവിക്കുന്നു. ക്രിസ്തീയ ജീവിതം ആനന്ദവും കഠിന പോരാട്ടവുമാണ്; അനേക പരാജയങ്ങൾക്കുശേഷമുള്ള വിജയമാണിത്. ഭദ്രതയും ഒപ്പംതന്നെ സ്ഥിരതയെ സംബന്ധിച്ച ധാരാളം മുന്നറിയിപ്പുകളും!

**3:21 "സത്യം പ്രവർത്തിക്കുന്നവനോ"** "വെളിച്ചം" എന്നത് യേശുവിനെ സൂചിപ്പിക്കുന്നു എന്നു വ്യക്തമായതിനാൽ (ഒ. നോ. 19,20 [രണ്ടു പ്രാവശ്യം], 21), സത്യം എന്നതും അവനെ സൂചിപ്പിക്കുന്നതാണ്. *എ ഗ്രമാറ്റിക്കൽ എയ്ഡ് ടു ദ ഗ്രീക്ക് ന്യൂടെസ്റ്റ്മെന്റിൽ,* റോബർട്ട് ഹന്നാ, *ഗ്രാമാറ്റിക്കൽ ഇൻസൈറ്റ്സ് ഇൻ ദ ന്യൂ ടെസ്റ്റമെന്റിന്റെ* കർത്താവായ എൻ. ടർണർ ഈ വാക്യത്തെ "സത്യത്തിന്റെ ശിഷ്യനായിരിക്കുന്നവനോ" എന്നു തർജ്ജമ ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (പേ. 144).

ദൈവശാസ്ത്രപരമായി ഈ വാക്യം മത്തായി 7 ലെ അതേ സത്യത്തെ വെളിപ്പെടുത്തുന്നു. നിത്യജീവനു ദൃശ്യമായ ചില സവിശേഷതകളുണ്ട്. ഒരു വ്യക്തിക്ക് ക്രിസ്തുവിലൂടെ ദൈവത്തെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുകയും അപ്പോൾ തന്നെ പഴയതുപോലെ ആയിരിക്കുകയും ചെയ്യാൻ സാധ്യമല്ല. വിതകാരന്റെ ഉപമ ഫലം കായ്ക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് (ഒ. നോ. മത്തായി 13; മർക്കൊസ് 4; ലൂക്കൊസ് 8; 15:1-11 ലെ യോഹന്നാന്റെ ചർച്ചയും ശ്രദ്ധിക്കുക). പ്രവൃത്തി രക്ഷ കൈവരുത്തുന്നില്ല, എന്നാൽ അത് രക്ഷയുടെ തെളിവാണ് (ഒ. നോ. എഫെ. 2:8-9,11).

### ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. “വീണ്ടും ജനിക്കുക” എന്ന പ്രയോഗത്തിന്റെ അർത്ഥമെന്താണ്?
2. വാ. 5 ൽ പറഞ്ഞിരിക്കുന്ന “വെള്ളം” എന്തിനെ പരാമർശിക്കുന്നുവെന്നാണു നിങ്ങൾ ചിന്തിക്കുന്നത്? എന്തുകൊണ്ട്?
3. “വിശ്വസിക്കുക” (രക്ഷിക്കുന്ന വിശ്വാസം) എന്നതിൽ ഉൾപ്പെട്ടിരിക്കുന്നതെന്താണ്?
4. യോഹ. 3:16 മാനവരാശിയോടുള്ള യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ളതാണോ, അതോ പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ളതാണോ?
5. യോഹ. 3:16 നോട് കാൽവിനിസം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
6. “നശിക്കുക” എന്നതിനർത്ഥം നിർമ്മൂലനാശം എന്നാണോ?
7. “വെളിച്ചം” എന്നതു നിർവചിക്കുക.

# വാ. 22-36 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യേശുവിന്റെ പൂർണ്ണ ദൈവത്വം സംബന്ധിച്ചുള്ള യോഹന്നാന്റെ ഊന്നൽ, സുവിശേഷത്തിന്റെ തുടക്കം മുതൽ തന്നെ സംഭാഷണങ്ങളിലൂടെയും വ്യക്തിപരമായ അഭിമുഖങ്ങളിലൂടെയും വിനിമയം ചെയ്യപ്പെടുന്നുണ്ട്. ഈ അദ്ധ്യായത്തിലും ആ രീതി തുടരുന്നു.

B. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തന്റെ സുവിശേഷം രചിച്ച യോഹന്നാൻ, സമവീക്ഷണ സുവിശേഷങ്ങൾ എഴുതപ്പെട്ടതിനു ശേഷം ഉരുത്തിരിഞ്ഞ ചില ചോദ്യങ്ങളെ കൈകാര്യം ചെയ്യുന്നു. അവയിലൊന്ന് യോഹന്നാൻ സ്നാപകനോടു ബന്ധപ്പെട്ട ചില ആദ്യകാല ദുരുപദേശങ്ങളും അവയ്ക്കു ലഭിച്ച വിശാല പിന്തുണയുമായിരുന്നു (ഒ. നോ. പ്രവൃ. 18:24-19:7). 1:6-8, 19-36; 3:22-36 വാക്യങ്ങളിൽ യോഹന്നാൻ സ്നാപകൻ, നസറായനായ യേശുവിനെക്കാൾ കുറഞ്ഞവനാണു താനെന്ന് ഏറ്റുപറയുകയും യേശുവിന്റെ മശിഹാപദവിയെ ഉറപ്പിക്കുകയും ചെയ്യുന്ന ഭാഗം സുപ്രധാനമാണ്.

# പദ, ശൈലി പഠനം

**യോഹന്നാൻ 3:22-24**
**[22]അതിന്റെശേഷം യേശു ശിഷ്യന്മാരുമായി യെഹൂദ്യദേശത്തു വന്നു അവരോടുകൂടെ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു. [23]യോഹന്നാന്നും ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു; അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു: ആളുകൾ വന്നു സ്നാനം ഏറ്റു. [24]അന്നു യോഹന്നാനെ തടവിൽ ആക്കിയിരുന്നില്ല.**

**3:22 “യെഹൂദ്യദേശത്തു വന്നു”** യെഹൂദ്യയിലും ഗലീലയിലും നടന്ന ഈ ആരംഭകാല ശുശ്രൂഷയെപ്പറ്റി സമവീക്ഷണ സുവിശേഷങ്ങളിൽ പറഞ്ഞിട്ടില്ല. യേശുവിന്റെ കാലാനുക്രമണ ജീവചരിത്രമല്ല സുവിശേഷങ്ങൾ. ഗോർഡൻ ഫീ, ഡഗ്ലസ് സ്റ്റുവാർട്ട് എന്നിവർ എഴുതിയ *ഹൗടു റീഡ് ദ ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്,* പേ. 127-148 കാണുക.

▣ **“അവൻ ശിഷ്യന്മാരുമായി”** “അവൻ അവരോടുകൂടെ സമയം ചിലവഴിക്കുകയും” (എൻ. എ. എസ്. ബി. അപ്ഡേറ്റഡ്). യേശു പുരുഷാരത്തോടു പ്രസംഗിച്ചിരുന്നുവെങ്കിലും ശിഷ്യന്മാരോടുകൂടെ വളരെ സമയം സംഭാഷ

ണങ്ങളിൽ ഏർപ്പെട്ടിരുന്നു. അവൻ തന്നെത്തന്നെ അവർക്കു പകർന്നുകൊടുത്തു. ഈ രീതി റോബർട്ട് ഈ കോൾമാന്റെ രണ്ടു മികച്ച ഗ്രന്ഥങ്ങൾക്കു വിഷയീഭവിച്ചിട്ടുണ്ട്. *ദി മാസ്റ്റർ പ്ലാൻ ഓഫ് ഇവാഞ്ചലിസം; ദി മാസ്റ്റർ പ്ലാൻ ഓഫ് ഡിസൈപ്പിൾഷിപ്പ്.* ഇവ രണ്ടും ചെറിയ സമൂഹങ്ങളുമായുള്ള യേശുക്രിസ്തുവിന്റെ വ്യക്തിപരമായ പങ്കാളിത്തത്തിന് ഊന്നൽ നൽകുന്നു.

▣ **"സ്നാനം കഴിപ്പിക്കുകയും"** 4:2 ൽ നിന്നും യേശുവല്ല, ശിഷ്യന്മാരാണു സ്നാനം കഴിപ്പിച്ചതെന്നു നാം മനസ്സിലാക്കുന്നു. യേശുവിന്റെ ദൂത് യോഹന്നാൻ സ്നാപകന്റെ ദൂതിനോട് അടിസ്ഥാനപരമായി സാമ്യമുള്ള തായിരുന്നു. അത് മാനസാന്തരത്തിനും ഒരുക്കത്തിനുമുള്ള ഒരു പഴയനിയമ ദൂതായിരുന്നു. ഇവിടെ പരാമർ ശിച്ചിരിക്കുന്ന സ്നാനം ക്രിസ്തീയ സ്നാനമല്ല മറിച്ച്, മാനസാന്തരത്തിന്റെയും ആത്മീയ സ്വീകാര്യതയുടെയും അടയാളമായ സ്നാനമായിരുന്നു.

3:23 **"യോഹന്നാനും ശലേമിന്നു അരികത്തു ഐനോനിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നു"** ഈ സ്ഥലം അജ്ഞാതമാണ്.

1. ചിലർ വിശ്വസിക്കുന്നത് ഇതു യോർദ്ദാനക്കരെ പെരിയയിൽ ആണെന്നാണ്
2. ചിലർ വിശ്വസിക്കുന്നത് ഇത് വടക്കു കിഴക്കെ ശമര്യയിലാണെന്നാണ്
3. ചിലർ വിശ്വസിക്കുന്നത് ശേഖേം പട്ടണത്തിൽ മൂന്നു മൈൽ കിഴക്കാണ് ഈ സ്ഥലം എന്നാണ്

*"ഐനോൻ"* എന്നതിനർത്ഥം "നീരൊഴുക്ക്" എന്നായതിനാൽ മൂന്നാമത്തേതാണ് കൂടുതൽ അനുയോജ്യം. കൃത്യസ്ഥാനം ഏതായിരുന്നാലും യേശു യെഹൂദ്യയിൽ ശുശ്രൂഷ ചെയ്തിരുന്നുവെന്നും യോഹന്നാൻ അവന് അല്പമകലെ വടക്കായി ശുശ്രൂഷ ചെയ്തിരുന്നുവെന്നും മനസ്സിലാക്കാം.

3:24 **"അന്നു യോഹന്നാനെ തടവിൽ ആക്കിയിരുന്നില്ല"** ഇവിടെ ഈ കാലഗണനാ വിഷയം ഉൾപ്പെടുത്തി യതെന്തുകൊണ്ട് എന്ന കാര്യം വ്യക്തമല്ല. ചിലർ ചിന്തിക്കുന്നത് യോഹന്നാന്റെ കാലഗണനയെ സമവീക്ഷണ സുവിശേഷങ്ങളുടേതുമായി പൊരുത്തപ്പെടുത്തുന്നതിനു വേണ്ടിയാണിത് എന്നാണ് (ഒ. നോ. മത്താ. 14:1-12; മർക്കൊ. 6:14-29). യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഈ സംഭവത്തിന്റെ തീയതി കണക്കാക്കുന്നതിനുള്ള ഉപാധിയായി ഇതു നിലകൊള്ളുന്നു.

**യോഹന്നാൻ 3:25-30**

**[25]യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർക്ക് ഒരു യെഹൂദനുമായി ശുദ്ധീകരണത്തെക്കുറിച്ചു ഒരു വാദം ഉണ്ടായി; [26]അവർ യോഹന്നാന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, യോർദ്ദാന്നക്കരെ നിന്നോടുകൂടെ ഇരുന്നവൻ, നീ സാക്ഷീകരിച്ചിട്ടുള്ളവൻ തന്നേ, ഇതാ, സ്നാനം കഴിപ്പിക്കുന്നു; എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു എന്നു പറഞ്ഞു. [27]അതിന്നു യോഹന്നാൻ: സ്വർഗ്ഗത്തിൽനിന്നു കൊടുത്തിട്ടല്ലാതെ മനുഷ്യനു ഒന്നും ലഭിപ്പാൻ കഴികയില്ല. [28]ഞാൻ ക്രിസ്തു അല്ല, അവന്നു മുമ്പായി അയക്കപ്പെട്ടവനത്രേ എന്നു ഞാൻ പറഞ്ഞതിന്നു നിങ്ങൾ തന്നേ എനിക്കു സാക്ഷികൾ ആകുന്നു. [29]മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; മണവാളന്റെ സ്നേഹിതനോ നിന്നു മണവാളന്റെ സ്വരം കേട്ടിട്ടു അത്യന്തം സന്തോഷിക്കുന്നു: ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. [30]അവൻ വളരേണം; ഞാനോ കുറയേണം എന്നു ഉത്തരം പറഞ്ഞു.**

3:25 **"യോഹന്നാന്റെ ശിഷ്യന്മാരിൽ ചിലർക്ക് ഒരു യെഹൂദനുമായി ... വാദം ഉണ്ടായി"** 'വാദം എന്നത് "വാഗ്വാദം" അഥവാ "തർക്കം" എന്നതിനുള്ള ശക്തമായ പദമാണ്. ചില ഗ്രീക്ക് പതിപ്പുകളിൽ "യെഹൂദന്മാർ" എന്ന ബഹുവചനമാണുള്ളത്. പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതികൾ കൃത്യമായി വിഭജിക്കപ്പെട്ടവയാണ്. ഏകവചനം കൂടുതൽ അസാധാരണമാകയാൽ (അതാ. കയ്യെഴുത്തു പ്രതികളായ $P^{25}$, $\aleph^{2}$, A, B, L, W) അതായിരി ക്കാം യഥാർത്ഥമായത്. പുരാതന പകർപ്പെഴുത്തുകാർക്ക് പാഠഭാഗങ്ങളെ പൊരുത്തപ്പെടുത്താനും ലളിതമാക്കാനു മുള്ള പ്രവണതയുണ്ടായിരുന്നു. യോഹന്നാന്റെ ശിഷ്യന്മാരായിരിക്കാം വാദം തുടങ്ങി വെച്ചത് എന്നും രസകരമാണ്.

▣

**NASB, NKJV, NRSV, NJB "ശുദ്ധീകരണം സംബന്ധിച്ച്"**
**TEV "ആചാരപരമായ കഴുകൽ എന്ന വിഷയം"**

ഈ വാദത്തിന്റെ വിഷയം സംബന്ധിച്ച് വളരെയധികം സിദ്ധാന്തങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട് (NKJV).

1. യോഹന്നാന്റെയും യേശുവിന്റെയും സ്നാനങ്ങൾ യെഹൂദ പാരമ്പര്യമായ കഴുകലിനോടു ബന്ധപ്പെട്ടിരുന്ന തിനാൽ യോഹന്നാന്റെ ശിഷ്യന്മാർ രണ്ടു സ്നാനങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചർച്ച ചെയ്തിരിക്കാൻ സാധ്യതയുണ്ട്; ഇതേ പദം 2:6 ലും ഉപയോഗിച്ചിരിക്കുന്നു.
2. തന്റെ ജീവിതവും ശുശ്രൂഷയും യെഹൂദമതത്തിന്റെ സമ്പൂർണ്ണ നിവൃത്തിയാണെന്ന് യേശു പഠിപ്പിച്ചിരുന്ന താഴെക്കാണുന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിലാണിതെന്ന് ചിലർ വിശ്വസിക്കുന്നു.
   a. 2:1-12 കാനാവിലെ കല്യാണവിരുന്ന്
   b. 2:13-22 ദൈവാലയ ശുദ്ധീകരണം
   c. 3:1-21 യെഹൂദന്മാരുടെ കഴുകലും യോഹന്നാൻ സ്നാപകന്റെയും യേശുവിന്റെയും സ്നാനങ്ങളും.

ഈ പ്രത്യേക സംവാദത്തെ വിപുലപ്പെടുത്തുന്നതിൽ ഈ പശ്ചാത്തലങ്ങൾ ഒട്ടുംതന്നെ സഹായകരമായി എന്നു

മാത്രമല്ല ഇതു നസറായനായ യേശുവിന്റെ ഔന്നത്യത്തെക്കുറിച്ച് സാക്ഷ്യം പറയുവാൻ ഒരവസരം കൂടി യോഹന്നാൻ സ്നാപകനു നൽകുകയും ചെയ്തു.

**3:26 "നീ സാക്ഷീകരിച്ചിട്ടുള്ളവൻ തന്നേ, ഇതാ, സ്നാനം കഴിപ്പിക്കുന്നു; എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു"** ദൈവത്തിന്റെ കുഞ്ഞാടിനെപ്പറ്റിയുള്ള (ഒ. നോ. 1:19-36) യോഹന്നാന്റെ ആദ്യ സാക്ഷ്യം ശിഷ്യന്മാർ ഓർക്കയും യേശുവിന്റെ വിജയത്തിൽ അവർ അല്പം അസൂയാലുക്കളാകുകയും ചെയ്തു. മത്സരത്തിന്റെ ആത്മാവിനെക്കുറിച്ച് യേശുവും ബോധവാനായിരുന്നു (ഒ. നോ. 4:1).

**3:27 "സ്വർഗ്ഗത്തിൽ നിന്നും *അതു അവനു* കൊടുത്തിട്ടല്ലാതെ മനുഷ്യനും ഒന്നും ലഭിപ്പാൻ കഴികയില്ല"** (എൻ. എ. എസ്. ബി. അപ്ഡേറ്റഡ്). ആത്മീയ വിഷയങ്ങളിൽ മത്സരം ഇല്ല എന്ന നേരാംവണ്ണമുള്ള ഉറപ്പായ പ്രസ്താവനയാണിത്. വിശ്വാസികൾക്കു ലഭിക്കുന്നവയല്ല ദൈവകൃപയാൽ അവർക്കു നൽകപ്പെടുന്നതാണ്. എന്നിരുന്നാലും "അത്" "അവന്" എന്നതിനെച്ചൊല്ലി വളരെ വാദങ്ങൾ ഉരുത്തിരിഞ്ഞിട്ടുണ്ട്.

1. ചിലർ പറയുന്നത്, "അവന്" എന്നത് വിശ്വാസിയെയും "അത്" രക്ഷയ്ക്കായി ക്രിസ്തുവിങ്കലേക്കു വരുന്ന വ്യക്തിയെയും സൂചിപ്പിക്കുന്നു എന്നാണ് (ദൈവം മുൻകൈയെടുക്കുന്നു, മനുഷ്യന് പ്രതികരിക്കാനേ കഴിയൂ, ഒ. നോ. യോഹ. 6:44, 65).
2. മറ്റുള്ളവർ വിശ്വാസിക്കുന്നത് "അവൻ" എന്നത് യേശുവിനെയും "അത്" വിശ്വാസികളെയും സൂചിപ്പിക്കുന്നു എന്നാണ് (ഒ. നോ. യോഹ. 6:39; 10:29; 17:2,9,11,24).

ഈ രണ്ടു വീക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസം "കൊടുക്കുക" എന്ന പദം വിശ്വാസിയുടെ രക്ഷയെ സൂചിപ്പിക്കുന്നു അല്ലെങ്കിൽ സകല വിശ്വാസികളും ദൈവത്തിൽ നിന്നും യേശുവിനു ലഭിച്ച ദാനമാണെന്നു സൂചിപ്പിക്കുന്നു (ഒ. നോ. 17:2) എന്നതിന്റെ അടിസ്ഥാനത്തിലാണ്.

**3:28 "ഞാൻ ക്രിസ്തു അല്ല"** 1:20 ൽ പറഞ്ഞതുപോലെ താൻ ക്രിസ്തു അല്ല അവന്റെ മുന്നോടിയാണ് എന്നു യോഹന്നാൻ സ്നാപകൻ അസന്നിഗ്ധമായി ഉറപ്പാക്കുന്നു. മലാ. 3:1; 4:5; യെശ. 40 (ഒ. നോ. യോഹ. 1:23) എന്നീ പ്രവചന ഭാഗങ്ങളെയാണിവിടെ സൂചിപ്പിക്കുന്നത്. 1:41 ലെ "മശിഹാ"യെ സംബന്ധിച്ച കുറിപ്പ് കാണുക.

**3:29 "മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു"** ദൈവവും യിസ്രായേലും തമ്മിലുള്ള ബന്ധത്തെ വിവരിക്കുന്ന വിവാഹ സാദൃശ്യത്തെ സൂചിപ്പിക്കുന്ന അനേക പഴയ നിയമ ഭാഗങ്ങളുണ്ട് (ഒ. നോ. യെശ. 54:5; 62:4,5; യിരെ. 2:2; 3:20; യെഹെ. 16:8; 23:4; ഹോശേ. 2:21). എഫെ. 5:22 മുതൽ പൗലൊസും അതുപയോഗിക്കുന്നു. ഉടമ്പടി ബന്ധത്തിന്റെ ഏറ്റവും മികച്ച ആധുനിക ഉദാഹരണമാണ് ക്രിസ്തീയ വിവാഹം.

▣ **"ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു"** "സന്തോഷം" എന്ന നാമവും "സന്തോഷിക്കുക" എന്ന ക്രിയയും ഈ വാക്യത്തിൽ 3 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. മത്സരമനോഭാവം പുലർത്തുന്നതിനു പകരം, യോഹന്നാൻ തന്റെ സ്ഥാനം തിരിച്ചറിയുകയും യേശുവിൽ സന്തോഷിക്കുകയും ചെയ്തു.

**3:30 "അവൻ വളരേണം ഞാനോ കുറയേണം"** "വേണം" (*ഡെയി-δεί*) എന്ന പദം ശ്രദ്ധേയമാണ്. 3:14-ലും 4:4-ലും അതുപയോഗിച്ചിട്ടുണ്ട്. യേശുവിന്റെ കൂടുതൽ വലിയതും പ്രാധാന്യമർഹിക്കുന്നതായ ശുശ്രൂഷയുടെ കേവലം ഒരു മുന്നോടിയാണു താനെന്ന യോഹന്നാന്റെ തിരിച്ചറിവിന്റെ ശക്തമായ സ്ഥിരീകരണമാണിത്.

## യോഹന്നാൻ 3:31-36

**[31]മേലിൽനിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവൻ: ഭൂമിയിൽനിന്നുള്ളവൻ ഭൗമികൻ ആകുന്നു; ഭൗമികമായതു സംസാരിക്കുന്നു; സ്വർഗ്ഗത്തിൽനിന്നു വരുന്നവൻ എല്ലാവർക്കും മീതെയുള്ളവനായി താൻ കാണുകയും കേൾക്കുകയും ചെയ്തതു സാക്ഷീകരിക്കുന്നു; [32]അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നില്ല. [33]അവന്റെ സാക്ഷ്യം കൈക്കൊള്ളുന്നവൻ ദൈവം സത്യവാൻ എന്നുള്ളതിനു മുദ്രയിടുന്നു. [34]ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്. [35]പിതാവു പുത്രനെ സ്നേഹിക്കുന്നു; സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു. [36]പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു.**

**3:31-36** ഈ വാക്യങ്ങളെ സംബന്ധിച്ച് വ്യാഖ്യാതാക്കളുടെയിടയിൽ വളരെയധികം ചർച്ചകൾ നടന്നിട്ടുണ്ട്. ഇവ:

1. യോഹന്നാൻ സ്നാപകന്റെ തുടർ പ്രസ്താവനകളാണോ
2. യേശുവിന്റെ വാക്കുകളാണോ (ഒ. നോ. 3:11-12).
3. അപ്പൊസ്തലനായ യോഹന്നാന്റെ വാക്കുകളാണോ?

ഈ വാക്യങ്ങൾ വാ. 16-21 ലെ വിഷയത്തിലേക്കു മടങ്ങിപ്പോകുന്നു.

**3:31 "മേലിൽ നിന്നു വരുന്നവൻ"** മശിഹായ്ക്ക് ഉപയോഗിക്കുന്ന രണ്ടു പേരുകൾ അവന്റെ പൂർവ്വാസ്തിക്യത്തെയും പൂർണ്ണ ദൈവത്വത്തെയും (വാ. 31 ലെ സൂചന) പ്രഖ്യാപിക്കുന്നതിനും, അവന്റെ ജഡധാരണത്തെയും ദൈവദത്ത ദൗത്യത്തെയും (വാ. 34 ലെ സൂചന) പ്രഖ്യാപിക്കുന്നതിനും ഉപയോഗിക്കപ്പെട്ടിരിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. "മേലിൽ നിന്നും ജനിക്കുക" എന്ന പദം വാ. 3 ലെ "പുതുതായി ജനിക്കുക," "മേലിൽ നിന്നും ജനിക്കുക" എന്നീ പ്രയോഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന അതേ പദമാണ്.

ദൈവത്തിന്റെ മണ്ഡലം, മനുഷ്യന്റെ മണ്ഡലം എന്നിവയെ സൂചിപ്പിക്കുന്ന മുകളിൽ താഴെ എന്ന ദ്വന്ദം യോഹന്നാന്റെ സുവിശേഷത്തിന്റെ സവിശേഷതയാണ്. ഇത് ചാവുകടലിൽ ചുരുളുകളിൽ കാണുന്ന അന്ത്യ കാല സംബന്ധിയായ ദ്വന്ദ്വങ്ങളിൽ നിന്നു വ്യത്യസ്തമാണ്. മാത്രമല്ല, ആത്മാവും വസ്തുവും എന്ന ഗ്നോസ്റ്റിക് ദ്വന്ദ്വത്തിൽ നിന്നും ഇതു വ്യത്യസ്തമാണ്. യോഹന്നാനിൽ സൃഷ്ടിയോ, മനുഷ്യശരീരമോ അതിൽ തന്നെ ദോഷമോ പാപപങ്കിലമോ അല്ല.

▣ "എല്ലാവർക്കും മീതെയുള്ളവൻ" ഈ വാക്യത്തിന്റെ ആദ്യഭാഗം സ്വർഗ്ഗത്തിൽ നിന്നു വരുന്ന (ഒ.നോ. 1:1-18; 3:11-12) യേശുവിന്റെ പൂർവ്വാസ്തിക്യത്തെയും ദൈവത്വത്തെയും സൂചിപ്പിക്കുന്നു. വാക്യത്തിന്റെ രണ്ടാം ഭാഗം, അവൻ ദൈവസൃഷ്ടിക്കു മുകളിലുള്ളവനാണെന്നു സ്ഥാപിക്കുന്നു. "എല്ലാവർക്കും" എന്നുള്ളത് സകല മനുഷ്യവർഗ്ഗത്തെയും അല്ലെങ്കിൽ സകല വസ്തുക്കളെയും സൂചിപ്പിക്കുംവിധം യഥാക്രമം പുല്ലിംഗമാണോ അല്ലെങ്കിൽ നപുംസകമാണോ എന്ന് ഗ്രീക്കുപാഠത്തിൽ നിന്നും വ്യക്തമല്ല. ചില കയ്യെഴുത്തു പ്രതികളിൽ "എല്ലാവർക്കും എല്ലാറ്റിനും മീതെയുള്ളവൻ" എന്നു കാണാം. അതുൾപ്പെടുത്തിയതിനെ സംബന്ധിച്ച് $UBS^4$ നു തീരുമാനിക്കാൻ കഴിയുന്നില്ല എങ്കിലും പാഠനിരൂപണ വ്യവസ്ഥകൾ (അനുബന്ധം രണ്ട് കാണുക) അതിന്റെ ഉൾപ്പെടുത്തലിനെ സ്വാഗതം ചെയ്യുന്നു.

▣

**NASB** **"ഭൗമികനായവൻ ഭൂമിയിൽ നിന്നുള്ളവൻ ആകുന്നു; ഭൗമികമായതു സംസാരിക്കുന്നു"**
**NKJV** **"ഭൂമിയിൽ നിന്നുള്ളവൻ ഭൗമികൻ ആകുന്നു. ഭൗമികമായതു സംസാരിക്കുന്നു"**
**NRSV** **"ഭൂമിയുടേതായവൻ ഭൂമിക്കുള്ളവനാകുന്നു. ഭൂമിയിലെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു"**
**TEV** **"ഭൂമിയിൽ നിന്നുള്ളവൻ ഭൂമിയുടേതാകുന്നു. ഭൂമിയിലെ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നു"**
**NJB** **"ഭൂമിയിൽ നിന്നുള്ളവൻ താൻ തന്നേ ഭൗമികനാകുന്നു; ഭൗമിക രീതിയിൽ സംസാരിക്കുന്നു"**

ഇത് യോഹന്നാനെക്കുറിച്ചുള്ള ഒരു നിഷേധാത്മക പ്രസ്താവനയല്ല. ഭൂമി എന്നതിന് ഇവിടെ കൊടുത്തിരിക്കുന്ന പദം (*ഗീ-γє*, 12:32; 17:4; 1 യോഹ. 5:8, വെളിപ്പാടിൽ 76 പ്രാവശ്യം) "ലോകം" (*കോസ്മോസ്-κοσμος*) എന്ന പദമല്ല. "ലോകം" എന്ന പദം നിഷേധാത്മക അർത്ഥത്തിലാണു യോഹന്നാൻ ഉപയോഗിക്കുന്നത്. ഇത് യേശു തനിക്കു പരിചിതമായ സ്വർഗ്ഗത്തിലെ കാര്യങ്ങൾ സംസാരിക്കുമ്പോൾ, സകലമനുഷ്യരും തങ്ങൾക്കറിയാവുന്ന ഭൂമിയിലെ കാര്യങ്ങൾ സംസാരിക്കുന്നു എന്ന ഒരു കേവല ഉറപ്പിക്കലാണ്. അതിനാൽ യേശുവിന്റെ സാക്ഷ്യം ഭൂമിയിലെ ഏതു പ്രവാചകന്റെയോ പ്രസംഗകന്റെയോ സാക്ഷ്യത്തെക്കാളും ഉന്നതമാണ് (ഒ.നോ. എബ്രാ. 1:1-4).

**3:31 "താൻ കാൺകയും കേൾക്കയും ചെയ്തതു സാക്ഷീകരിക്കുന്നു"** ഈ വാക്യത്തിലെ ക്രിയാകാലങ്ങളുപയോഗിച്ചുള്ള ഒരു ദ്വയാർത്ഥ പ്രയോഗമാണിത്: (1) "കണ്ടത്" പൂർണ്ണക്രിയ; (2) "കേട്ടത്" സാമാന്യ ഭൂതകാലം, (3) "സാക്ഷീകരിക്കുന്നു" വർത്തമാനകാലം. യേശു ദൈവത്തിന്റെ ആത്യന്തിക വെളിപ്പാടാണ് (ഒ.നോ. 1 കൊരി. 8:6; കൊലൊ. 1:13-20; എബ്രാ. 1:2-3). അവൻ (1) പിതാവാം ദൈവത്തോടൊത്തുള്ള തന്റെ അനുഭവത്തിൽനിന്നും (2) തന്റെ സ്വന്ത ദൈവത്വത്തിൽനിന്നും സംസാരിക്കുന്നു.

▣ **"അവന്റെ സാക്ഷ്യം ആരും കൈക്കൊള്ളുന്നില്ല"** ഇതു പൗരസ്ത്യ രീതിയിലുള്ള ഒരു അത്യുക്തിയാണ്. കാരണം അനേക ആളുകൾ അവന്റെയടുത്തു വന്നിരുന്നതായി വാ. 23-26 വ്യക്തമാക്കുന്നുണ്ട്. ഈ പ്രയോഗം താൽക്കാലിക സന്ദർഭത്തെക്കുറിച്ചല്ല, മറിച്ച് യെഹൂദമതത്തെ മുഴുവനും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് (ഒ.നോ. 3:11).

**3:33 "കൈക്കൊള്ളുന്നവൻ"** ഇതു സകലമനുഷ്യരോടുമുള്ള ദൈവത്തിന്റെ സാർവ്വലൗകികവും അപരിമിതവുമായ സ്നേഹത്തെ കാണിക്കുന്നു. ദൈവത്തിന്റെ സുവിശേഷത്തെ സംബന്ധിച്ച് ഒരു തടസ്സവുമില്ല; ഒരുവൻ മാനസാന്തരപ്പെട്ടു വിശ്വസിച്ചാൽ മതി (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 20:21). മാത്രമല്ല വാഗ്ദാനം സകലർക്കും വേണ്ടിയുള്ളതാണ് (ഒ.നോ. 1:12; 3:16-18; യെഹെ. 18:23,32; യോഹ. 3:16; 4:42; 1 തിമൊ. 2:4; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:1; 4:14).

▣ **"അവന്റെ സാക്ഷ്യം കൈക്കൊള്ളുന്നവൻ"** വാ. 33 ഭൂതകാലക്രിയയും വാ. 36 വർത്തമാനകാല ക്രിയയുമാണ്. ഇതു കാണിക്കുന്നത് രക്ഷയ്ക്കായി ദൈവത്തിൽ ആശ്രയിക്കുന്നത് ഒരു പ്രാഥമിക തീരുമാനം മാത്രമല്ല, ശിഷ്യത്വത്തിന്റെ ജീവിതം കൂടിയാണെന്നാണ്. അംഗീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഈ സ്ഥിരീകരണം മുമ്പ് 1:12 ലും 3:16-18 ലും പ്രസ്താവിച്ചിട്ടുണ്ട്. സാക്ഷ്യം സ്വീകരിക്കലും (വാ. 33) അതിൽ തുടർമാനമായി നടക്കുന്നതും (വാ. 36) തമ്മിലുള്ള ദ്വിമാന ഘടകം ശ്രദ്ധിക്കുക. "വിശ്വാസം" എന്ന വാക്കിനു തുല്യമായി "കൈക്കൊള്ളുക" എന്ന പദത്തിനും പുതിയ നിയമത്തിൽ രണ്ടു അർത്ഥങ്ങളുണ്ട്.

1. ക്രിസ്തുവിനെ വ്യക്തിപരമായി സ്വീകരിക്കുകയും അവനിൽ നടക്കുകയും ചെയ്യുക.
2. സുവിശേഷത്തിൽ ഉൾക്കൊണ്ടിരിക്കുന്ന സത്യങ്ങളും ഉപദേശങ്ങളും കൈക്കൊള്ളുക (ഒ.നോ. യൂദാ 3,20).

▣

**NASB** **"ദൈവം സത്യവാൻ എന്നതിനു അവൻ മുദ്രവെയ്ക്കുന്നു"**
**NKJV, NRSV** **"ദൈവം എന്നത് അവൻ സാക്ഷ്യപ്പെടുത്തുന്നു"**
**TEV** **"ദൈവം സത്യമുള്ളവനെന്ന് ഇതിനാൽ ഉറപ്പിക്കുന്നു."**
**NJB** **"ദൈവം സത്യവാനെന്ന് സാക്ഷ്യപ്പെടുത്തുന്നു"**

വിശ്വാസികൾ ക്രിസ്തുവിൽ തങ്ങളുടെ വ്യക്തിപരമായ ആശ്രയം വയ്ക്കുമ്പോൾ, തന്നെക്കുറിച്ചും ലോകത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും തന്റെ പുത്രനെക്കുറിച്ചുമുള്ള ദൈവത്തിന്റെ സന്ദേശം സത്യമാണെന്ന് അവർ ഉറപ്പിക്കുകയാണു ചെയ്യുന്നത് (ഒ.നോ. റോമ. 3:4). ഇതു യോഹന്നാനിൽ ആവർത്തിച്ചുവരുന്ന ഒരു വിഷയമാണ് (ഒ.നോ. 3:33; 7:28; 8:26; 17:3; 1 യോഹ. 5:20). ഏക സത്യദൈവത്തെ ആത്യന്തികമായി വെളിപ്പെടുത്തിയതിനാൽ യേശു സത്യവാനാണ് (ഒ.നോ. 3:7,14; 19:11).

'മുദ്ര' എന്ന ക്രിയയ്ക്ക്, താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: മുദ്ര

താഴെക്കൊടുത്തിരിക്കുന്നവയെ കാണിക്കുന്നതിനുള്ള പുരാതന രീതിയായിരുന്നു മുദ്ര:

1. സത്യം (ഒ.നോ. 3:33)
2. ഉടമസ്ഥത (ഒ.നോ. യോഹ. 6:27; 2 തിമൊ. 2:19; വെളി. 7:2–3).
3. സുരക്ഷിതത്വം അഥവാ സംരക്ഷണം (ഒ.നോ. ഉല്പ. 4:15; മത്തായി 27:66; റോമ. 15:28; 2 കൊരി. 1:22; എഫെ. 1:13; 4:30).
4. ദൈവികദാനത്തെക്കുറിച്ചുള്ള വാഗ്ദത്തത്തിന്റെ യാഥാർത്ഥ്യത്തെ സംബന്ധിച്ച ഒരു അടയാളവും ആകാം അത് (ഒ.നോ. റോമ. 4:11; 1 കൊരി. 9:2).

ദൈവക്രോധം അവരുടെമേൽ ചൊരിയാതെവണ്ണം ദൈവജനത്തെ വേറിട്ടു നിർത്തുക എന്നതാണ് മുദ്രയുടെ ഉദ്ദേശ്യം. സാത്താന്റെ മുദ്ര, ദൈവകോപത്തിനിരകളായ അവന്റെ ജനത്തെ തിരിച്ചറിയാനുപകരിക്കുന്നു. വെളിപ്പാടു പുസ്തകത്തിൽ "പീഡ" (അതാ. *ത്‌ലിപ്സിസ്-θλιψις*) എല്ലായ്പ്പോഴും അവിശ്വാസികൾ വിശ്വാസികളെ ഉപദ്രവിക്കുന്നതും കോപം/ക്രോധം (അതാ. *ഓർഗി* അല്ലെങ്കിൽ *തുമോസ്-οργη/θυμος*) എല്ലായ്പ്പോഴും,അവർ മാനസാന്തരപ്പെട്ട് ക്രിസ്തുവിലേക്കു തിരിയുക എന്ന ഉദ്ദേശ്യത്തോടുകൂടി അവിശ്വാസികളുടെമേൽ ചൊരിയുന്ന ദൈവിക ന്യായവിധിയുമാണ്. ന്യായവിധിയുടെ ഈ സാധകാത്മക ഉദ്ദേശ്യം ആവർത്തനം 27–28 ലെ ഉടമ്പടി ശാപത്തിൽ/അനുഗ്രഹത്തിൽ കാണാൻ കഴിയും.

"ജീവനുള്ള ദൈവം" എന്ന പ്രയോഗം "യഹോവ" എന്ന നാമം ഉപയോഗിച്ചുള്ള ഒരു പദവിന്യാസമാണ് (ഒ.നോ. പുറ. 3:14; സങ്കീ. 42:2; 84:2; മത്തായി 16:16). ഇതേ പദവിന്യാസം "യഹോവയാണ" എന്ന വേദപുസ്തക ആണയിലും കാണാൻ കഴിയും.

**3:34 "ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു"** യേശുവിന്റെ അധികാരം ദൈവത്തിൽ നിന്നുള്ളതാണെന്നു കാണിക്കുന്ന രണ്ടു സമാന്തര പ്രസ്താവനകൾ വാ. 34 ൽ കാണാം.

1. ദൈവം അവനെ അയച്ചു
2. അവന് ആത്മാവിന്റെ നിറവുണ്ട്

▣ **"അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്"** ഇത് അക്ഷരാർത്ഥത്തിൽ ഒരു നിഷേധാത്മക പ്രസ്താവനയാണെങ്കിലും പരിഭാഷയിൽ സാധകാത്മക അർത്ഥമാണുള്ളത്. ഈ ആത്മാവിന്റെ നിറവ് രണ്ടു വ്യത്യസ്ത രീതിയിൽ മനസ്സിലാക്കാൻ കഴിയും. ചിലർ വിശ്വസിക്കുന്നത്.

1. യേശു ആത്മാവിന്റെ നിറവ് വിശ്വാസികൾക്കു നൽകുന്നു (ഒ.നോ. 4:10–14; 7:37–39)
2. ആത്മാവിന്റെ നിറവ് ദൈവിക ദാനമായ മശിഹായെ സൂചിപ്പിക്കുന്നു (ഒ.നോ. വാ. 35)

"അളവ്" എന്ന ഈ പദത്തെ ദൈവം പ്രവാചകന്മാർക്കു നൽകുന്ന പ്രചോദനത്തെ വിവരിക്കുവാനാണ് റബ്ബിമാർ ഉപയോഗിക്കുന്നത്. ഒരു പ്രവാചകനും ആത്മാവിന്റെ പൂർണ്ണനിറവ് ലഭ്യമല്ല എന്നും റബ്ബിമാർ കൂട്ടിച്ചേർക്കുന്നു. അതിനാൽ യേശു പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനും (ഒ.നോ. എബ്രാ. 1:1–2), അതിനാൽ ദൈവത്തിന്റെ പൂർണ്ണത വെളിപ്പാടുമാണ്.

**3:35 "പിതാവു പുത്രനെ സ്നേഹിക്കുന്നു"** ഈ സ്ഥിരീകരണം 5:20 ലും 17:23–26 ലും ആവർത്തിച്ചിരിക്കുന്നു. ദൈവത്തോടുള്ള വിശ്വാസികളുടെ ബന്ധം മശിഹായോടുള്ള അവന്റെ സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു (അതുല്യനായ പുത്രൻ, ഒ.നോ. എബ്രാ. 1:2; 3:5–6; 5:8; 7:28). മനുഷ്യർ എന്തുകൊണ്ട് യേശുവിനെ മശിഹായായി വിശ്വസിക്കണം എന്നതിനുള്ള കാരണങ്ങൾ ഈ ഭാഗത്തു അക്കമിട്ടു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

1. കാരണം അവൻ സ്വർഗ്ഗത്തിൽ നിന്നുള്ളവനും എല്ലാവർക്കും മീതെയുള്ളവനും (വാ. 31)
2. കാരണം വീണ്ടെടുപ്പിൻ ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ടവനാണവൻ (വാ. 34)
3. കാരണം ദൈവം അവന് ആത്മാവിന്റെ നിറവ് നൽകിക്കൊണ്ടിരിക്കുന്നു (വാ. 34)
4. കാരണം ദൈവം അവനെ സ്നേഹിക്കുന്നു (വാ. 35)
5. കാരണം ദൈവം സകലവും അവന്റെ കയ്യിൽ കൊടുത്തിരിക്കുന്നു (വാ. 35)

"സ്നേഹം" എന്നതിന് അനേക ഗ്രീക്കുപദങ്ങളുണ്ട്. അവ വ്യത്യസ്ത മാനുഷിക ബന്ധങ്ങളെ സൂചിപ്പിക്കുന്നു. *അഗാപ്പാവോ (αγαπαω), ഫിലെയോ (φιλεω)* എന്നിവ മാറിമാറി ഉപയോഗിക്കുന്നവയാണ്. പിതാവിനു പുത്രനോടുള്ള സ്നേഹത്തെ സൂചിപ്പിക്കുവാൻ രണ്ടും ഉപയോഗിക്കാറുണ്ട്.

1. 3:35; 17:23,24,26 - *അഗാപ്പാവോ (αγαπαω)*
2. 5:20 - *ഫിലെയോ (φιλεω)*

21:15-17 ൽ പത്രോസിനോടുള്ള യേശുവിന്റെ സംഭാഷണത്തിൽ സാന്ദർഭികമായ ഒരു വ്യത്യാസം കാണാവുന്നതാണ്. ഓർക്കുക "സന്ദർഭം, സന്ദർഭം, സന്ദർഭം" ആണ് വാക്കുകളുടെ അർത്ഥം നിശ്ചയിക്കുന്നത്, പദസൂചികളോ നിഘണ്ടുക്കളോ അല്ല.

▣ **"സകലവും അവന്റെ കയ്യിൽ കൊടുത്തുമിരിക്കുന്നു"** ഇത് പൂർത്തിയായ കർത്തരി സൂചകമാണ്. മറ്റൊരുവന്റെ മേലുള്ള അധികാരം അഥവാ ശക്തിയെ സൂചിപ്പിക്കുന്നതിനുള്ള എബ്രായ ശൈലിയാണിത് (അതാ. 10:28; 13:3; പ്രവൃ. 4:28; 13:11). ഇത് അതീവതാല്പര്യ ജനകവും അനേക സമാന്തരങ്ങളുള്ളതുമായ പ്രയോഗമാണ് (ഒ. നോ. യോഹ. 13:3; 17:2; മത്താ. 11:27; 28:18; എഫെ. 1:20-22; കൊലൊ. 2:10; 1 പത്രൊ. 3:22).

**3:36**

**NASB** **"പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു; എന്നാൽ പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല."**

**NKJV** **"പുത്രനിൽ വിശ്വസിക്കുന്നവന് ശാശ്വത ജീവൻ ഉണ്ട്; പുത്രനെ വിശ്വസിക്കാത്തവൻ ജീവനെ കാണുകയില്ല"**

**NRSV** **"പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല"**

**TEV** **"പുത്രനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്ത ഏവനും ജീവൻ ഇല്ല."**

**NJB** **"പുത്രനിൽ വിശ്വസിക്കുന്ന യാതൊരുത്തനും നിത്യജീവൻ ഉണ്ട്; എന്നാൽ പുത്രനിൽ വിശ്വസിക്കാൻ കൂട്ടാക്കാത്ത യാതൊരുത്തനും ഒരിക്കലും ജീവനെ കാണുകയില്ല"**

ഈ ക്രിയകൾ എല്ലാം തന്നെ വർത്തമാനകാല കർത്തരി പ്രയോഗങ്ങളും തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്നതുമാണ്. വിശ്വാസമെന്നത് ഒരു സമയത്ത് വിശ്വസിക്കുക എന്നതിലും ഉപരിയായ ഒന്നാണ്. അതെത്രമാത്രം ആത്മാർത്ഥയുള്ളതും വൈകാരികവും ആയിരുന്നാൽപോലും (ഒ.നോ. മത്താ. 13:20). ഇതു സൂചിപ്പിക്കുന്നത് യേശുവിനെ അറിയാതെ ഒരുവനു പിതാവിനെ അറിയാൻ കഴികയില്ലെന്നാണ് (ഒ.നോ. യോഹ. 12:44-50; 1 യോഹ. 5:10). പുത്രനായ യേശുവുമായുള്ള തുടർമാനമായ ഒരു ബന്ധത്തിലൂടെ മാത്രമാണ് രക്ഷ കൈവരുന്നത് (ഒ.നോ. 10:1-18; 14:6).

വർത്തമാന കാലം, തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ മാത്രമല്ല, രക്ഷയുടെ വർത്തമാനകാല യാഥാർത്ഥ്യത്തെയും സൂചിപ്പിക്കുന്നു. അത് വിശ്വാസികൾക്ക് ഇപ്പോൾ ഉള്ള ഒന്നാണ്. അപ്പോൾതന്നേ, പൂർത്തിയാകാത്തതുമാണ്. അത് രണ്ടു കാലങ്ങളുടെ "ലഭിച്ചുകഴിഞ്ഞു" "ഇനിയും ആയിട്ടില്ല" എന്ന ദ്വന്ദമാണ് (പ്രത്യേക പഠന വിഷയം: 1 യോഹന്നാൻ 2:17 ലെ ഈ കാലവും വരുവാനുള്ള കാലവും കാണുക). പ്രത്യേക പഠനവിഷയം: 9:7 ൽ രക്ഷയ്ക്കായി ഉപയോഗിച്ചിട്ടുള്ള ക്രിയാകാലങ്ങൾ കാണുക

ഈ വാക്യത്തിലെ "വിശ്വസിക്കുക," "അനുസരിക്കുക" എന്ന വൈരുദ്ധ്യം ശ്രദ്ധിക്കുന്നതു രസകരമാണ്. സുവിശേഷം എന്നത് നാം സ്വീകരിക്കുന്ന ഒരു വ്യക്തി മാത്രമല്ല, അതു നാം ജീവിക്കുന്ന ഒരു ജീവിതം കൂടിയാണ് (ഒ.നോ. ലൂക്കൊ. 6:46; എഫെ. 2:8-10).

▣ **"ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ"** യോഹന്നാന്റെ എഴുത്തുകളിൽ "ക്രോധം" (*ഓർഗി-οργη*) എന്ന പദം വരുന്ന ഏക സ്ഥലമാണിത് (വെളിപ്പാടിൽ 5 പ്രാവശ്യം ഒഴികെ). ആശയം സാധാരണമായുള്ളതും "ന്യായവിധി" എന്ന പദത്തോടു ബന്ധപ്പെട്ടതുമാണ്. ഇത് വർത്തമാനകാല കർത്തരി സൂചകമാണ്. "വിശ്വാസം," "അനുസരണം," "ക്രോധം" എന്നിവ തുടരുന്ന വർത്തമാനകാല യാഥാർത്ഥ്യങ്ങളും ഭാവിയിൽ പൂർത്തീകരണത്തിലെത്തുന്നവയുമാണ്. ദൈവരാജ്യത്തിലെ "വന്നു കഴിഞ്ഞു" "ഇനിയും ആയിട്ടില്ല" എന്നിവ തമ്മിൽ നിലനിൽക്കുന്ന അതേ സംഘർഷമാണ് ഇതും. ദൈവക്രോധം സംബന്ധിച്ച പൂർണ്ണമായ വേദപുസ്തക ചർച്ചയ്ക്ക് റോമർ 1:18; 3:20 വായിക്കുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യേശുവിന്റെ ആദ്യകാല പ്രസംഗം എപ്രകാരമാണ് യോഹന്നാൻ സ്നാപകന്റേതിനോടു തുല്യമായിരിക്കുന്നത്?
2. ഈ സ്നാനം, ക്രിസ്തീയ സ്നാനത്തിനു തുല്യമാണോ?
3. യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രാരംഭ അദ്ധ്യായങ്ങളിൽ യോഹന്നാൻ സ്നാപകന്റെ വാക്കുകൾക്ക് ഇത്രമാത്രം പ്രാധാന്യം നൽകിയിരിക്കുന്നതെന്തുകൊണ്ട്?
4. യോഹന്നാൻ സ്നാപകനും യേശുവും തമ്മിലുള്ള ബന്ധത്തെ വിവരിക്കുവാൻ എഴുത്തുകാരനായ യോഹന്നാൻ ഉപയോഗിക്കുന്ന വൈരുദ്ധ്യങ്ങളുടെ എണ്ണവും ഇനവും വിവരിക്കുക.
5. വാ. 33 ലെ "കൈക്കൊള്ളുക" എന്ന പദവും വാ. 36 ലെ "വിശ്വസിക്കുക" എന്ന പദവും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്?
6. ആളുകൾ നസറായനായ യേശുവിനെ അവരുടെ രക്ഷയ്ക്കുള്ള ഏകപ്രത്യാശയായി എന്തുകൊണ്ട് ആശ്രയിക്കണം എന്നതിനുള്ള കാരണങ്ങൾ പറയുക (വാ. 31–36).
7. വാ. 36 ലെ "ക്രോധം" എന്ന പദം വർത്തമാനകാല ക്രിയ ആയിരിക്കുന്നതെന്തുകൊണ്ടെന്നു വിശദീകരിക്കുക.

# യോഹന്നാൻ 4

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവും ശമര്യയിലെ സ്ത്രീയും | ശമര്യാസ്ത്രീ തന്റെ മശിഹയെ കണ്ടുമുട്ടുന്നു | യേശുവും ശമര്യരും | യേശുവും ശമര്യരും | യേശു ശമര്യരുടെ ഇടയിൽ |
| 4:1-6 | 4:1-26 | 4:1-6 | 4:1-4 | 4:1-10 |
| | | | 4:5-6 | |
| 4:7-15 | | 4:7-15 | 4:7-8 | |
| | | | 4:9 | |
| | | | 4:10 | |
| | | | 4:11-12 | 4:11-14 |
| | | | 4:13-14 | |
| | | | 4:15 | 4:15-24 |
| 4:16-26 | | 4:16-26 | 4:16 | |
| | | | 4:17a | |
| | | | 4:17b-18 | |
| | | | 4:19-20 | |
| | | | 4:21-24 | |
| | | | 4:25 | 4:25-26 |
| | വെളുത്തിരിക്കുന്ന വയൽ | | 4:26 | |
| 4:27-30 | 4:27-38 | 4:27-30 | 4:27 | 4:27-30 |
| | | | 4:28-30 | |
| 4:31-38 | | 4:31-38 | 4:31 | 4:31-38 |
| | | | 4:32 | |
| | | | 4:33 | |
| | ലോകത്തിന്റെ രക്ഷകൻ | | 4:34-38 | |
| 4:39-42 | 4:39-42 | 4:39-42 | 4:39-40 | 4:39-42 |
| രാജഭൃത്യന്റെ മകന്റെ സൗഖ്യം | ഗലീലയിലെ സ്വീകരണം | യേശുവും ജാതികളും | യേശു രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നു | യേശു ഗലീലയിൽ |
| 4:43-45 | 4:43-45 | 4:43-45 | 4:43-45 | 4:43-45 |
| | കുലീനമനുഷ്യന്റെ മകൻ സൗഖ്യമാകുന്നു | | | രാജഭൃത്യന്റെ മകന്റെ സൗഖ്യം |
| 4:46-54 | 4:46-54 | 4:46-54 | 4:46-48 | 4:46-53 |
| | | | 4:49 | |
| | | | 4:50-51 | |
| | | | 4:52-53 | |
| | | | 4:54 | 4:54 |

# മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# വാ. 1-54 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. അദ്ധ്യായം 3, 4 ൽ സോദ്ദേശ്യപരമായ ഒരു ഘടനയുണ്ട്.
   1. മതഭക്തൻ (നിക്കോദേമൊസ്) x മതഭ്രഷ്ടൻ (കിണറ്റിങ്കലെ സ്ത്രീ)
   2. യെരുശലേം - അടിസ്ഥാന യെഹൂദമതം (യാഥാസ്ഥിതികം) x ശമര്യ യെഹൂദ മതം (ദുരുപദേശപരം)

B. യേശുവിന്റെ ആളത്വവും പ്രവൃത്തിയും സംബന്ധിച്ച സത്യങ്ങൾ ഈ സംഭവങ്ങളിലൂടെ കൂടുതൽ വികസിതമാകുന്നു.
   1. കിണറ്റിങ്കലെ സ്ത്രീയുമായുള്ള സംഭാഷണം (വാ. 1-26);
   2. തന്റെ ശിഷ്യന്മാരുമായുള്ള സംഭാഷണം (വാ. 27-38);
   3. ഗ്രാമവാസികളുടെ സാക്ഷ്യം (വാ. 39-42);
   4. ഗലീലക്കാരാലുള്ള സ്വീകരണം (വാ. 43-45);
   5. രോഗത്തിന്മേലുള്ള യേശുവിന്റെ അധികാരത്തിന്റെ അടയാളം/അത്ഭുതം (വാ. 46-54).

# പദ, ശൈലി പഠനം

**യോഹന്നാൻ 4:1-6**

**[1]യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു പരീശന്മാർ കേട്ടു എന്നു കർത്താവു അറിഞ്ഞപ്പോൾ – [2]ശിഷ്യന്മാർ അല്ലാതെ, യേശു തന്നേ സ്നാനം കഴിപ്പിച്ചില്ല താനും. [3]അവൻ യെഹൂദ്യദേശം വിട്ടു പിന്നെയും ഗലീലെക്കു യാത്രയായി. [4]അവൻ ശമര്യയിൽകൂടി കടന്നുപോകേണ്ടിവന്നു. [5]അങ്ങനെ അവൻ സുഖാർ എന്നൊരു ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്നരികെ എത്തി. [6]അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു. യേശു വഴി നടന്നു ക്ഷീണിച്ചിട്ടു ഉറവിന്നരികെ ഇരുന്നു; അപ്പോൾ ഏകദേശം ആറാം മണിനേരം ആയിരുന്നു.**

**4:1 "കർത്താവ്"** വർഷങ്ങൾക്കുശേഷം ഈ സംഭവം അനുസ്മരിച്ച (ആത്മാവിന്റെ സഹായത്താൽ) യോഹന്നാൻ ഒരു വാചകത്തിൽ തന്നെ ഒരേ വ്യക്തിയെ സൂചിപ്പിച്ചുകൊണ്ട് "കർത്താവ്," "യേശു" എന്നീ പേരുകൾ ഉപയോഗിച്ചു.

അനേക ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ വാ. 1 ൽ "യേശു" രണ്ടു പ്രാവശ്യം കാണുമ്പോൾ (അതാ. ℵ, D, NRSV, NJB, REB), കയ്യെഴുത്തുപ്രതികളായ $P^{66}$, $P^{75}$, A, B, C, L (NASB, NKJV) എന്നിവയിൽ "കർത്താവ്" എന്നാണ്. മികച്ച കയ്യെഴുത്തു പ്രതികളിൽ "കർത്താവ്" എന്നാണ് കാണുന്നതെങ്കിലും $UBS^4$ "യേശു" എന്നു ചേർക്കുകയും അതിന് "C" റേറ്റിംഗ് (തീരുമാനിക്കാൻ ബുദ്ധിമുട്ട്) നൽകുകയും ചെയ്തിരിക്കുന്നു.

▣ **"പരീശന്മാർ"** 1:24 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു ... കേട്ടു"** തന്റെ ശിഷ്യന്മാരും യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരും തമ്മിൽ പരീശന്മാർ സംഘർഷമുണ്ടാക്കാനുള്ള

സാധ്യത ഒഴിവാക്കാൻ യേശു ആ സ്ഥലത്തു നിന്നുപോയി. ഹേരോദ് അന്തിപ്പാസ് യോഹന്നാൻ സ്നാപകനെ തടവിലാക്കിയതുകൊണ്ടാണ് അവൻ പോയതെന്നു സമവീക്ഷണ സുവിശേഷങ്ങൾ പറയുന്നു (ഒ.നോ. മത്താ. 4:12; മർക്കൊ. 1:14; ലൂക്കൊ. 3:20).

**4:2 "യേശു തന്നേ സ്നാനം കഴിപ്പിച്ചില്ലതാനും"** ഇതു സ്നാനത്തെ വിലകുറച്ചു കാണിക്കാനുള്ള ഒരു പ്രസ്താവനയല്ല (ഒ.നോ. മത്താ. 28:19; പ്രവൃ. 2:38; 8:12; 16:33; 22:16), മറിച്ച് മനുഷ്യന്റെ സ്വയത്തിൽ കേന്ദ്രീകൃതമായ പ്രകൃതത്തെ അംഗീകരിക്കുകയാണ് (അതാ. "ഞാൻ യേശുവിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടവനാണ്" അല്ലെങ്കിൽ "പൗലൊസിന്റെ," ഒ.നോ. 1 കൊരി. 1:17). യേശു തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ സ്നാനപ്പെടുത്തുകയും പിന്നീട് നിർത്തുകയും ചെയ്തിരിക്കാനാണു സാധ്യത (ഒ.നോ. 3:22). പരീശന്മാരുടെ വ്യാജപ്രസ്താവനയെ യോഹന്നാൻ തിരുത്തുകയാണ്.

**4:3 "അവൻ യെഹൂദ്യദേശം വിട്ടു പിന്നെയും ഗലീലെക്കു യാത്രയായി"** യേശുവിന്റെ ഭൂമിശാസ്ത്രപരമായ നീക്കങ്ങൾ സൂചിപ്പിക്കാൻ രണ്ട് ഭൂതകാല കർത്തരി ക്രിയകൾ ഉപയോഗിച്ചിരിക്കുന്നു.

**4:4 "അവൻ ശമര്യയിൽ കൂടി കടന്നുപോകേണ്ടി വന്നു"** "...കേണ്ടി വന്നു" എന്നത് ഗ്രീക്കു ക്രിയയായ *ഡേയി* (*δεί*) ആണ്. ഈ സന്ദർഭത്തിൽ അത് അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. (ഒ.നോ. 3:7, 14, 30). അതു സാധാരണയായി "കൂടിയേ കഴിയൂ," "ആവശ്യമാണ്" എന്നിങ്ങനെ തർജ്ജമ ചെയ്യപ്പെടുന്നു. യേശു ഈ വഴി തിരഞ്ഞെടുത്തതിനു പിന്നിൽ ദൈവികോദ്ദേശ്യമുണ്ട്. അത് ഏറ്റവും ദൈർഘ്യം കുറഞ്ഞ വഴിയാണ്; ഗലീലയിൽ നിന്നുള്ള യെഹൂദന്മാർ ഈ വഴിയാണുപയോഗിച്ചിരുന്നതെന്ന് ജൊസീഫസ് പറയുന്നു. എന്നാൽ യെഹൂദ്യയിലെ യെഹൂദന്മാർ ശമര്യരെ അവർ സമ്മിശ്രജാതി എന്ന നിലയിൽ വെറുത്തിരുന്നതിനാൽ അവരുടെ ദേശത്തുകൂടി സഞ്ചരിക്കുമായിരുന്നില്ല.

## പ്രത്യേക പഠനവിഷയം: വംശീയത

I. ആമുഖം
   A. വീണുപോയ മനുഷ്യവർഗ്ഗം തന്റെ സമൂഹത്തിനുള്ളിൽ സാർവ്വലൗകികവമായി പ്രകടിപ്പിക്കുന്നതാണിത്. അനേക നിലകളിൽ ഒരു ആധുനിക പ്രതിഭാസമാണ് വംശീയത. എന്നാൽ ദേശീയത (അഥവാ ഗോത്രപരത) കൂടുതൽ പുരാതനമാണ്.
   B. ദേശീയ ബാബേലിലാണാരംഭിച്ചത് (ഉല്പത്തി 11), വംശങ്ങൾ ഉരുത്തിരിഞ്ഞ നോഹയുടെ മൂന്നു പുത്രന്മാരോടു ബന്ധപ്പെട്ടാണ് അത് ആദ്യം ഉളവായത് (ഉല്പത്തി 10). എന്നാൽ മനുഷ്യവർഗ്ഗം ഒരൊറ്റ ഉറവിടത്തിൽ നിന്നാണുണ്ടായതെന്ന് തിരുവചനം വ്യക്തമാക്കുന്നു (ഒ.നോ. ഉല്പ. 1–3; പ്രവൃ. 17:24–26).
   C. വംശീയത അനേക മുൻവിധികളിൽ ഒന്നു മാത്രമാണ്. മറ്റുള്ളവയിൽ ചിലത് (1) വിദ്യാഭ്യാസ ഗർവ്വ്; (2) സാമൂഹിക സാമ്പത്തിക അഹന്ത; (3) സ്വയനീതിയുടെ മതനിയമവാദം; (4) കർക്കശ രാഷ്ട്രീയ ചായ്വുകൾ.

II. വേദപുസ്തക വീക്ഷണം
   A. പഴയനിയമം
      1. ഉല്പത്തി 1:27 – മനുഷ്യവർഗ്ഗം, ആണും പെണ്ണുമായി ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടു. അതാണവരെ അതുല്യരാക്കിയത്. അത് ഓരോരുത്തർക്കുമുള്ള വിലയും മാന്യതയും കാണിക്കുന്നു (ഒ.നോ. യോഹ. 3:16).
      2. ഉല്പത്തി 1:11–25 – "അതതു തരം" എന്ന പ്രയോഗം പത്തു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. വംശീയ വേർതിരിവിനെ പിന്തുണയ്ക്കുവാൻ ഈ വാക്യം ഉപയോഗിക്കാറുണ്ട്. എന്നാൽ സന്ദർഭത്തിൽ നിന്നും മനസ്സിലാകുന്നത് ഇതു മൃഗങ്ങൾക്കും സസ്യങ്ങൾക്കുമാണ് മനുഷ്യർക്കല്ല ഉപയോഗിച്ചിരിക്കുന്നതെന്നാണ്.
      3. ഉല്പത്തി 9:18–27 – വംശീയ മേധാവിത്വത്തെ പിന്തണയ്ക്കുവാൻ ഇതുപയോഗിച്ചിട്ടുണ്ട്. എന്നാൽ ദൈവം കനാനെ ശപിച്ചില്ല എന്ന കാര്യം ഓർക്കേണ്ടതാണ്. അവന്റെ പിതാമഹനായ നോഹയാണ്, ലഹരി വിട്ടുണർന്നശേഷം അവനെ ശപിച്ചത്. അവന്റെ ആണയെ/ശാപത്തെ ദൈവം ഉറപ്പിച്ചതായി ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. അവനങ്ങനെ ചെയ്തെങ്കിൽ പോലും അത് കറുത്ത വർഗ്ഗക്കാരെ സ്വാധീനിച്ചിട്ടില്ല. കനാൻ പലസ്തീനിലെ നിവാസികളുടെ പിതാവായിരുന്നു; ഈജിപ്തിലെ ചുവർചിത്രങ്ങൾ അവർ കറുത്തവരെല്ലെന്നും തെളിയിക്കുന്നു.
      4. യോശുവ 9:23 – ഒരു വംശം മറ്റൊരു വംശത്തെ സേവിക്കുമെന്നു തെളിയിക്കാൻ ഇതുപയോഗിക്കുന്നു. എങ്കിലും സന്ദർഭത്തിനനുസരിച്ച്, ഗിബെയോന്യർ യെഹൂദന്മാരുടെ അതേ വംശത്തിൽ പെട്ടവരാണെന്നു മനസ്സിലാക്കാം.
      5. എസ്രാ 9–10; നെഹെ. 13 – ഇവ പലപ്പോഴും വംശീയ അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുണ്ടെങ്കിലും സന്ദർഭം വ്യക്തമാക്കുന്നത് വിവാഹം നിഷിദ്ധമായിരിക്കുന്നത് വംശീയ കാരണങ്ങളാ

ലല്ല (അവരും നോഹയുടെ അതേ പുത്രന്റെ സന്തതികളാണ്, ഉല്പത്തി 10), മറിച്ച് മതപരമായ കാരണങ്ങളാലാണെന്നാണ്.

B. പുതിയ നിയമം

1. സുവിശേഷങ്ങൾ

a. യേശു അനേക സന്ദർഭങ്ങളിൽ യെഹൂദന്മാരും ശമര്യരും തമ്മിലുള്ള വംശീയ വിദ്വേഷത്തെ ഉപയോഗിച്ചിട്ടുണ്ട്. വംശീയ വിദ്വേഷം അനാവശ്യമാണെന്നാണ് ഇതിനർത്ഥം.

(1) നല്ല ശമര്യക്കാരന്റെ ഉപമ (ലൂക്കൊ. 10:25-37).

(2) കിണറ്റിങ്കലെ സ്ത്രീ (യോഹ. 4)

(3) നന്ദിയുള്ള കുഷ്ഠരോഗി (ലൂക്കൊ. 17:7-19)

b. സുവിശേഷ സകല മാനവജാതിക്കും വേണ്ടി

(1) യോഹന്നാൻ 3:16

(2) ലൂക്കൊസ് 24:46-47

(3) എബ്രായർ 2:9

(4) വെളിപ്പാട് 14:6

c. ദൈവരാജ്യത്തിൽ സകലമനുഷ്യരും ഉൾപ്പെടും

(1) ലൂക്കൊ. 13:29

(2) വെളിപ്പാട് 5

2. അപ്പൊസ്തല പ്രവൃത്തികൾ

a. ദൈവത്തിന്റെ സാർവ്വലൗകിക സ്നേഹത്തെയും സുവിശേഷത്തിന്റെ സാർവ്വലൗകിക സന്ദേശത്തെയും കുറിച്ചുള്ള വ്യക്തമായ വേദഭാഗമാണ് പ്രവൃത്തികൾ 10.

b. പ്രവൃത്തി. 11 ൽ പത്രൊസിന്റെ പ്രവൃത്തികൾ എതിർക്കപ്പെട്ടുവെങ്കിലും പ്രവൃ. 15 ലെ യെരുശലേം കൗൺസിൽ വരെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടില്ല. ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരും ജാതികളും തമ്മിലുള്ള സംഘർഷം വളരെ കടുത്തതായിരുന്നു.

3. പൗലൊസ്

a. ക്രിസ്തുവിൽ അതിർവരമ്പുകളില്ല

(1) ഗലാ. 3:26-28

(2) എഫെ. 2:11-22

(3) കൊലൊ. 3:11

b. ദൈവത്തിനു മുഖപക്ഷമില്ല

(1) റോമർ 2:11

(2) എഫെസ്യർ 6:9

4. പത്രൊസും യാക്കോബും

a. ദൈവത്തിനു മുഖപക്ഷമില്ല, 1 പത്രൊ. 1:17

b. ദൈവത്തിന് മുഖപക്ഷമില്ലാത്തതിനാൽ അവന്റെ ജനവും മുഖപക്ഷം കാണിക്കരുത്, യാക്കോബ് 2:1

5. യോഹന്നാൻ

a. വിശ്വാസികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച ഏറ്റവും ശക്തമായ പ്രസ്താവനകളിലൊന്ന് 1 യോഹ. 4:20 ൽ കാണുന്നു.

III. ഉപസംഹാരം

A. വംശീയത അല്ലെങ്കിൽ ഏതു വിധത്തിലുള്ള മുൻവിധികളും ദൈവമക്കൾക്കും ഒട്ടും തന്നെ അനുയോജ്യമല്ല. 1964 ൽ ക്രിസ്ത്യൻ ലൈഫ് കമ്മീഷനുവേണ്ടി ന്യൂ മെക്സിക്കോയിലെ ഗ്ലോറിയെറ്റയിൽ ഹെൻലി ബാർനെറ്റ് ചെയ്ത പ്രസംഗത്തിൽ നിന്നുമുള്ള ഒരു ഉദ്ധരണി ഇതാ.

"വംശീയത ദുരുപദേശമാണ്, കാരണം അതു വേദപുസ്തകത്തിനു നിരക്കാത്തതും അക്രൈസ്തവവും ആണ്. അശാസ്ത്രീയമാണെന്ന കാര്യം പറയുകയും വേണ്ട."

B. ഈ പ്രശ്നം ക്രിസ്ത്യാനികൾക്ക്, നഷ്ടപ്പെട്ട ലോകത്തോടുള്ള തങ്ങളുടെ ക്രിസ്തുതുല്യമായ സ്നേഹവും ക്ഷമയും തിരിച്ചറിവും വെളിപ്പെടുത്തുവാൻ അവസരം നൽകുന്നു. ഈ വിഷയത്തിലുള്ള ക്രിസ്തീയ വിസമ്മതം അവരുടെ പക്വതയില്ലായ്മയെ വെളിപ്പെടുത്തുകയും വിശ്വാസിയുടെ വിശ്വാസം, ഉറപ്പ്, വളർച്ച എന്നിവയെ മുരടിപ്പിച്ചുകളയുവാൻ ദുഷ്ടന് അവസരം നൽകുകയും ചെയ്യുന്നു. നഷ്ടപ്പെട്ടവർ ക്രിസ്തുവിലേക്കു വരുന്നതിന് അതു തടസ്സമായി നിൽക്കുന്നു.

C. എനിക്കെന്തു ചെയ്യാൻ കഴിയും? (ഈ ഭാഗം "വംശീയ ബന്ധങ്ങൾ" എന്ന പേരിൽ ക്രിസ്ത്യൻ ലൈഫ് കമ്മീഷൻ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ നിന്നും എടുത്തിട്ടുള്ളതാണ്).

**"വ്യക്തിപരമായ നിലയിൽ"**

★ വംശീയ വിഷയം പരിഹരിക്കുന്നതിനോടുള്ള ബന്ധത്തിൽ നിങ്ങളുടെ ഉത്തരവാദിത്തം അംഗീകരിക്കുക.

★ മറ്റു വംശത്തിൽ പെട്ടവരോടു ചേർന്ന് പ്രാർത്ഥിക്കുകയും വചനം പഠിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യുന്നതിലൂടെ നിങ്ങളുടെ വംശീയ മുൻവിധി ഒഴിവാക്കാൻ ഉത്സാഹിക്കുക.

★ വംശീയ വിദ്വേശം ജ്വലിപ്പിക്കുന്നവരോടു പ്രത്യേകിച്ചും നിങ്ങളുടെ വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്തുക.

**"കുടുംബജീവിതത്തിൽ"**

★ മറ്റു വംശക്കാരോടുള്ള മനോഭാവം വികസിപ്പിക്കുന്നതിൽ കുടുംബസ്വാധീനത്തിന്റെ പ്രാധാന്യം തിരിച്ചറിയുക.

★ വീടിനു വെളിയിൽ കേൾക്കുന്ന വംശീയ വിഷയങ്ങളെക്കുറിച്ചു മക്കളും മാതാപിതാക്കളുമായി സംസാരിക്കുന്നതിലൂടെ ക്രിസ്തീയ മനോഭാവം വികസിപ്പിക്കുവാൻ ശ്രമിക്കുക.

★ മറ്റു വംശങ്ങളിൽ പെട്ട ആളുകളോടുള്ള ബന്ധത്തിൽ ക്രിസ്തീയ മാതൃക കാണിക്കുവാൻ മാതാപിതാക്കൾ ശ്രദ്ധാലുക്കളായിരിക്കണം.

★ വംശീയ രേഖകൾക്കപ്പുറത്തേക്ക് കുടുംബസൗഹൃദം നീട്ടുന്നതിനുള്ള അവസരങ്ങൾ തേടുക.

**"നിങ്ങളുടെ സഭയിൽ"**

★ വംശീയതയോടു ബന്ധപ്പെട്ട വേദപുസ്തക സത്യങ്ങൾ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിലൂടെ മുഴുവൻ സമൂഹത്തിനും മാതൃകയായിരിപ്പാൻ സഭയെ പ്രചോദിപ്പിക്കുവാൻ കഴിയും.

★ സഭയിലൂടെയുള്ള ആരാധന, കൂട്ടായ്മ, ശുശ്രൂഷകൾ എന്നിവ സകലർക്കും സംബന്ധിക്കാവുന്നതായിരിക്കണം; പുതിയനിയമ സഭകളിൽ വംശീയ അതിർവരമ്പുകൾ ഇല്ലായിരുന്നു (എഫെ. 2:11-12; ഗലാ. 3:26-29).

**"ദൈനംദിന ജീവിതത്തിൽ"**

★ തൊഴിൽ മേഖലയിൽ വംശീയ വേർതിരിവ് ഇല്ലാതാക്കുവാൻ സഹായിക്കുക.

★ തുല്യ അവകാശവും അവസരങ്ങളും ഉറപ്പാക്കുന്നതിന് എല്ലാത്തരത്തിലുമുള്ള സാമൂഹിക സംഘടനകളിലൂടെ പ്രവർത്തിക്കുക. ഓർമ്മിക്കുക, ആളുകളെയല്ല ആക്രമിക്കേണ്ടത്, വംശീയ പ്രശ്നത്തെയാണ്. പരസ്പരം മനസ്സിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം, കൈപ്പ് സൃഷ്ടിക്കുന്നതായിരിക്കരുത്.

★ ബുദ്ധിപരമെന്നു തോന്നിയാൽ പൊതുജനത്തിന്റെ വിദ്യാഭ്യാസത്തിനായും വംശീയ സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾക്കുവേണ്ടിയും സമൂഹത്തിൽ അഭിപ്രായ സമന്വയം ഉളവാക്കുക എന്ന ഉദ്ദേശ്യത്തോടെ താല്പര്യമുള്ള പൗരന്മാരുടെ ഒരു പ്രത്യേക കമ്മറ്റി രൂപീകരിക്കുക.

★ വംശീയ നീതിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമങ്ങൾ പാസ്സാക്കുന്നതിനായി നിയമനിർമ്മാണ സഭയെയും നിയമസഭാ സാമാജികരെയും പിന്തുണയ്ക്കുകയും രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി മുൻവിധിയെ ചൂഷണം ചെയ്യുന്നവരെ എതിർക്കുകയും ചെയ്യുക.

★ വിവേചനം കൂടാതെ നിയമം നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരെ അഭിനന്ദിക്കുക.

★ അതിക്രമത്തെ അപലപിക്കുകയും നിയമത്തെ മാനിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക; നിയമ സംവിധാനങ്ങൾ വിവേചനത്തെ പ്രോത്സാഹിപ്പിക്കുന്നവരുടെ കയ്യിലെ ഉപകരണങ്ങളായി തീരാതിരിക്കുവാൻ ഒരു ക്രിസ്തീയ പൗരനെന്ന നിലയിൽ സാധ്യമായതെല്ലാം ചെയ്യുക.

★ സകല മാനുഷിക ബന്ധങ്ങളിലും ക്രിസ്തുവിന്റെ ആത്മാവും മനസ്സും വെളിപ്പെടുത്തുക.

▣ **"ശമര്യയിൽ കൂടി"** ശമര്യരും യെഹൂദന്മാരും തമ്മിൽ ബി.സി. 8-ാം നൂറ്റാണ്ടുമുതൽ നിലനില്ക്കുന്ന കടുത്ത പകയുണ്ട്. ബി.സി. 722-ൽ ശമര്യ തലസ്ഥാനമായുള്ള 10 വടക്കെ ഗോത്രങ്ങളെ അശ്ശൂർ കീഴടക്കുകയും ജനത്തെ മേദ്യയിലേക്കു പിടിച്ചുകൊണ്ടുപോകുകയും ചെയ്തു (ഒ.നോ. 2 രാജാ. 17:6). അവർ കീഴടക്കിയ മറ്റ് ആളുകളെ വടക്കെ പലസ്തീനിലേക്കു മാറ്റി പാർപ്പിച്ചു (ഒ. നോ. 2 രാജാ. 17:24). വർഷങ്ങൾ കഴിഞ്ഞതോടെ ഈ ജാതികൾ യിസ്രായേൽ ജനത്തിൽ ശേഷിച്ചവരുമായി വിവാഹ ബന്ധത്തിലേർപ്പെട്ടു. ശമര്യയിലെ സമ്മിശ്ര ജാതികളുടെ മതത്തെ ദുരുപദേശമായിട്ടാണ് യെഹൂദന്മാർ കരുതുന്നത് (ഒ.നോ. എസ്രാ 4:1-4). ഇതാണ് വാ. 9 ന്റെ പശ്ചാത്തലം.

4:5 **"സുഖാർ എന്നൊരു ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിന്നു കൊടുത്ത നിലത്തിന്നരികെ"** (ഒ.നോ. ഉല്പ. 33:18,19; യോശു. 24:32). സുഖാർ ശെഖേമാണെന്ന് അനേകർ ചിന്തിക്കുന്നു. എങ്കിലും. പുതിയ നിയമം ഇക്കാര്യം വ്യക്തമാക്കുന്നില്ല.

4:6 **"അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു"** ഇത് യഥാർത്ഥത്തിൽ 100 അടി ആഴമുള്ള കുഴിച്ച കിണറായിരുന്നു. ഇതിൽ ഉറവുവെള്ളമല്ല, ശേഖരിച്ച മഴവെള്ളമാണുണ്ടായിരുന്നത്. പഴയ നിയമത്തിൽ ഇതിനെക്കുറിച്ചു പരാമർശമില്ലെങ്കിലും ഈ പേര് ഇതിനെ ഗോത്രപിതാക്കന്മാരുടെ പാരമ്പര്യത്തോടു ബന്ധിപ്പിക്കുന്നു.

▣ **"യേശു വഴി നടന്നു ക്ഷീണിച്ചിട്ട്"** യേശുവിന്റെ മാനുഷിക പ്രകൃതം ഇവിടെ നാം വ്യക്തമായി കാണുന്നു (ഒ.നോ ലൂക്കൊ. 2:52). എങ്കിലും ആളുകളെ സ്നേഹിക്കാൻ കഴിയാതെവണ്ണം അവൻ ഒരിക്കലും ക്ഷീണിച്ചിരുന്നില്ല!

▣
**NASB, NKJV,**
**JB** **"അപ്പോൾ ഏകദേശം ആറാം മണി നേരമായിരുന്നു"**
**NRSV, TEV** **"അപ്പോൾ ഏകദേശം ഉച്ചയായിരുന്നു"**

യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഉപയോഗിക്കുന്ന സമയം കണക്കാക്കുന്ന രീതി സംബന്ധിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. അവൻ യെഹൂദ സമയമാണുപയോഗിക്കുന്നതെന്നു ചിലരും റോമൻ സമയമാണെന്നു മറ്റു ചിലരും വാദിക്കുന്നു. യെഹൂദ സമയം രാവിലെ 6 മണിക്ക് (റോമൻ സമയം ഉച്ചയ്ക്ക്) ആരംഭിക്കുന്നു. അതിനാൽ യോശു കിണററികെ എത്തിയത് ഏറ്റവും ചൂടുള്ള സമയമായ ഉച്ചയ്ക്ക് ആയിരിക്കണം.

**യോഹന്നാൻ 4:7-14**

**7ഒരു ശമര്യസ്ത്രീ വെള്ളം കോരുവാൻ വന്നു; യേശു അവളോടു: എനിക്കു കുടിപ്പാൻ തരുമോ എന്നു ചോദിച്ചു. 8അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു. 9ശമര്യസ്ത്രീ അവനോടു: നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു. യെഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല. 10അതിനു യേശു: നീ ദൈവത്തിന്റെ ദാനവും, നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ, നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നു ഉത്തരം പറഞ്ഞു. 11സ്ത്രീ അവനോടു: യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ; കിണർ ആഴമുള്ളതാകുന്നു; 12പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെനിന്നു? നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണർ ഞങ്ങൾക്കു തന്നത്; അവനും അവന്റെ മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു എന്നു പറഞ്ഞു. 13യേശു അവളോടു: ഈ വെള്ളം കുടിക്കുന്നവന്നു എല്ലാം പിന്നെയും ദാഹിക്കും. 14ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും എന്ന് ഉത്തരം പറഞ്ഞു.**

**4:7 "ഒരു ശമര്യാ സ്ത്രീ ... വന്നു"** ഈ അസാധാരണ സമയത്ത് ദൂരെയുള്ള കിണറ്റിൽ ഏകയായി ഈ സ്ത്രീ വെള്ളം കോരുവാൻ വന്നതിന്റെ കാരണം ഗ്രാമത്തിലുള്ള അവളുടെ സാമൂഹിക സ്ഥാനമായിരുന്നു.

▣ **"എനിക്കു കുടിപ്പാൻ തരുമോ"** അടിയന്തിര സ്ഥിതിയുടെ ധ്വനിയുള്ള സാമാന്യ കർത്തരി കല്പനാ വാചകമാണിത്.

**4:8** യെഹൂദാമതത്തിലെ ദുരുപദേശ വിഭാഗത്തിൽപെട്ട ഭ്രഷ്ടയായ ഈ സ്ത്രീയുമായുള്ള യേശുവിന്റെ സ്വകാര്യ സംഭാഷണത്തിന് ഈ വാക്യം വേദിയൊരുക്കുന്നു. ഇതു യോഹന്നാൻഇടയ്ക്കു ചേർത്ത മറ്റൊരു കുറിപ്പാണ്.

**4:9 "നീ യെഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങനെ"** ശമര്യക്കാർ കുടിക്കുന്ന അതേ പാത്രത്തിൽ നിന്നും കുടിക്കുവാൻ പോലും യെഹൂദന്മാർക്കു അനുവാദമില്ലായിരുന്നു (ഒ.നോ. ലേവ്യ. 15). യേശു രണ്ടു സാംസ്കാരിക വേലിക്കെട്ടുകളെ അവഗണിച്ചു: (1) ശമര്യക്കാരത്തിയോടു സംസാരിക്കുന്നത്; (2) ഒരു സ്ത്രീയോടു പരസ്യമായി സംസാരിക്കുന്നത്.

▣ **"യെഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല"** "യോഹന്നാന്റെ മറ്റൊരു വിശദീകരണ കുറിപ്പായി ഈ ഇടയ്ക്കു ചേർത്ത ഭാഗം കയ്യെഴുത്തു പ്രതികളായ א*, D എന്നിവയിൽ ഇല്ല, എന്നാൽ P 63, 66, 75, 76, א1, A, B, C, L എന്നിവയിലുണ്ട്. UBS4 അതിന് "A" റേറ്റിംഗ് (ഉറപ്പായത്) നൽകുന്നു.

**4:10 "എങ്കിൽ"** "വസ്തുതയ്ക്ക് വിപരീതമായി" എന്നു വിളിക്കപ്പെടുന്ന രണ്ടാം തരം സോപാധിക വാചകമാണിത്. തെറ്റായ ഒരു നിഗമനത്തെ എടുത്തു കാണിക്കുന്നതിനായി തെറ്റായ ഒരു പ്രസ്താവന നടത്തുന്നു.

യോഹന്നാന്റെ സുവിശേഷത്തിൽ "ദാനം" എന്ന പദത്തിന്റെ ഏക ഉപയോഗമാണിത്. ഇവിടെ ഇത്, നിത്യജീവന്റെ ദാതാവായ യേശു എന്ന ദൈവിക ദാനത്തെ സൂചിപ്പിക്കുന്നു (ഒ.നോ. 3:16), യോഹ. 7:38-39 ലും അപ്പൊസ്തല പ്രവൃത്തികളിലും അത് പരിശുദ്ധാത്മാവിനെ കുറിക്കുന്നു (ഒ.നോ. പ്രവൃ. 2:38; 8:20; 10:45; 11:17). ക്രിസ്തുവിലും പരിശുദ്ധാത്മാവിലും വെളിപ്പെട്ട, അർഹതയില്ലാത്തവർക്ക ലഭിക്കുന്ന സൗജന്യ ദൈവകൃപയെയാണിതു കാണിക്കുന്നത്.

▣ **"ജീവനുള്ള വെള്ളം"** ഈ പദത്തിന് ഒരു പഴയനിയമ സാദൃശ്യ പശ്ചാത്തലമുണ്ട് (ഒ.നോ. സങ്കീ. 36:9; യെശ. 12:3; 44:3; യിരെ. 2:13; 17:13; സെഖ. 14:8). യേശു "ജീവനുള്ള വെള്ളം" എന്ന പദം "ആത്മീയ ജീവിതം" എന്നതിന്റെ പര്യായമായിട്ടാണുപയോഗിച്ചത്. എന്നിരുന്നാലും ശമര്യാസ്ത്രീ വിചാരിച്ചത് കിണറ്റിലെ മഴവെള്ളത്തിനുപകരം ഉറവുവെള്ളത്തെക്കുറിച്ചാണവൻ പറഞ്ഞതെന്നാണ്. ലോകത്തിന്റെ വെളിച്ചമായ യേശു കൂടെക്കൂടെ തെറ്റിദ്ധരിക്കപ്പെടുന്നത് യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് (അതാ. നിക്കോദേമൊസ്). വീണുപോയ ഭൗമിക മണ്ഡലത്തിന് സ്വർഗ്ഗീയ മണ്ഡലത്തെ (അതാ. യേശുവിന്റെ സന്ദേശത്തെ) ഗ്രഹിക്കാൻ

കഴിയുകയില്ല.

**4:11 "യജമാനനേ"** ഗ്രീക്കുപദമായ *കുറിയൂസ്* ന്റെ ചുരുക്കരൂപമായ *കൂറി* ആണിത്. ബഹുമാന സൂചകമായ സംബോധനയായോ (സർ) ദൈവശാസ്ത്രപരമായ സൂചനയായോ (കർത്താവ്) - വാ. 1 ലും റോമ. 10:13 ലും കാണുന്ന നിലയിൽ യേശുവിന്റെ പൂർണ്ണ ദൈവത്വത്തെ അംഗീകരിക്കുന്ന നിലയിൽ - ആകാമിത്. ഇവിടെയിത് ബഹുമാനക സൂചക സംബോധനയാണ്.

**4:12 "നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ"** വ്യാകരണം "അല്ല" എന്ന ഉത്തരമാണു പ്രതീക്ഷിക്കുന്നത്. ഇതു വ്യക്തമായും ഒരു വിരോധാഭാസ പ്രസ്താവനയാണ്. ശമര്യാസ്ത്രീ എഫ്രയീമിലൂടെയും മനശ്ശെയിലൂടെയും യാക്കോബിൽ തങ്ങളുടെ വേരു തേടിക്കൊണ്ട് തങ്ങളുടെ വംശത്തിന്റെ ശ്രേഷ്ഠത അവകാശപ്പെടുന്നു. വിസ്മയകരമായ വസ്തുത, യേശു തന്റെ സ്വന്തം ശ്രേഷ്ഠതയാണ് അവകാശപ്പെടുന്നത് എന്നതാണ്!

ഈ സംഭാഷണം രണ്ടു ദൈവശാസ്ത്ര വിഷയങ്ങളെ സ്പർശിക്കുന്നു.

1. ഭ്രഷ്ടരോടുള്ള ദൈവത്തിന്റെ/യേശുവിന്റെ സ്നേഹം (അതാ. ശമര്യക്കാർ, സ്ത്രീകൾ)
2. യെഹൂദ മതത്തിന്റെയും വംശീയ ഗർവിന്റെയും മുകളിൽ യേശുവിന്റെ ഔന്നത്യം

**4:13-14 "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല"** ഇതിന് മശിഹൈക സൂചനകൾ ഉണ്ടായിരിക്കാൻ സാധ്യതയുണ്ട് (ഒ.നോ. യെശ. 12:3; 48:21; 49:10). ഈ വാചകം ശക്തമായ ഇരട്ട നിഷേധമാണ്. ക്രിയാകാലങ്ങൾ ഉപയോഗിച്ചുള്ള കളിയാണിത്. വാ. 13 ലെ വർത്തമാനകാല കർത്തരി സൂചകം വീണ്ടും വീണ്ടും കുടിക്കുന്നതിനെ സൂചിപ്പിക്കുമ്പോൾ, വാ. 14 ലെ സാമാന്യ കർത്തരി അനുബന്ധം ഒറ്റത്തവണ കുടിക്കുന്നതിനെ സൂചിപ്പിക്കുന്നു.

**4:14 "നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും"** "തുടർമാനമായി കുതിച്ചുയരുന്നു" എന്നർത്ഥം (ഒ.നോ. യെശ. 58:11; യോഹ. 7:38). മരുഭൂമി വാസികളെ സംബന്ധിച്ച് വെള്ളം ജീവന്റെയും ദൈവിക കരുതലിന്റെയും അടയാളമാണ്.

## യോഹന്നാൻ 4:15-26

**15സ്ത്രീ അവനോട്: യജമാനനേ, എനിക്കു ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടെത്തോളം**
**വരാതെയുമിരിക്കേണ്ടതിന്, ആ വെള്ളം എനിക്കു തരണം എന്നു പറഞ്ഞു. 16യേശു അവളോട്: പോയി**
**ഭർത്താവിനെ വിളിച്ചുകൊണ്ടുവരിക എന്നു പറഞ്ഞു. 17എനിക്കു ഭർത്താവ് ഇല്ല എന്നു സ്ത്രീ അവനോട്**
**ഉത്തരം പറഞ്ഞതിന്നു: എനിക്കു ഭർത്താവ് ഇല്ല എന്നു നീ പറഞ്ഞതു ശരി. 18അഞ്ചു ഭർത്താക്കന്മാർ**
**നിനക്ക് ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നേ എന്നു യേശു**
**പറഞ്ഞു. 19സ്ത്രീ അവനോട്: യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. 20ഞങ്ങളുടെ പിതാക്ക**
**ന്മാർ ഈ മലയിൽ നമസ്കരിച്ചുവന്നു; നമസ്കരിക്കേണ്ടുന്ന സ്ഥലം യെരൂശലേമിൽ ആകുന്നു എന്നു**
**നിങ്ങൾ പറയുന്നു എന്നു പറഞ്ഞു. 21യേശു അവളോട് പറഞ്ഞത്: സ്ത്രീയേ, എന്റെ വാക്കു വിശ്വസി**
**ക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല, യെരൂശലേമിലും അല്ല എന്നുള്ള**
**നാഴിക വരുന്നു. 22നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരി**
**ക്കുന്നു; രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. 23സത്യനമസ്കാരികൾ പിതാവിനെ ആത്മാ**
**വിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കു**
**ന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവ് ഇച്ഛിക്കുന്നു. 24ദൈവം ആത്മാവ് ആകുന്നു;**
**അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം. 25സ്ത്രീ അവനോട്: മശീഹാ**
**- എന്നുവച്ചാൽ ക്രിസ്തു - വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചു**
**തരും എന്നു പറഞ്ഞു. 26യേശു അവളോട്: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ മശീഹാ എന്നു**
**പറഞ്ഞു.**

**4:15** സ്ത്രീ, നിക്കോദേമൊസിനെപ്പോലെ, ഇപ്പോഴും യേശുവിനെ ഭൗതികതലത്തിൽ (ആക്ഷരികമായി) ആണ് മനസ്സിലാക്കുന്നത്. ശിഷ്യന്മാരുടെ കാര്യത്തിലും ഇത് അസാധാരണമായിരുന്നില്ല. അവർ പലപ്പോഴും അവന്റെ ആലങ്കാരിക ഭാഷ ഉൾക്കൊള്ളാൻ കഴിയാതെ അവന്റെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ചിരുന്നു (ഒ.നോ. യോഹ. 4:31; 11:11-13).

**4:16** USB⁴ "യേശു" എന്ന പേര് ഇവിടെ ചേർക്കാനുള്ള സാധ്യതപോലും ഉന്നയിക്കുന്നില്ല (ഒ.നോ. NKJV, NRSV, NJB, REB). NET Bible അത് ഉൾപ്പെടുത്തുന്നതിനുള്ള കയ്യെഴുത്തു പ്രതികളുടെ തെളിവുകൾ നൽകുന്നു (പേ. 1903, അതാ. א*, A, C², D, L, W; എന്നാൽ P⁶⁶·⁷⁵, B, C എന്നിവയിൽ കാണുന്നില്ല). പാഠം കൂടുതൽ വ്യക്തമാകുന്നതിനും മനസ്സിലാകുന്നതിനുമായി പകർപ്പെഴുത്തുകാർ ചേർത്തതായിരിക്കണം.

▣ **"പോയി വിളിച്ചുകൊണ്ടുവരിക"** ഇതൊരു വർത്തമാനകാല കല്പനയും അതിനെ തുടർന്നു വരുന്ന സാമാന്യ കർത്തരി കല്പനയുമാണ്.

**4:17 "എനിക്കു ഭർത്താവു ഇല്ല"** പാപത്തെ അഭിമുഖീകരിക്കേണ്ടതാണ്. യേശു നിന്ദിക്കുന്നില്ല, എന്നാൽ കുറ്റപ്പെടുത്താതിരിക്കുന്നുമില്ല.

**4:18 "അഞ്ചു ഭർത്താക്കന്മാർ നിനക്കു ഉണ്ടായിരുന്നു"** സ്ത്രീയെ ഭൗതിക തലത്തിൽ നിന്നുയർത്തി ആത്മിക തലത്തിലേക്കു കൊണ്ടുവരുന്നതിനായി യേശു അമാനുഷിക ജ്ഞാനം ഉപയോഗിക്കുന്നു (ഒ.നോ. 1:48).

**4:19 "നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു"** സ്ത്രീ ഇതുവരെയും മശിഹൈക ജ്ഞാനത്തിലേക്കു വന്നില്ല. അഭിനന്ദനം ഉപയോഗിച്ച് (നിക്കോദേമൊസിനെപ്പോലെ, 3:2) ദൈവവുമായുള്ള ബന്ധം എന്ന മുഖ്യവിഷയത്തിൽനിന്നും അകന്നുമാറുവാൻ അവൾ ശ്രമിക്കുകയായിരുന്നു.

മറ്റു വ്യാഖ്യാതാക്കൾ ഇത് ആവ. 18:15-22 ൽ നിന്നുള്ള ഒരു മശിഹൈക പരാമർശമായി കാണുന്നു.

# പ്രത്യേക പഠനവിഷയം: പഴയനിയമ പ്രവചനം

**I. മുഖവുര**

A. പ്രാരംഭ പ്രസ്താവനകൾ

1. പ്രവചനം എങ്ങനെ വ്യാഖ്യാനിക്കണമെന്നതിനെ സംബന്ധിച്ച് വിശ്വാസസമൂഹം ഐക്യതയുള്ളവരല്ല. ഇതര വിഷയങ്ങളിൽ, നൂറ്റാണ്ടുകളിലൂടെ ഒരു യാഥാസ്ഥിതിക നിലപാട് എന്ന നിലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇതങ്ങനെയല്ല.
2. പഴയനിയമ പ്രവചനത്തിന് ശരിയായി നിർവചിക്കപ്പെട്ടിട്ടുള്ള അനേക ഘട്ടങ്ങളുണ്ട്.

a. രാജഭരണത്തിനു മുമ്പ്

(1) പ്രവാചകരെന്നു വിളിക്കപ്പെട്ട വ്യക്തികൾ

(a) അബ്രഹാം - ഉല്പ. 20:7

(b) മോശെ - സംഖ്യ. 12:6-8; ആവ. 18:15; 34:10

(c) അഹരോൻ - പുറ. 7:1 (മോശെയുടെ വക്താവ്)

(d) മിര്യാം - പുറ. 15:20

(e) മേദാദും എൽദാദും - സംഖ്യ. 11:24-30

(f) ദെബോര - ന്യായാ. 4:4

(g) പേരു സൂചിപ്പിക്കാത്തയാൾ - ന്യായാ. 6:7-10

(h) ശമൂവേൽ - 1 ശമൂ. 3:20

(2) പ്രവാചക സമൂഹത്തെക്കുറിച്ചുള്ള പരാമർശം - ആവ. 13:1-5; 18:20-22

(3) പ്രവാചക ശിഷ്യന്മാർ അഥവാ സമൂഹം - 1 ശമൂ. 10:5-13; 19:20; 1 രാജാ. 20:35,41; 22:6,10-13; 2 രാജാ. 2:3,7; 4:1,38; 5:22; 6:1 ആദി.

(4) മശിഹാ പ്രവാചകനെന്നു വിളിക്കപ്പെട്ടു - ആവ. 18:15-18

b. എഴുത്തുകാരല്ലാത്ത രാജകീയ പ്രവാചകന്മാർ (രാജാവിനോടു ദൂതുപറഞ്ഞവർ)

(1) ഗാദ് - 1 ശമൂ. 22:5; 2 ശമൂ. 14:11; 1 ദിന. 29:29

(2) നാഥാൻ - 2 ശമൂ. 7:2; 12:25; 1 രാജാ. 1:22

(3) അഹീയാവ് - 1 രാജാ. 11:29

(4) യേഹു - 1 രാജാ. 16:1,7,12

(5) പേരു സൂചിപ്പിക്കാത്തയാൾ - 1 രാജാ. 18:4,13; 20:13,22

(6) ഏലീയാവ് - 1 രാജാ. 18 - രാജാ. 2

(7) മീഖായാവ് - 1 രാജാ. 22

(8) എലീശാ - 21 രാജാ. 2:8,13

c. എഴുത്തുകാരായ ശ്രേഷ്ഠ പ്രവാചകന്മാർ (അവർ രാജാവിനോടും രാജ്യത്തോടും ദൂതറിയിച്ചു: യെശയ്യാവ് - മലാഖി (ദാനീയേൽ ഒഴികെ)

B. വേദപുസ്തക പദങ്ങൾ

1. *റോ'യേഹ്* = "ദർശകൻ" 1 ശമു. 9:9. ഈ വേദഭാഗത്തു തന്നെ പ്രവാചകൻ *നബി* എന്ന പദത്തിലേക്കുള്ള മാറ്റം സൂചിപ്പിച്ചിട്ടുണ്ട്. *റോ'യേഹ്* എന്നത് "കാണുക" എന്ന പൊതുവായ വാക്കിൽ നിന്നും വന്നതാണ്. ഈ വ്യക്തി ദൈവത്തിന്റെ വഴികളെയും പദ്ധതികളെയും മനസ്സിലാക്കുന്നവനാകയാൽ, ഒരു വിഷയത്തിൽ ദൈവഹിതം അറിയുന്നതിനായി അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു.
2. *ഹോസേഹ്* = "ദർശകൻ" 2 ശമൂ. 24:11. ഇത് അടിസ്ഥാനപരമായി *റോ'യേഹ്* ന്റെ പര്യായമാണ്. "കാണുക" എന്നതിനുള്ള ഒരു അപൂർവ്വ പദത്തിൽ നിന്നാണുത്ഭവം. പൂർണ്ണ ക്രിയാരൂപം പ്രവാ

ചകനെ സൂചിപ്പിക്കാൻ ധാരാളമായി ഉപയോഗിക്കാറുണ്ട് (അതാ. "കാണുക")

3. *നബി* = "പ്രവാചകൻ" അക്കേഡിയൻ ക്രിയാപദം *നബു* = "വിളിക്കുക"; അറബി പദം *നബാ* = "പ്രഖ്യാപിക്കുക" എന്നിവയുടെ വകഭേദം. പ്രവാചകനെ സൂചിപ്പിക്കുവാൻ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ള ഏറ്റവും സാധാരണ പദമാണിത്. 300 പ്രാവശ്യം ഇതുപയോഗിച്ചിട്ടുണ്ട്. കൃത്യമായ വ്യുൽപ്പത്തി അജ്ഞാതമാണ്. എങ്കിലും "വിളിക്കുക" എന്നതായിരിക്കും ഏറ്റവും അനുയോജ്യം. ഇതു സംബന്ധിച്ച് ഏറ്റവും മികച്ച അറിവ്, മോശെക്ക് അഹരോൻ മുഖാന്തരം ഫറവോനോടുള്ള ബന്ധത്തെക്കുറിച്ചുള്ള യഹോവയുടെ വിവരണത്തിൽ നിന്നാണു ലഭിക്കുന്നത് (ഒ.നോ. പുറ. 4:10–16; 7:1; ആവ. 5:5). ദൈവത്തിനുവേണ്ടി അവന്റെ ജനത്തോടു സംസാരിക്കുന്ന വ്യക്തിയാണ് പ്രവാചകൻ (ആമോ. 3:8; യിരെ. 1:7,17; യെഹെ. 3:4).
4. 1 ദിന. 29:29 ൽ ഈ മൂന്നു പദങ്ങളും പ്രവാചകന്മാർക്കു വേണ്ടി ഉപയോഗിച്ചിരിക്കുന്നു; ശമൂവേൽ – *'റോ'യേഹ്*; നാഥാൻ – *നബി*; ഗാദ് – *ഹോസേഹ്.*
5. *'ഇശ്ഹാ-'ഏലോഹീം* "ദൈവപുരുഷൻ" എന്ന പ്രയോഗം ദൈവത്തിനുവേണ്ടി സംസാരിക്കുന്നവൻ എന്നയർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. "പ്രവാചകൻ" എന്ന അർത്ഥത്തിൽ 76 പ്രാവശ്യം പഴയനിയത്തിൽ ഇതുപയോഗിച്ചിട്ടുണ്ട്.
6. പ്രോഫറ്റ് എന്ന ഇംഗ്ലീഷ് പദം ഗ്രീക്കിൽനിന്നും വന്നതാണ്. (1) *പ്രോ* = മുമ്പ് അഥവാ വേണ്ടി; (2) *ഫെമി* = സംസാരിക്കുക എന്നീ പദങ്ങളുടെ സംയുക്തമാണിത്.

## II. പ്രവചനത്തിന്റെ നിർവചനം

A. "പ്രവചനം" എന്ന പദത്തിന് മലയാളത്തിലുള്ളതിനെക്കാൾ വിശാലമായ അർത്ഥതലം എബ്രായ ഭാഷയിലുണ്ട്. യോശുവ മുതൽ രാജാക്കന്മാർ വരെയുള്ള (രൂത്ത് ഒഴികെ) ചരിത്ര പുസ്തകങ്ങളെ "മുൻകാല പ്രവാചകന്മാർ" എന്ന് യെഹൂദന്മാർ വിളിക്കുന്നു. അബ്രാഹാമും (ഉല്പ. 20:7; സങ്കീ. 105:5) മോശെയും (ആവ. 18:18) പ്രവാചകന്മാരായി ഗണിക്കപ്പെട്ടിരുന്നു (മിര്യാമും, പുറ. 15:20).

B. "ദൈവിക കരുതൽ, ദൈവിക ഉദ്ദേശ്യം, ദൈവിക പങ്കാളിത്തം എന്ന നിലകളിലുള്ള അർത്ഥം മാത്രം അംഗീകരിച്ചുകൊണ്ട് ചരിത്രത്തെ മനസ്സിലാക്കുന്നതാണ് പ്രവചനം എന്ന് ന്യായമായി നിർവചിക്കാവുന്നതാണ്." *Interpreter's Dictionary of the Bible*, Vol. 3, P. 896

C. "പ്രവാചകൻ ഒരു തത്വചിന്തകനോ, വ്യവസ്ഥിത ദൈവശാസ്ത്രജ്ഞനോ അല്ല, മറിച്ച് ദൈവജനത്തിന്റെ വർത്തമാന കാലത്തെ നവീകരിച്ചുകൊണ്ട് അവരുടെ ഭാവി രൂപപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ അവർക്കു ദൈവത്തിന്റെ വചനം നൽകുന്നവനാണ്. "പ്രവാചകന്മാരും പ്രവചനവും" *Encyclopedia Judaica*, Vol. 13, p. 1152.

## III. പ്രവചനത്തിന്റെ ഉദ്ദേശ്യം

A. തന്റെ ജനത്തിന് അവരുടെ വർത്തമാനകാല സ്ഥിതിയിൽ മാർഗ്ഗനിർദ്ദേശവും അവരുടെ ജീവിതത്തിന്മേലും ലോകസംഭവങ്ങളുടെമേലുമുള്ള അവന്റെ നിയന്ത്രണത്തിലുള്ള പ്രത്യാശയും പ്രദാനം ചെയ്തുകൊണ്ട് ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന ഒരു വഴിയാണ് പ്രവചനം. അവരുടെ സന്ദേശം അടിസ്ഥാനപരമായി ഏകീഭൂതമായിരിക്കും. അത് ശാസിക്കുവാനും ധൈര്യപ്പെടുത്തുവാനും വിശ്വാസവും മാനസാന്തരവും ഉളവാക്കുവാനും ഉദ്ദേശിച്ചുള്ളതും തന്നെയും തന്റെ പദ്ധതികളെയും കുറിച്ച് ദൈവജനത്തെ അറിയിക്കാനുദ്ദേശിച്ചുള്ളതും ആയിരുന്നു. അവർ ദൈവജനത്തെ ദൈവിക ഉടമ്പടികളോടുള്ള വിശ്വസ്തതയിൽ ഉറപ്പിച്ചുനിർത്തിയിരുന്നു. ഇതു പലപ്പോഴും തന്റെ വക്താവിന്റെ തിരഞ്ഞെടുപ്പു സംബന്ധിച്ച് വ്യക്തമായി വെളിപ്പെടുത്താനും ഉപയോഗിച്ചിരുന്നു എന്ന വസ്തുതയും ഇവിടെ പറയേണ്ടിയിരിക്കുന്നു (ആവ. 13:1–3; 18:20–22). ഇത് ആത്യന്തികമായി മശിഹായെക്കുറിച്ചുള്ള പരാമർശമാണ്.

B. പ്രവാചകൻ പലപ്പോഴും തന്റെ കാലഘട്ടത്തിലെ ഒരു ചരിത്രപരമോ ദൈവശാസ്ത്രപരമോ ആയ പ്രതിസന്ധി എടുത്ത് അതിനെ അന്ത്യകാലസംബന്ധിയായ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു. ചരിത്രത്തിന്റെ ഈ അന്ത്യകാല വീക്ഷണം, യിസ്രായേലിലും ദൈവിക തിരഞ്ഞെടുപ്പും ഉടമ്പടി വാഗ്ദാനങ്ങളും സംബന്ധിച്ചുള്ള അതിന്റെ ബോധ്യത്തിലും അതുല്യമാണ്.

C. പ്രവാചക ദൗത്യം, ദൈവഹിതം അറിയാനുള്ള മാർഗ്ഗമെന്ന നിലയിൽ മഹാപുരോഹിത ശുശ്രൂഷയെ സന്തുലിതപ്പെടുത്തുകയും (യിരെ. 18:18) അതിന്മേൽ മേധാവിത്വം സ്ഥാപിക്കുകയും ചെയ്യുന്നതായി തോന്നും. ഊറീമും തുമ്മീമും മാറി തൽസ്ഥാനത്ത് ദൈവത്തിന്റെ വക്താവിൽ നിന്നുള്ള വാമൊഴി ദൂത് കടന്നുവന്നു. പ്രവാചക ശുശ്രൂഷയും മലാഖിക്കുശേഷം യിസ്രായേലിൽ നിന്നും ഇല്ലാതായി. 400 വർഷങ്ങൾക്കു ശേഷം യോഹന്നാൻ സ്നാപകനിലാണ് പിന്നീടത് വീണ്ടും പ്രത്യക്ഷപ്പെട്ടത്. പുതിയ നിയമ വരമായ "പ്രവചനം" എങ്ങനെ പഴയനിയമവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതു വ്യക്തമല്ല. പുതിയനിയമ പ്രവാചകന്മാർ (പ്രവൃ. 11:27–28; 13:1; 14:29,32,37; 15:32; 1 കൊരി. 12:10, 28–29; എഫെ. 4:11) പുതിയ വെളിപ്പാടോ തിരുവെഴുത്തോ നൽകുന്നവരല്ല, മറിച്ച് ഉടമ്പടിയുടെ വിശ്വാസത്തിൽ ദൈവത്തിന്റെ ഹിതം മുൻകൂട്ടി അറിയിക്കുന്നവരാണ്.

D. പ്രവചനം പ്രാഥമികമായോ അല്ലെങ്കിൽ മുഴുവനായോ മുൻകൂട്ടി പറയുന്നത് അല്ല. പ്രവാചകന്റെ ശുശ്രൂഷയെയും സന്ദേശത്തെയും ഉറപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് മുൻകൂട്ടി പ്രസ്താവിക്കുന്നത്. എങ്കിലും, "പഴയ നിയമ പ്രവചനങ്ങളിൽ 2 ശതമാനത്തിൽ താഴെ മാത്രമെ മശിഹൈക പ്രവചനമുള്ളു. 5 ശതമാനത്തിൽ താഴെ പ്രവചനങ്ങൾ മാത്രമെ വ്യക്തമായി പുതിയനിയമ യുഗത്തെക്കുറിച്ചു പ്രവചിക്കുന്നുള്ളൂ. 1%ൽ താഴെയുള്ളവ മാത്രമെ ഇനിയും സംഭവിക്കാനിരിക്കുന്നവയെക്കുറിച്ചുള്ളൂ. (Fee and Stuart, *How to Read the Bible for All Its Worth*, p. 166).

E. പ്രവാചകന്മാർ ജനത്തിനു മുമ്പിൽ ദൈവത്തെ പ്രതിനിധീകരിക്കുന്നു, പുരോഹിതന്മാരാകട്ടെ ദൈവത്തിന്റെ മുമ്പിൽ ജനത്തെ പ്രതിനിധീകരിക്കുന്നു. ഇതൊരു പൊതുവായ പ്രസ്താവനയാണ്. ദൈവത്തോടു ചോദ്യം ചോദിക്കുന്ന ഹബക്കുക്കിനെപ്പോലുള്ളവർ ഇതിൽ നിന്നും വ്യത്യസ്തരാണ്.

F. പ്രവാചകന്മാരെ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടിന്റെ ഒരു കാരണം, അവരുടെ പുസ്തകങ്ങൾ എങ്ങനെ രൂപകല്പന ചെയ്തിരിക്കുന്നു എന്നു നമുക്കറിവില്ലാത്തതാണ്. അവ വിഷയ സംബന്ധിയാണെങ്കിലും എല്ലായ്പ്പോഴും ഒരുവൻ പ്രതീക്ഷിക്കുന്ന രീതിയിലല്ല അത്. പലപ്പോഴും വ്യക്തമായ ചരിത്ര പശ്ചാത്തലമോ, കാലഘട്ടമോ, ദൂതുകൾ തമ്മിൽ വ്യക്തമായ വിഭജനമോ ഇല്ലായിരിക്കും. ഈ പുസ്തകങ്ങൾ: (1) ഒറ്റയിരിപ്പിൽ വായിക്കാനും; (2) വിഷയമനുസരിച്ച് രൂപരേഖയുണ്ടാക്കാനും; (3) ഓരോ ദൂതിലെയും കേന്ദ്രസത്യം അല്ലെങ്കിൽ എഴുത്തുകാരന്റെ ഉദ്ദേശ്യം നിശ്ചയിക്കാനും പ്രയാസമുള്ളതാണ്.

## IV. പ്രവചനത്തിന്റെ സവിശേഷതകൾ

A. പഴയ നിയമത്തിൽ "പ്രവാചകൻ," "പ്രവചനം" എന്നീ സങ്കൽപ്പങ്ങളിൽ ഒരു വികാസം ദൃശ്യമാണ്. ആദ്യകാല യിസ്രായേലിൽ, ഏലീയാവ് അല്ലെങ്കിൽ എലീശയെപ്പോലെയുള്ള ശക്തമായ ആത്മീയ നേതാവിനാൽ നയിക്കപ്പെടുന്ന പ്രവാചകന്മാരുടെ കൂട്ടായ്മകൾ ഉടലെടുത്തിരുന്നു. "പ്രവാചക ശിഷ്യന്മാർ" എന്ന പ്രയോഗം ഈ സമൂഹത്തെ സൂചിപ്പിക്കുവാൻ ചിലപ്പോഴൊക്കെ ഉപയോഗിച്ചിരുന്നു (2 രാജാ. 2). ഹർഷോന്മാദത്തിന്റെ വിവിധ രൂപങ്ങൾ പ്രവാചകന്മാരുടെ സവിശേഷതകളായിരുന്നു (1 ശമു. 10:10-13; 19:18-24).

B. എന്നിരുന്നാലും ഈ കാലഘട്ടം അതിവേഗം വ്യക്തി പ്രവാചകന്മാർക്കു വഴിമാറി. രാജാവിനോടൊപ്പം സഞ്ചരിക്കുകയും കൊട്ടാരത്തിൽ പാർക്കുകയും ചെയ്ത (ഗാദ്, നാഥാൻ) പ്രവാചകന്മാർ (കള്ളപ്രവാചകന്മാരും സത്യപ്രവാചകന്മാരും) ഉണ്ടായിരുന്നു. ഒപ്പം തന്നെ തികച്ചും സ്വതന്ത്രരും, യിസ്രായേൽ സമൂഹത്തിലെ ഉന്നതശ്രേണിയുമായി പൂർണ്ണമായും അകന്നുനിൽക്കുന്നവരുമായ പ്രവാചകന്മാരും ഉണ്ടായിരുന്നു (ആമോസ്). അവരിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടായിരുന്നു (2 രാജാ. 22:14).

C. മനുഷ്യന്റെ സത്വര പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പ്രവാചകൻ പലപ്പോഴും ഭാവി വെളിപ്പെടുത്തുന്നവൻ ആകാറുണ്ട്. മാനുഷിക പ്രതികരണത്താൽ മാറ്റം സംഭവിക്കാത്ത തന്റെ സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ സാർവ്വലൗകിക പദ്ധതി ചുരുൾ നിവർത്തുകയാണ് പലപ്പോഴും പ്രവാചകന്റെ ദൗത്യം. ഈ സാർവ്വലൗകിക അന്ത്യകാലസംബന്ധിയായ പദ്ധതി പുരാതന സമീപപൂർവ്വദേശങ്ങളിലെ പ്രവാചകന്മാരുടെ ഇടയിൽ അതുല്യമായിരുന്നു. മുന്നറിയിക്കലും ഉടമ്പടിയോടുള്ള വിശ്വസ്തതയും പ്രവാചക സന്ദേശത്തിന്റെ രണ്ടു തലങ്ങളായിരുന്നു (ഒ.നോ. Fee and Stuart, p. 150). ഇതു സൂചിപ്പിക്കുന്നത് പ്രവാചകന്മാരുടെ ശ്രദ്ധാകേന്ദ്രം ഒന്നുതന്നെയായിരുന്നുവെന്നാണ്. അവർ സാധാരണയായി - എന്നാൽ അതു മാത്രമല്ല - രാഷ്ട്രത്തെയാണ് അഭിസംബോധന ചെയ്തിരുന്നത്.

D. പ്രവാചക വസ്തുതകളിലധികവും വാമൊഴിയിലായിട്ടാണു അവതരിപ്പിച്ചിരുന്നത്. അവ പിൽക്കാലത്ത് വിഷയം, കാലക്രമം, അല്ലെങ്കിൽ സമീപ പൗരസ്ത്യ സാഹിത്യത്തിലെ ഇതര മാതൃകകൾ എന്നിവയ്ക്കനുസരിച്ച് ക്രോഡീകരിക്കപ്പെട്ടു. അവ വാമൊഴിയായിരുന്നതിനാൽ എഴുതപ്പെട്ട ഗദ്യം പോലെയുള്ള ഘടന അവയ്ക്കില്ല. ഇത് പുസ്തകം നേരെ വായിച്ചുപോകുന്നതിന് ബുദ്ധിമുട്ടു സൃഷ്ടിക്കുകയും വ്യക്തമായ ചരിത്രപശ്ചാത്തലമില്ലാത്തിനാൽ മനസ്സിലാക്കുന്നതിനു ബുദ്ധിമുട്ടു സൃഷ്ടിക്കുകയും ചെയ്യുന്നു.

E. തങ്ങളുടെ സന്ദേശം വിനിമയം ചെയ്യുന്നതിനായി അനേക രീതികൾ പ്രവാചകന്മാർ ഉപയോഗിക്കുന്നു.

1. കോടതി രംഗം - ദൈവം തന്റെ ജനത്തെ കോടതിയിലേക്കു കൊണ്ടുപോകുന്നു. പലപ്പോഴും അത് യഹോവ തന്റെ ഭാര്യയെ (യിസ്രായേൽ) അവരുടെ അവിശ്വസ്തതനിമിത്തം ഉപേക്ഷിക്കുന്ന വിവാഹമോചന കേസാണ് ((ഹോശേയ 4; മീഖാ 6).
2. ചരമഗീതം - ഈ തരത്തിലുള്ള സന്ദേശത്തിൽ പ്രത്യേക വൃത്തവും അതിന്റെ സവിശേഷമായ "അയ്യോ കഷ്ടം" എന്നതും അതിനെ ഒരു പ്രത്യേക സാഹിത്യരൂപമാക്കി നിർത്തുന്നു (യെശ. 5; ഹബ. 2).
3. ഉടമ്പടി അനുഗ്രഹ പ്രഖ്യാപനം - ഉടമ്പടിയുടെ സോപാധിക സ്വഭാവം ഊന്നിപ്പറയുകയും അന

ന്തരഫലം - ഗുണകരവും ദോഷകരവും - ഭാവിക്കുവേണ്ടി പ്രസ്താവിക്കുകയും ചെയ്യുന്നു (ആവ. 27-28).

V. **പ്രവചന വ്യാഖ്യാനത്തിനു സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ**

A. ഓരോ ദൂതിന്റെയും ചരിത്രപശ്ചാത്തലവും സാഹിത്യ സന്ദർഭവും മനസ്സിലാക്കി പ്രവാചകന്റെ ഉദ്ദേശ്യം കണ്ടെത്തുക. സാധാരണയായി അതിൽ യിസ്രായേൽ ഏതെങ്കിലും നിലയിൽ മോശൈക ന്യായപ്രമാണം ലംഘിക്കുന്ന വിഷയം ഉൾക്കൊണ്ടിരിക്കും.

B. ഒരു ഭാഗം മാത്രമായിട്ടല്ലാതെ മുഴുവൻ ദൂതും വായിച്ച് വ്യാഖ്യാനിക്കുക. ഉള്ളടക്കത്തിനനുസരിച്ച് രൂപരേഖ തയ്യാറാക്കുക. അതിനു ചുറ്റുമുള്ള ദൂതുകളോട് അത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു നോക്കുക. മുഴു ഗ്രന്ഥത്തിന്റെയും രൂപരേഖ തയ്യാറാക്കാൻ ശ്രമിക്കുക.

C. വേദഭാഗത്തിലെ ഒരു കാര്യം ആലങ്കാരിക പ്രയോഗത്തിന്റെ സാധ്യതയിലേക്കു നിങ്ങളുടെ ശ്രദ്ധയെ തിരിക്കുന്നതുവരെ ആക്ഷരിക വ്യാഖ്യാനം ഉപയോഗിക്കുക; തുടർന്ന് ആലങ്കാരിക ഭാഷയെ ഗദ്യത്തിലാക്കുക.

D. പ്രതീകാത്മക പ്രവൃത്തിയെ ചരിത്ര പശ്ചാത്തലത്തിന്റെയും സമാന്തര വേദഭാഗങ്ങളുടെയും വെളിച്ചത്തിൽ അപഗ്രഥിക്കുക. ഈ പുരാതന പൗരസ്ത്യ സാഹിത്യം പാശ്ചാത്യമോ ആധുനികമോ ആയ സാഹിത്യമല്ല എന്ന കാര്യം ഉറപ്പായും ഓർമ്മിക്കുക.

E. മുൻകൂട്ടി പ്രസ്താവിക്കുന്നവയെ കരുതലോടെ സമീപിക്കുക.

1. അവ എഴുത്തുകാരന്റെ കാലഘട്ടത്തേക്കു മാത്രമുള്ളതാണോ?
2. അവ പിന്നീട് യിസ്രായേൽ ചരിത്രത്തിൽ നിറവേറിയോ?
3. അവ ഇനിയും സംഭവിക്കാനിരിക്കുന്നവയാണോ?
4. അവയ്ക്ക് സമകാലിക നിവൃത്തിയും ഭാവികാല നിവൃത്തിയുമുണ്ടോ?
5. ആധുനിക എഴുത്തുകാരല്ല, ബൈബിളിലെ എഴുത്തുകാരായിരിക്കണം നിങ്ങളുടെ ഉത്തരങ്ങൾക്കുള്ള വഴികാട്ടികൾ.

F. പ്രത്യേക വിഷയങ്ങൾ

1. പ്രവചനം വ്യവസ്ഥാപിത പ്രതികരണത്താൽ യോഗ്യത നേടിയതാണോ?
2. ആരോടാണ് പ്രവചിച്ചത് (എന്തുകൊണ്ട്?) എന്ന കാര്യം തീർച്ചപ്പെടുത്താൻ കഴിയുമോ?
3. വേദപുസ്തകപരവും/അല്ലെങ്കിൽ ചരിത്രപരവുമായ ബഹുനിവൃത്തികൾക്ക് സാധ്യതയുണ്ടോ?
4. ദൈവനിശ്വാസീയരായ പുതിയനിയമ എഴുത്തുകാർക്ക് നമുക്കു വ്യക്തമല്ലാത്ത പല പഴയനിയമ ഭാഗങ്ങളിലും മശിഹായെ കാണാൻ സാധിച്ചിട്ടുണ്ട്. അവ നിഴലും പൊരുളും അല്ലെങ്കിൽ പദവിന്യാസം (വാക്കുകൾ കൊണ്ടുള്ള കളി) ഉപയോഗിക്കുന്നതായി തോന്നുന്നു. നാം ദൈവനിശ്വാസീയരല്ലാത്തതിനാൽ ഇത്തരം സമീപനം അവർക്കു തന്നെ വിട്ടേക്കുകയാണു നല്ലത്.

VI. സഹായക ഗ്രന്ഥങ്ങൾ

A. *A Guide to Biblical Prophecy* by Carl E. Amending and W. Ward Basque
B. *How to Read the Bible for All Its Worth* by Gordon Fee and Douglas Stuart
C. *My Servants the Prophets* by Edward J. Young
D. *Plowshares and Pruning Hooks: Rethinking the Language of Biblical Prophecy and Apocalyptic* by D. Brent Sandy
E. *New International Dictionary of Old Testament Theology and Exegesis*, vol. 4, pp. 1067-1078

# പ്രത്യേക പഠനവിഷയം: പുതിയ നിയമ പ്രവചനം

I. ഇത് പഴയ നിയമ പ്രവചനത്തിനു സമാനമല്ല (BDB 611). പഴയനിയമ പ്രവചനത്തിൽ യഹോവയിൽ നിന്നുള്ള ദൈവനിശ്വാസീയ വെളിപ്പാടുകൾക്ക് റബ്ബിമാരുടെ ഭാഷ്യംകൂടി അടങ്ങിയിരുന്നു (പ്രവൃ. 3:18,21; റോമ. 16:26). പ്രവാചകന്മാർക്കു മാത്രമേ തിരുവെഴുത്തുകൾ എഴുതാൻ കഴിഞ്ഞിരുന്നുള്ളൂ.

A. മോശെയെ പ്രവാചകൻ എന്നു വിളിച്ചിരുന്നു (ഒ.നോ. ആവ. 18:15-21)

B. ചരിത്ര പുസ്തകങ്ങളെ (യോശുവ - രാജാക്കന്മാർ - [രൂത്ത് ഒഴികെ]) "മുൻകാല പ്രവാചകന്മാർ" എന്നു വിളിച്ചിരുന്നു (ഒ.നോ. പ്രവൃ. 3:24).

C. ദൈവത്തിൽ നിന്നുള്ള വിവരങ്ങളുടെ ഉറവിടമെന്ന നിലയിൽ പ്രവാചകന്മാർ മഹാപുരോഹിത ദൗത്യത്തിന്മേൽ കടന്നുകയറ്റം നടത്തിയിരുന്നു (ഒ.നോ. യെശ-മലാഖി)

D. എബ്രായ കാനോന്റെ രണ്ടാമത്തെ വിഭാഗം "പ്രവാചകന്മാർ" ആയിരുന്നു (ഒ.നോ. മത്താ. 5:17; 22:40; ലൂക്കൊ. 16:16; 24:25,27; റോമ. 3:21).

II. പുതിയ നിയമത്തിൽ പ്രവാചക സങ്കല്പം നിരവധി വ്യത്യസ്തനിലകളിൽ ഉപയോഗിച്ചിരിക്കുന്നു.

A. പഴയ നിയമ പ്രവാചകന്മാരെയും അവരുടെ ദൈവനിശ്വാസീയ സന്ദേശത്തെയും സൂചിപ്പിക്കുവാൻ (ഒ.നോ. മത്താ. 2:23; 5:12; 11:13; 13:14; റോമ. 1:2).

B. ഒരു സമൂഹത്തോടെന്നതിനുപകരം ഒരു വ്യക്തിയോടുള്ള ദൂതിനെ പരാമർശിക്കുന്നു (അതാ. പഴയ നിയമ പ്രവാചകന്മാർ പ്രാഥമികമായി യിസ്രായേലിനോടാണു സംസാരിച്ചത്).

C. ദൈവരാജ്യം പ്രസംഗിച്ച (ഒ.നോ. മത്താ. 13:57; 21:11,46; ലൂക്കൊ. 4:24; 7:16; 13:33) യേശുവിനെയും യോഹന്നാൻ സ്നാപകനെയും പരാമർശിക്കുന്നു (ഒത്തു. മത്താ. 11:9; 14:5; 21:26; ലൂക്കൊ. 1:76). യേശു താൻ തന്നെ പ്രവാചകന്മാരെക്കാൾ വലിയവനെന്നവകാശപ്പെട്ടു (ഒ.നോ. മത്തായി. 11:9; 12:41; ലൂക്കൊ. 7:26).

D. പുതിയ നിയമത്തിലെ മറ്റു പ്രവാചകന്മാർ

1. യേശുവിന്റെ ബാല്യകാലം ലൂക്കൊസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതായത് മറിയയുടെ സ്മരണകൾ.
   a. എലീശബേത്ത് (ഒ.നോ. ലൂക്കൊ. 1:41–42).
   b. സെഖര്യാവ് (ഒ.നോ. ലൂക്കൊ. 1:67–79).
   c. ശിമ്യോൻ (ഒ.നോ. ലൂക്കൊ. 2:25–35).
   d. ഹന്ന (ഒ.നോ. ലൂക്കൊ. 2:25–35).
2. വിരോധാഭാസ ദീർഘദർശനം (ഒ.നോ. കയ്യഫാവ്, യോഹ. 11:51).

E. സുവിശേഷം പ്രഖ്യാപിക്കുന്നവനെ പരാമർശിക്കുന്നു (പ്രസംഗവരങ്ങളുടെ പട്ടിക 1 കൊരി. 12:28–29; എഫെ. 4:11 ൽ കൊടുത്തിരിക്കുന്നു).

F. സഭയിൽ തുടർന്നുവരുന്ന ഒരു വരത്തെ സൂചിപ്പിക്കുന്നു (ഒ.നോ. മത്താ. 23:34; പ്രവൃ. 13:1; 15:32; റോമ. 12:6; 1കൊരി. 12:10, 28–29; 13:2; എഫെ. 4:11). ചിലപ്പോൾ ഇതു സ്ത്രീകളെക്കുറിച്ചുമാകാം (ഒ.നോ. ലൂക്കൊ. 2:36; പ്രവൃ. 2:17; 21:9; 1 കൊരി. 11:4–5).

G. പ്രവചനഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തെ പരാമർശിക്കുന്നു (ഒ.നോ. വെളി. 1:3; 22:7,10,18,19).

III. പുതിയ നിയമ പ്രവാചകൻ

A. പഴയ നിയമപ്രവാചകന്മാർ നൽകിയ അതേ അർത്ഥത്തിൽ അവർ ദൈവനിശ്വാസീയ വെളിപ്പാട് (തിരുവെഴുത്ത്) നൽകുന്നില്ല. പ്രവൃ. 6:7; 13:8; 14:22; ഗലാ. 1:23; 3:23; 6:10; ഫിലി. 1:27; യൂദാ 3,20 എന്നിവിടങ്ങളിൽ "വിശ്വാസം" (അതാ. പൂർത്തീകരിക്കപ്പെട്ട സുവിശേഷം എന്നയർത്ഥത്തിൽ) എന്ന പദം ഉപയോഗിക്കുന്നതുകൊണ്ടാണ് ഈ പ്രസ്താവന സാധ്യമായിരിക്കുന്നത്.

യൂദാ 3 ൽ ഉപയോഗിച്ചിരിക്കുന്ന പൂർണ്ണപ്രയോഗത്തിൽ നിന്നും ഈ ആശയം വ്യക്തമാണ്: "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി." "ഒരിക്കലായി" എന്നത് ക്രിസ്ത്യാനിത്വത്തിന്റെ സത്യങ്ങൾ, ഉപദേശങ്ങൾ, ആശയങ്ങൾ, ലോക-വീക്ഷണ പഠിപ്പിക്കലുകൾ എന്നിവയെ പരാമർശിക്കുന്നു. ഒരിക്കലായി ഭരമേല്പിക്കപ്പെട്ട എന്ന ഊന്നൽ, പുതിയ നിയമ എഴുത്തുകളുടെ ദൈവനിശ്വാസീയതയെ ദൈവശാസ്ത്രപരമായി പരിമിതപ്പെടുത്തുന്നതിനും പിന്നീടുണ്ടാകുന്ന അഥവാ ഇതര എഴുത്തുകളെ വെളിപ്പാടായി പരിഗണിക്കാതിരിക്കുന്നതിനുമുള്ള വേദപുസ്തക അടിസ്ഥാനമാണ്. പുതിയ നിയമത്തിൽ ദുർഗ്രഹവും വ്യക്തമല്ലാത്തതും മങ്ങിയതുമായ അനേക മേഖലകളുണ്ട്. എങ്കിലും വിശ്വാസത്തിനും ജീവിതത്തിനും "മതിയായ" തെല്ലാം മതിയായ വ്യക്തതയോടെ ലഭിച്ചിരിക്കുന്നുവെന്ന് വിശ്വാസികൾ വിശ്വാസത്താൽ ഉറപ്പിക്കുന്നു. ഈ ആശയം "വെളിപ്പാട് ത്രികോണം" എന്ന പേരിൽ സാംശീകരിച്ചിട്ടുണ്ട്.

1. സമയ-സ്ഥല ചരിത്രത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി (വെളിപ്പാട്)
2. തന്റെ പ്രവൃത്തികളെ രേഖപ്പെടുത്തുവാനും വിശദീകരിക്കുവാനും അവൻ ചില മാനുഷിക എഴുത്തുകാരെ തിരഞ്ഞെടുത്തു (ദൈവനിശ്വാസീയത)
3. ഈ എഴുത്തുകളെ ഏറ്റവും കൃത്യതയാർന്ന നിലയിലല്ല, എന്നാൽ രക്ഷയ്ക്കും ഫലപ്രദമായ ക്രിസ്തീയ ജീവിതത്തിനും മതിയായ നിലയിൽ ഗ്രഹിക്കുന്നതിനുവേണ്ടി മനുഷ്യന്റെ മനസ്സുകളെയും ഹൃദയങ്ങളെയും തുറക്കുന്നതിനായി അവൻ തന്റെ ആത്മാവിനെ നൽകി (പ്രകാശനം). ഇതിനർത്ഥം ദൈവനിശ്വാസീയത തിരുവെഴുത്തുകളുടെ രചയിതാക്കളിൽ പരിമിതപ്പെട്ടിരിക്കുന്നു എന്നാണ്. അതിലുപരിയായ ആധികാരിക രചനകളോ ദർശനങ്ങളോ വെളിപ്പാടുകളോ ഇല്ല. കാനോൻ അടയ്ക്കപ്പെട്ടിരിക്കുന്നു. ദൈവത്തോടു ശരിയായ നിലയിൽ പ്രതികരിക്കാനാവശ്യമായ മുഴുവൻ സത്യവും നമുക്കു ലഭിച്ചിരിക്കുന്നു. ആത്മാർത്ഥതയുള്ളവരും ഭക്തരുമായ വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്ന ചേർച്ചയില്ലായ്മയ്ക്കു വിപരീതമായി വേദപുസ്തക എഴുത്തുകാർ തമ്മിലുള്ള ഐക്യതയിൽ ഈ സത്യം നന്നായി കാണുവാൻ കഴിയും. തിരുവെഴുത്തിന്റെ എഴുത്തുകാർക്കുണ്ടായിരുന്ന ദൈവിക നേതൃത്വത്തിന്റെ നിലവാരം ഒരു ആധുനിക എഴുത്തുകാരനോ പ്രസംഗകനോ ഇല്ല.

B. ചില കാര്യങ്ങളിൽ പുതിയ നിയമ പ്രവാചകന്മാർ പഴയനിയമപ്രവാചകന്മാർക്കു തുല്യമാണ്.

1. ഭാവി സംഭവങ്ങളുടെ പ്രവചനം (ഒ.നോ. പൗലൊസ്, പ്രവൃ. 27:22; അഗബൊസ്, പ്രവൃ. 11:27-28; 21:10-11; പേരു പറയാത്ത മറ്റു പ്രവാചകന്മാർ, പ്രവൃ. 20:33).
2. ന്യായവിധി പ്രഖ്യാപനം (ഒ.നോ. പൗലൊസ്, പ്രവൃ. 13:11; 28:25-28).
3. ഒരു സംഭവത്തെ ചിത്രീകരിക്കുന്നതിനുപയോഗിക്കുന്ന പ്രതീകാത്മക പ്രവൃത്തി (ഒ.നോ. അഗബൊസ്, പ്രവൃ. 21:11).

C. അവർ ചില സമയങ്ങളിൽ സുവിശേഷ സന്ദേശം പ്രവചനരൂപേണ പ്രഖ്യാപിക്കുന്നു (ഒ.നോ. പ്രവൃ. 11:27-28; 20:23; 21:10-11). എങ്കിലും ഇതല്ല പ്രാഥമിക ശ്രദ്ധാകേന്ദ്രം. 1 കൊരിന്ത്യരിലെ പ്രവചനം അടിസ്ഥാനപരമായി സുവിശേഷം അറിയിക്കലാണ് (ഒ.നോ. 14:24,39).

D. ഓരോ പുതിയ സാഹചര്യത്തിലും സംസ്കാരത്തിലും അല്ലെങ്കിൽ കാലഘട്ടത്തിലും ദൈവിക സത്യത്തിന്റെ സമകാലികവും പ്രായോഗികവുമായ വശങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള ആത്മാവിന്റെ ആനുകാലിക മാർഗ്ഗങ്ങളാണ് അവർ (ഒ.നോ. 1 കൊരി. 14:3).

E. പൗലൊസ് സ്ഥാപിച്ച ആരംഭകാല സഭകളിൽ അവർ സജീവമായിരുന്നു (1 കൊരി. 11:4-5; 12:28,29; 13:29; 14:1,3,4,5,6,22,24,29,31,32,37,39; എഫെ. 2:20; 3:5; 4:11; 1 തെസ്സ. 5:20). *സിഡാക്കേ* യിൽ (ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ രണ്ടാം നൂറ്റാണ്ടിലോ എഴുതപ്പെട്ടവ, തീയതി നിശ്ചയമില്ല) അവരെക്കുറിച്ചു പരാമർശമുണ്ട്. ഉത്തരാഫ്രിക്കയിൽ രണ്ട്, മൂന്ന് നൂറ്റാണ്ടുകളിലുണ്ടായിരുന്ന മൊണ്ടാനിസത്തിലും അവരെ കാണാം.

IV. പുതിയനിയമ വരങ്ങൾ നിന്നുപോയോ?

A. ഉത്തരം പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണിത്. വരങ്ങളുടെ ഉദ്ദേശ്യം നിർവചിക്കുന്നത് ഈ പ്രശ്നം പരിഹരിക്കാൻ സഹായിക്കും. സുവിശേഷത്തിന്റെ പ്രാരംഭ പ്രസംഗത്തെ ഉറപ്പിക്കാനുദ്ദേശിച്ചുള്ളതാണോ അതു അതോ സഭയ്ക്ക് സഭയ്ക്കുള്ളതിലും നഷ്ടപ്പെട്ട ലോകത്തിലും ശുശ്രൂഷ ചെയ്യുന്നതിനുള്ള തുടർന്നുകൊണ്ടിരിക്കുന്ന മാർഗ്ഗങ്ങളിലൊന്നാണോ അവ?

B. ചോദ്യത്തിനുത്തരം നൽകാൻ ഒരുവൻ സഭാചരിത്രത്തിലേക്കു നോക്കേണമോ അതോ പുതിയനിയമത്തിൽ നോക്കണമോ? ആത്മീയവരങ്ങൾ താൽക്കാലികമാണെന്ന യാതൊരു സൂചനയും പുതിയ നിയമത്തിലില്ല. ഈ വിഷയത്തെ വിശദീകരിക്കുവാൻ 1 കൊരി. 13:8-13 ഉപയോഗിക്കുന്നവർ സ്നേഹമൊഴികെ സകലവും നീങ്ങിപ്പോകുമെന്ന വേദഭാഗത്തുള്ള എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ വികലമാക്കുകയാണ് ചെയ്യുന്നത്.

C. സഭാ ചരിത്രമല്ല, പുതിയനിയമമാണ് ആധികാരികമെന്നതിനാൽ വരങ്ങൾ തുടരുന്നു എന്ന കാര്യത്തിൽ വിശ്വാസികൾക്ക് ഉറപ്പുണ്ടായിരിക്കണമെന്നു പറയാനാണ് ഞാൻ പരീക്ഷിക്കപ്പെടുന്നത്. എന്നിരുന്നാലും സംസ്കാരം വ്യാഖ്യാനത്തെ സ്വാധീനിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. വളരെ വ്യക്തമായ ചില വേദഭാഗങ്ങൾ ഇപ്പോൾ പ്രസക്തമല്ലാതായിട്ടുണ്ട് (അതാ. വിശുദ്ധ ചുംബനം, സ്ത്രീകൾ മൂടുപടം ധരിക്കുന്നത്, ഭവന സഭകൾ ആദിയായവ). സംസ്കാരം വേദഭാഗത്തെ സ്വാധീനിക്കുന്നുണ്ടെങ്കിൽ, സഭാചരിത്രത്തിന് എന്തുകൊണ്ടായിക്കൂടാ?

D. കൃത്യമായി ഉത്തരം നൽകാനാവാത്ത ഒരു ചോദ്യമാണിത്. ചിലർ വിശ്വാസികൾ "നിന്നുപോയി" എന്നു വാദിക്കുമ്പോൾ മറ്റുള്ളവർ "നിന്നുപോയിട്ടില്ല" എന്നു വാദിക്കുന്നു. ഈ മേഖലയിൽ, അനേക വ്യാഖ്യാന വിഷയങ്ങളിലെന്നപോലെ, വിശ്വാസിയുടെ ഹൃദയമാണു താക്കോൽ. പുതിയ നിയമം ദ്വയാർത്ഥമുള്ളതും സാംസ്കാരികവുമാണ്. ഏതു ഭാഗമാണ് സംസ്കാര/ചരിത്രത്താൽ സ്വാധീനിക്കപ്പെടുന്നതും ഏതു ഭാഗമാണ് എല്ലാക്കാലത്തേക്കും എല്ലാ സംസ്കാരങ്ങൾക്കും അനുയോജ്യം എന്നു തീരുമാനിക്കുന്നതാണ് ബുദ്ധിമുട്ട്. (ഒ.നോ. Fee and Stuart, *How to Read the Bible For All Its Worth,* pp. 14-19; 69-77). ഇവിടെയാണ് റോമർ 14:1-15:13; 1 കൊരി. 8-10 എന്നിവിടങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന സ്വാതന്ത്ര്യവും ഉത്തരവാദിത്തവും നിർണ്ണായകമാകുന്നത്. നാമെങ്ങനെ ചോദ്യത്തിനുത്തരം നൽകുന്നുവെന്നത് രണ്ടു വിധത്തിൽ പ്രാധാന്യമർഹിക്കുന്നു.

1. ഓരോ വിശ്വാസിയും തനിക്കു ലഭിച്ച വെളിച്ചത്തിനനുസരണമായി വിശ്വാസത്തിൽ നടക്കേണം. ദൈവം നമ്മുടെ ഹൃദയത്തെയും പ്രേരണകളെയും നോക്കുന്നു.
2. ഓരോ വിശ്വാസിയും മറ്റു വിശ്വാസികളെ അവരുടെ വിശ്വാസത്തിന്റെ അളവനുസരിച്ചു നടക്കാനനുവദിക്കണം. വേദപുസ്തക അതിർത്തിക്കുള്ളിൽ സഹിഷ്ണുത പാലിക്കേണം. ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ നാം അന്യോന്യം സ്നേഹിക്കുവാൻ അവനാഗ്രഹിക്കുന്നു.

E. ചുരുക്കത്തിൽ, ക്രിസ്ത്യാനിത്വമെന്നത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതമാണ്. പൂർണതയുള്ള ദൈവശാസ്ത്രമല്ല, മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തെ സ്വാധീനിക്കുന്ന തരത്തിൽ അവനുമായുള്ള ഒരു ബന്ധം, കൃത്യമായ വിവരങ്ങളെക്കാളും ഉപദേശ പൂർണതയെക്കാളും കൂടുതൽ പ്രാധാന്യമുള്ളതാണ്.

**4:20 "ഞങ്ങളുടെ പിതാക്കന്മാർ"** ഇത് അബ്രഹാമിനെയും യാക്കോബിനെയും സൂചിപ്പിക്കുന്നു (ഒ.നോ. ഉല്പ. 12:7; 33:20). ഉടമ്പടിയിൽ ഉൾപ്പെട്ടവൾ എന്ന തന്റെ ബോധ്യം അവൾ വ്യക്തമാക്കുന്നു (ഒ.നോ. 8:31-59).

▣ **"ഈ മലയിൽ നമസ്കരിച്ചുവന്നു"** എവിടെ ദൈവത്തെ (യഹോവ) ആരാധിക്കണമെന്ന ദൈവശാസ്ത്ര വാദത്തെയാണിവിടെ സൂചിപ്പിക്കുന്നത്. മോരിയാമലയിൽ (യെഹൂദ ദൈവാലയത്തിന്റെ സ്ഥാനം) എന്ന് യെഹൂദന്മാരും ഗെരിസീം പർവതത്തിൽ (ബി.സി. 129 ൽ ജോൺ ഹിർക്കാനസ് ശമര്യ ദൈവാലയം നശിപ്പിച്ചു) എന്ന് ശമര്യരും ശഠിച്ചു.
നമ്മുടെ കാലഘട്ടത്തിൽ, നാം സുവിശേഷം അറിയിക്കുന്ന വ്യക്തികൾ ക്രിസ്തുവുമായുള്ള ബന്ധം എന്ന വിഷയത്തിൽ നിന്നും രക്ഷപെടുവാൻ ഇത്തരം ദൈവശാസ്ത്ര വിഷയങ്ങൾ കൊണ്ടുവന്ന് ശ്രമം നടത്താറുണ്ട്. തങ്ങളെ വ്യക്തിപരമായി സ്പർശിക്കാത്തിടത്തോളം മതത്തെയും തത്വശാസ്ത്രത്തെയും പറ്റി പഠിക്കുന്നത് അവർ ഇഷ്ടപ്പെടാറുണ്ട് (ഒ.നോ. 3:19-21).

**4:21 "നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല, യെരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു"** ഇത് അ വൾക്കും അവന്റെ ശിഷ്യന്മാർക്കും ഞെട്ടലുളവാക്കുന്ന ഒരു പ്രസ്താവന ആയിരുന്നിരിക്കണം. എവിടെ എന്നതല്ല, ആരെ എന്നുള്ളതാണ് വിഷയം!

**4:22 "രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്"** മശിഹായുടെ ജന്മസ്ഥലത്തെക്കുറിച്ചുള്ള ഉറപ്പായ പ്രസ്താവനയാണിത് (ഒ.നോ. ഉല്പ. 12:2-3; 49:8-12; യെശ. 2:3; റോമ. 9:4-5).

**4:23 "നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു"** സാർവലൗകിക ആരാധനയെക്കുറിച്ചുള്ള മലാ. 1:11-ന്റെ സൂചനയാകാം ഇത്. യേശു തന്റെ മരണത്തിനുശേഷം എന്നതുപോലെ ജീവിതകാലത്തു തന്നെയും നിത്യജീവന്റെ ദാനം കൊണ്ടുവന്നു എന്നു വ്യക്തമാണ്. മശിഹായുടെ രണ്ടു വരവുകൾക്കിടയിൽ നിലനിൽക്കുന്ന സംഘർഷത്തെയാണ് ഈ പ്രസ്താവന പ്രതിഫലിപ്പിക്കുന്നത്. രണ്ടു യെഹൂദ യുഗങ്ങൾ (1 യോഹ. 2:17ലെ പ്രത്യേക പഠനവിഷയം കാണുക). ഇപ്പോൾ പരസ്പരം അതിക്രമിച്ചു കടന്നിരിക്കുന്നു. ആത്മാവിന്റെ പുതുയുഗം വന്നിരിക്കുന്നു. എന്നിട്ടും നാം തിന്മയുടെയും പാപത്തിന്റെയും പഴയ യുഗത്തിൽ ജീവിക്കുന്നു.
പുതിയ യുഗം തന്നിൽ ആരംഭിച്ചിരിക്കുന്നു എന്ന് തീർച്ചയായും യേശു അവകാശപ്പെടുകയാണ്. മശിഹൈക യുഗമായ പരിശുദ്ധാത്മ യുഗം ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

▣ **"ആത്മാവിലും സത്യത്തിലും"** "ആത്മാവ്" എന്ന പദം (3:8 ലെ പ്രത്യേക പഠനവിഷയം കാണുക) പ്രാദേശികാടിസ്ഥാനത്തിലോ ആത്മികാടിസ്ഥാനത്തിലോ അല്ലാത്ത ഒരു ആരാധനയെ സൂചിപ്പിക്കുന്നു. "സത്യം" എന്ന പദം ഗ്രീക്കു ലോകത്തിൽ ഒരു മാനസിക സങ്കല്പത്തെക്കുറിച്ചു പറയാൻ ഉപയോഗിക്കുന്നതാണ്. അതിന്റെ എബ്രായ പശ്ചാത്തലം വിശ്വസ്തത അഥവാ വിശ്വാസ്യത ആണ്. 6:5-ലും 17:3-ലും ഉള്ള സത്യത്തെ സംബന്ധിച്ച പ്രത്യേക പഠനവിഷയം കാണുക.
▣ **"പിതാവിനെ"** തന്റെ അതുല്യനായ പുത്രൻ യേശുവിനെക്കുറിച്ചുള്ള പരാമർശംകൂടെ ചേർക്കാതെ പുതിയ നിയമത്തിൽ ദൈവത്തെ "പിതാവ്" എന്നു വിളിക്കുന്നത് വളരെ അപൂർവ്വമാണ്.

## പ്രത്യേക പഠനവിഷയം: പിതാവ്

പഴയനിയമം ദൈവത്തെ ആത്മാർത്ഥമായ കുടുംബ സാദൃശ്യമായ പിതാവ് എന്ന നിലയിൽ അവതരിപ്പിക്കുന്നു.

1. യിസ്രായേൽ രാഷ്ട്രത്തെ പലപ്പോഴും യഹോവയുടെ "പുത്രൻ" എന്നു വിളിച്ചിരിക്കുന്നു (ഒ.നോ. ഹോശേ. 11:1; മലാ. 3:17).
2. ആരംഭകാലത്തു തന്നെ, ആവർത്തനപുസ്തകത്തിൽ പിതാവ് എന്ന ദൈവിക സാദൃശ്യം ഉപയോഗിച്ചിരിക്കുന്നു (1:31).
3. ആവ. 32 ൽ യിസ്രായേലിനെ "അവന്റെ മക്കൾ" എന്നും ദൈവത്തെ "നിന്റെ പിതാവ്" എന്നും വിളിച്ചിരിക്കുന്നു.
4. ഈ സാദൃശ്യം സങ്കീ. 103:13ൽ പ്രസ്താവിക്കുകയും സങ്കീ. 68:5 ൽ വിപുലപ്പെടുത്തുകയും (അനാഥർക്കു പിതാവ്) ചെയ്തിരിക്കുന്നു.
5. പ്രവാചക പുസ്തകങ്ങളിൽ ഇതു സാധാരണമാണ് (ഒ.നോ. യെശ. 1:2; 63:8; യിസ്രായേൽ പുത്രൻ, ദൈവം പിതാവ്, 63:16; 64:8; യിരെ. 3:4, 19; 31:9).

യേശു അരാമ്യയാണു സംസാരിച്ചത്, അതിനർത്ഥം, ഗ്രീക്കിലെ *പാറ്റീർ* എന്ന നിലയിൽ "പിതാവ്" എന്നു കാണുന്ന പല സ്ഥലങ്ങളിലും അത് അരാമ്യയിലെ *അബ്ബാ* യെ പ്രതിഫലിപ്പിക്കുന്നതാണ് (ഒ.നോ. 14:36). "ഡാഡി" അല്ലെങ്കിൽ "പപ്പാ" എന്നർത്ഥമുള്ള ഈ കുടുംബപദം പിതാവിനോടുള്ള യേശുവിന്റെ അകമഴിഞ്ഞ അടുപ്പത്തെ കാണിക്കുന്നു; ഇതവന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിയത് പിതാവിനോടുള്ള നമ്മുടെ അടുപ്പത്തെ പ്രോത്സാഹിപ്പിക്കുന്നു. "പിതാവ്" എന്ന പദം പഴയനിയമത്തിൽ യഹോവയ്ക്ക് അപൂർവ്വമായിട്ടേ ഉപയോഗിച്ചിട്ടുള്ളൂ എങ്കിലും യേശു അതു കൂടെക്കൂടെ ഉപയോഗിച്ചു. വിശ്വാസികൾക്കു ക്രിസ്തുവിലൂടെ ദൈവത്തോടു കൈവന്ന പുതിയ ബന്ധത്തെ സംബന്ധിച്ച പ്രധാന വെളിപ്പെടുത്തലാണത് (ഒ.നോ. മത്താ. 6:9).

▣ **"തന്നെ തമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണമെന്നു പിതാവു ഇച്ഛിക്കുന്നു"** ദൈവം നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ ഉത്സാഹപൂർവ്വം അന്വേഷിച്ചുകൊണ്ടിരിക്കുന്നു (ഒ.നോ. യെശ. 55; യെഹെ. 18:22,32; ലൂക്കൊ. 19:10; യോഹ. 1:2; 3:16)

**4:26 "ദൈവം ആത്മാവാകുന്നു"** യോഹന്നാന്റെ എഴുത്തുകളിൽ ദൈവത്തിന്റെ സ്വഭാവത്തെ വിവരിക്കുന്ന അനേക ഹ്രസ്വ പ്രസ്താവനകൾ ഉണ്ട്. (1) ദൈവം സ്നേഹം തന്നേ; (2) ദൈവം വെളിച്ചമാകുന്നു; (3) ദൈവം ആത്മാവാകുന്നു. ഇതിനർത്ഥം (1) ശാരീരികം അല്ല; (2) ഒരു സ്ഥലത്ത് പരിമിതപ്പെട്ടിട്ടില്ല; (3) സമയ ആവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്നില്ല; (4) സ്വർഗ്ഗീയം x ഭൗമികം എന്നൊക്കെയാകാം.

**4:25 "മശിഹാ വരുന്നു"** മശിഹാ എന്ന പദം പുതിയനിയമത്തിൽ രണ്ടു പ്രാവശ്യം മാത്രമേ കാണുന്നുള്ളൂ. രണ്ടും യോഹന്നാന്റെ സുവിശേഷത്തിലാണ് (ഒ.നോ. 1:41; 4:25).

## പ്രത്യേക പഠനവിഷയം: മശിഹാ

ദാനീയേൽ 9:6 നെക്കുറിച്ചുള്ള എന്റെ വ്യാഖ്യാന കുറിപ്പിൽ നിന്നും എടുത്തിട്ടുള്ളതാണിത്. ഈ വാക്യം വ്യാഖ്യാനിക്കുന്നതിനുള്ള പ്രയാസത്തിനു കാരണം മശിഹാ അഥവാ അഭിഷിക്തനോടു ബന്ധപ്പെട്ട് നില നിന്നിരുന്ന വ്യത്യസ്ത അർത്ഥങ്ങളാണ് (BDB 603):

1. യെഹൂദരാജാക്കന്മാർക്ക് ഉപയോഗിച്ചു (ഉദാ. 1 ശമൂ. 2:10; 12:3)
2. യെഹൂദ പുരോഹിതന്മാർക്ക് ഉപയോഗിച്ചു (ഉദാ. ലേവ്യ. 4:3,5)
3. കോരെശിന് ഉപയോഗിച്ചു (ഉദാ. യെശ. 45:1)
4. #1, #2 എന്നിവ സങ്കീ. 110 ലും സെഖ. 4 ലും ഒരുമിച്ചു വന്നിരിക്കുന്നു
5. നീതിയുടെ പുതിയയുഗം സ്ഥാപിക്കുവാനുള്ള ദൈവത്തിന്റെ പ്രത്യേക ദാവീദ്യ രാജാവിനെ സൂചിപ്പിക്കുവാൻ
   a. യെഹൂദാ വംശം (ഓ. നോ. ഉല്പ. 49:10)
   b. യിശ്ശായി ഗൃഹം (ഓ. നോ. 2 ശമൂ. 7)
   c. സാർവ്വലൗകിക ഭരണം (ഓ. നോ. സങ്കീ. 2; യെശ. 9:6; 11:1-5; മീഖാ 5:1-4 മുതൽ)

താഴെക്കൊടുത്തിരിക്കുന്ന കാരണങ്ങളാൽ "അഭിഷിക്തൻ" നസറയനായ യേശുവാണെന്നു ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു.

1. ആധ്യായം 2-ൽ, നാലാം സാമ്രാജ്യകാലത്ത് സ്ഥാപിതമാകുന്ന നിത്യരാജ്യത്തെ പരിചയപ്പെടുത്തുന്നു
2. 7:13 ൽ നിത്യരാജത്വം നല്കപ്പെടുന്ന "ഒരു മനുഷ്യപുത്രനെ" അവതരിപ്പിക്കുന്നു
3. വീണുപോയ ലോക ചരിത്രത്തിന്റെ അന്ത്യത്തിലേക്കു വിരൽചൂണ്ടുന്ന 9:24 ലെ വീണ്ടെടുപ്പിൻ സൂചന
4. പുതിയനിയമത്തിൽ യേശു ദാനീയേലിന്റെ പുസ്തകം ഉപയോഗിക്കുന്നത് (ഓ. നോ. മത്താ. 24:15; മർക്കൊ. 13:14).

▣ **"അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും"** ശമര്യർ മശിഹായെ പ്രതീക്ഷിച്ചിരുന്നുവെന്നാണ് ഇതിനർത്ഥം. മശിഹാ ദൈവത്തിന്റെ പൂർണ്ണത വെളിപ്പെടുത്താനാണു വരുന്നതെന്നും അവർ വിശ്വസിച്ചു.

**4:26 "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നേ *അവൻ* (മശിഹാ)"** ഇത് യെശ. 52:6 ന്റെ സൂചനയാകാം. ഇതു (സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമായി) തന്റെ ദൈവത്വത്തിന്റെ ലളിതവും തുറന്നതുമായ സ്ഥിരീകരണമാണ്! ദൈവത്തിന്റെ പഴയനിയമ ഉടമ്പടി നാമമായ യഹോവ എന്ന നാമത്തെ പ്രതിഫലിപ്പിക്കുന്ന "ഞാൻ ആകുന്നു" എന്ന പദത്തിന്റെ അക്ഷരവിന്യാസമാണിത് (ഒ.നോ. പുറ. 3:12,14). യേശുവിൽ ദൃശ്യമായതും വ്യക്തമായതുമായ യഹോവയുടെ വെളിപ്പാടിനെ പരാമർശിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ദൈവത്തിന്റെ ഈ പഴയ നിയമ നാമം യേശു ഉപയോഗിച്ചു (ഒ.നോ. യോഹ. 8:24,28,58; 13:19; 18:5 താരതമ്യപ്പെടുത്തുക യെശ. 41:4; 43:10; 46:4). ഇവിടുത്തെ പ്രത്യേകമായ "ഞാൻ തന്നേ" യോഹന്നാന്റെ പ്രസ്താവനകളിലെ സുപ്രസിദ്ധമായ "ഞാൻ ആകുന്നു" (6:35,51; 8:12; 10:7,9,11,14; 11:25; 14:6; 15:1,5) എന്നിവയിൽ നിന്നും വ്യത്യസ്തമാണ്. ആ പ്രസ്താവനകൾ ഒരു നാമത്തെ തുടർന്നാണു വന്നിട്ടുള്ളത് .

**യോഹന്നാൻ 4:27-30**

**[27]ഇതിന്നിടയിൽ അവന്റെ ശിഷ്യന്മാർ വന്നു അവൻ സ്ത്രീയോടു സംസാരിക്കുകയാൽ ആശ്ചര്യപ്പെട്ടു എങ്കിലും: നീ എന്തു ചോദിക്കുന്നു? അവളോട് എന്തു സംസാരിക്കുന്നു എന്ന് ആരും ചോദിച്ചില്ല. [28]അനന്തരം സ്ത്രീ പാത്രം വെച്ചിട്ടു പട്ടണത്തിൽ ചെന്നു ജനങ്ങളോട്: [29]ഞാൻ ചെയ്തത് ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നുകാണ്മിൻ; അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു. [30]അവർ പട്ടണത്തിൽനിന്നു പുറപ്പെട്ട് അവന്റെ അടുക്കൽ വന്നു.**

**4:27 "അവൻ സ്ത്രീയോടു സംസാരിക്കയാൽ ആശ്ചര്യപ്പെട്ടു"** സാംസ്കാരികമായി, യാഥാസ്ഥിതിക യെഹൂദർ ഇതു ചെയ്യാറില്ല.

▣ **"എങ്കിലും നീ എന്തു ചോദിക്കുന്നു? അവളോടു എന്തു സംസാരിക്കുന്നു എന്നു ആരും ചോദിച്ചില്ല"** യോഹന്നാനിൽ നിന്നുള്ള ഒരു ദൃക്സാക്ഷി വിവരണമാണിത്. ഈ സ്തോഭജനകമായ സംഭവം അവൻ നന്നായി ഓർത്തിരിക്കുന്നു!

**4:28 "സ്ത്രീ പാത്രം വെച്ചിട്ടു"** സ്ത്രീ സാക്ഷ്യം പറയാൻ ഗ്രാമത്തിലേക്കു ഓടിപ്പോയപ്പോൾ അവൾക്കുണ്ടായിരുന്ന അത്ഭുതത്തെയും ആവേശത്തെയും കാണിക്കുന്ന മനോഹരമായ ദൃക്സാക്ഷി, ചരിത്ര കുറിപ്പാണിത് (ഒ. നോ. വാ. 29–30).

**4:29 "അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ?"** വ്യാകരണരൂപം "അല്ല" എന്ന ഉത്തരമാണു പ്രതീക്ഷിക്കുന്നത്, എങ്കിലും സന്ദർഭം വ്യക്തമാക്കുന്നത് അവൻ മശിഹാ ആണെന്നവർ യഥാർത്ഥമായി വിശ്വസിച്ചുവെന്നാണ്. സന്ദർഭം വ്യാകരണത്തെ അതിജീവിക്കുന്നു!

### യോഹന്നാൻ 4:31–38

**[31]അതിനിടയിൽ ശിഷ്യന്മാർ അവനോടു: റബ്ബീ, ഭക്ഷിച്ചാലും എന്നു അപേക്ഷിച്ചു. [32]അതിന്നു അവൻ: നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ടു എന്നു അവരോടു പറഞ്ഞു. [33]ആകയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. [34]യേശു അവരോടു പറഞ്ഞതു: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം. [35]ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. [36]വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിക്കുവാൻ തക്കവണ്ണം കൊയ്യുന്നവൻ കൂലി വാങ്ങി നിത്യജീവങ്കലേക്കു വിളവു കൂട്ടിവെക്കുന്നു. [37]വിതെക്കുന്നതു ഒരുത്തൻ, കൊയ്യുന്നതു മറ്റൊരുത്തൻ എന്നുള്ള പഴഞ്ചൊൽ ഇതിൽ ഒത്തിരിക്കുന്നു. [38]നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്യുവാൻ ഞാൻ നിങ്ങളെ അയച്ചിരിക്കുന്നു; മറ്റുള്ളവർ അദ്ധ്വാനിച്ചു; അവരുടെ അദ്ധ്വാനഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.**

**4:32** സ്വർഗ്ഗം X ഭൂമി, ആത്മീയം X ഭൗതികം എന്നീ ദ്വന്ദ്വങ്ങളെ സൂചിപ്പിക്കുന്ന മറ്റൊരു പ്രയോഗം. യേശു ഒരു സുവിശേഷീകരണ വെളിപ്പെടുത്തൽ ദൗത്യത്തിലാണ്. ആളുകളാണ്/ആയിരുന്നു അവന്റെ മുൻഗണന!

**4:34 "എന്നെ അയച്ചവന്റെ ഇഷ്ടംചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നേ എന്റെ ആഹാരം"** താൻ ചെയ്യണമെന്നു പിതാവ് ആഗ്രഹിക്കുന്ന കാര്യത്തെ സംബന്ധിച്ച് യേശുവിനുണ്ടായിരുന്ന അറിവിന്റെ വ്യക്തമായ വെളിപ്പെടുത്തലാണ് യോഹന്നാൻ 17 (ഒ.നോ. മർക്കൊ. 10:45; ലൂക്കൊ. 19:10; യോഹ. 6:29).

യേശു മേലിൽ നിന്ന് പിതാവാം ദൈവത്തിന്റെ സന്നിധിയിൽ നിന്നു തന്നേ അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുതയും പിതാവിനെ വെളിപ്പെടുത്തുകയും പിതാവിന്റെ പ്രവൃത്തി ചെയ്യുകയും ചെയ്യുക എന്ന തന്റെ ദൗത്യവും തമ്മിലുള്ള വൈരുദ്ധ്യം നോക്കുക. യോഹന്നാനിൽ സർവ്വ സാധാരണമായ ലംബ ദ്വന്ദ്വമാണിത് (മേലിൽ X താഴെ, ആത്മാവ് X ജഡം).

യേശു അയയ്ക്കപ്പെട്ടു എന്നതിന് രണ്ടു പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

1. പെമ്പോ (*πεμπω* – 4:34; 5:23; 24,30,37; 6:38,39,40,44; 7:16,18,28,33; 8:16,18,26,29; 9:4; 12:44,45,49; 14:24; 15:21; 16:5).
2. അപ്പോസ്റ്റെലോ (*αποστελλω* – 3:17,24; 5:36,38; 6:29,57; 7:29; 8:42; 10:36; 11:42; 17:3,18,21,23,25; 20:21).

20:21ൽ കാണുന്നതുപോലെ ഇവ പര്യായപദങ്ങളാണ്. വിശ്വാസികൾ പിതാവിന്റെ പ്രതിനിധികളായി വീണ്ടെടുപ്പിൻ ലക്ഷ്യത്തോടെ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നു എന്നും ഇതു കാണിക്കുന്നു (ഒ.നോ. 2 കൊരി. 5:13–21).

## പ്രത്യേക പഠനവിഷയം:
## ദൈവത്തിന്റെ ഇഷ്ടം (*തെലിമാ-θελημα*)

**യോഹന്നാന്റെ സുവിശേഷം**

- യേശു പിതാവിന്റെ ഇഷ്ടം ചെയ്വാൻ വന്നു (ഒ.നോ. 4:34; 5:30; 6:35).
- പിതാവു പുത്രനു നൽകിയവരെ എല്ലാം ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കണമെന്നത് (ഒ.നോ. 6:39).
- എല്ലാവരും പുത്രനിൽ വിശ്വസിക്കേണമെന്നത് (ഒ.നോ. 6:29,40)
- ദൈവേഷ്ടം ചെയ്യുന്നതിനോടു ബന്ധപ്പെട്ട് മറുപടി ലഭിച്ച പ്രാർത്ഥന (ഒ.നോ. 9:31; 1 യോഹ. 5:14).

**സമവീക്ഷണ സുവിശേഷങ്ങൾ**

- ദൈവേഷ്ടം ചെയ്യുന്നത് നിർണ്ണായകമാണ് (ഒ.നോ. മത്താ. 7:21).
- ദൈവേഷ്ടം ചെയ്യുന്നത് ഒരുവനെ യേശുവിന്റെ സഹോദരനോ സഹോദരിയോ ആക്കും (ഒ.നോ. മത്താ. 12:50; മർക്കൊ. 3:35).
- ആരും നശിച്ചുപോകുന്നത് ദൈവത്തിന്റെ ഇഷ്ടമല്ല (ഒ.നോ. മത്താ. 18:14; 1 തിമൊ. 2:4; 2 പത്രൊ. 3:9).
- കാൽവറി യേശുവിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമായിരുന്നു (ഒ.നോ. മത്താ. 26:42; ലൂക്കൊ. 22:42).

**പൗലൊസിന്റെ ലേഖനത്തിൽ**

- സകല വിശ്വാസികളുടെയും പക്വതയും ശുശ്രൂഷയും (ഒ.നോ. റോമ. 12:1-2).
- വിശ്വാസികൾ ഈ ദുഷ്ടലോകത്തിൽ നിന്നു വിടുവിക്കപ്പെടുന്നത് (ഒ.നോ. ഗലാ. 1:4).
- ദൈവത്തിന്റെ ഇഷ്ടം അവന്റെ വീണ്ടെടുപ്പിൻ പദ്ധതിയാണ് (ഒ.നോ. എഫെ. 1:5,9,11).
- വിശ്വാസികൾ ആത്മനിറവിൻ ജീവിതം അനുഭവമാക്കുന്നതും ജീവിക്കുന്നതും (ഒ. നോ. എഫെ. 5:17-18)
- വിശ്വാസികൾ ദൈവിക പരിജ്ഞാനത്താൽ നിറയപ്പെടുന്നത് (ഒ.നോ. കൊലൊ. 1:9).
- വിശ്വാസികൾ തികഞ്ഞവരും പൂർണ്ണതയുള്ളവരാകുന്നത് (ഒ.നോ. കൊലൊ. 4:12).
- വിശ്വാസികൾ വിശുദ്ധീകരിക്കപ്പെടുന്നത് (ഒ.നോ. 1 തെസ്സ. 4:3).
- വിശ്വാസികൾ സകലത്തിനും നന്ദികരേറ്റുന്നത് (ഒ.നോ. 1 തെസ്സ. 5:18).

**പത്രൊസിന്റെ ലേഖനങ്ങൾ**

- വിശ്വാസികൾ നന്മ ചെയ്തുകൊണ്ട് (അതായത്, ദുഷ്ട യജമാനന്മാർക്കു കീഴടങ്ങിയിരുന്നുകൊണ്ട്) ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്തം മിണ്ടാതാക്കേണമെന്നും അങ്ങനെ സുവിശേഷീകരണത്തിന് അവസരം ഉണ്ടാക്കേണമെന്നതും (ഒ.നോ. 1 പത്രൊ. 2:15).
- വിശ്വാസികൾ കഷ്ടത സഹിക്കുന്നത് (ഒ.നോ. 1 പത്രൊ. 3:17; 4:19).
- വിശ്വാസികൾ സ്വയ-കേന്ദ്രീകൃത ജീവിതം നയിക്കാതിരിക്കുന്നത് (ഒ.നോ. 1 പത്രൊ. 4:2).

**യോഹന്നാന്റെ ലേഖനങ്ങൾ**

- വിശ്വാസികൾ എന്നേക്കും വസിക്കുന്നത് (ഒ.നോ. 1 യോഹ. 2:17)
- ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയ്ക്കുള്ള വിശ്വാസിയുടെ താക്കോൽ (ഒ.നോ. 1 യോഹ. 5:14).

**4:35 "ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു"** ആത്മിക പ്രതികരണത്തിനുള്ള സമയം ഇപ്പോഴാണെന്നു കാണിക്കുന്നതിനുള്ള ഒരു ആലങ്കാരിക പ്രയോഗമാണിത്! യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം മാത്രമല്ല, അവന്റെ ജീവിതകാലത്തും ആളുകൾ അവനിലുള്ള വിശ്വാസത്താൽ രക്ഷപ്രാപിച്ചു.

**4:36-38 "വിതെയ്ക്കുന്നതു ഒരുത്തൻ കൊയ്യുന്നതു മറ്റൊരുത്തൻ"** ഈ വാക്യങ്ങൾ പ്രവാചകന്മാരുടെയോ അല്ലെങ്കിൽ യോഹന്നാൻ സ്നാപകന്റെയോ ശുശ്രൂഷയെക്കുറിച്ചുള്ള പരാമർശമാണ്. പൗലൊസിന്റെ ശുശ്രൂഷയും അപ്പൊല്ലൊസിന്റെ ശുശ്രൂഷയും തമ്മിലുള്ള ബന്ധത്തെ കാണിക്കുവാൻ 1 കൊരി. 3:6-8 ൽ ഇതുപയോഗിച്ചിട്ടുണ്ട്.

## യോഹന്നാൻ 4:39-42

**[39]ഞാൻ ചെയ്തതു ഒക്കെയും അവൻ എന്നോടു പറഞ്ഞു എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ വിശ്വസിച്ചു. [40]അങ്ങനെ ശമര്യർ അവന്റെ അടുക്കൽ വന്നു തങ്ങളോടു കൂടെ പാർക്കേണം എന്നു അവനോടു അപേക്ഷിച്ചു; അവൻ രണ്ടുനാൾ അവിടെ പാർത്തു. [41]ഏറ്റവും അധികംപേർ അവന്റെ വചനം കേട്ടു വിശ്വസിച്ചു: [42]ഇനി നിന്റെ വാക്കു കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു; ഞങ്ങൾ തന്നെ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവു എന്നു അറികയും ചെയ്തിരിക്കുന്നു എന്നു സ്ത്രീയോടു പറഞ്ഞു.**

**4:39 "പല ശമര്യരും അവനിൽ വിശ്വസിച്ചു"** യോഹന്നാൻ "വിശ്വസിക്കുക" എന്ന പദം മറ്റനേക പദങ്ങളുമായി ചേർത്തു പറഞ്ഞിട്ടുണ്ട്: "-ൽ വിശ്വസിക്കുക" (*എൻ*) "അതു വിശ്വസിക്കുക" (*ഹോട്ടി*) മിക്കപ്പോഴും "നിൽ വിശ്വസിക്കുക" (*എയ്സ്*) അഥവാ "ആശ്രയിക്കുക" (ഒ.നോ. 2:11,23; 3:16,18,36; 6:29,35,40; 7:5,31,38,48; 8:30; 9:35,36; 10:42; 11:25,26,45,48; 12:11,37,42,44,46; 14:1,12; 16:9; 17:20). ശമര്യർ ആദ്യം വിശ്വസിച്ചത് സ്ത്രീയുടെ സാക്ഷ്യം നിമിത്തമായിരുന്നു (വാ. 39). എങ്കിലും അവർ യേശുവിന്റെ വാക്കുകേട്ടശേഷം വ്യക്തിപരമായി അവന്റെ സാക്ഷ്യം കൈക്കൊണ്ടു (വാ. 41-42). യേശു യിസ്രായേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കാണു വന്നതെങ്കിലും, അവന്റെ സുവിശേഷം സകല മനുഷ്യർക്കും ഉള്ളതായിരുന്നു: ശമര്യർക്കും, സുറോ-ഫോയീക്യ സ്ത്രീക്കും

റോമാ പടയാളിക്കും (ഒ.നോ. റോമ. 10:12; 1 ഗരി. 12:13; ഗലാ. 3:28–29; കൊലൊ. 3:11). 2:23 ലെ പ്രത്യേക പഠനവി ഷയം കാണുക.

▣ **"സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം"** ദുരുപദേശത്തിൽ വിശ്വസിച്ചിരുന്നവളും അസാന്മാർഗ്ഗിയുമാ യിരുന്ന ഈ സ്ത്രീയുടെ സാക്ഷ്യത്തെ ദൈവം ഉപയോഗിച്ചെങ്കിൽ എന്റേതും നിങ്ങളുടെതും ഉപയോഗിക്കാൻ അവനു കഴിയും! വ്യക്തിപരമായ സാക്ഷ്യത്തിന്റെ പ്രാധാന്യത്തെ ഈ വാക്യം വെളിപ്പെടുത്തുന്നു. 1:8 ലെ യേശു വിന്റെ സാക്ഷികൾ എന്ന പ്രത്യേക പഠനവിഷയം കാണുക.

**4:40**

| | |
|---|---|
| **NASB, NRSV** | **"ചോദിച്ചു"** |
| **NKJV** | **"നിർബന്ധിച്ചു"** |
| **TEV, NJB** | **"യാചിച്ചു"** |

ഇത് "നിർബന്ധിച്ചു" അല്ലെങ്കിൽ "യാചിച്ചു" എന്നു തർജ്ജമ ചെയ്യാവുന്ന ശക്തമായ ഗ്രീക്കുപദമാണ്. പദ ത്തിന്റെ ഗൗരവാവസ്ഥ വാ. 47 ലെ അതിന്റെ ഉപയോഗത്തിൽ വ്യക്തമാണ് (ഒ.നോ. ലൂക്കൊ. 4:38).

**4:42 "ലോകരക്ഷിതാവ്"** ഇതേ വിശ്വനാമം 1 യോഹ. 4:14 ൽ ഉപയോഗിച്ചിരിക്കുന്നു. സകല മനുഷ്യരോടുമുള്ള ദൈവസ്നേഹത്തിന്റെ വിശ്വൈക അർത്ഥത്തിലും ഇതുപയോഗിച്ചിട്ടുണ്ട് (ഒ.നോ. 1 തിമൊ. 2:6; എബ്രാ. 2:9; 1 യോഹ. 2:2). ഉല്പ. 3:15 ലെ വാഗ്ദത്തം നിവൃത്തിയായിരിക്കുന്നു! ഒന്നാം നൂറ്റാണ്ടിൽ ഈ പ്രയോഗം കൈസറെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. ക്രിസ്ത്യാനികൾ യേശുവിനുവേണ്ടി മാത്രം ഇതുപയോഗിച്ച കാരണത്താ ലാണ് റോമക്കാർ അവരെ പീഡിപ്പിച്ചത്. പുതിയനിയമ എഴുത്തുകാർ പിതാവാം ദൈവത്തിന്റെ നാമം പുത്രനു നൽകിയതെങ്ങനെയെന്നും ഈ പേരു വെളിപ്പെടുത്തുന്നു. തീത്തൊസ് 1:3 – തീത്തൊസ് 1:4; തീത്തൊസ് 2:10 – തീത്തൊസ് 2:13; തീത്തൊസ് 3:4 – തീത്തൊസ് 3:6.

യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞു (ഒ.നോ. 1:11) എന്നാൽ ശമര്യർ പെട്ടെന്നും അനായാസമായും അവനെ കൈക്കൊണ്ടു (ഒ.നോ. 1:12)!

## യോഹന്നാൻ 4:43–45

**[43]രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ അവിടംവിട്ടു ഗലീലെക്കു പോയി. [44]പ്രവാചകന്നു തന്റെ പിതൃദേശത്തു ബഹുമാനം ഇല്ല എന്നു യേശു തന്നെ സാക്ഷ്യം പറഞ്ഞിരുന്നു. [45]അവൻ ഗലീലയിൽ എത്തിയപ്പോൾ ഗലീലക്കാർ തങ്ങളും പെരുന്നാളിന്നു പോയി അവൻ യെരൂശലേമിൽവെച്ചു പെരുന്നാളിൽ ചെയ്തതൊക്കെയും കണ്ടതുകൊണ്ടു അവനെ അംഗീകരിച്ചു.**

**4:43** സമവീക്ഷണ സുവിശേഷത്തിൽ നിന്നും ഒരുവൻ ഗ്രഹിക്കുന്നതിനെക്കാളുമധികം പ്രാവശ്യം സ്വതന്ത്രമായും കൂടുതൽ പ്രാവശ്യവും യേശു യെഹൂദെക്കും ഗലീലെക്കുമിടയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു എന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു.

**4:44** ഇതു വളരെ അസാധാരണമായ ഒരു വാക്യമാണ്, കാരണം തൊട്ടടുത്ത വാക്യവുമായി അതു യോജിക്കു ന്നില്ല. ആരംഭിക്കാനിരിക്കുന്ന (ഒ.നോ 4:3) ഗലീലയിലെ ശുശ്രൂഷയെ ആയിരിക്കാം അതു സൂചിപ്പിക്കുന്നത്. ഈ പഴഞ്ചൊല്ല് മത്താ. 13:57; മർക്കൊ. 6:4; ലൂക്കൊ. 4:24 എന്നിവിടങ്ങളിലും കാണുന്നുണ്ട്. സമവീക്ഷണ സുവിശേ ഷങ്ങളിൽ അത് ഗലീലയെ പരാമർശിക്കുമ്പോൾ ഇവിടെയത് യെഹൂദന്മാരെയാണു സൂചിപ്പിക്കുന്നത്.

ഗലീലക്കാരും യേശുവിനെ "കൈക്കൊണ്ടതായി" പറയുന്നുണ്ടെങ്കിലും അവരിൽ അനേകരും അതിൽ നില നിൽക്കാതെ പിന്നീട് അവനെ തള്ളിക്കളഞ്ഞു. "വിശ്വസിക്കുന്നതും" "കൈക്കൊള്ളുന്നതും" പ്രാരംഭ സ്വീകര ണത്തിലും അധികമായ കാര്യമാണ് (ഒ.നോ. വിതയുടെ ഉപമ, മത്താ. 13:8–23; മർക്കൊ. 4:12–20; ലൂക്കൊ. 8:11–15). 8:31 ലെ നിലനിൽക്കേണ്ടതിന്റെ ആവശ്യകത എന്ന പ്രത്യേക പഠനവിഷയം കാണുക.

**4:45 "ഗലീലക്കാർ ... അവനെ അംഗീകരിച്ചു"** യെരൂശലേമിലെ സന്ദർശന വേളയിൽ അവർ യേശുവിന്റെ ഉപ ദേശം കേൾക്കുകയും അവൻ ചെയ്ത അത്ഭുതങ്ങൾ കാണുകയും ചെയ്തിരുന്നു. ഇതു സൂചിപ്പിക്കുന്നത് ഒരള വുവരെ (ഒ.നോ. വാ. 48) അവൻ യേശുവിനെ ദൈവത്തിന്റെ മശിഹാ (ഒ.നോ. 1:12) ആയി വിശ്വസിച്ചിരുന്നു എന്നാണ്.

▣ **"തങ്ങളും പെരുന്നാളിന്നു പോയി"** ഇതും ഇടയ്ക്കു ചേർത്ത യോഹന്നാന്റെ ഒരു കുറിപ്പാണെന്ന് NET ബൈബിൾ വിശദീകരിക്കുന്നു. (ഒ.നോ. NRSV, NIV).

**യോഹന്നാൻ 4:46-54**

[46]അവൻ പിന്നെയും താൻ വെള്ളം വീഞ്ഞാക്കിയ ഗലീലയിലെ കാനാവിൽ വന്നു. അന്നു മകൻ രോഗിയായിരുന്നൊരു രാജഭൃത്യൻ കഫർന്നഹൂമിൽ ഉണ്ടായിരുന്നു. [47]യേശു യെഹൂദ്യദേശത്തുനിന്നു ഗലീലയിൽ വന്നു എന്നു അവൻ കേട്ടു അവന്റെ അടുക്കൽ ചെന്നു, തന്റെ മകൻ മരിക്കാറായിരിക്ക കൊണ്ടു അവൻ വന്നു അവനെ സൗഖ്യമാക്കേണം എന്നു അപേക്ഷിച്ചു. [48]യേശു അവനോടു: നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്നു പറഞ്ഞു. [49]രാജഭൃത്യൻ അവ നോടു: കർത്താവേ, പൈതൽ മരിക്കുംമുമ്പെ വരേണമേ എന്നു പറഞ്ഞു. [50]യേശു അവനോടു: പൊ യ്ക്കൊൾക; നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു; യേശു പറഞ്ഞ വാക്കു വിശ്വസിച്ചു ആ മനുഷ്യൻ പോയി. [51]അവൻ പോകുകയിൽ അവന്റെ ദാസന്മാർ അവനെ എതിരേറ്റു മകൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞു. [52]അവന്നു ഭേദം വന്ന നാഴിക അവരോടു ചോദിച്ചതിന്നു, അവർ അവനോടു: ഇന്നലെ ഏഴുമണിക്കു പനി വിട്ടുമാറി എന്നു പറഞ്ഞു. [53]ആകയാൽ നിന്റെ മകൻ ജീവിച്ചിരിക്കുന്നു എന്നു യേശു പറഞ്ഞ നാഴികയിൽ തന്നേ എന്നു അപ്പൻ ഗ്രഹിച്ചു; താനും കുടുംബം ഒക്കെയും വിശ്വസിച്ചു. [54]യേശു യെഹൂദ്യയിൽനിന്നു ഗലീലയിൽ വന്നപ്പോൾ ഇതു രണ്ടാമത്തെ അടയാളമായിട്ടു ചെയ്തു.

**NASB, NRSV, NJB "ഒരു രാജഭൃത്യൻ"**
**NKJV "ഒരു പ്രമാണി"**
**TEV "ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ"**

ഹെരോദാവിന്റെ കുടുംബത്തിനു സേവനം ചെയ്യുന്ന ഒരു ഗവൺമെന്റുദ്യോഗസ്ഥനായിരുന്നു ഇയാൾ.

**4:48 "നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കണ്ടിട്ടില്ലാതെ വിശ്വസിക്കയില്ല"** ശക്തമായ രണ്ടു നിഷേധാത്മക ക്രിയകളുള്ള മൂന്നാം തരം സോപാധിക വാചകമാണിത്. യേശു ഈ മനുഷ്യനെ ബഹുവചന രൂപത്തിൽ അഭിസംബോധന ചെയ്യുന്നു. യെഹൂദന്മാർ അടയാളം അന്വേഷിക്കുകയായിരുന്നു (ഒ.നോ. 2:18; 6:2,30; മത്തായി. 12:38; 16:1). എങ്കിലും ഹെരോദാവിന്റെ ഈ ഭൃത്യൻ അടയാളം ലഭിക്കും മുമ്പെ വിശ്വസിച്ചു.

**4:49 "പൈതൽ"** മൂന്നു വാക്യങ്ങളിൽ യോഹന്നാൻ മൂന്നു വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നു.

1. വാ. 49 - പയിഡിയോൺ-*παιδιον* ("പൈതൽ")
2. വാ. 50 - ഹൂയിയോസ്-*ὑιος* ("മകൻ")
3. വാ. 51 - പായിസ്-*παις* ("മകൻ")

പര്യായപദങ്ങളായിട്ടാണിവ ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

**4:50** യോഹന്നാന്റെ സുവിശേഷത്തിന്റെ അന്തഃസത്തയാണ് ഈ വാക്യം - യേശുവിൽ വിശ്വസിക്കുക, അവന്റെ വാക്കു വിശ്വസിക്കുക, അവന്റെ പ്രവൃത്തി വിശ്വസിക്കുക, അവന്റെ ആളത്വത്തിൽ വിശ്വസിക്കുക; യേശുവിന്റെ വാഗ്ദത്തം കാണാതെ വിശ്വസിക്കുന്നതിലൂടെ അയാളുടെ വിശ്വാസം ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

**4:53 "താനും കുടുംബം ഒക്കെയും വിശ്വസിച്ചു"** ഒരു വ്യക്തിയുടെ വിശ്വാസം മുഴുവൻ കുടുംബത്തെയും സ്വാധീനിച്ച അനേക സംഭവങ്ങളിൽ ആദ്യത്തേതാണിത്.

1. കൊർന്നല്യൊസ് (പ്രവൃ. 10:44-48).
2. ലുദിയ (പ്രവൃ. 16:15).
3. ഫിലിപ്പിയിലെ കാരാഗൃഹപ്രമാണി (പ്രവൃ. 16:31-34).
4. ക്രിസ്പൊസ് (പ്രവൃ. 18:8)
5. സ്തെഫനാസ് (1 കൊരി. 1:16).

ഈ കുടുംബ മാനസാന്തരത്തെക്കുറിച്ച് വളരെ ചർച്ചകൾ ഉണ്ടായിട്ടുണ്ട്, എങ്കിലും ഓരോരുത്തരും യേശുവിനെ വ്യക്തിപരമായി അംഗീകരിക്കേണ്ടതാണെന്ന കാര്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു. മധ്യപൂർവ്വദേശത്തെ സംസ്കാരം ആധുനിക സംസ്കാരങ്ങളെക്കാൾ ഗോത്രത്തോടും കുടുംബത്തോടും വളരെയധികം ചുറ്റിപ്പറ്റിയുള്ളതായിരുന്നു. നമ്മുടെയും ജീവിതത്തിലെ പ്രധാന വ്യക്തികൾ നമ്മുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാറുണ്ടെന്നതു സത്യമാണ്.

**4:54** ഒന്നാമത്തെ അടയാളം കാനാവിലെ കല്യാണവിരുന്നിലായിരുന്നു (ഒ.നോ. 2:1-11).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് യേശു യെഹൂദ്യദേശം വിട്ടുപോയത്?
2. യോഹന്നാൻ റോമാ സമയമാണോ യെഹൂദാ സമയമാണോ ഉപയോഗിക്കുന്നത്?
3. യേശു ശമര്യാസ്ത്രീയോടു സംസാരിക്കുന്നത് ഇത്രയധികം പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്?
4. 20-ാം വാക്യം ഇന്നത്തെ സഭകൾ തമ്മിലുള്ള ബന്ധത്തെ എപ്രകാരമാണു സാധിക്കുന്നത്?
5. വാ. 26ൽ യേശു പറയുന്ന ഞെട്ടിപ്പിക്കുന്ന പ്രസ്താവന വിശദീകരിക്കുക.
6. ഗലീലക്കാരുടെ വിശ്വാസം യഥാർത്ഥമായിരുന്നുവോ?

# യോഹന്നാൻ 5

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| കുളക്കരയിലെ സൗഖ്യം | ബെഥേസ്ദാ കുളക്കരയിൽ ഒരു മനുഷ്യൻ സൗഖ്യമാകുന്നു | ശബ്ബത്തിൽ മുടന്തന്റെ സൗഖ്യം | കുളക്കരയിലെ സൗഖ്യം | ബെഥേസ്ദാ കുളക്കരയിൽ ഒരു രോഗി സൗഖ്യമാകുന്നു |
| 5:1–9 | 5:1–15 | 5:1 | 5:1–6 | 5:1–9a |
| | | 5:2–9a | | |
| | | | 5:7 | |
| | | | 5:8–9a | |
| 5:9b–18 | | 5:9b–18 | 5:9b–10 | 5:9b–18 |
| | | | 5:11 | |
| | | | 5:12 | |
| | | | 5:14 | |
| | | | 5:15 | |
| | | | 5:16–17 | |
| | പിതാവിനെയും പുത്രനെയും ബഹുമാനിക്കുക | | 5:18 | |
| പുത്രന്റെ അധികാരം | 5:16–23 | ദൈവത്തോടുള്ള യേശുവിന്റെ ബന്ധം | പുത്രന്റെ അധികാരം | |
| 5:19–29 | | 5:19–24 | 5:19–23 | 5:19–47 |
| | ജീവനും ന്യായവിധിയും പുത്രനിലൂടെ | | | |
| | 5:24–30 | | 5:24–29 | |
| | | 5:25–29 | | |
| | | ദൈവത്തോടുള്ള യേശുവിന്റെ ബന്ധ തെളിവ് | യേശുവിനുള്ള സാക്ഷികൾ | |
| 5:30 | | 5:30 | 5:30 | |
| യേശുവിനുള്ള സാക്ഷി | നാലുവിധ സാക്ഷ്യം | | | |
| 5:31–40 | 5:31–47 | 5:31–38 | 5:31–40 | |
| | | തന്റെ വാഗ്ദാനം നിരസിച്ചവരെ യേശു ശാസിക്കുന്നു | | |
| | | 5:39–47 | | |
| 5:41–47 | | | 5:41–47 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**യോഹന്നാൻ 5:1–9**

**[1]അതിന്റെ ശേഷം യെഹൂദന്മാരുടെ ഒരു ഉത്സവം ഉണ്ടായിട്ടു യേശു യെരൂശലേമിലേക്കു പോയി. [2]യെരൂശലേമിൽ ആട്ടുവാതില്ക്കൽ ബേഥെസ്ദാ എന്നു എബ്രായപേരുള്ള ഒരു കുളം ഉണ്ടു; അതിന്നു അഞ്ചു മണ്ഡപം ഉണ്ടു. [3]അവയിൽ വ്യാധിക്കാർ, കുരുടർ, മുടന്തർ, ക്ഷയരോഗികൾ ഇങ്ങനെ വലിയൊരു കൂട്ടം (വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു) കിടന്നിരുന്നു. [4](അതതു സമയത്തു ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ ഏതു വ്യാധിപിടിച്ചവനായിരുന്നാലും അവന്നു സൌഖ്യം വരും.) [5]എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നോരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. [6]അവൻ കിടക്കുന്നതു യേശു കണ്ടു, ഇങ്ങനെ ഏറെ കാലമായിരിക്കുന്നു എന്നറിഞ്ഞു; നിനക്കു സൌഖ്യമാകുവാൻ മനസ്സുണ്ടോ എന്നു അവനോടു ചോദിച്ചു. [7]രോഗി അവനോടു: യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നേ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു എന്നു ഉത്തരം പറഞ്ഞു. [8]യേശു അവനോടു: എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞു. [9]ഉടനെ ആ മനുഷ്യൻ സൌഖ്യമായി കിടക്ക എടുത്തു നടന്നു.**

**5:1 "ഒരു ഉത്സവം"** ചില പുരാതന വലിയക്ഷര കയ്യെഴുത്തു പ്രതികളായ א, C എന്നിവയിൽ "ഉത്സവം" എന്നും മററനേകം കയ്യെഴുത്തുപ്രതികളിൽ "ഒരു ഉത്സവം" എന്നുമാണു ($P^{66}$, $P^{75}$, A, B, D) കാണുന്നത്. യെഹൂദ പുരുഷന്മാർ കർശനമായി പങ്കെടുക്കേണ്ടിയിരുന്ന മൂന്നു ഉത്സവങ്ങളാണുണ്ടായിരുന്നത്. (ഒ.നോ. ലേവ്യ. 23): (1) പെസഹ; (2) പെന്തെക്കോസ്ത്; (3) കൂടാരപ്പെരുന്നാൾ. ഇത് പെസഹയെ ആണു സൂചിപ്പിക്കുന്നതെങ്കിൽ, യേശു മൂന്നിനു പകരം നാലു വർഷത്തെ പരസ്യ ശുശ്രൂഷ ചെയ്തിരിക്കാം (ഒ.നോ. 2:13,23; 6:4; 12:1). യോഹന്നാന്റെ സ്നാനത്തിനുശേഷം യേശുവിന് മൂന്നുവർഷത്തെ പരസ്യ ശുശ്രൂഷയാണുണ്ടായിരുന്നതെന്നാണ് പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ പരാമർശിക്കുന്ന പെസഹാ പെരുന്നാളുകളുടെ എണ്ണമനുസരിച്ചു മാത്രമേ ഇത് ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ.

▣ **"യേശു യെരുശലേമിലേക്കു (കയറി) പോയി"** യേശു പെരുന്നാളിനായി യെരൂശലേമിലേക്കു പോയതായി യോഹന്നാന്റെ സുവിശേഷത്തിൽ അനേക പ്രാവശ്യം പറഞ്ഞിട്ടുണ്ട് (ഒ.നോ. 2:13; 5:1; 7:10; 12:12).

യെരുശലേം ഏഴു മലകളുടെ മുകളിൽ പണിതിരിക്കുന്നതിനാൽ ചുററുമുള്ള പ്രദേശങ്ങളെക്കാൾ ഉയരത്തിലാണു സ്ഥിതി ചെയ്യുന്നത്. അതിനാൽ "കയറിപ്പോയി" എന്ന പ്രയോഗം ആക്ഷരികമായി ശരിയാണ്. എന്നിരുന്നാലും ഔന്നത്യം സൂചിപ്പിക്കുന്നതിനുള്ള ഒരു ആലങ്കാരിക പ്രയോഗമാണിത്. ദൈവാലയം സ്ഥിതി ചെയ്യുന്നതിനാൽ യെരൂശലേം ഭൂമിയിലെ ഉയർന്ന സ്ഥലവും മധ്യഭാഗവുമാണ്.

**5:2 "ആട്ടുവാതിൽക്കൽ"** യെരൂശലേമിന്റെ മതിലിന്റെ വടക്കു കിഴക്കെ അററത്താണ് "ആട്ടുവാതിൽ." നെഹെമ്യാവിന്റെ പുസ്തകത്തിലെ പട്ടണമതിലിന്റെ പുനർനിർമ്മാണത്തിലും പുനഃപ്രതിഷ്ഠയിലും ഇതിനെ പരാമർശിച്ചിട്ടുണ്ട് (ഒ.നോ. നെഹെ. 3:1,32; 12:39).

▣

**NASB, NKJV** **"എബ്രായയിൽ ബെഥേസ്ദാ എന്നു വിളിക്കപ്പെടുന്ന ഒരു കുളം"**
**NRSV** **"എബ്രായയിൽ ബേത്ത്-സദാ എന്നു വിളിക്കപ്പെടുന്ന"**
**TEV** **"എബ്രായയിൽ അതു ബേത്ത്സദാ എന്നു വിളിക്കപ്പെടുന്നു"**
**NJB** **"ബേഥെസ്ദാ എന്നു എബ്രായയിൽ വിളിക്കപ്പെടുന്നു"**

ഈ പേരിന് വ്യത്യസ്ത ലിപ്യന്തരണങ്ങളുണ്ട്. ജൊസീഫസ് ഇതിനെ "ബേത്ത്സദാ" എന്ന എബ്രായ പേർ വിളിച്ചു. യെരൂശലേമിന്റെ ഈ ഭാഗത്തിനുള്ള പേരാണിത്. ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ ഇത്

“ബേത്ത്സയ്ദാ” ആണ്. ഖുമ്രാൻ ചെമ്പുചുരുളുകളിൽ ഇതിനെ “ബെഥേസ്ദാ” എന്നു വിളിക്കുന്നു; ഇതിനർത്ഥം “കരുണയുടെ ഭവനം” അല്ലെങ്കിൽ “ഇരട്ട ഉറവിന്റെ ഭവനം” എന്നാണ്. ഇന്നത് വിശുദ്ധ ആനിയുടെ കുളം എന്ന റിയപ്പെടുന്നു.

യേശുവിന്റെ കാലത്ത് പാലസ്തീനിലെ യെഹൂദന്മാർ അരാമ്യ ഭാഷയായിരുന്നു സംസാരിച്ചിരുന്നത്, എബ്രായ അല്ലായിരുന്നു. “എബ്രായ” എന്നു യോഹന്നാൻ പറയുമ്പോൾ അതിനർത്ഥം അരാമ്യ എന്നായിരുന്നു (ഒ. നോ. 5:2; 19:13,17,20; 20:16; വെളി. 9:11; 16:16). യേശുവിന്റെ താഴെപ്പറയുന്ന പ്രസ്താവനകൾ അരാമ്യയിലായിരുന്നു.

1. *തലീഥാ കൂമി,* മർക്കൊ. 5:41
2. *എഫഥാ,* മർക്കൊ. 7:34
3. *എലോഹി, എലോഹി ലമ്മാ, ശബക്താനി,* മർക്കൊ. 15:34.

**5:4** ഈ വാക്യം (3b-4) പിൽക്കാലത്ത് പകർപ്പെഴുത്തുകാർ ചേർത്ത വ്യാഖ്യാനമാണ്. അതിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്നത്:

1. കുളക്കടവിൽ എല്ലാവിധ രോഗികളുടെയും സാന്നിധ്യം
2. എന്തുകൊണ്ട് ആ മനുഷ്യൻ അത്രയും കാലം അവിടെ കിടന്നു
3. മറ്റുള്ളവർ അവനെ വെള്ളത്തിൽ ഇറക്കേണ്ടയാവശ്യമെന്താണ്? വാ. 7

ഇത് ഒരു യെഹൂദ കെട്ടുകഥയായിരിക്കാം. ഇതു യഥാർത്ഥത്തിൽ യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഗമല്ലായിരുന്നു. അതിനുള്ള തെളിവുകൾ;

1. കയ്യെഴുത്തുപ്രതികളായ $P^{66}$, $P^{75}$, ℵ, B, C*, D എന്നിവയിൽ ഈ ഭാഗം ഇല്ല.
2. 20 ലധികം ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ ഈ ഭാഗം (*) ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്നു. അതിനർത്ഥം മൂലഗ്രന്ഥത്തിലുള്ളതല്ലെന്നു കരുതുന്നു എന്നാണ്.
3. ഈ ചെറിയ വാക്യത്തിൽ യോഹന്നാന്റേതല്ലാത്ത ധാരാളം പദങ്ങൾ കാണാം. ഇത് ആദ്യകാലത്തെ അനേക വലിയക്ഷര ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ കാണാം. ഉദാ. A, $C^3$, K, L. ഇത് ഡയാറ്റെസാറോണിലും (ഏക. എ.ഡി. 180), തെർത്തുല്യൻ (എ.ഡി.200), അംബ്രോസ്, ക്രിസോസ്റ്റം, സിറിൾ എന്നിവരുടെ എഴുത്തുകളിലും കാണാം. ഇത് അതിന്റെ പഴക്കത്തെ സൂചിപ്പിക്കുന്നുവെങ്കിലും ദൈവനിശ്വാസീയ സുവിശേഷത്തിന്റെ ഭാഗമാണെന്നതിന്റെ തെളിവല്ല. ഇത് KJV, NASB (1995 ലെ പരിഷ്കരിച്ച പതിപ്പ്), NKJV എന്നിവയിലും മലയാളം (BSI) ബൈബിളിലും ചേർത്തിട്ടുണ്ടെങ്കിലും NASB (1970) NRSV, NJB, REB, NET Bible, NIV എന്നിവയിൽ ഒഴിവാക്കിയിരിക്കുന്നു.

കയ്യെഴുത്തു പ്രതികളിലെ വ്യത്യാസം സംബന്ധിച്ച് ഒരു സുവിശേഷവിഹിത പാഠനിരൂപകൻ നടത്തുന്ന മികച്ച ചർച്ചയ്ക്ക് ഗോർഡൻ ഫീയുടെ *ടു വാട്ട് എൻഡ് എക്സിജീസിസ്?* പേ. 17-28 കാണുക.

**5:5-6** ആ മനുഷ്യനെ യേശു തിരഞ്ഞെടുത്തതിന്റെ കാരണമെന്തെന്നു നമുക്കറിഞ്ഞുകൂടാ. ഒരു പക്ഷേ അവനായിരിക്കാം അവിടെ ഏറ്റവും കാലം കിടന്നിരുന്ന വ്യക്തി. ഈ മനുഷ്യന്റെ ഭാഗത്തുനിന്നും അല്പ വിശ്വാസമേ ആവശ്യമായിരുന്നുള്ളൂ. യെഹൂദ പ്രമാണിമാരോട് ഒരു ഏറ്റുമുട്ടലിനുള്ള വഴി യേശു തിരയുകയായിരിക്കാം. തന്റെ മശിഹൈക അവകാശവാദം ഉറപ്പിക്കാനുള്ള അവസരം ഇതവനു നൽകി. യെശ. 53:6 ലെ അന്ത്യകാല സംബന്ധിയായ വചനം ഈ മശിഹൈക സൗഖ്യത്തോടു ബന്ധപ്പെട്ടതായിരിക്കാം.

യേശുവിന്റെ അത്ഭുതങ്ങളിലധികവും പ്രാഥമികമായി ആ വ്യക്തിക്കു വേണ്ടിയല്ല, ശ്രദ്ധിച്ചുകൊണ്ടിരുന്നവർക്കു വേണ്ടിയായിരുന്നു ചെയ്തത്.

1. ശിഷ്യന്മാർ
2. യെഹൂദ പ്രമാണികൾ
3. പുരുഷാരം

യേശു ആണെന്നു വെളിപ്പെടുത്തുന്നതിനായി ചില അത്ഭുതങ്ങൾ സുവിശേഷങ്ങൾ തിരഞ്ഞെടുത്തു. ഈ സംഭവങ്ങൾ അവന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ പ്രതിനിധികളായിരുന്നു. അവ തിരഞ്ഞെടുക്കപ്പെട്ടത്:

1. അവന്റെ ആളത്വം
2. അവന്റെ മനസ്സലിവ്
3. അവന്റെ ശക്തി
4. അവന്റെ അധികാരം
5. പിതാവിനെക്കുറിച്ചുള്ള അവന്റെ വ്യക്തമായ വെളിപ്പാട്
6. മശിഹൈക യുഗം സംബന്ധിച്ചുള്ള അവന്റെ വ്യക്തമായ വെളിപ്പാട്

എന്നിവ വെളിപ്പെടുത്താനായിരുന്നു.

**5:8 “എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു നടക്ക”** ഇത് കല്പനകളുടെ പരമ്പരയാണ്. കിടക്ക എന്നു പറയുന്നത് ദരിദ്രർ ഉറങ്ങാനുപയോഗിക്കുന്ന തുണികൊണ്ടുള്ള കുഷ്യനാണ്. രോഗികളും മുടന്തരും തളർന്നവരും പകൽസമയത്ത് ഇരിക്കുന്നതിനും അതുപയോഗിക്കുമായിരുന്നു (ഒ.നോ. മർക്കൊ. 2:4,9,11,12; 6:55; പ്രവൃ. 9:33).

**യോഹന്നാൻ 5:10-18**

[10]എന്നാൽ അന്നു ശബ്ബത്ത് ആയിരുന്നു. ആകയാൽ യെഹൂദന്മാർ സൗഖ്യം പ്രാപിച്ചവനോടു: ഇന്നു
ശബ്ബത്ത് ആകുന്നു; കിടക്ക എടുക്കുന്നതു വിഹിതമല്ല എന്നു പറഞ്ഞു. [11]അവൻ അവരോടു: എന്നെ
സൗഖ്യമാക്കിയവൻ: കിടക്ക എടുത്തു നടക്ക എന്നു എന്നോടു പറഞ്ഞു എന്നു ഉത്തരം പറഞ്ഞു. [12]അവർ
അവനോടു: കിടക്ക എടുത്തു നടക്ക എന്നു നിന്നോടു പറഞ്ഞ മനുഷ്യൻ ആർ എന്നു ചോദിച്ചു. [13]എന്നാൽ
അവിടെ പുരുഷാരം ഉണ്ടായിരിക്കയാൽ യേശു മാറിക്കളഞ്ഞതുകൊണ്ടു അവൻ ആരെന്നു സൗഖ്യം
പ്രാപിച്ചവൻ അറിഞ്ഞില്ല. [14]അനന്തരം യേശു അവനെ ദൈവാലയത്തിൽവെച്ചു കണ്ടു അവനോടു:
നോക്കു, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുതു
എന്നു പറഞ്ഞു. [15]ആ മനുഷ്യൻ പോയി തന്നെ സൗഖ്യമാക്കിയതു യേശു എന്നു യെഹൂദന്മാരോടു
അറിയിച്ചു. [16]യേശു ശബ്ബത്തിൽ അതു ചെയ്കകൊണ്ടു യെഹൂദന്മാർ അവനെ ഉപദ്രവിച്ചു. [17]യേശു
അവരോടു: എന്റെ പിതാവു ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു എന്നു ഉത്തരം
പറഞ്ഞു. [18]അങ്ങനെ അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവത്തെ സ്വന്തപിതാവു
എന്നു പറഞ്ഞു തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടും, യെഹൂദന്മാർ അവനെ കൊല്ലുവാൻ
അധികമായി ശ്രമിച്ചുപോന്നു.

**5:10 "അന്നു ശബ്ബത്ത് ആയിരുന്നു"** ആ മനുഷ്യൻ സൗഖ്യമായതിൽ യെഹൂദ പ്രമാണികൾ സന്തോഷിച്ചില്ല. മറിച്ച്, ശബ്ബത്തിനെ സംബന്ധിച്ച പാരമ്പര്യം (പിൽക്കാലത്ത് തൽമൂദ് ആയി ക്രോഡീകരിക്കപ്പെട്ടവ) യേശു ലംഘിച്ചത് അവരെ കോപിപ്പിച്ചു (ഒ.നോ. വാ. 16,18; മത്താ. 7:1-23).

യേശു ശബത്തിൽ സൗഖ്യമാക്കിയതിനെ രണ്ടുവിധത്തിൽ വിശദീകരിക്കുവാൻ കഴിയും.

1. അവൻ എല്ലാ ദിവസവും സൗഖ്യമാക്കിയിരുന്നു, പക്ഷേ ശബത്തിൽ സൗഖ്യമാക്കിയതു മാത്രമേ വിവാദമായുള്ളൂ.
2. മതനേതാക്കളുമായി ദൈവശാസ്ത്രപരമായ വാദത്തിലേർപ്പെടുന്നതിനുള്ള അവസരമെന്ന നിലയിൽ വിവാദം സൃഷ്ടിക്കുന്നതിനായി ഈ വിഷയം അവൻ തിരഞ്ഞെടുത്തു.

യേശു മിക്കപ്പോഴും ശബ്ബത്തിൽ സൗഖ്യമാക്കിയിരുന്നു (ഒ.നോ. മത്താ. 12:9-14; മർക്കൊ. 1:29-31; 3:1-6; ലൂക്കൊ. 6:6-11; 14:1-16; യോഹ. 5:9-18; 9:14). യേശു ശബ്ബത്തിൽ ഭൂതങ്ങളെ പുറത്താക്കി (ഒ.നോ. മർക്കൊ. 1:21-28; ലൂക്കൊ. 13:10-17). ശിഷ്യന്മാർ ശബ്ബത്തിൽ ഭക്ഷിച്ചതിനെ യേശു സാധൂകരിച്ചു (ഒ.നോ. മത്താ. 12:1-8; മർക്കൊ. 2:23-28). ശബത്തുനാളിൽ പള്ളിയിൽ വെച്ച് വിവാദ വിഷയങ്ങൾക്ക് യേശു തുടക്കമിട്ടു (ഒ.നോ. ലൂക്കൊ. 4:16-30; യോഹ. 7:14-24).

**5:13 "യേശു മാറിക്കളഞ്ഞതുകൊണ്ട്"** ആക്ഷരികമായി ഇത് "തല ഒരു വശത്തേക്ക് ചരിക്കുക" എന്നാണ്. തന്റെ കാലത്തെ ഒരു സാധാരണ യെഹൂദനെപ്പോലെയായിരുന്നു യേശുവും. അവൻ ആൾക്കൂട്ടത്തിൽ ലയിച്ചു.

**5:14**

| | |
|---|---|
| **NASB, NRSV, NJB** | **"ഇനിമേൽ പാപം ചെയ്യരുത്"** |
| **NKJV** | **"ഇനി പാപം ചെയ്യരുത്"** |
| **TEV** | **"അതുകൊണ്ട് പാപം ചെയ്യുന്നതു നിർത്തുക"** |

നിഷേധാത്മക ഘടകത്തോടുകൂടിയ വർത്തമാന കാലകർത്തരി കല്പനയാണിത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ അവസാനിപ്പിക്കുക എന്നാണർത്ഥം. എന്നാൽ ഈ സന്ദർഭത്തിൽ അതു സംഭവ്യമല്ല (ഒ.നോ. NET Bible, P.1907, #8). ഒന്നാം നൂറ്റാണ്ടിലെ യെഹൂദ ദൈവശാസ്ത്രകാരന്മാർ രോഗത്തെ പാപത്തോടു ബന്ധപ്പെടുത്തി ചിന്തിച്ചിരുന്നു (ഒ.നോ. യാക്കോ. 5:14-15). എല്ലാ രോഗത്തിന്റെയും കാരണമിതല്ല എന്ന് പിറവിയിലെ കുരുടനായവന്റെ സൗഖ്യത്തിൽ നിന്നും (ഒ.നോ. യോഹ. 9), ലൂക്കൊ. 13:1-4 ലെ യേശുവിന്റെ വാക്കുകളിൽ നിന്നും മനസ്സിലാക്കാം.

യേശു ഇപ്പോഴും ഈ മനുഷ്യന്റെ ആത്മിക ജീവിതത്തോടാണ് ഇടപെടുന്നത്. നമ്മുടെ പ്രവൃത്തികൾ നമ്മുടെ ഹൃദയത്തെയും വിശ്വാസത്തെയും വെളിപ്പെടുത്തുന്നു. വേദപുസ്തക വിശ്വാസം കർത്താവിനോടും കർമ്മത്തോടും ബന്ധപ്പെട്ടതും വിശ്വാസത്തോടും പ്രവൃത്തിയോടും ബന്ധപ്പെട്ടതുമാണ്.

ഇന്ന് ശാരീരിക സൗഖ്യത്തെ സംബന്ധിച്ച് സഭയിൽ ഇത്തരമൊരു ഊന്നൽ കാണാം. ദൈവം ഇന്നും സൗഖ്യമാക്കുന്നു. എന്നാൽ ദൈവിക സൗഖ്യം, ജീവിതശൈലിയിലും മുൻഗണനകളിലും ഒരു ആത്മിക രൂപാന്തരത്തിനു കാരണമാകണം. "നിനക്കെന്തുകൊണ്ടാണ് സൗഖ്യം ആവശ്യമായിരിക്കുന്നത്?" എന്നതൊരു നല്ല ചോദ്യമാണ്.

## പ്രത്യേക പഠനവിഷയം: സൗഖ്യം എല്ലാ കാലഘട്ട ത്തേക്കുമുള്ള ദൈവിക പദ്ധതിയാണോ?

1. സൗഖ്യമെന്നത് യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ശുശ്രൂഷയുടെ ഒരു സുപ്രധാന ഘടകമായിരുന്നു.
2. ദൈവത്തെയും അവന്റെ രാജ്യത്തെയും സംബന്ധിച്ച അവരുടെ സമൂലമായ പുതിയ സന്ദേശത്തെ ഉറപ്പിക്കുക എന്നതായിരുന്നു അതിന്റെ പ്രാഥമിക ഉദ്ദേശ്യം.
3. വേദനിക്കുന്ന ആളുകളോടുള്ള ദൈവത്തിന്റെ ഹൃദയത്തെ അതു വെളിപ്പെടുത്തുന്നു.
4. ദൈവത്തിനു മാറ്റമില്ല (മലാ. 3:6) സൗഖ്യമാക്കുന്നതിൽ അവനിപ്പോഴും സ്നേഹത്തിൽ പെരുമാറുന്നു.
5. സൗഖ്യം സംഭവിക്കാത്ത അനുഭവങ്ങളുണ്ട്.
   a. പൗലൊസ്, 2 കൊരി. 12:7-10
   b. ത്രോഫിമൊസ്, 2 തിമൊ. 4:20
6. റബ്ബിമാരുടെയും യാക്കോബിന്റെയും അഭിപ്രായത്തിൽ പാപവും രോഗവും ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. യോഹ. 9:2; യാക്കൊ. 5:13-18).
7. സൗഖ്യം പുതിയ ഉടമ്പടിയിലെ ഉറപ്പായ വാഗ്ദാനമല്ല. അത് യെശ. 53 ലും സങ്കീ. 103 ലും വിവരിച്ചിരിക്കുന്ന പാപപരിഹാര പ്രവൃത്തിയുടെ ഭാഗമല്ല,
8. ചിലർ സൗഖ്യമാകയും ചിലർ സൗഖ്യമാകാതിരിക്കയും ചെയ്യുന്നത് യഥാർത്ഥ മർമ്മമാണ്.
9. സൗഖ്യം എല്ലാ കാലഘട്ടത്തിലും യാഥാർത്ഥ്യമാണെങ്കിലും യേശുവിന്റെ കാലഘട്ടത്തിൽ അത് നിർണ്ണായകമായ നിലയിൽ വളർന്നിരുന്നു; ഈ വർദ്ധന അവന്റെ മടങ്ങിവരവിനു തൊട്ടുമുമ്പ് വീണ്ടും ആവർത്തിക്കും.

**5:15 "ആ മനുഷ്യൻ പോയി ... യെഹൂദന്മാരോടു അറിയിച്ചു"** അയാൾ യെഹൂദന്മാരെ അറിയിച്ചതിന്റെ പിന്നിലെ യഥാർത്ഥ കാരണം അറിവില്ല.

1. അത് ചിന്താശൂന്യവും വിലകുറഞ്ഞതുമായ പ്രവൃത്തിയായിരുന്നു. സൗഖ്യം എല്ലായ്പ്പോഴും വിശ്വാസത്തിൽ ആരംഭിക്കുകയോ അവസാനിക്കുകയോ ചെയ്യുന്നില്ല എന്നതിനു തെളിവാണിത്.
2. അങ്ങനെ ചെയ്യാൻ യേശു അവനോടു പറഞ്ഞു (ഒ.നോ. മത്താ. 8:4; മർക്കൊ. 1:44; ലൂക്കൊ. 5:14; 17:14).

**5:16 "യേശു ശബ്ബത്തിൽ അതു ചെയ്കകൊണ്ടു"** ഭൂതകാലത്തിൽ തുടർന്നുവന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്ന അപൂർണ്ണ ക്രിയ. ഇത് യേശുവിന്റെ ആദ്യത്തെ (അവസാനത്തെയും) ശബ്ബത്തിലെ സൗഖ്യമാക്കൽ അല്ല.

**5:17**

**NASB** **"എന്നാൽ അവൻ അവരോടു ഉത്തരം പറഞ്ഞു"**
**NKJV, REV, NRSV, NIV** **"എന്നാൽ യേശു അവരോട് ഉത്തരം പറഞ്ഞു"**
**NJB** **"അവരോടുള്ള അവന്റെ ഉത്തരം"**

പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതികൾ പകർത്തിയ ശാസ്ത്രിമാർക്ക് ഇപ്പറയുന്ന പ്രവണതയുണ്ടായിരുന്നു.

1. വ്യാകരണം ലളിതമാക്കുക
2. പ്രത്യേകമായ സർവ്വനാമ പരാമർശങ്ങൾ
3. ശൈലികൾ ഏകീകരിക്കുക

വാ. 17 ന്റെ ഏതു രൂപമാണ് മൂലകൃതിയിലുള്ളതെന്നു വ്യക്തമല്ല.

1. "എന്നാൽ അവൻ ..." $P^{75}$, א, B, W
2. "എന്നാൽ യേശു ..." $P^{66}$, A, D, L
3. "എന്നാൽ കർത്താവ് ..." അഥവാ "കർത്താവായ യേശു" സിറിയക് പരിഭാഷകൾ

$UBS^4$ #2 ന് "C" റേറ്റിംഗ് (തീരുമാനിക്കാൻ പ്രയാസമുള്ളത്) നൽകുന്നു.

▣ "എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു" പിതാവ് ശബ്ബത്തിൽ നന്മ ചെയ്യുന്നതു നിർത്തുന്നില്ല, അതിനാൽ പുത്രനും നിർത്തുന്നില്ല എന്നാണ് യേശു പറയുന്നത് (ഈ വാക്യത്തെക്കുറിച്ചുള്ള ഒരു നല്ല ചർച്ചയ്ക്ക് മാൻഫ്രെഡ് ബ്രാവുക്കിന്റെ *അബ്യൂസിംഗ് സ്ക്രിപ്ചർ*, പേ. 219 കാണുക). ഇത് യഥാർത്ഥ അർത്ഥത്തിൽ പിതാവുമായുള്ള തന്റെ അതുല്യ ബന്ധത്തെക്കുറിച്ചുള്ള യേശുവിന്റെ അറിവിനെപ്പറ്റിയുള്ള സ്ഥിരീകരണമാണ് (ഒ.നോ. വാ. 19-24).

യെഹൂദ ആശയമായ ഏകദൈവവിശ്വാസം (ഒ.നോ. ആവ. 6:4) ഈ ലോകത്തിലെ സംഭവങ്ങളുടെ "ഏകകാരണ" വിശദീകരണത്തിൽ പ്രായോഗികമായി പ്രകടിപ്പിച്ചിരിക്കുന്നു. (ഒ.നോ. ന്യായാ. 9:23; ഇയ്യോ. 2:10; സഭാ. 7:14; യെശ. 45:7; 59:16; വിലാ. 3:33-38; ആമോ. 3:6). സകല പ്രവർത്തനങ്ങളും ആത്യന്തികമായി ഏക സത്യദൈവത്തിന്റെ പ്രവർത്തനങ്ങളാണ്. ലോകത്തിലെ ദൈവിക പ്രവൃത്തികൾക്ക് ദ്വന്ദ മാധ്യമങ്ങളെ യേശു ഊന്നിപ്പറ

ഞ്ഞപ്പോൾ, ദൈവിക ഹേതുക്കളുടെ ദ്വന്ദത്തെയാണവൻ ഉറപ്പിച്ചത്. ത്രിത്വത്തിന്റെ പ്രയാസകരമായ പ്രശ്നമാണിത്. ഏകദൈവം, പക്ഷേ മൂന്ന് ആളത്വ പ്രദർശനങ്ങൾ (ഒ.നോ. മത്താ. 3:16-17; 28:19; യോഹ. 14:26; പ്രവൃ. 2:33-34; റോമ 8:9-10; 1കൊരി. 12:4-6; 2 കൊരി. 1:21-22; 13:14; ഗലാ. 4:4; എഫെ. 1:3-14; 2:18; 4:4-6; തീത്തൊ. 3:4-6; 1 പത്രൊ. 1:2). 14:26 ലെ പ്രത്യേക പഠനവിഷയം: ത്രിത്വം കാണുക.

**5:18 "യെഹൂദന്മാർ അവനെ കൊല്ലുവാൻ ശ്രമിച്ചുപോന്നു"** യെഹൂദന്മാർ യേശുവിനെ കൊല്ലുവാൻ ശ്രമിച്ചതിനു രണ്ടു കാരണങ്ങളുണ്ടായിരുന്നു.

1. അവൻ ശബ്ബത്തിനെ സംബന്ധിച്ച വായ്മൊഴി പാരമ്പര്യം (തൽമൂദ്) പരസ്യമായി ലംഘിച്ചു (ഒ.നോ. മത്താ. 5:19).
2. അവൻ ദൈവത്തോടു സമനാക്കിയതായി അവർ മനസ്സിലാക്കിയെന്ന് അവന്റെ പ്രസ്താവനകൾ വ്യക്തമാക്കി (ഒ.നോ. 8:58-59; 10:33; 19:7).

## യോഹന്നാൻ 5:19-23

**[19]ആകയാൽ യേശു അവരോടു ഉത്തരം പറഞ്ഞതു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പിതാവു ചെയ്തു കാണുന്നതു അല്ലാതെ പുത്രന്നു സ്വതവേ ഒന്നും ചെയ്‌വാൻ കഴികയില്ല; അവൻ ചെയ്യുന്നതു എല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു. [20]പിതാവു പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതു ഒക്കെയും അവന്നു കാണിച്ചുകൊടുക്കയും ചെയ്യുന്നു; നിങ്ങൾ ആശ്ചര്യപ്പെടുമാറു ഇവയിൽ വലിയ പ്രവൃത്തികളും അവന്നു കാണിച്ചുകൊടുക്കും. [21]പിതാവു മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതു പോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവിപ്പിക്കുന്നു. [22]എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതു പോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ആരെയും ന്യായം വിധിക്കാതെ, ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു. [23]പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല.**

**5:19,24,25 "ആമേൻ, ആമേൻ"** "സത്യം സത്യമായി" എന്നർത്ഥം. എബ്രായയിൽ നിന്നുള്ള ലിപ്യന്തരണമാണിത്. വിശ്വാസ്യതയെയാണിതു സൂചിപ്പിക്കുന്നത്. ഒരു സത്യത്തെ ഉറപ്പിക്കാനിതുപയോഗിച്ചു. ഒരു പ്രസ്താവനയുടെ ആരംഭത്തിൽ യേശു മാത്രമാണിത് ഉപയോഗിച്ചു കാണുന്നത്. സുപ്രധാന പ്രസ്താവനകളുടെ തുടക്കത്തിൽ അവനിതുപയോഗിച്ചു. ഈ പദത്തിന്റെ ഇരട്ടിപ്പ് രേഖപ്പെടുത്തിയത് യോഹന്നാൻ മാത്രമാണ്. 1:51 ലെ പ്രത്യേക പഠനവിഷയം: ആമേൻ കാണുക.

**5:19 "പുത്രൻ"** അടുത്ത ചില വാക്യങ്ങളിൽ "പുത്രൻ" എന്ന പദത്തിന്റെ ദൈവശാസ്ത്രപരമായി പ്രാധാന്യമുള്ള ആവർത്തനം കാണാം. ഈ ചുരുങ്ങിയ സന്ദർഭത്തിൽ എട്ടു പ്രാവശ്യം ഇതുപയോഗിച്ചിരിക്കുന്നു. പിതാവുമായുള്ള തന്റെ ബന്ധം സംബന്ധിച്ചുള്ള യേശുവിന്റെ അതുല്യമായ അറിവിനെ അതു വെളിപ്പെടുത്തുകയും "മനുഷ്യപുത്രൻ," "ദൈവപുത്രൻ" എന്നീ പേരുകളിൽ ആ അറിവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

▣ **"പുത്രനു സ്വതേ ഒന്നും ചെയ്യാൻ കഴികയില്ല"** മിക്കപ്പോഴും കാണുന്നതുപോലെ, പുതിയനിയമം യേശുവിന്റെ വൈരുദ്ധ്യമുള്ള പ്രസ്താവനകൾ നൽകുന്നു. ചില ഭാഗങ്ങളിൽ:

1. അവനും പിതാവും ഒന്നാകുന്നു (ഒ.നോ. 1:1; 5:18; 10:30,34-38; 14:9-10; 20:28).
2. അവൻ പിതാവിൽ നിന്നും വേർപെട്ടിരിക്കുന്നു (ഒ.നോ. 1:2,14,18; 5:19-23; 8:28; 10:25,29; 14:10,11,12,13,16; 17:1-2).
3. അവൻ അവനു കീഴടങ്ങിയിരിക്കുന്നു (ഒ.നോ. 5:20,30; 8:28; 12:49; 14:28; 15:10,19-24; 17:8).

ഇത് യേശു പൂർണ്ണ ദൈവമാണെന്നും അതേസമയം തന്നെ ദൈവത്വത്തിന്റെ വേറിട്ടതും വ്യതിരിക്ത ആളത്വവുമായ നിത്യമായ വെളിപ്പാടാണ് എന്നും വ്യക്തമാക്കുന്നതിനായിരുന്നു. ജോൺ റെയ്മണ്ട് ഈ. ബ്രൗൺ എഡിറ്റു ചെയ്ത *ദ ജെറോം ബിബ്ലിക്കൽ കമന്ററി* യിൽ ഒരു നല്ല സൂചന കാണുന്നുണ്ട്: "ഇവിടെ കാണുന്ന കീഴടങ്ങലിന്റെ സൂചന, യേശുവിന്റെ വാക്കുകൾ തന്റെ മാനുഷിക പ്രകൃതിയെക്കുറിച്ചുള്ള പരാമർശം മാത്രമാണെന്ന ചിന്തയിൽ നീക്കിക്കളയരുത്. അങ്ങനെയായാൽ യോഹന്നാന്റെ ക്രിസ്തുശാസ്ത്രത്തിലെ ഒരു മികച്ച ഘടകം നഷ്ടമായിപ്പോകും. മറിച്ച്, പിതാവും പുത്രനും തമ്മിൽ നിലനിൽക്കുന്ന സമ്പൂർണ്ണ ഐക്യത്തെയാണ് യേശു സ്ഥിരീകരിക്കുന്നത്. അതു തീർച്ചയായും പ്രകൃതത്തിലെ താദാത്മ്യം ആവശ്യപ്പെടുന്നു. 16:12 മുതലുള്ള ഭാഗത്തും പരിശുദ്ധാത്മാവിനെ പുത്രനോടു ബന്ധിപ്പിക്കാൻ ഇതേ പ്രക്രിയ ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഈ സുവിശേഷത്തിലൊരിടത്തും ത്രിത്വത്തെ ഒരു ദൈവശാസ്ത്ര സിദ്ധാന്തമായി പരിഗണിച്ചുകാണുന്നില്ല. രക്ഷാ ശാസ്ത്രത്തോടുള്ള അതിന്റെ സാധ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണതിനെ സമീപിച്ചിരിക്കുന്നത്" (പേജ് 434).

▣ **"പിതാവു ചെയ്തതു കാണുന്നതു അല്ലാതെ"** മനുഷ്യർ ഒരിക്കലും പിതാവിനെ കണ്ടിട്ടില്ല (ഒ. നോ. വാ. 37; 1:8). എന്നാൽ പുത്രൻ, തനിക്ക് അവനെക്കുറിച്ച് ആഴമായ, വ്യക്തിപരമായ, വർത്തമാനകാല അറിവുണ്ടെന്ന് അവകാശപ്പെടുന്നു (ഒ.നോ. 1:1-3).

▣ **"അവൻ ചെയ്യുന്നതു എല്ലാ പുത്രനും അവണ്ണം തന്നേ ചെയ്യുന്നു"** യേശുവിന്റെ പ്രവൃത്തികളിലൂടെയും ഉപദേശങ്ങളിലൂടെയും മനുഷ്യർക്ക് അദൃശ്യനായ ദൈവത്തെ വ്യക്തമായി കാണുവാൻ കഴിയും (ഒ, നോ. കൊലൊ.

1:15; എബ്രാ. 1:3).

**5:20 "പിതാവു പുത്രനെ സ്നേഹിക്കയും താൻ ചെയ്യുന്നതു ഒക്കെയും അവനു കാണിച്ചു കൊടുക്കയും ചെയ്യുന്നു"** തുടർമാനമായി നടക്കുന്ന സംഭവമെന്ന നിലയിലാണിതിന്റെ വ്യാകരണരൂപം. സ്നേഹത്തിനുള്ള ഗ്രീക്കുപദമായ *ഫിലെയോ* (*φιλεω*) ആണിത്. 3:35 ലെപ്പോലെ *അഗാപ്പെയോ* (*αγαπεω*) ആണിവിടെ ഒരുവൻ പ്രതീക്ഷിക്കുന്നത്. സ്നേഹത്തിനുള്ള ഈ രണ്ടു വാക്കുകൾക്ക് കൊയ്നേ ഗ്രീക്കിൽ വിശാലമായ കടന്നുകയറ്റങ്ങൾ കാണാം (ഡി. എ. കാർസന്റെ *എക്സിജീറ്റിക്കൽ ഫാല്ലസീസ്* (രണ്ടാം പതിപ്പ്, പേ. 32–33; എഫ്. എഫ്. ബ്രൂസിന്റെ *ആൻസേഴ്സ് ടൂ ക്വസ്റ്റ്യൻസ്*, പേ. 73 കാണുക)

▣ **"നിങ്ങൾ ആശ്ചര്യപ്പെടുമാറ്"** അത്ഭുതങ്ങളുടെ ഉദ്ദേശ്യം അതുല്യനായ പുത്രനിൽ യെഹൂദന്മാർ (ബഹുവചനം നിങ്ങൾ) വിശ്വസിക്കുക എന്നതായിരുന്നു (ഒ. നോ. വാ. 23; പ്രവൃ. 13:41 [ഹബ. 1:5]).

▣ **"വലിയ പ്രവൃത്തികളും"** സന്ദർഭമനുസരിച്ച് ഇത് മരിച്ചവരെ ഉയിർപ്പിക്കുന്നതും (വാ. 21, 25–26), ന്യായവിധി നടത്തുന്നതും (വാ. 22, 27) ആണ്.

**5:21 "പിതാവു മരിച്ചവരെ ഉയർത്തി ... പുത്രനും .... ജീവിപ്പിക്കുന്നു"** പഴയ നിയമത്തിൽ യഹോവ മാത്രമാണ് ജീവൻ നൽകുന്ന വ്യക്തി (ഒ.നോ. ആവ. 32:39). യേശുവിന് മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിയുന്നുവെന്ന വസ്തുത യഹോവയോടു സമനാണെന്ന പ്രസ്താവനയ്ക്കു തുല്യമാണ് (ഒ.നോ. വാ. 26). യേശു ഇപ്പോൾ നിത്യജീവൻ നൽകുന്നു (ഒ.നോ. 2 കൊരി. 5:17; കൊലൊ. 1:13) അത് വാ. 26 ലെ പുതിയ യുഗത്തിലെ ജീവന്റെ ശാരീരിക വെളിപ്പെടുത്തലിനോടു ബന്ധപ്പെട്ടിരിക്കുന്നു (ഒ. നോ. 1 തെസ്സ. 4:13–18). യേശുവുമായുള്ള ഈ അധിക സംഭാഷണം ഒരു വ്യക്തിപരമായ അടിസ്ഥാനത്തിലാണെന്നു തോന്നുന്നു. എങ്കിലും സമൂഹത്തോടുള്ളത് തുടർന്നും കാണുന്നുണ്ട് (ന്യായവിധിക്കും രക്ഷയും സംബന്ധിച്ചുള്ളവ).

▣ **"പുത്രനും താൻ ഇച്ഛികുന്നവരെ ജീവിപ്പിക്കുന്നു"** ആരെയാണ് ജീവിപ്പിക്കുന്നതിന് പുത്രൻ തിരഞ്ഞെടുക്കുന്നത്? സന്ദർഭമനുസരിച്ച് കാൽവിനിസത്തെ തെളിയിക്കാനുള്ള വാക്യമല്ലിത്. മറിച്ച് യേശുവിലുള്ള വിശ്വാസം ജീവൻ നൽകുമെന്ന ഉറപ്പായ പ്രസ്താവനയാണ് (ഒ.നോ. 1:12; 3:16). സംഘർഷം വരുന്നത് 6:64,65 ൽ നിന്നാണ്. ആത്മാവ് "എല്ലാവരെയും" തിരഞ്ഞെടുക്കുന്നുവോ അതോ "ചിലരെ" മാത്രമോ? വീണുപോയ മനുഷ്യന് ആത്മീക മണ്ഡലത്തിൽ മുൻകയ്യെടുക്കാനാവില്ലെന്നു വ്യക്തമാണ് എന്നു ഞാൻ ചിന്തിക്കുന്നു. പക്ഷേ ആത്മാവിന്റെ മന്ത്രണങ്ങളോട് മാനസാന്തരം, വിശ്വാസം, അനുസരണം, സ്ഥിരത എന്നിവയിലൂടെ അവർ പ്രതികരിക്കണം (പ്രതികരിച്ചുകൊണ്ടേയിരിക്കണം) എന്ന വസ്തുതയോട് തിരുവചനാടിസ്ഥാനത്തിൽ ഞാൻ യോജിക്കുന്നു. സുവിശേഷം കേൾക്കുന്ന ചിലർ "ഇല്ല" എന്നു പറയുന്നതാണ് യഥാർത്ഥ മർമ്മം! ഞാനതിനെ "അവിശ്വാസത്തിന്റെ മർമ്മം" എന്നു വിളിക്കുന്നു. യഥാർത്ഥത്തിൽ ഇത് ഒരേ സമയം സുവിശേഷങ്ങളിലെ "ക്ഷമിക്കപ്പെടാത്ത പാപവും" 1 യോഹന്നാനിലെ "മരണത്തിനുള്ള പാപവും" ആണ്. 1 യോഹ. 5:16 ലെ പ്രത്യേക പഠന വിഷയം കാണുക.

## പ്രത്യേക പഠന വിഷയം: "ക്ഷമിക്കപ്പെടാത്ത പാപം" വ്യാഖ്യാനിക്കുന്നതിനുള്ള വ്യാഖ്യാന പ്രക്രിയകൾ

A. സുവിശേഷങ്ങൾ ഒരു യെഹൂദ പശ്ചാത്തലത്തെ പ്രതിഫലിപ്പിക്കുന്നു എന്നോർക്കുക.
   1. രണ്ടുതരം പാപങ്ങൾ (ഒ.നോ. ലേവ്യ. 4:2,22,27; 5:15,17–19; സംഖ്യ. 15:27–31ച ആവ. 1:43; 17:12–13)
      a. അബദ്ധവശാൽ സംഭവിച്ചവ
      b. കരുതിക്കൂട്ടിയുള്ളവ
   2. പെന്തക്കോസ്തിനു മുമ്പുള്ള യെഹൂദ പശ്ചാത്തലം (അതായത് സുവിശേഷത്തിന്റെ നിവൃത്തിയും ആത്മാവിന്റെ പ്രദർശനവും സംഭവിച്ചിരുന്നില്ല)

B. മർക്കൊസ് 3:22–30 ന്റെ സാഹിത്യ പശ്ചാത്തലം ശ്രദ്ധിക്കുക.
   1. യേശുവിന്റെ സ്വന്ത കുടുംബത്തിന്റെ അവിശ്വാസം (ഒ.നോ. 3:31–32)
   2. പരീശന്മാരുടെ അവിശ്വാസം (ഒ.നോ. 2:24; 3:1,6,22)

C. "മനുഷ്യപുത്രൻ" എന്നത് "മനുഷ്യരുടെ പുത്രൻ" എന്നു മാറുന്ന സമാന്തരങ്ങൾ താരതമ്യപ്പെടുത്തുക.
   1. മത്താ. 12:22–37 (അതാ. 12:32, "മനുഷ്യപുത്രനു നേരെ ... ഒരു വാക്കു പറഞ്ഞാൽ")
   2. ലൂക്കൊ. 11:14–26; 12:8–12 (അതാ. 12:10, "മനുഷ്യപുത്രന്റെ നേരെ ഒരു വാക്കു പറയുന്ന")
   3. മർക്കൊ. 3:28 (അതാ. "മനുഷ്യരോടു സകലപാപങ്ങളും അവർ ദുഷിച്ചു പറയുന്ന സകലദൂഷണങ്ങളും ക്ഷമിക്കും")

**5:22** ശക്തമായ ഇരട്ട നിഷേധാത്മക ക്രിയയും പൂർണ്ണ ക്രിയയും ന്യാവിധി പുത്രനെ ഏല്പിച്ചിരിക്കുന്നുവെന്ന വസ്തുതയ്ക്ക് ഊന്നൽ നൽകുന്നു (ഒ.നോ. 5:27; 9:39; പ്രവൃ. 10:42; 17:31; 1 തിമൊ. 4:1; 1 പത്രൊ. 4:5). ഈ വാക്യവും യോഹ. 13:17 ഉം തമ്മിലുള്ള വൈരുദ്ധ്യം ഇപ്രകാരം വിശദീകരിക്കാവുന്നതാണ്. ആ "അന്ത്യനാളുക

ളിൽ" അവൻ ആരെയും വിധിക്കുകയില്ല. മനുഷ്യർ യേശുക്രിസ്തുവിനോടുള്ള അവരുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ വിധിക്കപ്പെടും. യേശുക്രിസ്തുവിന്റെ അന്ത്യകാല ന്യായവിധി (അവിശ്വാസികളുടേത്) അവർ അവനെ സ്വീകരിച്ചോ അതോ തിരസ്കരിച്ചോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും.

നിത്യജീവൻ നൽകൽ അല്ലെങ്കിൽ ന്യായവിധി എന്നതാണ് 3:17-21, 36 ന്റെ വിഷയം. ക്രിസ്തുവിലുള്ള ദൈവസ്നേഹം തിരസ്കരിക്കപ്പെടുമ്പോൾ ദൈവക്രോധം ആയി മാറുന്നു! തിരഞ്ഞെടുക്കാൻ രണ്ടു കാര്യങ്ങളേ ഉള്ളു! നിത്യജീവൻ പ്രാപിക്കാൻ ഒരു വഴി മാത്രമേയുള്ളു - ക്രിസ്തുവിലുള്ള വിശ്വാസം (ഒ. നോ. 10:1-18; 14:6; 1 യോഹ. 5:9-12).

**5:22 "എല്ലാവരും പുത്രനെയും ബഹുമാനിക്കേണ്ടതിന്"** "എല്ലാവരും" എന്ന പദം അന്ത്യകാല ന്യായവിധി രംഗത്തെയാകാം സൂചിപ്പിക്കുന്നത് (ഒ. നോ. ഫിലി. 2:9-11).

▣ **"പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല"** ഈ പ്രസ്താവന 1 യോഹ. 5:12 നോടു വളരെ സാമ്യമുള്ളതാണ്. ദൈവത്തിന്റെ പുത്രനെ അറിയാത്ത ആർക്കും ദൈവത്തെ അറിയുവാൻ കഴിയുകയില്ല. അർത്ഥാൽ പുത്രനെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യാത്ത ആർക്കും പിതാവിനെ ബഹുമാനിക്കുവാനും സ്തുതിക്കുവാനും കഴിയുകില്ല!

**യോഹന്നാൻ 5:24-29**

**[24]ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു. [25]ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും; കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. [26]പിതാവിന്നു തന്നിൽത്തന്നേ ജീവനുള്ളതുപോലെ, അവൻ പുത്രന്നും തന്നിൽ തന്നേ ജീവനുള്ളവൻ ആകുമാറു വരം നല്കിയിരിക്കുന്നു. [27]അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന്നു അധികാരവും നല്കിയിരിക്കുന്നു. [28]ഇതിങ്കൽ ആശ്ചര്യപ്പെടരുതു; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, [29]നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു.**

**5:24 "ആമേൻ, ആമേൻ"** യോഹന്നാനിൽ മാത്രം കാണുന്ന യേശുവിന്റെ ഇരട്ട പ്രയോഗം (ഒ.നോ. വാ. 25) സുപ്രധാന പ്രസ്താവനകളുടെ തുടക്കമാണ്. 1:51 ലെ പ്രത്യേക പഠന വിഷയം കാണുക.

▣ **"എന്റെ വചനങ്ങളെ കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്"** പുത്രനിലൂള്ള വിശ്വാസത്താൽ പ്രാവർത്തികമാകുന്ന (ഒ. നോ. 1 യോഹ. 5:9-12) പിതാവിലുള്ള വിശ്വാസത്തെ ഊന്നിപ്പറയുകയാണിവിടെ (2:23 ലെ പ്രത്യേക പഠന വിഷയം കാണുക). സമവീക്ഷണ സുവിശേഷങ്ങളിൽ, നിത്യജീവൻ എന്നത് വിശ്വാസത്താൽ പ്രതീക്ഷയോടെ കാത്തിരിക്കേണ്ട ഒരു ഭാവികാല സംഭവമാണ്. എന്നാൽ യോഹന്നാനിൽ അത് വർത്തമാനകാല യാഥാർത്ഥ്യമാണ് (അതാ. 8:51; 11:25). "കേൾക്കുക" എന്ന പദം "അനുസരിക്കുന്നതിനായി കേൾക്കുക" (ഒ.നോ. ആവ. 6:4) എന്നർത്ഥം വരുന്ന *ഷേമാ* എന്ന എബ്രായപദത്തെ പ്രതിഫലിപ്പിക്കുന്നതാകാൻ സാധ്യതയുണ്ട്.

▣ **"എന്നെ അയച്ചവനെ"** "അപ്പൊസ്തലൻ" (ഒ.നോ. വാ. 36,37) എന്നതിന്റെ മൂലപദം *അപ്പോസ്റ്റെല്ലോ* (*αποστελλω*) എന്ന ക്രിയാപദമാണ്. റബിമാർ ഈ പദം "ഒരു പ്രത്യേക ദൗത്യത്തിനുവേണ്ടി ഔദ്യോഗിക പ്രതിനിധിയായി അയക്കപ്പെടുന്ന വ്യക്തി" എന്ന അർത്ഥത്തിൽ ഉപയോഗിച്ചു. പിതാവ് പുത്രനെ തന്റെ പ്രതിനിധിയായി അയയ്ക്കുന്നു എന്ന അർത്ഥത്തിൽ പുതിയ നിയമത്തിൽ ഈ പദം ഉപയോഗിച്ചു. 4:34 ലെ കുറിപ്പു കാണുക.

## പ്രത്യേക പഠന വിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*)

ഇത് "അയയ്ക്കുക" എന്നതിനുള്ള സാധാരണ ഗ്രീക്കു പദമാണ് (*അപ്പോസ്റ്റെല്ലോ - αποστελλω*)). ഈ പദത്തിനു ദൈശാസ്ത്രപരമായ നിരവധി ഉപയോഗങ്ങളുണ്ട്.

1. റബ്ബിമാർ ഇത് ഒരുവന്റെ ഔദ്യോഗിക പ്രതിനിധിയായി അയയ്ക്കപ്പെടുന്ന ഒരുവനെ വിളിക്കുവാൻ ഉപയോഗിച്ചു. ഇംഗ്ലീഷിലെ "അംബാസിഡർ" പോലെ (ഒ.നോ. 2 കൊരി. 5:20)
2. സുവിശേഷങ്ങൾ ഈ പദം പിതാവിനാൽ അയയ്ക്കപ്പെട്ട യേശുവിന് ഉപയോഗിച്ചു. യോഹന്നാനിൽ ഈ പദത്തിന് മശിഹൈക അർത്ഥം കൈവന്നു (ഒ.നോ. മത്താ. 10:40; 15:24; മർക്കൊ. 9:37, ലൂക്കൊ.

9:48 വിശേഷാൽ യോഹ. 4:34; 5:24,30,36,37,38; 6:29,38,39,40,57; 7:29; 8:42; 10:36; 11:42; 17:3,8,18,21,23,25; 20:21). യേശു വിശ്വാസികളെ അയയ്ക്കുന്നതിനും ഇതുപയോഗിച്ചു (ഒ. നോ. യോഹ. 17:18; 20:21).

3. പുതിയ നിയമത്തിൽ ഇത് ശിഷ്യന്മാർക്കുവേണ്ടി ഉപയോഗിച്ചു.
   a ശിഷ്യഗണത്തിലെ ഉൾവലയത്തിലുള്ള പന്തിരുവർ (ഒ.നോ. ലൂക്കൊ. 6:13; പ്രവൃ. 1:21–22)
   b. ഒരു പ്രത്യേക കൂട്ടം അപ്പൊസ്തലിക സഹായികളും സഹപ്രവർത്തകരും
      (1) ബർബാസ് (ഒ. നോ. പ്രവൃ. 14:4,14)
      (2) അന്ത്രോനിക്കൊസും യുനീയാവും (ഒ.നോ. റോമ. 16:7)
      (3) അപ്പൊല്ലോസ് (ഒ.നോ. 1 കൊരി. 4:6–9)
      (4) കർത്താവിന്റെ സഹോദരനായ യാക്കോബ് (ഒ.നോ. ഗലാ. 1:19)
      (5) സിലാനൊസും തിമൊഥെയൊസും (ഒ.നോ. 1 തെസ്സ. 2:6)
      (6) തീത്തൊസിനെ ആകാം (ഒ.നോ. 2 കൊരി. 8:23)
      (7) എപ്പഫ്രൊദിത്തൊസിനെ ആകാം (ഒ.നോ. ഫിലി. 2:25)
   c. സഭയിൽ തുടന്നുകൊണ്ടിരുന്ന ഒരു വരം (ഒ.നോ. 1 കൊരി. 12:28–29; എഫെ. 4:11)
4. ക്രിസ്തുവിന്റെ പ്രതിനിധി എന്ന നിലിൽ നിനക്കു ലഭിച്ച ദൈവദത്തമായ അധികാരത്തെ ഊന്നിപ്പറയുന്നതിനുള്ള മാർഗമെന്ന നിലയിൽ പൗലൊസ് തന്റെ മിക്ക ലേഖനങ്ങളിലും ഈ പേര് ഉപയോഗിച്ചു (ഒ.നോ. റോമ. 1:1; 1 കൊരി 1:1; 2 കൊരി 1:1; ഗലാ. 1:1; എഫെ. 1:1; കൊലൊ. 1:1; 1 തീമൊ 1:1; 2 തിമൊ 1:1; തീത്തൊ. 1:1)

▣ **"മരണത്തിൽ നിന്നും ജീവിങ്കലേക്കു കടന്നിരിക്കുന്നു"** ഇതു പൂർത്തിയായ കർത്തരി സൂചകമാണ്; അതായത് ഭൂതകാലത്തിൽ സംഭവിച്ചത് ഇപ്പോൾ ഒരു സ്ഥിരാവസ്ഥയായി മാറിയിരിക്കുന്നു. ദൈവരാജ്യം നിലവിൽ വന്നിരിക്കുന്നു, എങ്കിലും ഭാവികാല സംബന്ധിയായിരിക്കുന്നു, അതുപോലെയാണ് നിത്യജീവനും (ഒ.നോ. വാ. 25–26; 1 യോഹ. 3:14). വാ. 25, രാജ്യം ഇപ്പോൾ തന്നെ യാഥാർത്ഥ്യാണ് എന്നതിന്റെ ശക്തമായ പ്രസ്താവനയാണ്.

**5:25 "നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു"** യോഹന്നാന്റെ എഴുത്തുകളുടെ സവിശേഷമായ ഭാഷാരീതിയാണിത്. വാക്കുകൾക്കും ശൈലികൾക്കും പലപ്പോഴും രണ്ട് അർത്ഥങ്ങളുണ്ട്. ഈ സംഭവത്തിൽ "നാഴിക" യുടെ അർത്ഥം.

1. രക്ഷയുടെ സമയം
2. ന്യായവിധിയുടെ സമയം

ഈ സമയ ചട്ടക്കൂട് വർത്തമാനകാല സംബന്ധവും ഭാവി സംബന്ധവുമാണ് (ഒ. നോ. വാ. 29; 6:39,44,54). യേശുവിനെ സംബന്ധിച്ച് ഒരുവൻ എന്തുചെയ്യുന്നു എന്നതാണ് ഭാവിയിൽ അവന്/അവൾക്ക് ഭാവിയിൽ എന്തു സംഭവിക്കും എന്നത് തീരുമാനിക്കുന്നത്. രക്ഷയും ന്യായവിധിയും ഒരേ സമയം വർത്തമാനകാല യാഥാർത്ഥ്യവും ഭാവിയിൽ പൂർത്തീകരണത്തിലെത്തുന്നതുമാണ് (ഒ.നോ. വാ. 28).

# പ്രത്യേക പഠന വിഷയം: നാഴിക

"നാഴിക" എന്ന പദം സുവിശേഷങ്ങളിൽ വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

1. ഒരു സമയ സൂചന (ഒ.നോ. മത്താ 8:13; ലൂക്കൊ. 7:21; യോഹ. 11:9)
2. പരിശോധനയുടെയും പരീക്ഷയുടെയും സമയത്തെ സൂചിപ്പിക്കുന്ന അലങ്കാര പ്രയോഗം (ഒ.നോ. മത്താ. 10:19; മർക്കൊ. 13:11; ലൂക്കൊ. 12:12)
3. യേശു തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിന്റെ ഒരു അലങ്കാരപ്രയോഗം (ഒ.നോ. യോഹ. 2:4; 4:23)
4. ന്യായവിധി ദിവസത്തിനുള്ള ഒരു അലങ്കാര പ്രയോഗം (അതാ. രണ്ടാംവരവ്, ഒ.നോ. മത്താ. 24:36, 44; 25:13; മർക്കൊ. 13:32; യോഹ. 5:25,28)
5. യേശുവിന്റെ കഷ്ടാനുഭവത്തിനുള്ള ഒരു അലങ്കാരപ്രയോഗം (ഒ.നോ. മത്താ. 26:45; മർക്കൊ. 14:35,41; യോഹ. 7:30; 8:20; 12:23,27; 13:1; 16:32; 17:1)

▣ **"മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും"** ആത്മീയമായി മരിച്ചവരെക്കുറിച്ചാണ് വാ. 25 പറയുന്നത്; വാ. 29 ആകട്ടെ ശരീരികമായി മരിച്ച സകലരുടെയും പുനരുത്ഥാനത്തെക്കുറിച്ചാണ്. മൂന്നുവിധ മരണത്തെക്കുറിച്ചു ബൈബിൾ പറയുന്നു.

1. ആത്മീയ മരണം (ഒ.നോ. ഉല്പത്തി 3)
2. ശാരീരിക മരണം (ഒ.നോ. ഉല്പത്തി 5)
3. നിത്യമരണം (ഒ.നോ. എഫെ. 2:2; വെളി. 2:11; 20:6,14), അല്ലെങ്കിൽ തീപ്പൊയ്ക, നരകം (*ഗെഹെന്ന*)

"ദൈവപുത്രൻ" എന്ന പദത്തിന്റെ ഒരു അപൂർവ ഉപയോഗമാണിത്. 1 യോഹ. 3:8 ലെ പ്രത്യേക പഠന വിഷയം കാണുക. ഈ പദം കൂടെക്കൂടെ ഉപയോഗിക്കാതിരിക്കുന്നതിന്റെ ഒരു കാരണം, ദേവന്മാർ (ഒളിമ്പസ്

പർവതത്തിലെ) മനുഷ്യസ്ത്രീകളെ ഭാര്യമാരായി അല്ലെങ്കിൽ വെപ്പാട്ടികളായി എടുക്കുന്നു എന്ന ഗ്രീക്ക് മത വീക്ഷണമാണ്. ദൈവപുത്രൻ എന്ന യേശുവിന്റെ പദവി, ലൈംഗിക തലമുറയെയോ സമയപരിധിയെയോ അല്ല അല്ല സൂചിപ്പിക്കുന്നത് മറിച്ച് ആഴമായ ബന്ധത്തെയാണ്. ഇത് ഒരു യെഹൂദ കുടുംബ സാദൃശമാണ്. യേശു പഴയനിയമ തരംതിരിവുപയോഗിച്ച് തന്റെ ദൈവത്വത്തെക്കുറിച്ച് ഈ യെഹൂദ നേതാക്കളോട് വളരെ വ്യക്തായും സവിശേഷ രീതിയിലും പ്രസ്താവിക്കുകയാണ് (ഒ.നോ. 5:21,26).

**5:26 "പിതാവിനു തന്നിൽ തന്നേ ജീവനുള്ളതുപോലെ"** പുറ. 3:14 ലെ യഹോവ എന്ന പദത്തിന്റെ അർത്ഥം ഇതാണ്. ദൈവത്തിന്റെ ഈ ഉടമ്പടി നാമം "ആയിരിക്കുക" എന്ന എബ്രായ ക്രിയയിൽ നിന്നും വന്നതാണ്. അതിനർത്ഥം എന്നേക്കും ജീവിച്ചിരിക്കുന്ന ജീവനുള്ള ഏകൻ എന്നാണ്. 6:20 ലെ പ്രത്യേക പഠനവിഷയം: ദൈവിക നാമങ്ങൾ കാണുക.

പഴയ നിയമത്തിൽ യഹോവയ്ക്കു മാത്രമേ "ജീവൻ" ഉള്ളൂ (ഓ.നോ. 1 തിമൊ. 1:17; 6:16). അവനു മാത്രമേ അതു മറ്റുള്ളവർക്കു പകരുവാനും കഴിയൂ (ഉദാ. ഇയ്യോ. 10:12; 33:4; സങ്കീ. 36:9). യഹോവ ഈ അതുല്യ ശക്തി തനിക്കും നൽകിയതായി യേശു അവകാശപ്പെടുന്നു.

▣ **"പുത്രനും തന്നിൽ തന്നേ ജീവൻ ഉള്ളവൻ ആകുമാറു വരം നൽകിയിരിക്കുന്നു"** യേശുവിന്റെ ദൈവത്വം സംബന്ധിച്ചുള്ള ശക്തമായ സ്ഥീരീകരണമാണിത് (ഒ.നോ. 1:14; 1 യോഹ. 5:11).

**5:27** ന്യായമായി വിധിക്കുവാൻ യേശു പ്രാപ്തനായിരിക്കുന്നതിന്റെ (*എക്സൂസിയ*, അധികാരം ഉള്ളവൻ, ഒ.നോ. 10:18; 17:2; 19:11) കാരണം അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആണെന്നുള്ളതാണ്. "മനുഷ്യപുത്രൻ" എന്നതിനോടു ചേർന്ന് വിവേചകഭേദകം ഇല്ല (ഒ.നോ. യെഹെ. 2:1; സങ്കീ. 8:4). അവൻ നമ്മെ പൂർണ്ണമായി അറിയുന്നു (ഒ.നോ. എബ്രാ. 4:15); അവൻ ദൈവത്തെ പൂർണ്ണമായി അറിയുന്നു (ഒ.നോ. 1:18; 5:30).

യേശു തന്നെത്താൻ "പുതൻ" എന്നു വിളിക്കുന്ന സന്ദർഭത്തിൽ (ഒ.നോ. വാ. 19 [2 പ്രാവശ്യം], 20,21,22 [2 പ്രാവശ്യം], 23, 25, 26) ആണ് വാ. 27 ലെ "മനുഷ്യപുത്രൻ" (എങ്കിലും സാധാരണയായ വിവേചകഭേദകം കൂടാതെ) എന്ന പേര് ഉപയോഗിക്കുന്നത് എന്ന കാര്യം വിസ്മയാവഹമാണ്. എങ്കിലും ഇതേ രീതി (1) 3:13,14 X 3:16,17,18,35,36; (2) 6:27,53 X 6:40; (3) 8:28 X 8:35,36 എന്നിവിടങ്ങളിലും കാണാം. ദൈവം രണ്ടു പേരുകളും തനിക്കുവേണ്ടി മാറി മാറി ഉപയോഗിക്കുന്നു.

**5:28 "ഇതിങ്കൽ ആശ്ചര്യപ്പെടരുത്"** ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നർത്ഥമുള്ള നിഷേധാത്മക സൂചനയോടുകൂടിയ വർത്തമാനകാല കല്പനയാണിത്. യേശുവിന്റെ മുൻ വാക്കുകൾ യെഹൂദ പ്രമാണികളെ ഞെട്ടിച്ചതുപോലെ, അവന്റെ തുടർന്നുള്ള പ്രസ്താവനയും അവരെ ഞെട്ടിക്കുന്നതായിരുന്നു.

▣ **"കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു"** രണ്ടാം വരവിങ്കൽ മശിഹായുടെ ഉച്ചത്തിലുള്ള ശബ്ദത്തെ പ്രതിഫലിപ്പിക്കുകയാണിതെന്നു തോന്നുന്നു (ഒ. നോ. 1 തെസ്സ. 4:16). ഈ സംഭവത്തിന്റെ ഉത്തമോദാഹരണമാണ് ലാസർ (ഒ.നോ. 11:43). 2 കൊരി. 5:6,8 ലെ സത്യത്തെ ഇതു തമസ്കരിക്കുന്നില്ല. സാർവ്വലൗകിക ന്യായവിധിയെയും പുത്രന്റെ അധികാരത്തെയും അതുറപ്പിക്കുന്നു.

ഈ പശ്ചാത്തലമധികവും ഇവിടുത്തെ ഇപ്പോഴത്തെ ആത്മീക ജീവിതത്തിന്റെ യാഥാർത്ഥ്യത്തോടു ബന്ധപ്പെട്ടിരിക്കുന്നു (യാഥാർത്ഥ്യമായ അന്ത്യകാല ശാസ്ത്രം). അതോടൊപ്പം ഈ പ്രയോഗം അന്ത്യകാല ഭാവി സംഭവത്തെയും ഉറപ്പിക്കുന്നു. ദൈവരാജ്യത്തിന്റെ വന്നുകഴിഞ്ഞു, ഇനിയും ആയിട്ടില്ല എന്ന ഈ സംഘർഷം സമവീക്ഷണ സുവിശേഷങ്ങളിലെ, വിശേഷിച്ച് യോഹന്നാനിലെയും, യേശുവിന്റെ പഠിപ്പിക്കലുകളുടെ സവിശേഷതയാണ്.

**5:29** ദുഷ്ടന്മാരുടെയും നീതിമാന്മാരുടെയും പുനരുത്ഥാനത്തെക്കുറിച്ച് ബൈബിൾ പറയുന്നു (ഒ.നോ. ദാനീ. 12:2; മത്താ. 25:46; പ്രവൃ. 24:15). മിക്ക വേദഭാഗങ്ങളും നീതിന്മാരുടെ പുനരുത്ഥാനത്തിനാണ് ഊന്നൽ നൽകുന്നത് (ഒ.നോ. ഇയ്യോ. 19:23-29; യെശ. 26:19; യോഹ. 6:39-40,44,54; 11:24-25; 1 കൊരി. 15:50-58).

ഇത് പ്രവൃത്തിയുടെ അടിസ്ഥാനത്തിലുള്ള ന്യായവിധിയെ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് വിശ്വാസിയുടെ ജീവിത ശൈലിയുടെ അടിസ്ഥാനത്തിലുള്ള ന്യായവിധിയെ ആണ് (ഒ.നോ. മത്താ. 25:31-46; ഗലാ. 5:16-21). മനുഷ്യർ വിതയ്ക്കുന്നത് കൊയ്യും എന്ന ഒരു പൊതുതത്വം ദൈവവചനത്തിലും ലോകത്തിലും ഉണ്ട് (ഒ.നോ. സദൃ. 11:24-25; ഗലാ. 6:6). അത് പഴയനിയമ ഉദ്ധരണിയനുസരിച്ച് ചിന്തിച്ചാൽ ദൈവം "ഓരോരുത്തർക്ക് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകുന്നു" എന്നാണഅ (ഒ.നോ. സങ്കീ. 62:12; 28:4; ഇയ്യോ. 34:15; സദൃ. 24:12; മത്താ. 16:27; റോമ. 2:6-8; 1 കൊരി 3:8; 2 കൊരി. 5:10; എഫെ. 6:8; കൊലൊ. 3:25).

## യോഹന്നാൻ 5:30

**30എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതു ആകുന്നു.**

**5:30** ദൈവത്തിന്റെ ലോഗോസ് ജഡമായിത്തീർന്ന യേശു, പിതാവിന് കീഴ്പ്പെട്ടവനും കീഴടങ്ങുന്നവനും ആയിരു

ന്നു. കീഴടങ്ങലിന്റെ ഈ ശക്തമായ ഊന്നൽ വ. 19 ലും കാണാം ("പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല"). പുത്രൻ ഒരുപടി താണവനാണെന്ന് ഇതു സൂചിപ്പിക്കുന്നില്ല, മറിച്ച് ത്രിത്വം വീണ്ടെടുപ്പിൻ ദൗത്യത്തെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യത്യസ്ത ആളത്വങ്ങളെ ഭരമേല്പിച്ചിരിക്കുന്നു എന്നാണ്.

## യോഹന്നാൻ 5:31-47

**31ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറഞ്ഞാൽ എന്റെ സാക്ഷ്യം സത്യമല്ല. 32എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നതു മറ്റൊരുത്തൻ ആകുന്നു; അവൻ എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം സത്യം എന്നു ഞാൻ അറിയുന്നു. 33നിങ്ങൾ യോഹന്നാന്റെ അടുക്കൽ ആളയച്ചു; അവൻ സത്യത്തിന്നു സാക്ഷ്യം പറഞ്ഞിരിക്കുന്നു. 34എനിക്കോ മനുഷ്യന്റെ സാക്ഷ്യംകൊണ്ടു ആവശ്യമില്ല; നിങ്ങൾ രക്ഷിക്കപ്പെടുവാനത്രേ ഇതു പറയുന്നതു. 35അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കു ആയിരുന്നു; നിങ്ങൾ അല്പസമയത്തേക്കു അവന്റെ വെളിച്ചത്തിൽ ഉല്ലസിക്കുവാൻ ഇച്ഛിച്ചു. 36എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ടു; പിതാവു എനിക്കു അനുഷ്ഠിക്കുവാൻ തന്നിരിക്കുന്ന പ്രവൃത്തികൾ, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ, പിതാവു എന്നെ അയച്ചു എന്നു എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു. 37എന്നെ അയച്ച പിതാവുതാനും എന്നെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്നു; നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടില്ല. 38അവന്റെ രൂപം കണ്ടിട്ടില്ല; അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ വസിക്കുന്നതുമില്ല; അവൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലോ. 39നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്കു സാക്ഷ്യം പറയുന്നു. 40എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന്നു എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല. 41ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല. 42എന്നാൽ നിങ്ങൾക്കു ഉള്ളിൽ ദൈവസ്നേഹം ഇല്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. 43ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും; 44തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട്, ഏകദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്കു, എങ്ങനെ വിശ്വസിപ്പാൻ കഴിയും? 45ഞാൻ പിതാവിന്റെ മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തും എന്നു നിങ്ങൾക്കു തോന്നരുതു. നിങ്ങളെ കുറ്റം ചുമത്തുന്നവൻ ഉണ്ടു; നിങ്ങൾ പ്രത്യാശവെച്ചിരിക്കുന്ന മോശെ തന്നേ. 46നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. അവൻ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു. 47എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്കു എങ്ങനെ വിശ്വസിക്കും?**

**5:31** പഴയ നിയമത്തിൽ ഒരു കാര്യം ഉറപ്പിക്കുവാൻ രണ്ടു സാക്ഷികൾ വേണമായിരുന്നു (ഒ. നോ. സംഖ്യ. 35:30; ആവ. 19:15). ഈ സന്ദർഭത്തിൽ യേശു തനിക്ക് അഞ്ചു സാക്ഷികളെ അണിനിരത്തുന്നു.

1. പിതാവ് (വാ. 32,37)
2. യോഹന്നാൻ സ്നാപകൻ (വാ. 33, ഒ.നോ. 1:19-51)
3. യേശുവിന്റെ തന്നെ പ്രവൃത്തികൾ (ഓ.നോ. വാ. 36)
4. തിരുവെഴുത്ത് (ഒ.നോ. വാ. 39)
5. മോശെ (ഒ.നോ. വാ. 46) അത് ആവ. 18:15-22 നെ പ്രതിഫലിപ്പിക്കുന്നു.

1:8 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"പറഞ്ഞാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന സോപാധിക വാചകമാണിത്.

▣ **"എന്റെ സാക്ഷ്യം സത്യമല്ല"** ഇന്ന് 8:14 ന് വിപരീതമാണെന്നു തോന്നും. ഈ പ്രസ്താവനകൾ വ്യത്യസ്ത സാഹചര്യങ്ങളിൽ പറഞ്ഞവയാണെന്നു സന്ദർഭം വ്യക്തമാക്കുന്നു. ഇവിടെ തനിക്ക് എത്രയധികം സാക്ഷികളുണ്ടെന്നാണു പറയുന്നത്, എന്നാൽ 8:14 ൽ തന്റെ സാക്ഷ്യം തന്നെ മതി എന്ന് ഉറപ്പിച്ചു പറയുകയാണ്! "സത്യം" എന്നതിന് 6:55 ലെ പ്രത്യേക പഠനവിഷയം: യോഹന്നാനിൽ സത്യം, കാണുക.

**5:32 "എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നതു മറ്റൊരുത്തൻ ആകുന്നു"** ഇത് പിതാവാം ദൈവത്തെ സൂചിപ്പിക്കുന്നു (ഒ.നോ. 1 യോഹ. 5:9). കാരണം, ഇവിടെ ഉപയോഗിച്ചിരിക്കുന്നത് "അതേ ഇനത്തിൽ പെട്ട മറ്റൊന്ന്" എന്നർത്ഥമുള്ള *അല്ലോസ്* (*ἀλλος*) എന്ന പദമാണ്. "വ്യത്യസ്ത ഇനത്തിൽപെട്ട ഒന്ന്" എന്നർത്ഥമുള്ള *ഹെറ്റെറോസ്* (*ἑτερος*) അല്ല - കെയ്നെ ഗ്രീക്കിൽ ഈ വ്യത്യാസം അത്ര വ്യക്തമല്ല. 1:8 ലെ യേശുവിനു സാക്ഷ്യം പറയുന്നവർ എന്ന പ്രത്യേക പഠനവിഷയം കാണുക.

**5:33 "നിങ്ങൾ യോഹന്നാന്റെ അടുക്കൽ ആളയച്ചു"** ഇതു യോഹന്നാൻ സ്നാപകനെ സൂചിപ്പിക്കുന്നു (ഒ. നോ. 1:19).

**5:34 "നിങ്ങൾ രക്ഷിക്കപ്പെടുവാനത്രേ ഇതു പറയുന്നത്"** ഇത് സാമാന്യ കർമ്മിണി പ്രയോഗമാണ്. കർമ്മിണി പ്രയോഗം ദൈവത്തിന്റെ അഥവാ പരിശുദ്ധാത്മാവിന്റെ മദ്ധ്യസ്ഥത ധ്വനിപ്പിക്കുന്നു (ഒ.നോ. 6:44,65) ഓർക്കുക, സുവിശേഷങ്ങൾ, സുവിശേഷീകരണ പ്രഭാഷണങ്ങളാണ് (അതായത് ലഘുലേഖകൾ), അല്ലാതെ ചരിത്രപരമായ ജീവിതകഥകളല്ല. രേഖപ്പെടുത്തപ്പെട്ടവ സംബന്ധിച്ച് ഒരു സുവിശേഷീകരണ ലക്ഷ്യമുണ്ട് (ഒ. നോ. 20:30

-31).
**5:35 "അവൻ ... വിളക്കു ആയിരുന്നു"** വെളിച്ചത്തെക്കുറിച്ചുള്ള മറ്റൊരു ഊന്നലാണിത്, ഇവിടെയിത് യോഹന്നാന്റെ വഴിയൊരുക്കൽ സന്ദേശമാണ് (ഒ.നോ. 1:6-8).

**5:36 "ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നേ ... എന്നെക്കുറിച്ചു സാക്ഷീകരിക്കുന്നു"** യേശുവിന്റെ പ്രവൃത്തികൾ, മശിഹായെക്കുറിച്ചുള്ള പഴയനിയമ പ്രവചനങ്ങളുടെ നിവൃത്തിയായിരുന്നു. അവന്റെ കാലത്തെ യെഹൂദന്മാർ ഈ അത്ഭുതകരമായ അടയാളങ്ങൾ തിരിച്ചറിയേണ്ടതായിരുന്നു. കുരുടർ കാണുന്നു, ദരിദ്രർ പോഷിപ്പിക്കപ്പെടുന്നു. മുടന്തർ സൗഖ്യമാകുന്നു (ഒ.നോ. യെശ. 29:18; 32:3-4; 35:5-6; 42:7). യേശുവിന്റെ ഉപദേശത്തിന്റെ ശക്തി, ജീവിതശൈലി, നീതി, മനസ്സലിവ്, വീര്യപ്രവൃത്തികൾ (ഒ.നോ. 2:23; 10:25,38; 14:11; 15:24) എന്നിവ അവൻ ആരാണ്, അവൻ എവിടെ നിന്നു വന്നു, ആരവനെ അയച്ചു എന്നിവയ്ക്ക് വ്യക്തമായ സാക്ഷ്യം പറയുന്നു.

**5:37 "പിതാവുതാനും എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നു"** സന്ദർഭമനുസരിച്ച് ഈ പ്രയോഗം പഴയ നിയമ തിരുവെഴുത്തിനെ സൂചിപ്പിക്കുന്നതാണ് (ഒ. നോ. എബ്രാ. 1:1-3). ഇതിൽ പഴയനിയമത്തിലെ സകല മശിഹൈക പരാമർശങ്ങളും ഉൾപ്പെടുന്നു (ഒ. നോ. വാ. 39).

▣ **"നിങ്ങൾ അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടില്ല, അവന്റെ രൂപം കണ്ടിട്ടില്ല"** യെഹൂദന്മാർ ദൈവത്തെക്കുറിച്ച് തിരുവെഴുത്തുകളിലൂടെയും ആരാധനകളിലൂടെയുമുള്ള വ്യക്തിപരമായ അനുഭവത്തിലൂടെയും അറിയേണ്ടതായിരുന്നുവെങ്കിലും, അവർ അവനെ യഥാർത്ഥമായി അറിഞ്ഞില്ല എന്ന് യേശു ഉറപ്പിച്ചു പറയുന്നു (ഒ. നോ. 8:43; യെശ. 1:1-15; 6:9-10; 29:13; യിരെ. 5:21).

പഴയ നിയമത്തിൽ ദൈവത്തെ കാണുന്നവർ മരിക്കും എന്നു ചിന്തിച്ചിരുന്നു. യഹോവയോടു മുഖാമുഖം സംസാരിച്ച ഏക വ്യക്തി മോശെയായിരുന്നു. എന്നാലതും മേഘത്തിന്റെ മറവിൽ നിന്നുകൊണ്ടായിരുന്നു. പുറ. 33:23, യോഹ. 1:18 നു വിരുദ്ധമാണെന്ന് അനേകർ ചിന്തിക്കുന്നു. എങ്കിലും പുറപ്പാടിലെ എബ്രായപദത്തിനർത്ഥം "പിൻ മഹത്വം" എന്നാണ്, ശാരീരിക രൂപം എന്നല്ല.

**5:38 "അവന്റെ വചനം നിങ്ങളുടെ ഉള്ളിൽ"** ഇവ യോഹന്നാന്റെ എഴുത്തുകളിലെ രണ്ടു ശക്തമായ സാദൃശങ്ങളാണ്. ദൈവവചനം (ലോഗോസ്) കൈക്കൊള്ളേണ്ടതാണ്. ഒരിക്കൽ സ്വീകരിച്ചാൽ (ഒ. നോ. 1:27) അതു നിലനില്ക്കേണം (വസിക്കുക, ഓ.നോ. യോഹ. 8:31; 15:4,5,6,7,10; 1 യോഹ. 2:6,10,14,17,24,27,28; 3:6,14,15,24). യേശു ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാണ് (ഓ.നോ. യോഹ. 1:1-18; ഫിലി. 2:6-11; കൊലൊ. 1:15-17; എബ്രാ. 1:1-3) രക്ഷ, തുടർമാനമായ ബന്ധത്താലും (എബ്രായ അർത്ഥത്തിൽ "അറിയുക" ഒ. നോ. ഉല്പ. 4:1; യിരെ. 1:5) സുവിശേഷ സത്യങ്ങളുടെ അംഗീകരണത്താലും (ഗ്രീക്ക് അർത്ഥത്തിൽ "അറിയുക" ഒ. നോ. 2 യോഹ. 9) സ്ഥിരീകരിക്കപ്പെടുന്നു.

"വസിക്കുക" എന്ന പദം ആരംഭം കുറിക്കൽ, സ്ഥിരമായി നിൽക്കുന്ന വ്യക്തിപരമായ ബന്ധം എന്നീ അർത്ഥത്തിലാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. വസിക്കുക എന്നത് യഥാർത്ഥ രക്ഷയുടെ വ്യവസ്ഥയാണ് (ഒ.നോ. അ. 15). യോഹന്നാനിൽ ഇത് നിരവധി അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

1. പുത്രൻ പിതാവിൽ (ഓ.നോ. 10:38; 14:10,11,20,21; 17:21)
2. പിതാവു പുത്രനിൽ (ഒ.നോ. 10:38; 14:10,11,21; 17:21,23)
3. വിശ്വാസികൾ പുത്രനിൽ (ഓ.നോ. 10:56; 14:20,21; 15:5; 17:21)
4. വിശ്വാസികൾ പുത്രനിലും പിതാവിലും (ഒ.നോ. 14:23)
5. വിശ്വാസികൾ വചനത്തിൽ (ഒ.നോ. 5:38; 8:31; 15:7; 1 യോഹ. 2:14)

1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം കാണുക.

**5:39 "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു"** ഇതൊരു വർത്തമാനകാല കർത്തരി സൂചകമോ അല്ലെങ്കിൽ കല്പനയോ ആകാം. യെഹൂദന്മാർ നിരസിച്ച സാക്ഷികളുടെ പട്ടികയിൽ പെടുന്നതിനാൽ ഇതൊരു സൂചകം ആകാനാണു സാധ്യത.

യെഹൂദ നേതാക്കന്മാരുടെ ദുരന്തമിതാണ്. അവർക്ക് തിരുവെഴുത്തുണ്ട്, അവരതു വായിക്കുന്നു, മനഃപാഠമാക്കുന്നു. എങ്കിലും അത് ചൂണ്ടിക്കാണിക്കുന്ന വ്യക്തിയെ അവർ കണ്ടെത്തുന്നില്ല. ആത്മാവിനെ കൂടാതെ തിരുവെഴുത്തുകൾപോലും ഫലശൂന്യമാണ്! യഥാർത്ഥ ജീവൻ, വ്യക്തിപരമായ അനുസരണത്തോടുകൂടിയ വിശ്വാസ ബന്ധത്താൽ മാത്രം ഉളവാകുന്നതാണ് (അതാ. ആവ. 4:1; 8:13; 30:15-20; 32:46-47).

▣ **"അവ എനിക്കു സാക്ഷ്യം പറയുന്നു"** യേശു നിവൃത്തിയാക്കിയ പഴയനിയമ തിരുവെഴുത്തുകളെ സൂചിപ്പിക്കുന്നു (അതാ. 1:45; 2:22; 5:46; 12:16,41; 19:28; 20:9). അപ്പൊസ്തല പ്രവൃത്തികളിൽ പത്രൊസിന്റെയും (ഒ.നോ. പ്രവൃ. 3:18; 10:43), പൗലൊസിന്റെയും (ഒ. നോ. പ്രവൃ. 13:27; 17:2-3; 26:22-23,27) ആദ്യകാല പ്രസംഗങ്ങളിൽ മിക്കവയും യേശുവിന്റെ മശിഹാത്വത്തിനുള്ള തെളിവായി നിറവേറ്റപ്പെട്ട പ്രവചനങ്ങളെ ഉപയോഗിക്കുന്നു. പുതിയ നിയമത്തിൽ കാണുന്ന തിരുവെഴുത്തുകളുടെ ആധികാരികതയെ ഉറപ്പിക്കുന്ന വേദഭാഗങ്ങളിൽ (ഓ. നോ. 1 കൊരി. 2:9-13; 1 തെസ്സ. 2:13; 2 തിമൊ. 3:16; 1 പത്രൊ. 1:23-25; 2 പത്രൊ. 1:20-21) ഒന്നൊഴികെ (1 പത്രൊ. 3:15-16) ബാക്കിയെല്ലാം പഴയനിയമത്തെ പരാമർശിക്കുന്നു. യേശു തന്നെത്തന്നെ പഴയനിയമത്തിന്റെ നിവൃത്തിയും ലക്ഷ്യവും ആയി കണ്ടു (ശരിയായ വ്യാഖ്യാതാവും, ഒ.നോ. മത്താ. 5:17-48).

## പ്രത്യേക പഠന വിഷയം: ആദിമ സഭയുടെ *കെറിഗ്മാ*

A. പഴയ നിയമത്തിൽ ദൈവം ചെയ്തിരിക്കുന്ന വാഗ്ദത്തങ്ങൾ യേശു മശിഹായുടെ വരവിൽ നിവൃത്തിയായിരിക്കുന്നു (പ്രവൃ. 2:30; 3:19,24; 10:43; 26:6–7,22; റോമ. 1:2–4; 1 തിമൊ. 3:16; എബ്രാ 1:1–2; 1 പത്രൊ. 1:10–12, 2 പത്രൊ. 1:18–19).

B. ദൈവം യേശുവിനെ അവന്റെ സ്നാനത്തിൽ മശിഹാ ആയി അഭിഷേകം ചെയ്തു (പ്രവൃ. 10:38).

C. യേശു സ്നാനത്തിനു ശേഷം ഗലീലയിൽ തന്റെ ശുശ്രൂഷ ആരംഭിച്ചു (പ്രവൃ. 10:37).

D. ദൈവശക്തിയാൽ നന്മ ചെയ്യുന്നതും വീര്യപ്രവൃത്തികൾ ചെയ്യുന്നതും അവന്റെ ശുശ്രൂഷയുടെ സവിശേഷതകളായിരുന്നു (മർക്കൊ 10:45; പ്രവൃ. 2:22; 10:38).

E. ദൈവത്തിന്റെ നിത്യനിർണ്ണയത്തിനനുസരിച്ച് മശിഹാ ക്രൂശിക്കപ്പെട്ടു (മർക്കൊ. 10:45; യോഹ. 3:16; പ്രവൃ. 2:23; 3:13–15,18; 4:11; 10:39; 26:23; റോമ. 8:34; 1 കൊരി. 1:17–18; 15:3; ഗലാ. 1:4; എബ്രാ. 1:3; 1 പത്രൊ. 1:2,19; 3:18; 1 യോഹ. 4:10).

F. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കുകയും തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകയും ചെയ്തു (പ്രവൃ. 2:24,31–32; 3:15,26; 10:40–41; 17:31; 26:23; റോമ. 8:34; 10:9; 1 കൊരി. 15:4–7, 12 മുതൽ; 1 തെസ്സ. 1:10; 1 തിമൊ. 3:16; 1 പത്രൊ. 1:2; 3:18,21).

G. ദൈവം യേശുവിനെ ഉയർത്തുകയും "കർത്താവ്" എന്ന നാമം നൽകുകയും ചെയ്തു (പ്രവൃ. 2:25–29, 33–36; 3:13; 10:36; റോമ. 8:34; 10:9; 1 തിമൊ. 3:16; ഏബ്രാ 1:3; 1 പത്രൊ. 3:22).

H. ദൈവത്തിന്റെ പുതിയ സമൂഹത്തിന്റെ രൂപീകരണത്തിനായി അവൻ പരിശുദ്ധാത്മാവിനെ നൽകി (പ്രവൃ. 1:8; 2:14–18,38–39; 10:44–47; 1 പത്രൊ. 1:12).

I. അവൻ ന്യായവിധിക്കും സകലത്തിന്റെയും യഥാസ്ഥാപനത്തിനുമായി വീണ്ടും വരും (പ്രവൃ. 3:20–21, 10:42; 17:31; 1 കൊരി. 15:20–28; 1 തെസ്സ. 1:10).

J. സന്ദേശം കേൾക്കുന്ന എല്ലാവരും മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കണം (പ്രവൃ. 2:21,38; 3:19; 10:43,47–48; 17:30; 26:20; റോമ. 1:17; 10:9; 1 പത്രൊ. 3:21).

പുതിയ നിയമത്തിലെ വ്യത്യസ്ത എഴുത്തുകാർ അവരുടെ പ്രസംഗങ്ങളുടെ ഒരു ഭാഗം മാത്രം നല്കുകയോ അല്ലെങ്കിൽ മറ്റു വിശദാംശങ്ങൾക്ക് ഊന്നൽ നൽകുകയോ ചെയ്തിരിക്കുന്നുവെങ്കിലും ഇതാണ് ആദിമ സഭയുടെ പ്രസംഗങ്ങളുടെ ആകമാന രൂപരേഖ.

മർക്കൊസിന്റെ സുവിശേഷം പൂർണമായും കെറിഗ്മാ സംബന്ധിച്ച പത്രൊസിന്റെ രീതി പിന്തുടരുന്നു. മർക്കൊസ് റോമിലെ പത്രൊസിന്റെ പ്രസംഗങ്ങളെ എഴുതപ്പെട്ട സുവിശേഷമാക്കി മാറ്റിയതായി പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. മത്തായിയും ലൂക്കൊസും മർക്കൊസിന്റെ അടിസ്ഥാന ഘടനയെ പിന്തുടരുന്നു.

**5:41–44** യെഹൂദ മതനേതാക്കൾ തങ്ങളുടെ അനുയായികളുടെ കയ്യടി ആസ്വദിച്ചിരുന്നതിനെപ്പറ്റിയാണു സൂചിപ്പിക്കുന്നതെന്നു തോന്നുന്നു. പൂർവകാല റബ്ബിമാരെ ഉദ്ധരിക്കുന്നതിൽ അവർ മഹത്വമെടുത്തിരുന്നു എങ്കിലും ആത്മീയ അന്ധത നിമിത്തം, അവരുടെ ഇടയിൽ നിൽക്കുന്ന ഗുരുക്കന്മാരിൽ ഗുരുവായവനെ അവർ കാണുന്നില്ല. ഒന്നാം നൂറ്റാണ്ടിലെ യെഹൂദ റബ്ബിമതത്തെ യേശു അതിശക്തമായി തള്ളിപ്പറയുന്നതാണിത് (മത്താ. 21:33–46; മർക്കൊ 12:1–12; ലൂക്കൊ. 20:9–19 എന്നിവിടങ്ങളിലെ ഉപമയും കാണുക).

**5:41**

**NASB, NRSV, "ഞാൻ മനുഷ്യരിൽ നിന്നും മഹത്വം വാങ്ങുന്നില്ല"**
**NKJV "ഞാൻ മനുഷ്യരിൽ നിന്നും ബഹുമാനം വാങ്ങുന്നില്ല"**
**TEV "മാനുഷിക സ്തുതി ഞാൻ അന്വേഷിക്കുന്നില്ല"**
**NJB "മാനുഷിക മഹത്വം എന്നെ സംബന്ധിച്ച് ഒന്നുമല്ല"**

"മഹത്വം" (*ഡോക്സാ-δοξα*) എന്ന പദം കൃത്യമായി തർജ്ജമ ചെയ്യുക പ്രയാസമാണ് (1:14 ലെ പ്രത്യേ പഠന വിഷയം കാണുക). അത് എബ്രായയിലെ "തേജസ്സ്" *കാബോദ്* എന്നതിനെ പ്രതിഫലിപ്പിക്കുന്നു. *കാബോദ്* ദൈവത്തിന്റെ തേജസ്സേറിയ പ്രകാശ പൂർണ്ണമായ സാന്നിധ്യത്തെ വെളിപ്പെടുത്താനുപയോഗിക്കുന്നു (ഒ.നോ. പുറ. 16:10; 24:17; 40:34; പ്രവൃ. 7:2) അവന്റെ സ്വഭാവത്തിനും പ്രവൃത്തികൾക്കുമായി അവനു സ്തുതിയും മഹത്വവും കരേറ്റുന്നതിനും ഉപയോഗിക്കുന്നു. ഈ അർത്ഥങ്ങളെല്ലാം സംയോജിപ്പിക്കുന്ന ഒരു നല്ല വാക്യമാണ് 2 പത്രൊ. 1:17.

ദൈവത്തിന്റെ സാന്നിധ്യത്തിന്റെയും സ്വഭാവത്തിന്റെയും ഈ പ്രകാശ പൂർണ്ണമായ വശം ഇവയോടു ബന്ധപ്പെട്ടിരിക്കുന്നു.

1. ദൂതന്മാർ (ഒ.നോ. ലൂക്കൊ. 2:29; 2 പത്രൊ. 2:10)
2. യേശുവിന്റെ ഔന്നത്യം (ഒ.നോ. യോഹ. 1:14; 8:54; 12:28; 13:31; 17:1–5,22,24; 1 കൊരി. 2:8; ഫിലി. 3:17)
3. വിശ്വാസികളിലേക്കുള്ള അതിന്റെ പകർച്ച (ഒ.നോ. റോമ. 8:18,21; 1 കൊരി. 2:7; 15:43; 2 കൊരി. 4:17; കൊലൊ. 3:4; 1 തെസ്സ. 2:12; 2 തെസ്സ. 2:10; എബ്രാ. 2:10; 1 പത്രൊ. 5:1,4)

യോഹന്നാൻ യേശുവിന്റെ ക്രൂശീകരണത്തെ അവന്റെ മഹത്വീകരണമായി ചിത്രീകരിക്കുന്നുവെന്നത് താല്പര്യമുളവാക്കുന്ന വസ്തുതയാണ് (ഒ.നോ. 7:39; 12:16,23; 13:31). എങ്കിലും അതിനെ "ബഹുമാനം" എന്നോ "സ്തോത്രാർപ്പണം" എന്നോ തർജ്ജമ ചെയ്യാൻ കഴിയും (ഒ.നോ. ലൂക്കൊ. 17:18; പ്രവൃ. 12:23; റോമ. 4:20; 1 കൊരി 10:31; 2 കൊരി. 4:15, ഫിലി. 1:11; 2:11; വെളി. 11:13; 14:7; 16:9; 19:7). ഈ വിധത്തിലാണ് ഈ സന്ദർഭത്തിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

**5:43 "എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല"** യോഹന്നാന്റെ സുവിശേഷത്തിലുടനീളം യേശുവിൽ വിശ്വസിക്കുക എന്ന ഊന്നൽ ഒരു നിർദ്ദിഷ്ട ദൈവശാസ്ത്ര പ്രമാണമല്ല മറിച്ച് അവനുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ ആണ് (അതാ. വാ. 39-40). അവനിൽ ആശ്രയിക്കുന്നതിനുള്ള തീരുമാനത്തോടെയാണ് വിശ്വാസം ആരംഭിക്കുന്നത്. ഉപദേശപരമായ പക്വതയിലും ക്രിസ്തു തുല്യമായ ജീവിതത്തിലും എത്തിച്ചേരുന്നതും വളർന്നു കൊണ്ടിരിക്കുന്നതുമായ ശിഷ്യത്വത്തിന്റെ ഒരു വ്യക്തിപരമായ ബന്ധം ഇവിടെ ആരംഭിക്കുന്നു.

▣ **"മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ"** ഇതൊരു പ്രഥമപുരുഷ സോപാധിക വാചകമാണ്.

▣ **"അവനെ നിങ്ങൾ കൈക്കൊള്ളും"** ഇത് തൽമൂദിൽ നിന്നെടുത്തിട്ടുള്ള, വ്യത്യസ്ത റബ്ബി സ്കൂളുകളിൽ പെട്ട ഉപദേഷ്ടാക്കളെ താരതമ്യപ്പെടുത്തിയുള്ള റബ്ബിമാരുടെ പഠനരീതിയെക്കുറിച്ചുള്ള ഒരു പദവിന്യാസ പ്രയോഗമാണ്.

മൈക്കിൾ മാഗിൽ തന്റെ *ന്യൂടെസ്റ്റ്മെന്റ് ട്രാൻസ്ലൈൻ* എന്ന ഗ്രന്ഥത്തിൽ പറയുന്നു:

> "ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ് എന്നവകാശപ്പെടാത്ത ഒരു മാനുഷിക ഉപദേഷ്ടാവിനെയോ റബ്ബിയെയോ യെഹൂദ പ്രമാണികൾ സ്വീകരിക്കും. ഒരു മാനുഷിക ഉപദേഷ്ടാവിന്റെ കാര്യത്തിൽ തുല്യ അളവിൽ പരസ്പരം ബഹുമാനം നൽകികൊണ്ട് തങ്ങളുടെ അനുയായികളുമായി അവർക്ക് പരസ്പര ബന്ധമുണ്ട്. ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പ്രവാചകന്റെ കാര്യത്തിൽ, അവർ കേൾക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ട് ഒരു കീഴ്പ്പെട്ട സ്ഥാനത്തായിരിക്കും. ദൈവത്തിന്റെ പ്രവാചകന്മാർ എന്തുകൊണ്ട് നിരസ്കരിക്കപ്പെടുന്നു എന്നതിന്റെ മൂലകാരണം എല്ലായ്പ്പോഴും ഇതായിരിക്കും" (പേജ് 318).

**5:44** 17:3 ലെ വിശദീകരണം കാണുക.

**5:45-47** മോശെയുടെ എഴുത്തുകൾ തന്നെ വെളിപ്പെടുത്തുന്നതായി യേശു പ്രസ്താവിക്കുന്നു. ഇത് ആവ. 18:15-22 നെക്കുറിച്ചുള്ള സൂചനയാകാം. വാ. 45 ൽ തിരുവെഴുത്തിനെ കുറ്റം ചുമത്തുന്ന വ്യക്തിയായി മൂർത്തരൂപം നൽകിയിരിക്കുന്നു. അതൊരു വഴികാട്ടിയായി നൽകപ്പെട്ടതാണ് (ഒ.നോ. ലൂക്കൊ. 16:31). വഴികാട്ടി നിരസ്കരിക്കപ്പെടുമ്പോൾ എതിരാളിയായി തീരുന്നു (ഒ.നോ. ഗലാ. 3:8-14,23-29).

**5:46,47 "എങ്കിൽ .... എങ്കിൽ"** വാ. 46, "വസ്തുതയ്ക്കു വിപരീതം" എന്നു വിളിക്കപ്പെടുന്ന മധ്യമ പുരുഷ സോപാധിക വാചകമാണ്. യെഹൂദനേതാക്കൾ യഥാർത്ഥത്തിൽ മോശെയുടെ എഴുത്തുകൾ വിശ്വസിച്ചിരുന്നില്ല, അതിനാൽ യേശു (അന്ത്യകാല മോശെ [അതാ. ആവ. 18:15-9 ലെ പ്രവാചകൻ]) അന്ത്യദിനത്തിൽ അവരുടെ ന്യായാധിപനാകും. വാ. 47 ലെ, "എങ്കിൽ" സത്യപ്രസ്താവനയായ ഒരു ഉത്തമ പുരുഷ സോപാധിക വാചകമാണ്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് നമ്മുടെ ആധുനിക പരിഭാഷകളിൽ നിന്നും വാ. 4 ഒഴിവാക്കപ്പെട്ടിരിക്കുന്നത്?
2. യേശു എന്തുകൊണ്ടാണ് ഈ മനുഷ്യനെ തന്നെ സൗഖ്യമാക്കിയത്?
3. ഈ മനുഷ്യന്റെ സൗഖ്യത്തിൽ വിശ്വാസം ഉൾപ്പെട്ടിരുന്നുവോ? ശാരീരിക സൗഖ്യം ആത്മിക സൗഖ്യത്തിന്റെ സൂചനയാണോ?
4. അവന്റെ രോഗം അവന്റെ വ്യക്തിപരമായ പാപത്തോടു ബന്ധപ്പെട്ടതായിരുന്നുവോ? സകല രോഗങ്ങളും വ്യക്തിപരമായ പാപത്തോടു ബന്ധപ്പെട്ടതാണോ?
5. യെഹൂദന്മാർ യേശുവിനെ കൊല്ലുവാൻ അന്വേഷിച്ചത് എന്തുകൊണ്ടാണ്?
6. യേശുവിന് ബാധകമായിരുന്ന പഴയ നിയമത്തിലെ ദൈവപ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുക.
7. നിത്യജീവൻ ഒരു വർത്തമാനകാല യാഥാർത്ഥ്യമാണോ അതോ ഭാവി പ്രതീക്ഷയാണോ?
8. അന്ത്യന്യായവിധി പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണോ അതോ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണോ? എന്തുകൊണ്ട്?

# യോഹന്നാൻ 6

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| അയ്യായിരത്തെ പോഷിപ്പിക്കുന്നത് | അയ്യായിരം പോഷിപ്പിക്കപ്പെടുന്നു | അയ്യായിരം പോഷിപ്പിക്കപ്പെടുന്നു | യേശു അയ്യായിരത്തെ പോഷിപ്പിക്കുന്നു | അപ്പത്തിന്റെ അത്ഭുതം |
| 6:1-15 | 6:1-14 | 6:1-15 | 6:1-6 | 6:1-4 |
| | | | | 6:5-15 |
| | | | 6:7 | |
| | | | 6:8-9 | |
| | | | 6:10-13 | |
| | | | 6:14-15 | |
| വെള്ളത്തിന്മേൽ നടക്കുന്നു | യേശു കടലിന്മേൽ നടക്കുന്നു | യേശു കടലിന്മേൽ നടക്കുന്നു | യേശു വെള്ളത്തിന്മേൽ നടക്കുന്നു | യേശു വെള്ളത്തിന്മേൽ നടന്നു തന്റെ ശിഷ്യന്മാരുടെ അടുക്കൽ വരുന്നു |
| 6:16-21 | 6:15-21 | 6:16-21 | 6:16-21 | 6:16-21 |
| യേശു ജീവന്റെ അപ്പം | സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം | യേശു, ജീവന്റെ അപ്പം | ജനം യേശുവിനെ അന്വേഷിക്കുന്നു സംവാദം | കഫർന്നഹൂമിലെ പള്ളിയിൽവെച്ചുള്ള |
| 6:22-33 | 6:22-40 | 6:22-24 | 6:22-24 | 6:22-27 |
| | | 6:25-40 | യേശു ജീവന്റെ അപ്പം | |
| | | | 6:25 | |
| | | | 6:26-27 | |
| | | | 6:28 | 6:28-40 |
| | | | 6:29 | |
| | | | 6:30-31 | |
| | | | 6:32-33 | |
| 6:34-40 | | | 6:34 | |
| | സ്വന്തക്കാരാൽ തള്ളപ്പെടുന്നു | | 5:18 | |
| | | | 6:35-40 | |
| 6:41-51 | 6:45-59 | 6:41-51 | 6:41-42 | 6:41-51 |
| | | | 6:43-51 | |
| 6:52-59 | | 6:52-59 | 6:52 | 6:52-58 |
| | | | 6:53-58 | |
| | | | 6:59 | 6:59-63 |
| നിത്യജീവന്റെ വചനങ്ങൾ | അനേക ശിഷ്യന്മാർ വിട്ടുപോകുന്നു | | നിത്യജീവന്റെ വചനങ്ങൾ | |
| 6:60-65 | 6:60-71 | 6:60-65 | 6:60 | |
| | | | 6:61-65 | |
| | | | | 6:64-66 |
| | | | | പത്രൊസിന്റെ വിശ്വാസ പ്രഖ്യാപനം |
| 6:66-71 | | 6:66-71 | 6:66-67 | |
| | | | | 6:67-71 |
| | | | 6:68-69 | |
| | | | 6:70-71 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## 6:71 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യോഹന്നാന്റെ സുവിശേഷം, 13-17 അദ്ധ്യയങ്ങളിൽ മാളിക മുറിയിലെ സംഭാഷണവും പ്രാർത്ഥനയും രേഖപ്പെടുത്തുന്നുണ്ടെങ്കിലും കർത്താവിന്റെ അത്താഴത്തെക്കുറിച്ച് രേഖപ്പെടുത്തുന്നില്ല. ഈ ഒഴിവാക്കൽ മനഃപൂർവ്വമായിരിക്കാം. രണ്ടാം നൂറ്റാണ്ടിലെ സഭ, കല്പനകളെ കൂദാശകൾ എന്ന അർത്ഥത്തിൽ കാണാനാരംഭിച്ചിരുന്നു. അവയെ കൃപയുടെ മാധ്യമങ്ങളായി അവർ കണ്ടു. യേശുവിന്റെ സ്നാനത്തെയും കർത്തൃമേശയെയും വിവരിക്കാതെ വിടുന്നതിലൂടെ കൂദാശാ വീക്ഷണത്തോട് യോഹന്നാൻ പ്രതികരിക്കുകയായിരിക്കാം.

B. യോഹന്നാൻ 6, അയ്യായിരത്തെ പോഷിപ്പിച്ച പശ്ചാത്തലത്തിലാണ് എന്നിട്ടും അനേകർ ഇതിനെ കൂദാശവാദികളുടെ വീക്ഷണത്തെ പഠിപ്പിക്കാൻ ഉപയോഗിക്കുന്നു. റോമൻ കാത്തോലിക്കരുടെ വാസ്തുമാറ്റ ഉപദേശത്തിന്റെ ഉറവിടം ഇതാണ് (വാ. 53-56).

അദ്ധ്യായം 6, കർത്തൃമേശയോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന ചോദ്യം സുവിശേഷങ്ങളുടെ ദ്വന്ദ്വ സ്വഭാവത്തെ കാണിക്കുന്നു. സുവിശേഷകൻ യേശുവിന്റെ വാക്കുകളോടും ജീവിതത്തോടും ബന്ധപ്പെട്ടിരിക്കുമ്പോൾ തന്നേ, അവ ദശാബ്ദങ്ങൾക്കു ശേഷം എഴുതപ്പെട്ടവയും വ്യക്തിഗത എഴുത്തുകാരുടെ വിശ്വാസസമൂഹത്തെ വെളിപ്പെടുത്തുന്നവയുമാണ്. അങ്ങനെയെങ്കിൽ മൂന്നു നിലകളിലുള്ള രചനോദ്ദേശ്യമുള്ളതായി കാണാം.

1. ആത്മാവ്
2. യേശുവും യഥാർത്ഥ കേഴ്‌വിക്കാരും
3. സുവിശേഷ രചയിതാക്കളും അവരുടെ വായനക്കാരും

എങ്ങനെയാണൊരുവൻ വ്യാഖ്യാനിക്കേണ്ടത്? അംഗീകരിക്കാവുന്ന ഏക രീതി സന്ദർഭവും വ്യാകരണവും പദങ്ങളും അർത്ഥവും ചരിത്രപശ്ചാത്തലവും അനുസരിച്ചുള്ളതു മാത്രമാണ്.

C. കേഴ്‌വിക്കാർ യെഹൂദരും സാംസ്കാരിക പശ്ചാത്തലം മശിഹാ സൂപ്പർ-മോശെ ആയിരിക്കുമെന്ന റബ്ബി പ്രതീക്ഷകളും (ഒ.നോ. വാ. 30-31) - വിശേഷാൽ "മന്നാ" പോലെയുള്ള മരുഭൂമിയാത്ര അനുഭവങ്ങളോടുള്ള ബന്ധത്തിൽ - എന്നകാര്യം നാം ഓർക്കേണ്ടതാണ്. റബ്ബിമാർ ഇതിനു തെളിവായി സങ്കീ. 72:16 ഉപയോഗിക്കും. യേശുവിന്റെ അസാധാരണ പ്രസ്താവനകൾ (ഒ.നോ. വാ. 60-62,66) ജനത്തിന്റെ തെറ്റായ മശിഹൈക പ്രതീക്ഷകളെ തിരുത്താനുദ്ദേശിച്ചുള്ളതായിരുന്നു (ഒ.നോ. വാ. 14-15).

D. ഈ ഭാഗം കർത്താവിന്റെ അത്താഴത്തെ സൂചിപ്പിക്കുന്നതാണെന്ന കാര്യത്തിൽ ആദിമ സഭാപിതാക്കൾ എല്ലാവരും യോജിച്ചിരുന്നില്ല. അലക്സാണ്ട്രിയയിലെ ക്ലമന്റ്, ഓറിഗൻ, യൂസീബിയസ് എന്നിവർ ഈ വേദഭാഗത്തെക്കുറിച്ചുള്ള ചർച്ചയിൽ ഒരിക്കൽപോലും കർത്താവിന്റെ അത്താഴത്തെക്കുറിച്ചു സൂചിപ്പിച്ചിട്ടില്ല.

E. ഈ വേദഭാഗത്ത് ഉപയോഗിച്ചിട്ടുള്ള സാദൃശ്യങ്ങൾ യോഹ. 4 ൽ "കിണറ്റിങ്കലെ സ്ത്രീയോട്" സംസാരിക്കാൻ യേശു ഉപയോഗിച്ച വാക്കുകളോട് വളരെ സാമ്യമുള്ളതാണ്. ഭൗമിക വെള്ളവും അപ്പവും നിത്യജീവന്റെയും ആത്മിക യാഥാർത്ഥ്യങ്ങളുടേയും സാദൃശ്യങ്ങളായി ഉപയോഗിച്ചിരിക്കുന്നു.

F. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള ഏക അത്ഭുതം പുരുഷാരത്തെ പോഷിപ്പിച്ച ഈ

സംഭവമാണ് (മത്താ. 14:13-21; മർക്കൊ. 6:32-44; ലൂക്കൊ. 9:10-17)!

G. മൈക്കിൾ മാഗിൽ തന്റെ *ന്യൂടെസ്റ്റമെന്റ് ട്രാൻസ്ലൈൻ* എന്ന ഗ്രന്ഥത്തിൽ, കഫർന്നഹൂമിലെ വ്യത്യസ്ത സമൂഹങ്ങളെയും യേശുവിന്റെ ഞെട്ടിപ്പിക്കുന്ന വാക്കുകളോടുള്ള അവരുടെ ബന്ധത്തെയും കുറിച്ച് രസകരമായ നിരീക്ഷണം നടത്തുന്നുണ്ട്.

1. പുരുഷാരം, വാ. 24
2. യെഹൂദന്മാർ, വാ. 41,52
3. ശിഷ്യന്മാർ, വാ. 60,66
4. പന്തിരുവർ, വാ. 67

യേശു ഫലപ്രദമായി

1. താനവരെ പോഷിപ്പിച്ച കാരണത്താൽ തന്നെ രാജാവാക്കാനുള്ള പുരുഷാരത്തിന്റെ ശ്രമത്തെ തടഞ്ഞു (6:15)
2. തന്റെ വിപ്ലവാത്മകവും വ്യക്തിപരവുമായ അവകാശവാദങ്ങളാൽ യെഹൂദ നേതൃത്വത്തെ വെല്ലുവിളിച്ചു
3. ഉപരിപ്ലവമായി തന്നെ പിന്തുടർന്നവർ മടങ്ങിപ്പോകാൻ ഇടവരുത്തി
4. പന്തിരുവരുടെ ഭാഗത്ത് തുടരുന്നതും ആഴമുള്ളതുമായ വിശ്വാസത്തെ സംബന്ധിച്ച ഒരു പ്രസ്താവന തൊടുത്തു വിട്ടു (6:68-69)

# പദ, ശൈലി പഠനം

**യോഹന്നാൻ 6:1-14**

**1അനന്തരം യേശു തിബെര്യാസ് എന്ന ഗലീലക്കടലിന്റെ അക്കരെക്കു പോയി 2അവൻ രോഗികളിൽ**
**ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ടു ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു. 3യേശു മലയിൽ**
**കയറി ശിഷ്യന്മാരോടു കൂടെ അവിടെ ഇരുന്നു. 4യെഹൂദന്മാരുടെ പെസഹപെരുന്നാൾ അടുത്തിരുന്നു.**
**5യേശു വലിയോരു പുരുഷാരം തന്റെ അടുക്കൽ വരുന്നതു കണ്ടിട്ടു ഫിലിപ്പൊസിനോടു: ഇവർക്കു**
**തിന്നുവാൻ നാം എവിടെനിന്നു അപ്പം വാങ്ങും എന്നു ചോദിച്ചു. 6ഇതു അവനെ പരീക്ഷിപ്പാനത്രേ**
**ചോദിച്ചതു: താൻ എന്തു ചെയ്‌വാൻ പോകുന്നു എന്നു താൻ അറിഞ്ഞിരുന്നു. 7ഫിലിപ്പൊസ് അവനോടു:**
**ഓരോരുത്തന്നു അല്പമല്പം ലഭിക്കേണ്ടതിന്നു ഇരുനൂറു പണത്തിന്നു അപ്പം മതിയാകയില്ല എന്നു**
**ഉത്തരം പറഞ്ഞു. 8ശിഷ്യന്മാരിൽ ഒരുത്തനായ ശിമോൻപത്രൊസിന്റെ സഹോദരനായ അന്ത്രെയാസ്**
**9അവനോടു: ഇവിടെ ഒരു ബാലകൻ ഉണ്ടു; അവന്റെ പക്കൽ അഞ്ചു യവത്തപ്പവും രണ്ടു മീനും ഉണ്ടു;**
**എങ്കിലും ഇത്രപേർക്കു അതു എന്തുള്ളു എന്നു പറഞ്ഞു. 10ആളുകളെ ഇരുത്തുവിൻ എന്നു യേശു പറഞ്ഞു.**
**ആ സ്ഥലത്തു വളരെ പുല്ലുണ്ടായിരുന്നു; അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു. 11പിന്നെ യേശു**
**അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടുകൊടുത്തു; അങ്ങനെ തന്നേ മീനും വേണ്ടുവോളം**
**കൊടുത്തു. 12അവർക്കു തൃപ്തിയായശേഷം അവൻ ശിഷ്യന്മാരോടു: ശേഷിച്ച കഷണം ഒന്നും നഷ്ടമാ**
**ക്കാതെ ശേഖരിപ്പിൻ എന്നു പറഞ്ഞു. 13അഞ്ചു യവത്തപ്പത്തിൽ, തിന്നു ശേഷിച്ച കഷണം അവർ ശേഖരി**
**ച്ചു; പന്ത്രണ്ടുകൊട്ട നിറച്ചെടുത്തു. 14അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു: ലോകത്തിലേക്കു**
**വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു.**

**6:1 "തിബെര്യാസ് എന്ന ഗലീലക്കടലിന്റെ"** ഈ ജലാശയം മറ്റനേകം പേരിനാൽ അറിയപ്പെടുന്നു. പഴയ നിയമത്തിൽ ഇത് കിന്നെരേത്ത് എന്നു വിളിക്കപ്പെട്ടു (ഒ. നോ. സംഖ്യ. 34:11). ലൂക്കൊസ് 5:1 ൽ ഗന്നേസരെത്ത് തടാകം എന്നും യോഹ. 21:1 ൽ റോമൻ നാമമായ തിബെര്യാസ് കടൽ എന്നും വിളിച്ചിരിക്കുന്നു. ഇടയ്ക്കു ചേർത്ത ഭാഗം എഴുത്തുകാരന്റെ മറ്റൊരു പത്രാധിപ കുറിപ്പ് ആണ്. യോഹന്നാന്റെ സുവിശേഷം പലസ്തീനു പുറത്തുള്ളവർക്കു വേണ്ടിയായിരുന്നു എന്നിതു സൂചിപ്പിക്കുന്നു (ഒ. നോ. 6:4,6,64,71).

**6:2** പുരുഷാരം അവനെ അനുഗമിച്ചതിന്റെ കാരണം ശ്രദ്ധിക്കുക.

**6:3** തന്റെ ശബ്ദം ഉച്ചത്തിൽ കേൾക്കുന്നതിനുവേണ്ടി പ്രകൃതിദത്ത ഉച്ചഭാഷിണി ഉപയോഗപ്പെടുത്തി വെള്ളത്തിനഭിമുഖമായി മലമേൽ ഇരുന്ന് യേശു സംസാരിച്ചു. "ഇരുന്നു" എന്ന വസ്തുത സൂചിപ്പിക്കുന്നത് ഇതവന്റെ ശിഷ്യന്മാരോടൊത്തുള്ള ഔപചാരിക പഠനക്ലാസ്സായിരുന്നു എന്നാണ്. മത്താ. 5-7 ലെപ്പോലെയുള്ള ഒരു മോശൈക പശ്ചാത്തലം ഒരുക്കാനുദ്ദേശിച്ചാണോ മല തിരഞ്ഞെടുത്തത് എന്നൊരുവൻ അത്ഭുതപ്പെട്ടേക്കാം.

ഈ ദൈർഘ്യമേറിയ പഠന സമ്മേളനങ്ങളിൽ യേശു പലപ്പോഴും ജനക്കൂട്ടത്തിലെ വിവിധ കൂട്ടങ്ങളെ അഭിസംബോധന ചെയ്തിരുന്നു. അവനെ വലയം ചെയ്ത് അവന്റെ കാൽച്ചുവട്ടിൽ പന്തിരുവർ ഇരുന്നിരിക്കാം. അവർക്കപ്പുറത്ത് ആകാംക്ഷാഭരിതരായ ധനികരും സാധാരണക്കാരും അടങ്ങുന്ന "ദേശത്തെ ജനം," ചെറിയ കൂട്ടങ്ങളായി മതനേതാക്കൾ (പരീശന്മാർ, ശാസ്ത്രിമാർ, സദൂക്യർ, ഒരുപക്ഷേ എസ്സേന്യരും).

**6:4 "യെഹൂദന്മാരുടെ പെസഹപെരുന്നാൾ"** യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ദൈർഘ്യം നിർണ്ണയിക്കാനുള്ള ഏകമാർഗ്ഗം യോഹന്നാന്റെ സുവിശേഷത്തിൽ സൂചിപ്പിച്ചിട്ടുള്ള പെസഹകളാണ് (ഒന്നാമത്തേത്, 2:13; രണ്ടാമത്തേത്, 6:4; മൂന്നമത്തേത്, 11:55 & 13:1). യോഹ. 5:1 ഒരു പെസഹയെ ആണു സൂചിപ്പിക്കുന്നതെങ്കിൽ നമുക്കു കുറഞ്ഞത് മൂന്നര വർഷത്തെ അല്ലെങ്കിൽ നാലുവർഷത്തെ പരസ്യ ശുശ്രൂഷയുടെ തെളിവു ലഭിക്കും. യേശുവിന്റെ ജീവിതത്തെക്കുറിച്ച് നമുക്കറിയാത്തതായി ധാരാളം കാര്യങ്ങളുമുണ്ട് (ഒ. നോ. 20:30; 21:25).

**6:6 "ഇതു അവനെ പരീക്ഷിപ്പാനത്രേ ചോദിച്ചത്"** "പരീക്ഷിക്കുക" എന്നതിനിവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു പദത്തിന് (*പെയ്റാഡ്സോ-πειραζω*) സാധാരണയായി ഒരു നെഗറ്റീവ് അർത്ഥമാണുള്ളത് (1 യോഹ. 4:1 ലെ പ്രത്യേക പഠന വിഷയം കാണുക, ഒ.നോ. മത്താ. 4:1). ആധുനിക വ്യാഖ്യാഹലക്കൾ പുതിയ നിയമ വാക്കുകളെ ഒരു നിർവചനത്തിലേക്ക് ഒതുക്കി നിർത്തുന്നു എന്നതിനെ കാണിക്കുന്ന നല്ല ഒരു ഉദാഹരണമാണിത്. കൊയ്നേ ഗ്രീക്കിന് ക്ലാസിക്കൽ ഗ്രീക്കിൽ നിന്നും ഉണ്ടായിരുന്ന വ്യാകരണപരവും ഭാഷാപരവുമായ വ്യത്യാസങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു (ഒ. നോ. 5:20 ലെ വിശദീകരണ കുറിപ്പ്).

യേശു ഫിലിപ്പൊസിനെ പരീക്ഷയായിരുന്നു, പക്ഷേ എങ്ങനെ?

1. ദാതാവെന്ന നിലയിൽ യേശുവിലുള്ള അവന്റെ വിശ്വാസത്തെ?
2. അവന്റെ പഴയ നിയമ ജ്ഞാനത്തെ (ഒ.നോ. സംഖ്യ. 11:13, ആഹാരം നൽകുന്നതിനെക്കുറിച്ച് മോശെ ദൈവത്തെ ചോദ്യം ചെയ്ത വിഷയത്തിൽ)
3. പുരുഷാരത്തെക്കുറിച്ചുള്ള അവന്റെ കരുതലും ഉത്കണ്ഠയും സംബന്ധിച്ച്?

**6:7**

| | |
|---|---|
| **NASB, NKJV, JB** | **"ഇരുനൂറ് പണം വിലയുള്ള"** |
| **NRSV** | **"ആറുമാസത്തെ കൂലി"** |
| **TEV** | **"ഇരുനൂറ് വെള്ളിനാണയം"** |

ഒരു പണം കൂലിക്കാരന്റെയും (ഒ.നോ. മത്താ. 20:2) പടയാളിയുടെയും ഒരു ദിവസത്തെ കൂലിയായിരുന്നു. ഇരുനൂറു പണം ഒരു വർഷത്തെ ശമ്പളത്തിന്റെ മൂന്നിൽ രണ്ടു ഭാഗമായിരുന്നു.

## പ്രത്യേക പഠനവിഷയം: യേശുവിന്റെ കാലത്ത് പലസ്തീനിൽ നിലവിലിരുന്ന നാണയങ്ങൾ

യേശു ഫിലിപ്പൊസിനെ പരീക്ഷയായിരുന്നു, പക്ഷേ എങ്ങനെ?

I. ചെമ്പു നാണയങ്ങൾ
   A. *ഖെർമാ* - ചെറിയ മൂല്യം (നാണയം, ഒ.നോ. യോഹ. 2:15)
   B. *ഖാൽഖോസ്* - ചെറിയ മൂല്യം (ഒ.നോ. മത്താ. 10:9; മർക്കൊ. 12:41)
   C. *അസ്സാരിയോൺ* - 1/16 ദിനാറിയോസ് മൂല്യമുള്ള ഒരു റോമൻ ചെമ്പു നാണയം (ഒ.നോ. മത്താ. 10:29)
   D. *കൊഡ്രാന്റെസ്* - 1/64 ദിനാറിയോസ് മൂല്യമുള്ള ഒരു റോമൻ ചെമ്പു നാണയം (ഒ.നോ. മത്താ. 5:26)
   E. *ലെപ്റ്റോൺ* - 1/128 ദിനാറിയോസ് മൂല്യമുള്ള ഒരു യെഹൂദ ചെമ്പു നാണയം (ഒ.നോ. മർക്കൊ. 12:42; ലൂക്കൊ. 21:2)
   F. *ക്വാഡ്രാൻസ്/ഫാർത്തിംഗ്* - ചെറിയ മൂല്യമുള്ള ഒരു റോമൻ ചെമ്പുനാണയം (ഒ.നോ. മത്താ. 10:29)
II. വെള്ളി നാണയങ്ങൾ
   A. *ആർഗൂറോസ്* ("വെള്ളിനാണയം") - ചെമ്പ്, പിച്ചള നാണയത്തെക്കാളും മൂല്യമുള്ളത് (നാണയം, ഒ.നോ. മത്താ. 10:9; 26:15)
   B. *ദിനാറിയോസ്* - ഒരു ദിവസത്തെ കൂലി മൂല്യമുള്ള റോമൻ വെള്ളിനാണയം (വെള്ളിക്കാശ്, ഒ.നോ. മത്താ. 18:28; മർക്കൊ. 6:37)
   C. *ദ്രഹ്മ* - ദിനാറിയോസിനു തക്ക മൂല്യമുള്ള ഗ്രീക്കു വെള്ളി നാണയം (ഒ.നോ. ലൂക്കൊ. 15:9)
   D. *ദിദ്രഹ്മ*- 1/2 യെഹൂദ ശേക്കെലിനു തുല്യമായ ദ്രഹ്മയുടെ ഇരട്ടി (ഒ.നോ. മത്താ. 17:24)
   E. *സ്റ്റേറ്റർ-ചതുർദ്രഹ്മ* - 4 ദിനാറിയോസ് മൂല്യമുള്ള വെള്ളി നാണയം (ഒ.നോ. മത്താ. 17:27)
III. സ്വർണ്ണ നാണയങ്ങൾ - ക്രൂസോസ് ("സ്വർണ്ണനാണയങ്ങൾ") - ഏറ്റവും മൂല്യമുള്ളവ (ഒ.നോ. മത്താ. 10:9).
IV. തൂക്കങ്ങൾക്കുള്ള പൊതുവായ പദങ്ങൾ
   A. *മ്നാ* - ലാറ്റിൻ *മിനാ,* 100 *ദിനാറിക്കു* തുല്യമായ തൂക്കം (ഒ.നോ. ലൂക്കൊ. 19:13).
   B. *റ്റാലന്റോൺ - താലന്ത്* - ഗ്രീക്ക് തൂക്ക അളവ് (ഒ.നോ. മത്താ. 18:24; 25:15,16,20,24,25,28)
      1. വെള്ളി മൂല്യം 6,000 ദിനാറി
      2. സ്വർണ്ണം മൂല്യം 1,80,000 ദിനാറി
   C. *ശേക്കെൽ* - പഴയനിയമ യെഹൂദ വെള്ളി തൂക്കം (ഒ.നോ. ഉല്പ. 23:15; 37:28; പുറ. 21:32)
      1. *പിം* - 2/3 ശേക്കെൽ

2. *ബെക്കാ* - 1/2 ശേക്കെൽ
3. *ഗേരാ* - 1/20 ശേക്കെൽ

വലിയ അളവുകൾ

1. *മാനേ* - 50 ശേക്കെൽ
2. *കിക്കാർ* - 3,000 ശേക്കെൽ

**6:8-9 "ശിമോൻ പത്രൊസിന്റെ സഹോദരനായ അന്ത്രെയാസ്"** യേശുവിന്റെ കഴിവിലും ആളത്വത്തിലുമുള്ള അന്ത്രെയാസിന്റെ കേവല വിശ്വാസത്തിന്റെയും ആശ്രയത്തിന്റെയും മനോഹരമായ ഒരു ചിത്രമാണ് ഈ സന്ദർഭം.

**6:9 "യവത്തപ്പം"** ഏറ്റവും വിലകുറഞ്ഞതും ആരും ആഗ്രഹിക്കാത്തതുമായ അപ്പമാണിത്. ദരിദ്രരുടെ ഭക്ഷണ മായിരുന്നു ഇത്. വില കൂടിയ ഭക്ഷണം നൽകാൻ യേശു തന്റെ ശക്തി ഉപയോഗിച്ചില്ല.

**6:10 "ആളുകളെ ഇരുത്തുവിൻ"** ഈ സംസ്കാരത്തിലുള്ള ആളുകൾ ഒന്നുകിൽ തറയിൽ ഇരുന്നോ അല്ലെങ്കിൽ "U" ആകൃതിയിലുള്ള ഉയരം കുറഞ്ഞ മേശയിൽ ചാരിയിരുന്നോ ആണ് ഭക്ഷിച്ചിരുന്നത്.

▣ **"ആ സ്ഥലത്തു വളരെ പുല്ലുണ്ടായിരുന്നു"** ഇതൊരു അപ്പൊസ്തലിക ദൃക്സാക്ഷി (പത്രാധിപ) വിവരണ മാണ്.

▣ **"അയ്യായിരത്തോളം പുരുഷന്മാർ ഇരുന്നു"** അവിടെ അതിലുമധികം ആളുകൾ ഉണ്ടായിരുന്നതിനാൽ "അയ്യാ യിരത്തെ പോഷിപ്പിക്കൽ" എന്ന് ഇതിനെ വിളിക്കുന്നത് തികച്ചും തെറ്റാണ്. അയ്യായിരം എന്നത് ഒരു സുമാർ കണക്കും പുരുഷന്മാരെ മാത്രം കുറിക്കുന്നതും (അതായത് 13 വയസ്സും അതിനു മുകളിലും) ആണ്. ഇതിൽ സ്ത്രീകളെയും കുട്ടികളെയും ഉൾപ്പെടുത്തിയിട്ടില്ല (ഒ.നോ. മത്താ. 14:21). എങ്കിലും എത്ര സ്ത്രീകളും കുട്ടി കളും പങ്കെടുത്തിരിക്കും, അല്ലെങ്കിൽ പങ്കെടുക്കാൻ സാധ്യതയുണ്ട് എന്നു തീർച്ചപ്പെടുത്താനാവില്ല (ഒ.നോ. മത്താ. 14:21).

**6:11 "അപ്പം എടുത്തു വാഴ്ത്തി, ഇരുന്നവർക്കു പങ്കിട്ടുകൊടുത്തു"** വർദ്ധനവിന്റെ അത്ഭുതം യേശുവിന്റെ കര ങ്ങളിൽ വെച്ചാകാം സംഭവിച്ചത്. യെഹൂദന്മാരുടെ മശിഹൈക പ്രതീക്ഷയുടെ പശ്ചാത്തലത്തിൽ, മോശെ മന്നാ നൽകിയതുപോലെ യേശു ആഹാരം നൽകുന്നു എന്ന പ്രതീക്ഷിക്കപ്പെട്ട അടയാളമാകാം ഈ സംഭവം.

"വാഴ്ത്തുക" എന്നതിനുള്ള ഗ്രീക്കു പദം (*യുക്കാറിസ്റ്റെയോ - ευχαριστεω*) പിന്നീട് അന്ത്യ അത്താഴ ത്തിന്റെ പേരായി (ഒ.നോ. 1 കൊരി. 11:23-24). ഭാവിയിലെ ഈ സാങ്കേതിക നിർവചനം മനസ്സിൽ വെച്ചാണോ യോഹന്നാൻ ഇതിവിടെ ഉപയോഗിച്ചത്? ഇതര സുവിശേഷങ്ങൾ യുക്കാറിസ്റ്റിന്റെ സൂചനകൾ ഇല്ലാത്ത മറ്റൊരു പദമാണ് ഉപയോഗിക്കുന്നത് (*യൂലോഗെയോ-ευλογεω*, ഒ.നോ. മത്താ. 14:19; മർക്കൊ. 6:41). അവർ *യൂക്കാറി സ്റ്റെയോ* എന്ന പദം ഉപയോഗിക്കുന്നുണ്ടെങ്കിലും (ഒ.നോ. മത്താ. 15:36; മർക്കൊ. 8:6; ലൂക്കൊ. 17:16; 18:11) അന്ത്യ അത്താഴത്തിന്റെ പശ്ചാത്തലത്തിലല്ല. മാളിക മുറിയിലെ യേശുവിന്റെ സ്തോത്രപ്രാർത്ഥനയിലും അവർ അതേ പദം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. മത്താ 26:27; മർക്കൊ. 14:23; ലൂക്കൊ. 22:17-19). അതുകൊണ്ട് ഉപയോഗം ഐക രൂപ്യമുള്ളതല്ലായ്കയാൽ, പിൽക്കാല വായനക്കാർ ഇതിനെ കർത്തൃമേശയുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനി ക്കാനുദ്ദേശിക്കുന്നുവെങ്കിൽ തന്റെ സൂചനകളെ കൂടുതൽ കൃത്യതയുള്ളതാക്കാൻ യോഹന്നാൻ ഉദ്ദേശിച്ചിരിക്കാം.

**6:12 "നഷ്ടമാക്കാതെ"** 10:10 ലെ പ്രത്യേക പഠന വിഷയം: *അപ്പോല്ലുമി* കാണുക.

**6:13 "അവർ ശേഖരിച്ചു പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു"** "കൊട്ട" എന്ന പദം ഇവിടെ വള്ളികൊണ്ടുള്ള വലിയ കൂടയെ ആണു സൂചിപ്പിക്കുന്നത്. വർദ്ധിപ്പിച്ച ഭക്ഷണം ഒട്ടും നഷ്ടമാക്കാൻ യേശു ആഗ്രഹിച്ചില്ല. അപ്പത്തിന്റെ പ്രകൃതത്തെ (ഇനം) അവൻ മാറ്റിയതുമില്ല.

"പന്ത്രണ്ട്" എന്നതിന് എന്തെങ്കിലും പ്രതീകാത്മക അർത്ഥമുണ്ടോ? ഉറപ്പിച്ചു പറയാൻ പ്രയാസമാണ്. യിസ്രാ യേൽ ഗോത്രങ്ങളെ സൂചിപ്പിക്കുന്നതാണത് എന്നും (യേശു പഴയ നിയമത്തെ തൃപ്തിപ്പെടുത്തുന്നു) അല്ലെങ്കിൽ ഓരോ ശിഷ്യന് ഓരോ കൊട്ടവീതം (യേശു തന്റെ ശിഷ്യന്മാരെ തൃപ്തിപ്പെടുത്തുകയും അവരുടെ ആവശ്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു) നൽകുന്നു എന്നും വ്യാഖ്യാനങ്ങളുണ്ട്. എന്നാൽ ഇത് കേവലം ഒരു ദൃക്സാക്ഷി നൽകുന്ന വിശദാംശമാണ് (വാ. 19 ലെ പോലെ.)

## പ്രത്യേക പഠന വിഷയം: പന്ത്രണ്ട് എന്ന സംഖ്യ

പന്ത്രണ്ട് എപ്പോഴും ഒരു പ്രതീകാത്മക സംഖ്യാഗണമാണ്

A. ബൈബിളിനു പുറത്ത്

1. പന്ത്രണ്ട് രാശിചക്രങ്ങൾ
2. പന്ത്രണ്ട് മാസങ്ങൾ

B. പഴയ നിയമത്തിൽ (BDB 1040 plus 797)

1. യാക്കോബിന്റെ പുത്രന്മാർ (യെഹൂദ ഗോത്രങ്ങൾ)

2. പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്നത്
   a. പുറ. 24:4 ലെ യാഗപീഠത്തിങ്കലെ പന്ത്രണ്ടു തൂണുകൾ
   b. പുറ. 28:21 ലെ മഹാപുരോഹിതന്റെ മാർപതക്കത്തിലെ പന്ത്രണ്ടു രത്നങ്ങൾ (ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നത്)
   c. ലേവ്യ. 24:5 ലെ സമാഗമനകൂടാരത്തിലെ വിശുദ്ധസ്ഥലത്ത് വെച്ചിരിക്കുന്ന പന്ത്രണ്ടു കാഴ്ച യപ്പം
   d. സംഖ്യ. 13 ലെ കനാൻ ഒറ്റുനോക്കാൻ അയയ്ക്കപ്പെട്ട 12 പേർ (ഓരോ ഗോത്രത്തിനും ഒരാൾവീ തം)
   e. സംഖ്യ. 17:2 ലെ കോരഹിന്റെ മത്സരം നിമിത്തം വെച്ച പന്ത്രണ്ട് വടികൾ
   f. യോശു. 4:3,9,20 ൽ യോശുവയുടെ പന്ത്രണ്ടു കല്ലുകൾ
   g. 1 രാജാ. 4:7 ൽ ശലോമോന്റെ പന്ത്രണ്ടു ഭരണ പ്രവിശ്യകൾ
   h. 1 രാജാ. 18:31 ൽ ഏലീയാവ് യഹോവെക്കു പണിത യാഗപീഠത്തിലെ പന്ത്രണ്ടു കല്ലുകൾ

B. പുതിയ നിയമത്തിൽ
1. തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് അപ്പൊസ്തലന്മാർ
2. മത്താ. 14:20 ലെ പന്ത്രണ്ട് കൊട്ട അപ്പം (ഓരോ അപ്പൊസ്തലനും ഒന്നു വീതം)
3. മത്താ. 19:28 ലെ പുതിയ നിയമ ശിഷ്യന്മാർ ഇരിക്കുന്ന പന്ത്രണ്ട് സിംഹാസനങ്ങൾ (പന്ത്രണ്ട് യിസ്രായേൽ ഗോത്രങ്ങളെ പ്രതിനിധീകരിക്കുന്നത്)
4. മത്താ. 26:53 യേശുവിനെ രക്ഷിക്കുന്ന 12 ലെഗ്യോൻ ദൂതന്മാർ
5. വെളിപ്പാടിലെ പ്രതീകങ്ങൾ
   a. 24 സിംഹാസനങ്ങളിൽ 24 മൂപ്പന്മാർ, 4:4
   b. 1,44,000 (12 X 12,000), 7:4; 14:1,3
   c. സ്ത്രീയുടെ കിരീടത്തിലെ പന്ത്രണ്ട് നക്ഷത്രങ്ങൾ, 12:1
   d. 12 ഗോപുരങ്ങൾ, പന്ത്രണ്ട് ഗോത്രങ്ങളെ പ്രതിഫലിപ്പിക്കുന്ന പന്ത്രണ്ട് ദൂതന്മാർ, 21:12
   e. പുതിയ യെരൂശലേമിലെ രത്നങ്ങൾ കൊണ്ടുള്ള പന്ത്രണ്ട് അടിസ്ഥാനങ്ങൾ, അവയിൽ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ, 21:14
   f. പന്ത്രണ്ട് നൂറു നാഴിക (പുതിയ യെരൂശലേമിന്റെ വലിപ്പം), 21:16
   g. 1 രാജാ. 4:7 ൽ ശലോമോന്റെ പന്ത്രണ്ടു ഭരണ പ്രവിശ്യകൾ
   h. മുത്തുകൊണ്ടുള്ള പന്ത്രണ്ട് ഗോപുരം, 21:21
   i. പന്ത്രണ്ടു വിധം ഫലം കായ്ക്കുന്ന പുതിയ യെരൂശലേമിലെ വൃക്ഷങ്ങൾ, 22:2

**6:14 "പ്രവാചകൻ"** ആവ. 18:15-22 ലെ മശിഹൈക സൂചനയെക്കുറിച്ചാണിത് (ഒ.നോ. പ്രവൃ. 3:22; 7:37). പുരുഷാരം യേശുവിന്റെ ശക്തിയെ തിരിച്ചറിഞ്ഞു എങ്കിലും അവന്റെ ദൗത്യത്തിന്റെയും അടയാളങ്ങളുടെയും സ്വഭാവത്തെ തെറ്റിദ്ധരിച്ചു.

## യോഹന്നാൻ 6:15

**[15]അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി.**

**6:15** ഭക്ഷണം നൽകുന്ന മശിഹൈക അത്ഭുതം യേശു ചെയ്യുന്നതു കണ്ട പുരുഷാരം ആവേശഭരിതരായി. ഈ വാക്യം മത്താ. 4:3 ലെ പിശാചിന്റെ പരീക്ഷയോടു ബന്ധിപ്പിക്കപ്പെടാവുന്നതാണ്.

## യോഹന്നാൻ 6:16-21

**[16]സന്ധ്യയായപ്പോൾ ശിഷ്യന്മാർ കടല്പുറത്തേക്കു ഇറങ്ങി. [17]പടകുകയറി കടലക്കരെ കഫർന്നഹൂമിലേക്കു യാത്രയായി; ഇരുട്ടായശേഷവും യേശു അവരുടെ അടുക്കൽ വന്നിരുന്നില്ല. [18]കൊടുങ്കാറ്റു അടിക്കയാൽ കടൽ കോപിച്ചു. [19]അവർ നാലഞ്ചു നാഴിക ദൂരത്തോളം വലിച്ചശേഷം യേശു കടലിന്മേൽ നടന്നു പടകിനോടു സമീപിക്കുന്നതു കണ്ടു പേടിച്ചു. [20]അവൻ അവരോടു: ഞാൻ ആകുന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു. [21]അവർ അവനെ പടകിൽ കയറ്റുവാൻ ഇച്ഛിച്ചു. ഉടനെ പടകു അവർ പോകുന്ന ദേശത്തു എത്തിപ്പോയി.**

**6:17 "കഫർന്നഹൂം"** തന്റെ ജന്മസ്ഥലമായ നസറേത്ത് നിവാസികളുടെ അവിശ്വാസം നിമിത്തം കഫർന്നഹൂമിനെ യേശു ഗലീലിയയിലെ തന്റെ പ്രവർത്തന കേന്ദ്രമാക്കിയിരുന്നു (ഒ. നോ. ലൂക്കൊ. 4:28-29).

**6:19 "അവർ നാലു അഞ്ചു നാഴിക ദൂരത്തോളം വലിച്ചശേഷം"** അവർ തടാകത്തിന്റെ പകുതി ദൂരം എത്തിയപ്പോഴാണ് യേശു വെള്ളത്തിന്മേൽ നടന്ന് അവരുടെ അടുക്കലെത്തിയത്. പത്രൊസ് യേശുവിന്റെ അടുത്തേക്ക് വെള്ളത്തിന്മേൽ നടന്നു ചെന്നത് ഉൾപ്പെടുത്തിക്കൊണ്ട് മത്തായി ഈ സംഭവം വിപുലപ്പെടുത്തിയിരിക്കുന്നു.

▣ **"അവർ .... കണ്ടു പേടിച്ചു"** ശിഷ്യന്മാർ ഇപ്പോഴും യേശുവിനെ ഭൂമിയിലെ നിലവാരത്തിലാണ് അളക്കുന്നത്. ശിഷ്യന്മാരുടെ ഭയത്തെ മർക്കൊ. 6:49 ൽ പ്രകടിപ്പിച്ചിരിക്കുന്നു. ഈ "അടയാളങ്ങളുടെ" ആകെത്തുക അവൻ ആരാണെന്ന് വീണ്ടും ചിന്തിക്കുവാൻ അവരെ പ്രേരിപ്പിച്ചു.

**6:20 "ഞാൻ ആകുന്നു"** ഇത് ആക്ഷരികമായി (*എഗോ എയ്മി*) പഴയ നിയമത്തിലെ ദൈവത്തിന്റെ ഉടമ്പടി നാമമായ പുറ. 3:12-15 ലെ യഹോവ എന്ന "ഞാൻ ആകുന്നവൻ ഞാനാകുന്നു" ആണ് (ഒ.നോ. 4:26; 2:24,28, 54-59; 13:19; 18:5-6). യേശു ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടും, ജഡം ധരിച്ച ദൈവത്തിന്റെ ലോഗോസും (വചനം) ഏക സത്യപുത്രനും ആയ 'ദൃശമായ "ഞാൻ ആകുന്നുവൻ" ആണ്. താഴത്തെ പ്രത്യേക പഠനവിഷയത്തിലെ D കാണുക.

# പ്രത്യേക പഠന വിഷയം: ദൈവിക നാമങ്ങൾ

A. *ഏൽ* (BDB 42, KB 48)

1. ദൈവത്തിനുള്ള പൊതുവായ പുരാതന നാമത്തിന്റെ യഥാർത്ഥ അർത്ഥം നിശ്ചയമില്ല, എങ്കിലും അനേക പണ്ഡിതന്മാർ വിശ്വസിക്കുന്നത് അത് "ബലവാനായിരിക്കുക" അഥവാ "ശക്തനായിരിക്കുക" എന്നർത്ഥമുള്ള അക്കോഡിയൻ മൂലത്തിൽ നിന്നും ഉണ്ടായതാണെന്നാണ് (ഒ.നോ. ഉല്പ. 17:1; സംഖ്യ 23:19; ആവ. 7:21; സങ്കീ. 50:1)
2. കനാന്യ ദേവഗണത്തിൽ ഉന്നതദേവൻ *ഏൽ* ആണ് (റാഷ് ശമ്രാ പാഠങ്ങൾ)
3. ബൈബിളിൽ *ഏൽ* സാധാരണയായി മറ്റു പദങ്ങളുമായി സംയോജിപ്പിച്ചാണ് പറയാറുള്ളത്. ഈ സംയുക്തങ്ങൾ ദൈവത്തിന്റെ സ്വഭാവത്തെ വിശേഷിപ്പിക്കുന്ന മാർഗ്ഗമായി മാറി.
   a. *ഏൽ-എല്യോൻ* (അത്യുന്നത ദൈവം, BDB 42 & 909), ഉല്പ. 14:18-22; ആവ. 32:8; യെശ. 14:14
   b. *ഏൽ-രോയി* ("കാണുന്ന ദൈവം," അഥവാ "സ്വയം വെളിപ്പെടുത്തുന്ന ദൈവം" BDB 42 & 909), ഉല്പ. 16:13
   c. *ഏൽ-ഷദ്ദായി* ("സർവ്വശക്തനായ ദൈവം," "സർവ്വാശ്വാസങ്ങളുടെയും ദൈവം" അഥവാ "പർവതങ്ങളുടെ ദൈവം" BDB 42 & 994), ഉല്പ. 17:1; 35:11; 43:14; 49:25; പുറ. 6:3
   d. *ഏൽ-ഒലാം* (നിത്യനായ ദൈവം, BDB 42 & 761), ഉല്പ. 21:33. ഈ നാമം ദാവീദിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തവുമായി ദൈവശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു, 2 ശമൂ. 7:13,16
   e. *ഏൽ-ബെരീത്ത്* ("ഉടമ്പടിയുടെ ദൈവം", BDB 42 & 136), ന്യായാ. 9:46
4. *ഏൽ* നെ തുല്യനായി ചിത്രീകരിച്ചിരിക്കുന്നു:
   a. യഹോവ, സങ്കീ. 85:8; യെശ. 42:5 ൽ
   b. *എലോഹീം*, ഉല്പ. 46:3; ഇയ്യോ. 5:8 ൽ "ഞാൻ *ഏൽ* ആകുന്നു; നിന്റെ പിതാവിന്റെ *ഏൽ* തന്നേ"
   c. *ഷദ്ദായി*, ഉല്പ. 49:25 ൽ
   d. "തീക്ഷ്ണത" പുറ. 34:14; ആവ. 4:24; 5:9; 6:15 ൽ
   e. "കരുണ" ആവ. 4:31; നെഹെ. 9:31 ൽ
   f. "വലിയവനും ഭയങ്കരനും" ആവ. 7:21; 10:17; നെഹെ. 1:5; 9:32; ദാനീ. 9:4 ൽ
   g. "ജ്ഞാനം" 1 ശമൂ. 2:3 ൽ
   h. "എന്റെ ബലമുള്ള സങ്കേതം" 2 ശമൂ. 22:33 ൽ
   i. "എന്റെ പ്രതികാരകൻ" 2 ശമൂ. 22:48 ൽ
   j. "പരിശുദ്ധൻ" യെശ. 5:16 ൽ
   k. "ശക്തി" യെശ. 10:21 ൽ
   l. "എന്റെ രക്ഷ" യെശ. 12:2 ൽ
   m. "മഹത്വവും വല്ലഭത്വും" യിരെ. 32:18 ൽ
   n. "പ്രതികാരകൻ" യിരെ. 51:56 ൽ
5. ദൈവത്തിനു പഴയ നിയമത്തിൽ കാണുന്ന എല്ലാ പ്രധാന പേരുകളുടെയും സംയുക്തം യോശുവ 22:22 കാണാം (*ഏൽ, എലോഹീം, യഹോവ,* ആവർത്തിച്ചിരിക്കുന്നു)

B. *എല്യോൻ* (BDB 751, KB 832)

1. ഇതിന്റെ അടിസ്ഥാന അർത്ഥം "ഉയർന്നത്," "ഉന്നതമായത്" അഥവാ "ഉയർത്തപ്പെട്ടവൻ" (ഒ.നോ. ഉല്പ. 40:17; 1 രാജാ. 9:8; 2 രാജാ. 18:17; നെഹെ. 3:25; യിരെ. 20:2; 36:10; സങ്കീ. 18:13).
2. ഇത് ദൈവത്തിന്റെ മറ്റനേക നാമങ്ങൾക്ക് സമാന്തരമായി ഉപയോഗിച്ചിരിക്കുന്നു

a. *എലോഹിം* - സങ്കീ. 47:1-2; 73:11; 107:11
b. *യഹോവ* - ഉല്പ. 14:22; 2 ശമൂ. 22:14
c. *ഏൽ-ഷദ്ദായി* - സങ്കീ. 91:1,9
d. *ഏൽ* - സംഖ്യ. 24:16
e. *ഏലാ* - ദാനീയേൽ 2-6, എസ്രാ 4-7 ലും മിക്കപ്പോഴും ഉപയോഗിച്ചിരിക്കുന്നു, ദാനീ. 3:26; 4:2; 5:18,21 ൽ *ഇല്ലായിർ* ("ഉന്നത ദൈവം" എന്നതിനുള്ള അരാമ്യ പദം) എന്നതിനോടു ചേർത്ത്.

3. യിസ്രായേല്യരല്ലാത്തവരും ഈ പദം പലപ്പോഴും ഉപയഗിച്ചിട്ടുണ്ട്.
a. മൽക്കീസേദെക്ക്, ഉല്പ. 14:18-22
b. ബിലെയാം, സംഖ്യ. 24:16
c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
d. ജാതികൾക്കുവേണ്ടി എഴുതിയ ലൂക്കൊസിന്റെ സുവിശേഷം ഗ്രീക്കു സമാനപദമായ *ഹുപ്സിസ്റ്റോസ്* ഉപയോഗിക്കുന്നു (ഒ.നോ. 1:32,35,76; 6:35; 8:28; പ്രവൃ. 7:48; 16:17)

C. *എലോഹിം* (ബഹുവചനം), *എലോഹ്* (ഏകവചനം) പ്രധാനമായും കവിതയിൽ ഉപയോഗിക്കുന്നു (BDB 43, KB 52)

1. പഴയ നിയമത്തിനു വെളിയിൽ ഈ പദം കാണുന്നില്ല.
2. ഇത് യിസ്രായേലിന്റെ ദൈവത്തെയോ ജാതികളുടെ ദേവന്മാരെയോ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 12:12; 20:3). അബ്രാഹാമിന്റെ കുടുംബം ബഹുദൈവ വിശ്വാസികളായിരുന്നു (ഒ.നോ. യോശു. 24:2).
3. ഇത് യിസ്രായേല്യ ന്യായാധിപന്മാരെ സൂചിപ്പിക്കുന്നു (ഒ.നോ. പുറ. 21:6; സങ്കീ. 82:6).
4. *എലോഹിം* എന്ന പദം ഇതര ആത്മീയ ജീവികൾക്കും (ദൂതന്മാർ, പിശാചുക്കൾ) ആവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട് (ആവ. 32:8; സങ്കീ. 8:5; ഇയ്യോ. 1:6; 38:7).
5. ബൈബിളിൽ ദൈവത്തിനുള്ള ആദ്യ നാമമാണിത് (ഒ.നോ. ഉല്പ. 1:1). ഉല്പ. 2:4 ൽ അത് യഹോവയോടു ചേർത്തു പറയുന്നു. അത് അടിസ്ഥാനപരമായി (ദൈവശാസ്ത്രപരമായി) ദൈവത്തെ സ്രഷ്ടാവ്, പരിപാലകൻ, ഈ ഗ്രഹത്തിലെ മുഴുവൻ ജീവന്റെയും ദാതാവ് എന്നീ നിലയിൽ അവതരിപ്പിക്കുന്നു (ഓ.നോ. സങ്കീ. 104).

   *ഏൽ* എന്നതിന്റെ പര്യായമായിട്ടും ഇതുപയോഗിക്കുന്നു (ഒ.നോ. ആവ. 32:15-19). യഹോവയ്ക്കു സമാന്തരമായിട്ടും ഉപയോഗിക്കുന്നു - സങ്കീർത്തനം 14 (*എലോഹിം*) സങ്കീ. 53 (യഹോവ) എന്നിവ ദൈവിക നാമങ്ങളിലെ വ്യത്യാസം ഒഴികെ ഒരുപോലെയാണ്.
6. ഇതു ബഹുവചനവും, ഇതര ദേവന്മാർക്കുവേണ്ടി ഉപയോഗിക്കുന്നതുമാണെങ്കിലും മിക്കപ്പോഴും യിസ്രായേലിന്റെ ദൈവത്തെയാണ് കുറിക്കുന്നത്. ഇതു ബഹുവചനമാണെങ്കിലും സാധാരണയായി ഏകദൈവ സൂചന നൽകുന്നതിനായി ഇതിനോടൊപ്പം ഏകവചന ക്രിയയാണുപയോഗിക്കാറുള്ളത്.
7. യിസ്രായേല്യർ അല്ലാത്തവരും ദൈവത്തിന്റെ പേരായി ഈ പദം ഉദ്ധരിച്ചിട്ടുണ്ട്.
a. മൽക്കീസേദെക്ക്, ഉല്പ. 14:18-22
b. ബിലെയാം, സംഖ്യ. 24:2
c. മോശെ, ജാതികളെക്കുറിച്ചു പറയുമ്പോൾ, ആവ. 32:8
8. യിസ്രായേലിന്റെ ഏക ദൈവത്തിന്റെ നാമം ബഹുവചനമാണെന്നത് അസാധാരണമാണ്. ഉറപ്പായ നിഗമനത്തിലെത്താനാവില്ലെങ്കിലും അതു സംബന്ധിച്ച സിദ്ധാന്തങ്ങൾ ഇവയാണ്.
a. എബ്രായ ഭാഷയിൽ ഊന്നലിനുവേണ്ടി ബഹുവചനം ഉപയോഗിക്കുന്നതു സാധാരണമാണ്. ഇതിനോട് ഏറ്റവും അടുത്തു നിൽക്കുന്നത് എബ്രായയിലെ പിൽക്കാല വ്യാകരണ സവിശേഷതയായ "ഔന്നത്യത്തിന്റെ ബഹുവചനം" ആണ്. ഒരു സങ്കല്പത്തെ ഉയർത്തി കാണിക്കാൻ ബഹുവചനം ഉപയോഗിക്കുന്ന രീതിയാണിത്.
b. ദൈവം സ്വർഗ്ഗത്തിൽ തന്റെ ആജ്ഞയ്ക്കു കീഴ്പ്പെടുന്നവരോടൊപ്പം നടത്തുന്ന ദൂത ആലോചന സഭയെ ആകാം ഇതു സൂചിപ്പിക്കുന്നത് (ഓ. നോ. 1 രാജാ. 22:19-23; ഇയ്യോ. 1:6; സങ്കീ. 82:1; 89:5,7).
c. മൂന്നു ആളത്വങ്ങളിലുള്ള ഏകദൈവം എന്ന പുതിയനിയമ വെളിപ്പാടിനെയും ഇതു സൂചിപ്പിക്കാൻ സാധ്യതയുണ്ട്. ഉല്പ. 1:1 ൽ ദൈവം സൃഷ്ടിക്കുന്നു; ഉല്പ. 1:2 ൽ ആത്മാവ് പരിവർത്തിക്കുന്നു; പുതിയ നിയമത്തിൽനിന്നും യേശുവാണ് സൃഷ്ടിയിൽ ദൈവത്തിന്റെ മധ്യവർത്തി (ഒ.നോ. യോഹ. 1:3,10; റോമ. 11:36; 1 കൊരി. 8:6; കൊലൊ. 1:15; എബ്രാ. 1:2; 2:10).

D. യഹോവ (BDB 217, KB 394)

1. ദൈവത്തെ ഉടമ്പടി-നിർമ്മാതായ ദൈവം എന്ന നിലയിൽ പരാമർശിക്കുന്ന നാമമാണിത്; ദൈവം രക്ഷകനും വീണ്ടെടുപ്പുകാരനും! മനുഷ്യൻ ഉടമ്പടി ലംഘിക്കുന്നു, എന്നാൽ ദൈവം തന്റെ വചനം, വാഗ്ദത്തം, ഉടമ്പടി എന്നിവയോടു വിശ്വസ്തത പുലർത്തുന്നു (ഒ.നോ. സങ്കീ. 103).

   ഈ നാമം ആദ്യമായി ഉപയോഗിക്കുന്നത് ഉല്പ. 2:4 ൽ എലോഹീമിനോടു ചേർത്താണ്. ഉല്പത്തി 1-2 ൽ രണ്ട് സൃഷ്ടിപ്പിൻ വിവരണങ്ങളില്ല, മറിച്ച് രണ്ട് ഊന്നലുകളാണുള്ളത്: (1) ദൈവം പ്രപഞ്ച

സ്രഷ്ടാവ് (ഭൗതികം) എന്ന നിലയിൽ; (2) ദൈവം മനുഷ്യന്റെ സ്രഷ്ടാവ് എന്ന നിലയിൽ. മനുഷ്യന്റെ ഉന്നതപദവിയും ഉദ്ദേശ്യവും സംബന്ധിച്ച പ്രത്യേക വെളിപ്പാടും ആ അതുല്യ പദവിയോടു ചേർന്നു വന്ന പാപ പ്രശ്നവും മത്സരവും ഉല്പത്തി 2:4–3:24 ൽ ആരംഭിക്കുന്നു.

2. ഉല്പത്തി 4:26 ൽ "ആ കാലത്ത് യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും, പുറ. 6:3 സൂചിപ്പിക്കുന്നത് ആദിമ ഉടമ്പടി ജനത (ഗോത്രപിതാക്കന്മാരും അവരുടെ കുടുംബങ്ങളും) ദൈവത്തെ *എൽ-ഷദ്ദായി* എന്നു മാത്രമേ അറിഞ്ഞിരുന്നുള്ളു എന്നാണ്. യഹോവ എന്ന നാമം ഒരു പ്രാവശ്യം മാത്രമേ വിശദീകരിച്ചിട്ടുള്ളു. അത് പുറ. 3:13–16 ൽ, പ്രത്യേകിച്ച് വാ. 14 ൽ ആണ്. എങ്കിലും മോശെയുടെ എഴുത്തുകൾ മിക്കപ്പോഴും വാക്കുകളെ വ്യാഖ്യാനിക്കുന്നത് സർവസാധാരണമായ പദവിന്യാസമുപയോഗിച്ചാണ് അല്ലാതെ പദവ്യുത്പത്തി അനുസരിച്ചല്ല (ഒ.നോ. ഉല്പ. 17:5; 27:36; 29:13–35). ഈ നാമത്തിന്റെ അർത്ഥം സംബന്ധിച്ച് ധാരാളം സിദ്ധാന്തങ്ങളുണ്ട് (1DB, vol 2, pp. 409 - 11 ൽ നിന്നെടുത്തത്).
   a. "ആഴമായ സ്നേഹം കാണിക്കുക" എന്നർത്ഥമുള്ള ഒരു അറബി മൂലപദത്തിൽ നിന്നും.
   b. "ഊതുക" എന്നർത്ഥമുള്ള അറബി മൂലപദത്തിൽ നിന്നും (യഹോവ കൊടുങ്കാറ്റിന്റെ ദേവനായി)
   c. "സംസാരിക്കുക" എന്നർത്ഥമുള്ള ഉഗാറിറ്റ് (കനാന്യ) മൂലപദത്തിൽ നിന്നും
   d. "നിലനിർത്തുന്നവൻ" അല്ലെങ്കിൽ "സ്ഥാപിക്കുന്നവൻ" എന്നർത്ഥമുള്ള ഒരു ഫൊയ്നീഷ്യൻ പ്രയോഗത്തിൽനിന്നും
   e. "ആയിരിക്കുന്നവൻ," അല്ലെങ്കിൽ "സന്നിഹിതനായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഖാൽ* ൽ നിന്നും
   f. "ഹേതുവായിരിക്കുന്നവൻ" എന്നർത്ഥമുള്ള എബ്രായ *ഹിഫിൽ* ൽനിന്നും
   g. "ജീവിക്കുക" എന്നർത്ഥമുള്ള ഒരു എബ്രായ മൂലത്തിൽനിന്നും (ഉദാ. ഉല്പ. 3:20), അർത്ഥം "എന്നേക്കും-ജീവിക്കുന്ന, ജീവനുള്ള-ഏകൻ"
   h. പുറ. 3:13–16 ലെ സന്ദർഭത്തിൽ നിന്നും ഒരു അപൂർണ്ണ രൂപം പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കുന്നത്, "ഞാൻ ആയിരിക്കുന്നതുപോലെ എന്നെന്നേക്കും ആയിരിക്കും" അല്ലെങ്കിൽ "ഞാൻ എക്കാലവും ആയിരുന്നതുപോലെ തുടർന്നും ആയിരിക്കും" (cf. J. Wash Watts, *A Survey of Syntax in the Old Testament*, p. 67). യഹോവ എന്ന പൂർണ്ണനാമം മിക്കപ്പോഴും ചുരുക്കെഴുത്തായിട്ടോ അല്ലെങ്കിൽ മൂലരൂപത്തിലോ ഉപയോഗിച്ചിരിക്കാനാണു സാധ്യത.
      (1) *യാഹ്* (ഉദാ. ഹല്ലേലു-യാഹ്, BDB 219, ഒ.നോ. പുറ. 15:2; 17:16; സങ്കീ. 89:9; 104:35)
      (2) *യാഹു* (പേരിന്റെ അവസാനം "യാവ്", ഉദാ. യെശയ്യാവ്)
      (3) യോ (പേരിന്റെ ആരംഭത്തിൽ "യോ", ഉദാ. യോശുവ, യോവേൽ)

3. പിൽക്കാല യെഹൂദ മതത്തിൽ ഈ ഉടമ്പടി നാമം അതിപരിശുദ്ധമായിത്തീർന്നതിനാൽ (നാലക്ഷര നാമം) നാം പുറ. 20:7; ആവ. 5:11; 6:13 ലെ കല്പന ലംഘിക്കപ്പെട്ടാലോ എന്നു ഭയന്ന് യിസ്രായേല്യർ ഇത് ഉച്ചരിക്കുവാൻ മടിച്ചു. അതുകൊണ്ട് അതിനു പകരമായി "ഉടമസ്ഥൻ", "യജമാനൻ," "ഭർത്താവ്," "കർത്താവ്" എന്നീ അർത്ഥങ്ങളുള്ള *അഡോൺ*, അഥവാ *അഡോണായി* (എന്റെ കർത്താവ്) എന്ന പദം ഉപയോഗിച്ചു. പഴയ നിയമം വായിച്ചുവരുമ്പോൾ യഹോവ എന്ന നാമം വരുന്നിടത്ത് അവർ "കർത്താവ്" എന്നു വായിച്ചു. ഇക്കാരണത്താലാണ് ഇംഗ്ലീഷ് പരിഭാഷകളിൽ യഹോവ എന്നതിനു പകരം LORD എന്നുപയോഗിച്ചിരിക്കുന്നത്.

4. *ഏൽ* എന്ന നാമത്തിന്റെ കാര്യത്തിലെന്നപോലെ, യഹോവ എന്ന നാമത്തിനും യിസ്രായേലിന്റെ ഉടമ്പടി ദൈവത്തിന്റെ ചില സ്വഭാവസവിശേഷതകൾ ഉയർത്തിക്കാണിക്കുന്നതിനായി മറ്റു പദങ്ങൾ ചേർത്ത് സംയുക്ത നാമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അനേക സംയുക്തനാമങ്ങൾ പറയാവുന്നതാണെങ്കിലും, ചിലത് ഇവിടെ ചേർക്കുന്നു.
   a. *യഹോവ-യിരേ* (യഹോവ കരുതിക്കൊള്ളും, BDB 217 & 906), ഉല്പ. 22:14
   b. *യഹോവ-റോഫേക്കാ* (യഹോവ നിന്റെ സൗഖ്യദായകൻ, BDB 217 & 950, *ഖാൽ* ഘടകം), പുറ. 15:26
   c. *യഹോവ-നിസ്സി* (യഹോവ എന്റെ കൊടി, BDB 217 & 651), പുറ. 17:15
   d. *യഹോവ-മെക്കാദിഷ്ക്കേം* (യഹോവ നിന്നെ വിശുദ്ധീകരിക്കുന്നവൻ, BDB 217 & 872, *പിയേൽ* ഘടകം), പുറ. 31:13
   e. *യഹോവ-ശാലോം* (യഹോവ സമാധാനം, BDB 217 & 1022), ന്യായാ. 6:24
   f. *യഹോവ-സബാവോത്ത്* (സൈന്യങ്ങളുടെ യഹോവ, BDB 217 & 878), 1 ശമൂ. 1:3,11; 4:4; 15:2; മിക്കപ്പോഴും പ്രവാചക പുസ്തകങ്ങളിൽ
   g. *യഹോവ-രോ'യി* (യഹോവ എന്റെ ഇടയൻ, BDB 217 & 944, *ഖാൽ* ഘടകം), സങ്കീ. 23:1
   h. *യഹോവ-സിദ്ക്കെനു* (യഹോവ നമ്മുടെ നീതി, BDB 217 & 841), യിരെ. 23:6
   i. *യഹോവ-ശമ്മാ* (യഹോവ അവിടെ, BDB 217 & 1027), യെഹെ. 48:35

**6:21 "ഉടനെ പടകു അവർ പോകുന്ന ദേശത്തു എത്തിപ്പോയി"** ഇതും മറ്റൊരു അത്ഭുതമാകാൻ സാധ്യത യുണ്ട് (ഒ.നോ. വാ. 22-25); കാരണം അവർ തടാകത്തിന്റെ പകുതി ദൂരം തുഴഞ്ഞതായി മർക്കൊസിന്റെ സുവി ശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഒ.നോ. മർക്കൊ. 6:47). എങ്കിലും ഇത് മറ്റു സുവിശേഷങ്ങളിൽ പരാ മർശിച്ചിട്ടില്ല (അതാ. മത്താ. 14:32 അഥവാ മർക്കൊ. 6:51)

**യോഹന്നാൻ 6:22-25**

**[22]പിറ്റെന്നാൾ കടല്ക്കരെ നിന്ന പുരുഷാരം ഒരു പടകല്ലാതെ അവിടെ വേറെ ഇല്ലായിരുന്നു എന്നും, യേശു ശിഷ്യന്മാരോടുകൂടെ പടകിൽ കയറാതെ ശിഷ്യന്മാർ മാത്രം പോയിരുന്നു എന്നും ഗ്രഹിച്ചു. [23]എന്നാൽ കർത്താവു വാഴ്ത്തിയിട്ട് അവർ അപ്പം തിന്ന സ്ഥലത്തിന്നരികെ തിബെര്യാസിൽനിന്നു ചെറുപട കുകൾ എത്തിയിരുന്നു. [24]യേശു അവിടെ ഇല്ല ശിഷ്യന്മാരും ഇല്ല എന്നു പുരുഷാരം കണ്ടപ്പോൾ തങ്ങളും പടകു കയറി യേശുവിനെ തിരഞ്ഞു കഫർന്നഹൂമിൽ എത്തി. [25]കടലിന്നക്കരെ അവനെ കണ്ടെത്തിയ പ്പോൾ: റബ്ബീ, നീ എപ്പോൾ ഇവിടെ വന്നു എന്നു ചോദിച്ചു.**

**6:23 "തിബെര്യാസ്"** ഈ പട്ടണം എ.ഡി. 22 ൽ ഹെരോദ് അന്തിപ്പാസ് പണിയുകയും അവന്റെ തലസ്ഥാനമാ ക്കുകയും ചെയ്തു.

**യോഹന്നാൻ 6:26-34**

**[26]അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ അടയാളം കണ്ടതുകൊ ണ്ടല്ല; അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നതു. [27]നശിച്ചുപോകുന്ന ആഹാര ത്തിന്നായിട്ടല്ല, നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിന്നായിട്ടു തന്നേ പ്രവർത്തിപ്പിൻ; അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും; അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു എന്നു ഉത്തരം പറ ഞ്ഞു. [28]അവർ അവനോടു ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം എന്നു ചോദിച്ചു. [29]യേശു അവരോടു: ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ എന്നു ഉത്തരം പറഞ്ഞു. [30]അവർ അവനോടു: ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിന്നു നീ എന്തു അടയാളം ചെയ്യുന്നു? എന്തു പ്രവർത്തിക്കുന്നു? [31]നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നു; അവർക്കു തിന്നുവാൻ സ്വർഗ്ഗത്തിൽ നിന്നു അപ്പം കൊടുത്തു എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. [32]യേശു അവരോടു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോ ടു പറയുന്നു; സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം മോശെയല്ല നിങ്ങൾക്കു തന്നതു, എന്റെ പിതാവത്രേ സ്വർഗ്ഗ ത്തിൽനിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നതു. [33]ദൈവത്തിന്റെ അപ്പമോ, സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു ലോകത്തിന്നു ജീവനെ കൊടുക്കുന്നതു ആകുന്നു എന്നു പറഞ്ഞു. [34]അവർ അവനോടു: കർത്താവേ, ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ എന്നു പറഞ്ഞു.**

**6:26,32,53 "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു"** "സത്യം, സത്യമായി." മൂന്നു വ്യത്യസ്ത ഉപ യോഗങ്ങളുള്ള എബ്രായ ശൈലിയാണിത്.

1. പഴയ നിയമത്തിൽ ഈ പദം "ആശ്രയം" എന്നതിനുപയോഗിക്കുന്നു. അതിന്റെ ആലങ്കാരിക അർത്ഥം "ഉറച്ചിരിക്കുക" എന്നാണ്. യഹോവയിലുള്ള ഒരുവന്റെ വിശ്വാസത്തെ സൂചിപ്പിക്കാനുപയോഗിക്കുന്നു.
2. യേശുവിന്റെ ഉപയോഗത്തിൽ നിന്നും സുപ്രധാനവും ശ്രദ്ധേയവുമായ പ്രസ്താവനകളുടെ തുടക്കമാ ണെന്നു മനസ്സിലാക്കാം. ഈ വിധത്തിൽ "ആമേൻ" ഉപയോഗിക്കുന്ന സമകാലിക തെളിവുകൾ വേറെ യില്ല.
3. പഴയനിയമത്തിലെപ്പോലെ, ആദിമസഭയിലും അത് ഉറപ്പിന്റെ അല്ലെങ്കിൽ ഐക്യത കാണിക്കുന്ന പദ മായി തീർന്നു.

1:51 ലെ പ്രത്യേക പഠനവിഷയം: ആമേൻ കാണുക.

▣ **"അപ്പം തിന്നു"** അവരുടെ പ്രേരണ ആത്മികവും നിത്യതയുമല്ല, ശാരീരികവും അപ്പോഴത്തേതുമായിരുന്നു.

▣ **"തൃപ്തരായതുകൊണ്ടത്രേ"** ഈ പദത്തിനർത്ഥം "വെട്ടിവിഴുങ്ങുക" എന്നാണ്, മൃഗങ്ങളെക്കുറിച്ചാണ് (പ്ര ത്യേകിച്ച് പശുക്കളെ) ഈ പദം ഉപയോഗിക്കാറുള്ളത്.

**6:27 "അല്ല ... പ്രവർത്തിപ്പിൻ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി അവസാനിപ്പിക്കുക എന്നർത്ഥമുള്ള നിഷേ ധാത്മക ഘടകം ഉള്ള വർത്തമാനകാല മധ്യമ കല്പനയാണിത്. ഈ ഭാഗത്തിന്റെ പഴയനിയമ പശ്ചാത്തലം യെശ. 5 ആണ്. ഈ സംഭാഷണത്തിന് യോഹ. 4 ലെ കിണറ്റരികിലെ സ്ത്രീയുമായുള്ള സംഭാഷണവുമായി വളരെയധികം സമാനതകളുണ്ട്.

▣ **"നശിച്ചു പോകുന്ന"** 10:10 ലെ പ്രത്യേക പഠനവിഷയം: *അപ്പോല്ലുമി* കാണുക.

▣ **"മുദ്രയിട്ടിരിക്കുന്നു"** ഇത് അധികാരികത, ഉടമസ്ഥത, അധികാരം, സുരക്ഷിതത്വം (ഒ.നോ. NEB, മത്താ.

28:18; യോഹ. 17:2) എന്നിവയുടെ അടയാളമാണ്. TEV യും NIV യും ഇതിനെ "അംഗീകാരം" എന്നും പരിഭാഷ പ്പെടുത്തിയിരിക്കുന്നു. കാരണം പിതാവാം ദൈവം യേശുവിന്റെ ശുശ്രൂഷയെ അംഗീകരിച്ചിരിക്കുന്നു എന്നാണി തിന്റെ അർത്ഥം. 3:33 ലെ പ്രത്യേക പഠനവിഷയം: മുദ്ര കാണുക. അവിടെയത് പരിശുദ്ധാത്മാവിനെ സൂചിപ്പി ക്കുന്നു.

**6:28 "ദൈവത്തിന്നു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന്നു ഞങ്ങൾ എന്തു ചെയ്യേണം"** ഒന്നാം നൂറ്റാണ്ടിലെ യെഹൂദ മതത്തിന്റെ പ്രധാന ചോദ്യമാണിത് (ഒ.നോ. ലൂക്കൊ. 18:18). മതഭക്ത യെഹൂദൻ (1) തന്റെ വംശാവലി, (2) മോശൈക ന്യായപ്രമാണത്തിന്റെ വായ്മൊഴി പാരമ്പര്യപ്രകാരമുള്ള (തൽമൂദ്) വ്യാഖ്യാനങ്ങൾ അനുഷ്ഠിക്കുക എന്നിവയിലൂടെ ദൈവവുമായി നിരപ്പാകാമെന്നു കണക്കുകൂട്ടി.

**6:29 "അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ"** ഇത് വർത്തമാനകാല കർത്തരി അനുബന്ധവും തുടർന്ന് ഭൂതകാല കർത്തരി സൂചകവുമാണ്. "വിശ്വസിക്കുക" എന്ന പദം, രക്ഷയെക്കുറിച്ചുള്ള പുതിയ നിയമ ഉപദേശം ഗ്രഹിക്കുന്നതിൽ നിർണ്ണായകമാണ്. 2:23 ലെ പ്രത്യേക പഠന വിഷയം കാണുക. ഈ വാക്കിന്റെ പ്രാഥമിക പശ്ചാത്തലം സ്വമേധയായുള്ള ആശ്രയമാണ്. ഗ്രീക്ക് പദസമൂഹമായ *പിസ്റ്റിസ്* "വിശ്വസിക്കുക," "ആശ്രയം," "വിശ്വാസം" എന്നിങ്ങനെ തർജ്ജമ ചെയ്യുവാൻ കഴിയും. മാനുഷിക വിശ്വാസത്തിന്റെ ശ്രദ്ധാകേന്ദ്രം മാനുഷിക ആത്മാർത്ഥതയിലോ, സമർപ്പണത്തിലോ, ഉത്സാഹത്തിലോ അല്ല "അവനിൽ" ആയിരിക്കണം (ഒ. നോ. 1:12; 3:16). ഈ വേദഭാഗത്തിന്റെ ഏറ്റവുമടുത്ത പശ്ചാത്തലം, യേശുക്രിസ്തുവിനെക്കുറിച്ചുള്ള യാഥാസ്ഥി തിക ദൈവശാസ്ത്രമോ, പ്രതീക്ഷിക്കുന്ന മതപരമായ ചടങ്ങുകളോ, ധാർമ്മിക ജീവിതമോ പോലുമല്ല, അവനു മായുള്ള വ്യക്തിപരമായ ബന്ധമാണ്. ഈ കാര്യങ്ങളെല്ലാം സഹായകരമാണെങ്കിലും അവയല്ല പ്രാഥമികം. അവരുടെ ചോദ്യത്തിലെ ബഹുവചന "പ്രവൃത്തികളെ" യേശു ഏകവചന "പ്രവൃത്തി" ആക്കി മാറ്റിയതു ശ്രദ്ധി ക്കുക.

"അയച്ചവൻ" എന്നതിന് 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ*) കാണുക.

**6:30–33** ഈ കൂട്ടർ അയ്യായിരത്തെ അത്ഭുതകരമായി പോഷിപ്പിച്ച സംഭവത്തിൽ കുറെ മുമ്പ് പങ്കെടുത്തവരാ ണെന്ന കാര്യം ഓർക്കേണ്ടതാണ്. അവരാവശ്യപ്പെട്ട അടയാളം അവർക്കു കിട്ടിക്കഴിഞ്ഞു. മന്നാ നൽകിയതുപോ ലെയുള്ള ചില പഴയ നിയമ പ്രവൃത്തികൾ മശിഹാ ആവർത്തിക്കുമെന്ന് റബ്ബിമാരുടെ യെഹൂദമതം ചിന്തിച്ചി രുന്നു (ഒ.നോ. 2 ബാരൂക്ക് 29:8). മശിഹായെക്കുറിച്ചുള്ള ഈ "സൂപ്പർ-മോശെ" വീക്ഷണത്തിന് ഉപോൽബലക മായ വേദഭാഗമായി സങ്കീ. 72:16 റബ്ബിമാർ ഉപയോഗിച്ചു (ഒ.നോ. 1 കൊരി. 1:22).

വാ. 29 ലെ "അവനിൽ വിശ്വസിക്കുക" എന്നതും വാ. 30 ലെ "നിന്നെ വിശ്വസിക്കുക" എന്നതും തമ്മിൽ സുപ്രധാനമായ ഒരു വ്യാകരണ സവിശേഷതയുണ്ട്. ഒന്നാമത്തേത് യോഹന്നാന്റെ സാധാരണ ഘടനയായ യേശു വിൽ വിശ്വസിക്കുക എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതൊരു വ്യക്തിപരമായ ശ്രദ്ധയൂന്നലാണ്. രണ്ടാമ ത്തേത്, യേശുവിന്റെ വചനങ്ങളിൽ അല്ലെങ്കിൽ അവകാശവാദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. അതൊരു ഉള്ളടക്കത്തിലെ ശ്രദ്ധയൂന്നലാണ്. സുവിശേഷം ഒരേ സമയം ഒരു വ്യക്തിയും ഒരു സന്ദേശവുമാണെന്നോർക്കു ക. 2:23 ലെ പ്രത്യേക പഠന വിഷയം കാണുക.

**6:31 "എഴുതിയിരിക്കുന്നുവല്ലോ"** പഴയ നിയമത്തിൽ നിന്നുള്ള തിരുവെഴുത്ത് ഉദ്ധരണികളെ അവതരിപ്പിക്കുന്ന തിനുള്ള സാധാരണ വ്യാകരണരൂപമായ പൂർണ്ണ കർമ്മിണി അനുബന്ധമാണിവിടെ കാണുന്നത്. പഴയ നിയമ ത്തിന്റെ ദൈവനിശ്വാസീയതയെയും ആധികാരികതയെയും ഉറപ്പിക്കുന്ന ഭാഷാപ്രയോഗമാണത്. ഈ ഉദ്ധരണി താഴെ കാണുന്ന അനേക വേദഭാഗങ്ങളിൽ ഒന്നോ അല്ലെങ്കിൽ സംയുക്തമോ ആണ്: സങ്കീ. 78:24; 105:40; പുറ. 16:4,15 അഥവാ നെഹെ. 9:15.

**6:32** യെഹൂദന്മാരുടെ പാരമ്പര്യ ദൈവശാസ്ത്രത്തെ യേശു സ്പർശിക്കുന്നു. ആവ. 18:15,18 ന്റെ അടിസ്ഥാന ത്തിൽ മശിഹാ മോശെയെപ്പോലെ അത്ഭുത പ്രവൃത്തികൾ ചെയ്യേണമെന്ന് അവർ ചിന്തിക്കുന്നു. അനേക വാദ ങ്ങൾ നിരത്തി അവരുടെ സങ്കല്പത്തെ യേശു തിരുത്തുന്നു.

1. മോശെയല്ല ദൈവമാണു മന്നാ നൽകിയത്
2. ജനങ്ങൾ അങ്ങനെ ചിന്തിച്ചിരുന്നുവെങ്കിലും മന്നാ സ്വർഗ്ഗത്തിൽനിന്നു വന്നതല്ല (ഒ.നോ. സങ്കീ. 78:23 –25)
3. സ്വർഗ്ഗത്തിൽ നിന്നുള്ള യഥാർത്ഥ അപ്പം യേശുവാണ്. അവൻ ഒരു ഭൂതകാല പ്രവൃത്തിയല്ല, വർത്തമാ നകാല യാഥാർത്ഥ്യമാണ്.

**6:33 "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു"** യോഹന്നാനിൽ ആവർത്തിച്ചു വരുന്ന വിഷയമാണിത് (ഒ.നോ. 3:13). ഇത് യോഹന്നാന്റെ ലംബ ദ്വന്ദ്വമാണ്. ഈ സന്ദർഭത്തിൽ യേശുവിന്റെ അവരോഹണം ഏഴു പ്രാവശ്യം പറഞ്ഞി രിക്കുന്നു (ഒ.നോ. 6:33,38,41,42,50,51,58). യേശുവിന്റെ പൂർവ്വാസ്തിക്യത്തെയും സ്വർഗ്ഗീയ ഉത്ഭവത്തെയുമാണിതു കാണിക്കുന്നത് (ഒ.നോ. വാ. 33,38,41,42,50,51,58,62). യഥാർത്ഥ അപ്പവും ജീവന്റെ അപ്പവുമായ യേശു സ്വർഗ്ഗ ത്തിൽ നിന്നു വന്നതുപോലെ വന്ന "മന്ന" എന്ന പദമുപയോഗിച്ചുള്ള ഒരു പദവിന്യാസം കൂടിയാണിത്.

ആക്ഷരികമായി ഇത്, "സ്വർഗത്തിൽ നിന്നും ഇറങ്ങി വരുന്നവനാണ് ദൈവത്തിന്റെ അപ്പം" എന്നാണ്. ഇവിടെ കാണുന്ന പുല്ലിംഗ വർത്തമാനകാല കർത്തരി സൂചകം (1) "അപ്പം" അല്ലെങ്കിൽ (2) ഒരു മനുഷ്യനെ, യേശു വിനെ സൂചിപ്പിക്കുന്നു. യോഹന്നാനിൽ മിക്കപ്പോഴും ഒരു ദുർഗ്രഹത സോദ്ദേശ്യപരമാണ് (ഇരട്ട അർത്ഥം).

▣ **"ലോകത്തിനു ജീവനെ കൊടുക്കുന്നത്"** യേശു വന്നതിന്റെ ഉദ്ദേശ്യമിതാണ് (ഒ.നോ. 3:16; മർക്കൊ. 10:45; 2 കൊരി. 5:21). നഷ്ടപ്പെട്ടതും മത്സരിക്കുന്നതുമായ ലോകത്തിന് "പുതുജീവൻ," "നിത്യജീവൻ," "പുതുയുഗ ജീവൻ" നൽകുകയാണു ലക്ഷ്യം." ഒരു പ്രത്യേക സമൂഹത്തിനല്ല (യെഹൂദൻ/ ജാതി, തെരഞ്ഞെടുക്കപ്പെട്ട വർ/തെരഞ്ഞെടുക്കപ്പെടാത്തവർ, യാഥാസ്ഥിതികർ/ഉൽപതിഷ്ണു) മറിച്ച് സകലർക്കും.

6:34

| | |
|---|---|
| **NASB, NKJV** | **"കർത്താവേ"** |
| **NRSV, TEV, NJB** | |
| **NET Bible, NIV, REB** | **"സർ"** |

ഈ രണ്ടു പദങ്ങളും *കുറിയോസ്* ന്റെ രണ്ടു വ്യത്യസ്ത ഭാഷാപരമായ ഉപയോഗത്തെ കുറിക്കുന്നു. ഈ സന്ദർഭത്തിൽ രണ്ടാമത്തേതാണ് കൂടുതൽ അനുയോജ്യം. പുരുഷാരം യേശുവിനെയോ അവന്റെ വാക്കുകളെയോ ഗ്രഹിച്ചില്ല. അവർ അവനെ മശിഹാ ആയി മനസ്സിലാക്കിയില്ല (4:14; 5:7 കൂടി കാണുക).

▣ **"ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരേണമേ"** യോഹ. 4:14 ൽ ശമര്യക്കാരി പറയുന്ന പ്രസ്താവനയോടു സമാനമാണിത്. ഈ യെഹൂദന്മാരും യേശുവിന്റെ വാക്കുകളിലെ സാദൃശ്യം ഗ്രഹിച്ചില്ല. ഇതു യോഹന്നാനിലെ ആവർത്തിക്കുന്ന വിഷയമാണ്.

## യോഹന്നാൻ 6:35-40

**[35]യേശു അവരോടു പറഞ്ഞതു: ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു**
**വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയുമില്ല. [36]എന്നാൽ നിങ്ങൾ എന്നെ**
**കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ. [37]പിതാവു എനിക്കു തരുന്നതു**
**ഒക്കെയും എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല;**
**[38]ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നിരിക്കു**
**ന്നതു; [39]അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ, എല്ലാം ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേ**
**ല്പിക്കേണം എന്നാകുന്നു എന്നെ അയച്ചവന്റെ ഇഷ്ടം. [40]പുത്രനെ നോക്കിക്കൊണ്ടു അവനിൽ വിശ്വസി**
**ക്കുന്ന ഏവന്നും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ**
**ഒടുക്കത്തെ നാളിൽ ഉയർത്തെഴുന്നേല്പിക്കും.**

**6:35 "ഞാൻ ജീവന്റെ അപ്പം ആകുന്നു"** യോഹന്നാന്റെ സവിശേഷതയായ "ഞാൻ ആകുന്നു" പ്രസ്താവനകളിൽ ഒന്നാണിത് (ഒ.നോ. 6:35,41,48,51; 8:12; 10:7,9,11,14; 11:25; 14:6; 15:1,5). യോഹന്നാന്റെ സുവിശേഷം ക്രിസ്തു എന്ന വ്യക്തിയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇത് മന്നയെ കുറിച്ചും പുതിയ പുറപ്പാട് (പാപത്തിൽ നിന്നും) കൊണ്ടുവരുന്ന പുതിയ നിയമ ദാതാവിനെക്കുറിച്ചുമുള്ള യെഹൂദന്മാരുടെ മശിഹൈക പ്രതീക്ഷകളോടു ബന്ധപ്പെട്ടിരിക്കുന്നു. 8:12 ലെ വിശദീകരണ കുറിപ്പ് കാണുക.

▣ **"എന്റെ അടുക്കൽ വരുന്നവനു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയുമില്ല"** ഗ്രീക്കിൽ ശക്തമായ രണ്ട് ഇരട്ട നിഷേധകമാണുള്ളത്, "ഇല്ല, ഒരു നാളും ഇല്ല" (ഒ.നോ. വാ. 37).

"വരിക", "വിശ്വസിക്കുക" എന്നിവ തമ്മിൽ ഒരു സമാന്തരബന്ധമുണ്ട് (ഒ.നോ. 7:37-38, "കാണുക" "കേൾക്കുക" എന്നതിനു സമാനമായി). അവ രണ്ടും വർത്തമാനകാല ക്രിയകളാണ്. വിശ്വാസികളുടെ വരവും വിശ്വസിക്കലും ഒരു സമയത്തേക്കുള്ള തീരുമാനങ്ങളല്ല, മറിച്ച് കൂട്ടായ്മ, സഖിത്വം, പിൻഗമിക്കൽ എന്നിവ ഉൾപ്പെട്ട ജീവിത ശൈലിയുടെ ആരംഭമാണ്.

▣ **"വിശക്കുക ... ദഹിക്കുക"** വിശപ്പും ദാഹവും ആത്മീയ യാഥാർത്ഥ്യത്തെ വിശദീകരിക്കുവാൻ പലപ്പോഴും ഉപയോഗിക്കാറുണ്ട് (ഒ.നോ. സങ്കീ. 42:1; യെശ. 55:1; ആമോ. 8:11-12; മത്താ. 5:6).

**6:36 "നിങ്ങൾ എന്നെ കണ്ടിട്ടും"** ചില പുരാതന കയ്യെഴുത്തു പ്രതികൾ (א, A, പഴയ ലാറ്റിൻ, വൾഗേറ്റ്, സിറിയക് പതിപ്പുകൾ) "എന്നെ" ഒഴിവാക്കിക്കൊണ്ട് യേശുവിന്റെ പ്രസ്താവന അവന്റെ അടയാളങ്ങളെ സൂചിപ്പിക്കുന്നതാക്കുന്നു (ഉദാ. പുരുഷാരത്തെ പോഷിപ്പിച്ചത്). സർവ്വനാമം അനേക ഗ്രീക്കു കയ്യെഴുത്തു പ്രതികളിലും പതിപ്പുകളിലും ഉപയോഗിച്ചിരിക്കുന്നതിനാൽ ഏതാണ് മൂല ഗ്രന്ഥത്തിലുള്ളതെന്ന് തീരുമാനിക്കാൻ $UBS^4$ നു കഴിയുന്നില്ല.

**6:37 "പിതാവു എനിക്കു തരുന്നതു ഒക്കെയും എന്റെ അടുക്കൽ വരും"** ഈ വേദഭാഗത്തിന്റെ പ്രാഥമിക ഊന്നൽ ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചാണ്. ഈ ദൈവശാസ്ത്ര സത്യത്തെക്കുറിച്ചുള്ള കൃത്യമായ രണ്ടു ഭാഗങ്ങൾ റോമർ 9; എഫെ. 1:3-14 ആണ്. രണ്ടു സന്ദർഭത്തിലും മനുഷ്യന്റെ പ്രതികരണം ആവശ്യപ്പെട്ടിരിക്കുന്നുവെന്നത് താല്പര്യജനകമാണ്. റോമർ 10 ൽ എല്ലാം ഉൾക്കൊള്ളുന്ന ഏഴ് പ്രയോഗങ്ങൾ ഉണ്ട്. എഫെസ്യർ 2 ലും ഇതേ സ്ഥിതിതന്നെയാണുള്ളത്. അവിടെ വാ. 1-7 ലെ ദൈവകൃപയെക്കുറിച്ചുള്ള ചർച്ച അവസാനിക്കുന്നത് വാ. 8,9 ൽ വിശ്വാസത്തിനുള്ള ആഹ്വാനത്തോടെയാണ്. മുന്നിയമനം, രക്ഷിക്കപ്പെടാത്തവർക്കുള്ള തടസ്സമല്ല, വീണ്ടെടുക്കപ്പെട്ടവർക്കുള്ള ആഹ്വാനമാണ്. ഉപദേശം മനസ്സിലാക്കുന്നതിനുള്ള താക്കോൽ, നിത്യനിർണ്ണ

യങ്ങളല്ല, ദൈവത്തിന്റെ സ്നേഹവും കൃപയുമാണ്. ദൈവം യേശുവിനു നൽകിയവരെല്ലാം അവന്റെ അടുക്കൽ "വരും" എന്നതു ശ്രദ്ധിക്കുക. ദൈവം എപ്പോഴും മുൻകൈ എടുക്കുന്നു (ഒ.നോ. വാ. 44,65), പക്ഷേ മനുഷ്യൻ പ്രതികരിക്കണം (ഒ.നോ. 1:12; 3:16). 3.16 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല"** ഇതു മറ്റൊരു ഇരട്ട നിഷേധമാണ്. ദൈവം എല്ലാവരെയും ക്രിസ്തുവിലൂടെ തന്നിലേക്കു വിളിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു എന്ന സത്യത്തെയാണിവിടെ ഊന്നിപ്പറയുന്നത് (ഒ.നോ. യെഹെ. 18:21-23, 30-32; 1 തിമൊ. 2:4; 2 പത്രൊ. 3:9). ദൈവം എപ്പോഴും മുൻകയ്യെടുക്കുന്നു (ഒ.നോ. വാ. 44,65), പക്ഷേ മനുഷ്യൻ പ്രകരിക്കണം (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 20:21). ഭദ്രത സംബന്ധിച്ച എത്ര അതിശകരമായ വേദഭാഗം!

## പ്രത്യേക പഠന വിഷയം: ക്രിസ്ത്യാനിയുടെ രക്ഷാഭദ്രത

രക്ഷാഭദ്രത എന്നത് (1) ഒരു വേദപുസ്തക സത്യവും (2) വിശ്വാസിയുടെ വിശ്വാസാനുഭവവും, (3) ജീവിത ശൈലിയുമാണ്.

A. രക്ഷാഭദ്രതയുടെ വേദപുസ്തക അടിസ്ഥാനം
  1. പിതാവാം ദൈവത്തിന്റെ സ്വഭാവം
    a. ഉല്പത്തി 3:15; 12:3
    b. സങ്കീ. 46:10
    c. യോഹ. 3:16; 10:28-29
    d. റോമ. 8:38-39
    e. എഫെ. 1:3-14; 2:5,8-9
    f. ഫിലി. 1:6
    g. 2 തിമൊ. 1:12
    h. 1 പത്രൊ. 1:3-5
  2. പുത്രനാം ദൈവത്തിന്റെ പ്രവൃത്തി
    a. അവന്റെ പൗരോഹിത്യ പ്രാർത്ഥന, യോഹ. 17:9-14, പ്രത്യേകിച്ച് വാ. 12
    b. അവന്റെ പാപപരിഹാര ബലി
      1) റോമ. 8:31
      2) 2 കൊരി. 5:21
      3) 1 യോഹ. 4:9-10
    c. അവന്റെ തുടരുന്ന മധ്യസ്ഥത
      1) റോമ. 8:34
      2) എബ്രാ. 7:25
      3) 1 യോഹ. 2:1
  3. പരിശുദ്ധാത്മാവാം ദൈവത്തിന്റെ ശക്തീകരിക്കൽ
    a. അവന്റെ വിളി, യോഹ. 6:44,65
    b. അവന്റെ മുദ്ര
      1) 2 കൊരി. 1:22; 5:5
      2) എഫെ. 1:13-14; 4:30
    c. അവന്റെ വ്യക്തിപരമായ ഉറപ്പ്
      1) റോമ. 8:16-17
      2) 1 യോഹ. 5:7-13

B. ആവശ്യമായിരിക്കുന്ന വിശ്വാസിയുടെ ഉടമ്പടി പ്രതികരണം എന്തെന്നാൽ
  1. ആരംഭമുള്ളതും തുടരുന്നതുമായ മാനസാന്തരവും വിശ്വാസവും
    a. മർക്കൊസ് 1:15
    b. യോഹന്നാൻ 1:12
    c. പ്രവൃ. 3:16; 20:21
    d. റോമ. 10:9-13
  2. രക്ഷയുടെ ലക്ഷ്യം ക്രിസ്തുതുല്യമായ ജീവിതമാണെന്നു ഓർക്കുക
    a. റോമ. 8:28-29
    b. എഫെ. 1:4; 2:10; 4:13
  3. ഭദ്രത ജീവിതശൈലിയാലാണ് ഉറപ്പാക്കപ്പെടുന്നത് എന്നോർമ്മിക്കുക
    a. യാക്കോബേ
    b. 1 യോഹന്നാൻ

4. ഭദ്രത സജീവ വിശ്വാസത്താലും സ്ഥിരോത്സാഹത്താലുമാണ് ഉറപ്പാക്കപ്പെടുന്നത് എന്നോർമ്മിക്കുക
   a. മർക്കൊസ് 13:13
   b. 1 കൊരി. 15:2
   c. എബ്രാ. 3:14; 4:14
   d. 2 പത്രൊസ് 1:10
   e. യൂദാ വാ. 20–21

**6:38 "സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നിരിക്കുന്നു"** ജഡധാരണത്തെയും (ഒ.നോ. യോഹ. 1:1മുതൽ; എഫെ. 4:8–10) അതിന്റെ നിലനിൽക്കുന്ന ഫലത്തെയും സൂചിപ്പിക്കുന്ന പൂർണ്ണ ക്രിയയാണിത്. യേശുവിന്റെ സ്വർഗ്ഗീയ ഉത്ഭവത്തെയും ഇതു സൂചിപ്പിക്കുന്നു (ഒ.നോ. വാ. 41,62).

▣ **"ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ"** പുതിയ നിയമം ത്രിത്വത്തിന്റെ ഐക്യതയെയും (ഉദാ. 14:8–9; 14:6 ലെ പ്രത്യേക പഠനവിഷയം കാണുക), മൂന്നു ആളത്വങ്ങളുടെയും വ്യക്തിത്വത്തെയും (ഒ.നോ. 14:8,9) ഊന്നിപ്പറയുന്നു. യേശു പിതാവിനു കീഴടങ്ങിയിരിക്കുന്നു എന്ന യോഹന്നാന്റെ ഊന്നലിന്റെ ഭാഗമാണ് ഈ വാക്യം. 5:19 ലെ മുഴുവൻ വിശദീകരണവും കാണുക. 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെലോ*) കാണുക.

**6:39 "അവൻ എനിക്കു തന്നതിൽ ഒന്നും ഞാൻ കളയാതെ"** വാ. 37 ലെ നപുംസക ഏകവചനമായ "ഒക്കെയും" വാ. 39 ലെ നപുംസക ഏകവചനമായ "ഒന്നും" തമ്മിൽ വ്യക്തമായ ബന്ധമുണ്ട്. യോഹന്നാൻ ഈ അസാധാരണ രൂപം അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 17:2,24). എല്ലാവരും ചേർന്ന സമൂഹത്തെയാകാം ിതു സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 40,45).

ദൈവത്തിന്റെ സൂക്ഷിപ്പിൻ ശക്തിയുടെ വാഗ്ദത്തമാണിത്, വിശ്വാസിയുടെ രക്ഷാഭദ്രതയുടെ ഉറവിടമാണിത് (ഒ.നോ. യോഹ. 10:28–29; 17:2,24, 1 യോഹ. 5:13 ലെ പ്രത്യേക പഠനവിഷയം കാണുക). വാ. 37 ലെ ക്രിയാകാലം വർത്തമാന കാലമാണെന്നതു ശ്രദ്ധിക്കുക. അതേസമയം വാ. 39 പൂർത്തിയായ കാലവുമാണ്. ദൈവത്തിന്റെ ദാനം നിലനിൽക്കുന്നു. വാ. 39 ലെ അവസാനത്തെ രണ്ടു ഉറപ്പിക്കലുകൾ രണ്ടും സാമാന്യ വർത്തമാന കാലമാണ്; പിതാവ് യേശുവിനു നൽകിയവരെയൊന്നും അവൻ കളയുകയില്ല (വാ. 37,39). അവനു നൽകിയവരെയെല്ലാം അവൻ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും (ഒ.നോ. വാ. 44). ഇവിടെയിതാ (1) തിരഞ്ഞെടുപ്പിന്റെയും, (2) സ്ഥിരോത്സാഹത്തിന്റെയും ദൈവിക വാഗ്ദത്തങ്ങൾ!

അന്ത്യകാലമെന്ന ഈ ആശയം (സാധകാത്മകമായും നിഷേധാത്മകമായും) അനേക പേരുകളാൽ വിളിക്കപ്പെടുന്നു.

1. ഒടുക്കത്തെ നാൾ, 6:39,40,44,54; 11:24; 12:48; 2 തിമൊ. 3:1; 1 പത്രൊ. 1:5; 2 പത്രൊ. 3:3
2. അന്ത്യനാഴിക, 1 യോഹ. 2:18; യൂദാ വാ. 18
3. ആ നാൾ, മത്താ. 7:22; 2 തിമൊ. 1:12,18; 4:8
4. ഒരു ദിവസം, പ്രവൃ. 17:31
5. മഹാ ദിവസം, യൂദാ 6
6. നാൾ, ലൂക്കൊ. 17:30; 1 കൊരി. 3:13; 1 തെസ്സ. 5:4; എബ്രാ. 10:25
7. തന്റെ ദിവസം, ലൂക്കൊ. 17:24
8. കർത്താവിന്റെ നാൾ, 1 തെസ്സ. 5:2; 2 തെസ്സ. 2:2
9. ക്രിസ്തുവിന്റെ നാൾ, ഫിലി. 1:10; 2:16
10. കർത്താവായ യേശുക്രിസ്തുവിന്റെ നാൾ, 1 കൊരി. 1:8; 5:5
11. കർത്താവായ യേശുവിന്റെ നാൾ, 2 കൊരി. 1:14
12. ക്രിസ്തുയേശുവിന്റെ നാൾ, ഫിലി. 1:16
13. മനുഷ്യപുത്രന്റെ നാൾ, ലൂക്കൊ. 17:24 (#7 കൂടെ കാണുക)
14. ന്യായവിധി ദിവസം, മത്താ. 10:15; 11:22,24; 12:36; 2 പത്രൊ. 2:9; 3:7; 1 യോഹ. 4:17
15. കോപ ദിവസം, വെളി. 6:17
16. ദൈവത്തിന്റെ മഹാദിവസം, വെളി. 16:14

▣ **"ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കേണം"** ഇത് വിശ്വാസികളുടെ പുനരുത്ഥാന നാളിനെയും അവിശ്വാസികളുടെ ന്യായവിധി നാളിനെയും സൂചിപ്പിക്കുന്നു (ഒ.നോ. വാ. 40,44,54; 5:25,28; 11:24; 1 കൊരി. 15). ഈ വിഷയത്തെ സംബന്ധിച്ച് ഫ്രാങ്ക് സ്റ്റാഗ് തന്റെ *എ ന്യൂടെസ്റ്റമെന്റ് തിയോളജി*യിൽ നമുക്കു സഹായകരമായ പ്രസ്താവന നടത്തുന്നുണ്ട്:

> "ഭാവി വരവിനെ സംബന്ധിച്ച് യോഹന്നാന്റെ സുവിശേഷം തറപ്പിച്ചു പറയുകയും (14:3,18മുതൽ, 28; 16:16,22) 'അന്ത്യനാളിലെ' പുനരുത്ഥാനത്തെയും അന്ത്യ നായവിധിയെയും കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു (5:28 മുതൽ, 6:39 മുതൽ, 44,53; 11:24; 12:48). എങ്കിലും ഈ നാലാം സുവിശേഷത്തിലു

ടനീളം നിത്യജീവൻ, ന്യായവിധി, പുനരുത്ഥാനം എന്നിവ വാർത്തമാനകാല യാഥാർത്ഥ്യങ്ങളാണ്" (3:18 മുതൽ; 4:23; 5:25; 6:54; 11:23 മുതൽ; 12:28,31; 13:31 മുതൽ; 14:17; 17:28) (പേ. 311).

**6:40 "എന്റെ പിതാവിന്റെ ഇഷ്ടം"** വാ. 28 ലെ, "ദൈവത്തിനു പ്രസാദമുള്ള പ്രവൃത്തികളെ പ്രവർത്തിക്കേണ്ട തിന്നു ഞങ്ങൾ എന്തു ചെയ്യേണം?" എന്ന ചോദ്യത്തിനുള്ള യേശുവിന്റെ ഉത്തരമാണിത്. 4:34 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിന്റെ ഇഷ്ടം കാണുക.

▣ **"പുത്രനെ നോക്കിക്കൊണ്ട്"** വർത്തമാനകാല കർത്തരി ക്രിയകളായ "നോക്കുക," "വിശ്വസിക്കുക" എന്നിവ സമാന്തരങ്ങളാണ് (വാ. 35 ലെ "വരിക" "വിശ്വസിക്കുക" എന്നതുപോലയും "കാണുക" "കേൾക്കുക" എന്ന തുപോലെയും). ഇവ ഒരിക്കൽ മാത്രം നടക്കുന്ന കാര്യങ്ങളല്ല, തുടർമാനമായി സംഭവിക്കേണ്ടവയാണ്. "നോക്കിക്കൊണ്ട്" എന്ന പദത്തിന് ഗ്രഹിക്കുവാൻ അല്ലെങ്കിൽ അറിയുവാൻ "ശ്രദ്ധയോടെ നോക്കുക" എന്ന അർത്ഥമാണുള്ളത്.

"ഏവനും" എന്ന പദം (*പാസ്*) എനിക്കിഷ്ടമാണ്. ശ്രദ്ധിക്കുക.

1. താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന്, 1:7
2. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന, 1:9
3. വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്, 3:15
4. വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, 3:16
5. എല്ലാവരും ... പുത്രനെ ബഹുമാനിക്കേണ്ടതിന്, 5:23

6–9. യോഹന്നാൻ 6:37,39,40,45.

10. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല, 11:26
11. ഞാനോ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും, 12:32
12. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ, 12:46

പരമാധികാരത്തിന്റെ മർമ്മമാണിത് (ഓ.നോ. വാ. 38,39; 17:2,24 എതിരായി സ്വതന്ത്ര ഇച്ഛ). രണ്ടും ഒരുവിധത്തിൽ സത്യമാണ്. എന്നെ സംബന്ധിച്ച് "ഉടമ്പടി" യുടെ ദൈവശാസ്ത്ര സങ്കല്പം അവയെ നന്നായി സമന്വയിപ്പിക്കുന്നു.

▣ **"അവനിൽ വിശ്വസിക്കുന്ന"** രക്ഷ എന്നത് ഒരു വിശ്വാസപ്രമാണമോ, ശരിയായ ദൈവശാസ്ത്രമോ, ധാർമ്മിക ജീവിത ശൈലിയോ അല്ല, ഒരു വ്യക്തിപരമായ ബന്ധമാണ് എന്ന കാര്യം ഓർക്കുക (ഒ.നോ. 3:16; 11:25–26). ഒരുവന്റെ വിശ്വാസത്തിന്മേലാണ്, തീവ്രതയിലല്ല ഊന്നൽ. 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

37a,39,44,65 വാക്യങ്ങളിലെ ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ഊന്നലും 37b,40 വാക്യങ്ങളിലെ മനുഷ്യന്റെ വിശ്വാസ പ്രതികരണവും തമ്മിലുള്ള സന്തുലനം ശ്രദ്ധിക്കുക. ഈ വേദപുസ്തക സംഘർഷം നിലനിർത്തേണ്ടതാണ്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും ചേരുന്നതാണ് വേദപുസ്തക ഉടമ്പടിയുടെ ഇരട്ട ഘടകങ്ങൾ.

▣ **"നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു"** ഈ വർത്തമാനകല കർത്തരി അനുബന്ധം ഒരു പ്രതികരണം ആവശ്യപ്പെടുന്നു (ഒ.നോ. 1 യോഹ. 5:11). വാ. 39 സമൂഹപരവും വാ. 40 വ്യക്തിപരവുമാണെന്ന കാര്യം ശ്രദ്ധിക്കുക. രക്ഷയുടെ വൈരുദ്ധ്യമാണിത്.

## യോഹന്നാൻ 6:41–51

**41ഞാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പം എന്നു അവൻ പറഞ്ഞതിനാൽ, യെഹൂദന്മാർ
അവനെക്കുറിച്ചു പിറുപിറുത്തു: 42ഇവൻ യോസേഫിന്റെ പുത്രനായ യേശു അല്ലയോ? അവന്റെ
അപ്പനെയും അമ്മയെയും നാം അറിയുന്നുവല്ലോ; പിന്നെ ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു
എന്നു അവൻ പറയുന്നതു എങ്ങനെ എന്നു അവർ പറഞ്ഞു. 43യേശു അവരോടു ഉത്തരം പറഞ്ഞതു:
നിങ്ങൾ തമ്മിൽ പിറുപിറുക്കേണ്ടാ; 44എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ
അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും.
45എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും എന്നു പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരി
ക്കുന്നു. പിതാവിനോടു കേട്ടുപഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരും. 46പിതാവിനെ ആരെങ്കിലും
കണ്ടിട്ടുണ്ടു എന്നല്ല, ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു.
47ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു. 48ഞാൻ
ജീവന്റെ അപ്പം ആകുന്നു. 49നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ. 50ഇതോ,
തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിന്നു, സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്ന അപ്പം ആകുന്നു. 51സ്വർഗ്ഗത്തിൽ
നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും
ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവന്നു വേണ്ടി ഞാൻ കൊടുക്കുന്ന
എന്റെ മാംസം ആകുന്നു.**

**6:41 "യെഹൂദന്മാർ അവനെക്കുറിച്ചു പിറുപിറുത്തു"** അവർ പിറുപിറുക്കാൻ ആരംഭിച്ചു എന്നോ വീണ്ടും വീണ്ടും

പിറുപിറുത്തു എന്നോ അർത്ഥമുള്ള അപൂർണ കാലമാണിത്. മരുഭൂമിയാത്രാ കാലയളവുമായുള്ള സമാന്തരത്വം ശ്രദ്ധേയമാണ് (ഒ.നോ. പുറപ്പാട്; സംഖ്യാപുസ്തകം). ആ കാലത്തെ യിസ്രായേല്യർ തങ്ങൾക്കു ഭക്ഷണം നൽകിയ ദൈവത്തിന്റെ പ്രതിപുരുഷനായ മോശെയെയും നിരസിച്ചു.

**6:42** യേശു തന്നെക്കുറിച്ചു പറഞ്ഞ വാക്കുകൾ യെഹൂദന്മാർക്കു മനസ്സിലായി എന്നാണ് ഇതു കാണിക്കുന്നത്. താൻ പൂർവ്വാസ്തിക്യമുള്ളവനും ദൈവമാണെന്നും അവകാശപ്പെടുന്നതിനായി യെഹൂദ ശൈലികൾ യേശു വ്യക്തമായി ഉപയോഗിച്ചു! യേശുവിന്റെ വാക്കുകൾ അവർക്ക് ഇപ്പോഴും ഒരു ഗലീലക്കാരനായ തച്ചനിൽനിന്നുള്ള ഞെട്ടിപ്പിക്കുന്ന വാക്കുകളായിരുന്നു! യേശു തന്നെക്കുറിച്ച് അത്തരത്തിലുള്ള ശക്തമായ പ്രസ്താവനകളാണു നടത്തിയത്. അങ്ങനെയെങ്കിൽ അവൻ

1. തന്റെ വാക്കുകളാലും പ്രവൃത്തികളാലും നിത്യജീവൻ കൊണ്ടുവരുന്ന ജഡംധരിച്ച ദൈവപുത്രനാണ്
2. വ്യക്തമായ ഉദ്ദേശ്യത്തോടെ ഭോഷ്കു പറയുന്നവനാണ്
3. ഭ്രാന്തനാണ് (ജോഷ് മക്ഡോവെലിന്റെ *എവിഡൻസ് ദാറ്റ് ഡിമാൻഡ്സ് എ വെർഡിക്ട്* എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തത്)

യേശുവിന്റെ അവകാശവാദങ്ങളുടെ സത്യാവസ്ഥ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന വിഷയമാണ്.

**6:43 "നിങ്ങൾ തമ്മിൽ തമ്മിൽ പിറുപിറുക്കേണ്ടാ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നർത്ഥമുള്ള നിഷേധാത്മക ഘടകത്തോടുകൂടിയ വർത്തമാനകാല ആജ്ഞയാണിത്.

**6:44 "പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല"** ദൈവം ആണ് എല്ലായ്പോഴും മുൻകയ്യെടുക്കുന്നത് (ഓ.നോ. വാ. 65; 15:16). സകല ആത്മീയ തീരുമാനങ്ങളും ആത്മാവിന്റെ പ്രേരണ നിമിത്തമാണ്, അല്ലാതെ മനുഷ്യവർഗ്ഗത്തിന്റെ താല്പര്യംകൊണ്ടല്ല (ഒ.നോ. യെശ. 53:6). ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ പ്രതികരണവും ദൈവത്തിന്റെ ഹിതത്താലും കരുണയാലും വേർപെടുത്താനാവാത്തവിധം ഒരുമിച്ചിണക്കിയിരിക്കുന്നു. ഇതാണ് ഉടമ്പടി സംബന്ധിച്ചുള്ള പഴയ നിയമ ആശയം.

ഈ ദൈവിക "അടുപ്പിക്കലിന്റെ" സന്തുലനം 12:32 ൽ കാണുന്നു. അവിടെ യേശു "എല്ലാവരെയും തങ്കലേക്ക് ആകർഷിക്കുന്നു." ഈ അടുപ്പിക്കൽ ദൈവജനം അവന്റെ പ്രവാചക ശ്ബദത്തോടു പ്രതികരിക്കാതിരുന്നു പഴയനിയമ മാതൃകയെ നേരെ തിരിക്കുന്നു. (ഉദാഹരണങ്ങൾ: യെശ. 6:9-13; 29:13; യിരെമ്യാവ്). ഇപ്പോൾ ദൈവം സംസാരിക്കുന്നത് പ്രവാചകന്മാരലൂടെ യിസ്രായേലിനോടല്ല, മറിച്ച് തന്റെ പുത്രനിലൂടെ സകല മനുഷ്യവർഗ്ഗത്തോടുമാണ് (ഓ.നോ. എബ്രാ. 1:1-3). 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ*) കാണുക.

**6:45 "പ്രവാചക പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു"** "പുതിയ നിയമത്തിന്റെ" ആന്തരിക ഘടകത്തെ (പുതിയ ഹൃദയം, പുതിയ മനസ്സ്) വിവരിക്കുന്ന യെശയ്യാവ് 54:13 ൽ നിന്നോ യിരെമ്യാവ് 31:34 ൽ നിന്നോ ഉള്ള ഉദ്ധരണിയാണിത്

▣ **"പിതാവിനോടു കേട്ടു പഠിച്ചവൻ എല്ലാം എന്റെ അടുക്കൽ വരും"** യേശുവിന്റെ ഉറപ്പായ പ്രസ്താവനയുടെ അർത്ഥം തന്നിലൂടെ മാത്രമേ ഒരുവന് യഥാർത്ഥമായി ദൈവത്തെ മനസ്സിലാക്കുവാനും അറിയുവാനും കഴിയൂ എന്നാണ് (ഒ.നോ. യോഹ. 1:18; 14:6,9). മോശെപോലും യഥാർത്ഥത്തിൽ ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ല (ഒ.നോ. 5:32 ലെ പഠനകുറിപ്പ്).

**6:47** സകല മനുഷ്യർക്കുമുള്ള യേശുവിന്റെ സൗജന്യ രക്ഷാദാനത്തെയാണ് ഈ വാക്യം സംഗ്രഹിച്ചിരിക്കുന്നത് ("വിശ്വസിക്കുന്നവൻ" വർത്തമാനകാല കർത്തരി അനുവന്ധം; "നിത്യജീവൻ" ഒ.നോ. വാ. 51,58; 3:15,16,36; 5:24; 11:26; 20:21). ദൈവത്തിന്റെ ഏക സത്യവെളിപ്പാടും ദൈവത്തിങ്കലേക്കുള്ള ഏക സത്യവാതിലും യേശുവാകുന്നു (സുവിശേഷത്തിന്റെ മറ്റെല്ലാറ്റെയും പുറന്തള്ളുന്ന സ്വഭാവം, ഒ.നോ. 10:1-6,7-9; 14:6) എങ്കിലും ആദാമിന്റെ സകല പുത്രന്മാർക്കും പുത്രിമാർക്കും ഇതു ലഭ്യമാണ് (സുവിശേഷത്തിന്റെ എല്ലാവരെയും ഉൾക്കൊള്ളുന്ന സ്വഭാവം, 1:4,7,12; 3:16; ഉല്പ. 3:15; 12:3).

**6:50** വാ. 31-35 പോലെ അപ്പം, ഭൗതിക അപ്പം (മന്നാ), സ്വർഗ്ഗീയ അപ്പം (യേശു) എന്നിവയുടെ അർത്ഥം ഉപയോഗിച്ച് വാക്കുകൾ കൊണ്ടുള്ള ഒരു കളിയാണിത്. ഒന്ന് ഭൗതിക ജീവൻ നൽകുകയും നിലനിർത്തുകയും ചെയ്യുന്നു. എങ്കിലും തുടർന്നുകൊണ്ടിരിക്കണം, എന്നാലും മരണത്തെ തടയാനതിനു കഴികയില്ല. മറ്റേത് നിത്യജീവൻ നൽകുകയും നിലനിർത്തുകയും ചെയ്യുന്നു. എങ്കിലും സ്വീകരിക്കുകയും പോഷിപ്പിക്കുകയും വേണം, അത് ആത്മിക മരണത്തിന് (ദൈവവുമായുള്ള തകർന്ന ബന്ധം; പാപവും സ്വയവുമായുള്ളആത്മാർത്ഥ കൂട്ടായ്മ) ഉടൻ വിരാമമിടുന്നു.

**6:51 "ജീവനുള്ള അപ്പം ഞാൻ ആകുന്നു"** യോഹന്നാന്റെ സുവിശേഷത്തിലെ പ്രസിദ്ധമായ "ഞാൻ ആകുന്നു" പ്രസ്താവനകളിൽ ഒന്നാണിത് (ഒ.നോ. 6:35,48,51). തന്റെ ആളത്വത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നതിനുള്ള യേശുവിന്റെ ഭാഷാപരമായ മാർഗ്ഗമാണിത്. വെളിപ്പാടുപോലെ രക്ഷയും ആത്യന്തികമായി ഒരു വ്യക്തിയാണ്.

▣ **"ലോകത്തിന്റെ ജീവന്നു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു"** നമ്മുടെ കേന്ദ്ര ആവശ്യം കേവലം ഭക്ഷണമല്ല, യേശു തന്നെയാണ് എന്ന് ഉയർത്തിക്കാട്ടുന്ന ഒരു സാദൃശ്യമാണിത്. ഈ പ്രയോഗം 1:14 മായി ബന്ധപ്പെടുന്നതാണ്.

**യോഹന്നാൻ 6:52-59**

[52]ആകയാൽ യെഹൂദന്മാർ: നമുക്കു തന്റെ മാംസം തിന്നേണ്ടതിന്നു തരുവാൻ ഇവന്നു എങ്ങനെ കഴിയും എന്നു പറഞ്ഞു തമ്മിൽ വാദിച്ചു. [53]യേശു അവരോടു പറഞ്ഞതു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. [54]എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന്നു നിത്യജീവൻ ഉണ്ടു; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. [55]എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു. [56]എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. [57]ജീവനുള്ള പിതാവു എന്നെ അയച്ചിട്ടു ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും. [58]സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പം ഇതു ആകുന്നു; പിതാക്കന്മാർ തിന്നുകയും മരിക്കയും ചെയ്തതുപോലെ അല്ല; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. [59]അവൻ കഫർന്നഹൂമിൽ ഉപദേശിക്കുമ്പോൾ പള്ളിയിൽവെച്ചു ഇതു പറഞ്ഞു.

6:52
**NASB** **"വാദിച്ചു"**
**NKJV** **"ശണ്ഠയിട്ടു"**
**NRSV** **"തർക്കിച്ചു"**
**TEV** **"കോപിച്ചു തർക്കിച്ചു"**
**NJB** **"തർക്കം"**

അപൂർണ്ണകാലം സൂചിപ്പിക്കുന്നത് ഒന്നിന്റെ തുടക്കത്തെ അല്ലെങ്കിൽ മുമ്പു നടന്നുവന്ന ഒന്നിന്റെ തുടർച്ചയെയാണ്. അടിപിടിയെ സൂചിപ്പിക്കുന്ന ശക്തമായ ഗ്രീക്കു പദമാണിത് (ഒ.നോ. പ്രവൃ. 7:26; 2 തിമൊ. 2:23-24; തീത്തൊ. 3:9). 2 കൊരി. 7:5; യാക്കോ. 4:2-1 ൽ ആലങ്കാരികമായും ഉപയോഗിച്ചിരിക്കുന്നു.

▣ **"തന്റെ മാംസം തിന്നേണ്ടതിന്നു തരുവാൻ ഇവന്നു എങ്ങനെ കഴിയും"** യോഹന്നാന്റെ സുവിശേഷത്തിൽ യേശു ആലങ്കാരിക ഭാഷയിലാണു സംസാരിക്കുന്നത്. അത് തുടർമാനമായി ആക്ഷരിക കാര്യമായി തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തു: (1) നിക്കോദേമൊസ്, 3:4; (2) ശമര്യാ സ്ത്രീ, 4:11; (3) യെഹൂദ പുരുഷാരം, 6:52; (4) ശിഷ്യന്മാർ, 11:11.

6:53-57 വാ. 53 ലെയും 54 ലെയും ക്രിയകൾ വളരെ താല്പര്യജനകമാണ്. വാ. 53 ൽ "തിന്നുക," "കുടിക്കുക" എന്നിവ സ്വമേധയാ മുൻകയ്യെടുത്തു ചെയ്യുന്ന ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന സാമാന്യ കർത്തരി അനുബന്ധങ്ങളാണ്. വാ. 54 ലെ "തിന്നുക," "കുടിക്കുക" എന്നിവ തുടർപ്രവൃത്തിയെ കുറിക്കുന്ന വർത്തമാന കാല കർത്തരി അപൂർണ്ണക്രിയകളുമാണ് (ഒ.നോ. വാ. 56,57,58). ഒരുവൻ യേശുവിനോട് പ്രാരംഭമായി പ്രതികരിക്കുകയും തുടർന്നും പ്രതികരിച്ചുകൊണ്ടിരിക്കുകയും വേണം എന്ന ഊന്നലാണിതു നൽകുന്നതെന്നു വ്യക്തമാണ് (ഒ. നോ. വാ. 44).

ഈ വാക്യം അക്ഷരികമായി എടുത്തതാണ് രക്തം കുടിക്കുന്നതു സംബന്ധിച്ച ഭയം യെഹൂദന്മാരിൽ ഉണ്ടാകുവാൻ കാരണം (ഒ.നോ. ലേവ്യ. 17:10-14). മരുഭൂമിയിലെ മന്നായെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകളെ ആക്ഷരാർത്ഥത്തിൽ എടുത്ത് (ഒ.നോ. വാ. 58) അവയെ കർത്തൃമേശയോടു ബന്ധപ്പെട്ട ആക്ഷരിക വചനങ്ങളായി ബന്ധിപ്പിക്കുന്നത് സാഹിത്യപരമായ ലക്ഷ്യത്തോടെ ഉപയോഗിച്ചിരിക്കുന്ന ചരിത്ര പശ്ചാത്തലത്തെയും സാഹിത്യ സന്ദർഭത്തെയും ദുരുപയോഗപ്പെടുത്തുന്നതിനു തുല്യമാണ്.

**6:54 "മാംസം ... രക്തം"** "ഹൃദയം" എന്നതുപോലെ മുഴു ആളത്ത്വത്തെയും കുറിക്കുന്ന യെഹൂദ ശൈലിയാണിത്.

6:55 "സാക്ഷാൽ ഭക്ഷണവും ... സാക്ഷാൽ പാനീയവും" യോഹന്നാന്റെ സവിശേഷമായ, സത്യമായ/സത്യം എന്ന പദത്തിന്റെ ഉപയോഗമാണിത് താഴെക്കാണുന്ന പ്രത്യേക പഠനവിഷയം ശ്രദ്ധിക്കുക. മറ്റു പുതിയ നിയമ എഴുത്തുകാർക്ക് വളരെക്കാലത്തിനുശേഷം എഴുതുന്ന യോഹന്നാൻ, അനേക ദുരുപദേശങ്ങളുടെ വളർച്ച കണ്ടതാണ് (യോഹന്നാൻ സ്നാപകനു ലഭിച്ച പ്രാധാന്യം, കൂദാശകൾക്കു ലഭിച്ച അമിത പ്രാധാന്യം, മാനുഷിക ജ്ഞാനത്തിനു ലഭിച്ച അമിത പ്രാധാന്യം - ഗ്നോസ്റ്റിസിസം).

## പ്രത്യേക പഠനവിഷയം: "സത്യം" യോഹന്നാന്റെ എഴുത്തുകളിൽ (ലെ ആശയം)

ഒരർത്ഥത്തിൽ യോഹന്നാൻ ലോഗോസിന്റെ (ഒ.നോ. 1:1-14) കാര്യത്തിൽ ചെയ്തതുപോലെ "സത്യ"ത്തിന്റെ (*അലീതേയിയ-ἀληθεια*) എബ്രായ പശ്ചാത്തലവും ഗ്രീക്കു പശ്ചാത്തലവും സംയോജിപ്പിക്കുന്നു. എബ്രാ

യയിൽ *എമേത്ത്* (BDB 53) സത്യമായത് അഥവാ വിശ്വാസയോഗ്യമായത് എന്നതിനെ സൂചിപ്പിക്കുന്നു (സെപ്റ്റ്വജിന്റിൽ മിക്കപ്പോഴും *പിസ്റ്റിയുഓ* (*πιστευω*) എന്നതിനോടു ചേർത്ത്). ഇതു യോഹന്നാന്റെ ദ്വന്ദ്വ വാദത്തിനു യേജിച്ചതാണ്. ദൈവം തന്നത്തന്നെ പുത്രനിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. *അലീതേയിയ-αληθεια* യുടെ അർത്ഥം വെളിച്ചത്തു കൊണ്ടുവരിക, വെളിപ്പെടുത്തുക, വ്യക്തമായി പ്രദർശിപ്പിക്കുക എന്നാണ്). വിവിധ നിലകളിൽ ഇത് വെളിപ്പെടുത്തിയിരിക്കുന്നു.

1. നാമം, *അലീതേയിയ-αληθεια* സത്യം
   a. യേശു കൃപയും സത്യവും നിറഞ്ഞവൻ (ഒ.നോ. 1:14,17 – പഴയ ഉടമ്പടി പദങ്ങൾ)
   b. യോഹന്നാന്റെ സാക്ഷ്യത്തിന്റെ ശ്രദ്ധാകേന്ദ്രം യേശുവായിരുന്നു (ഒ.നോ. 1:32-34; 18:37 – അവസാന പഴയനിയമ പ്രവാചകൻ)
   c. യേശു സത്യം സംസാരിക്കുന്നു (ഒ.നോ. 8:4,44,45,46 – വെളിപ്പാട് സ്ഥാനീയവും വ്യക്തിപരവുമാണ്)
   d. യേശു വഴിയും സത്യവും ജീവനും ആകുന്നു (ഒ.നോ. 14:6)
   e. യേശു സത്യത്തിൽ അവരെ ശുദ്ധീകരിക്കുന്നു
   f. യേശു (ലോഗോസ്, 1:1-3) ആണ് സത്യം (ഒ.നോ. 17:17)
2. നാമവിശേഷണം, *അലീതീസ്-αληθης*, സത്യമായത്, വിശ്വാസയോഗ്യമായത്
   a. യേശുവിന്റെ സാക്ഷ്യം (ഒ.നോ. 5:31-31; 7:18; 8:13-14)
   b. യേശുവിന്റെ ന്യായവിധി (ഒ.നോ. 8:16)
3. നാമവിശേഷണം, *അലീതീനുസ്-αληθινς*, യഥാർത്ഥമായത്, സാക്ഷാൽ
   a. യേശു സത്യവെളിച്ചം ആകുന്നു (ഒ.നോ. 1:9)
   b. യേശു സാക്ഷാൽ അപ്പം ആകുന്നു (ഒ.നോ. 6:32)
   c. യേശു സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (ഒ.നോ. 15:1)
   d. യേശു സത്യ സാക്ഷി ആകുന്നു (ഒ.നോ. 19:35)
4. ക്രിയാവിശേഷണം, *അലീതോസ്-αληθως*, സത്യമായി
   a. യേശു ലോകത്തിന്റെ വെളിച്ചമെന്ന് ശമര്യക്കാരുടെ സാക്ഷ്യം (ഒ.നോ. 4:42)
   b. മോശെയുടെ കാലത്തെ മന്നായ്ക്കു വിപരീതമായി യേശു സാക്ഷാൽ ഭക്ഷണവും പാനീയവും (ഒ.നോ. 6:65)

സത്യം എന്ന പദവും അതിന്റെ വകഭേദങ്ങളും യേശുവിനെക്കുറിച്ചുള്ള മറ്റുള്ളവരുടെ സാക്ഷ്യം *അലീതീസ്-αληθης* ആണെന്നു വെളിപ്പെടുത്തുന്നു
   a. യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം സത്യം ആകുന്നു (ഒ.നോ. 10:41)
   b. യോഹന്നാന്റെ (എഴുത്തുകാരൻ) സാക്ഷ്യം സത്യം ആകുന്നു (ഒ.നോ. 19:35; 21:24)
   c. യേശു സത്യപ്രവാചകനെന്നു കണ്ടു (ഒ.നോ. 6:14; 7:40)

പുതിയ നിയമത്തിലെയും പഴിയനിയമത്തിലെയും സത്യത്തെക്കുറിച്ചുള്ള നല്ലൊരു ചർച്ചയ്ക്ക് ജോർജ്ജ് ഈ. ലാഡിന്റെ *എ ന്യൂ ടെസ്റ്റമെന്റ് തിയോളജി*, പേജ് 263-269 കാണുക.

**6:56 "എന്നിലും ഞാൻ അവനിലും വസിക്കുന്നു"** ഇതേ സത്യം യോഹന്നാൻ 15:4-7; 1 യോഹ. 2:6,27,28; 3:6,24 ലും കാണാം. 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക കാണുക. വിശുദ്ധന്മാരുടെ സ്ഥിരതയെക്കുറിച്ച് പുതിയ നിയമത്തിൽ തുടർമാനമായി കാണുന്ന ഊന്നലാണിത് (ഒ.നോ. ഗലാ. 6:9 ; വെളി. 2:7,11,17,26; 3:5,12,21, 8:31 ലെ പ്രത്യേക പഠനവിഷയം കാണുക). യഥാർത്ഥ പ്രതികരണം വിലയിരുത്തപ്പെടുന്നത് തുടർമാനമായ പ്രതികരണത്താലാണ്. സ്ഥിരതയെക്കുറിച്ചുള്ള ഈ ഊന്നലാണ് അമേരിക്കൻ സുവിശേഷീകരണത്തിലെ നഷ്ടപ്പെട്ട ഘടകം. ഒരുവൻ വിശ്വാസത്തിൽ ആരംഭിച്ചാൽ മാത്രം പോരാ, വിശ്വാസത്തിൽ അവസാനിക്കുകയും വേണം (എബ്രായർ 11). യോനാഥാൻ എഡ്വേർഡ്സ് പറഞ്ഞു, "ഒരുവൻ അന്ത്യംവരെ പിടിച്ചുനില്ക്കുന്നു എന്നതാണ് തിരഞ്ഞെടുപ്പിന്റെ ഉറപ്പായ തെളിവ്." ഡബ്ല്യൂ. റ്റി. കോണർ പറഞ്ഞു, "രക്ഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു മനുഷ്യന്റെ രക്ഷ, നിത്യത മുതൽ നിത്യത വരെ ദൈവത്തിന്റെ മനസ്സിലും ഉദ്ദേശ്യത്തിലും ഉറപ്പായ കാര്യമാണ്, എങ്കിലും അത് വിശ്വാസത്തിൽ, സ്ഥിരമായതും വിജയിക്കുന്നതുമായ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതുമാണ്."

**6:57 "ജീവനുള്ള പിതാവ്"** ഈ പ്രയോഗം അതുല്യമാണെങ്കിലും ഈ ആശയം ബൈബിളിൽ കൂടെക്കൂടെ കാണാവുന്നതാണ്. ദൈവത്തിന്റെ ഈ പേരിന്റെ ഉത്ഭവത്തെ വിവിധ നിലകളിൽ വ്യാഖ്യാനിക്കാവുന്നതാണ്.

1. ഉടമ്പടി ദൈവത്തിന്റെ അടിസ്ഥാന നാമം (ഒ.നോ. പുറ. 3:12,14-16; 6:2-3; 6:20 ലെ പ്രത്യേക പഠനവിഷയം കാണുക)
2. "എന്നാണ" അല്ലെങ്കിൽ "യഹോവയാണ" എന്ന ദൈവത്തിന്റെ ആണ (ഒ.നോ. സംഖ്യ. 14:21,28; യെശ. 49:18; യിരെ. 4:2)
3. ദൈവത്തെക്കുറിച്ചുള്ള വിവരണമായി (ഒ.നോ. സങ്കീ. 42:2; 84:2; യോശു. 3:10; യിരെ. 10:10; ദാനീ. 6:20,26; ഹോശേ. 1:10; മത്താ. 16:16; 26:63; പ്രവൃ. 14:15; റോമ. 9:26; 2 കൊരി. 3:3; 6:16; 1 തെസ്സ. 1:9; 1 തിമൊ. 3:15;

4:19; എബ്രാ. 3:12; 9:14; 10:21; 12:22; വെളി. 7:2)

4. പിതാവിന് തന്നിൽതന്നെ ജീവനുണ്ടെന്നും അവനതു പുത്രനു നല്കിയിരിക്കുന്നു എന്നും 5:26 ലെ പ്രസ്താവനയും പിതാവ് മരിച്ചവരെ ഉയർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും ചെയ്യുന്നു എന്ന 5:21 ലെ പ്രസ്താവനയും

**6:58** ഇത് പഴയനിയമവും പുതിയനിയമവും യേശുവും മോശെയും തമ്മിലുള്ള താരതമ്യമാണ്.

▣ **"പിതാക്കന്മാർ തിന്നുകയും മരിക്കയും ചെയ്തതുപോലെ"** വംശാവലിയിലൂടെ അല്ലെങ്കിൽ മോശൈക ന്യായപ്രമാണത്തിലൂടെ രക്ഷയെ നിരസിക്കുന്നു എന്നു സൂചിപ്പിക്കുന്ന ദൈവശാസ്ത്ര ഉദ്ദേശ്യത്തെ ഇവിടെ നിറവേറ്റുന്നു (ഒ.നോ. 8:33-39)

▣ **"എന്നേക്കും"** താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: എന്നേക്കും (*ഒലാം*)

ഒലാം, עולם (BDB 761) എന്ന എബ്രായ പദത്തിന്റെ വ്യുത്പത്തി നിശ്ചയമില്ല (NIDOTTE, vol. 3, p. 345). വിവിധ അർത്ഥങ്ങളിൽ അതുപയോഗിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഉദാഹരണങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

1. പുരാതന കാര്യങ്ങൾ
   a. ആളുകൾ, ഉല്പ. 6:4; 1 ശമൂ. 27:8; യിരെ. 5:15; 28:8
   b. സ്ഥലങ്ങൾ, യെശ. 58:12; 61:4
   c. ദൈവം, സങ്കീ. 93:2; സദൃ. 8:23; യെശ. 63:16
   d. വസ്തുക്കൾ, ഉല്പ. 49:26; ഇയ്യോ. 22:15; സങ്കീ. 24:7,9; യെശ. 46:9
   e. സമയം, ആവ. 32:7; യെശ. 51:9; 63:9,11
2. ഭാവികാലം
   a. ഒരുവന്റെ ജീവിതം, പുറ. 21:6; ആവ. 15:17; 1 ശമൂ. 1:22; 27:12
   b. രാജാവിനുള്ള പുകഴ്ച, 1 രാജാ. 1:31; സങ്കീ. 61:7; നെഹെ. 2:3
   c. തുടർമാനമായ നിലനില്പ്
      (1) ഭൂമി, സങ്കീ. 78:69; 104:5; സഭാ. 1:4
      (2) ആകാശം, സങ്കീ. 148:6
   d. ദൈവിക ആസ്തിക്യം
      (1) ഉല്പ. 21:33
      (2) പുറ. 15:18
      (3) ആവ. 32:40
      (4) സങ്കീ. 93:2
      (5) യെശ. 40:28
      (6) യിരെ. 10:10
      (7) ദാനീ. 12:7
   e. ഉടമ്പടി
      (1) ഉല്പ. 9:12,16; 17:7,13,19
      (2) പുറ. 31:16
      (3) ലേവ്യ. 24:8
      (4) സംഖ്യ. 18:19
      (5) 2 ശമൂ. 23:5
      (6) സങ്കീ. 105:10
      (7) യെശ. 24:5; 55:3; 61:8
      (8) യിരെ. 32:40; 50:5
   f. ദാവീദിനോടുള്ള പ്രത്യേക ഉടമ്പടി
      (1) 2 ശമൂ. 7:13,16,25,29; 22:51; 23:5
      (2) 2 രാജാ. 2:33,34; 9:5
      (3) 2 ദിന. 13:5
      (4) സങ്കീ. 18:50; 89:4,28,36,37
      (5) യെശ. 9:7; 16:5; 37:35; 55:3
   g. ദൈവത്തിന്റെ മശിഹാ
      (1) സങ്കീ. 45:2; 72:17; 89:35-36; 110:4

(2) യെശ. 9:6

h. ദൈവത്തിന്റെ ന്യായപ്രമാണം
   (1) പുറ. 29:28; 30:21
   (2) ലേവ്യ. 6:18,22; 7:34; 10:15; 24:9
   (3) സംഖ്യ. 18:8,11,19
   (4) സങ്കീ. 119:89,160
   (5) യെശ. 59:21

i. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ
   (1) 2 ശമൂ. 7:13,16,25; 22:51
   (2) 1 രാജാ. 9:5
   (3) സങ്കീ. 18:50
   (4) യെശ. 40:8

i. അബ്രാഹാമിന്റെ സന്തതികളും വാഗ്ദത്ത ദേശവും
   (1) ഉല്പ. 13:15; 17:18; 48:4
   (2) പുറ. 32:13
   (3) 1 ദിന. 16:17

k. ഉടമ്പടി ഉത്സവങ്ങൾ
   (1) പുറ. 12:14,17,24
   (2) ലേവ്യ. 23:14,21,41
   (3) സംഖ്യ. 10:8

l. എന്നും എന്നേക്കും
   (1) 1 രാജാ. 8:13
   (2) സങ്കീ. 61:7–8; 77:8; 90:2; 103:17; 145:13
   (3) യെശ. 26:4; 45:17
   (4) ദാനീ. 9:24

m. വിശ്വാസികൾ നിത്യമായി ചെയ്യുന്നതിനെക്കുറിച്ചു സങ്കീർത്തനങ്ങൾ പറയുന്നത്
   (1) സ്തോത്രം ചെയ്യും, സങ്കീ. 30:12; 79:13
   (2) അവന്റെ സന്നിധിയിൽ വസിക്കും, സങ്കീ. 41:12; 61:4,7
   (3) അവന്റെ കരുമയിൽ ആശ്രയിക്കും, സങ്കീ. 52:8
   (4) യഹോവയെ സ്തുതിക്കും, സങ്കീ. 52:9
   (5) സ്തുതി പാടും, സങ്കീ. 61:7; 89:1
   (6) അവന്റെ നീതിയെ ഘോഷിക്കും, സങ്കീ. 75:9
   (7) അവന്റെ നാമത്തെ മഹത്വപ്പെടുത്തും, സങ്കീ. 86:12; 145:2
   (8) അവന്റെ വാഴ്ത്തും, സങ്കീ. 145:1

3. മുൻകാല സമയവും പില്ക്കാല സമയവും (“നിത്യതമുതൽ നിത്യതവരെ”)
   a. സങ്കീ. 41:3 (ദൈവത്തെ സ്തുതിക്കുക)
   b. സങ്കീ. 90:2 (ദൈവം)
   c. സങ്കീ. 103:17 (യഹോവയുടെ ദയ)

ഓർക്കുക, സന്ദർഭമാണ് പദത്തിന്റെ അർത്ഥം നിശ്ചയിക്കുന്നത്. നിത്യനിയമങ്ങളും വാഗ്ദത്തങ്ങളും സോപാധികമാണ് (അതാ. യിരെമ്യാവ് 7). വളരെ വഴക്കമുള്ള ഈ പദത്തിന്റെ ഓരോ പഴയ നിയമ ഉപയേഗവും നിങ്ങളുടെ ആധുനിക പരിഭാഷയോ അല്ലെങ്കിൽ വ്യവസ്ഥിത ദൈവശാസ്ത്രമോ ഉപയോഗിച്ചു വായിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. പുതിയനിയമം പഴയനിയമ വാഗ്ദത്തങ്ങളെ സാർവ്വലൗകികമാക്കിയിരിക്കുന്നു.

**6:59** യേശു തന്റെ കാലത്തെ യെഹൂദമതമാണ് അനുഷ്ഠിച്ചിരുന്നത്. അവൻ സിനഗോഗ് സ്കൂളിൽ പഠിക്കുകയും, ഒരു സിനഗോഗിൽ (പള്ളി) ആരാധിക്കുകയും സിനഗോഗിൽ പഠിപ്പിക്കുകയും ചെയ്തു. ന്യാപ്രമാണത്തിന്റെ മുഴുവൻ നിയമങ്ങളും അവൻ അനുസരിച്ചു.

ബാബേൽ പ്രവാസകാലത്താണ് സിനഗോഗ് അടിസ്ഥാനപരമായി ആരംഭിച്ചത് (എ.ഡി. 605–538). കുറഞ്ഞത് 10 യെഹീദ പുരുഷന്മാർ ഉള്ള എല്ലാ സ്ഥലത്തും അവർ ആരാധനയ്ക്കും ന്യായപ്രമാണ പഠനത്തിനുമായി സിനഗോഗുകൾ ആരംഭിച്ചു. ഇവ യെഹൂദ സംസ്കാരങ്ങളുടെയും ആചാരങ്ങളുടെയും സംരക്ഷണ കേന്ദ്രങ്ങളായി മാറി. യെഹൂദന്മാർ യെഹൂദ്യയിലേക്കും ദൈവാലയ ആരാധനയിലേക്കും മടങ്ങിവന്നപ്പോൾ ഈ പ്രാദേശിക കേന്ദ്രങ്ങളെ അനർ നിലനിർത്തി.

യേശു എപ്പോഴാണ് കഫർന്നഹൂമിലെ പള്ളിയിൽ പ്രവേശിച്ചതെന്ന് അധ്യായം 6 ൽ പറയുന്നില്ല (ഒ.നോ. വാ. 24).

**യോഹന്നാൻ 6:60–65**

**[60]അവന്റെ ശിഷ്യന്മാർ പലരും അതു കേട്ടിട്ടു; ഇതു കഠിനവാക്കു, ഇതു ആർക്കു കേൾപ്പാൻ കഴിയും**
**എന്നു പറഞ്ഞു. [61]ശിഷ്യന്മാർ അതിനെച്ചൊല്ലി പിറുപിറുക്കുന്നതു യേശു തന്നിൽത്തന്നേ അറിഞ്ഞു**
**അവരോടു: ഇതു നിങ്ങൾക്കു ഇടർച്ച ആകുന്നുവോ? [62]മനുഷ്യപുത്രൻ മുമ്പെ ഇരുന്നേടത്തേക്കു കയറിപ്പോ**
**കുന്നതു നിങ്ങൾ കണ്ടാലോ? [63]ജീവിപ്പിക്കുന്നതു ആത്മാവു ആകുന്നു; മാംസം ഒന്നിന്നും ഉപകരി**
**ക്കുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. [64]എങ്കിലും വിശ്വസി**
**ക്കാത്തവർ നിങ്ങളുടെ ഇടയിൽ ഉണ്ടു എന്നു പറഞ്ഞു. വിശ്വസിക്കാത്തവർ ഇന്നവർ എന്നും തന്നെ**
**കാണിച്ചുകൊടുക്കുന്നവൻ ഇന്നവൻ എന്നും യേശു ആദിമുതൽ അറിഞ്ഞിരുന്നു. [65]ഇതു ഹേതുവായിട്ട**
**ത്രേ ഞാൻ നിങ്ങളോടു: പിതാവു കൃപ നല്കീട്ടല്ലാതെ, ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല**
**എന്നു പറഞ്ഞതു എന്നും അവൻ പറഞ്ഞു.**

6:60 **"ശിഷ്യന്മാർ പലരും"** "ശിഷ്യൻ" എന്ന ഈ പദത്തിന് വിശാലമായ അർത്ഥമാണുള്ളത്. യോഹന്നാനിൽ ഈ പദവും "വിശ്വസിക്കുക" എന്ന പദവും (1) യഥാർത്ഥ അനുയായികൾ (വാ. 68), (2) താല്കാലിക അനുയായികൾ (വാ. 64; ഒ.നോ. 8:31–47) എന്നീ രണ്ട് അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്.

▣ "കേൾപ്പാൻ കഴിയും" "കേൾക്കുക" (*അക്കൂവോ, ακουω*) എന്ന പദത്തിന്റെ ഒരു വിന്യാസം ഇവിടെ കാണാം. അവർ യേശുവിന്റെ വാക്കുകൾ കേട്ടു, പക്ഷേ അവർക്കതു മനസ്സിലാകുകയോ അതനുസരിച്ച് അവർ പ്രവർത്തിക്കുകയോ ചെയ്തില്ല. ഈ അർത്ഥത്തിൽ ഈ ഗ്രീക്കു പദം എബ്രായ *ഷേമാ* യ്ക്കു തുല്യമാണ് (അവ. 4:1; 5:1; 6:3,4; 27:9–10).

6:62 ഇത് അവസാനമില്ലാത്തതും അപൂർണ്ണവുമായ ഉത്തമ പുരുഷ സോപാധിക വാചകമാണ്. അവരതു കാണുമെന്ന സൂചനയാണുള്ളത് (ഒ.നോ. പ്രവൃ. 1). യേശുവിന്റെ മരണം/പുനരുത്ഥാനം/സ്വർഗ്ഗാരോഹണം, ആത്മാവിന്റെ അവരോഹണം എന്നിവയ്ക്കുശേഷം യേശുവിന്റെ ഉപദേശങ്ങളും പ്രവൃത്തികളും എല്ലാം തന്നെ അവർക്ക് അർത്ഥവത്തായിത്തീർന്നു.

▣ "മുമ്പെ ഇരുന്നേടത്തേക്കു കയറിപ്പോയാലോ" "യേശു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നു" എന്നതിന്റെ തുടർമാനമായ ഊന്നലാണിത്. സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പമുള്ള അവന്റെ പൂർവ്വാസ്തിക്യത്തെയും സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പമുള്ള അവന്റെ ആഴമായ ബന്ധത്തെയുമാണിതു കാണിക്കുന്നത് (ഒ.നോ. 17:5, 24).

# പ്രത്യേക പഠനവിഷയം: സ്വർഗ്ഗാരോഹണം

യേശു സ്വർഗ്ഗത്തിലേക്കു തിരികെ പോയതിനെ വിവരിക്കുവാൻ വിവിധ ഗ്രീക്കു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പ്രവൃ. 1:2,11,22; *അനാലംബാനോ* (*αναλαμβανω*) എടുക്കപ്പെടുക (ഒ.നോ. 1 തിമൊ. 3:16). ഇത് 2 രാജാ. 2:9,11 ൽ ഏലീയാവിനെ സ്വർഗ്ഗത്തിലേക്ക് എടുക്കുന്നതിനും കൂടാതെ 1 മക്കാബ്യർ 2:58 ലും ഉപയോഗിച്ചിട്ടുണ്ട്.

1. പ്രവൃ. 1:9, *എപ്പൈറാവോ* (*επαιρω*), ഉയർത്തുക, പൊക്കുക, ഉയർത്തി നിർത്തുക
2. ലൂക്കൊസ് 9:51, *അനാലെപ്സിസ്* (*ανελεψις*) (#1 നു തുല്യം)
3. *ഡിയീസ്റ്റെമി* (*διιστεμι*), വാങ്ങിപ്പോകുക
4. യോഹ. 6:62, *അനാബായിനോ* (*αναβαινω*) ആരോഹണം ചെയ്യുക

ഈ സംഭവം മത്തായിയുടെയോ മർക്കൊസിന്റെയോ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മർക്കൊസിന്റെ സുവിശേഷം 16:8 ൽ അവസാനിക്കുന്നു, എന്നാൽ പിന്നീടുള്ള മൂന്നു പില്ക്കാല കൂട്ടിച്ചേർക്കലുകളിൽ 16:19 ൽ (അതാ. *അനാലംബാനോ* (*αναλαμβανω*) ഈ സംഭവത്തെ വിവരിക്കുന്നുണ്ട്.

6:63 6–ാം അധ്യായത്തിലെ വിശാല സന്ദർഭത്തിൽ, ഈ വാക്യം, പഴയ നിയമത്തിനെതിരായി പുതിയ നിയമത്തെയും മോശെയ്ക്കെതിരായി യേശുവിനെയും പരാമർശിക്കുന്നതാകാൻ സാധ്യതയുണ്ട് (ഒ.നോ. വാ. 58; 2 കൊരി. 3:6, ഈ രണ്ടു നിയമങ്ങളുടെയും താരതമ്യം എബ്രായലേഖനത്തിൽ കാണുക).

▣ **"ജീവിപ്പിക്കുന്നതു ആത്മാവാകുന്നു"** യേശുവിനെയും ആത്മാവിനെയും ഒരുപോലെ സൂചിപ്പിക്കാനുപയോഗിക്കുന്ന അനേക പ്രയോഗങ്ങളിൽ ഒന്നാണിത്.

1. ആത്മാവ് ജീവൻ നല്കുന്ന ജലം (7:38–39)
2. യേശു ജീവജലം ആകുന്നു (4:10–14)
3. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവാകുന്നു (14:17; 15:26; 16:13)
4. യേശു സത്യമാകുന്നു (14:6)
5. പരിശുദ്ധാത്മാവ് കാര്യസ്ഥൻ (ആശ്വാസപ്രദൻ) ആകുന്നു (14:16,26; 15:26; 16:7)
6. യേശു കാര്യസ്ഥൻ (ആശ്വാസപ്രദൻ) ആകുന്നു (1 യോഹ. 2:1)

14:16 ലെ പ്രത്യേക പഠനവിഷയം കാണുക

ഈ വാക്യത്തിൽ "ആത്മാവ്" (*πνευμα*) രണ്ടു പ്രത്യേക അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണുക.

1. പരിശുദ്ധാത്മാവ് (ഒ.നോ. 1:32,33; 3:34; 7:39; 14:17; 15:26; 16:13)
2. ആത്മികം (ഒ.നോ. 4:24; 11:33; 13:21)

യോഹ. 3:5,6,8 ൽ ഏതർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നതെന്നു മനസ്സിലാക്കുക പ്രയാസകരമാണ്. യോഹന്നാനിൽ ആയതിനാൽ രണ്ടർത്ഥത്തിലുമാകാം.

## പ്രത്യേക പഠനവിഷയം: പുതിയനിയമത്തിൽ ആത്മാവ് (*πνευμα*)

"ആത്മാവ്" എന്നതിനുള്ള ഗ്രീക്കു പദം വിവിധ നിലകളിൽ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രാതിനിധ്യ സ്വഭാവമുള്ള ചില വകഭേദങ്ങളും ഉദാഹരണങ്ങളും ഇതാ.

A. ത്രിയേക ദൈവത്തിന്
   1. പിതാവിന് (ഒ.നോ. യോഹ. 4:24)
   2. പുത്രന് (ഒ.നോ. റോമ. 8:9-10; 2 കൊരി. 3:17; ഗലാ. 4:6; 1 പത്രൊ. 1:11)
   3. പരിശുദ്ധാത്മാവിന് (ഒ.നോ. മർക്കൊ. 1:11; മത്താ. 3:16; 10:20; യോഹ. 3:5,6,8; 7:39; 14:17; പ്രവൃ. 2:4; 5:9; 8:29,35; റോമ. 1:4; 8:11,16; 1 കൊരി. 2:4,10,11,13,14; 12:7)

B. മാനുഷിക പ്രാണന്
   1. യേശുവിന്റെ (ഒ.നോ. മർക്കൊ. 8:12; യോഹ. 11:33,38; 13:21)
   2. മനുഷ്യകുലത്തിന്റെ (ഒ.നോ. മത്താ. 22:43; പ്രവൃ. 7:59; 17:16; 20:22; റോമ. 1:9; 8:16; 1 കൊരി. 2:11; 5:3-5; 7:34; 15:45; 16:18; 2 കൊരി. 2:13; 7:13; ഫിലി. 4:23; കൊലൊ. 2:5)

C. ആത്മിക മണ്ഡലത്തിന്
   1. ആത്മിക ജീവികൾ
      a. നല്ലവർ (അതാ. ദൂതന്മാർ, ഒ.നോ. പ്രവൃ. 23:8-9; എബ്രാ. 1:14)
      b. ദുഷ്ടതയുള്ള (അതാ. പൈശാചിക, ഒ.നോ. മത്താ. 8:16; 10:1; 12:43,45; പ്രവൃ. 5:16; 8:7; 16:16; 19:12-21; എഫെ. 6:12)
      c. ഭൂതങ്ങൾ (ഒ.നോ. ലൂക്കൊ. 24:37)
   2. ആത്മിക വിവേചനം (ഒ.നോ. മത്താ. 5:3; 26:41; യോഹ. 3:6; 4:23; പ്രവൃ. 18:25; 19:21; റോമ. 2:29; 7:6; 8:4,10; 12:11; 1 കൊരി. 14:37)
   3. ആത്മിക കാര്യങ്ങൾ (ഒ.നോ. യോഹ. 6:63; റോമ. 2:29; 8:2,5,9,15; 15:27; 1 കൊരി. 9:11; 14:12)
   4. ആത്മിക വരങ്ങൾ (ഒ.നോ. 1 കൊരി. 12:1; 14:1)
   5. ആത്മാവിന്റെ പ്രചോദനം (ഒ.നോ. മത്താ. 22:43; ലൂക്കൊ. 2:27; എഫെ. 1:17)
   6. ആത്മിക ശരീരം (ഒ.നോ. 1 കൊരി. 15:44-45)

D. വകതിരിക്കുന്നു
   1. ലോകത്തിന്റെ മനോഭാവത്തെ (ഒ.നോ. റോമ. 8:15; 11:8; 1 കൊരി. 2:12)
   2. മനുഷ്യന്റെ ചിന്താപ്രക്രിയയെ (ഒ.നോ. പ്രവൃ. 6:10; റോമ. 8:6; 1 കൊരി. 4:2)

E. ഭൗതിക മണ്ഡലത്തിന്
   1. കാറ്റ് (ഒ.നോ. മത്താ. 7:25,27; യോഹ. 3:8; പ്രവൃ. 2:2)
   2. ശ്വാസം (ഒ.നോ. പ്രവൃ. 17:25; 2 തെസ്സ. 2:8)

ഈ പദം അതിന്റെ അപ്പോഴത്തെ സന്ദർഭമനുസരിച്ച് വ്യാഖ്യാനിക്കേണ്ടതാണെന്നു വ്യക്തമാകുന്നു. നമുക്കു പരിഗണിക്കാവുന്ന വിവിധ അർത്ഥങ്ങളാണിതിനുള്ളത്: (1) ഭൗതിക ലോകം; (2) അദൃശ്യ ലോകം; (3) ഈ ഭൗതിക ലോകത്തിലും ആത്മിക മണ്ഡലത്തിലും ഉള്ള വ്യക്തികൾ.

ചരിത്രത്തിന്റെ ഈ ഘട്ടത്തിൽ പരമാധികാരിയെന്ന നിലയിൽ പ്രവർത്തിക്കുന്ന ത്രിയേക ദൈവത്തിന്റെ ഭാഗമാണ് പരിശുദ്ധാത്മാവ്. നന്മയായതും വിശുദ്ധമായതും നേരായതും സത്യമായതും എല്ലാം അവനോടു ബന്ധപ്പെട്ടിരിക്കുന്നു. അവന്റെ സാന്നിധ്യവും വരങ്ങളും ശുശ്രൂഷയും സുവിശേഷത്തിന്റെ വ്യാപ്തിക്കും ദൈവരാജ്യത്തിന്റെ വിജയത്തിനും നിർണ്ണായകമായ ഘടകമാണ് (ഒ.നോ. യോഹ. 14, 16). അവൻ പാപബോധം വരുത്തുകയും, ബോധ്യം വരുത്തുകയും പ്രേരിപ്പിക്കുകയും സ്നാനപ്പെടുത്തുകയും സകല വിശ്വാസികളെയും വളർച്ചയിലേക്കു നയിക്കുകയും ചെയ്യുന്നു (ഒ.നോ. യോഹ. 16:8-11).

6:64 ഈ വ്യാജ അനുയായികളുടെ കൂട്ടത്തിൽ നിന്നും വ്യജ അനുയായിയെ - യൂദാ - വേർതിരിച്ചു കാണിക്കുന്നു (ഒ.നോ. വാ. 70-71; 13:11). വിശ്വാസത്തിന്റെ തലങ്ങളെ സംബന്ധിച്ച് മർമ്മം നിലനില്ക്കുന്നുണ്ട്.

# പ്രത്യേക പഠനവിഷയം: പിന്മാറ്റം (*അഫിസ്റ്റീമി - αφιστημι*)

(*അഫിസ്റ്റീമി - αφιστημι*) എന്ന ഗ്രീക്കു പദത്തിന് വളരം വിശാലമായ ഭാഷാപരമായ തലമുണ്ട്. ഇംഗ്ലീഷിലെ *അപ്പോസ്റ്റസി* ഇതിൽനിന്നുണ്ടായതാണ്. ആധുനിക വായനക്കാരിൽ മുൻവിധി നിറയ്ക്കാൻ പര്യാപ്തമാണ് ആ പദം. വർത്തമാനകാല നിർവ്വചനമല്ല, സന്ദർഭമാണ് അർത്ഥം മനസ്സിലാക്കാനുള്ള താക്കോൽ.

"...ൽനിന്ന്" എന്നർത്ഥമുള്ള *അപ്പോ*, "ഇരിക്കുക," "നിൽക്കുക," "ഉറപ്പിക്കുക" എന്നർത്ഥമുള്ള *ഹിസ്റ്റെമി* എന്നീ പദങ്ങളുടെ സംയുക്തമാണിത്. താഴെക്കൊടുത്തിരിക്കുന്ന (വേദശാസ്ത്രപരമല്ലാത്ത) ഉപയോഗങ്ങൾ ശ്രദ്ധിക്കുക:

1. ഭൗതികമായി നീക്കം ചെയ്യുക
   a. ദൈവാലയത്തിൽനിന്നും, ലൂക്കൊ. 2:37
   b. ഒരു വീട്ടിൽനിന്നും, മർക്കൊ. 13:34
   c. ഒരു വ്യക്തിയിൽനിന്നും, മർക്കൊ. 12:12; 14:50; പ്രവൃ. 5:38
   d. സകല കാര്യത്തിൽനിന്നും, മത്താ. 19:27,29
2. രാഷ്ട്രീയമായി നീക്കം ചെയ്യുക, പ്രവൃ. 5:37
3. ആപേക്ഷികമായി നീക്കം ചെയ്യുക, പ്രവൃ. 5:38; 15:38; 19:9; 22:29
4. നിയമപരമായി നീക്കം ചെയ്യുക (വിവാഹമോചനം), ആവ. 24:1,3 (LXX), മത്താ. 5:31; 19:7; മർക്കൊ. 10:4; 1 കൊരി. 7:11
5. ഒരു കടം നീക്കം ചെയ്യുക, മത്താ. 18:24
6. വിട്ടുപോകുന്നതിലൂടെ കരുതലില്ലായ്മ വെളിപ്പെടുത്തുക, മത്താ. 4:20; 22:27; യോഹ. 4:28; 16:32
7. വിട്ടുപോകാതിരിക്കുന്നതിലൂടെ കരുതൽ വെളിപ്പെടുത്തുക, യോഹ. 8:29; 14:18
8. അനുവദിക്കുക, സമ്മതിക്കുക, മത്താ. 13:30; 19:14; മർക്കൊ. 14:6; ലൂക്കൊ. 13:8

ദൈവശാസ്ത്രപരമായ അർത്ഥത്തിൽ ക്രിയയ്ക്ക് വിശാലമായ ഉപയോഗമാണുള്ളത്:

1. അസാധുവാക്കുക, ക്ഷമിക്കുക, പാപത്തിന്റെ കുറ്റം ക്ഷമിക്കുക, പുറ. 32:32 (LXX); സംഖ്യ. 14:19; ഇയ്യോ. 42:10; പുതിയ നിയമം, മത്താ. 6:12,14-15; മർക്കൊ. 11:25-26
2. പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക, 2 തിമൊ. 2:19
3. അകന്നു നിൽക്കുന്നതിലൂടെ അവഗണിക്കുക:
   a. ന്യായപ്രമാണം, മത്താ. 23:23; പ്രവൃ. 21:21
   b. വിശ്വാസം, യെഹെ. 20:8 (LXX); ലൂക്കൊ. 8:13; 2 തെസ്സ. 2:3; 1 തിമൊ. 4:1; എബ്രാ. 2:13

പുതിയ നിയമ എഴുത്തുകാർ ഒരിക്കലും ചിന്തിച്ചിട്ടുപോലുമില്ലാത്ത അനേക ദൈവശാസ്ത്ര ചോദ്യങ്ങൾ ആധുനിക വിശ്വാസികൾ ചോദിക്കും. ഇതിലൊന്ന് വിശ്വാസത്തെ വിശ്വസ്തതയിൽനിന്നും അകറ്റി നിർത്തുവാനുള്ള പ്രവണതയിൽനിന്നും വന്നതാണ്.

ദൈവജനത്തിൽ ഉൾപ്പെട്ടവരായ ചില ആളുകളെക്കുറിച്ചു ബൈബിളിൽ പറയുന്നുണ്ട്. അവർക്കു ചിലതു സംഭവിച്ചു.

I. പഴയ നിയമം
   A. ഒറ്റുനോക്കാൻ പോയ 12 (10) പേരുടെ റിപ്പോർട്ടു കേട്ടവർ, സംഖ്യ. 14 (ഒ.നോ. എബ്രാ. 3:16-19)
   B. കോരഹ്, സംഖ്യാ. 16
   C. ഏലിയുടെ പുത്രന്മാർ, 1 ശമൂ. 2, 4
   D. ശൗൽ, 1 ശമൂ. 11-31
   E. കള്ളപ്രവാചകന്മാർ (ഉദാഹരണങ്ങൾ)
      1. ആവ. 13:1-15; 18:19-22 (കള്ളപ്രവാചകനെ തിരിച്ചറിയാനുള്ള വഴികൾ)
      2. യിരെമ്യാവ് 28
      3. യെഹെസ്കേൽ 13:1-7
   F. കള്ളപ്രവാചകിമാർ
      1. യെഹെസ്കേൽ 13:17
      2. നെഹെമ്യാവ് 6:14
   G. യിസ്രായേലിന്റെ ദുഷ്ട പ്രമാണിമാർ (ഉദാഹരണങ്ങൾ)
      1. യിരെമ്യാവ് 5:30-31; 8:1-2; 23:1-4
      2. യെഹെസ്കേൽ 22:23-31
      3. മീഖാ 3:5-12
II. പുതിയ നിയമം
   A. ഈ ഗ്രീക്കു പദം അക്ഷരാർത്ഥത്തിൽ *പിന്മാറ്റുക* എന്നാണ്. രണ്ടാം വരവിനുമുമ്പ് ദുഷ്ടവും വ്യാജ

വുമായ ഉപദേശങ്ങളുടെ തീവ്രത വർദ്ധിക്കുമെന്ന് പഴയ നിയമവും പുതിയ നിയമവും ഒരുപോലെ മുന്നറിയിപ്പു തരുന്നു (ഒ.നോ. മത്താ. 24:24; മർക്കൊ. 13:22; പ്രവൃ. 20:29,30; 2 തെസ്സ. 2:9-12; 2 തിമൊ. 4:4). ഈ ഗ്രീക്കുപദം, മത്താ. 13; മർക്കൊ. 4; ലൂക്കൊസ് 8 എന്നിവിടങ്ങളിൽ കാണുന്ന വിതകാരന്റെ ഉപമയിൽ യേശു പറഞ്ഞ വാക്കുകളെ പ്രതിഫലിപ്പിക്കുന്നു. ഈ കള്ള ഉപദേഷ്ടാക്കൾ വിശ്വാസിക ളല്ലെന്നു വ്യക്തമാണ്, എങ്കിലും അവർ ഉള്ളിൽനിന്നും വന്നവരാണ് (ഒ.നോ. പ്രവൃ. 20:29-30; 1 യോഹ. 2:19).; എങ്കിലും അപക്വ വിശ്വാസികളെ നശിപ്പിക്കുവാനും പിടിച്ചെടുക്കുവാനും അവർക്കു കഴിയും (ഒ.നോ. എബ്രാ. 3:12).

കള്ള ഉപദേഷ്ടാക്കൾ എപ്പോഴെങ്കിലും വിശ്വാസികളായിരുന്നുവോ? എന്നതാണ് ദൈവശാസ്ത്ര ചോദ്യം. ഉത്തരം പറയാൻ പ്രയാസമുള്ള ചോദ്യമാണിത്, കാരണം അവർ പ്രാദേശിക സഭകളിലെ ദുരുപദേഷ്ടാക്കളായിരുന്നു (ഒ.നോ. 1 യോഹ. 2:18-19). പലപ്പോഴും നമ്മുടെ ദൈവശാസ്ത്ര അല്ലെ ങ്കിൽ സഭാവിഭാഗ പാരമ്പര്യങ്ങൾ ഇതിനുത്തരം നൽകുന്നത് കൃത്യമായ വേദപുസ്തക ഭാഗങ്ങൾ പഠിക്കാതെയാണ് (ഒരുവന്റെ വാദം സ്ഥാപിക്കുന്നതിനായി സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് ഉദ്ധരിക്കുന്ന രീതിയാണു കാണാൻ കഴിയുന്നത്).

B. വിശ്വാസത്തിന്റെ വ്യക്തത
1. യൂദാ, യോഹ. 17:12
2. ശിമോൻ മാഗസ്, പ്രവൃ. 8
3. മത്താ. 7:13-23 ൽ പറഞ്ഞിരിക്കുന്നവർ
4. മത്താ. 13; മർക്കൊസ് 4; ലൂക്കൊസ് 8 എന്നിവിടങ്ങളിൽ പറഞ്ഞിരിക്കുന്നവർ
5. യോഹന്നാൻ 8:31-39 ലെ യെഹൂദന്മാർ
6. അലക്സന്തരും ഹുമനയൊസും, 1 തിമൊ. 1:19-20
7. 1 തിമൊ. 6:21 ലെ ആളുകൾ
8. ഹുമനയൊസും ഫിലെത്തോസും, 2 തിമൊ. 2:16-18
9. ദേമാസ്, 2 തിമൊ. 4:10
10. കള്ള ഉപദേഷ്ടാക്കൾ, 1 പത്രൊ. 2:19-22; യൂദാ വാ. 12-19
11. എതിർക്രിസ്തു, 1 യോഹ. 2:18-19

C. ഫലമില്ലാത്ത വിശ്വാസം
1. 1 കൊരി. 3:10-15
2. 2 പത്രൊസ് 1:8-11

ഇന്ന രീതിയിൽ പ്രതികരിക്കണമെന്ന് നിർദ്ദേശിക്കുന്ന നമ്മുടെ വ്യവസ്ഥിത ദൈവശാസ്ത്രം നിമിത്തം (കാൽവിനിസം, അർമ്മീനിയനിസം ആദി.) ഈ വേദഭാഗങ്ങളെക്കുറിച്ച് നാം അപൂർവ്വമായി മാത്രമേ ചിന്തി ക്കാറുള്ളു. ഞാൻ ഈ വിഷയം എടുത്തിട്ടതിനാൽ എന്നെ മുൻവിധിയോടെ കാണരുത്. എന്റെ വിഷയം ശരി യായ വേദപുസ്തക വ്യാഖ്യാനമാണ്. ബൈബിൾ നമ്മോടു സംസാരിക്കുവാൻ അനുവദിക്കുക, മുൻകൂട്ടി തീരുമാനിച്ച ദൈവശാസ്ത്രത്തിലൂടെ അതിനെ രൂപപ്പെടുത്തുവാൻ ശ്രമിക്കരുത്. നമ്മുടെ ദൈവശാസ്ത്ര ത്തിലധികവും സഭാവിഭാഗപരവും സാംസ്കാരികപരവും അല്ലെങ്കിൽ ബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ളതും (പിതാവ്, മാതാവ്, പാസ്റ്റർ) ആണ് അല്ലാതെ വേദപുസ്തകാടിസ്ഥാനത്തിലുള്ളതല്ല എന്നത് വേദനാജന കവും ഞെട്ടിപ്പിക്കുന്നതുമാണ്. ദൈവജനത്തിലുൾപ്പെട്ട ചിലർ ദൈവജനമല്ലാതായിത്തീരുന്നു (റോമർ 9:6).

**6:65** ഇത് വാ. 44 ലെ അതേ സത്യത്തെ വെളിപ്പെടുത്തുന്നു. വീണുപോയ മനുഷ്യവർഗ്ഗം സ്വന്തനിലയിൽ ഒരി ക്കലും ദൈവത്തെ അന്വേഷിക്കുകയില്ല (മനുഷ്യവർഗ്ഗത്തിന്റെ പാപാവസ്ഥയും മത്സരവും എടുത്തുകാണിക്കുന്ന പഴയ നിയമ ഉദ്ധരണികളുടെ പരമ്പരയ്ക്ക് റോമ. 3:9-18 കാണുക).

## യോഹന്നാൻ 6:66-71

**[66]അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടു കൂടെ സഞ്ചരിച്ചില്ല. [67]ആകയാൽ യേശു പന്തിരുവരോടു: നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ എന്നു ചോദിച്ചു. [68]ശിമോൻ പത്രൊസ് അവനോടു: കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടു. [69]നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. [70]യേശു അവരോടു: നിങ്ങളെ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചു ആകുന്നു എന്നു ഉത്തരം പറഞ്ഞു. ഇത് അവൻ ശിമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദയെക്കുറിച്ചു പറഞ്ഞു. [71]ഇവൻ പന്തിരുവരിൽ ഒരുത്തൻ എങ്കിലും അവനെ കാണിച്ചുകൊടുപ്പാനുള്ളവൻ ആയിരുന്നു.**

**6:67 "പന്തിരുവർ"** അപ്പൊസ്തലന്മാരുടെ കൂട്ടത്തെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഉപയോഗിക്കുന്ന ഈ പദ ത്തിന്റെ ആദ്യ ഉപയോഗം (ഒ.നോ. 6:70,71; 20:24). 6:13 ലെ പ്രത്യേക പഠനവിഷയം കാണുക.

6:68 "ശിമോൻ പത്രൊസ് ... ഉത്തരം പറഞ്ഞു" പന്തിരുവരുടെ വക്താവായിരുന്നു പത്രൊസ് (ഒ.നോ. മത്താ. 16:16). അവർ അവനെ അവരുടെ നേതാവായി അംഗീകരിച്ചു എന്നിതു സൂചിപ്പിക്കുന്നില്ല (ഒ.നോ. മർക്കൊ. 9:34; ലൂക്കൊ. 9:46; 22:24).

▣ **"നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്"** ക്രിസ്ത്യാനിത്വം എന്നത് (1) ഒരു സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന സത്യം, "നിത്യജീവന്റെ വചനങ്ങൾ"; (2) ഒരു വ്യക്തിയിൽ – യേശുക്രിസ്തു – വെളിപ്പെടുത്തപ്പെട്ട സത്യവുമാണ്. അങ്ങനെയെങ്കിൽ സുവിശേഷം ഒരേസമയം ഒരു സന്ദേശവും ഒരു വ്യക്തിയും ആകുന്നു. പിസ്റ്റിസ് എന്ന പദം (1) ഒരു സന്ദേശം (ഒ.നോ. യൂദാ 3, 20), (2) ഒരു വ്യക്തി (ഒ.നോ. യോഹ. 1:12; 3:15–16) എന്നിവയോടു ബന്ധപ്പെട്ടിരിക്കുന്നു. 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

**6:69 "ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു"** ഇവ രണ്ടും പൂർത്തിയായ കർത്തരി സൂചകങ്ങളാണ്. വാ. 53 ൽ രക്ഷ ഭൂതകാലത്തിൽ പൂർത്തിയായ പ്രവൃത്തിയാണ്. വാ. 40,53,54,56,57 ൽ രക്ഷ നടന്നുകൊണ്ടിരിക്കുന്ന വർത്തമാനകാലത്തിലാണ്. രക്ഷ ഇവിടെ ഒരിക്കലായി പൂർത്തീകരിക്കപ്പെട്ട ഭൂതകാല പ്രവൃത്തിയാണ്. സത്യമായ രക്ഷയിൽ എല്ലാ ക്രിയാകാലങ്ങളും ഉൾപ്പെട്ടിരിക്കുന്നു. 9:7 ലെ പ്രത്യേക പഠനവിഷയം: രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാകാലങ്ങൾ കാണുക.

▣

| | |
|---|---|
| **NASB, NRSV, NJB** | **"നീ ദൈവത്തിന്റെ പരിശുദ്ധൻ ആകുന്നു"** |
| **NKJV** | **"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു"** |
| **TEV** | **"നീ ദൈവത്തിൽ നിന്നു വന്ന പരിശുദ്ധൻ ആകുന്നു"** |

ഇവിടെ കയ്യെഴുത്തു പ്രതികളിൽ ഒരു പ്രശ്നം കാണുന്നുണ്ട്. ഹ്രസ്വമായ പാഠം (NASB, NRSV, NJB) പുരാതന കയ്യെഴുത്തു പ്രതികളായ $P^{75}$, ℵ, B, C*, D, L, W എന്നിവയുടെ പിൻബലമുള്ളതാണ്. പില്ക്കാല പകർപ്പെഴുത്തുകാർ 11:27 ലെ മാർത്തയുടെ ഏറ്റുപറച്ചിലിൽനിന്നോ, 16:16 ലെ പത്രൊസിന്റെ ഏറ്റുപറച്ചിലിൽനിന്നോ, കൂട്ടിച്ചേർത്തതാകാം. ഹ്രസ്വമായ പാഠത്തിന് UBS[4] "A" റേറ്റിംഗാണു (ഉറപ്പുള്ളത്) നൽകുന്നത്.

"ദൈവത്തിന്റെ പരിശുദ്ധൻ" എന്ന പ്രയോഗം ഒരു മശിഹൈക പേരാണ്. ലൂക്കൊ. 1:35 ലും പ്രവൃ. 3:14 ലും ഇതിന്റെ സൂചനകളുണ്ട്. ഈ പേരാണ് മർക്കൊസ് 1:24 ലും ലൂക്കൊസ് 4:34 ലും അശുദ്ധാത്മാവ് യേശുവിനെ വിളിക്കുന്നത്. 1 യോഹ. 2:20 ലെ പ്രത്യേക പഠനവിഷയം കാണുക. മത്തായി 16 ലേതിനു സമാനമായി പന്തിരുവരുടെ മറ്റൊരു വിശ്വാസ പ്രഖ്യാപനമാണിത്.

**6:70 "നിങ്ങളെ ... ഞാൻ തിരഞ്ഞെടുത്തില്ലയോ?"** ശിഷ്യന്മാരുടെ ദൈവിക തിരഞ്ഞെടുപ്പു സംബന്ധിച്ച മറ്റൊരു ഉന്നലാണിത് (ഒ.നോ. വാ. 44, 65). വാ. 67 ലെ യേശുവിന്റെ ചോദ്യം ശ്രദ്ധിക്കുക. ദൈവിക തിരഞ്ഞെടുപ്പും മാനുഷിക സന്നദ്ധതയും അതിന്റെ വേദപുസ്തക സംഘർഷം നിലനിർത്തേണ്ടതുണ്ട്. അവ ഉടമ്പടി ബന്ധത്തിന്റെ രണ്ടു വശങ്ങളാണ്.

▣ **"എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാചാകുന്നു"** എന്തൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവന! പിന്മാറിപ്പോയ സ്വന്തമായ അഭിപ്രായങ്ങളുള്ള ഒരു ശിഷ്യനെപ്പറ്റിയല്ലിത് (ഒ.നോ. വാ. 66) മറിച്ച് അവനിൽ വിശ്വാസം അർപ്പിച്ച തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് പേരിൽ ഒരാളെക്കുറിച്ചായിരുന്നു. അനേകർ ഇതിനെ 13:2 നോടോ 27 നോടോ ബന്ധിപ്പിക്കുന്നു. ഈ വാക്യത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സംബന്ധിച്ച് അനേക ചോദ്യങ്ങളുയരുന്നുണ്ട്: (1) എന്തുകൊണ്ടാണ് യേശു ഒരു പിശാചിനെ തിരഞ്ഞെടുത്തത്? (2) ഈ സന്ദർഭത്തില ഈ പദത്തിന്റെ അർത്ഥമെന്താണ്?

ഒന്നാമത്തെ ചോദ്യം മുൻകൂർ പ്രവചനത്തെ ബാധിക്കുന്നതാണ് (ഒ.നോ. 17:12; സങ്കീ. 41:9). യൂദാ എന്തു ചെയ്യുമെന്ന് യേശു അറിഞ്ഞിരുന്നു. ക്ഷമിക്കപ്പെടാത്ത പാപത്തിന്റെ ആത്യന്തിക മാതൃകയാണ് യൂദാ. അനേക വർഷങ്ങൾ അവൻ യേശുവിന്റെ കൂടെ നടക്കുകയും കേൾക്കുകയും കാണുകയും ചെയ്തിട്ടും അവനെ തള്ളിക്കളഞ്ഞു.

രണ്ടാമത്തെ ചേദ്യത്തിന് സാധ്യമായ രണ്ട് അർത്ഥങ്ങളുണ്ട്.

1. ചിലർ ഇതിനെ പിശാച് (സാത്താന് പ്രവൃ. 13:10 ലും സങ്കീ. 41:9 ലും വിവേചക ഭേദകം ഉപയോഗിക്കാത്തതുപോലെ) യൂദായിൽ പ്രവേശിച്ചതിനോടു ബന്ധിപ്പിക്കുന്നു (ഒ.നോ. 13:2,27).
2. ഈ പദം പൊതുവായി ഉപയോഗിച്ചതായിരിക്കാൻ സാധ്യതയുണ്ട് (1 തിമൊ. 3:11; 2 തിമൊ. 3:3; തീത്തൊ. 2:3 ലും എന്നപോലെ വിവേചക ഭേദകം ഉപയോഗിക്കുന്നില്ല).

പഴയ നിയമ അർത്ഥത്തിൽ യൂദാ സാത്താനെപ്പോലെ കുറ്റം ചുമത്തുന്നവനാണ് (12:31 ലെ പ്രത്യേക പഠനവിഷയം കാണുക). ഗ്രീക്കു പദം സൂചിപ്പിക്കുന്നത് അപവാദം പറയുന്നവൻ അല്ലെങ്കിൽ കള്ളക്കഥ പരത്തുന്നവൻ എന്നാണ്. "അപ്പുറത്തേക്ക് എറിയുക" എന്ന ഒരു സംയുക്തമാണ് ഗ്രീക്കു പദം.

**6:71 "ശിമോൻ ഈസ്കര്യോത്താവ്"** ഈ പദം സംബന്ധിച്ച് അനേക സിദ്ധാന്തങ്ങൾ നിലവിലുണ്ട് (വ്യത്യസ്ത ഗ്രീക്കു പരിഭാഷകളിൽ വ്യത്യസ്ത രീതിയിലാണ ഇതെഴുതുന്നത്. ഇതു സൂചിപ്പിക്കുന്നത്:

1. ഒരു യെഹൂദാ പട്ടണമായ കിര്യോത്ത് നിവാസി
2. ഗലീലയിലെ ഒരു പട്ടണമായ കർട്ടാനിൽ നിന്നുള്ളവൻ
3. പണം കൊണ്ടുനടക്കുവാൻ ഉപയോഗിക്കുന്ന തോൽസഞ്ചി

4. “കഴുത്തു ഞെരിക്കുക” എന്നർത്ഥമുള്ള എബ്രായ പദം
5. “കൊലപാതകിയുടെ കത്തി” എന്നർത്ഥമുള്ള ഗ്രീക്കു പദം

#1 ആണ് ശരിയെങ്കിൽ അവനാണ് പന്തിരുവരിൽ ഏക യെഹൂദൻ. #5 ആണ് ശരിയെങ്കിൽ അവൻ ശിമോനെപ്പോലെ ഒരു എരിവുകാരനായിരിക്കും.

യൂദായെ സാധകാത്മകമായി ചിത്രീകരിക്കുന്ന ഒരു പുസ്തകം അടുത്ത കാലത്ത് എഴുതപ്പെടുകയുണ്ടായി. വില്യം ക്ലാസ്സൻ എഴുതി ഫോർട്രസ് പ്രസ്സ് (1996) പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ പേര് *യൂദാ, ഒറ്റുകാരനോ, യേശുവിന്റെ സ്നേഹിതനോ* എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിലെ അഭിപ്രായങ്ങൾ അത് ഗൗരവത്തിലെടുത്തില്ല എന്നതാണ് എനിക്കതിനെക്കുറിച്ചുള്ള പ്രശ്നം.

▣ **“കാണിച്ചുകൊടുപ്പാനുള്ളവൻ”** ഈ ഗ്രീക്കു പദം പരക്കെ തർജ്ജമ ചെയ്യപ്പെടുന്നതും മിക്ക സന്ദർഭങ്ങളിലും നിഷേപക്ഷവുമാണ്. എങ്കിലും യേശുവിനെ അധികാരികൾക്ക് ഏല്പിച്ചുകൊടുക്കുന്ന യൂദായുടെ കാര്യത്തിൽ ഇതിനൊരു അശുഭ സൂചനയാണുള്ളത്. 18:1 ലെ കുറിപ്പു കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യോഹന്നാൻ 6 കർത്താവിന്റെ അത്താഴം സംബന്ധിച്ച ഒരു ചർച്ചയാണോ? എങ്കിൽ എന്തുകൊണ്ട്, അല്ലെങ്കിൽ എന്തുകൊണ്ട്?
2. “ഞാൻ ജീവന്റെ അപ്പം ആകുന്നു” എന്നു യേശു പറഞ്ഞപ്പോൾ അവന്റെ അവകാശവാദം എന്തായിരുന്നു?
3. ഈ ജനത്തോട് ഇത്രയും ഞെട്ടിപ്പിക്കുന്ന പ്രസ്താവനകൾ യേശു പറഞ്ഞതെന്തുകൊണ്ട്?

# യോഹന്നാൻ 7

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവിന്റെ സഹോദരന്മാരുടെ അവിശ്വാസം | യേശുവിന്റെ സഹോദരന്മാരുടെ അവിശ്വാസിക്കുന്നു | യേശു, ജീവന്റെ ജലം | യേശുവും അവന്റെ സഹോദരന്മാരും | യേശു പെരുനാളിന് യെരൂശലേമിൽ പോയി അവിടെ ഉപദേശിക്കുന്നു |
| 7:1-9 | 7:1-9 | 7:1-9 | 7:1-9 | 7:1 |
| യേശു കൂടാരപ്പെരുനാളിൽ | സ്വർഗ്ഗീയ പണ്ഡിതൻ | | യേശു കുടിലുകളുടെ പെരുനാളിൽ | 7:2-9 |
| 7:10-13 | 7:10-24 | 7:10-13 | 7:10-11 | 7:10-13 |
| | | | 7:12-13 | |
| 7:14-24 | | 7:14-18 | 7:14-15 | 7:14-24 |
| | | | 7:16-19 | |
| | | 7:19-24 | | |
| | | | 7:20 | |
| | | | 7:21-24 | |
| ഇതു ക്രിസ്തുവാകുന്നുവോ? | ഇതു ക്രിസ്തുവായിരിക്കുമോ? | | ഇവൻ മശിഹായാകുന്നുവോ? | മശിഹായുടെ ഉത്ഭവത്തെക്കുറിച്ച് ജനം ചർച്ച ചെയ്യുന്നു |
| 7:25-31 | 7:25-31 | 7:25-31 | 7:25-27 | 7:25-27 |
| | | | 7:28-29 | 7:28-29 |
| | | | 7:30-31 | 7:30 |
| യേശുവിനെ പിടിക്കുവാൻ ചേവകരെ അയയ്ക്കുന്നു | യേശുവും മതനേതാക്കളും | | യേശുവിനെ പിടിക്കുവാൻ പടയാളികളെ അയക്കുന്നു | തന്റെ അടുത്തു വരുന്ന മടങ്ങിപ്പോക്ക് യേശു അറിയിക്കുന്നു |
| 7:32-36 | 7:32-36 | 7:32-36 | 7:32-34 | |
| | | | 7:35-36 | 7:35-36 |
| ജീവജലത്തിന്റെ നദികൾ | പരുശുദ്ധാത്മാവിന്റെ വാഗ്ദത്തം | | ജീവദായക ജലത്തിന്റെ തോടുകൾ | ജീവജലത്തിന്റെ വാഗ്ദത്തം |
| 7:37-39 | 7:37-39 | 7:37-39 | 7:37-39 | 7:37-38 |
| | | | | 7:39 |
| ജനത്തിനിടയിൽ ഭിന്നത | അവൻ ആര്? | | യെഹൂദപ്രമാണികളുടെയിടയിൽ ഭിന്നത | മശിഹായുടെ ഉത്ഭവം സംബന്ധിച്ച് പുതിയ കണ്ടുപിടുത്തങ്ങൾ |
| 7:40-44 | 7:40-44 | 7:40-44 | 7:40-44 | 7:40-44 |
| അധികാരത്തിലുള്ളവരുടെ അവിശ്വാസം | അധികാരികളാൽ തള്ളപ്പെടുന്നു | | യെഹൂദ പ്രമാണികളുടെ അവിശ്വാസം | |
| 7:45-52 | 7:45-52 | 7:45-52 | 7:45 | 7:45-52 |
| | | | 7:46 | |
| | | | 7:47-49 | |
| | | | 7:50-51 | |
| | | | 7:52 | |

# മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# വാ. 1–52 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. 5, 6 അധ്യായങ്ങളുടെ പശ്ചാത്തലം പെസഹാ പെരുന്നാളാണ്. 7:1 മുതൽ 10:21 വരെയുള്ള വേദഭാഗത്തിന്റെ പശ്ചാത്തലം കൂടാരപ്പെരുന്നാൾ ആകുന്നു (7:2 മുതൽ).

B. കൂടാരപ്പെരുന്നാൾ പ്രാഥമികമായി കൊയ്ത്തിന് നന്ദി പറയുന്ന ആഘോഷമാണ് (ആദ്യഫലമെടുക്കുന്ന കൊയ്ത്തുപെരുന്നാൾ, ഒ.നോ. പുറ. 23:16; 34:22). മിസ്രയിമിൽ നിന്നുള്ള പുറപ്പാട് അനുഭവം ഓർക്കുന്ന ഒരു സമയം കൂടിയാണിത് (കൂടാരപ്പെരുന്നാൾ എന്നും വിളിക്കുന്നു, ഒ.നോ. ലേവ്യ. 23:29–44; ആവ. 16:13–15). ഇത് ആഘോഷിക്കുന്നത് റ്റിസ്രി മാസത്തിന്റെ പതിനഞ്ചാം തീയതി, അതായത് നമ്മുടെ കണക്കനുസരിച്ച് സെപ്റ്റംബർ മാസം അവസാനമോ, ഒക്ടോബർ ആദ്യമോ ആകുന്നു.

C. 7,8 അധ്യായങ്ങൾ വെളിപ്പെടുത്തുന്നത്, യേശു ശബ്ബത്ത് ലംഘിച്ചതിനും (5:16) ദൈവത്തെ സ്വന്തപിതാവ് എന്ന് അവകാശപ്പെട്ടതിനും (5:18) എതിരെയുള്ള യെഹൂദ സംവിധാനത്തിന്റെ എതിർപ്പിനെയാണ്. യേശുവിന് എതിരെ പല സമയത്ത് ഉണ്ടായ എതിർപ്പുകളെ കാണിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക.
   1. അവനെ പിടിക്കുവാൻ, 7:30,32,44; 10:39
   2. അവനെ കൊല്ലുവാൻ, 7:1,19,25; 8:37,40 (11:53 കാണുക)

**യോഹന്നാൻ 7:1–9**

**[1]അതിന്റെ ശേഷം യേശു ഗലീലയിൽ സഞ്ചരിച്ചു; യെഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ടു, യെഹൂദ്യയിൽ സഞ്ചരിക്കുവാൻ അവന്നു മനസ്സില്ലായിരുന്നു. [2]എന്നാൽ യെഹൂദന്മാരുടെ കൂടാരപ്പെരുനാൾ അടുത്തിരുന്നു. [3]അവന്റെ സഹോദരന്മാർ അവനോടു: നീ ചെയ്യുന്ന പ്രവൃത്തികളെ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന്നു ഇവിടം വിട്ടു യെഹൂദ്യയിലേക്കു പോക. [4]പ്രസിദ്ധൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ; നീ ഇതു ചെയ്യുന്നു എങ്കിൽ ലോകത്തിന്നു നിന്നെത്തന്നേ വെളിപ്പെടുത്തുക എന്നു പറഞ്ഞു. [5]അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല. [6]യേശു അവരോടു: എന്റെ സമയം ഇതുവരെ വന്നിട്ടില്ല; നിങ്ങൾക്കോ എല്ലായ്പോഴും സമയം തന്നേ. [7]നിങ്ങളെ പകെപ്പാൻ ലോകത്തിന്നു കഴിയുന്നതല്ല; എന്നാൽ അതിന്റെ പ്രവൃത്തികൾ ദോഷമുള്ളവ എന്നു ഞാൻ അതിനെക്കുറിച്ചു സാക്ഷ്യം പറയുന്നതുകൊണ്ടു, അതു എന്നെ പകെക്കുന്നു. [8]നിങ്ങൾ പെരുന്നാളിന്നു പോകുവിൻ; എന്റെ സമയം ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുന്നാളിന്നു ഇപ്പോൾ പോകുന്നില്ല; [9]ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗലീലയിൽ തന്നേ പാർത്തു.**

**7:1 "അതിന്റെ ശേഷം"** ഇത് താല്കാലികമായ ഒരു അടയാളപ്പെടുത്തലല്ല, മറിച്ച് അക്ഷരാർത്ഥത്തിൽ ഒരു വിവരണം ആരംഭിക്കുന്ന ശൈലിയാണ് (ഒ.നോ. 5:1; 6:1; 7:1; 21:1).

▣ **"യെഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ട്"** യോഹന്നാന്റെ സുവിശേഷത്തിൽ "യെഹൂദന്മാർ" എന്നതിന് ഒരു ദുസ്സൂചനയാണുള്ളത് (ഒ.നോ. 1:19; 2:18,20; 5:10,15,16; 6:41,52; 7:1,11,13,35; 8:22,52,57; 9:18,22; 10:24,31,33; 11:8; 19:7,12; 20:19). അവരുടെ വിദ്വേഷവും കൊലപാതക ഉദ്ദേശ്യവും നിരവധി തവണ രേഖപ്പെടുത്തി

യിട്ടുണ്ട് (ഒ.നോ. 5:16–18; 7:19,30,44; 8:37,40,59; 10:31,33,39; 11:8,53).

**7:2 "യെഹൂദന്മാരുടെ കൂടാരപ്പെരുന്നാൾ"** (ഒ.നോ. ലേവ്യ. 23:34–44; ആവ. 16:13–17). കൊയ്ത്ത് സമയങ്ങളിൽ ഗ്രാമവാസികൾ വയലിലെ ചെറിയ കൂടാരങ്ങളിൽ കഴിഞ്ഞിരുന്നു. അത് യെഹൂദന്മാരുടെ മിസ്രയീമിൽ നിന്നുള്ള പുറപ്പാടിന്റെ അനുഭവത്തെയാണ് ഓർമ്മിപ്പിച്ചത്. ഈ പെരുന്നാളിന്റെ ആചാരവും ആരാധനാക്രമവുമാണ് 7:1 മുതൽ 10:21 വരെയുള്ള യേശുവിന്റെ ഉപദേശത്തിന്റെ പശ്ചാത്തലം. 5–6 അദ്ധ്യായങ്ങൾ പെസഹാപെരുന്നാളിന്റെ പശ്ചാത്തലത്തിൽ രേഖപ്പെടുത്തുന്നതുപോലെയാണിത്.

**7:3 "അവന്റെ സഹോദരന്മാർ"** 2:12 നു ശേഷം യേശുക്രിസ്തുവിന്റെ കുടുംബത്തെപ്പറ്റിയുള്ള ആദ്യ സൂചനയാണിത്. ഇവിടെ നിന്നും വ്യക്തമാകുന്നത് യേശുവിന്റെ ഉദ്ദേശ്യം, മാതൃക, പ്രചോദനം എന്നിവ അവർക്ക് (കുടുംബത്തിന്) മനസ്സിലായിരുന്നില്ല എന്നാണ്.

▣ **"ഇവിടം വിട്ടു യെഹൂദ്യയിലേക്കു പോക"** ആണ്ടുതോറും ഗലീലയിൽ നിന്നും യെരുശലേമിലേക്കുള്ള തീർത്ഥാടനത്തെക്കുറിച്ചാണ് ഇത് സൂചിപ്പിക്കുന്നത്. യോഹന്നാന്റെ സുവിശേഷം യേശുക്രിസ്തുവിന്റെ യെരുശലേമിലെ ശുശ്രൂഷകളെ കേന്ദ്രീകരിക്കുന്നുവെന്ന് ഇവിടെ ഓർക്കുക.

## പ്രത്യേക വിഷയം: നിർഭയത്വം (*പറീസിയ-παρρησια*)

ഈ ഗ്രീക്ക് പദം "എല്ലാം" (*പാൻ-παν*) "പ്രസംഗം" (*റ്ഹീസിസ്-ῥησις*) എന്നീ പദങ്ങളുടെ സംയുക്തമാണ്. നിർഭയത്തോടെ അഥവാ സ്വാതന്ത്ര്യത്തോടെയുള്ള പ്രസംഗം മിക്കപ്പോഴും അർത്ഥമാക്കുന്നത് അപമാനത്തിന്റെയും എതിർപ്പിന്റെയും മദ്ധ്യേയുള്ള നിർഭയത്വത്തെ ആകുന്നു (ഒ.നോ. യോഹ. 7:13; 1 തെസ്സ. 2:2).

യോഹന്നാൻ എഴുത്തുകളിൽ (13 പ്രാവശ്യം) ഇത് പലപ്പോഴും സൂചിപ്പിക്കുന്നത് പൊതുവിലുള്ള ഒരു പ്രഖ്യാപനത്തെയാണ് (ഒ.നോ. യോഹ. 7:4, കൂടാതെ പൗലൊസിന്റെ ലേഖനങ്ങളിൽ, കൊലൊ. 2:15). എന്നിരുന്നാലും ചിലപ്പോൾ ഇത് അർത്ഥമാക്കുന്നത് "സ്പഷ്ടമായി" എന്നാണ് (ഒ.നോ. യോഹ. 10:24; 11:14; 16:25,29).

അപ്പൊസ്തല പ്രവൃത്തികളിൽ, അപ്പൊസ്തലന്മാർ യേശുവിനെക്കുറിച്ചുള്ള സന്ദേശം പ്രസംഗിച്ചത്, യേശുക്രിസ്തു പിതാവിനെക്കുറിച്ചും അവന്റെ പദ്ധതികളെയും വാഗ്ദാനങ്ങളെയും കുറിച്ചും സംസാരിച്ച അതേ രീതിയിലായിരുന്നു (ഒ.നോ. പ്രവൃ. 2:29; 4:13,29,31; 9:27–28; 13:46; 14:3; 18:26; 19:8; 26:26; 28:31). സുവിശേഷം ധൈര്യത്തോടെ പ്രസംഗിക്കുവാനും (ഒ.നോ. എഫെ. 6:19; 1 തെസ്സ. 2:2) സുവിശേഷമായി ജീവിക്കുവാനും (ഫിലി. 1:20) വേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് അപേക്ഷിച്ചു.

അന്ത്യകാലശാസ്ത്രപരമായി പൗലൊസിന് ക്രിസ്തുവിൽ ഉണ്ടായിരുന്ന പ്രത്യാശ അവന് ഈ തിന്മ നിറഞ്ഞ ലോകത്തിൽ സുവിശേഷം പ്രസംഗിക്കുവാൻ ആത്മവിശ്വാസവും ധൈര്യവും പകർന്നുകൊടുത്തു (ഒ.നോ. 2 കൊരി. 3:11–12). യേശുവിനെ അനുഗമിക്കുന്നവർ പ്രാഗത്ഭ്യത്തോടെ പ്രവർത്തിക്കുമെന്ന ആത്മവിശ്വാസവും പൗലൊസിന് ഉണ്ടായിരുന്നു (ഒ.നോ. 2 കൊരി. 7:4).

ഈ പദത്തിന് മറ്റൊരു അർത്ഥം കൂടിയുണ്ട്. എബ്രായ ലേഖനത്തിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നത്, ദൈവത്തോട് അടുത്തുചെല്ലുവാനും അവനോടു സംസാരിക്കുവാനും ക്രിസ്തുവിലൂടെ ലഭിക്കുന്ന ധൈര്യമെന്ന പ്രത്യേക അർത്ഥത്തിലാകുന്നു (ഒ.നോ. എബ്രാ. 3:6; 4:16; 10:19,35). വിശ്വാസികൾ ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് പുത്രൻ മുഖാന്തരം സ്വാഗതം ചെയ്യപ്പെടുകയും പൂർണ്ണമായി സ്വീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഇത് പുതിയ നിയമത്തിൽ അനേക വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു.

1. ആത്മവിശ്വാസം, ധൈര്യം, ഉറപ്പ് എന്നിവ
   a. മനുഷ്യരോടുള്ള ബന്ധത്തിൽ (ഒ.നോ. അപ്പൊ. 2:29; 4:13,31; 2 കൊരി. 3:12; എഫെ. 6:19).
   b. ദൈവത്തോടുള്ള ബന്ധത്തിൽ (ഒ.നോ. 1 യോഹ. 2:28; 3:21; 4:12; 5:14; എബ്രാ. 3:6; 4:16; 10:19).
2. തുറന്ന്, സ്പഷ്ടമായി, അല്ലെങ്കിൽ സുഗ്രാഹ്യമായി പറയുക (ഒ.നോ. മർക്കൊ. 8:32; യോഹ. 7:4,13; 10:24; 11:14; 16:25; പ്രവൃ. 28:31).
3. പരസ്യമായി സംസാരിക്കുക (ഒ.നോ. യോഹ. 7:6; 11:54; 18:20).
4. ഇതിനോട് ബന്ധപ്പെട്ട വേറൊരു പ്രയോഗം (*പാർഹെസിയാസൊമായി-παρῤησιαζομαι*) പ്രതികൂല സാഹചര്യങ്ങളുടെ മധ്യത്തിൽ ധൈര്യത്തോടെ പ്രസംഗിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. പ്രവൃ. 18:26; 19:8; എഫെ. 6:20; 1 തെസ്സ. 2:2).

ഈ പശ്ചാത്തലത്തിൽ, ഈ പദം അന്ത്യകാലശാസ്ത്രപരമായ ഒരു ആത്മവിശ്വാസത്തെ പ്രതിധ്വനിപ്പിക്കുന്നു. വിശ്വാസികൾ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് ഭയപ്പെടുന്നവർ ആകരുത്; അവർ ആത്മവിശ്വാസത്തോടെകൂടി ആഹ്ലാദത്തോടെ ആ സംഭവത്തെ വരവേൽക്കുകയാണ് ചെയ്യേണ്ടത്. കാരണം അവർ ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തുസമാനമായ ജീവിതം നയിക്കുകയും ചെയ്യുന്നവരാണ്.

▣ **"എങ്കിൽ"** എഴുത്തുകാരന്റെ കാഴ്ചപ്പാടിൽ സത്യമാണെന്ന് അംഗീകരിക്കുന്ന ഉത്തമപുരുഷ സോപാധിക

വാചകമാണിത്.

▣ **"ലോകത്തിന്നു നിന്നെത്തന്നെ വെളിപ്പെടുത്തുക"** 4-ാമത്തെ വാക്യത്തിൽ അവർ ഉപയോഗിച്ച "ലോകം" എന്ന പദം യേശു എടുത്ത് 7-ാമത്തെ വാക്യത്തിൽ വ്യാഖ്യാനിക്കുന്നു. ലോകം അവനെ സ്വീകരിക്കുകയോ സഹതാപം കാണിക്കുകയോ ചെയ്യാതെ അവനെ പകച്ചു (ഒ.നോ. 15:18-19; 17:14; 1 യോഹ. 3:13). കാരണം അവൻ അതിന്റെ ദോഷത്തെയും തിന്മയെയും വെളിപ്പെടുത്തി (ഒ.നോ. 3:19-20).

യേശു തന്നെത്താൻ വെളിപ്പെടുത്തുന്നതിന് അവന്റെ സഹോദരന്മാർ പറഞ്ഞുകൊടുത്ത വഴി (അതായത് അത്ഭുതങ്ങൾ) യേശുവിന്റെ വഴിയിൽ നിന്നും (ക്രൂശ്) വിഭിന്നമായിരുന്നു. ഇവിടെയാണ് യെശ. 55:8-11 ലെ പ്രവ ചനം വ്യക്തമായ ദൃഷ്ടികേന്ദ്രത്തിലേക്കു വരുന്നത്!

**7:5 "അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല"** ഇത് എഴുത്തുകാരന്റെ മറ്റൊരു വിശദീകരണ പ്രസ്താവനയാണ്. ഒരേ വീട്ടിൽ വളർന്നുവന്ന യേശുവിനെ മശിഹായായി അംഗീകരിക്കുവാൻ അവർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടായിരുന്നിരിക്കണം (ഒ.നോ. മർക്കൊ. 3:20-21). യേശുക്രിസ്തു അവന്റെ അർദ്ധ സഹോദരീസഹോദരന്മാരെ സംരക്ഷിച്ചു. അവന്റെ പുനരുത്ഥാനത്തിനുശേഷമുള്ള പ്രത്യക്ഷതകളിൽ ഒന്ന് അവനെ സ്വയം അവരുടെ മുമ്പിൽ വെളിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ആയിരുന്നു. അവർ അവനിൽ വിശ്വസിച്ചു (ഒ.നോ. പ്രവൃ. 1:14)! യാക്കോബ് യെരൂശലേം സഭയുടെ നേതാവ് ആയി മാറി. പുതിയനിയമ കാനോനിൽ ഉൾപ്പെടുത്തിയ ലേഖനങ്ങൾ യാക്കോബും യൂദയും എഴുതി.

**7:6 "എന്റെ സമയം ഇതുവരെ മറന്നിട്ടില്ല"** "സമയം (കായ്റോസ്) പദം യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും ആകെ കാണുന്നത് ഇവിടെയും (2 പ്രാവശ്യം) വാ. 8 ലും മാത്രമാണ്. മൂന്ന് അടിസ്ഥാന ലക്ഷ്യാർത്ഥങ്ങളാണ് BAGD നൽകുന്നത്.

1. - ഒരു സ്വാഗത സമയം (ഒ.നോ. 2 കൊരി. 6:2)
   - ഒരു അവസരം നൽകുന്ന സമയം (ഒ.നോ. ലൂക്കൊ. 4:13)
   - ഒരു നിയമിക്കപ്പെട്ട സയമം (ഒ.നോ. മർക്കൊ. 13:33; പ്രവൃ. 3:20; 1 പത്രൊ. 1:11)
2. ഒരു ശരിയായ അഥവാ അനുകൂലമായ സമയം
   - ശരിയായ സമയം (ഒ.നോ. മത്തായി 24:45; ലൂക്കൊ. 1:20).
   - കൃത്യമായ സമയം (ഒ.നോ. യോഹ. 7:8; 2 തിമൊ. 4:6).
3. അന്ത്യകാലസംബന്ധിയായ സമയം (ഒ.നോ. മത്താ. 8:9; ലൂക്കൊ. 21:8; റോമ. 13:11; 1 തെസ്സ. 5:1; 2 തെസ്സ. 2:6). സംഖ്യാപുസ്തകം 3, 4 അദ്ധ്യായങ്ങളിൽ വാക്കുകളുടെ അർത്ഥങ്ങൾ മാറി മാറി ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

യേശു തന്റെ ദൗത്യം മനസ്സിലാക്കിയിരുന്നു (ഒ.നോ. 12:23; 13:1; 17:1-5). ഈ സുവിശേഷ സംഭവങ്ങൾ വെളിപ്പെട്ടുവരുവാനുള്ള ഒരു ദൈവിക സമയക്രമം ഉണ്ടായിരുന്നു (ഒ.നോ. ലൂക്കൊ. 22:22; യോഹ. 7:30; 8:20; പ്രവൃ. 2:23; 3:18; 4:28).

**7:7 "ലോകം"** 14:17 ലെ പ്രത്യേകം പഠനവിഷയം: *കോസ്മോസ്* കാണുക.

**7:8**

**NASB** **"നിങ്ങൾ പെരുന്നാളിനു പോകുവിൻ; ഞാൻ പെരുന്നാളിന്നു പോകുന്നില്ല"**

**NKJV** **"നിങ്ങൾ ഈ പെരുന്നാളിനു പോകുവിൻ; ഞാൻ ഈ പെരുന്നാളിന്നു ഇപ്പോൾ പോകുന്നില്ല"**

**NRSV, NJB** **"നിങ്ങൾ തനിയെ ഈ പെരുന്നാളിനു പോകുവിൻ; ഞാൻ ഈ പെരുന്നാളിന്നു പോകുന്നില്ല"**

**TEV** **"നിങ്ങൾ പെരുന്നാളിനു പൊയ്ക്കൊൾവിൻ; ഞാൻ പെരുന്നാളിന്നു പോകുന്നില്ല"**

നിരവധി പുരാതന ഗ്രീക്ക് കൈയ്യെഴുത്തു പ്രതികളിൽ (א,D, and K) "ഇതുവരെ" (yet) എന്ന ക്രിയാവിശേഷണം ഇല്ല. വാക്യം 8 ലും 10 ലും പ്രകടമായ പരസ്പര വൈരുധ്യങ്ങൾ നീക്കുവാനുള്ള എഴുത്തുകാരുടെ ശ്രമങ്ങൾ ഉണ്ടായിരിക്കാമെന്ന് തോന്നുന്നു. ഈ ക്രിയാവിശേഷണം കയ്യെഴുത്തുപ്രതികളായ $P^{66}$, $P^{75}$, B, L, T, W എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു (NKJV, the Twentieth Century New Testament, NIV).

ഈ ചെറിയ പ്രസ്താവന ഇപ്രകാരമാണ് മനസ്സിലാക്കുവാൻ കഴിയുന്നത്:

1. ഞാൻ നിങ്ങളോടു കൂടെ പോരുന്നില്ല (അല്ലെങ്കിൽ നിങ്ങളുടെ ഉദ്ദേശ്യങ്ങൾക്കുവേണ്ടി)
2. എട്ടുദിന പെരുന്നാളിന്റെ മദ്ധ്യത്തിൽ ഞാൻ പോകുന്നു (പെരുന്നാളിന്റെ പ്രതീകാത്മകതയിലൂടെ വെളിപ്പെടുത്തുവാൻ)

## യോഹന്നാൻ 7:10-13

**10അവന്റെ സഹോദരന്മാർ പെരുന്നാളിന്നു പോയശേഷം അവനും പരസ്യമായിട്ടല്ല രഹസ്യത്തിൽ എന്നപോലെ പോയി. 11എന്നാൽ യെഹൂദന്മാർ പെരുന്നാളിൽ: അവൻ എവിടെ എന്നു ചോദിച്ചു അവനെ അന്വേഷിച്ചു. 12പുരുഷാരത്തിൽ അവനെക്കുറിച്ചു വളരെ കുശുകുശുപ്പു ഉണ്ടായി: അവൻ നല്ലവൻ എന്നു ചിലരും അല്ല, അവൻ പുരുഷാരത്തെ വഞ്ചിക്കുന്നു എന്നു മറ്റു ചിലരും പറഞ്ഞു. 13എങ്കിലും യെഹൂദന്മാരെ പേടിച്ചിട്ടു ആരും പ്രസിദ്ധമായി അവനെക്കുറിച്ചു സംസാരിച്ചില്ല.**

**7:11 "യെഹൂദന്മാർ"** യേശുവുമായി ബന്ധപ്പെട്ട നാലു വിഭാഗത്തിലുള്ളവരെ ഈ അദ്ധ്യായത്തിൽ കാണുവാൻ ഴിയും.

1. അവന്റെ സഹോദരന്മാർ
2. "യെഹൂദന്മാർ" ഇത് മതനേതാക്കന്മാരെ സൂചിപ്പിക്കുന്നു.
3. "പുരുഷാരം" ഇത് കൂടാരപ്പെരുന്നാളിനു വന്ന തീർത്ഥാടകരെ സൂചിപ്പിക്കുന്നു.
4. "യെരൂശലേമ്യർ" ഇവർ സൻഹെദ്രീൻ സംഘത്തെയും യേശുവിനെ കൊല്ലുവാനുള്ള അവരുടെ പദ്ധതികളെയും അറിഞ്ഞിരുന്ന തദ്ദേശീയരായ ജനങ്ങളായിരുന്നു.

**7:12 "പുരുഷാരത്തിൽ അവനെക്കുറിച്ച് വളരെ കുശുകുശുപ്പു ഉണ്ടായി"** സുവിശേഷം ജനക്കൂട്ടത്തിൽ ഉളവാക്കുന്ന പ്രതികരണത്തിന്റെ മാതൃകയാണിത്. മനുഷ്യനിലുള്ള വ്യത്യസ്തമായ ആത്മീയ കഴിവുകളെയും ഗ്രഹണ ശക്തിയുടെ നിലവാരത്തെയുമാണിതു കാണിക്കുന്നത്.

▣ **"അവൻ പുരുഷാരത്തെ വഞ്ചിക്കുന്നു"** *പ്ലാനോ* (*πλανω*) എന്ന ക്രിയാപദം സൂചിപ്പിക്കുന്ന കാര്യങ്ങൾ:

1. കള്ളപ്രവാചകന്മാർ (അതാ. മത്താ. 24:11; 2 തിമൊ. 3:13; 1 യോഹ. 1:8; 2:66; 3:7)
2. കള്ളക്രിസ്തുക്കൾ (അതാ. മത്താ. 24:4-5,24; യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെക്കുറിച്ച് യെഹൂദന്മാർ ചിന്തിച്ചിരുന്നത് (ഒ.നോ. യോഹ. 7:12,47; മത്താ. 27:63).
3. തന്നെത്താൻ വഞ്ചിക്കുന്ന മനുഷ്യർ (ഒ.നോ. 1 കൊരി. 3:18; 1 യോഹ. 1:8) അല്ലെങ്കിൽ
4. വഞ്ചിക്കപ്പെടുന്നവർ (ഒ.നോ. 1 കൊരി. 6:9; 15:33; ഗലാ. 6:7; യാക്കോ. 1:16).

ഇതേ പദം സ്ഥിരനക്ഷത്ര സമൂഹത്തിന്റെ ക്രമമായ ഭ്രമണപഥത്തിൽ സഞ്ചരിക്കാത്ത ഗ്രഹങ്ങളെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു. അവയെ "വക്രഗതിയുള്ള" എന്ന വിളിച്ചിരിക്കുന്നു.

**7:13 "യെഹൂദന്മാരെ"** ജനക്കൂട്ടം മുഴുവനും യെഹൂദന്മാർ ആയിരുന്നു. ഈ പദം യോഹന്നാൻ എടുത്തു പറയുന്നതിൽനിന്നും യെരുശലേമിലെ യെഹൂദ മതനേതാക്കന്മാരെയാണവൻ സൂചിപ്പിക്കുന്നതെന്നു വ്യക്തമാണ്. 7:1 ന്റെ കുറിപ്പു കാണുക.

## യോഹന്നാൻ 7:14-18

**[14]പെരുനാൾ പാതി കഴിഞ്ഞശേഷം യേശു ദൈവാലയത്തിൽ ചെന്നു ഉപദേശിച്ചു. [15]വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നതു എങ്ങനെ എന്നു യെഹൂദന്മാർ പറഞ്ഞു ആശ്ചര്യപ്പെട്ടു. [16]യേശു അവരോടു ഉത്തരം പറഞ്ഞതു: എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രേ. [17]അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ, ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും. [18]സ്വയമായി പ്രസ്താവിക്കുന്നവൻ സ്വന്തമഹത്വം അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാൻ ആകുന്നു; നീതികേട് അവനിൽ ഇല്ല.**

**7:14 "പെരുന്നാൾ പാതി കഴിഞ്ഞശേഷം"** ഈ ഒരു നിമിഷംവരെയും യേശു കാത്തിരുന്നതിന്റെ വ്യക്തമായ കാരണം ശരിയായി കണക്കാക്കുവാൻ കഴിയുന്നതല്ല. പക്ഷേ തീർത്ഥാടകർക്കും പട്ടണവാസികൾക്കും യേശുവിനെയും അവന്റെ ശുശ്രൂഷകളെയും കുറിച്ച് ചർച്ച ചെയ്യുന്നതിന് അവസരമൊരുക്കുന്നതിനായിരുന്നു ഇത് എന്ന് ഊഹിക്കാൻ കഴിയും. യെഹൂദമതനേതാക്കന്മാർക്ക് തങ്ങളുടെ പകയെ പരസ്യമായി പ്രകടിപ്പിക്കുന്നതിനും ഇത് അവസരമൊരുക്കി (ഒ.നോ. 13).

▣ **"ഉപദേശിച്ചു"** യേശുവിന്റെ പ്രസംഗങ്ങളെ ഇങ്ങനെ തരംതിരിക്കാം.

1 ഉപദേശിക്കുക, മത്താ. 4:23; 5:2,19; 7:29 മുതലായവ; യോഹ. 6:59; 7:14,28,35; 8:20,28.
2. പ്രസംഗിക്കുക, ലൂക്കൊ. 4:18; 7:22; 9:6; 20:1

ഇവ പര്യായമായി ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും യേശുക്രിസ്തു ദൈവികസത്യങ്ങളെ തന്റെ മനുഷ്യസൃഷ്ടിക്ക് പകർന്നുകൊടുക്കുന്നു എന്നു സൂചിപ്പിക്കുന്നു. വെളിപ്പാടുകൊണ്ട് എപ്പോഴും അർത്ഥമാക്കിയിരുന്നത് അറിയിക്കുകയും നവീകരിക്കുകയും ചെയ്യുക എന്നതായിരുന്നു. ഇത് എപ്പോഴും ഒരു തീരുമാനവും അതിനെ തുടർന്നു ജീവിതശൈലി മുൻഗണനകളിലുള്ള മാറ്റവും ആവശ്യപ്പെടുന്നു. സത്യം എല്ലാറ്റിനെയും രൂപാന്തരപ്പെടുത്തുന്നു.

**7:15 "വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ"** ഇതുകൊണ്ട് അർത്ഥമാക്കുന്നത് യേശു റബ്ബിമാരുടെ ഔപചാരിക പാഠശാലകളിലൊന്നിൽ പഠിക്കുകയോ, ഏതെങ്കിലും ഒരു റബ്ബിയുടെ ശിഷ്യനായിരിക്കുകയോ ചെയ്തിട്ടില്ല എന്നാണ്. "ഇവൻ" എന്ന പ്രയോഗം ബഹുമാനമില്ലായ്മയെയാണ് സൂചിപ്പിക്കുന്നത് (ഒ.നോ. 18:17,29).

യേശുവിന്റെ പഠിപ്പിക്കലുകൾ മിക്കപ്പോഴും തന്റെ ശ്രോതാക്കളെ ആശ്ചര്യപ്പെടുത്തുകയുണ്ടായി (ഒ.നോ. മർക്കൊ. 1:21-22; ലൂക്കൊ. 4:22). അതിന്റെ കാരണങ്ങൾ (1) ഉള്ളടക്കവും (2) രൂപവും ആകുന്നു. മറ്റു റബ്ബിമാർ പരസ്പരം ഉദ്ധരിച്ചു; യേശു ദൈവത്തെ ഉദ്ധരിക്കുന്നതായി അവകാശപ്പെട്ടു!

**7:16** യേശു പിതാവിനോടുള്ള തന്റെ വിധേയത്വത്തിലേക്കു മാത്രമല്ല (5:19 ന്റെ കുറിപ്പു ശ്രദ്ധിക്കുക) പിതാവിനെ

ക്കുറിച്ചുള്ള തന്റെ അതുല്യമായ അറിവിലേക്കും വീണ്ടും ജനത്തിന്റെ ശ്രദ്ധയെ തിരിക്കുന്നു. അവർക്ക് മാനുഷികമായ ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നു; അവനു സ്വർഗ്ഗീയ ഉപദേഷ്ടാവാണ് ഉണ്ടായിരുന്നത്.

**7:17** സുവിശേഷത്തിന്റെ ആഗോളവാഗ്ദാനവും (ഒ.നോ. 1:12; 3:16). ദൈവത്തിന്റെ പരമാധികാരവും (ഒ.നോ. 6:44,45) തമ്മിലുള്ള വൈരുദ്ധ്യമാണിവിടെ കാണുന്നത്. ആത്മാവ് ഹൃദയത്തെ തുറക്കണം (ഒ.നോ. 16:8-13).

**7:18** വീണുപോയ മനുഷ്യന്റെ അവസ്ഥയിൽ നിന്നും വ്യത്യസ്തമായി തനിക്കുള്ള അതുല്യതയെക്കുറിച്ചാണ്യേശു ഉറപ്പിച്ചു പറഞ്ഞത്: (1) യേശു തന്റെ സ്വന്ത മഹത്വം അന്വേഷിച്ചില്ല. (2) യേശു പിതാവിന്റെ മഹത്വം അന്വേഷിച്ചു. (3) അവൻ സത്യവാനാണ്; (4) അവൻ പാപരഹിതനാണ്.

▣ **"അവന്റെ മഹത്വം"** 1:14 ലെ കുറിപ്പ് കാണുക.

▣ **"നീതികേടു അവനിൽ ഇല്ല"** യേശുവിന് സ്വന്ത പാപത്തിനുവേണ്ടി മരിക്കേണ്ട ആവശ്യമില്ലാതിരുന്നതിനാൽ നമ്മുടെ സ്ഥാനത്തു മരിക്കുവാൻ അവനു കഴിഞ്ഞു (2 കൊരി. 5:21). യേശുവിന്റെ പാപരഹിതാവസ്ഥ ദൈവശാസ്ത്രപരമായി നിർണ്ണായക വിഷയമാണ്. ഈ വിഷയം മിക്കപ്പോഴും പല രീതിയിൽ പ്രകടിപ്പിച്ചിരിക്കുന്നു.

1. ലൂക്കൊ. 23:41
2. യോഹ. 6:69; 7:18; 8:46; 14:30
3. ഫിലി. 2:7-8
4. എബ്രാ. 4:15; 7:26; 9:14
5. 1 പത്രൊ. 1:19; 2:22 (യെശ. 53:9).
6. 1 യോഹ. 2:17; 3:5,7)

## യോഹന്നാൻ 7:19-24

**19മോശെ നിങ്ങൾക്കു ന്യായപ്രമാണം തന്നിട്ടില്ലയോ? എങ്കിലും നിങ്ങളിൽ ആരും ന്യായപ്രമാണം ആചരിക്കുന്നില്ല. 20നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതു എന്തു? അതിന്നു പുരുഷാരം: നിനക്കു ഒരു ഭൂതം ഉണ്ടു; ആർ നിന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു? എന്നു ഉത്തരം പറഞ്ഞു. 21യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ ഒരു പ്രവൃത്തി ചെയ്തു; അതിങ്കൽ നിങ്ങൾ എല്ലാവരും ആശ്ചര്യപ്പെടുന്നു. 22മോശെ നിങ്ങൾക്കു പരിച്ഛേദന നിയമിച്ചിരിക്കുകയാൽ - അതു മോശെയുടെ കാലത്തല്ല പിതാക്കന്മാരുടെ കാലത്തത്രേ തുടങ്ങിയതു - നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു. 23മോശെയുടെ ന്യായപ്രമാണത്തിന്നു നീക്കം വരാതിരിപ്പാൻ ശബ്ബത്തിലും മനുഷ്യൻ പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ, ഞാൻ ശബ്ബത്തിൽ ഒരു മനുഷ്യനെ മുഴുവനും സൌഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ? 24കാഴ്ചപ്രകാരം വിധിക്കരുതു: നീതിയുള്ള വിധി വിധിപ്പിൻ.**

**7:19** വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "ഉണ്ട്" എന്ന ഉത്തരമാണ്.

▣ **"എങ്കിലും നിങ്ങളിൽ ആരും ന്യായപ്രമാണം ആചരിക്കുന്നില്ല"** യെരുശലേമിൽ നിർബന്ധമായും പങ്കെടുക്കേണ്ടതായ പെരുന്നാളിൽ സംബന്ധിക്കുന്ന യെഹൂദന്മാരെ സംബന്ധിച്ച് ഈ പ്രസ്താവന ഞെട്ടിപ്പിക്കുന്നതായിരുന്നു.

മോശെയുടെ ന്യായപ്രമാണം കരുതിക്കൂട്ടിയുള്ള കൊലപാതകത്തെ സ്പഷ്ടമായി നിരോധിച്ചിട്ടുണ്ട്. എന്നിട്ടും യെഹൂദനേതാക്കൾ അങ്ങനെയൊരു ഉദ്യമത്തിനായിട്ടാണ് പദ്ധതിയിട്ടിരുന്നത്. ഇതിനെപ്പറ്റി തദ്ദേശവാസികൾ അറിഞ്ഞിരുന്നു എങ്കിലും അവർ ആ പദ്ധതിയെ പൊളിക്കുവാനോ അതിനെക്കുറിച്ച് പരാതി കൊടുക്കുവാനോ ഒരുക്കമായിരുന്നില്ല.

▣ **"നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നത് എന്ത്?"** 20-ാം വാക്യത്തിലെ ചോദ്യം മതനേതാക്കന്മാർ ചോദിക്കുന്നതല്ല, മറിച്ച് യേശുവിനെ കൊല്ലുവാൻ പദ്ധതിയിട്ടിരിക്കുന്നു എന്നറിയാത്ത തീർത്ഥാടകർ ചോദിക്കുന്നതാണ്. പിന്നീട്, 25-ാമത്തെ വാക്യത്തിൽ, യേശുവിനെ കൊല്ലുവാൻ പദ്ധതിയിട്ടിരിക്കുന്നു എന്ന് യെരുശലേം നിവാസികൾ അറിഞ്ഞു. മതനേതാക്കന്മാർ യേശുവിന്റെ ശക്തിയെയും ഉൾക്കാഴ്ചയെയും വിശദീകരിക്കുവാൻ കണ്ടെത്തിയ മാർഗ്ഗമാണ് അവനു ഭൂതമുണ്ടെന്നു മുദ്രകുത്തിയത് (ഒ.നോ. മത്താ. 9:34; 11:18; 12:24; മർക്കൊ. 3:22-30; യോഹ. 8:48-52; 10:20-21).

**7:20 "നിനക്കു ഒരു ഭൂതം ഉണ്ട്"** യേശുവിനെ കണ്ടുമുട്ടിയവർക്കെല്ലാം അവന് ആത്മീയ ശക്തിയുണ്ടെന്ന് അറിയാമായിരുന്നു. എന്നാൽ അവരുടെയെല്ലാം ചോദ്യം ഇതെവിടെനിന്നു വന്നു എന്നതായിരുന്നു. യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ/അടയാളങ്ങൾ നിരാകരിക്കുവാൻ സാധിക്കാതിരുന്നതുകൊണ്ട്, അവന്റെ ശക്തി സാത്താനിൽ നിന്നും ഉള്ളതും പൈശാചികമാണെന്നും അവർ ആരോപിച്ചു (ഒ.നോ. 8:48-49,52; 10:20).

ഈ പശ്ചാത്തലത്തിലാണ് കൂടാരപ്പെരുന്നാളിനു വന്ന തീർത്ഥാടകർ ഈ പ്രയോഗം തന്നെ ഉപയോഗിക്കുന്നത്. എന്നാൽ അതൊരു വ്യത്യസ്തമായ അർത്ഥത്തിലായിരുന്നു. അവർ ഉറപ്പിച്ചുപറയുന്നത് യേശു യുക്തിരഹിതനായും ചിത്തഭ്രമമുള്ളവനായും നടിക്കുന്നു എന്നാണ്.

# പ്രത്യേക വിഷയം: ഭൂതം (അശുദ്ധാത്മാവ്)

A. പ്രാചീനകാലത്തെ ജനങ്ങൾ പ്രകൃതി ശക്തികളെ ആരാധിക്കുന്നവർ ആയിരുന്നു. മാനുഷിക വ്യക്തിത്വ ഗുണങ്ങൾ പ്രകൃതി, മൃഗങ്ങൾ, പ്രാപഞ്ചികമായ പദാർത്ഥങ്ങൾ എന്നിവയുടെ ശക്തിയാണെന്ന് അവർ ചിന്തിച്ചു. മനുഷ്യന് ഈ ആത്മീയ വസ്തുക്കളുമായുള്ള ബന്ധത്തിലൂടെയാണ് അവർ ജീവിതത്തെ വിശദീകരിച്ചത്.

B. ഈ മനുഷ്യരൂപാരോപണം ബഹുദൈവാരാധനയായി മാറി (ഒന്നിലധികം ദൈവങ്ങൾ). സാധാരണ യായി ഭൂതങ്ങൾ, മനുഷ്യജീവിതത്തെ സ്വാധീനിച്ചിരുന്ന താണ ദൈവങ്ങൾ അല്ലെങ്കിൽ അർദ്ധദേവ ന്മാർ (നല്ലവരും ദുഷ്ടന്മാരും) ആയിരുന്നു.

1. മെസോപൊട്ടാമിയ, കലാപവും സംഘട്ടനവും
2. ഈജിപ്ത്, ക്രമവും പ്രവർത്തനവും
3. കനാൻ, ഡബ്യൂ. എഫ്. ആൽബ്രൈറ്റിന്റെ *ആർക്കിയോളജി ആൻഡ് ദ റിലീജിയൺ ഓഫ് യിസ്രായേൽ* കാണുക. അഞ്ചാം പതിപ്പ്, പേജുകൾ 67–92.

C. പഴയ നിയമത്തിൽ താണദൈവങ്ങൾ, ദൂതന്മാർ, പിശാച് എന്നിവയെക്കുറിച്ചുള്ള വിശ്വാസം വെച്ചു പുലർത്തുകയോ വികസിപ്പിക്കുകയോ ചെയ്യുന്നില്ല. കർശനമായ ഏകദൈവവിശ്വാസമായിരുന്നു കാരണം (ഒ.നോ. പുറ. 8:10; 9:14; 15:11; ആവ. 4:35,39; 6:4; 33:26; സങ്കീ. 35:10; 71:19; 86:6; യെശ. 46:9; യിരെ. 10:6–7; മീഖാ 7:18). ജാതികളുടെ രാജ്യങ്ങളിലെ വ്യാജദൈവങ്ങളെപ്പറ്റി സൂചിപ്പിക്കുകയും (*ഷെദീം*, ഒ.നോ. ആവ. 32:17; സങ്കീ. 106:37). അവയിൽ ചിലതിന്റെ പേരുകൾ പരാമർശിക്കുകയും ചെയ്യുന്നുണ്ട്.

1. *സെയിം* (മേഷം അഥവാ രോമാവൃതമായ പിശാചുക്കൾ, ഒ.നോ. ലേവ്യ. 17:7; 2 രാജാ. 11:15).
2. *ലിലിത്* (വഴിതെറ്റിക്കുന്ന സ്ത്രീ പിശാച്, ഒ.നോ. യെശ. 34:14).
3. *മാവെത്* (മരണം എന്നതിനുള്ള എബ്രായപദം *മോട്ട്*, കനാന്യ അധോലോക ദൈവത്തിന് ഉപ യോഗിച്ചിരിക്കുന്നു, ഒ. നോ. യെശ. 28:15,18; യിരെ. 9:21; ആവ. 28:22 [സാധ്യത]).
4. *റെഷെഫ്* (ബാധ, ഒ.നേ. ആവ. 33:29; സങ്കീ. 78:48; ഹബ. 3:5).
5. *ഡെവെർ* (മഹാമാരി, ഒ.നോ. സങ്കീ. 91:5–6; ഹബ. 3:5).
6. *അസ്സസ്സെൽ* (നാമം വ്യക്തമല്ല, മരുഭൂമിയിലെ പിശാച് അല്ലെങ്കിൽ സ്ഥലപ്പേര് ആകാനാണു സാധ്യത. ഒ.നോ. ലേവ്യ. 16:8,10,26).

(ഈ ഉദാഹരണങ്ങൾ *എൻസൈക്ലോപീഡിയ ജുഡായിക* വാല്യം 5, പേജ് 1523 ൽനിന്നും എടുത്തി ട്ടുള്ളതാണ്).

എങ്കിലും പഴയനിയമത്തിലെ യഹോവയ്ക്ക് തുല്യമായ ദ്വൈതമോ സ്വതന്ത്രനായ ദൂതനോ ഇല്ല. സാത്താൻ യഹോവയുടെ സേവകനാണ് (ഒ.നോ. ഇയ്യോ. 1–3; സെഖ. 3), സ്വതന്ത്രമായതോ സ്വയം നയിക്കപ്പെടുന്നതോ ആയ ശത്രുവല്ല (ഒ.നോ. എ. ബി. ഡേവിഡ്സൺ, *തിയോളജി ഓഫ് ദ ഓൾഡ്ടെസ്റ്റമെന്റ്*, പേജുകൾ 300–306).

D. യെഹൂദമതം വികാസം പ്രാപിച്ചത് ബാബിലോൺ പ്രവാസ കാലഘട്ടത്തിനിടയിലാണ് (586–538 ബി. സി). മസ്ദാ അല്ലെങ്കിൽ ഓർമസ്ദ് എന്നു വിളിക്കപ്പെടുന്ന ഒരു ഉന്നത ദൈവവും അവന്റെ പൈശാ ചിക എതിരാളിയായ അഹ്റിമാനും ഉൾപ്പെട്ട പേർഷ്യൻ മനുഷ്യരൂപാരോപണ ദ്വൈതവാദമാണ് ഇതിനെ ദൈവശാസ്ത്രപരമായി സ്വാധീനിച്ചത്. പ്രവാസാനന്തര യെഹൂദ മതത്തിൽ യഹോവയും അവന്റെ ദൂതന്മാരും സാത്താനും അവന്റെ ദൂതന്മാരും അഥവാ പിശാചുക്കളും ചേർന്ന ദ്വൈത വിശ്വാ സത്തിന് ഇതു കളമൊരുക്കി.

യെഹൂദമതത്തിലെ ആളത്വമുള്ള പിശാചിനെക്കുറിച്ച് ആൽഫ്രെഡ് എദെർഷെയിമിന്റെ *ദ ലൈഫ് ആൻഡ് ടൈംസ് ഓഫ് ജീസസ് ദ മെസായാ,* വാല്യം 2, അനുബന്ധം XIII (പേജുകൾ 749–863), XVI (പേജുകൾ 770–776) എന്ന പുസ്തകത്തിൽ വിശദമായി എഴുതിയിട്ടുണ്ട്.

യെഹൂദമതം ദുഷ്ടതയെ മൂന്നു രീതിയിലാണ് മൂർത്തീകരിച്ചിരിക്കുന്നത്.

1. സാത്താൻ അഥവാ സമ്മായേൽ
2. മനുഷ്യവർഗ്ഗത്തിന്റെ ദുഷ്ട ഉദ്ദേശ്യം (*യെറ്റ്സർ ഹരാ*)
3. മരണദൂതൻ

എദർഷെയിം ഇവയെ വിശേഷിപ്പിക്കുന്നത്: (1) അപവാദി, (2) പരീക്ഷകൻ, (3) ശിക്ഷിക്കുന്നവൻ എന്നിങ്ങനെയാണ് (വാല്യം 2, പേജ് 756). പ്രവാസാനന്തര യെഹൂദമതവും തിന്മയെക്കുറിച്ചുള്ള പുതിയ നിയമ അവതരണവും വിശദീകരണവും തമ്മിൽ കൃത്യമായ ദൈവശാസ്ത്രപരമായ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്.

E. പുതിയ നിയമം, പ്രത്യേകിച്ച് സുവിശേഷങ്ങൾ, യഹോവയ്ക്കും മനുഷ്യകുലത്തിലും എതിരായാണ് പൈശാചിക ആത്മാക്കളുടെ അസ്തിത്വവും എതിർപ്പും ഉറപ്പിച്ചു പറയുന്നു (യെഹൂദ മതത്തിൽ സാത്താൻ മനുഷ്യന്റെ ശത്രുവാണ്, എന്നാൽ ദൈവത്തിന്റെ അല്ല). അവ ദൈവത്തിന്റെ ഹിതം, ഭരണം, രാജ്യം എന്നിവയെ എതിർക്കുന്നു.

യേശു, അശുദ്ധാത്മാക്കൾ (ഒ.നോ. ലൂക്കൊ. 4:36; 6:18) അല്ലെങ്കിൽ (2) ദുരാത്മാക്കൾ (ഒ.നോ. 7:21; 8:2) എന്നും വിളിക്കപ്പെട്ടിരുന്ന ഈ പൈശാചിക ശക്തികളെ നേരിടുകയും പുറത്താക്കുകയും ചെയ്തു. രോഗവും (ശാരീരികവും മാനസികവും), പൈശാചിക ബാധയും തമ്മിലുള്ള വ്യത്യാസത്തെ യേശു വ്യക്തമാക്കി. ദുരാത്മാക്കളെ തിരിച്ചറിയുവാനും അവയെ പുറത്താക്കുവാനും യേശു തന്റെ ശക്തിയും ആത്മീയ ഉൾക്കാഴ്ചയും വെളിപ്പെടുത്തി. ഈ ദുരാത്മാക്കൾ പലപ്പോഴും യേശുവിനെ തിരിച്ചറിയുകയും അവനെ അഭിസംബോധന ചെയ്യുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, യേശു അവയുടെ സാക്ഷ്യത്തെ നിരസിക്കുകയും അവയോട് നിശബ്ദരാകുവാൻ കല്പിക്കുകയും അവയെ പുറത്താക്കുകയും ചെയ്തു. സാത്താന്യ രാജ്യത്തിന്റെ പതനത്തിന്റെ അടയാളമായിരുന്നു ഭൂതോച്ചാടനം. അപ്പൊസ്തലന്മാർ എഴുതിയ പുതിയ നിയമ ലേഖനങ്ങളിൽ ഈ വിഷയത്തെക്കുറിച്ചുള്ള വിവരങ്ങളുടെ ആശ്ചര്യകരമായ കുറവ് കാണുന്നുണ്ട്. ഭൂതങ്ങളെ പുറത്താക്കൽ എന്ന പ്രവൃത്തി ആത്മാവിന്റെ ഒരു വരമായി ഒരിക്കലും പട്ടികയിൽ ചേർത്തിട്ടില്ല, എന്നു മാത്രമല്ല ഭാവിതലമുറയിലുള്ള ശുശ്രൂഷകന്മാർക്കോ, വിശ്വാസികൾക്കോ ഉപകരിക്കുമാറ്, അതിന്റെ മാതൃകയും പ്രവർത്തന രീതിയും നൽകിയിട്ടുമില്ല.

F. ദുഷ്ടത യാഥാർത്ഥ്യമാണ്. ദുഷ്ടത വ്യക്തിപരമാണ്, ദുഷ്ടത ഇപ്പോഴുള്ളതാണ്. അതിന്റെ ഉത്ഭവമോ ഉദ്ദേശ്യമോ വെളിപ്പെട്ടിട്ടില്ല. ബൈബിൾ അതിന്റെ യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും അതിന്റെ സ്വാധീനത്തെ കഠിനമായി എതിർക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യത്തിൽ ദ്വൈതസ്വഭാവം ഒട്ടും തന്നെ ഉണ്ടാകുന്നില്ല. സമ്പൂർണ്ണ നിയന്ത്രണം ദൈവത്തിന്റെ കയ്യിലാണ്. തിന്മ പരാജയപ്പെടുകയും ന്യായംവിധിക്കപ്പെടുകയും സൃഷ്ടികളിൽ നിന്നും നീക്കപ്പെടുകയും ചെയ്യും.

G. ദൈവമക്കൾ പിശാചിനോട് എതിർത്തു നിൽക്കണം (ഒ.നോ. യാക്കോ. 4:7). അവർക്ക് അതിനാൽ നിയന്ത്രിക്കപ്പെടുവാൻ കഴിയുന്നതല്ല (ഒ.നോ. 1 യോഹ. 5:8). എന്നാൽ അവർ പരീക്ഷിക്കപ്പെടുവാനും അവരുടെ സാക്ഷ്യവും സ്വാധീനവും നഷ്ടപ്പെടുവാനും അതുമൂലം ഇടയാകും (ഒ.നോ. എഫെ. 6:10–18). ക്രൈസ്തവ ലോകദർശനത്തിന്റെ ഒരു വെളിപ്പെട്ട ഭാഗമാണ് ദുഷ്ടത എന്നുള്ളത്. ആധുനിക ക്രിസ്ത്യാനികൾക്ക് ദുഷ്ടതയെ പുനർനിർവചിക്കുവാനോ (റുഡോൾഫ് ബാൾട്ട്മാന്റെ പുരാവൃത്ത വിപാടനം [demythologizing]) പിശാചിനെ ആളത്വമില്ലാത്തവനാക്കുവാനോ (പോൾ തില്ലിഖിന്റെ സാമൂഹിക ഘടനകൾ), അതിനെ മനഃശാസ്ത്ര പ്രയോഗങ്ങളിലൂടെ വിശദീകരിക്കുവാൻ ശ്രമിക്കുകയോ (സിഗ്മണ്ട് ഫ്രോയിഡ്) ചെയ്യുവാൻ യാതൊരവകാശവാദവുമില്ല. ഇതിന്റെ സ്വാധീനം വഴി തെറ്റിക്കുന്നതാണെങ്കിലും അതവസാനം പരാജയപ്പെടുകതന്നെ ചെയ്യും. വിശ്വാസികൾ ക്രിസ്തുവിലുള്ള വിജയത്തിൽ നടക്കേണ്ടത് ആവശ്യമാകുന്നു.

**7:22**

| | |
|---|---|
| **NASB, NKJV** | **"അതു മോശെയിൽ നിന്നല്ല, പിതാക്കന്മാരിൽനിന്നത്രേ"** |
| **NRSV** | **"അതു തീർച്ചയായും മോശെയിൽ നിന്നല്ല, ഗോത്രപിതാക്കന്മാരിൽനിന്നത്രേ"** |
| **TEV** | **"മോശെ അല്ല, നിങ്ങളുടെ പിതാക്കന്മാത്രേ അതാരംഭിച്ചത്"** |
| **NJB** | **"അതു അവനിൽ ആരംഭിച്ചത്, അതു ഗോത്രപിതാക്കന്മാരിലേക്കത്രേ എത്തുന്നത്"** |

പരിച്ഛേദന മോശെയുടെ ന്യായപ്രമാണത്തോടെ ആരംഭിച്ചതല്ല (ഒ.നോ. പുറ. 12:48; ലേവ്യ. 12:3), മറിച്ച് യഹോവയുമായുള്ള പ്രത്യേക ഉടമ്പടിയുടെ അടയാളമായി അബ്രാഹാമിന് നൽകപ്പെട്ടതായിരുന്നു (ഒ.നോ. ഉല്പ. 7:9–14; 21:4; 34:22).

▣ **"നിങ്ങൾ ശബ്ബത്തിൽ മനുഷ്യനെ പരിച്ഛേദന കഴിക്കുന്നു"** യേശുവിന്റെ ഈ വാദത്തിന്റെ അന്തസത്ത, ഒരു കുട്ടിയെ പരിച്ഛേദന കഴിക്കുവാൻവേണ്ടി അവർ ശബ്ബത്തുനിയമങ്ങൾ മാറ്റിവയ്ക്കുവാൻ ഒരുക്കമാണ് (ഒ.നോ. *ഷാബ്* 132a; *സാഫ്* 18:3; 19:1–6). എന്നാൽ മനുഷ്യനെ സൗഖ്യമാക്കുവാൻ വേണ്ടി ശബ്ബത്ത് നിയമങ്ങൾ മാറ്റിവയ്ക്കുവാൻ അവർ തയ്യാറല്ലായിരുന്നു. ഈ ഭാഗത്തുടനീളം യെഹൂദാ റബ്ബി സംസ്കാരത്തിന്റെ യുക്തിയും ചിന്താരീതിയും ഉപയോഗിക്കുന്നതായി മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്.

**7:23 "എങ്കിൽ"** ഇതൊരു ഉത്തമപുരുഷ സോപാധിക വാചകമാണ്. എഴുത്തുകാരന്റെ കാഴ്ചപ്പാടിൽ സത്യമായതും, അദ്ദേഹത്തിന്റെ രചനാ ഉദ്ദേശ്യത്തിന് ആവശ്യമായതും എന്നാണ് ഇതിനർത്ഥം.

▣ **"ഒരു മനുഷ്യനെ മുഴുവൻ സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ"** ഇത് ഒന്നുകിൽ 5:1–9 ൽ എഴുതിയിരിക്കുന്ന യേശുവിന്റെ സൗഖ്യമാക്കൽ പ്രവൃത്തിയെയോ അല്ലെങ്കിൽ പെരുന്നാളിനിടയിൽ ഉണ്ടായ രേഖപ്പെടുത്തിയിട്ടില്ലാത്ത സൗഖ്യമാക്കൽ സംഭവത്തെയോ സൂചിപ്പിക്കുന്നു.

"ഈർഷ്യ" എന്നതിന്റെ ഗ്രീക്ക് പദം *ഖോലാവോ* (*χολαω*) പുതിയ നിയമത്തിൽ ഇവിടെ മാത്രം കാണുന്ന അപൂർവ്വ വാക്കാണ്. ഇത് വളരെ വിരളമായി മാത്രമേ മുഴുവൻ ഗ്രീക്കു സാഹിത്യത്തിലും കാണപ്പെടുന്നുള്ളൂ. (BAGD, p. 883 and MM, p. 689). ഇത് കൈപ്പ് എന്ന പദവുമായി ബന്ധപ്പെട്ടിരിക്കുന്നു (*χολη*, ഒ.നോ. മത്തായി. 27:34). യേശു ഈ പദം ഉപയോഗിക്കുന്നതിന്റെ കാരണം വ്യക്തമല്ല (ഉദാ. ഇതിന്റെ ലക്ഷ്യാർത്ഥം). യേശു ലംഘിക്കുന്നതായ ദൈവത്തിന്റെ പ്രമാണങ്ങളും ഹിതങ്ങളും തങ്ങൾ സംരക്ഷിക്കുന്നു എന്ന് അവർ ചിന്തിച്ചു എന്ന അർത്ഥത്തിൽ ഇത് "ദൈവകോപ"ത്തെ സൂചിപ്പിക്കുന്നതായിരിക്കാം.

**7:24 "കാഴ്ചപ്രകാരം വിധിക്കരുത്; നീതിയുള്ള വിധി വിധിപ്പിൻ"** നിഷേധാത്മക ഘടകമുള്ള വർത്തമാന കാല കല്പനയാണിത്. നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനത്തെ നിർത്തി വയ്ക്കുക എന്നാണർത്ഥം. അടിയന്തര നടപടി ആവശ്യപ്പെടുന്ന ധ്വനിയും അതിലുണ്ട്. ഇത് യെശ. 11:3 ന്റെ ഒരു സൂചന ആയിരിക്കാം.

**യോഹന്നാൻ 7:25-31**

**25യെരൂശലേമ്യരിൽ ചിലർ: അവർ കൊല്ലുവാൻ അന്വേഷിക്കുന്നവൻ ഇവൻ അല്ലയോ? 26ഇവൻ ധൈര്യത്തോടെ സംസാരിക്കുന്നുവല്ലോ; അവർ അവനോടു ഒന്നും പറയുന്നില്ല; ഇവൻ ക്രിസ്തു ആകുന്നു എന്നു പ്രമാണികൾ യഥാർത്ഥമായി ഗ്രഹിച്ചുവോ? 27എങ്കിലും ഇവൻ എവിടെനിന്നു എന്നു നാം അറിയുന്നു; ക്രിസ്തു വരുമ്പോഴോ അവൻ എവിടെനിന്നു എന്നു ആരും അറികയില്ല എന്നു പറഞ്ഞു. 28ആകയാൽ യേശു ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ: നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെനിന്നെന്നും അറിയുന്നു. ഞാൻ സ്വയമായി വന്നവനല്ല, എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല. 29ഞാൻ അവന്റെ അടുക്കൽ നിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു എന്നു വിളിച്ചുപറഞ്ഞു. 30ആകയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ ആരും അവന്റെ മേൽ കൈവച്ചില്ല. 31പുരുഷാരത്തിൽ പലരും: ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളം ചെയ്യുമോ എന്നു പറഞ്ഞു അവനിൽ വിശ്വസിച്ചു.**

**7:25 "അവർ കൊല്ലുവാൻ അന്വേഷിക്കുന്നവൻ ഇവൻ അല്ലയോ"** ഈ ചോദ്യത്തിന്റെ വ്യാകരണ രൂപം പ്രതീക്ഷിക്കുന്ന് "അതേ" എന്ന ഉത്തരമാണ് (ഒ.നോ. 5:17; 7:19). വാ. 36 വരെയുള്ള വേദഭാഗത്ത് കാണുന്ന ചോദ്യങ്ങളുടെ പരമ്പരയിലെ ആദ്യത്തേതാണ് ഇത്.

**7:26**

**NASB, REV, NET "അവൻ പരസ്യമായി സംസാരിക്കുന്നു.**
**NKJV "അവൻ ധൈര്യത്തോടെ സംസാരിക്കുന്നുവല്ലോ"**
**NRSV, NJB "അവൻ തുറന്നു സംസാരിക്കുന്നു"**

7:4 ലെ പ്രത്യേക പഠനവിഷയം: നിർഭയത്വം (*പാർഹീസിയ*) കാണുക.

▣
**NASB "ഇതാണ് ക്രിസ്തുവെന്ന് പ്രമാണികൾക്ക് യഥാർത്ഥത്തിൽ അറിയില്ല അല്ലേ?"**
**NKJV "ഇതാണ് യഥാർത്ഥത്തിൽ ക്രിസ്തുവെന്ന് പ്രമാണികൾക്ക് തീർച്ചയായും അറിയാമോ?"**
**NRSV "ഇതാണ് മശിഹായെന്ന് പ്രമാണികൾ യഥാർത്ഥത്തിൽ അറിഞ്ഞിരിക്കുമോ?"**
**TEV "അവൻ മശിഹായാണെന്ന് പ്രമാണികൾ യഥാർത്ഥത്തിൽ അറിഞ്ഞിരിക്കുമോ?"**
**NJB "അവൻ ക്രിസ്തുവാണെന്ന് പ്രമാണികൾ തിരിച്ചറിഞ്ഞുവെന്നത് സത്യമായിരിക്കുമോ?"**

ഈ വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "അല്ല" എന്ന ഉത്തരമാണ്. എന്നാലും, ഇത് ഒരു സാധ്യതയെക്കൂടി പ്രകടമാക്കുന്നുണ്ട് (ഒ.നോ. 1:31; 4:29).

**7:27 "എങ്കിലും ഇവൻ എവിടെ നിന്നു എന്നു നാം അറിയുന്നു. ക്രിസ്തു വരുമ്പോഴോ അവൻ എവിടെ നിന്നു എന്നു ആരും അറികയില്ല"** മശിഹാ പെട്ടെന്ന് ദൈവാലയത്തിൽ പ്രത്യക്ഷപ്പെടുമെന്ന് മലാഖി 3:1 അടിസ്ഥാനമാക്കിയുള്ള റബ്ബിമാരുടെ പാരമ്പര്യവിശ്വാസത്തെയാണ് ഇവിടെ പരാമർശിക്കുന്നത്. ഹാനോക്ക് 48:6 ലും 4 എസ്ദ്രാസ് 13:51-52 ലും ഇതു കാണുന്നു.

**7:28** ഈ വാക്യത്തിൽ യേശു തന്റെ പ്രസ്താവനകൾ നടത്തുന്നു.

1. ദൈവം അവനെ അയച്ചു (ഒ.നോ. 3:17,34; 5:36,38; 6:29; 7:29 8:42; 10:36; 11:42; 17:3,18,21,23,25; 20:21).
2. അവർ ദൈവത്തെ അറിയുന്നില്ല (ഒ.നോ. 5:37,42; 8:19,27,54-55; 16:3).

"യേശു വിളിച്ചു പറഞ്ഞു" എന്നാണ് യോഹന്നാൻ രേഖപ്പെടുത്തുന്നത് (ഒ.നോ. 7:37; 12:44; മത്താ. 8:29). കേൾക്കത്തക്കവണ്ണം ശബ്ദം ഉയർത്തി. അക്ഷരാർത്ഥത്തിൽ ഇത് ആമേൻ അല്ലെങ്കിൽ "ആമേൻ ആമേൻ" എന്ന് ഉപയോഗിക്കുന്നതിനു തുല്യമായിരുന്നു. ഈ വിപരീതാർത്ഥ പ്രസ്താവനകൾ ഊന്നിപ്പറയുവാൻ യേശു ആഗ്രഹിച്ചു. വാ. 29 ലാണ് പ്രശ്നം കാണുന്നത്. കാരണം യേശു ഗലീലയിൽ നിന്നും വന്നതാണ് എന്നവർ ചിന്തിച്ചു (ഒ.നോ. വാ. 41). എന്നാൽ വാസ്തവത്തിൽ അവൻ സ്വർഗ്ഗത്തിൽ നിന്നും വന്നതാകുന്നു!

▣ **"എന്നെ അയച്ചവൻ സത്യവാൻ ആകുന്നു"** പിതാവ് സത്യവാൻ ആകുന്നു (ഒ.നോ. 3:33; 8:26; 1 യോഹ. 5:20). അതുകൊണ്ട് പുത്രനും അങ്ങനെതന്നെയാകുന്നു (ഒ.നോ. 7:18; 8:16). 6:55 ലെ പ്രത്യേക പഠനവിഷയം കാണുക.

**7:29 "ഞാൻ അവന്റെ അടുക്കൽ നിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു"** യോഹന്നാന്റെ സുവിശേഷത്തിലെ മറ്റൊരു ലംബ ദ്വൈതത്തിന്റെ ഉദാഹരണമാണിത്. ഈ പ്രസ്താവനയെ ദൈവദൂഷണം ആയി യെഹൂദ നേതാക്കന്മാർ കണക്കാക്കുകയും യേശുവിനെ കൊല്ലേണ്ടത് അവരുടെ ആവശ്യമാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. 5:24 ലെ പ്രത്യേക പഠന വിഷയം: അയയ്ക്കുക (*αποστελλω*)

കാണുക.

**7:30 "അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു"** ഇത് സൂചിപ്പിക്കുന്നത്: (1) അവർ യേശുവിനെ പിടിക്കുവാൻ വേണ്ടി അന്വേഷണം ആരംഭിച്ചു (2) അവർ അവനെ അറസ്റ്റ് ചെയ്യുവാൻ വീണ്ടും വീണ്ടും പരിശ്രമിച്ചു. പക്ഷേ യേശു മശിഹായാണെന്ന് ചിന്തിക്കുന്ന തീർത്ഥാടകരുടെ ഇടയിൽ ലഹള ഉണ്ടാക്കുവാൻ ഇതു കാരണമാകാതിരിക്കുവാൻ അവർ ആഗ്രഹിച്ചു.

▣ **"എങ്കിലും അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ"** ഇത് ദൈവിക സമയവിവര പട്ടികയെ ആവർത്തിച്ച് ഉറപ്പിച്ചു പറയുന്ന ഒരു പ്രവാചക ഭാഷാശൈലിയാണ് (ഒ.നോ. 2:4; 7:6,30; 8:20; 12:23,27; 13:1; 17:1).

**7:31 "പുരുഷാരത്തിൽ പലരും അവനിൽ വിശ്വസിച്ചു"** യേശുവിന്റെ മശിഹൈക ദൗത്യത്തെക്കുറിച്ച് തെറ്റായ ധാരണകൾ അവരിൽ നിറഞ്ഞു നിന്നിരുന്നെങ്കിലും യേശുവിലുള്ള അവരുടെ വിശ്വാസം സത്യമായിരുന്നു. ആർക്കും "പൂർണ്ണതയുള്ള" വിശ്വാസം ഇല്ല (ഒ.നോ. നോഹ, അബ്രഹാം, മോശെ, ദാവീദ്, പന്ത്രണ്ടു ശിഷ്യന്മാർ). 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

സുവിശേഷം അവതരിപ്പിക്കുമ്പോൾ ഇങ്ങനെ എല്ലായ്പ്പോഴും സംഭവിക്കാറുണ്ട്; ചിലർ വിശ്വസിക്കുന്നു, ചിലർ സംശയിക്കുന്നു. മറ്റു ചിലർ രോഷം കൊള്ളുന്നു. ഇതിന്റെ രഹസ്യത്തെ അപഗ്രഥിക്കുമ്പോൾ ലഭിക്കുന്നത്.

1. ദൈവിക തിരഞ്ഞെടുപ്പ്
2. മനുഷ്യന്റെ പാപാവസ്ഥ

ഇവിടെ ഒരു മർമ്മം ഉണ്ട്. ഒത്തിരി പ്രകാശത്തിന്റെ സാന്നിധ്യത്തിലും നിറയുന്നതായ അവിശ്വാസം കണ്ട് ഞാൻ സ്തംഭിച്ചു നിന്നിട്ടുള്ളത്. കുടുംബങ്ങൾ പരസ്പരം എതിർക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകൾ മിക്കവാറും ഇതായിരിക്കാം. സുവിശേഷം ചിലർക്ക് സമാധാനം കൊണ്ടുവരികയും ചിലർക്ക് ഭിന്നത സൃഷ്ടിക്കുകയും ചെയ്യുന്നു.

▣ **"ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളം ചെയ്യുമോ?"** ഗ്രീക്ക് വ്യാകരണരൂപം "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു"

ഡോർജ്ജ് ഇ. ലാഡിന്റെ *എ തിയോളജി ഓഫ് ദ ന്യൂ ടെസ്റ്റമെന്റിൽ* യേശുവിലുള്ള വിശ്വാസത്തിനു പ്രചോദനമാകുന്നതിൽ "അടയാള"ങ്ങളുടെ ഉപയോഗത്തെപ്പറ്റി വളരെ രസകരമായ ഒരു അഭിപ്രായം കാണുക:

> "വിശ്വാസത്തോടുള്ള അടയാളങ്ങളുടെ ബന്ധത്തെക്കുറിച്ചുള്ള ചോദ്യം അത്ര ലളിതമല്ല, കാരണം അതു സംബന്ധിച്ച വിവരങ്ങൾ രണ്ടു ദിശകളിലേക്കാണു നോക്കുന്നതെന്നു തോന്നുന്നു. ചിലപ്പോൾ അടയാളങ്ങൾ ചെയ്യുന്നത് യേശുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കുവാനാണ് (2:23; 6:14; 7:31; 10:42). മറിച്ച്, അടയാളങ്ങളെ കണ്ടവർ വിശ്വസിക്കാതെയും ഇരുന്നിട്ടുണ്ട് (6:27; 11:47; 12:37). ഇതിലുപരിയായി, ഒരു സന്ദർഭത്തിൽ അടയാളങ്ങൾ കൂടാതെ വിശ്വസിക്കുവാൻ തയ്യാറാകാതിരുന്ന യെഹൂദന്മാരെ യേശു ശാസിക്കുന്നുണ്ട് (4:48; 6:30). അടയാളങ്ങളുടെയും വിശ്വാസത്തിന്റെയും ഇടയിലുള്ള സംഘർഷത്തിലാണ് ഉത്തരം കണ്ടുപിടിക്കേണ്ടത്. അടയാളങ്ങളുടെ യഥാർത്ഥ അർത്ഥവും അവ യേശുക്രിസ്തുവിനെ സാക്ഷീകരിക്കുന്നതും തിരിച്ചറിയുന്നതിന് വിശ്വാസം ആവശ്യമായിരിക്കുന്നു; വിശ്വാസമില്ലാത്തവർക്ക് അടയാളങ്ങൾ അർത്ഥരഹിതമായ അപൂർവ്വസംഗതി മാത്രമാണ്. പ്രതികരിക്കുന്നവർക്ക്, അടയാളങ്ങൾ അവരുടെ വിശ്വാസത്തെ സ്ഥിരീകരിക്കുകയും ദൃഢപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളാണ്. യേശുവിന്റെ അടയാളങ്ങൾ നിർബന്ധിച്ചു വിശ്വസിപ്പിക്കുവാൻ വേണ്ടി ഉള്ളതായിരുന്നില്ല എന്നു വ്യക്തമാണ്. മറ്റൊരർത്ഥത്തിൽ, യേശുവിന്റെ പ്രവൃത്തികൾ അവന്റെ ദൗത്യം എന്താണെന്ന് നോക്കിക്കാണുവാൻ കഴിയുന്നവർക്കുള്ള മതിയായ സാക്ഷ്യമാണ്. അന്ധരായ മനുഷ്യരെ അവരുടെ പാപത്തെ സ്ഥിരീകരിക്കുവാനും കുറ്റം വിധിക്കുവാനുമുള്ള വഴിയായിട്ടാണ് യേശുവിന്റെ പ്രവൃത്തികൾ നിലകൊള്ളുന്നത്" (പേജ് 274).

## യോഹന്നാൻ 7:32-36

**[32]പുരുഷാരം അവനെക്കുറിച്ചു ഇങ്ങനെ കുശുകുശുക്കുന്നു എന്നു പരീശന്മാർ കേട്ടാറെ, അവനെ പിടിക്കേണ്ടതിന്നു മഹാപുരോഹിതന്മാരും പരീശന്മാരും ചേവകരെ അയച്ചു. [33]യേശുവോ: ഞാൻ ഇനി കുറെനേരം നിങ്ങളോടുകൂടെ ഇരിക്കുന്നു; പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. [34]നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ലതാനും; ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴികയുമില്ല എന്നു പറഞ്ഞു. [35]അതു കേട്ടിട്ടു യെഹൂദന്മാർ: നാം കണ്ടെത്താതവണ്ണം ഇവൻ എവിടേക്കു പോകുവാൻ ഭാവിക്കുന്നു? യവനന്മാരുടെ ഇടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി യവനരെ ഉപദേശിപ്പാൻ ഭാവമോ? [36]നിങ്ങൾ എന്നെ അന്വേഷിക്കും, എന്നെ കണ്ടെത്തുകയില്ലതാനും; ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വരുവാൻ കഴികയുമില്ല എന്നു ഈ പറഞ്ഞവാക്കു എന്തു എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.**

**7:32 "മഹാപുരോഹിതന്മാരും പരീശന്മാരും"** സൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. (3:1 ലെ പ്രത്യേക പഠനവിഷയം കാണുക). ഒരു മഹാപുരോഹിതൻ മാത്രമെ ഉള്ളൂ. എങ്കിലും

റോമൻ അധിനിവേശത്തോടുകൂടി ഈ ഔദ്യോഗിക പദവി രാഷ്ട്രീയമായി സ്വാധീനമുള്ളതായി മാറുകയും ധനാഢ്യരായ യെഹൂദ കുടുംബങ്ങൾ അതു കൈവശപ്പെടുത്തി കുടുംബാംഗങ്ങളിൽ നിന്നും കുടുംബാംഗങ്ങളിലേക്ക് കൈമാറുകയും ചെയ്തു പോന്നു.

▣ **"അവനെ പിടിക്കേണ്ടതിന്നു ചേവകരെ അയച്ചു"** ലേവ്യരായ ദൈവാലയ പടയാളികളെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ദൈവാലയ പരിസരത്തിനു വെളിയിൽ പരിമിതമായ അധികാരം മാത്രമെ അവർക്കുണ്ടായിരുന്നുള്ളൂ (ഒ.നോ. 7:45,46; 18:3,12,18,22).

**7:33 "ഞാൻ ഇനി കുറെനേരം നിങ്ങളോടുകൂടെ ഇരിക്കുന്നു"** ഇത് യോഹന്നാന്റെ സുവിശേഷത്തിലെ ഒരു സാധാരണ പ്രയോഗം ആണ് (ഒ.നോ. 12:35; 13:33; 14:19; 16:16-19). താൻ ആരാണെന്നും തനിക്ക് എന്തു സംഭവിക്കുമെന്നും അത് എപ്പോൾ ആയിരിക്കുമെന്നും യേശു അറിഞ്ഞിരുന്നു (ഒ.നോ. 17:1-5; പ്രവൃ. 1).

▣ **"പിന്നെ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു"** യേശുവിന്റെ വീണ്ടെടുപ്പിൻ ദൗത്യത്തിന്റെ അന്ത്യത്തെയാണിതു സൂചിപ്പിക്കുന്നത്: ക്രൂശീകരണം ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം, പൂർവ്വകാല മഹത്വത്തിലേക്കുള്ള യഥാസ്ഥാപനം (ഒ.നോ. 17:1-5; പ്രവൃ. 1).

**7:34** ഈ വാക്കുകൾ യേശു തന്റെ ശിഷ്യന്മാരുമൊത്ത് മാളികമുറിയിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പറയുന്ന വാക്കുകളോടു സമാനത ഉള്ളതാണ് (13:33; ഒ.നോ. 7:36; 8:21). എങ്കിലും ഇത് അവിശ്വാസികളെയാണ് സൂചിപ്പിക്കുന്നത് (ഉദാ. പുരുഷാരം, യെരൂശലേം നിവാസികൾ, യെഹൂദാ പ്രമാണികൾ).

**7:35-36 "യവനന്മാരുടെ ഇടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി യവനരെ ഉപദേശിപ്പാൻ ഭാവമോ?"** 'ഗ്രീക്ക് വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "അല്ല" എന്ന ഉത്തരമാണ്. ഇതു മറ്റൊരു വൈരുദ്ധ്യ പ്രസ്താവനയാണ. ഇത് എക്കാലത്തെയും ദൈവഹിതമായിരുന്നു (ഉല്പ. 3:15; 12:3; യെശ. 2:2-4). കൂടാരപ്പെരുന്നാളിന്റെ സമയത്ത് എഴുപതു കാളകളെ ലോകരാജ്യങ്ങൾക്കായി യാഗം കഴിക്കുന്നു. യെഹൂദന്മാർ ജാതികൾക്കു വേണ്ടി പ്രാർത്ഥിക്കുവാനും അവരെ വെളിച്ചത്തിലേക്ക് കൊണ്ടുവരുവാനും കടപ്പെട്ടവരാകുന്നു. ഈ പ്രസ്താവനയുടെ സാംസ്കാരിക പശ്ചാത്തലത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. "യവനന്മാർ" എന്ന പ്രയോഗം "ജാതികൾ" എന്ന അർത്ഥത്തിലാണ് ഉപയോഗിക്കപ്പെട്ടത്. ജാതികളുടെയിടയിൽ ചിതറിപ്പാർക്കുന്ന യെഹൂദന്മാരെയാണ് *ഡിസ്പെരിയ* (ചിതറിപ്പാർക്കുന്നവർ) എന്ന പ്രയോഗം പരാമർശിക്കുന്നത് (ഒ.നോ. യാക്കോ. 1:1; 1 പത്രൊ. 1:1). യേശുവിന്റെ ദൃഷ്ടാന്തപരമായ ഭാഷയെ ശരിയായി മനസ്സിലാക്കാത്ത പുരുഷാരത്തെ കാണിക്കുന്ന മറ്റൊരു ഉദാഹരണമാണ് ഇത്.

ഇത് യേശുവിന്റെ ലംബ ദ്വൈതത്തിന്റെ മറ്റൊരു ഉദാഹരണം കൂടിയായിരുന്നു. യേശുവിന്റെ പഠിപ്പിക്കലുകളിലെ "മുകളിൽ", "താഴെ" എന്നു വിഭജിക്കുന്നതിനു പകരം അവന്റെ പ്രസ്താവനയെ അക്ഷരികമായി വ്യാഖ്യാനിച്ച പുരുഷാരം അവനെ തെറ്റിദ്ധരിക്കുകയാണുണ്ടായത്. അവൻ പിതാവിൽ നിന്നു വന്നവനും പിതാവിങ്കലേക്കു മടങ്ങുന്നവനും ആയിരുന്നു.

## യോഹന്നാൻ 7:37-39

**[37]ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെനാളിൽ യേശു നിന്നുകൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. [38]എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചുപറഞ്ഞു. [39]അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞതു; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു.**

**7:37 "ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ"** ഇത് ഏഴുദിവസമുള്ള ഒരു പെരുന്നാൾ ആണോ (ഒ.നോ. ആവ. 16:13), അതോ എട്ടു ദിവസമുള്ള പെരുന്നാൾ (ഒ.നോ. ലേവ്യ. 23:36; നെഹെ. 8:17; 2 മക്കാബ്യർ 10:60; ജോസഫീസ്) ആണോ എന്നതിനെക്കുറിച്ച് ചില ചോദ്യങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രത്യക്ഷത്തിൽ യേശുവിന്റെ സമയത്ത് ഇതൊരു എട്ടുദിന പെരുന്നാൾ ആയിരുന്നു. എന്നിരുന്നാലും, അവസാനത്തെ ദിവസം, മറ്റുള്ള ഏഴുദിവസവും ചെയ്യുന്നതുപോലെ ശീലോഹാം കുളത്തിൽ നിന്നും വെള്ളം എടുത്ത് യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചിരുന്നില്ല. യെശയ്യാവ് 12:3 ലെ ഉദ്ധരിച്ച് തൽമൂദിന്റെ *ട്രക്കെയിറ്റ് സുഖാ*യിൽ നിന്നും ഈ ചടങ്ങിനെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ഇത് ചിലപ്പോൾ വിളവിനു വേണ്ടിയുള്ള മഴയ്ക്കായിട്ടുള്ള പ്രാർത്ഥനയെ ചിത്രീകരിക്കുന്നതാകാം.

▣ **"...ന്നവൻ"** പ്രവർത്തനം പ്രതീക്ഷിക്കുന്ന ഒരു സോപാധിക പ്രസ്താവനയാണിത്.

▣ **"ദാഹിക്കുന്നവൻ എല്ലാം"** യേശുവിലുള്ള വിശ്വാസത്തിലേക്കുള്ള ഒരു ആഗോള ക്ഷണം. 7:17 ലെ കുറിപ്പ് കാണുക.

▣ **"എന്റെ അടുക്കൽ വന്നു കുടിക്കട്ടെ"** ഇതേ രൂപകാലങ്കാരം 4:13-15ൽ യേശു ഉപയോഗിക്കുന്നു. ഇത് ചിലപ്പോൾ റബ്ബിമാരുടെ വിശ്വാസപ്രകാരം ജലം നൽകുന്ന മശിഹൈക പാറയായി യേശുവിനെ ചിത്രീകരിക്കുന്നതാകാൻ സാധ്യതയുണ്ട് (ഒ.നോ. 1 കൊരി. 10:4). യെശയ്യാവ് 55:1-3 ലെ പഴയനിയമ ക്ഷണത്തോടും പെരുന്നാൾ

സമയത്ത് പ്രതീകാത്മകമായി ജലം ഒഴിക്കുന്നതിന്റെ സാംസ്കാരിക പശ്ചാത്തലത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ചില പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ "എന്റെ അടുക്കൽ" എന്ന പ്രയോഗം എടുത്തുകളഞ്ഞിട്ടുണ്ട് (ഒ. നോ. $P^{66}$, ℵ, and D). ഇത് ഉൾപ്പെടുത്തിയിരിക്കുന്നത് $P^{66c}$, $P^{75}$, $ℵ^{c}$, L, T, W എന്നിവയിലാണ്. ഇത് പശ്ചാത്തലിലാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇതിന് UBS[4] 'ബി' റേറ്റ് നൽകുന്നു (ഏതാണ്ട് ഉറപ്പായത്). യോഹന്നാന്റെ സുവിശേഷത്തിൽ അവനിൽ വിശ്വസമർപ്പിക്കുവാൻ ജനങ്ങളെ ഉത്സാഹിപ്പിക്കുന്നു. ഈ സുവിശേഷത്തിന് ഒരു വ്യക്തിപരമായ ലക്ഷ്യമുണ്ട്.

**7:38 "എന്നിൽ വിശ്വസിക്കുന്നവന്റെ"** ഇതൊരു വർത്തമാനകാല ക്രിയ ആകുന്നു എന്നത് ശ്രദ്ധിക്കുക. യോഹന്നാൻ 15 ലെ "വസിക്കുക" എന്നതുപോലെ യേശുവിൽ വിശ്വസിക്കുന്നതിൽ, തുടർമാനമായി നിലനിൽക്കുന്ന വ്യക്തിപരമായ ബന്ധം ഉൾപ്പെട്ടിരിക്കുന്നു എന്ന് ഇത് ഊന്നിപ്പറയുന്നു. 9:7 ലെ പ്രത്യേക പഠന വിഷയം: രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാകാലങ്ങൾ കാണുക.

▣ **"തിരുവെഴുത്തു പറയുന്നതുപോലെ"** ഈ ഉദ്ധരണിക്ക് ഒരു പ്രത്യേക വേദഭാഗം കണ്ടുപിടിക്കുക പ്രയാസമാണ്. എന്നാൽ ഈ വാക്യങ്ങൾ, യെശ. 12:3; 43:19–20; 44:3; 58:11; യെഹെ. 47:1; യോവേ. 3:18; സെഖ. 13:1 അല്ലെങ്കിൽ 14:8 ആകാം. ദൈവസാന്നിധ്യത്തിന്റെ അടയാളമായി അന്ത്യകാല ദൈവശാസ്ത്രപരമായ ജലത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാണിത്. ഈ സംഭവത്തിൽ കാർഷിക അഭിവൃദ്ധിയുടെ പുതിയ യുഗത്തിൽ നൽകപ്പെട്ടിരിക്കുന്ന വാഗ്ദത്ത ജലം, പുതിയ ഉടമ്പടിയുടെ ആന്തരിക സ്വഭാവത്തിന്റെ പ്രതീകമായി മാറ്റിയിരിക്കുന്നു. ഹൃദയത്തിലും മനസ്സിലും ആത്മാവ് സജീവമായിരിക്കും (ഒ.നോ. യെഹെ. 36:27–38).

▣ **"വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും"** "അവൻ" എന്ന സർവ്വ നാമം ആരെക്കുറിക്കുന്നുവെന്നതു സംബന്ധിച്ച് അനേക സിദ്ധാന്തങ്ങളുണ്ട്.

1. യേശു തന്നെ (ഒ.നോ. ആദിമ സഭാ പിതാക്കന്മാർ)
2. യേശുവിൽ വിശ്വസിക്കുന്ന വ്യക്തികൾ
3. യെരൂശലേം. അരാമ്യ ഭാഷയിൽ "അവന്റെ" എന്നത് "അവളുടെ" എന്ന അർത്ഥത്തിലും ഒരു പട്ടണമെന്ന അർത്ഥത്തിലും കാണാൻ കഴിയും (ഇതായിരുന്നു റബ്ബിമാരുടെ നിലപാട്). ഒ.നോ. യെഹെ. 47:1–12; സെഖ. 14:8).

വാ. 37a, 38b എന്നിവ ഒരുവൻ വിഭജിക്കുന്നതിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന അർത്ഥ വ്യത്യാസത്തെക്കുറിച്ച് വളരെ നല്ല ഹ്രസ്വവും ലളിതവുമായ ഒരു ചർച്ച NIDOTTE, Vol. 1. p. 638 ൽ കാണാവുന്നതാണ്.

യേശു തന്നെത്തന്നെ ജീവന്റെ ജലം എന്നു വിളിച്ചിട്ടുണ്ട് (ഒ.നോ. 4:10). എന്നാൽ ഈ പശ്ചാത്തലത്തിൽ ഇത് പരിശുദ്ധാത്മാവാണ് (ഒ.നോ. വാ. 39). അവനാണ് യേശുവിനെ അനുഗമിക്കുന്നവർക്ക് ജീവജലം നൽകുന്നത്. വിശ്വാസിയിൽ ക്രിസ്തുവിനെ ഉരുവാക്കുന്ന ആത്മാവിന്റെ പ്രവൃത്തിക്കു സമാനമായതാണിത് (ഒ.നോ. റോമ. 8:29; ഗലാ. 4:19; എഫെ. 4:13).

**7:39 "യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു"** ഈ പ്രസ്താവനയുടെ പ്രാധാന്യത്തെപ്പറ്റിയുള്ള യോഹന്നാന്റെ പില്ക്കാല ചിന്താഗതിയാണ് ഇവിടെ പ്രതിഫലിക്കുന്നത് (അതാ. ഒരു പത്രാധിപ അഭിപ്രായം, ഒ.നോ. 16:7). കാൽവറിയും പെന്തെക്കോസ്തും "തേജസ്കരണം" ആയി കാണുന്നതിന്റെ പ്രാധാന്യവും ഇത് സൂചിപ്പിക്കുന്നു (ഒ.നോ. യോഹ. 3:14; 12:16,23; 17:1,5). ഈ ഹ്രസ്വ പ്രസ്താവനയിലൂടെ യോഹന്നാൻ അർത്ഥമാക്കിയത് എന്താണെന്ന് വിശദമാക്കുവാനുള്ള നിരവധി പണ്ഡിത ശ്രമങ്ങൾ നടന്നിട്ടുണ്ട്.

## യോഹന്നാൻ 7:40–44

**40പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടിട്ടു: ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. 41വേറെ ചിലർ: ഇവൻ ക്രിസ്തു തന്നേ എന്നും മറ്റു ചിലർ: ഗലീലയിൽനിന്നോ ക്രിസ്തു വരുന്നത്? 42ദാവീദിന്റെ സന്തതിയിൽനിന്നും ദാവീദ് പാർത്ത ഗ്രാമമായ ബേത്ലേഹെമിൽനിന്നും ക്രിസ്തു വരുന്നു, എന്നു തിരുവെഴുത്തു പറയുന്നില്ലയോ എന്നും പറഞ്ഞു. 43അങ്ങനെ പുരുഷാരത്തിൽ അവനെച്ചൊല്ലി ഭിന്നത ഉണ്ടായി. 44അവരിൽ ചിലർ അവനെ പിടിപ്പാൻ ഭാവിച്ചു എങ്കിലും ആരും അവന്റെമേൽ കൈവെച്ചില്ല.**

**7:40 "ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു"** ആവ. 18:15,18 ൽ കാണുന്ന വാഗ്ദത്ത മശിഹായെക്കുറിച്ചുള്ള മോശെയുടെ പരാമർശം ആണിത്. പലരും യേശുവിനെ പ്രവാചകനായി തിരിച്ചറിഞ്ഞു (ഒ.നോ. 4:19; 6:14; 9:17; മത്താ. 21:11). യേശുവിന്റെ ശക്തിയെ തിരിച്ചറിഞ്ഞവർ അവന്റെ വ്യക്തിത്വത്തെയും ശുശ്രൂഷകളെയും തെറ്റിദ്ധരിച്ചു. ഇസ്ലാം മതവും യേശുവിന്റെ ഈ സ്ഥാനപ്പേര് ഉപയോഗിച്ചു. എങ്കിലും അവന്റെ സന്ദേശത്തെ തെറ്റായി ധരിച്ചു.

**7:41 "വേറെ ചിലർ: ഇവൻ ക്രിസ്തു തന്നെ എന്നും"** "ക്രിസ്തു" എന്ന പദം എബ്രായ ഭാഷയിലെ "അഭിഷിക്തൻ" എന്നർത്ഥമുള്ള "മശിഹാ" എന്ന പദത്തിന് സമാനമാണ് എന്നാണിതു കാണിക്കുന്നത്. ദൈവവിളിയു

ടെയും ഒരുക്കത്തിന്റെയും അടയാളമായിട്ടാണ് പഴയനിയമത്തിൽ രാജാക്കന്മാർ, പുരോഹിതന്മാർ, പ്രവാചകന്മാർ എന്നിവരെ അഭിഷേകം ചെയ്തിരുന്നത്. 11:2 ലെ പ്രത്യേക പഠനവിഷയം: ബൈബിളിലെ അഭിഷേകം കാണുക.

▣ **"മറ്റു ചിലർ: ഗലീലയിൽ നിന്നോ ക്രിസ്തു വരുന്നത്?"** ഗ്രീക്ക് വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "അല്ല" എന്നൊരു ഉത്തരമാണ്. എന്നാൽ യെശ. 9:1 നെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?

**7:42** ഗ്രീക്ക് വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "ഉണ്ട്" എന്ന ഉത്തരമാണ്.

▣ **"ദാവീദിന്റെ സന്തതിയിൽ നിന്നും"** (ഒ.നോ. 2 ശമൂ. 7; മത്താ. 21:9; 22:42).

▣ **"ദാവീദ് പാർത്ത ഗ്രാമമായ ബേത്ത്ലഹേമിൽ നിന്നും"** ഇത് മറ്റൊരു വിരോധാഭാസമായ ഉപയോഗമാണ് (ഒ.നോ. മീഖാ 5:2-3; മത്താ. 2:5-6).

**7:43** യേശുവും തന്റെ സന്ദേശവും എപ്പോഴും വിഭാഗീയത സൃഷ്ടിച്ചു (ഒ.നോ. 7:48-52; 9:16; 10:19; മത്താ. 10:34-39; ലൂക്കൊ. 12:51-53). ഇത് വിതയ്ക്കുന്നതിനെക്കുറിച്ചുള്ള ഉപമയുടെ മർമ്മമാണ് (ഒ.നോ. മത്താ. 13). ചിലർക്ക് ആത്മീയ കാതുകളുണ്ട്. എന്നാൽ മറ്റു ചിലർക്ക് അതില്ല (ഒ.നോ. മത്താ. 10:27; 11:15; 13:9,15 (രണ്ടു പ്രാവശ്യം) 16,43; മർക്കൊ. 4:9,23; 7:16; 8:18; ലൂക്കൊ. 8:8; 14:35).

### യോഹന്നാൻ 7:45-52

**[45]ചേവകർ മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും അടുക്കൽ മടങ്ങിവന്നപ്പോൾ അവർ അവരോടു: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതു എന്തു എന്നു ചോദിച്ചതിന്നു: [46]ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല എന്നു ചേവകർ ഉത്തരം പറഞ്ഞു. [47]പരീശന്മാർ അവരോടു: നിങ്ങളും തെറ്റിപ്പോയോ? [48]പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ, ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? [49]ന്യായപ്രമാണം അറിയാത്ത പുരുഷാരമോ ശപിക്കപ്പെട്ടവ രാകുന്നു എന്നു ഉത്തരം പറഞ്ഞു. [50]അവരിൽ ഒരുത്തനായി, മുമ്പെ അവന്റെ അടുക്കൽ വന്നിരുന്ന നിക്കൊദേമൊസ് അവരോടു: [51]ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ടു, അവൻ ചെയ്യുന്നതു ഇന്നതു എന്നു അറിഞ്ഞിട്ടല്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ എന്നു പറഞ്ഞു. [52]അവർ അവനോടു: നീയും ഗലീലക്കാരനോ? പരിശോധിച്ചുനോക്കുക; ഗലീലയിൽനിന്നു പ്രവാചകൻ എഴുന്നേ ല്ക്കുന്നില്ലല്ലോ എന്നു ഉത്തരം പറഞ്ഞു.**

**7:46 "ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല എന്ന് ചേവകർ ഉത്തരം പറഞ്ഞു"** ഇവിടെ വീണ്ടുമിതാ യോഹന്നാന്റെ വൈരുദ്ധ്യ പ്രസ്താവന! ഇത് ഞെട്ടിപ്പിക്കുന്ന ഒരു സാക്ഷ്യമാ ണ്.

1. പുരുഷാരത്തെയുള്ള പേടി ചേവകർ സൂചിപ്പിക്കുന്നില്ല, അതു നല്ലൊരു ഒഴികഴിവാകുമായിരുന്നു എങ്കി ലും.
2. പുരുഷാരം വിഘടിച്ചു നിൽക്കുന്ന സമയത്ത്, ഈ ചേവകർക്ക് യേശുവിനെക്കുറിച്ച് ഏകാഭിപ്രായമായി രുന്നു ഉണ്ടായിരുന്നത്.
3. ഈ ചേവകർ തങ്ങളുടെ അഭിപ്രായം പറയുന്നതിനു പകരം കല്പനകൾ അനുസരിച്ചു ശീലമുള്ളവരാ യിരുന്നു.

**7:48 "പ്രമാണികളിൽ ആകട്ടെ, പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?"** വാ. 47,48 ലെ ഗ്രീക്ക് വ്യാകരണഘടന പ്രതീക്ഷിക്കുന്നത് "ഇല്ല" എന്നൊരു ഉത്തരമാണ്. പ്രമാണികൾ എന്ന പ്രയോഗം സൻഹിദ്രിൻ സംഘത്തെയാണ് സൂചിപ്പിക്കുന്നത്. പരസ്പരം ശത്രുതയുള്ള സദൂക്യരും പരീശന്മാരും (മുഴുവൻ സൻഹിദ്രിൻ സംഘം) യേശുവിനെതിരെ ഒരുമിച്ചു ചേരുന്നതാണ് ഇവിടെ കാണുന്നത് (ഒ.നോ. 11:47,57; 18:3).

**7:49 "ന്യായപ്രമാണം അറിയാത്ത പുരുഷാരമോ ശപിക്കപ്പെട്ടവരാകുന്നു"** വാമൊഴിയായുള്ള മതപാരമ്പര്യ ങ്ങൾ അനുഷ്ഠിക്കാത്തവരും മതനേതാക്കൾ അവജ്ഞയോടെ കണ്ടിരുന്നവരുമായ "ദേശത്തെ ജനങ്ങളെ" ആണി വിടെ (*ആം ഹാരേസ്*) സൂചിപ്പിക്കുന്നത് (ഒ.നോ. ആവ. 27:26). യോഹന്നാന്റെ സുവിശേഷത്തിലെ വിരോധാഭാ സമായ രേഖപ്പെടുത്തലുകൾ വീണ്ടും വാക്യം 51 ൽ തുടരുന്നു. യേശുവിനോടുള്ള അവരുടെ പെരുമാറ്റത്തിലൂടെ അവരും ന്യായപ്രമാണം ലംഘിക്കുകയാണെന്ന് നിക്കോദേമൊസ് ചൂണ്ടിക്കാട്ടുന്നു.

ഇത് മതത്തിനുണ്ടാകാവുന്ന ദുരന്തമാണ്. സാധാരണ ജനങ്ങളെ ശപിക്കുന്നവർ സ്വയം ശപിക്കപ്പെട്ടവരാ കുന്നു (*എപാറാറ്റോസ്-επαρατος* പുതിയ നിയമത്തിൽ ഇവിടെ മാത്രം കാണുന്നു). വെളിച്ചം ഇരുട്ടായി മാറു ന്നുവെങ്കിൽ, ആ ഇരുട്ട് എത്രമാത്രം വലിയതായിരിക്കും. ആധുനിക, യാഥാസ്ഥിതിക, വിദ്യാസമ്പന്നരായ മതാ നുയായികൾ മുന്നറിയിപ്പ് ഏറ്റെടുക്കുക.

**7:51 "ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ടു, അവൻ ചെയ്യുന്നതു ഇന്നതെന്ന് അറിഞ്ഞിട്ടില്ലാതെ നമ്മുടെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ"** ഗ്രീക്ക് വ്യാകരണ ഘടന പ്രതീക്ഷിക്കുന്നത് "ഇല്ല" എന്ന ഒരുത്ത രമാണ് (ഒ.നോ. പുറ. 23:1; ആവ. 1:16).

**7:52 "നീയും ഗലീലക്കാരനോ?"** യേശുവിനെതിരെയുള്ള സൻഹിദ്രിം സംഘത്തിന്റെ വൈകാരികമായ എതിർപ്പാണ് ഇത് കാണിക്കുന്നത്.

▣ **"പരിശോധിച്ചു നോക്കുക"** യെഹൂദമതത്തിൽ, അന്വേഷിക്കുക എന്നതിന്റെ അർത്ഥം തിരുവെഴുത്തുകൾ പഠിക്കുക എന്നതാണ് (ഒ.നോ. 5:39). യോഹന്നാന്റെ വിരോധാഭാസമായ രേഖപ്പെടുത്തലാണ് ഇവിടെ വീണ്ടും കാണുന്നത്. ഏലീയാവ് (ഒ.നോ. 1 രാജാ. 17:1), യോനാ (ഒ.നോ. 2 രാജാ. 14:25), ഹോശേയ, നഹൂം എന്നിവരെക്കുറിച്ച് എന്താണ് പറയാനുള്ളത്? അവരിൽ ചിലരും ആവ. 18:15,19; ഉല്പ. 49:10; 2 ശമൂ. 7 എന്നീ ഭാഗങ്ങളിൽ പറയുന്ന പ്രവാചകനായിരുന്നേക്കാം.

**7:53–8:11** 8–ാം അദ്ധ്യായത്തിന്റെ ആരംഭത്തിലെ കുറിപ്പ് കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. 7–ാം അദ്ധ്യായത്തിൽ കാണുന്ന യേശുവിന്റെ വാക്കുകളുടെ പശ്ചാത്തലത്തിലുള്ള പെരുന്നാൾ ഏതാണ്?
2. കൂടാരപ്പെരുന്നാളിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വിവരിക്കുകയും വിശദീകരിക്കുകയും ചെയ്യുക.
3. എന്തുകൊണ്ടാണ് മതനേതാക്കന്മാർ യേശുവിനോട് അധികം ശത്രുത കാട്ടിയത്?
4. യേശുക്രിസ്തുവിനെക്കുറിച്ച് അഭിപ്രായം പറയുന്ന വ്യത്യസ്ത ഗ്രൂപ്പുകളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നിന്നും എടുത്തെഴുതുക.

# യോഹന്നാൻ 8

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ | ഒരു വ്യഭിചാരിണി ലോകത്തിന്റെ വെളിച്ചത്തെ കണ്ടുമുട്ടുന്നു | വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ | വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ | വ്യഭിചാരിണിയായ സ്ത്രീ |
| 7:53–8:11 | 7:53–8:12 | 7:53–8:11 | 7:53–8:11 | 7:53–8:11 |
| യേശു, ലോകത്തിന്റെ വെളിച്ചം | യേശു തന്റെ സ്വയ സാക്ഷ്യത്തെ സമർത്ഥിക്കുന്നു | യേശു, ലോകത്തിന്റെ വെളിച്ചം | യേശു, ലോകത്തിന്റെ വെളിച്ചം | യേശു, ലോകത്തിന്റെ വെളിച്ചം |
| 8:12–20 | | 8:12–20 | 8:12 | 8:12 |
| | | | | യേശുവിന്റെ സ്വയ സാക്ഷ്യത്തെക്കുറിച്ചുള്ള ചർച്ച |
| | 8:13–20 | | 8:13 | 8:13–18 |
| | | | 8:14–18 | |
| | | | 8:19a | 8:19a |
| | | | 8:19b | 8:19b |
| | | | 8:20 | 8:20 |
| ഞാൻ പോകുന്നേടത്ത് നിങ്ങൾക്കു വരാൻ കഴികയില്ല | യേശു തന്റെ പോക്ക് മുന്നറിയിക്കുന്നു | | ഞാൻ പോകുന്നേടത്ത് നിങ്ങൾക്കു പോകാൻ കഴികയില്ല | |
| 8:21–30 | 8:21–29 | 8:21–30 | 8:21 | 8:21 |
| | | | 8:22 | 8:22–24 |
| | | | 8:23–24 | |
| | | | 8:25a | 8:25a |
| | | | 8:25b–26 | 8:25b–26 |
| | സത്യം നിങ്ങളെ സ്വതന്ത്രരാക്കും | | 8:27–29 | 8:27–29 |
| | 8:30–36 | | 8:30 | 8:30 |
| സത്യം നിങ്ങളെ സ്വതന്ത്രരാക്കും | | | സത്യം നിങ്ങളെ സ്വതന്ത്രരാക്കും | യേശുവും അബ്രാഹാമും |
| 8:31–38 | | 8:31–33 | 8:31–32 | 8:31–32 |
| | | | 8:33 | 8:33–38 |
| | അബ്രാഹാമിന്റെ സന്തതിയും സാത്താനും | 8:34–38 | 8:34–38 | |
| നിങ്ങളുടെ പിതാവ് പിശാച് | 8:37–47 | | | |
| 8:39–47 | | 8:39–47 | 8:39a | 8:39–41a |
| | | | 8:39b–41a | |
| | | | 8:41b | 8:41b–47 |
| | | | 8:42–47 | |
| അബ്രാഹാം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ട് | അബ്രാഹാം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ട് | | യേശുവും അബ്രാഹാമും | |
| 8:48–59 | 8:48–59 | 8:48–59 | 8:48 | 8:48–51 |

| | | |
|---|---|---|
| | 8:49-51 | |
| | 8:52-53 | 8:52-56 |
| | 8:54-56 | |
| | 8:57 | 8:57-58 |
| | 8:58 | |
| | 8:59 | 8:59 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## 7:53-8:11 ന്റെ പശ്ചാത്തലം

A. യോഹ. 7:53-8:11 വരെയുള്ള വേദഭാഗം യോഹന്നാൻ എഴുതിയ യഥാർത്ഥ സുവിശേഷത്തിന്റെ ഭാഗമല്ല.

B. ഈ വേദഭാഗം (ഗ്രീക്കിൽ ഒരു വാചകം) സുവിശേഷത്തിൽ നിന്നും വിട്ടുകളഞ്ഞതാണ് എന്നതിനുള്ള തെളിവുകൾ).

1. ബാഹ്യതെളിവുകൾ
   a. ഏറ്റവും പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ കാണുന്നില്ല.
      1) പാപ്പിറസ് - $P^{65}$ (മൂന്നാം നൂറ്റാണ്ടിന്റെ ആദ്യം), $P^{75}$ (മൂന്നാം നൂറ്റാണ്ട്)
      2) വലിയക്ഷര കയ്യെഴുത്തുപ്രതികൾ - א (നാലാം നൂറ്റാണ്ട്), B (നാലാം നൂറ്റാണ്ട്), A, C എന്നിവയിലും ഇല്ലെന്നു കരുതാം. യോഹന്നാന്റെ സുവിശേഷത്തിന്റെ ഈ ഭാഗം നശിച്ചു പോയിരിക്കുന്നു, എങ്കിലും നിലവിലുള്ള താളുകൾ അളന്നു നോക്കിയാൽ ഈ ഭാഗത്തിനുള്ള സ്ഥലം കാണുന്നില്ല.
   b. ഇത് ഉൾപ്പെടുത്തിയിട്ടുള്ള പിൽക്കാല ഗ്രീക്ക് കയ്യെഴുത്ത് പ്രതികളിൽ പലതിലും ഈ ഭാഗം യഥാർത്ഥത്തിലുള്ള കയ്യെഴുത്തു പ്രതികളിൽ ഇല്ലാത്തതാണെന്ന് കാണിക്കുവാൻ വേണ്ടി പ്രത്യേക ചിഹ്നങ്ങളോ അടയാളങ്ങളോ രേഖപ്പെടുത്തിയാണ് എഴുതിയിട്ടുള്ളത്.
   c. ഈ വേദഭാഗം വ്യത്യസ്ത പിൽക്കാല കൈയ്യെഴുത്തു പ്രതികളിൽ വ്യത്യസ്ത സ്ഥലങ്ങളിലാണ് കാണപ്പെടുന്നത്.
      1) യോഹ. 7:36 നു ശേഷം
      2) യോഹ. 7:44 നു ശേഷം
      3) യോഹ. 7:25 നു ശേഷം
      4) ലൂക്കൊസിൽ 21:38 നുശേഷം
      5) ലൂക്കൊസിൽ 24:53 നുശേഷം
   d. പുരാതന തർജ്ജമകളിലും കാണുന്നില്ല.
      1) പഴയ ലാറ്റിൻ
      2) പഴയ സിറിയക്ക്
      3) പെഷിറ്റാ (പിൽക്കാല സിറിയക്ക്) യുടെ ആദ്യകാല പകർപ്പുകളിൽ

e. ഗ്രീക്ക് പിതാക്കന്മാർ ആരും തന്നെ (12-ാം നൂറ്റാണ്ട് വരെയും) ഈ ഭാഗത്തെക്കുറിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

f. ആറാം നൂറ്റാണ്ടിലെ വെസ്റ്റേൺ കയ്യെഴുത്തുപ്രതിയായ കൊസെക്സ് ഡി (ബെസായി) യിലും, ലാറ്റിൻ വൾ ഗേറ്റിലും, പെഷിറ്റായുടെ പിന്നീടുള്ള പതിപ്പുകളിലും ഈ വേദഭാഗം കാണുന്നത്.

2. ആന്തരിക തെളിവ്

a. യോഹന്നാന്റെ സുവിശേഷത്തെക്കാൾ ലൂക്കൊസിന്റെ സുവിശേഷത്തിലെ വാക്കുകളും ശൈലികളുമാണ് ഇവിടെ കാണപ്പെടുന്നത്. ചില ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ ഇത് കാണപ്പെടുന്നത് ലൂക്കൊ 21:38 നുശേഷവും മറ്റുള്ളവയിൽ 24:53 നു ശേഷവും ആണ്.

b. 7:1–52; 8:12–59 എന്നിവിടങ്ങളിലായി വിവരിക്കുന്ന കൂടാരപ്പെരുന്നാളിനു ശേഷമുള്ള, യെഹൂദ മതനേതാക്കന്മാരുമായുള്ള യേശുവിന്റെ സംഭാഷണത്തിന്റെ പശ്ചാത്തലത്തെ മുഴുവനായിട്ടും ഈ വേദഭാഗം വെട്ടിമുറിക്കുന്നു.

c. സമവീക്ഷണ സുവിശേഷങ്ങളിൽ സമാന്തര വേദഭാഗം കാണുന്നില്ല.

3. ഒരു സമഗ്ര സാങ്കേതിക ചർച്ചയ്ക്കായി ബ്രൂസ് എം. മെറ്റ്സ്ഗറിന്റെ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂ ടെസ്റ്റ്മെന്റ്*, പേജ് 219–221 കാണുക.

C. യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള വാമൊഴി പാരമ്പര്യത്തിൽ നിന്നും എടുത്തിട്ടുള്ള യഥാർത്ഥ വിവരണമാകാം ഇത്. എങ്കിലും യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും സുവിശേഷ രചയിതാക്കൾ രേഖപ്പെടുത്തിയിട്ടില്ല (യോഹ. 20:30–31). സുവിശേഷ രചയിതാക്കൾ മാത്രമാണ് ദൈവനിശ്വാസീയതയുള്ളവർ. ദൈവനിശ്വാസീയരായ യഥാർത്ഥ എഴുത്തുകാരൻ രേഖപ്പെടുത്തിയിട്ടില്ലാത്ത യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളെ, അവ ആധികാരികമായിരുന്നാൽ തന്നെയും, പിന്നീടുള്ള പകർപ്പെഴുത്തുകാർക്ക് ഉൾക്കൊള്ളിക്കുവാൻ അധികാരമില്ലായിരുന്നു. യഥാർത്ഥ എഴുത്തുകാർക്ക് മാത്രമേ യേശുവിന്റെ വാക്കുകളും ശുശ്രൂഷകളും തിരഞ്ഞെടുക്കുവാനും ക്രമീകരിക്കുവാനും ചേർച്ചയുള്ളതാക്കുവാനും പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശാനുസരണമുള്ള പ്രകാശനം ലഭിച്ചിരുന്നുള്ളൂ. ഈ വേദഭാഗം യഥാർത്ഥ സുവിശേഷത്തിലുള്ളതല്ലാത്തതുകൊണ്ട്, ദൈവശ്വാസീയമല്ലാത്തതും നമ്മുടെ ബൈബിളുകളിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു.

D. ഈ വേദഭാഗത്തെക്കുറിച്ച് അഭിപ്രായപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം യോഹന്നാന്റെ തൂലികയിൽ നിന്നും ഉണ്ടായ വേദഭാഗമാണിതെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അക്കാരണത്താൽ ഇത് ദൈവശ്വാസീയമായ വേദഭാഗമല്ല (ഒരുപക്ഷേ ചരിത്രമാണെങ്കിലും).

# പദ, ശൈലി പഠനം

**യോഹന്നാൻ 8:12–20**

**[12]യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ, ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു. [13]പരീശന്മാർ അവനോടു: നീ നിന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറയുന്നു; നിന്റെ സാക്ഷ്യം സത്യം അല്ല എന്നു പറഞ്ഞു. [14]യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു; ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു; നിങ്ങളോ, ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. [15]നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആരെയും വിധിക്കുന്നില്ല. [16]ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാനും എന്നെ അയച്ച പിതാവും കൂടെയാകയാൽ എന്റെ വിധി സത്യമാകുന്നു. [17]രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യം എന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതിയിരിക്കുന്നുവല്ലോ? [18]ഞാൻ എന്നെക്കുറിച്ചു തന്നേ സാക്ഷ്യം പറയുന്നു; എന്നെ അയച്ച പിതാവും എന്നെക്കുറിച്ചു സാക്ഷ്യം പറയുന്നു. [19]അവർ അവനോടു: നിന്റെ പിതാവു എവിടെ എന്നു ചോദിച്ചതിന്നു യേശു: നിങ്ങൾ എന്നെ ആകട്ടെ എന്റെ പിതാവിനെ ആകട്ടെ അറിയുന്നില്ല; എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു എന്നു ഉത്തരം പറഞ്ഞു. [20]അവൻ ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ ഭണ്ഡാരസ്ഥലത്തു വെച്ചു ഈ വചനം പറഞ്ഞു; അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കകൊണ്ടു ആരും അവനെ പിടിച്ചില്ല.**

**8:12 "യേശു പിന്നെയും അവരോടു സംസാരിച്ചു"** പുരുഷാരത്തെക്കുറിച്ച് ഈ അദ്ധ്യായത്തിൽ സൂചിപ്പിക്കുന്നില്ല. ഇതിന്റെ കാരണം ചിലപ്പോൾ കൂടാരപ്പെരുന്നാൾ അവസാനിക്കുകയും യേശു ദൈവാലയ പരിസരത്തു തന്നെ താമസിച്ച് യെഹൂദനേതാക്കന്മാരോട് വാദിക്കുകയും സാക്ഷിക്കുകയും ചെയ്തതാകാം. എന്തുതന്നെയായാലും ജീവജലത്തെക്കുറിച്ചുള്ള പ്രസംഗം ഉപയോഗിച്ച് യേശു സ്വയം വെളിപ്പെടുത്തുവാൻ പെരുന്നാളിന് തയ്യാറായതുപോലെ ഈ ഭാഗത്ത് യേശു പെരുന്നാളിന്റെ ദീപം പ്രകാശിപ്പിക്കുന്ന ചടങ്ങാണ് സ്വയം വെളിപ്പെടുത്തുവാൻ ഉപയോഗിക്കുന്നത്. 8:12–10:21 വരെയുള്ള ഭാഗത്തെ സംഭവങ്ങൾ കൂടാരപ്പെരുന്നാളിന്റെ അവസാന ദിവസം ഉണ്ടായ

താണെന്ന് തീർച്ചയായും പറയുവാൻ സാധിക്കും.

▣ **"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു"** യേശു തന്നെത്തന്നെ ചിത്രീകരിക്കുവാനുപയോഗിക്കുന്ന സാദൃശ്യങ്ങളുടെ ഉറവിടമായ യിസ്രായേലിന്റെ ചരിത്രത്തിലെ "മരുഭൂപ്രയാണ" കാലവുമായി 6,7,8 അദ്ധ്യായങ്ങൾ ബന്ധപ്പെട്ടിരിക്കുന്നതായി തോന്നുന്നു.

1. 6-ാം അദ്ധ്യായത്തിൽ "മന്നയും" "ജീവന്റെ അപ്പവും" ഉപയോഗിക്കുന്നു.
2. 7-ാം അദ്ധ്യായത്തിൽ "ജലവും" "ജീവജലവും" ഉപയോഗിക്കുന്നു.
3. 8-ാം അദ്ധ്യായത്തിൽ "വെളിച്ചവും" *ഷെഖേന* തേജസ്സും ഉപയോഗിക്കുന്നു.

വെളിച്ചം എന്ന രൂപകാലങ്കാരം യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം കാണുന്നുണ്ട് (ഒ.നോ. 1:4-5,8-9; 3:19-21; 9:5; 12:46).

ഇത് കൃത്യമായി എന്താണ് സൂചിപ്പിക്കുന്നതെന്നതിനെക്കുറിച്ച് വാദമുഖങ്ങൾ ഉണ്ട്.

1. ഇരുട്ടിനെക്കുറിച്ചുള്ള പുരാതന ഭയം
2. പഴയ നിയമത്തിൽ ദൈവത്തിന്റെ ഒരു പേര് (ഒ.നോ. സങ്കീ. 27:1; യെശ. 62:20; 1 യോഹ. 1:5)
3. കൂടാരപ്പെരുന്നാളിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ പ്രാകാരത്തിൽ നിലവിളക്ക് കത്തിക്കുക
4. മരുഭൂപ്രയാണ കാലത്ത് ദൈവസാന്നിധ്യത്തിന്റെ പ്രതീകമായി *ഷെഖേന* മേഘം
5. പഴയ നിയമത്തിലെ മശിഹൈക നാമങ്ങൾ (ഒ.നോ. യെശ. 42:6, 49:6; ലൂക്കൊ. 2:32).

റബ്ബിമാരും മശിഹായ്ക്ക് "വെളിച്ചം" എന്ന പേര് ഉപയോഗിച്ചു. കൂടാരപ്പെരുന്നാളിന്റെ സമയത്ത് സ്ത്രീകളുടെ പ്രാകാരത്തിൽ വലിയ വിളക്കുകൾ കത്തിക്കുന്നതാണ് യേശുവിന്റെ പ്രസ്താവനയുടെ വ്യക്തമായ സന്ദർഭം. വെളിച്ചത്തെക്കുറിച്ചുള്ള മശിഹൈക സൂചനകളും 1:4,8 ലെ പ്രത്യേക സൂചനകളും, ദൈവാലയത്തിലെ ചടങ്ങുകളും യേശുവിന് തന്റെ ഉറവിടത്തെക്കുറിച്ച് തുടർന്നും വെളിപ്പെടുത്തുവാനാവശ്യമായ പശ്ചാത്തലം ഒരുക്കി.

യോഹന്നാന്റെ സുവിശേഷത്തിലെ ഏഴ് "ഞാൻ ആകുന്നു" (തുടർന്ന് ഒരു ആഖ്യാതവും) പ്രസ്താവനകളിലൊന്നാണിത്

1. ഞാൻ ജീവന്റെ അപ്പം ആകുന്നു (6:35,41,46,51).
2. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12; 9:5; ഒ.നോ. 1:4,9; 12:46).
3. ഞാൻ ആടുകളുടെ വാതിൽ ആകുന്നു (10:7,9).
4. ഞാൻ നല്ല ഇടയൻ ആകുന്നു (10:11,14).
5. ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു (11:25).
6. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു (14:6)
7. ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (15:1,5).

യേശുവിലേക്ക് വിരൽ ചൂണ്ടുന്ന അതുല്യമായ ഇത്തരം പ്രസ്താവനകൾ യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. രക്ഷയുടെ വ്യക്തിപരമായ കാഴ്ചപ്പാടിനെയാണ് യോഹന്നാൻ കേന്ദ്രീകരിച്ചു പറയുന്നത്. നാം അവനിൽ ആശ്രയിക്കണം.

▣ **"ലോകത്തിന്റെ"** യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സാർവ്വദേശീയമായ വ്യാപ്തിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് (ഒ.നോ. 3:16). 14:17 ലെ പ്രത്യേക പഠനവിഷയം: കോസ്മോസ് കാണുക.

▣ **"എന്നെ അനുഗമിക്കുന്നവൻ"** ഇത് ഒരു വർത്തമാനകാല കർത്തരി ഘടകമാണ്. ക്രിസ്തീയ മാർഗ്ഗം പ്രാഥമികമായി ഒരു പ്രമാണമോ ദൈവശാസ്ത്രമോ അല്ല, അതിലുപരി ശിഷ്യത്വ ജീവിതശൈലി പിന്തുടരുന്ന ഒരു വ്യക്തിപരമായ ബന്ധം ആകുന്നു എന്ന് ഓർമ്മിക്കേണ്ടതാണ് (ഒ.നോ. മത്താ. 28:18-20; 1 യോഹ. 1:7).

▣ **"ഇരുളിൽ നടക്കാതെ"** ഈ ലോകത്തിന്റെ ദൈവം (സാത്താൻ) "അവിശ്വാസികളുടെ കണ്ണു കുരുടാക്കി" എന്ന ദൈവശാസ്ത്ര വീക്ഷണത്തിന്റെ സൂചനയാണ് ഇവിടെ കാണുന്നത്. "കാലിനു ദീപവും പാതയ്ക്കു പ്രകാശവും" എന്നതുപോലെ ദൈവവചനത്തെക്കുറിച്ച് സംസാരിക്കുന്ന പഴയനിയമ വേദഭാഗങ്ങളുടെ സൂചനയും കാണാവുന്നതാണ് (ഒ.നോ. സങ്കീ. 119:105). വെളിച്ചത്തെ സ്വീകരിച്ചവരെല്ലാം വ്യത്യസ്തമായ ജീവിതശൈലിയിൽ ജീവിക്കണം (ഒ.നോ. 1 യോഹ. 1:7).

▣ **"ജീവന്റെ വെളിച്ചമുള്ളവൻ"** ദൈവത്തിന്റെ ജീവന് യേശു ഉടമയായിരിക്കുകയും, ആ ജീവൻ ദൈവം തനിക്കു നൽകിയ തന്റെ അനുഗാമികൾക്ക് കൊടുക്കുകയും ചെയ്യുന്നു (ഒ.നോ. മത്താ. 5:14).

**8:13 "പരീശന്മാർ"** 1:24 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"നിന്റെ സാക്ഷ്യം സത്യമല്ല"** യെഹൂദന്മാർ തെളിവുകളുടെ നിയമപരമായ സാങ്കേതികത്വം ആവശ്യമാണെന്ന അവകാശവാദം ഉന്നയിച്ചു (ഉദാ. രണ്ടു സാക്ഷികളുടെ ആവശ്യകത ഒ.നോ. സംഖ്യാ. 35:30; ആവ. 17:6; 19:15-21). ഈ തടസ്സത്തെക്കുറിച്ചു യേശു തന്നെ മുമ്പ് സംസാരിക്കുകയും (ഒ.നോ. യോഹ. 5:31 മുതൽ) അനേക സാക്ഷികളെ അണിനിരത്തുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിൽ പിതാവാണു തന്റെ സാക്ഷി!

**8:14,16 "പറഞ്ഞാലും ... വിധിച്ചാലും"** ഇവ രണ്ടും പ്രഥമപുരുഷ സോപാധിക വാചകമാണ്. ക്രിയാത്മക പ്രവൃത്തിയെയാണിതു സൂചിപ്പിക്കുന്നത്. 8-ാം അദ്ധ്യായത്തിലുടനീളം ഇത്തരത്തിലുള്ള പ്രയോഗമാണ് ഉള്ളത്.

▣ **"ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു"** "മുകളിലും

താഴെയും" എന്ന ദ്വന്ദ്വമാണ് വീണ്ടും ഇവിടെ കാണുന്നത്. പിതാവിനോടൊപ്പമുള്ള തന്റെ പൂർവ്വാസ്തിക്യത്തിന്റെ ബോധപൂർവ്വമായ ഓർമ്മ, തന്റെ ദൗത്യത്തെക്കുറിച്ചുള്ള അറിവ്, പ്രവാചക സമയവിവര പട്ടികയെക്കുറിച്ചുള്ള ബോധ്യം എന്നിവ യേശുവിനുണ്ടായിരുന്നു (ഒ.നോ. യോഹ. 1:1-4,14-18; 7:28-29; 13:1; 17:5).

▣ "നിങ്ങളോ, ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല" അദ്ധ്യായം 7 മായി ഇതിന് ബന്ധമുണ്ടായിരിക്കണം. യേശുവിന്റെ ജന്മസ്ഥലത്തെക്കുറിച്ച് അവർക്ക് അറിവില്ല (ഒ.നോ. വാ. 44-22). അതു മാത്രമല്ല, അവൻ എങ്ങോട്ടു പോകുന്നുവെന്നും അവർക്കറിയില്ല (ഒ.നോ. 7:34-36; 8:21). 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിന് സാക്ഷ്യം പറയുന്നവർ കാണുക.

**8:15 "നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു"** ഇതും 7-ാം അദ്ധ്യായത്തിന്റെ സൂചനയാണ് നൽകുന്നത് (ഒ.നോ. വാ. 24). 1:14 ലെ പ്രത്യേക പഠനവിഷയം: ജഡം കാണുക.

▣ **"ഞാൻ ആരെയും വിധിക്കുന്നില്ല"** ഈ ഭാഗത്തിന് യോഹന്നാൻ 3:17 ഉം 9:39 ഉമായി വൈരുദ്ധ്യമുള്ളതായി ചിലർ കാണുന്നു. ലോകത്തെ വിധിപ്പാനല്ല, ജീവൻ നൽകുവാനാണ് യേശു വന്നത്. അവന്റെ വരവിന്റെ അടിസ്ഥാനത്തിൽ തന്നെ അവനെ തിരസ്കരിക്കുന്നവർ ന്യായവിധിക്കിരയാകുവന്നു (ഒ.നോ. 3:18-21).

**8:16-18** കോടതിയിൽ കേസിന് ആധാരമായി രണ്ട് സാക്ഷികൾ വേണമെന്ന വിഷയമാണിത് (ഒ.നോ. സംഖ്യാ. 35:30; ആവ. 17:6; 9:15). വ്യക്തമായ വാക്കുകളാൽ യേശു പിതാവിനോടുള്ള തന്റെ ഏകത്വം സ്ഥിരീകരിക്കുന്നു (ഒ.നോ. 7:29; 14:9). 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിന് സാക്ഷ്യം പറയുന്നവർ കാണുക.

8:16

**NASB (1970), NJB, REB** **"എന്നെ അയച്ചവൻ"**
**NASB (1995),**
**NKJV, NRSV, NIV** **"എന്നെ അയച്ച പിതാവ്"**

NASB ബൈബിൾ ഭാഷാന്തരത്തിന്റെ രണ്ടു പതിപ്പുകളിൽ ഭിന്നാഭിപ്രായം ഉള്ളതുപോലെ, USB[3,4] തമ്മിലും ഭിന്നാഭിപ്രായം ഉണ്ട്.

1. UBS[3] "പിതാവ് എന്നതിന്" C റേറ്റിംഗ് നൽകുന്നു (MS $P^{39, 66,75}$, $\aleph^2$, B, L, T, W)
2. USB[4] "പിതാവ് എന്നതിന്" A റേറ്റിംഗ് നൽകുന്നു (Mss, ℵ, D, ചില പഴയ പിൽക്കാല സിറിയ ഭാഷാന്തരങ്ങൾ ഇത് വിട്ടുകളയുന്നു.

യേശു ഒരിക്കലും ഏകനായിരുന്നില്ല! പിതാവ് എപ്പോഴും അവനോടുകൂടെയുണ്ടായിരുന്നു (ഒ.നോ. വാ. 16,29; 16:32). എന്നാൽ കുരിശിൽ മാത്രം പിതാവിന്റെ സാന്നിദ്ധ്യം ഇല്ല (ഒ.നോ. മർക്കൊ. 15:34). കൂട്ടായ്മയുടെ പൂർണ്ണതയും സന്തോഷവുമാണ് രക്ഷയുടെ സത്ത. തനിക്കു കൂട്ടായ്മ ആചരിക്കുവാൻ ഒരുവനെ ലഭിക്കുക എന്നതായിരുന്നു സൃഷ്ടിയുടെ ഉദ്ദേശ്യം. അതുകൊണ്ട് അവൻ (അതാ. ക്രിസ്തു, ഒ.നോ. യോഹ. 1:3; 1 കൊരി. 8:6; കൊലൊ. 1:16; എബ്രാ. 1:2) അവരെ യഹോവയുടെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു (ഒ.നോ. ഉല്പ. 1:26,27). ഈ കൂട്ടായ്മയുടെ നഷ്ടമാണ് പാപത്തിന്റെ ശിക്ഷ. അതിന്റെ പുനഃസ്ഥാപനം ആണ് യേശുവിന്റെ ദൗത്യത്തിന്റെ ലക്ഷ്യം!

**8:19 "നിന്റെ പിതാവ് എവിടെ?"** അവരിപ്പോഴും യേശുവിനെ ആക്ഷരികവും ശാരീരികവുമായി തലത്തിലാണ് മനസ്സിലാക്കുന്നത്. അവരുടെ മുൻവിധിയും അഹന്തയുമുള്ള മനസ്സ് സത്യത്തിനുനേരെ അടയ്ക്കപ്പെട്ടിരിക്കുന്നു (ഒ.നോ. വാ. 27). യോഹന്നാന്റെ സുവിശേഷത്തിന്റെ സാഹിത്യപരമായ സവിശേഷതയാണ് ഈ തെറ്റിദ്ധാരണ.

▣ **"എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു"** ഇതു മധ്യമ സോപാധിക വാചകം ആണ്. "വസ്തുതയ്ക്കു വിരുദ്ധം" എന്നത് പലപ്പോഴും വിളിക്കപ്പെടുന്നു. "നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ, അതു നിങ്ങൾ അറിയുന്നില്ല, എന്റെ പിതാവിനെ അറിയുമായിരുന്നു, അതു നിങ്ങൾ അറിയുന്നില്ല." 5:37 മുതൽ ഈ വിഷയം ആവർത്തിക്കുന്നു. 7:28 ന്റെ പൂർണ്ണ വിശദീകരണക്കുറിപ്പ് കാണുക. യോഹന്നാന്റെ സുവിശേഷം ആവർത്തിക്കുന്ന മാതൃകകളുള്ള ഒരു ചിത്രകമ്പളം പോലെയോ സംഗീതത്തിൽ ആവർത്തിക്കുന്ന സ്വരലയംപോലെയോ ആയതിനാൽ അതിനു രൂപരേഖ തയ്യാറാക്കുക വിഷമകരമാണ്.

**8:20 "ഭണ്ഡാരസ്ഥലത്തു വെച്ചു ഈ വചനം പറഞ്ഞു"** ഒരു ദൃക്സാക്ഷിയിൽ നിന്നുമുള്ള മറ്റൊരു പത്രാധിപ അഭിപ്രായമാണ് ഈ വാക്യമെന്നു വ്യക്തമാണ്. ഭണ്ഡാരസ്ഥലം വേറിട്ടു നിൽക്കുന്ന ഒരു കെട്ടിടമല്ല. കൂടാരപ്പെരുന്നാളിന്റെ സമയത്ത് വലിയ വെളിച്ചങ്ങൾ കത്തിക്കുന്നതായ സ്ത്രീകളുടെ പ്രാകാരത്തിൽ (ഒ.നോ. മർക്കൊ. 12:41) പ്രത്യേക ഉദ്ദേശത്തിനായി വെച്ചിരിക്കുന്ന കാഹളത്തിന്റെ ആകൃതിയിലുള്ള പതിമൂന്ന് പാത്രങ്ങളുണ്ടായിരുന്നുവെന്ന് റബ്ബി പാരമ്പര്യം (*ഷെകാലിം* 6) പറയുന്നു.

▣ **"അവന്റെ നാഴിക അതുവരെയും വന്നിട്ടില്ലായ്കകൊണ്ടു"** 2:4 ന്റെ കുറിപ്പ് കാണുക.

**യോഹന്നാൻ 8:21-30**

**[21]അവൻ പിന്നെയും അവരോടു: ഞാൻ പോകുന്നു; നിങ്ങൾ എന്നെ അന്വേഷിക്കും; നിങ്ങളുടെ
പാപത്തിൽ നിങ്ങൾ മരിക്കും; ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു
പറഞ്ഞു. [22]ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ കഴിയുകയില്ല എന്നു അവൻ
പറഞ്ഞതുകൊണ്ടു പക്ഷേ തന്നെത്താൻ കൊല്ലുമോ എന്നു യെഹൂദന്മാർ പറഞ്ഞു. [23]അവൻ അവരോടു:
നിങ്ങൾ കീഴിൽനിന്നുള്ളവർ, ഞാൻ മേലിൽ നിന്നുള്ളവൻ; നിങ്ങൾ ഈ ലോകത്തിൽ നിന്നുള്ളവർ;
ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല. [24]ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു
ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാതിരുന്നാൽ, നിങ്ങൾ
നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു പറഞ്ഞു. [25]അവർ അവനോടു: നീ ആർ ആകുന്നു എന്നു
ചോദിച്ചതിന്നു യേശു: ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിച്ചുപോരുന്നതു തന്നേ. [26]നിങ്ങളെക്കുറിച്ചു
വളരെ സംസാരിക്കുവാനും വിധിപ്പാനും എനിക്കു ഉണ്ടു; എങ്കിലും എന്നെ അയച്ചവൻ സത്യവാൻ
ആകുന്നു; അവനോടു കേട്ടതു തന്നേ ഞാൻ ലോകത്തോടു സംസാരിക്കുന്നു എന്നു പറഞ്ഞു.
[27]പിതാവിനെക്കുറിച്ചു ആകുന്നു അവൻ തങ്ങളോടു പറഞ്ഞതു എന്നു അവർ ഗ്രഹിച്ചില്ല. [28]ആകയാൽ
യേശു: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നേ അവൻ എന്നും ഞാൻ സ്വയമായി
ഒന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചുതന്നതു പോലെ ഇതു സംസാരിക്കുന്നു എന്നും അറിയും.
[29]എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു; ഞാൻ എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളതു
ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു. [30]അവൻ ഇങ്ങനെ സംസാരിച്ചു
കൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു.**

**8:21-22 "ഞാൻ പോകുന്ന ഇടത്തേക്ക് നിങ്ങൾ വരുവാൻ കഴിയുകയില്ല എന്നു അവൻ പറഞ്ഞതുകൊണ്ടു പക്ഷേ തന്നെത്താൻ കൊല്ലുമോ എന്നു യെഹൂദന്മാർ പറഞ്ഞു"** 22-ാം വാക്യത്തിലെ ചോദ്യം പ്രതീക്ഷിക്കുന്നത് "ഇല്ല" എന്നൊരു ഉത്തരമാണ്. ഈ പശ്ചാത്തലത്തിൽ നിന്നും സ്പഷ്ടമാകുന്നത് യെഹൂദന്മാർ യേശുവിന്റെ പ്രസ്താവനയെ തെറ്റിദ്ധരിച്ചു എങ്കിലും (ഒ.നോ. 7:34-36), അവർ അതിനെ അവന്റെ മരണവുമായി ബന്ധപ്പെടുത്തി എന്നാണ്. ജൊസീഫസിൽ നിന്നും നാം മനസ്സിലാക്കുന്നത് ആത്മഹത്യ ചെയ്യുന്നവനുള്ള സ്ഥാനം പാതാളത്തിന്റെ ഏറ്റവും താഴെ തട്ടിലാണെന്നാണ്. ഈ ചോദ്യം പ്രത്യക്ഷമായി സൂചിപ്പിക്കുന്നത് അവിടേക്കാണ് യേശു പോകുന്നതെന്ന് അവർ ചിന്തിച്ചു എന്നാകുന്നു.

**8:21 "നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും"** വാ. 21 ൽ പാപം ഏകവചനവും വാ. 24 ൽ ബഹുവചനവുമാണ്. യേശു ക്രിസ്തുവാണെന്നുള്ള നിരാകരണത്തെയാണിതു പ്രാഥമികമായി സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 24). ഇത് യഥാർത്ഥത്തിൽ സമവീക്ഷണ സുവിശേഷത്തിലെ ക്ഷമിക്കപ്പെടാത്ത പാപമാണ്. അവിടെ നേതാക്കന്മാർ യേശുവിനെ അവന്റെ വാക്കുകളും അടയാളങ്ങളും നൽകുന്ന വലിയ വെളിച്ചത്തിന്റെ സാന്നിധ്യത്തിലാണ് തിരസ്കരിക്കുന്നത്. മർക്കൊസിന്റെ സുവിശേഷത്തെക്കുറിച്ചുള്ള എന്റെ വ്യാഖ്യാനത്തിൽ നിന്നു താഴെ കൊടുത്തിരിക്കുന്ന കുറിപ്പുകൾ കാണുക.

**മർക്കൊ. 3:29 "പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ"** പെന്തെക്കോസ്തിനു മുമ്പുള്ള ചരിത്ര പശ്ചാത്തലത്തിലാണ് ഇത് മനസ്സിലാക്കേണ്ടത്. ദൈവത്തിന്റെ സത്യത്തെ നിരാകരിക്കുന്ന അർത്ഥത്തിലാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്. "ക്ഷമിക്കപ്പെടാത്ത പാപം" എന്നാണ് ഈ വാക്യത്തെക്കുറിച്ചുള്ള പഠിപ്പിക്കലിനെ പൊതുവെ വിളിക്കുന്നത്. താഴെപ്പറയുന്ന മാനദണ്ഡത്തിന്റെ വെളിച്ചത്തിൽ ഇതിനെ വ്യാഖ്യാനിക്കണം.

1. "അബദ്ധവശാൽ" ചെയ്യുന്നതും "കരുതിക്കൂട്ടി" ചെയ്യുന്നതുമായ പാപങ്ങൾ തമ്മിലുള്ള പഴയനിയമത്തിലെ വ്യത്യാസം (ഒ.നോ. സംഖ്യ. 15:27-31).
2. ഈ പശ്ചാത്തലത്തിൽ പരീശന്മാരുടെ അവിശ്വാസവും യേശുവിന്റെ സ്വന്തം കുടുംബത്തിന്റെ അവിശ്വാസവും തമ്മിലുള്ള വൈരുദ്ധ്യം ശ്രദ്ധിക്കണം.
3. 28-ാം വാക്യത്തിലെ പാപക്ഷമയെക്കുറിച്ചുള്ള പ്രസ്താവനകൾ.
4. സുവിശേഷങ്ങളിലെ സമാന്തര ഭാഗങ്ങളിലെ വ്യത്യാസങ്ങൾ, പ്രത്യേകിച്ച് "മനുഷ്യപുത്രൻ," എന്നത് (ഒ.നോ. മത്താ. 12:32; ലൂക്കൊ. 12:10) "മനുഷ്യർ" എന്നായി മാറുന്നു (ഒ.നോ. മത്താ. 12:32; മർക്കൊ. 3:28).

മുകളിൽ പറഞ്ഞവയുടെ വെളിച്ചത്തിൽ, വലിയ വെളിച്ചത്തിന്റെയും അറിവിന്റെയും സാന്നിധ്യത്തിലും യേശുവിനെ വെളിപ്പാടിനും രക്ഷയ്ക്കുമുള്ള ദൈവത്തിന്റെ ഏകവഴി എന്ന നിലയിൽ തിരസ്കരിക്കുന്നവർ ചെയ്യുന്നതാണ് ഈ പാപം. അവർ സുവിശേഷത്തിന്റെ വെളിച്ചത്തെ സാത്താന്റെ ഇരുട്ടാക്കി മാറ്റുന്നു (ഒ.നോ. മർക്കൊ. 3:30). ആത്മാവിന്റെ വലിച്ചടുപ്പിക്കലും ബോധം വരുത്തലും അവർ നിരസിക്കുന്നു (ഒ.നോ. യോഹ. 6:44,65). ഒരു വാക്കോ പ്രവൃത്തിയോ മൂലം ദൈവം നിരസിക്കുന്നതല്ല, മറിച്ച് മനഃപ്പൂർവ്വമായ അവിശ്വാസത്താൽ ക്രിസ്തുവിലൂടെ ദൈവത്തെ തുടർമാനമായി നിരസിച്ചുകൊണ്ടിരിക്കുന്നതാണ് ക്ഷമിക്കപ്പെടാത്ത പാപം (അതാ. പരീശന്മാരും ശാസ്ത്രിമാരും). സുവിശേഷത്തെ അറിഞ്ഞവർക്കു മാത്രമേ ഈ പാപം ചെയ്യുവാൻ കഴിയുകയുള്ളൂ. യേശുവിനെക്കുറിച്ചുള്ള സന്ദേശം വ്യക്തമായി കേട്ടവർ ഈ നിരസനത്തിന് പ്രത്യേകം ഉത്തരവാദികൾ ആകുന്നു. സുവിശേഷത്തിന് പ്രവേശനമുള്ള, എന്നാൽ യേശുവിനെ തിരസ്കരിക്കുന്ന ആധുനിക സംസ്കാരത്തിലാണ്

ഇത് പ്രത്യേകിച്ച് സത്യമായിരിക്കുന്നത് (ഉദാ. അമേരിക്ക, പാശ്ചാത്യ സംസ്കാരം).

**8:23 "നിങ്ങൾ കീഴിൽ നിന്നുള്ളവർ, ഞാൻ മേലിൽ നിന്നുള്ളവൻ"** യോഹന്നാന്റെ ലംബ ദ്വന്ദത്തിന്റെ മറ്റൊരു ഉദാഹരണം ആണിത് (ഉദാ. മേലിൽ X കീഴിൽ, ഒ.നോ. 7:35-36; 18:36).

മേലിൽ നിന്നുള്ള യേശുവും കീഴിൽ നിന്നുള്ള യെഹൂദന്മാരും തമ്മിൽ യോഹന്നാൻ പറയുന്ന വ്യത്യാസം സുവിശേഷങ്ങളിലെ അതുല്യമായ ദ്വന്ദം രൂപപ്പെടുത്തുന്നു. ഇന്നത്തെ തിന്മയുടെ യുഗം, ഭാവിയിലെ നീതിയുടെ യുഗം എന്നീ രണ്ടു വിരുദ്ധ യെഹൂദ യുഗങ്ങളെ സമവീക്ഷണ സുവിശേഷങ്ങളിൽ (മത്തായി. മർക്കൊസ്, ലൂക്കൊസ്) വ്യക്തമാക്കിയിരിക്കുന്നു. ലംബ ദ്വന്ദ്വത്തിന് എതിരായി തിരശ്ചീന ദ്വന്ദം എന്ന പ്രയോഗത്താലാണ് ഈ വ്യത്യാസം വിശദീകരിക്കപ്പെടുന്നത്. യേശു വ്യത്യസ്ത പശ്ചാത്തലങ്ങളിൽ ഇവ രണ്ടും ഉപദേശിച്ചുവോ? യോഹന്നാനിൽ യേശുവിന്റെ ശിഷ്യന്മാരോടുള്ള സ്വകാര്യ ഉപദേശങ്ങൾ രേഖപ്പെടുത്തിയപ്പോൾ, സമവീക്ഷണ സുവിശേഷത്തിൽ യേശുവിന്റെ പൊതുജന മുമ്പാകെയുള്ള ഉപദേശങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

▣ **"നിങ്ങൾ ഈ ലോകത്തിൽ നിന്നുള്ളവർ"** ഈ ലോകം ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു (ഒ.നോ. 2 കൊരി. 4:4; എഫെ. 2:2; 1 യോഹ. 5:19). ലോകത്തെ സംബന്ധിച്ച് (*കോസ്മോസ്*), 14:17 ലെ പ്രത്യേക പഠന വിഷയം കാണുക.

**8:24 ".... വിശ്വസിക്കാഞ്ഞാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്.

▣

**NASB, NKJV "ഞാൻ അവനാണെന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ"**
**NRSV, JB "ഞാൻ അവനാണെന്നു വിശ്വസിക്കാഞ്ഞാൽ"**
**TEV "ഞാൻ ആകുന്നവൻ ഞാനാകുന്നു എന്നു വിശ്വസിക്കാഞ്ഞാൽ"**
**NJB "ഞാൻ അവനാണെന്നു വിശ്വസിക്കാഞ്ഞാൽ"**

തന്റെ സ്വന്തം ദൈവിക സ്വഭാവത്തെക്കുറിച്ചുള്ള യേശുവിന്റെ സ്വയ ബോധ്യം വ്യക്തമാക്കാനുള്ള ദൃഢമായ പ്രസ്താവനകളിൽ ഒന്നാണിത് (അല്ലെങ്കിൽ ഈ പശ്ചാത്തലത്തിൽ "മശിഹാ" യെ സൂചിപ്പിക്കുന്നു. യഹോവയുടെ പഴയനിയമ നാമമാണ് യേശു ഉപയോഗിക്കുന്നത് (ഒ.നോ. പുറ. 3:14 ലെ "ഞാൻ ആകുന്നു"). യോഹന്നാനിലെ പ്രസിദ്ധമായ "ഞാൻ ആകുന്നു" പ്രസ്താവനകളിൽ നിന്നും വ്യത്യസ്തമാണിത്. ഇതിൽ ആഖ്യാതം ഇല്ല (ഒ.നോ. 4:26; 6:20; 8:24,25,58; 13:19; 18:5,6,8). 2:23 ലെ പ്രത്യേക പഠനവിഷയം: "വിശ്വസിക്കുക" എന്നപദത്തിന്റെ യോഹന്നാനിലെ ഉപയോഗം കാണുക

**8:25 "നീ ആർ ആകുന്നു"** ദൈവദൂഷണം ആരോപിക്കുവാനുള്ള നിയമപരമായ തെളിവുകൾ യെഹൂദ പ്രമാണികൾ അന്വേഷിച്ചുകൊണ്ടിരുന്നു (ഒ.നോ. മത്തായി 26:57-68; മർക്കൊ. 14:53-65)! അവർ അവനെ കൊല്ലുവാൻ ആഗ്രഹിച്ചു. അവർ വിവരത്തിനുവേണ്ടിയല്ല ശിക്ഷ വിധിക്കുവാനാണ് അന്വേഷിച്ചത്. യോഹന്നാന്റെ സുവിശേഷത്തിൽ (സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമായി) യേശു അവനെത്തന്നെ വ്യക്തമായി വെളിപ്പെടുത്തുന്നു! അവന്റെ വാക്കുകളും (ഉദാ. വാ. 24), അവന്റെ പ്രവൃത്തികളും (ഉദാ. ശബ്ബത്തിൽ സുഖപ്പെടുത്തിയത്) അവന്റെ അധികാരത്തെ വ്യക്തമായി കാണിക്കുന്നു.

▣

**NASB "ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിച്ചു പോരുന്നതു തന്നേ"**
**NKJV "ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിക്കുന്നതു തന്നേ"**
**NRSV "ഞാൻ നിങ്ങളോട് എന്തിനു പറയണം"**
**TEV "ആരംഭത്തിൽ തന്നെ ഞാൻ നിങ്ങളോടു പറഞ്ഞതു തന്നേ"**
**NJB "തുടക്കം മുതൽ ഞാൻ നിങ്ങളോടു പറഞ്ഞതു തന്നേ"**

ഗ്രീക്ക് മൂല കയ്യെഴുത്തുപ്രതിയിൽ വാക്കുകൾക്കിടയിൽ അകലം ഉണ്ടാകുന്നില്ല. ആയതിനാൽ ഗ്രീക്ക് അക്ഷരങ്ങൾ വ്യത്യസ്ത ഇടങ്ങളിൽ, പശ്ചാത്തലത്തിന് അനുയോജ്യമായി വാക്കുകളെ ഉണ്ടാക്കുവാനായി വിഭജിക്കുവാൻ കഴിയും. പരിഭാഷകളിലെ വൈരുദ്ധ്യങ്ങൾ കയ്യെഴുത്തുപ്രതികളുടെ വ്യതിയാനവുമായിട്ടല്ല, വാക്കുകളുടെ വിഭജനവുമായിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

ഇവിടെ ചില ഉദാഹരണങ്ങൾ കൊടുക്കുന്നു.

1. *hote* (*ഹോടെ*) - ആദിമുതൽ ഞാൻ നിങ്ങളോടു പറഞ്ഞു (NASB, NKJV, TEV, NJB, NIV)
2. *ho ti* (*ഹോ ടി*) ആശ്ചര്യത്തെ ദ്യോതിപ്പിക്കുന്ന ഒരു സെമിറ്റിക് ഭാഷാ ശൈലിപോലെ (NRSV, TEV)

ഉല്പത്തി 1:1 ന്റെ സെപ്റ്റ്വജിന്റ് പരിഭാഷയിൽ "ആദിയിൽ" എന്ന പദം ഉപയോഗിക്കുന്നതുപോലെ (സൃഷ്ടി) യോഹന്നാൻ 1:1 ൽ ഉപയോഗിക്കുന്നത് (അവന്റെ ശുശ്രൂഷ) യോഹന്നാന്റെ വാക്കുകൾകൊണ്ടുള്ള ഒരു പ്രയോഗമാണ്. യേശു "ആദിമുതൽ" ഉണ്ടായിരുന്നു, അക്കാര്യം അവരോട് വാക്കാലും പ്രവൃത്തിയാലും പറഞ്ഞുകൊണ്ടുമിരുന്നു!

**8:26-27** ഊന്നലിനുവേണ്ടി യോഹന്നാന്റെ സുവിശേഷത്തിൽ ഈ വിഷയങ്ങൾ ആവർത്തിച്ചുവരുന്നു.

1. പിതാവ് എന്നെ അയച്ചു (ഒ.നോ. 3:17,34; 4:34; 5:36,38; 6:29,44,47; 7:28-29; 8:16,26,42; 10:36; 11:42; 12:49; 14:24; 15:21; 17:3,18,21,23,25; 20:21)

2. പിതാവ് സത്യവാൻ ആകുന്നു (ഒ.നോ. 3:33; 7:28)
3. യേശുവിന്റെ ഉപദേശങ്ങൾ പിതാവിൽ നിന്നും ആകുന്നു (ഒ.നോ. 3:11; 7:16-17; 8:26,28,40; 12:49; 14:24; 15:15)
4. യേശു പിതാവിനെ വെളിപ്പെടുത്തുന്നു (ഒ.നോ. 1:18; 8:26-29; 12:49-50; 14:7,9).

▣ **"ഈ ലോകം"** 1:10 ന്റെ കുറിപ്പ് കാണുക

**8:27** എഴുത്തുകാരന്റെ മറ്റൊരു പത്രാധിപ അഭിപ്രായം. യേശുവിന്റെ വ്യക്തതയുള്ള ആലങ്കാരികവും ദൃഷ്ടാന്ത പരവുമായ ഭാഷ അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ, മറ്റുള്ള യെഹൂദന്മാരെപ്പോലെ അവരും യേശുവിനെ കൊല്ലു വാൻ പരിശ്രമിക്കുമായിരുന്നു (ഒ.നോ. 5:18; 8:59; 10:33). എന്നാൽ അവന്റെ അവകാശവാദങ്ങൾ അത്ര മറയ്ക്കപ്പെ ട്ടതായിരുന്നില്ല.!

**8:28 "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം"** ഇത് യോഹന്നാൻ 3:14 ൽ ചർച്ച ചെയ്ത, സംഖ്യാ. 21:4-9 നോട് ബന്ധപ്പെട്ട ഒരു പഴയനിയമ പരാമർശമാണ്. യോഹന്നാനിലെ നിരവധി പ്രയോഗങ്ങൾ പോലെ, ഈ പ്രയോഗത്തിലും ഒരു ദ്വയാർത്ഥം കാണാം. "ഉയർത്തിയശേഷം" എന്നത് ക്രൂശിൽ ആണെന്ന് അർത്ഥമാക്കാൻ കഴിയും (ഒ.നോ. 3:14; 12:32,34), ആണെന്ന് അർത്ഥമാക്കാൻ കഴിയും (ഒ.നോ. 3:14; 12:32,34). പക്ഷേ, അപ്പൊ. പ്രവൃ. 2:33; 5:31; ഫിലി. 2:29 എന്നീ വാക്യങ്ങളിലെപ്പോലെ ഇത് "മഹത്വപ്പെടുത്തുക" എന്ന അർത്ഥത്തിലും ഉപ യോഗിച്ചിരിക്കുന്നു. താൻ മരിക്കുവാൻ വന്നു എന്ന് യേശു അറിഞ്ഞിരുന്നു (ഒ.നോ. മർക്കൊ. 10:45).

▣ **"മനുഷ്യപുത്രനെ"** യേശു സ്വയം തിരഞ്ഞെടുത്ത പേരാണിത്. കാരണം യെഹൂദ റബ്ബി സംസ്കാരത്തിൽ ഇതിന് യുദ്ധപരമോ, ദേശീയപരമോ ആയ വിവക്ഷ ഇല്ലായിരുന്നു. ഈ പേര് മനുഷ്യത്വവും (ഒ.നോ. യെഹെ. 2:1; സങ്കീ. 8:4), ദൈവികവും (ഒ.നോ. ദാനീ. 7:13) എന്നീ രണ്ട് ആശയങ്ങളെ ബന്ധപ്പിക്കുന്നതുകൊണ്ടാണ് യേശു ഈ പേര് തിരഞ്ഞെടുത്തത്.

▣ **"ഞാൻ തന്നെ *അവൻ* എന്ന് ... നിങ്ങൾ അറിയും"** പെന്തെക്കോസ്തു കഴിയുന്നതുവരെയും (ഒ.നോ. 7:39) ശിഷ്യന്മാർ പോലും (യേശുവിന്റെ കുടുംബവും) അവനെ മുഴുവനായി മനസ്സിലാക്കിയില്ല! ആത്മീയ കണ്ണുകളും കാതുകളും ഉണ്ടായിരുന്ന എല്ലാവരിലും കണ്ണു തുറക്കുന്ന ശക്തിയോടെയാണ് ആത്മാവ് വന്നത്.

"ഞാൻ തന്നെ അവൻ" പ്രത്യേക വ്യാകരണ ഊന്നലിനെ സംബന്ധിച്ച് വാ. 24 ന്റെ കുറിപ്പ് കാണുക. അവർ അറിയാൻ പോകുന്നത്

1. അവൻ ആരാകുന്നു (ഉദാ. മശിഹാ)
2. അവൻ പിതാവിനെ വെളിപ്പെടുത്തുന്നു (ഒ.നോ. 5:19-20)
3. അവനും പിതാവും ഒന്നാകുന്നു (വാ. 29)

**8:29 "അവൻ എന്നെ ഏകനായി വിട്ടിട്ടില്ല"** പിതാവിനോടുള്ള യേശുവിന്റെ കൂട്ടായ്മയാണ് അവനെ നിലനിർത്തി യത് (ഒ.നോ. 8:16; 16:32). അതുകൊണ്ടായിരുന്നു ക്രൂശിൽവെച്ച് കൂട്ടായ്മ നഷ്ടപ്പെട്ടത് യേശുവിന് വളരെ പ്രയാ സകരമായി തീർന്നത് (ഒ.നോ. മർക്കൊ. 15:34).

**8:30 "പലരും അവനിൽ വിശ്വസിച്ചു"** ഈ വേദഭാഗത്ത് "വിശ്വസിക്കുക" എന്ന പ്രയോഗത്തിന്റെ ഉപയോഗം വലിയ വ്യാപ്തിയുള്ളതാകുന്നു. ചില കേൾവിക്കാരുടെ (ഒ.നോ. മത്താ. 13; മർക്കൊ. 4) ഭാഗത്ത് പൊള്ളയായ വിശ്വാസമാണ് ഉള്ളതെന്ന് ഇത് സൂചിപ്പിക്കുന്നതായി തോന്നുന്നു. മശിഹാ എന്ന പദത്തിന്റെ അർത്ഥത്തെക്കു റിച്ച് അവർ മനസ്സിലാക്കിയിരുന്നതിന്റെ അടിസ്ഥാനത്തിൽ യേശു മശിഹയാണെന്നു വിശ്വസിക്കുവാൻ അവർ തയ്യാറല്ലായിരുന്നു. 8:30-58 ന്റെ പശ്ചാത്തലം വ്യക്തമായി കാണിക്കുന്നത് അവർ യഥാർത്ഥ വിശ്വാസികൾ അല്ല എന്നാണ് (ഒ.നോ. 2:23-25). യോഹന്നാനിൽ വിശ്വാസത്തിന് വിവിധ തലങ്ങൾ കാണാം; അവയെല്ലാം രക്ഷയി ലേക്ക് നയിക്കുന്നില്ല. 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

### യോഹന്നാൻ 8:31-33

**[31]തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, [32]സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു. [33]അവർ അവനോടു: ഞങ്ങൾ അബ്രാഹാമിന്റെ സന്തതി; ആർക്കും ഒരുനാളും ദാസന്മാരായിരുന്നിട്ടില്ല; നിങ്ങൾ സ്വതന്ത്രന്മാർ ആകും എന്നു നീ പറയുന്നതു എങ്ങനെ എന്നു ഉത്തരം പറഞ്ഞു.**

**8:31 "നിലനിൽക്കുന്നു എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്നു പ്രഥമപുരുഷ സോപാധിക വാചക മാണിത്. നിലനിൽക്കുന്ന വിശ്വാസത്തെക്കുറിച്ചുള്ള ഈ ഊന്നിപ്പറയൽ യോഹന്നാൻ 15-ാം അദ്ധ്യായത്തിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. സുവിശേഷ ഘോഷണത്തിൽ വിട്ടുകളയുന്ന ഘടകം ഇതാണ്. വചനം വിശ്വസി ക്കുവാനും (ഒ.നോ. 5:24) അനുസരിക്കുവാനും, നിലനിൽക്കുവാനും ഉള്ളതാണ്. 1 യോഹ. 2:10 ലെ വസിക്കുക എന്ന പ്രത്യേക പഠനവിഷയം കാണുക.

# പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത

ക്രിസ്തീയ ജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്ന വേദപുസ്തക ഉപദേശങ്ങൾ വിശദീകരിക്കുവാൻ പ്രയാസമാണ്, കാരണം അവ അവതരിപ്പിക്കുന്നത് പൗരസ്ത്യ നാടുകളിലെ ദേശഭാഷാപരമായ ദ്വന്ദത്തിന്റെ വർഗ്ഗങ്ങളായിട്ടാണ്. ഈ ദ്വന്ദങ്ങൾ വിരുദ്ധമായി തോന്നാമെങ്കിലും, അവ രണ്ടും വേദാനുസാരമാണ്. ഒരു സത്യത്തെ തിരഞ്ഞെടുക്കുകയും വിപരീതമായ സത്യത്തെ അവഗണിക്കുകയും അല്ലെങ്കിൽ അപലപിക്കുകയും ചെയ്യുന്നതിനാണ് പാശ്ചാത്യ ക്രിസ്ത്യാനികളുടെ പ്രവണത. ഞാൻ വിശദീകരിക്കാം.

A. രക്ഷ, ക്രിസ്തുവിൽ ആശ്രയിക്കുന്നതിനുള്ള ഒരു പ്രാരംഭ തീരുമാനമാണോ അതോ ശിഷ്യത്വത്തിനുള്ള ഒരു ആജീവനാന്ത സമർപ്പണമാണോ?

B. രക്ഷ, പരാധികാരമുള്ള ഒരു ദൈവത്തിന്റെ കൃപപ്രകാരമുള്ള തിരഞ്ഞെടുപ്പാണോ അതോ ദൈവിക ദാനത്തോടുള്ള മനുഷ്യകുലത്തിന്റെ പശ്ചാത്താപപരവും വിശ്വാസപരവുമായ പ്രതികരണം ആണോ?

C. രക്ഷ, ഒരിക്കൽ ലഭിച്ചശേഷം നഷ്ടപ്പെടാൻ അസാധ്യമായതാണോ അതോ നഷ്ടപ്പെടാതിരിക്കാൻ നിരന്തരം ജാഗ്രത ആവശ്യമുള്ളതാണോ?

സഭാ ചരിത്രത്തിൽ തുടർമാനമായി സ്ഥിരോത്സാഹം എന്ന വിഷയം വിവാദപരമാണ്. പുതിയ നിയമത്തിലെ പൊരുത്തപ്പെടാത്ത വേദഭാഗങ്ങളിലാണ് ഈ പ്രശ്നം പ്രത്യക്ഷത്തിൽ ആരംഭിക്കുന്നത്.

A. ഉറപ്പ് നൽകുന്ന വേദഭാഗങ്ങൾ

1. യേശുവിന്റെ പ്രസ്താവനകൾ (യോഹ. 6:37; 10:28-29).
2. പൗലൊസിന്റെ പ്രസ്താവനകൾ (റോമ. 8:35-39; എഫെ. 1:13; 2:5,8-9; ഫിലി. 1:6; 2:13; 2 തെസ്സ. 3:3; 2 തിമൊ. 1:12; 4:18).
3. പത്രൊസിന്റെ പ്രസ്താവനകൾ (1 പത്രൊ. 1:4-5).

B. സ്ഥിരോത്സാഹത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള വേദഭാഗങ്ങൾ

1. യേശുവിന്റെ പ്രസ്താവനകൾ (മത്താ. 10:22; 13:1-9,24-30; 24-13; മർക്കൊ. 13:13; യോഹ. 8:31; 15:4-10; വെളി. 2:7,17,20; 3:5,12,21).
2. പൗലൊസിന്റെ പ്രസ്താവനകൾ (റോമ. 11:22; 1 കൊരി. 15:2; 2 കൊരി. 13:5; ഗലാ. 1:6; 3:4; 5:4; 6:9; ഫിലി. 2:1-12; 3:18-20; 2:12, 3:18-20; കൊലൊ. 1:23).
3. എബ്രായ ലേഖനകാരന്റെ പ്രസ്താവനകൾ (2:1; 3:6,14; 4:14; 6:11)
4. യോഹന്നാന്റെ പ്രസ്താവനകൾ (1 യോഹ. 2:6; 2 യോഹ. 9)
5. പിതാവിന്റെ പ്രസ്താവന (വെളി. 21:7)

പരമാധികാര ദൈവിക ത്രിത്വത്തിന്റെ കൃപ, ദയ, സ്നേഹം എന്നിവയിൽ നിന്നാണ് ബൈബിളിലെ രക്ഷ സാധ്യമാകുന്നത്. പരിശുദ്ധാത്മാവിന്റെ മുൻകൈ എടുക്കൽ ഇല്ലാതെ ഒരു മനുഷ്യനും രക്ഷിക്കപ്പെടുവാൻ സാധ്യമല്ല (ഒ.നോ. യോഹ. 6:44,65). ദൈവം ആദ്യം വരികയും കാര്യപരിപാടി സ്ഥാപിക്കുകയും ചെയ്യുന്നു, പക്ഷേ മനുഷ്യർ വിശ്വാസത്തോടും പശ്ചാത്താപത്തോടും കൂടെ, പ്രാരംഭമായിട്ടും നിരന്തരമായിട്ടും പ്രതികരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരു ഉടമ്പടി പ്രകാരമുള്ള ബന്ധത്തിലൂടെയാണ് ദൈവം മനുഷ്യനോട് കൂടെ പ്രവർത്തിക്കുന്നത്. അതിൽ അനുഗ്രഹങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ട്.

എല്ലാ മനുഷ്യർക്കും രക്ഷ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. വീണുപോയ സൃഷ്ടിയുടെ പാപത്തിന്റെ പ്രശ്നങ്ങളെയാണ് യേശുവിന്റെ മരണം കൈകാര്യം ചെയ്യുന്നത്. ദൈവം ഒരു വഴി നൽകുകയും തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരും അവന്റെ സ്നേഹത്തോടും ക്രിസ്തുവിലൂടെ ലഭിക്കുന്ന അനുഗ്രഹത്തോടും പ്രതികരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

കാൽവനിസ്റ്റിക്ക് കാഴ്ചപ്പാടിൽ നിന്നു വ്യത്യസ്തമായി ഈ വിഷയത്തെക്കുറിച്ച് നിങ്ങൾ കൂടുതൽ വായിച്ചറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാണുക:

1. ഡെയ്ൽ മൂഡി, *ദ വേർഡ് ഓഫ് ട്രൂത്ത്,* എർഡ്മാൻസ്, 1981 (പേജുകൾ 348-365)
2. ഹോവാർഡ് മാർഷൽ, *കെപ്റ്റ് ബൈ ദ പവ്വർ ഓഫ് ഗോഡ്,* ബഥനി ഫെലോഷിപ്പ്, 1969
3. റോബർട്ട് ഷാങ്, *ലൈഫ് ഇൻ ദ സൺ,* വെസ്റ്റ്കോട്ട്, 1961

ഈ ഭാഗത്ത് രണ്ട് പ്രധാന പ്രശ്നങ്ങളെക്കുറിച്ചാണ് ബൈബിൾ സംസാരിക്കുന്നത്: (1) ഫലപ്രദമല്ലാത്തതും സ്വാർത്ഥതയുള്ളതുമായ ജീവിതം നയിക്കുവാൻ ഉള്ള ഒരു അനുമതിയായി ഉറപ്പിനെ എടുത്തുപയോഗിക്കുന്നു. (2) വ്യക്തിപരമായ പാപത്താലും ശുശ്രൂഷയിലും പ്രശ്നങ്ങൾ ഉള്ളവർക്ക് ഇത് പ്രചോദനമായി മാറുന്നു. തെറ്റായ സംഘങ്ങൾ തെറ്റായ സന്ദേശങ്ങൾ എടുത്ത് പരിമിതപ്പെടുത്തിയ ബൈബിൾ വേദഭാഗങ്ങളിൽ നിന്ന് ദൈവശാസ്ത്ര സമ്പ്രദായങ്ങൾ ഉണ്ടാക്കുന്നു എന്നതാണ് പ്രശ്നമായിരിക്കുന്നത്. ചില ക്രിസ്ത്യാനികൾക്ക് ഉറപ്പിന്റെ സന്ദേശം അടിയന്തിരാവശ്യമായിരിക്കുമ്പോൾ മറ്റു ചിലർക്ക് ആവശ്യമായിരിക്കുന്നത് വിട്ടുവീഴ്ചയില്ലാത്ത മുന്നറിയിപ്പുകളാണ്! നിങ്ങൾ ഏത് കൂട്ടത്തിലാണ്?

▣ **"എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി"** യേശു ക്രിസ്തു ശക്തമായി പ്രതിപാദിക്കുന്നത് അനുസരണയുള്ള ജീവിതശൈലിയെപ്പറ്റിയാണ് (അവന്റെ കല്പനക ളോടുള്ളത്, ഒ.നോ. വാ. 51,52,55; 14:15,21,23,24; 15:10,20; 17:6; ലൂക്കൊ. 6:46; 2 യോഹ. 9). "അനുസരിക്കുന്നതി നായി കേൾക്കുക" എന്ന അർത്ഥം ഉള്ള *ഷേമ* എന്ന എബ്രായ പദത്തെയാണ് ഈ വാക്യം ഒരു തലത്തിൽ പ്രതിഫലിപ്പിക്കുന്നത് (ഉദാ. ആവ. 6:4-6).

**8:32 "സത്യം അറികയും"** "വ്യക്തിപരമായ ബന്ധം" എന്ന അർത്ഥത്തിലുള്ള "അറിയുക" എന്ന പഴയ നിയമ അർത്ഥത്തിലാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്, "ഗ്രഹിച്ച് അറിയുക" എന്ന അർത്ഥത്തിലല്ല (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). സത്യം ഒരു വ്യക്തിയാകുന്നു! മിക്ക പാഠശാലകളിലും എഴുതി വെച്ചിരിക്കുന്ന ഈ വചനം, സ്വരൂ പിച്ചെടുത്ത മാനുഷിക അറിവിനെ സൂചിപ്പിക്കുന്നില്ല. ആ അറിവ് മനുഷ്യനെ സ്വതന്ത്രനാക്കുകയല്ല, മറിച്ച് ഭിന്നി പ്പിക്കുകയും ബന്ധിക്കുകയും ചെയ്യുന്നതാണ്. യേശുക്രിസ്തു എന്ന വ്യക്തിയെയും സുവിശേഷത്തെയും കുറി ച്ചാണ് "സത്യം" എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. അവനിൽ നിന്ന് വേറിട്ട് സത്യമോ, സമാധാനമോ, പ്രത്യാശയോ ഇല്ല.

**8:32,40,44,45,46 "സത്യം"** ഈ പശ്ചാത്തലത്തിലെ പ്രധാന ആശയം ആണിത്. ഈ പ്രയോഗത്തിന് രണ്ട് ലക്ഷ്യാർത്ഥങ്ങളാണുള്ളത്.

1. വിശ്വാസയോഗ്യമായത്.
2. അസത്യത്തിന് വിപരീതമായ സത്യം.

ഈ രണ്ടു ലക്ഷ്യാർത്ഥങ്ങളും യേശുവിന്റെ ശുശ്രൂഷയിലും ജീവിതത്തിലും സത്യമാകുന്നു. സുവിശേഷത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും അവനാണ്. സത്യം പ്രാഥമികമായി ഒരു വ്യക്തിയാകുന്നു. യേശു വ്യക്തിയായ പിതാ വിനെ വെളിപ്പെടുത്തുന്നു. ഈ വാക്യം ചിലപ്പോൾ പശ്ചാത്തലത്തിൽനിന്നും മാറ്റിയെടുത്ത് വിദ്യാഭ്യാസ സംബ ന്ധമായ തലങ്ങളിൽ ഉപയോഗിക്കാറുണ്ട്. വസ്തുതകൾ, സത്യമായ വസ്തുകൾ, നിരവധി സത്യമായ വസ്തുത കൾ പോലും, ഒരാളെ സ്വതന്ത്രനാക്കുന്നില്ല (ഒ.നോ. സഭാ. 1:18). 6:55 ലും 17:3 ലും ഉള്ള സത്യം എന്ന പ്രത്യേക പഠനവിഷയം കാണുക.

**8:32 "നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും"** പ്രവൃത്തി കേന്ദ്രീകൃത മാനുഷിക മതപ്രതിപത്തി, മതാചാര ങ്ങൾ, നിയമവാദം എന്നിവയിൽ നിന്നും വിശ്വാസികൾ സ്വതന്ത്രരാകുന്നു. എന്നിരുന്നാലും സ്വതന്ത്രരാക്കപ്പെട്ട വിശ്വാസികൾ സുവിശേഷത്തിനായി സ്വയം ബന്ധിക്കപ്പെട്ടവരാണ് (റോമ. 14:1-15:6; 1 കൊരി. 8-10).

**8:33 "ഞങ്ങൾ അബ്രഹാമിന്റെ സന്തതി; ആർക്കും ഒരുനാളും ദാസന്മാരായിരുന്നിട്ടില്ല"** വർഗ്ഗീയ വാദം എത്ര മാത്രം അന്ധമായിരിക്കുമെന്നത് ആശ്ചര്യകമാണ്. ഈജിപ്ത്, സിറിയ, ബാബിലോൺ, പേർഷ്യ, ഗ്രീസ്, റോം എന്നിവയ്ക്കു കീഴിലുള്ള അടിമത്തത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്.

## യോഹന്നാൻ 8:34-38

**[34]അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. [35]ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രനോ എന്നേക്കും വസിക്കുന്നു. [36]പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ, നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും. [37]നിങ്ങൾ അബ്രാഹാമിന്റെ സന്തതി എന്നു ഞാൻ അറിയുന്നു; എങ്കിലും എന്റെ വചനത്തിന്നു നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു. [38]പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളതു ഞാൻ സംസാരിക്കുന്നു; നിങ്ങളുടെ പിതാവിനോടു കേട്ടിട്ടുള്ളതു നിങ്ങൾ ചെയ്യുന്നു എന്നു ഉത്തരം പറഞ്ഞു.**

**8:34 "പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു"** "നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും" എന്ന തൊട്ടു മുമ്പിലുള്ള 32-ാം വാക്യത്തിലെ അവന്റെ പ്രയോഗത്തിലെ ആത്മീയ യാഥാർത്ഥ്യത്തിലേക്ക് അവരെ നയിക്കാൻ യേശു ശ്രമിച്ചു. ആ പ്രയോഗം അവർ തെറ്റിദ്ധരിച്ചു എന്നാണ് വാ. 33 വെളിപ്പെടുത്തുന്നത്. വാ. 21,24 ലെ യേശുവിന്റെ ദൃഢമായ കുറ്റാരോപണവുമായി ഈ പ്രസ്താവന ബന്ധപ്പെട്ടിരിക്കുന്നു. 44-47 വരെയുള്ള വാക്യങ്ങളിൽ യാഥാർത്ഥ്യത്തോടെ അല്ലാതെ അനുഗമിക്കുന്നവരെ യേശു കുറ്റപ്പെടുത്തുന്നത് അവസാനിക്കു ന്നു. *ന്യൂ ടെസ്റ്റമെന്റ് തിയോളജി*യിൽ ഫ്രാങ്ക് സ്റ്റാഗ് പ്രസ്താവിക്കുന്നു, "മനുഷ്യന്റെ പരിശ്രമങ്ങളുടെ വിരോധാ ഭാസമെന്നത് സ്വതന്ത്രനാകുവാനുള്ള അവന്റെ ശ്രമങ്ങളുടെ ഫലം ബന്ധനം ആണെന്നതാണ്."

ഇവിടെ ഉപയോഗിച്ചിരിക്കുന്ന തുടർ വർത്തമാന കാലക്രിയയായ "ചെയ്യുന്ന" എന്നതിനർത്ഥം തുടർന്നു കൊണ്ടിരിക്കുന്ന പാപം എന്നാണ്. ഒരാൾ സത്യം (യേശു) "അറിയുന്നില്ല" എന്നതിന്റെ തെളിവാണ് പാപം ചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കുന്നു എന്നത്. 1 യോഹ. 3:6,9 ൽ ഇതേ സത്യം വർത്തമാനകാല ക്രിയ ആയ "പാപം ചെയ്യുന്നു" എന്ന ഉപയോഗത്തിലൂടെ പ്രകടിപ്പിക്കുന്നുണ്ട്! "വിശ്വാസികൾ ഇപ്പോഴും പാപം ചെയ്യുന്നുവോ?" എന്നാണ് ചോദ്യം. ഉത്തരം ഉണ്ട് എന്നതായിരിക്കണം (ഒ.നോ. റോമ. 7; 1 യോഹന്നാൻ). ക്രിസ്ത്യാനികൾ പാപ ത്തോടു പോരാട്ടത്തിലാണ്, പക്ഷേ അതിൽ മുങ്ങിക്കിടക്കുന്നതിനാൽ തിരിച്ചറിയുന്നില്ല!

ഇവിടെ പറയുന്ന പാപം "അവിശ്വാസം" (ക്ഷമിക്കപ്പെടാത്ത പാപം) ആണെന്ന നല്ലൊരു അഭിപ്രായം NET Bible (പേജ് 1921, #21) പറയുന്നു. ഇതു ധാർമ്മികമായ സന്ദർഭമല്ല, മറിച്ച് "രക്ഷയ്ക്കായി വിശ്വസിക്കുക എന്ന സന്ദർഭമാണ്." 1 യോഹന്നാനിലെ "പാപ"വും അവിശ്വാസം ആണ് (മരണത്തിനായിട്ടുള്ള പാപം).

**8:35** ഈ വാക്യം, വാ. 34 നോടല്ല മറിച്ച് വാ. 36 നോടാണ് നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നത്. റബ്ബി സംസ്കാരത്തിലെ മോശെ അല്ല, യേശുവാണ് യഥാർത്ഥ പുത്രൻ (ഒ.നോ. എബ്രാ. 1:2; 3:6; 5:8; 7:28). ആചാരാനുഷ്ഠാനങ്ങളുടെ അന്തമില്ലാത്ത നിർവഹണംകൊണ്ടല്ല, യേശുവിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ സ്വാതന്ത്ര്യം പ്രാപിക്കുന്നത് (ഒ.നോ. വാ. 32).

▣ **"എന്നേക്കും"** 6:58 ലെ പ്രത്യേക പഠനവിഷയം കാണുക.

**8:36 "എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്.

**8:37 "നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു"** (ഒ.നോ. 5:18; 7:1,19; 8:37,40; 11:53).

▣ **"എങ്കിലും എന്റെ വചനത്തിനു നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ടു"** വ്യത്യസ്ത അർത്ഥത്തിൽ ഈ പ്രയോഗത്തെ മനസ്സിലാക്കുവാൻ കഴിയും. *ബൈബിൾ ഇൻ ട്വന്റിസിക്സ് ട്രാൻസ്ലേഷൻസ്* നല്ലൊരു പഠനസഹായിയാണ്.

1. "എന്റെ വചനം നിങ്ങളിൽ സ്വതന്ത്രമായി ഒഴുകാത്തതുകൊണ്ട്" – അമേരിക്കൻ സ്റ്റാൻഡേർഡ് വേർഷൻ
2. "നിങ്ങളിൽ ചുവടുറപ്പിക്കാത്തതുകൊണ്ട്" – ഹെന്റി ആൽഫോർഡിന്റെ *പുതിയ നിയമം*
3. "നിങ്ങളുടെ ഇടയിൽ മുന്നോട്ടുപോകാൻ കഴിയാത്തതിനാൽ" – *പുതിയനിയമം:* ജെയിംസ് മോഫറ്റിന്റെ പുതിയ പരിഭാഷ
4. "നിങ്ങളിൽ സ്ഥാനമില്ലാത്തതിനാൽ" – *ദ എംഫസൈസ്ഡ് ന്യൂ ടെസ്റ്റമെന്റ്:* ജെ. ബി. റോഥർഹാമിന്റെ പുതിയ പരിഭാഷ
5. "നിങ്ങളുടെ ഹൃദയത്തിൽ എന്റെ വാക്കുകൾക്കു സ്ഥലമില്ലാത്തതിനാൽ" – ഇ. വി. റിയുവിന്റെ നാലും സുവിശേഷങ്ങൾ.

വീണ്ടും ഇവിടുത്തെ പ്രശ്നം, സുവിശേഷം സ്വീകരിക്കുന്നുവോ ഇല്ലയോ എന്നതാണ്. ഇത് രക്ഷയുടെ കാര്യമാകുന്നു, മറിച്ച് ധാർമിക പുരോഗതിയുടെ കാര്യമല്ല.

**8:38 "കണ്ടിട്ടുള്ളത്"** യേശുവിന്റെ പൂർവ്വാസ്തിക്യത്തെയും പിതാവിനോട് ഇപ്പോഴുള്ള കൂട്ടായ്മ (ഒ.നോ. വാ. 40,42) എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്ന വർത്തമാനകാല സമ്പൂർണ്ണ ക്രിയാരൂപമാണിത്.

▣ **"നിങ്ങളുടെ പിതാവിനോട് കേട്ടിട്ടുള്ളത് നിങ്ങൾ ചെയ്യുന്നു"** "പിതാവ്" എന്ന ആദ്യ പരാമർശം യെഹൂദ പാരമ്പര്യത്തിന്റെ സൂചനയായിരിക്കാം (ഒ.നോ. യെശ. 29:13). എങ്കിലും വാ. 41–44 ലെ വിഷയം സാത്താനാണ് യോജിക്കുന്നത്. "മോശെയെ" പിന്തുണയ്ക്കുന്നുവെന്ന് വിചാരിക്കുന്ന അവരുടെ പ്രവൃത്തികൾ, പ്രേരണകൾ, വാക്കുകൾ വ്യക്തമായി കാണിക്കുന്നത് അവരുടെ ആത്മീയ പശ്ചാത്തലത്തെയാണ്. ആത്മീയതലത്തിൽ മനുഷ്യർക്ക് ആരംഭം കുറിക്കുവാൻ കഴിയുകയില്ല. സ്വാധീനത്തിന് രണ്ട് ഉത്ഭവസ്ഥാനങ്ങൾ ഉണ്ട് (ദ്വന്ദമല്ല) – ദൈവം/ക്രിസ്തു/ആത്മാവ് അല്ലെങ്കിൽ സാത്താൻ/അവന്റെ ആത്മാവ്! ഒരാൾ എങ്ങനെ സുവിശേഷത്തോട് പ്രതികരിക്കുന്നു എന്നത് ആത്മീയ പശ്ചാത്തലത്തെ വെളിപ്പെടുത്തുന്നു! (ഒ.നോ. 1:12; 3:16; 10:1–18; 14:6).

ഈ പ്രയോഗവുമായി ബന്ധപ്പെട്ട ചില പാഠഭേദങ്ങൾ ഉണ്ട്.

1. "പിതാവ്" എന്ന രണ്ടു സൂചനകളും യഹോവയെ സൂചിപ്പിക്കുന്നു (നിങ്ങളുടെ എന്ന സർവ്വനാമം ഇല്ല).
2. ക്രിയ ഒരു നിർദേശമാണ്, സൂചകമല്ല

(ബ്രൂസ് എം. മെറ്റ്സ്ഗർ എഴുതിയ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്*, പേജ് 225 കാണുക).

## യോഹന്നാൻ 8:39–47

**39 അവർ അവനോടു: അബ്രാഹാം ആകുന്നു ഞങ്ങളുടെ പിതാവു എന്നു ഉത്തരം പറഞ്ഞതിന്നു യേശു അവരോടു: നിങ്ങൾ അബ്രാഹാമിന്റെ മക്കൾ എങ്കിൽ, അബ്രാഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു. 40 എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു; അങ്ങനെ അബ്രാഹാം ചെയ്തില്ലല്ലോ. 41 നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികളെ നിങ്ങൾ ചെയ്യുന്നു എന്ന് പറഞ്ഞു. അവർ അവനോടു: ഞങ്ങൾ പരസംഗത്താൽ ജനിച്ചവരല്ല; ഞങ്ങൾക്കു ഒരു പിതാവേയുള്ളു; ദൈവം തന്നേ എന്നു പറഞ്ഞു. 42 യേശു അവരോടു പറഞ്ഞതു: ദൈവം നിങ്ങളുടെ പിതാവു എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു; ഞാൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു; ഞാൻ സ്വയമായി വന്നതല്ല, അവൻ എന്നെ അയച്ചതാകുന്നു. 43 എന്റെ ഭാഷണം നിങ്ങൾ ഗ്രഹിക്കാത്തതു എന്തു? എന്റെ വചനം കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലായ്കകൊണ്ടത്രേ. 44 നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്വാനും ഇച്ഛിക്കുന്നു; അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്കു പറയുമ്പോൾ**

**സ്വന്തത്തിൽനിന്നു എടുത്തുപറയുന്നു; അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു. [45]ഞാനോ സത്യം പറയുന്നതുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. [46]നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതു എന്തു? [47]ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവസന്തതിയല്ലായ്കകൊണ്ടു കേൾക്കുന്നില്ല.**

**8:39 "അബ്രഹാം ആകുന്നു ഞങ്ങളുടെ പിതാവ്"** അബ്രഹാഹിന്റെ ഭൗതിക തലമുറകളാണ് അവർ എന്ന് യേശു സ്ഥിരീകരിച്ചു, എന്നാൽ അവർക്ക് പിശാചിന്റെ കുടുംബസ്വഭാവമാണ് ഉള്ളതെന്ന് സൂചന നൽകി (ഒ.നോ. വാ. 38,44). യെഹൂദന്മാരെ ദൈവത്തിന്റെ മുമ്പിൽ നിറുത്തിയത് വർഗ്ഗപരമായ വ്യക്തിത്വം അല്ല, വ്യക്തിപരമായ വിശ്വാസാധിഷ്ഠിത ബന്ധമായിരുന്നു (ഒ.നോ. ആവ. 6:5,13; റോമ. 2:28-29; 9:6).

▣ **"എങ്കിൽ"** ഇതി രൂപത്തിൽ ഒരു ഉത്തമപുരുഷ സോപാധിക വാചകമാണെങ്കിലും, മധ്യമപുരുഷ സോപാധിക വാചകമായിട്ടു പ്രവർത്തിക്കുവാൻ കഴിയും (ഒ.നോ. വാ. 19, 42). വ്യത്യസ്ത ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ, ഒന്നാമത്തെ ക്രിയയെ അപൂർണ്ണ ക്രിയയാക്കി മാറ്റിക്കൊണ്ട് ഈ വ്യത്യസ്ത സോപാധിക രൂപങ്ങളെ ഏകീകരിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. അതിനാൽ അവ ഇങ്ങനെയാണു വായിക്കുന്നത്, "നിങ്ങൾ അബ്രാഹാമിന്റെ മക്കൾ ആയിരുന്നുവെങ്കിൽ, നിങ്ങൾ അങ്ങനെയല്ല, നിങ്ങൾ അബ്രാഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു, എന്നാൽ നിങ്ങൾ ചെയ്യുന്നില്ല." സമ്മിശ്ര സോപാധിക രൂപങ്ങൾക്ക് UBS[4] "B" റേറ്റിംഗാണ് (ഏതാണ്ട് ഉറപ്പായത്) നൽകുന്നത്.

**8:40 "മനുഷ്യനായ എന്നെ"** യഹോവയുടെ ഒരു പ്രതിനിധിയായും യഹോവയോടൊപ്പം തുല്യ ദൈവിക സത്ത ഉള്ളവനായും മാത്രമല്ല, ഒരു യഥാർത്ഥ മനുഷ്യനായും യേശു തന്നെത്തന്നെ മനസ്സിലാക്കിയിരുന്നു. ആത്മാവും ഭൗതിക വസ്തുക്കളും തമ്മിൽ നിത്യമായി നിലനില്ക്കുന്നുവെന്ന് ജ്ഞാനവാദികൾ അവകാശപ്പെടുന്ന ദ്വന്ദ്വത്തെ ഈ ഉറപ്പായ പ്രസ്താവന ഖണ്ഡിക്കുന്നു (ഒ.നോ. 1 യോഹ. 1:1-4; 4:1-4).

# പ്രത്യേക പഠനവിഷയം: ജ്ഞാനവാദം (Gnosticism)

A. രണ്ടാം നൂറ്റാണ്ടിലെ ജ്ഞാനവാദസാഹിത്യങ്ങളിൽ നിന്നുമാണ് ഈ ദുരുപദേശത്തെക്കുറിച്ചുള്ള നമ്മുടെ അറിവിന്റെ ഭൂരിഭാഗവും ലഭിക്കുന്നത്. എന്നിരുന്നാലും, ഇതിന്റെ ആശയങ്ങൾ ആദ്യ നൂറ്റാണ്ടിലും (ചാവുകടൽ ചുരുളുകൾ) അപ്പൊസ്തലനായ യോഹന്നാന്റെ രചനയിലും കാണുന്നുണ്ട്.

B. എഫെസൊസ് (1 തിമൊഥെയൊസ്), ക്രേത്ത (തീത്തൊസ്), കൊലൊസ്യ (കൊലൊസ്യർ) എന്നീ സ്ഥലങ്ങളിലെ പ്രശ്നം, നിയമാധിഷ്ഠിത യെഹൂദമതവും ആരംഭകാലജ്ഞാനവാദവും ചേർന്ന് തുടങ്ങിവെച്ചതായിരുന്നു.

C. രണ്ടാം നൂറ്റാണ്ടിലെ വാലെന്റീനിയൻ ജ്ഞാനവാദത്തിലെയും സെറിന്തിയൻ ജ്ഞാനവാദത്തിലെയും ചില സിദ്ധാന്തങ്ങൾ.

1. ആത്മാവും പദാർത്ഥവും നിത്യതയിൽ ഒരുമിച്ചായിരുന്നു (ഒരു ജീവതത്വശാസ്ത്രപരമായ ദ്വന്ദ്വവാദം). പദാർത്ഥം തിന്മയും, ആത്മാവ് നന്മയും നിറഞ്ഞതാണ്. ആത്മാവ് ആയ ദൈവത്തിന് തിന്മയായ പദാർത്ഥത്തെ രൂപപ്പെടുത്തുവാൻ വേണ്ടി നേരിട്ട് ഇടപെടാൻ കഴിയുന്നതല്ല.
2. പദാർത്ഥത്തിനും ദൈവത്തിനും ഇടയിൽ മധ്യവർത്തികൾ ഉണ്ട് (എയോണുകൾ അല്ലെങ്കിൽ ദൈവദൂതന്മാരുടെ തലങ്ങൾ). ഏറ്റവും ഒടുവിൽ അല്ലെങ്കിൽ താഴെ വരുന്നത് പ്രപഞ്ചത്തെ (*കോസ്മോസ്*) സൃഷ്ടിച്ച പഴയനിയമത്തിലെ യഹോവ ആയിരുന്നു.
3. യഹോവയെപ്പോലെ, യേശു ഒരു താണ ദൈവം ആയിരുന്നു, എന്നാൽ അവൻ അളവിൽ ഉയർന്നതും യഥാർത്ഥ ദൈവത്തോട് തൊട്ടടുത്തവനും ആയിരുന്നു. ചിലർ അവനെ ഉയർന്നവനായി കണക്കാക്കുന്നുവെങ്കിലും ദൈവത്തെക്കാൾ താണവനും, ജഡാവതാരം എടുക്കാത്ത ദേവനും ആകുന്നു (ഒ.നോ. യോഹ. 1:14). പദാർത്ഥം തിന്മയുള്ളത് ആകുന്നതുകൊണ്ട്, മനുഷ്യശരീരം എടുക്കയും അപ്പോൾതന്നെ ദൈവമായിരിക്കുകയും ചെയ്യുവാൻ യേശുവിനു കഴിയുമായിരുന്നില്ല. അവൻ മനുഷ്യനായി പ്രത്യക്ഷപ്പെട്ടുവെങ്കിലും ഒരു ആത്മാവ് മാത്രമായിരുന്നു (ഒ.നോ. 1 യോഹ. 1:1-3; 4:1-6).
4. രക്ഷയ്ക്ക് യേശുവിലുള്ള വിശ്വാസത്തോടൊപ്പം പ്രത്യേക വ്യക്തികൾക്ക് മാത്രമറിയാമായിരുന്ന ജ്ഞാനവും വേണമായിരുന്നു. സ്വർഗ്ഗീയ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതിന് ജ്ഞാനം (രഹസ്യകോഡുകൾ) ആവശ്യമായിരുന്നു. ദൈവത്തിലേക്ക് എത്തിച്ചേരുവാൻ യെഹൂദ നിയമവാദവും ആവശ്യമായിരുന്നു.

D. രണ്ട് വിപരീതമായ ധാർമിക സമ്പ്രദായങ്ങൾ ജ്ഞാനവാദത്തിലെ വ്യാജ ഉപദേഷ്ടാക്കൾ ഉപദേശിച്ചു.

1. ചിലരെ സംബന്ധിച്ച് രക്ഷയ്ക്ക് ജീവിതശൈലിയുമായി യാതൊരു ബന്ധവുമില്ലായിരുന്നു. അവർക്ക് ദൂതമണ്ഡലങ്ങളിലൂടെ (eons) കടന്നുപോകുന്നതിന് രക്ഷയും ആത്മീയതയും ജ്ഞാന മായി (രഹസ്യകോഡുകളായി) നൽകപ്പെട്ടിരുന്നു.
2. മറ്റുള്ളവർക്ക് ജീവിതശൈലി രക്ഷയുടെ നിർണ്ണായക ഘടകം ആയിരുന്നു. യഥാർത്ഥ രക്ഷ യുടെ തെളിവായി സന്യാസജീവിതശൈലി അനിവാര്യമാണെന്ന് ദുരുപദേഷ്ടാക്കൾ ഊന്നിപ്പ റഞ്ഞു (ഒ.നോ. 2:16-23).

E. കൂടുതൽ പഠനത്തിനാവശ്യമായ ഒരു നല്ല ഗ്രന്ഥമാണ് ജെയിംസ് എം. റോബിൻസണും റിച്ചാർഡ് സ്മിത്തും ചേർന്നെഴുതിയ *ദി നാഗ് ഹമ്മദി ലൈബ്രറി.*

**8:41**
**NASB, NKJV "ഞങ്ങൾ പരസംഗത്താൽ ജനിച്ചവരല്ല"**
**NRSV "ഞങ്ങൾ അവിഹിത സന്തതികല്ല"**
**TEV "ഞങ്ങൾ യഥാർത്ഥ സന്തതികൾ ആകുന്നു"**
**NJB "ഞങ്ങൾ അവിഹിതമായി ജനിച്ചവരല്ല"**

വാ. 48-ലെ ("നീ ഒരു ശമര്യാക്കാരൻ ആകുന്നു") കുറ്റാരോപണവുമായി ഇത് ബന്ധപ്പെട്ടിരിക്കാം. യേശു യെഹൂദന്റെ ശുദ്ധരക്തത്തിൽ പിറക്കാതെ അവിഹിതമായി പിറന്നവനാണ് എന്ന് യെഹൂദന്മാർ ഉറപ്പിച്ചു പറയു കയാണ് എന്നു തോന്നുന്നു. പില്ക്കാല റബ്ബി സ്രോതസ്സുകൾ യേശുവിന്റെ പിതാവ് ഒരു റോമൻ പട്ടാളക്കാരനാ ണെന്ന് പറയുന്നു.

▣ **"ഞങ്ങൾക്ക് ഒരു പിതാവേയുള്ളൂ; ദൈവം തന്നേ"** പിതൃസംബന്ധമായ പ്രയോഗങ്ങളാൽ വ്യക്തമാക്കിയി ട്ടുള്ള പഴയ നിയമത്തിലെ കർശനമായ ഏക ദൈവവിശ്വാസത്തെയാണ് ഈ പ്രസ്താവന പ്രതിഫലിപ്പിക്കുന്നത് (ഒ.നോ. ആവ. 32:6; യെശ. 1:2; 63:16; 64:8). ഇവിടുത്തെ വൈഷമ്യം ഇതായിരുന്നു: ഈ യെഹൂദ മതനേതാക്കൾ ദൈവത്തിന്റെ ഏകത്വവും (ഒ.നോ. ആവ. 6:4-5) മോശെയുടെ ന്യായപ്രമാണം അനുസരിക്കുമ്പോൾ ദൈവവുമാ യുള്ള ശരിയായ ബന്ധം ഉണ്ടാകുന്നു എന്നും (ഒ.നോ. ആവ. 6:1-3,17,24-25) ഉറപ്പിച്ചു പറഞ്ഞിരുന്നു. യേശു താൻ ദൈവത്തോടു സമനാണെന്ന് അവകാശവാദം ഉന്നയിച്ചു! ദൈവത്തോടുള്ള ശരിയായ ബന്ധം ന്യായപ്രമാണം നിർവഹിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല, അവനിലുള്ള വ്യക്തിപരമായ വിശ്വാസം മുഖേനയാണെന്ന് യേശു അവകാശപ്പെട്ടു. അവരുടെ ആശക്കുഴപ്പവും വൈമുഖ്യവും മനസ്സിലാക്കാൻ കഴിയുന്നതാണ്, പക്ഷേ ഇവിടെ യാണ് ആത്മാവിന്റെ ഉൾക്കാഴ്ചയും യേശുവിന്റെ അത്ഭുതപ്രവൃത്തികളും വിശ്വാസത്തെ ഉളവാക്കുന്നത്!

**8:42 "എങ്കിൽ"** "വാസ്തവവിരുദ്ധം" എന്നു വിളിക്കപ്പെടുന്ന ഒരു മധ്യമപുരുഷ സോപാധിക വാചകമാണിത്. "ദൈവം നിങ്ങളുടെ പിതാവല്ല, അവൻ പിതാവായിരുന്നുവെങ്കിൽ, നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു, എന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുന്നില്ല" (ഒ.നോ. വാ. 47).

**8:43 "എന്റെ വചനം കേൾപ്പാൻ നിങ്ങൾക്കു മനസ്സില്ലായ്കകൊണ്ടത്രേ"** ആത്മീയമായ അറിവിനെയും സ്വീകാ ര്യതയെയും ആണ് ഇവിടെ സൂചിപ്പിക്കുന്നത്. അവർക്ക് ആത്മീയ ചെവികൾ ഇല്ലായിരുന്നു (ഒ.നോ. യെശ. 6:9-10; മത്താ. 11:15; 13:9,15-16,43; മർക്കൊ. 4:9,23; 7:16; 8:18; ലൂക്കൊ. 8:8; 14:35; പ്രവൃ. 7:51; 28:26-27).

**8:44 "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ"** യേശുവിന്റെ കാലത്തെ മതനേതാക്കന്മാരോടുള്ള ഞെട്ടിപ്പി ക്കുന്ന ഒരു പ്രസ്താവന ആണിത് (ഒ.നോ. വാ. 47). "..ന്റെ മക്കൾ" എന്ന എബ്രായ ഭാഷാശൈലിയിലാണ് കുടുംബപങ്കാളിത്ത സ്വഭാവം എന്ന ആശയം പ്രകടിപ്പിച്ചിരിക്കുന്നത് (ഒ.നോ. മത്താ. 13:38; പ്രവൃ. 13:10; 1 യോഹ. 3:8,10). 12:31 ലെ പ്രത്യേക പഠനവിഷയം: "പിശാച്" കാണുക.

▣ **"അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു"** പിശാചിന്റെ നിത്യതയെ സൂചിപ്പിക്കുന്ന (അതാ. സൊരാ ഷ്ട്രിയൻ മതത്തിലെ ദ്വന്ദ്വം) അർത്ഥത്തിലല്ല ഇത്, മറിച്ച് പാമ്പിന്റെ ഉള്ളിൽ അധിവസിച്ച ഭോഷ്കിന്റെ ആത്മാ വിന്റെ സജീവ പ്രവർത്തനത്താൽ ആദാമിനും ഹവ്വായ്ക്കും ഉണ്ടായ ആത്മീയ പരീക്ഷ എന്ന ആശയമാണ് ഇത് പ്രതിഫലിപ്പിക്കുന്നത് (ഒ.നോ. ഉല്പ. 3). സത്യവാനും സത്യവുമായ ദൈവവും പിശാചും തമ്മിലുള്ള മനപ്പൂർവ്വ മായ വൈരുദ്ധ്യം ശ്രദ്ധിക്കുക.

**8:46 "നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു"** ഈ സന്ദർഭത്തിൽ കള്ള സാക്ഷ്യ ത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പിശാച് കള്ളം പറയുന്നു, എന്നാൽ യേശു സത്യം സംസാരിക്കുന്നു. തന്റെ പ്രസ്താവനകളെ അല്ലെങ്കിൽ ഉപദേശങ്ങളെ ഖണ്ഡിച്ച് അവൻ വ്യാജമാണെന്ന് തെളിയിക്കുവാനാണ് യേശു ഈ യെഹൂദ പ്രമാണികളെ ക്ഷണിക്കുന്നത്! ഈ സന്ദർഭത്തിൽ ഒരു ദൈവശാസ്ത്ര സിദ്ധാന്തമായ യേശു വിന്റെ പാപരാഹിത്യം എന്നതുമായി ഇതിനു ബന്ധമുണ്ടെന്നു തോന്നുന്നില്ല.

യോഹന്നാനിൽ "പാപം" എന്നത് ഒരു പ്രത്യേക ക്രിയ എന്നതിനെക്കാൾ, വീണുപോയ ലോകത്തിൽ ദൈവ ത്തിനെതിരെയുള്ള മറുതലിപ്പ് എന്ന നിലയിൽ ഒരു പൈശാചിക തത്വമാണ്. പാപം എല്ലാമാണ് യേശുവല്ല. ഏറ്റവും വലിയ "പാപം" അവിശ്വാസം ആണ് (ഒ.നോ. 16:9).

## യോഹന്നാൻ 8:48-59

**48യെഹൂദന്മാർ അവനോടു: നീ ഒരു ശമര്യൻ; നിനക്കു ഭൂതം ഉണ്ടു എന്നു ഞങ്ങൾ പറയുന്നതു
ശരിയല്ലയോ എന്നു പറഞ്ഞു. 49അതിന്നു യേശു: എനിക്കു ഭൂതമില്ല; ഞാൻ എന്റെ പിതാവിനെ ബഹുമാ
നിക്ക അത്രേ ചെയ്യുന്നതു; നിങ്ങളോ എന്നെ അപമാനിക്കുന്നു. 50ഞാൻ എന്റെ മഹത്വം അന്വേഷിക്കു
ന്നില്ല; അന്വേഷിക്കയും വിധിക്കയും ചെയ്യുന്നവൻ ഒരുവൻ ഉണ്ടു. 51ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു
പറയുന്നു: എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം കാൺകയില്ല എന്നു ഉത്തരം പറഞ്ഞു.
52യെഹൂദന്മാർ അവനോടു: നിനക്കു ഭൂതം ഉണ്ടു എന്നു ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി; അബ്രാഹാമും
പ്രവാചകന്മാരും മരിച്ചു; നീയോ എന്റെ വചനം പ്രമാണിക്കുന്നവൻ ഒരുനാളും മരണം ആസ്വദിക്കുകയില്ല
എന്നു പറയുന്നു. 53ഞങ്ങളുടെ പിതാവായ അബ്രാഹാമിനെക്കാൾ നീ വലിയവനോ? അവൻ മരിച്ചു,
പ്രവാചകന്മാരും മരിച്ചു; നിന്നെത്തന്നേ നീ ആർ ആക്കുന്നു എന്നു ചോദിച്ചതിന്നു 54യേശു: ഞാൻ
എന്നെത്തന്നേ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വം ഏതുമില്ല; എന്നെ മഹത്വപ്പെടുത്തുന്നതു എന്റെ
പിതാവു ആകുന്നു; അവനെ നിങ്ങളുടെ ദൈവം എന്നു നിങ്ങൾ പറയുന്നു. 55എങ്കിലും നിങ്ങൾ അവനെ
അറിയുന്നില്ല; ഞാനോ അവനെ അറിയുന്നു; അവനെ അറിയുന്നില്ല എന്നു ഞാൻ പറഞ്ഞാൽ നിങ്ങളെ
പ്പോലെ ഭോഷ്കു പറയുന്നവൻ ആകും; എന്നാൽ ഞാൻ അവനെ അറിയുന്നു; അവന്റെ വചനം പ്രമാണി
ക്കയും ചെയ്യുന്നു. 56നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു
ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. 57യെഹൂദന്മാർ അവനോടു:
നിനക്കു അമ്പതു വയസ്സു ആയിട്ടില്ല; നീ അബ്രാഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. 58യേശു അവ
രോടു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിന്നു മുമ്പെ ഞാൻ ഉണ്ടു
എന്നു പറഞ്ഞു. 59അപ്പോൾ അവർ അവനെ എറിവാൻ കല്ലു എടുത്തു, യേശുവോ മറഞ്ഞു ദൈവാലയം
വിട്ടുപോയി.**

**8:48 "നീ ഒരു ശമര്യൻ; നിനക്കു ഭൂതം ഉണ്ട്"** ഇവിടെ അരാമിക് പദത്തിലാണ് യഥാർത്ഥ പശ്ചാത്തല അർത്ഥം മനസ്സിലാക്കുവാൻ കഴിയുന്നത്. ഗ്രീക്കിലേക്ക് "ശമര്യൻ" എന്നു തർജ്ജമ ചെയ്തിരിക്കുന്ന അരാമ്യപദത്തിന്റെ അർത്ഥം "ഭൂതങ്ങളുടെ തലവൻ" എന്നാണ്. യേശു അരാമ്യഭാഷയാണ് സംസാരിച്ചിരുന്നത്. ഇത് ശരിയാണെങ്കിൽ യേശുവിന്റെ ശക്തി വന്നത് അമാനുഷിക പൈശാചിക ഉറവിടത്തിൽ നിന്നുമാണെന്ന മതനേതാക്കന്മാരുടെ തുടരെയുള്ള കുറ്റാരോപണത്തോട് ഇതു യോജിക്കുന്നു. ഒരാൾക്ക് ഭൂതമുണ്ട് എന്നു പറയുമ്പോൾ അവൻ പറയുന്നതു ഭോഷ്കാണ് എന്ന സാധ്യത കൂടിയാണ് ഉണ്ടാകുന്നത് (ഒ.നോ. വാ. 52). യേശു ശമര്യൻ ആണ്(ഒ. നോ. വാ. 49) അല്ലെങ്കിൽ അവനു ഭൂതം ഉണ്ട് (ഒ.നോ. 7:20; 8:48,49,52; 10:20,21, 12:31 ലെ പ്രത്യേക പഠനവിഷയം കാണുക) എന്നു പറയുമ്പോൾ, അവന്റെ വാക്കു കേൾക്കുകയോ അവന്റെ സന്ദേശത്തോടു പ്രതികരിക്കുകയോ ചെയ്യരുത് എന്ന അർത്ഥമാണ് അതിനുള്ളത്. അങ്ങനെയാണെങ്കിൽ യേശുവിനെയോ, അവന്റെ ഉപദേശങ്ങളെയോ കൈക്കൊള്ളാതിരിക്കുന്നതിനുള്ള മറ്റൊരു ഒഴികഴിവ് ആയിരുന്നു "അബ്രഹാം ഞങ്ങളുടെ പിതാവ്" എന്ന പ്രയോഗം.

**8:49** ഒരാൾക്ക് പിതാവിൽ വിശ്വസിക്കുകയും പുത്രനിൽ വിശ്വസിക്കാതിരിക്കയും ചെയ്യുവാൻ സാധ്യമല്ല (ഒ.നോ. 1 യോഹ. 5:9-12); ഒരാൾക്ക് പിതാവിനെ അറിയുകയും പുത്രനെ ബഹുമാനിക്കാതിരിക്കയും ചെയ്യുവാൻ കഴിയുന്നതല്ല (ഒ.നോ. 5:43). പുറമെ രണ്ടു വ്യത്യസ്ത വ്യക്തികളാണെങ്കിലും അവർ ഒന്നാകുന്നു (ഒ.നോ. 10:30; 17:21-23).

**8:50 "എന്റെ മഹത്വം"** 1:14 ലെ കുറിപ്പ് കാണുക.

**8:51,52** വിശ്വാസത്തോട് അനുസരണത്തെ ബന്ധിപ്പിക്കുന്നതു കാണുക (വാ. 48 ലെ വേദഭാഗങ്ങളുടെ പട്ടിക കാണുക).

▣ **"ഒരുനാളും മരണം കാൺകയില്ല"** ഇതൊരു ദൃഢമായ ഇരട്ട നിഷേധമാണ്. ശാരീരിക മരണത്തെ അല്ല (ഒ.നോ. 5:24; 6:40,47; 11:25-26) ആത്മീയമരണത്തെയാണ് (ഒ.നോ. വാ. 21,24) ഇത് സൂചിപ്പിക്കുന്നത് എന്നു സ്പഷ്ടമാണ്. ഇത് മരണ ഭയത്തെയും സൂചിപ്പിക്കുന്നുണ്ട് (ഒ.നോ. 1 കൊരി. 15:54-57).

മൂന്നു നിലകളിലാണ് ബൈബിളിൽ "മരണം" (*തനാറ്റോസ്-θανατος*) എന്ന ആശയം ആവിഷ്കരിച്ചിരിക്കുന്നത്.

1. ആത്മീയമരണം, ഉല്പ. 2:17; 3:1-24; യെശ. 59:2; റോമ. 7:10-11; യാക്കോ. 1:15 (ദൈവവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു).
2. ശാരീരികമരണം, ഉല്പ. 3:4-5; 5 (ഭൗമഗ്രഹവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു).
3. നിത്യമായ മരണം, "രണ്ടാമത്തെ മരണം" വെളി. 2:11; 20:6,14; 21:8 (ദൈവവുമായി വിച്ഛേദിക്കപ്പെട്ട ബന്ധം സ്ഥിരമായി മാറുന്നു).

ദൈവത്തിന്റെ ശ്രേഷ്ഠമായ സൃഷ്ടിയെക്കുറിച്ചുള്ള ദൈവേഷ്ടത്തിന്റെ വിപരീതമായ വസ്തുതയാണ് മരണം (ഒ.നോ. ഉല്പ. 1:26-27).

**8:52** യേശുവിന്റെ പ്രസ്താവനയെ അവർ തെറ്റിദ്ധരിച്ചു എന്ന് ഈ വാക്യം വ്യക്തമാക്കുന്നു (ഒ.നോ. വാ. 51).

അബ്രഹാമിന്റെയും പ്രവാചകന്മാരുടെയും ഭൗതിക ജീവിതവുമായി ബന്ധപ്പെടുത്തിയാണ് അവർ ഇതിനെ കണ്ടത്.

8:53 ഈ ചോദ്യം "അല്ല" എന്ന ഒരു ഉത്തരമാണ് പ്രതീക്ഷിക്കുന്നത്. എന്തൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവന! പക്ഷേ യേശു യഥാർത്ഥത്തിൽ അവകാശപ്പെടുന്നത് ഇതുതന്നെയായിരുന്നു.

1. അവൻ അബ്രഹാമിനെക്കാൾ വലിയവൻ, വാ. 53
2. അവൻ യാക്കോബിനെക്കാൾ വലിയവൻ, 4:12
3. അവൻ യോനായെക്കാൾ വലിയവൻ, മത്താ. 12:41; ലൂക്കൊ. 11:32
4. അവൻ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ, 5:36; ലൂക്കൊ. 7:28
5. അവൻ ശലോമോനെക്കാൾ വലിയവൻ, മത്താ. 12:42; ലൂക്കൊ. 11:31

പഴയ നിയമത്തെക്കാൾ ശ്രേഷ്ഠമായ പുതിയ നിയമത്തെയും മോശെയെക്കാൾ ശ്രേഷ്ഠതയുള്ള യേശുവിനെയും ആണ് എബ്രായലേഖനം മുഴുവനും ചൂണ്ടിക്കാണിക്കുന്നത്. (എന്റെ എബ്രായലേഖന വ്യാഖ്യാനം കാണുവാൻ സൗജന്യ ഓൺലൈൻ സന്ദർശിക്കുക: www.freebiblecommentary.org).

▣ **"നീ നിന്നെത്തന്നെ നീ ആർ ആക്കുന്നു"** ഇതാണ് യഥാർത്ഥ വിഷയം! 54,58 എന്നീ വാക്യങ്ങളിൽ യേശു വ്യക്തമായ നിഗമനം നൽകുകയും തത്ഫലമായി ദൈവദൂഷണം പറയുന്നു എന്നാരോപിച്ച് അവർ അവനെ കല്ലെറിയുവാൻ ശ്രമിക്കുകയും ചെയ്യുന്നു (ഒ.നോ. വാ. 59).

**8:54 "..ത്തിയാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകം.

▣ **"മഹത്വപ്പെടുത്തിയാൽ"** ബഹുമാന സൂചകമായിട്ടാണ് ഇത് ഇവിടെ ഉപയോഗിക്കുന്നത് (ഒ.നോ. റോമ. 1:21; 1 കൊരി. 12:26).

**8:55 "അറിയുന്നു .. അറിയുന്നു"** ഈ പശ്ചാത്തലത്തിൽ പര്യായപദങ്ങളായി തോന്നുന്ന ഗിനോസ്കോ, ഒയിഡാ (*γινοσκω, οιδα*) എന്നീ രണ്ടു ഗ്രീക്ക് പദങ്ങളുടെ പരിഭാഷയാണ് ഈ വാക്യത്തിലുള്ളത് (ഒ.നോ. 7:28-29). യേശു പിതാവിനെ അറിയുകയും അവനെ അനുഗമിക്കുന്നവർക്ക് പിതാവിനെ വെളിപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. ലോകം (യെഹൂദന്മാർ പോലും) പിതാവിനെ അറിയുന്നില്ല (ഒ.നോ. 1:10; 8:51; 10:3; 17:25).

**8:56 "നിങ്ങളുടെ പിതാവായ അബ്രഹാം"** ഇതൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവന ആകുന്നു. "യെഹൂദന്മാർ," "ന്യായപ്രമാണം" (ഒ.നോ. 8:17), "ദൈവാലയം" എന്നിവയിൽ നിന്നും, പിതാവായ അബ്രാഹാമിൽ നിന്നുപോലും യേശു സ്വയം അകന്നുമാറുന്നു. പഴയ ഉടമ്പടിയിൽനിന്നുമുള്ള വ്യക്തമായ ഒരു അകൽച്ചയാണ് ഇവിടെ ഉണ്ടാകുന്നത്.!

▣ **"എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു"** അബ്രഹാം എത്രത്തോളം മശിഹായെക്കുറിച്ച് മനസ്സിലാക്കിയിരുന്നു? വിവിധ പരിഭാഷകൾ ഭാവികാലത്തിലാണ് ഇതിനെ പരിഭാഷപ്പെടുത്തുന്നത്. *ബൈബിൾ ഇൻ ടൺറ്റിസിക്സ് ട്രാൻസ്ലേഷൻസ്* എന്ന ഗ്രന്ഥത്തിൽ നിന്നുമാണ് ഈ തിരഞ്ഞെടുത്ത വാക്യങ്ങൾ ഉദ്ധരിക്കുന്നത്.

1. "അവൻ കാണുമെന്നുള്ളതുകൊണ്ട് ഉല്ലസിച്ചു" - ജെ. ബി. റോതർഹാമിന്റെ *ദി എംഫസൈസ്ഡ് ന്യൂ ടെസ്റ്റ്മെന്റ്: എ ന്യൂ ട്രാസ്ലേഷൻ*
2. "അവൻ എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് സന്തോഷിച്ചു - *റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ*
3. "കാണുമെന്ന വീക്ഷണത്തിൽ അത്യന്തം സന്തോഷമായിരുന്നു" - ഗെരിത് വെർക്കുയിലിന്റെ *ദി ബർക്കെലി വേർഷൻ ഓഫ് ന്യൂ ടെസ്റ്റ്മെന്റ്*
4. "എന്റെ വരവിനെ കാണുന്നതിന്" - എഡ്ഗാർ ജെ. ഗുഡ്സ്പീഡിന്റെ *ദി ന്യൂ ടെസ്റ്റ്മെന്റ്: ആൻ അമേരിക്കൻ ട്രാൻസ്ലേഷൻ*
5. "എന്റെ ദിവസത്തെ അറിയുന്നതിൽ സന്തോഷിച്ചു" വില്യം എഫ്. ബെക്കിന്റെ *ദി ന്യൂ ടെസ്റ്റ്മെന്റ് ഇൻ ദ ലാംഗ്വേജ് ഓഫ് ടുഡേ*

കൂടാതെ, ഹരോഡ് കെ. മോൾട്ടൺ എഡിറ്റു ചെയ്ത *ദി അനാലറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൺ റിവൈസ്ഡ്* എന്ന പുസ്തകത്തിൽ സെപ്റ്റുവജിന്റ് ഉപയോഗമായ "തീക്ഷ്ണമായി ആഗ്രഹിക്കുക" എന്ന അർത്ഥം വരുന്ന ക്രിയയുടെ പട്ടിക നിരത്തുന്നുണ്ട് (പേജ് 2).

▣ "അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു" രണ്ടു കാര്യങ്ങളിൽ ഒന്നാണ് ഇത് സൂചിപ്പിക്കുന്നത്.

1. അബ്രഹാമിന്റെ ജീവിതകാലത്ത്, മിശിഹായെക്കുറിച്ചുള്ള ദർശനം തനിക്കുണ്ടായി (ഒ.നോ. 2 എസ്ദ്രാസ് 3:14).
2. അബ്രഹാം ജീവിച്ചിരിക്കുകയും (സ്വർഗ്ഗത്തിൽ) മശിഹായുടെ ഭൂമിയിലെ പ്രവൃത്തികളെക്കുറിച്ച് ബോധവാനായിരിക്കുകയും ചെയ്യുന്നത് (ഒ.നോ. എബ്രാ. 11:13).

മശിഹാ യുഗം ഉണ്ടായിക്കാണുവാൻ യെഹൂദ രാജ്യത്തിന്റെ പിതാവ് വളരെ സന്തോഷത്തോടെ ആഗ്രഹിച്ചു. പക്ഷേ ഇപ്പോഴത്തെ "സന്തതി" (തലമുറ) അത് വിശ്വസിക്കുകയോ ആനന്ദിക്കുകയോ ചെയ്യുവാൻ തുനിഞ്ഞില്ല എന്നതാണ് യേശുവിന്റെ പ്രസ്താവനയുടെ യഥാർത്ഥ സൂചന. അബ്രഹാം അവിശ്വാസികളുടെ അല്ല, വിശ്വാസികളുടെ പിതാവാകുന്നു! (ഒ.നോ. റോമ. 2:28-29).

**8:57** യേശുവിന്റെ കോൾവിക്കാർ അവന്റെ വാക്കുകളെ അക്ഷരാർത്ഥത്തിൽ എടുത്തതിനാൽ വീണ്ടും അവനെ തെറ്റിദ്ധരിച്ചു. ഈ ചിന്താക്കുഴപ്പം മനപ്പൂർവ്വമായിരിക്കാം! അവർ കാണാഞ്ഞത് കാണുവാൻ അവർക്ക് ആഗ്രഹ മില്ലാതിരുന്നതുകൊണ്ടോ അല്ലെങ്കിൽ കാണുവാൻ കഴിയാതിരുന്നതുകൊണ്ടോ ആകാം.

**8:58 "അബ്രഹാം ജനിച്ചതിനു മുമ്പെ ഞാൻ ഉണ്ട്"** ഇത് യെഹൂദന്മാർക്ക് ദൈവദൂഷണമായിരുന്നതിനാൽ അവർ അവനെ കല്ലെറിയുവാൻ ശ്രമിച്ചു (ഒ.നോ. പുറ. 3:12,14). പൂർവ്വാസ്തിക്യമുള്ള ദൈവമാണു താനെന്ന് യേശു പറ ഞ്ഞതായി അവർക്കു മനസ്സിലായി (ഒ.നോ. 4:26; 6:20; 8:24,28,54-59; 13:19; 18:5,6,8).

**8:59 "അവർ അവനെ എറിവാൻ കല്ലെടുത്തു"** യേശുവിന്റെ വാക്കു വളരെ സ്പഷ്ടമായിരുന്നു. അവൻ മശി ഹായും പിതാവിനു സമനായവനും ആണ്. "അവനിൽ വിശ്വസിച്ചു" എന്ന് 31-ാം വാക്യത്തിൽ പറയുന്ന യെഹൂ ദന്മാർ ഇപ്പോൾ ദൈവദൂഷണം പറഞ്ഞു എന്നാരോപിച്ച് അവനെ കല്ലെറിയുവാൻ ഒരുങ്ങുന്നു (ഒ.നോ. ലേവ്യ. 24:16). യേശുവിന്റെ പുതിയ മൗലിക സന്ദേശങ്ങൾ യെഹൂദന്മാർക്ക് സ്വീകരിക്കുവാൻ പ്രയാസമുള്ളതായിരുന്നു.

1. മശിഹാ പ്രവർത്തിക്കുമെന്ന് അവർ പ്രതീക്ഷിച്ച രീതിയിലല്ല അവൻ പ്രവർത്തിച്ചത്
2. അവരുടെ വിശുദ്ധമായ വാമൊഴി സംസ്കാരത്തെ അവൻ വെല്ലുവിളിച്ചു
3. അവരുടെ കർശനമായ ഏക ദൈവവിശ്വാസത്തെ അവൻ ചിന്താക്കുഴപ്പത്തിലാക്കി
4. അവരുടെ "പിതാവ്" യഹോവ അല്ല പിശാചാണെന്ന് അവൻ ഉറപ്പിച്ചുപറഞ്ഞു

ഒരുവൻ ഒന്നുകിൽ അവനെ കൈക്കൊള്ളണം അല്ലെങ്കിൽ കല്ലെറിയണം! ഇതിനിടയിൽ മറ്റൊന്നില്ല!

▣ **"യേശുവോ മറഞ്ഞു ദൈവാലയം വിട്ടുപോയി"** താഴെപ്പറയുന്നതിൽ ഏതാണു സംഭവിച്ചതെന്ന് ഊഹി ച്ചെടുക്കുവാൻ മാത്രം കഴിയുന്ന (ഗ്രീക്ക് വേദഭാഗത്തോട് പ്രയോഗങ്ങൾ കൂട്ടിച്ചേർക്കുവാൻ സാധിക്കുന്നതും) വാക്യങ്ങളിൽ ഒന്നാണിത്:

1. ഇതൊരു അത്ഭുതമായിരുന്നു (ഒ.നോ. ലൂക്കൊ. 4:30, വേദഭാഗത്തു കൂട്ടിച്ചേർക്കലുകൾ ഇവിടെ ഉണ്ടാ കുന്നു)
2. കാഴ്ചയിൽ മറ്റുള്ള യെഹൂദന്മാരെപ്പോലെ യേശുവും തോന്നിയിരുന്നതുകൊണ്ട് അവൻ ജനക്കൂട്ടത്തിൽ മറഞ്ഞു

ഒരു ദൈവിക സമയവിവരപ്പട്ടിക ഉണ്ടായിരുന്നു. അതിനനുസരിച്ച്, താൻ മരിക്കുവാൻ വന്നു എന്നും, അത് എങ്ങ നെ, എപ്പോൾ, എവിടെവെച്ച്, സംഭവിക്കുമെന്നും യേശു അറിഞ്ഞിരുന്നു. അവന്റെ "നാഴിക ഇതുവരെയും വന്നി ട്ടില്ലായിരുന്നു"!

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യോഹന്നാൻ 7:53-8:11 വരെയുള്ള വേദഭാഗം യോഹന്നാൻ എഴുതിയ സുവിശേഷത്തിന്റെ യഥാർത്ഥ ഭാഗമാണോ?
2. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" എന്ന യേശുവിന്റെ പ്രസ്താവനയുടെ പശ്ചാത്തലം എന്താണ്?
3. പരീശന്മാർ എന്തുകൊണ്ടാണ് യേശുവിനു ശത്രുക്കൾ ആയിരുന്നത്?
4. 30-ാം വാക്യത്തിലെ "വിശ്വസിക്കുക" എന്ന പ്രയോഗത്തിന്റെ ഉപയോഗം അതു തുടർന്നു വരുന്ന പശ്ചാ ത്തലത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുന്നു.

# യോഹന്നാൻ 9

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| പിറവിയിലേ കുരുടനായവന്റെ സൗഖ്യം | പിറവിയിലേ കുരുടനായവൻ സൗഖ്യം പ്രാപിക്കുന്നു | യേശു ലോകത്തിന്റെ വെളിച്ചമായി തന്നെ വെളിപ്പെടുത്തുന്നു | പിറവിയിലേ കുരുടനായവനെ യേശു സൗഖ്യമാക്കുന്നു | പിറവിയിലേ കുരുടനായവന്റെ സൗഖ്യം |
| 9:1-12 | 9:1-12 | 9:1-12 | 9:1-2 | 9:1-5 |
| | | | 9:3-5 | |
| | | | 9:6-7 | 9:6-7 |
| | | | 9:8 | 9:8-12 |
| | | | 9:9a | |
| | | | 9:9b | |
| | | | 9:10 | |
| | | | 9:11 | |
| | | | 9:12a | |
| | | | 9:12b | |
| പരീശന്മാർ സൗഖ്യത്തെക്കുറിച്ച് അന്വേക്കുന്നു | പരീശന്മാർ സൗഖ്യമായവനെ പുറത്താക്കുന്നു | | പരീശന്മാർ സൗഖ്യത്തെക്കുറിച്ച് അന്വേക്കുന്നു | |
| 9:13-17 | 9:13-34 | 9:13-17 | 9:13-15 | 9:13-17 |
| | | | 9:16a | |
| | | | 9:16b | |
| | | | 9:17a | |
| | | | 9:17b | |
| 9:18-23 | | 9:18-23 | 9:18-19 | 9:18-23 |
| | | | 9:20-23 | |
| 9:24-34 | | 9:24-34 | 9:24 | 9:24-34 |
| | | | 9:25 | |
| | | | 9:26 | |
| | | | 9:27 | |
| | | | 9:28-29 | |
| | | | 9:30-33 | |
| | | | 9:34 | |
| ആത്മീയ അന്ധത | യഥാർത്ഥ കാഴ്ചയും യഥാർത്ഥ അന്ധതയും | | ആത്മീയ അന്ധത | |
| 9:35-39 | 9:35-41 | 9:35-41 | 9:35 | 9:35-39 |
| | | | 9:36 | |
| | | | 9:37 | |
| | | | 9:38 | |
| | | | 9:39 | |
| 9:40-41 | | | 9:40 | 9:40-41 |
| | | | 9:41 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1-41 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യേശുവിന്റെ ശുശ്രൂഷയിൽ മിക്കവാറും കാണുന്ന അത്ഭുതമായ കുരുടന്റെ സൗഖ്യം നിരവധി വ്യത്യസ്തമായ സങ്കേതങ്ങളുപയോഗിച്ച് അതിശയകരമായി നിർവഹിക്കുന്നു.

B. അന്ധനെ സൗഖ്യമാക്കുന്നത് ഒരു മശിഹൈക അടയാളമായിരുന്നു (ഒ.നോ. യെശ. 29:18; 35:5; 42:7; മത്തായി 11:5). ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന യേശുവിന്റെ പ്രസ്താവനയുടെ തൊട്ടടുത്ത പശ്ചാത്തലത്തിലാണ് ഈ സൗഖ്യത്തിന്റെ പ്രാധാന്യം കാണുന്നത് (ഒ.നോ. 8:12; 9:5). യെഹൂദന്മാർ ഒരു അടയാളം ആവശ്യപ്പെട്ടു; അവർക്ക് നിരവധി അടയാളങ്ങൾ ഉണ്ടായിരുന്നു! യഹോവയ്ക്കു മാത്രമേ കണ്ണുകളെ തുറക്കാൻ കഴിയൂ.

C. പരീശന്മാരുടെ ആത്മീയ അന്ധതയെയും മനുഷ്യന്റെ ശാരീരിക അന്ധതയെയും കുറിക്കുന്ന ഒരു അഭിനയ ഉപമയാണ് ഈ അദ്ധ്യായം (ഒ.നോ. വാ. 39-41; മത്താ. 6:23).

## പദ, ശൈലി പഠനം

**യോഹന്നാൻ 9:1-12**

**1അവൻ കടന്നുപോകുമ്പോൾ പിറവിയിലെ കുരുടനായോരു മനുഷ്യനെ കണ്ടു. 2അവന്റെ**
**ശിഷ്യന്മാർ അവനോടു: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു?**
**ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. 3അതിന്നു യേശു: ഇവൻ എങ്കിലും ഇവന്റെ**
**അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല. ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ.**
**4എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർ**
**ത്തിച്ചുകൂടാത്ത രാത്രി വരുന്നു; 5ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം**
**ആകുന്നു എന്നു ഉത്തരം പറഞ്ഞു. 6ഇങ്ങനെ പറഞ്ഞിട്ടു അവൻ നിലത്തു തുപ്പി തുപ്പൽകൊണ്ടു**
**ചേറുണ്ടാക്കി ചേറു അവന്റെ കണ്ണിന്മേൽ പൂശി. 7നീ ചെന്നു ശിലോഹാംകുളത്തിൽ കഴുകുക**
**എന്നു അവനോടു പറഞ്ഞു; ശിലോഹാം എന്നതിന്നു അയയ്ക്കപ്പെട്ടവൻ എന്നർത്ഥം. അവൻ**
**പോയി കഴുകി; കണ്ണു കാണുന്നവനായി മടങ്ങിവന്നു. 8അയല്ക്കാരും, അവനെ മുമ്പെ ഇരക്കുന്ന**
**വനായി കണ്ടവരും: ഇവനല്ലയോ അവിടെ ഇരുന്നു ഭിക്ഷ യാചിച്ചവൻ എന്നു പറഞ്ഞു. 9അവൻ**
**തന്നേ എന്നു ചിലരും അല്ല, അവനെപ്പോലെയുള്ളവൻ എന്നു മറ്റു ചിലരും പറഞ്ഞു; ഞാൻ**
**തന്നേ എന്നു അവൻ പറഞ്ഞു. 10അവർ അവനോടു: നിന്റെ കണ്ണു തുറന്നതു എങ്ങനെ എന്നു**
**ചോദിച്ചതിന്നു അവൻ: 11യേശു എന്നു പേരുള്ള മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണിന്മേൽ**
**പൂശി: ശിലോഹാംകുളത്തിൽ ചെന്നു കഴുകുക എന്നു എന്നോടു പറഞ്ഞു; ഞാൻ പോയി കഴുകി**
**കാഴ്ച പ്രാപിച്ചു എന്നു ഉത്തരം പറഞ്ഞു. 12അവൻ എവിടെ എന്നു അവർ അവനോടു ചോദിച്ചതിന്നു:**
**ഞാൻ അറിയുന്നില്ല എന്നു അവൻ പറഞ്ഞു.**

**9:1 "പിറവിയിലെ കുരുടനായൊരു"** ഈ രീതിയിലുള്ള സൗഖ്യത്തിന്റെ ഒരു ഉദാഹരണം മാത്രം ആണിത്. ഒരു കൃത്രിമം കാണിക്കുന്നതിനുള്ള സാധ്യത ഉണ്ടായിരുന്നില്ല.

**9:2 "അവന്റെ ശിഷ്യന്മാർ"** 6-ാം അദ്ധ്യായത്തിനുശേഷം അവന്റെ ശിഷ്യന്മാരെക്കുറിച്ചുള്ള ആദ്യ സൂചനയാണിത്. ഇത് (1) 7:3 ൽ രേഖപ്പെടുത്തിയ യെഹൂദ്യയിലെ ശിഷ്യന്മാരോ അല്ലെങ്കിൽ (2) പന്തിരുവരോ ആകാം.

▣ **"ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ"** നിരവധി ദൈവശാസ്ത്രപരമായ സംവാദത്തിന് ഈ ചോദ്യം കാരണമായിത്തീർന്നിട്ടുണ്ട്. പൗരസ്ത്യമതങ്ങളുടെ പശ്ചാത്തലത്തിൽ അല്ല, പ്രാചീന യെഹൂദമതത്തിന്റെ പശ്ചാത്തലത്തിൽ വേണം ഇതിനെ വ്യാഖ്യാനിക്കുവാൻ. നിരവധി സാധ്യതകൾ ഇതിനുണ്ട്.

1. ഉല്പത്തി 25:22 മുതൽ റബ്ബിമാർ പ്രമാണമാക്കിയ പിതൃപാപങ്ങളെക്കുറിച്ചായിരിക്കാം ഇതു സൂചിപ്പിക്കുന്നത്
2. ഗർഭസ്ഥശിശുക്കളെ ബാധിക്കുന്ന പിതാക്കന്മാരുടെ അല്ലെങ്കിൽ പൂർവ്വികരുടെ പാപങ്ങളെയാകാം ഇത് സൂചിപ്പിക്കുന്നത് (ഒ.നോ. പുറ. 20:5; ആവ. 5:9)
3. റബ്ബി ദൈവശാസ്ത്രത്തിലെ സാധാരണ വിശ്വാസമായ പാപവും രോഗവും തമ്മിലുള്ള ബന്ധത്തെയാകാം ഇത് സൂചിപ്പിക്കുന്നത് (ഒ.നോ. യാക്കോ. 5:15-16; യോഹ. 5:14)

പൗരസ്ത്യ മതങ്ങളിൽ കാണുന്ന പുനർജന്മ ചക്രം അല്ലെങ്കിൽ കർമ്മ ചക്രത്തോട് ഇതിനു യാതൊരു ബന്ധവുമില്ല. ഇതൊരു യെഹൂദ പശ്ചാത്തലമാണ്. ഈ വിഷയത്തെക്കുറിച്ചുള്ള നല്ലൊരു സംവാദത്തിന് ജെയിംസ് ഡബ്ല്യു. സൈർ എഴുതിയ *സ്കിപ്ച്ചർ റ്റിസ്റ്റിംഗ്* (പേജ് 127-144) കാണുക.

9:3 വാ. 2-ലെ ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള യേശുവിന്റെ ഉത്തരമാണ് ഈ വാക്യം. നിരവധി സത്യങ്ങൾ ഇവിടെ പ്രതിധ്വനിക്കുന്നു: (1) പാപവും രോഗവും സ്വാഭാവികമായി ബന്ധപ്പെട്ടിരിക്കുന്നില്ല. (2) ദൈവത്തിന്റെ അനുഗ്രഹത്തിനുള്ള അവസരങ്ങളായി ചിലപ്പോൾ പ്രശ്നങ്ങൾ പരിണമിക്കാറുണ്ട്.

**9:4 "എന്നെ ... നാം"** ഈ സർവ്വനാമങ്ങൾ പരസ്പരം സ്പഷ്ടമായി യോജിക്കുന്നില്ല. വ്യാകരണ ചേർച്ച ഉണ്ടാക്കുവാൻ നിരവധി ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ, ഒന്നോ അതിലധികമോ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. യേശു ലോകത്തിന്റെ വെളിച്ചം ആയിരുന്നതുപോലെ, നമ്മുടെ കാലഘട്ടത്തിൽ നാം ആ വെളിച്ചം പ്രതിഫലിപ്പിക്കേണ്ടതാകുന്നു എന്ന ദൈവശാസ്ത്ര നിലപാടാണ് അവ പ്രതിഫലിക്കുന്നതെന്ന് തോന്നുന്നു (ഒ.നോ. മത്താ. 5:14).

▣ **"രാത്രി വരുന്നു"** വ്യക്തമായ ആലങ്കാരിക പ്രയോഗമാണ് ഇതെന്ന് 5-ാം വാക്യവുമായി താരതമ്യപ്പെടുത്തുമ്പോൾ കാണാവുന്നതാണ്.

1. വരാൻ പോകുന്ന ന്യായവിധി
2. അവസരത്തിനുള്ള സമയം തീർന്നു
3. യേശുവിനെ തള്ളിപ്പറയുന്നതും ക്രൂശീകരണവും

**9:5 "ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ"** ബേത്ലേഹേം മുതൽ കാൽവറി/ഒലിവുമല വരെയുള്ള സമയം, അതായത് ജഡധാരണ കാലഘട്ടത്തെക്കുറിച്ചാണ് ഇത് സൂചിപ്പിക്കുന്നതെന്നു തോന്നുന്നു. ഒരു നിശ്ചിത സമയം മാത്രമായിരുന്നു യേശു ഇവിടെ ഉണ്ടായിരുന്നത്. അവന്റെ ഉപദേശങ്ങളോട് അവന്റെ ശ്രോതാക്കൾ ഇപ്പോൾ പ്രതികരിക്കേണ്ടതാണ്. ദൈവശാസ്ത്രപരമായി വാ. 4 നു സമാന്തരമാണിത്.

ഇതുപോലെയുള്ള ഒരു സന്ദർഭത്തിൽ "ഞാൻ ആകുന്നു" എന്ന പ്രയോഗത്തിന് എത്രത്തോളം അർത്ഥമുണ്ടെന്ന് ഒരുവൻ ആശ്ചര്യപ്പെട്ടേക്കാം!

▣ **"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു"** ആത്മീയ സത്യങ്ങളുടെ ആലങ്കാരിക ഭാഷയായിട്ടാണ് യോഹന്നാൻ മിക്കപ്പോഴും "വെളിച്ചം" "ഇരുട്ട്" എന്നീ പദങ്ങൾ ഉപയോഗിക്കുന്നത്. പഴയനിയമത്തിലെ മശിഹൈക സൂചനകളായിരിക്കാം യേശു "ലോകത്തിന്റെ വെളിച്ചം" (ഒ.നോ. 1:4-5,8-9; 3:17-21; 8:12; 9:5; 12:46) എന്ന അർത്ഥത്തിൽ പ്രതിനിധീകരിക്കുന്നത് (ഒ.നോ. യെശ. 42:6; 49:6; 51:4; 60:1,3). 8:12 ന്റെ കുറിപ്പ് കാണുക.

**9:6 "തുപ്പൽകൊണ്ട് ചേറുണ്ടാക്കി"** യെഹൂദന്മാരുടെ നാട്ടുചികിത്സയുടെ ഭാഗമായിരുന്നു തുപ്പൽ. എന്നാൽ ശബ്ബത്തിൽ ഇത് ഉപയോഗിക്കുവാൻ അനുവാദം ഇല്ലായിരുന്നു (ഒ.നോ. വാ. 14). യേശു തുപ്പൽ ഉപയോഗിക്കുന്നതിന്റെ മൂന്നു ഉദാഹരണങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു (ഒ.നോ. മർക്കൊ. 7:33; 8:23; ഇവിടെയും). ഇത്തരം സ്വീകാര്യവും പ്രതീക്ഷിക്കുന്നതുമായ ചികിത്സാ മാതൃക ഉപയോഗിക്കുന്നതിലൂടെ മനുഷ്യന്റെ വിശ്വാസത്തിന് ശാരീരികമായി ധൈര്യം പകരുകയും എന്നാൽ പരീശന്മാരുടെ പാരമ്പര്യങ്ങളെയും നിയമങ്ങളെയും മനപ്പൂർവ്വമായി വെല്ലുവിളിക്കുകയുമാണ് യേശു ചെയ്തത്!

**9:7 "ശിലോഹാം കുളത്തിൽ"** "അയയ്ക്കപ്പെട്ടവൻ" എന്നാണ് ശീലോഹാം എന്ന പദത്തിന്റെ അർത്ഥം. കൂടാരപെരുന്നാളിന്റെ ആചാരത്തിനായി ഈ കുളം ഉപയോഗിച്ചു.

▣ **("ശിലോഹാം എന്നതിന്നു അയക്കപ്പെട്ടവൻ എന്നർത്ഥം")** യെരുശലേം നഗരത്തിന്റെ മതിലിനു വെളിയിലുള്ള ശീഹോനിൽ നിന്നും തുരങ്കത്തിലൂടെ എത്തിച്ചേരുന്നതാണ് ശിലോഹാം കുളത്തിലെ വെള്ളം എന്ന വസ്തുതയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ് "അയക്കപ്പെട്ടവൻ" എന്ന പദം. "അയക്കപ്പെട്ടവൻ" എന്ന പദത്തെ മശി

ഹൈക സൂചനകളുമായി റബ്ബിമാർ ബന്ധിപ്പിച്ചു. ഇത് രചയിതാവിന്റെ മറ്റൊരു പത്രാധിപ അഭിപ്രായം ആകുന്നു.

▣ **"കഴുകി"** ഇത് അവന്റെ വിശ്വാസത്തിന്റെ പ്രവൃത്തിയായിരുന്നു. യേശുവിന്റെ വാക്കുകേട്ട് അവൻ പ്രവർത്തിച്ചു! എന്നിരുന്നാലും ഇത് "രക്ഷയ്ക്കുള്ള വിശ്വാസം" അല്ലായിരുന്നു (ഒ.നോ. വാ. 11,17,36,38). ഇത് വളർന്നുകൊണ്ടിരിക്കുന്ന വിശ്വാസം ആയിരുന്നു. എല്ലാ സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമായി യോഹന്നാന്റെ സുവിശേഷം വിശ്വാസത്തിന്റെ "തലങ്ങളെ" വെളിപ്പെടുത്തുന്നു. വിശ്വസിച്ച ഒരു കൂട്ടത്തെക്കുറിച്ച് 8-ാം അദ്ധ്യായം രേഖപ്പെടുത്തുന്നു, എന്നാൽ അവർ രക്ഷയിലേക്ക് എത്തിയിരുന്നില്ല (ഒ.നോ. മത്താ. 4; മർക്കൊ. 13; വിതകാരന്റെ ഉപമ).

## പ്രത്യേക പഠനവിഷയം: രക്ഷയ്ക്ക് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് ക്രിയാകാലങ്ങൾ

രക്ഷ ഒരു ഉത്പന്നമല്ല, ഒരു ബന്ധമാണ്. ഒരാൾ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അതു പൂർണ്ണമാകുന്നില്ല. മറിച്ച് ആരംഭിക്കുന്നതേയുള്ളൂ! ഇത് അഗ്നിസുരക്ഷാ പോളിസിയോ, സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനാനുമതിയോ അല്ല, മറിച്ച് ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്കു വളരുന്ന ഒരു ജീവിതം ആകുന്നു. ഒരു അമേരിക്കൻ പഴഞ്ചൊല്ല് പറയുന്നതുപോലെ, ദമ്പതികൾ ഒരുമിച്ച് എത്രകാലം ജീവിക്കുമോ അത്രത്തോളം അവർ ഒരുപോലെ ആയിത്തീരാൻ ആരംഭിക്കും. രക്ഷയുടെ ലക്ഷ്യം ഇതാണ്!

**രക്ഷ പൂർത്തീകരിച്ച ഒരു പ്രവൃത്തി എന്ന നിലയിൽ (ഭൂതകാലം)**

- പ്രവൃ. 15:11
- റോമ. 8:24
- 2 തിമൊ. 1:9
- തീത്തൊ. 3:5
- റോമ. 13:11 (ഭൂതകാലത്തോടൊപ്പം ഭാവികാല സൂചനയും)

**രക്ഷ ഒരു അവസ്ഥ എന്ന നിലയിൽ (പൂർത്തിയായത്)**

- എഫെ. 2:5,8

**രക്ഷ ഒരു തുടർ പ്രക്രിയ എന്ന നിലയിൽ**

- 1 കൊരി. 1:18; 15:2
- 2 കൊരി. 2:15
- 1 പത്രൊ. 3:21

**രക്ഷ ഒരു ഭാവികാല പൂർത്തീകരണം എന്ന നിലയിൽ** (ഭാവികാലം ക്രിയാകാലത്തിൽ അല്ലെങ്കിൽ സന്ദർഭത്തിൽ)

- റോമ. 5:9,10; 10:9,13
- 1 കൊരി. 3:15; 5:5
- ഫിലി. 1:28
- 1 തെസ്സ. 5:8-9
- എബ്രാ. 1:14; 9:28
- 1 പത്രൊ. 1:5,9

അതുകൊണ്ട്, ഒരു പ്രഥമിക വിശ്വാസ തീരുമാനത്തോടുകൂടെയാണ് രക്ഷ ആരംഭിക്കുന്നത് (ഒ.നോ. യോഹ. 1:12; 3:16; റോമ. 10:9-13), എന്നാൽ ഒരു വിശ്വാസ ജീവിതശൈലിയുടെ ഒരു പ്രക്രിയയിൽ ഇത് പ്രാവർത്തികമാക്കണം (ഒ.നോ. റോമ. 8:29; ഗലാ. 3:19; എഫെ. 1:4; 2:10). അത് ഒരു ദിവസം ദൃശ്യമായ പൂർത്തീകരണത്തിൽ എത്തിച്ചേരും (ഒ.നോ. 1 യോഹ. 3:2). ഈ അവസാന അവസ്ഥയെ മഹത്വീകരണം എന്നു വിളിക്കുന്നു. ഇതിനെ ഇപ്രകാരം ചിത്രീകരിക്കാം

1. പ്രാഥമിക മഹത്വീകരണം - നീതീകരണം (പാപത്തിന്റെ ശിക്ഷയിൽ നിന്നും രക്ഷിക്കപ്പെടുന്നു)
2. പുരോഗമിക്കുന്ന രക്ഷ - വിശുദ്ധീകരണം (പാപത്തിന്റെ ശക്തിയിൽ നിന്നും രക്ഷിക്കപ്പെടുന്നു)
3. അന്തിമ രക്ഷ - മഹത്വീകരണം (പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നും രക്ഷിക്കപ്പെടുന്നു)

**9:8 "അയൽക്കാരും"** ഈ അത്ഭുതത്തിന് സാക്ഷ്യം വഹിക്കുന്ന മൂന്നു കൂട്ടരെ ഈ അദ്ധ്യായത്തിൽ കാണുന്നുണ്ട്: (1) അവന്റെ അയൽക്കാർ (വാ. 8); (2) സൗഖ്യം ലഭിച്ച മനുഷ്യൻ (വാ. 11); (3) അവന്റെ മാതാപിതാക്കൾ (വാ. 18). പരീശന്മാരുടെ ഇടയിൽ ഉണ്ടായിരുന്നതുപോലെ, സൗഖ്യത്തെക്കുറിച്ച് അയൽക്കാരുടെ ഇടയിലും വിഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരുന്നു.

▣ **"ഇവനല്ലയോ അവിടെ ഇരുന്നു ഭിക്ഷ യാചിച്ചവൻ"** "അതേ" എന്ന ഉത്തരമാണ് ഈ ഗ്രീക്ക് ചോദ്യം പ്രതീക്ഷിക്കുന്നത്.

**9:9 "ഞാൻ തന്നേ"** 4:26; 6:20; 8:24,28,58; 13:19; 18:5,6,8 എന്നീ വാക്യങ്ങളിൽ യേശു ഉപയോഗിക്കുന്ന അതേ

ഗ്രീക്ക് ഭാഷാപ്രയോഗമാണ് ഇവിടെയും കാണുന്നത്. ഈ പ്രയോഗത്തിന് സ്വയമായി ദൈവിക ലക്ഷ്യാർത്ഥം ഇല്ലെന്ന് ഈ പശ്ചാത്തലം കാണിക്കുന്നു. ഈ അദ്ധ്യായത്തിലെ വാ. 36-ലും (യജമാനൻ) വാ. 38-ലും (കർത്താവ്) ഉപയോഗിച്ച *കൂറിയോസ്* എന്ന പ്രയോഗത്തിലും സമാനമായ ദ്വയാർത്ഥം കാണാവുന്നതാണ്.

**9:11–12** ഈ മനുഷ്യന്റെ സൗഖ്യത്തിൽ ആത്മീയ രക്ഷ ഉൾപ്പെടുന്നില്ലെന്നു ഈ സംഭാഷണം വ്യക്തമാക്കുന്നു. യേശുവുമായുള്ള ഈ മനുഷ്യന്റെ പിന്നീടുള്ള കൂടിക്കാഴ്ചകളിലൂടെയാണ് അവന്റെ വിശ്വാസം വളർന്നുവരുന്നത് (ഒ.നോ. വാ. 35).

### യോഹന്നാൻ 9:13–17

**13കുരുടനായിരുന്നവനെ അവർ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. 14യേശു
ചേറുണ്ടാക്കി അവന്റെ കണ്ണു തുറന്നതു ശബ്ബത്ത്നാളിൽ ആയിരുന്നു. 15അവൻ കാഴ്ച പ്രാപിച്ചതു
എങ്ങനെ എന്നു പരീശന്മാരും അവനോടു ചോദിച്ചു. അവൻ അവരോടു: അവൻ എന്റെ കണ്ണിന്മേൽ
ചേറു തേച്ചു ഞാൻ കഴുകി; കാഴ്ച പ്രാപിച്ചിരിക്കുന്നു എന്നു പറഞ്ഞു. 16പരീശന്മാരിൽ ചിലർ:
ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ടു ദൈവത്തിന്റെ അടുക്കൽനിന്നു വന്നവനല്ല
എന്നു പറഞ്ഞു. മറ്റു ചിലർ: പാപിയായൊരു മനുഷ്യനു ഇങ്ങനെയുള്ള അടയാളങ്ങൾ ചെയ്‌വാൻ
എങ്ങനെ കഴിയും എന്നു പറഞ്ഞു; അങ്ങനെ അവരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായി. 17അവർ
പിന്നെയും കുരുടനോടു: നിന്റെ കണ്ണു തുറന്നതുകൊണ്ടു നീ അവനെക്കുറിച്ചു എന്തു പറയുന്നു
എന്നു ചോദിച്ചതിന്നു: അവൻ ഒരു പ്രവാചകൻ എന്നു അവൻ പറഞ്ഞു.**

**9:13 "അവർ"** ഇത് അയൽക്കാരെ സൂചിപ്പിക്കുന്നതാണ്.

▣ **"പരീശന്മാർ"** യോഹന്നാന്റെ സുവിശേഷത്തിൽ യെഹൂദ മതനേതാക്കന്മാർ രണ്ടു പ്രയോഗങ്ങളിലൂടെയാണ് അറിയപ്പെടുന്നത്. അവരെ സാധാരണയായി സൂചിപ്പിക്കുന്നത് "യെഹൂദന്മാർ" എന്നാണ് (ഒ.നോ. വാ. 18,22). എന്നാൽ പരീശന്മാർ എന്നാണ് ഈ അദ്ധ്യായത്തിലെ 13,15,16,40 വാക്യങ്ങളിൽ അവരെ വിളിക്കുന്നത്. 1:24 ലെ പ്രത്യേക പഠനവിഷയം കാണുക.

**9:14 "യേശു ചേറുണ്ടാക്കി അവന്റെ കണ്ണു തുറന്നതു ശബ്ബത്ത്നാളിൽ ആയിരുന്നു"** ഈ മനുഷ്യന്റെ ആവശ്യത്തെക്കാൾ യെഹൂദ മതനേതാക്കന്മാരുടെ പരമ്പരാഗത നിയമങ്ങൾക്കാണ് (തൽമൂദിൽ ഉള്ള വാമൊഴിപാരമ്പര്യം) അവർ മുൻഗണന നൽകിയത് (ഒ.നോ. 5:9; 9:16; മത്താ. 23:24). ഈ മതനേതാക്കന്മാരുമായി ദൈവശാസ്ത്രസംബന്ധിയായ തർക്കത്തിനു വഴിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി യേശു ശബ്ബത്ത്നാളിൽ മനപ്പൂർവ്വമായി പ്രവർത്തിച്ചതാണെന്നു ചിന്തിക്കാൻ ന്യായമുണ്ട്. 5:9 ന്റെ കുറിപ്പ് കാണുക.

**9:16** ആവ. 13:1–5 ന്റെ അടിസ്ഥാനത്തിലായിരിക്കണം പരീശന്മാർ യേശുവിനെ ന്യായം വിധിക്കുന്നത്.

▣ **"അങ്ങനെ അവരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായി"** യേശു എപ്പോഴും ഭിന്നതയ്ക്കുള്ള കാരണമാകുന്നു (ഒ.നോ. 6:52; 7:43; 10:19; മത്താ. 10:34–39).

**9:17 "അവൻ ഒരു പ്രവാചകൻ"** ഈ മനുഷ്യന്റെ വിശ്വാസത്തിന്റെ വളർച്ചയെ ഈ അദ്ധ്യായം കാണിക്കുന്നു (ഒ.നോ. വാ. 36,38). "പ്രവാചകൻ" എന്നതിന് 4:19 ലെ പ്രത്യേക പഠനവിഷയം കാണുക.

### യോഹന്നാൻ 9:18–23

**18കാഴ്ചപ്രാപിച്ചവന്റെ അമ്മയപ്പന്മാരെ വിളിച്ചു ചോദിക്കുവോളം അവൻ കുരുടനായിരുന്നു
എന്നും കാഴ്ച പ്രാപിച്ചു എന്നും യെഹൂദന്മാർ വിശ്വസിച്ചില്ല. 19കുരുടനായി ജനിച്ചു എന്നു നിങ്ങൾ
പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നേയോ? എന്നാൽ അവന്നു ഇപ്പോൾ കണ്ണു കാണുന്നതു
എങ്ങനെ എന്നു അവർ അവരോടു ചോദിച്ചു. 20അവന്റെ അമ്മയപ്പന്മാർ: ഇവൻ ഞങ്ങളുടെ മകൻ
എന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു. 21എന്നാൽ കണ്ണു കാണുന്നതു
എങ്ങനെ എന്നു അറിയുന്നില്ല; അവന്റെ കണ്ണു ആരു തുറന്നു എന്നും അറിയുന്നില്ല; അവനോടു
ചോദിപ്പിൻ; അവന്നു പ്രായം ഉണ്ടല്ലോ; അവൻ തന്നേ പറയും എന്നു ഉത്തരം പറഞ്ഞു.
22യെഹൂദന്മാരെ ഭയപ്പെടുകകൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ ഇങ്ങനെ പറഞ്ഞതു; അവനെ
ക്രിസ്തു എന്നു ഏറ്റുപറയുന്നവൻ പള്ളിഭ്രഷ്ടനാകേണം എന്നു യെഹൂദന്മാർ തമ്മിൽ
പറഞ്ഞൊത്തിരുന്നു. 23അതുകൊണ്ടത്രേ അവന്റെ അമ്മയപ്പന്മാർ: അവന്നു പ്രായം ഉണ്ടല്ലോ;
അവനോടു ചോദിപ്പിൻ എന്നു പറഞ്ഞതു.**

**9:22-23 "അവനെ ക്രിസ്തു എന്നു ഏറ്റുപറയുന്നവൻ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. ഈ യെഹൂദനേതാക്കന്മാരെ മാതാപിതാക്കൾ ഭയപ്പെട്ടു. ഈ സൗഖ്യത്തെ ഉറപ്പിച്ചു പറഞ്ഞ നിരവധി സാക്ഷികൾ ഉണ്ട്: (1) അയൽക്കാർ (വാ. 8-10); (2) സൗഖ്യമായ മനുഷ്യൻ (വാ. 11-17, 24-33); (3) അവന്റെ മാതാപിതാക്കൾ (വാ. 18-23).

## പ്രത്യേക പഠനവിഷയം: ഏറ്റുപറച്ചിൽ

A. ഏറ്റുപറച്ചിൽ അല്ലെങ്കിൽ സ്വീകാര്യം എന്നീ പദങ്ങളെ സൂചിപ്പിക്കുന്നത് ഒരേ ഗ്രീക്ക് മൂലപദങ്ങളുടെ രണ്ട് രൂപങ്ങളാണ്: ഹോമോലെഗെയോ, എക്സോമോലോഗെ (*ὁμολεγεω, ἐξομολογε*). *ഹോമോ*, അതുതന്നെ *ലെഗോ* സംസാരിക്കുക; *എക്സ്*, അതിൽനിന്ന് എന്നിവയുടെ സംയുക്തപദമാണ് യാക്കോബ് ഉപയോഗിക്കുന്നത്. അടിസ്ഥാന അർത്ഥം, അതുതന്നെ സംസാരിക്കുക, അതിനോടു യോജിക്കുക എന്നതാണ്. ഒരു പരസ്യപ്രഖ്യാപന ആശയത്തോടാണ് *എക്സ്* കൂട്ടിച്ചേർത്തിരിക്കുന്നത്.

B. ഈ പദസഞ്ചയത്തിന്റെ പരിഭാഷകൾ
1. സ്തുതിക്കുക
2. ഏകാഭിപ്രായത്തിലെത്തുക
3. പ്രഖ്യാപിക്കുക
4. പരസ്യമായി പ്രസ്താവിക്കുക
5. ഏറ്റുപറയുക

C. ഈ പദത്തിന വിപരീതമെന്നു തോന്നുന്ന രണ്ട് ഉപയോഗങ്ങളുണ്ട്
1. സ്തുതിക്കുക (ദൈവത്തെ)
2. പാപം ഏറ്റുപറയുക
ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചും തന്റെ പാപത്തെക്കുറിച്ചുമുള്ള മനുഷ്യന്റെ ബോധ്യത്തിൽ നിന്നും ആയിരിക്കാം ഇവ വികസിച്ചത്. ഒരു സത്യത്തെ അംഗീകരിക്കുക എന്നതിന്റെ അർത്ഥം രണ്ടിനെയും അംഗീകരിക്കുക എന്നാണ്.

D. പദസഞ്ചയത്തിന്റെ പുതിയനിയമ ഉപയോഗങ്ങൾ
1. വാഗ്ദത്തം ചെയ്യുക (ഒ.നോ. മത്താ. 14:7; പ്രവൃ. 7:17)
2. ഒരു കാര്യത്തോട് യോജിക്കുക അല്ലെങ്കിൽ അതു സമ്മതിക്കുക (ഒ.നോ. യോഹ. 1:20; ലൂക്കൊ. 22:6; പ്രവൃ. 24:14; എബ്രാ. 11:13).
3. വാഴ്ത്തുക (ഒ.നോ. മത്താ. 11:25; ലൂക്കൊ. 10:21; റോമ. 14:11; 15:9).
4. സമ്മതിക്കുക
   a. ഒരു വ്യക്തിയോട് (ഒ.നോ. മത്താ. 10:32; ലൂക്കൊ. 12:8; യോഹ. 9:22; 12:42; റോമ. 10:9; ഫിലി. 2:11; 1 യോഹ. 2:23; വെളി. 3:5).
   b. ഒരു സത്യത്തോട് (ഒ.നോ. പ്രവൃ. 23:8; 2 കൊരി. 11:13; 1 യോഹ. 4:2).
5. ഒരു പൊതു പ്രഖ്യാപനം നടത്തുക (മതപരമായ സ്ഥിരീകരണമായി വികസിച്ച നിയമപരമായ അർത്ഥത്തിൽ, ഒ.നോ. പ്രവൃ. 24:14; 1 തിമൊ. 6:13).
   a. പാപത്തിന്റെ ഏറ്റുപറച്ചിൽ ഇല്ലാതെ (ഒ.നോ. 1 തിമൊ. 6:12; എബ്രാ. 10:23).
   b. പാപത്തിന്റെ ഏറ്റു പറച്ചിലോടുകൂടെ (ഒ.നോ. മത്താ. 3:6; പ്രവൃ. 19:18; എബ്രാ. 4:14; യാക്കോ. 5:16; 1 യോഹ. 1:9).

**9:22 "ഏറ്റുപറയുന്നവൻ പള്ളിഭ്രഷ്ടനാകേണം"** മാതാപിതാക്കൾ പള്ളിഭ്രഷ്ടരാകുമെന്ന് തീർച്ചയായും ഭയപ്പെട്ടിരുന്നു (ഒ.നോ. 12:42; 16:2). ഇതിന്റ നടപടിക്രമങ്ങൾ എസ്രായിലാണ് ആരംഭിക്കുന്നത് (ഒ.നോ. 10:8). മൂന്നുതരത്തിലുള്ള പുറത്താക്കൽ ഉണ്ടായിരുന്നുവെന്ന് റബ്ബി സാഹിത്യത്തിൽ നിന്നും മനസ്സിലാക്കാം: (1) ഒരാഴ്ചത്തേക്ക്; (1) ഒരു മാസത്തേക്ക്; (3) ആജീവനാന്തം.

ഒന്നാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ എഴുതിയ യോഹന്നാൻ, യേശുവിനെ ക്രിസ്തു എന്ന് ഏറ്റുപറയുന്നവരെ സിനഗോഗിൽ നിന്നും പുറത്താക്കുന്നതിനെപ്പറ്റി ശരിയായി മനസ്സിലാക്കിയിരുന്നു. ജാമ്നിയായിൽ നിന്നും ഉയിർത്തെഴുന്നേറ്റ യെഹൂദമതത്തിലെ പരീശന്മാർ എ.ഡി. 70 നുശേഷം, ചരിത്രസംഭവമായ "ശാപത്തിന്റെ പ്രമാണങ്ങൾ" രൂപപ്പെടുത്തി.

▣ **"ഏറ്റുപറയുന്നവൻ പള്ളിഭ്രഷ്ടനാകേണം"** ഇത് കൂട്ടായ്മയിൽ നിന്നും പിരിച്ചുവിടുന്ന കർശനമൊയൊരു നടപടി ആയിരുന്നു (ഒ.നോ 12:42; 16:2).

**യോഹന്നാൻ 9:24-34**

**24കുരുടനായിരുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിച്ചു: ദൈവത്തിന്നു മഹത്വം കൊടുക്ക; ആ
മനുഷ്യൻ പാപി എന്നു ഞങ്ങൾ അറിയുന്നു എന്നു പറഞ്ഞു. 25അതിന്നു അവൻ: അവൻ പാപിയോ
അല്ലയോ എന്നു ഞാൻ അറിയുന്നില്ല; ഒന്നു അറിയുന്നു; ഞാൻ കുരുടനായിരുന്നു, ഇപ്പോൾ കണ്ണു
കാണുന്നു എന്നു ഉത്തരം പറഞ്ഞു. 26അവർ അവനോടു: അവൻ നിനക്കു എന്തു ചെയ്തു? നിന്റെ കണ്ണു
എങ്ങനെ തുറന്നു എന്നു ചോദിച്ചു. 27അതിന്നു അവൻ: ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ; നിങ്ങൾ
ശ്രദ്ധിച്ചില്ല; വീണ്ടും കേൾപ്പാൻ ഇച്ഛിക്കുന്നതു എന്തു? നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ
മനസ്സുണ്ടോ എന്നു ഉത്തരം പറഞ്ഞു. 28അപ്പോൾ അവർ അവനെ ശകാരിച്ചു; നീ അവന്റെ ശിഷ്യൻ;
ഞങ്ങൾ മോശെയുടെ ശിഷ്യന്മാർ. 29മോശെയോടു ദൈവം സംസാരിച്ചു എന്നു ഞങ്ങൾ അറിയുന്നു;
ഇവനോ എവിടെനിന്നു എന്നു അറിയുന്നില്ല എന്നു പറഞ്ഞു. 30ആ മനുഷ്യൻ അവരോടു: എന്റെ കണ്ണു
തുറന്നിട്ടും അവൻ എവിടെ നിന്നു എന്നു നിങ്ങൾ അറിയാത്തതു ആശ്ചര്യം! 31പാപികളുടെ പ്രാർത്ഥന
ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്നു അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന
കേൾക്കുന്നു എന്നും നാം അറിയുന്നു. 32കുരുടനായി പിറന്നവന്റെ കണ്ണു ആരെങ്കിലും തുറന്നപ്രകാരം
ലോകം ഉണ്ടായതുമുതൽ കേട്ടിട്ടില്ല. 33ദൈവത്തിന്റെ അടുക്കൽനിന്നു വന്നവൻ അല്ലെങ്കിൽ അവന്നു
ഒന്നും ചെയ്‌വാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു. 34അവർ അവനോടു: നീ മുഴുവനും പാപത്തിൽ
പിറന്നവൻ: നീ ഞങ്ങളെ ഉപദേശിക്കുന്നുവോ എന്നു പറഞ്ഞു അവനെ പുറത്താക്കിക്കളഞ്ഞു.**

**9:24 "ദൈവത്തിന്നു മഹത്വം കൊടുക്ക"** സത്യത്തെ ഉറപ്പാക്കുന്നതിനുള്ള ആണയിടലിന്റെ പ്രമാണമാണ് ഇവിടെ കാണുന്നത് (ഒ.നോ. യോശു. 7:19).

**9:25** ഈ ഉത്തരത്തിൽ വാ. 16-ന്റെ സൂചന കാണാം. ദൈവശാസ്ത്ര തർക്കങ്ങൾക്കു വേണ്ടി ഈ മനുഷ്യൻ ആഗ്രഹിച്ചില്ല, പക്ഷേ യേശുവിനെ കണ്ടതുകൊണ്ടുള്ള ഗുണങ്ങൾ അവൻ ഉറപ്പിച്ചുപറയുന്നു.

**9:27 "നിങ്ങൾക്കും അവന്റെ ശിഷ്യന്മാർ ആകുവാൻ മനസ്സുണ്ടോ"** ഗ്രീക്ക് വ്യാകരണ ഘടന "ഇല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. എന്നാൽ ഈ വിരോധാഭാസ പ്രസ്താവന അന്ധനായ യാചകന്റെ നർമ്മത്തെയാണു കാണിക്കുന്നത്.

**9:28a "നീ അവന്റെ ശിഷ്യൻ"** ഈ മനുഷ്യൻ ഏതു ഘട്ടത്തിലാണ് ഒരു വിശ്വാസിയായിത്തീർന്നതെന്ന ചോദ്യം സ്വാഭാവികമായി ഉണ്ടാകുന്നു. യേശു അവനെ സൗഖ്യമാക്കിയത് യേശു മശിഹായാണെന്ന് അവന്റെ വിശ്വാസ്ത തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല; പിന്നീട് മാത്രമാണ് യേശുവിന്റെ മശിഹൈക അവകാശവാദങ്ങൾ അയാൾ മനസ്സിലാക്കിയത് (ഒ.നോ. വാ. 36-38). ശാരീരിക സൗഖ്യം രക്ഷയിലേക്കു നയിക്കണമെന്നില്ല എന്ന വസ്തുത യാണ് ഈ സംഭവം വെളിപ്പെടുത്തുന്നത്.

**9:28b-29** മതനേതാക്കന്മാർ അഭിമുഖീകരിച്ച ബുദ്ധിമുട്ടാണ് ഇവിടെ കാണുന്നത്. മോശെക്കു ലഭിച്ച ദൈവശാ സ്ത്രീയമായ വെളിപ്പാടിനെ വാമൊഴി സംസ്കാരത്തിന്റെ (തൽമൂദ്) പ്രത്യേകവും സമഗ്രവുമായ വ്യാഖ്യാനങ്ങ ളോടു തുല്യമാക്കുവാൻ അവർ ശ്രമിച്ചു. അവരുടെ ദൈവശാസ്ത്ര മുൻവിധികളാൽ അവരുടെ കണ്ണുകൾ അന്ധമായി (ഒ.നോ. മത്താ. 16:23). അവർ മാനുഷിക പാരമ്പര്യങ്ങളുടെ ശിഷ്യന്മാർ ആയിരുന്നു (ഒ.നോ. യെശ. 29:13).

**9:29 "ഇവനോ എവിടെ നിന്നു എന്നു അറിയുന്നില്ല"** യോഹന്നാന്റെ വൈരുദ്ധ്യ പ്രസ്താവനയുടെ മറ്റൊരു ഉദാഹരണമാണിത് (ഒ.നോ. 7:27-28; 8:14). യേശു പിതാവിന്റെയടുക്കൽ നിന്നും വന്നു (ഒ.നോ. 8:42; 15:3; 16:28). പക്ഷേ ശിഷ്യന്മാർ തങ്ങളുടെ അന്ധതകൊണ്ട് അറിയാതിരുന്നത്:

1. അവന്റെ ഉത്ഭവം
2. അവന്റെ ജന്മസ്ഥലം

**9:30 "എന്റെ കണ്ണു തുറന്നിട്ടും അവൻ എവിടെ നിന്നു എന്നു നിങ്ങൾ അറിയാത്തതു ആശ്ചര്യം"** ഇത് പരീ ശന്മാരുടെ അവകാശവാദങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള അന്ധ യാചകന്റെ മറ്റൊരു മൂർച്ചയുള്ള ഫലിതവും ചെറി യൊരു വിരോധാഭാസവും ആകുന്നു.

**9:31-33** മതനേതാക്കന്മാരേക്കാൾ ആഴമുള്ളതും മെച്ചപ്പെട്ടതുമായ ദൈവശാസ്ത്രജ്ഞാനം ഈ വിദ്യാഭ്യാസമി ല്ലാത്ത അന്ധനായ മനുഷ്യന് ഉണ്ടായിരുന്നു.

**9:33 "അല്ലെങ്കിൽ"** "വാസ്തവവിരുദ്ധം" എന്നു വിളിക്കുന്ന മധ്യമപുരുഷ സോപാധിക വാചകമാണിത്. പക്ഷേ "ഈ മനുഷ്യൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവനല്ലെങ്കിൽ, അവൻ അങ്ങനെ വന്നവനാണ്, അവന് ഒന്നും ചെയ്‌വാൻ കഴികയില്ല, പക്ഷേ അവന് കഴിഞ്ഞു" എന്ന രീതിയിൽ ഇത് മനസ്സിലാക്കണം.

**9:34 "നീ മുഴുവനും പാപത്തിൽ പിറന്നവൻ"** യെഹൂദ റബ്ബി സംസ്കാരത്തിൽ "മൂല പാപം" എന്നൊരു കാഴ്ച പ്പാട് ഇല്ലെന്നത് താല്പര്യജനകമാണ് (ഒ.നോ. ഇയ്യോ. 14:1,4; സങ്കീ. 51:5). യെഹൂദ റബ്ബിമതത്തിൽ ഉല്പത്തി 3-ലെ മനുഷ്യന്റെ വീഴ്ചയെ ഊന്നിപ്പറയുന്നില്ല. ഓരോ മനുഷ്യനിലും നല്ലതും ചീത്തയുമായ ഒരു ഉദ്ദേശ്യം (*യെ*

*റ്റ്സെർ*) ഉണ്ടെന്ന് യെഹൂദന്മാർ പഠിപ്പിച്ചു. അന്ധനായി ജനിച്ചതിനാൽ അവൻ ഒരു പാപിയായിരുന്നു എന്നും അതുകൊണ്ട് അവന്റെ സാക്ഷ്യവും ന്യായവാദങ്ങളും സാധുത ഇല്ലാത്തതുമാണെന്ന് പരീശന്മാർ ഉറപ്പിച്ചുപറഞ്ഞു.

▣ **"അവനെ പുറത്താക്കിക്കളഞ്ഞു"** ഇത് അക്ഷരാർത്ഥത്തിൽ "അവനെ പുറന്തള്ളി" എന്നാണ്. അത് സൂചിപ്പിക്കുന്നത്: (1) പ്രാദേശിക സിനഗോഗിലെ അംഗത്വവും പങ്കാളിത്തവും അല്ലെങ്കിൽ (2) ഈ കൂടിക്കാഴ്ചയിൽ നിന്നും പുറത്താക്കൽ. ഈ പശ്ചാത്തലത്തിൽ രണ്ടാമത്തെ കാര്യമാണ് സംഭവിച്ചിരിക്കുന്നത്.

## യോഹന്നാൻ 9:35-41

**35അവനെ പുറത്താക്കി എന്നു യേശു കേട്ടു; അവനെ കണ്ടപ്പോൾ: നീ ദൈവപുത്രനിൽ
വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. 36അതിന്നു അവൻ: യജമാനനേ, അവൻ ആർ ആകുന്നു. ഞാൻ
അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു. 37യേശു അവനോടു: നീ അവനെ കണ്ടി ട്ടുണ്ടു;
നിന്നോടു സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറഞ്ഞു. 38ഉടനെ അവൻ: കർത്താവേ, ഞാൻ
വിശ്വസിക്കുന്നു എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. 39കാണാത്തവർ കാണ്മാനും കാണു ന്നവർ
കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്നു യേശു പറഞ്ഞു.
40അവനോടുകൂടെയുള്ള ചില പരീശന്മാർ ഇതു കേട്ടിട്ടു ഞങ്ങളും കുരുടരോ എന്നു ചോദിച്ചു. 41യേശു
അവരോടു: നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു; എന്നാൽ: ഞങ്ങൾ
കാണുന്നു എന്നു നിങ്ങൾ പറയുന്നതുകൊണ്ടു നിങ്ങളുടെ പാപം നില്ക്കുന്നു എന്നു പറഞ്ഞു.**

**9:35**
**NASB, NRSV,**
**TEV, NJB "നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ"**
**NKJV "നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ?"**
പ്രാചീന ഗ്രീക്ക് വലിയക്ഷര കൈയ്യെഴുത്തു പ്രതികളായ A, L എന്നിവയിൽ "ദൈവപുത്രൻ" എന്നും $P^{66}$, $P^{75}$, ℵ, B, D, W എന്നിവയിൽ "മനുഷ്യപുത്രൻ" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. യോഹന്നാന്റെ ഉപയോഗത്തിൽ നിന്നും കയ്യെഴുത്തുപ്രതികളിലെ തെളിവുകളിൽനിന്നും "മനുഷ്യപുത്രൻ" എന്ന പ്രയോഗമാണ് കൂടുതൽ അനുയോജ്യമായതും മൂലകൃതിയിൽ ഉണ്ടായിരിക്കാൻ സാധ്യത ഉള്ളതും. UBS[4] "മനുഷ്യന്" "A" റേറ്റിംഗ് നൽകുന്നു (ഉറപ്പായിട്ടുള്ളത്). "വിശ്വസിക്കുന്നു" എന്ന ഉത്തരമാണ് ഈ ചോദ്യം വ്യാകരണപരമായി പ്രതീക്ഷിക്കുന്നത്.

**9:36**
**NASB, NKJV "കർത്താവേ"**
**NRSV, TEV, NJB "യജമാനനേ"**
ഈ അധ്യായത്തിൽ ഈ മനുഷ്യൻ യേശുവിനെ അഭിസംബോധന ചെയ്യുന്ന രീതിയിൽ സംഭവിക്കുന്ന മാറ്റത്തിൽ നിന്നും അവന്റെ വിശ്വാസത്തിന്റെ ദൈവശാസ്ത്രപരമായ വളർച്ച നമുക്ക് കാണുവാൻ സാധിക്കും.

1. ഒരു മനുഷ്യൻ (വാ. 11)
2. ഒരു പ്രവാചകൻ (വാ. 7)
3. "യജമാനൻ" എന്ന ബഹുമാനസൂചകമായ പേര് (വാ. 36)
4. "കർത്താവ്" ഈ പ്രയോഗത്തിന്റെ പൂർണ്ണമായ ദൈവശാസ്ത്ര ഉപയോഗം (വാ. 38)

വാ. 36-ലും വാ. 38-ലും ഒരേ ഗ്രീക്ക് പദം തന്നെയാണ്. സന്ദർഭം മാത്രമാണ് ലക്ഷ്യാർത്ഥത്തെ തീരുമാനിക്കുന്നത്. 6:20 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിന്റെ പേരുകൾ കാണുക. യഹോവ എന്നതിനു പകരമായി ഉപയോഗിച്ചിരുന്ന *അഡോൺ* എന്ന എബ്രായ പദത്തിന്റെ ഗ്രീക്ക് രൂപമാണ് *കൂറിയോസ്* (*κυριος*).

**9:38** സൗഖ്യം പ്രാപിച്ച മനുഷ്യന്റെ രക്ഷയെ സംബന്ധിക്കുന്ന അവസാന വിവരണം ആണിത്. ചില പ്രാചീന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലും ($P^{25}$, ℵ, W) ഡയാറ്റെസ്സറോണിലും (നാലു സുവിശേഷങ്ങളുടെ ആദ്യ സമാഹാരം) എന്നിവയിൽ ഈ വാക്യം വിട്ടുപോയിരിക്കുന്നു എന്നത് വളരെ ആശ്ചര്യകരമാകുന്നു. വിരളമായ രണ്ടു പദങ്ങൾ ഇതിൽ ഉൾപ്പെടുന്നു: (1) "അവൻ പറഞ്ഞു" എന്ന പ്രയോഗം ഇവിടെയും 1:23 ലും മാത്രമേ കാണുന്നുള്ളു; (2) "അവനെ നമസ്കരിച്ചു" എന്ന പ്രയോഗം യോഹന്നാനിൽ ഇവിടെ മാത്രമേയുള്ളു. ഏറ്റവും ആധുനിക പരിഭാഷകളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

**9:39 "ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു"** അന്ത്യകാല ന്യായവിധിയെക്കുറിച്ച് (അന്ത്യകാലശാസ്ത്രപരമായി) പറയുന്ന 5:22,27 വാക്യങ്ങളുമായി ചേർന്നുവരുന്നതാണിതെന്നു തോന്നുന്നു. എന്നിരുന്നാലും ഇത് 3:17-21; 12:47,48 എന്നീ വാക്യങ്ങളോട് യോജിക്കുന്നില്ല. യേശു വീണ്ടെടുപ്പ് ഉദ്ദേശ്യത്തിനായി വന്നു, എന്നാൽ അവന്റെ ദാനത്തെ നിരസിക്കുന്ന മനുഷ്യർ അവരെത്തന്നെ സ്വയമായി വിധിക്കുന്നു എന്ന വസ്തുതയിലാണ് ഈ ആശയത്തെ കൂട്ടിച്ചേർക്കാൻ സാധിക്കുന്നത്.

▣ **"കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടൻ ആകുവാനും"** ഇത് യെശയ്യാവിൽ നിന്നുള്ള പ്രവചനത്തിന്റെ ഇരട്ട നിവൃത്തിയായിരുന്നു.

1. ദൈവിക സന്ദേശങ്ങളെ ഗർവ്വമുള്ള യിസ്രായേൽ മനസ്സിലാക്കുന്നില്ല (ഒ.നോ. യെശ. 6:10; 42:18-19; 43:8; യിരെ. 5:21; യെഹെ. 12:2).
2. മാനസാന്തരവും താഴ്മയുമുള്ള ദരിദ്രർ, പുറജാതികൾ, അംഗഹീനർ എന്നിവർ അതു മനസ്സിലാക്കും (ഒ.നോ. യെശ. 29:18; 32:3-4; 35:5; 42:7,16).

കാണുവാൻ താത്പര്യം ഉള്ള എല്ലാവർക്കും യേശു ലോകത്തിന്റെ വെളിച്ചം ആകുന്നു (ഒ.നോ. 1:4-5,8-9).

**9:40 "ഞങ്ങളും കുരുടരോ"** "അല്ല" എന്നൊരു ഉത്തരമാണ് ഗ്രീക്ക് വാക്യരചനാശാസ്ത്രം പ്രതീക്ഷിക്കുന്നത് (ഒ.നോ. മത്താ. 15:14,23-24). സുഖപ്പെടുത്തുവാൻ കഴിയാത്ത ആത്മീയ അന്ധതയെയും സുഖപ്പെടുത്തുവാൻ കഴിയുന്ന ശാരീരിക അന്ധതയെയും അഭിനയിച്ചു കാണിക്കുന്ന ഉപമയാണ് ഈ അദ്ധ്യായമെന്ന് ഈ അവസാനത്തെ വാക്യങ്ങൾ തെളിയിക്കുന്നു! (അവിശ്വാസം എന്ന ക്ഷമിക്കപ്പെടാത്ത പാപംത്തെക്കുറിച്ച് 5:21 ലെ പ്രത്യേക പഠനവിഷയം കാണുക).

**9:41** ഈ വാക്യം ഒരു പൊതുസത്യത്തെ പ്രദർശിപ്പിക്കുന്നു (ഒ.നോ. 15:22,24; റോമ. 3:20; 4:15; 5:13; 7:7,9). മനുഷ്യർക്ക് ഉള്ളതോ വെളിപ്പെട്ടുകിട്ടിയതോ ആയ വെളിച്ചത്തിന് അവർ കണക്കുബോധിപ്പിക്കേണ്ടതാണ്!

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ഈ അദ്ധ്യായം ശാരീരിക സൗഖ്യത്തെയാണോ ആത്മീയസൗഖ്യത്തെയാണോ പ്രാഥമികമായി കൈകാര്യം ചെയ്യുന്നത്? ആത്മീയ അന്ധത അല്ലെങ്കിൽ ശാരീരിക അന്ധത?
2. ഈ മനുഷ്യൻ ജനിക്കുന്നതിന് മുമ്പ് എങ്ങനെയാണ് അവനു പാപം ചെയ്യാൻ കഴിഞ്ഞത്?
3. ഈ അദ്ധ്യായത്തിലെ ഏതു ഘട്ടത്തിലാണ് ഈ മനുഷ്യൻ രക്ഷ പ്രാപിക്കുന്നത്?
4. യേശു ഈ ലോകത്തിൽ വന്നത് ലോകത്തെ ന്യായം വിധിക്കാനാണോ അതോ രക്ഷിക്കാനാണോ?
5. "മനുഷ്യപുത്രൻ" എന്ന പദത്തിന്റെ പശ്ചാത്തലം വിവരിക്കുക.
6. യെഹൂദ മതനേതാക്കന്മാരോടുള്ള അന്ധനായ മനുഷ്യന്റെ പ്രതികരണത്തിൽ ഉണ്ടാകുന്ന വിരോധാഭാസമായ സൂചനകൾ കുറിക്കുക.

# യോഹന്നാൻ 10

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ആട്ടിൽതൊഴുത്തി ന്റെ ഉപമ | സത്യ ഇടയനായ യേശു | യേശു, സ്വന്ത ജീവ നെ കൊടുക്കുന്ന ഇടയൻ | ഇടയന്റെ ഉപമ | നല്ല ഇടയൻ |
| 10:1–6 | 10:1–6 | 10:1–6 | 10:1–5 | 10:1–5 |
| | | | 10:6 | 10:6 |
| നല്ല ഇടയനായ യേശു | നല്ല ഇടയനായ യേശു | | നല്ല ഇടയനായ യേശു | |
| 10:7–18 | 10:7–21 | 10:7–10 | 10:7–10 | 10:7–18 |
| | | 10:11–18 | 10:11–16 | |
| | | | 10:17–18 | |
| 10:19–21 | | 10:19–21 | 10:19–20 | 10:19–21 |
| | | | 10:21 | |
| യേശു യെഹൂദന്മാ രാൽ തിരസ്കരിക്ക പ്പെടുന്നു | ഇടയൻ തന്റെ ആടുകളെ അറി യുന്നു | | യേശു തിരസ്ക രിക്കപ്പെടുന്നു | യേശു ദൈവപുത്ര നെന്ന് അവകാശ പ്പെടുന്നു |
| 10:22–30 | 10:22–30 | 10:22–30 | 10:22–24 | 10:22–30 |
| | യേശുവിനെ കല്ലെറി വാനുള്ള പുതിയ ശ്രമം | | 10:25–30 | |
| 10:31–39 | 10:31–39 | 10:31–39 | 10:31–32 | 10:31–38 |
| | | | 10:33 | |
| | | | 10:34–38 | |
| | | | 10:39 | 10:39 |
| | യോർദ്ദാനക്കരെയുള്ള വിശ്വാസികൾ | | | യേശു യോർദ്ദാന്റെ മറുകരയിലേക്കു പിൻവാങ്ങുന്നു |
| 10:40–42 | 10:40–42 | 10:40–42 | 10:40–42 | 10:40–42 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**യോഹന്നാൻ 10:1-6**

**[1]ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലൂടെ കടക്കാതെ, വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. [2]വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു. [3]അവന്നു വാതിൽക്കാവല്ക്കാരൻ തുറന്നുകൊടുക്കുന്നു; ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു. [4]തനിക്കുള്ളവയെ ഒക്കെയും പുറത്തു കൊണ്ടു പോയ ശേഷം, അവൻ അവെക്കു മുമ്പായി നടക്കുന്നു; ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു. [5]അന്യന്മാരുടെ ശബ്ദം അറിയായ്ക കൊണ്ടു, അവ അന്യനെ അനുഗമിക്കാതെ വിട്ടു ഓടിപ്പോകും. [6]ഈ സാദൃശ്യം യേശു അവരോടു പറഞ്ഞു; എന്നാൽ തങ്ങളോടു പറഞ്ഞതു ഇന്നതു എന്നു അവർ ഗ്രഹിച്ചില്ല.**

**10:1 "ആമേൻ ആമേൻ"** 1:49 ലെ കുറിപ്പ് കാണുക.

▣ **"വാതിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു"** നല്ലിടയന്റെ വകയല്ലാത്ത ചിലരും ആട്ടിൻ തൊഴിത്തിൽ ഉണ്ട് എന്നതു ശ്രദ്ധിക്കുക (ഒ.നോ. യോഹ. 7:21-23; "കോതമ്പിന്റെയും കളയുടെയും ഉപമ," മത്താ. 13:24-30). ദൈവം സൗജന്യമായി ക്രിസ്തുവിലൂടെ കൊടുക്കുന്ന കാര്യങ്ങൾ വ്യക്തിഗത പരിശ്രമത്തിലൂടെ നേടിയെടുക്കുവാൻ ചിലർ ശ്രമിക്കുന്നതാണ് ഇവിടുത്തെ പ്രശ്നം (ഒ. നോ. 3:14-16). 9-ാം അദ്ധ്യായത്തിലെ പരീശന്മാർ ഇതിന് നല്ലൊരു ഉദാരണമാണ്.

**10:2 "വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു"** ഈ അദ്ധ്യായത്തിൽ രൂപകാലങ്കാരങ്ങളുടെ ഒരു വ്യക്തമായ കൂട്ടിക്കലർത്തൽ കാണാം. ആട്ടിൻതൊഴുത്തിലെ വാതിലായും (വാ. 1), ആടുകളുടെ ഇടയനായും (വാ. 11, 14) ഇവിടെ യേശുവിനെ ചിത്രീകരിക്കുന്നു. എന്നിരുന്നാലും യോഹന്നാനിലും പുതിയ നിയമത്തിലും രൂപകാലങ്കാരങ്ങളുടെ കൂട്ടിച്ചേർക്കലുകൾ അസാധാരണമായ കാര്യമല്ല.

1. യേശു അപ്പവും അപ്പം കൊടുക്കുന്നവനും ആകുന്നു (ഒ.നോ. വാ. 6:35,51)
2. യേശു സത്യവും സത്യം സംസാരിക്കുന്നവനും ആകുന്നു (ഒ.നോ. വാ. 8:45-46; 14:6).
3. യേശു വഴിയും വഴി കാണിക്കുന്നവനും ആകുന്നു (14:6).
4. യേശു യാഗവും യാഗം കഴിക്കുന്നവനും ആകുന്നു (ഒ.നോ. എബ്രായ ലേഖനം )

ദൈവത്തിനും മശിഹായ്ക്കും പഴയനിയമത്തിൽ കൊടുത്തിരിക്കുന്ന സാധാരണ പേരാണ് "ഇടയൻ" (ഒ.നോ സങ്കീ. 23; സങ്കീ. 80:1; യെശ. 40:10-11; 1 പത്രൊ. 5:1-4). യിരെ. 23; യെഹെ. 34; യെശ. 56:9-12 എന്നീ വേദഭാഗങ്ങളിൽ യെഹൂദ നേതാക്കന്മാരെ "കള്ള ഇടയന്മാർ" എന്നാണ് വിളിക്കുന്നത്. "പാസ്റ്റർ" എന്ന പദത്തോടും "ഇടയൻ" എന്ന പദം ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. എഫെ. 4:11; തീത്തൊ. 1:5,7).

**10:3 "ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു"** അംഗീകരണവും അനുസരണവും ബന്ധത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. യേശു, ക്രിസ്തുവാണെന്ന് വിശ്വസിക്കുക/ആശ്രയിക്കുക എന്ന അർത്ഥത്തിലാണ് യോഹന്നാന്റെ സുവിശേഷത്തിൽ "കേൾക്കുക" (ഒ.നോ. 4:42; 5:24,25,28-29; 8:47; 10:16,27; 18:37) എന്ന പദവും "കാണുക" (ഒ. നോ. 3:3; 12:40; 20:8) എന്ന പദവും ഉപയോഗിച്ചിരിക്കുന്നത്.

▣ **"തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു"** തനിക്കുള്ളവയെ യേശു വ്യക്തിപരമായും ഒറ്റയ്ക്കൊറ്റയ്ക്കും അറിയുന്നു (യഹോവ ചെയ്യുന്നതുപോലെ, ഒ.നോ. 10:29-31). വലിയ ആട്ടിൻകൂട്ടം ഉള്ള ഇടയന്മാർപോലും തന്റെ ഓരോ ആടിനും പേരുകൾ ഇടാറുണ്ട്. യെഹൂദരാജ്യത്തെ കപട ആടുകളുടെ ഇടയിൽ നിന്നുമാണ് യേശു തന്റെ സത്യ ആടുകളെ വിളിക്കുന്നതെന്ന വസ്തുത ദൈവശാസ്ത്രപരമായി ഞെട്ടിപ്പിക്കുന്നതാണ്. ഉടമ്പടി ജനത യഥാർത്ഥ ദൈവജനം ആയിരുന്നില്ല. പുതിയ ഉടമ്പടിയുടെ മൗലികമായ ആക്ഷേപം ഇതാകുന്നു. ഒരാളുടെ വംശ പാരമ്പര്യമല്ല, വിശ്വാസമാണ് അവന്റെ ഭാവി നിശ്ചയിക്കുന്നത്! വിശ്വാസം വ്യക്തിപരമാണ്, ദേശീയമല്ല.

യേശുവിനെ എതിർത്ത യെഹൂദ നേതാക്കന്മാർ ദൈവജനത്തിന്റെ ഭാഗമായിരുന്നില്ല (ഒ.നോ. വാ. 26)!

▣ **"പുറത്തു കൊണ്ടുപോയ ശേഷം"** ഇതു രക്ഷയെ മാത്രമല്ല, ദിനംതോറുമുള്ള നടത്തിപ്പിനെയും സൂചിപ്പിക്കുന്നു (ഒ.നോ. വാ. 4, 9).

**10:4** രാത്രിയിൽ വേലിക്കെട്ടിനുള്ളിൽ നിരവധി വ്യത്യസ്ത ആട്ടിൻകൂട്ടങ്ങളെ സംരക്ഷിക്കുന്ന പതിവിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. പ്രഭാതത്തിൽ ഇടയൻ അവന്റെ ആടുകളെ വിളിക്കുമ്പോൾ അവ അവന്റെ അടുത്തേക്കു ചെല്ലും.

**10:5** സഭയ്ക്ക് എല്ലാക്കാലത്തും കപട ഇടയന്മാരെ നേരിടേണ്ടി വന്നിട്ടുണ്ട് (ഒ.നോ. 1 തിമൊ. 4:1-3; 2 തിമൊ. 4:3-4; 1 യോഹ. 4:5-6; 2 പത്രൊ. 2).

**10:6 "ഈ സാദൃശ്യം യേശു അവരോട് പറഞ്ഞു"** ഇത് "ഉപമ" എന്ന് സാധാരണയായി പരിഭാഷപ്പെടുത്തുന്ന പദം (*പാരാബോളി-παραβολη*) അല്ല, എങ്കിലും അതേ മൂലപദത്തിൽ നിന്നാണ് ഇത് വന്നത് (*പാരോയിമിയാൻ-*

*παροιμιαν*). ഈ പദം ഇവിടെയും, 16:25,29; 1 പത്രൊ. 2:22 എന്നീ വാക്യങ്ങളിലുമാണ് കാണുന്നത്. ഇതൊരു വ്യത്യസ്ത പദമാണെങ്കിലും, (സമവീക്ഷണ സുവിശേഷങ്ങളിൽ ഉപയോഗിച്ചിട്ടുള്ള) "ഉപമ" എന്ന സാധാരണ പ്രയോഗത്തോട് ഏറ്റവും അടുത്തു നില്ക്കുന്ന പര്യായപദമാണ്. എളുപ്പത്തിൽ മനസ്സിലാക്കുവാൻ സഹായിക്കുന്ന രീതിയിൽ ഒരു ആത്മീയ സത്യത്തോടു ചേർത്തു പറയുന്ന സാധാരണ സാംസ്കാരത്തിലെ ഒരു സംഭവത്തെയാണ് "ഉപമ" എന്ന പ്രയോഗം കൊണ്ട് പൊതുവെ അർത്ഥമാക്കുന്നത്. എന്നാൽ ആത്മീയ അന്ധത വ്യാപിച്ച കണ്ണുകൾക്കു മുമ്പിൽ സത്യത്തെ മൂടിവെക്കുന്നതിനെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിക്കാൻ കഴിയും (ഒ.നോ. 16:29; മർക്കൊ. 4:11-12).

▣ **"എന്നാൽ ... അവർ ഗ്രഹിച്ചില്ല"** 10-ാം അദ്ധ്യായം 9-ാം അദ്ധ്യായത്തിന്റെ സമയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിൽ, "അവർ" എന്നത് പരീശന്മാരെയാണ് സൂചിപ്പിക്കുന്നത്. അവർ കാണുന്നു എന്ന് അവകാശപ്പെട്ടു (ഒ.നോ. 9:41) എങ്കിലും അവർ കണ്ടില്ല (ഒ.നോ. 10:20). മതത്തിന് ഒരു പാലമായിരിക്കാനല്ല, ഒരു തടസ്സമായിരിക്കാനേ കഴിയൂ.

**യോഹന്നാൻ 10:7-10**

**7യേശു പിന്നെയും അവരോടു പറഞ്ഞതു: ആമേൻ,ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു:
ആടുകളുടെ വാതിൽ ഞാൻ ആകുന്നു. 8എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും
അത്രേ; ആടുകളോ അവരുടെ വാക്കു കേട്ടില്ല. 9ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ
രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തുപോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും.
10മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും
സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.**

**10:7 "ആടുകളുടെ വാതിൽ ഞാൻ ആകുന്നു"** യോഹന്നാനിലെ പ്രസിദ്ധമായ ഏഴ് "ഞാൻ ആകുന്നു" എന്ന പ്രസ്താവനകളിൽ ഒന്നാണിത്. യേശു മാത്രമാണ് ഏക സത്യവഴി എന്ന സത്യത്തെയാണ് ഈ രൂപകാലങ്കാരം ഉയർത്തിക്കാണിക്കുന്നത് (ഒ.നോ. വാ. 8,10; 4:16). സുവിശേഷത്തിന്റെ ബഹിഷ്കരണം എന്ന ആക്ഷേപം എന്നാണ് മിക്കവാറും ഇതിനെ വിളിക്കുന്നത്. ബൈബിൾ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ ആണെങ്കിൽ, ദൈവത്തോട് അനുരഞ്ജനം പ്രാപിക്കുവാൻ ഒരു വഴി മാത്രമേയുള്ളു - ക്രിസ്തുവിലുള്ള വിശ്വാസം (ഒ.നോ. പ്രവൃ. 4:12; 1 തിമൊ. 2:5). 8:12 ലെ കുറിപ്പ് കാണുക.

**10:8 "എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രേ"** 9, 10 അദ്ധ്യായങ്ങളുടെ പശ്ചാത്തലം പ്രതിഷ്ഠോത്സവം (*ഹനുക്കാ,* ഒ.നോ. 10:22) ആയതിനാൽ ഇവിടെ സൂചിപ്പിക്കുന്നത്, വേദപുസ്തകത്തിന്റെ ഇടക്കാലഘട്ടത്തിൽ മക്കാബ്യരും അവരുടെ തലമുറകളും മശിഹായാണെന്ന് സ്വയം നടിച്ചതിനെക്കുറിച്ചായിരിക്കായിരിക്കാനാണ് സാധ്യത. എന്നിരുന്നാലും, കപട ഇടയന്മാരെക്കുറിച്ച് പറയുന്ന പഴയനിയമ വേദഭാഗങ്ങളോടാണ് ഇതു ബന്ധപ്പെട്ടിരിക്കുന്നത് (ഒ.നോ. യെശ. 59:9-12; യിരെ. 23. യെഹെ. 34; സെഖ. 11).

ഇതിൽ ഉയർന്ന നിലയിൽ ആലങ്കാരിക ഭാഷയും ദ്വയാർത്ഥ പ്രയോഗങ്ങളും ഉള്ളതിനാൽ അർത്ഥം വിശദീകരിക്കുന്നതിനായി ആദ്യകാല പകർത്തിയെഴുത്തുകാർ വേദഭാഗത്തെ പരിഷ്കരിക്കുകയോ വലിച്ചു നീട്ടിയെഴുതുകയോ ചെയ്യുവാൻ ഇടയായിട്ടുണ്ട്. ഒരു കയ്യെഴുത്തു പ്രതി (D) "ഒക്കെയും" എന്ന പ്രയോഗം വിട്ടുകളഞ്ഞു. നിരവധി ആദ്യകാല കയ്യെഴുത്തു പ്രതികൾ ($P^{45}$, $P^{75}$, $\aleph^{*}$) "എനിക്കു മുമ്പെ" എന്ന പ്രയോഗവും വിട്ടുകളഞ്ഞു.

**10:9 "എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും"** ഭാവികാല കർമ്മിണി ക്രിയ ഉൾപ്പെട്ട പ്രഥമപുരുഷ സോപാധിക വാചകമാണിത്. ദൈവത്തിങ്കലേക്കുള്ള ഏകവഴി യേശുവാണ് (ഒ.നോ. 14:6). ഈ സന്ദർഭത്തിൽ "രക്ഷപ്പെടുക" എന്ന ക്രിയ ശാരീരിക വിടുതൽ എന്ന പഴയനിയമ ലക്ഷ്യാർത്ഥവുമായി ബന്ധപ്പെട്ടിരിക്കാനാണു സാധ്യത (ഉദാ. ആടുകൾ സുരക്ഷിതരാകുന്നു). എന്നിരുന്നാലും പരസ്പരം അതിലംഘിക്കുന്ന അർത്ഥങ്ങളുള്ള പദങ്ങളാണ് യോഹന്നാൻ മിക്കവാറും തിരഞ്ഞെടുക്കുന്നത്. ഈ പശ്ചാത്തലത്തിലും ആത്മ രക്ഷ എന്ന ആശയത്തിന് കുറവ് സംഭവിച്ചിട്ടില്ല (ഒ.നോ. വാ. 42).

**10:10 "കള്ളൻ"** കപട ഇടയന്മാരുടെ ദുഷ്ട ലക്ഷ്യങ്ങളെ ഇത് കാണിക്കുന്നു. പിശാചിന്റെ ഉദ്ദേശ്യവും ഇത് പ്രതിഫലിപ്പിക്കുന്നു! 12-13 വാക്യങ്ങളിൽ കൂലിക്കാരായ ജോലിക്കാരുടെ അശ്രദ്ധാ മനോഭാവത്തെക്കുറിച്ച് കാണാൻ കഴിയും.

▣ **"മുടിപ്പാനും"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: നാശം (*απολλυμι*)

നിത്യമായ ന്യായവിധിയും ഉന്മൂലനം ചെയ്യലും എന്നീ ദൈവശാസ്ത്ര ആശയങ്ങളോടുള്ള ബന്ധത്തിൽ വലിയ ആശയക്കുഴപ്പത്തിനിടവരുത്തിയ ഈ പ്രയോഗത്തിന് വിശാലമായ അർത്ഥമാണുള്ളത്. *അപ്പോ* എന്ന

തിനോടുകൂടെ നശിപ്പിക്കുക, ഇല്ലായ്മ ചെയ്യുക എന്നർത്ഥമുള്ള *ഒല്ലുമി* എന്ന പദം ചേർന്നാണിതുണ്ടായത്.

ഈ പ്രയോഗത്തിന്റെ ആലങ്കാരിക ഉപയോഗത്തിലാണ് പ്രശ്നമുള്ളത്. ലൂവ്, നിഡാ എന്നിവരുടെ *ഗ്രീക്ക് ഇംഗ്ലീഷ് ലെക്സികോൺ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്, ബേയ്സഡ് ഓൺ സെമാന്റിക് ഡൊമെയിൻസ്,* വാല്യം 2, പേജ് 30 ൽ ഇത് വ്യക്തമായി കാണാൻ കഴിയും. ഈ പദത്തിന്റെ നിരവധി അർത്ഥങ്ങൾ ഈ ഗ്രന്ഥം നിരത്തിവയ്ക്കുന്നു.

1. നശിപ്പിക്കുക (ഉദാ. മത്താ. 10:28; ലൂക്കൊ. 5:37; യോഹ. 10:10; 17:12; പ്രവൃ. 5:37; റോമ. 9:22, വാല്യം 1. പേജ് 232)
2. കിട്ടാതെ പോകുക (ഉദാ. മത്താ. 10:42, വാല്യം 1, പേജ് 566)
3. നഷ്ടപ്പെടുക (ഉദാ. ലൂക്കൊ. 15:8, വാല്യം 1, പേജ് 566)
4. എവിടെയാണെന്ന് അറിയാതിരിക്കുക (ഉദാ. ലൂക്കൊ. 15:4, വാല്യം. 1 പേജ് 330)
5. ജീവനെ കളയുക (ഉദാ. മത്താ. 10:39, വാല്യം 1 പുറം, 266)

*തിയോളജിക്കൽ ഡിക്ഷനറി ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്* (വാല്യം 1, പേജ് 394) എന്ന ഗ്രന്ഥത്തിൽ, ഗെർഹാർഡ് കിറ്റെൽ നാലു അർത്ഥങ്ങളുടെ പട്ടിക നിരത്തുന്നതിലൂടെ വ്യത്യസ്ത പ്രയോഗങ്ങൾ രേഖപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

1. നശിപ്പിക്കുക അല്ലെങ്കിൽ കൊല്ലുക (ഉദാ. മത്താ. 2:13; 27:20; മർക്കൊ. 3:6; 9:22; ലൂക്കൊ. 6:9; 1 കൊരി. 1:19).
2. നഷ്ടപ്പെടുക അല്ലെങ്കിൽ നഷ്ടം സഹിക്കുക (ഉദാ. മർക്കൊ. 9:41; ലൂക്കൊ. 15:4,8)
3. നശിച്ചുപോകുക (ഉദാ. മത്താ. 26:52; മർക്കൊ. 4:38; ലൂക്കൊ. 11:51; 13:3,5,33; 15:17; യോഹ. 6:12,27; 1 കൊരി. 10:9-10).
4. നഷ്ടമാകുക (ഉദാ. മത്താ. 5:29-30; മർക്കൊ. 2:22; ലൂക്കൊ. 15:4,6,24,32; 22:18; പ്രവൃ. 27:34)

കിറ്റൽ പറയുന്നത്, "പൊതുവായി നമുക്ക് പറയാൻ കഴിയുന്നത്, സമവീക്ഷണ സുവിശേഷങ്ങളിൽ 2 ഉം 4 ഉം പോയിന്റുകൾ ഈ ലോകവുമായി ബന്ധപ്പെട്ട പ്രസ്താവനകളെ അടിസ്ഥാനമായും അതേസമയം യോഹന്നാനിലും പൗലൊസിന്റെ ലേഖനങ്ങളിലും 1 ഉം 3 ഉം പോയിന്റുകൾ വരാൻ പോകുന്ന ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്" (പേജ് 394).

ഇവിടെയാണ് ആശയക്കുഴപ്പമുള്ളത്. വിശാലമായ അർത്ഥവ്യാപ്തിയിൽ ഉപയോഗിക്കുന്ന ഈ പ്രയോഗം പുതിയ നിയമത്തിലെ വ്യത്യസ്ത എഴുത്തുകാർ വിവിധ രീതിയിലാണ് ഉപയോഗിക്കുന്നത്. റോബർ ബി. ഗർഡൽസ്റ്റോൺ എഴുതിയ *സിനോണിംസ് ഓഫ് ദി ഓൾഡ് ടെസ്റ്റ്മെന്റ്* (പേജുകൾ 275-277) എന്ന ഗ്രന്ഥം ഞാൻ ഇഷ്ടപ്പെടുന്നു. അദ്ദേഹം ഈ പ്രയോഗത്തെ, ക്രിസ്തുവിനെ അറിയുകയും അവനിലൂടെ നിത്യജീവൻ പ്രാപിക്കുകയും ചെയ്തവരിൽനിന്നും വ്യത്യസ്തമായി ധാർമ്മികമായി നശിക്കുകയും ദൈവത്തിൽ നിന്നും നിത്യമായ വേർപാടിനായി കാത്തിരിക്കുകയും ചെയ്യുന്നവരായ മനുഷ്യർക്ക് ഉപയോഗിക്കുന്നു. ഒന്നാമത്തെ "രക്ഷിക്കപ്പെട്ടവർ" ആകുന്നു, അതേസമയം ആദ്യത്തെ കൂട്ടർ നശിപ്പിക്കപ്പെട്ടവരും ആകുന്നു.

ഈ പദം ഉന്മൂലനം എന്ന ആശയത്തെ പരാമർശിക്കുന്നുണ്ട് എന്നെനിക്കു വ്യക്തിപരമായി തോന്നുന്നില്ല (ഒ.നോ. E. Fudge, *The Fire That Consumes*). മത്തായി 25:46ൽ "നിത്യമായ" എന്ന പ്രയോഗം നിത്യദണ്ഡനം നിത്യജീവൻ എന്നീ രണ്ടു കാര്യങ്ങളിലും ഉപയോഗിച്ചിരിക്കുന്നു. ഒന്നിനെ കുറച്ചു കാണുന്നതിന്റെ അർത്ഥം രണ്ടിനെയും കുറച്ചു കാണുന്നു എന്നാണ്!

▣ **"അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്"** ഭൗതിക കാര്യങ്ങളുടെ വാഗ്ദാനമായിട്ടാണ് ഈ ഭാഷാപ്രയോഗം മിക്കപേരും ഉദ്ധരിച്ചിരിക്കാറുള്ളത്. ഈ പശ്ചാത്തലത്തിൽ ഇത് യേശുവിനെ വ്യക്തിപരമായി അറിയുക, ആത്മീയ അനുഗ്രഹങ്ങളെ അറിയുക എന്ന അർത്ഥത്തിലാണ് അല്ലാതെ അവൻ കൊണ്ടുവരുന്ന ഭൗതിക അഭിവൃദ്ധിയെക്കുറിച്ച് അല്ല പറഞ്ഞിരിക്കുന്നത് (ഇത് 4:14; 7:38 എന്നിവയക്കു സമാന്തരമാണ്). ഈ ജീവിതത്തിൽ ഒരുപാടു കാര്യങ്ങൾ ഉണ്ടായിരിക്കുന്നതിലല്ല, മറിച്ച് യഥാർത്ഥ ജീവിതം അറിയുന്നതും ആ ജീവിതത്തിന് ഉടമയായിരിക്കുന്നതുമാണ് പ്രാധാന്യമുള്ളത്.

ദൈവരാജ്യത്തെക്കുറിച്ച് യേശു ഊന്നിപ്പറയുന്നത് സമവീക്ഷണ സുവിശേഷങ്ങൾ രേഖപ്പെടുത്തുമ്പോൾ, നിത്യജീവനെക്കുറിച്ചുള്ള ഊന്നലാണ് യോഹന്നാൻ രേഖപ്പെടുത്തുന്നത്. ഒരാൾക്ക് അത് ഇപ്പോൾ പ്രാപിക്കുവാൻ കഴിയും! ദൈവരാജ്യം ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു!

## യോഹന്നാൻ 10:11-18

**11ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു.**
**12ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ, ചെന്നായ് വരുന്നതു കണ്ടു ആടുകളെ വിട്ടു ഓടിക്കളയുന്നു; ചെന്നായ് അവയെ പിടിക്കയും ചിന്നിച്ചുകളകയും ചെയ്യുന്നു. 13അവൻ കൂലിക്കാരനും**
**ആടുകളെക്കുറിച്ചു വിചാരമില്ലാത്തവനുമല്ലോ. 14ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ**

**പിതാവിനെ അറികയും ചെയ്യുന്നതുപോലെ, ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു. [15]ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. [16]ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കു ഉണ്ടു; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും. [17]എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു [18]ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ടു; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ടു; ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു.**

**10:11,14 "ഞാൻ നല്ല ഇടയൻ ആകുന്നു"** ഇത് മശിഹായുടെ പഴയനിയമ നാമമാകുന്നു (ഒ.നോ. യെഹെ. 34:23; സെഖ. 11; 1 പത്രൊ. 5:4), കൂടാതെ യഹോവയ്ക്കുള്ള പേരും ആകുന്നു (ഒ.നോ. സങ്കീ. 23:1; 28:9; 77:20; 78:52; 80:1; 95:7; 100:3; യെശ. 40:11; യിരെ. 23:1; 31:10; യെഹെ. 34:11-16).

"നല്ല" എന്നു പരിഭാഷപ്പെടുത്തുവാൻ കഴിയുന്ന രണ്ട് ഗ്രീക്ക് പദങ്ങൾ ഉണ്ട്: (1) *അഗാത്തോസ്*, വസ്തുക്കളെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഈ പദം സാധാരണയായി ഉപയോഗിച്ചിട്ടുണ്ട്, (2) *കാലോസ്*, തിന്മയുടെ വിപരീതമായി നന്മയെ പരാമർശിക്കുവാൻ സെപ്റ്റ്വജിന്റിൽ ഇത് ഉപയോഗിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ ഈ പദത്തിന് "മനോഹരമായത്" "കുലീനമായത്," "ധാർമ്മികമായത്," "യോഗ്യമായത്" എന്നീ അർത്ഥങ്ങൾ ഉണ്ട്. ലൂക്കൊ. 8:15 ൽ ഈ രണ്ട് പദങ്ങളും ഒരുമിച്ച് ഉപയോഗിച്ചിരിക്കുന്നു. 8:12 ന്റെ കുറിപ്പ് കാണുക.

**10:11 "നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു"** ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് (ഒ.നോ. വാ. 11,15,17,18). പാപികളായ മനുഷ്യർക്കുവേണ്ടി യേശു സ്വമേധയാ ജീവൻ വെടിഞ്ഞു (ഒ.നോ. യെശ. 52:13-53:12; മർക്കൊ. 10:45; 2 കൊരി. 5:21). അവന്റെ മരണം മുഖേന മാത്രമേ യഥാർത്ഥ ജീവിതം, സമൃദ്ധിയായ ജീവിതം ഉണ്ടാകുന്നുള്ളൂ. ബ്രൂസ് എം. മെറ്റ്സ്ഗർ എഴുതിയ *എ ടെക്സ്ചൽ കമന്ററി ഓൺ ദി ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിൽ ഈ വാക്യത്തെ സംബന്ധിച്ച് മനോഹരമായ ഒരു സൂചന ഉണ്ട്.

> "യോഹന്നാന്റെ സവിശേഷ പ്രയോഗമായ 'ജീവനെ കൊടുക്കുന്നു' (10:15,17; 13:37,38; 15:13; 1 യോഹ. 3:16) എന്ന പരാമർശത്തിനു പകരമായി സമവീക്ഷണ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന 'തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും' എന്ന പരാമർശമാണ് നിരവധി കയ്യെഴുത്തു പ്രതികളിൽ ($P^{45}$, $\aleph^*$, D) കാണുന്നത്."

**10:14 "ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും"** "അറിയുക" എന്ന പദത്തിന്റെ എബ്രായ അർത്ഥമാണിത് (1:10 ലെ പ്രത്യേക പഠനവിഷയം കാണുക). പുത്രൻ പിതാവിനെ അറിയുകയും പിതാവു പുത്രനം അറിയുകയും ചെയ്യുന്നതുപോലെ യേശു തന്നിൽ വിശ്വസിക്കുന്നവരെയും വിശ്വസിക്കുന്നവർ അവനെയും അറിയുന്നു. അവർ "കാണുകയും" "കേൾക്കുകയും" (ഒ.നോ. വാ. 4) പ്രതികരിക്കുകയും ചെയ്തിരിക്കുന്നു (ഒ.നോ. 1:12; 3:16). ക്രിസ്ത്യാനിത്വം ഒരു വ്യക്തിപരമായ ബന്ധം ആകുന്നു (ഒ.നോ. 17:20-26).

**10:15 "പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ"** യോഹന്നാനിൽ ആവർത്തിച്ചുവരുന്ന വിഷയമാണിത്. പിതാവിനോടുള്ള യേശുവിന്റെ ആഴമായ ബന്ധത്തിൽ നിന്നുമാണ് യേശു സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്.

പിതാവും പുത്രനും തമ്മിലുള്ള അടുത്ത ബന്ധത്തെ പുത്രനും അനുയായികളുമായുള്ള ബന്ധവുമായി താരതമ്യപ്പെടുത്തി 14-15 വാക്യങ്ങളിൽ പറയുന്നത് ആശ്ചര്യമുളവാക്കുന്ന സാദൃശ്യമാകുന്നു (ഒ.നോ. 14:23). "അറിയുക" എന്ന പദത്തിന്റെ എബ്രായ അർത്ഥത്തെ അറിയുന്ന വസ്തുതകൾ എന്ന നിലയില്ല ആഴമായ കൂട്ടായ്മ എന്ന നിലയിലാണ് യോഹന്നാൻ ഉപയോഗിക്കുന്നത്. യേശു പിതാവിനെ അറിയുന്നു; യേശുവിനെ അറിയുന്നവർ ദൈവത്തെയും അറിയുന്നു.

**10:16 "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്"** യെശ. 56:6-8 നെക്കുറിച്ചുള്ള സൂചനയാണിത്. പശ്ചാത്തലം സൂചിപ്പിക്കുന്നത് ഇത് (1) ശമര്യക്കാർ (ഒ.നോ. 4:1-42), അല്ലെങ്കിൽ (2) ജാതികളുടെ സഭ (ഒ.നോ. 4:43-54) എന്നിവയെ പരാമർശിക്കുന്നതായിട്ടാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ഐക്യതയെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. പുതിയ ഉടമ്പടി യെഹൂദന്മാരെയും ജാതികളെയും ഒന്നാക്കുന്നു (ഒ.നോ. എഫെ. 2:11-3:13; 1 കൊരി. 12:13; ഗലാ. 3:28; കൊലൊ. 3:11)! ഉല്പ. 3:15 ഉം യോഹന്നാൻ 3:16 ഉം ഒന്നിച്ചുചേരുന്നു!

▣ **"ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും"** ദൈവത്തിന്റെ ലക്ഷ്യം എപ്പോഴും ഇതായിരുന്നു (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5-6). ഈ ഐക്യത്തിന്റെ ദൈവശാസ്ത്രപരമായ വശങ്ങൾ എഫെ. 2:11-3:13; 4:1-6 ൽ ചർച്ച ചെയ്യുന്നുണ്ട്.

**10:17 "അതിനെ കൊടുക്കുന്നതുകൊണ്ട് പിതാവ് എന്നെ സ്നേഹിക്കുന്നു"** പുത്രൻ അവന്റെ ജീവനെ കളയുവാൻ നിർബന്ധിക്കപ്പെടാത്തതുപോലെ പുത്രനെ കൊടുക്കുവാൻ പിതാവും നിർബന്ധിക്കപ്പെട്ടില്ല. യേശു എന്ന മനുഷ്യന്റെ അനുസരണത്തിന് ദൈവം പ്രതിഫലം നൽകി എന്ന രീതിയിൽ ഇതിനെ വ്യാഖ്യാനിക്കരുത് (ഈ

ദുരുപദേശത്തെ *അഡോപ്ഷനിസം* എന്നു വിളിക്കുന്നു, പദസൂചിക കാണുക).

▣ **"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട്"** ഇതു പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. പുതിയ നിയമത്തിൽ സാധാരണയായി, പുത്രന്റെ യാഗം പിതാവിന് സ്വീകാര്യം എന്നു കാണിക്കുവാൻ പുത്രനെ പിതാവ് ഉയർപ്പിക്കുന്നതായി രേഖപ്പെടുത്തുന്നു (ഒ.നോ. 18b). എന്നാൽ ഇവിടെ, പുനരുത്ഥാനത്തിൽ യേശുവിന്റെ സ്വന്തം ശക്തിയെ തന്നെയാണ് ഊന്നിപ്പറയുന്നത്.

ത്രിത്വത്തിലെ മൂന്നു വ്യക്തികളും വീണ്ടെടുപ്പിന്റെ പ്രവർത്തനത്തിൽ പങ്കാളിയായിരിക്കുന്നുവെന്ന നിലപാട് പുതിയനിയമം പലപ്പോഴും സ്വീകരിക്കുന്നുവെന്നു കാണിക്കുന്നതിനുള്ള ഏറ്റവും നല്ലൊരു അവസരമാണ് ഈ പ്രയോഗം.

1. പിതാവായ ദൈവം യേശുവിനെ ഉയർത്തി (ഒ.നോ. അപ്പൊ. 2:24; 3:15; 4:10; 5:30; 10:40; 13:30,34,37; 17:31; റോമ. 6:4,9; 10:9; 1 കൊരി. 6:14; 2 കൊരി. 4:14; ഗലാ. 1:1; എഫെ. 1:20; കൊലൊ. 2:12; 1 തെസ്സ. 1:10)
2. പുത്രനായ ദൈവം തന്നെത്താൻ ഉയിർപ്പിച്ചു (ഒ.നോ. യോഹ. 2:19–22; 10:17–18).
3. ആത്മാവാം ദൈവം യേശുവിനെ ഉയർപ്പിച്ചു (ഒ.നോ. റോമ. 8:11).

**10:18 "എനിക്ക് അധികാരം ഉണ്ട്"** 1:12ൽ ഉപയോഗിച്ച അതേ പ്രയോഗം ആകുന്നു ഇത്. "അധികാരം," "നിയമപരമായ അവകാശം," "ശക്തി" എന്നിങ്ങനെ ഇതിനെ പരിഭാഷപ്പെടുത്തുവാൻ കഴിയും. യേശുവിന്റെ അധികാരത്തെയും ശക്തിയെയും ആണ് ഈ വാക്യം കാണിക്കുന്നത്.

## യോഹന്നാൻ 10:19–21

**[19]ഈ വചനം നിമിത്തം യെഹൂദന്മാരുടെ ഇടയിൽ പിന്നെയും ഭിന്നത ഉണ്ടായി. [20]അവരിൽ പലരും: അവന്നു ഭൂതം ഉണ്ടു; അവൻ ഭ്രാന്തൻ ആകുന്നു; അവന്റെ വാക്കു കേൾക്കുന്നതു എന്തിന്നു എന്നു പറഞ്ഞു. [21]മറ്റു ചിലർ: ഇതു ഭൂതഗ്രസ്തന്റെ വാക്കല്ല; ഭൂതത്തിന്നു കുരുടന്മാരുടെ കണ്ണു തുറക്കുവാൻ കഴിയുമോ എന്നു പറഞ്ഞു.**

**10:19** യേശുവിനെക്കുറിച്ച് 6:25; 7:12,25,43; 9:8–9, 16; 10:19–21; 11:36–37 എന്നീ വാക്യങ്ങളിൽ വിഭിന്നമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്, ഈ വിഷയം യോഹന്നാന്റെ സുവിശേഷത്തിൽ ഉടനീളം തുടരുന്നതാണെന്നു മനസ്സിലാക്കാം. മുൻനിയമനം മനുഷ്യന്റെ സ്വതന്ത്ര ഇച്ഛ എന്നിവയ്ക്കിടയിലെ സംഘർഷമാണ്, ചിലർ സുവിശേഷം സ്വീകരിക്കുകയും മറ്റുള്ളവർ നിരസിക്കുകയും ചെയ്യുന്നതിന്റെ രഹസ്യം!

**10:20 "അവനു ഭൂതം ഉണ്ട്; അവൻ ഭ്രാന്തൻ ആകുന്നു"** രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ട് യേശുവിനെതിരെ ചുമത്തിയ ഒരു സാധാരണ കുറ്റമായിരുന്നു ഇത്.

1. 7:20–ലെപ്പോലെ, ഈ വാക്യത്തിൽ യേശുവിന് മാനസിക വിഭ്രാന്തി ഉണ്ട് എന്ന് പറയുന്നു
2. യേശുവിന്റെ ശക്തിയുടെ ഉറവിടത്തെ വിശദമാക്കുവാൻ പരിശീന്മാർ ഉപയോഗിച്ച അതേ കാര്യമാണിത് (ഒ.നോ. 8:48,52)

**10:21** വാ. 21–ൽ രണ്ട് ചോദ്യങ്ങൾ ഉണ്ട്.

1. വാ. 21a യിൽ *ഔക്ക്* (*ouk*) എന്ന പദം കാണാം, അത് "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു
2. വാ. 21b യിൽ *മീ* (*μη*) എന്ന പദം കാണാം, അത് "അല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു

ജെയിംസ് ഹെവിറ്റ് എഴുതിയ *ന്യൂടെസ്റ്റ്മെന്റ് ഗ്രീക്ക്,* പേജ് 171 കാണുക. എന്നിരുന്നാലും കൊയ്നെ ഗ്രീക്കിൽ എത്ര കഠിനവും പ്രയാസകരവുമായ വ്യാകരണ നിയമങ്ങളാണുള്ളതെന്ന് ഇതു കാണിക്കുന്നു. വ്യാകരണ രൂപമല്ല, പശ്ചാത്തലമാണ് അവസാന തീരുമാനത്തിന് സഹായിക്കുന്നത്.

കുരുടന്റെ സൗഖ്യം ഒരു മിശിഹൈക അടയാളം ആയിരുന്നു (ഒ.നോ. പുറ. 4:11; സങ്കീ. 146:8; യെശ. 29:18; 35:5; 42:7). 9–ാം അദ്ധ്യായത്തിലെ പോലെ യിസ്രായേലിന്റെ അന്ധതയാണ് (ഒ.നോ. യെശ. 42:19) ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നതെന്ന ഒരു തോന്നൽ ഉളവാകുന്നു.

## യോഹന്നാൻ 10:22–30

**[22]അനന്തരം യെരൂശലേമിൽ പ്രതിഷ്ഠോത്സവം ആചരിച്ചു; അന്നു ശീതകാലമായിരുന്നു. [23]യേശു ദൈവാലയത്തിൽ ശലോമോന്റെ മണ്ഡപത്തിൽ നടന്നുകൊണ്ടിരുന്നു. [24]യെഹൂദന്മാർ അവനെ വളഞ്ഞു: നീ എത്രത്തോളം ഞങ്ങളെ ആശിപ്പിക്കുന്നു? നീ ക്രിസ്തു എങ്കിൽ സ്പഷ്ടമായി പറക എന്നു അവനോടു പറഞ്ഞു. [25]യേശു അവരോട് ഉത്തരം പറഞ്ഞതു: ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടു; എങ്കിലും നിങ്ങൾ വിശ്വസിക്കുന്നില്ല; എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം ആകുന്നു [26]നിങ്ങളോ എന്റെ ആടുകളുടെ കൂട്ടത്തിലുള്ളവരല്ലായ്കയാൽ വിശ്വസിക്കുന്നില്ല. [27]എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. [28]ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരുനാളും നശിച്ചുപോകുകയില്ല; ആരും അവയെ**

**എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല. [29]അവയെ തന്നിരിക്കുന്ന എന്റെ പിതാവു എല്ലാവരിലും വലിയവൻ; പിതാവിന്റെ കയ്യിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയില്ല. [30]ഞാനും പിതാവും ഒന്നാകുന്നു.**

**10:22 "പ്രതിഷ്ഠോത്സവം"** "വെളിച്ചങ്ങളുടെ ഉത്സവം" എന്ന് ജൊസീഫസ് ഇതിനെ വിളിക്കുന്നു. ഇന്നത് ഹനുക്കാഹ് എന്നറിയപ്പെടുന്നു. ഡിസംബറിന്റെ മദ്ധ്യത്തിൽ വരുന്നതായ ഒരു എട്ടു ദിന ഉത്സവം ആയിരുന്നു ഇത്. ബി. സി. 164 ൽ യൂദാസ് മക്കാബിയസ് നേടിയ സൈനിക വിജയത്തെത്തുടർന്ന് ദൈവാലയം പുനഃപ്രതിഷ്ഠിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ ഉത്സവം ആചരിക്കുന്നത്. ബി. സി. 168 ൽ സെല്യൂക്കസ് രാജാവായിരുന്ന ആന്റിയോക്കസ് IV എപ്പിഫാനസ് യെഹൂദന്മാരുടെമേൽ ജാതീയ ആചാരങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചു (ഒ.നോ. ദാനീ. 8:9–14). അവൻ യെരുശലേം ദൈവാലയം ജാതികളുടെ ക്ഷേത്രമാക്കി മാറ്റുകയും വിശുദ്ധസ്ഥലത്ത് സ്യൂസിന് ഒരു യാഗപീഠം പണിയുകയും ചെയ്തു. മോദിനിലെ പുരോഹിതന്റെ പുത്രന്മാരിൽ ഒരുവനായിരുന്നു യൂദാസ് മക്കാബിയസ് ഈ ജാതീയ രാജാവിനെ തോല്പിക്കുകയും ദൈവാലയം ശുദ്ധീകരിച്ച് പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു (ഒ.നോ. 1 മക്കാ. 4:36–59; 2 മക്കാ. 1:18).

യെഹൂദ മതനേതാക്കൾ, യെരുശലേം പൗരന്മാർ, തീർത്ഥാടക ജനക്കൂട്ടം എന്നിവരുടെ മുമ്പിൽ സ്വയം വെളിപ്പെടുത്തുവാൻ അവയുടെ പ്രതീകാത്മക അർത്ഥത്തെ യേശുവിന് ഉപയോഗിക്കുന്നതിനുള്ള ഒരു അവസരമായിട്ടാണ് യോഹന്നാൻ ഈ ഉത്സവങ്ങളെ രേഖപ്പെടുത്തുന്നത് (ഒ.നോ. അദ്ധ്യായങ്ങൾ 7–11).

▣ **"ശലോമോന്റെ മണ്ഡപത്തിൽ"** യേശു നിന്നു പ്രസംഗിച്ചതായ സ്ത്രീകളുടെ പ്രാകാരത്തിന്റെ കിഴക്കേ ഭാഗത്തുള്ള കവചിത സ്ഥലമാണിത്. ബി. സി. 586 ലെ ബാബിലോൺ ആക്രമണത്തെ ഇത് അതിജീവിച്ചതായി ജൊസീഫസ് രേഖപ്പെടുത്തിയിരിക്കുന്നു.

**10:22 "അന്നു ശീതകാലമായിരുന്നു"** ഇതൊരു ദൃക്സാക്ഷി വിവരണമാണ്.

**10:24 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ അവന്റെ രചനാപരമായ ലക്ഷ്യത്തിന് സഹായകരമോ ആയ ഉത്തമപുരുഷ സോപാധിക വാചകമാണിത്. ഈ സന്ദർഭത്തിൽ ധാരാളം ഉത്തമപുരുഷ സോപാധിക വാചകങ്ങൾ കാണാം (ഒ.നോ. വാ. 24,35,37,38). അക്ഷരാർത്ഥത്തിൽ ഈ ഘടന എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് വാ. 24 കാണിച്ചുതരുന്നു. യേശു മശിഹായാണെന്ന് ഈ പരീശന്മാർ യഥാർത്ഥത്തിൽ വിശ്വസിച്ചില്ല; അവർ അവനെ കുടുക്കുവാൻ ശ്രമിക്കുകയായിരുന്നു.

▣ **"സ്പഷ്ടമായി പറക"** ഈ വാക്യത്തിൽ നിരവധി കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. ഒന്നാമതായി, യേശു പഠിപ്പിച്ചത് ഉപമ, ആലങ്കാരിക ഭാഷ, ദ്വയാർത്ഥ പ്രസ്താവനകൾ എന്നിവ ഉപയോഗിച്ചായിരുന്നു. അവനെക്കുറിച്ച് വ്യക്തമായി അവൻ തന്നെ വെളിപ്പെടുത്തുവാൻ ദൈവാലയത്തിലെ പുരുഷാരം ആഗ്രഹിച്ചു. 7:4 ലെ പ്രത്യേക പഠനവിഷയം: *പരീസിയ* കാണുക.

രണ്ടാമതായി, യേശുവിന്റെ കാലത്തെ യെഹൂദന്മാർ ദൈവം ജഡമെടുത്തവനാണ് മശിഹാ എന്ന് പ്രതീക്ഷിച്ചിരുന്നില്ല. നിരവധി സന്ദർഭങ്ങളിൽ ദൈവവുമായുള്ള അവന്റെ ഏകത്വത്തെക്കുറിച്ച് യേശു സ്പഷ്ടമായി പരാമർശിച്ചിരുന്നു (ഒ.നോ. 8:56–59); പക്ഷേ ഈ പശ്ചാത്തലത്തിൽ അവർ പ്രത്യേകം ചോദിക്കുന്നത് മശിഹായെക്കുറിച്ചാണ്. ഈ അഭിഷിക്തൻ മോശെയെപ്പോലെ പ്രവർത്തിക്കുമെന്ന് യെഹൂദന്മാർ പ്രതീക്ഷിച്ചു (ഒ.നോ. ആവ. 18:15,19). 6–ാം അദ്ധ്യായത്തിൽ യേശു കൃത്യമായി അതു തന്നെയാണ് ചെയ്തത്. പഴയ നിയമ പ്രവചനങ്ങളുടെ നിവൃത്തി അവന്റെ പ്രവർത്തനങ്ങളിൽ കണ്ടു, പ്രത്യേകിച്ചു അന്ധനെ സൗഖ്യമാകുന്ന സംഭവത്തിൽ (അദ്ധ്യായം 9). യെഹൂദന്മാർക്ക് ആവശ്യമായിരുന്ന സകല തെളിവുകളും ലഭിച്ചു. പക്ഷേ, അവരുടെ മശിഹായെക്കുറിച്ച് പരമ്പരാഗതമായി അവർ വെച്ചു പുലർത്തിയിരുന്ന സൈനികവും ദേശീയവുമായ പ്രതീക്ഷകൾ മാത്രം യേശുവിൽ കണ്ടില്ല എന്നതായിരുന്നു ഇവിടുത്തെ പ്രശ്നം.

**10:25 "എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം ആകുന്നു"** അവന്റെ അവകാശവാദങ്ങളെ അവന്റെ പ്രവൃത്തികൾ ശരിയാണെന്ന് തെളിയിച്ചു എന്നാണ് യേശു ഉറപ്പിച്ചു പറഞ്ഞത് (ഒ.നോ. 2:23; 5:36; 10:25,38; 14:11; 15:24).

**10:26** എന്തൊരു ഞെട്ടിപ്പിക്കുന്ന പ്രസ്താവന!

**10:28 "ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു"** നിത്യജീവൻ അളവിലും ഗുണത്തിലും വിശേഷതയേറിയതാണ്. ഇത് പുതിയയുഗത്തിന്റെ ജീവൻ ആകുന്നു. ക്രിസ്തുവിലുള്ള വിശ്വസത്താൽ ഇത് ഇപ്പോൾ ലഭ്യമാകുന്നു (ഒ.നോ. 3:36; 11:24–26).

▣ **"അവ ഒരുനാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽനിന്നു പിടിച്ചുപറിക്കയും ഇല്ല"** വിശ്വാസിയുടെ സുരക്ഷിതത്വത്തെക്കുറിച്ച് പുതിയ നിയമത്തിൽ കാണപ്പെടുന്ന ഏറ്റവും ശക്തമായ വേദഭാഗങ്ങളിലൊന്നാണിത് (ഒ.നോ. 6:39). നമുക്കു മാത്രമാണ് നമ്മെ ദൈവസ്നേഹത്തിൽ നിന്നും വേർപെടുത്തുവാൻ കഴിയുന്നതെന്ന വസ്തുത വളരെ സ്പഷ്ടമാണ് (ഒ.നോ. റോമ. 8:38–39; ഗലാ. 5:2–4). ക്രിസ്തീയ ഭദ്രതയെ (1 യോഹ. 5:13 ലെ പ്രത്യേക പഠനവിഷയം കാണുക), സ്ഥിരോത്സാഹം കൊണ്ട് (8:31 ലെ പ്രത്യേക പഠനവിഷയം കാണുക) സന്തുലനപ്പെടുത്തണം. ഭദ്രത ത്രിയേക ദൈവത്തിന്റെ പ്രവൃത്തികൾ, സ്വഭാവം എന്നിവയുടെ അടി

സ്ഥാനത്തിലായിരിക്കണം.

ക്രിസ്തുവിൽ തുടർമാനമായി വിശ്വാസം അർപ്പിക്കുന്നവരുടെ ഉറപ്പിനെക്കുറിച്ച് യോഹന്നാന്റെ സുവിശേഷം ഉറപ്പിച്ചുപറയുന്നുണ്ട്. മാനസാന്തരത്തിനും വിശ്വാസത്തിനുമുള്ള പ്രാരംഭ തീരുമാനത്തിലും അത് ജീവിതശൈലിയിൽ പ്രായോഗികമാക്കുകയും ചെയ്യുന്നതിലൂടെയാണ് ഇതാരംഭിക്കുന്നത്. ഇത് നമുക്ക് സ്വന്തമായിട്ടുള്ള ഒരു ഉല്പന്നമാണ് എന്ന കാഴ്ചപ്പാടിലേക്ക് ("ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ, എന്നന്നേക്കുമായി രക്ഷിക്കപ്പെട്ടു") ഈ വ്യക്തിപരമായ ബന്ധം ദിശതെറ്റുമ്പോഴാണ് ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ നേരിടുന്നത്. തുടർമാനമായുള്ള വിശ്വാസം യഥാർത്ഥ രക്ഷയുടെ തെളിവാകുന്നു (ഒ.നോ. എബ്രായർ, യാക്കോബ്, 1 യോഹന്നാൻ).

**10:29**

**NASB, NKJV** **"*അവയെ* എനിക്കു തന്നിരിക്കുന്ന എന്റെ പിതാവ് എല്ലാവരിലും വലിയവൻ"**
**NRSV** **"എന്റെ പിതാവ് എനിക്കു നൽകിയത് മറ്റെല്ലാറ്റിനെക്കാളും വലിയതാകുന്നു"**
**TEV** **"എന്റെ പിതാവ് എനിക്കു നൽകിയത് എല്ലാറ്റിലും വലിയതാകുന്നു"**
**NJV** **"അവയെ എനിക്കു നൽകിയതിനാൽ എന്റെ പിതാവ് എല്ലാവരിലും വലിയവനാകുന്നു"**

"വലിയവൻ" എന്നത് എന്തിനെ ഉദ്ദേശിച്ചാകുന്നു എന്നതാണ് ചോദ്യം: (1) യേശുവിനു ദൈവം നൽകിയ ജനം (NRSV, TEV) ആണോ, അതോ (2) ദൈവമാണോ (NASB, NKJV, NJB). യേശുവിനെ അനുഗമിക്കുന്നവരെ ആരെങ്കിലും പിടിച്ചുപറിക്കുവാൻ ശ്രമിക്കാം എന്ന പരാമർശമാണ് ഈ വാക്യത്തിന്റെ രണ്ടാം ഭാഗത്ത് കാണുന്നത്. ദൈവശാസ്ത്രപരമായി രണ്ടാമത്തെ സൂചനയാണ് അനുയോജ്യമാകുന്നത്. 6:37 ലെ പ്രത്യേക പഠനവിഷയം: ക്രിസ്തീയ ഭദ്രത കാണുക.

പിതാവിന്റെ ശക്തിയുടെ അടിസ്ഥാനത്തിലുള്ള വിശ്വാസിയുടെ ഉറപ്പിനെ കാണിക്കുന്ന ശ്രേഷ്ഠമായ ഒരു വേദഭാഗം ആണിത്. എല്ലാ വേദപുസ്തക സത്യങ്ങളും പോലെ, ഒരു സംഘർഷഭരിതമായ ഉടമ്പടിരേഖാ മാതൃകയിലാണ് വിശ്വാസികളുടെ ഭദ്രത അവതരിപ്പിക്കുന്നത്. ത്രിയേക ദൈവത്തിന്റെ സ്വഭാവം, അവന്റെ കൃപ, കരുണ എന്നിവയിലാണ് വിശ്വാസികളുടെ രക്ഷയെക്കുറിച്ചുള്ള പ്രത്യാശയും ഭദ്രതയും നിലനിൽക്കുന്നത്. എന്നിരുന്നാലും വിശ്വാസി വിശ്വാസത്തിൽ തുടരേണ്ടതാണ്. ആത്മപ്രേരിതമായ മാനസാന്തരത്തിന്റെയും വിശ്വാസ്തിന്റെയും പ്രാരംഭ തീരുമാനത്തോടെയാണ് രക്ഷ ആരംഭിക്കുന്നത്. ഈ അവസ്ഥ തുടരെയുള്ള മാനസാന്തരത്തിലും വിശ്വാസത്തിലും അനുസരണത്തിലും സ്ഥിരോത്സാഹത്തിലും നിലനിർത്തേണ്ടതാകുന്നു! രക്ഷ ഒരു ഉല്പന്നമല്ല (ലൈഫ് ഇൻഷുറൻസ്, സ്വർഗ്ഗീയ പ്രവേശന പത്രം), മറിച്ച് ക്രിസ്തു മുഖാന്തരം ദൈവവുമായി വളർന്നുവരുന്നതായ ഒരു വ്യക്തിഗത ബന്ധം ആണ്.

ദൈവവുമായുള്ള ശരിയായ ബന്ധം നിർണ്ണയിക്കുന്നതിനുള്ള തെളിവ്, വിശ്വാസത്തിന്റെയും സേവനത്തിന്റെയുമായ രൂപാന്തരപ്പെട്ടതും അനുദിനം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു ജീവിതമാണ്. ഒ.നോ. മത്തായി 7). ജഡിക ക്രിസ്ത്യാനികളെക്കുറിച്ച് വളരെ കുറച്ചെങ്കിലും ബൈബിളിൽ തെളിവുകൾ ഉണ്ട് (ഒ.നോ. 1 കൊരി. 2-3). ലക്ഷ്യം ഇപ്പോഴുള്ള ക്രിസ്തു സാദൃശ്യമാണ്, അല്ലാതെ മരിക്കുമ്പോൾ ചെന്നെത്തുന്ന സ്വർഗ്ഗമല്ല. വളരുകയും ശുശ്രൂഷ ചെയ്യുകയും അപ്പോൾതന്നെ പാപത്തോടു പോരാടുകയും ചെയ്യുന്നവർക്ക് ബൈബിളിൽ ഭദ്രതയും സുരക്ഷിതത്വവും വേണ്ടുവോളമുണ്ട്. പക്ഷേ ഫലമില്ലെങ്കിൽ വേരുമില്ല! രക്ഷ കൃപയാൽ മാത്രം, വിശ്വാസത്തിലൂടെ മാത്രം, എന്നാൽ യഥാർത്ഥ രക്ഷയിൽനിന്ന് "സൽപ്രവൃത്തികൾ" ഉളവാകും (ഒ.നോ. എഫെ. 2:10; യാക്കോ. 2:14-16).

**10:30-33 "ഞാനും പിതാവും ഒന്നാകുന്നു... യെഹൂദന്മാർ അവനെ എറിവാൻ പിന്നെയും കല്ല് എടുത്തു"** യേശുവിന്റെ മശിഹാത്വം, അവന്റെ ദൈവത്വം എന്നിവയെ കാണിക്കുന്ന ദൃഢമായ പ്രസ്താവനകളിൽ ഒന്നാണ് ഇത് (ഒ.നോ. 1:1-14; 8:58; 14:8-10, പ്രത്യേകിച്ച് 17:21-26 അവിടെയും "ഒന്നാകുന്നു" എന്ന പദം ഉപയോഗിക്കുന്നു). അവൻ പറയുന്നതെന്താണെന്ന് യെഹൂദന്മാർ പൂർണ്ണമായി മനസ്സിലാക്കുകയും അതിനെ ദൈവദൂഷണമായി കണക്കാക്കുകയും ചെയ്തു (ഒ.നോ. വാ. 33; 8:59). ലേവ്യ. 24:16 ന്റെ അടിസ്ഥാനത്തിൽ അവർ അവനെ കല്ലെറിയുവാൻ ഒരുങ്ങി.

യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള ആദ്യകാല വിവാദങ്ങളിൽ (ഉദാ. അറിയൂസ് - ആദ്യജാതൻ; അത്തനേഷ്യസ് - പൂർണ്ണദൈവം), 10:30; 14:9 എന്നീ വാക്യങ്ങളാണ് അത്തനേഷ്യസ് പലപ്പോഴും ഉപയോഗിച്ചിരുന്നത് (*ദ കേംബ്രിഡ്ജ് ഹിസ്റ്ററി ഓഫ് ദി ബൈബിൾ* വാല്യം 1, പേജ് 444 കാണുക). "ഏരിയനിസം" പദസൂചിക കാണുക.

## യോഹന്നാൻ 10:31-39

**31യെഹൂദന്മാർ അവനെ എറിവാൻ പിന്നെയും കല്ലു എടുത്തു. 32യേശു അവരോടു: പിതാവിന്റെ കല്പനയാൽ ഞാൻ പല നല്ലപ്രവൃത്തികൾ നിങ്ങളെ കാണിച്ചിരിക്കുന്നു; അവയിൽ ഏതു പ്രവൃത്തി നിമിത്തം നിങ്ങൾ എന്നെ കല്ലെറിയുന്നു എന്നു ചോദിച്ചു. 33യെഹൂദന്മാർ അവനോടു: നല്ലപ്രവൃത്തി നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും നീ മനുഷ്യനായിരിക്കെ നിന്നെത്തന്നെ ദൈവം ആക്കുന്നതു കൊണ്ടുമത്രേ ഞങ്ങൾ നിന്നെ കല്ലെറിയുന്നതു എന്നു ഉത്തരം പറഞ്ഞു. 34യേശു അവരോടു: നിങ്ങൾ ദേവന്മാർ ആകുന്നു എന്നു ഞാൻ പറഞ്ഞു എന്നു നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ? 35ദൈവത്തിന്റെ അരുളപ്പാടു ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞു എങ്കിൽ—തിരുവെഴുത്തി**

**ന്നു നീക്കം വന്നുകൂടല്ലോ— [36]ഞാൻ ദൈവത്തിന്റെ പുത്രൻ എന്നു പറഞ്ഞതു കൊണ്ടു: നീ ദൈവദൂഷണം പറയുന്നു എന്നു പിതാവു വിശുദ്ധീകരിച്ചു ലോകത്തിൽ അയച്ചവനോടു നിങ്ങൾ പറയുന്നുവോ? [37]ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ; [38]ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും, പിതാവു എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ട തിന്നു പ്രവൃത്തിയെ വിശ്വസിപ്പിൻ. [39]അവർ അവനെ പിന്നെയും പിടിപ്പാൻ നോക്കി; അവനോ അവരുടെ കയ്യിൽനിന്നു ഒഴിഞ്ഞുപോയി.**

**10:31** വാ. 30-ലെ യേശുവിന്റെ പ്രസ്താവനയുമായി ഈ വാക്യം ബന്ധപ്പെട്ടിരിക്കുന്നു. റബ്ബിമാരുടെ അസാധാരണ തർക്കശാസ്ത്രപരമായ ശൈലിയിലാണ് യേശു അവരുടെ കുറ്റാരോപണങ്ങൾക്കു മറുപടി നൽകുന്നത്. പഴയ നിയമത്തിൽ ദൈവത്തെ സൂചിപ്പിക്കുന്ന *ഏലോഹീം* എന്ന വാക്കിന്റെ ദ്വയാർത്ഥ പ്രയോഗമാണ് ഇവിടെ കാണുന്നത് (ഒ.നോ. ഉല്പ. 1). ബഹുവചനരൂപമായ ഈ വാക്ക് ദൂതന്മാർക്കും മാനുഷിക നേതാക്കന്മാർക്കും (ന്യായാധിപന്മാർ) ഉപയോഗിച്ചിട്ടുണ്ട്. 6:20 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിനു നൽകിയിരുന്ന പേരുകൾ കാണുക.

**10:32** നല്ല (*കാലോസ്*) ഇടയൻ പിതാവിൽ നിന്നുള്ള നല്ല (*കാലോസ്*) പ്രവൃത്തികൾ ചെയ്യുന്നു.

10:33 **"ദൈവദൂഷണം നിമിത്തം"** പിതാവിനോട് സമനാകുന്നു എന്ന തന്റെ അവകാശവാദത്തെ അവർ ശരിയായി മനസ്സിലാക്കി എന്ന് യേശു അറിഞ്ഞു.

**10:34 "നിങ്ങളുടെ ന്യായപ്രമാണത്തിൽ"** യേശു സങ്കീർത്തനത്തിൽ നിന്നും ഉദ്ധരിക്കുന്നുവെങ്കിലും "ന്യായപ്രമാണം" എന്നാണതിനെ വിളിക്കുന്നത് (ഉദാ. തോറ അർത്ഥമാക്കുന്നത് "ഉപദേശങ്ങൾ" എന്നാണ്, ഒ.നോ. 12:34; 15:25; റോമ. 3:9-19). ന്യായപ്രമാണം എന്ന പദം ഉല്പത്തിമുതൽ ആവർത്തനം വരെയുള്ള മോശെയുടെ പുസ്തകങ്ങളെയാണ് (തോറ) സാധാരണയായി സൂചിപ്പിക്കുന്നത്. ഇവിടെ കാണുന്നത് മുഴുവൻ പഴയ നിയമത്തെയും ഉൾപ്പെടുത്തുന്ന വിശാലമായ ഒരു പ്രയോഗമാണ്.

▣ **"നിങ്ങൾ ദേവന്മാർ"** സങ്കീ. 82:6 ൽ നിന്നുമാണ് യേശു ഉദ്ധരിച്ചത്. മാനുഷിക ന്യായാധിപന്മാരെ പരാമർശിക്കുവാനാണ് *എലോഹീം* എന്ന പദം ഉപയോഗിച്ചത് (6:20 ലെ പ്രത്യേക പഠനവിഷയത്തിൽ *എലോഹീം* കാണുക). ന്യായാധിപന്മാരെ (അധാർമ്മികരാണെങ്കിലും) "അത്യുന്നതന്റെ പുത്രന്മാർ" എന്നാണ് വിളിച്ചിരുന്നത്. യെഹൂദന്മാർ യേശുവിനെ ആക്രമിച്ചതിനു കാരണം അവൻ മനുഷ്യനായിരുന്നിട്ടും (1) ദൈവത്തിന്റെ പുത്രൻ ആണെന്നും (2) ദൈവവും അവനും ഒന്നാകുന്നു എന്നും അവകാശപ്പെട്ടതുകൊണ്ടായിരുന്നു. എങ്കിലും മറ്റുള്ള മനുഷ്യരെയും "ദേവന്മാർ" എന്നു വിളിച്ചിരുന്നു (ഒ.നോ പുറ. 4:16; 7:1; 22:8,9; സങ്കീ. 82:6; 138:1).

യേശുവിന്റെ റബ്ബിമാരുടെ ശൈലിയിലുള്ള വാദം ഇത്തരത്തിലാണെന്നു തോന്നുന്നു: ന്യായപ്രമാണം സത്യമാണ്, മനുഷ്യർ *എലോഹീം* എന്നും വിളിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഞാൻ ദൈവപുത്രനാണെന്ന് ഉറപ്പിച്ചുപറയുന്നതിനാൽ എന്നെ ദൈവദൂഷണം പറയുന്നവൻ എന്നു നിങ്ങൾ കരുതുന്നതെന്തിന്? എബ്രായ ഭാഷയിൽ *എലോഹീം* ബഹുവചനമാണ്. എന്നാൽ അത് ഏകവചനമായി തർജ്ജമ ചെയ്യുകയും പഴയനിയമ ദൈവത്തെ പരാമർശിക്കുമ്പോൾ ഏകവചന ക്രിയ ഉപയോഗിക്കുകയും ചെയ്യുന്നു. 6:20 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിനുള്ള പേരുകൾ കാണുക. ഇത് ചിലപ്പോൾ യോഹന്നാന്റെ സവിശേഷതയായ ദ്വയാർത്ഥ പ്രയോഗമാകാം: (1) രണ്ട് ലക്ഷ്യാർത്ഥങ്ങളുള്ള ഒരു പദപ്രയോഗം, (2) "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്ന ഒരു ഗ്രീക്ക് ചോദ്യം.

**10:35 "തിരുവെഴുത്തിനു നീക്കം വന്നുകൂടായല്ലോ"** യേശുവിന്റെ സംഭാഷണങ്ങളെക്കുറിച്ച് യോഹന്നാൻ മിക്കപ്പോഴും അഭിപ്രായം രേഖപ്പെടുത്തുന്നുണ്ട്. ഇത് യേശുവിന്റെ പ്രസ്താവന ആണോ അതോ യോഹന്നാന്റെ ആണോ എന്ന കാര്യത്തിൽ ഉറപ്പില്ല. എന്നിരുന്നാലും, രണ്ടും ദൈവനിശ്വാസീയമായതിനാൽ, അത് വിഷയമല്ല. തിരുവെഴുത്തിന്റെ വിശ്വാസ്യതയെയാണ് ഈ ഉദ്ധരണി ലക്ഷ്യമാക്കുന്നത്. യേശുവും അപ്പൊസ്തലന്മാരും പഴയനിയമത്തെയും അതിനു തങ്ങൾ നൽകിയ വ്യാഖ്യാനങ്ങളെയും ദൈവത്തിന്റെ സ്വന്തം വാക്കുകളായാണ് കണ്ടത് (ഒ.നോ. മത്താ. 5:17-19; 1 കൊരി. 2:9-13; 1 തെസ്സ. 2:13; 2 തിമൊ. 3:16; 1 പത്രൊ. 1:23-25; 2 പത്രൊ. 1:20-21; 3:15-16). *ദി ലൈഫ് ഓഫ് ബിഷപ്പ് മൗൾ* എന്ന ഗ്രന്ഥത്തിൽ ബിഷപ്പ് എച്ച്.സി.ജി. മൗൾ പറയുന്നത്,

> "അവൻ (ക്രിസ്തു) ബൈബിൾ പൂർണ്ണമായി വിശ്വസിച്ചു, അതിനാൽ എനിക്കു വിശദീകരിക്കുവാൻ കഴിയാത്തതും സങ്കീർണ്ണവും എന്നെ കുഴയ്ക്കുന്നതുമായ കാര്യങ്ങൾ ബൈബിളിൽ ഉണ്ടെങ്കിലും ഞാൻ അന്ധമായിട്ടല്ല, ഭയഭക്തിയോടെ ഞാൻ യേശു മുഖാന്തരം ബൈബിൾ വിശ്വസിക്കുന്നു" (പേജ് 138).

**10:36** പിതാവ് അവനെ തിരഞ്ഞെടുത്തു ("വേർതിരിച്ചു" അല്ലെങ്കിൽ "വിശുദ്ധീകരിച്ചു"), അവനെ അയച്ചു (മിശിഹാ ആയി) എന്ന് യേശു അവകാശപ്പെടുന്നു. അതുകൊണ്ട് "ദൈവപുത്രൻ" എന്നു വിളിക്കപ്പെടുവാനുള്ള യോഗ്യത അവന് തീർച്ചയായും ഉണ്ട്. യിസ്രായേലിലെ ന്യായാധിപന്മാർ ദൈവത്തെ പ്രതിനിധീകരിച്ചതുപോലെ (ഒ.നോ. സങ്കീ. 82:6) അവൻ പിതാവിനെ പ്രതിനിധീകരിക്കുന്നത് വാക്കിലും പ്രവൃത്തിയിലും ആകുന്നു. 5:4 ലെ പ്രത്യേക പഠനപഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ*) കാണുക.

**10:37** വാ. 19-21 ൽ ഇതു തന്നെയാണ് പറയുന്നത്. ദൈവത്തിന്റെ പ്രവത്തിയെയാണ് യേശുവിന്റെ അത്ഭുതങ്ങൾ പ്രതിഫലിപ്പിച്ചത്.

**10:37,38 "എങ്കിൽ ... എങ്കിൽ"** പിതാവിന്റെ പ്രവൃത്തികളാണ് യേശു ചെയ്തത്. അങ്ങനെയെങ്കിൽ, യേശുവും പിതാവും ഒന്നായിരിക്കുന്നു എന്ന ഉറപ്പിൽ അവർ അവനിൽ വിശ്വസിക്കണം (ഒ.നോ. വാ. 30,38). പ്രത്യേക പഠന വിഷയം: 1 യോഹ. 2:10 ൽ വസിക്കുക കാണുക.

**10:39** തന്നെ ഉപദ്രവിക്കുവാൻ ശ്രമിച്ചവരുടെ കൈയിൽ നിന്നും യേശു ഒഴിഞ്ഞു മാറുന്ന നിരവധി സന്ദർഭങ്ങളിൽ ഒന്നാണിത് (ഒ.നോ. ലൂക്കൊ. 4:29-30; യോഹ, 8:59). ഈ രക്ഷപെടലിൽ (1) ഒരു അത്ഭുത പ്രവൃത്തിയാണോ (2) യോശുവിന്റെ ശരീരപ്രകൃതി ജനങ്ങളിലൊരാളെപ്പോലെയായതിനാൽ ജനക്കൂട്ടത്തിൽ മറയുവാൻ അവനു സാധിച്ചിരുന്നു എന്നതാണോ എന്നു ഉറപ്പിക്കുവാൻ സാധ്യമല്ല.

### യോഹന്നാൻ 10:40-41

**[40]അവൻ യോർദ്ദാന്നക്കരെ യോഹന്നാൻ ആദിയിൽ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്ന സ്ഥലത്തു പിന്നെയും ചെന്നു അവിടെ പാർത്തു. [41]പലരും അവന്റെ അടുക്കൽ വന്നു: യോഹന്നാൻ അടയാളം ഒന്നും ചെയ്തിട്ടില്ല; എന്നാൽ ഇവനെക്കുറിച്ചു യോഹന്നാൻ പറഞ്ഞതു ഒക്കെയും സത്യമായിരുന്നു എന്നു പറഞ്ഞു. അവിടെ പലരും അവനിൽ വിശ്വസിച്ചു.**

**10:40** ബെഥാന്യ എന്ന പട്ടണത്തോട് ചേർന്നിരിക്കുന്നതും യെരിഹോയുടെ എതിർവശത്ത് യോർദ്ദാന്നക്കരെ ഉള്ളതുമായ സ്ഥലമാണിത്.

**10:41** യേശുവിനെക്കുറിച്ചുള്ള യോഹന്നാൻ സ്നാപകന്റെ സ്ഥിരീകരണത്തെയാണ് വീണ്ടും യോഹന്നാൻ പ്രസ്താവിക്കുന്നത് (ഒ.നോ. 1:6-7, 19-42; 3:22-30; 5:33)! യോഹന്നാൻ സ്നാപകനുമായി ബന്ധപ്പെട്ട് ഉളവായ ചില ദുരുപദേശങ്ങൾക്ക് എതിരെ ശബ്ദമുയർത്താനായിരിക്കാം ഇത് പറയുന്നത്.

യെഹൂദനേതാക്കന്മാർ യേശുവിനെ തിരസ്കരിച്ചിരുന്നു എങ്കിലും, സാധാരണക്കാരായ നിരവധി ജനങ്ങൾ (പ്രാദേശിക ജനങ്ങൾ) അവനിൽ വിശ്വാസം അർപ്പിച്ചു (ഒ.നോ. 2:23; 7:31; 8:30). 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എന്തുകൊണ്ടാണ് യോഹന്നാൻ തന്റെ എഴുത്തുകളിൽ കൂടെക്കൂടെ രൂപകാലങ്കാരങ്ങൾ കൂട്ടിക്കലർത്തുന്നത് (ഉദാ. "യേശു ഒരേ സമയം ആട്ടിൻ തൊഴുത്തിന്റെ വാതിലും നല്ലിടയനും ആകുന്നു")?
2. യോഹന്നാൻ 10-ാം അദ്ധ്യായത്തിന്റെ പഴയനിയമ പശ്ചാത്തലം എന്താണ്
3. യേശു "ജീവനെ കളയുന്നു" എന്നതിന്റെ പ്രാധാന്യം എന്താണ്?
4. യേശു ഭൂതം ബാധിച്ചവനാണെന്ന് യെഹൂദന്മാർ തുടർച്ചയായി കുറ്റപ്പെടുത്തിയത് എന്തുകൊണ്ടാണ്?
5. യേശുവിന്റെ പ്രവൃത്തികൾ പ്രാധാന്യം ഉള്ളതായിരിക്കുന്നത് എന്തുകൊണ്ട്?
6. "വിശ്വാസിയുടെ രക്ഷാഭദ്രത" എന്നതിനെ "വിശ്വാസിയുടെ സ്ഥിരോത്സാഹം" എന്നതുമായി എങ്ങനെ നമുക്ക് ബന്ധപ്പെടുത്താൻ കഴിയും?

# യോഹന്നാൻ 11

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ലാസറിന്റെ മരണം | ലാസറിന്റെ മരണം | ലാസറിന്റെ ഉയിർപ്പ് | ലാസറിന്റെ മരണം | ലാസറിന്റെ പുനരുത്ഥാനം |
| 11:1-16 | 11:1-16 | 11:1-6 | 11:4 | 11:1-4 |
| | | | 11:5-7 | 11:5-10 |
| | | 11:7-16 | | |
| | | | 11:8 | |
| | | | 11:9-11 | |
| | | | | 11:11-16 |
| | | | 11:12 | |
| | | | 11:13-15 | |
| | | | 11:16 | |
| യേശു പുനരുത്ഥാനവും ജീവനും | ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു | | യേശു പുനരുത്ഥാനവും ജീവനും | |
| 11:17-27 | 11:17-27 | 11:17-27 | 11:17-19 | 11:17-27 |
| | | | 11:20-22 | |
| | | | 11:23 | |
| | | | 11:24 | |
| | | | 11:25-26 | |
| | | | 11:27 | |
| യേശു കരയുന്നു | യേശുവും മരണവും അവസാന ശത്രു | | യേശു കരയുന്നു | |
| 11:28-37 | 11:28-37 | 11:28-37 | 11:28-31 | 11:28-31 |
| | | | 11:32 | 11:32-42 |
| | | | 11:33-34a | |
| | | | 11:34b | |
| | | | 11:35-36 | |
| | | | 11:37 | |
| ലാസറിനെ ജീവിപ്പിക്കുന്നു | ലാസറിനെ മരണത്തിൽനിന്നും ഉയിർപ്പിക്കുന്നു | | ലാസറിനെ ജീവിപ്പിക്കുന്നു | |
| 11:38-44 | 11:38-44 | 11:38-44 | 11:38-39a | |
| | | | 11:39b | |
| | | | 11:40-44 | |
| | | | | 11:43-44 |
| യേശുവിനെ കൊല്ലുവാനുള്ള പദ്ധതി | യേശുവിനെ കൊല്ലുവാനുള്ള പദ്ധതി | | യേശുവിനെതിരായ ഗൂഢാലോചന | യെഹൂദപ്രമാണികൾ യേശുവിന്റെ മരണം തീരുമാനിക്കുന്നു |
| 11:45-53 | 11:45-57 | 11:45-53 | 11:45-48 | 11:45-54 |
| | | | 11:49-52 | |
| | | | 11:53-54 | |

| | | | |
|---|---|---|---|
| 11:54 | 11:54 | | പെസഹ സമീപിക്കുന്നു |
| 11:55–57 | 11:55–57 | 11:55–57 | 11:55–57 |

# മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# ദൈവശാസ്ത്ര സംഗ്രഹം

അദ്ധ്യായം 11 ന്റെ ദൈവശാസ്ത്ര പ്രാധാന്യം ഇവയാണ്.

1. യേശുവിന്റെ ശക്തിയുടെയും അധികാരത്തിന്റെയും പ്രദർശനം തുടരുന്നു.
2. യേശു മഹത്വപ്പെടേണ്ടതിന് അവസരം ഒരുക്കുന്നതിനുള്ള ദൈവിക പദ്ധതിയായിരുന്നു ലാസറിന്റെ മരണം.
3. യേശുവുമായുള്ള മാർത്തയുടെ സംഭാഷണം, അവളുടെ മഹത്തായ ഏറ്റുപറച്ചിലിനും യേശുവിന്റെ തുടർന്നുള്ള സ്വയ-വെളിപ്പെടുത്തലിനും (അതാ. പുനരുത്ഥാനവും ജീവനും, വാ. 25) അവസരം ഒരുക്കുന്നു.
4. യേശു ഇപ്പോൾ നിത്യജീവൻ നൽകുന്നു (നിവൃത്തിയായ അന്ത്യകാലശാസ്ത്രം). ഇത് ലാസറിന്റെ ഉയിർത്തെഴുന്നേല്പിൽ പ്രതീകവത്കരിക്കപ്പെട്ടിരിക്കുന്നു. യേശുവിന് മരണത്തിന്മേൽ നിയന്ത്രണമുണ്ട്!
5. ഈ ശക്തമായ അത്ഭുതത്തിന്റെ മുമ്പിലും, അവിശ്വാസം തുടരുന്നു (അതാ. ക്ഷമിക്കപ്പെടാത്ത പാപം, 5:21 ലെ പ്രത്യേക പഠനവിഷയം കാണുക).

# പദ, ശൈലീ പഠനം

**യോഹന്നാൻ 11:1-16**

**1മറിയയുടെയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബെഥാന്യയിലെ ലാസർ എന്ന
ഒരുത്തൻ ദീനമായിക്കിടന്നു. 2ഈ മറിയ ആയിരുന്നു കർത്താവിനെ പരിമളതൈലം പൂശി തന്റെ
തലമുടികൊണ്ട് അവന്റെ കാൽ തുടച്ചത്. അവളുടെ സഹോദരനായ ലാസർ ആയിരുന്നു ദീനമായി
കിടന്നത്. 3ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു: കർത്താവേ, നിനക്കു പ്രിയനായവൻ
ദീനമായിക്കിടക്കുന്നു എന്നു പറയിച്ചു. 4യേശു അതു കേട്ടിട്ട്: ഈ ദീനം മരണത്തിന്നായിട്ടല്ല, ദൈവപുത്രൻ
മഹത്വപ്പെടേണ്ടതിന്നു ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ എന്നു പറഞ്ഞു. 5യേശു മാർത്തയെയും
അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചു. 6എന്നിട്ടും, അവൻ ദീനമായിക്കിടക്കുന്നു എന്നു
കേട്ടപ്പോൾ, താൻ അന്നു ഇരുന്ന സ്ഥലത്തു രണ്ടു ദിവസം പാർത്തു. 7അതിന്റെ ശേഷം അവൻ
ശിഷ്യന്മാരോട്: നാം വീണ്ടും യെഹൂദ്യയിലേക്കു പോക എന്നു പറഞ്ഞു. 8ശിഷ്യന്മാർ അവനോട്: റബ്ബീ,
യെഹൂദന്മാർ ഇപ്പോൾതന്നേ നിന്നെ കല്ലെറിയുവാൻ ഭാവിച്ചുവല്ലോ; നീ പിന്നെയും അവിടെ പോകു
ന്നുവോ എന്നു ചോദിച്ചു. 9അതിന്നു യേശു: പകലിനു പന്ത്രണ്ടു മണി നേരം ഇല്ലയോ? പകൽ സമയത്തു
നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് ഇടറുന്നില്ല; 10രാത്രിയിൽ നടക്കുന്നവനോ,**

**അവന്നു വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു എന്ന് ഉത്തരം പറഞ്ഞു. [11]ഇതു പറഞ്ഞിട്ട് അവൻ: നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു എന്ന് അവരോടു പറഞ്ഞു. [12]ശിഷ്യന്മാർ അവനോട്: കർത്താവേ, അവൻ നിദ്രകൊള്ളുന്നു എങ്കിൽ അവന്നു സൗഖ്യം വരും എന്നു പറഞ്ഞു. [13]യേശുവോ അവന്റെ മരണത്തെക്കുറിച്ച് ആയിരുന്നു പറഞ്ഞത്: ഉറക്കം എന്ന നിദ്രയെക്കുറിച്ചു പറഞ്ഞു എന്ന് അവർക്കു തോന്നിപ്പോയി. [14]അപ്പോൾ യേശു സ്പഷ്ടമായി അവരോട്: ലാസർ മരിച്ചുപോയി; [15]ഞാൻ അവിടെ ഇല്ലാത്തതുകൊണ്ടു നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു; നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ; എന്നാൽ നാം അവന്റെ അടുക്കൽ പോക എന്നു പറഞ്ഞു. [16]ദിദിമൊസ് എന്നു പേരുള്ള തോമാസ് സഹശിഷ്യന്മാരോട്: അവനോടുകൂടെ മരിക്കേണ്ടതിനു നാമും പോക എന്നു പറഞ്ഞു.**

**11:1 "മറിയ"** "മിര്യാം" എന്ന എബ്രായ നാമമാണിത്.

▣ **"മാർത്ത"** "യജമാനത്തി" എന്നതിനുള്ള ആരാമ്യ പദം. മൂത്തവളായ മാർത്തയെ ആദ്യം പരാമർശിക്കാത്തത് അസാധാരണമാണ്; ലൂക്കൊ. 10:38-42 നോടു ബന്ധപ്പെട്ടായിരിക്കാം മറിയയെ ആദ്യം പരാമർശിക്കുന്നത്.

▣ **"ബേഥാന്യ"** 1:28; 10:40 ൽ പരാമർശിച്ചിരിക്കുന്ന ബേഥാന്യ അല്ല ഇത്. അത് യോർദ്ദാനരികെ യെരീഹോവിനോടു ചേർന്ന സ്ഥലമാണ്. ഈ ബേഥാന്യ, യെരുശലേമിന് രണ്ടു മൈൽ തെക്കു കിഴക്ക്, ഒലിവുമലയുടെ അതേ പർവ്വത പ്രദേശത്തുള്ളതാണ്. യേശു യെരൂശലേമിൽ വരുമ്പോഴൊക്കെ പാർക്കാറുള്ളത് ഇവിടെയാണ്.

▣ **"ലാസർ"** "ദൈവം സഹായിക്കുന്നു" അല്ലെങ്കിൽ "ദൈവം സഹായകൻ" എന്നർത്ഥമുള്ള "എലീയേസെർ" എന്ന എബ്രായപേരാണിത്. യേശുവിന് മറിയ, മാർത്ത, ലാസർ എന്നിവരോടുള്ള സ്നേഹം വായനക്കാർക്ക് അറിയാമെന്ന് യോഹന്നാൻ ഊഹിക്കുന്നു (ഒ.നോ. ലൂക്കൊ. 10:38-42, സമവീക്ഷണ സുവിശേഷങ്ങളിൽ ഇവരെക്കുറിച്ചുള്ള ഏക പരാമർശമാണിത്).

▣ **"ഒരുത്തൻ ദീനമായിക്കിടന്നു"** അപൂർണ്ണ കാലമാണിത്. ദീർഘനാളുകളായി അവൻ രോഗിയായി കിടക്കുകയായിരുന്നുവെന്നാണിതു സൂചിപ്പിക്കുന്നത്. എന്നിരുന്നാലും അപൂർണ കാലത്തെ "രോഗിയാകാൻ ആരംഭിച്ചു" എന്നും വ്യാഖ്യാനിക്കാം.

**11:2 "ഈ മറിയ ആയിരുന്നു കർത്താവിനെ പരിമള തൈലം പൂശി തന്റെ തലമുടികൊണ്ടു അവൻ കാൽ തുടച്ചത്"** യോഹന്നാന്റെ മറ്റൊരു പത്രാധിപ അഭിപ്രായമാണ് വാ. 2. മറിയയുടെ ഭക്തി സംബന്ധിച്ച ഈ വിവരണം (ഒ.നോ. 12:2-8) മത്തായിയിലും (ഒ.നോ. 26:6-13) മർക്കൊസിലും (ഒ.നോ. 14:3-9) കാണാം. ലൂക്കൊ. 7:36 മുതൽ കാണുന്ന സമാനമായ ഒരു തൈലം പൂശലിൽ കാണുന്നത് ഒരു വ്യത്യസ്ത സ്തീയെയാണ്.

സുവിശേഷത്തിൽ ഇനിയും വിവരിക്കാനിരിക്കുന്ന ഒരു സംഭവത്തെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. അദ്ധ്യായം 12-ലാണതു രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കുടുംബത്തെക്കുറിച്ച് വായനക്കാർ മറ്റു സ്രോതസ്സുകളിൽ നിന്നും മനസ്സിലാക്കിയിരിക്കും എന്നു യോഹന്നാൻ കരുതിയിരുന്നു എന്നാണ് ചിലർ ഇതിനെക്കുറിച്ചു ചിന്തിക്കുന്നത്.

## പ്രത്യേക പഠനവിഷയം: അഭിഷേകം (തൈലം പൂശൽ) ബൈബിളിൽ (BDB 603)

A. സൗന്ദര്യവർദ്ധനയ്ക്ക് (ഒ.നോ. ആവ. 28:40; രൂത്ത് 3:3; 2 ശമൂ. 12:20; 14:2; 2 ദിന. 28:15; ദാനീ. 10:3; ആമോ. 6:6; മീഖാ 6:15).
B. അതിഥികൾക്ക് (ഒ.നോ. സങ്കീ. 23:5; ലൂക്കൊ. 7:38, 46; യോഹ. 11:2).
C. സൗഖ്യത്തിനായി (ഒ.നോ. യെശ. 61:1; യിരെ. 51:8; മർക്കൊ. 6:13; ലൂക്കൊ. 10:34; യാക്കോ. 5:14). (ആരോഗ്യപരമായ അർത്ഥത്തിൽ യെഹെ. 16:9 ൽ).
D. ശവസംസ്കാരത്തിന് (ഒ.നോ. ഉല്പ. 50:2; 2 ദിന. 16:14; മർക്കൊ. 16:1; യോഹ. 12:3,7; 19:39-40)
E. മതപരമായ അർത്ഥത്തിൽ (ഒരു വസ്തുവിനെ, ഒ.നോ. ഉല്പ. 28:18,20; 33:13 (ഒരു തൂണിനെ); പുറ. 29:36 (യാഗപീഠത്തെ); പുറ. 30:26; 40:9-16; ലേവ്യ. 8:10-13; സംഖ്യ. 7:1 (സമാഗമന കൂടാരത്തെ).
F. നേതാക്കളെ നിയമിക്കുന്നതിന്
   1. പുരോഹിതന്മാർ
      a. അഹരോൻ (പുറ. 28:41; 29:7; 30:30)
      b. അഹരോന്റെ പുത്രന്മാർ (പുറ. 40:15; ലേവ്യ. 7:36).
      c. സാധാരണ പ്രയോഗം അഥവാ പേര് (സംഖ്യ. 3:3; ലേവ്യ. 16:32)
   2. രാജാക്കന്മാർ
   a. ദൈവത്താൽ (ഒ.നോ. 1 ശമൂ. 2:10; 2 ശമൂ. 12:7; 2 രാജാ. 9:3,6,12; സങ്കീ. 45:7; 89:20).

b. പ്രവാചകന്മാരാൽ (ഒ.നോ. 1 ശമൂ. 9:16; 10:1; 15:1, 17; 16:3,12–13; 1 രാജാ. 1:45; 19:15–16).
c. പുരോഹിതന്മാരാൽ (ഒ.നോ. 1 രാജാ. 1:34,39; 2 രാജാ. 11:12).
d. മൂപ്പന്മാരാൽ (ഒ.നോ.ന്യായാ. 9:8,15; 2 ശമൂ. 2:7; 5:3; 2 രാജാ. 23:30).
e. യേശു മശിഹൈക രാജാവായി (ഒ.നോ. സങ്കീ. 2:2; ലൂക്കൊ. 4:18; [യെശ. 61:1]; പ്രവൃ. 4:27; 10:38; എബ്രാ. 1:9 [സങ്കീ. 45:7].
f. യേശുവിന്റെ അനുയായികൾ (ഒ.നോ. 2 കൊരി. 1:21; 1 യോഹ. 2:20,27 (ക്രിസ്മാ-*χρισμα*)
3. പ്രവാചകന്മാർ (സാധ്യത, ഒ.നോ. യെശ. 61:1).
4. ദൈവിക വിടുതലിനായി അവിശ്വാസികളായ ഉപകരണങ്ങൾ
a. കോരെശ് (ഒ.നോ. യെശ. 45:1).
b. സോർ രാജാവ് (ഒ.നോ. യെഹെ. 28:18, എവിടെ അവൻ ദദോം സാദൃശ്യങ്ങളെ ഉപയോഗിക്കുന്നു).
5. "മശിഹാ" എന്ന പദം/പേരിന് "അഭിഷക്തൻ" എന്നാണർത്ഥം (BDB 603).

**11:3 "ആ സഹോദരിമാർ അവന്റെ അടുക്കൽ ആളയച്ചു"** യോർദ്ദാനക്കരെ പെരിയയിൽ ആയിരുന്ന യേശുവിനെ അവർ സന്ദേശമറിയിച്ചു.

▣ **"നിനക്കു പ്രിയനായവൻ ദീനമായ്കിടക്കുന്നു"** ഈ ഭവനത്തോടുള്ള യേശുവിന്റെ അതുല്യമായ ബന്ധത്തെയാണിതു കാണിക്കുന്നത്. *ഫിലെയോ* എന്ന ഗ്രീക്കുപദമാണിത്. എങ്കിലും കൊയ്നേ ഗ്രീക്കിൽ, *ഫിലെയോ അഗാപ്പാവോ* എന്നിവ മാറി മാറി ഉപയോഗിക്കാറുണ്ട് (ഒ.നോ. വാ. 5; 3:35; 5:20).

**11:4 "ഈ ദീനം മരണത്തിന്നായിട്ടല്ല ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്"** ലാസർ ദീനമായി കിടക്കുന്ന കാര്യം യേശു അറിഞ്ഞിരുന്നു എന്നിതു സൂചിപ്പിക്കുന്നു. അവനെ ഉയർത്തെഴുന്നേല്പിക്കുന്നതിലൂടെ തന്നിലൂടെ പിതാവിന് തന്റെ ശക്തി വെളിപ്പെടുത്തുന്നതിന് അവസരം ലഭിക്കേണ്ടതിനായി അവൻ അവനെ മരിക്കുവാനനുവദിച്ചു. രോഗവും കഷ്ടവും ചിലപ്പോഴൊക്കെ ദൈവത്തിന്റെ ഹിതമാണ് (ഒ.നോ. 9:3; ഇയ്യോബിന്റെ പുസ്തകം; 2 കൊരി. 12:7–10).

▣ **"ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന്"** "ദൈവം" എന്ന പദം പുരാതന പാപ്പിറസ് കയ്യെഴുത്തു പ്രതികളായ $P^{45}$, $P^{66}$, എന്നിവയിൽ ഇല്ല. രോഗം പിതാവിനും പുത്രനും മഹത്വം കൊണ്ടുവരുന്നതാണ്. ഈ സന്ദർഭത്തിലെ യേശുവിന്റെ മഹത്വം ഒരുവൻ പ്രതീക്ഷിക്കുന്നതിലും വ്യത്യസ്തമായതാണ്. യോഹന്നാന്റെ സുവിശേഷത്തിലുടനീളം ഈ പദം യേശുവിന്റെ ക്രൂശീകരണത്തെയും അവന്റെ മഹത്വീകരണത്തെയുമാണു സൂചിപ്പിക്കുന്നത്. ലാസറിന്റെ ഉയർപ്പ്, യേശുവിന്റെ മരണത്തിനുവേണ്ടി മുറവിളി കൂട്ടുവാൻ യെഹൂദ നേതൃത്വത്തെ പ്രേരിപ്പിച്ചു.

▣ **"ദൈവത്തിന്റെ മഹത്വത്തിനായി"** യേശുവിന്റെ പ്രവൃത്തികൾ "ദൈവത്തിന്റെ മഹത്വം" വെളിപ്പെടുത്തുന്നു. 1:14 ലെ കുറിപ്പു കാണുക.

**11:5** യോഹന്നാന്റെ മറ്റൊരു പത്രാധിപ അഭിപ്രായം (ഒ.നോ. വാ. 36).

**11:6 "അന്നു ഇരുന്ന സ്ഥലത്തു രണ്ടു ദിവസം പാർത്തു"** ലാസർ മരിക്കുന്നതുവരെ യേശു താമസിച്ചു! യേശുവിന് മുഖപക്ഷമില്ല. ഈ രോഗത്തിനു പിന്നിൽ ഒരു ദൈവികോദ്ദേശ്യമുണ്ടായിരുന്നു (ഒ.നോ. വാ. 15; 9:3).

**11:7 "അതിന്റേശേഷം അവൻ ശിഷ്യന്മാരോടു: നാം വീണ്ടും യെഹൂദ്യയിലേക്കു പോക"** തുടർന്നു കാണുന്ന സംഭാഷണത്തിൽ നിന്നു യെഹൂദന്മാർ യേശുവിനെ കല്ലെറിയാനിരിക്കുകയാണെന്ന് ശിഷ്യന്മാർക്കു നല്ല ബോധ്യമുണ്ടായിരുന്നു എന്നു മനസ്സിലാക്കാം (ഒ.നോ. വാ. 8; 8:54; 10:31,39). ശിഷ്യന്മാർ വിശ്വാസത്തിന്റെയും ഭയത്തിന്റെയും അസാധാരണമായൊരു സമ്മിശ്രവികാരമാണു പ്രകടിപ്പിക്കുന്നത് (ഒ.നോ. 16). തോമാസ് പലപ്പോഴും സംശയിക്കുന്ന ശിഷ്യനായാണു കണക്കാക്കപ്പെടാറുള്ളത്. എന്നാലിവിടെ അവൻ യേശുവിനോടു കൂടെ മരിക്കാൻ തയ്യാറാകുന്നു (ഒ.നോ. വാ. 16).

മൈക്കിൾ മംഗിൽ തന്റെ *ന്യൂടെസ്റ്റ്മെന്റ് ട്രാൻസ്ലൈൻ* എന്ന ഗ്രന്ഥത്തിൽ നല്ലൊരു നിരീക്ഷണം നടത്തുന്നത്, വാ. 7 ലെ "നാം ... പോക" എന്നത് വാ. 11-ൽ "എങ്കിലും ഞാൻ പോകുന്നു" എന്നായി മാറുന്നു എന്നാണ്. ശിഷ്യന്മാർ ഭയവിഹ്വലരും സംശയാലുക്കളുമായിരുന്നു എങ്കിലും യേശു ഉറപ്പുള്ളവനായിരുന്നു. തോമാസാണ് വാ. 16-ൽ യേശുവിനോടു കൂടെ പോകാൻ തയ്യാറാകുന്നത് ("നാമും പോക").

**11:9–10** ഇത് ഈ അദ്ധ്യായത്തെ 8:12 നോടും 9:4–5 നോടും യോജിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരിക്കാം (ഒ.നോ. 12:35). വാ. 9a, "അതേ" എന്നൊരു ഉത്തരമാണു പ്രതീക്ഷിക്കുന്നത്.

ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരും (അതാ. യേശു) ചെയ്യാത്തവരും (വാ. 10, യെഹൂദന്മാർ) തമ്മിൽ വ്യക്തമായ ഒരു വൈരുദ്ധ്യം ഉണ്ട്. പിതാവ് തന്നെ അയയ്ക്കുന്നിടത്തേക്കു പോകുന്നത് യേശുവിനു പറ്റുന്ന തെറ്റല്ല, കാരണം അവൻ ലോകത്തിന്റെ വെളിച്ചമാണ്!

വെളിച്ചവും ഇരുളും തമ്മിലുള്ള ഈ വൈരുദ്ധ്യം യെഹൂദ ജ്ഞാനസാഹിത്യത്തിന്റെയും കുമ്രാൻ എഴുത്തുകളുടെയും സവിശേഷതയാണ് (ഉദാ. "വെളിച്ചത്തിന്റെ പുത്രന്മാരുടെയും ഇരുട്ടിന്റെ പുത്രന്മാരുടെയും ചുരുൾ" അല്ലെങ്കിൽ "ഇരുട്ടിന്റെ പുത്രന്മാർക്കെതിരായി വെളിച്ചത്തിന്റെ പുത്രന്മാരുടെ യുദ്ധം").

**11:11 "നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു"** ഇവിടുത്തെ ക്രിയ പൂർണ്ണ കർമ്മിണി സൂചകമാണ്. ശിഷ്യന്മാർ യേശുവിന്റെ വാക്കുകൾ ആക്ഷരികമായി എടുക്കുന്നതിനാൽ അവനെ മിക്കപ്പോഴും തെറ്റിദ്ധരിക്കുന്നു (ഒ.നോ. വാ. 13). യേശു ഉപയോഗിക്കുന്ന മരണത്തെക്കുറിച്ചുള്ള ഈ സാദൃശ്യം അതിന്റെ പഴയനിയമ ഉപയോഗത്തെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. ആവ. 31:16; 2 ശമൂ. 7:12; 1 രാജാ. 1:21; 2:10; 11:21,43; 14:20 ആദി). "സെമിത്തേരി" എന്ന പദം "ഉറക്കം" എന്നതിനുള്ള അതേ ഗ്രീക്കു മൂലപദത്തിൽ നിന്നും വന്നതാണ്.

**11:12 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ ശരിയായതോ അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തെ സഹായിക്കുന്നതോ ആയ ഉത്തമപുരുഷ സോപാധിക വാചകമാണിത്.

▣ **"അവനു സൗഖ്യം വരും"** "ശാരീരിക വിടുതൽ" (ഒ.നോ. യാക്കോ. 5:15) എന്ന അർത്ഥത്തിൽ "രക്ഷ" എന്ന് പഴയ നിയമത്തിൽ ഉപയോഗിക്കുന്ന പദമാണിത്. ശിഷ്യന്മാർ വീണ്ടും യേശുവിന്റെ ആലങ്കാരിക ഭാഷയെ ആക്ഷരികമായി എടുത്തതിനാൽ അവനെ തെറ്റിദ്ധരിക്കുന്നു (അതാ. ഉറക്കം). യേശുവിന്റെ വാക്കുകളെ ഇപ്രകാരം തെറ്റിദ്ധരിക്കുന്നത് യോഹന്നാന്റെ സുവിശേഷത്തിന്റെ സവിശേഷതയാണ് (അതാ. വാ. 23-24). അവൻ മേലിൽ നിന്നുള്ളവനാണ്. അവർ താഴെ നിന്നുള്ളവരും. ആത്മാവിന്റെ സഹായമില്ലാതെ (അതാ. പെന്തെക്കോസ്ത്) അവർക്ക് ഗ്രഹിക്കാൻ കഴികയില്ല.

**11:13"അപ്പോൾ യേശു സ്പഷ്ടമായി അവരോടു"** 7:4 ലെ പ്രത്യേക പഠന വിഷയം: *പരിസിയ* കാണുക.

**11:15 "ഞാൻ അവിടെ ഇല്ലാത്തതുകൊണ്ടു നിങ്ങളെ വിചാരിച്ചു സന്തോഷിക്കുന്നു; നിങ്ങൾ വിശ്വസിപ്പാൻ ഇടയാകുമല്ലോ"** ലാസറിനെ ഉയിർപ്പിക്കുന്നത് ലാസറിനോട് അവനുള്ള സ്നേഹബന്ധം നിമിത്തമോ അല്ലെങ്കിൽ മറിയയുടെയും മാർത്തയുടെയും ദുഃഖം നിമിത്തമോ അല്ല, പിന്നെയോ (1) ശിഷ്യന്മാരുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും (വാ. 14), (2) യെഹൂദ പുരുഷാരത്തിന്റെ വിശ്വാസത്തെ ഉണർത്തുന്നതിനും (വാ. 42) ആണെന്ന് യേശു ഉറപ്പിച്ചു പറയുന്നു. യോഹന്നാനിൽ വിശ്വാസം ഒരു പ്രക്രിയയാണ്. ചിലപ്പോൾ അതു വികസിക്കുന്നു (അതാ. ശിഷ്യന്മാർ, ഒ.നോ. 2:11), ചിലപ്പോൾ ഇല്ല (അതാ. അരികെ നിൽക്കുന്നവർ, ഒ.നോ. 8:31-59).

**11:16** ഈ വാക്യം തോമാസിന്റെ വിശ്വാസത്തെ വ്യക്തമായി വെളിപ്പെടുത്തുന്നു. യേശുവിനോടുകൂടി മരിക്കാൻ അവൻ മനസ്സുള്ളവനായിരുന്നു. മനുഷ്യന്റെ ഏറ്റവും വലിയ ഭയമായ മരണത്തിന്റെമേലുള്ള യേശുവിന്റെ അധികാരം ശിഷ്യന്മാരെ കാണിക്കേണ്ടതാവശ്യമായിരുന്നു.

ഗ്രീക്കിൽ ദിദിമൊസ് എന്നതുപോലെ അരാമ്യയിൽ "ഇരട്ട" (മറ്റൊരു പത്രാധിപക്കുറിപ്പ്) എന്നാണ് തോമാസ് എന്ന വാക്കിനർത്ഥം. സമവീക്ഷണ സുവിശേഷങ്ങളിൽ അപ്പൊസ്തലന്മാരുടെ പട്ടികയിൽ അവനുണ്ട് (ഒ.നോ. മത്താ. 10:3; മർക്കൊ. 3:18; ലൂക്കൊ. 6:15). യോഹന്നാന്റെ സുവിശേഷം അവനെക്കുറിച്ച് കൂടെക്കൂടെ പറയുന്നുണ്ട് (ഒ.നോ. 11:16; 14:5; 20:24-29; 21:2). 1:45 ലെ പ്രത്യേക പഠനവിഷയം: അപ്പൊസ്തലന്മാരുടെ പേരുകളുടെ പട്ടിക കാണുക.

## യോഹന്നാൻ 11:17-27

**[17]യേശു അവിടെ എത്തിയപ്പോൾ അവനെ കല്ലറയിൽ വച്ചിട്ടു നാലുദിവസമായി എന്നു അറിഞ്ഞു. [18]ബെഥാന്യ യെരൂശലേമിന്നരികെ ഏകദേശം രണ്ടു നാഴിക ദൂരത്തായിരുന്നു. [19]മാർത്തയെയും മറിയയെയും സഹോദരനെക്കുറിച്ചു ആശ്വസിപ്പിക്കേണ്ടതിന്നു പല യെഹൂദന്മാരും അവരുടെ അടുക്കൽ വന്നിരുന്നു. [20]യേശു വരുന്നു എന്നു കേട്ടിട്ടു മാർത്ത അവനെ എതിരേല്പാൻ ചെന്നു; മറിയയോ വീട്ടിൽ ഇരുന്നു. [21]മാർത്ത യേശുവിനോട്: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു. [22]ഇപ്പോഴും നീ ദൈവത്തോട് എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു എന്നു പറഞ്ഞു. [23]യേശു അവളോട്: നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും എന്നു പറഞ്ഞു. [24]മാർത്ത അവനോട്: ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയർത്തെഴുന്നേല്ക്കും എന്നു ഞാൻ അറിയുന്നു എന്ന് പറഞ്ഞു. [25]യേശു അവളോട്: ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. [26]ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല; ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു. [27]അവൾ അവനോട്: ഉവ്വു, കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു.**

**11:17 "അവനെ കല്ലറയിൽ വെച്ചിട്ടു മൂന്നു ദിവസമായി"** ആത്മാവ് നാലു ദിവസം ഭൗതിക ശരീരത്തെ ചുറ്റിപ്പറ്റി നിൽക്കാറുണ്ടെന്ന് റബ്ബിമാർ പഠിപ്പിച്ചിരുന്നു. ലാസർ യഥാർത്ഥമായി മരിച്ചുവെന്നും റബ്ബിമാരുടെ സകല പ്രതീക്ഷകൾക്കും അപ്പുറത്താണെന്നും ഉറപ്പാക്കുന്നതിനായി നാലു ദിവസം കഴിയുന്നതുവരെ യേശു കാത്തിരുന്നു.

**11:18 "ഏകദേശം രണ്ടു നാഴിക"** യോഹന്നാന്റെ മറ്റൊരു പത്രാധിപക്കുറിപ്പാണ് വാ. 18. ആക്ഷരികമായി ഇത് 15 ഫർലോംഗ് ആണ്.

**11:19 "പല യെഹൂദന്മാരും അവരുടെ അടുക്കൽ വന്നിരുന്നു"** "യെഹൂദന്മാർ" എന്ന പദം യോഹന്നാന്റെ സുവിശേഷത്തിൽ സാധാരണയായി യേശുവിന്റെ ശത്രുക്കളെയാണു സൂചിപ്പിക്കുന്നത്. എങ്കിലും ഈ സന്ദർഭത്തിൽ,

ഇത് ഈ കുടുംബത്തെ പരിചയമുള്ള യെരുശലേം നിവാസികളെയാണ് സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 31,33,45).

**11:20 "മറിയയോ വീട്ടിൽ ഇരുന്നു"** യെഹൂദന്മാർ സാധാരണയായി തറയിൽ ഇരുന്നാണു വിലപിക്കാറുള്ളത്.

## പ്രത്യേക പഠനവിഷയം: വിലാപ ആചാരങ്ങൾ

പ്രിയപ്പെട്ടവരുടെ വേർപാടിലോ, വ്യക്തിപരമായ മാനസാന്തരത്തിലോ, സമൂഹമായി ചെയ്യുന്ന കുറ്റങ്ങളുടെ മുമ്പിലോ വിവിധ രീതികളിൽ യിസ്രായേല്യർ ദുഃഖം പ്രകടിപ്പിക്കാറുണ്ട്:

1. വസ്ത്രം കീറുക, ഉല്പ. 37:29,34; 44:13; ന്യായാ. 11:35; 2 ശമൂ. 1:11; 3:31; 1 രാജാ. 21:27; ഇയ്യോ. 1:20
2. രട്ടുടുക്കുക, ഉല്പ. 37:34; 2 ശമൂ. 3:31; 1 രാജാ. 21:27; യിരെ. 48:37
3. ചെരിപ്പ് ഊരിക്കളയുക, 2 ശമൂ. 15:30; യെശ. 20:3
4. കൈ തലയിൽ വയ്ക്കുക, 2 ശമൂ. 13:9; യിരെ. 2:37
5. തലയിൽ പൂഴി വാരിയിടുക. യോശു. 7:6; 1 ശമൂ. 4:12; നെഹെ. 9:1
6. നിലത്തിരിക്കുക, വിലാ. 2:10; യെഹെ. 26:16 (നിലത്തു കിടക്കുക, 2 ശരേ. 12:16); യെശ. 47:1
7. മാറത്തടിക്കുക, 1 ശമൂ. 25:1; 2 ശമൂ. 11:26; നഹൂം 2:7
8. മുറവേൽപ്പിക്കുക, ആവ. 14:1; യിരെ. 16:6; 48:37
9. ഉപവസിക്കുക, 2 ശമൂ. 1:16,22; 1 രാജാ. 21:27
10. വിലാപം പാടുക, 2 ശമൂ. 1:17; 3:31; 2 ദിന. 35:25
11. കഷണ്ടിയാക്കുക (തലമുടി പറിക്കുകയോ ചിരെക്കുകയോ), യിരെ. 48:37)
12. താടി കത്രിക്കുക, യിരെ. 48:37
13. തല അല്ലെങ്കിൽ മുഖം മൂടുക, 2 ശമു. 15:30; 19:4

**11:21,32 "മാർത്ത ... നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു"** "വസ്തുതാവിരുദ്ധം" എന്നു വിളിക്കപ്പെടുന്ന മധ്യമപുരുഷ സോപാധിക വാചകമാണിത്. ഇതിപ്രകാരം മനസ്സിലാക്കാം. "നീ ഇവിടെ ഞങ്ങളോടൊപ്പമുണ്ടായിരുന്നുവെങ്കിൽ, പക്ഷേ നീ ഇല്ലായിരുന്നു, എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു, പക്ഷേ അവൻ മരിച്ചു." മാർത്തയും മറിയയും യേശുവിനോടു പറഞ്ഞതു സമാനമായ പ്രസ്താവനകളായിരുന്നു (ഒ.നോ. വാ. 32). വിലാപത്തിന്റെ ആ നാലു ദിവസങ്ങളിൽ അവർ പലപ്പോഴും ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടാകും. അവൻ നേരത്തെ വരാതിരുന്നതിലുള്ള അവരുടെ ഇച്ഛാഭംഗം യേശുവിനോടു പ്രകടിപ്പിക്കുന്നതിന് ആ സ്ത്രീകൾക്കിരുവർക്കും ബുദ്ധിമുട്ടുണ്ടായില്ല.

**11:22 "ഇപ്പോഴും നീ ദൈവത്തോടു എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു"** യേശു എന്തുചെയ്യാനാണ് മറിയ ആഗ്രഹിക്കുന്നതെന്നതിനെക്കുറിച്ചു വ്യക്തമല്ല, കാരണം, വാ. 39 ൽ ലാസറിന്റെ ഉയിർപ്പിൽ അവൾക്ക് അത്ഭുതമാണുണ്ടായത്.

**11:23-24 "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും"** ഒടുക്കത്തെ നാളിലെ ശാരീരിക പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്ന പരീശന്മാരുടെ അതേ ദൈവശാസ്ത്ര വീക്ഷണമായിരുന്നു മാർത്തയ്ക്കുണ്ടായിരുന്നത്. ഈ വീക്ഷണത്തെ പിന്തുണയ്ക്കുന്ന പരിമിതമായ പഴയനിയമ തെളിവുകൾ ഉണ്ട് (ഒ.നോ. ദാനീ. 12:2; ഇയ്യോ. 14:14; 19:25-27). യേശു ഈ യെഹൂദ അറിവിനെ തന്റെ ശക്തിയുടെയും അധികാരത്തിന്റെയും സ്ഥിരീകരണത്തിലേക്കു നയിച്ചു (ഒ.നോ. വാ. 25; 14:6).

**11:24 "ഒടുക്കത്തെ നാളിലെ"** രക്ഷയുടെ ഉടനെയുള്ള അവസ്ഥയെ യോഹന്നാൻ ഊന്നിപ്പറയുന്നുണ്ടെന്നതു ശരിയാണെങ്കിലും (നിവൃത്തിയായ അന്ത്യകാല ശാസ്ത്രം), അവനിപ്പോഴും ഒരു അന്ത്യകാല നിവൃത്തിയെ പ്രതീക്ഷിക്കുന്നു. ഇതു പല നിലകളിൽ വെളിപ്പെടുത്തുന്നുണ്ട്.

1. ഒരു ന്യായവിധി/പുനരുത്ഥാന നാൾ (ഒ.നോ. 5:28-29; 6:39-40, 44,54; 11:24; 12:48)
2. "നാഴിക" (ഒ.നോ. 4:23; 5:25,28; 16:32)
3. ക്രിസ്തുവിന്റെ രണ്ടാംവരവ് (ഒ.നോ. 14:3) (14:18-19,28; 16:16,22 എന്നീ വാക്യങ്ങൾ യേശുവിന്റെ പുനരുത്ഥാന പ്രത്യക്ഷതയെ സൂചിപ്പിക്കുന്നതാകാനാണു സാധ്യത, അല്ലാതെ അന്ത്യകാല വരവിനെയല്ല).

**11:25 "യേശു അവളോടു: ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു"** യേശുവിന്റെ ഏഴ് "ഞാൻ ആകുന്നു" പ്രസ്താവനകളിൽ ഒന്നാണിത്. ലാസറിന്റെ മരണത്തിന്റെ മുമ്പിൽ, അവൻ ജീവിക്കുമെന്നു വിശ്വസിക്കുവാൻ മാർത്ത പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഈ പ്രത്യാശ പിതാവിന്റെയും യേശുവിന്റെയും ആളത്വത്തിലും ശക്തിയിലും അടിസ്ഥാനപ്പെട്ടതാണ് (ഒ.നോ. 5:21). 8:12 ലെ കുറിപ്പുകാണുക.

ഒരു പുരാതന പാപ്പിറസ് കയ്യെഴുത്തു പ്രതിയിലും ($P^{45}$) ചില പഴയ ലാറ്റിൻ, സിറിയക് പതിപ്പുകളിലും ഡിയാറ്റെസ്സാറോണിലും "ജീവനും" എന്ന പദം വിട്ടുകളഞ്ഞിരിക്കുന്നുവെന്നത് അതിശയകരമാണ്. അത് ഉൾപ്പെടുത്തിയതിനു UBS[3] "B" റേറ്റിംഗും, USB[4] "A" റേറ്റിംഗും (ഉറപ്പുള്ളത്) നൽകിയിരിക്കുന്നു.

**11:26 "ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല"** ഈ വേദഭാഗത്ത് വളരെയധികം രചനാപരമായ സവിശേഷതകൾ ഉണ്ട്.

1. "സകലരും" എന്ന സാർവ്വത്രിക സർവ്വനാമം
2. തുടർമാനമായ വിശ്വാസത്തിന്റെ ആവശ്യകതയെ കാണിക്കുന്ന വർത്തമാനകാല പ്രയോഗം (വാ. 25,26)
3. മരണത്തോടു ബന്ധപ്പെട്ട ഇരട്ട നിഷേധാത്മക പ്രയോഗം, "ഒരിക്കലും ഇല്ല, ഒരിക്കലും മരിക്കയില്ല."

ഇത് ആത്മീയ മരണത്തെ സൂചിപ്പിക്കുന്നുവെന്നു വ്യക്തം. യോഹന്നാനിൽ, നിത്യജീവൻ വിശ്വാസികളെ സംബന്ധിച്ച് വർത്തമാനകാല യഥാർത്ഥ്യമാണ്, കേവലം ഭാവികാല സംഭവമല്ല. യേശുവിന്റെ വാക്കുകൾ അറിയിക്കാനുള്ള മാധ്യമമായിരുന്നു ലാസർ! യോഹന്നാനെ സംബന്ധിച്ച് നിത്യജീവൻ വർത്തമാനകാല യഥാർത്ഥ്യമാണ്.

**11:27 "ഉവ്വ് കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു"** പൂർണ്ണകാലത്തിലാണിതു പറഞ്ഞിരിക്കുന്നത്. വാഗ്ദത്ത മശിഹാ എന്ന നിലയിൽ യേശുവിലുള്ള അവരുടെ വ്യക്തിപരമായ വിശ്വാസത്തിന്റെ ശക്തമായ ഏറ്റുപറച്ചിലാണിത്. ദൈവശാസ്ത്രപരമായി, ഫിലിപ്പിന്റെ കൈസര്യയിൽ വെച്ചുള്ള പത്രൊസിന്റെ ഏറ്റുപറച്ചിലിനു തുല്യമാണിത് (ഒ.നോ. മത്താ. 16).

തന്റെ വിശ്വാസം വെളിപ്പെടുത്തുവാൻ അവൾ വിവിധ പേരുകൾ ഉപയോഗിക്കുന്നു.

1. ക്രിസ്തു (അഭിഷിക്തൻ എന്നർത്ഥമുള്ള മശിഹാ എന്ന പദത്തിന്റെ ഗ്രീക്കുപദമാണിത്)
2. ദൈവപുത്രൻ (മശിഹായുടെ പഴയനിയമ നാമം)
3. വരുവാനുള്ളവൻ (നീതിയുടെ പുതിയയുഗം കൊണ്ടുവരുമെന്ന് ദൈവം വാഗ്ദത്തം ചെയ്തവന്റെ മറ്റൊരു പഴയ നിയമ നാമം, ഒ.നോ. 6:14).

സത്യം വെളിപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമായി യോഹന്നാൻ സംഭാഷണങ്ങളെ ഉപയോഗിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിലുള്ള വിശ്വാസത്തിന്റെ നിരവധി പ്രഖ്യാപനങ്ങളുണ്ട് (ഒ.നോ. 1:29,34,41,49; 4:42; 6:44,69; 9:35–38; 11:27). 2:23 ലെ പ്രത്യേക പഠനവിഷയം: യോഹന്നാനിൽ "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപയോഗം കാണുക.

**യോഹന്നാൻ 11:28–29**

**[28]എന്നു പറഞ്ഞിട്ടു പോയി, തന്റെ സഹോദരിയായ മറിയയെ സ്വകാര്യമായി വിളിച്ചു: ഗുരു വന്നിട്ടുണ്ട്; നിന്നെ വിളിക്കുന്നു എന്നു പറഞ്ഞു. [29]അവൾ കേട്ട ഉടനെ എഴുന്നേറ്റു അവന്റെ അടുക്കൽ വന്നു.**

**11:28 "ഗുരു"** എൻ.എ.എസ്.ബി. സ്റ്റഡി ബൈബിളിൽ ഒരു ശ്രേഷ്ഠമായ അഭിപ്രായം കാണാം, "ഒരു സ്ത്രീ നൽകുന്ന സുപ്രധാനമായ വിവരണം. റബ്ബിമാർ സ്ത്രീകളെ പഠിപ്പിക്കാറില്ല (ഒ.നോ. 4:27), എന്നാൽ യേശു അവരെ കൂടെക്കൂടെ പഠിപ്പിക്കാറുണ്ടായിരുന്നു."

## പ്രത്യേക പഠനവിഷയം: ബൈബിളിലെ സ്ത്രീകൾ

I. പഴയ നിയമം
  A. സാംസ്കാരികമായി സ്ത്രീകളെ വസ്തുവകയായി കണക്കാക്കിയിരുന്നു.
    1. വസ്തുവകകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു (പുറ. 20:17).
    2. അടിമ സ്ത്രീകളോടുള്ള പെരുമാറ്റം (പുറ. 21:7–11)
    3. സ്ത്രീകളുടെ നേർച്ചകളെ ഉത്തരവാദിത്വപ്പെട്ട പുരുഷനു അസാധുവാക്കാം (സംഖ്യ. 30).
    4. സ്ത്രീകൾ യുദ്ധത്തിലെ കൊള്ള എന്ന നിലയിൽ (ആവ. 20:10–14; 21:10–14).
  B. പ്രായോഗികമായി തുല്യതയുണ്ട്
    1. പുരുഷനും സ്ത്രീയും ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടു (ഉല്പ. 1:26–27).
    2. അപ്പനെയും അമ്മയെയും ബഹുമാനിക്ക (പുറ. 20:12 [ആവ. 5:16]).
    3. അപ്പനെയും അമ്മയെയും ആദരിക്ക (ലേവ്യ. 19:3; 20:9).
    4. പുരുഷനും സ്ത്രീയും നാസീർവ്രതം അനുഷ്ഠിക്കാം (സംഖ്യ. 6:1–2)
    5. പെൺമക്കൾക്കും അവകാശമുണ്ട് (സംഖ്യ. 27:1–11)
    6. ഉടമ്പടി ജനതയുടെ ഭാഗം (ആവ. 29:10–12).
    7. അപ്പന്റെയും അമ്മയുടെയും ഉപദേശം അനുസരിക്കുക (സദൃ. 1:8; 6:20)
    8. ഹേമാന്റെ പുത്രന്മാരും പുത്രിമാരും (ലേവ്യകുടുംബം) ആലയത്തിൽ സംഗീത ശുശ്രൂഷയ്ക്കു നേതൃത്വം നൽകി (1 ദിന. 25:5–6)
    9. പുതുയുഗത്തിൽ പുത്രന്മാരും പുത്രിമാരും പ്രവചിക്കും (യോവേൽ 2:28–29)
  C. സ്ത്രീകൾ നേതൃത്വനിരയിൽ
    1. മോശെയുടെ സഹോദരി മിര്യാം പ്രവാചകി എന്നു വിളിക്കപ്പെട്ടു (പുറ. 15:20–21; കൂടാതെ മീഖാ 6:4 കാണുക).
    2. സമാഗമന കൂടാരശീല നെയ്യുവാൻ സ്ത്രീകൾക്കു ദൈവം സാമർത്ഥ്യം നൽകി (പുറ. 35:25–26).
    3. സ്ത്രീയും പ്രവാചകിയുമായ ദെബോര (ഒ.നോ. ന്യായാ. 4:4) ഗോത്രങ്ങൾക്കു ന്യായപാലനം

ചെയ്തു (ന്യായാ. 4:4-5; 5:7).
4. യോശീയാ രാജാവ് പുതുതായി കണ്ടെത്തിയ "ന്യായപ്രമാണ പുസ്തക"ത്തെക്കുറിച്ച് അരുളപ്പാടു ചോദിക്കാൻ ഉദ്യോഗസ്ഥരെ വിട്ടത് ഹുൽദാ എന്ന പ്രവാചകിയുടെ അടുത്തേക്കായിരുന്നു (2 രാജാ. 22:14; 2 ദിന. 34:22-27).
5. ഭക്ത സ്ത്രീയായ എസ്ഥേർരാജ്ഞി പേർഷ്യയിലെ യെഹൂദന്മാരെ രക്ഷിച്ചു

II. പുതിയ നിയമം
A. സാംസ്കാരികമായി യെഹൂദ്യയിലെയും ഗ്രീക്ക്, റോമൻ ലോകത്തെയും സ്ത്രീകൾ വളരെ കുറച്ച് അവകാശങ്ങളോ പദവികളോ മാത്രമുള്ള രണ്ടാംതരം പൗരന്മാരായിരുന്നു (മാസിഡോണിയയിൽ മാത്രമെ ഇതിനു വ്യത്യാസമുണ്ടായിരുന്നുള്ളൂ)
B. സ്ത്രീകൾ നേതൃത്വപദവിയിൽ
1. എലിശബെത്തും മറിയയും ദൈവത്തിനു ലഭ്യമായ ഭക്ത സ്ത്രീകളായിരുന്നു (ലൂക്കൊ. 1-2)
2. ഭക്ത സ്ത്രീയായ ഹന്ന ആലയത്തിൽ ശുശ്രൂഷ ചെയ്തിരുന്നു (ലൂക്കൊ. 2:36)
3. ലുദിയ, ഒരു ഭവനസഭയിലെ വിശ്വാസിയും നേതൃത്വനിരയിലുള്ളവളുമായിരുന്നു (പ്രവൃ. 16:14,40)
4. ഫിലിപ്പൊസിന്റെ കന്യകകളായ നാലു പുത്രിമാർ പ്രവാചകികളായിരുന്നു (പ്രവൃ. 21:8-9)
5. ഫേബ, കെംക്രയ സഭയിലെ ശുശ്രൂഷക്കാരത്തിയായിരുന്നു (റോമ. 16:1)
6. പ്രിസ്ക (പ്രിസ്കില്ല) പൗലൊസിന്റെ കൂട്ടുവേലക്കാരത്തിയും അപ്പൊല്ലോസിന്റെ അദ്ധ്യാപികയുമായിരുന്നു (പ്രവൃ. 18:26; റോമ. 16:3)
7. മറിയ, ത്രുഫൈന, ത്രൂഫൊസ, പെർസിസ്, യൂലിയ, നെരെയുസിന്റെ സഹോദരി, മറ്റനേക സ്ത്രീകൾ പൗലൊസിന്റെ കൂട്ടുവേലക്കാരായിരുന്നു (റോമ. 16:6-16)
8. യൂനിയാവ് (യൂനിയ, KJV) ഒരു വനിതാ അപ്പൊസ്തലയായിരിക്കാം (റോമ. 16:7)
9. യുവോദ്യയും സുന്തുകയും പൗലൊസിന്റെ കൂട്ടുപ്രവർത്തകരായിരുന്നു (ഫിലി. 4:2-3)

III. വേദപുസ്തകത്തിലെ വ്യത്യസ്ത ഉദാഹരണങ്ങളെ എങ്ങനെയാണൊരു ആധുനിക വിശ്വാസി സന്തുലനപ്പെടുത്തുന്നത്?
A. മൂലസന്ദർഭത്തിൽ മാത്രം സാംഗത്യമുള്ള ചരിത്രപരമോ സാംസ്കാരികമോ ആയ സത്യങ്ങളെയും എല്ലാക്കാലത്തുമുള്ള സകലവിശ്വാസികളെയും സകലസഭകളെയും ബാധിക്കുന്ന നിത്യസത്യങ്ങളും തമ്മിൽ എങ്ങനെ വേർതിരിക്കും?
1. ദൈവനിശ്വാസീയരായ മൂല എഴുത്തുകാരുടെ ഉദ്ദേശ്യത്തെ നാം ഗൗരവമായി എടുക്കേണം. ബൈബിൾ ദൈവവചനവും വിശ്വാസത്തിനും പ്രായോഗിക ജീവിതത്തിനുമുള്ള ഏക സ്രോതസ്സുമാണ്.
2. ചരിത്രാടിസ്ഥാനത്തിലുള്ള ദൈവനിശ്വാസീയ വേദഭാഗങ്ങളെ നാം കണ്ടെത്തണം.
a. യിസ്രായേലിന്റെ സംസ്കാരം (അതാ. ആചാരങ്ങൾ, ചടങ്ങുകൾ, ഒ.നോ. പ്രവൃ. 15; ഗലാ. 3)
b. ഒന്നാം നൂറ്റാണ്ടിലെ യെഹൂദമതം
c. 1 കൊരിന്ത്യരിൽ കാണുന്ന ചരിത്രാടിസ്ഥാനത്തിലുള്ള പൗലൊസിന്റെ പ്രസ്താവനകൾ
(1) ജാതീയ റോമിന്റെ നിയമസംവിധാനം (1 കൊരി. 6)
(2) ഒരു അടിമയായി തുടരുന്നത് (1 കൊരി. 7:20-24)
(3) ബ്രഹ്മചര്യം (1 കൊരി. 7:1-35)
(4) കന്യകമാർ (1 കൊരി. 7:36-38)
(5) വിഗ്രഹാർപ്പിത ഭക്ഷണം (1 കൊരി. 8; 10:23-53)
(6) കർത്തൃമേശയിലെ അയോഗ്യമായ പ്രവൃത്തികൾ (1 കൊരി. 11)
3. ദൈവം ഒരു പ്രത്യേക സംസ്കാരത്തിന് ഒരു പ്രത്യേക ദിവസം തന്നെത്തന്നെ പൂർണ്ണമായും വ്യക്തമായും വെളിപ്പെടുത്തി. വെളിപ്പാടിനെ നാം ഗൗരവമായി എടുക്കണം, എന്നാൽ അതിന്റെ ചരിത്ര പശ്ചാത്തലത്തിന്റെ എല്ലാ വിശദാംശങ്ങളും എടുക്കരുത്. ദൈവത്തിന്റെ വചനം, മാനുഷിക വാക്കുകളിൽ, ഒരു പ്രത്യേക സംസ്കാരത്തിനുവേണ്ടി ഒരു പ്രത്യേക സമയത്ത് എഴുതപ്പെട്ടതാണ്.
B. വേദപുസ്തക വ്യാഖ്യാനം യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യമാണ് അന്വേഷിക്കേണ്ടത്. തന്റെ കാലഘട്ടത്തോട് എന്താണദ്ദേഹം പറഞ്ഞത്? ഇതാണ് ശരിയായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനവും നിർണ്ണായകഘടകവും. തുടർന്ന് നാം ഇതു നമ്മുടെ കാലഘട്ടത്തിൽ പ്രായോഗികമാക്കണം. ഇവിടെയാണ് സ്ത്രീകളുടെ നേതൃത്വവിഷയം വരുന്നത് (യഥാർത്ഥ വ്യാഖ്യാനപ്രശ്നം, പദത്തിന്റെ നിർവചനത്തിലാണുള്ളത്. നേതൃത്വം എന്നാൽ പാസ്റ്റർ എന്നത് മാത്രമാണോ? ശുശ്രൂഷക്കാരത്തികളും പ്രവാചകിമാരും നേതാക്കളായി പരിഗണിക്കപ്പെടിമോ?) 1 കൊരി. 14:34-35; 1 തിമൊ. 2:9-15 എന്നിവിടങ്ങളിൽ സ്ത്രീകൾ പരസ്യ ആരാധനയ്ക്കു നേതൃത്വം വഹിക്കരുതെന്ന നിലപാടാണ് പൗലൊസിനുണ്ടായിരുന്നതെന്നു വ്യക്തമാണ്! എന്നാൽ അതെങ്ങനെ ഇന്നു ബാധകമാകും? പൗലൊസിന്റെ

സംസ്കാരവും എന്റെ സംസ്കാരവും ദൈവത്തിന്റെ വചനത്തെയും ഹിതത്തെയും നിശബ്ദമാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പൗലൊസിന്റെ കാലഘട്ടം കൂടുതൽ ഇടുങ്ങിയതും എന്റേത് കൂടുതൽ വിശാലവും ആയിരിക്കാം. പൗലൊസിന്റെ വാക്കുകളും ഉപദേശങ്ങളും സോപാധികവും ഒന്നാം നൂറ്റാണ്ടിലേതും പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ചുള്ളതുമായ സത്യമാണ് എന്നു പറയാൻ എനിക്കു ബുദ്ധിമുട്ടുണ്ട്. എന്റെ മനസ്സ് അഥവാ സംസ്കാരം, ദൈവനിശ്വാസീയ എഴുത്തുകാരനെ വിമർശിക്കുന്നതിനനുവദിക്കാൻ ഞാനാരാണ്?

എന്നിരുന്നാലും വനിതാ നേതാക്കളെക്കുറിച്ചുള്ള വേദപുസ്തക ഉദാഹരണങ്ങൾ (പൗലൊസിന്റെ ലേഖനങ്ങളിൽ പോലും, ഒ.നോ. റോമർ 16) ഉള്ളപ്പോൾ ഞാനെന്തു ചെയ്യും? ഇതിനു നല്ലൊരു ഉദാഹരണം, 1 കൊരി. 11–14 ലെ പൊതു ആരാധനയെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ചയാണ്. 11:5 ൽ തല മുടിക്കൊണ്ട് അവർ പരസ്യ ആരാധനയിൽ പ്രസംഗിക്കുന്നതും പ്രാർത്ഥിക്കുന്നതും അവൻ അനുവദിക്കുന്നതായി തോന്നുമെങ്കിലും 14:34–35 ൽ അവർ മൗനമായിരിക്കാൻ അവനാവശ്യപ്പെടുന്നതായി കാണാം. അവിടെ ശുശ്രൂഷക്കാരത്തികളും (ഒ.നോ. റോമർ 16), പ്രവാചകിമാരും (ഒ.നോ. പ്രവൃ. 21:9) ഉണ്ടായിരുന്നു. ഈ വൈരുദ്ധ്യമാണ് പൗലൊസിന്റെ അഭിപ്രായം (സ്ത്രീകൾക്കുള്ള വിലക്കുകൾ) ഒന്നാം നൂറ്റാണ്ടിലെ കൊരിന്തിലും എഫെസൊസിലും മാത്രം ബാധകമായിരുന്ന കാര്യമാണെന്ന് ചിന്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്നത്. രണ്ടു സഭകളിലും സ്ത്രീകൾ അവർക്കു പുതുതായി ലഭിച്ച സ്വാതന്ത്ര്യം ഉപയോഗിക്കുന്ന പ്രശ്നം ഉണ്ടായിരുന്നു. (ഒ.നോ. ബ്രൂസ് വിന്റർ, *ആഫ്റ്റർ പോൾ ലഫ്റ്റ് കൊരിന്ത്*). ഇത് ക്രിസ്തുവിനുവേണ്ടി സമൂഹത്തെ നേടുന്നതിൽ സഭയ്ക്ക് തടസ്സങ്ങൾ സൃഷ്ടിച്ചു. സുവിശേഷം കൂടുതൽ ഫലപ്രദമാകുന്നതിനുവേണ്ടി അവരുടെ സ്വാതന്ത്ര്യം കുറെക്കൂടെ പരിമിതപ്പെടുത്തണമായിരുന്നു.

എന്റെ കാലഘട്ടം പൗലൊസിന്റേതിനു നേരെ വിപരീതമാണ്. എന്റെ കാലഘട്ടത്തിൽ, പരിശീലനം നേടിയ സ്ത്രീകൾ സുവിശേഷം പങ്കുവയ്ക്കുവാനും നേതൃത്വം വഹിക്കുവാനും അനുവദിക്കപ്പെടാതിരുന്നാൽ സുവിശേഷം പതിമിതപ്പെട്ടുപോകും. പരസ്യ ആരാധനയുടെ ആത്യന്തിക ലക്ഷ്യം എന്താണ്? അത് സുവിശേഷീകരണവും ശിഷ്യത്വവുമല്ലയോ? വനിതാ നേതാക്കളിൽ ദൈവത്തിനു മഹത്വമെടുക്കുവാനും അവരിൽ പ്രസാദിക്കുവാനും കഴിയുകയില്ലയോ? ബൈബിൾ മുഴുവനും 'അതേ' എന്ന ഉത്തരമാണു നൽകുന്നത്.

പൗലൊസിനു കീഴ്പ്പെടുവാനാണെനിക്കാഗ്രഹം; എന്റെ ദൈവശാസ്ത്രം പൗലൊസിന്റേതാണ്. ആധുനിക സ്ത്രീപക്ഷവാദത്തിന്റെ അമിത സ്വാധീനവും ദുരുപയോഗവും ഞാനിഷ്ടപ്പെടുന്നില്ല! എങ്കിലും അടിമത്തം, ജാതീയത, ലൈംഗികത, മതഭ്രാന്ത് എന്നിവയ്ക്കെതിരായുള്ള വ്യക്തമായ വേദപുസ്തക പഠിപ്പിക്കലുകളോട് പ്രതികരിക്കുന്നതിൽ സഭ എപ്പോഴും സാവധാനത്തിലായിരുന്നു എന്നെനിക്കു തോന്നുന്നുണ്ട്. ദൈവം ക്രിസ്തുവിൽ അടിമകൾക്കും സ്ത്രീകൾക്കും വിമോചനം നൽകുന്നു. സംസ്കാര-ബന്ധിതമായ ഒരു വേദഭാഗം അവരെ വീണ്ടും ചങ്ങലയ്ക്കിടുവാൻ അനുവദിക്കുന്നതിനു ഞാൻ ധൈര്യപ്പെടുന്നില്ല.

ഒരു കാര്യം കൂടി: ഒരു വ്യാഖ്യാതാവെന്ന നിലയിൽ, കൊരിന്തു സഭ ഒരു അലങ്കോലപ്പെട്ട സഭയായിരുന്നു എന്നെനിക്കറിയാം. അവർ ആത്മീയ വരങ്ങൾക്കു വിലകല്പിക്കയും ദുരുപയോഗപ്പെടുത്തുകയും ചെയ്തു. സ്ത്രീകളും ഇതിൽ പെട്ടിട്ടുണ്ടാകാം. എഫെസൊസിലെ പ്രശ്നം, ദുരുപദേശക്കാർ ഭവന സഭകളിൽ സ്ത്രീകളെ ഉപയോഗിച്ച് പ്രസംഗകരുടെ ശ്രദ്ധ പതറിക്കുവാൻ ശ്രമിച്ചിരുന്നു എന്നതാകാം.

C. കൂടുതൽ വായനയ്ക്ക്

*How to Read the Bible For All Its Worth* by Gordon Fee and Doug Stuart (pp. 61-77)
*Gospel and Spirit: Issues in New Testament Hermeneutics* by Gordon Fee
*Hard Sayings of the Bible* by Walter C. Kaiser, Peter H. Davids, F. F. Bruce, and Manfred T. Branch (pp. 613-616; 665-667)

**യോഹന്നാൻ 11:30–37**

**30യേശു അതുവരെ ഗ്രാമത്തിൽ കടക്കാതെ മാർത്ത അവനെ എതിരേറ്റ സ്ഥലത്തു തന്നേ ആയിരുന്നു.**
**31വീട്ടിൽ അവളോടുകൂടെ ഇരുന്ന് അവളെ ആശ്വസിപ്പിക്കുന്ന യെഹൂദന്മാർ, മറിയ വേഗം എഴുന്നേറ്റു**
**പോകുന്നതു കണ്ടിട്ട്, അവൾ കല്ലറയ്ക്കൽ കരയുവാൻ പോകുന്നു എന്നു വിചാരിച്ചു പിൻചെന്നു.**
**32യേശു ഇരിക്കുന്നിടത്തു മറിയ എത്തി അവനെ കണ്ടിട്ടു അവന്റെ കാല്ക്കൽ വീണു: കർത്താവേ, നീ**
**ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു. 33അവൾ കര**
**യുന്നതും അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും യേശു കണ്ടിട്ടു ഉള്ളം നൊന്തു കലങ്ങി:**
**34അവനെ വെച്ചതു എവിടെ എന്നു ചോദിച്ചു. കർത്താവേ, വന്നു കാണുക എന്നു അവർ അവനോടു**
**പറഞ്ഞു. 35യേശു കണ്ണുനീർ വാർത്തു. 36ആകയാൽ യെഹൂദന്മാർ: കണ്ടോ അവനോട് എത്ര പ്രിയം**
**ഉണ്ടായിരുന്നു എന്നു പറഞ്ഞു. 37ചിലരോ: കുരുടന്റെ കണ്ണു തുറന്ന ഇവന്നു, ഇവനെയും മരിക്കാതാക്കു**
**വാൻ കഴിഞ്ഞില്ലയോ എന്നു പറഞ്ഞു.**

**11:30** അപ്പൊസ്തലിക എഴുത്തുകാരന്റെ മറ്റൊരു ദൃക്സാക്ഷി വിവരണമാണിത്.

**11:33**

**NASB** **"അവൻ ആത്മാവിൽ ആഴമായി ചലിക്കപ്പെടുകയും കലങ്ങുകയും ചെയ്തു"**
**NRSV** **"അവൻ ആത്മാവിൽ വല്ലാതെ അസ്വസ്ഥനാകുകയും ആഴമായി ചഞ്ചലിക്കയും ചെയ്തു"**
**TEV** **"അവന്റെ ഹൃദയം സ്പർശിക്കപ്പെടുകയും അവൻ ആഴമായി ചലിക്കപ്പെടുകയും ചെയ്തു"**
**NJB** **"യേശു വല്ലാതെ കലങ്ങുകയും നെടുവീർപ്പിടുകയും ചെയ്തു"**

ആക്ഷരികമായി ഇത് "ആത്മാവിൽ ശബ്ദം പുറപ്പെടുവിക്കുക" എന്നാണ്. കോപത്തിനാണിത് ഉപയോഗിക്കാറുള്ളത് (ഒ.നോ. ദാനീ. 11:30 (LXX); മർക്കൊ. 1:43; 14:5). എന്നാൽ ഈ സന്ദർഭത്തിൽ ഇത് ആഴമായ വികാരത്തെയാണു കാണിക്കുന്നത് (ഒ.നോ. വാ. 38). ചില വ്യാഖ്യാതാക്കൾ ഇതിനെ മരണത്തോടുള്ള ഉഗ്രകോപമായി ചിത്രീകരിക്കുന്നുവെങ്കിലും, ഇത് യഥാർത്ഥ മാനുഷിക വികാരങ്ങളും (ഒ.നോ. വാ. 33,35,36,38, ഇവിടെയിത് അവന്റെ സ്നേഹിതന്മാർക്കുവേണ്ടി) പ്രകടിപ്പിക്കുന്നതുമാകുന്നു.

**11:35 "യേശു കണ്ണുനീർ വാർത്തു"** ബൈബിളിലെ ഏറ്റവും ചെറിയ വാക്യമാണിത്. മരണം ദൈവത്തിന്റെ ഹിതമായിരുന്നില്ല. മനുഷ്യന്റെ മറുതലിപ്പിന്റെ ഫലമായിരുന്നു അത്. പ്രിയപ്പെട്ടവന്റെ വേർപാടിന്റെ വേദന യേശു അനുഭവിക്കുന്നു. തന്റെ സകല അനുയായികളുടെയും ജീവിതാനുഭവങ്ങൾ അവൻ അനുഭവിക്കുന്നു.

യേശുവിന്റെ കരച്ചിൽ നിശബ്ദവും സ്വകാര്യവുമായ ഒന്നായിരുന്നു. വാ. 33 ൽ പറയുന്ന പരസ്യ വിലാപം പോലെ ആയിരുന്നില്ല.

**11:37** ഈ ചോദ്യം "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. ഇത് വാ. 21 ൽ മാർത്തയുടെയും വാ. 32 ൽ മറിയയുടെയും അഭിപ്രായമായിരുന്നു.

## യോഹന്നാൻ 11:38-44

**[38]യേശു പിന്നെയും ഉള്ളം നൊന്തു കല്ലറെക്കൽ എത്തി; അതു ഒരു ഗുഹ ആയിരുന്നു; ഒരു കല്ലും അതിന്മേൽ വച്ചിരുന്നു. [39]കല്ലു നീക്കുവിൻ എന്നു യേശു പറഞ്ഞു. മരിച്ചവന്റെ സഹോദരിയായ മാർത്ത: കർത്താവേ, നാറ്റം വെച്ചുതുടങ്ങി; നാലുദിവസമായല്ലോ എന്നു പറഞ്ഞു. [40]യേശു അവളോട്: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ എന്നു പറഞ്ഞു. അവർ കല്ലു നീക്കി. [41]യേശു മേലോട്ടു നോക്കി; പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. [42]നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം, ഞാൻ പറയുന്നു എന്നു പറഞ്ഞു. [43]ഇങ്ങനെ പറഞ്ഞിട്ടു അവൻ: ലാസറേ, പുറത്തുവരിക എന്നു ഉറക്കെ വിളിച്ചു. [44]മരിച്ചവൻ പുറത്തു വന്നു; അവന്റെ കാലും കയ്യും ശീലകൊണ്ടു കെട്ടിയും, മുഖം റൂമാൽകൊണ്ടു മൂടിയുമിരുന്നു. അവന്റെ കെട്ടു അഴിപ്പിൻ; അവൻ പോകട്ടെ എന്നു യേശു അവരോടു പറഞ്ഞു.**

**11:38 "ഗുഹ"** ഈ കാലഘട്ടത്തിൽ പലസ്തീനിലെ ഗുഹകൾ

1. പ്രകൃതിദത്ത ഗുഹകളോ (*ബാബാ ബാത്ര* 6:8)
2. മലഞ്ചരിവിൽ വെട്ടിയുണ്ടാക്കിയതും വൃത്താകൃതിയിലുള്ള കല്ല് അതിനുള്ള പൊഴിയിൽ ഉരുട്ടിവെച്ച് അടയ്ക്കാവുന്നതോ
3. നിലത്തു കുഴിച്ചതും വലിയ കല്ലുകൊണ്ട് അടക്കാവുന്നതുമായ കുഴികളോ

ആയിരുന്നു പുരാവസ്തു ഗവേഷണങ്ങളനുസരിച്ച് ഇതിൽ ഒന്നാമത്തേതാണ് ഇവിടെ ഏറ്റവും അനുയോജ്യമായത്.

**11:39 "കല്ലു നീക്കുവിൻ"** ഒരു പൊഴിയിലേക്ക് ഉരുട്ടിവയ്ക്കാവുന്ന വലിയ കല്ലാണ് കള്ളന്മാരിൽ നിന്നും വന്യമൃഗങ്ങളിൽ നിന്നും കല്ലറയെ സംരക്ഷിക്കാനുപയോഗിച്ചിരുന്നത്.

▣ **"നാലു ദിവസമായല്ലോ"** "നാലു ദിവസമായ മനുഷ്യൻ" എന്നർത്ഥമുള്ള ഒരു ഗ്രീക്കു പ്രയോഗമാണിത്.

**11:40 "...ച്ചാൽ"** ഒരു പ്രവൃത്തി സാധ്യമാണെന്നു കാണിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. "അതേ" എന്നുത്തരം പ്രതീക്ഷിക്കുന്ന ഒരു ചോദ്യം ആണ് ഈ വാക്യം.

▣ **"ദൈവത്തിന്റെ മഹത്വം"** ദൈവത്തിന്റെ മഹത്വം യേശുവിന്റെ പ്രവൃത്തിയിൽ വെളിപ്പെട്ടു (ഒ.നോ. വാ. 4) 1:14 ലെ വിവരണം കാണുക.

**11:41 "യേശു മേലോട്ടു നോക്കി"** യെഹൂദന്മാരുടെ സാധാരണ പ്രാർത്ഥനാനില കൈകളും കണ്ണുകളും (തുറന്ന്) സ്വർഗ്ഗത്തേക്കുയർത്തിക്കൊണ്ടായിരുന്നു. പ്രാർത്ഥനയെ സൂചിപ്പിക്കുന്ന ശൈലിയാണിത് (ഒ.നോ. 17:1).

▣ **"നീ എന്റെ അപേക്ഷ കേട്ടതിനാൽ"** യേശു പിതാവിനെ "കേൾക്കുകയും (ഒ.നോ. 8:20, 40; 15:15) പിതാവ് അവനെ "കേൾക്കുകയും" ചെയ്യുന്നു. യേശുവിനെ "കേൾക്കുന്ന"വർക്കു നിത്യജീവൻ ഉണ്ട്. "കാണുക'',

"കേൾക്കുക" എന്നത് "കൈക്കൊള്ളുക" (1:12) "വിശ്വസിക്കുക" (3:16) എന്നതിനു സമാന്തരമാണ്. ലാസർ യേശുവിന്റെ ശബ്ദം "കേട്ടു" ജീവിച്ചു.

**11:42** യേശുവിന്റെ പ്രാർത്ഥനയുടെയും അത്ഭുതത്തിന്റെയും ഉദ്ദേശ്യമിതായിരുന്നു. യേശു പലപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിച്ചത് ശിഷ്യന്മാരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതിനായിരുന്നു. ഇവിടെ യെരൂശലേമിൽ നിന്നുവന്ന യെഹൂദന്മാരിൽ വിശ്വാസം ഉളവാക്കുന്നതിനുവേണ്ടിയായിരുന്നു.

ദൈവശാസ്ത്രപരമായി യേശു വീണ്ടും, തന്റെ പ്രവൃത്തികളിൽ പിതാവിന്റെ അധികാരത്തെയും മുൻഗണനകളെയും ഉയർത്തിക്കാണിക്കുകയായിരുന്നു (ഒ.നോ. 5:19, 30; 8:28; 12:49; 14:10). പിതാവിനോടുള്ള യേശുവിന്റെ അകമഴിഞ്ഞ ബന്ധത്തെ ഈ അത്ഭുതം വെളിപ്പെടുത്തുന്നു. 5:24 ലെ പ്രത്യേക പഠനവിഷയം അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*) കാണുക.

**11:43 "ലാസറേ, പുറത്തുവരിക എന്നു ഉറക്കെ വിളിച്ചു"** യേശു ലാസറിന്റെ പേര് പ്രത്യേകം എടുത്തുപറഞ്ഞിരുന്നില്ലെങ്കിൽ, കല്ലറകളിലുണ്ടായിരുന്നവരെല്ലാം പുറത്തുവരുമായിരുന്നു എന്നാരോ പറഞ്ഞിട്ടുണ്ട്.

**11:44** ശവശരീരം അടക്കത്തിനായി ഒരുക്കിയിരുന്നത്, വെള്ളത്തിൽ കഴുകിയ ശേഷം തുണികൊണ്ടു ചുറ്റിപ്പൊതിഞ്ഞായിരുന്നു. മടക്കുകൾക്കിടയിൽ സുഗന്ധവർഗ്ഗം വെച്ചാണ് പൊതിഞ്ഞിരുന്നത്. യെഹൂദന്മാർക്ക് സുഗന്ധവർഗ്ഗം ഇടുന്ന പതിവില്ലാതിരുന്നതിനാൽ മരിച്ച് ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ശവം സംസ്കരിച്ചിരുന്നു.

## പ്രത്യേക പഠനവിഷയം: ശവസംസ്കാര രീതികൾ

I. മെസൊപൊത്താമ്യ
  A. സന്തോഷകരമായ മരണാനന്തര ജീവിതത്തിന് ശരിയായ സംസ്കാരം വളരെ പ്രധാനമായിരുന്നു
  B. ഒരു മെസൊപൊത്താമ്യൻ ശാപത്തിനുദാഹരണം, "ഭൂമി നിന്റെ ശവത്തെ സ്വീകരിക്കാതിരിക്കട്ടെ"

II. പഴയനിയമം
  A. ശരിയായ സംസ്കാരം അതിപ്രധാനമാണ് (ഒ.നോ. സഭാ. 6:3).
  B. അതു വളരെ വേഗം നടത്തിയിരുന്നു (ഉദാ. സാറാ, ഉല്പ. 23; റാഹേൽ, ഉല്പ. 35:19; ആവ. 21:23 കാണുക)
  C. ശരിയായ രീതിയിലല്ലാത്ത ശവസംസ്കാരം നിരസനത്തിന്റെയും പാപത്തിന്റെയും അടയാളം
    1. ആവർത്തനം 28:26
    2. യെശയ്യാവ് 14:20
    3. യിരെമ്യാവ് 8:2; 22:19
  D. സാധ്യമെങ്കിൽ വീടിനു പരിസരത്തുള്ള കുടുംബശ്മശാനത്തിൽ ശവമടക്കിയിരുന്നു.
  E. മിസ്രയീമ്യരെപ്പോലെ സുഗന്ധവർഗ്ഗം ഇട്ടിരുന്നില്ല. മനുഷ്യൻ പൊടിയിൽ നിന്നു വന്നു, പൊടിയിലേക്കു മടങ്ങുന്നു (ഉദാ. ഉല്പ. 3:19; സങ്കീ. 103:14; 104:29).
  F. റബ്ബി യെഹൂദാമതത്തിൽ ശവത്തോടു ബന്ധപ്പെട്ട ആചാരപരമായി അശുദ്ധി എന്ന സങ്കല്പം ഉണ്ടായിരുന്നതിനാൽ ശവശരീരത്തെ ശരിയായനിലയിൽ ആദരിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ബുദ്ധിമുട്ടുണ്ടായിരുന്നു.

III. പുതിയനിയമം
  A. മരണശേഷം ഉടൻതന്നെ, സാധാരണയായി ഇരുപത്തിനാലു മണിക്കൂറിനു മുമ്പ് സംസ്കാരം നടത്തിയിരുന്നു. യെഹൂദന്മാർ മൂന്നു ദിവസം വരെ ശവക്കുഴി നിരീക്ഷിച്ചിരുന്നു. കാരണം, ആ സമയത്തിനുള്ളിൽ ആത്മാവിന് ശരീരത്തിലേക്കു മടങ്ങിവരാൻ കഴിയുമായിരുന്നു എന്നവർ വിശ്വസിച്ചിരുന്നു (ഒ.നോ. യോഹ. 11:39).
  B. ശരീരം കുളിപ്പിച്ച് സുഗന്ധദ്രവ്യങ്ങൾ ചേർത്ത് തുണികൊണ്ടു പൊതിഞ്ഞിരുന്നു (ഒ.നോ. യോഹ. 11:44; 19:39–40).
  C. ഒന്നാം നൂറ്റാണ്ടിലെ പലസ്തീനിൽ യെഹൂദനും ക്രിസ്ത്യാനിക്കും വെവ്വേറെ ശവസംസ്കാര ചടങ്ങുകളില്ലായിരുന്നു; പ്രത്യേക വസ്തുക്കളൊന്നും കല്ലറയിൽ നിക്ഷേപിച്ചിരുന്നുമില്ല.

### യോഹന്നാൻ 11:45–46

**[45]മറിയയുടെ അടുക്കൽ വന്ന യെഹൂദന്മാരിൽ പലരും, അവൻ ചെയ്തതു കണ്ടിട്ടു അവനിൽ വിശ്വസിച്ചു. [46]എന്നാൽ ചിലർ പരീശന്മാരുടെ അടുക്കൽ പോയി യേശു ചെയ്തത് അവരോട് അറിയിച്ചു.**

**11:45 "യെഹൂദന്മാരിൽ പലരും അവനിൽ വിശ്വസിച്ചു"** സുവിശേഷത്തിന്റെ വിഷയം ഇതാണ് (ഒ.നോ. 20:30–31). ഈ പ്രയോഗം ആവർത്തിച്ചുവരുന്ന ഒന്നാണ് (ഒ.നോ. 2:23; 7:31; 8:30; 10:42; 12:11,42). എങ്കിലും യോഹന്നാന്റെ സുവിശേഷത്തിൽ വിശ്വാസത്തിന് അനേക തലങ്ങളുണ്ടെന്നു എല്ലായ്പോഴും അതു രക്ഷിക്കുന്ന വിശ്വാസമല്ലെന്നും വീണ്ടും പറയേണ്ടിയിരിക്കുന്നു (ഒ.നോ. 2:23–25; 8:30 മുതൽ). 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

**11:46 "ചിലർ പരീശന്മാരുടെ അടുക്കൽ പോയി യേശു ചെയ്തതു അവരോടു അറിയിച്ചു"** ഇത്രയും വിസ്മയ കരമായ ഉപദേശത്തിന്റെയും ശക്തിയേറിയ അത്ഭുതങ്ങളുടെയും നടുവിലും ആത്മീയ അന്ധതയുടെ ആഴം നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. എങ്കിലും യേശു എല്ലാ കൂട്ടങ്ങളെയും തന്നിൽ ആശ്രയിക്കുന്നവരെന്നും തന്നെ ക്കുറിച്ചുള്ള സത്യം നിരസിക്കുന്നവരെന്നുമുള്ള രണ്ടു ഗണമായി വിഭജിക്കുന്നു. ഇതുപോലെയുള്ള ശക്തമായ ഒരു അത്ഭുതം പോലും വിശ്വാസം ഉളവാക്കുന്നില്ല (ഒ.നോ. ലൂക്കൊ. 16:30-31).

## യോഹന്നാൻ 11:47-53

**[47]മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടി: നാം എന്തു ചെയ്യേണ്ടു? ഈ മനുഷ്യൻ വളരെ അടയാളങ്ങൾ ചെയ്യുന്നുവല്ലോ. [48]അവനെ ഇങ്ങനെ വിട്ടയച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും; റോമക്കാരും വന്നു നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും എന്നു പറഞ്ഞു. [49]അവരിൽ ഒരുത്തൻ, ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യഫാവു തന്നേ, അവരോട്: നിങ്ങൾ ഒന്നും അറിയുന്നില്ല; [50]ജനം മുഴുവനും നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കു വേണ്ടി മരിക്കുന്നതു നന്നു എന്നു ഓർക്കുന്നതുമില്ല എന്നു പറഞ്ഞു. [51]അവൻ ഇതു സ്വയമായി പറഞ്ഞതല്ല, താൻ ആ സംവത്സരത്തെ മഹാപുരോഹിതൻ ആകയാൽ ജനത്തിന്നുവേണ്ടി യേശു മരിപ്പാൻ ഇരിക്കുന്നു എന്നു പ്രവചിച്ചതത്രേ. [52]ജനത്തിന്നു വേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായി ചേർക്കേണ്ട തിന്നും തന്നേ. [53]അന്നുമുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു.**

**11:47 "മഹാപുരോഹിതന്മാരും പരീശന്മാരും സംഘം കൂടി"** യെരുശലേമിലുള്ള യെഹൂദന്മാരുടെ പരമോന്നത കോടതിയായ സൻഹെദ്രീനെയാണിവിടെ സൂചിപ്പിക്കുന്നത്. ഇതിൽ 70 അംഗങ്ങളുണ്ടായിരുന്നു. മഹാപുരോഹി തന്മാർ എന്നു പറയുന്നത് സദൂക്യർ എന്നറിയപ്പെടുന്ന രാഷ്ട്രീയ, മത നേതാക്കളാണ്. അവർ മോശെയുടെ പുസ്തകങ്ങൾ മാത്രമേ അംഗീകരിച്ചിരുന്നുള്ളൂ. പുനരുത്ഥാനത്തെ നിഷേധിച്ചിരുന്നു. കൂടുതൽ ജനപ്രീതി യാർജ്ജിച്ച മതവാദികളായ പരീശന്മാർ (1) പഴയനിയമം മുഴുവനും, (2) ദൂതന്മാരുടെ ശുശ്രൂഷ, (3) മരണാനന്തര ജീവിതം എന്നിവയിൽ വിശ്വസിച്ചിരുന്നു. പരസ്പരം ശത്രുക്കളായ ഈ കൂട്ടർ ഏതു ലക്ഷ്യത്തിനുംവേണ്ടി ഒന്നി ച്ചുകൂടുന്നത് ആശ്ചര്യകരമായിരുന്നു. 1:24 ലെ പ്രത്യേക പഠനവിഷയം: പരീശന്മാർ കാണുക. 3:1 ലെ പ്രത്യേക പഠനവിഷയം: സൻഹെദ്രിൻ സംഘം കാണുക.

▣ **"ഈ മനുഷ്യൻ വളരെ അടയാളങ്ങൾ ചെയ്യുന്നുവല്ലോ"** യേശുവിനെ "ഈ മനുഷ്യൻ" എന്നു വിളിക്കു ന്നത് അവന്റെ പേരു പറയാതെ അവനെ വിലകുറച്ചു കാണിക്കുന്നതാണ്. ലാസറിനെ ഉയിർപ്പിച്ചതുപോലെയുള്ള ഇത്ര വലിയ ഒരു അത്ഭുതം ചെയ്തിട്ടും അവരുടെ മുൻവിധി അവരുടെ കണ്ണുകളെ പാടെ കുരുടാക്കി കളഞ്ഞു എന്നത് ആശ്ചര്യകരമായിരിക്കുന്നു (ഒ.നോ. 2 കൊരി. 4:4).

**11:48 "വിട്ടേച്ചാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്.

▣ **"എല്ലാവരും അവനിൽ വിശ്വസിക്കും"** അസൂയയും ദൈവശാസ്ത്രപരമായ വിയോജിപ്പുമായിരുന്നു യേശു വിനെ അവർ വിശ്വസിക്കാതിരുന്നതിന്റെയും ഭയപ്പെട്ടതിന്റെയും കാരണം. "എല്ലാവരും" എന്നതിൽ ശമര്യരും ജാതികളും (ഒ.നോ. 10:16) ഉൾപ്പെട്ടിരിക്കാം. അവരുടെ ഭയത്തിന് ഒരു രാഷ്ട്രീയവശവും ഉണ്ടായിരുന്നു (അതാ. റോമൻ ആധിപത്യം).

▣ **"റോമക്കാരും വന്നു നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും"** യോഹന്നാന്റെ സുവിശേഷ ത്തിലെ വൈരുദ്ധ്യാത്മക പ്രവചനങ്ങളിലൊന്നാണിത്; കാരണം എ.ഡി. 70 ൽ റോമൻ ജനറൽ തീത്തൊസിന്റെ (പിന്നീട് ചക്രവർത്തി) കീഴിൽ ഇത് അക്ഷരാർത്ഥത്തിൽ നിറവേറി.
എന്നിവ വിശ്വസിച്ചിരുന്നു. പരസ്പരം ശത്രുക്കളായ ഈ കൂട്ടർ ഏതു ലഷ്യത്തിനും വേണ്ടി ഒന്നിച്ചുകൂടുന്നത് ആശ്ചര്യകരമായിരുന്നു. 1:24 ലെ പ്രത്യേക പഠനവിഷയം: പരീശന്മാർ കാണുക. 3:1 ലെ പ്രത്യേക പഠനവിഷയം: സൻഹെദ്രിൻ സംഘം കാണുക.
റോമൻ ആധിപത്യം എന്ന രാഷ്ട്രീയ യാഥാർത്ഥ്യം യെഹൂദന്റെ അന്ത്യകാല പ്രതീക്ഷയുടെ അവിഭാജ്യഘടക മായിരുന്നു. റോമിൽ നിന്നും തങ്ങളെ വിടുവിക്കുന്നതിനായി പഴയനിയമത്തിലെ ന്യായാധിപന്മാരെപ്പോലെ ഒരു മത, സൈനിക വ്യക്തിയെ ദൈവം അയയ്ക്കുമെന്നവർ വിശ്വസിച്ചു. ഈ പ്രതീക്ഷ നിറവേറ്റുന്നതിനായി മശിഹാ എന്നു നടിച്ച് അനേകർ പലസ്തീനിൽ വിപ്ലവം ആരംഭിച്ചിരുന്നു.
തന്റെ രാജ്യം ഐഹികമോ രാഷ്ട്രീയമോ ആയ വാഴ്ച അല്ലെന്നും (ഒ.നോ. 18:36), ഭാവിയിൽ ലോകം മുഴുവനും വ്യാപിക്കുന്ന ആത്മീയ ഭരണമാണെന്നും യേശു അവകാശപ്പെട്ടു (അതാ. വെളിപ്പാട്). താൻ പഴയ നിയമത്തിന്റെ നിവൃത്തിയാണെന്നവൻ അവകാശപ്പെട്ടു. എന്നാലത് ആക്ഷരികമായതോ യെഹൂദനിലോ പ്രാദേശിക തലത്തിലോ ഒതുങ്ങി നിൽക്കുന്നതോ അല്ല. ഇക്കാരണത്താൽ അവന്റെ കാലത്തെ ഭൂരിപക്ഷം യെഹൂദന്മാരാലും അവൻ തള്ളപ്പെട്ടു.

**11:49 "ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യഫാവ്"** മഹാപുരോഹിത പദവി തലമുറകളിലേക്കു കൈമാറുന്നതും ആജീവനാന്തം വഹിക്കേണ്ടതുമായിട്ടാണ് സ്ഥാപിക്കപ്പെട്ടിരുന്നതെങ്കിലും (ഒ.നോ. പുറ. 28), റോമക്കാർ ആധിപത്യം സ്ഥാപിച്ചതോടെ ഒലിവുമലയിലും ദൈവാലയ പരിസരത്തുമുള്ള വാണിജ്യലാഭം

മുൻനിർത്തി ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്നവർക്ക് നൽകിത്തുടങ്ങി. കയ്യഫാവ് എ.ഡി. 18-36 വരെ മഹാപുരോഹിതനായിരുന്നു (എ.ഡി. 6 മുതൽ 15 വരെ മഹാപുരോഹിതനായിരുന്ന ഹന്നാവിന്റെ മരുമകനായിരുന്നു കയ്യഫാവ്).

**11:50-52** യോഹന്നാന്റെ വൈരുദ്ധ്യാത്മക പ്രസ്താവനയുടെ മറ്റൊരുദാഹരണമാണിത്. കയ്യഫാവ് സുവിശേഷം പ്രസംഗിക്കുന്നു!

**11:50 "ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നതു നന്ന്"** ഇതിന്റെ പഴയനിയമ പശ്ചാത്തലം "സമൂഹപരം" എന്ന യെഹൂദവീക്ഷണമാണ്. ഒരു വ്യക്തിക്ക് (നല്ലവനായാലും ദുഷ്ടനായാലും) മുഴുവൻ പേരെയും സ്വാധീനിക്കുവാൻ കഴിയും (ഉദാ. ആദാം/ഹവ്വ; ആഖാൻ). ഈ ആശയം, യാഗസംവിധാനത്തെ, പ്രത്യേകിച്ച് രാഷ്ട്രത്തിന്റെ പാപത്തെ ഒരു നിഷ്കളങ്ക മൃഗം വഹിക്കുന്ന മഹാ പാപപരിഹാരദിനത്തെ (ലേവ്യ. 16) സൂചിപ്പിക്കുന്നതായി മാറി. ഇതാണ് യെശയ്യാവ് 53 നു പിന്നിലെ മശിഹൈക സങ്കല്പം. പുതിയ നിയമത്തിൽ റോമ. 5:12-21 ലെ ആദാം/ക്രിസ്തു എന്ന നിഴലും പൊരുളും ഈ ആശയത്തെ പ്രതിഫലിപ്പിക്കുന്നു.

**11:51**

| | |
|---|---|
| **NASB, REV, NET** | **"യേശു മരിക്കാൻ പോകുന്നു എന്ന്"** |
| **NKJV, NIV, REB** | **"യേശു മരിക്കും എന്ന്"** |
| **NRSV** | **"യേശുമരിച്ചേക്കും എന്ന്"** |
| **NJB** | **"യേശു മരിക്കേണ്ടതാണ് എന്ന്"** |

NIDOTTE, Vol 1, p. 326 ൽ *മെല്ലോ* ("വേണം," "ചെയ്തേ മതിയാകൂ" "തീർച്ചയായും") എന്ന പദം ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയിലുള്ള ദൈവേഷ്ടത്തെക്കുറിച്ചു സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നതിനെക്കുറിച്ച് നല്ലൊരു വിശദീകരണം നൽകുന്നുണ്ട്.

1. മർക്കൊസ് 10:30
2. മത്തായി 17:22
3. ലൂക്കൊസ് 9:3,44; 24:21; പ്രവൃ. 26:33
4. യോഹന്നാൻ 7:39; 11:51; 12:33; 14:22; 18:32

യൂദായുടെ കാണിച്ചുകൊടുക്കലിന്റെ അനിവാര്യതയെക്കുറിച്ചും ഇതുപയോഗിക്കുന്നുണ്ട്.

1. ലൂക്കൊസ് 22:23
2. യോഹന്നാൻ 6:71; 12:4

അപ്പൊസ്തല പ്രവൃത്തികളിൽ ഇത് പ്രവചന നിവൃത്തിയെ കാണിക്കുവാൻ ലൂക്കൊസ് ഉപയോഗിക്കുന്നു (പ്രവൃ. 11:28; 24:15; 26:22). വീണ്ടെടുപ്പിൻ സംഭവങ്ങളെല്ലാം തന്നെ ദൈവത്തിന്റെ കരങ്ങളിലാണ് (ഒ.നോ. പ്രവൃ. 2:23; 3:18; 4:28; 13:29).

**11:52 "ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേർക്കേണ്ടതിനും തന്നേ"** 10:16 നു സമാന്തരമായ, യോഹന്നാന്റെ ഒരു പത്രാധിപ കുറിപ്പാണിതെന്നു തോന്നുന്നു. ഇതു സൂചിപ്പിക്കുന്നത്:

1. പലസ്തീനു വെളിയിൽ പാർക്കുന്ന യെഹൂദന്മാർ
2. ശമര്യരെപ്പോലെയുള്ള അർദ്ധ-യെഹൂദർ
3. ജാതികൾ

മൂന്നാമത്തേതാണു കൂടുതൽ അനുയോജ്യം. ഏതായാലും, യേശുവിന്റെ മരണം "വിശ്വസിക്കുന്ന" മനുഷ്യസമൂഹത്തെ ഒന്നാക്കിത്തീർക്കും.

**11:53 "അന്നുമുതൽ അവർ അവനെ കൊല്ലുവാൻ ആലോചിച്ചു"** യോഹന്നാനിൽ ആവർത്തിച്ചുകാണുന്ന വിഷയമാണിത് (ഒ.നോ. 5:18; 7:19; 8:59; 10:39; 11:8).

## യോഹന്നാൻ 11:54

**[54]അതുകൊണ്ടു യേശു യെഹൂദന്മാരുടെ ഇടയിൽ പിന്നെ പരസ്യമായി നടക്കാതെ അവിടം വിട്ടു മരുഭൂമിക്കരികെ, എഫ്രയീം എന്ന പട്ടണത്തിലേക്കു വാങ്ങി, ശിഷ്യന്മാരുമായി അവിടെ പാർത്തു.**

**11:54 "അതുകൊണ്ട് യേശു യെഹൂദന്മാരുടെ ഇടയിൽ പിന്നെ പരസ്യമായി നടക്കാതെ"** മതനേതാക്കളുമായി സംഭാഷിക്കാനുള്ള യേശുവിന്റെ അവസാന ശ്രമമാണ് യോഹ. 12.

"പരസ്യമായി" എന്നു യോഹന്നാനിൽ തർജ്ജമ ചെയ്തിരിക്കുന്ന പദത്തിന്റെ (ഒ.നോ. 7:26; 11:54; 18:20) സാധാരണ അർത്ഥം "നിർഭയമായി" എന്നാണ്. 7:4 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"എഫ്രയീം എന്ന പട്ടണം"** ശമര്യയിലെ ബെഥേലിനു സമീപം സ്ഥിതിചെയ്തിരുന്ന പട്ടണമാകും ഇത് (ഒ.നോ. 2 ദിന. 13:19).

**യോഹന്നാൻ 11:55-57**

**[55]യെഹൂദന്മാരുടെ പെസഹ അടുത്തിരിക്കയാൽ, പലരും തങ്ങൾക്കു ശുദ്ധിവരുത്തുവാൻ പെസഹെക്കു മുമ്പെ നാട്ടിൽ നിന്നു യെരൂശലേമിലേക്കു പോയി. [56]അവർ യേശുവിനെ അന്വേഷിച്ചു ദൈവാലയത്തിൽ നിന്നുകൊണ്ടു: എന്തു തോന്നുന്നു? അവൻ പെരുനാൾക്കു വരികയില്ലയോ എന്നു തമ്മിൽ പറഞ്ഞു. [57]എന്നാൽ മഹാപുരോഹിതന്മാരും പരീശന്മാരും അവനെ പിടിക്കേണം എന്നുവെച്ചു അവൻ ഇരിക്കുന്ന ഇടം ആരെങ്കിലും അറിഞ്ഞാൽ അറിവു തരേണമെന്നു കല്പന കൊടുത്തിരുന്നു.**

**11:55-57** ഈ വാകൃങ്ങൾ 11,12 അദ്ധ്യായങ്ങളെ കൂട്ടിയിണക്കുന്നു.

**11:55 "തങ്ങൾക്കു ശുദ്ധി വരുത്തുവാൻ"** പെസഹായുടെ ഒരുക്കമായുള്ള ആചാരപരമായ ശുദ്ധീകരണ ചടങ്ങിനെയാണിതു സൂചിപ്പിക്കുന്നത്. യേശു എത്രകാലം പലസ്തീനിൽ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു എന്നത് ഇപ്പോഴും ഒരു തർക്ക വിഷയമാണ്. ഒന്നോ രണ്ടോ വർഷം എന്നു തോന്നത്തക്ക നിലയിലാണ് സമവീക്ഷണ സുവിശേഷങ്ങൾ എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ യോഹന്നാനിൽ അനേക പെസഹകൾ (വാർഷിക പെരുന്നാൾ) കാണാം. മൂന്നെണ്ണം കൃത്യമായി രേഖപ്പെടുത്തുകയും (ഒ.നോ. 2:13; 6:14; 11:55) ചെയ്തിട്ടുണ്ട്. 5:1 ൽ നാലാമതൊന്നിനെക്കുറിച്ച് സൂചന നൽകുകയും ചെയ്യുന്നു.

**11:57** യോഹന്നാന്റെ മറ്റൊരു പത്രാധിപ കുറിപ്പാണിത്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യേശു എന്തുകൊണ്ടാണ് ലാസർ മരിക്കാൻ അനുവദിച്ചത്?
2. ആരെ ഉദ്ദേശിച്ചായിരുന്നു ആ അത്ഭുതം നടത്തിയത്?
3. പുനരുത്ഥാനവും പുനർജീവിപ്പിക്കലും തമ്മിലുള്ള വ്യത്യാസം എന്താണ്?
4. ലാസറിന്റെ ഉയിർപ്പ് യെഹൂദ പ്രമാണികളെ അസ്വസ്ഥരാക്കിയതെന്തുകൊണ്ടാണ്?

# യോഹന്നാൻ 12

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ബേഥാന്യയിലെ തൈലംപൂശൽ | ബേഥാന്യയിലെ തൈലംപൂശൽ | ബേഥാന്യയിലെ തൈലംപൂശൽ | യേശു ബേഥാന്യയിൽവെച്ച് അഭിഷേകം ചെയ്യപ്പെടുന്നു | ബേഥാന്യയിലെ തൈലംപൂശൽ |
| 12:1–8 | 12:1–8 | 12:1–8 | 12:1–6 | 12:1–8 |
| | | | 12:7–8 | |
| ലാസറിനെതിരായ ഗൂഢാലോചന | ലാസറിനെ കൊല്ലാനുള്ള ഗൂഢാലോചന | | ലാസറിനെതിരായ ഗൂഢാലോചന | |
| 12:9–11 | 12:9–11 | 12:9–11 | 12:9–11 | 12:9–11 |
| യെരൂശലേമിലേക്കുള്ള വിജയ പ്രവേശനം | വിജയ പ്രവേശനം | ഈന്തപ്പന ഞായർ | യെരൂശലേമിലേക്കുള്ള വിജയ പ്രവേശനം | മശിഹാ യെരൂശലേമിലേക്കു പ്രവേശിക്കുന്നു |
| 12:12–19 | 12:12–19 | 12:12–19 | 12:12–13 | 12:12–19 |
| | | | 12:14 | |
| | | | 12:15 | |
| | | | 12:16 | |
| | | | 12:17 | |
| | | | 12:18–19 | |
| ചില യവനർ യേശുവിനെ അന്വേഷിക്കുന്നു | ഫലപ്രദമായ ഗോതമ്പുമണി | യേശുവിന്റെ പരസ്യ ശുശ്രൂഷ തീരുന്നു | ചില യവനർ യേശുവിനെ അന്വേഷിക്കുന്നു | യേശു തന്റെ മരണവും തുടർന്നുള്ള മഹത്വീകരണവും മുന്നറിയിക്കുന്നു |
| 12:20–26 | 12:20–26 | 12:20–26 | 12:20–21 | 12:20–28a |
| | | | 12:22–26 | |
| മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതാകുന്നു | യേശു തന്റെ ക്രൂശുമരണം മുന്നറിയിക്കുന്നു | | യേശു തന്റെ മരണത്തെക്കുറിച്ചു സംസാരിക്കുന്നു | |
| 12:27–36a | 12:27–36 | 12:27–36a | 12:27–28a | |
| | | | 12:28b | 12:28b |
| | | | 12:29 | 12:29–32 |
| | | | 12:30–33 | |
| | | | | 12:33–36a |
| | | | 12:34 | |
| | | | 12:35–36a | |
| യെഹൂദന്മാരുടെ അവിശ്വാസം | ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു? | | ജനത്തിന്റെ അവിശ്വാസം | |
| 12:36b–43 | | 12:36b–43 | 12:36b–38 | 12:36b |
| | | | | ഉപസംഹാരം: യെഹൂദന്മാരുടെ അവിശ്വാസം |
| | 12:37–41 | | | 12:37–38 |
| | | | 12:39–40 | 12:39–40 |
| | | | 12:41 | 12:41 |
| | വെളിച്ചത്തിൽ നടപ്പിൻ | | 12:42–43 | 12:42–50 |
| യേശുവിന്റെ വചനത്താലുള്ള ന്യായവിധി | 12:42–50 | | യേശുവിന്റെ വചനത്താലുള്ള ന്യായവിധി | |
| 12:44–50 | | 12:44–50 | 12:44–50 | |

# മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# വാ. 1–50 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. നാലു സുവിശേഷങ്ങളും ഒരു സ്ത്രീ യേശുവിനെ തൈലം പൂശുന്ന സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഈ സംഭവം സുവിശേഷ രചയിതാക്കളെ സംബന്ധിച്ച് പ്രാധാന്യമുള്ളതായിരുന്നു എന്നു കരുതാം. എങ്കിലും മർക്കൊ. 14:3–9; മത്താ. 26:6–13, യോഹ. 12:2–8 എന്നീ ഭാഗങ്ങൾ അവളെ ലാസറിന്റെ സഹോദരിയായ ബേഥാന്യയിലെ മറിയ എന്നു പരിചയപ്പെടുത്തുമ്പോൾ ലൂക്കൊ. 7:36–50 അവളെ ഗലീലയിലെ പാപിനിയായ സ്ത്രീ ആയി അവതരിപ്പിക്കുന്നു.

B. അധ്യായം 12 ൽ യേശുവിന്റെ പരസ്യ ശുശ്രൂഷ അവസാനിക്കുന്നു (ഒ.നോ. വാ. 29). യെഹൂദ പ്രമാണികളെ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനായി അവൻ വീണ്ടും വീണ്ടും ശ്രമിച്ചു. അ. 11, യെരുശലേം നഗരവാസികളെ വിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിനുള്ള അവന്റെ ശ്രമമായിരുന്നു.

C. ഈ അദ്ധ്യായത്തിൽ അഞ്ചുകൂട്ടം ആളുകളെ പരാമർശിക്കുന്നുണ്ട്.
   1. ലാസറിന്റെ ഉയർപ്പിനു സാക്ഷ്യം വഹിച്ച പുരുഷാരം, വാ. 17
   2. യെരൂശലേമിൽ നിന്നുള്ള പുരുഷാരം, വാ. 9
   3. പെസഹയ്ക്കു വന്ന പുരുഷാരം, വാ. 12,18,29,34
   4. ജാതികളുടെ ഒരു കൂട്ടം, വാ. 20
   5. അവനിൽ വിശ്വസിച്ച പ്രമാണിമാരുടെ ഒരു കൂട്ടം, വാ. 42

**യോഹന്നാൻ 12:1–6**

**1യേശു മരിച്ചവരിൽനിന്നു ഉയിർപ്പിച്ച ലാസർ പാർത്ത ബെഥാന്യയിലേക്കു, യേശു പെസഹെക്കു
ആറുദിവസം മുമ്പെ വന്നു. 2അവിടെ അവർ അവന്നു ഒരു അത്താഴം ഒരുക്കി; മാർത്ത ശുശ്രൂഷ ചെയ്തു,
ലാസരോ അവനോടുകൂടെ പന്തിയിൽ ഇരുന്നവരിൽ ഒരുവൻ ആയിരുന്നു. 3അപ്പോൾ മറിയ വിലയേറിയ
സ്വച്ഛജടാമാംസിതൈലം ഒരു റാത്തൽ എടുത്തു യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ടു
കാൽ തുവർത്തി; തൈലത്തിന്റെ സൌരഭ്യം കൊണ്ടു വീടു നിറഞ്ഞു. 4എന്നാൽ അവന്റെ ശിഷ്യന്മാരിൽ
ഒരുത്തനായി, അവനെ കാണിച്ചുകൊടുപ്പാനുള്ള യൂദാ ഈസ്കര്യോത്താവു: 5ഈ തൈലം മുന്നൂറു
വെള്ളിക്കാശിനു വിറ്റു ദരിദ്രന്മാർക്കു കൊടുക്കാഞ്ഞതു എന്തു എന്നു പറഞ്ഞു. 6ഇതു ദരിദ്രന്മാരെക്കുറിച്ചു
വിചാരം ഉണ്ടായിട്ടല്ല, അവൻ കള്ളൻ ആകകൊണ്ടും പണസ്സഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ
ഇട്ടതു എടുത്തുവന്നതുകൊണ്ടും അത്രേ പറഞ്ഞതു. 7യേശുവോ: അവളെ വിടുക; എന്റെ ശവസംസ്കാര
ദിവസത്തിന്നായി അവൾ ഇതു സൂക്ഷിച്ചു എന്നിരിക്കട്ടെ. 8ദരിദ്രന്മാർ നിങ്ങൾക്കു എല്ലായ്പ്പോഴും അടു
ക്കൽ ഉണ്ടല്ലോ; ഞാൻ എല്ലായ്പ്പോഴും അടുക്കൽ ഇല്ലതാനും എന്നു പറഞ്ഞു.**

**12:1 "പെസഹെക്കു ആറു ദിവസം മുമ്പെ"** മത്താ 26:2 ൽ നിന്നു വ്യത്യസ്തമായ ഒരു കാലഗണനാ ക്രമമാണിത്. സുവിശേഷത്തിന്റെ പ്രാഥമിക ലക്ഷ്യം കാലഗണനയല്ല, മറിച്ച് യേശുവിന്റെ ആളത്വവും പ്രവൃത്തിയും പ്രതിഫലിപ്പിക്കുന്ന പ്രാതിനിധ്യ പ്രവർത്തനങ്ങളെ അവതരിപ്പിക്കുകയാണെന്ന കാര്യം ഓർക്കേണ്ടതാണ്. സുവിശേഷങ്ങൾ ജീവചരിത്രങ്ങളല്ല, മറിച്ച് ലക്ഷ്യംവെച്ചിരിക്കുന്ന സമൂഹങ്ങൾക്കുള്ള സുവിശേഷ ലിഖിതങ്ങളാണ്.

**12:2 "അവർ"** ഇത് ബേഥാന്യയിലെ നിവാസികളെ ആയിരിക്കാം സൂചിപ്പിക്കുന്നത്. ലാസറിനെ ഉയിർപ്പിച്ചതിന്റെ ബഹുമാനാർത്ഥം അവർ യേശുവിനും അവന്റെ ശിഷ്യന്മാർക്കും അത്താഴമൊരുക്കി. എങ്കിലും മത്താ. 26:6 ൽ ഇത് കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിലാണ് നടന്നത്.

**12:3 "റാത്തൽ"** റോമൻ പൗണ്ടിനെ – അതായത് 12 ഔൺസ് – സൂചിപ്പിക്കുന്ന ലത്തീൻ പദമാണിത്. മറിയയുടെ വിവാഹ സ്ത്രീധനമായിരിക്കാം ഈ വിലയേറിയ സുഗന്ധദ്രവ്യം. അവിവാഹിതകളായ അനേക സ്ത്രീകൾ ഇത്തരത്തിലുള്ള സുഗന്ധദ്രവ്യം ചെറിയ പാത്രങ്ങളിലാക്കി കഴുത്തിൽ തൂക്കിയിടുക പതിവായിരുന്നു.

▣

**NASB "വളരെ വിലകൂടിയ പരിശുദ്ധ ജടമാംസി ഒരു റാത്തൽ"**
**NKJV "വളരെ വിലയുള്ള ജടമാംസിയുടെ തൈലം ഒരു റാത്തൽ"**
**NRSV "പരിശുദ്ധ ജടാമാംസിയിൽ നിന്നുണ്ടാക്കിയ ഒരു റാത്തൽ വിലയേറിയ സുഗന്ധതൈലം"**
**TEV "പരിശുദ്ധ ജടാമാംസിയിൽ നിന്നുണ്ടാക്കിയ വിലകൂടിയ തൈലത്തിന്റെ ഒരു മുഴുവൻ പാത്രം"**
**NJB "വിലയേറിയ തൈലം, പരിശുദ്ധ ജടമാംസി ഒരു റാത്തൽ"**

നാമവിശേഷണത്തെ സംബന്ധിച്ച് ധാരാളം വിശദീകരണങ്ങളുള്ളത് കാണിക്കുന്നത്: (1) പരിശുദ്ധമായത്; (2) ദ്രാവകരൂപത്തിലുള്ളത്; (3) ഒരു സ്ഥലനാമം എന്ന നിലയിലാകാം. വളരെ വിലയുള്ള സുഗന്ധവസ്തുവായ ഹിമാലയൻ വേരിൽ നിന്നാണ് തൈലം നിർമ്മിച്ചിരുന്നത്. (see James M Freeman, Manners and Customs of the Bible, pp. 379-380).

▣ "യേശുവിന്റെ കാലിൽ പൂശി" ഇതേ സംഭവത്തെക്കുറിച്ചു പറയുന്ന മറ്റു സുവിശേഷങ്ങളിലെ വിവരണങ്ങളിൽ (ഒരു പക്ഷെ ലാസറിനെ ഉയർപ്പിച്ചതിനുള്ള മറിയയുടെ നന്ദിപ്രകാശനം, വാ. 2) സ്ത്രീ അവന്റെ തലയിൽ പൂശുന്നതായിട്ടാണു കാണുന്നത്. മറിയ അവന്റെ ശരീരം മുഴുവനും തൈലം പൂശിയിരിക്കാം – അവന്റെ തല മുതൽ കാൽ വരെ. അവന്റെ കാൽ പ്രദർശിപ്പിക്കപ്പെട്ടിരുന്നതിൽ നിന്നും അവൻ ഉയരം കുറഞ്ഞ മേശയിൽ ഇടതു കൈമുട്ട് ഊന്നി ചാരിയിരിക്കുകയായിരുന്നു എന്നു കരുതാം.

യോഹന്നാന്റെ ദ്വയാർത്ഥ സൂചനകളിലൊന്നാണിത്. ഈ സുഗന്ധദ്രവ്യം അവന്റെ ശരീരത്തെ സംസ്കാരത്തിനുവേണ്ടി ഒരുക്കുവാനുപയോഗിച്ചതായിരുന്നു (ഒ.നോ. 19:40). തന്റെ ആസന്നമായ മരണത്തെക്കുറിച്ചുള്ള യേശുവിന്റെ സന്ദേശം ശിഷ്യന്മാരെക്കാൾ നന്നായി മറിയ മനസ്സിലാക്കിയിട്ടുണ്ടാകണം (ഒ.നോ. വാ. 7). 11:2 ലെ പഠനവിഷയം: അഭിഷേകം കാണുക.

▣ **"തൈലത്തിന്റെ സൗരഭ്യം കൊണ്ടു വീടു നിറഞ്ഞു"** നല്ലൊരു ദൃക്സാക്ഷി (പത്രാധിപ) വിവരണം. ആ നിമിഷം യോഹന്നാൻ നന്നായി ഓർക്കുന്നു!

**12:4 "യൂദാ ഈസ്കര്യോത്താവ്"** "ഈസ്കര്യോത്താവ്" എന്ന പദത്തിന്റെ വ്യുൽപത്തി സംബന്ധിച്ച് രണ്ടു സാധ്യതകളുണ്ട്. (1) യെഹൂദയിലെ ഒരു പട്ടണം (യോശുവ. 15:25 ലെ കെരിയോത്ത്) അല്ലെങ്കിൽ (2) "കൊലപാതകിയുടെ കത്തി" എന്നതിനുള്ള പദം. സകല സുവിശേഷ രചയിതാക്കളിലുംവെച്ച് യൂദായെക്കുറിച്ച് നിശിതമായ വാക്കുകളാണു യോഹന്നാൻ ഉപയോഗിക്കുന്നത് (ഒ.നോ. വാ. 6). 6:70–71 ലെ വിശദീകരണക്കുറിപ്പുകൾ കാണുക.

▣ **"കാണിച്ചുകൊടുപ്പാനുള്ള"** മറ്റൊരു പത്രാധിപക്കുറിപ്പ്. ഈ പദത്തിന് സാധാരണയായി ഈ ധ്വനിയില്ല. അതിന്റെ ആക്ഷരികാർത്ഥം "കൈമാറുക" അല്ലെങ്കിൽ നീതിന്യായ അർത്ഥത്തിൽ "ഏല്പിച്ചുകൊടുക്കുക അല്ലെങ്കിൽ "ഒരു കാര്യം മറ്റൊരുവനെ ഭരമേൽപ്പിക്കുക" എന്നു മാത്രമാണ്. 18:2 ലെ വിശദീകരണക്കുറിപ്പു കാണുക.

**12:5 "മുന്നൂറു വെള്ളിക്കാശ്"** ഒരു പടയാളിയുടെ അല്ലെങ്കിൽ കൂലിക്കാരന്റെ ദിവസവേതനമാണ് ഒരു വെള്ളിക്കാശ്. അതിനാൽ ഇത് ഏതാണ്ട് ഒരു വർഷത്തെ വേതനമാണ്.

**12:6** മറ്റൊരു പത്രാധിപ അഭിപ്രായം. മറ്റേതൊരു സുവിശേഷത്തെക്കാളുമുപരി യോഹന്നാൻ യൂദായെ കുറ്റപ്പെടുത്തുന്നുണ്ട്.

▣

**NASB, NKJV "പണപ്പെട്ടി"**
**NRSV "പൊതു പണസഞ്ചി"**
**TEV "പണസഞ്ചി"**
**NJB "പൊതുഫണ്ട്"**

പദത്തിനർത്ഥം "ചെറിയ പെട്ടി" എന്നാണ്. സംഗീതജ്ഞർ തങ്ങളുടെ വാദ്യോപകരണം കൊണ്ടുനടക്കുന്നതിനുള്ള പെട്ടിയാണത്.

▣ **"അതിൽ ഇട്ടതു എടുത്തുവന്നതുകൊണ്ടും"** ഗ്രീക്കു പദത്തിനർത്ഥം "വഹിക്കുക" എന്നാണ്. രണ്ടു വ്യത്യസ്ത അർത്ഥത്തിൽ അതുപയോഗിക്കപ്പെടുന്നു: (1) പെട്ടി അവൻ ചുമന്നിരുന്നു. (2) പെട്ടിയിലുണ്ടായിരുന്നത് അവൻ എടുത്തുമാറ്റിയിരുന്നു. ഈ പ്രസ്താവന അർത്ഥമാക്കുന്നത്, വാ. 5 ൽ കാണുന്ന ദരിദ്രരോടുള്ള യൂദായുടെ കരുതൽ, പണം മോഷ്ടിക്കുന്നതിനുള്ള അവന്റെ ഒഴികഴിവു മാത്രമായിരുന്നു എന്നാണ്.

**12:7** ഇതൊരു അസാധാരണ വാക്യമാണ്. ഈ ഔദാര്യത്തിന്റെയും ഭക്തിയുടെയും പ്രകടനത്തെ ഒരുവന്റെ ശവ സംസ്കാരത്തിൽ ചെയ്യുന്ന കർമ്മങ്ങൾക്കു തുല്യമാക്കുകയാണിവിടെ ചെയ്യുന്നത് (ഒ.നോ. 19:40). യോഹന്നാന്റെ മറ്റൊരു പ്രാവചനിക പ്രസ്താവനയാണിത്.

**12:8 "ദരിദ്രന്മാർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കെ ഉണ്ടല്ലോ"** ഇത് ആവ. 15:4,11 നോടു ബന്ധപ്പെട്ടതാണ്. ദരിദ്രന്മാരെ വിലകുറച്ചു കാണിക്കുന്നതിനുള്ള ഒരു പ്രസ്താവനയല്ല ഇത്, മറിച്ച് യേശുവിലുള്ള മശിഹൈക സാന്നിധ്യത്തെ ഊന്നിപ്പറയുന്നതാണ് (ഒ.നോ. വാ. 35; 7:33; 9:4). ദരിദ്രന്മാരുടെ അവകാശവും അവരെ സംരക്ഷി ക്കേണ്ട കല്പനകളും അടങ്ങിയിട്ടുള്ള പൗരസ്ത്യ സാഹിത്യങ്ങളിൽ അതുല്യ സ്ഥാനമാണ് പഴയനിയമത്തിനു ള്ളത്.

## യോഹന്നാൻ 12:9-11

**[9]അവൻ അവിടെ ഉണ്ടെന്നു അറിഞ്ഞിട്ടു യെഹൂദന്മാരുടെ ഒരു വലിയ പുരുഷാരം യേശുവിന്റെ നിമിത്തം മാത്രമല്ല, അവൻ മരിച്ചവരിൽനിന്നു ഉയർപ്പിച്ച ലാസറെ കാണ്മാനായിട്ടും കൂടെ വന്നു. [10]അവൻ ഹേതുവായി അനേകം യെഹൂദന്മാർ ചെന്നു [11]യേശുവിൽ വിശ്വസിക്കയാൽ ലാസറെയും കൊല്ലേണം എന്നു മഹാപുരോഹിതന്മാർ ആലോചിച്ചു.**

**12:9 "അവൻ അവിടെ ഉണ്ടെന്നു അറിഞ്ഞിട്ടു യെഹൂദന്മാരുടെ ഒരു വലിയ പുരുഷാരം"** യോഹന്നാനിൽ "യെഹൂദന്മാർ" എന്ന പദത്തിന്റെ ഒരു അസാധാരണ ഉപയോഗമാണിത്. സാധാരണയായി ഈ പദം യേശു വിനെ എതിർക്കുന്ന മതനേതാക്കളെയാണ് സൂചിപ്പിക്കുന്നത്. എങ്കിലും 11:19,45; 12:17 വാക്യങ്ങളിൽ ഇത് ലാസ റിന്റെ സ്നേഹിതരും അവന്റെ ശവസംസ്കാരത്തിൽ സംബന്ധിക്കാനെത്തിയവരുമായ യെരൂശലേം നഗരവാസി കളെയാണു സൂചിപ്പിക്കുന്നത്.

**12:10 "ലാസറെയും കൊല്ലേണം എന്നു മഹാപുരോഹിതന്മാർ ആലോചിച്ചു"** അവർക്കു തെളിവു നശിപ്പിക്ക ണമായിരുന്നു. ഭയവും (ഒ.നോ. 18:48) അസൂയയും (ഒ.നോ. 11:48; 12:11) ആയിരുന്നു അതിനവരെ പ്രേരിപ്പിച്ചത്.

യേശുവിന്റെ ഉയിർപ്പിക്കൽ പ്രവൃത്തി ഒറ്റപ്പെട്ട അപൂർവ്വ സംഭവമാണെന്നവർ ചിന്തിച്ചിരിക്കണം. ഈ യെഹൂ ദനേതാക്കളുടെ അന്ധതയും മുൻവിധിയും വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ അന്ധകാരത്തെ പ്രതിഫലിപ്പി ക്കുന്നു.

**12:11** ഇത് 11:45 നോടു ബന്ധപ്പെട്ടിരിക്കുന്നു. 2:23 ലെ പ്രത്യേക പഠനവിഷയം: യോഹന്നാനിൽ "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപയോഗം കാണുക.

## യോഹന്നാൻ 12:12-19

**[12]പിറ്റേന്നു പെരുന്നാൾക്കു വന്നോരു വലിയ പുരുഷാരം യേശു യെരൂശലേമിലേക്കു വരുന്നു എന്നു കേട്ടിട്ടു [13]ഈത്തപ്പനയുടെ കുരുത്തോല എടുത്തുകൊണ്ടു അവനെ എതിരേല്പാൻ ചെന്നു: ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്നു ആർത്തു. [14]യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ടു അതിന്മേൽ കയറി; [15]"സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിന്റെ രാജാവു കഴുതക്കുട്ടിപ്പുറത്തു കയറിവരുന്നു" എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. [16]ഇതു അവന്റെ ശിഷ്യന്മാർ ആദിയിൽ ഗ്രഹിച്ചില്ല; യേശുവിനു തേജസ്കരണം വന്നശേഷം അവനെക്കുറിച്ചു ഇങ്ങനെ എഴുതിയിരിക്കുന്നു എന്നും തങ്ങൾ അവന്നു ഇങ്ങനെ ചെയ്തു എന്നും അവർക്കു ഓർമ്മ വന്നു. [17]അവൻ ലാസറെ കല്ലറയിൽ നിന്നു വിളിച്ചു മരിച്ചവരിൽനിന്നു എഴുന്നേല്പിച്ചപ്പോൾ അവനോടു കൂടെ ഉണ്ടായിരുന്ന പുരുഷാരം സാക്ഷ്യം പറഞ്ഞു. [18]അവൻ ഈ അടയാളം ചെയ്തപ്രകാരം പുരുഷാരം കേട്ടിട്ടു അവനെ എതിരേറ്റുചെന്നു. [19]ആകയാൽ പരീശന്മാർ തമ്മിൽ തമ്മിൽ: നമുക്കു ഒന്നും സാധിക്കു ന്നില്ലല്ലോ; ലോകം അവന്റെ പിന്നാലെ ആയിപ്പോയി എന്നു പറഞ്ഞു.**

**12:12-19** യേശുവിന്റെ യെരൂശലേം വിജയപ്രവേശനത്തെക്കുറിച്ചുള്ള യോഹന്നാന്റെ വിവരണമാണിത് ഒ.നോ. മത്താ. 21:11; മർക്കൊ. 11:1-11; ലൂക്കൊ. 19:29-38).

**12:12 "പെരുന്നാൾക്കു വന്നോരു വലിയ പുരുഷാരം"** യെഹൂദാപുരുഷന്മാർ നിശ്ചയമായും സംബന്ധിക്കേണ്ടി യിരുന്ന മൂന്നു പെരുന്നാളുകൾ ഉണ്ടായിരുന്നു (ഒ.നോ. പുറ. 23:14-17; ലേവ്യ. 23; ആവ. 16:16). പലസ്തീനു വെളി യിൽ പാർത്തിരുന്ന (*ഡയാസ്പോറ*) യെഹൂദന്മാരുടെ ജീവിതാഭിലാഷമായിരുന്നു യെരൂശലേമിലെ ഒരു പെരു ന്നാളിൽ സംബന്ധിക്കുക എന്നത്. ഈ പെരുന്നാൾ സമയങ്ങളിൽ യെരൂശലേമിലെ ജനസംഖ്യ അഞ്ചിരട്ടിയായി വർദ്ധിക്കുമായിരുന്നു. യേശുവിനെക്കുറിച്ചു കേൾക്കുകയും കാണാനാഗ്രഹിക്കുകയും ചെയ്ത (ഒ.നോ. 11:56) ആകാംക്ഷാഭരിതരായ വലിയൊരു കൂട്ടം തീർത്ഥാടകരെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്.

**12:23 "ഈത്തപ്പനയുടെ കുരുത്തോല"** പനക്കൈക്കുള്ള അസാധാരണമായൊരു ഗ്രീക്കു പദമാണിത്. ചിലർ

വിശ്വസിക്കുന്നത് ഒരു കാലത്ത് ഒലിവുമലയുടെ ചരിവിൽ ഈത്തപ്പന വളർന്നിരുന്നുവെന്നാണ് (അതാ. ജൊസീഫസ്). മറ്റു ചിലർ പറയുന്നത് ഇത് യെരീഹോവിൽ നിന്നും കൊണ്ടുവന്നതാണെന്നാണ്. വിജയത്തിന്റെ അടയാളമായിട്ടാണവ നിലകൊണ്ടിരുന്നത് (ഒ.നോ. വെളി. 7:9). എല്ലാ വർഷവും കൂടാരപ്പെരുന്നാളിലും (ഒ.നോ. ലേവ്യ. 23:40), പെസഹാ പെരുന്നാളിലും (മക്കാബ്യ കാലഘട്ടത്തിൽ ആരംഭിച്ച പാരമ്പര്യം) അവ ഉപയോഗിച്ചിരുന്നു.

▣ **"ആർത്തു"** ആക്ഷരികമായി, "ആർക്കുവാൻ തുടങ്ങി" (1) ഭൂതകാലത്തിൽ ആവർത്തിക്കുന്ന സംഭവം അല്ലെങ്കിൽ (2) ഭൂതകാലത്തിൽ നടന്ന സംഭവത്തിന്റെ ആരംഭം എന്നതിനെ പ്രതിനിധീകരിക്കുന്ന അപൂർണകാലമാണിത്.

▣ **"ഹോശന്നാ"** പദത്തിനർത്ഥം, "ഇപ്പോൾ രക്ഷിക്ക" അല്ലെങ്കിൽ "ദയവായി രക്ഷിക്ക" (ഒ.നോ. സങ്കീ. 118:25-26). പെസഹാ സമയത്ത് ദൈവാലയത്തിലേക്കു പോകുന്ന തീർത്ഥാടകർ ഹില്ലേൽ സങ്കീർത്തനങ്ങൾ (ഒ.നോ. സങ്കീ. 113-118). ആലപിച്ചുകൊണ്ടാണു നടന്നിരുന്നത്. ഈ പ്രവൃത്തികളും വാചകങ്ങളും എല്ലാ വർഷവും പെസഹാ പെരുന്നാളിൽ ആവർത്തിച്ചിരുന്നു. എന്നാൽ ഈ പ്രത്യേക വർഷം അവരതിന്റെ ആത്യന്തിക അർത്ഥം യേശുവിൽ കണ്ടു! പുരുഷാരം അതു മനസ്സിലാക്കി. പരീശന്മാർ അതറിഞ്ഞു.

▣ **"കർത്താവിന്റെ നാമത്തിൽ വരുന്നവൻ"** ഇതുതന്നെയായിരുന്നു യേശു അവകാശപ്പെട്ടിരുന്നതും. അവൻ അയയ്ക്കപ്പെട്ടവനാണ്! അവൻ യഹോവയെ പ്രതിനിധീകരിച്ചു.

▣

**NASB** **"യിസ്രായേലിന്റെ രാജാവായി"**
**NKJV, NRSV,**
**TEV, NJB** **"യിസ്രായേലിന്റെ രാജാവ്"**

ഈ പ്രയോഗം സങ്കീർത്തനത്തിന്റെ ഭാഗമല്ലായിരുന്നു, ജനം കൂട്ടിച്ചേർത്തതാണ്. 2 ശമൂ. 7 ൽ വാഗ്ദത്തം ചെയ്തിരിക്കുന്ന മശിഹൈക രാജാവായി യേശുവിനെ ചിത്രീകരിക്കുകയാണിതെന്നു തോന്നുന്നു (ഒ.നോ. 1:49; 19:19).

**12:14 "ഒരു ചെറിയ കഴുത"** യിസ്രായേൽ രാജാക്കന്മാരുടെ രാജകീയ, സൈനിക വാഹനമൃഗമായിരുന്നു കഴുത (ഒ.നോ. 1 രാജാ. 1:33,38,44). രാജാവിന്റെ കഴുതപ്പുറത്ത് മറ്റാരും കയറുമായിരുന്നില്ല. അതുകൊണ്ട് ഒരിക്കലും ആരും കയറിയിട്ടില്ലാത്ത കഴുതയുടെ പുറത്ത് യേശു കയറിയത് വളരെ പ്രാധാന്യമുള്ള സംഗതിയാണ് (ഒ.നോ. മർക്കൊ. 11:2).

**12:14-15 "എന്നു എഴുതിയിരിക്കുന്നതുപോലെ"** സെഖ. 9:9 ൽ നിന്നുള്ള ഉദ്ധരണിയാണിത്. കഴുതക്കുട്ടി, യേശുവിന്റെ മശിഹൈക രാജത്വത്തെ മാത്രമല്ല, അവന്റെ താഴ്മയെയും വെളിപ്പെടുത്തുന്നു. യേശു, യെഹൂദന്മാരുടെ പ്രതീക്ഷയനുസരിച്ചുള്ള പട്ടാള ജേതാവായിട്ടല്ല മറിച്ച് യെശയ്യാവ് 53 ലെ കഷ്ടപ്പെടുന്ന ദാസനായിട്ടാണ് കഴുതപ്പുറത്തു വന്നത്.

**12:16 "ഇതു അവന്റെ ശിഷ്യന്മാർ ആദിയിൽ ഗ്രഹിച്ചില്ല"** ഇതു മറ്റൊരു ദൃക്സാക്ഷി വിവരണം, യോഹന്നാന്റെ വേദനാജനകമായ ഓർമ്മയാണ്. ഇത് ആവർത്തിച്ചുവരുന്ന വിഷയമാണ് (ഒ.നോ. 2:22; 10:16; 16:18; മർക്കൊ. 9:32; ലൂക്കൊ. 2:50; 9:45; 18:34). സ്വർഗ്ഗാരോഹണത്തിനും പെന്തെക്കോസ്തിനും ശേഷമാണവരുടെ ആത്മീയ ദൃഷ്ടികൾ പൂർണ്ണമായി തുറന്നത്.

▣ **"യേശുവിനു തേജസ്കരണം വന്നശേഷം ... അവർക്ക് ഓർമ്മ വന്നു"** പരിശുദ്ധാത്മാവിന്റെ ശുശ്രൂഷകളിൽ ഒന്നാണിത് (ഒ.നോ. 14:26; 2:22).

സുവിശേഷ രചയിതാക്കൾ തങ്ങളുടെ സുവിശേഷങ്ങളെ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വ്യക്തിപരമായ അനുഭവങ്ങൾക്കു ചുറ്റുമായിട്ടാണ് രൂപപ്പെടുത്തിയിരിക്കുന്നതെന്നും ഈ വാക്യം വെളിപ്പെടുത്തുന്നു. സമവീക്ഷണ സുവിശേഷങ്ങൾ യേശുവിനെ ചരിത്രപരമായ വികാസത്തിൽ അവതരിപ്പിക്കുകയും അവരുടെ അവതരണത്തിന്റെ മൂർദ്ധന്യം വരെ അവന്റെ മഹത്വം മറച്ചുവെക്കുകയും ചെയ്യുന്നു. യോഹന്നാനാകട്ടെ തന്റെ സുവിശേഷം മുഴുവനും തേജസ്കരിക്കപ്പെട്ട മശിഹായുടെ വെളിച്ചത്തിലാണു രചിക്കുന്നത്. ദൈവനിശ്വാസീയരായ ഈ മനുഷ്യരുടെ പിൽക്കാല ഓർമ്മകളും വിശ്വാസസമൂഹത്തിന്റെ ആവശ്യങ്ങളും സുവിശേഷങ്ങൾ പ്രതിഫലിപ്പിക്കുന്നു. അതിനാൽ അവയ്ക്കു രണ്ടു ചരിത്ര പശ്ചാത്തലമുണ്ട്, (യേശുവിന്റെയും സുവിശേഷക എഴുത്തുകാരുടെയും), രണ്ടും ദൈവനിശ്വാസീയവുമാണ്.

▣ **"തേജസ്കരണം വന്നശേഷം"** 1:14 ന്റെ കുറിപ്പു കാണുക.

**12:19 "പരീശന്മാർ തമ്മിൽ തമ്മിൽ ... പറഞ്ഞു"** ഇതു മറ്റൊരു പ്രാവചനിക മുൻനിഴലാണ്. അത് (1) യെഹൂദന്മാരോടും (11:48; 12:11), (2) ജാതികളോടും (വാ. 22-23) ബന്ധപ്പെട്ടിരിക്കുന്നു. രണ്ടു ചരിത്ര പശ്ചാത്തലങ്ങളെ ഇതു പ്രതിഫലിപ്പിക്കുന്നു: യേശുവിന്റെ ജീവിതവും ആദിമ സഭയുടെ ജീവിതവും.

**യോഹന്നാൻ 12:20-26**

**[20]പെരുന്നാളിൽ നമസ്കരിപ്പാൻ വന്നവരിൽ ചില യവനന്മാർ ഉണ്ടായിരുന്നു. [21]ഇവർ, ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പൊസിന്റെ അടുക്കൽ ചെന്നു അവനോടു: യജമാനനേ, ഞങ്ങൾക്കു യേശുവിനെ കാണ്മാൻ താല്പര്യമുണ്ടു എന്നു അപേക്ഷിച്ചു. [22]ഫിലിപ്പൊസ് ചെന്നു അന്ത്രെയാസിനോടു പറഞ്ഞു. അന്ത്രെയാസും ഫിലിപ്പൊസും കൂടെ ചെന്നു യേശുവിനോടു പറഞ്ഞു. [23]യേശു അവരോടു ഉത്തരം പറഞ്ഞതു: മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു. [24]ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. [25]തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും. [26]എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും.**

**12:20 "ചില യവനന്മാർ"** ഇത് ജാതികളെ സൂചിപ്പിക്കുന്നതായിരിക്കാം; യവന വംശജരെ ആയിരിക്കണമെന്നില്ല.

▣ **"പെരുന്നാളിൽ നമസ്കരിപ്പാൻ വന്നവരിൽ"** വർത്തമാനകാലം സൂചിപ്പിക്കുന്നത് പെരുന്നാളിനു പോകുന്ന പതിവ് അവർക്കുണ്ടായിരുന്നുവെന്നാണ്. അവർ ഒന്നുകിൽ (1) ദൈവഭക്തരോ അല്ലെങ്കിൽ (2) യെഹൂദമതാനുസാരികളോ ആകാം. ഒന്നാമത്തെ കൂട്ടർ സിനഗോഗിലെ ആരാധനക്കാരും രണ്ടാമത്തെ കൂട്ടർ യെഹൂദമതത്തിലേക്ക് ഔദ്യോഗികമായി പരിവർത്തനം ചെയ്തവരുമാണ്.

**12:21 "അവർ അവനോട്... അപേക്ഷിച്ചു"** ആക്ഷരികമായി "അപേക്ഷിക്കുവാൻ തുടങ്ങി." അപൂർണ്ണ കാലം സൂചിപ്പിക്കുന്നത് (1) അവർ വീണ്ടും വീണ്ടും അപേക്ഷിച്ചു, അല്ലെങ്കിൽ (2) അവർ അപേക്ഷിക്കുവാൻ തുടങ്ങി. യേശുവുമായി ഒരു സ്വകാര്യ സംഭാഷണമാണവർ ആഗ്രഹിച്ചത്. യേശുവിന്റെ മരണത്തിനു മുമ്പുള്ള പ്രവാചക ഘടികാരത്തിലെ അവസാന മണിമുഴക്കമാണിത് (ഒ.നോ. വാ. 23).

**12:22** ഫിലിപ്പൊസും (കുതിരസ്നേഹി), അന്ത്രെയാസും (പുരുഷത്വമുള്ള) മാത്രമായിരുന്നു അപ്പൊസ്തലന്മാരിൽ ഗ്രീക്കു നാമമുണ്ടായിരുന്നവർ. ഇതായിരിക്കാം അവരെ സമീപിക്കുവാൻ ഈ യവനരെ (അതാ. ജാതികൾ) പ്രേരിപ്പിച്ചത്.

**12:23 "മനുഷ്യപുത്രൻ"** "മനുഷ്യൻ" എന്നർത്ഥം വരുന്ന അരാമ്യ പദമാണിത് (ഒ.നോ. സങ്കീ. 8:4; യെഹെ. 2:1) എങ്കിലും ദാനീ. 7:13 ൽ ദൈവത്വം ചേർത്ത് ഇതുപയോഗിക്കുന്നു. തന്റെ രണ്ടു പ്രകൃതങ്ങളായ മനുഷ്യത്വത്തെയും ദൈവത്വത്തെയും സംയോജിപ്പിക്കുന്നതിനായി യേശു സ്വയം തിരഞ്ഞെടുത്ത പേരാണിത് (ഒ.നോ. 1 യോഹ. 4:1-3).

▣ **"തേജസ്കരിക്കപ്പെടുവാനുള്ള"** യേശുവിന്റെ മരണം എല്ലായ്പ്പോഴും "അവന്റെ മഹത്വം" ആയി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. "മഹത്വം" എന്ന പദം ഈ സന്ദർഭത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. വാ. 28, [രണ്ടു പ്രാവശ്യം], 32, 33). യേശുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേല്പനെയും സൂചിപ്പിക്കുവാൻ ഇതുപയോഗിച്ചിരിക്കുന്നു (ഒ.നോ. 13:1,32; 17:1). 1:14 ലെ കുറിപ്പു കാണുക.

▣ **"നാഴിക വന്നിരിക്കുന്നു"** ഇത് പൂർണ്ണകാലമാണ്. യോഹന്നാൻ മിക്കപ്പോഴും "നാഴിക" എന്ന പദം, യേശുവിന്റെ ദൗത്യത്തിലെ അന്ത്യസംഭവങ്ങളായ ക്രൂശീകരണത്തെയും ഉയിർത്തെഴുന്നേല്പിനെയും സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു (ഒ.നോ. 12:27; 13:1,32; 17:1). താൻ യിസ്രായേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കാണു വന്നതെന്ന് യേശു പറഞ്ഞിരുന്നു (ഒ.നോ. മത്താ. 15:24). ഇപ്പോൾ അവന്റെ ദൂത് ജാതികളിലേക്കും എത്തുന്നു.

**12:24 "കോതമ്പു മണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ"** പ്രകൃതി പ്രതിഭാസ സംബന്ധമായ അല്ലെങ്കിൽ വിവരണാത്മകമായ ഭാഷയാണിത്. കാര്യങ്ങളെ പഞ്ചേന്ദ്രിയങ്ങൾ ഗ്രഹിക്കുന്ന രീതിയിൽ തന്നെ ഇവിടെ വിവരിച്ചിരിക്കുന്നു. ഒരു വിത്ത് അനേക മണികളെ ഉത്പാദിപ്പിക്കുന്നു (ഒ.നോ. 15:2,4,5,8,16; 1 കൊരി. 15:36). തന്റെ മരണം അനേകരെ യഥാർത്ഥ ജീവിതത്തിലേക്കു കൊണ്ടുവരും (ഒ.നോ. മർക്കൊ. 10:45).

▣ **"എങ്കിലോ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത് (ഒ.നോ. വാ. 24,26,32,47).

**12:25 "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും"** മനുഷ്യന്റെ ആളത്വത്തിന്റെ സത്ത അഥവാ ജീവശക്തി എന്നതിനെ സൂചിപ്പിക്കുന്ന *പ്സുക്കി* (*ψυχη*) എന്ന ഗ്രീക്കു പദമുപയോഗിച്ചുള്ള ദ്വയാർത്ഥ പ്രയോഗമാണിത് (ഒ.നോ. മത്താ. 10:39; 16:24-25; മർക്കൊ. 8:34-35; ലൂക്കൊ. 9:23-24). ഒരുവൻ ഒരിക്കൽ ക്രിസ്തുവിൽ ആശ്രയിച്ചാൽ അവനു പുതുജീവൻ നൽകപ്പെടുന്നു. ഈ പുതുജീവൻ വ്യക്തിപരമായ ഉപയോഗത്തിനുള്ളതല്ല, ശുശ്രൂഷയ്ക്കായി ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശ്വാസികൾ ഈ പുതുജീവന്റെ കാര്യവിചാരകന്മാരാണ്. നാം പാപത്തിന്റെ അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചത് ദൈവത്തിനു ദാസന്മാരാകുന്നതിനുവേണ്ടിയാണ് (ഒ.നോ. റോമ. 6:1-7:6).

അദ്ധ്യായം 10 ലെ കള്ള ഇടയന്മാർ ഓടിപ്പോയാണ് ജീവനെ "രക്ഷിക്കുന്നത്." എന്നാൽ യേശു ജീവനെ വെച്ചുകൊടുക്കുന്നു, വിശ്വാസികളും അതുതന്നെ ചെയ്യണം (ഒ.നോ. 2 കൊരി. 5:12-15; ഗലാ. 2:20).

▣ **"അതിനെ കളയും"** വർത്തമാനകാല കർത്തരി സൂചകമാണിത്. പദത്തിനർത്ഥം (10:10 ലെ പ്രത്യേക പഠന വിഷയം കാണുക) "നശിപ്പിക്കുക" എന്നാണ്. രണ്ട് അർത്ഥ സൂചനകളുള്ള മറ്റൊരു പദമാണിത്. "നിത്യജീവൻ" എന്നതിന്റെ വിപരീത പദമാണിത്. ഒരുവന് യേശുവിൽ വിശ്വാസമില്ലെങ്കിൽ, പകരം ഇതു മാത്രമേയുള്ളൂ. നാശം, നിർമ്മൂലനം അല്ല, മറിച്ച് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം നഷ്ടപ്പെടലാണ് (അതാണ് നരകത്തിന്റെ ആകത്തുക).

▣ **"പകെക്കുക"** താരതമ്യത്തിനുള്ള ഒരു എബ്രായ ശൈലിയാണിത്. ദൈവത്തിനായിരിക്കണം മുൻസ്ഥാനം (ഓ.നോ. യാക്കോബിന്റെ ഭാര്യമാർ, ഉല്പ. 29:30-31; ആവ. 21:15; ഏശാവും യാക്കോബും, മലാഖി 1:2-3; റോമർ 10-13; ഒരുവന്റെ കുടുംബം, ലൂക്കൊസ് 14:26).

▣ **"ജീവനെ"** *സോയി* എന്ന ഗ്രീക്കു പദമാണിത്. യോഹന്നാനിൽ ഇതുപയോഗിക്കുന്നത് (1) ആത്മീയ ജീവൻ; (2) നിത്യജീവൻ; (3) പുതുയുഗ ജീവൻ; (4) പുനരുത്ഥാന ജീവൻ എന്നിവയെ സൂചിപ്പിക്കുന്നതിനാണ്. യഥാർത്ഥ ജീവൻ എന്നത് വീഴ്ചയുടെ ആകത്തുകയായ "സ്വയ"ത്തിന്റെ ഭീകരവാഴ്ചയിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

▣ **"എന്നെ അനുഗമിക്കട്ടെ"** തുടർന്നുകൊണ്ടിരിക്കുന്ന ഒരു ബന്ധത്തെക്കുറിച്ചു പറയുന്ന വർത്തമാനകാല കർത്തരി കല്പനയാണിത് (ഒ.നോ. യോഹന്നാൻ 15). സ്ഥിരോത്സാഹമെന്ന അവഗണിക്കപ്പെട്ട വേദപുസ്തക വിഷയമാണിത് (8:31 ലെ പ്രത്യേക പഠന വിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത കാണുക). പരമാധികാരിയായ ദൈവവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിലുള്ള ദൈവശാസ്ത്ര സംഘർഷം നിമിത്തം ഈ വിഷയം പലപ്പോഴും ആശയക്കുഴപ്പം സൃഷ്ടിക്കാറുണ്ട്. എന്നിരുന്നാലും, രക്ഷ എന്നത് ഒരു ഉടമ്പടി അനുഭവമായി കാണുകയാണുത്തമം. ദൈവം എല്ലായ്പ്പോഴും മുൻകയ്യെടുക്കുകയും (ഒ.നോ. 6:44,65) അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നുവെങ്കിലും മനുഷ്യൻ ദൈവത്തിന്റെ വാഗ്ദാനത്തോട് മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും പ്രതികരിക്കണമെന്നവൻ ആവശ്യപ്പെടുന്നു (ഒ.നോ. മർക്കൊസ് 1:15; അപ്പൊ. പ്രവൃ. 20:21). ഇത് ഒരു പ്രാഥമിക തീരുമാനവും ആജീവനാന്ത ശിഷ്യത്വവുമാണ്. നാം അവനെ അറിയുന്നു എന്നതിന്റെ തെളിവാണ് സ്ഥിരോത്സാഹം (ഒ.നോ. മത്തായി 10:22; 13:20-21; ഗലാത്യർ 6:9; 1 യോഹ. 2:19; വെളി. 2:7,11,17,26; 3:5,12,21).

വേദപുസ്തകാടിസ്ഥാനത്തിലുള്ള ക്രിസ്തീയ ഉപദേശം മിക്കപ്പോഴും വൈരുദ്ധ്യപൂർവവും, സംഘർഷഭരിതവുമായ ജോഡികളായിട്ടാണ് കാണുന്നത്. ഇത്തരത്തിലുള്ള ആലങ്കാരികവും പരസ്പരവിരുദ്ധവുമായ ചിന്താരീതി പൗരസ്ത്യ സാഹിത്യത്തിന്റെ സവിശേഷതയാണ്. പലപ്പോഴും ആധുനിക പാശ്ചാത്യ വായനക്കാർ ഈ വൈരുധ്യങ്ങളെ, ഏതെങ്കിലുമൊന്നു തെരഞ്ഞെടുക്കാനുള്ളതായി കാണുകയാണ് പതിവ്. എന്നാലവ രണ്ടും സത്യങ്ങൾ എന്ന അവസ്ഥയിലാണു കാണേണ്ടത്.

എന്റെ ആശയത്തെ വിശദീകരിക്കുവാൻ ഞാനിവിടെ, എന്റെ ബൈബിൾ വ്യാഖ്യാന സെമിനാറിൽ നിന്നുള്ള വൈരുദ്ധ്യങ്ങൾ എന്ന ഭാഗം ചേർക്കുകയാണ്.

**"വേദപുസ്തക വൈരുദ്ധ്യങ്ങൾ"**

1. ബൈബിൾ ദൈവവചനമായി അതിനെ സ്നേഹിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്ന ഒരുവനെന്ന നിലയിൽ ഈ ഉൾക്കാഴ്ചകൾ എനിക്കു വ്യക്തിപരമായി വളരെയധികം സഹായകരമായിട്ടുണ്ട്. ബൈബിളിനെ ഗൗരവമായി കാണാനുള്ള ശ്രമത്തിൽ വ്യക്തമാകുന്ന കാര്യം, വ്യത്യസ്ത വേദഭാഗങ്ങൾ സത്യത്തെ വെളിപ്പെടുത്തുന്നത് വ്യവസ്ഥാപിത രീതിയിലല്ല, അതിന്റെ തനതായ രീതിയിലാണെന്നതാണ്. ഒരു ദൈവനിശ്വാസീയ ഭാഗത്തിന് മറ്റൊരു ദൈവനിശ്വാസീയ വേദഭാഗത്തെ അസാധുവാക്കുവാനോ വിലകുറച്ചു കാണിക്കുവാനോ കഴികയില്ല! ഒരു ഒറ്റ വേദഭാഗത്തെ ഉദ്ധരിക്കുന്നതിലൂടെയല്ല (തെളിവു - നിരത്തൽ) മറിച്ച് തിരുവെഴുത്തുകളെയും (കുറെ ഭാഗങ്ങളും എല്ലാ തിരുവെഴുത്തുകളും ദൈവനിശ്വാസീയമാണ്, ഒ.നോ. 2 തിമൊ. 3:16-17) മനസ്സിലാക്കുന്നതിലൂടെയാണ് സത്യം ഗ്രഹിക്കുന്നത്.
2. മിക്ക വേദപുസ്തക സത്യങ്ങളും (പൗരസ്ത്യ സാഹിത്യം) ദ്വന്ദ്വങ്ങളായി അല്ലെങ്കിൽ വിരുദ്ധ ദ്വന്ദ്വങ്ങളായിട്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് (ഒർക്കുക പുതിയ നിയമ എഴുത്തുകാർ, ലൂക്കൊസ് ഒഴികെ എല്ലാവരും സാധാരണ ഗ്രീക്കിൽ രചന നിർവ്വഹിച്ച എബ്രായ ചിന്തകന്മാരായിരുന്നു). ജ്ഞാന സാഹിത്യവും കാവ്യ സാഹിത്യവും സത്യത്തെ സമാന്തര വരികളായി അവതരിപ്പിക്കുന്നു. വിപരീത സമാന്തരത്വം വിരോധാഭാസം പോലെ പ്രവർത്തിക്കുന്നു. ഈ കൃത്രിമ സമാന്തരത്വം സമാന്തര വേദഭാഗങ്ങൾ പോലെ പ്രവർത്തിക്കുന്നു. ചിലപ്പോൾ രണ്ടും തുല്യ രീതിയിൽ സത്യമാണ്! നാം ശീലിച്ച ലളിതമായ പാരമ്പര്യങ്ങൾക്ക് ഈ വിരുദ്ധ ഭാവങ്ങൾ ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ്!
   a. മുൻ നിയമനം Vs മാനുഷിക സ്വതന്ത്ര ഇച്ഛ
   b. വിശ്വാസിയുടെ രക്ഷാ ഭദ്രത Vs സ്ഥിരോത്സാഹത്തിന്റെ ആവശ്യകത
   c. മൂലപാപം Vs സ്വമേധാപാപം
   d. യേശു ദൈവം Vs യേശു മനുഷ്യൻ
   e. യേശു പിതാവിനു സമൻ Vs യേശു പിതാവിനു കീഴ്പ്പെട്ടിരിക്കുന്നവൻ
   f. ബൈബിൾ ദൈവവചനം Vs മാനുഷിക എഴുത്തുകാർ

g. പാപരാഹിത്യം (പൂർണതാവാദം, ഒ.നോ. റോമർ 6) Vs പാപം ചെയ്യാതിരിക്കൽ
h. പ്രരംഭ സത്വര നീതീകരണവും വിശുദ്ധീകരണവും Vs ക്രമാനുഗത വിശുദ്ധീകരണം
i. വിശ്വാസത്താലുള്ള നീതീകരണം (റോമർ 4) Vs സൽപ്രവൃത്തികളാൽ ഉറപ്പിക്കപ്പെട്ട നീതീകരണം (ഒ.നോ. യാക്കോബ് 2:14–26)
j. ക്രിസ്തീയ സ്വാതന്ത്ര്യം (ഒ.നോ. റോമർ 14:1–23; 1 കൊരി. 8:1–13; 10:23–33) Vs ക്രിസ്തീയ ഉത്തരവാദിത്വം (ഒ.നോ. ഗലാ. 5:16–21; എഫെ. 4:1).
k. ദൈവത്തിന്റെ ഇന്ദ്രിയാഗോചരത്വം Vs അന്തർഗാമിത്വം
l. ദൈവം ആത്യന്തികമായി ഗ്രഹിക്കാൻ കഴിയാത്തവൻ Vs തിരുവെഴുത്തിലൂടെയും ക്രിസ്തുവിലൂടെയും അറിയാൻ കഴിയുന്നവൻ
m. രക്ഷയ്ക്ക് പൗലൊസ് ഉപയോഗിക്കുന്ന അനേക സാദൃശ്യങ്ങൾ
   (1) ദത്തെടുപ്പ്
   (2) വിശുദ്ധീകരണം
   (3) നീതീകരണം
   (4) വീണ്ടെടുപ്പ്
   (5) തേജസ്കരണം
   (6) മുൻ നിയമനം
   (7) നിരപ്പ്
n. ദൈവരാജ്യം ഇപ്പോഴുള്ളത് Vs ഭാവി പൂർത്തീകരണം
o. മാനസാന്തരം ദൈവിക ദാനം എന്ന നിലയിൽ Vs മാനസാന്തരം രക്ഷയ്ക്കുള്ള കർശന പ്രതികരണം എന്ന നിലയിൽ (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 20:21).
p. പഴയ നിയമം ശാശ്വതം Vs പഴയനിയമം നീങ്ങിപ്പോയതും അസാധുവായതും (ഒ.നോ. മത്തായി 3:17–19 Vs 5:21–48; റോമ. 7 Vs ഗലാ. 3)
q. വിശ്വാസികൾ അടിമകൾ/ദാസന്മാർ Vs മക്കൾ/അവകാശികൾ

▣ **"ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരും ഇരിക്കും"** ഈ വിഷയം 14:3; 17:24; 2 കൊരി. 5:8; ഫിലി. 1:23; 1 തെസ്സ. 4:17 വാക്യങ്ങളിലും ആവർത്തിച്ചിരിക്കുന്നു! ക്രിസ്ത്യാനിത്വം പ്രാഥമികമായി ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ്! ലക്ഷ്യം ബന്ധമാണ്: അതായത്, അവന്റെ സാന്നിദ്ധ്യവും അവന്റെ കൂട്ടായ്മയും!

ദൈവവുമായുള്ള കൂട്ടായ്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണു നാം (ഒ.നോ. ഉല്പ. 1:26–27). ഏദെൻതോട്ടത്തിൽ വെച്ചു തകർന്ന കൂട്ടായ്മയുടെ യഥാസ്ഥാപനമാണു രക്ഷ. ആ കൂട്ടായ്മ ഇപ്പോൾ യഥാസ്ഥാനപ്പെട്ടിരിക്കുന്നു എന്നാണു യോഹന്നാൻ ഊന്നിപ്പറയുന്നത്.

## യോഹന്നാൻ 12:27–36

**[27]ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ
നിന്നു എന്നെ രക്ഷിക്കേണമേ; എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു.
[28]പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ; അപ്പോൾ സ്വർഗ്ഗത്തിൽനിന്നു; ഞാൻ മഹത്വപ്പെടു
ത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും എന്നൊരു ശബ്ദം ഉണ്ടായി. [29]അതുകേട്ടിട്ടു അരികെ
നില്ക്കുന്ന പുരുഷാരം: ഇടി ഉണ്ടായി എന്നു പറഞ്ഞു; മറ്റു ചിലർ: ഒരു ദൈവദൂതൻ അവനോടു സംസാരി
ച്ചു എന്നു പറഞ്ഞു. [30]അതിന്നു യേശു: ഈ ശബ്ദം എന്റെ നിമിത്തമല്ല; നിങ്ങളുടെ നിമിത്തം അത്രേ
ഉണ്ടായതു; [31]ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ
പുറത്തു തള്ളിക്കളയും. [32]ഞാനോ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടാൽ, എല്ലാവരെയും എങ്കലേക്കു
ആകർഷിക്കും എന്നു ഉത്തരം പറഞ്ഞു. [33]ഇതു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ചു പറഞ്ഞതത്രേ.
[34]പുരുഷാരം അവനോടു: ക്രിസ്തു എന്നേക്കും ഇരിക്കും എന്നു ഞങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചു
കേട്ടിരിക്കുന്നു; പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതെന്നു നീ പറയുന്നതു എങ്ങനെ? ഈ മനുഷ്യ
പുത്രൻ ആർ എന്നു ചോദിച്ചു. [35]അതിന്നു യേശു അവരോടു: ഇനി കുറയകാലം മാത്രം വെളിച്ചം നിങ്ങളു
ടെ ഇടയിൽ ഇരിക്കും; ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടന്നു
കൊൾവിൻ; ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്നു അറിയുന്നില്ലല്ലോ. [36]നിങ്ങൾ
വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന്നു വെളിച്ചം ഉള്ളേടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ എന്നു
പറഞ്ഞു.**

**12:27 "എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു"** പൂർണ്ണകാല കർമ്മിണി സൂചകമാണിത്. കലക്കിയതാരാണെന്നു (പിതാവ്, സാത്താൻ, സാഹചര്യങ്ങൾ, ആദി.) പറഞ്ഞിട്ടില്ല. പുതിയ നിയമത്തിൽ പലവിധത്തിൽ ഉപയോഗിച്ചിട്ടുള്ള ശക്തമായ പദമാണിത്.

a. ഹെരോദാവിന്റെ ഭയം (മത്തായി 2:3)
b. ശിഷ്യന്മാരുടെ ഭയം (മത്തായി 14:26)
c. യേശുവിന്റെ അടങ്ങാത്ത ഉത്കണ്ഠ (യോഹന്നാൻ 12:26; 13:21)

d. യെരൂശലേമിലെ സഭ (അപ്പൊ. പ്രവൃത്തി. 15:24)
e. ഗലാതൃസഭകളിൽ കള്ള ഉപദേഷ്ടാക്കൾ ചെയ്തത് (ഗലാത്യർ 1:7)

യേശുവിന്റെ മാനുഷിക പോരാട്ടത്തെ വരാനിരിക്കുന്ന ക്രൂശീകരണത്തിന്റെ വേദനയുമായി ബന്ധിപ്പിക്കുന്ന യോഹന്നാന്റെ രീതിയാണിത് (ഒ.നോ. മർക്കൊ. 14:32 മുതൽ). യേശുവിന്റെ ഗത്സമേനയിലെ പ്രാണവേദന യോഹന്നാൻ രേഖപ്പെടുത്തുന്നില്ല, പക്ഷേ ഇത് അതേ അവസരം തന്നെയാണ്.

▣ **"ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ"** ഈ പ്രസ്താവനയുടെ കൃത്യമായ അർത്ഥം സംബന്ധിച്ചും വളരെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതൊരു പ്രാർത്ഥനയാണോ (അതാ. മത്തായി 26:39)? എന്തു സംഭവിക്കരുതെന്നുള്ളതിനെക്കുറിച്ചുള്ള ആശ്ചര്യദ്യോതകമായ പ്രതികരണമാണോ (NET Bible)?

▣ **"ഇതുനിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു"** യേശുവിന്റെ ജീവിതം ഒരു ദൈവിക പദ്ധതിപ്രകാരമാണു ചുരുൾ നിവർന്നിരുന്നത് (ഒ.നോ. ലൂക്കൊ. 22:32; അപ്പൊ. പ്രവൃ. 2:23; 3:18; 4:28). അത് യേശു പൂർണ്ണമായി മനസ്സിലാക്കിയിരുന്നു (ഒ.നോ. മത്താ. 20:28; മർക്കൊ. 10:45).

**12:28 "നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ"** വാ. 28 ൽ പിതാവു പ്രതികരിക്കുന്നു. "മഹത്വപ്പെടുത്തുക" എന്ന പദം വളരെ ഒഴുക്കനാണ്. അത് സൂചിപ്പിക്കുന്നത്:

1. പൂർവ്വാസ്തിക്യ മഹത്വം (ഒ.നോ. 17:5).
2. പിതാവിനെക്കുറിച്ചുള്ള യേശുവിന്റെ വെളിപ്പാട് (ഒ.നോ. 17:4).
3. യേശുവിന്റെ ക്രൂശീകരണവും ഉയിർത്തെഴുന്നേല്പും (ഒ.നോ. 17:1).

1:14 ലെ കുറിപ്പ് കാണുക.

▣ **"സ്വർഗ്ഗത്തിൽ നിന്നു ... ഒരു ശബ്ദം ഉണ്ടായി"** റബ്ബിമാർ ഇതിനെ *ബത്ത്-കോൽ* എന്നു വിളിച്ചു. മലാഖിയുടെ കാലത്തിനു ശേഷം യിസ്രായേലിൽ പ്രവാചകശബ്ദം മുഴങ്ങിയിരുന്നില്ല. ദൈവത്തിന്റെ ഇഷ്ടം ഉറപ്പിക്കണമെങ്കിൽ സ്വർഗ്ഗത്തിൽ നിന്നുമുള്ള ഒരു ശബ്ദം അതു ചെയ്യണമായിരുന്നു. യേശുവിന്റെ ജീവിതത്തിൽ മൂന്നു പ്രാവശ്യം ദൈവം സംസാരിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു.

1. യേശുവിന്റെ സ്നാനസമയത്ത്, മത്തായി 3:17
2. മറുരൂപ സമയത്ത്, മത്തായി 17:5
3. ഇവിടെ ഈ വാക്യത്തിൽ

**12:9 "അതു കേട്ടിട്ടു അരികെ നില്ക്കുന്ന പുരുഷാരം"** സംഭവിച്ചിരിക്കുന്നതിനെക്കുറിച്ച് രണ്ടു വ്യാഖ്യാനങ്ങളുണ്ടായി: (1) അത് ഇടിമുഴക്കമായിരുന്നു. പഴയനിയമത്തിൽ ദൈവം സംസാരിക്കുവാനായി ഇതുപയോഗിച്ചിരുന്നു (ഒ.നോ. 2 ശമൂ. 22:14; ഇയ്യോ. 37:4; സങ്കീ. 29:3; 18:13; 104:7); (2) ഒരു ദൂതൻ അവനോടു സംസാരിച്ചു. അപ്പൊ. പ്രവൃ. 9:7; 22:9 ലെ ശൗലിന്റെ അനുഭവത്തെക്കുറിച്ചുള്ള ആശയക്കുഴപ്പത്തിനു സമാനമാണിതും.

**12:30 "അതിന്നു യേശു: ഈ ശബ്ദം എന്റെ നിമിത്തമല്ല, നിങ്ങളുടെ നിമിത്തം അത്രേ ഉണ്ടായത്"** ശേമ്യ ഭാഷയിലെ ഒരു താരതമ്യമാണ് ഈ പ്രയോഗം. അതു പൂർണമായും അവർക്കു വേണ്ടിയല്ല, എന്നാൽ പ്രാഥമികമായി അവർക്കുവേണ്ടിയാണ് എന്നാണർത്ഥം (ഒ.നോ. 11:42).

**12:31 "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു"** താഴത്തെ പ്രയോഗത്തോടു ("ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും") സമാന്തരമായ ഒരു പ്രയോഗമാണിത്. അതു സംഭവിക്കുന്ന സമയം വ്യക്തമാക്കിയിട്ടില്ല (താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക).

"നിവൃത്തിയായ അന്ത്യകാല ശാസ്ത്രം" എന്നു സി. എച്ച്. ഡോഡ് വിളിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് വാ. 31 എന്ന് എഫ്. എഫ്. ബ്രൂസിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു (*Answers to Questions,* p. 198). യോഹന്നാന്റെ അഭിപ്രായത്തിൽ യേശു വിശ്വാസികൾക്കും രക്ഷയും അവിശ്വാസികൾക്കു ന്യായവിധിയും കൊണ്ടുവന്നു കഴിഞ്ഞു. ഒരർത്ഥത്തിൽ ഇത് "പ്രാവചനിക പൂർത്തീകരണകാലം" എന്ന വ്യാകരണ രൂപത്തോടു സമാനമാണ്. ഭാവിയിൽ ഉറപ്പായ ഒരു കാര്യത്തെ, നടന്നു കഴിഞ്ഞതായി പ്രസ്താവിക്കുന്നതാണത്!

▣ **"ഈ ലോകത്തിന്റെ പ്രഭു"** തിന്മയുടെ മൂത്തിയെയാണിത് സൂചിപ്പിക്കുന്നത് (ഒ.നോ. 14:30; 16:11). എബ്രായ ഭാഷയിൽ ഇതിനെ "സാത്താൻ" അഥവാ "പ്രതിയോഗി" (ഒ.നോ. ഇയ്യോബ് 1-2) എന്നും ഗ്രീക്കിൽ "പിശാച്" അഥവാ "അപവാദി" എന്നും (ഒ.നോ. മത്താ. 4:1,5,8,11; 13:39; 25:41; യോഹ. 6:70; 8:44; 13:21; 2 കൊരി. 4:4; എഫെ. 2:2) വിളിക്കുന്നു. മത്താ. 4:1-11; യോഹ. 13:2,27 ൽ ഈ രണ്ടു പേരുകളും പര്യായമായി ഉപയോഗിച്ചിരിക്കുന്നു. അവൻ സ്വർഗ്ഗത്തിൽനിന്നും പുറന്തള്ളപ്പെട്ടവനാണ്; അതിനാൽ അവന് യേശുവിന്റെ അനുയായികളെ കുറ്റം ചുമത്തുവാനോ അവർക്കെതിരെ അപവാദം പറയുവാനോ കഴികയില്ല.

## പ്രത്യേക പഠനവിഷയം: ആളത്വമുള്ള ദുഷ്ടത

പല കാരണങ്ങളാൽ വളരെ പ്രയാസകരമായ ഒരു വിഷയമാണിത്.

1. നന്മയുടെ ഒരു മുഖ്യശത്രുവിനെ പഴയനിയമം വെളിപ്പെടുത്തുന്നില്ല, എന്നാൽ മനുഷ്യന് തെറ്റായ വഴി കാണിച്ചു കൊടുക്കുകയും മനുഷ്യനിൽ അനീതി ആരോപിക്കുകയും ചെയ്യുന്ന യഹോവയുടെ

ഒരു ദാസനെക്കുറിച്ചു പറയുന്നുണ്ട് (A. B. Davidson, *Old Testament Theology*, p. 300-306).

2. ദൈവത്തിന്റെ ആളത്തമുള്ള മുഖ്യശത്രു എന്ന ആശയം, പേർഷ്യൻ മതത്തിന്റെ (സൊരാഷ്ട്രിയനിസം) സ്വാധീനത്തിൽ വേദപുസ്തക ഇടക്കാല സാഹിത്യത്തിലാണ് (അകാനോനിക) വികാസം പ്രാപിച്ചത്. തുടർന്ന് അത് റബ്ബി യെഹൂദ മതത്തെ വളരെയധികം സ്വാധീനിച്ചു.
3. പഴയനിയമ ആശയത്തെ പുതിയ നിയമം അതിശയകരമാം വിധം സമഗ്രമായ, എന്നാൽ ശ്രദ്ധപൂർവ്വം തിരഞ്ഞെടുക്കപ്പെട്ട വിധത്തിൽ വികസിപ്പിക്കുന്നു.

വേദപുസ്തക ദൈവശാസ്ത്രത്തിന്റെ (ഓരോ പുസ്തകത്തെ അല്ലെങ്കിൽ എഴുത്തുകാരനെ അല്ലെങ്കിൽ സാഹിത്യ രൂപത്തെ വെവ്വേറെ പഠിക്കുന്നത്) കാഴ്ചപ്പാടിൽ ദുഷ്ടതയെക്കുറിച്ചുള്ള പഠനത്തെ ഒരുവൻ സമീപിച്ചാൽ, ദുഷ്ടതയെക്കുറിച്ചു വളരെ വ്യത്യസ്തമായ വീക്ഷണങ്ങളായിരിക്കും ലഭിക്കുക.

എന്നാൽ ലോകമതങ്ങളുടെയോ പൗരസ്ത്യ മതങ്ങളുടെയോ വേദപുസ്തകേതര അല്ലെങ്കിൽ വേദപുസ്തകാതീത വീക്ഷണത്തിൽ ദുഷ്ടതയെക്കുറിച്ചുള്ള പഠനത്തെ ഒരുവൻ സമീപിച്ചാൽ, പുതിയ നിയമവീക്ഷണത്തിന്റെ നിഴൽ പേർഷ്യൻ ദ്വൈതവാദത്തിലും ഗ്രീക്ക്-റോമൻ ആത്മവാദത്തിലും കാണുവാൻ കഴിഞ്ഞേക്കും.

വേദപുസ്തകത്തിന്റെ ദൈവികാധികാരികതയിൽ വിശ്വസിച്ചുകൊണ്ട് ആ ധാരണയിൽ പഠിച്ചാൽ, പുതിയനിയമ വികാസത്തെ പുരോഗമന വെളിപ്പാടായി കാണാൻ കഴിയും. ഈ ആശയത്തെ വ്യക്തമാക്കുവാൻ യെഹൂദ നാടോടിക്കഥകളെയോ ഇംഗ്ലീഷ് സാഹിത്യത്തെയോ (അതാ. ഡാന്റേ, മിൽട്ടൺ) അനുവദിക്കുന്നതിൽ നിന്നും വിശ്വാസികൾ സ്വയം സൂക്ഷിക്കേണ്ടതാണ്. വെളിപ്പാടിന്റെ ഈ മേഖലയിൽ ചില മർമ്മങ്ങളും ദുർഗ്രഹതകളുമുണ്ട്. ദുഷ്ടത, അതിന്റെ ഉത്ഭവം, അതിന്റെ ഉദ്ദേശ്യം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളും വെളിപ്പെടുത്തുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ല, എങ്കിലും അതിന്റെ പരാജയം ദൈവം വെളിപ്പെടുത്തി!

പഴയനിയമത്തിൽ സാത്താൻ (BDB 966) അഥവാ കുറ്റാരോപകൻ എന്ന പദം മൂന്നു വ്യത്യസ്ത കൂട്ടരോടു ബന്ധപ്പെട്ടിരിക്കുന്നതായി കാണാം.

1. മാനുഷിക കുറ്റാരോപകൻ (1 ശമൂ. 29:4; 2 ശമൂ. 19:22; 1 രാജാ. 11:14,23,25; സങ്കീ. 109:6)
2. ദൂത കുറ്റാരോപകൻ (സംഖ്യ. 22:22-23; സെഖ. 3:1)
3. പൈശാചിക കുറ്റാരോപകൻ (1 ദിന. 21:1; 1 രാജാ. 22:21; സെഖ. 13:2)

ഇടക്കാല ഘട്ടത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമാണ് ഉല്പ. 3 ലെ പാമ്പിനെ സാത്താനായി ചിത്രീകരിച്ചു തുടങ്ങിയത് (ഒ.നോ. ജ്ഞാനി. 2:23-24; 2 ഹാനോക്ക് 31:3), അതിനും വളരെക്കാലത്തിനുശേഷമാണ് റബ്ബിമാർ ഇതു സ്വീകരിച്ചത് (ഒ.നോ. *സോട്ട്* 9b; *സൻഹെദ്രിൻ* 29a). 1 ഹാനോക്ക് 54:6 ൽ ഉല്പ. 6 ലെ "ദൈവത്തിന്റെ പുത്രമാർ" ദുഷ്ടദൂതന്മാരായി മാറി. റബ്ബി ദൈവശാസ്ത്രത്തിൽ ദുഷ്ടതയുടെ ആരംഭം അവരാണ്. ഞാനിതു പറയുന്നത് ആ ആശയത്തിന്റെ ദൈവശാസ്ത്ര കൃത്യതയെ ഉറപ്പിക്കുന്നതിനല്ല, മറിച്ച് അതിന്റെ വളർച്ച കാണിക്കാനാണ്. പുതിയ നിയമത്തിൽ ഈ പ്രവൃത്തികളെല്ലാം ആളത്തമുള്ള ദുഷ്ടദൂതനിൽ ആരോപിക്കുന്നു (അതാ. സാത്താൻ, 2 കൊരി. 11:3; വെളി. 12:9).

പഴയനിമത്തിൽ നിന്നും ദുഷ്ടതയുടെ ഉല്പത്തി നിർണ്ണയിക്കുക പ്രയാസമോ അസാദ്ധ്യമോ ആണ് (നിങ്ങളുടെ വീക്ഷണത്തെ അടിസ്ഥാനമാക്കി). ഇതിന്റെ കാരണങ്ങളിലൊന്ന് യിസ്രായേലിന്റെ ശക്തമായ ഏകദൈവ വിശ്വാസമാണ് (ഒ.നോ. 1 രാജാ. 22:20-22; സഭാ. 7:14; യെശ. 45:7; ആമോ. 3:6). എല്ലാ ദുരന്തങ്ങളും യഹോവയാൽ സംഭവിക്കുന്നതും അതവന്റെ അതുല്യതയെയും പരമാധികാരത്തെയും വെളിപ്പെടുത്തുന്നതുമായിരുന്നു (ഒ.നോ. യെശ. 43:11; 44:6,8,24; 45:5-6,14,18,21,22).

വിവരങ്ങൾ ലഭിക്കൽ സാധ്യതയുള്ള ഉറവിടങ്ങൾ: (1) ഇയ്യോബ് 1-2, അവിടെ സാത്താൻ "ദൈവ പുത്രന്മാരിൽ" ഒരുവനാണ് (അതായത് ദൂതന്മാർ); (2) യെശയ്യാവ് 14; യെഹെസ്ക്കേൽ 28, അവിടെ സാത്താന്റെ ഗർവ്വത്തെ ചിത്രീകരിക്കുവാൻ ഗർവ്വികളായ പൗരസ്ത്യ രാജാക്കന്മാരെ (ബാബേൽ, സോർ) ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 1 തിമൊ. 3:6). ഈ സമീപനത്തെക്കുറിച്ച് എനിക്കു സമ്മിശ്രവികാരങ്ങളാണുള്ളത്. ഏദെൻതോട്ട സാദൃശ്യം, സോർരാജാവിനു സാത്താനെന്ന നിലയിൽ മാത്രമല്ല യെഹെസ്കേൽ ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. യെഹെ. 28:12-16). നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം എന്ന നിലയിൽ മിസ്രയീം രാജാവിനും ഉപയോഗിച്ചിട്ടുണ്ട് (യെഹെ. 31). എന്നിരുന്നാലും യെശയ്യാവ് 14, വിശേഷാൽ വാ. 12-14, അഹങ്കാരം നിമിത്തമുള്ള ഒരു ദൂതന്റെ മറുതലിപ്പിനെക്കുറിച്ചു വിവരിക്കുന്നതായി തോന്നുന്നു. സാത്താന്റെ പ്രത്യേക സ്വഭാവവും ഉല്പത്തിയും സംബന്ധിച്ച് നമുക്കു വെളിപ്പെടുത്തിത്തരുവാൻ ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിൽ ഇത് അതിനു പറ്റിയ പരോക്ഷമായ രീതിയും സ്ഥലവുമാണ്. വിവിധ നിയമങ്ങളിലെയും എഴുത്തുകാരുടെയും പുസ്തകങ്ങളുടെയും സാഹിത്യരൂപത്തിന്റെയും ചെറിയതും ദുർഗ്രഹവുമായ ഭാഗങ്ങളെ എടുത്ത് ദൈവിക പദപ്രശ്നത്തിന്റെ കഷണങ്ങൾ എന്ന നിലയിൽ കൂട്ടിച്ചേർക്കുന്ന വ്യവസ്ഥിത ദൈവശാസ്ത്രത്തിന്റെ പ്രവണതയ്ക്കെതിരെ നാം ജാഗ്രത പുലർത്തേണ്ടതാണ്.

ആൽഫ്രഡ് ഏദർഷെയിൻ (*The Life and Times of Jesus the Messiah*, Vol.2, appendices XIII [pp. 748 -763] and XVI [PP 770-776]) പറയുന്നത്, റബ്ബി യെഹൂദമതം പേർഷ്യൻ ദ്വൈതവാദത്താലും പൈശാചിക ഊഹാപോഹങ്ങളാലും അമിതമായി സ്വാധീനിക്കപ്പെട്ടുവെന്നാണ്. ഈ വിഷയത്തിൽ സത്യത്തിന്റെ

ശരിയായ ഉറവിടങ്ങളല്ല റബ്ബിമാർ. യേശു സിനഗോഗിലെ പഠിപ്പിക്കൽ രീതിയിൽ നിന്നു മാറി സഞ്ചരിച്ചു. സീനായി പർവ്വതത്തിൽ വെച്ച് മോശെക്കു ന്യായപ്രമാണം നൽകുന്നതിനുള്ള ദൂതമാധ്യസ്ഥവും എതിർപ്പും സംബന്ധിച്ച റബ്ബിമാരുടെ ആശയവും യഹോവയുടെയും സകല മനുഷ്യരുടെയും മുഖ്യ ദൂത-ശത്രു എന്ന ആശയത്തിനു വിത്തുപാകി എന്നു ഞാൻ ചിന്തിക്കുന്നു. പേർഷ്യൻ ദ്വൈതവാദത്തിൽ രണ്ട് പ്രധാന ദേവന്മാരുണ്ട്, അഹ്റിമാനും ഓർമസയും - നല്ല ദേവനും ദുഷ്ട ദേവനും. ഈ ദ്വൈതവാദം യെഹൂദമതത്തിലെ യഹോവയും സാത്താനും എന്ന പരിമിത ദ്വൈതവാദമായി വികാസം പ്രാപിച്ചു.

ദുഷ്ടതയുടെ വികാസം സംബന്ധിച്ച് പുതിയ നിയമത്തിൽ പുരോഗമന വെളിപ്പാടുണ്ടെന്നതു ശരിയാണെങ്കിലും, റബ്ബിമാർ പ്രഖ്യാപിക്കുന്നത്രയും വിശാലമായിട്ടല്ല അതുള്ളത്. ഈ വ്യത്യാസത്തിന്റെ ഒരു മികച്ച ഉദാഹരണം "സ്വർഗ്ഗത്തിലെ യുദ്ധം" ആണ്. സാത്താന്റെ വീഴ്ച യുക്തിപരമായ ഒരാവശ്യമാണ്. എന്നാൽ വിശദാംശങ്ങൾ നൽകിയിട്ടില്ല. നല്കപ്പെട്ടിരിക്കുന്നതുപോലും വെളിപ്പാട് സാഹിത്യത്തിൽ മറയ്ക്കപ്പെട്ട നിലയിലാണു നല്കിയിരിക്കുന്നതും (ഒ.നോ. വെളി. 12:4,7,12-13). സാത്താൻ തോല്പിക്കപ്പെട്ട് ഭൂമിയിലേക്ക് നാടുകടത്തപ്പെട്ടെങ്കിലും അവനിപ്പോഴും യഹോവയുടെ ഒരു സേവകനായി പ്രവർത്തിക്കുന്നു (ഒ.നോ. മത്തായി 4:1; ലൂക്കൊസ് 22:31-32; 1 കൊരി. 5:5; 1 തിമൊ. 1:20).

ഈ വിഷയം സംബന്ധിച്ചുള്ള നമ്മുടെ ജിജ്ഞാസ നാം അടക്കിയേ മതിയാകൂ. പരീക്ഷയുടെയും ദുഷ്ടതയുടെയും ഒരു ആളത്വശക്തിയുണ്ട്. എങ്കിലും ഒരു ദൈവം മാത്രമേയുള്ളൂ, മനുഷ്യൻ അവന്റെ/അവളുടെ തെരഞ്ഞെടുപ്പുകൾക്ക് പൂർണ്ണ ഉത്തരവാദിയുമാണ്. രക്ഷയ്ക്ക് മുമ്പും പിമ്പും ആത്മീയ പോരാട്ടമുണ്ട്. ത്രിയേക ദൈവത്തിലും ദൈവത്തിലൂടെയും മാത്രമാണ് വിജയം ലഭിക്കുന്നതും നിലനിൽക്കുന്നതും. ദുഷ്ടത പരാജയപ്പെട്ടിരിക്കുന്നു, അതിനി നീക്കം ചെയ്യപ്പെടും!

▣ **"പുറത്തു തള്ളിക്കളയും"** ഭാവികാല കർമ്മിണി സൂചകമാണിത്. സ്വർഗ്ഗത്തിൽ നിന്നുള്ള സാത്താന്റെ വീഴ്ചയുടെ കൃത്യമായ സമയം തിരുവചനം സൂചിപ്പിക്കുന്നില്ല. യെശ. 14 ലും യെഹെ. 28 ലും സാത്താനെക്കുറിച്ച് പറയുന്നത് ഒരു ദ്വിതീയ അർത്ഥത്തിലാണ്. പ്രവചനഭാഗങ്ങൾ സംസാരിക്കുന്നത് ബാബേലിലെയും സോരിലെയും ഗർവ്വികളായ രാജാക്കന്മാരെക്കുറിച്ചാണ്. അവരുടെ പാപകരമായ ഗർവ്വ്, സാത്താന്റെ ഗർവ്വിനെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. യെശ. 14:12,15; യെഹെ. 28:16). എന്നിരുന്നാലും എഴുപതു ശിഷ്യന്മാരുടെ മിഷനറി യാത്രാസമയത്ത് സാത്താൻ വീഴുന്നതു കണ്ടതായി യേശു പറഞ്ഞു (ഒ.നോ. ലൂക്കൊ. 10:18).

പഴയനിയമത്തിലുടനീളം സാത്താന്റെ വികാസം കാണാം. യഥാർത്ഥത്തിൽ അവനൊരു സേവക ദൂതനായിരുന്നു, എങ്കിലും അഹങ്കാരത്താൽ അവൻ ദൈവത്തിന്റെ ശത്രുവായി തീർന്നു. ഈ വിവാദ വിഷയം സംബന്ധിച്ച ഒരു നല്ല ചർച്ചയ്ക്ക് കാണുക, എ. ബി. ഡേവിഡ്സണിന്റെ *പഴയനിയമ ദൈവശാസ്ത്രം*, പേ. 300-306.

# പ്രത്യേക പഠനവിഷയം: സ്വർഗ്ഗത്തിലെ യുദ്ധം

(വെളിപ്പാട് പുസ്തകത്തിന്റെ വ്യാഖ്യാനത്തിൽ നിന്നും എടുത്തത്)

ഈ ഏറ്റുമുട്ടലിന്റെ തീയതി സംബന്ധിച്ച് വളരെയധികം ചർച്ചകൾ നടന്നിട്ടുണ്ട്. ലൂക്കൊസ് 10:18 ലും യോഹ. 12:31 ലും യേശു ഇതിനെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നതെന്നു തോന്നുന്നു. എങ്കിലും ഈ സംഭവത്തിന് കാലഗണനാ ക്രമത്തിലുള്ള ഒരു സമയം നിശ്ചയിക്കുന്നത് അതീവ ദുഷ്കരമാണ്.

1. ഉല്പത്തി 1:1 നു മുമ്പ് (സൃഷ്ടിക്കു മുമ്പ്)
2. ഉല്പത്തി 1:1 നും 1:2 നും ഇടയിൽ (ഗ്യാപ് തിയറി)
3. പഴയ നിയമത്തിൽ ഇയ്യോബ് 1-2 നുശേഷം (സാത്താൻ സ്വർഗ്ഗത്തിൽ)
4. പഴയനിയമത്തിൽ 1 രാജാ. 22:21 നു ശേഷം (സാത്താൻ സ്വർഗ്ഗീയ ആലോചനാസഭയിൽ)
5. പഴയനിയമത്തിൽ സെഖ. 3 നു ശേഷം (സാത്താൻ സ്വർഗ്ഗത്തിൽ)
6. പഴയനിയമത്തിൽ യെശ. 14:12; യെഹെ. 28:15; ഹാനോക്ക് 29:4-5 ലെ പോലെ (പൗരസ്ത്യ രാജാക്കന്മാരെ കുറ്റം വിധിക്കുന്നു)
7. പുതിയനിയമത്തിൽ യേശുവിന്റെ പരീക്ഷയ്ക്കു ശേഷം (ഒ.നോ. മത്തായി 4)
8. പുതിയനിയമത്തിൽ എഴുപതു പേരുടെ ദൗത്യസമയത്ത് (സാത്താൻ ആകാശത്തുനിന്നു വീഴുന്നതു കണ്ടു, ലൂക്കൊസ് 10:18).
9. പുതിയനിയമത്തിൽ യെരൂശലേമിലേക്കുള്ള വിജയ പ്രവേശനത്തിനു ശേഷം (ഈ ലോകത്തിന്റെ പ്രഭുവിനെ തള്ളിക്കളഞ്ഞു, ഒ.നോ. യോഹ. 12:31)
10. പുതിയനിയമത്തിൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം (ഒ.നോ. എഫെ. 4:8; കൊലൊ. 2:15).
11. അന്ത്യകാലത്ത് (ഒ.നോ. വെളിപ്പാട് 12:7, ശിശുവിനെ അന്വേഷിച്ച് സാത്താൻ സ്വർഗ്ഗത്തെ ആക്രമിക്കുമ്പോൾ).

ഇതിനെ ദൈവവും ദുഷ്ടസേനയും തമ്മിലുള്ള നിത്യയുദ്ധമായി നാം കാണേണ്ടിയിരിക്കുന്നു; മഹാസർപ്പ ത്തിന്റെയും അവന്റെ സേനയുടെയും സമ്പൂർണ്ണ പരാജയത്തോടെ ഈ യുദ്ധം അവസാനിക്കാൻ പോകുന്നു. വെളിപ്പാട് 20 ൽ അവരെ നീക്കിക്കളയുകയും ഏകാന്ത തടവിലാക്കുകയും ചെയ്യും.

**12:32 "ഞാനോ ... ഉയർത്തപ്പെട്ടാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. ഈ പദത്തിനർത്ഥം:

1. ഉയർത്തപ്പെടുക (ഒ.നോ. 3:14
2. ക്രൂശിക്കപ്പെടുക (ഒ.നോ. 8:28)
3. മഹത്വപ്പെടുക (ഒ.നോ. പ്രവൃ. 2:33; 5:31)
4. ഏറ്റവും ഉയർത്തപ്പെടുക (ഒ.നോ. ഫിലി. 2:9)

പദങ്ങളുടെ ഈ നാനാർത്ഥം യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ്.

▣ **"എല്ലാവരെയും എങ്കലേക്കു ആകർഷിക്കും"** യിരെ. 31:3 ൽ പറയുന്ന യിസ്രായേലിനോടുള്ള യഹോവ യുടെ ഉടമ്പടി സ്നേഹത്തെക്കുറിച്ചുള്ള സൂചനയാകാം ഇത്. "പുതിയനിയമത്തെ" സംബന്ധിച്ച വേദഭാഗം അതാണ് (ഒ.നോ. യിരെ. 31:31-34). ദൈവം തന്റെ സ്നേഹത്തിലൂടെയും പ്രവൃത്തികളിലൂടെയും തന്റെ ജനത്തോടു സംവാദിച്ചുകൊണ്ടിരിക്കുന്നു. ഈ പദത്തിന്റെ ഇതേ ആലങ്കാരിക ഉപയോഗം യോഹ. 6:44 ലും അതിന്റെ വിശദീ കരണം 6:65 ലും കാണാം.

ഇവിടെ "എല്ലാവരെയും" എന്നത് സാർവ്വലൗകിക ക്ഷണവും വീണ്ടെടുപ്പിന്റെ വാഗ്ദത്തവുമാണ് (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5; യെശ. 2:2-4; യോഹ. 1:9,12,29; 3:16; 4:42; 10:16; 1 തിമൊ. 2:4; 4:10; തീത്തൊ. 2:11; 2 പത്രൊ. 3:9; 1 യോഹ. 2:2; 4:14)!

ഈ പ്രയോഗത്തിൽ ഒരു ശ്രദ്ധേയമായ ഘടകമുണ്ട്. "എല്ലാവരും" എന്നത് പുല്ലിംഗമാകാം, അത് "എല്ലാ പുരുഷന്മാരും" എന്നു തർജ്ജമ ചെയ്യാം. പുരാതന കയ്യെഴുത്തു പ്രതികളായ $P^{75(VID)}$, $\aleph^2$, B, L, W എന്നിവയിൽ ഇങ്ങനെയാണു കാണുന്നത്; നപുംസകമാണെങ്കിൽ "എല്ലാ വസ്തുക്കളെയും" എന്നു തർജ്ജമ ചെയ്യാം. $P^{66}$, ℵ എന്നിവയിൽ അപ്രകാരമാണ്. നപുംസകമാണെങ്കിൽ അത് കൊലൊ. 1:16-17 ലെപ്പോലെ പ്രപഞ്ചത്തിന്റെ വീണ്ടെ ടുപ്പിനെക്കുറിച്ചാണ് സംസാരിക്കുന്നത്. അത് 1 യോഹന്നാനിൽ തെളിയുന്ന ഗ്നോസ്റ്റിക് ദുരുപദേശത്തെ പ്രതി ഫലിപ്പിക്കുന്നു. പുല്ലിംഗത്തിന് UBS[4] "B"റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

**12:33 "ഇതു താൻ മരിപ്പാനുള്ള വിധം സൂചിപ്പിച്ചു പറഞ്ഞതത്രേ"** ഇതു യോഹന്നാന്റെ മറ്റൊരു പത്രാധിപ കുറിപ്പാണ്. മരത്തിന്മേൽ തൂങ്ങുന്നവൻ "ദൈവത്താൽ ശപിക്കപ്പെട്ടവൻ" എന്നു പറയുന്ന ആവ. 21:23 നോടു ബന്ധപ്പെട്ടതാണിത്. ഇക്കാരണത്താലാണ് യേശുവിനെ കല്ലെറിയുന്നതിനു പകരം ക്രൂശിക്കാൻ മതനേതാക്കൾ ആഗ്രഹിച്ചത്. യേശു നമുക്കുവേണ്ടി ന്യായപ്രമാണത്തിന്റെ ശാപം പേറി (ഗലാ. 3:13).

**12:34 "പുരുഷാരം അവനോട്: ക്രിസ്തു എന്നേക്കും ഇരിക്കും"** ഇത് സങ്കീ. 89:4, 29, 35-37 ന്റെ സൂചനയാകാം. മശിഹായുടെ ഒരൊറ്റ വരവും അവന്റെ ലോകസമാധാനത്തിന്റെ പാലസ്തീൻ ഭരണസ്ഥാപനവും മാത്രമേ പഴയ നിയമം പ്രതീക്ഷിച്ചിരുന്നുള്ളൂ (ഒ.നോ. സങ്കീ. 110:4; യെശ. 9:7; യെഹെ. 37:25; ദാനീ. 7:14). "എന്നേക്കും" എന്ന തിന് 6:58 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"മനുഷ്യപുത്രൻ"** പുരുഷാരം (പശ്ചാത്തല ഉൾകാഴ്ചകൾ C കാണുക) യേശു ഉപദേശിക്കുന്നത്/പ്രസംഗി ക്കുന്നത് കേട്ടിട്ടുണ്ടായിരിക്കണം. (പേരിനെക്കുറിച്ച് വാ. 23-24; "ഉയർത്തുക" എന്നതിന് വാ. 30-32 എന്നിവ) കാരണം അവന്റെ അതുല്യമായ സ്വയ-നാമകരണം അവർ ഉപയോഗിക്കുന്നു. മറ്റുള്ളവർ ഈ പേര് ഉപയോഗി ക്കുന്ന ഏകസ്ഥലവും ഇതാണ്. യെഹൂദമതത്തിൽ ഇതൊരു സാധാരണ പേരോ മശിഹൈക പദവിയോ അല്ല.

**12:35 "നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ"** തന്റെ വചനങ്ങളോടു വേഗം പ്രതികരിക്കാൻ യേശു തന്റെ ശ്രോതാക്കളെ നിർബന്ധിക്കുകയാണ്. ഭൂമിയിലെ അവന്റെ സമയം പരിമിതമാണ്. ഭൂമിയിലെ തന്റെ അവസാന ആഴ്ചയിലേക്ക് അവൻ പ്രവേശിക്കാൻ തുടങ്ങുകയാണ്. അവന്റെ മുൻനിയമിച്ച നാഴിക വന്നിരിക്കുന്നു (വാ. 23).

ഒരർത്ഥത്തിൽ ഈ പ്രയോഗത്തിന് (യോഹന്നാനിൽ കാണുന്ന) ഒരു ചരിത്ര സൂചകവും അസ്തിത്വ സൂച കവും ഉണ്ട്. യേശു പറഞ്ഞത് സുവിശേഷം കേൾക്കുന്ന എല്ലാവർക്കും ബാധകമാണ് (ഉദാ. വിതയ്ക്കുന്നവന്റെ ഉപമ).

ജീവിതശൈലി എന്ന നിലയിൽ "നടപ്പ്" എന്ന വാക്കിന്റെ ആലങ്കാരിക ഉപയോഗമാണിത് (ഒ.നോ. എഫെ. 4:17; 5:2,15). വിശ്വാസം എന്നത് കേവലം ഒരു പ്രാരംഭ തീരുമാനമല്ല, മറിച്ച് തുടർമാനമായ ബന്ധവും ശിഷ്യത്വവു മാണെന്ന യേശുവിന്റെ ഊന്നലിനെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകമാണിത് (ഒ.നോ. വാ. 44 -46).

**12:36** യേശു ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന ഈ വിഷയം യോഹന്നാനിൽ ആവർത്തിച്ചു കാണുന്ന പ്രധാന ഊന്നലാണ് (ഒ.നോ. 1:4,5,7,8,9; 3:19,20,21; 5:35; 8:12; 9:5; 11:9,10; 12:35,36,46). ഇരുട്ടും വെളിച്ചവും യെഹൂദ ജ്ഞാന സാഹിത്യത്തിലെയും ചാവുകടൽ ചുരുളുകളിലെയും വിരുദ്ധ ആത്മീയ യാഥാർത്ഥ്യങ്ങളാണ്.

**യോഹന്നാൻ 12:37–43**

[37]ഇതു സംസാരിച്ചിട്ടു യേശു വാങ്ങിപ്പോയി, അവരെ വിട്ടു മറഞ്ഞു. അവർ കാൺകെ അവൻ ഇത്ര വളരെ അടയാളങ്ങളെ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല. [38]"കർത്താവേ, ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? കർത്താവിന്റെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?" എന്നു യെശയ്യാ പ്രവാചകൻ പറഞ്ഞ വചനം നിവൃത്തിയാകുവാൻ ഇടവന്നു. [39]അവർക്കു വിശ്വസിപ്പാൻ കഴിഞ്ഞില്ല; അതിന്റെ കാരണം യെശയ്യാവ് വേറെ ഒരിടത്തു പറയുന്നതു: [40]"അവർ കണ്ണുകൊണ്ടു കാണുകയോ ഹൃദയംകൊണ്ടു ഗ്രഹിക്കയോ മനം തിരികയോ താൻ അവരെ സൗഖ്യമാക്കുകയോ ചെയ്യാതിരിക്കേണ്ടതിന്നു, അവരുടെ കണ്ണു അവൻ കുരുടാക്കി; ഹൃദയം തടിപ്പിച്ചിരിക്കുന്നു. [41]യെശയ്യാവ് അവന്റെ തേജസ്സു കണ്ടു അവനെക്കുറിച്ചു സംസാരിച്ചതുകൊണ്ടാകുന്നു ഇതു പറഞ്ഞതു: [42]എന്നിട്ടും പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ലതാനും. [43]അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു.

**12:37** എന്തൊരു ദുഃഖകരമായ അഭിപ്രായം. ആത്മീയ അന്ധത അതിഭീകരമാണ് (ഒ.നോ. 2 കൊരി. 4:4). ക്ഷമിക്കപ്പെടാത്ത പാപത്തെയാണ് ഈ വാക്യം ചിത്രീകരിക്കുന്നത് (5:21 ലെ പ്രത്യേക പഠനവിഷയം കാണുക).

**12:38 "യെശയ്യാ പ്രവാചകൻ പറഞ്ഞ വചനം"** കഷ്ടപ്പെടുന്ന ദാസനെക്കുറിച്ചുള്ള വേദഭാഗമായ യെശയ്യാവ് 53:1 ന്റെ ഉദ്ധരണിയാണിത്.

**12:39–40** ഇവ പ്രയാസകരമായ വാക്യങ്ങളാണ്. ആളുകൾക്ക് പ്രതികരിക്കാൻ കഴിയാത്തവിധം ദൈവം അവരെ കഠിനപ്പെടുത്തുമോ? യെശയ്യാവ് 6:9–10; റോമർ 11:7 നിന്നുള്ള എന്റെ വിശദീകണം ഇവിടെ ചേർക്കുന്നു. (www.freebiblecommentry.org കാണുക).

**യെശയ്യാവ് 6:9–10** യെശയ്യാവിന്റെ ശുശ്രൂഷയെക്കുറിച്ചുള്ള തന്റെ പദ്ധതി യഹോവ വെളിപ്പെടുത്തുമ്പോൾ യെശയ്യാവിന്റെ സന്ദേശത്തിന് യെഹൂദയുടെ പ്രതികരണം എന്തായിരിക്കുമെന്നും അവൻ വെളിപ്പെടുത്തുന്നു.

1. ചെല്ലുക, വാ. 9, BDB 229, KB, *ക്വാൽ* കല്പന
2. പറയുക, വാ. 9, BDB 55, KB, *ക്വാൽ* പൂർണ്ണക്രിയ
3. കേട്ടുകൊണ്ടിരിക്കും, വാ. 9, *ക്വാൽ* കല്പന, *ക്വാൽ* കേവലക്രിയ, BDB 1033, KB 1570
4. തിരിച്ചറികയില്ല, വാ. 9, BDB 106, KB 122, *ക്വാൽ* അപൂർണ്ണക്രിയ; ഒ.നോ. 1:3; 5:21; 10:13; 29:14
5. കണ്ടുകൊണ്ടിരിക്കും, *ക്വാൽ* കല്പന, *ക്വാൽ* കേവലക്രിയ BDB 906, KB 1157
6. ഗ്രഹിക്കയില്ല, വാ. 9, BDB 393, KB 380, *ക്വാൽ* കല്പന
7. അവരുടെ ഹൃദയം തടിപ്പിക്കുക, വാ. 10, BDB 1031, KB 1566, *ഹിഫിൽ* കല്പന
8. ചെവി മന്ദമാക്കുക, വാ. 10, BDB 457, KB 455, *ഹിഫിൽ* കല്പന
9. കണ്ണ് അടച്ചുകളയുക, വാ. 10, BDB 1044, KB 1612, *ഹിഫിൽ* കല്പന

ഈ കല്പനകളുടെ പിന്നാലെ പരിണിത ഫലങ്ങൾ കൊടുത്തിരിക്കുന്നു (മുമ്പ് ഉപയോഗിച്ചിരിക്കുന്ന ക്രിയകളായ "കാണുക", "ഗ്രഹിക്കുക" എന്നിവയുടെ അപൂർണ്ണ ക്രിയകൾ ഉപയോഗിച്ചിരിക്കുന്നു). അവർ പ്രതികരിച്ച് രക്ഷ പ്രാപിക്കയില്ലെന്ന് ദൈവം അറിയുന്നു (മുന്നറിവു കൊണ്ടോ അല്ലെങ്കിൽ അവരുടെ ഇപ്പോൾ തന്നെ വഴി തെറ്റിയ ഹൃദയത്തെ/മനസ്സിനെ അവൻ കഠിനമാക്കുന്നതുകൊണ്ടോ)

1. അവർ മനം തിരിയാതെയും BDB 996, KB 1427, *ക്വാൽ* പൂർണ്ണകാല നിഷേധകം
2. അവർ സൗഖ്യം പ്രാപിക്കാതെയും BDB 950, KB 1272, *ക്വാൽ* പൂർണ്ണകാല നിഷേധകം

യെശയ്യാവ് പ്രസംഗിക്കുമ്പോൾ ചിലർ പ്രതികരിച്ചാലും അവന്റെ ജനത്തിൽ/സമൂഹത്തിൽ വലിയൊരു ഭൂരിപക്ഷം പ്രതികരിക്കയില്ല (ഒ.നോ. റോമർ 1:24,26,28; എഫെ. 4:19), അല്ലെങ്കിൽ പ്രതികരിക്കാൻ കഴികയില്ല (ഒ.നോ. 29:9,10; ആവ. 29:4; മത്താ. 13:13; റോമർ 11:8). യെശയ്യാവ് ഇവിടെയൊരു സുവിശേഷകനല്ല, മറിച്ച് ഉടമ്പടി അനുസരണക്കേടിന്റെ/പരിണിതഫലത്തിന്റെ പ്രവാചകനാണ് (ഒ. നോ. മത്താ. 13:13; മർക്കൊ. 4:12; ലൂക്കൊ. 8:10). അവന്റെ പ്രത്യാശയുടെ സന്ദേശം അവന്റെ കാലത്തേക്കല്ല, ഒരു ഭാവികാലത്തേക്കുള്ളതാണ്.

**റോമർ 11:7 "ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു"** ഇതൊരു സാമാന്യ കർമ്മിണി സൂചകമാണ് (ഒ.നോ. 2 കൊരി. 3:14). ദൈവം അവരെ കഠിനപ്പെടുത്തി എന്ന സൂചനയാണുള്ളത് (ഒ.നോ. വാ. 8–10). കഠിനപ്പെടുത്തലിന്റെ മാധ്യമം ദുഷ്ടനാണ് (2 കൊരി. 4:4). "കഠിനപ്പെട്ടു" (*പോറോഓ-πωροω*) എന്നത് തിമിരം അല്ലെങ്കിൽ അന്ധതയ്ക്കുള്ള ഒരു വൈദ്യശാസ്ത്ര പദമാണ് (ഒ.നോ. റോമർ 11:25; 2 കൊരി. 3:14; എഫെ. 4:18). മർക്കൊസ് 6:52 ൽ അപ്പൊസ്തലന്മാരെക്കുറിച്ച് ഈ പദം ഉപയോഗിച്ചിട്ടുണ്ട്. കരുണയുടെ വിപരീതമായ (ഒ.നോ. എബ്രാ. 3:8,15; 4:7) 9:8 ലെ ഗ്രീക്കു പദത്തിൽ നിന്നും (സ്ക്ലീറുനോ-*σκληρυνω*) വ്യത്യസ്തമാണിത്.

ഈ വാക്യം വളരെ വ്യക്തതയുള്ളതും 11:1–6 ന്റെ സംക്ഷിപ്തവുമാണ്. തെരഞ്ഞെടുക്കപ്പെട്ട ചിലർ വിശ്വസിക്കുന്നു, തെരഞ്ഞെടുക്കപ്പെടാത്ത ചിലർ കഠിനപ്പെട്ടിരിക്കുന്നു. എങ്കിലും ഈ വാക്യം ഒരു ദൈവശാസ്ത്ര മുദ്രാവാക്യം പോലെ ഒറ്റപ്പെട്ട രീതിയിൽ എഴുതിയതല്ല. നിലവിലുള്ള ഒരു ദൈവശാസ്ത്രവാദത്തിന്റെ ഭാഗമാണിത്. ഈ വാക്യത്തിൽ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള സത്യവും അ. 10 ലെ സർവ്വലൗകിക ക്ഷണവും തമ്മിൽ ഒരു സംഘർഷമുണ്ട്. ഇവിടെ മർമ്മമുണ്ട്. വിരുദ്ധ ധ്രുവങ്ങളിൽ, അല്ലെങ്കിൽ വിരുദ്ധ ആശയങ്ങളിൽ

ഏതെങ്കിലുമൊന്നിനെ തെരഞ്ഞെടുക്കുകയോ ഒന്നിനെ നിരാകരിക്കുകയോ ചെയ്യുന്നതല്ല പരിഹാരം.

**12:39 "അവർക്കു വിശ്വസിപ്പാൻ കഴിഞ്ഞില്ല; അതിന്റെ കാരണം"** യേശുവുമായുള്ള വിശ്വാസബന്ധത്തിൽ തുടർന്നു പോകുവാൻ അവർക്കു കഴിഞ്ഞില്ല. അവന്റെ അത്ഭുതങ്ങൾ അവരെ ആകർഷിച്ചു, പക്ഷേ അതവരെ യേശു മശിഹാ എന്ന രക്ഷിക്കുന്ന വിശ്വാസത്തിലേക്ക്/ആശ്രയത്തിലേക്ക് നയിച്ചില്ല. യോഹന്നാനിൽ "വിശ്വാസ ത്തിന്" തലങ്ങളുണ്ട്. എല്ലാവരും രക്ഷ പ്രാപിക്കുന്നില്ല. 8:31-59 ലെ കുറിപ്പുകൾ കാണുക.

▣ **"യെശയ്യാവു വേറെ ഒരേടത്തു പറയുന്നു"** യെശയ്യാവ് 6:10; 43:8 ഭാഗങ്ങൾ യെശയ്യാവിലൂടെയുള്ള ദൈവിക സന്ദേശം സംബന്ധിച്ച് യെഹൂദന്മാരുടെ ഹൃദയം കഠിനപ്പെട്ടതിനെ സൂചിപ്പിക്കുന്നു (ഒ.നോ. യിരെ. 5:21; യെഹെ. 12:2; ആവ. 29:2-4).

**12:40 "ഹൃദയം"** താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠന വിഷയം: ഹൃദയം

ഗ്രീക്കു പദമായ *കാർഡിയ*, എബ്രായ പദമായ *ലേബ്* (BDB 523)നെ സൂചിപ്പിക്കുവാൻ പുതിയ നിയമ ത്തിലും സെപ്റ്റജിന്റിലും ഉപയോഗിച്ചിരിക്കുന്നു. വിവിധ നിലകളിൽ അതുപയോഗിച്ചിരിക്കുന്നു (ഒ.നോ. Bauer, Arndt, Gingrich and Danker, *A Greek-English Lexicon*, pp. 403-404)

1. ഭൗതിക ജീവിതത്തിന്റെ കേന്ദ്രം, ഒരു വ്യക്തിയെ സൂചിപ്പിക്കുന്ന സാദൃശ്യം (ഒ.നോ. പ്രവൃ. 14:17; 2 കൊരി. 3:2-3; യാക്കോ. 5:5)
2. ആത്മിക ജീവിതത്തിന്റെ കേന്ദ്രം (അതാ. സാന്മാർഗികം)
   a. ദൈവം ഹൃദയത്തെ അറിയുന്നു (ഒ.നോ. ലൂക്കൊ. 16:15; റോമ. 8:27; 1 കൊരി. 14:25; 1 തെസ്സ. 2:14; വെളി. 2:23)
   a. മനുഷ്യന്റ ആത്മീയ ജീവിതത്തിനുപയോഗിച്ചിരിക്കുന്നു (ഒ.നോ. മത്താ. 15:18-19; 18:35; റോമ. 6:17; 1 തിമൊ. 1:5; 2 തിമൊ. 2:22; 1 പത്രൊ. 1:22)
3. ചിന്താ ജീവിതത്തിന്റെ കേന്ദ്രം (അതാ. ബൗദ്ധികം, ഒ.നോ. മത്താ. 13:15; 24:48; പ്രവൃ. 7:23; 16:14; 28:27; റോമ. 1:21; 10:6; 16:18; 2 കൊരി. 4:6; എഫെ. 1:18; 4:18; യാക്കോ. 1:26; 2 പത്രൊ. 1:19; വെളി. 18:7; ഹൃദയം മനസ്സിന്റെ പര്യായമായി - 2 കൊരി. 3:14-15; ഫിലി. 4:7)
4. ഇച്ഛയുടെ കേന്ദ്രം (അതാ. ഇഷ്ടം, പ്രവൃ. 5:4; 11:23; 1 കൊരി. 4:5; 7:37; 2 കൊരി. 9:7)
5. വികാരങ്ങളുടെ കേന്ദ്രം (ഒ.നോ. മത്താ. 5:28; പ്രവൃ. 2:26,37; 7:54; 21:13; റോമ. 1:24; 2 കൊരി. 2:4; 7:3; എഫെ. 6:22; ഫിലി. 1:7).
6. ആത്മാവിന്റെ പ്രവർത്തനങ്ങളുടെ അതുല്യസ്ഥാനം (ഒ.നോ. റോമ. 5:5; 2 കൊരി. 1:22; ഗലാ. 4:6 (അതാ. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ, എഫെ. 3:17)).
7. ഹൃദയം എന്നത് മുഴുവ്യക്തിത്വത്തെയും സൂചിപ്പിക്കുന്നതിനുള്ള സാദൃശ്യമായി ഉപയോഗിക്കുന്നു (ഒ.നോ. മത്താ. 23:37; ആവ. 6:5 ന്റെ ഉദ്ധാരണി). ചിന്തകൾ, പ്രേരണകൾ, പ്രവൃത്തികൾ എന്നിവ വ്യക്തി ഏതു തരത്തിലുള്ളവനാണെന്നു വെളിപ്പെടുത്തുവാനുള്ള ഹൃദയത്തിന്റെ മാർഗ്ഗങ്ങളാണ്. ഈ പദങ്ങൾക്ക് പഴയനിയമത്തിൽ ചില ശ്രദ്ധേയമായ ഉപയോഗങ്ങൾ കാണാം.
   a. ഉല്പ. 6:6; 8:21, "അതു അവന്റെ ഹൃദയത്തിനു ദുഃഖമായി"; ഹോശേ. 11:8-9 കൂടി കാണുക
   b. ആവ. 4:29; 6:5, "പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും"
   c. ആവ. 10:16 "ഹൃദയത്തിന്റെ പരിച്ഛേദന"; റോമർ 2:29
   d. യെഹെ. 18:31-32 "ഒരു പുതിയ ഹൃദയം"
   e. യെഹെ. 36:26 "ഒരു പുതിയ ഹൃദയം" Vs "കല്ലായുള്ള ഹൃദയം"

**12:41 "യെശയ്യാവ് അവന്റെ തേജസ്സു കണ്ടു... ഇതു പറഞ്ഞത്"** പഴയനിയമ പ്രവാചകന്മാർക്ക് മശിഹായെപ്പറ്റി അറിവു ലഭിച്ചിരുന്നു എന്ന സൂചനയാണിത് (ഒ.നോ. ലൂക്കൊ. 24:27). 1:14 ലെ "തേജസ്സ്" എന്ന കുറിപ്പു കാണു ക.

**12:42 "എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു"** യേശുവിന്റെ സന്ദേശം ഫലം കായിച്ചു (ഒ.നോ. വാ. 11; പ്രവൃ. 6:7). 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ഏറ്റുപറഞ്ഞില്ലതാനും"** 9:22-23 ലെ പ്രത്യേക പഠനവിഷയം: ഏറ്റുപറച്ചിൽ കാണുക.

▣ **"പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ"** (ഒ.നോ. 9:22; 16:2).

**12:43** യഥാർത്ഥ വിശ്വാസം പോലും ബലഹീനവും ഭയമുള്ളതും ചിലപ്പോൾ പ്രഖ്യാപിക്കപ്പെടാത്തതും ആയിരി ക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. യോഹന്നാന്റെ സുവിശേഷം, "വിശ്വസിക്കുക" എന്നത് വിവിധ അർത്ഥത്തിൽ ഉപയോഗിക്കുന്നു- പ്രാഥമിക ആകർഷണം മുതൽ ശരിയായ രക്ഷിപ്പിൻ വിശ്വാസത്തിന്റെ വൈകാരിക പ്രതിക രണം വരെ അതിലടങ്ങിയിരിക്കുന്നു.

**യോഹന്നാൻ 12:44-50**

**[44]യേശു വിളിച്ചുപറഞ്ഞതു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽ തന്നേ വിശ്വസിക്കുന്നു. [45]എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. [46]എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ, ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു. [47]എന്റെ വചനം കേട്ടു പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; ലോകത്തെ വിധിപ്പാനല്ല; ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നിരിക്കുന്നതു. [48]എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും. [49]ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നേ ഞാൻ ഇന്നതു പറയേണം എന്നും, ഇന്നതു സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു. [50]അവന്റെ കല്പന നിത്യജീവൻ എന്നു ഞാൻ അറിയുന്നു; ആകയാൽ ഞാൻ സംസാരിക്കുന്നതു പിതാവു എന്നോടു അരുളിച്ചെയ്തതുപോലെ തന്നേ സംസാരിക്കുന്നു.**

**12:44 "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽ തന്നെ വിശ്വസിക്കുന്നു"** വിശ്വാസത്തിന്റെ ലക്ഷ്യം ആത്യന്തികമായി പിതാവാണ് (ഒ.നോ. 1 കൊരി. 15:25-27). ഇത് ആവർത്തിച്ചു കാണുന്ന വിഷയമാണ് (ഒ.നോ. മത്താ. 10:40; 5:24). പുത്രനെ അറിയുക എന്നാൽ പിതാവിനെ അറിയുന്നതാണ് (ഒ.നോ. 1 യോഹ. 5:10-12).

**12:45** ദൈവം എങ്ങനെയുള്ളവനാണ്? യേശുവിനെ കാണുന്നത് ദൈവത്തെ കാണുന്നതിനു തുല്യമാണ് (ഒ.നോ. 14:7-10)!

**12:46** ഉല്പ. 3 മുതൽ ലോകം ഇരുട്ടിലാണ് (ഒ.നോ. 6:5,11-12; 8:21; സങ്കീ. 14:3; യെശ. 53:6; റോമ. 3:9-23)

**12:47 "എന്റെ വചനം കേട്ടു പ്രമാണിക്കാത്തവനെ"** ക്രിയാത്മക പ്രവൃത്തിയെക്കുറിച്ചു പറയുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. വിശ്വാസം മുഖാന്തരമുള്ള നമ്മുടെ തുടർമാന വ്യക്തിപരമായ ബന്ധത്തിന്റെ അടയാളമാണ് തുടർമാനമായ അനുസരണം. രക്ഷാഭദ്രത (1 യോഹ. 5:13 ലെ പ്രത്യേക പഠന വിഷയം കാണുക) അനുസരണത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയുമായ രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ജീവിതത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. (8:31 ലെ പ്രത്യേക പഠനവിഷയം കാണുക; ഒ.നോ. യാക്കോബ്, 1 യോഹന്നാൻ).

**12:47-48 "ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നിരിക്കുന്നത്"** യേശു വന്നത് പ്രാഥമികമായി ലോകത്തെ വീണ്ടെടുക്കാനാണ്, എന്നാൽ അവൻ വന്നു എന്ന കേവല വസ്തുത ഒരു തെരഞ്ഞെടുപ്പിനു മനുഷ്യനെ നിർബന്ധിക്കുന്നു. അവർ അവനെ നിരസിച്ചാൽ അവർ തങ്ങളെത്തന്നെ ന്യായം വിധിക്കുന്നു (8:31 ലെ പ്രത്യേക പഠനവിഷയം കാണുക, ഒ.നോ. യോഹ. 3:17-21).

**12:49-50** യേശു സ്വന്ത അധികാരത്തലല്ല, ദൈവിക അധികാരത്തിൽ സംസാരിക്കുന്നു.

**12:50**

**NASB, NKJV "അവന്റെ കല്പന നിത്യജീവൻ ആകുന്നു"**
**NRSV, TEV,**
**NET "അവന്റെ കല്പന നിത്യജീവൻ കൊണ്ടുവരുന്നു"**
**NJB "അവന്റെ കല്പനകളുടെ അർത്ഥം നിത്യജീവൻ എന്നാകുന്നു"**
**REB "അവന്റെ കല്പനകൾ നിത്യജീവൻ ആകുന്നു"**
**NIV "അവന്റെ കല്പന നിത്യജീവനിലേക്കു നയിക്കുന്നു"**
**Net (footnote) "അവന്റെ കല്പനകളുടെ ഫലം നിത്യജീവനാകുന്നു"**

ഒന്നാമത്തേത് ആക്ഷരീക ഗ്രീക്ക് വേദഭാഗമാണ്. മറ്റുള്ളവ അതിന്റെ അർത്ഥത്തെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുകയാണ്.

NASB യിൽ 6:68 ആണ് സമാന്തര വാക്യം. അതേസമയം മൈക്കിൾ മാഗില്ലിന്റെ *ന്യൂ ടെസ്റ്റ്മെന്റ് ട്രാൻസ്ലൈനിൽ* യോഹ. 17:8 ആണ് സമാന്തര വാക്യം. ജെറോം ബിബ്ലിക്കൽ കമന്ററിയിൽ യോഹ. 10:18 ആണ് സമാന്തര വാക്യം. വാസ്തവത്തിൽ ഈ പ്രയോഗം ദുർഗ്രഹമാണ്.

യോഹന്നാനിൽ "കല്പന" എന്നതിന് പ്രത്യേക വ്യാഖ്യാന പ്രാധാന്യമില്ലാതെ ഏകവചനവും ബഹുവചനവും മാറിമാറി ഉപയോഗിക്കുന്നുണ്ട്.

## പ്രത്യേക പഠനവിഷയം: യോഹന്നാന്റെ എഴുത്തുകളിൽ "കല്പന" എന്നതിന്റെ ഉപയോഗം

1. മോശൈക ന്യായപ്രമാണത്തെക്കുറിച്ച് ഒരിടത്ത് ഉപയോഗിച്ചിരിക്കുന്നു, യോഹ. 8:5
2. പിതാവിൽ നിന്ന് യേശുവിന്
   a. തന്റെ വീണ്ടുപ്പിൻ യാഗത്തിന്മേലുള്ള നിയന്ത്രണം, യോഹ. 10:18; 12:49-50; 14:31
   b. പിതാവിനോടുള്ള യേശുവിന്റെ സ്നേഹം ലോകം അറിയുന്നത്, യോഹ. 14:31
   c. യേശു പിതാവിന്റെ കല്പന അനുസരിച്ചു, യോഹ. 15:10
3. യേശുവിൽ നിന്നും വിശ്വാസികൾക്ക്
   a. അവന്റെ സ്നേഹത്തിൽ വസിക്കുക, യോഹ. 14:15; 15:10
   b. അവൻ അവരെ സ്നേഹിച്ചതുപോലെ അവരും തമ്മിൽ തമ്മിൽ സ്നേഹിക്കുക, യോഹ. 13:34; 15:12,17; 1 യോഹ. 2:7-8; 3:11,23; 4:7,21; 2 യോഹ. 5
   c. അവന്റെ കല്പന പ്രമാണിക്കുക (അതായത് b), യോഹ. 14:15; 15:10,14; 1 യോഹ. 2:3,4; 3:22,24; 5:1-3; 2 യോഹ. 6
4. പിതാവിൽ നിന്നു വിശ്വാസികൾക്ക്
   a. യേശുവിൽ വിശ്വസിക്കുക, 1 യോഹ. 3:23 (ഒ.നോ. യോഹ. 6:29)
   b. തമ്മിൽ തമ്മിൽ സ്നേഹിക്കുക, 1 യോഹ. 3:23

### ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എന്തിനാണ് ലാസറിന്റെ സഹോദരി മറിയ യേശുവിന്റെ കാലിൽ തൈലം പൂശിയത്?
2. ഈ സംഭവത്തെക്കുറിച്ചുള്ള വിവരണത്തിൽ മത്തായിലും മർക്കൊസിലും ലൂക്കൊസിലും നേരിയ വ്യത്യാസം കാണുന്നത് എന്തുകൊണ്ടാണ്?
3. പുരുഷാരം ഈത്തപ്പനയുടെ കുരുത്തോലയുമായി യേശുവിനെ എതിരേല്ക്കുകയും സങ്കീ. 118 ൽ നിന്നു ഉദ്ധരിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യമെന്താണ്?
4. തന്നോടു സംസാരിക്കുവാൻ യവനന്മാർ അപേക്ഷിച്ചത് യേശുവിനെ വികാരഭരിതനാക്കിയത് എന്തുകൊണ്ടാണ്?
5. യേശുവിന്റെ ഉള്ളം കലങ്ങിയതെന്തുകൊണ്ടാണ്? (വാ. 27)
6. യോഹന്നാൻ "വിശ്വസിക്കുക" എന്ന പദം നിരവധി അർത്ഥങ്ങളിൽ ഉപയോഗിക്കുന്നതിന്റെ കാരണം വിശദീകരിക്കുക.

# യോഹന്നാൻ 13

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ശിഷ്യന്മാരുടെ കാൽ കഴുകുന്നത് | ഗുരു ദാസനാകുന്നു | അന്ത്യ അത്താഴം | യേശു ശിഷ്യന്മാരുടെ കാൽ കഴുകുന്നു | കാൽ കഴുകൽ |
| 13:1–11 | 13:1–11 | 13:1–11 | 13:1 | 13:1 |
| | | | 13:2–6 | 13:2–5 |
| | | | | 13:6–11 |
| | | | 13:7 | |
| | | | 13:8a | |
| | | | 13:8b | |
| | | | 13:9 | |
| | നാമും ശുശ്രൂഷ ചെയ്യണം | | 13:10–11 | |
| 13:12–20 | 13:12–30 | 13:12–20 | 13:12–17 | 13:12–16 |
| | | | | 13:17–20 |
| | | | 13:18–20 | |
| തന്നെ കാണിച്ചു കൊടുക്കുന്നത് യേശു പ്രവചിക്കുന്നു | | | തന്നെ കാണിച്ചു കൊടുക്കുന്നത് യേശു പ്രവചിക്കുന്നു | യൂദായുടെ വഞ്ചന പ്രവചിക്കുന്നു |
| 13:21–30 | | 13:21–30 | 13:21 | 13:21–30 |
| | | | 13:22–24 | |
| | | | 13:25 | |
| | | | 13:26–29 | |
| | | | 13:30 | |
| പുതിയ കല്പന | പുതിയ കല്പന | | പുതിയ കല്പന | വിടവാങ്ങൽ സംഭാഷണങ്ങൾ |
| 13:31–35 | 13:31–35 | 13:31–35 | 13:31–35 | 13:31–35 |
| പത്രൊസിന്റെ തള്ളിപ്പറയൽ പ്രവചിക്കുന്നു | പത്രൊസിന്റെ തള്ളിപ്പറയൽ യേശു പ്രവചിക്കുന്നു | | പത്രൊസിന്റെ തള്ളിപ്പറയൽ യേശു പ്രവചിക്കുന്നു | |
| 13:36–38 | 13:36–38 | 13:36–38 | 13:36a | 13:36–38 |
| | | | 13:36b | |
| | | | 13:37 | |
| | | | 13:38 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## 13:1–38 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. പന്ത്രണ്ടാം അദ്ധ്യായത്തോടുകൂടി യോഹന്നാന്റെ സുവിശേഷത്തിലെ യേശുവിന്റെ അടയാളങ്ങൾ അവസാനിക്കുന്നു. പതിമൂന്നാം അദ്ധ്യായത്തിൽ അന്തിമ കഷ്ടാനുഭവ ആഴ്ചയ്ക്കു തുടക്കം കുറിക്കുന്നു.

B. NASB Study Bible ന്റെ അടിക്കുറിപ്പിൽ താല്പര്യജനകമായ ഒരു അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു: "ഗ്രീക്ക് നാമരൂപമായ *അഗാപ്പെ*യും (സ്നേഹം) ക്രിയാരൂപമായ *അഗാപ്പാഒ* (സ്നേഹം) യും 1–12 അദ്ധ്യായങ്ങളിൽ എട്ടുതവണ മാത്രമേ കാണപ്പെടുന്നുള്ളൂ. എന്നാൽ 13–17 അദ്ധ്യായങ്ങളിൽ 31 തവണ കാണപ്പെടുന്നു."

C. സമാന്തരസുവിശേഷങ്ങളെപ്പോലെ യോഹന്നാൻ കർത്താവിന്റെ അത്താഴത്തെപ്പറ്റി (*യൂക്കാറിസ്റ്റ്*) രേഖപ്പെടുത്തുന്നില്ല. മാളിക മുറിയിലെ ആ രാത്രിയിലെ സംഭാഷണത്തിന്റെ വിവരണം മാത്രമേ താൻ നല്കുന്നുള്ളൂ (യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രധാന ഭാഗമാണ് 13–17 അദ്ധ്യായങ്ങൾ. അതുകൊണ്ട് ഇത് നിശ്ചയമായും ശക്തമായ പുതിയ വിധങ്ങളിൽ യേശുവിന്റെ വ്യക്തിത്വത്തെയും പ്രവൃത്തിയെയും വെളിപ്പെടുത്തണം). ചിലർ ഈ വിട്ടുകളയലിനെ കാണുന്നത് ആദിമസഭയിൽ കൂദാശകൾക്കു ലഭിക്കുവാൻ തുടങ്ങിയ അമിത പ്രാധാന്യത്തെ തടയുന്നതിനുള്ള മനപ്പൂർവ്വമായ ഒരു ശ്രമമായിട്ടാണ്. യോഹന്നാൻ ഒരിക്കലും യേശുവിന്റെ സ്നാനത്തെയോ കർതൃമേശയെയോ അതിപ്രധാനമായി ചിത്രീകരിക്കുന്നില്ല.

D. യോഹന്നാൻ 13 ന്റെ ചരിത്ര പശ്ചാത്തലം ലൂക്കൊസ് 22:24 ൽ കാണാൻ കഴിയും. ആരാണ് വലിയവൻ എന്നതിനെച്ചൊല്ലി അപ്പോഴും ശിഷ്യന്മാർ തർക്കിക്കുകയായിരുന്നു.

E. 13–17 അദ്ധ്യായങ്ങളുടെ ഭൗതിക പശ്ചാത്തലം, യേശു യൂദയാൽ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ യേശു അത്താഴം കഴിച്ച യെരൂശലേമിലുള്ള യോഹന്നാൻ മർക്കൊസിന്റെ ഭവനത്തിലെ മാളികമുറിയാണ് (15–17 അദ്ധ്യായങ്ങൾ ഗെത്ത്സമേനയിലേക്കുള്ള വഴിമദ്ധ്യേയാകാനാണു സാധ്യത, ഒ.നോ. 14:31).

F. യേശുവിന്റെ പദം കഴുകലിന് രണ്ടു വ്യത്യസ്ത ഉദ്ദേശ്യങ്ങൾ ഉള്ളതായി കാണാം.
   1. വാ. 6–11, നമുക്കുവേണ്ടിയുള്ള ക്രൂശിലെ തന്റെ പ്രവൃത്തിയുടെ നിഴലാണ്
   2. വാ. 12–20, താഴ്മയെ സംബന്ധിച്ച ഒരു ഗുണപാഠമാണ് (ലൂക്കൊസ് 22:24 ന്റെ വെളിച്ചത്തിൽ).

## പദ, ശൈലീ പഠനം

**യോഹന്നാൻ 13:1–11**

**1പെസഹാ പെരുന്നാളിന്നു മുമ്പെ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള
നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ
അവസാനത്തോളം അവരെ സ്നേഹിച്ചു. 2അത്താഴം ആയപ്പോൾ പിശാചു, ശിമോന്റെ മകനായ യൂദാ
ഈസ്കര്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു. 3പിതാവു
സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു ദൈവത്തിന്റെ
അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ 4അത്താഴത്തിൽനിന്നു എഴുന്നേറ്റു വസ്ത്രം
ഊരിവെച്ചു ഒരു തുവർത്തു എടുത്തു അരയിൽ ചുറ്റി 5ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ
കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി. 6അവൻ ശിമോൻ
പത്രൊസിന്റെ അടുക്കൽ വന്നപ്പോൾ അവൻ അവനോടു: കർത്താവേ, നീ എന്റെ കാൽ കഴുകുന്നുവോ
എന്നു പറഞ്ഞു. 7യേശു അവനോടു: ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും
എന്നു ഉത്തരം പറഞ്ഞു. 8നീ ഒരുനാളും എന്റെ കാൽ കഴുകുകയില്ല എന്നു പത്രൊസ് പറഞ്ഞു. അതിന്നു
യേശു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂടെ പങ്കില്ല എന്നു ഉത്തരം പറഞ്ഞു. അപ്പോൾ
ശിമോൻ പത്രൊസ്: 9കർത്താവേ, എന്റെ കാൽ മാത്രമല്ല കയ്യും തലയുംകൂടെ കഴുകേണമേ എന്നു
പറഞ്ഞു. 10യേശു അവനോടു: കുളിച്ചിരിക്കുന്നവന്നു കാൽ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല; അവൻ
മുഴുവനും ശുദ്ധിയുള്ളവൻ; നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു; എല്ലാവരും അല്ലതാനും എന്നു പറഞ്ഞു.
11തന്നെ കാണിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രേ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു
പറഞ്ഞതു.**

**13:1 "പെസഹാ പെരുന്നാളിനു മുമ്പെ"** ഇത് പെസഹാ ഭോജനത്തിനു മുമ്പുള്ള ദിവസമോ അഥവാ പെസഹാ ഭോജന ദിവസം തന്നെയോ എന്നുള്ള വിഷയത്തിൽ യോഹന്നാനും സമാന്തര സുവിശേഷങ്ങളും വിയോജിക്കുന്നു. ഇവ രണ്ടും ഭോജനം വ്യാഴാഴ്ചയും ക്രൂശീകരണം വെളിയാഴ്ചയും എന്ന നിലയിലാണ് ക്രമീകരിക്കുന്നത്. (ഒ.നോ. 19:31; മർക്കൊ. 15:43; ലൂക്കൊ. 23:54). ഈ പെസഹ മിസ്രയീമിൽ നിന്നുമുള്ള യിസ്രായേലിന്റെ വിമോചനത്തെ ഓർമ്മിപ്പിക്കുന്നു (ഒ.നോ. പുറ. 12). സാധാരണയുള്ള പെസഹാഭോജനത്തിനു മുമ്പുള്ള ദിവസമായിരുന്നു ഇതെന്ന് യോഹന്നാൻ സ്ഥാപിക്കുന്നു (ഒ.നോ. 18:28; 19:14,31,42).

എസ്സേന്യ സമുദായം ഒരു വ്യത്യസ്തമായ കലണ്ടർ ഉപയോഗിച്ചിരുന്നിരിക്കാൻ സാധ്യതയുണ്ട് (അതായത്, സമകാലിക പൗരോഹിത്യത്തോടുള്ള തങ്ങളുടെ തിരസ്കാരം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ യോവേൽ പുസ്തകം, ഹാനോക്ക് എന്നീ പുസ്തകങ്ങളിൽ കാണുന്ന സൂര്യനെ കേന്ദ്രീകരിച്ചുള്ള കലണ്ടർ). അതിൽ പെസഹ ഒരു ദിവസം മുമ്പാണ്.

ജെറോം ബിബ്ലിക്കൽ കമന്ററി സമകാലിക പണ്ഡിതാഭിപ്രായത്തെ സംക്ഷേപിക്കുകയും (പേജ് 451) യോഹന്നാന്റെ "മുമ്പത്തെ ദിവസത്തെ" ശരിവെയ്ക്കുകയും, സമാന്തര സുവിശേഷങ്ങളിലെ ഭോജനം പെസഹായുടെ പ്രതികാത്മക ഭോജനമാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. സുവിശേഷങ്ങൾ പാശ്ചാത്യചിന്തയായ "കാരണവും ഫലവും" എന്ന നിലയിലുള്ള ചരിത്രങ്ങളല്ല എന്ന് നാം എപ്പോഴും ഓർത്തിരിക്കേണ്ടതുണ്ട്. ചരിത്രം നിരവധി വിധങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്: ശരിയോ തെറ്റോ, സത്യമോ അസത്യമോ എന്ന നിലയിൽ. സമകാലിക പ്രശ്നങ്ങളുടെയും, ആവശ്യങ്ങളുടെയും, വീക്ഷണങ്ങളുടെയും ഉദ്ദേശ്യസാധ്യത്തിനുവേണ്ടി ഭൂതകാലത്തെ വിശദീകരിക്കുന്നതാണ് ചരിത്രം. യഥാർത്ഥ ചിന്താവിഷയം ആര്, എന്തിന് ചരിത്രമെഴുതി എന്നുള്ളതാണ്. ചരിത്ര വിവരണത്തിന്റെയും സുവിശേഷങ്ങളുടെയും സാഹിത്യരൂപത്തെ സംബന്ധിച്ച ഏറ്റവും നല്ല ചർച്ച ഗോർഡൻ ഫീയുടെയും ഡഗ്ലസ് സ്റ്റുവാർട്ടിന്റെയും "*ഹൗ ടു റീഡ് ദ ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്*" ആണ് (പേ. 89-126).

▣ **"ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള"** യോഹന്നാന്റെ സുവിശേഷം തുടർമാനമായി ഊന്നൽ കൊടുക്കുന്നത് മുകളിലും താഴെയും എന്ന (ഒ.നോ. വാ. 3) ലംബമാന ദ്വന്ദ്വവാദത്തിനാണ്. യേശു പിതാവിനാൽ അയയ്ക്കപ്പെട്ടിരുന്നതുകൊണ്ട് (ഒ.നോ. 8:42) ഇപ്പോൾ അവൻ തിരിച്ചുപോകും. സമാന്തര സുവിശേഷങ്ങൾ ചിത്രീകരിക്കുന്നത് യേശു രണ്ട് യെഹൂദ്യയുഗങ്ങളുടെ തിരശ്ചീന ദ്വന്ദ്വവാദം പഠിപ്പിക്കുന്നതായാണ്; അതായത് "വന്നുകഴിഞ്ഞു എന്നാൽ ആയിട്ടില്ല" എന്ന ദൈവരാജ്യത്തിന്റെ സംഘർഷം.

ആധുനിക വായനക്കാർ അഭിമുഖീകരിക്കുന്ന സുവിശേഷത്തെ സംബന്ധിച്ച അനവധി ചോദ്യങ്ങളുണ്ട്. എങ്കിലും ഈ തിരുവെഴുത്തുകൾ സ്ഥിരമായ ഒരു വേദപുസ്തകാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടിനെ വെളിപ്പെടുത്തുന്നു.

1. ഒരു വിശുദ്ധനായ ദൈവമുണ്ട്
2. അവന്റെ പ്രത്യേക സൃഷ്ടിയായ മനുഷ്യവർഗ്ഗം പാപത്തിലേക്കും മത്സരത്തിലേക്കും വീണിരിക്കുന്നു
3. മനുഷ്യാവതാരം ചെയ്ത ഒരു വീണ്ടെടുപ്പികാരനെ ദൈവം അയച്ചിരുന്നു (അതായത് മശിഹാ)
4. മനുഷ്യവർഗ്ഗം തീർച്ചയായും വിശ്വാസത്താലും മാനസാന്തരത്താലും അനുസരണത്താലും സ്ഥിരോത്സാഹത്താലും പ്രതികരിക്കണം
5. ദൈവത്തിനും അവന്റെ ഹിതത്തിനും വിരുദ്ധമായുള്ള തിന്മയുടെ ഒരു വ്യക്തിപരമായ സ്വാധീന ശക്തയുണ്ട്
6. മനസ്സാക്ഷിയുള്ള സകലസൃഷ്ടിയും ദൈവത്തിന് തങ്ങളുടെ ജീവിതത്തിന്റെ ഒരു കണക്ക് കൊടുക്കണം

"പോകുക" എന്ന ക്രിയയ്ക്ക് (*മെറ്റാബായ്നോ-μεταβαινω*) യോഹന്നാന്റെ എഴുത്തുകളിൽ വീണുപോയ ഭൗതീക അസ്തിത്വത്തിൽ നിന്നും (അതായത് പാപത്തിന്റെയും അതിക്രമത്തിന്റെയും പഴയയുഗം) ആത്മാവിന്റെയും നിത്യജീവന്റെയും പുതിയ യുഗത്തിലേക്കുള്ള രൂപാന്തരം എന്ന ലക്ഷ്യാർത്ഥമുണ്ട് (ഒ.നോ. 5:24; 13:1; 1 യോഹ. 3:14; 7:3 ലെ അതിന്റെ ഉപയോഗം ഒഴികെ).

▣ **"നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു"** "അറിഞ്ഞിട്ട്" എന്നത് പൂർണ്ണ കർത്തരി ഘടകമാണ് (വാ. 3 പോലെ). കുറഞ്ഞത് പന്ത്രണ്ടാം വയസ്സു മുതലെങ്കിലും പിതാവിനോടുള്ള തന്റെ അതുല്യമായ ബന്ധം യേശു അറിഞ്ഞു (ലൂക്കൊസ് 2:41-51). 12:20-23 ൽ തന്നെ കാണുവാനുള്ള യവനന്മാരുടെ (ഗ്രീക്കുകാരുടെ) വരവ് കാണിച്ചത് അവന്റെ മരണത്തിന്റെയും മഹത്വീകരണത്തിന്റെയും നാഴിക വന്നുവെന്നാണ് (ഒ.നോ. 2:4; 7:6,8,30; 8:20; 12:23,27; 17:1).

▣ **"ലോകത്തിൽ"** വ്യത്യസ്തങ്ങളായ നിരവധി അർത്ഥങ്ങളിൽ യോഹന്നാൻ ലോകം എന്ന പദം (*കോസ്മോസ്*) ഉപയോഗിക്കുന്നു.

1. ഈ ഗ്രഹം (ഒ.നോ. 1:10; 11:9; 16:21; 17:5,11,24; 21:25)
2. മനുഷ്യവർഗ്ഗം (ഒ.നോ. 3:16; 7:4; 11:27; 12:19; 14:22; 18:20,37).
3. മത്സരികളായ മനുഷ്യവർഗ്ഗം (ഒ.നോ. 1:10,29; 3:16-21; 4:42; 6:33; 7:7; 9:39; 12:31; 15:18; 17:25).

പ്രത്യേക പഠനവിഷയം: 14:17 ലെ "കോസ്മോസ്" പദം പൗലൊസ് ഉപയോഗിക്കുന്നത് കാണുക

▣ **"തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ"** "അടുത്ത ബന്ധുക്കളെ" സൂചിപ്പിക്കുന്നതിനായി ഈജിപ്ഷ്യൻ

പാപ്പിറസുകളിൽ ഈ ഗ്രീക്കുശൈലി ഉപയോഗിച്ചിരുന്നു (മോൾട്ടൻ, മില്ലിഗൻ, *ദി വൊക്കാബുലറി ഓഫ് ദി ഗ്രീക്ക് ന്യൂ ടെസ്റ്റ്മെന്റ്*). (ഒ.നോ. ലൂക്കൊസ് 8:19-21).

▣ **"അവസാനത്തോളം അവരെ സ്നേഹിച്ചു"** പൂർത്തിയാക്കപ്പെട്ട ഉദ്ദേശ്യം എന്നർത്ഥമുള്ള "*റ്റെലോസ്*" (*τελος*) എന്ന ഗ്രീക്കു പദമാണിത്. മാനവജാതിക്കുവേണ്ടിയുള്ള യേശുവിന്റെ ക്രൂശിലെ വീണ്ടെടുപ്പിൻ പ്രവൃത്തിയെ ഇത് സൂചിപ്പിക്കുന്നു. ഇതേ പദത്തിന്റെ ഒരു രൂപമായിരുന്നു ക്രൂശിൽ നിന്നുമുള്ള യേശുവിന്റെ അവസാന വാക്കായ "നിവൃത്തിയായി" എന്നത് (ഒ.നോ. 19:30). ഈജിപ്ഷ്യൻ പാപ്പിറസുകളിൽ ഇതിന് "വില പൂർണ്ണമായി കൊടുത്തുതീർത്തു" എന്ന അർത്ഥമാണുള്ളത്!

**13:2 "അത്താഴം ആയപ്പോൾ"** ഈ ഭാഗത്ത് ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. ഈ വ്യത്യാസം ഗ്രീക്കു പദത്തിലെ ഒരക്ഷരത്തിന്റെ വ്യത്യാസം കൊണ്ടുണ്ടായതാണ്.

1. *ഗിനോമെനൂ* (*γινομενου*) വർത്തമാനകാല അപൂർണ്ണക്രിയ (അതായത്, അത്താഴസമയത്ത്) കയ്യെഴുത്തു പ്രതികൾ ℵ, B, L, W
2. *ഗെനോമെനൂ* (*γενομενου*) ഭൂതകാല അപൂർണ്ണക്രിയ (അതായത് അത്താഴത്തിനുശേഷം) കയ്യെഴുത്തു പ്രതികൾ $P^{66}$, $ℵ^{2}$, A, D

$UBS^4$ ഒന്നാമത്തേതിന് "B" റേറ്റ് നൽകുന്നു (മിക്കവാറും ഉറപ്പായത്).
ഇതിന്റെ അർത്ഥം ഇപ്രകാരമായിരിക്കാം:

1. അത്താഴത്തിനുശേഷം
2. ഒന്നാമത്തെ പാനപാത്രത്തിനുശേഷം, ക്രമപ്രകാരം അപ്പോൾ കൈ കഴുകേണ്ടതാണ്
3. മൂന്നാമത്തെ പാനപാത്രത്തിനുശേഷം

## പ്രത്യേക പഠനവിഷയം: ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരുടെ പെസഹാ ആചാരക്രമം

A. പ്രാർത്ഥന
B. ഒന്നാമത്തെ കപ്പു വീഞ്ഞ്
C. ആതിഥേയനാലുള്ള കൈ കഴുകലും പാത്രം എല്ലാവർക്കും കൈമാറുന്നതും
D. കയ്പുചീര അരച്ച കുഴമ്പിൽ മുക്കുന്നത്
E. കുഞ്ഞാടിന്റെ മാംസവും പ്രധാന ഭക്ഷണവും
F. പ്രാർത്ഥനയും കയ്പുചീര അരച്ച കുഴമ്പിൽ രണ്ടാമതു മുക്കുന്നതും
G. കുട്ടികൾക്കുള്ള ചോദ്യോത്തര സമയവും രണ്ടാമത്തെ കപ്പു വീഞ്ഞും
H. ഹല്ലേൽ സങ്കീർത്തനങ്ങളായ 113-114 ന്റെ ആലാപനവും പ്രാർത്ഥനയും
I. ചടങ്ങിന്റെ യജമാനൻ കൈകഴുകിയശേഷം എല്ലാവർക്കും ചാറിൽ മുക്കിയ അപ്പം നൽകുന്നു
J. എല്ലാവരും വയറുനിറയെ ഭക്ഷിക്കുന്നു. ഒരു കഷണം ആട്ടിറച്ചിയോടെ അവസാനിപ്പിക്കുന്നു
K. കൈകഴുകിയ ശേഷം മൂന്നാമത്തെ കപ്പു വീഞ്ഞ്
L. 115-118 വരെയുള്ള ഹല്ലേൽ സങ്കീർത്തനങ്ങളുടെ ആലാപനം
M. നാലാമത്തെ കപ്പു വീഞ്ഞ്, ഇത് ദൈവരാജ്യത്തിന്റെ വരവിനെ സൂചിപ്പിക്കുന്നു

കർത്തൃമേശ സ്ഥാപിക്കപ്പെട്ടത് "K" യുടെ സമയത്താണെന്ന് അനേകർ വിശ്വസിക്കുന്നു.

▣ **"പിശാചു, ശിമോന്റെ മകനായ യൂദാ ഈസ്കര്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചു കൊടുപ്പാൻ തോന്നിച്ചിരുന്നു"** ഇത് സമ്പൂർണ്ണ കർത്തരി ക്രിയാബന്ധമാണ്. ആരംഭം മുതലേ യേശു യൂദായെക്കുറിച്ച് അറിഞ്ഞിരുന്നു (ഒ.നോ. 6:70). ദുഷ്ടനായവൻ (12:31 പ്രത്യേക പഠനവിഷയം കാണുക) ദീർഘനാളായി യൂദായെ പ്രലോഭിപ്പിക്കുകയായിരുന്നു, എന്നാൽ വാ. 27 ൽ പിശാച് അവന്റെ പൂർണ്ണമായ നിയന്ത്രണമേറ്റെടുക്കുന്നു. 12:40 ലെ പ്രത്യേക പഠനവിഷയം: ഹൃദയം കാണുക. 18:1 ൽ യൂദായെപ്പറ്റിയുള്ള പൂർണ്ണമായ കുറിപ്പ് കാണുക.

**13:3 "പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നു യേശു അറിഞ്ഞിരിക്കെ"** ഇത് വാ. 1 നെപ്പോലെ സമ്പൂർണ്ണ കർത്തരി ക്രിയാബന്ധമാണ്. ഇതിന്റെ പിന്നാലെ ഭൂതകാല കർത്തരി ക്രിയാബന്ധവും വരുന്നു. ഇത് തന്റെ സ്വയം തിരിച്ചറിയലിനെയും അധികാരത്തെയും പറ്റിയുമുള്ള യേശുവിന്റെ അത്ഭുതപ്പെടുത്തുന്ന പ്രസ്താവനകളിലൊന്നാണ് (ഒ.നോ. 3:35; 17:2; മത്താ. 28:18). ഭൂതകാല ക്രിയ പ്രധാനപ്പെട്ടതാണ്. ക്രൂശീകരണത്തിനു മുമ്പ് പിതാവ് "സകലവും" യേശുവിനു കൊടുത്തു. അവ കേവലം അവന്റെ അനുസരണത്തിനുള്ള ബഹുമതിയായി കൊടുത്തതല്ല, പിന്നെയോ അവൻ ആരായിരുന്നു എന്നതനുസരിച്ചായിരുന്നു. അവൻ താനാരായിരുന്നുവെന്ന് മനസ്സിലാക്കുകയും ആരാണ് വലിയവൻ എന്ന് തർക്കിച്ചിരുന്നവരുടെ കാലുകൾ കഴുകുകയും ചെയ്തു!

▣ **"അവൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു"** യേശു അറിഞ്ഞിരുന്നു എന്ന് വാ. 3 ൽ പറഞ്ഞിരിക്കുന്ന

മൂന്ന് കാര്യങ്ങളിൽ രണ്ടാമത്തേതാണിത്:

1. പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു
2. അവൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു
3. അവൻ ദൈവത്തിന്റെ അടുക്കൽ പോകുന്നു (ഒ.നോ. 7:33; 14:12,28; 16:5,10,28; 20:17).

യോഹന്നാനിൽ സാധാരണമായിരിക്കുന്ന മുകളിലും താഴെയും എന്ന ദ്വന്ദ്വത്തിന്റെ ഭാഗമാണ് അവസാനത്തെ രണ്ടെണ്ണം.

രണ്ടാമത്തേത് യോഹന്നാനിലെ ഒരു അതുല്യമായ ശൈലിയാണ് (ഒ.നോ. 8:42; 13:3; 16:28,30; 17:8). അതിന് ഉത്ഭവത്തിന്റെയും സ്ഥാനത്തിന്റെയും സൂചനയുണ്ട് (അതാ. സ്വർഗ്ഗത്തിൽ നിന്നുമുള്ള ദൈവം).

**13:4 "അത്താഴത്തിൽ നിന്നു എഴുന്നേറ്റു"** അവർ കാലുകൾ പുറകോട്ടിട്ടുകൊണ്ട് ഇടത്തെ കൈമുട്ടുകളിന്മേൽ ഊന്നി ചരിഞ്ഞിരിക്കുകയായിരുന്നുവെന്നോർക്കണം. അവർ കസേരകളിൽ ഇരിക്കുകയായിരുന്നില്ല.

▣ **"വസ്ത്രം ഊരിവെച്ചു"** ബഹുവചനം യേശുവിന്റെ ബാഹ്യവസ്ത്രത്തെപ്പറ്റി പരാമർശിക്കുന്നു (ഒ.നോ. 19:23; പ്രവൃ. 8:16). 10:11,15,17,18 ൽ യേശു തന്റെ ജീവനെ കൊടുക്കുന്നതിനെ പരാമർശിക്കുന്നതിനായി ഇതേ ക്രിയ ഉപയോഗിച്ചിരുന്നുവെന്നത് രസകരമാണ് (ഒ.നോ. വാ. 37). ഇത് യോഹന്നാന്റെ മറ്റൊരു ദ്വയാർത്ഥ പ്രയോഗമാണ്. വെറും താഴ്മയുടെ പാഠം പഠിപ്പിക്കുക എന്നതിലുപരിയായ ഒന്നായിരുന്നു ഈ കാലു കഴുകൽ (ഒ.നോ. 6-10).

**13:5 "ശിഷ്യന്മാരുടെ കാൽ കഴുകുവാനും"** "ശരീരത്തിന്റെ ഭാഗം മാത്രം കഴുകുക" എന്നതിനെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രീക്കു പദം ഉപയോഗിച്ചിരിക്കുന്നത്. വാ. 10 ലെ പദം മൊത്തത്തിലുള്ള കുളിയെ സൂചിപ്പിക്കുന്നതിനാണ് ഉപയോഗിച്ചിരുന്നത്. പാദം കഴുകൽ ഒരു അടിമയുടെ ജോലിയായിരുന്നു. യെഹൂദ റബ്ബിമാർപോലും തങ്ങളുടെ ശിഷ്യന്മാരിൽ നിന്നും ഇത് പ്രതീക്ഷിച്ചിരുന്നില്ല. തന്റെ ദൈവത്വത്തെക്കുറിച്ച് അറിഞ്ഞിരുന്നുകൊണ്ടു തന്നെ അസൂയാലുക്കളും അതിമോഹമുള്ളവരുമായ ഈ ശിഷ്യന്മാരുടെ കാലുകൾ കഴുകാൻ യേശു തയ്യാറായിരുന്നു (യൂദായുടെ പോലും)!

**13:6** പത്രൊസിന്റെ ചോദ്യം യേശുവിന്റെ പ്രവൃത്തിയെ ഭംഗ്യന്തരേണ നിരസിക്കുന്നതായിരുന്നു. യേശു എന്തു ചെയ്യേണമെന്നും എന്തു ചെയ്യേണ്ട എന്നും തനിക്കറിയാമെന്നായിരുന്നു മിക്കപ്പോഴും പത്രൊസ് ചിന്തിച്ചിരുന്നത് (ഒ.നോ. 16:22).

**13:7** യേശുവിനോടൊപ്പം ജീവിച്ചിരുന്ന അപ്പൊസ്തലന്മാർ എപ്പോഴും തന്റെ പ്രവൃത്തികളും പഠിപ്പിക്കലുകളും മനസ്സിലാക്കിയിരുന്നില്ല (ഒ.നോ. 2:22; 10:6; 12:16; 14:26; 16:28). ലംബമാനമായ ദ്വന്ദ്വം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിരുന്നു ഈ തെറ്റിദ്ധാരണ.

**13:8 "നീ ഒരുനാളും എന്റെ കാൽ കഴുകുകയില്ല"** ഇത് "ഒരിക്കലും ഇല്ല, ഒരിക്കലും ഒരു പരിതസ്ഥിതിയിലും" എന്നർത്ഥം വരുന്ന ഒരു ശക്തമായ ഇരട്ട നിഷേധാത്മകമായ പ്രയോഗമാണ്. "ഒരിക്കലും ഇല്ല" എന്നതിന് 6:58 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല"** ഇത് പ്രഥമപുരുഷ സോപാധിക വാചകമാണ്. ഈ വാക്യം സൂചിപ്പിക്കുന്നത്, ഇവിടെ വെറും ഗുണപാഠം എന്നതിലുപരിയായ ഒന്ന് നടക്കുന്നുവെന്നാണ്. 6-10 വാക്യങ്ങൾ, പാപം ക്ഷമയുമായി ബന്ധപ്പെട്ട യേശുവിന്റെ ക്രൂശിലെ പ്രവൃത്തിയോടു ബന്ധപ്പെട്ടിരിക്കുന്നതായി തോന്നുന്നു.

രണ്ടാമത്തെ പ്രയോഗം അനന്തരാവകാശത്തോടു ബന്ധപ്പെട്ട ഒരു പഴയനിയമ ശൈലിയെ പ്രതിഫലിപ്പിക്കുന്നതാകാം (ഒ.നോ. ആവ. 12:12; 2 ശമൂ. 20:1; 1 രാജാ. 12:12). ഇത് ബഹിഷ്ക്കരണത്തിന്റെ ഒരു വളരെ ശക്തമായ ശൈലിയാണ്.

**13:9** ഗ്രീക്ക് നിഷേധാത്മക ക്രിയാബന്ധം "ഇല്ല" ($\mu\eta$) സൂചിപ്പിക്കുന്നത് "കഴുകുക" എന്ന കല്പനയെയാണ്.

**13:10 "കുളിച്ചിരിക്കുന്നവനു"** യേശു ആലങ്കാരികമായി വീണ്ടെടുപ്പിനെക്കുറിച്ചാണ് സംസാരിക്കുന്നത്. പത്രൊസ് കുളിച്ചവനായിരുന്നു (രക്ഷിക്കപ്പെട്ടവൻ, ഒ.നോ. 15:3; തീത്തൊസ് 3:5). എന്നാൽ ആഴമായ കൂട്ടായ്മ നിലനിർത്തുന്നതിനായി തുടർന്നും മാനസാന്തരപ്പെട്ടുകൊണ്ടിരിക്കേണ്ടത് ആവശ്യമായിരുന്നു (ഒ.നോ. 1 യോഹ. 1:9).

യേശു യൂദായുടെ ഒറ്റിക്കൊടുക്കലിനെ പറ്റി സംസാരിക്കുന്നുവെന്നതാണ് പശ്ചാത്തലപരമായ മറ്റു സാദ്ധ്യത (ഒ.നോ. വാ. 18). അതുകൊണ്ട് കുളിയുടെ ദൃഷ്ടാന്തം ഒന്നുകിൽ (1) പത്രൊസിന്റെ ശരീരത്തെ അഥവാ (2) അപ്പൊസ്തലിക ഗണത്തെ സൂചിപ്പിക്കുന്നു.

▣ **"നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു; എല്ലാവരും അല്ലതാനും"** യൂദായൊഴികെയുള്ള ശിഷ്യന്മാരുടെ ആന്തരികവലയത്തെ സൂചിപ്പിക്കുന്നതാണ് ബഹുവചനമായ "നിങ്ങൾ" (ഒ.നോ. വാ. 11,18, 6:70).

"ശുദ്ധിയുള്ളത്" എന്നത് അവർ സ്വീകരിച്ച യേശുവിന്റെ സന്ദേശത്തെ സൂചിപ്പിക്കുന്നു (ഒ.നോ. 15:3). അവർ "ശുദ്ധിയുള്ള"വരാണ് എന്തുകൊണ്ടെന്നാൽ അവർ പരിശുദ്ധ ദൈവമായ യേശുവിനെ വിശ്വസിച്ചു/വിശ്വാസമർപ്പിച്ചു/ വിശ്വാസയോഗ്യനെന്നെണ്ണി.

"എല്ലാവരും അല്ലതാനും" എന്ന ശൈലിക്കായി യോഹ. 6:64 ലെ പ്രത്യേക പഠനവിഷയം: പിന്മാറ്റം കാണുക.

**13:11** TEV, NET ബൈബിളുകളിൽ ഈ വാക്യം എഴുത്തുകാരന്റെ അനവധി അഭിപ്രായങ്ങളിലൊന്നെന്നവണ്ണം ഇടയ്ക്കു ചേർത്തിരിക്കുന്നു.

### യോഹന്നാൻ 13:12-20

**12അവൻ അവരുടെ കാൽ കഴുകീട്ടു വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു അവരോടു പറഞ്ഞതു: ഞാൻ**
**നിങ്ങൾക്കു ചെയ്തതു ഇന്നതു എന്നു അറിയുന്നുവോ? 13നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും**
**വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. 14കർത്താവും ഗുരുവുമായ**
**ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. 15ഞാൻ**
**നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു, ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.**
**16ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാൾ വലിയവൻ അല്ല; ദൂതൻ**
**തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല. 17ഇതു നിങ്ങൾ അറിയുന്നു എങ്കിൽ, ചെയ്താൽ ഭാഗ്യവാന്മാർ.**
**18നിങ്ങളെ എല്ലാവരെയും കുറിച്ചു പറയുന്നില്ല; ഞാൻ തിരഞ്ഞെടുത്തവരെ ഞാൻ അറിയുന്നു; എന്നാൽ**
**"എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" എന്നുള്ള തിരുവെഴുത്തിന്നു**
**നിവൃത്തി വരേണ്ടതാകുന്നു. 19അതു സംഭവിക്കുമ്പോൾ ഞാൻ തന്നേ മശീഹാ എന്നു നിങ്ങൾ വിശ്വസി**
**ക്കേണ്ടതിന്നു, ഞാൻ ഇപ്പോൾ അതു സംഭവിക്കുംമുമ്പേ നിങ്ങളോടു പറയുന്നു. 20ആമേൻ, ആമേൻ,**
**ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു;**
**എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.**

**13:12-20** വാ. 6-10 നു വിപരീതമായി ഇവിടെ യേശു തന്റെ പ്രവൃത്തിയെ താഴ്മയുടെ ഒരു മാതൃകയായി വിശദീകരിക്കുന്നു. ആരാണ് വലിയവൻ എന്നതിനെപ്പറ്റി അപ്പൊസ്തലന്മാർ തർക്കത്തിലേർപ്പെട്ടിരുന്നു (ഒ.നോ. ലൂക്കൊ. 22:24). ഈ സന്ദർഭത്തിൽ യേശു ഒരു അടിമയുടെ പ്രവൃത്തി ചെയ്തു കാണിക്കുകയും അതിന്റെ അർത്ഥമെന്താണെന്നും എങ്ങനെ അത് പ്രാവർത്തികമാക്കാമെന്നും വിശദീകരിക്കുകയും ചെയ്യുന്നു.

13:14 **"എങ്കിൽ"** ഇത് ഒരു ഉത്തമപുരുഷ സോപാധിക വാചകമാണ്. ലേഖകന്റെ വീക്ഷണത്തിലോ അല്ലെങ്കിൽ തന്റെ രചനാപരമായ ഉദ്ദേശ്യങ്ങൾക്കു വേണ്ടിയോ ശരിയായ കാര്യമാണിത്.

▣ **"കർത്താവും ഗുരുവുമായ"** വാ. 13 ലും 14 ലുമുള്ള വിവേചക ഭേദകം ശ്രദ്ധിക്കുക. സ്ഥാനപ്പേരുകൾ തിരിച്ചാക്കിയിരിക്കുന്നതും ശ്രദ്ധിക്കുക. അവനാണ് അധികാരത്തോടെ സംസാരിക്കുന്നവൻ. അവൻ പിതാവിനെ വെളിപ്പെടുത്തുകയും അനുസരണവും ഭക്തിയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. അവൻ ചെയ്യുന്നത് അവർ അനുകരിക്കണം (വാ. 15).

**13:14-15 "നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു"** ഈ താഴ്മയുടെ പ്രവൃത്തി സഭാ കൂദാശകളിൽ മൂന്നാമത്തേതാക്കണമെന്നാണോ ഈ പ്രസ്താവന അർത്ഥമാക്കുന്നത്? മിക്ക ക്രിസ്തീയ വിഭാഗങ്ങളും ഇല്ല എന്ന് പറഞ്ഞിരിക്കുന്നു, കാരണം:

1. അപ്പൊസ്തല പ്രവൃത്തികളിൽ ഇത് ഒരു സഭയിലും ഒരിക്കലും അനുവർത്തിച്ചതായി ഒരു രേഖയും ഇല്ല
2. പുതിയ നിയമ ലേഖനങ്ങളിൽ ഇത് ഒരിക്കലും ശുപാർശ ചെയ്തിട്ടില്ല
3. സ്നാനവും (ഒ.നോ. മത്താ. 28:19) കർത്തൃമേശയും (ഒ.നോ. 1 കൊരി. 11:17-34) എന്നപോലെ ഇത് സ്ഥിരമായി അനുവർത്തിക്കണമെന്ന് പ്രത്യേകമായി പറഞ്ഞിട്ടില്ല

ഇത് ആരാധനയിലെ ഒരു പ്രധാന കാര്യമല്ലായെന്ന് ഇത് സൂചിപ്പിക്കുന്നില്ല.

യേശു അവർക്കു കൊടുത്ത മാതൃക വെറും താഴ്മയല്ലായിരുന്നു. പിന്നെയോ, ബലിദാനപരമായ സേവനമായിരുന്നു (ഒ.നോ. 15:12-13). 1 യോഹ. 3:16 ഇത് നന്നായി വ്യക്തമാക്കുന്നു. യേശു അവസാനത്തോളം സ്നേഹിക്കുന്നു (ഒ.നോ. വാ. 1). അവരും പരമാവധി സ്നേഹിക്കണം (അതായത് ആത്മത്യാഗത്തിന്റെ ഒരു ജീവിതം, വീഴ്ചയുടെ ഒരു വിപര്യാസം).

**13:16 "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു"** (വാ. 20 പോലെ). ഇത് "വിശ്വാസം" എന്നതിനുള്ള ഒരു പഴയനിയമ പദമാണിത് (ഒ.നോ. ഹബ. 2:4). ഒരു വാചകത്തിന്റെ ആരംഭഘട്ടത്തിൽ (ഏത് ഗ്രീക്ക് സാഹിത്യത്തിലും) ഇത് ഉപയോഗിക്കുന്ന ഏക വ്യക്തി യേശുവായിരുന്നു. (1) സമ്മതിക്കുന്നതിനോ (2) ഉറപ്പിക്കുന്നതിനോ വേണ്ടി ഒരു പ്രസ്താവനയുടെ അവസാനത്തിൽ ആയിരുന്നു ഇത് സാധാരണയായി ഉപയോഗിച്ചിരുന്നത്. ഒരു വാചകത്തിന്റെ ആരംഭത്തിലും ഇരട്ടിച്ചും ഉപയോഗിക്കപ്പെട്ടപ്പോൾ, അത് ഒരു അധികാരവും അതേസമയം ശ്രദ്ധ പിടിച്ചു പറ്റുന്നതുമായ ഒരു പ്രയോഗമായിത്തീർന്നു. 1:51 ലെ പ്രത്യേക പഠനവിഷയം: "ആമേൻ" കാണുക.

▣ **"ദാസൻ യജമാനനെക്കാൾ വലിയവനല്ല"** സത്യം അറിയിക്കുന്നതിനുള്ള ഒരു ആമുഖ ശൈലിയാണിത്.

1. യോഹ. 13:16, ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനല്ല
2. യോഹ. 15:20
   a. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും
   b. അവർ എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും
3. ലൂക്കൊ. 6:40 (സമാനം) അഭ്യാസം തികഞ്ഞവൻ എല്ലാം ഗുരുവിനെപ്പോലെയാകും (ഒ.നോ. മത്താ. 10:24)
4. ലൂക്കൊ. 22:27 (സമാനം) ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു

**13:17 "ഇതു നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ"** ഒന്നാമത്തെ "എങ്കിൽ" ലേഖകന്റെ വീക്ഷണത്തിൽ ശരിയെന്ന് കരുതപ്പെടുന്ന ഒരു ഉത്തമപുരുഷ സോപാധിക വാചകമാണ്. ഈ വാക്യത്തിലെ രണ്ടാമത്തെ "എങ്കിൽ" ക്രിയാത്മക പ്രവൃത്തിയെന്ന് അർത്ഥമാക്കുന്ന ഒരു പ്രഥമപുരുഷ സോപാധിക വാക്കാണ്. നാം അറിയുന്നുവെങ്കിൽ നാം തീർച്ചയായും ചെയ്യേണം (ഒ.നോ. 7:24-27; ലൂക്കൊ. 6:46-49; റോമ. 2:13; യാക്കോ. 1:22-25; 4:11)! അറിവ് ലക്ഷ്യമല്ല, പിന്നെയോ ക്രിസ്തുവിനെപ്പോലെയുള്ള ജീവിതമാണ്. ഇത് "ചെയ്യുന്നതിനായി കേൾക്കുക" എന്നർത്ഥമുള്ള എബ്രായ ക്രിയയായ *ഷേമാ* യെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. ആവ. 6:4).

**13:18 "എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു"** സങ്കീ. 41:9 ൽ നിന്നുമുള്ള ഒരു അതുല്യമായ ഉദ്ധരണിയാണിത്. സൗഹൃദത്തിന്റെയും ഉടമ്പടിയുടെയും ഒരു അടയാളമെന്ന നിലയിലുള്ള പൗരസ്ത്യ സംസ്ക്കാരമായ ഒരുമിച്ചുള്ള ഭക്ഷിക്കൽ യൂദായുടെ കുറ്റകൃത്യത്തെ വലുതാക്കുന്നു. സമീപ പൂർവ്വ പ്രദേശത്ത് കാലുയർത്തി ഒരുവന്റെ കാല്പാദത്തിനടിവശം മറ്റൊരുവനെ കാണിക്കുന്നത് വെറുപ്പിന്റെ ഒരു അടയാളമായിരുന്നു.

▣ **"തിരുവെഴുത്തിനു നിവൃത്തിവരേണ്ടതിന്നു"** ഇത് യൂദായെ പരാമർശിക്കുന്നു. ഇത് മുൻനിയമനവും മാനുഷിക സ്വാതന്ത്ര്യവും എന്ന മർമ്മമാണ്.

യേശുവും ശിഷ്യന്മാരും തിരുവെഴുത്തുകളുടെ സത്യസന്ധതയിൽ വിശ്വസിച്ചു. ഇത് സംസാരിക്കുമ്പോൾ അത് വിശ്വസിക്കേണ്ടിയിരുന്നു (ഒ.നോ. മത്താ. 5:17-19). "തിരുവെഴുത്ത് നിവൃത്തിയാകേണ്ടതിനു" എന്ന് നിരവധി തവണ യോഹന്നാൻ പ്രസ്താവിക്കുന്നുണ്ട് (ഒ.നോ. 12:14; 13:18; 15:25; 17:12; 19:24,36). മിക്കപ്പോഴും ക്രിസ്തുവിന്റെ ജീവിതത്തിലെ ഒരു സംഭവം നടക്കുന്നതുവരെ പഴയനിയമ ഭാഗം പൂർണ്ണമായി മനസ്സിലാക്കപ്പെട്ടിരുന്നില്ല. (അതാ. നിഴലും പൊരുളും, ഉദാ. ഹോശേ. 11:1). അല്ലെങ്കിൽ പുതിയനിയമ സംഭവം നിരവധി നിവൃത്തികളിൽ ഒന്നായിരിക്കാം (അതാ. യെശ. 7:14; അല്ലെങ്കിൽ ദാനീ. 9:27; 11:31; 12:11).

**13:19** യേശുവിന്റെ അത്ഭുതകരമായ അടയാളങ്ങളുടെയും പ്രവചനങ്ങളുടെയും ലക്ഷ്യം ഈ വാക്യം പ്രദർശിപ്പിക്കുന്നു (ഒ.നോ. 20:31). യോഹന്നാനിൽ വിശ്വാസം വളർന്നും തുടർന്നും കൊണ്ടിരിക്കുന്ന ഒരനുഭവമാണ്. യേശു തുടർച്ചയായി അപ്പൊസ്തലന്മാരുടെ ആശ്രയം/വിശ്വാസം/വിശ്വസിക്കൽ വർദ്ധിപ്പിക്കുകയായിരുന്നു. 9:7 ലെ പ്രത്യേക പഠനവിഷയം കാണുക.
യേശു അവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നത് തന്റെ

1. വാക്കുകളാലും
2. പ്രവൃത്തികളാലും
3. മുന്നറിവിനാലും ആണ്

ദൈവത്തോട് നിരപ്പായിരിക്കാൻ യേശു സമൂലമായ ഒരു "പുതിയ" മാർഗ്ഗം കൊണ്ടുവന്നു. ഇത് യെഹൂദന്മാരുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും അറുത്തുമുറിച്ചു.

1. മോശയല്ല, അവനായിരുന്നു ശ്രദ്ധാകേന്ദ്രം
2. കൃപയാണ്, പ്രവൃത്തിയല്ല

▣ **"ഞാൻ തന്നെ *അവൻ* (മശിഹാ)"** ഇത് "യഹോവ" എന്ന ദൈവ നാമത്തെ പരാമർശിക്കുന്നു."ആയിരിക്കുക" എന്ന എബ്രായ ക്രിയാധാതുവിൽനിന്നാണ് "യഹോവ" എന്ന പദം വന്നത് (ഒ.നോ. "ഞാൻ ആകുന്നവൻ" പുറ. 3:14). ഇവിടെ ദൈവിക ലക്ഷ്യാർത്ഥങ്ങളോടെ വാഗ്ദത്തം ചെയ്യപ്പെട്ട മശിഹയാണു താനെന്ന് യേശു വ്യക്തമായി അവകാശപ്പെടുകയാണ് (ഒ.നോ. 4:26; 8:24,28,58; 13:19; 18:5,6,8; മത്താ. 24:5; മർക്കൊ. 13:6; ലൂക്കൊ. 21:8 എന്നിവ ശ്രദ്ധിക്കുക).

6:20 ലെ പ്രത്യേക പഠനവിഷയം: ദൈവത്തിന്റെ പേരുകൾ, കാണുക.

**13:20** ക്രിസ്ത്യാനികളെ സൂചിപ്പിക്കുന്നതിന് സാധാരണമായി യോഹന്നാൻ "വിശ്വസിക്കുക" *(പിസ്റ്റെയോ)* "-ൽ വിശ്വസിക്കുക" *(പിസ്റ്റെയോ എയ്സ്),* "അതു വിശ്വസിക്കുക" *(പിസ്റ്റെയോ ഹോട്ടി)* എന്നീ പദങ്ങൾ ഉപയോഗിക്കുന്നു (2:23 ലെ പ്രത്യേക പഠനവിഷയം: യോഹന്നാനിൽ "വിശ്വസിക്കുക" എന്ന പദത്തിന്റെ ഉപയോഗം കാണുക) എന്നാൽ താൻ "സ്വീകരിക്കുക" അല്ലെങ്കിൽ "കൈക്കൊള്ളുക" പോലെയുള്ള പദങ്ങളും ഉപയോഗിക്കുന്നു (ഒ.നോ. 1:12; 5:43; 13:20). ഒരു വ്യക്തിയെ സ്വാഗതം ചെയ്യുന്നതും വേദപുസ്തക സത്യങ്ങൾ സ്വീകരിക്കുന്നതും അതുപോലെ തന്നെ ആ വ്യക്തിയെ അനുകരിക്കുന്ന ഒരു ജീവിതം നയിക്കുന്നതുമാണ് സുവിശേഷം.

▣ **"ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു"** യേശുവിന്റെ ശിഷ്യന്മാരുടെ നിയുക്ത അധികാരത്തെപ്പറ്റിയുള്ള എത്ര ശക്തമായ ഒരു പ്രസ്താവന. ഇതിന് അനവധി നിലവാരങ്ങളിൽ പ്രവർത്തിക്കാൻ കഴിയും:

1. പന്തിരുവരുടെയും (ലൂക്കൊ. 10:6) എഴുപതു പേരുടെയും (മത്താ. 10:40) മിഷനറി യാത്രകൾ
2. സഭയുടെ സാക്ഷ്യം വഹിക്കൽ (ഒ.നോ. 17:20).

യേശുവിനെക്കുറിച്ചുള്ള സന്ദേശത്തിന് അത് പ്രസംഗിക്കുന്നവരോട് ബന്ധപ്പെടാതെ തന്നെ ജീവിതത്തിന് മാറ്റം വരുത്തുവാൻ ശക്തിയുണ്ട്. ഈ അധികാരം സന്ദേശത്തിലാണ് (അതായത് സുവിശേഷം) അല്ലാതെ ഭൗമിക സന്ദേവാഹകരിൽ അല്ല നിലകൊള്ളുന്നത്.

**യോഹന്നാൻ 13:21-30**

[21]ഇതു പറഞ്ഞിട്ടു യേശു ഉള്ളം കലങ്ങി; ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും എന്നു സാക്ഷീകരിച്ചു പറഞ്ഞു. [22]ഇതു ആരെക്കുറിച്ചു പറയുന്നു എന്നു ശിഷ്യന്മാർ സംശയിച്ചു തമ്മിൽ തമ്മിൽ നോക്കി. [23]ശിഷ്യന്മാരിൽ വെച്ചു യേശു സ്നേഹിച്ച ഒരുത്തൻ യേശുവിന്റെ മാർവ്വിടത്തു ചാരിക്കൊണ്ടിരുന്നു. [24]ശിമോൻപത്രൊസ് അവനോടു ആംഗ്യം കാട്ടി, അവൻ പറഞ്ഞതു ആരെക്കൊണ്ടു എന്നു ചോദിപ്പാൻ പറഞ്ഞു. [25]അവൻ യേശുവിന്റെ നെഞ്ചോടു ചാഞ്ഞു: കർത്താവേ, അതു ആർ എന്നു ചോദിച്ചു. [26]ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നേ എന്നു യേശു ഉത്തരം പറഞ്ഞു; ഖണ്ഡം മുക്കി ശിമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദെക്കു കൊടുത്തു. [27]ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു. യേശു അവനോടു: നീ ചെയ്യുന്നതു വേഗത്തിൽ ചെയ്ക എന്നു പറഞ്ഞു. [28]എന്നാൽ ഇതു ഇന്നതിനെക്കുറിച്ചു പറഞ്ഞുവെന്നു പന്തിയിൽ ഇരുന്നവരിൽ ആരും അറിഞ്ഞില്ല. [29]പണസഞ്ചി യൂദയുടെ പക്കൽ ആകയാൽ പെരുന്നാളിൽ വേണ്ടുന്നതു മേടിക്കുവാനോ ദരിദ്രർക്കു വല്ലതും കൊടുപ്പാനോ യേശു അവനോടു കല്പിക്കുന്നു എന്നു ചിലർക്കു തോന്നി. [30]ഖണ്ഡം വാങ്ങിയ ഉടനെ അവൻ എഴുന്നേറ്റു പോയി; അപ്പോൾ രാത്രി ആയിരുന്നു.

**13:21 "യേശു ഉള്ളം കലങ്ങി"** യൂദായുടെ ഒറ്റിക്കൊടുക്കൽ വാസ്തവത്തിൽ യേശുവിനെ അസ്വസ്ഥനാക്കി (12:27 ൽ ഇതേ പദം യേശുവിനെക്കുറിച്ചു തന്നെ ഉപയോഗിച്ചിരിക്കുന്നു). അവന്റെ ആത്മീയമായ സാമർത്ഥ്യം നിമിത്തമാണ് യേശു യൂദായെ തെരഞ്ഞെടുത്തത്, എന്നാൽ അത് ഒരിക്കലും സഫലീകരിക്കപ്പെട്ടില്ല (ഒ.നോ. വാ. 18).

▣ **"ആമേൻ ആമേൻ"** 1:51 ലെ പഠനക്കുറിപ്പു കാണുക.

**13:22** ഇത് അത്ഭുതപ്പെടുത്തുന്ന ഒരു വാക്യമാണ്. മുൻ നിയമിക്കപ്പെട്ട ഒരു പദ്ധതി തങ്ങളെ ചതിയന്മാരാക്കുമോ എന്ന് ആന്തരിക വലയത്തിനുള്ളിലെ ശിഷ്യന്മാർ ഭയപ്പെട്ടു (ഒ.നോ. മർക്കൊ. 14:19). ഇതാണ് നിർണ്ണയിക്കലിന്റെ പ്രശ്നം. ദൈവത്തിന്റെ പ്രവൃത്തി മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ലംഘിക്കുന്നില്ല, എന്നാൽ അതിന്റെ അനന്തരഫലത്തെ ഊന്നിപ്പറയുകയും പൂർത്തിയാക്കുകയും ചെയ്യുന്നു.

**13:23 "യേശു സ്നേഹിച്ച ഒരുത്തൻ"** ഇത് യോഹന്നാനെപ്പറ്റി പരാമർശിക്കുന്നതാണെന്നു തോന്നും (ഒ.നോ. 13:23,25; 19:26-27, 34-35; 20:2-5,8; 21:7, 20-24). 19-ാം അദ്ധ്യായം 26-ാം വാക്യം ഇത് ഉറപ്പാക്കുന്നു. യോഹന്നാന്റെ പേര് ഈ സുവിശേഷത്തിൽ ഒരിടത്തും കാണുന്നില്ല. യേശുവിന് ഏറ്റവും പ്രിയനായിരുന്നവൻ ഉണ്ടായിരുന്നുവോ? അവന് ഒരു ആന്തരിക വലയവും (പത്രൊസ്, യാക്കോബ്, യോഹന്നാൻ) ഒരു പ്രത്യേക കുടുംബവും (ലാസർ, മറിയ, മാർത്ത) ഉണ്ടായിരുന്നു.

**13:25** ഒന്നാം നൂറ്റാണ്ടിലെ പലസ്തീനിയൻ മാതൃകയിലുള്ള ഭക്ഷണ ക്രമീകരണങ്ങളെയാണ് ഈ പശ്ചാത്തലം പ്രതിഫലിപ്പിക്കുന്നത്. ശിഷ്യന്മാർ കാല്പാദങ്ങൾ തങ്ങളുടെ പിന്നിൽ വരത്തക്കവിധം കുതിരലാടത്തിന്റെ രൂപത്തിലുള്ള താഴ്ന്ന ഒരു മേശയിലേക്ക് അവരുടെ ഇടത്തെ കൈമുട്ടുകളിലേക്ക് ചാഞ്ഞു കിടന്നുകൊണ്ട് വലതു കൈകൊണ്ട് ഭക്ഷിക്കുകയായിരുന്നിരിക്കണം. യോഹന്നാൻ യേശുവിന്റെ വലത്തും യൂദാ യേശുവിന്റെ ഇടത്തുമായിരുന്നു (ബഹുമാന്യ സ്ഥാനം). ഇരിപ്പിന്റെ ഈ ക്രമത്തിന്റെ കാരണം തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. യോഹന്നാൻ പുറകോട്ട് ചാഞ്ഞ് യേശുവിനോട് ഒരു ചോദ്യം ചോദിച്ചു.

**13:26 "ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നേ"** ഇത് ബഹുമാനത്തിന്റെ ഒരു അടയാളമായിരുന്നു. (ഒ.നോ. രൂത്ത് 2:14). യൂദാ യേശുവിന്റെ ഇടതുവശത്തേക്ക് ചാഞ്ഞു കിടക്കുകയായിരുന്നു. അതു ഒരു ബഹുമതിയുടെ സ്ഥാനമായിരുന്നു. യേശു അപ്പോഴും യൂദയോട് അടക്കുവാൻ ശ്രമിക്കുകയായിരുന്നു:

ചാറ് കയ്പുചെടികൾ അരച്ചുണ്ടാക്കിയതായിരുന്നു (13:2 ലെ പ്രത്യേക പഠനവിഷയം കാണുക). മർക്കൊസിലെ സമാന്തരഭാഗം (14:20) "എന്നോടുകൂടെ" എന്ന് കൂട്ടിച്ചേർക്കുന്നു. ഇത് ദൃക്സാക്ഷിയുടെ ഉള്ളിലുളവായ ഒരു ആശയക്കുഴപ്പമാണ്.

▣ **"ഇസ്കര്യോത്താവ്"** 6:71 ലെയും 18:2 ലെയും കുറിപ്പുകളും താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയവും കാണുക.

## പ്രത്യേക പഠനവിഷയം : ഇസ്കര്യോത്താവ്

യൂദാ പല വർഷങ്ങൾ കർത്താവായ യേശുവിനോട് കേട്ടും നിരീക്ഷിച്ചും കൂട്ടായ്മ ആചരിച്ചും അടുത്ത ശ്രേണിയിൽ തന്നെ ഇരുന്നുവെങ്കിലും വ്യക്തമായും അപ്പോഴും അവന് കർത്താവിനോട് വിശ്വാസത്താലുള്ള ഒരു വ്യക്തിപരമായ ബന്ധവും ഉണ്ടായിരുന്നില്ല (ഒ.നോ. മത്തായി 7:21-23). യൂദാ കടന്നുപോയ അതേ പരീക്ഷയുടെ തീവ്രതയിലൂടെ പത്രൊസും കടന്നുപോകുന്നു. എന്നാൽ ഫലം വളരെ വ്യത്യസ്തമായിരുന്നു. യൂദായുടെ ഒറ്റിക്കൊടുക്കലിന്റെ പ്രേരണകളെപ്പറ്റി അനവധി ചർച്ചകൾ നടന്നിട്ടുണ്ട്.

1. ഇത് പ്രാഥമികമായും പണത്തിനുവേണ്ടിയായിരുന്നു (ഒ.നോ. യോഹ. 12:6).

2. ഇത് പ്രാഥമികമായും രാഷ്ട്രീയപരമായിരുന്നു (ഒ.നോ. വില്യം ക്ലാസൻ, *"യൂദാസ് ബിട്രേയർ ഓർ ഫ്രണ്ട് ഓഫ് ജീസസ്?")*

3. ഇത് ആത്മീയമായിരുന്നു (ഒ.നോ. യോഹ. 13:27)

സാത്താന്യ സ്വാധീനം അഥവാ ഭൂതബാധ എന്നിവയെപ്പറ്റി നിരവധി നല്ല ഗ്രന്ഥങ്ങളുണ്ട് (ഞാൻ വിശ്വസിക്കുന്നവ പട്ടികാക്രമത്തിൽ കൊടുത്തിരിക്കുന്നു).

1. Merrill F. Unger, *Biblical Demonology*, *Demons in the World Today*
2. Clinton E. Arnold, *Three Crucial Questions About Spiritual Warfare*
3. Kurt Koch, *Christian Counseling and Occultism*, *Demonology Past and Present*
4. C. Fred Dickason, *Demon Possession and the Christian*
5. John P. Newport, *Demons, Demons, Demons*
6. John Warwick Montgomery, *Principalities and Powers*

സാംസ്ക്കാരിക പുരാണങ്ങളെപ്പറ്റിയും അന്ധവിശ്വാസങ്ങളെപ്പറ്റിയും ശ്രദ്ധാലുക്കളായിരിക്കുക. മത്തായി 16:23 ൽ സാത്താൻ ഇതേവിധത്തിൽ യേശുവിനെ പരീക്ഷിക്കുന്നതിനായി പത്രൊസിനെ സ്വാധീക്കുന്നു – അവന്റെ പാപപരിഹാര മരണം. സാത്താൻ സ്ഥിരതയുള്ളവനാണ്. നമുക്കുവേണ്ടിയുള്ള യേശുവിന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയെ തടയാൻ ഏതുവിധേനയും അവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

1. യേശുവിന്റെ പരീക്ഷ, ലൂക്കൊസ് 4
2. പത്രൊസിനെ ഉപയോഗിക്കുന്നു
3. യൂദായെയും സൻഹെദ്രീൻ സംഘത്തെയും ഉപയോഗിക്കുന്നു

യോഹന്നാൻ 6:70 ൽ യേശു യൂദായെ സാത്താനായി പോലും ചിത്രീകരിക്കുന്നു. വിശ്വാസികളോട് ബന്ധപ്പെടുന്ന വിധത്തിൽ ഭൂതബാധയെപ്പറ്റിയോ അതിന്റെ സ്വാധീനത്തെപ്പറ്റിയോ വേദപുസ്തകം ചർച്ച ചെയ്യുന്നില്ല. എന്നാൽ വ്യക്തിപരമായ തെരഞ്ഞെടുപ്പും വ്യക്തിപരമായ പാപവും നിമിത്തം വിശ്വാസികൾ വ്യക്തമായും ബാധിക്കപ്പെടുന്നുണ്ട്.

ഈ പദത്തിന്റെ വ്യുല്പത്തി അവ്യക്തമാണ്. എന്നിരുന്നാലും പല സാധ്യതകൾ ഉണ്ട്:

1. *കെരിയോത്ത്*, യെഹൂദയിലെ ഒരു പട്ടണം (ഒ.നോ. യോശുവ 15:25).
2. *ഖർട്ടാൻ*, ഗലീലയിലെ ഒരു പട്ടണം (യോശുവ 21:32).
3. *കാരോയിഡസ്*, യെരൂശലേമിലോ യെരീഹോവിലോ വളരുന്ന ഈന്തപ്പനത്തോട്ടം
4. *സ്കോർടെയാ*, ഒരു ഉപരി വസ്ത്രം അഥവാ തോൽ സഞ്ചി (ഒ.നോ. യോഹന്നാൻ 13:29).
5. *അസ്കാരാ*, കഴുത്തു ഞെരിക്കുക (എബ്രായ) മത്തായി 27:5 ൽ നിന്നും
6. കൊലപാതകിയുടെ കത്തി (ഗ്രീക്ക്), അവൻ ശീമോനെപ്പോലെ ഒരു എരിവുകാരനായിരുന്നു എന്നു സൂചിപ്പിക്കുന്നു (ലൂക്കൊസ് 6:15).

**13:27 "സാത്താൻ അവനിൽ കടന്നു"** യോഹന്നാന്റെ സുവിശേഷത്തിൽ "സാത്താൻ" എന്ന പദത്തിന്റെ ഏക ഉപയോഗമാണിത്. എബ്രായയിൽ "എതിരാളി" എന്നാണിതിനർത്ഥം (ഒ.നോ. 22:3; 13:2). 12:31 ലെ പ്രത്യേക പഠനവിഷയം കാണുക. സാത്താൻ അവനിൽ കടന്നതിനാൽ യൂദാ ഉത്തരവാദി അല്ലേ? ആത്മീയ മണ്ഡലത്തിലെ പ്രവർത്തനങ്ങളും (ദൈവം ഫറവോന്റെ ഹൃദയം കഠിനമാക്കിയത്) ഭൗതിക മണ്ഡലത്തിലെ മനുഷ്യന്റെ ഉത്തരവാദിത്വങ്ങളും തമ്മിൽ ഒരു വേദപുസ്തക സംഘർഷം നിലനിൽക്കുന്നുണ്ട്. മനുഷ്യർ അവർ ചിന്തിക്കുന്നതു പോലെ, തങ്ങളുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച് അത്ര സ്വാതന്ത്ര്യമുള്ളവരല്ല. നാമെല്ലാവരും ചരിത്രപരമായും അനുഭവപരമായും ജന്മനാലും രൂപപ്പെടുത്തപ്പെട്ടവരാണ്. ഈ ഭൗതിക തീരുമാനങ്ങൾക്കൊപ്പം ആത്മിക മണ്ഡലവും (ദൈവം, ആത്മാവ്, ദൂതന്മാർ, സാത്താൻ, പിശാചുക്കൾ) ചേരുന്നു. ഇതാണു മർമ്മം! എങ്കിലും മനുഷ്യൻ യന്ത്രമനുഷ്യരല്ല! നമ്മുടെ പ്രവൃത്തികൾക്കും തെരഞ്ഞെടുപ്പുകൾക്കും അവയുടെ പരിണിത ഫലങ്ങൾക്കും നാം ഉത്തരവാദികൾ ആണ്. യൂദാ പ്രവർത്തിച്ചു! അവൻ തനിയെ അല്ല പ്രവർത്തിച്ചത്! എങ്കിലും അവന്റെ പ്രവൃത്തികൾക്ക് ധാർമ്മികമായി അവൻ ഉത്തരവാദിയായിരുന്നു. യൂദായുടെ ഒറ്റിക്കൊടുക്കൽ പ്രവചിക്കപ്പെട്ടിരുന്നു (വാ. 18). സാത്താനാണ് അതിനു പ്രേരിപ്പിച്ചത് (12:31 ലെ പ്രത്യേക പഠന വിഷയം: ആളത്തമുള്ള ദുഷ്ടത കാണുക). യൂദാ ഒരിക്കലും യേശുവിനെ പൂർണ്ണമായും "അറിഞ്ഞില്ല" അല്ലെങ്കിൽ ആശ്രയിച്ചില്ല എന്നത് ദുഃഖകരമാണ്.

**13:29 "പണസഞ്ചി യൂദായുടെ പക്കൽ ആകയാൽ"** സംഘത്തിന്റെ പണത്തിന്റെ ചുമതല യൂദായ്ക്കായിരുന്നു (ഒ.നോ. 12:6). 18:1 ലെ കുറിപ്പു കാണുക.

**13:30 "അപ്പോൾ രാത്രി ആയിരുന്നു"** ഇതൊരു സമയ സൂചന ആണോ? അതോ, ആത്മീയ വിലയിരുത്തലാണോ? വിവിധ നിലകളിൽ മനസ്സിലാക്കാൻ കഴിയുന്ന ഇത്തരം ദുർഗ്രഹമായ പ്രയോഗങ്ങൾ യോഹന്നാൻ ഉപയോഗിക്കുന്നുണ്ട് (അതാ. നിക്കോദേമൊസ്, ഒ.നോ. 3:2; 19:39).

**യോഹന്നാൻ 13:31-35**

**[31]അവൻ പോയശേഷം യേശു പറഞ്ഞതു: ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു; ദൈവവും അവനിൽ മഹത്വപ്പെട്ടിരിക്കുന്നു; [32]ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു എങ്കിൽ, ദൈവം അവനെ തന്നിൽത്തന്നേ മഹത്വപ്പെടുത്തും; ക്ഷണത്തിൽ അവനെ മഹത്വപ്പെടുത്തും; [33]കുഞ്ഞുങ്ങളേ, ഞാൻ ഇനി കുറഞ്ഞോന്നു മാത്രം നിങ്ങളോടുകൂടെ ഇരിക്കും; നിങ്ങൾ എന്നെ അന്വേഷിക്കും; ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു ഞാൻ യെഹൂദന്മാരോടു പറഞ്ഞതുപോലെ ഇന്നു നിങ്ങളോടും പറയുന്നു. [34]നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. [35]നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും.**

**13:31-38** കർത്താവിന്റെ അത്താഴത്തിന്റെ രാത്രിയിൽ മാളിക മുറിയിൽ വെച്ചു നടന്ന സംഭാഷണത്തിൽ ശിഷ്യന്മാർ ചോദിച്ച അനേക ചോദ്യപരമ്പരകളുടെ (ഒ.നോ. 13:36; 14:5,8,22; 16:17-19) വിശാല പശ്ചാത്തലത്തിന്റെ ഭാഗമാണ് ഈ വാക്യങ്ങൾ. അവരെ വിട്ടുപോകുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകളെ ശിഷ്യന്മാർ തെറ്റിദ്ധരിച്ചതിന്റെ അടിസ്ഥാനത്തിൽ അനേക ചോദ്യങ്ങൾ അവരിലുളവായി.

1. പത്രൊസ് (13:36)
2. തോമാസ് (14:5)
3. ഫിലിപ്പൊസ് (14:8)
4. യൂദാ (ഇസ്ക്കര്യോത്താവല്ലാത്ത) (14:22)
5. അവന്റെ ശിഷ്യന്മാരിൽ ചിലർ (16:17-19)

**13:31 "മനുഷ്യപുത്രൻ"** ഇതു യേശു തെരഞ്ഞെടുത്ത പേരായിരുന്നു. പശ്ചാത്തലം യെഹെസ്കേൽ 2:1; ദാനീയേൽ 7:13 ആണ്. മാനുഷികമായും ദൈവികവുമായ സ്വഭാവങ്ങളെ ഇതു സൂചിപ്പിക്കുന്നു. യേശു ഇതുപയോഗിക്കാൻ കാരണം, റബ്ബി യെഹൂദാ മതത്തിൽ ഇതുപയോഗിച്ചിട്ടില്ലാത്തതിനാൽ ഇതിന് ദേശീയമോ, സൈനികമോ ആയ പ്രാധാന്യം ഇല്ലായിരുന്നു എന്നതും ഇത് രണ്ട് പ്രകൃതത്തെ സംയോജിപ്പിക്കുന്നു എന്നതുകൊണ്ടുമാണ് (ഒ.നോ. 1 യോഹ. 4:1-3).

**13:32** ഈ വാക്യം സംബന്ധിച്ച് ഗ്രീക്ക് പതിപ്പുകളിൽ വ്യത്യാസങ്ങളുണ്ട്. മുഴുവനായി കാണുന്നത് NASB, NKJV, NRSV, TEV, NJB എന്നിവയിലാണ്. ഇതിനെ പിന്തുണയ്ക്കുന്നത് കയ്യെഴുത്തു പ്രതികളായ $N^C$, A, $C^2$, K, Textus Receptus എന്നിവയാണ്. കയ്യെഴുത്തു പ്രതികളായ $P^{66}$,א*, B, C*, D, L, W, X എന്നിവയിൽ "ദൈവം അവനിൽ മഹത്വപ്പെട്ടിരിക്കുന്നു എങ്കിൽ" എന്ന ഭാഗം ഇല്ല, ഇവയായിരിക്കാം മികച്ച കയ്യെഴുത്തു പ്രതികൾ. എന്നാൽ പകർപ്പെടുത്തുകാർ സമാന്തരത്വത്താൽ ആശയക്കുഴപ്പത്തിലായി ഇത് ഒഴിവാക്കിയതാകാനും സാധ്യതയുണ്ട്.

▣ **"മഹത്വപ്പെട്ടിരിക്കുന്നു"** ഈ പദം വാ. 31, 32 ൽ നാലോ, അഞ്ചോ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. രണ്ടോ, മൂന്നോ പ്രാവശ്യം ഭൂതകാലത്തിലും രണ്ടു പ്രാവശ്യം ഭാവികാലത്തിലും. യേശുവിന്റെ മരണ, പുനരുത്ഥാനങ്ങളിലൂടെയുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. 7:39; 12:16,23; 17:1,5). ഇവിടെയിത് യേശുവിന്റെ ജീവിതത്തിൽ തുടർന്നുവരുന്ന സംഭങ്ങളെയാണ് സൂചിപ്പിക്കുന്നത്. അവ സംഭവിക്കുമെന്ന് നല്ല നിശ്ചയമുള്ളതിനാൽ അവ കഴിഞ്ഞകാല സംഭവങ്ങളായി പ്രകടിപ്പിച്ചിരിക്കുന്നു. 1:14 ന്റെ കുറിപ്പു കാണുക.

**13:33 "കുഞ്ഞങ്ങളേ"** എഫെസൊസ് പട്ടണത്തിൽനിന്നും അല്ലെങ്കിൽ പ്രദേശത്തുനിന്നും എഴുതുന്ന വയോധികനായ യോഹന്നാൻ, ഇതേ സംബോധന 1 യോഹ. 2:1,12,28; 3:17,18; 4:4; 5:21 ൽ തന്റെ വായനക്കാർക്ക്/കേഴ്വിക്കാർക്ക് ഉപയോഗിക്കുന്നുണ്ട്. ഇവിടെ യേശു ഉപയോഗിക്കുന്ന സാദൃശ്യം, പിതാവിനോടു തന്നെ താരതമ്യപ്പെടുത്തുന്നതിനുള്ള മറ്റൊരു മാർഗ്ഗമാണ്. അവൻ പിതാവും സഹോദരനും രക്ഷകനും സ്നേഹിതനും കർത്താവുമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവൻ സർവ്വതിശായിയായ ദൈവവും ദൃശ്യനായ സഹചാരിയുമാണ്.

▣ **"ഞാൻ കുറഞ്ഞൊന്നു മാത്രം നിങ്ങളോടുകൂടെ ഇരിക്കും ഇരിക്കും .... ഞാൻ യെഹൂദന്മാരോടു പറഞ്ഞതുപോലെ"** യേശു അനേക മാസങ്ങൾക്കുമുമ്പ് ഇക്കാര്യം യെഹൂദ പ്രമാണികളോടു പറഞ്ഞതാണ് (ഒ.നോ. 7:33); ഇപ്പോൾ അത് ശിഷ്യന്മാരോടു പറയുന്നു (ഒ.നോ. 12:35; 14:9; 16:16-19). അതിനാൽ, സമയ സൂചന ദുർഗ്രഹമാണെന്നു വ്യക്തമാണ്.

▣ **"ഞാൻ പോകുന്ന ഇടത്തു നിങ്ങൾക്കു വരുവാൻ കഴികയില്ല"** യെഹൂദ പ്രമാണികൾക്കു വരുവാനേ കഴികയില്ല (ഒ.നോ. 7:34,36; 8:21). ശിഷ്യന്മാർക്ക് തങ്ങളുടെ മരണംവരെ അവന്റെ അടുത്തെത്തുവാൻ കഴികയില്ല. മരണം അല്ലെങ്കിൽ ഉൽപ്രാപണം അവന്റെ ശിഷ്യന്മാരെ അവന്റെ അടുത്തെത്തിക്കും (ഒ.നോ. 2 കൊരി. 5:8; 1 തെസ്സ. 4:13-18).

**13:34 "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു"** "തമ്മിൽ തമ്മിൽ സ്നേഹിക്കേണം" എന്നത് ഒരു പുതിയ കല്പന അല്ല (ഒ.നോ. ലൂക്കൊസ് 19:18; "കല്പന" എന്നതിന് 12:50 ലെ പ്രത്യേക പഠനവിഷയം കാണുക). പുതിയത് എന്നത്, യേശു അവരെ സ്നേഹിച്ചതുപോലെ വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നതാണ് (ഒ.നോ. 15:12,17; 1 യോഹ. 2:7-8; 3:11,16,23; 4:7-8, 10-12,19-20; 2 യോഹ. 5).

സുവിശേഷം എന്നത് സ്വാഗതം ചെയ്യപ്പെടേണ്ട ഒരു വ്യക്തിയും വിശ്വസിക്കേണ്ട ഒരുകൂട്ടം സത്യവും പ്രാവർത്തികമാക്കേണ്ട ഒരു ജീവിതവുമാണ് (ഒ.നോ. 14:15,21,23; 15:10,12; 1 യോഹ. 5:3; 2 യോഹ. 5,6; ലൂക്കൊ. 6:46). സുവിശേഷം സ്വീകരിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്യുന്നു! സ്നേഹത്തിൽ അതു ജീവിക്കുന്നില്ലെങ്കിൽ അതു ജീവിക്കുന്നേയില്ല!

വേദപുസ്തക വ്യാഖ്യാനശാസ്ത്ര ഗ്രന്ഥമായ *ഫൗണ്ടേഷൻ ഫോർ ബിബ്ലിക്കൽ ഇന്റർപ്രട്ടേഷൻ* ലെ ബ്രൂസ് കോർലിയുടെ ലേഖനം "ബിബ്ലിക്കൽ തിയോളജി ഓഫ് ന്യൂട്ടെസ്റ്റ്മെന്റ്" ലെ പ്രസ്താവന എനിക്കിഷ്ടമാണ്. "ക്രിസ്തുവിന്റെ ആളുകളുടെ സവിശേഷത സ്നേഹത്തിന്റെ ധാർമ്മികതയാണ്, അതിലൂടെ കൃപയുടെ "ആകുന്ന അവസ്ഥ" ആത്മാവിന്റെ പ്രവർത്തനത്തിലൂടെ സ്നേഹത്തിന്റെ "ആയിരിക്കണം എന്ന അവസ്ഥ" യോടു ബന്ധിപ്പിക്കപ്പെടുന്നു (ഒ.നോ. ഗലാ. 5:6,25; 6:2; യാക്കോ. 3:17,18; യോഹ. 13:34-35; 1 യോഹ. 4:7)" (പേജ് 562).

**13:35 "നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും"** സാത്താന് വ്യാജമായി നിർമ്മിക്കാൻ കഴിയാത്ത ഒരു സ്വഭാവമാണ് സ്നേഹം. സ്നേഹം വിശ്വാസികളുടെ സവിശേഷതയായിരിക്കണം (ഒ.നോ. 1 യോഹ. 3:14; 4:7-21).

▣ **"എങ്കിൽ"** ക്രിയാത്മക പ്രവൃത്തി ആവശ്യപ്പെടുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. മറ്റു ക്രിസ്ത്യാനികളോടുള്ള നമ്മുടെ പ്രവർത്തനം യേശുവുമായുള്ള നമ്മുടെ ബന്ധത്തെ സ്ഥിരീകരിക്കുന്നു (ഒ.നോ. യോഹന്നാൻ 2:9-11; 4:20-21).

## യോഹന്നാൻ 13:36-38

**[36]ശിമോൻപത്രൊസ് അവനോടു: കർത്താവേ, നീ എവിടെ പോകുന്നു എന്നു ചോദിച്ചതിന്നു: ഞാൻ പോകുന്ന ഇടത്തേക്കു നിനക്കു ഇപ്പോൾ എന്നെ അനുഗമിപ്പാൻ കഴികയില്ല. പിന്നത്തേതിൽ നീ എന്നെ അനുഗമിക്കും എന്നു യേശു അവനോടു ഉത്തരം പറഞ്ഞു. [37]പത്രൊസ് അവനോടു: കർത്താവേ, ഇപ്പോൾ എനിക്കു നിന്നെ അനുഗമിപ്പാൻ കഴിയാത്തതു എന്തു? ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വെച്ചുകളയും എന്നു പറഞ്ഞു. [38]അതിന്നു യേശു: നിന്റെ ജീവനെ എനിക്കുവേണ്ടി വെച്ചുകളയുമോ; ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയുവോളം കോഴി കൂകുകയില്ല എന്നു ഉത്തരം പറഞ്ഞു.**

**13:36 "ശിമോൻ പത്രൊസ് അവനോട്"** വാ 31-35 ലെ യേശുവിന്റെ പ്രസ്താവനകളെക്കുറിച്ച് ശിഷ്യന്മാർ ചോദിച്ച ചോദ്യങ്ങളിൽ ആദ്യത്തേതാണിത് (ഒ.നോ. 13:36; 14:5,8,22; 16:17-19). ശിഷ്യന്മാർ ഈ ചോദ്യങ്ങൾ ചോദിച്ചതിലും യോഹന്നാൻ അവ ഓർത്തിരുന്നു രേഖപ്പെടുത്തിയതിലും ഞാൻ അതിയായി സന്തോഷിക്കുന്നു.

**13:37 "ഞാൻ എന്റെ ജീവനെ നിനക്കു വേണ്ടി വെച്ചുകളയും"** പത്രൊസ് അത് അർത്ഥമാക്കിയിരുന്നു! എന്നാൽ വീണുപോയ മനുഷ്യൻ എത്ര ബലഹീനനാണെന്നും നമ്മുടെ കർത്താവു എത്രമാത്രം സമർപ്പിതനായിരുന്നുവെന്നും ഇതു കാണിക്കുന്നു. ഇത് യഥാർത്ഥത്തിൽ ചെയ്തതു കർത്താവാണ്.

**13:38 "ആമേൻ, ആമേൻ"** 1:51 ലെ കുറിപ്പു കാണുക.

▣ **"നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയുവോളം കോഴി കൂകുകയില്ല"** ഇതൊരു പക്ഷേ, റോമൻ കോഴിയായിരിക്കണം. യെഹൂദന്മാർ മൃഗങ്ങളെ നഗരത്തിൽ അനുവദിച്ചിരുന്നില്ല, കാരണം അതു വിശുദ്ധഭൂമിയാണ്. ഇക്കാരണത്താലാണ് ഏറ്റവും ധനികരായവർക്ക് നഗരമതിലിനു വെളിയിൽ ഒലിവുമലയിൽ തോട്ടങ്ങൾ ഉണ്ടായിരുന്നത് (അവയ്ക്ക് വളം ആവശ്യമായതിനാലാണത്). ഗത്ത്സമേന തോട്ടം അത്തരത്തിലൊന്നായിരുന്നു.

തന്നിൽ വിശ്വാസം വർദ്ധിപ്പിക്കാൻ യേശു പ്രവചനം ഉപയോഗിക്കുന്നു. ഇതുപോലെ നെഗറ്റീവായ ഒരുകാര്യംപോലും തന്റെ അറിവിനെയും ഭാവി സംഭവങ്ങളുടെമേൽ തനിക്കുള്ള നിയന്ത്രണത്തെയും വെളിപ്പെടുത്തുന്നു (ഒ.നോ. 18:17-18, 25-27; മത്തായി 26:31-35; മർക്കൊസ് 14:27-31; ലൂക്കൊസ് 22:31-34).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. കർത്താവിന്റെ അത്താഴത്തിൽ യഥാർത്ഥ ചടങ്ങ് യോഹന്നാൻ രേഖപ്പെടുത്താതിരിക്കുന്നതെന്തുകൊണ്ടാണ്?
2. യേശു ശിഷ്യന്മാരുടെ കാൽ കഴുകിയത് എന്തിനാണ്? നാം പരസ്പരം കാൽ കഴുകേണ്ടതുണ്ടോ?
3. എന്തുകൊണ്ടാണ് യേശു യൂദായെ തന്റെ ശിഷ്യനായി തെരഞ്ഞെടുത്തത്?
4. ഒരുവന് താൻ ക്രിസ്ത്യാനിയാണെന്ന് എങ്ങനെ അറിയുവാൻ കഴിയും?

# യോഹന്നാൻ 14
## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശു പിതാവിങ്കലേക്കുള്ള വഴി | വഴിയും സത്യവും ജീവനും | മഹത്വീകരിക്കപ്പെട്ട ക്രിസ്തുവുമായുള്ള വിശ്വാസികളുടെ ബന്ധം | യേശു പിതാവിങ്കലേക്കുള്ള വഴി | വിടവാങ്ങൽ സംഭാഷണം |
| 14:1-14 | 14:1-6 | 14:1-7 | 14:1-4 | 14:1-4 |
| | | | 14:5 | 14:5-7 |
| | പിതാവിനെ വെളിപ്പെടുത്തുന്നു | | 14:6-7 | |
| | 14:7-11 | | | |
| | | 14:8-14 | 14:8 | 14:8-21 |
| | ഉത്തരം ലഭിച്ച പ്രാർത്ഥന | | 14:9-14 | |
| | 14:12-14 | | | |
| ആത്മാവിന്റെ വാഗ്ദത്തം | യേശു മറ്റൊരു കാര്യസ്ഥനെ വാഗ്ദത്തം ചെയ്യുന്നു | | പരിശുദ്ധാത്മാവിന്റെ വാഗ്ദത്തം | |
| 14:15-24 | 14:15-18 | 14:15-17 | 14:15-17 | |
| | പിതാവിന്റെയും പുത്രന്റെയും അധിവാസം | 14:18-24 | 14:18-20 | |
| | 14:19-24 | | | |
| | | | 14:21 | |
| | | | 14:22 | 14:22-31 |
| | അവന്റെ സമാധാനം എന്ന ദാനം | | 14:23-24 | |
| 14:25-31 | 14:25-31 | 14:25-31 | 14:25-26 | |
| | | | 14:27-31a | |
| | | | 14:31b | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# യോഹന്നാൻ 14:1-31 ന്റെ പശ്ചാത്തലം

A. യോഹന്നാൻ 13 മുതൽ 17 വരെയുള്ള ഭാഗം, കർത്താവിന്റെ അത്താഴവേളയിൽ മാളികമുറിയിൽ വെച്ചുള്ള സംഭാഷണം ഉൾക്കൊള്ളുന്ന ഒരു സാഹിത്യരൂപമാകയാൽ അദ്ധ്യായ വിഭജനം സാധ്യമല്ല. അവരെ വിട്ടുപോകുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രസ്താവനകൾ ശിഷ്യന്മാരിൽ അനേക ചോദ്യങ്ങൾ ഉള വാക്കി എന്നു വ്യക്തമാണ്. യേശുവിന്റെ വാക്കുകൾ സംബന്ധിച്ച് ശിഷ്യന്മാർക്കുണ്ടായ തെറ്റിദ്ധാരണ യുടെ അടിസ്ഥാനത്തിലുയർന്ന ഈ ചോദ്യപരമ്പരകളുടെ അടിസ്ഥാനത്തിന്മേലാണ് ഈ സന്ദർഭം പണി യപ്പെട്ടിരിക്കുന്നത്.
   1. പത്രൊസ് (13:36)
   2. തോമാസ് (14:5)
   3. ഫിലിപ്പൊസ് (14:8)
   4. യൂദാ (ഈസ്ക്കര്യോത്താവല്ലാത്ത) (14:22)
   5. അവന്റെ ശിഷ്യന്മാരിൽ ചിലർ (16:17-19).

   ഓർക്കുക, സത്യം വിനിമയം ചെയ്യാൻ യോഹന്നാൻ സംഭാഷണത്തെ ഉപയോഗിക്കുന്നു.

B. ഈ ചോദ്യങ്ങൾ ഇപ്പോഴും വിശ്വാസികളെ സഹായിക്കുന്നു.
   1. യേശുവിനോട് ശാരീരികമായി അടുത്തു കഴിഞ്ഞിരുന്ന ശിഷ്യന്മാർ പോലും അപ്പോഴും അവനെ മനസ്സിലാക്കിയിരുന്നില്ല എന്ന് അവ കാണിക്കുന്നു.
   2. യേശുവിന്റെ ഏറ്റവും വിലപ്പെട്ടതും കനമേറിയതുമായ വാക്കുകളിൽ ചിലത്, ഈ തെറ്റിദ്ധാരണ യിൽ നിന്നുയർന്നുവന്ന ആത്മാർത്ഥമായ ചോദ്യങ്ങൾക്കു മറുപടിയായി പറയപ്പെട്ടവയാണ്.

C. അദ്ധ്യായം 14 ൽ വരാൻ പോകുന്ന "കാര്യസ്ഥനെ"ക്കുറിച്ചുള്ള യേശുവിന്റെ സംഭാഷണം ആരംഭിക്കു ന്നു.
   1. മാളികമുറിയിലെ സംഭാഷണത്തിലെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യേശുവിന്റെ പരാമർശം, യേശു പോകുന്നതിനെക്കുറിച്ചുള്ള ശിഷ്യന്മാരുടെ ഭയത്തോടും ഉത്കണ്ഠയോടും ബന്ധപ്പെട്ടുള്ളത് (പരി മിതപ്പെട്ടതും) ആയിരുന്നു (ഒ.നോ. 13:33,36).

      മൈക്കിൾ മാഗിൽ, *ന്യൂട്ടെസ്റ്റ്മെന്റ് ട്രാൻസ്ലൈൻ* എന്ന ഗ്രന്ഥത്തിൽ (പേജ് 355), ഈ ഭയങ്ങ ളോടുള്ള യേശുവിന്റെ സന്ദർഭാനുസൃത ഉത്തരങ്ങളെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന രൂപരേഖ നൽകി യിട്ടുണ്ട്.
      a. "ഞാൻ പോകുന്ന ഇടത്ത് ഒരുനാൾ നിങ്ങൾ എന്നോടൊപ്പം ഇരിക്കും," വാ. 1-11
      b. "ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം," വാ. 12-17
      c. "നിങ്ങൾ ഇരിക്കുന്ന ഇടത്ത് ഞാൻ വന്ന് എന്നെ നിങ്ങൾക്കു വെളിപ്പെടുത്തും," വാ. 18-26
      d. "ഇപ്പോൾ ഞാൻ എന്റെ സമാധാനം നിങ്ങൾക്കു തന്നേച്ചുപോകുന്നു," വാ. 27-31
   2. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ സംബന്ധിച്ചുള്ള ഈ ചർച്ച വ്യാപ്തിയിൽ പരിമിതിയുള്ളതാണ്. ഈ സന്ദർഭത്തിൽ ചർച്ച ചെയ്യാത്ത അവന്റെ ശുശ്രൂഷയുടെ നിർണ്ണായകമായ അനേക വശങ്ങളു ണ്ട്.
   3. ആത്മാവിന്റെ ദൗത്യങ്ങളായ
      a. സത്യം വെളിപ്പെടുത്തുന്നവൻ
      b. വ്യക്തിപരമായ ആശ്വാസപ്രദൻ

      എന്നിവ ഊന്നിപ്പറഞ്ഞിരിക്കുന്നു.

# പദ, ശൈലീ പഠനം

**യോഹന്നാൻ 14:1-7**

**[1]നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു: ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. [2]എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. [3]ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. [4]ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. [5]തോമസ് അവനോടു: കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല; പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു. [6]യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. [7]നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു എന്നു പറഞ്ഞു.**

**14:1 "... പോകരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നർത്ഥമുള്ള നിഷേധാത്മക ഘടകമുള്ള കർമ്മണി കല്പനയാണിത്: "നിങ്ങളുടെ ഹൃദയം കലക്കപ്പെടുന്നത് നിർത്തുക." അവരെ വിട്ടുപോകുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രസ്താവന വലിയ ഉത്കണ്ഠ അവരിൽ ഉളവാക്കി.

▣ **"നിങ്ങളുടെ ഹൃദയം"** ബഹുവചനം ശ്രദ്ധിക്കുക. പതിനൊന്നു പേരോടുമാണ് സംസാരിക്കുന്നത്. "ഹൃദയം" എന്നതിന്റെ എബ്രായ ഉപയോഗം മുഴുവ്യക്തിത്വത്തെയും സൂചിപ്പിക്കുന്നു: മനസ്സ്, ഇച്ഛ, വികാരങ്ങൾ (ഒ.നോ. ആവ. 6:5; മത്താ. 22:37). 12:40 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ"** ഇത് രണ്ട് വർത്തമാനകാല കർത്തരി കല്പനയോ (NASB, REB) അല്ലെങ്കിൽ രണ്ട് വർത്തമാനകാല കർത്തരി സൂചകമോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ് (NKJV, NJB, NET Bible പറയുന്നത് ആദ്യത്തേത് സൂചകവും രണ്ടാമത്തേതു കല്പനയും ആണെന്നാണ്). വിശ്വാസം തുടർന്നുകൊണ്ടിരിക്കുന്നതും സ്വാഭാവികവുമാണ്. ഈ വാക്യത്തിന്റെ വ്യാകരണ സന്തുലിത ഘടന കാണിക്കുന്നത്, യേശു ദൈവത്തോടുള്ള സമത്വം അവകാശപ്പെടുന്നു എന്നാണ്. ഇവർ ഏക ദൈവവിശ്വാസികളായ യെഹൂദന്മാരാണെന്നതും (ഒ.നോ. ആവ. 6:4-6) എന്നിട്ടും യേശുവിന്റെ പ്രസ്താവനയുടെ ധ്വനി തിരിച്ചറിഞ്ഞുവെന്നും ഓർക്കുക (14:26 ലെ പ്രത്യേക പഠനവിഷയം; ത്രിത്വം കാണുക). ഒരു പരമോന്നത ആളത്വത്തിൽ വിശ്വസിക്കുന്നത് ഒരു കാര്യവും ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് തികച്ചും മറ്റൊരു കാര്യവുമാണ്. ഈ പ്രസ്താവന ഒരു വിശ്വാസപ്രമാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകല്ല, മറിച്ച് യേശുക്രിസ്തു എന്ന വ്യക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്.

**14:2 "എന്റെ പിതാവിന്റെ ഭവനത്തിൽ"** പഴയനിയമത്തിൽ "ഭവനം" സമാഗമനകൂടാരത്തിനോ ദൈവലായത്തിനോ ആണ് ഉപയോഗിച്ചിരുന്നത് (ഒ.നോ. 2 ശമൂ. 7), എങ്കിലും ഈ സന്ദർഭത്തിൽ ഇത് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ വാസസ്ഥലത്തിനോ അല്ലെങ്കിൽ അവന്റെ ആലയത്തിൽ അവനോടൊപ്പമുള്ള വാസത്തെയോ ആണ് സൂചിപ്പിക്കുന്നത് (ഒ.നോ. സങ്കീ. 23:6; 27:4-6).

▣

| | |
|---|---|
| NASB, NRSV | "വാസസ്ഥലങ്ങൾ" |
| NKJV | "കൊട്ടാരങ്ങൾ" |
| TEV | "മുറികൾ" |
| NJB | "അനേക സ്ഥലങ്ങൾ" |

"കൊട്ടാരങ്ങൾ" എന്ന KJV പരിഭാഷ വഞ്ചനാപരമാണ്. ഗ്രീക്കുപദത്തിനർത്ഥം "സ്ഥിരമായ പാർപ്പിടസ്ഥലങ്ങൾ" (ഒ.നോ. 14:23) എന്നാണ്, ആഡംബരത്തിന്റെ സൂചനകളിതിലില്ല. വിശ്വാസികൾക്ക് ഓരോരുത്തർക്കും പിതാവിന്റെ ഭവനത്തിൽ സ്വന്തമായി സ്ഥലങ്ങൾ ഉണ്ടായിരിക്കുമെന്ന ചിന്തയാണിവിടുള്ളത് (ഒ.നോ. TEV, NJB); എല്ലാവരും ദിവസേന ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന ബോർഡിംഗ് ഹൗസ് പോലെ.

ഇത് "വസിക്കുക" എന്നർത്ഥമുള്ള അതേ മൂലപദത്തിൽ നിന്നാണ് വന്നത് എന്നത് രസകരമാണ് (ഒ.നോ. അദ്ധ്യായം 15). "വസിക്കുക" എന്നത് യോഹന്നാനിലെ താക്കോൽ ആശയമാണ്. പിതാവിനോടൊപ്പമുള്ള നമ്മുടെ വാസസ്ഥലത്ത് പുത്രനോടൊപ്പമുള്ള നമ്മുടെ വാസം സാക്ഷാത്ക്കരിക്കപ്പെടും.

▣ **"ഇല്ലെങ്കിൽ"** "വസ്തുതാവിരുദ്ധം" എന്നു വിളിക്കുന്ന ഭാഗികമായ മധ്യമപുരുഷ സോപാധിക വാചകമാണിത്. ഈ പ്രയോഗം പരിഭാഷപ്പെടുത്താൻ പ്രയാസമാണ്.

| | |
|---|---|
| NASB, REB, NIV | "അതങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |
| NRJV | "അതങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |
| TEV | "അതങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുകയില്ലായിരുന്നു" |
| NJB,NET | "മറിച്ചായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |
| Young's Literal Translation | "അല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |
| New Berkley Version | "ഇതങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |
| Williams Translation | "അവിടെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു" |

▣ **"ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു"** സ്വർഗ്ഗം, ഭൗതിക അർത്ഥത്തിൽ ഇതിനുമുമ്പ് ഒരുക്കപ്പെട്ടിരുന്നില്ല എന്ന സൂചിപ്പിക്കുവാനല്ല ഇത്, മറിച്ച് യേശുവിന്റെ ജീവിതവും ഉപദേശങ്ങളും മരണവും പാപികളായ മനുഷ്യവർഗ്ഗത്തിന് വിശുദ്ധനായ ദൈവത്തെ സമീപിക്കുവാനും അവനോടൊപ്പം വസിക്കുവാനും അവസരം ഒരുക്കുന്നു എന്നാണ്. യേശു വിശ്വാസികൾക്കു മുമ്പെ അവരുടെ വഴികാട്ടിയും മുന്നോടിയുമായി പോകുന്നു (ഒ.നോ. എബ്രാ. 6:20).

**14:3 "ഒരുക്കിയാൽ"** ക്രിയാത്മക പ്രവൃത്തി സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. താൻ പിതാവിന്റെ അടുക്കൽ വേഗത്തിൽ മടങ്ങിപ്പോയി (അതാ. 7:33; 16:5,10,17,28) അവർക്കുവേണ്ടി ഒരു സ്ഥലം ഒരുക്കുമെന്നും യേശു പറയുന്നു. ന്യൂമാനും വൈഡറും ചേർന്നെഴുതിയ യുണൈറ്റഡ് ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച യോഹന്നാന്റെ സുവിശേഷത്തിന്റെ പരിഭാഷകർക്കുള്ള സഹായിയിൽ പറയുന്നത്, ഈ ഘടകം മനസ്സിലാക്കേണ്ടത്. "ഞാൻ പോയിക്കഴിഞ്ഞാൽ" അല്ലെങ്കിൽ "ഞാൻ പോകുമ്പോൾ" അല്ലെങ്കിൽ "ഞാൻ പോകുന്നതിനാൽ" എന്ന അർത്ഥത്തിലായിരിക്കേണമെന്നാണ് (പേജ് 456).

▣ **"പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും"** ഇത് രണ്ടാംവരവിനെയോ അല്ലെങ്കിൽ മരണത്തെയോ സൂചിപ്പിക്കുന്നു (ഒ.നോ. 2 കൊരി. 5:8; 1 തെസ്സ. 4:13-18). യേശുവുമായുള്ള മുഖാമുഖ കൂട്ടായ്മ, യേശുവിന്റെയും പിതാവിന്റെയും കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. 1:1,2). വിശ്വാസി, യേശുവും പിതാവും തമ്മിലുള്ള അകമഴിഞ്ഞ ബന്ധത്തിൽ പങ്കാളിയായിത്തീരുന്നു (14:23; 17:1 മുതൽ).

ഇവിടെ ഉപയോഗിച്ചിരിക്കുന്ന "ചേർക്കുക" (*പാരാലംബാനാവോ - παραλαμβανω*) എന്ന പദത്തിന് "ഒരു വ്യക്തിയെ സ്വാഗതം ചെയ്യുക" എന്ന അർത്ഥമാണുള്ളത്. സ്വർഗ്ഗമെന്നത് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമാണ്. ഇത് 1:12 ലേതിൽ നിന്നും (ലംബാനാവോ - *λαμβανω*) വ്യത്യസ്തമാണ്. ഈ രണ്ടു പദങ്ങളുടെ അർത്ഥപരമായ പരസ്പര അതിക്രമിക്കൽ കൃത്യമായി നിർണ്ണയിക്കുക വിഷമകരമാണ്; മിക്കപ്പോഴും അവ പര്യായപദങ്ങളാണ്.

▣ **"ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്"** യേശു ഇരിക്കുന്ന സ്ഥലമാണു സ്വർഗ്ഗം (ഒ.നോ. 17:24)! ത്രിയേക ദൈവവുമായി മുഖാമുഖം കൂട്ടായ്മ ആചരിക്കുന്ന സ്ഥലമാണ് യഥാർത്ഥത്തിൽ സ്വർഗ്ഗം! എപ്പോഴാണ് സമ്പൂർണ്ണ കൂട്ടായ്മ സാധ്യമാകുന്നത് എന്നതിനെക്കുറിച്ച് പുതിയനിയമം അവ്യക്തമാണ്.

1. മരണത്തിൽ, 2 കൊരി. 5:8
2. രണ്ടാം വരവിൽ, 1 തെസ്സ. 4:13-18

മരണാനന്തര ജീവിതത്തെക്കുറിച്ച് ബൈബിൾ അതിശയകരമാംവിധം നിശബ്ദമാണ്. ഒരു മികച്ച ഗ്രന്ഥമാണ് വില്യം ഹെൻട്രിക്സന്റെ *ദ ബൈബിൾ ഓൺ ദ ലൈഫ് ഹിയറാഫ്റ്റർ.*

## പ്രത്യേക പഠനവിഷയം: മരിച്ചവർ എവിടെ?

I. പഴയ നിയമം

A. സകല മനുഷ്യരും ഷിയോളിലേക്കു പോകുന്നു (വ്യുത്പത്തി അനിശ്ചിതം, BDB 1066). ഇതാണ് ജ്ഞാനസാഹിത്യത്തിലും യെശയ്യാവിലും മരണത്തെ അഥവാ ശവക്കുഴിയെ സൂചിപ്പിക്കുന്ന മാർഗ്ഗം. പഴയനിയമത്തിൽ ഇത് നിഴൽ മൂടിയതും ബോധാവസ്ഥയിലുള്ളതും എന്നാൽ സന്തോഷമില്ലാത്തതുമായ അസ്തിത്വമാണ് (ഒ.നോ. ഇയ്യോ. 10:21-22; 38:17; സങ്കീ. 107:10,14).

B. *ഷിയോൾ* തരം തിരിക്കപ്പെട്ടിരിക്കുന്നു.

1. ദൈവിക ന്യായവിധിയോടു ബന്ധപ്പെടുത്തി (അഗ്നി), ആവ. 32:22
2. ന്യായവിധി ദിവസത്തിനു മുമ്പു തന്നെയുള്ള ശിക്ഷയോടു ബന്ധപ്പെടുത്തി, സങ്കീ. 18:4-5
3. ദൈവത്തിന്റെ സാന്നിദ്ധ്യമുള്ള *അബദ്ദോൻ* (നാശം) നുമായി ബന്ധപ്പെടുത്തി, ഇയ്യോ. 26:6; സങ്കീ. 139:8; ആമോ. 9:2.
4. "കുഴി" (ശവക്കുഴി)യുമായി ബന്ധപ്പെടുത്തി, സങ്കീ. 16:10; യെശ. 14:15; യെഹെ. 31:15-17
5. ദുഷ്ടന്മാർ ജീവനോടെ *ഷിയോളി*ലേക്കിറങ്ങും, സംഖ്യാ. 16:30,33; സങ്കീ. 55:15
6. വലിയ വായുള്ള മൃഗമായി ആളത്വം കല്പിച്ചിരിക്കുന്നു, സംഖ്യാ. 16:30; യെശ. 5:14; 14:9; ഹബ. 2:5.
7. അവിടെത്തെ ആളുകളെ *രെഫായീം* എന്നു വിളിക്കുന്നു, യെശ. 14:9-11.

II. പുതിയനിയമം

A. എബ്രായ *ഷിയോൾ* ഗ്രീക്കിൽ *ഹഡേസ്* എന്നു തർജ്ജമ ചെയ്തിരിക്കുന്നു

B. *ഹഡേസ്* തരംതിരിക്കപ്പെട്ടിരിക്കുന്നത്

1. മരണത്തെ സൂചിപ്പിക്കുന്നു, മത്തായി 16:8
2. മരണത്തോടു ബന്ധപ്പെട്ടിരിക്കുന്നു, വെളിപ്പാട് 1:18; 6:8; 20:13-14
3. നിത്യശിക്ഷാവിധിയുടെ പ്രതീകമായി പലപ്പോഴും പറയുന്നു (*ഗെഹെന്ന*), മത്താ. 11:23 (പ.നി.ഉദ്ധാരണി); ലൂക്കൊ. 10:15; 16:23-24
4. ശവക്കുഴിയുടെ പ്രതീകം, ലൂക്കൊ. 16:23

C. വിഭജിക്കപ്പെട്ടിരിക്കാൻ സാധ്യത (റബ്ബിമാർ)

1. നീതിമാന്മാരുടെ ഭാഗം പറുദീസ എന്നു വിളിക്കപ്പെടുന്നു (യഥാർത്ഥത്തിൽ സ്വർഗ്ഗത്തിനുള്ള മറ്റൊരു പേര്; ഒ.നോ. 2 കൊരി. 12:4; വെളി. 2:7), ലൂക്കൊ. 23:43
2. ദുഷ്ടന്മാരുടെ ഭാഗം *ടാർട്ടാറസ്* എന്നു വിളിക്കപ്പെടുന്നു, 2 പത്രൊ. 2:4, ദുഷ്ട ദൂതന്മാരെ അവിടെ സൂക്ഷിച്ചിരിക്കുന്നു (ഒ.നോ. ഉല്പ. 6; 1 ഹാനോക്ക്).

D. *ഗെഹെന്ന*

1. "ഹിന്നോംതാഴ്‌വര" എന്ന പ. നി. പ്രയോഗത്തെ പ്രതിഫലിപ്പിക്കുന്നു (യെരൂശലേമിനു തെക്ക്). ഇവിടെയാണ് ഫൊയ്നീഷ്യൻ അഗ്നിദേവനായ മോലേക്കിനെ (BDB 574) ശിശുബലിയിലൂടെ ആരാധിച്ചിരുന്നത് (ഒ.നോ. 2 രാജാ. 16:3; 21:6; 2 ദിന. 28:3; 33:6). അത് ലേവ്യ. 18:21; 20:25 ൽ വിലക്കപ്പെട്ടിരിക്കുന്നു
2. യിരെമ്യാവ് ഇതിനെ ജാതീയ ആരാധനാ സ്ഥലം എന്നതിൽ നിന്നും യഹോവയുടെ ന്യായവിധി സ്ഥലമായി മാറ്റി (ഒ.നോ. യിരെ. 7:32; 19:6-7). 1 ഹാനോക്ക് 90:26-27; *സിബ്* 1:103 ൽ ഇത്

നിത്യമായ അഗ്നി ന്യായവിധിയുടെ സ്ഥലമാണ്.

3. യേശുവിന്റെ കാലത്തെ യെഹൂദന്മാർ, തങ്ങളുടെ പിതാക്കന്മാർ ശിശുബലിയിലൂടെ ജാതീയ ആരാധനയിൽ പങ്കുചേർന്നതിനോടുള്ള വെറുപ്പുമൂലം ഈ സ്ഥലത്തെ യെരൂശലേമിലെ മാലിന്യം നിക്ഷേപിക്കുന്ന സ്ഥലമാക്കി തീർത്തു. നിത്യന്യായവിധിയെക്കുറിച്ചുള്ള യേശുവിന്റെ സാദൃശ്യങ്ങളിലധികവും ഈ സ്ഥലത്തുനിന്നും എടുത്തിട്ടുള്ളതാണ് (തീയ്, പുക, പുഴുക്കൾ, നാറ്റം, ഒ.നോ. മർക്കൊ. 9:44,46). *ഗെഹെന്ന* എന്ന പദം യേശു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ (യാക്കോബ് 3:6 ഒഴികെ).
4. *ഗെഹെന്ന*-യുടെ യേശുവിന്റെ ഉപയോഗം
   a. തീയ്, മത്തായി 5:22; 18:9; മർക്കൊസ് 9:43
   b. നിത്യമായത്, മർക്കൊസ് 9:48; (മത്തായി 25:46)
   c. നാശത്തിന്റെ സ്ഥലം (ദേഹത്തിന്റെയും ദേഹിയുടെയും), മത്തായി 10:28.
   d. *ഷിയോളി* നു സമാന്തരം, മത്തായി 5:29–30; 18:9.
   f. ദുഷ്ടന്മാരെ "നരകത്തിന്റെ പുത്രന്മാർ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു, മത്താ. 23:15
   e. നിയമവിധിയുടെ ഫലം, മത്തായി 23:33; ലൂക്കൊസ് 12:5
   g. *ഗെഹെന്ന* എന്ന ആശയം രണ്ടാം മരണത്തിന് (ഒ.നോ. വെളി. 2:11; 20:6,14) അഥവാ തീപ്പൊയ്കക്ക് (ഒ.നോ. മത്താ. 13:42, 50; വെളി. 19:20; 20:10, 14–15; 21:8) സമാന്തരമാണ്. തീപ്പൊയ്ക മനുഷ്യരുടെയും (ഷിയോളിൽ നിന്നുള്ള) ദൂതന്മാരുടെയും (ടാർട്ടാറസിൽനിന്നുള്ള, 2 പത്രൊസ് 2:4; യൂദാ 6 അല്ലെങ്കിൽ അഗാധകൂപം, ഒ.നോ. ലൂക്കൊസ് 8:31; വെളിപ്പാട് 9:1–11; 20:1,3) നിത്യവാസസ്ഥലമായിരിക്കാൻ സാധ്യതയുണ്ട്.
   h. അത് മനുഷ്യർക്കുവേണ്ടിയല്ല, സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിട്ടുള്ളതാണ്, മത്തായി 25:41

E. *ഷിയോൾ, ഹഡേസ്, ഗെഹെന്ന* എന്നിവ മാറിമാറി ഉപയോഗിക്കുന്നതിനാൽ താഴെപ്പറയുന്ന സാധ്യതകളുണ്ട്
1. യഥാർത്ഥത്തിൽ സകല മനുഷ്യരും *ഷിയോൾ/ഹഡേസി*ലേക്കു പോകുന്നു.
2. അവരുടെ (നല്ലവരുടെ/ ദുഷ്ടന്മാരുടെ) അവിടുത്തെ അനുഭവം ന്യായവിധി ദിവസത്തിനുശേഷം കൂടുതൽ വഷളാകും, പക്ഷേ, ദുഷ്ടന്മാരുടെ സ്ഥലം അങ്ങനെതന്നെ തുടരും (ഇക്കാരണത്താലാണ് KJV ഹഡേസിനെ (ശവക്കുഴി) *ഗെഹെന്ന* (നരകം) എന്നു തർജ്ജമ ചെയ്തിരിക്കുന്നത്.
3. ന്യായവിധിക്കു മുമ്പുള്ള ദണ്ഡനത്തെക്കുറിച്ചു പരാമർശിച്ചിരിക്കുന്ന ഏക പുതിയനിയമ ഭാഗം ലൂക്കൊസ് 16:19–31 (ലാസറും ധനവാനും) ആണ്. *ഷിയോൾ* ഇപ്പോഴത്തെ ശിക്ഷാസ്ഥലമായി വിവരിച്ചിരിക്കുന്നു (ഒ.നോ. ആവ. 32:22; സങ്കീ. 18:1–5). എങ്കിലും ഒരു ഉപമയുടെ അടിസ്ഥാനത്തിൽ ഒരു ഉപദേശം സ്ഥാപിക്കുക സാധ്യമല്ല.

III. മരണത്തിനും ഉയിർപ്പിനും മദ്ധ്യേയുള്ള ഇടക്കാലഘട്ടം

A. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള നിരവധി പുരാതന വീക്ഷണങ്ങളിൽ ഒന്നായ "ആത്മാവിന്റെ അമർത്യത" പുതിയനിയമം പഠിപ്പിക്കുന്നില്ല.
1. മനുഷ്യാത്മാക്കൾ അവരുടെ ശാരീരിക ജീവിതത്തിനു മുമ്പ് നിലനിൽക്കുന്നു
2. ശാരീരിക ജീവിതത്തിനു മുമ്പും ശേഷവും മനുഷ്യാത്മാക്കൾ നിത്യമാണ്
3. ഭൗതിക ശരീരത്തെ പലപ്പോഴും ആത്മാവിന്റെ തടവറയായും മരണത്തെ പൂർവ്വ ആസ്തിത്വ അവസ്ഥയിലേക്കു മടങ്ങിപ്പോകുന്ന വിടുതലായും കാണാം.

B. മരണത്തിനും പുനരുത്ഥാനത്തിനുമിടയ്ക്കുള്ള ശരീരമില്ലാത്ത ഒരു അവസ്ഥയെ പുതിയനിയമം സൂചിപ്പിക്കുന്നു
1. ശരീരവും ആത്മാവും എന്ന വിഭജനത്തെക്കുറിച്ച് യേശു സംസാരിക്കുന്നു, മത്തായി 10:28
2. അബ്രഹാമിനും ഇപ്പോൾ ശരീരമുണ്ടായിരിക്കാം, മത്തായി 10:28
3. മോശെക്കും ഏലീയാവിനും മറുരൂപ സമയത്ത് ശരീരമുണ്ടായിരുന്നു, മത്തായി 17
4. രണ്ടാംവരവിങ്കൽ ക്രിസ്തുവിനോടൊപ്പമുള്ള ആത്മാക്കൾക്ക് ആദ്യം പുതിയശരീരം ലഭിക്കുന്നതായി പൗലൊസ് പറയുന്നു, 1 തെസ്സ. 4:13–18
5. പുനരുത്ഥാന നാളിൽ വിശ്വാസികൾക്ക് പുതിയ ആത്മീയ ശരീരം ലഭിക്കുന്നതായി പൗലൊസ് പറയുന്നു, 1 കൊരി. 15:23,52
6. വിശ്വാസികൾ *ഹഡേസിൽ* പോകുന്നില്ലെന്നും, മരണത്തിൽ യേശുവിനോടുകൂടെ ആയിരിക്കുമെന്നും പൗലൊസ് പറയുന്നു, 2 കൊരി. 5:6,8; ഫിലി. 1:23. യേശു മരണത്തെ ജയിച്ച് നീതിമാന്മാരെ തന്നോടു കൂടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയിരിക്കുന്നു, 1 പത്രൊ. 3:18–22.

IV. സ്വർഗ്ഗം

A. മൂന്ന് അർത്ഥത്തിൽ ബൈബിളിൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു
1. ഭൂമിക്കു മുകളിലുള്ള വായുമണ്ഡലം, ഉല്പ 1:1,8; യെശ. 42:5; 45:18
2. നക്ഷത്ര മണ്ഡലം, ഉല്പ. 1:14; ആവ. 10:14; സങ്കീ. 148:4; എബ്രാ. 4:14; 7:26

3. ദൈവസിംഹാസന സ്ഥാനം, ആവ. 10:14; 1 രാജാ. 8:27; സങ്കീ. 148:4; എബ്രാ. 9:24 (മൂന്നാം സ്വർഗ്ഗം, 2 കൊരി. 12:2)

B. മരണാനന്തര ജീവിതത്തെക്കുറിച്ച് ബൈബിൾ അധികമൊന്നും വെളിപ്പെടുത്തുന്നില്ല; വീഴ്ച സംഭവിച്ച മനുഷ്യന് ഗ്രഹിക്കാനുള്ള വഴിയോ അല്ലെങ്കിൽ പ്രാപ്തിയോ ഇല്ലാത്തതാകാം ഇതിനുകാരണം (ഒ.നോ. 1 കൊരിന്ത്യർ 2:9).

C. സ്വർഗ്ഗം ഒരു സ്ഥലവും (ഒ.നോ. യോഹ. 14:2-3) ഒരു വ്യക്തിയും (ഒ.നോ. 2 കൊരി. 5:6,8) ആണ്. പുനസ്ഥാപിക്കപ്പെട്ട ഏദെൻതോട്ടമാകാം അത് (ഉല്പ. 1-2; വെളി. 21-22). ഭൂമി ശുദ്ധീകരിക്കപ്പെടുകയും യഥാസ്ഥാനപ്പെടുത്തപ്പെടുകയും ചെയ്യും (ഒ.നോ. പ്രവൃ. 3:21; റോമ. 8:21; 2 പത്രൊ. 3:10). ദൈവസാദൃശ്യം (ഉല്പത്തി 1:26-27) ക്രിസ്തുവിൽ പുനഃസ്ഥാപിക്കപ്പെട്ടു. ഏദെൻതോട്ടത്തിലെ ആഴമായ കൂട്ടായ്മ ഇപ്പോൾ വീണ്ടും സാധ്യമാണ്.

എന്നിരുന്നാലും ഇത് ആക്ഷരീകമല്ല, ആലങ്കാരികമാണ് (സ്വർഗ്ഗം അതിബൃഹത്തായ, സമചതുര നഗരം എന്ന നിലയിൽ, വെളിപ്പാട് 21:9-27). 1 കൊരിന്ത്യർ 15, ഭൗതിക ശരീരവും ആത്മീയ ശരീരവും തമ്മിലുള്ള വ്യത്യാസത്തെ വിത്തും വളർന്ന സസ്യവും തമ്മിലുള്ള വ്യത്യാസമായി വിവരിക്കുന്നു. വീണ്ടും 1 കൊരി. 2:9 (യെശ. 64:4; 65:17 ൽ നിന്നുള്ള ഒരു ഉദ്ധാരണി) ഒരു വലിയ വാഗ്ദത്തവും പ്രത്യാശയുമാണ്! നാം അവനെ കാണുമ്പോൾ അവനോടു സദൃശ്യരാകുമെന്നു ഞാനറിയുന്നു (ഒ.നോ. 1 യോഹ. 3:2).

V. സഹായകരമായ വിവര സ്രോതസ്സുകൾ

A. വില്യം ഹെൻട്രിക്സൺ, *ദ ബൈബിൾ ഓൺ ദ ലൈഫ് ഹിയറാഫ്റ്റർ*

B. മൗറിസ് റോളിംഗ്സ്, *ബിയോൺഡ് ഡെത്ത്സ് ഡോർ*

**14:4 "വഴി നിങ്ങൾ അറിയുന്നു"** യേശുവിന്റെ പ്രസ്താവന വഴി അറിയുന്നതു സംബന്ധിച്ചുള്ള തന്റെ സംശയം പ്രകടിപ്പിക്കുവാൻ തോമാസിനെ പ്രേരിപ്പിച്ചു. യേശുവിന്റെ ഉത്തരം പഴയനിയമത്തിൽ കൂടെക്കൂടെ ഉപയോഗിക്കുന്ന മൂന്നു പദങ്ങളിലൂടെയാണു വെളിപ്പെടുത്തിയത്.

**14:6 "ഞാൻ തന്നെ വഴി"** പഴയനിയമത്തിൽ, വേദപുസ്തക വിശ്വാസത്തെ ജീവിതശൈലി എന്ന വഴി ആയി പറഞ്ഞിരിക്കുന്നു (ഒ.നോ. ആവ. 5:32-33; 31:29; സങ്കീ. 27:11; യെശ. 35:8). ആദിമ സഭയുടെ പേര് "മാർഗ്ഗം" എന്നായിരുന്നു (ഒ.നോ. പ്രവൃ. 9:2; 19:9,23; 24:14,22). ദൈവത്തിങ്കലേക്കുള്ള ഏകവഴി താൻ ആയിരുന്നു, ആകുന്നു എന്ന് യേശു ഊന്നിപ്പറയുന്നു. ഇതാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ ദൈവശാസ്ത്ര സാരാംശം! ജീവതശൈലി സൽപ്രവൃത്തികൾ, വ്യക്തിപരമായ വിശ്വാസത്തിന്റെ തെളിവാണ് (ഒ.നോ. എഫെ. 2:8-9,10) അല്ലാതെ നീതിക്കുള്ള മാർഗ്ഗമല്ല. 8:12 ലെ കുറിപ്പു കാണുക.

▣ **"സത്യം"** ഗ്രീക്കു തത്വശാസ്ത്രത്തിൽ "സത്യം" എന്നതിന് "വ്യാജ"ത്തിന് എതിരായ "സത്യം" അല്ലെങ്കിൽ "മായ" യ്ക്ക് എതിരായ "യാഥാർത്ഥ്യം" എന്ന അർത്ഥമുണ്ട്. എങ്കിലും ഇവർ അരാമ്യ സംസാരിക്കുന്ന ശിഷ്യന്മാരാകയാൽ യേശു പഴയനിയമ അർത്ഥത്തിലാണ് സത്യത്തെക്കുറിച്ച് സംസാരിക്കുന്നതെന്നവർ മനസ്സിലാക്കി. അത് "വിശ്വസ്തത" അഥവാ "കൂറ്" ആണ് (ഒ.നോ. സങ്കീ. 26:3; 86:11; 119:30). "സത്യ"വും "ജീവനും" ചേർന്നതാണ് വഴി. "സത്യം" എന്ന പദം യോഹന്നാനിൽ പലപ്പോഴും ഉപയോഗിക്കുന്നത് ദൈവിക പ്രവൃത്തിയെ സൂചിപ്പിക്കാനാണ് (ഒ.നോ. 1:14; 4:23-24; 8:32; 14:17; 15:26; 16:13; 17:17,19). 6:55 ലും 17:3 ലും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"ജീവൻ"** "ജീവൻ" (സോയാ-*ζοα*) പുതുയുഗത്തിലെ ജീവിതത്തെ വിവരിക്കുവാൻ യോഹന്നാൻ ഉപയോഗിക്കുന്ന പദമാണ്. പഴയനിയമത്തിൽ വിശ്വാസിയുടെ ജീവിതശൈലി വിശ്വാസത്തെ ജീവനിലേക്കുള്ള വഴിയായി ചിത്രീകരിച്ചിരിക്കുന്നു (ഒ.നോ. സങ്കീ. 16:11; സദൃ. 6:23; 10:17). ഈ മൂന്നു പദങ്ങളും യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ മാത്രം കണ്ടെത്തുന്ന ജീവിതശൈലീ വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നു.

▣ **"ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല"** എന്തൊരു ഞെട്ടിപ്പിക്കുന്ന അവകാശവാദം! ഇതു വളരെ കർശനമാണ്, എങ്കിലും താനുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ മാത്രമേ ഒരുവന് പിതാവിനെ അറിയുവാൻ കഴികയുള്ളൂ എന്ന് യേശു വിശ്വസിച്ചിരുന്നു എന്നു വ്യക്തമാണ് (ഒ.നോ. 1 യോഹ. 5:10-12). ഇത് മിക്കപ്പോഴും ക്രിസ്ത്യാനിത്വത്തിന്റെ മറ്റെല്ലാറ്റിനെയും നിഷേധിക്കുന്ന അവകാശവാദം എന്നു വിളിക്കപ്പെടാറുണ്ട്. ഇവിടെ ഒരു മധ്യമ മാർഗ്ഗം ഇല്ല. ഈ പ്രസ്താവന സത്യമാണ് അല്ലെങ്കിൽ ക്രിസ്ത്യാനിത്വം ഭോഷ്കാണ്!

**14:7 "എങ്കിൽ"** ഏതു തരത്തിലുള്ള സോപാധിക വാചകം എന്നതു സംബന്ധിച്ച് ഒരു കയ്യെഴുത്തു വ്യത്യാസമുണ്ട്. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ ഗ്രീക്ക് പതിപ്പ് ഉത്തമപുരുഷ സോപാധിക വാചകത്തെ പിന്തുണയ്ക്കുന്നു (ഒപ്പം കയ്യെഴുത്തു പ്രതികളായ $P^{66}$, ℵ, D എന്നിവയും). അങ്ങനെയെങ്കിൽ ഇത് ഇപ്രകാരം തർജ്ജമ ചെയ്യാം: "നിങ്ങൾ എന്നെ അറിഞ്ഞുവെങ്കിൽ, നിങ്ങൾ അറിഞ്ഞു, നിങ്ങൾ എന്റെ പിതാവിനെ അറിയുമായിരുന്നു, അവനെ നിങ്ങൾ അറിഞ്ഞു."

ഇത് “വസ്തുതാ വിരുദ്ധം” എന്നു പലപ്പോഴും വിളിക്കപ്പെടുന്ന ഒരു മധ്യമപുരുഷ സോപാധിക വാചകവും ആകാം. എങ്കിൽ അത് ഇപ്രകാരം വായിക്കാം: “നിങ്ങൾ എന്നെ അറിഞ്ഞുവെങ്കിൽ, അതു നിങ്ങൾ അറിയുന്നില്ല, നിങ്ങൾ എന്റെ പിതാവിനെയും അറിയുമായിരുന്നു, അവനെ നിങ്ങൾ അറിയുന്നില്ല.” കയ്യെഴുത്തു പ്രതികളായ A, B, C, $D^b$, K, L, X എന്നിവ ഇതിനെ പിന്തുണയ്ക്കുന്നു. യഹോവയാൽ അയയ്ക്കപ്പെട്ട മശിഹാ എന്ന നിലയിൽ യേശുവിൽ അപ്പൊസ്തലന്മാർ ഇതിനോടകം തന്നെ വിശ്വസിച്ചു രക്ഷ പ്രാപിച്ചിരുന്നതിനാൽ ഇത് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള വേദഭാഗമാണ്. ഈ പുതിയതും ആത്യന്തികമായി മറ്റെല്ലാറ്റിനെയും നിഷേധിക്കുന്നതുമായ സത്യം, അവർക്ക് ഗ്രഹിക്കുവാൻ പ്രയാസമായിരുന്നു. യോഹന്നാന്റെ സുവിശേഷം വിശ്വാസത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു സംസാരിക്കുന്നുവെന്നു തോന്നും. സന്ദർഭം മധ്യമപുരുഷ സോപാധിക വാചകത്തെ പിന്തുണയ്ക്കുന്നതായും തോന്നും. വാ. 2 ലും 28 ലും ഉള്ള സമാന്തരമായ അവസ്ഥ ശ്രദ്ധിക്കുക.

▣ **“നിങ്ങൾ എന്നെ അറിഞ്ഞുവെങ്കിൽ”** അപ്പൊസ്തലന്മാരെ മുഴുവനായി യേശു വീണ്ടും അഭിസംബോധന ചെയ്യുന്നു (വാ. 9). “അറിയുക” എന്ന പദം പഴയനിയമ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അതായത് കേവലം ബൗദ്ധിക അറിവല്ല, മറിച്ച് ആഴമായ വ്യക്തിപരമായ ബന്ധം എന്ന നിലയിൽ (ഒ.നോ. ഉല്പ. 4:1; യിരെ. 1:5).

▣ **“എന്റെ പിതാവിനെയും അറിയുമായിരുന്നു”** യേശുവിനെ കാണുന്നതു പിതാവിനെ കാണുന്നതാണ് (ഒ.നോ. യോഹ. 1:14-18; 5:24; 12:44-45; 2 കൊരി. 4:4; കൊലൊ. 1:15; എബ്രാ. 1:3)! അദൃശ്യനായ ദൈവത്തിന്റെ തികവുറ്റ വെളിപ്പാടാണ് യേശു. യേശുവിനെ നിരസിക്കുന്ന ആർക്കും ദൈവത്തെ അറിയുന്നു എന്നവകാശപ്പെടാൻ കഴികയില്ല (ഒ.നോ. 1 യോഹ. 5:9-12).

### യോഹന്നാൻ 14:8-14

**[8]ഫിലിപ്പൊസ് അവനോടു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം; എന്നാൽ ഞങ്ങൾക്കു മതി എന്നു പറഞ്ഞു. [9]യേശു അവനോടു പറഞ്ഞതു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും, നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നതു എങ്ങനെ? [10]ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നതു, പിതാവു എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു. [11]ഞാൻ പിതാവിലും പിതാവു എന്നിലും എന്നു എന്നെ വിശ്വസിപ്പിൻ; അല്ലെങ്കിൽ പ്രവൃത്തി നിമിത്തം എന്നെ വിശ്വസിപ്പിൻ. [12]ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും. [13]നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തുതരും. [14]നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും.**

**14:8 “ഫിലിപ്പോസ് അവനോട്”** ഫിലിപ്പോസ് ആഗ്രഹിച്ചത് (1) മോശെ, യെശയ്യാവ്, അല്ലെങ്കിൽ യെഹെസ്കേൽ എന്നിവർക്ക് ഉണ്ടായതുപോലെ ദൈവത്തിന്റെ ദർശനം (ദൈവപ്രത്യക്ഷത, തിയോഫനി) ആയിരിക്കാം. അല്ലെങ്കിൽ (2) അവൻ യേശുവിന്റെ വാക്കുകളെ പൂർണ്ണമായി തെറ്റിദ്ധരിച്ചു. എന്നാൽ യേശു അവനോട് ഉറപ്പായി ഉത്തരം പറഞ്ഞത് ഫിലിപ്പോസ് തന്നെ കാണുകയും അറിയുകയും ചെയ്തതിനാൽ അവൻ ദൈവത്തെ കാണുകയും അറിയുകയും ചെയ്തിരിക്കുന്നു എന്നാണ് (ഒ.നോ. കൊലൊ. 1:15; എബ്രാ. 1:3)!

▣

**NASB “അതു ഞങ്ങൾക്കു മതി”**
**NKJV “അതു ഞങ്ങൾക്കു പര്യാപ്തമാണ്”**
**NRSV “ഞങ്ങൾ തൃപ്തരാകും”**
**TEV “അതു മാത്രമാണ് ഞങ്ങൾക്കു വേണ്ടത്”**
**NJB “അപ്പോൾ ഞങ്ങൾ തൃപ്തരാകും”**

ഈ ശിഷ്യന്മാർ പരീശന്മാരെപ്പോലെ ഏതെങ്കിലും വിധത്തിലുള്ള ഉറപ്പ് ആഗ്രഹിച്ചു. എങ്കിലും വിശ്വാസികൾ ആത്മീയ വിഷയങ്ങളിൽ കാഴ്ചയാലല്ല, വിശ്വാസത്താൽ നടക്കേണ്ടവരാണ് (ഒ.നോ. 2 കൊരി. 4:18; 5:7). ആശ്രയമാണ് വിഷയം!

**14:9 “ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും”** ഇത് ബഹുവചനമാണെന്നു ശ്രദ്ധിക്കുക. അവരെല്ലാവരും ചിന്തിക്കുന്ന കാര്യമാണ് ഫിലിപ്പൊസ് ചോദിച്ചത്.

▣ **“എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു”** “കണ്ടിരിക്കുന്നു, കണ്ടുകൊണ്ടേയിരിക്കും” എന്നർത്ഥം വരുന്ന ക്രിയാകാലങ്ങളാണിവിടെ ഉപയോഗിച്ചിട്ടുള്ളത്. യേശു ദൈവത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നു (ഒ.നോ. കൊലൊ. 1:15; എബ്രാ. 1:3).

**14:10** യേശുവിന്റെ ചോദ്യം ഗ്രീക്കിൽ “ഉവ്വ്” എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. കാണുക, 1 യോഹ. 2:10 ലെ

പ്രത്യേക പഠനവിഷയം: “വസിക്കുക” യോഹന്നാന്റെ എഴുത്തുകളിൽ.

▣ **“നിങ്ങൾ .... നീ”** ആദ്യത്തെ “നിങ്ങൾ” ശിഷ്യന്മാരെ സൂചിപ്പിക്കുന്ന ബഹുവചനവും രണ്ടാമത്തേത് ഫിലിപ്പൊസിനെ സൂചിപ്പിക്കുന്ന ഏകവചനവും ആണ് (ഒ.നോ. വാ. 7,10). കാണുക, 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം: “വസിക്കുക” യോഹന്നാന്റെ എഴുത്തുകളിൽ.

▣ **“ഞാൻ നിങ്ങളോടു സംസാരിക്കുന്ന വചനം സ്വയമായിട്ടല്ല സംസാരിക്കുന്നത്”** യേശു സകലകാര്യങ്ങളിലും പിതാവിനു പകരമായിട്ടാണ് പ്രവർത്തിക്കുന്നത് (ഒ.നോ. വാ. 24; 5:19,30; 7:16–18; 8:28; 10:38; 12:49). യേശുവിന്റെ പഠിപ്പിക്കൽ പിതാവിന്റെ അതേ വാക്കുകളായിരുന്നു (ഒ.നോ. വാ. 24).

▣ **“പിതാവ് എന്നിൽ വസിച്ചുകൊണ്ടു തന്റെ പ്രവൃത്തി ചെയ്യുന്നു”** അ. 17 ലെ യേശുവിന്റെ മഹാപൗരോഹിത്യ പ്രാർത്ഥനയിൽ ഊന്നിപ്പറഞ്ഞിരിക്കുന്ന പിതാവും പുത്രനും തമ്മിലുള്ള ബന്ധം (അതാ. 7:6; 8:28; 10:38) അ. 15 ലെ വിശ്വാസികളുടെ ക്രിസ്തുവിലുള്ള “വസിക്കലിന്റെ” അടിസ്ഥാനമായി തീരുന്നു. യോഹന്നാന്റെ സുവിശേഷം രക്ഷയെ വെളിപ്പെടുത്തുന്നത് (1) വിശ്വാസപ്രമാണം; (2) കൂട്ടായ്മ; (3) അനുസരണം; (4) സ്ഥിരോത്സാഹം എന്നിങ്ങനെയാണ്.

**14:11 “എന്നെ വിശ്വസിപ്പിൻ”** ഇതൊരു വർത്തമാനകാല കർത്തരി കല്പനയോ അല്ലെങ്കിൽ ഒരു വർത്തമാനകാല കർത്തരി സൂചകമോ ആണ് (ഒ.നോ. 14:1).

ഈ വാക്യത്തിന്റെ പ്രാരംഭ പ്രസ്താവന സംബന്ധിച്ച് ചില സുപ്രധാന കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. ചില പ്രാചീന കയ്യെഴുത്തു പ്രതികളിൽ ($P^{66}$, $P^{75}$, ℵ, D, L, W) “എന്നു വിശ്വസിപ്പിൻ” എന്ന പദം മാത്രമേയുള്ളൂ. അതിനർത്ഥം യേശുവും പിതാവും ഒന്നാണെന്നവർ വിശ്വസിക്കണമെന്നാണ്. മറ്റു പുരാതന കയ്യെഴുത്തു പ്രതികൾ (A, B) “എന്നെ” എന്നുകൂടി ചേർക്കുന്നു. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ ഗ്രീക്കു പണ്ഡിതന്മാർ വിശ്വസിക്കുന്നത് ഒന്നാമത്തേത് യഥാർത്ഥമെന്നാണ് (ഒ.നോ. ബ്രൂസ് എം. മെറ്റ്സ്ഗറിന്റെ *എ ടെക്സ്ചൽ കമന്ററി ഓൺ ദ ഗ്രീക്ക് ന്യൂടെസ്റ്റ്മെന്റ്* ഇതിന് “B” റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു, പേ. 244). അത്യാധുനിക പരിഭാഷകൾ “എന്നെ” എന്നും ഒപ്പം എന്തു വിശ്വസിക്കണമെന്നതും കൂട്ടിച്ചേർക്കുന്നു.

▣ **“അല്ലെങ്കിൽ പ്രവൃത്തിനിമിത്തം എന്നെ വിശ്വസിപ്പിൻ”** തന്റെ പ്രവൃത്തികളിൽ വിശ്വസിപ്പാൻ യേശു അവരോടു പറയുന്നു (ഒ.നോ. യോഹ. 5:36; 10:25,38). അവന്റെ പ്രവൃത്തികൾ പഴയനിയമ പ്രവചനത്തിന്റെ നിവൃത്തിയാണ്. അവനാരാണെന്ന് അവന്റെ പ്രവൃത്തികൾ വെളിപ്പെടുത്തുന്നു! നമ്മെപ്പോലെ തന്നെ അപ്പൊസ്തലന്മാരും വിശ്വാസത്താൽ വളരേണ്ടതുണ്ടായിരുന്നു.

**14:2 “ആമേൻ, ആമേൻ”** 1:51 ലെ കുറിപ്പു കാണുക.

▣ **“എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും”** വിശ്വസിക്കുക എന്നത് ഒരു മാനസിക പ്രവൃത്തി മാത്രമല്ല, പ്രവൃത്തിയോടു ബന്ധപ്പെട്ട വചനം കൂടിയാണ്. “അതിൽ വലിയതും” എന്ന പ്രയോഗം “അതിലും വലിയ പ്രവൃത്തിയും അവൻ ചെയ്യും” എന്നു തർജ്ജമ ചെയ്യാവുന്ന ഭാവികാല കർത്തരി സൂചകമാണ്. ഇവിടത്തെ സാധ്യത സൂചിപ്പിക്കുന്നത്.

1. ഭൂമിശാസ്ത്രപരമായ വിശാലത (ഒ.നോ. മത്താ. 28:18–20)
2. ജാതീയ ദൗത്യം
3. ഓരോ വിശ്വാസിയോടുമൊപ്പം ആത്മാവ്
4. യേശുവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥന (ഒ.നോ. എബ്രാ. 7:25; 9:24).

കാണുക, 1 യോഹ. 3:22 ലെ പ്രത്യേക പഠനവിഷയം: പ്രാർത്ഥന, പരിമിതപ്പെടുത്താത്തത്, എന്നാൽ പരിമിതം.

“അവൻ ചെയ്യും” എന്ന അവസാന പ്രയോഗം വേദപുസ്തക ക്രിസ്ത്യാനിത്വത്തെ സംബന്ധിച്ചു നിർണ്ണായകമാണ്. പിതാവു പുത്രനെ അയച്ചതുപോലെ പുത്രൻ തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നു! “ക്രിസ്തുവിൽ” ആയിരിക്കുക എന്നതും “നിത്യജീവൻ” ഉണ്ടായിരിക്കുക എന്നതും ക്രിയാത്മകമായ “ശ്രേഷ്ഠനിയോഗം” ഉൾക്കൊണ്ട ഹൃദയവും മനസ്സും ഉണ്ടായിരിക്കുക എന്നതാണ്. ക്രിസ്ത്യാനിത്വം ഒരു വിശ്വാസപ്രമാണമോ, മഴക്കാലത്തിനു വേണ്ടി നമുക്കു ലഭിക്കുന്ന ഒരു സംരക്ഷണമോ അല്ല, അതൊരു പുതിയ ജീവിതശൈലിയാണ്, ഒരു പുതിയ ലോകവീക്ഷണമാണ്! അതെല്ലാറ്റെയും രൂപാന്തരപ്പെടുത്തുന്നു! അത് മനഃപൂർവ്വമായ, ദിനംതോറുമുള്ള, ദൈവരാജ്യ സംബന്ധിയായ, ത്യാഗോജ്ജ്വലമായ ജീവിതശൈലിയാണ്.

സഭ തിരിച്ചു പിടിക്കേണ്ടുന്നവ:

1. ഓരോ വിശ്വാസിയുടെയും ശുശ്രൂഷ
2. ശ്രേഷ്ഠനിയോഗത്തിന്റെ മുൻഗണന
3. ദിനം തോറുമുള്ള മനഃപൂർവ്വമായ നിസ്വാർത്ഥ സേവനം
4. ഇവിടെ ക്രിസ്തുതുല്യ ജീവിതം!

**14:13–14 “നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും”** തന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അവൻ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകുമെന്ന് യേശു അവകാശപ്പെടുന്നതു ശ്രദ്ധിക്കുക. പ്രവൃ. 7:59 ൽ സ്തെഫാനൊസ് യേശുവിനോടു പ്രാർത്ഥിക്കുന്നു. 2 കൊരി. 12:8 ൽ പൗലൊസ് യേശുവിനോടു പ്രാർത്ഥിക്കുന്നു. 15:16 ലും 16:23 ലും വിശ്വാസികൾ പിതാവിനോടു പ്രാർത്ഥിക്കാൻ പറയുന്നു.

യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിൽ എന്തെങ്കിലും മാന്ത്രിക സൂത്രവാക്യങ്ങൾ അടങ്ങിയിട്ടില്ല, മറിച്ച് യേശുവിന്റെ ഇഷ്ടപ്രകാരവും സ്വഭാവത്തിനനുസരിച്ചുമുള്ള പ്രാർത്ഥനയാണത്.

വേദപുസ്തക വിഷയങ്ങൾ സംബന്ധിച്ച് സിദ്ധാന്തങ്ങൾ നിർമ്മിക്കും മുമ്പ് സമാന്തര വേദഭാഗങ്ങൾകൂടെ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെ ഉറപ്പിക്കുന്ന നല്ല ഉദാഹരണമാണിത്. "അപേക്ഷിക്കുന്നത് ഒക്കെയും" എന്ന തിനെ താഴെക്കാണുന്ന വാക്യങ്ങളാൽ സന്തുലനപ്പെടുത്തേണ്ടതാണ്.

1. "എന്റെ നാമത്തിൽ" (യോഹ. 14:13-14; 15:7, 16; 16:23)
2. "യാചിച്ചുകൊണ്ടേയിരിക്കുക" (മത്താ. 7:7-8; ലൂക്കൊ. 11:5-13; 18:1-8)
3. "രണ്ടുപേർ ഐകമത്യപ്പെട്ട്" (മത്താ. 18:19)
4. "വിശ്വസിച്ചുകൊണ്ട്" (മത്താ. 21:22)
5. "സംശയിക്കാതെ" (മർക്കൊ. 11:22-24; യാക്കോ. 1:6-7)
6. "നിസ്വാർത്ഥമായി" (യാക്കോ. 4:2-3)
7. "അവന്റെ കല്പനകളെ പ്രമാണിച്ചുകൊണ്ട്" (1 യോഹ. 3:22)
8. "ദൈവഹിതപ്രകാരം" (മത്താ. 6:10; 1 യോഹ. 5:14-15).

യേശുവിന്റെ നാമം അവന്റെ സ്വഭാവത്തെ പ്രതിനിധീകരിക്കുന്നു. യേശുവിന്റെ മനസ്സിനെയും ഹൃദയത്തെയും സൂചിപ്പിക്കുന്ന മറ്റൊരു രീതിയാണത്. ഈ പ്രയോഗം യോഹന്നാനിൽ ധാരാളം കാണാം (ഒ.നോ. 14:13-14,26; 15:16; 16:23-26). ഒരുവൻ എത്ര കൂടുതൽ ക്രിസ്തു തുല്യനാകുമോ അത്രയധികം അവന്റെ പ്രാർത്ഥനയ്ക്കു മറുപടിയും ലഭിക്കും. മിക്ക വിശ്വാസികൾക്കുവേണ്ടിയും ആത്മികമായി ദൈവത്തിനു ചെയ്യാവുന്ന ഏറ്റവും മോശമായ കാര്യം അവരുടെ സ്വാർത്ഥത നിറഞ്ഞ ഭൗതിക വിഷയങ്ങളെ സംബന്ധിച്ച പ്രാർത്ഥനയ്ക്കു മറുപടി നൽകുക എന്നതാണ്.

## പ്രത്യേക പഠനവിഷയം: ഫലകരമായ പ്രാർത്ഥന

A. ത്രിയേക ദൈവവുമായുള്ള ഒരുവന്റെ വ്യക്തിപരമായ ബന്ധത്തോടു ബന്ധപ്പെട്ടിരിക്കുന്നു
  1. പിതാവിന്റെ ഹിതത്തോടു ബന്ധപ്പെട്ടിരിക്കുന്നു
    a. മത്താ. 6:10
    b. 1 യോഹ. 3:22
    c. 1. യോഹ. 5:14-15
  2. യേശുവിൽ വസിക്കുക
    യോഹ. 15:7
  3. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക
    a. യോഹ. 14:13,14
    b. യോഹ. 15:16
    c. യോഹ. 16:23-24
  4. ആത്മാവിൽ പ്രാർത്ഥിക്കുക
    a. എഫെ. 6:18
    b. യൂദാ 20
B. ഒരുവന്റെ വ്യക്തിപരമായ പ്രേരണയോടു ബന്ധപ്പെട്ടിരിക്കുന്നു
  1. സംശയിക്കാതെ
    a. മത്താ. 21:22
    b. യാക്കോ. 1:6-7
  2. വല്ലാതെ യാചിക്കുക
    യാക്കോ. 4:3
  3. സ്വാർത്ഥമായ ചോദിക്കുക
    യാക്കോ. 4:2-3
C. ഒരുവന്റെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനോടു ബന്ധപ്പെട്ടിരിക്കുന്നു
  1. സ്ഥിരോത്സാഹം
    a. ലൂക്കൊ. 18:1-8
    b. കൊലൊ. 4:2
    c. യാക്കോ. 5:16
  2. ഭവനത്തിലെ ഭിന്നത
    1 പത്രൊ. 3:7
  3. പാപം
    a. സങ്കീ. 66:18

b. യെശ. 59:1-2

c. യെശ. 64:7

എല്ലാ പ്രാർത്ഥനയ്ക്കും മറുപടി ലഭിക്കും, പക്ഷേ എല്ലാ പ്രാർത്ഥനയും ഫലകരമല്ല. വിശ്വാസികളുടെ അനുയോജ്യമല്ലാത്ത യാചനകൾക്കു മറുപടി നൽകുകയാണ് ദൈവത്തിനു ചെയ്യാൻ കഴിയുന്ന ഏറ്റവും മോശമായ കാര്യം (കൊലൊ. 4:3 ലെ പ്രത്യേക പഠനവിഷയം: മദ്ധ്യസ്ഥ പ്രാർത്ഥന കാണുക. 1 യോഹ. 5:14 ലെ പ്രത്യേക പഠനവിഷയം: മദ്ധ്യസ്ഥ പ്രാർത്ഥന കാണുക.

## പ്രത്യേക പഠനവിഷയം: കർത്താവിന്റെ നാമം

സഭയിൽ ത്രിയേക ദൈവത്തിന്റെ വ്യക്തിപരമായ സാന്നിധ്യത്തെയും സജീവ ശക്തിയെയും കുറിക്കുന്ന പുതിയ നിയമത്തിലെ സാധാരണ പ്രയോഗമാണിത്. ഇതൊരു മാജിക് ഫോർമുലയല്ല, ദൈവികസ്വഭാവത്തോടുള്ള അഭയം ചൊല്ലലാണ്.

ഈ പ്രയോഗം പലപ്പോഴും യേശുവിനെ കർത്താവായി പരാമർശിക്കുന്നു (ഒ.നോ. ഫിലി. 2:11)

1. സ്നാനസമയത്ത് ഒരുവൻ യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്നത് (ഒ.നോ. റോമ. 10:9-13; പ്രവൃ. 2:38; 8:12,16; 10:48; 19:5; 22:16; 1 കൊരി. 1:13,15; യാക്കോ. 2:7)
2. ഭൂതങ്ങളെ പുറത്താക്കുന്നതിൽ (ഒ.നോ. മത്താ. 7:22; മർക്കൊ. 9:38; ലൂക്കൊ. 9:49; 10:17; പ്രവൃ. 19:13)
3. രോഗ സൗഖ്യത്തിൽ (ഒ.നോ. പ്രവൃ. 3:6, 16; 4:10; 9:34; യാക്കോ. 5:14)
4. ശുശ്രൂഷാ പ്രവർത്തനങ്ങളിൽ (ഒ.നോ. മത്താ. 10:42; 18:5; ലൂക്കൊ. 9:48)
5. സഭാ ശിക്ഷണ നടപടികളിൽ (ഒ.നോ. മത്താ. 18:15-20)
6. ജാതികളോടു സുവിശേഷം പ്രസംഗിക്കുമ്പോൾ (ഒ.നോ. ലൂക്കൊ. 24:47; പ്രവൃ. 9:15; 15:17; റോമ. 1:5)
7. പ്രാർത്ഥനയിൽ (ഒ.നോ. യോഹ. 14:13-14; 15:2,16; 16:23; 1 കൊരി. 1:2)
8. ക്രിസ്ത്യാനിത്വത്തെ പരാമർശിക്കുന്നതിനുള്ള ഒരു മാർഗ്ഗം (ഒ.നോ. പ്രവൃ. 26:9; 1 കൊരി. 1:10; 2 തിമൊ. 2:19; യാക്കോ. 2:7; 1 പത്രൊ. 4:14).

പ്രസംഗകർ, ശുശ്രൂഷകന്മാർ, സഹായികൾ, സൗഖ്യദായകർ, ഭൂതത്തെ പുറത്താക്കുന്നവർ, തുടങ്ങി ഏതെല്ലാം നിലകളിൽ നാം പ്രവർത്തിച്ചാലും നാം അതു ചെയ്യുന്നത് അവന്റെ സ്വഭാവം, ശക്തി, ദാനങ്ങൾ എന്നിവയിലാണ് - അഥവാ അവന്റെ നാമത്തിൽ.

▣ **"എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും"** സാധാരണയായി വിശ്വാസികൾ പുത്രനിലൂടെ പിതാവിനോട് ആത്മാവിൽ പ്രാർത്ഥിക്കാനാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്. തന്നോടു പ്രാർത്ഥിക്കണമെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ യേശു നിർദ്ദേശിക്കുന്ന ഏക വാക്യമാണിത്.

ഇതായിരിക്കാം ചില പുരാതന ഗ്രീക്കു കയ്യെഴുത്തു പ്രതികൾ (A, D, L, ചില പഴയ ലാറ്റിൻ വൾഗേറ്റ്, കോപ്റ്റിക്, എത്യോപ്യൻ, സ്ലാവിക് പതിപ്പുകൾ) "എന്നോട്" എന്നതു ഒഴിവാക്കാൻ കാരണം. അത് ഉൾപ്പെടുത്തിയിരിക്കുന്നതിന് $UBS^4$ "B" റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു. കയ്യെഴുത്തു പ്രതികളായ $P^{66}$, $P^{75}$, ℵ, B, W എന്നിവയിലും ചില പുരാതന ലാറ്റിൻ വൾഗേറ്റ്, സിറിയൻ പതിപ്പുകളിലും അതുൾപ്പെടുത്തിയിരിക്കുന്നു.

### യോഹന്നാൻ 14:15-17

**15 നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തു കൊള്ളും 16 എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ, എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. 17 ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും, നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു.**

**14:15 "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും"** ക്രിയാത്മക പ്രവൃത്തി ആവശ്യപ്പെടുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. ക്രിസ്തുവിലൂടെ ദൈവത്തോടുള്ള സ്നേഹം അനുസരണത്തിൽ വെളിപ്പെടുത്തുന്നു. "കാത്തുകൊള്ളും" എന്നത് വർത്തമാനകാല കല്പനയായി ഉപയോഗിച്ചിരിക്കുന്ന ഭാവികാല കർത്തരി സൂചകമാണ് (Friberg, *Analytical Greek New Testament*, P. 337). അനുസരണം അത്യധികം പ്രാധാന്യമുള്ളതാണ് (ഒ.നോ. 8:51; 14:21,23-24; 15:10; 1 യോഹ. 2:3-5; 3:22,24; 5:3; 2 യോഹ. 6; ലൂക്കൊ. 6:46). വാ. 21,23,24 ഇതേ സത്യം ഊന്നിപ്പറയുന്നു. യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവാണ് അനുസരണം (ഒ.നോ. യാക്കോബ്; 1 യോഹന്നാൻ).

NKJV യിൽ "എന്റെ കല്പനകൾ കാത്തുകൊള്ളുക" എന്ന കല്പനയാണുള്ളത്. ഇതിനെ കയ്യെഴുത്തു പ്രതികളായ A, D, W, വൾഗേറ്റ്, അനേക സഭാ പിതാക്കന്മാർ എന്നിവർ പിന്തുണയ്ക്കുന്നു. $UBS^4$ ആകട്ടെ ഭാവി

കാല കർത്തരി സൂചകത്തിന് “C” റേറ്റിംഗ് (തീരുമാനിക്കാൻ പ്രയാസമുള്ളത്) നൽകുന്നു. ഇതിനാകട്ടെ, കയ്യെഴുത്തുപ്രതികളായ B, L, കോപ്റ്റിക് പതിപ്പുകൾ, അനേക സഭാപിതാക്കന്മാർ എന്നിവയുടെ പിന്തുണയുണ്ട്.

**14:16 “നിങ്ങൾക്കു തരും”** 14:26 ന്റെ കുറിപ്പു കാണുക.

▣
**NASB, NKJV, TEV “മറ്റൊരു സഹായി”**
**NRSV “മറ്റൊരു വക്കീൽ”**
**NJB “മറ്റൊരു പാരാക്ലീറ്റ്”**

“മറ്റൊരു” എന്നത് “അതേ ജനുസ്സിൽ പെട്ട മറ്റൊന്ന്” എന്നർത്ഥമുള്ള പദത്തിന്റെ (*അല്ലോസ്- ἀλλος*) തർജ്ജമയാണ്. പരിശുദ്ധാത്മാവ് “മറ്റെ യേശു” എന്നു വിളിക്കപ്പെടുന്നു (G. Campbell Morgan, താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക).

രണ്ടാമത്തെ പദം “*പാരാക്ലീറ്റോസ്*”(*παρακλητος*) ആണ്. അത് 1 യോഹ. 2:1 ൽ യേശുവിനും (മദ്ധ്യസ്ഥൻ എന്ന നിലയിൽ), യോഹ. 14:26; 16:7–14 ൽ പരിശുദ്ധാത്മാവിനും ഉപയോഗിച്ചിട്ടുണ്ട്. പദവ്യുല്പത്തി, നിയമപരമായ അർത്ഥത്തിൽ “സഹായത്തിനായി വിളിച്ചു വരുത്തുന്നവൻ” എന്നാണർത്ഥം. അതിനാൽ കാര്യസ്ഥൻ (Advocate) എന്ന തർജ്ജമ കൃത്യമാണ്. ഇതേ ഗ്രീക്കു മൂലത്തിന്റെ മറ്റൊരു വകഭേദമായ “ആശ്വാസം” (*പാരാകാലെയോ - παρακαλεω*) 2 കൊരി. 1:3–11 ൽ പിതാവിനെക്കുറിച്ച് ഉപയോഗിച്ചിട്ടുണ്ട്.

നാമത്തിന്റെ പരിഭാഷയായ “വക്കീൽ” (*പാരാക്ലീറ്റോസ് - παρακλητος*) റോമൻ നീതിന്യായ സംവിധാനത്തിൽനിന്നും വന്നിട്ടുള്ളതാണ്. “ആശ്വാസപ്രദൻ” എന്ന തർജ്ജമ വിക്ലിഫ് ആണ് ആദ്യമായി ഉപയോഗിച്ചത്. സെപ്റ്റ്വജിന്റിലെ *പാരകാലെയോ* യുടെ ഉപയോഗത്തെ പ്രതിഫലിപ്പിക്കുന്നതാണിത് (അതാ. യെശ. 33:7; 35:4; 61:1–2; 66:10–19; കാണുക NIDOTTE, Vol. 1. p. 570). സാത്താന്റെ (കുറ്റാരോപകൻ) എതിരാളിയാണവൻ.

ഇതേ പദം ഫിലോയും ജൊസീഫസും “മദ്ധ്യസ്ഥൻ” അഥവാ “ഉപദേശകൻ” എന്ന നിലയിൽ ഉപയോഗിച്ചിട്ടുണ്ട്.

## പ്രത്യേക പഠനവിഷയം: യേശുവും ആത്മാവും

ആത്മാവിന്റെ പ്രവർത്തനവും പുത്രന്റെ പ്രവർത്തനവും തമ്മിൽ വേർതിരിക്കാനാവാത്ത ഒരവസ്ഥയുണ്ട്. ആത്മാവിനുള്ള ഏറ്റവും നല്ല പേര് “മറ്റെ യേശു” എന്നാണെന്ന് ജി. കാംപ്ബെൽ മോർഗൻ പറഞ്ഞിട്ടുണ്ട് (എങ്കിലും അവർ വ്യത്യസ്തരായ നിത്യ വ്യക്തികളാണ്). താഴെക്കാണുന്നത് പുത്രന്റെയും ആത്മാവിന്റെയും പ്രവർത്തനത്തിന്റെയും പേരുകളുടെയും രൂപരേഖാ താരതമ്യമാണ്.

1. ആത്മാവ് “യേശുവിന്റെ ആത്മാവ്” അല്ലെങ്കിൽ സമാനമായ പേരുകളാൽ വിളിക്കപ്പെടുന്നു (ഒ.നോ. റോമ. 8:9; 2 കൊരി. 3:17; ഗലാ. 4:6; 1 പത്രൊ. 1:11)
2. ഇരുവരും ഒരേ പദങ്ങളാൽ വിളിക്കപ്പെടുന്നു
   a. “സത്യം”
      1) യേശു (യോഹ. 14:6)
      2) ആത്മാവ് (യോഹ. 14:17; 16:13)
   b. “കാര്യസ്ഥൻ”
      1) യേശു (1 യോഹ. 2:1)
      2) ആത്മാവ് (യോഹ. 14:16,26; 15:26; 16:7)
   c. “പരിശുദ്ധ”
      1) യേശു (ലൂക്കൊ. 1:35; 14:26)
      2) ആത്മാവ് (ലൂക്കൊ. 1:35; 4:34)
3. ഇരുവരും വിശ്വാസിയിൽ വസിക്കുന്നു
   a. യേശു (മത്താ. 28:20; യോഹ. 14:20,23; 15:4–5; റോമ. 8:10; 2 കൊരി. 13:5; ഗലാ. 2:20; എഫെ. 3:17; കൊലൊ. 1:27).
   b. ആത്മാവ് (യോഹ. 14:16–17; റോമ. 8:9,11; 1 കൊരി. 3:16; 6:19; 2 തിമൊ. 1:14)
   c. പിതാവ് (യോഹ 14:23; 2 കൊരി. 6:16)

▣ “എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന്നു” പരിശുദ്ധാത്മാവിനെ പരാമർശിക്കുന്നതിന് മൂന്നു വ്യത്യസ്ത ഗതികൾ ഉപയോഗിച്ചിരിക്കുന്നു

1. *മെറ്റാ* (വാ. 16), “കൂടെ”
2. *പാരാ* (വാ. 17), “കൂടെ/ചാരെ”
3. *എൻ* (വാ. 17), “... ൽ”

പരിശുദ്ധാത്മാവു നമ്മുടെ കൂടെയും നമ്മുടെ ചാരത്തും നമ്മുടെ ഉള്ളിലും വസിക്കുന്നു എന്നതു ശ്രദ്ധിക്കുക. വിശ്വാസികളിൽ യേശുവിന്റെ ജീവിതം വെളിപ്പെടുത്തുക എന്നതാണ് അവന്റെ ജോലി. അവൻ അവരോടൊപ്പം

ലോകാവസാനത്തോളം വസിക്കും (ഒ. നോ. വാ. 18; മത്താ. 28:20).

ആത്മാവിനെ അവൻ എന്നു വിളിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ആത്മാവു വ്യക്തിയാണെന്ന് ഇതു സൂചിപ്പിക്കുന്നു.

ആത്മാവിനെ അവൻ എന്നു വിളിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ആത്മാവു വ്യക്തിയാണെന്നിതു സൂചിപ്പിക്കുന്നു. KJV ൽ പലപ്പോഴും "അത്" എന്ന് ആത്മാവിനെ വിളിച്ചിരിക്കുന്നു. അതിനു കാരണം ഗ്രീക്കിൽ ആത്മാവ് എന്ന പദം നപുംസകമാണെന്നതാണ് (ഒ. നോ. യോഹ. 14:17,26; 15:26). അവൻ ത്രിത്വത്തിലെ മൂന്നാം ആളത്വമാണ് (14:26 ലെ പ്രത്യേക പഠനവിഷയം കാണുക). ത്രിത്വം എന്നത് ഒരു വേദപുസ്തകപദമല്ല, എങ്കിലും യേശു ദൈവവും ആത്മാവ് ഒരു വ്യക്തിയുമാണെങ്കിൽ ഒരു തരത്തിലുള്ള ത്രിയേകത്വം അതിലടങ്ങിയിരിക്കുന്നു. ദൈവം നിത്യവും വ്യക്തിപരവുമായ മൂന്ന് വെളിപ്പെടുത്തലുകളുള്ള ദൈവിക സാരാംശമാണ് (14:26 ലെ പ്രത്യേക പഠന വിഷയം കാണുക; ഒ.നോ. മത്താ. 3:16–17; 28:19; പ്രവൃ. 2:33–34; റോമ. 8:9,10; 1 കൊരി. 12:4–6; 2 കൊരി. 1:21–22; 13:14; എഫെ. 1:3–14; 2:18; 4:4–6; തീത്തൊ. 3:4–6; 1 പത്രൊ. 1:2).

എന്നേക്കും എന്നതിന് 6:58 ലെ പ്രത്യേക പഠനവിഷയം കാണുക.

**14:17 "സത്യത്തിന്റെ ആത്മാവ്"** ഇവിടെ "സത്യം" എന്നതിന് വാ. 6 ലെ അതേ അർത്ഥമാണുള്ളത് (ഒ.നോ. 15:26; 16:13; 1 യോഹ. 4:6). 6:55 ലും 17:3 ലും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക. അവൻ ഭോഷ്കിന്റെ അപ്പനായ സാത്താന് എതിരായ വ്യക്തിയാണ് (ഒ.നോ. 8:44).

▣ **"അവനെ"** "ആത്മാവ്" (*പ്ന്യൂമാ*) എന്നതിനോടു യോജിക്കുന്ന നപുംസകലിംഗം "ഇത്" ആണ്. എന്നിരുന്നാലും ഗ്രീക്കിൽ മറ്റിടങ്ങളിൽ ഒരു പുല്ലിംഗ സർവ്വനാമമാണ് ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. വാ. 26; 15:26; 16:7,8,13,14). പരിശുദ്ധാത്മാവ് യഥാർത്ഥത്തിൽ പുരുഷനോ സ്ത്രീയോ അല്ല; അവൻ ആത്മാവാണ്. അവൻ ഒരു വ്യത്യസ്ത വ്യക്തിത്വവുമാണ് എന്ന കാര്യം ഓർക്കേണ്ടത് പരമപ്രധാനമാണ് (14:26 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ലോകത്തിന് അവനെ ലഭിപ്പാൻ കഴികയില്ല"** ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മാത്രമേ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ കഴികയുള്ളൂ (ഒ.നോ. 1:10–12). വിശ്വാസിക്ക് ആവശ്യമുള്ളതെല്ലാം അവൻ നൽകുന്നു (ഒ.നോ. റോമ. 8:1–11). വിശ്വസിക്കാത്ത ലോകത്തിന് (*കോസ്മോസ്,* താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക) ആത്മീയ കാര്യങ്ങളെ മനസ്സിലാക്കുവാനോ നന്ദിപൂർവ്വം ഉപയോഗിപ്പാനോ കഴികയില്ല (ഒ.നോ. 1 കൊരി. 2:14; 2 കൊരി. 4:4).

## പ്രത്യേക പഠനവിഷയം: *കോസ്മോസ്* (ലോകം) പൗലൊസിന്റെ ഉപയോഗത്തിൽ

പൗലൊസ് *കോസ്മോസ്* എന്ന പദം അനേക രീതിയിൽ ഉപയോഗിക്കുന്നു.

1. സൃഷ്ടിജാലം മുഴുവനും (ഒ.നോ. റോമ. 1:20; എഫെ. 1:4; 1 കൊരി. 3:22; 8:4,5)
2. ഈ ഗ്രഹം (ഒ.നോ. 2 കൊരി. 1:17; എഫെ. 1:10; കൊലൊ. 1:20; 1 തിമൊ. 1:15; 3:16; 6:7)
3. മനുഷ്യൻ (ഒ.നോ. 1:27–28; 4:9,13; റോമ. 3:6,19; 11:15; 2 കൊരി. 5:19; കൊലൊ. 1:6)
4. ദൈവത്തെ കൂടാതെ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യർ (ഒ.നോ. 1:20–21; 2:12; 3:19; 11:32; ഗലാ. 4:3; എഫെ. 2:2,12; ഫിലി. 2:15; കൊലൊ. 2:8, 20–24). യോഹന്നാന്റെ ഉപയോഗത്തോടു വളരെ സാമ്യമുള്ളതാണിത് (അതാ. 1 യോഹ. 2:15–17)
5. സമകാലിക ലോക സംവിധാനങ്ങൾ (ഒ.നോ. 7:29–31; ഗലാ. 6:14; ഫിലി. 3:4–9 നു തത്തുല്യം, അവിടെ യെഹൂദ സംവിധാനത്തെ പൗലൊസ് വിവരിക്കുന്നു

ചിലയിടങ്ങളിൽ ഇവ പരസ്പരം മാറിമാറി ഉപയോഗിക്കപ്പെടുന്നതിനാൽ പ്രത്യേകം വേർതിരിക്കുക വിഷമകരമാണ്. ഈ പദം, പൗലൊസിന്റെ ചിന്തകളിലെ അനേക പദങ്ങൾ പോലെ മുന്നമേ തീരുമാനിക്കപ്പെട്ട നിർവചന പ്രകാരമല്ല, സന്ദർഭത്തിനനുസരിച്ചുവേണം നിർവ്വചിക്കുവാൻ. പൗലൊസിന്റെ പദ ഉപയോഗം നിശ്ചിത വ്യവസ്ഥ പ്രകാരമുള്ളതല്ല (ഒ.നോ. ജയിംസ് സ്റ്റുവാർട്ടിന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്*). വ്യവസ്ഥിത ദൈവശാസ്ത്രം സ്ഥാപിക്കുവാനല്ല, ക്രിസ്തുവിനെ പ്രസംഗിക്കുവാനാണ് അവൻ ശ്രമിക്കുന്നത്. അവൻ എല്ലാറ്റിനും മാറ്റം വരുത്തുന്നു!

▣ **"അറികയോ... അറിയുന്നു"** യോഹന്നാന്റെ ദ്വയാർത്ഥ പ്രയോഗത്തിന്റെ മറ്റൊരു ഉദാഹരണമാകാം ഇത്. എബ്രായ അർത്ഥം ആഴമായ വ്യക്തിപരമായ ബന്ധമാണ് (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). ഗ്രീക്ക് അർത്ഥം അറിവ് എന്നതാണ്. സുവിശേഷം ഒരേ സമയം വ്യക്തിപരവും ബൗദ്ധികവുമാണ്.

▣ **"നിങ്ങളോടു കൂടെ വസിക്കുകയും"** വസിക്കുക എന്നത് യോഹന്നാനിലെ താക്കോൽ ആശയമാണ് (അതാ. അധ്യാ. 15; 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം കാണുക). പിതാവ് പുത്രനിൽ വസിക്കുന്നു, ആത്മാവ്

വിശ്വാസികളിൽ വസിക്കുന്നു, വിശ്വാസികൾ പുത്രനിൽ വസിക്കുന്നു. വസിക്കുക എന്നത് വർത്തമാന കാലമാണ്. ഒറ്റപ്പെട്ട തീരുമാനമോ വൈകാരിക പ്രതികരണമോ അല്ല.

▣ **"നിങ്ങളിൽ ഇരിക്കയും"** ഇത് "നിങ്ങളുടെ ഇടയിൽ" എന്നോ (ബഹുവചനം, NRSV footnote), "നിങ്ങളിൽ" എന്നോ (ബഹുവചനം, ഒ.നോ. NASB, NKJV, NRSV, TEV, NJB) മനസ്സിലാക്കാം. വിശ്വാസിയിൽ ദൈവം വസിക്കുമെന്നുള്ളത് അതിശയകരമായ ഒരു വാഗ്ദത്തമാണ്. ത്രിത്വത്തിലെ മൂന്നു വ്യക്തികളും വിശ്വാസിയിൽ വസിക്കുന്നുവെന്ന് പുതിയ നിയമം പ്രസ്താവിക്കുന്നു.

1. യേശു (മത്താ. 28:20; യോഹ. 14:20,23; റോമ. 8:10; 2 കൊരി. 13:5; ഗലാ. 2:20; എഫെ. 3:17; കൊലൊ. 1:27)
2. ആത്മാവ് (യോഹ. 14:16-17; റോമ. 8:11; 1 കൊരി. 3:16; 6:19; 2 തിമൊ. 1:14)
3. പിതാവ് (യോഹ. 14:23; 2 കൊരി. 6:16)

## യോഹന്നാൻ 14:18-24

**18ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും. 19കുറഞ്ഞൊന്നു
കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും; ഞാൻ ജീവിക്കുന്നതുകൊണ്ടു
നിങ്ങളും ജീവിക്കും. 20ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ
അന്നു അറിയും. 21എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു;
എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന്നു
എന്നെത്തന്നേ വെളിപ്പെടുത്തും. 22ഈസ്കര്യോത്താവല്ലാത്ത യൂദാ അവനോടു: കർത്താവേ, എന്തു
സംഭവിച്ചിട്ടാകുന്നു നീ ലോകത്തിന്നല്ല ഞങ്ങൾക്കത്രേ നിന്നെ വെളിപ്പെടുത്തുവാൻ പോകുന്നതു എന്നു
ചോദിച്ചു. 23യേശു അവനോടു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു
അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും. 24എന്നെ
സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ
അയച്ച പിതാവിന്റേതത്രേ എന്നു ഉത്തരം പറഞ്ഞു.**

**14:18 "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും"** യേശു ശിഷ്യന്മാരോടു ചെയ്ത എല്ലാ വാഗ്ദത്തങ്ങളും, പെസഹാ കഴിഞ്ഞതിനു ശേഷമുള്ള ഞായറാഴ്ച വൈകുന്നേരം മാളികമുറിയിൽ ശിഷ്യന്മാർക്ക് അവൻ ആദ്യമായി പ്രത്യക്ഷനായ സമയത്തു നിറവേറ്റി (ഒ.നോ. 20:19-31). എന്നിരുന്നാലും ചില വ്യാഖ്യാതാക്കൾ ഇതിനെ പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് വരുന്നതിനെക്കുറിച്ചോ (പ്രവൃ. 2), അല്ലെങ്കിൽ രണ്ടാം വരവിനെക്കുറിച്ചോ (ഒ.നോ. വാ. 3) ആണെന്നു ചിന്തിക്കുന്നു.

**14:19 "കുറഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും"** ഇത് യേശുവിന്റെ പുനരുത്ഥാനാനന്തര പ്രത്യക്ഷതയെക്കുറിച്ചാണെന്ന് വാ. 20 വെളിപ്പെടുത്തുന്നു. വാ. 22 ൽ യേശുവിനോട് മറ്റൊരു ചോദ്യം ചോദിക്കാൻ യൂദാ എടുത്തത് ഈ പ്രസ്താവനയാണ്. അവൻ ഒരു ഭൗമിക മശിഹൈക രാജ്യം സ്ഥാപിക്കുമെന്ന് ശിഷ്യന്മാർ ഇപ്പോഴും പ്രതീക്ഷിക്കുന്നു (അതാ. മത്താ. 20:20-28; മർക്കൊ. 10:35-45). അതിനാൽ "ലോകം എന്നെ കാണുകയില്ല" എന്ന പ്രസ്താവന അവരെ ആശയക്കുഴപ്പത്തിലാക്കി. വാ. 23 ലും 24 ലും യൂദായോടുള്ള (ഈസ്കര്യോത്താവല്ലാത്ത) യേശുവിന്റെ മറുപടി, അവൻ വ്യക്തികളായ വിശ്വാസികളുടെ ജീവിതത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനാൽ ലോകം അവരിലൂടെയാണു തന്നെ കാണുന്നതെന്നായിരുന്നു!

▣ **"ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും"** യേശുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ ശക്തിയുടെയും ജീവൻ നൽകാനുള്ള അവന്റെ താത്പര്യത്തിന്റെയും പ്രദർശനമായിരുന്നു (ഒ.നോ. റോമ. 8:9-11; 1 കൊരി. 15:20-23, 50-58).

**14:20 "അന്നു"** ഈ പ്രയോഗം സാധാരണയായി അന്ത്യകാല സംബന്ധിയായിട്ടാണുപയോഗിക്കുന്നത് (താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക). എന്നാലിവിടെ അത് യേശുവിന്റെ പുനരുത്ഥാനാനന്തര പ്രത്യക്ഷതയെയോ അല്ലെങ്കിൽ പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് പൂർണ്ണ അളവിൽ വരുന്നതിനെയോ ആകാം സൂചിപ്പിക്കുന്നത്.

## പ്രത്യേക പഠനവിഷയം: ആ നാൾ

"അന്നാളിൽ" അഥവാ "ആ ദിവസം" എന്നത് ദൈവത്തിന്റെ സന്ദർശനത്തെ (സാന്നിധ്യം) കുറിച്ച് പറയുവാൻ എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാർ ഉപയോഗിച്ച പ്രയോഗമായിരുന്നു. അത് ന്യായവിധിയുടെയും യഥാസ്ഥാപനത്തിന്റെയും സമയമായിരിക്കും.

| ഹോശേയ | | ആമോസ് | | മീഖാ | |
|---|---|---|---|---|---|
| സാധകാത്മകം | നിഷേധാത്മകം | സാധകാത്മകം | നിഷേധാത്മകം | സാധകാത്മകം | നിഷേധാത്മകം |
| 1:11 | 1:5 | | 1:14(2) | | 2:4 |
| | 2:3 | | 2:16 | | 3:6 |
| 2:15 | | | 3:14 | 4:6 | |
| 2:16 | | | 3:18(2) | | 5:10 |
| 2:21 | | | 3:20 | | 7:4 |
| | 5:9 | | 6:3 | 7:11(2) | |
| | 7:5 | | 8:3 | 7:12 | |
| | 9:5 | | 8:9(2) | | |
| | 10:14 | | 8:10 | | |
| | | 9:11 | 8:13 | | |

ഈ മാതൃക പ്രവാചകന്മാരുടെ തനതു ശൈലിയായിരുന്നു. ദൈവം പാപത്തിനെതിരെ സമയത്തു പ്രവർത്തിക്കും. എങ്കിലും തങ്ങളുടെ ഹൃദയവും പ്രവൃത്തിയും നന്നാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മാനസാന്തരത്തിന്റെയും പാപക്ഷമയുടെയും ഒരു ദിവസവും അവൻ വാഗ്ദത്തം ചെയ്യുന്നു! വീണ്ടെടുപ്പിന്റെയും യഥാസ്ഥാപനത്തിന്റെയും ദൈവിക ഉദ്ദേശ്യം പൂർത്തിയാകും! അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ജനം ഉളവാകും. സൃഷ്ടിയുടെ ഉദ്ദേശ്യം (ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മ) സാക്ഷാത്കരിക്കപ്പെടും!)

▣ **"നിങ്ങൾ... അറിയും"** "അറിയുക" എന്നതിനു പലപ്പോഴും ആഴമായ അടുപ്പം, കൂട്ടായ്മ, ബന്ധം എന്നീ എബ്രായ അർത്ഥമാണുള്ളത്. എന്നാൽ ഇവിടെ അറിയുന്ന കാര്യത്തെ സൂചിപ്പിക്കുന്ന ഗതി (*ഹോട്ടി*) ഉള്ളതിനാൽ ഇതിന് "ഗ്രഹിക്കുക" എന്ന അർത്ഥമാണുള്ളത്. ഈ വാക്കിന് "വിശ്വസിക്കുക" എന്നതിനുള്ളതുപോലെ ഇരട്ട അർത്ഥങ്ങളുണ്ട്. തന്റെ സുവിശേഷം വെളിപ്പെടുത്തുവാൻ ഇത്തരത്തിലുള്ള വാക്കുകൾ യോഹന്നാൻ തിരഞ്ഞെടുത്തു. വിശ്വാസികൾ അവനെ അറിയുന്നു (അവനിൽ വിശ്വസിക്കുന്നു), ഒപ്പം അവനെക്കുറിച്ചുള്ള സത്യങ്ങളും അറിയുന്നു (അതു വിശ്വസിക്കുന്നു). 2:23 ലെ പ്രത്യേകം പഠന വിഷയം കാണുക.

▣ **"ഞാൻ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും"** യേശുവും പിതാവുമായുള്ള ഐക്യതയെ യോഹന്നാൻ കൂടെക്കൂടെ ഊന്നിപ്പറയുന്നുണ്ട് (ഒ.നോ. 10:38; 14:10-11; 17:21-23). പിതാവും യേശുവും ആഴമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ യേശുവും തന്റെപഥ അനുയായികളും ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യവും അവൻ കൂട്ടിച്ചേർക്കുന്നു (ഒ.നോ. യോഹ. 17)!

**14:21 "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ"** രണ്ടു വർത്തമാനകാല കേവല ക്രിയകളാണിവ. അനുസരണം നിർണ്ണായകമാണ് (വാ. 15 ലെ കുറിപ്പ് കാണുക). യഥാർത്ഥ രക്ഷാനുഭവത്തിന്റെ തെളിവാണത് (ഒ. നോ. വാ. 23).

അപ്പൊസ്തലന്മാർ യെഹൂദന്മാരായിരുന്നതിനാൽ തങ്ങളുടെ രചനകളിൽ സെമിറ്റിക് ശൈലികൾ ഉപയോഗിച്ചിരുന്നു. എല്ലാ ആരാധനാവേളകളിലും ആരംഭ പ്രാർത്ഥന ആവ. 6:4-5 ആയിരുന്നു. ഇതിനെ *ഷേമാ* എന്നാണു വിളിച്ചിരുന്നത്. "ചെയ്യുവാൻ വേണ്ടി കേൾക്കുക" എന്നാണ് ഈ വാക്കിനർത്ഥം! യോഹന്നാന്റെ പ്രസ്താവന ഇതാണു സൂചിപ്പിക്കുന്നത് (ഒ.നോ. യാക്കോ. 2:14-26).

▣ **"അവന്നു എന്നെത്തന്നെ വെളിപ്പെടുത്തും"** ഇതു സൂചിപ്പിക്കുന്നത് (1) പുനരുത്ഥാനാനന്തര പ്രത്യക്ഷതകൾ (ഒ.നോ. പ്രവൃ. 10:40-41) അല്ലെങ്കിൽ (2) വിശ്വാസികളിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുവാനും ഉരുവാക്കുവാനുമായി പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് (ഒ.നോ. വാ. 26; റോമ. 8:29; ഗലാ. 4:19).

▣ താൻ പിതാവിനെ (1) പ്രതിനിധീകരിക്കുന്നുവെന്നും (2) അവനുവേണ്ടി സംസാരിക്കുന്നുവെന്നും (3) വെളിപ്പെടുത്തി എന്നും യേശു വിശ്വസിക്കുകയും പ്രസ്താവിക്കുകയും ചെയ്തു. യേശു സംസാരിച്ചതും അപ്പൊസ്തലന്മാർ രേഖപ്പെടുത്തിയതുമായ ഈ ആധികാരിക വചനങ്ങളാണ് ദൈവത്തെയും അവന്റെ ഉദ്ദേശ്യങ്ങളെയും കുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ വിവരം നൽകുന്ന വിവര സ്രോതസ്സുകൾ. യേശുവിന്റെയും തിരുവചനത്തിന്റെയും (ശരിയായ വ്യാഖ്യാനിക്കപ്പെട്ട) അധികാരമാണ് ആത്യന്തിക അധികാരം എന്നു വിശ്വാസികൾ സ്ഥിരീകരിക്കുന്നു; യുക്തി, അനുഭവം, പാരമ്പര്യം എന്നിവ സഹായകരമാണ്, പക്ഷേ ആത്യന്തികമല്ല.

ആത്മാവിന്റെ പ്രവൃത്തിയും പുത്രന്റെ പ്രവൃത്തിയും വേർതിരിക്കാൻ കഴിയാത്ത നിലയിൽ പരസ്പരം

കൂടിപ്പിണഞ്ഞു കിടക്കുന്നതാണ്. ആത്മാവിന് നൽകാൻ കഴിയുന്ന ഏറ്റവും നല്ല പേര് "മറ്റെ യേശു" എന്നാണെന്ന് ജി. കാംപ്ബെൽ മോർഗൻ പറഞ്ഞിട്ടുണ്ട്. 14:16 ലെ പ്രത്യേക പഠനവിഷയം കാണുക.

**14:22** വാ. 19 ന്റെ കുറിപ്പു കാണുക.

▣ **"ഈസ്കര്യോത്താവല്ലാത്ത യൂദാ"** തദ്ദായിയുടെ മറ്റൊരു പേരാണിത് (ഒ.നോ. 10:3; മർക്കൊ. 3:18). 1:45 ലെ പ്രത്യേക പഠനവിഷയം കാണുക.

**14:23** യേശുവിനോടുള്ള ശിഷ്യന്മാരുടെ സ്നേഹം പരസ്പരമുള്ള അവരുടെ സ്നേഹത്തിലാണു വെളിപ്പെടുന്നത് (ഒ.നോ. വാ. 15,21).

**14:24 "നിങ്ങൾ"** ഈ "നിങ്ങൾ" ആരെയാണു സൂചിപ്പിക്കുന്നത് എന്നതാണ് വ്യാഖ്യാനപരമായ ചോദ്യം. വ്യാകരണപരമായി സർവ്വനാമം "കേൾക്കുക" എന്ന ക്രിയയിലാണ് (വർത്തമാനകാല കർത്തരി സൂചകം, മധ്യമപുരുഷ ബഹുവചനം). അതു സൂചിപ്പിക്കുന്നത്:

1. യേശുവിന്റെ സന്ദേശം നിരസിച്ച ലോകജനത
2. യേശുവിന്റെ വചനങ്ങൾ പിതാവിന്റെ വചനങ്ങൾ ആയി സ്വീകരിച്ച ശിഷ്യന്മാർ (ഒ.നോ. വാ. 10-11)

## യോഹന്നാൻ 14:25-31

**[25]ഞാൻ നിങ്ങളോടു കൂടെ വസിക്കുമ്പോൾ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. [26]എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. [27]സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു; നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു. [28]ഞാൻ പോകയും നിങ്ങളുടെ അടുക്കൽ മടങ്ങിവരികയും ചെയ്യും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു കേട്ടുവല്ലോ; നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു; പിതാവു എന്നെക്കാൾ വലിയവനല്ലോ. [29]അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന്നു ഞാൻ ഇപ്പോൾ അതു സംഭവിക്കുംമുമ്പെ നിങ്ങളോടു പറഞ്ഞിരിക്കുന്നു. [30]ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; ലോകത്തിന്റെ പ്രഭു വരുന്നു; അവന്നു എന്നോടു ഒരു കാര്യവുമില്ല. [31]എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും പിതാവു എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ. എഴുന്നേല്പിൻ: നാം പോക.**

**14:25 "ഇതു"** മാളിക മുറിയിലെ ഉപദേശത്തെയാകാം സൂചിപ്പിക്കുന്നത് (അധ്യാ. 13-17, എങ്കിലും വാ. 15:11, 16:1,4,6,25,33 എന്നിവയെ പ്രത്യേക സൂചിപ്പിക്കുന്നു).

**14:26 "പരിശുദ്ധാത്മാവ്"** ത്രിത്വത്തിലെ മൂന്നാമനുള്ള ഈ പേര് യോഹന്നാനിൽ ഇവിടെയും 1:33; 20:22 ലും മാത്രമേ കാണുന്നുള്ളൂ (1 യോഹ. 2:20 ലെ പ്രത്യേക പഠനവിഷയം: പരിശുദ്ധനായവൻ കാണുക). എങ്കിലും യോഹന്നാന്റെ സുവിശേഷത്തിൽ അവനെ മറ്റനേക പേരുകളിൽ വിളിച്ചിട്ടുണ്ട് (കാര്യസ്ഥൻ, സത്യത്തിന്റെ ആത്മാവ്, ആത്മാവ്).

പരിശുദ്ധാത്മാവിനെ ആളത്വ പദങ്ങളിൽ പരാമർശിക്കുന്ന അനേക ഭാഗങ്ങൾ പുതിയനിയമത്തിലുണ്ട് (ഒ.നോ. മർക്കൊ. 3:29; ലൂക്കൊ 12:12; യോഹ. 14:26; 15:26; 16:7-15, താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക). ആത്മാവ് എന്നതിനുള്ള ഗ്രീക്കു പദം (*പ്ന്യൂമ - πνευμα*) നപുംസക ലിംഗമാകയാൽ നപുംസക സർവ്വനാമം ഉപയോഗിക്കുന്ന വേദഭാഗങ്ങളും ഉണ്ട് (ഒ.നോ. 14:17; റോമ. 8:26).

ഈ സന്ദർഭത്തിൽ ത്രിത്വ ഉപദേശത്തെക്കുറിച്ച് ഒരു വാക്കു പറയട്ടെ. "ത്രിത്വം" എന്നത് ഒരു വേദപുസ്തക പദമല്ല, എങ്കിലും അനേക വേദഭാഗങ്ങളിൽ ഏക സത്യദൈവത്തിന്റെ മൂന്നു ആളത്വപരമായ വെളിപ്പെടലുകൾ ഒരുമിച്ചു വരുന്നതു കാണാം (താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക). യേശു ദൈവവും പരിശുദ്ധാത്മാവ് ആളത്വമുള്ളവനുമാണെങ്കിൽ, ദൈവശാസ്ത്രപരമായി ഏകദൈവ വിശ്വാസികളായ നാം (ഒ.നോ. ആവ. 6:4-6), ഒരു ത്രി-ഏകത്വത്തിൽ വിശ്വസിക്കുവാൻ നിർബന്ധിതരാകുന്നു - ക്രമാനുഗത പ്രത്യക്ഷതകളല്ല, മറിച്ച് നിത്യ ആളത്വങ്ങൾ.

# പ്രത്യേക പഠനവിഷയം: ത്രിത്വം

ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും ഒരേ സന്ദർഭത്തിൽ പ്രവർത്തനനിരതരാകുന്നതു ശ്രദ്ധിക്കുക. "ത്രിത്വം" എന്ന പദം തെർത്തുല്യൻ ആണ് ആദ്യം ഉപയോഗിച്ചത്, എങ്കിലും ഇതൊരു വേദപുസ്തക വാക്കല്ല, ആശയം തെറ്റായി ഉപയോഗിക്കപ്പെടാറുമുണ്ട്.

A. സുവിശേഷങ്ങൾ
   1. മത്താ. 3:16–17; 28:19 (സമാന്തര ഭാഗങ്ങളും)
   2. യോഹ. 14:26
B. അപ്പൊസ്തല പ്രവൃത്തികൾ – 2:32–33, 38–39
C. പൗലൊസ്
   1. റോമ. 1:4–5; 5:1,5; 8:1–4, 8–10
   2. 1 കൊരി. 2:8–10; 12:4–6
   3. 2 കൊരി. 1:21; 13:14
   4. ഗലാ. 4:4–6
   5. എഫെ. 1:3–14,17; 2:18; 3:14–17; 4:4–6
   6. 1 തെസ്സ. 1:2–5
   7. 2 തെസ്സ. 2:13
   8. തീത്തൊ. 3:4–6
D. പത്രൊസ് - 1 പത്രൊ. 1:2
E. യൂദാ - വാ. 20–21

പഴയ നിയമത്തിൽ ദൈവത്തിന്റെ ബഹുത്വം സൂചിപ്പിച്ചിരിക്കുന്നു.

A. ദൈവത്തിനുള്ള ബഹുവചനങ്ങൾ
   1. *എലോഹിം* എന്ന പേര് ബഹുവചനമാണ്, എങ്കിലും ദൈവത്തിനുപയോഗിക്കുമ്പോൾ എപ്പോഴും ഏകവചന ക്രിയയാണു ചേർക്കുന്നത്
   2. ഉല്പ. 1:26–27; 3:22; 11:7 ൽ "നാം"
B. യഹോവയുടെ ദൂതൻ ദൈവത്തിന്റെ ദൃശ്യ പ്രതിനിധിയാണ്
   1. ഉല്പ. 16:7–13; 22:11–15; 31:11,13; 48:15–16
   2. പുറ. 3:2,4; 13:21; 14:19
   3. ന്യായാ. 2:1; 6:22–23; 13:3–22
   4. സെഖ. 3:1–2
C. ദൈവവും അവന്റെ ആത്മാവും വെവ്വേറെ വ്യക്തികളാണ്, ഉല്പ. 1:1–2; സങ്കീ. 104:30; യെശ. 63:9–11; യെഹെ. 37:13–14
D. ദൈവവും (യഹോവ) മശിഹയും (*അഡോൺ*) വെവ്വേറെ വ്യക്തികളാണ്, സങ്കീ. 45:6–7; 110:1; സെഖ. 2:8–11; 10:9–12
E. മശിഹായും ആത്മാവും വെവ്വേറെ വ്യക്തികളാണ്, സെഖ. 12:10
F. മൂന്നുപേരെയും യെശ. 48:16; 61:1 ൽ പരാമർശിച്ചിരിക്കുന്നു

യേശുവിന്റെ ദൈവത്വവും ആത്മാവിന്റെ ആളത്വവും കർശ ഏകദൈവവിശ്വാസികളായ ആദിമ ക്രിസ്തീയ വിശ്വാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു.

1. തെർത്തുല്യൻ – പിതാവിനു താഴെയായിരിക്കുന്ന പുത്രൻ
2. ഒറിഗൻ – പുത്രന്റെയും ആത്മാവിന്റെയും ദൈവികാംശങ്ങൾ ദൈവത്തിനു താഴെയാണ്
3. അറിയൂസ് – പുത്രനും ആത്മാവിനും ദൈവത്വം നിഷേധിച്ചു
4. മൊണാർക്കിയനിസം – ഒരു ദൈവം തന്നെ പിതാവ്, പുത്രൻ, തുടർന്ന് ആത്മാവ് എന്നിങ്ങനെ വെളിപ്പെട്ടതായി വിശ്വസിച്ചു

ത്രിത്വം എന്നത് വേദപുസ്തക വിവരണങ്ങളിൽ നിന്നും ചരിത്രപരമായി വികാസം പ്രാപിച്ചതാണ്.

1. പിതാവിനു സമനായ യേശുവിന്റെ പൂർണ്ണ ദൈവത്വം എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസ് അംഗീകരിച്ചു
2. പിതാവിനും പുത്രനും സമനായി പരിശുദ്ധാത്മാവിന്റെ പൂർണ്ണ ആളത്വവും ദൈവത്വവും എ.ഡി. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസ് അംഗീകരിച്ചു.
3. ത്രിത്വ ഉപദേശം പൂർണ്ണ രൂപത്തിൽ അഗസ്റ്റിന്റെ *De Trinitate* എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു ഇത് യഥാർത്ഥമായും മർമ്മമാണ്. എന്നിരുന്നാലും പുതിയനിയമം മൂന്നു നിത്യവ്യക്തിത്വ വെളിപ്പാടിലുള്ള ഏക ദൈവിക സാരാംശത്തെ ഊന്നിപ്പറയുന്നുണ്ട്.

▣ **"പിതാവു അയപ്പാനുള്ള"** ആത്മാവു പിതാവിൽ നിന്നാണോ (ഒ.നോ. യോഹ. 3:34; 14:16; 16:26) അതോ പുത്രനിൽ നിന്നാണോ (ഒ.നോ. യോഹ. 15:26; 16:7; ലൂക്കൊ. 24:49; പ്രവൃ. 2:33) വന്നത് എന്നതിനെ ചൊല്ലി ആദിമ സഭയിൽ (നാലാം നൂറ്റാണ്ട്) വളരെ പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. അറിയൂസ് – അത്തനേഷ്യസ് സംവാദത്തിലെ ദൈവശാസ്ത്ര വിഷയം പിതാവായ ദൈവവും പുത്രനായ യേശുവും തമ്മിലുള്ള പൂർണ്ണവും നിത്യവുമായ ദൈവത്വവും സമത്വവും ആയിരുന്നു.

▣ **"നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും"** ആത്മാവ് വിശ്വാസികളെ അറിവിന്റെ എല്ലാ മേഖലക

ളും ഉപദേശിക്കുകയല്ല, മറിച്ച് ആത്മീയ സത്യങ്ങൾ, പ്രത്യേകാൽ യേശുവിന്റെ ആളത്വവും പ്രവൃത്തിയും സംബന്ധിച്ച കാര്യങ്ങളായ സുവിശേഷം ആണ് ഉപദേശിക്കുന്നത് (ഒ.നോ. 16:13-14; 1 യോഹ. 2:20,27).

## പ്രത്യേക പഠനവിഷയം: ആത്മാവിന്റെ ആളത്വം

പഴയനിയമത്തിൽ "യഹോവയുടെ ആത്മാവ്" (*റുവാഹ്*) യഹോവയുടെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുന്ന ഒരു ശക്തിയായിരുന്നു, എങ്കിലും അതൊരു വ്യക്തിയാണെന്ന സൂചന (അതാ. പഴയനിയമ ഏകദൈവ വിശ്വാസം) എങ്ങുമില്ലായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ ആത്മാവിന്റെ പൂർണ്ണ ആളത്വവും വ്യക്തിത്വവും രേഖപ്പെടുത്തിയിരിക്കുന്നു.

1. അവനെതിരെ ദൂഷണം പറയാനാവും (ഒ.നോ. മത്താ. 12:31; മർക്കൊ. 3:29)
2. അവൻ ഉപദേശിക്കുന്നു (ഒ.നോ. ലൂക്കൊ. 12:12; യോഹ. 14:26)
3. അവൻ സാക്ഷ്യം വഹിക്കുന്നു (ഒ.നോ. യോഹ. 15:26)
4. അവൻ ബോധം വരുത്തുന്നു, നടത്തുന്നു (ഒ.നോ. യോഹ. 16:7-15)
5. "അവൻ" എന്നു വിളിക്കപ്പെടുന്നു (അതാ. *ഹോസ്*, ഒ.നോ. എഫെ. 1:14)
6. അവനു ദുഃഖിക്കാൻ കഴിയും (ഒ.നോ. എഫെ. 4:30)
7. അവനെ കെടുത്തുവാൻ കഴിയും (ഒ.നോ. 1 തെസ്സ. 5:19)

ത്രിത്വഭാഗങ്ങൾ മൂന്നു ആളത്വങ്ങളെക്കുറിച്ചു പറയുന്നു.

1. മത്താ. 28:19
2. 2 കൊരി. 13:14
3. 1 പത്രൊ. 1:2

ആത്മാവ് മാനുഷിക പ്രവൃത്തികളോടു ബന്ധപ്പെട്ടിരിക്കുന്നു.

1. പ്രവൃ. 15:28
2. റോമ. 8:26
3. 1 കൊരി. 12:11
4. എഫെ. 4:30

അപ്പൊസ്തല പ്രവൃത്തികളുടെ ആരംഭത്തിൽ തന്നെ ആത്മാവിന്റെ പങ്ക് എടുത്തു കാണിച്ചിരിക്കുന്നു. പെന്തെക്കോസ്ത് ആത്മാവിന്റെ പ്രവർത്തനത്തിന്റെ ആരംഭമല്ല, മറിച്ച് പുതിയൊരു അദ്ധ്യായമാണ്. യേശുവിന് എപ്പോഴും ആത്മാവുണ്ടായിരുന്നു. അവന്റെ സ്നാനം ആത്മാവിന്റെ പ്രവൃത്തിയുടെ ആരംഭമല്ല, മറിച്ച് പുതിയൊരു അധ്യായമാണ്. ലൂക്കൊസ് സഭയെ ഫലകരമായ സുവിശേഷത്തിന്റെ പുതിയൊരു അദ്ധ്യായത്തിനുവേണ്ടി ഒരുക്കുന്നു. യേശുവാണ് ഇപ്പോഴും ശ്രദ്ധാകേന്ദ്രം. ആത്മാവാണ് ഇപ്പോഴും ഫലകരമായ മാർഗ്ഗം. തന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട സകല മനുഷ്യരോടുമുള്ള പിതാവിന്റെ സ്നേഹം, പാപക്ഷമ, യഥാസ്ഥാപനം എന്നിവയാണ് ലക്ഷ്യം.

▣ **"ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും"** ആത്മാവിന്റെ ഉദ്ദേശ്യങ്ങൾ:

1. പാപത്തെക്കുറിച്ച് മനുഷ്യർക്കു ബോധം വരുത്തുക
2. അവരെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരിക
3. അവരെ ക്രിസ്തുവിലേക്കു സ്നാനപ്പെടുത്തുക
4. അവരിൽ ക്രിസ്തുവിനെ ഉരുവാക്കുക (ഒ.നോ. 16:7-15).
5. അപ്പൊസ്തലന്മാരോട് യേശു പറഞ്ഞ സകലകാര്യങ്ങളും ഓർക്കുവാൻ അവരെ സഹായിക്കുകയും അവയെ തിരുവെഴുത്തിൽ രേഖപ്പെടുത്തുവാൻ തക്കവണ്ണം അവയുടെ അർത്ഥം വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുക (ഒ.നോ. 2:22; 15:26; 16:13).

യേശു താൻ തന്നെ പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാരെ ഉപദേശിക്കുകയുണ്ടായി - വിശേഷാൽ പഴയ നിയമം എങ്ങനെ തന്നിലേക്കു വിരൽ ചൂണ്ടുന്നുവെന്നും തന്നിൽ നിവൃത്തിയായി എന്നതും സംബന്ധിച്ച് (ഒ.നോ. ലൂക്കൊ. 24:13 മുതൽ).

**14:27 "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കുതരുന്നു"** വിശ്വാസികളുടെ സമാധാനം സാഹചര്യങ്ങളോടു ബന്ധപ്പെട്ടതല്ല, മറിച്ച് യേശുവിന്റെ വാഗ്ദത്തങ്ങളോടും സാന്നിധ്യത്തോടും ബന്ധപ്പെട്ട ശാന്തമനസ്സിൽ നിന്നും ഉളവാകുന്നതാണ് (ഒ.നോ. 16:33; ഫിലി. 4:7; കൊലൊ. 3:15).

"സമാധാനം" ഒരു ലക്ഷ്യമെന്ന അർത്ഥത്തിൽ, ദൈവവുമായുള്ള നിരപ്പ് എന്ന നിലയിലും ഒരു വിഷയമെന്ന അർത്ഥത്തിൽ, സുരക്ഷിതത്വബോധം പ്രതികൂല സാഹചര്യങ്ങളിലെ സ്ഥിരത എന്ന നിലയിലും ഉപയോഗിച്ചിട്ടുണ്ട്. യെഹൂദ അഭിവാദ്യമായ *ഷാലോം* എന്ന പദത്തെ പ്രതിഫലിപ്പിക്കുന്നു. അർത്ഥം, പ്രശ്നമില്ലാത്ത അവസ്ഥയും സംതൃപ്തിയുടെ സാന്നിധ്യവും (ഒ.നോ. 20:19,21,26; 3 യോഹ. 14; എഫെ. 2:14; സംഖ്യ. 6:26; സങ്കീ. 29:11; യെശ. 9:6). ഒരു പുതിയ യുഗത്തെയാണതു കാണിക്കുന്നത്!

## പ്രത്യേക പഠനവിഷയം: വിശ്വാസിയും സമാധാനവും

ഈ ഗ്രീക്കുപദത്തിന്റെ യഥാർത്ഥ അർത്ഥം “തകർന്നതിനെ ചേർത്തു കെട്ടുക” എന്നാണ്. സമാധാനത്തെക്കുറിച്ചു പുതിയ നിയമം മൂന്നു രീതിയിൽ സംസാരിക്കുന്നു.

1. ക്രിസ്തുവിലൂടെ ദൈവത്തോടുള്ള സമാധാനം സ്ഥാപിക്കുന്നു എന്ന ലക്ഷ്യാധിഷ്ഠിതമായി (ഒ.നോ. കൊലൊ. 1:20)
2. ദൈവവുമായി നമുക്കുള്ള നിരപ്പ് സംബന്ധിച്ച് വിഷയാധിഷ്ഠിതമായി (ഒ.നോ. യോഹ. 14:27; 16:33; ഫിലി. 4:7).
3. വിശ്വസിക്കുന്ന യെഹൂദനെയും ജാതികളെയും ക്രിസ്തുവിലൂടെ ദൈവം ഒരു ശരീരമായി ഐക്യതപ്പെടുത്തിയത് (ഒ.നോ. എഫെ. 2:14-17; കൊലൊ. 3:15).

*എ ട്രാൻസലേറ്റേഴ്സ് ഹാൻഡ്ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ റോമൻസ്* എന്ന ഗ്രന്ഥത്തിൽ ന്യൂമാനും നിഡായും “സമാധാന”ത്തെക്കുറിച്ച് മികച്ച ഒരു വിശദീകരണം നൽകുന്നുണ്ട് (പേ. 92).

“പഴയനിയമത്തിലും പുതിയ നിയമത്തിലും സമാധാനം എന്ന പദത്തിന് വിശാലമായ അർത്ഥങ്ങളുണ്ട്. അടിസ്ഥാനപരമായി അത് ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ആകമാന സുഖത്തെയാണ് സൂചിപ്പിക്കുന്നത്; അഭിവാദന വാക്കായി യെഹൂദന്മാരുടെ ഇടയിൽ അത് അംഗീകരിക്കപ്പെട്ടിട്ടുപോലുമുണ്ട്. ഈ പദത്തിന് ആഴമായ അർത്ഥങ്ങളുള്ളതിനാൽ യെഹൂദന്മാർ അതിനെ മശിഹായിലൂടെയുള്ള രക്ഷയെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നു. ഈ കാരണത്താൽ, “ദൈവവുമായി ശരിയായ ബന്ധത്തിൽ ആയിരിക്കുക” എന്ന് അർത്ഥമാക്കുന്ന പദത്തിന്റെ പര്യായമായും *ഷാലോം* ഉപയോഗിക്കുന്ന ഉദാഹരണങ്ങളുണ്ട്. ഇവിടെ ഈ പദം ഉപയോഗിച്ചിരിക്കുന്നത്, ദൈവം മനുഷ്യനെ തന്നോടു നിരപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യനും ദൈവവുമായി സ്ഥാപിക്കപ്പെട്ട ഐക്യബന്ധത്തിന്റെ വിവരണമായിട്ടാണ്” (പേ. 92).

▣ **“തന്നേച്ചു പോകുന്നു”** *ദ ഹെർമന്യൂട്ടിക്കൽ സ്പൈറൽ* എന്ന ഗ്രന്ഥത്തിൽ ഗ്രാന്റ് ഓസ്ബോൺ, ഈ വാക്യത്തിന്റെ അർത്ഥം നിശ്ചയിക്കുന്നതിൽ സന്ദർഭത്തിന്റെ മുൻഗണന സംബന്ധിച്ച് മികച്ച ഒരു അഭിപ്രായം രേഖപ്പെടുത്തുന്നുണ്ട്.

**“യുക്തിപരമായ സന്ദർഭം”**

യഥാർത്ഥ അർത്ഥത്തിൽ, യുക്തിപരമായ സന്ദർഭമാണ് വ്യാഖ്യാനത്തിലെ ഏറ്റവും അടിസ്ഥാനപരമായ വസ്തുത. ഞാൻ എന്റെ ക്ലാസ്സിൽ പറയാറുള്ളത്, ഒരുവൻ പാതി മയക്കത്തിലായിരിക്കയും ഞാൻ ചോദിക്കുന്ന ചോദ്യം കേൾക്കാതിരിക്കുകയും ചെയ്യുമ്പോൾ “സന്ദർഭ”ത്തിനനുസരിച്ച് അവൻ/അവൾ പറയുന്ന ഉത്തരം ശരിയായിരിക്കാനുള്ള സാധ്യത അമ്പതു ശതമാനം മാത്രമാണ്. പദത്തിനു തന്നെ പാഠത്തിനുമേൽ പല നിലകളിൽ സ്വാധീനമുണ്ട്. പാഠഭാഗത്തെ കേന്ദ്രീകരിച്ച് പുറത്തേക്കു വരയ്ക്കുന്ന വൃത്തങ്ങളിലൂടെ ഇക്കാര്യം നന്നായി ചിത്രീകരിക്കാൻ കഴിയും.

കേന്ദ്രത്തിലേക്കു നാം കൂടുതൽ അടുത്തു ചെല്ലുന്തോറും വേദഭാഗത്തിന്റെ അർത്ഥത്തിന്മേലുള്ള സ്വാധീനവും കൂടും. ഉദാഹരണത്തിന് സാഹിത്യരൂപം, സാഹിത്യമേതാണെന്നു തിരിച്ചറിയാൻ സഹായിക്കുകയും സമാന്തരങ്ങൾ കണ്ടെത്താൻ വ്യാഖ്യാതാവിനെ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ ഇവയൊന്നും മറ്റു വേദഭാഗങ്ങൾ ഈ ഭാഗത്തിന്മേൽ ചെലുത്തുന്ന സ്വാധീനത്തോളം വരികയില്ല. ഉദാഹരണത്തിന്, വെളിപ്പാടു പുസ്തകം വെളിപ്പാടു സാഹിത്യമാണെന്നു നമുക്കറിയാം. ഇടക്കാല ഘട്ടത്തിലെയും ഹെല്ലനിസ്റ്റിക് കാലഘട്ടത്തിലെയും വെളിപ്പാടു സാഹിത്യങ്ങൾ സുപ്രധാന സമാന്തരങ്ങൾ നൽകുന്നുണ്ടെങ്കിലും വെളിപ്പാടിലെ പ്രതീകങ്ങൾ മിക്കവയും പഴയനിയമത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്. അളവുകോലിന്റെ മറ്റെ അറ്റത്ത് സത്വര സന്ദർഭമാണ് പദത്തിന്റെ അല്ലെങ്കിൽ ആശയത്തിന്റെ അർത്ഥം സംബന്ധിച്ച് അവസാന വിധികർത്താവായി വരേണ്ടത്. പൗലൊസ് ഫിലിപ്പിയർ 1 ൽ ഉപയോഗിച്ചിരിക്കുന്ന ഒരു പദം അതേ അർത്ഥത്തിൽ തന്നെയാണ് ഫിലിപ്പിയർ 2 ൽ ഉപയോഗിച്ചിരിക്കുന്നത് എന്നതിന് ഒരു ഉറപ്പുമില്ല. ഭാഷ ആ രീതിയിൽ പ്രവർത്തിക്കുന്നില്ല. കാരണം ഓരോ വാക്കിനും ധാരാളം അർത്ഥങ്ങളുണ്ട്. എഴുത്തുകാരന്റെ ഉപയോഗം, മുമ്പിലത്തെ അവന്റെ ഉപയോഗത്തിലെന്നതിലുപരി സത്വര സന്ദർഭത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. നല്ല ഒരു ഉദാഹരണം, യോഹ. 14:27 ലും 16:28 ലുമുള്ള *അഫിയേമി* എന്ന പദത്തിന്റെ ഉപയോഗമാണ്: 14:27, “സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു,” 16:28, “പിന്നെയും ലോകത്തെ വിട്ടു പിതാവിന്റെ അടുക്കൽ പോകുന്നു.” ഒന്നിനെ ഉപയോഗിച്ച് മറ്റേതിനെ വ്യാഖ്യാനിക്കുവാൻ നമുക്കു കഴികയില്ല. കാരണം അവയുടെ ഉപയോഗം തികച്ചും വിപരീതമാണ്. ഒന്നാമത്തേതിൽ യേശു ശിഷ്യന്മാർക്ക് ഒരു കാര്യം കൊടുക്കുന്നു. രണ്ടാമത്തേതിൽ അവൻ ഒരു കാര്യം (തന്നെത്തന്നേ) അവരിൽ നിന്ന് എടുത്തു മാറ്റുന്നു. ഈ പദത്തിന്റെ പൊതുവായ ഉപയോഗം (1 യോഹ. 1:9 ലേതുപോലെ) “പാപക്ഷമ” എന്നാണെന്നും കാണാൻ കഴിയും. പദത്തിന്റെ നാനാർത്ഥം നിർണ്ണയിക്കാൻ മറ്റു ഭാഗങ്ങൾ നമ്മെ സഹായിക്കുമെങ്കിലും അപ്പോഴത്തെ സന്ദർഭമാണ് യഥാർത്ഥ അർത്ഥം കണ്ടുപിടിക്കാൻ സഹായിക്കുന്നത്” (പേ. 21).

▣ **“നിങ്ങളുടെ ഹൃദയം കലങ്ങരുത്”** “നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി നിർത്തുക” എന്നണർത്ഥമുള്ള നിഷേധാത്മക ഘടകം അടങ്ങിയ വർത്തമാനകാല കർമ്മണി കല്പനയാണിത്. വാ. 1 ന്റെ ആവർത്തനമാണിത്.

**14:28 “നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ”** വാ. 7 നു സമാനമായ മധ്യമപുരുഷ സോപാധിക വാചകമാ

ണിത്. "വസ്തുതാ വിരുദ്ധം" എന്നിതു വിളിക്കപ്പെടുന്നു. യേശു പിതാവിന്റെ അടുക്കൽ പോകുന്നതും ആത്മാവിനെ അയയ്ക്കുന്നതും നല്ലതാണ്. പക്ഷേ അവരത് ഈ സമയത്തു ഗ്രഹിച്ചില്ല.

▣ **"പിതാവ് എന്നെക്കാൾ വലിയവനല്ലോ"** പുത്രൻ സമനല്ല എന്നു പ്രസ്താവിക്കുകയല്ല ഈ വാക്യത്തിന്റെ ലക്ഷ്യം, മറിച്ച് മനുഷ്യന്റെ രക്ഷയോടുള്ള ബന്ധത്തിൽ ത്രിത്വത്തിനുള്ളിലെ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ട പ്രസ്താവനയാണിത് (ഒ.നോ. 10:29-30). പുത്രന്റെ ഈ കീഴ്പ്പെട്ടിരിക്കൽ ഒരു പ്രത്യേക കാലഘട്ടത്തേക്ക്, വെളിപ്പാടിനും വീണ്ടെടുപ്പിനും വേണ്ടിയുള്ള ത്രിയേക ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഭൂമിയിൽ പാർക്കുന്ന കാലത്തോളം മാത്രമാണ് (ഒ.നോ. 17:4-5; ഫിലി. 2:6-11). എങ്കിലും അയയ്ക്കുന്നവനെന്ന നിലയിൽ പിതാവാണ് ഉന്നതൻ എന്ന സൂചനയുമുണ്ട് (ഒ.നോ. 13:16; 1 കൊരി. 15:27-28; എഫെ. 1:3-14).

**14:29 "അതു സംഭവിക്കും മുമ്പെ നിങ്ങളോടു പറഞ്ഞിരിക്കുന്നു"** അവരുടെ വിശ്വാസം വർദ്ധിക്കേണ്ടതിനാണ് ഇത് (ഒ.നോ. 13:19; 16:4).

**14:30**
**NASB "ലോകത്തിന്റെ പ്രഭു"**
**NKJV, NRSV,**
**TEV "ഈ ലോകത്തിന്റെ പ്രഭു"**
**NJB "ഈ ലോകത്തിന്റെ രാജകുമാരൻ"**
ഇതു സാത്താനെ സൂചിപ്പിക്കുന്നു, ഭൂമിയാണ് ഇപ്പോൾ അവന്റെ പ്രവർത്തന മണ്ഡലം (ഒ.നോ. 12:31; 16:11; 2 കൊരി. 4:4, "ഈ ലോകത്തിന്റെ ദൈവം," എഫെ. 2:2, "ആകാശത്തിലെ അധികാരത്തിന് അധിപതി"). യൂദായുടെ പുറത്തുപോകൽ സാത്താന്റെ വരവായി യേശു കണ്ടിരിക്കാൻ സാധ്യതയുണ്ട് (ഒ.നോ. 13:27). 12:31 ലെ പ്രത്യേക പഠനവിഷയം കാണുക.

▣
**NASB, NKJV "അവന് എന്നിൽ ഒന്നുമില്ല"**
**NRSV, TEV, NJB "അവന് എന്റെമേൽ ഒരധികാരവും ഇല്ല"**
സാത്താന് കുറ്റാരോപണത്തിന് ഒരടിസ്ഥാനമോ, തന്റെമേൽ ഒരധികാരമോ, അല്ലെങ്കിൽ യേശുവുമായി ഒന്നിലും സമാനതയോ ഇല്ല എന്നാണർത്ഥം (ഒ.നോ എബ്രാ. 4:15).

1. ജെയിംസ് മോഫറ്റ് തർജ്ജമ ചെയ്തിരിക്കുന്നത്, "അവന് എന്റെമേൽ ഒരു പിടിയുമില്ല"
2. വില്യം എഫ്. ബക്ക് "അവന് എന്റെമേൽ ഒരു അവകാശവാദവും ഇല്ല"
3. ന്യൂ ഇംഗ്ലീഷ് ബൈബിൾ, "എന്റെമേൽ ഒരു അവകാശവും ഇല്ല"
4. ട്വന്റിയത്ത് സെഞ്ചുറി ന്യൂ ടെസ്റ്റ്മെന്റ് "എന്നോട് സമാനതയുള്ള ഒന്നുമില്ല"

**14:31 "പിതാവു എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു"** യേശു മരിക്കുക എന്നത് പിതാവിന്റെ ഹിതമാണ് (ഒ.നോ. യെശ. 53:10; മർക്കൊ. 10:45; 2 കൊരി. 5:21). കാണുക, 12:50 ലെ പ്രത്യേക പഠനവിഷയം: യോഹന്നാന്റെ രചനകളിൽ "കല്പന''യുടെ ഉപയോഗം.

▣ **"എങ്കിലും ... ലോകം അറിയട്ടെ"** സാത്താൻ ദൈവഹിതത്തിനുള്ളിലാണ്, മനുഷ്യന്റെ വീണ്ടെടുപ്പ് എന്ന ദൈവത്തിന്റെ ആത്യന്തിക ഉദ്ദേശ്യത്തിനായി അവൻ ഉപയോഗിക്കപ്പെടുകയുമാണ്. See, A. B. Davidson, *The Theology of the Old Testament*, pp. 300-306.

▣ **"എഴുന്നേല്പിൻ; നാം പോക"** വർത്തമാനകാല മധ്യമ കല്പനയാണിത്. ഇത് വളരെ പ്രയാസകരമായ ഒരു പ്രയോഗമാണ്. കാരണം, മത്തായിയിലും മർക്കൊസിലും ഇത് ഗത്സമന തോട്ടത്തിൽ യൂദാ ചേവകരോടൊപ്പം യേശുവിനെ സമീപിക്കുന്നിടത്താണു കാണുന്നത്. മാളിക മുറിയിലെ സന്ദർഭത്തിൽ (അധ്യായം 13-17) ഇത് ഉപയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടെന്ന് കൃത്യമായി പറയുക സാധ്യമല്ല. യേശു മാളികമുറിയിൽ നിന്നിറങ്ങി ഗത്സമേനയിലേക്കുള്ള വഴിയിൽ വെച്ച് ഉപദേശിച്ചിരിക്കാനാണു സാധ്യത (ഒ.നോ. 18:1).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. വാ. 1 ന്റെ അടിസ്ഥാനത്തിൽ ദൈവവാദം, ദ്വൈതവാദം, ക്രിസ്ത്യാനിത്വം എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക.

2. വാ. 6 ൽ കാണുന്ന മൂന്നു നാമപദങ്ങളുടെ പഴയനിയമ പശ്ചാത്തലം വിശദീകരിക്കുക.
3. വാ. 13 ന്റെ അടിസ്ഥാനത്തിൽ മാത്രം ഒരുവനു പ്രാർത്ഥനയുടെ ദൈവശാസ്ത്രം നിർമ്മിക്കാൻ കഴിയുമോ?
4. പരിശുദ്ധാത്മാവിന്റെ മുഖ്യ ഉദ്ദേശ്യം എന്താണ്? (നഷ്ടപ്പെട്ടവരോടും രക്ഷിക്കപ്പെട്ടവരോടും ഉള്ള ബന്ധത്തിൽ)
5. സാത്താൻ ദൈവഹിതത്തിൽ ഉൾപ്പെട്ടിരിക്കുന്നുവോ?

# യോഹന്നാൻ 15

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശു സാക്ഷാൽ മുന്തിരിവള്ളി | സാക്ഷാൽ മുന്തിരിവള്ളി | ക്രിസ്തീയ വിശ്വാസി യുടെ ജീവിതത്തിന്റെ മാതൃക | യേശു യഥാർത്ഥ മുന്തിരിവള്ളി | സാക്ഷാൽ മുന്തിരിവള്ളി |
| 15:1–10 | 15:1–8 | 15:1–11 | 15:1–4 | 15:1–17 |
| | സ്നേഹവും സന്തോഷവും പൂർണ്ണമാകുന്നു | | 15:5–10 | |
| | 15:9–17 | | | |
| 15:11–17 | | | 15:11–17 | |
| | | 15:12–17 | | |
| ലോകത്തിന്റെ പക | ലോകത്തിന്റെ പക | | ലോകത്തിന്റെ പക | ശിഷ്യന്മാരും ലോകവും |
| 15:18–16:4a | | | | 15:18–16:4a |
| 15:18–25 | 15:18–25 | 15:18–25 | 15:18–25 | |
| | ആസന്നമായ നിരാസം | | | |
| 15:26–16:4a | 15:18–16:4 | 15:26–27 | 15:18–16:4a | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## യോഹന്നാൻ 15:1–27 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ഇത് അതിശയകരമായതും അസ്വസ്ഥതയുളവാക്കുന്നതുമായ വേദഭാഗമാണ്! ഇത് വിശ്വാസികൾക്ക് ദൈവത്തിന്റെ സ്നേഹത്തിന്റെയും ഫലപ്രാപ്തികൾക്ക് ദൈവത്തിന്റെ സ്നേഹത്തിന്റെയും ഫലപ്രാപ്തിയുടെ വാഗ്ദാനത്തിന്റെയും വലിയ ധൈര്യം നൽകുകയും ഒപ്പം കർശനമായ മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു! ഈ ഭാഗത്തെ സംബന്ധിച്ച് ദൈവശാസ്ത്രപാരമ്പര്യങ്ങൾ ചർച്ച ചെയ്യുക ദുഷ്കരമാണ്; എന്റെ ഇഷ്ട വ്യാഖ്യാതാവായ എഫ്.എഫ്. ബ്രൂസിന്റെ answer to question ൽ നിന്നും ഞാൻ ഉദ്ധരിക്കട്ടെ.
"യോഹ. 15:4,6. 15:4,6 ലെ "വസിച്ചിട്ടല്ലാതെ," "വസിക്കാത്തവനെ" എന്നീ പ്രസ്താവനകളുടെ അർത്ഥമെന്താണ്? ക്രിസ്തുവിൽ വസിക്കാതിരിക്കുക സാധ്യമാണോ?"
ഇതുപോലെയുള്ള വേദഭാഗങ്ങൾ അവയിൽ തന്നെ പ്രയാസകരമല്ല; അവയെയും അതുപോലെയുള്ള മറ്റു ഭാഗ

ങ്ങളെയും നമ്മുടെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമാക്കുന്നതിനു പകരം നമ്മുടെ ദൈവശാസ്ത്രത്തിനനുസരിച്ച് രൂപപ്പെടുത്തുമ്പോഴാണ് പ്രയാസകരമായി തോന്നുന്നത്. നമ്മുടെ കർത്താവ് സംസാരിക്കുന്ന ആ സമയത്ത്, അവനിൽ വസിക്കുന്നതിൽ പരാജയപ്പെട്ട ഒരുവന്റെ ജീവിക്കുന്ന ഉദാഹരണം ഉണ്ടായിരുന്നു - അവരെ വിട്ടുപോയ ഈസ്കര്യോത്താ യൂദാ. യൂദയും അവന്റെ പതിനൊന്നു സഹചാരികളെപ്പോലെ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു (ലൂക്കൊ. 6:13; യോഹ. 6:70); യേശുവുമായുള്ള സഹവാസത്തിലൂടെ എല്ലാവർക്കും തുല്യമായ അനുഗ്രഹങ്ങളാണു ലഭിച്ചിരുന്നതും. പിന്മാറ്റത്തിന്റെ അപകടാവസ്ഥയെക്കുറിച്ചു മുന്നറിയിപ്പു തരുന്ന വ്യക്തമായ വേദഭാഗങ്ങളെ മറികടക്കുന്നതിനുള്ള ഒഴികഴിവായി വിശ്വാസികളുടെ രക്ഷാ ഭദ്രതയെക്കുറിച്ചുള്ള വേദഭാഗങ്ങളെ ദുരുപയോഗപ്പെടുത്തരുത്" (പേ. 71-72).

B. ദൈവശാസ്ത്രപരമായി "വർത്തമാനകാലം" പ്രതീക്ഷിക്കുന്ന സ്ഥാനത്ത് എത്രയധികം "ഭൂതകാലം" ഉപയോഗിക്കുന്നത് വിസ്മയകരമാണ്. ഒരുവന്റെ ജീവിതത്തിന്റെ ആകെത്തുക എടുത്ത് അതിനെ ഒന്നായി കാണുന്ന അർത്ഥത്തിലാകാം ഭൂതകാലം ഉപയോഗിച്ചിരിക്കുന്നത്.

C. അദ്ധ്യായം 15 ന്റെ ഖണ്ഡികാ വിഭജനം നിശ്ചയിക്കാനാവില്ല. യോഹന്നാൻ, 1 യോഹന്നാൻ പോലെ വിവിധ നിറങ്ങളുടെ ഒരു ചിത്ര കംബളംപോലെയാണ്. പാറ്റേണുകൾ ആവർത്തിച്ചാവർത്തിച്ചു വരുന്നു.

D. "വസിക്കുക" (*മെനോ-μενω*) എന്ന പദം പുതിയ നിയമത്തിൽ 112 പ്രാവശ്യം കാണാം. ഇതിൽ 40 എണ്ണം യോഹന്നാന്റെ സുവിശേഷത്തിലും 26 എണ്ണം അവന്റെ ലേഖനങ്ങളിലുമാണ്. യോഹന്നാനെ സംബന്ധിച്ച് ഇതൊരു മുഖ്യമായ ദൈവശാസ്ത്രപദമാണ്. അപ്പൊ. പ്രവൃ. 15, നാം അവനിൽ വസിക്കണമെന്ന യേശുവിന്റെ കല്പനയുടെ ക്ലാസിക് വെളിപ്പെടുത്തലാണെങ്കിലും ഈ പദത്തിന് യോഹന്നാനിൽ വിശാല അർത്ഥമുണ്ട്.

1. ന്യായപ്രമാണം എന്നേക്കും വസിക്കുന്നു (മത്താ. 5:17-18), അതുപോലെ ക്രിസ്തുവും (12:34).
2. എബ്രായ ലേഖനം ഒരു പുതിയ വെളിപ്പാടിന്റെ മാർഗത്തെ ചൂണ്ടിക്കാണിക്കുന്നത്, ദാസനിലൂടെയല്ല വസിക്കുന്ന പുത്രനിലൂടെയാണെന്നാണ് (എബ്രാ. 1:1-3; അതുപോലെ യോഹ. 8:35).
3. യേശു നിലനിൽക്കുന്ന അപ്പം നൽകുന്നു (6:27), നിലനിൽക്കുന്ന ഫലം കായ്ക്കുന്നു (15:16). ഈ രണ്ടു സാദൃശ്യങ്ങളും ഒരേ സത്യത്തെ, (1) പ്രാരംഭമായും (2) തുടർമാനമായും നമുക്കു ക്രിസ്തുവിനെ ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു (ഒ.നോ. 6:53, 15:3).
4. യേശുവിന്റെ സ്നാന സമയത്ത് ആത്മാവ് ഇറങ്ങി വരുന്നതും അവന്റെ മേൽ വസിക്കുന്നതും യോഹന്നാൻ സ്നാപകൻ കണ്ടു (1:32).

E. കാണുക, 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക.

F. വാ. 11-16 ൽ ശിഷ്യന്മാർക്ക് യേശുവിന്റെ സന്തോഷം വാഗ്ദത്തം ചെയ്യപ്പെടുന്നു, എന്നാൽ 17-27 ൽ യേശുവിന്റെ പീഡനം വാഗ്ദത്തം ചെയ്യപ്പെടുന്നു. പീഡനത്തിന്റെ സന്ദർഭം 16:4 മുതൽ കാണാം. എങ്കിലും ഇതിന്റെയെല്ലാം മധ്യത്തിലും അവൻ അവരെ സ്നേഹിച്ചതുപോലെ വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം!

**യോഹന്നാൻ 15:1-11**

**ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. [2]എന്നിൽ കായ്ക്കാത്ത**
**കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു**
**ചെത്തി വെടിപ്പാക്കുന്നു. [3]ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ**
**ശുദ്ധിയുള്ളവരാകുന്നു. [4]എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന്നു മുന്തിരിവള്ളിയിൽ**
**വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ട ല്ലാതെ നിങ്ങൾക്കു**
**കഴിയുകയില്ല. [5]ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ**
**അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും**
**ചെയ്‌വാൻ കഴികയില്ല. [6]എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ**
**ഉണങ്ങിപ്പോ കുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തു പോകും. [7]നിങ്ങൾ എന്നിലും എന്റെ**
**വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേ ക്ഷിപ്പിൻ; അതു നിങ്ങൾക്കു**
**കിട്ടും. [8]നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വ പ്പെടുന്നു; അങ്ങനെ നിങ്ങൾ**
**എന്റെ ശിഷ്യന്മാർ ആകും. [9]പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു**
**എന്റെ സ്നേഹത്തിൽ വസിപ്പിൻ. [10]ഞാൻ എന്റെ പിതാവിന്റെ കല്പന കൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ**
**വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല് പനകൾ പ്രമാണി ച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും**
**[1]എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു**
**നിങ്ങളോടു സംസാരിച്ചിരിക്കുന്നു.**

**15:1 "ഞാൻ സാക്ഷാൽ മുന്തിരിവള്ളി"** ഇത് യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രസിദ്ധമായ 'ഞാൻ ആകുന്നു' പ്രസ്താവനകളിലൊന്നാണ് (ഒ.നോ. 4:26; 6:35; 8:12; 10:7,9,10,11,14; 11:25; 14:6). പഴയനിയമത്തിൽ മുന്തിരിവള്ളി യിസ്രായേലിന്റെ പ്രതീകമാണ് (സങ്കീ. 80:8-16; യെശ. 5:1-7; യിരെ. 2:21; യെഹെ. 15; 19:10; ഹോശേ. 10:1; മത്തായി 21:33 മുതൽ; മർക്കൊ. 12:1-12; റോമ. 11:17 മുതൽ). പഴയ നിയമത്തിൽ ഈ ഉദാഹരണങ്ങൾക്ക് എപ്പോഴും നിഷേധാത്മക അർത്ഥമാണുണ്ടായിരുന്നത്. താനാണ് യഥാർത്ഥ യിസ്രായേല്യൻ എന്ന് യേശു ഉറപ്പിക്കുകയാണ് (ഒ.

നോ. യെശ. 53). പൗലൊസ് സഭയുടെ സാദൃശ്യമായി ക്രിസ്തുവിന്റെ ശരീരം, ക്രിസ്തുവിന്റെ മണവാട്ടി, ദൈവത്തിന്റെ കെട്ടിടം എന്നിവ ഉപയോഗിക്കുന്നതുപോലെ യോഹന്നാൻ മുന്തിരിവള്ളിയെ ഉപയോഗിക്കുന്നു. യഥാർത്ഥ മുന്തിരിവള്ളിയായ യേശുവിനോടുള്ള ബന്ധത്തിലൂടെ സഭയാണ് യഥാർത്ഥ യിസ്രായേലെന്ന് ഇതു സൂചിപ്പിക്കുന്നു (ഒ.നോ. ഗലാ. 6:16; 1 പത്രൊ. 2:5,9; വെളി. 1:6). 6:55 ലും 17:3 ലും ഉള്ള പ്രത്യേക പഠനവിഷയം കാണുക. 8:12 ലെ കുറിപ്പു കാണുക.

14:31 ലെ "എഴുന്നേല്പിൻ; നാം പോക" എന്ന പ്രസ്താവനയോടെ മാളിക മുറിയിലെ സംഭാഷണം അവസാനിച്ചതായി ചില വ്യാഖ്യാതാക്കൾ സമർത്ഥിക്കുന്നു. അങ്ങനെയെങ്കിൽ അദ്ധ്യാ. 15-17, ഗത്ത്സമനയിലേക്കുള്ള യാത്രാമദ്ധ്യേ ഉപദേശിച്ചതാണ്. അങ്ങനെയെങ്കിൽ 'മുന്തിരിവള്ളി'യുടെ സാദൃശ്യം, യേശുവും ശിഷ്യന്മാരും രാത്രിയിൽ ദൈവാലയ പ്രാകാരത്തിലൂടെ നടന്നപ്പോൾ കണ്ട മന്ദിരത്തിലെ സ്വർണ്ണ മുന്തിരിവള്ളിയിൽ നിന്നും എടുത്തിട്ടുള്ളതാണ്.

▣ **"എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു"** യേശു വീണ്ടും പിതാവുമായുള്ള തന്റെ ആഴമായ ബന്ധത്തെയും പിതാവിന്റെ ഇഷ്ടത്തിനു താൻ കീഴ്പ്പെട്ടിരിക്കുന്നതിനെയും ഉറപ്പിച്ചു പറയുന്നു.

**15:2 "എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു"** വർത്തമാനകാല കർമ്മണി ഘടകം ഈ വാക്യത്തിൽ രണ്ടു പ്രാവശ്യം വരുന്നു. മുളപൊട്ടലല്ല, ഫലം കായ്ക്കലാണ് രക്ഷയുടെ തെളിവ് (ഒ. നോ. മത്താ. 7:16,20; 13:18 മുതൽ; 21:18-22; ലൂക്കൊ. 6:43-45). യേശു സംസാരിക്കുന്നത്, (1) യൂദായുടെ ഒറ്റിക്കൊടുക്കൽ (ഒ.നോ. വാ. 6; 3:10; 17:12) അല്ലെങ്കിൽ (2) കള്ള ശിഷ്യന്മാരെക്കുറിച്ച് (ഒ.നോ. 2:23-25; 8:30-47; 1 യോഹ. 2:19; 2 പത്രൊ. 2) ആണെന്ന് സന്ദർഭം വ്യക്തമാക്കുന്നു. യോഹന്നാനിൽ വിശ്വാസത്തിന് പല നിലകളുണ്ട്.

▣ **"ചെത്തി വെടിപ്പാക്കുന്നു"** ഇത് അക്ഷരാർത്ഥത്തിൽ 'ശുദ്ധീകരിക്കുന്നു' എന്നാണ്. മുന്തിരിവള്ളിയിൽ പ്രൂണിംഗ് നടത്തുന്നതിനെ സൂചിപ്പിക്കുവാൻ ഫിലോ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (BDBD 386). പുതിയ നിയമത്തിൽ ഇവിടെ മാത്രമെ ഈ പദം ഉപയോഗിച്ചിട്ടുള്ളൂ. യോഹന്നാൻ തിരഞ്ഞെടുത്ത ദ്വയാർത്ഥമുള്ള മറ്റൊരു പദമാണിത് (അതാ. ചെത്തുകയും വെടിപ്പാക്കുകയും, ഒ.നോ. വാ. 3; 13:10). ഇതു വർത്തമാനകാല കർത്തരി സൂചകമാണ്. വിശ്വാസികളുടെ ജീവിതത്തിലെ കഷ്ടതയ്ക്ക് ഉദ്ദേശ്യമുണ്ട് (ഒ.നോ. വാ. 17-22). അതു കൂടുതൽ ഫലം ഉളവാക്കുന്നു, വ്യാജഫലത്തെ വെളിച്ചത്തു കൊണ്ടുവരുന്നു, അവരെ ദൈവാശ്രയത്തിൽ നിലനിർത്തുന്നു (ഒ. നോ. മത്താ. 13:20-23; റോമ. 8:17; 1 പത്രൊ. 4:12-16). ഈ വിഷയം സംബന്ധിച്ചുള്ള രണ്ടു പ്രായോഗിക ഗ്രന്ഥങ്ങൾ ഇവയാണ്: (1) *Principles of Spiritual Growth* by Miles Stanford and (2) *The Christian's Secret of a Happy Life* by Hannah Withall Smith.

13-17 ന്റെ സംയുക്ത പശ്ചാത്തലം നിമിത്തം ഈ വെടിപ്പാക്കലിനെ 13 ലെ കാൽ കഴുകലിനോടു ബന്ധപ്പെടുത്തുക സാധ്യമാണ്. അവർ കുളിച്ചിരിക്കുന്നവരാണ് (രക്ഷിക്കപ്പെട്ടവർ), എങ്കിലും അവരുടെ കാൽ കഴുകേണ്ടതുണ്ട് (തുടർമാനമായ പാപക്ഷമ). ഈ വർത്തമാനകാല ക്രിയ, 1 യോഹ. 1:9 ൽ ഉറപ്പാക്കുന്ന രീതിയിൽ ശിഷ്യന്മാരെ അഭിസംബോധന ചെയ്യുന്നു. അത് "വസിക്കുക" എന്നതിനാവശ്യമായ അനുസരണം മാത്രമല്ല, തുടർമാനമായ മാനസാന്തരവും കൂടിയാണ്.

വിശ്വാസിയുടെ ജീവിതത്തിലെ കഷ്ടതയുടെ ഉദ്ദേശ്യത്തിന് നിരവധി വശങ്ങളുണ്ട്.

1. ക്രിസ്തു സാദൃശ്യം വികസിപ്പിക്കുക (ഒ.നോ. എബ്രാ. 5:8).
2. പാപത്തിനുള്ള ഭൂമിയിലെ ശിക്ഷ
3. വീഴ്ച സംഭവിച്ച ലോകത്തിലെ ജീവിതത്തിന്റെ സ്വാഭാവിക അനുഭവം

ദൈവികോദ്ദേശ്യം തിരിച്ചറിയുക പ്രയാസമാണെങ്കിലും നമ്പർ 1 എപ്പോഴും സാധ്യമായ ഫലമാണ്.

**15:3 "നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു"** വാ. 2 ലെ "ചെത്തുക" (*കത്തായിറോ-καθαιρω*) എന്ന പദം 'വെടിപ്പാക്കുക" (*കത്തറോസ്-καθαρος*) എന്ന അതേ മൂലത്തിൽ നിന്നുള്ളതാണ്. ഈ മുഴു സന്ദർഭവും യഥാർത്ഥ ശിഷ്യത്വത്തിന്റെ തെളിവ് ഉൾക്കൊള്ളുന്നതാണ്. "ഇപ്പോൾ" (ഇപ്പോൾ തന്നെ) എന്ന പദം ഗ്രീക്കിൽ സൂചിപ്പിക്കുന്നത്, ബാക്കി പതിനൊന്നു ശിഷ്യന്മാരും ക്രിസ്തുവിലുള്ള തങ്ങളുടെ പദവിയുടെ സുരക്ഷിതത്വം സംബന്ധിച്ച് ഉറപ്പുള്ളവരായിരുന്നു എന്നാണ് (13:10 ൽ അതേ മൂലപദം യൂദാ ഈസ്കാര്യോത്താവിനെ സൂചിപ്പിക്കുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ).

▣ **"ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം"** (ഒ.നോ. 17:17; എഫെ. 5:26; 1 പത്രൊ. 1:23).

15:4

| | |
|---|---|
| **NASB, NKJV** | **"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും"** |
| **NRSV** | **"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും"** |
| **TEV** | **"എന്നോടു ചേർന്നു നിലനില്പിൻ, ഞാൻ നിങ്ങളോടു ചേർന്നു നിലനില്ക്കും"** |
| **NJB** | **"എന്നിൽ നിലനില്പിൻ, ഞാൻ നിങ്ങളിലും"** |

ഇതൊരു സാമാന്യ കർത്തരി കല്പനാ ബഹുവചനമാണ് (ഒ.നോ. യോഹ. 6:56; 1 യോഹ. 2:6). രണ്ടാമത്തെ പ്രയോഗം വിവരണമാണോ അതോ താരതമ്യമാണോ എന്നതാണ് വ്യാകരണപരമായ ചോദ്യം. ഈ വേദഭാഗത്ത് വ്യാകരണപരമായ ചോദ്യം. ഈ വേദഭാഗത്ത് അനേക സ്ഥലത്ത് യഥാർത്ഥ ശിഷ്യന്റെ സ്ഥിരോത്സാഹമെന്ന ദൈവശാസ്ത്രപരവും ഉപദേശപരവുമായ ഊന്നൽ നൽകിയിരിക്കുന്നു (ഒ.നോ. വാ. 4,5,6,7,8,10,14; മർക്കൊ. 13:13; 1 കൊരി. 15:2; ഗലാ. 6:9; വെളി. 2:7,11,17,16; 3:5,12,21; 21:7; 8:31 ലെ പ്രത്യേക പഠന വിഷയം കാണുക).

യഥാർത്ഥ രക്ഷയെന്നത് ആരംഭമുള്ളതും തുടർമാനമായതുമായ പ്രതികരണമാണ്. ഈ ദൈവശാസ്ത്ര സത്യത്തെ പലപ്പോഴും, രക്ഷയെ സംബന്ധിച്ച നമ്മുടെ വ്യക്തിപരമായ ഉറപ്പു നിമിത്തം അവഗണിക്കുകയാണു പതിവ്. വേദപുസ്തക ഭദ്രത ബന്ധപ്പെട്ടിരിക്കുന്നത്:

1. വിശ്വാസത്തിലുള്ള നിലനില്പ്പ്
2. മാനസാന്തരത്തിന്റെ ജീവിത ശൈലി
3. തുടർമാനമായ അനുസരണം (ഒ.നോ. യാക്കോബ്; 1 യോഹന്നാൻ)
4. ഫലം കായിക്കൽ (ഒ.നോ. മത്താ. 13:23).

കാണുക, 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം: "വസിക്കുക"

▣ **"കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ"** ഇത് പ്രഥമ പുരുഷ സോപാധിക വാചകങ്ങളാണ്. ക്രിയാത്മക പ്രവൃത്തിയെ ആണതു സൂചിപ്പിക്കുന്നത്. യേശുവിനോടുള്ള നിരന്തരമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ആത്മീയ ഫലദായകത്വം നിൽക്കുന്നത്.

▣ **"കൊമ്പിനു ... ഫലം കായ്പ്പാൻ കഴികയില്ല"** ദൈവിക ദാനത്തിന്റെ മുൻഗണനയെ ഇതു സൂചിപ്പിക്കുന്നു. വാ. 5 ലെ കുറിപ്പ് "ഫലം" കാണുക.

**15:5 "ഒരുത്തൻ എന്നാലും ഞാൻ അവനിലും വസിക്കുന്നു എങ്കിലും അവൻ വളരെ ഫലം കായ്ക്കും"** ഇത് വർത്തമാനകാല കർത്തരി വിവേചക ഭേദകവും തുടർന്നുവരുന്ന വർത്തമാനകാല കർത്തരി സൂചകവുമാണ്. തുടർമാനമായ കൂട്ടായ്മയാണ് (അതാ. വ്യക്തിപരമായ വിശ്വാസബന്ധം) തുടർമാനമായ ഫലം കായ്ക്കലിന്റെ ഉറവിടം. ഫലം വിശ്വാസികളുടെ മനോഭാവത്തെയും പ്രവൃത്തികളെയും സൂചിപ്പിക്കുന്നു (ഒ.നോ. മത്താ. 7:15–23; ഗലാ. 5:22–23; 1 കൊരി. 13). വിശ്വാസികൾ വസിക്കുന്നുവെങ്കിൽ, ഫലകരവും നിലനിൽക്കുന്നതുമായ ഫലം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു (ഒ.നോ. വാ. 16).

▣ **"എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല"** ഇതു ശക്തമായ ഇരട്ട നെഗറ്റീവാണ്. വാ. 5 ലും ഫിലി. 4:13 ലും കാണുന്ന സാധകാത്മക സത്യത്തിന്റെ നിഷേധാത്മക പ്രസ്താവനയാണിത്.

**15:6 "എന്നിൽ വസിക്കാത്തവനെ ... പുറത്തു കളഞ്ഞിട്ടു"** ഇത് പ്രഥമ പുരുഷ സോപാധിക വാചകമാണ്. മുന്തിരിയുടെ തടി ഒന്നിനും (വിറകിന്) ഉപകരിക്കുന്നില്ല. കാരണം അതു പെട്ടെന്ന് ആളിക്കത്തി തീരും (ഒ.നോ. യെഹെ. 15). ഇതു യൂദായെക്കുറിച്ചും ചിലപ്പോൾ യിസ്രായേലിനെക്കുറിച്ചുമുള്ള പരാമർശമാകാം. അതല്ലെങ്കിൽ വ്യാജവിശ്വാസത്തെക്കുറിച്ചുള്ള സൂചനയാകാം (ഒ.നോ. മത്താ. 13:41–42, 50; 1 യോഹ. 2:19. 17:12 ലെ പ്രത്യേക പഠനവിഷയം കാണുക).

ഇതു തീർച്ചയായും അന്ത്യകാല സംബന്ധിയായ സാദൃശ്യമാണ്. അന്നാളിൽ ഒരു "ശേഖരിക്കുന്ന ദിവസവും" "തീക്കിരയാകുന്ന ദിവസവും" ഉണ്ട്. നാം എങ്ങനെ ജീവിക്കുന്നു എന്നത് നമ്മുടെ ജീവിതത്തിന്റെ ഉറവിടത്തെ വെളിപ്പെടുത്തുന്നു (അതാ. ദൈവം അഥവാ സാത്താൻ). ഒരുവന്റെ ഫലത്താൽ നിങ്ങൾക്കതു തിരിച്ചറിയാം (ഒ.നോ. മത്താ. 7; ഗലാ. 6:7).

▣ "തീ" താഴെയുള്ള പ്രത്യേക പഠനവിഷയം കാണുക

## പ്രത്യേക പഠനവിഷയം: തീയ്

തിരുവചനത്തിൽ തീക്ക് സാധകാത്മകവും നിഷേധാത്മകവുമായ അർത്ഥങ്ങളുണ്ട്.

A. സാധകാത്മകം
1. ചൂടുനൽകുന്നു (ഒ.നോ. യെശ. 44:15; യോഹ. 18:18)
2. വെളിച്ചം നൽകുന്നു (ഒ.നോ. യെശ. 50:11; മത്താ. 25:1–3)
3. വേവിക്കുന്നു (ഒ.നോ. പുറ. 12:8; യെശ. 44:15–16; യോഹ. 21:9)
4. ശുദ്ധീകരിക്കുന്നു (ഒ.നോ. സംഖ്യ. 31:22–23; സദൃ. 17:3; യെശ. 1:25; 6:6–8; യിരെ. 6:29; മലാ. 3:2–3)
5. വിശുദ്ധി (ഒ.നോ. ഉല്പ. 15:17; പുറ. 3:2; 19:18; യെഹെ. 1:27; എബ്രാ. 12:29)
6. ദൈവിക നേതൃത്വം (ഒ.നോ പുറ. 13:21; സംഖ്യ. 14:14; 1 രാജാ. 18:24)
7. ദൈവിക ശക്തിപ്പെടുത്തൽ (ഒ.നോ. പ്രവൃ. 2:3)
8. സംരക്ഷണം (ഒ.നോ. സെഖ. 2:5)

B. നിഷേധാത്മകം
1. തീക്കിരയാക്കുന്നു (ഒ.നോ. യോശു. 6:24; 8:8; 11:11; മത്താ. 22:7)
2. നശിപ്പിക്കുന്നു (ഒ.നോ. ഉല്പ. 19:24; ലേവ്യ. 10:1–2)
3. കോപം (ഒ.നോ. സംഖ്യ. 21:28; യെശ. 10:16; സെഖ. 12:6)
4. ശിക്ഷ (ഒ.നോ. ഉല്പ. 38:24; ലേവ്യ. 20:14; 21:9; യോശു. 7:15)
5. അന്ത്യകാല സംബന്ധിയായ വ്യാജ അടയാളം (ഒ.നോ. വെളി. 13:13).

C. പാപത്തിനെതിരായ ദൈവത്തിന്റെ കോപം അഗ്നി സാദൃശ്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു.

1. അവന്റെ കോപം ജ്വലിക്കുന്നു (ഒ.നോ. ഹോശേ. 8:5; സെഫ. 3:8)
2. അവൻ അഗ്നി പകരുന്നു (ഒ.നോ. നഹൂം 1:16)
3. നിത്യാഗ്നി (ഒ.നോ. യിരെ. 15:14; 17:4)
4. അന്ത്യകാല ന്യായവിധി (ഒ.നോ. മത്താ. 3:10; 13:40; യോഹ. 15:6; 2 തെസ്സ. 1:7; 2 പത്രൊ. 3:7-10; വെളി. 8:7; 16:8)

D. ബൈബിളിലെ നിരവധി സാദൃശ്യങ്ങൾ പോലെ (അതാ. പുളിമാവ്, സിംഹം) സന്ദർഭത്തിനനുസരിച്ച് തീയ് അനുഗ്രഹമോ ശാപമോ ആകാം.

**15:7 "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ"** ക്രിയാത്മ പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. പ്രാർത്ഥനയ്ക്കുള്ള മറുപടി തനിയെ ലഭിക്കയില്ല! താൻ ശിഷ്യന്മാരിൽ വസിക്കുന്നു എന്നു സാദൃശ്യത്തിൽ നിന്നും തന്റെ വചനം ശിഷ്യന്മാരിൽ വസിക്കുന്നു എന്നതിലേക്ക് യേശു മാറ്റുന്നു. താൻ പിതാവിനെ വെളിപ്പെടുത്തിയതുപോലെ തന്റെ വചനങ്ങളും വെളിപ്പെടുത്തുന്നു. വെളിപ്പാടിന്റെ മാറിമാറി വരുന്ന ഉറവിടമാണത്. സുവിശേഷം ഒരേ സമയം ഒരു വ്യക്തിയും ഒരു സന്ദേശവുമാണ്.

▣ **"നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ അതു നിങ്ങൾക്കു കിട്ടും"** ഇത് സാമാന്യ മധ്യ കല്പനയാണ് (ഒ.നോ. വാ. 16). ഇത് ഉപദേശം സ്ഥാപിക്കാൻ തെറ്റായി ഉപയോഗിക്കാറുണ്ട്. മുഴു തിരുവെഴുത്തിന്റെയും ഉപദേശം ശ്രദ്ധാപൂർവ്വം പഠിക്കുക, ഒറ്റപ്പെട്ട വാക്യങ്ങളെ ഉയർത്തിക്കാട്ടരുത് (ഒ.നോ. 14:13 ന്റെ കുറിപ്പ്). 1 യോഹ. 3:22 ലെ പ്രത്യേക പഠനവിഷയം: പ്രാർത്ഥന, അപരിമിതമല്ലെങ്കിലും പരിമിതം, കാണുക.

**15:8 "എന്റെ പിതാവു മഹത്വപ്പെടുന്നു"** വിശ്വാസികളുടെ ക്രിസ്തുതുല്യമായ ജീവിതം ദൈവത്തിനു മഹത്വം വരുത്തുകയും അവർ യഥാർത്ഥ ശിഷ്യന്മാരെന്നു തെളിയിക്കുകയും ചെയ്യുന്നു. യോഹ. 13:31-32; 14:13; 17:4; മത്താ. 9:8; 15:31 ൽ പുത്രന്റെ പ്രവൃത്തിയിൽ പിതാവു മഹത്വപ്പെടുന്നു. ഇവിടെ വിശ്വാസികളുടെ പ്രവൃത്തിയിൽ പിതാവു മഹത്വപ്പെടുന്നു (ഒ.നോ. മത്താ. 5:16). 1:14 ലെ കുറിപ്പു കാണുക.

▣

| | |
|---|---|
| **NASB** | **"അങ്ങനെ എന്റെ ശിഷ്യന്മാരെന്നു തെളിയിക്കുന്നു"** |
| **NKJV** | **"അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആയിരിക്കും"** |
| **NRSV, TEV** | **"എന്റെ ശിഷ്യന്മാർ ആയിത്തീരും"** |
| **NJB** | **"എന്റെ ശിഷ്യന്മാരായിരിക്കുക"** |
| **REB** | **"അങ്ങനെ എന്റെ ശിഷ്യന്മാർ ആയിരിക്കുക"** |
| **NIV, Godspeed** | **"എന്റെ ശിഷ്യന്മാരെന്നു നിങ്ങളെത്തന്നെ കാണിക്കുന്നു"** |
| **NET Bible** | **"നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു കാണിക്കുക"** |
| **JB** | **"അപ്പോൾ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും"** |

ക്രിയയിലുള്ള കാലത്തിന്റെ വ്യതിയാനമാണ് ഈ വ്യത്യാസങ്ങൾക്കു കാരണം.

1. സാമാന്യ അനുബന്ധം, കയ്യെഴുത്തുപ്രതികൾ $P^{66}$, B, D, L
2. ഭാവികാല സൂചകം, കയ്യെഴുത്തുപ്രതികൾ ℵ, A

വിശ്വാസികളുടെ ജീവിതം (ഫലം) അവർ ആരാണെന്നു വെളിപ്പെടുത്തും! സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ശുശ്രൂഷയുടെയും രൂപാന്തരപ്പെട്ടതും ഫലപ്രദവുമായ ജീവിതത്തോളം പ്രാധാന്യമുള്ളതല്ല ക്രിയാകാലങ്ങൾ. ഇവ യഥാർത്ഥ വിശ്വാസിയുടെ അടയാളമാണ്! നാം രക്ഷിക്കപ്പെടുന്നത് സ്നേഹം, അനുസരണം, ശുശ്രൂഷ (ഒ.നോ. എഫെ. 2:8,9) എന്നിവയാലല്ല, മറിച്ച് അവ നാം വിശ്വാസികളാണെന്നതിന്റെ തെളിവാണ് (ഒ.നോ. എഫെ. 2:10).

യോഹന്നാന്റെ സുവിശേഷത്തിൽ "ശിഷ്യന്മാർ" എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരും അവന്റെ സ്വഭാവത്തെ പ്രതിബിംബിപ്പിക്കുന്നവരുമായ യഥാർത്ഥ വിശ്വാസികളെയും അനുയായികളെയും സൂചിപ്പിക്കുന്നതിനാണ്. യോഹന്നാൻ "സഭ" (*എക്ലീസിയ-ϵκκλησια*) എന്ന പദം ഒരു പ്രാവശ്യം പോലും ഉപയോഗിച്ചിട്ടില്ല, അതിനാൽ "ശിഷ്യന്മാർ" എന്നത് ക്രിസ്തീയ കൂട്ടായ്മയെയും കൂടിവരവുകളെയും സൂചിപ്പിക്കുന്നതിനുള്ള അവന്റെ ഒരു മാർഗ്ഗമായിരുന്നു. ശിഷ്യത്വം എന്നത് പഴയ യുഗത്തിൽ പുതിയ യുഗത്തിന്റെ ദൈനംദിന ജീവിതം നയിക്കുന്നതാണ്. അത് സുപ്രധാനമായും സ്നേഹം, വെളിച്ചം, അനുസരണം, ശുശ്രൂഷ എന്നീ സവിശേഷതകൾ ഉള്ളതാണ്! ഇവയാൽ അവർ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരെന്ന് മറ്റുള്ളവർ മനസ്സിലാക്കും.

**15:9 "പിതാവു എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു"** സ്നേഹബന്ധങ്ങളുടെ ഈ ചങ്ങല ദൈവിക കുടുംബത്തിന്റെ സവിശേഷതയാണ്. പിതാവു പുത്രനെ സ്നേഹിക്കുന്നു, പുത്രൻ തന്റെ ശിഷ്യന്മാരെ സ്നേഹിക്കുന്നു, തന്റെ ശിഷ്യന്മാർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു.

▣ **"എന്റെ സ്നേഹത്തിൽ വസിപ്പിൻ"** ഇത് സാമാന്യ കർത്തരി കല്പനയാണ്. വിശ്വാസികൾ താഴെപ്പറയുന്ന കാര്യങ്ങളിൽ വസിപ്പാൻ കല്പിക്കപ്പെട്ടിരിക്കുന്നു.

1. പ്രാർത്ഥന (വാ. 7; 14:14)
2. അനുസരണം (വാ. 10,20; 14:15,21,23,24)
3. സന്തോഷം (വാ. 11)
4. സ്നേഹം (വാ. 12; 14:21,22,24)

ഇവയെല്ലാം ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ തെളിവുകളാണ്. 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക, കാണുക.

**15:10 "നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്. യഥാർത്ഥ ശിഷ്യത്വത്തിന്റെ തെളിവാണ് അനുസരണം (ഒ.നോ. 8:31; 14:15-21, 23 -24; ലൂക്കൊ. 6:46). യേശു പിതാവിനോടുള്ള തന്റെ വിശ്വസ്തയുടെ ഉദാഹരണമായി ഇതുപയോഗിച്ചു.

▣ **"സ്നേഹം"** സ്നേഹത്തിനുള്ള ഈ ഗ്രീക്കുപദം (*അഗാപ്പെ-αγαπε*) ക്രിസ്തീയ സഭ ഇതുപയോഗിക്കുന്നതുവരെ ക്ലാസിക്കൽ അഥവാ കൊയ്നേ ഗ്രീക്ക് സാഹിത്യത്തിൽ അധികമായി ഉപയോഗിച്ചിരുന്നില്ല. നിസ്വാർത്ഥമായ, ത്യാഗപരമായ, കൂറുള്ള, സജീവമായ, സ്നേഹം എന്ന അർത്ഥത്തിലാണിത് ഉപയോഗിച്ചു തുടങ്ങിയത്. സ്നേഹം ഒരു വികാരമല്ല, ഒരു പ്രവൃത്തിയാണ് (ഒ.നോ. യോഹ. 3:16). പുതിയ നിയമത്തിലെ അഗാപ്പെ ദൈവശാസ്ത്രപരമായി പഴയനിയമ ഹേസെദിന്റെ സമാനപദമാണ്. *ഹേസെദ്* ഉടമ്പടി സ്നേഹത്തെയും വിശ്വസ്തതയെയും സൂചിപ്പിക്കുന്നു.

▣ **"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു"** ഇത് പൂർണ്ണ കർത്തരി ക്രിയാബന്ധമാണ്. യേശു പിതാവിനോടു ബന്ധപ്പെട്ടിരിക്കുന്നു, വിശ്വാസികൾ യേശുവിനോടു ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസികൾ തമ്മിൽ ഉളവാകേണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു ഐക്യത പിതാവും പുത്രനും തമ്മിലുണ്ട് (ഒ.നോ. 14:23).

**15:11 "നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും"** വിശ്വാസികൾ യേശുവിന്റെ സന്തോഷം അനുഭവിക്കേണ്ടവരാണ് (ഒ.നോ. 17:13). യഥാർത്ഥ ശിഷ്യത്വത്തിന്റെ മറ്റൊരു തെളിവാണ് സന്തോഷം (ഒ.നോ. 15:11 [2 പ്രാവശ്യം]; 16:20,21,22,24; 17:13). ഈ ലോകത്തിൽ വേദനയും പ്രതിസന്ധികളുമുണ്ട്; ക്രിസ്തുവിൽ സന്തോഷം, പൂർണ്ണ സന്തോഷം, അവന്റെ സന്തോഷം ഉണ്ട്.

NIDOTTE, vol. 1, P. 741 ൽ "സന്തോഷം" "പൂർണ്ണമാകുക" എന്നിവ യോഹന്നാന്റെ എഴുത്തുകളിൽ ഒരുമിച്ചു വരുന്നതിനെക്കുറിച്ച് ഒരു മികച്ച കമന്റ് കാണാം:

"യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും ഒരു വിഷയം എന്ന നിലയിൽ "സന്തോഷ"വും (ഖാറാ) "നിറയ്ക്കുക" എന്നർത്ഥമുള്ള ക്രിയയായ പ്ലീറൂ (കർമ്മണി) വും തമ്മിൽ കൂടെക്കൂടെ കാണുന്ന ഒരു ബന്ധമുണ്ട്. ഇത് യേശുവിന്റെ സന്തോഷവും (യോഹ. 15:11; 17:13) അതു വരുന്നത് അവന്റെ വരവ് (3:29), അവന്റെ വചനങ്ങൾ (15:11; 17:13), അവന്റെ ശിഷ്യന്മാരുടെ അടുത്തേയ്ക്കുള്ള (15:11; 17:13) മടങ്ങി വരവ് (16:22) എന്നിവയിലൂടെയുമാണ്. അവരുടെ ഹൃദയത്തിലെ ദുഃഖത്തിന്റെ സ്ഥാനത്ത് അതു കടന്നുവരും (16:16,20). അങ്ങനെ ക്രിസ്തുവിന്റെ സന്തോഷം അവരുടെ സന്തോഷമായിത്തീരും (15:11; 16:24; ഒ.നോ. 1 യോഹ. 1:4). യേശുവിനോടൊപ്പം നടക്കുന്ന ശിഷ്യന്റെ ജീവിതത്തിന്റെ സവിശേഷതയാണ് സന്തോഷം; അതു പൂർണ്ണമാകും (യോഹ. 3:29; 15:11; 16:24; 17:13; 1 യോഹ. 1:4; 2 യോഹ. 12). കർമ്മണി പ്രയോഗം സൂചിപ്പിക്കുന്നത് ദൈവമാണു സന്തോഷം പൂർണ്ണമാക്കുന്നത് എന്നാണ്.''

### യോഹന്നാൻ 15:12-17

**[12]ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. [13]സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. [14]ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ. [15]യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു. [16]നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിന്നു നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിന്നും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നേ. [17]നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിന്നു ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു.**

**15:12 "എന്നാകുന്നു എന്റെ കല്പന"** ഈ വിഷയം യേശു ആവർത്തിച്ചിട്ടുണ്ട് (ഒ.നോ. 13:34; 15:17; 1 യോഹ. 3:11,23; 4:7-8, 11-12, 19-21; 2 യോഹ. 2:5).

▣ **"നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം"** ഇതു തുടർകല്പനയായ വർത്തമാനകാല കർത്തരി കല്പനയാണ്. ആത്മാവിന്റെ ഫലമാണ് സ്നേഹം (ഒ. നോ. ഗലാ. 5:22). സ്നേഹം ഒരു വികാരമല്ല, ഒരു പ്രവൃത്തിയാണ്. പ്രായോഗിക പദങ്ങളാലാണ് അതിനെ നിർവചിച്ചിരിക്കുന്നത് (ഒ. നോ. ഗലാ. 5:22-23; 1 കൊരി. 13).

▣ **"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ"** ഇതു ഭൂതകാല കർത്തരി സൂചകമാണ്. ക്രൂശിന്റെ ആലങ്കാരിക പരാമർശമാണിത് (ഒ. നോ. വാ. 13). യേശുവിന്റെ പ്രത്യേക തരത്തിലുള്ള സ്വയ-ത്യാഗപരമായ സ്നേഹമാണ് വിശ്വാസികൾ പ്രദർശിപ്പിക്കേണ്ടത് എന്നിതു സൂചിപ്പിക്കുന്നു (ഒ. നോ. 2 കൊരി. 5:14-15; ഗലാ. 2:20; 1 യോഹ. 3:16).

**15:13 "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും"** യേശുവിന്റെ പാപപരിഹാരാർത്ഥമുള്ള പകരം മരണത്തെ സൂചിപ്പിക്കുന്നു (ഒ. നോ.10:11,15, 17,18; മർക്കൊ. 10:45; റോമ. 5:7-8; 2 കൊരി. 5:21; യെശ. 53). സ്നേഹം പ്രവൃത്തിയിൽ കാണിക്കുന്നതാണിത്. ഇതു ചെയ്യാനാണ് ശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്നത് (ഒ. നോ. 1 യോഹ. 3:16).

**15:14 "നിങ്ങൾ എന്റെ സ്നേഹിതന്മാർ"** ഫിലോസ് എന്ന ഗ്രീക്കു നാമരൂപമാണിത്. പലപ്പോഴും സുഹൃദ് സ്നേഹത്തോടു ബന്ധപ്പെട്ടതാണത് (*ഫിലെയോ*). കൊയ്നെ ഗ്രീക്കിൽ "അഗാപ്പാവോ," "ഫിലെയോ" എന്നിവ ദൈവിക സ്നേഹത്തെ സൂചിപ്പിക്കുന്ന പര്യായപദങ്ങളാണ് (ഒ. നോ. 11:3 [ഫിലെയോ], 5 [അഗാപ്പാവോ], 5.20 ൽ ദൈവ സ്നേഹത്തിന് *ഫിലെയോ* ഉപയോഗിച്ചിട്ടുണ്ട്).

▣ **"ഞാൻ ... കല്പിക്കുന്നതു ചെയ്താൽ"** ക്രിയാത്മക പ്രവൃത്തി ആവശ്യപ്പെടുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. സ്നേഹബന്ധത്തിന്റെ വ്യവസ്ഥയായ അനുസരണത്തെ ഇവിടെ സൂചിപ്പിക്കുന്നു (ഒ. നോ. 14:15,23-24; 15:10; ലൂക്കൊ. 6:46). യേശു പിതാവിലും അവന്റെ സ്നേഹത്തിലും വസിച്ചതു പോലെ അവന്റെ ശിഷ്യന്മാരും ചെയ്യേണം.

**15:15** യേശു ശിഷ്യന്മാരെ അറിയിച്ചത് (1) ദൈവത്തെ സംബന്ധിച്ച സത്യങ്ങളും (2) ഭാവി സംഭവങ്ങളും ആണ്. ശിഷ്യന്മാർ വിശ്വാസത്തിലും ആശ്രയത്തിലും വളരുന്നതിനായി അവൻ തന്റെ ശക്തി പ്രദർശിപ്പിച്ചു. താൻ പിതാവിൽ നിന്നു കേട്ടത് യേശു ശിഷ്യന്മാരുമായി പങ്കുവെച്ചു (ഒ. നോ. 3:32; 8:26,40; 12:49; 15:15), അതവർ മറ്റുള്ളവർക്കു പകർന്നുകൊടുക്കേണം (ഒ.നോ. മത്താ. 28:20).

**15:16 "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു"** നിരവധി താക്കോൽ വ്യാകരണ വിഷയങ്ങളുണ്ട്:

1. രണ്ടു ക്രിയകളും ഭൂതകാല മധ്യമസൂചകങ്ങളാണ് - യേശു തന്നെ അവരെ ഒരിക്കലായി തിരഞ്ഞെടുത്തു (ഒ. നോ. 6:70; 13:18; 15:16,19).
2. ശക്തമായ "അല്ലാ" (*αλλα*-എന്നാൽ)
3. "എഗോ" (*εγω*) അഥവാ "ഞാൻ" പ്രസ്താവന

മാനുഷിക പ്രതികരണവും തിരഞ്ഞെടുപ്പും തമ്മിലുള്ള സന്തുലനം ഇവിടെ കാണാം. രണ്ടും വേദപുസ്തക ഉപദേശങ്ങളാണ്. ദൈവം എപ്പോഴും മുൻകയ്യെടുക്കുന്നു (ഒ.നോ. 6:44,65; 15:16,19). എങ്കിലും മനുഷ്യർ പ്രതികരിക്കണം (ഒ.നോ. 1:12; 3:16; 15:4,7,9). മനുഷ്യനുമായുള്ള ദൈവത്തിന്റെ ഇടപാടുകൾ എപ്പോഴും ഒരു ഉടമ്പടി ബന്ധമാണ്. 3:16 ലെ പ്രത്യേക പഠന വിഷയം കാണുക.

"തിരഞ്ഞെടുത്തു" എന്ന ക്രിയ പന്തിരുവരെ സൂചിപ്പിക്കുന്നു. "തിരഞ്ഞെടുത്തു" എന്ന പദത്തിന് പഴയ നിയമത്തിൽ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു എന്ന ലക്ഷ്യാർത്ഥമാണുള്ളത്. പുതിയ നിയമത്തിൽ മാത്രമേ രക്ഷയ്ക്കായി തിരഞ്ഞെടുത്തു എന്ന അധിക ഊന്നൽ ഉള്ളു. പുതിയ നിയമ വിശ്വാസികൾ തിരഞ്ഞെടുക്കപ്പെട്ടത് ക്രിസ്ത്യാനുരൂപരാകുന്നതിന്, അതായത് ശുശ്രൂഷ, സ്വയത്യാഗം, ദൈവരാജ്യത്തിനും ക്രിസ്തുവിന്റെ ശരീരത്തിനും, പൊതു നന്മയ്ക്കും വേണ്ടിയുള്ള പരിത്യാഗം എന്നിവയ്ക്കു വേണ്ടിയാണ്. വീഴ്ചയുടെ ഫലമായുണ്ടായ സ്വയ-കേന്ദ്രീകൃതത്വം തകർക്കപ്പെടുന്നു എന്നത് വ്യക്തമായ പ്രദർശനമാണ്.

പന്തിരുവരെക്കുറിച്ച് യേശു പറയുന്ന കാര്യങ്ങൾ സകല വിശ്വാസികൾക്കും ബാധകമായിരിക്കുന്നുവെന്നത് യോഹന്നാന്റെ പ്രത്യേകതയാണ്. അവർ ശിഷ്യത്വത്തിന്റെ ആദ്യഫലത്തെ പ്രതിനിധീകരിക്കുന്നു, എങ്കിലും അവരുടെ ബന്ധം:

1. അതിന്റെ ദൃക്സാക്ഷികളുടെ സാക്ഷ്യത്തിൽ അതുല്യവും (അതാ. ദൈവശ്വാസീയത)
2. അവരെക്കുറിച്ചുള്ള യേശുവിന്റെ ഇഷ്ടം അവനെ വിശ്വസിച്ച് അനുഗമിക്കുന്ന ഏവരെക്കുറിച്ചുമുള്ള അവന്റെ ഇഷ്ടമാണ് എന്ന നിലയിൽ സകല വിശ്വാസികൾക്കും ബാധകമാണ്.

▣ **"നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കുന്നു"** ഇവ മൂന്ന് വർത്തമാനകാല കർത്തരി ക്രിയാബന്ധങ്ങളാണ്. (1) പോകുക (2) ഫലം കായ്ക്കുക, (3) ഫലം നിലനില്ക്കുക (വസിക്കുക). വിശ്വാസികൾ ഒരു ദൗത്യത്തിലാണ് (ഒ.നോ. മത്താ. 28:19-20; ലൂക്കൊ. 24:46-47; പ്രവൃ. 1.8). "ആക്കിവെച്ചിരിക്കുന്നു" (നിയമിച്ചിരിക്കുന്നു) എന്ന പദത്തിന്റെ ദൈവശാസ്ത്രവശം പ്രവൃ. 20:28; 1 കൊരി. 12:28; 2 തിമൊ. 1:11 എന്നീ വാക്യങ്ങളിൽ കാണാം. വിശ്വാസികൾക്കു പകരമായുള്ള യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു (ഒ. നോ. 10:11,15,17-18; 15:13).

▣ "എന്റെ നാമത്തിൽ" വിശ്വാസികൾ യേശുവിന്റെ സ്വഭാവത്തെ ജീവിതത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഈ പ്രയോഗം 1 യോഹ. 5:14 ൽ "ദൈവത്തിന്റെ ഇഷ്ടം" എന്നതിന്റെ പര്യായമായിട്ട് ഉപയോഗിച്ചിരിക്കുന്നു. 14:13-15 ലെപ്പോലെ ഇവിടെയും സ്നേഹവും മറുപടി ലഭിക്കുന്ന പ്രാർത്ഥനയും ബന്ധിപ്പിച്ചിരിക്കുന്നു. യോഹ. 14:14 ലെ പ്രത്യേക പഠനവിഷയം: കർത്താവിന്റെ നാമം, കാണുക.

**15:17 "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടതിന് ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു"** വാ. 12 ന്റെ കുറിപ്പു കാണുക. മറുപടി ലഭിക്കുന്ന പ്രാർത്ഥന സ്നേഹത്തോടും ദൗത്യത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

### യോഹന്നാൻ 15:18-25

**[18]ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു എന്നു അറിവിൻ. [19]നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു. [20]ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വാക്കു ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും; എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും. [21]എങ്കിലും എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ടു എന്റെ നാമം നിമിത്തം ഇതു ഒക്കെയും നിങ്ങളോടു ചെയ്യും. [22]ഞാൻ വന്നു അവരോടു സംസാരിക്കാതിരുന്നെങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ അവരുടെ പാപത്തിന്നു ഒഴികഴിവില്ല. [23]എന്നെ പകെക്കുന്നവൻ എന്റെ പിതാവിനെയും പകെക്കുന്നു. [24]മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികളെ ഞാൻ അവരുടെ ഇടയിൽ ചെയ്തിരുന്നില്ല എങ്കിൽ അവർക്കു പാപം ഇല്ലായിരുന്നു; ഇപ്പോഴോ അവർ എന്നെയും എന്റെ പിതാവിനെയും കാണുകയും പകെക്കുകയും ചെയ്തിരിക്കുന്നു. [25]"അവർ വെറുതെ എന്നെ പകെച്ചു" എന്നു അവരുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്ന വചനം നിവൃത്തിയാകേണ്ടതിന്നു തന്നേ.**

**15:18 "ലോകം"** വിവിധ നിലകളിൽ യേശു ഈ പദം ഉപയോഗിക്കുന്നു. (1) സകലമനുഷ്യരെയും സൂചിപ്പിക്കുന്ന സാദൃശ്യം എന്ന നിലയിൽ ഈ ഗ്രഹം (ഒ. നോ. 3:16), (2) ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മനുഷ്യസമുദായം (ഒ.നോ 10:8; 1 യോഹ 2:15-17). 14:17 ലെ പ്രത്യേക പഠന വിഷയം കാണുക.

■ **"നിങ്ങളെ പകെക്കുന്നു"** വർത്തമാനകാല തുടർക്രിയാ സൂചകമാണിത്; ലോകം പകെച്ചുകൊണ്ടിരിക്കും (ഒ. നോ. വാ. 20).

■ **"എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിലോ അല്ലെങ്കിൽ രചനാ ഉദ്ദേശ്യത്തിനു വേണ്ടിയോ ശരിയായത് എന്നു കണക്കാക്കപ്പെടുന്ന ഉത്തമ പുരുഷ സോപാധിക വാചകമാണിത്. വീഴ്ച സംഭവിച്ച മാനവ സംവിധാനമായ ലോകം യേശുവിന്റെ അനുയായികളെ വെറുക്കുന്നു.

■ **"അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു"** "എന്നെ" എന്ന സർവ്വനാമം ഊന്നിപ്പറഞ്ഞിരിക്കുന്നു (ഒ.നോ. 7:7). ദൈവത്തോടും അവന്റെ മശിഹായോടും അവന്റെ ജനത്തോടുമുള്ള ലോകത്തിന്റെ എതിർപ്പിനെ ഇതു വെളിപ്പെടുത്തുന്നു (ഒ. നോ 17:14; 1 യോഹ. 3:13).

വിശ്വാസികൾ ക്രിസ്തുവിന്റെ സ്നേഹത്തോട് അനുരൂപരും ക്രിസ്തുവിന്റെ കഷ്ടതയിൽ അനുരൂപരും (ഒ. നോ. റോമ. 8:17; 2 കൊരി. 1:5,7; ഫിലി. 3.10; 1 പത്രൊ. 4:13). ക്രിസ്തുവിനോടുള്ള താദാത്മ്യം സമാധാനം, സന്തോഷം, പീഡനം, മരണം പോലും കൊണ്ടുവരുന്നു.

■ **"എന്നു അറിവിൻ"** വർത്തമാനകാല കർത്തരി കല്പനയാണിത്. പുതിയ നിയമ സത്യങ്ങളെക്കുറിച്ചുള്ള വിശ്വാസിയുടെ അറിവ് വീണുപോയ ലോകത്തിന്റെ പീഡകളെ അഭിമുഖീകരിക്കുവാൻ അവരെ സഹായിക്കും.

**15:19 "എങ്കിൽ"** വസ്തുതാവിരുദ്ധം എന്നു വിളിക്കപ്പെടുന്ന മധ്യമ സോപാധിക വാചകമാണിത്. ഇതിപ്രകാരം പരിഭാഷപ്പെടുത്താം: "നിങ്ങൾ ലോകക്കാരായിരുന്നു എങ്കിൽ, നിങ്ങൾ അങ്ങനെ അല്ല, ലോകം നിങ്ങളെ സ്നേഹിക്കുമായിരുന്നു, പക്ഷെ അതു അങ്ങനെ ചെയ്യുന്നില്ല."

**15:20 "ദാസൻ യജമാനനെക്കാൾ വലിയവനല്ല"** ഈ വാക്യത്തെ 13:16 നോടു താരതമ്യപ്പെടുത്തിയാൽ, യേശു സദൃശവാക്യങ്ങളെ വ്യത്യസ്ത രീതിയിൽ ഉപയോഗിക്കുന്നതായി മനസ്സിലാകും.

■ **"ഓർപ്പിൻ"** വാ. 18 ലെപ്പോലെ വർത്തമാനകാല കർത്തരി കല്പനയോ അല്ലെങ്കിൽ ചോദ്യത്തെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകമോ ആകാം.

■ **"അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ ... എന്റെ വചനം പ്രമാണിച്ചു എങ്കിൽ"** എഴുത്തുകാരന്റെ കാഴ്ചപ്പാടിൽ സത്യം എന്നനുമാനിക്കാവുന്ന ഉത്തമ പുരുഷ സോപാധിക വാചകങ്ങളാണിവ. "ഉപദ്രവിക്കുക" എന്ന പദത്തിനർത്ഥം ഒരു വന്യമൃഗത്തെപ്പോലെ ഓടിക്കുക എന്നാണ്. വീണുപോയ ലോകത്തിൽ ക്രിസ്തുവിന്റെ അനുയായികൾക്ക് പറഞ്ഞിരിക്കുന്ന ഒന്നാണ് ഉപദ്രവം (മത്താ. 5:10-12; യോഹ. 16:1-3; 17:14; പ്രവൃ. 14:22; റോമ. 5:3-4; 8:17; 2 കൊരി. 4:16-18; 6:3-10; 11:23-30; ഫിലി. 1:29; 1 തെസ്സ. 3:3; 2 തിമൊ. 3:12; യാക്കോ. 1:2-4; 1 പത്രൊ. 4:12-16).

എന്നിരുന്നാലും, ചിലർ അപ്പൊസ്തലന്മാരുടെ വാക്കുകൾ നിരസിക്കുകയും അവരെ ഉപദ്രവിക്കുകയും ചെയ്യുമെങ്കിലും അവരെ കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്നവരും ഉണ്ടായിരിക്കും! അവർ തന്നെ ഈ യാഥാർത്ഥ്യത്തിന്റെ തെളിവാണ്.

**15:21 "എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ട്"** ഇത് പിതാവിനെ സൂചിപ്പിക്കുന്നു. യെഹൂദന്മാരും ജാതികളും ദൈവത്തെ അറിയുന്നില്ല എന്നു സൂചിപ്പിക്കുന്നു. "അറിയുക" എന്ന പദം വ്യക്തിപരമായ ബന്ധം

എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). നഷ്ടപ്പെട്ട ലോകം വിശ്വാസികളെ ഉപദ്രവിക്കുന്നതിന്റെ കാരണം (1) അവർ ഉപദ്രവിച്ച യേശുവിന്റെ വകയാണ് വിശ്വാസികൾ, (2) അവർ ദൈവത്തെ അറിയുന്നില്ല!

**15:22 "ഞാൻ വന്നു അവരോടു സംസാരിക്കാതിരുന്നെങ്കിൽ"** "വസ്തുതാ വിരുദ്ധം" എന്നർത്ഥമുള്ള മധ്യമ സോപാധിക വാചകമാണിത്. "ഞാൻ വന്നു അവരോടു സംസാരിക്കാതിരുന്നെങ്കിൽ, പക്ഷേ ഞാൻ അതു ചെയ്തു, അവർക്കു പാപം ഇല്ലായിരുന്നു, അതവർക്കുണ്ട്" എന്നതിനെ തർജ്ജമ ചെയ്യാം. ഉത്തരവാദിത്തം അറിവിനോടു ബന്ധപ്പെട്ടിരിക്കുന്നു (5:21 ലെ പ്രത്യേക പഠനവിഷയം: ക്ഷമിക്കപ്പെടാത്ത പാപം, കാണുക). ഈ സന്ദർഭത്തിൽ, ഫലമില്ലാത്ത കൊമ്പുകൾക്ക് (അതായത് യൂദായും യെഹൂദന്മാരും) സ്വാഭാവിക വെളിപ്പാട് മാത്രം ലഭിച്ചവരെക്കാൾ (അതാ. ജാതികൾ, ഒ.നോ. സങ്കീ. 19:1-6; റോമ. 1:18-20 അഥവാ 2:14-15) അറിവിനുള്ള മികച്ച അവസരം ലഭിച്ചിരുന്നു.

**15:23** യേശുവിനോടുള്ള തുടർമാനമായ എതിർപ്പ് ദൈവത്തോടുള്ള തുടർമാനമായ എതിർപ്പായിരുന്നു (ഒ.നോ. വാ. 24; 1 യോഹ. 5:1).

**15:24 "എങ്കിൽ"** "വസ്തുതാ വിരുദ്ധം" എന്നർത്ഥമുള്ള മറ്റൊരു മാധ്യമ സോപാധിക വാചകമാണിത്. "മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികളെ ഞാൻ അവരുടെ ഇടയിൽ ചെയ്തിരുന്നില്ല എങ്കിൽ, പക്ഷേ ഞാൻ ചെയ്തു, അവർക്കു പാപം ഇല്ലായിരുന്നു, പക്ഷേ അവർക്കുണ്ട്"

പ്രകാശനം ഉത്തരവാദിത്തം കൊണ്ടുവരുന്നു (ഒ.നോ. 1:5; 8:12; 12:35,46; 1 യോഹ. 1:5; 2:8,9,11; മത്താ. 6:23).

▣ **"അവർ എന്നെയും എന്റെ പിതാവിനെയും കാൺകയും പകെക്കയും ചെയ്തിരിക്കുന്നു"** ഉറപ്പിക്കപ്പെട്ട മനോഭാവത്തെ കാണിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണിത്. യേശുവിനെ നിരസിക്കുന്നതു പിതാവിനെ നിരസിക്കുന്നതിനു തുല്യമാണ് (ഒ.നോ. 1 യോഹ. 5:9-13).

**15:25** സങ്കീ. 35:19; 69:4 എന്നീ വാക്യങ്ങളിൽ നിന്നുള്ള ഒരു ഉദ്ധരണിയെ വിശദീകരിക്കുവാൻ "ന്യായപ്രമാണം" അഥവാ "തോറ" എന്ന പദം ഉപയോഗിക്കുന്നത് വിസ്മയാവഹമാണ്. സാധാരണയായി ഈ പദം ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള മോശെയുടെ എഴുത്തുകൾക്കാണ് ഉപയോഗിക്കാറുള്ളത്.

ഇത്രയും വ്യക്തമായ വെളിപ്പാടിന്റെ മുമ്പിലും യെഹൂദന്മാർ യേശുവിനെ നിരസിച്ചതിന്റെ മർമ്മം മനപ്പൂർവ്വമായ അവിശ്വാസത്തിലേക്കു വിരൽചൂണ്ടുന്നു (ഒ.നോ. യെശ. 6:9-13; യിരെ. 5:21; റോമ. 3:9-18).

### യോഹന്നാൻ 15:26-27

**[26]ഞാൻ പിതാവിന്റെ അടുക്കൽനിന്നു നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെ ക്കുറിച്ചു സാക്ഷ്യം പറയും. [27]നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ടു സാക്ഷ്യം പറവിൻ.**

**15:26 "നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി ... വരുമ്പോൾ"** പിതാവും പുത്രനുമാണ് ആത്മാവിനെ അയയ്ക്കുന്നത് (ഒ.നോ. 14:15,26; 15:26; 16:7). വീണ്ടെടുപ്പിൻ പ്രവൃത്തിയിൽ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

▣ **"സത്യത്തിന്റെ ആത്മാവ്"** പരിശുദ്ധാത്മാവ് പിതാവിനെ വെളിപ്പെടുത്തുന്നവൻ എന്ന അർത്ഥത്തിലാണിത് ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. 14:17,26; 15:26; 16:13). 6:55 ലെയും 17:3 ലെയും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"അവൻ എന്നെക്കുറിച്ചു സാക്ഷ്യം പറയും"** യേശുവിനെയും അവന്റെ പഠിപ്പിക്കലുകളെയും കുറിച്ചു സാക്ഷ്യം പറയുകയാണ് ആത്മാവിന്റെ ദൗത്യം (ഒ.നോ. 14:26; 16:13-15; 1 യോഹ. 5:7).

**15:27 "നിങ്ങളും ... സാക്ഷ്യം പറവിൻ"** "നിങ്ങളും" എന്നത് ഊന്നിപ്പറഞ്ഞിരിക്കുന്നു. ഇത് വർത്തമാനകാല കർത്തരി സൂചകമാണ്. യേശുവിന്റെ ഇഹലോകജീവിത കാലത്ത് അവനോടു കൂടെ ഉണ്ടായിരുന്നവരും പുതിയ നിയമ എഴുത്തുകാരുമായവരുടെ (അതാ. അപ്പൊസ്തലന്മാരും അവരുടെ സ്നേഹിതരും) ദൈവനിശ്വാസീയതയെയാണ് ഇവിടെ പരാമർശിക്കുന്നത് (ഒ.നോ. ലൂക്കൊ. 24:48). പ്രത്യക പഠനവിഷയങ്ങൾ: 1:8 ലെ യേശുവിനു സാക്ഷ്യം പറയുന്നവർ, 14:26 ലെ ആത്മാവിന്റെ ആളത്വം എന്നിവ കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. "വസിക്കുക" എന്നതിൽ അടങ്ങിയിരിക്കുന്നതെന്താണ്?
2. ഒരു വിശ്വാസി വസിക്കുന്നതു നിർത്തിയാൽ എന്തു സംഭവിക്കും? ഒരു വിശ്വാസി ഫലം കായ്ക്കാതിരുന്നാൽ എന്തു സംഭവിക്കും?
3. യഥാർത്ഥ ശിഷ്യത്വത്തിന്റെ തെളിവുകൾ എന്തെല്ലാമാണ്?
4. കഷ്ടത വിശ്വാസികൾക്കു പറഞ്ഞിട്ടുള്ളതാണെങ്കിൽ ഇന്നു നമ്മോടത് എന്താണു പറയുന്നത്?
5. വാ. 16 നിങ്ങളുടെ വാക്കുകളിൽ വിശദീകരിക്കുക?

# യോഹന്നാൻ 16

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ലോകത്തിന്റെ പക | ആസന്ന നിരാകരണം | | | ശിഷ്യന്മാരും ലോകവും |
| (15:18-16:4a) | (15:26-16:4) | ലോകത്തോടുള്ള ക്രിസ്ത്യാനിയുടെ ബന്ധം | (15:18-16:4a) | (15:18-16:4a) |
| ആത്മാവിന്റെ പ്രവൃത്തി | | 16:1-4a | പരിശുത്മാവിന്റെ പ്രവൃത്തി | കാര്യസ്ഥന്റെ വരവ് |
| 16:4b-11 | പരിശുത്മാവിന്റെ പ്രവൃത്തി | 16:4b-11 | 16:4b-11 | 16:4b-15 |
| | 16:5-15 | | | |
| 16:12-15 | | 16:12-15 | 16:12-15 | |
| ദുഃഖം സന്തോഷ മാകും | ദുഃഖം സന്തോഷ മാകും | | ദുഃഖവും സന്തോ ഷവും | യേശു വേഗം മടങ്ങിവരും |
| 16:16-24 | 16:16-24 | 16:16-24 | 16:16 | 16:16 |
| | | | 16:17-18 | 16:17-28 |
| | | | 16:19-22 | |
| | | | 16:23-24 | |
| ഞാൻ ജയിച്ചിരി ക്കുന്നു | യേശുക്രിസ്തു ലോകത്തെ ജയിച്ചിരിക്കുന്നു | | ലോകത്തിന്മേൽ ജയം | |
| 16:25-33 | 16:25-33 | 16:25-28 | 16:25-28 | |
| | | 16:29-33 | 16:29-30 | 16:29-33 |
| | | | 16:31-33 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# യോഹന്നാൻ 16:1–33 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. സാഹിത്യ പശ്ചാത്തലം 15:18 മുതൽ 16:4a വരെയാണ്. അധ്യായ വിഭജനം ദൈവനിശ്വാസീയതയുടെ ഭാഗമല്ല; ഖണ്ഡിക, വലിയക്ഷരം, വാക്യവിഭജനം എന്നിവപോലെ പിന്നീട് ചേർത്തതാണ്.

B. ആത്മീയമായി നഷ്ടപ്പെട്ടവരോടുള്ള പരിശുദ്ധാത്മാവിന്റെ ദൗത്യം വാ. 8–11 ലും രക്ഷിക്കപ്പെട്ടവരോടുള്ള ദൗത്യം വാ. 12–15 ലും നിർവചിച്ചിരിക്കുന്നു. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവത്തനങ്ങളെക്കുറിച്ച് വളരെ താല്പര്യജനകമായ ഒരു സംഗ്രഹം സാമുവേൽ ജെ. മിക്കോലാസ്ക്കിയുടെ "ദ തിയോളജി ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്" (The Exposition Bible Commentary, vol. 1) എന്ന ലേഖനത്തിൽ കാണാം.

> "വിശുദ്ധീകരണം എന്ന പുതിയ നിയമം ഉപദേശം നീതീകരണത്തോട് അടുത്തു ബന്ധപ്പെട്ടിരിക്കുമ്പോൾ തന്നെ, അതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. പഴയ നിയമത്തിലെപ്പോലെ, വിശുദ്ധീകരണം ഒന്നാമത് വേർപാടിലേക്കു വിരൽചൂണ്ടുന്നു – ദൈവത്തിന്റെ വിശുദ്ധമായ അതീന്ദ്രിയത്വം – രണ്ടാമത്, ദൈവതുല്യമായ ധാർമ്മിക ഗുണവും ബന്ധവും. വിശുദ്ധീകരണം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്, ആത്മാവ് വ്യക്തിയെ ക്രിസ്തുവിനോട് ബന്ധിപ്പിച്ച് ഒന്നാക്കുകയും അവന്റെ ആത്മീയ ജീവിതത്തെ പുതുക്കുകയും ചെയ്യുന്നു. പുതിയ നിയമ ഭാഷയിൽ അത് ആത്മാവിൽ സ്നാനം (1 കൊരി. 12:13), ആത്മാവിന്റെ മുദ്ര (എഫെ. 1:13,14; 4:30), ആത്മാവിന്റെ അധിവാസം (യോഹ. 14:17; റോമ. 5:4; 8:9–11; 1 കൊരി. 3:16; 6:19; 2 തിമൊ. 1:14), ആത്മാവിനാലുള്ള ഉപദേശം (യോഹ. 14:26; 16:12–15), ആത്മാവിന്റെ നിറവ് (എഫെ. 5:18), ആത്മാവിന്റെ ഫലം (ഗലാ. 5:22,23) എന്നിവയാണ്. വിശുദ്ധീകരണം നീതീകരണത്തോടു ബന്ധപ്പെട്ടിരിക്കുന്നു. നീതീകരണം ദൈവമുമ്പാകെയുള്ള നില്പാണ് (എബ്രാ. 10:10). ഒരു പുതിയ മൂല്യത്തിലേയ്ക്കുള്ള മുന്നേറ്റമാണതെന്നു പറയാം" (പേജ് 474).

C. 13:36; 14:5,8,22 എന്നിവ പോലെ വാ. 17 അപ്പൊസ്തലന്മാരുടെ മറ്റൊരു ചോദ്യമാണ്.

D. 14:31 ലെ "നാം പോക" എന്നത് 18:1 നോടു ചേർത്ത് ചിന്തിക്കുമ്പോൾ, 15–17 അദ്ധ്യായങ്ങൾ സംസാരിക്കുന്നത് മാളിക മുറിയിൽ വെച്ചല്ല, മറിച്ച് ദൈവാലയ മുറ്റത്തു കൂടെയും യെരുശലേം നഗരവീഥികളിലൂടെയും ഗത്ത് സമേനയിലേക്കു പോകുന്ന വഴിയിൽ വെച്ചാണ് എന്നാണ് അനേകർ വിശ്വസിക്കുന്നത്.

# പദ ശൈലി പഠനം

**യോഹന്നാൻ 16:1–4**

**[1]നിങ്ങൾ ഇടറിപ്പോകാതിരിപ്പാൻ ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; [2]അത്രയുമല്ല നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിന്നു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു. [3]അവർ പിതാവിനെയും എന്നെയും അറിയായ്കകൊണ്ടു ഇങ്ങനെ ചെയ്യും. [4]അതിന്റെ നാഴിക വരുമ്പോൾ ഞാൻ അതു നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്നു നിങ്ങൾ ഓർക്കേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ആദിയിൽ ഇതു നിങ്ങളോടു പറയാതിരുന്നതു ഞാൻ നിങ്ങളോടുകൂടെ ഇരിക്കകൊണ്ടത്രേ.**

**16:1**

| | |
|---|---|
| **NASB** | **"ഇടർച്ചയിൽ നിന്നും നിങ്ങളെ സൂക്ഷിക്കുവാൻ"** |
| **NKJV** | **"നിങ്ങൾ ഇടറിപ്പോകാതിരിക്കുവാൻ വേണ്ടി"** |
| **NRSV** | **"ഇടർച്ചയിൽ നിന്നും നിങ്ങളെ സൂക്ഷിക്കുവാൻ"** |
| **TEV** | **"നിങ്ങൾ നിങ്ങളുടെ വിശ്വാസം കൈവിടാതിരിക്കുന്നതിനുവേണ്ടി"** |
| **NJB** | **"നിങ്ങൾ വീണുപോകാതിരിക്കുന്നതിനു വേണ്ടി"** |

ഇതൊരു ഭൂതകാല കർമ്മണി ക്രിയാബന്ധമാണ്. ഗ്രീക്കുപദമായ *സ്കാൻഡലിഡ്സോ* (*σκανδαλιζω*, BAGD 752) യഥാർത്ഥത്തിൽ ഉപയോഗിച്ചിരുന്നത് മൃഗങ്ങളെ പിടിക്കുന്നതിനായി ഇരവെച്ചിട്ടുള്ള കെണിയെ സൂചിപ്പിക്കുന്നതിനാണ്. "വീണുപോകുക" എന്നാണ് അതു മിക്കപ്പോഴും തർജ്ജമ ചെയ്തിരിക്കുന്നത് (ഒ.നോ. മത്താ. 13:21; 24:10; മർക്കൊ. 4:17; 14:27,29). ഈ സന്ദർഭത്തിൽ ഇതിന്റെ ആലങ്കാരിക ഉപയോഗം സൂചിപ്പിക്കുന്നത്, വിശ്വാസികൾ സഹയെഹൂദന്മാരുടെ, മതനേതാക്കളുടെ പോലും പകയോടെയുള്ള പ്രവൃത്തികളിൽ ശ്രദ്ധയില്ലാതെ അകപ്പെട്ടു പോകരുതെന്നാണ്.

**16:2 "അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും"** യെഹൂദമതത്തിൽ നിന്നു പുറത്താക്കുന്നതിനെ സൂചിപ്പിക്കുന്നു (ഒ.നോ. 9:22,34; 12:42). യെഹൂദമതത്തിൽ ഭ്രഷ്ട് കല്പിക്കുന്ന രീതിയെക്കുറിച്ച് വളരെയൊന്നും നമുക്കറിഞ്ഞുകൂടാ. സിനഗോഗ് ആരാധനയിൽ നിന്നും താൽക്കാലികമായും സ്ഥിരമായും പുറത്താക്കുന്ന പതിവുണ്ട്. പിന്നീട്, എ.ഡി. 70 ലെ യെരുശലേം നാശത്തിനുശേഷം പലസ്തീനിലെ ജാമ്നിയയിൽ വെച്ച് ക്രിസ്ത്യാനികളെ സിന

ഗോഗിൽ നിന്നു വിലക്കുന്നതിനോടു ബന്ധപ്പെട്ട് ഒരു "ശാപകരമായ ആണ" റബിമാർ വികസിപ്പിക്കുകയുണ്ടായി. ഇതാണ് പ്രാദേശിക യെഹൂദ സിനഗോഗും ക്രിസ്തുവിന്റെ അനുയായികളും തമ്മിൽ വേർതിരിവിന് അന്തിമ ഹേതുവായിത്തീർന്നത്.

▣ **"നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു"** ഇങ്ങനെയാണ് യെഹൂദ പ്രമാണികൾ ചിന്തിച്ചിരുന്നത് (ഒ.നോ. യെശ. 66:5; മത്താ. 5:10-12). ഈ വഴിതെറ്റിയ മതതീക്ഷ്ണതയുടെ ഉത്തമ ഉദാഹണമായിരുന്നു തർസൊസുകാരനായ ശൗൽ (പൗലൊസ്).

**16:3 "അവർ ... ഇങ്ങനെ ചെയ്യും"** ഒരു ഉന്നത ദൈവത്തോടുള്ള ആത്മാർത്ഥതയും സമർപ്പണവും മാത്രം പോരാ. ദൈവത്തിന്റെ നാമത്തിലാണ് പലപ്പോഴും ദുഷ്ടതയും തെറ്റും മതഭ്രാന്തും നടക്കുന്നത്.

▣ **"അവർ പിതാവിനെയും എന്നെയും അറിയായ്കകൊണ്ട്"** "അറിയുക" എന്ന പദം സൂചിപ്പിക്കുന്നത് പഴയനിയമ അർത്ഥത്തിലുള്ള ആഴവും വ്യക്തിപരവുമായ ബന്ധത്തെയാണ് (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). യേശുവിനെ തിരസ്കരിക്കുന്നത് ദൈവത്തെ തിരസ്കരിക്കുന്നതിനു തുല്യമാണ് എന്ന ശക്തമായ ഉറപ്പിക്കലാണിത് (ഒ.നോ. 8:19; 15:21; 1 യോഹ. 5:9-12).

ലോകത്തിന്റെ ആത്മീയ അന്ധതയെയും അജ്ഞതയെയും യോഹന്നാൻ കൂടെക്കൂടെ ഊന്നിപ്പറയുന്നു (ഒ.നോ. 1:10; 8:19,55; 15:21; 16:3; 17:25). എങ്കിലും പുത്രന്റെ വരവിന്റെ ഉദ്ദേശ്യം ലോകത്തെ രക്ഷിക്കുക എന്നതും (ഒ.നോ. 3:16), ലോകം പിതാവിനെ ക്രിസ്തുവിലൂടെ അറിയുന്നതിന് വേണ്ടി അവനെ വെളിപ്പെടുത്തുക എന്നതും ആയിരുന്നു (ഒ.നോ. 17:23).

**16:4** ഉപദ്രവത്തിന്റെയും തിരസ്കരണത്തിന്റെയും മദ്ധ്യത്തിലും ശിഷ്യന്മാരുടെ വിശ്വാസം/ആശ്രയം/വിശ്വാസം എന്നിവയെ പ്രോത്സാഹിക്കുക എന്ന ലക്ഷ്യത്തോടെയാണ് യേശു ഇതു മുൻകൂട്ടി പറഞ്ഞത് (ഒ.നോ. 13:19; 14:29). "ആദിയിൽ" എന്നത് യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തെയും പന്തിരുവരെ വിളിച്ചതിനെയും സൂചിപ്പിക്കുന്നു.

## യോഹന്നാൻ 16:5-11

**5ഇപ്പോഴോ ഞാൻ എന്നെ അയ ച്ചവന്റെ അടുക്കൽ പോകുന്നു: നീ എവിടെ പോകുന്നു എന്നു നിങ്ങൾ ആരും എന്നോടു ചോദിക്കുന്നില്ല. 6എങ്കിലും ഇതു നിങ്ങളോടു സംസാരിക്കകൊണ്ടു, നിങ്ങളുടെ ഹൃദ യത്തിൽ ദുഃഖം നിറഞ്ഞിരിക്കുന്നു. 7എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. 8അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കു റിച്ചും ലോകത്തിന്നു ബോധം വരുത്തും. 9അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും 10ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു നീതിയെക്കുറിച്ചും 11ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ.**

**16:5 "നീ എവിടെ പോകുന്നു എന്നു നിങ്ങൾ ആരും എന്നോടു ചോദിക്കുന്നില്ല"** 13:36-ൽ ഈ ചോദ്യം പത്രൊസ് ചോദിക്കുന്നതായി തോന്നുമെങ്കിലും വളരെ പെട്ടെന്ന് അവന്റെ മനസ്സ്, യേശു പോകുന്നതിനെക്കുറിച്ചുള്ള വിഷാദത്താൽ മറ്റൊരു വശത്തേക്ക് ചായുകയും തുടർന്ന് തങ്ങൾക്കെന്തു സംഭവിക്കുമെന്ന് ചോദിക്കുകയും ചെയ്യുന്നു (ഒ.നോ. വാ. 6). യോഹ. 14:1-3 യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ സംബന്ധിക്കുന്നതാണ് (ഒ.നോ. പ്രവൃ. 1:9-11).

സുവിശേഷങ്ങൾ യേശുവിന്റെ സംഭാഷണത്തെ അതേപടി പകർത്തിയിരിക്കുന്നവയല്ല എന്നു നമ്മെത്തന്നെ ഓർമ്മിപ്പിക്കാനുള്ള ഒരു നല്ല സ്ഥലമാണിത്. വർഷങ്ങൾക്കുശേഷം ദൈവശാസ്ത്രപരമായ ഉദ്ദേശ്യങ്ങൾക്കായി രേഖപ്പെടുത്തിയിട്ടുള്ള സംഗ്രഹങ്ങളാണവ. സുവിശേഷ രചയിതാക്കൾക്ക് ദൈവനിശ്വാസീയതയുടെ കീഴിൽ, യേശുവിന്റെ വാക്കുകൾ തിരഞ്ഞെടുക്കാനും ക്രമീകരിക്കാനും കൂട്ടിച്ചേർക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്നു (See Gardon Fee and Douglas Stuart, *How to Read the Bible for All its Worth*). എന്നാൽ യേശുവിന്റേതെന്നും പറഞ്ഞ് സ്വന്തവാചകങ്ങൾ ഉപയോഗിക്കാൻ അവർക്ക് അധികാരമുണ്ടായിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നില്ല. യേശുവിന്റെ വാക്കുകളുടെയും ഉപദേശങ്ങളുടെയും പ്രവൃത്തികളുടെയും ഈ ദൈവശാസ്ത്രപരമായ ക്രമപ്പെടുത്തൽ ആണ് സുവിശേഷങ്ങൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണം!

**16:6 "നിങ്ങളുടെ ഹൃദയത്തിൽ ദുഃഖം നിറഞ്ഞിരിക്കുന്നു"** പൂർണ്ണ കർത്തരി സൂചകമാണിത്. മാളികമുറിയിലെ അനുഭവം ദുഃഖത്തിന്റേതായിരുന്നു (ഒ.നോ. 14:1; 16:6,22). "ഹൃദയം" എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, മുഴു വ്യക്തിയെയും - മനസ്സ്, വികാരങ്ങൾ, ഇച്ഛ - സൂചിപ്പിക്കുന്ന എബ്രായ അർത്ഥത്തിലാണ്. 12:40 ലെ പ്രത്യേക പഠനവിഷയം: ഹൃദയം, കാണുക.

**16:7 "ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം"** യേശുവിന്റെ ഭൗതികശരീരത്തിന് ഒരു സമയം ഒരിടത്തായിരിക്കുവാൻ മാത്രമേ കഴിയുള്ളൂ, തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയും ശുശ്രൂഷിക്കുകയും എന്ന നിലയിൽ അതു പരിമിതപ്പെട്ടിരിക്കുന്നു. കൂടാതെ തന്റെ ഭൗമിക ജീവിത കാലത്ത് അവന്റെ പ്രാഥമിക ലക്ഷ്യം യിസ്രായേലായിരുന്നു (ഒ.നോ. മത്താ 10:6; 15:24). പരിശുദ്ധാത്മാവിന്റെ ആഗമനം ഒരു പുതിയ യുഗത്തിന് തുടക്കം കുറിക്കു

കയും അത് വിശാലമായ ശുശ്രൂഷയുടെ തുടക്കമാകുകയും ചെയ്യും (ഒ. നോ. എഫെ. 2:11-3:13).

"പ്രയോജനം" എന്ന പദം "നന്ന്" എന്ന അർത്ഥത്തിൽ 11:50 ലും 18:14 ലും യേശുവിന്റെ മരണത്തോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു. "പോകുക" എന്ന പ്രയോഗത്തിൽ അവസാന ആഴ്ചയിലെ സകല സംഭവങ്ങളും ഉൾക്കൊണ്ടിരിക്കുന്നു.

▣ **"ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന രണ്ട് മധ്യമപുരുഷ സോപാധിക വാചകങ്ങൾ ഈ വാക്യത്തിൽ കാണാം. ആത്മാവിന്റെ നിറവ് വരണമെങ്കിൽ യേശു പോകണം! *പാരാക്ലിറ്റോസ്* (*παρακλητος*) എന്ന പദം, "കാര്യസ്ഥൻ", "ആശ്വസിപ്പിക്കുന്നവൻ" അഥവാ "സഹായി" എന്നങ്ങനെ തർജ്ജിമ ചെയ്യാം (ഒ.നോ. 14:16,26; 15:26; 14:16 ലെ പൂർണ്ണ വിശദീകരണം കാണുക). യോഹന്നാന്റെ എഴുത്തുകളിൽ മാത്രമേ ഈ പദം കാണുന്നുള്ളൂ. കോടതിയിൽ വിളിച്ചു വരുത്തുന്ന പ്രതിഭാഗം വക്കീലിനെ സൂചിപ്പിക്കുന്നതിനാണ് ഈ പദം ഗ്രീക്കു സാഹിത്യത്തിൽ ഉപയോഗിച്ചിട്ടുള്ളത്. വാ. 8-11 ൽ ആത്മാവ് ലോകത്തെ കുറ്റം ചുമത്തുന്നവനായും എന്നാൽ വാ. 12-15ൽ വിശ്വാസികൾക്കു വേണ്ടി വാദിക്കുന്നവനായും കാണപ്പെടുന്നു.

പാരക്ലിറ്റോസ് എന്ന പദം 1 യോഹ. 2:1ൽ പുത്രന് ഉപയോഗിച്ചിരിക്കുന്നു. ഗ്രീക്ക് മൂലപദം "ആശ്വാസം എന്നും തർജ്ജമ ചെയ്യാം. ഈ അർത്ഥിൽ 2 കൊരി. 1:3-11 ൽ പിതാവിന് ഉപയോഗിച്ചിരിക്കുന്നു.

▣ **"അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും"** ആത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു (ഒ. നോ. 14:26 ).

**16:8 "അവൻ വന്നു .... ലോകത്തിനു ബോധം വരുത്തും"** ആത്മാവിന്റെ സാക്ഷ്യത്തിന്റെ മൂന്നു മേഖലകളും (പാപം, നീതി, ന്യായവിധി) മനുഷ്യന്റെ ആവശ്യത്തോടും യേശുക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ പ്രവൃത്തിയോടും ബന്ധപ്പെട്ടിരിക്കുന്നു. "ബോധം വരുത്തുക" എന്ന പദം "ക്രോസ് വിസ്താരം" എന്ന നിയമ പദമാണ്.

*"ദ ലാംഗേജ് ആൻഡ് ഇമേജറി ഓഫ് ദ ബൈബിൾ"* എന്ന ഗ്രന്ഥത്തിൽ ജി. ബി. കയേർഡ്, ഈ മൂന്നു മേഖലകളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ലോകത്തിനു ബോധം വരുത്തുന്നത് താഴെപ്പറയുന്ന കാര്യങ്ങളെക്കുറിച്ചാണ്.

1. യേശുവിനെ വിസ്തരിച്ച് ശിക്ഷ വിധിച്ചതിൽ അതു തെറ്റിപ്പോയി
2. പാപത്തിന്റെ അർത്ഥം സംബന്ധിച്ച് അതു തെറ്റിപ്പായി
3. നീതിയുടെ അർത്ഥം സംബന്ധിച്ച് അതു തെറ്റിപ്പോയി
4. ന്യായവിധിയുടെ അർത്ഥം സംബന്ധിച്ച് അതു തെറ്റിപ്പോയി

അങ്ങനെയെങ്കിൽ യേശുക്രിസ്തു എന്ന വ്യക്തിയിലൂടെയുള്ള സമ്പൂർണ്ണ സുവിശേഷമാണ് ആത്മാവു വെളിപ്പെടുത്തുന്നത്. അവരുടെ മതഭക്തിക്ക് അവരെ രക്ഷിക്കാൻ കഴികയില്ല. യേശുവിനെ നിരസിക്കുന്ന സകലരെയും ന്യായവിധി കാത്തിരിക്കുന്നു! അവിശ്വാസമാണ് "പാപം"! ദൈവത്തോടൊത്തുള്ള ജീവന്റെ ഏക മാർഗ്ഗം യേശു മാത്രമാണ്!

"ലോകം" എന്ന പദം മനുഷ്യനെ, ദൈവത്തെ കൂടാതെ സംഘടിതമായി പ്രവർത്തിക്കുന്ന വീണുപോയ മനുഷ്യ സമുദായത്തെ, സൂചിപ്പിക്കുന്നു. 14:17 ലെ പ്രത്യേക പഠനവിഷയം കാണുക.

**16:9 "അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ച്"** മനുഷ്യകുലത്തിന്റെ പാപാവസ്ഥയെയും ദൈവിക നീതിയുടെ അനിവാര്യതയെയും അംഗീകരിച്ചു കൊണ്ടാണ് സുവിശേഷം ആരംഭിക്കുന്നത് (ഒ. നോ. റോമ. 3:9-18,23; 6:23; എഫെ. 2:1-3). കൽവറിയുടെ ഈ വശത്ത്, പാപം അല്ല രക്ഷയ്ക്കുള്ള "പ്രധാന" തടങ്ങൽ പാറ, മറിച്ച് യേശുക്രിസ്തുവിന്റെ ആളത്വത്തിലും പ്രവൃത്തിയിലും ഉള്ള മനുഷ്യന്റെ അവിശ്വാസമാണ് (ഒ. നോ. യോഹ. 3:6 -21; 8:24,26). "വിശ്വാസം" എന്ന പദത്തിന് മനുഷ്യന്റെ അറിവിന്റെയും വികാരങ്ങളുടെയും ഘടകങ്ങളുണ്ട്, എങ്കിലും പ്രാഥമികമായി അത് മനപ്പൂർവമായ തീരുമാനമാണ് (2:23 ലെ പ്രത്യേക പഠനവിഷയം കാണുക). അത് വിശ്വാസിയുടെ യോഗ്യതയിലോ പ്രകടന മികവിലോ അല്ല, മറിച്ച് ക്രിസ്തുവിലുള്ള ദൈവിക വാഗ്ദത്തങ്ങളിന്മേൽ മാനസാന്തര വിശ്വാസത്തോടെ പ്രതികരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത് (ഒ. നോ. റോമ. 3:21-30).

**16:10 "നീതിയെക്കുറിച്ചും"** ഇതു സൂചിപ്പിക്കുന്നത്

1. വരാനിരിക്കുന്ന ക്രിസ്തുവിന്റെ കാൽവറിയിലെ വീണ്ടെടുപ്പിൻ പ്രവൃത്തിയും പുനരുത്ഥാനവും ഒറ്റ വസ്തുതയായി (ഒ. നോ. വാ.10)
2. ക്രിസ്തുവിനെ കൂടാതെ തന്നെ തങ്ങൾ ദൈവത്തോടു നിരപ്പുള്ളവരാണെന്നു ചിന്തിക്കുന്നവരെപ്പറ്റി - യഥാർത്ഥത്തിൽ, സ്വർഗ്ഗാരോഹണത്തിൽ വെളിപ്പെട്ടതുപോലെ ക്രിസ്തു മാത്രമാണ് ദൈവവുമായി നിരപ്പുള്ളവൻ.

**16:11"ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ"** വീണുപോയ ദൂതന്മാരും പാപിയായ മനുഷ്യനും നീതിമാനായ ദൈവത്തിന്റെ മുമ്പാകെ നില്ക്കുന്ന ഒരു ദിവസമുണ്ട് (ഒ. നോ. ഫിലി. 2:9-11). സാത്താൻ ഇപ്പോഴും ലോകത്തിലെ വലിയ ശക്തിയാണെങ്കിലും (ഒ. നോ. 12:31; 14:30; 2 കൊരി. 4:4; എഫെ. 2:2; 1 യോഹ. 5:19), അവൻ പരാജയപ്പെട്ട ശത്രുവാണ്. അവന്റെ മക്കൾ (ഒ.നോ. 8:44;

മത്താ.13:38; 1 യോഹ. 3:8-10) ദൈവക്രോധം കൊയ്യും!

**യോഹന്നാൻ 16:12-15**

**[12]ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല. [13]സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയ മായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചു തരികയും ചെയ്യും. [14]അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും. [15]പിതാവിന്നുള്ളതു ഒക്കെയും എനിക്കുള്ളതു; അതുകൊണ്ട ത്രേ അവൻ എനിക്കുള്ള തിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞതു.**

16:12 **"നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല"** "വഹിക്കുക" എന്ന പദം മൃഗം ഭാരം ചുമക്കുന്നതിന് ഉപയോ ഗിക്കുന്ന പദമാണ്. അവർക്കു മനസ്സിലാക്കാൻ കഴിയാത്ത ചില കാര്യങ്ങൾ:

1. ക്രിസ്തുവിന്റെ കഷ്ടാനുഭവം
2. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്
3. സഭയുടെ ലോക ദൗത്യം

ക്രിസ്തുവിന്റെ ജീവിതം അനേകനിലകളിൽ മാറ്റത്തിന്റെ ഒരു കാലഘട്ടത്തെ പ്രതിനിധാനം ചെയ്തിരുന്നുവെന്ന കാര്യം ആധുനിക വായനക്കാർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. പുനരുത്ഥാനാനന്തര പ്രത്യക്ഷതവരെയും പെന്തെ ക്കോസ്തുനാളിൽ പൂർണ്ണ അളവിലുള്ള പരിശുദ്ധാത്മാവിന്റെ ആഗമനം വരെയും അനേക കാര്യങ്ങളും അപ്പൊ സ്തലന്മാർ മനസ്സിലാക്കിയിരുന്നില്ല. എങ്കിലും, വളരെ വർഷങ്ങൾക്കു ശേഷം ഒരു പ്രത്യേക ജനതയെ സുവിശേ ഷീകരിക്കുക എന്ന ലക്ഷ്യത്തോടെ എഴുതപ്പെട്ടവയാണ് സുവിശേഷങ്ങൾ എന്ന കാര്യവും നാം ഓർക്കേണ്ടതാ ണ്. അതിനാൽ അവയിൽ പ്രതിഫലിക്കുന്നത്, പില്ക്കാലത്തുള്ളതും വികാസം പ്രാപിച്ചതുമായ ദൈവശാസ്ത്ര മാണ്.

16:13 **"സത്യത്തിന്റെ ആത്മാവ്"** പഴയനിയമത്തിൽ സത്യം (*അലിതെയിയ-αληθεια*) ഉപയോഗിച്ചിരിക്കുന്നത് വിശ്വസ്തത എന്ന നിലയിലും സത്യം എന്നതിനുള്ള രണ്ടാം അർത്ഥം എന്ന നിലയിലുമാണ്. 14:6 ൽ താനാണ് സത്യം എന്ന് യേശു പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവിനു കൊടുത്തിരിക്കുന്ന ഈ നാമം, യേശുവിനെ വെളി പ്പെടുത്തുന്നവൻ എന്ന നിലയിലുള്ള അവന്റെ പങ്കിനെയാണ് ഊന്നിപ്പറയുന്നത് (ഒ. നോ. 14:17,26; 15:26; 16:13-14; 1 യോഹ. 4:6; 5:7). യോഹ. 6:55 ലെ കുറിപ്പു കാണുക.

▣ **"അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തും"** എല്ലാ മേഖലകളിലുമുള്ള ആത്യന്തിക സത്യത്തെ അല്ല ഇതു സൂചിപ്പിക്കുന്നത്, മറിച്ച് ആത്മിക സത്യത്തെയും യേശുവിന്റെ ഉപദേശങ്ങളെയും സംബന്ധിക്കുന്ന കാര്യങ്ങളെയുമാണ്. പ്രാഥമികമായി ഇതു പരാമർശിക്കുന്നത് പുതിയ നിയമ തിരുവെഴുത്തുകളുടെ രചയിതാ ക്കളുടെ ദൈവനിശ്വാസീയതയെയാണ്. ആത്മാവ് അവരെ അതുല്യവും ആധികാരികവും (ദൈവനിശ്വാസീയ) ആയ വഴിയിൽ നയിച്ചു. ദ്വിതീയ അർത്ഥത്തിൽ സുവിശേഷ സത്യങ്ങളെക്കുറിച്ച് വായനക്കാർക്ക് ലഭിക്കുന്ന ആത്മാവിന്റെ പ്രകാശനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. 6:55 ൽ സത്യത്തെക്കുറിച്ചും 14:26 ൽ ആത്മാവിന്റെ ആളത്വത്തെക്കുറിച്ചും ഉള്ള പ്രത്യേക പഠനവിഷയങ്ങൾ കാണുക.

## പ്രത്യേക പഠനവിഷയം: പ്രകാശനം

"ദൈവം പൂർവ്വകാലത്ത് മനുഷ്യന് തന്നെത്തന്നെ വ്യക്തമായി വെളിപ്പെടുത്തുവാൻ പ്രവർത്തിച്ചു. ദൈവ ശാസ്ത്രത്തിൽ ഇതിനെ വെളിപ്പാട് എന്നു വിളിക്കുന്നു. ഈ സ്വയ-വെളിപ്പാടിനെ രേഖപ്പെടുത്തുവാനും വിശ ദീകരിക്കുവാനും അവൻ ചില മനുഷ്യരെ തിരഞ്ഞെടുത്തു. ദൈവശാസ്ത്രത്തിൽ ഇതിനെ ദൈവനിശ്വാസീയത എന്നു വിളിക്കുന്നു. തന്റെ വചനം മനസ്സിലാക്കുന്നതിന് വായനക്കാരെ സഹായിക്കുന്നതിനായി അവന്റെ ആത്മാവിനെ അയച്ചു. ദൈവശാസ്ത്രത്തിൽ ഇതിനെ പ്രകാശനം എന്നു വിളിക്കുന്നു. ദൈവവചനം മനസ്സി ലാക്കുന്ന വിഷയത്തിൽ ആത്മാവ് ഇടപെടുന്നു എന്നു നാം പറയുമ്പോൾ ഉയരുന്ന പ്രശ്നം - പിന്നെ എന്തു കൊണ്ട് ഇത്രയധികം വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നു?

പ്രശ്നത്തിന്റെ ഒരു ഭാഗം, വായനക്കാരന്റെ മുൻ-ധാരണകളിലോ വ്യക്തിപരമായ അനുഭവങ്ങളിലോ അടിസ്ഥാനപ്പെട്ടിരിക്കുന്നു. മിക്കപ്പോഴും ചില ബൈബിൾ വാക്യങ്ങൾ മാത്രമെടുത്ത് വ്യക്തിപരമായ ഒരു വിഷയത്തിനു മറുപടി കണ്ടെത്തുന്നു. ദൈവശാസ്ത്രപരമായ പ്രത്യേക ചിന്താഗതിയുള്ളവർ ചില പ്രത്യേക രീതിയിൽ മാത്രം ആ വിഷയത്തിൽ ബൈബിൾ സംസാരിക്കുവാൻ അനുവദിക്കുന്നു. പ്രകാശനത്തിലും ദൈവനിശ്വാസീയതയിലും പരിശുദ്ധാത്മാവ് ഇടപെട്ടിരിക്കുന്നുവെങ്കിലും പ്രകാശനത്തെ ഒരിക്കലും ദൈവ നിശ്വാസീയതയോടു തുലനപ്പെടുത്താൻ കഴികയില്ല.

ഏറ്റവും നല്ല സമീപനം, പാഠത്തിന്റെ ഓരോ വിശദാംശവും വ്യാഖ്യാനിക്കാതെ, ഒരു ഖണ്ഡികയുടെ

കേന്ദ്ര ആശയം കണ്ടെത്തുവാൻ ശ്രമിക്കുക എന്നതാണ്. അതായിരിക്കും യഥാർത്ഥ എഴുത്തുകാരന്റെ കേന്ദ്ര സത്യത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നത്. പുസ്തകത്തിന്റെയോ സാഹിത്യരൂപത്തിന്റെയോ രൂപരേഖ തയ്യാറാക്കുന്നത് യഥാർത്ഥ എഴുത്തുകാരന്റെ രചനോദ്ദേശ്യം മനസ്സിലാക്കുവാൻ സഹായകരമാണ്. ഒരു വ്യാഖ്യാതാവിനും ദൈവനിശ്വാസീയതയില്ല. വേദപുസ്തക എഴുത്തുകാരന്റെ വ്യാഖ്യാന മാതൃക പുനരാവിഷ്കരിക്കാൻ നമുക്കാവില്ല. അവരുടെ കാലത്ത് അവർ എന്താണ് പറഞ്ഞതെന്നു മനസ്സിലാക്കാൻ ശ്രമിക്കുകയും ആ സത്യത്തിന് നമ്മുടെ കാലഘട്ടത്തിലുള്ള പ്രസക്തി എന്തെന്ന് കണ്ടെത്തുകയും ചെയ്യാൻ നമുക്കു കഴിയും, അതാണു ചെയ്യേണ്ടതും. ദുർഗ്രഹവും മറഞ്ഞിരിക്കുന്നതുമായ ഭാഗങ്ങൾ ബൈബിളിലുണ്ട് (ഒരു പ്രത്യേക സമയം അഥവാ കാലഘട്ടം വരെ). ചില പാഠങ്ങളെയും വിഷയങ്ങളെയും സംബന്ധിച്ച് എപ്പോഴും വിയോജിപ്പുകളും ഉണ്ടാകാം. എന്നിരുന്നാലും കേന്ദ്രസത്യങ്ങളെ നാം വ്യക്തമായി പ്രസ്താവിക്കുകയും യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിന്റെ അതിർത്തിക്കുള്ളിൽ നിന്നുകൊണ്ടു വ്യക്തിപരമായ വ്യാഖ്യാനങ്ങൾക്കും സ്വാതന്ത്ര്യം നൽകുകയും വേണം. വ്യാഖ്യാതാക്കൾ തങ്ങൾക്കു ലഭിച്ച വെളിച്ചത്തിൽ നടക്കുകയും ബൈബിളിൽ നിന്നും ആത്മാവിൽ നിന്നും കൂടുതൽ വെളിച്ചത്തിനായി തുറന്ന മനസ്സുള്ളവരായിരിക്കയും വേണം. ദൈവം നമ്മെ വിധിക്കുന്നത് നമ്മുടെ അറിവിന്റെ നിലവാരത്തിനും ആ അറിവിനനുസരിച്ച് നാം ജീവിക്കുന്നുണ്ടോ എന്നതിനും അനുസരിച്ചായിരിക്കും.

▣ **"അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും"** വരുവാനുള്ളത് ഉടനെ സംഭവിപ്പാനിരിക്കുന്ന വീണ്ടെടുപ്പിൻ സംഭവങ്ങളാണ്. അതായത് കാൽവറി, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, പെന്തക്കോസ്ത്. ഭാവി പറയുന്ന പ്രവചന ശുശ്രൂഷയെ അല്ല ഇതു സൂചിപ്പിക്കുന്നത് (അതാ. അഗബൊസ്, പ്രവൃ. 21:10. 4:19 ലെ പ്രത്യേക പഠനവിഷയം: പ്രവചനം കാണുക).

യേശു ചെയ്തതുപോലെ ആത്മാവ് പിതാവിൽ നിന്നും സത്യം ഏറ്റുവാങ്ങി, യേശു ചെയ്തതുപോലെ വിശ്വാസികൾക്കു കൈമാറും. ആത്മാവിന്റെ സന്ദേശത്തിന്റെ ഉള്ളടക്കം മാത്രമല്ല പിതാവിൽ നിന്നുള്ളത്, അതിന്റെ മാതൃകയും (അതാ. വ്യക്തിപരം, 14:26 ലെ പ്രത്യേക പഠനവിഷയം കാണുക) പിതാവിൽ നിന്നാണ്. പ്രവർത്തനപരമായി പിതാവാണ് ഉന്നതൻ (ഒ. നോ. 1 കൊരി. 15:27-28).

**16:14-15 "അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അയച്ചു തരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും"** ആത്മാവിന്റെ പ്രാഥമിക പ്രവൃത്തി യേശുവിനെ മശിഹാ ആയി ഉയർത്തുകയും വിശദീകരിക്കുകയും ചെയ്യുക എന്നതാണ് (ഒ. നോ. വാ. 15). ആത്മാവ് ഒരിക്കലും തന്നിലേക്ക് വെളിച്ചം വീശുന്നില്ല, മറിച്ച് എല്ലായ്പ്പോഴും യേശുവിലേക്കു വെളിച്ചം വീശുന്നു (ഒ. നോ. 14:26).

▣ **"പിതാവിനുള്ളതു ഒക്കെയും എനിക്കുള്ളത്"** എത്ര അതിശയകരമായ അവകാശവാദം (ഒ. നോ. 3:35; 5:20; 13:3; 12:10; മത്താ. 11:27) ഇത് മത്താ. 28:18; എഫെ. 1:20-22; കൊലൊ. 2:10; 1 പത്രൊ. 3:22 എന്നിവയ്ക്കു സമാനമാണ്.

ത്രിത്വത്തിൽ അസമത്വമില്ല, മറിച്ച് പ്രവർത്തനപരമായ ക്രമമാണുള്ളത്. യേശു പിതാവിനെ പ്രതിബിംബിക്കുന്നതു പോലെ ആത്മാവ് യേശുവിനെ പ്രതിബിംബിക്കുന്നു.

## യോഹന്നാൻ 16:16-24

**16കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു
നി ങ്ങൾ എന്നെ കാണും. 17അവന്റെ ശിഷ്യന്മാരിൽ ചിലർ: കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ
കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണും എന്നും പിതാവിന്റെ
അടുക്കൽ പോകുന്നു എന്നും അവൻ നമ്മോടു ഈ പറയുന്നതു എന്തു എന്നു തമ്മിൽ ചോദിച്ചു. 18കുറ
ഞ്ഞോന്നു എന്നു ഈ പറയുന്നതു എന്താകുന്നു? അവൻ എന്തു സംസാരിക്കുന്നു എന്നു നാം അറിയുന്നി
ല്ല എന്നും അവർ പറഞ്ഞു. 19അവർ തന്നോടു ചോദിപ്പാൻ ആഗ്രഹിക്കുന്നു എന്നു അറിഞ്ഞു യേശു
അവരോടു പറഞ്ഞതു: കുറഞ്ഞോന്നു കഴിഞ്ഞിട്ടു എന്നെ കാണുകയില്ല; പിന്നെയും കുറഞ്ഞോന്നു
കഴിഞ്ഞിട്ടു എന്നെ കാണും എന്നു ഞാൻ പറകയാൽ നിങ്ങൾ തമ്മിൽ തമ്മിൽ ചോദിക്കുന്നുവോ?
20ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകമോ സന്തോഷി
ക്കും; നിങ്ങൾ ദുഃഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും. 21സ്ത്രീ പ്രസവിക്കുമ്പോൾ
തന്റെ നാഴിക വന്നതുകൊണ്ടു അവൾക്കു ദുഃഖം ഉണ്ടു; കുഞ്ഞിനെ പ്രസവിച്ചശേഷമോ ഒരു മനുഷ്യൻ
ലോകത്തിലേക്കു പിറന്നിരിക്കുന്ന സന്തോഷംനിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല. 22അങ്ങ
നെ നിങ്ങൾക്കും ഇപ്പോൾ ദുഃഖം ഉണ്ടു എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും; നിങ്ങളുടെ
ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്നു എടുത്തുകളകയില്ല. 23അന്നു
നിങ്ങൾ എന്നോടു ഒന്നും ചോദിക്കയില്ല. ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ
പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. 24ഇന്നുവരെ**

**നിങ്ങൾ എന്റെ നാമ ത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല; അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും.**

**16:16 "കുറഞ്ഞോന്നു"** ഈ പ്രയോഗം യോഹന്നാനിൽ കൂടെക്കൂടെ കാണുന്നു (ഒ. നോ. 7:33; 12:35; 13:33; 14:19) ഇതിന്റെ അർത്ഥം സംബന്ധിച്ച് അനേക സിദ്ധാന്തങ്ങളുണ്ട്.

1. പുനരുത്ഥാനാനന്തര പ്രത്യക്ഷതകൾ
2. രണ്ടാം വരവ്
3. പരിശുദ്ധാത്മാവിലും പരിശുദ്ധാത്മാവിലൂടെയും ഉള്ള യേശുവിന്റെ വരവ്

സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാമത്തേതാണ് കൂടുതൽ സാധ്യതയുള്ളത് (ഒ. നോ. വാ. 22). ഈ പ്രസ്താവന ശിഷ്യന്മാരെ ചിന്താക്കുഴപ്പത്തിലാക്കി (ഒ. നോ. വാ. 17-18).

**16:17 "അവന്റെ ശിഷ്യന്മാരിൽ ചിലർ ..... തമ്മിൽ തമ്മിൽ ചോദിച്ചു"** 13:36; 14:5,8,22 പോലെയുള്ള മറ്റൊരു ചോദ്യമാണിത്. അവരെ ഉറപ്പിക്കുന്നതിനും തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനും യേശു ഈ ചോദ്യങ്ങൾ ഉപയോഗിക്കുന്നു. സത്യം വെളിപ്പെടുത്തുവാൻ സംഭാഷണങ്ങൾ ഉപയോഗിക്കുന്നത് യോഹന്നാന്റെ സവിശേഷതയാണ്. യേശുവുമായോ, യേശുവിനെക്കുറിച്ചോ ഉള്ള 27 സംഭാഷണങ്ങൾ യോഹന്നാനിൽ ഉണ്ട്. യേശു പറയുന്നത് കേൾവിക്കാർ ഗ്രഹിക്കാതിരിക്കുന്നതും യോഹന്നാന്റെ സവിശേഷതയാണ്. അവൻ മേലിൽ നിന്നുള്ളവൻ; അവർ കീഴെ നിന്നുള്ളവർ

▣ **"പിതാവിന്റെ അടുക്കൽ പോകുന്നു എന്നും"** 16:10 ൽ "കുറഞ്ഞോന്നു കഴിഞ്ഞിട്ട്" എന്ന പ്രയോഗത്തിൽ അവൻ ഉപയോഗിച്ചതുപോലെയാണ് 16:17 ൽ അവൻ ഇക്കാര്യം പറയുന്നത്. ഒരർത്ഥത്തിൽ ഇത് വളരെ സ്പഷ്ടമായ മശിഹൈക സൂചനയാണ് (ഒ. നോ. 13:1,3; 16:28; 17:24).

▣ **"നിങ്ങളോ എന്നെ കാണുകയില്ല ... എന്നെ കാണും"** വാ. 16-ലും 17-ലും "കാണുക" എന്നതിന് രണ്ടു വ്യത്യസ്ത പദങ്ങളുണ്ട്. അവ പര്യായപദങ്ങളായി തോന്നും. അങ്ങനെയെങ്കിൽ ഒരു സമയത്തെ മാത്രമാണു യേശു പരാമർശിക്കുന്നതെന്നും ആ സമയം ക്രൂശിലെ മരണത്തിനും ഉയർപ്പിൻ പ്രഭാതത്തിനും ഇടയിലുള്ള സമയമാണെന്നും മനസ്സിലാക്കാം.

ചിലർ ചിന്തിക്കുന്നത് അത് "ഭൗതിക" കാഴ്ചയെയും "ആത്മീക" കാഴ്ചയെയും സൂചിപ്പിക്കുന്നുവെന്നാണ്. എങ്കിൽ അതു സൂചിപ്പിക്കുന്നത് (1) കാൽവറിക്കും ഞായറാഴ്ച പ്രഭാതത്തിനും ഇടയിലുള്ള സമയമോ (2) സ്വർഗ്ഗാരോഹണത്തിനും രണ്ടാം വരവിനും ഇടയിലുള്ള സമയമോ ആകാം.

ഒന്നാമത്തെ പദം (*തിയോറെയോ-θεορεω*) വാ. 16ലും 17ലും വർത്തമാന കാലത്തിലും രണ്ടാമത്തേത് (*ഹൊറാഓ-ὁραω*) വാ 16-ലും 17-ലും ഭാവികാലത്തിലും ആണെന്ന വസ്തുത പര്യായപദ സിദ്ധാന്തത്തെ പിന്തുണയ്ക്കുന്നതായി തോന്നുന്നു.

**16:18 "എന്നും അവർ പറഞ്ഞു"** ഇതൊരു അപൂർണ്ണകാലമാണ്, അർത്ഥം: (1) അവർ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു (2) അവർ പറയാൻ തുടങ്ങി.

▣ **"അവൻ എന്തു സംസാരിക്കുന്നു"** അവന്റെ കൂടെയുള്ളവർ, അവനെ കേൾക്കുകയും അവന്റെ അത്ഭുതങ്ങൾ കാണുകയും ചെയ്തവർ, പലപ്പോഴും അവനെ മനസ്സിലാക്കിയില്ല (ഒ. നോ. 8:27,43; 10:6; 12:16; 18:4). ഇതാണ് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ പരിഹരിക്കപ്പെടുന്നത്.

**16:19 "അവർ തന്നോടു ചോദിപ്പാൻ ആഗ്രഹിക്കുന്നു എന്നു അറിഞ്ഞു യേശു"** ആളുകളുടെ ചിന്തകൾ യേശു അറിഞ്ഞിരുന്നു (ഒ.നോ. 2:25; 6:61,64; 13:11). ഇത് (1) അവന്റെ ദൈവത്വത്താലാണോ, (2) ആളുകളുടെ സാഹചര്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച നിമിത്തമാണോ, (3) രണ്ടും ചേർന്നതാണോ എന്ന് കൃത്യമായി മനസ്സിലാക്കുക പ്രയാസമാണ്.

**16:20 "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു"** 1:51 ലെ പ്രത്യേക പഠനവിഷയം കാണുക. "ആമേൻ" എന്നത് "വിശ്വാസം" (ഒ.നോ. ഹബ. 2:4) എന്നതിനുള്ള പഴയനിയമ പദമാണ് (*അമൻ, എമെത്ത്, എമുനാഹ്*). അതിന്റെ പ്രാഥമിക വ്യുൽപത്തി "ഉറപ്പായിരിക്കുക," "നിശ്ചയമായിരിക്കുക" എന്നാണ്. ദൈവത്തിന്റെ വിശ്വസ്തതയെ വിവരിക്കുവാൻ അത് ആലങ്കാരികമായി ഉപയോഗിച്ചു - അതാണ് വിശ്വാസം, വിശ്വസ്തത എന്ന വേദപുസ്തക ആശയത്തിന്റെ അടിസ്ഥാനം. ഈ പദത്തിൽ വാചകമാരംഭിച്ചിട്ടുള്ള ഏകവ്യക്തി യേശു മാത്രമാണ്. "ഇതൊരു സുപ്രധാനവും വിശ്വസനീയവുമായ പ്രസ്താവനയാണ്, ശ്രദ്ധിച്ചുകേൾക്കുക" എന്ന അർത്ഥമാണിതിനുള്ളത്.

▣ **"നിങ്ങൾ കരഞ്ഞു വിലപിക്കും"** യെഹൂദന്മാരുടെ സവിശേഷമായ വിലാപ ആചാരത്തിലെ ഉച്ചത്തിലുള്ള മുറവിളിയെയാണിതു സൂചിപ്പിക്കുന്നത് (ഒ. നോ. 11:31,33; 20:11). ശിഷ്യന്മാരുടെ ദുഃഖത്തെക്കുറിച്ചു പറയുമ്പോൾ "നിങ്ങൾ" എന്ന പദം മൂന്നു പ്രാവശ്യം ഊന്നൽ കൊടുത്ത് യേശു സംസാരിക്കുന്നുണ്ട് (വാ. 20 [2 പ്രാവശ്യം], വാ. 22). നേതൃത്വത്തിന്റെ അർത്ഥം,

1. ദാസ്യത്വം
2. ലോകത്താലുള്ള തിരസ്കരണം
3. ഗുരു സഹിച്ചതുപോലെയുള്ള പീഡ

▣ **"നിങ്ങൾ ദുഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും"** തങ്ങളുടെ ആശയക്കുഴപ്പത്തിന്റെയും മനസ്സിലാക്കാനുള്ള പ്രയാസത്തിന്റെയും നടുവിലും എത്ര വലിയ വാഗ്ദത്തമാണ് ശിഷ്യന്മാർക്കു ലഭിച്ചത്. ഈ ശിഷ്യസമൂഹത്തിന് യേശു വാഗ്ദത്തം ചെയ്തതെല്ലാം, ഉയിർപ്പിൻ ഞായറാഴ്ച വൈകുന്നേരം മാളികമുറിയിൽ വെച്ചുണ്ടായ ആദ്യ പുനരുത്ഥാനാനന്തര പ്രത്യക്ഷതയിൽ നിറവേറുകയുണ്ടായി.

1. അവൻ അവരെ കൈവിടുകയില്ല (ഒ. നോ. 14:18; 16:16,19; 20:19)
2. അവൻ അവരുടെ അടുക്കൽ അടുക്കൽ വരും (ഒ.നോ. 14:18; 16:16,19; 20:19)
3. അവൻ അവർക്കു സമാധാനം നൽകും (ഒ. നോ. 16:22; 20:19)
4. അവൻ അവർക്കു ആത്മാവിനെ നൽകും (ഒ. നോ. 15:26; 20:22)

**16:21 "സ്ത്രീ പ്രസവിക്കുമ്പോൾ"** പ്രസവിക്കുന്ന സ്ത്രീയുടെ സാദൃശ്യം പഴയനിയമത്തിൽ സാധാരണയായ ഒന്നാണ്. സാധാരണയായി ജനനത്തിന്റെ ത്വരിതാവസ്ഥയെയും അനിവാര്യതയെയും സൂചിപ്പിക്കാനാണത് ഉപയോഗിക്കുന്നതെങ്കിലും, ഇവിടെ മുമ്പും പിമ്പുമുള്ള മാതാവിന്റെ മനോഭാവത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. ഈ സാദൃശ്യം പലപ്പോഴും പുതിയയുഗത്തിന്റെ "പ്രസവവേദന"യോടു ബന്ധിപ്പിച്ചിരിക്കുന്നു (ഒ.നോ. യെശ. 26:17-18; 66:7-14; മർക്കൊ. 13:8). ഇതാണ് യേശു യഥാർത്ഥത്തിൽ പരാമർശിച്ചത്. ഇതാണ് യഥാർത്ഥത്തിൽ ഇപ്പോഴും ക്രൂശിന്റെയും ഉയിർപ്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും അങ്ങേക്കരയിൽ നിന്നിരുന്ന ശിഷ്യന്മാർ യേശുവിന്റെ വാക്കുകൾ ഗ്രഹിക്കാതിരുന്നതിന്റെ കാരണവും!

**16:23 "അന്ന്"** പുതിയ യുഗത്തിന്റെ വരവിനോടു ബന്ധപ്പെടുത്തി സാധാരണയായി ഉപയോഗിക്കുന്ന മറ്റൊരു എബ്രായ ശൈലീ പ്രയോഗമാണിത് (വാ. 21 ലെ പ്രസവവേദന പോലെ; ഒ.നോ. 14:20; 16:25,26).

▣ **"നിങ്ങൾ എന്നോടുഒന്നും ചോദിക്കുകയില്ല"** ഈ വാക്യത്തിൽ "ചോദ്യം" അഥവാ "ചോദിക്കുക" എന്നതിന് രണ്ടു വ്യത്യസ്ത പദങ്ങളുണ്ട് (ഒ. നോ. വാ. 26). ഒന്നാമത്തേത് "ഒരു ചോദ്യം ചോദിക്കുക" എന്നതിനെ സൂചിപ്പിക്കുന്നു (ഒ.നോ. 16:5,19,30). ഇതാണ് തർജ്ജമയെങ്കിൽ, അ. 13-17 ന്റെ പശ്ചാത്തലത്തിലുള്ള അവരുടെ സകല ചോദ്യങ്ങളെയുമാകാം യേശു സൂചിപ്പിക്കുന്നത്. (ഒ.നോ. 13:36; 14:5,8,22; 16:17-18). എങ്കിൽ രണ്ടാമത്തെ പദം അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്ന പരിശുദ്ധാത്മാവിന്റെ വരവിനെ സൂചിപ്പിക്കുന്നു (ഒ. നോ. 14:16-31; 15:26-27; 16:1-15). ചില നിലകളിൽ ഈ പ്രയോഗം യിരെ. 31:31-34 ലെ "പുതിയനിയമ"ത്തിന്റെ വാഗ്ദത്തത്തെയാണ് എന്നെ ഓർമ്മിപ്പിക്കുന്നത്; അവിടെ പുതിയ യുഗത്തിന്റെ വരവ് സകലവിശ്വാസികൾക്കും സമ്പൂർണ്ണ അറിവ് പ്രദാനം ചെയ്യും.

▣

**NASB** **"എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്ത് അപേക്ഷിച്ചാലും"**
**NKJV** **"എന്റെ നാമത്തിൽ പിതാവിനോട് നിങ്ങൾ ആവശ്യപ്പെടുന്നതൊക്കെയും"**
**NRSV** **"എന്റെ നാമത്തിൽ പിതാവിൽ നിന്ന് എന്തപേക്ഷിച്ചാലും"**
**TEV** **"എന്റെ നാമത്തിൽ അവനോട് അപേക്ഷിക്കുന്നതൊക്കെയും പിതാവു നൽകും"**
**NJB** **"പിതാവിൽ നിന്നും നിങ്ങൾ അപേക്ഷിക്കുന്നതെന്തും എന്റെ നാമത്തിൽ അവൻ നൽകും"**

ഇതൊരു സോപാധിക വാചകമല്ല, അനിശ്ചിത ക്രിയാബന്ധമാണ്. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നത് പ്രാർത്ഥന അവസാനിപ്പിക്കുന്ന ആചാരപരമായ ഒരു സൂത്രവാക്യമല്ല, മറിച്ച് യേശുക്രിസ്തുവിന്റെ ഹിതം, മനസ്സ്, സ്വഭാവം എന്നിവയ്ക്കനുസരിച്ചു പ്രാർത്ഥിക്കുന്നതാണ് എന്നിതു സൂചിപ്പിക്കുന്നു (ഒ.നോ. 1 യോഹ. 5:13). 15:16ലെ കുറിപ്പ് കാണുക. 1 യോഹ. 3:22 ലെ പ്രത്യേക പഠനവിഷയം: പ്രാർതന, അപരിമിതം എന്നാൽ പരിമിതം, കാണുക.

"എന്റെ നാമത്തിൽ" എന്നതു സംബന്ധിച്ച് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. അത് "ചോദിക്കുക" എന്നതിനോടു ചേർന്നാണോ അതോ "നൽകുക" എന്നതിനോടു ചേർന്നാണോ വരുന്നത്? സന്ദർഭം പ്രാർത്ഥന ആണ്, അതിനാൽ ഇത് "ചോദിക്കുക" എന്നതിനോടു ചേർന്നു വരാനാണു സാധ്യത. എങ്കിലും യഥാർത്ഥത്തിൽ പിതാവിൽ നിന്നുള്ളതെല്ലാം യേശുവിലൂടെയാണു ലഭ്യമാകുന്നത്. ("എന്റെ നാമം" ഒ.നോ. 14:13,14; 16:15,24,26). യോഹ. 14:14 ലെ പ്രത്യേക പഠനവിഷയം: യഹോവയുടെ നാമം, കാണുക.

**16:24 "അപേക്ഷിപ്പീൻ .... നിങ്ങൾക്കു ലഭിക്കും"** "അപേക്ഷിക്കുക" എന്നത് വർത്തമാനകാല കർത്തരി കല്പനയാണ്. വിശ്വാസികളുടെ പ്രാർത്ഥന മുട്ടിപ്പായുള്ളതും തുടരുന്നതുമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരർത്ഥത്തിൽ വിശ്വാസികൾ വിശ്വസിച്ചുകൊണ്ട് ഒരിക്കൽ ചോദിച്ചാൽ മതി, എന്നാൽ മറ്റൊരർത്ഥത്തിൽ, പ്രാർത്ഥന അപേക്ഷിച്ചുകൊണ്ട് ദൈവത്തിൽ തുടർമാനമായി ആശ്രയിക്കുന്നതും കൂട്ടായ്മ ആചരിക്കുന്നതുമാണ് (ഒ. നോ. മത്താ. 7:78; ലൂക്കൊ. 11:5-13; 18:1-8).

▣ **"നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം"** ഉത്തരം ലഭിച്ച പ്രാർത്ഥന സന്തോഷമുളവാക്കുന്നു! യേശു

വിന്റെ അനുയായികളുടെ ഒരു സവിശേഷതയാണു സന്തോഷം (ഒ. നോ. 15:11; 16:20,21,24; 17:13).

**യോഹന്നാൻ 16:25-28**

**[25]ഇതു ഞാൻ സദൃശമായി നിങ്ങളോടു സംസാരിച്ചിരിക്കുന്നു; എങ്കിലും ഞാൻ ഇനി സദൃശമായി നിങ്ങളോടു സംസാരി ക്കാതെ പിതാവിനെ സംബന്ധിച്ചു സ്പഷ്ടമായി നിങ്ങളോടു അറിയിക്കുന്ന നാഴിക വരുന്നു. [26]അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും; ഞാൻ നിങ്ങൾക്കു വേണ്ടി പിതാവിനോടു അപേക്ഷിക്കും എന്നു ഞാൻ പറയുന്നില്ല. [27]നിങ്ങൾ എന്നെ സ്നേഹിച്ചു, ഞാൻ പിതാവിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ടു പിതാവു താനും നിങ്ങളെ സ്നേഹിക്കുന്നു. [28]ഞാൻ പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ടു ലോകത്തിൽ വന്നിരിക്കുന്നു; പിന്നെയും ലോകത്തെ വിട്ടു പിതാവിന്റെ അടുക്കൽ പോകുന്നു.**

**16:25 "സാദൃശ്യമായി"** യേശുവിന്റെ പഠിപ്പിക്കലുകൾക്ക് ദ്വിവിധ ഫലങ്ങളാണുള്ളത്: (1) അത് അറിവിനെ ഉണർത്തുന്നു, (2) അറിവിനെ തടയുന്നു (ഒ. നോ. മർക്കൊ. 4:10-11; യെശ. 6:910; യിരെ. 5:21). കേഴ്വിക്കാരന്റെ ഹൃദയമാണ് ഫലപ്രദമായ ഗ്രാഹ്യത്തിന്റെ താക്കോൽ. എങ്കിലും കഷ്ടാനുഭവ ആഴ്ചയിലെ സംഭവങ്ങളും (ക്രൂശീ കരണം, ഉയിർപ്പ്, ഉയിർപ്പിനു ശേഷമുള്ള പ്രത്യക്ഷതകൾ, സ്വർഗ്ഗാരോഹണം) പെന്തെക്കോസ്തും കഴിയുന്നതു വരെ രക്ഷിക്കപ്പെട്ടവർക്കും ഗ്രഹിക്കാൻ കഴിയാതിരുന്ന സംഭവങ്ങളും ഉണ്ട്.

എമ്മവുസിലേക്കു പോയ ശിഷ്യന്മാർക്കുള്ള പുനരുത്ഥാനാനന്തര പ്രത്യക്ഷത (ഒ.നോ. ലൂക്കൊ. 24:13-35), യേശു ശിഷ്യന്മാരെ എങ്ങനെ പഠിപ്പിച്ചിരുന്നു എന്നതു സംബന്ധിച്ച് ഒരു ധാരണ നമുക്കു നൽകുന്നു (ഒ.നോ. വാ. 25-27, 32). താൻ തന്നെ തന്റെ പുനരുത്ഥാനാനന്തര പ്രത്യക്ഷതകളിൽ, പഴയനിയമം എങ്ങനെ തന്റെ ശുശ്രൂഷയുടെ നിഴലായി നിൽക്കുന്നു എന്നു പഠിപ്പിക്കുകയുണ്ടായി. ഇത് അപ്പൊ. പ്രവൃത്തിയിലെ പത്രൊസിന്റെ പ്രസംഗത്തിനു മാതൃകയായി ഭവിച്ചു (*കെറിഗ്മാ*, 5:39 ലെ പ്രത്യേക പഠനവിഷയം കാണുക).

▣ **"സ്പഷ്ടമായി അറിയിക്കുന്നു"** 7:4 ലെ പ്രത്യേക പഠനവിഷയം: നിർഭയത്വം (*പറീസിയ*) കാണുക.

**16:26 "അന്നു നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും; ഞാൻ നിങ്ങൾക്കു വേണ്ടി പിതാവിനോടു അപേക്ഷിക്കും എന്നു ഞാൻ പറയുന്നില്ല"** വളരെ പ്രധാനപ്പെട്ട ഒരു സത്യത്തെ ഇതു വെളിപ്പെടുത്തുന്നു. അനേക ആധുനിക ക്രിസ്ത്യാനികളും തങ്ങൾക്കു നേരിട്ടു ദൈവത്തെ സമീപിക്കാൻ കഴിയുമെന്നു വിശ്വസിക്കു ന്നില്ല! എങ്കിലും ബൈബിൾ പഠിപ്പിക്കുന്നത്:

1. ആത്മാവ് വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു (ഒ.നോ. റോമ. 8:26-27).
2. പുത്രൻ വിശ്വാസികൾക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നു (1 യോഹ. 2:1).
3. ക്രിസ്തു മുഖാന്തരം വിശ്വാസികൾക്ക് പ്രാർത്ഥനയിലൂടെ ദൈവത്തെ നേരിട്ടു സമീപിക്കാൻ കഴിയും.

**16:27 "പിതാവും താനും നിങ്ങളെ സ്നേഹിക്കുന്നു"** "സ്നേഹം" എന്നതിനുള്ള പദം *ഫിലെയോ(φιλεω)* ആണ്. പിതാവിന് യേശുവിനോടുള്ള സ്നേഹത്തെ കാണിക്കുവാൻ 5:20 ൽ ഈ പദം ഉപയോഗിച്ചിരിക്കുന്നു. യോഹ. 3:16 നെ (*അഗാപ്പാഓ (αγαπαω)* ഉപയോഗിച്ചിരിക്കുന്നു) സ്ഥിരീകരിക്കുന്ന എത്ര ശക്തമായ വാക്യമാണിത്. വൈമനസ്യമുള്ള ഒരു ദൈവത്തെയല്ല യേശു ചൂണ്ടിക്കാണിക്കുന്നത്. മറിച്ച് മനുഷ്യരുടെ വീണ്ടെടുപ്പിൻ പദ്ധതി യേശുവിനോടൊപ്പം പൂർത്തീകരിക്കാൻ പ്രവർത്തിക്കുന്ന സ്നേഹമുള്ള പിതാവിനെയാണ്.

▣

**NASB** **"പിതാവിൽ നിന്ന്"**
**NKJV, NRSV,**
**TEV, NJB** **"ദൈവത്തിൽ നിന്ന്"**

രണ്ട് ഗ്രീക്ക് കയ്യെഴുത്തു വ്യതിയാനങ്ങളുണ്ട്: (1) "ദൈവം" അഥവാ "പിതാവ്"; (2) വിവേചക ഭേദകത്തിന്റെ സാന്നിധ്യം അഥവാ അഭാവം. കയ്യെഴുത്തു പ്രതികളായ $P^5$, $\aleph^2$, A, N എന്നിവയിൽ "ഗോഡ്" (ദൈവം) എന്നും $C^3$, W എന്നിവയിൽ "ദ ഗോഡ്" എന്നും കാണാം. ഇതു ദുഷ്കരവും അസാധാരണവുമായ പ്രയോഗമാണ്. പാഠ നിരൂപണത്തിന്റെ നിയമങ്ങളിലൊന്ന്, ഏറ്റവും ദുഷ്കരവും അസാധാരണവുമായ ഭാഗങ്ങളാണ് പകർപ്പെഴുത്തു കാരെ മാറ്റിയെഴുതാൻ പ്രേരിപ്പിക്കുന്ന യഥാർത്ഥ പാഠങ്ങൾ എന്നതാണ്. യുണൈറ്റഡ് ബൈബിൾ സൊസൈറ്റി യുടെ ഗ്രീക്ക് പുതിയ നിയമം ഇതിന് "C" റേറ്റ് (നിർണ്ണയിക്കാൻ പ്രയാസം) കൊടുക്കുന്നു. എന്നാൽ $\aleph^1$ ൽ "ഫാദർ" (പിതാവ്) എന്നും B, $C^*$, D, L എന്നിവയിൽ "ദ ഫാദർ" എന്നും കാണുന്നു. ഇതാണ് സന്ദർഭത്തിന് കൂടുതൽ അനുയോജ്യം.

▣ **"ഞാൻ പിതാവിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊണ്ട്"** ഇവിടെ രണ്ട് പൂർണ്ണ കർത്തരി സൂചകങ്ങളുണ്ട്. യേശുവിലുള്ള സ്നേഹവും വിശ്വാസവും പിതാവുമായുള്ള കൂട്ടായ്മയ്ക്കു പശ്ചാത്തലമൊരുക്കുന്നു. ബാർക്ലേ ന്യൂമാനും യൂജിൻ നിഡായും ചേർന്നെഴുതിയ *എ ട്രാൻസ്ലേറ്റേഴ്സ് ഹാൻഡ് ബുക്ക് ഓൺ ദ ഗോസ്പൽ ഓഫ് ജോൺ* -ലെ പ്രസ്താവന താൽപ്പര്യമുളവാക്കുന്നതാണ്.

"ഈ പ്രസ്താവനകൾ സൂചിപ്പിക്കുന്നത് യോഹന്നാനെ സംബന്ധിച്ച് സ്നേഹം, അനുസരണം,

വിശ്വാസം എന്നീ ആശയങ്ങൾ കേവലം ഒരുവനു പുത്രനോടുള്ള ബന്ധം വെളിപ്പെടുത്തുന്നതിനുള്ള വിവിധ ഉപാധികൾ മാത്രമാണെന്നാണ്' (പേജ് 518).

"വിശ്വസിച്ചു" എന്നതിന് 2:23 ലെ പ്രത്യേക പഠനവിഷയം: യോഹന്നാനിൽ വിശ്വസിക്കുക എന്ന പദത്തിന്റെ ഉപയോഗം കാണുക.

**16:28 "പുറപ്പെട്ടു... വന്നിരിക്കുന്നു"** ഇതൊരു ഭൂതകാലക്രിയയും തുടർന്ന് സമ്പൂർണ്ണ ക്രിയയുമാണ്. യേശു ബേത്‌ലഹേമിൽ ജനിച്ചു (ജഡാവതാരം); അവന്റെ വരവിന്റെ ഫലമായി വസിച്ചു (അതാ. "ഞാൻ എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്" (ഒ.നോ. മത്താ. 28:20).

"യേശു പിതാവിങ്കൽ നിന്നു പുറപ്പെട്ടു" എന്ന വസ്തുത പ്രസ്താവിക്കുന്നത് (ഒ.നോ. വാ. 27,30; 8:42; 13:3; 17:8).

1. അവന്റെ പൂർവ്വാസ്തിക്യം
2. അവന്റെ ദൈവത്വം
3. പിതാവിനെക്കുറിച്ചുള്ള അവന്റെ പൂർണ്ണ വെളിപ്പാട്

എന്നിവയെക്കുറിച്ചാണ്.

▣ **"പിന്നെയും ലോകത്തെ വിട്ടു പിതാവിന്റെ അടുക്കൽ പോകുന്നു"** വരാൻ പോകുന്ന സ്വർഗ്ഗാരോഹണത്തെയും "കാര്യസ്ഥന്റെ" ശുശ്രൂഷയുടെയും യേശുവിന്റെ മദ്ധ്യസ്ഥ ശുശ്രൂഷയുടെയും ആരംഭത്തെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. എബ്രാ. 7:25; 9:24; 1 യോഹ. 2:1). യോഹ. 1:1 ൽ പൂർവ്വാസ്തിക്യം പ്രസ്താവിച്ചിരിക്കുന്നതുപോലെ ഈ വാക്യത്തിൽ മഹത്വത്തിലേക്കും അധികാരത്തിലേക്കുമുള്ള യേശുവിന്റെ യഥാസ്ഥാപനത്തെ ഊന്നിപ്പറയുന്നു (ഒ.നോ. 17:5,24).

### യോഹന്നാൻ 16:29-33

**29അതിന്നു അവന്റെ ശിഷ്യന്മാർ: ഇപ്പോൾ നീ സദൃശം ഒന്നും പറയാതെ സ്പഷ്ടമായി സംസാരിക്കുന്നു. 30നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്കു ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു; ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറഞ്ഞു. 31യേശു അവരോടു: ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ? 32നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു; പിതാവു എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഏകനല്ല താനും. 33നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.**

**16:29 "സ്പഷ്ടമായി സംസാരിക്കുന്നു"** 7:4 ലെ പ്രത്യേക പഠനവിഷയം: നിർഭയത്വം (*പറീസിയ*) കാണുക.

**16:30** വാ. 19 ലെ ശിഷ്യന്മാരുടെ ചോദ്യം യേശു അറിഞ്ഞിരുന്നു എന്നതിന്റെ വെളിച്ചത്തിൽ വേണം ഈ വാചകം മനസ്സിലാക്കാൻ. അവരുടെ ഈ പ്രസ്താവന, വളർന്നുകൊണ്ടിരിക്കുന്നതും എന്നാൽ ഇപ്പോഴും അപൂർണ്ണവുമായ അവരുടെ വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നു. അവർ വളരെയധികം കാണുകയും കേൾക്കുകയും ചെയ്തു; ഈ സംഭവം (ഒ.നോ. വാ.19) അവരുടെ അറിവിനെ സംബന്ധിച്ച് ഒരു സുപ്രധാന വഴിത്തിരിവായി വർത്തിക്കുന്നുണ്ടോ? എനിക്കു തോന്നുന്നത്, ഇത് പത്രൊസിന്റെ നല്ല ഉദ്ദേശ്യത്തോടുകൂടിയതും എന്നാൽ അതിശയോക്തിപരവുമായ പ്രസ്താവനകൾക്കു തുല്യമാണെന്നാണ് (ജെറോം ബിബ്ലിക്കൽ കമന്ററി, പേ. 456 കാണുക).

**16:31 "ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ"** ഇതൊരു ചോദ്യമോ പ്രസ്താവനയോ ആകാം. ആധുനിക ഇംഗ്ലീഷ് പരിഭാഷകൾ ഇതിനെ ചോദ്യമെന്ന നിലയിലാണു മനസ്സിലാക്കുന്നത്. ഈ നിർണ്ണായക സമയത്തുപോലും അപ്പൊസ്തലന്മാരുടെ വിശ്വാസം പൂർണ്ണമല്ല. ആധുനിക വിശ്വാസികൾ അവർക്കു ലഭിച്ച വെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ യേശുവിനോടു പ്രതികരിക്കുമ്പോൾ ദൈവം പ്രാരംഭ ബലഹീന വിശ്വാസത്തെ അംഗീകരിക്കുന്നു. യേശുവിന്റെ വിസ്താര വേലയിലും ക്രൂശീകരണ സമയത്തും ശിഷ്യന്മാർ അവനെ ുപേക്ഷിച്ചു പോയത് അവരുടെ വിശ്വാസമില്ലായ്മയുടെ തെളിവാണ്.

**16:32 "നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും"** വിചാരണയിലും ക്രൂശീകരണത്തിലും യോഹന്നാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു വ്യക്തമാണ് (ഒ.നോ. മത്താ. 26:31, സെഖ. 13:7 ൽ നിന്നും ഉള്ള ഉദ്ധരണി). ശിഷ്യന്മാരിൽ അനേകരും തൊഴിലായ മീൻപിടുത്തത്തിലേക്ക് മടങ്ങിപ്പോയി എന്ന് യോഹ. 21:1-3 ൽ നിന്നും മനസ്സിലാക്കാം.

യേശുവിന് മാനുഷിക സഹിത്വം നഷ്ടപ്പെട്ടെങ്കിലും (ഒ.നോ. മത്താ. 26:38,40-41,43,45) ലോകത്തിന്റെ പാപത്തെ അവൻ ചുമന്നു (ഒ.നോ. മത്താ. 27:45-46). ക്രൂശീകരണം വരെ സ്വർഗ്ഗീയ സഹിത്വം നഷ്ടപ്പെട്ടിരുന്നില്ല (ഒ.നോ. മത്താ. 27:45-46).

▣

| | |
|---|---|
| **NASB** | **"സ്വന്തഭവനത്തിലേക്ക്"** |
| **NKJV** | **"സ്വന്തത്തിലേക്ക്"** |
| **NRSV** | **"തന്റെ ഭവനത്തിലേക്ക്"** |
| **NJB** | **"സ്വന്ത വഴിക്ക്"** |
| **TEV** | **"നിങ്ങളുടെ സ്വന്ത ഭവനം"** |
| **REB, NET, NIV** | **"സ്വന്ത ഭവനത്തിലേക്ക്"** |

NKJV ആണ് ആക്ഷരികമായത്. മിക്ക ഇംഗ്ലീഷ് പരിഭാഷകളും അത് അവരുടെ ഭവനത്തെ സൂചിപ്പിക്കുന്നതായി ചിന്തിക്കുന്നു. ബുൾട്ട്മാൻ, യേശു സ്രഷ്ടാവ് എന്ന നിലയിൽ (അതാ. 1:3; 1 കൊരി. 8:6; കൊലൊ. 1:16; എബ്രാ. 1:2) അത് "വസ്തുവക" അല്ലെങ്കിൽ "സമ്പാദ്യ"ത്തെ സൂചിപ്പിക്കുന്നതായി പ്രസ്താവി ക്കുന്നു (NIDOTTE, Vol. 2, p. 839).

**16:33 "നിങ്ങൾക്ക് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്"** ഇതൊരു വർത്തമാനകാല കർത്തരി ക്രിയാ ബന്ധ മാണ് (ഒ.നോ. 14:27). വിഷയ സംബന്ധവും ലക്ഷ്യ സംബന്ധവുമായ സമാധാനം ക്രിസ്തുവിൽ ലഭിക്കുന്നതും നിലനിർത്താൻ കഴിയുന്നതുമാണ്. 14:27 ലെ പ്രത്യേക പഠനവിഷയം: സമാധാനം കാണുക.

▣ **"ലോകം"** ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മാനുഷിക സമൂഹത്തെയാണ് "ലോകം" എന്നു യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നത്. 14:17 ലെ പ്രത്യേക പഠനവിഷയം: *കോസ്മോസ്* കാണുക.

▣ **"നിങ്ങൾക്കു കഷ്ടം ഉണ്ട്"** യേശു നേരിട്ട കഷ്ടം അവരും നേരിടണം (ഒ.നോ. 15:18–25; മത്താ. 5:10–12; പ്രവൃ. 14:22; 1 തെസ്സ. 3:3). കഷ്ടം (*ത്ലിപ്സിസ്-θλιψις*) യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരെ വെളിപ്പെടുത്തു ന്നതിനുള്ള ഒരു വഴിയാണ്.

വെളിപ്പാടു പുസ്തകത്തിൽ "ക്രോധം," "പീഡനം" എന്നിവ തമ്മിൽ ദൈവശാസ്ത്രപരമായ ഒരു വ്യത്യാസ മുണ്ട്. ദൈവക്രോധം ഒരിക്കലും വിശ്വാസികളുടെമേൽ വരികയില്ല, മറിച്ച് അവിശ്വാസികളുടെ കോപം വിശ്വാസി കളുടെമേൽ വരും. "ലോകത്തിന്റെ വെളിച്ചമായവരെ ആക്രമിക്കുന്നതിലൂടെ ലോകം തങ്ങളെത്തന്നെ സാത്താന്റെ സന്തതികൾ എന്നു വെളിപ്പെടുത്തുകയാണ് (ഒ.നോ. 1:1–18; 3:17–21)!

▣ **"ധൈര്യപ്പെടുവിൻ"** ഇത് വർത്തമാനകാല കർത്തരി കല്പനയാണ് (ഒ.നോ. മത്താ. 9:2,22; 14:27; മർക്കൊ. 6:50; 10:49; പ്രവൃ. 23:11). യോശുവായോടുള്ള യഹോവയുടെ വചനങ്ങൾക്ക് തുല്യമാണിതെന്നു തോന്നുന്നു (ഒ.നോ. യോശു. 1:6,9,18; 10:25).

▣ **"ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"** സമ്പൂർണ്ണ കർത്തരി സൂചകമാണിത്. ഗത്സമേനയ്ക്കും കാൽവറി ക്കും ഒഴിഞ്ഞ കല്ലറയ്ക്കും മുമ്പു തന്നെ വിജയം ഉറപ്പാക്കപ്പെട്ടിരിക്കുന്നു (ഒ.നോ. റോമ. 8:37; 1 കൊരി. 15:57; 2 കൊരി. 2:14; 4:7–15). ആത്യന്തികമായ ദ്വന്ദം എന്നൊന്നില്ല. ദൈവമാണ് നിയന്ത്രിതാവ്.

പിതാവിനോടുള്ള സ്നേഹത്താലും അനുസരണത്താലും യേശു ലോകത്തെ ജയിച്ചതുപോലെ വിശ്വാസികളും അവനിലൂടെ വിജയികളാകുന്നു (ഒ.നോ. 1 യോഹ. 2:13–14; 4:4; 5:4–5; വെളി. 3:21; 12:11).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. അപ്പൊ. 15, 16 തമ്മിലുള്ള ബന്ധമെന്താണ്?
2. വാ. 5 നോടുള്ള ബന്ധത്തിൽ 13:36 നെ നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത്?
3. നഷ്ടപ്പെട്ട ലോകത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ എന്താണ്?
4. വിശ്വാസികളോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ എന്താണ്?
5. ആധുനിക സഭാവിഭാഗീയ പ്രവണതയുടെ വെളിച്ചത്തിൽ, എന്തുകൊണ്ടാണ് വാ. 26–27 നമുക്കാവശ്യ മുള്ള അതിപ്രധാന സത്യമായിരിക്കുന്നത്?

# യോഹന്നാൻ 17

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവിന്റെ പ്രാർത്ഥന | യേശു തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു | യേശുവിന്റെ മഹാ പൗരോഹിത്യ പ്രാർത്ഥന | യേശു തന്റെ ശിഷ്യ ന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു | യേശുവിന്റെ പ്രാർത്ഥന |
| 17:1-5 | 17:1-5 | 17:1-5 | 17:1-5 | 17:1-23 |
| | യേശു തന്റെ ശിഷ്യ ന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു | | | |
| 17:6-19 | 17:6-19 | 17:6-19 | 17:6-8 | |
| | യേശു സകല വിശ്വാ സികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു | | 17:9-19 | |
| 17:20-26 | 17:20-26 | 17:20-24 | 17:20-23 | |
| | | | 17:24-26 | 17:24-26 |
| | | 17:25-26 | | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാ. 1-26 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ചരിത്ര പശ്ചാത്തലം
   1. ഈ അദ്ധ്യായം യേശുവിന്റെ മഹാപൗരോഹിത്യ പ്രാർത്ഥനയാണ്
      a. തനിക്കുവേണ്ടി (വാ. 1-5)
      b. തന്റെ ശിഷ്യന്മാർക്കുവേണ്ടി (വാ. 6-19)
      c. ഭാവി ശിഷ്യന്മാർക്കുവേണ്ടി (വാ. 20-26)
      പിൻവാങ്ങലിന്റെയല്ല, ആത്മവിശ്വാസത്തിന്റെ അന്തരീക്ഷത്തിലാണിതു നൽകിയിരിക്കുന്നത് (ഒ.നോ. 16:33).
   2. യേശുവിന്റെ രേഖപ്പെടുത്തപ്പെട്ട ഏറ്റവും നീണ്ട പ്രാർത്ഥനയാണിത്.
   3. ഈ അദ്ധ്യായത്തെ വിഷയാനുക്രമമനുസരിച്ച് വിഭജിക്കുക പ്രയാസമാണ്. കാരണം, ഒരേ ഉദ്ദേശ്യം തന്നെ ആവർത്തിച്ചാവർത്തിച്ച് പരമാർശിച്ചിരിക്കുന്നു, ഇത് യോഹന്നാന്റെ എഴുത്തുകളുടെ

സവിശേഷതയാണ്. ആവർത്തിച്ചു വരുന്ന പാറ്റേണുള്ള ഒരു ചിത്രകമ്പളം പോലെയാണത്. താക്കോൽ പദങ്ങൾ; 'മഹത്വം,' 'നൽകുക,' 'അറിയുക,' അയച്ചു,' 'നാമം,' 'ലോകം,' 'ഒന്നാകുക'

4. ഈ അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശമില്ല. 14-16 അദ്ധ്യായങ്ങളിൽ അവന് പ്രാമുഖ്യം കൊടുത്തിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ ഇത് അസാധാരണമായി തോന്നാം.

B. വാ. 6-19ൽ ശിഷ്യന്മാരുടെ സവിശേഷതകൾ

1. അവർ തിരഞ്ഞെടുക്കപ്പെട്ടവരാണ്
2. അവർ അനുസരണമുള്ളവരാണ്
3. അവർ ദൈവത്തെയും ക്രിസ്തുവിനെയും അറിയുന്നു
4. അവർ സത്യത്തെ കൈക്കൊള്ളുന്നു
5. അവർക്കുവേണ്ടി യേശു പ്രാർത്ഥിക്കുന്നു
6. അവർ ലോകത്തിൽ ഇരിക്കുന്നു
7. അവർ അവന്റെ ശക്തിയാൽ സൂക്ഷിക്കപ്പെടുന്നു
8. പിതാവും യേശുവും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നു
9. അവർക്ക് അവന്റെ സന്തോഷമുണ്ട്
10. അവർ ഈ ലോകക്കാരല്ല
11. അവർ സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു
12. അവൻ അയയ്ക്കപ്പെട്ടതുപോലെ അവരും അയയ്ക്കപ്പെടുന്നു
13. പിതാവ് യേശുവിനെ സ്നേഹിക്കുന്നതുപോലെ അവരും സ്നേഹിക്കപ്പെടുന്നു

C. യോഹന്നാനിൽ "മഹത്വം" എന്ന പദം

1. സെപ്റ്റ്വജിന്റിൽ *ഡോക്സാ* എന്നു തർജ്ജമ ചെയ്തിരിക്കുന്ന 25ലധികം എബ്രായ പദങ്ങളുണ്ട്. പ്രധാന പഴയനിയമ പദം *കാബോദ്* ആണ്. അതിനർത്ഥം 'വ്യത്യസ്തമായ,' 'ഭാരം,' 'കനമുള്ള' 'വിലയുള്ള,' 'മാന്യത' 'ബഹുമാനം' അല്ലെങ്കിൽ 'ശോഭ/പ്രൗഡി.'
2. ഗ്രീക്കു പദം *ഡോക്സാ*, ബഹുമാനം എന്ന അർത്ഥത്തിൽ "ചിന്തിക്കുക" എന്ന ക്രിയയിൽ നിന്നാണു വന്നത്.
3. യോഹന്നാനിൽ ഈ പദത്തിന് അനേക വ്യത്യസ്ത അർത്ഥങ്ങളുണ്ട്.
   a. ദൈവിക തേജസ് (ഒ.നോ. വാ. 5,24; 1:14; 12:40; 12:16).
   b. യേശുവിന്റെ അടയാളങ്ങൾ, പഠിപ്പിക്കലുകൾ, കഷ്ടാനുഭവ ആഴ്ചയിലെ പ്രവൃത്തികൾ എന്നിവയിലൂടെയുള്ള പിതാവിന്റെ വെളിപ്പാട് (ഒ.നോ. വാ. 4,10,22; 1:14; 2:11; 7:18; 11:4,40)
   c. പ്രത്യേകമായി ക്രൂശ് (ഒ.നോ. വാ. 1,4; 7:39; 12:12; 13:31-32).
   ഈ ഉപയോഗങ്ങൾ തമ്മിൽ വ്യക്തമായും ചില കടന്നുകയറ്റങ്ങളുണ്ട്. അവന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഒരു മനുഷ്യനിൽ (അതാ. യേശുക്രിസ്തു) അദൃശ്യനായി ദൈവം വെളിപ്പെട്ടു എന്നതാണ് കേന്ദ്രസത്യം.

# പദ, ശൈലി പഠനം

**യോഹന്നാൻ 17:1-5**

**[1]ഇതു സംസാരിച്ചിട്ടു യേശു സ്വർഗ്ഗത്തേക്കു നോക്കി പറഞ്ഞതെന്തെന്നാൽ: പിതാവേ, നാഴിക വന്നിരിക്കുന്നു; നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന്നു പുത്രനെ മഹത്വപ്പെടുത്തേണമേ. [2]നീ അവന്നു നല്കീട്ടുള്ളവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്നു നീ സകല ജഡത്തിന്മേലും അവന്നു അധികാരം നല്കിയിരിക്കുന്നുവല്ലോ. [3]ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു. [4]ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി, നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികെച്ചിരിക്കുന്നു. [5]ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകുംമുമ്പെ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ.**

**17:1 "ഇതു സംസാരിച്ചിട്ട്"** അ. 13-16 ലെ മാളിക മുറിയിലെ സംഭാഷണത്തെയാണിതു സൂചിപ്പിക്കുന്നത്.

▣ **"സ്വർഗ്ഗത്തേക്കു നോക്കി"** പ്രാർത്ഥനാ സമയത്തെ യെഹൂദന്റെ സാധാരണ നിലയാണിത് - കൈകളും ശിരസ്സും തുറന്ന കണ്ണുകളും സ്വർഗ്ഗത്തിലേക്കുയർത്തി ദൈവത്തോടു സംഭാഷിക്കുന്ന രീതിയിൽ (ഒ.നോ. 11:41; മർക്കൊ. 7:34; ലൂക്കൊ. 18:13; സങ്കീ. 123:1). യേശു കൂടെക്കൂടെ പ്രാർത്ഥിച്ചിരുന്നു. ലൂക്കൊ. 3:21; 5:16; 6:12; 9:18,28; 11:1; 22:41-45; 23:34 എന്നീ ഭാഗങ്ങളിൽ നിന്നും ഇക്കാര്യം വ്യക്തമാണ്.

▣ **"പിതാവേ"** യേശു ദൈവത്തെ സാധാരണയായി ഇങ്ങനെയാണ് അഭിസംബോധന ചെയ്തിരുന്നത് (ഒ.നോ. 11:41; 12:27,28; മത്താ. 11:25-27; ലൂക്കൊ. 22:42; 23:34). യേശു അരാമ്യ ഭാഷ സംസാരിച്ചിരുന്നു. യേശു ഉപയോഗിച്ച അരാമ്യ പദം *അബ്ബാ* എന്നതായിരുന്നു; കുട്ടി പിതാവിനെ വീട്ടിൽ വിളിച്ചിരുന്ന "ഡാഡി" എന്ന സംബോധനയാണത്

(ഒ.നോ. മർക്കൊ. 14:36). ഇത് യേശുവിന്റെ ശിഷ്യന്മാരല്ലാത്തവർക്ക് ആഘാതമേല്പിക്കയും അവർ പ്രകോപിത രാകുകയും ചെയ്തു.

▣ **"നാഴിക വന്നിരിക്കുന്നു"** തന്റെ ശുശ്രൂഷയുടെ ഉദ്ദേശ്യവും നാഴികയും യേശു അറിഞ്ഞിരുന്നു എന്നിതു കാണിക്കുന്നു (ഒ.നോ. 2:4; 7:6,8,30; 8:20; 12:23; 13:1). അജ്ഞാതമായ സാഹചര്യങ്ങൾ അവനെ സ്വാധീനിച്ചില്ല.

▣ **"പുത്രനെ മഹത്വപ്പെടുത്തേണമേ"** ഇതൊരു സാമാന്യ കർത്തരി കല്പനയാണ്. യോഹന്നാനിൽ സമാന പദങ്ങളുപയോഗിച്ചാണ് എപ്പോഴും യേശു തന്റെ മരണത്തെ സൂചിപ്പിക്കുന്നത് (വാ. 4; 7:39; 12:23; 13:31–32). ഈ പദം യേശുവിന്റെ പൂർവ്വാസ്തിക്യ ദൈവത്വത്തോടും ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. 1:14 & വാ. 5,24). യേശുവിന്റെ പ്രവൃത്തികൾ പിതാവിനെ മഹത്വപ്പെടുത്തി. അതു തിരിച്ചും സംഭവിക്കേണ്ടതുണ്ട്: 1:14ലെ കുറിപ്പും പശ്ചാത്തല ഉൾക്കാഴ്ച 'സി' യും കാണുക.

"പുത്രൻ" എന്നതിന് 1 യോഹ. 3:8 ലെ പ്രത്യേക പഠനവിഷയം കാണുക.

"പുത്രൻ" എന്നതിനോടു ബന്ധപ്പെട്ട് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. കയ്യെഴുത്തു പ്രതികളായ $P^{60}$, N,B,C*,W, എന്നിവയിൽ "പുത്രൻ" എന്നതിനോടുചേർന്ന് വിവേചക ഭേദകം കാണാം.
2. A,D,$C^2$ എന്നിവയിൽ ലിംഗപരമായ സർവ്വനാമം കൂട്ടിച്ചേർത്തിരിക്കുന്നു.

നമ്പർ 1 ന് UBS[4] 'B' റേറ്റിംഗ് (ഏതാണ്ട് ഉറപ്പുണ്ട്) നൽകുന്നു.

**17:2 "സകല ജഡത്തിന്മേലും... അധികാരം"** ഒരു ഗ്രാമീണ തച്ചനിൽ നിന്നും പ്രതീക്ഷിക്കാനാവാത്ത പ്രസ്താവന യാണിത് (ഒ.നോ. യോഹ. 5:27; മത്താ. 11:27; 28:18; ലൂക്കൊ. 10:22). അധികാരം (എക്സൂസിയ-*ἐξουσια*) എന്ന പദം 1:12; 5:27; 19:10,11 ൽ ഉപയോഗിച്ചിരിക്കുന്ന അതേ പദം തന്നെയാണ്. "നിയമപരമായ അവകാശം," "അധികാരം" അഥവാ "ശക്തി" എന്നിതിനെ തർജ്ജമ ചെയ്യാൻ കഴിയും.

"സകല ജഡവും" എന്ന പ്രയോഗം ഏക വചനമാണ് (മനുഷ്യകുലത്തെ സൂചിപ്പിക്കുന്ന ഒരു എബ്രായ ശൈലിയാണിത്, ഒ.നോ. ഉല്പ. 6:12; സങ്കീ. 65:2; 145:21; യെശ. 40:5; 66:23; യോവേൽ 2:28).

▣ **"നീ അവനു നൽകീട്ടുള്ളവർക്കെല്ലാവർക്കും"** "എല്ലാവർക്കും" എന്ന പദം നപുംസക ഏക വചനമാണ് (ഒ.നോ. 7,24). അത് വ്യക്തികളെയല്ല, ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ ശിഷ്യന്മാരെ ചൂണ്ടിക്കാണിക്കുന്നു. നിലനിൽക്കുന്ന സമ്മാനത്തെ സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണ് ഇവിടുത്തെ ക്രിയ. മുന്നറിവിനെയും തിരഞ്ഞെടുപ്പിനെയും ഉറപ്പിക്കുന്നതാണ് ഈ പ്രയോഗം (ഒ.നോ. വാ. 6,9,12; 6:37,39; റോമ. 8:29–29; എഫെ. 1:3–14). പഴയ നിയമത്തിൽ തിരഞ്ഞെടുപ്പ് ശുശ്രൂഷയ്ക്കുവേണ്ടിയാണെങ്കിൽ പുതിയ നിയമത്തിൽ ആത്മീയത യ്ക്കും ഭദ്രതയ്ക്കും നിത്യരക്ഷയ്ക്കും വേണ്ടിയാണ്. വിശ്വാസികൾ ശുശ്രൂഷയ്ക്കായും വിളിക്കപ്പെട്ടിരിക്കുന്നു. തിരഞ്ഞെടുപ്പ് ദൈവിക പ്രവൃത്തി മാത്രമല്ല, അത് മാനുഷിക ഉത്തരവാദിത്വവുമായി ബന്ധിക്കപ്പെടുകയും വേണം. അത് മരണത്തെ കേന്ദ്രീകരിച്ചുള്ളതല്ല, ജീവനെ കേന്ദ്രീകരിച്ചുള്ളതാണ്. വിശ്വാസികൾ "വിശുദ്ധി"ക്കു വേണ്ടി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു (ഒ.നോ. എഫെ. 1:4) കേവലം ഒരു പദവിയിൽ നിൽക്കാനല്ല. പിതാവ് ചിലരെ യേശുവിന്റെ കൈകളിൽ നൽകി. മറ്റുള്ളവരെ നൽകിയില്ല എന്ന അർത്ഥത്തിലല്ല ഇതു മനസ്സിലാക്കേണ്ടത്.

## പ്രത്യേക പഠനവിഷയം: തിരഞ്ഞെടുപ്പ്

അത്ഭുതകരമായ ഒരു ഉപദേശമാണ് തിരഞ്ഞെടുപ്പ്. എന്നിരുന്നാലും അത് മുഖപക്ഷത്തിനുള്ള വിളിയല്ല, മറിച്ച് മറ്റുള്ളവരുടെ വീണ്ടെടുപ്പിന് മുഖാന്തരമാകുന്ന ഒരു മാധ്യമം, ഉപകരണം അഥവാ വഴി ആയിത്തീരുന്ന തിനുള്ള വിളിയാണ്. പഴയ നിയമത്തിൽ ഈ പദം പ്രാഥമികമായി ശുശ്രൂഷയ്ക്കാണ് ഉപയോഗിക്കപ്പെട്ടിരി ക്കുന്നത്. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിലുള്ള വൈരുധ്യത്തെ ബൈ ബിൾ ഒരിക്കലും നിരപ്പിക്കാൻ ശ്രമിക്കുന്നില്ല മറിച്ച് രണ്ടും നിലനില്ക്കുന്നുവെന്ന് സ്ഥിരീകരിക്കുകയാണു ചെയ്യുന്നത്. വേദപുസ്തക സംഘർഷത്തിന്റെ ഒരു നല്ല ഉദാഹരണമാണ് തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള റോമർ 9–ഉം മനുഷ്യന്റെ അനിവാര്യ പ്രതികരണത്തെക്കുറിച്ചുള്ള റോമർ 10 ഉം അധ്യായങ്ങൾ (ഒ.നോ. 10:11,12).

ഈ ദൈവശാസ്ത്ര സംഘർഷത്തിന്റെ താക്കോൽ എഫെ.1:4–ൽ കാണാമെന്നു തോന്നുന്നു. യേശു ദൈവ ത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും തന്മൂലം സകല മനുഷ്യരും അവനിൽ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരിക്കുന്നു (കാൾബാർത്ത്). വീണുപോയ മനുഷ്യ വർഗ്ഗത്തോടുള്ള ദൈവത്തിന്റെ 'ഉവ്വ്' ആണ്. യേശു (കാൾ ബാർത്ത്). മുൻ നിർണ്ണയത്തിന്റെ ലക്ഷ്യം സ്വർഗ്ഗമല്ല, മറിച്ച് വിശുദ്ധീകരണമാണ് (ക്രിസ്താനുരൂപ്യം) എന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് ഈ വിഷയം വ്യക്തമായി മനസ്സിലാക്കാൻ എഫെ. 1:4 സഹായിക്കുന്നു. നാം മിക്കപ്പോഴും സുവിശേഷത്തിന്റെ നേട്ടങ്ങളിൽ ആകൃഷ്ടരാകുകയും ഉത്തരവാദിത്വങ്ങളെ അവഗണിക്കുകയും ചെയ്യുന്നു! ദൈവത്തിന്റെ വിളി (തിരഞ്ഞെടുപ്പ്) ഒരു സമയത്തേക്കുള്ളതും അതോടൊപ്പം നിത്യതയ്ക്കുവേ ണ്ടിയുള്ളതുമാണ്!

ഉപദേശങ്ങൾ നിലനിൽക്കുന്നത് തനിയെ, മറ്റുള്ളവയുമായി ബന്ധമില്ലാത്ത, സ്വതന്ത്ര സത്യങ്ങളായിട്ടല്ല, മറിച്ച് മറ്റു സത്യങ്ങളോടു ബന്ധപ്പെട്ടാണ്. ഒരു നക്ഷത്ര രാശിയും ഒറ്റ നക്ഷത്രവും തമ്മിലുള്ള ബന്ധത്തോട് ഇതിനെ ഉപമിക്കാം. പാശ്ചാത്യ സാഹിത്യ രൂപങ്ങളായിട്ടല്ല, പൗരസ്ത്യ സാഹിത്യ രൂപങ്ങളായിട്ടാണ് ദൈവം

സത്യത്തെ വെളിപ്പെടുത്തിയിരിക്കുന്നത്. ഉപദേശ സത്യങ്ങളുടെ ദ്വന്ദജോഡികൾ ഉളവാക്കുന്ന സംഘർഷ ത്തെ ഇല്ലായ്മ ചെയ്യുവാൻ നാം ശ്രമിക്കരുത് (ദൈവം അതീന്ദ്രിയൻ ആയിരിക്കുമ്പോൾ തന്നെ അന്തർയാമി. ഉദാ. ഭദ്രത x സ്ഥിരോത്സാഹം; യേശു പിതാവിനോടു സമൻ x യേശു പിതാവിനു കീഴ്പ്പെട്ടിരിക്കുന്നവൻ; ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യം x ഉടമ്പടിയുടെ പങ്കാളി എന്ന നിലയിൽ ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വം ആദിയായവ.)

"ഉടമ്പടി" എന്ന ദൈവശാസ്ത്ര സങ്കല്പം, ദൈവിക പരമാധികാരത്തെ (അവൻ എല്ലായ്പ്പോഴും മുൻകൈ എടുക്കുകയും അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നു) മനുഷ്യന്റെ പ്രാരംഭവും തുടരുന്നതുമായ അനുതാപ വിശ്വാസ പ്രതികരണവുമായി ബന്ധിപ്പിക്കുന്നു (ഒ.നോ. മർക്കൊ. 1:15; പ്രവൃ. 3:16, 19; 20:21). വൈരുധ്യത്തിന്റെ ഒരു വശം സ്വീകരിച്ച് മറുവശം തള്ളിക്കൊണ്ടു വാക്യത്തെളിവ് കണ്ടെത്താതിരിക്കാൻ ശ്രദ്ധിക്കുക! നിങ്ങളുടെ ഇഷ്ട ഉപദേശമോ ദൈവശാസ്ത്രമോ മാത്രം ഊന്നിപ്പറയാതിരിക്കാൻ ശ്രദ്ധിക്കുക.

▣ **"അവൻ നിത്യ ജീവനെ കൊടുക്കേണ്ടതിന്"** ക്രിസ്തുവിലൂടെ ദൈവത്തിൽ നിന്നും ലഭിച്ച ദാനമാണ് നിത്യജീവൻ (ഒ.നോ. 5:21,26; 6:40,47; 10:28; 1 യോഹ. 2:25; 5:11). അതിന്റെ അർത്ഥം "ദൈവിക ജീവൻ", "പുതുയുഗ ജീവൻ", അഥവാ "പുനരുത്ഥാന ജീവൻ" എന്നാണ്. അത് പ്രാഥമികമായി അളവല്ല, ഗുണമാണ് (ഒ.നോ. 10:10).

**17:3 "ഏക സത്യ ദൈവമായ"** ഒരേയൊരു ഏക ദൈവത്തിന്റെ ആസ്തിക്യത്തെക്കുറിച്ചുള്ള പ്രസ്താവനയിൽ നിയമം അതുല്യമാണ് (ഒ.നോ. പുറ. 8:10; 9:14; ആവ. 4:35,39; 6:4; 33:26; 1 ശമൂ. 2:2; 2 ശമൂ. 7:22; 1 രാജാ. 8:23; യെശ. 37:20; 44:6,8; 45:6–7,14,18,21,22; 46:9; യോഹ. 5:44; 1 കൊരി. 8:4,6; 1 തിമൊ. 1:17; 2:5; യൂദാ 25). അനേക ദേവന്മാരെക്കുറിച്ചുള്ള പൗരാണിക സമീപപൂർവ്വ ലോകവീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവത്തിന്റെ അതുല്യതയും ഏകത്വവും പഴയനിയമം ഊന്നിപ്പറയുന്നതെന്ന് പറയാൻ കഴിയും. ഏക ദൈവമേയുള്ളൂ എങ്കിലും മറ്റ് ആത്മീയ ജീവികളുണ്ട് (ഒ.നോ. പുറ. 15:11; ആവ. 3:24; സങ്കീ. 86:8; 89:6).

ഒരർത്ഥത്തിൽ ചില പഴയനിയമ വേദഭാഗങ്ങൾ കുലദൈവവിശ്വാസം (അനേക ദേവന്മാർ [*എലോഹിം*] എന്നാൽ യിസ്രായേലിന് ഒരു ദൈവം) പ്രതിഫലിപ്പിക്കുന്നുണ്ട്. മറ്റ് ആത്മജീവികളുടെ സാന്നിധ്യം മോശെ അംഗീ കരിക്കുന്നുണ്ട്. ജാതികളുടെ വിഗ്രഹങ്ങൾ യഥാർത്ഥമാണെന്ന് സ്ഥാപിക്കുന്നതിനല്ല ഇത്, മറിച്ച് ഭൗതിക വിഗ്രഹങ്ങളുടെ പിന്നിൽ പൈശാചിക ശക്തിയാണെന്നു ചൂണ്ടിക്കാണിക്കുന്നതിനാണ് (ഒ.നോ. 1 കൊരി. 10:19–20).

മറ്റെ നാമവിശേഷണം "സത്യം" (*അലീത്തിനോസ്-ἀληθινος*) എന്നതാണ്. ഈ പദവും അനുബന്ധ പദങ്ങളും (*അലീത്തീസ്-ἀληθης*) യോഹന്നാന്റെ എഴുത്തുകളിൽ കൂടെക്കൂടെ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാലും അവയുടെ അർത്ഥം കൃത്യമായി നിർണ്ണയിക്കുക പ്രയാസകരമാണ്. അവയ്ക്ക് വിശാലമായ അർത്ഥ വ്യാപ്തിയാ ണുള്ളത്. പഴയ നിയമ ആലങ്കാരിക പശ്ചാത്തലമനുസരിച്ച് ഇതിന് വിശ്വാസയോഗ്യം, വിശ്വസ്തതയുള്ള, കൂറുള്ള (*എമെത്ത്*-ൽനിന്ന്) എന്നാണർത്ഥം. ഗ്രീക്ക് പശ്ചാത്തലമനുസരിച്ച് വെളിപ്പെടുത്തപ്പെട്ടത്, വ്യക്തമായി പ്രദർശി പ്പിക്കപ്പെട്ടത് എന്നർത്ഥം. ഒരർത്ഥത്തിൽ സത്യം ഭോഷ്കിന്റെ വിപരീതമാണ് (ഒ.നോ. തീത്തൊ. 1:2). ഒരു ഗ്രീക്കു പദത്തിന്റെ ഒടുവിൽ *ഐനോസ്* വന്നാൽ (*അലീത്തിനോസ്-ἀληθινος*) അതിൽ നിന്നും ഉളവായിട്ടുള്ള ഒന്നിനെ യാണ് സൂചിപ്പിക്കുന്നത്. താഴെപ്പറയുന്ന ഉപയോഗങ്ങൾ ഈ പദത്തെ പൊതുവായി മനസ്സിലാക്കാൻ സഹായിക്കും.

## പ്രത്യേക പഠനവിഷയം: "സത്യമായ" (എന്ന പദം) യോഹന്നാന്റെ എഴുത്തുകളിൽ

1. പിതാവായ ദൈവം
   a. ദൈവം സത്യവാൻ/വിശ്വാസയോഗ്യൻ (ഒ.നോ. യോഹ. 3:33; 7:18,28; 8:26; 17:3; റോമ. 3:4; 1 തെസ്സ. 1:9; 1 യോഹ. 5:20; വെളി. 6:10)
   b. ദൈവത്തിന്റെ വഴികൾ സത്യമായവ (ഒ.നോ. വെളി. 15:3)
   c. ദൈവത്തിന്റെ ന്യായവിധികൾ സത്യമായവ (ഒ.നോ. വെളി. 16:7; 19:2)
   d. ദൈവത്തിന്റെ വചനങ്ങൾ സത്യമായവ (ഒ.നോ. വെളി. 19:11)
2. പുത്രനായ ദൈവം
   a. പുത്രൻ സത്യവാൻ/സത്യം ആണ്
      1) സത്യവെളിച്ചം (ഒ.നോ. യോഹ. 1:9; 1 യോഹ. 2:8)
      2) സാക്ഷാൽ മുന്തിരിവള്ളി (ഒ.നോ. യോഹ. 15:1)
      3) കൃപയും സത്യവും നിറഞ്ഞവൻ (ഒ.നോ. യോഹ. 1:14,17)
      4) അവൻ സത്യമാണ് (ഒ.നോ. യോഹ. 14:6; യോഹ.14:6; 8:32)
      5) അവൻ സത്യവാനാണ് (ഒ.നോ. വെളി. 3:7,14; 19:11)
   b. പുത്രന്റെ സാക്ഷ്യം സത്യം (ഒ.നോ. യോഹ. 1:17)

3. അത് താരതമ്യ അർത്ഥത്തിലാകാം
   a. മോശെയുടെ ന്യായപ്രമാണം x യേശുവിന്റെ കൃപയും സത്യവും (ഒ.നോ. യോഹ. 1:17)
   b. മരുഭൂമിയിലെ സമാഗമന കൂടാരം x സ്വർഗ്ഗീയ ആലയം (ഒ.നോ. എബ്രാ. 8:2; 9:1)
4. യോഹന്നാനിൽ കൂടെക്കൂടെ ഈ പദത്തിന് നിരവധി അർത്ഥങ്ങളുണ്ട് (എബ്രായ, ഗ്രീക്ക്). അവയെല്ലാം യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് വ്യക്തികളും സംസാരിക്കുന്നവരും എന്ന നിലയിൽ പിതാവിനെയും പുത്രനെയും കുറിച്ചും ശിഷ്യന്മാരിലേക്കു പകരപ്പെട്ട അവരുടെ സന്ദേശങ്ങളെക്കുറിച്ചു മാണ് (ഒ.നോ. യോഹ. 4:13; 19:35; എബ്രാ. 10:22; വെളി. 22:6).
5. യോഹന്നാനെ സംബന്ധിച്ച് ഈ രണ്ട് നാമവിശേഷണങ്ങൾ ഏകനും ഏക വിശ്വാസയോഗ്യനുമായ ദൈവമായ പിതാവിനെയും (ഒ.നോ. 5:44; 1 യോഹ. 5:20) വീണ്ടെടുപ്പിൻ ലക്ഷ്യത്തോടെയുള്ള- കേവലം ബൗദ്ധിക ജ്ഞാനം ലക്ഷ്യമാക്കിയല്ല - അവന്റെ സത്യവും പൂർണ്ണവുമായ വെളിപ്പാടായ യേശുവിനെയും വിവരിക്കുന്നതാണ്!

▣ **"നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും"** ഇത് യോഹന്നാന്റെ ഒരു പത്രാധിപ കുറിപ്പാകാം. യേശു പിതാവിങ്കൽനിന്നും "അയയ്ക്കപ്പെട്ടു" എന്ന ഊന്നൽ യോഹന്നാനിൽ ആവർത്തിച്ചുവരുന്ന ലംബ ദ്വന്ദ്വമാണ് (ഒ.നോ. 3:17,34; 5:36,38; 6:29,38,57; 7:29; 8:42; 10:36; 11:42; 17:3,8,18,21,23,25; 20:21). റബ്ബിമാർ *അപ്പോസ്റ്റെല്ലോ* എന്ന പദം ഒദ്യോഗിക പ്രതിനിധിയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*) കാണുക.

▣ **"അറിയുന്നതു തന്നേ"** വർത്തമാനകാല കർത്തരി ക്രിയാബന്ധമാണിത്. ഇത് ദൈവത്തെക്കുറിച്ചുള്ള ബുദ്ധിപരമായ അറിവു മാത്രമല്ല, സെമിറ്റിക് അർത്ഥത്തിലുള്ള വ്യക്തിപരമായ ബന്ധം കൂടിയാണ്. എങ്കിലും യേശു ഏക സത്യദൈവത്തിന്റെ സമ്പൂർണ്ണവും പൂർണ്ണവുമായ വെളിപ്പാടായ മശിഹാ ആണെന്നും (ഒ.നോ.1:12,14; കൊലൊ. 1:15; എബ്രാ. 1:3) വ്യക്തികൾ അവനിൽ വിശ്വസിക്കുകയും അവനെ അനുസരിക്കുകയും നിലനിൽക്കുകയും വേണമെന്നും ഇത് ഊന്നിപ്പറയുന്നു.

▣ **"നിത്യജീവൻ ആകുന്നു"** യോഹന്നാൻ നൽകുന്ന "നിത്യജീവന്റെ" നിർവചനമാണിത്. ക്രിസ്ത്യാനിത്വത്തിന്റെ രണ്ടു മുഖ്യ സത്യങ്ങളെ ഈ വാക്യം വെളിപ്പെടുത്തുന്നു: (1) ഏക ദൈവത്വം (ഒ.നോ. ആവ. 6:6-4); (2) യേശു ദൈവിക ദാവീദ്യ മശിഹാ (ഒ.നോ. 2 ശമൂ. 7). ഈ "നിത്യജീവൻ" ഭാവികാലത്തേക്ക് കരുതി വെച്ചിരിക്കുന്ന ഒന്നല്ല, മറിച്ച് ഇപ്പോൾ യേശുക്രിസ്തുവിൽ ലഭ്യമായിരിക്കുന്ന ഒന്നാണ്.

**17:4 "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി"** (13:31-32 ലെ കുറിപ്പു കാണുക). "മഹത്വം" എന്ന പദം ഈ അർത്ഥങ്ങളിൽ മനസ്സിലാക്കുവാൻ കഴിയും: (1) "മഹത്വം കൊടുക്കുക;" (2) "മഹത്വം വെളിപ്പെടുത്തുക." വാ. 6 രണ്ടാമത്തേതിനെ സൂചിപ്പിക്കുന്നു. യേശുവിന്റെ പ്രധാന ദൗത്യങ്ങളിലൊന്ന് പിതാവിനെ വെളിപ്പെടുത്തുകയെന്നതാണ് (ഒ.നോ 1:14,18).

▣ **"പ്രവൃത്തി തികെച്ചിരിക്കുന്നു"** ഗ്രീക്കു മൂലപദം *റ്റെലോസ്*, "പൂർണ്ണമായി തികയ്ക്കുക" എന്നതിനെ സൂചിപ്പിക്കുന്നു (ഒ.നോ. 4:34; 5:36; 19:30). പ്രവൃത്തി മൂന്നു വിധമാണ്.
1. പിതാവിന്റെ വെളിപ്പാട് (ഒ.നോ. 1:14,18)
2. വീണുപോയ മനുഷ്യന്റെ വീണ്ടെടുപ്പ് (ഒ.നോ. മർക്കൊ. 10:45; 2 കൊരി. 5:21)
3. യഥാർത്ഥ മനുഷ്യത്വത്തിന്റെ മാതൃക (ഒ.നോ. 13:31; 1 പത്രൊ. 2:21)
4. കൂടാതെ യേശുവിന്റെ മദ്ധ്യസ്ഥ പ്രവൃത്തി തുടരുന്നു (ഒ.നോ. 1 യോഹ. 2:1; എബ്രാ. 7:25; 9:24)

**17:5 "മഹത്വത്തിൽ ... മഹത്വപ്പെടുത്തേണമേ"** ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യത്തെയാണ് ഈ വാക്യം ഊന്നിപ്പറയുന്നത് (ഒ.നോ. 1:1,15; 6:62; 8:58; 16:28; 17:11,13,24; 2 കൊരി. 8:9; ഫിലി. 2:6-11; കൊലൊ. 1:17; എബ്രാ. 1:3; 10:5-8). യേശു അടയാളങ്ങളാലും അത്ഭുതങ്ങളാലും ശിഷ്യന്മാർക്കു "മഹത്വം" വെളിപ്പെടുത്തി (ഒ.നോ. 1:14; 2:11; 11:4, 40; 12:28). ഇനി അവന്റെ ആത്യന്തിക "മഹത്വം," അവന്റെ മരണവും പുനരുത്ഥാനവും സ്വർഗ്ഗീയ മഹത്വത്തിലേക്കു തിരികെ ചെല്ലുന്ന സ്വർഗ്ഗാരോഹണവുമാണ് (ഒ.നോ. വാ. 24; ഫിലി. 2:5-6,17). ക്രിയാപദം, പിതാവിനോടുള്ള അപേക്ഷ സൂചിപ്പിക്കുന്ന സാമാന്യ കർത്തരി കല്പനയാണ്. "മഹത്വം" സംബന്ധിച്ച് 1:14 ലെ മുഴുവൻ പഠനക്കുറിപ്പ് കാണുക.

## യോഹന്നാൻ 17:6-19

**6നീ ലോകത്തിൽനിന്നു എനിക്കു തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു. അവർ നിനക്കുള്ളവർ ആയിരുന്നു; നീ അവരെ എനിക്കു തന്നു; അവർ നിന്റെ വചനം പ്രമാണിച്ചുമിരിക്കുന്നു. 7നീ എനിക്കു തന്നതു എല്ലാം നിന്റെ പക്കൽനിന്നു ആകുന്നു എന്നു അവർ ഇപ്പോൾ അറിഞ്ഞിരിക്കുന്നു. 8നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തു; അവർ അതു കൈക്കൊണ്ടു ഞാൻ നിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്നു സത്യമായി**

**അറിഞ്ഞും നീ എന്നെ അയച്ചു എന്നു വിശ്വസിച്ചുമിരിക്കുന്നു. [9]ഞാൻ അവർക്കു വേണ്ടി അപേക്ഷിക്കുന്നു; ലോകത്തി ന്നു വേണ്ടി അല്ല; നീ എനിക്കു തന്നിട്ടുള്ളവർ നിനക്കുള്ളവർ ആകകൊണ്ടു അവർക്കു വേണ്ടിയത്രേ ഞാൻ അപേക്ഷിക്കുന്നതു. [10]എന്റേതു എല്ലാം നിന്റേതും നിന്റേതു എന്റേതും ആകുന്നു; ഞാൻ അവരിൽ മഹത്വപ്പെട്ടുമിരിക്കുന്നു. [11]ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്നു നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ. [12]അവരോടുകൂടെ ഇരുന്നപ്പോൾ ഞാൻ അവരെ നീ എനിക്കു തന്നിരി ക്കുന്ന നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു; ഞാൻ അവരെ സൂക്ഷിച്ചു; തിരുവെഴുത്തിന്നു നിവൃത്തി വരേണ്ടതിന്നു ആ നാശയോഗ്യനല്ലാതെ അവരിൽ ആരും നശിച്ചുപോയിട്ടില്ല. [13]ഇപ്പോ ഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്കു ഉള്ളിൽ പൂർണ്ണമാകേണ്ടതിന്നു ഇതു ലോകത്തിൽവെച്ചു സംസാരിക്കുന്നു. [14]ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരിക്കുന്നു; ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ലായ്കകൊണ്ടു ലോകം അവരെ പകെച്ചു. [15]അവരെ ലോകത്തിൽ നിന്നു എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ ഞാൻ അപേക്ഷിക്കുന്നതു. [16]ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല. [17]സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു. [18]നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കു അയച്ചിരിക്കുന്നു. [19]അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു ഞാൻ അവർക്കു വേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു.**

**17:6 "നീ ... എനിക്കു തന്നിട്ടുള്ള മനുഷ്യർക്ക്"** ദൈവശാസ്ത്രപരമായി ഇത് തെരഞ്ഞെടുപ്പിനെ സൂചിപ്പിക്കുന്നു (ഒ.നോ. വാ.2,9,24; 6:37,39).

1. ദൈവം നൽകുകയോ
2. ആത്മാവ് ആകർഷിക്കുകയോ (6:44,65)
3. അവർ സ്വീകരിക്കുകയോ (1:12); വിശ്വസിക്കുകയോ (3:16) ചെയ്യാതെ ആർക്കും വരുവാൻ കഴികയില്ല.

▣ **"ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു"** എബ്രായ നാമങ്ങൾ സ്വഭാവത്തെ വെളിപ്പെടുത്താനുദ്ദേശിച്ചുള്ളവയാണ് (ഒ.നോ. വാ. 11,12, 25-26; സങ്കീ. 9:10). യേശുവിനെ കാണുന്നവർ ദൈവത്തെ കാണുന്നു എന്ന് ഈ വാക്യം ദൈവശാസ്ത്രപരമായി പ്രസ്താവിക്കുന്നു (ഒ.നോ. യോഹ. 1:18; 12:45; 14:8-11; കൊലൊ. 1:15; എബ്രാ. 1:3).

"നാമം" എന്ന പദം മാളികമുറിയിലെ സംഭാഷണത്തിൽ സുപ്രധാനമായ ദൈവശാസ്ത്ര ഭാഗധേയം വഹിക്കുന്നതായി കാണാം (ഒ.നോ. 14:13,14,26; 15:16,21; 16:23,24,26; 17:6,11,12,26). അധ്യാ. 17 ൽ ദൈവത്തിന് രണ്ട് അതുല്യ നാമങ്ങൾ ഉപയോഗിക്കുന്നു.

1. പരിശുദ്ധ പിതാവ്, വാ. 11
2. നീതിയുള്ള പിതാവ്, വാ. 25

▣ **"അവർ നിന്റെ നാമം പ്രമാണിച്ചുമിരിക്കുന്നു"** അനുസരണം നിർണ്ണായകമാണ് (ഒ.നോ. 8:51,55; 14:23; 15:10,20). പഴയ നിയമത്തിലെ "നിഷ്കളങ്കൻ" (ഒ.നോ. നോഹ, ഉല്പ. 6:9; അബ്രഹാം, ഉല്പ. 17:1; യിസ്രായേൽ, ആവ. 18:13; ഇയ്യോബ്, ഇയ്യോ. 1:1) എന്നതിനു സമാനമായിട്ടാണ് ഇതുപയോഗിച്ചിട്ടുള്ളത്. സമ്പൂർണ്ണ അനുസരണത്തെയോ പാപരഹിതാവസ്ഥയെയോ അല്ല ഇതു സൂചിപ്പിക്കുന്നത്. മറിച്ച് കേൾക്കാനും വെളിപ്പെട്ടവ എല്ലാം അനുസരിക്കാനുമുള്ള ആഗ്രഹത്തെയാണ്; ഇതുവരെയും ഇത് ശിഷ്യന്മാരുടെ യേശുവിലുള്ള വിശ്വാസത്തെയും യേശുവിൽ വസിക്കുന്നതിനെയും യേശു അവരെ സ്നേഹിച്ചതുപോലെ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനെയും കുറിച്ചാണു സൂചിപ്പിക്കുന്നത്.

**17:7 "നീ എനിക്കു തന്നതു എല്ലാം നിന്റെ പക്കൽ നിന്നു ആകുന്നു"** പിതാവു തനിക്കു വെളിപ്പെടുത്തിത്തന്ന കാര്യത്തെക്കുറിച്ചാണ് യേശു പറയുന്നത് (ഒ.നോ. വാ. 8; 7:16; 12:48-49).

▣ **"അവർ ഇപ്പോൾ അറിഞ്ഞിരിക്കുന്നു"** ഒരു സന്ദേശത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്ന "അത്" (ഹോട്ടി-*ὅτι* എന്നതിനെ തുടർന്നു വരുന്ന പൂർണ്ണ കർത്തരി സൂചകമാണിത്. "ഹോട്ടി" എന്ന പദം യോഹന്നാൻ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് 2:23 ലെ പ്രത്യേക പഠനവിഷയം #4 കാണുക.

**17:8 "അവർ അതു കൈക്കൊണ്ടു"** ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ സന്ദേശം അവർ സ്വീകരിച്ചു. ഇവിടെ പ്രത്യേക കർമ്മം പരമാർശിച്ചിട്ടില്ല. 1:12 ൽ നേരിട്ടുള്ള കർമ്മം യേശുവിനെ കൈക്കൊള്ളുന്നതാണ്. ഇവിടെയത് യേശു നൽകിയ ദൈവത്തെക്കുറിച്ചുള്ള ദൂതാണ് (ഒ.നോ. വാ. 4). ഇത് സുവിശേഷത്തിന്റെ ദ്വന്ദ തലങ്ങളെ സൂചിപ്പിക്കുന്നു: (1) ഒരു വ്യക്തി, (2) ഒരു സന്ദേശം.

▣ **"അവർ കൈക്കൊണ്ടു ... വിശ്വസിച്ചുമിരിക്കുന്നു"** ഇവ ഭൂതകാല കർത്തരി സൂചകങ്ങളാണ്. ഈ സത്യങ്ങൾ യേശുവിന്റെ ദൈവിക ഉല്പത്തിയെയും സന്ദേശത്തെയും പരാമർശിക്കുന്നു (ഒ.നോ. 5:19; 6:68-69; 12:48-49; 16:30; 17:18,21,23,25).

**17:9 “ഞാൻ അവർക്കുവേണ്ടി അപേക്ഷിക്കുന്നു”** യേശുവാണ് നമ്മുടെ മദ്ധ്യസ്ഥനും (ഒ.നോ. 1 തിമൊ. 2:5; എബ്രാ. 8:6; 9:15; 12:24) കാര്യസ്ഥനും (ഒ.നോ. 1 യോഹ. 2:1). ആത്മാവിനെപ്പോലെ (ഒ.നോ. റോമ. 8:26-27) പിതാവും ഈ ദൗത്യം നിർവഹിക്കുന്നുണ്ട് (ഒ.നോ. 16:26-27). ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങളും വീണ്ടെടുപ്പിന്റെ സകല കാര്യങ്ങളിലും പങ്കാളികളാണ്.

▣ **“ലോകത്തിന്”** *കോസ്മോസ്* എന്ന പദം ഈ അദ്ധ്യായത്തിൽ 18 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശു (1) ഈ ഗ്രഹത്തെക്കുറിച്ചും (ഒ.നോ. 17:5,24), (2) അതിന്റെ വീഴ്ച സംഭവിച്ച അവസ്ഥയോടുള്ള വിശ്വാസികളുടെ ബന്ധത്തെക്കുറിച്ചും കരുതലുള്ളവനാണ് (ഒ.നോ. 1:10; 17:6,9,11,13,14,15,16,17,18,21,23). യോഹന്നാന്റെ രചനകളിൽ ഈ പദം സവിശേഷമായ നിലയിൽ “ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മനുഷ്യസമൂഹം” എന്ന നിലയിലാണ് അർത്ഥമാക്കിയിരിക്കുന്നത്. ചിലപ്പോഴിത് (1) ഗ്രഹം; (2) ഗ്രഹത്തിലെ ജീവജാലങ്ങൾ; (3) ദൈവത്തെക്കൂടാതെയുള്ള ജീവിതം എന്നീ നിലകളിൽ സൂചിപ്പിക്കപ്പെടുന്നു. 14:17 ലെ പ്രത്യേക പഠനവിഷയം കാണുക.

**17:10 “എന്റേതു എല്ലാം നിന്റേതും നിന്റേതു എന്റേതും ആകുന്നു”** “ത്രിത്വത്തിന്റെ ഐക്യതയെ ഇതു വെളിപ്പെടുത്തുന്നു (ഒ.നോ. വാ. 11,21-23; 16:15). ത്രിത്വം സംബന്ധിച്ച് 14:26 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **“ഞാൻ അവരിൽ മഹത്വപ്പെട്ടുമിരിക്കുന്നു”** ഇതൊരു പൂർണ്ണ കർമ്മണി സൂചകമാണ്. യേശുവിന്റെ ജീവിതം പിതാവിനു മഹത്വം കൊടുക്കുന്നതുപോലെ ഒരു വിശ്വാസിയുടെ ജീവിതം യേശുവിനു മഹത്വം കൊടുക്കുന്നതായിരിക്കേണം. എത്ര മഹത്തായ ഉത്തരവാദിത്വം!

**17:11 “ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല”** ഇതു സൂചിപ്പിക്കുന്നത് (1) യേശു പിതാവിന്റെ അടുക്കൽ മടങ്ങിയെത്തുന്ന തൊട്ടടുത്ത ഭാവിയെ (സ്വർഗ്ഗാരോഹണം, ഒ.നോ. പ്രവൃ. 1:9-10) അല്ലെങ്കിൽ (2) യേശുവിന്റെ പരസ്യ ശുശ്രൂഷയെ.

▣ **“പരിശുദ്ധ പിതാവ്”** പിതാവിനെക്കുറിച്ച് പഴയനിയമത്തിലെ പോലെ “പരിശുദ്ധ” എന്നുപയോഗിച്ചിരിക്കുന്നത് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് (അതാ. “വിശുദ്ധൻ” 1 പത്രൊ. 1:6). ഈ നാമവിശേഷണം *(ഹാഗിയോസ്)* പലപ്പോഴും ആത്മാവിന് ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 1:33; 14:26; 20:22). ഇതേ ഗ്രീക്ക് മൂലപദം വാ. 17-ൽ ശിഷ്യന്മാർക്കും *(ഹാഗിയാസ്മോസ്-ἁγιασμος)* വാ. 19-ൽ യേശുവിനും *(ഹാഗിയാഡ്സോ-ἁγιαζω)* ഉപയോഗിച്ചിരിക്കുന്നു.

മൂലപദത്തിന്റെ അടിസ്ഥാന വ്യുത്പത്തി “ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കുക” എന്നാണ് (ഒ.നോ. വാ. 17,19) ദൈവിക ഉപയോഗത്തിന് മാത്രമായി നൽകപ്പെട്ട വ്യക്തികൾ, സ്ഥലങ്ങൾ, വസ്തുക്കൾ എന്നിവയ്ക്കാണിതുപയോഗിക്കുന്നത്. ദൈവത്തിന്റെ സർവ്വാതിശായിയായ സ്വഭാവത്തെയും (യിസ്രായേലിന്റെ പരിശുദ്ധൻ), ഭൗതികവും ഭൗമികവും വീഴ്ച സംഭവിച്ചതുമായ വസ്തുക്കളിൽ നിന്നുള്ള വ്യത്യാസത്തെയും ഇതു വിവരിക്കുന്നു. യേശു വിശുദ്ധനായിരുന്നു. അവന്റെ ശിഷ്യന്മാർ കൂടുതൽ കൂടുതൽ അവനെപ്പോലെയാകുന്നതിനനുസരിച്ച് അവന്റെ “വിശുദ്ധി” പ്രതിഫലിപ്പിക്കുന്നു. “വിശുദ്ധൻ” എന്ന പദത്തിന്റെ മൂലം “വിശുദ്ധമായ” എന്ന ഗ്രീക്കു പദത്തിലാണ്. വിശ്വാസികൾ ക്രിസ്തുവിൽ ആയതിനാൽ അവർ വിശുദ്ധരാണ്, എങ്കിലും അവർ, അവനു വേണ്ടിയും അവനെപ്പോലെയും അവനിലും ജീവിക്കുന്നതനുസരിച്ച് അവർ വിശുദ്ധരായിക്കൊണ്ടിരിക്കും.

## പ്രത്യേക പഠനവിഷയം: വിശുദ്ധം

I. പഴയനിയമം

A. *കാദോഷ്* (BDB 872) എന്ന പദത്തിന്റെ വ്യുല്പത്തി നിശ്ചയമില്ല, കനാന്യ പദമായിരിക്കാം. മൂലപദത്തിന്റെ ഭാഗത്തിന് (അതാ. *ക്ദ്*) “വിഭജിക്കുക” എന്ന അർത്ഥമുണ്ടായിരിക്കാൻ സാധ്യതയുണ്ട്. “ദൈവിക ഉപയോഗത്തിനായി വേർതിരിക്കപ്പെട്ടത്” (കനാന്യ സംസ്കാരത്തിൽ നിന്നും, ഒ.നോ. ആവ. 7:6; 14:2,21; 26:19) എന്ന സാധാരണ നിർവചനം ഉണ്ടായത് ഇതിൽ നിന്നാകാം.

B. വസ്തുക്കൾ സ്ഥലങ്ങൾ, സമയങ്ങൾ, വ്യക്തികൾ എന്നിവയിലുള്ള ദൈവിക സാന്നിധ്യത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഉല്പത്തിയിൽ ഇതുപയോഗിച്ചിട്ടില്ല, എങ്കിലും പുറപ്പാട്, ലേവ്യ, സംഖ്യാ പുസ്തകങ്ങളിൽ സാധാരണമായിത്തീർന്നു.

C. പ്രവാചക സാഹിത്യത്തിൽ (പ്രത്യേകാൽ യെശയ്യാവ്, ഹോശേയ) വ്യക്തിപരമായ ഘടകങ്ങൾ അവതരിപ്പിക്കുന്നുവെങ്കിലും മുൻനിരയിൽ ഊന്നിപ്പറയുന്നില്ല. അത് ദൈവിക സാരാംശത്തെ സൂചിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായിത്തീരുന്നു (ഒ.നോ. യെശ. 6:3). ദൈവം വിശുദ്ധനാണ്. അവന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന അവന്റെ ജനം വിശുദ്ധരാണ് (അവർ വിശ്വാസത്തോടെ ഉടമ്പടി അനുസരിക്കുമെങ്കിൽ).

D. ദൈവത്തിന്റെ കരുണയെയും സ്നേഹത്തെയും ഉടമ്പടികൾ, നീതി, അനിവാര്യ സ്വഭാവങ്ങൾ എന്നീ ദൈവശാസ്ത്ര ആശയങ്ങളിൽ നിന്നും വേർപെടുത്താൻ കഴിയുകയില്ല. ഇവിടെയാണ് അശുദ്ധവും വീഴ്ച സംഭവിച്ചതും മത്സരികളുമായ മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സംഘർഷം കാണുന്നത്.

“കരുണയുള്ള” ദൈവവും “വിശുദ്ധനായ” ദൈവവും തമ്മിലുള്ള ബന്ധത്തെപ്പറ്റി നല്ലൊരു ലേഖനം റോബർട്ട് ബി. ഗിർഡിൽസ്റ്റോണിന്റെ *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റ്മെന്റ്* (പേ. 112-113) എന്ന ഗ്രന്ഥത്തിൽ കാണാം.

II. പുതിയ നിയമം

A. പുതിയനിയമ എഴുത്തുകാർ (ലൂക്കൊസ് ഒഴികെ) എബ്രായ ചിന്തകരും എന്നാൽ കൊയ്നേ ഗ്രീക്കിനാൽ സ്വാധീനിക്കപ്പെട്ടവരും (അതാ. സെപ്റ്റ്വജിന്റ്) ആയിരുന്നു. പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷയാണ് അവരുടെ പദസമ്പത്തിനെ സ്വാധീനിച്ചത്, അല്ലാതെ ഗ്രീക്കു സാഹിത്യമോ ചിന്തകളോ മതമോ അല്ലായിരുന്നു.

B. യേശു വിശുദ്ധനാണ്, കാരണം അവൻ ദൈവത്തിൽ നിന്നുള്ളവനും ദൈവതുല്യനുമായിരുന്നു (ഒ.നോ. ലൂക്കൊ. 1:35; 4:34; പ്രവൃ. 3:14; 4:27,30). അവൻ വിശുദ്ധനും നീതിമാനുമാണ് (പ്രവൃ. 3:14; 22:14). യേശു പാപരഹിതനാകയാൽ വിശുദ്ധമാണ് (ഒ.നോ. യോഹ. 8:46; 2 കൊരി. 5:21; എബ്രാ. 4:15; 7:26; 1 പത്രൊ. 1:19; 2:22; 1 യോഹ. 3:5).

C. ദൈവം വിശുദ്ധനാകയാൽ അവന്റെ മക്കളും വിശുദ്ധരായിരിക്കേണം (ഒ.നോ. ലേവ്യ. 11:44-45; 19:2; 20:7,26; മത്തായി 5:48; 1 പത്രൊ. 1:16). യേശു വിശുദ്ധനാകയാൽ അവന്റെ അനുയായികളും വിശുദ്ധരായിരിക്കേണം (ഒ.നോ. റോമ. 8:28-29; 2 കൊരി. 3:18; ഗലാ. 4:19; എഫെ. 1:4; 1 തെസ്സ. 3:13; 4:3; 1 പത്രൊ. 1:15). ക്രിസ്തു തുല്യരായി (വിശുദ്ധിയിൽ) ശുശ്രൂഷിക്കുന്നതിനാണ് ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടത്.

▣ **“നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ”** യഹോവ തനിക്കു നൽകിയ (പൂർണ്ണ കർത്തരി സൂചകം) ശക്തീകരിക്കുന്ന സംരക്ഷണവും വ്യക്തിപരമായ സാന്നിധ്യവും തന്റെ ശിഷ്യന്മാർക്കും നൽകണമെന്ന് യേശു പ്രാർത്ഥിക്കുന്നു (സാമാന്യ കർത്തരി കല്പന, ഒ.നോ. വാ. 12). അവൻ വീണുപോയ ലോകത്തിൽ ശുശ്രൂഷ ചെയ്തതുപോലെ (ഒ.നോ. വാ. 18) വീണുപോയ ലോകത്തിൽ ശുശ്രൂഷ ചെയ്യുവാൻ ഇതവരെ സഹായിക്കും.

1. പിതാവും
2. പുത്രനും
3. ശിഷ്യന്മാരും

തമ്മിലുള്ള ഐക്യതയുടെ ഒരു നേട്ടമിതാണ് (ഒ.നോ. വാ. 21).

▣ **“അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്”** ഇതൊരു വർത്തമാനകാല ക്രിയാബന്ധമാണ്. ത്രിയേക ദൈവത്തിന്റെ ബന്ധപരമായ ഐക്യതയെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. വാ. 21,22,23; 10:30; 14:10). ക്രിസ്തീയ വിശ്വാസികളോടുള്ള അതിശയകരമായ അപേക്ഷയും ഉത്തരവാദിത്വവുമാണിത്! ഐക്യതതയ്ക്കുവേണ്ടിയുള്ള ഈ ആഹ്വാനം നമ്മുടെ കാലഘട്ടത്തിൽ ഇല്ലാതിരിക്കുന്നു (ഒ.നോ. എഫെ. 4:1-6). ആനുരൂപ്യമല്ല ഐക്യതയാണ് ദൈവത്തിന്റെ ഛിന്നഭിന്നമായ സഭയെ പുനരൈക്യപ്പെടുത്താനുള്ള വഴി.

**17:12 “കാത്തുകൊണ്ടിരുന്നു ... സൂക്ഷിച്ചു”** ആദ്യത്തെ ക്രിയ അപൂർണ്ണവും രണ്ടാമത്തേത് സാമാന്യ ഭൂതകാലവുമാണ്. ക്രിയകൾ പര്യായങ്ങളാണ്. യേശുവിന്റെ തുടർമാനമായ സംരക്ഷണമാണിവിടെ ഊന്നൽ നൽകി പറഞ്ഞിരിക്കുന്നത്.

*വേർഡ് സ്റ്റഡീസ് ഇൻ ദ ന്യൂടെസ്റ്റ്മെന്റ്* (വാല്യം 1) ൽ എം. ആർ. വിൻസെന്റ് ഈ രണ്ടു പദങ്ങൾ തമ്മിൽ വ്യത്യാസം കാണുന്നുണ്ട്. ഒന്നാമത്തേതിന് (*റ്റീരിയോ*) സൂക്ഷിക്കുക എന്ന അർത്ഥവും രണ്ടാമത്തേതിന് (*ഫുലാസ്സോ*) കാവൽചെയ്യുക എന്ന അർത്ഥവുമാണുള്ളത് (പേ. 496).

▣ **“അവരിൽ ആരും നശിച്ചുപോയിട്ടില്ല”** സംരക്ഷിക്കാനുള്ള യേശുവിന്റെ ശക്തിയെ ഇതു സൂചിപ്പിക്കുന്നു (ഒ.നോ. 6:37,39; 10:28-29).

ഈ പദം (*അപ്പോല്ലുമി-ἀπόλλυμι*) പരിഭാഷപ്പെടുത്താൻ പ്രയാസമുള്ളതാണ്, കാരണം ഇതു രണ്ടർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. *തിയോളജിക്കൽ ഡിക്ഷനറി ഓഫ് ദ ന്യൂടെസ്റ്റ്മെന്റ്* വാല്യം 1, എന്ന ഗ്രന്ഥത്തിൽ ഗർഹാർഡ് കിറ്റൽ ഈ വാക്കിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, “സമവീക്ഷണ സുവിശേഷണ സുവിശേഷങ്ങളിൽ താഴെപ്പറയുന്ന 2, 4 പ്രസ്താവനകൾ ഈ ലോകത്തോടു ബന്ധപ്പെട്ടവയും 1, 3 പ്രസ്താവനകൾ പൗലൊസിലും യോഹന്നാനിലും വരുവാനുള്ള ലോകത്തോടു ബന്ധപ്പെട്ടവയുമാണെന്ന് പൊതുവായി നമുക്കു പറയുവാൻ കഴിയും” (പേ. 394) എന്നാണ്. അദ്ദേഹം നൽകുന്ന നിർവചനങ്ങൾ:

1. നശിപ്പിക്കുക അല്ലെങ്കിൽ കൊല്ലുക
2. നഷ്ടപ്പെടുക അല്ലെങ്കിൽ നഷ്ടം സംഭവിക്കുക
3. നശിക്കുക
4. നഷ്ടപെടുക

നിർമ്മൂലന സിദ്ധാന്തത്തെ അതായത് രക്ഷിക്കപ്പെടാത്തയാളുകൾക്ക് ന്യായവിധിക്കുശേഷം അസ്തിത്വം നഷ്ടപ്പെടുന്നു എന്നത് സാധൂകരിക്കാൻ ഈ പദം പലപ്പോഴും ഉപയോഗിക്കാറുണ്ട്. ഇത് ദാനീ. 12:2 നെ ലംഘിക്കുന്നതാണ്. കൂടാതെ ഈ വീക്ഷണം സമവീക്ഷണ സുവിശേഷങ്ങളിലും യോഹന്നാനിലും പൗലൊസിലുമുള്ള -

അവരതിനെ ശാരീരിക നാശമായല്ല ആത്മികമായ നഷ്ടപ്പെടലായിട്ടാണു കാണുന്നത് – അർത്ഥ സൂചനകളെ അവഗണിക്കുകയും ചെയ്യുന്നു. 10:10 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"തിരുവെഴുത്തിനു നിവൃത്തിവരേണ്ടതിന്"** യോഹ. 13:18; 6:7071 വാക്യങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള സങ്കീ. 41:9 ആണിത്.

▣ **"ആ നാശയോഗ്യനല്ലാതെ"** ഇത് ഇസ്കാര്യോത്താ യൂദായെ പരമാർശിക്കുന്നുവെന്ന് വ്യക്തമാണ്. ഇതേ പ്രയോഗം തന്നെ 2 തെസ്സ. 2:3 ൽ "അധർമ്മമൂർത്തി"ക്ക് (അന്ത്യകാല എതിർക്രിസ്തു) ഉപയോഗിച്ചിട്ടുണ്ട്. "നാശത്തിനു നിയമിക്കപ്പെട്ടവൻ" എന്നർത്ഥം വരുന്ന എബ്രായ ശൈലിയാണിത്. "നശിക്കുക" എന്ന പദത്തിന്റെ ദ്വയാർത്ഥ പ്രയോഗമാണിത്: "നാശത്തിനു നിയമിക്കപ്പെട്ടവനല്ലാതെ ആരും നശിച്ചുപോയിട്ടില്ല."

**17:13 "ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു"** ഇതു സൂചിപ്പിക്കുന്നത്

1. യേശുവിന്റെ പ്രാർത്ഥന (യോഹ. 17)
2. യേശുവിന്റെ സ്വർഗ്ഗാരോഹണം (വാ. 11; പ്രവൃ. 1)

▣ **"എന്റെ സന്തോഷം അവർക്ക് ഉള്ളിൽ പൂർണ്ണമാകേണ്ടതിന്"** ഇത് വർത്തമാനകാല കർത്തരി ക്രിയാബന്ധവും പൂർണ്ണ കർമ്മണി ഭേദകവുമാണ്. എത്ര അതിശയകരമായ വാഗ്ദത്തം (ഒ.നോ. 15:11; 16:24). ഇതേ പ്രയോഗം യോഹന്നാൻ വീണ്ടും ഉപയോഗിക്കുന്നു (ഒ.നോ. 1 യോഹ. 1:4; 2 യോഹ. 12).

▣ **"ഇതു ലോകത്തിൽവെച്ചു സംസാരിക്കുന്നു"** ഇതു സൂചിപ്പിക്കുന്നത്

1. 11:42 മറ്റുള്ളവർ കേൾക്കെ യേശു ഉറക്കെ പറഞ്ഞു
2. 15:11 യേശുവിന്റെ വാക്കുകൾ ശിഷ്യന്മാരുടെ സന്തോഷവുമായി നേരിട്ടു ബന്ധപ്പെട്ടതായിരുന്നു.

**17:14 "ഞാൻ അവർക്കു നിന്റെ വചനം കൊടുത്തിരിക്കുന്നു"** ഇവിടെ "വചനം" *ലോഗോസ്* ആണ്. ഗ്രീക്കു പര്യായമായ *റീമാ* വാ. 8 ൽ ഉപയോഗിച്ചിരിക്കുന്നു. യേശു വചനം നൽകുന്നു, അവൻ വചനവുമാണ്. വചനം വ്യക്തിയും ബൗദ്ധിക ഉള്ളടക്കവുമാണ്. നാം സുവിശേഷത്തിന്റെ ആളത്വത്തെ സ്വീകരിക്കുകയും സുവിശേഷത്തിന്റെ സന്ദേശത്തെ വിശ്വസിക്കുകയും ചെയ്യുന്നു.

▣ **"ഞാൻ ലൗകികനല്ലാത്തതുപോലെ"** മനുഷ്യന്റെ വീഴ്ച സംഭവിച്ച കാലത്തെയും ദൂതന്മാരുടെ മത്സരത്തെയുമാണ് "ലോകം" പരമാർശിക്കുന്നത് (ഒ.നോ. 8:23) യോഹന്നാന്റെ ലംബദ്വന്ദ്വത്തിനു മറ്റൊരു ഉദാഹരണമാണ്.

▣ **"അവരും ലൗകികന്മാരല്ലായ്ക കൊണ്ട്"** വിശ്വാസികൾ ലോകത്തിലാണെങ്കിലും ലോകക്കാരല്ല (ഒ.നോ. വാ. 16; 1 യോഹ. 2:15–17).

▣ **"ലോകം അവരെ പകച്ചു"** ലോകം തിരസ്കരിക്കുന്നത് യേശുവിനാൽ അംഗീകരിക്കപ്പെടുന്നതിന്റെ തെളിവാണ് ((ഒ.നോ. യോഹ. 15:18–20; 1 യോഹ. 3:13).

**17:15 "അവരെ ലോകത്തിൽ നിന്നു എടുക്കണമെന്നല്ല"** വിശ്വാസികൾക്ക് ലോകത്തിൽ ഒരു ദൗത്യമുണ്ട് (ഒ.നോ. വാ. 18; മത്താ. 28:19–20; ലൂക്കൊ. 24:47; പ്രവൃ. 1:8). അവർക്ക് വീട്ടിൽ പോകാൻ സമയമായിട്ടില്ല.

▣

**NASB, NKJV "ദുഷ്ടനായവൻ"**
**NRSV "ദുഷ്ടൻ"**
**TEV, NJB "ദുഷ്ടനായ ഒരുവൻ"**

ഈ പദം നപുംസകമോ പുല്ലിംഗമോ ആകാം. ഈ സാഹിത്യഭാഗം ദുഷ്ടതയുടെ ശക്തിയെ പലപ്പോഴും സൂചിപ്പിക്കുന്നു (ഒ.നോ. 12:31; 13:27; 14:30; 16:11). ആയതിനാൽ ഈ വാക്യം, മത്തായി 5:5, 37; 6:13; 13:19,18 എന്നിവ പോലെ "ദുഷ്ടൻ" എന്നാണ് അർത്ഥമാക്കുന്നത് (ഒ.നോ. 2 തെസ്സ. 3:3; 1 യോഹ 2:13–14; 3:12; 5:18–19). 12:31 ലെ പ്രത്യേക പഠന വിഷയം കാണുക.

**17:17 "വിശുദ്ധീകരിക്കേണമേ"** വിശുദ്ധം (*ഹാഗിയോസ്*) എന്ന മൂലപദത്തിൽ നിന്നുള്ള സാമാന്യ കർത്തരി കല്പനയാണിത്. ഇതിനർത്ഥം താഴെപ്പറയുന്നവയായിരിക്കാം.

1. വിശ്വാസികൾ ക്രിസ്തു തുല്യരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. വാ. 19; റോമ. 8:24; ഗലാ. 4:19; എഫെ. 1:4; 1 തെസ്സ. 5:23). ജീവിക്കുന്ന വചനവും (യേശു, ഒ.നോ. 10:36) ആയ സത്യത്തിന്റെ പരിജ്ഞാനത്തിലൂടെയാണിതു സംഭവിക്കുന്നത്.
2. പഴയ നിയമ അർത്ഥത്തിൽ "വിശുദ്ധീകരിക്കുക" എന്നത് അടിസ്ഥാനപരമായി "ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കുക" എന്നതാണ്. അവരെ "വിശുദ്ധീകരിക്കുന്നതിന്റെ" ഉദ്ദേശ്യം വാ. 18ൽ വ്യക്തമാക്കിയിരിക്കുന്നു.

   ഒന്നാമത്തേതാണോ രണ്ടാമത്തേതാണോ സത്യം എന്നതിനിവിടെ പ്രസക്തിയില്ല. അവ രണ്ടും സത്യമാണ്. യേശുവിന്റെ ജീവിതം രണ്ടിന്റെയും അനിവാര്യത വെളിപ്പെടുത്തി (ഒ.നോ. വാ. 19).

ശിഷ്യന്മാർ ദൈവിക ശുശ്രൂഷയ്ക്കായി "വിശുദ്ധീകരിക്കപ്പെട്ടു" എന്നു യോഹന്നാൻ പറഞ്ഞത്, പഴയനിയമ പുരോഹിതന്മാർ ദൈവിക ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടതിന്റെ സാദൃശ്യമായിട്ടായിരിക്കാം എന്നതിന്

സാധ്യതയുണ്ട്. അവർ പഴയനിയമ യാഗങ്ങളുടെ മദ്ധ്യസ്ഥന്മാരായി ശുശ്രൂഷ ചെയ്തു. എന്നാൽ ശിഷ്യന്മാർ, ഒരിക്കലായി അർപ്പിക്കപ്പെട്ടതും സമ്പൂർണ്ണവുമായ ക്രിസ്തുവിന്റെ പുതിയനിയമ യാഗത്തെ വെളിപ്പെടുത്തുന്ന വരായിട്ടാണ് പ്രവർത്തിച്ചത് (പഴയനിയമത്തെയും പുതിയ നിയമത്തെയും താരതമ്യപ്പെടുത്തുന്ന എബ്രായ ലേഖനം കാണുക).

▣ **"സത്യത്താൽ ... നിന്റെ വചനം സത്യം ആകുന്നു"** ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ സന്ദേശത്തെ യാണ് സത്യം സൂചിപ്പിക്കുന്നത് (ഒ.നോ. 8:31,32). യേശുവിനെ ദൈവത്തിന്റെ സന്ദേശം എന്നും (*ലോഗോസ്*, ഒ.നോ. 1:1,14) സത്യം എന്നും (ഒ.നോ. 14:6) വിളിച്ചിരിക്കുന്നു. ആത്മാവിനെ പലപ്പോഴും സത്യത്തിന്റെ ആത്മാവ് എന്നു വിളിച്ചിരിക്കുന്നു (ഒ.നോ. 14:17; 15:26; 16:13). വിശ്വാസികൾ സത്യത്താലും (ഒ.നോ. വാ. 19) ആത്മാവിനാലും (ഒ.നോ. 1 പത്രൊ. 1:2) വിശുദ്ധീകരിക്കപ്പെടുന്നു എന്നതു ശ്രദ്ധിക്കുക. "സത്യമായ, സത്യം" എന്നീ ഗ്രീക്ക് പദങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണമായ ചർച്ചയ്ക്ക് 6:55 ലും 17:3 ലും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

"നിന്റെ വചനം സത്യം ആകുന്നു" എന്നത് സങ്കീ. 119:142 ലെ "നിന്റെ നീതി ശാശ്വത നീതിയും നിന്റെ ന്യായപ്രമാണം സത്യവുമാകുന്നു" എന്നതിന്റെ സെപ്റ്റജിന്റ് പരിഭാഷയിൽ നിന്നുള്ള ഉദ്ധരണിയോ അല്ലെങ്കിൽ അതിന്റെ സൂചനയോ ആയിരിക്കാൻ സാധ്യതയുണ്ട്. യേശു താഴെപ്പറയുന്ന പ്രകാരം വീക്ഷിക്കപ്പെടാൻ സാധ്യത യുണ്ട്.

1. പുതിയ മോശെ (ആവ. 18:15)
2. അവന്റെ ശിഷ്യന്മാർ പുതിയ പുരോഹിതന്മാരായി ("വിശുദ്ധീകരിക്കുക" എന്ന ക്രിയയുടെ ഉപയോഗം)
3. അവന്റെ ജീവിതം ഏക സത്യ ദൈവത്തിന്റെ യഥാർത്ഥ വെളിപ്പാടെന്ന നിലയിൽ
4. ത്രിയേക ദൈവവും ശിഷ്യന്മാരും തമ്മിലുള്ള ഐക്യത സൃഷ്ടിപ്പിൻ ഉദ്ദേശ്യ നിവൃത്തി എന്ന നിലയിൽ (അതാ. ഉല്പ. 1:26-27)
5. യേശു ഉല്പ. 3:15 ന്റെ നിവൃത്തി എന്ന നിലയിൽ

**17:18 "നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ"** മരണത്തോളമുള്ള യേശുവിന്റെ അനുസരണത്തിന്റെയും ശുശ്രൂഷയുടേതുമായ ജീവിതം (2 കൊരി. 5:14-15; ഗലാ. 2:20; 1 യോഹ. 3:16) അവന്റെ ശിഷ്യന്മാർക്കു മാതൃക കാണിച്ചു (ഒ.നോ. വാ. 19). അവൻ അയയ്ക്കപ്പെട്ടതുപോലെ 20:21-ൽ അവൻ അവരെ നഷ്ടപ്പെട്ട ലോകത്തിലേക്ക് ദൗത്യവുമായി അയയ്ക്കുന്നു. അവർ ലോകത്തിൽ നിന്നും ഓടിപ്പോകയല്ല, അതിൽ പ്രവർത്തിക്കയാണു വേണ്ടത്. 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - ἀποστέλλω*) കാണുക.

**17:19 "അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്"** ഇതിന്റെ ഫലം ഇതിനോടകം തന്നെ ആരംഭിക്കുകയും തുടരുകയും ചെയ്യുന്നു എന്നർത്ഥമാണിതിനുള്ളത്. എന്നിരുന്നാലും ഇത് അടിസ്ഥാന പ്പെട്ടിരിക്കുന്നത്

1. ക്രിസ്തുവിന്റെ വരാനിരിക്കുന്ന ക്രൂശിലെ പ്രവൃത്തിയും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും
2. യേശുവിനോടും അവന്റെ ഉപദേശങ്ങളോടുമുള്ള തുടർമാനമായ മാനസാന്തര വിശ്വാസം

6:55-ലും 17:3-ലും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു"** കാൽവറിയുടെ പശ്ചാത്തലത്തിൽ വേണം ഇതു മനസ്സിലാക്കുവാൻ. യേശു പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നു (മർക്കൊ. 10:45).

## യോഹന്നാൻ 17:20-24

**[20]ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. [21]നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ട തിന്നു തന്നേ. [22]നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു: [23]നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നേ. [24]പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു.**

**17:20 "അവരുടെ വചനത്താൽ"** *ലോഗോസ്* എന്ന പദമാണിത്. വാ. 14 ലെ അതിന്റെ ഉപയോഗവും വാ. 8 ലെ അതിന്റെ പര്യായമായ *റീമ*യും നിമിത്തം ഇതു സൂചിപ്പിക്കുന്നത് ഈ വെളിപ്പാടിന്റെ സന്ദേശത്തെ ശിഷ്യന്മാർ കൈമാറുന്നതിനെയാണ്.

▣ **"എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും"** ഭാവികാലമായി പ്രവർത്തിക്കുന്ന വർത്തമാനകാലമാ ണിത്. തുടർന്നുവരുന്ന വിശ്വാസികളെയും 10:16 ൽ ജാതികളെപ്പോലും ആണിതു സൂചിപ്പിക്കുന്നത്. 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

**17:21 "നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ"** വർത്തമാനകാല കർത്തരി ക്രിയാബന്ധമാണിത്. ഐക്യതയുടെ ഉദ്ദേശ്യം സുവിശേഷീകരണമാണ്. സമാനമായ ഘടനയും ഊന്നലുമാണ് വാ. 23 നൽകുന്നത്.

യേശുവിന്റെ പ്രാർത്ഥനയിൽ ഒരു സംഘർഷമുണ്ട്. അവൻ ലോകത്തിന് വേണ്ടി പ്രാർത്ഥിക്കുന്നില്ല (ഒ.നോ. വാ. 9). എന്നാൽ ദൈവം ലോകത്തെ സ്നേഹിക്കുന്നതിനാൽ അവൻ തന്റെ ശിഷ്യന്മാരെ അവരെ പീഡിപ്പിക്കുന്ന ലോകത്തിലേക്ക് അയയ്ക്കുന്നു (ഒ.നോ. വാ. 21,23; 3:16). മുഴുലോകവും വിശ്വസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു (ഒ.നോ. 1 തിമൊ. 2:4; തീത്തൊ. 2:11; 2 പത്രൊ. 3:9). തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സകലരെയും ദൈവം സ്നേഹിക്കുന്നു. സർവ്വലോകത്തിന്റെയും പാപത്തിനുവേണ്ടിയാണ് യേശു മരിച്ചത്. 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*) കാണുക.

▣ **"അവർ ഒന്നാകേണ്ടതിന്"** ത്രിത്വത്തിന്റെ ഐക്യത്തിൽ കുറഞ്ഞ ഒന്നല്ല ഇത് (ഒ.നോ. വാ. 11, 22,23; എഫെ. 4:1-6). യേശുവിന്റെ ശിഷ്യന്മാർ അനുസരിച്ചിട്ടില്ലാത്ത യേശുവിന്റെ പഠിപ്പിക്കലിൽ ഒന്നാണിത്.

**17:22 "നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു"** ഇതു രണ്ടും പൂർണ്ണ കർത്തരി സൂചകങ്ങളാണ്. മഹത്വം സൂചിപ്പിക്കുന്നത് വെളിപ്പാടിൻ സന്ദേശത്തെയാണ്. യേശു പിതാവിന്റെ വചനം വഹിച്ചതുപോലെ അവർ അവന്റെ വചനം ലോകത്തിൽ വഹിക്കണം. ഇത് അവർ അവന്റെ നിന്ദ വഹിക്കുന്നതിനു തുല്യമാണ്. എ. റ്റി. റോബർട്ട്സൺ തന്റെ *"വേർഡ് പിക്ചേഴ്സ് ഇൻ ദി ന്യൂടെസ്റ്റമെന്റ്"* വാല്യം 5 ൽ പറയുന്നു. "ജഡമെടുത്ത വചനത്തിന്റെ മഹത്വമാണ് (ഒ.നോ. 1:14; 2:11) അല്ലാതെ 17:24 ൽ പറയുന്ന നിത്യവചനത്തിന്റെ മഹത്വമല്ല" (പേ. 280) ഇതെന്നാണ്. "മഹത്വം" സംബന്ധിച്ച വിശദ പഠനത്തിന് 1:14 ന്റെ കുറിപ്പു കാണുക.

**17:23 "നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു"** ഇതൊരു വാഗ്ദത്തമാണ് (ഒ.നോ. 16:27; 14:21,23), എങ്കിലും ഇതിനൊരു വ്യവസ്ഥയുണ്ട്. ഉടമ്പടിയിലൂടെയാണ് ദൈവം മനുഷ്യരോട് ഇടപെടുന്നത് (എങ്കിൽ...).

സ്നേഹം (*അഗാപ്പെയോ*) 8 പ്രാവശ്യം യോഹ . 1-12 ൽ കാണുമ്പോൾ, 13-17ൽ 31 പ്രാവശ്യം കാണുന്നുണ്ട്. മാളികമുറിയിലെ സംഭാഷണം പുത്രന്റെ വാക്കുകളിലൂടെയും നടക്കാനിരിക്കുന്ന പ്രവൃത്തിയിലൂടെയും - പുനരുത്ഥാനവും പ്രത്യേകിച്ച് പെന്തെക്കോസ്തും - വെളിപ്പെട്ട ദൈവിക സ്വഭാവത്തിന് ഊന്നൽ നൽകുന്നു. ദൈവം സ്നേഹം ആകുന്നു (ഒ.നോ. 1 യോഹ. 4:7-12).

▣ **"അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്"** വാ. 19 പോലെ ഇതിനോടകം ആരംഭിച്ച പ്രക്രിയയെ സൂചിപ്പിക്കുന്നു. (1) ക്രിസ്തുവിന്റെ വരാനിരിക്കുന്ന പ്രവൃത്തി, (2) അവരുടെ തുടർമാനമായ വിശ്വാസം എന്നിവയിൽ ആണിത് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. യേശു മുഖാന്തരം അവർ ഇതിനോടകം ഐക്യതപ്പെട്ടിരിക്കുന്നുവെന്നും അതു തുടരുമെന്നുമുള്ള സൂചനയാണിതു നൽകുന്നത്. ഐക്യതയുടെ ഉദ്ദേശ്യം സുവിശേഷീകരണമാണ്.

**17:24 "ലോകസ്ഥാപനത്തിനു മുമ്പെ"** സൃഷ്ടിപ്പിനു മുമ്പു തന്നെ ത്രിയേക ദൈവം വീണ്ടെടുപ്പിൻ പ്രവൃത്തിയിൽ വ്യാപൃതനായിരുന്നു. ഈ പ്രയോഗം പുതിയ നിയമത്തിൽ ധാരാളം കാണാം (ഒ.നോ. മത്താ. 25:34; ലൂക്കൊ. 11:50; എഫെ. 1:4; എബ്രാ. 4:3; 9:26; 1 പത്രൊ. 1:20; വെളി. 13:8; 17:8).

▣ **"നീ എനിക്കു നൽകിയ മഹത്വം .... അവർ കാണേണ്ടതിന്"** ഈ വാക്യത്തിലെ "മഹത്വം" വാ. 22 ലെ അർത്ഥത്തിലല്ല എന്നു വ്യക്തമാണ്. ഇവിടെ അത് യേശുവിന്റെ പൂർവ്വാസ്തിക്യത്തിലെ ദൈവിക മഹത്വമാണ്.

▣ **"ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കേണം"** യേശു തന്റെ ശിഷ്യന്മാർക്ക് ഒരു സ്ഥലം ഒരുക്കുവാൻ മഹത്വത്തിലേക്കു മടങ്ങിപ്പോകുകയാണ് (ഒ.നോ. 14:1-3). ഈ ലോകം അവന്റെ ഭവനമല്ലാതിരുന്നതു പോലെ നമ്മുടെയും ഭവനമല്ല! ഇതവന്റെ സൃഷ്ടിയാണ് (ഉല്പ. 1-2), ഇത് യഥാസ്ഥാനപ്പെടും (വെളി. 21-22).

### യോഹന്നാൻ 17:25-26

**[25]നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു. [26]നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും.**

**17:25 "നീതിയുള്ള പിതാവേ"** പുതിയനിയമത്തിൽ ഇവിടെ മാത്രമേ ഈ സംബോധന ഉപയോഗിച്ചിട്ടുള്ളൂ. വാ. 11 ലെ "പരിശുദ്ധ പിതാവ്" എന്നതിനു സമാന്തരമാണിത്. "അളവുകോൽ" എന്നർത്ഥം വരുന്ന എബ്രായപദത്തിൽ നിന്നാണ് നീതി എന്ന പദം വന്നിട്ടുള്ളത്. ന്യായവിധിയുടെ മാനദണ്ഡം ദൈവമാണ്. 1 യോഹ. 2:29 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ലോകം നിന്നെ അറിഞ്ഞിട്ടില്ല"** ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മനുഷ്യ സമൂഹമായ ലോകം (യോഹന്നാന്റെ തനതു പ്രയോഗം) ദൈവത്തെയോ (ഒ.നോ 17:25) അവന്റെ പുത്രനെയോ (ഒ.നോ. 1:10) അറിയുന്നില്ല. അത് തിന്മയും ദുഷ്ടതയും നിറഞ്ഞതാണ് (ഒ.നോ. 3:19-20; 7:7).

▣ **"ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു"** ദൈവത്തെക്കുറിച്ചുള്ള യേശുവിന്റെ ഉന്നതവും ശരിയാംവണ്ണവുമുള്ള

അറിവിനെ സൂചിപ്പിക്കുന്നു (ഒ.നോ. 18; 3:11).

**17:26 "ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു"** പിതാവിന്റെ സ്വഭാവത്തെയും മനുഷ്യവർഗ്ഗ ത്തിനു വേണ്ടിയുള്ള വീണ്ടെടുപ്പിൻ പദ്ധതിയെയും കുറിച്ചുള്ള യേശുവിന്റെ വെളിപ്പാടിനെ ഇതു സൂചിപ്പിക്കുന്നു (ഒ.നോ. വാ. 6,11,12; പ്രവൃ. 2:23; 3:18; 4:28). "അറിഞ്ഞിരിക്കുന്നു" എന്ന പദം വാ. 25-26 ൽ 5 പ്രാവശ്യം ഉപയോഗി ച്ചിട്ടുണ്ട്.

▣ **"ഇനിയും വെളിപ്പെടുത്തും"** ഇതു സൂചിപ്പിക്കുന്നത് (1) തന്റെ ഉപദേശങ്ങളെ വ്യക്തമാക്കുന്ന പരിശുദ്ധാ ത്മാവിലൂടെ യേശുവിന്റെ തുടർമാനമായ വെളിപ്പാട് അല്ലെങ്കിൽ (2) സംഭവിക്കാനിരിക്കുന്ന രക്ഷാ സംഭവങ്ങൾ (കഷ്ടാനുഭവ ആഴ്ച). വേദഭാഗത്തിന്റെ പശ്ചാത്തലം, ഒന്നാമത്തേതിനെ പിന്തുണയ്ക്കുന്നു. രക്ഷയിൽ, ഒരു വ്യക്തിയും സന്ദേശവും, ഒരു തീരുമാനവും ജീവിതശൈലിയും, ഒരു പ്രാരംഭ വിശ്വാസവും തുടർമാന വിശ്വാസവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ "അറിയുക" എന്നതിന്റെ ഗ്രീക്ക് അർത്ഥവും എബ്രായ അർത്ഥവും ഉൾപ്പെട്ടിരിക്കുന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എന്തുകൊണ്ടാണ് ഈ പ്രാർത്ഥന ദൈവശാസ്ത്രപരമായി ഇത്രയും പ്രാധാന്യമർഹിക്കുന്നത്?
2. യൂദാ കൃപയിൽ നിന്നും വീണുപോയ വിശ്വാസി ആയിരുന്നുവോ?
3. നമ്മുടെ ഐക്യതയുടെ ഉദ്ദേശ്യമെന്താണ്?
4. യേശുവിന്റെ പൂർവ്വാസ്തിക്യം പ്രാധാന്യമർഹിക്കുന്നതെന്തുകൊണ്ട്?
5. ഈ പശ്ചാത്തലത്തിൽ താക്കോൽ പദങ്ങളെ നിർവചിക്കുക
   a. "മഹത്വപ്പെട്ടു"
   b. "നൽകുക"
   c. "അറിയുക"
   d. "അയച്ചു"
   e. "നാമം"
   f. "ലോകം"

# യോഹന്നാൻ 18

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ്[4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവിനെ കാണിച്ചുകൊടുക്കലും അറസ്റ്റും | ഗത്സമേനയിലെ കാണിച്ചുകൊടുക്കലും അറസ്റ്റും | യേശുവിന്റെ അറസ്റ്റ്, വിസ്താരം, ക്രൂശീകരണം, അടക്കം (18:1–19:42) | യേശുവിന്റെ അറസ്റ്റ് | യേശുവിന്റെ അറസ്റ്റ് |
| 18:1–11 | 18:1–11 | 18:1–11 | 18:1–4 | 18:1–9 |
| | | | 18:5a | |
| | | | 18:5b | |
| | | | 18:5c–7a | |
| | | | 18:7b | |
| | | | 18:8–9 | |
| | | | 18:10–11 | 18:10–11 |
| യേശു മഹാപുരോഹിതന്റെ മുമ്പിൽ | മഹാപുരോഹിതന്റെ മുമ്പിൽ | | യേശു ഹന്നാവിന്റെ മുമ്പിൽ | യേശു ഹന്നാവിന്റെയും കയ്യഫാവിന്റെ മുമ്പിൽ, പത്രൊസ് അവനെ തള്ളിപ്പറയുന്നു |
| 18:12–14 | 18:12–14 | 18:12–14 | 18:12–14 | 18:12–14 |
| പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നത് | പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു | | പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു | |
| 18:15–18 | 18:15–18 | 18:15–18 | 18:15–17a | 18:15–18 |
| | | | 18:17b | |
| | | | 18:18 | |
| മഹാപുരോഹിതൻ യേശുവിനെ ചോദ്യം ചെയ്യുന്നു | യേശു മഹാപുരോഹിതനാൽ ചോദ്യം ചെയ്യപ്പെടുന്നു | | മഹാപുരോഹിതൻ യേശുവിനെ ചോദ്യം ചെയ്യുന്നു | |
| 18:19–24 | 18:19–24 | 18:19–24 | 18:19–21 | 18:19–24 |
| | | | 18:22 | |
| | | | 18:23 | |
| | | | 18:24 | |
| പത്രൊസ് വീണ്ടും യേശുവിനെ തള്ളിപ്പറയുന്നു | പത്രൊസ് രണ്ടു പ്രാവശ്യംകൂടെ തള്ളിപ്പറയുന്നു | | പത്രൊസ് വീണ്ടും യേശുവിനെ തള്ളിപ്പറയുന്നു | |
| 18:25–27 | 18:25–27 | 18:25–27 | 18:25a | 18:25–27 |
| | | | 18:25b | |
| | | | 18:26 | |
| | | | 18:27 | |
| യേശു പീലാത്തൊസിന്റെ മുമ്പിൽ | പീലാത്തൊസിന്റെ ആസ്ഥാനത്തിൽ | | യേശു പീലാത്തൊസിന്റെ മുമ്പിൽ | യേശു പീലാത്തൊസിന്റെ മുമ്പിൽ |
| 18:28–38a | 18:28–38 | 18:28–32 | 18:28–29 | 18:28–32 |
| | | | 18:30 | |
| | | | 18:31a | |
| | | | 18:31b–32 | |

| | | | | |
|---|---|---|---|---|
| | | 18:33–38a | 18:33 | 18:33–19:3 |
| | | | 18:34 | |
| | | | 18:35 | |
| | | | 18:36 | |
| | | | 18:37a | |
| | | | 18:37b | |
| | | | 18:38a | |
| യേശു മരണത്തിനു വിധിക്കപ്പെടുന്നു (18:38b–19:16c) | ബറബ്ബാസിന്റെ സ്ഥാനം ഏല്ക്കുന്നു | | യേശു മരണത്തിനു വിധിക്കപ്പെടുന്നു (18:38b–19:16a) | |
| 18:38b–19:7 | | 18:38b–19:7 | 18:38b–39 | |
| | 18:39–40 | | | |
| | | | 18:40–19:3 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# 18:1–40 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. യോഹന്നാൻ യേശുവിന്റെ ഗത്സമേനയിലെ അതിവേദന വിട്ടുകളയുന്നു (അ. 17 അതിനു സമാന്തരമാണെങ്കിലും). എല്ലാ സാഹചര്യങ്ങളിലും നിയന്ത്രണത്തിൽ നിൽക്കുന്ന യേശുവിന്റെ ക്രിയാത്മക സ്വഭാവത്തിന് അവൻ ഊന്നൽ നൽകുന്നുവെന്നതാകാം ഇതിനു കാരണം. അവൻ തന്നെത്താൻ സ്വന്ത ജീവൻ വെച്ചുകൊടുക്കുകയായിരുന്നു (ഒ.നോ. 10:11,15,17,18).

B. ഈ അദ്ധ്യായത്തിലെ സംഭവങ്ങളുടെ ക്രമം സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നു വ്യത്യസ്തമാണ്. ഈ വ്യതിരിക്തത താഴെപ്പറയുന്ന കാരണങ്ങളാലായിരിക്കാം.
   1. ദൃക്സാക്ഷി വിവരണങ്ങളുടെ സ്വഭാവം
   2. എഴുത്തുകാരന്റെ ദൈവശാസ്ത്രപരമായ ഉദ്ദേശ്യം

C. സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ് യോഹന്നാൻ. എന്തുകൊണ്ട്, എങ്ങനെ എന്നത് വേദപണ്ഡിതന്മാർക്ക് ഉത്തരം നൽകാൻ കഴിയാത്തതാണ്. ഈ വിഷയം സംബന്ധിച്ച് ഞാൻ കണ്ടിട്ടുള്ള ഏറ്റവും നല്ല ചർച്ച ഗോർഡൻ ഫീ, ഡഗ്ലസ് സ്റ്റുവർട്ട് എന്നിവരെഴുതിയ *ഹൗ ടു റീഡ് ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്* എന്ന ഗ്രന്ഥത്തിലാണ്. സുവിശേഷ രചയിതാക്കൾക്ക് ദൈവനിശ്വാസീയതയുടെ കീഴിൽ യേശുവിന്റെ വാക്കുകളും പ്രവൃത്തികളും

1. തിരഞ്ഞെടുക്കുവാനും
2. കോർത്തിണക്കുവാനും
3. പുനഃക്രമീകരിക്കുവാനും

സ്വാതന്ത്ര്യമുണ്ടായിരുന്നു. അവർക്ക് വാക്കുകളും പ്രവൃത്തികളും സൃഷ്ടിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല, പക്ഷേ വ്യത്യസ്ത ജനസമൂഹങ്ങൾക്ക് യേശുവിനെ വെളിപ്പെടുത്തുന്നതിനു സഹായകരമായ രീതിയിൽ സുവിശേഷീകരണ ലക്ഷ്യത്തോടെ സംഭവങ്ങളെ കോർത്തിണക്കുവാൻ കഴിയുമായിരുന്നു. സുവിശേഷങ്ങൾ പാശ്ചാത്യ ചരിത്രങ്ങളല്ല (അതായത് ഹേതുവും ഫലവും കാലക്രമമനുസരിച്ചുള്ളതും) മറിച്ച് പൗരസ്ത്യ ചരിത്രങ്ങളാണെന്ന കാര്യം ഓർക്കുക. അവ ജീവചരിത്രങ്ങളല്ല, സുവിശേഷ ലഘുലേഖകളാണ്.

D. ഈ അദ്ധ്യായത്തെക്കുറിച്ചുള്ള ഒരു മികച്ച പഠനഗ്രന്ഥം - വിശേഷാൽ യേശുവിന്റെ വിസ്താരത്തിന്റെ നിയമവശങ്ങൾ സംബന്ധിച്ച് (ഒ.നോ. സൻഹെദ്രിൻ, 4:1) - എ. എൻ. ഷെർവിൻ വെറ്റിന്റെ *റോമൻ സൊസൈറ്റി ആന്റ് റോമൻ ലോ ഇൻ ദ ന്യൂ ടെസ്റ്റ്മെന്റ്* ആണ്.

# പദ, ശൈലി പഠനം

**യോഹന്നാൻ 18:1–11**

**[1]ഇതു പറഞ്ഞിട്ടു യേശു ശിഷ്യന്മാരുമായി കെദ്രോൻതോട്ടിന്നു അക്കരെക്കു പോയി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു; അതിൽ അവനും ശിഷ്യന്മാരും കടന്നു. [2]അവിടെ യേശു പലപ്പോഴും ശിഷ്യന്മാരോടുകൂടെ പോയിരുന്നതുകൊണ്ടു അവനെ കാണിച്ചുകൊടുത്ത യൂദയും ആ സ്ഥലം അറിഞ്ഞിരുന്നു.**
**[3]അങ്ങനെ യൂദാ പട്ടാളത്തെയും മഹാപുരോഹിതന്മാരും പരീശന്മാരും അയച്ച ചേവകരെയും കൂട്ടിക്കൊണ്ടു ദീപട്ടിപന്തങ്ങളും ആയുധങ്ങളുമായി അവിടെ വന്നു. [4]യേശു തനിക്കു നേരിടുവാനുള്ളതു എല്ലാം അറിഞ്ഞു പുറത്തു ചെന്നു: നിങ്ങൾ ആരെ തിരയുന്നു എന്നു അവരോടു ചോദിച്ചു. [5]നസറായനായ യേശുവിനെ എന്നു അവർ ഉത്തരം പറഞ്ഞപ്പോൾ: അതു ഞാൻ തന്നേ എന്നു യേശു പറഞ്ഞു; അവ നെ കാണിച്ചുകൊടുക്കുന്ന യൂദയും അവരോടുകൂടെ നിന്നിരുന്നു. [6]ഞാൻ തന്നേ എന്നു അവരോടു പറഞ്ഞപ്പോൾ അവർ പിൻവാങ്ങി നിലത്തുവീണു. [7]നിങ്ങൾ ആരെ തിരയുന്നു എന്നു അവൻ പിന്നെയും അവരോടു ചോദിച്ചതിന്നു അവർ: നസറായനായ യേശുവിനെ എന്നു പറഞ്ഞു. [8]ഞാൻ തന്നേ എന്നു നിങ്ങളോടു പറഞ്ഞുവല്ലോ; എന്നെ ആകുന്നു തിരയുന്നതെങ്കിൽ ഇവർ പോയ്ക്കൊള്ളട്ടെ എന്നു യേശു ഉത്തരം പറഞ്ഞു. [9]നീ എനിക്കു തന്നവരിൽ ആരും നഷ്ടമായിപ്പോയിട്ടില്ല എന്നു അവൻ പറഞ്ഞ വാക്കിന്നു ഇതിനാൽ നിവൃത്തിവന്നു. [10]ശിമോൻപത്രൊസ് തനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലത്തുകാതു അറുത്തുകളഞ്ഞു; ആ ദാസന്നു മല്ക്കൊസ് എന്നു പേർ. [11]യേശു പത്രൊസിനോടു: വാൾ ഉറയിൽ ഇടുക; പിതാവു എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ എന്നു പറഞ്ഞു.**

**18:1 "കിദ്രോൻ തോട്"** "തോട്" എന്ന പദത്തിനർത്ഥം മഴക്കാല നീരൊഴുക്ക് അഥവാ 'വോഡി' എന്നാണ്. "കിദ്രോൻ" (BDB 871) എന്നതിനർത്ഥം (1) ദേവദാരുക്കൾ അല്ലെങ്കിൽ (2) കറുത്തത്. മഴക്കാലത്ത് ഒഴുകുകയും വേനൽക്കാലത്ത് വറ്റിപ്പോകയും ചെയ്യുന്ന നീരൊഴുക്കാണിത്. മോറിയാ മലയിൽ നിന്നുള്ള യാഗരക്തം ഒഴുകി വരുന്നതിവിടെയാണ്. "കറുത്തത്" എന്ന വിശേഷണം ഇങ്ങനെ ലഭിച്ചതാകാം. ദേവാലയ കുന്നിനും ഒലിവു മലയ്ക്കും ഇടയിലാണിത് (ഒ.നോ. സെപ്റ്റജിന്റ് 2 ശമൂ. 15:23; 2 രാജാ. 23:4,6,12; 2 ദിന. 15:16; 29:16; 30:14; യിരെ. 31:40).

ഇവിടെ ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. "ദേവദാരുക്കളുടെ' (*കെദ്രോൻ*) കയ്യെഴുത്തു പ്രതികളായ $\aleph^c$, B,C,L മറ്റനേക വലിയക്ഷര കയ്യെഴുത്തു പ്രതികൾ.
2. "ദേവദാരുവിന്റെ" (*കെദ്രൂ*) കയ്യെഴുത്തു പ്രതികളായ $\aleph^*$, D, W
3. "കിദ്രോന്റെ" (*കെദ്രോൻ*) കയ്യെഴുത്തു പ്രതികളായ A, S

യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ നാലാം പതിപ്പിൽ #3 ആണ് ഉപയോഗിച്ചിട്ടുള്ളത്.

▣ **"ഒരു തോട്ടം"** ഈ അദ്ധ്യായം ഗത്സമനേയിലെ യേശുവിന്റെ വേദനയെ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. എങ്കിലും അറസ്റ്റ് തോട്ടത്തിൽ നടക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ഇഷ്ടപ്പെട്ട വിശ്രമസ്ഥലമായിരുന്നു ഇത് (ഒ.നോ. വാ. 2; ലൂക്കൊ. 22:39). തന്റെ ജീവിതത്തിന്റെ അവസാന വാരത്തിൽ യേശു ഇവിടെ ഉറങ്ങി എന്നു കരുതാം (ഒ.നോ. ലൂക്കൊ. 21:37).

വളപ്രയോഗം നഗരത്തെ അശുദ്ധമാക്കുമെന്നതിനാൽ യെരുശലേമിൽ തോട്ടങ്ങൾ അനുവദിച്ചിരുന്നില്ല. അതിനാൽ ധനികരായ അനേകർക്ക് ഒലിവുമലയിൽ മുന്തിരിത്തോട്ടങ്ങളും പഴത്തോട്ടങ്ങളും സ്വന്തമായുണ്ടായിരുന്നു.

**18:2** യോഹന്നാന്റെ മറ്റൊരു പത്രാധിപക്കുറിപ്പാണിത്.

▣ **"യൂദാ"** യൂദായെയും അവന്റെ ഉദ്ദേശ്യത്തെയും സംബന്ധിച്ച് ധാരാളം ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ അവനെ സൂടെക്കൂടെ പരമാർശിക്കുകയും വില്ലനായി ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട് (ഒ.നോ. 6:70–71; 12:4; 13:2,26,39; 18:2,3,5). "യേശുക്രിസ്തു സൂപ്പർസ്റ്റാർ" എന്ന ആധുനിക നാടകത്തിൽ അവനെ വിശ്വസ്തനും എന്നാൽ മതിഭ്രമത്തിനടിമപ്പെട്ടവനുമായ ശിഷ്യനായി ചിത്രീകരിച്ചിരിക്കുന്നു. പഴയനിയമ മശിഹായുടെ ദൗത്യം നിവർത്തിക്കാൻ യേശുവിനെ നിർബന്ധിക്കുകയാണവൻ – റോമക്കാരെ പരാജയപ്പെടുത്തുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും യെരുശലേമിനെ ലോക തലസ്ഥാനമാക്കുകയും ചെയ്യുക വഴി ഇതു സാധ്യമാക്കാനാണവൻ ശ്രമിച്ചത്. എന്നാൽ യോഹന്നാൻ അവന്റെ പ്രേരണകളെ ദ്രവ്യാഗ്രഹമായും സാത്താന്യ പ്രേരകമായിട്ടുമാണ് ചിത്രീകരിച്ചത്.

പ്രധാനപ്രശ്നം ദൈവിക പരമാധികാരവും മാനുഷിക സ്വതന്ത്ര ഇച്ഛയും എന്ന വേദശാസ്ത്രപരമായ വിഷയമാണ്. ദൈവം അല്ലെങ്കിൽ യേശു യൂദായെ ദുരുപയോഗപ്പെടുത്തുകയായിരുന്നോ? സാത്താൻ അവനെ നിയന്ത്രിക്കുകയോ അല്ലെങ്കിൽ യേശുവിനെ കാണിച്ചുകൊടുക്കുന്നതിനായി ദൈവം അവനെ മുൻനിയമിക്കുകയോ ചെയ്തുവെങ്കിൽ യൂദാ തന്റെ പ്രവൃത്തികൾക്കുത്തരവാദിയാണോ? വേദപുസ്തകം ഈ ചോദ്യങ്ങൾക്ക് നേരിട്ടുത്തരം പറയുന്നില്ല. ദൈവം ചരിത്രത്തിന്റെ നിയന്ത്രിതാവാണ്. അവൻ ഭാവി സംഭവങ്ങൾ അറിയുന്നു, എങ്കിലും മനുഷ്യൻ തന്റെ തിരഞ്ഞെടുപ്പുകൾക്കും പ്രവൃത്തികൾക്കും ഉത്തരവാദിയാണ്. ദൈവം നല്ലവനാണ്, ദുരപയോഗപ്പെടുത്തുന്നവനല്ല.

യൂദായെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന ഒരു പുതിയ ഗ്രന്ഥമുണ്ട് - *യൂദാ വഞ്ചകനോ യേശുവിന്റെ സ്നേഹിതനോ?* (by William Klassen, Fortress Press, 1996). ഈ ഗ്രന്ഥത്തിന്റെ ആശയങ്ങളോട് എനിക്കു യോജിപ്പില്ല, കാരണം യൂദായെക്കുറിച്ചുള്ള യോഹന്നാന്റെ സാക്ഷ്യത്തെ അതംഗീകരിക്കുന്നില്ല, എങ്കിലും അത് വളരെ താല്പര്യജനകവും ചിന്തോദ്ദീപകവുമാണ്.

## പ്രത്യേക പഠനവിഷയം: തിരഞ്ഞെടുപ്പും/മുൻനിയമനവും ദൈവശാസ്ത്രപരമായ സന്തുലനത്തിന്റെ ആവശ്യകതയും

തിരഞ്ഞെടുപ്പ് അതിശയകരമായ ഒരു ഉപദേശമാണ് എങ്കിലും അത് മുഖപക്ഷം കാണിക്കുന്നതിനുള്ള ആഹ്വാനമല്ല, മറിച്ച് മറ്റുള്ളവരുടെ വീണ്ടെടുപ്പിനുള്ള മാധ്യമം, ഉപകരണം, അഥവാ ഉപാധി ആകുന്നതിനുള്ള ആഹ്വാനമാണ്. പഴയനിയമത്തിൽ ഈ പദം പ്രാഥമികമായി ശുശ്രൂഷയ്ക്കാണ് ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിലാകട്ടെ ഇതു പ്രാഥമികമായി രക്ഷയ്ക്കാണ് ഉപയോഗിക്കുന്നത്. രക്ഷയെ തുടർന്നാണ് ശുശ്രൂഷ. ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും തമ്മിലുള്ള വൈരുധ്യത്തെ ബൈബിൾ നിരപ്പിക്കുന്നില്ല. മറിച്ച് രണ്ടിനെയും സ്ഥിരീകരിക്കുകയാണ് ചെയ്യുന്നത്. വേദപുസ്തക സംഘർഷത്തിന്റെ മികച്ച ഉദാഹരണം ദൈവത്തിന്റെ പരമാധികാര തിരഞ്ഞെടുപ്പു സംബന്ധിച്ച റോമർ 9 ഉം മനുഷ്യന്റെ അനിവാര്യ പ്രതികരണം സംബന്ധിച്ച റോമർ 10 ഉം ആണ് (ഒ.നോ. 10:11,13).

ഈ ദൈവശാസ്ത്രപരമായ സംഘത്തിന്റെ താക്കോൽ എഫ. 1:14 ൽ കാണാം. യേശു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും സകലരും അവനിൽ തിരഞ്ഞെടുക്കപ്പെട്ടവരും ആകുന്നു (കാൾബാർത്ത്). വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ ആവശ്യത്തോടുള്ള ദൈവത്തിന്റെ അനുകൂല പ്രതികരണമാണ് യേശു (കാൾബാത്ത്). മുൻനിയമനത്തിന്റെ ലക്ഷ്യം സ്വർഗ്ഗമല്ല, വിശുദ്ധിയാണ് (ക്രിസ്ത്യാനുരൂപ്യം) എന്ന് ഊന്നിപ്പറയുന്നതിലൂടെ എഫെ. 1:4 ഈ വിഷയം വ്യക്തമാക്കാൻ സഹായിക്കുന്നു. നാം പലപ്പോഴും സുവിശേഷത്തിന്റെ നേട്ടങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും ഉത്തരവാദിത്വങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ വിളി (തെരെഞ്ഞെടുപ്പ്) ഒരു സമയത്തേക്കും നിത്യതയ്ക്കും വേണ്ടിയാണ്.

ഉപദേശങ്ങൾ നിൽക്കുന്നത് ഏകമായി ബന്ധമില്ലാത്ത സത്യങ്ങളായിട്ടല്ല, മറിച്ച് മറ്റ് സത്യങ്ങളുമായി ബന്ധപ്പെട്ടാണ്. ഒരു നക്ഷത്ര രാശിയും ഒറ്റ നക്ഷത്രവും എന്നത് ഇതിനുദാഹരണമാണ്. ദൈവം സത്യത്തെ വെളിപ്പെടുത്തിയിട്ടുള്ളത് പൗരസ്ത്യ ചിന്താരീതിയിലാണ്, പാശ്ചാത്യ രീതിയിലല്ല. ഉപദേശ സത്യങ്ങളുടെ ദ്വന്ദ (വിശുദ്ധ) ജോഡികൾ ഉളവാക്കുന്ന സംഘർഷത്തെ നാം നീക്കരുത്.

1. മുൻനിയമനം X മാനുഷിക സ്വതന്ത്ര ഇച്ഛ
2. വിശ്വാസികളുടെ ഭദ്രത X സ്ഥിരോത്സാഹത്തിന്റെ ആവശ്യകത
3. മൂലപാപം X മനപ്പൂർവ്വമായ പാപം
4. പാപരാഹിത്യം (പൂർണ്ണത) X പാപം ചെയ്യാതിരിക്കൽ
5. പ്രാരംഭ സത്വര നീതീകരണവും വിശുദ്ധീകരണവും X ക്രമാനുഗത വിശുദ്ധീകരണം
6. ക്രിസ്തീയ സ്വാതന്ത്ര്യം X ക്രിസ്തീയ ഉത്തരവാദിത്വം
7. ദൈവത്തിന്റെ അതീന്ദ്രിയത്വം X ദൈവത്തിന്റെ അന്തർയാമിത്വം

8. ദൈവം ആത്യന്തികമായി അറിയാനാവാത്തവൻ X ദൈവം തിരുവെഴുത്തിലൂടെ ഗ്രഹിക്കാവുന്നവൻ
9. ദൈവരാജ്യം വന്നുകഴിഞ്ഞു X ഭാവിയിലെ പൂർത്തീകരണം
10. മാനസാന്തരം ദൈവിക ദാനമെന്ന നിലയിൽ X മാനസാന്തരം അത്യാവശ്യമായ മാനുഷിക ഉടമ്പടി പ്രതികരണമെന്ന നിലയിൽ
11. യേശു ദൈവം X യേശു മനുഷ്യൻ
12. യേശു പിതാവിനു സമൻ X യേശു പിതാവിനോട് അനുസരണയുള്ളവൻ

"ഉടമ്പടി" എന്ന ദൈവശാസ്ത്ര ആശയം, ദൈവത്തിന്റെ പരമാധികാരത്തെയും (അവൻ എല്ലായ്പോഴും മുൻകയ്യെടുക്കുകയും അജണ്ട നിശ്ചയിക്കുകയും ചെയ്യുന്നു) മനുഷ്യന്റെ ഭാഗത്തുനിന്നും അനിവാര്യമായ പ്രാഥമികവും തുടരുന്നതുമായ മാനസാന്തരത്തെയും ഒരുമിപ്പിക്കുന്നു. വൈരുധ്യത്തിന്റെ ഒരു വശം സ്വീകരിച്ച് മറുവശം നിരാകരിക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങളുടെ ഇഷ്ട ഉപദേശത്തെയോ ദൈവശാസ്ത്ര സംവിധാനത്തെയോ മാത്രം ഉയർത്തിക്കാട്ടാതിരിക്കുവാൻ ശ്രദ്ധിക്കുക.

**18:3**

**NASB** **"റോമർ കോഹോർട്ട്"**
**NKJV** **"സേനയുടെ ഒരു സംഘം"**
**NRSV** **"പടയാളികളുടെ ഒരു സംഘം"**
**TEV** **"റോമൻ പടയാളികളുടെ ഒരു കൂട്ടം"**
**NJB** **"ദ കൊഹോർട്ട്"**

ഇത് റോമൻ പട്ടാളയൂണിറ്റിനെ സൂചിപ്പിക്കുന്നു; അത് ഒരു ലീജിയന്റെ പത്തിലൊന്നാണ്; ദൈവാലയത്തോടു ചേർന്നുള്ള അന്തോണിയോ കോട്ടയിൽ പാർപ്പിച്ചിട്ടുള്ള 600 പേരടങ്ങിയ സംഘമായിരിക്കാം ഇത് (ഒ.നോ. പ്രവൃ. 21:31,33). ഈ സംഘത്തെ മുഴുവൻ വിളിക്കുക അസംഭവ്യമാണ്. ഈ ഉത്സവകാലത്ത് യെരുശലേമിൽ കലഹത്തിനു സാധ്യതയുള്ളതിനാൽ റോമൻ പട്ടാളം തയ്യാറെടുത്തു നിന്നിരുന്നു. കൈസര്യയിൽ നിന്നു കടൽമാർഗ്ഗം കൂടുതൽ പടയാളികളെ കൊണ്ടുവന്ന് ആവശ്യമായ മുൻകരുതൽ അവർ എടുത്തിരുന്നു. യേശുവിനെ ക്രൂശിക്കുവാൻ യെഹൂദന്മാർ ആവശ്യപ്പെട്ടതിനാലാണ് റോമാക്കാർ യേശുവിന്റെ വിസ്താരത്തിൽ പങ്കാളികളായത്. സാധാരണ നിലയിൽ ഇതു ദിവസങ്ങൾ എടുത്തിരുന്നു. റോമാ ഗവൺമെന്റിന്റെ അനുവാദത്തോടും സഹകരണത്തോടുംകൂടി മാത്രമെ അവർക്കിതു ചെയ്യുവാൻ കഴിയുമായിരുന്നുള്ളൂ.

▣ **"മഹാപുരോഹിതന്മാരും പരീശന്മാരും അയച്ച ചേവകരെയും"** ലേവ്യരായ ദൈവാലയ കാവൽക്കാർ റോമൻ പടയാളികളോടൊപ്പം വന്നു. ഒരിക്കൽ യേശുവിനെ പിടിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടവരാണിവർ (ഒ.നോ. 7:32,45).

▣ **"ആയുധങ്ങളുമായി"** റോമൻ പടയാളികൾ വാളുകളും (ഒ.നോ. 6:64; 13:1,11) ദൈവാലയ കാവൽക്കാർ ഗദകളും/വടികളും (ഒ.നോ. മത്താ. 26:43; മർക്കൊ. 14:43; ലൂക്കൊ. 22:52) വഹിച്ചിരുന്നു.

**18:4 "യേശു എല്ലാം അറിഞ്ഞു"** തന്റെ അറസ്റ്റ്, വിസ്താരം, ക്രൂശീകരണം എന്നിവ സംബന്ധിച്ചുള്ള യേശുവിന്റെ അറിവിനെയും അതിന്മേലുള്ള തന്റെ നിയന്ത്രണത്തെയും കുറിച്ചുള്ള ശക്തമായ ഊന്നലാണിത് (ഒ.നോ. 10:11,15,17,18). യേശു ക്രൂശിക്കപ്പെട്ടത് യാദൃശ്ചിക സംഭവമായിരുന്നില്ല (ഒ.നോ. മർക്കൊ. 10:45; പ്രവൃ. 2:23; 3:18; 14:29). ഈ വിഷയം യോഹന്നാന്റെ സുവിശേഷീകരണത്തിന്റെ സവിശേഷതയാണ്. അക്കാരണത്താലാകാം ഗതസമേനയിലെ യേശുവിന്റെ ആത്മസംഘർഷം യോഹന്നാൻ രേഖപ്പെടുത്താതിരുന്നതും.

**18:5**

**NASB, NJB** **"നസറായനായയ യേശു"**
**NKJV, NRSV, TEV** **"നസറേത്തിലെ യേശു"**

"നസറായൻ" എന്ന പദത്തിന്റെ ഉല്പത്തി സംബന്ധിച്ച് ചില ചർച്ചകൾ നടന്നിട്ടുണ്ട്. ഇതിനർത്ഥം (1) നസറായൻ; (2) നാസീർ വ്രതസ്ഥൻ (ഒ.നോ. സംഖ്യ. 6); (3) നസറേത്തിൽ നിന്നുള്ളവൻ. പുതിയ നിയമ ഉപയോഗം (ഒ.നോ. മത്താ. 2:23) #3നെ സ്ഥിരീകരിക്കുന്നു. ചിലർ എബ്രായ വ്യഞ്ജനങ്ങളായ *നെസ്ർ* എന്നതിനെ "മുള" (*നെസെർ*, ഒ.നോ. യെശ. 11:1; 14:19; 60:20) എന്ന മശിഹൈക നാമത്തോടു ബന്ധിപ്പിക്കുന്നു.

# പ്രത്യേക പഠനവിഷയം: നസറായനായ യേശു

യേശുവിനെക്കുറിച്ച് സംസാരിക്കുന്നതിന് പുതിയനിയമം ഉപയോഗിക്കുന്ന അനവധി വ്യത്യസ്തങ്ങളായ ഗ്രീക്ക് പദപ്രയോഗങ്ങൾ ഉണ്ട്.

A. പുതിയനിയമ പദങ്ങൾ

1. നസറേത്ത് – ഗലീലയിലെ പട്ടണം (ഒ. നോ. ലൂക്കൊ. 1:26; 2:4,39,51; 4:16; പ്രവൃ. 10:38). പട്ടണത്തെക്കുറിച്ച് സമകാലിക രേഖകളിൽ പരാമർശിക്കപ്പെട്ടിട്ടില്ല). എന്നാൽ പില്ക്കാല ലിഖിതങ്ങളിൽ കാണപ്പെടുന്നു.

നസറേത്തിൽനിന്നുള്ളവൻ എന്നത് യേശുവിന് ഒരു ഭൂഷണമായിരുന്നില്ല (ഒ. നോ. യോഹ. 1:46). ഈ സ്ഥലത്തിന്റെ പേര് ഉൾപ്പെട്ടിരുന്ന യേശുവിന്റെ കുരിശിനു മുകളിലെ എഴുത്ത് യെഹൂദ്യ നിന്ദയുടെ ഒരു അടയാളമായിരുന്നു.

2. *നസാറിനോസ് (Nαsαρηνος)* – ഒരു ഭൂമിശാസ്ത്രപരമായ സ്ഥാനത്തെയുംകൂടെ സൂചിപ്പിക്കുന്നതിനായി തോന്നുന്നു (ഒ. നോ. ലൂക്കൊ. 4:34; 24:19).
3. *നാസോറായിയോസ് (Nαsωραιος)* – ഒരു നഗരത്തെപ്പറ്റിയുള്ള പരാമർശമാകാം, എന്നാൽ "കൊമ്പ്" (*നെറ്റ്സെർ,* ഒ. നോ. യെശ. 4:2; 11:1; 53:2; യിരെ. 23:5; 33:15; സെഖ. 3:8; 6:12; പുതിയ നിയമത്തിൽ വെളി. 22:16) എന്ന മശിഹാസംബന്ധമായ എബ്രായ പദമുപയോഗിച്ചുള്ള ഒരു പ്രയോഗം ആകാം. ലൂക്കൊസ് ഇത് യേശുവിനെക്കുറിച്ച് ലൂക്കൊ. 18:37; പ്രവൃ. 2:22; 3:6; 4:10; 6:14; 22:8; 24:5; 26:9 എന്നീ വാക്യങ്ങളിൽ ഉപയോഗിക്കുന്നു.
4. #3 *നാസീർ (ναζιρ)*, "ഒരു നേർച്ചയാൽ വേർതിരിക്കപ്പെട്ടവൻ" എന്നതിനോടുള്ള ബന്ധത്തിൽ

B. പുതിയ നിയമത്തിന് പുറമേയുള്ള ചരിത്രപരമായ ഉപയോഗങ്ങൾ

1. ഇത് ഒരു യെഹൂദാ (ക്രിസ്ത്യാനിത്വത്തിന് മുമ്പുള്ള) ദുരുപദേശവിഭാഗത്തെ സൂചിപ്പിക്കുന്നു (അരാമ്യ ഭാഷയിലെ *നാസോറായ്യ).*
2. ക്രിസ്തു വിശ്വാസികളെ വിവരിക്കുവാൻ യെഹൂദന്മാരുടെ ഇടയിൽ ഉപയോഗിക്കപ്പെട്ടിരുന്നു (ഒ.നോ. പ്രവൃ. 24:5,14: 28:22, *നോസ്രി*).
3. ഇത് സിറിയൻ (അരാമ്യ) സഭകളിലെ വിശ്വാസികളെ സൂചിപ്പിക്കുന്നതിനുള്ള സ്ഥിരം ശൈലിയായി തീർന്നു. ഗ്രീക്ക് സഭകളിൽ വിശ്വാസികളെ സൂചിപ്പിക്കുന്നതിനായി "ക്രിസ്ത്യാനി" എന്ന പദം ഉപയോഗിക്കപ്പെട്ടു.
4. യെരുശലേമിന്റെ പതനത്തിനു ശേഷം പരീശന്മാർ ജാമ്നിയായിൽ ചേർന്ന് സഭയും യെഹൂദ സിനഗോഗും തമ്മിൽ ഒരു ഔപചാരികമായ വേർതിരിവിന് തുടക്കം കുറിച്ചു. ക്രിസ്ത്യാനികൾക്കെതിരെയുള്ള ശാപവചനങ്ങളുടെ മാതൃക *ബെറാക്കോത്ത്* 28b-29a ൽ ഉള്ള "പതിനെട്ട് ആശീർവാദങ്ങളിൽ" കണ്ടെത്തുകയുണ്ടായി. ഇതിൽ വിശ്വാസികളെ "നാസറീനുകൾ" എന്നു വിളിച്ചിരിക്കുന്നു.

   > "നാസറീനുകളും ദുരുപദേശക്കാരും ഒരു നിമിഷത്തിനുള്ളിൽ അപ്രത്യക്ഷമാകട്ടെ; അവർ ജീവന്റെ പുസ്തകത്തിൽ നിന്നും മായിക്കപ്പെടുകയും വിശ്വസ്തന്മാരോടുകൂടെ എഴുതപ്പെടാതിരിക്കുകയും ചെയ്യട്ടെ."

5. ഇത് ജസ്റ്റിൻ മാർട്ടിയറിനാൽ ഉപയോഗിക്കപ്പെട്ടു. *ഡിയൽ* 126:1. താൻ യേശുവിനെക്കുറിച്ച് യെശയ്യാവിന്റെ *നെറ്റ്സെർ* ഉപയോഗിച്ചു.

C. ലേഖകന്റെ അഭിപ്രായം

ഈ പദത്തിന്റെ നിരവധി അക്ഷരവിന്യാസങ്ങൾ (സ്പെല്ലിംഗ്) എന്നെ അത്ഭുതപ്പെടുത്തുന്നു. എബ്രായഭാഷയിൽ "യോശുവ"യ്ക്ക് നിരവധി അക്ഷരവിന്യാസങ്ങളുള്ളതിനാൽ ഇത് പഴയനിയമത്തിൽ അസാധാരണമല്ല എന്ന് എനിക്കറിയാം. താഴെപ്പറയുന്ന കാരണങ്ങളാൽ ഇതിന്റെ കൃത്യമായ അർത്ഥം സംബന്ധിച്ച് എനിക്ക് ഉറപ്പു പറയാൻ കഴിയുന്നില്ല:

1. മശിഹാസംബന്ധ പദമായ "മുള" (*നെറ്റ്സെർ)* എന്നതും വ്രതസ്ഥന് ഉപയോഗിക്കുന്ന *നാസീർ* എന്ന പദവും തമ്മിലുള്ള അടുപ്പം
2. ഗലീലയെ സംബന്ധിച്ചുള്ള നിഷേധാത്മക വ്യംഗ്യാർത്ഥം
3. ഗലീലയിലെ നസറേത്ത് പട്ടണത്തെപ്പറ്റിയുള്ള സമകാലിക സാക്ഷ്യപ്പെടുത്തലിന്റെ കുറവ് അഥവാ അഭാവം
4. ഒരു അന്ത്യകാല ദൈവശാസ്ത്ര അർത്ഥത്തിൽ ഇത് ഒരു ദുരാത്മാവിന്റെ വായിൽ നിന്നും വരുന്നു എന്നത് (അതായത്, "നീ ഞങ്ങളെ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ?").

ഈ പദ പഠനങ്ങളുടെ ഒരു പൂർണ്ണഗ്രന്ഥസൂചിക്ക് കാണുക: കോളിൻ ബ്രൗൺ (എഡി.), *ന്യൂ ഇന്റർനാഷണൽ ഡിക്ഷ്നറി ഓഫ് ന്യൂടെസ്റ്റമെന്റ് തിയോളജി,* വാല്യം 2, പേജ് 346 അല്ലെങ്കിൽ റെയ്മണ്ട് ഇ. ബ്രൗൺ, *ബെർത്ത്,* പേജ് 209-213, 223-225.

▣ **"ഞാൻ തന്നേ"** "ആയിരിക്കുക" (6:20 ലെ പ്രത്യേക പഠനവിഷയം കാണുക) എന്നതിനുള്ള എബ്രായ ക്രിയയിൽ നിന്നുള്ള "ഞാൻ ആകുന്നവൻ" എന്ന പദമാണിത്. യെഹൂദന്മാർ ഇതിനെ ദൈവത്തിന്റെ ഉടമ്പടി നാമമായ യഹോവയോടു ബന്ധിപ്പിക്കുന്നു (ഒ.നോ. പുറ. 3:14; യെശ. 41:4). യേശു ഈ പദം ഇതേ കൃത്യമായ വ്യാകരണ രീതിയിൽ തനിക്കുവേണ്ടി ഉപയോഗിക്കുന്നു (*എഗോ എയ്മി-ϵγο ϵιμι*, 4:6; 8:24,28,58; 13:19). ഈ സന്ദർഭത്തിൽ ഊന്നലിന് വേണ്ടി മൂന്നു പ്രാവശ്യം ഈ പദം ആവർത്തിക്കുന്നു (ഒ.നോ. വാ. 6,8). ഈ വ്യാകരണ ഘടന, യേശുവിന്റെ പ്രസിദ്ധമായ "ഞാൻ ... ആകുന്നു" പ്രസ്താവനകളിൽ നിന്നു വ്യത്യസ്തമാണ്.

▣ **"അവനെ കാണിച്ചുകൊടുക്കുന്ന യൂദായും അവരോടുകൂടെ നിന്നിരുന്നു"** സുവിശേഷത്തിന്റെ ദൃക്സാക്ഷി രചയിതാവായ യോഹന്നാന്റെ മറ്റൊരു പത്രാധിപക്കുറിപ്പാണിത്.

**18:6 "അവർ പിൻവാങ്ങി നിലത്തു വീണു"** യോഹന്നാൻ ഇതു രേഖപ്പെടുത്തിയത് യേശുവിന്റെ ഊർജ്ജസ്വല സ്വഭാവത്തെയും സാന്നിധ്യത്തെയും ഊന്നിപ്പറയുന്നതിനാണ്. ഇതു ബഹുമാനത്തെയല്ല (ഒരുവന്റെ മുമ്പിൽ വണങ്ങുന്നത്) ഭയത്തെയാണ് സൂചിപ്പിക്കുന്നത്.

**18:7 "അവൻ പിന്നെയും അവരോടു ചോദിച്ചതിന്"** യേശു ശിഷ്യന്മാരിൽ നിന്ന് തന്നിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുകയായിരിക്കാം. വാ. 8 ന്റെ സന്ദർശനം ഇതു ശരി വയ്ക്കുന്നു.

**18:8 "എങ്കിൽ"** ഇത് ഉത്തമപുരുഷ സോപാധിക വാചകമാണ്; അവർ അവനെ തിരയുകയായിരുന്നു.

▣ **"ഇവർ പൊയ്ക്കൊള്ളട്ടെ"** ഇതൊരു സാമാന്യ കർത്തരി കല്പനയാണ്. സെഖ. 13:7 ലെ പ്രവചനത്തിന്റെ നിവൃത്തിയാണിത് (ഒ.നോ. മത്താ. 26:31; യോഹ. 16:32).

**18:9 "അവൻ പറഞ്ഞ വാക്കിന് ഇതിനാൽ നിവൃത്തി വന്നു"** 16:32 നെക്കുറിച്ചുള്ള പരമാർശമാണിതെന്നു തോന്നുന്നു, എങ്കിലും 17:12 ആണ് ഉദ്ധരിച്ചിരിക്കുന്നത്.

**18:10 "ശീമോൻ പത്രൊസ് തനിക്കുള്ള വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി അവന്റെ വലതുകാത് അറുത്തു കളഞ്ഞു"** പത്രൊസ് അവന്റെ കാതല്ല ലക്ഷ്യമാക്കിയത്, തലയായിരുന്നു! യേശുവിനു വേണ്ടി മരിക്കാനുള്ള പത്രൊസിന്റെ മനസ്സിനെയാണിതു കാണിക്കുന്നത്. ലൂക്കൊ. 22:36-38 ലെ യേശുവിന്റെ പ്രസ്താവനയെ പത്രൊസ് തെറ്റിദ്ധരിച്ചതിന്റെ പരിണിത ഫലമായിരുന്നു പത്രൊസിന്റെ പ്രവൃത്തി. യേശു ഒരു സ്പർശനം കൊണ്ട് ആ മനുഷ്യന്റെ കാത് സൗഖ്യമാക്കിയതായി ലൂക്കൊ. 22:51 ൽ പറയുന്നു.

▣ **"ആ ദാസനു മൽക്കൊസ് എന്നു പേർ"** യോഹന്നാൻ മാത്രമാണ് അവന്റെ പേര് പരാമർശിക്കുന്നത്. ഇതൊരു ദൃക്സാക്ഷി വിവരണമാണ്. യോഹന്നാന്റെ എഴുത്തുകാരൻ തോട്ടത്തിലുണ്ടായിരുന്നു.

**18:11 "പാനപാത്രം"** ഒരു മനുഷ്യന്റെ വിധിയുടെ പ്രതീകമായി സാധാരണയായി നിഷേധാത്മക അർത്ഥത്തിൽ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ള സാദൃശ്യമാണിത് (ഒ.നോ. സങ്കീ. 11:6; 60:3; 75:8; യെശ. 51:17,22; യിരെ. 25:15,16,27-28).

യേശുവിന്റെ ചോദ്യങ്ങളുടെ വ്യാകരണ രൂപം 'അതേ' എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. എന്താണു ചെയ്യേണ്ടതെന്നു നന്നായി അറിയാവുന്ന ഒരുവനായി പത്രൊസ് വീണ്ടും പ്രവർത്തിക്കുന്നു (ഒ.നോ. മത്താ. 16:22; യോഹ. 13:8).

ഇവിടെ ഉപയോഗിച്ചിരിക്കുന്ന "പാനപാത്രം" സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിന്റെ ഗത്സമേനയിലെ പ്രാണവേദന സമയത്ത് ഉപയോഗിച്ചിരിക്കുന്ന "പാനപാത്ര"ത്തിൽ നിന്നും തികച്ചും വിഭിന്നമാണ്. യോഹന്നാനെ സംബന്ധിച്ച് യേശുവാണ് സംഭവങ്ങളുടെ പൂർണ്ണ നിയന്ത്രിതാവ്. യോഹന്നാൻ യേശുവിനെ ഭയമുള്ളവനായല്ല, ആത്മവിശ്വാസമുള്ളവനായാണ് അവതരിപ്പിക്കുന്നത് (ഒ.നോ. വാ. 4; 13:1,11)!

## യോഹന്നാൻ 18:12-14

**[12]പട്ടാളവും സഹസ്രാധിപന്മാരും യെഹൂദന്മാരുടെ ചേവകരും യേശുവിനെ പിടിച്ചുകെട്ടി [13]ഒന്നാമതു ഹന്നാവിന്റെ അടുക്കൽ കൊണ്ടുപോയി; അവൻ ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യഫാവിന്റെ അമ്മായപ്പൻ ആയിരുന്നു. [14]കയ്യഫാവോ: ജനത്തിന്നുവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നന്നു എന്നു യെഹൂദന്മാരോടു ആലോചന പറഞ്ഞവൻ തന്നേ.**

**18:12**

**NASB** **"റോമൻ കൊഹോർട്ടും കമാണ്ടറും"**
**NKJV** **"സേനാവിഭാഗവും ക്യാപ്റ്റനും"**
**NRSV** **"പടയാളികളും അവരുടെ തലവനും"**
**TEV** **"റോമൻ പടയാളികളും അവരുടെ കമാന്റിംഗ് ഓഫീസറും"**
**NJB** **"കൊഹോർട്ടും അതിന്റെ അധികാരിയും"**

റോമൻ പട്ടാള യൂണിറ്റിന്റെ പേര്, ഉൾപ്പെട്ടിരിക്കുന്ന സേനയുടെ എണ്ണത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

1. കൊഹോർട്ട് - 600 പടയാളികൾ വരെ ഉള്ള യൂണിറ്റ് (വാ. 3)
2. കമാണ്ടർ - 1000 എന്ന സംഖ്യയിൽ നിന്നും (*ഖിലിയാർക്ക്-χιλιαρχ* - സഹസ്രാധിപൻ, അതാ. പ്രവൃ. 21:31; 22:24; 23:10; 24:7)

യേശുവിനെ അറസ്റ്റു ചെയ്ത പട്ടാള യൂണിറ്റ് എത്ര വലുതായിരുന്നുവെന്നോ ചെറുതായിരുന്നുവെന്നോ ഈ പേരുകൾ കൊണ്ടു വ്യക്തമാകുന്നില്ല. പലസ്തീനിൽ #2 ഒരു ചെറിയ സംഘം പടയാളികളുടെ തലവനെയാണു സൂചിപ്പിക്കുന്നത്.

▣ **"പിടിച്ചു കെട്ടി"** അവർ യേശുവിനെ ഭയന്നതുകൊണ്ടാണിതെന്ന സൂചനയല്ല, മറിച്ച് ഒരു സാധാരണ നടപടി ക്രമമാണിത് (ഒ.നോ. വാ. 24).

**18:13 "ഒന്നാമതു ഹന്നാവിന്റെ അടുക്കൽ"** ഹന്നാവിന്റെയും കയ്യാഫാവിന്റെയും മുമ്പിലുള്ള ഈ വിസ്താരത്തിന്റെ ക്രമം സംബന്ധിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. ഹന്നാവിന്റെ മുമ്പിലുള്ള വിസ്താരത്തെക്കുറിച്ച് സമവീക്ഷണ

സുവിശേഷങ്ങൾ പരാമർശിക്കുന്നില്ല. വാ. 24, യോഹന്നാനിലെ ഒരു ഫുട്ട്നോട്ടായി തോന്നാമെങ്കിലും അത് യേശുവിന്റെ വിസ്താരത്തെക്കുറിച്ചുള്ള സമവീക്ഷണ വിവരണത്തിന്റെ അഭിവാജ്യ ഘടകമാണ് (ഒ.നോ. മത്താ. 26:57; മർക്കൊ. 14:53).

പഴയനിയമത്തിൽ മഹാപുരോഹിത്യം ആജീവനാന്ത പദവിയും തിരഞ്ഞെടുക്കപ്പെട്ട വ്യക്തി അഹരോന്യ വംശാവലിയിൽ ഉള്ളവനുമായിരുന്നു. എന്നാൽ റോമാക്കാർ ഈ പദവിയെ രാഷ്ട്രീയവത്കരിക്കുകയും ലേവ്യ കുടുംബത്തിന് വിലയ്ക്കു വാങ്ങാവുന്നതാക്കി മാറ്റുകയും ചെയ്തു. സ്ത്രീകളുടെ പ്രാകാരത്തിലെ വാണിജ്യത്തെ നിയന്ത്രിക്കുകയും നടത്തുകയും ചെയ്തിരുന്നത് മഹാപുരോഹിതനായിരുന്നു. യേശു ആലയത്തെ ശുദ്ധീകരിച്ചത് ഈ കുടുംബത്തെ കോപിപ്പിച്ചു.

ഫ്ളേവിയസ് ജൊസീഫസിന്റെ ചരിത്രമനുസരിച്ച് എ.ഡി. 6-14 വരെ ഹന്നാവായിരുന്നു മഹാപുരോഹിതൻ. സിറിയൻ ഗവർണറായിരുന്ന ക്വയ്റീനിയസാണ് അവനെ നിയമിച്ചത്. വലേറിയസ് ഗ്രാറ്റസ് അവനെ പദവിയിൽ നിന്നും നീക്കി. അവന്റെ ബന്ധുക്കൾ (5 പുത്രന്മാരും ഒരു പൗത്രനും) അവനുശേഷം അധികാരം നടത്തി. അവന്റെ മരുമകനായ കയ്യഫാവ് (എ. ഡി. 18-36) ആയിരുന്നു അവനുശേഷം അധികാരത്തിലെത്തിയത്. എങ്കിലും പദവിക്കു പിന്നിലെ യഥാർത്ഥ ശക്തി ഹന്നാവായിരുന്നു. യേശുവിനെ ആദ്യമായി അവന്റെ മുമ്പിൽ കൊണ്ടുപോയതായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (ഒ.നോ. 18:13, 19-22).

**18:14** വാ. 15,18 പോലെ ഇതും യോഹന്നാന്റെ പത്രാധിപക്കുറിപ്പാണ്.

▣ **"കയ്യഫാവ്"** കയ്യഫാവിനെക്കുറിച്ചുള്ള യോഹന്നാന്റെ മുഖ്യപരിഗണന അവൻ അറിയാതെ യേശുവിന്റെ മരണത്തെക്കുറിച്ചു പ്രവചിച്ചു എന്നതാണ് (ഒ.നോ. 11:50). അവൻ ഹന്നാവിന്റെ മരുമകനും എ. ഡി. 18-36 വരെ മഹാപുരോഹിതനായിരുന്നവനുമാണ്. 11:49 ന്റെ കുറിപ്പു കാണുക.

## യോഹന്നാൻ 18:15-18

**[15]ശിമോൻപത്രൊസും മറ്റൊരു ശിഷ്യനും യേശുവിന്റെ പിന്നാലെ ചെന്നു; ആ ശിഷ്യൻ മഹാപുരോ**
**ഹിതന്നു പരിചയമുള്ളവൻ ആകയാൽ യേശുവിനോടുകൂടെ മഹാപുരോഹിതന്റെ നടുമുറ്റത്തു കടന്നു.**
**[16]പത്രൊസ് വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ, മഹാപുരോഹിതന്നു പരിചയമുള്ള മറ്റെ ശിഷ്യൻ**
**പുറത്തു വന്നു വാതില്ക്കാവല്ക്കാരത്തിയോടു പറഞ്ഞു പത്രൊസിനെ അകത്തു കയറ്റി. [17]വാതിൽ**
**കാക്കുന്ന ബാല്യക്കാരത്തി പത്രൊസിനോടു: നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനോ എന്നു**
**ചോദിച്ചു; അല്ല എന്നു അവൻ പറഞ്ഞു. [18]അന്നു കുളിർ ആകകൊണ്ടു ദാസന്മാരും ചേവകരും കനൽ**
**കൂട്ടി തീ കാഞ്ഞുകൊണ്ടിരുന്നു; പത്രൊസും അവരോടു കൂടെ തീ കാഞ്ഞുകൊണ്ടു നിന്നു.**

**18:15 "ശീമോൻ പത്രൊസും മറ്റൊരു ശിഷ്യനും യേശുവിന്റെ പിന്നാലെ ചെന്നു"** ഈ മറ്റെ ശിഷ്യൻ ആരെന്ന തിനെ ചൊല്ലി വളരെ ചർച്ചകൾ ഉണ്ടായിട്ടുണ്ട്.

1. പരമ്പരാഗത ചിന്ത ഇത് അപ്പൊസ്തലനായ യോഹന്നാൻ ആണെന്നാണ്. കാരണം ഇതേ പ്രയോഗം 20:2,3,4,8 വാക്യങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. മറ്റൊരു സാധ്യമായ ബന്ധം യോഹന്നാന്റെ അമ്മയുടെ പേരു പറയുന്ന 19:25 ആണ്. അവർ മറിയയുടെ സഹോദരിയും അങ്ങനെയെങ്കിൽ ലേവ്യഗോത്രക്കാരിയും അതിനാൽ പുരോഹിത കുടുംബത്തിൽ നിന്നുള്ളവളും ആണ് (ഒ.നോ. പോളിക്കാർപ്പിന്റെ സാക്ഷ്യം).
2. ഇത് നിക്കൊദേമൊസിനെപ്പോലെയോ അരിമഥ്യയിലെ യോസേഫിനെപ്പോലെയോ ഉള്ള പേരു പറയാത്ത ഒരു പ്രാദേശിക ശിഷ്യനാകാം. അവർക്ക് മഹാപുരോഹിതനും അവന്റെ കുടുംബവുമായി ബന്ധമുണ്ട് (ഒ.നോ. വാ. 15-16).

▣ **"ആ ശിഷ്യൻ മഹാപുരോഹിതനു പരിചയമുള്ളവൻ ആകയാൽ"** "പരിചയം" എന്നതിന് വളരെ ശക്തമായ ഒരു പദം ആണിവിടെ ഉപയോഗിച്ചിട്ടുള്ളത്, അതിനാൽ അതിന് "ഉറ്റസ്നേഹിതൻ" എന്ന അർത്ഥമുണ്ട് (ഒ.നോ. ലൂക്കൊ. 2:44; 23:49). യോഹന്നാനാണെങ്കിൽ അവന്റെ മത്സ്യ വ്യാപാരത്തോടു ബന്ധപ്പെട്ടതും സ്ഥിരമായി യെരുശലേമിൽ മത്സ്യം കൊണ്ടു വരുന്ന അവന്റെ കുടുംബത്തോടു ബന്ധപ്പെട്ടതും ആയിരിക്കാം.

**18:17 "വാതിൽ കാക്കുന്ന ബാല്യക്കാരി പത്രൊസിനോടു: നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനോ എന്നു ചോദിച്ചു"** വാ. 25 പോലെ ഈ വ്യാകരണരൂപവും "അല്ല" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു. യേശു വിന്റെ പേര് ഉപയോഗിക്കാതെ അവനെ വിളിക്കുന്ന ആളുകളുടെ നിന്ദയെ ആണിതു കാണിക്കുന്നത്. അവളിതു ചോദിച്ചതിനു കാരണം (1) യോഹന്നാനുമായുള്ള പത്രൊസിന്റെ ബന്ധം (2) പത്രൊസിന്റെ ഗലീല ഉച്ചാരണം.

▣ **"അല്ല"** പത്രൊസ് യേശുവിനുവേണ്ടി മരിക്കുവാൻ തയ്യാറെടുത്തിരുന്നു. പക്ഷേ ആ അടിമപ്പെൺകുട്ടിയുടെ ചോദ്യത്തിനു സത്യസന്ധമായി ഉത്തരം പറയുവാൻ തയ്യാറെടുത്തിരുന്നില്ല. സമവീക്ഷണ സുവിശേഷങ്ങളിൽ ഈ മൂന്നു തിരസ്കരണങ്ങളും ഒരുമിച്ചു കാണുമ്പോൾ യോഹന്നാനിൽ ഇത് ഹന്നാവ് യേശുവിനെ ചോദ്യം ചെയ്യുന്ന സംഭവത്താൽ വേർതിരിക്കപ്പെട്ടിരിക്കുന്നു.

പത്രൊസിന്റെ "ഞാനല്ല" പ്രസ്താവന യേശുവിന്റെ "ഞാൻ ആകുന്നു" പ്രസ്താവനകൾക്കു നേരെ വിപരീത മാണ് (ഒ.നോ. വാ. 5).

**18:18** വർണ്ണ പൊലിമയുള്ള ദൃക്സാക്ഷി വിവരണത്തോടെയാണ് ഈ കഥ വിവരിക്കുന്നത്.

## യോഹന്നാൻ 18:19-24

**[19]മഹാപുരോഹിതൻ യേശുവിനോടു അവന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചു. [20]അതിന്നു യേശു: ഞാൻ ലോകത്തോടു പരസ്യമായി സംസാ രിച്ചിരിക്കുന്നു; പള്ളിയിലും എല്ലാ യെഹൂദന്മാരും കൂടുന്ന ദൈവാലയത്തിലും ഞാൻ എപ്പോഴും ഉപദേശിച്ചു; രഹസ്യമായി ഒന്നും സംസാരിച്ചിട്ടില്ല. [21]നീ എന്നോടു ചോദിക്കുന്നതു എന്തു? ഞാൻ സംസാരിച്ചതു എന്തെന്നു കേട്ടവരോടു ചോദിക്ക; ഞാൻ പറഞ്ഞതു അവർ അറിയുന്നു എന്നു ഉത്തരം പറഞ്ഞു. [22]അവൻ ഇങ്ങനെ പറയുമ്പോൾ ചേവകരിൽ അരികെ നിന്ന ഒരുത്തൻ: മഹാപുരോഹിതനോടു ഇങ്ങനെയോ ഉത്തരം പറയുന്നതു എന്നു പറഞ്ഞു യേശുവിന്റെ കന്നത്തു ഒന്നടിച്ചു. [23]യേശു അവനോടു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ തെളിവു കൊടുക്ക; അല്ലെങ്കിൽ എന്നെ തല്ലുന്നതു എന്തു എന്നു പറഞ്ഞു. [24]ഹന്നാവു അവനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കൽ അയച്ചു.**

**18:19 "മഹാപുരോഹിതൻ യേശുവിനോട് അവന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചു"** ഇത് കയ്യഫാവല്ല, ഹന്നാവാണ്. ഹന്നാവാണ് സിംഹാസനത്തിനു പിന്നിലെ യഥാർത്ഥ ശക്തി. എ. ഡി. 6 മുതൽ 15 വരെ അവൻ വാണു. അവനെ തുടർന്ന് അവന്റെ മരുമകനും അതിനുശേഷം 5 പുത്രന്മാരും ഒരു പൗത്രനും മഹാപുരോഹിതന്മാരായിരുന്നു. ദൈവാലയ പരിസരത്തെ വാണിജ്യാധികാരം ഉണ്ടായിരുന്ന ഹന്നാവ് ആലയം ശുദ്ധീകരിച്ച (രണ്ടു പ്രാവശ്യം) വ്യക്തിയെ കയ്യേറ്റം ചെയ്യാൻ ആശിച്ചിരുന്നു. യേശുവിന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ച് ഹന്നാ താല്പര്യം കാണിച്ചത് താല്പര്യജനകമാണ്.

**18:20** യേശു പരസ്യമായി പഠിപ്പിച്ചു എന്നത് തീർച്ചയായും സത്യമാണ്. എങ്കിലും അവന്റെ ഉപദേശങ്ങളിൽ പലതും പൊതുജനത്തിനു മറയ്ക്കപ്പെട്ടിരുന്നു എന്നതും സത്യമാണ് (ഒ.നോ. മർക്കൊ. 4:10-12). യഥാർത്ഥ വിഷയം കേൾവിക്കാരുടെ ഭാഗത്തെ ആത്മീയ അന്ധതയായിരുന്നു.

യേശുവിന്റെ വാക്കുകളും പഠിപ്പിക്കൽ രീതികളും സമവീക്ഷണത്തിലും യോഹന്നാനിലും വ്യത്യസ്തമായിരുന്നു. സമവീക്ഷണങ്ങളിൽ "ഞാൻ ആകുന്നു" പ്രസ്താവനകളില്ല. യേശു ഉപമകളിലൂടെ പഠിപ്പിക്കുന്നു; യോഹന്നാൻ ഉപമകളൊന്നും രേഖപ്പെടുത്തില്ല. സമവീക്ഷണ സുവിശേഷങ്ങൾ യേശുവിന്റെ പരസ്യമായ പഠിപ്പിക്കലുകളെയും യോഹന്നാൻ യേശുവിന്റെ സ്വകാര്യ സംഭാഷണങ്ങളെയുമാണ് രേഖപ്പെടുത്തുന്നു എന്നതാണ് ഈ വ്യത്യാസത്തിനു കാരണം എന്നാണെനിക്കു തോന്നുന്നത്.

**18:21 "നീ എന്നോടു ചോദിക്കുന്നതു എന്ത്"** വാ. 20 ൽ യേശു തന്റെ ഉപദേശത്തിന്റെ പരസ്യ സ്വഭാവത്തെ വ്യക്തമാക്കുകയുണ്ടായി. യെഹൂദ ന്യായപ്രമാണപ്രകാരവും പരസ്യമായ അറിവു നിമിത്തവും അവന്റെ ചോദ്യം നിയമാനുസൃതമായതല്ല എന്ന് യേശു ഹന്നാവിനോടു ചൂണ്ടിക്കാണിക്കുകയാണു ചെയ്യുന്നത്.

**18:22 "ചേവകരിൽ അരികെ നിന്ന ഒരുത്തൻ ... യേശുവിന്റെ കന്നത്തു ഒന്നടിച്ചു"** 'ഇതിന്റെ യഥാർത്ഥ അർത്ഥം "കൈകൊണ്ടടിക്കുക" അല്ലെങ്കിൽ "വടികൊണ്ടടിക്കുക" എന്നാണ്. "കൈ നിവർത്തി അടിക്കുക" എന്ന അർത്ഥത്തിലാണിതുപയോഗിക്കുന്നത്. യെശ. 50:6 ന്റെ സൂചനയാണിത്. താൻ എന്തെങ്കിലും തെറ്റായി ചെയ്തിട്ടുണ്ടെങ്കിൽ കുറ്റപ്പെടുത്തുക അല്ലെങ്കിൽ തന്നെ അടിക്കുന്നതെന്ത് എന്ന് യേശു പ്രസ്താവിക്കുന്നു.

**18:23 "എങ്കിൽ ... എങ്കിൽ"** എഴുത്തുകാരന്റെ കാഴ്ചപ്പാടിൽ ശരിയായതോ അല്ലെങ്കിൽ രചനോദ്ദേശ്യത്തിനു വേണ്ടിയോ എന്നു കണക്കാക്കാവുന്ന രണ്ട് ഉത്തമപുരുഷ സോപാധിക വാചകങ്ങളിവിടുണ്ട്. ഒന്നാമത്തേത് ഒരു വ്യാജ യാഥാർത്ഥ്യത്തെ ഉച്ചരിക്കുന്നതിനുള്ള സാഹിത്യ മാർഗ്ഗമാണ്. തനിക്കെതിരായുള്ള തെളിവു ഹാജരാക്കാൻ യേശു ഹന്നാവിനെ വെല്ലുവിളിക്കുന്നു.

**18:24** ഈ വിസ്താരത്തിന്റെ ക്രമം സമവീക്ഷണ സുവിശേഷങ്ങളിൽ നേരെ തിരിച്ചാണ്.

## യോഹന്നാൻ 18:25-27

**[25]ശിമോൻ പത്രൊസ് തീ കാഞ്ഞുനില്ക്കുമ്പോൾ: നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്നു ചിലർ അവനോടു ചോദിച്ചു; അല്ല എന്നു അവൻ മറുത്തു പറഞ്ഞു. [26]മഹാപുരോഹിതന്റെ ദാസന്മാരിൽ വെച്ചു പത്രൊസ് കാതറുത്തവന്റെ ചാർച്ചക്കാരനായ ഒരുത്തൻ ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടില്ലയോ എന്നു പറഞ്ഞു. [27]പത്രൊസ് പിന്നെയും മറു ത്തുപറഞ്ഞു; ഉടനെ കോഴി കൂകി.**

**18:26 "മഹാപുരോഹിതന്റെ ദാസന്മാരിൽ വച്ച് പത്രൊസ് കാതറുത്തവന്റെ ചാർച്ചക്കാരനായ ഒരുത്തൻ"** പത്രൊസിനെ ചോദ്യം ചെയ്തവർ ആരെല്ലാമാണെന്നതു സംബന്ധിച്ച് സുവിശേഷങ്ങളിൽ ചില പൊരുത്തക്കേടുകൾ കാണാം.

1. മർക്കൊസിൽ, ബാല്യക്കാരത്തിയാണ് ആദ്യം ചോദ്യം ചോദിച്ചത് (ഒ.നോ. മർക്കൊ. 14:69).
2. മത്തായിയിൽ അതു മറ്റൊരു ബാല്യക്കാരത്തിയാണ് (ഒ.നോ. മത്താ. 26:71).

3. ലൂക്കൊ. 22:58 ൽ അതൊരു പുരുഷനാണ്
4. യോഹന്നാനിൽ മഹാപുരോഹിതന്റെ അടിമ/ദാസി ആണ്

ചരിത്ര പശ്ചാത്തലത്തിൽ നിന്നും തീകായുന്നിടത്തു വെച്ച് ഒരു വ്യക്തി ചോദ്യം ചോദിക്കുകയും മറ്റുള്ളവർ ഒപ്പം കൂടുകയും ചെയ്തു എന്നു വ്യക്തമാണ് (ഒ.നോ. വാ. 18)

**18:26 "ഞാൻ നിന്നെ അവനോടു കൂടെ തോട്ടത്തിൽ കണ്ടില്ലയോ"** വാ. 17 ലും 25 ലും ഉള്ള രണ്ടു ചോദ്യങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ വ്യാകരണരൂപം "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു.

**18:27 "ഉടനെ കോഴി കൂകി"** നാലു സുവിശേഷങ്ങളിൽ നിന്നുമുള്ള സംഭവങ്ങളുടെ സമയക്രമം സൂചിപ്പിക്കുന്നത് രാത്രി 12 നും രാവിലെ 3 നും ഇടയിൽ ഇതു സംഭവിച്ചുവെന്നാണ്. യെഹൂദന്മാർ നഗരാതിർത്തിക്കുള്ളിൽ കോഴികളെ അനുവദിച്ചിരുന്നില്ല എന്നതിനാൽ ഇത് റോമൻ കോഴിയാണെന്നനുമാനിക്കാം.

യേശു ഈ സമയത്തു പത്രൊസിനെ നോക്കിയതായി ലൂക്കൊ. 22:61 പ്രസ്താവിക്കുന്നു. ഹന്നാവും കയ്യഫാവും ഒരേ വീട്ടിലാണു പാർത്തിരുന്നതെന്നും പടയാളികൾ യേശുവിനെ ഹന്നാവിന്റെ അടുത്തു നിന്ന് കയ്യഫാവിന്റെയും സൻഹെദ്രീം സംഘത്തിന്റെയും അടുത്തേക്കു കൊണ്ടുപോയി എന്നനുമാനിക്കാം. ഇങ്ങനെ പോയ പ്പോഴാകാം യേശു പത്രൊസിനെ നോക്കിയത്. ഈ രാത്രി വിസ്താരത്തിലെ സംഭവങ്ങളുടെ ക്രമം സംബന്ധിച്ച് ചരിത്രപരമായി കൃത്യമായ വിവരങ്ങൾ നമുക്കു ലഭ്യമല്ലാത്തതിനാൽ ഇത് അനുമാനങ്ങൾ മാത്രമാണ്.

**യോഹന്നാൻ 18:28-32**

**[28]പുലർച്ചെക്കു അവർ യേശുവിനെ കയ്യഫാവിന്റെ അടുക്കൽനിന്നു ആസ്ഥാനത്തിലേക്കു കൊണ്ടുപോയി; തങ്ങൾ അശുദ്ധമാകാതെ പെസഹ കഴിപ്പാന്തക്കവണ്ണം ആസ്ഥാനത്തിൽ കടന്നില്ല. [29]പീലാത്തൊസ് അവരുടെ അടുക്കൽ പുറത്തു വന്നു: ഈ മനുഷ്യന്റെ നേരെ എന്തു കുറ്റം ബോധിപ്പിക്കുന്നു എന്നു ചോദിച്ചു. [30]കുറ്റക്കാരൻ അല്ലാഞ്ഞു എങ്കിൽ ഞങ്ങൾ അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു എന്നു അവർ അവനോടു ഉത്തരം പറഞ്ഞു. [31]പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണപ്രകാരം വിധിപ്പിൻ എന്നു പറഞ്ഞതിന്നു യെഹൂദന്മാർ അവനോടു: മരണശിക്ഷെക്കുള്ള അധികാരം ഞങ്ങൾക്കില്ലല്ലോ എന്നു പറഞ്ഞു. [32]യേശു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ച വാക്കിന്നു ഇതിനാൽ നിവൃത്തി വന്നു.**

**18:28**

| | |
|---|---|
| **NASB, NKJV, JB** | "പ്രിറ്റോറിയത്തിലേക്ക്" |
| **NRSV** | "പീലാത്തൊസിന്റെ ആസ്ഥാനത്തിലേക്ക്" |
| **TEV** | "ഗവർണറുടെ കൊട്ടാരത്തിലേക്ക്" |

റോമൻ ഗവർണർമാർ യെരുശലേമിൽ ആയിരിക്കുമ്പോൾ പാർക്കുന്ന ഔദ്യോഗിക വസതിക്കുള്ള ലത്തീൻ പദമാണിത്. ഇത് ദൈവാലയത്തോടു ചേർന്നുള്ള അന്തോണിയോക്കോട്ടയോ, മഹാനായ ഹെരോദാവിന്റെ കൊട്ടാരമോ ആകാം.

# പ്രത്യേക പഠനവിഷയം: പ്രിറ്റോറിയൻ ഗാർഡ് (അകമ്പടി പട്ടാളം)

യഥാർത്ഥത്തിൽ പ്രൊട്ടോറിയൺ എന്ന പദം റോമൻ ജനറലിന്റെ കൂടാരത്തെയാണ് (*പ്രെയ്റ്റോർ*) സൂചിപ്പിക്കുന്നത്. എങ്കിലും റോമൻ യുദ്ധകാലാനന്തരം അത് രാഷ്ട്രീയ, സൈനിക ഭരണാധികാരിയുടെ ആസ്ഥാനത്തെ സൂചിപ്പിക്കുംവിധം ഭരണപരമായ അർത്ഥത്തിൽ ഉപയോഗിക്കാനാരംഭിച്ചു (ഒ.നോ. മത്താ. 27:27; യോഹ. 18:28,33; 19:9; പ്രവൃ. 23:35).

എന്നിരുന്നാലും ഒന്നാം നൂറ്റാണ്ടിലെ റോമൻ ലോകത്ത് ഇത് ചക്രവർത്തിയുടെ പ്രത്യേക കാവൽപട്ടാളത്തെ വിളിക്കാനാണുപയോഗിക്കപ്പെട്ടത്. ഈ ഉന്നത ശ്രേണിയിൽ പെട്ട സൈന്യത്തിനു രൂപം കൊടുത്തത് ഔഗുസ്തോസ് കൈസറായിരുന്നുവെങ്കിലും ടൈബീരിയസ് (തിബര്യാസ്) ആണവരെ റോമിൽ കേന്ദ്രീകരിച്ചത്. അവർ:

1. എല്ലാവരും ഒരേ റാങ്കിൽ പെട്ടവർ – ശതാധിപൻ – ആയിരുന്നു
2. ഇരട്ടി ശമ്പളം ലഭിച്ചിരുന്നു
3. പ്രത്യേക പദവികൾ ഉണ്ടായിരുന്നു
4. ചക്രവർത്തിക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഏറെ ആദരിക്കപ്പെട്ടിരുന്ന അവർ വളരെ ശക്തരായിരുന്നു

കോൺസ്റ്റന്റയിന്റെ കാലത്താണ് രാഷ്ട്രീയ ശക്തിയായിരുന്ന ഈ സമൂഹത്തെ പിരിച്ചുവിട്ടത്.

■ **"പുലർച്ചെക്കു"** റോമൻ രേഖകളിൽ നിന്നും നാം മനസ്സിലാക്കുന്നത് പലസ്തീനിലുള്ള റോമൻ ഭരണാധികാരികൾ പ്രഭാതത്തിൽ കോടതി കൂടാറുണ്ടായിരുന്നുവെന്നാണ്. പ്രഭാതത്തിൽ തന്നെ സൻഹദ്രീം തങ്ങളുടെ നിയമവിരുദ്ധ രാത്രി വിസ്താരത്തിനു നിയമസാധുത നൽകുന്നതിനായി ഒന്നിച്ചുകൂടി എന്നു മനസ്സിലാക്കാം. അവർ ഉടൻ തന്നെ യേശുവിനെ പീലാത്തൊസിന്റെ മുമ്പിൽ ഹാജരാക്കി.

■ **"തങ്ങൾ അശുദ്ധമാകാതെ പെസഹ കഴിപ്പാന്തക്കവണ്ണം ആസ്ഥാനത്തിൽ കടന്നില്ല"** ജാതികളുടെ വാസസ്ഥലത്തു പ്രവേശിക്കുന്നത് അവരെ അശുദ്ധരാക്കും, പെസഹ കഴിക്കാനവർ അയോഗ്യരാകും. തങ്ങളുടെ ആചാരപരമായ വിശുദ്ധിക്ക് അതീവ ശ്രദ്ധ കൊടുത്തിരുന്ന അവർക്ക് ഒരു മനുഷ്യനെ നിയമവിരുദ്ധമായി മരണത്തിനേൽപ്പിക്കുന്നതിൽ ഒരു കുറ്റബോധവും ഇല്ലായിരുന്നു.

യേശു തന്റെ ശിഷ്യന്മാരോടുകൂടെ പെസഹ ഭക്ഷിച്ചു എന്ന സമവീക്ഷണ സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്നതുമായി (ഒ.നോ. മത്താ. 26:17; മർക്കൊ. 14:12; ലൂക്കൊ. 22:1) ഈ ഭാഗത്തിനുള്ള പൊരുത്തക്കേട് വലിയ ചർച്ചകൾക്കു കാരണമായിട്ടുണ്ട്. യോഹന്നാൻ ഇത്, പരമ്പരാഗത പെസഹായുടെ ഒരുക്കനാളിനു മുമ്പ് (വ്യാഴാഴ്ച) നടന്നതായി പ്രസ്താവിക്കുന്നു. യോഹന്നാന്റെ രചനകളിൽ അവഗാഹമുള്ള പ്രസിദ്ധ കത്തോലിക്കാ പണ്ഡിതൻ റെയ്മണ്ട് ബ്രൗൺ, ജെറോം ബിബ്ലിക്കൽ കമന്ററിയിൽ ഈ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

> "ചരിത്രപരതയുടെ നിലപാടിൽ നിന്നുകൊണ്ട് യോഹന്നാനെക്കാൾ സമവീക്ഷണ പാരമ്പര്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളുടെ ക്രമത്തിന് നാം മുൻതൂക്കം കൊടുക്കുന്നുവെങ്കിൽ തുടർന്നു വരുന്ന വേദഭാഗം - സമവീക്ഷണ പാരമ്പര്യം നന്നായി അറിയുന്ന ഒരു ദൃക്സാക്ഷിയുടെ വിവരണം - നമുക്കു പരിഹരിക്കാനാവാത്ത പ്രതിസന്ധി സൃഷ്ടിക്കും. എന്നാൽ നേരെ മറിച്ച് സമവീക്ഷണ സുവിശേഷങ്ങളിലെ വിഷയാധിഷ്ഠിത രൂപരേഖയെക്കാൾ, യോഹന്നാൻ രൂപപ്പെടുത്തുന്ന ദൃക്സാക്ഷിയുടെ സാക്ഷ്യവാചകം യഥാർത്ഥ സംഭവത്തോടു കൂടുതൽ അടുത്തു നിൽക്കുന്നു എന്നു നാം അംഗീകരിച്ചാൽ വേദഭാഗം കൂടുതൽ സുഗ്രാഹ്യമായിത്തീരും" (പേ. 458).

പെസഹ ആചരണത്തിന് രണ്ട് വ്യത്യസ്ത ദിനങ്ങൾ - വ്യാഴാഴ്ചയും വെള്ളിയാഴ്ചയും - ഉണ്ടായിരിക്കാനുള്ള സാധ്യതയുണ്ട്. "പെസഹ" എന്ന പദം ഏകദിന പെരുന്നാളിനും എട്ടുദിന പെരുന്നാളിനും (പെസഹയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും, ഒ.നോ. പുറ. 12) ഉപയോഗിക്കുന്നുവെന്നതും അധിക പ്രശ്നം സൃഷ്ടിക്കുന്നുണ്ട്.

■ **"പെസഹ കഴിപ്പാൻ"** അന്ത്യഅത്താഴത്തിന്റെ കൃത്യമായ തീയതി സംബന്ധിച്ചും പ്രശ്നങ്ങളുണ്ട്. അത് പെസഹഭക്ഷണമാണെന്ന് സമവീക്ഷണ സുവിശേഷങ്ങൾ പ്രസ്താവിക്കുമ്പോൾ, അത് ഔദ്യോഗിക പെസഹ വിരുന്നിന്റെ തലേദിവസമാണെന്നു യോഹന്നാൻ പറയുന്നു (ഒ.നോ. യോഹ. 19:14 & ഈ വാക്യം). ഇതിനുള്ള ഉത്തരം താഴെപ്പറയുന്നതിൽ കാണാം.

1. "പെസഹ" എന്ന പദം ഒരു ആഴ്ച, ഒരു ഭക്ഷണം, അതല്ലെങ്കിൽ പ്രത്യേക ശബത്ത് എന്നിവയെ സൂചിപ്പിക്കുന്നുവെന്ന വസ്തുത
2. ചില വേർപെട്ട യെഹൂദ സമൂഹങ്ങൾ (എസ്സേന്യർ) ചന്ദ്രമാസം പിന്തുടർന്നിരുന്നു എന്ന് ഇടക്കാല ഗ്രന്ഥമായ ജൂബിലികളുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു എന്ന വസ്തുത
3. യോഹന്നാന്റെ "ദ്വയാർത്ഥങ്ങൾ" പെസഹയ്ക്കു മുമ്പു കൊല്ലപ്പെട്ട പെസഹ കുഞ്ഞാട് എന്ന നിലയിൽ യേശുവിനെ അവതരിപ്പിക്കുന്നുവെന്ന വസ്തുത

**18:29** പുറപ്പാടിൽ ഫറവോനെ ദൈവം ഉപയോഗിച്ചതുപോലെ പീലാത്തൊസിനെയും ദൈവം ഉപയോഗിക്കുന്നു. എ.ഡി. 26 ൽ തിബര്യാസ് കൈസറാണ് പീലാത്തൊസിനെ യെഹൂദ്യയിലെ നാടുവാഴിയായി നിയമിച്ചത്. വലേറിയസ് ഗ്രാറ്റസിനു (ഹന്നാവിനെ മഹാപുരോഹിത പദവിയിൽ നിന്നും നീക്കിയതിവനാണ്) പകരമായിട്ടാണവൻ വന്നത്. അഞ്ചാമത്തെ റോമൻ നാടുവാഴിയായിരുന്ന പീലാത്തൊസ് ശമര്യ, യെഹൂദ്യ, ഗസ്സാ, ചാവുകടൽ എന്നിവ ഉൾപ്പെട്ട അർക്കലയൊസിന്റെ (മഹാനായ ഹെരോദാവിന്റെ പുത്രൻ) രാജ്യമാണ് വാണിരുന്നത്. ഫ്ളേവിയസ് ജൊസീഫസിന്റെ എഴുത്തുകളിൽ നിന്നാണ് പീലാത്തൊസിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കുന്നത്.

## പ്രത്യേക പഠനവിഷയം: പൊന്തിയൊസ് പീലാത്തൊസ്

I. വ്യക്തി
   A. ജന്മ സ്ഥലവും സമയവും അജ്ഞാതം
   B. റോമാ സമൂഹത്തിലെ മധ്യ വരേണ്യ വർഗ്ഗത്തിൽ നിന്നും
   C. വിവാഹതിൻ, മക്കളുടെ വിവരങ്ങളറിയില്ല
   D. പൂർവ്വകാല ഔദ്യോഗിക പദവികൾ അജ്ഞാതം. പല പദവികളും വഹിച്ചിരിക്കാം
II. അവന്റെ വ്യക്തിത്വം
   A. രണ്ടു വ്യത്യസ്ത വീക്ഷണങ്ങൾ
      1. ഫിലോ (*Legatio and Gaium*, 299-305), ജൊസീഫസ് (*Antiq.* 18.3.1, *Jewish Wars* 2.9.2-4) ക്രൂരനും അനുകമ്പയില്ലാത്തവനുമായ സ്വേച്ഛാധിപതിയായി ചിത്രീകരിച്ചിരിക്കുന്നു

2. പുതിയ നിയമം (സുവിശേഷങ്ങൾ, അപ്പൊ. പ്രവൃത്തികൾ) ബലഹീനനും എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുന്നവനുമായ റോമൻ ഗവർണ്ണറായി.

B. പോൾ ബാർനറ്റ്, *ജീസസ് ആന്റ് ദി റൈസ് ഓഫ് ഏർലി ക്രിസ്റ്റ്യാനിറ്റി,* പേ. 143-148 ൽ ഈ രണ്ടു വീക്ഷണങ്ങളെക്കുറിച്ച് നല്ലൊരു വിശദീകരണം നൽകുന്നു.

1. യെഹൂദ അനുകൂലിയായിരുന്ന തിബര്യാസിന്റെ യെഹൂദ വിരോധിയായിരുന്ന മുഖ്യ ഉപദേഷ്ടാവ് സെജാനസിനാൽ (ഒ.നോ. *ഫിലോ, Legatio and Gaium*, 160-161) എ. ഡി. 26 വരെ പീലാത്തൊസ് ഗവർണ്ണറായി നിയമിക്കപ്പെട്ടിരുന്നില്ല
2. തന്റെ അകമ്പടി പട്ടാള മേധാവിയായ എൽ. അയേലിയസ് സെജാനസ് തിബര്യാസിന്റെ രാഷ്ട്രീയ അധികാരം കയ്യാളിയിരുന്നു. അയാൾ യെഹൂദ വിരോധിയായിരുന്നു (ഫിലോ, *Legatio and Gaium,* 159 -160).
3. സെജാനസിന്റെ അനുഭാവിയായിരുന്ന പീലാത്തൊസ് അവനെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു
   a. റോമൻ അടയാളങ്ങൾ യെരുശലേമിൽ കൊണ്ടു വന്നതിലൂടെ. അത് മറ്റു ഗവർണർമാർ ചെയ്തിരുന്നില്ല. റോമൻ ദേവന്മാരുടെ ഈ പ്രതീകങ്ങൾ യെഹൂദന്മാരെ പ്രകോപിതരാക്കി (ഒ.നോ. ജൊസീഫസ്, *ആന്റികി.*, 18.3.1; *യുദ്ധങ്ങൾ* 2.9.2-3)
   b. റോമൻ ആരാധനാ രൂപങ്ങൾ കൊത്തിയ നാണയങ്ങൾ പുറത്തിറക്കിയതിലൂടെ (എ.ഡി. 29-31). അവൻ മനഃപ്പൂർവ്വം യെഹൂദാ നിയമങ്ങളെയും ആചാരങ്ങളെയും തകർക്കുവാൻ ശ്രമിച്ചതായി ജൊസീഫസ് പറയുന്നു (ഒ.നോ. ജൊസീഫസ്, *ആന്റികി.* 18.4.1-2)
   c. യെരൂശലേമിൽ നീർപ്പാത്തി നിർമ്മിക്കുന്നതിനായി ദൈവാലയ ഭണ്ഡാരത്തിലെ പണം എടുത്തതിലൂടെ (ഒ.നോ. ജൊസീഫസ്, *ആന്റി.* 18.3.2; *യുദ്ധങ്ങൾ* 2.9.3)
   d. യെരൂശലേമിൽ പെസഹ സമയത്ത് യാഗമർപ്പിച്ചുകൊണ്ടിരുന്ന അനേക ഗലീലക്കാരെ കൊന്നതിലൂടെ (ഒ.നോ. ലൂക്കൊ. 13:2)
   e. എ.ഡി. 31 ൽ റോമൻ പരിചകൾ യെരൂശലേമിൽ കൊണ്ടുവന്നതിലൂടെ. മഹാനായ ഹെരോദാവിന്റെ പൗത്രൻ അവ നീക്കുവാൻ അവനോടഭ്യർത്ഥിച്ചുവെങ്കിലും അവനതു നിരസിച്ചു. അതിനാൽ അവർ തിബര്യാസിനു കത്തെഴുതുകയും അവ കടൽമാർഗ്ഗം കൈസര്യയിലേക്ക് തിരിച്ചയയ്ക്കുവാൻ തിബര്യാസ് കല്പിക്കുകയും ചെയ്തു (ഒ.നോ. ഫിലോ, *Legatio and Gaium*, 299-305).
   f. ശമര്യാക്കാർ നഷ്ടപ്പെട്ട ചില മതപരമായ വിശുദ്ധ വസ്തുക്കൾക്കായി ഗെരിസീം മലയിൽ തിരച്ചിൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ (എ.ഡി. 36/37) പീലാത്തൊസ് അവരെ കൂട്ടക്കൊല ചെയ്തു. തന്മൂലം പീലാത്തൊസിന്റെ പ്രദേശിക നേതാവ് (സിറിയയിലെ ഭരണാധികാരിയായ വിറ്റേലിയസ്) അവനെ പദവിയിൽ നിന്നു നീക്കി റോമിലേക്കയച്ചു (ഒ.നോ. ജൊസീഫസ്, *ആന്റി.* 18.4.1-2).
4. സെജാനസ് എ. ഡി. 31 ൽ വധിക്കപ്പെടുകയും തിബര്യാസ് അധികാരത്തിൽ ഉറയ്ക്കുകയും ചെയ്തു; അതിനാൽ a,b,c,d എന്നിവ സെജാനസിന്റെ പ്രീതിക്കുവേണ്ടി പീലാത്തൊസ് ചെയ്തതാണ്. e, f എന്നിവ തിബര്യാസിന്റെ പ്രീതിക്കുവേണ്ടി ചെയ്തതാണെങ്കിലും അവ തിരിച്ചടിക്കുകയാണു ചെയ്തത്.
5. യെഹൂദ അനുകൂലിയായ ചക്രവർത്തി അധികാരത്തിൽ സ്ഥിരപ്പെടുകയും യെഹൂദന്മാരോടു കരുണ കാണിക്കാനാവശ്യപ്പെട്ട് തിബര്യാസിന്റെ കത്ത് ഗവർണർമാർക്കു ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ (ഒ.നോ ഫിലോ, *Legatio and Gaium,* 160-161) യെരൂശലേമിലെ യെഹൂദ നേതൃത്വം തിബര്യാസുമായുള്ള പീലാത്തൊസിന്റെ രാഷ്ട്രീയ ബന്ധം വഷളായ സാഹചര്യം മുതലെടുത്ത് യേശുവിനെ ക്രൂശിക്കുവാൻ അവനെ പ്രേരിപ്പിക്കുകയായിരുന്നു. ബാർനെറ്റിന്റെ ഈ സിദ്ധാന്തം പീലാത്തൊസിനെക്കുറിച്ചുള്ള രണ്ടു വീക്ഷണങ്ങളെയും വിശ്വസനീയമായ നിലയിൽ സമന്വയിപ്പിക്കുന്നു.

III. അവന്റെ അന്ത്യം

A. അവൻ റോമിലേക്കു വിളിക്കപ്പെടുകയും തിബര്യാസിന്റെ മരണശേഷം റോമിലെത്തുകയും ചെയ്തു (എ.ഡി. 37)

B. അവന് പുനർനിയമനം ലഭിച്ചില്ല

C. ഇതിനു ശേഷമുള്ള അവന്റെ ജീവിതത്തെക്കുറിച്ച് അറിവില്ല. അനേക സിദ്ധാന്തങ്ങൾ നിലവിലുണ്ടെങ്കിലും വിശ്വസനീയ വസ്തുകൾ ഒന്നുമില്ല.

**18:30 "കുറ്റക്കാരൻ അല്ലാഞ്ഞു എങ്കിൽ ഞങ്ങൾ അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു"** "വസ്തുതാവിരുദ്ധം" എന്നു വിളിക്കാവുന്ന മധ്യമപുരുഷ സോപാധിക വാചകമാണിത്. യേശു കുറ്റം ചെയ്തവനല്ല. യെഹൂദന്മാരുടെ നിസ്സാരമായ മത ആരോപണങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്ന പീലാത്തൊസിനോടുള്ള പരിഹാസ ദ്യോതകമായ മറുപടിയാണിത്.

“ഏല്പിക്കുക” എന്ന ക്രിയ യൂദായെക്കുറിച്ചു പറയുന്നിടത്ത് “കാണിച്ചു കൊടുക്കുക” എന്നാണ് സാധാരണയായി തർജ്ജമ ചെയ്യുന്നത് (ഒ.നോ. 6:68,71; 12:4; 13:2,11,21; 18:2,5). ഈ പദത്തിന്റെ ആക്ഷരികാർത്ഥം “അധികാരിയുടെ കയ്യിൽ ഏല്പിക്കുക” അല്ലെങ്കിൽ “പാരമ്പര്യം കൈമാറുക” എന്നാണ്. യൂദായോടുള്ള ബന്ധത്തിൽ പദത്തിന് ഗൗരവമായ അർത്ഥമാണ് ഇംഗ്ലീഷ് പരിഭാഷകർ ഉപയോഗിക്കുന്നത്.

**18:31 “മരണശിക്ഷയ്ക്കുള്ള അധികാരം ഞങ്ങൾക്കില്ലല്ലോ”** യെഹൂദ നേതൃത്വം ദൈവദൂഷണം എന്ന കുറ്റമാണ് യേശുവിന്റെമേൽ ചുമത്തിയത് എങ്കിലും റോമാക്കാർ അവനു വധശിക്ഷ വിധിക്കേണ്ടതിന് ഭരണകൂടത്തിനെതിരായ വിപ്ലവം എന്ന കുറ്റമാണ് അവർ മുമ്പോട്ടുവെച്ചത്. ആവ. 21:23 അടിസ്ഥാനമാക്കി യേശുവിനെ ക്രൂശിക്കേണ്ടത് യെഹൂദ പ്രമാണികളെ സംബന്ധിച്ച് സുപ്രധാനമായിരുന്നു (അതാ. ക്രൂശിക്കപ്പെടുക എന്നതിനെ ഒന്നാം നൂറ്റാണ്ടിലെ റബിമാർ വ്യാഖ്യാനിച്ചിരുന്നത് ദൈവശാപം ഏറ്റുവാങ്ങുക എന്നായിരുന്നു). യേശു ഇത് വാ. 32; 3:14; 8:28; 12:32,33; ഗലാ. 3:13 ൽ പ്രവചിച്ചിരുന്നു.

**18:32 “താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ച വാക്കിനു”** യേശുവിനെ ക്രൂശിക്കണമെന്ന് യെഹൂദ പ്രമാണികൾ ശഠിച്ചതെന്തുകൊണ്ടാണ്? അവർ ദൈവദൂഷണം പറയുന്നവരെ ഉടൻ കല്ലെറിഞ്ഞിരുന്നതായി പ്രവൃ. 7 ൽ നിന്നു വ്യക്തമാകുന്നു. അത് ആവ. 21:22-23 ലെ പഴയനിയമ ദൈവിക ശാപത്തോടു ബന്ധപ്പെട്ടതാണ്. യഥാർത്ഥത്തിൽ ഇത് മരണശേഷമുള്ള പരസ്യ അപമാനിക്കലിനെക്കുറിച്ചാണു പറയുന്നതെങ്കിലും സമകാലിക റബിമാർ ഈ വാക്യത്തെ റോമൻ ക്രൂശീകരണത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു. മശിഹാ എന്നു നടിച്ച യേശു ദൈവത്താൽ ശപിക്കപ്പെട്ടവനാണെന്ന് അവർക്ക് സ്ഥാപിക്കണമായിരുന്നു. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായുള്ള ദൈവിക പദ്ധതിയായിരുന്നു ഇത്. ദൈവ കുഞ്ഞാടായ (അതാ. 1:29) യേശു തന്നെത്താൻ പാപപരിഹാര ബലിയായി (ഒ.നോ. യെശ. 53; 2 കൊരി. 5:21). യേശു നമുക്കുവേണ്ടി “ശാപം” ആയി (ഒ.നോ. ഗലാ. 3:13).

## യോഹന്നാൻ 18:33-38a

**[33]പീലാത്തൊസ് പിന്നെയും ആസ്ഥാനത്തിൽ ചെന്നു യേശുവിനെ വിളിച്ചു: നീ യെഹൂദന്മാരുടെ
രാജാവോ എന്നു ചോദിച്ചു. [34]അതിന്നു ഉത്തരമായി യേശു: ഇതു നീ സ്വയമായി പറയുന്നതോ മറ്റുള്ളവർ
എന്നെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടോ എന്നു ചോദിച്ചു. [35]പീലാത്തൊസ് അതിന്നു ഉത്തരമായി: ഞാൻ
യെഹൂദനോ? നിന്റെ ജനവും മഹാപുരോഹിതന്മാരും നിന്നെ എന്റെ പക്കൽ ഏല്പിച്ചിരിക്കുന്നു; നീ
എന്തു ചെയ്തു എന്നു ചോദിച്ചതിന്നു യേശു: [36]എന്റെ രാജ്യം ഐഹികമല്ല; എന്റെ രാജ്യം ഐഹികം
ആയിരുന്നു എങ്കിൽ എന്നെ യെഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായി
രുന്നു; എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്നു ഉത്തരം പറഞ്ഞു. [37]പീലാത്തൊസ് അവനോടു:
എന്നാൽ നീ രാജാവു തന്നേയല്ലോ എന്നു പറഞ്ഞതിന്നു യേശു: നീ പറഞ്ഞതുപോലെ ഞാൻ രാജാവു
തന്നേ; സത്യത്തിന്നു സാക്ഷിനില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിന്നായി ലോകത്തിൽ വന്നുമിരി
ക്കുന്നു; സത്യതല്പരനായവൻ എല്ലാം എന്റെ വാക്കുകേൾക്കുന്നു എന്നു ഉത്തരം പറഞ്ഞു. [38]പീലാത്തൊസ്
അവനോടു: സത്യം എന്നാൽ എന്തു എന്നു പറഞ്ഞു**

**18:33 “ആസ്ഥാനത്തിൽ”** 18:28 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **“യെഹൂദന്മാരുടെ രാജാവോ”** രാജ്യദ്രോഹമാണ് യേശുവിന്റെ മേൽ ആരോപിക്കപ്പെട്ടത് (ഒ.നോ. മത്താ. 27:1; മർക്കൊ. 15:2; ലൂക്കൊ. 2:2; യോഹ. 19:3,12,15,19-20).

**18:34 “യേശു: ഇതു നീ സ്വയമായി പറയുന്നതോ മറ്റുള്ളവർ എന്നെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടോ”** രാഷ്ട്രീയമായ രാജത്വത്തെക്കുറിച്ചാണ് പീലാത്തൊസ് ചോദിക്കുന്നതെങ്കിൽ യേശുവിനത് നിഷേധിക്കാനാവുമായിരുന്നു. യെഹൂദന്മാർ നിർദേശിച്ചതാണെങ്കിൽ അത് യേശുവിന്റെ മശിഹാത്വത്തെക്കുറിച്ചാകയാൽ യേശുവിനത് സ്ഥിരീകരിക്കാമായിരുന്നു. യെഹൂദന്മാരുടെ മതചിന്തകളുടെ നൂലാമാലകൾ സംബന്ധിച്ച ഒരു ചർച്ചയ്ക്ക് പീലാത്തൊസ് ഒരുക്കമല്ലായിരുന്നു (ഒ.നോ. വാ. 35).

**18:35** ഒന്നാമത്തെ ചോദ്യം “അല്ല” എന്ന ഉത്തരമാണ് പ്രതീക്ഷിക്കുന്നത്. യെഹൂദമതത്തോടുള്ള തന്റെ വെറുപ്പ് പീലാത്തൊസ് പ്രകടിപ്പിക്കുന്നു.

**18:36 “എന്റെ രാജ്യം ഐഹികം ആയിരുന്നു എങ്കിൽ ... എന്റെ ചേവകർ പോരാടുമായിരുന്നു”** “വസ്തുതാവിരുദ്ധം” എന്നു വിളിക്കുന്ന മധ്യമപുരുഷ സോപാധിക വാചകമാണിത്. “എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ, അത് അതല്ല, എന്റെ ചേവകർ പോരാടുമായിരുന്നു, അതവർ ചെയ്യുന്നില്ല” എന്നിങ്ങനെ ഇതു തർജ്ജമ ചെയ്യാം. “എന്റെ ചേവകർ” എന്ന പ്രയോഗം സൂചിപ്പിക്കുന്നത് (1) ശിഷ്യന്മാർ അല്ലെങ്കിൽ (2) ദൂതന്മാർ (ഒ.നോ. മത്താ. 26:53).

**18:37 “പീലാത്തോസ് അവനോടു; എന്നാൽ നീ രാജാവു തന്നേയല്ലോ”** ഭൗമിക അധികാരത്തിന്റെ (അതാ. റോം) ഈ പ്രതീകത്തിന്റെ അധരങ്ങൾ യേശുവിനെയും അവന്റെ ആത്മീയ രാജ്യത്തെയും അഭിമുഖീകരിക്കുന്ന ഈ സന്ദർഭം ഏറ്റവും തീവ്രമായ വിരോധാഭാസമാണ്. ഈ ചോദ്യം “അതേ” എന്ന ഉത്തരമാണ് പ്രതീക്ഷിക്കുന്നത്.

▣ **"നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നേ; സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ചു, അതിനായി ലോകത്തിൽവന്നുമിരിക്കുന്നു"** ദർഗ്രഹതനിമിത്തം ഒന്നാമത്തെ പ്രയോഗം പരിഭാഷപ്പെടുത്താൻ പ്രയാസമുള്ളതാണ്. യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള ഒരു സ്ഥിരീകരണമാണത് (ഒ.നോ. മത്താ. 27:11; മർക്കൊ. 15:2; ലൂക്കൊ. 23:3). താൻ ആരായിരുന്നുവെന്നും (രണ്ട് പൂർണ്ണ ക്രിയകൾ) താൻ എന്തിനു വന്നു എന്നും (ഒ.നോ. യോഹ. 13:1,3; മർക്കൊ. 10:35; ലൂക്കൊ. 2:49; മത്താ. 16:22 മുതൽ) യേശു അറിഞ്ഞിരുന്നു. പീലാത്തൊസിനതു മനസ്സിലാകുമായിരുന്നില്ല!

▣ **"അതിനായി ഞാൻ ജനിച്ചു"** പിതാവിനെ വെളിപ്പെടുത്തുക എന്ന തന്റെ ദൗത്യത്തെക്കുറിച്ച് യേശു പരാമർശിക്കുന്നു (അതാ. "സത്യത്തിന് സാക്ഷി നിൽക്കുക"). യേശു വന്നതിന് അടിസ്ഥാനപരമായി മൂന്നു കാരണങ്ങളുണ്ട്.

1. ദൈവത്തിന്റെ സ്വഭാവവും ഉദ്ദേശ്യവും മുഴുവനായും പൂർണ്ണമായും വെളിപ്പെടുത്തുക (ഒ.നോ. 1:18; 3:22)
2. ലോകത്തിന്റെ പാപത്തെ പരിഹരിക്കുന്നതിനായി നിഷ്കളങ്ക ദൈവകുഞ്ഞാടായി മരിക്കുക
3. എങ്ങനെ ജീവിക്കണമെന്നും ദൈവത്തെ പ്രസാദിപ്പിക്കണമെന്നുമുള്ളതിന് വിശ്വാസികൾക്ക് മാതൃക നൽകുക

▣ **"സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു"** "ആയവൻ എല്ലാം," "ഏവനും" "അവർ ഏവരും" തുടങ്ങിയ പ്രയോഗങ്ങൾ എന്നെ വല്ലാതെ ആകർഷിക്കാറുണ്ട്. യഹോവ ഉല്പ. 3:15 ക്രിസ്തുവിൽ നിവർത്തിക്കുന്നു. വീഴ്ചയിൽ കേടു സംഭവിച്ച ദൈവസാദൃശ്യത്തെ യേശു യഥാസ്ഥാനപ്പെടുത്തുന്നു. ആഴമായതും വ്യക്തിപരമായതുമായ കൂട്ടായ്മ വീണ്ടും സാധ്യമായിരിക്കുന്നു. കൂട്ടായ്മ ഇപ്പോൾ യഥാസ്ഥാനത്തായിരിക്കുന്നു (സാക്ഷാത്കരിക്കപ്പെട്ട അന്ത്യകാല ശാസ്ത്രം).

ആത്മിക കണ്ണുകളും കാതുകളും ഉള്ളവർക്കു മാത്രമേ (അതാ. 10:3,16,27; 18:37). സത്യം ഗ്രഹിക്കാൻ കഴിയൂ (ഒ.നോ. മത്താ. 11:15; 13:9,16,43; മർക്കൊ. 4:9,23; ലൂക്കൊ. 8:8; 10:23,24; 14:35; വെളി. 2:7,11,17,29; 3:6,13,22). യേശു ആണ് സത്യം (14:6). അവൻ സംസാരിക്കുമ്പോൾ അവന്റെ അനുയായികൾ കേൾക്കും (ഒ.നോ. 10:1-5). യോഹന്നാനിൽ സത്യം "കാണുക" അഥവാ "കേൾക്കുക" എന്നത് "നിത്യജീവൻ" സ്വീകരിക്കുന്നതിന് ദൈവശാസ്ത്രപരമായി തുല്യമാണ്.

**18:38 "പീലാത്തൊസ് അവനോട്: സത്യം എന്നാൽ എന്ത്"** പീലാത്തൊസ് ഈ ചോദ്യം ചോദിച്ചെങ്കിലും ഉത്തരം കൊടുക്കുന്നതിന് മുമ്പ് പുറത്തുപോയി. യേശു റോമൻ ഭരണകൂടത്തിന് ഭീഷണിയല്ല എന്ന് പീലാത്തൊസിന് ഉറപ്പുവരുത്തണമായിരുന്നു. അവനതു ചെയ്തു. തുടർന്ന് പെസഹാ ദിനത്തിലെ യെഹൂദാ പതിവനുസരിച്ച് യേശുവിനെ സ്വതന്ത്രനാക്കുവാൻ അവൻ ശ്രമിച്ചു (ഒ.നോ. വാ. 39; മത്താ. 27:15). ലൂക്കൊസ് ചെയ്തതുപോലെ യോഹന്നാനും ക്രിസ്ത്യാനിത്വം റോമൻ സാമ്രാജ്യത്തിന് ഭീഷണിയല്ല എന്ന് കാണിക്കാൻ എഴുതുകയാണ് (അതാ. 18:38b; 19:4; ലൂക്കൊ. 23:4,14,22).

## യോഹന്നാൻ 18:38b-40

**പിന്നെയും യെഹൂദന്മാരുടെ അടുക്കൽ പുറത്തു ചെന്നു അവരോടു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. 39എന്നാൽ പെസഹയിൽ ഞാൻ നിങ്ങൾക്കു ഒരുത്തനെ വിട്ടുതരിക പതിവുണ്ടല്ലോ; യെഹൂദന്മാരുടെ രാജാവിനെ വിട്ടു തരുന്നതു സമ്മതമോ എന്നു ചോദിച്ചതിന്നു അവർ പിന്നെയും: 40ഇവനെ വേണ്ടാ; ബറബ്ബാസിനെ മതി എന്നു നിലവിളിച്ചു പറഞ്ഞു; ബറബ്ബാസോ കവർച്ചക്കാരൻ ആയിരുന്നു.**

**18:38 "നിങ്ങൾക്കു ... പതിവുണ്ടല്ലോ"** ഇത് മത്താ. 27:15 ലും ലൂക്കൊസ് 23:17 ലും വിശദീകരിച്ചിട്ടുണ്ട് (പുതിയ നിയമത്തിനു പുറത്തുള്ള ചരിത്രരേഖകളിൽ ഇതിനെക്കുറിച്ചു പരാമർശിച്ചിട്ടില്ല).

**18:40 "അവർ പിന്നെയും: ഇവനെ വേണ്ട; ബറബ്ബാസിനെ മതി എന്നു നിലവിളിച്ചു പറഞ്ഞു"** ബറബ്ബാസ് എരിവുകാരിൽ ഒരംഗവും യേശുവിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ യഥാർത്ഥത്തിൽ ചെയ്തവനും ആയിരുന്നു എന്നതാണ് വിരോധാഭാസം (ഒ.നോ. മർക്കൊ. 15:7; ലൂക്കൊ. 23:19,25). ഈ ജനം തങ്ങളുടെ പ്രാദേശിക പ്രമാണിമാരെ പിന്തുണയ്ക്കാൻ അവിടെ നിന്നവരാണ്. യേശുവിനെ കുറ്റം വിധിച്ചു എന്നുറപ്പാക്കാൻ ഈ അവസരത്തെ യെഹൂദ പ്രമാണികൾ ഉപയോഗിച്ചു (ഒ.നോ. മർക്കൊ. 15:11).

"ബറബ്ബാസ്" എന്ന വാക്കിന്റെ അർത്ഥം "ഒരു പിതാവിന്റെ പുത്രൻ" എന്നാണ് എന്നത് വിരോധാഭാസമാണ്. ഈ ദ്വയാർത്ഥ പ്രയോഗങ്ങൾ സുവിശേഷത്തിലുടനീളം യോഹന്നാൻ ഉപയോഗിക്കുന്നുണ്ട്. ജനക്കൂട്ടം "പിതാവിന്റെ പുത്രനു" പകരം "ഒരു പിതാവിന്റെ പുത്രനെ" ആവശ്യപ്പെട്ടു. അന്ധകാരം പൂർണ്ണമായി വന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യൂദാ തന്നെ കണ്ടെത്തുമെന്ന് അറിയാമായിരുന്ന ഒരു സ്ഥലത്തേക്ക് യേശു എന്തുകൊണ്ടു പോയി?
2. യോഹന്നാൻ എന്തുകൊണ്ടാണ് യേശുവിന്റെ ഗത്സമനയിലെ പ്രാണവേദന ഒഴിവാക്കിയത്?
3. സൻഹദ്രീം യേശുവിനെ പീലാത്തോസിന്റെ അടുക്കൽ കൊണ്ടുപോയത് എന്തുകൊണ്ടാണ്?
4. യോഹന്നാനിലും സമവീക്ഷണ സുവിശേഷങ്ങളിലുമുള്ള സംഭവങ്ങളുടെ ക്രമം ചിന്താക്കുഴപ്പമുണ്ടാക്കുന്നത് എന്തുകൊണ്ടാണ്?
5. പീലാത്തൊസ് യേശുവിനെ വിട്ടയയ്ക്കാൻ ശ്രമിക്കുന്നതായി യോഹന്നാൻ ചിത്രീകരിക്കുന്നതെന്തുകൊണ്ടാണ്?

# യോഹന്നാൻ 19

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് 4 | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശു മരണത്തിനു വിധിക്കപ്പെടുന്നു | പടയാളികൾ യേശുവിനെ പരിഹസിക്കുന്നു | | യേശു മരണത്തിനു വിധിക്കപ്പെടുന്നു | യേശു പീലാത്തൊസിനു മുമ്പിൽ |
| (18:38b–19:16a) | | (18:38b–19:7) | (18:38b–19:16) | (18:28–19:11) |
| 18:38b–19:7 | | 18:38b–19:7 | | 18:33–19:3 |
| | | | 18:40–19:3 | |
| | 19:1–4 | | | |
| | പീലാത്തൊസിന്റെ തീരുമാനം | | 19:4–5 | 19:4–7 |
| | 19:5–16 | | | |
| | | | 19:6a | |
| | | | 19:6b | |
| | | | 19:7 | |
| 19:8–12 | | 19:8–12 | 19:8–9a | 19:8–11 |
| | | | 19:9b–10 | |
| | | | 19:11 | |
| | | | 19:12 | യേശു മരണത്തിന് വിധിക്കപ്പെടുന്നു |
| | | | | 19:12–16b |
| 19:13–16a | | 19:13–16a | 19:13–14 | |
| | | | 19:15a | |
| | | | 19:15b | |
| | | | 19:15c | |
| | | | 19:16a | |
| യേശുവിന്റെ ക്രൂശീകരണം | രാജാവ് ക്രൂശിൽ | | യേശു ക്രൂശിക്കപ്പെടുന്നു | ക്രൂശീകരണം |
| 19:16b–22 | | 19:16b–25a | 19:16b–21 | 19:16b–22 |
| | 19:17–24 | | | |
| | | | 19:22 | യേശുവിന്റെ വസ്ത്രം പകുത്തെടുക്കുന്നു |
| 19:23–27 | | | 19:23–24 | 19:23–24 |
| | ഇതാ നിന്റെ അമ്മ | | | യേശുവും അവന്റെ അമ്മയും |
| | 19:25–27 | 19:25b–27 | 19:25–26 | 19:25–27 |
| | | | 19:27 | |
| യേശുവിന്റെ മരണം | നിവൃത്തിയായി | | യേശുവിന്റെ മരണം | യേശുവിന്റെ മരണം |
| 19:28–30 | 19:28–30 | 19:28–30 | 19:28 | 19:28 |
| | | | 19:29–30a | 19:29–30 |
| | | | 19:30b | |
| യേശുവിന്റെ വിലാപ്പുറം തുളെക്കുന്നു | യേശുവിന്റെ വിലാപ്പുറം തുളെക്കുന്നു | | യേശുവിന്റെ വിലാപ്പുറം തുളെക്കുന്നു | തുളയ്ക്കപ്പെട്ട വിലാപ്പുറം |

| | | | | |
|---|---|---|---|---|
| 19:31-37 | 19:31-37 | 19:31-37 | 19:31-37 | 19:31-37 |
| യേശുവിന്റെ അടക്കം | യേശു യോസേഫിന്റെ കല്ലറയിൽ അടക്കപ്പെടുന്നു | | യേശുവിന്റെ അടക്കം | അടക്കം |
| 19:38-42 | 19:38-42 | 19:38-42 | 19:38-42 | 19:38-42 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**യോഹന്നാൻ 19:1-7**

**1അനന്തരം പീലാത്തൊസ് യേശുവിനെ കൊണ്ടുപോയി വാറുകൊണ്ടു അടിപ്പിച്ചു. 2പടയാളികൾ
മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു ധൂമ്രവസ്ത്രം ധരിപ്പിച്ചു, 3അവന്റെ
അടുക്കൽ ചെന്നു: യെഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു പറഞ്ഞു അവനെ കന്നത്തടിച്ചു.
4പീലാത്തൊസ് പിന്നെയും പുറത്തു വന്നു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു നിങ്ങൾ
അറിയേണ്ടതിന്നു അവനെ നിങ്ങളുടെ അടുക്കൽ ഇതാ, പുറത്തു കൊണ്ടുവരുന്നു എന്നു പറഞ്ഞു.
5അങ്ങനെ യേശു മുൾക്കിരീടവും ധൂമ്രവസ്ത്രവും ധരിച്ചു പുറത്തു വന്നു. പീലാത്തൊസ് അവരോടു:
ആ മനുഷ്യൻ ഇതാ എന്നു പറഞ്ഞു. 6മഹാപുരോഹിതന്മാരും ചേവകരും അവനെ കണ്ടപ്പോൾ: ക്രൂശിക്ക,
ക്രൂശിക്ക എന്നു ആർത്തുവിളിച്ചു. പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി
ക്രൂശിപ്പിൻ; ഞാനോ അവനിൽ കുറ്റം കാണുന്നില്ല എന്നു പറഞ്ഞു. 7യെഹൂദന്മാർ അവനോടു:
ഞങ്ങൾക്കു ഒരു ന്യായപ്രമാണം ഉണ്ടു; അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ടു ആ
ന്യായപ്രമാണപ്രകാരം അവൻ മരിക്കേണ്ടതാകുന്നു എന്നു ഉത്തരം പറഞ്ഞു.**

**19:1 "പീലാത്തൊസ് യേശുവിനെ കൊണ്ടുപോയി വാറുകൊണ്ട് അടിപ്പിച്ചു"** സമയ ഇടവേളയും അടിയുടെ എണ്ണവും വ്യക്തമല്ല. ക്രൂശീകരണത്തിനു വിധിക്കപ്പെട്ട തടവുകാരെയെല്ലാം അടിക്കാറുണ്ട്. അത് അതികഠിനമാകയാൽ പലരും അവിടെവെച്ചു തന്നെ മരിക്കാറുണ്ട്. എങ്കിലും ഈ സന്ദർഭത്തിൽ, അവനെ വിട്ടയയ്ക്കുക എന്ന ലക്ഷ്യത്തോടെ ജനത്തിന്റെ സഹതാപം ലഭ്യമാക്കുന്നതിനാണ് പീലാത്തൊസ് അവനെ അടിപ്പിച്ചതെന്നു തോന്നുന്നു (ഒ.നോ. ലൂക്കൊ. 23:16,22; യോഹ. 19:12). ഇത് യെശ. 53:5 ന്റെ പ്രാവചനിക നിവൃത്തിയാണ്.

റോമൻ ചാട്ടവാറടി കഠിനമാം വിധം വേദനാജനകവും റോമക്കാരല്ലാത്തവർക്കു വേണ്ടിയുള്ളതുമായിരുന്നു. തോൽവാറിന്റെ അറ്റത്ത് എല്ലിൻ കഷണങ്ങളോ ലോഹച്ചീളുകളോ ഉറപ്പിച്ച് ചാട്ടവാറുകൊണ്ട്, ഉയരം കുറഞ്ഞ കുറ്റിയിൽ കൈകൾ ബന്ധിക്കപ്പെട്ട നിലയിൽ കുനിഞ്ഞു നിൽക്കുന്ന കുറ്റവാളിയുടെ പുറത്ത് അടിക്കുന്നു. അടിയുടെ എണ്ണം നിർദേശിക്കപ്പെട്ടിട്ടില്ല. ക്രൂശീകരണത്തിന് മുമ്പ് ഇതു പതിവായി ചെയ്തിരുന്നു (ഒ.നോ. ലിവി XXXIII: 36).

റോമക്കാരുടെ കയ്യാലുള്ള അടിയെ വിവരിക്കുവാൻ സുവിശേഷങ്ങൾ വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നു.

1. മത്താ. 27:26; മർക്കൊ. 15:15 – *ഫ്രാഗെല്ലൊഓ* (*φραγελλοω*) ചമ്മട്ടിക്കൊണ്ടടിക്കുക, ചാട്ടവാറു

കൊണ്ടടിക്കുക.

2. ലൂക്കൊ. 23:16,22 - *പൈഡിയുഓ (παιδευω)*, യഥാർത്ഥത്തിൽ ബാലശിക്ഷ (ഒ.നോ. എബ്രാ. 12:6-7,10). എന്നാൽ ഇവിടെ 2 കൊരി. 6:9 ൽ കാണുന്നതുപോലെ അടി.
3. യോഹ. 19:1 - *മാസ്റ്റിഗോഓ (μαστιγοω)*, യഥാർത്ഥത്തിൽ ചമ്മട്ടിയുടെ പേര്, മത്താ. 10:17; 20:19; 23:34; പ്രവൃ. 22:24-25; എബ്രാ. 11:36).

അവയെല്ലാം പര്യായപദങ്ങളാകാം. അല്ലെങ്കിൽ അവ രണ്ട് അടികളെ സൂചിപ്പിക്കുന്നതാകം.

a. പിലാത്തൊസിന്റെ കല്പനപ്രകാരമുള്ള കുറഞ്ഞ അടി
b. ക്രൂശീകരണത്തിനു മുമ്പുള്ള അടി

**19:2 "പടയാളികൾ മുള്ളുകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വച്ചു"** ഇതൊരു പീഡനമുറയാണ്. മുള്ളുകൾ അവന്റെ നെറ്റിയിൽ തറച്ചു. എന്നിരുന്നാലും യേശുവിനെ രാജാവെന്ന നിലയിൽ പരിഹസിക്കുന്ന തിനായി ഈന്തപ്പനയോലകൊണ്ട് ഒരു കിരീടം മെടഞ്ഞുവയ്ക്കുന്നതിന് സമാനമായിരുന്നു ഇത് (ഒ.നോ. മത്താ. 27:27-31; മർക്കൊ. 15:15-20).

"കിരീടം" എന്നതിനുള്ള ഗ്രീക്കുപദം (*സ്റ്റെഫാനൊസ്-στεφανος*) കായികമത്സര വിജയിക്കുള്ള പൂമാലയെ അല്ലെങ്കിൽ ചക്രവർത്തി അണിയുന്ന പുഷ്പകിരീടത്തെ ആണ് സൂചിപ്പിക്കുന്നത്.

▣ **"ധൂമ്രവസ്ത്രം ധരിപ്പിച്ചു"** ധൂമ്രം (*പോർഫൈറോസ്)* രാജകീയ അടയാളമായിരുന്നു. നിറം വളരെ വിലയുള്ളതും ഒരുതരം കടൽ കക്കായുടെ തോടിൽ നിന്നും ഉണ്ടാക്കുന്നതുമായിരുന്നു. റോമാ പടയാളികളുടെ വസ്ത്രത്തിന്റെ നിറമായിരുന്നു രക്താംബരവർണ്ണം (മർക്കൊ. 15:17,20). ഓക്കുമരത്തിൽ കാണുന്ന ഒരു പ്രാണിയുടെ പുറംതോടിൽ നിന്നായിരുന്നു ഇതിനുള്ള ചായം ലഭിച്ചിരുന്നത്. രാജാവിന്റെ രാജകീയ വസ്ത്രമാണെന്ന തോന്നലുളവാക്കാനിതിനു കഴിഞ്ഞിരുന്നുവെങ്കിലും ഇത് റോമൻ പടയാളിയുടെ നിറം മങ്ങിയ രക്താംബര മായിരുന്നു (ഒ.നോ. മത്താ. 27:18).

**19:3**

**NASB "അവർ അവന്റെ അടുക്കൽ ചെന്നു... പറയാൻ തുടങ്ങി"**
**NKJV "എന്നിട്ട് അവർ പറഞ്ഞു"**
**NRSV "അവർ പറഞ്ഞുകൊണ്ട് അവന്റെ അടുക്കൽ വന്നു കൊണ്ടിരുന്നു"**
**TEV "അവർ അവന്റെ അടുക്കൽ വന്നു പറഞ്ഞു"**
**NJB "അവർ അവന്റെ അടുക്കൽ വരികയും പറയുകയും ചെയ്തുകൊണ്ടിരുന്നു"**

ഇവ അപൂർണ്ണ കാലങ്ങളാണ്. പടയാളികൾ ഒന്നിനു പുറകെ ഒന്നായി ഇതു ചെയ്തിരിക്കാം. യേശുവിനെക്കാൾ യെഹൂദന്മാരെ പൊതുവെ നിന്ദിക്കുന്നതായിരുന്നു ഈ പ്രവൃത്തി. യേശുവിന്റെ കാര്യത്തിൽ സഹതാപം നേടിയെടുക്കാനാകാം പീലാത്തൊസ് ഇതു ചെയ്തത്. എങ്കിലും അതു നടപ്പായില്ല.

യോഹന്നാന്റെ എഴുത്തുകളിൽ വീണ്ടും പ്രാവചനിക പ്രസ്താവനകൾ എതിരാളികൾ സംസാരിക്കുന്നതായി കാണുന്നു. തങ്ങൾക്ക് അറിയാവുന്നതിനെക്കാൾ കുടുതൽ കാര്യങ്ങൾ ഈ പടയാളികൾ പറഞ്ഞു.

▣ **"അവനെ കന്നത്തടിച്ചു"** ഈപദം മൂലഭാഷയിൽ "വടികൊണ്ടടിച്ചു" എന്നാണ്. എങ്കിലും അത് "കൈ നിവർത്ത് അടിച്ചു" എന്നതിന് ഉപയോഗിച്ചു വന്നു. മുഖത്ത് കഠിനമായി അടിക്കുന്നതിനെക്കാളും പരിഹാസ ദ്യോതകമായ പ്രവൃത്തിയായിരുന്നു ഇത്.

**19:4**

**NASB "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല"**
**NKJV "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല"**
**NRSV "അവനെതിരായി ഒരു വിഷയവും ഞാൻ കാണുന്നില്ല"**
**TEV "അവനെ ശിക്ഷിക്കുവാൻ ഒരു കാരണവും കാണാനെനിക്കു കഴിയുന്നില്ല"**
**NJB "അവനെതിരായി ഒരു വിഷയവും ഞാൻ കാണുന്നില്ല"**

യോഹന്നാന്റെ ഉദ്ദേശ്യങ്ങളിലൊന്ന് ക്രിസ്ത്യാനിത്വം റോമാ ഗവൺമെന്റിനോ അതിന്റെ ഉദ്യോഗസ്ഥന്മാർക്കോ ഭീഷണിയല്ല എന്ന കാണിക്കുകയായിരുന്നു. പീലാത്തൊസ് നിരവധി തവണ യേശുവിനെ വിട്ടയയ്ക്കാൻ ശ്രമിച്ചതായി യോഹന്നാൻ രേഖപ്പെടുത്തുന്നു (ഒ.നോ. 18:38; 19:6; ലൂക്കൊ. 23:4,14,22).

**19:5**

**NASB, NKJV "ഇതാ ആ മനുഷ്യൻ!"**
**TEV, NET "നോക്കൂ! ഇവിടെയിതാ ആ മനുഷ്യൻ"**
**NRSV, NJB, REB "ഇവിടെയിതാ ആ മനുഷ്യൻ"**

ഈ പ്രയോഗം പല നിലകളിൽ മനസ്സിലാക്കാൻ കഴിയും.

1. യേശു രാജാവെന്ന വ്യാജേന വസ്ത്രം ധരിച്ചിരിക്കുന്നു
2. യേശു സഹതാപം നേടുവാൻ അടിക്കപ്പെട്ടിരിക്കുന്നു
3. സെഖ. 6:12 ന്റെ സൂചന (മശിഹൈക സൂചനയായ 'മുള')
4. യേശുവിന്റെ മനുഷ്യത്വത്തെക്കുറിച്ചുള്ള ഒരു പിൽക്കാല സ്ഥിരീകരണം (അതാ. യോഹന്നാന്റെ

കാലത്തെ ജ്ഞാനവാദത്തിനുള്ള മറുപടി)
5. 'മനുഷ്യ പുത്രൻ' എന്നതിന്റെ അരാമ്യ *ബർ നാഷാ* (മറ്റൊരു മറയ്ക്കപ്പെട്ട മശിഹൈക സൂചന)യോടു ബന്ധപ്പെട്ടത്.

**19:6 "ക്രൂശിക്ക, ക്രൂശിക്ക എന്നു ആർത്തു വിളിച്ചു"** ആവ. 21:22 ലെ ശാപം നടപ്പാക്കുന്നതിന് വേണ്ടിയായിരുന്നു യേശുവിനെ ക്രൂശിക്കണമെന്ന് യെഹൂദ പ്രമാണികൾ ആവശ്യപ്പെട്ടത്. ഇതാണ് നസറായനായ യേശു ദൈവത്തിന്റെ മശിഹാ ആണോ എന്നതിനെച്ചൊല്ലി പൗലൊസിന് വലിയ സംശയം ഉണ്ടാകാൻ ഒരു കാരണം എങ്കിലും ഗലാ. 3:13 ൽ നിന്നും നാം മനസ്സിലാക്കുന്നത് യേശു നമ്മുടെ ശാപം ക്രൂശിൽ വഹിച്ചു എന്നാണ് (ഒ.നോ. കൊലൊ. 2:14).

▣ **"ഞാനോ അവനിൽ കുറ്റം കാണുന്നില്ല"** പീലാത്തൊസ് ഇതു മൂന്നു പ്രാവശ്യം പറഞ്ഞു (ഒ.നോ. 18:38; 19:4).

**19:7 "അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ട്... അവൻ മരിക്കേണ്ടതാകുന്നു"** യേശു ദൈവത്തോടു സമനായ അവന്റെ പുത്രനാണെന്ന് അവകാശപ്പെട്ടിരുന്നു. അവന്റെ പ്രസ്താവന ശ്രവിക്കുകയും അതിന്റെ ആഴം ഗ്രഹിക്കുകയും ചെയ്ത യെഹൂദന്മാർക്ക് അവൻ ദൈവമാണെന്ന് അവകാശപ്പെട്ടു എന്ന കാര്യത്തിൽ തർക്കമില്ലായിരുന്നു (ഒ.നോ. 5:18; 8:53-59; 10:33). യേശുവിനെതിരായ യെഹൂദന്മാരുടെ യഥാർത്ഥ കുറ്റാരോപണം ദൈവദൂഷണമായിരുന്നു (ഒ.നോ. മത്താ. 20:6,65). ദൈവ ദൂഷണത്തിനുള്ള ശിക്ഷ കല്ലെറിഞ്ഞു കൊല്ലുകയാണ് (ഒനോ. ലേവ്യ. 24:16). യേശു ജഡാവതാരം ചെയ്ത പൂർവ്വാസ്തികൃമുള്ള ദൈവം അല്ലെങ്കിൽ അവനെ കല്ലെറിയുക തന്നെ വേണമായിരുന്നു.

### യോഹന്നാൻ 19:8-12

**[8]ഈ വാക്കു കേട്ടിട്ടു പീലാത്തൊസ് ഏറ്റവും ഭയപ്പെട്ടു, [9]പിന്നെയും ആസ്ഥാനത്തിൽ ചെന്നു: നീ എവിടെ നിന്നു ആകുന്നു എന്നു യേശുവിനോടു ചോദിച്ചു. യേശു ഉത്തരം പറഞ്ഞില്ല. [10]പീലാത്തൊസ് അവനോടു: നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും, നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു [11]യേശു അവനോടു: മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്കു ഒരധികാരവും ഉണ്ടാകയില്ലായിരുന്നു; അതുകൊണ്ടു എന്നെ നിന്റെ പക്കൽ ഏല്പിച്ചവന്നു അധികം പാപം ഉണ്ടു എന്നു ഉത്തരം പറഞ്ഞു. [12]ഇതുനിമിത്തം പീലാത്തൊസ് അവനെ വിട്ടയപ്പാൻ ശ്രമിച്ചു; യെഹൂദന്മാരോ: നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ അല്ല; തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മത്സരിക്കുന്നുവല്ലോ എന്നു ആർത്തു പറഞ്ഞു.**

**19:8 "ഈ വാക്കു കേട്ടിട്ടു പീലാത്തൊസ് ഏറ്റവും ഭയപ്പെട്ടു"** പീലാത്തൊസിന്റെ ഭാര്യ യേശുവിനെക്കുറിച്ച് ഇതിനോടകം അവനു മുന്നറിയിപ്പു നൽകിയിരുന്നു (ഒ.നോ. 27:19), എന്നാൽ ഇപ്പോൾ അവൻ ദൈവപുത്ര നാണെന്നവകാശപ്പെട്ടതായി യെഹൂദ പ്രമാണിമാർ തന്നെ പറയുന്നു. അന്ധവിശ്വാസിയായ പീലാത്തൊസ് ഭയപ്പെട്ടു ഗ്രീക്കു, റോമൻ ദേവഗണങ്ങളിൽ പെട്ടവർ മനുഷ്യരൂപത്തിൽ മനുഷ്യരെ സന്ദർശിക്കുന്നതു സാധാരണമായിരുന്നു.

**19:9**
**NASB, NKJV, NRSV "നീ എവിടെ നിന്ന് ആകുന്നു"**
**TEV, NJB, NIV "നീ എവിടെ നിന്നു വരുന്നു"**

യേശുവിന്റെ ജന്മനഗരത്തെയോ ജനനത്തെയോ കുറിച്ചല്ല പീലാത്തൊസ് ചോദിച്ചത്. തന്റെ മുമ്പിൽ നിൽക്കുന്ന വ്യക്തിയുടെ പ്രാധാന്യത്തെക്കുറിച്ച് അവൻ ബോധവാനാകാൻ തുടങ്ങുകയായിരുന്നു. 18:38 ലെ അവന്റെ പ്രസ്താവനയിൽ നിന്നും പീലാത്തൊസിന് സത്യത്തിൽ അല്ല, രാഷ്ട്രീയ നിലനിൽപ്പിനാണ് താല്പര്യം എന്ന് യേശു മനസ്സിലാക്കി, അതിനാൽ അവൻ പ്രതികരിച്ചില്ല.

യേശുവിന്റെ ഉല്പത്തിയെക്കുറിച്ച് അറിയാത്തവരും അവനെക്കുറിച്ച് അത്ഭുതത്തോടെ നോക്കുന്നവരുമായ ആളുകളുടെ ഗണത്തിൽ പീലാത്തൊസും ചേരുന്നു (ഒ.നോ. 4:12; 6:42; 7:27-28,41-42; 8:14; 9:29-30). യോഹന്നാന്റെ ലംബദ്വന്ദ്വത്തിന്റെ ഭാഗമാണിത്. യേശു മേലിൽ നിന്നുള്ളവൻ, താഴെ നിന്നുള്ള ആർക്കും പിതാവിന്റെ സ്പർശനം കൂടാതെ അവനെ അറിയുവാൻ/ഗ്രഹിക്കുവാൻ/കാണുവാൻ/കേൾക്കുവാൻ കഴികയില്ല.

▣ **"യേശു ഉത്തരം പറഞ്ഞില്ല"** പീലാത്തൊസ് യേശുവിന്റെ ഉത്തരം ഓർത്തിരിക്കേണ്ടതായിരുന്നു (ഒ.നോ. 18:37)! ചിലർ ഇതിനെ യെശ. 53:7 ന്റെ നിവൃത്തിയായി കാണുന്നു.

**19:10 "എനിക്കു നിന്നെ ക്രൂശിപ്പാൻ അധികാരമുണ്ടെന്നും"** തനിക്ക് ജീവന്റെയും മരണത്തിന്റെയും മേൽ രാഷ്ട്രീയ അധികാരമുണ്ടെന്ന് പീലാത്തൊസ് പ്രസ്താവിക്കുന്നു. എങ്കിലും അടക്കമില്ലാത്ത ഒരു ആൾക്കൂട്ടത്തിനുമുമ്പിൽ അവരുടെ ഇച്ഛയ്ക്ക് അവൻ തന്റെ അധികാരം അടിയറവു വെച്ചു. പീലാത്തൊസിന്റെ ചോദ്യം വ്യാകരണപരമായി "അതേ" എന്ന ഉത്തരം പ്രതീക്ഷിക്കുന്നു.

**19:11 "മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെമേൽ നിനക്കു ഒരധികാരവും ഉണ്ടാകയില്ലായിരുന്നു"** "വസ്തുതാ വിരുദ്ധം" എന്നു വിളിക്കുന്ന മധ്യമപുരുഷ സോപാധിക വാചകമാണിത്. പീലാത്തൊസിന്റെ വാക്കുകൾ യേശുവിനെ ഭയപ്പെടുത്തിയില്ല. താൻ ആരാണെന്നും എന്തിനാണു താൻ വന്നതെന്നും അവനറിയാമായിരുന്നു! ദൈവമാണ് സകല അധികാരങ്ങൾക്കും പിന്നിലെന്ന് ബൈബിൾ പ്രസ്താവിക്കുന്നു (ഒ.നോ. റോമ. 13:1-7).

▣ **"എന്നെ നിന്റെ പക്കൽ ഏല്പിച്ചവനു അധികം പാപം ഉണ്ടു"** ആദ്യവായനയിൽ ഇത് ഈസ്കര്യോത്താ യൂദായെ സൂചിപ്പിക്കുന്നതായി തോന്നാം (ഒ.നോ. 6:64,71; 13:11), എങ്കിലും മിക്ക വ്യാഖ്യാതാക്കളും ചിന്തിക്കുന്നത് യേശുവിനെ ഔദ്യോഗികമായി റോമാക്കാരുടെ കയ്യിലേല്പിച്ച കയ്യഫാവിനെക്കുറിച്ചാണിതെന്നാണ്. ഈ പ്രയോഗം (1) നിയമ വിരുദ്ധരായ യെഹൂദ പ്രമാണികളെ അല്ലെങ്കിൽ (2) യെഹൂദ ജനത്തെ മുഴുവനായി (ഒ.നോ. മത്താ. 21:33-46; മർക്കൊ. 12:1-12; ലൂക്കൊ. 20:9-19; റോമ. 9-11) സൂചിപ്പിക്കുന്നതായി ചിന്തിക്കാം.

**19:12 "പീലാത്തൊസ് അവനെ വിട്ടയപ്പാൻ ശ്രമിച്ചു"** ഭൂതകാലത്തിലെ ആവർത്തിക്കുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്ന അപൂർണ്ണകാലമാണിത്. അവൻ അനേക പ്രാവശ്യം ശ്രമിച്ചു.

▣ **"നീ ഇവനെ വിട്ടയച്ചാൽ കൈസരുടെ സ്നേഹിതൻ അല്ല"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്. തങ്ങളുടെ ആഗ്രഹമനുസരിച്ച് യേശുവിന് മരണ ശിക്ഷ വിധിക്കുന്നില്ലെങ്കിൽ പീലാത്തൊസിനെതിരായി റോമിലെ അധികാരികൾക്ക് പരാതി നൽകുമെന്ന് അവർ ഭീഷണിപ്പെടുത്തുകയായിരുന്നു. "കൈസരുടെ സ്നേഹിതൻ" എന്ന പ്രയോഗം റോമൻ ചക്രവർത്തി നൽകുന്ന ബഹുമാന്യ സ്ഥാനത്തെ സൂചിപ്പിക്കുന്ന ശൈലിയാണ് (ഔഗുസ്തോസ് അല്ലെങ്കിൽ വെസ്പേഷ്യൻ ആണിതിനു തുടക്കം കുറിച്ചത്)

റോമൻ ചക്രവർത്തിയുടെ ഔദ്യോഗിക നാമമാണ് കൈസർ (സീസർ). ജൂലിയസ് സീസറിൽ നിന്നാണ് ഈ പേരു വന്നത്. ഔഗുസ്തോസ് ആണിത് ആദ്യമായി സ്വീകരിച്ചത്.

### യോഹന്നാൻ 19:13-16

**[13]ഈ വാക്കു കേട്ടിട്ടു പീലാത്തൊസ് യേശുവിനെ പുറത്തു കൊ ണ്ടുവന്നു, കല്ത്തളമെന്നും എബ്രായ ഭാഷ യിൽ ഗബ്ബഥാ എന്നും പേരുള്ള സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നു. [14]അപ്പോൾ പെസഹയുടെ ഒരുക്കനാൾ ഏകദേശം ആറാം മണിനേരം ആയിരുന്നു. അവൻ യെഹൂദന്മാരോടു ഇതാ നിങ്ങളുടെ രാജാവു എന്നു പറഞ്ഞു. [15]അവരോ: കൊന്നുകളക, കൊന്നുകളക; അവനെ ക്രൂശിക്ക എന്നു നിലവിളിച്ചു. നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കേണമോ എന്നു പീലാത്തൊസ് അവരോടു ചോദിച്ചു; അതിന്നു മഹാപുരോഹിതന്മാർ: ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല എന്നു ഉത്തരം പറഞ്ഞു. [16]അപ്പോൾ അവൻ അവനെ ക്രൂശിക്കേണ്ടതിന്നു അവർക്കു ഏല്പിച്ചുകൊടുത്തു.**

**19:13 "ഈ വാക്കു കേട്ടിട്ട് പീലാത്തൊസ് യേശുവിനെ പുറത്തുകൊണ്ടുവന്നു ... ന്യായാസനത്തിൽ ഇരുന്നു"** ആര് ന്യായാസനത്തിൽ ഇരുന്നു എന്നത് സംബന്ധിച്ച് വേദഭാഗം ദുർഗ്രഹമാണ്. വില്യംസും ഗുഡ്സ്പീഡും ഇത് യേശുവാണെന്നാണു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. യെഹൂദന്മാരുടെ രാജാവിനെ പരിഹസിക്കുന്നിനായിരുന്നു ഇത്. എന്നിരുന്നാലും സന്ദർഭം വ്യക്തമാക്കുന്നത് ശിക്ഷ വിധിക്കുവാൻ പീലാത്തൊസ് ന്യായാസനത്തിൽ ഇരുന്നു എന്നാണ്.

▣

| | |
|---|---|
| **NASB, NKJV, NJB** | **"കല്ത്തളമെന്നു വിളിക്കുന്ന എന്നാൽ എബ്രായയിൽ ഗബ്ബഥാ"** |
| **NRSV** | **"കല്ത്തളമെന്നു വിളിക്കുന്ന അഥവാ എബ്രായയിൽ ഗബ്ബഥാ"** |
| **TEV** | **"കല്ത്തളമെന്ന് (എബ്രായയിൽ പേര് 'ഗബ്ബഥാ' എന്നാണ്) വിളിക്കുന്ന"** |

എബ്രായ അരാമ്യ വാക്കുകളും അവരുടെ വിശദീകരണങ്ങളും സൂചിപ്പിക്കുന്നത് യോഹന്നാൻ തന്റെ സുവിശേഷം എഴുതിയിരിക്കുന്നതു ജാതികളെ ലക്ഷ്യമാക്കി ആണെന്നാണ് (ഒ.നോ. വാ. 17). കല്ത്തളം റോമാക്കാരുടെ നിയമ നടപടികളുടെ സ്ഥാനമായിരുന്നു. ഗബ്ബഥാ എന്ന അരാമ്യ പദത്തിനർത്ഥം "ഉയർത്തിയ കല്ലുകൾ" അഥവാ "ഉയർന്ന സ്ഥലം" എന്നാണ്.

**19:14 "അപ്പോൾ പെസഹായുടെ ഒരുക്കനാൾ... ആയിരുന്നു"** സമവീക്ഷണ സുവിശേഷങ്ങളിലെയും യോഹന്നാനിലെയും ദിവസങ്ങൾ തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ കാണാം. സമവീക്ഷണങ്ങളിൽ, യേശു തന്റെ അറസ്റ്റിനു മുമ്പാണ് ശിഷ്യന്മാരോട് കൂടെ പെസഹ ഭക്ഷിച്ചത് (ഒ.നോ. മർക്കൊ. 15:42), എന്നാൽ യോഹന്നാനിൽ പെരുന്നാളിനു മുമ്പുള്ള ഒരുക്കനാളിലാണ് ഭക്ഷണം കഴിച്ചത്. 18:28 ലെ കുറിപ്പു കാണുക.

▣ **"ഏകദേശം ആറാം മണിനേരം ആയിരുന്നു"** യേശുവിന്റെ പീലാത്തൊസിന്റെ മുമ്പിലെ വിസ്താരത്തിന്റെയും ക്രൂശീകരണത്തിന്റെയും സമയക്രമം ഇതാണ്.

| | മത്തായി | മർക്കൊസ് | ലൂക്കൊസ് | യോഹന്നാൻ |
|---|---|---|---|---|
| പീലാത്തൊസിന്റെ വിധി | | | | 6–ാംമണി 19:14 |
| ക്രൂശീകരണം | | 3–ാം മണി 15:25 | | |
| ഇരുട്ട് വീഴുന്നു | 6–ാം – 9–ാം മണി 27:45 | 6–ാം – 9–ാം മണി 15:33 | 6–ാം – 9–ാം മണി 23:44 | |
| യേശു നിലവിളിക്കുന്നു | 9–ാം മണി 27:46 | 9–ാം മണി 15:34 | | |

ഈ സമയങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ രണ്ട് വ്യാഖ്യാന സാധ്യതകൾ ഉയരുന്നു.

1. അവ ഒന്നു തന്നെ. യോഹന്നാൻ 12 am മുതൽ ആരംഭിക്കുന്ന റോമൻ സമയം ഉപയോഗിക്കുന്നു (eg. Gleason L. Archer, *Encyclopedia of Bible Difficuties*, p. 364), സമവീക്ഷണ സുവിശേഷങ്ങൾ 6 am ന് ആരംഭിക്കുന്ന യെഹൂദാ സമയം ഉപയോഗിക്കുന്നു.
2. യോഹന്നാൻ യേശുവിന്റെ ക്രൂശീകരണത്തിന് ഒരു ദീർഘിച്ച സമയം നൽകുന്നു, സമവീക്ഷണങ്ങളും യോഹന്നാനും തമ്മിലുള്ള വ്യത്യാസത്തിന് മറ്റൊരു ഉദാഹരണമാണിത്.

യോഹ. 1:39; 4:6 ൽ നിന്നും യോഹന്നാൻ റോമൻ സമയമല്ല, യെഹൂദ സമയമാണുപയോഗിക്കുന്നതെന്നു വ്യക്തമാണ് (ഒ.നോ. M. R. Vincent, *Word Studies*, Vol. 1, p. 403). സുവിശേഷങ്ങളിൽ സമയം പ്രതീകാത്മകമായിരിക്കാം, കാരണം അവ ബന്ധപ്പെട്ടിരിക്കുന്നത്.

1. ദൈവാലയത്തിലെ ദിനംപ്രതിയുള്ള യാഗങ്ങളുടെ സമയത്തോട് (9 am, 3 pm (ഒ.നോ. പ്രവൃ. 2:15, 3:1)
2. നിസാൻ 14 ന് ഉച്ചകഴിഞ്ഞ ഉടനെയാണ് പെസഹാകുഞ്ഞാടിനെ കൊല്ലുന്നതിനുള്ള പാരമ്പരാഗത സമയം

പുരാതന പൗരസ്ത്യ ഗ്രന്ഥമായ ബൈബിൾ ആധുനിക പശ്ചാത്യ ചരിത്ര രേഖകളെപ്പോലെ സമയക്രമയത്തിലല്ല ശ്രദ്ധയൂന്നുന്നത്.

▣ **"ഇതാ നിങ്ങളുടെ രാജാവ്"** വാ. 5, സെഖ. 6:12 ന്റെ സൂചനയായിരിക്കുന്നതുപോലെ ഈ പ്രയോഗം സെഖ. 9:9 ന്റെ സൂചനയായിരിക്കാം (കാണുക, എഫ്. എഫ്. ബ്രൂസ്, *ആൻസേഴ്സ് ടു ക്വസ്റ്റ്യൻസ്*, പേ. 72).

**19:14** ആദ്യവാചകം മറ്റൊരു പത്രാധിപക്കുറിപ്പാണ്.

**19:15 "കൊന്നു കളക, കൊന്നുകളക; അവനെ ക്രൂശിക്ക"** ഈ വാക്യം മൂന്ന് സാമാന്യ കർത്തരി നിർദ്ദേശങ്ങളാണ്. "ക്രൂശിക്കുക" എന്നതിന്റെ മൂലപദത്തിനർത്ഥം "ഉയർത്തുക", അഥവാ "ആദരിക്കുക" എന്നാണ്. ഇതൊരു പക്ഷേ യോഹന്നാന്റെ ദ്വയാർത്ഥപ്രയോഗമാകാം (ഒ.നോ. 3:14; 8:28; 12:32).

▣ **"അതിനു മഹാപുരോഹിതൻ: ഞങ്ങൾക്കു കൈസരല്ലാതെ മറ്റൊരു രാജാവില്ല"** വൈരുധ്യം അതിശയിപ്പിക്കുന്നതാണ്. ഈ യെഹൂദ പ്രമാണികൾ യേശുവിന്മേൽ ആരോപിച്ച അതേ ദൈവദൂഷണക്കുറ്റമാണു ചെയ്യുന്നത്. പഴയ നിയമത്തിൽ ദൈവം മാത്രമാണ് തന്റെ ജനത്തിന്റെ രാജാവ് (ഒ.നോ. 1 ശമൂ. 8).

**19:16 "അവർക്ക്"** മത്താ. 27:26–27 ലും മർക്കൊ. 15:15–16 ലും ഈ സർവ്വനാമം റോമൻ പടയാളികളെയാണു സൂചിപ്പിക്കുന്നത്. യോഹന്നാനിൽ ഇതു സൂചിപ്പിക്കുന്നത് പീലാത്തൊസ് യേശുവിനെ യെഹൂദ പ്രമാണികളുടെയും ജനത്തിന്റെയും ഇഷ്ടത്തിനേല്പിച്ചുകൊടുത്തു എന്നാണ്.

## യോഹന്നാൻ 19:17–22

**[17]അവർ യേശുവിനെ കയ്യേറ്റു; അവൻ താൻതന്നേ ക്രൂശിനെ ചുമന്നുകൊണ്ടു എബ്രായഭാഷയിൽ
ഗൊല്ഗൊഥാ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്കു പോയി. [18]അവിടെ അവർ അവനെയും
അവനോടു കൂടെ വേറെ രണ്ടു ആളുകളെയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ
നടുവിലുമായി ക്രൂശിച്ചു. [19]പീലാത്തൊസ് ഒരു മേലെഴുത്തും എഴുതി ക്രൂശിന്മേൽ പതിപ്പിച്ചു; അതിൽ:
നസറായനായ യേശു യെഹൂദന്മാരുടെ രാജാവു എന്നു എഴുതിയിരുന്നു. [20]യേശുവിനെ ക്രൂശിച്ച സ്ഥലം
നഗരത്തിന്നു സമീപം ആകയാൽ അനേകം യെഹൂദന്മാർ ഈ മേലെഴുത്തു വായിച്ചു. അതു എബ്രായ,
റോമ, യവന, ഭാഷകളിൽ എഴുതിയിരുന്നു. [21]ആകയാൽ യെഹൂദന്മാരുടെ മഹാപുരോഹിതന്മാർ
പീലാത്തൊസിനോടു: യെഹൂദന്മാരുടെ രാജാവു എന്നല്ല, ഞാൻ യെഹൂദന്മാരുടെ രാജാവു എന്നു അവൻ
പറഞ്ഞു എന്നത്രേ എഴുതേണ്ടതു എന്നു പറഞ്ഞു. [22]അതിന്നു പീലാത്തൊസ്: ഞാൻ എഴുതിയതു എഴുതി
എന്നു ഉത്തരം പറഞ്ഞു.**

**19:17 ""താൻ തന്നെ ക്രൂശിനെ ചുമന്നുകൊണ്ട്"** ഒന്നാം നൂറ്റാണ്ടിൽ പലസ്തീനിൽ ഉപയോഗിച്ചിരുന്ന ക്രൂശിന്റെ ആകൃതി സംബന്ധിച്ച് വ്യക്തതയില്ല. 'T', 't' അല്ലെങ്കിൽ 'X' എന്നീ ഇംഗ്ലീഷ് അക്ഷരങ്ങളുടെ രൂപത്തിലുള്ള ക്രൂശുകളുണ്ടായിരുന്നു. ചിലപ്പോൾ ഒരു കഴുമരത്തിൽ തന്നെ അനവധി കുറ്റവാളികളെ തറച്ചിരുന്നു. ആകൃതി

എന്തായിരുന്നാലും ശിക്ഷ വിധിക്കപ്പെട്ടവനെ അടിച്ചശേഷം ക്രൂശിന്റെ ഭാഗങ്ങൾ ചുമന്നുകൊണ്ട് ക്രൂശീകരണ സ്ഥലത്തേക്ക് പോകണമായിരുന്നു (ഒ.നോ. മത്താ. 27:22; മർക്കൊ. 15:21; ലൂക്കൊ. 14:27; 23:26).

▣ **"എബ്രായ ഭാഷയിൽ ഗൊല്ഗോഥാ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്കു പോയി"** ഈ പ്രയോഗത്തിന്റെ കൃത്യമായ അർത്ഥം വ്യക്തമല്ല. എബ്രായ/അരാമ്യ പദം തലയോട്ടി പോലെ തോന്നിക്കുന്ന ഒരു മലയെ അല്ല സൂചിപ്പിക്കുന്നത്, മറിച്ച് യെരുശലേമിനഭിമുഖമായി നിൽക്കുന്ന തരിശായ ഒരു ചെറിയ കുന്നിനെയാണ്. മത്സരത്തിനെതിരായ ഒരു മുന്നറിയിപ്പായിട്ടാണ് റോമാക്കാർ ക്രൂശീകരണം നടത്തിയിരുന്നത്. കാർത്തേജുകാരിൽ നിന്നാണ് റോമാക്കാർ ഇതു പഠിച്ചത്, കർത്തേജുകാർ പേർഷ്യക്കാരിൽ നിന്നും. ക്രൂശിന്റെ കൃത്യമായ ആകൃതി പോലും അജ്ഞാതമാണ്. എന്നിരുന്നാലും അത് വളരെ മൃഗീയമായ, ദീർഘിക്കുന്ന മരണമായിരുന്നു. ഒരു മനുഷ്യനെ അനേക ദിവസങ്ങൾ ജീവനോടെ നിലനിർത്തുന്നതിനും വേദനയനുഭവിപ്പിക്കുന്നതിനുമുള്ള ഉപാധിയായിരുന്നു അത്. ശ്വാസം മുട്ടിയാണ് മരണം സംഭവിക്കുന്നത്. റോമിനെതിരായ മത്സരത്തിൽ നിന്നും ജനങ്ങളെ വിലക്കുന്നതിനുള്ള ഉപാധിയായിരുന്നു അത്.

▣ **"വേറെ രണ്ടു ആളുകളെയും"** മത്താ. 27:38; മർക്കൊ. 15:27; ലൂക്കൊ. 23:33 ൽ രേഖപ്പെടുത്തിയിരിക്കുന്ന യെശ. 53:9 ലെ പ്രവചന നിവൃത്തിയായിരുന്നു ഇത്.

**19:19 "പീലാത്തൊസ് ഒരു മേലെഴുത്തും എഴുതി"** പീലാത്തൊസ് സ്വന്ത കൈകൊണ്ടെഴുതിയതാകാം ഈ മേലെഴുത്ത് (*റ്റിറ്റ്ലോൺ*), അത് മറ്റൊരാൾ ഒരു പലകയിൽ പകർത്തിയെഴുതി. മത്തായി അതിനെ കുറ്റസംഗതി (*അയിറ്റിയാൻ,* ഒ.നോ. മത്താ. 27:37) എന്നും മർക്കൊസും ലൂക്കൊസും 'എഴുത്ത്' (*എപ്പിഗ്രാഫി*, ഒ.നോ. മർക്കൊ. 15:26; ലൂക്കൊ. 23:38) എന്നും രേഖപ്പെടുത്തുന്നു.

**19:20 "അതു എബ്രായ, റോമ, യവന ഭാഷകളിൽ എഴുതിയിരുന്നു"** 'എബ്രായ' എന്നത് അരാമ്യയാണ് (ഒ.നോ. 5:2; 19:13,17; 20:16; ജൊസീഫസ്, *ആന്റി.* 2.12.1) യേശുവിന്റെ തലയ്ക്കു മുകളിൽ ക്രൂശിൽ സ്ഥാപിച്ച എഴുത്തിലെ വാചകം സുവിശേഷകന്മാർ വിവിധ നിലകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് താല്പര്യജനകമാണ്.

1. മത്താ. 27:37 – "യെഹൂദന്മാരുടെ രാജാവായ യേശു"
2. മർക്കൊ. 15:26 – "യെഹൂദന്മാരുടെ രാജാവ്"
3. ലൂക്കൊ. 23:38 – "ഇവൻ യെഹൂദന്മാരുടെ രാജാവ്"
4. യോഹ. 19:19 – "നസറായനായ യേശു യെഹൂദന്മാരുടെ രാജാവ്"

ഓരോന്നും വ്യത്യസ്തമാണ്, എങ്കിലും അടിസ്ഥാനപരമായമായി ഒന്നു തന്നെ. സുവിശേഷങ്ങളിലെ വിവിധ ചരിത്രപരമായ വിശദീകരണങ്ങളുടെ കാര്യത്തിലും ഇതു സത്യമാണ്. ഓരോ എഴുത്തുകാരനും തന്റെ ഓർമ്മയിലുള്ള കാര്യം നേരിയ വ്യത്യാസങ്ങളുള്ള രീതിയിൽ എഴുതി എങ്കിലും അവയെല്ലാം ഒരേ ദൃക്സാക്ഷി വിവരണങ്ങളാണ്.

യെഹൂദന്മാർ ഭയപ്പെട്ട അതേ പേര് യേശുവിന്റെ ക്രൂശിനു മുകളിൽ രേഖപ്പെടുത്തിയതിലൂടെ യെഹൂദന്മാരെ അസ്വസ്ഥരാക്കാനാണ് പീലാത്തൊസ് ഉദ്ദേശിച്ചത് (വാ. 21–22).

**19:22 "ഞാൻ എഴുതിയതു എഴുതി"** എഴുതിയതിന്റെ പൂർത്തീകരണവും അന്തിമ തീരുമാനവും വ്യക്തമാക്കുന്ന രണ്ട് പൂർണ്ണ ക്രിയകളാണിവ.

## യോഹന്നാൻ 19:23–24

**23പടയാളികൾ യേശുവിനെ ക്രൂശിച്ച ശേഷം അവന്റെ വസ്ത്രം എടുത്തു ഓരോ പടയാളിക്കു ഓരോ പങ്കായിട്ടു നാലു പങ്കാക്കി; അങ്കിയും എടുത്തു; അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ടു അടിയോളം മുഴുവനും നെയ്തതായിരുന്നു. 24ഇതു കീറരുതു; ആർക്കു വരും എന്നു ചീട്ടിടുക എന്നു അവർ തമ്മിൽ പറഞ്ഞു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു എന്റെ അങ്കിക്കായി ചീട്ടിട്ട എന്നുള്ള തിരുവെഴുത്തിന്നു ഇതിനാൽ നിവൃത്തി വന്നു. പടയാളികൾ ഇങ്ങനെ ഒക്കെയും ചെയ്തു.**

**19:23 "ഓരോ പടയാളിക്കു ഓരോ പങ്കായിട്ടു നാലു പങ്കാക്കി"** പടയാളികൾ യേശുവിന്റെ വസ്ത്രത്തിനായി ചീട്ടിട്ടു. അതവന്റെ പുറങ്കുപ്പായമായിരുന്നു. യേശുവിന്റെ വസ്ത്രം എങ്ങനെ നാലു കഷണമാക്കി എന്നു വ്യക്തമല്ല. ഇതവന്റെ ചെരിപ്പ്, പ്രാർത്ഥനാ ഷാൾ (*റ്റല്ലിത്ത്*), അരക്കച്ച, മേൽവസ്ത്രം എന്നിവയെയാകാം സൂചിപ്പിക്കുന്നത്. യേശു ശിരോവസ്ത്രം ധരിച്ചിരുന്നോ എന്നറിയില്ല. സമ്പൂർണ്ണ നഗ്നത യെഹൂദന്മാരെ പ്രകോപിപ്പിക്കുമായിരുന്നു. വാ. 24 ൽ പറയുന്ന മറ്റൊരു നിവൃത്തിയായ പ്രവചനമാണിത് (ഒ.നോ. സങ്കീ. 22:18).

▣ **"അങ്കിയോ"** യേശുവിന്റെ മേൽവസ്ത്രത്തെ *ഹിമാറ്റിയ* എന്ന ബഹുവചന പദം കൊണ്ടാണു സൂചിപ്പിക്കുന്നത്. അവന്റെ നീളമുള്ള അടിവസ്ത്രം, ശരീരത്തോട് പറ്റിക്കിടക്കുന്ന അങ്കിയായിരുന്നു (*ഖിറ്റോൺ*). ഇവ തമ്മിലുള്ള വ്യത്യാസം മത്താ. 5:40 ലും ലൂക്കൊ. 6:29ലും കാണാം. തബീഥാ ഇവ രണ്ടും നിർമ്മിച്ചിരുന്നു (ഒ.നോ. പ്രവൃ. 9:39). ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാർ കാൽചട്ട എന്നറിയപ്പെട്ടിരുന്ന ഒരു അടിവസ്ത്രം കൂടി ധരിച്ചിരുന്നു. യേശു പൂർണ്ണമായും വിവസ്ത്രനല്ലായിരുന്നു. വാ. 23 ന്റെ അവസാന ഭാഗം യേശുവിനോടൊപ്പം ജീവിച്ച ഒരുവന്റെ പത്രാധിപക്കുറിപ്പാണ്.

▣ **"അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായിരുന്നു"** ഇതിന് ദൈവ ശാസ്ത്രപരമായ പ്രാധാന്യമുണ്ടെന്നു തോന്നുന്നു. ഇത്തരത്തിലുള്ള വസ്ത്രം സാധാരണ കാണാത്തതും വലിയ വിലയുള്ളതുമായിരുന്നു. അസാധാരണ വിലയുള്ള വസ്ത്രം ധരിക്കുന്നത് യേശുവിന്റെ സ്വഭാവത്തിനു ചേരാത്ത തായിരുന്നു. ജൊസീഫസിൽ നിന്നും (*ആന്റി.* 3.7.4) നാം മനസ്സിലാക്കുന്നത് മഹാപുരോഹിതനാണ് ഇത്തരത്തിലു ള്ള വസ്ത്രം ധരിക്കുന്നതെന്നാണ്. മോശെ ഇത്തരം വസ്ത്രം ധരിച്ചിരുന്നുവെന്ന് റബ്ബിമാർ പഠിപ്പിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് യേശു:

1. മഹാപുരോഹിതൻ (ഒ.നോ. എബ്രായ ലേഖനം)
2. പുതിയ നിയമ ദാതാവ്

എന്നല്ലേ?

യോഹന്നാന്റെ സുവിശേഷത്തിൽ ദ്വയാർത്ഥങ്ങൾ സാധാരണമാണ്. എങ്കിലും എല്ലാ വിശദാംശങ്ങളെയും ആലങ്കാരികമാക്കാതിരിക്കാൻ വ്യാഖ്യാതാക്കൾ ശ്രദ്ധിക്കണമെന്നു മാത്രം.

**19:24 "തിരുവെഴുത്തിനു ഇതിനാൽ നിവൃത്തി വന്നു"** സങ്കീ. 22, ക്രൂശീകരണത്തിന്റെ പഴയനിയമ പശ്ചാത്തല മായി നിലകൊള്ളുന്നു.

1. സങ്കീ. 22:1-2 - മത്തായി 27:64; മർക്കൊ. 15:34
2. സങ്കീ. 22:7-8 - മത്താ. 27:39,43: മർക്കൊ. 15:29; ലൂക്കൊ. 23:35
3. സങ്കീ. 22:15 - മത്താ. 27:48; മർക്കൊ. 15:36; ലൂക്കൊ. 22:36; യോഹ. 19:28,29
4. സങ്കീ. 22:16 - മത്തായി 27:35; മർക്കൊ. 15:24; യോഹ. 20:25
5. സങ്കീ. 22:18 - മത്താ. 27:35; മർക്കൊ. 15:24; ലൂക്കൊ. 23:34; യോഹ. 19:24
6. സങ്കീ. 22:27-28 - മത്താ. 27:54; മർക്കൊ. 15:39; ലൂക്കൊ. 23:47; (യോഹ. 20:31; മത്താ. 28:18-20; ലൂക്കൊ. 24:46-47; പ്രവൃ. 1:8)

**യോഹന്നാൻ 19:25-27**

**[25]യേശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു. [26]യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നതു കണ്ടിട്ടു: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്നു അമ്മയോടു പറഞ്ഞു. [27]പിന്നെ ശിഷ്യനോടു: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴികമുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു.**

**19:25 "യേശുവിന്റെ ക്രൂശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു"** ഇവിടെ നാലു പേരുകൾ ഉണ്ടോ അതോ മൂന്നു പേരുകൾ മാത്രമേ ഉള്ളോ എന്നതു സംബന്ധിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. മറിയ എന്ന പേരിൽ രണ്ടു സഹോദരിമാർ ഉണ്ടാകാൻ സാധ്യതയില്ല എന്നതിനാൽ നാലുപേർ ഉണ്ടാകാനാണ് സാധ്യത. മറിയയുടെ സഹോദരിയായ ശലോമിയെക്കുറിച്ച് മർക്കൊ. 15:40 ലും മത്താ. 27:56 ലും പറഞ്ഞിട്ടുണ്ട്. അതു സത്യമെങ്കിൽ യാക്കോബും യോഹന്നാനും യേശുവും സഹോദരി പുത്രന്മാരാണ്. രണ്ടാം നൂറ്റാണ്ടിലെ ഒരു പാരമ്പര്യമനുസരിച്ച് (ഹെഗ സിപ്പസ്) ക്ലെയോപ്പാവ് യോസേഫിന്റെ സഹോദരനായിരുന്നു. മഗ്ദലക്കാരത്തി മറിയ, യേശു ഏഴു ഭൂതങ്ങളെ പുറത്താക്കി സൗഖ്യമാക്കിയവളും തന്റെ പുനരുത്ഥാനശേഷമുള്ള ആദ്യ പ്രത്യക്ഷതയ്ക്കായി തെരെഞ്ഞെടുക്ക പ്പെട്ടവളുമായിരുന്നു (ഒ.നോ. 20:1-2,11-18; മർക്കൊ. 16:1; ലൂക്കൊ. 24:1-10).

## പ്രത്യേക പഠനവിഷയം: യേശുവിനെ അനുഗമിച്ച സ്ത്രീകൾ

A. യേശുവിനെയും ശിഷ്യവൃന്ദത്തെയും സഹായിച്ചുകൊണ്ട് അനുഗമിച്ച സ്ത്രീകളെക്കുറിച്ചുള്ള ആദ്യ പരാമർശം ലൂക്കൊ. 8:1-3 ആണ്
   1. മഗ്ദലക്കാരത്തി മറിയ (വാ. 2)
      a. മത്താ. 27:56,61; 28:1
      b. മർക്കൊ. 15:40,47; 16:1,9
      c. ലൂക്കൊ. 8:2; 24:10
      d. യോഹ. 19:25; 20:1,11,16,18
   2. കൂസയുടെ (ഹെരോദാവിന്റെ ദാസൻ, വാ. 3) ഭാര്യ യോഹന്നയെ ലൂക്കൊ. 24:10 ലും പറഞ്ഞിരിക്കുന്നു
   3. സൂസന്ന (വാ. 3)
   4. "തങ്ങളുടെ വസ്തുവകകൊണ്ട് അവർക്കു ശുശ്രൂഷ ചെയ്തപോന്ന മറ്റു പല സ്ത്രീകളും" (വാ. 3)

B. ഒരു കൂട്ടം സ്ത്രീകൾ ക്രൂശീകരണ സമയത്ത് അവിടെയുണ്ടായിരുന്നു.

1. മത്തായിയുടെ പട്ടിക
   a. മഗ്ദലക്കാരത്തി മറിയ (27:56)
   b. യാക്കോബിന്റെയും യോസെയുടെയും അമ്മ (27:56)
   c. സെബദിപുത്രന്മാരുടെ അമ്മ (27:56)
2. മർക്കൊസിന്റെ പട്ടിക
   a. മഗ്ദലനക്കാരത്തി മറി (15:40)
   b. ചെറിയ യാക്കോബിന്റെയും യോസേയുടെയും അമ്മ (15:40)
   c. ശലോമ (15:40)
3. "ഗലീലയിൽ നിന്നു അവനെ അനുഗമിച്ച സ്ത്രീകളും" എന്നു മാത്രമേ ലൂക്കൊസ് പറയുന്നുള്ളൂ (23:49)
4. യോഹന്നാന്റെ പട്ടിക
   a. യേശുവിന്റെ അമ്മ മറിയ (19:25)
   b. അവന്റെ അമ്മയുടെ സഹോദരി (19:25)
   c. ക്ലെയോപ്പാവിന്റെ മറിയ (ഇതിനർത്ഥം ക്ലെയോപ്പാവിന്റെ ഭാര്യ അല്ലെങ്കിൽ മകൾ) (19:25)
   d. മഗ്ദലക്കാരത്തി മറിയ (19:25)

C. ഒരു കൂട്ടം സ്ത്രീകൾ യേശുവിനെ അടക്കിയ സ്ഥലം കണ്ടതായി പറയുന്നു
1. മത്തായിയുടെ പട്ടിക
   a. മഗ്ദലക്കാരത്തി മറിയ (27:61)
   b. മറ്റെ മറിയ (27:61)
2. മർക്കൊസിന്റെ പട്ടിക
   a. മഗ്ദലക്കാരത്തി മറിയ (15:47)
   b. യോസെയുടെ അമ്മ മറിയ (15:47)
3. "ഗലീലയിൽ നിന്ന് അവനോടു കൂടെ പോന്ന സ്ത്രീകൾ" എന്നു മാത്രമെ ലൂക്കൊസ് പറയുന്നുള്ളു
4. സ്ത്രീകൾ കല്ലറ കണ്ടതിനെക്കുറിച്ച് യോഹന്നാൻ പറയുന്നില്ല

D. ഞായറാഴ്ച രാവിലെ ഒരു കൂട്ടം സ്ത്രീകൾ കല്ലറയ്ക്കൽ വന്നു
1. മത്തായിയുടെ പട്ടിക
   a. മഗ്ദലക്കാരത്തി മറിയ (28:1)
   b. മറ്റെ മറിയ (28:1)
2. മർക്കൊസിന്റെ പട്ടിക
   a. മഗ്ദലക്കാരത്തി മറിയ (16:1)
   b. യാക്കോബിന്റെ അമ്മ മറിയ (16:1)
   c. ശലോമ (16:1)
3. ലൂക്കൊസിന്റെ പട്ടിക
   a. അവർ... കല്ലറയ്ക്കൽ എത്തി" (24:1-5,24)
      (1) മഗ്ദലക്കാരി മറിയ (24:10)
      (2) യോഹന്നാ (24:10)
      (3) യാക്കോബിന്റെ അമ്മ മറിയ (24:10)
4. യോഹന്നാൻ മഗ്ദലക്കാരത്തി മറിയയെ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ (20:1,11)

E. സ്ത്രീകൾ മാളികമുറിയിൽ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 1:14)
1. സ്ത്രീകൾ (1:14)
2. യേശുവിന്റെ അമ്മ മറിയ (1:14)

F. ഈ വ്യത്യസ്ത പട്ടികയിലുള്ള വ്യത്യസ്ത സ്ത്രീകൾ തമ്മിലുള്ള ബന്ധം അജ്ഞാതമാണ്. മഗ്ദലക്കാരത്തി മറിയയ്ക്ക് പ്രധാന സ്ഥാനം ഉണ്ടായിരുന്നുവെന്നും വ്യക്തമാണ്. യേശുവിന്റെ ജീവിതത്തിലെ "സ്ത്രീകളെ"ക്കുറിച്ചുള്ള ഒരു നല്ല ലേഖനം, *ഡിക്ഷനറി ഓഫ് ജീസസ് ആന്റ് ദി ഗോസ്പൽസ്* (IVP) പേജ് 880-886 ൽ കാണാം.

**19:26 "യേശു... താൻ സ്നേഹിച്ച ശിഷ്യനും"** യോഹന്നാൻ തന്റെ പേരിൽ പരാമർശിക്കപ്പെടുന്നില്ലെങ്കിലും ഇത് സ്വയം പരിചയപ്പെടുത്താൻ അവനുപയോഗിക്കുന്ന മാർഗ്ഗമാണെന്നു പലരും കരുതുന്നു (ഒ.നോ. 13:23; 19:26; 21:7,20). ഇവിടെയെല്ലാം *അഗ്രപ്പാഓ* എന്ന പദമാണു താനുപയോഗിക്കുന്നതെങ്കിലും 20:2ൽ ഇതേ പ്രയോഗത്തിൽ *ഫിലെയോ* എന്ന പദമാണുപയോഗിക്കുന്നത്. യോഹന്നാനിൽ ഈ പദങ്ങൾ പര്യായപദങ്ങളാണ്. 3:35 ലെ *അഗാപ്പാഓ*-യും 5:20 ലെ *ഫിലെയോ*-യും താരതമ്യപ്പെടുത്തുക. രണ്ടിടത്തും പിതാവിനു പുത്രനോടുള്ള സ്നേഹത്തെയാണ് സൂചിപ്പിക്കുന്നത്.

**19:27 "ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു"** ഇതിനർത്ഥം യോഹന്നാൻ

ഉടനെ അവളെ വീട്ടിൽ കൊണ്ടുപോയി എന്നല്ല, മത്താ. 25:56 ലും മർക്കൊ. 15:40 ലും മറ്റു സ്ത്രീകളോടൊപ്പം അവളെ പരാമർശിക്കുന്നില്ല എന്നതിൽ നിന്നും ഇതാണ് സൂചിപ്പിക്കുന്നതെങ്കിലും. അവളുടെ മരണം വരെ യോഹന്നാൻ അവളെ ശുശ്രൂഷിച്ചുവെന്നും തുടർന്ന് അവൻ ഏഷ്യാമൈനറിലേക്ക് (എഫെസൊസിലേക്ക്) പോയി അവിടെ ദീർഘവും വിജയകരവുമായ ശുശ്രൂഷ നിർവഹിച്ചെന്നും പാരമ്പര്യം പറയുന്നു. എഫെസൊസിലെ മൂപ്പന്മാരുടെ നിർബന്ധത്താലാണ് വൃദ്ധനായ യോഹന്നാൻ യേശുവിന്റെ ജീവിതത്തെക്കുറിച്ചുള്ള തന്റെ ഓർമ്മകൾ എഴുതിയത് (അതാ. യോഹന്നാന്റെ സുവിശേഷം).

**യോഹന്നാൻ 19:28-30**

**[28]അതിന്റെശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകുംവണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. [29]അവിടെ പുളിച്ച വീഞ്ഞു നിറഞ്ഞോരു പാത്രം വെച്ചിട്ടുണ്ടായിരുന്നു; അവർ ഒരു സ്പോങ്ങ് പുളിച്ചവീഞ്ഞു നിറെച്ചു ഈസോപ്പുതണ്ടിന്മേൽ ആക്കി അവന്റെ വായോടു അടുപ്പിച്ചു. [30]യേശു പുളിച്ചവീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ചു ആത്മാവിനെ ഏല്പിച്ചുകൊടുത്തു.**

**19:28 "സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്തിനു നിവൃത്തിയാകുംവണ്ണം: എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു"** "എനിക്കു ദാഹിക്കുന്നു" എന്നതാണോ "സകലവും തികഞ്ഞിരിക്കുന്നു" എന്നതാണോ തിരുവെഴുത്ത് പറയുന്നത് എന്നകാര്യം മൂലഭാഷയിൽ വ്യക്തമല്ല. പരമ്പരാഗത രീതിയിൽ എടുത്താൽ "എനിക്കു ദാഹിക്കുന്നു" എന്നത് സങ്കീ. 69:21 ന്റെ സൂചനയാണ്.

**19:29 "പുളിച്ച വീഞ്ഞു നിറഞ്ഞോരു പാത്രം വെച്ചിട്ടുണ്ടായിരുന്നു"** അത് പടയാളികൾക്കും ക്രൂശിക്കപ്പെടുന്നവർക്കും വേണ്ടിയുള്ളതായിരുന്നു. ക്രൂശിക്കപ്പെട്ടവന്റെ ആയുസ്സു നീട്ടുന്നതിനായി ചെറിയ അളവിൽ വീഞ്ഞു കൊടുത്തു കൊണ്ടിരിക്കും.

▣ **"പുളിച്ച വീഞ്ഞ്"** അക്ഷരാർത്ഥത്തിൽ "വിന്നാഗിരി." ദരിദ്രരുടെ പാനീയമാണിത്. യെരുശലേം പുത്രിമാർ നൽകിയ മയക്കുമരുന്നു കലർത്തിയ വീഞ്ഞ് യേശു നിരസിച്ചതു ശ്രദ്ധിക്കുക (ഒ.നോ. മർക്കൊ. 15:23; മത്താ. 27:34). ഈ പാനീയം അവൻ സ്വീകരിച്ചതിന്റെ കാരണം സങ്കീ. 22:15 നിവർത്തിക്കുന്നതിനു വേണ്ടിയാകാം. സംസാരിക്കാൻ കഴിയാതെവണ്ണം അവന്റെ നാവു വരണ്ടിരുന്നു, ഒരു കാര്യം കൂടെ അവനു പറയാനുണ്ടായിരുന്നു.

▣ **"ഈസോപ്പു തണ്ടിന്മേലാക്കി"** പെസഹായിൽ ഉപയോഗിക്കുന്ന ഈ ചെടിയുടെ ഉപയോഗത്തെ ചിലർ പ്രതീകാത്മകമായി കാണുന്നു (ഒ.നോ. പുറ. 12:22). മറ്റു ചിലരാകട്ടെ ഇതു പകർപ്പെഴുത്തിൽ വന്ന തെറ്റാണെന്നും ശരിയായിട്ടുള്ളത് "കുന്തം" അല്ലെങ്കിൽ "വടി" എന്നാണെന്നും പറയുന്നു (ഒ.നോ. NEB, എന്നാൽ REB ഈസോപ്പ് എന്നുപയോഗിക്കുന്നു). മത്താ. 27:48; മർക്കൊ. 15:36 എന്നിവ "ഓടക്കോൽ" എന്നുപയോഗിക്കുന്നു.

ഇവിടെ പകർപ്പെഴുത്തിൽ വന്ന പിശകാണെന്നു പലരും പറയാൻ കാരണം, ഈ സോപ്പു ചെടിക്ക് നീളം കൂടിയ തണ്ട് ഇല്ല എന്നതാണ് (2-4 അടി മാത്രം), എങ്കിലും ക്രൂശുകൾ നിലത്തു നിന്നും അത്രമാത്രം ഉയരത്തിലല്ല എന്ന കാര്യം ഓർത്തിരിക്കേണം. ഉയർന്ന ക്രൂശിനെക്കുറിച്ചുള്ള നമ്മുടെ പരമ്പരാഗത ചിത്രങ്ങൾ ഒരു പക്ഷേ 3:14 തെറ്റിദ്ധരിച്ചതാകാം. യേശുവിന്റെ പാദങ്ങൾ നിലത്തു നിന്നും ഒന്നോ രണ്ടോ അടി മാത്രം ഉയരത്തിലായിരുന്നു എന്നനുമാനിക്കാം.

**19:30 "നിവൃത്തിയായി"** ഇത് പൂർണ്ണ കർമ്മണി സൂചകമാണ്. സമവീക്ഷണ സുവിശേഷങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത് അവനിത് നിലവിളിച്ചു പറഞ്ഞു എന്നാണ് (ഒ.നോ. മർക്കൊ. 15:37; ലൂക്കൊ. 23:46; മത്താ. 27:50). പൂർത്തിയായ വീണ്ടെടുപ്പിൻ പ്രവൃത്തിയെയാണിതു സൂചിപ്പിക്കുന്നത്. ഈജിപ്ഷ്യൻ പാപ്പിറസുകളിൽ ഈ പദം (*റ്റെലോസ്-τέλος*) സൂചിപ്പിക്കുന്നത് "മുഴുവൻ തുകയും കൊടുത്തു" എന്ന വ്യാപാര ശൈലിയാണ് (Moulton and Milligan).

▣ **"തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചുകൊടുത്തു"** "തല ചായ്ച്ചു" എന്ന പ്രയോഗം "ഉറങ്ങാൻ പോകുന്നു" എന്നതിനുള്ള ശൈലിയാണ്. യേശുവിന്റെ മരണം അവന്റെ ശാന്ത നിമിഷങ്ങളായിരുന്നു. മരണത്തിൽ ഒരു വ്യക്തിയുടെ ആത്മീയ തലം ശാരീരിക തലത്തിൽ നിന്നും വേർപെടുന്നു എന്നനുമാനിക്കാം. ഇത് വിശ്വാസികൾക്ക് മരണത്തിനും പുനരുത്ഥാന ദിനത്തിനുമിടയിൽ ശരീരമില്ലാത്ത ഒരു അവസ്ഥ ആവശ്യപ്പെടുന്നു (ഒ.നോ. 2 കൊരി. 5; 1 തെസ്സ. 4:13-18, see William Hendrickson, *The Bible on the life Hereafter*).

മർക്കൊ. 15:37 ലെയും ലൂക്കൊ. 23:46 ലെയും സമാന്തര ഭാഗങ്ങൾ "അവൻ പ്രാണനെ വിട്ടു" എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. "ആത്മാവ്" എന്നതും "ശ്വാസം" എന്നതും എബ്രായയിൽ ഒരു പദമാണ്. അവന്റെ അന്ത്യശ്വാസം, അവന്റെ ആത്മാവ് ശരീരം വിട്ടതിന്റെ അടയാളമായിരുന്നു (ഉല്പ. 2:7).

**യോഹന്നാൻ 19:31-37**

**[31]അന്നു ഒരുക്കനാളും ആ ശബ്ബത്ത്നാൾ വലിയതും ആകകൊണ്ടു ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുതു എന്നുവെച്ചു അവരുടെ കാൽ ഒടിച്ചു എടുപ്പിക്കേണം എന്നു യെഹൂദന്മാർ**

**പീലാത്തൊസിനോടു അപേക്ഷിച്ചു. [32]ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റേവന്റെയും കാൽ ഒടിച്ചു. [33]അവർ യേശുവിന്റെ അടുക്കൽ വന്നു, അവൻ മരിച്ചുപോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല. [34]എങ്കിലും പടയാ ളികളിൽ ഒരുത്തൻ കുന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. [35]ഇതു കണ്ടവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യം ആകുന്നു; നിങ്ങളും വിശ്വസിക്കേണ്ടതിന്നു താൻ സത്യം പറയുന്നു എന്നു അവൻ അറിയുന്നു. [36]"അവന്റെ ഒരു അസ്ഥിയും ഒടിഞ്ഞുപോകയില്ല" എന്നുള്ള തിരുവെഴുത്തു [37]നിവൃത്തിയാകേണ്ടതിന്നു ഇതു സംഭവിച്ചു. "അവർ കുത്തിയവങ്കലേക്കു നോക്കും" എന്നു മറ്റൊരു തിരുവെഴുത്തും പറയുന്നു.**

**19:31 "ശരീരങ്ങൾ ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുത്"** ശവശരീരങ്ങൾ തങ്ങളുടെ ദേഹത്തെ ആചാരപരമായി അശുദ്ധമാക്കരുതെന്ന്, വിശേഷിച്ച് പെസഹയുടെ ഉന്നതമായ പരിശുദ്ധ ശബ്ബത്തിൽ, യെഹൂദന്മാർക്ക് നിഷ്കർഷ യുണ്ടായിരുന്നു (ആവ. 21:23).

▣ **"ആ ശബത്ത് വലിയതും"** ഇതിനെ രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം.

1. ഈ പ്രത്യേക വർഷം പെസഹയും ശബത്തും ഒരുമിച്ചു വന്നു (യെഹൂദന്മാർ ചാന്ദ്രമാസ കലണ്ടറാണു പയോഗിച്ചിരുന്നത്)
2. ഈ വർഷം പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും ശബത്തും ഒരുമിച്ചു വന്നു

പെസഹയും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും ചേർന്ന് എട്ടുദിവസത്തെ പെരുന്നാളാണ് (ഒ.നോ. പുറ. 12).

▣ **"കാൽ ഒടിച്ച് എടുപ്പിക്കേണം"** ഈ സാഹചര്യം മുമ്പും ഉണ്ടായിക്കാണണം. ഒരു വലിയ കൊട്ടുവടി ഉപയോ ഗിച്ച് ക്രൂശിക്കപ്പെട്ടവരുടെ കാൽ ഒടിച്ചിരുന്നു. ക്രൂശീകരണത്തിൽ സാധാരണ ശ്വാസം മുട്ടിയാണ് മരണം സംഭവി ക്കുക. കാൽ ഒടിക്കുന്നത് ഇതു പെട്ടെന്നാക്കും. കാരണം ശ്വാസമെടുക്കുന്നതിനായി കാലിൽ ഊന്നി മുകളിലേ ക്കുയരുവാൻ വ്യക്തിക്കു കഴിയാതെ വരും.

**19:33 "അവൻ മരിച്ചുപോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല"** ഇത് പുറ. 12:46; സംഖ്യ. 9:12; സങ്കീ. 34:20 എന്നിവിടങ്ങളിലെ പ്രവചനങ്ങളുടെ നിവൃത്തിയായിരുന്നു.

**19:34 "പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടും അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു"** അവൻ യഥാർത്ഥമായി മരിച്ചു എന്നു വ്യക്തമാക്കുന്നതും അങ്ങനെ യേശു മശിഹായുടെ യഥാർത്ഥ മനുഷ്യത്വത്തെ സ്ഥിരീകരിക്കുന്നതുമായ ഒരു വൈദ്യശാസ്ത്ര ദൃക്സാക്ഷി വിശദീകരണമാണിത്. 1 യോഹന്നാൻ പോലെ, യോഹന്നാന്റെ സുവിശേഷവും, യേശുവിന്റെ ദൈവത്തെ അംഗീകരിക്കുകയും മനുഷ്യത്വത്തെ നിരസി ക്കുകയും ചെയ്യുന്ന ജ്ഞാനവാദം വളർന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ എഴുതപ്പെട്ടതാണ്.

**19:35** താഴെപ്പറയുന്ന മുഴുവൻ സംഭവങ്ങൾക്കും ദൃക്സാക്ഷിയായ യോഹന്നാന്റെ വാക്കുകളാണിവ. (1) രാത്രി വിസ്താരങ്ങൾ; (2) റോമൻ വിസ്താരം; (3) ക്രൂശീകരണം. യേശുവിന്റെ മരണത്തെക്കുറിച്ചുള്ള ഈ പ്രസ്താവന 20:30–31 നു സമാന്തരമാണ്. ആ വാക്യം സുവിശേഷത്തിന്റെ സുവിശേഷീകരണ ലക്ഷ്യത്തെ വിശദീകരിക്കുന്നു. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ കാണുക.

അവസാന ഭാഗത്തെ ക്രിയ സംബന്ധിച്ച് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. ചിലതിൽ വർത്തമാന കാലവും ചിലതിൽ ഭൂതകാലവുമാണ്. ഭൂതകാലമാണെങ്കിൽ 20:30–31 ലെപ്പോലെ ഇതും അവിശ്വാസികളെയാണ് ലക്ഷ്യമിടുന്നത്. വർത്തമാന കാലമാണെങ്കിൽ തുടരുന്നതും വികാസം പ്രാപിക്കുന്നതുമായ വിശ്വാസത്തെ ലക്ഷ്യം വയ്ക്കുന്നു. യോഹന്നാന്റെ സുവിശേഷം രണ്ടു കൂട്ടരെയും ലക്ഷ്യം വയ്ക്കുന്നതായി തോന്നുന്നു.

▣ **"സത്യം.. സത്യം"** 6:55 ലും 17:3 ലും ഉള്ള പ്രത്യേക പഠനവിഷയങ്ങൾ കാണുക.

**19:36** പുറ. 12:46; സംഖ്യ. 9:12; സങ്കീ. 34:20 എന്നിവിടങ്ങളിൽ നിന്നുള്ള പെസഹാ കുഞ്ഞാടിനെക്കുറിച്ചുള്ള സൂച നയാണിത്. ഏതു പ്രയോഗത്തെയാണിവിടെ പരാമർശിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണിതിന്റെ പ്രാധാന്യം: (1) തുളയ്ക്കുക, (2) ഒടിക്കുക. പുനരുത്ഥാനത്തിനുശേഷം താൻ നാല്പതുനാൾ ഭൂമിയിലായിരുന്ന സമയത്ത് യേശു തന്നെ ഈ വേദഭാഗങ്ങൾ ആദിമ സഭയ്ക്ക് വിശദീകരിച്ചുകൊടുത്തിരുന്നു (ഒ.നോ. ലൂക്കൊ. 24:27; പ്രവൃ. 1:2–3). ആദിമസഭയുടെ പ്രസംഗങ്ങളിലും (അപ്പൊ. പ്രവൃത്തിയിൽ) യേശു അവർക്കു കാണിച്ചു കൊടുത്ത ഈ നിവൃത്തിയായ പ്രവചനങ്ങളുടെ പരാമർശം കാണാം.

**19:37** സെഖ. 12:10 ൽ നിന്നുള്ള ഉദ്ധരണിയാണിത്. അതു നൽകുന്ന വലിയ വാഗ്ദത്തങ്ങൾ

1. യിസ്രായേൽ ഒരു ദിവസം വിശ്വാസത്തോടെ മശിഹായായ യേശുവിലേക്കു തിരിയും (ഒ.നോ. വെളി. 1:7).
2. ഇതിനോടകം വിശ്വസിച്ച അനേകർ യെഹൂദന്മാർ യേശുവിന്റെ മരണത്തിൽ ദുഃഖിതരായിരുന്നു
3. ഇത് ജാതീയ രാജ്യങ്ങളുടെ (ഒ.നോ. 12:32) പ്രതിനിധികളായ റോമൻ പടയാളികളെ (ഒ.നോ. മത്താ. 27:54) സൂചിപ്പിക്കുന്നു.

ഇത് സുവിശേഷ രചയിതാക്കൾ സാധാരണയായി ഉദ്ധരിക്കുന്ന സെപ്റ്റജിന്റിൽ നിന്നല്ല മറിച്ച് മസോററ്റിക്

എബ്രായ പതിപ്പിൽ നിന്നാണെന്നത് താല്പര്യജനകമാണ്. സെപ്റ്റജിന്റിൽ "പരിഹസിച്ച" എന്നാണ്, എന്നാൽ മസോറിറ്റിക് പതിപ്പിൽ "കുത്തിയ" എന്നാണ്.

**യോഹന്നാൻ 19:38-42**

**38അനന്തരം, യെഹൂദന്മാരെ പേടിച്ചിട്ടു രഹസ്യത്തിൽ യേശുവിന്റെ ഒരു ശിഷ്യനായിരുന്ന അരിമത്യയിലെ യോസേഫ് യേശുവിന്റെ ശരീരം എടുത്തു കൊണ്ടുപോകുവാൻ പീലാത്തൊസിനോടു അനുവാദം ചോദിച്ചു; പീലാത്തൊസ് അനുവദിക്കയാൽ അവൻ വന്നു അവന്റെ ശരീരം എടുത്തു. 39ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കൊദേമൊസും ഏകദേശം നൂറുറാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു. 40അവർ യേശുവിന്റെ ശരീരം എടുത്തു യെഹൂദന്മാർ ശവം അടക്കുന്ന മര്യാദപ്രകാരം അതിനെ സുഗന്ധ വർഗ്ഗത്തോടുകൂടെ ശീലപൊതിഞ്ഞു കെട്ടി. 41അവനെ ക്രൂശിച്ച സ്ഥലത്തുതന്നേ ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത പുതിയോരു കല്ലറയും ഉണ്ടായിരുന്നു. 42ആ കല്ലറ സമീപം ആകകൊണ്ടു അവർ യെഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെ വെച്ചു.**

**19:38-39 "യോസേഫ് ... നിക്കൊദേമൊസ്"** ധനികരും സൻഹദ്രീനിലെ സ്വാധീനമുള്ള അംഗങ്ങളുമായ ഈ രണ്ടുപേർ യേശുവിന്റെ രഹസ്യ ശിഷ്യന്മാരായിരുന്നുവെങ്കിലും ഈ നിർണ്ണായകവും അപകടകരവുമായ സമയത്ത് പരസ്യമായി രംഗത്ത് വന്നു.

**19:39 "ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ട് കൊണ്ടുവന്നു"** ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരുടെ പാരമ്പര്യ ശവസംസ്കാര സുഗന്ധവർഗ്ഗമായിരുന്നു ഇത്. വലിയ ഒരളവായിരുന്നു അത്. യേശു ഒരു രാജാവിന്റെ നിലയിൽ അടക്കപ്പെട്ടു എന്നതിന്റെ സൂചനയായി ചിലതിനെ കാണുന്നു (ഒ.നോ. 2 ദിന. 16:14). 11:2 ലെ അഭിഷേകത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

"കൂട്ട്" എന്നതിനുള്ള ഗ്രീക്ക് വാക്ക് (മിഗ്മ-*μιγμα*) കയ്യെഴുത്തു പ്രതികളായ $P^{66}$, $\aleph^2$, A, D, L എന്നിവയിലും മിക്ക സഭാപിതാക്കന്മാരുടെ എഴുത്തുകളിലും പരിഭാഷകളിലും കാണാം; എന്നാൽ $\aleph^*$, B, W ചില കോപ്റ്റിക് പതിപ്പുകൾ എന്നിവയിൽ ഇത് "പൊതി" (*എലിഗ്മാ-ελιγμα*) എന്നു മാറ്റിയിരിക്കുന്നു. $UBS^4$ കൂട്ട് എന്നതിന് B റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

## പ്രത്യേക പഠനവിഷയം: ശവസംസ്കാരത്തിനുള്ള സുഗന്ധവർഗ്ഗം

A. മൂർ, അറേബ്യൻ മരങ്ങളിൽ നിന്നുള്ള സുഗന്ധ പശ
   1. ഈ സുഗന്ധത്തെക്കുറിച്ച് പ.നി.ൽ 12 പ്രാവശ്യം പറഞ്ഞിരിക്കുന്നു. അധികവും ജ്ഞാനസാഹിത്യത്തിൽ സുഗന്ധലേപനമായി).
   2. വിദ്വാന്മാർ ശിശുവായ യേശുവിനു കൊണ്ടുവന്ന കാഴ്ചവസ്തുക്കളിലൊന്ന് (ഒ.നോ. മത്താ. 2:11)
   3. ഇതിന്റെ പ്രതീകാത്മകത ശ്രദ്ധേയമാണ്
      a. "വിശുദ്ധ അഭിഷേക തൈലത്തിൽ" ഉപയോഗിച്ചു (പുറ. 30:23-25)
      b. രാജാവിനുള്ള സമ്മാനമായി ഉപയോഗിച്ചു (മത്താ. 2:11)
      c. യേശുവിന്റെ അടക്കത്തിൽ അഭിഷേകത്തിനുപയോഗിച്ചു (ഒ.നോ. യോഹ. 19:39, യോഹ. 11:2 ൽ പ്രതീകാത്മകമായും). തൽമൂദിൽ വിവരിച്ചിരിക്കുന്ന യെഹൂദ മര്യാദ അനുസരിച്ചായിരുന്നു ഇത് (അതാ. ബെരാക്കോത്ത് 53a).

B. അകിൽ, സുഗന്ധമുള്ള മരം
   1. സുഗന്ധ ലേപനത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു (ഒ.നോ സംഖ്യ. 24:6; സങ്കീ. 45:8; സദൃ. 7:17; ഉത്തമ. 4:14)
   2. ഈജിപ്തുകാർ സുഗന്ധലേപന പ്രക്രിയയിൽ മൂരുമായി ചേർത്ത് ഇതുപയോഗിച്ചിരുന്നു
   3. നിക്കൊദേമൊസ് യേശുവിനെ അഭിഷേകം ചെയ്യാൻ ഇതു വലിയൊരളവു കൊണ്ടു വന്നു (ഒ.നോ യോഹ. 19:39). തൽമൂദിൽ വിവരിച്ചിരിക്കുന്ന യെഹൂദ മര്യാദപ്രകാരമായിരുന്നു ഇത് (അതാ. ബെറ്റ്സാഹ് 6a).

**19:40 "അവർ യേശുവിന്റെ ശരീരം എടുത്തു ... അതിനെ സുഗന്ധവർഗ്ഗത്തോടുകൂടെ ശീല പൊതിഞ്ഞുകെട്ടി"** സുഗന്ധ വർഗ്ഗത്തിന് രണ്ടുദ്ദേശ്യമുണ്ടായിരുന്നു.
(1) ദുർഗന്ധം ഒഴിവാക്കുക; (2) ശീലയെ യഥാസ്ഥാനത്ത് ചേർത്തു നിർത്തുക.

**19:41 "അവനെ ക്രൂശിച്ച സ്ഥലത്തു തന്നേ ഒരു തോട്ടവും"** യോസേഫും നിക്കൊദേമൊസും എത്രമാത്രം

ധൃതിയിലാണ് പ്രവർത്തിച്ചതെന്നു നാം മനസ്സിലാക്കുന്നതു നിർണ്ണായകമാണ്. യേശു വൈകിട്ട് 3 മണിക്ക് മരിച്ചു, 6 മണിക്കു മുമ്പ് അവനെ കല്ലറയിൽ വയ്ക്കണമായിരുന്നു. 6 മണിക്ക് യെഹൂദന്മാരുടെ പെസഹ ശബ്ബത്ത് ആരംഭിക്കും.

▣ **"മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത പുതിയൊരു കല്ലറയും"** മത്താ. 27:6 ൽ നിന്നും ഇതു യോസേഫിന്റെ സ്വന്തം കല്ലറയായിരുന്നുവെന്നു മനസ്സിലാക്കാം. മത്താ. 27:57 ൽ ഉദ്ധരിച്ചിട്ടുള്ള യെശ. 53:9 ന്റെ നിവൃത്തിയാണിത്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. പടയാളികൾ എന്തിനാണ് യേശുവിനെ അടിക്കുകയും പരിഹസിക്കുകയും ചെയ്തത്?
2. യേശുവിനെ വിട്ടയയ്ക്കാൻ പീലാത്തൊസ് ആവർത്തിച്ചു ശ്രമിച്ചതിന്റെ പ്രാധാന്യമെന്താണ്?
3. വാ. 15 ലെ യെഹൂദാ പുരോഹിതന്റെ പ്രസ്താവന അതിശയകരമായിരിക്കുന്നത് എന്തുകൊണ്ടാണ്?
4. എന്തുകൊണ്ടാണ് ക്രൂശീകരണത്തിന്റെ വിശദാംശങ്ങൾ ഓരോ സുവിശേഷത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നത്?
5. ആവ. 21:23 എങ്ങനെയാണ് യേശുവിന്റെ ക്രൂശീകരണത്തോടു ബന്ധപ്പെട്ടിരിക്കുന്നത്?

# യോഹന്നാൻ 20

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| യേശുവിന്റെ പുനരുത്ഥാനം | ശൂന്യമായ കല്ലറ | പുനരുത്ഥാനം | ശൂന്യമായ കല്ലറ | ശൂന്യമായ കല്ലറ |
| 20:1-10 | 20:1-10 | 20:1-10 | 20:1-10 | 20:1-2 |
| | | | | 20:3-10 |
| മഗ്ദക്കാരത്തി മറിയയ്ക്ക് യേശുവിന്റെ പ്രത്യക്ഷത | മഗ്ദക്കാരത്തി മറിയ ഉയിർത്തെഴുന്നേറ്റ കർത്താവിനെ കാണുന്നു | | മഗ്ദക്കാരത്തി മറിയയ്ക്ക് യേശു പ്രത്യക്ഷപ്പെടുന്നു | മഗ്ദക്കാരത്തി മറിയയ്ക്കുണ്ടായ പ്രത്യക്ഷത |
| 20:11-18 | 20:11-18 | 20:11-18 | 20:11-13a | 20:11-18 |
| | | | 20:13b | |
| | | | 20:14-15a | |
| | | | 20:15b | |
| | | | 20:16a | |
| | | | 20:17 | |
| | | | 20:18 | |
| ശിഷ്യന്മാർക്കുണ്ടായ യേശുവിന്റെ പ്രത്യക്ഷത | അപ്പൊസ്തലന്മാർ നിയോഗിക്കപ്പെടുന്നു | | യേശു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു | ശിഷ്യന്മാർക്കുണ്ടായ പ്രത്യക്ഷത |
| 20:19-23 | 20:19-23 | 20:19-23 | 20:19-23 | 20:19-23 |
| യേശുവും തോമസും | കാഴ്ചയും വിശ്വാസവും | | യേശുവും തോമസും | |
| 20:24-29 | 20:24-29 | 20:24-29 | 20:24-25a | 20:24-29 |
| | | | 20:25b | |
| | | | 20:26-27 | |
| | | | 20:28 | |
| | | | 20:29 | |
| പുസ്തകത്തിന്റെ ഉദ്ദേശ്യം | നിങ്ങൾ വിശ്വസിക്കേണ്ടതിന് | | പുസ്തകത്തിന്റെ ഉദ്ദേശ്യം | ആദ്യ ഉപസംഹാരം |
| 20:30-31 | 20:30-31 | 20:30-31 | 20:30-31 | 20:30-31 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാക്യം 1-29 ന്റെ പശ്ചാത്ത ഉൾക്കാഴ്ചകൾ

A. അധ്യാ. 14-17 ൽ യേശു അപ്പൊസ്തലന്മാർക്കു നൽകിയ വാഗ്ദത്തങ്ങൾ എല്ലാം തന്നെ ഒന്നാമത്തെ ഉയർപ്പിൻ ഞായറാഴ്ച വൈകുന്നേരം നിറവേറ്റി. 16:20 ന്റെ കുറിപ്പു കാണുക.

B. പുനരുത്ഥാനത്തോടനുബന്ധിച്ചുള്ള വിശദാംശങ്ങളിൽ സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്, കാരണം:

1. അവ ദൃക്സാക്ഷി വിവരണങ്ങളാണ്
2. വർഷങ്ങൾ കടന്നുപോയി
3. ഓരോരും പ്രത്യേക സമൂഹത്തിന് വേണ്ടി എഴുതുകയും വ്യത്യസ്ത കാര്യങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്തു (ഒ.നോ. മത്താ. 28; മർക്കൊ. 16; ലൂക്കൊ. 24).

## പദ, ശൈലി പഠനം

**യോഹന്നാൻ 20:1-10**

**[1]ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ള പ്പോൾ തന്നേ കല്ലറെക്കൽ
ചെന്നു കല്ലറ വായ്ക്കൽനിന്നു കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു. [2]അവൾ ഓടി ശിമോൻപത്രൊസിന്റെയും
യേശുവിന്നു പ്രിയനായ മറ്റെ ശിഷ്യന്റെയും അടുക്കൽ ചെന്നു: കർത്താവിനെ കല്ലറയിൽനിന്നു എടുത്തു
കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു അവരോടു പറഞ്ഞു.
[3]അതുകൊണ്ടു പത്രൊസും മറ്റെ ശിഷ്യനും പുറപ്പെട്ടു കല്ലറെക്കൽ ചെന്നു. [4]ഇരുവരും ഒന്നിച്ചു ഓടി;
മറ്റെ ശിഷ്യൻ പത്രൊസിനെക്കാൾ വേഗത്തിൽ ഓടി ആദ്യം കല്ലറെക്കൽ എത്തി; [5]കുനിഞ്ഞു നോക്കി
ശീലകൾ കിടക്കുന്നതു കണ്ടു; അകത്തു കടന്നില്ല താനും. [6]അവന്റെ പിന്നാലെ ശിമോൻപത്രൊസും
വന്നു കല്ലറയിൽ കടന്നു ശീലകൾ കിടക്കുന്നതും [7]അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ
ശീലകളോടുകൂടെ കിടക്കാതെ വേറിട്ടു ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു. [8]ആദ്യം കല്ലറെക്കൽ
എത്തിയ മറ്റെ ശിഷ്യനും അപ്പോൾ അകത്തു ചെന്നു കണ്ടു വിശ്വസിച്ചു. [9]അവൻ മരിച്ചവരിൽ നിന്നു
ഉയിർത്തെഴുന്നേല്ക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്തു അവർ അതുവരെ അറിഞ്ഞില്ല. [10]അങ്ങനെ
ശിഷ്യന്മാർ വീട്ടിലേക്കു മടങ്ങിപ്പോയി.**

**20:1 "ആഴ്ചവട്ടത്തിൽ ഒന്നാം നാൾ"** പെസഹാ ആഴ്ചയിലെ വലിയ ശബ്ബത്തിനുശേഷം ആദ്യഫലം ദൈവാലയത്തിൽ അർപ്പിക്കുന്ന ആഴ്ചവട്ടത്തിലെ ഒന്നാം ദിനമായ ഞായറാഴ്ച ആയിരുന്നു ഇത്. മരിച്ചവരുടെ ഇടയിൽനിന്നുള്ള ആദ്യഫലമായിരുന്നു ക്രിസ്തു (ഒ.നോ. 1 കൊരി. 15:23). തുടർച്ചയായ മൂന്നു ഞായറാഴ്ച രാത്രികളിലുള്ള യേശുവിന്റെ പ്രത്യക്ഷപ്പെടലുകൾ ഞായറാഴ്ചകളിൽ ആരാധിക്കുവാനുള്ള വേദി വിശ്വാസികൾക്ക് ഒരുക്കിക്കൊടുക്കുന്നു (ഒ.നോ. വാ. 19,26; ലൂക്കൊ. 24:36; അപ്പൊ. 20:7; 1 കൊരി. 16:2).

▣ **"മഗ്ദലക്കാരത്തി മറിയ"** യേശുവിനെയും അപ്പൊസ്തലന്മാരെയും അനുഗമിച്ച നിരവധി സ്ത്രീകളിൽ ഒരാളായിരുന്നു ഇവൾ. ഗലീലയിൽ വച്ച് നിരവധി ഭൂതങ്ങളിൽ നിന്നും യേശു അവളെ വിടുവിച്ചിരുന്നു (ഒ.നോ. മർക്കൊ. 16:9; ലൂക്കൊ. 8:2). ക്രൂശീകരണ സമയത്ത് അവൾ സന്നിഹിതയായിരുന്നു. 19:25 ന്റെ കുറിപ്പുകൾ കാണുക.

മറിയയുടെ സന്ദർശന ഉദ്ദേശ്യം യോഹന്നാന്റെ സുവിശേഷം പ്രസ്താവിക്കുന്നില്ലെങ്കിലും, സുഗന്ധ വർഗ്ഗങ്ങൾ കൊണ്ട് യേശുവിന്റെ ശരീരത്തെ പൂശേണ്ടതിന് നിരവധി സ്ത്രീകൾ നേരത്തെ വന്നിരുന്നുവെന്ന് മർക്കൊസ് 16:1; ലൂക്കൊ. 23:56 വാക്യങ്ങൾ സൂചിപ്പിക്കുന്നു. ഒന്നുകിൽ യോസേഫിന്റെയും നിക്കൊദേമൊസിന്റെയും പൂശലിനെക്കുറിച്ച് അവൾ അറിഞ്ഞിരുന്നില്ല എന്നുവേണം കരുതാൻ, അല്ലെങ്കിൽ ഇത് കൂടുതൽ സുഗന്ധവർഗ്ഗം ഇടുന്നതിനായിരിക്കാം.

▣ **"രാവിലെ ഇരുട്ടുള്ളപ്പോൾ"** ഇരുട്ടുള്ളപ്പോൾ തന്നെയാണ് അവളും മറ്റുള്ളവരും വീടുവിട്ടത്, എന്നാൽ അവർ എത്തിയ സമയത്ത് പ്രഭാതമായിരുന്നു (ഒ.നോ. മത്താ. 28:1; മർക്കൊ. 16:2).

▣ **"കല്ലറയ്ക്കൽ നിന്നു കല്ലു നീങ്ങിയിരിക്കുന്നതു"** അക്ഷരാർത്ഥത്തിൽ അതിന്റെ ചാലിൽ നിന്ന് അത് ഉരുട്ടി നീക്കിയിരുന്നു (ഒ.നോ. മത്താ. 28:2). യേശുവിനെ പുറത്തുകൊണ്ടുവരാനല്ല, കല്ലറയ്ക്കകത്തേയ്ക്ക് ദൃക്സാക്ഷികളെ നയിക്കുവാൻ ആണ് കല്ല് ഉരുട്ടി മാറ്റിയതെന്ന് ഓർക്കുക. അവന്റെ പുനരുത്ഥാന ശരീരത്തിന് അവന്റെ മൺമയമായ ശരീരത്തിന്റെ ഭൗതിക പരിമിതികൾ ഉണ്ടായിരുന്നില്ല (ഒ.നോ. 20:19,26).

**20:2 "അവൾ ഓടി"** യേശു അവിടെ ഇല്ലായെന്ന് ശിഷ്യന്മാരോട് പറയുവാൻ അവൾ നേരത്തെതന്നെ ശൂന്യമായ കല്ലറ വിട്ടുപോയി (ഒ.നോ. മത്താ. 28:5).

▣ **"യേശുവിനു പ്രിയനായ മറ്റെ ശിഷ്യന്റെയും"** പ്രിയനായ എന്നതിന്റെ ഗ്രീക്ക് പദം *ഫിലെയോ(φιλέω)* ആണ്. അതിന് "സഹോദര സ്നേഹം" എന്നർത്ഥമുണ്ട്. എന്നിരുന്നാലും കൊയ്നേ ഗ്രീക്കിൽ (ബി.സി. 300-

എ.ഡി. 300) *അഗാപ്പാഓ(αγαπαω)* എന്നതിന്റെ കൂടെ പര്യായപദമായി ഉപയോഗിച്ചിരുന്നു. ഇവിടെ സൂചിപ്പിക്കപ്പെട്ട ശിഷ്യൻ സുവിശേഷ രചയിതാവായ യോഹന്നാനാണെന്ന് തോന്നുന്നു (ഒ.നോ. വാ. 4-8; 13:23). ഇവിടെ പത്രൊസിനോടൊപ്പം ഈ ശിഷ്യനെ ചേർത്തു പറഞ്ഞിരിക്കുന്നു.

▣ **"കർത്താവിനെ കല്ലറയിൽ നിന്ന് എടുത്തുകൊണ്ടുപോയി"** ഇത് ഒരു ഭൂതകാല കർത്തരി സൂചകമാണ് (ഉദാ. പൂർത്തീകരിക്കപ്പെട്ട പ്രവൃത്തി). യേശു പോയി. മറിയയുടെ മനസ്സിൽ, "അവർ" യെഹൂദ നേതാക്കന്മാർ ആണ്. മാളികമുറിയിൽ കൂടിയിരുന്ന അപ്പൊസ്തലന്മാരും ശിഷ്യന്മാരും പുനരുത്ഥാനത്തിൽ ആശ്ചര്യപ്പെട്ടു.

▣ **"ഞങ്ങൾ"** ഇതിൽ മഗ്ദലക്കാരത്തി മറിയ, യാക്കോബിന്റെ അമ്മ മറിയ, ശലോമ, യോഹന്ന, മറ്റു സ്ത്രീകൾ എന്നിവർ ഉൾപ്പെടുന്നു (ഒ.നോ. മത്താ. 28:1; മർക്കൊ. 16:1; ലൂക്കൊ. 24:10).

**20:4 "ഇരുവരും ഒന്നിച്ചു ഓടി; മറ്റെ ശിഷ്യൻ പത്രൊസിനെക്കാൾ വേഗത്തിൽ ഓടി ആദ്യം കല്ലറെക്കൽ എത്തി"** അപ്പൊസ്തലന്മാരിൽ ഏറ്റവും കുറഞ്ഞ പ്രായത്തിന് സാധ്യതയുള്ളത് യോഹന്നാൻ ആയിരുന്നു എന്നു പാരമ്പര്യം പറയുന്നു.

**20:5 "കുനിഞ്ഞു"** ഈ കാലഘട്ടത്തിലെ കല്ലറയ്ക്ക് ഏകദേശം മൂന്നോ നാലോ അടിമാത്രം ഉയരമുള്ള പ്രവേശന കവാടമാണുണ്ടായിരുന്നത്. ഗുഹയ്ക്കുള്ളിൽ പ്രവേശിക്കുവാൻ ഒരാൾക്ക് കുനിയേണ്ടതുണ്ട് (ഒ.നോ. വാ. 11).

▣ **"കുനിഞ്ഞുനോക്കി"** ഇത് അക്ഷരാർത്ഥത്തിൽ "കാണുന്നതിനായി കുനിഞ്ഞുള്ള" നോട്ടമാണ്. ഇരുളടഞ്ഞ കല്ലറയ്ക്കും പ്രഭാത വെളിച്ചത്തിനും ഇടയിലുള്ള കാഴ്ചയുടെ പ്രശ്നംകൊണ്ടാണിത്.

▣ **"ശീലകൾ കിടക്കുന്നത് കണ്ടു"** ശീലകൾ എവിടെ എങ്ങനെ കിടന്നിരുന്നുവെന്ന് ഗ്രീക്ക് വേദഭാഗങ്ങളിൽ പ്രത്യേകിച്ച് പറഞ്ഞിട്ടില്ല. ശരീരം മോഷ്ടിക്കപ്പെട്ടിരുന്നെങ്കിൽ ശീലകളുടെ അതോടൊപ്പം പോകുമായിരുന്നു. കാരണം സുഗന്ധ ദ്രവ്യങ്ങൾ പശയ്ക്കു സമാനമായ ഫലം ചെയ്തിരുന്നു.

**20:6 "ശീമോൻ പത്രൊസും"** ശീമോൻ (*കേഫാസ്*) അവന്റെ എബ്രായ (അരാമ്യ) പേര് ആയിരുന്നു, അതേ സമയം പത്രൊസ് (*പെട്രോസ്*) എന്നത് യേശു അവനു നൽകിയ ഗ്രീക്ക് പേരായിരുന്നു. ഗ്രീക്കിൽ ഇതർത്ഥമാക്കിയത് "വേർപെടുത്തപ്പെട്ട ഒരു കല്ല്" (ഒ.നോ. മത്താ. 16:18). അരാമ്യയിൽ *പെട്രോസ്, പെട്രാ* എന്നിവ തമ്മിൽ ഒരു വ്യത്യാസമില്ല.

**20:7 "റൂമാൽ"** ഒരു വേറെ തുണികൊണ്ട് മുഖം പൊതിഞ്ഞിരുന്നു (ഒ.നോ. 11:44). ഈ റൂമാൽ (1) മുഖത്തിടുവാൻ; (2) മുഖം പൊതിയുവാൻ (ഒ.നോ. NJB); അല്ലെങ്കിൽ (3) താടിയെല്ല് യഥാസ്ഥാനത്ത് കെട്ടിനിർത്തുവാൻ (ഒ.നോ. TEV) ഉപയോഗിച്ചിരിക്കുവാൻ സാധ്യതയുണ്ട്.

▣ **"വേറിട്ടു ഒരിടത്തു ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു"** ചുരുട്ടി വെയ്ക്കുവാൻ ആരോ ഒരാൾ പ്രത്യേക ശ്രദ്ധ ചെലുത്തിയെന്ന് സൂചിപ്പിക്കുന്ന മറ്റൊരു പൂർണ്ണ കർമ്മിണി സൂചകമാണിത്. അവന്റെ ശ്രദ്ധയാകർഷിക്കുകയും വിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തതിതാണ്.

**20:8 "കണ്ടു വിശ്വസിച്ചു"** യോഹന്നാൻ ഭൗതിക തെളിവ് കാണുകയും യേശു ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുകയും ചെയ്തു. അഥവാ അവൻ വിശ്വസിച്ചോ? (ഒ.നോ വാ. 11,19). പുനരുത്ഥാനത്തിലുള്ള വിശ്വാസം ഒരു നിർണായക ദൈവശാസ്ത്ര വിഷയമാണ്

1. റോമർ 10:9-13
2. 1 കൊരി. 15

യേശു ഉയർത്തെഴുന്നേറ്റിട്ടില്ലായിരുന്നുവെങ്കിൽ ഉണ്ടാകാമായിരുന്ന അനന്തരഫലങ്ങളുടെ ഒരു നല്ല സംഗ്രഹമാണ് 1 കൊരി. 15:12-19. അപ്പൊസ്തല പ്രവൃത്തികളിലെ *കെരിഗ്മ* എന്നു വിളിക്കപ്പെടുന്ന ആദിമ അപ്പൊസ്തലിക പ്രസംഗങ്ങളുടെ കേന്ദ്ര സത്യമായി പുനരുത്ഥാനം മാറ്റപ്പെട്ടു. 5:39 ലെ പ്രത്യേകപഠനവിഷയം കാണുക.

**20:9 "തിരുവെഴുത്തു അവർ അതുവരെ അറിഞ്ഞില്ല"** ലേഖകന്റെ മറ്റൊരു പത്രാധിപ അഭിപ്രായമാണിത്. അപ്പൊ. പ്രവൃ. 2:27 ൽ പെന്തെക്കോസ്തു നാളിൽ പത്രൊസ് ഉദ്ധരിക്കുന്ന സങ്കീ. 16:10 നെ ഇത് സൂചിപ്പിക്കുന്നു. എന്നിരുന്നാലും, ഇത് യെശ. 53:10-12 നെയോ ഹോശേ. 6:2 നെയോ സൂചിപ്പിക്കാൻ സാധ്യതയുണ്ട്. ശിഷ്യന്മാർ മനസ്സിലാക്കാതിരുന്നപ്പോൾ, യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള അവന്റെ പ്രവചനം സൻഹിദ്രിം സംഘത്തിനു മനസ്സിലായി (ഒ.നോ. മത്താ. 27:62-66). എന്തൊരു വിരോധാഭാസം!

ശിഷ്യന്മാരിൽ ആത്മാവ് പൂർണ്ണ അളവിൽ ഇതുവരെയും വന്നിട്ടില്ലായെന്ന സത്യം ദൃഢപ്പെടുത്താൻ ഈ വാക്യം ദൈവശാസ്ത്രപരമായി നിലകൊള്ളുന്നുണ്ടാകാം. ഒരിക്കൽ ലഭിച്ചു കഴിഞ്ഞാൽ, യേശുവിന്റെ വാക്കുകളും പ്രവൃത്തികളും മനസ്സിലാക്കുവാൻ ആത്മാവ് വിശ്വാസികളെ സഹായിക്കും (ഒ.നോ. 2:22; 14:26).

**20:10** ഇത് അർത്ഥമാക്കുന്നത് (1) അവർ ഗലീലയിലേക്ക് തിരികെപ്പോയി (ഒ.നോ. മത്താ. 20:37; 28:7,10,16; യോഹ. 21 ൽ കാണുന്നത് ഗലീലക്കടലിൽ അവർ മീൻപിടിക്കുന്നതാണ്); അല്ലെങ്കിൽ (2) യെരൂശലേമിലെ അവരുടെ വാസസ്ഥലങ്ങളിലേക്ക് പോയി. പുനരുത്ഥാന ശേഷമുള്ള അനുഭവങ്ങൾ മാളികമുറിയിൽ വെച്ചായിരുന്നതിനാൽ രണ്ടാമത്തേതിനാണ് കൂടുതൽ സാധ്യതയുള്ളത്.

**യോഹന്നാൻ 20:11-18**

**[11]എന്നാൽ മറിയ കല്ലറെക്കൽ പുറത്തു കരഞ്ഞുകൊണ്ടു നിന്നു. കരയുന്നിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു നോക്കി. [12]യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്തു വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലെക്കലും ഒരുത്തൻ കാല്ക്കലും ഇരിക്കുന്നതു കണ്ടു. [13]അവർ അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു എന്നു ചോദിച്ചു. എന്റെ കർത്താവിനെ എടുത്തു കൊണ്ടുപോയി; അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു അവൾ അവരോടു പറഞ്ഞു. [14]ഇതു പറഞ്ഞിട്ടു അവൾ പിന്നോക്കം തിരിഞ്ഞു, യേശു നില്ക്കുന്നതു കണ്ടു; യേശു എന്നു അറിഞ്ഞില്ലതാനും. [15]യേശു അവളോടു: സ്ത്രീയേ, നീ കരയുന്നതു എന്തു? ആരെ തിരയുന്നു എന്നു ചോദിച്ചു. അവൻ തോട്ടക്കാരൻ എന്നു നിരൂപിച്ചിട്ടു അവൾ: യജമാനനേ, നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു പറഞ്ഞുതരിക; ഞാൻ അവനെ എടുത്തു കൊണ്ടുപൊയ്ക്കൊള്ളാം എന്നു അവനോടു പറഞ്ഞു. [16]യേശു അവളോടു: മറിയയേ, എന്നു പറഞ്ഞു. അവൾ തിരിഞ്ഞു എബ്രായഭാഷയിൽ: റബ്ബൂനി എന്നു പറഞ്ഞു; അതിന്നു ഗുരു എന്നർത്ഥം. [17]യേശു അവളോടു: എന്നെ തൊടരുതു; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല; എങ്കിലും നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്നു അവരോടു പറക എന്നു പറഞ്ഞു. [18]മഗ്ദലക്കാരത്തി മറിയ വന്നു താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോടു പറഞ്ഞു എന്നും ശിഷ്യന്മാരോടു അറിയിച്ചു.**

**20:11 "കരഞ്ഞുകൊണ്ടു"** ഇത് അക്ഷരാർത്ഥത്തിൽ "ഉച്ചത്തിലുള്ള നിലവിളി"യാണ് (ഒ.നോ. 11:31). ഭൂതകാലത്തിലെ തുടർച്ചയായ പ്രവൃത്തിയെക്കുറിക്കുന്ന അപൂർണ്ണകാലമാണിത്. പൗരസ്ത്യ ശവസംസ്കാര ചടങ്ങുകൾ വളരെ വൈകാരികമായിരുന്നു.

**20:12 "രണ്ടു ദൂതന്മാർ"** രണ്ടു ദൂതന്മാർ ഉണ്ടായിരുന്നുവെന്ന കാര്യത്തിൽ യോഹന്നാനും ലൂക്കൊസും (24:33) ഏകാഭിപ്രായക്കാരാണ്. എല്ലാറ്റിലും രണ്ടുണ്ടെന്നു രേഖപ്പെടുത്തുന്ന മത്തായി (ഒ.നോ. 8:28; 9:27; 20:30), മത്തായിക്ക് പക്ഷേ ഒരു ദൂതൻ മാത്രമാണുള്ളത്. സുവിശേഷങ്ങൾക്കിടയിലുള്ള വിശദീകരിക്കാനാവാത്ത വ്യത്യാസങ്ങളുടെ ഒരുദാഹരണമാണിത്.

സുവിശേഷങ്ങൾ ദൃക്സാക്ഷി വിവരണങ്ങൾ ആയിരിക്കുമ്പോൾ തന്നേ, യേശുവിന്റെ വാക്കുകളും പ്രവൃത്തികളും തങ്ങൾ ലക്ഷ്യം വയ്ക്കുന്ന വായനക്കാരുടെ ആവശ്യമനുസരിച്ച് തിരുഞ്ഞെടുക്കുവാനും കൂട്ടിക്കലർത്തുവാനും അവർക്കനുവാദമുണ്ടായിരുന്നു. ആധുനിക വായനക്കാർ സാധാരണയായി ഏതു സുവിശേഷമാണ് ചരിത്രപരമായി കൃത്യതയുള്ളത് എന്ന ചോദ്യം ചോദിക്കുകയോ അല്ലെങ്കിൽ ഒരു സംഭവം സംബന്ധിച്ച് സുവിശേഷ രചയിതാവ് രേഖപ്പെടുത്തിയിരിക്കുന്നതിനെക്കാൾ കൂടുതൽ ചരിത്രപരമായ വിശദാംശങ്ങൾ അന്വേഷിക്കുകയോ ചെയ്യാറുണ്ട്. സുവിശേഷം ഗ്രഹിക്കുന്നതിന് ഇതിൽ കൂടുതൽ ചരിത്ര വിശദാംശങ്ങൾ നമുക്കാവശ്യമില്ല.

▣ **"വെള്ളവസ്ത്രം"** ആത്മീയമണ്ഡലം അല്ലെങ്കിൽ ആത്മീയ ജീവികൾ വെള്ള ധരിക്കുന്നതായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

1. രൂപാന്തരസമയത്ത് യേശുവിന്റെ വസ്ത്രങ്ങൾ - മത്താ. 17:2; മർക്കൊ. 9:3; ലൂക്കൊ. 9:29
2. കല്ലറയ്ക്കൽ വെച്ച് ദൂതന്മാർ - മത്താ. 28:3; മർക്കൊ. 16:5; ലൂക്കൊ. 24:4; യോഹ. 20:12
3. സ്വർഗ്ഗാരോഹണ സമയത്ത് ദൂതന്മാർ - അപ്പൊ. പ്രവൃ. 1:10
4. മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിനോടൊപ്പമുള്ള വിശുദ്ധന്മാർ - വെളി. 3:4-5,18
5. ദൈവ സിംഹാസനത്തിന് ചുറ്റുമുള്ള മൂപ്പന്മാർ (ദൂതന്മാർ) - വെളി. 4:4
6. ദൈവ സിംഹാസനത്തിനു കീഴിലുള്ള രക്തസാക്ഷികൾ - വെളി. 6:11
7. വീണ്ടെടുക്കപ്പെട്ട എല്ലാവരും - എബ്രാ. 7:9, 13-14 (ഒ.നോ. ദാനീ. 12:10)
8. സ്വർഗ്ഗത്തിലെ സൈന്യങ്ങൾ (ദൂതന്മാരുടെ) - വെളി. 19:14
9. പാപക്ഷമയുടെ പഴയനിയമ പ്രതീകം - സങ്കീ. 51:7; യെശ. 1:18 (ദൈവത്തിന്റെ പരിശുദ്ധിയെ കാണിക്കുന്നു, ഒ.നോ. ദാനീ. 7:9).

**20:14 "യേശു എന്നു അറിഞ്ഞില്ലതാനും"** മഗ്ദലനക്കാരത്തി മറിയ യേശുവിനെ തിരിച്ചറിഞ്ഞില്ല. ഇതിനുള്ള കാരണങ്ങൾ ഇവയാകാം:

1. അവളുടെ കണ്ണുകളിൽ കണ്ണുനീർ ഉണ്ടായിരുന്നു
2. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കാണ് അവൾ നോക്കിക്കൊണ്ടിരുന്നത്
3. യേശുവിന്റെ പ്രത്യക്ഷത ഏറെക്കുറെ വ്യത്യസ്ത രൂപത്തിലായിരുന്നു (ഒ.നോ. മത്താ. 28:17; ലൂക്കൊ. 24:16,37).

**20:15 "യജമാനനേ"** *കൂറിയോസ്* എന്ന ഗ്രീക്കു പദമാണിവിടെ ഉപയോഗിച്ചിട്ടുള്ളത്. ദൈവശാസ്ത്രപരമല്ലാത്ത അർത്ഥത്തിലാണിത് (ഒ.നോ. 12:21), ഇതിന് "സർ, ശ്രീമാൻ, ഗുരു, ഉടമസ്ഥൻ, ഭർത്താവ്, കർത്താവ്" എന്നീ അർത്ഥങ്ങളാണുള്ളത്. താൻ (1) തോട്ടക്കാരനോടോ അല്ലെങ്കിൽ (2) തോട്ടത്തിന്റെ ഉടമസ്ഥനോടോ ആണ്

സംസാരിക്കുന്നതെന്ന് മറിയ ചിന്തിച്ചു. പക്ഷേ ഇതിന്റെ 20:28 ലെ ദൈവശാസ്ത്രപരമായ ഉപയോഗം ശ്രദ്ധിക്കുക.

▣ **"എങ്കിൽ"** സംസാരിക്കുന്നവന്റെ കാഴ്ചപ്പാടിൽ സത്യമായിരിക്കുന്ന ഉത്തമപുരുഷ സോപാധിക വാചകമാണിത്. ശരീരം ആരോ മോഷ്ടിച്ചുവെന്ന് അവൾ വിശ്വസിച്ചു.

**20:16 "മറിയയേ ... റബ്ബൂനീ'** മറിയ അക്ഷരാർത്ഥത്തിൽ മിര്യാം ആകുന്നു. ഈ രണ്ടു പദങ്ങളും അരാമ്യ ഭാഷയിലുള്ളതാണ് (അരാമ്യയെയാണ് എബ്രായ അർത്ഥമാക്കുന്നത്, ഒ.നോ. 5:2; 9:13,17,20). പ്രത്യക്ഷത്തിൽ ഒരു സവിശേഷ രീതിയിലാണ് യേശു അവളുടെ പേര് പറഞ്ഞത്. എമ്മവുസ് എന്ന ഗ്രാമത്തിലേക്ക് പോകുമ്പോൾ അവൻ രണ്ടുപേരോടൊത്ത് പ്രാർത്ഥിച്ചപ്പോഴും ഇതേ രീതിയിലുള്ള കാര്യം അവൻ ചെയ്തിരിക്കണം (ഒ.നോ. ലൂക്കൊ. 24:30-31). ഇംഗ്ലീഷിൽ, "Rabboni" എന്നതിന്റെ അന്ത്യത്തിലെ "I"എന്ന അക്ഷരം "My Rabbi" (എന്റെ റബ്ബീ), my master (എന്റെ കർത്താവേ) അല്ലെങ്കിൽ My teacher (എന്റെ ഗുരോ) എന്നതിനെ സൂചിപ്പിച്ചിരിക്കാം.

## പ്രത്യേക പഠനവിഷയം:
## യേശുവിന്റെ പുനരുത്ഥാനാനന്തര പ്രത്യക്ഷതകൾ

തന്റെ പുനരുത്ഥാനത്തെ ഉറപ്പിക്കുവാൻ നിരവധി വ്യക്തികൾകക് യേശു സ്വയം കാണിച്ചുകൊടുത്തു.

1. കല്ലറയ്ക്കലുള്ള സ്ത്രീയ്ക്ക്, മത്താ. 28:9
2. പതിനൊന്ന് ശിഷ്യന്മാർക്ക്, മത്താ. 28:16
3. ശീമോന്, ലൂക്കൊ. 24:34
4. രണ്ടു പുരുഷന്മാർക്ക്, ലൂക്കൊ. 24:15
5. ശിഷ്യന്മാർക്ക്, ലൂക്കൊ. 24:36
6. മഗ്ദലക്കാരത്തി മറിയയ്ക്ക്, യോഹ. 20:15
7. പത്ത് ശിഷ്യന്മാർക്ക്, യോഹ. 20:17
8. പതിനൊന്ന് ശിഷ്യന്മാർക്ക്, യോഹ. 21:1
9. ഏഴ് ശിഷ്യന്മാർക്ക്, യോഹ. 21:1
10. കേഫാവിന് (പത്രൊസ്) 1 കൊരി. 15:5
11. പന്തിരുവർക്ക് (അപ്പൊസ്തലന്മാർ), 1 കൊരി. 15:5
12. 500 സഹോദരന്മാർക്ക്, 1 കൊരി. 15:6 (മത്താ. 28:16-17)
13. യാക്കോബ് (അവന്റെ ഐഹിക കുടുംബം) 1 കൊരി. 15:7
14. എല്ലാ അപ്പൊസ്തലന്മാർക്കും, 1 കൊരി. 15:7
15. പൗലൊസ്, 1 കൊരി. 15:8 (അപ്പൊ. 9)

ഇവയിൽ ചിലത് യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നത് സമാനമായ പ്രത്യക്ഷപ്പെടലാണ്. താൻ ജീവിക്കുന്നുവെന്ന് അവർ ഉറപ്പായിട്ടും അറിയണമെന്ന് യേശു ആഗ്രഹിച്ചു.

**20:17**
**NASB "എന്നെ മുറുകെപ്പിടിക്കുന്നത് നിർത്തുക"**
**NKJV "എന്നെ മുറുകെപ്പിടിക്കരുത്"**
**NRSV "എന്നെ പിടിക്കരുത്"**
**TEV "എന്നെ പിടിക്കരുത്"**
**KJV "എന്നെ മുറുകെ പിടിക്കരുത്"**

KJV യിൽ "എന്നെ തൊടരുത്" എന്നാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുകയെന്ന അർത്ഥത്തിലുള്ള നിഷേധാത്മക ഘടകത്തോടുകൂടിയ ഒരു വർത്തമാനകാല മധ്യകല്പനയാണിത്. മറിയ അവനെ കടന്നുപിടിക്കുകയും പിടിച്ചുകൊണ്ടിരിക്കുകയും ചെയ്തു. സ്വർഗ്ഗാരോഹണത്തിന് മുമ്പ് യേശുവിന്റെ ശരീരത്തെ സ്പർശിക്കുന്നതുമായി ഇതിന് ദൈവശാസ്ത്രവിവക്ഷ ഒന്നുമില്ല. യോഹന്നാൻ 20:26 ൽ തന്നെ തൊടുവാൻ യേശു തോമാസിന് അനുവാദം കൊടുക്കുന്നുണ്ട്. മത്താ. 28:9 ൽ അവന്റെ കാൽ പിടിച്ചു നമസ്കരിക്കാൻ യേശു സ്ത്രീകൾക്ക് അനുവാദം കൊടുക്കുന്നുണ്ട്.

▣ **"ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല"** ഇതു പൂർണ്ണ കർത്തരി സൂചകമാണ്. തന്റെ പുനരുത്ഥാനത്തിന് ശേഷം 40 ദിവസങ്ങളോളം യേശു സ്വർഗ്ഗാരോഹണം ചെയ്തിരുന്നില്ല (ഒ.നോ. പ്രവൃ. 1:9).

▣ **"എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു"** പുനരുത്ഥാനം ചെയ്ത, മഹത്വീകരിക്കപ്പെട്ട കർത്താവ് ഈ ഭീരുക്കളെ "സഹോദരന്മാർ" എന്നു വിളിക്കുന്നു (ഒ.നോ. മത്താ. 12:50).

▣ **"ഞാൻ കയറിപ്പോകുന്നു"** ഇത് വർത്തമാനകാലമാണ്. അവൻ അവരുടെ സാന്നിധ്യത്തിൽ ആയിരുന്ന സമയത്ത് നാല്പതു ദിവസം വരെയും ഇത് യഥാർത്ഥത്തിൽ സംഭവിച്ചിട്ടില്ല (ഒ.നോ. ലൂക്കൊ. 24:50-52; അപ്പൊ. 1:2-3). "മുകളിൽ" "താഴെ" എന്ന ലംബദ്വന്ദ്വം യോഹന്നാൻ തുടർച്ചയായി ഉപയോഗിക്കുന്നു. യേശു പിതാവിൽ

നിന്ന് വന്നു (പൂർവ്വാസ്തിക്യം), അവൻ പിതാവിങ്കലേക്ക് മടങ്ങിപ്പോകുന്നു (മഹത്വീകരണം).

▣ **"എന്റെ പിതാവും നിങ്ങളുടെ പിതാവും"** എത്ര വിസ്മയാവഹമായ പ്രസ്താവന! എങ്കിലും, യേശുവിന്റെ പുത്രത്വത്തോട് വിശ്വാസികളുടെ പുത്രത്വം തുല്യമായിരിക്കുന്നു എന്ന കാര്യം ഇത് സൂചിപ്പിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. പിതാവിന്റെ അതുല്യനായ പുത്രനാണ് ഇവൻ (3:16), പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമാണവൻ. അവൻ മുഖാന്തരം മാത്രമാണ് വിശ്വാസികൾ കുടുംബാംഗങ്ങളായി മാറുന്നത്. അവൻ കർത്താവും രക്ഷകനും, കൂടാതെ സഹോദരനുമാണ്!

**20:18** മറിയ ഒരു സാക്ഷിയുമാകുന്നു!

## യോഹന്നാൻ 20:19–23

**[19]ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരംവൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു അവരോടു പറഞ്ഞു. [20]ഇതു പറഞ്ഞിട്ടു അവൻ കയ്യും വിലാപ്പുറ വും അവരെ കാണിച്ചു; കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു. [21]യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറ ഞ്ഞു. [22]ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോടു: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. [23]ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തി യിരിക്കുന്നു എന്നു പറഞ്ഞു.**

**20:19 "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"** നമ്മുടെ തിങ്കളാഴ്ചപോലെ, ഞായറാഴ്ച ആദ്യത്തെ പ്രവൃത്തി ദിനമായിരുന്നു. യേശുവിന്റെ പുനരുത്ഥാനത്തിന്റെ സ്മരണ ആഘോഷിക്കുന്നതിലേക്കുള്ള സഭയുടെ കൂടിവരവു ദിനമായി ഇത് മാറ്റപ്പെട്ടു. തുടർച്ചയായി മൂന്നു ഞായറാഴ്ചകളിൽ മാളികമുറിയിൽ പ്രത്യക്ഷപ്പെടുന്നതിലൂടെ അവൻ തന്നെ ഒരു മാതൃക സ്ഥാപിച്ചെടുത്തു (ഒ.നോ. വാ. 19,26; ലൂക്കൊ. 24:36 മുതൽ; അപ്പൊ. 20:7; 1 കൊരി. 16:2).

സംസ്ഥാപിതമായ ഉത്സവദിവസങ്ങളിൽ ദൈവാലയത്തിലും പ്രാദേശിക സിനഗോഗുകളിലും ആദിമ തലമുറയിലെ വിശ്വാസികൾ കൂടിവരുന്നത് തുടർന്നു വന്നു. എന്നിരുന്നാലും, യേശു മശിഹായല്ലെന്ന് സിനഗോഗ് അംഗങ്ങൾ തള്ളിപ്പറയുന്നതിന് ആവശ്യമായ ഒരു 'ശാപ ആണയിടൽ' റബ്ബിമാർ സ്ഥാപിച്ചു (എ.ഡി. 70ന് ശേഷം). അതോടെ അവർ ശബ്ബത്ത് ദിനത്തിലെ ആരാധന വിട്ടുകളഞ്ഞു, എന്നാൽ ഞായറാഴ്ചകളിൽ, പുനരുത്ഥാന ദിനത്തിൽ, യേശുവിന്റെ പുനരുത്ഥാനത്തിന്റെ സ്മരണ ആഘോഷിക്കുവാൻ അവർ മറ്റുള്ള വിശ്വാസികളോടു കൂടെ കൂട്ടായ്മ ആചരിക്കുന്നത് തുടർന്നുപോന്നു.

▣ **"നേരം വൈകിയപ്പോൾ"** യെഹൂദാസമയം തുടങ്ങുന്നതും അവസാനിക്കുന്നതും പ്രഭാതത്തിലും സന്ധ്യ യ്ക്കുമാണ് (ഒ.നോ. ഉല്പ. 1:5), അത് ഇവിടെ ഞായറാഴ്ച ഏകദേശം വൈകുന്നേരം ആറു മണിയാണ്.

▣ **"വാതിൽ അടച്ചിരിക്കെ"** ഇത് പൂർണ്ണ കർമ്മിണി ഘടകമാണ്. താഴത്തെ നിലയിലും മുകളിലത്തെ നിലയും അടച്ചിരുന്നു (ഇംഗ്ലീഷിൽ വാതിലുകൾ എന്നാണ്) ബഹുവചനം സൂചിപ്പിക്കുന്നത്. ഇത് പ്രത്യേകം പറഞ്ഞിരി ക്കുന്നത് (1) യേശുവിന്റെ പ്രത്യക്ഷപ്പെടൽ ഊന്നിപ്പറയുവാനോ അല്ലെങ്കിൽ (2) അറസ്റ്റിനെക്കുറിച്ചുള്ള അവരുടെ പേടിയെ കാണിക്കുവാനോ ആണ്.

▣ **"ശിഷ്യന്മാർ"** തോമസ് അവിടെയില്ലായിരുന്നു. പതിനൊന്ന് അപ്പൊസ്തലന്മാർക്ക് പുറമേ മറ്റുള്ള ശിഷ്യന്മാരും ഉണ്ടായിരുന്നു (ഒ.നോ. ലൂക്കൊ. 24:33).

▣ **"നിങ്ങൾക്കു സമാധാനം"** അവരുടെ ആശ്ചര്യത്തെയും കൂടാതെ ഭയത്തെയും ഇത് കാണിക്കുന്നു. യേശു അവർക്ക് സമാധാനം വാഗ്ദാനം ചെയ്തു (ഒ.നോ. 14:27; 16:33). എബ്രായ അഭിവാദനമായ ശാലോം ആയിരിക്കാം ഇവിടെ പ്രതിഫലിപ്പിക്കുന്നത്. യേശു മൂന്നു പ്രാവശ്യം ഇത് ആവർത്തിക്കുന്നു (വാ. 19,21,26).

**20:20 "അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു"** മറ്റുള്ള സുവിശേഷങ്ങളിൽനിന്നു വ്യത്യസ്തമായി യേശുവിന്റെ വിലാപ്പുറത്ത് കുത്തുന്നതിനെ യോഹന്നാൻ പ്രത്യക്ഷത്തിൽ കേന്ദ്രീകരിച്ചു പറയുന്നു (ഒ.നോ. 19:37; 20:25). ലൂക്കൊ. 24:39; സങ്കീ. 22:16 എന്നിവ ഒഴിച്ച് അവന്റെ പാദത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല. തന്റെ ക്രൂശീകരണത്തിന്റെ അടയാളങ്ങൾ യേശുവിന്റെ മഹത്വീകരിക്കപ്പെട്ട ശരീരം നിലനിർത്തുന്നു (ഒ.നോ. 1 കൊരി. 1:23; ഗലാ. 3:1).

▣ **"കർത്താവിനെ"** പഴയനിയമത്തിലെ യഹോവയോട് ബന്ധപ്പെട്ട ഈ പേര് അതിന്റെ പൂർണ്ണ ദൈവശാസ്ത്ര അർത്ഥത്തിലാണ് ഇവിടെ ഉപയോഗിക്കുന്നത് (ഒ.നോ. പുറ. 3:14). യേശുവിന്റെ പൂർണ്ണ ദൈവത്വം പുതിയ നിയമ എഴുത്തുകാർ സ്ഥിരീകരിച്ച ഒരു മാർഗ്ഗം യേശുവിന് പിതാവായ ദൈവത്തിന്റെ പഴയനിയമ നാമം കൊടുക്കുക എന്നതായിരുന്നു. 3:19 ലെ പ്രത്യേക പഠനവിഷയം കാണുക.

**20:21 "പിതാവു എന്നെ അയച്ചതുപോലെ"** ഇതൊരു പൂർണ്ണ കർത്തരി സൂചകം ആണ് (ഒ.നോ. 17:18). സഭയ്ക്ക് ഒരു ദൈവനിയുക്ത കല്പനയുണ്ട് (ഒ.നോ. മത്താ. 28:18-20; ലൂക്കൊ. 24:47; പ്രവൃ. 1:8). ഒരു ത്യാഗോജ്വലമായ ദൗത്യത്തിനായി വിശ്വാസികളും അയയ്ക്കപ്പെട്ടിരിക്കുന്നു (ഒ.നോ. 2 കൊരി. 5:14-15; 1 യോഹ. 3:16).

''അയയ്ക്കുക'' എന്നതിന് യേശു രണ്ട് വിഭിന്ന പദങ്ങൾ ഉപയോഗിക്കുന്നു. യോഹന്നാനിൽ ഇവ പര്യായങ്ങളാണ്. ഇത് 8-ാം അദ്ധ്യായത്തിൽ സ്പഷ്ടമായി കാണുന്നുണ്ട്. അവിടെ യേശു പിതാവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന് കാണിക്കുവാൻ *പെമ്പോ* (*πεμπω*) ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 8:16,18,26,29). എങ്കിലും 8:42 ൽ *അപ്പൊസ്റ്റെല്ലോ* (*αποστελλω*) ഉപയോഗിച്ചിരിക്കുന്നു. 5,6 എന്നീ അധ്യായങ്ങളിലും ഈ സമാന കാര്യം കാണാം. 5:24 ലെ പ്രത്യേക പഠനവിഷയം: അയയ്ക്കുക (*അപ്പോസ്റ്റെല്ലോ - αποστελλω*) കാണുക.

**20:22 "അവൻ അവരുടെമേൽ ഊതി"** "ഊതി" എന്ന വാക്കിന്റെ ദ്വയാർത്ഥ പ്രയോഗമാണിത്. എബ്രായ ഭാഷയിലെ *റൂവാഹും* ഗ്രീക്കിലെ *ന്യൂമായും* (*πνευμα*) "ശ്വസിക്കുക", "കാറ്റ്", അല്ലെങ്കിൽ "ആത്മാവ്" എന്നിങ്ങനെ അർത്ഥമാക്കാൻ കഴിയും. സെപ്റ്റജിന്റിലെ ഈ സമാനക്രിയാപദം പഴയനിയമത്തിൽ ഉല്പത്തി 2:7ലെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലും യെഹെസ്കേൽ 37:5,9 ലെ യിസ്രായേലിന്റെ പുനർജ്ജീവിപ്പിക്കലിലും ഉപയോഗിച്ചിരിക്കുന്നു. "അവരുടെ" എന്ന സർവ്വനാമം അപ്പൊസ്തലന്മാരെക്കാൾ വിസ്തൃതമായ ഒരു ഗ്രൂപ്പിനെ സൂചിപ്പിക്കുന്നു (ഒ.നോ. ലൂക്കൊ. 24:33).

▣ **"പരിശുദ്ധാവിനെ കൈക്കൊൾവിൻ"** ഇതൊരു സാമാന്യകർത്തരി കല്പനയാണ്. പെന്തെക്കോസ്തു ദിനത്തിലെ പരിശുദ്ധാത്മാവിന്റെ വരവുമായി ഇത് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നത് അവ്യക്തമാണ്. ഈ പ്രഥമ പ്രത്യക്ഷപ്പെടലിൽ താൻ ശിഷ്യന്മാരോട് മുമ്പു വാഗ്ദാനം ചെയ്തിരുന്നതെല്ലാം യേശു നിവർത്തിച്ചു. പരിശുദ്ധാത്മാവ് വാഗ്ദാനം ചെയ്തതെല്ലാം യേശു നിർവഹിച്ചു. പരിശുദ്ധാത്മാവ് യേശുവിന്റെ ജലസ്നാന സമയത്ത് അവനെ ഒരുക്കിയതുപോലെ, ശിഷ്യന്മാരുടെ പുതിയ ശുശ്രൂഷാ ദൗത്യത്തിനായി യേശു അവരെ ഒരുക്കുന്നതുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

പിതാവിൽ നിന്നുമാണോ അതോ പിതാവിൽ നിന്നും പുത്രനിൽ നിന്നുമാണോ ആത്മാവ് പുറപ്പെടുന്നതെന്ന ചോദ്യത്തിന്മേലുള്ള ആദിമസഭയിലെ വാഗ്വാദത്തിൽ ഈ വാക്യം ഉപയോഗിച്ചു. യഥാർത്ഥത്തിൽ വീണ്ടെടുപ്പിന്റെ എല്ലാ കർമ്മത്തിലും ത്രിത്വത്തിലെ മൂന്നു വ്യക്തികളും ഉൾപ്പെടുന്നു.

*എ തിയോളജി ഓഫ് ദ ന്യൂ ടെസ്റ്റമെന്റിൽ*' ജോർജ്ജ് ലാഡ് ഈ വേദഭാഗത്തിന്റെ സാധ്യമായ വ്യാഖ്യാനം സംക്ഷേപിക്കുന്നു.

> "പെന്തെക്കോസ്തു ദിനത്തിലെ പരിശുദ്ധാത്മാവിന്റെ വരവിന്റെ വെളിച്ചത്തിൽ ഈ വേദഭാഗം വൈഷമ്യം സൃഷ്ടിക്കുന്നു. അത് മൂന്നു മാർഗ്ഗങ്ങളിൽ ഒന്നിലൂടെ പരിഹരിക്കാൻ കഴിയും. ഒന്നുകിൽ പെന്തെക്കോസ്തിനെപ്പറ്റി അറിയാത്ത യോഹന്നാൻ ഈ കഥ പകരം വയ്ക്കുന്നു, അതുകൊണ്ട് ഇത് യോഹന്നാന്റെ പെന്തെക്കോസ്ത് ആയി മാറുന്നു; അല്ലെങ്കിൽ യഥാർത്ഥത്തിൽ ആത്മാവിന്റെ രണ്ട് ദാനങ്ങൾ ഉണ്ടായിരുന്നു. അതുമല്ലെങ്കിൽ യേശു ശിഷ്യന്മാരുടെ മേൽ ഊതിയത് പെന്തെക്കോസ്തിൽ ആത്മാവ് ഇറങ്ങിവരുന്നതിനെ പ്രതീകാത്മകമായി കാണിക്കുന്നതായിരുന്നു" (പേജ് 289).

NET ബൈബിളിലെ ഫുട്ട്നോട്ട് 24 ൽ, ഇത് ഉല്പത്തി 2:7 നെ ധ്വനിപ്പിക്കുന്നതായി പറയുന്നു. ഉല്പത്തിയിൽ ഭൗതിക ജീവൻ നൽകുന്നതുപോലെ പുതിയനിയമത്തിൽ നിത്യജീവൻ നൽകപ്പെടുന്നു. "ദൈവികശ്വാസ"ത്തെക്കുറിച്ചുള്ള ഈ ഊന്നൽ യെഹെ. 37 നു സമാന്തരമാണ്. അവിടെ യഹോവ തന്റെ ജനത്തിന് ആത്മാവിന്റെ ഊത്തിനാൽ പുതുജീവൻ നൽകുന്നു.

**20:23 "ആരുടെ പാപങ്ങൾ മോചിക്കുന്നുവോ"** സാധാരണയായി മധ്യമ പുരുഷ സോപാധിക വാചകങ്ങളോടു ചേർത്തു പറയുന്ന *ഇയാൻ* എന്ന വാക്ക് ചേർത്ത് പറയുന്ന പ്രഥമപുരുഷ സോപാധിക വാചകമാണിത്. ഈ സമ്മിശ്ര അവസ്ഥ അതിന്റെ സ്ഥിരതയെ ഉന്നതമാക്കുന്നു. അത് സുവിശേഷം പങ്കുവയ്ക്കുന്നവർക്കും അതിനോടു പ്രതികരിക്കുന്നവർക്കും ബാധകമാണ്. സുവിശേഷ ദർശനമുള്ള ഒരാൾ അത് പങ്കിടുവാൻ ആഗ്രഹിക്കുകയും അത് ഒരാൾ കേൾക്കുകയും സ്വീകരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. രണ്ടു കാഴ്ചപ്പാടുകളും ആവശ്യമായിരുന്നു. ഈ വാക്യം പുരോഹിത സമൂഹത്തിന് ഏകപക്ഷീയമായ അധികാരം കൊടുക്കുന്നില്ല, മറിച്ച് വിശ്വസിക്കുന്ന സാക്ഷികൾക്ക് അതിശയകരമായ ജീവൻ കൊടുക്കുന്ന ശക്തി നൽകുന്നു. യേശുവിന്റെ ജീവിത സമയത്തുള്ള എഴുപത് പേരുടെ ശുശ്രൂഷാ യാത്രയിൽ ഈ അധികാരം തെളിയിക്കപ്പെട്ടിരുന്നു.

▣ **"അവർക്കു മോചിക്കപ്പെട്ടിരുന്നു"** ഇവിടുത്തെ വ്യാകരണ ഘടന ഒരു പൂർണ്ണ കർമ്മിണി സൂചകം ആണ്. സുവിശേഷ പ്രഘോഷണത്തിലൂടെ പൂർണ്ണമായി ലഭ്യമാകുന്ന ദൈവത്തിന്റെ ക്ഷമയെ ഈ കർമ്മിണി പ്രയോഗം സൂചിപ്പിക്കുന്നു. വിശ്വാസികൾ അതുപയോഗിക്കുന്നുവെങ്കിൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അവർക്കുണ്ട് (ഒ.നോ. മത്താ. 16:19). ഈ വാഗ്ദത്തം വ്യക്തികൾക്കുള്ളതല്ല. സഭയ്ക്കുള്ളതാകുന്നു. ഇത് ദൈവശാസ്ത്രപരമായി മത്തായി 18:18 ലെ 'കെട്ടുകയും അഴിക്കുകയും" എന്നതിനോട് സാദൃശ്യമുള്ളതാണ്.

**യോഹന്നാൻ 20:24-25**

**[24]എന്നാൽ യേശു വന്നപ്പോൾ പന്തിരു വരിൽ ഒരുവനായി ദിദിമൊസ് എന്ന തോമാ സ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. [25]മറ്റേ ശിഷ്യന്മാർ അവനോടു: ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞപ്പോൾ: ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്നു അവൻ അവരോടു പറഞ്ഞു.**

**20:24 "എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുനായ ദിദിമോസ് എന്ന തോമാസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല"** ഗ്രീക്കിൽ ദിദിമൊസിന്റെ അർത്ഥം "ഇരട്ട" എന്നാണ് (ഒ.നോ. 11:16). തോമാസിനെ ഒരു സംശയാലു എന്നു വിളിക്കുവാൻ ആളുകൾ ഈ വേദഭാഗം മിക്കപ്പോഴും ഉപയോഗിക്കാറുണ്ട്, പക്ഷേ 11:16 ഓർക്കുക. മറ്റേതൊരു സുവിശേഷത്തിലുമുപരി യോഹന്നാന്റെ സുവിശേഷത്തിൽ തോമസ് മിക്കവാറും പ്രത്യക്ഷപ്പെടുന്നു (ഒ.നോ. 11:16; 14:5; 20:24,26,27,28,29; 21:21).

**20:25 "... ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്ന് അവൻ"** "ചെയ്തിട്ടല്ലാതെ" എന്നത് ഒരു ശക്തമായ ഇരട്ട നിഷേധം അടങ്ങിയ ഒരു പ്രഥമപുരുഷ സോപാധിക വാചകമാണ്, അതായത് കാഴ്ചയോ സ്പർശനമോ കൂടാതെ "ഞാൻ ഒരിക്കലും ഒരിക്കലും ... വിശ്വസിക്കുകയില്ല". ഈ അപേക്ഷ യേശു അംഗീകരിച്ചു. യേശു (1) അവന്റെ അത്ഭുതങ്ങൾ (2) അവന്റെ പ്രവചനം എന്നിവ മുഖേന ശിഷ്യന്മാരുടെ വിശ്വാസം ഉറപ്പിക്കുവാൻ പ്രവർത്തിച്ചു. യേശുവിന്റെ സന്ദേശം സമൂലമായും വളരെ പുതിയതായിരുന്നു. സുവിശേഷത്തിന്റെ അവകാശവാദവും വിവക്ഷിതാർത്ഥവും മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും ഉള്ള സമയം അവൻ അവർക്കു കൊടുത്തു.

▣ **"ആണിപ്പഴുത്"** താഴത്തെ പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: മുദ്ര (*τυπος*)

വൈവിധ്യങ്ങളായ ഉപയോഗങ്ങളുള്ള *τυπος* എന്ന പദമാണ് ഇവിടുത്തെ പ്രശ്നം.

1. മോൾട്ടൺ, മില്ലിഗൺ; *ദ വൊക്കാബുലറി ഓഫ് ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്*, പേജ്. 645
   a. മാതൃക
   b. പദ്ധതി
   c. എഴുത്തിന്റെ രീതി അല്ലെങ്കിൽ രൂപം
   d. തീർപ്പ് അല്ലെങ്കിൽ രേഖ
   e. വാചകം അല്ലെങ്കിൽ തീരുമാനം
   f. സൗഖ്യമാക്കുന്ന ദൈവത്തിനുള്ള നിവേദ്യമായി കൊടുക്കുന്ന മനുഷ്യശരീരത്തിന്റെ മാതൃക
   g. നിയമത്തിന്റെ പ്രമാണങ്ങൾ നടപ്പിലാക്കുക എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ക്രിയ
2. ലൂവ്, നിഡ, *ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ* വാല്യം 2, പേജ് 249
   a. ആണിപ്പഴുത് (ഒ.നോ. യോഹ. 20:29)
   b. സ്വരൂപം (ഒ.നോ. അപ്പൊ. 7:43)
   c. മാതൃക (ഒ.നോ. എബ്രാ. 8:5)
   d. അനുകരിക്കുക (ഒ.നോ. 1 കൊരി. 10:6; ഫിലി. 3:17).
   e. പ്രതിരൂപം (ഒ.നോ. റോമ. 5:14)
   f. വിധത്തിൽ (ഒ.നോ. 23:25)
   g. താഴെ പറയുന്ന (ഉള്ളടക്കം) (ഒ.നോ. 23:25)
3. ഹരോൾഡ് കെ. മോൾട്ടൺ, *ദ അനലറ്റിൽ ഗ്രീക്ക് ലെക്സിക്കൺ റിവൈസ്ഡ്, പേജ്* 411
   a. ഒരു അച്ച്, ഒരു മുദ്ര, ഒരു അടയാളം (ഒ.നോ. യോഹ. 20:25)
   b. ആലേഖ്യം
   c. ഒരു സ്വരൂപം (ഒ.നോ. അപ്പൊ. 7:43)
   d. ഒരു ഉപദേശ രൂപം, വ്യവസ്ഥ (ഒ.നോ. റോമ. 6:17)
   e. ഒരു വിധം, പൊരുൾ (ഒ.നോ. അപ്പൊ. 23:25)
   g. ഒരു രൂപം ഒരു പ്രതിരൂപം (ഒ.നോ. റോമ. 5:14; 1 കൊരി. 10:11).
   h. ഒരു അനുകരണീയ മാതൃക (ഒ.നോ. അപ്പൊ. 7:44; എബ്രാ. 8:5)
   i. ഒരു ധാർമ്മിക മാതൃക (ഒ.നോ. ഫിലി. 3:17; 1 തെസ്സ. 1:7; 2 തെസ്സ. 3:9; 1 തിമൊ. 4:12; 1 പത്രൊ. 5:3).

ഈ പശ്ചാത്തലത്തിൽ മുകളിലത്തെ #1 അനുയോജ്യമെന്ന് തോന്നുന്നു. സുവിശേഷത്തിൽ പ്രമാണവും ജീവിതശൈലീ വിവക്ഷകളും ഉണ്ട്. ക്രിസ്തുവിലുള്ള സൗജന്യ രക്ഷാദാനം ക്രിസ്ത്യാനുരൂപമായ ഒരു ജീവിതവും ആവശ്യപ്പെടുന്നു.

### യോഹന്നാൻ 20:26-29

**26എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമാസും ഉണ്ടായിരുന്നു. വാതിൽ അടെച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. 27പിന്നെ തോമസിനോടു: നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തു ഇടുക; അവിശ്വാസി ആകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. 28തോമാസ് അവനോടു: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നു ഉത്തരം**

**പറഞ്ഞു. [29]യേശു അവനോടു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു.**

**20:26 "എട്ടു ദിവസം കഴിഞ്ഞിട്ടു"** ഒരു ആഴ്ച എന്നതിനുള്ള ഒരു എബ്രായ ഭാഷാ ശൈലിയാണിത്. ഇത് മറ്റൊരു ഞായറാഴ്ച വൈകുന്നേരമായിരുന്നു. തുടർച്ചയായ മൂന്നു ഞായറാഴ്ചകളിൽ മാളികമുറിയിൽ (ഒരു പക്ഷേ മാർക്കൊസ് യോഹന്നാന്റെ ഭവനം) ഉണ്ടായിരുന്ന ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെടുകയും, അതു മുഖാന്തരം ക്രിസ്തീയ ആരാധനയ്ക്കുള്ള ഒരു കീഴ്വഴക്കം ഉണ്ടായിവരികയും ചെയ്തു (9-ാം വാക്യത്തിന്റെ കുറിപ്പ് കാണുക.

**20:27 "അവിശ്വാസി ആകാതെ വിശ്വാസി ആയിരിക്ക"** തുടരുന്ന ഒരു പ്രവൃത്തിയെ നിർത്തുക എന്നാവശ്യപ്പെടുന്ന നിഷേധാത്മക ഘടകത്തോട് ചേർന്നുവരുന്ന വർത്തമാനകാല കല്പനയാണിത്. എല്ലാ വിശ്വാസികളിലും സംശയവും വിശ്വാസവും സമ്മിശ്രമായി കാണാം.

**20:28** തോമസിന്റെ ഏറ്റുപറച്ചിൽ ഒരു പക്ഷേ 17-ാം വാക്യവുമായി ദൈവശാസ്ത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു. തോമസിന്റെ ഏറ്റുപറച്ചിലിന് ഒരു പഴയനിയമ മാതൃകയുണ്ടായിരുന്നതായി കാണാം. പഴയനിയമത്തിൽ *യഹോവ ഏലോഹിം* എന്ന് ഒരുമിച്ചുപയോഗിക്കുമ്പോഴെല്ലാം "കർത്താവായ ദൈവം" എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അവന്റെ ദൈവത്വത്തിന്റെ ഈ ഞെട്ടിപ്പിക്കുന്ന ദൃഢപ്രഖ്യാപനം യേശു പൂർണ്ണമായും സ്വീകരിക്കുന്നു. ഒന്നാം അധ്യായത്തിലെ ഒന്നാം വാക്യം മുതൽ യോഹന്നാന്റെ സുവിശേഷം നസറായനായ യേശുവിന്റെ ദൈവത്വത്തെ ഉറപ്പിച്ചുപറയുന്നുണ്ട്.

യോഹന്നാനിൽ നിരവധി തവണ യേശു ദൈവത്വം അവകാശപ്പെടുന്നുണ്ട് (ഒ.നോ. 8:58; 10:30; 14:9; 20:28). ലേഖകനും 1:1, 14-18; 5:18 എന്നീ വാക്യങ്ങളിൽ അവന്റെ ദൈവത്വത്തെ ഉറപ്പിച്ചു പറയുന്നു. യേശു ദൈവമാകുന്നുവെന്ന് ബൈബിളിലെ മറ്റുള്ള രചയിതാക്കളും സ്പഷ്ടമായി ഉറപ്പിച്ചു പറയുന്നു (ഒ.നോ. അപ്പൊ. 20:28; റോമ. 9:5; ഫിലി. 2:6-7; കൊലൊ. 1:15-17; 2 തെസ്സ. 1:12; തീത്തൊ. 2:13; എബ്രാ. 1:8; 2 പത്രൊ. 1:1,11; 1 യോഹ. 5:20).

20:29 ഈ പ്രാരംഭ ശൈലി ഒരു 'ശരി' ഉത്തരം പ്രതീക്ഷിക്കുന്ന ഒരു ചോദ്യമോ അല്ലെങ്കിൽ ഒരു പ്രസ്താവയോ ആയിരിക്കാം. വ്യാകരണ ഘടന ദുർഗ്രഹമാണ്. 17:20 ലെ അനുഗ്രഹത്തിനു സമാനമാണിത് (ഒ.നോ. 1 പത്രൊ. 1:8).

## യോഹന്നാൻ 20:30-31

**[30]ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. [31]എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു.**

**20:30** 30,31 വാക്യങ്ങൾ സ്പഷ്ടമായും സുവിശേഷത്തിന്റെ ചിന്താവിഷയവും ഉദ്ദേശ്യവുമാണ്. ഇതൊരു സുവിശേഷീകരണ ലഘുലേഖയാണ്. യേശുവിനെക്കുറിച്ചുള്ള വലിയ സത്യങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ശ്രോതാക്കളോടും യെഹൂദന്മാരോടും, റോമാക്കാരോടും ജാതികളോടും വ്യക്തമായി അറിയിക്കുവാൻ വേണ്ടി യേശുവിന്റെ വാക്കുകളെയും പ്രവൃത്തികളെയും തിരഞ്ഞെടുക്കുവാനും ക്രമീകരിക്കുവാനും സംക്ഷേപിക്കുവാനും ഉള്ള ദൈവദത്തമായ കഴിവും അവകാശവും ദൈവശാസ്ത്രീയമായി സുവിശേഷ രചയിതാക്കൾക്ക് ഉണ്ടായിരുന്നു. പുതിയ നിയമം ഒരു ക്രിസ്തീയ തൽമൂദ് അല്ല.

*ദ എക്സ്പോസിറ്റർസ് ബൈബിൾ കമന്ററി*യിലെ (വാല്യം 1) "ബൈബിളിന്റെ ആധികാരികതയും ദൈവശാസ്ത്രീയതയും" എന്ന തലക്കെട്ടുള്ള ആരംഭലേഖനത്തിൽ കാൾ എഫ്. എച്ച്. ഹെൻട്രി പറയുന്നത്

"സൃഷ്ടിയുടെ കഥയോ അല്ലെങ്കിൽ ജഡധാരണ ചരിത്രമുൾപ്പെടെയുള്ള രക്ഷാ പദ്ധതി ചരിത്രമോ വിവരിക്കുമ്പോൾ സംഭവങ്ങളുടെ പൂർണ്ണ കാലഗണന അവതരിപ്പിക്കുക എന്ന ലക്ഷ്യം ബൈബിളിനില്ല. എന്നാൽ മനുഷ്യന്റെ വീണ്ടെടുപ്പിന്റെ രക്ഷണ്യ പദ്ധതിക്കും അവന്റെ സൃഷ്ടാവിനോടുള്ള അനുസരണയുള്ള സേവനത്തിനും ആവശ്യവും മതിയായതുമായതെല്ലാം മനുഷ്യന് കൊടുക്കുക എന്നതാണ് വേദപുസ്തക എഴുത്തുകളുടെ പ്രസ്താവിക്കപ്പെട്ട ഉദ്ദേശ്യം. ദൈവത്തിന്റെ ഒരു രക്ഷണ്യ പ്രവൃത്തിയെ വിവിധ വശങ്ങളിൽനിന്നും വ്യത്യസ്ത ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും ബൈബിൾ എഴുത്തുകാർ ചിലപ്പോഴൊക്കെ വീക്ഷിക്കുന്നുവെങ്കിലും, അവർ നമ്മോട് പറയുന്ന കാര്യങ്ങൾക്ക് വിശ്വാസ്യതയും കൃത്യതയുമുണ്ട്. വിശ്വാസികളെ പ്രബോധിപ്പിക്കുന്നതിനുവേണ്ടി യേശുവിന്റെ ശുശ്രൂഷയുടെ കാലഗണനയുടെ കൂടുതൽ ഭാഗവും ഉപയോഗയോഗ്യമായ രീതിയിലുള്ള വിഷയസംബന്ധിയായ ക്രമീകരണത്തിലേക്ക് മത്തായി ക്രമപ്പെടുത്തി എഴുതിയിരിക്കുന്നു. ഉപദേശവിപാടന പ്രബോധനത്തിനായി ലൂക്കൊസ് മർക്കൊസിൽ കാണുന്ന മിക്ക വിവരണങ്ങളും ഒഴിവാക്കുന്നുവെങ്കിലും ക്രമീകൃതമായ രീതിയിലാണ് സുവിശേഷം അവതരിപ്പിക്കുന്നത് (ഒ.നോ. 1:4). നാലാമത്തെ സുവിശേഷത്തിൽ അന്തർലീനമായിരിക്കുന്ന

മൗലികമായ തിരഞ്ഞെടുപ്പിലൂടെ യോഹന്നാൻ തുറന്ന അഭിപ്രായം പ്രകടിപ്പിക്കുന്നു (20:30,31)" പേജ് 27-28).

▣ **"മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു"** നിരവധി മാർഗ്ഗങ്ങളിലൂടെ ഈ "അടയാളങ്ങൾ" മനസ്സിലാക്കുവാൻ കഴിയും.

1. അവൻ യഥാർത്ഥമായി ജീവിച്ചിരിക്കുന്നു എന്നു തെളിയിക്കുന്ന അടയാളങ്ങൾ
   a. അവന്റെ മുറിവുകളിൽ അവർ തൊട്ടത്
   b. അവരോടൊപ്പം അവൻ ആഹാരം കഴിച്ചത്
2. രേഖപ്പെടുത്തിയിട്ടില്ലാത്തതും അവരുടെ സാന്നിധ്യത്തിൽ മാളിക മുറിയിൽ വച്ച് ചെയ്തതുമായ പ്രത്യേക അടയാളങ്ങൾ
3. സുവിശേഷങ്ങളെ രേഖപ്പെടുത്താൻ അവരെ ഒരുക്കിയെടുക്കുന്ന (ഭൂതകാലത്തെ കേന്ദ്രീകരിച്ച്) അവന്റെ ശുശ്രൂഷാ ജീവിതത്തിന്റെ സൂചന (ഒ.നോ. ലൂക്കൊ. 24:46-48)

**20:31**

**NASB, NKJV,**
**TEV, NJB** **"നിങ്ങൾ വിശ്വസിക്കേണ്ടതിനും"**
**NRSV** **"നിങ്ങൾ വിശ്വാസത്തിലേക്ക് എത്തേണ്ടതിനും"**

$P^{66}$, $\aleph^*$, B തുടങ്ങിയ ചില ആദിമ കയ്യെഴുത്തു പ്രതികളിലും ഒറിഗൺ ഉപയോഗിച്ച ഗ്രീക്ക് വേദഭാഗങ്ങളിലും ഒരു വർത്തമാനകാല ക്രിയാബന്ധം ഉണ്ട്. യോഹന്നാൻ എഴുതപ്പെട്ടിരിക്കുന്നത് വിശ്വാസത്തിൽ തുടരുന്നതിന് വിശ്വാസികളെ പ്രോത്സാഹിപ്പിക്കുവാനാണ് എന്നാണ് അത് സൂചിപ്പിക്കുന്നത്.

യോഹന്നാൻ അവിശ്വാസികൾക്ക് എഴുതുന്നുവെന്ന് സൂചിപ്പിക്കുന്നതായ ഒരു ഭൂതകാല ക്രിയാബന്ധം മറ്റുള്ള വലിയക്ഷര കയ്യെഴുത്ത് പ്രതികളിലുണ്ട് (ഉദാ. $\aleph^2$, A,C, D,L,N,W).

▣ **"ക്രിസ്തുവിൽ"** "അഭിഷിക്തൻ" എന്നർത്ഥമുള്ള "മശിഹാ" എന്ന എബ്രായ പദത്തിന്റെ ഗ്രീക്കു പരിഭാഷ യാണിത്. നീതിയുടെ പുതിയ യുഗം കൊണ്ടുവരുമെന്ന് പ്രവചിക്കപ്പെട്ട ദാവീദിന്റെ സന്തതിയാണവൻ. നസറായ നായ യേശു (ഒ.നോ. 1:45) ആണ് യെഹൂദാ മശിഹാ (ഒ.നോ. 11:27).

യേശുവിന്റെ സ്ഥാനപ്പേര് സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ കാണാം (ഒ.നോ. 1:41). എങ്കിലും "കർത്താവ്" എന്ന പദവി - "മശിഹാ" അല്ല - ആണ് ജാതീയ പശ്ചാത്തലത്തിൽ യേശുവിന് ഉപയോഗിച്ചിട്ടുള്ളത് (ഒ.നോ. റോമ. 10:9-13; ഫിലി. 2:9-11).

"മശിഹാ" എന്ന ആശയത്തിന് അന്ത്യകാല സംബന്ധിയായ അർത്ഥങ്ങളുണ്ട് (1) പരീശന്മാരെ സംബന്ധിച്ച് അതിന് രാഷ്ട്രീയവും ദേശീയവുമായ പ്രതീക്ഷകളുണ്ട്, (2) യെഹൂദ വെളിപ്പാടു സാഹിത്യത്തിൽ അതിന് ആഗോള, പ്രാപഞ്ചിക പ്രതീക്ഷകളാണുള്ളത്.

▣ **"ദൈവപുത്രൻ"** സമവീക്ഷണ സുവിശേഷങ്ങളിൽ അപൂർവ്വമായി മാത്രം ഉപയോഗിച്ചിട്ടുള്ള (ഒരു പക്ഷേ ജാതികൾ തെറ്റിദ്ധരിക്കാൻ സാധ്യതയുള്ളതിനാൽ) ഈ ഔദ്യോഗിക നാമം യോഹന്നാനിൽ ആദ്യം തന്നെ ഉപയോഗിച്ചിരിക്കുന്നു (ഒ.നോ 1:14,34,49). യേശുവും പിതാവും തമ്മിലുള്ള അതുല്യമായ ബന്ധത്തെ ഉറപ്പിച്ചു പറയുന്നതിന് യോഹന്നാൻ സ്വീകരിച്ച മാർഗ്ഗമാണിത് (*ഹുയിയോസ്*ന്റെ ഉപയോഗം) ഈ കുടുംബസാദൃശ്യം നിരവധി നിലകളിൽ യോഹന്നാൻ ഉപയോഗിച്ചിട്ടുണ്ട്.

1. ഒരു പദവി
2. "ഏകജാതൻ" (*മോണോഗെനീസ്* (*μονογενης*) ഒ. നോ. 1:18; 3:16; 1 യോഹ. 4:9) എന്നതിനോടു ബന്ധപ്പെടുത്തി
3. "പിതാവ്" എന്ന പദവിയുടെ ഉപയോഗത്തോടു ചേർത്ത് (ഒ.നോ. 20:17)

1 യോഹ. 3:8 ലെ പ്രത്യേക പഠനവിഷയം: ദൈവപുത്രൻ കാണുക

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ആരാണ് കല്ലറയ്ക്കൽ എത്തിയത്? എപ്പോൾ? എന്തുകൊണ്ട്?
2. ശിഷ്യന്മാർ ഉയിർത്തെഴുന്നേല്പ്പ് പ്രതീക്ഷിക്കാതിരുന്നതെന്തുകൊണ്ട്? ആരെങ്കിലും അതു പ്രതീക്ഷിച്ചി രുന്നുവോ?

3. മറിയ യേശുവിനെ തിരിച്ചറിയാതിരുന്നതെന്തുകൊണ്ട്?
4. തന്നെ തൊടരുതെന്ന് യേശു മറിയയോടു പറഞ്ഞതെന്തുകൊണ്ട്?
5. വാ. 22-23 നിങ്ങളുടെ വാക്കുകളിൽ വിശദീകരിക്കുക.
6. തോമസിനെ സംശയിക്കുന്നവൻ എന്നു വിളിക്കുന്നതു ന്യായമാണോ?
7. യേശുവിന്റെ കാലത്ത് മനസ്സിലാക്കിയിരുന്ന നിലയിൽ "വിശ്വസിക്കുക" എന്ന പദം നിർവചിക്കുക.

# യോഹന്നാൻ 21

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ഏഴു ശിഷ്യന്മാർക്ക് യേശുവിന്റെ പ്രത്യക്ഷത | കടല്ക്കരയിലെ പ്രാതൽ | ഉപസംഹാരം | യേശു ഏഴു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു | തിബെര്യാസ് കരയിലെ പ്രത്യക്ഷത |
| 21:1-14 | 21:1-14 | 21:1-3 | 21:1-3a | 21:1-3 |
| | | | 21:3b-5a | |
| | | 21:4-8 | | 21:4-8 |
| | | | 21:5b | |
| | | | 21:6 | |
| | | | 21:7-10 | |
| | | 21:9-14 | | 21:9-14 |
| | | | 21:11-14 | |
| യേശുവും പത്രൊസും | യേശു പത്രൊസിനെ യഥാസ്ഥാനപ്പെടുത്തുന്നു | | യേശുവും പത്രൊസും | |
| 21:15-19 | 21:15-19 | 21:15-19 | 21:15a | 21:15-19 |
| | | | 21:15b | |
| | | | 21:15c-16a | |
| | | | 21:16b | |
| | | | 21:16c-17a | |
| | | | 21:17b | |
| | | | 21:17c-19 | |
| യേശുവും പ്രിയ ശിഷ്യനും | പ്രിയ ശിഷ്യനും പുസ്തകവും | | യേശുവും മറ്റേ ശിഷ്യനും | |
| 21:20-23 | 21:20-25 | 21:20-23 | 21:20-21 | 21:20-23 |
| | | | 21:22 | |
| | | | 21:23 | രണ്ടാം ഉപസംഹാരം |
| 21:24 | | 21:24-25 | 21:24 | 21:24 |
| | | | ഉപസംഹാരം | |
| 21:25 | | | 21:25 | 21:25 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

## വാക്യം 1-25 ന്റെ പശ്ചാത്ത ഉൾക്കാഴ്ചകൾ

A. 20:31 ൽ സുവിശേഷം അവസാനിക്കുന്നതായി തോന്നുന്നതിനാൽ അധ്യാ. 21 അനുബന്ധമായിരിക്കാം എന്നതിനെക്കുറിച്ച് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. എന്നിരുന്നാലും അധ്യാ. 21 ഒഴിവാക്കിയിട്ടുള്ള ഒരു ഗ്രീക്കു കയ്യെഴുത്തു പ്രതികളും ഇല്ല.

B. ചില കയ്യെഴുത്തു പ്രതികളിൽ വാ. 24 നുശേഷം യോഹ. 7:53- 8:11 കാണുന്നതിനാൽ വാ. 25 പിന്നീടു ചേർത്തായി തോന്നാം. കൂടാതെ പുരാതന കയ്യെഴുത്തു പ്രതിയായ സൈനൈറ്റിക്കസിൽ എഴുത്തുകാരൻ വാ. 25 ആദ്യം ഒഴിവാക്കുകയും പിന്നീട് മടങ്ങിപ്പോയി ഒരു അലങ്കാരപ്പണി മായിച്ചിട്ട് ചേർക്കുകയും ചെയ്തിട്ടുണ്ട്.

C. യോഹന്നാന്റെ സുവിശേഷത്തിന്റെ അവിഭാജ്യഘടകമല്ലെങ്കിലും അധ്യാ. 21 അപ്പൊസ്തലന്റെ തന്നെ രചനയാണ്. ആദിമ സഭയുടെ രണ്ടു ചോദ്യങ്ങൾക്ക് അത് ഉത്തരം നല്കുന്നു:
   1. പത്രൊസ് യഥാസ്ഥാനപ്പെടുത്തപ്പെട്ടുവോ?
   2. യോഹന്നാന്റെ ദീർഘായുസ് സംബന്ധിച്ചുള്ള ഐതിഹ്യത്തിന്റെ സത്യമെന്താണ്?

## പദ, ശൈലി പഠനം

**യോഹന്നാൻ 21:1-3**

**[1]അതിന്റെശേഷം യേശു പിന്നെയും തിബെര്യാസ് കടല്ക്കരയിൽവെച്ചു ശിഷ്യന്മാർക്കു പ്രത്യക്ഷനായി; പ്രത്യക്ഷനായതു ഈ വിധം ആയിരുന്നു: [2]ശിമോൻ പത്രൊസും ദിദിമൊസ് എന്ന തോമാസും ഗലീലയിലുള്ള കാനായിലെ നഥനയേലും സെബെദിമക്കളും അവന്റെ ശിഷ്യന്മാരിൽ വേറെ രണ്ടുപേരും ഒരുമിച്ചു കൂടിയിരുന്നു. [3]ശിമോൻ പത്രൊസ് അവരോടു: ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.**

**21:1 "തിബെര്യാസ് കടൽക്കരയിൽ വെച്ച്"** ഗലീലയിലെ റോമൻ ഭരണ തലസ്ഥാനമായിരുന്നു തിബെര്യാസ്. ഈ ജലാശയത്തെ "ഗലീലക്കടൽ" (ഒ.നോ. 6:1) അല്ലെങ്കിൽ "ഗന്നേസരെത്ത് തടാകം" (ഒ.നോ. മത്താ. 14:34; മർക്കൊ. 6:35; ലൂക്കൊ. 5:1) എന്നും പഴയനിയമത്തിൽ "കിന്നരേത്ത് കടൽ" (സംഖ്യ 34:11; ആവ. 3:17; യോശു. 11:2; 12:3; 13:27; 19:35; 1 രാജാ. 15:20) എന്നും അറിയപ്പെടുന്നു.

▣ **"പ്രത്യക്ഷനായതു ഈ വിധം ആയിരുന്നു"** "പൂർണ്ണമായി അല്ലെങ്കിൽ വ്യക്തമായി പ്രദർശിപ്പിക്കുക" എന്ന ലക്ഷ്യാർത്ഥം ഈ ക്രിയയ്ക്കുണ്ട് (ഒ.നോ. 1:31; 2:11; 7:4; 9:3; 1 യോഹ. 1:2; 2:28; 3:2; 4:9). മത്തായിയിൽ ഗലീലയിൽ വെച്ചുള്ള ഒരു കൂടിക്കാഴ്ചയുണ്ട്, അത് ഒരു മലയിൽ വച്ചാണ് സംഭവിച്ചത് (ഒ.നോ. 16:32; 28:7,10,16). "അന്ത്യനിയോഗത്തിന്റെ" പശ്ചാത്തലമതാണ്. യോഹന്നാനിൽ തിബെര്യാസ് കടലയ്ക്കരയിൽ യേശു പ്രത്യക്ഷനായ ഈ സമാഗമനത്തിൽ ആദിമ സഭയുടെ താല്പര്യവിഷയമായ രണ്ട് ചോദ്യങ്ങളെ യേശു കൈകാര്യം ചെയ്യുന്നു.
   1. പത്രൊസിനെ നേതൃസ്ഥാനത്ത് പുനഃപ്രതിഷ്ഠിച്ചോ?
   2. യേശുവിന്റെ മടങ്ങിവരവിനു മുമ്പ് യോഹന്നാൻ മരിക്കുകയില്ലെന്ന ഐതിഹ്യത്തിന്റെ സത്യമെന്താണ്?

**21:2 "ദിദിമൊസ് എന്ന തോമാസും"** 1:45 ലെ പ്രത്യേക പഠനവിഷയം: അപ്പൊസ്തലന്മാരുടെ പേരുകളുടെ പട്ടിക കാണുക.

പതിനൊരുവരിൽ ഏഴുപേരും മീൻ പിടിക്കാൻ പോയി എന്നു വ്യക്തം.

▣ **"സെബദി മക്കളും"** ഇത് സൂചിപ്പിക്കുന്നത് യാക്കോബ്, യോഹന്നാൻ എന്നിവരെയാണ് (ഒ.നോ. മത്താ. 4:21). യോഹന്നാന്റെ സുവിശേഷത്തിൽ യാക്കോബിനെയോ യോഹന്നാനെയോ പേരിനാൽ സൂചിപ്പിട്ടില്ല.

**21:3 "ശിമോൻ പത്രൊസ് അവരോടു: ഞാൻ മീൻ പിടിക്കാൻ പോകുന്നു"** ഇത് വർത്തമാനകാല ക്രിയയാണ്. ഈ മീൻ പിടുത്ത യാത്രയെക്കുറിച്ചുള്ള നിരവധി സിദ്ധാന്തങ്ങൾ ഉണ്ട്.
   1. യേശുവിന്റെ നിശ്ചയിക്കപ്പെട്ട കൂടിക്കാഴ്ചവരെയും സമയംപോക്കിനുള്ള ഒരു വിശ്രമയാത്രയായിരുന്നു

ഇത് (ഒ.നോ. മത്താ. 26:32; 28:7,10).

2. പണമുണ്ടാക്കുക എന്ന ഉദ്ദേശത്തിനുവേണ്ടിയായിരുന്നു ഇത്

3. പത്രൊസിന്റെ മീൻപിടുത്ത തൊഴിലിന്റെ പുനഃസ്ഥാപനം ആയിരുന്നു ഇത്

ലൂക്കൊസ് 5 നു സമാനമാണിത്.

▣ **"ആ രാത്രിയിൽ ഒന്നും പിടിച്ചില്ല"** രോഗികളെ സൗഖ്യമാക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാനും കഴിവുണ്ടായിരുന്ന ഈ മനുഷ്യർക്ക് എല്ലാ സന്ദർഭങ്ങളിലുമുള്ള എല്ലാ ഉദ്ദേശ്യത്തിനുവേണ്ടിയുമുള്ള അത്ഭുതശക്തികൾ ഇല്ലായിരുന്നുവെന്ന് ശ്രദ്ധിക്കുക. ഈ മീൻപിടുത്തത്തിനുവേണ്ടിയുള്ള ഈ ക്രിയാപദം പുതിയ നിയമത്തിൽ മറ്റൊരിടത്തും ഉപയോഗിച്ചിട്ടില്ല. ആരെയെങ്കിലും അറസ്റ്റു ചെയ്യുന്നതിനാണ് ഇത് സാധാരണയായി ഉപയോഗിക്കുന്നത്.

**യോഹന്നാൻ 21:4-8**

**[4]പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല.**
**[5]യേശു അവരോടു: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്നു അവർ ഉത്തരം**
**പറഞ്ഞു. [6]പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അവൻ**
**അവരോടു പറഞ്ഞു; അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല. [7]യേശു**
**സ്നേഹിച്ച ശിഷ്യൻ പത്രൊസിനോടു: അതു കർത്താവു ആകുന്നു എന്നു പറഞ്ഞു; കർത്താവു ആകുന്നു**
**എന്നു ശിമോൻ പത്രൊസ് കേട്ടിട്ടു, താൻ നഗ്നനാകയാൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. [8]ശേഷം**
**ശിഷ്യന്മാർ കരയിൽനിന്നു ഏകദേശം ഇരു നൂറു മുഴത്തിൽ അധികം ദൂരത്തല്ലായ്കയാൽ മീൻ നിറഞ്ഞ**
**വല ഇഴെച്ചുംകൊണ്ടു ചെറിയ പടകിൽ വന്നു.**

**21:4 "യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല"** യേശുവിനെ തിരിച്ചറിയുവാൻ കഴിയാതിരുന്നതിനെ സംബന്ധിച്ച് നിരവധി സിദ്ധാന്തങ്ങൾ ഉണ്ട്.

1. കനത്ത ഇരുട്ടായിരുന്നു
2. അവൻ വളരെ ദൂരത്തായിരുന്നു
3. അവർ വളരെ ക്ഷീണിതരായിരുന്നു
4. യേശു അല്പം വ്യത്യസ്തനായി കാണപ്പെട്ടു (ഒ.നോ. യോഹ. 21:12; മത്താ. 28:16-17; ലൂക്കൊ. 24:13 മുതൽ)
5. അവനെ തിരിച്ചറിയുന്നതിൽ നിന്നും ദൈവം അവരെ പ്രതിരോധിച്ചിരുന്നു (ഒ.നോ. ലൂക്കൊ. 24:16)

**21:5 "കുഞ്ഞുങ്ങളേ"** ആലങ്കാരികമായി ഇത് ഉപയോഗിക്കുന്നു. "കുഞ്ഞുങ്ങളെ" എന്നതിന് രണ്ട് പദങ്ങൾ സാധാരണയായി പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന *പൈഡിയോൺ* (*παιδιον*) ഏറ്റവും കുറഞ്ഞ പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതും യോഹന്നാനിലും 1 യോഹന്നാനിലും സാധാരണ ഉപയോഗിക്കുന്ന *ടെക്നിയോൺ* (*τεκνιον*) എന്ന പദത്തിൽനിന്നു വ്യത്യസ്തവുമാണ്. ഈ പദം സുവിശേഷത്തിൽ 4:49; 16:21 ലും ഇവിടെയും മാത്രമെ കാണുന്നുള്ളൂ. 1 യോഹന്നാനിൽ ഈ പദങ്ങൾ പര്യായപദങ്ങളായി ഉപയോഗിക്കപ്പെടുന്നു. 2:13,18 ൽ *പയിഡിയോൺ,* എന്നാൽ 2:1,12,28 ൽ *ടെക്നിയോൺ.*

▣ **"കൂട്ടുവാൻ വല്ലതും ഉണ്ടോ"** *പ്രോസ്ഫാഗിയോൻ* എന്ന പദം അപ്പത്തോടൊപ്പം ഭക്ഷിക്കുന്ന ഏതു തരത്തിലുള്ള ഭക്ഷണത്തെയും സൂചിപ്പിക്കുന്നതാണെങ്കിലും ഇവിടെ മീൻ ആണ് ആവശ്യപ്പെടുന്നത്. ഈ ചോദ്യം "ഇല്ല" എന്നുള്ള ഉത്തരം പ്രതീക്ഷിക്കുന്നു.

**21:6** യേശു അവരെ ആദ്യമായി വിളിച്ചപ്പോൾ പ്രവർത്തിച്ച അതേ രീതിയിൽ പ്രവർത്തിക്കുന്നു (ലൂക്കൊ. 5:1-11). ഈ അധ്യായത്തിന്റെ പ്രത്യേകത, പടക് എന്നതിന് രണ്ടു വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നു എന്നതാണ് (വാ. 15 ന്റെ കുറിപ്പ് കാണുക) വാ. 3,6 ലും *പ്ലോയിയോൺ*, വാ. 8 ൽ *പ്ലോയിയാറോൺ* (ചെറുപടക്). ഈ അദ്ധ്യായത്തിൽ യോഹന്നാൻ തന്റെ രചനാ വൈവിധ്യം പല പ്രാവശ്യം വെളിപ്പെടുന്നുണ്ട്.

**21:7 "യേശു സ്നേഹിച്ച ശിഷ്യൻ"** ഇത് സുവിശേഷ രചയിതാവായ അപ്പൊസ്തലനായ യോഹന്നാനെ സൂചിപ്പിക്കുന്നു (ഒ.നോ. 13:23; 20:2,3,8; 21:20). യോഹന്നാനെ സുവിശേഷത്തിലൊരിടത്തും പേരെടുത്തു പറഞ്ഞിട്ടില്ല.

▣

**NASB** **"അവൻ തന്റെ മേലങ്കി ധരിച്ച് (ജോലിക്കു വേണ്ടി അവൻ വസ്ത്രം ഊരിയിരുന്നു)**
**NKJV** **"തന്റെ മേലങ്കി ധരിച്ചു (അവനത് ഊരിയിരുന്നു)**
**NRSV** **"താൻ നഗ്നനാകയാൽ ഒരു വസ്ത്രം ധരിച്ച്**
**TEV** **"അവൻ തന്റെ മേൽവസ്ത്രം വാരിച്ചുറ്റി (അവൻ തന്റെ വസ്ത്രം ഉരിഞ്ഞുക്കളഞ്ഞിരുന്നു)**
**NJB** **"പത്രൊസ് തന്റെ മേൽവസ്ത്രം ദേഹത്തു ചുറ്റി (അവൻ ഒന്നും ധരിച്ചിരുന്നില്ല)**

ഒന്നാം നൂറ്റാണ്ടിലെ പലസ്തീനിൽ ആളുകൾ ഒരു പുറങ്കുപ്പായവും ശരീരത്തോട് പറ്റിക്കിടക്കുന്ന നീളമുള്ള അങ്കിയും ധരിച്ചിരുന്നു. പത്രൊസ് തന്റെ പുറങ്കുപ്പായം/അങ്കി ഊരിക്കളഞ്ഞു. അകത്തെ അങ്കി അരവരെ ചുരുട്ടിക്കയറ്റിയിരുന്നു.

▣ **"അതു കർത്താവാകുന്നു"** *കുറിയോസ്* എന്ന ഗ്രീക്കു പദം "മിസ്റ്റർ," "യജമാനൻ," "കർത്താവ്" എന്നിവയ്ക്കുള്ള പദമാണ്. ചില സന്ദർഭങ്ങളിൽ അവ കേവലം ആദരസൂചക പദങ്ങൾ ആണ്. എന്നാൽ മറ്റു ചിലപ്പോൾ അവ യേശുവിന്റെ ദൈവത്വത്തെ സൂചിപ്പിക്കുന്ന ദൈവശാസ്ത്ര ഉറപ്പിക്കലുകളാണ്. ഈ സന്ദർഭത്തിൽ ഈ മീൻപിടുത്തക്കാർ, കരയിൽ നിൽക്കുന്ന വ്യക്തി, മഹത്വീകരിക്കപ്പെട്ട, ഉയിർത്തെഴുന്നേറ്റ കർത്താവാണെന്ന് തിരിച്ചറിഞ്ഞു.

പരിഭാഷയുടെ മൂലം പഴയനിയമത്തിൽ നിന്നുള്ളതാണ്. അവിടെ യഹോവ എന്നത് കർത്താവ് എന്നു തർജ്ജമ ചെയ്തിരിക്കുന്നു. ദൈവത്തിന്റെ ഈ ഉടമ്പടി നാമം ഉച്ചരിക്കുവാൻ യെഹൂദന്മാർ ഭയപ്പെട്ടിരുന്നതിനാൽ അവർ അതിനു പകരം *അഡോണായി* എന്ന പദം ഉപയോഗിച്ചു. അതിന്റെ തത്തുല്യ പദമാണ് *കുറിയോസ്.*

ഫിലി. 2:9-11 ലെ സകല നാമത്തിനും മേലായ നാമമാണ് കർത്താവ്. "യേശു കർത്താവ്" എന്നതു ആദിമ സഭയുടെ സ്നാനസമയത്തെ ഏറ്റുപറച്ചിലിന്റെ ഭാഗമായിരുന്നു, (ഒ.നോ. റോമ. 10:9-13).

**21:8 "ശേഷം ശിഷ്യന്മാർ"** ആന്തരിക വലയത്തിലുള്ള എല്ലാ ശിഷ്യന്മാരും ദൈനംദിന ചിലവിനുള്ള പണത്തിനു വേണ്ടി പത്രൊസിനോടും യോഹന്നാനോടും ഒപ്പം പോയിരുന്നു (അവർക്കിനി യേശുവിനെ അനുഗമിച്ചിരുന്ന സ്ത്രീകളെ ആശ്രയിക്കാൻ കഴികയില്ല).

▣ **"മീൻ നിറഞ്ഞ വല"** ഈ അവസാന നിമിഷവും യേശു:

1. അവരുടെ വിശ്വാസത്തെ പണിയുകയും
2. അവരുടെ ആവശ്യങ്ങൾക്കായി കരുതുകയും
3. തന്റെ ഉയിർപ്പിനെയും (പ്രകൃതിയുടെ മേലുള്ള) അധികാരത്തെയും ഉറപ്പിക്കുകയും ചെയ്തു

## യോഹന്നാൻ 21:9-14

**9കരെക്കു ഇറങ്ങിയപ്പോൾ അവർ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു. 10യേശു അവരോടു: ഇപ്പോൾ പിടിച്ച മീൻ ചിലതു കൊണ്ടുവരുവിൻ എന്നു പറഞ്ഞു. 11ശിമോൻ പത്രൊസ് കയറി നൂറ്റമ്പത്തുമൂന്നു വലിയ മീൻ നിറഞ്ഞ വല കരെക്കു വലിച്ചു കയറ്റി; അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല. 12യേശു അവരോടു: വന്നു പ്രാതൽ കഴിച്ചുകൊൾവിൻ എന്നു പറഞ്ഞു; കർത്താവാകുന്നു എന്നു അറിഞ്ഞിട്ടു ശിഷ്യന്മാരിൽ ഒരുത്തനും: നീ ആർ എന്നു അവനോടു ചോദിപ്പാൻ തുനിഞ്ഞില്ല. 13യേശു വന്നു അപ്പം എടുത്തു അവർക്കു കൊടുത്തു; മീനും അങ്ങനെ തന്നേ. 14യേശു മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേറ്റശേഷം ഇങ്ങനെ മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷനായി.**

**21:9 "തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും"** ഈ പ്രഭാത ഭക്ഷണത്തിന്റെ ഉദ്ദേശ്യം കൂട്ടായ്മയും ദൈവശാസ്ത്ര വിചിന്തനവുമായിരുന്നു. ദൈവശാസ്ത്ര സൂചനകൾ:

1. മറ്റൊരു തീക്കനലിനു മുമ്പിൽ വച്ച് പത്രൊസ് തള്ളിപ്പറഞ്ഞ കാര്യത്തെയാണ് ഇവിടെ കൈകാര്യം ചെയ്യുന്നത് (ഒ.നോ. 18:18). ഈ പദം ഇവിടെയും അവിടെയും കാണുന്നുണ്ട്.
2. മശിഹായായ യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ നിഷേധിക്കുന്ന ജ്ഞാനവാദം എന്ന ദുരുപദേശത്തെ ഖണ്ഡിക്കുന്നതിനാണ് യോഹന്നാന്റെ സുവിശേഷവും 1 യോഹന്നാനും എഴുതപ്പെട്ടിട്ടുള്ളത്. യേശു അവരോടൊപ്പം ഭക്ഷിച്ചു.

**21:10** ഈ ഖണ്ഡികയിൽ മീനിന് രണ്ട് വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്: (1) വാ. 9,10,13 ൽ *ഓപ്സാരിയോൺ* എന്ന പദം - അർത്ഥം ചെറിയ മീൻ; (2) വാ. 6,8,11 ൽ ഇഖ്തൂസ് എന്ന പദം - അർത്ഥം വലിയ മീൻ. ഈ സന്ദർഭത്തിൽ അവ മാറി മാറി ഉപയോഗിക്കുന്നതായി കാണാം.

**21:11 "നൂറ്റമ്പത്തിമൂന്ന്"** ഈ സന്ദർഭത്തിൽ ഇതിനു പ്രതീകാത്മക അർത്ഥമുള്ളതായി കാണുന്നില്ല; കേവലം ഒരു ദൃക്സാക്ഷി വിവരണം മാത്രം. എന്നിരുന്നാലും സകല സംഖ്യകൾക്കും വിശദീകരണങ്ങൾക്കും ആലങ്കാരിക അർത്ഥം നൽകാനുള്ള ആദിമ സഭയുടെ അനുയോജ്യമല്ലാത്ത പ്രവണതയനുസരിച്ച് ഈ വാക്യങ്ങൾക്ക് ഇപ്രകാരം അർത്ഥം നൽകപ്പെട്ടിട്ടുണ്ട്.

1. 100 ജാതികളെയും 50 യെഹൂദനെയും 3 ത്രിത്വത്തെയും സൂചിപ്പിക്കുന്നതായി സിറിൾ പറയുന്നു.
2. ഈ സംഖ്യ പത്തു കല്പനയെയും ആത്മാവിന്റെ ഏഴു വരങ്ങളെയും സൂചിപ്പിക്കുന്നതായും അങ്ങനെ 17 തികഞ്ഞതായും അഗസ്റ്റിൻ പറയുന്നു. 1,2,3,4 എന്നിങ്ങനെ 17 വരെയുള്ള സംഖ്യകൾ കൂട്ടിയാൽ 153 കിട്ടും. ക്രിസ്തുവിലേക്കു വരുന്നവരുടെ ആകെ സംഖ്യയാണിതെന്ന് അഗസ്റ്റിൻ പറയുന്നു.
3. 153 തരത്തിലുള്ള മത്സ്യങ്ങളുണ്ടെന്നും, അതിനാൽ ഇത് ക്രിസ്തുവിലേക്ക് സകലജാതികളും വരുന്നതിന്റെ പ്രതീകമാണെന്നും ജെറോം പറയുന്നു. ഈ ആലങ്കാരിക വ്യാഖ്യാന രീതി, യഥാർത്ഥ ദൈവനിശ്വാസീയ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെക്കാളുപരി വ്യാഖ്യാതാവിന്റെ ബുദ്ധിയെയാണ് വെളിപ്പെടുത്തുന്നത്.

▣ **"അത്ര വളരെ ഉണ്ടായിട്ടും വല കീറിയില്ല"** ഇത് ഒന്നുകിൽ ദൃക്സാക്ഷി വിവരണമാകാം, അല്ലെങ്കിൽ അത്ഭുതത്തെ സൂചിപ്പിക്കുന്നതാകാം.

**21:14 "ഇങ്ങനെ മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷനായി"** അ. 20 ലെ രണ്ടു സംഭവങ്ങൾ കൂടി ചേർത്താണിത്.

**യോഹന്നാൻ 21:15-19**

[15]**അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻപത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ,**
**നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ ഉവ്വു,**
**കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ**
**കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു.** [16]**രണ്ടാമതും അവ നോടു: യോഹന്നാന്റെ**
**മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വു, കർത്താവേ,**
**എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ പാലിക്ക**
**എന്നു അവൻ അവനോടു പറഞ്ഞു.** [17]**മൂന്നാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നിനക്കു**
**എന്നോടു പ്രിയമുണ്ടോ എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ**
**പത്രൊസ് ദുഃഖിച്ചു: കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ടു എന്നും**
**നീ അറിയുന്നു എന്നു അവനോടു പറഞ്ഞു. യേശു അവനോടു: എന്റെ ആടുകളെ മേയ്ക്ക.** [18]**ആമേൻ,**
**ആമേൻ, ഞാൻ നിന്നോടു പറയുന്നു: നീ യൌവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നേ അര കെട്ടി**
**ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി**
**നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും എന്നു പറഞ്ഞു.** [19]**അതിനാൽ**
**അവൻ ഇന്നവിധം മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും എന്നു അവൻ സൂചിപ്പിച്ചു; ഇതു**
**പറഞ്ഞിട്ടു എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു.**

**21:15 "യോഹന്നാന്റെ മകനായ ശിമോനേ"** യേശു അവനെ ശിമോൻ പത്രൊസ് എന്നു വിളിക്കുന്നില്ലെന്നതു ശ്രദ്ധിക്കുക. ഈ മനുഷ്യൻ പാറയല്ല! ശിമോന്റെ പിതാവിന്റെ പേരു സംബന്ധിച്ച് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. യോഹന്നാൻ - ℵ[1], B, C*, D, L, W
2. യോനാ - A, C[2]
3. ഒഴിവാക്കിയിരിക്കുന്നു - ℵ*

ഒന്നാമത്തേതിന് UBS[4] "B' റേറ്റിംഗ് (ഏതാണ്ടുറപ്പുള്ളത്) നൽകുന്നു.

▣ **"സ്നേഹിക്കുന്നുവോ ... സ്നേഹിക്കുന്നുവോ... പ്രിയമുണ്ടോ"** മഹാപുരോഹിതന്റെ നടുമുറ്റത്തു വെച്ച് പത്രൊസ് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിനോടു ബന്ധപ്പെട്ടാണെന്നു തോന്നുന്നു, മൂന്നു വിധ ആവർത്തനം ഇവിടെ കാണാം (ഒ.നോ. 18:17,25,27). ഈ ഭാഗത്തുടനീളം വിവിധ സമാന്തരങ്ങളും വൈരുധ്യങ്ങളും കാണാവുന്നതാണ്.

1. സ്നേഹം (ഫിലെയോ-*φιλεω*), സ്നേഹം (അഗാപ്പാഓ-*αγαπαω*)
2. കുഞ്ഞാട്, ആട്
3. അറിയുക (ഗിനോസ്കോ-*γινοσκω*) അറിയുക (ഒയിഡാ-*οιδα*)

ഇതു കേവലം രചനാപരമായ സവിശേഷതയാണോ അതോ ഈ പദങ്ങൾ തമ്മിൽ മനപ്പൂർവ്വമായ വൈരുധ്യം ഉപയോഗിച്ചിരിക്കുന്നതാണോ എന്നതിനെക്കുറിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. യോഹന്നാൻ മിക്കപ്പോഴും വൈവിധ്യം ഉപയോഗിക്കുന്നുണ്ട്. പ്രത്യേകിച്ചും ഈ അധ്യായത്തിൽ ('കുഞ്ഞുങ്ങൾ' 'പടക്' 'മീൻ' എന്നിവയ്ക്ക് രണ്ടു പദങ്ങൾ). ഈ സന്ദർഭത്തിൽ ഗ്രീക്കുപദങ്ങളായ അഗാപ്പാഓ, ഫിലെയോ എന്നിവയ്ക്ക് വൈവിധ്യം കാണാവുന്നതാണെങ്കിലും കൊയ്നേ ഗ്രീക്കിൽ അവ പര്യായങ്ങളാകയാൽ ഇത് സംശയലേശമെന്യേ പറയാനാവില്ല (ഒ.നോ. 3:35; 5:20; 11:3,5).

▣ **"നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ"** ഈ ചോദ്യത്തിന്റെ ഉദ്ദേശ്യം സംബന്ധിച്ച് ധ്വനി ദുർഗ്രഹമാണ്. ചിലർ പറയുന്നതനുസരിച്ച് ഇതു സൂചിപ്പിക്കുന്നത്.

1. മീൻപിടുത്തം ഒരു തൊഴിലെന്ന നിലയിൽ
2. മറ്റു ശിഷ്യന്മാരെക്കാളധികം താൻ യേശുവിനെ സ്നേഹിക്കുന്നു എന്ന പത്രൊസിന്റെ മുൻ പ്രസ്താവന (ഒ.നോ. മത്താ. 26:33; മർക്കൊ. 14:29; യോഹ. 13:37)
3. ഒന്നാമത്തവൻ എല്ലാവരുടെയും ദാസൻ ആകണം (ഒ.നോ. ലൂക്കൊ. 9:46-48; 22:24-27).

▣ **"എന്റെ കുഞ്ഞാടുകളെ മേയ്ക്ക"** ഇതൊരു വർത്തമാനകാല കർത്തരി കല്പനയാണ്. ഈ മൂന്നു പ്രസ്താവനകളും ഒരേ വ്യാകരണ രൂപമാണ് (ഒ.നോ. വാ. 16,17), എങ്കിലും നേരിയ വ്യത്യാസം പദപ്രയോഗത്തിലുണ്ട് (ആടുകളെ മേയ്ക്ക, ആടുകളെ പാലിക്ക).

**21:17 "നീ സകലവും അറിയുന്നു"** വാ. 16 ലും (*ഒയിഡാ*), 17 ലും (*ഒയിഡാ, ഗിനോസ്കോ*) "അറിയുക" എന്നതിനുള്ള ഗ്രീക്കുപദത്തിൽ വ്യത്യാസമുണ്ട്. കൃത്യമായ കാരണം വ്യക്തമല്ല, ഒരുപക്ഷേ വൈവിധ്യത്തിനു വേണ്ടിയാകാം.

**21:18 "നീ കൈ നീട്ടുകയും"** "ക്രൂശീകരണത്തെ" സൂചിപ്പിക്കുവാൻ (1) ആദിമസഭയിൽ (2) ഗ്രീക്കുസാഹിത്യത്തിൽ ഉപയോഗിച്ചിരുന്ന ഒരു ശൈലി ആയിരിക്കാം ഇത്.

**21:19 "ഇന്നവിധം മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും എന്നു അവൻ സൂചിപ്പിച്ചു"** തല കീഴായി ക്രൂശിക്കപ്പെട്ടാണ് പത്രൊസ് മരിച്ചതെന്നു പാരമ്പര്യം പറയുന്നു. *എക്ലിസീയാസ്റ്റിക്കൽ ഹിസ്റ്ററി,* വാല്യം 3:1ൽ യൂസിബിയസ് പറയുന്നു, "പൊന്തൊസ്, ഗലാത്യ, ബിഥുന്യ, കപ്പദോക്യ, ആസ്യ എന്നിവടങ്ങളിൽ ചിതറിപ്പാർത്ത യെഹൂദന്മാരോടു പത്രൊസ് പ്രസംഗിച്ചതായി വിശ്വസിക്കപ്പെടുന്നു. റോമിലെത്തിയ അവനെ, സ്വന്ത അപേക്ഷ പ്രകാരം തല കീഴായി ക്രൂശിച്ചു." 1:14 ലെ കുറിപ്പു കാണുക.

▣ **"എന്നെ അനുഗമിക്ക"** വാ. 22 ലെപ്പോലെ വർത്തമാന കർത്തരി കല്പനയാണ് ഇതും. നേതൃത്വത്തിനുള്ള പത്രൊസിന്റെ വിളിയുടെ പുതുക്കലിനോടും പുനഃസ്ഥിരീകരണത്തോടും ബന്ധപ്പെട്ടതാണിത് (ഒ.നോ. മത്താ. 4:19-20).

## യോഹന്നാൻ 21:20-23

**[20]പത്രൊസ് തിരിഞ്ഞു യേശു സ്നേഹിച്ച ശിഷ്യൻ പിൻചെല്ലുന്നതു കണ്ടു; അത്താഴത്തിൽ അവന്റെ നെഞ്ചോടു ചാഞ്ഞുകൊണ്ടു: കർത്താവേ, നിന്നെ കാണിച്ചുകൊടുക്കുന്നവൻ ആർ എന്നു ചോദിച്ചതു ഇവൻ തന്നേ. [21]അവനെ പത്രൊസ് കണ്ടിട്ടു: കർത്താവേ, ഇവന്നു എന്തു സംഭവിക്കും എന്നു യേശുവിനോടു ചോദിച്ചു. [22]യേശു അവനോടു: ഞാൻ വരുവോളം ഇവൻ ഇരിക്കേണമെന്നു എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്കു എന്തു? നീ എന്നെ അനുഗമിക്ക എന്നു പറഞ്ഞു. [23]ആകയാൽ ആ ശിഷ്യൻ മരിക്കയില്ല എന്നൊരു ശ്രുതി സഹോദരന്മാരുടെ ഇടയിൽ പരന്നു. യേശുവോ: അവൻ മരിക്കയില്ല എന്നല്ല, ഞാൻ വരുവോളം ഇവൻ ഇരിക്കേണം എന്നു എനിക്കു ഇഷ്ടമുണ്ടെങ്കിൽ അതു നിനക്കു എന്തു എന്നത്രേ അവനോടു പറഞ്ഞതു.**

**21:20 "യേശു സ്നേഹിച്ച ശിഷ്യൻ"** 13:25 ലെ വിവരണത്തെയാണിതു സൂചിപ്പിക്കുന്നത്. ഈ വിധത്തിൽ അവനെന്തുകൊണ്ടാണ് അറിയപ്പെടുന്നതെന്ന കാര്യം അജ്ഞാതമാണ് (ഒ.നോ. 13:23; 19:26; 20:2; 21:7,20). താഴെക്കാണുന്ന കാരണങ്ങളാലാകാം:

1. ഒന്നാം നൂറ്റാണ്ടിലെ പരമ്പരാഗത യെഹൂദ ലിഖിതങ്ങൾ എഴുത്തുകാരനെ പേരിൽ പരാമർശിക്കുന്നില്ല.
2. യോഹന്നാൻ യേശുവിനെ അനുഗമിക്കുമ്പോൾ തീരെ ചെറിയ പ്രായമായിരുന്നു.
3. വിസ്താരവേളയിലും ക്രൂശീകരണത്തിലും യേശുവിനോടുകൂടെ നിന്ന ഏക അപ്പൊസ്തലൻ യോഹന്നാൻ ആയിരുന്നു.

**21:22 "യേശു അവനോടു: 'ഞാൻ വരുവോളം അവൻ ഇരിക്കേണമെന്ന് എനിക്കു ഇഷ്ടം ഉണ്ടെങ്കിൽ അതു നിനക്ക് എന്ത്?'"** പ്രഥമപുരുഷ സോപാധിക വാചകമാണിത്. നാം നമ്മുടെ വരങ്ങളുടെ ശുശ്രൂഷകളും നിവർത്തിക്കുന്നതിൽ ശ്രദ്ധാലുവാകുകയും ദൈവം മറ്റുള്ളവർക്കുവേണ്ടി കരുതിയിട്ടുള്ള പദ്ധതികൾ ഇടപെടാതിരിക്കുകയും വേണം. അ. 21 കൂട്ടിച്ചേർക്കുന്നതിനുള്ള സാധ്യമായ കാരണങ്ങളിലൊന്ന് ഈ വിഷയം സംബന്ധിച്ചുള്ള തെറ്റിദ്ധാരണ നീക്കുക എന്നതായിരുന്നു. കർത്താവിന്റെ രണ്ടാം വരവു വരെ (യോഹന്നാൻ പറുദീസയെക്കുറിച്ച് സംസാരിക്കുന്നില്ല. ഒ.നോ. 14:23; 1 യോഹ. 3:2) യോഹന്നാൻ ജീവിച്ചിരിക്കും എന്നൊരു കിംവദന്തി (ഒരു പക്ഷേ ജ്ഞാനവാദപരം) പറന്നിരുന്നു.

▣ **"എന്നെ അനുഗമിക്ക"** ഇത് യോഹന്നാന്റെ സുവിശേഷത്തിന്റെ വ്യക്തിപരമായ ആഹ്വാനത്തിന്റെ സംഗ്രഹമാണ് (ഒ.നോ. 1:43; 10:27; 12:26; 21:19,22). ഇത് സുവിശേഷത്തിന്റെ വ്യക്തിപരമായ വശത്തെ ഊന്നിപ്പറയുന്നു, അതേ സമയം "അതു വിശ്വസിക്കുക" എന്നത് സുവിശേഷത്തിന്റെ ഉള്ളടക്ക വശത്തെ ഉറപ്പിക്കുന്നു.

## യോഹന്നാൻ 21:24

**[24]ഈ ശിഷ്യൻ ഇതിനെക്കുറിച്ചു സാക്ഷ്യം പറയുന്നവനും ഇതു എഴുതിയവനും ആകുന്നു; അവന്റെ സാക്ഷ്യം സത്യം എന്നു ഞങ്ങൾ അറിയുന്നു.**

**21:24 "ഇതു എഴുതിയവനും"** ഇതു സൂചിപ്പിക്കുന്നത് (1) വാ. 20-23 (2) അദ്ധ്യായം 21 (3) മുഴു സുവിശേഷത്തെയും ആണോ? ഉത്തരം വ്യക്തമല്ല.

▣ **"അവന്റെ സാക്ഷ്യം സത്യം എന്നു ഞങ്ങൾ അറിയുന്നു"** "ഞങ്ങൾ" എന്ന സർവ്വനാമം സൂചിപ്പിക്കുന്നതാരെ എന്നു വ്യക്തമല്ല. യോഹന്നാന്റെ സുവിശേഷത്തിലെ സത്യത്തിന്റെ സ്ഥിരീകരണത്തിനായി മറ്റുള്ളവരെയും കൊണ്ടുവരുന്നു എന്നു വ്യക്തമാണ്. ഇതൊരു പക്ഷേ എഫെസൊസിലെ മൂപ്പന്മാരാകാം. യോഹന്നാൻ ജീവിക്കുകയും ശുശ്രൂഷിക്കുകയും മരിക്കുകയും ചെയ്തത് ഇവിടെയാണ്. എഫെസൊസിലെ മൂപ്പന്മാർ സുവിശേഷം എഴുതുവാൻ യോഹന്നാനെ പ്രേരിപ്പിച്ചതായി പാരമ്പര്യം പറയുന്നു. മറ്റ് അപ്പൊസ്തലന്മാർ എല്ലാവരും മരണമടഞ്ഞതും യേശുവിനെപ്പറ്റി വർദ്ധിച്ചു വരുന്ന ദുരുപദേശങ്ങളുമായിരുന്നു അതിനു കാരണം. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ കാണുക.

**യോഹന്നാൻ 21:25**

**[25]യേശു ചെയ്തതു മറ്റു പലതും ഉണ്ടു; അതു ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു.**

**21:25** രണ്ടു കാരണങ്ങളാൽ ഈ വാക്യം തർക്ക വിഷയമാണ്: (1) അനേക കയ്യെഴുത്തു പ്രതികളിൽ യോഹ. 7:53–8:11 ഭാഗം, വാ. 24 നും 25 നും ഇടയിൽ ചേർത്തിരിക്കുന്നു. (2) കയ്യെഴുത്തു പ്രതി സൈനയിറ്റിക്കസിൽ (א) പകർപ്പെഴുത്തുകാരൻ ആലങ്കാരിക ചിത്രം മായിച്ചിട്ട് അവിടെ വാ. 25 ചേർത്തിരിക്കുന്നു. ബ്രിട്ടീഷ് മ്യൂസിയത്തിൽ അൾട്രാ വയലറ്റ് രശ്മി ഉപയോഗിച്ചു നടത്തിയ പരിശോധനയിലാണിതു കണ്ടെത്തിയത്. എഴുത്തുകാർ അവർ എഴുതിയ കാര്യങ്ങൾ പ്രത്യേകം തിരഞ്ഞെടുത്തവയാണെന്ന് വ്യക്തമായി പറയുന്ന വാക്യമാണിത്. വ്യാഖ്യാന പരമായ ചോദ്യം എപ്പോഴും ചോദിക്കുന്നത്, "എന്തുകൊണ്ടാണ് അവരിത് ഈ രീതിയിൽ എഴുതുകയും നാലു സുവിശേഷങ്ങളെ ഒന്നിച്ചാക്കുവാൻ ശ്രമിക്കാതിരിക്കയും ചെയ്തത്?" എന്നാണ് (See Gordon Fee and Douglas Stuart, *How to Read the Bible for All its Worth*).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എപ്രകാരമാണ് യോഹ. 21. ലൂക്കൊ. 5 നോടു സമാനത പുലർത്തുന്നത്?
2. എന്തുകൊണ്ടാണ് ശിഷ്യന്മാർ യേശുവിനെ പെട്ടെന്നു തിരിച്ചറിയാതിരുന്നത്?
3. യേശു സ്നേഹിച്ച ശിഷ്യൻ ആരാണ്?
4. യേശു പത്രൊസിനോട് തന്നോടുള്ള സ്നേഹത്തെക്കുറിച്ചു മൂന്നു പ്രാവശ്യം ചോദിച്ചതെന്തുകൊണ്ടാണ്?
5. താൻ വീണ്ടും വരുന്നതുവരെ യോഹന്നാൻ ജീവിച്ചിരിക്കും എന്നു യേശു പ്രസ്താവിച്ചോ?
6. വാക്യം 25 മൂലഗ്രന്ഥത്തിലുള്ളതാണോ?

# 1 യോഹന്നാൻ

## 1 യോഹന്നാന്റെ മുഖവുര

### ഈ ഗ്രന്ഥത്തിന്റെ അതുല്യത

A. 1 യോഹന്നാൻ ഒരു വ്യക്തിപരമായ എഴുത്തല്ല. "ഭരണകേന്ദ്രത്തിൽ നിന്നയയ്ക്കുന്ന നിർജീവമായ ഓഫീസ് മെമ്മോ" പോലെ സഭയ്ക്കയച്ച എഴുത്തുമല്ല.
   1. ഇതിന് പരമ്പരാഗത രീതിയിലുള്ള മുഖവുര ഇല്ല (ആര്, ആർക്കെഴുതി).
   2. ഇതിന് വ്യക്തിപരമായ വന്ദനമോ ഉപസംഹാര സന്ദേശമോ ഇല്ല.

B. വ്യക്തി നാമങ്ങൾ പരമാർശിക്കുന്നില്ല. എഫെസ്യർ, യാക്കോബ് എന്നിവപോലെ അനേക സഭകൾക്ക് എഴുതിയ ഗ്രന്ഥങ്ങളിലൊഴികെ ഇത് അസാധാരണമാണ്. എഴുത്തുകാരന്റെ പേരു പറയാത്ത ഏക പുതിയ നിയമ ഗ്രന്ഥം എബ്രായ ലേഖനമാണ്. എന്നിരുന്നാലും ദുരുപദേഷ്ടാക്കന്മാരിൽ നിന്നും (ജ്ഞാനവാദികൾ) ആന്തരിക സഭാ പ്രശ്നം നേരിടുന്ന വിശ്വാസികൾക്കാണ് 1 യോഹന്നാൻ എഴുതപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാണ്.

C. ഈ ലേഖനം ഒരു ശക്തമായ വേദശാസ്ത്ര പ്രബന്ധമാണ്
   1. യേശുവിൽ കേന്ദ്രീകൃതം
      a. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും
      b. രക്ഷ ലഭിക്കുന്നത് ഒരു നിഗൂഢ അനുഭവത്തിൽ നിന്നോ രഹസ്യ ജ്ഞാനത്തിൽ നിന്നോ (വ്യാജ ഉപദേഷ്ടാക്കൾ) അല്ല യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ആണ്.
   2. ക്രിസ്തീയ ജീവിതശൈലിയുടെ ആവശ്യം (യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ മൂന്നു പരിശോധനകൾ)
      a. സഹോദരസ്നേഹം
      b. അനുസരണം
      c. വീഴ്ച സംഭവിച്ച ലോക സംവിധാനത്തിന്റെ നിരാകരണം
   3. നസറായനായ യേശുവിലുള്ള വിശ്വാസത്താൽ നിത്യരക്ഷയുടെ ഉറപ്പ്
   4. കള്ള ഉപദേഷ്ടാക്കളെ എങ്ങനെ തിരിച്ചറിയാം

D. ഏതൊരു പുതിയ നിയമ എഴുത്തുകളെക്കാളും ഏറ്റവും ലളിതമായ കൊയ്നേ ഗ്രീക്ക് യോഹന്നാന്റെ എഴുത്തുകളിലാണ് (പ്രത്യേകിച്ച് 1 യോഹന്നാൻ), എന്നിട്ടും അവന്റെ എഴുത്തുകൾ മറ്റേത് ഗ്രന്ഥത്തെക്കാളും യേശുക്രിസ്തുവിലുള്ള ദൈവത്തിന്റെ ഈടുറ്റതും നിത്യവുമായ സത്യങ്ങളുടെ ആഴങ്ങൾ വെളിപ്പെടുത്തുന്നു (അതാ. ദൈവം വെളിച്ചമാകുന്നു, 1:5; ദൈവം സ്നേഹം തന്നേ, 4:8,16; ദൈവം ആത്മാവാകുന്നു, യോഹ. 4:24).

E. 1 യോഹന്നാൻ യോഹന്നാന്റെ സുവിശേഷത്തെ പരിചയപ്പെടുത്തുന്ന ഒരു എഴുത്താകാനുള്ള സാധ്യതയുണ്ട്. ഒന്നാം നൂറ്റാണ്ടിലെ ജ്ഞാനവാദ ദുരുപദേശമാണ് രണ്ടു ഗ്രന്ഥങ്ങളുടെയും പശ്ചാത്തലം. സുവിശേഷത്തിന് ഒരു സുവിശേഷീകരണ ലക്ഷ്യമുണ്ട്. എന്നാൽ 1 യോഹന്നാൻ വിശ്വാസികൾക്കുവേണ്ടി എഴുതപ്പെട്ടതാണ് (അതാ. ശിഷ്യത്വം).

   പ്രസിദ്ധ വ്യാഖ്യാതാവായ വെസ്റ്റ് കോട്ട് പറയുന്നത്, സുവിശേഷം യേശുവിന്റെ ദൈവത്വത്തെ ഉറപ്പിക്കുമ്പോൾ, 1 യോഹന്നാൻ അവന്റെ മനുഷ്യത്വത്തെ ഉറപ്പിക്കുന്നു എന്നാണ്. ഈ പുസ്തകങ്ങൾ ഒന്നിച്ചു പോകുന്നു.

F. യോഹന്നാൻ കറുപ്പും വെളുപ്പും (ദ്വന്ദ) പദങ്ങളിലാണെഴുതുന്നത്. ഇത് ചാവുകടൽ ചുരുളുകളുടെയും ജ്ഞാനവാദ ദുരുപദേശകരുടെയും സവിശേഷതയാണ്. 1 യോഹന്നാന്റെ ഘടനാപരമായ രചനാ ദ്വന്ദം ആക്ഷരികവും (വെളിച്ചം x ഇരുട്ട്), ശൈലിപരവും (ഒരു നെഗറ്റീവ് പ്രസ്താവനയെ തുടർന്ന് ഒരു പോസിറ്റീവ് പ്രസ്താവന) ആണ്. ഇത് ലംബദ്വന്ദം (യേശു മേലിൽ നിന്നുള്ളവൻ x സകല മനുഷ്യരും കീഴെ നിന്നുള്ളവർ) ഉപയോഗിക്കുന്ന യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും വ്യത്യസ്തമാണ്.

G. വിഷയങ്ങളുടെ ആവർത്തിച്ചുള്ള ഉപയോഗം നിമിത്തം 1 യോഹന്നാന്റെ രൂപരേഖ നിർമ്മിക്കുക പ്രയാസകരമാണ്. ആവർത്തിക്കുന്ന പാറ്റേണുകൾ നെയ്തു ചേർത്ത സത്യങ്ങളുടെ പരവതാനി പോലെയാണ് ഈ ഗ്രന്ഥം (ഒ.നോ. Bill Hendricks, *Tapestries of Truth, The Letters of John*).

### എഴുത്തുകാരൻ

A. യോഹന്നാന്റെ രചനകളുടെ – സുവിശേഷം 1 യോഹന്നാൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, വെളിപ്പാട്

കർത്തൃത്വം സംബന്ധിച്ചുള്ള വാദത്തിന്റെ ഭാഗമാണ് 1 യോഹന്നാന്റെ കർത്തൃത്വവും.

B. രണ്ട് അടിസ്ഥാന നിലപാടുകളുണ്ട്.

1. പരമ്പരാഗതം
   a. പ്രിയ ശിഷ്യനായ യോഹന്നാനാണ് 1 യോഹന്നാന്റെ എഴുത്തുകാരൻ എന്ന പാരമ്പര്യം ആദിമ സഭാപിതാക്കൾ ഐകകണ്ഠ്യേന അംഗീകരിച്ചിരുന്നു
   b. ആദിമ സഭാ തെളിവുകളുടെ സംഗ്രഹം
      (1) റോമിലെ ക്ലമന്റ് (എ.ഡി. 90) 1 യോഹന്നാനെക്കുറിച്ചു സൂചിപ്പിക്കുന്നു
      (2) സ്മുർന്നയിലെ പോളിക്കാർപ്പ്, *ഫിലിപ്പിയർ* 7 ൽ (എ.ഡി. 110–140) 1 യോഹന്നാൻ ഉദ്ധരിക്കുന്നു
      (3) ജസ്റ്റിൻ മാർട്ടയർ, *ഡയലോഗ്* 123:9 (എ.ഡി. 150–160) 1 യോഹന്നാൻ ഉദ്ധരിക്കുന്നു
      (4) 1 യോഹന്നാനെക്കുറിച്ചുള്ള സൂചനകൾ താഴെ പറയുന്നവരുടെ രചനകളിൽ കാണാം
         (a) അന്തോക്യയിലെ ഇഗ്നേഷ്യസ് (അദ്ദേഹത്തിന്റെ രചനകളുടെ കാലം നിശ്ചയമില്ല, എങ്കിലും എ.ഡി. 100 കളുടെ ആരംഭത്തിൽ)
         (b) ഹിയരപോലീസിലെ പാപ്പിയാസ് (എ. ഡി. 50–60 നു മധ്യേ ജനിക്കുകയും എ. ഡി. 155 ൽ രക്തസാക്ഷിയാകയും ചെയ്തു).
      (5) ല്യോൺസിലെ ഐറേനിയസ് (എ.ഡി. 130–202) 1 യോഹന്നാൻ അപ്പൊ. യോഹന്നാന്റേതാണെന്നു രേഖപ്പെടുത്തുന്നു. ദുരുപദേശങ്ങൾക്കെതിരെ 50 പുസ്തകങ്ങൾ എഴുതിയ തെർത്തുല്യൻ കൂടെക്കൂടെ 1 യോഹന്നാൻ ഉദ്ധരിച്ചിരുന്നു.
      (6) യോഹന്നാന്റെ ഗ്രന്ഥകർത്തൃത്വത്തെ അംഗീകരിച്ച ആരംഭകാല എഴുത്തുകാർ ക്ലെമന്റ്, ഒറിഗൺ, ഡയണീഷ്യസ് (മൂവരും അലക്സാണ്ട്രിയക്കാർ), മൂരാറ്റോറിയൻ ശകലം (എ.ഡി. 180–200), യുസീബിയസ് (3–ാം നൂറ്റാണ്ട്)
      (7) ജെറോം (4–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി) യോഹന്നന്റെ ഗ്രന്ഥകർത്തൃത്വം ഉറപ്പിച്ചെങ്കിലും തന്റെ കാലത്ത് ചിലർ അതിനെ നിഷേധിക്കുന്നതായി പറഞ്ഞിട്ടുണ്ട്
      (8) മോപ്സ്യൂസ്റ്റിയായിലെ തിയോഡോർ (എ.ഡി. 392–428 ൽ അന്ത്യോക്യയിലെ ബിഷപ്പ്) യോഹന്നാന്റെ ഗ്രന്ഥകർത്തൃത്വം നിഷേധിച്ചിട്ടുണ്ട്
   c. യോഹന്നാനെങ്കിൽ, യോഹന്നാൻ അപ്പൊസ്തലനെക്കുറിച്ച് നമുക്കെന്തറിയാം?
      (1) അവൻ സെബദിയുടെയും ശലോമയുടെയും പുത്രനാണ്
      (2) തന്റെ സഹോദരനായ യാക്കോബിനോടൊപ്പം ഗലീലക്കടലിൽ മീൻപിടുത്തക്കാരനായിരുന്നു (അനേക പടകുകളുടെ ഉടമ)
      (3) അവന്റെ അമ്മ യേശുവിന്റെ അമ്മയായ മറിയയുടെ സഹോദരി ആയിരുന്നുവെന്നു ചിലർ വിശ്വസിക്കുന്നു ((ഒ.നോ. യോഹ. 19:25; മർക്കൊ. 15:20)
      (4) അവൻ ധനികനായിരുന്നുവെന്നും വ്യക്തം, കാരണം
         (a) കൂലിക്കാരുണ്ടായിരുന്നു (ഒ.നോ. മർക്കൊ. 1:20)
         (b) അനേക പടകുകൾ ഉണ്ടായിരുന്നു
         (c) യെരുശലേമിൽ ഒരു ഭവനമുണ്ടായിരുന്നു (ഒ.നോ. മത്താ. 20:20)
      (5) യെരുശലേമിൽ മഹാപുരോഹിതന്റെ ഭവനത്തിൽ അവനു പ്രവേശനമുണ്ടായിരുന്നു, അവൻ പ്രസിദ്ധനായ വ്യക്തിയാണെന്നാണിതു കാണിക്കുന്നത് (ഒ.നോ. യോഹ. 18:15–16)
      (6) യോഹന്നാന്റെ സംരക്ഷണയിലാണ് യേശു തന്റെ അമ്മയായ മറിയയെ ഏൽപ്പിച്ചത്
   d. മറ്റു ശിഷ്യന്മാരുടെ മരണശേഷവും യോഹന്നാൻ ജീവിച്ചിരുന്നതായും യെരുശലേമിൽ വെച്ച് മറിയ മരിച്ച ശേഷം അവൻ ഏഷ്യാ മൈനറിലേക്കു പോയി മരിച്ചശേഷം അവൻ ഏഷ്യാമൈനറിലേക്കു പോയി അവിടുത്തെ ഏറ്റവും വലിയ പട്ടണമായ എഫെസൊസിൽ പാർത്തുവെന്നും പാരമ്പര്യം ഏകകണ്ഠമായി സാക്ഷിക്കുന്നു. ഈ പട്ടണത്തിൽ നിന്നും അവൻ പത്മൊസിലേക്കു (തീരത്തു നിന്നകലെ) നാടുകടത്തപ്പെടുകയും പിൽക്കാലത്ത് സ്വതന്ത്രനായി എഫെസൊസിൽ മടങ്ങിയെത്തുകയും ചെയ്തു (യൂബിയസ് പോളിക്കാർപ്പ്, പാപ്പിയാസ്, ഐറേനിയസ് എന്നിവരെ ഉദ്ധരിക്കുന്നു)
2. ആധുനിക വാദകളിൽ
   a. ആധുനിക പണ്ഡിതന്മാരിൽ നല്ലൊരു പങ്കും യോഹന്നാന്റെ എഴുത്തുകളിൽ വിശേഷാൽ പദപ്രയോഗം, വാക്കുകൾ, വ്യാകരണരൂപം എന്നിവയിൽ സമാനത കാണുന്നുണ്ട്. ഇതിൽ നല്ല ഉദാഹരണം ഈ രചനകളുടെ സുവിശേഷതയായ വൈരുദ്ധ്യങ്ങളാണ്. ജീവൻ x മരണം, സത്യം x ഭോഷ്ക്. ഈ വിരുദ്ധ ദ്വന്ദങ്ങൾ അക്കാലത്തെ ഇതര രചനകളിൽ – ചാവുകടൽ ചുരുകളുകളും ജ്ഞാനവാദ ഗ്രന്ഥങ്ങളും – കാണാൻ കഴിയും.
   b. യോഹന്നാന്റേതെന്ന് പരമ്പരാഗതമായി വിശ്വസിക്കുന്ന അഞ്ചു ഗ്രന്ഥങ്ങളുടെ പരസ്പര ബന്ധത്തെക്കുറിച്ച് നിരവധി സിദ്ധാന്തങ്ങൾ നിലവിലുണ്ട്. ഇതിന്റെ എഴുത്തുകാർ ഒരാളാണെന്നും രണ്ടു പേരാണെന്നും മൂന്നു പേരാണെന്നും വാദിക്കുന്ന സമൂഹങ്ങളുണ്ട്. ഏറ്റവും വിശ്വസനീയമായ നിലപാട് യോഹന്നാന്റെ രചനകളെല്ലാം ഒരു മനുഷ്യന്റെ ആലോചനകളുടെ ഫലമാ

ണെന്നതാണ്. അവന്റെ ശിഷ്യന്മാരിൽ ചിലർ അവ രേഖപ്പെടുത്തിയിട്ടുണ്ടാവാം.

c. എന്റെ വ്യക്തിപരമായ വിശ്വാസം വൃദ്ധനായ അപ്പൊസ്തലനായ യോഹന്നാൻ എഫെസൊസിലെ തന്റെ ശുശ്രൂഷയുടെ അന്ത്യനാളിൽ അഞ്ചുപുസ്തകങ്ങളും എഴുതി എന്നാണ്

3. ഗ്രന്ഥ കർത്തൃത്വം സംബന്ധിച്ച വിഷയം വ്യാഖ്യാനം സംബന്ധിച്ച വിഷയമാണ്, ദൈവനിശ്വാസീയത സംബന്ധിച്ചുള്ളതല്ല. ആത്യന്തികമായി തിരുവെഴുത്തിന്റെ എഴുത്തുകാരൻ ദൈവമാണ്

## എഴുതിയ കാലം - ഇതു വ്യക്തമായും ഗ്രന്ഥകർത്തൃത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു.

A. അപ്പൊസ്തലനായ യോഹന്നാൻ ഈ എഴുത്തുകൾ എഴുതിയെങ്കിൽ, പ്രത്യേകിച്ച് 1 യോഹന്നാൻ, ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്ത ഒരു സമയത്തെക്കുറിച്ചാണ് നാം പറയുന്നത്. ഈ സമയത്ത് ജ്ഞാന മതത്തിന്റെ ദൈവശാസ്ത്ര/തത്വശാസ്ത്ര സംവിധാനങ്ങൾ വളർച്ച പ്രാപിച്ചിരുന്നു. മാത്രമല്ല ഒരു വൃദ്ധൻ ഇളയ വിശ്വാസ സമൂഹത്തോട് സംസാരിക്കുന്ന രീതിയിലുള്ള 1 യോഹന്നാനിലെ പദപ്രയോഗങ്ങൾ (കുഞ്ഞുങ്ങളേ) ഈ പിൽക്കാല തീയതിക്ക് അനുയോജ്യവുമാണ്. യേശുവിന്റെ ക്രൂശീകരണത്തിനു ശേഷം യോഹന്നാൻ 68 വർഷം ജീവിച്ചിരുന്നതായി ജെറോം പറയുന്നു. ഇത് ഈ പാരമ്പര്യവുമായി യോജിക്കുന്നു.

B. 1 യോഹന്നാൻ എ.ഡി. 85–95 നിടയിലും സുവിശേഷം എ. ഡി. 95 നോടടുത്തും എഴുതപ്പെട്ടതായി എ. റ്റി. റോബർട്ട്സൺ ചിന്തിക്കുന്നു.

C. *ദി ന്യൂ ഇന്റർനാഷണൽ കമന്ററി സീരിസിലെ* 1 യോഹന്നാന്റെ പഠനത്തിൽ ഹോവാർഡ് മാർഷാൽ എ. ഡി. 60 നും 100 നും ഇടയ്ക്കുള്ള തീയതി മുന്നോട്ടു വയ്ക്കുന്നു. യോഹന്നാന്റെ രചനാകാലത്തെ സംബന്ധിച്ച് ആധുനിക പണ്ഡിതന്മാർ ചിന്തിക്കുന്ന കാലഘട്ടത്തോടു ചേർന്നു പോകുന്നതാണിത്.

## സ്വീകർത്താക്കൾ

A. എഫെസൊസ് പ്രധാന നഗരമായ ഏഷ്യാ മൈനർ (പടിഞ്ഞാറെ തുർക്കി) എന്ന റോമൻ പ്രവിശ്യയിലുള്ളവർക്കായി എഴുതി എന്ന് പാരമ്പര്യം പറയുന്നു.

B. കെലൊസ്യ, എഫെസ്യ സഭകളെപ്പോലെ ദുരുപദേഷ്ടാക്കളിൽനിന്നുള്ള പ്രശ്നങ്ങൾ നേരിട്ടിരുന്ന ഏഷ്യാ മൈനറിലെ ചില പ്രത്യേക സഭകൾക്ക് എഴുതി. ആ ദുരുപദേഷ്ടാക്കൾ:
   1. യേശുവിന്റെ മനുഷ്യത്വം നിഷേധിക്കുകയും എനനാൽ ദൈവത്വത്തെ അംഗീകരിക്കുകയും ചെയ്തിരുന്ന ഡോസറ്റിക് ജ്ഞാനവാദികൾ
   2. ദൈവശാസ്ത്രത്തെ ധാർമ്മികത/സാന്മാർഗ്ഗികതയിൽ നിന്നും വേർതിരിക്കുന്ന ആന്റിനോമിയൻ ജ്ഞാനവാദികൾ

C. പാർത്തിയൻകാർക്കാണ് (ബാബിലോൺ) ഇതെഴുതിയതെന്ന് അഗസ്റ്റിൻ (എ.ഡി. 4–ാം നൂറ്റാണ്ട്) പറയുന്നു. അവനെ അധികരിച്ച് കാസിയോഡ്രസും (എ.ഡി. 6–ാം നൂറ്റാണ്ടിന്റെ ആരംഭം) ഇതു വിശ്വസിച്ചു. ഈ ചിന്ത ഉണ്ടായത് 1 പത്രൊ. 5:13 ലും 2 യോഹ. 1 ലും കാണുന്ന "മാന്യ നായകിയാർ" (Elect lady) എന്ന പ്രയോഗവും "സഹവൃതയായ ബാബിലോണിലെ സഭയും" എന്ന പ്രയോഗവും സംബന്ധിച്ച ആശയക്കുഴപ്പത്തിൽ നിന്നാകാം.

D. എ.ഡി. 180 –200 നുമിടയിൽ റോമിൽ വച്ചെഴുതിയ പുതിയനിയമ ഗ്രന്ഥങ്ങളുടെ കാനോൻ ആയ മുറാറ്റോറിയൻ ശകലത്തിൽ, ഈ എഴുത്ത് തന്റെ സഹശിഷ്യന്മാരുടെയും ബിഷപ്പുമാരുടെയും ആഹ്വാനത്തെ തുടർന്ന് ഏഷ്യാ മൈനറിൽ വെച്ച് എഴുതപ്പെട്ടതായി പറയുന്നു

## ദുരുപദേശം

A. ഒരു പ്രത്യേക ദുരുപദേശത്തിന് (അതാ. "എന്നു പറയുകയും" 1:6, "എന്നു പറയുകയും ചെയ്യുന്നവൻ" 2:9; 4:20) എതിരായ പ്രതികരണമാണ് ഈ ലേഖനം എന്നു വ്യക്തമാണ്

B. 1 യോഹന്നാനിലെ ആന്തരിക തെളിവുകളിൽ നിന്നും ദുരുപദേശത്തിന്റെ ചില അടിസ്ഥാന പ്രമാണങ്ങൾ നമുക്കു ഗ്രഹിക്കാം
   1. യേശുക്രിസ്തുവിന്റെ ജഡധാരണത്തെ നിഷേധിക്കൽ
   2. രക്ഷയുടെ കേന്ദ്രം യേശുക്രിസ്തു എന്നതിനെ നിഷേധിക്കൽ
   3. അനുയോജ്യമായ ക്രിസ്തീയ ജീവിതശൈലിയുടെ അഭാവം
   4. ജ്ഞാനത്തിനുള്ള ഊന്നൽ (മിക്കപ്പോഴും നിഗൂഢമായ)
   5. ഒറ്റപ്പെട്ടിരിക്കാനുള്ള പ്രവണത

C. ഒന്നാം നൂറ്റാണ്ടിലെ പശ്ചാത്തലം
ഒന്നാം നൂറ്റാണ്ടിലെ റോമൻ ലോകം പൗരസ്ത്യ പാശ്ചാത്യ മതങ്ങൾ തമ്മിലുള്ള കൂടിക്കുഴയലിന്റെ കാലമായിരുന്നു. ഗ്രീക്ക്, റോമൻ ദേവന്മാരുടെ ജനപ്രീതി നഷ്ടപ്പെട്ടിരുന്നു. ദൈവങ്ങളും നിഗൂഢജ്ഞാ

നവും തമ്മിലുള്ള ബന്ധം നിമിത്തം നിഗൂഢ മതങ്ങൾ ജനപ്രീതിയാർജ്ജിച്ചു. സെക്കുലർ ഗ്രീക്കു തത്വശാസ്ത്രം ജനപ്രിയമാകയും ഇതര ലോകവീക്ഷണങ്ങളുമായി കൂടിക്കലരുകയും ചെയ്തു. മതങ്ങൾ അസ്തപ്രഭമായിക്കൊണ്ടിരുന്ന ഈ ലോകത്തിലേക്കാണ് ക്രിസ്തീയ വിശ്വാസം വ്യതിരിക്തമായ (ദൈവത്തിങ്കലേക്കുള്ള ഏകവഴി യേശുക്രിസ്തു, ഒ.നോ. യോഹ. 14:6) കടന്നുവന്നത്. ദുരുപദേശത്തിന്റെ കൃത്യമായ പശ്ചാത്തലം എന്തായിരുന്നാലും ക്രിസ്ത്യാനിത്വത്തിന്റെ ഈ ഇടുങ്ങിയതും കർശനവുമായ വീക്ഷണത്തെ ജനങ്ങൾക്ക് സ്വീകാര്യമാക്കുവാനും വിശാല ഗ്രീക്കു-റോമൻ വായനക്കാർക്ക് ബൗദ്ധിക മായി അംഗീകാരയോഗ്യമാക്കുവാനുമുള്ള ശ്രമമായിരുന്നു അത്

D. യോഹന്നാൻ അഭിസംബോധന ചെയ്യുന്നത് ഏതു ജ്ഞാനവാദ സമൂഹത്തെയായിരിക്കാം?
   1. ഇൻസിപ്പിയന്റ് ഗ്നോസ്റ്റിസിസം
      a. ഒന്നാം നൂറ്റാണ്ടിലെ ഈ സമൂഹത്തിന്റെ അടിസ്ഥാന പഠിപ്പിക്കലുകൾ ആത്മാവും വസ്തുവും തമ്മിലുള്ള ഒന്റോളജിക്കൽ ഡ്യൂവലിസ (നിത്യ ദ്വന്ദ്വം) ത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള തായിരുന്നു. ആത്മാവ് (ഉന്നത ദൈവം) നല്ലതും വസ്തു തിന്മയുമാണ്. ഈ ദ്വന്ദ്വവാദം പ്ലേറ്റോ യിസത്തിലെ ആശയം x ഭൗതികം, സ്വർഗീയം x ഭൗമികം, അദൃശ്യം x ദൃശ്യം എന്നിവയോടു സാമ്യമുള്ളതാണ്. രഹസ്യജ്ഞാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അമിത ഊന്നൽ നൽകു ന്നുമുണ്ട് (ആത്മാവിന് രക്ഷനേടുവാൻ ദൂതമണ്ഡലത്തിൽ നിന്നും (എയിയോ ണുകൾ) ഉന്നത ദൈവത്തിലേക്കെത്തുവാൻ പാസ്‌വേഡുകൾ അഥവാ രഹസ്യകോഡുകൾ ആവശ്യമാണ്).
      b. 1 യോഹന്നാന്റെ പശ്ചാത്തലമേകാൻ സാധ്യതയുള്ള രണ്ടുവിധ ഇൻസിപ്പിയന്റ് ജ്ഞാന വാദമുണ്ട്.
         (1) ഡോസറ്റിക് ജ്ഞാനവാദം, യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ നിരാകരിക്കുന്നു, കാരണം വസ്തു തിന്മയാണ്.
         (2) സെറിന്തിയൻ ജ്ഞാനവാദം, ഉന്നതനായ നല്ല ദൈവത്തിനും തിന്മയായ വസ്തുവിനും ഇടയിലുള്ള എയിയോണുകൾ അഥവാ ദൂതതലങ്ങളിൽ ഒന്നായി ക്രിസ്തുവിനെ കാണുന്നു. ഈ "ക്രിസ്തു ആത്മാവ്" യേശു എന്ന മനുഷ്യനിൽ സ്നാനസമയത്ത് അധിവസിക്കുകയും ക്രൂശീകരണത്തിന് മുമ്പ് വിട്ടുപോകുകയും ചെയ്തു.
         (3) ഈ രണ്ടു ഗ്രൂപ്പുകളിൽ ചിലർ സന്യാസം ആചരിക്കുകയും (ശരീരത്തിനു വേണമെങ്കിൽ, കാരണം അതു തിന്മയാണ്), മറ്റുള്ളവർ ആന്റിനോമിയനിസം (നിയമ നിഷേധം, ശരീരത്തിനു വേണമെങ്കിൽ അതു നൽകുക) ആചരിക്കുകയും ചെയ്തു. ഒന്നാം നൂറ്റാണ്ടിൽ വികസിത ജ്ഞാനവാദം ഉണ്ടായിരുന്നതായി എഴുതപ്പെട്ട രേഖകളില്ല. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി രേഖാമൂലമുള്ള തെളിവുകൾ ലഭ്യമാണ്. "ജ്ഞാനവാദ"ത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്:
            (a) *The Gnostic Religion* by Hans Jonas, published by Beacon Press
            (b) *The Gnostic Gospels* by Elaine Pagels, published by Random House
            (c) *The Nag Hammadi Gnostic Texts and the Bible* by Andrew Helmbold
   2. ദുരുപദേശത്തിന്റെ മറ്റൊരു സാധ്യതയുള്ള ഉറവിടത്തെക്കുറിച്ച് ഇഗ്നേഷ്യസ് *ടു ദ സ്മുർന്നേയിയൻസ്* IV -V ൽ എഴുതുന്നുണ്ട്. അവർ യേശുവിന്റെ ജഡധാരണത്തെ നിഷേധിക്കുകയും നിയമരഹിത ജീവിതശൈലി പിന്തുടരുകയും ചെയ്തു.
   3. മറ്റൊരു കുറഞ്ഞ സാധ്യത അന്ത്യോക്യയിലെ മിയാണ്ടറുടെ ദുരുപദേശമാണ്. ഐറേനിയസിന്റെ *എഗെയ്ൻസ്റ്റ് ദി ഹെരസീസ്* XXIII എന്ന ഗ്രന്ഥത്തിലാണിതിന്റെ പരമാർശം കാണുന്നത്. അവൻ ശമര്യനായ ശീമോന്റെ അനുയായിയും രഹസ്യ ജ്ഞാനത്തിന്റെ വക്താവുമായിരുന്നു.

E. ദുരുപദേശം ഇന്ന്
   1. ആളുകൾ ക്രിസ്തീയ സത്യങ്ങളെ മറ്റു ചിന്താസരണികളുമായി കൂട്ടിക്കുഴയ്ക്കുമ്പോൾ ഈ ദുരുപ ദേശത്തിന്റെ ആത്മാവ് ഈ പ്രവർത്തനനിരതമാകുന്നു.
   2. വ്യക്തിപരമായ ബന്ധത്തിനും ജീവിതശൈലീ വിശ്വാസത്തിനും അതീതമായി "ശരിയായ" ഉപദേശ ത്തിന് ആളുകൾ ഊന്നൽ കൊടുക്കുമ്പോൾ ഈ ദുരുപദേശത്തിന്റെ ആത്മാവ് ഇന്നും പ്രവർത്തനനി രതമാകുന്നു.
   3. ആളുകൾ ക്രിസ്ത്യാനിത്വത്തെ വ്യതിരിക്തമായ ബൗദ്ധിക പ്രകാശനമായി ചിത്രീകരിക്കുന്നതിലൂടെ ഈ ദുരുപദേശത്തിന്റെ ആത്മാവ് ഇന്നും പ്രവർത്തനനിരതമാകുന്നു.
   4. ആത്മീയരായ ആളുകൾ സന്യാസത്തിലേക്കോ നിയമരഹിത വാദത്തിലേക്കോ തിരിയുമ്പോൾ ഈ ദുരുപദേശത്തിന്റെ ആത്മാവ് ഇന്നും പ്രവർത്തിക്കുകയാണ്.

# ഉദ്ദേശ്യം

A. അത് വിശ്വാസികൾക്കുവേണ്ടി ഒരു പ്രായോഗികത ലക്ഷ്യം വയ്ക്കുന്നു
   1. അവർക്കു സന്തോഷം നൽകുവാൻ (ഒ.നോ. 1:4)
   2. ഭക്തിയുള്ള ജീവിതം നയിക്കുന്നതിനവരെ പ്രോത്സാഹിപ്പിക്കുവാൻ (ഒ.നോ. 1:7; 2:1)

3. അന്യോന്യം സ്നേഹിക്കുവാനും (ഒ.നോ. 4:7–21) ലോകത്തെ സ്നേഹിക്കാതിരിക്കുവാനും (ഒ.നോ. 2:15–17) അവരോടു കല്പിപ്പാൻ
4. ക്രിസ്തുവിലുള്ള അവരുടെ രക്ഷയെക്കുറിച്ച് ഉറപ്പു നൽകുവാൻ (ഒ.നോ. 5:13)

B. അതു വിശ്വാസികൾക്കു ഉപദേശം നൽകുന്നതിൽ ലക്ഷ്യം വയ്ക്കുന്നു
1. യേശുവിന്റെ ദൈവത്വത്തെ മനുഷ്യത്വത്തിൽ നിന്നു വേർതിരിക്കുന്ന തെറ്റിനെ എതിർക്കുന്നു
2. ആത്മീയതയ്ക്കു പകരം ഭക്തിജീവിതം ഒഴിവാക്കിയുള്ള ജ്ഞാനത്തിൽ ഊന്നുന്ന പ്രവണത എന്ന തെറ്റിനെ എതിർക്കുന്നു
3. മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ട് ഒരുവനു രക്ഷിക്കപ്പെടാൻ കഴിയും എന്ന തെറ്റിനെ എതിർക്കുന്നു

## പ്രാഥമിക വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി ഒറ്റയിരുപ്പിൽ വായിക്കുക. മുഴുവൻ ഗ്രന്ഥത്തിന്റെയും കേന്ദ്രചിന്താവിഷയം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

1. മുഴു ഗ്രന്ഥത്തിന്റെയും വിഷയം
2. സാഹിത്യ രൂപം

## രണ്ടാം വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി രണ്ടാം തവണയും ഒറ്റയിരുപ്പിൽ വായിക്കുക. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും വിഷയം ഒറ്റ വാചകത്തിൽ വിവരിക്കുകയും ചെയ്യുക.

1. ഒന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
2. രണ്ടാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
3. മൂന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
4. നാലാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
5. ആദിയായവ

# 1 യോഹന്നാൻ 1:1–2:2

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം*

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ജീവന്റെ വചനം | കേട്ടത്, കണ്ടത് തൊട്ടത് | മുഖവുര | ജീവന്റെ വചനം | ജഡമെടുത്ത വചനവും പിതാവിനോടും പുത്രനോടുമുള്ള പങ്കുവെക്കലും |
| 1:1–4 | 1:1–4 | 1:1–4 | 1:1–4 | 1:1–4 |
| ദൈവം വെളിച്ചമാകുന്നു | അവനുമായുള്ള കൂട്ടായ്മയുടെ അടിസ്ഥാനം | പാപത്തോടുള്ള ശരിയായ മനോഭാവം | ദൈവം വെളിച്ചമാകുന്നു | വെളിച്ചത്തിൽ നടക്കുക<br>(1:5–2:28) |
| 1:5–10 | 1:5–2:2 | 1:5–10 | 1:5–7 | 1:5–7<br>ഒന്നാം വ്യവസ്ഥ: പാപത്തെ ഉപേക്ഷിക്കുക |
| | | | 1:8–10 | 1:8–2:2 |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

---

* ദൈവനിശ്വാസീയമല്ലെങ്കിലും ഖണ്ഡികവിഭജനങ്ങൾ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനും അനുവർത്തിക്കുന്നതിനുമുള്ള താക്കോലാണ്. ഓരോ ആധുനിക പരിഭാഷയും ഖണ്ഡിക തിരിച്ച് വിഷയ സംഗ്രഹം നടത്തിയിരിക്കുന്നു. ഓരോ ഖണ്ഡികയ്ക്കും ഒരു കേന്ദ്ര വിഷയം, സത്യം അഥവാ ചിന്തയുണ്ട്. ഓരോ പരിഭാഷയും ആ വിഷയത്തെ തനതായ രീതിയിൽ എടുത്തു കാണിക്കുന്നു. നിങ്ങൾ ആ വചനം വായിക്കുമ്പോൾ ഏതു പരിഭാഷയാണ് നിങ്ങളുടെ വിഷയഗ്രാഹ്യത്തിനും വാക്യവിഭജനത്തിനും യുക്തമായതെന്ന് നിങ്ങളോടു തന്നെ ചോദിക്കുക.

ഓരോ അധ്യായത്തിലും ആദ്യമായി നാം വേദപുസ്തകം വായിക്കുകയും വിഷയങ്ങൾ (ഖണ്ഡികകൾ) തിരിച്ചറിയുവാൻ ശ്രമിക്കുകയും വേണം. അതിനുശേഷം നമ്മുടെ അറിവിനെ നവീന വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുക. യഥാർത്ഥ ലേഖകന്റെ യുക്തിയും പ്രകടനവും മനസ്സിലാക്കിക്കൊണ്ട് തന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുമ്പോൾ മാത്രമാണ് നമുക്ക് വേദപുസ്തകം മനസ്സിലാക്കുവാൻ കഴിയുന്നത്. മൂലകൃതിയുടെ എഴുത്തുകാരൻ മാത്രമാണ് ദൈവനിശ്വാസീയ എഴുത്തുകാരൻ. വായനക്കാർക്ക് സന്ദേശം മാറ്റുവാനോ നവീകരിക്കുവാനോ അവകാശമില്ല. ദൈവനിശ്വാസീയമായ സത്യം തങ്ങളുടെ കാലഘട്ടത്തിലും ജീവിതത്തിലും പ്രാവർത്തികമാക്കേണ്ടത് വേദപുസ്തകം വായിക്കുന്നവരുടെ ഉത്തരവാദിത്വമാണ്.

**എല്ലാ സാങ്കേതിക പദപ്രയോഗങ്ങളും ചുരുക്കരൂപങ്ങളും, ഒന്നും രണ്ടും മൂന്നും അനുബന്ധങ്ങളിൽ പൂർണ്ണമായി വിശദീകരിച്ചിട്ടുണ്ട്.**

# ദൈവശാസ്ത്ര പശ്ചാത്തലം

A. ഈ വേദഭാഗം യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തോടു (1:1-18, ഭൗതിക സൃഷ്ടിക്കുമുമ്പ്) ബന്ധപ്പെട്ടിരിക്കുന്നു. അത് ഉല്പ. 1:1 നോടു (ഭൗതിക സൃഷ്ടിപ്പ്) ബന്ധപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും ഇവിടെ അത് യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തെ സൂചിപ്പിക്കുന്നു.

B. ഊന്നൽ താഴെപ്പറയുന്ന കാര്യങ്ങളിലാണ്

1. യേശുക്രിസ്തുവിന്റെ പൂർണ്ണ മനുഷ്യത്വം.
   a. മാനുഷിക ഇന്ദ്രിയങ്ങളോടു ബന്ധപ്പെട്ടവ: കാഴ്ച, ശബ്ദം, സ്പർശനം (ഒ.നോ. വാ. 1,3). യേശു യഥാർത്ഥ മനുഷ്യനും ശരീരമുള്ളവനുമാണ്
   b. യേശുവിന്റെ പൂർണ്ണനാമങ്ങൾ
      1. ജീവന്റെ വചനം (ഒ.നോ. വാ. 1)
      2. അവന്റെ പുത്രനായ യേശുക്രിസ്തു (ഒ.നോ. വാ. 3)
2. നസറായനായ യേശുവിന്റെ ദൈവത്വം
   a. പൂർവ്വാസ്തിക്യം (വാ. 1,2)
   b. ജഡധാരണം (വാ. 2)

ഈ സത്യങ്ങൾ ജ്ഞാനവാദ ദുരുപദേഷ്ടാക്കളുടെ ലോകവീക്ഷണത്തിനെതിരായാണ് അവതരിപ്പിച്ചിരിക്കുന്നത്.

# വാക്യവിന്യാസം

A. വാക്യങ്ങൾ 1-4

1. വാക്യങ്ങൾ 1-3a ഗ്രീക്കൽ ഒറ്റവാചകമാണ്
2. ''അറിയിക്കുക'' എന്ന പ്രധാന ക്രിയ വാ. 3 ൽ ആണ്. അപ്പൊസ്തലിക ഉപദേശത്തിന്റെ ഉള്ളടക്കത്തിനാണ് ഊന്നൽ.
3. വാ. 1 ൽ നാല് ആപേക്ഷിക സൂചകങ്ങളുണ്ട്, ഊന്നലിനു വേണ്ടിയാണവ ഉപയോഗിച്ചിട്ടുള്ളത്
   a. "ആദിമുതലുള്ളതും"
   b. "ഞങ്ങൾ കേട്ടതും"
   c. "സ്വന്തകണ്ണുകൊണ്ടു കണ്ടതും"
   d. "ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും"
4. വാ. 2 ക്രിസ്തുവിന്റെ ജഡധാരണം സംബന്ധിച്ച് ഇടയ്ക്കു ചേർത്ത വാചകമാണെന്നു തോന്നുന്നു. വ്യാകരണപരമായി തികച്ചും വിചിത്രമായതിനാലാണ് അത് ശ്രദ്ധിക്കപ്പെടുന്നത് എന്നതാണു വസ്തുത.
5. വാ. 3, 4 യോഹന്നാന്റെ അപ്പൊസ്തലിക പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യത്തെ നിർവചിക്കുന്നു: കൂട്ടായ്മയും സന്തോഷവും. അപ്പൊസ്തലിക ദൃക്സാക്ഷി വിവരണമായിരുന്നു ആദിമ സഭയുടെ കാനോനിക മാനദണ്ഡങ്ങളിലൊന്ന്.
6. വാ. 1 ലെ ക്രിയാകാലങ്ങളുടെ ഒഴുക്കു ശ്രദ്ധിക്കുക
   a. അപൂർണ്ണ കാലം (പൂർവ്വാസ്തിക്യമുള്ള)
   b. പൂർണ്ണകാലം, പൂർണ്ണകാലം (ശാശ്വത സത്യം)
   c. ഭൂതകാലം, ഭൂതകാലം (പ്രത്യേക ഉദാഹരണങ്ങൾ)

B വാക്യങ്ങൾ 1:5-2:2

1. 1:5-2:2 ലെ സർവ്വനാമങ്ങൾ വളരെ ദുർഗ്രഹങ്ങളാണ്, എങ്കിലും ഞാൻ ചിന്തിക്കുന്നത് വാ. 5 ഒഴികെ ബാക്കിയെല്ലാം പിതാവിനെ പരമാർശിക്കുന്നുവെന്നാണ് (എഫെ. 1:3-14 നു തുല്യമായി)
2. എല്ലാ "എങ്കിലു"കളും ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകങ്ങളാണ്
3. താഴെപ്പറയുന്നവ തമ്മിൽ സുപ്രധാന ദൈവശാസ്ത്ര വ്യത്യാസമുണ്ട്.
   a. "പാപം" എന്നതിനോടുള്ള ബന്ധത്തിൽ ക്രിയാകാലങ്ങൾ വർത്തമാനകാലം x ഭൂതകാലം
   b. ഏകവചനം, ബഹുവചനം, "പാപം" x "പാപങ്ങൾ"

# ദുരുപദേശകർ

A. ദുരുപദേശകരുടെ വ്യാജ അവകാശ വാദങ്ങൾ വാ. 1:6,8,10; 2:4,6,9 ൽ കാണാം.

B. ദൈവത്തെ അറിയുക (ദൈവശാസ്ത്രം) എന്നതും ദൈവത്തെ പിൻപറ്റുക (ധാർമ്മികത) എന്നതും തമ്മിൽ വേർതിരിക്കാനുള്ള ദൈവശാസ്ത്ര ശ്രമത്തോടും ബന്ധപ്പെട്ടതാണ് വാ. 5-10

C. വാ. 1:8-2:2, 3:6-9 നോടു സന്തുലിതമായി വേണം എടുക്കുവാൻ. അവ ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. രണ്ടു വ്യത്യസ്ത പ്രമാദങ്ങളെയാണവ എതിർക്കുന്നത്.

1. ദൈവശാസ്ത്രപരമായ പ്രമാദം (പാപം ഇല്ല)
2. ധാർമ്മിക പ്രമാദം (പാപം പ്രശ്നമല്ല)

D. പാപത്തെ തീരെ നിസ്സാരമായി എടുക്കുന്നതും (നിയമരാഹിത്യം) ക്രിസ്തീയ വിധി പ്രസ്താവം, സാംസ്കാരിക നിയമവാദം, സന്യാസം എന്നിവയും തമ്മിലുള്ള സന്തുലനാവസ്ഥയ്ക്കുള്ള ശ്രമമാണ് 1 യോഹ. 2:1-2.

**1 യോഹന്നാൻ 1:1-4**

**[1]ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും [2]ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു – ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു – [3]ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. [4]നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്കു എഴുതുന്നു.**

**1:1 "... ഉള്ളതും"** നപുംസക സർവ്വനാമത്തോടുകൂടിയാണ് പുസ്തകം ആരംഭിക്കുന്നത്. ദൈവിക സന്ദേശത്തിന്റെ ദ്വിത്വ തലങ്ങളെക്കുറിച്ചാണതു പറയുന്നത്. അവ

1. യേശുവിനെക്കുറിച്ചുള്ള സന്ദേശം
2. യേശു എന്ന വ്യക്തി (ഒ.നോ. 1:8, 10; 2:20,24; 3:11,14)

സുവിശേഷം ഒരു സന്ദേശവും ഒരു വ്യക്തിയും ഒരു ജീവിതശൈലിയുമാണ്.

▣ **"ഉള്ളത്"** ഇതൊരു അപൂർണ്ണ സൂചകമാണ്. ഇത് യേശുവിന്റെ പൂർവ്വാസ്തിക്യത്തെ ഊന്നിപ്പറയുന്നു (അതാ. ഇത് യോഹന്നാന്റെ എഴുത്തുകളിൽ ആവർത്തിച്ചുവരുന്ന പ്രമേയമാണ്, ഒ.നോ വാ. 2; യോഹ. 1:1,15; 3:13; 8: 57-58; 17:5). അവന്റെ ദൈവത്വത്തെ ഉറപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിത്. യേശു പിതാവിനെ വെളിപ്പെടുത്തുന്നു, കാരണം അവൻ ആദിമുതൽ പിതാവിനോടൊപ്പമായിരുന്നു.

▣ **"ആദിമുതൽ"** ഉല്പത്തി 1 ന്റെയും യോഹന്നാൻ 1 ന്റെയും സൂചനയാണിത്. എങ്കിലും ഇവിടെയിത് യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തെയാണു സൂചിപ്പിക്കുന്നത് (യോഹ. 1:1 ലെ പ്രത്യേക പഠനവിഷയം: *ആർക്കി* കാണുക). യേശുവിന്റെ വരവ് "രണ്ടാം പദ്ധതി" ആയിരുന്നില്ല. സുവിശേഷം എല്ലാക്കാലത്തും വീണ്ടെടുപ്പിനുള്ള ദൈവിക പദ്ധതിയായിരുന്നു (ഒ.നോ. യോഹ. 3:15; പ്രവൃ. 2:23; 3:15; 4:28; 13:29). ഈ സന്ദർഭത്തിൽ ഈ പ്രയോഗം സൂചിപ്പിക്കുന്നത് യേശുവുമായുള്ള പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ വ്യക്തിപരമായ ബന്ധത്തിന്റെ ആരംഭത്തെയാണ്.

"ആദി (ആർക്കി) എന്ന ആശയം യോഹന്നാൻ കൂടെക്കൂടെ ഉപയോഗിക്കുന്നുണ്ട്. മിക്ക സന്ദർഭങ്ങളെയും അടി സ്ഥാനപരമായി രണ്ടായി തിരിക്കാം.

1. സൃഷ്ടിപ്പു മുതൽ
   a. യോഹന്നാൻ 1:1,2 (ആദിയിൽ യേശു)
   b. യോഹ. 8:44; 1 രാജാ. 3:8 (സാത്താൻ ആദിമുതൽ കൊലപാതകിയും ഭോഷ്കു പറയുന്നവനും)
   c. വെളി. 3:14; 21:6,12 (യേശു ആദിയും അന്തവും)
2. യേശുവിന്റെ ജഡധാരണത്തിന്റെയും ശുശ്രൂഷയുടെയും സമയം മുതൽ
   a. യോഹ. 8:25; 16:4; 1 യോഹ. 2:7 [2 പ്രാവശ്യം]; 3:11; 2 യോഹ. 5,6 (യേശുവിന്റെ ഉപദേശങ്ങൾ).
   b. യോഹ. 15:27; 16:4 (യേശുവിനോടുകൂടെ)
   c. 1 യോഹ. 1:1 (യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭം മുതൽ)
   d. 1 യോഹ. 2:13, 24 [2 പ്രാവശ്യം] (യേശുവിലുള്ള അവരുടെ ആശ്രയം മുതൽ)
   e. യോഹ. 6:64 (അവർ യേശുവിനെ നിരസിച്ചതു മുതൽ)
3. സന്ദർഭം #2 നെ അനുകൂലിക്കുന്നു.

## പ്രത്യേക പഠനവിഷയം: യോഹ. 1 ന്റെയും 1 യോഹ. 1 ന്റെയും താരതമ്യം

| | സുവിശേഷം | ലേഖനം |
|---|---|---|
| 1. | ആദിയിൽ (1:1,2) | ആദിമുതൽ (1:1) |
| 2. | വചനം (*ലോഗോസ്*) (1:1) | വചനം (*ലോഗോസ്*) (1:1) |
| 3. | ജീവൻ (*സോയി*) (1:4) | ജീവൻ (*സോയി*) (1:1,2) |

| | | |
|---|---|---|
| 4. | യേശുവിൽ വെളിച്ചം (1:4) | ദൈവത്തിൽ വെളിച്ചം (1:5) |
| 5. | വെളിച്ചം വെളിപ്പെട്ടു (1:4) | വെളിച്ചം വെളിപ്പെട്ടു (1:5) |
| 6. | ഇരുട്ട് (1:5) | ഇരുട്ട് (1:5) |
| 7. | വെളിച്ചത്തിന് സാക്ഷ്യം (1:6-8) | വെളിച്ചത്തിന് സാക്ഷ്യം (1:3,5) |
| 8. | മനുഷ്യർ ദൈവത്തിങ്കലേക്കു വരുന്നു (1:7,12-13) | മനുഷ്യർ ദൈവത്തിങ്കലേക്കു വരുന്നു (1:3) |
| 9. | അവന്റെ തേജസ്സ് കണ്ടു (1:14) | അവന്റെ തേജസ്സ് കണ്ടു (1:1-3) |

▣ **"ഞങ്ങൾ"** അപ്പൊസ്തലന്മാരുടെ കൂട്ടായതും എന്നാൽ വ്യക്തിപരമായതുമായ സാക്ഷ്യത്തെ (അതാ. പുതിയ നിയമ എഴുത്തുകാർ) സൂചിപ്പിക്കുന്നു. കൂട്ടായ സാക്ഷ്യം 1 യോഹന്നാന്റെ പ്രത്യേകതയാണ്. 50 ലധികം പ്രാവശ്യം അതുപയോഗിച്ചിട്ടുണ്ട്.

ചിലർ, ഈ കൂട്ടായ സർവ്വനാമത്തെ "യോഹന്നാന്റെ പാരമ്പര്യ"ത്തെ പരാമർശിക്കുന്നതായിട്ടാണു കാണുന്നത്. ഇത് യോഹന്നാന്റെ അതുല്യമായ ദൈവശാസ്ത്ര വീക്ഷണത്തിന്റെ സംരക്ഷകരെ അഥവാ ഉപദേഷ്ടാക്കളെ സൂചിപ്പിക്കുന്നു.

▣ **"കേട്ടതും... കണ്ടതും"** നിലനിൽക്കുന്ന ഫലത്തെ സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകങ്ങളാണിവ രണ്ടും. വാ. 1,3 ലെ പഞ്ചേന്ദ്രിയങ്ങളോടു ബന്ധപ്പെട്ട സൂചകങ്ങളുടെ ആവർത്തിച്ചുള്ള ഉപയോഗത്താൽ യേശുവിന്റെ മനുഷ്യത്വത്തെ ഉറപ്പിക്കുകയാണു യോഹന്നാൻ ചെയ്യുന്നത്. നസറേത്തിലെ യേശുവിന്റെ ജീവിതത്തിന്റെയും ഉപദേശത്തിന്റെയും ദൃക്സാക്ഷിയാണു താനെന്ന് അവൻ ഇവിടെ അവകാശപ്പെടുന്നു.

▣ **"നോക്കിയതും... തൊട്ടതും"** പ്രത്യേക സംഭവത്തെ സൂചിപ്പിക്കുന്ന ഭൂതകാല സൂചകങ്ങളാണിവ രണ്ടും. "നോക്കി" എന്നത് "അടുത്തു നിരീക്ഷിച്ചു" (ഒ.നോ. യോഹ. 1:14). എന്നാണ്. "തൊട്ടു" എന്നത് "സ്പർശിച്ച് അടുത്തു പരിശോധിച്ചു" എന്നാണ് (ഒ.നോ. യോഹ. 20:20,27; ലൂക്കൊ. 24:39).

"തൊട്ടു" അഥവാ "കൈകാര്യം ചെയ്തു" എന്നതിനുള്ള ഗ്രീക്കു പദം (*പ്സീലാഫാഓ-ψηλαφαω*) പു.നി.ൽ രണ്ടു വാക്യങ്ങളിൽ മാത്രമേ കാണുന്നുള്ളൂ. ഇവിടെയും ലൂക്കൊ. 24:35 ലും. ലൂക്കൊസിൽ ഇത് പുനരുത്ഥാന ശേഷം യേശുവിനെ കണ്ടതിനെക്കുറിച്ചുള്ളതാണ്. ഇതേ അർത്ഥത്തിലാണ് 1 യോഹന്നാൻ ഇതുപയോഗിക്കുന്നത്.

▣ **"ജീവന്റെ വചനം"** *ലോഗോസ്* എന്ന പദത്തിന്റെ ഉപയോഗം, യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിലെന്നപോലെ (ഒ. നോ. 1:1) ഗ്രീക്കു ദുരുപദേഷ്ടാക്കളുടെ ശ്രദ്ധയാകർഷിക്കാനുദ്ദേശിച്ചുള്ളതാണ്. ഈ പദം ഗ്രീക്കു തത്വശാസ്ത്രത്തിൽ പരക്കെ ഉപയോഗിച്ചിരുന്നു. എബ്രായ ജീവിതത്തിലും ഇതിന് ഒരു പ്രത്യേക പശ്ചാത്തലമുണ്ടായിരുന്നു (ഒ.നോ. യോഹ. 1 ന്റെ മുഖവുര). ഈ പ്രയോഗം ഇവിടെ സുവിശേഷത്തിന്റെ ഉള്ളടക്കത്തെയും സുവിശേഷത്തിന്റെ ആളത്വത്തെയും സൂചിപ്പിക്കുന്നു.

**1:2** ഈ വാക്യം "ജീവൻ" ന്റെ നിർവചനമായി ഇടയ്ക്കു ചേർത്തതാണ്.

▣ **"ജീവൻ"** "*സോയി*"(*ζoη*) (വാ. 2 [2 പ്രാവശ്യം]) യോഹന്നാന്റെ എഴുത്തുകളിൽ ആത്മീയ ജീവൻ, പുനരുത്ഥാന ജീവൻ, പുതുയുഗ ജീവൻ, അഥവാ ദൈവിക ജീവൻ (ഒ.നോ. യോഹ. 1:4; 3:15, 36 [2 പ്രാവശ്യം], 4:14,36; 5:24 [2 പ്രാവശ്യം], 26 [2 പ്രാവശ്യം] 29,39,40; 6:27,33,35,40,47,48,51,53,54,63,68; 8:12; 10:10,28; 11:25; 12:25,50; 14:6; 17:2,3, 20:31; 1 യോഹ. 1:1,2; 2:25; 3:14-15; 5:11,12,13,16,20) എന്നിവയ്ക്ക് ഉപയോഗിച്ചിരിക്കുന്നു. യേശു തന്നെത്തന്നെ "ജീവൻ" എന്നു വിളിച്ചിരുന്നു (ഒ.നോ. യോഹ. 14:6).

▣ **"പ്രത്യക്ഷമായി"** ഈ ക്രിയ ഈ വാക്യത്തിൽ രണ്ടു പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്, രണ്ടും ഭൂതകാല കർമ്മണി സൂചകങ്ങളാണ്. കർമ്മണി പ്രയോഗം പലപ്പോഴും ഉപയോഗിക്കുന്നത് പിതാവായ ദൈവത്തിന്റെ മധ്യസ്ഥം എന്ന നിലയിലാണ്. ഈ പദം (*ഫനേറൊഓ-φaνεροω*) സൂചിപ്പിക്കുന്നത് "ഇതിനകം വന്നു കഴിഞ്ഞതിനെ വെളിച്ചത്തിലേക്കു കൊണ്ടു വരുന്നു" എന്ന അർത്ഥത്തിലാണ്. ഇതു യോഹന്നാന്റെ ഒരു ഇഷ്ടപദമാണ് (ഒ.നോ. യോഹ. 1:31; 3:21; 9:3; 12:6; 1 യോഹ. 1:2 [2 പ്രാവശ്യം]; 2:19; 3:5,8,10; 4:9). കപട ഉപദേഷ്ടാക്കൾ നിഷേധിക്കുന്ന ജഡധാരണത്തെയാണ് (ഒ.നോ. യോഹ. 1:14) ഭൂതകാലം ഊന്നിപ്പറയുന്നത്.

▣ **"സാക്ഷീകരിക്കുക"** യോഹന്നാന്റെ വ്യക്തിപരമായ അനുഭവത്തെയാണിതു സൂചിപ്പിക്കുന്നത് (അതാ. വർത്തമാനകാല കർത്തരി സൂചകം). കോടതിയിലെ സാക്ഷി പറച്ചിലിനാണ് ഈ പദം പലപ്പോഴും ഉപയോഗിക്കാറുള്ളത്. യോഹ. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ കാണുക.

▣ **"അറിയിക്കുന്നു"** തന്റെ പ്രസംഗത്തിലും എഴുത്തുകളിലും വെളിപ്പെടുത്തുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള യോഹന്നാന്റെ ആധികാരിക സാക്ഷ്യത്തെയാണ് (അതാ. വർത്തമാനകാല കർത്തരി സൂചകം) ഇതു സൂചിപ്പിക്കുന്നത്. വാ. 1-3 ലെ പ്രധാന ക്രിയാപദമാണിത്. അതു രണ്ടു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു (വാ. 2 & 3).

▣ **"പിതാവിനോടു കൂടെയിരുന്നു"** വാ. 1 നെപ്പോലെ ഇത് യേശുവിന്റെ പൂർവ്വാസ്തിക്യത്തെക്കുറിച്ചുള്ള പ്രസ്താവനയാണ്. പദപ്രയോഗം യോഹ. 1:1 നു തുല്യമാണ്. ദൈവം മനുഷ്യനായി ജഡമെടുത്തു (ഒ.നോ. യോഹ. 1:14), യേശുവിനെ അറിയുന്നതു ദൈവത്തെ അറിയുന്നതാണ് (ഒ.നോ. യോഹ. 14:8-11). യോഹന്നാന്റെ ലംബദ്വന്ദ്വ

ത്തിന്റെ ഒരുദാഹരണമാണിത്.

**1:3 "ഞങ്ങൾ കണ്ടും കേട്ടുമുള്ളത്... നിങ്ങളോടും അറിയിച്ചിരിക്കുന്നു"** അഞ്ചാം ആപേക്ഷിക ഘടകമാണിത്. ഇത് വാ. 1 ലെ ചിന്തയുടെ തുടർച്ചയാണിത്. വാ. 2 ലെ ഇടയ്ക്കു ചേർത്ത വാചകത്തിനുശേഷം വാ. 1 ലെ ഗ്രാഹ്യത്തിന്റെ ക്രിയാപദങ്ങൾ ഇവിടെ ആവർത്തിക്കുന്നു.

▣ **"നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു"** വർത്തമാനകാല കർത്തരി ക്രിയാബന്ധം അടങ്ങിയ ഉദ്ദേശ്യ ഘടകം (*ഹിനാ*) ആണിത്. സുവിശേഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യം, യേശുവിനെ ഒരിക്കലും കേൾക്കുകയോ കാണുകയോ ചെയ്തിട്ടില്ലാത്തവർ അപ്പൊസ്തലിക സാക്ഷ്യം മുഖാന്തരം രക്ഷിക്കപ്പെടണം എന്നതാണ് (ഒ.നോ. യോഹ. 17:20; 20:29–31). വെളിപ്പെടുത്തപ്പെട്ട കൃപയിലുള്ള ഈ കൂട്ടായ്മയാണ് "സന്തോഷവും" "സമാധാനവും" "ഉറപ്പും" നല്കുന്നത്! സഭ വിശ്വാസികളുടെ ഒരു സമൂഹമാണ്, വിശ്വാസികളുടെ ഒരു ശരീരമാണ്! സുവിശേഷം സർവ്വലോകത്തിനും ഉള്ളതാണ്.

## പ്രത്യേക പഠനവിഷയം: *കൊയ്നോനിയ* (*κοινωνια*)

"കൂട്ടായ്മ" (കൊയ്നോനിയ-*κοινωνια*) എന്ന പദത്തിനർത്ഥം

1. ഒരു വ്യക്തിയുമായുള്ള അടുത്ത സഹവർത്തിത്വം
   a. പുത്രനുമായി (ഒ.നോ. 1 യോഹ. 1:6; 1 കൊരി. 1:9)
   b. ആത്മാവുമായി (ഒ.നോ. 2 കൊരി. 13:13; ഫിലി. 2:1)
   c. പിതാവിനോടും പുത്രനോടും (ഒ.നോ. 1 യോഹ. 1:3)
   d. മറ്റ് ഉടമ്പടി സഹോദരന്മാർ/സഹോദരിമാരുമായി (ഒ.നോ. 1 യോഹ. 1:7; പ്രവൃ. 2:42; ഗലാ. 2:9; ഫിലേ. 17)
2. വസ്തുക്കളും അഥവാ സമൂഹങ്ങളുമായുള്ള അടുത്ത സഹവർത്തിത്വം
   a. സുവിശേഷത്തോട് (ഒ.നോ. ഫിലി. 1:5; ഫിലേ. 6)
   b. ക്രിസ്തുവിന്റെ രക്തത്തോട് (ഒ.നോ. 1 കൊരി. 10:16)
   c. ഇരുളിനോടില്ല (ഒ.നോ. 2 കൊരി. 6:14)
   d. കഷ്ടതയുമായി (ഒ.നോ. ഫിലി. 3:10; 4:14; 1 പത്രൊ. 4:13)
3. ദാനമോ സംഭാവനയോ ഔദാര്യമായി നൽകുന്നത് (ഒ.നോ. റോമ. 12:13; 15:26; 2 കൊരി. 8:4; 9:13; ഫിലി. 4:15; എബ്രാ. 13:16).
4. ദൈവത്തോടും തന്റെ സഹോദരി സഹോദരന്മാരോടുമുള്ള മനുഷ്യന്റെ കൂട്ടായ്മയെ യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ കൃപാദാനം.

ലംബബന്ധത്തിലൂടെ (മനുഷ്യനു സ്രഷ്ടാവിനോടുള്ള) സാധ്യമാകുന്ന തിരശ്ചീന ബന്ധത്തെ (മനുഷ്യനു മനുഷ്യനോടുള്ള) കുറിച്ചാണു പറയുന്നത്. ക്രിസ്തീയ സമൂഹത്തിന്റെ ആവശ്യകതയെയും സന്തോഷത്തെയും കുറിച്ചും ഇത് ഊന്നിപ്പറയുന്നു. സമൂഹത്തിന്റെ ഈ അനുഭവത്തിന്റെ ആരംഭത്തെയും തുടർച്ചയെയും ഈ ക്രിയാകാലം ഊന്നിപ്പറയുന്നു (ഒ.നോ. 1:3 [2 പ്രാവശ്യം], 6,7). ക്രിസ്ത്യാനിത്വം സമൂഹപരമാണ്.

## പ്രത്യേക പഠനവിഷയം: ക്രിസ്ത്യാനിത്വം സമൂഹപരം

A. പൗലൊസിന്റെയും പത്രൊസിന്റെയും ബഹുവചന സാദൃശ്യങ്ങൾ
   1. ശരീരം
   2. കൃഷി സ്ഥലം
   3. കെട്ടിടം
B. "വിശുദ്ധൻ" എന്ന പദം എപ്പോഴും ബഹുവചനമാണ് (ഫിലി. 4:21 ഒഴികെ, അവിടെയും അത് സമൂഹപരമാണ്)
C. മാർട്ടിൻ ലൂഥറിന്റെ നവീകരണ ഊന്നലായ "വിശ്വാസിയുടെ പൗരോഹിത്യം" വേദാനുസാരമല്ല. "വിശ്വാസികളുടെ പൗരോഹിത്യം" ആണ് ശരി (ഒ.നോ. പുറ. 19:6; 1 പത്രൊ. 2:5,9; വെളി. 1:6)
D. ഓരോ വിശ്വാസിക്കും പൊതു പ്രയോജനത്തിനായി കൃപാവരം നൽകപ്പെട്ടിരിക്കുന്നു (ഒ.നോ. 1 കൊരി. 12:7).
E. സമൂഹമായി മാത്രമേ ദൈവജനത്തിന് ഫലകരമായി പ്രയോജനപ്പെടാൻ കഴിയൂ. ശുശ്രൂഷ ഒരുമിച്ചുള്ളതാണ് (ഒ.നോ. എഫെ. 4:1–12).

▣ **"പിതാവിനോടും ... അവന്റെ പുത്രനോടും"** ഗതിയിലും വിവേചക ഭേദകത്തിലും ഈ പ്രയോഗങ്ങൾ വ്യാകരണപരമായി സമാന്തരമാണ്. ഈ വാക്യവിന്യാസം പിതാവിനോടുള്ള യേശുവിന്റെ സമത്വത്തെയും ദൈവത്വത്തെയും ഊന്നിപ്പറയുന്നു (ഒ.നോ. യോഹ. 5:18; 10:33; 19:7). ദുരുപദേഷ്ടാക്കൾ സൂചിപ്പിക്കുന്നതുപോലെ (ഒ.നോ. 1

യോഹ. 2:23; 5:10-12) പുത്രനെ കൂടാതെ (ജഡമെടുത്ത ദൈവം) പിതാവിനെ (ഉന്നത ദൈവം) സ്വീകരിക്കുക അസാധ്യമാണ്.
പിതാവിനോടും പുത്രനോടുമുള്ള ഈ കൂട്ടായ്മ യോഹ. 14:23 ലെ അന്യോന്യമുള്ള "വസിക്കൽ" വേദഭാഗ ത്തോടു വളരെ സാമ്യമുള്ളതാണ്.

**1:4 "ഇതു നിങ്ങൾക്കു എഴുതുന്നു"** ഇത് മുഴു ഗ്രന്ഥത്തെയോ അല്ലെങ്കിൽ വാ. 1-3 നെ മാത്രമോ സൂചിപ്പിക്കുന്ന താകാം. ഇതേ ദുർഗ്രഹത 2:1 ലും കാണാം. എഴുത്തുകാരൻ തന്റെ ഉദ്ദേശ്യങ്ങളിലൊന്ന് ഇവിടെ വ്യക്തമാക്കുന്നു (ഒ.നോ. 2:1).

▣ **"നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ"** ഇതൊരു പൂർണ്ണ കർമ്മണി ക്രിയാബന്ധമാണ് (ഒ.നോ. യോഹ. 15:11; 16:20, 22, 24; 17:13; 2 യോഹ. 12; 3 യോഹ. 4). വിശ്വാസിയുടെ സന്തോഷം പൂർണ്ണമാകുന്നത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരോടുള്ള കൂട്ടായ്മയിലാണ്. ദുരുപദേഷ്ടാക്കളുടെ വഴിതെറ്റിക്കലുകളുടെ വെളിച്ചത്തിൽ ഇതൊരു സുപ്രധാന ഘടകമാണ്. ഈ പുസ്തകം എഴുതുന്നതിനുള്ള യോഹന്നാന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

1. ദൈവത്തോടും അവന്റെ മക്കളോടുമുള്ള കൂട്ടായ്മ
2. സന്തോഷം
3. ഉറപ്പ്
4. നെഗറ്റീവ് വശത്ത്, അവന്റെ ഉദ്ദേശ്യം, ജ്ഞാനവാദ ഉപദേഷ്ടാക്കളുടെ തെറ്റായ ദൈവശാസ്ത്ര ത്തിനെതിരായി വിശ്വാസികളെ സജ്ജരാക്കുക.

ഈ വാക്യത്തിൽ കയ്യെഴുത്തു പ്രതികൾ തമ്മിൽ വ്യത്യാസമുണ്ട്

1. "നമ്മുടെ സന്തോഷം" കയ്യെഴുത്തു പ്രതികൾ א, B, L; NASB, NRSV, NJB, REB, NIV
2. "നിങ്ങളുടെ സന്തോഷം" കയ്യെഴുത്തു പ്രതികൾ A, C; NKJV

UBS$^4$ ആദ്യത്തേതിന് മുൻഗണ നൽകുന്നു. "നമ്മൾ" എന്നത് അപ്പൊസ്തലിക ദൃക്സാക്ഷികളാണോ അതോ വിശ്വാസികളാണോ? ക്രിസ്തീയ ഉറപ്പ് സംബന്ധിച്ചുള്ള 1 യോഹന്നാന്റെ ദൈവശാസ്ത്രപരമായ ഊന്നൽ നിമിത്തം അതു സകല വിശ്വാസികളെയും ഉദ്ദേശിച്ചാണെന്നു ഞാൻ അനുമാനിക്കുന്നു.

### 1 യോഹന്നാൻ 1:5-2:2

**5ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു**
**നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. 6അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും**
**ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. 7അവൻ വെളിച്ചത്തിൽ**
**ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു; അവന്റെ**
**പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. 8നമുക്കു പാപം ഇല്ല**
**എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. 9നമ്മുടെ**
**പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി**
**നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. 10നാം പാപം ചെയ്തിട്ടില്ല**
**എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.**
**1എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ**
**പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടു**
**ക്കൽ ഉണ്ടു. 2അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല,**
**സർവ്വലോകത്തിന്റെ പാപത്തിന്നും തന്നേ.**

**1:5 "ദൈവം വെളിച്ചം ആകുന്നു"** ഇവിടെ വിവേചകഭേദകം ഇല്ല. ദൈവിക പ്രകൃതിയുടെ വെളിപ്പാടിന്റെയും ധാർമ്മികതയുടെയും വശത്തെയാണിത് ഊന്നിപ്പറയുന്നത് (ഒ.നോ. സങ്കീ. 27:1; യെശ. 60:20; മീഖാ 7:8; 1 തിമൊ. 6:16; യാക്കോ. 1:17). വെളിച്ചം ജ്ഞാനത്തെ സൂചിപ്പിക്കുന്നു എന്ന് ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ പറയുമ്പോൾ അത് ധാർമ്മികതയെ സൂചിപ്പിക്കുന്നതായി യോഹന്നാൻ പറയുന്നു. "വെളിച്ചം", "ഇരുട്ട്" എന്നിവ സാധാരണ പദങ്ങളാണ് (ഈ പദങ്ങൾ ഉപയോഗിച്ചുള്ള ധാർമ്മിക ദ്വന്ദം ചാവുകടൽ ചുരുളുകളിലും ആരംഭകാല ജ്ഞാനവാദ ത്തിലും കാണാം). നന്മയും തിന്മയും തമ്മിലുള്ള ദ്വന്ദത്തോടും (ഒ.നോ. യോഹ. 1:5; 8:12; 12:46) ഒരുപക്ഷേ ആത്മാവിനെതിരായ വസ്തു എന്ന ജ്ഞാനവാദ ദ്വന്ദ്വത്തോടും ബന്ധപ്പെട്ടതാണിത്. ദൈവത്തെ സംബന്ധിച്ച യോഹന്നാന്റെ ലളിതവും എന്നാൽ ഉറപ്പുള്ളതുമായ ദൈവശാസ്ത്ര ഉറപ്പിക്കലുകളിലൊന്നാണിത്. മറ്റുള്ളവ (1) "ദൈവം സ്നേഹം തന്നേ" (ഒ.നോ. 4:8,16). (2) "ദൈവം ആത്മാവാകുന്നു" (ഒ.നോ. യോഹ. 4:24). യേശുവിനെ പ്പോലെ (ഒ.നോ. യോഹ. 8:12; 9:5) ദൈവത്തിന്റെ കുടുംബവും അവന്റെ സ്വഭാവം പ്രതിഫലിപ്പിക്കണം (ഒ.നോ. മത്താ. 5:14). സ്നേഹം, ക്ഷമ, വിശുദ്ധി എന്നിവയുടെ ഈ രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന തുമായ ജീവിതം യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവുകളിലൊന്നാണ്.

▣ **"അവനിൽ ഇരുട്ട് ഒട്ടും ഇല്ല"** ഊന്നലിനു വേണ്ടിയുള്ള ഇരട്ട നിഷേധ പ്രസ്താവനയാണിത്. ദൈവത്തിന്റെ

മാറ്റമില്ലാത്ത വിശുദ്ധ സ്വഭാവത്തിന്റെ ഉറപ്പിക്കലാണിത് (ഒ.നോ. 1 തിമൊ. 6:16; യാക്കോ. 1:17; സങ്കീ. 102:27; മലാ. 3:6).

■ **"ഞങ്ങൾ അവനോടു"** "അവനോട്" (അവനിൽ നിന്ന്) എന്നതാണ് 1:5-2:2 ഭാഗത്ത് യേശുവിനെ സൂചിപ്പിക്കാനുപയോഗിക്കുന്ന ഏക സർവ്വനാമം. യേശു പിതാവിനെ വെളിപ്പെടുത്താനാണു വന്നത് (ഒ.നോ. യോഹ. 1:18). ദൈവശാസ്ത്രപരമായി പറഞ്ഞാൽ മൂന്ന് ഉദ്ദേശ്യങ്ങൾക്കാണ് യേശു വന്നത്:

1. പിതാവിനെ വെളിപ്പെടുത്തുക (ഒ.നോ. 1:5)
2. വിശ്വാസികൾക്ക് പിന്തുടരുവാൻ ഒരു മാതൃക നൽകുക (ഒ.നോ. 1:7)
3. പാപിയായ മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിക്കുക (ഒ.നോ. 1:7; 2:2)

■ **"ഞങ്ങൾ കേട്ടു ... ദൂതാകുന്നു"** "ഞങ്ങൾ" എന്ന സർവ്വനാമം യോഹന്നാനെയും യേശുവിന്റെ ഭൗമിക ജീവിതകാലത്ത് അവനെ കേൾക്കുകയും അനുഗമിക്കുകയും ചെയ്ത മറ്റു ദൃക്സാക്ഷികളെയും സൂചിപ്പിക്കുന്നു. 2:1 ൽ യോഹന്നാൻ തന്റെ വായനക്കാരോട്, ഒരുപക്ഷേ ഏഷ്യാ മൈനറിലെ സഭകളെ പരമാർശിച്ചുകൊണ്ട്, നേരിട്ടു സംസാരിക്കുന്നു.

"കേട്ടു" എന്ന ക്രിയ, പൂർണ്ണ കർത്തരി സൂചകമാണ്. 1:1-4 ലെ ശാരീരിക ഇന്ദ്രിയങ്ങളോടു ബന്ധപ്പെട്ട ആവർത്തിച്ചുവരുന്ന സജീവ പദങ്ങളെ ഇത് പ്രതിഫലിപ്പിക്കുന്നു. ഒരർത്ഥത്തിൽ ഇത്, അപ്പൊസ്തലനായ യോഹന്നാൻ, യേശുവിന്റെ ഉപദേശ വേളകളിലുള്ള തന്റെ വ്യക്തിപരമായ സാന്നിധ്യത്തെ ഉറപ്പിച്ചു പറയുന്നതാണ്. യോഹന്നാൻ യേശുവിന്റെ വെളിപ്പാടുകളെ - തന്റെയല്ല - പകർന്നുകൊടുക്കുകയാണ്. സുവിശേഷത്തിലെ അതുല്യമായ "ഞാൻ ആകുന്നു" പ്രസ്താവനകൾ പോലും യേശുവിന്റെ സ്വകാര്യ പഠിപ്പിക്കലുകളെക്കുറിച്ചുള്ള യോഹന്നാന്റെ സ്മരണകൾ ആകാൻ സാധ്യതയുണ്ട്.

**1:6 "അവനോടു കൂട്ടായ്മ ഉണ്ട്"** അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കൂട്ടായ്മ എന്ന് ദുരുപദേഷ്ടാക്കൾ അവകാശപ്പെട്ടു. പ്ലേറ്റോയുടെ ഗ്രീക്കു തത്വചിന്തയുടെ ഒരു ഘടകം ഇതായിരുന്നു. എന്നാൽ ക്രിസ്ത്യാനികൾ ക്രിസ്തുതുല്യ ജീവിതം നയിക്കണമെന്ന് യോഹന്നാൻ പ്രസ്താവിക്കുന്നു (ഒ.നോ. വാ. 7; ലേവ്യ. 19:2; 20:7; മത്താ. 5:48). 1:3 ലെ പ്രത്യേക പഠനവിഷയം കാണുക.

■ **"എന്നു പറയുകയും"** ദുരുപദേഷ്ടാക്കളുടെ അവകാശവാദങ്ങളെ സൂചിപ്പിക്കുന്ന അനേക പ്രഥമ പുരുഷ സോപാധിക വാചകങ്ങളിൽ ഒന്നാണിത് (ഒ.നോ. 1:8,10; 2:4,6,9). ദുരുപദേഷ്ടാക്കളുടെ വാക്കുകൾ തിരിച്ചറിയുന്നതിനുള്ള ഏകമാർഗ്ഗം ഈ വാചകങ്ങളാണ്. അവ ആരംഭകാല (ഇൻസിപ്പിയന്റ്) ജ്ഞാനവാദമാണ്.

ഒരു സാങ്കല്പിക എതിരാളിയോട് എന്ന മട്ടിൽ സംസാരിക്കുന്ന രചനാ രീതിക്ക് ഡയാട്രൈബ് എന്നു പറയുന്നു. ചോദ്യോത്തര രീതിയിൽ സത്യം അവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണിത്. മലാഖിയിലും (ഒ.നോ. 1:2,6,7,12; 2:14,17; 3:7,14) റോമാ ലേഖനത്തിലും (ഒ.നോ. 2:3,17,21-23; 3:1,3,7-8,9,31; 4:1; 6:1; 7:7) ഇത് വ്യക്തമായി കാണാം.

■ **"ഇരുട്ടിൽ നടക്കയും ചെയ്താൽ"** "നടക്കുക" എന്നത് വർത്തമാനകാല കർത്തരി ക്രിയാബന്ധമാണ്. ധാർമ്മിക ജീവിതശൈലിയെ വെളിപ്പെടുത്തുന്ന വേദപുസ്തക സാദൃശ്യമാണിത് (ഒ.നോ. എഫെ. 4:1,7; 5:2,15). ദൈവം വെളിച്ചമാണ്, അവനിൽ ഇരുട്ടില്ല. അവന്റെ മക്കളും അവനെപ്പോലെ ആയിരിക്കണം (ഒ.നോ. മത്താ. 5:48).

■ **"നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല"** ഇവ രണ്ടും വർത്തമാനകാല ക്രിയകളാണ്. ഭോഷ്കു സംസാരിക്കുന്ന വിവിധ തരത്തിൽ പെട്ട മതഭക്തരെയാണ് യോഹന്നാൻ പരാമർശിക്കുന്നത് (ഒ.നോ. 1:10; 2:4,20; 4:20; യെശ. 29:13). ജീവിതശൈലി പ്രവൃത്തികൾ ഹൃദയത്തെ വെളിപ്പെടുത്തുന്നു (ഒ.നോ. മത്താ. 7). യോഹ. 6:55 ലെ പ്രത്യേക പഠനവിഷയം: "സത്യം" യോഹന്നാന്റെ എഴുത്തുകളിൽ (ലെ ആശയം) കാണുക.

**1:7 "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ"** വിശ്വാസികൾ ദൈവത്തെപ്പോലെ ചിന്തിക്കുകയും ജീവിക്കുകയും വേണം (ഒ.നോ. മത്താ. 5:48). നഷ്ടപ്പെട്ട ഒരു ലോകത്തിന് നാം അവന്റെ സ്വഭാവം വെളിപ്പെടുത്തണം. രക്ഷ എന്നത്, ഉല്പ. 3 ലെ വീഴ്ചയിൽ തകരാർ സംഭവിച്ച, മനുഷ്യനിലുള്ള ദൈവിക സ്വരൂപത്തെ (അതാ. ഉല്പ. 1:26,27) യഥാസ്ഥാനപ്പെടുത്തുന്നതാണ്.

■ **"നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ"** തുടരുന്ന പ്രവർത്തിക്ക് ഊന്നൽ നൽകുന്ന മറ്റൊരു വർത്തമാന കാലമാണിത്. "നടപ്പ്" എന്നത് ക്രിസ്തീയ ജീവിതത്തെ സൂചിപ്പിക്കുന്ന പുതിയനിയമ സാദൃശ്യമാണ് (ഒ.നോ. എഫെ. 4:1,17; 5:2,15).

"നടപ്പും" വർത്തമാനകലാ ക്രിയകളും ക്രിസ്തീയ ജീവിതത്തോടു ബന്ധപ്പെടുത്തി കൂടെക്കൂടെ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. സത്യം കേവലം നാം അറിയുന്ന ഒന്നല്ല, നാം ജീവിക്കുന്ന ഒന്നാണ്. യോഹന്നാനിലെ താക്കോൽ ആശയമാണ് സത്യം. 6:55 ലെയും 17:3 ലെയും പ്രത്യേക പഠനവിഷയങ്ങൾ കാണുക.

■ **"നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്"** "കൂട്ടായ്മ" എന്ന പദം ഗ്രീക്കിലെ *കെയ്നോനിയ* ആണ്. രണ്ടു വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മ, സഹകരണം എന്നാണതിനർത്ഥം (1:3 ലെ പ്രത്യേക പഠനവിഷയം കാണുക). വിശ്വാസികൾ യേശുവിന്റെ ജീവിതം പങ്കുവയ്ക്കുന്നതിൽ അടിസ്ഥാനപ്പെട്ടതാണ് ക്രിസ്ത്യാനിത്വം. പാപക്ഷമയിലൂടെ അവന്റെ ജീവിതം നാം സ്വീകരിച്ചാൽ, അവന്റെ സ്നേഹത്തിന്റെ ശുശ്രൂഷയെയും നാം സ്വീകരിക്കണം (ഒ.നോ. 1 യോഹ.

3:16). ദൈവത്തെ അറിയുക എന്നത് കേവലം രൂപരഹിത സത്യമല്ല, മറിച്ച് കൂട്ടായ്മയ്ക്കും ഭക്തി പുരസ്സര ജീവിതത്തിനുമുള്ള തുടക്കം കുറിക്കലാണ്. ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യം മരിക്കുമ്പോൾ സ്വർഗ്ഗം കിട്ടുന്നതല്ല, മറിച്ച് ഇപ്പോൾ ക്രിസ്തു തുല്യരാകുക എന്നതാണ്. ജ്ഞാനവാദ ദുരുപദേശകർക്ക് ഒറ്റപ്പെട്ടു കഴിയുവാനുള്ള പ്രവണതയുണ്ട്. എന്നാൽ ഒരുവൻ ദൈവവുമായി ശരിയായി ബന്ധപ്പെടുമ്പോൾ അവൻ തന്റെ സഹവിശ്വാസിയുമായി ശരിയായി ബന്ധപ്പെടും. മറ്റു ക്രിസ്ത്യാനികളോട് സ്നേഹമില്ലാതിരിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന് തകരാർ ഉണ്ടെന്നുള്ളതിന്റെ തെളിവാണ് (ഒ.നോ. 4:20-21; മത്താ. 5:7; 6:14-15; 18:21-35).

▣ **"യേശുവിന്റെ രക്തം"** ക്രിസ്തുവിന്റെ ബലിമരണത്തെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. യെശ. 52:13-53: 12; മർക്കൊ. 10:45; 2 കൊരി. 5:21). ഇത് 2:2 നു സമമാണ്: "നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു." "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (ഒ.നോ. യോഹ. 1:29) എന്ന യോഹന്നാൻ സ്നാപകന്റെ പ്രസ്താവനയാണിത്. നിഷ്കളങ്കൻ കുറ്റവാളിക്കു പകരം മരിച്ചു.

ആരംഭകാല ജ്ഞാനവാദികൾ യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ നിഷേധിച്ചു. യോഹന്നാനിലെ 'രക്ത'ത്തിന്റെ ഉപയോഗം യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ ഉറപ്പിക്കുന്നു.
ഈ നാമം സംബന്ധിച്ച് ഗ്രീക്കു കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്.

1. യേശു - NASB, NRSV, NJB, REB, NET
2. ക്രിസ്തു - കയ്യെഴുത്തു പ്രതികൾ א, B, C
3. യേശുക്രിസ്തു - NKJV

സമകാലിക ദുരുപദേഷ്ടാക്കളെ മിണ്ടാതാക്കുന്നതിനായി പുരാതന പകർപ്പെഴുത്തുകാർ പാഠഭാഗത്തെ കൂടുതൽ കൃത്യതയുള്ളതാക്കുന്നതിന്റെ തെളിവുകളിൽ ഒന്നായി ഇതിനെ ബാർട്ട് ഡി.എഹർമാൻ തന്റെ *ദ ഓർത്തഡോക്സ് കറപ്ഷൻ ഓഫ് സ്ക്രിപ്ചർ*, പേജ് 153 ൽ ചൂണ്ടിക്കാണിക്കുന്നു. കയ്യെഴുത്തു പ്രതികളിലെ വ്യത്യാസം മറയ്ക്കുന്നതിനുള്ള ശ്രമമാണ് #3 ൽ കാണുന്നത്.

▣ **"സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"** ഇത് വർത്തമാനകാല കർത്തരി സൂചകമാണ്. "പാപം" എന്ന പദം വിവേചക ഭേദകം ഇല്ലാത്ത ഏകവചനമാണ്. എല്ലാത്തരത്തിലുമുള്ള പാപത്തെ അതു സൂചിപ്പിക്കുന്നു. ഈ വാക്യം ഒരു തവണത്തെ ശുദ്ധീകരണത്തെ (രക്ഷ, വാ. 7) അല്ല സൂചിപ്പിക്കുന്നത് മറിച്ച് തുടർമാനമായ ശുദ്ധീകരണത്തെയാണ് (ക്രിസ്തീയ ജീവിതം, വാ. 9) എന്നതു ശ്രദ്ധിക്കുക. രണ്ടും ക്രിസ്തീയ അനുഭവത്തിന്റെ ഭാഗമാണ് (ഒ.നോ. യോഹ. 13:10).

**1:8 "നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ"** ഇതു മറ്റൊരു പ്രഥമ പുരുഷ സോപാധിക വാചകമാണ്. വീഴ്ച സംഭവിച്ച ഒരു ലോകത്തിലെ ഒരു ആത്മിക യാഥാർത്ഥ്യമാണ് പാപം - വിശ്വാസികളെ സംബന്ധിച്ചും ഇതു യാഥാർത്ഥ്യമാണ് (ഒ.നോ. റോമ. 7). യോഹന്നാന്റെ സുവിശേഷം ഈ വിഷയത്തെ കൂടെക്കൂടെ കൈകാര്യം ചെയ്യുന്നുണ്ട് (ഒ.നോ. 9:41; 15:22, 24, 19:11). വ്യക്തിയുടെ ധാർമ്മിക ഉത്തരവാദിത്വത്തെ നിഷേധിക്കുന്ന പുരാതനവും ആധുനികവുമായ അവകാശവാദങ്ങളെ ഈ വാക്യം ഖണ്ഡിക്കുന്നു.

▣ **"നമ്മെത്തന്നേ വഞ്ചിക്കുന്നു"** അജ്ഞതയെയല്ല, വ്യക്തിപരവും മനപ്പൂർവ്വവുമായ സത്യനിഷേധത്തെയാണ് ഈ ഗ്രീക്കുപ്രയോഗം സൂചിപ്പിക്കുന്നത്.

▣ **"സത്യം നമ്മിൽ ഇല്ലാതെയായി"** വിശുദ്ധനായ ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിനുള്ള മാർഗ്ഗം നിഷേധിക്കലല്ല, മറിച്ച് നമ്മുടെ പാപം അംഗീകരിക്കുകയും ക്രിസ്തുവിലൂടെയുള്ള പരിഹാരം സ്വീകരിക്കുകയും ചെയ്യുന്നതാണ് (ഒ.നോ. റോമ. 3:21-31). "സത്യം" യേശുവിനെക്കുറിച്ചുള്ള സന്ദേശമോ യേശുവിന്റെ ആളത്വമോ ആകാം (ഒ.നോ. യോഹ. 14:6). 6:55 ലും 17:3 ലും ഉള്ള പ്രത്യേക പഠനവിഷയം കാണുക.

**1:8,9 "എങ്കിൽ"** ഇവ രണ്ടും ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകങ്ങളാണ്.

**1:9 "ഏറ്റുപറയുന്നു"** "സംസാരിക്കുക", "അതു തന്നേ" എന്നർത്ഥം വരുന്ന രണ്ടു ഗ്രീക്കു പദങ്ങളുടെ സംയുക്തമാണിത്. തങ്ങൾ ദൈവത്തിന്റെ വിശുദ്ധിയെ ലംഘിച്ചുവെന്ന് (ഒ.നോ. റോമ. 3:23) വിശ്വാസികൾ ദൈവത്തോടു സമ്മതിക്കുന്നതാണിത്. തുടരുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്ന വർത്തമാന കാലമാണിത്. ഏറ്റുപറച്ചിൽ സൂചിപ്പിക്കുന്നത്.

1. പാപങ്ങളുടെ പ്രത്യേക പേരു പറയുക (വാ. 9)
2. പാപം പരസ്യമായി സമ്മതിക്കുക (ഒ.നോ. മത്താ. 10:32; യാക്കോ. 5:16)
3. പ്രത്യേക പാപത്തിൽ നിന്നും തിരിയുക (ഒ.നോ. മത്താ. 3:6; മർക്കൊ. 1:5; പ്രവൃ. 19:18; യാക്കോ. 5:16)

1 യോഹന്നാൻ ഈ പദം കൂടെക്കൂടെ പറയുന്നുണ്ട് (ഒ.നോ. 1:9; 4:2,3,15; 2 യോഹ. 7). യേശുവിന്റെ മരണമാണ് പാപക്ഷമയുടെ ഉപാധിയെങ്കിലും പാപിയായ മനുഷ്യൻ രക്ഷിക്കപ്പെടുവാൻ വിശ്വാസത്താൽ പ്രതികരിക്കുകയും തുടർമാനമായി പ്രതികരിച്ചു കൊണ്ടിരിക്കുകയും വേണം (ഒ.നോ. യോഹ. 1:12; 3:16). യോഹ. 9:22-23 ലെ പ്രത്യേക പഠനവിഷയം: ഏറ്റുപറച്ചിൽ കാണുക).

▣ **"നമ്മുടെ പാപങ്ങളെ"** ബഹുവചനം ശ്രദ്ധിക്കുക. ഇത് പ്രത്യേക പാപ പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

▣ **"ക്ഷമിച്ചു... ശുദ്ധീകരിപ്പാൻ"** ഇവ രണ്ടും സാമാന്യ കർത്തരി ക്രിയാബന്ധങ്ങളാണ്. ഈ സന്ദർഭത്തിൽ ഇവ രണ്ടും പര്യായങ്ങളാണ്; നഷ്ടപ്പെട്ടവരുടെ രക്ഷയെയും ദൈവവുമായുള്ള കൂട്ടായ്മയ്ക്ക് അനിവാര്യമായ

തുടർമാന ശുദ്ധീകരണത്തെയും ഇതു സൂചിപ്പിക്കുന്നു (ഒ.നോ. യെശ. 1:8; 38:17; 43:25; 44:22; സങ്കീ. 103:3,11–13; മീഖാ 7:19). സുവിശേഷത്തെ നിരസിക്കുന്ന ദുരുപദേഷ്ടാക്കൾക്ക് രക്ഷ ആവശ്യമുണ്ട്. നിരന്തരമായി പാപം ചെയ്യുന്ന വിശ്വാസികൾക്ക് കൂട്ടായ്മയുടെ യഥാസ്ഥാപനം ആവശ്യമുണ്ട്. യോഹന്നാൻ ഈ രണ്ടു കൂട്ടരെയും ഒരുപോലെ സംബോധന ചെയ്യുന്നതായി തോന്നുന്നു.

▣ **"അവൻ വിശ്വസ്തനും"** ഇത് പിതാവാം ദൈവത്തെ സൂചിപ്പിക്കുന്നു (ഒ.നോ. ആവ. 7:9; 32:4; സങ്കീ. 36:5; 40:10; 89: 1,2,5,8; 92:2; 119:90; യെശ. 49:7; റോമ. 3:3; 1 കൊരി. 1:9; 10:13; 2 കൊരി. 1:18; 1 തെസ്സ. 5:24; 2 തിമൊ. 2:13). പിതാവാം ദൈവത്തിന്റെ മാറ്റമില്ലാത്ത, കരുണയും വിശ്വസ്തതയുമുള്ള, സ്വഭാവമാണ് നമ്മുടെ ഉറപ്പുള്ള പ്രത്യാശ! ഈ വാക്യം തന്റെ വചനത്തോടുള്ള ദൈവത്തിന്റെ വിശ്വസ്തതയെ ഉറപ്പിക്കുന്നു (ഒ.നോ. എബ്രാ. 10:23; 11:11). പാപക്ഷമ വാഗ്ദാനം ചെയ്തിരിക്കുന്ന, യിരെ. 31:34 ലെ ദൈവത്തിന്റെ പുതിയനിയമ വാഗ്ദത്തത്തെ ഇതു പരമാർശിക്കുന്നു.

▣ **"നീതിമാനും"** വിശുദ്ധനായ ദൈവം അശുദ്ധരായ ജനത്തോട് സൗജന്യമായി ക്ഷമിക്കുന്നതിനോടുള്ള ബന്ധത്തിൽ ഇത് അസാധാരണ പ്രയോഗമാണ്. എങ്കിലും ദൈവശാസ്ത്രപരമായി ഇത് കൃത്യമാണ്. കാരണം ദൈവം നമ്മുടെ പാപത്തെ ഗൗരവമായി കാണുന്നു എങ്കിലും ക്രിസ്തുവിന്റെ പാപപരിഹാര മരണത്തിലൂടെ നമ്മുടെ പാപക്ഷമയ്ക്കു മാർഗ്ഗമൊരുക്കി (ഒ.നോ. റോമ. 3:21–31). 2:29 ലെ പ്രത്യേക പഠനവിഷയം കാണുക.

**1:10 "നാം പാപം ചെയ്തിട്ടില്ല"** ഒരുവൻ കഴിഞ്ഞ കാലത്തോ വർത്തമാനകാലത്തോ ഒരിക്കലും പാപം ചെയ്തിട്ടില്ല എന്നു സൂചിപ്പിക്കുന്ന പൂർണ്ണകർത്തരി സൂചകമാണിത്. "പാപം ചെയ്തു" എന്നത് ഏകവചനവും പൊതുവായ പാപത്തെ സൂചിപ്പിക്കുന്നതുമാണ്. ഗ്രീക്കു പദത്തിനർത്ഥം "ലക്ഷ്യം തെറ്റുക." ദൈവവചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതുമാണ് പാപം. രക്ഷ ജീവിതത്തോടല്ല, ജ്ഞാനത്തോടു മാത്രമാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നാണ് ദുരുപദേഷ്ടാക്കൾ അവകാശപ്പെടുന്നത്.

▣ **"എന്നു പറയുന്നുവെങ്കിൽ"** 1:6 ലെ കുറിപ്പു കാണുക.

▣ **"അവനെ അസത്യവാദിയാക്കുന്നു"** സകല മനുഷ്യരുടെയും പാപാവസ്ഥയിൽ അടിസ്ഥാനപ്പെട്ടതാണ് സുവിശേഷം (ഒ.നോ. റോമ. 3:9–18, 23; 5:1; 11:32). ഒന്നുകിൽ ദൈവം (ഒ.നോ. റോമ. 3:4) അല്ലെങ്കിൽ പാപമില്ലെന്ന് അവകാശപ്പെടുന്നവർ ഭോഷ്കു പറയുകയാണ്.

▣ **"അവന്റെ വചനം നമ്മിൽ ഇല്ലാതെയായി"** ഒരു സന്ദേശം, ഒരു വ്യക്തി എന്നിങ്ങനെ *ലോഗോസ്* എന്ന പദത്തിന്റെ രണ്ടു തലങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു (ഒ.നോ 1:1,8; യോഹ. 14:6). യോഹന്നാൻ ഇതിനെ പലപ്പോഴും "സത്യം" എന്നു പരാമർശിക്കുന്നു.

**2:1 "എന്റെ കുഞ്ഞുങ്ങളേ"** 1 യോഹന്നാനിൽ "കുഞ്ഞുങ്ങൾ" എന്നതിന് രണ്ട് വ്യത്യസ്ത പദങ്ങൾ യോഹന്നാൻ ഉപയോഗിക്കുന്നു.

1. ടെക്നിയോൻ-*τεκνιον* (ഒ.നോ. 2:1,12,28; 3:7,18; 4:4; 5:21; യോഹ. 13:33).
2. പയ്ഡിയോൻ-*παιδιον* (ഒ.നോ. 2:14,18)

പ്രത്യേക ദൈവശാസ്ത്ര വ്യത്യാസങ്ങൾ ഉദ്ദേശിച്ചിട്ടില്ലാത്ത പര്യായ പദങ്ങളാണവ. എഴുതുന്ന സമയത്തെ യോഹന്നാന്റെ ഉയർന്ന പ്രായത്തിൽ നിന്നാകാം ഈ വാത്സല്യ പദങ്ങൾ വന്നിട്ടുള്ളത്.

യോഹ. 13:33 ൽ ശിഷ്യന്മാരെ സൂചിപ്പിക്കുവാനും "കുഞ്ഞുങ്ങൾ" എന്ന പദം യോഹന്നാൻ ഉപയോഗിച്ചിട്ടുണ്ട്.

▣ **"നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു"** ഇതൊരു ഭൂതകാല കർത്തരി ക്രിയാബന്ധമാണ്. തുടരുന്ന ജീവിതശൈലിയായ പാപം ചെയ്യലിനെ സൂചിപ്പിക്കുന്ന വർത്തമാന കാലവും (ഒ.നോ. 3:6,9) പോരാട്ടമനുഭവിക്കുന്നതും പരീക്ഷ നേരിടുന്നതുമായ വിശ്വാസികൾ ചെയ്യുന്ന ഒറ്റപ്പെട്ട പാപവും തമ്മിൽ യോഹന്നാൻ വലിയ വ്യത്യാസം വയ്ക്കുന്നു. താഴെപ്പറയുന്ന രണ്ടു തീവ്ര നിലപാടുകൾക്കിടയിൽ സന്തുലനത്തിനാണവൻ ശ്രമിക്കുന്നത്.

1. പാപത്തെ നിസ്സാരമായി കണക്കാക്കൽ (ഒ.നോ. റോമ. 6:1; 1 യോഹ. 1:8–10; 3:6–9; 5:16)
2. വ്യക്തിപരമായ പാപങ്ങളുടെമേൽ ക്രിസ്ത്യാനിയുടെ കർക്കശവും തകർത്തു കളയുന്നതുമായ നിലപാട്

ഈ രണ്ടു തീവ്രനിലപാടുകൾ ജ്ഞാനവാദത്തിന്റെ രണ്ടു വ്യത്യസ്ത പഠിപ്പിക്കലുകളെ പ്രതിഫലിപ്പിക്കുന്നതാകാൻ സാധ്യതയുണ്ട്. ഒരു കൂട്ടർക്ക് രക്ഷ ബൗദ്ധിക സംഗതിയാണ്. ശരീരം തിന്മയായതിനാൽ ഒരുവൻ എങ്ങനെ ജീവിക്കുന്നു എന്നതു പ്രശ്നമല്ല. രണ്ടാമത്തെ കൂട്ടരും ശരീരം തിന്മയാണെന്നു വിശ്വസിക്കുന്നു. അതിനാൽ അതിന്റെ ആഗ്രഹങ്ങളെ പരിമിതപ്പെടുത്തണം.

▣ **"ഒരുത്തൻ പാപം ചെയ്തു എങ്കിലോ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്. വിശ്വാസികളും പാപം ചെയ്യും (ഒ.നോ. റോമ. 7).

▣ **"യേശുക്രിസ്തു എന്ന നീതിമാനായ"** 1:9 ൽ പിതാവാം ദൈവത്തിന് ഈ സവിശേഷത നൽകിയിട്ടുണ്ട്. പുതിയനിയമ എഴുത്തുകാർ യേശുവിന്റെ ദൈവത്വത്തെ ഉറപ്പിക്കുവാൻ നിരവധി രചനാസങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. ദൈവത്തിനുപയോഗിച്ചിട്ടുള്ള പേരുകൾ യേശുവിന് ഉപയോഗിക്കുന്നു
2. ദൈവത്തിന്റെ പ്രവൃത്തികൾ യേശു ചെയ്യുന്നതായി പറയുന്നു

3. രണ്ടുപേരെയും സൂചിപ്പിക്കുന്ന വ്യാകരണപരമായ സമാന്തര പ്രയോഗങ്ങൾ ഉപയോഗിക്കുന്നു (ക്രിയകളോ ഗതികളോ)

ഇത് ക്രിസ്തുവിന്റെ പാപരാഹിത്യത്തെ (വിശുദ്ധി, ദൈവാനുരൂപ്യം) സൂചിപ്പിക്കുന്നു (ഒ.നോ. 3:5; 2 കൊരി. 5:21; എബ്രാ. 2:18; 4:15; 7:26; 1 പത്രൊ. 2:22). ജനത്തിനു "നീതി" എത്തിച്ചുകൊടുക്കാനുള്ള മാധ്യമമായിരുന്നു അവൻ.

▣ **"കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്"** നമ്മുടെ സ്വർഗ്ഗീയ വക്കീൽ (*പാരാക്ലിറ്റോസ്*) എന്ന നിലയിൽ ക്രിസ്തുവിന്റെ തുടർന്നുകൊണ്ടിരിക്കുന്ന മദ്ധ്യസ്ഥതയെ കുറിക്കുന്ന വർത്തമാനകാല കർത്തരി സൂചകമാണിത്. പ്രതിഭാഗം വക്കീലിന് അല്ലെങ്കിൽ "സഹായത്തിനായി വിളിക്കപ്പെടുന്ന"വന് (വശത്ത് എന്നർത്ഥമുള്ള *പാരാ,* വിളിക്കുക എന്നർത്ഥമുള്ള *കാലെയോ* എന്നീ വാക്കുകളുടെ സംയുക്തം) നമ്മുടെ ഭൂമിയിലെ, നമ്മിൽ വസിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുവാൻ യോഹന്നാന്റെ സുവിശേഷത്തിൽ മാളിക മുറിയിലെ സംഭാഷണത്തിലാണിത് ഉപയോഗിച്ചിരിക്കുന്നത് (ഒ.നോ. യോഹ. 14:16,25; 15:26; 16:7). എന്നാൽ യേശുവിനെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ഇവിടെ മാത്രമാണ് (യോഹ. 14:16; റോമ. 8:34; എബ്രാ. 4:14-16; 7:25; 9:24 എന്നിവിടങ്ങളിൽ അതിന്റെ ധ്വനിയുണ്ടെങ്കിലും). യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെ സംബന്ധിച്ച ഈ ആശയം റോമ. 8:34 ൽ പൗലൊസ് ഉപയോഗിക്കുന്നുണ്ട്. ഈ വേദഭാഗത്തിലും റോമ. 8:26 ൽ പറയുന്ന പരിശുദ്ധാത്മാവിന്റെ മദ്ധ്യസ്ഥതയെക്കുറിച്ച് അവൻ പ്രസ്താവിക്കുന്നു. നമുക്ക് ഒരു മധ്യസ്ഥൻ സ്വർഗ്ഗത്തിലും (യേശു), ഒരു മദ്ധ്യസ്ഥൻ നമ്മുടെ ഉള്ളിലും (പരിശുദ്ധാത്മാവ്) ഉണ്ട് - രണ്ടുപേരെയും നമ്മുടെ സ്നേഹവാനായ പിതാവ് തനിക്കു പകരമായി അയച്ചിട്ടുള്ളതാണ്.

**2:2**

| | |
|---|---|
| **NASB, NKJV** | **"അവൻ തന്നെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു"** |
| **NRSV** | **"അവനാണ് നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരയാഗം"** |
| **TEV** | **"നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുന്നതിനുള്ള മാർഗ്ഗം അവനാണ്"** |
| **NJB, RSV** | **"നമ്മുടെ പാപം പരിഹരിക്കുന്നതിനുള്ള യാഗം അവനാണ്"** |

കൃപാസനം അഥവാ പാപപരിഹാരസ്ഥാനം എന്നു വിളിക്കപ്പെടുന്ന നിയമപ്പെട്ടകത്തിന്റെ മേൽ മൂടിക്ക് സെപ്റ്റ്വജിന്റിൽ ഉപയോഗിച്ചിരിക്കുന്ന പദം *ഹിലാസ്മോസ്* (*ἱλασμος*) ആണ്. ദൈവമുമ്പാകെയുള്ള നമ്മുടെ പ്രതിസ്ഥാനത്ത് യേശുക്രിസ്തു തന്നെത്താൻ നിന്നു.

ഗ്രീക്ക്, റോമൻ ലോകത്ത് ഈ പദം വില കൊടുത്തുകൊണ്ട് പ്രധാന ദേവനുമായി ബന്ധം പുനഃസ്ഥാപിക്കുന്നതിനെയാണ് സൂചിപ്പിച്ചിരുന്നത്. എന്നാൽ സെപ്റ്റ്വജിന്റിൽ ഈ അർത്ഥത്തിലല്ല ഈ പദം ഉപയോഗിച്ചിട്ടുള്ളത് (കൊയ്നേ ഗ്രീക്കിൽ എഴുതിയിരുന്ന എബ്രായ ചിന്തകരായ (ലൂക്കൊസ് ഒഴികെ) പുതിയ നിയമ എഴുത്തുകാരെ ഓർക്കുക). സെപ്റ്റ്വജിന്റിലും എബ്രാ. 9:5 ലും "കൃപാസനം" എന്നാണ് ഈ പദം തർജ്ജ ചെയ്തിരിക്കുന്നത്. അതിപരിശുദ്ധ സ്ഥലത്തു വെച്ചിരിക്കുന്ന നിയമപ്പെട്ടകത്തിന്റെ മേൽമൂടിയാണത്. മഹാപാപപരിഹാരം നടത്തിയിരുന്നതവിടെയാണ് (ഒ.നോ. ലേവ്യ. 16).

ഈ പദത്തെ നാം മനസ്സിലാക്കേണ്ടത്, ദൈവത്തിനു പാപത്തോടുള്ള വെറുപ്പ് കുറയുന്നു എന്ന അർത്ഥത്തിലല്ല, മറിച്ച് പാപികളോടുള്ള അവന്റെ വീണ്ടെടുപ്പിൻ മനോഭാവത്തെ ഉറപ്പിക്കുന്നു എന്ന അർത്ഥത്തിലാണ്. ഇതിനെ സംബന്ധിച്ച ഒരു നല്ല ചർച്ച ജയിംസ് സ്റ്റുവാർട്ടിന്റെ *എ മാൻ ഇൻ ക്രൈസ്റ്റ്,* (പേ. 214-224) എന്ന ഗ്രന്ഥത്തിൽ കാണാം. ഈ പൂർണ്ണമായി ഗ്രഹിക്കുന്നതിനുള്ള ഒരു മാർഗ്ഗം, ഈ പദത്തെ ക്രിസ്തുവിലുള്ള ദൈവിക പ്രവൃത്തിയെ - "ഒരു പാപ പരിഹാര യാഗം" അഥവാ "പ്രായശ്ചിത്ത ശക്തി" - പ്രതിഫലിപ്പിക്കും വിധം അതിനെ തർജ്ജമ ചെയ്യുക എന്നതാണ്.

ഈ യാഗപരമായ പദത്തെ മനസ്സിലാക്കുന്ന കാര്യത്തിൽ ആധുനിക ഇംഗ്ലീഷ് പരിഭാഷകൾ വ്യത്യസ്തത പുലർത്തുന്നു. "പ്രായശ്ചിത്തം" എന്ന പദം യേശു ദൈവകോപത്തെ ശമിപ്പിച്ചതിനെ സൂചിപ്പിക്കുന്നു (ഒ.നോ. റോമ. 1:18; 5:9; എഫെ. 5:6; കൊലൊ. 3:6). മനുഷ്യവർഗ്ഗത്തിന്റെ പാപം ദൈവിക വിശുദ്ധിയെ പ്രകോപിപ്പിച്ചു. യേശുവിന്റെ ശുശ്രൂഷ ഇതിനു പരിഹാരം വരുത്തി (ഒ.നോ. റോമ. 3:25; 2 കൊരി. 5:21; എബ്രാ. 2:17).

ജാതീയ ആശയം (ദേവന്റെ കോപത്തെ ശമിപ്പിക്കുന്നത്) യഹോവയുടെ കാര്യത്തിൽ ഉപയോഗിക്കരുതെന്ന് ചില പണ്ഡിതന്മാർ (ഉദാ. സി.എച്ച്. ഡോഡ്) ചിന്തിക്കുന്നു. അതിനാൽ പാപത്തോടുള്ള ദൈവകോപത്തിനല്ല, ദൈവമുമ്പാകെ മനുഷ്യന്റെ കുറ്റത്തിനാണ് യേശു പരിഹാരം വരുത്തിയതെന്ന് അവർ പഠിപ്പിക്കുന്നു (ഒ.നോ. യോഹ. 1:29; 3:16). എന്നിരുന്നാലും രണ്ടും വേദപുസ്തക പ്രകാരം സത്യമാണ്.

▣ **"നമ്മുടേതിനു മാത്രമല്ല സർവ്വലോകത്തിന്റെ പാപത്തിനും തന്നേ"** അപരിമിതമായ പ്രായശ്ചിത്തത്തിന്റെ സാധ്യതയെയാണിതു സൂചിപ്പിക്കുന്നത് (ഒ.നോ. 4:14; യോഹ. 1:29; 3:16,17; 12:47; റോമ. 5:18; 1 തിമൊ. 4:10; തീത്തൊ. 2:11; എബ്രാ. 2:9; 7:25). യേശു മുഴുലോകത്തിന്റെയും പാപത്തിനും പാപങ്ങൾക്കും വേണ്ടി മരിച്ചു (ഒ.നോ. ഉല്പ. 3:15). മുഴു ലോകത്തെയും രക്ഷിക്കപ്പെടുന്നതിൽ നിന്നു തടയുന്ന ഏക സംഗതി പാപമല്ല, മറിച്ച് അവിശ്വാസമാണ്. എങ്കിലും മനുഷ്യർ വിശ്വാസത്തോടും മാനസാന്തരത്തോടും അനുസരണത്തോടും സ്ഥിരോത്സാഹത്തോടും കൂടി പ്രതികരിക്കുകയും പ്രതികരിച്ചുകൊണ്ടിരിക്കുകയും വേണം.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. എന്തുകൊണ്ടാണ് യോഹന്നാൻ പഞ്ചേന്ദ്രിയങ്ങൾ ഉൾപ്പെടുന്ന അനേക ക്രിയാപദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്?
2. വാ. 7 ലും 9 ലും കാണുന്ന യാഗപരമായ പദങ്ങളുടെ പട്ടിക തയ്യാറാക്കുക.
3. യോഹന്നാൻ എതിർക്കുന്ന ദുരുപദേഷ്ടാക്കളുടെ വിശ്വാസങ്ങൾ വിശദീകരിക്കുക.
4. ഏതു വിധത്തിലാണ് വാ. 9 ജ്ഞാനവാദികളോടും വിശ്വാസികളോടും ബന്ധപ്പെട്ടിരിക്കുന്നത്?
5. "ഏറ്റുപറച്ചിൽ" വിശദീകരിക്കുകയും നിർവചിക്കുകയും ചെയ്യുക.

# 1 യോഹന്നാൻ 2:3–27

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ്[4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ക്രിസ്തു നമ്മുടെ കാര്യസ്ഥൻ | അവനുമായുള്ള കൂട്ടായ്മയുടെ അടിസ്ഥാനം (1:5–2:2) | അനുസരണം | ക്രിസ്തു നമ്മുടെ സഹായി | വെളിച്ചത്തിലുള്ള നടപ്പ് |
| | | | | ഒന്നാം വ്യവസ്ഥ: പാപത്തെ ഉപേക്ഷിക്കുക (1:8–2:3) |
| 2:1–6 | അവനെ അറിയുന്നതിന്റെ പരീക്ഷ | 2:1–2 | 2:1–2 | രണ്ടാം വ്യവസ്ഥ: കല്പന പ്രമാണിക്കുക, വിശേഷാൽ സ്നേഹിക്കുക |
| | 2:3–11 | 2:3–6 | 2:3–6 | 2:3–11 |
| പുതിയ കല്പന | | അന്യോന്യമുള്ള സ്നേഹം | പുതിയ കല്പന | |
| 2:7–14 | | 2:7–11 | 2:7–8 | |
| | അവരുടെ ആത്മീയ നിലവാരം | ക്രിസ്തുവിൽ ദൈവത്തോടുള്ള ശരിയായ ബന്ധം | 2:9–11 | മൂന്നാം വ്യവസ്ഥ: ലോകത്തിൽനിന്നുള്ള വേർപെടൽ |
| | 2:12–14 | 2:12–14 | 2:12–13 | 2:12–17 |
| | ലോകത്തെ സ്നേഹിക്കരുത് | ലോകത്തെ ശരിയായി വിലയിരുത്തൽ | 2:14 | |
| 2:15–17 | 2:15–17 | 2:15–17 | 2:15–17 | |
| എതിർക്രിസ്തു | അന്ത്യനാഴികയുടെ വഞ്ചന | സത്യവിശ്വാസത്തോടുള്ള കൂറ് | ക്രിസ്തുവിന്റെ ശത്രു | നാലാം വ്യവസ്ഥ: എതിർക്രിസ്തുക്കളെ സൂക്ഷിക്കുക |
| 2:18–25 | 2:18–23 | 2:18–25 | 2:18–19 | 2:18–28 |
| | | | 2:20–21 | |
| | സത്യം നിങ്ങളിൽ വസിക്കട്ടെ | | 2:22–23 | |
| | 2:24–27 | | 2:24–25 | |
| 2:26–27 | | 2:26–27 | 2:26–27 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക

2. രണ്ടാമത്തെ ഖണ്ഡിക

3. മൂന്നാമത്തെ ഖണ്ഡിക

4. ആദിയായവ

# 2:3-27 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ആവർത്തിച്ചു വരുന്ന വിഷയങ്ങൾ നിമിത്തം 1 യോഹന്നാന്റെ രൂപരേഖ തയ്യാറാക്കുക പ്രയാസകരമാണ്. എങ്കിലും അധ്യായം 1 ലെ വിഷയം തന്നെ അദ്ധ്യായം 2 ൽ തുടരുന്നുവെന്നും ദൈവത്തോടുള്ള കൂട്ടായ്മയും സാധകാത്മകവും നിഷേധാത്മകവുമായ നിലയിലുള്ള സവിശേഷതകളുമാണവ പ്രതിപാദിക്കുന്നതെന്നും ഉള്ള കാര്യത്തിൽ മിക്ക വ്യാഖ്യാതാക്കളും ഏകാഭിപ്രായക്കാരാണ്.

B. അധ്യായങ്ങൾ ഒന്നും രണ്ടും തമ്മിൽ ഘടനാപരമായ സമാന്തരത്വമുണ്ട്. ജ്ഞാനവാദികളുടെ തെറ്റായ പഠിപ്പിക്കലുകൾക്കെതിരായി യോഹന്നാൻ തന്റെ ദൂത് നൽകുന്നു.

| അദ്ധ്യായം 1 | അദ്ധ്യായം 2 |
|---|---|
| 1. നാം പറയുകയും (വാ. 6,7) | 1. പറകയും ചെയ്യുന്നവൻ (വാ. 4-5) |
| 2. നാം പറയുന്നു എങ്കിൽ (വാ. 8-9) | 2. പറയുന്നവൻ (വാ. 6) |
| 3. നാം പറയുന്നു എങ്കിൽ (വാ. 10) | 3. പറയുന്നവൻ (വാ. 8-11) |

C. ഈ സന്ദർഭം സത്യവിശ്വാസിയെ വെളിപ്പെടുത്തുന്ന നിരവധി പരിശോധനകൾ അഥവാ തെളിവുകൾ നിരത്തുന്നു (2:3-25)
   1. പാപം ഏറ്റുപറയാനുള്ള മനസ്സ് (പ്രാരംഭമായും തുടർമാനമായും) (1:5; 2:22)
   2. ജീവിതശൈലി അനുസരണം (2:3-6)
   3. ജീവിതശൈലി സ്നേഹം (2:7-11)
   4. ദുഷ്ടന്റെ മേലുള്ള ജയം (2:12-14)
   5. ലോകത്തെ വെറുക്കുന്നത് (2:15-17)
   6. സ്ഥിരോത്സാഹം (2:19)
   7. ശരിയായ ഉപദേശം (2:20-24; 4:1-3)

D. പ്രത്യേക ദൈവശാസ്ത്ര ആശയങ്ങൾ (2:18-19 ൽ)
   1. "അന്ത്യനാഴിക" (വാ. 18)
      a. ഈ പ്രയോഗവും "അന്ത്യനാളുകൾ" തുടങ്ങിയ സമാന പ്രയോഗങ്ങളും ബേത്‌ലഹേമിലെ യേശുവിന്റെ ജനനം മുതൽ രണ്ടാം വരവുവരെയുള്ള കാലഘട്ടത്തെ സൂചിപ്പിക്കുന്നു. ദൈവ രാജ്യം വന്നു കഴിഞ്ഞു, പക്ഷേ പൂർണ്ണമായി സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.
      b. പഴയ, പുതിയ നിയമങ്ങളുടെ ഇടയ്ക്കുള്ള കാലഘട്ടത്തിലെ യിസ്രായേൽ ജനത രണ്ടു യുഗങ്ങളെക്കുറിച്ചു വിശ്വസിക്കാൻ തുടങ്ങിയിരുന്നു - ഇപ്പോഴത്തെ ദുഷ്ടയുഗവും ഭാവിയിൽ സംഭവിക്കാനുള്ളതും ആത്മാവിനാൽ സ്ഥാപിതമാകുന്നതുമായ നീതിയുടെ യുഗവും. പഴയനിയമം വ്യക്തമായി പറയാത്ത കാര്യമാണ് മശിഹായുടെ രണ്ടു വരവുകൾ - ആദ്യം രക്ഷകനായും രണ്ടാമത് സകലത്തിനും പരിസമാപ്തി കുറിക്കുവാനായും. ഈ രണ്ടു യുഗങ്ങൾ പരസ്പരം കവിഞ്ഞു കിടക്കുന്നു. 2:17 ലെ പ്രത്യേക പഠനവിഷയം കാണുക.
      c. കാലദൈർഘ്യം പറയാതെയുള്ള "നാഴിക" (*കായിറോസ്-καιρος*) എന്ന പദത്തിന്റെ ആലങ്കാരിക ഉപയോഗമാണിത് (ഒ.നോ. യോഹ. 4:21,23; 5:25,28; 16:2)
   2. "എതിർക്രിസ്തു" (വാ. 18)
      a. എതിർക്രിസ്തു" എന്ന പദം യോഹന്നാൻ മാത്രമേ ഉപയോഗിക്കുന്നുള്ളൂ (ഒ.നോ. 2:18,22; 4:3; 2 യോഹ. 7). 2:18 ൽ അത് ബഹുവചനമായും ഏകവചനമായും ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക (ഒ.നോ. 2 യോഹ. 7)
         1) മറ്റു വേദപുസ്തക എഴുത്തുകളിലും ഇതേ അന്ത്യകാല വ്യക്തിയെക്കുറിച്ചു പരാമർശമുണ്ട്
            a) ദാനീയേൽ - "നാലാമത്തെ മൃഗം" (ഒ.നോ. 7:7-8, 23-26; 9:24-27)
            b) യേശു - "ശൂന്യമാക്കുന്ന മ്ലേച്ഛത" (ഒ.നോ. മർക്കൊ. 13; മത്താ. 24)
            c) യോഹന്നാൻ - "സമുദ്രത്തിൽ നിന്നും കയറിയ മൃഗം" (ഒ.നോ. വെളി. 13)
            d) പൗലൊസ് - "അധർമ്മ മൂർത്തി" (ഒ.നോ. 2 തെസ്സ. 2)
         2) അന്ത്യകാല വ്യക്തിയും ലോകത്തിൽ എല്ലായ്പ്പോഴും പ്രവർത്തിക്കുന്ന ആത്മാവ് അഥവാ

മനോഭാവവും തമ്മിലും യോഹന്നാൻ വ്യത്യാസം വെയ്ക്കുന്നു (ഒ.നോ. 2:18; 4:3; 2 യോഹ. 7; മർക്കൊ. 13:6,22; മത്താ. 24:5,24)

3) ഗ്രീക്കിൽ *ആന്റി* എന്ന ഗതിക്ക് (1) എതിരായ (2) പകരമായ എന്ന അർത്ഥമുണ്ട്. വാ. 18ലെ ഏകവചനത്തിന്റെയും ബഹുവചനത്തിന്റെയും ഉപയോഗം പോലെ തന്നെ പ്രാധാന്യമുള്ള താണ് ഇതും. ദൈവത്തിനും അവന്റെ ക്രിസ്തുവിനും (#1 ഉപയോഗിക്കുന്നു) എതിരായി പ്രവർത്തിക്കുന്നവരെക്കൊണ്ട് ചരിത്രം നിറഞ്ഞിരിക്കുന്നു
   a) അന്ത്യോക്കസ് IV എപ്പിഫാനസ് (ദാനീ. 8ലെ ചെറിയ കൊമ്പ്; 11:36-45)
   b) നീറോയും ഡൊമീഷ്യനും (ദൈവത്വം അവകാശപ്പെട്ടു - മശിഹായെന്നവകാശപ്പെട്ടില്ല)
   c) നിരീശ്വരവാദ കമ്മ്യൂണിസം
   d) മതേതര ഹ്യൂമാനിസം

   ഇതുകൂടാതെ ക്രിസ്തുവിനെതിരല്ലാത്തവരും എന്നാൽ ക്രിസ്തുവാണെന്ന് അവകാശപ്പെട്ട വർക്കും ഇതു യോജിക്കുന്നു.
   a) മർക്കൊ. 13:6,22; മത്താ. 24:5,24 ലെ കള്ള ഉപദേഷ്ടാക്കൾ
   b) ആധുനിക കൾട്ട് നേതാക്കൾ
   c) എതിർക്രിസ്തു (ദാനീ. 7:8; 9:23-26, 24-27; 2 തെസ്സ. 2:3; വെളി. 13)

4) എല്ലാ കാലഘട്ടത്തിലുമുള്ള ക്രിസ്ത്യാനികൾ, ക്രിസ്തുവാണെന്നവകാശപ്പെട്ടു ക്രിസ്തുവിനെ നിസരിക്കുന്നവരും വ്യാജ മശിഹാകളുമായവരെ നേരിടേണ്ടിവന്നിട്ടുണ്ട്. എന്നിരുന്നാലും ഒരു നാളിൽ, അന്ത്യനാളിൽ, ദുഷ്ടതയുടെ ഒരു അവതാരം (അതാ. എതിർ ക്രിസ്തു) ഇതു രണ്ടും ചെയ്യും

3. "നിങ്ങളിൽ വസിക്കുന്നു" (വാ. 19,24,27,28)
   a. അത്യാധുനിക സുവിശേഷകന്മാർ ക്രിസ്തുവിൽ ആശ്രയിക്കുക/വിശ്വസിക്കുക എന്നതിനുള്ള ഒരു പ്രാരംഭ വ്യക്തിപരമായ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് ഊന്നിപ്പറയാറുണ്ട്; ഇതു തിക ച്ചും സത്യമാണ്. എങ്കിലും വേദപുസ്തക ഊന്നൽ കേവലം തീരുമാനങ്ങളിലല്ല, മറിച്ച് ശിഷ്യത്വ ത്തിലാണ് (ഒ.നോ. മത്താ. 28:19-20)
   b. വിശ്വാസികളുടെ ഭദ്രത എന്ന ഉപദേശം സ്ഥിരോത്സാഹം എന്ന ഉപദേശത്തോട് വേർപെടു ത്താനാവാത്ത വിധം ബന്ധിപ്പിച്ചിരിക്കേണ്ടതാണ്. യോഹ. 8:31 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത കാണുക. അത് ഒന്നുകിൽ/അല്ലെങ്കിൽ എന്നുള്ളതല്ല, രണ്ടും എന്ന വേദപുസ്തക യാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ "വസിക്കുക" എന്നത് ഒരു വേദപുസ്തക മുന്നറിയിപ്പാണ് (ഒ.നോ. യോഹ. 15)
   c. വസിക്കുന്നതു സംബന്ധിച്ചുള്ള മറ്റു വേദഭാഗങ്ങൾ മത്താ. 10:22; 13:1-9,18-23; മർക്കൊ. 13:13; യോഹ. 8:31; 15:1-27; 1 കൊരി. 15:2; ഗലാ. 6:1; വെളി. 2:2,7,11,17,26; 3:5,12,21; 21:7. 2:10 ലെ പ്രത്യേക പഠനവിഷയം: "വസിക്കുക" കാണുക.

# പദ, ശൈലി പഠനം

**1 യോഹന്നാൻ 2:3-6**

**[3]അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു. [4]അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണി ക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല. [5]എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം. [6]അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.**

**2:3 "നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു ഇതിനാൽ അറിയുന്നു"** ആക്ഷരികമായി ഇത് "നാം അവനെ അറിഞ്ഞിരിക്കുന്നുവെന്ന് നാം അറിയുന്നു" എന്നാണ്. ഈ പ്രശ്നബാധിത സഭകളിലെ വിശ്വാസികൾക്ക്, ദുരുപ ദേഷ്ടാക്കളുടെ പഠിപ്പിക്കലുകളുടെ വെളിച്ചത്തിൽ തങ്ങളുടെ രക്ഷയെക്കുറിച്ച് പൂർണ്ണമായ ഉറപ്പുണ്ട് എന്ന് ഊന്നി പ്പറയുന്ന വർത്തമാനകാല കർത്തരി സൂചകവും അതിനെ തുടർന്നുവരുന്ന പൂർണ്ണ കർത്തരി സൂചകവുമാണിത്.

"അറിയുക" എന്ന പദം വ്യക്തിപരമായ ബന്ധം എന്ന എബ്രായ അർത്ഥത്തിലും (ഒ.നോ. ഉല്പ. 4:1; യിരെ. 1:5) ഒരു വസ്തുവിനെക്കുറിച്ചോ വ്യക്തിയെക്കുറിച്ചോ ഉള്ള വസ്തുത സംബന്ധിച്ച ഗ്രാഹ്യം എന്ന ഗ്രീക്ക് അർത്ഥത്തിലും ഉപയോഗിക്കുന്നു. സുവിശേഷം എന്നത് ഒരു വ്യക്തിയും ഒരു കൂട്ടം സത്യവുമാണ്. ഈ പ്രയോഗത്തിലെ ഊന്നലുകൾ:

1. നമുക്കു ദൈവത്തെ അറിയാൻ കഴിയും
2. നമ്മുടെ ജീവിതങ്ങളെക്കുറിച്ച് അവനെന്താഗ്രഹിക്കുന്നു എന്നു നമുക്കറിയാൻ കഴിയും

3. നാം അറിയുന്നു എന്നു നമുക്ക് അറിയാൻ കഴിയും (ഒ.നോ. 5:13)
ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ഉറപ്പുകളിലൊന്ന് അത് നമ്മുടെ പ്രവൃത്തികളിലും പ്രേരണകളിലും വെളിപ്പെടുന്നു എന്നതാണ് (ഒ.നോ. മത്താ. 7; യാക്കോബ്; 1 പത്രൊസ്). ഇത് 1 യോഹന്നാനിൽ ആവർത്തിക്കുന്ന വിഷയമാണ് (ഒ.നോ. 2:3,5; 3:24; 4:13; 5:2,13).

യോഹന്നാന്റെ എഴുത്തുകൾ "അറിയുക" എന്നതിനുള്ള രണ്ടു ഗ്രീക്കുപദങ്ങൾ (ഗിനോസ്കോ-*γινωσκω*, ഓയിഡാ-*οιδα*) കൂടെക്കൂടെ ഉപയോഗിക്കുന്നു (1 യോഹന്നാനിലെ 5 അദ്ധ്യായങ്ങളിൽ 27 പ്രാവശ്യം). കൊയ്നേ ഗ്രീക്കിൽ ഈ വാക്കുകൾക്ക് പ്രകടമായ വ്യത്യാസങ്ങളില്ല. തിരഞ്ഞെടുപ്പ് ജീവിത ശൈലിപരമാണ്. എപ്പിഗിനോസ്കോ(*επιγινωσκω*) എന്ന തീവ്രമായ പദം യോഹന്നാൻ ഉപയോഗിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്.

വിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും ഒപ്പം ദുരുപദേശത്തെ എതിർക്കുന്നതിനുമാണ് യോഹന്നാൻ എഴുതുന്നത്. പുതിയ നിയമത്തിലെ മറ്റേതൊരു പുസ്തകത്തിലുള്ളതിലും അധികം പ്രാവശ്യം "അറിയുക" എന്ന പദം യോഹന്നാന്റെ സുവിശേഷത്തിലും 1 യോഹന്നാനിലും ഉപയോഗിച്ചിട്ടുണ്ട്. സുവിശേഷത്തെക്കുറിച്ചുള്ള അറിവിന്റെയും ജീവിതശൈലി സ്നേഹം, അനുസരണം എന്നിവയുടെയും അടിസ്ഥാനത്തിലുള്ള ഉറപ്പിന്റെ ഗ്രന്ഥമാണ് 1 യോഹന്നാൻ (ഒ.നോ. യാക്കോബിന്റെ ലേഖനം).

▣ **"എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ അർത്ഥമാക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്.

▣ **"അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ"** വ്യവസ്ഥാപരമായ ഘടകം ശ്രദ്ധിക്കുക (വർത്തമാന കാല കർത്തരി ക്രിയാബന്ധം). പുതിയ ഉടമ്പടി ദൈവം മുമ്പോട്ടു വയ്ക്കുന്നത് നിരുപാധികമായിട്ടാണെങ്കിലും മനുഷ്യന്റെ മാനസാന്തര വിശ്വാസവും അനുസരണത്തോടെയുള്ള പ്രതികരണവും സംബന്ധിച്ച് സോപാധികമാണ് (ഒ.നോ. 2:3-5; 3:22,24; 5:2,3; യോഹ. 8:51-52; 14:15,21,23; 15:10; വെളി. 2:26; 3:8,10; 12:17; 14:12). യഥാർത്ഥ മാനസാന്തരത്തിന്റെ തെളിവുകളിലൊന്ന് വെളിച്ചത്തോടുള്ള (യേശുവും സുവിശേഷവും ഒ.നോ. ലൂക്കൊ. 6:46) അനുസരണമാണ്. പഴയനിയമത്തിൽ പോലും അനുസരണം യാഗത്തെക്കാൾ ശ്രേഷ്ഠമായിരുന്നു (ഒ.നോ. 1 ശമൂ. 15:22; യിരെ. 8-9). അനുസരണം രക്ഷ ഉളവാക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല, മറിച്ച് അതു രക്ഷ യുടെ തെളിവാണ്. അത് അടിസ്ഥാനമല്ല (ഒ.നോ. എഫെ. 2:8-9) ഫലമാണ് (ഒ.നോ. എഫെ. 2:10).

**2:4 "അവനെ അറിഞ്ഞിരിക്കുന്നു"** ദുരുപദേഷ്ടാക്കളുടെ അനേക പ്രസ്താവനകളിൽ ഒന്നാണിത് (ഒ.നോ. 1:6, 8,10; 2:4,6,9). ഇത് മലാഖി, റോമർ, യാക്കോബ് എന്നിവിടങ്ങളിൽ കാണുന്നതുപോലെയുള്ള ഡയാട്രൈബാണ് (പറയുന്നവൻ...). ദുരുപദേഷ്ടാക്കൾ ദൈവത്തെ അറിയുന്നു (പൂർണ്ണകാലം) എന്നവകാശപ്പെടുന്നു. എങ്കിലും രക്ഷയെ ഭക്തിപുരസ്സരമുള്ള ജീവിതത്തിൽ നിന്നും വേറിട്ടു കാണുന്നു. അവർ നീതീകരണത്തെ വിശുദ്ധീകര ണത്തിൽ നിന്നു വേർതിരിക്കുന്നു. ദൈവത്തെക്കുറിച്ച് ഉന്നതമായ ജ്ഞാനം (മർമ്മം) ആർജ്ജിച്ചതായി അവർ അവകാശപ്പെടുന്നുണ്ടെങ്കിലും അവരുടെ ജീവിതശൈലി അവരുടെ യഥാർത്ഥ പ്രേരണകളെ വെളിപ്പെടുത്തുന്നു.

▣ **"പറയുകയും... ചെയ്യുന്നവൻ"** യോഹന്നാന്റെ ഡയാട്രൈബിന്റെ ഉത്തമോദാഹരണമാണിത്.

▣ **"കല്പനകളെ പ്രമാണിക്കാതിരിക്കുകയും"** പെരുമാറ്റപരമായ ജീവിതശൈലി പ്രവൃത്തികളെക്കുറിച്ചു പറയുന്ന വർത്തമാനകാല കർത്തരി ഘടകമാണിത്. നമ്മുടെ ജീവിതം നമ്മുടെ ആത്മീയത എത്തരത്തിലുള്ള തെന്നു വെളിപ്പെടുത്തുന്നു (ഒ.നോ. മത്താ. 7).

▣ **"കള്ളൻ ആകുന്നു"** മനപ്പൂർവ്വമുള്ള സ്വയ വഞ്ചനയെക്കാൾ മോശമായ മറ്റൊന്നില്ല! യഥാർത്ഥ മാനസാ ന്തരത്തിന്റെ തെളിവ് അനുസരണമാണ്. അവരുടെ ഫലം കൊണ്ടു നിങ്ങൾക്കവരെ തിരിച്ചറിയാം (ഒ.നോ. മത്താ. 7).

യേശു അനേക മത ഭക്തരെ (ഉപദേഷ്ടാക്കൾ, പ്രസംഗകർ) കള്ളന്മാരെന്നു വിളിച്ചു (ഒ.നോ. 1:6,10; 2:4,20; 4:20). അവർ മതഭക്തരാണെങ്കിലും ദൈവവുമായി നിരപ്പാകാത്തവരായിരുന്നു.

**2:5 "എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ"** പെരുമാറ്റപരമായ ജീവിതശൈലി പ്രവർത്തനങ്ങളെക്കുറിച്ചു പറയുന്ന വർത്തമാനകാല കർത്തരി ക്രിയാബന്ധമാണിത്. യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയുടെ "എ ഹാൻഡ്ബുക്ക് ഓൺ ദ ലെറ്റേഴ്സ് ഓഫ് ജോൺ" ന്റെ എഴുത്തുകാർ (ഹാസ്, ജോംഗ്, സ്വെല്ലൻഗ്രെബെൽ) ഈ ഗ്രീക്ക് ഘടനയെ സംബന്ധിച്ച് താല്പര്യജനകമായ ഒരു വിശദീകരണം നൽകുന്നുണ്ട്. *'ആൻ,' 'ഇയാൻ'* എന്ന ഗ്രീക്ക് ഘടകത്തോടൊപ്പമുള്ള ഒരു ആപേക്ഷിക സർവ്വനാമം തുടർന്നുവരുന്ന ക്രിയാബന്ധത്തിലെ ക്രിയ എന്നിവ 3:17, 22; 4:15; 5:15; 3 യോഹ. 5 എന്നിവിടങ്ങളിൽ കാണാം. അവ പൊതുവേ സാഹചര്യങ്ങളെയാണ് സൂചിപ്പിക്കുന്നത്" (പേ. 40). ഉടമ്പടി വിശ്വാസത്തിലെ നിർണ്ണായക ഘടകമാണ് അനുസ രണം. 1 യോഹന്നാന്റെയും യാക്കോബിന്റെയും കേന്ദ്ര സന്ദേശമാണിത്. ഒരുവന് താൻ ദൈവത്തെ അറിയുന്നു എന്നു പറയുകയും ജീവിതശൈലി പാപത്തിലൂടെ ജീവനുള്ള വചനത്തെയും എഴുതപ്പെട്ട വചനത്തെയും നിഷേധി ക്കുകയും ചെയ്യാൻ സാധ്യമല്ല (ഒ.നോ. 3:6,9).

▣ **"അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു"** പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പി ക്കുന്ന പൂർണ്ണ കർമ്മിണി സൂചകമാണിത് (ഒ.നോ. 4:12,17,18). വ്യാകരണപരമായി പറഞ്ഞാൽ ഇത് എന്തിനെ ക്കുറിച്ചാണ് പറയുന്നതെന്നു കാര്യം അനിശ്ചിതമാണ്.

1. നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം (ഒ.നോ. 4:12)

2. ദൈവത്തോടുള്ള നമ്മുടെ സ്നേഹം (ഒ.നോ. 5:3)
3. നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവസ്നേഹത്തെപ്പറ്റി പൊതുവായി

"തികഞ്ഞിരിക്കുന്നു" എന്ന പദം (*റ്റെലോസ്*, ഒ.നോ. 4:12,17,18) എന്നതിനർത്ഥം പക്വത, പൂർണ്ണത, അല്ലെങ്കിൽ ഒരു പ്രത്യേക ദൗത്യത്തിനായി പൂർണ്ണ സജ്ജരാക്കപ്പെടുക (ഒ.നോ. എഫെ. 4:12) എന്നതാണ്. പാപരഹിതമായല്ല ഇത് (ഒ.നോ. 1:8,10).

▣ **"നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം"** ദൈവവുമായുള്ള തങ്ങളുടെ ബന്ധത്തിലുള്ള വിശ്വാസ ഉറപ്പ് ഉണ്ടായിരിക്കാനുള്ള വിശ്വാസിയുടെ കഴിവിനെ ഇവിടെ വീണ്ടും ഊന്നിപ്പറയുന്നു. അവനിൽ ഇരിക്കുന്നു എന്ന ആശയം (വസിക്കുക, ഒ.നോ. വാ. 6) യോഹന്നാന്റെ എഴുത്തുകളിൽ ആവർത്തിച്ചുവരുന്ന വിഷയമാണ് (ഒ.നോ. യോഹ. 14:20,23; 15:4-10; 17:21,23,26; 1 യോഹ. 2:24-28; 3:6,24; 4:13,16).

**2:6 "വസിക്കുന്നു"** 2:10 ലെ പ്രത്യേക പഠനവിഷയം കാണുക. പിതാവ് നമ്മിൽ വസിക്കുന്നു എന്നും (ഒ.നോ. 1 യോഹ. 5:20) പിതാവും പുത്രനും നമ്മിൽ വസിക്കുന്നു എന്നും (ഒ.നോ. യോഹ. 14:23; 17:21) പുതിയ നിയമം പ്രസ്താവിക്കുന്നു. രക്ഷാ ഭദ്രതയെ ഊന്നിപ്പറയുന്ന സ്ഥലങ്ങളിൽ പോലും "വേണ്ടതാകുന്നു" എന്ന മുന്നറിയിപ്പിന്റെ സൂചന കാണാം എന്ന കാര്യം ശ്രദ്ധിക്കുക (ഒ.നോ. 2:6 പ്രസന്റ് ഇൻഫിനിറ്റീവ് "അവനിൽ വസിക്കുന്നു"). അവകാശങ്ങളോടും ഉത്തരവാദിത്തങ്ങളോടും കൂടിയ സോപാധിക ഉടമ്പടിയാണ് സുവിശേഷം!

▣ **"അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു"** "യഥാർത്ഥ വിശ്വാസം" ജീവിതശൈലി വിശ്വാസമാണെന്നു പ്രസ്താവിക്കുന്ന മറ്റൊരു ഊന്നലാണിത് (ഒ.നോ. യാക്കോ. 2:14-26). വിശ്വാസം ഒരു തീരുമാനമല്ല, മറിച്ച് യേശുവുമായുള്ള തുടർമാനമായ, വ്യക്തിപരമായ ബന്ധവും അതിൽ നിന്നുളവാകുന്ന ദൈനംദിന ക്രിസ്തുതുല്യ ജീവിതവുമാകുന്നു. നിത്യജീവന് ദൃശ്യ സവിശേഷതകളുണ്ട്. 1:7 ന് സമാന്തരമാണിത്. ക്രിസ്ത്യാനിത്വത്തിന്റെ ലക്ഷ്യം കേവലം സ്വർഗ്ഗമല്ല, മറിച്ച് ഇപ്പോൾ ക്രിസ്ത്യാനുരൂപ്യമാണ് (ഒ.നോ. റോമ. 8:29-30; 2 കൊരി. 3:18; ഗലാ. 4:19; എഫെ. 1:4; 1 തെസ്സ. 3:13; 4:3; 1 പത്രൊ. 1:15). ശുശ്രൂഷിക്കുന്നതിന് വേണ്ടി ശുശ്രൂഷിക്കപ്പെടുന്നരാണു നാം. അവൻ ദൗത്യവുമായി അയയ്ക്കപ്പെട്ടതുപോലെ നാമും അയയ്ക്കപ്പെട്ടിരിക്കുന്നു. അവൻ തന്റെ ജീവൻ മറ്റുള്ളവർക്കായി വെച്ചുകൊടുത്തതുപോലെ നാമും നമ്മെത്തന്നെ ദാസന്മാരായി കണക്കാക്കണം (ഒ.നോ. 1 യോഹ. 3:16).

"അവൻ" എന്നത് ആക്ഷരികമായി "ആ ഒരുവൻ" എന്നാണ്; യോഹന്നാന്റെ എഴുത്തുകളിൽ "യേശു"വിനെ സൂചിപ്പിക്കാനുപയോഗിച്ചിരിക്കുന്ന പ്രയോഗമാണിത് (ഒ.നോ. യോഹ. 2:21; 19:35; 1 യോഹ. 2:6; 3:3,5,7,16; 4:17). പലപ്പോഴും ഇത് നിസ്സാരനാണെന്നു സൂചിപ്പിക്കുവാനും ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. യോഹ. 7:11; 9:12, 28; 19:21).

"ആ ഒരുവൻ" എന്നത് യേശുവിനെയാണു സൂചിപ്പിക്കുന്നതെങ്കിൽ 6a ൽ സൂചിപ്പിക്കുന്ന "അവൻ" ആരായിരിക്കും? യോഹന്നാൻ പലപ്പോഴും മനപ്പൂർവ്വമായ ദുർഗ്രഹത ഉപയോഗിക്കാറുണ്ട്. അത് പിതാവിനെയോ (ഒ.നോ. യോഹ. 15:1-2, 9-10) അല്ലെങ്കിൽ പുത്രനെയോ (ഒ.നോ. യോഹ. 15:4-6) സൂചിപ്പിക്കുന്നതാകാം. ഇതേ ദുർഗ്രഹത വാ. 20 ലെ "പരിശുദ്ധനാൽ" എന്ന പ്രയോഗത്തിലും കാണാം.

## 1 യോഹന്നാൻ 2:7-11

**[7]പ്രിയമുള്ളവരേ, പുതിയൊരു കല്പനയല്ല, ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്കു എഴുതുന്നതു. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നേ. [8]പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു എഴുതുന്നു എന്നു പറയാം. അതു അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു; ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു. [9]വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നു. [10]സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചെക്കു അവനിൽ കാരണമില്ല. [11]സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു. ഇരുട്ടു അവന്റെ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നില്ല.**

**2:7 "പ്രിയമുള്ളവരേ"** യോഹന്നാൻ കൂടെക്കൂടെ തന്റെ വായനക്കാരെ ഈ വാത്സല്യ പദം ഉപയോഗിച്ചു വിളിക്കുന്നുണ്ട് (ഒ.നോ. 2:1). ഈ പദം യേശുവിന്റെ സ്നാന സമയത്തും (ഒ.നോ. മത്താ. 3:17), മറുരൂപസമയത്തും (ഒ.നോ. മത്താ. 17:5) അവനെ വിളിക്കുവാൻ പിതാവ് ഉപയോഗിച്ചിരുന്നു. യോഹന്നാന്റെ ലേഖനങ്ങളിൽ രക്ഷിക്കപ്പെട്ടവർക്കുള്ള സാധാരണ പദമാണിത് (ഒ.നോ. 3:2,21; 4:1,7,11; 3 യോഹ. 1,2,5,11).

ജനപ്രീതിയാർജ്ജിച്ച പതിപ്പുകളിൽ (കയ്യെഴുത്തു പ്രതികളായ K,L,യും NKJV യിലും) "സഹോദരന്മാരേ" എന്ന പദമാണുള്ളത്. എന്നാൽ 1 യോഹന്നാനിൽ ഇത് 3:13 ൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. വലിയക്ഷരം കയ്യെഴുത്തു പ്രതികൾ (ℵ,A,B,C,P), വൾഗേറ്റ്, പെഷീത്താ, കോപ്റ്റിക്, അർമ്മിനിയൻ പതിപ്പുകൾ) "പ്രിയമുള്ളവരേ" എന്നതിനെ പിന്തുണയ്ക്കുന്നു (see Bruce Metzger, *A Textual Commentary on the New Testment,* p. 708).

▣ **"പുതിയൊരു കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്കു എഴുതുന്നത്"** യോഹന്നാന്റെ രചനകളുടെ സവിശേഷതയാണിത് (ഒ.നോ. യോഹ. 13:34; 15:12,17). കാലപ്പഴക്കത്തിന്റെ അടിസ്ഥാന ത്തിലല്ല, ഗുണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കല്പന പുതുതായിരിക്കുന്നത്. യേശു അവരെ സ്നേഹിച്ചതുപോലെ വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നു (ഒ.നോ. യോഹ.

13:34).

"പഴയ കല്പന" രണ്ട് അർത്ഥത്തിൽ മനസ്സിലാക്കുവാൻ കഴിയും.

1. മോശെയുടെ ന്യായപ്രമാണം (അതാ. ലേവ്യ. 19:18)
2. യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ഉപദേശങ്ങൾ (യോഹ. 13:34; 15:12,17).

▣ **"പഴയ കല്പന"** 2:3ൽ "കല്പനകൾ" എന്ന ബഹുവചനമാണു കാണുന്നത്, എന്നാൽ ഇവിടെ ഏകവചന മാണ്. സ്നേഹം മറ്റെല്ലാ കല്പനകളെയും നിവർത്തിക്കുന്നു എന്ന സൂചന ഇതിൽ ഉള്ളതായി തോന്നുന്നു (ഒ.നോ. ഗലാ. 5:22; 1 കൊരി. 13:13). സുവിശേഷത്തിലെ കല്പനയാണ് സ്നേഹം.

▣ **"ആദിമുതൽ നിങ്ങൾക്കുള്ള"** കേഴ്‌വിക്കാരന്റെ സുവിശേഷ സന്ദേശത്തോടുള്ള ആദ്യ സമാഗമത്തെ സൂചിപ്പി ക്കുന്ന അപൂർണ്ണ കർത്തരി സൂചകമാണിത് (ഒ.നോ. വാ. 24; 1:1; 3:13; 2 യോഹ. 5-6).

▣ **"നിങ്ങൾ കേട്ട"** പിൽക്കാല കയ്യെഴുത്തു പ്രതികളിൽ "ആദിമുതൽ" എന്നു കൂടി ചേർത്തിരിക്കുന്നു.

**2:8 "അത് അവനിലും.. സത്യമായിരിക്കുന്നു"** ഈ സർവ്വനാമത്തിന്റെ ലിംഗം വാ. 7 ലെ സ്ത്രീലിംഗത്തിൽ നിന്നും നപുംസകമായി വ്യത്യാസപ്പെടുന്നു. അവിടെ അത് നപുംസകമായ കല്പനയ്ക്ക് യോജിക്കുന്നതായിരുന്നു. ഇവിടെയാകട്ടെ പൂർണ്ണ സുവിശേഷത്തെയാണ് സൂചിപ്പിക്കുന്നത്. സർവ്വനാമത്തിലെ തത്തുല്യമായ ഒരു മാറ്റം എഫെ. 2:8-9 ൽ കാണാം.

▣ **"ഇരുട്ടു നീങ്ങിപ്പോയിരിരിക്കുന്നു"** ഇത് വർത്തമാനകാല മധ്യമ സൂചകമാണ് (എ. റ്റി. റോബർട്ട്സണിന്റെ *വേഡ് പിക്ച്ചേഴ്സ് ഇൻ ദി ന്യൂടെസ്റ്റമെന്റ്* പേ. 212 അനുസരിച്ച്). ക്രിസ്തുവിൽ ദൈവത്തെ അറിഞ്ഞവർക്ക് പുതിയ യുഗം സമാഗതമാകുകയും അവരുടെ ഹൃദയത്തിലും മനസ്സിലും തുടർന്ന് ഉദിച്ചുകൊണ്ടിരിക്കുകയും (അതായത് സാക്ഷാത്കരിക്കപ്പെട്ട അന്ത്യകാല ശാസ്ത്രം) ചെയ്യുന്നു.

▣ **"സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു"** യേശു ലോകത്തിന്റെ വെളിച്ചം ആകുന്നു (ഒ.നോ. യോഹ. 1:4-5, 9; 8:12). സത്യം, വെളിപ്പാട്, ധാർമ്മിക വിശുദ്ധി എന്നിവയ്ക്കുള്ള വേദപുസ്തക ഉപമാനമാണ് വെളിച്ചം. 1:5 ലെയും 1:7 ലെയും കുറിപ്പുകൾ കാണുക. പുതിയ യുഗം ഉദയം ചെയ്തിരിക്കുന്നു.

**2:9 "സഹോദരനെ പകയ്ക്കയും ചെയ്യുന്നവൻ"** തുടരുന്ന മനോഭാവത്തെ സൂചിപ്പിക്കുന്ന വർത്തമാന കർത്തരി ഘടകമാണിത്. ഇരുട്ടിന്റെ തെളിവാണ് പക (ഒ.നോ. മത്താ. 5:21-26).

**2:10 "സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു"** ഈ സന്ദർഭത്തിൽ വർത്തമാന കാല ക്രിയകൾക്കാണ് മുൻതൂക്കം. വിശ്വാസിയുടെ രക്ഷയുടെയും സത്യത്തോടും വെളിച്ചത്തോടുമുള്ള വ്യക്തിപരമായ ബന്ധത്തിന്റെയും അവയെക്കുറിച്ചുള്ള അറിവിന്റെയും തെളിവാണ് സ്നേഹം (ഒ.നോ. 3:11,24; 4:7,11,21).

## പ്രത്യേക പഠനവിഷയം: "വസിക്കുക" യോഹന്നാന്റെ രചനകളിൽ

പിതാവാം ദൈവവും പുത്രനായ യേശുവും തമ്മിലുള്ള ഒരു പ്രത്യേക ബന്ധത്തെപ്പറ്റി യോഹന്നാന്റെ സുവിശേഷം വിവരിക്കുന്നു. കീഴ്പെടലിന്റെയും സമത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള ആഴമായ പരസ്പര ബന്ധമാണത്. സുവിശേഷത്തിലുടനീളം പിതാവ് പറഞ്ഞതു കേൾക്കുന്നതാണ് താൻ സംസാരിക്കുന്നതെന്നും പിതാവു ചെയ്തു കാണുന്നതാണ് താൻ ചെയ്യുന്നതെന്നും യേശു പറയുന്നു. യേശു സ്വന്ത നിലയിൽ പ്രവർത്തിക്കുന്നില്ല, പിതാവിന്റെ ഹിതത്തിനനുസരിച്ചാണ് അവൻ പ്രവർത്തിക്കുന്നത്.

ഈ ആഴമായ കൂട്ടായ്മയും ദാസത്വവും യേശുവും അവന്റെ അനുയായികളും തമ്മിലുള്ള ബന്ധത്തിനു മാതൃകയായിരിക്കുന്നു. ഈ ആഴമായ സഹവർത്തിത്വം വ്യക്തിത്വത്തിന്റെ വിലയം പ്രാപിക്കലല്ല (പൗരസ്ത്യ മിസ്റ്റിസിസത്തിലെപ്പോലെ) മറിച്ച് ഏകീഭാവത്തിന്റെ ധാർമ്മികവും സാന്മാർഗ്ഗികവുമായ ജീവിതശൈലിയാണ്. കൂട്ടായ്മ എന്നത് (1) അറിവിന്റെ അടിസ്ഥാനത്തിലുള്ളതും (ദൈവവചനം എന്ന നിലയിൽ സുവിശേഷത്തിനു ള്ള ലോകവീക്ഷണം); (2) ആപേക്ഷികവും (യേശു ആശ്രയിക്കുവാനും ചാരുവാനും കഴിയുന്ന ദൈവത്തിന്റെ മശിഹാ എന്ന നിലയിൽ); (3) ധാർമ്മികവും (ഭക്തരായ വിശ്വാസികളിൽ ഉളവാകുന്ന അവന്റെ സ്വഭാവം) ആണ്.

യേശു മാതൃകാ മനുഷ്യനും സാക്ഷാൽ യിസ്രായേല്യനും ആയിരുന്നു. മനുഷ്യത്വത്തിന്റെ മാനദണ്ഡ വുമാണ്. ആദാം ആയിരിക്കേണ്ടിയിരുന്നത്, അഥവാ ആകുവാൻ കഴിയുമായിരുന്നത് (മാനുഷികമായി പറ ഞ്ഞാൽ) അവൻ വെളിപ്പെടുത്തുന്നു. യേശു ആത്യന്തിക "ദൈവപ്രതിമ" ആണ്. അവൻ (1) ദൈവത്തെ വെളിപ്പെടുത്തുകയും; (2) നമുക്കു പകരം മരിക്കുകയും (പ്രായശ്ചിത്ത പാപപരിഹാര മരണം); (3) പിന്തുടരാൻ മനുഷ്യവർഗ്ഗത്തിനു മാതൃക കാണിക്കുകയും ചെയ്തതിലൂടെ മനുഷ്യവർഗ്ഗത്തിന്റെ നഷ്ടപ്പെട്ട പ്രതിച്ഛായ

അവൻ പുനഃസ്ഥാപിച്ചു. “വസിക്കുക” (മെനോ) എന്ന പദം ക്രിസ്ത്യാനുരൂപ്യം എന്ന ലക്ഷ്യത്തെയും (ഒ.നോ. റോമ. 8:29), വീഴ്ചയുടെ യഥാസ്ഥാപനത്തെയും (ഒ.നോ. ഉല്പ. 3) പ്രതിഫലിപ്പിക്കുന്നു.

കൂട്ടായ്മ എന്ന ഉദ്ദേശ്യത്തിനു വേണ്ടിയുള്ള ദൈവവും അവന്റെ പരമോന്നത സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള ഈ പുനഃസമാഗമമാണ് അപ്പൊസ്തലനായ പൗലൊസിന്റെ “ക്രിസ്തുവിൽ” എന്നതും അപ്പൊസ്തലനായ യോഹന്നാന്റെ “എന്നിൽ വസിപ്പിൻ” എന്നതും.

യോഹന്നാന്റെ പ്രയോഗം ശ്രദ്ധിക്കുക:

1. പിതാവും പുത്രനും ഇടയിലുള്ള വസിക്കൽ
   a. പിതാവ് പുത്രനിൽ (യോഹ. 10:38; 14:10,11,20; 17:21,23)
   b. പുത്രൻ പിതാവിൽ (യോഹ. 10:38; 14:10,11,20; 17:21)
2. ദൈവത്തിനും വിശ്വാസിക്കും ഇടയിലുള്ള വസിക്കൽ
   a. പിതാവു വിശ്വാസിയിൽ (യോഹ. 14:20,23; 1 യോഹ. 3:24; 4:12-13,15)
   b. വിശ്വാസി പിതാവിൽ (യോഹ. 14:20,23; 17:21; 1 യോഹ. 2:24, 27; 4:13,16)
   c. പുത്രൻ വിശ്വാസിയിൽ (യോഹ. 6:56; 14:20,23; 15:4,5; 17:21, 23)
   d. വിശ്വാസി പുത്രനിൽ (യോഹ. 6:56; 14:20,23; 15:4,5,7; 1 യോഹ. 2:6,24,27,28)
3. വസിക്കുന്ന ഇതര കാര്യങ്ങൾ (സാധകാത്മകം)
   a. ദൈവചനം
      1) നിഷേധാത്മകമായി (യോഹ. 5:38; 8:37; 1 യോഹ. 1:10; 2 യോഹ. 9)
      2) സാധകാത്മകമായി (യോഹ. 8:31; 15:2; 1 യോഹ. 2:14, 24; 2 യോഹ. 9)
   b. ദൈവസ്നേഹം (യോഹ. 15:9-10; 17:26; 1 യോഹ. 3:17; 4:16)
   c. ദൈവാത്മാവ്
      1) പുത്രനിൽ (യോഹ. 1:32)
      2) വിശ്വാസിയിൽ (യോഹ. 14:17)
   d. അനുസരണമാണ് വസിക്കൽ (യോഹ. 15:10; 1 യോഹ. 3:24)
   e. സ്നേഹം വെളിച്ചത്തിൽ വസിക്കലാണ് (1 യോഹ. 2:10)
   f. ദൈവഹിതം ചെയ്യുന്നതു വസിക്കലാണ് (1 യോഹ. 2:17)
   g. അഭിഷേകം വസിക്കുന്നു (1 യോഹ. 2:27)
   h. സത്യം വസിക്കുന്നു (2 യോഹ. 2)
   i. പുത്രൻ വസിക്കുന്നു (യോഹ. 8:35; 12:34)
4. വസിക്കുന്ന ഇതര കാര്യങ്ങൾ (നിഷേധാത്മകം)
   a. ദൈവക്രോധം വസിക്കുന്നു (യോഹ. 3:36)
   b. ഇരുട്ടിൽ വസിക്കുന്നു (യോഹ. 12:46)
   c. പുറത്തു കളയുന്നു ... ചുട്ടുകളയുന്നു (വസിക്കുന്നില്ല) (യോഹ. 15:6)
   d. പാപം ചെയ്യുന്നവൻ (വസിക്കുന്നില്ല) (1 യോഹ. 3:6)
   e. സ്നേഹിക്കാത്തവൻ (വസിക്കുന്നില്ല) (1 യോഹ. 3:14)
   f. ഒരു കൊലപാതകനും (നിത്യജീവൻ വസിക്കുന്നില്ല) (1 യോഹ. 3:15)
   g. മരണത്തിൽ (1 യോഹ. 3:14)

▣

**NASB, NKJV** **“ഇടർച്ചയ്ക്കു അവനിൽ യാതൊരു കാരണവുമില്ല”**
**NRSV** **“അത്തരം വ്യക്തിയിൽ ഇടർച്ചയ്ക്കു യാതൊരു കാരണവുമില്ല”**
**TEV** **“മറ്റൊരുവനെ പാപത്തിനു പ്രേരിപ്പിക്കുന്ന ഒന്നും നമ്മിലില്ല”**
**NJB** **“അവനെ വീഴ്ത്തിക്കളയുന്ന ഒന്നും അവനില്ല”**

ഈ വാക്യത്തിന് രണ്ടു പരിഭാഷാ സാധ്യതകളാണുള്ളത്.

1. സ്നേഹത്തിൽ നടക്കുന്ന വിശ്വാസി വ്യക്തിപരമായി ഇടറുകയില്ല
2. സ്നേഹത്തിൽ നടക്കുന്ന വിശ്വാസി മറ്റുള്ളവർ ഇടറുവാൻ കാരണമാകയില്ല (ഒ.നോ. മത്താ. 18:6; റോമ. 14:13; 1 കൊരി. 8:13)

രണ്ടും സത്യമാണ്! സുവിശേഷം വിശ്വാസിക്കും മറ്റുള്ളവർക്കും ഗുണകരമാണ് (മറ്റു വിശ്വാസികൾക്കും നഷ്ടപ്പെട്ടവർക്കും).

പുതിയ നിയമത്തിൽ “ഇടർച്ച” വിശ്വാസത്തിന്റെ വിപരീതമാണ് (ഉറപ്പുള്ള പാദം, സ്ഥിരതയുള്ള ചുവട്). ദൈവത്തിന്റെ ഹിതവും കല്പനകളും നേരെയുള്ള വഴി അഥവാ പാത എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിനാലാണ് “നടപ്പ്” ജീവിതശൈലിയുടെ പ്രതീകരമായിരിക്കുന്നത്.

യോഹ. 1:14 ലെ പ്രത്യേക പഠനവിഷയം: പഴയനിയമത്തിൽ വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വാസം,

വിശ്വസ്തത (אמן) കാണുക.

**2:11 "സഹോദരനെ പകെക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു. ഇരുട്ടിൽ നടക്കുകയും ചെയ്യുന്നു"** വർത്തമാന കാല കർത്തരി ഘടകവും (പകെക്കുന്നു) അതിനെ തുടർന്ന് വർത്തമാനകാല കർത്തരി സൂചകവും (നടക്കുന്നു) കാണാം. പക അവിശ്വാസത്തിന്റെ അടയാളമാണ് (ഒ.നോ. 3:15; 4:20). വെളിച്ചത്തിനും ഇരുളിനും സ്നേഹത്തിനും പകയ്ക്കും ഒരു വ്യക്തിയിൽ തന്നെ വസിക്കാൻ കഴിയുകയില്ല. യോഹന്നാന്റെ ഇരുട്ടും വെളിച്ചവും പ്രസ്താവന കളുടെ ഉദാഹരണമാണിത്. ഉദാത്ത ആശയം അവൻ വെളിപ്പെടുത്തുന്നു. എന്നിരുന്നാലും വിശ്വസികൾ പലപ്പോഴും മുൻവിധി, സ്നേഹ രാഹിത്യം, അവഗണന എന്നിവ നേരിടുന്നു! സുവിശേഷം സത്വരമാറ്റവും തുടർമാനമായ മാറ്റവും ഉളവാക്കുന്നു.

▣ **"ഇരുട്ടു അവനെ കുരുടാക്കുകയാൽ"** ഇത് ഒന്നുകിൽ വിശ്വാസി പാപസ്വഭാവത്തിൽ തുടരുന്നതിനെയോ (ഒ.നോ. 2 പത്രൊ. 1:5–9) അല്ലെങ്കിൽ സാത്താന്റെ പ്രവൃത്തികളെയോ (ഒ.നോ. 2 കൊരി. 4:4) സൂചിപ്പിക്കുന്നു. മനുഷ്യവർഗ്ഗത്തിനു മൂന്നു ശത്രുക്കളുണ്ട്. (1) വീഴ്ച സംഭവിച്ച ലോകസംവിധാനം; (2) ആളത്വപരമായ ദൂതശക്തി, സാത്താൻ; (3) നമ്മുടെ തന്നെ വീഴ്ച സംഭവിച്ച ആദാമ്യ പ്രകൃതി (ഒ.നോ. എഫെ. 2:2–3, 16; യാക്കോബ് 4).

**1 യോഹന്നാൻ 2:12–14**

**[12]കുഞ്ഞുങ്ങളേ, നിങ്ങൾക്കു അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതുന്നു. [13]പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്കു എഴുതുന്നു. ബാല്യക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്കുഎഴുതുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. [14]പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു. ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നു.**

**2:12–14** USB 4 "A" റേറ്റിംഗ് (ഉറപ്പുള്ളത്) നൽകുന്ന "ഞാൻ നിങ്ങൾക്ക് എഴുതുന്നു" (NASB, 1970), "ഞാൻ എഴുതിയിരിക്കുന്നു" (NASB, 1995) എന്നിവ ഒഴികെ ഈ വാക്യങ്ങളിലുള്ള ക്രിയകൾ എല്ലാം തന്നെ പൂർണ്ണ കാലത്തിലുള്ളവയാണ്. ഭൂതകാലത്തിൽ നടന്നതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തി യെക്കുറിച്ചാണതു പറയുന്നത്. കഴിഞ്ഞ സന്ദർഭം ദുരുപദേഷ്ടാക്കളെ അഭിസംബോധന ചെയ്യുന്നതുപോലെ ഈ സന്ദർഭം വിശ്വാസിയെ അഭിസംബോധന ചെയ്യുന്നു. വിശ്വാസിക്ക് മൂന്നു വ്യത്യസ്ത പേരുകൾ നൽകുന്നു: കുഞ്ഞുങ്ങൾ," "പിതാക്കന്മാർ," "ബാല്യക്കാർ." ഭദ്രതയുടെ ജീവിതശൈലി തെളിവുകളുടെ സന്ദർഭത്തിൽ വരുന്ന തല്ല ഈ ഖണ്ഡിക. നാം മൂന്നു ഗ്രൂപ്പുകളെക്കുറിച്ച് <u>അല്ല</u> സംസാരിക്കുന്നത്, മറിച്ച് സകല വിശ്വാസികളുടെയും സ്ഥിരീകരിക്കപ്പെട്ട അവസ്ഥയെ വിവരിക്കുന്ന ഒരു രചനാ രീതിയാണിത്.

വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട നാലു കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

1. അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു (വാ. 12)
2. ക്രിസ്തുവിലൂടെ അവർ പിശാചിനെ ജയിച്ചിരിക്കുന്നു (വാ. 13)
3. തങ്ങൾക്ക് പിതാവിനോടും (വാ. 14) പുത്രനോടും (വാ.13–14) കൂട്ടായ്മ ഉണ്ടെന്ന് അവർ "അറിഞ്ഞിരി ക്കുന്നു"
4. ദൈവവചനത്തിൽ അവർ ശക്തരാണ് (വാ. 15)

ഈ പട്ടിക വ്യാകരണപരമായി (1) "ഞാൻ നിങ്ങൾക്ക് എഴുതുന്നു" എന്ന പ്രയോഗത്തിലും (2) ആറ് "ഹോട്ടി" (ആകയാൽ) വാക്യത്തിലും ഉൾപ്പെട്ടിരിക്കുന്നു.

**2:12 "നിങ്ങൾക്കു അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ"** യേശുവിന്റെ ശുശ്രൂഷയാണ് പാപക്ഷമയ്ക്കായുള്ള മനുഷ്യ വർഗ്ഗത്തിന്റെ ഏക പ്രത്യാശ (പൂർണ്ണ കർമ്മണി സൂചകം). എബ്രായ രീതിയനു സരിച്ച് നാമം സ്വഭാവത്തെയും വ്യക്തിത്വത്തെയും വെളിപ്പെടുത്തുന്നു (ഒ.നോ. 3:23; 3 യോഹ. 7; റോമ. 10:9–3; ഫിലി. 2:6–11).

വാ. 12–14 ൽ ആറ് *ഹോട്ടി (ὅτι)* വാക്യവിഭാഗങ്ങളുണ്ട്. അവ ഉദ്ദേശ്യ വാക്യവിഭാഗങ്ങളോ (NASV, NRSV, NJB "ആകയാൽ") അല്ലെങ്കിൽ കേവലം വസ്തുതാപരമായ പ്രസ്താവനകളെ അവതരിപ്പിക്കുന്നതിനുള്ള മാർഗ്ഗ ങ്ങളോ (NET "അതായത്") ആയിരിക്കാം.

**2:13 "ആദി മുതലുള്ളവനെ"** 1 യോഹന്നാനിലെ സർവ്വനാമങ്ങൾ ദുർഗ്രഹമാണ്. അവ ഒന്നുകിൽ പിതാവാം ദൈവത്തെ അല്ലെങ്കിൽ പുത്രനാം ദൈവത്തെ സൂചിപ്പിക്കുന്നു. ഈ സന്ദർഭത്തിൽ ഇതു യേശുവിനെ സൂചിപ്പി ക്കുന്നു. ഇത് പൂർവ്വാസ്തിക്യത്തെയും തന്മൂലം അവന്റെ ദൈവത്വത്തെയും സൂചിപ്പിക്കുന്നു (ഒ.നോ. യോഹ. 1:1, 15; 3:13; 8:48–59; 17:5,24; 2 കൊരി. 8:9; ഫിലി. 2:6–7; കൊലൊ. 1:17; എബ്രാ. 1:3).

▣ **"ജയിച്ചിരിക്കയാൽ"** 1 യോഹന്നാനിൽ ആവർത്തിച്ചു വരുന്ന വാഗ്ദത്തവും മുന്നറിയിപ്പുമാണിത് (ഒ.നോ. 2:14; 4:4; 5:4–5,18–19). ഒരു പ്രക്രിയയുടെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകത്തിലാണതു

പ്രകടിപ്പിച്ചിട്ടുള്ളത്. ഇവിടെ യോഹന്നാൻ വീണ്ടും കറുപ്പ്, വെളുപ്പ് പദങ്ങളിൽ എഴുതുന്നു (ഈ സാക്ഷാ ത്കരിക്കപ്പെട്ട അന്ത്യകാല ശാസ്ത്രം യോഹന്നാന്റെ സുവിശേഷത്തെ ഓർമ്മിപ്പിക്കുന്നു). വിശ്വാസികൾ വിജയികളാണ്, എങ്കിലും ദൈവരാജ്യത്തിന്റെ "സംഭവിച്ചു കഴിഞ്ഞു, പക്ഷേ ആയിട്ടില്ല" എന്ന സംഘർഷം നിമിത്തം അവർ പാപം, പരീക്ഷ, പീഡ, മരണം എന്നിവയോടുള്ള പോരാട്ടത്തിലാണ്.

▣ **"ദുഷ്ടനെ"** ഇതു സാത്താനെ സൂചിപ്പിക്കുന്നു, അവനെക്കുറിച്ച് വാ. 14 ൽ വീണ്ടും പറഞ്ഞിരിക്കുന്നു. വാ. 13, 14 സമാന്തരങ്ങളാണ്. യോഹ. 12:31 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ"** "അറിയുക" എന്ന വേദപുസ്തക സങ്കല്പത്തിൽ ആഴമായ വ്യക്തിപരമായ ബന്ധം എന്ന എബ്രായ ആശയവും (ഒ.നോ. ഉല്പ. 4:1; യിരെ. 1:5), "വസ്തുത സംബന്ധിച്ച അറിവ്" എന്ന ഗ്രീക്ക് ആശയവും ഉൾക്കൊള്ളുന്നു. സുവിശേഷം ഒരേസമയം കൈക്കൊള്ളേണ്ട വ്യക്തിയും (യേശു) അംഗീകരിച്ചു പ്രാവർത്തികമാക്കേണ്ട ഒരു സന്ദേശവും (പ്രമാണം) ജീവിക്കേണ്ട ഒരു ജീവിതവുമാണ്.

## പ്രത്യേക പഠനവിഷയം: അറിയുക

**(ആവർത്തനപുസ്തകം മാതൃകയാക്കിക്കൊണ്ട്)**

"അറിയുക" എന്നതിനുള്ള എബ്രായ പദം (ബി.ഡി.ബി 393) *ഖാൽ* ന് അനവധി അർത്ഥങ്ങളുണ്ട്.

1. നന്മതിന്മകളെ അറിയുക – ഉല്പ. 3:22; ആവ. 1:39; യെശ. 7:14–15; യോനാ 4:11
2. അറിവിലൂടെ അറിയുക – ആവ. 9:2, 3, 6; 18:2
3. അനുഭവത്തിലൂടെ അറിയുക – ആവ. 3:19; 4:35; 8:2, 3, 5; 11:2; 20:20; 31:13; യോശു. 23:14
4. പരിഗണിക്കുക – ആവ. 4:39; 11:2; 29:16
5. വ്യക്തിപരമായി അറിയുക
   a. ഒരു വ്യക്തി – ഉല്പ. 29:5; പുറ. 1:8; ആവ. 22:2; 33:9
   b. ഒരു ദേവൻ – ആവ. 11:28; 13:2, 6, 13; 28:64; 29:26; 32:17
   c. യഹോവ – ആവ. 4:35, 39; 7:9; 29:6; യെശ. 1:3; 56:10–11
   d. ലൈംഗികമായി – ഉല്പ. 4:1, 17, 25; 24:16; 38:26
6. ഒരു തൊഴിൽ വൈദഗ്ധ്യം അല്ലെങ്കിൽ ജ്ഞാനം – യെശ. 29:11, 12; ആമോ. 5:16
7. ജ്ഞാനികളായിരിക്കുക – ആവ. 29:4; സദൃ. 1:2; 4:1; യെശ. 29:24
8. ദൈവിക ജ്ഞാനം
   a. മോശെയുടെ – ആവ. 34:10
   b. യിസ്രായേലിന്റെ – ആവ. 31:21, 27, 29

**2:14 "നിങ്ങൾ ശക്തരാകയാലും"** അവരുടെ ശക്തി ദൈവവചനത്തിൽ വസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണെന്ന കാര്യം ശ്രദ്ധിക്കുക. ഇത് എഫെ. 6:10–18 ലെ പൗലൊസിന്റെ ആഹ്വാനത്തിനു തുല്യമാണ്. വസിക്കുന്ന വചനം സുവിശേഷമാണ്. അത് ഒരേ സമയം ആശയപരവും ആളത്വപരവും ദൈവം മുൻകയ്യെടുക്കുന്നതും വ്യക്തി സ്വീകരിക്കുന്നതും, ഒരേ സമയം ഒരു തീരുമാനവും ഒരു ശിഷ്യത്വവും, സത്യവും വിശ്വാസയോഗ്യവുമാണ്.

▣ **"ദൈവവചനം നിങ്ങളിൽ വസിക്കയാലും"** ദൈവവചനം എന്ന ആശയത്തിന് ഇത് മൂർത്തീകരണം നൽകുന്നു (സുവിശേഷം, ഒ.നോ. വാ. 24). യോഹ. 15 ന്റെ സൂചനയാണിത്. യോഹ. 5:38 ലും 8:37 ലും നിഷേധാത്മക അർത്ഥത്തിൽ ഇതുപയോഗിക്കുന്നു.

▣ **"നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും"** സത്യ വിശുദ്ധന്മാരുടെ സ്ഥിരോത്സാഹത്തിനാണിവിടെ ഊന്നൽ നൽകിയിരിക്കുന്നത്. ഇത് വീണ്ടും വാ. 17, 19, 24, 27, 28; 5:18; 2 യോഹ. 9 ലും കാണാം. വിശ്വാസിയുടെ ഭദ്രത എന്ന ഉപദേശം യഥാർത്ഥമായി വീണ്ടെടുക്കപ്പെട്ടവർ അന്ത്യത്തോളം സഹിച്ചു നിൽക്കണം എന്ന സത്യം കൊണ്ട് സന്തുലിതമാക്കപ്പെടേണം (ഒ.നോ. വെളി. 2:7,11,17,26; 3:5,12,21). യോഹ. 8:31 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹത്തിന്റെ ആവശ്യകത, കാണുക. ഇതിനർത്ഥം ഇപ്പോൾ പാപരഹിതാവസ്ഥ എന്നതല്ല. എന്നിരുന്നാലും ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തി അതിനുള്ള സാധ്യത നൽകുന്നുണ്ട് (ഒ.നോ. റോമ. 6).

**1 യോഹന്നാൻ 2:15–17**

**[15]ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. [16]ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു. [17]ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.**

**2:15 "ലോകം"** പുതിയ നിയമത്തിൽ രണ്ടു വ്യത്യസ്ത അർത്ഥത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട്: (1) ഭൗമിക

ഗ്രഹം/ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചം (ഒ.നോ. യോഹ. 3:16; 16:33; 1 യോഹ. 4:14), (2) ദൈവത്തെക്കൂടാതെ സംഘടിപ്പിക്കപ്പെട്ട് പ്രവർത്തിക്കുന്ന മനുഷ്യ സമുദായം (ഒ.നോ. 1 യോഹ. 2:15–17; 3:1,13; 4:45; 5:4–5,19). ഒന്നാമത്തേത് പ്രാരംഭ ഭൗതിക സൃഷ്ടി ജാലത്തെയും (ഒ.നോ. ഉല്പ. 1–2), രണ്ടാമത്തേത് വീഴ്ച സംഭവിച്ച സൃഷ്ടി ജാലത്തെയും (ഒ.നോ. ഉല്പ. 3) സൂചിപ്പിക്കുന്നു. 14:17 ലെ പ്രത്യേക പഠനവിഷയം: കോസ്മോസ് കാണുക.

## പ്രത്യേക പഠനവിഷയം: മാനുഷിക ഭരണകൂടം

I. മുഖവുര
   A. നിർവചനം – മനുഷ്യന്റെ ബോധ്യമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുമായി മനുഷ്യവർഗ്ഗത്തിന്റെ സ്വയം സംഘടിത സംവിധാനത്തെയാണ് ഭരണകൂടം എന്നു പറയുന്നത് (അതാ. ഉല്പ. 4,11). മനുഷ്യർ സാമൂഹിക ജീവികളാണ് (വീഴ്ചയ്ക്കു മുമ്പും, ഒ.നോ. ഉല്പ. 2:18). കുടുംബങ്ങളും ഗോത്രങ്ങളും ജാതികളും സമൂഹത്തിലുൾപ്പെടുന്നു.
   B. ഉദ്ദേശ്യം – അരാജകത്വത്തെക്കാൾ നല്ലത് ക്രമീകൃതമായ അവസ്ഥ എന്നതാണ് ദൈവഹിതം.
      1. മോശെയുടെ പ്രമാണം, പ്രത്യേകിച്ച് പത്ത് കല്പന, സമൂഹപരമായി മനുഷ്യനു വേണ്ടിയുള്ള ദൈവത്തിന്റെ ഹിതമാണ്.
      2. തിരുവെഴുത്തിൽ ഭരണകൂടത്തിന്റെ രൂപം അഥവാ ഘടന നിഷ്കർഷിച്ചിട്ടില്ല. പുരാതന യിസ്രായേലിന്റെ ദൈവിക ഭരണമായിരുന്നു സ്വർഗ്ഗം പ്രതീക്ഷിച്ച രൂപം. ജനാധിപത്യമോ മുതലാളിത്ത ഭരണമോ വേദപുസ്തകപരമല്ല. ക്രിസ്ത്യാനികൾ തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന രാജ്യത്ത് നിലവിലുള്ള ഭരണസംവിധാനത്തിനു വിധേയപ്പെട്ടു പ്രവർത്തിക്കണം. ക്രിസ്ത്യാനിയുടെ ഉദ്ദേശ്യം സുവിശേഷീകരണവും ശുശ്രൂഷയുമാണ്, വിപ്ലവമല്ല. സകല ഭരണകൂടങ്ങളും മാറ്റത്തിനു വിധേയമാണ്.
   C. മാനുഷിക ഭരണകൂടത്തിന്റെ ഉത്ഭവം
      1. വീഴ്ചയ്ക്കു മുമ്പു തന്നെ മാനുഷിക ഭരണകൂടത്തിന്റെ സഹജ ആവശ്യം ഉണ്ടായിരുന്നതായി റോമൻ കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഇക്കാര്യം ആദ്യം പറഞ്ഞത് അരിസ്റ്റോട്ടിലാണ്. "മനുഷ്യൻ ഒരു രാഷ്ട്രീയ മൃഗമാണ്" എന്നദ്ദേഹം പറഞ്ഞതിലൂടെ ഭരണകൂടം "നല്ല ജീവിതത്തിന്റെ വിജയത്തിന് വേണ്ടി നിലനിൽക്കുന്നു" എന്നാണർത്ഥമാക്കിയത്.
      2. വീഴ്ചയോടുകൂടി മാനുഷിക ഭരണകൂടം ജന്മസിദ്ധമായി എന്ന് പ്രൊട്ടസ്റ്റന്റിസം, പ്രത്യേകാൽ മാർട്ടിൻ ലൂഥർ പ്രസ്താവിച്ചു. അവനതിനെ "ദൈവ രാജ്യത്തിന്റെ ഇടങ്കൈ" എന്നു വിളിച്ചു. "ദുഷ്ട മനുഷ്യനെ നിയന്ത്രിക്കുന്നതിനുള്ള ദൈവിക വഴി നിയന്ത്രണം ദുഷ്ടമനുഷ്യനെ ഏല്പിക്കു എന്നതാണ്" എന്നദ്ദേഹം പറഞ്ഞു.
      3. ഉന്നതകുല ജാതരായ കുറെപ്പേർ ജനത്തെ നിയന്ത്രിക്കുന്ന മാർഗ്ഗമാണ് ഭരണകൂടം എന്ന് കാറൽ മാർക്സ് പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ചിന്തയിൽ ഭരണകൂടവും മതവും ഒരേ കാര്യമാണു ചെയ്യുന്നത്.

II. വേദപുസ്തക വസ്തുതകൾ
   A. പഴയ നിയമം
      1. സ്വർഗ്ഗത്തിൽ നടപ്പിലായിരുന്നതിന്റെ മാതൃകയായിരുന്ന ഭരണത്തിന്റെ യിസ്രായേൽ. പുരാതന യിസ്രായേലിൽ യഹോവ ആയിരുന്നു രാജാവ്. ദൈവത്തിന്റെ നേരിട്ടുള്ള ഭരണത്തെ വിവരിക്കാനുപയോഗിക്കുന്ന പദമാണ് ദൈവിക ഭരണം (ഒ.നോ. 1 ശമൂ. 8:4–9).
      2. മാനുഷിക ഭരണകൂടത്തിന്മേലുള്ള ദൈവിക പരമാധികാരം അവന്റെ നിയമനത്തിൽ കാണുവാൻ കഴിയും
         a. സകല രാജാക്കന്മാരും, ദാനീ. 2:21; 4:17, 24–25
         b. മശിഹൈക ഭരണം, ദാനീ. 2:44–45
         c. നെബൂഖദ്നേസർ (നിയോ-ബാബിലോൺ), യിരെ. 27:6; ദാനീ. 5:28
         d. കോരശ് II (പാർസി), 2 ദിന. 36:22; എസ്രാ 1:1; യെശ. 44:28; 45:1
      3. അതിക്രമിച്ച് കൈവശപ്പെടുത്തി ഭരണം നടത്തുന്ന ഗവൺമെന്റുകളെ പോലും ദൈവജനം കീഴടങ്ങി ബഹുമാനിക്കണം
         a. ദാനീ. 1–4, നെബൂദ്ഖനേസർ (നിയോ-ബാബിലോൺ)
         b. ദാനീ. 5, ബേൽശസ്സർ (നിയോ-ബാബിലോൺ)
         c. ദാനീ. 6, ദാര്യാവേശ് (പാർസി)
         d. എസ്രാ, നെഹെമ്യാവ് (പാർസി)
      4. മടങ്ങിവന്ന യെഹൂദാ കോരശിന്റെയും അവന്റെ പിൻഗാമികളുടെയും ഭരണത്തിനുവേണ്ടി പ്രാർത്ഥിക്കണം
         a. എസ്രാ 6:10; 7:23
         b. യെഹൂദൻ രാഷ്ട്രീയ അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണം, മിഷ്നാ, അവോറ്റ് 3:2

B. പുതിയ നിയമം
1. യേശു മാനുഷിക ഭരണകൂടത്തെ ബഹുമാനിച്ചു
a. മത്താ. 17:24-27; അവൻ കരം കൊടുത്തു (മതപരവും രാഷ്ട്രീയവുമായ അധികാരികൾ ഒന്നുതന്നെയായിരിക്കണം, ഒ.നോ. 1 പത്രൊ. 2:17)
b. മത്താ. 22:15-22; മർക്കൊ. 12:13-17; ലൂക്കൊ. 20:20-26, റോമൻ നികുതിക്ക് സ്ഥാനമുണ്ടെന്ന് പ്രസ്താവിച്ചതിലൂടെ റോമൻ ഭരണകൂടത്തിനും സ്ഥാനമുള്ളതായി അംഗീകരിച്ചു
c. യോഹ. 19:11, ദൈവം രാഷ്ട്രീയ അധികാരത്തെ അനുവദിക്കുന്നു
2. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട പൗലൊസിന്റെ വാക്കുകൾ
a. റോമ. 13:1-5, മാനുഷിക ഭരണകൂടങ്ങൾ ദൈവത്താൽ സ്ഥാപിതമാകയാൽ വിശ്വാസികൾ അവയ്ക്കു കീഴടങ്ങിയിരിക്കേണം
b. റോമ. 13:6-7, വിശ്വാസികൾ നികുതി കൊടുക്കുകയും ഭരണാധികാരികളെ ബഹുമാനിക്കുകയും വേണം
c. 1 തിമൊ. 2:1-3, വിശ്വാസികൾ ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണം
d. തീത്തൊ. 3:1, വിശ്വാസികൾ ഭരണാധികാരികൾക്കു കീഴടങ്ങിയിരിക്കേണം
3. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട പത്രൊസിന്റെ വാക്കുകൾ
a. പ്രവൃ. 4:31; 5:29, പത്രൊസും യോഹന്നാനും സൻഹദ്രീം സംഘത്തിനു മുമ്പിൽ (ഭരണകൂടത്തെക്കാൾ ദൈവത്തെ അനുസരിക്കുന്നതിനുള്ള മുൻഗണന ഇവിടെ കാണാം)
b. 1 പത്രൊ. 2:13-17, സമൂഹ നന്മയ്ക്കും സുവിശേഷീകരണത്തിനും വേണ്ടി വിശ്വാസികൾ രാഷ്ട്രീയ ഭരണകൂടത്തിനും കീഴടങ്ങിയിരിക്കണം
4. മാനുഷിക ഭരണകൂടത്തോടു ബന്ധപ്പെട്ട യോഹന്നാന്റെ വാക്കുകൾ
a. വെളി. 17, വേശ്യയായ ബാബിലോൺ, ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മാനുഷിക ഭരണകൂടത്തെ പ്രതിനിധീകരിക്കുന്നു
b. വെളി. 18, വേശ്യയായ ബാബിലോൺ നശിപ്പിക്കപ്പെട്ടു

III. ഉപസംഹാരം
A. മാനുഷിക ഭരണകൂടം (വീണുപോയ ലോകത്തിലെ) ദൈവത്താൽ നിയമിക്കപ്പെട്ടതാണ്. ഇത് "രാജാക്കന്മാരുടെ ദൈവികാധികാരം" അല്ല, മറിച്ച് ഭരണകൂടത്തിന്റെ ദൈവിക ദൗത്യമാണ്. ഒരു രൂപവും മറ്റൊന്നിനു മീതെയല്ല.
B. ഭരണകൂടത്തെ അനുസരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് വിശ്വാസികളുടെ മതപരമായ കടമയാണ്.
C. നികുതി കൊടുത്തും ശരിയായി ബഹുമാനിച്ചും മാനുഷിക ഭരണകൂടത്തെ പിന്തുണയ്ക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.
D. ക്രമസമാധാന പാലനത്തിനുവേണ്ടിയുള്ളതാണ് മാനുഷിക ഭരണകൂടം. ഈ ദൗത്യത്തിനായുള്ള ദൈവിക സേവകരാണവർ.
E. മാനുഷിക ഭരണകൂടം പരമോന്നതമല്ല. അധികാരത്തിൽ അതിനു പരിമിതിയുണ്ട്. മാനുഷിക ഭരണം അതിന്റെ ദൈവനിയുക്തമായ അതിരുകൾ ലംഘിക്കുമ്പോൾ അവരെ നിരസിക്കുന്ന കാര്യത്തിൽ വിശ്വാസികൾ മനസ്സാക്ഷിക്കനുസരിച്ചു പ്രവർത്തിക്കണം. *സിറ്റി ഓഫ് ഗോഡ്* എന്ന കൃതിയിൽ അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത് നാം രണ്ടു മണ്ഡലങ്ങളിലെ പൗരന്മാരാണെന്നാണ്, ഒന്ന് താൽക്കാലികവും മറ്റൊന്നു നിത്യവും (ഒ.നോ. ഫിലി. 3:20). രണ്ടിലും നമുക്ക് ഉത്തരവാദിത്വമുണ്ടെങ്കിലും ദൈവത്തിന്റെ രാജ്യമാണ് ആത്യന്തികം. ദൈവത്തോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിൽ വ്യക്തിപരവും സമൂഹപരവുമായ ശ്രദ്ധയൂന്നൽ ആവശ്യമാണ്.
F. ജനാധിപത്യ സംവിധാനത്തിൽ ഭരണകൂടത്തിൽ പങ്കാളിയാകുവാനും സാധ്യമായ സന്ദർഭങ്ങളിൽ ദൈവവചനത്തിന്റെ ഉപദേശങ്ങൾ നടപ്പിലാക്കുവാനും നാം വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം.
G. വ്യക്തികളുടെ മാനസാന്തരം സാമൂഹിക മാറ്റത്തിനു കാരണമാകും. ഭരണകൂടത്തിൽ യഥാർത്ഥവും നിലനിൽക്കുന്നതുമായ അന്ത്യകാല പ്രതീക്ഷകളില്ല. സകല മാനുഷിക ഭരണകൂടങ്ങളും ദൈവഹിതപ്രകാരമുള്ളതും ദൈവത്താൽ ഉപയോഗിക്കപ്പെടുന്നവയും ആണെങ്കിലും, ദൈവത്തിൽ നിന്നകന്നുള്ള മാനുഷിക സംഘടനകളുടെ പാപകരമായ വെളിപ്പെടുത്തലുകൾ മാത്രമാണവ. ഈ ആശയം "ലോകം" എന്ന യോഹന്നാന്റെ ഉപയോഗത്തിൽ പ്രകടമാക്കിയിരിക്കുന്നു (അതാ. 1 യോഹ. 2:15-17).

▣ **"ലോകത്തിലുള്ളതിനെയും"** ഭൗതിക വസ്തുക്കളോടോ (ഒ.നോ. വാ. 16) അല്ലെങ്കിൽ ലോകം വാഗ്ദാനം ചെയ്യുന്ന കാര്യങ്ങളോടോ - അധികാരം, മാന്യത, സ്വാധീനം, ആദി. (ഒ.നോ. റോമ. 12:2; യാക്കോ. 1:27) ഉള്ള സ്നേഹത്തെയാണ് സൂചിപ്പിക്കുന്നതെന്നു തോന്നുന്നു. വീണുപോയ ലോകം മനുഷ്യവർഗ്ഗത്തിന്റെ സകല ആവശ്യങ്ങളും ദൈവത്തെ കൂടാതെ പരിഹരിക്കാൻ ശ്രമിക്കുകയാണ്. മനുഷ്യൻ സ്വതന്ത്രനായി കാണപ്പെടണം എന്ന രീതിയിൽ അതു ജീവിതത്തെ രൂപപ്പെടുത്തുന്നു. നാമെല്ലാം നന്ദിയോടെ വീക്ഷിക്കുന്ന പ്രസ്ഥാനങ്ങൾ

എല്ലാം തന്നെ, അവ ദൈവത്തിൽ നിന്നും സ്വതന്ത്രമാകുമ്പോൾ വിഗ്രഹാരാധനാപരമായിത്തീരും. ഉദാ. (1) മാനുഷിക ഭരണസംവിധാനം, (2) മാനുഷിക വിദ്യാഭ്യാസ സംവിധാനം, (3) മാനുഷിക സാമ്പത്തിക സംവിധാനങ്ങൾ; (4) വൈദ്യശാസ്ത്ര സംവിധാനങ്ങൾ, ആദിയായവ.

അഗസ്റ്റിൻ പറഞ്ഞതുപോലെ, മനുഷ്യന് തന്റെ ജീവിതത്തിൽ "ദൈവത്തിന്റെ ആകൃതിയിലുള്ള ഒരു ശൂന്യതയുണ്ട്." നാം ലോകകാര്യങ്ങൾ കൊണ്ടതു നിറയ്ക്കാൻ ശ്രമിക്കുന്നു, പക്ഷേ അവനിൽ മാത്രമേ നമുക്ക് സമാധാനവും സാക്ഷാത്കാരവും കണ്ടെത്താൻ കഴിയൂ! സ്വാതന്ത്ര്യം ഏദെനിലെ ശാപമാണ്.

▣ **"എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്. നാം എന്തിനെ സ്നേഹിക്കുന്നു എന്നത് നാം ആരുടെ വകയാണെന്നതിന്റെ തെളിവാണ്... ദൈവത്തിന്റെ അല്ലെങ്കിൽ സാത്താന്റെ.

**2:16 "ജഡമോഹം"** വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ സ്വാർത്ഥത അന്വേഷിക്കുന്ന മനോഭാവമാണിത് (ഒ.നോ. ഗലാ. 5:16-21; എഫെ. 2:3; 1 പത്രൊ. 2:11). യോഹ. 1:14 ലെ പ്രത്യേക പഠനവിഷയം: ജഡം കാണുക.

▣ **"കണ്മോഹം"** കണ്ണുകൾ ആത്മാവിന്റെ ജാലകങ്ങളാണെന്ന് യെഹൂദൻ ചിന്തിച്ചിരുന്നു. പാപം ചിന്താമണ്ഡലത്തിൽ ആരംഭിച്ച് പ്രവൃത്തിയിലെത്തുന്നു. ഒരുവന്റെ പ്രവൃത്തികൾ വികാസം പ്രാപിച്ച് ജീവിതശൈലിയായിത്തീരുന്നു (ഉദാ. യോഹ. 19:13).

▣ "ജീവന**ത്തിന്റെ പ്രതാപം"** ദൈവത്തിൽ നിന്നകന്ന മാനുഷിക നിഗളമാണിത് (അതാ. മനുഷ്യൻ സ്വന്ത സ്രോതസ്സുകളിൽ ആശ്രയിക്കുന്നത്). *ജെറോം ബൈബിൾ കമന്ററി*യിൽ യോഹന്നാന്റെ പഠനത്തിൽ അവഗാഹമുള്ള സുപ്രസിദ്ധ കത്തോലിക്കാ പണ്ഡിതനായ റെയ്മണ്ട് ബ്രൗൺ ഈ പ്രയോഗത്തെക്കുറിച്ചെഴുതുന്നു.

> "എന്നിരുന്നാലും, യാക്കോ. 4:16 ലും കാണുന്ന *അലാഡ്സോനേയിയ (αλαζονεια)* എന്ന പദത്തിന് കേവലം അഹന്ത എന്നതിലുപരിയായ ക്രിയാത്മക അർത്ഥമുണ്ട്. അത് ധാർഷ്ട്യം, വമ്പുപറയൽ, സ്വയം പര്യാപ്തതയുടെ ബോധ്യം എന്നിവയെ സൂചിപ്പിക്കുന്നു" (പേ. 408).

ജീവൻ എന്നതിനുള്ള പദമായ *ബയോസ്* ഭൗമികവും ഭൗതികവും താൽക്കാലികവുമായ ഈ ഗ്രഹത്തിലെ ജീവിതത്തെ സൂചിപ്പിക്കുന്നു (മനുഷ്യവർഗ്ഗം സസ്യങ്ങളും മൃഗങ്ങളുമായി പങ്കുവയ്ക്കുന്ന കാര്യം, ഒ.നോ. 1 യോഹ. 3:17). ഈ സവിശേഷത ജ്ഞാനവാദ ദുരുപദേശകരെയും വീണ്ടും ജനനം പ്രാപിക്കാത്ത, വീണുപോയ മനുഷ്യവർഗ്ഗത്തെയും വിവരിക്കുന്നതാണ്. പക്വതയില്ലാത്ത വിശ്വാസികളെയും അതു സൂചിപ്പിക്കുന്നു!

▣ **"പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രെ"** ക്രിസ്ത്യാനി ലോകത്തെ സ്നേഹിക്കരുത് എന്നതിനു രണ്ടു കാര്യങ്ങൾ.

1. ആ സ്നേഹം പിതാവിൽ നിന്നുള്ളതല്ല (ഒ.നോ. വാ. 16)
2. ലോകം നീങ്ങിപ്പോകുന്നതാണ് (ഒ.നോ. വാ. 17)

**2:17 "ലോകവും ... ഒഴിഞ്ഞുപോകുന്നു"** ഇത് വർത്തമാനകാല മധ്യമ സൂചകമാണ് (ഒ.നോ. 2:8). യെഹൂദന്റെ രണ്ടു യുഗങ്ങളോടിതു ബന്ധപ്പെട്ടിരിക്കുന്നു. പുതിയതും അന്ത്യവുമായ യുഗം ആഗതമാകുന്നു. പാപത്തിന്റെയും മത്സരത്തിന്റെയും യുഗം നീങ്ങിപ്പോകുന്നു (ഒ.നോ. റോമ. 8:18-25).

## പ്രത്യേക പഠനവിഷയം:
## ഇപ്പോഴുള്ള യുഗവും വരുവാനുള്ള യുഗവും

പഴയനിയമ പ്രവാചകന്മാർ ഭാവിയെ വർത്തമാന കാലത്തിന്റെ വിപുലീകരണമായിട്ടാണ് വീക്ഷിച്ചിരിക്കുന്നത്. അവരെ സംബന്ധിച്ച് ഭാവി, ഭൂമി ശാസ്ത്രപരമായ യിസ്രായേലിന്റെ യഥാസ്ഥാപനമായിരുന്നു. എങ്കിലും അവരും അതിനെ പുതിയ ദിനമായി കണ്ടു (ഒ.നോ. യെശ. 65:17; 66:22). അബ്രഹാമിന്റെ സന്തതി യഹോവയെ മനപ്പൂർവ്വം നിരസിക്കുന്നതു തുടർന്നപ്പോൾ (പ്രവാസത്തിനു ശേഷവും) യെഹൂദന്റെ ഇടക്കാല വെളിപ്പാടു സാഹിത്യത്തിൽ ഒരു പുതിയ മാതൃക രൂപം കൊണ്ടു (അതാ. 1 ഹാനോക്ക്, 4 എസ്രാ, 2 ബാരൂക്ക്). ഈ എഴുത്തുകൾ രണ്ടു കാലങ്ങളെ തമ്മിൽ വേർതിരിച്ചു: സാത്താന്റെ ആധിപത്യമുള്ള ഇപ്പോഴത്തെ ദുഷ്ട യുഗവും പരിശുദ്ധാത്മാവിന്റെ ആധിപത്യമുള്ളതും മശിഹായാൽ (മിക്കപ്പോഴും ഒരു പോരാളി) സ്ഥാപിതമാകുന്നതുമായ വരാനിരിക്കുന്ന നീതിയുടെ യുഗവും.

ഈ ദൈവശാസ്ത്ര മേഖലയിൽ (അന്ത്യകാല ശാസ്ത്രം) വ്യക്തമായ വളർച്ച ഉണ്ടായിട്ടുണ്ട്. ദൈവശാസ്ത്രജ്ഞന്മാർ ഇതിനെ "ക്രമാനുഗത വെളിപ്പാട്" എന്നു വിളിക്കുന്നു. ഈ പുതിയ ആഗോള യാഥാർത്ഥ്യമായ രണ്ടു യുഗങ്ങളെ (അതായത് ഭൗമിക ദ്വന്ദം) പുതിയ നിയമം സ്ഥിരീകരിക്കുന്നുണ്ട്.

| യേശു | പൗലൊസ് | എബ്രായർ |
|---|---|---|
| മത്താ. 12:32 | റോമ. 12:2 | 1:2 |
| മത്താ. 13:22 & 29 | 1 കൊരി. 1:20; 2:6,8; 3:18 | 6:5 |
| മർക്കൊ. 10:30 | 2 കൊരി. 4:4 | 11:3 |
| ലൂക്കൊ. 16:8 | ഗലാ. 1:4 | |
| ലൂക്കൊ. 18:30 | എഫെ. 1:21; 2:1,7; 6:12 | |
| ലൂക്കൊ. 20:34-35 | 1 തിമൊ. 6:17 | |
| | 2 തിമൊ. 4:10 | |
| | തീത്തൊ. 2:12 | |

പുതിയ നിയമ ദൈവശാസ്ത്രത്തിൽ, മശിഹായുടെ രണ്ടു വരവിനെ സംബന്ധിച്ചുള്ള അപ്രതീക്ഷിതവും അവഗണിക്കപ്പെട്ടതുമായ പ്രവചനങ്ങൾ നിമിത്തം ഈ രണ്ടു യെഹൂദ യുഗങ്ങൾ പരസ്പരം വ്യാപിച്ചു കിടക്കുന്നു. യേശുവിന്റെ ജഡാവതാരം, പുതിയ യുഗത്തിന്റെ തുടക്കം സംബന്ധിച്ച പഴയനിയമ പ്രവചനങ്ങളെ നിവർത്തിയാക്കി (ദാനീ. 2:44-45). പഴയനിയമം അവൻ ന്യായാധിപനും ജയാളിയുമായി വരുന്നത് പ്രവചിച്ചിട്ടുണ്ടെങ്കിലും അവൻ ആദ്യം കഷ്ടപ്പെടുന്ന ദാസനായിട്ടും (ഒ.നോ. യെശ. 53; സെഖ. 12:10), താഴ്മയും സൗമ്യതയും ഉള്ളവനുമായിട്ടാണ് (ഒ.നോ. സെഖ. 99) വന്നത്. പഴയ നിയമം പ്രവചിച്ചതുപോലെ (ഒ.നോ. വെളി. 19) അവൻ ശക്തിയോടെ മടങ്ങിവരും. ഈ രണ്ടു ഘട്ടത്തിലുള്ള നിവൃത്തി, ദൈവരാജ്യം സന്നിഹിതമായി (ഉദ്ഘാടനം ചെയ്യപ്പെട്ടു) എന്നാൽ ഭാവിയിൽ വരാനുള്ളതാണ് (പൂർണ്ണമായി നിവൃത്തിയായിട്ടില്ല) എന്നതിനും കാരണമായി. വന്നു കഴിഞ്ഞു എന്നാൽ ആയിട്ടില്ല എന്ന പുതിയനിയമ സംഘർഷം ഇതാണ്.

▣ **"ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു"** നിത്യജീവൻ കേവലം വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനോടല്ല (ഒ.നോ. മത്താ. 25:31-46; യാക്കോ. 2:14-26) സ്നേഹനിർഭരമായ ജീവിതശൈലിയോടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന കാര്യം ശ്രദ്ധിക്കുക. യോഹ. 4:34 ലെ ദൈവഹിതത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

**1 യോഹന്നാൻ 2:18-25**

**[18]കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്നു
നമുക്കു അറിയാം. [19]അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു; എന്നാൽ എല്ലാവരും
നമുക്കുള്ളവരല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലോ. [20]നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു
സകലവും അറിയുന്നു. [21]നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല, നിങ്ങൾ അതു അറികയാലും ഭോഷ്ക്കു
ഒന്നും സത്യത്തിൽനിന്നു വരായ്കയാലുമത്രേ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നതു. [22]യേശുവിനെ
ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നേ എതിർക്രിസ്തു ആകുന്നു. [23]പുത്രനെ നിഷേധിക്കുന്നവന്നു പിതാവുമില്ല;
പുത്രനെ സ്വീകരിക്കുന്നവന്നു പിതാവും ഉണ്ടു. [24]നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും.
[25]ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം; നിത്യജീവൻ തന്നേ.**

**2:18 "കുഞ്ഞുങ്ങളേ"** 2:1 ലെ കുറിപ്പ് കാണുക.

▣ **"ഇതു അന്ത്യനാഴിക ആകുന്നു"** വിവേചക ഭേദകം ഇല്ലാതെ ഇവിടെ മാത്രമാണ് "അന്ത്യനാഴിക" എന്നു കാണുന്നത്. "അന്ത്യനാളുകൾ" പോലെ ഇതു യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെ വിവരിക്കുവാൻ പുതിയ നിയമത്തിൽ ഉപയോഗിക്കുന്ന ശൈലിയാണ് (ഒ.നോ. യോഹ. 6:39-40,44). യോഹന്നാനിലെ സുപ്രധാന ആശയമാണിത്, കാരണം നമ്മുടെ കാലഘട്ടത്തിൽ അനേക വ്യാഖ്യാതാക്കൾ സി.എച്ച്. ഡോഡിന്റെ "സാക്ഷാത്കരിക്കപ്പെട്ട അന്ത്യകാല ശാസ്ത്രം" എന്ന ചിന്തയാൽ (സഹസ്രാബ്ദരഹിത വാദത്തിന്റെ ഒരു പ്രധാന ചിന്ത) സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. ദൈവരാജ്യം യേശുവിൽ വന്നുകഴിഞ്ഞു എന്ന് യോഹന്നാൻ അതുല്യമായും ശക്തമായും പഠിപ്പിക്കുന്നുവെന്നതു ശരി തന്നെയാണ്. എങ്കിലും ഈ ഭാഗം വെളിപ്പെടുത്തുന്നത് ഒരു ഭാവികാല നിവൃത്തി (സംഭവം അല്ലെങ്കിൽ കാലഘട്ടം) ഉണ്ടെന്നാണ്. രണ്ടും ശരിയാണ്. രണ്ട് യെഹൂദ യുഗങ്ങളിലെ - അവ ഇപ്പോൾ പരസ്പരം കവിഞ്ഞു കിടക്കുന്നു - "വന്നു കഴിഞ്ഞു, എന്നാൽ ആയിട്ടില്ല" എന്നതിലെ പുതിയ നിയമ സംഘർഷത്തിന്റെ (വൈരുധ്യം) മറ്റൊരു വെളിപ്പെടുത്തലാണിത്.

▣ **"എതിർക്രിസ്തു ... എതിർക്രിസ്തുക്കൾ..."** ഈ വിവരണാത്മക പ്രയോഗത്തിൽ ഏകവചനവും ബഹുവച

നവും ഉണ്ട്; രണ്ടു പദത്തിനും വിവേചക ഭേദകം ഇല്ല (കയ്യെഴുത്തു പ്രതികൾ א*, B, C). പുതിയ നിയമത്തിൽ യോഹന്നാൻ മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളൂ (ഒ.നോ. 2:18, 22; 4:3; 2 യോഹ. 7). 2:3-27 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ, D കാണുക.

▣ **"വരുന്നു"** ഇത് വർത്തമാനകാല മധ്യമ (ഡിപോണന്റ്) സൂചകമാണ്. കൊയ്നേ ഗ്രീക്കിൽ ഗ്രീക്ക് ക്രിയയുടെ ചില രൂപങ്ങൾ ഉപയോഗിക്കപ്പെടാതിരിക്കുകയും മറ്റുരൂപങ്ങൾ അവയുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യാറുണ്ട്. ഡിപോണന്റ് ക്രിയകൾ കർമ്മണി പ്രയോഗങ്ങളാണെങ്കിലും കർത്തരി പ്രയോഗമായി തർജ്ജമ ചെയ്യപ്പെടുന്നവയാണ്. ഇവിടെ ഭാവി സംഭവത്തിന്റെ ഉറപ്പിനെ വെളിപ്പെടുത്തുവാൻ വർത്തമാന കാലം ഉപയോഗിച്ചിരിക്കുന്നു. എതിർക്രിസ്തു, ഏകവചനം, വരുന്നു; അവനു തുല്യരായ അനേക എതിർക്രിസ്തുക്കൾ അഥവാ ദുരുപദേഷ്ടാക്കൾ വന്നു കഴിഞ്ഞു.

ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ സമയം സാത്താനു നിശ്ചയമില്ലാത്തതിനാൽ അവസരം വരുമ്പോൾ പെട്ടെന്ന് ലോകഭരണം ഏറ്റെടുക്കുന്നതിനായി അവൻ ചിലരെ ഒരുക്കിവെച്ചിരിക്കാൻ ദൈവശാസ്ത്രപരമായി സാധ്യതയുണ്ട്.

▣ **"എഴുന്നേറ്റിരിക്കയാൽ"** പൂർണ്ണ കർത്തരി സൂചകമാണിത്. ഈ വീണുപോയ ലോകത്തിൽ "എതിർ"-ക്രിസ്തു ആത്മാവ് വ്യാപിക്കുകയും പ്രവർത്തന നിരതമായിരിക്കുകയും ചെയ്തിരിക്കുന്നു (അതാ. ദുരുപദേഷ്ടാക്കൾ), എങ്കിലും ഒരു ഭാവികാല വെളിപ്പെടുത്തൽ ഉണ്ട്. ചില വ്യാഖ്യാതാക്കൾ ഇത് യോഹന്നാന്റെ കാലത്തെ റോമൻ സാമ്രാജ്യത്തെ സൂചിപ്പിക്കുന്ന നിലയിലാണ് മനസ്സിലാക്കിയിട്ടുള്ളത്, മറ്റു ചിലരാകട്ടെ അന്ത്യകാലത്തെ ഭാവി ലോകസാമ്രാജ്യമായിട്ട് ഇതിനെ കാണുന്നു. പല നിലകളിലും ഇത് രണ്ടുമാണ്! അന്ത്യനാഴിക ജഡാവതാരത്തിൽ ആരംഭം കുറിച്ചു, അതിന്റെ നിവൃത്തി (ക്രിസ്തുവിന്റെ രണ്ടാം വരവ്) വരെ നിലനിൽക്കുകയും ചെയ്യും.

**2:19 "അവർ നമ്മുടെ ഇടയിൽ നിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല"** ദൃശ്യസഭയിലെ തെറ്റായ പഠിപ്പിക്കലുകളുടെ മികച്ച ഉദാഹരണമാണിത് (ഒ.നോ. മത്താ. 7:21-23; 13:1-9, 18-23, 24-30). അവരിലുള്ള സത്യം, സ്നേഹം, സ്ഥിരോത്സാഹം എന്നിവയുടെ അഭാവം അവർ വിശ്വാസികളല്ല എന്നതിന്റെ തെളിവാണ്. ദുരുപദേശം എല്ലായ്പ്പോഴും ഉള്ളിൽ നിന്നാണു വരുന്നത്.

1 യോഹന്നാന്റെ എഴുത്തുകാരൻ ക്രിയാകാലങ്ങളുടെ തിരഞ്ഞെടുപ്പിൽ വളരെ ശ്രദ്ധാലുവാണ്. വാ. 19 പ്രതിഫലിപ്പിക്കുന്നത്:

1. ദുരുപദേഷ്ടാക്കൾ വിട്ടുപോയി (ഭൂതകാലം)
2. അവർ ഒരിക്കലും യഥാർത്ഥമായി ഭാഗമായിരുന്നില്ല (അപൂർണ്ണം)
3. അവർ ഭാഗമായിരുന്നുവെങ്കിൽ അവർ വിട്ടുപോകുമായിരുന്നില്ല (പൂർണ്ണക്രിയയോടുകൂടിയ രണ്ടാംതരം സോപാധിക വാചകം)

യോഹ. 17:12 ലെ പ്രത്യേക പഠനവിഷയം: വിശ്വാസത്യാഗം കാണുക.

▣ **"എങ്കിൽ"** വസ്തുതാ വിരുദ്ധം എന്നു വിളിക്കുന്ന രണ്ടാംതരം സോപാധിക വാചകമാണിത്. ഇതിപ്രകാരം തർജ്ജമ ചെയ്യാം. "അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ, അവരങ്ങനെയല്ല, അവർ നമ്മോടുകൂടെ പാർക്കുമായിരുന്നു, അതവർ ചെയ്തില്ല."

▣ **"അവർ നമ്മോടുകൂടെ പാർക്കുമായിരുന്നു"** ഭൂതകാലത്തിൽ പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണിത്. സ്ഥിരോത്സാഹ ഉപദേശത്തെ സൂചിപ്പിക്കുന്ന അനേക വേദഭാഗങ്ങളിലൊന്നാണിത് (ഒ.നോ. വാ. 24,27,28). ശരിയായ വിശ്വാസം നിലനിൽക്കുകയും ഫലം കായ്ക്കുകയും ചെയ്യുന്നു (ഒ.നോ. മത്താ. 13:1-23). യോഹ. 8:31 ലെ പ്രത്യേക പഠനവിഷയം കാണുക.

**2:20 "നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു"** "നിങ്ങൾ" എന്നത് ബഹുവചനവും ക്രിസ്തീയ കൂട്ടായ്മയിൽ നിന്നും വിട്ടുപോയവർക്ക് വിപരീതമായി ഗ്രീക്ക് പാഠത്തിൽ ഊന്നൽ നൽകിയിരിക്കുന്നതുമാകുന്നു. ജ്ഞാനവാദികൾ പൗരസ്ത്യ "മാർമ്മിക" മതത്തിന്റെ സ്വാധീനമുള്ളവരും ഒരു പ്രത്യേക ദേവനെ അറിയുന്നതിനും അവനുമായി താദാമ്യപ്പെടുന്നതിനും പ്രത്യേക അഭിഷേകം ലഭിച്ചവർ എന്നു അവകാശപ്പെടുന്നവരും ആയിരിക്കാൻ സാധ്യതയുണ്ട്. യോഹന്നാൻ പ്രസ്താവിക്കുന്നത് ജ്ഞാനവാദികളല്ല ക്രിസ്തീയ വിശ്വാസികളാണ് ദൈവത്തിന്റെ അഭിഷേകം (പ്രത്യേക പ്രാരംഭ കർമ്മം) പ്രാപിച്ചവർ എന്നാണ്.

## പ്രത്യേക പഠനവിഷയം: പരിശുദ്ധൻ

"പരിശുദ്ധൻ" സൂചിപ്പിക്കുന്നത്

1. പിതാവാം ദൈവം (ഒ.നോ. "യിസ്രായേലിന്റെ പരിശുദ്ധൻ" എന്നു കാണുന്ന അസംഖ്യ പ.നി. വേദഭാഗങ്ങൾ)
2. പുത്രനാം ദൈവം (ഒ.നോ. മർക്കൊ. 1:24; ലൂക്കൊ. 4:34; യോഹ. 6:69; പ്രവൃ. 3:14)
3. ആത്മാവാം ദൈവം (അവന്റെ പേര്, "പരിശുദ്ധാത്മാവ്" (ഒ.നോ. യോഹ. 1:33; 14:26; 20:22)

ദൈവത്വത്തിലെ മൂന്നു വ്യക്തികളും അഭിഷേകത്തിൽ ഇടപ്പെടുന്ന വാക്യമാണ് പ്രവൃ. 10:38. യേശു അഭിഷി

ക്തനായിരുന്നു (ഒ.നോ. ലൂക്കൊ. 4:18; പ്രവൃ. 4:17; 10:38). ഇവിടെ സകല വിശ്വാസികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഈ ആശയം വിപുലമാക്കുന്നു (ഒ.നോ. 1 യോഹ. 2:18). പഴയനിയമത്തിലെ പ്രതീകാത്മകമായ തൈലാഭിഷേകം (ഒ.നോ. പുറ. 29:7; 30:25; 37:29) ഒരു പ്രത്യേക ദൗത്യത്തിനായി ദൈവത്താൽ വിളിക്കപ്പെട്ട് സജ്ജരാക്കപ്പെട്ടവരോടു ബന്ധപ്പെട്ടിരിക്കുന്നു (അതാ. പ്രവാചന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ). "ക്രിസ്തു" എന്ന പദം "അഭിഷിക്തനായവൻ' അഥവാ മശിഹാ എന്ന എബ്രായ പദത്തിന്റെ തർജ്ജമയാണ്.

▣ **"അഭിഷേകം"** യോഹ. 11:2 ലെ പ്രത്യേക പഠനവിഷയം: തൈലാഭിഷേകം ബൈബിളിൽ, കാണുക.

▣

**NASB** **"നിങ്ങൾ എല്ലാവരും അറിയുന്നു"**
**NKJV** **"നിങ്ങൾ സകല കാര്യങ്ങളും അറിയുന്നു"**
**NRSV** **"നിങ്ങൾക്കെല്ലാവർക്കും അറിവുണ്ട്"**
**TEV** **"അതിനാൽ നിങ്ങളെല്ലാവരും സത്യം അറിയുന്നു"**
**NJB** **"എല്ലാവരും അറിവു പ്രാപിച്ചിരിക്കുന്നു"**

തങ്ങളുടെ രഹസ്യ ജ്ഞാനത്തെക്കുറിച്ചുള്ള ദുരുപദേഷ്ടാക്കളുടെ ധാർഷ്ട്യം നിറഞ്ഞ പ്രസ്താവനകളുടെ വെളിച്ചത്തിൽ ഉള്ള സുപ്രധാന പ്രസ്താവനയാണിത്. വിശ്വാസികൾക്ക് അടിസ്ഥാന ക്രിസ്തീയ ജ്ഞാനമുണ്ടെന്ന് യോഹന്നാൻ പ്രസ്താവിക്കുന്നു (വാ. 27; യോഹ. 16:7-14; യിരെ. 31:34). മതത്തെക്കുറിച്ചോ മറ്റു മേഖലകളെക്കുറിച്ചോ ജ്ഞാനസംബന്ധമായോ ഉള്ള സമ്പൂർണ്ണ അറിവല്ല അത് (ഒ.നോ. 3:2). യോഹന്നാനെ സംബന്ധിച്ച് സത്യം എന്നത് ആശയപരവും ആളത്വപരവും ആണ്. അതുപോലെ അഭിഷേകം എന്നത് സുവിശേഷത്തെയോ ആത്മാവിനെയോ സൂചിപ്പിക്കാവുന്നതാണ്.

ഈ പ്രയോഗം സംബന്ധിച്ച് ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. NKJV പിന്തുടരുന്നത് വലിയക്ഷര കയ്യെഴുത്തു പ്രതികളായ A,C,K എന്നിവയെയാണ്. അവിടെ നപുംസക ബഹുവചനമായ *പാന്റ്റ* നേരിട്ടുള്ള കർമ്മമായി ഉപയോഗിച്ചിരിക്കുന്നു. അതേസമയം NASB പിന്തുടരുന്നത് ℵ,B,P എന്നിവയെയാണ്. അവയിൽ പുല്ലിംഗ ബഹുവചനമായ *പന്റെസ്* ഉപയോഗിച്ചിരിക്കുന്നു. അത് കർത്താവ് ആയ "നിങ്ങൾ എല്ലാവരും" എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ദുരുപദേഷ്ടാക്കളുടെ അവകാശവാദത്തിന്റെ വെളിച്ചത്തിൽ രണ്ടാമത്തേതാണ് കൂടുതൽ അനുയോജ്യം. UBS[4] അതിന് "ബി" റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു. അഭിഷേകവും ജ്ഞാനവും പ്രത്യേക തിരഞ്ഞെടുക്കപ്പെട്ട, ബുദ്ധിയുള്ള ആത്മീയരായ ഒരു ന്യൂനപക്ഷത്തിനല്ല, എല്ലാ വിശ്വാസികൾക്കുമാണ് നൽകപ്പെട്ടിരിക്കുന്നത്.

**2:21** യോഹന്നാന്റെ വായനക്കാർക്ക് വീണ്ടെടുപ്പിന്റെ ഉറപ്പിന്റെ വിശ്വാസമുണ്ടെന്നും അവർ സത്യം അറിയുന്നുവെന്നും ഉറപ്പിച്ചു പറയുന്ന അനേക വാക്യങ്ങളിൽ ഒന്നാണിത്. ഈ വാക്യത്തിൽ ഉറപ്പ് എന്നത് ആത്മാവിന്റെ അഭിഷേകത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്നതാണ്. ആത്മാവാണ് വിശ്വാസികൾക്ക് സുവിശേഷത്തിന്റെ അറിവിനുവേണ്ടിയുള്ള ദാഹം നൽകുന്നത്.

**2:22 "കള്ളൻ"** ഈ പദത്തിന് വിചേക ഭേദകം ഉള്ളതിനാൽ യോഹന്നാൻ സൂചിപ്പിക്കുന്നത്:

1. ഒരു പ്രത്യേക ദുരുപദേഷ്ടാവ് (ഒരുപക്ഷേ സെറിന്തസ്)
2. "വലിയ കള്ളം" അഥവാ സുവിശേഷ നിഷേധം (ഒ.നോ. 5:10)

"കള്ളൻ" "എതിർക്രിസ്തുവിന്" സമാന്തരമാണ്. എതിർക്രിസ്തുവിന്റെ ആത്മാവ് എല്ലാ കാലഘട്ടത്തിലുമുണ്ട്; അടിസ്ഥാന നിർവചനം, "യേശു ക്രിസ്തുവാണെന്ന് നിഷേധിക്കുന്നവർ" അഥവാ "ക്രിസ്തുവിന് പകരക്കാരനാകാൻ ശ്രമിക്കുന്നവൻ" എന്നാണ്.

▣ **"യേശുവിനെ ക്രിസ്തു"** ജെറോം ബൈബിൾ കമന്ററി പേ. 408 ൽ ഒരു നല്ല ആശയം കാണാം.

"മശിഹായെക്കുറിച്ചുള്ള പഴയനിയമ, യെഹൂദ പ്രതീക്ഷകൾ യേശുവിൽ നിറവേറി എന്നു കേവലം അർത്ഥമാക്കുകയല്ല എഴുത്തുകാരൻ ചെയ്യുന്നത്. ഇവിടെ 'ക്രിസ്തു' എന്നതിന് അവന്റെ വാക്കുകളും പ്രവൃത്തികളും അവൻ മാനവരാശിയുടെ സ്വർഗ്ഗീയ രക്ഷകൻ എന്ന് പ്രഖ്യാപിക്കുന്ന നിലയിൽ പുതിയനിയമം യേശു നൽകുന്ന സമ്പൂർണ്ണ അർത്ഥത്തിൽ പരമാർശിക്കുകയും ചെയ്യുന്നു" (ഒ.നോ. പ്രവൃ. 2:31; റോമ. 1:4)."

ഈ ഉപദേശപരമായ സ്ഥിരീകരണം താഴെപ്പറയുന്ന നിലയിൽ പ്രവർത്തിച്ചിരിക്കാൻ സാധ്യതയുണ്ട്:

1. ജ്ഞാനവാദത്തിനെതിരായ പ്രതിവാദം
2. സിനഗോഗിനെ സഭയിൽ നിന്നും വ്യക്തമായി വേർതിരിക്കുന്ന ഒരു പലസ്തീൻ വിശ്വാസപ്രമാണം, ഇത് ജാമ്നിയയ്ക്കു ശേഷമുള്ള (എ.ഡി. 70) റബ്ബിമാരുടെ ശാപവചനങ്ങളെ പ്രതിഫലിപ്പിക്കുന്നു
3. "യേശു കർത്താവ്" എന്നതിനു തുല്യമായി ഇതൊരു സ്നാന സ്ഥിരീകരണമാകാം

**2:22-23 "പുത്രനെ നിഷേധിക്കുന്നവന്നു"** ജ്ഞാനവാദ ദുരുപദേഷ്ടാക്കന്മാർ ദൈവത്തെ അറിയുന്നതായി അവകാശപ്പെട്ടിരുന്നു, എങ്കിലും അവർ യേശുക്രിസ്തുവിന്റെ സ്ഥാനത്തെ നിഷേധിക്കുകയും, കേന്ദ്രത്തിൽ നിന്നു മാറ്റുകയും വില കുറച്ചു കാണിക്കയും ചെയ്തിരുന്നു (ഒ.നോ. 4:1-6; 5:11-12; യോഹ. 5:23).

2-ാം നൂറ്റാണ്ടിലെ ജ്ഞാനവാദ എഴുത്തുകളുടെയും പുതിയ നിയമത്തിലെ പരാമർശങ്ങളുടെയും ആദിമ സഭാപിതാക്കളുടെ എഴുത്തുകളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിശ്വാസങ്ങൾ ഉരുത്തിരിയുന്നു.

1. ജ്ഞാനവാദികൾ ക്രിസ്ത്യാനിത്വത്തെ ഗ്രീക്കു തത്വചിന്തയും (പ്ലേറ്റോ) പൗരസ്ത്യ മാർമ്മിക മതങ്ങളുമായി കൂട്ടിക്കലർത്താൻ ശ്രമിച്ചു.
2. യേശു ദൈവമാണ് പക്ഷേ മനുഷ്യനല്ല എന്നവർ പഠിപ്പിച്ചു. കാരണം ആത്മാവ് നല്ലതും വസ്തു (ജഡം) തിന്മയുമാണ്. അതിനാൽ ദൈവം ശരീരത്തിൽ അവതരിക്കാൻ ഒരു സാധ്യതയുമില്ല.
3. രക്ഷയെ സംബന്ധിച്ച് രണ്ടു കാര്യങ്ങൾ അവർ പഠിപ്പിച്ചു.
   a. ഭൗതിക മണ്ഡലത്തിൽ ശരീരത്തിന്റെ പ്രവൃത്തികളുമായി ബന്ധപ്പെടാതെ തന്നെ ദൂതമണ്ഡലത്തെ (*എയിയോൺ*) സംബന്ധിച്ച പ്രത്യേക ജ്ഞാനം മുഖാന്തരം ആത്മാവിന്റെ രക്ഷ സാധ്യമാണെന്ന് ഒരു ഗ്രൂപ്പ് പ്രസ്താവിച്ചു
   b. മറ്റൊരു ഗ്രൂപ്പ് ശാരീരിക പരിത്യാഗം പഠിപ്പിച്ചു (കൊലൊ. 2:20-30). ശാരീരിക ആവശ്യങ്ങളുടെ സമ്പൂർണ്ണ നിഷേധം യഥാർത്ഥ രക്ഷ പ്രതിഫലിപ്പിക്കുന്നതിനുള്ള നിർണ്ണായക ഘടകമാണെന്നവർ പഠിപ്പിച്ചു.

**2:23** വലിയക്ഷര കയ്യെഴുത്തു പ്രതികളായ K, L എന്നിവ പിന്തുടരുന്ന *ടെക്സ്റ്റസ് റിസപ്റ്റസിൽ* ഈ വാക്യം പിതാവിനെ സംബന്ധിക്കുന്ന രണ്ടാമത്തെ സമാന്തര വാചകം ഒഴിവാക്കുന്നു. എന്നാൽ ഗ്രീക്കു വലിയക്ഷര കയ്യെഴുത്തു പ്രതികളായ ℵ,A,B,C എന്നിവ ഇതിനെ പിന്തുണയ്ക്കുന്നു.

▣ **"പുത്രനെ"** പിതാവുമായുള്ള കൂട്ടായ്മ പുത്രനിലുള്ള വിശ്വാസത്താൽ മാത്രമേ സാധ്യമാകയുള്ളൂ (ഒ.നോ. 5:10-12,13). യേശുവിലുള്ള വിശ്വാസം വഴികളിലൊന്നല്ല! പിതാവിങ്കലേക്കുള്ള ഏക വഴിയാണവൻ (ഒ.നോ. യോഹ 5:23; 14:6; ലൂക്കൊ. 10:16).

**2:24 "നിങ്ങൾ"** യോഹന്നാന്റെ വായനക്കാരും അവരെ വിട്ടുപോയ ദുരുപദേഷ്ടാക്കളും അവരുടെ അനുയായികളും തമ്മിലുള്ള കടുത്ത വൈരുദ്ധ്യത്തെ ഇതു വെളിപ്പെടുത്തുന്നു (ഒ.നോ. വാ. 27).

▣ **"ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു"** ദുരുപദേഷ്ടാക്കളുടെ സന്ദേശത്തിനു വിരുദ്ധമായി "നിങ്ങളിൽ" (അത് ഗ്രീക്ക് പ്രയോഗത്തിന്റെ ആരംഭത്തിലാണ്) എന്നതിന് വ്യാകരണപരമായി ഊന്നൽ നൽകുന്ന വർത്തമാനകാല കർത്തരി കല്പനയാണിത്. സുവിശേഷത്തെ ആളത്വപരമാക്കി അധിവസിക്കുന്ന അതിഥിയായി ചിത്രീകരിച്ചിരിക്കുന്നു. ദുരുപദേഷ്ടാക്കളുടെമേൽ (കള്ളന്മാർ) ഉള്ള ക്രിസ്തീയ വിജയത്തിന് നൽകിയിരിക്കുന്ന രണ്ടു കാരണങ്ങളിൽ ആദ്യത്തേതാണിത്. രണ്ടാമത്തേത് വാ. 20,27 ലാണ്. ആത്മാവിന്റെ അഭിഷേകത്തെയാണ വിടെ പരാമർശിച്ചിരിക്കുന്നത്. വീണ്ടും സുവിശേഷം സന്ദേശവും വ്യക്തിയും എന്ന നിലയിൽ "ആദിമുതൽ" എന്ന പ്രയോഗത്തോടു ബന്ധിപ്പിച്ചിരിക്കുന്നു (ഒ.നോ. വാ. 13,14,24[2 പ്രാവശ്യം]). ദൈവവചനം ഒരേസമയം ഉള്ള ടക്കവും വ്യക്തിപരവും, എഴുതപ്പെട്ടതും ജീവിക്കുന്നതും ആണ് (ഒ.നോ. 1:8,10; 2:20,24). 2:10 ലെ പ്രത്യേക പഠന വിഷയം: വസിക്കുക കാണുക.

▣ **"എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഒന്നാംതരം സോപാധിക വാചകമാണിത്. "വസിക്കുക" എന്നതിനോടു ബന്ധപ്പെട്ട മുന്നറിയിപ്പും ആഹ്വാനവും ഇവിടെ തുടരുന്നു. വസിക്കുന്നത് അവസാനിപ്പിക്കുന്നത് അവർ ഒരിക്കലും ഭാഗമായിരുന്നില്ലെന്ന് വെളിപ്പെടുത്തുന്നു (ഒ.നോ. 2:18-19). "വസിക്കുന്ന"തിന്റെ ജീവിതശൈലി തെളിവ് വിശ്വാസ ഉറപ്പ് നൽകുന്നു (ഒ.നോ. യോഹ. 15). വസിക്കുക എന്നത് കേൾക്കുകയും സ്വീകരിക്കുകയും ചെയ്ത ഒരു സന്ദേശവും പുത്രനോടും പിതാവിനോടുമുള്ള ഒരു കൂട്ടായ്മയും ആണ് (ഒ.നോ. യോഹ. 14:23). അത് വെളിപ്പെടുന്നത് സാധകാത്മകവും (സ്നേഹം) നിഷേധാത്മകവുമായ (ലോകത്തെ പകയ്ക്കൽ) ജീവിത ശൈലി തിരഞ്ഞെടുപ്പിലാണ്.

**2:25 "ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം: നിത്യജീവൻ തന്നേ"** വാ. 25 ലെ സർവ്വനാമങ്ങൾ വീണ്ടും ദുർഗ്രഹമാണ്; അത് പിതാവാം ദൈവത്തെയോ അല്ലെങ്കിൽ പുത്രനാം ദൈവത്തെയോ സൂചിപ്പിക്കുന്നു. ഒരുപക്ഷേ ഇത് സോദ്ദേശപരമാകാം (2 പത്രൊ. 1 ലെപ്പോലെ). ഈ പ്രസ്താവനയ്ക്ക് യോഹ. 3:15-16; 6:40) എന്നിവയുമായി സാമ്യമുണ്ട്. വിശ്വാസിയുടെ പ്രത്യാശ നിലകൊള്ളുന്നത് ദൈവത്തിന്റെ സ്വഭാവത്തിലും വാഗ്ദത്തങ്ങളിലുമാണ് (ഒ.നോ. യെശ. 45:33; 55:11). ത്രിയേക ദൈവത്തോടുള്ള നമ്മുടെ ആഴമായ കൂട്ടായ്മ പ്രത്യാശ - അതേ, നിത്യജീവന്റെ പ്രത്യാശ - ഉളവാക്കുന്നു, (ഒ.നോ. 5:13). നിത്യജീവന് ദൃശ്യമായ സവിശേഷതകളുണ്ട്.

### 1 യോഹന്നാൻ 2:26-27

**[26]നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്തു ഞാൻ ഇതു നിങ്ങൾക്കു എഴുതിയിരിക്കുന്നു. [27]അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയാലും അതു ഭോഷ്കല്ല സത്യം തന്നേ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ.**

**2:26 "നിങ്ങളെ തെറ്റിക്കുന്നവരെ"** ഇത് വർത്തമാനകാല കർത്തരി ഘടകമാണ്. തെറ്റിക്കുന്നവർ എല്ലാ കാലഘട്ടത്തിലുമുണ്ട് (ഒ.നോ. മത്താ. 7:15; 24:11,24; 2 യോഹ. 7). ഇതു പലപ്പോഴും ക്രിസ്തീയ കൂട്ടായ്മകളിൽ സജീവ പങ്കാളിത്തം വഹിക്കുന്ന ആത്മാർത്ഥ മതഭക്തരായിരിക്കാം.

**2:27 "അവനാൽ പ്രാപിച്ച"** ഭൂതകാലത്തിൽ പൂർത്തിയായ ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഭൂതകാല കർത്തരി സൂചകമാണിത്. "അഭിഷേകം" എന്നത് വാ. 24 ലെ "നിങ്ങൾ കേട്ടത്..." എന്നതിന് സമാന്തരമാണ്. സുവിശേഷം (1) വ്യക്തിപരമായി വിശ്വാസത്താലും (ഒ.നോ. യോഹ. 1:12; 3:16), (2) സത്യത്തിന്റെ ഒരു കൂട്ടമെന്ന നിലയിലും (ഒ.നോ. 2 യോഹ. 9–10; 1 കൊരി. 15:1–4; യൂദാ 3) സ്വീകരിക്കപ്പെടേണം. ഈ രണ്ടു പ്രവൃത്തികളും പരിശുദ്ധാത്മ പ്രവർത്തനത്താലാണു സംഭവിക്കുന്നത്.

▣ **"അഭിഷേകം"** ഇവിടെ അഭിഷേകത്തിന്റെ മാധ്യമത്തിനോ (ആത്മാവ്), ഘടകങ്ങൾക്കോ (സുവിശേഷ സത്യങ്ങൾ) അല്ല അഭിഷേകത്തിന്റെ ഫലത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. ദൈവനിയുക്തമായ ദൗത്യത്തിന് വേണ്ടി ഒരു വ്യക്തിയെ വിളിക്കുകയും സജ്ജനാക്കുകയും ചെയ്യുക എന്ന പഴയനിയമ ആശയമാണ് അഭിഷേകം. പ്രവാചകന്മാരും പുരോഹിതന്മാരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെട്ടിരുന്നു. ഈ പദം മശിഹാ എന്ന പദത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെയിത് പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയത്തെയും മനസ്സിനെയും സുവിശേഷത്തിനനുസരണമായി പ്രകാശിപ്പിക്കുന്നതിനാലുണ്ടാകുന്ന സ്ഥിരമായ ഫലത്തെയാണു സൂചിപ്പിക്കുന്നത്. യോഹ. 11:2 ലെ പ്രത്യേക പഠനവിഷയം: അഭിഷേകം ബൈബിളിൽ, കാണുക.

ദുരുപദേഷ്ടാക്കന്മാർ തങ്ങൾക്ക് ദൈവത്തിൽ നിന്നും പ്രത്യേക വെളിപ്പാട് (പ്രത്യേക അഭിഷേകം) ലഭിച്ചതായി അവകാശപ്പെട്ടിരുന്നു. സകല വിശ്വാസികൾക്കും അവർ അഭിഷിക്തനായവനിൽ ആശ്രയിച്ചപ്പോൾ തന്നെ യഥാർത്ഥ അഭിഷേകം ലഭിച്ചുവെന്നും, അവന്റെ ആത്മാവിനാൽ നിറയപ്പെട്ടുവന്നും യോഹന്നാൻ പ്രസ്താവിക്കുന്നു.

▣ **"ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല"** വാ. 27, വാ. 20 നു സമാന്തരമാണ് (അതാ. പുതിയ നിയമം, ഒ.നോ. യിരെ. 31:34). ആവർത്തിക്കുന്ന വിഷയം യോഹന്നാൻ ഉപയോഗിക്കുന്നു (വാ. 20,24,27). ജ്ഞാനവാദ ദുരുപദേഷ്ടാക്കളല്ല, പരിശുദ്ധാത്മാവാണു നമ്മുടെ ആത്യന്തിക ഉപദേഷ്ടാവ് (ഒ.നോ. യോഹ. 14:26). എന്നിരുന്നാലും ഉപദേഷ്ടാവ് എന്ന ശുശ്രൂഷയും വരവും ഇന്നും ആദിമ സഭയിലും പ്രവർത്തിച്ചിരുന്നില്ല എന്ന് ഇതർത്ഥമാക്കുന്നില്ല (ഒ.നോ. എഫെ. 4:11; പ്രവൃ. 13:1; 2 കൊരി. 12:28). ഇതിനർത്ഥം, രക്ഷയെ സംബന്ധിച്ചുള്ള അടിസ്ഥാന പാഠങ്ങൾ പരിശുദ്ധാത്മാവും ബൈബിളും ആണു നമുക്കു കാണിച്ചു തരുന്നതെന്നും അല്ലാതെ ഏതെങ്കിലും പ്രത്യേക വരപ്രാപ്തരായ മാനുഷിക ഉപദേഷ്ടാവ് അല്ലെന്നുമാണ് - അവരെ അവൻ പലപ്പോഴും ഉപയോഗിക്കാറുണ്ടെന്നതു സത്യമാണ്.

▣ **"അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും അതു ഭോഷ്കല്ല, സത്യം തന്നേ ആയിരിക്കയാലും"** ആത്മീയ സത്യത്തെയാണിവിടെ പരാമർശിക്കുന്നത്. എല്ലാ വിശ്വാസികളിലും പരിശുദ്ധാത്മാവ് അവന്റെ/അവരുടെ മനസ്സാക്ഷിയെ നിയന്ത്രിക്കുന്നുണ്ട്. സത്യത്തിന്റെയും ധാർമ്മികതയുടെയും മേഖലകളിൽ പരിശുദ്ധാത്മാവിന്റെ നേതൃത്വത്തോട് നാം പ്രതികരിക്കുന്നവരായിരിക്കേണം.

▣ **"അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ"** വർത്തമാനകാല കർത്തരി കല്പനയാണിത്. തന്റെ വായനക്കാർക്കുള്ള വിശ്വാസ ഉറപ്പിന്റെ ഒരു ഘടകമെന്ന നിലയിൽ "വസിക്കുക" എന്ന ആശയം ഈ ലേഖനത്തിലുടനീളം യോഹന്നാൻ ഉപയോഗിക്കുന്നുണ്ട് (ഒ.നോ. യോഹ. 15). ദൈവം മുൻകയ്യെടുക്കുകയും അജണ്ട നിശ്ചയിക്കുകയും മനുഷ്യൻ പ്രാരംഭമായും തുടർമാനമായും അതിനോടു പ്രതികരിക്കുകയും (വസിക്കുക) ചെയ്യുന്ന ഒരു ഉടമ്പടിയാണ് വേദപുസ്തക വിശ്വാസം! വസിക്കുക എന്നതിൽ ഒരു ദൈവിക തലവും മാനുഷിക തലവും ഉൾക്കൊണ്ടിട്ടുണ്ട്. 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക കാണുക.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ദുരുപദേഷ്ടാക്കളുടെ വിശ്വാസങ്ങൾ വിവരിക്കുക
2. നാം യഥാർത്ഥമായി വീണ്ടെടുക്കപ്പെട്ടു എന്നു നമുക്കറിയാൻ കഴിയുന്ന തെളിവ് നൽകുക
3. ശീലമായി തീർന്ന പാപവും ഒറ്റപ്പെട്ട പാപപ്രവൃത്തിയും തമ്മിലുള്ള ബന്ധം വിശദീകരിക്കുക
4. വിശുദ്ധന്റെ സ്ഥിരോത്സാഹവും വിശ്വാസിയുടെ ഭദ്രതയും തമ്മിലുള്ള ബന്ധം വിശദീകരിക്കുക
5. മനുഷ്യന്റെ മൂന്നു ശത്രുക്കളാരൊക്കെയെന്നു വ്യക്തമാക്കുകയും നിർവചിക്കുകയും ചെയ്യുക

# 1 യോഹന്നാൻ 2:28-3:24

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ദൈവമക്കൾ (2:28-3:10) | ദൈവമക്കൾ | സത്യവിശ്വാസത്തോടുള്ള കൂറ് (2:18-29) | ക്രിസ്തുവിന്റെ ശത്രു (2:18-29) | ദൈവമക്കൾ എന്ന പോലെ ജീവിക്കുക (2:29-4:6) |
| 2:28-3:3 | 2:28-3:3 | 2:28 | 2:28-29 | |
| | | 2:29 | ദൈവമക്കൾ | 2:29-3:2 |
| | | ശരിയായ സ്വഭാവത്തിൽ വെളിപ്പെടുന്ന പുത്രോചിത ബന്ധം | | |
| | | 3:1-10 | 3:1-3 | ഒന്നാം വ്യവസ്ഥ: പാപത്തെ ഉപേക്ഷിക്കുക |
| | പാപവും ദൈവ പൈതലും | | | 3:3-10 |
| 3:4-10 | 3:4-9 | | 3:4-6 | |
| | | | 3:7-8 | |
| | സ്നേഹമെന്ന കല്പന | | 3:9-10 | |
| അന്യോന്യം സ്നേഹിക്കുക | 3:10-15 | അന്യോന്യമുള്ള സ്നേഹം | അന്യോന്യം സ്നേഹിക്കുക | ഒന്നാം വ്യവസ്ഥ: കല്പന പ്രമാണിക്കുക, വിശേഷാൽ ജീവിതം |
| 3:11-18 | | 3:11-18 | 3:11-12 | 3:11-24 |
| | സ്നേഹത്തിന്റെ പ്രവർത്തനം | | 3:13-18 | |
| ദൈവമുമ്പാകെയുള്ള ധൈര്യം | 3:16-23 | വിശ്വാസിയുടെ ഉറപ്പ് | ദൈവമുമ്പാകെയുള്ള ധൈര്യം | |
| 3:19-24 | സത്യത്തിന്റെ ആത്മാവും ഭോഷ്കിന്റെ ആത്മാവും | 3:19-24 | 3:19-24 | |
| | 3:24-4:6 | | | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പശ്ചാത്തല ഉൾക്കാഴ്ചകൾ

A. രണ്ടാമത്തെ അധ്യായം ലക്ഷ്യം വെച്ചിരിക്കുന്നത് തെറ്റായ സിദ്ധാന്തവാദികളായ ഗുരുക്കന്മാരെയാണ്. പ്രത്യേകമായി പറഞ്ഞാൽ മനുഷ്യത്വത്തെ നിഷേധിച്ച ഡോസെറ്റിക് സിദ്ധാന്തവാദികൾ.

B. മൂന്നാമദ്ധ്യായം രക്ഷയെ (നീതീകരണം) നൈതികതയിൽ നിന്നും ധാർമ്മികതയിൽ നിന്നും വേർതിരിച്ച വ്യാജഗുരുക്കന്മാരെപ്പറ്റി തുടർന്നും പരാമർശിക്കുന്നു. എന്നിരുന്നാലും മൂന്നാമദ്ധ്യായം വിശ്വാസിയോട് നേരിട്ട് അഭിസംബോധന ചെയ്യുന്നു.

# പദ, ശൈലീ പഠനം

**1 യോഹന്നാൻ 2:28–3:3**

**28ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചു
പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ. 29അവൻ
നീതിമാൻ എന്നു നിങ്ങൾ ഗ്രഹിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു
ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു. 1കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ
പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം
അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. 2പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവ
മക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ
നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും
എന്നു നാം അറിയുന്നു. 3അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതു
പോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു.**

**2:28** ഒരു പുതിയ ഖണ്ഡിക വാ. 28, 29 ലോ അതോ 3:1 ലോ തുടങ്ങേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യാഖ്യാതാക്കൾ വളരെയധികം ചർച്ചകൾ നടത്തുന്നുണ്ട്. 27 ഉം 28 ഉം വാക്യങ്ങളിലുള്ള ആവർത്തനം നിമിത്തം ഖണ്ഡിക വിഭജനം മിക്കവാറും അവിടെയായിരിക്കണം.

▣ **"കുഞ്ഞുങ്ങളേ"** 2:1 ലെ കുറിപ്പു കാണുക.

▣ **"അവൻ പ്രത്യക്ഷനാകുമ്പോൾ"** വാ. 29 പോലെ ഇത് ഒരു മൂന്നാംതരം സോപാധിക വാചകമാണ്. മാത്രമല്ല 3:2 ലെ "അവൻ പ്രത്യക്ഷനാകുമ്പോൾ" എന്നതിനു തുല്യമാണിത്. ഒരു അനിശ്ചിത സംഭവത്തെ വിനിമയം ചെയ്യുകയെന്നതല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്, പിന്നെയോ ഒരു അനിശ്ചിത സമയത്തെയാണ് ("പ്രത്യാശ" എന്ന പദത്തിന്റെ പുതിയ നിയമ ഉപയോഗത്തിന് സമാന്തരമായി, ഒ.നോ. 3:3).

▣ **"അവന്റെ പ്രത്യക്ഷതയിൽ"** രണ്ടാം വരവിനെപ്പറ്റിയുള്ള ഒരു പരാമർശമാണിത്. *പറൂസിയ (παρουσια)* എന്ന ഈ പദം യോഹന്നാന്റെ മുഴുവൻ എഴുത്തുകളിലും വച്ച് ഇവിടെ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ എന്നു മാത്രമല്ല ഇതിന് ഒരു ആസന്നമായ രാജകീയ വരവിന്റെ ലക്ഷ്യാർത്ഥവുമുണ്ട്.

ഇത് ആക്ഷരികമായി "സാന്നിധ്യം" എന്നർത്ഥമുള്ള *പറൂസിയ* വരെ എന്നാണ്. രാജകീയ സന്ദർശന ത്തെയാണിതു സൂചിപ്പിക്കുന്നത്. രണ്ടാംവരവിനെ സൂചിപ്പിക്കുന്നതിനുപയോഗിച്ചിരിക്കുന്ന മറ്റു പുതിയ നിയമ പദങ്ങൾ:

1. *എപ്പിഫാനേയിയ (επιφανεια)*, "മുഖാമുഖ പ്രത്യക്ഷത"
2. *അപ്പോകാലുപ്സിസ് (αποκαλυψις)* "മൂടുപടം മാറ്റൽ"
3. "കർത്താവിന്റെ ദിവസം" കൂടാതെ ഇതിന്റെ വിവിധ രൂപങ്ങളും.

# പ്രത്യേക പഠനവിഷയം: ക്രിസ്തുവിന്റെ രണ്ടാംവരവിനുള്ള പുതിയനിയമ പദങ്ങൾ

മനുഷ്യർ യേശുവിനെ (രക്ഷകനും ന്യായാധിപനുമായി) കണ്ടുമുട്ടുന്ന ഒരു പ്രത്യേക ദിവസത്തിന് ഊന്നൽ കൊടുക്കുന്ന അന്ത്യകാല ദൈവശാസ്ത്രം പൗലൊസിന്റെ എഴുത്തുകളിൽ വിവിധ പേരുകളിൽ കാണുന്നു.

1. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാൾ" (ഒ. നോ. 1 കൊരി. 1:8)
2. "കർത്താവിന്റെ നാൾ" (ഒ. നോ. 1 കൊരി. 5:5; 1 തെസ്സ. 5:2; 2 തെസ്സ. 2:2)
3. "കർത്താവായ യേശുവിന്റെ നാൾ" (ഒ. നോ. 1 കൊരി. 5:5; 2 കൊരി. 1:14)
4. "യേശുക്രിസ്തുവിന്റെ നാൾ" (ഒ. നോ. ഫിലി. 1:6)
5. "ക്രിസ്തുവിന്റെ നാൾ" (ഒ. നോ. ഫിലി. 1:10; 2:16)
6. "തന്റെ (മനുഷ്യപുത്രൻ) ദിവസം" (ഒ. നോ. ലൂക്കൊ. 24)
7. "മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ" (ഒ. നോ. ലൂക്കൊ. 17:30)
8. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത" (ഒ. നോ. 1 കൊരി. 1:7)
9. "യേശു സ്വർഗ്ഗത്തിൽ നിന്നും പ്രത്യക്ഷനാകുമ്പോൾ" (ഒ. നോ. 2 തെസ്സ. 1:7)
10. "കർത്താവായ യേശുവിന്റെ മുമ്പാകെ അവന്റെ പ്രത്യക്ഷതയിൽ" (ഒ. നോ. 1 തെസ്സ. 2:19)

പുതിയനിയമ എഴുത്തുകാർ യേശുവിന്റെ രണ്ടാം വരവിനെപ്പറ്റി പരാമർശിക്കുന്നതായ കുറഞ്ഞത് നാലു വിധങ്ങളുണ്ട്.

1. *എപ്പിഫാനേയിയ (ϵπιφavϵια)*, ഇത് ദൈവശാസ്ത്രപരമായി "മഹത്വ"ത്തോട് ബന്ധപ്പെട്ടിരിക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന ഒരു തിളക്കത്തെയാണ് (പദോത്പത്തി പഠനപരമല്ലെങ്കിലും) സൂചിപ്പിക്കുന്നത്. 2 തിമൊ. 1:10; തീത്തൊ. 2:11; 3:4 എന്നീ ഭാഗങ്ങളിൽ ഇത് യേശുവിന്റെ ഒന്നാം വരവിനെയും (അതായത് ജഡമെടുക്കൽ) രണ്ടാം വരവിനെയും പറ്റി പരാമർശിക്കുന്നു. രണ്ടാം വരവിനെ സൂചിപ്പിക്കുന്ന മൂന്ന് മുഖ്യപദങ്ങളും കാണുന്ന 2 തെസ്സ. 4:8 ൽ ഇതും ഉൾപ്പെടുന്നു. 1 തിമൊ. 6:14; 2 തിമൊ. 4:1,8; തീത്തൊ. 2:13.
2. *പറൂസിയ (παρουσια)* സൂചിപ്പിക്കുന്നത് സാന്നിധ്യത്തെയും മൗലികമായി രാജകീയ സന്ദർശന ത്തെയുമാണ്. ഇത് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരിക്കുന്ന പദമാണ് (ഒ.നോ. മത്താ. 24:3,27,37, 39; 1 കൊരി. 15:23; 1 തെസ്സ. 2:19; 3:13; 4:15; 5:23; 2 തെസ്സ. 2:1,8; യാക്കോ. 5: 7,8; 2 പത്രൊ. 1:6; 3:4,12; 1 യോഹ. 2:28).
3. *അപ്പോകാലുപ്സിസ് (αποκαλυψις)* അഥവാ *അപ്പോകലിപ്സിസ്*. വെളിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മൂടുപടം നീക്കുക എന്നാണർത്ഥം. പുതിയ നിയമത്തിലെ അവസാന പുസ്തക ത്തിന്റെ പേരാണിത് (ഒ.നോ. ലൂക്കൊ. 17:30; 1 കൊരി. 1:7; 2 തെസ്സ. 1:7; 1 പത്രൊ. 1:7; 4:13).
4. *ഫനേറോഓ (φανϵροω)* ഇതിനർത്ഥം വെളിച്ചത്തിലേക്കു കൊണ്ടുവരിക അഥവാ വ്യക്തമായി വെളിപ്പെടുത്തുക അഥവാ പ്രദർശിപ്പിക്കുക എന്നോ ആണ്. ദൈവിക വെളിപ്പാടിന്റെ വിവിധ വശങ്ങളെ സൂചിപ്പിക്കുന്നതിനായി ഈ പദം മിക്കപ്പോഴും പുതിയ നിയമത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. *എപ്പിഫാനേയിയ* പോലെ ഇത് ക്രിസ്തുവിന്റെ ഒന്നാം വരവിനെപ്പറ്റിയും (ഒ.നോ. 1 പത്രൊ. 1:20; 1 യോഹ. 1:2; 3:5,8; 4:9) രണ്ടാം വരവിനെപ്പറ്റിയും പരാമർശിക്കുന്നു (ഒ.നോ. മത്താ. 24:30; കൊലൊ. 3:4; 1 പത്രൊ. 5:4; 1 യോഹ. 2:28; 3:2).
5. "വരവിനെ" സൂചിപ്പിക്കുന്നതിന് സർവ്വസാധാരണമായുള്ള പദമായ *എർക്കോമായി (ϵρχομαι)* ഇടയ്ക്കിടെ ക്രിസ്തുവിന്റെ മടങ്ങിവരവിനെ സൂചിപ്പിക്കുന്നതിനായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു ഒ.നോ. മത്താ. 16:27-28; 23:39; 24:30; 25:31; അപ്പൊ. പ്രവൃ. 1:10-11; 1 കൊരി. 11:26; വെളി. 1:7,8).
6. "കർത്താവിന്റെ നാൾ" എന്ന ശൈലിയോടൊപ്പം ഇത് ഉപയോഗിച്ചിട്ടുണ്ട് (1 തെസ്സ. 5:2). ഇത് ദൈവത്തിന്റെ അനുഗ്രഹത്തിന്റെയും (ഉയിർപ്പ്) ന്യായവിധിയുടെയും ദിവസത്തെ സൂചിപ്പിക്കുന്നതി നുള്ള ഒരു പഴയനിയമ പദമാണ്.

പഴയനിയമത്തിന്റെ ലോകവീക്ഷണത്തിൽ നിന്നുകൊണ്ടു തന്നെയാണ് പുതിയനിയമം മുഴുവനായും എഴുതപ്പെട്ടിരിക്കുന്നത്

a. ഒരു വർത്തമാനകാല തിന്മ, മറുതലിപ്പിന്റെ യുഗം
b. നീതിയുടെ ഒരു പുതിയ യുഗം
c. മശിഹായുടെ (അഭിഷിക്തൻ) പ്രവൃത്തിയിലൂടെ ആത്മാവിന്റെ കർതൃത്വത്താൽ കൊണ്ടുവരപ്പെട്ട ഒരു പുതിയ യുഗം

ക്രമാനുഗതമായ വെളിപ്പാടിന്റെ ദൈവശാസ്ത്ര സങ്കല്പം ആവശ്യമാണ് എന്തുകൊണ്ടെന്നാൽ പുതിയ നിയമ ലേഖകർ യിസ്രായേലിന്റെ പ്രതീക്ഷയ്ക്ക് നേരിയ തിരുത്തൽ നടത്തുന്നുണ്ട്. മശിഹായുടെ സൈനികവും ദേശീയവുമായ (യിസ്രായേൽ) വരവിനു പകരം രണ്ടു വരവുകളാണുള്ളത്. ഒന്നാമത്തെ വരവ് നസറായനായ

യേശുവിന്റെ ഗർഭധാരണത്തിലും ജനനത്തിലുമുള്ള ദൈവത്തിന്റെ ജഡധാരണമാണ്. അവൻ വന്നത് സൈനികനല്ലാതെയും ന്യായാധിപനല്ലാതെയും യെശ. 53 ലെ "കഷ്ടം സഹിക്കുന്ന ദാസൻ" ആയിട്ടാണ്. മാത്രമല്ല സെഖ. 9:9 ലെ പെൺകഴുത (കുതിരയോ രാജകീയമായ കോവർകഴുതയോ അല്ല) പ്പുറത്തു കയറിയവനായിട്ടാണ്. ഒന്നാമത്തെ വരവ് പുതിയ മശിഹായുഗമായ ദൈവരാജ്യത്തിന് ഭൂമിയിൽ ആരംഭം കുറിച്ചു. ഒരർത്ഥത്തിൽ രാജ്യം ഇവിടെയാണ്, എന്നാൽ തീർച്ചയായും മറ്റൊരർത്ഥത്തിൽ അത് ഇനിയും വിദൂരമാണ്. മശിഹായുടെ രണ്ടു വരവുകളുടെയും മധ്യത്തിലുള്ള സംഘർഷം ഒരർത്ഥത്തിൽ അദൃശ്യമായ അഥവാ കുറഞ്ഞപക്ഷം പഴയനിയമത്തിൽ നിന്നും അവ്യക്തമായ രണ്ട് യെഹൂദ്യ യുഗങ്ങളുടെ കവിഞ്ഞു കിടക്കലാണ്. വാസ്തവത്തിൽ ഈ ഇരട്ട വരവ് ഊന്നൽ കൊടുക്കുന്നത് എല്ലാ മാനവജാതിയെയും വീണ്ടെടുക്കുന്നതിനുള്ള യഹോവയുടെ പ്രതിജ്ഞാബദ്ധതയ്ക്കാണ് (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5; പ്രവാചകന്മാരുടെ പ്രസംഗങ്ങൾ, പ്രത്യേകിച്ച് യെശയ്യാവിന്റെയും യോനായുടെയും).

സഭ പഴയനിയമ പ്രവചനത്തിന്റെ നിവൃത്തിക്കായി കാത്തിരിക്കുകയല്ല; കാരണം മിക്ക പ്രവചനങ്ങളും ഒന്നാം വരവിനെപ്പറ്റിയാണ് പരാമർശിക്കുന്നത് (ഒ.നോ. *ഹൗ ടു റീഡ് ദി ബൈബിൾ ഫോർ ഓൾ ഇറ്റ്സ് വർത്ത്,* പേജ് 165-166). വിശ്വാസികൾ പ്രതീക്ഷിക്കുന്നത് പുനരുത്ഥാനം ചെയ്യപ്പെട്ട രാജാധിരാജാവിന്റെയും കർത്താധികർത്താവിന്റെയും മഹത്വകരമായ വരവ് അഥവാ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും പ്രതീക്ഷിക്കപ്പെട്ട നീതിയുടെ പുതിയ യുഗത്തിന്റെ ചരിത്രപരമായ നിവർത്തീകരണം ആണ് (ഒ.നോ. മത്താ. 6:10). പഴയനിയമ പ്രദർശനങ്ങൾ കൃത്യതയില്ലാത്തവയല്ല, മറിച്ച് അപൂർണ്ണമാണ്. പ്രവാചകന്മാർ യഹോവയുടെ ശക്തിയിലും അധികാരത്തിലും പ്രവചിച്ചതുപോലെ അവൻ വീണ്ടും വരും.

രണ്ടാം വരവെന്നത് ഒരു വേദപുസ്തക പദമല്ല, മറിച്ച് ഈ ആശയം മുഴുവൻ പുതിയനിയമത്തിന്റെയും ലോകവീക്ഷണവും പദ്ധതിയുമാണ്. ദൈവം ഇതെല്ലാം നേരെയാക്കും. ദൈവവും തന്റെ സ്വരൂപത്തിൽ ഉണ്ടാക്കപ്പെട്ട മനുഷ്യവർഗ്ഗവും തമ്മിലുള്ള കൂട്ടായ്മ പുനരുദ്ധരിക്കപ്പെടും. തിന്മ ന്യായം വിധിക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്യും. ദൈവത്തിന്റെ ലക്ഷ്യം പരാജയപ്പെടുകയില്ല. പരാജയപ്പെടാൻ കഴിയുകയില്ല.

▣

**NASB** **"ലജ്ജിച്ച് അവങ്കൽ നിന്നും പുറകോട്ടു മാറിപ്പോകാതെ"**
**NKJV** **"അവന്റെ മുമ്പിൽ ലജ്ജിച്ചുപോകാതെ"**
**NRSV** **"അവന്റെ മുമ്പിൽ ലജ്ജിച്ചുപോകാതെ"**
**TEV** **"അവന്റെ മുമ്പിൽനിന്നും ലജ്ജിച്ച് ഒളിച്ചുകൊള്ളാതെ"**
**NJB** **"അവന്റെ മുമ്പിൽ ലജ്ജിച്ച് ചൂളിപ്പോകാതെ"**

ഇത് ഒരു ഭൂതകാല കർമ്മണി (ഡിപോണന്റ്) ക്രിയാബന്ധമാണ്. ഇത് താഴെപ്പറയുന്ന വിധം മനസ്സിലാക്കാവുന്നതാണ്.

1. വിശ്വാസി സ്വയം ലജ്ജിച്ചുപോകും (NASB, TEV, NJB)
2. വിശ്വാസി ലജ്ജിപ്പിക്കപ്പെടും (NRSV)

വിശ്വാസികൾ ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യേണ്ടവരാണ്. എന്നാൽ സ്വാർത്ഥതയിലും ലോകവഴികളിലും ജീവിക്കുന്നവർ തീർച്ചയായും അവന്റെ പ്രത്യക്ഷതയിൽ അതിശയിച്ചുപോകുകയും ലജ്ജിതരാകുകയും ചെയ്യും. വിശ്വാസികൾക്കും ഒരു ന്യായവിധിയുണ്ട് (2 കൊരി. 5:10).

▣ **"നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന്"** "ധൈര്യം" എന്നതിനുള്ള ഗ്രീക്കുപദം (*പർഹേസിയ)* "സ്വാതന്ത്ര്യമായി സംസാരിക്കുക" എന്ന മൂല പദത്തിൽ നിന്നുമുള്ളതാണ്. ഉറപ്പ് യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്മേലുള്ള വിശ്വാസിയുടെ അറിവിന്റെയും ആശ്രത്തിന്റെയും അടിസ്ഥാനത്തിലുള്ള സമകാലിക ജീവിതശൈലിയാണ്. യോഹ. 7:4 ലെ പ്രത്യേക പഠനവിഷയം: ധൈര്യം കാണുക.

▣ **"അവനിൽ വസിപ്പിൻ"** ഇത് വർത്തമാനകാല കർത്തരി കല്പനയാണ്. ക്രിസ്തീയ സ്ഥിരോത്സാഹത്തെ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള മൂന്നാമത്തെ വർത്തമാനകാല കല്പനയാണിത് (ഒ.നോ. വാ. 15,24). പ്രത്യേക പഠനവിഷയങ്ങൾ: യോഹ. 8:31 സ്ഥിരോത്സാഹത്തിന്റെ ആവശ്യകതയും 1 യോഹ. 2:10 ലെ വസിക്കലും.

സർവ്വ നാമങ്ങൾക്ക് മുൻനിൽക്കുന്ന പദം മിക്കപ്പോഴും തിരിച്ചറിയാൻ പ്രയാസമാണ്, എന്നാൽ ഈ ഖണ്ഡികയിൽ അവ വ്യക്തമാണ്.

1. "അവനിൽ" വാ. 28a - യേശു
2. "അവനിൽ നിന്നും" വാ. 28b - യേശു
3. "അവന്റെ" വാ. 28b - യേശു
4. "അവൻ നീതിമാൻ" വാ. 29 - പിതാവ്
5. "അവനിൽ നിന്നു ജനിച്ചിരിക്കുന്നു" വാ. 29 - പിതാവ് (കുറിപ്പ് കാണുക)
6. "അവനെ അറിയുക" 3:1 - പിതാവ് (ഒ.നോ. യോഹ. 15:21; 16:2-3)
7. "അവൻ പ്രത്യക്ഷനാകുമ്പോൾ" 3:2 - യേശു

8. "അവനോടു സദൃശ്യന്മാർ" 3:2 – യേശു
9. "അവനെ കാണുന്നത്" 3:2 – യേശു
10. "അവൻ ആയിരിക്കുന്നത്" 3:2 – യേശു
11. "അവനിൽ" 3:3 – യേശു
12. "അവൻ നിർമ്മലനായിരിക്കുന്നതുപോലെ" 3:3 – യേശു

സന്ദർഭം, സന്ദർഭം, സന്ദർഭം!

**2:29 "അവൻ"** വാ. 28; 2:1; 3:7 കാണിക്കുന്നത് ഇത് യേശുവിനെ സൂചിപ്പിക്കുന്നുവെന്നാണ്. എന്നിരുന്നാലും അവസാന സർവ്വനാമമായ "അവനിൽ നിന്നു ജനിച്ചിരിക്കുന്നു" എന്നത് പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നതായി കാണുന്നു. കാരണം "ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു" എന്ന ശൈലി പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 3:9; 4:7; 5:1,4,18; 1 യോഹ. 1:13).

▣ **"നീതിമാൻ ... നീതി"** ഇത് കുടുംബത്തിൽനിന്നു പ്രതീക്ഷിക്കുന്ന സവിശേഷതയാണ്.

▣ **"നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു"** വ്യാകരണ തലത്തിൽ ഇത് ഒന്നുകിൽ തുടർന്നുകൊണ്ടിരിക്കുന്ന അറിവിനെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകം അല്ലെങ്കിൽ വിശ്വാസിക്ക് ആവശ്യമായിരിക്കുന്ന അറിവിനെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി കല്പന ആയിരിക്കാം. ആത്മാവുള്ള ഏവർക്കും ഉള്ളതാണ് "അറിവ്" എന്ന യോഹന്നാന്റെ ഉപയോഗത്തിൽനിന്നും ഇത് സൂചകമാണെന്ന് മനസ്സിലാക്കാം.

▣ **"എങ്കിൽ"** ഇത് ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാംതരം സോപാധിക വാചകമാണ്. ഇവിടെ ഇത് പരാമർശിക്കുന്നത് വിശ്വാസികൾക്കുള്ളതും ദുരുപദേഷാടാക്കൾക്ക് ഇല്ലാത്തതുമായ ജ്ഞാനത്തെയാണ്.

## പ്രത്യേക പഠനവിഷയം: നീതി

"നീതി" എന്നത് ഒരു വേദപുസ്തക വിദ്യാർത്ഥി തീർച്ചയായും വ്യക്തിപരവും വിശാലവുമായ ഒരു പഠനം നടത്തേണ്ട വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ്.

പഴയനിമയത്തിൽ ദൈവത്തിന്റെ സ്വഭാവത്തെ "നീതിയുള്ളവൻ" എന്നോ "നീതിമാൻ" എന്നോ വിവരിച്ചിരിക്കുന്നു (BDB 841). കെട്ടിടം പണിയിൽ ഭിത്തികളുടെയും മതിലുകളുടെയും വളവില്ലായ്മ നിർണ്ണയിക്കുന്നതിനുപയോഗിച്ചിരുന്ന നദിക്കരയിൽ വളരുന്ന ഓടകൊണ്ടുള്ള ഉപകരണത്തിൽ നിന്നും (മുഴക്കോൽ) ഉണ്ടായതാണ് മെസോപൊട്ടേമിയൻ പദപ്രയോഗം. തന്റെ സ്വന്തം സ്വഭാവത്തെപ്പറ്റി ദൃഷ്ടാന്തപരമായി പറയുന്നതിനാണ് ദൈവം ഈ പദപ്രയോഗം തെരഞ്ഞെടുത്തത്. സകലത്തെയും അളക്കുന്ന നിവരെയുള്ള വശം (മുഴക്കോൽ) അവനാണ്. ഈ ആശയം ദൈവത്തിന്റെ നീതിയെയും ന്യായംവിധിക്കുവാനുള്ള അവന്റെ അവകാശത്തെയും പ്രഖ്യാപിക്കുന്നു.

മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു (ഒ.നോ. ഉല്പ. 1:26–27; 5:1,3; 9:6). ദൈവത്തോടുള്ള കൂട്ടായ്മക്കുവേണ്ടിയാണ് മനുഷ്യവർഗ്ഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സകല സൃഷ്ടിയും ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും പരസ്പര പ്രവർത്തനത്തിന്റെ വേദി അഥവാ പശ്ചാത്തലമാണ്. തന്റെ ഉന്നതമായ സൃഷ്ടിയായ മനുഷ്യവർഗ്ഗം തന്നെ അറിയുവാനും സ്നേഹിക്കുവാനും സേവിക്കുവാനും തന്നെപ്പോലെ ആയിരിക്കുവാനും ദൈവം ആഗ്രഹിച്ചു. മനുഷ്യവർഗ്ഗത്തിന്റെ ആത്മാർത്ഥത പരീക്ഷിക്കപ്പെട്ടു (ഒ.നോ. ഉല്പ. 3) എന്നാൽ ആദിമ ദമ്പതികൾ ആ പരീക്ഷയിൽ തോറ്റു. ഇത് ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും മധ്യത്തിലുള്ള ബന്ധത്തിന്റെ വേർപിരിയലിനിടയാക്കി (ഉല്പ. 3; റോമ. 5:12–21).

കൂട്ടായ്മ നന്നാക്കി യഥാസ്ഥാനപ്പെടുത്തുമെന്നു ദൈവം വാഗ്ദത്തം ചെയ്തു (ഒ.നോ. ഉല്പ. 3:15). അവൻ ഇത് തന്റെ സ്വന്തം ഹിതത്തിലൂടെയും സ്വന്ത പുത്രനിലൂടെയും ചെയ്യുന്നു. ലംഘനത്തിനു പരിഹാരം വരുത്തുവാൻ മനുഷ്യർ പ്രാപ്തരല്ലായിരുന്നു (ഒ.നോ. റോമ. 1:18–3:20).

വീഴ്ചയ്ക്കു ശേഷം, വീണ്ടെടുപ്പിനു വേണ്ടിയുള്ള ദൈവത്തിന്റെ ഒന്നാമത്തെ പടി, അവന്റെ ക്ഷണവും മനുഷ്യവർഗ്ഗത്തിന്റെ അനുതാപത്തോടും വിശ്വസ്തതയോടും അനുസരണത്തോടുമുള്ള പ്രതികരണവും അടിസ്ഥാനപ്പെടുത്തിയുള്ള ഉടമ്പടിയുടെ ആശയമായിരുന്നു. വീഴ്ച നിമിത്തം മനുഷ്യർ അനുഗുണമായ പ്രവൃത്തിക്ക് പ്രാപ്തരല്ലായിരുന്നു (ഒ.നോ. റോമ. 3:21–31; ഗലാ. 3). ഉടമ്പടി ലംഘകരായ മനുഷ്യരുടെ വീണ്ടെടുപ്പിന് ദൈവം താൻ തന്നെ മുൻകയ്യെടുക്കേണ്ടിയിരുന്നു. അവൻ ഇത് താഴെക്കാണുന്ന പ്രകാരം ചെയ്തു.

1. ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗത്തെ നീതിമാന്മാരെന്ന് പ്രഖ്യാപിക്കുക (അതായത് നിയമപരമായ നീതി).
2. ക്രിസ്തുവിന്റെ പ്രവൃത്തിയിലൂടെ മനുഷ്യവർഗ്ഗത്തിന് നീതി സൗജന്യമായി കൊടുക്കുക (അതായത്, (ആരോപിക്കപ്പെട്ട നീതി)
3. മനുഷ്യവർഗ്ഗത്തിനിടയിൽ നീതിയെ (അതായത്, ക്രിസ്തുവിന്റെ സാദൃശ്യം, ദൈവത്തിന്റെ സ്വരൂപത്തിന്റെ വീണ്ടെടുക്കൽ) ഉളവാക്കുന്ന ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ലഭ്യമാക്കുക.

എന്നിരുന്നാലും ഉടമ്പടി സംബന്ധമായ ഒരു പ്രതികരണം ദൈവമാവശ്യപ്പെടുന്നു. ദൈവം പ്രഖ്യാപിക്കുന്നു

(അതായത് സൗജന്യമായി നൽകുന്നു). എന്നാൽ മനുഷ്യൻ താഴെപ്പറയുന്ന വിധങ്ങളിൽ തീർച്ചയായും പ്രതികരിക്കുകയും പ്രതികരിച്ചുകൊണ്ടിരിക്കുകയും വേണം.

1. അനുതാപം
2. വിശ്വാസം
3. ജീവിതശൈലിയായ അനുസരണം
4. സ്ഥിരോത്സാഹം

അതുകൊണ്ട് നീതി ദൈവവും അവന്റെ അത്യുന്നത സൃഷ്ടിയും തമ്മിലുള്ള ഉടമ്പടിപരവും പരസ്പര വുമായ ഒരു പ്രവൃത്തിയാണ്. ദൈവത്തിന്റെ സ്വഭാവത്തിന്റെയും ക്രിസ്തുവിന്റെ പ്രവൃത്തിയുടെയും ആത്മാവിന്റെ ബലപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ ഇവയോട് ഓരോ വ്യക്തിയും തീർച്ചയായും വ്യക്തി പരമായും തുടർമാനമായും ശക്തമായി പ്രതികരിക്കണം. ഈ ആശയത്തെ "വിശ്വാസത്താലുള്ള നീതീകരണം" എന്നു വിളിക്കുന്നു. ഈ ആശയം സുവിശേഷങ്ങളിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട് എങ്കിലും ഈ പദപ്രയോ ഗങ്ങളിലല്ല. "നീതി" എന്ന ഗ്രീക്ക് പദപ്രയോഗം വിവിധ രൂപങ്ങളിൽ 100-ലധികം തവണ ഉപയോഗിക്കുന്ന പൗലൊസാണ് ഇത് പ്രായോഗികമായി നിർവചിച്ചിട്ടുള്ളത്.

പരിശീലനം നേടിയ ഒരു യെഹൂദ ഗുരുവെന്ന നിലയിൽ, സെപ്റ്റജിന്റിൽ ഉപയോഗിച്ചിരിക്കുന്ന *സെദക്ക്* എന്ന എബ്രായ പദത്തിന്റെ അർത്ഥത്തിൽ -ഗ്രീക്ക് സാഹിത്യ അർത്ഥത്തിലല്ല - *ഡിക്കായിയോസുനീ (δικαιοσυνη)* എന്ന പദം പൗലൊസ് ഉപയോഗിക്കുന്നു. ഗ്രീക്ക് ലിഖിതങ്ങളിൽ *ഡിക്കായിയോസുനീ* എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതീക്ഷകളോടു യോജിച്ച ഒരു വ്യക്തി എന്ന നിലയിലാണ്. എബ്രായ അർത്ഥത്തിൽ ഇത് ഉടമ്പടിയുടെ ആശയത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. യഹോവ നീതിയും ധാർമ്മികതയും സാന്മാർഗ്ഗികതയും ഉള്ള ദൈവമാണ്. തന്റെ ജനം തന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗം ഒരു പുതിയ സൃഷ്ടിയായി ത്തീരുന്നു. ഈ പുതുക്കം ദൈവികതയുടെ ഒരു പുതിയ ജീവിതശൈലിക്ക് ഇടയാക്കുന്നു (നീതീകരണത്തിന്റെ റോമൻ കത്തോലിക്കാ വിവക്ഷ). യിസ്രായേൽ, മതേതരത്വമെന്നും (സാമൂഹിക നിയമങ്ങൾ) വിശുദ്ധമെന്നും (ദൈവത്തിന്റെ ഹിതം) കാര്യങ്ങളെ വ്യക്തമായി വേർതിരിക്കാനാവാത്ത ദൈവിക ഭരണത്തിൻ കീഴിലുള്ള ഒരു രാജ്യമായിരുന്നതിനാൽ ഈ വ്യത്യാസം "നീതി" (/ന്യായം, സമൂഹത്തോടുള്ള ബന്ധത്തിൽ), "നീതി" (മതവിശ്വാസത്തോടുള്ള ബന്ധത്തിൽ) എന്നിങ്ങനെ തർജ്ജമ ചെയ്യാവുന്ന എബ്രായ, ഗ്രീക്ക് പദങ്ങളാൽ വെളിപ്പെടുത്തിയിരിക്കുന്നു.

വീണുപോയ മനുഷ്യവർഗ്ഗം ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് വീണ്ടെടുക്കപ്പെട്ടിരിക്കുന്നുവെന്നതാണ് യേശുവിന്റെ സുവിശേഷം (നല്ല വാർത്ത). ഇത് സാധ്യമാക്കപ്പെട്ടിരിക്കുന്നത് പിതാവിന്റെ സ്നേഹം, കരുണ, കൃപ, പുത്രന്റെ ജീവൻ, മരണം, പുനരുത്ഥാനം, ആത്മാവിന്റെ സുവിശേഷത്തോടുള്ള അനുനയിപ്പിക്കലും അടുപ്പിക്കലും എന്നിവയിലൂടെയാണ്. നീതീകരണം ദൈവത്തിന്റെ സൗജന്യമായ പ്രവൃത്തിയാണ്. എന്നാൽ ഇത് ദൈവികതയിൽ വെളിപ്പെടണം (അഗസ്റ്റിന്റെ നിലപാട്. ഇത് സുവിശേഷത്തിന്റെ സൗജന്യദാനം എന്ന നവീകരണ ചിന്തയിലും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയുമായ രൂപാന്തരപ്പെട്ട ജീവിതം എന്ന റോമർ കത്തോലിക്കാ ചിന്തയിലും പ്രതിഫലിക്കുന്നു). നവീകരണ കർത്താക്കൾക്ക് "ദൈവത്തിന്റെ നീതി" എന്ന പദപ്രയോഗം ഒരു ഒബ്ജക്ടീവ് ജെനിറ്റീവ് ആണ്. (അതായത് പാപികളായ മനുഷ്യവർഗ്ഗത്തെ ദൈവത്തിന് സ്വീകാര്യതയുളവരാക്കി വർഗ്ഗത്തെ ദൈവത്തിന് സ്വീകാര്യതയുള്ളവരാക്കി മാറ്റുന്ന പ്രവൃത്തി [സ്ഥാനീയ വിശുദ്ധീകണം] ആണ് അതേ സമയം കത്തോലിക്കർക്ക് ഇത് അധികം ദൈവത്തെപ്പോലെയാകുന്ന പ്രക്രിയയായ ഒരു സബ്ജക്ടീവ് ജെനറ്റീവ് ആണ് [അനുഭവസംബന്ധമായ പുരോഗമന വിശുദ്ധീകരണം] യഥാർത്ഥത്തിൽ ഇത് തീർച്ചയായും രണ്ടുമാണ്).

എന്റെ വീക്ഷണത്തിൽ, ഉല്പത്തി 4 മുതൽ വെളിപ്പാട് 20 വരെയുള്ള മുഴുവൻ ബൈബിളും ദൈവത്തിന്റെ ഏദെനിലെ കൂട്ടായ്മയുള്ള വീണ്ടെടുക്കലിന്റെ രേഖയാണ്. വേദപുസ്തകം ആരംഭിക്കുന്നത് ഭൗമിക പശ്ചാ ത്തലത്തിലെ ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മയിലാണ് (ഉല്പത്തി 1-2) അതുപോലെ തന്നെ വേദപുസ്തകം അവസാനിക്കുന്നതും അതേ പശ്ചാത്തലത്തിൽ ആണ് (വെളിപ്പാട് 21-22). ദൈവത്തിന്റെ സ്വരൂപവും ഉദ്ദേശ്യവും പുനഃസ്ഥാപിക്കപ്പെടും.

മേൽപ്പറഞ്ഞ ചർച്ചകൾ രേഖയാക്കുവാൻ ഗ്രീക്ക് പദസമൂഹങ്ങളെ വിശദീകരിക്കുന്ന താഴെക്കൊടുത്തിരി ക്കുന്ന പുതിയ നിയമ വാക്യങ്ങൾ ശ്രദ്ധിക്കുക.

1. ദൈവം നീതിമാനാണ് (പലപ്പോഴും ന്യായാധിപനെന്ന നിലയിൽ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു)
   a. റോമ. 3:26
   b. 2 തെസ്സ. 1:5-6
   c. 2 തിമൊ. 4:8
   d. വെളി. 16:5
2. യേശു നീതിമാനാണ്
   a. പ്രവൃ. 3:14; 7:52; 22:14 (മശിഹായെന്ന സ്ഥാനപ്പേര്)
   b. മത്താ. 27:19

c. 1 യോഹ. 2:1; 29; 3:7
3. തന്റെ സൃഷ്ടിക്കായുള്ള ദൈവത്തിന്റെ ഹിതം നീതിയാണ്
   a. ലേവ്യ. 19:2
   b. മത്താ. 5:48 (ഒ.നോ. 5:17–20)
4. നീതി ലഭ്യമാക്കുന്നതിനും ഉളവാക്കുന്നതിനുമുള്ള ദൈവത്തിന്റെ മാർഗ്ഗം
   a. റോമ. 3:21–31
   b. റോമ. 4
   c. റോമ. 5:6–11
   d. ഗലാ. 3:6–14
   e. ദൈവത്താൽ നൽകപ്പെട്ടു
      1) റോമ. 3:24; 6:23
      2) 1 കൊരി. 1:30
      3) എഫെ. 2:8–9
   f. വിശ്വാസത്താൽ സ്വീകരിച്ചു
      1) റോമ. 1:17; 3:22,26; 4:3,5,13; 9:30; 10:4,6,10
      2) 2 കൊരി. 5:21
   g. പുത്രന്റെ പ്രവൃത്തികളിലൂടെ
      1) റോമ. 5:21
      2) 2 കൊരി. 5:21
      3) ഫിലി. 2:6–11
5. തന്റെ അനുഗാമികൾ നീതിമാന്മാരിയിക്കണമെന്നാണ് ദൈവത്തിന്റെ ഹിതം
   a. മത്താ. 5:3–48; 7:24–27
   b. റോമ. 2:13; 5:1–5; 6:1–23
   c. 1 തിമൊ. 6:11
   d. 2 തിമൊ. 2:22; 3:16
   e. 1 യോഹ. 3:7
   f. 1 പത്രൊ. 2:24
6. ദൈവം നീതിയാൽ ലോകത്തെ വിധിക്കും
   a. പ്രവൃ. 17:31
   b. 2 തിമൊ. 4:8

നീതി ദൈവത്തിന്റെ ഒരു പ്രത്യേകതയാണ്, ക്രിസ്തുവിലൂടെ പാപികളായ മനുഷ്യവർഗ്ഗത്തിന് സൗജന്യമായി നൽകപ്പെട്ടു. അത്

1. ദൈവത്തിന്റെ ഒരു കല്പനയാണ്
2. ദൈവത്തിന്റെ ഒരു ദാനമാണ്
3. ക്രിസ്തുവിന്റെ ഒരു പ്രവൃത്തിയാണ്

എന്നാൽ ഇത് നീതിമാനായിക്കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയും ഊർജ്ജസ്വലമായും ഉറപ്പായും പിന്തുടരേണ്ടതും ഒരു ദിനത്തിൽ, രണ്ടാം വരവിൽ, പൂർത്തിയാക്കപ്പെടേണ്ടതുമാണ്. രക്ഷയിൽ ദൈവത്തോടുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നാൽ മരണത്തിലോ *പറൂസിയ* യിലോ ഒരു മുഖാമുഖ കണ്ടുമുട്ടൽ വരെ പുരോഗമിക്കുന്നതുമാകുന്നു.

ഈ ചർച്ച ഉപസംഹരിക്കുന്നതിന് ഇവിടെയൊരു നല്ല ഉദ്ധരണിയുണ്ട്. ഇത് എടുത്തിരിക്കുന്നത് IVP പ്രസിദ്ധീകരിച്ച *ഡിക്ഷണറി ഓഫ് പോൾ ആന്റ് ഹിസ് ലെറ്റേഴ്സിൽ* നിന്നുമാണ്.

"കാൽവിൻ ലൂഥറിനെക്കാളധികം ദൈവത്തിന്റെ നീതിയുടെ ബന്ധുത്വപരമായ ഘടകത്തിന് ഊന്നൽ കൊടുക്കുന്നു. ദൈവത്തിന്റെ നീതിയെപ്പറ്റിയുള്ള ലൂഥറിന്റെ വീക്ഷണം കുറ്റവിമോചനത്തിന്റെ ഘടകം ഉൾക്കൊള്ളുന്നതായി കാണുന്നു. നമ്മിലേക്കുള്ള ദൈവത്തിന്റെ നീതിയുടെ വിനിമയം അഥവാ പകരപ്പെടൽ എന്ന മഹത്തരമായ സ്വഭാവത്തെ കാൽവിൻ ഊന്നിപ്പറയുന്നു" (പേ. 834).

എന്റെ അഭിപ്രായത്തിൽ ദൈവത്തോടുള്ള വിശ്വസികളുടെ ബന്ധത്തിന് മൂന്നു ഘടകങ്ങളുണ്ട്.

1. സുവിശേഷം ഒരു വ്യക്തിയാണ് (പൗരസ്ത്യ സഭകളും കാൽവിനും ഊന്നിപ്പറയുന്നത്)
2. സുവിശേഷം സത്യമാണ് (ലൂഥറിന്റെയും അഗസ്റ്റിന്റെയും ഊന്നിപ്പറയൽ)
3. സുവിശേഷം ഒരു വ്യത്യാസപ്പെട്ട ജീവിതമാണ് (കത്തോലിക്കരുടെ ഊന്നിപ്പറയൽ)

ഒരു ആരോഗ്യകരവും ശക്തവുമായ വേദപുസ്തകാടിസ്താനത്തിലുള്ള ക്രിസ്ത്യാനിത്വത്തിന് ഇവയെല്ലാം ഒരുമിച്ചുണ്ടായിരിക്കേണ്ടതാണ്. ഏതെങ്കിലും ഒന്നു അധികമായി ഊന്നിപ്പറയുകയോ മൂല്യശോഷണം വരുത്തുകയോ ചെയ്താൽ പ്രശ്നങ്ങളുണ്ടാകും.

> നാം യേശുവിനെ സ്വാഗതം ചെയ്യണം!
> നാം സുവിശേഷം വിശ്വസിക്കണം!
> ക്രിസ്താനുരൂപ്യം നാം പിന്തുടരണം!

▣ **"ജനിച്ചിരിക്കുന്നു"** ഇത് ഒരു പൂർണ്ണ കർമ്മണി സൂചകമാണ്. ഇതിനർത്ഥം പിതാവായ ദൈവം എന്ന പുറമെയുള്ള ഒരു കാരണഭൂതനാൽ സംഭവ്യമാക്കപ്പെട്ട ഒരു സ്ഥിരമായ അവസ്ഥയെന്നാണ് (ഒ.നോ. യോഹന്നാൻ 3:3). ക്രിസ്ത്യാനിത്വത്തെ പറ്റി വിശദീകരിക്കുന്നതിനുള്ള മറ്റൊരു കുടുംബസംബന്ധിയായ ദൃഷ്ടാന്തം (3:9) ശ്രദ്ധിക്കുക (ഇത് ഒരു കുടുംബമാണ്). 3:1 ലെ കുറിപ്പ് കാണുക.

**3:1 "കാൺമീൻ .... എത്ര വലിയ സ്നേഹം"** സ്നേഹത്തിന് ഇവിടെയും 1 യോഹന്നാനിൽ ഉടനീളവും ഉപയോഗിച്ചിരിക്കുന്നത് *അഗാപ്പാഓ* (ക്രിയാരൂപം) അഥവാ *അഗാപ്പീ* (നാമരൂപം, ഒ.നോ. 2:5,15; 3:1,16,17; 4:7,8,9,10,12,16,17,18; 5:3) ആണ്. ഈ പദപ്രയോഗം ക്ലാസ്സിക്കൽ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നു എന്നാൽ മിക്കപ്പോഴും ഇല്ല. ആദിമ സഭ ഇതിനെ സവിശേഷത്തിന്റെ വെളിച്ചത്തിൽ നിർവചിച്ചെന്നു തോന്നുന്നു. ആഴമായതും വസിക്കുന്നതുമായ ഒരു സ്നേഹത്തെ ഇത് പ്രതിനിധീകരിക്കുന്നു. "സ്വയ-ദാനത്തിന്റെ ദൈവികതരത്തിലുള്ള സ്നേഹം" എന്നു പറയുന്നത് ഭംഗിയല്ല, കാരണം യോഹന്നാന്റെ സുവിശേഷത്തിൽ ഇത് *ഫിലെയോ* യ്ക്കൊപ്പം പര്യായപദമായി ഉപയോഗിച്ചിരിക്കുന്നു (5:20; 11:3,36; 12:25; 15:19; 16:27; 20:2; 21:15,16,17). എന്നിരുന്നാലും വിശ്വാസികൾ വിശ്വാസികളെ സനേഹിക്കുന്ന ബന്ധത്തിലാണ് ഇത് എപ്പോഴും ഉപയോഗിച്ചിരിക്കുന്നതെന്നത് (1 യോഹന്നാനിൽ) രസകരമാണ്. യേശുവിനോടുള്ള വിശ്വാസവും കൂട്ടായ്മയും ദൈവത്തോടും മനുഷ്യവർഗ്ഗത്തോടുള്ള നമ്മുടെ ബന്ധത്തെ വ്യത്യാസപ്പെടുത്തുന്നു.

▣ **"ദൈവമക്കൾ"** 2:29-3:10 ന്റെ ശ്രദ്ധാകേന്ദ്രം ഇതാണ്. നമ്മുടെ രക്ഷയിലെ ദൈവത്തിന്റെ മുൻകൈയെടുക്കലിനെ ഇത് ഉറപ്പാക്കുന്നു (യോഹ. 6:44, 65). ദൈവത്തോടുള്ള വിശ്വാസിയുടെ പുതിയ ബന്ധത്തെപ്പറ്റി വിവരിക്കാൻ യോഹന്നാൻ കുടുംബസംബന്ധിയായ പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു (2:29; 3:1,2,9,10; യോഹന്നാൻ 1:12).

യോഹന്നാനും (യോഹ. 3:3) പത്രൊസും (1 പത്രൊ. 1:3,23) കുടുംബ ദൃഷ്ടാന്തങ്ങളായ "വീണ്ടു ജനിക്കുക" അഥവാ "ഉയരത്തിൽ നിന്നു ജനിക്കുക" എന്നിവ ഉപയോഗിക്കുമ്പോൾ പൗലൊസ് കുടുംബ ദൃഷ്ടാന്തമായ "ദത്തെടുപ്പ്" ഉപയോഗിക്കുന്നു (റോമർ 8:15,23; 9:4; ഗലാ. 4:15; എഫെ. 1:5) അതേസമയം യാക്കോബ് കുടുംബ സംബന്ധ ദൃഷ്ടാന്തമായ "ജനനം" (യാക്കോബ് 1:18) അഥവാ "ജനിപ്പിക്കുക" എന്നിവ ക്രിസ്തുവിലൂടെ ദൈവത്തോടുള്ള വിശ്വാസിയുടെ പുതിയ ബന്ധത്തെപ്പറ്റി വിവരിക്കുന്നതിനുപയോഗിക്കുന്നു. ക്രിസ്ത്യാനിത്വം ഒരു കുടുംബമാണ്.

▣ **"നാം വിളിക്കപ്പെടുവാൻ"** ദൈവത്താൽ നല്കപ്പെട്ട ബഹുമതിയായ സ്ഥാനപ്പേരെന്ന അർത്ഥത്തിൽ ("ദൈവമക്കൾ") ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഒരു ഭൂതകാല കർത്തരി ക്രിയാബന്ധമാണിത്.

▣ **"പിതാവു നമുക്കു നല്കിയിരിക്കുന്നു"** ഇത് ഒരു പൂർണ്ണ കർത്തരി സൂചകമാണ്. ക്രിസ്തുവിലുള്ള ദൈവത്തിന്റെ ദാനമായ രക്ഷയോട് ബന്ധപ്പെട്ടിരിക്കുന്ന ഈ കാലത്തിന്റെ ഉപയോഗം വിശ്വാസിയുടെ ഭദ്രത എന്ന ഉപദേശത്തിന് വേദപുസ്തക അടിസ്ഥാനം നല്കുന്നു (യോഹന്നാൻ 6:35-40; 10:1 മുതൽ; എഫെസ്യർ 2:5,8; 3:14; 5:1) യോഹന്നാൻ 6:37 ലെ പ്രത്യേക പഠനവിഷയം: ക്രിസ്തീയ ഭദ്രത, കാണുക.

## പ്രത്യേക പഠനവിഷയം: ഒരുവന്റെ രക്ഷയെ സംബന്ധിച്ചുള്ള പുതിയനിയമ തെളിവ്

ഇത് യേശുവിലുള്ള പുതിയ ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് (യിരെ. 31:31-34; യെഹെ. 36:22-38).

1. പിതാവിന്റെ സ്വഭാവം (യോഹ. 3:16), പുത്രന്റെ പ്രവൃത്തി (2 കൊരി. 5:21), ആത്മാവിന്റെ ശുശ്രൂഷ (റോമ. 8:41-16) എന്നിവ അടിസ്ഥാനമാക്കി. മനുഷ്യന്റെ പ്രവൃത്തിയിന്മേലല്ല അനുസരണത്തിനു തക്ക കൂലിയല്ല, വെറുമൊരു പ്രമാണവുമല്ല.
2. ഇത് ഒരു ദാനമാണ് (റോമർ 3:24; 6:23; എഫെ. 2:5,8,9)
3. ഇത് ഒരു പുതിയ ജീവിതമാണ്, ഒരു പുതിയ കാഴ്ചപ്പാടാണ് (യാക്കോബ്, 1 യോഹന്നാൻ)
4. ഇത് ഒരു അറിവും (സുവിശേഷം) കൂട്ടായ്മയും (യേശുവിലും യേശുവിനോടുമുള്ള വിശ്വാസം) ഒരു പുതിയ ജീവിതശൈലിയുമാണ് (ആത്മവിനാൽ നയിക്കപ്പെടുന്ന ക്രിസ്താനുരൂപ്യം). മൂന്നുമാണ് ഏതെങ്കിലും ഒന്നു മാത്രമല്ല.
5. 1 യോഹ. 2:3-3:3 ന്റെ പശ്ചാത്തല ഉൾക്കാഴ്ച C യിൽ ശരിയായ രക്ഷയുടെ പരിശോധനകൾ കാണുക.

▣ **"അങ്ങനെ തന്നെ നാം ആകുന്നു"** ഇത് വർത്തമാനകാല കർത്തരി പ്രയോഗം ആണ്. ഈ പ്രയോഗം കിംഗ് ജെയിംസ് വേർഷനിൽ കാണപ്പെടുന്നില്ല. കാരണം അത് KJV അടിസ്ഥാനമാക്കിയിരിക്കുന്ന പിൽക്കാല ഗ്രീക്ക് കൈയ്യെഴുത്ത് പ്രതികളിൽ ഉൾപ്പെടുത്തിയിരുന്നില്ല (അതായത് K & L). എന്നിരുന്നാലും ഈ പ്രയോഗം വളരെ പഴയ നിരവധി പുരാതന കൈയ്യെഴുത്തു പ്രതികളിൽ കാണുന്നുണ്ട് ($P^{47}$, א, A, B, C). ഇതിന്റെ ഉൾപ്പെടുത്തലിന് $UBS^4$ ഒരു "A" റേറ്റിംഗ് (ഉറപ്പായത്) നൽകുന്നു. ടെക്സ്ചൽ ക്രിറ്റിസിസത്തെപ്പറ്റിയുള്ള അനുബന്ധം രണ്ട് കാണുക.

▣ **"അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു"** ഇത് വ്യക്തമായും പിതാവായ ദൈവത്തെപ്പറ്റിയുള്ള ഒരു പരാമർശമാണ്. കാരണം യോഹന്നാന്റെ സുവിശേഷത്തിൽ ലോകം അവനെ അറിയുന്നല്ലായെന്നു യേശു ആവർത്തിച്ചാവർത്തിച്ച് പറയുന്നു (യോഹ. 8:19,55; 15:18,21; 16:3). യോഹന്നാനിലെ സർവ്വനാമങ്ങൾ സന്ദിഗ്ദ്ധാർത്ഥമുള്ളവയാണ് (2:28 ന്റെ കുറിപ്പു കാണുക). ഈ പശ്ചാത്തലത്തിൽ വ്യാകരണപരമായി മുൻനില്ക്കുന്നപദം പിതാവ് ആണ്. എന്നാൽ വാ. 2 ലെ ദൈവശാസ്ത്രപരമായ പരാമർശം പുത്രനാണ്. എന്നിരുന്നാലും യോഹന്നാനിൽ ഇത് ലക്ഷ്യത്തോടു കൂടെയുള്ള സന്ദിഗ്ദ്ധാർത്ഥമായിരിക്കാം. കാരണം യേശുവിനെ കാണുക എന്നത് പിതാവിനെ കാണുക എന്നതാണ് (യോഹ. 12:45; 14:9).

▣ **"ലോകം ... നമ്മെയും അറിയുന്നില്ല"** 2:15-17 ൽ എന്നതുപോലെ "ലോകം" എന്ന പദം ദൈവശാസ്ത്രപരമായി ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നു വേറിട്ടു സംഘടിപ്പിക്കപ്പെട്ട് പ്രവർത്തിക്കുന്ന മനുഷ്യസമൂഹത്തെയാണ് ലോകം സൂചിപ്പിക്കുന്നത് (യോഹ. 15:18-19; 17:14-15). ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തിന്റെ മറ്റു തെളിവാണ് ലോകത്താലുള്ള പീഡനവും തിരസ്ക്കരണവും (മത്തായി 5:10-16).

**3:2 "നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല"** ഈ അന്ത്യകാല സംഭവങ്ങളെപ്പറ്റി (പ്രവൃ. 1:17) അഥവാ പുനരുത്ഥാന ശരീരത്തിന്റെ കൃത്യമായ സ്വഭാവത്തെപ്പറ്റി (1 കൊരി. 15:35-49) വിവരിക്കുന്നതിനുള്ള യോഹന്നാന്റെ അപ്രാപ്തിയെയാണ് ഇതു സൂചിപ്പിക്കുന്നത്. 2:27 ഈ വിഷയത്തെപ്പറ്റിയുള്ള സമ്പൂർണ്ണമായ വിഷയമല്ല സൂചിപ്പിക്കുന്നത് എന്നും ഇതു കാണിക്കുന്നു. യേശു ഭൂമിയിലായിരുന്നപ്പോൾ ഈ സംഭവത്തെപ്പറ്റിയുള്ള അവന്റെ അറിവും പരിമിതമായിരുന്നു (മത്താ. 24:36; മർക്കൊ. 13:22).

▣ **"അവൻ പ്രത്യക്ഷനാകുമ്പോൾ"** "അപ്പോൾ" എന്ന പദം ഒരു മൂന്നാംതരം സോപാധിക വാചകത്തെ പരിചയപ്പെടുത്തുന്നു. ഇത് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് രണ്ടാം വരവിനെ ചോദ്യം ചെയ്യുന്നതിനല്ല, പിന്നെയോ ഇതിന്റെ സമയത്തിന്റെ അവ്യക്തതയെപ്പറ്റി പറയുന്നതിനാണ്. യോഹന്നാൻ ഇപ്പോൾത്തന്നെയുള്ള രക്ഷയുടെ പൂർണ്ണതയ്ക്ക് ഊന്നൽ കൊടുക്കുമ്പോൾ തന്നെ ഒരു രണ്ടാംവരവും പ്രതീക്ഷിക്കുന്നു.

▣ **"നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാകകൊണ്ട്"** ഇയ്യോബ് ദൈവത്തെ കാണാനാഗ്രഹിച്ചു (ഇയ്യോബ് 19:25-27). ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണുമെന്നു യേശു നമ്മോടു പറഞ്ഞു (മത്തായി 5:8). അവന്റെ പൂർണ്ണതയിൽ അവനെ കാണുക എന്നതിനർത്ഥം നാം അവന്റെ സാദൃശ്യത്തിലേക്ക് മാറ്റപ്പെടുമെന്നുള്ളതാണ് (1 കൊരി. 13:12). ഇത് രണ്ടാം വരവിങ്കലെ വിശ്വാസികളുടെ തേജസ്കരണത്തെപ്പറ്റിയുള്ള പരാമർശമാണ് (റോമർ 8:29). "നീതീകരണം" എന്നതിനർത്ഥം പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യമെന്നും "വിശുദ്ധീകരണം" എന്നതിനർത്ഥം പാപത്തിന്റെ ശക്തിയിൽ നിന്നുള്ള സ്വാതന്ത്ര്യമെന്നുമാണെങ്കിൽ "തേജസ്കരണം" എന്നതിനർത്ഥം പാപത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യമെന്നാണ്.

▣ **"അവനോടു സദൃശന്മാർ ആകും"** ഇത് നമ്മുടെ ക്രിസ്ത്യാനുരൂപ്യത്തിന്റെ പൂർത്തീകരണം ഉൾക്കൊള്ളുന്നു (1 കൊരി. 3:18; എഫെ. 4:13; ഫിലി. 3:21; കൊലൊ. 3:4). ഇതിനെ മിക്കപ്പോഴും തേജസ്കരണം എന്നു വിളിക്കുന്നു (ഒ.നോ. റോമ. 8:28-30). ഇതാണ് നമ്മുടെ രക്ഷയുടെ പൂർത്തീകരണം. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തിലെ ദൈവസ്വരൂപത്തിന്റെ പൂർണ്ണമായ യഥാസ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്ന അന്ത്യകാലശാസ്ത്ര സംബന്ധിയായ രൂപാന്തരമാണിത് (ഉല്പത്തി 1:26; 5:1,3; 9:6). ദൈവത്തോടുള്ള വളരെ ആഴമായ കൂട്ടായ്മ വീണ്ടും സാധ്യമാണ്!

**3:3 "ഈ പ്രത്യാശ"** പൗലൊസിൽ ഈ പദം പുനരുത്ഥാന ദിവസത്തെ സൂചിപ്പിക്കുന്നു (പ്രവൃ. 23:6; 24:15; 26:6-7; റോമർ 8:20-25; 1 തെസ്സ. 2:19; തീത്തൊ. 2:13; 1 പത്രൊ. 1:3,21). ഇത് സംഭവത്തിന്റെ ഉറപ്പിനെ പ്രകടിപ്പിക്കുന്നു എങ്കിലും സമയത്തിന്റെ കാര്യത്തിൽ അനിശ്ചിതത്വം തുടരുന്നു.

മറ്റ് പുതിയനിയമ എഴുത്തുകാരെപ്പോലെ യോഹന്നാൻ രണ്ടാം വരവിന്റെ "പ്രത്യാശയെപ്പറ്റി" തുടർച്ചയായി സംസാരിക്കുന്നില്ല. തന്റെ എഴുത്തുകളിലെ ഈ പദത്തിന്റെ ഒരേയൊരു ഉപയോഗമാണിത്. ഇപ്പോൾ ക്രിസ്തുവിൽ "വസിക്കുന്ന"തിന്റെ നേട്ടങ്ങളും ഉത്തരവാദിത്വങ്ങളുമാണ് തന്റെ ലക്ഷ്യം. എന്നിരുന്നാലും, തിന്മകൾക്ക് ഒരു അന്ത്യകാല ന്യായവിധിയും (ഒ.നോ. 2:18), വിശ്വാസികൾക്ക് ഒരു അന്ത്യകാല തേജസ്കരണവും (ഒ.നോ. 3:1-3) താൻ പ്രതീക്ഷിക്കുന്നില്ല എന്ന് ഇതു സൂചിപ്പിക്കുന്നില്ല.

▣ **"എല്ലാം"** ഈ ഗ്രീക്കുപദമായ *പാസ്* 2:29 മുതൽ 3:10 വരെ 7 പ്രാവശ്യം കാണപ്പെടുന്നു. ഇവിടെ ആരെയും ഒഴിവാക്കുന്നില്ല. യോഹന്നാൻ സത്യത്തെ കറുപ്പും വെളുപ്പും ആയി പ്രദർശിപ്പിക്കുന്നു. ഒരുവൻ ഒന്നുകിൽ ദൈവത്തിന്റെ സന്തതി അല്ലെങ്കിൽ സാത്താന്റെ സന്തതിയാണ് (2:29; 3:3,4,6[2 പ്രാവശ്യം],9,10).

▣ **"അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു"** ഇത് ഒരു വർത്തമാന

കാല കർത്തരി സൂചകമാണ്. നിർമ്മലത പ്രധാനപ്പെട്ടതാണ് (മത്തായി 5:8,48). നീതീകരണം എന്ന പ്രക്രിയയിലെ നമ്മുടെ സഹകരണത്തെപ്പറ്റി യോഹന്നാൻ 1:12 സംസാരിക്കുന്നതു പോലെ തന്നെ വിശുദ്ധീകരണം എന്ന പ്രക്രിയയിൽ നാം തീർച്ചയായും സഹകരിക്കണം (2 കൊരി. 7:1; യാക്കോ. 4:8; 1പത്രൊ. 1:22; 2 പത്രൊ. 3:13-14). നമ്മുടെ രക്ഷയിൽ ദൈവത്തിന്റെ ഭാഗത്തിന്റെയും (പരമാധികാരം) നമ്മുടെ ഭാഗത്തിന്റെയും (മനുഷ്യന്റെ സ്വാതന്ത്ര്യം) മധ്യത്തിലുള്ള അതേ സംഘർഷം യെഹെ. 18:31 നെ 36:26-27 മായി താരതമ്യം ചെയ്യുമ്പോൾ വ്യക്തമായി കാണുവാൻ കഴിയും. ദൈവം എപ്പോഴും മുൻകൈയെടുക്കുന്നു (യോഹ. 6:44,65) എന്നാൽ ദൈവം ആവശ്യപ്പെടുന്നത് ഉടമ്പടിയുടെ ജനം തീർച്ചയായും പ്രാഥമികമായ അനുതാപത്തോടെയും വിശ്വാസത്തോടെയും അതുപോലെ തന്നെ തുടരുന്ന അനുതാപം, വിശ്വാസം, അനുസരണം, സേവനം, ആരാധന, സ്ഥിരോത്സാഹം എന്നിവയിലൂടെയും പ്രതികരിക്കണമെന്നാണ്.

ഇത് യോഹന്നാൻ 17 ലെ യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥനയെപ്പറ്റിയുള്ള ഒരു പരോക്ഷ സൂചനയായിരിക്കാം, പ്രത്യേകിച്ച് വാ. 17,19. അവൻ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു, അവന്റെ അനുഗാമികൾ അവരെത്തന്നെ വിശുദ്ധീകരിക്കുന്നു. ഒരേ മൂലപദത്തിന്റെ വിവിധ രൂപങ്ങൾ ഉപയോഗിച്ചിരിക്കുന്നുവെന്നത് ഏറെക്കുറെ അത്ഭുതാവഹമാണ്.

1. യോഹ. 17:17,19 - *ഹഗിയാഡ്സോ (ἁγιάζω) (ഹഗിയോസ് (ἅγιος),* ഒ.നോ. യോഹ. 10:36)
2. 1 യോഹ. 3:3 *ഹഗ്നിഡ്സോ (ἁγνίζω) (ഹഗ്നോസ് (ἁγνός),* ഒ.നോ. യോഹ. 11:55)

# 3:4-10 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ചിലപ്പോൾ സമ്പൂർണ്ണ വിശുദ്ധീകരണം എന്നു വിളിക്കപ്പെടുന്നു ക്രിസ്തീയ പരിപൂർണ്ണതാ സിദ്ധാന്തവും (ഒ.നോ. റോമർ 6) ക്രിസ്ത്യാനിയുടെ തുടർമാനമായ പാപം ചെയ്യലും തമ്മിലുള്ള വിവാദത്തിന്റെ കേന്ദ്രമായിരിക്കുന്നത് ഈ വേദഭാഗമാണ് (ഒ.നോ. റോമർ 7).

B. ഈ വേദഭാഗത്തിന്റെ വ്യാഖ്യാനത്തെ സ്വാധീനിക്കാൻ നമ്മുടെ ദൈവശാസ്ത്രപരമായ മുൻവിധിയെ നാം തീർച്ചയായും അനുവദിക്കരുത്. അതോടൊപ്പം തന്നെ ഈ വേദഭാഗത്തെ സംബന്ധിച്ചുള്ള നമ്മുടെ സ്വതന്ത്രമായ പഠനം പൂർത്തിയാവുകയും യോഹന്നാൻ എന്താണ് മൂന്നാം അദ്ധ്യായത്തിലും 1 യോഹന്നാനിൽ മുഴുവനും പറഞ്ഞിരിക്കുന്നതെന്ന് നിശ്ചയം വരുത്തുകയും ചെയ്യുന്നതുവരെ മറ്റ് വചനഭാഗങ്ങൾ ഈ വചന ഭാഗത്തെ സ്വാധീനിക്കാൻ നാം അനുവദിക്കരുത്.

C. എല്ലാ വിശ്വാസികളും ആഗ്രഹിക്കുന്ന - പാപത്തിൽ നിന്നുള്ള പരിപൂർണ്ണമായ വിടുതൽ - ലക്ഷ്യത്തെ ഈ വേദഭാഗം വ്യക്തമായി പ്രദർശിപ്പിക്കുന്നു. ഇതേ ആശയം തന്നെ റോമർ 6 ലും പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ അധികാരത്തിലൂടെ നമുക്ക് പാപരഹിതമായ ജീവിതം നയിക്കുന്നതിന് ശക്തിയുണ്ട്.

D. എന്നിരുന്നാലും ഈ വേദഭാഗം, 1 യോഹന്നാന്റെ വിശാലമായ പശ്ചാത്തലത്തോട് തീർച്ചയായും അനുയോജ്യമാകണം.
   1. 1:8-2:2 നെ പരിഗണിക്കാതെയുള്ള (ക്രിസ്ത്യാനികൾ ഇപ്പോഴും പാപം ചെയ്യുന്നു) ഈ വേദഭാഗത്തിന്റെ വ്യാഖ്യാനം ഭോഷത്വമായിരിക്കും
   2. ദുരുപദേശകന്മാരുടെ അവകാശവാദങ്ങൾക്കെതിരായി രക്ഷയുടെ ഉറപ്പ് എന്ന 1 യോഹന്നാന്റെ മൊത്തത്തിലുള്ള ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതിനായി ഈ വേദഭാഗത്തെ വ്യാഖ്യാനിക്കുന്നതും ഭോഷത്വമാണ്.
   3. പാപമില്ലായ്മ അല്ലെങ്കിൽ പാപത്തിന്റെ പ്രാധാന്യമില്ലായ്മ എന്ന ദുരുപദേശകന്മാരുടെ അവകാശവാദത്തോട് ബന്ധപ്പെട്ടതായിരിക്കണം ഈ വേദഭാഗം. 1:8-2:2 ദുരുപദേശകന്മാരുടെ ഒരു തീവ്രനിലപാടിനെയും 3:1-10 മറ്റൊരു തീവ്രനിലപാടിനെയുമാകാം കൈകാര്യം ചെയ്യുന്നത്. പുതിയനിയമത്തിലെ ലേഖനങ്ങളുടെ വ്യാഖ്യാനം ഒരു ടെലഫോൺ സംഭാഷണത്തിന്റെ പകുതിയെ ശ്രദ്ധിക്കുന്നതുപോലെയാണെന്നോർക്കുക.

E. ഈ രണ്ട് വേദഭാഗങ്ങളുടെയും മധ്യത്തിൽ ഒരു വിരോധാഭാസ രൂപത്തിലുള്ള ബന്ധമുണ്ട്. പുതിയനിയമത്തിൽ ക്രിസ്തീയ ജീവിതത്തിലെ പാപം ആവർത്തിക്കുന്ന ഒരു പ്രശ്നമാണ് (ഒ.നോ. റോമർ 7). ഇത് മുൻനിയമനവും സ്വാതന്ത്ര്യവുമെന്ന നിലയിലോ അഥവാ ഭദ്രതയും സ്ഥിരോത്സാഹവുമെന്ന നിലയിലോ ഉള്ള തർക്ക സംബന്ധമായ സംഘർഷത്തിന് രൂപം നല്കുന്നു. വിരോധാഭാസം ദൈവശാസ്ത്രപരമായ സമനില ലഭ്യമാക്കുകയും തീവ്ര നിലപാടുകളെ എതിർക്കുകയും ചെയ്യുന്നു. ദുരുപദേശകന്മാർ പാപത്തിന്റെ മേഖലയിൽ രണ്ട് തെറ്റുകൾ പ്രദർശിപ്പിക്കുന്നു.

F. ദൈവശാസ്ത്രപരമായ ഈ ചർച്ച മുഴുവനും താഴെ പറയുന്നവ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.
   1. ക്രിസ്തുവിലുള്ള നമ്മുടെ നില
   2. ആ നില പൂർത്തീകരിക്കുന്നതിനുള്ള നമ്മുടെ ദൈനംദിന ജീവിതത്തിലെ പരിശ്രമം

3. ഒരുനാൾ വിജയം നമ്മുടേതെന്നുള്ള വാഗ്ദത്തം

ക്രിസ്തുവിൽ നാം പാപത്തിന്റെ ശിക്ഷയിൽ നിന്നും (നീതീകരണം) മോചിതരാണ്, എങ്കിലും ഇപ്പോഴും നാം അതിന്റെ ശക്തിയോട് പോരാടുന്നു (പുരോഗമനോന്മുഖമായ വിശുദ്ധീകരണം). മാത്രമല്ല ഒരു ദിവസം നാം അതിന്റെ സാന്നിദ്ധ്യത്തിൽ നിന്നും സ്വാതന്ത്രരായിരിക്കും (തേജസ്കരണം). ഈ പുസ്തകം മുഴുവനായും പഠിപ്പിക്കുന്നത് നമ്മുടെ പാപത്തെ സമ്മതിക്കുന്നതിന്റെയും പാപരഹിതാവസ്ഥയിലേക്കുള്ള മുന്നേറ്റത്തിന്റെയും പ്രഥമ പരിഗണനയെപ്പറ്റിയാണ്.

G. മറ്റൊന്ന് യോഹന്നാന്റെ സാഹിത്യപരമായ ദ്വന്ദ്വവാദമാണ്. കറുപ്പും വെളുപ്പും വിഭാഗങ്ങളായി താൻ രേഖപ്പെടുത്തിയിരിക്കുന്നു (ചാവുകടൽ ചുരുളുകളിലും ഈ രീതി കാണാം). തന്നെ സംബന്ധിച്ചിടത്തോളം ഒരുവൻ ക്രിസ്തുവിലായിരിക്കുമ്പോൾ അവൻ നീതിമാനാണ് അഥവാ സാത്താനിൽ ആയിരിക്കുമ്പോൾ അവൻ പാപത്തിലും. മൂന്നാമതൊരു അവസ്ഥ ഇല്ല. ഇത് ബാഹ്യവും, സാംസ്കാരികവും, ഭാഗിക-സമയവും, ശവസംസ്ക്കാരത്തിനുവേണ്ടി മാത്രമുള്ളതും, ഈസ്റ്ററിനുവേണ്ടി മാത്രമുള്ളതുമായ ക്രിസ്ത്യാനിത്വത്തിനു നേരെയുള്ള ഒരു ഉണർത്തൽ വിളിയാണ്.

H. ഈ പ്രയാസകരമായ വിഷയം പഠിക്കുന്നതിനു സഹായകരമായ ചില ഗ്രന്ഥങ്ങൾ

1. ഈ വേദഭാഗത്തിന്റെ പരമ്പരാഗതമായ ഏഴ് വ്യാഖ്യാനങ്ങൾക്ക് "The Epistle of John" in *The Tyndale New Testament Commentaries* by John R.W.Stott, published by Eerdman's (pp.130-136).
2. പരിപൂർണ്ണത എന്ന വിഷയത്തെക്കുറിച്ച് *Christian Theology*, Vol. II, p. 440ff by H. Orlon Willie, Published by Beacon Hill Press.
3. ക്രിസ്ത്യാനിയുടെ ജീവിതത്തിലെ തുടർമാനമായ പാപത്തെപ്പറ്റിയുള്ള ഉപദേശത്തിന്റെ ഒരു നല്ല പ്രതിപാദത്തിനായി "Perfectionism" by B. B. Warfield published by The Presbyterian and Reformed Publishing Company.

# പദ, ശൈലി പഠനം

**1 യോഹന്നാൻ 3:4-10**

**[4]പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നേ. [5]പാപങ്ങളെ നീക്കു**
**വാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല. [6]അവനിൽ വസിക്കുന്ന**
**വൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. [7]കുഞ്ഞു**
**ങ്ങളേ, ആരും നിങ്ങളെ തെറ്റിക്കരുതു; അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ**
**നീതിമാൻ ആകുന്നു. [8]പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം**
**ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി. [9]ദൈവ**
**ത്തിൽനിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്തു അവനിൽ വസിക്കുന്നു; ദൈവത്തിൽ**
**നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴികയുമില്ല. [10]ദൈവത്തിന്റെ മക്കൾ ആരെന്നും**
**പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽനിന്നുള്ളവനല്ല.**

**3:4**

**NASB** **"പാപം പ്രവർത്തിക്കുന്ന ഏവനും അധർമ്മവും പ്രവർത്തിക്കുന്നു"**
**NKJV** **"പാപം ചെയ്യുന്നവനെല്ലാം അധർമ്മവും ചെയ്യുന്നു"**
**NRSV** **"പാപം പ്രവർത്തിക്കുന്ന ഏവനും അധർമ്മത്തിന്റെ കുറ്റക്കാരനുമാണ്"**
**TEV** **"പാപം ചെയ്യുന്നവനെല്ലാം ദൈവത്തിന്റെ നിയമം ലംഘിക്കുന്നതു സംബന്ധിച്ച് കുറ്റക്കാരനാണ്"**
**NJB** **"പാപം ചെയ്യുന്നവൻ ആരോ അവൻ അധർമ്മത്തോടെ പ്രവർത്തിക്കുന്നു"**

"ഏവനും" എന്ന സർവ്വനാമം ഇവിടെയും വാ. 6 ലും പ്രാമുഖ്യം നേടിയിരിക്കുന്നു. ഈ പശ്ചാത്തലം മുഴുവൻ മനുഷ്യവർഗ്ഗത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

ഇത് ഒരു വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയും വർത്തമാനകാല കർത്തരി സൂചകവുമാണ്. ഈ വർത്തമാനകാല ക്രിയകൾ, 2:1-2 ലെ ഭൂതകാല കർത്തരി ക്രിയാബന്ധത്തിൽനിന്നു വ്യത്യസ്തമായി പതിവായതും തുടർന്നു പോകുന്നതും ജീവിതശൈലി പ്രവർത്തി സൂചിപ്പിക്കുന്നതുമാണ്. എന്നിരുന്നാലും ഈ വേദഭാഗത്തിന്റെ ദൈവശാസ്ത്രപരമായ പ്രശ്നം ഒരു ക്രിയാകാലം കൊണ്ട് പൂർണ്ണമായി പരിഹരിക്കാൻ കഴിയുകയില്ല (1:7-10 നെ 3:6-9 മായി താരതമ്യം ചെയ്യുക). ഇത് പരിഹരിക്കപ്പെടുന്നത് രണ്ടു വിധത്തിലുള്ള ജ്ഞാനവാദ ദുരുപദേഷ്ടാക്കന്മാരുടെ ചരിത്ര പശ്ചാത്തലത്തിലൂടെയും ഈ പുസ്തകത്തിന്റെ മുഴുവൻ സന്ദർഭത്തിലൂടെയുമാണ്.

ഈ വേദഭാഗത്തിന്റെ മറ്റൊരു വ്യത്യസ്തത "അധർമ്മം" എന്ന ഇതിലെ ശൈലിയാണ്. ഇത് സംസാരിക്കുന്നത് കേവലം മോശെയുടെ ന്യായപ്രമാണത്തിന്റെ ലംഘനം എന്നതിനെക്കാൾ മറുതലിപ്പിന്റെ ഒരു മനോഭാവത്തെപ്പറ്റിയാണ്. 2 തെസ്സ. 2:3,7 ൽ എതിർക്രിസ്തുവിനെപ്പറ്റി വിവരിക്കുന്നതിനായി ഇതേ പദം ഉപയോഗിച്ചിരിക്കുന്നു. ഇത് കേവലം ഒരു നിയമത്തിന്റെ അഥവാ ചട്ടത്തിന്റെ ലംഘനം എന്നതിലുപരി പാപത്തിന്റെ പൂർണ്ണമായ നിർവ്വചനവും (ഒ.നോ. യോഹ. 9:41; റോമർ 14:23; യാക്കോ. 4:17; 1 യോഹ. 5:17) ക്രിസ്തീയ സാദൃശ്യത്തിന്റെ നേരെ വിപരീതവും (ഒ.നോ. വാ. 5) ആണ്.

▣ **"പാപങ്ങളെ നീക്കുവാൻ"** ഇത് ഒരു ഭൂതകാല ക്രിയാബന്ധം ആണ്. ഈ പ്രവൃത്തി മനുഷ്യന്റെ പ്രതികരണത്തെ ആശ്രയിച്ചിരിക്കുന്നതാണ് (അതായത് അനുതാപവും വിശ്വാസവും).
ഈ പ്രസ്താവനയുടെ പശ്ചാത്തലം സാധ്യമായ രണ്ട് ഉറവിടങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

1. മഹാപാപ പരിഹാരദിനം (ഒ.നോ. ലേവ്യ. 16). അന്ന് യിസ്രായേൽ ജനത്തിന്റെ പാപത്തെ പ്രതീകാത്മകമായി ചുമക്കുന്ന രണ്ട് കോലാട്ടുകൊറ്റന്മാരിൽ ഒന്നിനെ മരുഭൂമിയിലേക്ക് അയയ്ക്കുന്നത് (യോഹ. 1:29 ലെ സ്നാപക യോഹന്നാന്റെ ഉപയോഗം കാണുക)
2. യേശു ക്രൂശിൽ നിവർത്തിച്ചതിന്റെ സൂചന (യെശ. 53:11-12; യോഹ. 1:29; എബ്രാ. 9:28; 1 പത്രൊ. 2:24)

▣ **"അവൻ പ്രത്യക്ഷനായി"** ഇത് യേശുവിന്റെ ജഡധാരണത്തെപ്പറ്റി പറയുന്ന ഭൂതകാല കർമ്മണി സൂചകം ആണ് (വാ. 8; 2 തിമൊ. 1:10). അവന്റെ രണ്ടാം വരവിനെപ്പറ്റി പറയാൻ വാ. 2 ൽ *ഫനെറൊഓ(φανεροω)* എന്ന ക്രിയ രണ്ടുതവണ ഉപയോഗിച്ചിരിക്കുന്നു. അവൻ ഒന്നാമത് രക്ഷകനായി വന്നു (മർക്കൊ. 10:45; യോഹ. 3:16; 2 കൊരി. 5:21) എന്നാൽ അവൻ പൂർത്തീകരണ കർത്താവായി മടങ്ങിവരും. എന്റെ പ്രിയപ്പെട്ട അദ്ധ്യാപകരിലൊരാളായ ബിൽ ഹെൻട്രിക്സ് തന്റെ വ്യാഖ്യാനഗ്രന്ഥമായ *ദി ലെറ്റേഴ്സ് ഓഫ് ജോൺ* ൽ ഇപ്രകാരം പറയുന്നു.

> "ക്രിസ്തുവിന്റെ വരവിന്റെ ഉദ്ദേശത്തെ സംബന്ധിച്ചുള്ളതും മനസ്സിൽ ആഴത്തിൽ പതിയുന്നതുമായ രണ്ട് പ്രസ്താവനകൾ ഈ വാക്യത്തിലും വാ. 8 ലുമാണ് കാണപ്പെടുന്നത്. അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടത് പാപത്തെ നീക്കുവാനും (3:5) അവൻ പ്രത്യക്ഷനായത് പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനുമായിരുന്നു (3:8). കാണാതെ പോയതിനെ തിരഞ്ഞു രക്ഷിക്കുക എന്നതായിരുന്നു യേശുവിന്റെ വരവിന്റെ ഉദ്ദേശ്യമെന്നു മറ്റൊരിടത്ത് ലൂക്കൊസ് രേഖപ്പെടുത്തി (ലൂക്കൊസ് 19:10). തന്റെ ആടുകൾക്ക് സമൃദ്ധിയായി ജീവൻ ഉണ്ടാകുവാനാണ് യേശു വന്നതെന്നു യോഹന്നാന്റെ സുവിശേഷം സ്ഥാപിക്കുന്നു (യോഹ. 10:10). യേശു എന്ന നാമത്തിനു താൻ നല്കിയ വ്യാഖ്യാനത്തിൽ യേശുവിന്റെ വരവിന്റെ ഉദ്ദേശ്യത്തെ മത്തായി സൂചിപ്പിച്ചു; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു വിടുവിക്കും (മത്തായി 1:21). ഈ ആവിഷ്കരണങ്ങളുടെയെല്ലാം അടിസ്ഥാന സത്യം മനുഷ്യന് തനിക്കുവേണ്ടി തന്നെ ചെയ്യുവാൻ കഴിയാത്ത ഒന്നു യേശുക്രിസ്തു മനുഷ്യനുവേണ്ടി ചെയ്തു എന്നുള്ളതാണ്" (പേജ് 79-80).

▣ **"അവനിൽ പാപം ഇല്ല"** ഇത് വർത്തമാനകാല കർത്തരി സൂചകം ആണ്. യേശുക്രിസ്തുവിന്റെ പാപമില്ലായ്മയാണ് (ഒ.നോ. യോഹ. 8:46; 2 കൊരി. 5:21; എബ്രാ. 4:15; 7:26; 1 പത്രൊ. 1:19; 2:22) നമുക്കു പകരമായുള്ള തന്റെ പ്രായശ്ചിത്ത മരണത്തിന്റെ അടിസ്ഥാനം (യെശ. 53).

വാ. 5 ന്റെ ആദ്യഭാഗത്ത് "പാപം" എന്നത് ബഹുവചനവും അവസാനഭാഗത്ത് ഏകവചനവുമാണെന്നത് ശ്രദ്ധിക്കുക. ആദ്യത്തേത് സൂചിപ്പിക്കുന്നത് പാപപ്രവൃത്തിയെയും രണ്ടാമത്തേത് അവന്റെ നീതിയുള്ള സ്വഭാവത്തെയുമാണ്. വിശ്വാസികൾ ക്രിസ്തുവിന്റെ സ്ഥാനപരമായ വിശുദ്ധീകരണത്തെയും പുരോഗമനപരമായ വിശുദ്ധീകരണത്തെയും പങ്കുവയ്ക്കണമെന്നതാണ് ലക്ഷ്യം. പാപം ക്രിസ്തുവിനും അവന്റെ അനുയായികൾക്കും വിരുദ്ധമായ കാര്യമാണ്.

## പ്രത്യേക പഠനവിഷയം: വിശുദ്ധീകരണം

പാപികൾ അനുതാപത്തോടും വിശ്വാസത്തോടും യേശുവിങ്കലേക്കു തിരിയുമ്പോൾ തൽക്ഷണം തന്നെ അവർ നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കുപ്പെടുകയും ചെയ്യുന്നു എന്നാണ് പുതിയനിയമം പ്രഖ്യാപിക്കുന്നത്. ഇതാണ് ക്രിസ്തുവിലുള്ള അവരുടെ പുതിയ നില. അവന്റെ നീതി അവരുടെ മേൽ ചുമത്തപ്പെട്ടിരിക്കുകയാണ് (റോമർ 4). അവർ ശരിയായ ബന്ധത്തിലായെന്നും വിശുദ്ധന്മാരെന്നും പ്രഖ്യാപിക്കപ്പെടുന്നു (ദൈവത്തിന്റെ ഒരു നീതീകരണ പ്രവൃത്തി).

എന്നാൽ വിശുദ്ധിയിലും വിശുദ്ധീകരണത്തിലും തുടരുവാനും പുതിയനിയമം വിശ്വാസികളെ ഉത്സാഹിപ്പിക്കുന്നു. ഇത് യേശുക്രിസ്തുവിന്റെ പൂർത്തിയായ പ്രവൃത്തിയിന്മേലുള്ള ഒരു ദൈവശാസ്ത്രപരമായ നിലയും ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെപ്പോലെയുള്ള മനോഭാവവും പ്രവൃത്തിയുമുണ്ടായിരിക്കുന്നതിനുള്ള ഒരു ആഹ്വാനവുമാണ്. രക്ഷ സൗജന്യദാനവും വിലകൊടുക്കേണ്ട ജീവിതശൈലിയുമായിരിക്കുന്നതുപോലെ തന്നെയാണ് വിശുദ്ധീകരണവും.

| പ്രാഥമിക പ്രതികരണം | പുരോഗമനോന്മുഖമായ ക്രിസ്തുസാദൃശ്യം |
|---|---|
| പ്രവൃ. 20:23; 26:18 | റോമർ 6:19 |
| റോമർ 15:16 | 2 കൊരി. 7:1 |
| 1 കൊരി. 1:2-3; 6:11 | എഫെ. 1:14; 2:10 |
| 2 തെസ്സ. 2:13 | 1 തെസ്സ. 3:13; 4:3-4,7; 5:23 |
| എബ്രാ. 2:11; 10:10,14; 13:12 | 1 തിമൊ. 2:15 |
| 1 പത്രൊ. 1:12 | 2 തിമൊ. 2:21 |
| | എബ്രാ. 12:14 |
| | 1 പത്രൊ. 11:15-16 |

**3:6 "അവനിൽ വസിക്കുന്നവൻ ആകും പാപം ചെയ്യുന്നില്ല"** 3:4 നെപ്പോലെ ഇത് മറ്റൊരു വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയും വർത്തമാനകാല കർത്തരി സൂചകവും ആണ്. ഈ വേദഭാഗം 1:8-2:2; 5:16 എന്നിവയുമായി താരതമ്യപ്പെടുത്തേണം.

▣ **"പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല"** ഇത് വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയും അതിനെത്തുടർന്നുവരുന്ന രണ്ട് പൂർണ്ണ കർത്തരി സൂചകങ്ങളുമാണ്. തുടർമാനമായ പാപം ഒരുവൻ ക്രിസ്തുവിനെ അറിയുന്നില്ലെന്നും ഒരിക്കലും അറിഞ്ഞിട്ടില്ലെന്നും ഉള്ളതിന്റെ തെളിവാണ്. പാപം ചെയ്യുന്ന ക്രിസ്ത്യാനികൾ

1. ക്രിസ്തുവിന്റെ ദൗത്യത്തെ വിഫലമാക്കുന്നു
2. ക്രിസ്തുസാദൃശ്യം എന്ന ലക്ഷ്യത്തെ വിഫലമാക്കുന്നു
3. വ്യക്തിയുടെ ആത്മീയ ഉത്ഭവത്തെ വെളിപ്പെടുത്തുന്നു (ഒ.നോ. 8:44)

▣ **"ആരും നിങ്ങളെ തെറ്റിക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി അവസാനിപ്പിക്കുക എന്ന അർത്ഥം വരുന്ന നിഷേധാത്മക ഘടകത്തോടുകൂടിയ വർത്തമാനകാല കർത്തരി വിധിരൂപമാണിത്. ദുരുപദേഷ്ടാക്കളുടെ സാന്നിദ്ധ്യം (ഒ.നോ. 2:26) 1 യോഹന്നാന്റെ മുഴുവനെയും വാ. 1:7-10; 3:4-10 എന്നീ ഭാഗങ്ങളെ പ്രത്യേകിച്ചും ദൈവശാസ്ത്രപരമായി കൃത്യമായി മനസ്സിലാക്കുന്നതിനുള്ള ചരിത്രപരമായ പശ്ചാത്തലം ഒരുക്കുന്നു.

▣ **"നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു"** ഈ വേദഭാഗത്തെ പൊതുവായ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്ത് ഒരു ഉപദേശം സ്ഥാപിക്കുന്നതിന് ("നീതി പ്രവർത്തിക്കുക") ഉപയോഗിക്കുവാൻ കഴിയുകയില്ല. തങ്ങളുടെ വ്യക്തിപരമായ ഗുണം കൊണ്ട് മനുഷ്യർക്ക് വിശുദ്ധനായ ദൈവത്തെ സമീപിക്കുവാൻ കഴിയുകയില്ലെന്ന എന്ന ഉപദേശത്തിൽ പുതിയ നിയമം ഉറച്ചുനില്ക്കുന്നു. സ്വയപ്രയത്നം കൊണ്ടല്ല മനുഷ്യൻ രക്ഷിക്കപ്പെടുന്നത്. മറിച്ച്, ക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലൂടെയുള്ള ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനത്തോട് മനുഷ്യൻ പ്രതികരിക്കണം. നമ്മുടെ പ്രവൃത്തികൾ നമ്മെ ദൈവത്തിങ്കലേക്ക് കൊണ്ടുവരികയില്ല. നാം അവനെ കണ്ടുമുട്ടിയെന്നതിന്റെ തെളിവാണ് അവ. നമ്മുടെ ആത്മിക സ്ഥിതിയും (വെളി. 22:11) രക്ഷയ്ക്കുശേഷമുള്ള പക്വതയും അവ വ്യക്തമായി വെളിപ്പെടുത്തുന്നു. നാം രക്ഷിക്കപ്പെട്ടത് സൽപ്രവൃത്തികളാൽ അല്ല പിന്നെയോ സൽപ്രവൃത്തികൾക്കായിട്ടാണ്. ക്രിസ്തുവിലുള്ള ദൈവത്തിന്റെ സൗജന്യദാനത്തിന്റെ ലക്ഷ്യം ക്രിസ്തുസാദൃശ്യമുള്ള അനുയായികളാണ് (എഫെ. 2:8-9,10). ഓരോ വിശ്വാസിക്കും വേണ്ടിയുള്ള ദൈവത്തിന്റെ പരമമായ ഹിതം അവൻ മരിക്കുമ്പോഴുള്ള സ്വർഗ്ഗം മാത്രമല്ല (നിയമപരമായ നീതീകരണം), ഇപ്പോൾ ക്രിസ്തുവിന്റെ സാദൃശ്യത്തോടുള്ള ഏകീഭാവമാണ് (ഭൂമിയിൽവെച്ചുള്ള വിശുദ്ധീകരണം) (മത്താ. 5:48; റോമ. 8:28-29; ഗലാ. 4:19). നീതിയെപ്പറ്റിയുള്ള ഒരു പദ പഠനത്തിന് 2:29 ലെ പ്രത്യേക പഠനവിഷയം കാണുക.

**3:8 "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു"** ഇത് വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. ദൈവത്തിന്റെ മക്കളെ തിരിച്ചറിയുന്നത് അവർ എങ്ങനെ ജീവിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്, അങ്ങനെതന്നേ പിശാചിന്റെ മക്കളെയും.

▣ **"പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ"** ഇത് വർത്തമാനകാല കർത്തരി സൂചകമാണ്. പിശാച് ആദിമുതൽ പാപം ചെയ്തുകൊണ്ടിരിക്കുന്നു (ഒ.നോ. യോഹ. 8:44). ഇത് സൃഷ്ടിയെയോ ദൂതന്മാരുടെ മറുതലിപ്പിനെയോ സൂചിപ്പിക്കുന്നുണ്ടോ?

സാത്താൻ ദൈവത്തോട് മത്സരിച്ചത് എപ്പോഴാണെന്നത് ദൈവശാസ്ത്രപരമായി തെളിയിക്കുക പ്രയാസകരമാണ്. ഇയ്യോബ് 1-2; സെഖര്യാവ് 3; 1 രാജാക്കന്മാർ 22:19-23 ഭാഗങ്ങളിൽനിന്ന് നാം അനുമാനിക്കേണ്ടത് സാത്താൻ ദൈവത്തിന്റെ ഒരു ദാസനും ദൂതന്മാരുടെ സഭയിലെ ഒരംഗവുമായിരുന്നുവെന്നാണ്. പൗരസ്ത്യ രാജാക്കന്മാരുടെ അഹങ്കാരവും ഗർവ്വവും അതിമോഹവും (ബാബിലോൺ, യെശ. 14:13-14; അഥവാ സോർ, യെഹെ. 28:12-16) സാത്താന്റെ മത്സരത്തെ പ്രഖ്യാപിക്കുന്നതിനായി ഉപയോഗിച്ചിരിക്കാൻ സാധ്യതയുണ്ട് (സംഭവ്യതയില്ല) (ഒരു പക്ഷേ മറയ്ക്കുന്ന ഒരു കെരൂബ്, യെശ. 28:14,16). എന്നിരുന്നാലും ലൂക്കൊസ് 10:18 ൽ സാത്താൻ മിന്നൽ പോലെ ആകാശത്തുനിന്നു വീഴുന്നതു താൻ കണ്ടു എന്നു യേശു പറഞ്ഞു, എന്നാൽ കൃത്യമായി എപ്പോഴാണെന്നു ഇത് നമ്മോട് പറയുന്നില്ല. വെളിപ്പാടിന്റെ അഭാവം നിമിത്തം സാത്താന്റെ ഉത്ഭവും വളർച്ചയും സംബന്ധിച്ച കാര്യം

തീർച്ചയില്ലാതെ അവശേഷിച്ചേ മതിയാകൂ. ഒറ്റപ്പെട്ടതും അവ്യക്തവും ആലങ്കാരികവുമായ വചനഭാഗങ്ങൾ വ്യവസ്ഥാപിതവും ഉപദേശവുമാകുന്നതിനെതിരെ ജാഗരൂകരായിരിക്കണം. ദാസനെന്ന നിലയിൽ നിന്നും അധമനായ ശത്രുവെന്ന നിലയിലേക്കുള്ള സാത്താന്റെ പുരോഗതിയെപ്പറ്റിയുള്ള ഏറ്റവും നല്ല ചർച്ചയ്ക്ക് കാണുക: A.B.Davidson, Old Testament Theology, Published by T & T Clark, pp.300-306. യോഹ. 12:31 ലെ പ്രത്യേക വിഷയം: ആളത്വമുള്ള ദുഷ്ടത കാണുക.

▣ **"പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ"** കാലത്തിലും ജഡത്തിലുമുള്ള യേശുവിന്റെ പ്രത്യക്ഷതയുടെ ഉദ്ദേശ്യം "അഴിക്കുക" (നശിപ്പിക്കുക) എന്നതായിരുന്നു *(ലൂഓ* എന്ന പദത്തിന്റെ ഭൂതകാല കർത്തരി അനുബന്ധമാണിത്). അതിനർത്ഥം "അഴിക്കുക" "കെട്ടഴിക്കുക" "നശിപ്പിക്കുക" എന്നാണ്. യേശു അതു കാൽവറിയിൽ ചെയ്തു, എന്നാൽ മനുഷ്യർ തീർച്ചയായും അവന്റെ പൂർത്തിയായ പ്രവൃത്തിയോടും സൗജന്യ ദാനത്തോടും (റോമർ 3:24; 6:23; എഫെ. 2:8) അവനെ സ്വീകരിക്കുന്നതിലൂടെയും വിശ്വാസത്തിലൂടെയും പ്രതികരിക്കണം (യോഹ. 1:12; 3:16).

പുതിയ നിയമത്തിന്റെ ''ആയിക്കഴിഞ്ഞു, എന്നാൽ ഇനിയുമായില്ല" എന്ന സംഘർഷം സാത്താന്റെ നാശത്തോടും ബന്ധപ്പെട്ടിരിക്കുന്നു. പിശാച് തോല്പിക്കപ്പെട്ടു എന്നാൽ ദൈവരാജ്യത്തിന്റെ പൂർത്തീകരണം വരെ അവൻ ലോകത്തിൽ പ്രവർത്തന നിരതനായിരിക്കും.

▣ **"ദൈവപുത്രൻ"** താഴെക്കൊടുത്തിരിക്കുന്ന പ്രത്യേക പഠനവിഷയം കാണുക.

## പ്രത്യേക പഠനവിഷയം: ദൈവപുത്രൻ

പുതിയനിയമത്തിലെ യേശുവിന്റെ പ്രധാനപ്പെട്ട സ്ഥാനപ്പേരുകളിൽ ഒന്നാണിത്. ഇതിന് തീർച്ചയായും ദൈവികമായ ലക്ഷ്യാർത്ഥങ്ങളുണ്ട്. ഇത് യേശുവിനെ "പുത്രനായി" അഥവാ "എന്റെ പുത്രനായി" ഉൾക്കൊള്ളുകയും ദൈവത്തെ "പിതാവ്" എന്ന് അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. ഇത് പുതിയനിയമത്തിൽ 124 പ്രാവശ്യത്തിലധികം കാണുന്നു. "മനുഷ്യപുത്രൻ" എന്ന് യേശു സ്വയമെടുത്ത നാമത്തിനുപോലും ദാനീ. 7:13-14 ൽ ഒരു ദൈവിക ലക്ഷ്യാർത്ഥമുണ്ട്.

പഴയനിയമത്തിൽ "പുത്രൻ" എന്ന പേരിന് നാല് പ്രത്യേക വിഭാഗങ്ങളെ സൂചിപ്പിക്കാൻ കഴിയും.

1. ദൂതന്മാർ (സാധാരണയായി ബഹുവചനത്തിൽ, ഒ.നോ. ഉല്പ. 6:2; ഇയ്യോ. 1:6; 2:1)
2. യിസ്രായേലിന്റെ രാജാവ് (ഒ.നോ. 2 ശമൂ. 7:14; സങ്കീ. 2:7; 89:26-27)
3. യിസ്രായേൽജനം മുഴുവനായി (പുറ. 4:22-23; ആവ. 14:1; ഹോശേ. 11:1; മലാഖി 2:10)
4. യിസ്രായേല്യ ന്യായാധിപന്മാർ (സങ്കീ. 82:6)

രണ്ടാമത്തെ ഉപയോഗമാണ് യേശുവിനോടു ബന്ധപ്പെട്ടിരിക്കുന്നത്. ഈ വിധത്തിൽ "ദാവീദിന്റെ പുത്രനും" "ദൈവത്തിന്റെ പുത്രനും" 2 ശമൂ. 17; സങ്കീ. 2 & 89 എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. യിസ്രായേലിന്റെ "അഭിഷിക്ത പദവി" കളിലൊന്നായ അന്ത്യകാല രാജാവ് എന്ന അർത്ഥത്തിലൊഴികെ പഴയനിയമത്തിൽ മശിഹായെപ്പറ്റി ഒരിക്കലും "ദൈവപുത്രൻ" എന്നു ഉപയോഗിച്ചിട്ടില്ല. എന്നിരുന്നാലും ചാവുകടൽ ചുരുളുകളിൽ മശിഹാ സൂചകമായ സ്ഥാനപ്പേരുകൾ സാധാരണമാണ് *(ഡിക്ഷണറി ഓഫ് ജീസസ് ആന്റ് ദി ഗോസ്പൽസ്* ലെ പ്രത്യേക പരാമർശങ്ങൾ കാണുക. പേജ് 770). അതുപോലെ തന്നെ പഴയനിയമകാലത്തിനും പുതിയനിയമ കാലത്തിനും മധ്യത്തിലുള്ള രണ്ട് യെഹൂദ്യ വെളിപ്പാട് കൃതികളിൽ "ദൈവപുത്രൻ" എന്നത് മശിഹാ സൂചകമായ സ്ഥാനപ്പേരാണ് (ഒ.നോ. 2 എസ്ദ്രാസ് 7:28; 13:32,37,52; 14:9; 1 ഹാനോക്ക് 105:2).

ഇത് യേശുവിനെ സൂചിപ്പിക്കുന്നതിനാൽ ഇതിന്റെ പുതിയനിയമ പശ്ചാത്തലം വിവിധ വിഭാഗങ്ങളിലായി വളരെ നന്നായി സംക്ഷേപിച്ചിട്ടുണ്ട്.

1. അവന്റെ പൂർവ്വാസ്തിക്യം (ഒ.നോ. 1:1-18)
2. അവന്റെ നിസ്തുലമായ (കന്യക) ജനനം (മത്തായി 1:23; ലൂക്കൊ. 1:31-35)
3. അവന്റെ സ്നാനം (മത്താ. 3:17; മർക്കൊ. 1:11; ലൂക്കൊ. 3:22. സ്വർഗ്ഗത്തിൽ നിന്നുള്ള ദൈവത്തിന്റെ ശബ്ദം രണ്ടാം സങ്കീർത്തനത്തിലെ രാജാവിനെയും യെശയ്യാവ് 53 ലെ കഷ്ടതയനുഭവിക്കുന്ന ദാസനെയും ഒരുമിപ്പിക്കുന്നു)
4. സാത്താനാലുള്ള അവന്റെ പരീക്ഷണം (മത്താ. 4:1-11; മർക്കൊ. 1:12,13; ലൂക്കൊ. 4:1-13. തന്റെ പുത്രത്വത്തെ സംശയിക്കുന്നതിന് അഥവാ കുറഞ്ഞപക്ഷം ക്രൂശു കൂടാതെ തന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അവൻ പരീക്ഷിക്കപ്പെട്ടു
5. അസ്വീകാര്യ ഏറ്റുപറച്ചിലുകാരാലുള്ള അവന്റെ സ്ഥിരീകരണം
   a. ഭൂതങ്ങൾ (മർക്കൊ. 1:23-25; ലൂക്കൊ. 4:31-37,41; മർക്കൊ. 3:11-12; 5:7)
   b. അവിശ്വാസികൾ (മത്താ. 27:43; മർക്കൊ. 14:61; യോഹ. 19:7)
6. തന്റെ ശിഷ്യന്മാരാലുള്ള അവന്റെ ഉറപ്പാക്കൽ
   a. മത്തായി 14:33; 16:16

b. യോഹന്നാൻ 1:34,49; 6:69; 11:27

7. അവന്റെ സ്വയം ഉറപ്പാക്കൽ

a. മത്തായി 11:25-27

b. യോഹന്നാൻ 10:36

8. ദൈവത്തെ പിതാവെന്ന നിലയിൽ കുടുംബസംബന്ധിയായ ദൃഷ്ടാന്തത്തിന്റെ ഉപയോഗം

a. ദൈവത്തെ സൂചിപ്പിക്കുന്നതിനുള്ള “അബ്ബാ” എന്ന ഉപയോഗം

1) മർക്കൊസ് 14:36

2) റോമർ 8:15

3) ഗലാത്യർ 4:6

b. ദൈവത്തോടുള്ള തന്റെ ബന്ധത്തെ വിവരിക്കുന്നതിനുവേണ്ടിയുള്ള അവന്റെ പിതാവെന്ന (പാറ്റീർ-*πατηρ*) ആവർത്തിച്ചുള്ള ഉപയോഗം

ചുരുക്കത്തിൽ പഴയനിയമവും അതിന്റെ വാഗ്ദത്തങ്ങളും വിഭാഗങ്ങളും അറിയാവുന്നവർക്ക് “ദൈവപുത്രൻ” എന്ന സ്ഥാനപ്പേരിന് മഹത്തായ ദൈവശാസ്ത്രപരമായ അർത്ഥമുണ്ട്. എന്നാൽ പുതിയനിയമ എഴുത്തുകാർക്ക് അത് ഉപയോഗിക്കുന്നതിൽ വൈമനസ്യമുണ്ടായിരുന്നു. കാരണം ജാതികളുടെ ഇടയിൽ “ദൈവങ്ങൾ” സ്ത്രീകളെ ഭാര്യമാരായി എടുത്ത് അവരിൽ “രാക്ഷസന്മാർ” ജനിക്കുന്നതിനെക്കുറിച്ചുള്ള വിശ്വാസം നിലനിന്നിരുന്നതിനാൽ ഈ ഉപയോഗത്തെക്കുറിച്ച് അവർക്ക് സന്ദേഹമുണ്ടായിരുന്നു.

▣ **“പ്രത്യക്ഷനായി”** ഇത് “വ്യക്തമാക്കുന്നതിനായി വെളിച്ചത്തിലേക്കു കൊണ്ടുവരിക” എന്നർത്ഥമുള്ള *ഫനേറോഓ (φavεpow)* എന്ന ഗ്രീക്കുപദമാണ്. വാക്യങ്ങൾ 5, 6 സമാന്തരങ്ങളാണെന്നു മാത്രമല്ല, ഇവ രണ്ടും കർമ്മണി പ്രയോഗത്തിൽ ഈ പദത്തെ ഉപയോഗിക്കുന്നു, അവന്റെ ജഡധാരണത്തിൽ ക്രിസ്തു യഥാർത്ഥമായി (ശരിയായി) വെളിപ്പെടുത്തപ്പെട്ടു എന്നാണിതിനർത്ഥം (ഒ.നോ. 1:2). ദുരുപദേശകന്മാരുടെ പ്രശ്നം സുവിശേഷം അവർക്ക് വ്യക്തമല്ലായിരുന്നുവെന്നു എന്നതല്ല പിന്നെയോ അവർക്ക് അവരുടെതായ ദൈവശാസ്ത്രപരവും താത്വശാസ്ത്രപരവുമായ അജണ്ടകൾ ഉണ്ടായിരുന്നുവെന്നുള്ളതാണ്.

**3:9 “ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും”** ഇത് പൂർണ്ണ കർമ്മണി അപൂർണ്ണക്രിയയാണ് (വാ. 9; 2:29; 5:18 എന്നിവയിലെ സമാന്തരങ്ങൾ). ഇത് സംസാരിക്കുന്നത് പുറമെയുള്ള ഒരു വ്യക്തിയാൽ (ദൈവം) ഉത്പാദിപ്പിക്കപ്പെട്ട ഒരു ക്രമീകൃത അവസ്ഥയെപ്പറ്റിയാണ്.

▣ **“പാപം ചെയ്യുന്നില്ല”** 2:1 നു വിരുദ്ധമായ വർത്തമാനകാല കർത്തരി സൂചകമാണിത്. അവിടെ ഭൂതകാല കർത്തരി അനുബന്ധം രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഈ പ്രസ്താവനയുടെ പ്രാധാന്യത്തെക്കുറിച്ച് രണ്ട് സിദ്ധാന്തങ്ങളുണ്ട്.

1. ഇത് ജ്ഞാനവാദ ദുരുപദേശകന്മാരുമായി, പ്രത്യേകിച്ച് രക്ഷയെ ബൗദ്ധിക ആശയങ്ങളിലേക്ക് തരം താഴ്ത്തുകയും അങ്ങനെ സാന്മാർഗ്ഗികമായ ജീവിതശൈലിയുടെ അനിവാര്യതയെ ഒഴിവാക്കുകയും ചെയ്ത കൂട്ടരുമായി ബന്ധപ്പെട്ടിരിക്കുന്നു.
2. വർത്തമാനകാല ക്രിയ, ഒറ്റപ്പെട്ട പാപപ്രവൃത്തികളെയല്ല, (റോമർ 6:15) പിന്നെയോ തുടർമാനവും പതിവായതുമായ പാപപ്രവൃത്തിയെ ഊന്നിപ്പറയുന്നു (റോമർ 6:15)

ഈ ദൈവശാസ്ത്രപരമായ വ്യത്യാസം റോമർ 6 ലും (ക്രിസ്തുവിലുള്ള പാപരാഹിത്യം) റോമർ 7 ലും (പാപത്തെ കുറയ്ക്കുന്നതിനുള്ള വിശ്വാസിയുടെ തുടർന്നുപോകുന്ന പോരാട്ടം) ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ചരിത്രസമീപനപ്രകാരം #1 ഏറ്റവും നല്ലതായി തോന്നുന്നു. എന്നാൽ #2 ൽ വ്യക്തമാക്കിയിരിക്കുന്ന കാര്യവും രുവൻ ഇക്കാലത്ത് പ്രാവർത്തികമാക്കേണ്ടതുണ്ട്. ഇതിനെക്കുറിച്ച് ഒരു നല്ല പഠനം വാൾട്ടർ കെയ്സർ, പീറ്റർ ഡേവിഡ്സ്, എഫ്. എഫ്. ബ്രൂസ്, മാൻഫ്രെഡ് ബ്രാവൂക്ക് എന്നിവരെഴുതിയ *ഹാർഡ് സേയിംഗ്സ് ഓഫ് ദി ബൈബിൾ* എന്ന ഗ്രന്ഥത്തിൽ കാണാം, പേജ് 736-739.

▣ **“അവന്റെ വിത്തു അവനിൽ വസിക്കുന്നു”** ഇത് വർത്തമാനകാല കർത്തരി സൂചകമാണ്. “അവന്റെ വിത്ത്” എന്ന ഗ്രീക്കു പ്രയോഗത്തിന്റെ കൃത്യമായ അർത്ഥം സംബന്ധിച്ച് അനവധി സിദ്ധാന്തങ്ങൾ ഉണ്ട്.

1. ഇത് ദൈവത്തിന്റെ വചനത്തെ സൂചിപ്പിക്കുന്നുവെന്നു അഗസ്റ്റിനും ലൂഥറും പറഞ്ഞു (ഒ.നോ. ലൂക്കൊ. 8:11; യോഹ. 5:38; യാക്കോ. 1:18; 1 പത്രൊ. 1:23)
2. ഇത് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നുവെന്നാണ് കാൽവിൻ പറഞ്ഞത് (ഒ.നോ. യോഹ. 3:5,6,8; 1 യോഹ. 3:24; 4:4,13)
3. ഇത് ദൈവിക സ്വഭാവത്തെ അഥവാ പുതിയ വ്യക്തിത്വത്തെ സൂചിപ്പിക്കുന്നുവെന്നു മറ്റുള്ളവർ പറഞ്ഞു (ഒ.നോ. 2 പത്രൊ. 1:4; എഫെ. 4:24)
4. “അബ്രഹാമിന്റെ സന്തതി” യെന്ന നിലയിൽ ഇത് ക്രിസ്തുവിനെത്തന്നെ സൂചിപ്പിക്കുന്നതാകാം (ഒ. നോ. ലൂക്കൊ. 1:55; യോഹ. 8:33,37; ഗലാ. 3:16)
5. “ദൈവത്തിൽ നിന്നു ജനിച്ചവൻ” എന്നതിന്റെ പര്യായപദമാണെന്നു ചിലർ പറയുന്നു

6. എല്ലാമനുഷ്യരിലുമുള്ള ദൈവിക സ്ഫുലിംഗത്തെപ്പറ്റി പറയുവാൻ ജ്ഞാനവാദികൾ ഉപയോഗിച്ച പദം ഇതാണ്

പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച സിദ്ധാന്തം #4 ആയിരിക്കാം. എന്നാൽ യോഹന്നാൻ തന്റെ പദസഞ്ചയം തെരഞ്ഞെടുത്തത് ആരംഭകാലത്തെ ഇൻസിപിയന്റ് ഗ്നോസ്റ്റിക്കുകളെ ഖണ്ഡിക്കുന്നതിനാണ് (അതായത് #6).

**3:10** 4 മുതൽ 4 വരെയുള്ള വാക്യങ്ങളുടെ ഒരു സംക്ഷിപ്തമാണിത്. ഇത് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്ന രണ്ട് വർത്തമാനകാല കർത്തരി സൂചകങ്ങളും രണ്ട് വർത്തമാനകാല കർത്തരി അപൂർണ്ണക്രിയകളും അടങ്ങിയതാണ്. ദൈവശാസ്ത്രപരമായി ഇത് ഗിരിപ്രഭാഷണത്തിലെ യേശുവിന്റെ പ്രസ്താവനയ്ക്ക് സമാന്തരമാണ് (ഒ.നോ. മത്താ. 7:16-20). ഒരുവൻ എങ്ങനെ ജീവിക്കുന്നു എന്നത് അവന്റെ ഹൃദയത്തെയും ജീവിതശൈലിയെയും വെളിപ്പെടുത്തുന്നതാണ്.

▣ **"ദൈവത്തിന്റെ മക്കൾ ... പിശാചിന്റെ മക്കൾ"** ഇത് യോഹന്നാന്റെ യെഹൂദ്യ പശ്ചാത്തലത്തെ പ്രദർശിപ്പിക്കുന്നു. നാമവിശേഷണങ്ങൾ ഇല്ലാത്ത ഒരു പുരാതന ഭാഷയായ എബ്രായ ഭാഷ വ്യക്തികളെപ്പറ്റി വിവരിക്കുന്നതിന് "......ന്റെ മക്കൾ" എന്ന പ്രയോഗം ഉപയോഗിച്ചു.

**1 യോഹന്നാൻ 3:11-12**

**[11]നിങ്ങൾ ആദിമുതൽ കേട്ട ദൂതു: നാം അന്യോന്യം സ്നേഹിക്കേണം എന്നല്ലോ ആകുന്നു. [12]കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നതുപോലെ അല്ല; അവനെ കൊല്ലുവാൻ സംഗതി എന്തു? തന്റെ പ്രവൃത്തി ദോഷവും സഹോദരന്റേതു നീതിയുമുള്ളതാകകൊണ്ടത്രേ.**

**3:11 "നിങ്ങൾ ആദിമുതൽ കേട്ട"** ഈ ശൈലി ജീവിക്കുന്ന ദൈവത്തിന്റെ വചനമെന്ന നിലയിലും (1 യോഹന്നാൻ 1:1) വെളിപ്പെടുത്തുന്ന ദൈവത്തിന്റെ വചനം എന്ന നിലയിലും യേശുവിനെപ്പറ്റി വിവരിക്കുന്ന ഒരു പ്രയോഗതമാണ് (1:1; 2:7,13,14,24; 2 യോഹ. 5,6).

▣ **"ദൂത്"** ഈ ഗ്രീക്കു പദം *(അംഗേലിയ-αγγελια)* 1 യോഹ. 1:5 ലും 3:11 ലും മാത്രം ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തേത് ഉപദേശപരയഃ രണ്ടാമത്തേത് ധാർമ്മികവുമാണ്. ഇത് ക്രിസ്ത്യാനിത്വത്തിന്റെ രണ്ട് വശങ്ങൾ തമ്മിൽ യോഹന്നാൻ സൂക്ഷിക്കുന്ന സമനിലയോട് ഒത്തുപോകുന്നതാണ് (1:8,10; 2:20,24; 3:14).

▣ **"നാം അന്യോന്യം സ്നേഹിക്കേണം"** തങ്ങൾ യഥാർത്ഥമായ വീണ്ടെടുക്കപ്പെട്ടു എന്ന് വിശ്വാസികൾ അറിയുന്ന തെളിവാണിത് (വാ. 10,14). ഇത് യേശുവിന്റെ വാക്കുകളെ പ്രതിഫലിപ്പിക്കുന്നു (ഒ.നോ. യോഹ. 13:34-35; 15:12,17; 1 യോഹ. 3:23; 4:7-8,11-12,19-21).

**3:12 "കയീൻ"** കയീന്റെ ജീവിതത്തെക്കുറിച്ചുള്ള വിവരണം ഉല്പത്തി 4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൃത്യമായ സൂചന കായീന്റെയും ഹാബേലിന്റെയും യാഗങ്ങൾ വിരുദ്ധമാക്കപ്പെട്ടിരിക്കുന്ന ഉല്പത്തി 4:4 ൽ ആണ് (എബ്രാ. 11:4). മനുഷ്യവർഗ്ഗത്തിന്റെ വീഴ്ചയുടെ സ്വാധീനം കയീന്റെ പ്രവൃത്തികൾ വെളിപ്പെടുത്തുന്നു (ഒ.നോ. 4:7; 6:5,11-12,13). യെഹൂദ്യ പാരമ്പര്യത്തിലും ക്രിസ്തീയ പാരമ്പര്യത്തിലും (എബ്രാ. 11:4; യൂദാ 11) ദുഷ്ടമായ മത്സരത്തിന് ഒരുദാഹരണമാണ് കയീൻ.

▣ **"ദുഷ്ടനിൽ നിന്നുള്ളവനായി"** വ്യാകരണ ഘടന പുല്ലിംഗ ഏകവചനമോ (വാ. 10ലെ ദുഷ്ടൻ) അഥവാ നപുംസക ഏകവചനമോ (തിന്മയുടെ) ആകാം. വ്യാകരണപരമായ ഇതേ സന്ദിഗ്ധാവസ്ഥ മത്തായി 5:37; 6:13; 3:19,38; യോഹ. 17:5; 2 തെസ്സ. 3:3; 1 യോഹ. 2:13,14; 3:12; 5:18-19 എന്നിവിടങ്ങളിലും കാണാം. നിരവധി സ്ഥലങ്ങളിൽ പശ്ചാത്തല സൂചന സാത്താനെപ്പറിയാണ് (മത്താ. 5:37; 13:38; യോഹ. 17:15).

**1 യോഹന്നാൻ 3:13-22**

**[13]സഹോദരന്മാരേ, ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുതു. [14]നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. [15]സഹോദരനെ പകെക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു. [16]അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. [17]എന്നാൽ ഈ ലോകത്തിലെ വസ്തുവക ഉള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? [18]കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. [19]നാം സത്യത്തിന്റെ പക്ഷത്തു നില്ക്കുന്നവർ എന്നു ഇതിനാൽ അറിയും; [20]ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്നു നമ്മുടെ**

**ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. [21]പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ടു. [22]അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവനിങ്കൽനിന്നു ലഭിക്കും.**

**3:13 "ലോകം നിങ്ങളെ പകെക്കുന്നു"** അത് യേശുവിനെ പകച്ചു. അത് അവന്റെ അനുയായികളെയും പകയ്ക്കും. ഇത് പുതിയനിയമത്തിലെ ഒരു സാധാരണ വിഷയമാണ് (ഒ.നോ. യോഹ. 15:18; 17:14; മത്താ. 5:10-11; 2 തിമൊ. 3:12) മാത്രമല്ല ഒരുവൻ വിശ്വാസിയാണെന്നതിന്റെ മറ്റൊരു തെളിവുമാണ്.

▣ **"എങ്കിൽ"** ഇത് ലേഖകന്റെ വീക്ഷണത്തിലോ അല്ലെങ്കിൽ തന്റെ സാഹിത്യപരമായി ഉദ്ദേശ്യങ്ങൾക്കുവേണ്ടിയോ ശരിയെന്നു കരുതപ്പെടുന്ന ഒരു ഒന്നാംതരം സോപാധിക വാചകമാണ്.

▣ **"ആശ്ചര്യപ്പെടരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി അവസാനിപ്പിക്കുക എന്നു സൂചിപ്പിക്കുന്നു നിഷേധാത്മക ഘടകത്തോടൊപ്പം വരുന്ന വർത്തമാനകാല കർത്തരി വിധിരൂപമാണിത് (1 പത്രൊ. 4:12-16). ഇത് ഒരു നല്ല ലോകമല്ല; ഇത് ദൈവം ആഗ്രഹിച്ച വിധത്തിലുള്ള ഒരു ലോകവുമല്ല.

**3:14 "നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു"** ഇത് മറ്റൊരു പൂർണ്ണ കർത്തരി സൂചകമാണ് (യോഹ. 5:24). മരണം വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നതിന്റെ തെളിവുകളിലൊന്നാണ് നാം പരസ്പരം സ്നേഹിക്കുന്നുവെന്നത് (അതായത് ക്രിസ്തീയ ഉറപ്പ്, യോഹ. 6:37 ലെ പ്രത്യേക പഠനവിഷയം കാണുക). മറ്റൊന്ന് ലോകം നമ്മെ വെറുക്കുന്നുവെന്നുള്ളതാണ്.

▣ **"സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ"** ഇത് വർത്തമാനകാല കർത്തരി സൂചകം ആണ് (യോഹ. 5:24). ദൈവത്തിന്റെ കുടുംബത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകത സ്നേഹമാണ് (യോഹ. 13:34-35; 15:12,17; 2 യോഹ. 5; 1 കൊരി. 13; ഗലാ. 5:22). കാരണം അത് ദൈവത്തിന്റെ തന്നെ പ്രത്യേകതയാണ് (4:7-21). സ്നേഹം ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധത്തിന്റ അടിസ്ഥാനമല്ല, പിന്നെയോ ഫലമാണ്. സ്നേഹം രക്ഷയുടെ അടിസ്ഥാനമല്ല, പിന്നെയോ മറ്റൊരു തെളിവാണ്.

▣ **"നമുക്ക് അറിയാം"** ഇത് പൂർണ്ണ കർത്തരി സൂചകമാണ് (*ഒയിഡ (οιδα)* യ്ക്ക് പൂർണ്ണക്രിയാ രൂപവും എന്നാൽ വർത്തമാനകാല അർത്ഥവുമാണുള്ളത്). ഇത് മറ്റൊരു സാധാരണ പ്രതിപാദ്യവിഷയമാണ്. ദൈവമക്കളുടെ ഉറപ്പ് (1) മനസ്സിന്റെ മാറ്റത്തോടും (2) പ്രവൃത്തിയുടെ മാറ്റത്തോടും ബന്ധപ്പെട്ടിരിക്കുന്നു. എബ്രായഭാഷയിലും യവനഭാഷയിലും മാനസാന്തരം എന്ന പദത്തിന്റെ മൂലാർത്ഥങ്ങളിവയാണ്.

▣ **"സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു"** ഒരു വർത്തമാനകാല അപൂർണ്ണക്രിയ കർത്താവായി ഉപയോഗിക്കപ്പെട്ടതി അതിനോടുകൂടി വർത്തമാനകാല കർത്തരി സൂചക ക്രിയ ഉപയോഗിച്ചിരിക്കുന്നതുമായ വാചകം ആണിത്. വിശ്വാസികൾ സ്നേഹത്തിൽ വസിച്ചുകൊണ്ടിരിക്കുന്നതുപോലെ അവിശ്വാസികൾ പകയിൽ വസിക്കുന്നു. സ്നേഹം പോലെ തന്നെ പകയും ഒരുവന്റെ ആത്മിക അവസ്ഥയുടെ തെളിവാണ്. യോഹന്നാന്റെ നിശിതമായ ദ്വന്ദ്വങ്ങൾ കാണുക; ഒരുവൻ ഒന്നുകിൽ സ്നേഹത്തിൽ വസിക്കുന്നു അല്ലെങ്കിൽ മരണത്തിൽ വസിക്കുന്നു. മദ്ധ്യത്തിലുള്ള യാതൊന്നുമില്ല.

**3:15 "എല്ലാം"** 2:29 മുതൽ യോഹന്നാൻ ഈ പദം *(പാസ്-πας)* 8 തവണ ഉപയോഗിച്ചിട്ടുണ്ട്. താൻ പറയുന്നതിൽ ഒഴിവാക്കലുകൾ ഒന്നുമില്ലെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. സ്നേഹിക്കുന്നവരും വെറുക്കുന്നവരും എന്നിങ്ങനെയുള്ള രണ്ടുവിധ ആളുകളേയുള്ളൂ. യോഹന്നാൻ ജീവിതത്തെ കറുപ്പും വെളുപ്പുമായാണ് കാണുന്നത്.

▣ **"സഹോദരനെ പകെയ്ക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു"** വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണിത് (അതായത് തുടർന്നുപോകുന്ന, സ്ഥിരാവസ്ഥയായ പക). ചിന്തയിലാണ് ആദ്യം പാപം ഉടലെടുക്കുന്നത്. ഗിരിപ്രഭാഷണത്തിൽ യേശു പഠിപ്പിച്ചത് മോഹം വ്യഭിചാരത്തിന് തുല്യമായിരിക്കുന്നതുപോലെ കോപം കൊലപാതകത്തിന് തുല്യമാണെന്നാണ് (മത്തായി 5:21-22).

▣ **"യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു"** കൊല ചെയ്യുന്ന ഒരുത്തന് ക്രിസ്ത്യാനിയാകുവാൻ കഴിയുകയില്ല എന്നല്ല ഇത് പറയുന്നത്. പാപം ക്ഷമിക്കപ്പെടാവുന്നതാണ്, എന്നാൽ ജീവിതശൈലി പ്രവർത്തനങ്ങൾ ഹൃദയത്തെ വെളിപ്പെടുത്തുന്നു. പതിവായി പകെച്ചുകൊണ്ടേയിരിക്കുന്നവന് ക്രിസ്ത്യാനിയായിരിക്കുവാൻ കഴിയുകയില്ലെന്നാണ് ഇത് പറയുന്നത്. സ്നേഹവും പകയും പരസ്പരം പുറന്തള്ളുന്നവയാണ്. പക ജീവനെടുക്കുന്നു, എന്നാൽ സ്നേഹം അതിനു ജീവൻ കൊടുക്കുന്നു.

**3:16 "അവൻ നമുക്കുവേണ്ടി പ്രാണനെ വെച്ചുകൊടുത്തതിനാൽ"** കാൽവറിയെ യേശുവിന്റെ സ്വന്തം വാക്കുകളിൽ വിവരിക്കുന്ന ഭൂതകാലമാണിത് (ഒ.നോ. യോഹ. 10:11,15,17,18; 15:13).

▣ **"സ്നേഹം എന്തെന്നു"** സ്നേഹം എന്താണെന്നതിന്റെ പരമമായ മാതൃക യേശു കാണിച്ചുതന്നിരിക്കുന്നു. വിശ്വാസികൾ അവന്റെ മാതൃക അനുകരിക്കേണ്ടതാണ് (2 കൊരി. 5:14-15).

▣ **"നാം ... അറിഞ്ഞിരിക്കുന്നു"** ഇത് പൂർണ്ണ കർത്തരി സൂചകം ആണ്. വാ. 15 ൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം *ഒയിഡ(οιδα)* ആയിരുന്നു. ഇവിടെ ഇത് *ഗിനോസ്കോ (γινωσκω)* ആണ്. യോഹന്നാന്റെ എഴു

ത്തുകളിൽ ഇത് പര്യായപദങ്ങളായി ഉപയോഗിച്ചിരിക്കുന്നു.

▣ **"നാമും"** വിശ്വാസികൾ അവന്റെ മാതൃകയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു (2:6; 4:11).

▣ **"സഹോദരന്മാർക്കുവേണ്ടി ജീവനെ വെച്ചുകൊടുക്കേണ്ടതാകുന്നു"** ക്രിസ്തു മാതൃകയാണ്. അവൻ മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവനെ വെച്ചുകൊടുത്തതുപോലെ ക്രിസ്ത്യാനികൾ അത്യാവശ്യമെങ്കിൽ സഹോദരന്മാർക്കുവേണ്ടി അവരുടെ ജീവനെ വെച്ചുകൊടുക്കേണ്ടതാകുന്നു. സ്വാർത്ഥതയ്ക്കു മരിക്കുന്നത്

1. വീഴ്ചയുടെ വിപരീതമാണ്
2. ദൈവത്തിന്റെ സ്വരൂപത്തിന്റെ യഥാസ്ഥാപനമാണ്
3. പൊതു നന്മയ്ക്കുവേണ്ടിയുള്ള ജീവിതമാണ് (ഒ.നോ. 2 കൊരി. 5:14-15; ഫിലി. 2:5-11; ഗലാ. 2:20; 1 പത്രൊ. 2:21).

**3:17 "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ടു"** വർത്തമാനകാല അനുബന്ധക്രിയകൾ ആണിവ. വാക്യം 16 ലെ ജീവനെ വെച്ചുകൊടുക്കൽ ഇപ്പോൾ ഒരുവന്റെ സഹോദരനുള്ള പ്രായോഗിക സഹായത്തിന്റെ മണ്ഡലത്തിലാക്കിയിരിക്കുന്നു. ഈ വചനങ്ങൾ യാക്കോബിന്റേതുമായി വളരെയധികം സാമ്യമുണ്ട് (യാക്കോബ് 2:15,16).

▣ **"അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ"** ഇത് ഒരു ഭൂതകാല കർത്തരി ക്രിയാബന്ധമാണ് ആണ്. മനസ്സലിവ് എന്നതിന്റെ അക്ഷരിക പദമായ ഹൃദയത്തിന് ഇവിടെ "ഉദരം" എന്ന വാക്കാണ്. വികാരങ്ങളെ സൂചിപ്പിക്കുന്നതിനുള്ള ഒരു എബ്രായശൈലിയാണിത്. വീണ്ടും, നമ്മുടെ പ്രവൃത്തി നമ്മുടെ പിതാവിനെ വെളിപ്പെടുത്തുന്നു.

▣ **"ദൈവത്തിന്റെ സ്നേഹം"** വീണ്ടും ഇത് ഒരു കർമ്മ പ്രാധാന്യമുള്ളതോ അഥവാ സംബന്ധികാ അനുബന്ധക്രിയയോ അഥവാ മനപ്പൂർവ്വമായ ദുർഗ്രഹതയോ? ദൈവത്തിന്റെ സ്നേഹം:

1. ദൈവത്തോടുള്ള സ്നേഹം
2. നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം
3. ഇവ രണ്ടും

മൂന്നാമത്തേത് യോഹന്നാന്റെ എഴുത്തുകളോട് യോജിക്കുന്നു!

**3:18 "നാം വാക്കിനാലും നാവിനാലും അല്ല"** പ്രവൃത്തികൾ വാക്കുകളെക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു (ഒ.നോ. മത്തായി 7:24; യാക്കോബ് 1:22-25; 2:14-26)

▣ **"പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക"** സത്യം എന്ന പദം അതിശയിപ്പിക്കുന്നതാണ്. "ക്രിയ" എന്നതുപോലെ പ്രവൃത്തിയുടെ ഒരു പര്യായമാണ് ഒരുവൻ ഇവിടെ പ്രതീക്ഷിക്കുന്നത്. ഉപദേശത്തിനും ജീവിതശൈലിക്കും ഊന്നൽ കൊടുക്കുന്ന 1:5 ലെയും 3:11 ലെയും "ദൂതി"ന്റെ ഉപയോഗം പോലെയാണ് "സത്യവും." ഈ പദം യഥാർത്ഥമായ് (NJB) അല്ലെങ്കിൽ സത്യം (TEV) എന്നിങ്ങനെ ഉപയോഗിച്ചിരിക്കുന്നു. പ്രവൃത്തിയും പ്രേരണയും സ്വയം-ഏല്പിച്ചുകൊടുക്കുന്ന സ്നേഹത്താൽ (ദൈവസ്നേഹം) പ്രേരിതമായിരിക്കണം അല്ലാതെ കേവലം പ്രകടനമോ നൽകുന്നവന്റെ സ്വയത്തെ ഉയർത്തിക്കാണിക്കുന്നതോ ആകരുത്.

**3:19 "നാം സത്യത്തിന്റെ പക്ഷത്തുനിൽക്കുന്നവർ എന്നു"** വിശ്വാസികളുടെ സ്നേഹം നിറഞ്ഞ ജീവിതശൈലി രണ്ടു കാര്യങ്ങൾ പ്രദർശിപ്പിക്കുന്നു. (1) അവർ സത്യത്തിന്റെ പക്ഷത്താണെന്നും (2) അവരുടെ മനസ്സാക്ഷി ശുദ്ധമാണെന്നും. യോഹ. 6:55 ലെ പ്രത്യേക പഠനവിഷയം: സത്യം കാണുക.

**3:19-20** ഈ രണ്ട് വാക്യങ്ങളുടെ ഗ്രീക്ക് ഭാഗങ്ങൾ എങ്ങനെ പരിഭാഷപ്പെടുത്തുമെന്നതിനെക്കുറിച്ച് വളരെയധികം ചിന്താക്കുഴപ്പമുണ്ട്. സാധ്യമായ ഒരു വ്യാഖ്യാനം ദൈവത്തിന്റെ ന്യായവിധിക്ക് ഊന്നൽ കൊടുക്കുമ്പോൾ മറ്റേത് ദൈവത്തിന്റെ മനസ്സലിവിന് ഊന്നൽ കൊടുക്കുന്നു. സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തേത് ഏറ്റവും അനുയോജ്യമായി കാണപ്പെടുന്നു.

**3:20-21** ഈ രണ്ട് വാക്യങ്ങളും മൂന്നാം തര സോപാധിക വാചകങ്ങളാണ്.

**3:20**

**NASB** **"നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്ന എന്തിലും"**
**NKJV** **"നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നുവെങ്കിൽ"**
**NRSV** **"നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുമ്പോഴൊക്കെയും"**
**TEV** **"നമ്മുടെ മനസ്സാക്ഷി നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ"**
**NJB** **"നമ്മുടെ വികാരങ്ങൾ നമ്മെ കുറ്റം വിധിക്കുമ്പോൾ പോലും"**

തങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതത്തെപ്പറ്റി അറിയത്തക്ക വിധത്തിലുള്ള "നിലവാരത്തിൽ" ജീവിക്കാൻ കഴിയാത്തതിനെപ്പറ്റിയുള്ള ദുഃഖം എല്ലാ വിശ്വാസികളും അനുഭവിച്ചിട്ടുണ്ട് (അതാ. റോമർ 7). ആ മനസ്സാക്ഷിയുടെ വേദന ദൈവത്തിന്റെ ആത്മാവിൽ നിന്നോ (അനുതാപത്തിനു മുഖാന്തരമായി) സാത്താനിൽ നിന്നോ (സ്വയം നശിപ്പിക്കുന്നതിനോ അഥവാ സാക്ഷ്യം നഷ്ടപ്പെടുത്തുന്നതിനോ) ആകാം. ഇവിടെ അനുഗുണമായതും അല്ലാത്തതുമായ കുറ്റബോധം ഉണ്ട്. ദൈവത്തിന്റെ പുസ്തകം വായിക്കുന്നതിലൂടെ വിശ്വാസികൾ ആ

വ്യത്യാസം അറിയുന്നു (അഥവാ അവന്റെ ദൂതുവാഹികളെ ചെവിക്കൊള്ളുന്നതിലൂടെ). സ്നേഹത്തിന്റെ നില വാരത്തിൽ ജീവിക്കുന്നുവെങ്കിലും പാപത്തോട് പോരാടിക്കൊണ്ടിരിക്കുന്ന വിശ്വാസികളെ സാന്ത്വനപ്പെടുത്താൻ ശ്രമിക്കുകയാണ് യോഹന്നാൻ (ചെയ്യലും ചെയ്യാതിരിക്കലും). യോഹ. 12:40 ലെ പ്രത്യേക പഠനവിഷയം: ഹൃദയം കാണുക.

▣ **"എല്ലാം അറിയുന്നവനും"** ദൈവം നമ്മുടെ യഥാർത്ഥ പ്രേരണ അറിയുന്നു (1 ശമൂ. 2:7; 16:7; 1 രാജാ. 8:39; 1 ദിന. 28:9; 2 ദിന. 6:30; സങ്കീ. 7:9; 44:21; സദൃ. 15:11; 20:27; യിരെ. 11:20; 17:9-10; 20:12; ലൂക്കൊ. 16:15; പ്രവൃ. 1:24; 15:8; റോമർ 8:26,27).

**3:21 "ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ"** ഇത് ഒരു മൂന്നാംതര സോപാധിക വാചകമാണ്. ക്രിസ്ത്യാനികൾ ഇപ്പോഴും പാപത്തോടും സ്വയത്തോടും പോരാടുന്നു (2:1; 5:16-17). അവർ ഇപ്പോഴും പരീക്ഷ നേരിടുകയും പ്രത്യേക സാഹചര്യങ്ങളിൽ അനുയോജ്യമല്ലാത്ത നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. മിക്കപ്പോഴും അവരുടെ മനസ്സാക്ഷി അവരെ കുറ്റം വിധിക്കുന്നു. ഒരു മെതഡിസ്റ്റ് സ്തുതിഗീതം (അജ്ഞാത എഴുത്തുകാരൻ) സ്ഥാപിക്കുന്നതുപോലെ:

> "കർത്താവേ, ഒരുവനുമില്ല, പൂർണ്ണ വിശ്രാമം
> പാപത്തിൽ നിന്നും പൂർണ്ണമോചനം ഒരുവനുമില്ല
> ക്ഷീണിച്ചവർ നിന്നെ ഏറ്റം നന്നായി സേവിക്കും
> അവർക്കു തങ്ങളുടെ തെറ്റിനെക്കുറിച്ച് ബോധ്യമുണ്ട്"

സുവിശേഷത്തെക്കുറിച്ചുള്ള അറിവ്, യേശുവുമായുള്ള ഒരു മധുര കൂട്ടായ്മ, ആത്മാവിന്റെ നടത്തിപ്പിനോടുള്ള വിധേയത്വം, പിതാവിന്റെ സർവ്വജ്ഞാനം എന്നിവ നമ്മുടെ മണിമയ ഹൃദയങ്ങളെ ശാന്തമാക്കുന്നു (സങ്കീ. 103:8-14)!

▣ **"നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്"** ദൈവസാന്നിദ്ധ്യത്തോടുള്ള തുറന്നതും സ്വതന്ത്രവുമായി സമീപനത്തെപ്പറ്റിയാണ് ഇത് സംസാരിക്കുന്നത്. ഇത് യോഹന്നാനിൽ മിക്കപ്പോഴും ആവർത്തിക്കുന്ന പദപ്രയോഗവും ആശയവുമാണ് (ഒ.നോ. 2:28; 3:21; 4:17; 5:14; എബ്രാ. 3:6; 10:35; 2:28 ലെ പ്രത്യേക പഠനവിഷയം കാണുക). ഈ പ്രയോഗം ഉറപ്പിന്റെ രണ്ട് നേട്ടങ്ങളെ പരിചയപ്പെടുത്തുന്നു.

1. വിശ്വാസികൾക്ക് ദൈവമുമ്പാകെ പൂർണ്ണമായ ആത്മവിശ്വാസമുണ്ടെന്നും
2. തങ്ങൾ ചോദിക്കുന്നതെന്തും അവർക്ക് അവനിൽ നിന്നും ലഭിക്കുമെന്നും

**3:22 "നാം എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും"** ഇത് വർത്തമാനകാല കർത്തരി അനുബന്ധവും വർത്തമാനകാല കർത്തരി സൂചകവുമാണ്. ഇത് മത്തായി 7:7; 18:19; യോഹ. 9:31; 14:13-14; 15:7,16; 16:23; മർക്കൊ. 11:24; ലൂക്കൊ. 11:9,10 എന്നിവിടങ്ങളിലെ യേശുവിന്റെ പ്രസ്താവനകളെ അനുസ്മരിപ്പിക്കുന്നു. ഈ തിരുവചന വാഗ്ദാനങ്ങൾ നിന്നും തികച്ചും വ്യത്യസ്തമാണ് വിശ്വാസികളുടെ പ്രാർത്ഥനയിലെ അനുഭവങ്ങൾ. പ്രാർത്ഥയ്ക്കുള്ള ഉത്തരത്തിന്റെ അപരിമിതമായ അനുഭവം ഈ വേദഭാഗം വാഗ്ദാനം ചെയ്യുന്നു. ഇവിടെയാണ് ദൈവശാസ്ത്രപരമായ സന്തുലനാവസ്ഥയ്ക്ക് മറ്റു പ്രധാനപ്പെട്ട വേദഭാഗങ്ങളുമായി താരതമ്യപ്പെടുത്തേണ്ടതാവശ്യമായിരിക്കുന്നത്.

# പ്രത്യേക പഠനവിഷയം:
# പ്രാർത്ഥന, അപരിമിതം എങ്കിലും പരിമിതം

A. സമവീക്ഷണ സുവിശേഷങ്ങൾ
   1. വിശ്വാസികൾ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിപ്പാൻ പ്രോത്സാഹിപ്പിക്കപ്പെടുന്നുവെന്നു മാത്രമല്ല ദൈവം "നന്മയെയും" (മത്തായി) "അവന്റെ ആത്മാവി" നെയും ലഭ്യമാക്കുകയും ചെയ്യും (ലൂക്കൊസ്) മത്തായി 7:7-11; ലൂക്കൊസ് 11:5-13)
   2. സഭാ ശിക്ഷണത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസികൾ (രണ്ടുപേർ) പ്രാർത്ഥനയിൽ ഐകമത്യപ്പെടുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു (മത്തായി 18:19)
   3. യെഹൂദാ മതത്തിലെ ന്യായവിധിയുടെ പശ്ചാത്തലത്തിൽ വിശ്വാസികൾ സംശയിക്കാതെ വിശ്വാസത്തോടെ ചോദിക്കേണ്ടതാകുന്നു (മത്തായി 21:22; മർക്കൊസ് 11:23-24)
   4. രണ്ട് ഉപമകളുടെ പശ്ചാത്തലത്തിൽ (വാ. 1-8, അനീതിയുള്ള ന്യായധാപനും വാ. 9-14, പരീശനും പാപിയും) വിശ്വാസികൾ ദൈവഭയമില്ലാത്ത ന്യായാധിപനിൽ നിന്നും സ്വയം നീതീകരിക്കുന്ന പരീശനിൽനിന്നും വ്യത്യസ്തരായി പ്രവർത്തിക്കുവാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവം താഴ്മയുള്ളവരുടെയും അനുതാപമുള്ളവരുടെയും പ്രാർത്ഥന കേൾക്കുന്നു (ലൂക്കൊ. 18:1-14)

B. യോഹന്നാന്റെ എഴുത്തുകൾ
   1. യേശു സൗഖ്യമാക്കിയ ജന്മനാ അന്ധനായ വ്യക്തിയുടെ പശ്ചാത്തലത്തിൽ, പരീശന്മാരുടെ യഥാർത്ഥ അന്ധത വെളിപ്പെട്ടിരിക്കുന്നു. യേശുവിന്റെ പ്രാർത്ഥനയ്ക്ക് (ആരുടേയും പ്രാർത്ഥ

നയ്ക്ക്) ഉത്തരം ലഭിച്ചു. കാരണം അവൻ ദൈവത്തെ അറിയുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്തു (യോഹ. 9:31).

2. യോഹന്നാന്റെ മാളികമുറിയിലെ സംഭാഷണം (യോഹ. 13-17)
   a. 14:12-14 - വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) വിശ്വാസികളിൽ നിന്നും വരുന്നു
      2) യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു
      3) പിതാവ് മഹത്വപ്പെടണമെന്ന് ആഗ്രഹിക്കുന്നു
      4) കല്പനകൾ കാക്കുന്നു (വാ. 15)
   b. 15:7-10 - വിശ്വാസിയുടെ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) യേശുവിൽ വസിക്കുന്നു
      2) അവന്റെ വചനം അവരിൽ വസിക്കുന്നു
      3) പിതാവ് മഹത്വപ്പെടണമെന്നു ആഗ്രഹിക്കുന്നു
      4) വളരെ ഫലം കായ്ക്കുന്നു
      5) കല്പനകൾ പ്രമാണിക്കുന്നു (വാ. 10)
   c. 15:15-17 - വിശ്വാസികളുടെ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) അവരുടെ തെരഞ്ഞെടുപ്പ്
      2) അവരുടെ ഫലം കായ്ക്കൽ
      3) യേശുവിന്റെ നാമത്തിൽ ചോദിക്കുന്നത്
      4) തമ്മിൽ തമ്മിൽ സ്നേഹിക്കാനുള്ള കല്പന പ്രമാണിക്കുന്നത്
   d. 16:23-24 - വിശ്വാസികളുടെ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) യേശുവിന്റെ നാമത്തിൽ ചോദിക്കുന്നത്
      2) സന്തോഷം പൂർണ്ണമാകണമെന്ന ആഗ്രഹം
3. യോഹന്നാന്റെ ഒന്നാം ലേഖനം (1 യോഹന്നാൻ)
   a. 3:22-24 - വിശ്വാസികളുടെ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) അവന്റെ കല്പനകൾ പ്രമാണിക്കുന്നു (വാ. 22,24)
      2) വചനാനുസരണം ജിവിക്കുന്നത്
      3) യേശുവിൽ വിശ്വസിക്കുന്നത്
      4) തമ്മിൽ തമ്മിൽ സ്നേഹിക്കുന്നത്
      5) അവനിൽ വസിക്കുന്നതും അവൻ നമ്മിൽ വസിക്കുന്നതും
      6) ആത്മാവിന്റെ ദാനം ഉണ്ടായിരിക്കുന്നത്
   b. 5:14-16 - വിശ്വാസികളുടെ പ്രാർത്ഥനയുടെ സവിശേഷതകൾ
      1) ദൈവത്തിലുള്ള ആത്മവിശ്വാസം
      2) അവന്റെ ഹിതത്തിനനുസൃതമായി
      3) വിശ്വാസികൾ ഒരുവൻ ഒരുവനുവേണ്ടി പ്രാർത്ഥിക്കുന്നു
   c. യാക്കോബ്
      1. 1:5-7 - അനവധി പരിശോധകൾ നേരിടുന്ന വിശ്വാസികൾ സംശയിക്കാതെ ജ്ഞാനത്തിനായി ചോദിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു
      2. 4:2-3 - വിശ്വാസികൾ ഉചിതമായ ലക്ഷ്യങ്ങളോടെ ചോദിക്കണം
      3. 5:13-18 - ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന വിശ്വാസികൾ താഴെപ്പറയുന്ന വിധം ചെയ്‌വാൻ പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു
         a. മൂപ്പന്മാരോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുക
         b. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രക്ഷിക്കും
         c. തങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി പ്രാർത്ഥിക്കുക
         d. തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കണം (1 യോഹ. 5:16 നു തുല്യം)

ഫലപ്രദമായ പ്രാർത്ഥനയുടെ താക്കോൽ ക്രിസ്തുവിനെപ്പോലെ ആയിരിക്കുക എന്നതാണ്. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നതിന്റെ അർത്ഥമിതാണ്. മിക്ക ക്രിസ്ത്യാനികൾക്കും വേണ്ടി ദൈവത്തിന് ചെയ്യാവുന്ന ഏറ്റവും മോശമായ കാര്യം അവരുടെ സ്വാർത്ഥമായ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുക എന്നതാണ്. പ്രാർത്ഥനയുടെ ഏറ്റവും വിലയേറിയ ഘടകം ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസി ദൈവത്തോടൊപ്പം സമയം ചിലവഴിക്കുന്നുവെന്നുള്ളതാണ്.

▣ **"അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട്"** ഈ സന്ദർഭത്തിൽ മറുപടി ലഭിക്കുന്ന പ്രാർത്ഥനയുടെ രണ്ടു വ്യവസ്ഥകൾ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക.

1. അനുസരണം
2. ദൈവത്തിനു പ്രസാദമുള്ളതു ചെയ്യുക (ഒ.നോ. യോഹ. 8:29)

ഫലകരമായ ക്രിസ്തീയ ജീവിതവും ശുശ്രൂഷയും "എങ്ങനെ ചെയ്യാം" എന്നതിനുള്ള ഗ്രന്ഥമാണ് 1 യോഹന്നാൻ.

**1 യോഹന്നാൻ 3:23-24**

**[23]അവന്റെ കല്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും അവൻ നമുക്കു കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ. [24]അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നു അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു.**

**3:23 "അവന്റെ കല്പനയോ .... വിശ്വസിക്കയും ... സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ"** രണ്ടു വശങ്ങളുള്ള ഏകവചനമാണ്. "കല്പന" എന്നതു ശ്രദ്ധിക്കുക. ഒന്നാമത്തെ വശം വ്യക്തിഗത വിശ്വാസമാണ്. "വിശ്വസിക്കുക" എന്ന ക്രിയ ഭൂതകാല കർത്തരി ക്രിയാബന്ധമാണ് (ഒ.നോ. യോഹ. 6:29,40). രണ്ടാമത്തെ വശം ധാർമ്മികതയാണ്; സ്നേഹം എന്ന ക്രിയ ഭൂതകാല കർത്തരി ക്രിയാബന്ധമാണ് (ഒ.നോ. 3:11; 4:7). സുവിശേഷം എന്നത് വിശ്വസിക്കേണ്ട ഒരു സന്ദേശവും കൈക്കൊള്ളേണ്ട ഒരു വ്യക്തിയും ജീവിക്കേണ്ട ഒരു ജീവിത ശൈലിയുമാണ്.

▣ **"അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും"** വേദപുസ്തക വിശ്വാസം ഗ്രഹിക്കുന്നതിൽ നിർണ്ണായകമാണ് "വിശ്വസിക്കുക" എന്ന ആശയം. പഴയ നിയമ പദമായ *അമാൻ* "കൂറ്" "വിശ്വസനീയത" "വിശ്വസ്തത" എന്നിവയെ പ്രകടിപ്പിക്കുന്നു (പഴയ നിയമ പദത്തെക്കുറിച്ചുള്ള 1 യോഹ. 2:10 ലെ പ്രത്യേക പഠനവിഷയം കാണുക). പുതിയ നിയമത്തിൽ ഗ്രീക്കു പദം (*പിസ്റ്റെയുഓ-πιστευω*) മൂന്ന് ഇംഗ്ലീഷ് പദങ്ങളായിട്ടാണു തർജ്ജമ ചെയ്തിരിക്കുന്നത്: വിശ്വസിക്കുക, വിശ്വാസം, അഥവാ ആശ്രയം (യോഹ. 2:23 ൽ ഗ്രീക്കു പദത്തെ സംബന്ധിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക). ഈ പദം ദൈവത്തിന്റെ വിശ്വാസ്യത പോലെ, ക്രിസ്തീയ വിശ്വസ്തതയെ പ്രതിഫലിപ്പിക്കുന്നില്ല. അതവന്റെ സ്വഭാവം, വെളിപ്പാട് വാഗ്ദത്തങ്ങൾ എന്നിവയാണ് അല്ലാതെ വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ - വീണ്ടെടുക്കപ്പെട്ടവരുടെ പോലുമോ - കൂറോ വിശ്വസ്തതയോ അല്ല.

"നാമം" വിശ്വസിക്കുക അല്ലെങ്കിൽ "നാമത്തിൽ" പ്രാർത്ഥിക്കുക എന്ന ആശയം നാമം ഒരുവന്റെ ആളത്വത്തെ പ്രതിനിധീകരിക്കുന്നു എന്ന സമീപപൂർവ്വ ദേശത്തെ ധാരണയെ പ്രതിഫലിപ്പിക്കുന്നു.

1. യേശു - മത്താ. 1:21,23,25; 2:22; 10:22; 12:21; 18:5,20; 19:29; 24:5,9; യോഹ. 1:12; 2:23; 3:18; 14:26; 15:21; 17:6; 20:31
2. പിതാവ് - മത്താ. 6:9; 21:9; 23:29; യോഹ. 5:43; 10:25; 12:13; 17:12
3. ത്രിത്വം - മത്താ. 18:19

എ. റ്റി. റോബർട്ട്സൺ തന്റെ *വേഡ് പിക്ച്ചേഴ്സ് ഇൻ ദി ന്യൂടെസ്റ്റമെന്റിൽ* (പേ. 228) "വിശ്വസിക്കുക" എന്ന ക്രിയയോടു ബന്ധപ്പെട്ട ഒരു ഗ്രീക്ക് കയ്യെഴുത്തുപ്രതി പ്രശ്നം സൂചിപ്പിക്കുന്നുണ്ട്. വലിയക്ഷര കയ്യെഴുത്തു പ്രതികളായ B,K,L എന്നിവയിൽ ഭൂതകാല കർത്തരി ക്രിയാബന്ധമാണുള്ളത്. എന്നാൽ ℵ,A,C എന്നിവയിൽ വർത്തമാനകാല കർത്തരി ക്രിയാബന്ധമാണുള്ളത്. രണ്ടും യോഹന്നാന്റെ സന്ദർഭത്തിനും രചനാരീതിക്കും ഇണങ്ങുന്നതാണ്.

**3:24 "പ്രമാണിക്കുന്നവൻ ... വസിക്കുന്നു"** ഇവ രണ്ടും വർത്തമാന കാലമാണ്. അനുസരണം വസിക്കലിനോടു ബന്ധപ്പെട്ടിരിക്കുന്നു. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നുവെന്നതിന്റെ തെളിവാണ് സ്നേഹം (ഒ.നോ. 4:12,15-16; യോഹ. 14:23; 15:10). 2:10 ലെ വസിക്കുക എന്നതിനെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"അവൻ നമുക്കു തന്ന ആത്മാവിനാൽ"** യഥാർത്ഥ വിശ്വാസികളെ വിലയിരുത്തുന്നതിനുള്ള ചില തെളിവുകൾ യോഹന്നാൻ ഉപയോഗിക്കുന്നു (ഒ.നോ. റോമ. 4:13; 8:14-16; 2:23-27 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ C കാണുക). രണ്ടെണ്ണം പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ടതാണ്.

1. യേശുവിനെ ഏറ്റുപറയുക (ഒ.നോ. റോമ. 10:9-13; 1 കൊരി. 12:3).
2. ക്രിസ്തുതുല്യമായ ജീവിതം (ഒ.നോ. യോഹ. 15; ഗലാ. 5:22; യാക്കോ. 2:14-26).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. വാ. 11–24 ലെ ഏകീകൃത വിഷയം എന്താണ്? (ഒ.നോ. യോഹ. 2:7–11)?
2. വാ. 16 നും 17 നും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.
3. നമ്മുടെ ജീവിതം വെച്ചുകൊടുക്കുന്നതിനെ, ആവശ്യത്തിലിരിക്കുന്ന സഹോദരനെ സഹായിക്കുന്നതിനോട് എങ്ങനെ താരതമ്യപ്പെടുത്താം?
4. വാ. 19–20 ദൈവിക ന്യായവിധിയുടെ കർശന സ്വഭാവത്തെയാണോ അതോ നമ്മുടെ ഭയത്തെ ശാന്തമാക്കുന്ന ദൈവത്തിന്റെ വലിയ മനസ്സലിവിനെയാണോ ഊന്നിപ്പറയുന്നത്?
5. വാ. 22 ൽ പ്രാർത്ഥനയെക്കുറിച്ച് യോഹന്നാൻ പറയുന്ന പ്രസ്താവന നമ്മുടെ ദൈനംദിന അനുഭവത്തോട് നാം എങ്ങനെ ബന്ധപ്പെടുത്തും?
6. പാപത്തെ അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യാനുള്ള ക്രിസ്ത്യാനിയുടെ ആവശ്യകത, പാപരഹിത പൂർണ്ണത എന്നീ പരസ്പര വിരുദ്ധമെന്നു തോന്നുന്ന യോഹന്നാന്റെ പ്രസ്താവനകളെ നാം എങ്ങനെ നിരപ്പിക്കും?
7. എന്തുകൊണ്ടാണ് യോഹന്നാൻ ജീവിതശൈലിക്ക് ഇത്രയധികം ഊന്നൽ നൽകുന്നത്?
8. “വീണ്ടും ജനിക്കുക” എന്നതിൽ അടങ്ങിയിരിക്കുന്ന ദൈവശാസ്ത്ര സത്യങ്ങൾ വിശദീകരിക്കുക.
9. ഈ വേദഭാഗം എങ്ങനെയാണ് ദൈനംദിന ക്രിസ്തീയ ജീവിതത്തോടു ബന്ധപ്പെട്ടിരിക്കുന്നത്?

# 1 യോഹന്നാൻ 4
## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ദൈവത്തിന്റെ ആത്മാവും എതിർക്രിസ്തുവിന്റെ ആത്മാവും | സത്യത്തിന്റെ ആത്മാവും തെറ്റിന്റെ ആത്മാവും | സത്യത്തിന്റെയും തെറ്റിന്റെയും വിവേചനം | സത്യ ആത്മാവും വ്യാജ ആത്മാവും | മൂന്നാം വ്യവസ്ഥ: എതിർക്രിസ്തുവിനെയും ലോകത്തെയും സൂക്ഷിക്കുക |
| | 3:24-4:6 | | | |
| 4:1-6 | | 4:1-6 | 4:1-3 | 4:1-6 |
| | | | 4:4-6 | സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഉറവിടം (4:7-5:13) |
| ദൈവം സ്നേഹം ആകുന്നു | സ്നേഹത്തിലൂടെ ദൈവത്തെ അറിയുക | സ്നേഹത്തിന്റെ ഭാഗ്യാവസ്ഥ | ദൈവം സ്നേഹം ആകുന്നു | സ്നേഹത്തിന്റെ ഉറവിടം |
| 4:7-12 | 4:7-11 | 4:7-12 | 4:7-10 | 4:7-5:4 |
| | സ്നേഹത്തിലൂടെ ദൈവത്തെ കാണുക | | 4:11-12 | |
| | 4:12-16 | | | |
| 4:13-16a | | 4:13-16a | 4:13-16a | |
| 4:16b-21 | സ്നേഹത്തിന്റെ പൂർത്തീകരണം | 4:16b-21 | 4:16b-18 | |
| | 4:17-19 | | | |
| | വിശ്വാസത്താലുള്ള അനുസരണം | | 4:19-21 | |
| | 4:20-5:5 | | | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# 4:1–21 ന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

A. ദൈവത്തിന്റെ വക്താവ് എന്നവകാശപ്പെടുന്നവരെ വിശ്വാസികൾ എങ്ങനെ വിലയിരുത്തുകയും തിരിച്ചറിയുകയും ചെയ്യണം എന്നതു സംബന്ധിച്ചുള്ള വളരെ പ്രത്യേകമായ സാഹിത്യ ഘടകമാണ് 1 യോഹ. 4. ഈ വേദഭാഗം ബന്ധപ്പെട്ടിരിക്കുന്നത്:
   1. എതിർക്രിസ്തുക്കൾ എന്നു വിളിക്കപ്പെടുന്ന കള്ള പ്രവാചകന്മാർ (ഒ.നോ. 2:18–25)
   2. വഞ്ചിക്കുവാൻ ശ്രമിക്കുന്നവർ (ഒ.നോ. 2:26; 3:7).
   3. പ്രത്യേക ആത്മീയ സത്യങ്ങളെ സംബന്ധിച്ച് അറിവുണ്ട് എന്ന് അവകാശപ്പെടുന്നവർ (ഒ.നോ. 3:24)

   ആദിമ വിശ്വാസികളുടെ വിഷമാവസ്ഥ പൂർണ്ണമായി ഒരുവന് മനസ്സിലാകണമെങ്കിൽ, തങ്ങൾ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരാണെന്നവകാശപ്പെടുന്ന ധാരാളം പേർ ഉണ്ടായിരുന്നു എന്ന് അവൻ മനസ്സിലാക്കിയിരിക്കണം (ഒ.നോ. 1 കൊരി. 12:10; 14:29; 1 തെസ്സ. 5:20–21; 1 യോഹ. 4:1–6). പൂർണ്ണമായ പുതിയ നിയമം ലഭ്യമായിരുന്നില്ല. ആത്മീയ വിവേചനത്തിൽ ഉപദേശപരവും സാമൂഹികപരവുമായ പരിശോധനകൾ ഉൾക്കൊണ്ടിരുന്നു (ഒ.നോ. യാക്കോ. 3:1–12).

B. ആവർത്തിച്ചു വരുന്ന വിഷയ മാതൃകകൾ നിമിത്തം 1 യോഹന്നാന്റെ രൂപരേഖ തയ്യാറാക്കുക ദുഷ്കരമാണ്. അധ്യായം 4 നെ സംബന്ധിച്ച് ഇതു തികച്ചും സത്യമാണ്. മുൻ അധ്യായങ്ങളിൽ നാം പഠിച്ച വിഷയങ്ങളെ ആവർത്തിച്ച് ഊന്നിപ്പറയുകയാണിവിടെയെന്നു തോന്നുന്നു. വിശേഷിച്ചും വിശ്വാസികൾ അന്യോന്യം സ്നേഹിക്കേണ്ടതിന്റെ ആവശ്യകത (ഒ.നോ. വാ. 7–21; 2:7–12; 3:11–24).

C. ദുരുപദേഷ്ടാക്കളെ എതിർക്കുന്നതിനും സത്യവിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായിട്ടാണ് യോഹന്നാൻ എഴുതുന്നത്. നിരവധി പരിശോധനകൾ ഉപയോഗപ്പെടുത്തിയാണ് അവനിതു ചെയ്യുന്നത്.
   1. ഉപദേശപരമായ പരിശോധന (യേശുവിലുള്ള വിശ്വാസം, ഒ.നോ. 1 യോഹ. 2:18–25; 4:1–6,14–16; 5:1,5,10)
   2. ജീവിതശൈലി പരിശോധന (അനുസരണം, ഒ.നോ. 1 യോഹ. 2:3–7; 3:1–10, 22–24)
   3. സാമൂഹിക പരിശോധന (സ്നേഹം, ഒ.നോ. 1 യോഹ. 2:7–11; 3:11–18; 4:7–12, 16–21; 5:1–2)

   തിരുവെഴുത്തിന്റെ വിവിധ ഭാഗങ്ങൾ വിവിധ ദുരുപദേശകരുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്നോസ്റ്റിക് ദുരുപദേഷ്ടാക്കളുടെ ദുരുപദേശത്തെയാണ് 1 യോഹന്നാൻ കൈകാര്യം ചെയ്യുന്നത്. 1 യോഹന്നാന്റെ മുഖവുരയിൽ "ദുരുപദേശം" കാണുക. പുതിയ നിയമത്തിന്റെ മറ്റു ഭാഗങ്ങൾ ഇതര ഭോഷ്കുകളെ കൈകാര്യം ചെയ്യുന്നു (ഒ.നോ. യോഹ. 1:13; റോമ. 10:9–13; 1 കൊരി. 12:3). ഏത് പ്രമാദത്തെയാണു കൈകാര്യം ചെയ്യുന്നതെന്നറിയുവാൻ ഓരോ സന്ദർഭത്തെക്കുറിച്ചും വേറിട്ടു പഠിക്കേണ്ടതാണ്. നിരവധി ഉറവിടങ്ങളിൽ നിന്നുള്ള പ്രമാദങ്ങളുണ്ട്:
   1. യെഹൂദ മതവാദികൾ
   2. ഗ്രീക്ക് തത്വജ്ഞാനികൾ
   3. ഗ്രീക്ക് നിയമരഹിത വാദികൾ
   4. പ്രത്യേക ആത്മീയ വെളിപ്പാട് അഥവാ അനുഭവങ്ങൾ ഉണ്ടെന്നവകാശപ്പെടുന്നവർ

# പദ, ശൈലീ പഠനം

**1 യോഹന്നാൻ 4:1–6**

**[1]പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്‌വിൻ. [2]ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളതു. [3]യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല; അതു എതിർക്രിസ്തുവിന്റെ ആത്മാവു തന്നേ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു ഇപ്പോൾ തന്നേ ലോകത്തിൽ ഉണ്ടു. [4]കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ. [5]അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു; ലോകം അവരുടെ വാക്കു കേൾക്കുന്നു. [6]ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു ഇതിനാൽ അറിയാം.**

**4:1 "കള്ള പ്രവാചകന്മാർ പലരും ലോകത്തിലേക്കു പറപ്പെട്ടിരിക്കയാൽ"** പൂർണ്ണ കർത്തരി സൂചകമാണിത് (ഒ.നോ. യിരെ. 14:14; 23:21; 29:8; മത്താ. 7:15; 24:11,24; പ്രവൃ. 20:28–30; 2 പത്രൊ. 2:1; 1 യോഹ. 2:18–19,24; 3:7; 3

യോഹ. 7). അവർ സഭ വിട്ടുപോയി (ഭവന സഭകൾ) എങ്കിലും തങ്ങൾ ദൈവത്തിനുവേണ്ടി സംസാരിക്കുന്നവരാണെന്ന് ഇപ്പോഴും അവകാശപ്പെടുന്നു എന്ന സൂചനയാണിവിടുള്ളത്.
യോഹ. 4:19 ലെ പ്രത്യേക പഠനവിഷയം: പുതിയ നിയമ പ്രവചനം കാണുക.

▣ **"ഏതു ആത്മാവിനെയും"** ആത്മാവ് എന്ന പദം മാനുഷിക വ്യക്തി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. 4:6 ലെ കുറിപ്പു കാണുക. ദൈവത്തിൽ നിന്നുള്ള എന്ന അർത്ഥത്തിലുള്ള സന്ദേശത്തെ ഇതു സൂചിപ്പിക്കുന്നു. ദുരുപദേശം സഭയ്ക്കുള്ളിൽ നിന്നാണു വരുന്നത് (ഒ.നോ. 2:19). ദുരുപദേഷ്ടാക്കൾ, തങ്ങൾ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരാണെന്നവകാശപ്പെട്ടു. മാനുഷിക സംസാരത്തിനും പ്രവൃത്തിക്കും പിന്നിൽ രണ്ട് ആത്മിയ ഉറവിടങ്ങൾ - ദൈവം അല്ലെങ്കിൽ സാത്താൻ - ഉണ്ടെന്ന് യോഹന്നാൻ പ്രസ്താവിക്കുന്നു.

▣ **"വിശ്വസിക്കാതെ"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നു സാധാരണയായി സൂചിപ്പിക്കുന്ന നിഷേധാത്മക ഘടകത്തോടുകൂടിയ വർത്തമാന വിധിരൂപമാണിത്. ശക്തരായ വ്യക്തിത്വങ്ങൾ യുക്തിസഹമായ വാദങ്ങൾ, അല്ലെങ്കിൽ അത്ഭുത സംഭവങ്ങൾ തുടങ്ങിയവ ദൈവത്തിൽ നിന്നുള്ളവ എന്ന രീതിയിൽ സ്വീകരിക്കുന്നതിനുള്ള പ്രവണതയാണ് വിശ്വാസികൾക്കുള്ളത്. ദുരുപദേഷ്ടാക്കൾ അവകാശപ്പെടുന്നത് (1) അവർ ദൈവത്തിനു വേണ്ടി സംസാരിക്കുന്നു, (2) ദൈവത്തിൽ നിന്ന് പ്രത്യേക വെളിപ്പാട് തങ്ങൾക്കുണ്ട്.

## പ്രത്യേക പഠനവിഷയം: വിശ്വാസികൾ അന്യോന്യം വിധിക്കണമോ?

രണ്ടു വിധത്തിൽ ഈ വിഷയം കൈകാര്യം ചെയ്യാം

1. വിശ്വാസികൾ അന്യോന്യം വിധിക്കരുത് എന്ന് ആഹ്വാനം ചെയ്തിരിക്കുന്നു (ഒ.നോ. മത്താ. 7:1-5; ലൂക്കൊ. 6:37,42; റോമ. 2:1-11; യാക്കോ. 4:11-12)
2. വിശ്വാസികൾ നേതൃത്വത്തെ വിലയിരുത്താൻ ആഹ്വാനം ചെയ്തിരിക്കുന്നു (ഒ.നോ. മത്താ. 7:6,15-16; 1 കൊരി. 14:29; 1 തെസ്സ. 5:21; 1 തിമൊ. 3:1-13; 1 യോഹ. 4:1-6)

ശരിയായ വിലയിരുത്തലിനുള്ള ചില മാനദണ്ഡങ്ങൾ സഹായകരമായിരിക്കും.

1. വിലയിരുത്തൽ സ്ഥിരീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആയിരിക്കണം (ഒ.നോ. 1 യോഹ. 4:1- അംഗീകരിക്കുക എന്ന വീക്ഷണത്തിലുള്ള "പരിശോധന")
2. വിലയിരുത്തൽ താഴ്മയോടെയും സൗമ്യതയോടെയും ആയിരിക്കണം (ഒ.നോ. ഗലാ. 6:1)
3. വിലയിരുത്തൽ വ്യക്തിത്വ മുൻഗണനാ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആയിരിക്കരുത് (ഒ.നോ. റോമ. 14:1-23; 1 കൊരി. 8:1-13; 10:23-33)
4. വിലയിരുത്തൽ സഭയിൽ നിന്നോ സമൂഹത്തിൽ നിന്നോ ഉള്ള 'അപവാദത്തിനു കാരണമില്ലാത്ത' നേതാക്കളെ തിരിച്ചറിയുന്നതായിരിക്കേണം (ഒ.നോ. 1 തിമൊ. 3)

▣ **"ശോധന ചെയ്യുവിൻ"** ഇതു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ഇതൊരു ആത്മീയ വരവും (ഒ.നോ. 1 കൊരി. 12:10; 14:29). പ്രാർത്ഥന, സുവിശേഷീകരണം, ദാനം ചെയ്യൽ എന്നിവ പോലെ എല്ലാ വിശ്വാസികൾക്കും ആവശ്യമായിരിക്കുന്ന ഒരു കാര്യവും ആണ്. *ഡോക്കിമാഡ്സോ (δοκιμαζω)* എന്ന ഗ്രീക്കുപദത്തിന് "അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെ പരിശോധിക്കുക" എന്ന അർത്ഥമാണുള്ളത്. മോശമെന്നു തെളിയും വരെ വിശ്വാസികൾ മറ്റുള്ളവരെക്കുറിച്ച് നല്ലതു ചിന്തിക്കേണം (ഒ.നോ. 1 കൊരി. 13:4-7; 1 തെസ്സ. 5:20-21).

## പ്രത്യേക പഠനവിഷയം: പരിശോധനയ്ക്കുള്ള ഗ്രീക്കു പദങ്ങളും മറ്റ് അർത്ഥസൂചനകളും

ഒരു ഉദ്ദേശ്യത്തോടെ ഒരുവനെ പരിശോധിക്കുക എന്ന ആശയമുള്ള രണ്ട് ഗ്രീക്കു പദങ്ങളുണ്ട്.

1. *ഡോക്കിമാഡ്സോ (δοκιμαζω), ഡോക്കിമിയോൻ (δοκιμιον), ഡോക്കിമാസിയ (δοκιμασια).* ഒരു വസ്തു യഥാർത്ഥമാണോ എന്നറിയുന്നതിന് (ആലങ്കാരികമായി ഒരു വ്യക്തിയെയും) തീകൊണ്ട് ശോധന ചെയ്യുന്നതിനുപയോഗിക്കുന്ന ലോഹസംസ്കരണ പദമാണിത്. തീ ശരിയായ ലോഹത്തെ വെളിപ്പെടുത്തുകയും കീടത്തെ ഉരുക്കിക്കളയുകയും ചെയ്യുന്നു (ശുദ്ധീകരിക്കുന്നു). ഈ ഭൗതിക പ്രക്രിയ, ദൈവവും/അല്ലെങ്കിൽ സാത്താനും/അല്ലെങ്കിൽ മനുഷ്യനും മറ്റുള്ളവരെ ശോധന ചെയ്യുന്നു എന്നതിനുള്ള ശക്തമായ ശൈലിയായി മാറി. ഈ പദം അംഗീകരിക്കാനുള്ള ഉദ്ദേശ്യത്തോടെ പരിശോധിക്കുക എന്ന സാധകാത്മ അർത്ഥത്തിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.
   ഇവയെ പരിശോധിക്കുന്നതായി പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നു:
   a. കാള - ലൂക്കൊ. 14:19
   b. നമ്മെത്തന്നെ - 1 കൊരി. 11:28

c. നമ്മുടെ വിശ്വാസം - യാക്കോ. 1:3
d. ദൈവത്തെപ്പോലും - എബ്രാ. 3:9

ഈ പരിശോധനയുടെ ഫലം സാധകാത്മകമെന്ന് അനുമാനിക്കപ്പെടുന്നു (ഒ.നോ. റോമ. 1:28; 14:22; 16:10; 2 കൊരി. 10:18; 13:3; ഫിലി. 2:27; 1 പത്രൊ. 1:7) അതിനാൽ പദം സൂചിപ്പിക്കുന്നത് ഒരുവൻ പരിശോധിക്കപ്പെട്ട് അംഗീകരിക്കപ്പെടുന്നു എന്നാണ്.

a. കൊള്ളാവുന്നവനെന്ന്
b. നല്ലവനെന്ന്
c. സത്യമായതെന്ന്
d. വിലയുള്ളതെന്ന്
e. ബഹുമാനയോഗ്യമെന്ന്

2. *പെയിറാഡ്സോ (πειραζω), പെയിറാസ്മുസ് (πειρασμυς)*

കുറ്റം കണ്ടെത്തുക, അഥവാ നിരസിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പരിശോധനയെ സൂചിപ്പിക്കുന്നു. മരുഭൂമിയിൽ വച്ച് യേശുവിനുണ്ടായ പരീക്ഷയോടു ബന്ധപ്പെട്ട് മിക്കപ്പോഴും ഉപയോഗിക്കപ്പെട്ടിരിക്കുന്നു.

a. യേശുവിനെ കുടുക്കുവാനുള്ള ശ്രമത്തെ സൂചിപ്പിക്കുന്നു (ഒ.നോ. മത്താ. 4:1; 16:1; 19:3; 22:18,35; മർക്കൊ. 1:13; ലൂക്കൊ. 4:38; എബ്രാ. 2:18).
b. ഈ പദം (*പെയിറാഡ്സോൺ-πειραζον*) സാത്താന്റെ പേരായി ഉപയോഗിച്ചിരിക്കുന്നു (മത്താ. 4:3; 1 തെസ്സ. 3:5)
c. ദൈവത്തെ പരീക്ഷിക്കരുത് എന്ന മുന്നറിയിപ്പായി യേശു ഇതുപയോഗിച്ചു (ഒ.നോ. മത്താ. 14:7; ലൂക്കൊ. 4:12 [അഥവാ ക്രിസ്തുവിനെ, ഒ.നോ. 1 കൊരി. 10:9]). പരാജയപ്പെട്ട ഒന്ന് ചെയ്യുന്നതിനുള്ള ശ്രമത്തെ സൂചിപ്പിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. പ്രവൃ. 9:20; 20:21; എബ്രാ. 11:29). വിശ്വാസികൾക്കുണ്ടാകുന്ന പരീക്ഷകളെയും പരിശോധനകളെയും സൂചിപ്പിക്കുവാനും ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 1 കൊരി. 7:5; 10:9,13; ഗലാ. 6:1; 1 തെസ്സ. 3:5; എബ്രാ. 2:18; യാക്കോ. 1:2,13,14; 1 പത്രൊ. 4:12; 2 പത്രൊ. 2:9). ഒരു പ്രത്യേക സമയത്തും സ്ഥലത്തും വെളിപ്പെടുന്നതിനായി ദൈവം മനുഷ്യന്റെ മൂന്നു ശത്രുക്കളെ അനുവദിച്ചിരിക്കുന്നു (അതാ. ലോകം, ജഡം, പിശാച്).

**4:2 "ദൈവാത്മാവിനെ ഇതിനാൽ അറിയാം"** വ്യാകരണ രൂപം ഒന്നുകിൽ വർത്തമാനകാല കർത്തരി സൂചകം (ഒരു പ്രസ്താവന) അല്ലെങ്കിൽ വർത്തമാനകാല കർത്തരി വിധിരൂപം (കല്പന) ആണ്. ഇതേ ദുർഗ്രഹത 2:27 ലെ "വസിക്കുക" എന്നതിലും 2:29 ലെ "അറിയുക" എന്നതിലെ കാണാം. പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും യേശുവിനെ ഉയർത്തിക്കാട്ടുന്നു (ഒ.നോ. യോഹ. 14:26; 15:26; 16:13–15). ഇതേ പ്രസ്താവന പൗലൊസിന്റെ എഴുത്തുകളിൽ 1 കൊരി. 12:3 ൽ കാണാം.

▣ **"യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന്"** ഇത് പൂർണ്ണ കർത്തരി അപൂർണ്ണ ക്രിയയാണ്. ഈ പുസ്തകത്തിൽ യോഹന്നാൻ എതിർക്കുന്ന ദുരുപദേഷ്ടാക്കളെ (അതാ. ജ്ഞാനവാദികൾ) പരിശോധിക്കുന്നതിനുള്ള അനിവാര്യമായ ഉപദേശപരമായ പരിശോധനയാണിത്. അടിസ്ഥാന ഊന്നൽ യേശു പൂർണ്ണമനുഷ്യനും ജഡത്തിൽ ജ്ഞാനവാദികൾ നിരാകരിക്കുന്ന സംഗതി പൂർണ്ണദൈവവും (ഒ.നോ. 1:1–4; 2 യോഹ. 7; യോഹ. 1:14; 1 തിമൊ. 3:16). പൂർണ്ണകാലം സൂചിപ്പിക്കുന്നത് യേശുവിന്റെ മനുഷ്യത്വം താൽക്കാലികമല്ല സ്ഥായിയായതാണ് എന്നതാണ്. ഇതൊരു ചെറിയ വിഷയമല്ല. യേശു മനുഷ്യവർഗ്ഗത്തോട് യഥാർത്ഥമായും ഒന്നായിത്തീർന്നവനും ദൈവത്തോട് ഒന്നായിത്തീർന്നവനുമാണ്.

▣ **"സ്വീകരിക്കുന്ന ആത്മാവൊക്കെയും"** ഒരു ഭൂതകാല വിശ്വാസ പ്രഖ്യാപനത്തിലുപരി തുടർന്നുകൊണ്ടിരിക്കുന്ന വിശ്വാസ പ്രഖ്യാപനത്തെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകമാണിത്. "സ്വീകരിക്കുക" എന്ന ഗ്രീക്കു പദം (ഏറ്റു പറയുക) "അതുതന്നേ" "സംസാരിക്കുക" എന്നീ പദങ്ങളിൽ നിന്നുണ്ടായതാണ്. അർത്ഥം "അതുതന്നേ സംസാരിക്കുക." 1 യോഹന്നാനിൽ ആവർത്തിക്കുന്ന വിഷയമാണിത് (ഒ.നോ. 1 യോഹ. 1:9; 2:23; 4:2–3; 4:15; യോഹ. 9:22; 2 യോഹ. 7). പദം സൂചിപ്പിക്കുന്നത് വ്യക്തവും യേശുക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ചുള്ള ഒരുവന്റെ ഉറപ്പിന്റെ വ്യക്തവും, പരസ്യവും വാക്കാലുള്ളതുമായ ഏറ്റുപറച്ചിലിനെയും അതിനോടുള്ള പ്രതിജ്ഞാബദ്ധതയെയും ആണ്. യോഹ. 9:22 ലെ പ്രത്യേക പഠനവിഷയം കാണുക.

**4:3 "യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും"** പുതിയ നിയമത്തിന്റെ പഴയ ലത്തീൻ പരിഭാഷയും സഭാ പിതാക്കളായ ക്ലെമന്റ്, അലക്സാന്ത്രിയയിലെ ഒറിഗൺ, ഐറേനിയസ്, തെർത്തുല്യൻ എന്നിവരും *ലെയൂഈ* (*λευι* - അഴിക്കുക) എന്നു ചേർത്തു എന്നത് ദൈവശാസ്ത്രപരമായി താല്പര്യമുളവാക്കുന്നതാണ്. അതു സൂചിപ്പിക്കുന്നത് "യേശുവിനെ വേർപെടുത്തുക" എന്നാണ്. യേശുവിനെ ഒരു മാനുഷിക ആത്മാവായും രണ്ടാം നൂറ്റാണ്ടിലെ ജ്ഞാനവാദ എഴുത്തുകളിൽ കാണുന്നവിധം ഒരു ഒറ്റപ്പെട്ട ദൈവിക ആത്മാവ് ആയും ചിത്രീകരിക്കുന്നു. എന്നാലിത് പാഠഭാഗത്ത് കൂട്ടിച്ചേർത്തതാണ്. ആദിമസഭയുടെ ജീവിതവും ദുരുപദേശത്തോടുള്ള

ജീവന്മരണ പോരാട്ടവും വെളിവാക്കുന്നതാണിത് (See Bart Erhat, *The Orthodox Corruption of Scripture*, pp. 125-135).

▣ **"എതിർക്രിസ്തുവിന്റെ ആത്മാവ്"** ഇവിടെ ഈ പദം (ഒ.നോ. 2:18-25) ക്രിസ്തുവിന്റെ സ്ഥാനം നേടുവാൻ ശ്രമിക്കുന്നവനെ സൂചിപ്പിക്കുന്നതല്ല. മറിച്ച് ക്രിസ്തുവിനെ നിഷേധിക്കുന്നവനെ സൂചിപ്പിക്കാനാണുപയോഗിച്ചിരിക്കുന്നത്.

▣ **"അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്"** യോഹന്നാൻ ഈ വിഷയം ഇതിനോടകം ചർച്ച ചെയ്തിട്ടുണ്ടെന്നും ഇപ്പോഴും അതിന്റെ പ്രസക്തി നിലനിൽക്കുന്നുവെന്നും സൂചിപ്പിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണിത്. ഗ്രീക്കിൽ നപുംസക സർവ്വനാമമായ 'അത്' നപുംസക 'ആത്മാവിന്' യോജിക്കുന്നതാണ്. 2:18 ൽ എന്നപോലെ ഇതു സൂചിപ്പിക്കുന്നത് എതിർക്രിസ്തുക്കളുടെ ആത്മാവ് ഇതിനോടകം വന്നു കഴിഞ്ഞു ഇനിയും വരികയും ചെയ്യും എന്നാണ്. ഈ ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ ഉല്പ. 3 ലെ ദുഷ്ടനിൽ ആരംഭിച്ച് ദുഷ്ടതയുടെ അവതാരത്തിന്റെ വെളിപ്പെടലും അന്ത്യകാല എതിർക്രിസ്തുവും വരെ നീളുന്ന (അതാ. 2 തെസ്സ. 2; വെളി. 13) വ്യാജ വിവരങ്ങളുടെയും വ്യാജ ജീവിതശൈലികളുടെയും വ്യാജ തൊഴിലുകളുടെയും ഒരു ശൃംഖല തന്നെ നൂറ്റാണ്ടുകൾ കൊണ്ടു രൂപപ്പെടുത്തിക്കഴിഞ്ഞു.

**4:4-6 "നിങ്ങൾ... അവർ... ഞങ്ങൾ"** ഈ സർവ്വനാമങ്ങൾ എല്ലാം ഊന്നൽ നൽകി പറഞ്ഞിരിക്കുന്നു. അഭിസംബോധന ചെയ്യപ്പെട്ട മൂന്നു കൂട്ടരാണവർ:

1. സത്യവിശ്വാസികൾ (യോഹന്നാനും അവന്റെ വായനക്കാരും)
2. വ്യാജവിശ്വാസികൾ (ജ്ഞാനവാദികളും അവരുടെ ശിഷ്യന്മാരും)
3. യോഹന്നാന്റെ മിഷനറി സംഘം അഥവാ ദൈവശാസ്ത്ര സംഘം

ഇതേ മൂന്നു കൂട്ടരെ എബ്രായർ 6 ലും 10 ലും കാണാം.

**4:4 "അവരെ ജയിച്ചുമിരിക്കുന്നു"** പൂർണ്ണ കർത്തരി സൂചകമാണിത്. ഉപദേശപരമായ വിവാദത്തെയും വിജയകരമായ ക്രിസ്തീയ ജീവിതത്തെയുമാണിതു സൂചിപ്പിക്കുന്നത്. അവർക്കും നമുക്കും വേണ്ടിയുള്ള എത്രമാത്രം ധൈര്യപ്പെടുത്തുന്ന വാക്കുകളാണിവ!

പാപത്തിന്റെമേലും പിശാചിന്റെ മേലുമുള്ള ക്രിസ്തീയ വിജയത്തെപ്പറ്റി യോഹന്നാൻ ചിന്തയുള്ളവനായിരുന്നു. ഈ പദം (*നിക്കാഓ-νικαω*) 6 പ്രാവശ്യം 1 യോഹന്നാനിലും (ഒ.നോ. 2:13,14; 5:4,5) 11 പ്രാവശ്യം വെളിപ്പാടിലും ഒരു പ്രാവശ്യം സുവിശേഷത്തിലും ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 16:33). "വിജയം" എന്ന പദം 1 പ്രാവശ്യം മാത്രം ലൂക്കൊസിലും (ഒ.നോ. 11:22) രണ്ടു പ്രാവശ്യം പൗലൊസിന്റെ എഴുത്തുകളിലും (ഒ.നോ. റോമ. 3:4; 12:21) ഉപയോഗിച്ചിരിക്കുന്നു.

▣ **"നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ"** നമ്മിൽ വസിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഊന്നലാണിത്. അധിവസിക്കുന്ന പിതാവിനെക്കുറിച്ചാകാം ഇതിവിടെ പറഞ്ഞിരിക്കുന്നത് (ഒ.നോ. യോഹ. 14:23; 2 കൊരി. 6:16). പുതിയ നിയമം (1) അധിവസിക്കുന്ന പുത്രൻ (ഒ.നോ. മത്താ. 28:20; കൊലൊ. 1:27), (2) അധിവസിക്കുന്ന പരിശുദ്ധാത്മാവ് (ഒ.നോ. റോമ. 8:9; 1 യോഹ. 4:13) എന്നിവരെക്കുറിച്ചും പറയുന്നുണ്ട്. ആത്മാവും പുത്രനും അടുത്തടുത്ത വ്യക്തികളെന്ന സൂചന നൽകുന്നു (ഒ.നോ. റോമ. 8:9; 2 കൊരി. 3:17; ഗലാ. 4:6; ഫിലി. 1:19; 1 പത്രൊ. 1:11). യോഹ. 14:15 ലെ പ്രത്യേക പഠനവിഷയം കാണുക.

"ലോകത്തിൽ ഉള്ളവൻ" എന്ന പ്രയോഗം സാത്താനെയും അവന്റെ അനുയായികളെയും പരമാർശിക്കുന്നതാണ് (ഒ.നോ. യോഹ. 12:31; 14:30; 16:11; 2 കൊരി. 4:4; എഫെ. 2:2; 1 യോഹ. 5:19). 1 യോഹന്നാനിൽ "ലോകം" എന്ന പദത്തിന് എല്ലായ്പ്പോഴും നിഷേധാത്മക അർത്ഥമാണുള്ളത് (അതാ. ദൈവത്തെ കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മാനുഷിക സമുദായം. 14:17 ലെ പ്രത്യേക പഠനവിഷയം: *കോസ്മോസ്* കാണുക).

**4:5 "അവർ ലൗകികന്മാർ"** ഇത് സംയോജികാ വിഭക്തി ആണ്. ഇവിടെ "ലോകം" എന്ന പദം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സഹായമില്ലാതെ ആവശ്യങ്ങൾ നിർവഹിക്കാൻ ശ്രമിക്കുന്ന വീണുപോയ മാനുഷിക സമൂഹത്തെയാണ് (ഒ.നോ. 2:15-17). വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ കൂട്ടായ സ്വതന്ത്ര ആത്മാവിനെയാണതു സൂചിപ്പിക്കുന്നത്! ഇതിനുദാഹരണമാണു കയീൻ (ഒ.നോ. 3:12). മറ്റു ഉദാഹരങ്ങൾ (1) ഏലിയാവും ബാലിന്റെ പ്രവാചകന്മാരും (1 രാജാ. 18), (2) യിരെമ്യാവും ഹനന്യാവും (യിരെ. 28).

▣ **"ലോകം അവരുടെ വാക്കു കേൾക്കുന്നു"** ക്രിസ്തീയ ഉപദേഷ്ടാക്കൾക്കെതിരായി ദുരുപദേഷ്ടാക്കളും അവരെ ശ്രദ്ധിക്കുന്നവരും എന്നതിന് മറ്റൊരുദാഹരണം (ഒ.നോ. യോഹ. 15:19; 1 തിമൊ. 4:1).

**4:6 "ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു"** വർത്തമാനകാല കർത്തരി അപൂർണ്ണ ക്രിയയാണിത്. സത്യവിശ്വാസികൾ അപ്പൊസ്തലിക സത്യത്തെ തുടർന്നും ശ്രവിക്കുകയും പ്രതികരിക്കുകയും ചെയ്യും. വിശ്വാസികൾക്ക് സത്യ പ്രസംഗകരെ/ഉപദേഷ്ടാക്കളെയും അവരുടെ സന്ദേശത്തിന്റെ ഉള്ളടക്കത്തെയും അതു കേട്ടു പ്രതികരിക്കുന്നവരെയും തിരിച്ചറിയാൻ കഴിയും.

▣ **"സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു ഇതിനാൽ അറിയാം"** ഇത് പരിശുദ്ധാത്മാവിനെയും (ഒ.നോ. യോഹ. 14:17; 15:26; 16:13; 1 യോഹ. 4:6; 5:7) ദുഷ്ട ആത്മാവായ സാത്താനെയും സൂചിപ്പിക്കുന്നു. സന്ദേശത്തിന്റെ ഉറവിടമേതെന്നു വിവേചിച്ചറിയാൻ വിശ്വാസികൾക്കു

കഴിയേണം. മിക്കപ്പോഴും ദൈവത്തിന്റെ നാമത്തിൽ ദൈവത്തിന്റെ വക്താക്കൾ എന്ന നിലയിലാണവർ സംസാരിക്കുന്നത്. ഒരുവൻ യേശുവിനെയും ക്രിസ്തുസാദൃശ്യ ജീവിതത്തെയും അപരൻ മാനുഷിക ഊഹാപോഹ ങ്ങളെയും വ്യക്തി സ്വാതന്ത്ര്യത്തെയും ഉയർത്തിക്കാട്ടുന്നു.

റോബർട്ട് ഗിർഡ്ൽസ്റ്റോൺ, *സിനോനിംസ് ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* എന്ന ഗ്രന്ഥത്തിൽ പുതിയ നിയമ ത്തിലെ "ആത്മാവ്" എന്ന പദത്തിന്റെ ഉപയോഗത്തെക്കുറിച്ച് നല്ലൊരു ചർച്ച നടത്തുന്നുണ്ട്.

"1. ദുരാത്മാക്കൾ
2. മനുഷ്യാത്മാവ്
3. പരിശുദ്ധാത്മാവ്
4. മനുഷ്യ ആത്മാവിലും ആത്മാവിലൂടെയും ആത്മാവ് ഉരുവാക്കുന്ന കാര്യങ്ങൾ
   a. "ദാസത്യത്വത്തിന്റെ ആത്മാവ് അല്ല x പുത്രത്തിന്റെ ആത്മാവ്' (റോമ. 8:15)
   b. 'സൗമ്യതയുടെ ആത്മാവ്' - 1 കൊരി. 4:21
   c. 'വിശ്വാസത്തിന്റെ ആത്മാവ്' - 1 കൊരി. 4:13
   d. 'തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെയും ജ്ഞാനത്തിന്റെയും ആത്മാവ്' - എഫെ. 1:17
   e. 'ഭീരുത്വത്തിന്റെ ആത്മാവ് x ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവ്' –2 തിമൊ. 1:7
   f. 'വഞ്ചനയുടെ ആത്മാവ് x സത്യത്തിന്റെ ആത്മാവ്' - 1 യോഹ. 4:6 (പേജ് 61–63)

**1 യോഹന്നാൻ 4:7-14**

**[7]പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹി ക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. [8]സ്നേഹിക്കാ ത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ. [9]ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. [10]നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു. [11]പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹി ക്കേണ്ടതാകുന്നു. [12]ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. [13]നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നു അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു. [14]പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു.**

**4:7 "നാം അന്യോന്യം സ്നേഹിക്ക"** വർത്തമാനകാല കർത്തരി ക്രിയാബന്ധമാണിത്. ജീവിതശൈലിയായ ദൈനംദിന സ്നേഹം സകല വിശ്വാസികളുടെയും പൊതു സവിശേഷതയായിരിക്കണം (ഒ.നോ. 1 കൊരി. 13; ഗലാ. 5:22). ഇത് യോഹന്നാന്റെ എഴുത്തുകളിൽ ആവർത്തിക്കുന്ന വിഷയവും ധാർമ്മിക പരിശോധനയുടെ ആകത്തുകയുമാണ് (ഒ.നോ. യോഹ. 13:34; 15:12, 17; 1 യോഹ. 2:7-11; 3:11, 23; 2 യോഹ. 3; പശ്ചാത്തല ഉൾക്കാഴ്ചകൾ C കാണുക). അനുബന്ധ ക്രിയാരൂപം സംഭവ്യമായ ഒന്നിനെ സൂചിപ്പിക്കുന്നു.

▣ **"സ്നേഹം ദൈവത്തിൽ നിന്നു വരുന്നു"** മാനുഷികമായി സഹജീവികളോടുള്ള ആർദ്രതയോ, വികാരമോ, സഹാനുഭൂതിയോ അല്ല ദൈവമാണ് സ്നേഹത്തിന്റെ ഉറവിടം (ഒ.നോ. വാ. 16). അത് പ്രായോഗികമായി വൈകാരികമല്ല, മറിച്ച് സോദ്ദേശ്യപരമായ പ്രവൃത്തി ആണ് (അതാ. നമുക്കു പകരം മരിക്കുവാൻ പിതാവു പുത്രനെ അയച്ചു, ഒ.നോ. വാ. 10; യോഹ. 3:16).

▣ **"സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു"** ക്രിയകൾ പൂർണ്ണ കർമ്മണി പ്രയോഗവും വർത്തമാനകാല കർത്തരി സൂചകവും ആണ്. വിശ്വാസി ആയിത്തീ രുന്നതിനുള്ള യോഹന്നാന്റെ ഇഷ്ടപദങ്ങൾ ശാരീരിക ജനനത്തോടു ബന്ധപ്പെട്ടതാണ് (ഒ.നോ. 2:29; 3:9; 5:1; 4:18; യോഹ. 3:3,7,31; 19:11).

"അറിയുക" എന്ന പദത്തിന് തുടർമാനമായ, ആഴമായ കൂട്ടായ്മ എന്ന എബ്രായ അർത്ഥമാണുള്ളത് (ഒ.നോ. ഉല്പ. 4:1; യിരെ. 1:5). 1 യോഹന്നാനിലെ ആവർത്തിക്കുന്ന ഈ വിഷയം 77 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. യോഹ. 1:10 ലെ പ്രത്യേക പഠനവിഷയം കാണുക.

**4:8 "സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ"** ദൈവത്തെ അറിയുന്നു എന്നതിന്റെ യഥാർത്ഥ പരിശോധനയാണ് ജീവിതശൈലി സ്നേഹം.

യോഹന്നാന്റെ ആഴമേറിയതും ലളിതവുമായ പ്രസ്താവനകളിലൊന്നാണിത്. "ദൈവം സ്നേഹം ആകുന്നു" എന്നത് "ദൈവം വെളിച്ചം ആകുന്നു' (ഒ.നോ. 1:5), "ദൈവം ആത്മാവാകുന്നു" (ഒ.നോ. യോഹ. 4:24) എന്നതിനോടു തുല്യമാണ്. ദൈവത്തിന്റെ സ്നേഹവും അവന്റെ ക്രോധവും തമ്മിൽ താരതമ്യപ്പെടുത്തുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ആവ. 5:9 നെ 5:10 നോടും 7:9 നോടും താരതമ്യപ്പെടുത്തുകയാണ്.

**4:9 "ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്കു അയച്ചു"** പൂർണ്ണ കർത്തരി സൂചകമാണിത്. ജഡധാരണവും അതിന്റെ ഫലവും നിലനിൽക്കുന്നു. ദൈവത്തിന്റെ സകലനേട്ടങ്ങളും ക്രിസ്തുവിലൂടെയാണ് ലഭ്യമാകുന്നത്.

"ഏകജാതൻ" എന്ന പദം *മോണോഗെനീസ്(μονογενης)* ആണ്. "നിസ്തുലം", "ഒരു തരത്തിൽപ്പെട്ട ഒന്ന്" എന്നാണർത്ഥം, ലൈംഗികമായി ജനിച്ച തലമുറ എന്നല്ല. കന്യകാജനനം ദൈവത്തിന്റെയോ അല്ലെങ്കിൽ മറിയയുടെയോ ലൈംഗികാനുഭവത്തിൽ നിന്നുളവായതല്ല. യേശുവിനെ സൂചിപ്പിക്കുവാൻ നിരവധി പ്രാവശ്യം ഈ പദം യോഹന്നാൻ ഉപയോഗിക്കുന്നുണ്ട് (ഒ.നോ. യോഹ. 1:14,18; 3:16,18; 1 യോഹ. 4:9). യോഹ. 3:16 ലെ കൂടുതൽ കുറിപ്പുകൾ കാണുക. യേശു അതുല്യമായ അർത്ഥത്തിൽ (മറ്റാർക്കും അവകാശപ്പെടുവാൻ കഴിയാത്ത രീതിയിൽ) ദൈവത്തിന്റെ പുത്രനാണ്. അതിൽനിന്നും ഉളവായത് എന്ന നിലയിലാണ് വിശ്വാസികളെ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കുന്നത്.

▣ **"നാം അവനാൽ ജീവിക്കേണ്ടതിന്"** സംഭവ്യതയെ സൂചിപ്പിക്കുന്ന ഭൂതകാല കർത്തരി അനുബന്ധമാണിത്. വിശ്വാസത്താലുള്ള പ്രതികരണം ഇതിനാവശ്യമാണ്. ജഡധാരണത്തിന്റെ ഉദ്ദേശ്യം നിത്യജീവനും സമൃദ്ധിയായ ജീവനും ആണ് (ഒ.നോ. യോഹ. 10:10).

▣ **"ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി"** ഭൂതകാല കർമ്മണി സൂചകമാണിത് (ഒ.നോ. യോഹ. 3:16; 2 കൊരി. 9:15; റോമ. 8:32). തന്റെ പുത്രനെ നമ്മുടെ സ്ഥാനത്ത് മരിക്കുന്നതിന് അയച്ചതിലൂടെ ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് വ്യക്തമായി വെളിപ്പെടുത്തി. സ്നേഹം ഒരു പ്രവൃത്തിയാണ്, കേവലം ഒരു വികാരമല്ല. വിശ്വാസികൾ അതു തങ്ങളുടെ ദൈനംദിന ജീവിതത്തിൽ പകർത്തണം (ഒ.നോ. 1 യോഹ. 3:18). ദൈവത്തെ അറിയുക എന്നത് അവൻ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നതാണ്.

**4:10 "നാം ദൈവത്തെ സ്നേഹിച്ചതല്ല"** ലോക മതങ്ങളുടെ ഇടയിൽ നിസ്തുലമാണ് പുതിയ നിയമം. സാധാരണയായി മതം എന്നത് മനുഷ്യൻ ദൈവത്തെ തേടുന്നതാണ്, എന്നാൽ ക്രിസ്ത്യാനിത്വം, ദൈവം നഷ്ടപ്പെട്ട മനുഷ്യനെ തേടുന്നതാണ്. അതിശയകരമായ സത്യം, ദൈവത്തോടുള്ള നമ്മുടെ സ്നേഹമല്ല, മറിച്ച് നമ്മോടുള്ള അവന്റെ സ്നേഹമാണ്. നമ്മുടെ പാപവും സ്വയ സ്നേഹവും മത്സരവും നിഗളവും അവഗണിച്ച് അവൻ നമ്മെ അന്വേഷിച്ചു. ദൈവം വീണുപോയ മനുഷ്യകുലത്തെ സ്നേഹിക്കുന്നു എന്നതും ജീവിത രൂപാന്തരത്തിനുതകുന്ന ഒരു സമാഗമത്തിന് മുൻകയ്യെടുത്തു നടപ്പാക്കിയെന്നതും ആണ് ക്രിസ്ത്യാനിത്വത്തിന്റെ മഹത്വപൂർണ്ണമായ സത്യം.

ക്രിയയുടെ രൂപം സംബന്ധിച്ച് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്

1. സ്നേഹിച്ചതും സ്നേഹിച്ചുകൊണ്ടിരിക്കുന്നതുമായ സ്നേഹം, പൂർണ്ണക്രിയ - കയ്യെഴുത്തു പ്രതി B
2. സ്നേഹിച്ചത്, ഭൂതകാലം - കയ്യെഴുത്തു പ്രതി א

പൂർണ്ണക്രിയയ്ക്ക് UBS[4] "B" റേറ്റിംഗ് (ഏതാണ്ട് ഉറപ്പുള്ളത്) നൽകുന്നു.

▣ **"തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ"** 2:2 ലെ കുറിപ്പു കാണുക.

▣ **"സാക്ഷാൽ സ്നേഹം ആകുന്നു"** ദൈവത്തിന്റെ സ്നേഹം യേശുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും വ്യക്തമായി വെളിപ്പെടുത്തപ്പെട്ടു (ഒ.നോ. റോമ. 5:6,8). യേശുവിനെ അറിയുന്നത് ദൈവത്തെ അറിയുന്നതാണ്. ദൈവത്തെ അറിയുന്നത് സ്നേഹിക്കുന്നതാണ്!

**4:11 "ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു"** "ഇങ്ങനെ" എന്നത് യോഹ. 3:16 ൽ കാണുന്നതു പോലെ ഈ വിധത്തിൽ എന്നാണു മനസ്സിലാക്കേണ്ടത്.

▣ **"എങ്കിൽ"** ലേഖകന്റെ വീക്ഷണത്തിൽ സത്യമായത് അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തിനുവേണ്ടിയുള്ളത് എന്നർത്ഥം വരുന്ന ഒന്നാംതരം സോപാധിക വാചകമാണിത് - ദൈവം നമ്മെ സ്നേഹിക്കുന്നു (ഒ.നോ. റോമ. 8:31).

▣ **"നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു"** അവൻ നമ്മെ സ്നേഹിച്ചതിനാൽ നാമും പരസ്പരം സ്നേഹിക്കേണം (ഒ.നോ. 2:6; 3:16; 4:1). ആവശ്യകതയുടെ ഈ പ്രസ്താവന, ദുരുപദേഷ്ടാക്കളുടെ സ്നേഹരഹിത പെരുമാറ്റത്തെയും മനോഭാവത്തെയും പ്രതിഫലിപ്പിക്കുന്നു.

**4:12 "ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല"** ഇതൊരു പൂർണ്ണ മധ്യമ വ്യക്തിയെയോ വസ്തുവിനെയോ കൂലങ്കഷമായി വീക്ഷിക്കുക" എന്നാണ് (ഒ.നോ. പുറ. 33:20-23; യോഹ. 1:18; 5:37; 6:46; 1 തിമൊ. 6:16). ജ്ഞാനവാദികൾ, പൗരസ്ത്യ മാർമ്മിക മതങ്ങളാൽ സ്വാധീനിക്കപ്പെട്ട് ദൈവത്തിന്റെയോ ദൈവത്തിൽ നിന്നുള്ളതോ ആയ ദർശനങ്ങൾ തങ്ങൾക്കുണ്ടായിട്ടുണ്ടെന്ന് അവകാശപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. യേശു പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്താൻ വന്നു. അവനെ നോക്കുന്നതിലൂടെ നാം ദൈവത്തെ അറിയുന്നു.

▣ **"എങ്കിൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാംതരം സോപാധിക വാചകമാണിത്.

▣ **"ദൈവം നമ്മിൽ വസിക്കുന്നു"** 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക കാണുക.

▣ **"അവന്റെ സ്നേഹം നമ്മിൽ തികഞ്ഞിരിക്കുന്നു"** ഇതൊരു വക്രോക്തിപരമായ പൂർണ്ണ കർമ്മണി അപൂർണ്ണക്രിയയാണ്. സ്നേഹിക്കുന്ന ക്രിസ്ത്യാനികൾ വസിക്കുന്നതും തികഞ്ഞതുമായ ദൈവസ്നേഹത്തിന്റെ തെളിവാണ് (ഒ.നോ. 2:5; 4:17).

**4:13 "അവൻ തന്റെ ആത്മാവിനെ തന്നതിനാൽ"** പൂർണ്ണ കർത്തരി സൂചകമാണിത്. അധിവസിക്കുന്ന പരിശുദ്ധാത്മാവും (ഒ.നോ. 3:24; റോമ. 8:9) അവന്റെ രൂപാന്തരം വരുത്തുന്ന സ്വാധീനവും യഥാർത്ഥ രക്ഷയുടെ തെളിവാണ് (ഒ.നോ. റോമ. 8:16). വാ. 13 ആത്മാവിന്റെ വ്യക്തിഗത സാക്ഷ്യവും വാ. 14 അപ്പൊസ്തലിക സാക്ഷ്യത്തിന്റെ ലക്ഷ്യാധിഷ്ഠിത സാക്ഷ്യവും ഉൾപ്പെടുന്നു. വാ. 13-14 ൽ ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾ വ്യക്തമായി പ്രത്യക്ഷപ്പെടുന്നു. യോഹ. 14:26 ലെ പ്രത്യേക പഠനവിഷയം: ത്രിത്വം കാണുക.

**4:14 പിതാവു പുത്രനെ... അയച്ചിരിക്കുന്നു"** പൂർണ്ണ കർത്തരി സൂചകമാണിത്. പിതാവായ ദൈവം പുത്രനായ ദൈവത്തെ ഭൂമിയിലേക്കയച്ചു എന്ന വസ്തുത (ഒ.നോ. യോഹ. 3:16) ആത്മാവും (നല്ലത്) വസ്തുവും (തിന്മയായത്) തമ്മിലുണ്ടെന്ന് ജ്ഞാനവാദ ദുരുപദേശകർ കരുതുന്ന ദ്വന്ദത്തെ ഖണ്ഡിക്കുന്നതാണ്. യേശു സത്യമായും ദൈവവും അവൻ ദുഷ്ട ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടത് ഉല്പത്തി 3 ലെ ശാപത്തിൽ നിന്നും (ഒ.നോ. ഗലാ. 3:13) അതിനെയും നമ്മെയും വീണ്ടെടുപ്പാനും (ഒ.നോ. റോമ. 8:18-25) ആയിരുന്നു.

▣ **"ലോക രക്ഷിതാവായിട്ട്"** യേശുവിനെ രക്ഷയുടെ മാർഗ്ഗമായി ഉപയോഗിക്കുന്നതിന് പിതാവ് തിരഞ്ഞെടുത്തു എന്ന വസ്തുത, ദൂത തലങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക രഹസ്യ ജ്ഞാനത്തിലൂടെയാണ് രക്ഷ പ്രാപിക്കുന്നത് എന്ന ജ്ഞാനവാദ ദുരുപദേഷ്ടാക്കളുടെ വാദത്തെ ഖണ്ഡിക്കുന്നു. അവർ ഈ ദൂത തലങ്ങളെ ഇയോണുകൾ അഥവാ ഉന്നത ദൈവത്തിനും, മുമ്പുതന്നെ നിലനിന്നിരുന്ന വസ്തുവിൽ നിന്നും ലോകത്തെ രൂപപ്പെടുത്തിയ താണ ദൈവത്തിനും മധ്യേയുള്ള ദൂത അധികാരത്തിന്റെ മണ്ഡലങ്ങൾ എന്നു വിളിച്ചു.

"ലോക രക്ഷിതാവ്" എന്ന പ്രയോഗം (1) ദേവന്മാർക്കുള്ള പേർ (അതാ. സ്യൂസ്); (2) റോമൻ കൈസരുടെ സ്ഥാനപ്പേർ. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം യേശു മാത്രമേ ഈ പേരിനു യോഗ്യനായിട്ടുള്ളൂ (ഒ.നോ. യോഹ. 4:42; 1 തിമൊ. 2:4; 4:10). ഇതാണ് ഏഷ്യാമൈനറിലെ പ്രാദേശിക കൈസർ-കൾട്ടുകാരിൽ നിന്നും പീഡനം നേരിടാൻ കാരണമായിത്തീർന്നത്.

ഇത് സകലവും ഉൾക്കൊള്ളുന്നതാണ് എന്ന കാര്യം ശ്രദ്ധിക്കുക. അവൻ സകലരുടെയും (ചിലരുടെ അല്ല) രക്ഷകനാണ്, അവർ പ്രതികരിക്കുമെങ്കിൽ (ഒ.നോ. യോഹ. 1:12; 3:16; റോമ. 5:18; 10:9-13).

▣ **"ഞങ്ങൾ കണ്ടു സാക്ഷ്യം പറഞ്ഞിരിക്കുന്നു"** ക്രിയാപദങ്ങൾ പൂർണ്ണ മധ്യമ (ഡിപ്പോണന്റ്) സൂചകവും വർത്തമാനകാല കർത്തരി സൂചകവുമാണ്. 1:1-3 നു സമാനമായി ക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച് യോഹന്നാന്റെ ദൃക്സാക്ഷി വിവരണമാണിത്.

"കണ്ടു" എന്ന പദം "കൂലങ്കഷമായി നോക്കുക" എന്നർത്ഥം വരുന്ന വാ. 12 ലെ അതേ ഗ്രീക്കുപദമാണ്. യോഹ. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ കാണുക.

### 1 യോഹന്നാൻ 4:15-21

**[15]യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. [16]ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. [17]ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. [18]സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി ക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. [19]അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ടു നാം സ്നേഹിക്കുന്നു. [20]ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും തന്റെ സഹോദര നെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. [21]ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദര നെയും സ്നേഹിക്കേണം എന്നീ കല്പന നമുക്ക് അവനിങ്കൽനിന്നു ലഭിച്ചിരിക്കുന്നു.**

**4:15 "യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ"** ഭൂതകാല കർത്തരി ക്രിയാബന്ധമാണിത്. "സ്വീകരിക്കുക" എന്നതിന് വാ. 2 ലെ കുറിപ്പു കാണുക. യഥാർത്ഥ ക്രിസ്ത്യാനിക്കുള്ള യോഹന്നാന്റെ മൂന്നു പരിശോധനകളിൽ ഒന്ന് യേശുവിന്റെ ആളത്വവും പ്രവൃത്തിയും സംബന്ധിച്ച ദൈവശാസ്ത്ര സത്യമാണ് (ഒ.നോ. 2:22-23; 4:1-6; 5:1,5). ഇത് 1 യോഹന്നാനിലും യോഹന്നാനിലും ജീവിതശൈലി സ്നേഹവും അനുസരണവും എന്ന നിലയിൽ തുലനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനിത്വം ഒരു വ്യക്തിയും ഒരു വിശ്വാസസംഹിതയും ഒരു ജീവിതശൈലിയുമാണ്. പശ്ചാത്തല ഉൾക്കാഴ്ചകൾ C കാണുക.

"അവനിൽ (ഏവനിലും) എന്ന എല്ലാവരെയും ഉൾക്കൊണ്ടിരിക്കുന്ന പദത്തിൽ ആർക്കും തങ്കലേക്കു കടന്നു വരുന്നതിനുള്ള ദൈവിക ക്ഷണം കാണാം. സകല മനുഷ്യരും ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് (ഒ.നോ. ഉല്പ. 1:26-27; 5:3; 9:6). ഉല്പ. 3:15 ൽ ദൈവം മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പ് വാഗ്ദത്തം ചെയ്തു. അബ്രഹാമിനുള്ള അവന്റെ വിളി ലോകത്തെ നേടുന്നതിനുള്ള വിളിയാണ് (ഒ.നോ. ഉല്പ. 12:3; പുറ. 19:5). യേശുവിന്റെ മരണം പാപപ്രശ്നത്തെ പരിഹരിച്ചു (ഒ.നോ. യോഹ. 3:16). മാനസാന്തരം, വിശ്വാസം, അനുസരണം, സേവനം, സ്ഥിരോത്സാഹം എന്നീ ഉടമ്പടി വ്യവസ്ഥകൾ പാലിക്കാമെന്നുണ്ടെങ്കിൽ എല്ലാവർക്കും രക്ഷിക്കപ്പെടാൻ കഴിയും. സകലരോടുമുള്ള ദൈവത്തിന്റെ വചനം "വരിക" എന്നാണ് (ഒ.നോ. യെശ. 55).

## പ്രത്യേക പഠനവിഷയം: ബോബിന്റെ സുവിശേഷവിഹിത മുൻവിധികൾ

ഈ വിഷയത്തിൽ ഞാൻ മുൻവിധിയുള്ളവനാണെന്ന് വായനക്കാരായ നിങ്ങളോട് എനിക്കു സമ്മതിച്ചേ തീരൂ. എന്റെ വ്യവസ്ഥിതി ദൈവശാസ്ത്രം കാൽവിനിസമോ യുഗവാദമോ അല്ല. മറിച്ച് ശ്രേഷ്ഠനിയോഗ സുവിശേഷീകരണമാണ് (ഒ.നോ. മത്താ. 28:18-20; ലൂക്കൊ. 24:46-47; പ്രവൃത്തി. 1:8). സകല മാനവരാശി യുടെയും വീണ്ടെടുപ്പിനായി ഒരു നിത്യപദ്ധതി ദൈവത്തിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു (ഒ.നോ. ഉല്പ. 3:15; 12:3; പുറ. 19:5-6; യിരെ. 31:31-34; യെഹെ. 18; 36:22-39; പ്രവൃ. 2:23; 3:18; 4:28; 13:29; ഗലാ. 3:28-29; കൊലൊ. 3:11). യേശു ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന മർമ്മമെങ്കിലും ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നു (ഒ.നോ. എഫെ. 2:11-3:13). യിസ്രായേലല്ല, പുതിയ നിയമ സുവിശേഷമാണ് തിരുവെഴുത്തിന്റെ താക്കോൽ.

ഈ മുൻധാരണ, എന്റെ തിരുവെഴുത്തിന്റെ വ്യാഖ്യാനങ്ങൾക്ക് നിറം പകരുന്നു. അതിലൂടെയാണ് ഞാൻ സകല വേദഭാഗങ്ങളും വായിക്കുന്നത്. അത് തീർച്ചയായും ഒരു മുൻവിധിയാണ് (സകല വ്യാഖ്യാതാക്കൾക്കും അതുണ്ട്). എന്നാൽ അത് തിരുവെഴുത്താധാരമായ മുൻധാരണകളാണ്.

▣ **"അവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു"** മനുഷ്യനുമായുള്ള ദൈവിക ബന്ധത്തിന്റെ ഉടമ്പടി ഘടനയെയാണിതു പ്രതിഫലിപ്പിക്കുന്നത്. ദൈവം എല്ലായ്പ്പോഴും മുൻകയ്യെടുക്കുന്നു, അജണ്ട നിശ്ചയി ക്കുന്നു, ഉടമ്പടിക്കുള്ള അടിസ്ഥാനം ഇടുന്നു. എങ്കിലും മനുഷ്യന് പ്രാരംഭമായി പ്രതികരിക്കാനും തുടർമാനമായി പ്രതികരിച്ചുകൊണ്ടിരിക്കാനുമുള്ള ഉത്തരവാദിത്വമുണ്ട്.

വസിക്കുക എന്നത് ഉടമ്പടി വ്യവസ്ഥയാണ് എങ്കിലും അതൊരു അതിശയകമായ വാഗ്ദത്തമാണ് (ഒ.നോ. യോഹ. 15). പ്രപഞ്ച സ്രഷ്ടാവ്, യിസ്രായേലിന്റെ പരിശുദ്ധൻ, വീണുപോയ മനുഷ്യരോടൊപ്പം (ഒ.നോ. യോഹ. 14:23) വസിക്കുന്നത് (അധിവാസം ചെയ്യുന്നത്) സങ്കല്പിച്ചു നോക്കൂ. 2:10 ലെ പ്രത്യേക പഠനവിഷയം: വസിക്കുക കാണുക.

**4:16 "നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു"** ഈ ക്രിയകൾ പൂർണ്ണ കർത്തരി സൂചകങ്ങളാണ്. ക്രിസ്തുവിലു ള്ള ദൈവസ്നേഹത്തെക്കുറിച്ചുള്ള വിശ്വാസികളുടെ ആത്മവിശ്വാസപരവും ഉറപ്പേറിയതുമായ വിശ്വാസമാണ്, അല്ലാതെ ജീവിത സാഹചര്യങ്ങളല്ല അവരുടെ ബന്ധത്തിന്റെ അടിസ്ഥാനം. 5:13 ലെ പ്രത്യേക പഠനവിഷയം: ഉറപ്പ് കാണുക.

▣ **"ദൈവത്തിനു നമ്മോടുള്ള"** ദൈവത്തിന്റെ തുടർമാനമായ സ്നേഹത്തെ വെളിപ്പെടുത്തുന്ന വർത്തമാന കാല കർത്തരി സൂചകമാണിത്.

▣ **"സ്നേഹത്തെ"** ഈ സുപ്രധാന സത്യം ആവർത്തിച്ചിരിക്കുന്നു (ഒ.നോ. വാ. 8).

**4:17 "ന്യായവിധി ദിവസത്തിൽ ... അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു"** യേശു സ്നേഹിച്ചതുപോലെ വിശ്വാസികൾ സ്നേഹിക്കണം (ഒ.നോ. 3:16; 4:11). അവൻ പീഡിപ്പിക്കപ്പെട്ടതു പോലെയും തള്ളപ്പെട്ടതുപോലെയും അവർക്കും സംഭവിക്കാം. എങ്കിലും പുത്രനെപ്പോലെ അവരും പിതാവിനാലും ആത്മാവിനാലും സ്നേഹിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യും. ഒരുനാൾ സകല മനുഷ്യരും ജീവിതം എന്ന ദാനത്തെക്കുറിച്ച് ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും (ഒ.നോ. മത്താ. 25:31-46; 2 കൊരി. 5:10; വെളി. 20:11-15). ന്യായവിധി ദിവസത്തിൽ വിശ്വാസി ഭയപ്പെടേണ്ടി വരികയില്ല.

▣ **"നമുക്കു ധൈര്യം ഉണ്ടാവാൻ"** മൂലഭാഷയിൽ ഈ പദത്തിന് "അഭിപ്രായ സ്വാതന്ത്ര്യം" എന്നാണർത്ഥം. യോഹന്നാൻ ഇത് പരക്കെ ഉപയോഗിച്ചിട്ടുണ്ട് (ഒ.നോ. 2:28; 3:21; 5:14). പരിശുദ്ധനായ ദൈവത്തെ സമീപിപ്പിക്കുന്ന തിനുള്ള ധൈര്യത്തെക്കുറിച്ചാണിതു പറയുന്നത് (ഒ.നോ. എബ്രാ. 3:6; 10:35). 2:28 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"നമ്മോടു"** *മെറ്റാ (μετα)* എന്ന ഗതി "നമ്മിൽ" (TEV, NJB) "നമ്മുടെയിടയിൽ" (NKJV, NRSV, REB) അഥവാ "നമ്മോട്" (NASB) എന്നിങ്ങനെ മനസ്സിലാക്കാം.

**4:18 "സ്നേഹത്തിൽ ഭയമില്ല"** ദൈവത്തെ പിതാവായി നാം അറിഞ്ഞുകഴിയുമ്പോൾ നാം അവനെ ന്യായാധിപതി എന്ന നിലയിൽ ഭയപ്പെടുകയില്ല. മിക്കവർക്കും, എല്ലാവർക്കും അല്ല, ക്രിസ്ത്യാനിത്വത്തിലേക്കു വരാൻ ഭയമാണ്- ന്യായവിധിയുടെ, കുറ്റം വിധിക്കലിന്റെ, നരകത്തിന്റെ ഭയം. എങ്കിലും വീണ്ടെടുക്കപ്പെട്ടവരുടെ ജീവിതത്തിൽ അത്ഭുതകരമായ കാര്യം സംഭവിക്കുന്നു - ഭയത്തിൽ ആരംഭിച്ചത് ഭയരാഹിത്യത്തിൽ അവസാനിക്കുന്നു.

▣ **"ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ"** ഇവിടെയും മത്താ. 25:46 ലും (ക്രിയാരൂപം 2 പത്രൊ. 2:9 ൽ കാണാം). മാത്രം ഉപയോഗിച്ചിട്ടുള്ള ഒരു അപൂർവ്വ പദമാണിത്. അവിടെയിത് അന്ത്യകാല സംബന്ധിയാണ്. വർത്തമാന കാല ക്രിയ സൂചിപ്പിക്കുന്നത് ദൈവകോപത്തെക്കുറിച്ചുള്ള ഭയം താൽക്കാലികവും (സമയാധിഷ്ഠിതം) അന്ത്യകാല സംബന്ധിയുമായതാണ് എന്നാണ്. മനുഷ്യൻ ദൈവിക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ് (ഒ.നോ. ഉല്പ.

1:26-27). അതിൽ വ്യക്തിത്വം , അറിവ്, തിരഞ്ഞെടുപ്പ്, അനന്തര ഫലങ്ങൾ എന്നീ ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഇതൊരു ധാർമ്മിക പ്രപഞ്ചമാണ്. മനുഷ്യർ ദൈവിക നിയമങ്ങൾ ലംഘിച്ചുകൂടാ; ദൈവിക നിയമ ലംഘനങ്ങളാൽ അവർ തങ്ങളെത്തന്നെയാണ് തകർക്കുന്നത്.

**4:19 "അവർ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട്"** വാ. 10 ന്റെ ആവർത്തിച്ചുള്ള ഊന്നലാണിത്. ദൈവം എപ്പോഴും മുൻ കയ്യെടുക്കുന്നു (ഒ.നോ. യോഹ. 6:44, 65). എന്നാൽ വീണുപോയ മനുഷ്യവർഗ്ഗം പ്രതികരിക്കേണം (ഒ.നോ. യോഹ. 1:12; 3:16). വിശ്വാസികൾ അവന്റെ വിശ്വാസ യോഗ്യതയിൽ ആശ്രയിക്കുകയും അവന്റെ വിശ്വസ്തതയിൽ വിശ്വസിക്കുകയും ചെയ്യുന്നു. ത്രിയേക ദൈവത്തിന്റെ സ്നേഹിക്കുന്ന, പ്രവർത്തിക്കുന്ന, വിശ്വസ്തമായ സ്വഭാവ മാണ് വീണ്ടെടുക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയും ഉറപ്പും.

▣ **"നാം സ്നേഹിക്കുന്നു"** വർത്തമാനകാല കർത്തരി സൂചകമാണിത്. NKJV ൽ "നാം സ്നേഹിക്കുന്നു" എന്നതിനു ശേഷം ഒരു പ്രത്യക്ഷ കർമ്മം കൂട്ടിച്ചേർക്കുന്നു.
പ്രത്യക്ഷ കർമ്മത്തിനുള്ള കയ്യെഴുത്തു പ്രതികൾ:

1. ഒരു വലിയക്ഷര കയ്യെഴുത്തുപ്രതി (א) "ദൈവം" (*റ്റോൺ തെയോൻ-τον θεον*) എന്നു ചേർത്തിരിക്കുന്നു.
2. ψ യിൽ "അവന്റെ" (*ഔട്ടോൻ-αυτον*) എന്നു ചേർത്തിരിക്കുന്നു (KJV)
3. വൾഗേറ്റിൽ "തമ്മിൽ തമ്മിൽ" എന്നു ചേർത്തിരിക്കുന്നു. പ്രത്യക്ഷ കർമ്മം പിൽക്കാല കൂട്ടിച്ചേർക്കലാണ്.

ക്രിയ മാത്രമുള്ളതിന് UBS[4] "A" റേറ്റിംഗ് (ഉറപ്പായത്) നൽകുന്നു.

**4:20 "ഞാൻ ... പറയുകയും"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാം തരം സോപാധിക വാചകമാണിത്. തന്റെ വാദം നിരത്തുന്നതിന് ദുരുപദേഷ്ടാക്കളുടെ ഒരു പ്രസ്താവന യോഹന്നാൻ ഉദ്ധരിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണിത് (ഒ.നോ. 1:6; 8:10; 2:4,6). ഡയാട്രൈബ് എന്നാണ് ഈ രചനാസങ്കേതത്തെ വിളിക്കുന്നത് (ഒ.നോ. മലാഖി, റോമർ, യാക്കോബ്).

▣ **"ദൈവത്തെ സ്നേഹിക്കുന്നു ... സഹോദരനെ പകെക്കയും"** നമ്മുടെ ജീവിതശൈലി സ്നേഹം നാം ക്രിസ്ത്യാനികളാണോ എന്നു വ്യക്തമായി വെളിപ്പെടുത്തുന്നു (ഒ.നോ. മർക്കൊ. 12:28-34). ഭിന്നത ഉണ്ടാകുന്നതു സാധാരണമാണ്, പക്ഷേ ഉറച്ച പക അങ്ങനെയല്ല (വർത്തമാന കാലം). യോഹ. 4:4 ലെ പ്രത്യേക പഠനവിഷയം: വംശീയത, കാണുക.

▣ **"കള്ളനാകുന്നു"** വിശ്വാസികൾ "എന്നനുമാനിക്കുന്ന" പലരെയും യോഹന്നാൻ കള്ളൻ എന്നു വിളിക്കുന്നു (ഒ.നോ. 2:4,22; 4:20). വ്യാജസത്യങ്ങൾ പ്രസംഗിക്കുന്നവർ ദൈവത്തെ അസത്യവാദിയാക്കുന്നു എന്നും യോഹന്നാൻ പറയുന്നു (ഒ.നോ. 1:6,10; 5:10). ആത്മവഞ്ചകരായ മതവാദികൾ ഉണ്ട്.

**4:21** ഈ വാക്യം ഈ അധ്യായത്തിന്റെ സംക്ഷിപ്തമാണ്. സ്നേഹം സത്യവിശ്വാസിയുടെ ചോദ്യം ചെയ്യാനാവാത്ത തെളിവാണ്. പക ദുഷ്ടന്റെ പുത്രന്റെ തെളിവാണ്. ദുരുപദേഷ്ടാക്കൾ ആടുകളെ ചിതറിക്കുകയും ഭിന്നത സൃഷ്ടിക്കുകയും ചെയ്യുന്നു.

▣ **"സഹോദരനെ"** "സഹോദരൻ" എന്ന പദം ദുർഗ്രഹമാണെന്ന കാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു. "സഹ ക്രിസ്ത്യാനി" എന്നോ "സഹമനുഷ്യൻ" എന്നോ അതിനർത്ഥം കല്പിക്കാം. വിശ്വാസികളെ സൂചിപ്പിക്കുവാൻ സഹോദരൻ എന്ന പദം യോഹന്നാൻ ആവർത്തിച്ച് ഉപയോഗിക്കുന്നതിനാൽ, ആദ്യത്തെ അർത്ഥമാകാം ഇവിടെ സൂചിപ്പിക്കുന്നത് (ഒ.നോ. 1 തിമൊ. 4:10).

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ മൂന്നു പ്രധാന പരിശോധനകൾ എഴുതുക.
2. ആരാണ് യഥാർത്ഥത്തിൽ ദൈവത്തിനുവേണ്ടി സംസാരിക്കുന്നതെന്ന് എങ്ങനെ അറിയും?
3. സത്യത്തിന്റെ രണ്ട് ഉറവിടങ്ങൾ (കർത്തൃപ്രധാനവും കർമ്മ പ്രധാനവും) ഏതെല്ലാം?
4. "ലോക രക്ഷിതാവ്" എന്ന പേര് പ്രാധാന്യമുള്ളതായിരിക്കുന്നതെന്തുകൊണ്ട്?
5. കള്ളന്മാരെ (അതാ. കള്ള വിശ്വാസികൾ) വെളിപ്പെടുത്തുന്ന പ്രവൃത്തികൾ വിവരിക്കുക.

# 1 യോഹന്നാൻ 5

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| ലോകത്തെ ജയിക്കുന്നതാണ് വിശ്വാസം | വിശ്വാസത്താലുള്ള അനുസരണം | വിജയകരമായ വിശ്വാസം | ലോകത്തിന്മേലുള്ള നമ്മുടെ ജയം | |
| | 4:20–5:5 | | | |
| 5:1–5 | | 5:1–5 | 5:1–5 | വിശ്വാസത്തിന്റെ ഉറവിടം |
| പുത്രനെക്കുറിച്ചുള്ള സാക്ഷ്യം | ദൈവിക സാക്ഷ്യത്തിന്റെ നിശ്ചയം | | യേശുക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം | 5:1–13 |
| 5:6–12 | 5:6–13 | 5:6–12 | 5:6–12 | |
| നിത്യജീവനെക്കുറിച്ചുള്ള അറിവ് | | ഉപസംഹാരം | നിത്യജീവൻ | |
| 5:13–15 | പ്രാർത്ഥനയിലെ ഉറപ്പും മനസ്സലിവും | 5:13 | 5:13–15 | പാപികൾക്കായുള്ള പ്രാർത്ഥന |
| | 5:14–17 | 5:14–17 | | 5:14–17 |
| 5:16–17 | സത്യമായതിനെ അറിയുക, വ്യജത്തെ നിരസിക്കുക | | 5:16–17 | ലേഖനത്തിന്റെ സംക്ഷിപ്തം |
| 5:18–21 | 5:18–21 | 5:18–20 | 5:18 | 5:18–21 |
| | | | 5:19 | |
| | | | 5:20 | |
| | | 5:21 | 5:21 | |

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**1 യോഹന്നാൻ 5:1–4**

**[1]യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. [2]നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയാം. [3]അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല. [4]ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.**

**5:1 "യേശുവിനെ ക്രിസ്തു എന്ന്"** ദുരുപദേഷ്ടാക്കളുടെ പ്രമാദത്തിന്റെ ഉള്ളടക്കം പൂർണ്ണ ദൈവമായ യേശു എന്ന മനുഷ്യന്റെ ആളത്വത്തെയും പ്രവൃത്തിയെയും ചുറ്റിപ്പറ്റിയുള്ളതാണ് (ഒ.നോ. വാ. 5). നസറായനായ യേശു വാഗ്ദത്ത മശിഹാ ആണ്! യേശു മശിഹാ അതിശയകരമാം വിധം (അതാ. പഴയനിയമത്തിൽ) ദൈവത്വമുള്ള വനാണ്. ഈ പ്രയോഗം ഒരു പക്ഷേ സ്നാനസമയത്തെ ഒരു പ്രതിജ്ഞയാകാം (ഒ.നോ. 2:22). അതിനോടൊപ്പം "ദൈവപുത്രൻ" എന്നും ചേർക്കാറുണ്ട് (ഒ.നോ. 4:15; 5:5). യേശുവിൽ മശിഹാത്വത്തെക്കുറിച്ചുള്ള ഈ സ്ഥിരീകരണം പഴയ നിയമ പശ്ചാത്തലമുള്ള ജനത്തോടു ബന്ധപ്പെട്ടിരിക്കുന്നു (അതായത് യെഹൂദൻ, യെഹൂദ മതാനുസാരികൾ, ദൈവഭക്തർ).

▣ **"വിശ്വസിക്കുന്നവൻ"** വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണിത്. "വിശ്വാസം," "ആശ്രയം" "വിശ്വസിക്കുക" എന്നിങ്ങനെ തർജ്ജമ ചെയ്യാവുന്ന ഗ്രീക്കു പദമാണിത് (നാമം – പിസ്റ്റിസ്(*πιστις*); ക്രിയ- പിസ്റ്റെയുഓ(*πιστευω*)). എങ്കിലും 1 യോഹന്നാനിലും ഇടയ ലേഖനങ്ങളിലും (1,2 തിമൊഥെയൊസ്, തീത്തൊസ്) ഇത് പലപ്പോഴും വിശ്വാസപ്രമാണം എന്ന നിലയിലാണ് ഉപയോഗിച്ചിട്ടുള്ളത് (ഒ.നോ. യൂദാ 3,20). സുവിശേഷ ങ്ങളിലും പൗലൊസിന്റെ എഴുത്തുകളിലും അത് വ്യക്തിപരമായ ആശ്രയത്തെയും സമർപ്പണത്തെയും സൂചിപ്പി ക്കുന്നു. സുവിശേഷം ഒരേ സമയം വിശ്വസിക്കേണ്ട സത്യങ്ങളും ആശ്രയിക്കേണ്ട വ്യക്തിയും, 1 യോഹന്നാനും യാക്കോബും വ്യക്തമാക്കുന്നതുപോലെ സ്നേഹത്തിന്റെ ജീവിതവും ജീവിക്കേണ്ട ശുശ്രൂഷയുമാണ്.

▣ **"അവൻ എല്ലാം"** *പാസ്(πας)* എന്ന പദം 1 യോഹന്നാനിൽ ആവർത്തിച്ചുപയോഗിക്കുന്നു (ഒ.നോ. 1 യോഹ. 2:29; 3:3, 4, 6 [2 പ്രാവശ്യം], 9,10; 4:7; 5:1). യോഹന്നാന്റെ കറുപ്പും വെള്ളയുമായ ദൈവശാസ്ത്ര വിഭജനത്തിൽ നിന്ന് ആരെയും ഒഴിവാക്കിയിട്ടില്ല. യേശുക്രിസ്തുവിനെ കൈക്കൊള്ളുവാൻ ദൈവം നൽകുന്ന ആഗോള ക്ഷണ മാണിത് (ഒ.നോ. യോഹ. 1:12; 3:16; 1 തിമൊ. 2:4; 2 പത്രൊ. 3:9). റോമ. 10:9–13 ലെ പൗലൊസിന്റെ മഹത്തായ ക്ഷണത്തിന് തുല്യമാണിത്.

▣ **"ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു"** ഒരു ബാഹ്യ വ്യക്തിയുടെ സഹായത്താൽ സ്ഥിരമായൊരാ വസ്ഥയിലേക്ക് ആയിത്തീരുന്ന (ദൈവത്താൽ, ഒ.നോ. വാ. 4,18; 2:29) പൂർത്തിയാക്കപ്പെട്ട പ്രവൃത്തിയെ സൂചിപ്പി ക്കുന്ന പൂർണ്ണ കർമ്മണി സൂചകമാണിത്.

▣

**NASB "അവനിൽ നിന്നും ജനിച്ച പൈതലിനെ സ്നേഹിക്കുന്നു"**
**NKJV "അവനാൽ ജനിപ്പിക്കപ്പെട്ടവനെ സ്നേഹിക്കുന്നു"**
**NRSV "പിതാവിനെ സ്നേഹിക്കുന്നവൻ പൈതലിനെയും സ്നേഹിക്കുന്നു"**
**TEV "പിതാവിനെ സ്നേഹിക്കുന്നവൻ പുത്രനെയും സ്നേഹിക്കുന്നു"**

(1) ഏകവചനം; (2) ഭൂതകാലം എന്നിവയുടെ ഉപയോഗവും (3) യേശുവിനെ പിതാവിൽ നിന്നും ദൈവശാസ്ത്ര പരമായി വേർതിരിക്കുന്നതിനുള്ള ദുരുപദേഷ്ടാക്കളുടെ ശ്രമവും നിമിത്തം ഈ പ്രയോഗം പിതാവ് യേശുവിനെ സ്നേഹിക്കുന്നതിനെക്കുറിച്ചായിരിക്കാനാണു സാധ്യത. എന്നിരുന്നാലും വിശ്വാസികൾ പരസ്പരം സ്നേഹിക്കുക എന്ന ആവർത്തിച്ചു വിഷയത്തോടും ഇതു ബന്ധപ്പെട്ടിരിക്കാൻ സാധ്യതയുണ്ട് (ഒ.നോ. വാ. 2). കാരണം നമുക്കെല്ലാം പിതാവ് ഒന്നാണ്.

**5:2** ഈ വാക്യം 3-ാം വാക്യത്തോടു ചേർന്ന് 1 യോഹന്നാനിലെ പ്രധാന ആശയങ്ങളിലൊന്ന് ആവർത്തിക്കുന്നു സ്നേഹം – ദൈവസ്നേഹം – വെളിപ്പെടുത്തുന്നത്, തുടർമാനമായ സ്നേഹത്തിലൂടെയും (ഒ.നോ. 2:7–11; 4:7–21) അനുസരണത്തിലൂടെയും (ഒ.നോ. 2:3–6) ആണ്. സത്യ വിശ്വാസിയുടെ തെളിവുകൾ ശ്രദ്ധിക്കുക.

1. ദൈത്തെ സ്നേഹിക്കുന്നു
2. ദൈവത്തിന്റെ പൈതലിനെ സ്നേഹിക്കുന്നു (വാ. 1)
3. ദൈവത്തിന്റെ മക്കളെ സ്നേഹിക്കുന്നു (വാ. 2)
4. അനുസരിക്കുന്നു (വാ. 2,3)
5. ജയിക്കുന്നു (വാ. 4–5)

**5:3 "അവന്റെ കല്പനകൾ പ്രാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം"** നിർദ്ദേഷിക, വിഷയാധിഷ്ഠിതമോ ലക്ഷ്യാധിഷ്ഠിതമോ രണ്ടും ചേർന്നതോ ആകാം. സ്നേഹം വൈകാരികമല്ല, മറിച്ച് ദൈവത്തിന്റെയും നമ്മുടെയും ഭാഗത്തു നിന്നുള്ള പ്രവൃത്തിയധിഷ്ഠിതമാണ്. അനുസരണം നിർണ്ണായകമാണ് (ഒ.നോ. 2:3-4; 3:22,24; യോഹ. 14:5,21,23; 15:10; 2 യോഹ. 6; വെളി. 12:17; 14:12).

▣ **"അവന്റെ കല്പനകൾ ഭാരമുള്ളവയല്ല"** പുതിയ ഉടമ്പടിയിൽ ഉത്തരവാദിത്വങ്ങളുണ്ട് (ഒ.നോ. മത്താ. 11:29-30 യേശു നുകം എന്ന പദം ഉപയോഗിക്കുന്നു; റബ്ബിമാർ ഈ പദം മോശെയുടെ ന്യായപ്രമാണത്തെ സൂചിപ്പിക്കാനാണുപയോഗിക്കുന്നത്, മത്താ. 23:4). ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നിന്നാണവ ഉളവാകുന്നതെങ്കിലും ആ ബന്ധത്തിന്റെ അടിസ്ഥാനം അവയല്ല. ബന്ധം മാനുഷിക പ്രകടനത്തിന്റെയോ മികവിന്റെയോ അടിസ്ഥാനത്തിലല്ല, ദൈവകൃപയുടെ അടിസ്ഥാനത്തിലാണ് (ഒ.നോ. എഫെ. 2:8-9,10). യേശുവിന്റെ മാർഗ്ഗരേഖകൾ ദുരുപദേഷ്ടാക്കളുടേതിൽ നിന്നും തികച്ചും വിഭിന്നമാണ്. അവർക്ക് ഒന്നുകിൽ നിയമമില്ല (നിയമരാഹിത്യം) അല്ലെങ്കിൽ വളരെ കൂടുതൽ നിയമങ്ങളുണ്ട് (നിയമവാദികൾ)! ദൈവത്തിന്റെ ജനത്തെ സേവിക്കുന്നതിലൂടെ ദൈവത്തെ ഞാൻ എത്രയധികം സേവിക്കുന്നുവോ അത്രയധികം സ്വതന്ത്രവാദം, നിയമവാദം എന്നീ രണ്ടു തീവ്രനിലപാടുകളെ ഞാൻ ഭയപ്പെടുന്നു എന്നു എനിക്ക് സമ്മതിച്ചേ തീരൂ.
കാണുക, യോഹ. 12:30 ലെ പ്രത്യേക പഠനവിഷയം: യോഹന്നാന്റെ എഴുത്തുകളിൽ "കല്പന" എന്ന പദത്തിന്റെ ഉപയോഗം.

**5:4**

**NASB, NKJV, NRSV "ദൈവത്തിൽ നിന്നും ജനിച്ചതൊക്കെയും"**
**TEV, NJB "ഓരോ ദൈവപൈതലും ആയിത്തീർന്നു"**

ഗ്രീക്കുപാഠത്തിൽ "എല്ലാം" (*പാസ്-πας*) എന്ന പദം ഊന്നലിനു വേണ്ടി, വാ. 1 ലെപ്പോലെ ആദ്യം കൊടുത്തിരിക്കുന്നു. "ഏതെല്ലാമോ അതെല്ലാം" എന്നു തർജ്ജമ ചെയ്തിരിക്കുന്ന നപുംസക ഏകവചനം ഉപയോഗിച്ചിരിക്കുന്നു. എന്നിരുന്നാലും വ്യക്തിപരമായ സൂചനയാണ് സന്ദർഭം ആവശ്യപ്പെടുന്നത്, കാരണം അത് "ജനിപ്പിച്ച" എന്ന പൂർണ്ണ കർമ്മണി ഘടകവുമായി സംയോജിപ്പിച്ചിരിക്കുന്നു. യേശുവിൽ വിശ്വസിക്കുകയും ദൈവത്തിൽ നിന്നു ജനിക്കുകയും ചെയ്യുന്നവനാണ് ലോകത്തെ ജയിക്കുന്നത് (ഒ.നോ. 4:4; 2:13,14).

▣ **"ലോകത്തെ ജയിക്കുന്നു"** *നിക്കാഓ(νικαω)* എന്ന വർത്തമാനകാല കർത്തരി സൂചകമാണ് "ജയിക്കുന്നു" എന്നത് (ഒ.നോ. 2:13, 14; 4:4; 5:4,5). ഇതേ മൂലപദം വാ. 4ൽ രണ്ടു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.

1. നാമപദം, "ജയം" *നിക്കി (νικη)*
2. ഭൂതകാല കർത്തരി അപൂർണ്ണക്രിയ, *നിക്കാഓ (νικαω)* "ജയിച്ചിരിക്കുന്നു"

യേശു ലോകത്തെ ജയിച്ചുകഴിഞ്ഞു (പൂർണ്ണ കർത്തരി സൂചകം, ഓ.നോ. യോഹ. 16:33). വിശ്വാസികൾ അവനുമായി ഐകമത്യപ്പെട്ടിരിക്കുമ്പോൾ അവർക്കും ലോകത്തെ ജയിപ്പാനുള്ള ശക്തിയുണ്ട് (ഒ.നോ. 2:13-14; 4:4).

"ലോകം " എന്ന പദത്തിനർത്ഥം, "ദൈവത്തെക്കൂടാതെ സംഘടിപ്പിക്കപ്പെട്ടു പ്രവർത്തിക്കുന്ന മനുഷ്യസമൂഹം" എന്നാണ്. വീഴ്ചയുടെയും മാനുഷിക മറുതലിപ്പിന്റെയും കേന്ദ്രം സ്വാതന്ത്ര്യ മനോഭാവമാണ് (ഒ.നോ. ഉല്പ. 3). യോഹ. 14:17 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ജയമോ"** "ജയിച്ചു" എന്ന ക്രിയയുടെ നാമരൂപമാണിത് (*നിക്കോസ്-νικος*). വാ. 4 ന്റെ അവസാനഭാഗത്ത് ഇതേ മൂലപദത്തിന്റെ ഭൂതകാല കർത്തരി അംഗക്രിയ ഉപയോഗിച്ചിരിക്കുന്നു. വീണ്ടും വാ. 5 ൽ നിക്കോസ്ന്റെ മറ്റൊരു അംഗക്രിയാരൂപം ഉപയോഗിച്ചിരിക്കുന്നു. ക്രിസ്തു ലോകത്തിന്മേൽ ജയമെടുത്തതു മുഖാന്തരം വിശ്വാസികൾ വിജയികളും തുടർമാനമായി വിജയികളും ആയിരിക്കുന്നു. ടെന്നീസ് ഷൂ നിർമ്മാതാക്കൾ എന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ച കമ്പനി നാമം "നിക്കി" എന്നത് വിജയത്തിന്റെ ദേവതയുടെ ഗ്രീക്കു നാമമാണ്.

▣ **"നമ്മുടെ വിശ്വാസം"** യോഹന്നാന്റെ സകല എഴുത്തുകളിലും "വിശ്വാസം" (പിസ്റ്റിസ്-*πιστις*) എന്ന നാമരൂപത്തിന്റെ ഏക ഉപയോഗമാണിത്. ദൈനംദിനമുള്ള ക്രിസ്തുതുല്യ ജീവിതത്തിനു പകരം "ശരിയായ ദൈവശാസ്ത്രം" (വിശ്വാസ സംഹിതകൾ എന്ന നിലയിൽ) എന്നതിന് അമിത പ്രാധാന്യം കൊടുക്കുന്നതിൽ യോഹന്നാന് അതിയായ ദുഃഖം ഉണ്ടായിരുന്നിരിക്കാം. ക്രിയാപദം (*പിസ്റ്റെയുഓ-πιστευω*) യോഹന്നാൻ ധാരാളമായി ഉപയോഗിച്ചു. നമ്മുടെ വിശ്വാസം വിജയം നൽകുന്നു, കാരണം

1. അത് യേശുവിന്റെ വിജയവുമായി ബന്ധപ്പെട്ടിരിക്കുന്നു
2. അത് ദൈവവുമായുള്ള നമ്മുടെ പുതിയ ബന്ധത്തോട് ബന്ധപ്പെട്ടിരിക്കുന്നു
3. അത് നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മ ശക്തിയോടു ബന്ധപ്പെട്ടിരിക്കുന്നു

യോഹ. 1:7; 2:23; 1 യോഹ. 2:10 എന്നിവിടങ്ങളിലെ പ്രത്യേക പഠനവിഷയങ്ങൾ കാണുക.

**1 യോഹന്നാൻ 5:5-12**

**5യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?**
**6ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു: യേശുക്രിസ്തു തന്നേ; ജലത്താൽ മാത്രമല്ല,**
**ജലത്താലും രക്തത്താലും തന്നേ. 7ആത്മാവു സാക്ഷ്യം പറയുന്നു; ആത്മാവു സത്യമല്ലോ. 8സാക്ഷ്യം**
**പറയുന്നവർ മൂവർ ഉണ്ടു: ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റെയും ഒന്നു തന്നേ. 9നാം മനുഷ്യരുടെ**

**സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു. ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചിരിക്കുന്നതു തന്നേ. [10]ദൈവപുത്രനിൽ വിശ്വസിക്കുന്നവന്നു ഉള്ളിൽ ആ സാക്ഷ്യം ഉണ്ടു. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു. [11]ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ടു എന്നുള്ളതു തന്നേ. [12]പുത്രനുള്ളവനു ജീവൻ ഉണ്ടു; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല.**

**5:5 "യേശു ദൈവപുത്രൻ"** വാ. 4 ൽ പരമാർശിച്ചിരിക്കുന്ന നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കത്തെ ഇവിടെ വ്യക്തമായി നിർവചിച്ചിരിക്കുന്നു. നമ്മുടെ വിജയം എന്നു പറയുന്നത് യേശുവിലുള്ള നമ്മുടെ ആശ്രയത്തിന്റെ ഏറ്റുപറച്ചിലാണ്. അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ് (ഒ.നോ. 4:1-6). യേശു (1) മശിഹായാണ് (വാ. 1); (2) ദൈവ പൈതലാണ് (വാ. 1); (3) ദൈവപുത്രനാണ് (വാ. 5,10); (4) ജീവനാണ് (ഒ.നോ. 1:2; 5:20) എന്ന് വിശ്വാസികൾ ഏറ്റുപറയുന്നതു ശ്രദ്ധിക്കുക. "വിശ്വസിക്കുക" എന്ന ക്രിയയോടു ബന്ധപ്പെട്ടിരിക്കുന്ന *ഹോട്ടി (ὅτι)* ഗതികളെക്കുറിച്ചു വിവരിക്കുന്ന 2:23 ലെ പ്രത്യേക പഠനവിഷയം കാണുക.

▣ **"ദൈവപുത്രൻ"** 3:8 ലെ പ്രത്യേക പഠനവിഷയം കാണുക.

**5:6 "ജലത്താലും രക്തത്താലും"** "ജലം" യേശുവിന്റെ ശാരീരിക ജനനത്തെയും (ഒ.നോ. യോഹ. 3:1-9) "രക്തം" അവന്റെ ശാരീരിക മരണത്തെയും സൂചിപ്പിക്കുന്നതായി തോന്നുന്നു. ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ നിഷേധിക്കുന്നതിന്റെ വെളിച്ചത്തിൽ ഈ രണ്ട് അനുഭവങ്ങൾ അവന്റെ മനുഷ്യത്വത്തെ സംഗ്രഹിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു.

ജ്ഞാനവാദ ദുരുപദേശകരെ സംബന്ധിച്ചുള്ള (സെറിന്തസ്) മറ്റൊരു സാധ്യത, "ജലം" യേശുവിന്റെ സ്നാനത്തെ സൂചിപ്പിക്കുന്നു എന്നതാണ്. മനുഷ്യനായ യേശുവിൽ സ്നാനസമയത്ത് (ജലം) "ക്രിസ്തു ആത്മാവ്" ആവസിച്ചെന്നും മനുഷ്യനായ യേശുവിന്റെ ക്രൂശിലെ മരണത്തിന് മുമ്പ് വിട്ടുപോയെന്നും (രക്തം, ഇതിന്റെ മികച്ച സംഗ്രഹത്തിന് NASB Study Bible, p. 1835 കാണുക) അവർ പ്രസ്താവിക്കുന്നു.

മൂന്നാമത്തെ സാധ്യത, ഈ പ്രയോഗം യേശുവിന്റെ മരണത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. കുന്തം കൊണ്ട് കുത്തിയപ്പോൾ "രക്തവും വെള്ളവും" പുറപ്പെട്ടു (ഒ.നോ. യോഹ. 19:34). ദുരുപദേഷ്ടാക്കൾ യേശുവിന്റെ പാപപരിഹാര പകരം മരണത്തെ വിലകുറച്ചു കാണിച്ചു.

▣ **"ആത്മാവു സാക്ഷ്യം പറയുന്നു"** പരിശുദ്ധാത്മാവിന്റെ പങ്ക് സുവിശേഷം വെളിപ്പെടുത്തുക എന്നതാണ്. പാപത്തെക്കുറിച്ചു ബോധം വരുത്തുക, ക്രിസ്തുവിലേക്കു നയിക്കുക, ക്രിസ്തുവിലേക്കു സ്നാനപ്പെടുത്തുക, വിശ്വാസിയിൽ ക്രിസ്തുവിനെ ഉളവാക്കുക (ഒ.നോ. യോഹ. 16:7-15) എന്നീ കർത്തവ്യങ്ങൾ നിർവഹിക്കുന്ന ത്രിത്വത്തിലെ ഭാഗമാണവൻ. ആത്മാവ് എപ്പോഴും ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം പറയുന്നു, തന്നെക്കുറിച്ചല്ല (ഒ.നോ. യോഹ. 15:26).

▣ **"ആത്മാവു സത്യമല്ലോ"** (ഒ.നോ. യോഹ. 14:17; 15:26; 16:13; 1 യോഹ. 4:6). 6:55 ലും 17:3 ലും ഉള്ള പ്രത്യേക പഠന വിഷയം കാണുക.

**5:7** വാക്യങ്ങൾ 6,7,8 എന്നിവ എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു എന്നതു സംബന്ധിച്ച് ഇംഗ്ലീഷ് പരിഭാഷകളിൽ ആശയക്കുഴപ്പമുണ്ട്. "സ്വർഗ്ഗത്തിൽ, പിതാവ്, വചനം, പരിശുദ്ധാത്മാവ്, ഈ മൂവരും ഒന്നു തന്നെ" എന്ന് കിംഗ് ജയിംസ് വേർഷനിൽ വാ. 7 ന്റെ ഭാഗമായി കാണുന്നത്, പുതിയ നിയമത്തിന്റെ പ്രധാന പുരാതന വലിയക്ഷര കയ്യെഴുത്തുപ്രതികളായ അലക്സാണ്ടിനസ് (A), വത്തിക്കാനസ് (B), സയിനയിറ്റിക്കസ് (א) എന്നിവയിലോ ബൈസാന്റിയൻ കുടുംബത്തിൽ പെട്ട കയ്യെഴുത്തു പ്രതികളിലോ കാണുന്നില്ല. പിൽക്കാലത്തെ നാലു ചെറിയക്ഷര കയ്യെഴുത്തു പ്രതികളിൽ മാത്രമേ അവ കാണുന്നുള്ളൂ.

1. Ms 61, 16-ാം നൂറ്റാണ്ട്
2. Ms 88, 12-ാം നൂറ്റാണ്ട്, അവിടെയിത് പിന്നീട് മറ്റൊരു കയ്യക്ഷരത്തിൽ എഴുതിച്ചേർത്തിരിക്കുന്നു
3. Ms 629, 14 അഥവാ 15-ാം നൂറ്റാണ്ട്
4. Ms 635, 11-ാം നൂറ്റാണ്ട്. അവിടെയിത് പിന്നീട് മറ്റൊരു കയ്യക്ഷരത്തിൽ എഴുതിച്ചേർത്തിരിക്കുന്നു

ഈ വാക്യം ഏതെങ്കിലും സഭാ പിതാക്കന്മാർ ഉദ്ധരിക്കുകയോ ത്രിത്വത്തെക്കുറിച്ചുള്ള സംവാദത്തിൽ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. ഒരു ലത്തീൻ കയ്യെഴുത്തു കുടുംബത്തിൽ (Sixto-clementine) ഒഴികെ മറ്റൊരു പുരാതന പരിഭാഷകളിലും ഈ വാക്യമില്ല. പഴയ ലാറ്റിൻ അഥവാ ജെറോമിന്റെ വൾഗേറ്റിൽ ഈ വാക്യമില്ല. എ. ഡി. 385 ൽ മരിച്ച സ്പാനിഷ് ദുരുപദേശകൻ പ്രിസ്കില്ലിയന്റെ ലേഖനത്തിലാണിത് ആദ്യം പ്രത്യക്ഷപ്പെട്ടത്. 5-ാം നൂറ്റാണ്ടിലെ ഉത്തരാഫ്രിക്കയിലും ഇറ്റലിയിലുമുള്ള ലത്തീൻ പിതാക്കന്മാർ ഇത് ഉദ്ധരിക്കുകയുണ്ടായി. 1 യോഹന്നാനിലെ യഥാർത്ഥ ദൈവശ്വാസീയ വചനങ്ങളുടെ ഭാഗമല്ല ഈ വാക്യം.

ഈ വാക്യം നിരസിക്കുന്നതുകൊണ്ട് മൂന്നു ആളത്ത വെളിപ്പെടുത്തലുകൾ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) ഉള്ള ഏകദൈവവിശ്വാസം (മോണോതീയിസം) എന്ന വേദപുസ്തക ഉപദേശത്തിന് ഒരു കോട്ടവും സംഭവിക്കുന്നില്ല. വേദപുസ്തകം "ത്രിത്വം" എന്ന പദം ഒരിക്കൽ പോലും ഉപയോഗിക്കുന്നില്ലെങ്കിലും ദൈവത്വത്തിലെ മൂന്ന് ആളത്വങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ച് അനേക വേദഭാഗങ്ങൾ വ്യക്തമാക്കുന്നുണ്ട്.

1. യേശുവിന്റെ സ്നാനസമയത്ത് (മത്താ. 3:16-17)
2. മഹാനിയോഗം (മത്താ. 28:19)
3. ആത്മാവ് അയയ്ക്കപ്പെടുന്നു (യോഹ. 14:26)
4. പത്രൊസിന്റെ പെന്തെക്കോസ്ത് നാളിലെ പ്രസംഗം (പ്രവൃ. 2:23-24)
5. ജഡത്തെയും ആത്മാവിനെയും സംബന്ധിച്ചുള്ള പൗലൊസിന്റെ ചർച്ച (റോമ. 8:7-10)
6. ആത്മീയ വരങ്ങളെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (1 കൊരി. 12:4-6)
7. പൗലൊസിന്റെ സഞ്ചാര പദ്ധതി (2 കൊരി. 1:21-22)
8. പൗലൊസിന്റെ ആശീർവാദം (2 കൊരി. 13:14)
9. കാലസമ്പൂർണ്ണതയെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (ഗലാ. 4:4-6)
10. പൗലൊസിന്റെ പിതാവിനോടുള്ള സ്തുതി പ്രാർത്ഥന (എഫെ. 1:3-14)
11. ജാതികളുടെ മുമ്പെയുള്ള അകൽച്ചയെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (എഫെ. 2:18)
12. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (എഫെ. 4:4-6)
13. ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള പൗലൊസിന്റെ ചർച്ച (തീത്തൊ. 3:4-6)
14. പത്രൊസിന്റെ മുഖവുര (1 പത്രൊ. 1:2)

യോഹ. 14:26 ൽ ത്രിത്വത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

**5:8 "ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നേ"** പഴയ നിയമത്തിൽ ഒരു കാര്യം ഉറപ്പിക്കാൻ രണ്ടോ മൂന്നോ സാക്ഷികൾ വേണമായിരുന്നു (ഒ.നോ. ആവ. 17:6; 19:15). ഇവിടെ യേശുവിന്റെ ജീവിതത്തിലെ ചരിത്ര സംഭവങ്ങൾ അവന്റെ പൂർണ്ണ ദൈവത്വത്തിനും മനുഷ്യത്വത്തിനും സാക്ഷികളായി നൽകപ്പെട്ടിരിക്കുന്നു. ഈ വാക്യത്തിൽ "ജലം" "രക്തം" എന്നിവ വീണ്ടും "ആത്മാവിനോ"ടൊപ്പം പരാമർശിക്കുന്നു. പ്രാവ് ഇറങ്ങി വന്നതിനാൽ "ആത്മാവ്" യേശുവിന്റെ സ്നാനത്തെയാകും സൂചിപ്പിക്കുന്നത്. ഈ മൂന്നു കാര്യങ്ങൾ പ്രതിനിധീകരിക്കുന്ന കൃത്യമായ സംഭവത്തെക്കുറിച്ച് ഏകാഭിപ്രായമില്ല. എന്നിരുന്നാലും യേശുവിന്റെ യഥാർത്ഥ മനുഷ്യത്വത്തെ സംബന്ധിച്ച ദുരുപദേഷ്ടാക്കളുടെ നിഷേധത്തോടു ബന്ധപ്പെട്ടതാണത്.

**5:9 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമായതോ അല്ലെങ്കിൽ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതോ ആയ ഒന്നാംതര സോപാധിക വാചകമാണിത്. യോഹന്നാൻ ലേഖനമെഴുതുന്ന സഭകൾ, ദുരുപദേഷ്ടാക്കളുടെ പ്രസംഗങ്ങളാൽ ആശയക്കുഴപ്പത്തിലായിരുന്നു.

▣ **"നാം മനുഷ്യരുടെ സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു"** ഈ ദൈവിക സാക്ഷ്യം, സന്ദർഭാടിസ്ഥാനത്തിൽ സൂചിപ്പിക്കുന്നത്:
1. പരിശുദ്ധാത്മാവിന്റെ സാക്ഷ്യം
2. യേശുവിന്റെ ഇഹലോക ജീവിതവും മരണവും സംബന്ധിച്ച അപ്പൊസ്തലിക സാക്ഷ്യം (ഉദാ. 1:1-3)

▣ **"അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചിരിക്കുന്നതു തന്നേ"** ഭൂതകാലത്തിൽ ഉള്ളതും പൂർത്തീകരണത്തിലെത്തിയതും ഇപ്പോഴും നിലനിൽക്കുന്നതുമായ ഒരു പ്രവൃത്തിയെക്കുറിക്കുന്ന പൂർണ്ണ കർത്തരി സൂചകമാണിത്. ഇത് സൂചിപ്പിക്കുന്നത് യേശുവിന്റെ സ്നാനസമയത്തെ ദൈവത്തിന്റെ വാക്കാലുള്ള സ്ഥിരീകരണത്തെയോ (ഒ.നോ. മത്താ. 3:17), മറുരൂപ സമയത്തെ സാക്ഷ്യത്തെയോ (ഒ.നോ. മത്താ. 17:5; യോഹ. 5:32,37; 8:18) അല്ലെങ്കിൽ അവ രണ്ടിനെയും കുറിച്ച് തിരുവെഴുത്തിലുള്ള രേഖപ്പെടുത്തലിനെയോ (അതാ. സുവിശേഷങ്ങൾ) കുറിച്ച് ആകാം. യോഹ. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ, കാണുക.

**5:10 "ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്"** ഈ വാക്യം രണ്ടു വിധത്തിൽ വ്യാഖ്യാനിക്കാം:
1. വിശ്വാസികളുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ സാക്ഷ്യം (ഒ.നോ. റോമ. 8:16)
2. സുവിശേഷത്തിന്റെ സത്യം (ഒ.നോ. വെളി. 6:10; 12:17; 19:10)

യോഹ. 1:8 ലെ പ്രത്യേക പഠനവിഷയം: യേശുവിനു സാക്ഷ്യം പറയുന്നവർ, കാണുക.

▣ **"വിശ്വസിക്കായ്കയാൽ"** വീണ്ടും ജനിക്കാത്തവരുടെ സ്ഥിരമായ അവസ്ഥയെ സൂചിപ്പിക്കുന്ന മറ്റൊരു പൂർണ്ണ കർത്തരി സൂചമാണിത്.

▣ **"അവനെ അസത്യവാദിയാക്കുന്നു"** ഇത് മറ്റൊരു പൂർണ്ണ കർത്തരി സൂചകമാണ്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പൊസ്തലിക സാക്ഷ്യം നിരസിക്കുന്നവർ ദൈവത്തെയാണു നിരസിക്കുന്നത് (ഒ.നോ. വാ. 12). അവർ ദൈവത്തെ അസത്യവാദിയാക്കുകയാണു ചെയ്യുന്നത്.

**5:11-12 "ദൈവം നമുക്കു നിത്യജീവൻ തന്നു"** ഒരു ഭൂതകാല പ്രവൃത്തിയെ അല്ലെങ്കിൽ പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഭൂതകാല കർത്തരി സൂചകമാണിത് (ഒ.നോ. യോഹ. 3:16). യോഹ. 17:3 ൽ നിത്യജീവന്റെ നിർവചനം കാണാം. ചില സന്ദർഭങ്ങളിൽ ഈ പ്രയോഗം യേശുവിനെ സൂചിപ്പിക്കുന്നു (ഒ.നോ. 1:2; 5:20). മറ്റു ചിലയിടത്ത് അത് ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന (ഒ.നോ. 5:13; യോഹ. 3:16) ദൈവത്തിൽ നിന്നുള്ള ദാനമാണ് (ഒ.നോ. 2:25; 5:11; യോഹ. 10:28). പുത്രനിലുള്ള വ്യക്തിപരമായ വിശ്വാസം കൂടാതെ ഒരുവന് പിതാവിനോടു കൂട്ടായ്മ സാധ്യമല്ല!

**1 യോഹന്നാൻ 5:13-15**

**[13]ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ. [14]അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. [15]നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു.**

5:13 **"അവന്റെ നാമത്തിൽ വിശ്വസിക്കുന്ന"** തുടർമാനമായ വിശ്വാസത്തെ സൂചിപ്പിക്കുന്ന വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണിത്. ഇത് നാമത്തിന്റെ മാന്ത്രികമായതോ മാർമ്മികമായതോ ആയ ഉപയോഗമല്ല (ദൈവത്തിന്റെ നാമങ്ങളിൽ അടിസ്ഥാനപ്പെട്ട *കബ്ബാലാഹ്* എന്ന യെഹൂദ മാർമ്മികാരാധന പോലെ), മറിച്ച് വ്യക്തിക്കു പകരമായി നാമം ഉപയോഗിക്കുന്ന പഴയനിയമ രീതിയാണിത്. യോഹന്നാൻ 2:23 ലെ പ്രത്യേക പഠന വിഷയം കാണുക.

▣ **''നിങ്ങൾ അറിയേണ്ടതിനു തന്നേ''** ഇത് പൂർണ്ണ കർത്തരി അനുബന്ധമാണ് (*ഒയിഡാ-οιδα* പൂർണ്ണക്രിയയാണെങ്കിലും വർത്തമാനകാലമായിട്ടാണ് തർജ്ജമ ചെയ്യപ്പെടുന്നത്). ഒരുവന്റെ രക്ഷയെ സംബന്ധിച്ച ഉറപ്പ് ഒരു താക്കോൽ ആശയമാണ്. 1 യോഹന്നാന്റെ പ്രഖ്യാപിത ലക്ഷ്യവും അതാണ്. ലേഖനത്തിലുടനീളം "അറിയുക" എന്നു തർജ്ജമ ചെയ്തിരിക്കുന്ന രണ്ടു ഗ്രീക്കു പര്യായപദങ്ങളുണ്ട് (*ഒയിഡാ-οιδα*, *ഗിനോസ്ക്കോ-γινωσκω*). സകല വിശ്വാസികളുടെയും അവകാശമാണ് ഉറപ്പ് (ഭദ്രത). അന്നത്തെ പ്രദേശിക സാഹചര്യം നിമിത്തവും ഇന്നത്തെ സാംസ്കാരിക പശ്ചാത്തലത്തിലും ഉറപ്പില്ലാത്ത യഥാർത്ഥ വിശ്വാസികളുണ്ട്. ഈ വാക്യം ദൈവശാസ്ത്രപരമായി യോഹന്നാന്റെ സുവിശേഷത്തിന്റെ സമാപന ഭാഗത്തിനു സമാനമാണ് (ഒ.നോ. 20:31).

1 യോഹന്നാന്റെ സമാപന സന്ദർഭം, വിശ്വാസികൾ അറിഞ്ഞിരിക്കേണ്ട ഏഴു കാര്യങ്ങൾ പ്രസ്താവിക്കുന്നു. സുവിശേഷ സത്യങ്ങളെക്കുറിച്ചുള്ള അവരുടെ അറിവ് ഒരു ലോകവീക്ഷണം പ്രദാനം ചെയ്യുന്നുണ്ട്. അത് ക്രിസ്തുവിലുള്ള വിശ്വാസവുമായി കൂടിച്ചേരുമ്പോൾ അവരുടെ ഉറപ്പിന്റെ അടിസ്ഥാന ശിലയായി മാറുന്നു.

1. വിശ്വാസികൾക്ക് നിത്യജീവൻ ഉണ്ട് (വാ. 13, *ഒയിഡാ-οιδα*, പൂർണ്ണ കർത്തരി അനുബന്ധം)
2. ദൈവം വിശ്വാസികളുടെ പ്രാർത്ഥന കേൾക്കുന്നു (വാ. 15, *ഒയിഡാ-οιδα*, പൂർണ്ണ കർത്തരി സൂചകം)
3. ദൈവം വിശ്വാസികളുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകുന്നു (വാ. 15, *ഒയിഡാ-οιδα*, പൂർണ്ണ കർത്തരി സൂചകം)
4. വിശ്വാസികൾ ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു (വാ. 18, *ഒയിഡാ-οιδα*, പൂർണ്ണ കർത്തരി സൂചകം)
6. മശിഹാ വന്നു എന്നും അവർക്ക് ജ്ഞാനം നൽകി എന്നും വിശ്വാസികൾ അറിയുന്നു (വാ. 20, *ഒയിഡാ-οιδα*, പൂർണ്ണ കർത്തരി സൂചകം)
7. വിശ്വാസികൾ സത്യദൈവത്തെ അറിയുന്നു - പിതാവിനെ അല്ലെങ്കിൽ പുത്രനെ (വാ. 20, *ഗിനോസ്ക്കോ-γινωσκω*, വർത്തമാനകാല കർത്തരി അനുബന്ധം)

# പ്രത്യേക പഠനവിഷയം: ഉറപ്പ്

A. തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്നു വിശ്വാസികൾക്ക് അറിയാൻ കഴിയുമോ? (ഒ.നോ. 1 യോഹ. 5:13)? 1 യോഹന്നാനിൽ മൂന്നു പരിശോധനകൾ അഥവാ തെളിവുകൾ ഉണ്ട്.
1. ഉപദേശപരം (വിശ്വാസം) (വാ. 1,15,10; 2:18-25; 4:1-6,14-16; 5:11-12)
2. ജീവിത ശൈലി (അനുസരണം) (വാ. 2-3; 2:3-6; 3:1-10; 5:18)
3. സാമൂഹികം (സ്നേഹം) (വാ. 2-3; 2:7-11; 3:11-18; 4:7-12,16-21)

B. ഉറപ്പ് ഒരു സഭാവിഭാഗ വിഷയമായിത്തീർന്നിരിക്കുന്നു
1. ജോൺ കാൽവിൻ ഉറപ്പിനെ ദൈവിക തിരഞ്ഞെടുപ്പിൽ അടിസ്ഥാനപ്പെടുത്തി. ഇതിനെ സംബന്ധിച്ച് ജീവിതകാലത്തൊരിക്കലും നമുക്കറിയാൻ കഴികയില്ലെന്നദ്ദേഹം പറഞ്ഞു.
2. ജോൺ വെസ്ലി ഉറപ്പിനെ ആത്മിക അനുഭവത്തിൽ അടിസ്ഥാനപ്പെടുത്തി. അറിയപ്പെടുന്ന പാപങ്ങൾക്കതീതമായി നമുക്കു ജീവിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.
3. റോമൻ കത്തോലിക്കരും ചർച്ച് ഓഫ് ക്രൈസ്റ്റും ആധികാരിക സഭയാണ് ഉറപ്പിന്റെ അടിസ്ഥാനം എന്നു പഠിപ്പിച്ചു. ഒരുവൻ ഏതു സഭയിലാണെന്നതാണ് ഉറപ്പിന്റെ താക്കോൽ.
4. മിക്ക സുവിശേഷ വിഹിതരും ബൈബിളിന്റെ വാഗ്ദത്തത്തിലാണ് ഉറപ്പിനെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്. ആത്മാവിന്റെ ഫലവും വിശ്വാസിയുടെ ജീവിതവുമായി അതു ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. ഗലാ. 5:22-23)

C. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമിക ഉറപ്പ് ത്രിയേക ദൈവത്തിന്റെ സ്വഭാവത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്നു ഞാൻ ചിന്തിക്കുന്നു.
1. പിതാവാം ദൈവത്തിന്റെ സ്നേഹം
   a. യോഹ. 3:16; 10:28-29

b. റോമ. 8:31-39
c. എഫെ. 2:5,8-9
d. ഫിലി. 1:6
e. 1 പത്രൊ. 1:3-5
f. യോഹ. 4:7-21

2. പുത്രനാം ദൈവത്തിന്റെ പ്രവൃത്തികൾ
   a. നമുക്കു പകരമുള്ള മരണം
      1) പ്രവൃ. 2:23
      2) റോമ. 5:6-11
      3) 2 കൊരി. 5:21
      4) 1 യോഹ. 2:2; 4:9-10
   b. മഹാപൗരോഹിത്യ പ്രാർത്ഥന (യോഹ. 17:12)
   c. തുടരുന്ന മദ്ധ്യസ്ഥത
      1) റോമ. 8:34
      2) എബ്രാ. 7:25
      3) 1 യോഹ. 2:1
3. ആത്മാവാം ദൈവത്തിന്റെ ശുശ്രൂഷ
   a. വിളി (യോഹ. 6:44,65)
   b. മുദ്രയിടൽ
      1) 2 കൊരി. 1:22; 5:5
      2) എഫെ. 1:13-14; 4:3
   c. ഉറപ്പു നൽകൽ
      1) റോമ. 8:16-17
      2) 1 യോഹ. 5:7-13

D. എന്നാൽ മനുഷ്യർ ദൈവത്തിന്റെ ഉടമ്പടി ദാനത്തോട് പ്രതികരിക്കണം (പ്രാരംഭമായും തുടർമാന മായും)
1. വിശ്വാസികൾ പാപത്തിൽ നിന്നു തിരിയുകയും (മാനസാന്തരം) യേശുവിലൂടെ ദൈവത്തിലേക്കു തിരിയുകയും വേണം (വിശ്വാസം)
   a. മർക്കൊ. 1:15
   b. പ്രവൃ. 3:16,19; 20:21
2. വിശ്വാസികൾ ക്രിസ്തുവിലുള്ള ദൈവത്തിന്റെ ദാനം സ്വീകരിക്കണം
   a. യോഹ. 1:12; 3:16
   b. റോമ. 5:1 (10:9-13 ലെ സാദൃശ്യത്താലും)
   c. എഫെ. 2:5,8-9
3. വിശ്വാസികൾ വിശ്വാസത്തിൽ തുടരണം
   a. മർക്കൊ. 13:13
   b. 1 കൊരി. 15:2
   c. ഗലാ. 6:9
   d. എബ്രാ. 3:14
   e. 2 പത്രൊ. 1:10
   f. യൂദാ 20-21
   g. വെളി. 2:2-3,7,10,17,19,25-26; 3:5,10,11,21
4. വിശ്വാസികൾ 3 പരിശോധനകൾ നേരിടണം
   a. ഉപദേശപരം (വാ. 1,15,10; 2:18-25; 4:1-6,14-16)
   b. ജീവിത ശൈലി (വാ. 2-3; 2:3-6; 3:1-10)
   c. സാമൂഹികം (വാ. 2-3; 2:7-11; 3:11-18; 4:7-12,16-21)

E. ഉറപ്പ് പ്രയാസകരമാണ് കാരണം
1. മിക്കപ്പോഴും വിശ്വാസികൾ വേദപുസ്തകം വാഗ്ദാനം ചെയ്യാത്ത അനുഭവങ്ങൾ ആവശ്യപ്പെടുന്നു
2. മിക്കപ്പോഴും വിശ്വാസികൾ സുവിശേഷം പൂർണ്ണമായി മനസ്സിലാക്കുന്നില്ല
3. മിക്കപ്പോഴും വിശ്വാസികൾ മനപ്പൂർവ്വമായി പാപത്തിൽ തുടരുന്നു (ഒ.നോ. 1 കൊരി. 3:10-15; 9:27; 1 തിമൊ. 1:19-20; 2 തിമൊ. 4:10; 2 പത്രൊ. 1:8-11)
4. ചില വ്യക്തികൾ (അതാ. പൂർണ്ണതാ വാദികൾ) ഒരിക്കലും ദൈവത്തിന്റെ നിരുപാധികമായ

സ്വീകരണത്തെയും സ്നേഹത്തെയും അംഗീകരിക്കുകയില്ല
5. വേദപുസ്തകത്തിൽ വ്യാജ ഏറ്റുപറച്ചിലിന്റെ ഉദാഹരണങ്ങളുണ്ട് (ഒ.നോ. മത്താ. 13:3-23; മർക്കൊ. 4:14-20; 2 പത്രൊ. 2:19-20; 1 യോഹ. 2:18-19)

**5:14 "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ"** യോഹന്നാന്റെ പ്രസ്താവന സൂചിപ്പിക്കുന്നത് ദൈവത്തോടപേക്ഷിക്കുന്നതിനുള്ള വിശ്വാസിയുടെ പ്രാപ്തിയുടെ അപരിമിതത്വമാണ്. എങ്ങനെ, എന്തിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്നത് യഥാർത്ഥ വിശ്വാസിയുടെ മറ്റൊരു തെളിവാണ്. എങ്കിലും, കൂടുതൽ പരിശോധനയിൽ പ്രാർത്ഥന നമ്മുടെ ഇഷ്ടത്തിനുവേണ്ടി ചോദിക്കുന്നതല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഹിതത്തിനു വേണ്ടി ചോദിക്കുന്നതാണെന്നു നാം ഗ്രഹിക്കും (ഒ.നോ. 3:22; മത്താ. 6:10; മർക്കൊ. 14:36). 3:27 ലെ മുഴുവൻ കുറിപ്പും കാണുക. യോഹ. 4:34 ലെ പ്രത്യേക പഠനവിഷയം: ദൈവഹിതം കാണുക. 3:22 ലെ പ്രത്യേക പഠനവിഷയം: പ്രാർത്ഥന, അപരിമിതം എങ്കിലും പരിമിതം കാണുക.

## പ്രത്യേക പഠനവിഷയം: മദ്ധ്യസ്ഥ പ്രാർത്ഥന

I. മുഖവുര
- A. യേശുവിന്റെ മാതൃക നിമിത്തം പ്രാർത്ഥന പ്രാധാന്യമുള്ളതാണ്
  1. വ്യക്തിപരമായ പ്രാർത്ഥന, മർക്കൊ. 1:35; ലൂക്കൊ. 3:21; 6:12; 9:29; 22:24-46
  2. ദൈവാലയ ശുദ്ധീകരണം, മത്താ. 21:13; മർക്കൊ. 11:17; ലൂക്കൊ. 19:46
  3. മാതൃകാ പ്രാർത്ഥന, മത്താ. 6:5-13; ലൂക്കൊ. 11:2-4
- B. പ്രാർത്ഥന എന്നത് ആളത്തമുള്ളവനും കരുതുന്നവനും നമുക്കും മറ്റുള്ളവർക്കും വേണ്ടി നമ്മുടെ പ്രാർത്ഥനയിലൂടെ പ്രവർത്തിക്കുവാൻ സന്നിഹിതനും മനസ്സുള്ളവനും പ്രാപ്തനുമായ ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ പ്രവൃത്തി പഥത്തിലെത്തിക്കുന്നതാണ്.
- C. അനേക മേഖലകളിൽ തന്റെ മക്കളുടെ പ്രാർത്ഥനയ്ക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ ദൈവം വ്യക്തിപരമായി പരിമിതി വച്ചിരിക്കുന്നു (ഒ.നോ. യാക്കോ. 4:2)
- D. പ്രാർത്ഥനയുടെ മുഖ്യ ഉദ്ദേശ്യം ത്രിയേക ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയും സമയം ചിലവഴിക്കലുമാണ്
- E. പ്രാർത്ഥനയുടെ വ്യാപ്തി വിശ്വാസിയെ അലട്ടുന്ന എന്തും ആരും ആകാം. വിശ്വസിച്ചുകൊണ്ട് ഒരിക്കൽ മാത്രം പ്രാർത്ഥിക്കുകയോ അല്ലെങ്കിൽ ആ ചിന്ത അഥവാ ഭാരം കടന്നുവരുമ്പോൾ വീണ്ടും വീണ്ടും പ്രാർത്ഥിക്കുകയോ ആകാം.
- F. പ്രാർത്ഥനയിൽ അനേക കാര്യങ്ങൾ ഉൾപ്പെട്ടിരിക്കും
  1. ത്രിയേക ദൈവത്തോടുള്ള സ്തുതിയും ആരാധനയും
  2. ദൈവത്തിന്റെ സാന്നിധ്യം, കൂട്ടായ്മ, ദാനങ്ങൾ എന്നിവയ്ക്കുള്ള നന്ദി കരേറ്റൽ
  3. കഴിഞ്ഞ കാലത്തെയും ഇപ്പോഴത്തെയും നമ്മുടെ പാപാവസ്ഥയുടെ ഏറ്റു പറച്ചിൽ
  4. നമ്മുടെ ആവശ്യങ്ങൾ, ആഗ്രഹങ്ങൾ എന്നിവയ്ക്കായുള്ള അപേക്ഷ
  5. മറ്റുള്ളവരുടെ ആവശ്യങ്ങൾ പിതാവിന്റെ മുമ്പാകെ കൊണ്ടുവരുന്ന മധ്യസ്ഥത
- G. മദ്ധ്യസ്ഥ പ്രാർത്ഥന ഒരു മർമ്മമാണ്. നാം പ്രാർത്ഥിക്കുന്ന വ്യക്തികളെ നാം സ്നേഹിക്കുന്നതിനെക്കാളധികമായി ദൈവം സ്നേഹിക്കുന്നു എങ്കിലും നമ്മുടെ പ്രാർത്ഥന പലപ്പോഴും നമ്മിൽ മാത്രമല്ല അവരിലും മാറ്റവും പ്രതികരണവും ആവശ്യബോധവും ഉളവാക്കും.

II. വേദപുസ്തക ഭാഗങ്ങൾ
- A. പഴയ നിയമം
  1. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചില ഉദാഹരണങ്ങൾ:
     - a. അബ്രാഹാം സൊദോമിനുവേണ്ടി അപേക്ഷിക്കുന്നത്, ഉല്പ. 18:22 മുതൽ
     - b. യിസ്രായേലിനുവേണ്ടിയുള്ള മോശെയുടെ പ്രാർത്ഥന
       - (1) പുറപ്പാട് 5:22-23
       - (2) പുറപ്പാട് 32:31 മുതൽ
       - (3) ആവർത്തനം 5:5
       - (4) ആവർത്തനം 9:18,25 മുതൽ
     - c. യിസ്രായേലിനുവേണ്ടിയുള്ള ശമൂവേലിന്റെ പ്രാർത്ഥന
       - (1) 1 ശമൂവേൽ 7:5-6,8-9
       - (2) 1 ശമൂവേൽ 12:16-23
       - (3) 1 ശമൂവേൽ 15:11
     - d. മകനുവേണ്ടിയുള്ള ദാവീദിന്റെ പ്രാർത്ഥന, 2 ശമൂവേൽ 12:16-18

2. ദൈവം മദ്ധ്യസ്ഥന്മാരെ അന്വേഷിക്കുന്നു, യെശ. 59:16

3. അറിവുള്ളതും ഏറ്റുപറയാത്തതുമായ പാപം അഥവാ മാനസാന്തരപ്പെടാത്ത മനോഭാവം നമ്മുടെ പ്രാർത്ഥനകളെ സ്വാധീനിക്കും

a. സങ്കീ. 66:18

b. സദൃ. 28:9

c. യെശ. 59:1-2; 64:7

B. പുതിയ നിയമം

1. പുത്രന്റെയും ആത്മാവിന്റെയും മദ്ധ്യസ്ഥ ശുശ്രൂഷ

a. യേശു

(1) റോമർ 8:34

(2) എബ്രായർ 7:25

(3) 1 യോഹന്നാൻ 2:1

b. പരിശുദ്ധാത്മാവ്, റോമർ 8:26-27

2. പൗലൊസിന്റെ മദ്ധ്യസ്ഥ ശുശ്രൂഷ

a. യെഹൂദന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥന

(1) റോമർ 9:1 മുതൽ

(2) റോമർ 10:1

b. സഭകൾക്കുവേണ്ടിയുള്ള പ്രാർത്ഥന

(1) റോമർ 1:9

(2) എഫെ. 1:16

(3) ഫിലി. 1:3-4,9

(4) കൊലൊ. 1:3,9

(5) 1 തെസ്സ. 1:2-3

(6) 2 തെസ്സ. 1:11

(7) 2 തിമൊ. 1:3

(8) ഫിലേ. വാ. 4

c. സഭകളുടെ പ്രാർത്ഥന പൗലൊസ് ആവശ്യപ്പെട്ടു

(1) റോമർ 15:30

(2) 2 കൊരി. 1:11

(3) എഫെ. 6:19

(4) കൊലൊ. 4:3

(5) 1 തെസ്സ. 3:1

3. സഭയുടെ മദ്ധ്യസ്ഥ ശുശ്രൂഷ

a. അന്യോന്യം പ്രാർത്ഥിക്കുക

(1) എഫെ. 6:18

(2) 1 തിമൊ. 2:1

(3) യാക്കോ. 5:16

b. പ്രത്യേക സമൂഹത്തിനുവേണ്ടി പ്രാർത്ഥന ആവശ്യപ്പെട്ടിരിക്കുന്നു

(1) നമ്മുടെ ശത്രുക്കൾ, മത്താ. 5:44

(2) ക്രിസ്തീയ പ്രവർത്തകർ, എബ്രാ. 13:18

(3) ഭരണാധികാരികൾ, 1 തിമൊ. 2:2

(4) രോഗകൾ, യാക്കോ. 5:13-16

(5) പിന്മാറ്റക്കാർ, 1 യോഹ. 5:16

III. മറുപടി ലഭിക്കുന്ന പ്രാർത്ഥനയുടെ വ്യവസ്ഥകൾ

A. ക്രിസ്തുവിനോടും അവന്റെ ആത്മാവിനോടുമുള്ള നമ്മുടെ ബന്ധം

1. അവനിൽ വസിക്കുക, യോഹ. 15:7

2. അവന്റെ നാമത്തിൽ, യോഹ. 14:13,14; 15:16; 16:23-24

3. ആത്മാവിൽ, എപെ. 6:18; യൂദാ 20

4. ദൈവഹിതപ്രകാരം, മത്താ. 6:10; 1 യോഹ. 3:22; 5:14-15

B. പ്രേരകങ്ങൾ

1. സംശയിക്കാതെ, മത്താ. 21:22; യാക്കോ. 1:6-7

2. താഴ്മയും മാനസാന്തരവും, ലൂക്കൊ. 18:9-14

3. വല്ലാതെ യാചിക്കാതിരിക്കുക, യാക്കോ. 4:3

4. സ്വാർത്ഥത, യാക്കോ. 4:2-3

C. മറ്റു ഘടകങ്ങൾ

1. സ്ഥിരോത്സാഹം

a. ലൂക്കൊ. 18:1-8

b. കൊലൊ. 4:2

2. ചോദിച്ചുകൊണ്ടേയിരിക്കുക

a. മത്താ. 7:7-8

b. ലൂക്കൊ. 11:5-13

c. യാക്കോ. 1:5

3. ഭവനത്തിലെ ചേർച്ചയില്ലായ്മ, 1 പത്രൊ. 3:7

4. അറിവുള്ള പാപത്തിൽ നിന്നുള്ള മോചനം

a. സങ്കീ. 66:18

b. സദൃ. 28:9

c. യെശ. 59:1-2

d. യെശ. 64:7

IV. ദൈവശാസ്ത്രപരമായ ഉപസംഹാരം

A. എന്തൊരു നല്ല പദവി. എന്തൊരു അവസരം. എന്തൊരു കടമയും ഉത്തരവാദിത്വവും

B. യേശുവാണ് നമ്മുടെ മാതൃക. ആത്മാവാണ് നമ്മുടെ വഴികാട്ടി. പിതാവ് ആകാംക്ഷയോടെ കാത്തിരിക്കുന്നു.

C. അതിന് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും നിങ്ങളുടെ സ്നേഹിതരെയും ലോകത്തെത്തന്നെയും രൂപാന്തരപ്പെടുത്താൻ കഴിയും.

**5:15 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ അല്ലെങ്കിൽ രചനാപരമായ ഉദ്ദേശ്യത്തിൽ ശരിയെന്നു സൂചിപ്പിക്കുന്ന ഒന്നാംതരം സോപാധിക വാചകമാണിത് (എങ്കിലും അതിനോടൊപ്പം *എയാൻ* (*εαν*), സൂചകം എന്നിവയുണ്ട്. See A.T. Robertson, *Word Pictures in the New Testament*, p. 243). ഇതൊരു അസാധാരണ സോപാധിക വാചകമാണ്.

1. അതിന് *എയി* (*ει*) എന്നതിനുപകരം *എയാൻ* (*εαν*) ആണുള്ളത് (ഒ.നോ. പ്രവൃ. 8:31; 1 തെസ്സ. 3:8).
2. ക്രിയാ അനുബന്ധത്തോടു ബന്ധപ്പെട്ട *എയാൻ* (*εαν*) അതിലുണ്ട്. അതാകട്ടെ മൂന്നാം തരം സോപാധിക വാചകത്തിനുള്ള സാധാരണ വ്യാകരണ ഘടനയാണ്
3. വാ. 14 ലും 16 ലും മൂന്നാം തരം സോപാധിക വാചകങ്ങളുണ്ട്
4. ക്രിസ്തീയ പ്രാർത്ഥനയുടെ ദൈവശാസ്ത്രം ദൈവഹിതത്തോടും (വാ. 14) യേശുവിന്റെ നാമത്തോടും (വാ. 13) ബന്ധപ്പെട്ടിരിക്കുന്നു

▣ **"നാം ... അറിയുന്നു"** ഇത് വർത്തമാനകാലമായി തർജ്ജമ ചെയ്തിരിക്കുന്ന മറ്റൊരു പൂർണ്ണ കർത്തരി സൂചകമാണ്. വാ. 14 നു സമാന്തരമാണിത്. പിതാവ് തന്റെ മക്കളുടെ പ്രാർത്ഥന കേട്ട് പ്രതികരിക്കുന്നു എന്ന വിശ്വാസിയുടെ ഉറപ്പാണിത്.

**1 യോഹന്നാൻ 5:16-17**

**16സഹോദരൻ മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവന്നു ജീവനെ കൊടുക്കും; മരണത്തിന്നല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നേ; മരണത്തിനുള്ള പാപം ഉണ്ടു; അതിനെക്കുറിച്ചു അപേക്ഷിക്കേണം എന്നു ഞാൻ പറയുന്നില്ല. 17ഏതു അനീതിയും പാപം ആകുന്നു; മരണത്തിന്നല്ലാത്ത പാപം ഉണ്ടു താനും.**

**5:16 "കണ്ടാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന പ്രഥമ പുരുഷ സോപാധിക വാചകമാണിത്. ചില നിർദ്ദിഷ്ട പരിമിതികളിൽ (മരണത്തിനായുള്ള പാപം ചെയ്യുന്നവർക്കുവേണ്ടി അല്ല) നിന്നുകൊണ്ട് നമ്മുടെ കൂട്ടുവിശ്വാസികൾക്കുവേണ്ടി നാം പ്രാർത്ഥിക്കേണ്ട ആവശ്യകത വാ. 16 ഊന്നിപ്പറയുന്നു (ഒ.നോ. ഗലാ. 6:1; യാക്കോ. 5:13-18). ഇത് ദുരുപദേഷ്ടാക്കളോടു ബന്ധപ്പെട്ടതാകാനാണു സാധ്യത (ഒ.നോ. 2 പത്രൊ. 2)

▣ **"സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ"** യോഹന്നാൻ വിവിധ വിഭാഗത്തിൽപെട്ട പാപങ്ങളുടെ പട്ടിക നിരത്തുന്നുണ്ട്. ചിലത് ഒരുവന്റെ (1) ദൈവത്തോടുള്ള കൂട്ടായ്മ; (2) മറ്റു വിശ്വാസികളുമായുള്ള കൂട്ടായ്മ; (3) ലോകത്തോടുള്ള കൂട്ടായ്മ എന്നിവയോടു ബന്ധപ്പെട്ടുള്ളതാണ്. ആത്യന്തിക പാപം യേശുക്രിസ്തുവിലുള്ള ആശ്രയം/വിശ്വാസം നിരസിക്കുന്നതാണ്. ഇതാണ് മരണത്തിലേക്കു നയിക്കുന്ന പാപം! ഡബ്ല്യു. റ്റി. കോണേഴ്സ് തന്റെ *ക്രിസ്ത്യൻ ഡോക്ട്രിൻ* എന്ന ഗ്രന്ഥത്തിൽ പറയുന്നു,

“എങ്കിലും അവിശ്വാസം എന്നത്, ഒരു ഉപദേശം അല്ലെങ്കിൽ വിശ്വാസസംഹിത അംഗീകരിക്കാൻ വിസമ്മതിക്കുന്നതാണ് എന്ന നിലയിലല്ല ഇവിടെ അർത്ഥമാക്കുന്നത്. ഇത് ധാർമ്മികവും ആത്മികവുമായ വെളിച്ചത്തെ നിരസിക്കുന്ന അവിശ്വാസമാണ്, പ്രത്യേകിച്ച് ആ വെളിച്ചം യേശുക്രിസ്തുവിൽ മൂർത്ത രൂപമെടുത്തിരിക്കുമ്പോൾ. ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ ആത്യന്തിക വെളിപ്പാടിനെ നിരസിക്കുന്നതാണത്. ഈ നിരാസം നിശ്ചിതവും മനപ്പൂർവ്വവുമാകുമ്പോൾ, അത് മരണത്തിനായുള്ള പാപം ആയിത്തീരുന്നു (1 യോഹ. 5:13-17). അങ്ങനെ അത് ധാർമ്മിക ആത്മഹത്യയായി മാറുന്നു. ഒരുവൻ സ്വന്ത ആത്മീയ ദൃഷ്ടി കെടുത്തുന്നതാണത്. ഉയർന്ന നിലയിലുള്ള പ്രകാശനത്തോടു ബന്ധപ്പെട്ടല്ലാതെ അതു സംഭവിക്കുന്നില്ല. ക്രിസ്തു ദൈവിക വെളിപ്പാടാണെന്നറിഞ്ഞുകൊണ്ടു തന്നെ മനപ്പൂർവ്വം വെളുപ്പിനെ കറുപ്പെന്നു വിളിക്കുന്നതാണത്” (പേ. 135-136).

# പ്രത്യേക പഠനവിഷയം: എന്താണ് മരണത്തിനുള്ള പാപം?

A. വ്യാഖ്യാനശാസ്ത്രപരമായ പരിഗണനകൾ
1. 1 യോഹന്നാന്റെ ചരിത്രപശ്ചാത്തലത്തോടു ബന്ധപ്പെട്ട ശരിയായ കണ്ടെത്തലുകൾ
   a. സഭയിൽ ജ്ഞാനവാദ ദുരുപദേശകരുടെ സാന്നിധ്യം (ഒ.നോ. 2:19,26; 3:7; 2 യോഹ. 7)
      (1) മനുഷ്യനായ യേശു സ്നാനസമയത്ത് ക്രിസ്തു ആത്മാവ് സ്വീകരിക്കുകയും ക്രൂശിലെ മരണത്തിനുമുമ്പ് ക്രിസ്തു ആത്മാവ് വിട്ടുപോകുകയും ചെയ്തു എന്ന് “സെറിന്തിയൻ” ജ്ഞാനവാദികൾ പഠിപ്പിച്ചു (ഒ.നോ. 5:6-8)
      (2) യേശു ദൈവിക ആത്മാവാണ്, എന്നാൽ യഥാർത്ഥ മനുഷ്യനായിരുന്നില്ല എന്ന് ഡൊസറ്റിക് ജ്ഞാനവാദികൾ പഠിപ്പിച്ചു (ഒ.നോ. 1:1-3)
      (3) 2-ാം നൂറ്റാണ്ടിലെ ലിഖിതങ്ങളിൽ കാണുന്ന ജ്ഞാനവാദം, മനുഷ്യശരീരത്തെ സംബന്ധിച്ച രണ്ടു വ്യത്യസ്ത വീക്ഷണങ്ങൾ വെളിപ്പെടുത്തുന്നു
         (a) രക്ഷ എന്നത് മനസ്സിനു വെളിപ്പെട്ടു കിട്ടുന്ന ഒരു സത്യമാകയാൽ മനുഷ്യശരീരത്തിന് ആത്മിക മണ്ഡലത്തിൽ പ്രസക്തിയില്ല. അതിനാൽ ആഗ്രഹിക്കുന്നതെല്ലാം അതിനു നൽകാം. ഇതിനെ മിക്കപ്പോഴും നിയമരഹിത വാദം എന്നും ഇക്കൂട്ടരെ ലിബർട്ടെയ്ൻ ജ്ഞാനവാദികൾ എന്നും വിളിക്കുന്നു
         (b) മറ്റൊരു കൂട്ടർ പറയുന്നത് ശരീരം ജന്മനാ തിന്മയായതിനാൽ (അതാ. ഗ്രീക്ക് ചിന്ത) ഏതൊരു ശാരീരിക ആഗ്രഹവും വിലക്കപ്പെടേണ്ടതാണ്. ഇവരെ അസറ്റിക് ജ്ഞാനവാദികൾ എന്നു വിളിക്കുന്നു.
   b. ഈ ദുരുപദേഷ്ടാക്കൾ സഭ വിട്ടുപോയി (ഒ.നോ. 2:19) എങ്കിലും അവരുടെ സ്വാധീനം വിട്ടുപോയില്ല!
2. മുഴു ഗ്രന്ഥത്തിന്റെയും സാഹിത്യ പശ്ചാത്തലം സംബന്ധിച്ച ശരിയായ തിരിച്ചറിവ് ഉണ്ടാകണം
   a. ദുരുപദേശങ്ങളെ എതിർക്കുന്നതിനും യഥാർത്ഥ വിശ്വാസികളെ ഉറപ്പിക്കുന്നതിനുമായിട്ടാണ് 1 യോഹന്നാൻ എഴുതപ്പെട്ടത്
   b. ഈ രണ്ട് ഉദ്ദേശ്യങ്ങൾ സത്യവിശ്വാസികളുടെ പരിശോധനയിൽ കാണാൻ കഴിയും
      (1) ഉപദേശപരം
         (a) യേശു യഥാർത്ഥ മനുഷ്യനായിരുന്നു (ഒ.നോ. 1:1-3; 4:14)
         (b) യേശു യഥാർത്ഥ ദൈവമായിരുന്നു (ഒ.നോ. 1:2; 5:20)
         (c) മനുഷ്യർ പാപികളും വിശുദ്ധനായ ദൈവത്തോട് ഉത്തരവാദിത്തം പറയേണ്ടവരുമാണ് (ഒ.നോ. 1:6,10)
         (d) മനുഷ്യർ ക്ഷമ പ്രാപിക്കുകയും ദൈവത്തോടു നിരപ്പു പ്രാപിക്കുകയും ചെയ്തു
            i. യേശുവിന്റെ മരണത്താൽ (ഒ.നോ. 1:7; 2:1-2; 3:16; 4:9-10,14; 5:6-8)
            ii. യേശുവിലെ വിശ്വാസത്താൽ (ഒ.നോ. 1:9; 3:23; 4:15; 5:1,4-5,10-12,13)
      (2) പ്രായോഗികം (സാധകാത്മകം)
         (a) ജീവിത ശൈലി അനുസരണം (ഒ.നോ. 2:3-5; 3:22,24; 5:2-3)
         (b) ജീവിതശൈലി സ്നേഹം (2:10; 3:11,14,18,23; 4:7, 11-12, 16-18,21)
         (c) ജീവിതശൈലി ക്രിസ്താനുരൂപ്യം (പാപം ചെയ്യുന്നില്ല, ഒ.നോ. 1:7; 2:6,29; 3:6-9; 5:18)
         (d) ദുഷ്ടന്റെ മേൽ ജീവിതശൈലി വിജയം (ഒ.നോ. 2:13, 14; 4:4; 5:4)
         (e) അവന്റെ വചനം അവരിൽ വസിക്കുന്നു (ഒ.നോ. 1:10; 2:14)
         (f) അവർക്ക് ആത്മാവുണ്ട് (ഒ.നോ. 3:24; 4:4-6,13)
         (g) ഉത്തരം ലഭിച്ച പ്രാർത്ഥന (ഒ.നോ. 5:14-15)
      (3) പ്രായോഗികം (നിഷേധാത്മകം)
         (a) ജീവിതശൈലി പാപം (ഒ.നോ. 3:8-10)

(b) ജീവിതശൈലി പക (ഒ.നോ. 2:9,11; 3:15; 4:20)
(c) ജീവിതശൈലി അനുസരണക്കേട് (ഒ.നോ. 2:4; 3:4)
(d) ലോകത്തെ സ്നേഹിക്കുക (ഒ.നോ. 2:15-16)
(e) ക്രിസ്തുവിനെ തള്ളിക്കളയുക (പിതാവിനെയും പുത്രനെയും നിഷേധിക്കുക, ഒ.നോ. 2:22-23; 4:2-3; 5:10-12)

3. പ്രസക്ത വേദഭാഗത്തെ പ്രത്യേക വിഷയങ്ങളുടെ ശരിയായ തിരിച്ചറിയലുമായി ബന്ധപ്പെടുത്തണം (ഒ.നോ. 5:16-17)

a. വാ. 16 ലെ "സഹോദരൻ" എന്ന പദം മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കും മരണത്തിനുള്ള പാപം ചെയ്യുന്നവർക്കും ബാധകമാണോ?

b. പാപം ചെയ്യുന്നവർ ഒരിക്കൽ സഭയുടെ അംഗങ്ങളായിരുന്നുവോ? (ഒ.നോ. 2:19)?

c. എന്താണ് താഴെപ്പറയുന്നവയുടെ പ്രാധാന്യം?
(1) "പാപം" എന്നതിന് വിവേചക ഭേദകം ഇല്ല
(2) "കാണുക" എന്ന ക്രിയ ഭൂതകാല കർത്തരി അനുബന്ധത്തോടു കൂടിയ മൂന്നാം തരം സോപാധികം ആണ്

d. പാപിയുടെ വ്യക്തിപരമായ മാനസാന്തരം കൂടാതെ എങ്ങനെ ഒരു വിശ്വാസിയുടെ പ്രാർത്ഥനയ്ക്ക് (ഒ.നോ. യാക്കോ. 5:15-16) അവനെ നിത്യജീവനിലേക്ക് (*സോയി-ζοη*) യഥാസ്ഥാനപ്പെടുത്താൻ കഴിയും?

e. വാ. 17 എങ്ങനെയാണ് വിവിധ പാപങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നത് (മരണത്തിനുള്ളതും, മരണത്തിനല്ലാത്തതും)?

B. ദൈവശാസ്ത്ര പ്രശ്നങ്ങൾ

1. വ്യാഖ്യാതാവ് ഈ വാക്യത്തെ താഴെപ്പറയുന്നവയുമായി ബന്ധിപ്പിക്കേണ്ടതുണ്ടോ?
a. സുവിശേഷങ്ങളിലെ "ക്ഷമിക്കപ്പെടാത്ത പാപം"
b. എബ്രാ. 6,10 ലെ "ഒരിക്കൽ പാപം നീങ്ങിയത്"

1 യോഹന്നാനിലെ സന്ദർഭം, യേശുവിന്റെ കാലത്തെ പരീശന്മാരുടെ ക്ഷമിക്കപ്പെടാത്ത പാപത്തിനും (ഒ.നോ. മത്താ. 12:22-37; മർക്കൊ. 3:2-29), എബ്രാ. 6, 10 ലെ അവിശ്വാസികളായ യെഹൂദന്മാർക്കും സമാന്തരമാണെന്നു തോന്നുന്നു. ഈ മൂന്നു ഗ്രൂപ്പും (പരീശന്മാർ, അവിശ്വാസികളായ യെഹൂദന്മാർ, ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ) സുവിശേഷം വ്യക്തമായി കേട്ടവരും എന്നാൽ യേശുക്രിസ്തുവിൽ ആശ്രയിക്കാൻ വിസമ്മതിച്ചവരുമാണ്.

2. ആധുനിക സഭാവിഭാഗ വിഷയങ്ങൾ ഈ പാഠത്തെ വീക്ഷിക്കുന്നതിനുള്ള ഒരു മാർഗ്ഗമാകേണ്ടതുണ്ടോ?

സുവിശേഷ വിഹിത വീക്ഷണം ക്രിസ്തീയാനുഭവങ്ങളുടെ ആരംഭത്തിന് അമിത പ്രാധാന്യം നൽകുകയും യഥാർത്ഥ വിശ്വാസത്തിന്റെ തുടർമാനമായ ജീവിതശൈലി തെളിവുകളെ അവഗണിക്കുകയും ചെയ്യുന്നു. നമ്മുടെ ആധുനിക ദൈവശാസ്ത്ര ചോദ്യങ്ങൾ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഞെട്ടിക്കുമായിരുന്നു. നമുക്ക് ചില "തെളിവു - വാക്യങ്ങളുടെയോ" യുക്തിയുടെയോ സഭാവിഭാഗ നിയമ അടിസ്ഥാനത്തിലോ ഉള്ള "ഉറപ്പു" വേണം.

നമ്മുടെ ദൈവശാസ്ത്ര ചോദ്യങ്ങളും സംഘടനകളും വ്യത്യാസങ്ങളും നമ്മുടെ ഉറപ്പില്ലായ്മയെ ആണ് വെളിപ്പെടുത്തുന്നത്. വേദപുസ്തകം നൽകുന്നതിനെക്കാൾ കൂടുതൽ വിവരങ്ങളും വ്യക്തമായ ഉറപ്പുകളും നമുക്കു വേണം. അതിനാൽ നമ്മുടെ വ്യവസ്ഥിത ദൈവശാസ്ത്രം ചെറിയ വേദഭാഗങ്ങൾ പോലും എടുത്ത് യുക്തിപരവും പാശ്ചാത്യവും പ്രത്യേകവുമായ ഉപദേശങ്ങളുടെ വലിയ വലകൾ നെയ്യുന്നു.

മത്തായി 7 ലെയും മർക്കൊസ് 7 ലെയും യേശുവിന്റെ വാക്കുകൾ മതിയായിരുന്നു ആദിമ സഭയ്ക്ക്. യേശു തീരുമാനങ്ങളെയല്ല ശിഷ്യന്മാരെയാണ് തേടിയത്. ഹ്രസ്വകാല വൈകാരിക വിശ്വാസമല്ല ദീർഘകാല ജീവിതശൈലി വിശ്വാസമാണവനു വേണ്ടിയിരുന്നത് (ഒ.നോ. മത്താ. 13:10-23; യോഹ. 8:31-59). ക്രിസ്ത്യാനിത്വം ഭൂതകാലത്തിന്റെ ഒരു ഒറ്റപ്പെട്ട പ്രവൃത്തിയല്ല മറിച്ച് തുടർമാനമായ മാനസാന്തരം, വിശ്വാസം, അനുസരണം, സ്ഥിരോത്സാഹം എന്നിവയാണ്. ക്രിസ്ത്യാനിത്വം ഭൂതകാലത്തിൽ വാങ്ങിയ സ്വർഗ്ഗത്തിലേക്കുള്ള ടിക്കറ്റോ, ഒരുവനെ സ്വാർത്ഥമായ ജീവിതശൈലിയിൽ നിന്നും അഭക്തമായ ജീവിതത്തിൽ നിന്നും സംരക്ഷിക്കുന്നതിനെടുത്ത അഗ്നി സുരക്ഷാ പോളിസിയോ അല്ല.

3. മരണത്തിനുള്ള പാപം ശാരീരിക മരണത്തെയാണോ നിത്യമരണത്തെയാണോ സൂചിപ്പിക്കുന്നത്? ഈ സന്ദർഭത്തിൽ യോഹന്നാന്റെ സോയി എന്ന പദത്തിന്റെ ഉപയോഗം, നിത്യമരണത്തെയാണു സൂചിപ്പിക്കുന്നത്. പാപം ശാരീരിക മരണത്തെയാണോ നിത്യമരണത്തെയാണോ സൂചിപ്പിക്കുന്നത്? ഈ സന്ദർഭത്തിൽ യോഹന്നാന്റെ *സോയി-ζοη* എന്ന പദത്തിന്റെ ഉപയോഗം, നിത്യമരണത്തെയാണു സൂചിപ്പിക്കുന്നത്. പാപം ചെയ്യുന്ന മക്കളെ ദൈവം വീട്ടിൽ ചേർക്കുമോ (ശാരീരിക മരണം)?

ഈ സന്ദർഭത്തിന്റെ സൂചന വിശ്വാസികളുടെ യഥാസ്ഥാപനത്തിന് (1) സഹവിശ്വാസികളുടെ പ്രാർത്ഥനയോടൊപ്പം, (2) പാപം ചെയ്തവന്റെ വ്യക്തിപരമായ മാനസാന്തരം കൂടിച്ചേരണം എന്നാണ്. എങ്കിലും അവരുടെ പിന്നീടുമുള്ള ജീവിതശൈലി വിശ്വാസ ജീവിതത്തിന് ദുഷ്പേരു വരുത്തുന്നതായാൽ അതിന്റെ ഫലം ''അകാലത്തിൽ'' അല്ലെങ്കിൽ നേരത്തെയുള്ള ഈ ജീവിതത്തിൽ നിന്നുള്ള ശാരീരിക വേർപാടായിരിക്കും (cf. *When Critics Ask*, by Norman Geisler and Thomas Howe, p. 541).

▣ **"ദൈവം അവനു ജീവനെ കൊടുക്കും"** ഇവിടെയുള്ള ദൈവശാസ്ത്ര പ്രശ്നം "ജീവൻ" (*സോയി-ζoη*) എന്ന പദമാണ്. യോഹന്നാന്റെ എഴുത്തുകളിൽ സാധാരണയായി ഇതു നിത്യജീവനെ സൂചിപ്പിക്കുന്നു എങ്കിലും ഈ സന്ദർഭത്തിൽ ഇത് ആരോഗ്യം അഥവാ പാപക്ഷമയിലേക്കുള്ള യഥാസ്ഥാപനമാണ് (അതാ. യാക്കോ. 5:13-15 ലെ "രക്ഷിക്കുക" എന്ന യാക്കോബിന്റെ ഉപയോഗിത്തിനു സമാനമായി). പ്രാർത്ഥന ആവശ്യമുള്ള വ്യക്തിയെ "സഹോദരൻ" എന്നു വിളിച്ചിരിക്കുന്നതിനാൽ അവൻ വിശ്വാസി ആയിരിക്കാം (തന്റെ വായനക്കാരെ വിളിക്കാൻ യോഹന്നാൻ ഉപയോഗിച്ചിരിക്കുന്ന പദം).

5:17 സകല പാപവും ഗൗരവമുള്ളതാണ്, എന്നാൽ അവിശ്വാസമൊഴികെയുള്ള സകല പാപവും മാനസാന്തരത്തിലൂടെയും (പ്രാരംഭമായി ഒ.നോ. മർക്കൊ. 1:15; പ്രവൃ. 20:21; തുടർമാനമായി, ഒ.നോ. 1 യോഹ. 1:9) ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും ക്ഷമിക്കപ്പെടുവാൻ കഴിയും!

### 1 യോഹന്നാൻ 5:18-20

**18ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല. 19നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. 20ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു.**

5:18 **"ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല"** ഇതൊരു പൂർണ്ണ കർമ്മണി അപൂർണ്ണക്രിയയാണ്. 3:6,9 ന്റെ കറുപ്പും വെളുപ്പുമായ ഊന്നലാണിത്. നിത്യജീവന് ദൃശ്യമായ സവിശേഷതകളുണ്ട്. നിയമരഹിത ദുരുപദേശകരുടെ ജീവിതശൈലി അവരുടെ വീണ്ടും ജനിക്കാത്ത ഹൃദയത്തെ വെളിപ്പെടുത്തി (ഒ.നോ. മത്താ. 7).

രണ്ടു വ്യത്യസ്ത തരത്തിലുള്ള ദുരുപദേശകരെയാണ് യോഹന്നാൻ അഭിസംബോധന ചെയ്യുന്നത്. ഒരു കൂട്ടർ പാപത്തോടുള്ള സകല ഇടപെടലുകളെയും നിരാകരിക്കുന്നു (ഒ.നോ. 1:8-2:1). മറ്റെക്കൂട്ടർ പാപത്തെ അപ്രസക്തമായി കാണുന്നു (ഒ.നോ. 3:4-10 ലും ഇവിടെയും). പാപം പ്രാരംഭമായി ഏറ്റുപറയേണ്ടതും തുടർമാനമായി ഉപേക്ഷിക്കേണ്ടതും ആകുന്നു. പാപം ആണ് പ്രശ്നം. അതൊരു പ്രശ്നമാണ്. അതൊരു തുടർമാന പ്രശ്നമാണ് (ഒ.നോ. 5:21).

ബ്രൂസ് മെറ്റ്സ്ഗർ തന്റെ *എ ടെക്സ്ചൽ കമന്ററി ഓഫ് ദ ഗ്രീക്ക് ന്യൂടെസ്റ്റമെന്റ്* (പേ. 718) എന്ന ഗ്രന്ഥത്തിൽ കയ്യെഴുത്തു പ്രതിയിലുള്ള വ്യത്യാസം, "ദൈവത്തിൽ നിന്നു ജനിക്കുക" എന്നത് ആരെ പരാമർശിക്കുന്നു എന്നത് പകർപ്പെഴുത്തുകാരൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംഭവിച്ചതാണെന്നു പറയുന്നു.

1. യേശു - *ഔട്ടോൻ (αυτον)* (A*, B*)
2. വിശ്വാസികൾ - *ഇയുട്ടോൺ (εαυτον)* (ℵ, A$^c$)

UBS$^4$ ആദ്യത്തേതിന് "B" റേറ്റിംഗ് (ഏതാണ്ടുറപ്പുള്ളത്) കൊടുക്കുന്നു.

▣ **"നാം അറിയുന്നു"** 5:13 ലെ രണ്ടാം ഖണ്ഡികയിലെ കുറിപ്പു കാണുക.

▣ **"ദൈവത്തിൽ നിന്നും ജനിച്ചവൻ തന്നെത്താൻ (അവനെ) സൂക്ഷിക്കുന്നു"** ഒന്നാമത്തെ ക്രിയ, ഒരു ബാഹ്യമാധ്യമത്താൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഭൂതകാല കർമ്മണി അപൂർണ്ണക്രിയയാണ് (അതാ. ആത്മാവ്, ഒ.നോ. റോമ. 8:11). ഇത് ജഡധാരണത്തെ സൂചിപ്പിക്കുന്നു.

രണ്ടാമത്തെ ക്രിയ, "അവനെ" *(ഔട്ടോൻ- αυτον)* എന്നതിനോടു ചേർന്നുള്ള വർത്തമാനകാല കർത്തരി സൂചകമാണ്. ഇത് ആക്ഷരികമായി "ദൈവത്തിൽനിന്നു ജനിച്ചവൻ അവനെ തുടർമാനായി സൂക്ഷിക്കുന്നു" എന്നാണ്. ക്രിസ്തു വിശ്വാസിയെ തുടർമാനം സൂക്ഷിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പുരാതന വലിയക്ഷര കയ്യെഴുത്തുപ്രതികളായ A*, B* എന്നിവയനുസരിച്ചാണ് ഈ തർജ്ജമ. ഈ വ്യാഖ്യാനം ഇംഗ്ലീഷ് പരിഭാഷകളായ NASB, RSV, NIV എന്നിവകളിൽ കാണാം.

കയ്യെഴുത്തു പ്രതികളായ ℵ, A$^c$ എന്നിവയിൽ മറ്റൊരു സർവ്വ നാമം, ''തന്നെത്താൻ സൂക്ഷിക്കുന്നു'' *(ഇയുട്ടോൺ- εαυτον)* കാണാം. ഇതിനർത്ഥം ദൈവത്തിൽ നിന്നും ജനിച്ചവന് തന്നെത്താൻ സൂക്ഷിക്കാനുള്ള

ഉത്തരവാദിത്തം ഉണ്ടെന്നാണ്. ഇവിടെ "ജനിച്ചവൻ" എന്നതിനുപയോഗിച്ചിരിക്കുന്ന ക്രിയാപദം യേശുവിനെ സൂചിപ്പിക്കാൻ മറ്റെങ്ങും ഉപയോഗിച്ചിട്ടില്ല. ഈ ആശയം 3:3 ലും 5:21 ലും വിശ്വാസികൾക്ക് ഉപയോഗിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പരിഭാഷകളായ KJV, ASV എന്നിവ ഇതു പിന്തുടരുന്നു.

▣

**NASB** **"ദുഷ്ടൻ അവനെ തൊടുന്നില്ല"**
**NKJV** **"ദുഷ്ടൻ അവനെ തൊടുന്നില്ല"**
**NRSV** **"ദുഷ്ടൻ അവരെ തൊടുന്നില്ല"**
**TEV** **"ദുഷ്ടന് അവരെ ഉപദ്രവിക്കാൻ കഴിയുകയില്ല"**
**NJB** **"ദുഷ്ടന് അവരുടെമേൽ യാതൊരു അധികാരവുമില്ല"**

ദുഷ്ടന് അവരെ തുടർമാനമായി "പിടിച്ചു വയ്ക്കാൻ കഴിയുകയില്ല" എന്നർത്ഥം വരുന്ന വർത്തമാന കാല മധ്യമ സൂചകമാണിത്. യോഹന്നാന്റെ എഴുത്തുകളിൽ ഈ പദത്തിനു കാണുന്ന മറ്റൊരു ഏക ഉപയോഗം സുവിശേഷത്തിൽ 20:17ൽ ആണ്. ബൈബിളിൽ നിന്നും, അനുഭവത്തിൽ നിന്നും, ക്രിസ്ത്യാനികൾ പരീക്ഷിക്കപ്പെടുമെന്നു വ്യക്തമാണ്. ഈ പ്രയോഗത്തിന്റെ അർത്ഥം സംബന്ധിച്ച് മൂന്നു പ്രധാന വാദഗതികളുണ്ട്.

1. ന്യായപ്രമാണത്തിന്റെ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ ദുഷ്ടന്റെ കുറ്റാരോപണത്തിൽ നിന്നും വിശ്വാസികൾ വിമുക്തരാണ് (നീതീകരണം)
2. യേശു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു (ഒ.നോ. 1 യോഹ. 2:1; ലൂക്കൊ. 22:32-33)
3. സാത്താന് നമ്മുടെ ജീവിതത്തിലെ ക്രിസ്തീയ സാക്ഷ്യത്തെ കളങ്കപ്പെടുത്താനും, വാ. 16-17 ന്റെ അടിസ്ഥാനത്തിൽ വിശ്വാസിയെ ഈ ലോകത്തിൽ നിന്നും നേരത്തെ മാറ്റുവാനും കഴിയുമെങ്കിലും, അവന് നമ്മിൽ നിന്നും നമ്മുടെ രക്ഷയെ കവർന്നെടുക്കുവാൻ കഴിയുകയില്ല (ഒ.നോ. റോമ. 8:31-39)

**5:19 "നാം ദൈവത്തിൽ നിന്നുള്ളവർ എന്നു നാം അറിയുന്നു"** ഇതു ക്രിസ്തുവിലുള്ള വിശ്വാസിയുടെ വിശ്വാസ ഉറപ്പിനെക്കുറിച്ചുള്ള ആത്മവിശ്വാസവും ലോക വീക്ഷണവുമാണ് (ഒ.നോ. 4:6). ബാക്കിയെല്ലാം ഈ അതിശയകരമായ സത്യത്തിന്റെ അടിസ്ഥാനത്തിലാണ് (ഒ.നോ. വാ. 13). 5:13 ലെ കുറിപ്പു കാണുക.

▣ **"സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു"** ഇത് വർത്തമാനകാല മധ്യമ (ഡിപോണന്റ്) സൂചകമാണ് (ഒ.നോ. യോഹ. 12:31; 14:30; 16:11; 2 കൊരി. 4:4; എഫെ. 2:2; 6:12). ഇത് സാധ്യമാകുന്നത് (1) ആദാമ്യ പാപം; (2) സാത്താന്റെ മത്സരം; (3) ഓരോ വ്യക്തിയുടെയും പാപത്തിന്റെ വ്യക്തിപരമായ തിരഞ്ഞെടുപ്പ് എന്നിവ മുഖാന്തരമാണ്.

**5:20 "ദൈവപുത്രൻ വന്നു"** ദൈവപുത്രന്റെ ജഡധാരണത്തെ ഉറപ്പിക്കുന്ന വർത്തമാനകാല കർത്തരി സൂചകമാണിത്. മനുഷ്യശരീരം ധരിച്ച ദൈവം എന്നത് വസ്തു തിന്മയാണെന്നു വിശ്വസിക്കുന്ന ജ്ഞാനവാദ ദുരുപദേഷ്ടാക്കളെ സംബന്ധിച്ച് വലിയ പ്രശ്നമായിരുന്നു.

▣ **"നാം അറിയുന്നു"** 5:13 ന്റെ രണ്ടാം ഖണ്ഡികയിലെ മുഴുവൻ കുറിപ്പും കാണുക.

▣ **"നമുക്കു വിവേകം തന്നു എന്നും"** മറ്റൊരു പൂർണ്ണ കർത്തരി സൂചകമാണിത്. ജ്ഞാനവാദ ദുരുപദേശകരല്ല, യേശുവാണ് ദൈവത്തെക്കുറിച്ച് ആവശ്യമായ ഉൾക്കാഴ്ച നൽകുന്നത്. യേശു തന്റെ ജീവിതം, ഉപദേശങ്ങൾ, പ്രവൃത്തികൾ, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയിലൂടെ പിതാവിനെ പൂർണ്ണമായി വെളിപ്പെടുത്തി. അവൻ ജീവിക്കുന്ന ദൈവവചനമാണ്. അവൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (ഒ.നോ. യോഹ. 14:6; 1 യോഹ. 5:10-12).

▣ **"നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു; അവൻ സത്യദൈവവും നിത്യജീവനും ആകുന്നു"** "സത്യ ദൈവത്തിൽ" എന്ന ആദ്യ പ്രയോഗം പിതാവാം ദൈവത്തെ സൂചിപ്പിക്കുന്നു (യോഹ. 6:53 ലെയും 17:3 ലെയും പ്രത്യേക പഠനവിഷയങ്ങൾ കാണുക). എന്നാൽ രണ്ടാമത്തെ വാചകത്തിലെ "സത്യദൈവം" ആരെന്നു ഗ്രഹിക്കുക പ്രയാസമാണ്. സന്ദർഭമനുസരിച്ച് അത് പിതാവിനെ സൂചിപ്പിക്കുന്നുവെങ്കിലും ദൈവശാസ്ത്രപരമായി പുത്രനെ സൂചിപ്പിക്കാനാണു സാധ്യത. ഈ വ്യാകരണപരമായ ദുർഗ്രഹത മനപ്പൂർവ്വമായിരിക്കാം. യോഹന്നാന്റെ രചനകളിൽ ഇതു സാധാരണവും ആണ്, കാരണം പിതാവിൽ ആയിരിക്കുന്നവൻ പുത്രനിലും ആയിരിക്കേണ്ടതാണ് (ഒ.നോ. വാ. 12). പിതാവിന്റെയും പുത്രന്റെയും ദൈവത്വവും "സത്യ"വും ഒരുപക്ഷേ സോദ്ദേശ്യപരമായ ദൈവശാസ്ത്ര ഊന്നലാകാം (ഒ.നോ. യോഹ. 3:33; 7:28; 8:26). പുതിയനിയമം നസറായനായ യേശുവിന്റെ പൂർണ്ണ ദൈവത്വത്തെ ഊന്നിപ്പറയുന്നു (ഒ.നോ. യോഹ. 1:1,18; 20:28; ഫിലി. 2:6; തീത്തൊ. 2:13; എബ്രാ. 1:8). ജ്ഞാനവാദ ഉപദേഷ്ടാക്കളും യേശുവിന്റെ ദൈവത്വത്തെ അംഗീകരിക്കുന്നുണ്ട് (കുറഞ്ഞത് ദൈവിക ആത്മാവിന്റെ അധിവാസം മുഖാന്തരമെങ്കിലും).

**1 യോഹന്നാൻ 5:21**

**[21]കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോടു അകന്നു സൂക്ഷിച്ചുകൊൾവിൻ.**

**5:21**

| | |
|---|---|
| **NASB** | **"വിഗ്രഹങ്ങളിൽ നിന്നു നിങ്ങളെത്തന്നെ സൂക്ഷിക്കുക"** |
| **NKJV, NRSV** | **"വിഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുക"** |
| **TEV** | **"വ്യാജ ദൈവങ്ങളിൽ നിന്നും സുരക്ഷിത അകലം പാലിക്കുക"** |
| **NJB** | **"വ്യാജദൈവങ്ങളെ സൂക്ഷിക്കുക"** |

പൊതു സത്യത്തെ സൂചിപ്പിക്കുന്ന സാമാന്യ കർത്തരി വിധിരൂപമാണിത് (ഒ.നോ. എഫെ. 1:4; 1 പത്രൊ. 1:5). വിശുദ്ധീകരണത്തിലുള്ള (ഒ.നോ. 3:3) അവരുടെ സജീവ പങ്കാളിത്തത്തെയാണിത് പരാമർശിക്കുന്നത്.

വിഗ്രങ്ങൾ എന്ന പദം (യോഹന്നാന്റെ എഴുത്തുകളിൽ 2 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു, ഇവിടെയും വെളി. 9:20 ൽ കാണുന്ന പ.നി. ഉദ്ധരണിയിലും) ഒന്നുകിൽ ദുരുപദേഷ്ടാക്കളുടെ ഉപദേശങ്ങളെയും ജീവിത ശൈലിയെയും സൂചിപ്പിക്കുന്നതോ അല്ലെങ്കിൽ ചാവുകടൽ ചുരുളുകൾ ഈ പദം "പാപം" എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നതിനാൽ "വിഗ്രഹം" "പാപം" എന്നീ പദങ്ങൾ പര്യായപദങ്ങളോ ആകാം.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. വിശ്വാസികൾ ക്രിസ്തുവിൽ ആയിരിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുന്ന മൂന്നു പ്രധാന പരിശോധനകൾ ഏതെല്ലാം?
2. വാ. 6 ലും വാ. 8 ലും കാണുന്ന "ജലം" "രക്തം" എന്നീ പദങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?
3. നാം ക്രിസ്ത്യാനികൾ ആണെന്നു നമുക്കറിയാമോ? അതറിയാത്ത ചില ക്രിസ്ത്യാനികൾ ഉണ്ടോ?
4. മരണത്തിനായുള്ള പാപം ഏതാണ്? ഒരു വിശ്വാസിക്കതു ചെയ്യാൻ കഴിയുമോ?
5. നമ്മെ പരീക്ഷയിൽ നിന്നും വിടുവിക്കുന്നത് ദൈവത്തിന്റെ സംരക്ഷണ ശക്തിയാണോ അതോ നമ്മുടെ സ്വന്ത പ്രയത്നങ്ങളാണോ?

# 2 യോഹന്നാൻ

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം*

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| അഭിവാദനം | മാന്യനായകിയാർക്കുള്ള വന്ദനം | | മുഖവുര | വന്ദനം |
| വാ. 1-3 | വാ. 1-3 | വാ. 1-2 | വാ. 1-3 | വാ. 1-3 |
| | | വാ. 3 | | |
| സത്യവും സ്നേഹവും | ക്രിസ്തുവിന്റെ കല്പനയിലുള്ള നടപ്പ് | | സത്യവും സ്നേഹവും | സ്നേഹത്തിന്റെ പ്രമാണം |
| വാ. 4-11 | വാ. 4-6 | വാ. 4-6 | വാ. 4-6 | വാ. 4-5 |
| | | | | വാ. 6 |
| | വഞ്ചകരായ എതിർ ക്രിസ്തുക്കളെ സൂക്ഷിക്കുക | | | ക്രിസ്തുവിന്റെ ശത്രുക്കൾ |
| | വാ. 7-11 | വാ. 7-11 | വാ. 7-8 | വാ. 7-11 |
| | | | വാ. 9-11 | |
| ഉപസംഹാര വന്ദനം | യോഹന്നാന്റെ യാത്രാ വന്ദനം | | അവസാന വാക്കുകൾ | |
| വാ. 12-13 | വാ. 12-13 | വാ. 12 | വാ. 12 | വാ. 12 |
| | | വാ. 13 | വാ. 13 | വാ. 13 |

# ലഘു മുഖവുര

2 യോഹന്നാൻ, 1 യോഹന്നാന്റെ സന്ദേശത്തോടും രചനാശൈലിയോടും സാമ്യമുള്ളതാണ്. അവ ഒരേ എഴുത്തുകാരൻ ഏതാണ്ട് ഒരേ കാലഘട്ടത്തിൽ എഴുതിയതാണെന്നു വ്യക്തം. ഒന്നാം നൂറ്റാണ്ടിലെ എഴുത്തുകളുടെ പൊതു സ്വഭാവം പുലർത്തുന്ന അത്, ഒരു പൊതുവേ അംഗീകരിക്കപ്പെട്ട രീതിയിൽ ഒരു പാപ്പിറസ് താളിൽ ഒതുങ്ങുന്ന നിലയിൽ എഴുതപ്പെട്ടതാണ്.

1 യോഹന്നാൻ നിരവധി സഭകൾക്കുവേണ്ടി എഴുതപ്പെട്ടതാണെങ്കിൽ (ഒരർത്ഥത്തിൽ എല്ലാ സഭകൾക്കും) 2 യോഹന്നാൻ ഒരു പ്രാദേശിക സഭയ്ക്കും അതിന്റെ മൂപ്പനും (മിക്ക പുതിയ നിയമ വ്യക്തിപരമായ ലേഖനങ്ങളും മുഴു സഭകളിലും വായിക്കാറുണ്ട് എങ്കിലും). ഏഷ്യാ മൈനറിലെ (തുർക്കി) ഒന്നാം നൂറ്റാണ്ടിലെ സഭാജീവിതത്തിലേക്കു തുറക്കപ്പെടുന്ന അതിശയകരമായ കൊച്ചു വാതായനമാണ് ഈ ലേഖനം.

---

* ദൈവനിശ്വാസീയമല്ലെങ്കിലും ഖണ്ഡികവിഭജനങ്ങൾ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതിനും അനുവർത്തിക്കുന്നതിനുമുള്ള താക്കോലാണ്. ഓരോ ആധുനിക പരിഭാഷയും ഖണ്ഡിക തിരിച്ച് വിഷയ സംഗ്രഹം നടത്തിയിരിക്കുന്നു. ഓരോ ഖണ്ഡികയ്ക്കും ഒരു കേന്ദ്ര വിഷയം, സത്യം അഥവാ ചിന്തയുണ്ട്. ഓരോ പരിഭാഷയും ആ വിഷയത്തെ തനതായ രീതിയിൽ എടുത്തു കാണിക്കുന്നു. നിങ്ങൾ ആ വചനം വായിക്കുമ്പോൾ ഏതു പരിഭാഷയാണ് നിങ്ങളുടെ വിഷയഗ്രാഹ്യത്തിനും വാക്യവിഭജനത്തിനും യുക്തമായതെന്ന് നിങ്ങളോടു തന്നെ ചോദിക്കുക.

ഓരോ അദ്ധ്യായത്തിലും ആദ്യമായി നാം വേദപുസ്തകം വായിക്കുകയും വിഷയങ്ങൾ (ഖണ്ഡികകൾ) തിരിച്ചറിയുവാൻ ശ്രമിക്കുകയും വേണം. അതിനുശേഷം നമ്മുടെ അറിവിനെ നവീന വിവർത്തനങ്ങളുമായി താരതമ്യം ചെയ്യുക. യഥാർത്ഥ ലേഖകന്റെ യുക്തിയും പ്രകടനവും മനസ്സിലാക്കിക്കൊണ്ട് തന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുമ്പോൾ മാത്രമാണ് നമുക്ക് വേദപുസ്തകം മനസ്സിലാക്കുവാൻ കഴിയുന്നത്. മൂലകൃതിയുടെ എഴുത്തുകാരൻ മാത്രമാണ് ദൈവനിശ്വാസീയ എഴുത്തുകാരൻ. വായനക്കാർക്ക് സന്ദേശം മാറ്റുവാനോ നവീകരിക്കുവാനോ അവകാശമില്ല. ദൈവനിശ്വാസീയമായ സത്യം തങ്ങളുടെ കാലഘട്ടത്തിലും ജീവിതത്തിലും പ്രാവർത്തികമാക്കേണ്ടത് വേദപുസ്തകം വായിക്കുന്നവരുടെ ഉത്തരവാദിത്വമാണ്.

**എല്ലാ സാങ്കേതിക പദപ്രയോഗങ്ങളും ചുരുക്കരൂപങ്ങളും, ഒന്നും രണ്ടും മൂന്നും അനുബന്ധങ്ങളിൽ പൂർണ്ണമായി വിശദീകരിച്ചിട്ടുണ്ട്.**

## പ്രാഥമിക വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി ഒറ്റയിരുപ്പിൽ വായിക്കുക. മുഴുവൻ ഗ്രന്ഥത്തിന്റെയും കേന്ദ്രചിന്താവിഷയം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

1. മുഴു ഗ്രന്ഥത്തിന്റെയും വിഷയം
2. സാഹിത്യ രൂപം

## രണ്ടാം വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി രണ്ടാം തവണയും ഒറ്റയിരുപ്പിൽ വായിക്കുക. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും വിഷയം ഒറ്റ വാചകത്തിൽ വിവരിക്കുകയും ചെയ്യുക.

1. ഒന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
2. രണ്ടാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
3. മൂന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
4. നാലാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
5. ആദിയായവ

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# പദ, ശൈലി പഠനം

**വാ. 1–3**

**[1]നമ്മിൽ വസിക്കുന്നതും നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമായ സത്യംനിമിത്തം ഞാൻ മാത്രമല്ല, [2]സത്യത്തെ അറിഞ്ഞിരിക്കുന്നവർ എല്ലാവരും സത്യത്തിൽ സ്നേഹിക്കുന്ന മാന്യനായകിയാർക്കും മക്കൾക്കും മൂപ്പനായ ഞാൻ എഴുതുന്നതു: [3]പിതാവായ ദൈവത്തിങ്കൽനിന്നും പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിങ്കൽനിന്നും സ്നേഹത്തിലും സത്യത്തിലും കൃപയും കനിവും സമാധാനവും നമ്മോടുകൂടെ ഇരിക്കുമാറാകട്ടെ.**

**വാ. 1 "നമ്മിൽ വസിക്കുന്നതും"** വിശ്വാസികളെ വിവരിക്കുന്നതിനുള്ള യോഹന്നാന്റെ ഇഷ്ടപദങ്ങളിലൊന്നായ "വസിക്കുക" എന്നതിന്റെ വർത്തമാനകാല കർത്തരി അപൂർണ്ണക്രിയ ആണിത്. 2:10 ലെ പ്രത്യേക പഠനവിഷയം കാണുക. അധിവസിക്കുന്ന പരിശുദ്ധാത്മാവിനെയാണിത് സൂചിപ്പിക്കുന്നതെന്നു തോന്നുന്നു (ഒ.നോ. റോമ. 8:9; അല്ലെങ്കിൽ പുത്രൻ, റോമ. 8:9-10). ത്രിത്വത്തിലെ എല്ലാ ആളത്വങ്ങളും വിശ്വാസിയിൽ/യോടുകൂടെ/ടൊപ്പം/ വസിക്കുന്നു (ഒ.നോ. യോഹ. 14:23).

▣ **"നമ്മോടുകൂടെ എന്നേക്കും ഇരിക്കുന്നതുമായ"** എല്ലാ വിശ്വാസികളോടുമൊപ്പം സത്യം എന്നേക്കും വസിക്കുന്നു. ഉറപ്പിന്റെ എത്ര ശക്തമായ പ്രസ്താവന! 1 യോഹ. 5:13 ലെ പ്രത്യേക പഠനവിഷയം കാണുക. സത്യം എന്നത് സുവിശേഷത്തിലെ വ്യക്തിയും സുവിശേഷത്തിന്റെ സന്ദേശവുമാണ്. "സത്യം" എല്ലായ്പ്പോഴും വെളിപ്പെടുന്നത് സ്നേഹത്തിലും ദൈവത്തോടുള്ള സ്നേഹത്തിലും സഹ ഉടമ്പടി സഹോദരീ സഹോദരന്മാരോടുള്ള സ്നേഹത്തിലും നഷ്ടപ്പെട്ട ലോകത്തോടുള്ള സ്നേഹത്തിലും ആണ് (ഒ.നോ. 1 യോഹ. 4:7-21).

"എന്നേക്കും" എന്നത് ആക്ഷരികമായി "കാലത്തോളം" എന്നാണ് (ഒ.നോ. യോഹ. 4:14; 6:51,58; 8:35,51; 10:28; 11:26; 12:34; 13:8; 14:16; 1 യോഹ. 2:17). യോഹ. 6:58 ലെ പ്രത്യേക പഠനവിഷയം: എന്നേക്കും കാണുക.

**വാ. 2 "സത്യം"** സത്യം ആവർത്തിക്കുന്ന വിഷയമാണ് (ഒ.നോ. വാ. 1 [2 പ്രാവശ്യം], 2,3,4). വാ. 9 ലെയും 10 ലെയും "ഉപദേശം" സത്യത്തിന്റെ പര്യായമാണ്. 1 യോഹന്നാനിൽ എന്നപോലെ ഈ ചെറിയ ലേഖനത്തിലും വ്യക്തമാകുന്ന പ്രാദേശിക ദുരുപദേശത്തിന്റെ (ഒ.നോ. വാ. 4,7-10) വെളിച്ചത്തിലാകാം ഇത് എടുത്തുകാണിച്ചിരിക്കുന്നത്.

"സത്യം" മൂന്നു കാര്യത്തെ സൂചിപ്പിക്കുന്നതാകാം: (1) യോഹന്നാനിൽ പരിശുദ്ധാത്മാവ് (ഒ.നോ. 14:17); യേശുക്രിസ്തു (ഒ.നോ. യോഹ. 8:32; 14:6); (3) സുവിശേഷത്തിന്റെ ഉള്ളടക്കം (ഒ.നോ. 1 യോഹ. 3:23). 6:55 ലെയും 17:3 ലെയും പ്രത്യേക പഠനവിഷയം കാണുക.

▣ **"സ്നേഹിക്കുന്ന"** സുവിശേഷത്തിലും വെളിപ്പാടിലും യോഹന്നാൻ *ഫിലെയോ(φιλεω)* എന്ന പദം *അഗാപ്പാഓ (αγαπαω)* എന്നതിന്റെ പര്യായമായി ഉപയോഗിക്കാറുണ്ടെങ്കിലും 1,2,3 യോഹന്നാനിൽ അവൻ *അഗാപ്പാഓ (αγαπαω)* മാത്രമാണു പയോഗിക്കുന്നത് (ഒ.നോ. വാ. 3,5,6; 1 യോഹ. 3:18).

▣ **"മാന്യനായകിയാർ"** ഈ പേര് സംബന്ധിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. തിരഞ്ഞെടുക്കുക എന്നതിനുള്ള ഗ്രീക്കുപദത്തിൽ നിന്നും വന്നിട്ടുള്ള *ഇലക്ടാ* എന്ന പേരുള്ള ഒരു സ്ത്രീക്കാണ് ഇതെഴുതിയതെന്നും (അലക്സാണ്ട്രിയയിലെ ക്ലമന്റ്) അതല്ല സ്ത്രീ എന്നതിനുള്ള ഗ്രീക്കുപദത്തിൽ നിന്നുള്ള *കിറിയാ* എന്നു പേരുള്ള സ്ത്രീക്കാണെഴുതിയതെന്നും (അത്തനേഷ്യസ്) വാദങ്ങളുണ്ട്. എന്നാൽ ഇത് സഭയെ കുറിക്കുന്നതാണെന്ന ജെറോമിന്റെ വാചകത്തോട് താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ യോജിക്കുന്നു:

1. സഭ എന്നതിനുള്ള ഗ്രീക്കുപദം സ്ത്രീലിംഗമാണ് (വാ. 1)
2. സെപ്റ്റജിന്റിൽ "തെരഞ്ഞെടുക്കപ്പെട്ടവർ" എന്ന പദം ഒരു കൂട്ടം ജനത്തെയാണ് സൂചിപ്പിക്കുന്നത് (ഒ.നോ. 1 പത്രൊ. 2:9)
3. ഇത് ക്രിസ്തുവിന്റെ മണവാട്ടി എന്ന നിലയിൽ സഭയെ പരമാർശിക്കുന്നു (ഒ.നോ. എഫെ. 5:25-32; വെളി. 19:7-8; 21:2)
4. ഈ സഭയിൽ മക്കൾ എന്നു പരാമർശിക്കപ്പെടുന്ന അംഗങ്ങളുണ്ട് (ഒ.നോ. വാ. 13)
5. ഈ സഭയ്ക്ക് സഹോദരിയുണ്ട്, അത് മറ്റൊരു പ്രാദേശിക സഭയാകാം (ഒ.നോ. വാ. 13)
6. ഈ അദ്ധ്യായത്തിലുടനീളം ഏകവചനവും ബഹുവചനവും മാറിമാറി ഉപയോഗിക്കുന്നുണ്ട് (ഏകവചനം വാ. 4,5,13; ബഹുവചനം 6,8,10,12).
7. ഇതേ പദം ഇതേ രീതിയിൽ 1 പത്രൊ. 5:13 ൽ സഭയ്ക്ക് ഉപയോഗിക്കുന്നുണ്ട്

▣ **"മൂപ്പനായ"** ഈ പേര് (*പ്രെസ്ബൂട്ടെറോസ്-πρεσβυτερος*) 2 യോഹന്നാന്റെയും 3 യോഹന്നാന്റെയും എഴുത്തുകാരനെ പരിചയപ്പെടുത്തുന്നതിനുപയോഗിച്ചിട്ടുള്ളതാണ്. ബൈബിളിൽ അതിന് വളരെ വിശാലമായ അർത്ഥമാണുള്ളത്.

യോഹന്നാന്റെ എഴുത്തുകൾ ഔദ്യോഗിക പദവിയെ വ്യത്യസ്ത നിലകളിലാണ് വെളിപ്പെടുത്തുന്നത്.

1. സുവിശേഷങ്ങളിൽ "പ്രിയ ശിഷ്യൻ" എന്ന ഗൂഢപ്രയോഗം ഉപയോഗിക്കുന്നു
2. ഒന്നാമത്തെ ലേഖനം ആരെഴുതിയെന്ന് രേഖപ്പെടുത്തിയിട്ടില്ല
3. രണ്ടും മൂന്നും ലേഖനങ്ങളിൽ "മൂപ്പൻ" എന്ന പേരു കാണാം
4. വെളിപ്പാടു സാഹിത്യത്തിൽ വേറിട്ടു നിൽക്കുന്ന വെളിപ്പാടു പുസ്തകം എഴുത്തുകാരൻ "അവന്റെ ദാസനായ യോഹന്നാൻ" എന്നു പരിചയപ്പെടുത്തുന്നു

ഈ എഴുത്തുകളുടെ കർത്തൃത്വം സംബന്ധിച്ച് വ്യാഖ്യാതാക്കളുടെയും പണ്ഡിതന്മാരുടെയും ഇടയിൽ വളരെയധികം ചർച്ചകൾ നടക്കുന്നുണ്ട്. അവയ്ക്കെല്ലാം ഭാഷാപരവും രീതിപരവുമായ വളരെയധികം സാമ്യങ്ങളും വൈരുദ്ധ്യങ്ങളും ഉണ്ട്. ഇതുവരെയും എല്ലാ ബൈബിൾ പണ്ഡിതന്മാർക്കും സ്വീകാര്യമായ ഒരു വിശദീകരണം ഉരുത്തിരിഞ്ഞിട്ടില്ല. എല്ലാ എഴുത്തുകൾക്കും അപ്പൊസ്തലനായ യോഹന്നാന്റെ കർത്തൃത്വം ഞാൻ അംഗീകരിക്കുന്നു. എങ്കിലും ഇതൊരു വ്യാഖ്യാന സംബന്ധമായ വിഷയമാണ്. ദൈവശ്വാസീയത സംബന്ധിച്ച വിഷയമല്ല. യഥാർത്ഥത്തിൽ ബൈബിളിന്റെ ആത്യന്തിക എഴുത്തുകാരൻ ദൈവാത്മാവാണ്. അതൊരു വിശ്വാസയോഗ്യമായ വെളിപ്പാടാണ്. പക്ഷേ ആധുനികന്മാർക്ക് അതറിഞ്ഞുകൂടാ, അല്ലെങ്കിൽ അതിന്റെ രചനയുടെ

അല്ലെങ്കിൽ ക്രോഡീകരണത്തിന്റെ സാഹിത്യപരമായ പ്രക്രിയ മനസ്സിലാകുകയില്ല.

## പ്രത്യേക പഠനവിഷയം: മൂപ്പൻ

1. ദൂതസംഘത്തിലുൾപ്പെട്ട ദൈവദൂതന്മാർക്ക് ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. യെശ. 24:23). ഇതേ പദപ്രയോഗം തന്നെ വെളിപ്പാടു പുസ്തകത്തിലെ ജീവികൾക്കും ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. 4:4,10; 5:5,6,8,11, 14; 7:11,13; 11:16; 14:3; 19:4).
2. പഴയ നിയമത്തിലെ ഗോത്രത്തലവന്മാർക്ക് (*സാഖെൻ*) ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. പുറ. 3:16; സംഖ്യ. 11:16). പിന്നീട് പുതിയ നിയമത്തിൽ, യെഹൂദന്മാരുടെ പരമോന്നത കോടതിയായ സൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിച്ചു (ഒ.നോ. മത്താ. 21:23; 26:57). യേശുവിന്റെ കാലത്ത് ഈ എഴുപതംഗ സംഘത്തെ നിയന്ത്രിച്ചിരുന്നത് അഴിമതിക്കാരായ പൗരോഹിത്യമായിരുന്നു.
3. പുതിയ നിയമ സഭയിലെ പ്രാദേശിക നേതാക്കൾക്ക് ഉപയോഗിച്ചിരിക്കുന്നു. ഇത് മൂന്ന് പര്യായപദങ്ങളിൽ ഒന്നാണ് (പാസ്റ്റർ, അദ്ധ്യക്ഷൻ, മൂപ്പൻ), ഒ.നോ. തീത്തൊ. 1:5,7; പ്രവൃ. 20:17,28). പത്രൊസും യോഹന്നാനും തങ്ങളെ നേതൃത്വസംഘത്തിൽ ഉൾപ്പെടുത്തുന്നതിനായി ഈ പദം ഉപയോഗിച്ചു (ഒ.നോ. 1 പത്രൊ. 5:1; 2 യോഹ. 1; 3 യോഹ. 1)
4. സഭയിലെ മുതിർന്നവരെ സൂചിപ്പിക്കാൻ ഉപയോഗിച്ചു അവർ നേതൃത്വത്തിലുള്ളവരായിരിക്കണമെന്നില്ല (ഒ.നോ. 1 തിമൊ. 5:1; തീത്തൊ. 2:2).

**വാ. 3 "പിതാവായ ദൈവത്തിങ്കൽ നിന്നും യേശുക്രിസ്തുവിങ്കൽ നിന്നും"** രണ്ടു നാമങ്ങൾക്കും ഗതി (*പാറാ*) ഉപയോഗിച്ചിരിക്കുന്നു, വ്യാകരണപരമായി അവരെ സമമാക്കുന്നതിനായിട്ടാണത്. യേശുക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വത്തെ ഉറപ്പിക്കുന്നതിനുള്ള വ്യാകരണ പരമായ മാർഗ്ഗമാണിത്.

▣ **"പിതാവിന്റെ പുത്രനായ"** 1 യോഹന്നാനിൽ തുടർമാനമായി നൽകുന്ന ഊന്നൽ, പുത്രനെ കൂടാതെ ഒരുവന് പിതാവ് ഉണ്ടായിരിക്കാൻ കഴിയുകയില്ല എന്നതാണ് (ഒ.നോ. 1 യോഹ. 2:23; 4:15; 5:10). ദുരുപദേഷ്ടാക്കൾ, തങ്ങൾക്കു ദൈവമായി അതുല്യവും പ്രത്യേകവുമായ ബന്ധമുണ്ടെന്നവകാശപ്പെട്ടിരുന്നു, എങ്കിലും ദൈവശാസ്ത്ര പരമായി അവർ പുത്രന്റെ ആളത്വത്തെയും പ്രവൃത്തിയെയും നിരാകരിച്ചു. യേശു (1) പിതാവിന്റെ സമ്പൂർണ്ണ വെളിപ്പാടും (2) പിതാവിങ്കലേക്കുള്ള ഏകവഴിയും (ഒ.നോ. യോഹ. 14:6) ആണെന്ന് യോഹന്നാൻ വീണ്ടും വീണ്ടും ആവർത്തിക്കുന്നു.

▣ **"കൃപയും കനിവും സമാധാനവും"** രണ്ടു കാര്യങ്ങളിലൊഴികെ ഇത് ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്ക് എഴുത്തുകളുടെ പൊതുവായ മുഖവുര ആയിരുന്നു. ഒന്ന്, ഇത് തികച്ചും ക്രിസ്തീയമാക്കുന്നതിനുവേണ്ടി ചെറിയ വ്യത്യാസം വരുത്തി. അഭിവാദനത്തിനുള്ള ഗ്രീക്കു പദം *ഖെയ്റെയിൻ (χαιρειν)* ആണ്. അത് കൃപ" എന്നർത്ഥമുള്ള *ഖാറിസ്(χαρις)* എന്നാക്കി. ഈ മുഖവുര, ഇടയലേഖനങ്ങളുടെ മുഖവുരയോടു വളരെ സൗമ്യമുള്ളതാണ് (1 തിമൊ. 1:2; 2 തിമൊ. 1:2). ഇതിൽ രണ്ടു പദങ്ങൾ ഗലാത്യ ലേഖനത്തിന്റെയും 1 തെസ്സലൊനീക്യരുടെയും മുഖവുരയിൽ പൗലൊസ് ആവർത്തിച്ചിട്ടുണ്ട്.

രണ്ട്, സാധാരണ വ്യാകരണ ഘടന ഒരു പ്രാർത്ഥനയോ ആരോഗ്യം ആശംസിക്കുന്നതിനോ ആണ്. എങ്കിലും 2 യോഹന്നാനിൽ അതൊരു സത്യപ്രസ്താവനയും ദൈവത്തിൽ നിന്നും ആഗ്രഹിക്കുന്ന ഫലം ലഭിക്കുമെന്ന പ്രതീക്ഷയിൽ ദൈവത്തോടൊപ്പം നിൽക്കുമെന്ന വാഗ്ദത്തവുമാണ്.

ഈ പദങ്ങൾ തമ്മിൽ സോദ്ദേശ്യപരമായ ഒരു ക്രമം അഥവാ ബന്ധം ഉണ്ടോ എന്ന് ദൈവശാസ്ത്രപരമായി ഒരുവൻ അത്ഭുതപ്പെട്ടേക്കാം. വീണുപോയ മനുഷ്യവർഗ്ഗത്തിന് ക്രിസ്തുവിലൂടെ സൗജന്യ രക്ഷ നൽകുന്ന ദൈവിക സ്വഭാവത്തെയാണ് കൃപയും കനിവും പ്രതിഫലിപ്പിക്കുന്നത്. ദൈവിക ദാനത്തിന്റെ സ്വീകർത്താവിനെയാണ് സമാധാനം സൂചിപ്പിക്കുന്നത്. വിശ്വാസികൾ സമ്പൂർണ്ണ രൂപാന്തരം അനുഭവിക്കുന്നു. വീഴ്ച മനുഷ്യജീവിതത്തിന്റെ സകല മേഖലകളെയും സ്വാധീനിച്ചതുപോലെ രക്ഷയും ആദ്യം പദവിയെ യഥാസ്ഥാനപ്പെടുത്തുകയും (വിശ്വാസത്താലുള്ള നീതീകരണം) തുടർന്ന് പരിശുദ്ധാത്മ അധിവാസത്താൽ ലോകവീക്ഷണത്തിൽ സമൂല മാറ്റം വരുത്തുകയും അത് ക്രമാനുഗതമായ ക്രിസ്തുതുല്യ അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു (ക്രമാനുഗത വിശുദ്ധീകരണം). മനുഷ്യനിലുള്ള ദൈവിക സാദൃശ്യം (ഒ.നോ. ഉല്പ. 1:26-27) യഥാസ്ഥാനപ്പെടുത്തപ്പെടുന്നു.

ഈ മൂന്നു പദങ്ങളുടെ മറ്റൊരു സാധ്യത ദുരുപദേഷ്ടാക്കളുടെ വെളിച്ചത്തിലുള്ള ആവശ്യകതയാണ്. അവർ "കൃപ"യെയും "കനിവിനെയും" ചോദ്യം ചെയ്യുകയും അവയ്ക്ക് "സമാധാനം' കൊണ്ടുവരാൻ കഴിയുകയില്ലെന്ന് വാദിക്കുകയും ചെയ്തു. യോഹന്നാന്റെ എഴുത്തുകളിൽ "കനിവ്" (*എലീഓയി-ελεεωι*) എന്ന പദത്തിന്റെ ഏക ഉപയോഗമാണിതെന്ന വസ്തുത ഏറെ ശ്രദ്ധേയമാണ്. "കൃപ" (*ഖാറിസ്-χαρις*) ഇവിടെ മാത്രവും സുവിശേഷത്തിൽ 1:14; 16,17 ലും വെളിപ്പാടിലും (ഒ.നോ. 1:4; 22:21) കാണാം.

ഈ മൂന്നു പദങ്ങൾക്കും പ.നി.ലെ ഉടമ്പടിയുമായി ബന്ധമുണ്ടെന്ന് ജെറോം ബിബ്ലിക്കൽ കമന്ററി സൂചിപ്പിക്കുന്നു (പേ. 412). പുതിയ നിയമ എഴുത്തുകാർ (ലൂക്കൊസ് ഒഴികെ) കൊയ്നേ ഗ്രീക്കിൽ രചന നിർവഹിച്ച

എബ്രായ ചിന്തകന്മാരായിരുന്നു. പുതിയ നിയമത്തിലെ പദങ്ങളിലധികവും സെപ്റ്റ്വജിന്റിൽ നിന്നും വന്നതാണ്.

**വാ. 4 "നമുക്കു പിതാവിങ്കൽ നിന്നു കല്പന ലഭിച്ചതുപോലെ"** യേശു അവരെ സ്നേഹിച്ചതുപോലെ അവരും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന കല്പന നൽകുന്നതിനെ പരാമർശിക്കുന്ന ഭൂതകാല കർത്തരി സൂചകമാണിത് (ഒ.നോ. യോഹ. 13:34–35; 15:12; 1 യോഹ. 3:11; 4:7,11–12,21).

▣ **"അവിടുത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു"** ഇതു സൂചിപ്പിക്കുന്നത്.

1. സഭയിലെ ചിലരുടെ ഭക്തിപൂർവ്വവും, സ്നേഹപൂർവ്വവുമായ ജീവിതം (ഒ.നോ. 2 യോഹ. 3–4)
2. ചിലരെ വഴിതെറ്റിച്ച, സഭയിൽ തന്നെയുള്ള ദുരുപദേഷ്ടാക്കളുടെ സാന്നിധ്യം അംഗീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗം.

▣ **"ഞാൻ അത്യന്തം സന്തോഷിച്ചു"** ഇതൊരു ഭൂതകാല കർമ്മണി (ഡിപ്പോണന്റ്) സൂചകമാണ്. ഈ സഭയിൽ നിന്നുള്ള ചില സഞ്ചാര അംഗങ്ങളിൽ നിന്ന് അവരെക്കുറിച്ച് മൂപ്പൻ കേട്ടിരിക്കാം.

**വാ. 3 "നാം അന്യോന്യം സ്നേഹിക്കേണം"** ഇതൊരു വർത്തമാനകാല കർത്തരി ക്രിയാബന്ധമാണ് (ഈ വാക്യത്തിലെ അവസാന ക്രിയയായ 'നടപ്പ്' പോലെ). ദുരുപദേശകർ അകന്നു നിൽക്കുന്നവരും സ്നേഹമില്ലാത്തവരും ആണ്. ഒരുവൻ ക്രിസ്ത്യാനിയാണെന്ന് എങ്ങനെ അറിയാം എന്നുള്ള യോഹന്നാന്റെ മൂന്നു പരിശോധനകളിൽ ഒന്നാമത്തേതാണിത്. 1 യോഹന്നാനിൽ ഈ മൂന്നു പരിശോധനകളിൽ ഒന്നാമത്തേതാണിത്. 1 യോഹന്നാനിൽ ഈ മൂന്നു പരിശോധനകൾ ഉണ്ട്: സ്നേഹം, ജീവിതശൈലി, ഉപദേശം. ഈ മൂന്നു പരിശോധനകളും 2 യോഹന്നാനിൽ ആവർത്തിച്ചിരിക്കുന്നു.

1. സ്നേഹം (ഒ.നോ. വാ. 5; 1 യോഹ. 2:7–11; 3:11–18; 4:712,16–21; 5:1–2)
2. അനുസരണണം (ഒ.നോ. വാ. 6; 1 യോഹ. 2:3–6; 3:1–10; 5:2–3)
3. ഉപദേശത്തിന്റെ ഉള്ളടക്കം (ഒ.നോ. വാ. 7; 1 യോഹ. 1:1 മുതൽ; 2:18–25; 4:1–6,14–16; 5:1,5,10)

▣ **"ആദിമുതൽ നമുക്കു ഉള്ളതായിട്ടു"** യേശുവിന്റെ ഉപദേശത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്ന അപൂർണ്ണ കർത്തരി സൂചകമാണിത് (ഒ.നോ. 1 യോഹ. 2:7,24; 3:11). കല്പനയുടെ ഉള്ളടക്കം "അന്യോന്യം സ്നേഹിക്കുക" (ഒ.നോ. വാ. 5), "യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് അംഗീകരിക്കുക" (വാ. 7) എന്നിവയാണെന്ന് ഉറപ്പായി പ്രസ്താവിച്ചിരിക്കുന്നു. അത് ആളത്വപരവും ജീവിതശൈലിപരവും ആണെന്നതു ശ്രദ്ധിക്കുക.

**വാ. 6 "സ്നേഹം ആകുന്നു"** സ്നേഹം (*അഗാപ്പെ*) കേവലം ഒരു വികാരമല്ല ഒരു തുടർമാന (വർത്തമാനകാലം) പ്രവൃത്തിയാണ്. സകല സത്യവിശ്വാസികളുടെയും "അടയാളം" ആണ് സ്നേഹം (ഒ.നോ. 1 കൊരി. 13; ഗലാ. 5:22; 1 യോഹ. 4:7–21).

▣ **"ആദിമുതൽ"** 1 യോഹ. 1:1 ന്റെ കുറിപ്പു കാണുക. ഈ പ്രയോഗം 1 യോഹന്നാനിലും 2 യോഹന്നാനിലും യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭം എന്ന നിലയിലാണ് ഉപയോഗിച്ചിരിക്കുന്നതെന്നു ഞാൻ ചിന്തിക്കുന്നു.

▣ **"നടക്കുന്നത്"** ക്രിസ്ത്യാനിത്വം ഒരു പ്രാരംഭ സമർപ്പണവും ജീവിതശൈലി രൂപാന്തരവുമാണ് (ഒ.നോ. 1 യോഹ. 2:6). നമ്മുടെ ജീവിതശൈലി നമ്മെ രക്ഷിക്കയില്ല, പക്ഷേ നാം രക്ഷിക്കപ്പെട്ടവരാണെന്ന് അതു വെളിപ്പെടുത്തും (ഒ.നോ. എഫെ. 2:8–9; 2:10).

**വാ. 7–11**

**[7]യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു. [8]ഞങ്ങളുടെ പ്രയത്നഫലം കളയാതെ പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന്നു സൂക്ഷിച്ചുകൊൾവിൻ. [9]ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തന്നും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ടു. [10]ഒരുത്തൻ ഈ ഉപദേശവുംകൊണ്ടു അല്ലാതെ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു; അവന്നു കുശലം പറകയും അരുതു. [11]അവന്നു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ. നിങ്ങൾക്കു എഴുതുവാൻ പലതും ഉണ്ടു**

**വാ. 7 "യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ"** ഈ വഞ്ചകന്മാർ ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചുള്ള തങ്ങളുടെ തെറ്റായ പഠിപ്പിക്കലുകൾ തുടർന്നുകൊണ്ടിരിക്കുന്നു. ഈ വാക്യം, 1 യോഹ. 4:1–6 ലെ "ആത്മാവിനെ ശോധന ചെയ്‌വിൻ" എന്ന ആഹ്വാനം ആവർത്തിക്കുന്നു, അവ യേശുവിന്റെ പൂർണ്ണ മനുഷ്യത്വത്തോടുള്ള ബന്ധത്തിലാകുമ്പോൾ പ്രത്യേകിച്ചും (ഒ.നോ. യോഹ. 1:14; 1 തിമൊ. 3:16). "ആത്മാവും" (ദൈവം) "വസ്തുവും" (ജഡം) തമ്മിൽ നിത്യമായ ദ്വന്ദം നിലനിൽക്കുന്നതായി ജ്ഞാനവാദം പഠിപ്പിക്കുന്നു. അവരെ സംബന്ധിച്ച് യേശുവിന് പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരിക്കാൻ കഴിയുകയില്ല.

ആദിമ ജ്ഞാനവാദ ചിന്തയിൽ കുറഞ്ഞത് രണ്ട് ദൈവശാസ്ത്ര ശാഖകൾ ഉണ്ടായിരുന്നു.

1. യേശുവിന്റെ മനുഷ്യത്വ നിഷേധം (ഡോസറ്റിക്)
   അവൻ മനുഷ്യനെപ്പോലെ തോന്നിച്ചു, പക്ഷേ ആത്മാവായിരുന്നു.

2. ക്രിസ്തു ക്രൂശിൽ മരിച്ചു എന്ന വസ്തുതയുടെ നിഷേധം. ഈ ഗ്രൂപ്പ് (സെറിന്തിയൻ) പറയുന്നത്, മനുഷ്യനായ യേശുവിന്മേൽ സ്നാന സമയത്ത് "ക്രിസ്തു ആത്മാവ്" വന്നുവെന്നും അവൻ ക്രൂശിൽ മരിക്കുന്നതിന് മുമ്പ് വിട്ടുപോയി എന്നുമാണ്.

"ജഡത്തിൽ വന്നു" എന്ന വർത്തമാന കാലം, സെറിന്തിയൻ ജ്ഞാനവാദത്തെ ഖണ്ഡിക്കുന്നതിനുള്ള യോഹന്നാന്റെ മാർഗ്ഗമാണെന്നും 1 യോഹ. 4:1-6 ൽ ഡോസറ്റിക് ജ്ഞാനവാദത്തെ ഖണ്ഡിക്കുന്നതിനുള്ള അവന്റെ മാർഗ്ഗമാണെന്നും ചിന്തിക്കുന്നതിൽ തെറ്റില്ല.

▣ **"സ്വീകരിക്കാത്ത"** ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പരസ്യ പ്രഖ്യാപനത്തെയും ഏറ്റുപറച്ചിലിനെയും സൂചിപ്പിക്കുന്ന *ഹോമോലോഗെയോ (ὁμολογεω)* എന്ന പദമാണിത് (യോഹ. 9:22-23 ലെ പ്രത്യേക പഠനവിഷയം: ഏറ്റുപറച്ചിൽ കാണുക.

▣ **"വഞ്ചകന്മാർ പലരും"** ഗ്രീക്കിലെ *പ്ലാനീ (πλανη)* എന്ന പദത്തിൽ നിന്നാണ് "വഞ്ചകന്മാർ" എന്ന വാക്കുണ്ടായത്. ഇതിൽ നിന്നാണ് ഇംഗ്ലീഷിലെ പ്ലാനറ്റ് (ഗ്രഹം) ഉണ്ടായത്. പുരാതന ലോകത്തിൽ ആകാശ ഗോളങ്ങളുടെ ചലനം രേഖപ്പെടുത്തുകയും പഠനവിധേയമാക്കുകയും ചെയ്തിരുന്നു (*സോഡിയാക്*). നക്ഷത്രങ്ങൾ സ്ഥിരമായ മാതൃകയിൽ നിന്നിരുന്നു. എങ്കിലും, ചില നക്ഷത്രങ്ങൾ (അതാ. ഗ്രഹങ്ങൾ) ക്രമഹരിതമായി സഞ്ചരിച്ചിരുന്നു. പുരാതന മനുഷ്യർ അവയെ "അലഞ്ഞു തിരിയുന്നവർ" എന്നു വിളിച്ചു. ഇത് സത്യം വിട്ടു തെറ്റുന്നവരെ സൂചിപ്പിക്കുവാൻ ആലങ്കാരികമായി പറഞ്ഞുവന്നു.

ഈ ദുരുപദേശകർ സുവിശേഷത്തെക്കുറിച്ചറിയാത്ത അജ്ഞരായ വ്യക്തികളോ വഴിതെറ്റിക്കപ്പെട്ടവരോ ആയിരുന്നില്ല. യോഹന്നാന്റെ എഴുത്തുകളിൽ പരീശന്മാരും ദുരുപദേഷ്ടാക്കളും തങ്ങൾക്കു ലഭിച്ച വ്യക്തമായ വെളിച്ചത്തോടു മറുതലിക്കുന്നവരാണ്. ഇക്കാരണത്താലാണ് അവരുടെ മറുതലിപ്പ് "ക്ഷമിക്കപ്പെടാത്ത പാപം" അഥവാ "മരണത്തിനുള്ള പാപം" എന്നു വിശേഷിപ്പിക്കപ്പെടുന്നത് (1 യോഹ. 5:16 ലെ കുറിപ്പ് കാണുക). അവർ തങ്ങളെ പിന്തുടരുന്നവരെയും നാശത്തിലേക്കു നയിക്കുന്നു എന്നതാണ് വലിയ ദുരന്തം. ദുരുപദേഷ്ടാക്കൾ വെളിപ്പെടുകയും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കയും ചെയ്യുമെന്ന് പു. നി. വ്യക്തമായി വെളിപ്പെടുത്തുന്നു (ഒ.നോ. മത്താ. 7:15; 24:11,24; മർക്കൊ. 13:22; 1 യോഹ. 2:26; 3:7; 4:1).

▣ **"ലോകത്തിലേക്കു പുറപ്പെട്ടിരിക്കുന്നുവല്ലോ"** ഇവിടെ ലോകം നമ്മുടെ ഭൗതിക ഗ്രഹമാണ്. ഈ ദുരുപദേഷ്ടാക്കൾ ഒന്നുകിൽ ക്രിസ്തീയ സഭ വിട്ടുപോയി (ഒ.നോ. 1 യോഹ. 2:19), അല്ലെങ്കിൽ അവർ മിഷനറി ദൗത്യവുമായി ഇറങ്ങിയിരിക്കുന്നു (ഒ.നോ. 3 യോഹന്നാൻ).

▣ **"വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയെയുള്ളവൻ ആകുന്നു"** 1 യോഹ. 2:18 ലെ ബഹുവചനമായ "എതിർ ക്രിസ്തുക്കളും" ഇവിടെ കാണുന്ന ഏകവചനമായ ക്രിസ്തുവും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ബഹുവചനം യോഹന്നാന്റെ കാലത്ത് പ്രത്യക്ഷപ്പെടുകയും സഭ വിട്ടുപോകുകയും ചെയ്തു (ഒ.നോ. 1 യോഹ. 2:19). എന്നാൽ ഏകവചനം ഭാവിയിൽ വരേണ്ടതാണ് (കാണുക, 2 തെസ്സ. 2 ലെ "അധർമ്മ മൂർത്തി"). എന്നിരുന്നാലും ഈ വാക്യത്തിൽ, 1 യോഹ. 2:18-25 ലെ ബഹുവചനം പോലെ തന്നെയാണ് ഏകവചനവും ഉപയോഗിച്ചിരിക്കുന്നത്.

**വാ. 8 "പൂർണ്ണ പ്രതിഫലം പ്രാപിക്കേണ്ടതിനും"** അവർ സുവിശേഷം സ്വീകരിച്ച ഘട്ടത്തിലേക്കു തിരിഞ്ഞു നോക്കുന്ന ഭൂതകാല ക്രിയാബന്ധമാണിത്. ക്രിയാബന്ധം ബന്ധപ്പെട്ടിരിക്കുന്നത് അവരുടെ രക്ഷയോടല്ല, മറിച്ച് അവരിലൂടെയുള്ള സുവിശേഷത്തിന്റെ വളർച്ചയോടും വ്യാപനത്തോടുമാണ് (ഒ.നോ. 1 കൊരി. 9:27; 15:10,14,58; 2 കൊരി. 6:1; ഗലാ. 2:2; ഫിലി. 2:16; 1 തെസ്സ. 2:1; 3:5).

▣ **"സൂക്ഷിച്ചുകൊൾവിൻ"** ഇതൊരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ദുഷ്ടതയ്ക്കെതിരായ മുന്നറിയപ്പെന്ന നിലയിൽ "കാണുക" (*ബ്ലെപ്പോ-βλεπω*) എന്ന പദം ആലങ്കാരികമായി ഇവിടെ ഉപയോഗിക്കുന്നു (ഒ.നോ. മത്താ. 24:4; മർക്കൊ. 13:5; ലൂക്കൊ. 21:8; പ്രവൃ. 13:40; 1 കൊരി. 8:9; 10:12; ഗലാ. 5:12; എബ്രാ. 12:25). വിശ്വാസികൾ തെറ്റിനെ തിരിച്ചറിയാൻ കടപ്പെട്ടവരാണ്, കാരണം

1. അവർക്ക് സുവിശേഷം അറിയാം
2. അവർക്ക് ആത്മാവുണ്ട്
3. അവർക്ക് ക്രിസ്തുവുമായി തുടരുന്ന കൂട്ടായ്മയുണ്ട്

▣

**NASB** **"ഞങ്ങൾ പൂർത്തിയാക്കിയെടുത്തത് നിങ്ങൾ കളയാതെ"**
**NKJV** **"ഞങ്ങളുടെ പ്രയത്നഫലം ഞങ്ങൾക്കു നഷ്ടപ്പെടാതിരിക്കേണ്ടതിന്"**
**NRSV** **"ഞങ്ങളുടെ പ്രയത്നഫലം നിങ്ങൾക്കു നഷ്ടപ്പെടാതിരിക്കേണ്ടതിന്"**
**TEV** **"ഞങ്ങളുടെ പ്രയത്നഫലം നിങ്ങൾക്കു നഷ്ടപ്പെടാതിരിക്കേണ്ടതിന്"**
**NJB** **"അല്ലെങ്കിൽ ഞങ്ങളുടെ അദ്ധ്വാനം മുഴുവനും നഷ്ടപ്പെടും"**

ആദ്യ സർവ്വനാമം സംബന്ധിച്ച് കയ്യെഴുത്തു പ്രതികളിൽ വ്യത്യാസമുണ്ട്. അത് "നിങ്ങൾ" ആണോ (NASB, NRSV, TEV) അതോ "ഞങ്ങൾ" ആണോ (NKJV)? UBS$^4$ "നിങ്ങൾ" എന്നതിനെ പിന്തുണയ്ക്കുന്നു. ഇവിടെ അഭിസംബോധന ചെയ്യപ്പെടുന്ന വിശ്വാസികൾക്ക്, അപ്പൊസ്തലിക സാക്ഷികളാൽ നൽകപ്പെട്ട സുവിശേഷത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായിരിക്കാം.

വാ. 9

**NASB** **"ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാതെ ദൂരത്തേക്കു പോകുന്ന ഒരുത്തനും"**
**NKJV** **"ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാതെ അതിർ ലംഘിക്കുന്ന ഒരുത്തനും"**
**NRSV** **"ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാത്ത ഏവനും"**
**TEV** **"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിൽക്കാതെ അതിനപ്പുറം പോകുന്ന ഏവനും"**
**NJB** **"ഒരുവൻ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിൽക്കാതെ അപ്പുറം പോകുന്നുവെങ്കിൽ"**

ഒന്നാമതായി *പാസ്* (*πας*) എന്നതിന്റെ നിഷേധാത്മക ഉപയോഗം ശ്രദ്ധിക്കുക. സുവിശേഷ ക്ഷണം "എല്ലാവർക്കും" ഉള്ളതാണ്. അതുപോലെയാണ് നിർഭാഗ്യവശാൽ ദുരുപദേശത്തിലുള്ള സാധ്യതയും. ദുരുപദേശത്തിന്റെ ഈ സാധ്യത രണ്ട് വർത്തമാനകാല കർത്തരി അംഗക്രിയകൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു: "അപ്പുറം പോകുക" "വസിക്കാതിരിക്കുക." ആദ്യത്തെ "അപ്പുറം പോകുക" എന്നത് അപ്പൊസ്തലിക ദൃക്സാക്ഷികൾ നൽകിയ സത്യത്തിനും അപ്പുറം പോകുന്ന ദുരുപദേഷ്ടാക്കളെ സൂചിപ്പിക്കുന്ന പദമാണ്.

വിശ്വാസികളുടെ സവിശേഷത സത്യവചനം അവരിൽ വസിക്കുന്നു എന്നതാണ് (ഒ.നോ. യോഹ. 8:31; 15:7; 1 യോഹ. 2:14. യോഹ. 5:38 ലെ പ്രത്യേക പഠനവിഷയം: സ്ഥിരോത്സാഹം, യോഹ. 6:64 ലെ വിശ്വാസത്യാഗം എന്നിവ കാണുക.

"ക്രിസ്തുവിന്റെ" എന്നതു സൂചിപ്പിക്കുന്നത്

1. ക്രിസ്തുവിന്റെ ഉപദേശങ്ങൾ
2. ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശങ്ങൾ
3. യോഹന്നാന്റെ സാധാരണ ഇരട്ട അർത്ഥം

നിർദ്ദേശികകൾ ധാരാളമുണ്ട്, അർത്ഥം വ്യക്തവുമല്ല, സന്ദർഭത്തിന് മാത്രമേ ഉദ്ദേശിച്ചിട്ടുള്ള അർത്ഥം നിശ്ചയിക്കാനാവൂ. ഇവിടെയത് പരസ്പരം കവിഞ്ഞുകിടക്കുന്നു.

▣ **"ദൈവം ഇല്ല"** വാ. 2 ലെ "ക്രിസ്തുവിന്റെ ഉപദേശവും" "സത്യവും" സമാന്തരങ്ങളാണ്. ദുരുപദേഷ്ടാക്കൾക്കും അവരുടെ അനുയായികൾക്കും പ്രതിഫലം ഇല്ല (ഒ.നോ. വാ. 8). അവർ ആത്മീയമായി നഷ്ടപ്പെട്ടവരും ദൈവം ഇല്ലാത്തവരുമാണ്. കാരണം ഒരുവന് പിതാവ് ഉണ്ടായിരിക്കണമെങ്കിൽ പുത്രൻ ഉണ്ടായിരിക്കണം (ഒ.നോ. 1 യോഹ. 5:10-12). "ഉണ്ട്" എന്ന ക്രിയയുടെ ഉപയോഗം (2 പ്രാവശ്യം, വർത്തമാനകാല കർത്തരി സൂചകം) ദൈവത്തെ സൂചിപ്പിക്കുന്നത് ഇവിടെയും 1 യോഹ. 2:23 ലും മാത്രമാണുള്ളത്.

**വാ. 10 "എങ്കിൽ"** എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യം അല്ലെങ്കിൽ രചനോദ്ദേശ്യത്തിനുവേണ്ടിയുള്ളത് എന്നു ചിന്തിക്കാവുന്ന ഒന്നാം തരം സോപാധിക വാചകമാണിത്. ദുരുപദേഷ്ടാക്കൾ വരും!

▣ **"അവനെ വീട്ടിൽ കൈക്കൊള്ളരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്നു സൂചിപ്പിക്കുന്ന നിഷേധാത്മക ഘടകത്തോടുകൂടിയ വർത്തമാനകാല കർത്തരി വിധിരൂപമാണിത്.

"വീട്" സൂചിപ്പിക്കുന്നത് ക്രിസ്തീയ അതിഥി സൽക്കാരത്തെയാണ് (ഒ.നോ. മത്താ. 25:35; റോമ. 12:13; 1 തിമൊ. 3:2; തീത്തൊ. 1:8; എബ്രാ. 13:2; 1 പത്രൊ. 4:9; അഥവാ 3 യോഹ. 5,6). എന്നാൽ ഈ സന്ദർഭത്തിൽ ഇത് ഒരു സഞ്ചാര ശുശ്രൂഷകനെ സഭയിൽ പ്രസംഗിക്കാൻ ക്ഷണിക്കുന്നതിനെയാണു സൂചിപ്പിക്കുന്നത് (ഒ.നോ. റോമ. 16:5; 1 കൊരി. 16:19; കൊലൊ. 4:15; ഫിലേ. 2).

▣ **"അവനു കുശലം പറയുകയും അരുതു"** ഇത് നിഷേധാത്മക ഘടകത്തോടുകൂടിയ മറ്റൊരു വർത്തമാനകാല കർത്തരി വിധിരൂപമാണ്. ഈ "പേരുകേട്ട ക്രിസ്ത്യാനി"കളുമായി കൂട്ടുകൂടരുത്. കൂട്ടായ്മയുടെ സൂചന പോലും അംഗീകാരമായി തെറ്റിദ്ധരിക്കപ്പെടാം (ഒ.നോ. വാ. 11).

ഈ പ്രസ്താവന ഇന്ന് അംഗീകരിക്കാൻ പ്രയാസമാണ്. അനേകർ ക്രിസ്ത്യാനികളെന്നവകാശപ്പെടുന്നു. എങ്കിലും അവരുമായി പങ്കിടാനുള്ള ശ്രമത്തിൽ നാം സൗഹാർദ്ദമുള്ളവരും സംഭാഷണത്തിൽ ഏർപ്പെടുന്നവരും ആയിത്തീർന്നേക്കാം. എങ്കിലും ക്രിസ്തീയ നേതാക്കൾ ദുരുപദേശക്കാരോടു കൂട്ടുകൂടുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം. ഇതൊരിക്കലും ക്രിസ്തീയ സഭാവിഭാഗങ്ങളെക്കുറിച്ചല്ല.

**വാ. 12-13**

**[12]എങ്കിലും കടലാസ്സിലും മഷികൊണ്ടും എഴുതുവാൻ എനിക്കു മനസ്സില്ല. നിങ്ങളുടെ സന്തോഷം പൂർണ്ണമാകേണ്ടതിന്നു നിങ്ങളുടെ അടുക്കൽ വന്നു മുഖാമുഖമായി സംസാരിപ്പാൻ ആശിക്കുന്നു. [13]അവിടത്തെ മാന്യസഹോദരിയുടെ മക്കൾ വന്ദനം ചൊല്ലുന്നു.**

**വാ. 12 "നിങ്ങൾക്കു എഴുതുവാൻ പലതും ഉണ്ട്"** ഇത് 3 യോഹ. 13-14 ലെ സമാപനത്തിനു തുല്യമാണ്.

▣ **"നിങ്ങളുടെ സന്തോഷം പൂർണ്ണമാകേണ്ടതിന്"** ഉദ്ദേശ്യത്തിന്റെ പൂർണ്ണ കർമ്മണി ക്രിയാബന്ധ സൂചനയാണിത്. ഇത് യോഹന്നാനിലെ ഒരു സർവ്വസാധാരണ വിഷയമാണ് (ഒ.നോ. യോഹ. 3:29; 15:11; 16:24; 17:13; 1 യോഹ. 1:4). ഈ സന്തോഷം അടിസ്ഥാനപ്പെട്ടിരിക്കുന്നത്

1. ഉപദേഷ്ടാവിന്റെ സാന്നിധ്യം
2. അവൻ കൊണ്ടുവന്ന സത്യത്തിന്റെ അറിവ്

യോഹന്നാന്റെ തന്റെ “സന്തോഷ”ത്തെക്കുറിച്ച് വാ. 4 ൽ സ്നേഹത്തിലും സന്തോഷത്തിലുമുള്ള തുടർമാന മായ നടപ്പിനെക്കുറിച്ചു പറയുന്നിടത്ത് സൂചിപ്പിക്കുന്നുണ്ട്.

**വാ. 13** ഈ വാക്യവും വാ. 1 നെപ്പോലെ ഒരു സഹോദരീ സഭയെയും അതിലെ അംഗങ്ങളെയും സൂചിപ്പിക്കുവാൻ ആലങ്കാരിക ഭാഷ ഉപയോഗിക്കുന്നു.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാന ത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെ പ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. യോഹന്നാനിൽ കാണുന്നതും 2 യോഹന്നാനിൽ ആവർത്തിച്ചിരിക്കുന്നതുമായ മൂന്നു പരിശോധനകൾ എഴുതുക
   a.
   b.
   c.
2. ഈ ലേഖനം ഒരു സ്ത്രീയ്ക്ക് എഴുതിയതാണോ അതോ ഒരു സഭയ്ക്കെഴുതിയതാണോ?
3. സഭയിൽ ദുരുപദേശകരുടെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്നു ഈ ഹൃസ്വലേഖനത്തിൽ നിന്നും നിങ്ങൾ എങ്ങനെ മനസ്സിലാക്കും?
4. വാ. 7 ലെ വഞ്ചകനും എതിർക്രിസ്തുവും ആര് അല്ലെങ്കിൽ എന്താണ്?
5. വാ. 10,11 നമ്മുടെ ശത്രുക്കളോടു പോലും ആതിഥ്യമര്യാദയും സ്നേഹവും കാണിക്കണമെന്ന പുതിയ നിയമ കല്പനയ്ക്കു വിരുദ്ധമായതാണോ?

# 3 യോഹന്നാൻ

## ആധുനിക പരിഭാഷകളുടെ ഖണ്ഡിക വിഭജനം

| യു.ബി.എസ് [4] | എൻ.കെ.ജെ.വി. | എൻ.ആർ.എസ്.വി. | റ്റി. ഇ. വി. | എൻ. ജെ. ബി |
|---|---|---|---|---|
| അഭിവാദനം | ഗായൊസിനുള്ള വന്ദനം | | മുഖവുര | അഭിസംബോധനയും വന്ദനം |
| വാ. 1 | വാ. 1–4 | വാ. 1 | വാ. 1a | വാ. 1–4 |
| | | | വാ. 1b | |
| വാ. 2–4 | | വാ. 2–4 | വാ. 2–4 | |
| സഹകരണവും എതിർപ്പും | ഔദാര്യത്തിനുള്ള അഭിനന്ദനം | | ഗായൊസ് പ്രശംസിക്കപ്പെടുന്നു | സ്നേഹത്തിന്റെ |
| വാ. 5–8 | വാ. 5–8 | വാ. 5–8 | വാ. 5–8 | വാ. 5–8 |
| | ദിയൊത്രെഫേസും ദെമേത്രിയൊസും | | ദിയൊത്രെഫേസും ദെമേത്രിയൊസും | ദിയൊത്രെഫേസിന്റെ മാതൃക സൂക്ഷിക്കുക |
| വാ. 9–10 | വാ. 9–12 | വാ. 9–10 | വാ. 9–10 | വാ. 9–11 |
| വാ. 11–12 | | വാ. 11–12 | വാ. 11 | ദെമേത്രിയൊസിനുള്ള അഭിനന്ദനം |
| | | | വാ. 12 | വാ. 12 |
| ഉപസംഹാര വന്ദനം | യാത്രാ വന്ദനം | | ഉപസംഹാര വന്ദനം | ഉപസംഹാരം |
| വാ. 13–15 | വാ. 13–15 | വാ. 13–15 | വാ. 13–14 | വാ. 13–15 |
| | | വാ. 15 | വാ. 15a | വാ. 13 |
| | | | വാ. 15b | |

## ഒന്നാം വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി ഒറ്റയിരുപ്പിൽ വായിക്കുക. മുഴുവൻ ഗ്രന്ഥത്തിന്റെയും കേന്ദ്രചിന്താവിഷയം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

1. മുഴു ഗ്രന്ഥത്തിന്റെയും വിഷയം
2. സാഹിത്യ രൂപം

## രണ്ടാം വായന (പേജ് v കാണുക)

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും, വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്. വേദപുസ്തകം മുഴുവനായി രണ്ടാം തവണയും ഒറ്റയിരുപ്പിൽ വായിക്കുക. പ്രധാന വിഷയങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും വിഷയം ഒറ്റ വാചകത്തിൽ വിവരിക്കുകയും ചെയ്യുക.

1. ഒന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
2. രണ്ടാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
3. മൂന്നാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
4. നാലാമത്തെ സാഹിത്യസമൂഹത്തിന്റെ വിഷയം
5. ആദിയായവ

## മൂന്നാം വായന (പേജ് v കാണുക)

*ഖണ്ഡികാടിസ്ഥാനത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം പിന്തുടരുക*

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനും വിട്ടുകൊടുക്കരുത്.

ഒറ്റയിരുപ്പിൽ അധ്യായം വായിക്കുക. വിഷയങ്ങൾ മനസ്സിലാക്കുക. നിങ്ങളുടെ വിഷയ വിഭജനങ്ങൾ അഞ്ച് ആധുനിക പരിഭാഷകളുമായി താരതമ്യം ചെയ്യുക. ഖണ്ഡിക വിഭജനം ദൈവനിശ്വാസീയമല്ല, പിന്നെയോ യഥാർത്ഥ ലേഖകന്റെ ഉദ്ദേശ്യം ഗ്രഹിക്കുന്നതിനുള്ള താക്കോലാണ്, അതാണ് വ്യാഖ്യാനത്തിന്റെ കാതൽ. ഓരോ ഖണ്ഡികയ്ക്കും ഒരേയൊരു വിഷയം മാത്രമാണുള്ളത്.

1. ഒന്നാമത്തെ ഖണ്ഡിക
2. രണ്ടാമത്തെ ഖണ്ഡിക
3. മൂന്നാമത്തെ ഖണ്ഡിക
4. ആദിയായവ

# 3 യോഹന്നാന്റെ പശ്ചാത്തല ഉൾക്കാഴ്ചകൾ

## മുഖവുര

A. ഈ ചെറിയ ലേഖനത്തിന് 3 യോഹന്നാൻ എന്ന പേരു മാത്രമേ കൊടുത്തിട്ടുള്ളു. മൂലഭാഷയിൽ ഇത് 2 യോഹന്നാനെക്കാൾ അല്പം ചെറുതാണ്. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ റോമൻ പ്രവിശ്യയായ ഏഷ്യാമൈനറിലെവിടെയോ ഉള്ള ഒരു പ്രാദേശിക സഭയ്ക്ക് യോഹന്നാൻ എഴുതിയ സന്തുലിത ലേഖനങ്ങളാണ് 2, 3 യോഹന്നാൻ എന്നു ഞാൻ ചിന്തിക്കുന്നു.

B. 2 യോഹന്നാൻ ദുരുപദേശ, സഞ്ചാര പ്രസംഗകരുടെ പ്രശ്നം ചർച്ചചെയ്യുമ്പോൾ, 3 യോഹന്നാൻ സഞ്ചാര ക്രിസ്തീയ പ്രസംഗകരെ സഹായിക്കാൻ ആഹ്വാനം ചെയ്യുന്നു.

C. 3 യോഹന്നാനിൽ പ്രത്യേകം എടുത്തു പറയുന്ന മൂന്നു വ്യത്യസ്ത വ്യക്തികളുണ്ട്.
   1. ഗായൊസ് (സഭയിലെ ഭക്തനായ മനുഷ്യൻ)
      a. ബൈബിളിൽ പരാമർശിക്കുന്ന മൂന്നു ഗായൊസുമാരുണ്ട്. മക്കദോന്യയിലെ ഗായൊസ് പ്രവൃ. 19:29; ദർബയിലെ ഗായൊസ്, പ്രവൃ. 20:4; കൊരിന്തിലെ ഗായൊസ്, റോമർ 16:23; 1 കൊരി. 1:14
      b. "അപ്പൊസ്തലിക ഭരണഘടന" എന്നറിയപ്പെടുന്ന എഴുത്തുകൾ 3 യോഹന്നാനിലെ ഗായൊസ്, യോഹന്നാനാൽ നിയമിതനായ പെർഗ്ഗമൊസിലെ ബിഷപ്പാണെന്നു പറയുന്നു.
   2. ദിയൊത്രെഫേസ് (സഭയിൽ പ്രശ്നമുണ്ടാക്കുന്ന അഭക്തനായ വ്യക്തി)
      a. ഈ മനുഷ്യനെക്കുറിച്ച് പുതിയനിയമത്തിലെ ഏക പരാമർശമാണിത്. "സ്യൂസിനാൽ ശുശ്രൂഷിക്കപ്പെട്ടവൻ" എന്നർത്ഥമുള്ള ഈ പേര് വളരെ അപൂർവ്വമാണ്. "സ്യൂസ്" "സഞ്ചാരികളുടെ സംരക്ഷകൻ" ആയിരിക്കുമ്പോൾ "സ്യൂസി"ന്റെ പേരുകാരനായവൻ സഞ്ചാരികളെ എതിർക്കുന്നത് എത്ര വൈരുദ്ധ്യമാണ്.
      b. അവന്റെ മനോഭാവം വാ. 9–10 ൽ വെളിപ്പെടുത്തിയിരിക്കുന്നു.
   3. ദെമേത്രിയൊസ് (ഈ സഭയിലേക്ക് യോഹന്നാന്റെ ലേഖനം കൊണ്ടുപോയ വ്യക്തി)
      a. ഈ വ്യക്തി സഞ്ചാര മിഷനറിമാരിലൊരുവനും എഫെസൊസിൽ പാർക്കുന്ന യോഹന്നാന്റെ ലേഖനവുമായി പോയവനും ആയിരിക്കാം.
      b. "അപ്പോസ്തലിക ഭരണഘടന" എന്ന പാരമ്പര്യം ദെമേത്രിയൊസ് യോഹന്നാനാൽ നിയമിതനായ ഫിലദൽഫ്യയിലെ ബിഷപ്പ് ആണെന്നു പറയുന്നു.

D. സഞ്ചാര പ്രസംഗകരെ/ ഉപദേഷ്ടാക്കളെ/സുവിശേഷകരെ എങ്ങനെ വിലയിരുത്തണമെന്നും സഹായിക്കണമെന്നും അറിയാതെ ആദിമ സഭ ബുദ്ധിമുട്ടിയിരുന്നു. ഡിഡാക്കേ അഥവാ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പഠിപ്പിക്കലുകൾ എന്നറിയപ്പെട്ടിരുന്ന രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലുണ്ടായിരുന്ന അകാനോനിക ക്രിസ്തീയ രചനയിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ കാണാം.

**അധ്യായം XI – ഉപദേഷ്ടാക്കൾ, അപ്പൊസ്തലന്മാർ, പ്രവാചകന്മാർ എന്നിവരെ സംബന്ധിച്ച്**

"അതിനാൽ, മുമ്പ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വന്നു നിങ്ങളെ പഠിപ്പിക്കുന്നതാരായാലും അവനെ സ്വീകരിക്കുക. എന്നാൽ ഉപദേഷ്ടാവ് ഇതിനെ നശിപ്പിക്കത്തക്കവണ്ണം മറ്റൊരു ഉപദേശത്തിലേക്കു മറിഞ്ഞ് അതു പഠിപ്പിച്ചാൽ അവനു ചെവി കൊടുക്കരുത്; എന്നാൽ അവൻ നീതിയും

കർത്താവിന്റെ പരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനുള്ളതാണു പഠിപ്പിക്കുന്നതെങ്കിൽ അവനെ കർത്താവിനെയെന്നപോലെ സ്വീകരിക്കുക. എന്നാൽ അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും സംബന്ധിച്ച്, സുവിശേഷത്തിന്റെ തീർപ്പനുസരിച്ച് ഇപ്രകാരം ചെയ്യുക; നിങ്ങളുടെ അടുക്കൽ വരുന്ന ഏതൊരു അപ്പൊസ്തലനെയും കർത്താവിനെയെന്നപോലെ സ്വീകരിക്കുക. എങ്കിലും അവൻ ഒരു ദിവസത്തിലധികം താമസിക്കരുത്; അഥവാ ആവശ്യം വന്നാൽ അടുത്ത ദിവസം കൂടി താമസിക്കാം; എന്നാൽ അവൻ മൂന്നു ദിവസം താമസിച്ചാൽ അവൻ കള്ളപ്രവാചകനാണ്. അപ്പൊസ്തലൻ മടങ്ങിപ്പോകുമ്പോൾ അവൻ താമസിച്ച ദിവസങ്ങളിലെ ഭക്ഷണമൊഴികെ ഒന്നും കൊടുക്കരുത്; അവൻ പണം ആവശ്യപ്പെട്ടാൽ അവൻ കള്ള പ്രവാചകനാണ്" (പേജ് 338).

**അദ്ധ്യായം XII - ക്രിസ്ത്യാനികളെ സ്വീകരിക്കുന്നത്**

"ആരെങ്കിലും ആത്മാവിൽ, എനിക്കു പണം തരിക, അല്ലെങ്കിൽ മറ്റെന്തെങ്കിലും തരിക എന്നാവശ്യപ്പെട്ടാൽ, അവനു ചെവി കൊടുക്കരുത്; മറ്റൊരാൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാനാവശ്യപ്പെട്ടാൽ, ആരും അവനെ വിധിക്കരുത്.

എന്നാൽ കർത്താവിന്റെ നാമത്തിൽ വരുന്ന ഏവനെയും സ്വീകരിക്കണം, പിന്നീട് അവനെ തെളിയിക്കുകയും അറിയുകയും വേണം; ഇടതും വലതും നിങ്ങൾക്ക് അറിവുണ്ടായിരിക്കേണം. വരുന്നവൻ വഴി നടന്നലഞ്ഞവനാണെങ്കിൽ കഴിയുന്നിടത്തോളം അയാളെ സഹായിക്കുക; എന്നാൽ ആവശ്യമനുസരിച്ച് രണ്ടോ, മൂന്നോ, ദിവസത്തിലധികം അയാൾ പാർക്കരുത്. എന്നാൽ നിങ്ങളോടൊപ്പം തുടർന്നും പാർക്കാൻ അയാൾ മനസ്സുവെച്ചാൽ അയാൾ ജോലി ചെയ്ത് ഉപജീവനം കഴിക്കട്ടെ. അവന് തൊഴിൽ അറിയില്ലെങ്കിൽ ക്രിസ്ത്യാനിയെന്ന നിലയിൽ നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതുപോലെ അവനെ അലസനായി നിങ്ങളുടെകൂടെ പാർക്കാൻ അനുവദിക്കരുത്. അങ്ങനെ ചെയ്യാൻ അവന്നു മനസ്സില്ലെങ്കിൽ അവൻ ക്രിസ്തുവിന് അപവാദം വരുത്തുന്നവനാണ്. അങ്ങനെയുള്ളവരെ വിട്ടൊഴിയുന്നുവെന്നു ഉറപ്പുവരുത്തുക" (പേജ് 381).

# പദ, ശൈലീ പഠനം

**വാ. 1**

**[1]മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രിയ ഗായൊസിന്നു എഴുതുന്നതു:**

**വാ. 1 "മൂപ്പനായ"** മൂപ്പൻ എന്ന പദം "പാസ്റ്റർ" "ബിഷപ്പ്" (അദ്ധ്യക്ഷൻ) (ഒ.നോ. തീത്തൊസ് 1:5,7; പ്രവൃ. 20:17,28) എന്നിവയുടെ പര്യായമാണ്. 2 യോഹന്നാൻ 1 ന്റെ പൂർണ്ണ വിശദീകരണം കാണുക.

▣ **"സത്യത്തിൽ സ്നേഹിക്കുന്ന"** "സ്നേഹവും സത്യവും" യോഹന്നാന്റെ എഴുത്തുകളിൽ ഒരുമിച്ചു കാണുന്നുണ്ട് (ഒ.നോ. 2 യോഹ. 1,2,3,4; 3 യോഹ. 1,3,4,8,12). സത്യം സൂചിപ്പിക്കുന്നത്

1. പരിശുദ്ധാത്മാവ് (ഒ.നോ. യോഹ. 14:17)
2. പുത്രനായ യേശു (ഒ.നോ. യോഹ. 8:32; 14:6)
3. സുവിശേഷത്തിന്റെ ഉള്ളടക്കം (ഒ.നോ. 1 യോഹ. 2:2; 3:23)

▣ **"പ്രിയ"** യോഹന്നാന്റെ ലേഖനങ്ങളുടെ സവിശേഷതയാണിത് (ഒ.നോ. 2 യോഹ. 2:7; 3:2,21; 4:1,7,11; 3 യോഹ. 1,2,5,11). എന്നാൽ സുവിശേഷത്തിലും വെളിപ്പാടിലും വിശ്വാസികൾക്കുള്ള പേരായി ഇതു കാണുന്നില്ല.

▣ **"ഗായൊസ്"** ഈ പ്രാദേശിക സഭയുടെ പാസ്റ്റർ ഗായൊസ് ആണോ ദിയൊത്രെഫേസ് ആണോ എന്നതിനെക്കുറിച്ച് വളരെ ചർച്ചകൾ നടന്നിട്ടുണ്ട്. ലഭ്യമായിരിക്കുന്ന ചെറിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പായ ഒരു തീരുമാനത്തിലെത്തുക പ്രയാസമാണ്. "സഭ," "അവർ" എന്നീ പദങ്ങൾ കാണുന്ന വാ. 9 ൽ നിന്നും ദിയൊത്രെഫേസ് ഒരു ഭവനസഭയുടെ നേതാവും ഗായൊസ് മറ്റൊരു ഭവനസഭയുടെ നേതാവും ആയിരിക്കാൻ സാധ്യതയുണ്ട്, എങ്കിലും ഇതു തികച്ചും അനുമാനം മാത്രമാണ്.

**വാ. 2-4**

**[2]പ്രിയനേ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു. [3]സഹോദരന്മാർ വന്നു, നീ സത്യത്തിൽ നടക്കുന്നു എന്നു നിന്റെ സത്യത്തിന്നു സാക്ഷ്യം പറകയാൽ ഞാൻ അത്യന്തം സന്തോഷിച്ചു. [4]എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല.**

**വാ. 2 "ആത്മാവ്"** "പ്സുക്കെ" (*ψυχє*-ദേഹി) എന്ന ഈ പദം "പ്ന്യൂമാ"(*πνευμα*)യുടെ ഏകദേശ പര്യായമാണ്. ഒരുവന്റെ വ്യക്തിത്വത്തിന്റെ അഥവാ സ്വയത്തിന്റെ സത്തയെ സൂചിപ്പിക്കാനാണവ ഉപയോഗിക്കുന്നത്. ഇത് മനുഷ്യന്റെ വെവ്വേറെ ഘടകങ്ങളെ (ദേഹം, ദേഹി, ആത്മാവ്) സൂചിപ്പിക്കുന്നില്ല. മനുഷ്യൻ ഒരു ഏകതയാണ് (ഒ.നോ. ഉല്പത്തി 2:7). നാം ഒരു ദേഹി ആണ് നമുക്ക് ദേഹി ഇല്ല.

▣ **"നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം"** ഒന്നാം നൂറ്റാണ്ടിലെ ഗ്രീക്കു, റോമൻ ലോകത്തിലെ സാധാരണമായ പ്രാരംഭ പ്രാർത്ഥനയായിരുന്നു ഇത്. "ആരോഗ്യം, സമ്പത്ത്, ഐശ്വര്യം" എന്നിവ പ്രസംഗിക്കുന്നവർക്കുള്ള തെളിവ് വാക്യം അല്ലിത്. സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത ബൈബിൾ ഭാഗങ്ങൾ എന്തു തെളിയിക്കുന്നതിനും ഉപയോഗിക്കാം. വേദപുസ്തകം എഴുതിയ കാലഘട്ടത്തിൽ അത് എന്തർത്ഥമാക്കിയിരുന്നോ ആ അർത്ഥം ഇന്നുണ്ടായിരിക്കുവാൻ കഴികയില്ല. യഥാർത്ഥ എഴുത്തുകാരൻ മാത്രമാണ് ദൈവ നിശ്വാസീയ വ്യക്തി. നമ്മുടെ ചിന്തകൾ കൂട്ടിച്ചേർക്കുന്നതിനു പകരം അവന്റെ ചിന്തകൾ നാം പിന്തുടരേണം.

▣ **"ഞാൻ പ്രാർത്ഥിക്കുന്നു"** ഗ്രീക്ക് കത്തിന്റെ സാധാരണമായ തുടക്കവാചകമാണിത്. സ്വീകർത്താവിന്റെ ഐശ്വര്യത്തിനും ആരോഗ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനാ/ആശംസ ആണിത്. പ്രിയപ്പെട്ടവരെ അഭിവാദനം ചെയ്യുന്ന രീതിയായിരുന്നു അത്. ഇന്നു പരക്കെ കണ്ടുവരുന്ന "ആരോഗ്യം, സമ്പത്ത് സുവിശേഷം" പ്രസംഗിക്കുന്നവർക്കുള്ള തെളിവും വാക്യം അല്ല ഇത്. See Gordon Fee (A charismatic scholar), *The Disease of the Health, Wealth Gospel.* രോഗസൗഖ്യം സംബന്ധിച്ച എന്റെ വീക്ഷണങ്ങൾക്ക്, യാക്കോബ് 5 ന്റെ കുറിപ്പുകൾ കാണുക. www.freebiblecommentary.org.

**വാ. 3 "സത്യത്തിൽ നടക്കുന്നു"** ഈ പ്രയോഗം "വെളിച്ചത്തിൽ നടക്കുക" (ഒ.നോ. 1 യോഹ. 1:7) എന്നതിനു സമാന്തരമാണ്. ക്രിസ്ത്യാനിത്വം പ്രാഥമികമായി ഒരു വിശ്വാസ പ്രമാണമോ, ആചാരമോ, അംഗത്വമെടുക്കേണ്ട ഒരു പ്രസ്ഥാനോ അല്ല, മറിച്ച് യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ ജീവിക്കേണ്ട ഒരു ജീവിതമാണ്. ആദിമ സഭയെ ആദ്യം "മാർഗ്ഗം" എന്നാണ് വിളിച്ചിരുന്നത് (ഒ.നോ. പ്രവൃ. 9:2; 19:9,23; 24:22). സത്യം ബൗദ്ധികം (ഉള്ളടക്കം) മാത്രമല്ല ഒരു ബന്ധം കൂടിയാണ് (ആദ്യം ക്രിസ്തുവിലൂടെ ദൈവവുമായി, അതിന്റെ ഫലമായി അന്യോന്യവും). 1 യോഹ. 6:55 ലും 17:3 ലും സത്യത്തെക്കുറിച്ചുള്ള പ്രത്യേക പഠനവിഷയം കാണുക.

▣ **"വന്നു .... സാക്ഷ്യം പറകയാൽ"** ഇതുരണ്ടും വർത്തമാനകാല അപൂർണ്ണക്രിയകളാണ്. ഇതു സൂചിപ്പിക്കുന്നത്

1. ഈ സഭയിലെ അംഗങ്ങൾ പതിവായി എഫെസൊസിലെത്തി യോഹന്നാനെ വിവരങ്ങൾ അറിയിച്ചിരുന്നു.
2. മടങ്ങിവന്ന മിഷനറിമാർ ഗായൊസിന്റെ ഔദാര്യത്തെക്കുറിച്ച് അറിയിച്ചു

വൃദ്ധനായ യോഹന്നാന് യാത്ര എളുപ്പമായിരുന്നില്ല എങ്കിലും സഭകളുടെ അവസ്ഥയെയും വളർച്ചയെയും കുറിച്ചു കേൾക്കുവാൻ അവൻ ഇഷ്ടപ്പെട്ടിരുന്നു

▣ **"ഞാൻ അത്യന്തം സന്തോഷിച്ചു"** (ഒ.നോ. 2 യോഹ. 4; ഫിലി. 4:10).

**വാ. 4 "എന്റെ മക്കൾ"** യോഹന്നാന്റെ ലേഖനത്തിലെ സാധാരണ വിളിപ്പേരാണിത് (ഒ.നോ. 1 യോഹ. 2:12,13,18,28; 3:7,18; 4:4; 5:21). ഇവിടത്തെ ഊന്നൽ (1) യോഹന്നാന്റെ അപ്പൊസ്തലിക അധികാരം അഥവാ (2) താൻ തന്റെ ജീവിതം ചിലവഴിച്ച റോമൻ പ്രവിശ്യയായ ഏഷ്യാമൈനറിലെ (പശ്ചിമ തുർക്കി) സഭകളോടും വിശ്വാസികളോടുമുള്ള യോഹന്നാന്റെ വാത്സല്യം പ്രകടിപ്പിക്കുന്ന പദം.

**വാ. 5-8**

**[5]പ്രിയനേ, നീ സഹോദരന്മാർക്കും വിശേഷാൽ അതിഥികൾക്കും വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും വിശ്വസ്തത കാണിക്കുന്നു. [6]അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിന്നു സാക്ഷ്യം പറഞ്ഞിരിക്കുന്നു; നീ അവരെ ദൈവത്തിന്നു യോഗ്യമാകുംവണ്ണം യാത്ര അയച്ചാൽ നന്നായിരിക്കും. [7]തിരുനാമം നിമിത്തമല്ലോ അവർ ജാതികളോടു ഒന്നും വാങ്ങാതെ പുറപ്പെട്ടതു. [8]ആകയാൽ നാം സത്യത്തിന്നു കൂട്ടുവേലക്കാർ ആകേണ്ടതിന്നു ഇങ്ങനെയുള്ളവരെ സല്ക്കരിക്കേണ്ടതാകുന്നു.**

**വാ. 5 "വിശേഷാൽ അതിഥികൾക്കും"** സഭയായിരുന്നു ഈ സഞ്ചാര ക്രിസ്തീയ മിഷനറിമാരെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടിയിരുന്നത്. എങ്കിലും പ്രാദേശിക സാഹചര്യം നിമിത്തം ഈ സഹോദരന്മാരെ ഗായൊസ് മാത്രമാണ് സഹായിച്ചത്. അവരും യേശുക്രിസ്തുവിനെ അറിയുകയും സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്നതൊഴികെ അവരെക്കുറിച്ച് മറ്റൊന്നും അറിയുമായിരുന്നില്ല.

▣ **"അദ്ധ്വാനിക്കുന്നതിൽ ഒക്കെയും"** പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവൃത്തിയെ സൂചിപ്പിക്കുന്ന ഭൂതകാല മധ്യക്രിയാബന്ധവും *എയാൻ(ἐαν)* എന്ന ഗതിയും ചേർന്ന ആപേക്ഷിക സർവ്വനാമമാണിത്. ഗായൊസ് സഞ്ചാര മിഷനറിമാരെ എല്ലാ സന്ദർഭങ്ങളിലും കഴിയുന്ന എല്ലാ രീതിയിലും സഹായിച്ചു.

▣ **"വിശ്വസ്തത കാണിക്കുന്നു"** ഗായൊസിന്റെ പ്രവൃത്തി വാ. 9-10 ലെ ദിയൊത്രെഫേസിന്റെ പ്രവൃത്തികൾക്ക് ഘടകവിരുദ്ധമാണ്. യോഹ. 1:7 ലെയും 1:14 ലെയും പ്രത്യേക പഠനവിഷയം: വിശ്വസിക്കുക, ആശ്രയിക്കുക, വിശ്വസ്തത കാണുക.

**വാ. 6 "അവൻ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിനു സാക്ഷ്യം പറഞ്ഞിരിക്കുന്നു"** എഫെസൊസിലെ ആദിമ സഭയിൽ ആരാധാന സമയത്ത് മിഷനറിമാർക്ക് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കാൻ സമയം വേർതിരിച്ചിരുന്നു.

## പ്രത്യേക പഠനവിഷയം: സഭ (ἐκκλησία)

*എക്ലേസിയ* (ἐκκλησία) എന്ന ഗ്രീക്കു പദം "പുറത്തേക്ക്" "വിളിക്കുക" എന്നീ രണ്ടു പദങ്ങളുടെ സംയുക്തമാണ്. ദൈവത്താൽ വിളിച്ചിറക്കിയവർ എന്നാണർത്ഥം. മതേതര ഉപയോഗത്തിൽ നിന്നാണ് സഭ ഈ പദം എടുത്തത് (ഒ.നോ. പ്രവൃ. 19:32,39,41). യിസ്രായേൽ "സഭ"യെ വിളിക്കുന്നതിനായി സെപ്റ്റ്വജിന്റിൽ (*ഖഹാൽ*, BDB 874, ഒ.നോ. സംഖ്യ. 16:3; 20:4) ഈ പദമാണുപയോഗിച്ചിരുന്നത്. അവർ അത് പഴയനിയമത്തിലെ ദൈവത്തിന്റെ ജനത്തിന്റെ തുടർച്ചയാണ് തങ്ങളെന്നു കാണിക്കുന്നതിനായി സ്വയം ഉപയോഗിച്ചു. അവർ പുതിയ യിസ്രായേലും (ഒ.നോ. റോമർ 2:28-29; ഗലാത്യർ 6:16; 1 പത്രൊസ് 2:5,9; വെളിപ്പാട് 1:6) ദൈവത്തിന്റെ ആഗോള ദൗത്യത്തിന്റെ നിവൃത്തിയും ആണ് (ഒ.നോ. ഉല്പ. 3:15; 12:3; പുറപ്പാട് 19:5-6; മത്തായി 28:18-20; ലൂക്കൊസ് 24:47; പ്രവൃത്തി 1:8).
ഈ പദം സുവിശേഷങ്ങളിലും അപ്പോ. പ്രവൃത്തിയിലും വിവിധ അർത്ഥത്തിൽ ഉപയോഗിച്ചു.

1. മതേതര നഗര യോഗം, പ്രവൃ. 19:32,39,41
2. ക്രിസ്തുവിലുള്ള ആഗോള ദൈവജനം, മത്തായി 16:18; എഫെസ്യർ
3. ക്രിസ്തുവിലുള്ള പ്രാദേശിക ദൈവജനം, മത്തായി 18:17; പ്രവൃ. 5:11 (ഈ വാക്യങ്ങളിൽ യെരൂശലേമിലെ സഭ)
4. യിസ്രായേൽ ജനം സമൂഹമായി, പ്രവൃ. 7:38; സ്തെഫാനൊസിന്റെ പ്രസംഗത്തിൽ
5. ഒരു പ്രദേശത്തെ ദൈവജനം, പ്രവൃ. 8:3 (യെഹൂദ്യ അഥവാ പാലസ്തീൻ)

▣ **"ദൈവജനത്തിനു യോഗ്യമാകുംവണ്ണം"** ഇതിനർത്ഥം പ്രാധാന്യമുള്ള, സ്നേഹപൂർവ്വമുള്ള, സമൃദ്ധിയായ നിലയിൽ എന്നാണ് (ഒ.നോ. കൊലൊ. 1:10; 1 തെസ്സ. 2:12). വിശ്വാസികൾ സുവിശേഷ പ്രവർത്തകരെ, അവർ ആരെ സേവിക്കുന്നുവോ അതിനു യോഗ്യമാംവണ്ണം പരിഗണിക്കണം (ഒ.നോ. എഫെ. 4:1).

▣ **"യാത്ര അയച്ചാൽ"** ഒരുക്കുക, പ്രാർത്ഥിക്കുക, സഞ്ചാര മിഷനറിമാരുടെ ആവശ്യങ്ങളിൽ സഹായിക്കുക എന്നതിനുള്ള സാങ്കേതിക ശൈലിയാണിത് (ഒ.നോ. പ്രവൃ. 15:3; റോമർ 15:24; 1 കൊരി. 16:6; 2 കൊരി. 1:16; തീത്തൊ. 3:13).

▣ **"നന്നായിരിക്കും"** "ദയവായി" (ഒ.നോ. പ്രവൃ. 10:33) എന്നതിന് ഈജിപ്ഷ്യൻ പാപ്പിറസിൽ കാണുന്ന ഗ്രീക്കു പ്രയോഗമാണിത് (See Moulton and Milligan, *The Vocabulary of the Greek Testament*).

**വാ. 7**

**NASB** **"നാമം നിമിത്തമല്ലോ"**
**NKJV** **"അവന്റെ നാമം നിമിത്തമല്ലോ"**
**NRSV** **"ക്രിസ്തുവിന്റെ നാമം നിമിത്തമല്ലോ"**
**TEV** **"ക്രിസ്തുവിന്റെ ശുശ്രൂഷയിലല്ലോ"**
**NJB** **"പൂർണ്ണമായും നാമത്തിനു വേണ്ടിയല്ലോ"**

"നാമം" ക്രിസ്തുവിന്റെ ആളത്വത്തിനും പ്രവൃത്തിക്കും പകരം നിലകൊള്ളുന്നതിന്റെ ഉദാഹരണമാണിത്. വിശ്വാസികൾ അവന്റെ നാമത്തിൽ വിശ്വസിക്കുമ്പോൾ (ഒ.നോ. യോഹ. 1:12; റോമർ 10:9; 1 കൊരി. 12:3; ഫിലി. 2:9-11) അവർ അവന്റെ നാമത്തിൽ പാപക്ഷമ പ്രാപിക്കുകയും (1 യോഹ. 2:13), അവർ അവന്റെ നാമത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു (ഒ.നോ. മത്തായി 10:22; 24:9; മർക്കൊ. 13:13; ലൂക്കൊ. 21:12,17; യോഹ. 15:21; 20:31; പ്രവൃ. 4:17; 5:41; 9:14; റോമർ 1:5; 1 പത്രൊ. 4:14,16; വെളി. 2:3).

▣

**NASB** **"ജാതികളോട് ഒന്നും വാങ്ങാതെ"**
**NKJV** **"ജാതികളിൽ നിന്നു ഒന്നും എടുക്കാതെ"**
**NRSV** **"അവിശ്വാസികളിൽ നിന്നും സഹായം സ്വീകരിക്കാതെ"**
**TEV** **"അവിശ്വാസികളിൽ നിന്നും ഒരു സഹായവും സ്വീകരിക്കാതെ"**
**NJB** **"ഒന്നിനുവേണ്ടിയും അവിശ്വാസികളെ ആശ്രയിക്കാതെ"**

മത്തായി 10:5-15 ൽ പന്തിരുവരോടും ലൂക്കൊസ് 10:4-7 ൽ എഴുപതു പേരോടുമുള്ള യേശുവിന്റെ വാക്കുകൾക്കനുസരണമായി ഈ സാക്ഷികൾ തങ്ങളുടെ ആവശ്യങ്ങൾക്കായി ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു പുറപ്പെട്ടു.

ഇത് "ജാതികളെ" അഥവാ അവിശ്വാസികളെ സൂചിപ്പിക്കുന്ന ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിലെ ഉപയോഗമാണ് (ഒ.നോ. മത്തായി 5:47; 1 പത്രൊസ് 2:12; 4:3). വിശ്വാസികളാണ് സുവിശേഷവേലയെ സഹായിക്കേണ്ടത്! ഒരുവൻ ആരെ സഹായിക്കുന്നു എന്നത് അവന്റെ ഹൃദയത്തെ വെളിപ്പെടുത്തുന്നു.

യോഹന്നാന്റെ കാലഘട്ടത്തിൽ അനേക സഞ്ചാര പ്രസംഗകർ പണത്തിനും പദവിക്കും വേണ്ടി പഠിപ്പിച്ചിരുന്നു. ദൈവത്തിന്റെ ഉപദേഷ്ടാക്കാൾ/ പ്രസംഗകർ/ സുവിശേഷകർ എന്നിവരെ സഹായിക്കേണ്ടത് അവരുടെ വാക്കുകൾ നിമിത്തമല്ല, മറിച്ച് അവർ ത്യാഗപരമായി ഏർപ്പെട്ടിരിക്കുന്ന ദൗത്യത്തിന്റെ ഉടമയായ കർത്താവിന്റെ

നിമിത്തമായിരിക്കണം.

▣

**NASB, REB** **"അവർ പുറപ്പെട്ടത്"**
**NKJV** **"അവർ പുറപ്പെട്ടുപോയത്"**
**NRSV** **"അവർ തങ്ങളുടെ യാത്ര ആരംഭിച്ചത്"**
**TEV, NJB** **"അവർ യാത്രതിരിച്ചത്"**

ഈ സാധാരണ ക്രിയാപദം ഉപയോഗിച്ചിരിക്കുന്നത്

1. 1 യോഹ. 2:19 ൽ ദുരുപദേഷ്ടാക്കൾ സഭ വിട്ടുപോയതിന്
2. 1 യോഹ. 4:1 ൽ കള്ള പ്രവാചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടതിന്
3. 2 യോഹ. 7 ൽ അനേക വഞ്ചകന്മാർ ലോകത്തിലേക്കു പുറപ്പെട്ടതിന്
4. 3 യോഹ. 7 ൽ സത്യ അപ്പൊസ്തലിക സാക്ഷികൾ പുറപ്പെട്ടതിന് (ലോകത്തിലേക്ക്)

**വാ. 8 "നാം സത്യത്തിനു കൂട്ടുവേലക്കാർ ആകേണ്ടതിന്"** വിശ്വാസികൾ മിഷനറിമാരെ സഹായിക്കുമ്പോൾ അവർ അവരുടെ വിശ്വാസത്തിന്റെയും സത്യത്തിന്റെയും പ്രവൃത്തികളിൽ പങ്കാളികളാകുകയാകുന്നു. ഇതാണ് സുവിശേഷ പ്രമാണം! ക്രിസ്തീയ കൊടുക്കലിനുള്ള പുതിയ നിയമ മാർഗ്ഗരേഖ 2 കൊരിന്ത്യർ 8-9 കാണാം.

▣ **"ഇങ്ങനെയുള്ളവരെ സല്ക്കരിക്കേണ്ടത്"** അതിഥി സല്ക്കാരം ആദിമസഭയുടെ നിർണ്ണായക ദൗത്യമായിരുന്നു. കാരണം മിക്ക പ്രാദേശിക സത്രങ്ങളുടെയും ധാർമ്മിക നില വളരെ അധഃപതിച്ചതായിരുന്നു (ഒ.നോ. മത്തായി 25:35; റോമർ 12:13; 1 തിമൊ. 3:2; 5:10; തീത്തൊസ് 1:8; എബ്രാ. 13:2; 1 പത്രൊസ് 4:9).

▣ **"... ക്കേണ്ടതാകുന്നു"** ഇത് മിക്കപ്പോഴും ആവർത്തിക്കുന്ന ധാർമ്മിക ആഹ്വാനമാണ് (ഒ.നോ. യോഹ. 13:14; 19:7; 1 യോഹ. 2:6; 3:16; 4:11). *ഒഫെയ്ലോ(ὀφείλω)* എന്ന പദത്തിൽ അക്ഷരീകാർത്ഥം സാമ്പത്തിക ബാധ്യത എന്നാണ് എങ്കിലും അത് ഒരു വ്യക്തിയോട് ബാധ്യതപ്പെട്ടിരിക്കുക അല്ലെങ്കിൽ കടപ്പെട്ടിരിക്കുക എന്ന ആലങ്കാരിക അർത്ഥത്തിൽ ഉപയോഗിച്ചുവന്നു.

**വാ. 9-10**

**[9]സഭെക്കു ഞാൻ ഒന്നെഴുതിയിരുന്നു: എങ്കിലും അവരിൽ പ്രധാനിയാകുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ് ഞങ്ങളെ കൂട്ടാക്കുന്നില്ല. [10]അതുകൊണ്ടു ഞാൻ വന്നാൽ അവൻ ഞങ്ങളെ ദുർവാക്കു പറഞ്ഞു ശകാരിച്ചുകൊണ്ടു ചെയ്യുന്ന പ്രവൃത്തി അവന്നു ഓർമ്മ വരുത്തും. അവൻ അങ്ങിനെ ചെയ്യുന്നതു പോരാ എന്നുവെച്ചു താൻ സഹോദരന്മാരെ കൈക്കൊള്ളാതിരിക്കുന്നതു മാത്രമല്ല, അതിന്നു മനസ്സുള്ളവരെ വിരോധിക്കയും സഭയിൽനിന്നു പുറത്താക്കുകയും ചെയ്യുന്നു.**

**വാ. 9 "സഭെക്കു ഞാൻ ഒന്നെഴുതിയിരുന്നു"** ഇത് 1 യോഹന്നാൻ, അല്ലെങ്കിൽ 2 യോഹന്നാൻ അല്ലെങ്കിൽ മറ്റൊരു ലേഖനത്തെയാകാം സൂചിപ്പിക്കുന്നത്; കൂടുതൽ സാധ്യത 2 യോഹന്നാൻ എന്നതിനാണ്. വാ. 6 ലെ പ്രത്യേക പഠനവിഷയം: സഭ (*എക്ലേസിയ*) കാണുക.

▣ **"അവരിൽ പ്രധാനിയാകുവാൻ ആഗ്രഹിക്കുന്ന ദിയൊത്രെഫേസ്"** ഇതൊരു വർത്തമാനകാല കർത്തരി അപൂർണ്ണക്രിയയാണ്. "സ്നേഹം" (*ഫിലെയോ-φιλέω*), "ഒന്നാം സ്ഥാനം പിടിച്ചുവയ്ക്കുക" (*പ്രൊട്ടെയുഓ-πρωτεύω*) എന്നീ പദങ്ങളുടെ സംയുക്തമാണിത്. പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഇതുപയോഗിച്ചിട്ടുള്ളു, എങ്കിലും രണ്ടാമത്തെ പദം കൊലൊസ്യർ 1:18 ൽ ക്രിസ്തുവിന്റെ മുൻനിര സ്ഥാനത്തെക്കുറിച്ച് ഉപയോഗിച്ചിട്ടുണ്ട്. ഈ മനുഷ്യനാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ആദ്യത്തെ "അധികാര-ലംഘകൻ" അഥവാ "സഭാനേതാവ്." അയാൾ ഒരു പാസ്റ്ററാണോ അതോ കേവലം പ്രാധാന്യമുള്ള ഒരു സഭാംഗമാണോ എന്നറിയില്ല. എങ്കിലും ഇത് അവന്റെ പ്രേരണയെ വെളിപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സ്ഥാനമോഹികളായ വ്യക്തികൾ എല്ലാ കാലഘട്ടത്തിലും സഭയിലുണ്ട്! അവൻ ഒരു ജ്ഞാനവാദിയാണോ എന്നു പറഞ്ഞിട്ടില്ല, പക്ഷേ സാധ്യതയുണ്ട്.
*'യൂണിറ്റി ആൻഡ് ഡൈവേഴ്സിറ്റി ഇൻ ദ ന്യൂടെസ്റ്റ്മെന്റ്',* പേജ് 392 ൽ ജെയിംസ് ഡൺ ദിയൊത്രെഫേസ് "പ്രാരംഭ കത്തോലിക്കാ മത"ത്തിന്റെ ഉദാഹരണമാണെന്നു ചൂണ്ടിക്കാണിക്കുന്നു.

> "പ്രത്യേകമായി പറഞ്ഞാൽ, യോഹന്നാന്റെ വ്യക്തിവാദം, ഇടയലേഖനങ്ങളിൽ കാണുന്ന പ്രസ്ഥാനവൽക്കരണത്തിനെതിരെയുള്ള *എതിർപ്പ്* ആയി മനസ്സിലാക്കാൻ കഴിയും (മുകളിൽ പേജ് 129. ഒ.നോ. എബ്രായലേഖനവും വെളിപ്പാടും §§31.2,3). അതുപോലെ യോഹന്നാന്റെ എഴുത്തുകൾ ഇതിനോടകം വ്യക്തമായി സ്ഥാപിക്കപ്പെട്ടു കഴിഞ്ഞ ഇഗ്നേഷ്യസിന്റെ പ്രാരംഭ കത്തോലിസിസത്തിൽ ('അമർത്യതയുടെ മരുന്ന്' - എഫെ. 20:2) (മുകളിൽ കാണുക §41) ഇതിനോടകം തന്നെ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞ കൂദാശാ വാദത്തിനെതിരായിട്ടുള്ളതാണെന്നും മനസ്സിലാക്കാം. ഇതിൽ ഏറ്റവും ഉത്കണ്ഠയുളവാക്കുന്നത് 3 യോഹന്നാൻ 9 മുതൽ ദിയൊത്രെഫേസിന്റെ 'മൂപ്പനെ'തിരെയുള്ള ആക്രമണമാണ്. ദിയൊത്രെഫേസ് തന്റെ സഭയെ നിയന്ത്രണത്തിലാക്കിയിരുന്നു. സന്ദർശക വിശ്വാസികളെ സ്വീകരിക്കുന്നത് നിരോധിക്കാൻ അവനു കഴിഞ്ഞിരുന്നുവെന്നു മാത്രമല്ല, അവനെ ധിക്കരിക്കുന്നവരെ "സഭയിൽ നിന്നു പുറത്താക്കുകയും" ചെയ്തിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദിയൊത്രെഫേസ്, ഒരു ഏകാധിപതി

യായ ബിഷപ്പിന്റെ അധികാരത്തോടെ പ്രവർത്തിക്കുകയും (ഒ.നോ. ഇഗ്നേഷ്യസ്, എഫെ. 6:1; ട്രാലി. 7.2; സ്മുർന്ന 8.1 f) ചെയ്തിരുന്നു. ഈ സഭാ നേതൃത്വസ്ഥാനത്തിന് അധികാരത്തിനുവേണ്ടിയുള്ള അവന്റെ അതിമോഹത്തിനെതിരെയാണ് (*ഫിലോപ്രോട്ടയുഓൺ-φιλοπρωτευων*) "മൂപ്പൻ" എഴുതിയത്. മറ്റു വാക്കുകളിൽ, 1 യോഹന്നാന്റെയും 2 യോഹന്നാന്റെയും അതേ പശ്ചാത്തലത്തിൽ നിന്നാണ് 3 യോഹന്നാൻ വന്നത് എന്നനുമാനിച്ചാൽ അത് ഒരു ചട്ടക്കൂട്ടിൽ ഒതുങ്ങുന്ന ക്രിസ്ത്യാനിത്വത്തിനെതിരെയുള്ള പ്രതികരണവും സ്ഥാപനവല്ക്കരണത്തിനും വ്യക്തിയധിഷ്ഠിത ഭക്തിമാർഗ്ഗത്തിനും എതിരായുള്ളതും പ്രാരംഭ കത്തോലിക്കാമതത്തിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിനെതിരായുള്ള എതിർപ്പുമാണ്."

▣ **"ഞങ്ങളെ കൂട്ടാക്കുന്നില്ല"** ദിയൊത്രെഫേസ്, യോഹന്നാന്റെ അപ്പൊസ്തലിക അധികാരത്തെ നിരസിക്കുന്നുവെന്നു മാത്രമല്ല, അവൻ അപ്പൊസ്തലിക നയത്തെ തള്ളിക്കളയുന്നതിൽ ശക്തമായി ഇടപെടുകയും അതനുസരിക്കുന്നവരോട് പ്രതികാരം ചെയ്യുകപോലും ചെയ്യുന്നു.

**വാ. 10 "വന്നാൽ"** ക്രിയാത്മക പ്രവൃത്തിയെ സൂചിപ്പിക്കുന്ന മൂന്നാംതരം സോപാധിക വാചകമാണിത്.

▣ **"പ്രവൃത്തി അവനു ഓർമ്മവരുത്തും"** ഈ മനുഷ്യന്റെ പ്രേരണകളെയും (ഒ.നോ. വാ. 9) പ്രവൃത്തികളെയും (ഒ.നോ. വാ. 10) പൂർണ്ണമായി നീക്കുവാൻ യോഹന്നാൻ ആഗ്രഹിച്ചു.

1. NASB – "ദുർവാക്കുകൊണ്ട് ഞങ്ങളെ അന്യായമായി കുറ്റപ്പെടുത്തുന്നത്"
   NKJV – "കൈപ്പുള്ള വാക്കുകൾ കൊണ്ട് ഞങ്ങളെ ശകാരിക്കുന്നത്"
   NRSV – "ഞങ്ങൾക്കെതിരായി തെറ്റായ ആരോപണങ്ങൾ പരത്തുന്നത്"
   TEV – "ഞങ്ങളെക്കുറിച്ച് അവൻ പറയുന്ന കഠിനമായ കാര്യങ്ങളും അവൻ പറയുന്ന നുണകളും"
   NJB – "ഞങ്ങൾക്കെതിരായി അവൻ പരത്തുന്ന ദുഷ്ടമായ ആരോപണങ്ങൾ"
2. "അവൻ തന്നെ സഹോദരന്മാരെ കൈക്കൊള്ളുന്നില്ല"
3. "അങ്ങനെ ചെയ്യാനാഗ്രഹിക്കുന്നവരെ വിലക്കുന്നു"
4. "അവൻ അവരെ സഭയിൽ നിന്നു പുറത്താക്കുന്നു"

ഈ മനുഷ്യൻ ശ്രദ്ധാകേന്ദ്രമായിരിക്കാൻ ആഗ്രഹിക്കുകയും മറ്റാരുമായും അതു പങ്കിടാൻ ഇഷ്ടപ്പെടാതിരിക്കയും ചെയ്യുന്നു. തന്നോട് യോജിക്കാത്ത അഥവാ യോജിക്കയില്ലെന്ന് അവൻ കരുതുന്നവരെ സഭയിൽനിന്നു പുറത്താക്കുന്നു.

▣ **"സഭയിൽ നിന്നു പുറത്താക്കുകയും ചെയ്യുന്നു"** ഇതേ ശക്തമായ ക്രിയ (*എക്ബാല്ലോ-ἐκβαλλω*) യോഹന്നാൻ 9:34,35 ൽ യേശു സൗഖ്യമാക്കിയ കുരുടനെ യെഹൂദ സിനഗോഗിൽ നിന്നു പുറത്താക്കിയതിന് ഉപയോഗിച്ചിട്ടുണ്ട്.

യോഹന്നാൻ 12:31 ൽ സാത്താനെ പുറത്താക്കിയതിനും ഇതേ പദം ഉപയോഗിച്ചിട്ടുണ്ട്.

**വാ. 11-12**

**11 പ്രിയനേ, നന്മയല്ലാതെ തിന്മ അനുകരിക്കരുതു; നന്മ ചെയ്യുന്നവൻ ദൈവത്തിൽനിന്നുള്ളവൻ ആകുന്നു; തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല. 12 ദെമേത്രിയൊസിന്നു എല്ലാവരാലും സത്യത്താൽ തന്നേയും സാക്ഷ്യം ലഭിച്ചിട്ടുണ്ടു; ഞങ്ങളും സാക്ഷ്യം പറയുന്നു; ഞങ്ങളുടെ സാക്ഷ്യം സത്യം എന്നു നീ അറിയുന്നു.**

**വാ. 11 "തിന്മ അനുകരിക്കരുത്"** നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ അവസാനിപ്പിക്കുക എന്നു സൂചിപ്പിക്കുന്ന വർത്തമാനകാല മധ്യ (ഡിപോണന്റ്) വിധിരൂപമാണിത്. ഈ ഗ്രീക്കു പദത്തിൽ നിന്നാണ് (*മിമെയോമായി-μιμεομαι*) "മിമിക്" എന്ന ഇംഗ്ലീഷ് പദമുണ്ടായത്. നമ്മുടെ റോൾ മോഡലിനെ നാം ശ്രദ്ധയോടെ തെരഞ്ഞെടുക്കേണം അവർ സഭയിലെ പക്വതയുള്ള വിശ്വാസികളായിരിക്കണം (ഒ.നോ. 2 തെസ്സ. 3:7,9; എബ്രാ. 6:12; 13:7). ദെമേത്രിയൊസ് ഒരു നല്ല മാതൃകയും ദിയൊത്രെഫേസ് മോശം മാതൃകയുമാണ്.

▣ **"നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവൻ ആകുന്നു"** താൻ ക്രിസ്ത്യാനിയാണെന്നു ഒരുവനു മനസ്സിലാക്കുന്നതിനു മൂന്നു പരിശോധനകൾ യോഹന്നാന്റെ ലേഖനങ്ങളിലുണ്ട്. ഇവിടെ അനുസരണ പരിശോധനയെ പരാമർശിക്കുന്നു (ഒ.നോ. 1 യോഹ. 2:3-6, 28-29; 3:4-10; 5:18; 2 യോഹ. 6). മറ്റു രണ്ടു പരിശോധനകളുടെ സൂചനകളും നൽകുന്നുണ്ട്. (1) ഉപദേശം (വാ. 3-4); (2) സ്നേഹം (വാ. 1-2,6).

▣ **"തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല"** ദുരുപദേഷ്ടാക്കൾ ദൈവത്തെ ആഴമായി അറിയുന്നുവെന്നു അവകാശപ്പെടുന്നുവെങ്കിലും അവർ അഭക്തരും സ്നേഹരഹിത ജീവിതം നയിക്കുന്നവരുമാണ്. രക്ഷ എന്നത് ബൗദ്ധികസത്യത്തിന്റെ ഉറപ്പിക്കലാണെന്നും അതിനു ദൈനംദിന ജീവിതത്തോട് ബന്ധമില്ലെന്നും വിശ്വസിക്കുന്ന നിയമരഹിത, സ്വതന്ത്രചിന്താഗതിക്കാരായ ആന്റിനോമിയൻ, ലിബർട്ടൈൻ ജ്ഞാനവാദികളെയാകാം ഇവിടെ സൂചിപ്പിക്കുന്നത്.

**വാ. 12 "ദെമേത്രിയൊസിനു എല്ലാവരാലും ... സാക്ഷ്യം ലഭിച്ചിട്ടുണ്ട്"** ഇത് പൂർണ്ണ കർമ്മണി സൂചകമാണ്. 3 യോഹന്നാന്റെ ലേഖനം ഗായൊസിന് എത്തിച്ചുകൊടുത്ത മിഷനറിയായ ദെമേത്രിയൊസിനെക്കുറിച്ച് യോഹ

ന്നാൻ ഗായൊസിനെഴുതിയ ശുപാർശക്കത്ത് ആയിരിക്കാം ഇത്. പുതിയനിയമത്തിലെ മറ്റു ശുപാർശക്ക കത്തുകൾക്ക്, കാണുക, പ്രവൃ. 18:27; റോമർ 16:1; 1 കൊരി. 16:3; 2 കൊരി. 3:1; 8:16–24; കൊലൊ. 4:10.

▣ **"സത്യത്താൽ തന്നെയും"** (6:55 ലെയും 17:3 ലെയും പ്രത്യേക പഠനവിഷയം കാണുക). ദെമേത്രിയൊസിന്റെ സാക്ഷ്യത്തിനുള്ള മറ്റൊരു സാക്ഷിയായി സത്യത്തെ ആളത്വപരമാക്കിയിരിക്കുന്നു.

▣ **"ഞങ്ങളുടെ സാക്ഷ്യം സത്യം എന്നു നീ അറിയുന്നു"** ക്രിസ്തുവിനെക്കുച്ചുള്ള തന്റെ സ്വന്തം വിശ്വസനീയ സാക്ഷ്യത്തെ യോഹന്നാൻ ഊന്നിപ്പറയുന്നു (ഒ.നോ. യോഹ. 19:35; 21:24).

**വാ. 13–14**

**[13]എഴുതി അയപ്പാൻ പലതും ഉണ്ടായിരുന്നു എങ്കിലും മഷിയും തൂവലുംകൊണ്ടു എഴുതുവാൻ എനിക്കു മനസ്സില്ല. [14]വേഗത്തിൽ നിന്നെ കാണ്മാൻ ആശിക്കുന്നു. അപ്പോൾ നമുക്കു മുഖാമുഖമായി സംസാരിക്കാം.**

**വാ. 13** ഇത് 2 യോഹന്നാൻ 12 നു സമാനമാണ്.

**വാ. 15**

**[15]നിനക്കു സമാധാനം. സ്നേഹിതന്മാർ നിനക്കു വന്ദനം ചൊല്ലുന്നു. സ്നേഹിതന്മാർക്കു പേരുപേരായി വന്ദനം ചൊല്ലുക.**

**വാ. 14 "നിനക്കു സമാധാനം"** ഇത് എബ്രായ ശൈലിയായ *ഷാലോം* എന്നതിന്റെ സൂചനയാകാം (ഒ.നോ. ലൂക്കൊസ് 10:5). അതിനർത്ഥം "ഹലോ" അഥവാ "ഗുഡ്ബൈ" എന്നാണ്. പ്രശ്നങ്ങൾ ഇല്ലാത്ത അവസ്ഥ മാത്രമല്ല, ദൈവിക അനുഗ്രഹങ്ങളുടെ സാന്നിദ്ധ്യത്തെയും അതു സൂചിപ്പിക്കുന്നു. മാളിക മുറിയിലിരിക്കുന്ന ശിഷ്യന്മാരോടുള്ള ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആദ്യവാക്കുകളായിരുന്നു ഇവ (ഒ.നോ. യോഹ. 20:19,21,26). പൗലൊസും (ഒ.നോ. എഫെ. 6:23), പത്രൊസും (ഒ.നോ. 1 പത്രൊ. 5:14) ദൈവജനത്തിനു വേണ്ടിയുള്ള ഉപസംഹാര പ്രാർത്ഥനയായി ഇതുപയോഗിച്ചിട്ടുണ്ട്.

▣ **"പേരുപേരായി"** വ്യക്തിപരമായി, ഓരോരുത്തരായി, സ്നേഹമസൃണമായി എന്നു സൂചിപ്പിക്കുന്നതിനുള്ള ശൈലിയാണിത്. ഇത് ഈജിപ്ഷ്യൻ പാപ്പിറസിൽ മിക്കപ്പോഴും ഉപയോഗിച്ചിട്ടുണ്ട്.

## ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

ഇത് ഒരു പഠന മാർഗദർശക വ്യാഖ്യാന ഗ്രന്ഥമാണ്, ഇതിനർത്ഥം നിങ്ങളുടെ വേദപുസ്തക വ്യാഖ്യാനത്തിന് നിങ്ങൾ തന്നെ ഉത്തരവാദികളാണ് എന്നാണ്. നാം ഓരോരുത്തരും നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചത്തിൽ നടക്കണം. വ്യാഖ്യാനത്തിലെ മുൻഗണനാ ക്രമം നിങ്ങളും വേദപുസ്തകവും പരിശുദ്ധാത്മാവുമാണ്. ഇത് ഒരു വ്യാഖ്യാതാവിനെയും ഭരമേല്പിക്കരുത്.

ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് ഗ്രന്ഥത്തിലെ ഈ ഭാഗത്തുള്ള പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ചിന്തിക്കുന്നതിന് നിങ്ങളെ സഹായിപ്പാനാണ്. ഇവ കൊണ്ടുദ്ദേശിക്കുന്നത് കൃത്യതയുള്ളവരായിരിക്കുവാനല്ല പിന്നെയോ ചിന്തയെ ഉത്തേജിപ്പിക്കുക എന്നതാണ്.

1. ഗായൊസും ദിയൊത്രെഫേസും പരസ്പര വൈരുദ്ധ്യമുള്ളവരായിരിക്കുന്നതെന്തുകൊണ്ട് എന്നതിനെക്കുറിച്ച് അനേക സിദ്ധാന്തങ്ങൾ നിലവിലുണ്ട്. ചില നിർദ്ദേശങ്ങൾ ഇവയാണ്
   a. ദൈവശാസ്ത്രപരമായ കാരണങ്ങൾ
   b. സാമൂഹിക കാരണങ്ങൾ
   c. സഭാപരമായ കാരണങ്ങൾ
   d. സാന്മാർഗ്ഗിക കാരണങ്ങൾ
   ഇവയോരോന്നിന്റെയും സാധ്യതകൾ വിശദീകരിക്കുകയും അവ എങ്ങനെ 3 യോഹന്നാനോടു ബന്ധപ്പെട്ടിരിക്കുന്നുവെന്നു കണ്ടെത്തുകയും ചെയ്യുക.
2. 2 യോഹന്നാനും 3 യോഹന്നാനും എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നത്?
3. 1 യോഹന്നാനിൽ കാണുന്നതും 2, 3 യോഹന്നാനിൽ ആവർത്തിച്ചിരിക്കുന്നതുമായ ക്രിസ്തീയ ഉറപ്പിനെക്കുറിച്ചുള്ള മൂന്നു പരിശോധനകൾ വിവരിക്കുക.

# അനുബന്ധം ഒന്ന്

## ഗ്രീക്ക് വ്യാകരണ പദങ്ങളുടെ ഹ്രസ്വ നിർവചനം

ഹെല്ലനിസ്റ്റിക് ഗ്രീക്ക് എന്നു സാമാന്യമായി പറയുന്ന കൊയ്നേ ഗ്രീക്ക് ആയിരുന്നു മഹാനായ അലക്സാണ്ടറുടെ (ബി.സി. 336-323) ആക്രമണം മുതൽ തുടർന്നുള്ള എണ്ണൂറു വർഷങ്ങളിൽ (ബി.സി. 300 - എ.ഡി. 500) മെഡിറ്ററേനിയൻ പ്രദേശത്തെ പൊതുഭാഷ. അത് കേവലം ലളിതമായ ക്ലാസ്സിക്കൽ ഗ്രീക്ക് മാത്രമായിരുന്നില്ല, മറിച്ച് അനേക നിലകളിൽ ഗ്രീക്കിന്റെ പുതിയൊരു രൂപവും പുരാതന സമീപ പൂർവ്വദേശങ്ങളിലെയും മെഡിറ്ററേനിയൻ പ്രദേശങ്ങളിലെയും രണ്ടാം ഭാഷയുമായിരുന്നു.

പുതിയ നിയമത്തിന്റെ ഗ്രീക്ക് ചില നിലകളിൽ അതുല്യമായിരുന്നു, കാരണം അതുപയോഗിച്ചിരുന്നവർ, ലൂക്കൊസും എബ്രായ ലേഖന രചയിതാവും ഒഴികെ അരാമ്യ പ്രഥമ ഭാഷയായി ഉപയോഗിച്ചവരായിരുന്നു. അതിനാൽ അവരുടെ എഴുത്തുകളെ അരാമ്യയുടെ ശൈലികളും ഘടനാ സവിശേഷതകളും സ്വാധീനിച്ചിരുന്നു. കൊയ്നേ ഗ്രീക്കിൽ എഴുതപ്പെട്ടിരിക്കുന്ന സെപ്റ്റ്വജിന്റ് (പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ) അവർ വായിക്കുകയും അതിൽനിന്നു ഉദ്ധരിക്കുകയും ചെയ്തിരുന്നു. എങ്കിലും സെപ്റ്റ്വജിന്റും രചിക്കപ്പെട്ടത് ഗ്രീക്കു മാതൃഭാഷയല്ലാത്ത യെഹൂദ പണ്ഡിതന്മാരാൽ ആയിരുന്നു.

അതിനാൽ പുതിയനിയമത്തെ ഒരു കർശനമായ വ്യാകരണ ചട്ടക്കൂട്ടിൽ ഒതുക്കുവാൻ നമുക്കാവില്ല എന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അത് അതുല്യമായിരിക്കുമ്പോൾ തന്നെ അത് (1) സെപ്റ്റ്വജിന്റ്; (2) ജൊസീഫസിന്റെ രചനകൾ പോലെയുള്ള യെഹൂദ രചനകൾ; (3) ഈജിപ്റ്റിൽ നിന്നും ലഭിച്ച പാപ്പിറസ് എന്നിവയുടെ പൊതുസ്വഭാവം ഉള്ളവയുമാണ്. എങ്കിൽ എങ്ങനെ നമുക്ക് പുതിയ നിയമത്തിന്റെ വ്യാകരണ വിശകലനത്തെ സമീപിക്കാൻ കഴിയും?

കൊയ്നേ ഗ്രീക്കിന്റെയും പുതിയനിയമ കൊയ്നേ ഗ്രീക്കിന്റെയും വ്യാകരണ സവിശേഷതകൾ വഴക്കമുള്ളതാണ്. പല നിലകളിലും അത് വ്യാകരണത്തിന്റെ ലളിതവത്കരണമാണ്. സന്ദർഭമാണ് നമ്മുടെ പ്രധാന വഴികാട്ടി. വിശാല സന്ദർഭത്തിൽ മാത്രമേ വാക്കുകൾക്ക് അർത്ഥമുള്ളൂ. അതിനാൽ വ്യാകരണഘടന മനസ്സിലാക്കാൻ കഴിയുന്നത് (1) ആ പ്രത്യേക എഴുത്തുകാരന്റെ ശൈലി; (2) ആ പ്രത്യേക സന്ദർഭം എന്നിവയുടെ വെളിച്ചത്തിൽ മാത്രമാണ്. ഗ്രീക്ക് രൂപങ്ങളും ഘടനയും സംബന്ധിച്ച് ഒരു അന്തിമ നിർവ്വചനം സാധ്യമല്ല.

കൊയ്നേ ഗ്രീക്ക് പ്രാഥമികമായി ഒരു വാമൊഴി ഭാഷയാണ്. മിക്കപ്പോഴും വ്യാഖ്യാനത്തിനുള്ള താക്കോൽ ഈ അക്ഷരരൂപങ്ങളുടെ ഇനവും രൂപവും ആണ്. മിക്ക പ്രധാന വാചകങ്ങളിലും ക്രിയാപദം, അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നതിനായി ആദ്യമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് ക്രിയകളെ വിശകലനം ചെയ്യുമ്പോൾ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം: (1) കാലം, പ്രയോഗം, ക്രിയാരൂപം എന്നിവയുടെ അടിസ്ഥാന ഊന്നൽ (ആക്സിഡൻസ് അഥവാ മോർഫോളജി); (2) ആ പ്രത്യേക ക്രിയയുടെ അടിസ്ഥാന അർത്ഥം (ലെക്സിക്കോഗ്രഫി); (3) സന്ദർഭത്തിന്റെ ഒഴുക്ക് (സിന്റാക്സ്).

I. കാലം

A. കാലം എന്നതിൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയോടോ അപൂർണ്ണ പ്രവൃത്തിയോടോ ഉള്ള ക്രിയകളുടെ ബന്ധം ഉൾപ്പെട്ടിരിക്കുന്നു. ഇത് മിക്കപ്പോഴും പൂർണ്ണം (പെർഫക്ടീവ്) അഥവാ അപൂർണ്ണം (ഇംപെർഫക്ടീവ്) എന്നു വിളിക്കപ്പെടുന്നു.

1. പൂർണ്ണകാലം (പെർഫക്ടീവ് ടെൻസ്) പ്രവൃത്തി നടക്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. എന്തോ സംഭവിച്ചു എന്നതൊഴികെ കൂടുതൽ വിവരങ്ങൾ നൽകുന്നില്ല! അതിന്റെ തുടക്കവും തുടർച്ചയും പൂർത്തീകരണവും പരാമർശിക്കുന്നില്ല.
2. അപൂർണ്ണകാലം (ഇംപെർഫക്ടീവ് ടെൻസ്) ഒരു പ്രവൃത്തിയുടെ തുടർ പ്രക്രിയയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അത് നേർരേഖാ പ്രവൃത്തി, ക്രമാനുഗത പ്രവൃത്തി എന്നിങ്ങനെ വിവരിക്കാൻ കഴിയും.

B. പ്രവൃത്തിയുടെ മുന്നേറ്റത്തെ എഴുത്തുകാരൻ എങ്ങനെ കാണുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കാലങ്ങളെ വിഭജിക്കാൻ കഴിയും.

1. അതു സംഭവിച്ചു = ഭൂതകാലം (Aorist)
2. അതു സംഭവിച്ചു ഫലം നിലനില്ക്കുന്നു = പൂർണ്ണകാലം (Perfect)
3. അതു ഭൂതകാലത്തിൽ സംഭവിച്ചുകൊണ്ടിരുന്നു, ഫലം നിലനിന്നുകൊണ്ടിരുന്നു, പക്ഷേ ഇപ്പോഴില്ല = പ്ലൂ പെർഫക്ട്
4. അതു സംഭവിച്ചുകൊണ്ടിരിക്കുന്നു = വർത്തമാനകാലം (Present)
5. അതു സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു = അപൂർണ്ണം (Imperfect)
6. അതു സംഭവിക്കും = ഭാവി (Future)

ഈ കാലങ്ങൾ വ്യാഖ്യാനത്തെ എങ്ങനെ സഹായിക്കും എന്നതിന്റെ ഉദാഹരണമാണ് "രക്ഷിക്കുക" എന്ന പദം. അതിന്റെ പ്രക്രിയയെയും പൂർത്തീകരണത്തെയും കാണിക്കുവാൻ നിരവധി വ്യത്യസ്ത കാലങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. ഭൂതകാലം (aorist) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 8:24)
2. പൂർണ്ണകാലം (Perfect) = "രക്ഷിക്കപ്പെട്ടു ഫലം തുടരുന്നു" (ഒ.നോ. എഫെ. 2:5,8)
3. വർത്തമാനകാലം (Present) = "രക്ഷിക്കപ്പെടുന്നു" (ഒ.നോ. 1 കൊരി. 1:18; 15:2)
4. ഭാവികാലം (Future) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 5:9,10; 10:9)

C. ക്രിയാകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യഥാർത്ഥ എഴുത്തുകാരൻ ആ പ്രത്യേക കാലത്തിൽ തന്നെത്താൻ വെളിപ്പെടുത്തുന്നത് തിരഞ്ഞെടുത്തതിന്റെ കാരണങ്ങളും വ്യാഖ്യാതാവ് അന്വേഷിക്കും. സാധാരണ ഗതിയിൽ യാതൊരു സംശയവുമില്ലാത്ത കാലം ഭൂതകാലമാണ്. അത് സാധാരണയായ "പ്രത്യേകമല്ലാത്ത", "പ്രത്യേക അടയാളമില്ലാത്ത" അഥവാ "വിശേഷതയില്ലാത്ത" ക്രിയാരൂപമാണ്. സന്ദർഭത്തിനനുസരിച്ച് ധാരാളം രീതിയിൽ അതുപയോഗിക്കാൻ കഴിയും. ഒരു കാര്യം സംഭവിച്ചു എന്നു ലളിതമായി സൂചിപ്പിക്കുകയാണത്. ഭൂതകാലത്തിലെ സമയവശം നിർദ്ദേശിക വിഭക്തിരൂപത്തിൽ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. മറ്റേതൊരു കാലം ഉപയോഗിച്ചാലും കൂടുതൽ എന്തെങ്കിലും ഊന്നൽ അതിൽ കാണും. പക്ഷേ എന്ത്?

1. പൂർണ്ണകാലം (Perfect Tense). നിലനില്ക്കുന്ന ഫലത്തോടുകൂടിയ പൂർത്തിയായ പ്രവൃത്തിയെക്കുറിച്ചാണിതു പറയുന്നത്. ചില കാര്യത്തിൽ ഇത് ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും സംയുക്തമാണ്. സാധാരണയായി ഊന്നൽ, നിലനില്ക്കുന്ന ഫലത്തിലോ പ്രവൃത്തിയുടെ പൂർത്തീകരണത്തിലോ ആണ് (ഉദാ. എഫെ. 2:5,8, "നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു ... രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്).
2. പ്ലൂപെർഫെക്ട് (Pluperfect Tense). നിലനിൽക്കുന്ന ഫലം നിന്നിരിക്കുന്നു എന്നതൊഴിച്ചാൽ പൂർണ്ണകാലത്തിനു തുല്യമാണിത്. ഉദാ. യോഹന്നാൻ 18:16, "പത്രൊസ് വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ...".
3. വർത്തമാനകാലം (Present Tense). പൂർത്തിയാകാത്ത അഥവാ ഇംപെർഫെക്ട് പ്രവൃത്തിയാണിത്. ഊന്നൽ സാധാരണയായി സംഭവത്തിന്റെ തുടർച്ചയിലാണ്. ഉദാ. 1 യോഹന്നാൻ 3:6 & 9, "അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല."
4. അപൂർണ്ണകാലം (Imperfect Tense). ഈ കാലത്തിൽ വർത്തമാന കാലത്തോടുള്ള ബന്ധം പെർഫെക്ടും പ്ലൂപെർഫെക്ടും തമ്മിലുള്ള ബന്ധത്തിനു സമാനമാണ്. സംഭവിച്ചുകൊണ്ടിരിക്കുന്ന പൂർത്തീകരിക്കാത്ത ഒരു പ്രവൃത്തി ഇപ്പോൾ നിന്നിരിക്കുന്നു എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ ഭൂതകാലത്തിലെ ഒരു പ്രവൃത്തിയുടെ ആരംഭത്തെക്കുറിച്ചോ ഇംപെർഫക്ട് പറയുന്നു. ഉദാ. മത്തായി 3:5 "യെഷശേലേമ്യരും ... അവന്റെ അടുക്കൽ ചെന്നു" അല്ലെങ്കിൽ "യെഷശേലേമ്യർ എല്ലാവരും അവന്റെ അടുക്കൽ ചെല്ലുവാൻ തുടങ്ങി."
5. ഭാവികാലം (Future Tense). ഭാവികാലത്തു സംഭവിക്കാനുള്ള ഒരു പ്രവൃത്തിയെക്കുറിച്ചാണിത് എപ്പോഴും പറയുന്നത്. ഒരു യഥാർത്ഥ സംഭവത്തെക്കാൾ ആ സംഭവം മുഖാന്തരമുള്ള സാധ്യതകളിലാണ് ഊന്നൽ. സംഭവത്തിന്റെ നിശ്ചയത്തെക്കുറിച്ചാണ് ഇതു മിക്കപ്പോഴും സംസാരിക്കുന്നത്. ഉദാ. മത്തായി 5:4-9, "ഭാഗ്യന്മാർ ... അവർ കാണും."

II. പ്രയോഗം (Voice)

A. ക്രിയയുടെ പ്രവൃത്തിയും അതിന്റെ കർത്താവും തമ്മിലുള്ള ബന്ധത്തെയാണ് പ്രയോഗം വിവരിക്കുന്നത്.

B. കർത്താവാണ് ക്രിയ ചെയ്യുന്നതെന്നു സൂചിപ്പിക്കുന്ന സാധാരണവും പ്രതീക്ഷിക്കുന്നതും, ഊന്നലില്ലാത്തതുമായ പ്രസ്താവനയാണ് കർത്തരി പ്രയോഗം.

C. പുറമെ നിന്നുള്ള ഒരു വ്യക്തി ഉളവാക്കുന്ന ക്രിയയുടെ പ്രവൃത്തി കർത്താവു സ്വീകരിക്കുന്നു എന്നർത്ഥമാക്കുന്നതാണ് കർമ്മണി പ്രയോഗം. പുറമെയുള്ള വ്യക്തി പ്രവൃത്തി ഉളവാക്കുന്നു എന്നതിനെ താഴെപ്പറയുന്ന ഗതികളും പ്രത്യയങ്ങളും ഉപയോഗിച്ചാണ് ഗ്രീക്കു പുതിയനിയമം രേഖപ്പെടുത്തുന്നത്:

1. *ഹുപ്പോ (ὑπο)* ഉപയോഗിച്ച് നേരിട്ടുള്ള ഒരു വ്യക്തി, സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22; പ്രവൃത്തി 22:30)
2. *ഡിയാ (δια)* ഉപയോഗിച്ച് ഒരു ഇടനിലക്കാരനായ വ്യക്തി സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22)
3. *എൻ (εν)* ഉപയോഗിച്ച് ഒരു ആളത്തമില്ലാത്ത മാധ്യമം പ്രയോജികാ വിഭക്തി
4. ചിലപ്പോൾ ആളത്തമുള്ളതോ ആളത്തമില്ലാത്തതോ ആയ ഒരു മാധ്യമം, പ്രയോജികാ വിഭക്തി മാത്രം

D. മാധ്യമ പ്രയോഗം അർത്ഥമാക്കുന്നത് കർത്താവു ക്രിയയുടെ പ്രവൃത്തി ഉളവാക്കുകയും ക്രിയയുടെ പ്രവൃത്തിയിൽ നേരിട്ട് പങ്കാളിയാകുകയും ചെയ്യുന്നു എന്നാണ്. ഉന്നതമായ വ്യക്തി താല്പര്യത്തിന്റെ

പ്രയോഗം എന്നിതിനെ വിളിക്കാറുണ്ട്. ഈ ഘടന, വാചകരൂപത്തിന്റെ അഥവാ വാചകത്തിന്റെ വിഷയ ത്തിന് ചില രീതിയിൽ ഊന്നൽ നൽകുന്നു. ഇംഗ്ലീഷിൽ ഈ ഘടന ഇല്ല. ഗ്രീക്കിൽ ഇതിന് വിശാല അർത്ഥ, പരിഭാഷാ സാധ്യതകളാണുള്ളത്. ഈ രൂപത്തിന്റെ ചില ഉദാഹരണങ്ങൾ:

1. റിഫ്ളക്സീവ് – കർത്താവിന്റെ തന്നോടുതന്നെ നേരിട്ടുള്ള പ്രവൃത്തി. ഉദാ. മത്തായി 27:5 "കെട്ടി ഞാന്നു"
2. ഇന്റൻസീവ് – കർത്താവ് അതിനായി തന്നെ പ്രവൃത്തി ഉളവാക്കുന്നു. ഉദാ. 2 കൊരി. 11:14, "സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു"
3. റസിപ്രോക്കൽ – രണ്ടു കർത്താക്കൾക്കിടയിലുള്ള പ്രവൃത്തി. ഉദാ. മത്തായി 26:4 "(അന്യോന്യം) ആലോചിച്ചു"

II. ക്രിയാരൂപം (Mood)

A. കൊയ്നേ ഗ്രീക്കിൽ നാലു ക്രിയാരൂപങ്ങളുണ്ട്. ക്രിയയ്ക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധത്തെ, കുറ ഞ്ഞത് എഴുത്തുകാരന്റെ മനസ്സിലെങ്കിലും, അവ സൂചിപ്പിക്കുന്നു. ക്രിയാരൂപങ്ങളെ രണ്ടു വിശാല വിഭാ ഗങ്ങളായി തിരിക്കാം. യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നവയും (സൂചകം), സാധ്യതകളെ സൂചിപ്പിക്കുന്ന വയും (ക്രിയാബന്ധം, വിധിരൂപം അഥവാ അനുവാദകമായ/ ആഗ്രഹം പ്രകടിപ്പിക്കുന്ന).

B. സൂചക ക്രിയാരൂപം (Indicative mood), സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ പ്രവൃ ത്തിയെ – കുറഞ്ഞത് എഴുത്തുകാരന്റെ മനസ്സിൽ – സൂചിപ്പിക്കുന്ന സാധാരണ ക്രിയാരൂപമാണ്. ഒരു കൃത്യമായ സമയത്തെ സൂചിപ്പിക്കുന്ന ഗ്രീക്കിലെ ഏക ക്രിയാരൂപമാണിത്. ഇവിടെപ്പോലും ഈ വിഷയം രണ്ടാം തരമാണ്.

C. അനുബന്ധ ക്രിയാരൂപം (Subjunctive mood) ഭാവിയിൽ സാധ്യതയുള്ള പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ കാര്യം ഇതുവരെ സംഭവിച്ചിട്ടില്ല, പക്ഷേ അതു സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഭാവിസൂചക ത്തോട് സമാനതയുള്ളതാണത്. വ്യത്യാസം അനുബന്ധം ഒരളവുവരെ സംശയം പ്രകടിപ്പിക്കുന്നു എന്ന താണ്. ഇംഗ്ലീഷിൽ അത് "കഴിയും", "ആയിരിക്കും" (could, would, may, might) എന്നീ പദങ്ങളിൽ കൊണ്ടാണു വെളിപ്പെടുത്തുന്നത്.

D. അനുവാദക ക്രിയാരൂപം (Optative mood) സൈദ്ധാന്തികമായി സാധ്യമായ ഒരു ആഗ്രഹത്തെ വെളി പ്പെടുത്തുന്നു. അത് ക്രിയാബന്ധത്തെക്കാൾ യാഥാർത്ഥ്യത്തോട് ഒരുപടി കൂടി അടുത്തതാണ്. ചില പ്രത്യേക സാഹചര്യത്തിൽ അതിന്റെ സാധ്യത അനുവാദകക്രിയാരൂപം പ്രകടിപ്പിക്കുന്നു. പുതിയനിയ മത്തിൽ ഇത് അപൂർവ്വമാണ്. അതിന്റെ കൂടെക്കൂടെയുള്ള ഉപയോഗം പൗലൊസിന്റെ പ്രസിദ്ധമായ ശൈലി, "ഒരുനാളും അരുത്" ("ദൈവം വിലക്കട്ടെ") ആണ്. ഇത് 15 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. റോമ. 3:4,6,31; 6:2,15; 7:7,13; 9:14; 11:1,11; 1 കൊരി. 6:15; ഗലാ. 2:17; 3:21; 6:14). മറ്റ് ഉദാഹരണങ്ങൾ ലൂക്കൊ. 1:38; 20:16; പ്രവൃ. 8:20; 1 തെസ്സ. 3:11 എന്നീ വാക്യങ്ങളിൽ കാണാം.

E. വിധിരൂപം (Imperative mood) സാധ്യമായ ഒരു കല്പന ഊന്നിപ്പറയുന്നു, എങ്കിലും സംസാരിക്കുന്നവന്റെ ഉദ്ദേശ്യത്തിനാണ് ഊന്നൽ. സ്വമേധയാ ഉള്ള സാധ്യതയെയാണതു പ്രസ്താവിക്കുന്നത്, അതിന്റെ വ്യവസ്ഥ മറ്റൊരുവന്റെ തെരഞ്ഞെടുപ്പുകളാണ്. പ്രാർത്ഥനകളിലും പ്രഥമപുരുഷ അപേക്ഷകളിലും വിധിരൂപത്തിന്റെ പ്രത്യേക ഉപയോഗമുണ്ട്. പുതിയ നിയമത്തിൽ ഈ കല്പനകൾ വർത്തമാന, ഭൂത കാലങ്ങളിൽ മാത്രമേ കാണുന്നുള്ളൂ.

F. ചില വ്യാകരണ ഗ്രന്ഥങ്ങൾ അപൂർണ്ണക്രിയകളെ (Participles) മറ്റൊരു ക്രിയാരൂപമായി പ്രസ്താവി ക്കുന്നു. പുതിയനിയമത്തിൽ അതു സാധാരണമാണ്, അവയെ സാധാരണയായി അലിഖിത നാമവിശേ ഷണങ്ങൾ എന്നു വിളിക്കുന്നു. അവ ബന്ധപ്പെട്ടിരിക്കുന്ന പ്രധാന ക്രിയയോടു ബന്ധപ്പെടുത്തിയാണത് പരിഭാഷപ്പെടുത്താറുള്ളത്. അപൂർണ്ണ ക്രിയകൾ പരിഭാഷപ്പെടുത്തുമ്പോൾ വൈവിധ്യങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. നിരവധി ഇംഗ്ലീഷ് പരിഭാഷകൾ പരിശോധിക്കുന്നത് ഉത്തമമാണ്. ബേക്കർ പ്രസിദ്ധീക രിച്ച *ദ ബൈബിൾ ഇൻ ടന്റി സിക്സ് ട്രാൻസലേഷൻസ്* മികച്ച സഹായക ഗ്രന്ഥമാണ്.

G. ഭൂതകാല കർത്തരി സൂചകം, ഒരു സംഭവത്തെ രേഖപ്പെടുത്തുന്നതിനുള്ള സാധാരണവും അല്ലെങ്കിൽ "പ്രത്യേക തോന്നാത്ത രീതിയിലുള്ളതുമായ" മാർഗ്ഗമാണ്. മറ്റേതൊരു കാലത്തിനും പ്രയോഗത്തിനും ക്രിയാരൂപത്തിനും മൂല എഴുത്തുകാരൻ വിനിമയം ചെയ്യാനാഗ്രഹിക്കുന്ന ഏതെങ്കിലും നിലയിലുള്ള വ്യാഖ്യാനിക്കുന്ന പ്രാധാന്യമുണ്ടായിരിക്കും.

IV. ഗ്രീക്ക് ഭാഷ പരിചയമില്ലാത്ത വ്യക്തിക്ക് താഴെപ്പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭി ക്കും.

A. Friberg, Barbara and Timothy. *Analytical Greek New Testament*. Grand Rapids: Baker, 1988.

B. Marshall, Alfred. *Interlinear Greek-English New Testament*. Grand Rapids: Zondervan, 1976.

C. Mounce, William D. *The Analytical Lexicon to the Greek New Testament*. Grand Rapids: Zondervan, 1993.

D. Summers, Ray. *Essentials of New Testament Greek*. Nashville: Broadman, 1950.

E. Academically accredited Koine Greek correspondence courses are available through Moody Bible Institute in Chicago, IL.

V. നാമങ്ങൾ

A. പദവിന്യാസ ക്രമ സംബന്ധമായി, നാമങ്ങൾ വിഭക്തിക്കനുസരിച്ചാണ് വിഭജിക്കാറുള്ളത്. നാമത്തിന് ക്രിയായോടോ വാചകത്തിലെ മറ്റു ഭാഗങ്ങളോടൊ ഉള്ള ബന്ധം വെളിപ്പെടുത്തുന്ന നാമരൂപത്തെയാണ് വിഭക്തി എന്നു പറയുന്നത്. കൊയ്നേ ഗ്രീക്കിൽ വിഭക്തിയുടെ ധർമ്മങ്ങളധികവും *ഗതി* ഉപയോഗിച്ചാണ് സൂചിപ്പിക്കുന്നത്. നിരവധി വ്യത്യസ്ത ബന്ധങ്ങളെ തിരിച്ചറിവാൻ വിഭക്തി രൂപങ്ങൾക്കു കഴിയുമെന്നതിനാൽ, സാധ്യമായ ധർമ്മത്തിന് വ്യക്തമായ വേർതിരിവു നൽകുന്ന വിധത്തിൽ ഗതികൾ വികസിപ്പിക്കപ്പെട്ടിരിക്കുന്നു.

B. ഗ്രീക്ക് വിഭക്തികൾ താഴെ പറയുന്ന എട്ടു രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു

1. നിർദ്ദേശിക (Nominative) പേരു നല്കുന്നതിനുപയോഗിക്കുന്നു; സാധാരണയായി അതായിരിക്കും വാചകത്തിലെ അല്ലെങ്കിൽ ഉപവാചകത്തിലെ കർത്താവ്. സംയോജക ക്രിയകളായ “to be”അഥവാ “become” (ആയിരിക്കുക, ആയിത്തീരുക) എന്നിവ ഉപയോഗപ്പെടുത്തി ആഖ്യാത നാമമോ (Predicate noun) നാമവിശേഷണമോ നിർമ്മിക്കാനും അതുപയോഗിക്കുന്നു.
2. സംബന്ധിക (Genetive) വിവരണത്തിനുവേണ്ടി ഉപയോഗിക്കുന്നു; സാധാരണയായി അതു ബന്ധപ്പെടുന്ന വാക്കിന് ഒരു സവിശേഷത അഥവാ ഗുണം നൽകുന്നതിനായി ഉപയോഗിക്കുന്നു. “ഏതു തരം?” എന്ന ചോദ്യത്തിന് അതുത്തരം നല്കുന്നു. ഇംഗ്ലീഷ് ഗതിയായ ‘to’ (ഉടെ/ന്റെ) ഉപയോഗിച്ചാണ് പ്രകടിപ്പിക്കുന്നത്.
3. സംയോജിക (Ablative) സംബന്ധിക പോലെ പദങ്ങളുടെ അതേ രൂപഭേദം ഉപയോഗിക്കുന്നു എങ്കിലും അത് വേർതിരിവു കാണിക്കാനാണുപയോഗിക്കുന്നത്. സമയം, സ്ഥാനം, ഉറവിടം, മൂലം, അളവ് എന്നിവയിലെ ഒരു ഘട്ടത്തിൽ നിന്നുള്ള വേർതിരിവാണതു സാധാരണയായി ചെയ്യുന്നത്. ഇംഗ്ലീഷ് ഗതിയായ ‘from’ (ഓട്/ൽനിന്ന്) ഉപയോഗിച്ചാണ് പ്രയോഗിക്കുന്നത്.
4. ഉദ്ദേശിക (Dative) ഒരു വ്യക്തിപരമായ താല്പര്യത്തെ വിവരിക്കാനുപയോഗിക്കുന്നു. ഇത് സാധകാത്മകമോ നിഷേധാത്മാകമോ ആയ തലത്തെ സൂചിപ്പിക്കാം. മിക്കപ്പോഴും ഇത് പരോക്ഷ കർമ്മമാകാം. ഇംഗ്ലീഷ് ഗതിയായ ‘to’ (ക്ക്/ ന്) ഉപയോഗിച്ചാണിതു പ്രകടിപ്പിക്കുന്നത്.
5. ആധാരിക (Locative) വിഭക്തി ഉദ്ദേശികക്കു സമാനമായ വക്രരൂപമാണെങ്കിലും അത് സ്ഥാനം, സമയം അഥവാ യുക്തിപരമായ പരിധി എന്നിവയിലെ സ്ഥാനം അഥവാ സ്ഥലം വിവരിക്കാനാണുപയോഗിക്കുന്നത്. ഇംഗ്ലീഷ് ഗതികളായ “in, on, at, am, on, during, by” (ൽ/കൽ) എന്നിവ ഉപയോഗിച്ചാണിത് പ്രകടിപ്പിക്കുന്നത്.
6. പ്രായോജിക (Instrumental) വിഭക്തി ഉദ്ദേശികയും ആധാരികയും പോലെയുള്ള വക്രരൂപങ്ങളാണ്. അത് മാർഗ്ഗത്തെ അഥവാ ബന്ധത്തെ സൂചിപ്പിക്കുന്നു. “by” “with” (ആൽ/കൊണ്ട്) എന്നീ ഇംഗ്ലീഷ് ഗതികൾ കൊണ്ടാണിത് പ്രകടിപ്പിക്കുന്നത്.
7. കർമ്മ വിഭക്തി (Accusative) ഒരു പ്രവൃത്തിയുടെ സമാപനത്തെ സൂചിപ്പിക്കുന്നു. അത് പരിധിയെ വെളിപ്പെടുത്തുന്നു. പ്രത്യക്ഷ കർമ്മമാണ് അതിന്റെ പ്രധാന ഉപയോഗം. “എത്രത്തോളം,” “ഏത ളവു വരെ?” എന്നീ ചോദ്യങ്ങൾക്ക് അതുത്തരം നല്കുന്നു.
8. പ്രതിഗ്രാഹിക (Vocative) നേരിട്ടുള്ള അഭിസംബോധനയ്ക്ക് ഉപയോഗിക്കുന്നു.

VI. സമുച്ചയ പദങ്ങളും സംയോജകങ്ങളും

A. ഗ്രീക്ക് ഒരു കൃത്യതയുള്ള ഭാഷയാണ്, കാരണം അതിന് കൂട്ടിച്ചേർക്കുന്ന ധാരാളം പദങ്ങളുണ്ട്. അവ ചിന്തകളെ കൂട്ടിയോജിപ്പിക്കുന്നു (വാക്യശകലങ്ങൾ, വാചകങ്ങൾ, ഖണ്ഡികൾ). അവ സർവ്വസാധാരണമായതിനാൽ അതിന്റെ അഭാവം മിക്കപ്പോഴും വ്യാഖ്യാനപരമായി പ്രാധാന്യമുള്ളതായിരിക്കും. വാസ്തവത്തിൽ ഈ സമുച്ചയ പദങ്ങളും സംയോജകങ്ങളും എഴുത്തുകാരന്റെ ചിന്തയുടെ ദിശ വെളിപ്പെടുത്തുന്നവയാണ്. അവൻ വാസ്തവത്തിൽ എന്താണ് വിനിമയം ചെയ്യാനാഗ്രഹിക്കുന്നതെന്നു മനസ്സിലാക്കുന്നതിൽ അവയ്ക്കു നിർണ്ണായക പങ്കുണ്ട്.

B. ചില സമുച്ചയ പദങ്ങളുടെയും സംയോജകങ്ങളുടെയും പട്ടിക ഇവിടെ കൊടുക്കുന്നു (എച്ച്. ഇ. ഡാനാ, ജൂലിയസ് കെ. മാന്റി എന്നിവയെഴുതിയ *എ മാന്വൽ ഗ്രാമർ ഓഫ് ദ ന്യൂ ടെസ്റ്റ്മെന്റിൽ* നിന്നെടുത്ത വിവരങ്ങളാണിവ).

1. സമയ സംയോജകങ്ങൾ
   a. *എപെയി (ἐπει), എപെയിഡി (ἐπειδη), ഹൊപൊറ്റെ (ὁποτε), ഹോസ് (ὡς), ഹോട്ടെ (ὁτε), ഹോട്ടാൽ (ὁταν* കർത്താവ്) - “When” (എപ്പോളോ അപ്പോൾ)
   b. *ഹിയോസ് (ἑως),*- “while” (അന്നേരം)
   c. *ഹോട്ടൻ (ὁταν), എപാൻ (ἐπαν* -കർത്താവ്) - “Whenever” (അപ്പോഴൊക്കെ)

d. *ഹെയോസ് (εος), അഖ്റി (αχρι), മെഖ്റി (μεχρι* കർത്താവ്) - “until” (അതുവരെ)
e. പ്രിൻ *(πριν,* ഇൻഫി.) - “before” മുമ്പ്
f. *ഹോസ് (ὁς),*- “Since”, “When”, “as” (അതുമുതൽ, അപ്പോൾ, അതുപോലെ)

2. യുക്തിപരമായ സംയോജകങ്ങൾ
   a. ഉദ്ദേശ്യം
      (1) *ഹിനാ (ἱνα* കർത്താവ്), *ഹോപോസ് (ὁποςκ* കർത്താവ്), *ഹോസ് (ὁς)* - “in order that” “that” (അതിനായി, അതായത്).
      (2) *ഹോസ്ടെ (ὁστε* - Articilar Ascusative infinitive) “that” - “അതായത്”
      (3) *പ്രോസ് (προς* - Articilar Ascusative infinitive) അഥവാ *എയിസ് (εις* - Articilar Ascusative infinitive) - “that” “അത്”
   b. ഫലം (ഉദ്ദേശ്യം, ഫലം എന്നിവയുടെ വ്യാകരണ രൂപങ്ങൾ തമ്മിൽ വളരെ അടുപ്പമുണ്ട്)
      (1) *ഹോസ്ടെ (ὁστε* അപൂർണ്ണക്രിയ, ഇതാണ് സർവ്വ സാധാരണം) “in order that”, “thus”
      (2) *ഹിനാ (ἱνα* കർ) - “so that” “അതിനാൽ”
      (3) *അറാ (αρα)* - “so” “അതുകൊണ്ട്/അങ്ങനെ”
   c. യാദൃശ്ചികം അഥവാ കാരണം
      (1) *ഗാർ (γαρ)* (ഹേതു/ഫലം അഥവാ കാരണം/സമാപനം) “for” “because” “അക്കാരണത്താൽ”
      (2) *ഡിയോട്ടി (διοτι), ഹോട്ടിയു (ὁτιυ)* - “because” “അതുകൊണ്ട്”
      (3) *എപെയി (επει), എപെയിഡി (επειδη), ഹോസ് (ὁς),* - “since” “അതിനാൽ”
      (4) *ഡിയാ (δια)* (കർമ്മ വിഭക്തിയോടൊപ്പം) - “because” “എന്തുകൊണ്ടെന്നാൽ”
   d. അനുമാനസിദ്ധം
      (1) *അറാ (αρα), പോയിനൂൻ (ποιυυν), ഹോസ്ടെ (ὁστε)* - “therefore” “അതുകൊണ്ട്”
      (2) *ഡിയോ (διο)* (ശക്തമായ അനുമാന സമുച്ചയ പദം) “on which account” “whenfore” “therefore” “അക്കാരണത്താൽ” “അതുകൊണ്ട്”
      (3) ഔൻ *(ουν)* - “therefore”, “so”, “then”, “consequently” “അക്കാരണത്താൽ” “അതുകൊണ്ട്” “തൽഫലമായി”
      (4) ടോയിനൗൻ *(τοινουν)* - “Accordingly” “അതിനനുസരണമായി”
   e. എതിരായ അഥവാ വൈരുദ്ധ്യം
      (1) *അല്ലാ (αλλα)* (ശക്തമായ എതിർ) - “but” “except” “എങ്കിലും” “ഒഴിച്ച്”
      (2) *ഡെ (δε)* - “but”, “however”, “yet”, “on the other hand” “എന്നാൽ,” “എന്നിരുന്നാലും,” “എന്നിട്ടും,” “നേരെ മറിച്ച്”
      (3) *കായി (και)* - “but” “എന്നാൽ”
      (4) *മെന്റോയി (μεντοι), ഔൻ (ουν)* - “however” “എന്നിരുന്നാലും”
      (5) *പ്ലീൻ (πλην)* - “never-the-less” “എന്നിരുന്നാലും” (അധികവും ലൂക്കൊസിൽ)
      (6) *ഔൻ (ουν)* - “however” “എന്നിരുന്നാലും”
   f. താരതമ്യം
      (1) *ഹോസ് (ὁς), കാത്തോസ് (καθος)* (താരതമ്യ വാക്യവിഭാഗത്തെ അവതരിപ്പിക്കുന്നു)
      (2) *കാറ്റാ (κατα),* (സംയുക്തങ്ങൾ *കാത്തോ (καθο), കാത്തോറ്റി (καθοτι), കാത്തോസ്പർ (καθοσπερ), കാത്താപെർ (καθαπερ)*
      (3) *ഹോസോസ് (ὁσος)* - എബ്രായ ലേഖനത്തിൽ
      (4) *ഈ (η)* - “than” “അതിനെക്കാളും”
   g. തുടരുന്നത് അഥവാ പരമ്പര
      (1) *ഡെ (δε)* - “and,” “now” “ഉം,” “ഇനി”
      (2) *കായി (και)* - “and” “ഉം”
      (3) *റ്റെയി (τει)* - “and” “ഉം”
      (4) *ഹിനാ (ἱνα), ഔൻ (ουν)* - “that” “അത്”
      (5) *ഔൻ (ουν)* - “then” “ഉടനെ” “അനന്തരം” - യോഹന്നാനിൽ

3. ഊന്നൽ പ്രയോഗങ്ങൾ
   a. *അല്ലാ (αλλα)* - “certainty,” “yea,” “in fact” “തീർച്ച,” “അതേ,” “വാസ്തവം”
   b. *അറാ (αρα)* - “indeed,” “certainly,” “really” “തീർച്ചയായും,” “നിശ്ചയമായും” “വാസ്തവത്തിൽ”
   c. *ഗാർ (γαρ)* - “but really,” “certainly,” “indeed” “എന്നാൽ വാസ്തവമായി,”“തീർച്ചയായും,” “നിശ്ചയമായും”
   d. *ഡെ (δε)* - “indeed” “നിശ്ചയമായും”
   e. *ഇയാൻ (εαν)* - “even” “പോലും”

f. *കായി (και)* - "even" "indeed," "really" "പോലും," "തീർച്ചയായും," "യഥാർത്ഥമായി"
g. *മെന്റോയി (μεντοι)* - "indeed" "തീർച്ചയായും"
h. *ഔൻ (ουν)* - "really," "by all means" "തീർച്ചയായും," "എല്ലാവിധത്തിലും"

VII. സോപാധിക വാചകങ്ങൾ

A. ഒന്നോ അധിലധികമോ ഉപാധികൾ അടങ്ങിയവയാണ് സോപാധിക വാചകം. ഈ വ്യാകരണ ഘടന വ്യാഖ്യാനത്തെ സഹായിക്കുന്നു, കാരണം അത് പ്രധാന ക്രിയ ചെയ്യുന്ന അഥവാ ചെയ്യാത്ത പ്രവൃത്തിയുടെ വ്യവസ്ഥകളും, കാരണങ്ങളും അഥവാ ഹേതുക്കളും നല്കുന്നു. നാലു തരത്തിലുള്ള സോപാധിക വാചകങ്ങളുണ്ട്. എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യം എന്നനുമാനിക്കുന്ന കാര്യം, അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തെ പിന്തുണയ്ക്കുന്നതു മുതൽ കേവലം ഒരു ആഗ്രഹം വരെയുള്ളവ അതിലുൾപ്പെടുന്നു.

B. ഒന്നാംതരം സോപാധിക വാചകം "എങ്കിൽ" എന്ന പദത്തോടുകൂടിയായാൽ പോലും വെളിപ്പെടുത്തപ്പെട്ട പ്രവൃത്തി അല്ലെങ്കിൽ എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമെന്നനുമാനിക്കുന്ന കാര്യം അല്ലെങ്കിൽ അവന്റെ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളത് ഉൾപ്പെടുന്നു. നിരവധി സന്ദർഭങ്ങളിൽ അത് "അതിനാൽ," "എങ്കിൽ," "ആയതിനാൽ" എന്ന അർത്ഥത്തിൽ (ഒ.നോ. മത്താ. 4:3; റോമ. 8:31) എന്നു തർജ്ജമ ചെയ്യാൻ കഴിയും. എന്നിരുന്നാലും എല്ലാ ഒന്നാംതരം സോപാധിക വാചകങ്ങളും യാഥാർത്ഥ്യത്തിനു നിരക്കുന്നതാണെന്നു ഇത് അർത്ഥമാക്കുന്നില്ല. പലപ്പോഴും ഇത് ഒരു വാദപ്രതിവാദത്തിലെ വിഷയം ഉന്നയിക്കുന്നതിനോ അല്ലെങ്കിൽ ഒരു തെറ്റ് ചൂണ്ടിക്കാണിക്കുന്നതിനോ ഉപയോഗിക്കാറുണ്ട് (ഒ.നോ. മത്താ. 12:27).

C. രണ്ടാംതരം സോപാധിക വാചകത്തെ മിക്കപ്പോഴും "വസ്തുതാ വിരുദ്ധം" എന്നു വിളിക്കാറുണ്ട്. ഒരു വിഷയം സ്ഥാപിക്കുന്നതിനുവേണ്ടി യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടാത്ത ഒന്നിനെ അതു പ്രസ്താവിക്കുന്നു. ഉദാഹരണങ്ങൾ:

1. ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, അവൻ അതല്ല, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു, അതവൻ അറിഞ്ഞില്ല" (ലൂക്കൊ. 7:39)
2. "നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ, അതു നിങ്ങൾ ചെയ്യുന്നില്ല, എന്നെയും വിശ്വസിക്കുമായിരുന്നു, അതു നിങ്ങൾ ചെയ്യുന്നില്ല" (യോഹ. 5:46)
3. "ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ, അതു ഞാൻ ചെയ്യുന്നില്ല, ഞാൻ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല, അതു ഞാൻ ആകുന്നു" (ഗലാ. 1:10)

D. മൂന്നാംതരം സോപാധിക വാചകം സാധ്യമായ ഭാവിപ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ പ്രവൃത്തിയുടെ സംഭവ്യതയാണ് അതനുമാനിക്കുന്നത്. സംഭവിക്കാനിടയുള്ള ഒന്നിനെ അതു സൂചിപ്പിക്കുന്നു. "എങ്കിൽ" വകുപ്പനുസരിച്ച് പ്രധാന ക്രിയയുടെ പ്രവൃത്തി സംഭവ്യതയുള്ളതാണ്. 1 യോഹന്നാനിൽ നിന്നുള്ള ഉദാഹരണങ്ങൾ: 1:6-10; 2:4,6,9,15,20,21,24,29; 3:21; 4:20; 5:14,16).

E. നാലാംതരം സോപാധിക വാചകം വിദൂര സാദ്ധ്യത മാത്രമുള്ളതാണ്. പുതിയനിയമത്തിൽ അത് അപൂർവ്വമാണ്. വാസ്തവത്തിൽ ഉപാധികളുടെ രണ്ടു ഭാഗങ്ങളും നിർവചനത്തിനു യോജിക്കുന്ന വിധത്തിലുള്ള പൂർണ്ണമായ ഒരു നാലാംതരം സോപാധിക വാചകം ഇല്ല എന്നു തന്നെ പറയാം. ഭാഗികമായ നാലാംതരത്തിന്റെ ഒരു ഉദാഹരണം 1 പത്രൊ. 3:14 ന്റെ പ്രാരംഭ ഭാഗമാണ്. സമാപനഭാഗത്തെ ഭാഗിക നാലാംതരം സോപാധിക വാചകം പ്രവൃ. 8:31 ലും കാണാം.

VIII. നിരോധനങ്ങൾ

A. *മി (μη)* ഘടകം ചേർന്ന വർത്തമാനകാല കല്പന പലപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന ഊന്നൽ നല്കുന്നവയാണ്. ചില ഉദാഹരണങ്ങൾ: "ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത് (സ്വരൂപിക്കുന്നതു നിർത്തുക)" (മത്താ. 6:19); "വിചാരപ്പെടരുത് (വിചാരപ്പെടുന്നത് നിർത്തുക)" (മത്താ. 6:25); "നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കരുത് (സമർപ്പിക്കുന്നത് നിർത്തുക)" (റോമ. 6:13); "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് (ദുഃഖിപ്പിക്കുന്നത് നിർത്തുക)" (എഫെ. 4:30); "വീഞ്ഞു കുടിച്ചു മത്തരാകരുത് (മത്തരാകുന്നത് നിർത്തുക)" (എഫെ. 5:18).

B. *മി (μη)* ഘടകം ചേർന്ന ഭൂതകാല അനുബന്ധത്തിന് ഒരു പ്രവൃത്തി "തുടങ്ങുകപോലും അരുത് അഥവാ ആരംഭിക്കരുത്" എന്ന ഊന്നലാണുള്ളത്. ചില ഉദാഹരണങ്ങൾ: "എന്നു നിരൂപീകരിക്കരുത് (നിരൂപിക്കാൻ ആരംഭിക്കപോലും അരുത്)" (മത്താ. 5:17); "നിങ്ങൾ വിചാരപ്പെടരുത് (വിചാരപ്പെടാൻ ആരംഭിക്കപോലുമരുത്)" (മത്താ. 6:31); "ലജ്ജിക്കാതെ (നീ ഒരിക്കലും ലജ്ജിക്കരുത്)" (2 തിമൊ. 1:18).

C. അനുബന്ധ ക്രിയാരൂപം ചേർന്ന ഇരട്ട നിഷേധം, വളരെ ശക്തമായ നിഷേധമാണ്. "ഇല്ല ഒരിക്കലുമില്ല" അല്ലെങ്കിൽ "ഒരു സാഹചര്യത്തിലും ഇല്ല." ചില ഉദാഹരണങ്ങൾ: "ഒരുനാളും മരണം കാൺകയില്ല (അവൻ ഒരുനാളും, ഒരുനാളും മരണം കാൺകയില്ല)" (യോഹ. 8:15); "ഞാൻ ഒരുനാളും (ഞാൻ

ഒരുനാളും ഇല്ല, ഇല്ല ഒരുനാളുമില്ല)" (1 കൊരി. 8:13).

IX. വിവേചകഭേദകം (Article)

A. കൊയ്നേ ഗ്രീക്കിൽ "the" എന്ന definite article ന് ഇംഗ്ലീഷിലേതിനു സമാനമായ ഉപയോഗമാണുള്ളത്. ഒരു കൈചൂണ്ടിയുടെ അടിസ്ഥാന ധർമ്മമാണിതിനുള്ളത്: ഒരു വാക്ക്, നാമം, അഥവാ പ്രയോഗം എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുക. പുതിയനിയമത്തിൽ ഓരോ എഴുത്തുകാരനും വ്യത്യസ്ത നിലകളിലാണിതുപയോഗിക്കുന്നത്. Definite article താഴെപ്പറയുന്ന രീതിയിലും പ്രവർത്തിക്കും.

1. സൂചക സർവ്വനാമം പോലെ താരതമ്യത്തിനുള്ള ഉപാധിയായി
2. മുമ്പ് പരിചയപ്പെടുത്തിയ കർത്താവ് അഥവാ വ്യക്തിയെ സൂചിപ്പിക്കുന്നതിനുള്ള അടയാളമായി
3. ബന്ധപ്പെടുത്തുന്ന ക്രിയ ഉപയോഗിച്ച് ഒരു വാചകത്തിലെ കർത്താവിനെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായി. ഉദാ. "ദൈവം ആത്മാവാകുന്നു" (യോഹ. 4:24); "ദൈവം വെളിച്ചമാകുന്നു" (1 യോഹ. 1:5); "ദൈവം സ്നേഹം തന്നെ" (4:18,16).

B. ഇംഗ്ലീഷിലെ "a" "an" എന്നതിനു സമാനമായി കൊയ്നേ ഗ്രീക്കിൽ indefinite article ഇല്ല. Definite article ന്റെ അഭാവം സൂചിപ്പിക്കുന്നത്

1. ഒന്നിന്റെ സവിശേഷത അഥവാ ഗുണത്തിൽ ശ്രദ്ധയൂന്നുന്നു
2. ഒന്നിന്റെ വിഭാഗത്തിൽ ശ്രദ്ധയൂന്നുന്നു

C. വിവേചക ഭേദകം ഉപയോഗിക്കുന്ന കാര്യത്തിൽ പുതിയ നിയമ എഴുത്തുകാർ വിഭിന്നരാണ്.

X. ഗ്രീക്കു പുതിയനിയമത്തിൽ ഊന്നൽ നല്കുന്നതിനുപയോഗിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ

A. പുതിയ നിയമത്തിൽ ഊന്നൽ നൽകുന്നതിനുപയോഗിച്ചിരിക്കുന്ന ടെക്നിക്കുകൾക്ക് എഴുത്തുകാർക്കനുസരിച്ച് വ്യത്യാസമുണ്ട്. ഏറ്റവും സ്ഥിരതയുള്ളതും ഔപചാരികവുമായ എഴുത്തുകാർ ലൂക്കൊസും എബ്രായലേഖനകാരനുമാണ്.

B. ഭൂതകാല കർത്തരി സൂചകമാണ് ഊന്നലിനുള്ള സാധാരണം രീതിയെന്നും മറ്റേതൊരു കാലവും പ്രയോഗവും ക്രിയാരൂപവും വ്യാഖ്യാന പ്രാധാന്യമുള്ളതാണെന്നും നാം മുമ്പു പറഞ്ഞിരുന്നു. ഇതിനർത്ഥം ഭൂതകാല കർത്തരി സൂചകം സുപ്രധാന വ്യാകരണ അർത്ഥത്തിൽ കൂടെക്കൂടെ ഉപയോഗിച്ചിട്ടില്ല എന്നല്ല (ഉദാ. റോമ. 6:10 [2 പ്രാവശ്യം]).

C. കൊയ്നേ ഗ്രീക്കിലെ പദക്രമം

1. ഇംഗ്ലീഷിനെപ്പോലെ വാക്കുകളുടെ ക്രമത്തിൽ ആശ്രയിക്കാൻ കഴിയാത്ത ഒരു വക്രഭാഷയാണ് കൊയ്നേ ഗ്രീക്ക്. അതിനാൽ എഴുത്തുകാരന് പ്രതീക്ഷിക്കുന്ന സാധാരണ പദക്രമത്തെ മാറ്റാൻ കഴിയും. ഇത് ചെയ്യുന്നത്
   a. വായനക്കാരന്റെ മുമ്പിൽ താൻ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നതെന്താണെന്നു എഴുത്തുകാരന് വെളിപ്പെടുത്താൻ
   b. വായനക്കാരനെ വിസ്മയിപ്പിക്കുമെന്നു എഴുത്തുകാരൻ ചിന്തിക്കുന്നതെന്താണെന്നു വെളിപ്പെടുത്താൻ
   c. എഴുത്തുകാരനെ ആഴമായി സ്പർശിച്ചതെന്തെന്നു വെളിപ്പെടുത്താൻ
2. ഗ്രീക്കിലെ സാധാരണ പദക്രമം ഇപ്പോഴും പരിഹരിക്കാത്ത വിഷയമാണ്. എന്നിരുന്നാലും പ്രതീക്ഷിക്കാവുന്ന പദക്രമം:
   a. ബന്ധിപ്പിക്കുന്ന ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) പൂരകം
   b. സകർമ്മക ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) കർമ്മം
      (4) പരോക്ഷ കർമ്മം
      (5) ഉപസർഗക പ്രയോഗം
   c. നാമ പ്രയോഗങ്ങൾക്ക്
      (1) നാമം
      (2) അലങ്കാരം
      (3) ഉപസർഗക പ്രയോഗം
3. പദക്രമം അതിപ്രധാന വ്യാഖ്യാന വിഷയമാകാം. ഉദാഹരണത്തിന്
   a. "അവർ എനിക്കും ബർന്നബാസിനും കൂട്ടയ്മയുടെ വലംകരം തന്നു" (വലംകരം അവർ എനിക്കും ബർന്നബാസിനും തന്നു, കൂട്ടായ്മയുടെ – "കൂട്ടായ്മയുടെ വലങ്കരം" എന്ന പ്രയോഗം അതിന്റെ

പ്രധാന്യം കാണിക്കുന്നതിനായി വിഭജിച്ചു (ഗലാ. 2:9).
b. "ക്രിസ്തുവിനോടുകൂടെ" ആദ്യം കൊടുത്തിരിക്കുന്നു. അവന്റെ മരണം മധ്യത്തിലായി (ഗലാ. 2:20).
c. "ഭാഗംഭാഗമായും വിവിധമായും" (എബ്രാ. 1:11) എന്നത് ആദ്യം കൊടുത്തിരിക്കുന്നു. അങ്ങനെയാണു ദൈവം തന്നെത്താൻ വെളിപ്പെടുത്തിയത്, അതു താരതമ്യപ്പെടുത്തിയിരിക്കുന്നു എന്നല്ലാതെ അതു വെളിപ്പാടിന്റെ വസ്തുതയല്ല.

D. സാധാരണയായി താഴെപ്പറയുന്ന രീതിയിൽ ഒരളവു വരെ ഊന്നൽ സാധ്യമാണ്:
1. ക്രിയയുടെ വക്രരൂപത്തിൽ ഇതിനോടകം തന്നെ ഉൾപ്പെട്ടിട്ടുള്ള സർവ്വനാമത്തിന്റെ ആവർത്തനത്തിലൂടെ. ഉദാ. "ഞാൻ, ഞാൻ തന്നേ, ... നിങ്ങളോടുകൂടെ ഉണ്ട്" (മത്താ. 28:20)
2. പ്രതീക്ഷിക്കുന്ന സമുച്ചയ പദത്തിന്റെ അല്ലെങ്കിൽ വാക്കുകൾ, പ്രയോഗങ്ങൾ, ഉപവാക്യങ്ങൾ അഥവാ വാചകങ്ങൾ എന്നിവയ്ക്കിടയിലുള്ള മറ്റു സംയോജകങ്ങളുടെ അഭാവത്തിലൂടെ. ഇതിനെ asyndeton ('അതിരില്ല') എന്നു വിളിക്കുന്നു. സംയോജക വസ്തു പ്രതീക്ഷിക്കുന്നിടത്ത് അതിന്റെ അഭാവം ശ്രദ്ധയാകർഷിക്കുന്നു. ഉദാഹരണങ്ങൾ:
   a. ഭാഗ്യവർണ്ണനകൾ, മത്താ. 5:3 ൽ (പട്ടികയ്ക്ക് ഊന്നൽ)
   b. യോഹ. 14:1 (പുതിയ വിഷയം)
   c. റോമർ 9:1 (പുതിയ ഭാഗം)
   d. 2 കൊരി. 12:20 (പട്ടികയ്ക്ക് ഊന്നൽ)
3. നല്കപ്പെട്ട സന്ദർഭത്തിലൂടെ വാക്കുകളുടെയോ പ്രയോഗങ്ങളുടെയോ ആവർത്തനം. ഉദാ. "തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചയ്ക്കായി" (എഫെ. 1:6, 12&14). ത്രിത്വത്തിലെ ഓരോ ആളത്വങ്ങളുടെയും പ്രവൃത്തി വെളിപ്പെടുത്തുന്നിനു ഈ പ്രയോഗം ഉപയോഗിച്ചിരിക്കുന്നു.
4. പദങ്ങൾക്കിടയിലുള്ള ശൈലി അഥവാ ദ്വയാർത്ഥ പ്രയോഗം (ശബ്ദം)
   a. മൃദുക്തി (euphemisms) വിലക്കപ്പെട്ട വിഷയങ്ങൾക്ക് പകരം പദങ്ങൾ ഉദാ. മരണത്തിനു "നിദ്ര" (യോഹ. 11:11-14) അല്ലെങ്കിൽ പുരുഷന്റെ അരക്കെട്ടിന് "കാൽ" (രൂത്ത് 3:7-8; 1 ശമൂ. 24:3)
   b. വക്രോക്തി (circumlocutions) - ദൈവിക നാമത്തിന് പകരം പദങ്ങൾ, അതാ. "സ്വർഗ്ഗരാജ്യം" (മത്താ. 3:21) അല്ലെങ്കിൽ "സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദം" (മത്താ. 3:17).
   c. വാക്യാലങ്കാരം (fingurs of speech)
      (1) അസാദ്ധ്യ അതിശയോക്തി (മത്താ. 3:9; 5:29-39; 19:24)
      (2) ലഘുവായ അത്യുക്തി (മത്താ. 3:5; പ്രവൃ. 2:36)
      (3) മനുഷ്യരൂപാരോപണം (1 കൊരി. 15:55)
      (4) വൈരുദ്ധ്യം (ഗലാ. 5:12)
      (5) കാവ്യഭാഗങ്ങൾ (ഫിലി. 2:6-11)
      (6) വാക്കുകൾ തമ്മിലുള്ള ഉച്ചാരണ വ്യത്യാസം
         (a) "സഭ"
            (i) "സഭ" (എഫെ. 3:21)
            (ii) "വിളി" (എഫെ. 4:1,4)
            (iii) "വിളിക്കപ്പെട്ട" (എഫെ. 4:1,4)
         (b) "സ്വതന്ത്ര"
            (i) "സ്വതന്ത്ര സ്ത്രീ" (ഗലാ. 4:31)
            (ii) "സ്വാതന്ത്ര്യം" (ഗലാ. 5:1)
            (iii) "സ്വതന്ത്ര" (ഗലാ. 5:1)
   d. "ഭാഷാ ശൈലി - സംസ്ക്കാരത്തിനും ഭാഷയ്ക്കും തനതായുള്ളവ
      (1) "ഭക്ഷണ"ത്തിന്റെ ആലങ്കിരക പ്രയോഗം (യോഹ. 4:31-34)
      (2) "ആലയ"ത്തിന്റെ ആലങ്കാരിക പ്രയോഗം (യോഹ. 2:19; മത്താ. 26:61)
      (3) സഹാനുഭൂതിയുടെ എബ്രായശൈലി "അനിഷ്ടം" (ഉല്പ. 29:31; ആവ. 21:5; ലൂക്കൊ. 14:36; യോഹ. 12:25; റോമ. 9:31).
      (4) "എല്ലാവരും" വിപരീതം "പലർ." യെശ. 53:6 (എല്ലാവരും) 53:11 (പലർ) എന്നതുമായി താരതമ്യപ്പെടുത്തുക. റോമ. 5:18,19 കാണിക്കുന്നതുപോലെ ഇവ പര്യായപദങ്ങളാണ്.
5. ഒരു പദത്തിനു പകരം ഒരു പൂർണ്ണ ഭാഷാപ്രയോഗത്തിന്റെ ഉപയോഗം. ഉദാ. "കർത്താവായ യേശു ക്രിസ്തു"
6. *ഔട്ടോസ് (αυτος)* ന്റെ പ്രത്യേക ഉപയോഗം
   a. വിവേചകഭേദകം ഒപ്പം വരുമ്പോൾ അത് "same" എന്നു പരിഭാഷപ്പെടുത്താം
   b. വിവേചക ഭേദകം ഇല്ലാതെ അത് Reflective pronoun ആകും. "himself" "herself"

D. ഗ്രീക്ക് വായിക്കാൻ കഴിയാത്ത ബൈബിൾ വിദ്യാർത്ഥികൾക്ക് ഊന്നൽ വിവിധ നിലകളിൽ ഗ്രഹിക്കാം
1. ഒരു *അനലറ്റിക്കൽ ലെക്സിക്കൺ* അല്ലെങ്കിൽ *ഇന്റർലീനിയർ ഗ്രീക്ക്/ഇംഗ്ലീഷ് ബൈബിൾ*
2. ഇംഗ്ലീഷ് പരിഭാഷകളുടെ താരതമ്യം. ഉദാ. പദാനുപദ തർജ്ജമകളെ (KJV, NKJV, ASV, NASB,

RSV, NRSV) "ഡൈനാമിക് ഇക്വലന്റ്" (ആശയപരമായ തർജ്ജമ) മായി (Williams, NIV, NEB, REB, JB, NJB, TEV) താരതമ്യപ്പെടുത്തുക. ബേക്കർ പ്രസിദ്ധീകരിച്ച *ദ ബൈബിൾ ഇൻ ട്വന്റി സിക്സ് ട്രാൻസ്ലേഷൻസ്* സഹായകരമാണ്.

3. ജോസഫ് ബ്രയന്റ് റോഥർഹാമിന്റെ *ദ എംഫസൈസ്ഡ് ബൈബിൾ*
4. ആക്ഷരിക വ്യാഖ്യാനത്തിന്റെ ഉപയോഗം
   a. *The American Standard Version* of 1901
   b. *Young's Literal Translation of the Bible* by Robert Young (Guardian Press, 1976)

ഗ്രാമർ പഠനം മുഷിപ്പനും ശ്രമകരവുമാണെങ്കിലും ശരിയായ വ്യാഖ്യാനത്തിന് അനിവാര്യമാണ്. ഈ ഹ്രസ്വ നിർവ്വചനങ്ങളും അഭിപ്രായങ്ങളും ഉദാഹരണങ്ങളും ഗ്രീക്കു വായിക്കാത്ത വ്യക്തികൾക്ക് ഈ വാല്യത്തിൽ കൊടുത്തിരിക്കുന്ന വ്യാകരണക്കുറിപ്പുകൾ മനസ്സിലാക്കുന്നതിന് സഹായമെന്ന നിലയിലാണ് ചേർത്തിരിക്കുന്നത്. തീർച്ചയായും ഈ നിർവ്വചനങ്ങൾ അതീവ ലളിതമാണ്. അവയെ ഒരിക്കലും കടുംപിടുത്തമായ, വഴക്കമില്ലാത്ത നിലയിൽ ഉപയോഗിക്കരുത്, മറിച്ച് പുതിയനിയമ പദവ്യത്യാസങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനുള്ള ഒരു ചവിട്ടുപടി മാത്രമാണത്. പുതിയ നിയമത്തിന്റെ സാങ്കേതിക വ്യാഖ്യാനങ്ങൾ പോലെയുള്ള പഠനസഹായികളിലെ വിശദീകരണങ്ങൾ മനസ്സിലാക്കുന്നതിനും ഈ നിർവ്വചനങ്ങൾ വായനക്കാരെ സഹായിക്കുമെന്നു ആശിക്കുന്നു.

വേദപുസ്തകത്തിൽ നല്കപ്പെട്ടിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണു നമ്മുടെ വ്യാഖ്യാനം എന്നു വിലയിരുത്താൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളിൽ ഏറ്റവും സഹായകരമായതാണ് വ്യാകരണം. മറ്റു കാര്യങ്ങൾ ചരിത്ര പശ്ചാത്തലം, സാഹിത്യ സാഹചര്യം, സമകാലിക പദപ്രയോഗം, സമാന്തര വേദഭാഗങ്ങൾ എന്നിവയാണ്.

# അനുബന്ധം രണ്ട്

## പാഠ നിരൂപണം (Textual Criticism)

ഈ വാക്യത്തിൽ കാണുന്ന വേദഭാഗ വിശദീകരണങ്ങളെ വിശദീകരിക്കുന്ന നിലയിലാണ് ഈ വിഷയം ഇവിടെ കൈകാര്യം ചെയ്യുന്നത്. അതിനായി താഴെപ്പറയുന്ന രൂപരേഖ ഉപയോഗിക്കാം.

I. ഇംഗ്ലീഷ് ബൈബിളിന്റെ പാഠ സ്രോതസ്സുകൾ
  A. പഴയനിയമം
  B. പുതിയനിയമം
II. "പാഠനിരൂപണം" അഥവാ "lower criticism" ത്തിന്റെ പ്രശ്നങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഹ്രസ്വ വിശദീകരണം
III. കൂടുതൽ വായനയ്ക്കുള്ള പഠനസഹായികൾ

I. ഇംഗ്ലീഷ് ബൈബിളിന്റെ സ്രോതസ്സുകൾ

A. പഴയനിയമം

1. മസോറെറ്റിക് പതിപ്പ് (MT) – എബ്രായ വ്യഞ്ജനാക്ഷര പതിപ്പ്. എ.ഡി. 100 ൽ റബ്ബി അകിബാ ആണ് ക്രമീകരിച്ചത്. സ്വരാക്ഷരങ്ങൾ, ഉച്ചാരണങ്ങൾ, മാർജിൻ കുറിപ്പുകൾ, ചിഹ്നങ്ങൾ എന്നിവ എ.ഡി. 6-ാം നൂറ്റാണ്ടിൽ കൂട്ടിച്ചേർക്കുവാനാരംഭിക്കുകയും ഒമ്പതാം നൂറ്റാണ്ടിൽ പൂർത്തിയാക്കുകയും ചെയ്തു. മസോറെറ്റുകൾ എന്നറിയപ്പെടുന്ന യെഹൂദ പണ്ഡിത കുടുംബമാണതു നിർവ്വഹിച്ചത്. അവർ ഉപയോഗിച്ച പാഠ രൂപം മിഷ്നാ, തൽമൂദ്, തർഗും, പെഷീത്ത, വൾഗേറ്റ് എന്നിവയിലുണ്ടായിരുന്നവ തന്നെയാണ്.
2. സെപ്റ്റ്വജിന്റ് (LXX) – ടോളമി രണ്ടാമൻ (285–246 ബി.സി.) രാജാവിന്റെ സഹായത്തോടെ അലക്സാണ്ട്രിയ ലൈബ്രറിക്കുവേണ്ടി എഴുപത് യെഹൂദ പണ്ഡിതന്മാർ 70 ദിവസം കൊണ്ടു തയ്യാറാക്കിയതാണ് സെപ്റ്റ്വജിന്റ് എന്ന് പാരമ്പര്യം പറയുന്നു. അലക്സാണ്ട്രിയയിൽ പാർത്തിരുന്ന ഒരു യെഹൂദാ നേതാവിന്റെ അപേക്ഷപ്രകാരമായിരുന്നു ഇത്. "അരിസ്റ്റിയാസിന്റെ ലേഖന"ത്തിൽ നിന്നാണ് ഈ പാരമ്പര്യം വന്നിട്ടുള്ളത്. "സെപ്റ്റ്വജിന്റ്" മിക്കപ്പോഴും റബ്ബി അകിബായുടെ (MT) പതിപ്പിൽ നിന്നും വ്യത്യസ്തമായ എബ്രായ പാഠം ഉപയോഗിക്കുന്നുണ്ട്.
3. ചാവുകടൽ ചുരുളുകൾ (DSS) – റോമൻ ബി.സി. കാലഘട്ടത്തിൽ (ബി.സി. 200–എ.ഡി. 70) "എസ്സേന്യർ" എന്നറിയപ്പെട്ടിരുന്ന യെഹൂദ വേർപാടു സമൂഹമാണ് ചാവുകടൽ ചുരുളുകൾ എഴുതിയത്. ചാവുകടലിനു ചുറ്റുമുള്ള നിരവധി സ്ഥലങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള എബ്രായ കയ്യെഴുത്തു പ്രതികൾ മസോറെറ്റിക് പതിപ്പിൽ നിന്നും സെപ്റ്റ്വജിന്റിൽ നിന്നും വ്യത്യസ്തമായ എബ്രായ പതിപ്പ് കുടുംബത്തിൽ പെട്ടവയാണ്.
4. ഈ പതിപ്പുകളുടെ താരതമ്യം എങ്ങനെയാണ് പഴയനിയമം മനസ്സിലാക്കാൻ വ്യാഖ്യാതാക്കളെ സഹായിക്കുന്നത് എന്നതിന് ചില ഉദാഹരണങ്ങൾ.
   a. MT മനസ്സിലാക്കാൻ പരിഭാഷകരെയും പണ്ഡിതന്മാരെയും LXX സഹായിച്ചിട്ടുണ്ട്.
      (1) യെശ. 52:14 LXX ൽ "അനേരും അവനെ കണ്ട് അത്ഭുതപ്പെടും"
      (2) യെശ. 52:14 MT ൽ "അനേകരും നിന്നിൽ അത്ഭുതപ്പെട്ടു"
      (3) യെശ. 52:15 ൽ LXX ലെ സർവ്വനാമ വ്യത്യാസം സ്ഥിരീകരിക്കുന്നു
         (a) LXX "അങ്ങനെ അനേകജാതികളും അവനെ കണ്ട് അത്ഭുതപ്പെട്ടു"
         (b) MT "അവൻ പല ജാതികളെയും കുതിച്ചു ചാടുമാറാക്കും"
   b. MT മനസ്സിലാക്കാൻ പരിഭാഷകരെയും പണ്ഡിതന്മാരെയും DSS സഹായിച്ചിട്ടുണ്ട്
      (1) യെശ. 21:8 DSS ൽ "ദർശകൻ നിലവിളിച്ചു, ഒരു കാവൽ ഗോപുരത്തിൽ ഞാൻ നില്ക്കുന്നു..."
      (2) യെശ. 21:8 MT ൽ "ഞാൻ സിംഹം പോലെ അലറി, കർത്താവേ, ഞാൻ പകൽ ഇടവിടാതെ കാവൽഗോപുരത്തിൽ നില്ക്കുന്നു"
   c. യെശ. 53:11 മനസ്സിലാക്കാൻ LXX ഉം DSS ഉം സഹായിച്ചിട്ടുണ്ട്
      (1) LXX & DSS "അവന്റെ ആത്മാവിന്റെ പ്രസവവേദനയ്ക്കു ശേഷം അവൻ വെളിച്ചം കാണും, അവൻ തൃപ്തനാകും"
      (2) MT "അവൻ കാണും... അവന്റെ ആത്മാവിന്റെ പ്രസവവേദനയിൽ നിന്നു അവൻ തൃപ്തനാകും"

B. പുതിയ നിയമം

1. പുതിയനിയമത്തിന്റെ 5300 ലധികം പൂർണ്ണമായോ ഭാഗികമായോ ഉള്ള കയ്യെഴുത്തു പ്രതികൾ ലഭ്യമാണ്. ഏതാണ്ട് 85 എണ്ണം പാപ്പിറസിൽ എഴുതപ്പെട്ടവയും 268 എണ്ണം വലിയക്ഷരത്തിൽ (uncials) എഴുതപ്പെട്ടവയുമാണ്. പിൽക്കാലത്ത് എ.ഡി. 9-ാം നൂറ്റാണ്ടോടുകൂടി ചെറിയക്ഷരം (minuscule) രൂപപ്പെട്ടു. വട്ടെഴുത്തുരൂപത്തിലുള്ള ഗ്രീക്കു കയ്യെഴുത്തു പ്രതികളുടെ എണ്ണം ഏതാണ്ട്

2700 വരും. ലക്ഷണറികൾ എന്നു നാം വിളിക്കുന്ന, ആരാധനയിൽ ഉപയോഗിക്കുന്ന വേദഭാഗങ്ങളുടെ പട്ടിക രേഖപ്പെടുത്തിയ 2100 കോപ്പികൾ ലഭ്യമാണ്.

2. പുതിയ നിയമത്തിന്റെ ഭാഗങ്ങളടങ്ങിയ പാപ്പിറസിൽ എഴുതിയ 85 ഗ്രീക്കു കയ്യെഴുത്തു പ്രതികൾ മ്യൂസിയങ്ങളിലുണ്ട്. ചിലത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടവയാണ്. എന്നാൽ കൂടുതൽ എണ്ണവും എ.ഡി. 3-4 നൂറ്റാണ്ടുകളിലേതാണ്. ഇവയിലൊന്നും പുതിയ നിയമം പൂർണ്ണമായിട്ടില്ല. ഇവ പുതിയ നിയമത്തിന്റെ ആരംഭകാല കയ്യെഴുത്തു പ്രതികളായതുകൊണ്ട് അവയിൽ വളരെ ക്കുറച്ച് വ്യത്യാസങ്ങളെ ഉള്ളൂ എന്നർത്ഥമില്ല. ഇവയിൽ പലതും പ്രാദേശിക ഉപയോഗത്തിനുവേണ്ടി തിരക്കിട്ടു പകർത്തിയവയാണ്. ഈ പ്രക്രിയയിൽ വേണ്ടത്ര മുൻകരുതലെടുത്തിട്ടില്ല. അതിനാൽ അവയിൽ ധാരാളം വ്യത്യാസങ്ങളുണ്ട്.
3. എബ്രായ അക്ഷരം ℵ (*ആലേഫ്*) ഉപയോഗിച്ച് സൂചിപ്പിക്കുന്ന അഥവാ (01) കോഡക്സ് സൈനയിറ്റിക്കസ് സീനായി പർവ്വതത്തിലെ സെന്റ് കാതറിൻ ആശ്രമത്തിൽ നിന്നും റ്റിഷൻഡോർഫ് കണ്ടെടുക്കുകയുണ്ടായി. 4-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അതിൽ പഴയനിയമത്തിന്റെ സെപ്റ്റജിന്റ് പതിപ്പും ഗ്രീക്കു പുതിയനിയമവും അടങ്ങിയിട്ടുണ്ട്. അത് "അലക്സാണ്ട്രിയൻ പതിപ്പ്" ഇനത്തിൽ പെട്ടതാണ്.
4. കോഡക്സ് അലക്സാണ്ട്രിനസ് - "A" അഥവാ (02) എന്നറിയപ്പെടുന്നു - ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ നിന്നു കണ്ടെടുക്കപ്പെട്ട അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രീക്കു കയ്യെഴുത്തു പ്രതിയാണത്.
5. കോഡക്സ് വത്തിക്കാനസ് - "B" അഥവാ (03) എന്നറിയപ്പെടുന്നു - റോമിലെ വത്തിക്കാൻ ലൈബ്രറിയിൽ നിന്നു കണ്ടെടുക്കപ്പെട്ടതും എ.ഡി. 4-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ എഴുതപ്പെട്ടതുമാണ്. ഇതിൽ പഴയനിയമത്തിന്റെ സെപ്റ്റജിന്റ് പതിപ്പും ഗ്രീക്ക് പുതിയനിയമവും അടങ്ങിയിരിക്കുന്നു. ഇതും "അലക്സാണ്ട്രിയൻ" ഇനത്തിൽ പെട്ടതാണ്.
6. കോഡക്സ് എഫ്രയെമി - "C" അഥവാ (04) എന്നറിയപ്പെടുന്നു - അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്കു കയ്യെഴുത്തു പ്രതിയാണ്. ഇതിന്റെ പാതി നശിച്ചുപോയി.
7. കോഡക്സ് ബെസെ - "D" അഥവാ (05) - അഞ്ച് അഥവാ ആറാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണ്. "പാശ്ചാത്യ പതിപ്പ്" എന്നു വിളിക്കപ്പെടുന്നവയുടെ മുഖ്യ പ്രതിനിധിയാണിത്. ഇതിൽ വളരെയധികം കൂട്ടിച്ചേർക്കലുകൾ ഉണ്ട്; കിംഗ് ജെയിംസ് പരിഭാഷയിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത് ഇതാണ്.
8. പു.നി. കയ്യെഴുത്തുപ്രതികളെ ചില പ്രത്യേക സവിശേഷതകളുടെ അടിസ്ഥാനത്തിൽ മൂന്ന് അല്ലെങ്കിൽ നാല് കുടുംബങ്ങളായി വിഭജിക്കാൻ കഴിയും.
   a. ഈജിപ്റ്റിൽ നിന്നുള്ള അലക്സാണ്ട്രിയൻ പതിപ്പ്
      (1) $P^{75}$, $P^{66}$ (ഏതാണ്ട് എ.ഡി. 200), സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു
      (2) $P^{46}$ (ഏതാണ്ട് എ.ഡി. 225), പൗലൊസിന്റെ ലേഖനങ്ങൾ
      (3) $P^{72}$ (ഏതാണ്ട് എ.ഡി. 225-250) പത്രൊസിന്റെയും യൂദായുടെയും ലേഖനങ്ങൾ
      (4) കോഡക്സ് B, - വത്തിക്കാനസ് - (ഏതാണ്ട് എ.ഡി. 325) പഴയനിയമവും പുതിയനിയമവും
      (5) ഈ പാഠരൂപത്തിൽ നിന്നു ഒറിഗൺ ഉദ്ധരിച്ചിരിക്കുന്നു.
      (6) ഈ ബന്ധത്തിൽ പെട്ട കയ്യെഴുത്തു പ്രതികൾ ℵ, C, L, W, 33
   b. ഉത്തരാഫ്രിക്കയിൽ നിന്നുള്ള പാശ്ചാത്യ പതിപ്പ്
      (1) ഉത്തരാഫ്രിക്കൻ സഭാപിതാക്കന്മാർ, തെർത്തുല്യർ, സൈപ്രിയൻ എന്നിവരുടെ ഉദ്ധരണികൾ, പഴയ ലാറ്റിൻ പരിഭാഷ
      (2) ഐറേനിയസിന്റെ ഉദ്ധരണികൾ
      (3) റ്റാഷ്യന്റെ ഉദ്ധരണികൾ, പഴയ സിറിയക് പരിഭാഷ
      (4) കോഡക്സ് D "ബസെ" ഈ ഇനത്തിൽ പെട്ടതാണ്
   c. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നുള്ള പൗരസ്ത്യ ബൈസാന്റിയൻ പതിപ്പ്
      (1) 5300 കയ്യെഴുത്തു പ്രതികളിൽ 80% ലും ഈ പാഠരൂപം പ്രതിഫലിക്കുന്നു
      (2) സിറിയയിലെ അന്ത്യോക്കൻ സഭാപിതാക്കന്മാർ, കപ്പദോക്യൻ പിതാക്കന്മാർ, ക്രിസോസ്റ്റം, തിയോഡോറെറ്റ് എന്നിവർ ഉദ്ധരിച്ചിരിക്കുന്നു.
      (3) കോഡക്സ് A, സുവിശേഷങ്ങളിൽ മാത്രം
      (4) കോഡക്സ് E (8-ാം നൂറ്റാണ്ട്) പുതിയ നിയമം മുഴുവനും
   d. സാദ്ധ്യതയുള്ള നാലാമത്തെ ഇനം പലസ്തീനിൽ നിന്നുള്ള "കൈസര്യൻ" ആണ്
      (1) ഇത് പ്രാഥമികമായി മർക്കൊസിൽ മാത്രം കാണുന്നു
      (2) ഇതിന്റെ ചില സാക്ഷ്യങ്ങൾ $P^{45}$,W എന്നിവയാണ്

II. "ലോവർ ക്രിട്ടിസിസം" അഥവാ പാഠ നിരൂപണത്തിന്റെ പ്രശ്നങ്ങളും സിദ്ധാന്തങ്ങളും

A. എങ്ങനെയാണ് വ്യത്യാസങ്ങൾ സംഭവിച്ചത്

1. മനപൂർവ്വമല്ലാത്ത അഥവാ യാദൃശ്ചികമായ (കൂടുതൽ വ്യത്യാസങ്ങളും ഇങ്ങനെ സംഭവിച്ചവയാണ്)
   a. കൈക്കൊണ്ടു പകർത്തുമ്പോൾ സമാന പദങ്ങൾ ആവർത്തിക്കുന്നിടത്ത് രണ്ടാമത്തെ പദത്തിൽ കണ്ണ് പതിച്ച് ഇടയിലുള്ള വാക്കുകൾ അറിയാതെ വിട്ടുപോകുന്നത് (homoioteleuton)
      (1) ഇരട്ട അക്ഷരമുള്ള പദം അല്ലെങ്കിൽ പ്രയോഗം ഒഴിവാക്കത്തക്കവണ്ണം കണ്ണു പിഴയ്ക്കുന്നത് (haplography)
      (2) ഗ്രീക്കു പാഠത്തിലെ ഒരു പ്രയോഗം അഥവാ വരി ആവർത്തിക്കും വിധം മനസ്സ് പിഴയ്ക്കുന്നത് (dittography)
   b. കേട്ടെഴുതുന്ന സമയത്ത് അക്ഷരം തെറ്റുന്ന വിധം ചെവി പിഴയ്ക്കുന്നത് (itacism). ഗ്രീക്കിൽ തെറ്റായ സ്പെല്ലിംഗ് സൂചിപ്പിക്കുന്നത് സമാന ഉച്ചരണമുള്ള മറ്റൊരു വാക്കാണ്
   c. പുരാതന ഗ്രീക്കു പഠനത്തിൽ അദ്ധ്യായ വാക്യ വിഭജനങ്ങളോ; ചിഹ്നങ്ങളോ, വാക്കുകൾ തന്നിൽ വിഭജനങ്ങളോ ഇല്ലായിരുന്നു. വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത പദങ്ങൾ ഉളവാരകുമാറ് അക്ഷരങ്ങൾ വിഭജിക്കാൻ സാധ്യയുണ്ടായിരുന്നു.
2. മനപ്പൂർവ്വമുള്ളവ
   a. പകർത്തുന്ന പാഠത്തിന്റെ വ്യാകരണ രൂപം മെച്ചപ്പെടുത്തുന്നനായി പാഠങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത്
   b. മറ്റു വേദഭാഗങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിനായി പാഠത്തിൽ മാറ്റങ്ങൾ വരുത്തുന്നത് (സമാന്തരങ്ങളുടെ പൊരുത്തപ്പെടുത്തൽ)
   c. രണ്ടോ അതിലധികമോ വ്യത്യസ്തഭാഗങ്ങളെ ഒരൊറ്റ ദൈർഘ്യമുള്ള സംയുക്ത പാഠമാക്കിക്കൊണ്ടു മാറ്റങ്ങൾ വരുത്തുന്നത് (conflation)
   d. പാഠത്തിലെ ഒരു പ്രശ്നം പരിഹരിക്കുന്നതിനായി മാറ്റങ്ങൾ വരുത്തുന്നത് (ഒ.നോ. 1 കൊരി. 11:27; 1 യോഹ. 5:7–8).
   e. പാഠത്തിന്റെ ചരിത്ര പശ്ചാത്തലം അഥവാ ശരിയായ വ്യാഖ്യാനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഒരെഴുത്തുകാരൻ മാർജ്ജിനിൽ രേഖപ്പെടുത്തുകയും രണ്ടാം പകർപ്പെഴുത്തുകാരൻ അവയെ പാഠഭാഗത്തുതന്നെ ചേർക്കുകയും ചെയ്യുന്നത് (ഒ.നോ. യോഹ. 5:4)

B. പാഠ നിരൂപണത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ (വ്യത്യാസങ്ങൾ നിലനില്ക്കുന്നിടത്ത് ഒരു ഭാഗത്തിന്റെ മൂലപാഠം നിർണ്ണയിക്കുന്നതിനുള്ള യുക്തിപരമായ മാർഗ്ഗരേഖകൾ)
1. ഏറ്റവും വിചിത്രവും അല്ലെങ്കിൽ വ്യാകരണപരമായി അസാധാരണവുമായ പാഠഭാഗമാണ് മൂലഗ്രന്ഥത്തിലേത്
2. ഏറ്റവും ഹ്യസ്വമായ പാഠഭാഗമാണ് മൂലകൃതി
3. പുരാതന പാഠഭാഗത്തിന്, അതിന്റെ മൂലഗ്രന്ഥത്തോടുള്ള ചരിത്രപരമായ അടുപ്പം നിമിത്തം കൂടുതൽ മുൻതൂക്കം കൊടുക്കുന്നു, ബാക്കിയുള്ളവയെല്ലാം തുല്യമായിരിക്കും
4. ഭൂമിശാസ്ത്രപരമായി വ്യത്യസ്തതകളുള്ള കയ്യെഴുത്തു പ്രതികളിലായിരിക്കും സാധാരണയായി മൂലപാഠങ്ങളുള്ളത്
5. ഉപദേശപരമായി ബലഹീനമായ പാഠഭാഗങ്ങൾ, പ്രത്യേകിച്ച് കയ്യെഴുത്തുപ്രതികളിലെ വ്യത്യാസത്തിന്റെ കാലഘട്ടത്തിൽ പ്രധാന ദൈവശാസ്ത്രപരമായ ചർച്ചാ വിഷയങ്ങളോടു ബന്ധപ്പെട്ടവ - 1 യോഹ. 5:7–8 ലെ ത്രിത്വം പോലെയുള്ളവ - തിരഞ്ഞെടുക്കുക
6. മറ്റു വ്യത്യാസങ്ങളുടെ ഉത്ഭവത്തെ നന്നായി വിശദീകരിക്കാൻ കഴിയുന്ന പാഠഭാഗം
7. ഈ പ്രശ്ന സങ്കീർണ്ണമായ വ്യത്യാസങ്ങളിലെ സന്തുലനം വെളിപ്പെടുത്താൻ സഹായിക്കുന്ന രണ്ട് ഉദ്ധരണികൾ
   a. ജെ. ഹാരോൾഡ് ഗ്രീൻലിയുടെ *Introduction to New Testment Texural Criticism*, p.68:
   "ഒരു ക്രിസ്തീയ ഉപദേശവും തർക്കവിഷയമായ പാഠഭാഗത്തിന്മേൽ നിലനില്ക്കയില്ല; തന്റെ പാഠഭാഗം ദൈവനിശ്വാസീയ മൂലത്തെക്കാൾ കൂടുതൽ യാഥാസ്ഥിതികമായിരിക്കണമെന്നോ ഉപദേശപരമായി ശക്തമായിരിക്കണമെന്നോ ഉള്ള ആഗ്രഹത്തിനെതിരെ പുതിയ നിയമ വിദ്യാർത്ഥി ശ്രദ്ധാലുവായിരിക്കണം"
   b. W. A. ക്രിസ്വെൽ, *ദ ബിർമിംഗാം ന്യൂസിലെ* ഗ്രെഗ് ഗാരിസണോട് ബൈബിളിലെ ഓരോ വാക്കും ദൈവനിശ്വാസീയമാണെന്നു താൻ വിശ്വസിക്കുന്നില്ലെന്നു പറയുകയുണ്ടായി, "കുറഞ്ഞത് നൂറ്റാണ്ടുകളിലെ പരിഭാഷക്കാരിലൂടെ ആധുനിക പൊതുജനത്തിനു നല്കപ്പെട്ട ഓരോ വാക്കുകൾ എങ്കിലും" ക്രിസ്വെൽ പറഞ്ഞു; "ഞാൻ പാഠനിരൂപണത്തിൽ വിശ്വസിക്കുന്നയാളാണ്. അതുപോലെ, ഞാൻ ചിന്തിക്കുന്നത്, മർക്കൊസ് സുവിശേഷത്തിന്റെ 16-ാം അദ്ധ്യായത്തിന്റെ അവസാന പകുതി ദുരുപദേശമാണെന്നാണ്. അതു ദൈവനിശ്വാസീയമല്ല, അതു കൂട്ടിച്ചേർത്തതാണ്. ആ പുരാതന കയ്യെഴുത്തുപ്രതികൾ നിങ്ങൾ പരിശോധിച്ചാൽ മർക്കൊസിന്റെ ഗ്രന്ഥത്തിന്റെ ആ ഉപസംഹാരെ പോലെയൊരു സാധനം കാണാൻ കഴികയില്ല. ആരോ അതു കൂട്ടിച്ചേർത്തതാണ്."
   SBC അപ്രമാദവാദികളുടെ ഈ തലവൻ അവകാശപ്പെടുന്നത് കൂട്ടിച്ചേർക്കലിന്റെ തെളിവ് യോഹ.

5 ലെ യേശു ബഥേസ്ദാ കുളക്കരയിലെത്തുന്നതിന്റെ വിവരണത്തിൽ ദൃശ്യമാണെന്നാണ്. കൂടാതെ യൂദായുടെ ആത്മഹത്യയെക്കുറിച്ചുള്ള രണ്ടു വ്യത്യസ്ത വിവരണങ്ങളും അദ്ദേഹം ചർച്ച ചെയ്യുന്നു (ഒ.നോ. മത്താ. 27; പ്രവൃ. 1). “അത് ആത്മഹത്യയുടെ വ്യത്യസ്ത വീക്ഷണങ്ങളാണ്” ക്രിസ്‌വെൽ പറഞ്ഞു; “അത് ബൈബിളിൽ ഉള്ളതാണെങ്കിൽ അതിനൊരു വിശദീകരണം ഉണ്ടായിരിക്കും. യൂദായുടെ ആത്മഹത്യ സംബന്ധിച്ച് രണ്ടു വിവരണങ്ങൾ ബൈബിളിലുണ്ട്.” “പാഠനിരൂപണം അതിൽ തന്നെ അതിശയകരമായ ശാസ്ത്രമാണ്. അത് അല്പായുസ്സുള്ളതല്ല; അത് അപ്രസക്തമല്ല. അത് ചലനാത്മക ശക്തിയുള്ളതും കേന്ദ്രവിഷയവുമാണ്...” ക്രിസ്‌വെൽ കൂട്ടിച്ചേർത്തു.

III. കയ്യെഴുത്തു പ്രതി സംബന്ധിച്ച പ്രശ്നങ്ങൾ (പാഠ നിരൂപണം)

A. കൂടുതൽ വായനയ്ക്ക്

1. *Biblical Criticism: Historical, Literary and Textual*, by R.H. Harrison
2. *The Text of the New Testament: Its Transmission, Corruption and Restoration* by Bruce M. Metzger
3. *Introduction to New Testament Textual Criticism*, by J. H Greenlee

# അനുബന്ധം മൂന്ന്

## പദസൂചിക

**അഡോപ്ഷനിസം (ദത്തെടുത്തൽ വാദം).** യേശുവിന്റെ ദൈവത്വത്തോടുള്ള ബന്ധം സംബന്ധിച്ചുള്ള ആരംഭകായ വീക്ഷണങ്ങളിൽ ഒന്നാണിത്. യേശു എല്ലാവിധത്തിലും ഒരു സാധാരണ മനുഷ്യനായിരുന്നുവെന്നും ദൈവം അവനെ സ്നാനസമയത്ത് (ഒ.നോ. മത്താ. 3:17; മർക്കൊ. 1:11) അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പിന്റെ സമയത്ത് (ഒ.നോ. റോമ. 1:4) ദത്തെടുത്തുവെന്നും ഇത് വാദിക്കുന്നു. യേശു മാതൃകാപരമായ ജീവിതം നയിച്ചതിനാൽ ദൈവം ഒരു പ്രത്യേക ഘട്ടത്തിൽ (സ്നാനം, ഉയിർത്തെഴുന്നേല്പ്) അവനെ "പുത്രൻ" ആയി ദത്തെടുത്തു (ഒ.നോ. റോമ. 1:4; ഫിലി. 2:9). ഇത് ആദിമ സഭയിലെയും എട്ടാം നൂറ്റാണ്ടിൽ ഒരു ന്യൂനപക്ഷത്തിന്റെയും വീക്ഷണമായിരുന്നു. ദൈവം മനുഷ്യനാകുന്നതിനു പകരം (ജഡധാരണം) മനുഷ്യൻ ദൈവമാകുന്നു.

പുത്രനാം ദൈവവും, പൂർവ്വാസ്തിക്യമുള്ള ദൈവവുമായ യേശുവിന് എങ്ങനെ മാതൃകാ ജീവിതത്തിനു പ്രതിഫലം നല്കാൻ കഴിയും എന്നത് വിവരിക്കുക പ്രയാസമാണ്. അവൻ ആദ്യമേ ദൈവമാണെങ്കിൽ അവനെങ്ങനെ പ്രതിഫലം നല്കാനാവും? അവന് പൂർവ്വാസ്തിക്യ ദൈവിക മഹത്വം ഉണ്ടെങ്കിൽ അവനെ കൂടുതൽ മാനം അണിയിക്കാൻ കഴിയുമോ? നമുക്കതു മനസ്സിലാക്കുക പ്രയാസമാണെങ്കിലും യേശു പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിവർത്തിച്ചതിനാൽ പിതാവ് യേശുവിനെ ഒരു പ്രത്യക നിലയിൽ മാനിക്കുകയുണ്ടായി.

**അലക്സാണ്ട്രിയൻ സ്കൂൾ.** ഈ വേദപുസ്തക വ്യാഖ്യാനരീതി ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ എ.ഡി. രണ്ടാം നൂറ്റാണ്ടിലാണ് രൂപം പ്രാപിച്ചത്. പ്ലേറ്റോയുടെ അനുയായിരുന്ന ഫിലോയുടെ അടിസ്ഥാന വ്യാഖ്യാന തത്വങ്ങൾ ആണത് ഉപയോഗിക്കുന്നത്. അതിനെ ആലങ്കാരിക രീതി എന്നു വിളിക്കാറുണ്ട്. നവീകരണ കാലം വരെ അതിനു സഭയിൽ ശക്തമായ സ്ഥാനമുണ്ടായിരുന്നു. ഓറിഗണും അഗസ്റ്റിനുമായിരുന്നു അതിന്റെ ഏറ്റവും മികച്ച വക്താക്കൾ. മോയിസസ് സിൽവയുടെ *ഹാസ് ദ ചർച്ച് മിസ്റഡ് ദ ബൈബിൾ* (Academic, 1978) കാണുക.

**അലക്സാണ്ട്രിനസ്.** ഈജിപ്റ്റിലെ അലക്സാണ്ട്രിയയിൽ നിന്നുള്ള അഞ്ചാം നൂറ്റാണ്ടിലെ ഈ ഗ്രീക്കു കയ്യെഴുത്തു പ്രതിയിൽ പഴയനിയമവും അപ്പോക്രിഫയും പുതിയനിയമത്തിന്റെ ഏറിയഭാഗവും അടങ്ങിയിരിക്കുന്നു. സമ്പൂർണ്ണ ഗ്രീക്കു പുതിയനിയമത്തിന്റെ (മത്തായി, യോഹന്നാൻ, 2 കൊരിന്ത്യർ എന്നിവയുടെ ചിലഭാഗങ്ങൾ ഒഴികെ) മുഖ്യ സാക്ഷികളിൽ ഒന്നാണിത്. "A" എന്നു വിളിക്കുന്ന ഈ കയ്യെഴുത്തു പ്രതിയും "B" യും (വത്തിക്കാനസും) ഒരു ഭാഗത്തെ സംബന്ധിച്ച് ഐകമത്യപ്പെട്ടാൽ മിക്ക പണ്ഡിതന്മാരും മിക്ക സന്ദർഭങ്ങളിലും അതിനെ യഥാർത്ഥമായി അംഗീകരിക്കാറുണ്ട്.

**അനലറ്റിക്കൽ ലെക്സിക്കൺ.** പുതിയ നിയമത്തിലെ ഓരോ ഗ്രീക്കു രൂപവും തിരിച്ചറിയുന്നതിനു സഹായകമായ പഠന സഹായിയാണിത്. ഗ്രീക്ക് അക്ഷരക്രമമനുസരിച്ച് ചിട്ടപ്പെടുത്തിയ ഇതിൽ അടിസ്ഥാന നിർവ്വചനങ്ങളുമുണ്ട്. ഒരു ഇന്റർലീനിയർ പരിഭാഷയോടൊപ്പം ഉപയോഗിക്കുമ്പോൾ ഇത് ഗ്രീക്ക് അറിയാത്ത വിശ്വാസികൾക്കും പുതിയനിയമ ഗ്രീക്കിന്റെ വ്യാകരണ പദവിന്യാസരൂപങ്ങൾ ഗ്രഹിക്കാൻ സഹായകരമാണ്.

**അന്ത്യോക്യൻ സ്കൂൾ.** ഈ വേദപുസ്തക വ്യാഖ്യാനമാതൃക എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സിറിയയിലെ അന്ത്യോക്യയിലാണ് രൂപം കൊണ്ടത്. അലക്സാണ്ട്രിയൻ മാതൃകയായ ആലങ്കാരിക വ്യാഖ്യാനത്തോടുള്ള പ്രതികരണമെന്ന നിലയിലാണ് രൂപപ്പെട്ടത്. ബൈബിളിന്റെ ചരിത്രപരമായ അർത്ഥത്തിലുള്ള ഊന്നലാണിതിന്റെ അടിസ്ഥാന പ്രമാണമാണ്. അത് ബൈബിളിനെ സാധാരണ നിലയിൽ മാനുഷിക സാഹിത്യം പോലെ വ്യാഖ്യാനിക്കുന്നു. ക്രിസ്തുവിനു രണ്ടു പ്രകൃതികളുണ്ടോ (നെസ്റ്റോറിയനിസം) അതോ ഒരു പ്രകൃതിയെ ഉള്ളോ (പൂർണ്ണ ദൈവവും മനുഷ്യനും) എന്ന വിവാദത്തിൽ ഈ സ്കൂളും ഉൾപ്പെട്ടിരുന്നു. റോമൻ കത്തോലിക്ക സഭ ഇതിനെ ദുരുപദേശമായി മുദ്രകുത്തുകയും തന്മൂലം പേർഷ്യയിലേക്ക് പറിച്ചു നടപ്പെടുകയും ചെയ്തു എങ്കിലും ഇതിന് ചെറിയ പ്രാധാന്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിന്റെ അടിസ്ഥാന വ്യാഖ്യാന പ്രമാണങ്ങൾ പില്ക്കാലത്ത് ക്ലാസ്സിക്കൽ പ്രൊട്ടസ്റ്റന്റ് നവീകരണക്കാരുടെ (ലൂഥർ, കാൽവിൻ) വ്യാഖ്യാന പ്രമാണങ്ങളായി മാറി.

**അരിസ്റ്റോട്ടിൽ.** പുരാതന ഗ്രീസിലെ തത്വചിന്തകന്മാരിൽ ഒരാളായ അരിസ്റ്റോട്ടിൽ, പ്ലേറ്റോയുടെ ശിഷ്യനും മഹാനായ അലക്സാണ്ടറിന്റെ ഗുരുവുമായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനം, ഇന്നും ആധുനിക വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ വ്യാപിച്ചിട്ടുണ്ട്. നിരീക്ഷണത്തിലൂടെയും വർഗ്ഗീകരണത്തിലൂടെയുമുള്ള അറിവിനെ അദ്ദേഹം സമർത്ഥിച്ചു എന്നതാണിതിനു കാരണം. ശാസ്ത്രീയ രീതിയുടെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണിത്.

**ആത്മീയവല്ക്കരണം.** ഒരു വേദഭാഗത്തിൽ നിന്ന് ചരിത്രപരവും സാഹിത്യപരവുമായ സന്ദർഭം എടുത്തു മാറ്റി മറ്റു മാനദണ്ഡങ്ങൾക്കനുസരിച്ച് അതിനെ വ്യാഖ്യാനിക്കുക എന്ന അർത്ഥത്തിൽ ആലങ്കാരിക വ്യാഖ്യാനത്തിനുള്ള പര്യായമാണ് ഈ പദം.

**ആലങ്കാരികം.** അലക്സാണ്ട്രിയൻ യെഹൂദമതത്തിൽ രൂപം കൊണ്ട ഒരു വേദപുസ്തക വ്യാഖ്യാനരീതിയാണിത്. അലക്സാണ്ട്രിയയിലെ ഫിലോ ആണിതിനെ ജനകീയമാക്കിയത്. വേദപുസ്തകം ഒരുവന്റെ സംസ്ക്കാരത്തിന് അല്ലെങ്കിൽ തത്വശാസ്ത്ര സംവിധാനത്തിനനുസരിച്ച് സംഗത്യമുള്ളതാക്കുക എന്ന ആഗ്രഹമാണിതിന്റെ പിന്നിലെ പ്രേരകശക്തി – ഇതിന് ബൈബിളിന്റെ ചരിത്ര സന്ദർഭവും സാഹിത്യസന്ദർഭവും അവഗണിക്കപ്പെടുന്നു. തിരുവെഴുത്തിലെ ഓരോ ഭാഗത്തിനും പിന്നിൽ മറഞ്ഞിരിക്കുന്ന അല്ലെങ്കിൽ ആത്മിക അർത്ഥം അതന്വേഷിക്കുന്നു. മത്താ. 13 ൽ യേശുവും ഗലാ. 4 ൽ പൗലൊസും സത്യം വിനിമയം ചെയ്യുന്നതിനായി അലങ്കാരം ഉപയോഗിച്ചതായി സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഇത് നിഴൽ പൊരുൾ രൂപത്തിലാണ് അല്ലാതെ ആലങ്കാരികം മാത്രമായിട്ടല്ല.

**ആക്ഷരിക (literal).** അന്ത്യോക്യയിൽ രൂപം കൊണ്ട വേദഭാഗത്തിൽ ശ്രദ്ധയൂന്നുന്ന ചരിത്രപരമായ വ്യാഖ്യാനരീതിയുടെ മറ്റൊരു പേരാണിത്. വ്യാഖ്യാനത്തിൽ മാനുഷിക ഭാഷയുടെ സാധാരണവും വ്യക്തവുമായ അർത്ഥം ഉൾപ്പെടുന്നു എന്നത് അർത്ഥമാക്കുന്നു. അപ്പോൾ തന്നെ ആലങ്കാരിക ഭാഷയുടെ സാന്നിധ്യം അതംഗീകരിക്കുന്നു.

**എക്ലെക്റ്റിക്.** പാഠനിരൂപണത്തോടു ബന്ധപ്പെട്ടതാണിത്. മൂല ഗ്രന്ഥത്തോടു ഏറ്റവും അടുത്തു നിൽക്കുന്നതേതെന്ന് കണ്ടെത്തുന്നതിനായി വ്യത്യസ്ത ഗ്രീക്ക് കയ്യെഴുത്തുപ്രതികളിൽ നിന്നുള്ള ഒരു പ്രത്യേക ഭാഗം തിരഞ്ഞെടുക്കുന്നതിനെയാണിതു സൂചിപ്പിക്കുന്നത്. ഗ്രീക്ക് കയ്യെഴുത്തു പ്രതികളുടെ ഏതൊരു കുടുംബത്തിലും മൂല ഗ്രന്ഥത്തോടു അടുത്തു നില്ക്കുന്നവയുണ്ടാകും എന്ന സിദ്ധാന്തത്തെ ഇതു തള്ളിക്കളയുന്നു.

**എയെസിജീസിസ്.** എക്സിജീസിസിനു വിപരീതമാണിത്. എക്സിജീസിസ് യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ "പുറത്തേക്കു നയിക്കുന്നത്" ആണെങ്കിൽ, ഈ പദം ഒരു വിദേശ ആശയത്തെ അഥവാ അഭിപ്രായത്തെ "ഉള്ളിലേക്കു നയിക്കുന്നത്" ആണ്.

**എറ്റിമോളജി.** ഒരു പദത്തിന്റെ മൂല അർത്ഥം ഗ്രഹിക്കാനുദ്ദേശിച്ചുള്ള പഠനമാണിത്. ഈ മൂല അർത്ഥത്തിൽ നിന്നും പ്രത്യേക ഉപയോഗങ്ങൾ വളരെ എളുപ്പത്തിൽ തിരിച്ചറിയാം. വ്യാഖ്യാനത്തിൽ എറ്റിമോളജിയല്ല പ്രധാന ശ്രദ്ധാ കേന്ദ്രം. മറിച്ച് പദത്തിന്റെ സമകാലിക അർത്ഥവും ഉപയോഗവുമാണ്.

**എക്സിജീസിസ്.** ഒരു പ്രത്യേക വേദഭാഗത്തിന്റെ വ്യാഖ്യാനത്തെ പരമാർശിക്കുന്ന സാങ്കേതിക പദം "പുറത്തേക്കു നയിക്കുക" (പാഠത്തിൽ നിന്ന്) എന്നാണർത്ഥം. ചരിത്ര പശ്ചാത്തലം, സാഹിത്യ സന്ദർഭം, പദവ്യത്യാസം, സമകാലിക വാക്യാർത്ഥം എന്നിവയുടെ വെളിച്ചത്തിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം മനസ്സിലാക്കുകയാണിവിടെ.

***എ പ്രിയോറി*** "മുൻനിഗമനം" എന്ന പദത്തിന്റെ പര്യായമാണിത്. സത്യമെന്ന നിലയിൽ മുൻപേ സ്വീകരിച്ച നിർവചനങ്ങൾ, തത്വങ്ങൾ, നിലപാടുകൾ എന്നിവയിൽ നിന്നുള്ള യുക്തിപരമായ വാദങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പരിശോധനയോ വിശകലനങ്ങളോ കൂടാതെ അംഗീകരിക്കപ്പെട്ടവയാണിവ.

**ഏരിയനിസം.** മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി ഈജിപ്റ്റിലെ അലക്സാണ്ട്രിയയിലെ സഭയിലെ പ്രസ്ബിറ്ററായിരുന്നു അറിയൂസ്. യേശു പൂർവ്വാസ്തിക്യമുള്ളവനായിരുന്നുവെങ്കിലും ദൈവത്വമുള്ളവനായിരുന്നില്ല (സാരാംശത്തിൽ പിതാവിനോടു സമനായിരുന്നില്ല) എന്നു വാദിച്ചു. സദൃ. 8:22–31 ആണ് ഇതിനാധാരമായി എടുത്തത്. അലക്സാണ്ട്രിയയിലെ ബിഷപ്പ് അവനോടേറ്റുമുട്ടുകയും അങ്ങനെ ആരംഭിച്ച (എ. ഡി. 318) വിവാദം അനേക വർഷങ്ങൾ തുടരുകയും ചെയ്തു. ഏരിയനിസം പൗരസ്ത്യസഭയുടെ ഔദ്യോഗിക വിശ്വാസപ്രമാണമായി തീർന്നു. എ.ഡി. 325 ലെ നിഖ്യാസുന്നഹദോസ് അറിയൂസിനെ വേദവിപരീതിയായി പ്രഖ്യാപിക്കുകയും പുത്രന്റെ ദൈവത്തിന്റെ പൂർണ്ണ സമത്വം പ്രഖ്യാപിക്കുകയും ചെയ്തു.

**ഓട്ടോഗ്രാഫ്.** ബൈബിളിന്റെ മൂലകൃതികൾക്കു നൽകിയിരിക്കുന്ന പേരാണിത്. ഈ യഥാർത്ഥ കയ്യെഴുത്തു പ്രതികൾ നഷ്ടപ്പെട്ടിരിക്കുന്നു. കോപ്പികളുടെ കോപ്പി മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇവയാണ് എബ്രായ, ഗ്രീക്ക് കയ്യെഴുത്തു പ്രതികളിലെയും പുരാതന പരിഭാഷകളിലെയും വ്യത്യാസത്തിനു കാരണമായിത്തീർന്നിട്ടുള്ളത്.

**കമന്ററി.** പ്രത്യേക തരത്തിലുള്ള ഗവേഷണ ഗ്രന്ഥം. ഒരു വേദപുസ്തക ഗ്രന്ഥത്തെക്കുറിച്ചുള്ള പൊതുവായ പശ്ചാത്തലം നല്കുന്നു. തുടർന്നത് പുസ്തകത്തിന്റെ ഓരോ ഭാഗത്തെക്കുറിച്ചും വിശദീകരിക്കുന്നു. ചിലത് പ്രയോഗികതയ്ക്ക് ഊന്നൽ നല്കുമ്പോൾ മറ്റു ചിലത് പാഠഭാഗത്തെ കൂടുതൽ സാങ്കേതിക രീതിയിൽ സമീപിക്കുന്നു. ഇവ സഹായകരമാണെങ്കിലും ഒരുവൻ തന്റെ പ്രഥമിക പഠനം നടത്തിയ ശേഷമേ ഇവയെ ആശ്രയിക്കാവൂ. വ്യാഖ്യാതാവിന്റെ അഭിപ്രായങ്ങളെ വിവേചനബുദ്ധിയോടെ അല്ലാതെ സ്വീകരിക്കരുത്. വ്യത്യസ്ത ശാസ്ത്ര വീക്ഷണങ്ങൾ ഉള്ള നിരവധി കമന്ററികൾ തമ്മിൽ താരതമ്യപ്പെടുത്തുന്നതു സഹായകമാണ്.

**കൺകോർഡൻസ്.** വേദപുസ്തക പഠനത്തിനുള്ള ഗവേഷണോപാധികളിൽ ഒന്നാണിത്. പുതിയ നിയമത്തിലും പഴയ നിയമത്തിലും ഉള്ള ഓരോ വാക്കിന്റെ പട്ടികയും സ്ഥാനവും ഇത് രേഖപ്പെടുത്തുന്നു. നിരവധി നിലകളിൽ ഇതു സഹായകരമാണ്: (1) ഒരു പ്രത്യേക വാക്കിന്റെ പിന്നിലുള്ള എബ്രായ അഥവാ ഗ്രീക്കു പദം നിർണ്ണയിക്കുന്നതിൽ; (2) ചില എബ്രായ അഥവാ ഗ്രീക്കു പദം ഉപയോഗിച്ചിട്ടുള്ള വേദഭാഗങ്ങൾ താര

തമ്യപ്പെടുത്തുന്നതിൽ; (3) എവിടെ രണ്ടു വ്യത്യസ്ത എബ്രായ അഥവാ ഗ്രീക്കു പദം ഒരേ വാക്കിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു എന്നു കണ്ടെത്തുന്നതിൽ; (4) പ്രത്യേക പുസ്തകത്തിൽ അഥവാ എഴുത്തുകാരനിൽ ഒരു പ്രത്യേക വാക്കിന്റെ ഉപയോഗം ആവർത്തിക്കുന്നത് കണ്ടെത്തുന്നതിൽ; (5) ബൈബിളിലെ ഒരു വേദഭാഗം കണ്ടെത്തുവാൻ (cf. Walter Clark's *How to Use New Testament Greek Study Aids*, pp. 54-55).

**കയ്യെഴുത്തുപ്രതി.** ഗ്രീക്കു പുതിയനിയമത്തിന്റെ വിവിധ പകർപ്പുകളെ സൂചിപ്പിക്കുന്ന പദം. സാധാരണയായി അവയെ വിവിധ ഇനങ്ങളായി തിരിക്കാറുണ്ട്: (1) എഴുതപ്പെട്ട വസ്തുവിന്റെ അടിസ്ഥാനത്തിൽ (പാപ്പിറസ്, തോൽ); (2) എഴുത്തു രീതിയുടെ അടിസ്ഥാനത്തിൽ (വലിയക്ഷരം അല്ലെങ്കിൽ ഒഴുക്കായ എഴുത്ത്) "MS" (ഏകവചനം) അല്ലെങ്കിൽ "MSS" (ബഹുവചനം) എന്നാണ് ചുരുക്കെഴുത്ത്.

**കാനോൻ.** സമാനതകളില്ലാത്തവിധം ദൈവനിശ്വാസിയമായ എഴുത്തുകളെ വിശദീകരിക്കാനുപയോഗിക്കുന്ന പദം. പഴയ, പുതിയ നിയമ തിരുവെഴുത്തുകൾക്ക് ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

**ക്രിസ്തു കേന്ദ്രീകൃതം.** യേശുവിന്റെ കേന്ദ്രീകൃതത്വത്തെ സൂചിപ്പിക്കുന്ന പദം. യേശു മുഴു ബൈബിളിന്റെയും കർത്താവാണ് എന്ന ആശയത്തോടു ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമം അവനിലേക്കു വിരൽ ചൂണ്ടുന്നു. അവൻ അതിന്റെ പൂർത്തീകരണം ലക്ഷ്യവും ആണ് (ഒ.നോ. മത്താ. 5:17-48).

**ഗ്നോസ്റ്റിസിസം.** ഈ ദുരുപദേശത്തെ സംബന്ധിച്ചുള്ള നമ്മുടെ അറിവ്, രണ്ടാം നൂറ്റാണ്ടിലെ എഴുത്തുകളിൽ നിന്നാണ് ലഭിക്കുന്നത്. എങ്കിലും ഇൻസിപ്പിയന്റെ ആശയങ്ങൾ ഒന്നാം നൂറ്റാണ്ടിൽ തന്നെ (അതിനു മുമ്പും) പ്രകടമായിരുന്നു.

രണ്ടാം നൂറ്റാണ്ടിലെ വാലന്റൈൻ, സെറിന്തിയൻ ഗ്നോസ്റ്റിസിസത്തിന്റെ ചില അടിസ്ഥാന ആശയങ്ങൾ: (1) വസ്തുവും ആത്മാവും സഹ-നിത്യമാണ് (ഓന്റോളജിക്കൽ ഡ്യുവലിസം). വസ്തു തിന്മയും ആത്മാവ് നല്ലതുമാണ്. ആത്മാവായാ ദൈവത്തിന് ദുഷ്ടമായ വസ്തുവിന്റെ രൂപപ്പെടുത്തലിൽ നേരിട്ട് ഇടപെടാനാവില്ല. (2) ദൈവത്തിനും വസ്തുവിനും ഇടയിൽ എമനേഷനുകൾ (എയോണുകൾ അഥവാ ഭൂതലങ്ങൾ) ഉണ്ട്. അതിൽ ഒടുവിലത്തെ അഥവാ ഏറ്റവും താണത് പഴയനിയമത്തിലെ യഹോവ ആണ്, അവനാണ് പ്രപഞ്ചം (കോസ്മോസ്), സൃഷ്ടിച്ചത് (3) യേശു യഹോവയെപ്പോലെ ഒരു എമനേഷനാണ്, എങ്കിലും ഉന്നത നിലയിലുള്ളവനും യഥാർത്ഥ ദൈവത്തോട് കൂടുതൽ അടുത്തിരിക്കുന്നവനും ആണ്. ചിലർ അവനെ ഏറ്റവും ഉയർന്നവനും എന്നാൽ ദൈവത്തെക്കാൾ കുറഞ്ഞവനും ആയി കാണുന്നു. അവൻ തീർച്ചയായും ജഡമെടുത്ത ദൈവമല്ല (ഒ.നോ യോഹ. 1:14). വസ്തു ദുഷ്ടമാകയാൽ, യേശുവിന് മനുഷ്യശരീരമുണ്ടായിരിക്കയും അപ്പോൾ തന്നെ ദൈവമായിരിക്കുകയും ചെയ്യാൻ സാധ്യമല്ല. അവനൊരു ആത്മീയ ഭൂതമാണ് (ഒ.നോ. 1 യോഹ. 1:1-3; 4:1-6; (4) യേശുവിലുള്ള വിശ്വാസത്തോടൊപ്പം പ്രത്യേക ജ്ഞാനവും വേണം രക്ഷ പ്രാപിക്കുവാൻ. അത് പ്രത്യേക വ്യക്തികൾക്കേ ലഭിക്കയുള്ളൂ. സ്വർഗ്ഗീയ മണ്ഡലങ്ങളിലൂടെ കടന്നുപോകാൻ ജ്ഞാനം (പാസ്‌വേർഡുകൾ) അനിവാര്യമാണ്. ദൈവത്തെ സമീപിക്കുവാൻ യെഹൂദ നിയമവാദവും ആവശ്യമാണ്.

ജ്ഞാനവാദ ദുരുപദേഷ്ടാക്കൾ രണ്ടു വ്യത്യസ്ത ധാർമ്മിക സംവിധാനങ്ങൾ പ്രചരിപ്പിച്ചു: (1) ചിലരെ സംബന്ധിച്ച് ജീവിത ശൈലിക്ക് രക്ഷയുമായി ഒരു ബന്ധവുമില്ല. അവരെ സംബന്ധിച്ച് രക്ഷയും ആത്മീയതയും ദൂതമണ്ഡലത്തിലൂടെ കടക്കുന്നതിനുള്ള രഹസ്യ ജ്ഞാനത്തിൽ (പാസ്‌വേർഡുകൾ) ഉള്ളടക്കം ചെയ്തിരിക്കുന്നു. (2) മറ്റുള്ളവർക്ക് ജീവിത ശൈലി രക്ഷയ്ക്ക് നിർണ്ണായകമാണ്. യഥാർത്ഥ ആത്മീയതയുടെ അടയാളമായി സന്യാസം അവർ ഊന്നിപ്പറയുന്നു.

**ഖണ്ഡിക.** ഇത് ഗദ്യത്തിലെ അടിസ്ഥാന വ്യാഖ്യാന യൂണിറ്റാണ്. അതിൽ ഒരു കേന്ദ്ര ചിന്തയും അതിന്റെ വികാസവുമുണ്ട്. അതിന്റെ മുഖ്യ ഊന്നലിൽ നാം ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ ചെറിയ കാര്യങ്ങളിൽ നാം ശ്രദ്ധിക്കാതെ പോകയോ അല്ലെങ്കിൽ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യം വിട്ടുപോകയോ ചെയ്യും.

**ചാവുകടൽ ചുരുളുകൾ.** 1947 ൽ ചാവുകടൽ പ്രദേശത്തു നിന്നും കണ്ടെടുത്ത എബ്രായ, അരാമ്യ ഭാഷകളിൽ എഴുതപ്പെട്ട പുരാതന ലിഖിതങ്ങളാണിവ. ഒന്നാം നൂറ്റാണ്ടിലെ ഒരു പ്രത്യേക യെഹൂദ വിഭാഗത്തിന്റെ മത ഗ്രന്ഥശേഖരമായിരുന്നു അവ. റോമൻ അധിനിവേശത്തിന്റെ സമ്മർദ്ദവും 60-കളിലെ തീവ്രവാദ പോരാട്ടങ്ങളും, ഈ ചുരുളുകൾ മൺപാത്രങ്ങളിൽ അടച്ചു മുദ്രവെച്ച് ഗുഹകളിലും ഗഹ്വരങ്ങളിലും ഒളിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. ഒന്നാം നൂറ്റാണ്ടിലെ പലസ്തീന്റെ ചരിത്രപശ്ചാത്തലം മനസ്സിലാക്കുവാനും മസോറിറ്റിക് പതിപ്പ് വളരെ കൃത്യതയുള്ളതാണെന്ന് - കുറഞ്ഞപക്ഷം ബി.സി. ആദ്യനൂറ്റാണ്ടിലെ രേഖയനുസരിച്ചെങ്കിലും - സ്ഥിരീകരിക്കുവാനും അവ നമ്മെ സഹായിച്ചിട്ടുണ്ട്. "DSS" എന്ന ചുരുക്കെഴുത്തിൽ അവ അറിയപ്പെടുന്നു.

**ജ്ഞാനസാഹിത്യം**. പുരാതന സമീപ പൂർവ്വദേശങ്ങളിൽ (ആധുനിക ലോകത്തിലും) സർവ്വസാധാരണമായ സാഹിത്യരൂപമാണിത്. കവിത, സദൃശവാക്യങ്ങൾ അല്ലെങ്കിൽ പ്രബന്ധങ്ങൾ എന്നിവയിലൂടെ പുതിയ തലമുറയ്ക്ക് വിജയകരമായ ജീവിതത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ശ്രമമാണ് അടിസ്ഥാന പരമായി ഇത്. ഒരു പൊതു സമൂഹത്തെ എന്നതിലുപരി വ്യക്തികളെയാണ് അഭിസംബോധന ചെയ്യുന്നത്. ഇത് ചരിത്രത്തിന്റെ സൂചന നൽകുന്നില്ല, മറിച്ച് ജീവിത അനുഭവങ്ങളിന്മേലും നിരീക്ഷണങ്ങളിന്മേലും അടിസ്ഥാനപ്പെട്ടതാണ്. വേദപുസ്തകത്തിൽ ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള ഇവയിൽ യഹോവയുടെ

സാന്നിധ്യവും ആരാധനയും നിറഞ്ഞു നില്ക്കുന്നു. എങ്കിലും ഈ മതപരമായ ലോകവീക്ഷണം എല്ലാക്കാലത്തുമുള്ള എല്ലാ മനുഷ്യർക്കും ഖണ്ഡിതമായി ബാധകമായതല്ല.

ഒരു സാഹിത്യരൂപമെന്ന നിലയിൽ പൊതുവായ സത്യങ്ങളെ അതുൾക്കൊള്ളുന്നു. എങ്കിലും ഇതിനെ പ്രത്യേക സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുകയില്ല. എല്ലാ വ്യക്തിപരമായ സാഹചര്യങ്ങളിലും ഉപയോഗിക്കാൻ കഴിയാത്ത പൊതു പ്രസ്താവനകളാണവ.

ഈ വിശുദ്ധന്മാർ ജീവിതത്തിലെ കഠിനമായ ചോദ്യങ്ങൾ ചോദിക്കാൻ ധൈര്യപ്പെട്ടവരാണ്. മിക്കപ്പോഴും അവ പരമ്പരാഗത മതവീക്ഷണങ്ങളെ വെല്ലുവിളിക്കുന്നു (ഇയ്യോബ്, സഭാപ്രസംഗി). ജീവിത ദുരന്തങ്ങൾ സംബന്ധിച്ചുള്ള ലളിതമായ ഉത്തരങ്ങൾക്ക് അവ സന്തുലനവും സംഘർഷവും സൃഷ്ടിക്കുന്നു.

**ടൈപ്പോളജിക്കൽ (നിഴൽ, പൊരുൾ).** ഒരു പ്രത്യേക വ്യാഖ്യാനരീതിയാണിത്. സാധാരണയായി സാധർമ്മ്യമുള്ള പ്രതീകമുപയോഗിച്ച് പുതിയ നിയമ സത്യങ്ങൾ പഴയ നിയമ ഭാഗങ്ങളിൽ കണ്ടെത്തുന്ന രീതിയാണിത്. അലക്സാന്ദ്രിയൻ രീതിയിലെ ഒരു മുഖ്യഘടകമാണ് ഈ വ്യാഖ്യാന വിഭാഗം. ഇത്തരത്തിലുള്ള വ്യാഖ്യാനത്തിന്റെ ദുരുപയോഗം നിമിത്തം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രത്യേകമായ ഉദാഹരണങ്ങളിലേക്കു മാത്രമായി ഇതു പരിമിതപ്പെടുത്തേണ്ടതാവശ്യമായിരിക്കുന്നു.

**ടെക്സ്ചൽ ക്രിട്ടിസിസം (പാഠനിരൂപണം).** വേദപുസ്തക കയ്യെഴുത്തു പ്രതികളുടെ പഠനമാണിത്. മൂലഗ്രന്ഥങ്ങൾ ഒന്നും ഇല്ലാതിരിക്കുകയും പകർപ്പുകൾ പരസ്പരം വ്യത്യസ്തമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പാഠനിരൂപണം അത്യാവശ്യമാണ്. വ്യത്യാസങ്ങളെ വിശദീകരിക്കുവാനും കഴിയുന്നിടത്തോളം യഥാർത്ഥ്യത്തോടടുത്തു നിൽക്കുന്ന പഴയ നിയമ, പുതിയ നിയമ പകർപ്പുകൾ കണ്ടെടുത്തുവാനും ഇതു ശ്രമിക്കുന്നു. "ലോവർ ക്രിട്ടിസിസം" എന്നും ഇതിനെ വിളിക്കാറുണ്ട്.

**ടെക്സ്റ്റസ് റിസപ്റ്റസ്.** എൽസെവിറിന്റെ എ.ഡി. 1633 ലെ ഗ്രീക്ക് പുതിയ നിയമത്തെയാണ് ഈ പേരിൽ വിളിക്കുന്നത്. അടിസ്ഥാനപരമായി ഇത്, ചില പിൽക്കാല ഗ്രീക്ക് കയ്യെഴുത്തു പ്രതികൾ, എറാസ്മസ് (1510 –1535), സ്റ്റെഫാനസ് (1546–1559), എൽസെവിർ (1624–1678) എന്നിവരുടെ ലാറ്റിൻ പരിഭാഷകൾ എന്നിവയിൽ നിന്നും നിർമ്മിച്ചതാണ്. *An Introduction to the Textual Criticism of the New Testament*, p. 27ൽ എ.റ്റി. റോബർട്ട്സൺ പറയുന്നത് "ബൈസന്റയിൻ പതിപ്പാണ് പ്രായോഗികമായി ടെക്സ്റ്റസ് റിസപ്റ്റസ്" എന്നാണ്. പുരാതന ഗ്രീക്ക് കയ്യെഴുത്തുപ്രതി കുടുംബങ്ങളിലെ (പാശ്ചാത്യം, അലക്സാന്ദ്രിയൻ, ബൈസന്റയിൻ) ഏറ്റവും വിലകുറഞ്ഞതാണ് ബൈസന്റയിൻ പതിപ്പ്. നൂറ്റാണ്ടുകളിലെ കൈകൊണ്ടുള്ള പകർത്തിയെഴുത്തിലൂടെ സംഭവിച്ച തെറ്റുകളുടെ കൂമ്പാരം അതിലുണ്ട്. എന്നിരുന്നാലും എ. റ്റി. റോബർട്ട്സൺ പറയുന്നത്, 'ടെക്സ്റ്റസ് റിസപ്റ്റസ് നമുക്കുവേണ്ടി താരതമ്യേന കൃത്യമായ പാഠം കരുതിവെച്ചിരിക്കുന്നു" (പേ. 21) എന്നാണ്. ഈ ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യമാണ് (പ്രത്യേകിച്ചും എറാസ്മസിന്റെ 1522 ലെ പതിപ്പ്) എ.ഡി. 1611 ലെ കിംഗ് ജയിംസ് പരിഭാഷയുടെ അടിസ്ഥാനം.

**ഡിഡക്ടീവ്.** യുക്തിയുടെ ഈ രീതി, പൊതുതത്വങ്ങളിൽ നിന്നു യുക്തിയധിഷ്ഠിതമായ പ്രത്യേക പ്രായോഗികതയിലേക്കു നീങ്ങുന്നു. നിരീക്ഷിച്ചറിയുന്ന വിശദാംശങ്ങളിൽനിന്ന് പൊതുവായ നിഗമനങ്ങളിലേക്ക് (സിദ്ധാന്തങ്ങൾ) എത്തുന്ന ശാസ്ത്രീയ രീതിയായ ഇൻഡക്ടീവ് റീസണിംഗിന്റെ വിപരീതമാണിത്.

**ഡയാലക്ടിക്കൽ (വിരുദ്ധ ദ്വന്ദം).** പരസ്പര വിരുദ്ധമായ അഥവാ വൈരുദ്ധ്യമായ വസ്തുതകളെ ഒരു സംഘർഷമുളവാക്കുന്ന രീതിയിൽ ഒരുമിച്ചു നിർത്തി, വൈരുദ്ധ്യത്തിന്റെ ഇരുവശങ്ങളും ഉൾപ്പെടുന്ന ഐക്യമായ ഉത്തരം തേടുന്ന രീതിയാണിത്. നിരവധി വേദപുസ്തക ഉപദേശങ്ങൾക്കും വിരുദ്ധ ജോഡികൾ ഉണ്ട്; മുൻനിയമനം – സ്വതന്ത്ര ഇച്ഛ; ഭദ്രത – സ്ഥിരോത്സാഹം; വിശ്വാസം – പ്രവൃത്തികൾ; തീരുമാനം – ശിഷ്യത്വം; ക്രിസ്തീയ സ്വാതന്ത്ര്യം – ക്രിസ്തീയ ഉത്തരവാദിത്വം.

**ഡയാസ്പോറ.** വാഗ്ദത്ത നാടിന്റെ ഭൂമിശാസ്ത്ര അതിർത്തിക്കു വെളിയിൽ ജീവിക്കുന്ന യെഹൂദന്മാരെ സൂചിപ്പിക്കുന്നതിന് പലസ്തീനിലെ യെഹൂദന്മാർ ഉപയോഗിച്ചു വന്ന ഗ്രീക്ക് സാങ്കേതിക പദം.

**ഡൈനാമിക് ഇക്വലന്റ്.** വേദപുസ്തക പരിഭാഷയിലെ ഒരു സിദ്ധാന്തമാണിത്. വേദപുസ്തക പരിഭാഷയെ "പദാനുപദ" പരിഭാഷയായി കണക്കാക്കാം. അവിടെ ഓരോ എബ്രായ അഥവാ ഗ്രീക്ക് പദത്തിനും പകരം ഇംഗ്ലീഷ് പദം ഉപയോഗിക്കുന്നു. "സംഗ്രഹത്തിൽ" (paraphrase) യഥാർത്ഥ പദത്തിനും പ്രയോഗത്തിനും പകരം ആശയം മാത്രം പരിഭാഷപ്പെടുത്തി എഴുതുന്നു. ഈ രണ്ട് സിദ്ധാന്തങ്ങൾക്കും നടുവിൽ വരുന്നതാണ് "ഡൈനമിക് ഇക്വലന്റ്." ഇതിൽ മൂല പാഠം ഗൗരവത്തിൽ എടുക്കുന്നു. എങ്കിലും അവ ആധുനിക വ്യാകരണ രൂപത്തിലും ശൈലിയിലും പരിഭാഷപ്പെടുത്തുന്നു. പരിഭാഷയുടെ വ്യത്യസ്ത സിദ്ധാന്തങ്ങളെ സംബന്ധിച്ച് വളരെ നല്ല ഒരു ചർച്ചയ്ക്ക് ഫീ, സ്റ്റുവർട്ട് എന്നിവരെഴുതിയ *How to Read the Bible for All Its Worth*, p. 35) & Robert Bratcher's *Introduction to TEV.*

**തൽമൂദ്.** യെഹൂദ വാമൊഴി പാരമ്പര്യങ്ങൾ ക്രോഡീകരിച്ച ഗ്രന്ഥം. ദൈവം സീനായിൽവെച്ച് മോശെയ്ക്ക് ഇതു പറഞ്ഞുകൊടുത്തു എന്ന് യെഹൂദന്മാർ വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ ഇത് യെഹൂദ റബ്ബിമാരുടെ വർഷങ്ങളായുള്ള ജ്ഞാനവചനങ്ങളുടെ ശേഖരമാണ്. തൽമൂദിന്റെ എഴുതപ്പെട്ട രണ്ട് വ്യത്യസ്ത പതിപ്പുകളുണ്ട്. ബാബിലോണിയൻ അഥവാ ചെറിയത്, പൂർത്തീകരിക്കാത്ത പലസ്തീനിയൻ.

**തോറ.** "പഠിപ്പിക്കൽ" എന്നതിനുള്ള എബ്രായ പദമാണിത്. ഇത് മോശെയുടെ എഴുത്തുകളുടെ (ഉല്പത്തി - ആവർത്തനം) ഔദ്യോഗിക നാമമായിത്തീർന്നു. യെഹൂദന്മാരെ സംബന്ധിച്ച് എബ്രായ കാനോനിലെ ഏറ്റവും ആധികാരിക ഭാഗമാണിത്.

**തിരുവെഴുത്തിന്റെ സാധർമ്മ്യം.** മുഴു ബൈബിളും ദൈവനിശ്വാസീയമാണെന്നും അതിനാൽ പരസ്പര വിരുദ്ധമല്ല പരസ്പര പൂരകമാണെന്നും ഉള്ള വീക്ഷണത്തെ വിശദീകരിക്കുന്ന പ്രയോഗമാണിത്. ഇത് മുൻധാരണാ ഉറപ്പാണ് വേദപുസ്തക വ്യാഖ്യാനത്തിന് സമാന്തര വേദഭാഗങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ അടിസ്ഥാനം.

**ദുർഗ്രഹത.** ഒരു വേദഭാഗത്തിന് രണ്ടോ അതിലധികമോ സാധ്യമായ അർത്ഥം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ ഒരേ സമയം രണ്ടോ അതിലധികമോ കാര്യങ്ങളെ സൂചിപ്പിക്കുകയോ ചെയ്യുമ്പോൾ സംഭവിക്കുന്ന അനിശ്ചിതാവസ്ഥയെ സൂചിപ്പിക്കുന്നു.

**നിയമവാദം (legalism).** നിയമങ്ങൾക്കും ആചാരങ്ങൾക്കും അമിത പ്രാധാന്യം നൽകുന്ന മനോഭാവം. ദൈവത്താൽ അംഗീകരിക്കപ്പെടുന്നതിനുള്ള മാർഗ്ഗമായി മനുഷ്യന്റെ ആചാരാനുഷ്ഠാനങ്ങളിലുള്ള ആശ്രയമാണത്. ബന്ധത്തെ നിഷ്പ്രഭമാക്കി പ്രകടനത്തെ ഉയർത്തിക്കാണിക്കുന്നതാണത്. വിശുദ്ധനായ ദൈവവും പാപിയായ മനുഷ്യനും തമ്മിലുള്ള ഉടമ്പടി ബന്ധത്തിലെ സുപ്രധാന ഘടകങ്ങളാണ് ഇവ രണ്ടും.

**നെസ്റ്റോറിയനിസം.** അഞ്ചാം നൂറ്റാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്നു നെസ്റ്റോറിയസ്. സിറിയയിലെ അന്തോക്യയിൽ നിന്നു പരിശീലനം നേടിയ നെസ്റ്റോറിയസ് യേശുവിന് രണ്ട് പ്രകൃതി ഉണ്ടായിരുന്നുവെന്നു വാദിച്ചു. ഒന്ന് പൂർണ്ണ ദൈവവും ഒന്ന് പൂർണ്ണമനുഷ്യനും. ഇത് അലക്സാണ്ട്രിയൻ വീക്ഷണമായ യാഥാസ്ഥിതിക ഏക പ്രകൃതി വീക്ഷണത്തിൽ നിന്നുമുള്ള വ്യതിചലനമായിരുന്നു. നെസ്റ്റോറിയസിന്റെ പ്രധാന ഉദ്ദേശ്യം മറിയയ്ക്ക് "ദൈവമാതാവ്" എന്ന പദവി നൽകുക എന്നതായിരുന്നു. അലക്സാണ്ട്രിയയിലെ സിറിൾ നെസ്റ്റോറിയസിനെതിരെ രംഗത്തു വന്നു - അർത്ഥാൽ നെസ്റ്റോറിയസിന്റെ പരിശീലനം തന്നെ അവന്റെ ആശയത്തിനെതിരായിരുന്നു. അന്ത്യോക്യ, വേദപുസ്തക വ്യാഖ്യാനം സംബന്ധിച്ച ചരിത്ര - വ്യാകരണ - പാഠഭാഗ സമീപനത്തിന്റെ തലസ്ഥാനവും, അലക്സാണ്ട്രിയ വ്യാഖ്യാനത്തിന്റെ നാലുവിധ (ആലങ്കാരിക) സ്കൂളിന്റെ തലസ്ഥാനവുമായിരുന്നു. നെസ്റ്റോറിയസിനെ ഒടുവിൽ പദവിയിൽ നിന്നു നീക്കുകയും നാടു കടത്തുകയും ചെയ്തു.

**പരോഖിയലിസം.** പ്രദേശിക ദൈവശാസ്ത്ര/സാംസ്കാരിക പശ്ചാത്തലത്തിൽ കെട്ടപ്പെട്ടുപോകുന്ന പ്രവണതയാണിത്. അത് വേദപുസ്തക സത്യങ്ങളുടെ സംസ്കാരാന്തര സ്വഭാവത്തെയോ അതിന്റെ പ്രയോഗികതയെയോ തിരിച്ചറിയുകയില്ല.

**പര്യായം (Synonymous).** അതു തന്നെയോ സമാനമായതോ ആയ അർത്ഥമുള്ള പദങ്ങളെ സൂചിപ്പിക്കുന്നു (എന്നിരുന്നാലും രണ്ടു വാക്കുകൾ ഒരിക്കലും സമ്പൂർണ്ണ അർത്ഥതലങ്ങളിൽ പരസ്പരം അതിക്രമിക്കുന്നില്ല). അവ വളരെയെടുത്തു ബന്ധപ്പെട്ടിരിക്കുന്നതിനാൽ അർത്ഥം ചോർന്നുപോകാതെ തന്നെ ഒന്നിനു പകരം മറ്റൊന്ന് ഉപയോഗിക്കുവാൻ കഴിയും. എബ്രായ കവിതയിലെ സമാന്തരത്വത്തിന്റെ മൂന്നു രൂപങ്ങളിലൊന്നിനെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിക്കുന്നു. ഈ അർത്ഥത്തിൽ കവിതയിൽ ഒരേ അർത്ഥം പ്രകടിപ്പിക്കുന്ന രണ്ടു വരികളെ സൂചിപ്പിക്കുന്നു (ഒ.നോ. സങ്കീ. 103:3).

**പാപ്പിറസ്.** ഈജിപ്തിൽ നിന്നുള്ള എഴുതാനുപയോഗിക്കുന്ന വസ്തു. നദീതീരത്തു വളരുന്ന ഓടയിൽ (ഞാങ്ങണ) നിന്നാണിതുണ്ടാക്കുന്നത്. പുതിയ നിയമത്തിന്റെ ഏറ്റവും പഴക്കമുള്ള കോപ്പികൾ ഇതിലാണ് എഴുതപ്പെട്ടിട്ടുള്ളത്.

**പ്ലേറ്റോ.** പുരാതന ഗ്രീസിലെ തത്വചിന്തകരിൽ ഒരുവൻ. അലക്സാണ്ട്രിയ, ഈജിപ്ത് എന്നിവിടങ്ങളിൽ നിന്നുള്ള പണ്ഡിതന്മാർ, പിൽക്കാലത്ത് അഗസ്റ്റിൻ എന്നിവരിലൂടെ അദ്ദേഹത്തിന്റെ തത്വചിന്തകൾ ആദിമ സഭയിൽ വളരെ സ്വാധീനം ചെലുത്തുകയുണ്ടായി. ഭൂമിയിലുള്ള സകലവും മായയാണെന്നും ആത്മിക പൊരുളായതിന്റെ കേവലം പകർപ്പു മാത്രമാണെന്നും അദ്ദേഹം വാദിച്ചു. ദൈവശാസ്ത്രജ്ഞന്മാർ പിൽക്കാലത്ത് പ്ലേറ്റോയുടെ 'രൂപങ്ങളെ/ ആശയങ്ങളെ" ആത്മിക മണ്ഡലങ്ങളോടു തുലനപ്പെടുത്തി.

**പ്രകാശനം (Illumination).** ദൈവം മനുഷ്യരോടു സംസാരിച്ചു എന്ന ആശയത്തിനു നൽകിയിരിക്കുന്ന പേര്. പൂർണ്ണ ആശയം മൂന്നു പദങ്ങൾ കൊണ്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്: (1) വെളിപ്പാട് - ദൈവം മനുഷ്യചരിത്രത്തിൽ പ്രവർത്തിച്ചു; (2) ദൈവനിശ്വാസീയത - അവൻ തന്റെ പ്രവൃത്തികളുടെ ശരിയായ വ്യാഖ്യാനങ്ങളും അവയുടെ അർത്ഥങ്ങളും മനുഷ്യവർഗ്ഗത്തിനുവേണ്ടി രേഖപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ചില പ്രത്യേക മനുഷ്യർക്കു നൽകി; (3) പ്രകാശനം - തന്റെ സ്വയ-വെളിപ്പെടുത്തൽ മനസ്സിലാക്കുന്നതിനു മനുഷ്യരെ സഹായിക്കാൻ അവൻ തന്റെ ആത്മാവിനെ നൽകി.

**പ്രകൃതിയിലെ വെളിപ്പാട് (Natural Revelation).** മനുഷ്യനോടുള്ള ദൈവത്തിന്റെ സ്വയ-വെളിപ്പെടുത്തലിന്റെ ഒരു മാർഗ്ഗമാണിത്. അതിൽ പ്രകൃതിയിലെ ക്രമം (റോമ. 1:19-20), ധാർമ്മിക ബോധം (റോമ. 2:14-15) എന്നിവ ഉൾപ്പെടുന്നു. സങ്കീ. 19:1-6 ലും റോമ. 1-2 ലും അതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ബൈബിളിലൂടെയും നസറേത്തിലെ യേശുവിലൂടെയും പരമമായും ഉള്ള ദൈവത്തിന്റെ സ്വയ-വെളിപ്പാടായ "പ്രത്യേക

വെളിപ്പാടിൽ" നിന്നും വ്യത്യസ്തമാണിത്.

ഈ ദൈവശാസ്ത്ര വിഭാഗത്തിന്, ക്രിസ്തീയ ശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള 'പഴയ ഭൂമി' പ്രസ്ഥാനം (ഉദാ. ഹഗ് റോസിന്റെ രചനകൾ) പുനർ ഊന്നൽ നൽകിയിട്ടുണ്ട്. സകല സത്യങ്ങളും ദൈവത്തിന്റെ സത്യമാണെന്ന് സ്ഥാപിക്കാൻ ഈ വിഭാഗത്തെ അവർ ഉപയോഗിക്കുന്നു. പ്രകൃതി, ദൈവത്തെക്കുറിച്ചുള്ള അറിവിലേക്കു തുറക്കപ്പെട്ട വാതിലാണ്. അത് പ്രത്യേക വെളിപ്പാടിൽ നിന്ന് (ബൈബിൾ) വ്യത്യസ്തമാണ്. അത് ആധുനിക ശാസ്ത്രത്തിന് പ്രകൃതിയിലെ ക്രമത്തെക്കുറിച്ച് ഗവേഷണം നടത്താനുള്ള സ്വാതന്ത്ര്യം നൽകുന്നു. എന്റെ അഭിപ്രായത്തിൽ ആധുനിക ശാസ്ത്രീയ പാശ്ചാത്യ ലോകത്തോട് സാക്ഷ്യം പറയുന്നതിനുള്ള അതിശയകരമായ പുതിയ അവസരമാണിത്.

**ബെസെ.** എ.ഡി. 6-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഗ്രീക്ക്, ലാറ്റിൻ കയ്യെഴുത്തു പ്രതിയാണിത്. ഇതിനെ 'D' എന്നു നാമകരണം ചെയ്തിരിക്കുന്നു. സുവിശേഷങ്ങളും അപ്പൊസ്തലപ്രവൃത്തികളും ചില പൊതുലേഖനങ്ങളുമാണിതിലുള്ളത്. പകർപ്പെഴുത്തുകാരന്റെ അസംഖ്യം കൂട്ടിച്ചേർക്കലുകൾ ഇതിലുണ്ട്. കിംഗ് ജയിംസ് വേർഷൻ ഉപയോഗിച്ച മുഖ്യ ഗ്രീക്ക് കയ്യെഴുത്തു പാരമ്പര്യമായ "ടെക്സ്റ്റസ് റെസിപ്റ്റസ്" ന്റെ അടിസ്ഥാനം ബെസെ ആണ്.

**മനുഷ്യരൂപാരോപണം.** "മനുഷ്യരോടു ബന്ധപ്പെട്ട സവിശേഷതകൾ ഉണ്ടായിരിക്കുക" എന്നർത്ഥം. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ മതപരമായ ഭാഷയെ വിശദീകരിക്കുന്നതിനാണ് ഈ പദം ഉപയോഗിക്കുന്നത്. മനുഷ്യവർഗ്ഗം എന്നതിനുള്ള ഗ്രീക്കു പദത്തിൽ നിന്നാണിത് വന്നത്. അതിനർത്ഥം ദൈവം ഒരു മനുഷ്യനാണെന്ന നിലയിൽ നാം അവനെക്കുറിച്ച് സംസാരിക്കുന്നു എന്നാണ്. ദൈവത്തെ മനുഷ്യനോടു ബന്ധപ്പെട്ട ശാരീരിക, സാമൂഹിക, മനഃശാസ്ത്ര പദങ്ങളുപയോഗിച്ച് വിവരിക്കുന്നു (ഒ.നോ. ഉല്പ. 3:8; 1 രാജാ. 22:19-23). ഇത് തീർച്ചയായും സാദൃശ്യം മാത്രമാണ്. എന്നിരുന്നാലും മനുഷ്യന്റേതല്ലാതെ നമുക്കുപയോഗിക്കാൻ മറ്റൊരു വിഭാഗമോ, പദങ്ങളോ ലഭ്യമല്ല. അതിനാൽ ദൈവത്തെക്കുറിച്ച് നമുക്കുള്ള അറിവ് സത്യമാണെങ്കിൽപോലും പരിമിതമാണ്.

**മസോററ്റിക് പതിപ്പ്.** എബ്രായ പണ്ഡിതന്മാർ തലമുറകളിലൂടെ രൂപപ്പെടുത്തിയതും സ്വരാക്ഷരങ്ങളും ചിഹ്നങ്ങളും ഇതര പാഠവിശദീകരണങ്ങളും ഉൾപ്പെടുത്തിയതും എ.ഡി. 9-ാം നൂറ്റാണ്ടിൽ പൂർത്തിയാക്കിയതുമായ എബ്രായ കയ്യെഴുത്തു പ്രതികളാണിവ. ഇതാണ് നമ്മുടെ ഇംഗ്ലീഷ് പഴയ നിയമത്തിന്റെ അടിസ്ഥാനം. അതിന്റെ പാഠഭാഗത്തിന്റെ കൃത്യത, എബ്രായ കയ്യെഴുത്തു പ്രതികൾ, പ്രത്യേകിച്ച് ചാവുകടൽ ചുരുളുകളിൽ നിന്നും ലഭിച്ച യെശയ്യാവ് ഉപയോഗിച്ച് ചരിത്രപരമായി സ്ഥിരീകരിച്ചിട്ടുണ്ട്. 'MT' എന്നാണ് ചുരുക്കെഴുത്ത്.

**മുൻധാരണ.** ഒരു വിഷയത്തെ സംബന്ധിച്ച് മുന്നമേ എത്തിച്ചേരുന്ന അറിവാണിത്. പലപ്പോഴും നാം തിരുവെഴുത്ത് പരിശോധിക്കുന്നതിനു മുമ്പുതന്നെ ഒരു വിഷയത്തെക്കുറിച്ച് അഭിപ്രായം അഥവാ വിധി പ്രസ്താവം രൂപപ്പെടുത്താറുണ്ട്. ഈ മുൻധാരണയെ മുൻവിധി, എ പ്രിയോറി നിലപാട്, ഊഹാപോഹം എന്നിങ്ങനെയും വിളിക്കാറുണ്ട്.

**മുൻ വിധി.** ഒരു വസ്തുവിനോടോ വീക്ഷണത്തോടൊ ഉള്ള ശക്തമായ മുൻവിധിയെയാണിതു സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക വസ്തുവിനോട് അല്ലെങ്കിൽ വീക്ഷണത്തോട് മുഖപക്ഷം കാണിക്കാതിരിക്കുക അസാദ്ധ്യമെന്ന നിലയിലുള്ള മാനസികാവസ്ഥയാണിത്. ഇതൊരു മുൻവിധി നിലപാടാണ്.

**മുറാറ്റോറിയൻ ശകലങ്ങൾ.** പുതിയ നിയമ കാനോനിക ഗ്രന്ഥങ്ങളുടെ പട്ടികയാണിത്. എ.ഡി. 200 ന് മുമ്പ് റോമിൽ വെച്ചെഴുതിയതാണിത്. പ്രൊട്ടസ്റ്റന്റ് പുതിയ നിയമത്തിലുള്ള 27 പുസ്തകങ്ങളുടെ പട്ടിക ഇതിലുണ്ട്. റോമാ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശിക സഭകൾ, നാലാം നൂറ്റാണ്ടിലെ മുഖ്യ സഭാ സുന്നഹദോസുകൾക്കു മുമ്പു തന്നെ "പ്രായോഗികമായി" കാനോൻ രൂപപ്പെടുത്തിയിരുന്നു എന്നാണ് ഇതു വ്യക്തമായി വെളിപ്പെടുത്തുന്നത്.

**മൂല എഴുത്തുകാരൻ (Original author).** ഇത് തിരുവെഴുത്തിന്റെ യഥാർത്ഥ കർത്താവ്, എഴുത്തുകാരനെ സൂചിപ്പിക്കുന്നു.

**മെറ്റോനിമി.** ഒരു വസ്തുവിന്റെ പേരുപയോഗിച്ച് അതിനോടു ബന്ധപ്പെട്ട മറ്റൊന്നിനെ സൂചിപ്പിക്കുന്ന പ്രയോഗത്തിനു പറയുന്ന പേരാണിത്. ഉദാ. "പാത്രം തിളയ്ക്കുന്നു" എന്നു പറഞ്ഞാൽ, "പാത്രത്തിനുള്ളിലെ വെള്ളം തിളയ്ക്കുന്നു" എന്നാണ്.

**യഹോവ** (YHWH). പഴയ നിയമത്തിലെ ദൈവത്തിന്റെ ഉടമ്പടി നാമമാണിത്. പുറ. 3:14ൽ ഇതിനെ നിർവചിച്ചിരിക്കുന്നു. "ആയിരിക്കുക" (to be) എന്ന എബ്രായ പദത്തിന്റെ ഹേതുക രൂപമാണിത്. ഈ നാമം വൃഥാ എടുത്താലോ എന്നു ഭയപ്പെട്ട് യെഹൂദന്മാർ ഇത് ഉച്ചരിക്കുമായിരുന്നില്ല; അതിനാൽ അതിനു പകരം "കർത്താവ്" എന്നർത്ഥമുള്ള "അഡോണായി" എന്ന എബ്രായ പദം ഉപയോഗിച്ചു. ഇങ്ങനെയാണ് ഈ ഉടമ്പടി നാമം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

**ലോകചിത്രവും ലോകവീക്ഷണവും.** സഹവർത്തിത്വ പദങ്ങളാണിവ. സൃഷ്ടിയോടു ബന്ധപ്പെട്ട തത്വശാസ്ത്ര വീക്ഷണങ്ങളാണവ. "ലോകചിത്രം" (world picture) സൂചിപ്പിക്കുന്നത് "സൃഷ്ടി എങ്ങനെ" എന്നാണെങ്കിൽ "ലോക വീക്ഷണം" (world veiw) "ആര്" എന്നാണ്. ഉല്പ. 1-2 പ്രാഥമികമായി സൃഷ്ടിപ്പിന്റെ 'എങ്ങനെ'

എന്നതിനെക്കാൾ 'ആര്' എന്നതിനെ പ്രതിപാദിക്കുന്നു എന്ന നിലയിലുള്ള വ്യാഖ്യാനത്തിൽ ഈ രണ്ടു പദങ്ങൾ പ്രസക്തമാണ്.**ലോവർ ക്രിട്ടിസിസം.** "പാഠനിരൂപണം" കാണുക.**വത്തിക്കാനസ്.** എ.ഡി. നാലാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണിത്. വത്തിക്കാൻ ലൈബ്രറിയിൽ നിന്നാണിതു കണ്ടെടുത്തത്. ഇതിൽ യഥാർത്ഥത്തിൽ പഴയനിയമം മുഴുവനും അപ്പൊക്രിഫയും പുതിയ നിയമവും ഉൾപ്പെട്ടിരിക്കുന്നു. എങ്കിലും ചില ഭാഗങ്ങൾ നഷ്ടപ്പെട്ടു (ഉല്പത്തി, സങ്കീർത്തനങ്ങൾ, എബ്രായ ലേഖനം, ഇടയലേഖനങ്ങൾ, ഫിലേമോൻ, വെളിപ്പാട്). മൂല ഗ്രന്ഥത്തിലെ യഥാർത്ഥ പദപ്രയോഗങ്ങൾ നിർണ്ണയിക്കുന്നതിന് ഏറെ സഹായകരമായ കയ്യെഴുത്തു പ്രതിയാണിത്. "B" എന്നാണിതിനെ വിളിക്കുന്നത്.

**വൾഗേറ്റ്.** ജെറോമിന്റെ ലാറ്റിൻ ബൈബിൾ പരിഭാഷയാണിത്. ഇത് റോമൻ കത്തോലിക്കാ സഭയുടെ അടിസ്ഥാന അഥവാ "പൊതുവായ" പരിഭാഷയായിത്തീർന്നു. എ.ഡി. 380 കളിലാണ് ഇതുണ്ടാക്കിയത്.

**വാക്യത്തെളിവ് കണ്ടെത്തൽ.** ഒരു വാക്യത്തിന്റെ ആ ഭാഗത്തെ സന്ദർഭമോ ആ സാഹിത്യ യൂണിറ്റിന്റെ വിശാല സന്ദർഭമോ പരിഗണിക്കാതെ ഉദ്ധരിച്ച് തിരുവെഴുത്തിനെ വ്യാഖ്യാനിക്കുന്ന രീതിയാണിത്. ഇത് വാക്യത്തെ യഥാർത്ഥ എഴുത്തുകാരന്റെ ഉദ്ദേശ്യത്തിൽ നിന്നും അടർത്തി മാറ്റുന്നു. വേദപുസ്തക അധികാരത്തെ കൂട്ടുപിടിച്ച് വ്യക്തിപരമായ അഭിപ്രായം തെളിയിക്കുന്നതിനാണ് ഇതു സാധാരണയായി ഉപയോഗിക്കാറുള്ളത്.

**വിരോധാലങ്കാരം (antithetical).** എബ്രായ കവിതയിലെ വരികൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നതിനുപയോഗിക്കുന്ന മൂന്ന് വിശദീകരണം പദങ്ങളിലൊന്നാണിത്. കവിതയിലെ വിരുദ്ധ അർത്ഥങ്ങളുള്ള വരികളോട് ഇത് ബന്ധപ്പെട്ടിരിക്കുന്നു (ഒ.നോ. സദൃ. 10:1; 15:1).

**വിവരണാത്മക ഭാഷ.** പഴയ നിയമം എഴുതപ്പെട്ട ഭാഷാ ശൈലിയോടു ബന്ധപ്പെട്ടാണിതുപയോഗിക്കുന്നത്. അതു നമ്മുടെ ലോകത്തെ പഞ്ചേന്ദ്രിയങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വിവരിക്കുന്നു. അതൊരു ശാസ്ത്രീയ വിവരണമല്ല, അങ്ങനെ ഉദ്ദേശിച്ചിട്ടുമില്ല.

**വിശ്വാസ സമർത്ഥകൻ (വിശ്വാസ സമർത്ഥനം) Apologist.** "നിയമപരമായ പ്രതിരോധം" എന്നർത്ഥമുള്ള ഗ്രീക്ക് മൂലപദത്തിൽ നിന്നാണ് ദൈവശാസ്ത്രത്തിലെ ഈ പ്രത്യേക ശാഖ ക്രിസ്തീയ വിശ്വാസത്തിനാധാരമായ തെളിവുകളും വാദഗതികളും നിരത്തുന്നു.

**വെളിപ്പാട് സാഹിത്യം.** ഇത് മുഖ്യമായും ഒരു പക്ഷേ, അതുല്യമായും യെഹൂദ സാഹിത്യരൂപമാണ്. വിദേശ ലോകശക്തികൾ യെഹൂദ്യ ആക്രമിച്ച് കീഴടക്കിയ കാലഘട്ടത്തിൽ ഉപയോഗിച്ച ശുദ്ധാർത്ഥ രീതിയിലുള്ള രചനാരീതിയാണിത്. ലോകസംഭവങ്ങളെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ആളത്വമുള്ള വീണ്ടെടുപ്പിൻ ദൈവത്തെ അതു വിശദീകരിക്കുകയും യിസ്രായേൽ അവന് താല്പര്യമുള്ളവരും അവന്റെ സംരക്ഷണയിലുള്ളവരാണെന്നനുമാനിക്കയും ചെയ്യുന്നു. ദൈവത്തിന്റെ പ്രത്യേക പ്രവൃത്തിയാൽ ആത്യന്തിക വിജയം ഈ സാഹിത്യം വാഗ്ദാനം ചെയ്യുന്നു.

അനേക ശുദ്ധാർത്ഥ പദങ്ങളുള്ളതും ഉയർന്ന പ്രതീകാത്മക രീതിയിലുള്ളതുമാണിത്. അത് സത്യത്തെ വർണ്ണങ്ങൾ, സംഖ്യകൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ, ദൂത മധ്യസ്ഥത, രഹസ്യ കോഡ്‌വാക്കുകൾ എന്നിവയിലൂടെയും പലപ്പോഴും നന്മയും തിന്മയും തമ്മിലുള്ള കഠിനമായ പോരാട്ടത്തിലൂടെയും വിവരിക്കുന്നു.

ഈ സാഹിത്യരൂപത്തിന്റെ ചില ഉദാഹരണങ്ങൾ (1) പഴയ നിയമത്തിൽ യെഹെസ്ക്കേൽ (അദ്ധ്യാ. 36–38), ദാനീയേൽ (അദ്ധ്യാ. 7–12), സെഖര്യാവ്; (2) പുതിയ നിയമത്തിൽ മത്താ. 24; മർക്കൊ. 13; 2 തെസ്സ. 2; വെളിപ്പാട്.

**വെളിപ്പാട്.** ദൈവം മനുഷ്യരോടു സംസാരിച്ചു എന്ന ആശയത്തിനു നൽകിയിട്ടുള്ള പേരാണിത്. (പ്രകാശനം കാണുക).

**വേദപുസ്തക അധികാരം.** ഒരു പ്രത്യേക അർത്ഥത്തിലാണിത് ഉപയോഗിച്ചിരിക്കുന്നത്. യാഥാർത്ഥ എഴുത്തുകാരൻ അവന്റെ കാലത്ത് അർത്ഥമാക്കിയതെന്തെന്നു മനസ്സിലാക്കി ഇന്നു പ്രയോഗത്തിലാക്കുന്നതിനാണ് ഇതുപയോഗിക്കുന്നത്. നമ്മുടെ ഏക ആധികാരിക മാർഗ്ഗദർശി എന്ന നിലയിൽ ബൈബിളിനെ വീക്ഷിക്കുന്നതാണ് വേദപുസ്തക അധികാരം എന്നു നിർവചിക്കാം. എങ്കിലും സമകാലിക തെറ്റായ വ്യാഖ്യാനങ്ങളുടെ വെളിച്ചത്തിൽ, ചരിത്ര-വ്യാകരണ രീതിയുടെ പ്രമാണങ്ങളനുസരിച്ച് വ്യാഖ്യാനിക്കപ്പെടുന്ന ബൈബിൾ എന്ന് ഈ ആശയത്തെ ഞാൻ പരിമിതപ്പെടുത്തുന്നു.

**വ്യവസ്ഥിത ദൈവശാസ്ത്രം.** വേദപുസ്തക സത്യങ്ങൾ പൊരുത്തമുള്ളതും യുക്തിസഹവുമായ രീതിയിൽ ബന്ധിപ്പിക്കുന്ന വ്യാഖ്യാന പടികളെയാണിതു സൂചിപ്പിക്കുന്നത്. കേവലം ചരിത്രപരമെന്നതിലുപരി യുക്തിസഹമായ രീതിയിൽ ക്രൈസ്തവ ദൈവശാസ്ത്ര വിഭാഗങ്ങളെ അവതരിപ്പിക്കുന്നതാണിത് (ദൈവം, മനുഷ്യൻ, പാപം, രക്ഷ, ആദി).

**വൈരുദ്ധ്യം (Paradox)**. വൈരുദ്ധ്യമുള്ളതെന്നു തോന്നുന്നതും എന്നാൽ സത്യമായതും പരസ്പരം സംഘർഷം വെച്ചു പുലർത്തുന്നതുമായ സത്യങ്ങളെയാണിതു സൂചിപ്പിക്കുന്നത്. സത്യത്തെ എതിർവശങ്ങളിൽ നിന്നും അവതരിപ്പിച്ചുകൊണ്ട് അവ സത്യത്തെ എടുത്തുകാണിക്കുന്നു. മിക്ക വേദപുസ്തക സത്യങ്ങളും വിരുദ്ധ ജോഡികളായിട്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. വേദപുസ്തക സത്യങ്ങൾ ഒറ്റപ്പെട്ട നക്ഷത്രങ്ങളല്ല, മറിച്ച് നക്ഷത്രങ്ങൾ നെയ്തു ചേർത്ത നക്ഷത്ര രാശികളാണ്.

**ശൈലി പ്രയോഗങ്ങൾ.** വിവിധ സംസ്കാരങ്ങളിൽ കാണുന്ന പ്രയോഗങ്ങൾ. അവയിലെ ഒറ്റയൊറ്റ വാക്കുകളുടെ അർത്ഥങ്ങളോടു ബന്ധപ്പെടാതെ പ്രത്യേക അർത്ഥമായിരിക്കും അവയ്ക്കുള്ളത്. ചില ആധുനിക ഉദാഹരണങ്ങൾ: "വയറ് കത്തുന്നു" അല്ലെങ്കിൽ "ഞാൻ ഭൂമിയിലേക്കു താണുപോയി." വേദപുസ്തകത്തിലും ഇത്തരം പ്രയോഗങ്ങൾ ഉണ്ട്.

**സമാന്തര വേദഭാഗങ്ങൾ.** ബൈബിൾ മുഴുവനും ദൈവനിശ്വാസീയമാണെന്നും അതിനാൽ, അതു തന്നെയാണ് അതിന്റെ മികച്ച വ്യാഖ്യാതാവും വിരുദ്ധ സത്യങ്ങളെ സന്തുലനപ്പെടുത്തുന്നവനും എന്ന ആശയത്തിന്റെ ഭാഗമാണിത്. വ്യക്തമല്ലാത്തതും ദുർഗ്രഹമായതുമായ വേദഭാഗങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ഇതു വളരെ സഹായകരമാണ്. ഒരു പ്രത്യേക വിഷയത്തിൽ ഏറ്റവും വ്യക്തമായ വേദഭാഗം കണ്ടെത്തുവാനും ആ വിഷയത്തെ സംബന്ധിച്ച തിരുവെഴുത്തിലെ മറ്റു വശങ്ങളും കണ്ടെത്തുവാൻ അതു സഹായിക്കും.

**സാഹിത്യരൂപം (Literary Genre)**. മാനുഷിക ആശയ വിനിമയത്തിൽ ഉപയോഗിക്കുന്ന വ്യത്യസ്ത രൂപങ്ങളെ - കാവ്യം അല്ലെങ്കിൽ ചരിത്ര വിവരണം - സൂചിപ്പിക്കുന്നു. എഴുതപ്പെട്ട എല്ലാ സാഹിത്യ രൂപത്തിനും അതിന്റെ പൊതുവായ വ്യാഖാനതത്വങ്ങൾ ഉള്ളതു കൂടാതെ പ്രത്യേകമായ വ്യാഖ്യാന തത്വങ്ങളും ഉണ്ട്.

**സാഹിത്യ രൂപം (ജൻർ).** വിവിധ സാഹിത്യ രൂപങ്ങളെ സൂചിപ്പിക്കാനുപയോഗിക്കുന്ന ഫ്രഞ്ചു പദം. സാഹിത്യ രൂപങ്ങളെ സമാന സവിശേഷതകൾ പുലർത്തുന്ന വിഭാഗങ്ങളായി തിരിക്കുക: ചരിത്ര വിവരണം, കാവ്യം, സദൃശവാക്യങ്ങൾ, വെളിപ്പാട്, ഭരണക്രമം.

**സാഹിത്യ ഘടകം (literary Unit).** വേദപുസ്തക ഗ്രന്ഥത്തിലെ പ്രധാന ആശയപരമായ വിഭജനത്തെ സൂചിപ്പിക്കുന്നു. അത് ചില വാക്യങ്ങളോ, ഖണ്ഡികകളോ അല്ലെങ്കിൽ അധ്യായങ്ങളോ ചേർന്നതാകാം. ഒരു കേന്ദ്ര വിഷയം ഉള്ള സ്വയ-നിലനിൽപ്പുള്ള യൂണിറ്റാണിത്.

**സിന്റാക്സ് (പദവിന്യാസം).** ഒരു വാചകത്തിന്റെ ഘടനയെ സൂചിപ്പിക്കുന്ന ഗ്രീക്കു പദം. ഒരു സമ്പൂർണ്ണ ആശയം ഉളവാക്കുന്നതിനായി വാചക ഭാഗങ്ങൾ കൂട്ടിച്ചേർക്കുന്ന വിധത്തോട് ഇതു ബന്ധപ്പെട്ടിരിക്കുന്നു.

**സിന്തറ്റിക്കൽ.** എബ്രായ കവിതയിലെ വിവിധ രൂപങ്ങളിൽ ഒന്നിനോടു ബന്ധപ്പെട്ട പദം. ഒന്നിനു മുകളിൽ മറ്റൊന്നു വരുന്ന രീതിയിൽ കവിതാവരികൾ നിർമ്മിക്കുന്നതിനെയാണിതു സൂചിപ്പിക്കുന്നത്. "ക്ലൈമാറ്റിക്" (മൂർദ്ധന്യമാകുന്ന) എന്നും വിളിക്കാറുണ്ട് (ഒ.നോ. സങ്കീ. 19:7-9).

**സെമാന്റിക് ഫീൽഡ്.** ഒരു വാക്യത്തോടു ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ അർത്ഥതലങ്ങളെയും ഇതു സൂചിപ്പിക്കുന്നു. അത് അടിസ്ഥാനപരമായി ഒരു വാക്കിന് വ്യത്യസ്ത സന്ദർഭങ്ങളിൽ ഉള്ള വ്യത്യസ്ത അർത്ഥതലങ്ങളാണ്.

**സെപ്റ്റ്വജിന്റ്.** എബ്രായ പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയ്ക്ക് നൽകപ്പെട്ട പേരാണിത്. ഈജിപ്തിലെ അലക്സാണ്ട്രിയയിലുള്ള എഴുപത് യെഹൂദ പണ്ഡിതന്മാർ ചേർന്ന് 70 ദിവസം കൊണ്ടാണിത് എഴുതിയതെന്ന് പാരമ്പര്യം പറയുന്നു. പരമ്പരാഗത തീയതി ഏതാണ്ട് ബി.സി. 250 ആണ് (യഥാർത്ഥത്തിൽ ഇതു പൂർത്തിയാക്കുവാൻ 100 ലധികം വർഷങ്ങളെടുത്തു). താഴെപ്പറയുന്ന കാരണങ്ങളാൽ ഈ പരിഭാഷ അതീവ പ്രാധാന്യമുള്ളതാണ്: (1) മസോററ്റിക് എബ്രായ പതിപ്പുമായി താരതമ്യപ്പെടുത്തുന്നതിന് ഒരു പുരാതന പതിപ്പ് ഇതിലൂടെ ലഭ്യമായി; (2) ബി.സി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ യെഹൂദ വ്യാഖ്യാനത്തിന്റെ അവസ്ഥ ഇതു നമുക്കു കാണിച്ചു തരുന്നു; (3) യേശുവിനെ തള്ളിക്കളയുന്നതിനു മുമ്പുള്ള യെഹൂദന്മാരുടെ മശിഹൈക ധാരണ ഇതു നമുക്കു നൽകുന്നു. അതിന്റെ ചുരുക്കെഴുത്ത് "LXX" .

**സൈനയിറ്റിക്കസ്.** എ. ഡി. നാലാം നൂറ്റാണ്ടിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണിത്. പരമ്പരാഗത സീനായി പർവ്വതസ്ഥാനമായ ജബൽ മൂസയിലെ സെന്റ് കാതറിൻ സന്യാസാശ്രമത്തിൽ നിന്ന് ജർമ്മൻ പണ്ഡിതനായ റ്റിഷൻഡോർഫ് ആണിതു കണ്ടെടുത്തത്. എബ്രായ ആദ്യ ആക്ഷരമായ "ആലേഫ്" (א) എന്ന പേരിലാണിത് അറിയപ്പെടുന്നത്. പഴയനിയമവും സമ്പൂർണ്ണ പുതിയ നിയമവും ഇതിലടങ്ങിയിരിക്കുന്നു. നമുക്കു ലഭിച്ചിട്ടുള്ള ഏറ്റവും പഴക്കമുള്ള വലിയക്ഷര കയ്യെഴുത്തു പ്രതിയാണിത്.

**സംഗ്രഹം (Paraphrase).** വേദപുസ്തക പരിഭാഷ സംബന്ധിച്ചുള്ള ഒരു സിദ്ധാന്തത്തിന്റെ പേരാണിത്. വേദപുസ്തക പരിഭാഷയെ "പദാനുപദ"ത്തോടു യോജിക്കുന്ന ഒരു തുടർച്ചയായി കാണാൻ കഴിയും. അതിൽ ഓരോ എബ്രായ അഥവാ ഗ്രീക്കു പദത്തിന് തത്തുല്യമായ ഇംഗ്ലീഷ് പദം നൽകുകയാണു ചെയ്യുന്നത്. എന്നാൽ സംഗ്രത്തിൽ ആശയം മാത്രമാണു പരിഭാഷപ്പെടുത്തുന്നത്, യഥാർത്ഥ വാക്കുകളോ പ്രയോഗങ്ങളോ പരിഭാഷപ്പെടുത്തുന്നില്ല. ഈ രണ്ടു സിദ്ധാന്തങ്ങൾക്കിടയിൽ, മൂല പതിപ്പിനെ ഗൗരവത്തിൽ എടുക്കുമ്പോൾ തന്നെ അതിനെ ആധുനിക വ്യാകരണരൂപങ്ങളിലേക്കും ശൈലികളിലേക്കും പരിഭാഷപ്പെടുത്തുന്ന "ഡൈനമിക് ഇക്വലന്റ്" എന്ന രീതിയുമുണ്ട്. ഈ വിധ സിദ്ധാന്തങ്ങളെ സംബന്ധിച്ച് ഒരു നല്ല ചർച്ചയ്ക്ക്, Fee and Stuart, *How to Read the Bible for All Its Worth*, p. 35 കാണുക.

**ഹയർ ക്രിട്ടിസിസം.** ഒരു പ്രത്യേക വേദപുസ്തക ഗ്രന്ഥത്തിന്റെ ചരിത്ര പശ്ചാത്തലം, സാഹിത്യ ഘടന എന്നിവയിൽ ശ്രദ്ധയൂന്നുന്ന വ്യാഖ്യാന പ്രക്രിയയാണിത്.

**ഹെർമെന്യൂട്ടിക്സ് (വ്യാഖ്യാന ശാസ്ത്രം).** വ്യാഖ്യാനത്തിനു മാർഗ്ഗനിർദ്ദേശം നൽകുന്ന പ്രമാണങ്ങൾക്കു പറയുന്ന സങ്കേതിക പദം. ഇത് പ്രത്യേക മാർഗ്ഗരേഖകൾക്കൊപ്പം ഒരു കല/വരം കൂടിയാണ്. വേദപുസ്തക

വ്യാഖ്യാനശാസ്ത്രം സാധാരണയായി രണ്ടായി വിഭജിക്കാം: പൊതു തത്വങ്ങളും പ്രത്യേക തത്വങ്ങളും. വേദപുസ്തകത്തിൽ കാണുന്ന വിവിധ തരത്തിലുള്ള സാഹിത്യ രൂപങ്ങളോട് ഇവ ബന്ധപ്പെട്ടിരിക്കുന്നു. ഓരോ വ്യത്യസ്ത രൂപത്തിനും (ജന്ർ) അതിന്റെ മാത്രമായ മാർഗ്ഗരേഖകളുള്ളപ്പോൾ തന്നെ അവയ്ക്കെല്ലാം പൊതുവേ ബാധമാകുന്ന വ്യാഖ്യാന രീതികളും പ്രക്രിയകളുമുണ്ട്.

**റബി യെഹൂദമതം** (Rabbinical Judaism). യെഹൂദ ജനത്തിന്റെ ജീവിതത്തിലെ ഈ ഘട്ടം ബാബേൽ പ്രവാസത്തോടെയാണ് ആരംഭിച്ചത് (ബി.സി. 586–538). പുരോഹിതന്മാരുടെയും ദൈവാലയത്തിന്റെയും സ്വാധീനം ഇല്ലാതായതോടുകൂടി, പ്രാദേശിക സിനഗോഗ് യെഹൂദ ജീവിതത്തിന്റെ കേന്ദ്രമായി മാറി. യെഹൂദ സംസ്കാരത്തിന്റെയും കൂട്ടായ്മയുടെയും ആരാധനയുടെയും വേദപുസ്തക പഠനത്തിന്റെയും ഈ കേന്ദ്രങ്ങൾ ദേശീയ മതജീവിതത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറി. യേശുവിന്റെ കാലത്ത് ഈ “ശാസ്ത്രിമാരുടെ മതം” പുരോഹിതന്മാർക്കു സമാന്തരമായിത്തീർന്നിരുന്നു. എ.ഡി. 70 ലെ യെരൂശലേമിന്റെ പതനത്തോടെ പരീശന്മാർക്ക് ആധിപത്യമുണ്ടായിരുന്ന ശാസ്ത്രിഗണം യെഹൂദ മതജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്നവരായിത്തീർന്നു. അതിന്റെ സവിശേഷത, വാമൊഴി പാരമ്പര്യത്തിൽ (തൽമൂദ്) വിശദീകരിച്ചിരിക്കുന്ന രീതിയിലുള്ള തോറയുടെ പ്രായോഗികവും നിയമവാദപരവുമായ വ്യാഖ്യാനമാണ്.

# അനുബന്ധം നാല്

## വിശ്വാസ പ്രമാണ പ്രഖ്യാപനം

വിശ്വസ പ്രഖ്യാപനങ്ങളോ പ്രമാണങ്ങളോ ഞാൻ ഗൗരവമായി കരുതാറില്ല. വേദപുസ്തകത്തെ ഉറപ്പിക്കുന്നതിനാണു ഞാൻ മുൻഗണന നൽകുന്നത്. എങ്കിലും എന്നെ പരിചയമില്ലാത്തവർക്ക് എന്റെ ഉപദേശപരമായ കാഴ്ചപ്പാട് വിലയിരുത്തുന്നതിനുള്ള ഒരു മാർഗ്ഗമായി വിശ്വാസ പ്രഖ്യാപനം പരിണമിക്കുമെന്നു ഞാൻ മനസ്സിലാക്കുന്നു. ധാരാളം ദൈവശാസ്ത്ര പ്രമാണങ്ങളും വഞ്ചനകളും ഉള്ള നമ്മുടെ ഈ കാലഘട്ടത്തിൽ എന്റെ തിയോളജിയുടെ ഈ ഹ്യസ്വ സംഗ്രഹം ഞാനും മുന്നോട്ടു വയ്ക്കുന്നു.

1. പഴയ നിയമവും പുതിയ നിയമവും അടങ്ങിയ ബൈബിൾ, ദൈവനിശ്വാസീയവും, തെറ്റിക്കൂടാത്തതും, നിത്യവുമായ ദൈവവചനമാണ്. അമാനുഷിക നേതൃത്വത്തിൻ കീഴിൽ മനുഷ്യർ രേഖപ്പെടുത്തിയ ദൈവത്തിന്റെ സ്വയ വെളിപ്പാടാണത്. ദൈവത്തെയും അവന്റെ ഉദ്ദേശ്യങ്ങളെയും കുറിച്ചുള്ള വ്യക്തമായ സത്യത്തെക്കുറിച്ച് നമുക്കുള്ള ഏക വിവരസ്രോതസ്സാണത്. അവന്റെ സഭയുടെ വിശ്വാസത്തിനും ആചരണത്തിനും വേണ്ടിയുള്ള ഏക സ്രോതസ്സും അതുതന്നെ.

2. നിത്യനും സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ ഏക ദൈവമുണ്ട്. അവൻ ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവാണ്. അവൻ സൗമ്യനും നീതിമാനും ആയിരിക്കുമ്പോൾ തന്നെ സ്നേഹവാനും കരുണയുള്ളവനുമായി വെളിപ്പെട്ടു. മൂന്നു വ്യത്യസ്ത ആളത്വങ്ങളിൽ അവൻ തന്നെത്തന്നെ വെളിപ്പെടുത്തി: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, യഥാർത്ഥമായും വേറിട്ടവരും എന്നാൽ സാരംശത്തിൽ സമത്വമുള്ളവരും ആണ്.

3. ദൈവമാണ് ലോകത്തിന്റെ സജീവ നിയന്ത്രണം. അവന്റെ സൃഷ്ടികളെ സംബന്ധിച്ച് മാറ്റമില്ലാത്ത ഒരു നിത്യപദ്ധതിയും അപ്പോൾ തന്നെ ഓരോ വ്യക്തിയെക്കുറിച്ചുമുള്ള പ്രത്യേക പദ്ധതിയും അവനുണ്ട് – വ്യക്തികളെക്കുറിച്ചുള്ള പദ്ധതി മനുഷ്യന്റെ സ്വതന്ത്ര ഇഷ്ടം അനുവദിക്കുന്നതാണ്. ദൈവത്തിന്റെ അറിവും അനുവാദവും കൂടാതെ യാതൊന്നും സംഭവിക്കുന്നില്ല, എങ്കിലും അവൻ ദൂതന്മാർക്കും മനുഷ്യർക്കും വ്യക്തിപരമായ തിരഞ്ഞെടുപ്പ് അനുവദിക്കുന്നുണ്ട്. യേശു പിതാവിന്റെ തിരഞ്ഞെടുക്കപ്പെട്ട മനുഷ്യനും സകലവും അവനിൽ തിരഞ്ഞെടുക്കപ്പെട്ടുമിരിക്കുന്നു. സംഭവങ്ങളെ സംബന്ധിച്ചുള്ള ദൈവത്തിന്റെ മുന്നറിവ് മനുഷ്യനെ ഒരിക്കലും മുന്നമേ രേഖപ്പെടുത്തപ്പെട്ട ഒരു രേഖയിലേക്ക് തരംതാഴ്ത്തുന്നില്ല. നാമോരോരുത്തരും നമ്മുടെ ചിന്തകൾക്കും പ്രവൃത്തികൾക്കും ഉത്തരവാദികളാണ്.

4. മനുഷ്യവർഗ്ഗം, ദൈവിക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരും പാപത്തിൽ നിന്നും സ്വതന്ത്രരും ആയിരുന്നുവെങ്കിലും ദൈവത്തിനെതിരെ മത്സരിക്കുന്നതു തിരഞ്ഞെടുത്തു. പ്രകൃത്യാതീതമായ ഒരു മദ്ധ്യവർത്തിയാൽ പരീക്ഷിക്കപ്പെട്ടുവെങ്കിലും ആദാമും ഹവ്വായും അവരുടെ സ്വയതീരുമാനപ്രകാരമുള്ള സ്വയകേന്ദ്രീകൃതത്വത്തിന് ഉത്തരവാദികളായിരുന്നു. അവരുടെ മറുതലിപ്പ് മനുഷ്യവർഗ്ഗത്തെയും സൃഷ്ടിയെയും ബാധിച്ചു. നാമെല്ലാവരും ആദാമിലൂടെ പങ്കിടപ്പെട്ട പാപാവസ്ഥയ്ക്കും നമ്മുടെ വ്യക്തിപരമായ മനപ്പൂർവ്വ മറുതലിപ്പിനും ദൈവത്തിന്റെ കരുണയും കൃപയും ആവശ്യമുള്ളവരായിരിക്കുന്നു.

5. വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പാപക്ഷമയ്ക്കും യഥാസ്ഥാപനത്തിനുമായി ഒരു മാർഗ്ഗം ദൈവം ഒരുക്കിയിരിക്കുന്നു. ദൈവത്തിന്റെ അതുല്യപുത്രനായ യേശുക്രിസ്തു ഒരു മനുഷ്യനായിത്തീർന്നു, പാപരഹിതമായ ജീവിതം നയിച്ചു, അവന്റെ പ്രായശ്ചിത്ത മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷ അനുഭവിച്ചു. ദൈവവുമായുള്ള യഥാസ്ഥാപനത്തിനും കൂട്ടായ്മയ്ക്കുമുള്ള ഏകവഴി അവനാണ്. അവന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലുള്ള വിശ്വാസം കൂടാതെ രക്ഷയ്ക്ക് മറ്റൊരു മാർഗ്ഗവുമില്ല.

6. നാമോരുത്തരും വ്യക്തിപരമായി യേശുവിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്ന പാപമോചനവും യഥാസ്ഥാപനവും സ്വീകരിക്കണം. യേശുവിലൂടെയുള്ള ദൈവിക വാഗ്ദത്തങ്ങളിൽ മനപ്പൂർവ്വമായി ആശ്രയിക്കുകയും നമുക്കു ബോധ്യമുള്ള പാപങ്ങളിൽ നിന്നും മനപ്പൂർവ്വം പിന്തിരിയുകയും ചെയ്യുന്നതിലൂടെയാണിതു സാധിക്കുന്നത്.

7. ക്രിസ്തുവിലുള്ള നമ്മുടെ ആശ്രയത്തിന്റെയും പാപത്തിൽ നിന്നുള്ള മാനസാന്തരത്തിന്റെയും അടിസ്ഥാനത്തിൽ നാമെല്ലാവരും പൂർണ്ണമായി പാപമോചനം പ്രാപിക്കുകയും യഥാസ്ഥാനപ്പെടുകയും ചെയ്യുന്നു. എങ്കിലും ഈ പുതിയ ബന്ധത്തിന്റെ തെളിവ് രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഒരു ജീവിതമാണ്. നമ്മുടെ മാനുഷികാവസ്ഥ സംബന്ധിച്ചുള്ള ദൈവത്തിന്റെ ലക്ഷ്യം ഒരു ദിവസം സ്വർഗ്ഗത്തിൽ എത്തുക എന്നതു മാത്രമല്ല, ഇപ്പോൾ ക്രിസ്താനുരൂപരാകുക എന്നതും കൂടിയാണ്. യഥാർത്ഥമായി വീണ്ടെടുക്കപ്പെട്ടവർ, വല്ലപ്പോഴും പാപം ചെയ്താലും അവരുടെ ജീവിതകാലം മുഴുവനും വിശ്വാസത്തിലും മാനസാന്തരത്തിലും തുടർന്നുകൊണ്ടിരിക്കും.

8. പരിശുദ്ധാത്മാവ് "മറ്റേ യേശു" ആണ്. നഷ്ടപ്പെട്ടവരെ ക്രിസ്തുവിലേക്കു നയിക്കുവാനും രക്ഷിക്കപ്പെട്ടവരിൽ ക്രിസ്തു സാദൃശ്യം വികസിപ്പിക്കുന്നതിനുമായി അവൻ ലോകത്തിലുണ്ട്. ആത്മാവിന്റെ വരങ്ങൾ രക്ഷയുടെ സമയത്തു നൽകപ്പെടുന്നു. അവ യേശുവിന്റെ ജീവിതവും ശുശ്രൂഷയും അവന്റെ ശരീരമായ സഭയ്ക്കു പകുത്തുകൊടുക്കുന്നതാണ്. അടിസ്ഥാനപരമായി യേശുവിന്റെ മനോഭാവവും പ്രേരണകളുമായ വരങ്ങൾ ആത്മാവിന്റെ

ഫലത്താൽ പ്രചോദിപ്പിക്കപ്പെടേണ്ടതുണ്ട്. പരിശുദ്ധാത്മാവ് വേദപുസ്തക കാലഘട്ടത്തിലെന്നപോലെ നമ്മുടെ കാലത്തും സജീവപ്രവർത്തനത്തിലാണ്.

9. പിതാവ്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ സകല ജഡത്തിന്റെയും ന്യായാധിപതി ആക്കിവച്ചിരിക്കുന്നു. അവൻ സകല മനുഷ്യരെയും ന്യായം വിധിപ്പാൻ ഭൂമിയിലേക്കു മടങ്ങിവരും. യേശുവിൽ ആശ്രയം വെച്ചവരും കുഞ്ഞാടിന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവരും അവന്റെ വരവിങ്കൽ നിത്യമായ മഹത്വീകരിക്കപ്പെട്ട ശരീരം പ്രാപിക്കും. അവർ അവനോടുകൂടെ എന്നേക്കും വസിക്കും. എന്നാൽ ദൈവിക സത്യത്തോടു പ്രതികരിക്കാൻ വിസമ്മതിച്ചവർ ത്രിയേക ദൈവവുമായുള്ള കൂട്ടായ്മയുടെ സന്തോഷത്തിൽ നിന്നും നിത്യമായി പുറന്തള്ളപ്പെടും. അവർ പിശാചിനോടും അവന്റെ ദൂതന്മാരോടുമൊപ്പം ശിക്ഷ വിധിക്കപ്പെടും.

ഇത് തീർച്ചയായും പൂർണ്ണമായതോ കൂലങ്കഷമായതോ അല്ല, എങ്കിലും ഇത് എന്റെ ഹൃദയത്തിന്റെ ദൈവശാസ്ത്ര ഇഷ്ടങ്ങളെക്കുറിച്ചുള്ള ഒരറിവു നിങ്ങൾക്കു നൽകുമെന്നാണെന്റെ പ്രതീക്ഷ. ഈ പ്രസ്താവന ഞാനിഷ്ടപ്പെടുന്നു.

'സാരാംശത്തിൽ - ഐക്യത, ബാഹ്യമായതിൽ - സ്വാതന്ത്ര്യം, സർവ്വത്തിലും - സ്നേഹം."

**മലയാളം പരിഭാഷ: മാത്യു പാലത്തുങ്കൽ**